# പതിമൂന്നാം
# പഞ്ചവത്സര പദ്ധതി

# 2017-2022

# അഞ്ചാം വർഷ പരിപാടി

# 2021-2022

## വാല്യം–II

(ഭാഗം–1)

**പരിപാടികളുടെ സംക്ഷിപ്ത വിവരണം**

# അവതാരിക

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2021-22 ലേക്കുള്ള വാർഷിക പദ്ധതിയുടെ വിശദാംശങ്ങളാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ചതിൻ പ്രകാരം 2021-22 ലേക്കുള്ള സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽ തുക 27610 കോടി രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നതും എൻ.സി.ഡി.സി സഹായവും ഉൾപ്പെടെ ആകെ അടങ്കൽ 37042.91 കോടി രൂപയുമാണ്. പ്രത്യേക ഘടക ഉപ പദ്ധതി/ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന കേന്ദ്രസഹായമായ 25 കോടി രൂപ കൂടി കണക്കിലെടുത്താൽ 2021-22 ലെ മൊത്തം പദ്ധതി വിഹിതം 37067.91 കോടി രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ പ്രത്യേക ഘടക ഉപ പദ്ധതികൾക്കായി 2708.54 കോടി രൂപയും ഗിരിവർഗ്ഗ ഉപപദ്ധതികൾക്കായി 781.36 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവ, 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവ എന്നീ രണ്ട് വിഭാഗങ്ങളിലായാണ് കേന്ദ്രാവിഷ്കൃത പദ്ധതികളെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് ഉൾപ്പെടുത്തിയിരിക്കുന്ന തുക തികച്ചും താൽക്കാലിക മാണ്. എൻ.സി.ഡി.സി സഹായം ഉൾപ്പെടെ നടപ്പ് വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 9432.91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കോവിഡ്-19 മഹാമാരി സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും അഭൂതപൂർവ്വമായ പ്രതിസന്ധി സൃഷ്ടിച്ച സാഹചര്യം തരണം ചെയ്യുന്നതിനായി രോഗ വ്യാപനം മൂലം തകർക്കപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കൽ, ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തൽ, ജീവനോപാധി ഉറപ്പ് വരുത്തൽ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, മഹാമാരിമൂലം ഉരുത്തിരിഞ്ഞ പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തൽ, ദുർബല വിഭാഗങ്ങൾക്ക് പിന്തുണ നൽകൽ എന്നിവക്ക് വാർഷിക പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾക്കാണ് പദ്ധതിയിൽ ഗണ്യമായ പ്രാധാന്യം നൽകിയിരിക്കുന്നത്. സംസ്ഥാന പദ്ധതിയുടെ 31.20 ശതമാനം വിഹിതം ഈ മേഖലയ്ക്കായി നീക്കിവച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ശുദ്ധജല വിതരണത്തിനും മാലിന്യ നിവാരണത്തിനും തൊഴിലും തൊഴിലാളി ക്ഷേമത്തിനുമായി യഥാക്രമം 12.11 ശതമാനത്തിന്റെയും 12.64 ശതമാനത്തിന്റെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിനു പുറമേ വിളസംരക്ഷണം, മൃഗസംരക്ഷണം, മത്സ്യബന്ധനം, സഹകരണം, വലിയ-ഇടത്തരം ജലസേചനം, ഇടത്തരവും വലുതുമായ

വ്യവസായം, വനവും വന്യജീവി സംരക്ഷണവും എന്നീ മേഖലകൾക്കും, മുൻ വർഷത്തെക്കാൾ അധിക പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതികവിദ്യ, ശാസ്ത്ര സാങ്കേതികവിദ്യ, നൈപുണ്യ വികസനം, തൊഴിൽപരമായ തൃതീയ വിദ്യാഭ്യാസം, വൈദ്യശാസ്ത്ര വിദ്യാഭ്യാസം, ജീവനോപാധികൾ, സാമൂഹിക നീതിയും സാമൂഹികക്ഷേമവും എന്നീ മേഖലകൾക്കും വാർഷിക പദ്ധതിയിൽ മുന്തിയ പരിഗണ നൽകിയിട്ടുണ്ട്. തരിശുഭൂമികൃഷി പ്രോത്സാഹിപ്പിക്കൽ, സംയോജിത കൃഷി സമ്പ്രദായം ആവിഷ്കരിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ സുഭിക്ഷ കേരളം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ താമസം, ബോധവൽക്കരണം, ഇൻഷുറൻസ് എന്നിവക്ക് ആവശ്യമായ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, കൊച്ചി റയിൽ പദ്ധതി, കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, 35-മത് ദേശീയ ഗയിംസിന്റെ ആന്യൂറ്റി പദ്ധതി, കൊച്ചിയിലെ സംയോജിത ജലഗതാഗത സംവിധാനം, ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യ വികസനം,, ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, പ്രവർത്തന മികവ് ആസ്പദമാക്കിയുള്ള അടിസ്ഥാന സൗകര്യ വികസനം, പബ്ലിക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (മലയാള സർവ്വകലാശാലയ്ക്കും, ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്കും പുതിയ കാമ്പസ് നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും, സാങ്കേതിക സർവ്വകലാശാലയ്ക്ക് പുതിയ കാമ്പസ് നിർമ്മിക്കുന്നതിനും), കേരള റയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭം), കൊല്ലം-ആലപ്പുഴ ദേശീയപാത ബൈപ്പാസുകൾ എന്നിവ ഉൾപ്പെടെയുള്ള മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി 790 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, കൊച്ചി-പാലക്കാട് ഹൈടെക് വ്യാവസായിക ഇടനാഴിക്കായി 200 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

കേരള പുനർനിർമ്മാണ യത്നത്തിൻ (ആർ.കെ.ഐ) കീഴിലുള്ള പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾക്കായി 1830 കോടി രൂപ സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണ ജനവിഭാഗത്തിന്റെ ജീവിതവും ഉപജീവനവും മെച്ചപ്പെടുത്തുന്നതിനായി നാല് നൂതന സംരംഭങ്ങളാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്നത്. എല്ലാവർക്കും പാർപ്പിടമുള്ള സംസ്ഥാനം എന്ന നിലയിൽ കേരളത്തെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന ലൈഫ് മിഷന് വേണ്ടി 1152 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ആരോഗ്യ പരിപാലന രംഗത്ത് എല്ലാ തലങ്ങളിലും ഗുണപരമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്ന ആർദ്രം പദ്ധതി, മാലിന്യ പരിപാലനം, ജലവിഭവപരിപാലനം, ജൈവകൃഷി എന്നിവയിലൂടെ പരിസര ശുചിത്വം, ശുദ്ധജലലഭ്യത, സുരക്ഷിതമായ ഭക്ഷണം എന്നിവയിൽ കേരളത്തിന്റെ പൂർവ്വകാല പുകഴ്

വീണ്ടെടുക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഹരിതകേരളം പദ്ധതി, സ്മാർട്ട് ക്ലാസ്റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, വിവരസാങ്കേതികവിദ്യാധിഷ്ഠിത പഠനം, സമകാലിക സിലബസ് തുടങ്ങി വിദ്യാഭ്യാസ മേഖലയുടെ ആധുനികവത്ക്കരണം സാധ്യമാക്കുന്ന വിദ്യാഭ്യാസ പുനരുജ്ജീവന യത്നം എന്നിവയ്ക്കും മതിയായ വിഹിതങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത തോതിൽ വിഹിതം നൽകുന്നതിനായി പ്ലാനിംഗ് ബോർഡ് അംഗീകരിച്ച വാർഷിക പദ്ധതിവിഹിതത്തിന് ഉപരിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഇനത്തിൽ 277 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൽഫലമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ചെലവിനുള്ള മൊത്തം വിഹിതം 7280 കോടി രൂപയായും സംസ്ഥാന പദ്ധതി വിഹിതം 27887 കോടി രൂപയായും ഉയർന്നിട്ടുണ്ട്. പ്രത്യേക ഘടക ഉപ പദ്ധതി/ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുൾപ്പെടെ പ്രതീക്ഷിക്കുന്ന കേന്ദ്രസഹായം കൂടി കണക്കിലെടുത്താൽ ആകെ പദ്ധതി അടങ്കൽ 37344.91 കോടി രൂപയാണ്.

കേന്ദ്രപദ്ധതികൾ നടപ്പിലാക്കുന്നതിന് സെക്രട്ടറിയേറ്റിലെ ഭരണവകുപ്പ്, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങളുടെ അനുമതി തേടേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2021-22 ലേക്ക് ലഭിക്കാവുന്ന യഥാർത്ഥ കേന്ദ്രസഹായമനുസരിച്ച് ചെലവ് ക്രമീകരിക്കേണ്ടതാണ്. നിയമസഭ ബജറ്റ് അംഗീകരിക്കുന്ന മുറയ്ക്ക്, നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതാത് ഭരണവകുപ്പുകൾ പദ്ധതികളുടെ നിർവ്വഹണത്തിനായി ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്.

2021-22 ലെ പരിപാടികളുടെ വിശദമായ സ്റ്റേറ്റ്മെന്റുകൾ വാല്യം-I ലും മലയാളത്തിലുള്ള സംക്ഷിപ്ത വിവരണം വാല്യം-II ലെ ഭാഗം-1 ലും ഇംഗ്ലീഷിലുള്ള സംക്ഷിപ്ത വിവരണം വാല്യം-II ലെ ഭാഗം-2 ലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 2021-22 ലെ സംസ്ഥാന പദ്ധതിയുടെ ധനസമാഹരണരീതി

(രൂപ കോടിയിൽ)

| | | | |
|---|---|---|---|
| I | (i) | നടപ്പുവർഷത്തിലെ റവന്യൂ അക്കൗണ്ടിൽ നിന്നുള്ള നീക്കിയിരിപ്പ് | (-) 7429.10 |
| | (ii) | പ്രോവിഡന്റ് ഫണ്ട്, ചെറുകിട സമ്പാദ്യം (തനി) | 6417.10 |
| | (iii) | പലവക മൂലധന വരവ് | (-) 3812.85 |
| | (iv) | ചെറുകിട സമ്പാദ്യം (എൻ.എസ്.എസ്.എഫ്) (തനി) | 1694.18 |
| | (v) | പൊതുകടമെടുപ്പ് (എസ്സ്.എൽ.ആർ ആധാരമാക്കി) (തനി) | 21256.12 |
| | (vi) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ (തനി) | (-) 376.21 |
| | (vii) | വിദേശ സഹായപദ്ധതികൾക്കുള്ള ധനസഹായം / കേന്ദ്രസഹായം | 2438.00 |
| | (viii) | നബാർഡ് വായ്പ | 750.00 |
| | (ix) | കേന്ദ്ര/നബാർഡ് വായ്പയുടെ തിരിച്ചടവ് | (-) 1367.78 |
| I | ആകെ (i) മുതൽ (ix) വരെ | | **19569.46** |
| II | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | | 7280.00 |
| III | കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിഹിതം | | 1037.54 |
| **മൊത്തം വിഹിതം (I + II + III)** | | | **27887.00** |

**ഉള്ളടക്കം**


| ക്രമ നമ്പർ | മേഖല/ഉപമേഖല | പേജ് |
|---|---|---|
| **I.** | **കൃഷിയും അനുബന്ധമേഖലകളും** | **1–84** |
| 1.1 | കൃഷി | 1–32 |
| 1.2 | മണ്ണുജല സംരക്ഷണം | 33–41 |
| 1.3 | മൃഗസംരക്ഷണം | 41–51 |
| 1.4 | ക്ഷീര വികസനം | 52–56 |
| 1.5 | മത്സ്യ ബന്ധനം | 56–67 |
| 1.6 | വനവും വന്യജിവി സംരക്ഷണവും | 68–80 |
| 1.7 | കാർഷീക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ | 80–80 |
| 1.8 | വിപണനം,സംഭരണം, സൂക്ഷിക്കലും വിതരണവും | 81–84 |
| **II.** | **ഗ്രാമ വികസനം** | **85–103** |
| 2.1 | ഗ്രാമ വികസനം | 85–90 |
| 2.2 | സാമൂഹ്യ വികസനവും പഞ്ചായത്തുകളും | 90–100 |
| 2.3 | ഭൂപരിഷ്കരണം | 100–100 |
| 2.4 | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 101–105 |
| 2.5 | സാമൂഹ്യ നീതി പരിപാടി | 105–105 |
| **III.** | **സഹകരണം** | **106–117** |
| **IV.** | **ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും** | **118–133** |
| 4.1 | വൻകിട ഇടത്തര ജലസേചനം | 118–129 |
| 4.2 | ചെറുകിട ജലസേചനം | 129–133 |
| 4.3 | കമാന്റ് ഏരിയാ വികസനം | 133–133 |
| 4.4 | വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും | 133–135 |
| **V.** | **ഊർജ്ജം** | **136–168** |
| 5.1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) | 136–154 |
| 5.2 | പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ | 155–166 |
| **VI.** | **വ്യവസായവും ധാതുക്കളും** | **167–233** |
| 6.1 | ഗ്രാമ ചെറുകിട സംരംഭങ്ങൾ | 167–199 |
| 6.2 | ഇടത്തരവും വലുതുമായ വ്യവസായങ്ങൾ | 199–215 |
| 6.3 | ധാതുക്കൾ | 215–217 |
| 6.4 | വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും | 217–233 |
| **VII.** | **ഗതാഗതവും വാർത്താവിനിമയവും** | **234–284** |
| 7.1 | തുറമുഖങ്ങൾ | 234–246 |
| 7.2 | റോഡുകളും പാലങ്ങളും | 246–258 |
| 7.3 | റോഡു ഗതാഗതം | 258–264 |
| 7.4 | ഉൾനാടൻ ജല ഗതാഗതം | 264–268 |
| 7.5 | മറ്റ് ഗതാഗത സർവ്വീസുകൾ | 268–273 |
| 7.6 | വിനോദ സഞ്ചാരം | 273–284 |
| **VIII.** | **ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും** | **285–303** |
| 8.1 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 285–296 |
| 8.2 | ആവാസ വ്യവസ്ഥയും പരിസ്ഥിതിയും | 296–303 |

| ക്രമ നമ്പർ | മേഖല/ഉപമേഖല | പേജ് |
|---|---|---|
| **IX.** | **സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ** | **304–625** |
| 9.1 | വിദ്യാഭ്യാസം | 304–345 |
| 9.2 | കലയും സംസ്കാരവും | 346–372 |
| 9.3 | സാങ്കേതിക വിദ്യാഭ്യാസം | 373–394 |
| 9.4 | സ്പോർട്സും യുവജനസേവനവും | 394–410 |
| 9.5 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 411–456 |
| 9.6 | ശുദ്ധജല വിതരണവും മാലിന്യ നിവാരണവും | 457–467 |
| 9.7 | ഭവന നിർമ്മാണം | 468–472 |
| 9.8 | നഗര വികസനം | 473–484 |
| 9.9 | വാർത്താ വിതരണവും പ്രചരണവും | 485–490 |
| 9.10 | തൊഴിലും തൊഴിലാളി ക്ഷേമവും | 491–519 |
| 9.11 | പട്ടികജാതി -പട്ടിക വർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, മുന്നോക്കക്കാർ എന്നിവരുടെ ക്ഷേമം | 520–575 |
| 9.12 | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 576–624 |
| 9.13 | പോഷകാഹാരം | 624–625 |
| **X.** | **സാമ്പത്തിക സർവ്വീസുകൾ** | **626–671** |
| 10.1 | സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ | 626–666 |
| 10.2 | സാമ്പത്തിക ഉപദേശവും സ്ഥിതി വിവര കണക്കുകളും | 667–669 |
| 10.3 | മറ്റ പൊതു സാമ്പത്തിക സർവ്വീസുകൾ | 669–671 |
| **XI.** | **പൊതു സേവനങ്ങൾ** | **672–673** |
| 11.1 | സ്റ്റേഷനറിയും അച്ചടിയും | 672–673 |
| 11.2 | പൊതുമരാമത്ത് | 673–674 |
| 11.3 | സിവിൽ സപ്ലൈസ് | 674–678 |
| **XII.** | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം** | **679** |
| **അനുബന്ധം –ബി** | **നൂറുശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ /എൻ.സി.ഡി.സി സഹായത്തോടെയുള്ള പദ്ധതികൾ** | **680–726** |
| **അനുബന്ധം –സി** | **അൻപത് ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ** | **727–733** |

## അനുബന്ധം എ

## മേഖലാ പരിപാടികൾ – സ്കീമുകളുടെ വിശദാംശങ്ങൾ (സംസ്ഥാന പദ്ധതി)

### 1. കൃഷിയും അനുബന്ധ മേഖലകളും

### 1.1 കൃഷി

**എ. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും**

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കാർഷിക ഗവേഷണത്തിനും വിദ്യാഭ്യാസത്തിനുമായി വകയിരുത്തിയിരിക്കുന്ന തുകയിൽ കാർഷിക കോളേജുകൾ, ഗവേഷണസ്ഥാപനങ്ങൾ, വിജ്ഞാനവ്യാപനം, സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഫാമുകൾ എന്നിവയ്ക്കായുള്ള സഹായം ഉൾപ്പെടുന്നു.

**ബി. കേരള കാർഷിക സർവ്വകലാശാല**

**(വിഹിതം: 7114.00 ലക്ഷം രൂപ)**

കാർഷിക, കാർഷിക-അനുബന്ധ മേഖലകളുടെ വികസനത്തിനായി വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവയുടെ സംയോജനത്തിലൂടെ മാനവശേഷിയും നൈപുണ്യവും സാങ്കേതികവിദ്യയും പ്രദാനം ചെയ്യുന്ന സംസ്ഥാനത്തെ പ്രധാന സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. സർവ്വകലാശാലയ്ക്ക് കീഴിൽ 7 കോളേജുകൾ, 18 ഗവേഷണസ്ഥാപനങ്ങൾ, 6 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, 7 കൃഷിവിജ്ഞാന കേന്ദ്രങ്ങൾ, ഒരു കേന്ദ്രപരിശീലന സ്ഥാപനം, ഒരു ആശയവിനിമയ കേന്ദ്രം തുടങ്ങിയവ അടങ്ങിയ ഒരു ശൃംഖലയിലൂടെ കൃഷി, വനശാസ്ത്രം, കാർഷിക എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ ഗവേഷണം, വിജ്ഞാനവ്യാപനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കി വരുന്നു.

2021-22-ൽ പദ്ധതിവിഹിതമായി 7114.00 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**2021-22-ൽ വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക താഴെ കൊടുത്തിരിക്കുന്നു.**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിദ്യാഭ്യാസം | 950.00 |
| 2 | ഗവേഷണം | 4000.00 |
| 3 | അടിസ്ഥാന സൗകര്യ വികസനം | 1000.00 |
| 4 | വിജ്ഞാന വ്യാപനം | 980.00 |
| 5 | ഇ-ഗവേണൻസ് | 140.00 |
| 6 | വിദ്യാർത്ഥി ക്ഷേമം | 44.00 |
| | **ആകെ** | **7114.00** |

നിലവിലുള്ള പ്രവർത്തനങ്ങളായ ബിരുദതലത്തിലും ബിരുദാനന്തര തലത്തിലുമുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാർത്ഥി ക്ഷേമം, ലൈബ്രറി വികസനം, കാമ്പസുകളിലേയും മേഖലാ കേന്ദ്രങ്ങളിലേയും ഗവേഷണ പ്രവർത്തനങ്ങളെ സഹായിക്കുക, അടിസ്ഥാനസൗകര്യ വികസനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ സഹായിക്കുക എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

കാർഷിക ഗവേഷണത്തിനും വിദ്യാഭ്യാസത്തിനും കീഴിൽ വിവിധ ഘടകങ്ങളുടെ വിവരണം താഴെ കൊടുത്തിരിക്കുന്നു.

**1. വിദ്യാഭ്യാസം**

കേരളത്തിൽ കാർഷിക വിദ്യാഭ്യാസം നടപ്പിലാക്കി വരുന്നതും, അപ്രകാരം കൃഷി വകുപ്പിന്റെ മുഖ്യതൊഴിൽ സേനയെ സംഭാവന ചെയ്യുന്നതുമായ സംസ്ഥാനത്തെ ഒരേയൊരു സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. കൃഷി, വനശാസ്ത്ര പഠന വിഭാഗം, കാർഷിക എഞ്ചിനീയറിംഗ് എന്നീ മൂന്ന് ഫാക്കൽറ്റികളാണ് കാർഷിക സർവ്വകലാശാലയിലുള്ളത്.

അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി (ആർ.എ.ഡബ്ല്യു.ഇ)കൾക്കായുള്ള ചെലവുകൾ, ബിരുദാനന്തരബിരുദ പരിപാടികളുടെ ശാക്തീകരണം, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കുമുള്ള റിസർച്ച് ഗ്രാന്റ്, പരിചയ പഠന പദ്ധതി (എക്സ്പീരിയൻഷ്യൽ ലേണിംഗ് പ്രോഗ്രാം), അക്കാദമിക ഡയറക്ടറേറ്റിന്റെയും പരീക്ഷാ വിഭാഗത്തിന്റെയും ലൈബ്രറിയുടെയും ശാക്തീകരണം, പരീക്ഷാ നടത്തിപ്പ് എന്നിവയ്ക്കായി 950.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

**2. ഗവേഷണം**

2021-22-ൽ കേരള കാർഷിക സർവ്വകലാശാലയിലെ ഗവേഷണ ഘടകങ്ങളുടെ നടത്തിപ്പിനായി 4000.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. സർവ്വകലാശാല നിർദ്ദേശിച്ചിട്ടുള്ള മുൻഗണനാ മേഖലകളിലുള്ള പദ്ധതികളായിരിക്കും ശാസ്ത്രജ്ഞർ നടപ്പിലാക്കുക. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശമനുസരിച്ച് കാർഷിക മേഖലയിലെ ആവശ്യങ്ങൾ പരിഗണിച്ച് 2020-21 മുതൽ സർവ്വകലാശാല നടപ്പിലാക്കുന്ന പദ്ധതികൾ കൃഷിവകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, കേരള കാർഷിക സർവ്വകലാശാല പ്രതിനിധികൾ ഉൾപ്പെടുന്ന പദ്ധതി തിരഞ്ഞെടുപ്പ് കമ്മിറ്റിയായാണ് (പി.എസ്.സി) നിശ്ചയിക്കുക. ഇത് 2021-22 ലും തുടരും. കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ കാർഷികോല്പാദന കമ്മീഷണറുമായി കൂടിയാലോചിച്ച് രൂപീകരിക്കുന്ന പ്രസ്തുത കമ്മിറ്റിയിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരും ഉൾപ്പെടും. പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഉചിതമായ ഒരു സംവിധാനം ഗവേഷണ ഡയറക്ടർ നടപ്പിലാക്കേണ്ടതാണ്.

**എ. തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ**

സംസ്ഥാന പദ്ധതിവിഹിതത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി മേൽപ്പറഞ്ഞ കമ്മിറ്റി (പി.എസ്.സി) മുമ്പാകെ ശാസ്ത്രജ്ഞർ അവതരിപ്പിക്കുകയും കൃത്യമായി വിലയിരുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ തുടരുന്നതിനും, മാറ്റം വരുത്തുന്നതിനുമുള്ള ശുപാർശകൾ നൽകുന്നതുമാണ്. ഇതിന്റെ കമ്മിറ്റി മെയ് 2021 ൽ കൂടുകയും തുടരേണ്ട പദ്ധതികൾ പദ്ധതി തുകയുൾപ്പെടെ തീരുമാനിക്കേണ്ടതുമാണ്. ഈ കമ്മിറ്റി തിരഞ്ഞെടുക്കുന്ന ഗവേഷണ പദ്ധതികൾ തുടരുന്നതിനായി 2250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2021-22 ൽ ഓരോ പദ്ധതിക്കും വകയിരുത്തുന്ന തുക, അതതു പദ്ധതികളുടെ മെച്ചപ്പെട്ട പ്രവർത്തനവും കാര്യക്ഷമതയും അടിസ്ഥാനമാക്കിയുള്ള മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിർണ്ണയിക്കുന്നത്.

**ബി. പുതിയ പദ്ധതികൾ**

പുതിയ പദ്ധതികൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തുന്നു. 2021-22 ൽ പുതിയ പദ്ധതികൾ തിരഞ്ഞെടുക്കുന്നത് മേൽപ്പറഞ്ഞ കമ്മിറ്റിയായിരിക്കും. വകയിരുത്തിയിരിക്കുന്ന തുകയിൽ നിശ്ചയിച്ചിരിക്കുന്ന മുൻഗണനാ മേഖലകളിൽ പദ്ധതികൾ മത്സരാടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുക്കുക. കമ്മിറ്റി മെയ് 2021 ൽ കൂടുകയും, ഓരോ പദ്ധതിയ്ക്കും ആവശ്യമുള്ള തുകയുൾപ്പെടെ പുതിയ ഗവേഷണ പദ്ധതികൾ അനുമതിക്കായി തിരഞ്ഞെടുക്കേണ്ടതുമാണ്. പദ്ധതികാലാവധി 2021-22 വർഷത്തിൽ തുടങ്ങി രണ്ടു മുതൽ മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കുന്നതായിരിക്കണം. ഈ രീതിയിൽ പ്രോജക്ട് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതിനു ശേഷം സർവ്വകലാശാല ഗവേഷണ പ്രൊപ്പോസലുകൾക്കായി പുതിയ അറിയിപ്പ് നൽകും.

2021-22-ൽ താഴെ പറയുന്ന മേഖലകളിൽ പുതിയ ഗവേഷണ പദ്ധതികൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | മേഖലകൾ |
|---|---|
| 1 | കാലാവസ്ഥാ വ്യതിയാന സാഹചര്യങ്ങളിലുള്ള വിളപരിപാലനം/പ്രജനന തന്ത്രങ്ങളുടെ വികസനം , കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷിമുറകളുടെ വികസനം, വരൾച്ചാ പ്രതിരോധം, ജീവികൾ മൂലവും അല്ലാതെയുമുള്ള പ്രതിസന്ധികൾ തരണം ചെയ്യൽ |
| 2 | സസ്യ/ജന്തുജാല നിരീക്ഷണവും അംഗീകൃത രീതികളുടെ രേഖാ വികസനവും |
| 3 | ഉഷ്ണമേഖലാ പഴവർഗ്ഗങ്ങളുൾപ്പെടെ പഴകൃഷി വികസനം, നടീൽവസ്തുക്കൾക്കുള്ള അംഗീകൃത പ്രജനന രീതികളുടെ രേഖാ വികസനവും |

| | |
|---|---|
| 4 | സസ്യസംരക്ഷണത്തിൽ സൂക്ഷ്മാണുക്കളുടെ ഉപയോഗം |
| 5 | സംരക്ഷിത കൃഷി, സൂക്ഷ്മകൃഷി, ഹൈഡ്രോപോണിക്സ്, ഹൈടെക് പ്രദർശന യൂണിറ്റുകൾ |
| 6 | സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിലെ ചെറുകിട കാർഷിക യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക. |
| 7 | കാർഷിക മുന്നേറ്റത്തിന് ആധുനിക ഉപകരണങ്ങളുടെ വികസനം |
| 8 | ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ/സംസ്കരണം, മൂല്യവർദ്ധനം |
| 9 | സംയോജിത കൃഷി സമ്പ്രദായ വികസനം |
| 10 | പഴവർഗ്ഗങ്ങൾക്ക് ശീതീകരണം/മൂല്യവർദ്ധിത ശൃംഖലാ വികസനം |
| 11 | കീടനാശിനി അവശിഷ്ട നിർണ്ണയം/നടീൽ വസ്തുക്കളുടെ ഗുണമേന്മ |
| 12 | ഫീൽഡ് തലത്തിൽ കൃഷി സാങ്കേതികതയുടെ വിലയിരുത്തൽ |
| 13 | മാർക്കർ പ്രജനനരീതികളിലൂടെ ഉല്പാദനക്ഷമത കൂടിയ ഹ്രസ്വകാല നെൽവിത്തിനങ്ങളുടെ വികസനം . |

**സി. അഖിലേന്ത്യാ ഏകോപിത ഗവേഷണ പദ്ധതികൾ (25 ശതമാനം സംസ്ഥാന വിഹിതം)**

2021–22 ൽ അഖിലേന്ത്യാ ഏകോപിത ഗവേഷണ പദ്ധതികൾ, അഖിലേന്ത്യാ ശൃംഖലാ ഗവേഷണ പദ്ധതി എന്നിവയുടെ നടത്തിപ്പിനായി 25 ശതമാനം, സംസ്ഥാന വിഹിതമായി 584.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. സംസ്ഥാന വിഹിത സഹായത്തിനായി പ്രത്യേക പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കേണ്ടതാണ്. ''സെന്റർ ഓഫ് അഡ്വാൻസ്ഡ് അഗ്രികൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി-നാളികേര അധിഷ്ഠിത ദ്വിതീയ കാർഷിക മേഖലയിലെ അറിവും നൈപുണ്യ വികസനവും'' എന്ന പദ്ധതിക്കായി 166.00 ലക്ഷം രൂപ സംസ്ഥാനവിഹിതമായി നീക്കി വച്ചിരിക്കുന്നു.

**3. അടിസ്ഥാന സൗകര്യ വികസനം**

സർവ്വകലാശാലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2021–22–ൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുക നിലവിലുള്ള കെട്ടിടം, ഇലക്ട്രിക്കൽ ജോലികൾ, ജലസേചനം, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഫാം റോഡുകൾ മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തികൾക്കാണ് വകയിരുത്തിയിരിക്കുന്നത്.

ഇതിൽ 690.00 ലക്ഷം രൂപ താഴെ പറയുന്ന വിവിധ സ്ഥാപനങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ്.

**പുതിയ പദ്ധതികൾ**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | **ആർ.എ.ആർ.എസ് അമ്പലവയൽ** | |
| | അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം | 600.00 |
| II | **കാർഷിക കോളേജ്, പടന്നക്കാട്** | |
| | ലേഡീസ് ഹോസ്റ്റൽ നിർമ്മാണം (അനക്സ്) | 80.00 |
| III. | **കെ.സി.എ.ഇ.റ്റി , തവനൂർ** | |
| | കേളപ്പജി ഹൗസിന്റെ നവീകരണം | 10.00 |
| | **ആകെ** | **690.00** |

310.00 ലക്ഷം രൂപ താഴെ കൊടുത്തിട്ടുള്ള നിലവിലെ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | **കാർഷിക സർവ്വകലാശാല ഹെഡ് ക്വാർട്ടേഴ്സ്, വെള്ളാനിക്കര** | |
| 1 | സി.അച്ചുതമേനോൻ മെമ്മോറിയൽ റിസർച്ച് മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ അഡീഷണൽ വർക്സ് , എം.സി, വെള്ളാനിക്കര | 50.00 |

| | | |
|---|---|---|
| 2 | ചുറ്റമതിൽ നിർമ്മാണം, കെ.എ.യു ( എച്ച്.ക്യു), വെള്ളാനിക്കര | 25.00 |
| 3 | എം.സി, വെള്ളാനിക്കരയിലെ പമ്പാ ഹോസ്റ്റലിലെ ഗ്രൗണ്ട് ഫ്ലോറിലെ ഇലക്ട്രിക്കൽ മെയിന്റനൻസും റീ വയറിംഗും. | 10.00 |
| **II** | **കാർഷിക കോളേജ്, വെള്ളായണി** | |
| 4 | മെൻസ് ഹോസ്റ്റൽ നിർമ്മാണം (ബാക്കി) | 50.00 |
| 5 | കായൽഭാഗത്ത് വേലി നിർമ്മാണം | 15.00 |
| 6 | പഴയ അക്കാദമിക് ബ്ലോക്കിന്റെ മെയിന്റനൻസ് | 20.00 |
| **III** | **കെ.സി.എ.ഇ.റ്റി, തവനൂർ** | |
| 7 | ചുറ്റമതിൽ നിർമ്മാണം/ നദീതീരത്തെ വേലി നിർമ്മാണം | 10.00 |
| **IV** | **ആർ.എ.ആർ.എസ്, പട്ടാമ്പി** | |
| 8 | ലേഡീസ് ഹോസ്റ്റൽ നിർമ്മാണം | 40.00 |
| **V** | **ആർ.എ.ആർ.എസ്, നീലേശ്വരം** | |
| 9 | ഓഫീസ് (രണ്ടാംഘട്ടം) അറ്റകുറ്റ പണികളും നവീകരണവും | 10.00 |
| **VI** | **ആർ.എ.ആർ.എസ്, അമ്പലവയൽ** | |
| 10 | ബോയ്സ് ഹോസ്റ്റൽ നിർമ്മാണം | 80.00 |
| | **ആകെ** | **310.00** |

**4. വിജ്ഞാന വ്യാപനം**

വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 980.00 ലക്ഷം രൂപ 2021-22 വർഷത്തിൽ താഴെ പറയുന്നവയ്ക്കായി നീക്കിവച്ചിരിക്കുന്നു. ഇതിൽ 456.00 ലക്ഷം രൂപ താഴെ പറയുന്ന മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരുന്നതിനും 524.00 ലക്ഷം രൂപ പുതിയ പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്നു.

**എ.പുതിയ പദ്ധതികൾ**

| **ക്രമ നമ്പർ** | **മേഖല/പദ്ധതികൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | സുഭിക്ഷ കേരളം പരിപാടിയെ പിന്തുണയ്ക്കുന്നതിനുള്ള കാര്യപരിപാടികൾ | 111.00 |
| 2 | കാർഷിക വികസനത്തിൽ കാലാവസ്ഥാ വ്യതിയാന മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലുള്ള മുഖ്യധാരാ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ | 25.00 |
| 3 | മഹാമാരിയുടെ സമയത്ത് സുസ്ഥിരവും ലാഭകരവുമായ കാർഷിക ഉൽപ്പന്നത്തിനായി കർഷകരുടേയും, സ്ത്രീകളുടേയും, യുവാക്കളുടേയും, കാര്യശേഷി വർദ്ധിപ്പിക്കൽ. | 40.68 |
| 4 | ഭക്ഷണവും പോഷക സുരക്ഷയും മെച്ചപ്പെടുത്തുന്നതിനായി പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക (ഓർഗാനിക്, ജി.എ.പി) | 37.20 |
| 5 | കാർഷിക-പാരിസ്ഥിതിക മേഖലകളിലെ കാർഷിക പരിസ്ഥിതി യൂണിറ്റുകൾക്കായി അനുയോജ്യമായ വിള ഉൽപ്പാദന രീതികൾ പ്രോത്സാഹിപ്പിക്കുക. | 16.00 |
| 6 | മണ്ണിന്റെ പോഷണത്തെക്കുറിച്ചും സസ്യസംരക്ഷണത്തെക്കുറിച്ചും ഡയഗ്നോസ്റ്റിക് സേവനങ്ങളും ഉപദേശങ്ങളും നൽകുക | 75.68 |
| 7 | പൊതുസൗകര്യ കേന്ദ്രങ്ങളിലൂടെ മൂല്യ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള വിപുലീകരണ പിന്തുണ (മൂല്യ ശൃംഖലയും വിപുലീകരണ പിന്തുണയും ഒരുമിച്ച്) | 82.20 |
| 8 | കർഷകർ കൃഷിഭൂമിയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് ഐ സി ടി അടിസ്ഥാനമാക്കിയുള്ള പരിഹാരം വികസിപ്പിക്കുക. | 36.28 |
| 9 | കെ.എ.യു കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ജൈവ ഉല്പാദനോപാദികളുടെ ഉൽപ്പാദനം സുഗമമാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക. | 22.79 |

| | | |
|---|---|---|
| 10 | പുരയിടങ്ങളിൽ സംയോജിത കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിപുലീകരണ ഇടപെടലുകൾ | 9.40 |
| 11 | കെ എ യു സാങ്കേതിക വിദ്യകളുടെ പ്രചാരണവും പ്രോത്സാഹനവും | 30.17 |
| 12 | കേരളത്തിലെ വനിതാ കർഷകരെ ശാക്തീകരിക്കുന്നതിനുള്ള വിപുലീകരണ പിന്തുണ. | 37.60 |
| | **ആകെ** | **524.00** |

**ബി.തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി/മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാ കൈമാറ്റവും ഉപദേശക സേവനങ്ങളും | 146.00 |
| 2. | കാർഷിക മേഖലയിലെ മാനവവിഭവശേഷി വികസനം | 38.00 |
| 3. | പങ്കാളിത്ത വികസന സംരംഭങ്ങൾ – തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സർക്കാർ മിഷനുകൾക്കുമുള്ള സഹായം | 41.00 |
| 4. | സംരംഭകത്വ വികസനപരിപാടി | 26.00 |
| 5. | കേരളത്തിലെ കാർഷിക മേഖല പുനരുജ്ജീവിപ്പിക്കുന്നതിനായി ഉല്പാദനോപാധികളും സേവനങ്ങളും ലഭ്യമാക്കൽ | 41.00 |
| 6. | വനിതകൾക്കും ദുർബല വിഭാഗക്കാർക്കും ജീവനോപാധിക്കുള്ള സൗകര്യം മെച്ചപ്പെടുത്തുക | 29.00 |
| 7. | കാർഷിക വിജ്ഞാന വ്യാപനത്തിൽ നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം (സൈബർ എക്സ്റ്റൻഷൻ). | 24.00 |
| 8. | വിവിധ കാർഷിക കാലാവസ്ഥാ മേഖലകളിലെ കൃഷി പുനരുജ്ജീവനത്തിനായുള്ള വിജ്ഞാനവ്യാപന സഹായം | 59.00 |
| 9. | ഫാം ബിസിനസ്സ് സ്കൂളുകൾ സംരംഭകത്വ സുസാധ്യതാ പരിപാടി, ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ തുടങ്ങിയവ സ്ഥാപിക്കൽ | 18.00 |
| 10. | വിവിധ ഏജൻസികളിലെ വിജ്ഞാനവ്യാപന പ്രവർത്തകർക്കുള്ള കാര്യശേഷിവർദ്ധന പരിപാടികൾ | 34.00 |
| | **ആകെ** | **456.00** |

### 5. ഇ-ഗവേണൻസ്

കേരള കാർഷിക സർവ്വകലാശാലയിൽ സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതിയ്ക്കായി 140.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനതലത്തിലുള്ള സാങ്കേതിക ഏജൻസിയുടെ മേൽനോട്ടത്തിൽ സമഗ്രമായ ഇ-ഗവേണൻസ് പ്ലാൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചാൽ മാത്രമേ ഭരണാനുമതി ലഭിക്കുകയുള്ളൂ. ഇ-ഗവേണൻസ് ശാക്തീകരണത്തിനും വിവരസാങ്കേതിക സൗകര്യത്തിനായും ആസൂത്രണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായും തുക വിനിയോഗിക്കാവുന്നതാണ്.

### 6. വിദ്യാർത്ഥികളുടെ ക്ഷേമം

കേരള കാർഷിക സർവ്വകലാശാലയിൽ വിദ്യാർത്ഥി ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ 44.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിദ്യാർത്ഥി ക്ഷേമ ഡയറക്ടറേറ്റ് ശക്തിപ്പെടുത്തുന്നതിനും നൈപുണ്യ വികസനത്തിനും കലാകായിക മത്സരങ്ങൾക്കും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്.

പദ്ധതി വിഹിതത്തിൽ നിന്നും തസ്തിക രൂപീകരണത്തിന് തുക ചെലവഴിക്കാൻ അനുവദിക്കുകയില്ല. സ്ഥിര ജീവനക്കാരുടെ ശമ്പള ചെലവുകൾ പദ്ധതിയേതര തുകയിൽ നിന്നും വഹിക്കേണ്ടതാണ്. ബഡ്ജറ്റിൽ കാർഷിക സർവ്വകലാശാലയ്ക്കുള്ള പദ്ധതി വിഹിതത്തിൽ സ്ഥാപനത്തിന്റെ ഓവർഹെഡ് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. വൈദ്യുതി/വെള്ളം ചാർജുകൾ തുടങ്ങിയ പദ്ധതിയേതര ഇനങ്ങൾ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ്

സർവ്വകലാശാലകളിൽ തുടർന്ന് പോരുന്ന വ്യവസ്ഥകൾക്ക് സമാനമായി സർക്കാരിൽ നിന്നുമുള്ള ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് പദ്ധതി തുക നൽകാവുന്നതാണ്.

**ബി. വിള പരിപാലനം**

സംസ്ഥാന ബജറ്റ് 2021-22 ഭക്ഷ്യവിള ഉല്പാദനത്തിന് ഊന്നൽ നൽകുന്നു. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട കൊണ്ട് നെല്ല്, ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ്, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രഭക്ഷ്യവിള ഉല്പാദനപദ്ധതി തുടരുന്നതായിരിക്കും. കാർഷിക പദ്ധതികൾ നടപ്പാക്കുന്നതിൽ സഹകരണ മേഖലയുടെ പ്രത്യേകിച്ചും പ്രാഥമിക കർഷക സംഘങ്ങളുടെ സക്രിയമായ പങ്കാളിത്തം തേടും. 2021-22 വർഷം 553.25 കോടി രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. തെങ്ങ്, സുഗന്ധവ്യഞ്ജനം, പുഷ്പകൃഷി, പഴകൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനവും, മണ്ണ്-വിള ആരോഗ്യപരിപാലനം, ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും, സുരക്ഷിത ഭക്ഷണത്തിനായി ഉത്തമകൃഷിമുറകളുടെ പ്രോത്സാഹനം, ഹൈടെക് കൃഷി രീതികൾക്കുള്ള സഹായം എന്നീ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് വികസനം ലക്ഷ്യമിടുന്നു.

കോവിഡ് 19 മഹാമാരിയെത്തുടർന്ന് 2020-21 ൽ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം. ഭക്ഷ്യോൽപ്പാദനത്തിൽ പ്രത്യേകിച്ചും നെല്ല്, പച്ചക്കറികൾ, വാഴപ്പഴം, കിഴങ്ങുവർഗങ്ങൾ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ സുസ്ഥിരമായ രീതിയിൽ ഉയർത്താനും പദ്ധതി ലക്ഷ്യമിടുന്നു. സഹകരണ മേഖലയുടെയും മറ്റ് സ്റ്റേക്ഹോൾഡർ വകുപ്പുകളുടെയും സഹകരണത്തോടെയും 2021-22 ൽ പരിപാടി തുടരും. തരിശുനിലകൃഷി, മെച്ചപ്പെട്ട വരുമാനത്തിനായി പുരയിടങ്ങളിൽ വിള സമ്പ്രദായം ക്രമീകരിക്കുക, സംയോജിത കാർഷിക സമ്പ്രദായം പ്രോൽസാഹിപ്പിക്കുക എന്നിവയാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. കർഷക ഉൽപ്പാദക കമ്പനികളുടെ സജീവ പങ്കാളിത്തം സുഭിക്ഷ കേരളം പദ്ധതിയിലുണ്ടാകും.

2021-22 ൽ ആരംഭിക്കുന്ന കേരള ഫാം ഫ്രഷ്-പഴം പച്ചക്കറി തറവില എന്ന പുതിയ പദ്ധതി, വിലയിടിവുണ്ടാകുന്ന സാഹചര്യത്തിൽ 16 ഇനം പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും സാമ്പത്തികസഹായം നൽകി കർഷകരെ സഹായിക്കുന്നതിനു ലക്ഷ്യമിടുന്നു. ഓരോ ഇനത്തിനും നിജപ്പെടുത്തിയ വിലയിൽ താഴെ വിപണി വില പോയാൽ, വിലയിലുള്ള വ്യത്യാസം കർഷകർക്ക് ഇൻസെന്റീവായി നൽകുന്നതാണ്.

പദ്ധതിനിർവ്വഹണം ഫലപ്രദമാക്കുന്നതിനും, വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന രജിസ്റ്റേർഡ് കർഷക കൂട്ടായ്മകളും, സർക്കാർ-സഹകരണമേഖലകളിൽ വിവിധ ഏജൻസികളും സംസ്ഥാനത്ത് ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. വിഭവശേഷി കുറവ് അനുഭവപ്പെടുന്ന അവസരങ്ങളിൽ പ്രാഥമിക മേഖലകളിൽ പദ്ധതി നടപ്പിലാക്കി പരിചയമുള്ളതും കഴിഞ്ഞ മൂന്ന് വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ പ്രാഥമിക കർഷക സഹകരണ സംഘങ്ങൾ, നബാർഡിന്റേയും സി.ഡി.ബി യുടേയും എഫ്.പി.ഒ കൾ (നബാർഡ് പട്ടികയിൽ എ, ബി നിലവാരമുള്ളവ), കർഷക സഹകരണ സൊസൈറ്റികൾ എന്നീ ഏജൻസികളുടെ വിഭവങ്ങളും സേവനങ്ങളും സംയോജിപ്പിക്കുക വഴി കർഷകരുടെ ഉല്പാദനക്ഷമതയും ലാഭവും വർദ്ധിപ്പിക്കാൻ കഴിയും. 2021-22 വർഷത്തിൽ, വകുപ്പിന്റെ പദ്ധതി നടത്തിപ്പിൽ, നിലവാരമുള്ള പദ്ധതികൾ സമർപ്പിക്കുന്ന മേൽപറഞ്ഞ ഏജൻസികളും പങ്കാളികളായിരിക്കും. പദ്ധതികൾ കൃഷി ഡയറക്ടർ മുഖേന വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ കൃഷി വകുപ്പും ആസൂത്രണബോർഡും ചേർന്ന് പരിശോധിച്ച് വിവരങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതാണ്. ഇതിനായി 'കാർഷികവ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിലെ 'പൊതുപങ്കാളിത്തം' എന്ന ഘടകത്തിൽ 20.00 ലക്ഷം രൂപ വകയിരുത്തുന്നു. അനുയോജ്യമായ റേറ്റിംഗ് ചാർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം എഫ്.പി.ഒ കളെ തിരഞ്ഞെടുക്കേണ്ടത്. നബാർഡിന്റെ റേറ്റിംഗ് ചാർട്ട് സ്വീകരിക്കാവുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി ലാഭത്തിൽ പ്രവൃത്തിക്കുന്നതും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതുമായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പദ്ധതി നടത്തിപ്പിന് തിരഞ്ഞെടുക്കുന്നതാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/എഫ്.പി.ഒ കൾ എന്നിവയ്ക്കുള്ള സാങ്കേതിക സഹായം കൃഷി ഭവൻ മുഖേന നൽകും.

സംസ്ഥാനത്തെ 23 കാർഷിക ആവാസയൂണിറ്റുകളുടെയും (എ.ഇ.യു) അഞ്ച് കാർഷിക ആവാസ സോണുകളുടെയും അടിസ്ഥാനത്തിലായിരിക്കും കാർഷിക വികസന പദ്ധതികളുടെ വിഹിതനിർണ്ണയവും ആസൂത്രണവും നിർവ്വഹണവും നടത്തുന്നത്. വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അനുബന്ധ എ.ഇ.യുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഓരോ പദ്ധതിയിലും എ.ഇ.യു. അടിസ്ഥാനത്തിലുള്ള നിർദ്ദിഷ്ട വിഹിതം വകുപ്പ് തലത്തിൽ നിർദ്ദേശിക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നേടുകയും വേണം.

**വിള വികസനം**

**1. ഭക്ഷ്യ വിള ഉൽപാദനം**

**(വിഹിതം: 19625.00 ലക്ഷം രൂപ)**

ഭക്ഷ്യവിള ഉല്പാദനത്തിൽ നാല് പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് – നെല്ല് വികസനം, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം, പച്ചക്കറി വികസനം, കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലാഭത്തിൽ പ്രവർത്തിക്കുന്നതും പരിചയസമ്പന്നവുമായ പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ, എഫ്.പി.ഒകൾ എന്നിവയുടെ ഏകോപനത്തോടു കൂടിയായിരിക്കും ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. കഴിയുന്നതും സുഭിക്ഷ കേരളം പദ്ധതിയുമായും പ്രാഥമിക കാർഷികസഹകരണസംഘം/മേഖലാ ഗ്രാമീണ ബാങ്ക് മുഖേന നടപ്പിലാക്കുന്ന നബാർഡിന്റെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി എന്നിവയുമായും സംയോജനം ഉറപ്പാക്കേണ്ടതാണ്.

2021-22-ൽ ഈ പദ്ധതിക്കായി 19625.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയുടെ 33 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

കോവിഡ്-19 മഹാമാരിയെത്തുടർന്ന് ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാലയളവിലാണ് ഭക്ഷ്യസുരക്ഷയുടെ പ്രസക്തിയും ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ പ്രാധാന്യവും നാം തിരിച്ചറിഞ്ഞത്. ഇതിന്റെ ഭാഗമായി ഭക്ഷ്യവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സുഭിക്ഷ കേരളം എന്ന പദ്ധതി 2020-21 ൽ ആരംഭിച്ചു. നെല്ല്, പച്ചക്കറികൾ, കിഴങ്ങുവർഗം, വാഴപ്പഴം എന്നീ വിളകളാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. 2021-22 ൽ വിവിധ സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ ഈ പദ്ധതി തുടരും. നെല്ല്, പച്ചക്കറികൾ, വാഴപ്പഴം, പയറുവർഗം, കിഴങ്ങുവർഗം എന്നിവയ്ക്കായി തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കും. സംയോജിത കാർഷിക സമ്പ്രദായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പിന്തുണ നൽകും.

**i. നെല്ല് വികസനം**

**(വിഹിതം: 11614.00 ലക്ഷം രൂപ)**

പ്രകൃത്യാ തന്നെ നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ ഏഴ് കാർഷിക ആവാസമേഖലകൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ളതും കൃഷി വിസ്തൃതി വ്യാപിപ്പിക്കുന്നതിനുമായുള്ള പദ്ധതികളായ തരിശുനില കൃഷി, കരനെൽകൃഷി, രണ്ടാംവിള കൃഷി എന്നിങ്ങനെയുള്ള നെൽക്കൃഷി വികസന പരിപാടികൾ നടപ്പിലാക്കുന്നതിനും പ്രധാന ഊന്നൽ നൽകുന്നു.

2021-22 ൽ നെൽകൃഷി വികസനത്തിനായി 11614.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സുഭിക്ഷകേരളം പദ്ധതിക്കു കീഴിൽ തരിശുഭൂമിയിലെ നെൽക്കൃഷിക്കായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, എഫ്.പി.ഒകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ തരിശുനിലം സുസ്ഥിര കൃഷിക്കു വിധേയമാക്കും. സുഭിക്ഷകേരളം പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും പദ്ധതി നിർവ്വഹണം.

കൂട്ടുകൃഷി സമ്പ്രദായത്തിലുള്ള നെൽകൃഷിയ്ക്കായി 6473.00 ലക്ഷം രൂപ വകയിരുത്തുന്നു. സുസ്ഥിര നെൽകൃഷി വികസനത്തിന് ഉല്പാദനോപാധികൾക്കുള്ള സഹായം നൽകുന്നതിന് 6073.00 ലക്ഷം രൂപ ഹെക്ടറിന് 5500.00 രൂപ (ആകെ 1,10,418 ഹെക്ടർ) എന്ന നിരക്കിൽ വകയിരുത്തുന്നു. ഗുണമേന്മയുള്ള വിത്തുകൾ, ജൈവ ഉല്പാദനോപാധികൾ (കാർഷിക ആവാസമേഖല ശുപാർശ

പ്രകാരം) സർട്ടിഫിക്കേഷൻ, ജൈവ നിയന്ത്രണകാരികൾ എന്നിവയ്ക്കുള്ള സഹായമായാണ് വകയിരുത്തിയിട്ടുള്ളത്.

പാടശേഖര സമിതികളുടെ കൂട്ടുകൃഷി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 300.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സുതാര്യ മാനദണ്ഡപ്രകാരം ഇ-പേയ്മെന്റ് സമ്പ്രദായത്തിലൂടെ പാടശേഖര സമിതികൾക്ക് തുക നൽകാവുന്നതാണ്. ബ്ലോക്ക്തല സംയോജനത്തോടെ പ്രോജക്ട് അടിസ്ഥാനത്തിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും അരിമില്ലുകൾ, പാർബോയിലിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 70.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതും അനുമതി നൽകുന്നതും കൃഷി ഡയറക്ടറായിരിക്കും. അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയുടെ സംയോജനം ആവശ്യമാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പദ്ധതി നിർവ്വഹണത്തിൽ സംയോജിപ്പിക്കുന്നതാണ്.

നെൽകൃഷി വികസന ഏജൻസിക്കുള്ള സഹായം പ്രോജക്ട് അടിസ്ഥാനത്തിൽ നൽകുന്നതാണ്. ഇതിനായി 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

നെൽകൃഷി വിസ്തൃതി വികസിപ്പിക്കുന്നതിനും ഒരുപൂകൃഷിയെ ഇരുപൂകൃഷിയിലേക്ക് മാറ്റുന്നതിനും കരനെൽകൃഷി, സവിശേഷ നെല്ലിനങ്ങളുടെ കൃഷി എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 155.00 ലക്ഷം രൂപ വകയിരുത്തുന്നു. കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ ഉള്ള ഒരു സംഘം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, എഫ്.പി.ഒ കൾ എന്നിവയുമായി ചർച്ച ചെയ്ത് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സഹായം അനുവദിക്കുന്നത്.

കരനെൽകൃഷിയുടെ സാധ്യതയും അനുയോജ്യതയും കണക്കിലെടുത്ത് എ.ഇ.യു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരനെൽകൃഷി വികസിപ്പിക്കുന്നതിനായി 55.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇവിടെയും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടേയും, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും തൊഴിലുറപ്പപദ്ധതിയുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. തരിശുനിലകൃഷിയുടെ വിശദാംശങ്ങൾ അടങ്ങുന്ന വാർഷിക ഡാറ്റാ ബേസ് ഓരോ കൃഷി ഭവനിലും, പഞ്ചായത്തിലും സൂക്ഷിക്കേണ്ടതാണ്. തരിശുനിലകൃഷിയുടെ വിസ്തൃതി, പ്രവർത്തനരീതികൾ, ഒരു ഹെക്ടറിൽ നിന്നുള്ള ഉല്പാദനം എന്നിവ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

മൊത്തം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരുപൂകൃഷിയെ ഇരുപൂ കൃഷിയാക്കുന്നതിന് 50.00 ലക്ഷം രൂപയും സവിശേഷ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 50.00 ലക്ഷം രൂപയും വകയിരുത്തുന്നു. ഇതിൽ 20.00 ലക്ഷം രൂപ വയനാട് ജില്ലയിൽ സവിശേഷ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

ഓരോ പ്രദേശത്തിനും അനുയോജ്യമായ സർട്ടിഫൈഡ് വിത്തുകൾ ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (ആർ. എസ്. ജി.പി)/സീഡ് വില്ലേജ് പ്രോഗ്രാം തുടരുന്നതാണ്. ഇതിനായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സർട്ടിഫൈഡ് വിത്തുൽപ്പാദനത്തിനു ആർ.എസ്.ജി.പി കർഷകർക്കും ഫൗണ്ടേഷൻ വിത്തുകൾ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന വിത്തു ഫാമുകൾക്കുമുള്ള ധന സഹായവും ഇതിലുൾപ്പെട്ടും. കൂടാതെ ടണ്ണിന് 2000 രൂപയെന്ന നിരക്കിൽ സർട്ടിഫൈഡ് വിത്തുകൾ സംഭരിക്കുന്നതിന് കേരള സംസ്ഥാന വിത്തുവികസന അതോറിറ്റിക്കുള്ള ഗ്രാന്റും ഇതിലുൾപ്പെടും. പറിച്ചുനട്ട വിളയ്ക്കു മാത്രമായിരിക്കും ധനസഹായം ലഭിക്കുക. രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സിന്റെ പട്ടിക ഉൾപ്പെടുന്ന ഒരു ഡാറ്റാബേസ് കൃഷി വകുപ്പ് തയ്യാറാക്കേണ്ടതാണ്. ഗുണമേന്മയുള്ള വിത്തുകളുടെ ലഭ്യത യഥാസമയം ഉറപ്പ് വരുത്തുന്നതിന് വിത്തുകളുടെ സർട്ടിഫിക്കേഷൻ ഓൺലൈനായി നടത്തുന്നതിനുള്ള സാധ്യതകൾ തേടേണ്ടതാണ്.

പരിസ്ഥിതി സംരക്ഷണത്തിൽ നെൽ വയലുകളുടെ പ്രധാന്യം കണക്കിലെടുത്ത്, കൃഷി ചെയ്യാവുന്ന നെൽ വയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിന് ഹെക്ടറിന് 2000.00 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നതിനായി 4000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നെൽവയൽ ഉടമസ്ഥന് ഒരു തവണ മാത്രമാണ് ഈ സഹായം ലഭ്യമാവുക. ഈ ധനസഹായത്തിനു

നെൽവയൽ ഉടമയ്ക്ക് ഒരു തവണയേ അർഹതയുള്ളൂ. ആവർത്തിച്ചുള്ള ധനസഹായം അനുവദിക്കുന്നതല്ല.

കോൾനിലങ്ങളിൽ ഇരുപ്പൂകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ഡബിൾ കോൾ' എന്ന ഘടകത്തിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ഉല്പാദനോപാദികൾക്കും, അടിസ്ഥാന സൗകര്യവികസനത്തിനുമായി ഉപയോഗിക്കാവുന്ന തുക സ്പെഷ്യൽ ഓഫീസർ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശപ്രകാരമായിരിക്കും. ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, കേരള കാർഷിക സർവ്വകലാശാല പദ്ധതികളുമായി സംയോജനത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുക.

പരമ്പരാഗത നെൽകൃഷി മേഖലകളായ പൊക്കാളി, കരി, കൈപ്പാട് കൃഷിക്ക് 136.00 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നു. പ്രത്യേക പദ്ധതി നിർദ്ദേശം അടിസ്ഥാനമാക്കി ഫീൽഡ് തല അടിസ്ഥാന സൗകര്യ വികസനം, ഉൽപാദന സഹായം, പ്രത്യേക കൊയ്ത്തു യന്ത്രവികസനം എന്നിവയ്ക്കു സഹായം നൽകുന്നതിനായി തുക വിനിയോഗിക്കുന്നതാണ്. നെൽവയൽ–തണ്ണീർത്തട സംരക്ഷണ ആക്ട് 2008 പ്രവർത്തനക്ഷമമാക്കുന്നതിന് 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പ്രകൃതി ക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തിര ജോലികൾ നിർവ്വഹിക്കുന്നതിനും യന്ത്രസാമഗ്രികളുടെ കേടുപാടു തീർക്കുന്നതിനും അത്തരം മറ്റാവശ്യങ്ങൾക്കുമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ii. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം

**(വിഹിതം: 323.00ലക്ഷം രൂപ)**

ചെറുധാന്യങ്ങളും എണ്ണക്കുരുക്കളായ കപ്പലണ്ടി, എള്ള് എന്നിവയും കരിമ്പും നിശ്ചിത കാർഷിക ആവാസമേഖലാ അനുയോജ്യ പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ഗുണമേന്മയോടുകൂടിയ വിത്തുകൾക്കും, ഭൂമി ഒരുക്കൽ, ജലസേചനം, മറ്റ് കൃഷി ആവശ്യങ്ങൾ, തുടങ്ങിയവയുടെ ചെലവുകൾക്കുമാണ് സഹായം ഏർപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗസമൂഹത്തിന് ആഹാരവും പോഷക സുരക്ഷയും ഉറപ്പാക്കുന്നതിനായി അവരുടെ ഭൂമിയിൽ വിള ഉല്പാദന പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ശാസ്ത്രീയ അടിത്തറയുള്ള പരമ്പരാഗത ഇനങ്ങളും കൃഷിരീതികളും സംരക്ഷിക്കുന്നതിനും ഈ പരിപാടിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി യോജിച്ച് പ്രോജക്ട്അടിസ്ഥാനത്തിലായിരിക്കും ഇതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

പരമ്പരാഗത വിളകളുടെ ഉൽപാദനം മുതൽ വിപണനം വരെ സഹായിക്കുന്നതിനായി അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാമിനായി 25.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഇടുക്കി ജില്ലയിൽ പരമ്പരാഗത ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 6.00 ലക്ഷം രൂപ വകയിരുത്തുന്നു. ചെറുധാന്യങ്ങളും പയറുവർഗ്ഗങ്ങളും ഒരേസമയം വളർത്തുന്ന പരമ്പരാഗത രീതിയുടെ പ്രചാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആതിരപ്പള്ളിയിലെ പട്ടികവർഗ ജനങ്ങളുടെ ഇടയിൽ പച്ചക്കറി, കിഴങ്ങുവർഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആതിരപ്പള്ളി ട്രൈബൽ വാലി അഗ്രികൾച്ചറൽ പ്രോജക്ടിന് പദ്ധതി അധിഷ്ഠിത സഹായമായി 25 .00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

കരിമ്പ്, എള്ള്, നിലക്കടല എന്നിവയുടെ വികസനത്തിനായി 170.00 ലക്ഷം രൂപയും വകയിരുത്തുന്നു. തിരൂർവെറ്റില, രാമച്ചം, വെളുത്തുള്ളി എന്നിവയുടെ കൃഷിവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി 40.00 ലക്ഷം രൂപ വകയിരുത്തുന്നു. മറയൂർ ശർക്കരയ്ക്കു ലഭിച്ച ഭൗമസൂചിക പദവിക്ക് ഊന്നൽ നൽകി കാർഷിക സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി മറയൂർ കരിമ്പിനായുള്ള ഒരു പ്രത്യേക പരിപാടിക്ക് 7.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു ഭൂമിയിൽ ചെറുധാന്യങ്ങളുടെ കൃഷിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഈ പദ്ധതിക്കായി 323.00 ലക്ഷം രൂപ വകയിരുത്തുന്നു.

### iii. പച്ചക്കറി വികസനം

**(വിഹിതം: 7445.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് പച്ചക്കറി വികസനപദ്ധതി 2021-22 ൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക, പച്ചക്കറി വികസന പരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പച്ചക്കറി വികസന പദ്ധതി, മിഷൻ അടിസ്ഥാനത്തിൽ

കൃഷിവകുപ്പ്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, എഫ്.പി.ഒ.കൾ, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തുടങ്ങി എല്ലാ ഏജൻസികളെയും ഉൾപ്പെടുത്തി ആയിരിക്കും നടപ്പിലാക്കുക. പരിപാടിയുടെ വിജയത്തിനായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, ആത്മ, ജൈവകൃഷി (നല്ല മുറകൃഷി, പി.ജി.എസ് ) വിപണനം, അടിസ്ഥാന സൗകര്യവികസനം എന്നിവയുടെ ഏകോപനം ഉറപ്പാക്കും. സംസ്ഥാനത്തെ എല്ലാ വീടുകളിലും സുരക്ഷിത പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

പച്ചക്കറി മിഷൻ പ്രവർത്തനങ്ങൾ താഴെപറയുന്ന രീതിയിൽ കാര്യക്ഷമമാക്കുന്നു.

- ഉൽപാദനം, സംഭരണം, വിപണനം –വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലും ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ മിച്ചം വരുന്ന പ്രദേശങ്ങളിൽനിന്ന് ശേഖരിച്ച് കുറവുള്ള പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യുക വഴി കർഷകർക്ക് മികച്ചവിലയും ഗുണനിലവാരമുള്ള ഉൽപന്നങ്ങൾക്ക് ന്യായമായ വിലയും ലഭിക്കും.
- സംസ്ഥാനത്തുടനീളം സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓണത്തിന് ഒരു മുറം പച്ചക്കറി, ശീതകാല പച്ചക്കറി കൃഷി എന്നിവയ്ക്ക് ഊന്നൽ.
- കൃഷിവകുപ്പും, വി.എഫ്.പി.സി.കെയും നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടിയുടെ ഘടകങ്ങളായ ജില്ലാ ക്ലസ്റ്ററുകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, വിവിധ സ്ഥാപനങ്ങളിൽ നടത്തുന്ന പച്ചക്കറികൃഷി, മഴമറകളുടെ പ്രോത്സാഹനം, ശീതീകരണ യൂണിറ്റുകളുടെ പ്രോത്സാഹനം, സാമൂഹിക കണിക ജലസേചനം, നഗരങ്ങളിലെ വാണിജ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നഗരങ്ങളിൽ പച്ചക്കറി ക്ലസ്റ്ററുകൾ എന്നീ ഉപഘടകങ്ങളുടെ സംയോജനം.
- പൊതുമേഖലാ സ്ഥാപനങ്ങൾ ആത്മ, ജൈവകൃഷി (ഉത്തമ മുറ കൃഷി, പി.ജി.എസ് ), മറ്റു പച്ചക്കറി വിപണന പ്രവർത്തനങ്ങളുടെ ഏകോപനം. സഹകരണ മേഖലയുടേയും, കർഷക ഉൽപാദന കമ്പനികളുടെയും ഏകോപനത്തോടെ ഓൺലൈൻ വിപണനം പ്രോത്സാഹിപ്പിക്കുന്നതാണ്. ഇ–നാം (e–NAM) പോർട്ടൽ മാതൃക കൊണ്ടു വരുന്നതാണ്.
- പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, എഫ്.പി.ഒ കൾ എന്നിവരുടെ പങ്കാളിത്തത്തോടെ പ്രചാരണ പരിപാടികൾ.

ഹരിതകേരളം മിഷനുമായി യോജിച്ച് പച്ചക്കറി ഉല്പാദന പരിപാടികൾ നടപ്പിലാക്കുകയും, ഓരോ കാർഷിക ആവാസമേഖലയ്ക്കും പഞ്ചായത്തിനും വ്യക്തമായി നിർവചിക്കപ്പെട്ട ഭൗതിക ലക്ഷ്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യും. പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ, എഫ്.പി.ഒ.കൾ മറ്റ് കർഷക ഗ്രൂപ്പുകൾ, പഞ്ചായത്തുകൾ എന്നിവയുടെ പിന്തുണയോടെ കൃഷിവകുപ്പ് ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്തുതലത്തിലും പച്ചക്കറി വികസന പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വി.എഫ്.പി.സി.കെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കാർഷിക സർവ്വകലാശാല, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടായിരിക്കും മിഷൻ രീതിയിൽ പച്ചക്കറി വികസന പരിപാടികൾ നടപ്പിലാക്കുന്നത്. ഓരോ ഏജൻസികളുടെയും ഉത്തരവാദിത്തങ്ങളും പങ്കും വ്യക്തമാക്കുന്ന രീതിയിൽ കൃഷി ഡയറക്ടർ നിബന്ധനകൾ തയ്യാറാക്കുകയും ഉല്പാദനം മുതൽ വിപണനം, സംസ്കരണം, വിലസ്ഥിരത, റിസ്ക് മാനേജ്മെന്റ് എന്നീ പ്രവർത്തികൾക്ക് കൈവരിക്കേണ്ട ലക്ഷ്യങ്ങൾ വ്യക്തമാക്കുകയും നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഒരു ഏജൻസിയിലെ ഗുണഭോക്താവ് മറ്റ് ഏജൻസികളിൽ ഉൾപ്പെടാൻ പാടില്ല. പച്ചക്കറി വികസനത്തിന് ആനുകൂല്യങ്ങൾ ലഭിക്കുന്ന വിവിധ ഏജൻസികളുടെ ഗുണഭോക്താക്കളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കി പരിപാലിക്കും. കൃഷിരീതി – വാണിജ്യം/നഗരം/ഗ്രാമീണം/ടെറസ്/സംരക്ഷിത/തുറന്ന, കൃഷി ചെയ്യുന്ന സീസണുകൾ, കൃഷി ചെയ്യുന്ന പച്ചക്കറികൾ, ഭൂമി ഉടമസ്ഥാവകാശത്തിന്റെ സ്വഭാവം, സ്വന്തം/പാട്ടഭൂമി, സ്വകാര്യസർക്കാർ സ്ഥാപനങ്ങൾ, വിളവ്, വിപണനരീതി, വിപണനം ചെയ്യാവുന്ന മിച്ചം എന്നിവ ഓരോ

ഗുണഭോക്താവിനെയും സംബന്ധിച്ച് രേഖപ്പെടുത്തേണ്ടതാണ്. ഇത് കാലാകാലങ്ങളിൽ പുതുക്കി പരിപാലിക്കേണ്ടതാണ്. ക്ലസ്റ്റർ/ഗുണഭോക്താവ് സ്വീകരിക്കുന്ന വിപണന സംവിധാനവും രേഖപ്പെടുത്തണം.

ഒരേ പ്രദേശത്ത് വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതാണ്. പച്ചക്കറി വികസനത്തിനായി ഏജൻസികൾക്ക് അനുവദിച്ച തുക സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തും. പച്ചക്കറി കർഷകർക്ക് ഇൻഷുറൻസ്, വായ്പാസൗകര്യങ്ങൾ, റിസ്ക് ഫണ്ട് എന്നിവ ഒറ്റ ഏജൻസി വഴി ഏകോപിപ്പിക്കും. വി.എഫ്.പി.സി.കെയ്ക്ക് കീഴിലുള്ള സ്വാശ്രയസംഘങ്ങൾ, ക്ലസ്റ്ററുകൾ, കൃഷി വകുപ്പിന് കീഴിലുള്ള ബി.എൽ.എഫ്.ഒ എന്നിവ വി.എഫ്.പി.സി.കെയുടെ ഏകോപനത്തിൽ സംയോജിത രീതിയിൽ പ്രവർത്തിക്കും. ഗുണഭോക്താവിനുള്ള സഹായ കാലയളവ് നിശ്ചയിക്കേണ്ടതാണ്. വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ അപ്രതീക്ഷിത ദുരന്തം മൂലം വിളനാശം ഉണ്ടായാൽ മാത്രം സഹായകാലയളവിൽ ഇളവ് നൽകുന്നതാണ്. പച്ചക്കറികൃഷി നിലനിർത്തുന്നതിന് റിസർവ് ഫണ്ട് സ്വരൂപിക്കുന്നതിനായി സംവിധാനം തയ്യാറാക്കും. പച്ചക്കറി മിഷൻ നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കാർഷിക വികസന കർഷക ക്ഷേമ വകുപ്പായിരിക്കും.

വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി തോട്ടങ്ങളുടെ പ്രോത്സാഹനം, ബി.എൽ.എഫ്.ഒ/എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള സഹായം, നഗര ക്ലസ്റ്ററുകളുടെ വികസനം, മഴമറ പച്ചക്കറി കൃഷിക്കുള്ള പ്രോത്സാഹനം, ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, നഴ്സറികളുടെ സ്ഥാപനം, സൂക്ഷ്മ ജലസേചനത്തിനുള്ള സഹായം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

2021-22-ൽ പച്ചക്കറി വികസനത്തിനായി 7445.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 500.00 ലക്ഷം രൂപ സുഭിക്ഷ കേരളത്തിനു കീഴിൽ ശീതീകരണ ശൃംഖലയോടുകൂടിയ പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തുന്നു. എല്ലാ സ്റ്റേക്ക്ഹോൾഡർ വകുപ്പുകളുടെയും സംയോജനത്തോടെ സുഭിക്ഷകേരളം പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുക.

വിള ഇൻഷുറൻസ്, പ്രകൃതിക്ഷോഭങ്ങൾ, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയ ഘടകങ്ങൾക്ക് ഒഴികെ വി.എഫ്.പി.സി.കെ വഴി പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനു 725.00 ലക്ഷം രൂപ വകയിരുത്തുന്നു. പൊതുവായ പ്രവർത്തനങ്ങൾ കൂടാതെ വി.എഫ്.പി.സി.കെ പദ്ധതിയധിഷ്ഠിത പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കുന്നതാണ്. കർഷക താൽപ്പര്യ കൂട്ടായ്മകൾ, കർഷക ഉൽപ്പാദന സംഘങ്ങൾ, ജി.എ.പി/പി.ജി.എസ് നു കീഴിലുള്ള ക്ലസ്റ്ററുകൾ എന്നിവ വഴി ശീതകാല പച്ചക്കറികൃഷി ഉൾപ്പെടെയുള്ള പച്ചക്കറികൃഷിക്കും കയറ്റുമതിക്കനുയോജ്യമായ ഗുണനിലവാരമുള്ള പച്ചക്കറികൃഷിക്കുമുള്ള സഹായം, പച്ചക്കറി ഉൽപ്പാദനം എന്നീ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടും. വി.എഫ്.പി.സി.കെ – ക്ക് വകയിരുത്തിയിട്ടുള്ള 725.00 ലക്ഷം രൂപയിൽ 15.00 ലക്ഷം രൂപ മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾക്കാണ്. വി.എഫ്.പി.സി.കെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ സമാനഘടകങ്ങൾ/പ്രവർത്തനങ്ങൾ ഒഴിവാക്കും. വകയിരുത്തിയിരിക്കുന്ന തുകയിൽ പഴം-പച്ചക്കറി വികസനത്തിന് ഉൽപാദനം, സംസ്കരണം, വിപണനം അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ പ്രൊപ്പോസൽ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

വീട്ടുവളപ്പിലെ പച്ചക്കറികൃഷിയ്ക്ക് വകയിരുത്തിയിരിക്കുന്ന 1800.00 ലക്ഷം രൂപയിൽ 1100.00 ലക്ഷം രൂപ ''ഓണത്തിന് ഒരു മുറം പച്ചക്കറി'' പരിപാടിയുടെ ഭാഗമായുള്ള വിത്ത് കിറ്റുകളുടെ വിതരണത്തിനും 700.00 ലക്ഷം രൂപ വീട്ടുവളപ്പിലെ കൃഷിക്ക് തൈകളുടെ വിതരണത്തിനും ആണ്. പഞ്ചായത്ത്/ബ്ലോക്ക് നഴ്സറികൾ/ വകുപ്പിന്റെ ഫാമുകൾ/ വി.എഫ്.പി.സി.കെ/അഗ്രോ സർവ്വീസ് സെന്ററുകൾ മറ്റ് അംഗീകൃത ഏജൻസികൾ മുഖേന ആയിരിക്കും തൈകളുടെ ഉൽപ്പാദനം. ജില്ലാതല പച്ചക്കറി വികസന കമ്മിറ്റി വിത്തുനിയമത്തെ അടിസ്ഥാനമാക്കി വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതാണ്. ശീതകാല പച്ചക്കറികൾക്ക് ഊന്നൽ നൽകേണ്ടതാണ്.

സ്ഥാപനങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി വികസനത്തിനായി നീക്കി വച്ചിരിക്കുന്ന 200.00 ലക്ഷം രൂപയിൽ സ്കൂളുകൾക്കും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി 100.00 ലക്ഷം രൂപയും, സർക്കാർ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് പദ്ധതി അധിഷ്ഠിത കൃഷിക്കായി 100.00 ലക്ഷം രൂപയും വകയിരുത്തുന്നു.

ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വികസനമാണ് സംസ്ഥാനത്തെ പച്ചക്കറി വികസന പരിപാടിയുടെ മുഖ്യഘടകം. ജില്ലകളിൽ ക്ലസ്റ്റർ വികസനത്തിനായി 2725.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നതിൽ 1350.00 ലക്ഷം രൂപ നിലവിലുള്ള ക്ലസ്റ്ററുകൾക്കും, 1100.00 ലക്ഷം രൂപ സ്റ്റാഗേഡ് ക്ലസ്റ്ററുകൾക്കും 100.00 ലക്ഷം രൂപ പമ്പ്സെറ്റ് വിതരണത്തിനും 30.00 ലക്ഷം രൂപ സസ്യസംരക്ഷണ ഉപകരണങ്ങൾക്കും നീക്കിവച്ചിരിക്കുന്നു. ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിനായി വകയിരുത്തിയിട്ടുള്ള വിഹിതത്തിൽനിന്ന് 45.00 ലക്ഷം രൂപ പരമ്പരാഗത വിത്തിനങ്ങളുടെ ഉല്പാദനത്തിനും വിതരണത്തിനും, ദീർഘകാല വിളകളുടെ തൈകൾ (ശീമച്ചക്ക, മുരിങ്ങ, കറിവേപ്പില, അഗത്തി) വിതരണം നടത്തി പോഷകത്തോട്ടങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായും വകയിരുത്തുന്നു. പാരമ്പര്യ വിത്തിനങ്ങളുടെയും ന്യൂട്രിഷ്യണൽ ഗാർഡന്റേയും ഉല്പാദനവും വിതരണവും സ്പെഷ്യലൈസിഡ് ക്ലസ്റ്ററുകളെ ചുമതലപ്പെടുത്തേണ്ടതാണ്. നഴ്സറികളും പോഷകത്തോട്ടങ്ങളും സ്ഥാപിക്കുന്നതിൽ അഗ്രോസർവ്വീസ് സെന്ററുകളുടേയും കാർഷിക കർമ്മസേനയുടേയും സേവനം ഉപയോഗിക്കേണ്ടതാണ്. തരിശുഭൂമി കൃഷിയും ക്ലസ്റ്റർ തലത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മുൻപ് രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകളെ അവയുടെ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ഉല്പാദനം, ഉത്പാദനക്ഷമത എന്നിവയിലെ വർദ്ധനവ്, നവീനമായ പ്രവർത്തനങ്ങൾ, നേതൃത്വം, സാങ്കേതികവിദ്യാ ഉപയോഗം, ക്ലസ്റ്ററിന്റെ സജീവത തുടങ്ങിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി വീണ്ടും തരംതിരിക്കുന്നതാണ്. മികച്ച ക്ലസ്റ്ററുകളെ 'എ' ഗ്രേഡ് ക്ലസ്റ്ററുകളായി തരംതിരിച്ച അവയ്ക്ക് നഴ്സറികൾ, സംഭരണകേന്ദ്രങ്ങൾ, പ്രീ കൂളിംഗ് കേന്ദ്രങ്ങൾ, ഉല്പാദനോപാധി കേന്ദ്രങ്ങൾ, മറ്റ് പദ്ധതി അധിഷ്ഠിത സഹായങ്ങൾ എന്നിവ അടങ്ങിയ പ്രത്യേക വികസന സഹായങ്ങൾ നൽകുന്നതാണ്. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ സഹായത്തിനായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു. മോശം പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലസ്റ്ററുകളെ സഹായം നൽകുന്നതിൽ നിന്നും ഒഴിവാക്കി പുതിയ ക്ലസ്റ്ററുകളെ ഉൾപ്പെടുത്തേണ്ടതാണ്. ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സുതാര്യ മാനദണ്ഡം തയ്യാറാക്കേണ്ടതാണ്. വനിതകൾ, യുവാക്കൾ, വിദ്യാർത്ഥികൾ ഇവരുടെ ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകി പ്രോത്സാഹിപ്പിക്കുന്നതാണ്. സാധ്യമായ പ്രദേശങ്ങളിൽ ഓരോ ക്ലസ്റ്ററുകൾക്കും പ്രോജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാവുന്നതാണ്.

മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന 2 വർഷത്തെ പ്രവർത്തന പരിചയമുള്ളതും കുറഞ്ഞത് 5.00 ലക്ഷം രൂപ എങ്കിലും വരുമാനമുള്ളതുമായ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് അധിക സഹായം നല്കുന്നതാണ്. ഇതിനായി 5.00 ലക്ഷം രൂപ വകയിരുത്തുന്നു. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ പ്രവർത്തന മികവ് കണക്കാക്കുന്നതിന് പ്രത്യേക മാനദണ്ഡം തയ്യാറാക്കേണ്ടതാണ്.

ഒരു ഹെക്ടറിന് അനുവദിച്ചിട്ടുള്ള മൊത്തം സബ്സിഡിയിൽ 25 ശതമാനം സുരക്ഷിത ഭക്ഷ്യ ഉല്പാദനത്തിനുള്ള ഉത്പാദന ഉപാധികളുടെ പ്രോത്സാഹനത്തിനും ഉത്തമകൃഷിമുറകളുടെ പ്രോത്സാഹനത്തിനുമായി നീക്കിവച്ചിരിക്കുന്നു. ജൈവ നിയന്ത്രണകാരികൾ, ഫെറോമോൺ കെണികൾ, വിസ്തൃത സംയോജിത കീടപരിപാലനം, ജീവാണുവളങ്ങൾ എന്നിവയ്ക്കുള്ള സഹായം സബ്സിഡി ഘടകത്തിനു കീഴിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ കുമ്മായ പ്രയോഗത്തിനായി കുറഞ്ഞത് 15 ശതമാനം തുക നീക്കി വയ്ക്കേണ്ടതാണ്.

നഗര ക്ലസ്റ്ററുകളുടെ പ്രോൽസാഹനത്തിനായി 850.00 ലക്ഷം രൂപ വകയിരുത്തുന്നു. നഗര പ്രദേശങ്ങളിലെ ടെറസ്കൃഷി, വീട്ടുവളപ്പിലെ കൃഷി, തിരിനന എന്നിവയ്ക്കാകും സഹായം ലഭിക്കുക. അഗ്രോ സർവ്വീസ് സെന്ററുകളും കുടുംബശ്രീയും മുഖേന തയ്യാറാക്കിയിട്ടുള്ള ഗ്രോബാഗുകൾ പ്രോത്സാഹിപ്പിക്കുന്നതാണ്. ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ച് നഗരങ്ങളിലെ പച്ചക്കറി കൃഷി സ്ഥാപനവൽക്കരിക്കുന്നതാണ്. നഗരങ്ങളിൽ പച്ചക്കറി കർഷകരെ സ്ഥാപനവൽക്കരിച്ച് ഹരിത ഗ്രൂപ്പുകളിൽ രജിസ്റ്റർ ചെയ്യുന്നതിനുമായി 5.00 ലക്ഷം രൂപ വകയിരുത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഈ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്നതാണ്.

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബ്ലോക്ക് തലത്തിലുള്ള ഫെഡറേറ്റഡ് സംഘടനകൾക്ക് (ബി.എൽ.എഫ്.ഒ) അടിസ്ഥാനസൗകര്യ വികസനത്തിനും, അതായത് ഇക്കോഷോപ്പുകൾ, സ്യൂഡോമോണസ്, ട്രൈക്കോഡർമ എന്നിവയുടെ ഉൽപ്പാദനത്തിനും മറ്റും ഒറ്റത്തവണ സഹായമായി പ്രോജക്ട് അടിസ്ഥാനത്തിൽ ഒരു ബി.എൽ.എഫ്.ഒ യ്ക്ക് 10.00 ലക്ഷം രൂപ നിരക്കിൽ ധനസഹായം

നൽകുന്നതാണ്. തൊഴിലാളികൾക്കുള്ള കൂലി ഒഴികെയുള്ള ഓണറേറിയം/വേതനം എന്നിവയ്ക്കുള്ള ചെലവുകൾ ഇതിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല. ഇതിനായി 2021-22 ൽ 10.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. പഞ്ചായത്തുകളിലെ ഒരേ വാർഡിൽ ബി.എൽ.എഫ്.ഒ, വി.എഫ്.പി.സി.കെ വിപണന കേന്ദ്രങ്ങൾ പ്രവർത്തനം ഒഴിവാക്കേണ്ടതാണ്.

ബ്ലോക്ക്തല ക്ലസ്റ്ററുകൾ വഴി നഴ്സറികൾ സ്ഥാപിക്കുന്നതാണ്. ഗുണമേന്മയുള്ള തൈകളുടെ ഉല്പാദനത്തിന് പഞ്ചായത്ത്/കോർപ്പറേഷൻ/തിരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 5.00 ലക്ഷം രൂപ വകയിരുത്തുന്നു. വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു ഒരു അംഗീകൃത ഏജൻസി ഈ നഴ്സറികളെ സർട്ടിഫൈ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം.

അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനയും മുഖേന സാമൂഹിക കണിക ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായമായി 19.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

വർഷത്തിലുടനീളം പച്ചക്കറികൃഷി നടത്തുന്നതിനായി മഴമറ സംവിധാനം 100 ചതുരശ്രയടിയിൽ സ്ഥാപിക്കുന്നതിനുള്ള സഹായമായി 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

കൃഷിവകുപ്പ് കാർഷിക സർവ്വകലാശാല മുഖേന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം നടത്തുന്നതിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക സർവ്വകലാശാലയിൽ ഗവേഷണം, വിജ്ഞാന വ്യാപന ഘടകങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾക്ക് മാത്രമേ ഇതിന് അർഹതയുള്ളൂ.

വകുപ്പിന്റെ തോട്ടങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലെ തരിശുഭൂമിയിലും ക്ലസ്റ്ററുകൾ മുഖേനയും വനിതാ കൂട്ടായ്മ മുഖേനയും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

സാങ്കേതിക, കരാർതൊഴിലാളി നിയമനങ്ങൾക്ക് 50.00 ലക്ഷം രൂപ വകയിരുത്തുന്നു. നടീൽ വസ്തുക്കളുടെ ഉല്പാദനം, ജൈവകൃഷി, മണ്ണിന്റെ ആരോഗ്യപരിപാലനം, വിപണനം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ അതതു പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

**(iv) പയർ, കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം**

**(വിഹിതം. 243.00 ലക്ഷം രൂപ)**

പുരയിടങ്ങളിലും, നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും വിവിധ പയർവർഗ്ഗങ്ങൾ (വെള്ളപയർ, ചെറുപയർ, ഉഴുന്ന്, പരിപ്പ്, സോയാബീൻ) കൃഷി ചെയ്ത് അവയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് 60.00 ലക്ഷം രൂപ വകയിരുത്തുന്നു. ഓണാട്ടുകര പ്രദേശത്തിന് ഊന്നൽ നൽകുന്നതാണ്. കൂടാതെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ കിഴങ്ങ് വർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായി 90.00 ലക്ഷം രൂപവകയിരുത്തുന്നു. ഇതിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, വിതരണം, വിത്ത് ഗ്രാമങ്ങൾ വഴി വിത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഇതിൽ 10.00 ലക്ഷം രൂപ പട്ടികവർഗ്ഗ പ്രദേശങ്ങളിലെ വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനായിരിക്കും.

ഈ പദ്ധതിക്കായി 243.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 93.00 ലക്ഷം രൂപ സുഭിക്ഷകേരളം പദ്ധതിയുടെ കിഴങ്ങ്, പയർ വർഗ്ഗങ്ങളുടെ വികസനത്തിനാണ് നീക്കിവച്ചിരിക്കുന്നത്.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **നെൽകൃഷിവികസനം** | |
| 1 | ഗ്രൂപ്പ് ഫാമിംഗ്/കൂട്ടുകൃഷി | 6473.00 |
| 2 | നെൽകൃഷി വിസ്തൃതി വർദ്ധനവ് | 155.00 |
| 3 | രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം/സീഡ് വില്ലേജ് പരിപാടി | 250.00 |
| 4 | കൃഷി ചെയ്യാവുന്ന നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി | 4000.00 |
| 5 | ഓപ്പറേഷൻ ഡബിൾ കോൾ | 200.00 |
| 6 | പൊക്കാളി, കൈപ്പാട്, കരി കൃഷിക്കായി പ്രത്യേക സഹായം | 136.00 |
| 7 | നെൽവയൽ തണ്ണീർത്തട നിയമം 2008 നടപ്പിലാക്കൽ | 50.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 8 | നാശനഷ്ടം സംഭവിച്ച ബണ്ടുകളുടെ സംരക്ഷണം, ചെളി നീക്കം ചെയ്യൽ, യന്ത്രങ്ങളുടെ നവീകരണം എന്നിവയ്ക്കുള്ള സഹായം (പുതിയത് ) | 50.00 |
| 9 | സുഭിക്ഷ കേരളം – അധിക ധനസഹായം | 300.00 |
| | **ആകെ** | **11614.00** |
| **II** | **പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം – മില്ലറ്റുകൾ, എണ്ണക്കുരുക്കൾ, കരിമ്പ്** | |
| 1 | അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാം | 25.00 |
| 2 | ഇടുക്കിയിൽ പരമ്പരാഗത ചെറുധാന്യകൃഷി | 6.00 |
| 3 | ആതിരപ്പള്ളി ട്രൈബൽവാലി അഗ്രികൾച്ചറൽ പ്രോജക്ട് | 25.00 |
| 4 | കൃഷി വിസതൃതി വർദ്ധനവ് | |
| a) | കരിമ്പ് കൃഷി | 70.00 |
| b) | എള്ള് കൃഷി | 60.00 |
| c) | നിലക്കടല കൃഷി | 40.00 |
| d) | മലപ്പുറം ജില്ലയിലെ തിരൂർ വെറ്റില, രാമച്ചം, ഇടുക്കിയിലെ വട്ടവട-കാന്തല്ലൂരിലെ വെളുത്തുള്ളി വിസ്തൃതി വർദ്ധനവ് | 40.00 |
| 5 | മറയൂർ ശർക്കര – സംസ്കരണം, മൂല്യവർദ്ധനവ് | 7.00 |
| 6 | സുഭിക്ഷ കേരളം - അധിക ധനസഹായം | 50.00 |
| | **ആകെ** | **323.00** |
| **III** | **പച്ചക്കറി വികസനം** | |
| 1 | പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക (ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പടെ) | 1800.00 |
| 2 | സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി | 200.00 |
| 3 | ജില്ലാതല ക്ലസ്റ്റർ വികസനം | 2725.00 |
| 4 | ബ്ലോക്കുതല ഫെഡറേറ്റഡ് സംഘടനകൾ (ബ്ലോക്ക് സംഘ മൈത്രികൾ) | 10.00 |
| 5 | മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് അവരുടെ ഉല്പാദനത്തിന്റെ വ്യാപ്തിക്കനുസരിച്ചുള്ള അവശ്യ സഹായം | 5.00 |
| 6 | ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് വികസന സഹായം | 20.00 |
| 7 | സാങ്കേതിക സഹായവും കരാർ നിയമനവും | 50.00 |
| 8 | നഴ്സറികൾ | 5.00 |
| 9 | മഴമറ കൃഷി | 500.00 |
| 10 | വിളവെടുത്ത പച്ചക്കറികൾ സൂക്ഷിക്കുന്നതിനായി സീറോ എനർജി കൂൾ ചേമ്പറുകളുടെ പ്രോത്സാഹനം | 0.90 |
| 11 | സാമൂഹിക സൂക്ഷ്മ ജലസേചനം | 19.00 |
| 12 | അർബൻ ക്ലസ്റ്ററുകളുടെ പ്രോത്സാഹനം | 850.00 |
| 13 | ഡിജിറ്റൽ ഡോക്യുമെന്റേഷൻ | 9.00 |
| 14 | പ്രവർത്തന സഹായം | 1.10 |
| 15 | കീടനാശിനി അവശിഷ്ട നിർണ്ണയം പച്ചക്കറികളിൽ | 25.00 |
| 16 | വി.എഫ്.പി.സി. കെ-യ്ക്ക് സഹായം | 725.00 |
| 17 | സുഭിക്ഷ കേരളം – അധിക ധനസഹായം | 500.00 |
| | **ആകെ** | **7445.00** |
| **IV** | **കിഴങ്ങ് / പയറുവർഗ്ഗങ്ങളുടെ വികസനം** | 243.00 |
| | **ആകെ മൊത്തം** | **19625.00** |

## 2. നാളികേര വികസനം

**(വിഹിതം: 7547.00ലക്ഷം രൂപ)**

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളക്കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ നിന്നും പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കേണ്ടതും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കേണ്ടതും ആവശ്യമാണ്. കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

നാളികേര വികസന പരിപാടിയുടെ കീഴിൽ തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വള പ്രയോഗം, ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രോൽസാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, തൊഴിലവസരം ഉറപ്പാക്കുക മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് കൊണ്ട് കുറഞ്ഞത് തുടർച്ചയായ 250 ഹെക്ടർ പ്രദേശത്ത് കേരഗ്രാമം എന്ന പേരിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. കുമ്മായം, സൂക്ഷ്മ മൂലകങ്ങൾ, ദ്വിതീയ മൂലകങ്ങൾ എന്നിവയുടെ പ്രയോഗം ഉറപ്പുവരുത്തേണ്ടതാണ്. 2021–22–ൽ ഈ പദ്ധതിയ്ക്കായി 4856.00 ലക്ഷം രൂപവകയിരുത്തുന്നു. സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ വള പ്രയോഗം, തെങ്ങ്കയറ്റ യന്ത്രങ്ങളുടെ വിതരണം, നേഴ്സറികൾ സ്ഥാപിക്കൽ, ജലസേചന യൂണിറ്റുകൾ മുതലായ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ കേരഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതാണ്. ആരംഭത്തിൽ നൽകിയ സഹായം മൂന്ന് വർഷം തുടരുന്നതാണ്. രണ്ടും മൂന്നും വർഷങ്ങളിലെ സഹായം തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങൾക്ക് മാത്രമായിരിക്കും. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലായിരിക്കും പദ്ധതി നടപ്പിലാക്കുക. കൂടാതെ നാളികേര വികസന ബോർഡ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സ്ഥാപന വികസനത്തിനുള്ള സഹായം അധികമായി നൽകുന്നതാണ്. മാതൃക ഫാം പ്ലാനുകൾ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ നിന്നും അധിക സഹായം ഉറപ്പാക്കാവുന്നതാണ്.

ഉൽപ്പാദനക്ഷമതയില്ലാത്തതും, പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കംകുറഞ്ഞ (സെമി ഡ്വാർഫ് )ഇനം തൈകളും അടുത്തടുത്ത പ്രദേശത്ത് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതാണ്. ഉയർന്ന ഉല്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിന് വിഹിതം വിനിയോഗിക്കാവുന്നതാണ്. മാതൃക ഫാമിന് കുറഞ്ഞത് 0.20 ഹെക്ടർ വിസ്തൃതി ഉണ്ടായിരിക്കണം. ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നതാണ്. ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

നാളികേര മിഷന്റെ ഭാഗമായി, സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 2591.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ തൈകൾ നട്ടും, നിലവിലുള്ളവ പരിപാലിച്ചും നാളികേര സമ്പത്ത് വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. 1.44 ലക്ഷം ഹെക്ടർ പ്രദേശത്ത് പുതുതായി തെങ്ങിൻതൈകൾ നടുന്നതിനും 3.00 ലക്ഷം ഹെക്ടറിൽ മാറ്റി നടുന്നതിനും ലക്ഷ്യമിടുന്നു. കെ.എ.യു, സി.ഡി.ബി, സി.പി.സി.ആർ.ഐ, എഫ്.പി.ഒ കൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, എന്നിവയുടെ സഹായത്തോടെ കേരളത്തിലെ ഓരോ വാർഡിലും ഓരോ വർഷവും 75 തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കേണ്ട ആവശ്യകതയുണ്ട്.

പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- പ്രായം ചെന്നതും, ഉല്പാദനക്ഷമതയില്ലാത്തതും, അസുഖം വന്നതുമായ തെങ്ങുകൾ മുറിച്ചു മാറ്റുക
- ഉയർന്ന ഉല്പാദനക്ഷമതയുള്ളതും, പൊക്കം കുറഞ്ഞതും/കുറിയ ഇനം തൈകളും വെച്ചു പിടിപ്പിക്കുക
- സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക
- തെങ്ങിൻതൈകൾ മാറ്റി നടുന്നതിനുള്ള ധനസഹായം
- നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുക
- വിത്ത് തേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻ തോപ്പുകൾ വികസിപ്പിക്കുക

വിത്ത് സംഭരണം, നഴ്സറി ചാർജ്ജുകൾ, തെങ്ങിൻ തൈകളുടെ ഉൽപ്പാദനം തുടങ്ങിയ നാളികേര മിഷൻ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

ഗുണനിലവാരമുള്ള തെങ്ങിൻതൈകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള കേരസമൃദ്ധി പദ്ധതി നാളികേര മിഷനു കീഴിലുള്ള തെങ്ങിൻതൈ ഉൽപ്പാദനവുമായി സംയോജിപ്പിക്കും. അനുഭവസമ്പത്തുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, എഫ്.പി.ഒ കൾ, കാർഷിക സർവകലാശാല, സി.പി.സി.ആർ.ഐ, സി.ഡി.ബി എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇതു നടപ്പിലാക്കും.

ആറളം ഫാമിലെ തെങ്ങുകളുടെ പുനരുജ്ജീവനവും ഫാമിനെ നാളികേര വിത്തു ഫാമാക്കി മാറ്റാനുമുള്ള പരിപാടിയുടെ രണ്ടാം വർഷത്തെ ധനസഹായവും നാളികേര മിഷനിൽ ഉൾപ്പെടുത്തിയിരുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കേരഗ്രാമം | 4856.00 |
| 2 | ഉയർന്ന ഉല്പാദനക്ഷമതയുള്ള കുറിയ/പൊക്കംകുറഞ്ഞ മാതൃകാ നാളികേര ഫാമുകളുടെ വികസനം | 50.00 |
| 3 | ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി | 50.00 |
| 4 | നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി – നാളികേര വികസന കൗൺസിൽ (മൂന്നാം വർഷം) | 2591.00 |
| | **ആകെ** | **7547.00** |

### 3. സുഗന്ധ വ്യഞ്ജന വികസനം

**(വിഹിതം: 1010.00 ലക്ഷം രൂപ)**

കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിൽ സമഗ്ര കുരുമുളക് വികസനം, കൂടുതൽ പ്രദേശത്തേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായം, കൂടാതെ ഇഞ്ചി, ജാതി, മഞ്ഞൾ, ഗ്രാമ്പൂ എന്നീ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രളയബാധിതാ പ്രദേശങ്ങളിൽ ജാതികൃഷി പുനഃസ്ഥാപിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന 100.00 ലക്ഷം രൂപ നിലമൊരുക്കൽ, നടീൽവസ്തുക്കൾ മറ്റ് ഉത്പാദനോപാധികൾ, ജലസേചനം ഇവയ്ക്കായി ഉപയോഗിക്കുന്നതാണ്. ഇതിൽ 25.00 ലക്ഷം രൂപ ഇടുക്കി ജില്ലയിലെ ജാതികൃഷി പുനസ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും വകയിരുത്തുന്നു.

ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ ഇടവിള/ഏകവിള കൃഷിയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും ഇതിലൂടെ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി നീക്കിവച്ചിരിക്കുന്ന 54.00

ലക്ഷം രൂപയിൽ 10.00 ലക്ഷം രൂപ ഇടുക്കി ജില്ലയിൽ ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായിട്ടാണ്.

കൃഷിവിജ്ഞാന കേന്ദ്രങ്ങളുടെ സാങ്കേതിക സഹായത്തോടെ എഫ്.പി.ഒ.കൾ മുഖേന കുരുമുളകിന്റെ നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപവകയിരുത്തുന്നു. തെരഞ്ഞെടുത്ത എഫ്.പി.ഒ കൾ നഴ്സറികൾ സ്ഥാപിക്കുന്നത് ആ പ്രദേശത്തെ കൃഷിവിജ്ഞാന കേന്ദ്രങ്ങൾ വഴിയായിരിക്കും.

ഇടുക്കി ജില്ലയിലെ കുരുമുളക് വികസനത്തിനായി 500.00 ലക്ഷം രൂപവകയിരുത്തുന്നു. ഇതിൽ കർഷകർ വികസിപ്പിച്ചെടുക്കുന്ന ഇനങ്ങളുടെ പ്രചരണം, മണ്ണ് രഹിത നഴ്സറി, ദ്വിതീയ – സൂക്ഷ്മ മൂലകങ്ങൾക്കുള്ള സഹായം, സോയിൽ അമീലിയോറൻസ്, അഗ്രോ സർവ്വീസ് സെന്റർ മുഖേന രോഗ നിവാരണ സ്പ്രെയിംഗ്, വി.എ.എം. പ്രോത്സാഹനം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നിവ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | കുരുമുളക് വിസ്തൃതി വികസനം | 100.00 |
| 2 | മറ്റ് സുഗന്ധവ്യഞ്ജനങ്ങളുടെ വിസ്തൃതി വികസനം | 54.00 |
| 3 | വികേന്ദ്രീകൃത നേഴ്സറി | 6.00 |
| 4 | കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം | 200.00 |
| 5 | പ്രളയബാധിത പ്രദേശങ്ങളിൽ ജാതികൃഷി പുനരുദ്ധാരണം | 100.00 |
| 6 | എഫ്. പി. ഒ.കൾ മുഖേന പദ്ധതി അധിഷ്ഠിത നഴ്സറി സ്ഥാപനം | 50.00 |
| 7 | ഇടുക്കി ജില്ലയിൽ സമഗ്ര കുരുമുളക് വികസനം | 500.00 |
| | **ആകെ** | **1010.00** |

**4. ഹൈടെക് അഗ്രിക്കൾച്ചർ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

2021–22 വാർഷിക പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ.യിലൂടെ മൈക്രോ ഇറിഗേഷൻ/ഫെർട്ടിഗേഷൻ/പ്രസിഷൻ ഫാമിംഗ് നടപ്പിലാക്കുന്നതിനായി അധിക സബ്സിഡി നൽകുന്നതിന് 190.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇത് സംസ്ഥാന വിഹിതമായ 25 ശതമാനമാണ്.

സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സ്ഥാപന സഹായത്തോടെ വിദഗദ്ധരുടേയും സഹായ ഗ്രൂപ്പുകളുടേയും ഒരു ശൃംഖല വികസിപ്പിച്ചെടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റുള്ളവരെയും വിരമിച്ച ഉദ്യോഗസ്ഥരെയും മറ്റു വിദഗ്ധരെയും പരിശീലനം നൽകി മേൽപ്പറഞ്ഞ സഹായഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതാണ്. ഹൈടെക് അഗ്രിക്കൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാനവവിഭവശേഷി വികസന സഹായം 'സമേതി' മുഖേന നൽകുന്നതാണ്. ഇതിനായി 10.00 ലക്ഷം രൂപ വകയിരുത്തുന്നു. സമേതിയിലുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റിന്റെ വികസനത്തിനായി വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | മൈക്രോ ഇറിഗേഷൻ/ഫെർട്ടിഗേഷൻ/പ്രസിഷൻ ഫാമിംഗ്– അധിക സബ്സിഡി | 190.00 |
| 2 | സമേതി മുഖേന സാങ്കേതിക സഹായത്തിനും കാര്യശേഷി വർദ്ധിപ്പക്കുന്നതിനും വേണ്ടിയുള്ള മാനവ വിഭവ ഗ്രൂപ്പ് | 10.00 |
| | **ആകെ** | **200.00** |

## 5. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം

**(വിഹിതം: 2515.00 ലക്ഷം രൂപ)**

പഴവഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനത്തിനായി 2515.00 ലക്ഷം രൂപവകയിരുത്തുന്നു. ഈ പദ്ധതിയുടെ 25 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

ഫലവർഗ്ഗങ്ങളുടെ കൃഷി ജനപ്രിയമാക്കുക എന്ന ലക്ഷ്യത്തോടെ 2020-21 ൽ സംസ്ഥാനത്ത് ഫലവികസനത്തിനായി നടത്തിയ പദ്ധതി ഈ വർഷവും തുടരും. നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും വിസ്തൃതി വിപുലീകരണ പരിപാടികൾ, പരിപാലനം, വിളവെടുപ്പ്, ശീതീകരണ സംഭരണി, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണശൃംഖലാ വികസനം എന്നിങ്ങനെ പഴകൃഷിയുടെ സമഗ്രമായ പ്രോത്സാഹനത്തിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള എല്ലാ പരിപാടികളും ഈ പദ്ധതിയിലൂടെ പിന്തുണയ്ക്കും. തദ്ദേശീയ പഴങ്ങൾക്കു പുറമെ ലിച്ചി, റമ്പൂട്ടാൻ, അവക്കാഡോ, മാംഗോസ്റ്റിൻ തുടങ്ങി മറ്റ് ഉഷ്ണമേഖലാ-വിദേശീയ പഴങ്ങളുടെ പ്രചാരണത്തിനു ഊന്നൽ നൽകും. വീട്ടുവളപ്പിലെ കൃഷിയും വാണിജ്യ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതാണ്. കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നിവയുടെ പിന്തുണയോടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പദ്ധതി നടപ്പിലാക്കും. ഫലവർഗ്ഗ വികസന പരിപാടി 10 വർഷത്തേയ്ക്ക് ഘട്ടംഘട്ടമായി നടപ്പിലാക്കും.

സംസ്ഥാനത്ത് 2021-22 ൽ പഴവർഗ്ഗ വികസനത്തിനായി 2190.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നതിൽ ഗുണനിലവാരമുള്ള നടീൽവസ്തുക്കൾക്കായുള്ള പ്രോജനി പഴത്തോട്ടം, പ്രജനനം, വിസ്തൃതി വികസനം, ജലസേചനം, ഹാർഡനിംഗ് യൂണിറ്റുകൾ, വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലുമുള്ള കൃഷി പ്രോത്സാഹനം, എന്നിവ ഉൾപ്പെടുന്നു. തദ്ദേശീയ പഴവർഗ്ഗങ്ങളായ വാഴ, പൈനാപ്പിൾ മുതലായവയുടെ വികസനവും ഇതിൽ ഉൾപ്പെടുന്നു. വകുപ്പുതല തോട്ടങ്ങളും നഴ്സറികളും പഴത്തോട്ടങ്ങളുടെ വികസനത്തിനായി ഉപയോഗിക്കുന്നതാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംസ്ഥാനത്ത് സമഗ്ര പഴവർഗ്ഗ വികസനത്തിനായി സമർപ്പിക്കുന്ന വിശദവും സമഗ്രവുമായ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുക. വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാനകേന്ദ്രം, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, എഫ്.പി.ഒ കൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. ഓരോ ഏജൻസിക്കുമുള്ള വ്യക്തമായ ഉത്തരവാദിത്തങ്ങളും ലക്ഷ്യങ്ങളും നൽകേണ്ടതാണ്. കേന്ദ്രപദ്ധതികളായ എം. ഐ. ഡി.എച്ച്, പി.എം.കെ.എസ്.വൈ എന്നിവയുമായി സംയോജിച്ച് കർഷകർക്ക് പഴകൃഷി ഏറ്റെടുക്കുവാൻ പരമാവധി സഹായം നൽകും. ശമ്പളചെലവുകൾ, വാഹനം വാങ്ങൽ എന്നിവ അനുവദനീയമല്ല. വാഴപ്പഴത്തിനും മറ്റു ഉഷ്ണമേഖലാ പഴവർഗ്ഗങ്ങൾക്കുമായുള്ള ശീതികരണ ശൃംഖല വികസിപ്പിക്കുന്നതിനായി 500.00 ലക്ഷം രൂപ വകയിരുത്തുന്നു. വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി 2.00 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

വി.എഫ്.പി.സി.കെ, എഫ്.പി.ഒകൾ, കാര്യക്ഷമതയുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുമായി സംയോജിച്ച് കാർഷിക വികസന കർഷകക്ഷേമവകുപ്പ് എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കും. വയനാട് പഴഗ്രാമം, പാലക്കാട് ജില്ലയിലെ മുതലമട പഴഗ്രാമം എന്നിവ ഈ പരിപാടിയുടെ ഭാഗമായിരിക്കും. അനുഭവ സമ്പത്തുള്ള അംഗീകൃത കർഷക ഉല്പാദന കമ്പനികളിലൂടെ തദ്ദേശീയവും വിദേശീയവുമായ ഫലവർഗ്ഗകൃഷിയുടെ കൃഷി വിസ്തൃതി വികസിപ്പിക്കാൻ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഗുണഭോക്തൃ കർഷകരുടെ രജിസ്ട്രേഷനും പ്രദർശന പ്ലോട്ടുകളുടെ ജിയോടാഗിംങ്ങും ഉറപ്പാക്കും. കർഷകർക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ന്യായമായ വില ഉറപ്പാക്കുന്നതിനും വിപണികൾ മുൻകൂട്ടി തിരിച്ചറിയും. മൂല്യവർദ്ധനവ്, വിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയും പ്രോത്സാഹിപ്പിക്കും.

ഇടുക്കി, വയനാട് ജില്ലകളിൽ എക്സോട്ടിക് പഴവർഗ്ഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പഴവർഗ്ഗ വികസനത്തിനായി 500.00 ലക്ഷം രൂപ വീതം വകയിരുത്തുന്നു.

തരിശുനിലത്തിൽ വാഴ കൃഷിയ്ക്കായി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

പുഷ്പകൃഷി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായവും ടിഷ്യൂകൾച്ചർ യൂണിറ്റുകൾ ഉൾപ്പെടെ പുതിയ ഫ്ലോറികൾച്ചർ നഴ്സറികൾ, ഗ്രേഡിംഗ്/പായ്ക്കിംഗ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകുന്നതാണ്. പുഷ്പഗ്രാമങ്ങൾ സ്ഥാപിക്കുകയും പൂക്കളുടെ വിപണനത്തിനായി വിപണികൾ കണ്ടെത്തുകയും ചെയ്യും. ഓരോ പ്രദേശത്തിന്റെയും അനുയോജ്യതയും വിപണന സാധ്യതയും അടിസ്ഥാനമാക്കി പൂച്ചെടികൾ തിരഞ്ഞെടുക്കും. പുഷ്പകൃഷി വികസനത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 10.00 ലക്ഷം രൂപ ഇടുക്കി ജില്ലയിൽ പുഷ്പകൃഷി വ്യാപിപ്പിക്കുന്നതിന് നീക്കി വച്ചിരിക്കുന്നു. ആർ.കെ.വി.വൈ, എസ്.എച്ച്.എം എന്നിവയിൽ നിന്നുള്ള ഫണ്ടും ഈ പദ്ധതിയിൽ സംയോജിപ്പിക്കുന്നതാണ്.

ഔഷധ സസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ക്ലസ്റ്ററുകൾ മുഖേന വിസ്തൃതി വർദ്ധിപ്പിക്കുക കളക്ഷൻ സെന്ററുകൾ/ സസ്യ ആരോഗ്യ പരിപാലന യൂണിറ്റുകൾ സ്ഥാപിക്കുക, ഗതാഗതം/വിപണനം എന്നിവയ്ക്കായി 50.00 ലക്ഷം രൂപവകയിരുത്തുന്നു. കൃഷിവകുപ്പ് മുഖേന തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്വകാര്യ/സർക്കാർ ആയുർവേദ ഫാർമസ്യൂട്ടിക്കലുകളുമായി വിപണന ബന്ധം സ്ഥാപിക്കേണ്ടതാണ്. ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

വി.എഫ്.പി.സി.കെ യിലൂടെ ചക്കയുടെ സംഭരണം, വ്യാപാരം, സംസ്കരണം എന്നിവയ്ക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 25.00 ലക്ഷം രൂപ വീതം ഇടുക്കി, വയനാട് ജില്ലകളിലെ ചക്കയുടെ സംഭരണം, വ്യാപാരം, സംസ്കരണം എന്നിവയ്ക്കായിരിക്കും.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പഴവർഗ്ഗങ്ങളുടെ വികസനം | 2190.00 |
| 2 | പൂക്കളുടെ വികസനം | 100.00 |
| 3 | ഔഷധ സസ്യങ്ങളുടെ വികസനം | 50.00 |
| 4 | വി.എഫ്.പി.സി.കെയിലൂടെ ചക്കയുടെ സംഭരണം, വ്യാപാരം, സംസ്കരണം | 75.00 |
| 5 | സുഭിക്ഷ കേരളം | 100.00 |
| | **ആകെ** | **2515.00** |

### 6. കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി

**(വിഹിതം: 100.00 ലക്ഷം രൂപ)**

നമ്മുടെ സംസ്ഥാനത്തെ, പ്രത്യേകിച്ച് വടക്കൻ ജില്ലകളിലെ ഒരു പ്രധാന തോട്ടവിളയാണ് കവുങ്ങ്. കവുങ്ങ് കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയും ഉല്പാദനവും കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കവുങ്ങിനെ ബാധിക്കുന്ന മഹാളി എന്ന രോഗമാണ് ഇതിന്റെ പ്രധാന കാരണം. ഇതുമൂലം കൃഷി സംരക്ഷണത്തിന് ഉയർന്ന ഉല്പാദനചെലവ് വേണ്ടി വരുന്നു. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കാത്തതിനാലും, കൃഷി ചെയ്യുന്നതിന് ആവശ്യമായ സഹായം കിട്ടാത്തതിനാലും, മെച്ചപ്പെട്ട സാങ്കേതിക കൃഷി രീതികൾ സ്വീകരിക്കുവാൻ കവുങ്ങ് കർഷകർ വിമുഖത കാണിക്കുന്നു. ആയതിനാൽ, വടക്കൻ ജില്ലകളിൽ കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, വിപണനത്തിനും കൃഷി സംരക്ഷണത്തിനും പരിപാലനത്തിനുമായി 100.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. കാസർഗോഡ് ജില്ലയ്ക്കുള്ള ഫണ്ട് കാസർഗോഡ് പാക്കേജിൽ നിന്നും കണ്ടെത്താവുന്നതാണ്.

പദ്ധതി വിഹിതത്തിൽ നിന്നും യഥാക്രമം 5.00 ലക്ഷം രൂപയും 20.00 ലക്ഷം രൂപയും ഇടുക്കി, വയനാട് ജില്ലകളിലെ കവുങ്ങ് കൃഷിയ്ക്കായി നീക്കി വച്ചിരിക്കുന്നു.

### മണ്ണിന്റെയും ചെടിയുടെയും ആരോഗ്യ പരിപാലനം

### 7. മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത മെച്ചപ്പെടുത്തലും

**(വിഹിതം: 3050.00 ലക്ഷം രൂപ)**

കേരളത്തിലെ മണ്ണ് സമ്പത്തിലുണ്ടായ പോഷക മൂലകങ്ങളുടെ കുറവ് പരിഗണിച്ചു കൊണ്ട് കാർഷിക വിളകളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്, മണ്ണിന്റെ ആരോഗ്യം ഉയർത്തേണ്ടത്

അത്യന്താപേക്ഷിതമാണ്. മണ്ണ് പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സേവനങ്ങൾ നൽകി വിളകളുടെ ഉല്പാദനക്ഷമത ഉയർത്തുക എന്ന ലക്ഷ്യത്തിനാണ് ശ്രദ്ധ നൽകിയിരിക്കുന്നത്.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഷിക ഉല്പാദനത്തിന് ആവശ്യമായ ദ്വിതീയ, സൂക്ഷ്മ മൂലകങ്ങൾ, മണ്ണിന്റെ പി.എച്ച്/അമ്ലത്വം പരിഹരിക്കുന്നതിനുള്ള ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ എന്നിവ നൽകുകയും ചെയ്യുന്നു. കാർഷിക സർവ്വകലാശാല ശുപാർശ അടിസ്ഥാനത്തിലായിരിക്കും നൽകുന്ന ഉല്പാദനോപാധികളുടെ അളവ് നിശ്ചയിക്കുക. ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് മണ്ണിന്റെ അമ്ലത കുറയ്ക്കാനുള്ള നടപടികൾ എടുക്കേണ്ടത് അത്യാവശ്യമാണ്. എല്ലാ ജില്ലകൾക്കും മണ്ണ് അമീലിയോറന്റുകൾ എത്തിച്ചു നൽകുന്നതിനായി 3000.00 ലക്ഷം രൂപ വകയിരുത്തുന്നു. പച്ചില വളപ്രയോഗത്തിനും, മണ്ണ് പരിശോധനാ അടിസ്ഥാനത്തിൽ ദ്വിതീയ, സൂക്ഷ്മ പോഷക മൂലകങ്ങൾ എത്തിച്ചു നൽകാൻ സഹായിക്കുന്നതിനുമായി 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ജീവാണു വളങ്ങൾ, ജീവാണു കീടനാശിനികൾ ഉപയോഗിച്ച് വിത്തിന്റെ പരിപാലനം, ട്രൈക്കോടെർമയുടെ ഉപയോഗം, വെസിക്കുലർ ആർബസ്കുലർ മൈക്കോറിസ (വി.എ.എം), ഫോസ്ഫേറ്റ് സോലുബിലൈസിംഗ് ബാക്ടീരിയ (പി.എസ്.ബി), ജൈവവള പ്രയോഗം, വളർച്ചയ്ക്കാവശ്യമായ റൈസോ ബാക്ടീരിയ (പി.ജി.പി.ആർ) മുതലായവ ഉപയോഗിച്ച് വേരിന്റെ പരിപാലനത്തിനും വളർച്ചയ്ക്കും ആവശ്യമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതാണ്. തിരഞ്ഞെടുത്ത കൃഷിഭവനുകളിൽ വെസിക്കുലർ ആർബസ്കുലർ മൈക്കോറിസ (വി.എ.എം)-ന്റെ ഓൺഫാം പ്രൊഡക്ഷനും ഉപയോഗവും നടത്തുന്നതിന് സഹായം നൽകുന്നതാണ്. ഇതിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | തെരഞ്ഞെടുത്ത ജില്ലകളിൽ സോയിൽ അമിലിയോറൻസ് | 3000.00 |
| 2 | സൂക്ഷ്മ മൂലകങ്ങൾക്കും ദ്വിതീയ മൂലകങ്ങൾക്കും പച്ചില വള പ്രയോഗത്തിനുമുള്ള സഹായം | 25.00 |
| 3 | റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പരിപാടി | 25.00 |
| | **ആകെ** | **3050.00** |

## 8. വിളകളുടെ ആരോഗ്യ പരിപാലനം

**(വിഹിതം: 770.00 ലക്ഷം രൂപ)**

സുസ്ഥിര കാർഷിക വികസനത്തിന് വിള ആരോഗ്യപരിപാലനം ഒരു സുപ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനം മെച്ചപ്പെട്ട വിള ആരോഗ്യ പരിപാലനത്തിന് സഹായിക്കും. വിള ആരോഗ്യ പരിപാലനം എന്ന സമീപനം ഉത്തമ സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽകൂടി സുസ്ഥിര ജൈവ വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുന്നതിന് ഉതകുന്നതാണ്.

നിരീക്ഷണത്തിലൂടേയും ഉപദേശകസംവിധാനത്തിലൂടെയും കർഷകർക്ക് കൃത്യമായ ഉപദേശങ്ങൾ ലഭ്യമാക്കുന്നതാണ്. തിരഞ്ഞെടുത്ത പഞ്ചായത്തുകളിലെ വിളക്രമം അനുസരിച്ച് നിരീക്ഷണ പ്ലോട്ടുകളുടെ എണ്ണം തീരുമാനിക്കേണ്ടതാണ്.

കീടബാധ പ്രവചനം, ഉപദേശകസേവനങ്ങൾ എന്നിവയ്ക്കായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു. കീട നിരീക്ഷണ സംവിധാനങ്ങളും ഉപദേശക സംവിധാനങ്ങളും അനുയോജ്യമായ ബ്ലോക്കുകളിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. നിലവിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളെ ശക്തിപ്പെടുത്തുന്നതിനായി 25.00 ലക്ഷം രൂപയും പുതിയതായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് 25.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ തീരുമാനിക്കാവുന്ന തരത്തിൽ ഫിക്സ്ഡ് പ്ലോട്ടുകളുടെ എണ്ണം കുറച്ച്, റോവിംഗ് സർവ്വെയും പുനസംഘടിപ്പിച്ച് ക്ലിനിക്കുകളിൽ മാത്രമായി ബന്ധപ്പെടുത്തേണ്ടതാണ്. കീടരോഗ നിരീക്ഷണവും റോവിംഗ് സർവ്വേയും വിശകലനം നടത്തി ജില്ലാതലത്തിൽ പ്രതിമാസ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. മറ്റ് സർക്കാർ വകുപ്പുകൾക്കും ഈ ഡാറ്റ നൽകേണ്ടതാണ്. ബ്ലോക്കുതല

പ്ലാന്റ് ക്ലിനിക്കുകളെ ബ്ലോക്കിന്റെ പ്ലാന്റ് ക്ലിനിക്കായി നിർദ്ദേശിച്ചുകൊണ്ട് മറ്റ് കൃഷി ഓഫീസർമാരുടെയും കൂടി സേവനം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്. കീടനിരീക്ഷണ പദ്ധതിയിലും ആത്മയുമായി ബന്ധപ്പെട്ട് പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കുന്നതിലും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് കോഴ്സിന് ചേരുന്ന ഉദ്യോഗസ്ഥർ മുഖ്യ പങ്ക് വഹിക്കും.

മൂഷികവർഗ്ഗത്തിൽപ്പെട്ട ജീവികളുടെ ശല്യം നിയന്ത്രിക്കുന്നതിനായി 25.00 ലക്ഷം രൂപയും സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ വന്യജീവി ആക്രമണം തടയുന്നതിനായി 50.00 ലക്ഷം രൂപയും വകയിരുത്തുന്നു. പക്ഷികളുടേയും വന്യജീവികളുടേയും ആക്രമണം തടയുന്നതിനു തുടർന്ന് വരുന്ന പ്രാദേശിക രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനായും പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

ജൈവ നിയന്ത്രണകാരികൾ എല്ലാ ജില്ലകളിലും മതിയായ അളവിൽ ലഭ്യമല്ല. നിലവിലുള്ള 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും ജൈവ നിയന്ത്രണ ഘടകങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനും പാരസൈറ്റ് ബ്രീഡിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിച്ചെടുക്കുന്നതാണ്. നിലവിലുള്ള 9 സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനും പുതിയ ജൈവ നിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

കെ.സി.പി.എം ന്റെ പ്രവർത്തന ചിലവുകളിലേയ്ക്കായി 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയതും നിലവിലുള്ളതുമായ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ വിവിധ പരിശീലന പരിപാടികൾക്കായി തുക ചിലവാക്കാവുന്നതാണ്. കെ.സി.പി.എം ന്റെ അടിസ്ഥാന വിവരങ്ങൾ കർഷക രജിസ്ട്രേഷൻ പോർട്ടലുമായി ബന്ധപ്പെടുത്തേണ്ടതാണ്.

കെ.സി.പി.എം മായി യോജിച്ചുകൊണ്ട് ഐ.ഐ.ഐ.റ്റി.എം.കെ വഴി ഐ.സി.റ്റി അടിസ്ഥാനമാക്കിയുള്ള കീടനിരീക്ഷണ സംവിധാനം നടപ്പിലാക്കുന്നതിനായി 15.00 ലക്ഷം രൂപ വകയിരുത്തുന്നു. കീടനിയന്ത്രണത്തിനായി എടുത്തിട്ടുള്ള നടപടികളും, കീടനിരീക്ഷണ റിപ്പോർട്ടുകളും രേഖപ്പെടുത്തേണ്ടതും, സമയാസമയം പുതിയ വിവരങ്ങൾ ചേർക്കേണ്ടതും കെ.സി.പി.എം ന്റെ ചുമതലയാണ്.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | കീടരോഗ ആക്രമണം മുൻകൂട്ടി അറിയുന്ന സംവിധാനം, ഉപദേശ സംവിധാനങ്ങൾക്കുമായി | 150.00 |
| 2 | വന്യജീവി ആക്രമണം തടയുക, റോഡന്റ് കൺട്രോൾ എന്നിവയ്ക്കായി | 75.00 |
| 3 | പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ, കെ.സി.പി.എം ന്റെ പ്രവർത്തന ചിലവ് | 5.00 |
| 4 | ഒൻപത് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും പുതിയ ജൈവ നിയന്ത്രണ ലാബുകളും | 25.00 |
| 5 | ഐ.ഐ.ഐ.റ്റി.എം.കെ വഴിയുള്ള ഐ.സി.റ്റി അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനം | 15.00 |
| 6 | ഫീൽഡ് അസിസ്റ്റന്റ്മാരുടെ ഓണറേറിയം (എഫ്.എ & ഡി.പി.എച്ച്.എം) | 500.00 |
| | **ആകെ** | **770.00** |

### 9. ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും (ജി.എ.പി)

**(വിഹിതം: 240.00 ലക്ഷം രൂപ)**

ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചില വള പ്രയോഗം, ജൈവ വളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, കൃഷിഭവനുകൾ, എഫ്.പി.ഒ കൾ, മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സ്, വി.എഫ്.പി.സി.കെ മുഖേന പങ്കാളിത്ത ഗ്യാരന്റി സർട്ടിഫിക്കേഷൻ (പി.ജി.എസ്) ഉൾപ്പെടെയുള്ള സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനം എന്നീ ഘടകങ്ങളോടെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് 2021-22-ൽ ഉദ്ദേശിച്ചിരിക്കുന്നു.

കൃഷി ഭവനുകൾ, വി.എഫ്.പി.സി.കെ എന്നിവ വഴി ജൈവകൃഷിയിലൂടെ പഴം, പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ) യിൻ കീഴിലും ജൈവകൃഷിക്ക് വേണ്ട സഹായം നൽകുന്നതാണ്.

കൃത്യമായ രജിസ്ട്രേഷനും സർട്ടിഫിക്കേഷനോടും കൂടി ജൈവ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായമായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഫാമുകളിൽ തന്നെ ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിക്കുന്നതിനായി പ്രോജക്ട് അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ജൈവ ഉല്പാദനോപാധികളുടെ സർട്ടിഫിക്കേഷൻ ഉറപ്പാക്കേണ്ടതാണ്.

ജി.എ.പി സർട്ടിഫൈ ചെയ്ത ഉല്പന്നങ്ങളുടേയും ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ജൈവകൃഷി ഉല്പന്നങ്ങളുടേയും എക്കോഷോപ്പുകൾ വഴിയുള്ള വിപണനത്തിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു. ജൈവകൃഷിയിലൂടെയുള്ള ഭക്ഷ്യോല്പന്നങ്ങളുടെ ഗ്രേഡിംഗ്, പാക്കിംഗ്, ലേബലിംഗ് കൂടാതെ നിലവിലുള്ള എക്കോഷോപ്പുകളെ ശക്തിപ്പെടുത്തുന്നതിനും 15 എക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. ജൈവകൃഷിയിലൂടെ ക്ലസ്റ്ററുകൾ വഴി ഉല്പാദിപ്പിക്കുന്ന സുരക്ഷിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ബാർകോഡിംഗ് ഇവയെ തരംതിരിച്ച് അറിയുന്നതിന് ഉപകരിക്കും.

ജി.എ.പി വഴി പഴങ്ങളുടേയും പച്ചക്കറികളുടേയും ബ്രാന്റിംഗിനും സർട്ടിഫിക്കേഷനും വേണ്ടുന്ന സംവിധാനം ഒരുക്കേണ്ടതാണ്. ജി.എ.പി ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനവും അതിനാവശ്യമായ വിപണന ശൃംഖലയും വികസിപ്പിക്കേണ്ടതാണ്. വി.എഫ്.പി.സി.കെ ഇതിനായുള്ള നടപടി സ്വീകരിക്കുന്നതാണ്. വി.എഫ്.പി.സി.കെ മുഖാന്തിരം സ്വയം സഹായ സംഘങ്ങൾ വഴി ജൈവകൃഷിയിലൂടെ പഴം, പച്ചക്കറികളുടെ ഉല്പാദനത്തിനും സർട്ടിഫിക്കേഷനുമായി 75.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 10.00 ലക്ഷം രൂപ ഇടുക്കി ജില്ലയിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നീക്കിവെച്ചിരിക്കുന്നു. പദ്ധതിയുടെ 10 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം.

സംസ്ഥാനത്ത് ജൈവകൃഷിയിലൂടെ സുരക്ഷിതമായ ഭക്ഷ്യോല്പാദനത്തിനായുള്ള പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പുതിയ ജൈവകൃഷി ക്ലസ്റ്റർ ആരംഭിക്കുന്നതിന് | 50.00 |
| 2 | ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനം | 50.00 |
| 3 | എക്കോഷോപ്പുകൾക്ക് വിപണന സഹായം | 25.00 |
| 4 | വി.എഫ്.പി.സി.കെ മുഖാന്തിരം സ്വയം സഹായ സംഘങ്ങളിലൂടെ പഴങ്ങളുടേയും പച്ചക്കറികളുടേയും ജൈവ ഉല്പാദനവും സർട്ടിഫിക്കേഷനും | 75.00 |
| 5 | പദ്ധതി നിർവ്വഹണത്തിനായുള്ള സഹായം | 40.00 |
| | **ആകെ** | **240.00** |

**ഉൽപാദനോപാധികളും സേവന സംവിധാനവും**

**10. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും**

**(വിഹിതം: 1295.00 ലക്ഷം രൂപ)**

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷി ഉൽപ്പാദന രംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാനപരവുമായ ആവശ്യകതയാണ്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ, ജനിതക ദ്രവ്യം തുടങ്ങിയവയുടെ വിപണിയിലുള്ള അപര്യാപ്തത ഉല്പാദനക്ഷമതയ്ക്ക് തന്നെ വെല്ലുവിളി ഉയർത്തുന്നുണ്ട്. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൊത്തത്തിലുള്ള കൃഷി ഉൽപ്പാദനം ഉയർത്തുന്നതിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വിപണിയിൽ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കൃഷി ഫാമുകൾ നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ഉല്പാദന കേന്ദ്രങ്ങൾ എന്നതിലുപരി ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യയുടെ പ്രചരണ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതാണ്. ഫാമുകളിൽ ഗ്രീൻ ഹൗസ്, ജലസേചന സൗകര്യങ്ങൾ, ടിഷ്യൂകൾച്ചർ, ഹാർഡനിംഗ് സൗകര്യങ്ങൾ, വിത്ത് സംസ്കരണം/ശേഖരണം/സംഭരണം തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ ഫാമുകളുടെയും സീഡ് ഫാമുകളുടെയും കാര്യത്തിൽ വകുപ്പുതല പരിപാടികൾ ഗ്യാപ് ഫില്ലിംഗിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13 പ്രത്യേക ഫാമുകളുടെ കാര്യത്തിൽ എല്ലാം വകുപ്പുതലത്തിൽ നിർവ്വഹിക്കേണ്ടതും അവ വാണിജ്യപരമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വയനാട്ടിലെ ചീങ്ങേരി എക്സ്റ്റൻഷൻ പദ്ധതിയും പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ തരം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങുന്നതിനായും പ്രജനന തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നീ പരിപാടികൾക്കായി 1295.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി 1030.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 650.00 ലക്ഷം രൂപ വേരു പിടിപ്പിച്ച കുരുമുളക് തൈകൾ ഉൾപ്പെടെ പതിവ് നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി നീക്കി വെച്ചിരിക്കുന്നു. ഇതിൽ നിന്നും 100.00 ലക്ഷം രൂപ വീതം ഇടുക്കി, വയനാട് ജില്ലകളിൽ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി നീക്കിവെച്ചിരിക്കുന്നു. ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ വിത്തുൽപ്പാദനത്തിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ തരം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങുന്നതിനും പ്രജനന തോട്ടങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനുമായി 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഡിപ്പാർട്ട്മെന്റൽ ഫാമുകൾ നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനു ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കുകയും ട്രെയ്സബിലിറ്റിയ്ക്കായി നടീൽ വസ്തുക്കളുടെ ബാർകോഡിംഗ് വികസിപ്പിക്കുകയും ചെയ്യും. വി.എഫ്.പി.സി.കെ യും ഇത് പിന്തുടരും. ഫാമുകൾ മുഖേന തദ്ദേശീയ വിത്തുകളുടെ ഉൽപ്പാദനം നടത്തണം. നാളികേര മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കേരസമൃദ്ധി നടപ്പിലാക്കും.

100.00 ലക്ഷം രൂപ വി.എഫ്.പി.സി.കെ വഴി പഴങ്ങളുടെയും പച്ചക്കറികളുടെയും ഗ്രാഫ്റ്റുകളും തൈകളും ഉൽപ്പാദിപ്പിക്കുന്നതിന് നീക്കിവച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ അളവും ഗുണനിലവാരവും സംബന്ധിച്ച് വി.എഫ്.പി.സി.കെ കൃഷി ഡയറക്ടറുമായി ഫണ്ട് നൽകുന്നതിന് മുൻപ് തന്നെ ധാരണപത്രം ഒപ്പിടുന്നതാണ്. പ്രവർത്തനങ്ങളുടെ സമയ പട്ടികയും നിർദ്ദേശിച്ചിരിക്കും. കൃഷി ഡയറക്ടറുടെ തലത്തിലുള്ള സംസ്ഥാനതല ഏകോപന സമിതിയും പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ തലത്തിലുള്ള ജില്ലാതല ഏകോപന സമിതിയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ഏകോപനം നടത്തുകയും ചെയ്യും.

പൊതുജനങ്ങൾക്കും കർഷകർക്കുമുള്ള ഫാം സ്കൂളുകളായി പ്രവർത്തിക്കുന്നതിനു ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ മാതൃക പ്രദർശന ഫാമുകൾ വികസിപ്പിക്കും. ഹൈടെക് ഫാമിംഗ് രീതി, സംയോജിത കൃഷി സമ്പ്രദായ രീതി എന്നിവയ്ക്കു വേണ്ടി പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. സംയോജിത കൃഷി സമ്പ്രദായ രീതി മാതൃകകൾ പ്രദർശന യൂണിറ്റുകൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വികസിപ്പിച്ച മാതൃകകൾ ഡോക്യുമെന്റ് ചെയ്യപ്പെടും.

ഫാമുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനും യന്ത്രവൽക്കരണത്തിനുമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.ഐ.ഡി.എഫിൽ പ്രത്യേക വിഹിതം നീക്കി വച്ചിട്ടുണ്ട്.

ഗുണനിലവാരമുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനു രണ്ട് ഫാമുകളിൽ സ്ഥാപിച്ചിട്ടുള്ള ടിഷ്യൂകൾച്ചർ ലബോറട്ടറികളിലേയ്ക്കും ബയോടെക്നോളജി മോഡൽ ഫ്ലോറികൾച്ചർ സെന്ററിലേയ്ക്കുമുള്ള താൽക്കാലിക ജീവനക്കാരുടെ വേതനത്തിനായി 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | വേരു പിടിപ്പിച്ച കുരുമുളക് തൈകളുടേയും നടീൽ വസ്തുക്കളുടേയും ഉൽപ്പാദനം | 650.00 |
| 2 | പ്രജനന തോട്ടങ്ങളുടെ പരിപാലനത്തിനും പുതിയ പ്രജനന തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും | 80.00 |
| 3 | വി.എഫ്.പി.സി.കെ മുഖേന പഴങ്ങളുടേയും പച്ചക്കറികളുടേയും നടീൽ വസ്തുക്കളുടെ ഉൽപ്പാദനം | 100.00 |
| 4 | ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ വിത്തുല്പാദന പരിപാടി | 200.00 |
| 5 | ഹൈടെക് ഫാമിംഗ് യൂണിറ്റുകളുടേയും ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ സംയോജിത കൃഷി സമ്പ്രദായ രീതിയുടേയും സാങ്കേതിക പ്രവർത്തന സഹായത്തിന് | 50.00 |
| 6 | ടിഷ്യൂ കൾച്ചർ ലാബുകളിലെ  കരാർ തൊഴിലാളികളുടെ വേതനം | 15.00 |
| 7 | യന്ത്രവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും | 200.00 |
| | **ആകെ** | **1295.00** |

**11. ലബോറട്ടറികളുടെ ആധുനീകരണം.**

**(വിഹിതം: 420.00 ലക്ഷം രൂപ)**

കാർഷിക സമൂഹത്തിനുവേണ്ടി കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ ഫലഭൂയിഷ്ഠത കണക്കാക്കുന്നതിനായുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന (അജൈവ – ജൈവ വളങ്ങളും ജീവാണു വളങ്ങളും ഉൾപ്പെടെ) കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയെയും വളരെയധികം ബാധിക്കുന്ന ഘടകങ്ങളാണിവ.

മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകൾ വിശകലനം ചെയ്യുന്ന ഇപ്പോഴത്തെ ലാബുകൾ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. ഈ ലാബുകളിൽ ലഭ്യമായ മിക്ക സാമഗ്രികളും വളരെ പഴയതും കാലപ്പഴക്കം ചെന്നവയുമാണ്. ഇവ വേഗതയോടും കൃത്യവുമായ പരിശോധനാ ഫലങ്ങൾ നൽകുവാൻ പര്യാപ്തമല്ല.

തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ പഞ്ചായത്തിലും കർഷകർക്ക് മണ്ണ് പരിശോധനാ സേവനം ലഭ്യമാക്കണം. മണ്ണിന്റെ ആരോഗ്യപരിപാലനവും മണ്ണിന്റെ ആരോഗ്യ സംരംഭവുമായി പരിപാടിയുടെ നടത്തിപ്പ് സംയോജിപ്പിക്കും. കാർഷിക സേവന കേന്ദ്രങ്ങൾക്കു കീഴിലുള്ള മൊബൈൽ മണ്ണ് പരിശോധന ലാബുകളും മറ്റ് ലാബുകളും ഈ പദ്ധതിയുടെ നടപ്പാക്കലിൽ സംയോജിപ്പിക്കും.

മണ്ണു പരിശോധന നടത്തി, കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യും. കൃഷിവകുപ്പിൽ നിലവിലുള്ള 'സോയിൽ ഫെർട്ടിലിറ്റി പോർട്ടൽ' പരിഷ്കരിക്കുകയും പരിപാലിക്കുകയും ചെയ്യും. കൂടാതെ പോർട്ടലിന്റെ പ്രയോജനം കർഷകരിലെത്തിയ്ക്കും. മണ്ണ് പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പ്, വി.എഫ്.പി.സി.കെ, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ മണ്ണു പരിശോധനാ പ്രവർത്തനങ്ങളുടെ സംയോജനം ഉറപ്പാക്കും.

കൃഷിയിടത്തിൽ നിന്നും ശേഖരിച്ച മണ്ണു സാമ്പിളുകളുടെ വിശകലന ഫലങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും കർഷകർക്ക് ഉല്പാദനോപാധികൾ വിതരണം ചെയ്യുക.

ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാര നിയന്ത്രണ നിർവ്വഹണ വിഭാഗത്തിന്റെ പ്രവർത്തനത്തിനും എസ്.ബി.സി.എൽ മണ്ണുത്തിയിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവനിയന്ത്രണകാരികളുടെ രജിസ്ട്രേഷൻ ലബോറട്ടറികളുടെ അക്രഡിറ്റേഷനുമായി 420.00 ലക്ഷം രൂപ വകയിരുത്തുന്നു.

ലബോറട്ടറികളുടെ ശാക്തീകരണത്തിനു 270.00 ലക്ഷം രൂപ വകയിരുത്തുന്നു. മണ്ണ് പരിശോധന, രാസവസ്തുക്കൾ, സ്ഫടികസാധനങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ലബോറട്ടറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി നീക്കി വച്ചിട്ടുള്ള 100.00 ലക്ഷം രൂപയും ഇതിലുൾപ്പെടും. ബയോടെക്നോളജി മോഡൽ ഫ്ലോറികൾച്ചർ സെന്ററിന്റെ (ബി.എം.എഫ്.സി) ശാക്തീകരണത്തിന് 75.00 ലക്ഷം രൂപ വകയിരുത്തുന്നു. പതിനഞ്ച് ലക്ഷം ടിഷ്യൂക്കൾച്ചർ ചെടികളുടെ ഉല്പാദനത്തിന് സജ്ജമാക്കുന്ന

തരത്തിൽ ബി.എം.എഫ്.സി യെ ശക്തിപ്പെടുത്തുകയും കൂടുതൽ വിപുലീകരിക്കാനുള്ള സാധ്യത പരിശോധിക്കുകയും ചെയ്യും. റിവോൾവിംഗ് ഫണ്ട് പ്രവർത്തനക്ഷമമാക്കും. തൃശ്ശൂർ മണ്ണുത്തിയിലെ സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി ശക്തിപ്പെടുത്തുന്നതിന് 75.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 10.00 ലക്ഷം രൂപ പട്ടാമ്പിയിലെ ജൈവകീടനാശിനി, ജൈവവള ഗുണനിലവാര നിയന്ത്രണ ലാബിനായി വകയിരുത്തുന്നു. പ്രവർത്തന ചിലവിനും അവശ്യ സന്ദർഭങ്ങളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും 20.00 ലക്ഷം രൂപ വകയിരുത്തുന്നു എന്നാൽ വാഹനം വാങ്ങുന്നതിന് പദ്ധതി തുക വിനിയോഗിക്കാൻ പാടില്ല.

കൃഷി വകുപ്പിന്റെ ഗുണനിലവാര നിയന്ത്രണ നിർവ്വഹണ വിഭാഗത്തിന്റെ പ്രവർത്തന ചിലവിന് 75.00 ലക്ഷം രൂപ വകയിരുത്തുന്നു.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിന് 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

എസ്.ബി.സി.എൽ, മണ്ണുത്തിയിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവനിയന്ത്രണകാരികളുടെ സി.ഐ.ബി, ആർ.സി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ലബോറട്ടറികളുടെ ശാക്തീകരണം | 270.00 |
| 2 | ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗം | 75.00 |
| 3 | ലാബുകളുടെ അക്രഡിറ്റേഷൻ | 25.00 |
| 4 | സി.ഐ.ബി, ആർ.സി. രജിസ്ട്രേഷൻ-പുതിയത് | 50.00 |
| | **ആകെ** | **420.00** |

**12. പുനർജ്ജനി – പ്രളയാനന്തര കാർഷികമേഖലയുടെ പുനസ്ഥാപനം**

**(വിഹിതം: 185.00 ലക്ഷം രൂപ)**

2018,2019 വർഷങ്ങളിലെ കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയവും പ്രകൃതിദുരന്തങ്ങളും കാർഷിക വിളകൾക്കും സംഭരിച്ച ഉല്പന്നങ്ങൾക്കും കനത്ത നഷ്ടമാണ് ഉണ്ടാക്കിയത്. കൂടാതെ കർഷകരുടെ പാടങ്ങളിലും ഡിപ്പാർട്ടമെന്റ് ഫാമുകളിലും ഓഫീസ് കെട്ടിടങ്ങളിലും സംഭരിച്ച വച്ചിരുന്ന കാർഷിക ഉല്പന്നങ്ങൾ, യന്ത്രസാമഗ്രികൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചു. അതുപോലെ കൃഷിഭൂമിയ്ക്കുണ്ടായ നഷ്ടങ്ങളും നികത്തേണ്ടതുണ്ട്. 2018 ലും 2019 ലുമായി സംഭവിച്ച പ്രളയത്തിന്റേയും മണ്ണൊലിപ്പിന്റേയും ഫലമായുണ്ടായ കേടുപാടുകൾ നികത്തുകയാണ് പദ്ധതി ലക്ഷ്യമാക്കുന്നത്. തൊഴിലവസരം സൃഷ്ടിക്കുന്നതും വരുമാനദായകവുമായ പ്രവർത്തനങ്ങൾക്കും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്.

മണ്ണൊലിപ്പിൽ പൂർണ്ണനാശം സംഭവിച്ച കൃഷിഭൂമിയുടെ പുനരുജ്ജീവനം, കാർഷിക വകുപ്പിന് കീഴിലുള്ള ഫാമുകളുടേയും ഓഫീസ് കെട്ടിടങ്ങളുടേയും കേടുപാടു തീർക്കൽ, നഴ്സറികൾ, കമ്പോളങ്ങൾ എന്നിവയുടെ വികസനം, യന്ത്രവൽക്കരണം, തോട്ടങ്ങളുടേയും പാടശേഖരങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനം, പ്രധാന വിളകളുടെ കൃഷി വിസ്തൃതി വ്യാപനവും പുനസ്ഥാപിക്കലും എന്നിവയാണ് പദ്ധതിയ്ക്ക കീഴിലെ മറ്റ് പ്രവർത്തനങ്ങൾ. വരൾച്ചയെ അഭിമുഖീകരിക്കുന്നതിനായി മഴവെള്ളസംഭരണം, മണ്ണ് -ജല സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. 20.00 ലക്ഷം രൂപ ഇടുക്കി ജില്ലയിലെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായിരിക്കും.

**കാർഷിക വിജ്ഞാന വ്യാപന നവീകരണവും മാനവവിഭവശേഷി വികസനവും**

**13. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ**

**(വിഹിതം: 1170.00 ലക്ഷം രൂപ)**

കാർഷിക വികസനം ഫലപ്രദമാകുന്നത് കർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. മേൽത്തട്ടിലുള്ള ശരിയായ ഏകോപനവും ഉൽപ്പാദന മേഖലയിൽ കീഴ്ത്തട്ടിലുള്ള വകുപ്പുകളുടെ സംയോജനവും വഴി നടപ്പാക്കിയ ആത്മ (ATMA)

മാതൃകയിലുള്ള കൃഷി വിജ്ഞാന വ്യാപനം ആവശ്യമായ ഭേദഗതികളോടെ ആത്മ പ്ലസ് മാതൃകയായി സംയോജിപ്പിച്ച് പ്രചരിപ്പിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി 2021-22-ൽ വകയിരുത്തിയിട്ടുള്ളത് 1170.00 ലക്ഷം രൂപയാണ്. കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് 130.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങളുടേയും (ആർ.എ.റ്റി.റ്റി.സി) കാർഷിക പരിശീലന കേന്ദ്രങ്ങളുടേയും (എഫ്.റ്റി.സി) നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും ഇവയെ സമേതിയുടെ സാറ്റലൈറ്റ് സെന്ററാക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ആത്മയുടെ പ്രോജക്ട് ഡയറക്ടറേറ്റ് ശാക്തീകരിക്കാനും അടിസ്ഥാന സൗകര്യ വികസനവും വാടകയ്ക്കുള്ള വിഹിതത്തിനുമായി 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

മികച്ച പ്രകടനം നടത്തുന്ന കർഷകർക്കും എക്സ്റ്റൻഷൻ ഉദ്യോഗസ്ഥർക്കും അവാർഡ് നൽകുന്നതിന് 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

ആത്മയുടെ പ്രവർത്തനങ്ങൾക്ക് 430.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിലെ ഉപഘടകങ്ങളായ പ്രോജക്ട് ഡയറക്ടറേറ്റിലേയ്ക്കും ആത്മയ്ക്കും എക്സ്റ്റൻഷൻ വിഭാഗത്തിലേയ്ക്കുമുള്ള എച്ച്.ആർ സഹായത്തിന് 180.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രോജക്ട് ഡയറക്ടറേറ്റിൽ മൃഗസംരക്ഷണം, കൃഷി, മത്സ്യബന്ധനം എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന ജില്ലാ സാങ്കേതിക മാനേജർമാരുടേയും കോഴിക്കോട്ടും പന്തളത്തുമുള്ള കർഷക പരിശീലന കേന്ദ്രങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഓരോ കൃഷി ഓഫീസർമാരുടേയും വേതനവും ഇതിൽ ഉൾപ്പെടും. ആത്മ പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2021-22 വാർഷിക പദ്ധതിയിൽ ലീഡ്സ് പദ്ധതി തുടരും. ഇതിനായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്തുകളിൽ രൂപീകരിക്കുന്ന ടെക്നോളജി മാർക്കറ്റ് യൂണിറ്റുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഓരോ ബ്ലോക്കിലും ഒരു അസിസ്റ്റന്റ് ടെക്നോളജി മാനേജറെ (നിലവിൽ ലീഡ്സ് പഞ്ചായത്തിലുള്ള ഫീൽഡ് അസിസ്റ്റന്റ് മാതൃകയിൽ) നൽകുന്നതായിരിക്കും. ഇതിലൂടെ, നിലവിൽ ലീഡ്സ് ഉള്ള ജില്ലകളായ വയനാട്, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നിവയ്ക്കു പുറമേ സംസ്ഥാനം മുഴുവനും ലീഡ്സ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും, പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായിക്കും. ലീഡ്സ്, ആത്മ പ്ലസ്, പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കൽ, പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ്, പഞ്ചായത്ത് ഫാം പ്ലാൻ, ബ്ലോക്ക് തലത്തിൽ ഫാം മോഡലുകൾ സ്ഥാപിക്കുക, റിസർച്ച് സ്ഥാപനങ്ങളുടെ മോഡൽ ഫാമുകളിലേയ്ക്ക് വിദഗ്ധർ/ഉദ്യോഗസ്ഥർ, കർഷകർ എന്നിവരുടെ സന്ദർശനം എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ ബ്ലോക്ക് തലത്തിൽ നടപ്പാക്കുന്നതിന് 50.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. ഫലപ്രദമായ വിജ്ഞാന വ്യാപന സേവനത്തിനായി എല്ലാ പ്രോജക്ട് ഡയറക്ടറേറ്റുകൾക്കും പ്രവർത്തന ചെലവിനും വാഹനം വാടകയ്ക്ക് എടുക്കുന്ന ചെലവിനുമായ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

പൊതുപങ്കാളിത്തം എന്ന ഘടകത്തിന് വകയിരുത്തിയിട്ടുള്ള 300.00 ലക്ഷം രൂപയിൽ 230.00 ലക്ഷം രൂപ കാർഷിക വികസന സമിതികൾ, സെമിനാറുകൾ, കർഷകദിനം, അവലോകനയോഗങ്ങൾ എന്നിവ നടത്തുന്നതിനായി നീക്കി വച്ചിരിക്കുന്നു. ഫാം മേളകൾ, കർഷക സംഗമങ്ങൾ, കാർഷിക ഉൽസവങ്ങൾ എന്നിവയ്ക്കും പദ്ധതി വിഹിതം നീക്കി വച്ചിട്ടുണ്ട്. ഇതിൽ എഫ്.പി.ഒ കളും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും സംഘടിപ്പിക്കുന്ന പരിപാടികളും ഉൾപ്പെടും. കർഷക സഭകൾക്കും ഞാറ്റുവേല ചന്തകൾക്കും 50.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ, എഫ്.പി.ഒ കൾ എന്നിവയിലൂടെ പദ്ധതി നിർവ്വഹണം നടത്തുന്നതിന്റെ നിരീക്ഷണത്തിനും ഡോക്യുമെന്റേഷനും 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഐ.ഐ.ഐ.റ്റി.എം.കെ യുമായി ചേർന്ന് കൃഷി വകുപ്പ് നടത്തുന്ന കിസാൻ പ്രോജക്ട് വാർഷിക പദ്ധതിയിലും തുടരും. കിസാൻ പ്രോജക്ടിന്റെ നടത്തിപ്പിനായി 60.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക സർവ്വകലാശാലയുടെ എക്സ്റ്റൻഷൻ വിഭാഗം, കൃഷി വിഭാഗം ഉദ്യോഗസ്ഥർ (എഫ്.ഐ.ബി), വി.എഫ്.പി.സി.കെ, ഐ.ഐ.ഐ.റ്റി.എം.കെ ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന സാങ്കേതിക സമിതിയായിരിക്കും കിസാൻ പരിപാടിയുടെ ഉള്ളടക്കം നിശ്ചയിക്കുക.

വൈഗ 2021-22 ന്റെ നടത്തിപ്പിന് 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സ്ഥാപനങ്ങളുടെ ശാക്തീകരണം | 130.00 |
| 2 | മികച്ച പ്രവർത്തനം കാഴ്ച വച്ചവർക്കുള്ള അവാർഡ് | 150.00 |
| 3 | ആത്മയുടെ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിഹിതം | 430.00 |
| 4 | പൊതു പങ്കാളിത്തം | 300.00 |
| 5 | കിസാൻ പ്രോജക്റ്റ് | 60.00 |
| 6 | വൈഗ 2021-22 | 100.00 |
| | **ആകെ** | **1170.00** |

**14. കാർഷിക വിവരവും വിനിമയവും**

**(വിഹിതം: 300.00 ലക്ഷം രൂപ)**

കാർഷിക വികസനത്തിനുവേണ്ടിയുള്ള വിജ്ഞാനവും വിനിമയ സഹായവും ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി നടപ്പിലാക്കി വരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പ്രിന്റ് ഇലക്ട്രോണിക് മീഡിയയുടെ സഹായത്തോടെ സാങ്കേതിക വിദ്യ കൈമാറ്റവികസനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

കാർഷിക വിവര സേവനവും അതുമായി ബന്ധപ്പെട്ട പരിപാടികളും വിപുലീകരിക്കുന്നതിനായി ഉദ്ദേശിക്കുന്നു. സൈബർ വിജ്ഞാന വ്യാപനത്തിലേക്ക് നയിക്കുന്ന ദൈനംദിന വിവരങ്ങൾ കൃത്യമായി അറിയിക്കുന്നതിനും എത്തിച്ചു കൊടുക്കുന്നതിനും പര്യാപ്തമായ എല്ലാവിധ നവീന സൗകര്യങ്ങളോടുകൂടി ഡാറ്റ സെന്ററിന്റെ പ്രവർത്തനവും ഉൾപ്പെടുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി നിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കേരള കർഷകനും മറ്റു പ്രവർത്തനങ്ങളും | 250.00 |
| 2 | പ്രസിദ്ധീകരണങ്ങൾ | 30.00 |
| 3 | മാധ്യമ സഹകരണവും മറ്റു വിനിമയ പ്രവർത്തനങ്ങളും | 20.00 |
| | **ആകെ** | **300.00** |

**15. മാനവശേഷി വികസനം**

**(വിഹിതം: 242.00 ലക്ഷം രൂപ)**

2012-13 മുതൽ വിജ്ഞാന വ്യാപന പദ്ധതി നടപ്പിലാക്കുവാൻ സഹായിക്കുന്ന തരത്തിൽ കാർഷിക വിജ്ഞാന വ്യാപനം, അഗ്രിക്കൾച്ചറൽ എക്കണോമിക്സ്, എന്റമോളജി, പ്ലാന്റ് പാത്തോളജി, അഗ്രോണമി, സോയിൽ സയൻസ് എന്നീ ആറ് വിഷയങ്ങളിൽ കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കുന്നുണ്ട്. 2021-22-ലും ഇത് തുടരുന്നതാണ്. കാർഷിക സർവ്വകലാശാല ഈ 6 കോഴ്സുകൾക്കും പ്രത്യേകം സീറ്റ് നീക്കിവെയ്ക്കുന്നതാണ്. ദേശീയ തലത്തിൽ നടക്കുന്ന സെമിനാറിലും ശിൽപ്പശാലകളിലും കൃഷി വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പങ്കെടുക്കുന്നതിനു വേണ്ടി വരുന്ന ചെലവും വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലാ തലത്തിൽ ഈ പദ്ധതി ആത്മ പ്രോജക്റ്റ് ഡയറക്ടർ ഏകോപിപ്പിക്കുന്നതാണ്. ഇതിനായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു. കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥന്മാർക്ക് അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനു വേണ്ടി രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളിൽ ഹ്രസ്വകാല പരിശീലനങ്ങൾക്ക് പങ്കെടുക്കുന്നതിനു വേണ്ടിവരുന്ന ചെലവും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

എൻ.ഐ.പി.എച്ച്.എം മുമായി സഹകരിച്ച് വിള ആരോഗ്യ പരിപാലന പദ്ധതിയിലുള്ള കാര്യശേഷി വർദ്ധനവിനുള്ള പരിപാടികൾ തുടരുന്നതാണ്. എൻ.ഐ.പി.എച്ച്.എം ഹൈദരാബാദുമായി സഹകരിച്ച് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി സമേതിയിൽ നടപ്പിലാക്കി വരുന്ന പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി.ജി, ഡിപ്ലോമ കോഴ്സിനും സഹായം നൽകുന്നതാണ്. കാര്യശേഷി വർദ്ധനവിന് വകയിരുത്തിയ 20.00 ലക്ഷം രൂപയിൽ നിന്നും പി.ജി.ഡി. എച്ച്.എം കോഴ്സിന് ചേർന്ന ഉദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പദ്ധതികൾക്കും വിനിയോഗിക്കാവുന്നതാണ്.

വിദ്യാസമ്പന്നരായ യുവാക്കൾക്ക് അവസരമൊരുക്കുക, സർക്കാർ പരിപാടികൾ മികച്ചരീതിയിൽ നടപ്പിലാക്കുന്നതിന് താഴെത്തട്ടിൽ സേവനം ലഭ്യമാക്കുക എന്നീ ഇരട്ട ലക്ഷ്യത്തോടെ 2021-22 വർഷത്തിൽ കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് നടപ്പിലാക്കുന്നതിന് പുതിയ ഘടകം ഉൾപ്പെടുത്തിയിരിക്കുന്നു. കാർഷിക ജൈവകൃഷിയിലെ അവസാന വർഷ വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികളെയും, വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റ് ഉടമകളെയും ആറുമാസത്തേക്ക് 1000.00 രൂപ പ്രോത്സാഹനമായി നൽകി ഏർപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | മാനവ ശേഷി വികസന പ്രവർത്തനങ്ങൾ | 150.00 |
| 2 | എൻ.ഐ.പി.എച്ച്.എം മുമായി സഹകരിച്ചു കൊണ്ട് കാര്യശേഷി വർദ്ധനവും പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി.ജി ഡിപ്ലോമയും | 20.00 |
| 3 | കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പരിപാടി (പുതിയത് ) | 72.00 |
| | **ആകെ** | **242.00** |

**16.കാർഷിക സേവന കേന്ദ്രങ്ങളും, സേവന സംവിധാനവും**

**(വിഹിതം: 900.00 ലക്ഷം രൂപ)**

യന്ത്രവത്ക്കരണം, ആത്മ അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപനം, വായ്പാസഹായം, കാലാവസ്ഥാ ഉപദേശ സേവനം, മണ്ണുപരിശോധന സഹായം, മറ്റു സാങ്കേതിക സഹായം നൽകുന്നതടക്കമുള്ള സേവനങ്ങൾ സംയോജിപ്പിച്ച് നൽകുന്നതിനുവേണ്ടിയാണ് ബ്ലോക്ക് തലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. കർഷകർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരേ കേന്ദ്രത്തിൽ നിന്നും നൽകുന്നതിലേക്കായി അവരുടെ വിവിധ ആവശ്യങ്ങൾ പ്രധാനമായും കാർഷിക ഉത്പാദനോപാധികൾ, വിപണനം, വായ്പാ വിവരങ്ങൾ തുടങ്ങിയവ ഒരു പൊതുസേവന കേന്ദ്രത്തിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. സാങ്കേതിക വിദ്യ കൈമാറ്റത്തിനും സേവന സംവിധാനത്തിനും വേണ്ട സഹായം ബ്ലോക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക സേവന കേന്ദ്രങ്ങൾ നൽകുന്നതായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയ്ക്കാവശ്യമായ തുടർ അടിസ്ഥാന സൗകര്യങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥല സന്ദർശനം അടക്കമുള്ളവ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള സാങ്കേതിക വിവര വിതരണ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങളായി ഇവ പ്രവർത്തിക്കുന്നതായിരിക്കും. കൃഷി സ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദൃശ്യ ശ്രാവ്യ സംവിധാനങ്ങളോടും ഓൺലൈൻ സഹായത്തോടെയുള്ള സഞ്ചരിക്കുന്ന ഒരു ഫാം ക്ലിനിക്ക് ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്നതായിരിക്കും. ആത്മയുടെ പ്രവർത്തനങ്ങളും അതോടൊപ്പം യന്ത്രവൽക്കരണത്തിന് വേണ്ട സഹായവും ഈ കാർഷിക സേവനകേന്ദ്രങ്ങൾ നൽകുന്നതായിരിക്കും. സഹകരണ വകുപ്പിന്റെ കീഴിൽ ബ്ലോക്കുതലത്തിൽ സ്ഥാപിച്ചിട്ടുള്ള കർഷക സേവനകേന്ദ്രങ്ങൾ, കാർഷിക സേവനകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉത്പാദനോപാധികളുടെ വിതരണത്തിനായി പ്രവർത്തിക്കുന്നതായിരിക്കും.

കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനകളും യഥാക്രമം ബ്ലോക്ക് പഞ്ചായത്തു തലങ്ങളിലെ വിദഗ്ധ തൊഴിലാളികളാണ്. മിതമായ നിരക്കിൽ കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾ ഇവർ വീട്ടു പടിക്കൽ എത്തിക്കുന്നു. വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണിയും പരിപാലനവും നടത്തുന്നതിലൂടെ ഈ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നു. ഏകജാലക സംവിധാനത്തിലൂടെ സേവന വിതരണം കൃഷിക്കാരിലെത്തിക്കുന്നതിനു കാർഷിക മേഖലയിലെ സുസ്ഥിര സ്വാശ്രയ ഗ്രൂപ്പ് എന്ന നിലയ്ക്ക് കൃഷിശ്രീ ഈ മൂന്ന് ഏജൻസികളുടേയും സംയോജനം ഉറപ്പ് വരുത്തുന്നു.

2021-22 ൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി മേഖലകളിൽ പുതിയ കൃഷിശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേന, കസ്റ്റം ഹയറിംഗ് സെന്റർ, കൃഷിശ്രീ എന്നിവയ്ക്കായി ഒരു ബിസിനസ്സ് പ്ലാൻ വികസിപ്പിക്കും. വരും വർഷങ്ങളിൽ ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ലാഭകരവുമായ പ്രവർത്തനത്തിനും സ്വയംപര്യാപ്തതയ്ക്കും ബിസിനസ്സ് പ്ലാൻ

സഹായകമാകും. ഒരു യൂണിറ്റിന് 5.00 ലക്ഷം രൂപ വരുമാനം നേടാൻ കഴിയുന്ന ബിസിനസ്സ് പ്ലാൻ ഉണ്ടായിരിക്കും. എല്ലാ കേന്ദ്രങ്ങളിലും നഴ്സറികളും, മറ്റു സേവനങ്ങളും ലഭ്യമാക്കുന്നതോടൊപ്പം സാധ്യമാകുന്നിടത്തെല്ലാം കാർഷിക കർമ്മസേനയുമായി ബന്ധിപ്പിക്കും.

ബിസിനസ് പ്ലാനിനെ അടിസ്ഥാനമാക്കി നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങൾ കൃഷിശ്രീ കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. സ്വയംപര്യാപ്തത നേടാനായി ഒരു വർഷം കൂടി സഹായങ്ങൾ നൽകും.

തിരഞ്ഞെടുത്ത കാർഷിക കർമ്മ സേനകളെ പിന്തുണയ്ക്കാൻ 60.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനകളും ബിസിനസ്സ് പ്ലാൻ വികസിപ്പിക്കുകയും നീക്കി വച്ചിരിക്കുന്ന തുക അതിനായി വിനിയോഗിക്കുകയും ചെയ്യും. ഫണ്ട് നൽകുന്നതിനു മുൻപ് എല്ലാ കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മ സേനകളുടേയും പ്രവർത്തനം വിശകലനം ചെയ്യും.

കാർഷിക കർമ്മസേനയുടേയും കാർഷിക സേവന കേന്ദ്രത്തിലേയും പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ യൂണിറ്റുകളിലേയും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കും അംഗങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിക്കൊണ്ട് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ഇതിനുള്ള പ്രീമിയം തുക ഒടുക്കുന്നതിനായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

മൊബൈൽ ക്ലിനിക്കുകളുടെ വേതനം, കൃഷിഭവനിലെ വാഹനങ്ങൾ നന്നാക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്ക് 110.00 ലക്ഷം രൂപ വകയിരുത്തുന്നു. ദേശീയ ഇ-ഗവേണൻസ് പദ്ധതിക്കു കീഴിൽ വരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ഓണറേറിയത്തിനായി 210.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക സേവന കേന്ദ്രങ്ങൾക്കും കാർഷിക കർമ്മ സേനകൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള അപക്സ് സ്ഥാപനമായ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ(കെ.എസ്.എ.എം.എം) കാർഷിക സേവന കേന്ദ്രങ്ങളേയും കാർഷിക കർമ്മ സേനകളേയും കസ്റ്റം ഹയറിംഗ് സെന്ററുകളേയും യോജിപ്പിച്ച് പ്രവൃത്തിപ്പിക്കുന്നതിനായി ഒരു സംഘടനാ ഘടന വികസിപ്പിക്കുകയും ഈ മൂന്ന് ഏജൻസികളുടെ പ്രവർത്തനത്തെ ഒരു ബിസിനസ്സ് പ്ലാനിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് ഒരു യൂണിറ്റായി പ്രവൃത്തിപ്പിക്കുകയും ചെയ്യും. കെ.എസ്.എ.എം.എം ന്റെ പ്രവർത്തന ചിലവുകൾക്ക് 200.00 ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്ത്തലത്തിലും ബ്ലോക്ക് തലത്തിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും, വിവരശേഖരണം, റിപ്പോർട്ടിംഗ്, ആവശ്യമായ സ്പെയർ പാർട്ടുകളുടെ ശേഖരണം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇതിൽ നിന്നും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള കാർഷിക യന്ത്ര സേവന കേന്ദ്രങ്ങൾ, പ്രാദേശിക ഫാം ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ എന്നിവ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ അപക്സ് ബോഡി ഏകോപിപ്പിക്കും. കാർഷിക സേവന കേന്ദ്രങ്ങളിൽ ഐ.റ്റി.ഐ പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാണെങ്കിൽ അവരെ യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ പ്രയോജനപ്പെടുത്തും. ഈ പദ്ധതിയുടെ 15 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് | 250.00 |
| 2 | നിലവിലെ കാർഷിക കർമ്മ സേന ശക്തിപ്പെടുത്തുന്നതിന് | 60.00 |
| 3 | ബിസിനസ്സ് പ്ലാനിന്റെ അടിസ്ഥാനത്തിൽ നിലവിലെ കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് | 50.00 |
| 4 | കാർഷിക കർമസേനയിലേയും കാർഷിക സേവന കേന്ദ്രങ്ങളിലേയും കൃഷിശ്രീ സെന്ററുകളിലേയും അംഗങ്ങൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 20.00 |
| 5 | പ്രവർത്തന ചിലവുകൾ (മൊബൈൽ ക്ലിനിക്കുകളുടെ വേതനം ഉൾപ്പെടെ) | 110.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 6 | കെ.എസ്.എ.എം.എം ന്റെ പ്രവർത്തന ചിലവുകൾക്ക് | 200.00 |
| 7 | എൻ.ഇ.ജി.പി – ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം | 210.00 |
| | **ആകെ** | **900.00** |

**17.ഓഫീസ് ആട്ടോമേഷനും ഐ.റ്റി സാങ്കേതികവിദ്യയും**

**(വിഹിതം: 250.00 ലക്ഷം രൂപ)**

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മെച്ചപ്പെട്ട ഐ.റ്റി സാങ്കേതിക വിദ്യകളായ വെർച്ചൽ ക്ലാസ്സ് റൂം ഫെസിലിറ്റി, മിനി കംപ്യൂട്ടർ ലാബുകൾ എന്നിവ കൃഷി വകുപ്പ് ഡയറക്ടറേറ്റിലും, 14 ജില്ലാ ഓഫീസുകളിലും, സമേതി, എസ്.എഫ്.എ.സി കോൾ സെന്റർ, ആർ.എ.റ്റി.റ്റി.സി കൾ, എഫ്.റ്റി.സി കൾ, കാർഷികോല്പാദന കമ്മിഷണറുടെ ഓഫീസ് ഉൾപ്പെടെ മറ്റ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഐ.റ്റി സാങ്കേതിക വിദ്യകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവ വാങ്ങുന്നതിനും, ഐ.റ്റി ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിനും വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും തുക നീക്കി വയ്ക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ പദ്ധതിയുമായി സംയോജിപ്പിക്കുന്നതാണ്.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | ഇ-ഓഫീസ് | 80.00 |
| 2 | വിർച്ചൽ ക്ലാസ്സ് മുറി, കംപ്യൂട്ടർ പരിശീലനം, ഫെസിലെറ്റേഷൻ സെന്ററുകളുടെ സ്ഥാപനം | 30.00 |
| 3 | സൈബർ എക്സ്റ്റൻഷൻ | 10.00 |
| 4 | വിവിധ ഓഫീസിലുകളിലേയ്ക്കുള്ള കണക്ടീവിറ്റി | 100.00 |
| 5 | കംപ്യൂട്ടറുകൾ, ആക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കും. | 10.00 |
| 6 | മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതിനും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിനും. | 20.00 |
| | **ആകെ** | **250.00** |

**18.കൃഷി പാഠശാല- അഗ്രോ എക്കോളജിക്കൽ യൂണിറ്റ് (എ.ഇ.യു) അടിസ്ഥാനമാക്കിയുള്ള കൃഷി**

**(വിഹിതം. 50.00 ലക്ഷം രൂപ)**

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നത് കൂടാതെ ലാഭകരമായി കൃഷി ചെയ്യുന്നതിനാവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ വശങ്ങളെ സംബന്ധിച്ചുള്ള സമകാലിക വിവരങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

വിവിധ പദ്ധതികൾക്കു കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പരിശീലന, ബോധവൽക്കരണ പരിപാടികൾ സമേതി ഏകോപിപ്പിക്കുകയും നടത്തുകയും ചെയ്യും.

2021-22 വർഷത്തെ സമഗ്ര പരിശീലന മോഡ്യൂളും പരിശീലന കലണ്ടറും തയ്യാറാക്കുകയും അതനുസരിച്ച് കൃഷി ഡയറക്ടറുടെ അംഗീകാരത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതുമാണ്. ബ്ലോക്ക് തലത്തിൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്ന ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രം, ഫീൽഡ്തല ഉദ്യോഗസ്ഥർക്കും കർഷകർക്കും കൃഷിഭവൻ നടപ്പിലാക്കുന്ന പരിപാടികൾക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകും. വേതനം/ഓണറേറിയം എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല.

**19.കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി**

**(വിഹിതം: 1350.00 ലക്ഷം രൂപ)**

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 1350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കുട്ടനാട് പാടശേഖരങ്ങളിൽ പശ്ചാത്തല സൗകര്യവികസനത്തിനും

വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ആകെയുള്ള പദ്ധതി വിഹിതത്തിൽ നിന്നും 1150.00 ലക്ഷം രൂപ കുട്ടനാടൻ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തുന്നു.

പരമ്പരാഗത പെട്ടി, പറ സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ (10-50 എച്ച്.പി) എന്നിവ സ്ഥാപിക്കുന്നതിനും, ഇവ സ്ഥാപിക്കുന്നതിനുള്ള ഉയർന്ന തിട്ടകൾ പണിയുന്നതിനുമായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, പുനർജ്ജനി എന്നീ വിവിധ പദ്ധതികൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്ന വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രവർത്തനങ്ങൾ സംയോജിപ്പിക്കും. കെ.എൽ.ഡി.സി നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും ഇതിലേയ്ക്ക് സംയോജിപ്പിക്കും.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കുട്ടനാടൻ പ്രദേശത്തെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം | 1150.00 |
| 2 | വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകളുടെ വിതരണവും ഇൻസ്റ്റലേഷനും | 200.00 |
| | **ആകെ** | **1350.00** |

**റിസ്ക് മാനേജ്മെന്റ്**

**20. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് 25 പ്രധാനപ്പെട്ട വിളകളെ ഉൾപ്പെടുത്തിക്കൊണ്ട് 1995 മുതൽ നിലവിലുള്ള വിള ഇൻഷുറൻസ് പദ്ധതി 2016-17 ൽ വിള നഷ്ടപരിഹാര തുകയിൽ കാര്യമായ വർദ്ധനവ് വരുത്തിക്കൊണ്ട് പുനസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ അംഗങ്ങളായ കർഷകരിൽ നിന്നും പ്രീമിയം, രജിസ്ട്രേഷൻ ഫീസ്, സർക്കാരിൽ നിന്നുള്ള സംഭാവന എന്നിവ സ്വരൂപിച്ചാണ് വിള ഇൻഷുറൻസ് ഫണ്ട് രൂപീകരിക്കുന്നത്. നിലവിലുള്ള വിളകൾ കൂടാതെ തേനീച്ച വളർത്തലും ചെറു പഴങ്ങളും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതായിരിക്കും. 2021-22 ൽ ഈ പദ്ധതിക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**21. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ ബാധനിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി**

**(വിഹിതം: 750.00 ലക്ഷം രൂപ)**

അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെയും മറ്റു കാർഷിക വിളകളുടെയും ഒരു കരുതൽ ശേഖരം ഉണ്ടാക്കുന്നതിനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം തടയാനായി ബണ്ട് ശക്തിപ്പെടുത്തുന്നതിനും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും അവശ്യാധിഷ്ഠിത സഹായം നൽകുന്നതാണ്. 2021-22-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ജൈവവൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവത്ക്കരണവും**

**22.നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും**

**(വിഹിതം: 25.00 ലക്ഷം രൂപ)**

നെല്ല്, മില്ലറ്റുകൾ ഉൾപ്പെടെ വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും പ്രത്യേകിച്ചും പട്ടികവർഗ്ഗ പ്രദേശങ്ങളിലുള്ളത് സംരക്ഷിക്കുന്നതിനായി ഇത്തരം ഇനങ്ങളുടെ വിത്തുകൾ കൃഷി ചെയ്യുന്നതിനും വിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പട്ടിക വർഗ്ഗക്കാർ, കർഷക ക്ലസ്റ്ററുകൾ, എൻ.ജി.ഒ-കൾ മറ്റ് സംഘടനകൾ എന്നിവയ്ക്ക് സഹായം നൽകുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. മറ്റ് പ്രദേശങ്ങളിലും ഈ തരത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത ഇനങ്ങളുടെ വിത്തുകൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. കൃഷി ഡയറക്ടറേറ്റിൽ പ്രവൃത്തിക്കുന്ന ജൈവകൃഷി സെൽ വിവിധ

വിളകളുടെ പരമ്പരാഗത ഇനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും 5.00 ലക്ഷം രൂപ വയനാട് ജില്ലയിലെ വിവിധ പരമ്പരാഗത വിളയിനങ്ങളുടെ സംരക്ഷണത്തിനായിട്ടാണ്.

**പുതിയ പദ്ധതി**

**23. കേരള ഫാംഫ്രഷ് – പഴം പച്ചക്കറി തറവില**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കർഷകർക്ക് 16 ഇനം പഴം പച്ചക്കറികളുടെ വിലയിൽ ഇടിവുണ്ടാകുന്ന സാഹചര്യത്തിൽ സാമ്പത്തികസഹായം നൽകാൻ ലക്ഷ്യമിടുന്നു. നിർദ്ദിഷ്ട അടിസ്ഥാന വിലയിൽ നിന്നും ഉല്പന്നങ്ങളുടെ വിലയുടെ വ്യത്യാസം സർക്കാർ ഇൻസെന്റീവായി കർഷകനു നൽകും. ഈ പദ്ധതിയ്ക്കായി 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതി – സംസ്ഥാന വിഹിതം**

**24.സംയോജിത പദ്ധതി – കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ - (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 10331.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:സംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും, അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപ പദ്ധതികൾക്ക് രൂപം നൽകുന്നതിനും, സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്രബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യ മാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൃഷി ഉന്നതി യോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിര പദ്ധതി(എൻ.എം.എസ്.എ),എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം. ഒ.ഒ.പി), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ), പ്രധാൻ മന്ത്രി കൃഷി സിഞ്ചയ് യോജന (പി.എം.കെ.എസ്.വൈ), അഗ്രോ ഫോറസ്ട്രിക്കായുള്ള ദേശീയ പദ്ധതി, സസ്യരോഗകീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കായുള്ള സബ്മിഷൻ, വിവര സങ്കേതിക വിദ്യ, കാർഷിക വിപണത്തിനായുള്ള സംയോജിത പദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2021-22 വർഷം ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 10331.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 1000.00 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ) നീക്കിവച്ചിരിക്കുന്നു. ആർ.കെ.വി.വൈ യുടെ സംസ്ഥാന വിഹിതമായ 3552.00 ലക്ഷം രൂപയും, ഹോർട്ടിക്കൾച്ചർ മിഷന്റെ സംസ്ഥാന വിഹിതമായ 1000.00 ലക്ഷം രൂപയും കാർഷിക യന്ത്രവൽക്കരണത്തിനായുള്ള സബ്മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 858.00 ലക്ഷം രൂപയും മറ്റ് സി.എസ്.എസ് പദ്ധതികളുടെ സംസ്ഥാന വിഹിതമായ 3921.00 ലക്ഷം രൂപയും ഇതിൽ വകയിരുത്തുന്നു. ഇതിനു പുറമെ 2021-22-ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള സംസ്ഥാന വിഹിതവും ഇതിൽനിന്നും വഹിക്കാവുന്നതാണ്. എൻ.എം.എ.ഇ.റ്റി. ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം ഭരണാനുമതി നൽകാവുന്നതാണ്. ആർ.കെ.വി.വൈ-ൽ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം, പച്ചക്കറി വികസനം, ജൈവ കൃഷി പ്രോത്സാഹനം, മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം, ജില്ലാ സംഭരണ കേന്ദ്രങ്ങൾ, നീര സംസ്കരണ പ്രോജക്ടുകൾക്കുള്ള സഹായം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

## 1.2 മണ്ണ് – ജലസംരക്ഷണം

2021-22-ൽ മണ്ണ് ജലസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഉപമേഖലയിൽ വകയിരുത്തിയിരിക്കുന്ന 10300.00 ലക്ഷം രൂപയിൽ 8400.00 ലക്ഷം രൂപ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ നീർത്തടങ്ങളിലും പാടശേഖരങ്ങളിലും അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കും വെള്ളപ്പൊക്ക സംരക്ഷണത്തിനും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

**2021-22-ലെ ബഡ്ജറ്റ് വിഹിതം**

| ക്രമ നമ്പർ | വകുപ്പ്/ഓർഗനൈസേഷൻ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 330.00 |
| 2 | കെ.എസ്.ആർ.ഇ.സി | 250.00 |
| 3 | മണ്ണ് പര്യവേക്ഷണം | 245.00 |
| 4 | മണ്ണ് സംരക്ഷണം | 9475.00 |
| | **ആകെ** | **10300.00** |

### സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പദ്ധതികൾ

താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാന ഭൂവിനിയോഗ ബോർഡിന് 330.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1. സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ

**(വിഹിതം: 128.00 ലക്ഷം രൂപ)**

സംസ്ഥാന ഭൂവിനിയോഗ ബോർഡ് നിലവിലെ ഭൂവിനിയോഗത്തെ സംബന്ധിച്ച് സൂക്ഷ്മതല വിവരശേഖരണം, ഭൂവിഭവങ്ങൾ, ഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടൽ, കാര്യക്ഷമമായ ഭൂവിനിയോഗം തുടങ്ങിയ പഠനങ്ങൾ നടത്തുന്നതിൽ സക്രിയമായി ഇടപെടുന്നു. കൂടാതെ, പ്രകൃതി വിഭവങ്ങളുടെ വിവരശേഖരണവും പഠനങ്ങളും ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്നു. വിഭവാധിഷ്ഠിതവും വിഷയാനുസൃതവുമായ ഭൂപട നിർമ്മാണം, സ്പേഷ്യൽ ഡാറ്റാബേസ് വികസനം, സ്ഥലപര തീരുമാന സഹായ സംവിധാനം തുടങ്ങിയ മേഖലകളിൽ സാങ്കേതിക സഹായവും ബോർഡ് നൽകി വരുന്നു. ഭൂവിഭവ സംരക്ഷണം, ജലസംരക്ഷണം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികളും വകുപ്പ നൽകുന്നു. ഇതര വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഭൂവിനിയോഗം, സ്ഥല സംബന്ധമായ ആസൂത്രണം എന്നിവയിലേക്ക് മാർഗോപദേശക സേവനങ്ങളും സംസ്ഥാന ഭൂവിനിയോഗ ബോർഡ് പ്രദാനം ചെയ്യുന്നു.

ജിയോ ഇൻഫർമാറ്റിക്സ് ലബോറട്ടറിയെ സംസ്ഥാന തലത്തെ ഡിജിറ്റൽ വിവര സങ്കേതമാക്കി തുടർന്നും ശക്തിപ്പെടുത്താനും ജിയോഇൻഫർമാറ്റിക്സ് ലാബിന്റെ ഉപയോഗ യോഗ്യത പരമാവധി ഉയർത്താനുമാണ് 2021-22-ൽ ലക്ഷ്യം വയ്ക്കുന്നത്. വിവിധ വകുപ്പുകളിലും മറ്റ സ്രോതസ്സുകളിലുമുള്ള വിഭവങ്ങളെ ഡിജിറ്റൽ രൂപത്തിലാക്കാനും ഉപഭോക്തൃ സൗഹൃദപരമായ തരത്തിൽ ലഭ്യമായ വിവരങ്ങളെ മാറ്റി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ആസൂത്രണം ചെയ്യുന്നവർക്കും, ഭരണകർത്താക്കൾക്കും മറ്റ് വകുപ്പുകൾക്കും പ്രയോജനപ്രദമായ രീതിയിൽ വിവരങ്ങൾ കാലാനുസൃതമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് വിഷയാടിസ്ഥാനത്തിൽ കണക്കുകൾ നൽകികൊണ്ട് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കും ഹരിതകേരള മിഷനും ജി.ഐ.എസ് പിന്തുണ നൽകും. ഭൂവിഭവ ആസൂത്രണത്തിന്റെ എല്ലാ വശങ്ങളിലും പുതിയ ഐ.റ്റി മാതൃക നടപ്പാക്കുന്നതിലെ വെല്ലുവിളികൾ നേരിടാൻ ജിയോ ഇൻഫർമാറ്റിക്സ് ലാബ് ശക്തിപ്പെടുത്തും. കൊല്ലം, വയനാട് ജില്ലകളിലെ പാഴ് ഭൂമിയെക്കുറിച്ച് സ്ഥല വിവര (സ്പേഷ്യൽ) ഡാറ്റാബേസ് തയ്യാറാക്കും. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുള്ള അവബോധ പരിപാടികൾ സംഘടിപ്പിക്കാനും ജലസമൃദ്ധി പ്രോജക്ട് ഡോക്യുമെന്റ് ചെയ്യാനും പദ്ധതി ലക്ഷ്യമിടുന്നു.

2021-22 വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 128.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| എ | ജിയോ ഇൻഫോർമാറ്റിക്സ് ലാബ് മെച്ചപ്പെടുത്തൽ | 19.00 |
| ബി | ഭൂവിനിയോഗ നിർണ്ണയ മാതൃകകൾ വികസിപ്പിക്കൽ | 59.00 |
| സി | ഭൂവിനിയോഗ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പശ്ചാത്തല വികസനത്തിനും | 8.50 |
| ഡി | ഉദ്യോഗസ്ഥർക്ക് പരിശീലനം | 0.50 |
| ഇ | നീർത്തടാധിഷ്ഠിത ആസൂത്രണം, ജി.ഐ.എസ്. ആപ്ലിക്കേഷൻ, റിമോട്ട് സെൻസിംഗ് എന്നിവയിൽ പരിശീലനവും ഹ്രസ്വകാല കോഴ്സുകളും | 1.00 |
| എഫ് | കേരളത്തിലെ പ്രകൃതി വിഭവങ്ങളുടെ പഞ്ചായത്തുതല ഡാറ്റാ ബാങ്ക് നിർമ്മാണം | 23.00 |
| ജി | ബോധവൽക്കരണ പരിപാടി | 5.00 |
| എച്ച് | ജലസമൃദ്ധി പദ്ധതിയുടെ ഡോക്യുമെന്റേഷൻ | 12.00 |
| | **ആകെ** | **128.00** |

പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് പദ്ധതിയേതര ഉറവിടങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**2. പഞ്ചായത്ത്, ബ്ലോക്കുതല വിഭവ പര്യവേക്ഷണം**

**(വിഹിതം:152.00 ലക്ഷം രൂപ)**

ഡാറ്റാബേസ് തയ്യാറാക്കുന്നതോടൊപ്പം ബ്ലോക്ക് തലത്തിലും പഞ്ചായത്തുതലത്തിലും നീർത്തട പ്രോജക്ടുകൾ തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 152.00 ലക്ഷം രൂപ താഴെ പറയുന്ന ഇനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- മലപ്പുറം ജില്ലയിലെ തൂത നദിയിലേയ്ക്ക് നേരിട്ട് ഒഴുകുന്ന 13 ചെറു തണ്ണീർത്തടങ്ങൾ, തെക്കുംനിന്നും പാലക്കാട് കണ്ണാടിനദിയിലേയ്ക്ക് നേരിട്ട് ഒഴുകുന്ന 5 ചെറു തണ്ണീർത്തടങ്ങൾ, തൃശ്ശൂരിലെ വടക്കാഞ്ചേരി നദിയുടെ വൃഷ്ടി പ്രദേശം ഉൾപ്പെടുന്ന കീച്ചേരി നദിയുടെ 15 ചെറുതണ്ണീർത്തടങ്ങൾ എന്നിവയുടെ എൻ.ആർ.എം പദ്ധതികൾ യഥാക്രമം മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാപഞ്ചായത്തുകളുമായി സഹകരിച്ച് തയ്യാറാക്കുക.
- ഗായത്രി നദിയുടെ ഒരു കൈവഴിയായ മംഗലം പുഴയുടെ 17 ചെറു തണ്ണീർത്തടങ്ങൾക്ക് കാർഷിക പാരിസ്ഥിതിക യൂണിറ്റ് തലത്തിൽ ഭൂ ആവരണ വിവര സംവിധാനം വഴി പരിസ്ഥിതി പുനസ്ഥാപന പദ്ധതി പൂർത്തീകരിക്കുക.
- 133.45 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഭവാനി നദീതടത്തിലെ പ്രാരംഭ നീരൊഴുക്ക് പ്രദേശത്ത് 23 ചെറുതണ്ണീർത്തടങ്ങളുടെ ഭൂ അപഗ്രഥനം.
- കൊച്ചി നഗരസഭയ്ക്കു വേണ്ടി ഭൂവിനിയോഗ മാതൃക തയ്യാറാക്കൽ

പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് പദ്ധതിയേതര ഉറവിടങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**3. ഭൂവിഭവ വിവര സംവിധാനം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

പ്രാദേശികതലത്തിലുള്ള ആസൂത്രണത്തിനായി സ്പേഷ്യൽ ഡാറ്റാ സാങ്കേതിക വിദ്യയുടെ പ്രവർത്തനം വിശദീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ പ്രായോഗിക ഗവേഷണം (ഓപ്പറേഷൻ റിസർച്ച്), ഡാറ്റാ മാനേജ്മെന്റ് മോഡലിംഗ് എന്നിവയിൽ സോഫ്റ്റ് വെയർ സഹായം നൽകാനും ഈ പദ്ധതി ലക്ഷ്യം വക്കുന്നു.

2021-22 വാർഷിക പദ്ധതിയിൽ ഇടുക്കി, കൊല്ലം, കോഴിക്കോട്, കോട്ടയം എന്നീ 4 ജില്ലകളുടെ ഭൂവിനിയോഗ ഭൂപടം പുതുക്കുന്നതിനും ഭൂവിഭവവിവര സംവിധാനത്തിൽ വിവരം ചേർക്കുന്നതിനും കണ്ണൂർ ജില്ലയുടെ സമഗ്ര തണ്ണീർത്തട വിവര സംവിധാനം പൂർത്തീകരിക്കുന്നതിനും നിലിവലുള്ള വിഭവവിവര സഞ്ചയം പുനർക്രമീകരിക്കുകയും വിവിധ ഉപയോക്താക്കൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നതിന് 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 4. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി)

**(വിഹിതം: 250.00 ലക്ഷം രൂപ)**

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, നമ്മുടെ സംസ്ഥാനത്ത് റിമോട്ട് സെൻസിംഗ്, ജി.ഐ.എസ് തുടങ്ങിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. 2021–22 വർഷത്തിൽ കെ.എസ്.ആർ.ഇ.സി യുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു. നിലവിൽ നടന്നു വരുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും, പ്രാദേശികതലത്തിൽ സ്പേഷ്യൽ ആസൂത്രണത്തിനും ഭരണത്തിനുമുള്ള ഡിസിഷൻ സപ്പോർട്ട് സംവിധാനം എന്ന പുതിയ പ്രോജക്ടിനും പദ്ധതി വിഹിതം ഉപയോഗിക്കാം.

പദ്ധതി വിഹിതം താഴെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സർവ്വർ നവീകരണം/അറ്റകുറ്റപ്പണി | 50.00 |
| 2 | ഭൂസ്വത്തിന്റെ അതിർത്തി വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും നെൽവയൽ തണ്ണീർത്തട ആക്ട് പ്രകാരമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും | 100.00 |
| 3 | പ്രാദേശികതലത്തിൽ സ്പേഷ്യൽ ആസൂത്രണത്തിനും ഭരണത്തിനുമുള്ള ഡിസിഷൻ സപ്പോർട്ട് സംവിധാനം | 100.00 |
| | **ആകെ** | **250.00** |

## മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ്

### (എ) മണ്ണ് പര്യവേക്ഷണം

2021–22 – വാർഷിക പദ്ധതിയിൽ മണ്ണു പര്യവേഷണ വകുപ്പ് താഴെ പറയുന്ന 4 പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിലേക്കായി 245.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 5. മണ്ണ് പര്യവേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം

**(വിഹിതം: 11.00 ലക്ഷം രൂപ)**

മണ്ണു പര്യവേഷണത്തിനുള്ള ആധുനിക രീതികൾ പ്രാവർത്തികമാക്കാൻ വകുപ്പ് ഉദ്യോഗസ്ഥർക്ക് മണ്ണു പര്യവേഷണത്തിലെ നൂതന സാങ്കേതിക വിദ്യകൾ, റിമോട്ട് സെൻസിംഗ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നിവയിൽ പരിശീലന പരിപാടികൾ പതിവായി നൽകി വരുന്നു.

2021–22–ലെ പദ്ധതി വിഹിതം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

- മണ്ണ് പര്യവേഷണവുമായി ബന്ധപ്പെട്ട ദേശീയതല /സംസ്ഥാനതല പരിശീലന സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരെ പരിശീലനത്തിന് അയയ്ക്കുന്നതിന്
- സംസ്ഥാനതലത്തിലും ദേശീയതലത്തിലുമുള്ള സ്ഥാപനങ്ങളിൽ റിമോട്ട് സെൻസിംഗും ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിലുമുള്ള പരിശീലന പരിപാടികളിൽ ഉദ്യാഗസ്ഥരെ പങ്കെടുപ്പിക്കുന്നതിന്.
- മണ്ണ് പര്യവേഷണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, ശില്പശാലകൾ, കോൺഫറൻസുകൾ, തുടങ്ങിയവ നടത്തുന്നതിന്
- മണ്ണ്പര്യവേഷണ മണ്ണ് സംരക്ഷണവകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച് പോസ്റ്റ് ഗ്രാഡ്ജ്വേറ്റ് പഠനത്തിന് ഒരു ഉദ്യോഗസ്ഥനെ അയയ്ക്കുന്നതിന്. ട്യൂഷൻ ഫീസ് ഇനത്തിലുള്ള ചിലവ് പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. ഹോസ്റ്റൽ ഫീ തുടങ്ങിയ മറ്റ് ചിലവുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രൊപ്പോസലിനൊപ്പം അപേക്ഷയും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കണം.

## 6. പരീക്ഷണശാലകൾ

**(വിഹിതം: 120.00 ലക്ഷം രൂപ)**

മണ്ണിന്റെ രാസപരിശോധന മണ്ണ് പര്യവേഷണത്തിന്റെ അവശ്യഘടകമാണ്. ഇത് നിരീക്ഷണങ്ങളെ കൂടുതൽ പിന്താങ്ങുകയും മണ്ണ് പര്യവേഷണ റിപ്പോർട്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. നിലവിൽ മണ്ണ് പര്യവേഷണ വകുപ്പിന്റെ കീഴിലുള്ള 7 ലബോറട്ടറികളിൽ മണ്ണിന്റെയും ജലത്തിന്റേയും എല്ലാ ഭൗതിക രാസഘടകങ്ങളുടെയും വിവിധ പരിശോധനകൾ നടത്തി വരുന്നു. കൂടാതെ, തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിലും തൃശ്ശൂർ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലും കൽപ്പറ്റ ഹൈടെക്ക് സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിലും മണ്ണിലുള്ള കീടനാശിനിയുടെ അവശിഷ്ടം സംബന്ധിച്ച് പരിശോധന നടത്തിവരുന്നു. തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ മണ്ണിലെ സൂക്ഷ്മാണുക്കളെ സംബന്ധിച്ച പഠനങ്ങൾ നടത്താനുള്ള സൗകര്യങ്ങളും ലഭ്യമാണ്. കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യക്തിഗത കൃഷി നിലങ്ങൾക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകിവരുന്നു. സംയോജിതമായ രീതിയിലാണ് ഈ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുക. കൃഷിവകുപ്പും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും ചേർന്ന് സൃഷ്ടിക്കുന്ന ഡേറ്റാബേസ് സംയോജിപ്പിച്ച് നിലവിലുള്ള പോർട്ടലിൽ അവശ്യമായ മാറ്റ വരുത്തി ഒരു പൊതു മണ്ണ് ഫലഭൂയിഷ്ഠതാ പോർട്ടലായി വികസിപ്പിക്കും. സംസ്ഥാനത്തിനുവേണ്ടി സമഗ്രമായ മണ്ണ് ഫലഭൂയിഷ്ഠിതാ പോർട്ടൽ വികസിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൃഷി ഡയറക്ടറും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറും ഒരുമിച്ച് പ്രവർത്തിക്കും.

2021-22-ൽ മണ്ണു പര്യവേഷണ വകുപ്പിനു കീഴിലുള്ള ലബോറട്ടറികളുടെ അപഗ്രഥന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ലബോറട്ടറിക്കാവശ്യമായ ഗ്ലാസ്സ് വെയറുകൾ, കെമിക്കലുകൾ, ലബോറട്ടറി ഉപകരണങ്ങൾ, മൊബൈൽ സോയിൽ ടെസ്റ്റ് ലാബിലെ ഉപകരണങ്ങൾക്കുള്ള എ.എം.സി, മറ്റ് പ്രധാന ഉപകരണങ്ങൾക്കുള്ള എ.എം.സി എന്നിവയ്ക്ക് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. കൂടാതെ മണ്ണ് പരിശോധന കാർഡുകൾ തയ്യാറാക്കുക, നിലവിലുള്ള കീടനാശിനി പരിശോധനയുടെ നിലവാരം ഉയർത്തുക, സൂക്ഷ്മാണു പരിശോധന സംവിധാനങ്ങൾ ഒരുക്കുക തുടങ്ങിയവയ്ക്കും പദ്ധതി വിഹിതം നീക്കിവച്ചിട്ടുണ്ട്. മൊബൈൽ സോയിൽ ടെസ്റ്റ് ലാബുകൾ സ്ഥാപിക്കുന്നതിന് പ്രസ്തുത തുക ഉപയോഗിക്കുവാൻ പാടില്ല. വാഹനം വാങ്ങാനും വാടകയ്ക്ക് എടുക്കാനും പദ്ധതി തുക വിനിയോഗിക്കാൻ പാടില്ല.

## 7. മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ

**(വിഹിതം: 105.00 ലക്ഷം രൂപ)**

മണ്ണിന്റേയും ഭൂവിഭവങ്ങളുടേയും വിവിധ വശങ്ങളെ സംബന്ധിച്ച് സംയോജിത ഭരണനിർവ്വഹണത്തിനുള്ള ഉപദേശകവിഭാഗമായി സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ പ്രവർത്തിക്കുന്നു. കൂടാതെ മണ്ണ് പര്യവേഷണ ഭൂപട നിർമ്മാണത്തിന് പ്രാദേശിക സർക്കാരുകൾക്കാവശ്യമായ വിശദാംശങ്ങൾ നൽകുന്നതിനും ഭൂവിഭവങ്ങളുടെ ശരിയായ വിനിയോഗത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും സെൽ പ്രവർത്തിക്കുന്നു.

2021-22 കാലയളവിൽ വിശദമായ മണ്ണ് പര്യവേഷണത്തിനും കഡസ്ട്രൽ മാപ്പുകൾ, ഡിജിറ്റൽ ടോപ്പോഷീറ്റുകൾ, ഉപഗ്രഹ ചിത്രങ്ങൾ എന്നിവ വാങ്ങുന്നതിനും ഇന്ധനചെലവ്, വാഹനങ്ങളുടെ വാടക, മെഷീനുകൾ, ഉപകരണങ്ങൾ, കാർട്ടോഗ്രാഫിക് മെറ്റീരിയൽസ് എന്നിവ വാങ്ങുന്നതിനും കരാർ അടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിക്കുന്നതിനും, റിപ്പോർട്ടുകൾ, ഭൂപടങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും ജിയോമാറ്റിക്സ് ലാബ് ശക്തിപ്പെടുത്തുന്നതിനും സെല്ലിന്റെ പൊതു പ്രവർത്തനത്തിനുമായി തുക വിനിയോഗിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു.

സോയിൽ മ്യൂസിയം ശക്തിപ്പെടുത്തുന്നതിനായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ പ്രദർശന വസ്തുക്കൾ വാങ്ങാനും മ്യൂസിയത്തോടനുബന്ധമായുള്ള ലൈബ്രറിയിലെ റഫറൻസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിലെ സൗകര്യങ്ങളുടെ പരിപാലനത്തിനും അഗ്നിശമന ഉപകരണം സ്ഥാപിക്കുന്നതിനും ജനറേറ്ററിന്റെ ഇന്ധന ചിലവുകൾക്കും പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്.

## 8. ഡാറ്റാ ബാങ്ക് സ്ഥാപിക്കൽ

**(വിഹിതം: 9.00 ലക്ഷം രൂപ)**

നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി വികസിപ്പിച്ചെടുത്ത 22 ഇന ഭൂവർഗ്ഗീകരണത്തിനായി ഡാറ്റാ ബാങ്ക് വികസിപ്പിക്കുകയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് മണ്ണ് പര്യവേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഫീൽഡ് സർവ്വേയുടേയും വിഷയ സംബന്ധിയായ ഭൂപട നിർമ്മാണത്തിന്റേയും ഇടവേള കുറയ്ക്കുകയും ഗുണഭോക്താക്കൾക്ക് പര്യവേഷണത്തിന്റെ ഫലം യഥാസമയം അറിയിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

ഉപഗ്രഹ ചിത്രങ്ങളുടെ വിശദീകരണത്തിനും ഫീൽഡ് സർവ്വേയ്ക്കുമായി 2021-22 ൽ 9.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 'മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായുള്ള സെൽ' എന്ന പദ്ധതിയിൽ നൽകിയിട്ടുള്ള കരാർ ജീവനക്കാരെ ഈ പദ്ധതിയിലും പ്രയോജനപ്പെടുത്തേണ്ടതാണ്. പുതിയ കരാർ ജീവനക്കാരെ നിയമിക്കാൻ പാടില്ല.

### (ബി) മണ്ണ് സംരക്ഷണം

2021-22 വാർഷിക പദ്ധതിയിൽ മണ്ണു സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. മണ്ണ് സംരക്ഷണത്തിനായി 9475.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 5515.00 ലക്ഷം രൂപ കെ.എൽ.ഡി.സി ക്കായി നീക്കി വച്ചിരിക്കുന്നു. മൊത്തം പദ്ധതി വിഹിതത്തിൽ 8400.00 ലക്ഷം രൂപ ആർ.ഐ.ഡി.എഫ് ആയി വകയിരുത്തിയിരിക്കുന്നു.

വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള പദ്ധതികൾ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടില്ല. പ്രകൃതി വിഭവ പരിപാലനത്തിനായി പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## 9.നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പദ്ധതി (ആർ. ഐ. ഡി. എഫ്. – എൻ.ഐ.ഡി.എ സഹായം ലഭിക്കുന്ന പദ്ധതി)

**(വിഹിതം: 3000.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് തിരഞ്ഞെടുത്ത ജില്ലകളിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനനിധിയിൽ നിന്നുള്ള മണ്ണുജല സംരക്ഷണ പദ്ധതികൾ നടത്തിവരുന്നു. 2021-22-ലെ പദ്ധതി വിഹിതം മണ്ണു സംരക്ഷണ വകുപ്പ് നബാർഡ് സഹായത്തോടെ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും ആർ.ഐ.ഡി.എഫ്-നു കീഴിൽ അംഗീകാരംലഭിച്ച പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ഉപയോഗിക്കേണ്ടതാണ്. 2021-22-ൽ 2800.00 ലക്ഷം രൂപ നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പദ്ധതിയ്ക്ക് വകയിരുത്തുന്നു. ആർ.ഐ.ഡി.എഫ്. XXI മുതൽ ആർ.ഐ.ഡി.എഫ് XXVI വരെയുള്ള പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കും പുതിയ പദ്ധതികൾക്കുമാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഭൂഗർഭ ജലത്തിന്റെ അളവ് ഉയർത്തുക, മേൽമണ്ണിന്റെ വളക്കൂറ് സംരക്ഷിക്കുക എന്നിവയിലൂടെ അടിസ്ഥാന ഭൂവിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിൽ മണ്ണൊലിപ്പ് തടയുന്നത് സഹായിക്കാൻ പുല്ല്, രാമച്ചം, കൈത തുടങ്ങിയ ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും പ്രാധാന്യം നൽകുന്നു.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ 1000 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് നബാർഡിന്റെ എൻ.ഐ.ഡി.എ ധനസഹായം ലഭ്യമാക്കുന്നതിന് 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 10.ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം

**(വിഹിതം. 65.00 ലക്ഷം രൂപ)**

ജലവിതരണ പദ്ധതികളുടെ സംഭരണികളിൽ എക്കൽ തടയുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. 2021-22 വാർഷിക പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ജലസംഭരണിയുടെ വൃഷ്ടി പ്രദേശത്തും, കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയുടെ വൃഷ്ടി പ്രദേശത്തും, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ജല സംഭരണിയുടെ വൃഷ്ടി പ്രദേശങ്ങളിലും പദ്ധതി തുടരും.

മണ്ണ് സംരക്ഷണത്തിനായുള്ള ഘടനാപരമായ നടപടികളോടൊപ്പം പുല്ല് നടൽ, രാമച്ചം, കൈത, തുടങ്ങിയ അനുയോജ്യമായ സസ്യജാലങ്ങൾ വച്ചുപിടിപ്പിക്കുന്ന രീതികളും അവംലബിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് 65.00 ലക്ഷം രൂപ വകയിരുത്തുന്നു.

**11. ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം**

**(വിഹിതം: 285.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഉരുൾപൊട്ടൽ ഭീഷണിയുള്ള/സാധ്യതയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ മണ്ണുസംരക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനാണ് പദ്ധതി തുക വകകൊള്ളിച്ചിരിക്കുന്നത്. ഉരുൾപൊട്ടൽ ബാധിത/സാധ്യതാ പ്രദേശങ്ങളിലെ ജൈവ വ്യവസ്ഥയെ ഭദ്രമാക്കാൻ ഈ പദ്ധതി സഹായിക്കുന്നു. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

2021-22 വാർഷിക ബജറ്റിൽ ഉരുൾപൊട്ടൽ ഭീഷണിയുള്ള വിവിധ പ്രദേശങ്ങളിലെ നിലവിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കും പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും 285.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 75.00 ലക്ഷം രൂപ വീതം വകയിരുത്തിയിരിക്കുന്നു.

**12. മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശക്തിപ്പെടുത്തലും**

**(വിഹിതം: 200.00 ലക്ഷം രൂപ)**

മണ്ണ്- ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മണ്ണ് സംരക്ഷണ വകുപ്പിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യാപിപ്പിക്കേണ്ടതിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രദർശനങ്ങൾ നടത്തുന്നതിനും പങ്കെടുക്കുന്നതിനും, ഐ.ഐ.എസ്.ഡബ്ല്യു.സി ഡറാഡൂണിലെ പരിശീലന പരിപാടിയിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനുമുള്ള ചിലവുകൾ വഹിക്കുന്നതിനും പദ്ധതി വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കെ.എൽ.ഡി.സി ഉദ്യോഗസ്ഥർക്കായുള്ള പരിശീലനത്തിനുള്ള തുക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

2021-22 വാർഷിക പദ്ധതിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്ക് പണം അനുവദിച്ചിട്ടില്ല. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തി പണം അനുവദിയ്ക്കാവുന്നതാണ്. ഐ.ഡബ്ല്യു.ഡി.എം.കെ യിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**13.വിവര സാങ്കേതിക വിദ്യയുടെ ഉപയോഗവും മേൽനോട്ടവും വിലയിരുത്തലും**

**(വിഹിതം: 15.00 ലക്ഷം രൂപ)**

തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ഉപദേശക മൂല്യ നിർണ്ണയ സെല്ലിനു വേണ്ടി 15.00 ലക്ഷം രൂപ വകയിരുത്തുന്നു. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ നിരന്തര വിലയിരുത്തൽ സെൽ ഏറ്റെടുത്ത് നടത്തുന്നതാണ്. ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും വകുപ്പ് നടപ്പാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികൾ എ.പി.സി അദ്ധ്യക്ഷനായ കമ്മിറ്റിവഴി സർക്കാർ തെരഞ്ഞെടുക്കുന്ന യോഗ്യതയുള്ള തേർഡ് പാർട്ടി ഏജൻസിയ്ക്ക് വിലയിരുത്തുന്നതിനുമായി പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. പദ്ധതി തുകയിൽ നിന്നും വാഹനം വാങ്ങുവാനും/വാടകയ്ക്ക് എടുക്കുവാനും പാടില്ല.

**14.ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനം**

**(വിഹിതം: 95.00 ലക്ഷം രൂപ)**

കാർഷിക മേഖല അഭിമുഖീകരിക്കുന്ന വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത ജലസ്രോതസ്സുകളുടേയും നീരുറവകളുടേയും ജലനിർഗ്ഗമന മാർഗ്ഗങ്ങളുടേയും പോഷണവും പുനരുജ്ജീവനവുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കാർഷിക ആവശ്യങ്ങൾക്കായി മഴവെള്ള സംഭരണം പരമാവധി വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പരമ്പരാഗത ജലാശങ്ങളേയും തലക്കുളങ്ങളേയും നീരുറവകളേയും പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്ന്. ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ രീതികളിലൂടെ കൃഷിയിടങ്ങളുടേയും ജലനിർഗ്ഗമന മാർഗ്ഗങ്ങളുടേയും നദികളുടെ കൈവഴികളുടേയും സംരക്ഷണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

പരമ്പരാഗത ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനത്തിനും ഭൂഗർഭ ജലത്തിന്റെ സാധ്യത വർദ്ധിപ്പിക്കുന്നതിനും അരുവികളുടെ പുനരുജ്ജീവനത്തിനുമായി 95.00 ലക്ഷം രൂപ 2021-22 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**15.സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉണ്ടായ പ്രളയം/ഉരുൾപൊട്ടലുകൾക്ക് ശേഷം മണ്ണും മണ്ണിന്റെ ഈർപ്പവും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. മണ്ണൊലിപ്പിന്റെ ദൂഷ്യവശങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനം കൈക്കൊള്ളേണ്ടതുണ്ട്. കൂടാതെ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കുന്നതിന് കൂട്ടായ ശ്രമവും ആവശ്യമാണ്. അതേസമയം, സൂക്ഷ്മനീർത്തടാധിഷ്ഠിത വികസനത്തിലൂടെ ഉല്പാദനപരവും സുസ്ഥിരവുമായ സംരംഭങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിന് 2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

നടപ്പ് പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച കാട്ടാക്കട തളിപ്പറമ്പ് പ്രോജക്ടുകൾ ഈ വർഷവും തുടരും. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിന്റെ ഫലപ്രദമായ പൂർത്തീകരണത്തിന് 200.00 ലക്ഷം രൂപ വകയിരുത്തുന്നു. കാട്ടാക്കട നിയോജകമണ്ഡലത്തിലേയ്ക്ക് 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**കേരള ഭൂവികസന കോർപ്പറേഷൻ മുഖേന നടത്തി വരുന്ന പദ്ധതികൾ**

കേരള ഭൂവികസന കോർപ്പറേഷൻ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയുടെ ധനസഹായത്തോടെ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. 2021-22 വാർഷിക പദ്ധതിയിൽ 5515.00 ലക്ഷം രൂപ കെ.എൽ.ഡി.സി യ്ക്ക് വകയിരുത്തുന്നു. ഇതിൽ 5400.00 ലക്ഷം രൂപ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ നടപ്പിലാക്കുന്നതിനും 115.00 ലക്ഷം രൂപ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനുമാണ്.

1. **വെട്ടിക്കടവ് - നാറാണിപ്പുഴ നൂറടിത്തോട് മെച്ചപ്പെടുത്തൽ (പൊന്നാനി കോൾ) (സംസ്ഥാന പദ്ധതി)**

**(വിഹിതം:15.00. ലക്ഷം രൂപ)**

പദ്ധതിയുടെ ആകെ വിഹിതം 2758.00 ലക്ഷം രൂപയാണ്. പദ്ധതി പൂർത്തീകരണത്തിനായി 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

2. **സഹസ്ര സരോവർ പദ്ധതി രണ്ടാം ഘട്ടം – സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കുളങ്ങളുടെ നവീകരണം (സംസ്ഥാന പദ്ധതി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

വലിയ കുളങ്ങളുടേയും ചിറകളുടേയും നവീകരണത്തിന് പദ്ധതി ലക്ഷ്യമിടുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കുളങ്ങളുടേയും ചിറകളുടേയും നവീകരണമാണ് ഈ വർഷം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2021-22 ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

3. **ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും (ആർ.ഐ.ഡി.എഫ് XVIII)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പദ്ധതിയുടെ ആകെ വിഹിതം 2416.65 ലക്ഷം രൂപയാണ്. ആർ.ഐ.ഡി.എഫ് XVIII ൽ നാല് പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. എല്ലാ പ്രവൃത്തികളും പൂർത്തിയായി. ക്ലെയിം തുക 2718.582 ലക്ഷം രൂപയാണ്. കെ.എൽ.ഡി.സി യുടെ സെന്റേജ് ചാർജ്ജിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

4. **സമഗ്ര കോൾനില വികസന പദ്ധതി : സംയോജിത കോൾനില വികസനത്തിനായി പശ്ചാത്തല വികസന പ്രവർത്തനങ്ങൾ (ആർ.ഐ.ഡി.എഫ് XIX, XX & XXII)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

മൂന്ന് ഫേസുകളിലേയ്ക്കുമുള്ള പദ്ധതികൾക്കായി 22086.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. മുഴുവൻ കോൾ മേഖലയിലും കാര്യക്ഷമമായ ജലമാനേജ്മെന്റ് സംവിധാനം സ്ഥാപിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ വെള്ളപ്പൊക്കം മൂലം കോൾ മേഖലയിലെ നെൽകൃഷി നഷ്ടപ്പെടാതിരിക്കാനും നെൽ ഉല്പാദനം വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. തുടർ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**5. ജല നിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും (ആർ.ഐ.ഡി.എഫ് XIX)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പദ്ധതിയുടെ ആകെ വിഹിതം 8882.5 ലക്ഷം രൂപയാണ്. ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ഉല്പാദനക്ഷമത ഉയർത്തുന്നതിനുമായി കൃഷി ഭൂമിയിൽ കാര്യക്ഷമമായ ജല ലഭ്യത ഉറപ്പ് വരുത്തേണ്ടതിലേയ്ക്ക് കുളങ്ങളുടെ നവീകരണത്തിനും പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി ലക്ഷ്യമിടുന്നു. 58 പ്രോജക്ടുകളിൽ 50 എണ്ണം പൂർത്തീകരിക്കുകയും 5 എണ്ണം ഉപേക്ഷിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രോജക്ടുകൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**6. പാലക്കാട് ജില്ലയിലെ വരൾച്ചയെ നേരിടുന്നതിനായി കുളങ്ങളുടെ നവീകരണം (ആർ.ഐ.ഡി.എഫ് XX)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

നിലവിലുള്ള കുളങ്ങൾ നവീകരിച്ച് കൂടുതൽ ജലം സംഭരിച്ച് നിലനിർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഏറ്റെടുത്തിട്ടുള്ള പ്രോജക്ടാണിത്. ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തത്തോടെ നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിച്ച മഴവെള്ള സംരക്ഷണവും സംഭരണവുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സമഗ്ര വരൾച്ചാ ലഘൂകരണ പദ്ധതിയുടെ ആദ്യഘട്ടമായി 2016-17 ൽ പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണത്തിനായി ഈ പദ്ധതി തുടങ്ങിയത്. 2021-22-ൽ പദ്ധതി പൂർത്തീകരിക്കുന്നതിന് 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**7. ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും – സഹസ്രസരോവർ പദ്ധതിയും അടിസ്ഥാന സൗകര്യ വികസനവും (ആർ.ഐ.ഡി.എഫ് XX)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XX ലേയ്ക്കുള്ള 54 പ്രോജക്ടുകൾക്കായി 11021.30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 54 പ്രോജക്ടുകളിൽ 39 എണ്ണം പൂർത്തീകരിച്ചു. പൂർത്തീകരിക്കാനുള്ള പ്രോജക്ടുകളുടെ ചിലവിലേയ്ക്കായി 1000.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തുന്നു.

**8. ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും – സഹസ്രസരോവർ പദ്ധതിയും അടിസ്ഥാന സൗകര്യ വികസനവും (ആർ.ഐ.ഡി.എഫ് XXI)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XXI ലേയ്ക്കുള്ള 46 പ്രോജക്ടുകൾക്കായി 87.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 46 പ്രോജക്ടുകളിൽ 20 പ്രോജക്ടുകളുടെ പണി പൂർത്തീകരിച്ചു. തോട്/കുളം/കനാൽ എന്നിവയുടെ നവീകരണത്തിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. 2021-22 ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**9. അടിസ്ഥാന സൗകര്യ വികസന പദ്ധതികളും സഹസ്ര സരോവർ പദ്ധതികളും ആർ.ഐ.ഡി.എഫ് (XXII )**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XXII ട്രാൻഷേയിൽ 26 പദ്ധതികൾക്ക് 67.98 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2021-22 വാർഷിക പദ്ധതിയിൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**10. ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും – അടിസ്ഥാന സൗകര്യ വികസനവും സഹസ്ര സരോവർ പദ്ധതിയും ആർ.ഐ.ഡി.എഫ് XXIV.**

**(വിഹിതം. 500.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XXIV ൽ അഞ്ച് പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾക്കുള്ള മൊത്തം ചിലവ് 23.16 കോടി രൂപയാണ്. പാടശേഖരങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം, കൃഷിയിടങ്ങളിലേയ്ക്ക് കാര്യക്ഷമമായ ജലവിതരണത്തിനായി കുളങ്ങളുടെ നവീകരണം എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 11. ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും – അടിസ്ഥാന സൗകര്യ വികസനവും സഹസ്ര സരോവർ പദ്ധതിയും ആർ.ഐ.ഡി.എഫ് XXV

**(വിഹിതം. 200.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XXV ൽ ഒൻപത് പ്രോജക്ടുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഈ പ്രോജക്ടുകൾക്കുള്ള ചിലവ് 56.18 കോടി രൂപയാണ്. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കുളങ്ങളുടേയും കനാലുകളുടേയും നവീകരണത്തിനും വി.സി.ബി, എഞ്ചിൻതറ, സ്ലൂയിസ് നിർമ്മാണം തുടങ്ങി കൃഷിനിലത്തിലേയ്ക്കാവശ്യമായ കാര്യക്ഷമമായ ജലവിതരണത്തിനുള്ള പ്രോജക്ടുകളാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. 2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പുതിയ പദ്ധതികൾ (ആർ.ഐ.ഡി.എഫ്)**

### 12. ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും – സഹസ്ര സരോവർ പദ്ധതി (ആർ.ഐ.ഡി.എഫ് XXVI)

**(വിഹിതം. 50.00 ലക്ഷം രൂപ)**

കാര്യക്ഷമമായ ജലവിതരണത്തിന് പാടശേഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, കുളം നവീകരണം, തോടുകൾ, കനാലുകൾ എന്നിവയുടെ നവീകരണം, വി.സി.ബി, എഞ്ചിൻതറ, സ്ലൂയിസുകൾ നിർമ്മാണം എന്നിവയ്ക്കായി പദ്ധതി ലക്ഷ്യമിടുന്നു.

### 13. കുട്ടനാടൻ പാടശേഖങ്ങളിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം (ആർ.ഐ.ഡി.എഫ് XXVII)

**(വിഹിതം. 400.00 ലക്ഷം രൂപ)**

കുട്ടനാടൻ പാടശേഖരങ്ങളിൽ വിവിധ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഏറ്റെടുത്ത് നടത്താൻ പദ്ധതി ലക്ഷ്യമിടുന്നു. മുട്ടാർ പഞ്ചായത്തിലെ ചിറക്കുളം പാടശേഖരം, പുളിങ്കുന്നു പഞ്ചായത്തിലെ കായൽപ്പുറം പൗത്തുക്കാട് പാടം, ഇടത്വ പഞ്ചായത്തിലെ നടുവിൽ വരമ്പിനകം പാടം എന്നിവയിലെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് 2021-22 ൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 1.3 മൃഗസംരക്ഷണം

സംസ്ഥാനത്തെ സാമ്പത്തിക സാമൂഹിക വികസനത്തിൽ മൃഗസംരക്ഷണത്തിനും, ക്ഷീരവികസനത്തിനും വളരെ പ്രാധാന്യമുണ്ട്. ഈ മേഖലയ്ക്ക് 2021-22 ബജറ്റിൽ താഴെ പറയുന്ന വിധത്തിൽ വിഹിതം വകയിരുത്തുന്നു.

| ക്രമ നമ്പർ | വകുപ്പ്/ഏജൻസി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മൃഗസംരക്ഷണ വകുപ്പ് | 15750.00 |
| 2 | ക്ഷീരവികസന വകുപ്പ് | 9621.00 |
| 3 | കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ. എൽ.ഡി.ബി) | 2150.00 |
| 4 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) | 750.00 |
| 5 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) | 1563.00 |
| 6 | കേരളാ ഫീഡ്സ് ലിമിറ്റഡ് | 500.00 |
| 7 | കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ്) | 750.00 |
| 8 | കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി | 7437.00 |
| | **ആകെ** | **38521.00** |

മൃഗസംരക്ഷണ ക്ഷീരവികസന ഉപമേഖലകൾക്ക് 2021-22-ൽ സംസ്ഥാന പദ്ധതികൾക്കുള്ള വിഹിതമായി ആകെ നീക്കി വച്ചിരിക്കുന്ന തുക യഥാക്രമം 289.00 കോടി, 96.21 കോടി

എന്നിങ്ങനെയാണ്. ഇതിൽ 40.30 കോടി രൂപ ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധിയിൽ നിന്നുള്ള സഹായമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി നീക്കിവച്ചിരിക്കുന്ന തുക 8.70 കോടി രൂപയാണ്. കൂടാതെ മൃഗസംരക്ഷണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 57.13 കോടി രൂപയും കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാലയ്ക്ക് 74.37 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**1. മൃഗപരിപാലന വിജ്ഞാനവ്യാപനം**

**(വിഹിതം: 725.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് മൃഗപരിപാലന മേഖലയെ ലാഭകരവും വിജയപ്രദവും ആക്കുന്നതിന് ഫീൽഡ് സന്ദർശനത്തിൽ അധിഷ്ഠിതമായ മൃഗചികിത്സാ വ്യാപന പരിപാടികൾ ആവിഷ്കരിക്കാൻ വിഭാവന ചെയ്തിരിക്കുന്നു. സാങ്കേതിക ഉദ്യോഗസ്ഥർക്കും കർഷകർക്കും ആധുനികവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ നൽകേണ്ടിയിരിക്കുന്നു. പ്രസ്തുത ലക്ഷ്യം നേടുന്നതിനുവേണ്ടി ഈ വകുപ്പിൽ എട്ട് കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങളും ഒരു കോഴി വളർത്തൽ പരിശീലന കേന്ദ്രവും ഉണ്ട്.

എല്ലാ ജില്ലകളിലും പരിശീലനങ്ങൾക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിക്കൽ/നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, കർഷകർക്കുള്ള പരിശീലന പരിപാടി, വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ, സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബ്ബുകൾ, കന്നുകാലി പരിപാലന കേന്ദ്രം, മൃഗസംരക്ഷണ വ്യാപന സേവനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തൽ, കർഷകർ അഭിമുഖീകരിക്കുന്ന ഫീൽഡ്തല പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ഗവേഷണം നടത്തുന്നതിന് സഹായം, സംരംഭകത്വ വികസന പരിപാടി, എസ്.ആർ.ഇ.പി, കർഷക രജിസ്ട്രേഷൻ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

ഗവേഷണ വിജ്ഞാനവ്യാപന ഏകോപന പരിപാടി ഈ പദ്ധതിയുടെ ഒരു ഘടകമായി ഉൾപ്പെടുത്തിയിരിക്കുന്നു. യൂണിവേഴ്സിറ്റികൾ, മറ്റു പ്രശസ്തമായ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കർഷകർ അഭിമുഖീകരിക്കുന്ന ഫീൽഡ്തല പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. സങ്കര വർഗ്ഗത്തിലുള്ള കന്നുകാലികളുടെ രക്തപരിശോധനാ പഠനം, നൂതനമായ ആശയങ്ങൾ നൽകി കർഷകരെ സഹായിക്കൽ, കന്നുകാലികളിലെ ഗർഭധാരണം കാലേക്കൂട്ടി കണ്ടെത്തൽ മുതലായവയും ഇതിൽ ഉൾപ്പെടുന്നു.

മൃഗസംരക്ഷണമേഖലയിൽ നവീന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി മേഖലയുടെ വളർച്ച പരിഗണിച്ച് മൃഗപരിപാലന വ്യാപനം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കർഷകർക്കായുള്ള ഹോസ്റ്റലിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ, വാഗമണ്ണിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിലെ ഗസ്റ്റ് ഹൗസ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം മുതലായവ ഇതിൽ ഉൾപ്പെടുന്നു.

വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലന ആവശ്യകത സംബന്ധിച്ച പഠനം (ട്രെയിനിംഗ് നീഡ് അസസ്സ്മെന്റ് – റ്റി.എൻ.എ) നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.

ഈ പദ്ധതിയുടെ കീഴിലുള്ള വിവിധ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പരിശീലന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ | 50.00 |
| 2 | ബോധവൽക്കരണ ക്യാമ്പുകൾ, പരിശീലന പരിപാടികൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, പഠനയാത്രകൾ, കാഫ് റാലികൾ, അവാർഡുകൾ, ബുക്ക് ലെറ്റ്, വർക് ഷോപ്പ് മുതലായവ | 150.00 |
| 3 | എസ്.ആർ.ഇ.പി.വർക്ക് പ്ലാൻ, വിജയകരമായ മോഡലുകളുടെ വ്യാപനം | 70.00 |
| 4 | ഗവേഷണ വിജ്ഞാന വ്യാപന പരിപാടികൾ | 40.00 |

| | | |
|---|---|---|
| 5 | പ്രവർത്തന ചെലവ് | 50.00 |
| 6 | മനുഷ്യവിഭവശേഷി – സാങ്കേതിക ഉദ്യോഗസ്ഥർക്ക് പരിശീലനം | 50.00 |
| 7 | സംരംഭകത്വ വികസന പരിപാടികൾ (ഇ.ഡി.പി) | 30.00 |
| 8 | മൃഗ സംരക്ഷണ വകുപ്പിലെ പരിശീലന കേന്ദ്രങ്ങളും വ്യാപന സേവനങ്ങളും ശക്തിപ്പെടുത്തൽ | 230.00 |
| 9 | കർഷകരുടെ രജിസ്ട്രേഷൻ | 25.00 |
| 10 | മീഡിയ ഡിവിഷൻ –മൃഗസംരക്ഷണ വകുപ്പ് | 30.00 |
| | **ആകെ** | **725.00** |

ഇതിനായി 2021–22 ബജറ്റിൽ 725.00 ലക്ഷം രൂപ വകയിരുത്തുന്നു

**2. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 3300.00ലക്ഷംരൂപ)**

അവശ്യ മരുന്നുകൾ ലഭ്യമാക്കി മൃഗചികിത്സാ സേവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ മെച്ചപ്പെടുത്തൽ, സ്ഥാപനങ്ങളുടെ നിലവാരം ഏകീകരിച്ചുകൊണ്ട് ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കൽ, ആരോഗ്യ പരിരക്ഷാ സംവിധാനം മെച്ചപ്പെടുത്തി അത്യാവശ്യമായ രോഗനിർണ്ണയ രീതികൾ നടത്തി ആരോഗ്യസംരക്ഷണം മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ത്രിതല ആരോഗ്യ പരിരക്ഷാ സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലാ മൃഗ ചികിത്സാ കേന്ദ്രങ്ങളും, തിരുവനന്തപുരം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയും ജില്ലാതല റഫറൽ യൂണിറ്റുകളായും താലൂക്ക് തലത്തിൽ വെറ്ററിനറി പോളി ക്ലിനിക്കുകളും പഞ്ചായത്തു തലത്തിൽ മൃഗാശുപത്രി/ ഡിസ്പെൻസറികളും പ്രവർത്തിക്കും.

ലാബുകളുടെ നവീകരണം, അവശ്യ മരുന്നുകളുടെ സംഭരണം, വളർത്തുമൃഗ ക്ഷേമപരിപാടികൾ, കർഷകർക്കുള്ള നഷ്ടപരിഹാരം, ജന്തുരോഗ നിയന്ത്രണ പദ്ധതി, അകിടുവീക്ക രോഗനിയന്ത്രണ പരിപാടി, ജി.ഐ.എസ് മുഖാന്തിരം ഡിസീസ് മാപ്പിംഗ് എന്നിവയ്ക്കായി പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു. ലാബുകളുടെ നവീകരണത്തിൽ ഉൾപ്പെടുന്ന വാഹനങ്ങൾ വാങ്ങൽ എന്ന ഘടകം പദ്ധതി നിർദ്ദേശങ്ങൾക്കനുസൃതമായി നിർദ്ദിഷ്ട ലാബുകൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ.

രോഗപ്രതിരോധം ഫലപ്രദമാക്കുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുക, വെറ്ററിനറി പോളി ക്ലിനിക്കുകളും ആശുപത്രികളും ഡിസ്പെൻസറികളും ശക്തിപ്പെടുത്തുക, എന്നിവയ്ക്കു വേണ്ടിയും വിഹിതം ഉപയോഗിക്കാവുന്നതാണ്.

കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾ സംസ്ഥാനത്തു നിന്നും പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് 2003–04 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി, സംസ്ഥാനത്ത് തുടർന്നും നടത്തുവാൻ വേണ്ട വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്. എൻ.ഡി.ഡി.ബി – ൽ നിന്നുള്ള സഹായം 2008–09 മുതൽ ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാനുള്ള മൊത്തം ചെലവും സംസ്ഥാന വിഹിതത്തിൽ നിന്നും സംസ്ഥാന സർക്കാർ കൈവശമുള്ള കരുതൽ ധനത്തിന്റെ പലിശയിൽ നിന്നും വഹിക്കുന്നതാണ്. ഈ പരിപാടിയിൽ വാക്സിനേഷൻ ക്യാമ്പ്, യാത്രാബത്ത, സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കുന്ന ചെലവ്, ഇയർ ടാഗ് മുതലായവയ്ക്കായി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത പരിപാടിയുടെ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മൃഗ ചികിത്സാ സേവനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | 500.00 |
| 2 | മരുന്നുകളുടെ സംഭരണം | 1400.00 |
| 3 | അകിടുവീക്ക രോഗ നിയന്ത്രണ പരിപാടി | 40.00 |
| 4 | വളർത്തുമൃഗ ക്ഷേമ പരിപാടികൾ | 15.00 |
| 5 | കർഷകർക്കുള്ള നഷ്ടപരിഹാരം | 150.00 |

| | | |
|---|---|---|
| 6 | സ്ക്വാഡുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവയുടെ സംഘാടനം | 40.00 |
| 7 | പ്രവർത്തന ചെലവുകൾ | 100.00 |
| 8 | മൃഗ ചികിത്സാ സേവന സൗകര്യങ്ങൾക്കുള്ള ധനസഹായം | 182.00 |
| 9 | വെറ്ററിനറി പോളീ ക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ശാക്തീകരണം | 200.00 |
| 10 | ലാബുകളുടെ നവീകരണം | 340.00 |
| 11 | വാർഷിക അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ ഇൻഷ്വറൻസ്, നിർവ്വഹണം തുടങ്ങിയവ | 20.00 |
| 12 | രോഗപ്രതിരോധം ഫലപ്രദമാക്കുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തൽ | 25.00 |
| 13 | ജി.ഐ.എസ്.മുഖാന്തിരം ഡിസീസ് മാപ്പിംഗ് | 25.00 |
| 14 | ജന്തുരോഗ നിയന്ത്രണ പരിപാടി | 200.00 |
| 15 | ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ | 3.00 |
| 16 | കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ നിയമനം | 60.00 |
| | **ആകെ** | **3300.00** |

ഈ പദ്ധതിയ്ക്കായി വകയിരുത്തിയ 3300.00 ലക്ഷം രൂപയിൽ 100.00 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ആർ.ഐ.ഡി.എഫ് സഹായമാണ്.

ഇതിനായി 2021-22 ബജറ്റിൽ 3300.00 ലക്ഷം രൂപ വകയിരുത്തുന്നു.

**3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്**

**(വിഹിതം: 300.00 ലക്ഷംരൂപ)**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് 1979-ൽ പാലോട് സ്ഥാപിക്കുകയുണ്ടായി. മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ജീവശാസ്ത്രപരമായ പരീക്ഷകം (ബയോളജിക്കൽസ് റീഏജന്റ്) എന്നിവയുടെ ഉൽപ്പാദനത്തിനു പുറമെ ഉദ്യോഗസ്ഥരുടെ പരിശീലനവും ഗവേഷണവും ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞവയുടെ ഉൽപ്പാദനം വിപുലീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റ സൗകര്യങ്ങളും ലഭ്യമാക്കി ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതി വിഭാവന ചെയ്യുന്നു.

പരീക്ഷണ മൃഗങ്ങളുടെ വിഭാഗത്തെ ശക്തിപ്പെടുത്തൽ, മെഡിക്കൽ ചെക്കപ്പ്, ആരോഗ്യ ഇൻഷ്വറൻസ്, വാക്സിനുകളുടെയും മറ്റ ബയോളജിക്കൽസിന്റെയും ഉൽപ്പാദനം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, ലബോറട്ടറി സംഭരണ സൗകര്യങ്ങൾ, ഇൻഷ്വറൻസ്, അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ എ.എം.സി, പ്രവർത്തന ചെലവ് എന്നിവയ്ക്ക് വിഹിതം വകയിരുത്തുന്നു.

2021 – 22 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. മൃഗസംരക്ഷണ സ്ഥിതി വിവരകണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

വിവിധ തരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കണക്കാക്കുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടരുന്നതിനും, പുതിയ പഠനങ്ങൾ ആരംഭിക്കുന്നതിനും, വിവര ശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുമായി വിഹിതം വകയിരുത്തുന്നു. സർവ്വേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ സംസ്ഥാന വിഹിതം വഹിക്കുന്നതിനായി തുക വകയിരുത്തുന്നു. ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുന്നതാണ്.

ഇതിനായി 2021-22 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

**5. ആധുനികവൽക്കരണവും ഇ-ഗവേണൻസും**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ജിയൊ സ്പേഷ്യൽ ഡാറ്റാ ബേസ്, നിലവിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നവീകരിക്കുന്നതിനും, ഡയറക്ടറേറ്റ്, സബ് ആഫീസുകൾ, ആശുപത്രികൾ എന്നിവയ്ക്കുവേണ്ടി പുതിയ

കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും, വാർഷിക അറ്റകുറ്റപ്പണികൾ, മൊബൈൽ ഗവേർണൻസ്, സോഫ്റ്റ് വെയർ ചാർജ്ജുകൾ, വീഡിയോ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കുന്നതിനും ഇ-ഓഫീസ് നടത്തിപ്പിനും ഇലക്ട്രോണിക് ഹെർഡ് രജിസ്റ്റർ തയ്യാറാക്കുന്നതിനും ജില്ലാ മൃഗസംരക്ഷണ ഓഫീസുകളും സബ് ഓഫീസുകളും ആധുനികവത്ക്കരിക്കുന്നതിനും മറ്റുമായി വിഹിതം വകയിരുത്തുന്നു.

സംസ്ഥാനത്ത് മൃഗസംരക്ഷണമേഖലയിലെ മൃഗങ്ങളുടെ ആരോഗ്യവും, ഉത്പാദനക്ഷമതയും കണക്കാക്കുന്നതിന് ഒരു ഇലക്ട്രോണിക് ഹെർഡ് രജിസ്റ്റർ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നു. തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകമായ സംവിധാനം എന്ന നിലയിൽ ഹെർഡ് ബുക്ക് പദ്ധതിക്കായി 100.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

2021–22 ബജറ്റിൽ 300.00 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

## 6. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

**(വിഹിതം: 900.00 ലക്ഷം രൂപ)**

കൃത്രിമ ബീജസങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേന്മ ക്രമമായി വർദ്ധിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. കൃത്രിമബീജസങ്കലന സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര സ്ഥലങ്ങളിലേയ്ക്ക് ഇത്തരം സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് ക്ഷീരകർഷർക്ക് മുൻഗണന നൽകുന്നതാണ്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം കുറവായ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ, ഇത്തരം കേന്ദ്രങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലേക്ക് പുനഃക്രമീകരിക്കുന്നതാണ്. മലബാറി ഇനത്തിൽപ്പെട്ട ആടുകളുടെ കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങളുടെ പ്രോത്സാഹനവും ഉൾപ്പെടുന്നു.

ഉപകരണങ്ങൾ വാങ്ങൽ, ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണം, ആധുനീകവത്ക്കരണം, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉള്ള ധനസഹായം, വന്ധ്യതാ നിവാരണ പദ്ധതി, കറവ പശുക്കളുടെ വിരയിളക്കുന്നതിനും ധാതുമിശ്രിത സപ്ലിമെന്റ് പരിപാടിക്കും, ഉപയോഗശൂന്യമായ വാഹനം മാറ്റുന്നതിനും, ഡോക്ക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ മുതലായവയ്ക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

പ്രസ്തുത പരിപാടിയുടെ ഘടകങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ബീജത്തിനുള്ള ചെലവ് | 500.00 |
| 2 | അടിസ്ഥാന സൗകര്യ വികസനം | 20.00 |
| 3 | കറവ പശുക്കളുടെ വിരയിളക്കുന്നതിനും ധാതുമിശ്രിത സപ്ലിമെന്റ് പരിപാടിക്കും | 200.00 |
| 4 | ഉപകരണങ്ങൾ വാങ്ങൽ | 50.00 |
| 5 | പ്രവർത്തന ചെലവുകൾ | 50.00 |
| 6 | ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനും മെയിന്റനൻസിനും/ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായവും | 12.00 |
| 7 | വന്ധ്യതാ നിവാരണ പദ്ധതി | 35.00 |
| 8 | ഉപയോഗശൂന്യമായ വാഹനം മാറ്റി പുതിയവ വാങ്ങുന്നതിന് | 30.00 |
| 9 | ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ | 3.00 |
| | **ആകെ** | **900.00** |

2021– 22 ബജറ്റിൽ ഇതിനായി 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 7. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് സഹായം (കെ.എസ്.പി.ഡി.സി)

**(വിഹിതം: 750.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ഉല്പാദനം, ഉപഭോഗം എന്നിവയിൽ സ്വയം പര്യാപ്തത നേടുക എന്നതാണ് കേരള സംസ്ഥാന പൌൾട്രി വികസന കോർപ്പറേഷന്റെ

(കെ.എസ്.പി.ഡി.സി)ലക്ഷ്യം. ഈ പദ്ധതിയുടെ 75 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും. താഴെ പറയുന്ന ഘടകങ്ങൾക്കായി വിഹിതം വകയിരുത്തിയിട്ടുണ്ട്.

- കുടുംബശ്രീ മുഖേന വീട്ടു വളപ്പിലെ കോഴി വളർത്തൽ (വനിതാമിത്രം) –250.00 ലക്ഷം രൂപ
- കൂട്ടിൽ കോഴി വളർത്തൽ – 200.00 ലക്ഷം രൂപ
- ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം – 100.00 ലക്ഷം രൂപ
- വാണിജ്യാടിസ്ഥാനത്തിൽ ഹൈടെക് ലെയർ ഫാമുകൾ – 200.00 ലക്ഷം രൂപ

ഇതിനായി 2021-22 ബജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 8. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

**(വിഹിതം: 5000.00 ലക്ഷംരൂപ)**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയിലെത്തുന്ന പ്രായം കുറച്ചുകൊണ്ട് വരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശഭരണ സർക്കാരുകളാണ് ഈ പരിപാടി നടപ്പാക്കുന്നത്.

ഈ പദ്ധതിയിൽ പുതിയ കന്നുകുട്ടികളെ ചേർക്കുന്നതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികൾക്കുള്ള സഹായം, സ്പിൽ ഓവർ കോസ്റ്റ്, പദ്ധതി നടത്തിപ്പിനുള്ള ചെലവ്, കമ്പ്യൂട്ടറൈസേഷൻ, മേൽനോട്ടത്തിനും വിലയിരുത്തുന്നതിനുമുള്ള ചെലവ്, പബ്ലിസിറ്റി, വെറ്ററിനറി സഹായം എന്നിവയ്ക്ക് വിഹിതം ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരം താഴെ ചേർത്തിരിക്കുന്നു.

- പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികൾക്കുള്ള സഹായവും സ്പിൽ ഓവർകോസ്റ്റും.
- മോണിറ്ററിംഗ്, ഇവാലുവേഷൻ, ഡോക്യുമെന്റേഷൻ
- പബ്ലിസിറ്റിയും വെറ്ററിനറി സഹായവും ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ
- ഫീൽഡ് ലെവൽ ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം
- പദ്ധതി നടത്തിപ്പിനുള്ള ചെലവ്
- ഗോവർദ്ധിനി-സബ്സിഡി നിരക്കിലുള്ള കാലിതീറ്റയും ശാസ്ത്രീയ രീതിയിലുള്ള കന്നുകാലി വളർത്തലും.

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 വാർഷിക പദ്ധതിയിൽ 5000.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 9. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ സഹായം (കെ.സി.എം.എം.എഫ് )

**(വിഹിതം: 750.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മൂന്ന് തലത്തിലുള്ള ക്ഷീരസഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായി പ്രവർത്തിക്കുന്നത് വഴി ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം നടപ്പിലാക്കുക എന്നതാണ് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (കെ.സി.എം.എം.എഫ് ) ലക്ഷ്യം. വിപണന പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും കർഷകർക്ക് ന്യായ വില ലഭ്യമാക്കുകയും ചെയ്യുന്നു.

2021-22 വർഷത്തിൽ വകയിരുത്തിയ 750.00 ലക്ഷം രൂപ, കോവിഡ്-19 മഹാമാരി സമയത്ത് സംസ്ഥാനം പാൽ സംഭരണത്തിലും വിനിയോഗത്തിലും നേരിട്ട പ്രതിസന്ധി പരിഹരിക്കാനായി 53.93 കോടി രൂപ പ്രോജക്ട് മൂല്യവും പ്രതിദിനം 10 മില്ല്യൺ ടൺ ഉൽപ്പാദനശേഷിയുമുള്ള പാൽപ്പൊടി നിർമ്മാണ ഫാക്ടറി, മലപ്പുറത്ത് സ്ഥാപിക്കുന്നതിനാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

താഴെപ്പറയുന്ന ഘടകങ്ങൾക്കായി തുക വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | സിവിൽ വർക്ക് – ബാഷ്പീകരണപ്ലാന്റ് | 150.00 |
| 2 | സംസ്കരണ/ശേഖരണ യന്ത്രങ്ങൾ (പൗച്ച് പാക്കിങ്ങ് യന്ത്രം, മെറ്റീരിയൽ കൈകാര്യം ചെയ്യുന്ന ഉപകരണങ്ങൾ) | 200.00 |
| 3 | ഫയർവുഡ് ബോയിലർ 19.00 കിലോഗ്രാം, ചിമ്മിനി, സ്റ്റീം പൈപ്പുകൾ, വാൽവുകൾ, ഫിറ്റിംഗുകൾ, ഫീഡ് വാട്ടർ ടാങ്ക്, വാട്ടർ സോഫ്റ്റനിംഗ് പ്ലാന്റ് എന്നിവ അടങ്ങിയ നീരാവി ഉൽപ്പാദന സംവിധാനം | 200.00 |

| | | |
|---|---|---|
| 4 | ജലവിതരണ സംവിധാനം, ജലശുദ്ധീകരണ പ്ലാന്റ് 40 എൽ.പി.എച്ച്, ജലസ്രോതസ്സും പമ്പിംഗ് ലൈനും, യു.വി സ്റ്റെറിലൈസേഷൻ സിസ്റ്റം, ആർ.ഒ. ഫിൽറ്റർ പ്ലാന്റ് | 200.00 |
| | **ആകെ** | **750.00** |

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തുന്നു

**10. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പരിപാടി (ഗോ സമൃദ്ധി)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉൽപ്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ജനറൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു. മൃഗങ്ങൾക്കുള്ള പരമാവധി ഇൻഷ്വറൻസ് തുക 50000 രൂപയാണ്. പ്രീമിയം തുക മൃഗത്തിന്റെ വിലയുടെ ഏകദേശം മൂന്ന് ശതമാനവും ഇതിന്റെ സബ്സിഡി നിരക്ക് 50 ശതമാനവും, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 70 ശതമാനവുമാണ്.

പ്രസ്തുത പദ്ധതിയ്ക്കായി 2021 – 22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**11. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് സഹായം (കെ.എൽ.ഡി.ബി)**

**(വിഹിതം: 2150.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ ക്ഷീരസാഹചര്യങ്ങൾക്ക് അനുയോജ്യമായ വർഗ്ഗത്തിൽപ്പെട്ട കന്നുകാലികളെ വികസിപ്പിച്ചെടുക്കുക എന്നതാണ് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ലക്ഷ്യം. ഇത്തരത്തിലുള്ള കന്നുകാലികളുടെ ഉല്പാദനം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, പരിശീലനം എന്നിവയാണ് പ്രധാന പരിപാടികൾ. താഴെ പറയുന്ന ഘടകങ്ങൾക്കായി തുക വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | കെ. എൽ.ഡി ബോർഡിന്റെ മൃഗ പരിപാലന പ്രവൃത്തികളുടെ വ്യാപനം (ഹെർഡ് ബുക്ക് പദ്ധതി) | 60.00 |
| 2 | മലബാറി ആടുകളുടെ പരിരക്ഷ | 19.00 |
| 3 | തീറ്റപ്പുല്ലിലും തീറ്റപ്പുൽ വിത്തുല്പാദനത്തിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ | 33.00 |
| 4 | മൃഗ പരിപാലന പ്രവൃത്തികളിൽ പരിശീലനസഹായം | 22.00 |
| 5 | കന്നുകാലി പ്രജനന പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനം | 333.00 |
| 6 | ആടുകളിൽ കൃത്രിമ ബീജസങ്കലനം | 39.00 |
| 7 | പന്നി വളർത്തൽ വികസനം | 180.00 |
| 8 | കുടുബശ്രീയുമായി യോജിച്ച് കാലിത്തീറ്റ ഉല്പാദന പരിപാടികൾ | 280.00 |
| 9 | കുളത്തുപ്പുഴ, കോലാഹലമേട്, മാട്ടുപെട്ടി എന്നിവിടങ്ങളിലെ ആധുനിക ഡയറി ഫാമുകൾക്ക് സഹായം | 450.00 |
| 10 | ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തൽ പരിപാടി വഴി കന്നുകാലികളുടെ വർഗ്ഗ മേന്മ ഉയർത്തൽ | 250.00 |
| 11 | വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് കന്നുകുട്ടികളുടെ സംരക്ഷണവും പ്രചരണവും | 130.00 |
| 12 | ജനിതക ഘടന സെലക്ഷൻ മുഖാന്തിരം കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായം | 200.00 |
| 13 | തീറ്റപ്പുൽ വിത്ത് ഉത്പാദനവും വിതരണവും | 64.00 |
| 14 | കേരളത്തിലെ വടക്കൻ ജില്ലകളിൽ മികച്ച പാരമ്പര്യഗുണമുള്ള സങ്കരയിനത്തിൽപ്പെട്ട കാളകളുടെ ഉല്പാദനം | 90.00 |
| | **ആകെ** | **2150.00** |

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ 2150.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 12. കേരളാ ഫീഡ്സ് ലിമിറ്റഡിന് സഹായം

**(വിഹിതം: 500.00 ലക്ഷം രൂപ)**

സംസ്ഥാന നയപ്രകാരം കാലിത്തീറ്റ വിലനിലവാര നിയന്ത്രണവും, ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണവും ഉറപ്പുവരുത്തുക എന്നതാണ് കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ ലക്ഷ്യം. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ വിഹിതം വകയിരുത്തുന്നു.

- കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള സഹായം
- കേരളാ ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിൽ ഉല്പാദന നവീകരണ പ്രക്രിയ.
- കേരളാ ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിലെ ഗുണനിലവാര ലാബുകളിൽ പരിശോധനാ സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ
- വിവിധ യൂണിറ്റുകളിലെ ഇ ആർപി പാക്കേജുകൾ, ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നവീകരണം.

ഇതിനായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 13. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല

**(വിഹിതം: 7437.00ലക്ഷം രൂപ)**

മൃഗ സംരക്ഷണ ക്ഷീരവികസന മേഖലകളിൽ വിദ്യാഭ്യാസ വികസനം, വ്യാപനം, ഗവേഷണം എന്നീ പ്രവർത്തനങ്ങൾക്കായി വയനാട്ടിലെ പൂക്കോട് ആസ്ഥാനമായി സംസ്ഥാനത്ത് ഒരു വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ട്. പുതിയ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനു വേണ്ടി മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലുള്ള ഫാക്കൽറ്റികളെ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. മണ്ണുത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക് നോളജിയും, പൂക്കോടും മണ്ണുത്തിയിലുമായുള്ള കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസും ആണ് ഈ സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മൃഗസംരക്ഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളും ഫാമുകളും ഈ പുതിയ സർവ്വകലാശാലയുടെ ഭാഗമായിരിക്കും. ഡയറി, മൃഗസംരക്ഷണം, മൃഗചികിത്സ എന്നീ മേഖലകളിൽ മേൽത്തരം പ്രൊഫഷണലുകളെ വാർത്തെടുക്കുക വഴി സംസ്ഥാനത്തെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുകയും ഗവേഷണ ഫലങ്ങൾ പ്രായോഗിക തലത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായിക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. 2021-22 ബജറ്റിൽ 7437.00 ലക്ഷം രൂപ ഗവേഷണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ, ഫാമുകളുടെ വികസനം, ഭരണം, സംരംഭകത്വ വികസനവും വ്യാപനവും എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ഫണ്ട് അനുവദിക്കുന്നതിനുമുമ്പ് ഓരോ ഘടകത്തിനുമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കേണ്ടതാണ്. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. വിവിധ ഘടകങ്ങൾക്കായി 2021 – 22 – ൽ നീക്കി വച്ചിട്ടുള്ള വിഹിതം താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | തുക (ലക്ഷം രൂപ) |
|---|---|---|
| I | **സംസ്ഥാന പദ്ധതികൾ** | |
| 1 | ഗവേഷണ പദ്ധതികൾ | 1225.00 |
| 2 | വിദ്യാഭ്യാസം | 1100.00 |
| 3 | സംരംഭകത്വ വികസനവും വ്യാപനവും | 225.00 |
| 4 | ഭരണം | 200.00 |
| 5 | അടിസ്ഥാന സൗകര്യം | 1000.00 |
| 6 | ഫാമുകൾ | 880.00 |
| 7 | പ്രത്യേക പാക്കേജ് | 190.00 |
| | **ആകെ** | **4820.00** |
| II | **ആർ.ഐ.ഡി.എഫ്** | |
| 1 | മണ്ണുത്തിയിലെ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് കോളേജിലെ അടിസ്ഥാന സൗകര്യ വികസനം | 1000.00 |

| | | |
|---|---|---|
| 2 | കീടനാശിനികൾ, ആന്റിബയോട്ടിക്കുകൾ എന്നിവയുടെ പര്യവേഷണത്തിനും നിരീക്ഷണത്തിനും കൂടാതെ ഐ.റ്റി.എസ് മനുഷ്യരിലും മൃഗങ്ങളിലും ഏൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ച് പഠിക്കാൻ ഒരു സെന്റർ സ്ഥാപിക്കൽ (പുതിയ ഘടകം) | 1167.00 |
| 3 | വയനാട്, മറ്റു വടക്കൻ ജില്ലകൾ എന്നിവിടങ്ങളിലെ കന്നുകാലി, പൗൾട്രി കർഷകരെ ലക്ഷ്യമാക്കി രോഗനിർണയ ചികിത്സാ മേഖലയിൽ പഠനം നടത്തുന്നതിന് നിലവാരമുള്ള മൃഗാരോഗ്യ കേന്ദ്രം സ്ഥാപിക്കൽ (പുതിയ ഘടകം) | 450.00 |
| | **ആകെ** | **2617.00** |
| | **ആകെ ( I + II )** | **7437.00** |

### 14. മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ

**(വിഹിതം: 980.00 ലക്ഷം രൂപ)**

നിലവിലുള്ള സാഹചര്യത്തിൽ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. കൂടാതെ വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെയുള്ള സമയത്ത് സേവനം ലഭ്യമാകുന്നുമില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രാത്രി സമയങ്ങളിൽ അടിയന്തിര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനും, കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിന് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വാഹനങ്ങൾ നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **ഘടകം** | **തുക (ലക്ഷം രൂപ)** |
|---|---|---|
| 1 | കർഷർക്ക് അവരുടെ വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ആംബുലൻസ് | 35.00 |
| 2 | ബ്ലോക്കുതലത്തിൽ രാത്രി കാലത്ത് അടിയന്തിര മൃഗ ചികിത്സാ സേവനം | 921.00 |
| 3 | സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യശേഷി | 24.00 |
| | **ആകെ** | **980.00** |

പരിപാടിയനുസരിച്ച് പതിവായി നിശ്ചിത സ്ഥലങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങളുമായി ചേർന്ന് സന്ദർശനം സംഘടിപ്പിക്കുന്നതാണ്. സംഘത്തിന്റെ സന്ദർശനം സംഘടിപ്പിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾക്ക് ചെലവിന്റെ ഒരു ഭാഗം നൽകുന്നതാണ്. ഇതിനെ എസ്.എൽ.ബി.പി.യുമായി ബന്ധിപ്പിക്കുന്നതാണ്. എസ്.എൽ.ബി.പി.യും ക്ഷീര സഹകരണ സംഘങ്ങളും വഴി സംഘടിപ്പിക്കുന്ന ഫീൽഡ് സന്ദർശനം കൂടാതെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന ക്ലിനിക്കിന്റെ ഒരു പ്രതിമാസ സന്ദർശനവും സംഘടിപ്പിക്കുന്നതാണ്.

പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 980.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 15. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

**(വിഹിതം: 1950.00 ലക്ഷം രൂപ)**

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കോഴി, താറാവ്, കന്നുകാലി, പന്നി, ആട്, മുയൽ എന്നിവ വളർത്തുന്നതിനായി വിവിധ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാമുകൾ ഉൽപ്പാദന യൂണിറ്റുകളും ഗുണനിലവാരമുള്ള കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുന്നതിനുള്ള പ്രജനന കേന്ദ്രങ്ങളും മാത്രമായല്ല, പരിശീലനത്തിന്റെയും സാങ്കേതിക വിദ്യയുടെ പ്രദർശനത്തിന്റെ കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതിന് ആധുനീകവൽക്കരിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമുണ്ട്. അടിസ്ഥാന സൗകര്യ വികസനം, വിത്തുൽപ്പാദനവും വിതരണവും, തീറ്റപ്പുൽ വികസനം, കാലിത്തീറ്റ, മരുന്നുകൾ, ജൈവവസ്തുക്കൾ എന്നിവ വാങ്ങൽ, സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ, ഉൽപ്പാദനം ലക്ഷ്യമാക്കിയുള്ള പരിപാടികൾ, പേരന്റ് സ്റ്റോക്ക് വാങ്ങൽ, കർഷകർക്ക് യന്ത്രവൽക്കരണ സഹായം, നിലവിലുള്ള ഫാമുകളുടെ വിപുലീകരണം, വിപണനശൃംഖല സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഫാമുകളുടെ കീഴിൽ ഉല്പാദനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളും സാറ്റലൈറ്റ് യൂണിറ്റുകളുടെ വികസനത്തിനും തുക

ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22-ൽ ഫാമുകളിലെ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മഞ്ചാടിയിലെ ഹാച്ചറിക്കും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും അടിസ്ഥാന സൗകര്യങ്ങൾ | 50.00 |
| 2 | ഫാമിന്റെ പ്രവർത്തനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം | 20.00 |
| 3 | ഉൽപ്പാദനം ലക്ഷ്യമാക്കിയുള്ള പരിപാടികൾ | 200.00 |
| 4 | പേരന്റ് സ്റ്റോക്ക്, തീറ്റപ്പുൽ, മരുന്നുകൾ, ജൈവവസ്തുക്കൾ എന്നിവ വാങ്ങൽ | 1000.00 |
| 5 | തീറ്റപ്പുൽ വികസനം | 25.00 |
| 6 | പ്രവർത്തന ചെലവ് | 55.00 |
| 7 | സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ മുഖേന വിതരണം | 200.00 |
| 8 | ഫാമുകളെ ശക്തിപ്പെടുത്തൽ | 100.00 |
| | **ആകെ** | **1650.00** |

വകുപ്പിന്റെ കീഴിലുള്ള കന്നുകാലി, ആട്, പന്നി, വളർത്തുപക്ഷികൾ, മുയൽ, താറാവ് ഫാമുകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 300.00 ലക്ഷം രൂപയും ഇതിൽ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ 1950.00 ലക്ഷം രൂപ വകയിരുത്തുന്നു.

**16. ബാക്ക് യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ട്**

**(വിഹിതം: 300.00 ലക്ഷം രൂപ)**

വീട്ടുമുറ്റത്തെ കോഴി വളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ തരത്തിലുള്ള സഹായസംവിധാനങ്ങളിൽ കൂടിയുള്ള സർക്കാർ ഇടപെടലുകൾ ആവശ്യമാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ വികസനത്തിനായി ചെലവ് കുറഞ്ഞ തീറ്റകൾ നൽകി വളർത്താൻകഴിയുന്ന മെച്ചപ്പെട്ട ഇനങ്ങളിൽപ്പെട്ട ഗ്രാമലക്ഷ്മി പോലെയുള്ള നാടൻ മുട്ടക്കോഴികൾ പ്രചാരത്തിലാക്കുന്നതാണ്. തെരഞ്ഞെടുത്ത ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ യു.പി./ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു.

ഈ പദ്ധതിയ്ക്കായി 2021-22-ൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം**

**(വിഹിതം: 1563.00 ലക്ഷം രൂപ)**

ഭക്ഷ്യസുരക്ഷാ നിയമം, മൃഗക്ഷേമ നിയന്ത്രണം എന്നിവ അനുസരിച്ച് ശുചിത്വവും ആരോഗ്യകരവുമായ മാംസം, മാംസ ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലക്ഷ്യമിടുന്നത്. ഇതിനായി 2021-22 ബജറ്റിൽ 1563.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 1313.00 ലക്ഷം രൂപ ആർ.ഐ.ഡി.എഫ് സഹായമായി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൌകര്യ വികസനപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.

- ഹൈടെക് സ്ളോട്ടർ ഹൗസ്-സേവന നികുതി (ബാധ്യത)
- കൊല്ലം ജില്ലയിലെ ഏരൂരിൽ മാംസത്തിന്റെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ സൗകര്യം
- കന്നുകാലി, എരുമ വളർത്തൽ കേന്ദ്രം, ചാലക്കുടി
- ഭക്ഷ്യ സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടി
- കെ.എസ്.ആർ.ടി.സി യുടെ ഉപയോഗശൂന്യമായ ബസുകൾ ഉപയോഗപ്പെടുത്തി പ്രധാന കേന്ദ്രങ്ങളിൽ ആധുനിക മാംസ വില്പന കേന്ദ്രവും റെസ്റ്റോറന്റും ആക്കി മാറ്റൽ

പ്രസ്തുത പദ്ധതികൾക്കായി 2021 – 22 ബജറ്റിൽ 1563.00 ലക്ഷം രൂപ വകയിരുത്തുന്നു.

**18. മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടികളും (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 320.00 ലക്ഷം രൂപ)**

കന്നുകാലികളുടെ ആരോഗ്യ പ്രശ്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനു ലക്ഷ്യമിട്ടു കൊണ്ടാണ് സംസ്ഥാനത്ത് ഈ പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാരും സംസ്ഥാന

സർക്കാരും 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് തുക വകയിരുത്തുന്നത്. സംസ്ഥാന വിഹിതമായ 40 ശതമാനം തുകയ്ക്ക് ആനുപാതികമായി 320.00 ലക്ഷം രൂപ വകയിരുത്തുന്നു.

മൃഗരോഗങ്ങൾ നിയന്ത്രിക്കുക, റിന്റർ പെസ്റ്റ് രോഗം നിരീക്ഷിക്കുന്നതിനുള്ള ദേശീയ പ്രോജക്ട്, കാര്യക്ഷമത വികസനം, കുളമ്പുരോഗ നിയന്ത്രണ പരിപാടി, ദേശീയ മൃഗരോഗ വിവരമറിയിക്കൽ സംവിധാനം, പെസ്റ്റിഡിസ് പെസ്റ്റിസ് റൂമിണൻസ് നിയന്ത്രണ പരിപാടി, മൃഗാശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുകയും നിലവിലുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യുക, ബ്രൂസിലോസിസ് നിയന്ത്രണ പരിപാടി, പന്നിപ്പനി നിയന്ത്രണ പരിപാടി എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഇതിനായി 2021-22 ബജറ്റിൽ 320.00 ലക്ഷം രൂപ വകയിരുത്തുന്നു.

**19. ദേശീയ കന്നുകാലി മിഷൻ (ശതമാനം 40 സംസ്ഥാന വിഹിതം)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആരംഭിച്ചതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ജൈവ സുരക്ഷ, ഉയർന്ന സാങ്കേതികവിദ്യയും യന്ത്രവത്ക്കരണവും, നൈപുണ്യ വികസനവും സാങ്കേതിക വിദ്യയുടെ പ്രയോഗവും, കാലിത്തീറ്റ ഉല്പാദനം പ്രോത്സാഹിപ്പിക്കൽ, പിന്നാമ്പുറം കോഴിവളർത്തൽ ശക്തിപ്പെടുത്തൽ തുടങ്ങിയവയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന ഫണ്ടിംഗ് മാതൃകയിലാണ് പദ്ധതിക്ക് പണം വകയിരുത്തുന്നത്. സംസ്ഥാന വിഹിതമായ 40 ശതമാനത്തിലേക്ക് 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

കന്നുകാലി വളർത്തലിനാവശ്യമായ അടിസ്ഥാന സൌകര്യ വികസനത്തിനും ആധുനീകവത്ക്കരണത്തിനും ഉല്പാദനവർദ്ധനവിനാവശ്യമായ ഇടപെടലിനും ഇൻഷ്വറൻസിനും, നഷ്ടസാദ്ധ്യത പരിഹരിക്കുന്നതിനും, നൈപുണ്യ വികസനവും സാങ്കേതിക വിദ്യയുടെ കൈമാറ്റവും വ്യാപനവും, രോഗം ബാധിച്ച കന്നുകാലികളെ പ്രയോജനപ്പെടുത്തുന്നതിനും ഗ്രാമീണ അറവുശാലകൾ സ്ഥാപിക്കുന്നതിനും കാലിത്തീറ്റ ഉല്പാദനം വികസിപ്പിക്കുന്നതിനുമായി പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

**20. ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ്**

**(വിഹിതം: 625.00 ലക്ഷം രൂപ)**

പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന സർക്കാർ നയത്തോട് യോജിച്ച് പോകുന്നതാണ് ഈ പദ്ധതി. മൃഗസംരക്ഷണ ഉപമേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് വാണിജ്യാടിസ്ഥാനത്തിൽ ആടുവളർത്തൽ പദ്ധതി, മെയിൽ കാഫ് ഫാറ്റനിംഗ് യൂണിറ്റ്, മൃഗസംരക്ഷണ സംരംഭങ്ങൾക്ക് പലിശ ധനസഹായം, കന്നുകാലി ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾക്ക് സഹായം എന്നിവയിലൂടെ കൂടുതൽ കർഷകരെ ഈ മേഖലയിൽ ഉൾപ്പെടുത്തുന്നതിനും നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും സാധിക്കുന്നു. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും

ഈ പദ്ധതിയുടെ കീഴിലുള്ള വിവിധ ഘടകങ്ങൾക്കുള്ള വിഹിതം താഴെ പറയുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | വാണിജ്യാടിസ്ഥാനത്തിൽ ആട്ട വളർത്തൽ യൂണിറ്റ് | 250.00 |
| 2 | മെയിൽ കാഫ് ഫാറ്റനിംഗ് യൂണിറ്റ് | 250.00 |
| 3 | മൃഗസംരക്ഷണ സംരംഭങ്ങളിൽ പ്രവർത്തിക്കുന്ന കർഷകർക്ക് പലിശ ധന സഹായം | 125.00 |
| | **ആകെ** | **625.00** |

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ 625.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 1.4 ക്ഷീര വികസനം

ക്ഷീര വികസന മേഖലയ്ക്കായി 2021-22 വർഷത്തിൽ 96.21 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾക്ക് പാൽ സംഭരണത്തിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനു വേണ്ടി 18.00 കോടി രൂപ വകയിരുത്തുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനു വേണ്ടി മിൽക്ക് ഷെഡ് വികസന പദ്ധതിയ്ക്കായി 40.28 കോടി രൂപയും കാലിത്തീറ്റ സബ്സിഡിക്കായി 13.00 കോടി രൂപയും ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1. ഗ്രാമീണ ക്ഷീര വികസന വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും

**(വിഹിതം: 1050 .00 ലക്ഷം രൂപ)**

ക്ഷീര വികസന വകുപ്പ് അതിന്റെ ബ്ലോക്ക് തല എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ, ജില്ലാതല ഗുണനിയന്ത്രണ യൂണിറ്റുകൾ, അഞ്ച് പരിശീലന കേന്ദ്രങ്ങൾ, ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, സാറ്റലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, വലിയതുറയിലെ ഫോഡർ ഫാം എന്നിവ മുഖേനയാണ് ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും നടത്തുന്നത്. അനിശ്ചിതാവസ്ഥയും പ്രകൃതി ക്ഷോഭവും മറ്റും ഉണ്ടാകുന്ന അവസരങ്ങളിൽ വ്യക്തിപരമായ ബന്ധത്തിലൂടെ സാങ്കേതിക വിദ്യയുടെ കൈമാറ്റം കർഷകരിലേക്ക് നേരിട്ട് നടത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമീണ ഡയറി എക്സ്റ്റൻഷൻ സർവ്വീസുകൾ നടപ്പാക്കൽ, സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ, ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ, സ്റ്റേറ്റ് ഡയറി എക്സ്പോ, അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേനയുള്ള വ്യാപന പ്രവർത്തനങ്ങൾ, കന്നുകാലികൾക്കും ഉടമസ്ഥർക്കും സമഗ്ര ഇൻഷ്വറൻസ് പരിപാടി, എസ്.ആർ.ഇ.പി പ്രോജക്ടുകളുടെ നിർവ്വഹണം, തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ് സ്ഥാപിക്കൽ, ഡിപ്പാർട്ടുമെന്റുകളിൽ ഇ-ഓഫീസ് പ്രവർത്തനങ്ങളുടെ നിർവ്വഹണം, മികച്ച കർഷകന് അവാർഡ്, സ്കൂളുകളിൽ കുട്ടികളുടെ ഡയറി ക്ലബ്ബുകൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, വകുപ്പ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകൽ, കർഷകർക്ക് സംസ്ഥാനത്തിനകത്ത് പ്രദർശനങ്ങൾ കാണുന്നതിനുള്ള സൌകര്യം എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ക്ഷീര വികസന പരിശീലന കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- കാർഷിക സമ്പർക്ക പരിപാടി-കർഷക മൈത്രി
- ക്ഷീര പരിശീലന കേന്ദ്രങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സഹായം
- പ്രാദേശിക/സംസ്ഥാന പരിശീലനക്കളരി
- സംസ്ഥാന ക്ഷീര എക്സ്പോ
- ന്യൂസ് ലെറ്റർ - ക്ഷീരപഥം
- ലോകക്ഷീരദിനാഘോഷം
- ക്ഷീരകർഷകർക്ക് വിവിധ തലങ്ങളിൽ സന്ദർശനം
- ആകസ്മിക ചെലവ്
- ബ്ലോക്ക്,ജില്ലാ, സംസ്ഥാനതല ക്ഷീരസംഗമം
- സ്കൂളുകളിൽ ഡയറിക്ലബ്ബുകൾ
- ക്ഷീരസഹകാരി അവാർഡ് – മികച്ച കർഷക അവാർഡ്
- എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്
- വകുപ്പിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം
- അച്ചടി & ഇലക്ട്രോണിക് മാധ്യമങ്ങൾ, ഡോക്യുമെന്റേഷൻ, മാധ്യമ അവാർഡുകൾ എന്നിവയിലൂടെ വ്യാപനപ്രവർത്തനങ്ങൾ.
- നിലവിലുള്ള ഇൻഫർമേഷൻ സെന്ററുകളുടെ ശക്തിപ്പെടുത്തലിനുള്ള സഹായം

- ട്രെയിനിംഗിനും, വകുപ്പുതല ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളുടെ ശക്തിപ്പെടുത്തലും നവീകരണവും
- ഇ-ഓഫീസ് നടപ്പാക്കൽ
- തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ സ്ഥാപിക്കൽ.
- സമഗ്ര ക്ഷീര ഇൻഷ്വറൻസ് പദ്ധതി – ക്ഷീരസാന്ത്വനം
- ഡോക്യുമെന്റേഷൻ, വിശകലനം, നിരീക്ഷണം, എന്നിവയുടെ ചെലവ്

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021–22 ബജറ്റിൽ 1050.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക്സഹായം**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

ക്ഷീര കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും ഗ്രാമവിവര കേന്ദ്രങ്ങളായും ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കൂടുതൽ കർഷകരെ ക്ഷീര സഹകരണ മേഖലയിലേക്ക് കൊണ്ടുവരിക, 2006 എഫ്.എസ്.എസ്.എ. അംഗീകരിപ്പിക്കുവാൻ കഴിവുള്ളതാക്കുക, രാസപദാർത്ഥങ്ങൾ/സൂക്ഷ്മാണുക്കൾ എന്നിവയുടെ പരിശോധനയിലൂടെ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സംഭരണവും, വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരസഹകരണസംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക മുതലായവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിയുടെ കീഴിൽ വിഭാവന ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- എഫ്.എസ്.എസ്.എ 2006 ന്റെ ആവശ്യങ്ങൾക്കായി രജിസ്ട്രേഷൻ, ഡോക്യുമെന്റേഷൻ, ലാബുകൾ ശക്തിപ്പെടുത്തൽ തുടങ്ങിയവ.
- പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസഹകരണ സംഘങ്ങൾ/പ്രവർത്തനരഹിതമായവയുടെ പുനരുദ്ധാരണത്തിനുള്ള സഹായം.
- ആവശ്യകതയുടെ അടിസ്ഥാനത്തിൽ ക്ഷീരസഹകരണസംഘങ്ങൾക്ക് സഹായം ലഭ്യമാക്കൽ.
- ക്ഷീരസഹകരണസംഘങ്ങളിൽ മഴവെള്ളസംഭരണി, സൗരോർജ്ജപരിപാലനം എന്നിവയ്ക്കുള്ള സഹായം.
- ഓട്ടോമേഷനും, ശൃംഖലാ സംവിധാനവും പരിപാലിച്ച് നിലനിർത്തുന്നതിനും, നിരീക്ഷിക്കുന്നതിനും ജില്ലാതല കൺസോർഷ്യത്തിനുള്ള സഹായം.
- മിൽമ പാൽ റൂട്ടുകളിലേയ്ക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.
- ക്ഷീരസഹകരണസംഘങ്ങൾക്ക് ജില്ലാതല/ഡയറക്ടറേറ്റ്തല അവലോകന യോഗം നടത്തുന്നതിനുള്ള ചെലവ്
- ഡോക്യുമെന്റേഷൻ, ഡാറ്റാ ബാങ്ക് രൂപീകരണം എന്നിവ
- ക്ഷീരസഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ.
- ക്ഷീര സഹകരണ സംഘങ്ങളുടെ ജില്ലാ മാപ്പിംഗ്
- ഭരണനിർവ്വഹണ സഹായങ്ങൾ ക്ഷീരസഹകരണസംഘങ്ങൾ മുഖേന ക്ഷീരസഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കൽ.
- ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ/വൈക്കോൽ എന്നിവയുടെ വിതരണം
- ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്
- പ്രവർത്തന ചെലവ്
- സമഗ്രസഹകരണ പ്രചരണ പരിപാടി (സി.സി.പി)
- ഡാറ്റാ ബാങ്ക് രൂപീകരണം – കേരളത്തിലെ സഹകരണ മേഖലയുടെ വികാസവും, ക്ഷീരമേഖലയിൽ അതിന്റെ പ്രഭാവവും സംബന്ധിച്ച സമഗ്ര സർവെ.
- നിർവഹണം, നിരീക്ഷണം, ഡോക്യുമെന്റേഷൻ ചെലവുകൾ

- ഡോക്യുമെന്റേഷൻ & ഡാറ്റാ ബാങ്ക് രൂപീകരണം
- സ്വന്തമായി ഭൂമി വാങ്ങുന്നതിന് ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം
- ശുചിത്വമുള്ള പാൽസംഭരണ മുറികൾ/സംഭരണശാലകൾ തുടങ്ങിയവയുടെ നിർമ്മാണം/നവീകരണം.
- കർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്ററുകൾ
- ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും, പാൽ സംസ്കരണം വ്യാപിപ്പിക്കുന്നതിനും പായ്ക്കിങ്ങിനും തണുപ്പിച്ച് കട്ടയാക്കുന്നതിനും കാലിത്തീറ്റ യൂണിറ്റുകൾക്കുമുള്ള സഹായം.
- ഇ.ടി.പി.കളുടെ സ്ഥാപനം, സൗരോർജ്ജ പരിപാലന സംവിധാനം, മലിനീകരണ നിയന്ത്രണം, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ.
- ഓട്ടോമാറ്റിക് പാൽ സംഭരണ യൂണിറ്റുകൾ.

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ 1800.00 ലക്ഷം രൂപ വകയിരുത്തുന്നു

### 3. ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളെ ശക്തിപ്പെടുത്തൽ

**(വിഹിതം: 400.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളിലെ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, പ്രത്യേക ഗുണനിലവാര പരിശോധനകൾ നടത്തുക, പ്രാദേശിക ലാബുകളുടെ നിർമ്മാണം, ക്ഷീര കർഷകർക്കുള്ള സൗകര്യങ്ങളുടെ വ്യാപനം, ഗുണനിലവാരം മെച്ചപ്പെടുത്തുക, ചെക്കുപോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലെ ഘടകങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പ്രത്യേക ഗുണനിലവാര പരിശോധന | 83.40 |
| 2 | ചെക്കുപോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള സ്ഥിര സംവിധാനം (മീനാക്ഷിപുരം, ആര്യങ്കാവ് ചെക്പോസ്റ്റുകൾ) | 25.00 |
| 3 | ഗുണമേന്മ നിയന്ത്രണം, ഡിപ്പാർട്ട്മെന്റിലെയും സൊസൈറ്റിയിലെയും ഉദ്യോഗസ്ഥർക്ക് ഫുഡ് സേഫ്റ്റി ട്രെയിനിംഗ് | 15.00 |
| 4 | ഫാം തലത്തിൽ ആരോഗ്യകരവും ഗുണകരവുമായ മെച്ചപ്പെടുത്തൽ | 82.50 |
| 5 | സ്റ്റേറ്റ് ഡയറി ലാബ്/റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ, സഞ്ചരിക്കുന്ന ഗുണനിലവാര യൂണിറ്റുകൾഎന്നിവയ്ക്ക് അടിസ്ഥാന സൗകര്യ വികസനവും പ്രവർത്തന വിപുലീകരണവും, ഡോക്യുമെന്റേഷൻ ചാർജ്ജ്, കാസർഗോഡ്, കോട്ടയം, ആലത്തൂർ ലാബുകൾക്ക് സഹായം, പാലിന്റെ ഗുണനിലവാര പരിശോധനക്കായി മെച്ചപ്പെട്ട സംവിധാനം സ്ഥാപിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സഹായം. | 194.10 |
| | **ആകെ** | **400.00** |

ഇതിനായി 2021 – 22 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു

### 4. വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങളും മിൽക്ക്ഷെഡ് വികസന പ്രവർത്തനങ്ങളും

**(വിഹിതം: 4028.00 ലക്ഷം രൂപ)**

ക്ഷീരോല്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരേയും/സംരംഭകരേയും സ്വയംസഹായ സംഘങ്ങളേയും കൊണ്ടുവരിക, സങ്കരയിനം കന്നുകാലികളുടെ ഉൽപ്പാദനക്ഷമത നിലനിർത്തുക, കർഷകരിൽ കാലിവളർത്തൽ ശാസ്ത്രീയ രീതികൾ സ്വീകരിക്കുന്നതിനുള്ള അവബോധം സാങ്കേതിക

സഹായത്തോടെ സൃഷ്ടിക്കുക എന്നിവയാണ് മിൽക്ക് ഷെഡ് വികസന പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. ഉപജീവനത്തിനു വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്കുള്ള മാറ്റം പാലുൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അനിവാര്യമാണ്. ഈ വിഹിതം തെരഞ്ഞെടുക്കപ്പെട്ട മിൽക്ക് ഷെഡുകളിലും സാധ്യതയുള്ള മറ്റ് പ്രദേശങ്ങളിലേക്കും വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി യൂണിറ്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനും പശു/പശുക്കുട്ടി വളർത്തൽ യൂണിറ്റുകൾ, കറവയന്ത്രങ്ങൾ വാങ്ങൽ, പശുതൊഴുത്തിനുള്ള സഹായം, സ്ത്രീകൾക്കുള്ള കന്നുകാലി വളർത്തൽ പരിപാടി മുതലായവയ്ക്ക് വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും 2021-22-ൽ ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- കർഷകർക്ക് പശു യൂണിറ്റുകൾക്കുള്ള സഹായം
- പശുക്കുട്ടികളുടെ യൂണിറ്റുകൾ
- സ്ത്രീകൾക്കുള്ള കന്നുകാലി വളർത്തൽ പരിപാടി
- പുരോഗമന ചിന്താഗതിയുള്ള ക്ഷീര കർഷകർക്ക് സഹായം
- കന്നുകാലി ഷെഡുകളുടെ നിർമ്മാണവും കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായവും
- തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ക്ഷീര ഗ്രാമം പദ്ധതി
- ഡോക്യുമേന്റേഷൻ ചെലവ്
- കിടാരി പാർക്കുകൾ സ്ഥാപിക്കൽ - ഒരു പാർക്കിൽ 50 എണ്ണം
- അടിസ്ഥാന സൗകര്യ വികസനവും, വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരഫാമുകളുടെ യന്ത്രവൽക്കരണവും.
- ക്ഷീരസഹകരണസംഘങ്ങൾ മുഖേന പാൽ ഉല്പാദകർക്ക് പ്രത്യേക പരിശീലനം നൈപുണ്യ-വികസനവും സ്വയംതൊഴിലും
- പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിൽ വൈക്കോൽ ശേഖരണത്തിനും ബെയിലിംഗിനുമുള്ള യൂണിറ്റുകൾ സ്ഥാപിക്കൽ.
- പ്രവർത്തന ചെലവ്
- ഇടുക്കിയിൽ ക്ഷീരവികസന സഹായം

തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി വിഹിതം വകയിരുത്തുന്നു. ഉരുക്കളെ വാങ്ങുന്നതിനുള്ള പദ്ധതി, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സഹായം, കുട്ടനാട് താലൂക്കിലെ പ്രളയബാധിത പ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ കന്നുകാലി ഷെഡുകളുടെ സ്ഥാപനം, കറവ യന്ത്രങ്ങൾ വാങ്ങുക, ഫാമുകൾ യന്ത്രവത്ക്കരിക്കുക, കറവപ്പശുക്കൾക്ക് അന്തരീക്ഷ സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ഘടകങ്ങൾ, വെർമി കമ്പോസ്റ്റ്, പ്രത്യേക പരിശീലനം മുതലായവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ.

ഇതിനായി 2021-22 ബജറ്റിൽ 4028.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 5. കാലിത്തീറ്റ സബ്സിഡി

**(വിഹിതം: 1433.00 ലക്ഷം രൂപ)**

പാലുൽപ്പാദനവും പാൽ സംഭരണവും വർദ്ധിപ്പിക്കുക, കൂടുതൽ കർഷകരെ ക്ഷീര സഹകരണ വ്യവസ്ഥയുടെ കീഴിൽ കൊണ്ടുവരിക, നിലനിൽപ്പിനുള്ള തൊഴിലായി ക്ഷീര വികസനത്തെ നിലനിർത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവസംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇവ നേടുന്നതിനായി പാലുൽപ്പാദനം കുറയുന്ന കാലയളവിൽ ഉൽപ്പാദനവും ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള സംഭരണവും വർദ്ധിപ്പിക്കുന്നതിനായി ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി സഹായം നൽകുന്നു. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും

ഇതിനായി 2021-22 ബജറ്റിൽ 1433.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 6. കർഷകരുടെ കൃഷിയിടങ്ങളിലും ക്ഷീരസഹകരണ സംഘങ്ങളിലും തീറ്റപ്പുൽ ഉല്പാദനവും പരിപാലനവും

**(വിഹിതം. 760.00 ലക്ഷം രൂപ)**

ക്ഷീരമേഖലയിലെ വികസനം പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീര മേഖലയിൽ ഉൽപ്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം ഇതാണ്. ആയതിനാൽ ഉൽപ്പാദന ചെലവ് കുറയ്ക്കുവാൻ വേണ്ടി അനുയോജ്യമായ തീറ്റപ്പുൽ ഉൽപ്പാദന പരിപാടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വർഷം മുഴുവൻ നിലനിൽക്കുന്ന തീറ്റപ്പുൽ ഇനങ്ങളുടെ കൃഷി, ക്ഷീര കർഷകരുടെ ഇടയിൽ നൂതനവും ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ഫീഡിംഗ് രീതി നടപ്പാക്കുക, തീറ്റചെലവ് കുറയ്ക്കുക വഴി കന്നുകാലി വളർത്തലിന്റെ നിലനിൽപ്പും വിശ്വാസ്യതയും ഉയർത്തുക, കറവപശുക്കളുടെ ആരോഗ്യവും പാലിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക, വർഷം മുഴുവൻ തീറ്റപ്പുല്ലിന്റയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, തീറ്റപ്പുൽ വിൽപ്പന വഴി ഉൽപ്പാദകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

കർഷകർക്ക് തീറ്റപ്പുൽ, അസോള, ചോളം കൃഷികൾക്കുള്ള സഹായം, ജലസേചന സഹായം, തിരുവനന്തപുരം വലിയതുറയിലെ സ്റ്റേറ്റ് ഫോഡർ ഫാമിന് സഹായം, തീറ്റപ്പുൽ കൃഷി പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുകയും ആധുനീകവത്ക്കരിക്കുകയും ചെയ്യുക, വാണിജ്യാടിസ്ഥാനത്തിൽ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപനം എന്നിവയ്ക്ക് വേണ്ടിയാണ് 760.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

### 7. ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി ക്ഷീര കർഷകർക്ക് ക്ഷേമനിധി

**(വിഹിതം. 25.00 ലക്ഷം രൂപ)**

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി 2021-22 വർഷത്തിൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇൻഷ്വറൻസ് പരിരക്ഷ വഴി ക്ഷീര കർഷകരുടെ ജീവനും, സ്വത്തിനും, ആരോഗ്യത്തിനും, സംരക്ഷണം നൽകുന്നതിനും അടിയന്തിര വൈദ്യസഹായം, അപകടങ്ങൾ മുഖേന ഉണ്ടാകുന്ന അംഗവൈകല്യം എന്നിവയ്ക്കും മറ്റ് ക്ഷേമ പരിപാടികൾക്കും വേണ്ടി തുക വിനിയോഗിക്കാവുന്നതാണ്.

ഇതിനായി 2021-22 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 8. ബ്രഹ്മഗിരി വികസന സൊസൈറ്റിക്കുള്ള ധനസഹായം

**(വിഹിതം: 50.00 ലക്ഷം രൂപ)**

വയനാട് ആസ്ഥാനമാക്കി ആരംഭിച്ച ഒരു സർക്കാരിതര സംഘടനയാണ് ബ്രഹ്മഗിരി വികസന സൊസൈറ്റി. ക്ഷീര വികസന വകുപ്പിന്റെ സംരംഭമായി 1999 ലാണ് ഈ സൊസൈറ്റി ആരംഭിച്ചത്. ഈ സംരംഭം വിജയിക്കുകയും വയനാട്ടിലെ ഒരു പ്രധാന സ്ഥാപനമായി മാറുകയും ചെയ്തിട്ടുണ്ട്. കൃഷിയും കൃഷിഅനുബന്ധമേഖലകളിൽ കൂടി ഇതിന്റെ സാധ്യത വ്യാപിച്ചിട്ടുണ്ട്. ബ്രഹ്മഗിരി വികസന സൊസൈറ്റിയുടെ സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 9. വയനാട് ക്ഷീര വികസനത്തിന് സഹായം

**(വിഹിതം: 25.00 ലക്ഷം രൂപ)**

കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം/പുനരുദ്ധാരണം, ധാതുമിശ്രിത വിതരണം, ബോധവൽക്കരണ പരിശീലന പരിപാടികൾ, ബയോഗ്യാസ്പ്ലാന്റിന്റെ നിർമ്മാണം ഡോക്യുമെന്റേഷൻ, അവലോകന ചെലവ് എന്നിവയ്ക്കാണ് സഹായം വകയിരുത്തുന്നത്. വയനാട്ടിൽ ക്ഷീര വികസന പ്രവർത്തനങ്ങൾക്കായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പുതിയ പദ്ധതി**

### 10 കേരള സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ (കെ.എസ്.ഡി.എം.ഐ.സി) വലിയതുറയിലെ സംസ്ഥാന ഫോഡർ ഫാമിൽ സ്ഥാപിക്കൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

കേരള സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളായ സഹകരണം, തീറ്റപ്പുൽ കൃഷി വികസനം, പോഷക കാലിത്തീറ്റ, ക്ഷീര-മൃഗ സംരക്ഷണ മേഖലയ്ക്ക് ആധുനിക രീതിയിലുള്ള തീറ്റ ക്രമത്തിന്റെ ഉപയോഗം, പരമ്പരാഗത ക്ഷീര

ഉൽപ്പന്നങ്ങൾ എന്നിവയുടെ ഏകോപനമാണ് ലക്ഷ്യം വയ്ക്കുന്നത്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരശേഖരണം, തീറ്റപ്പുൽ വൈവിദ്ധ്യത്തെക്കുറിച്ചുള്ള ഗവേഷണം, പരമ്പരാഗത ക്ഷീര ഉൽപ്പന്നങ്ങളുടെ ഗവേഷണം, കറവ മൃഗങ്ങളുടെ വ്യത്യസ്ത അധിവാസ രീതികളെക്കുറിച്ചുള്ള പഠനം എന്നിവ ഉൾപ്പെടുന്നു.

2021-22 ബജറ്റിൽ കേരള സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന്റെ സ്ഥാപനത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 1.5 മത്സ്യ ബന്ധനം

2021-22 ലെ ബജറ്റിൽ മത്സ്യബന്ധന മേഖലയ്ക്കായി 20364.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ ഉൾനാടൻ മത്സ്യബന്ധനത്തിന് 9212.00 ലക്ഷം രൂപയും സമുദ്ര മത്സ്യബന്ധനത്തിന് 2000.00 ലക്ഷം രൂപയും നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിക്കായി 1000.00 ലക്ഷം രൂപയും മത്സ്യ ബന്ധന തുറമുഖങ്ങളുടെ പരിപാലനത്തിനായി 1212.00 ലക്ഷം രൂപയും ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്കായി 3350.00 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

2021-22 ൽ മത്സ്യബന്ധന മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം താഴെ നൽകിയിരിക്കും വിധം തരംതിരിച്ചിരിക്കുന്നു.

### 1. ഉൾനാടൻ മത്സ്യബന്ധനം

**(വിഹിതം: 9212.00 ലക്ഷം രൂപ)**

ഉൾനാടൻ മത്സ്യബന്ധനം എന്ന പദ്ധതിക്ക് 2021-22 ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്ന വിഹിതം 9212.00 ലക്ഷം രൂപയാണ്. ഈ പദ്ധതിക്കു കീഴിൽ വരുന്ന 8 ഘടകങ്ങൾ താഴെ പറയും വിധമാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| എ | ഉൾനാടൻ മത്സ്യ സമ്പത്തിന്റെ സംരക്ഷണവും മാനേജ്മെന്റും | 500.00 |
| ബി | ഫിഷ് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ | 1600.00 |
| സി | അക്വാക്കൾച്ചർ വികസനം | 6262.00 |
| ഡി | അക്വാക്കൾച്ചറിനു വേണ്ടിയുള്ള സഹായ സേവനങ്ങൾ | 400.00 |
| ഇ | ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുക | 100.00 |
| എഫ് | ജലജീവികളുടെ ആരോഗ്യനിരീക്ഷണവും പരിപാലനവും | 100.00 |
| ജി | റിസർവ്വോയർ മത്സ്യബന്ധന വികസനം | 150.00 |
| എച്ച് | ഉപ്പ് ജലതടാകങ്ങളുടെ ശുചീകരണം | 100.00 |
| | **ആകെ** | **9212.00** |

#### എ. ഉൾനാടൻ മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും

സംസ്ഥാനത്തെ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുക, പെട്രോളിംഗ് നടത്തുക വഴി നിയമ വിരുദ്ധ മത്സ്യബന്ധനം തടയുക, സംരക്ഷിത മേഖലകൾ സ്ഥാപിക്കുക, നശിച്ചു പോയ ജലാശയ ആവാസ വ്യവസ്ഥകളെ പുനഃസ്ഥാപിക്കുക, കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുക, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വഴി തനതായ സ്റ്റോക്ക് വർദ്ധിപ്പിക്കുക, റിമോട്ട് സെൻസിംഗ് – ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം വഴി മത്സ്യസമ്പത്തിന്റെ രൂപരേഖ തയ്യാറാക്കുക, പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ അളവ് കണക്കാക്കുക, ലൈസൻസുള്ള വലകളും ചൈനീസ് വലകളും വാങ്ങുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റ് വിഹിതമായി 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

#### ബി. മത്സ്യഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

കേരളത്തിലെ മത്സ്യകൃഷിയുടെ പ്രധാന പരിമിതി, മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമാണ്. മത്സ്യവിത്തിന്റെ ഗുണമേന്മയിലും അളവിലും മികവ് വരുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച്

കൊണ്ട് നിലവിലുള്ള ഫാമുകളുടേയും നഴ്സറികളുടേയും ഹാച്ചറികളുടേയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും, പുതിയ ഹാച്ചറികൾ സ്ഥാപിക്കാനും 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്തം വകയിരുത്തലിൽ 30.00 ലക്ഷം രൂപ മത്സ്യ വിത്തുകളുടെ സർട്ടിഫിക്കേഷനും ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തുന്നു. ഇതു കൂടാതെ നിലവിലെ സർക്കാർ ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 700.00 ലക്ഷം രൂപ പ്രത്യേകം വകയിരുത്തി യിരിക്കുന്നു.

**സി. അക്വാകൾച്ചർ വികസനം**

നിലവിലുള്ള പ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ പൂർണ്ണമായ വിനിയോഗം, ഗുണമേന്മയുള്ള വിത്തുകളുടെ ഉപയോഗം, പോഷകാഹാരം, രോഗപ്രതിരോധ പ്രവർത്തന മേൽനോട്ടം, നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, പുതിയ പ്രദേശങ്ങളിലേയ്ക്ക് അക്വാകൾച്ചറിന്റെ വ്യാപനം എന്നിവയിലൂടെ പതിമൂന്നാം പദ്ധതിക്കാലയളവിൽ അക്വാകൾച്ചർ ഉല്പാദനം ഇരട്ടിപ്പിക്കുക എന്നതാണ് ലക്ഷ്യം. അക്വാകൾച്ചർ വികസനത്തിനായി 6262.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 350.00 ലക്ഷം രൂപ മത്സ്യകൃഷിക്കാരുടെ 14 വികസന ഏജൻസികളുടെ നിർവ്വഹണ ചെലവുകൾക്കായും വകയിരുത്തിയിരിക്കുന്നു. പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മൊത്തം വകയിരുത്തലിൽ 2000.00 ലക്ഷം രൂപ സുഭിക്ഷകേരളം പദ്ധതിക്കു കീഴിലെ അക്വകൾച്ചർ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്. ഈ പദ്ധതിക്ക് കീഴിലെ പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതാണ്.

- കൂടുകളിലും കുളങ്ങളിലും നൈൽ തിലാപ്പിയ കൃഷിയും പുനഃപര്യയന അക്വാകൾച്ചറും.
- കാർപ്പ്, പാൻഗാഷിയസ്, തനത് മത്സ്യ ഇനങ്ങൾ എന്നിവയുടെ കൃഷി കുളങ്ങളിൽ വ്യാപിപ്പിക്കുക.
- ഒരു നെല്ല് ഒരു മീൻ കൃഷി.
- കുളങ്ങളിലും കൂടുകളിലും ഓരു ജല മത്സ്യകൃഷി.
- കൊഞ്ച്, മസ്സൽ കൃഷി.

വ്യാപന പ്രവർത്തനങ്ങൾ, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യകൃഷി പുരസ്കാരം, നഷ്ടസാധ്യതാ നിവാരണം, മത്സ്യകൃഷി പ്രൊമോട്ടർമാരുടേയും കോ–ഓർഡിനേറ്റർമാരുടേയും സേവനങ്ങൾ, മത്സ്യകർഷക ക്ലബ്ബ്, മത്സ്യകൃഷി സേവന കേന്ദ്രം, മത്സ്യകർഷക മിത്രം, നൂതനമായ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുക, ഗവേഷണങ്ങൾ എന്നിവയും ഇതിന്റെ ഭാഗമാണ്. മൊത്തം വകയിരുത്തലിൽ 200.00 ലക്ഷം രൂപ വീതം ഇടുക്കി, വയനാട് ജില്ലകളിലെ അക്വാകൾച്ചർ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.

**ഡി. അക്വാകൾച്ചറിന് വേണ്ടിയുള്ള സഹായ സേവനങ്ങൾ**

ഫീഡ് മില്ലിന്റെ വികസനം, ഡെമോൺസ്ട്രേഷൻ ഫാം വികസനം എന്നീ അക്വാകൾച്ചറിന് വേണ്ടിയുള്ള സഹായ സേവനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവൻ സ്ഥാപിക്കൽ**

ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വികസനത്തേയും പ്രത്യേകിച്ച് അക്വാക്കൾച്ചർ മേഖലയുടെയും ശരിയായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ് സാങ്കേതിക പിന്തുണ, മാർഗ്ഗനിർദ്ദേശം, മേൽനോട്ടം എന്നിവയുടെ അപര്യാപ്തത. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിട്ടാണ് ഉൾനാടൻ മത്സ്യഭവനുകൾ സ്ഥാപിക്കുന്നത്. അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട് മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരുടേയും സബ് ഇൻസ്പെക്ടർമാരുടേയും സേവനങ്ങൾ ലഭ്യമാക്കുക എന്നതും ഈ വകയിരുത്തലിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**എഫ്. ജലജീവികളുടെ ആരോഗ്യ നിരീക്ഷണവും പരിപാലനവും**

അക്വാകൾച്ചർ മേഖലയിൽ വിവിധ രോഗങ്ങളുടെ ആക്രമണം ഒരു ഗുരുതര ഭീഷണിയായി നിലനിൽക്കുന്നതിനാൽ ജലജീവികളുടെ ആരോഗ്യ നിരീക്ഷണവും പരിപാലനവും രോഗബാധയുടെ വ്യാപനം തടയുന്നതിനും ജലജീവികളുടെ നശീകരണത്തെ കുറയ്ക്കുന്നതിനും സഹായകരമാകും.

സമയാസമയത്തുള്ള രോഗനിരീക്ഷണത്തിനും രോഗം തിരിച്ചറിഞ്ഞ് ചികിത്സാ നടപടികൾ ആരംഭിക്കുന്നതിനുമായി 20 മൊബൈൽ അക്വാ ലബോറട്ടറികളും 10 അക്വാട്ടിക് ഹെൽത്ത് സെന്ററുകളും അടങ്ങുന്ന ശൃംഖല സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. മണ്ണിന്റേയും ജലത്തിന്റേയും ഗുണനിലവാര പരിശോധന സാമ്പിളുകൾ ശേഖരിച്ച് വയ്ക്കുന്നതിനും ജീവനോടെയോ അല്ലാതെയോ ഉള്ള ജലജീവികളുടെ ക്ലിനിക്കൽ പരിശോധന നടത്തുന്നതിനുള്ള സൗകര്യങ്ങൾ മൊബൈൽ അക്വാലബോറട്ടറികൾക്കുണ്ടായിരിക്കും. കൂടാതെ മൈക്രോ ബയോളജി, ഹിസ്റ്റോളജി, മോളിക്കുലാർ പരിശോധനകൾക്കുമുള്ള അധിക സംവിധാനവും ഹെൽത്ത് സെന്ററുകളിലുണ്ടാകും. ഹെൽത്ത് സെന്ററുകളുടേയും മൊബൈൽ അക്വാ ലാബുകളുടേയും പ്രവർത്തന ചിലവുകൾ, ജലഗുണനിലവാരത്തിന്റേയും ജലജീവി ആരോഗ്യത്തിന്റേയും ആന്റി ബയോട്ടിക് അവശിഷ്ടത്തിന്റേയും പരിശോധനാ ചിലവുകൾ, രോഗബാധാ നിർണ്ണയം, മരുന്നുകൾ, രോഗനിവാരണം എന്നിവയ്ക്കുള്ള ചിലവുകളും ഇതിന്റെ ഭാഗമാണ്. 2021-22 ൽ ഈ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ജി. ജലസംഭരണികളിലെ മത്സ്യബന്ധന വികസനം**

ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കാൻ വലിയ സാദ്ധ്യതകളാണ് ജലസംഭരണികൾ പ്രദാനം ചെയ്യുന്നത്. സംസ്ഥാനത്തെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കാനായി ജലസംഭരണികളെ ഉപയോഗിക്കുന്നതിനായി നടപടികൾ സ്വീകരിക്കുക, ചെറിയ ജലസംഭരണികളിൽ മത്സ്യങ്ങളുടെ സ്റ്റോക്ക് എൻഹാൻസ്മെന്റ് നടപ്പിലാക്കുക, ഇടത്തരം – വലിയ ജലസംഭരണികളിൽ സ്റ്റോക്ക് എൻഹാൻസ്മെന്റും കൂടുകളിലുമുള്ള മത്സ്യകൃഷിയും നടപ്പിലാക്കുക, വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള ജലസംഭരണികളിൽ നാടൻ കാർപ്പ് മത്സ്യങ്ങൾ, ക്യാറ്റ് ഫിഷ്, കരിമീൻ, മഹസീർ എന്നീ ഇനങ്ങളെ സ്റ്റോക്ക് എൻഹാൻസ്മെന്റിന് ഉപയോഗിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പ്രവർത്തനങ്ങൾക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എച്ച്. ഉപ്പ് ജലതടാകങ്ങളുടെ ശുചീകരണം**

കേരളത്തിലെ പ്രധാന ഉപ്പുജലതടാകങ്ങൾ മലിനീകരണംമൂലമുള്ള ആവാസവ്യവസ്ഥാതകർച്ച നേരിടുന്നുണ്ട്. ഈ ദുർബലമായ ആവാസവ്യവസ്ഥ പരിഗണിക്കുമ്പോൾ ജലത്തിന്റെ ഗുണനിലവാരം കുറയുന്നതും ജലജീവികളുടെ നശീകരണവും ഉപ്പുജലതടാകങ്ങളുടെ സംരക്ഷണം അനിവാര്യമാക്കുന്നു. ഇതിനായിയുള്ള ഒരു ശ്രമമെന്ന രീതിയിൽ സർക്കാർ വേമ്പനാട്, അഷ്ടമുടി തടാകങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെ പങ്കാളിത്തത്തോടെ ശുചീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തടാകങ്ങൾ ശുചിയായി സംരക്ഷിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ നടപ്പിലാക്കുന്നതിനുമായി 2021-22 വാർഷിക ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. സമുദ്ര മത്സ്യബന്ധനം**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

സമുദ്ര മത്സ്യബന്ധനം എന്ന ബൃഹത് പദ്ധതിക്ക് 2021-22 ൽ നീക്കി വെച്ചിരിക്കുന്ന വിഹിതം 2000.00 ലക്ഷം രൂപയാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന 6 ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| എ | സമുദ്ര മത്സ്യസമ്പത്തിന്റെ സംരക്ഷണവും മാനേജ്മെന്റും | 800.00 |
| ബി | കടൽ സുരക്ഷയും കടൽ രക്ഷാ പ്രവർത്തനങ്ങളും | 500.00 |
| സി | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാ യുള്ള മത്സ്യബന്ധന സാമഗ്രികൾ | 150.00 |
| ഡി | മത്സ്യബന്ധന ഉപകരണങ്ങൾക്കായുള്ള ഇൻഷ്വറൻസ് കവറേജ് | 200.00 |
| ഇ | മാരിക്കൾച്ചർ പ്രവർത്തനങ്ങൾ | 100.00 |
| എഫ് | മറൈൻ ആംബുലൻസ്- പ്രവർത്തനവും പരിപാലനവും | 250.00 |
| | **ആകെ** | **2000.00** |

### എ. സമുദ്ര മത്സ്യസമ്പത്തിന്റെ സംരക്ഷണവും മാനേജ്മെന്റും

പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ ലഭിച്ച സമുദ്ര മത്സ്യത്തിന്റെ അളവ് സ്ഥിരമായി കുറഞ്ഞുവരുന്നതായി കണ്ടിരുന്നു. കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടുകളുടെ റിപ്പോർട്ട് പ്രകാരം അധികമായ തോതിലുള്ള മത്സ്യബന്ധനം, വിവേചനമില്ലാത്ത ജുവനൈൽ മത്സ്യബന്ധനം, മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ചെടുക്കുക എന്നീ കാരണങ്ങളാലാണ് ഈ വീഴ്ച ഉണ്ടായത്. പോഷകാഹാര സുരക്ഷ ഉറപ്പു വരുത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ കേവലമായ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിനും തനതു സമുദ്ര മത്സ്യബന്ധനത്തിൽ പര്യാപ്തമായ മേൽനോട്ടവും മാനേജ്മെന്റ് തത്വങ്ങളുടെ കാര്യക്ഷമമായ നടപ്പിലാക്കലും അനിവാര്യമാണ്. കെ.എം.എഫ്.ആർ നിയമത്തിന്റെ കർശനമായ മേൽനോട്ടം മത്സ്യകപ്പലുകളുടെ ലൈസൻസിംഗും ഓൺലൈൻ രജിസ്ട്രേഷനും സമുദ്ര മത്സ്യ സമ്പത്തിന്റെ കോ മാനേജ്മെന്റ്, ഫീഷറീസ് മാനേജ്മെന്റ് കൌൺസിലുകളുടെ പ്രവർത്തനം, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്, കപ്പൽ ട്രാക്കിംഗ് യന്ത്രം എന്നിവ ഘടിപ്പിക്കുക, പുതിയ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുക, ആശയവിനിമയ സംവിധാനങ്ങൾ സ്ഥാപിക്കുക, മത്സ്യബന്ധന ഹാർബറുകളിലും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക, കൃത്രിമ പാരുകളും സമുദ്ര സംരക്ഷണ മേഖലകളും സ്ഥാപിക്കുക, നൂതന സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ കൊണ്ടു വരിക, സ്റ്റോക്ക് വർദ്ധിപ്പിക്കുന്നതിനായി മത്സ്യവിത്തുകളുടെ റാഞ്ചിംഗ്, സമുദ്രത്തിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങളുടെ വിവര ശേഖരണം, സമുദ്ര പെട്രോളിംഗിനു വേണ്ടി 20 പെട്രോൾ ബോട്ടുകൾ വാടകയ്ക്കെടുക്കുകയും കരാറടിസ്ഥാനത്തിൽ 80 മത്സ്യത്തൊഴിലാളികളെ ഏർപ്പാടാക്കുക, നിലവിലുള്ള ഫിഷറീസ് സ്റ്റേഷനുകൾ പുതിയ കെട്ടിടവും കൺട്രോൾ റൂമും നൂതന ഉപകരണങ്ങളും നൽകി ആധുനികവത്ക്കരിക്കുക എന്നിവയാണ് സമുദ്ര മത്സ്യ സമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിൽ ഉൾപ്പെടുന്ന ഘടകങ്ങൾ. ഈ പ്രവർത്തനങ്ങൾക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ബി. കടൽ സുരക്ഷയും കടൽ രക്ഷാപ്രവർത്തനങ്ങളും

സമുദ്ര മത്സ്യബന്ധനം ഏറ്റവും ആപത്ക്കരമായ തൊഴിലുകളിൽ ഒന്നാണ്. എല്ലാ വർഷവും കേരളത്തിൽ നിന്ന് മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന 150 ഓളം മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുന്നു എന്നതാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വാടക വള്ളങ്ങളുടേയും സൗകര്യങ്ങളുടേയും സഹായത്തോടെ നാലായിരത്തിൽപ്പരം മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ, സുസജ്ജമായ കടൽ സുരക്ഷാ പ്രവർത്തന സംവിധാനം അത്യാവശ്യമാണ്.

മറൈൻ കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ജി.പി.എസ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോട്ട്, ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം, മത്സ്യയാനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം, സാറ്റലൈറ്റ് അധിഷ്ഠിതമായ റേഡിയോ ബീക്കൺ എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി 75 ശതമാനം ധനസഹായം നൽകാൻ ഉദ്ദേശിച്ചിരിക്കുന്നു.

ഫിഷറീസ് സ്റ്റേഷനുകൾ അടിസ്ഥാനമാക്കി കടൽ രക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി 1) ആവശ്യാടിസ്ഥാനത്തിൽ കടൽരക്ഷാപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പരിശീലനം ലഭിച്ച പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സേവനങ്ങൾ ഉപയോഗിക്കും 2) മത്സ്യ തൊഴിലാളികൾക്ക് എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് എന്നിവർക്കുള്ള പരിശീലനം നൽകുക 3) സാഗര ആപ്പ് വഴി കടലിൽ മീൻ പിടിക്കാൻ പോകുന്ന യാനങ്ങളുടെ പോക്ക് വരവ് വിവരങ്ങൾ ശേഖരിക്കുക എന്നിവ ലക്ഷ്യമിടുന്നു. അതോടൊപ്പം കാലാവസ്ഥാ വിവരങ്ങളും നൽകും. മാസ്റ്റർ കൺട്രോൾ റൂമും പ്രാദേശിക കൺട്രോൾ റൂമുകളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### സി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായുള്ള മത്സ്യബന്ധന ഉപകരണങ്ങൾ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലിയ കണ്ണികൾ ഉള്ള ഗിൽ വല വാങ്ങുന്നതിനും ലൈൻ മത്സ്യബന്ധനത്തിനായുള്ള ഏറ്റവും പരിഷ്കൃതമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പഴയ ഔട്ട്ബോർഡ് എഞ്ചിൻ മാറ്റി പത്ത് എച്ച്. പി ക്ക് താഴെയുള്ള പുതിയ ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിക്കുന്നതിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പാഴാക്കൽ കുറയ്ക്കുക,

ഗുണനിലവാരം ഉയർത്തുക എന്നീ പ്രവർത്തനങ്ങൾക്കായി പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ബോക്സുകൾ നൽകുകയെന്നതും ഈ പദ്ധതിക്കു കീഴിൽ ഉൾപ്പെടുന്നു. മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ ബഡ്ജറ്റ് വിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി. മത്സ്യബന്ധന ഉപകരണങ്ങൾക്കായുള്ള ഇൻഷ്വറൻസ് കവറേജ്**

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം നിലനിർത്തുന്നതിനായി അവരുടെ സമുദ്ര മത്സ്യബന്ധന ഉപകരണങ്ങൾക്കായുള്ള ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കിയിട്ടുണ്ട്. പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ വിഹിതമായി നൽകുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ. മാരിക്കൾച്ചർ പ്രവർത്തനങ്ങൾ**

മാരിക്കൾച്ചർ മേഖലയിലെ കേരളത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. മാരിക്കൾച്ചറിന് അനുയോജ്യമായുള്ള സാങ്കേതിക വിദ്യകൾ സി.എം.എഫ്.ആർ.ഐ വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ കടൽ മത്സ്യങ്ങളുടെ കൂടുകളിലുള്ള കൃഷി, അടിത്തട്ടിലെ മെളസ്കൻ കൃഷി, കടൽപ്പായൽ കൃഷി എന്നിവ ഉൾപ്പെടുന്നു. മാരികൾച്ചറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എഫ്. മറൈൻ ആംബുലൻസ്- പ്രവർത്തനവും പരിപാലനവും**

വിനാശകരമായ ഓഖി ദുരന്തത്തിനുശേഷം എല്ലാ ആധുനിക സംവിധാനങ്ങളും പാരാമെഡിക്കൽ സ്റ്റാഫും വൈദ്യസഹായത്തിനുള്ള സജ്ജീകരണങ്ങളും ഉൾക്കൊള്ളുന്ന മൂന്ന് മറൈൻ ആംബുലൻസുകൾ പുറത്തിറക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇത് കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് രക്ഷാപ്രവർത്തന കപ്പൽ ആയി പ്രവർത്തിക്കും. ഈ മൂന്ന് മറൈൻ ആംബുലൻസുകളും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇന്ധനച്ചെലവ്, എ.എം.സി ചാർജ്ജ്, മരുന്നുകളുടെ ചെലവ് തുടങ്ങിയ തുടർ പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റ് വിഹിതമായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 3. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ)- മത്സ്യബന്ധനത്തിന്റെ സംയോജിതമായ വികസനവും മാനേജ്മെന്റും

**(വിഹിതം: 560.00 ലക്ഷം രൂപ)**

നിലവിലെ നീലവിപ്ലവം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കു പകരം 2020-21 മുതൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന എന്ന കേന്ദ്രവിഷികൃത പദ്ധതി നിലവിൽ വന്നു. മത്സ്യ ഉൽപ്പാദനത്തിലെയും ഉൽപ്പാദനരക്ഷമതയിലെയും പ്രധാന പ്രശ്നങ്ങളായ ഗുണനിലവാരം, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യവികസനം, നവീകരണം, മൂല്യവർദ്ധിതശൃംഖല കെട്ടിപ്പടുക്കൽ, ശക്തമായ ഫിഷറീസ് മാനേജ്മെന്റ് നടപ്പിലാക്കുക, മത്സ്യ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി ഗുണഭോക്തൃ അധിഷ്ഠിതവും അല്ലാത്തതും എന്ന രീതിയിൽ താഴെപ്പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു.

- ഉൽപ്പാദനത്തിന്റെയും ഉൽപ്പാദനക്ഷമതയുടെയും വർദ്ധനവ്
- അടിസ്ഥാന സൗകര്യവികസനവും വിളവെയുപ്പിനുശേഷമുള്ള പ്രവർത്തനവും
- ഫിഷറീസ് മാനേജ്മെന്റും നിയന്ത്രണങ്ങളും

സമത്സ്യബന്ധന മേഖലയുടെ സംയോജിതമായ വികസനവും മാനേജ്മെന്റുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പി.എം.എം.എസ്.വൈ പ്രകാരം വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി 560.00 ലക്ഷം രൂപ വകയിരുത്തുന്നു. സമുദ്രജല മത്സ്യബന്ധം, ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള പ്രോത്സാഹനം, മൂല്യവർദ്ധനവ്, അക്വാകൾച്ചർ, വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മത്സ്യതൊഴിലാളിക്ഷേമം, വിവരശേഖരണം ശക്തമാക്കുക, ജി.ഐ.എസ് പദ്ധതി, ഭരണസംബന്ധമായ ചെലവുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ.

**4. മത്സ്യവിപണികളുടെ നവീകരണവും മൂല്യവർദ്ധനവും വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങളും (വിഹിതം: 150.00 ലക്ഷം രൂപ)**

മത്സ്യത്തിന്റെ വേഗം നശിച്ചു പോകുന്ന സ്വഭാവം കാരണം ആകെ കിട്ടുന്ന മത്സ്യത്തിന്റെ 18 ശതമാനം നഷ്ടമാവുകയാണ് പതിവെന്ന് കണക്കുകൾ കാണിക്കുന്നു. വള്ളത്തിൽ നിന്നും ഉപഭോക്താവിന്റെ കൈയ്യിലെത്തുന്നത് വരെയുള്ള ഒരു കോൾഡ് ചെയിൻ ശൃംഖല സ്ഥാപിക്കുന്നത് വഴി ഇതൊരു വലിയ പരിധി വരെ കുറയ്ക്കാനാകും. മത്സ്യബന്ധന വള്ളങ്ങളിൽ വേണ്ട ആവരണം ചെയ്യപ്പെട്ട പെട്ടി, ഓൺഷോറിൽ ചിൽഡ് സ്റ്റോറേജ് സൗകര്യം, ലാന്റിംഗ് കേന്ദ്രങ്ങളുടേയും ഹാർബറുകളുടേയും മൊത്തവ്യാപാര വിപണികളുടേയും നവീകരണം (ശുചിത്വവും ഗുണമേന്മയും ഉറപ്പ് നൽകാൻ), മെച്ചപ്പെട്ട ഗതാഗതത്തിനായുള്ള ആവരണം ചെയ്യപ്പെട്ട വാഹനങ്ങൾ (മെച്ചപ്പെട്ട ഗതാഗതം), അവസാന പോയിന്റിലുള്ള ശുചിത്വമുള്ള മത്സ്യവില്പന ഔട്ട് ലെറ്റുകൾ, മത്സ്യം ഉണക്കാനുള്ള യൂണിറ്റുകൾ, മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾക്കുള്ള യൂണിറ്റുകൾ, ഐസ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ, ഓക്ഷൻ ഹാളുകൾ സ്ഥാപിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള ഗവേഷണം എന്നിവ ഈ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു. ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. വിജ്ഞാന വ്യാപനം, പരിശീലനം, സേവനപ്രദാനം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

വിജ്ഞാന വ്യാപനം, പരിശീലനം, സേവന പ്രദാനം എന്ന പദ്ധതിക്കായി 300.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. ഇതിന്റെ 4 ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| എ | വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 4000. |
| ബി | ഉദ്യോഗസ്ഥർക്കായുള്ള കാര്യക്ഷമതാ വളർത്തൽ പരിപാടികൾ | 40.00 |
| സി | ഇ- ഗവേണൻസ്, ഡിജിറ്റലൈസ് ചെയ്ത ലേല സംവിധാനം | 100.00 |
| ഡി | നിലവിലുള്ള അക്വാകൾച്ചർ പരിശീലന കേന്ദ്രങ്ങൾ, മത്സ്യഭവനുകൾ എന്നിവയുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ | 120.00 |
| | **ആകെ** | **300.00** |

**എ. വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

അവബോധ പരിപാടികൾ, മേള പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണങ്ങൾ, പൊതുജന പരാതി പരിഹാര നിരീക്ഷണ സമ്പ്രദായം (പി.ജി.ആർ.എം.എസ്) സ്കീം മോണിറ്ററിംഗ് എന്നിവയാണ് അനുബന്ധ പ്രവർത്തനങ്ങൾക്ക് കീഴിൽ വരുന്ന ഘടകങ്ങൾ. ഇവയുടെ പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. ഉദ്യോഗസ്ഥർക്കായുള്ള കാര്യക്ഷമതാ വളർത്തൽ പരിപാടികൾ**

ജോലി ചെയ്യുന്ന കാലത്തിനിടയ്ക്കുള്ള പരിശീലനം, മത്സ്യ ബന്ധനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള പുതിയ ആശയങ്ങൾ രൂപീകരിക്കുന്നതിനായി ഇന്ത്യക്ക് അകത്തും പുറത്തുമുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള ഹ്രസ്വ കാലപരിശീലനം എന്നിവയാണ് കാര്യക്ഷമത വളർത്തൽ പരിപാടിയിൽ ഉൾപ്പെടുന്നത്. നിഫാമിന്റേയും വകുപ്പിലെ മറ്റ് പരിശീലന കേന്ദ്രങ്ങളുടേയും പ്രവർത്തന ചെലവ് ഇതിൽ ഉൾപ്പെടുന്നു. 40.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**സി. ഇ-ഗവേണൻസ്**

ഹാർഡ് വെയർ വാങ്ങൽ, സോഫ്റ്റ് വെയർ വികസനം, വെബ്സൈറ്റിന്റെ നിലവാരമുയർത്തൽ, ഓൺലൈൻ ആശയവിനിമയ ശൃംഖല, നിലവിലുള്ള ഹാർഡ് വെയറുകൾക്കും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾക്കുമുള്ള അറ്റകുറ്റപ്പണികൾ, കെ.എസ്.ഡബ്ല്യു.എ.എൻ നടപ്പിലാക്കൽ എന്നിവയാണ് ഇ ഗവേണൻസിൽ ഉൾപ്പെടുന്ന ഘടകങ്ങൾ. ഇതിനു പുറമേ മത്സ്യ വിഭവങ്ങളുടെ ലേല നടപടികൾ ഡിജിറ്റലൈസ് ചെയ്ത് സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതുവഴി മത്സ്യതൊഴിലാളികൾക്ക് മികച്ച വില ലഭ്യമാകുന്നു. 2021-22 ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

## ഡി. നിലവിലുള്ള അക്വാകൾച്ചർ പരിശീലന കേന്ദ്രങ്ങൾ, മത്സ്യഭവനുകൾ എന്നിവയുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ

നിലവിലുള്ള അക്വാകൾച്ചർ പരിശീലന കേന്ദ്രങ്ങൾ, മത്സ്യഭവനുകൾ എന്നിവയുടെ നടന്നുകൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ പൂർത്തീകരിച്ചു കൊണ്ട് അവയെ ശക്തിപ്പെടുത്തുന്നതിനായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ)

മത്സ്യ മേഖലയുടെ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വികസനം നേടുന്നതിനുള്ള ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം.എം.എസ്.വൈ. 2020-21 സാമ്പത്തിക വർഷം മുതൽ 2024-25 വരെ അഞ്ച് വർഷത്തേക്കാണ് ഈ പദ്ധതി അംഗീകരിച്ചിട്ടുള്ളത്. സെൻട്രൽ സെക്ടർ സ്കീമെന്നും സെൻട്രലി സ്പോൺസേർഡ് സ്കീമെന്നും ഇതിനെ രണ്ടായി തിരിച്ചിരിക്കുന്നു. ഇതിൽ സെൻട്രലി സ്പോൺസേർ സ്കീമിനെ ഗുണഭോക്തൃ വിഹിതം ഉള്ളതും ഇല്ലാത്തതും എന്ന് രണ്ടായി തരംതിരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെ ഉപയോഗം, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യം, മൂല്യവർദ്ധിത ശൃംഖല ശക്തിപ്പെടുത്തൽ, നവീകരണം, ശക്തമായ മാനേജ്മെന്റ്, നിയന്ത്രണ സംവിധാനം എന്നിവയിലൂടെ മത്സ്യ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും തമ്മിലുള്ള സന്തുലിതാവസ്ഥ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2021-22 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന ഉപവിഭാഗങ്ങളും/പ്രവർത്തനങ്ങളും വിഹിതവും നിർദ്ദേശിക്കപ്പെടുന്നു.

### I. ഇന്റഗ്രേറ്റഡ് അക്വാപാർക്ക് (പുതിയത്)

**(വിഹിതം: 500.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി മത്സ്യ സമ്പദ പദ്ധതി (പി.എം.എം.എസ്.വൈ) യുടെ കീഴിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ മത്സ്യബന്ധന മേഖലയിലെ എല്ലാ പ്രവർത്തനനേട്ടങ്ങളും പ്രദർശിപ്പിക്കുന്നതിനായി ഒരു ഹബ് സ്ഥാപിക്കാൻ കേരള സർക്കാർ വിഭാവനം ചെയ്യുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി ഏറ്റെടുക്കാം. കൊച്ചിയിലെ പുതുവൈപ്പിൽ നിർദ്ദേശിക്കപ്പെടുന്ന ഈ പദ്ധതിയിലൂടെ ഗുണനിലവാരമുള്ള വിത്ത്, തീറ്റ, വിത്ത് വളർത്തൽ, മത്സ്യ കൃഷി, വിളവെടുപ്പിനു മുമ്പും ശേഷവുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാർട്ട്-അപ്പുകൾ ഉൾപ്പെടെയുള്ള ബിസിനസ്സ് മോഡൽ, ലോജിസ്റ്റിക്സ്, മാർക്കറ്റിംഗ്, എക്സ്പോർട്ട് പ്രമോഷൻ, നൂതന പ്രവണതകൾ, സാങ്കേതികവിദ്യ ഇൻകുബേറ്റഷൻ, വിജ്ഞാന വ്യാപനം, വിനോദം തുടങ്ങിയപ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ആദ്യഘട്ടത്തിൽ 500.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

### II. ഇന്റഗ്രേറ്റഡ് ഫിഷിംഗ് ഹാർബർ- പോസ്റ്റ് ഹാർവെസ്റ്റ് പ്രോസ്സസിംഗ്-മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ (പുതിയത്)

**(വിഹിതം: 2000.00 ലക്ഷം രൂപ)**

കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരളത്തിലെ പ്രധാന മത്സ്യബന്ധന തുറമുഖം ലോകോത്തര ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബായി വികസിപ്പിക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആധുനിക ഫിഷിംഗ്ഹാർബർ സൗകര്യങ്ങൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ ഒരു സംയോജിത പോസ്റ്റ് ഹാർവെസ്റ്റ് പ്രോസ്സസിംഗ്-മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ ഹബ് ആയിരിക്കും ഇത്. അതിൽ കപ്പൽ നങ്കൂരമിടൽ, ഫിഷ് അൺലോഡിംഗ്, ഫിഷ് ഹാൻഡ്‌ലിംഗ്, ലേലം, സംഭരണം, കോൾഡ് ചെയിൻ മാനേജ്മെന്റ്, വിശ്രമമുറികൾ, ശുചിത്വം, വാഹനപാർക്കിംഗ് സൗകര്യങ്ങൾ, കപ്പലുകൾ നന്നാക്കാനും ഓവർഹോൾ ചെയ്യാനുമുള്ള ഡ്രൈ ഡോക്കുകൾ തുടങ്ങിയവ നിർദ്ദേശിക്കുന്നു. ഡിജിറ്റലൈസസ് ചെയ്ത മത്സ്യലേലം, വിളവെടുപ്പിനു ശേഷമുള്ള സംസ്കരണം, മൂല്യവർദ്ധന, ഉൽപ്പന്ന വിപണന സൗകര്യങ്ങൾ, ഫുഡ് പാർക്കുകൾ തുടങ്ങിയവ മറ്റ് പ്രധാന ഘടകങ്ങളാണ്. ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മത്സ്യഫെഡ്, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ സംയുക്തമായി പദ്ധതി രൂപകൽപ്പന ചെയ്യുകയും നടപ്പാക്കുകയും ചെയ്യും.

പി.എം.എം.എസ്.വൈ മാർഗരേഖ പ്രകാരം മൊത്തം പദ്ധതി തുക 10000.00 ലക്ഷം രൂപയും ഇത് ഘട്ടംഘട്ടമായി പൂർത്തീകരിക്കുകയും ചെയ്യും. കേന്ദ്രവിഹിതം നിലവിലുള്ള ഫിഷിംഗ്ഹാർബറിന്റെ നവീകരണത്തിനായി 3000.00 ലക്ഷം രൂപയും സ്റ്റേറ്റ് ഓഫ് ആർട്ട് ഹോൾസെയിൽ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണത്തിനായി 3000.00 ലക്ഷം രൂപയും ഈ പദ്ധതിയുടെ കീഴിൽ ലക്ഷ്യമിടുന്നു. 2021-22

വാർഷിക പദ്ധതിയിൽ പി.എം.എം.എസ്.വൈ മാർഗരേഖ പ്രകാരം ഈ ബൃഹദ് പദ്ധതിക്ക് ആദ്യ വർഷം 2000.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**III. പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുള്ള എഫ്.ആർ.പി ബോട്ടുകളും എഞ്ചിനുകളും (പുതിയത്)**
**(വിഹിതം: 80.00 ലക്ഷം രൂപ)**

2018 ലെ കെ.എം.എഫ്.ആർ നിയമത്തിലെ ഭേതഗതിക്കുശേഷം അഞ്ച് വർഷത്തിനുള്ളിൽ മറൈൻ പ്ലൈവുഡ് ബോട്ടുകൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്ലൈവുഡിൽ ഉള്ള ബോട്ടുകൾ എഫ്.ആർ.പി ബോട്ടുകൾ ഉപയോഗിട്ട് ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്. പി.എം.എം.എസ്.വൈ പ്രകാരം 100 മത്സ്യ തൊഴിലാളി ഗ്രൂപ്പുകളെ (400 വ്യക്തികളെ) സഹായിക്കുന്നതിനുള്ള മൊത്തം ചെലവ് 500.00 ലക്ഷം രൂപയാണ്. യൂണിറ്റ് ചെലവിന്റെ 40ശതമാനം എന്ന നിരക്കിൽ സർക്കാർ സബ്സിഡി 200.00 ലക്ഷം രൂപയാണ്. ഇതിൽ പി.എം.എം.എസ്.വൈ പ്രകാരം മത്സ്യതൊഴിലാളികൾക്ക് ബോട്ടുകളും മറ്റും നൽകുന്നതിനുള്ള ഘടകത്തിൽ നിന്നും 120.00 ലക്ഷം കേന്ദ്രവിഹിതമായി ലഭിക്കും. 2021–22 വാർഷിക ബഡ്ജറ്റിൽ പദ്ധതിക്കായി സംസ്ഥാന വിഹിതം 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

**7. മത്സ്യ ബന്ധന തുറമുഖങ്ങളും, മാനേജ്മെന്റും**

കേരളത്തിന്റെ തീരദേശത്തിന്റേയും മത്സ്യബന്ധന മേഖലയുടേയും വളർച്ചക്കും, വികസനത്തിനും മത്സ്യബന്ധന തുറമുഖങ്ങളുടേയും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളുടേയും നിർമ്മാണവും അറ്റകുറ്റപ്പണികളും, മാനേജ്മെന്റും നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. ആയതിനാൽ ''മത്സ്യബന്ധന തുറമുഖങ്ങളും മാനേജ്മെന്റും'' എന്ന ബൃഹദ് പദ്ധതിക്ക് 1212.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിന്റെ രണ്ട് ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**എ. സമുദ്ര മത്സ്യബന്ധന വികസനം, അടിസ്ഥാന സൗകര്യവികസനം, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ (പി.എം.എം.എസ്. വൈ സംസ്ഥാന വിഹിതം)**
**(വിഹിതം: 400.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ നിലവിൽ വന്നതിനാൽ മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണത്തിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഇതിന്റെ സഹായത്തോടെയാണ് നടപ്പിലാക്കുക. അർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി, പൊഴിയൂർ, പൊന്നാനി, ചെല്ലാനം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും മത്സ്യബന്ധന തുറമുഖങ്ങളുടെ മാനേജ്മെന്റ് എന്നിവയും 2021–22 ൽ ഏറ്റെടുക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞവയല്ലാത്ത മറ്റെല്ലാ തുറമുഖങ്ങളുടേയും എസ്റ്റാബ്ലിഷിമെന്റ് ചെലവുകൾ പദ്ധതിയേതര വിഭജനത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

**ബി. സംസ്ഥാന പദ്ധതികൾ**

2021–22 ലെ ബജറ്റിൽ താഴെ പറയുന്ന ഏഴ് ഉപഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഇതിലേയ്ക്കായി 812.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| i | ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സർവ്വേകളും പഠനങ്ങളും ഇൻവെസ്റ്റിഗേഷനും | 100.00 |
| ii | ചേറ്റുവ മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും | 52.00 |
| iii | ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിനും പ്രവർത്തന ക്ഷമമാക്കുന്നതിനും | 50.00 |
| iv | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും | 60.00 |
| v | തോട്ടപ്പള്ളി മത്സ്യബന്ധന തുഖമുഖത്തിലെ സിൽറ്റേഷൻ പ്രശ്നം പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ | 200.00 |
| vi | ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുക – ശുചിത്വ സാഗരം | 49.90 |

| | | |
|---|---|---|
| VII | തീരദേശ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം (പുതിയത്) | 300.00 |
| vii | തലായ് മത്സ്യബന്ധന തുറമുഖത്തിൽ ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജട്ടി നിർമ്മിക്കുക | 0.10 |
| | **ആകെ** | **812.00** |

ഫിഷറീസ് – തീരദേശവികസനമേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർവ്വേകളും പഠനങ്ങളും ഇൻവെസ്റ്റിഗേഷനും ഏറ്റെടുക്കുന്നതിനായാണ് 'ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സർവ്വേകളും പഠനങ്ങളും ഇൻവെസ്റ്റിഗേഷനും' എന്ന ഉപഘടകം വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാനസൗകര്യം എന്നാൽ മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളും മാത്രമല്ല മറിച്ച് റോഡ്, പാലങ്ങൾ, പുലിമുട്ട്, തീരസംരക്ഷണ പ്രവർത്തനങ്ങൾ, ബ്രേക്ക് വാട്ടർ എന്നീ നിർമ്മാണങ്ങളും ഉൾപ്പെടുന്നു. പുതുതായി സൃഷ്ടിക്കാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളോടൊപ്പം നിലവിലുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. പുതിയ മത്സ്യബന്ധനതുറമുഖങ്ങളുടേയും ഫിഷ് ലാന്റിംഗ് സെന്ററിന്റേയും ഇൻവെസ്റ്റിഗേഷൻ എന്ന പഴയ പദ്ധതിയിലെ പ്രവർത്തനങ്ങൾ ഈ ഉപഘടകത്തിന്റെ ഭാഗമാണ്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സർവ്വേ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ ചെലവുകൾ പദ്ധതിചെലവിന്റെ ഭാഗമാണെങ്കിൽ അവ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച ശേഷം തിരിച്ചു പിടിക്കേണ്ടതാണ്. ഫിഷറീസ് വകുപ്പിൽ നിന്നോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നോ ഒരു പദ്ധതി വേണമെന്നുള്ള ശക്തമായ ആവശ്യം ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിലും പദ്ധതിക്ക് അംഗീകാരം ലഭിക്കാൻ ഉയർന്ന സാധ്യതകളും ഉള്ള സാഹചര്യങ്ങളിൽ മാത്രമാണ് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടത്. ഈ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷന്റെ നിർദ്ദേശങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിലെ സിൽറ്റേഷൻ പ്രശ്നം പരിഹരിക്കാൻ ഏറ്റെടുക്കേണ്ടത്. ഇതിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മത്സ്യബന്ധനത്തിന്റെ വികസനത്തിന് കടലുകൾ ഉൾപ്പെടെ ജലാശയങ്ങളുടെ ശുചിത്വം അനിവാര്യഘടകമാണ്. കടലിലെ മാലിന്യം പ്രത്യേകിച്ചും പ്ലാസ്റ്റിക്, ജലജീവികൾക്കും അവയെ ഭക്ഷിക്കുന്ന മനുഷ്യർക്കും വലിയ ദോഷമാണ് വരുത്തി വയ്ക്കുന്നത്. കേരളത്തോട് ചേർന്ന് കിടക്കുന്ന കടലിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം. നീണ്ടകര തുറമുഖത്ത് ആരംഭിച്ച ശുചിത്വസാഗരം പദ്ധതിയ്ക്ക് 'വയബിലിറ്റി ഗ്യാപ് ഫണ്ട്' എന്ന രീതിയിൽ 49.90 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇത് യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണിക്കും പദ്ധതിയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ത്രീകൾക്കുള്ള പാരിതോഷികത്തിനുമായാണ് വകയിരുത്തിയിരിക്കുന്നത്.

തലായ് മത്സ്യബന്ധന തുറമുഖത്തിലെ ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജട്ടി നിർമ്മിക്കുന്നതിനായി ടോക്കൺ പ്രൊവിഷനായി 0.10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിലവിൽ പണി പൂർത്തിയായി കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം/നൂതന തീര സംരക്ഷണ പ്രവർത്തനങ്ങൾ/തീരദേശ നിർമ്മിതികൾ എന്നീ പ്രവർത്തനങ്ങൾക്കായി ഒരു പുതിയ ഘടകം ഉൾപ്പെടുത്തുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2021-22 ൽ 300.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുന്നു.

**8. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള തുറമുഖങ്ങളുടെ നവീകരണത്തിനും തീരദേശ പാലങ്ങളുടെ നിർമ്മാണത്തിനും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്തിരിക്കുന്ന റോഡുകളുടെ നിർമ്മാണത്തിനും, തിരിച്ചടവ് വ്യവസ്ഥിതിയുള്ള വായ്പ അടിസ്ഥാനത്തിൽ നബാർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

2021-22 ൽ നബാർഡ് അംഗീകാരം ലഭിച്ച നടന്നു കൊണ്ടിരിക്കുന്നതും പുതിയതുമായ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 9. കേരളാ ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല

**(വിഹിതം: 3350.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ഗവേഷണം, ഭരണനിർവ്വഹണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്ക് പദ്ധതി സഹായം ലഭിക്കുന്നുണ്ട്. സർവ്വകലാശാലയുടെ ശാക്തീകരണത്തിനും വികസനത്തിനുമായി 2021-22 ൽ 3350.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ കൊടുത്തിരിക്കുന്നു.

**എ. അടിസ്ഥാന സൗകര്യ വികസനം**

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 2021-22 ൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഘടകങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | അന്തർദേശീയ ഹോസ്റ്റലും ഗസ്റ്റ്ഹൗസും, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, സെമിനാർ കോംപ്ലക്സ് എന്നിവ ഉൾപ്പെടുന്നു. | 1500.00 |
| 2 | കുഫോസ് ആസ്ഥാനത്തെ നിലവിലുള്ള കെട്ടിടങ്ങളുടെ (സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെ) നവീകരണം, അറ്റകുറ്റപ്പണി, പരിപാലനം | |
| 3 | മത്സ്യകൃഷിയ്ക്കായി കുളങ്ങൾ വികസിപ്പിച്ചെടുക്കുക | |
| 4 | പടിഞ്ഞാറെ കാമ്പസിൽ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുക | |
| 5 | എസ്.എം.ഇ യ്ക്ക് വേണ്ടി ബിൽഡിംഗ് നിർമ്മിക്കുക | |
| 6 | സ്ത്രീകൾക്കായുള്ള യു.ജി ഹോസ്റ്റൽ നിർമ്മിക്കുക | |
| 7 | കൊല്ലത്ത് ഫിഷറീസ് പരിശീലന അനുബന്ധ പ്രവർത്തന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം, കണ്ണൂരിൽ അക്വാക്കൾച്ചർ പരിശീലന, അനുബന്ധ പ്രവർത്തന, ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപനം | |
| | **ആകെ (അടിസ്ഥാന സൗകര്യം)** | **1500.00** |

**ബി. വിദ്യാഭ്യാസം**

സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഫിഷറീസ് എൻവയോൺമെന്റ്, സ്കൂൾ ഓഫ് ഓഷ്യൻ സ്റ്റഡീസ് ആന്റ് ടെക്നോളജി, സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആന്റ് അണ്ടർ വാട്ടർ ടെക്നോളജി, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് എന്നീ 4 സ്കൂളുകളിലേയും ഫാക്കൽറ്റി ഓഫ് ഫിഷറീസിലേയും നിലവിലുള്ള ഡിഗ്രി, പി.ജി, പി.എച്ച്.ഡി കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കോൺട്രാക്ട് അധ്യാപകരുടെ ഓണറേറിയം, പഠനസാമഗ്രികൾ, എഫ്.എം.എസ്.സി പി.എച്ച്.ഡി. ഫെല്ലോഷിപ്പുകൾ, ആർ.എ.ഡബ്ല്യൂ.ഇ പ്രോഗ്രാം കോഴ്സുകൾക്കായുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയും ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ശക്തിപ്പെടുത്തുകയും ഇതിന്റെ ഭാഗമാണ്. എല്ലാ സ്കൂളുകളുടേയും ഭരണനിർവ്വഹണ ചെലവുകളും ശമ്പളവും പദ്ധതിയേതര വകയിരുത്തലിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 ൽ വിദ്യാഭ്യാസത്തിനായി 950.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി. ഗവേഷണം**

സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കായി 2021-22 ൽ 600.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സെന്റർ ഓഫ് എക്സലൻസ് ഇൻ സസ്റ്റൈനബിൾ അക്വാകൾച്ചർ ആന്റ് അനിമൽ ഹെൽത്ത് മാനേജ്മെന്റ് (സി.ഇ.എസ്.എ.എച്ച്.എം), സെന്റർ ഓഫ് എക്സലൻസ് ഇൻ അക്വാട്ടിക് റിസോഴ്സ് മാനേജ്മെന്റ് ആന്റ് കൺസർവേഷൻ (സി.എ.ആർ.എം.സി), സെന്റർ ഓഫ് എക്സലൻസ് ഇൻ ഫുഡ് പ്രോസ്സസ്സിംഗ് ആന്റ് ടെക്നോളജി (സി.ഇ.എഫ്.പി.റ്റി), സെന്റർ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് ഇൻ എന്റർപ്രണർഷിപ്പ് | 450.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| | ഡെവലപ്‌മെന്റ് ഇൻ ഫിഷറീസ്, അഗ്രി ബിസിനസ്സ് ആന്റ് അലൈഡ് സെക്ടേഴ്സ് (സി.എ.എസ്.ആർ.ഇ.ഡി) | |
| 2 | ഡയറക്ടറേറ്റ് ഓഫ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ ശക്തിപ്പെടുത്തൽ. | 150.00 |
| 3 | പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാം കുഫോസ് എയ്ഡഡ് റിസർച്ച് പ്രോജക്ട് | |
| 4 | വാട്ടർ ആന്റ് സോയിൽ അനാലിസിസ് ലാബ്, സെന്റർ ഫോർ ബയോ ആക്റ്റീവ് കോമ്പൗണ്ട് | |
| 5 | സെമിനാർ, കോൺഫറൻസ്, വർക്ക്ഷോപ്പ് എന്നിവയിൽ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റിക്കും പങ്കെടുക്കാൻ, അവതരണം നടത്താൻ | |
| 6 | പുതുവെയ്പ്പിൽ മൾട്ടി സ്പീഷീസ് ഹാച്ചറി | |
| 7 | ജലജന്യരോഗങ്ങളുടെ നിയന്ത്രണവും ലാബും | |
| | **ആകെ (ഗവേഷണം)** | **600.00** |

**ഡി. ഭരണ നിർവ്വഹണം**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പുസ്തകങ്ങളും സാമഗ്രികളും വാങ്ങികൊണ്ട് ലൈബ്രറിയുടെ ശാക്തീകരണം | 45.00 |
| 2 | ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ | 100.00 |
| 3 | കോൺട്രാക്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ | 5.00 |
| | **ആകെ (ഭരണനിർവ്വഹണം)** | **150.00** |

**ഇ. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധികൾ വർദ്ധിപ്പിക്കുന്നതിനും ശാക്തീകരണത്തിനും കഴിവ് വർദ്ധിപ്പിക്കുന്നതിനുമായി മത്സ്യഗ്രാമങ്ങളെ ദത്തെടുക്കൽ, പഠനത്തോടൊപ്പം ജോലി എന്ന പരിപാടി | 150.00 |
| 2 | ഫാം റേഡിയോസ്റ്റേഷൻ | |
| 3 | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് ഊർജ്ജം പകരുന്നതിനായി ഒരു ആഡിയോ വിഷ്വൽ സ്റ്റുഡിയോ സ്ഥാപിക്കുക, ഫിഷറീസ് ടെക്നിക്കൽ പോർട്ടലും നോളഡ്ജ് സെന്ററും സ്ഥാപിക്കുക, ഫാം അഡ്വൈസറി സർവ്വീസുകൾ, എക്സിബിഷൻ ഔട്ട്റീച്ച് ആക്റ്റിവിറ്റീവ്, ഫീൽഡ് കൺസൽട്ടൻസി, ഡാറ്റാ അനാലിസിസ് | |
| 4 | ഇൻലാന്റ് വാട്ടർകേജ് കൾച്ചർ ട്രെയിനിംഗ്, വാടക ബോട്ട് ഉൾപ്പെടെ | |
| 5 | ഫിഷറീസ് മ്യൂസിയം/അക്വേറിയം, ഇൻസ്ട്രക്ഷണൽ ഫീൽഡ് പരിശീലന കേന്ദ്രത്തിന്റെ ആധുനികവത്ക്കരണം, കാർഷിക പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, ആദർശ മത്സ്യ സംസ്കരണ പ്ലാന്റും പരിശീലന കേന്ദ്രവും | |
| 6 | മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗ ഭദ്രതയും സുസ്ഥിര വികസനത്തിനുമായുള്ള നയപഠനങ്ങൾക്കായുള്ള ചെയർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അറിവുകൾക്കായുള്ള കേന്ദ്രം | |
| 7 | • കേരളത്തിൽ കോവിഡ്-19 ന് ശേഷമുള്ള ബിസിനസ് തന്ത്രങ്ങളും മത്സ്യമേഖലയിലെ പ്രവർത്തനങ്ങളും പ്രചരണ തന്ത്രങ്ങളും-ഒരു പഠനം<br>• കേരളത്തിൽ കോവിഡ്-19 ന് ശേഷമുള്ള സമുദ്ര മത്സ്യ തൊഴിലാളികളുടെ ജീവനോപാധി നിലവാരം – ഒരു പഠനം | |
| 8 | എം.ഒ.ഒ.സി (ഓൺലൈൻ കോഴ്സുകൾ)/വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | |
| | **ആകെ (വിജ്ഞാന വ്യാപനം)** | **150.00** |

മത്സ്യബന്ധന മേഖലയുടെ ആവശ്യാനുസരണം വേണ്ട ഗവേഷണ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനത്തിനും മുൻഗണന നൽകേണ്ടതാണ്.

## 1.6 വനവും വന്യജീവിയും

വനവും വന്യജീവിയും എന്ന മേഖലയിൽ 2021-22 സാമ്പത്തിക വർഷം പദ്ധതികൾ നടപ്പിലാക്കുന്നതിനായി 200.50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ നബാർഡ് വിഹിതമായ 30.00 കോടി രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനവും, ജലദൗർലഭ്യവും അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രതിസന്ധികൾ ലഘൂകരിക്കുന്നതിൽ വനമേഖലയുടെ പങ്ക് വളരെ വലുതാണ്. പൊതുസമൂഹത്തിന് പ്രയോജനപ്രദമാകുന്ന സേവനങ്ങൾ വിഭാവനം ചെയ്തുകൊണ്ടുള്ള വനപരിപാലനമാണ് 13-ാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിടുന്നത്. ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, തദ്ദേശവാസികളുടെ ജീവനോപാധി മെച്ചപ്പെടുത്തൽ, മറ്റ് സാമൂഹിക സേവനങ്ങൾ മുതലായവയാണ് വിഭാവനം ചെയ്യുന്നത്. ജലസുരക്ഷ മെച്ചപ്പെടുത്തുക, മനുഷ്യമൃഗസംഘർഷങ്ങൾ ലഘൂകരിക്കുക, വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങളുടെ ജീവനും, ജീവനോപാധിക്കും സംരക്ഷണം നൽകുക, കാലാവസ്ഥ വ്യതിയാനങ്ങളിൽനിന്നും സംരക്ഷണം ഉറപ്പാക്കുക എന്നീ വിഷയങ്ങൾക്കാണ് 2021-22 ൽ ഈ മേഖല ഊന്നൽ നൽകിയിരിക്കുന്നത്.

**I. സ്വാഭാവിക വനങ്ങളുടെ പരിപാലനം**

സ്വാഭാവിക വനങ്ങളുടെ ഏകോപനം, വിസ്തൃതിയിലെ വർദ്ധനവ്, സംരക്ഷണവും പരിപാലനവും എന്നിവയാണ് വനപരിപാലന മേഖലയിൽ ഊന്നൽ നൽകുന്ന വിഷയങ്ങൾ. വനങ്ങളുടെ സർവ്വെയും അതിർത്തിതിരിക്കലും, കൈയേറ്റത്തിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവൃത്തികളിൽനിന്നുമുള്ള സംരക്ഷണം, കാട്ടു തീ നിയന്ത്രണം, മണ്ണ് സംരക്ഷണം, വനങ്ങളിൽ പാർക്കുന്നവരുടെ സംരക്ഷണം, ദ്രുതകർമ്മസേന-എലിഫന്റ് ഡ്രൈവിംഗ് ടീം എന്നിവയുടെ ശക്തിപ്പെടുത്തൽ മുതലായവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

**(i) വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) റവന്യൂ വിഹിതം**
**(വിഹിതം: 2500.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണം എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക, പുനരുദ്ധരിക്കുക എന്നതാണ് പ്രധാന മാനദണ്ഡം. ഈ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു

- ജണ്ടകൾ, കയ്യാലകൾ, വനാതിർത്തികൾ വേർതിരിക്കുന്നതിനുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, മുൻപേ ശേഖരിച്ചിട്ടുള്ള ഉപകരണങ്ങളുടെ പരിപാലനം.
- വനമേഖലയ്ക്ക് കാട്ടുതീയിൽനിന്നും സംരക്ഷണം നൽകുക, വിവിധ കാട്ടുതീ സംരക്ഷണ പ്രവർത്തികളായ ഫയർ ലൈനുകളുടെ നിർമ്മാണവും പരിപാലനവും, കാട്ടുതീ സാധ്യതാ മേഖലകൾ തിരിച്ചറിയുക, കാട്ടുതീ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുക, കാട്ടുതീ സംരക്ഷണ വാച്ചർമാരെ നിയമിക്കുക, പങ്കാളിത്താധിഷ്ഠിത കാട്ടുതീ സംരക്ഷണ പ്രവർത്തികളിൽ വി.എസ്.എസ്/ഇ.ഡി.സികൾക്ക് സഹായം നൽകുക എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.
- ചെക്ക് ഡാമുകൾ, കുളങ്ങൾ, വനമേഖലയിൽ ജലസംഭരണത്തിനുള്ള സൗകര്യങ്ങൾ, മണ്ണ് - ജലസംരക്ഷണങ്ങൾക്കുള്ള നിർമ്മാണങ്ങൾ എന്നിവ ഉൾപ്പെടുന്ന മണ്ണ് - ജല സംരക്ഷണ പ്രവൃത്തികൾ.
- വനസംരക്ഷണത്തിനുവേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വാഹനങ്ങൾ, മോട്ടോർ ബോട്ടുകൾ, മറ്റ് യാത്രാ മാർഗ്ഗങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ.
- വനനിയമ ലംഘനങ്ങൾ തടയുക, വനത്തിനും വന്യജീവികൾക്കും ഹാനികരമാകുന്ന വിഷയങ്ങൾ നേരിടുക.
- കളകൾ പറിച്ചുമാറ്റൽ, കഞ്ചാവ് കൃഷി തടയൽ, വനസംരക്ഷണ വാച്ചർമാർക്ക് തൊഴിൽ നൽകൽ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്ക് സഹായം നൽകൽ.

- നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വനമേഖലയിലെ പൊട്ടിപൊളിഞ്ഞ റോഡുകളുടെയും, വനപാതകളുടെയും അറ്റകുറ്റപ്പണികൾ
- വനമേഖലയിലെ പ്രത്യേക ആവാസവ്യവസ്ഥാ പ്രദേശങ്ങളായ ചന്ദനമരങ്ങളുള്ള പ്രദേശം, ചോലവനങ്ങൾ, പുൽമേട്ടുകൾ എന്നിവയുടെ സംരക്ഷണം, നിയമ സഹായം നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ, രഹസ്യവിവരങ്ങൾ ശേഖരിക്കൽ മുതലായവ
- ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി മറയൂർ, അട്ടപ്പാടി, ആര്യങ്കാവ് എന്നീ പ്രദേശങ്ങളിലും കൂടാതെ, ചന്ദനമരങ്ങളുള്ള മറ്റ് പ്രധാന പ്രദേശങ്ങളിലും വാച്ചർമാരെ വിനിയോഗിക്കുക
- മനുഷ്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ
- ആവശ്യാനുസരണം വാഹനങ്ങൾ വാടകയ്ക്ക് എടുക്കാവുന്നതും, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താവുന്നതുമാണ്

2021-22 ബജറ്റിൽ നടപ്പിലാക്കുന്നതിനായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**(ii) വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) മൂലധന വിഹിതം**

**(വിഹിതം: 2700.00 ലക്ഷം രൂപ)**

വനാതിർത്തികൾ തിരിച്ചും, മറ്റ് കൈയ്യേറ്റങ്ങൾ തടഞ്ഞും വനസംരക്ഷണം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ കീഴിലുള്ള പ്രധാന തുടർ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- വനാതിർത്തികളുടേയും വനപരിധിയിലുള്ള പ്രദേശങ്ങളുടേയും സർവ്വേയും, അതിർത്തിതിരിക്കലും, വനവത്ക്കരണ പ്രവർത്തികളുടെ യന്ത്രവത്ക്കരണവും
- കരിങ്കൽ ഭിത്തികളുടെയും, സംരക്ഷണ ഭിത്തികളുടെയും, ചുറ്റമതിലുകളുടെയും നിർമ്മാണം, ജണ്ടകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, നിർമ്മാണം പൂർത്തിയാക്കിയ ജണ്ടകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഒരു ഡേറ്റാബേസ് സൂക്ഷിക്കേണ്ടതാണ്
- മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണവും, നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും, കമ്പ്യൂട്ടർവത്ക്കരണം, വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിനാവശ്യമായ ആയുധങ്ങളും ഉപകരണങ്ങളും വാങ്ങൽ, ജി.ഐ.എസ് ഉപയോഗിച്ചുള്ള ട്രാക്കിംഗ് രീതികൾ മുതലായവ
- വാർത്താ വിനിമയ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
- ഉൾവനങ്ങളിൽ മെച്ചപ്പെട്ട നിരീക്ഷണത്തിനായി രാത്രി കാഴ്ചയ്ക്ക് ഉപയോഗിക്കുന്ന ദൂരദർശിനി വാങ്ങുന്നതിനും, ക്യാമറ ട്രാപ്പുകൾ, ഡ്രോണുകൾ, അഗ്നിശമനത്തിനുള്ള ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും
- വെടിക്കോപ്പുകൾ, മൈക്രോചിപ്പ് റീഡർ, റേഡിയോ കോളർ, മനുഷ്യമൃഗ സംഘർഷങ്ങൾ നേരിടുന്നതിനുള്ള ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിന്
- കാട്ടുതീയും, കഞ്ചാവ് കൃഷിയും കണ്ടുപിടിക്കുവാൻ സഹായകമാകുന്ന ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുവാനും ലക്ഷ്യമിടുന്നു. വെള്ളപ്പൊക്കം മൂലം അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ അറ്റകുറ്റപ്പണികളും ഇതിൽ ഉൾപ്പെടും

ഈ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 2021-22 ൽ 2700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**(iii) നശിച്ചുപോയ വനത്തിനു പകരം വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും**

**എ. നശിച്ചുപോയ വനത്തിനു പകരം വനം വച്ചു പിടിപ്പിക്കൽ**

**(വിഹിതം: 275.00 ലക്ഷം രൂപ)**

തദ്ദേശീയമായ ഇനങ്ങൾ വച്ചു പിടിപ്പിച്ച് നശിച്ചുപോയ വനങ്ങളും തോട്ടങ്ങളും പുനരുജ്ജീവിപ്പിക്കേണ്ടത് ആവശ്യമാണ്. പരിസ്ഥിതി പുനരുജ്ജീവനത്തിലൂടെയും, നിലവിലുള്ളവ പരിപാലിച്ചും, പുതിയ തൈകൾ നട്ടുപിടിപ്പിച്ചും, പൾപ്പ് വുഡ് തോട്ടങ്ങളെ സ്വാഭാവിക വനങ്ങളാക്കി

മാറ്റവാനും ഈ പദ്ധതിയിലൂടെ നടപ്പിലാക്കും. നിശ്ചിത മേഖലാടിസ്ഥാനത്തിൽ നശിച്ച പോയ വനമേഖലയെ പുനരുദ്ധരിക്കുവാനും ലക്ഷ്യമിടുന്നു. പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തയ്യാറാക്കിയ ഒരു ദീർഘവീക്ഷണ പദ്ധതി അടിസ്ഥാനമാക്കിയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവങ്ങളായ ചോലവനങ്ങൾ, ചന്ദനമര പ്രദേശം, കണ്ടൽക്കാടുകൾ, മറ്റ് പ്രത്യേക പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥ സംരക്ഷണം എന്നിവ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ൽ 275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 31 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**ബി. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വനഉല്പന്നങ്ങളുടെ വികസനം**

**(വിഹിതം: 190.00 ലക്ഷം രൂപ)**

വനമേഖലയെ ആശ്രയിച്ച കഴിയുന്ന വിഭാഗങ്ങളുടെ പ്രധാന വരുമാന സ്രോതസ്സായ ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര വന ഉല്പന്നങ്ങൾക്കുള്ള ആവശ്യകത വർദ്ധിച്ച വരുന്നു. തദ്ദേശീയമായ ഔഷധസസ്യങ്ങളും, തടിയിതര വനഉൽപ്പന്നങ്ങളും നട്ടു പിടിപ്പിക്കാനും പരിപാലിക്കാനും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ കീഴിലുള്ള പ്രധാന പ്രവൃത്തികൾ ഇവയെല്ലാമാണ്.

- പുതിയതായി തൈകൾ നട്ടുപിടിപ്പിക്കുക, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണമുൾപ്പെടെയുള്ള തോട്ടങ്ങളുടെ പരിപാലനം, തോട്ടങ്ങൾക്കു വേണ്ടി പുതിയ തൈകൾ നട്ടുപിടിപ്പിക്കൽ
- തടിയിതര വന വിഭവങ്ങളുടെ കണക്കെടുപ്പും (ഡിവിഷൻ തിരിച്ച്), അവയുടെ മൂല്യവർദ്ധനവിനും വിതരണത്തിനുമുള്ള വാല്യുചെയിനും ബിസിനസ്സ് പ്ലാനും തയ്യാറാക്കുക
- വനത്തിനുള്ളിലെ തടിയിതര വിഭങ്ങളുടെ വ്യാപ്തിയും, അവയുടെ വിതരണവും നിശ്ചയിക്കുക, ഇവ ശേഖരിക്കുന്നതിലും ഉപയോഗിക്കുന്നതിലും നിലവിൽ അവലംബിക്കുന്ന രീതികൾ വിശകലനം ചെയ്യുക, ഇവയുടെ വിളവെടുപ്പിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ തയ്യാറാക്കുക
- മൂല്യവർദ്ധനവിനുള്ള സാധ്യതകൾ വിപുലീകരിക്കുക
- വിപണനസാധ്യതകൾ മെച്ചപ്പെടുത്തുക
- ഔഷധസസ്യങ്ങളുടെ പരിപാലനം
- വനവിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കൽ, അവയുടെ മൂല്യവർദ്ധനവും വിപണനവും, ഉത്പന്നങ്ങൾ മുദ്രചെയ്യൽ മുതലായവ

190.00 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി 2021-22 ൽ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ 21 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**II. തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ**

നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കുക വഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനം പരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ക്രമേണ കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യ സ്വീകരിക്കുന്നതു വഴി തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പുതിയ തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുവാൻ പാടുള്ളൂ. തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങളുടെ നടീലും പരിപാലനവും, പാകമെത്തിയ തേക്ക് മരങ്ങൾ മുറിച്ചു മാറ്റൽ, വിലയേറിയ വൻമര ഇനങ്ങളായ വെള്ളാകിൽ, കമ്പകം, ഇരുൾ, ചടച്ചി എന്നിവയുടെ പരിപാലനം മുതലായ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**(i) വൻമരത്തോട്ടങ്ങൾ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

വൻമരത്തോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും കൂടാതെ നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുകയുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ദീർഘകാലം നിലനിൽക്കുന്ന ഇനങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ, മറ്റു മരങ്ങൾ മുതലായവയുടെ തൈകൾ നട്ടു പരിപാലിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. തദ്ദേശീയ ഇനങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച് നശിച്ചുപോയ തോട്ടങ്ങളെ

സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതാണ്. പഴയ വൻമരത്തോട്ടങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതായിരിക്കും.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22 ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 23 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**(ii) വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങൾ**

**(വിഹിതം: 240.00 ലക്ഷം രൂപ)**

പ്രകൃതിക്ക് ഹാനികരമല്ലാത്തതും എന്നാൽ പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ വൃക്ഷങ്ങളും, കട്ടികുറഞ്ഞ തടികളുടെ തോട്ടങ്ങളും വച്ച് പിടിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പുതിയതായി നട്ടുപിടിപ്പിക്കുന്നതിനും, തദ്ദേശീയമായ ഇനങ്ങൾ ഉപയോഗിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനും നിലവിലുള്ള തോട്ടങ്ങൾ പരിപാലിക്ക ന്നതിനും വിഭാവനം ചെയ്യുന്നു. ഇതിനായി 2021 – 22 ൽ വകയിരുത്തിയിട്ടുള്ള 240.00 ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ 15 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**(iii) അടിസ്ഥാന സൗകര്യ വികസനം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2021–22-ൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 400.00 ലക്ഷം രൂപ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും, ക്വാർട്ടേഴ്സ്, പിക്കറ്റ് സ്റ്റേഷൻ, ചെക്ക് പോസ്റ്റ്, വാസസ്ഥലങ്ങൾ മുതലായവ പണിയുന്നതിനും, നിലവിലുള്ള കെട്ടിടങ്ങളുടെ ആധുനികവൽക്കരണത്തിനും വേണ്ടിയാണ്.

വനത്തിനുള്ളിലെ റോഡുകളുടെ നിർമ്മാണത്തിനും, റീടാറിംഗ്, കോൺക്രീറ്റിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കും, ഓവുചാലിന്റെ പണികൾക്കും, സംരക്ഷണ ഭിത്തികളുടെ നിർമ്മാണത്തിനുമായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വെള്ളപ്പൊക്കം മൂലം നാശം സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികളും ഏറ്റെടുക്കാവുന്നതാണ്.

**(IV) ജൈവ വൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും**

വനം വന്യജീവി സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കണ്ടൽക്കാട്ടുകളുടെയും, കാവുകളുടേയും, ചതുപ്പ് പ്രദേശങ്ങളുടെയും സംരക്ഷണവും ഇതിൽ ഉൾപ്പടുന്നു. വനം വന്യജീവിപരിപാലനം, നിയമവിരുദ്ധമായ പ്രവൃത്തികളിന്മേൽ നിയന്ത്രണം ഏർപ്പെടുത്തൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ മുതലായവയാണ് പ്രധാന പ്രവൃത്തികൾ.

1) **ജൈവ വൈവിദ്ധ്യ സംരക്ഷണം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ജൈവവൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടേയും ജന്തുജാലങ്ങളുടേയും സംരക്ഷണത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, ബോധവൽക്കരണം, പങ്കാളിത്താധിഷ്ഠിതമായ സ്വാഭാവിക വിഭവ പരിപാലനം, കാട്ടുതീ സംരക്ഷണ പദ്ധതികൾ, അനധികൃത കയ്യേറ്റത്തിനെതിരെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, ജലവിഭവ പരിപാലനം, പരിസ്ഥിതി വികസന പ്രവർത്തികൾ, സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം, ഉപദ്രവകാരികളായ കളകൾ നശിപ്പിക്കുക, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ ധാന്യവിളകൾ നശിപ്പിക്കുന്നത് തടയൽ, ഗവേഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ മുതലായ പ്രവർത്തികൾ ഇതിൽ ഉൾപ്പെടുന്നു. വനമേഖലയ്ക്ക് പുറത്ത് ജൈവവൈവിധ്യ സംപുഷ്ടമായ പ്രദേശങ്ങളുടെ സംരക്ഷണം, സംരക്ഷിത പ്രദേശങ്ങളായ കണ്ടൽക്കാട്ടുകളുടേയും, കാവുകളുടേയും സംരക്ഷണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 2021–22-ൽ 1000.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

### 2) പരിസ്ഥിതി വികസന പരിപാടി

**(വിഹിതം: 375.00 ലക്ഷം രൂപ)**

പങ്കാളിത്ത സഹായത്തോടുകൂടിയ വിഭവ സംരക്ഷണമാണ് പരിസ്ഥിതി വികസന പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. തദ്ദേശ വാസികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി, അവരുടെ അറിവും അനുഭവവും ഉപയോഗപ്രദമാക്കിയും, തദ്ദേശീയമായ സംഘടനകളെ പ്രാപ്തരാക്കിയും, സംരക്ഷിത പ്രദേശങ്ങളിലും, വനമേഖലയിലും പരിസ്ഥിതി വികസനം നടപ്പിലാക്കും. വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെ ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്ക് സഹായം നൽകുക, വിഭവ പരിപാലനം തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ പരിസ്ഥിതി വികസന പരിപാടികൾ നടപ്പിലാക്കുന്നതാണ്. പട്ടികവർഗ്ഗ ഊരുകളുടെ വികസനപ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്, പ്രത്യേകിച്ച് വെള്ളപ്പൊക്കംമൂലം നാശനഷ്ടം സംഭവിച്ച ഊരുകളുടെ. ഊരിലെ നിവാസികൾക്ക് ഉപജീവനത്തിന് ഒരു ബദൽ സംവിധാനം നിർദ്ദേശിക്കുക, കൈത്തറിപോലുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി നൈപുണ്യം വർദ്ധിപ്പിക്കുക, ഇതര ഊർജ്ജസ്രോതസ്സ് പ്രചരിപ്പിക്കുക, ഖരമാലിന്യ സംസ്കരണവും ജൈവ കൃഷിരീതികളും പ്രോത്സാഹിപ്പിക്കുക, കുടിവെള്ള സൌകര്യം ഏർപ്പെടുത്തുക എന്നിവയാണ് പ്രധാന പ്രവർത്തികൾ. 2021-22 ൽ ഈ പദ്ധതിക്കായി 375.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

### 3) വന്യജീവികളുടെ സംയോജിത വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

കേരളത്തിൽ, 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും, 5 ദേശീയ ഉദ്യാനങ്ങളും, ഒരു കമ്മ്യൂണിറ്റി റിസർവും ഉണ്ട്. ഇതിനു പുറമെ രണ്ട് ടൈഗർ റിസർവ്വുകൾക്കും, 4 എലിഫന്റ് റിസർവ്വുകൾക്കും ഇതിൽ ധനസഹായം ലഭിക്കുന്നുണ്ട്. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേഴ്സ്, വിശ്രമകേന്ദ്രങ്ങൾ, ഡോർമെട്രികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, വൈദ്യുത വേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി കല്ലുകൊണ്ടുള്ള മതിലിന്റെയും, ട്രഞ്ചുകളുടെയും നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവ വൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധിയ്ക്കായി മറ്റൊരു മാർഗ്ഗം എന്ന നിലയിൽ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജവിളക്കുകൾ നൽകൽ, മുതലായ പ്രധാന പ്രവർത്തനങ്ങളാണ് പരിപാടികളിൽ വിഭാവനം ചെയ്തിരിക്കുന്നത്.

### (I) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം -16 എണ്ണം (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 470.00 ലക്ഷം രൂപ)**

ചുവടെ ചേർത്തിട്ടുള്ള 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിലുള്ള തുക 40 ശതമാനം സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു. മലപ്പുറം ജില്ലയിലെ കരിമ്പുഴയെ പുതിയ വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു.

| ക്രമ നമ്പർ | വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം | 37.00 |
| 2 | വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം | 78.00 |
| 3 | ഇടുക്കി വന്യജീവി സംരക്ഷണ കേന്ദ്രം | 40.00 |
| 4 | പീച്ചി, വാഴാനി വന്യജീവി സംരക്ഷണ കേന്ദ്രം | 40.00 |
| 5 | പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രം | 32.00 |

| ക്രമ നമ്പർ | വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 6 | ഷെന്തുരുണി വന്യജീവി സംരക്ഷണ കേന്ദ്രം | 40.00 |
| 7 | ചിമ്മിണി വന്യജീവി സംരക്ഷണ കേന്ദ്രം | 35.00 |
| 8 | ആറളം വന്യജീവി സംരക്ഷണ കേന്ദ്രം | 35.00 |
| 9 | ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം | 26.00 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം | 23.00 |
| 11 | മംഗളവനം പക്ഷി സങ്കേതം | 5.00 |
| 12 | കുറിഞ്ഞി മല സങ്കേതം | 9.00 |
| 13 | ചൂളന്നൂർ മയിൽ സങ്കേതം | 7.00 |
| 14 | മലബാർ വന്യമൃഗ സംരക്ഷണ കേന്ദ്രം | 17.00 |
| 15 | കൊട്ടിയൂർ വന്യജീവി സംരക്ഷണ കേന്ദ്രം | 19.00 |
| 16 | കരിമ്പുഴ വന്യജീവി സംരക്ഷണ കേന്ദ്രം (പുതിയത്) | 27.00 |
| | **ആകെ** | **470.00** |

**(ii) ദേശീയ പാർക്കുകളുടെ പരിപാലനം –5 എണ്ണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 220.00 ലക്ഷംരൂപ)**

ചുവടെ ചേർത്തിട്ടുള്ള 5 ദേശീയ പാർക്കുകളുടെ പരിപാലനത്തിനുള്ള തുക 40 ശതമാനം സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഇരവികുളം ദേശീയ പാർക്ക് | 80.00 |
| 2 | സൈലന്റ് വാലി ദേശീയ പാർക്ക് | 80.00 |
| 3 | ആനമുടി ദേശീയ പാർക്ക് | 20.00 |
| 4 | മതികെട്ടാൻ മല ദേശീയ പാർക്ക് | 20.00 |
| 5 | പാമ്പാടുംചോല ദേശീയ പാർക്ക് | 20.00 |
| | **ആകെ** | **220.00** |

**(iii) കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 10.00 ലക്ഷം രൂപ)**

കടലുണ്ടി – വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനത്തിനായി 40 ശതമാനം സംസ്ഥാന വിഹിതമായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iv) പ്രോജക്ട് ടൈഗർ – 2 ടൈഗർ റിസർവുകൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 645.00 ലക്ഷം രൂപ)**

2 ടൈഗർ റിസർവുകൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാകുന്നു. 40 ശതമാനം സംസ്ഥാന വിഹിതമായി തുക വകയിരുത്തുന്നു.

| ക്രമ നമ്പർ | ടൈഗർ റിസർവ്വുകൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പെരിയാർ ടൈഗർ റിസർവ്വ് | 355.00 |
| 2 | പറമ്പിക്കുളം ടൈഗർ റിസർവ്വ് | 290.00 |
| | **ആകെ** | **645.00** |

**(v) പ്രോജക്ട് എലിഫന്റ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 520.00 ലക്ഷം രൂപ)**

പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നീ നാല് ആനസങ്കേതങ്ങളാണ് പശ്ചിമഘട്ടത്തിലുള്ളത്. ആനകളുടെ സങ്കേതം മെച്ചപ്പെടുത്തുന്നതിനും, വനവാസികളേയും, അവരുടെ കൃഷിയിടങ്ങളേയും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹായം ലഭ്യമാക്കൽ, മനുഷ്യ-മൃഗ സംഘർഷം ഒഴിവാക്കൽ, വിളകൾക്കും മനുഷ്യർക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 520.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

### 4) ദേശീയ വനവൽക്കരണ പരിപാടി നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 329.00 ലക്ഷം രൂപ)**

കാലാവസ്ഥാ വ്യതിയാന പ്രതിഭാസങ്ങൾ രാജ്യത്തെ പ്രകൃതി ജൈവ വിഭവങ്ങളുടെ വിതരണത്തെയും ഗുണനിലവാരത്തെയും ഗുരുതരമായി ബാധിക്കുമെന്നും, കൂടാതെ ഇതുമായി ബന്ധപ്പെട്ടുള്ള വിഭാഗങ്ങളുടെ ജീവനോപാധിയേയും ബാധിക്കും എന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ പ്രവർത്തന പദ്ധതി (എൻ.എ.പി.സി.സി) യുടെ കീഴിലുള്ള 8 മിഷനുകളിൽ ഒന്നായ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (ജി.ഐ.എം) മനസിലാക്കുന്നു. പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വനമേഖലയുടെ പങ്ക് ഗ്രീൻ ഇന്ത്യ മിഷൻ അംഗീകരിക്കുന്നുണ്ട്. കാലാവസ്ഥാ ലഘൂകരണം, ഭക്ഷ്യസുരക്ഷ, ജല സുരക്ഷ, ജൈവവൈവിദ്ധ്യ സംരക്ഷണം, വനമേഖലയെ ആശ്രയിച്ചുള്ള വിഭാഗങ്ങളുടെ ഉപജീവന സുരക്ഷ എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്.

ദേശീയ വനവൽക്കരണ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും
2. വനവും മരങ്ങളും സംരക്ഷിക്കുക വഴി വനവിസ്തൃതി വർദ്ധിപ്പിക്കൽ
3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ

**ദേശീയ വനവൽക്കരണ പരിപാടിയുടെ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

- വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ
- ആർട്ടിഫിഷ്യൽ റീജനറേഷൻ (എ.ആർ)
- പുൽമേടുകൾ വികസിപ്പിക്കൽ
- ചൂരൽ കാടുകളുടെയും, മുളങ്കാടുകളുടെയും പുനരുജ്ജീവനം
- പാസ്ച്ചർ ഡവലപ്പ്മെന്റ് (പി.ഡി)
- തടിയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതും ആയ വൃക്ഷങ്ങൾ നട്ടുവളർത്തൽ
- വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും പുനരുജ്ജീവനം.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വനമേഖലയിലെ പ്രധാന ആശങ്കകൾ പരിഹരിക്കാനാണ് ഗ്രീൻ ഇന്ത്യാമിഷൻ ലക്ഷ്യമിടുന്നത്. പ്രകൃതിയോട് ഇണങ്ങിച്ചേരുക(അഡാപ്റ്റേഷൻ), ലഘൂകരണം (മിറ്റിഗേഷൻ), ദുർബലത(വൾണറബിലിറ്റി), പരിസ്ഥിതി സേവനങ്ങൾ എന്നിവയാണ് പ്രധാന ആശങ്കകൾ. ഗ്രീൻ ഇന്ത്യാമിഷന് കീഴിൽ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ (1) മെച്ചപ്പെട്ട വനവിസ്തൃതിയും, പരിസ്ഥിതി സേവനങ്ങളും (2) ആവാസവ്യവസ്ഥ പുനസ്ഥാപിക്കുക, വനവിസ്തൃതി വർദ്ധിപ്പിക്കുക (3) നഗരങ്ങളിലും നഗരങ്ങളോട് ചേർന്ന പ്രദേശങ്ങളിലും വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക (4) കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും (ബയോമാസ് വർദ്ധിപ്പിക്കുക, കാർബൺ സിങ്ക് സൃഷ്ടിക്കുക) (5) തണ്ണീർത്തടങ്ങൾ പുനസ്ഥാപിക്കുക (6) ഇതര ഊർജ്ജ സ്രോതസ്സ് പ്രോത്സാഹിപ്പിക്കുക (7) മറ്റ് സഹായ പ്രവർത്തനങ്ങൾ 40 ശതമാനം സംസ്ഥാന വിഹിതമായി 329.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 5) സംയോജിത വനസംരക്ഷണ പദ്ധതി – കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി എന്ന് ഭാരതസർക്കാർ പുനർനാമകരണം ചെയ്തിരിക്കുന്നു. (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 160.00 ലക്ഷം രൂപ)**

സംയോജിത വനസംരക്ഷണ പദ്ധതിയെ 2018-19 മുതൽ കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി എന്ന് ഭാരതസർക്കാർ പുനർനാമകരണം ചെയ്തു. കാട്ടുതീ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഇതിൽ പ്രധാനമായും ലക്ഷ്യമിടുന്നത്. കാട്ടുതീ നിയന്ത്രണ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുക, ഫയർലൈനുകൾ സ്ഥാപിക്കുക, കാട്ടുതീനിയന്ത്രണ ഉപകരണങ്ങൾ വാങ്ങുക, കാട്ടുതീ നിയന്ത്രണത്തിന് സഹായകമാകുന്ന അനുബന്ധ പ്രവൃത്തികളായ ജലസ്രോതസ്സുകളുടെ വികസനവും, അടിസ്ഥാന സൗകര്യ വികസനങ്ങളും, ബോധവൽക്കരണ പരിപാടികളും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 40

ശതമാനം സംസ്ഥാന വിഹിതമായി 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6) **പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥയുടേയും സംരക്ഷണം (40 ശതമാനം സംസ്ഥാന വിഹിതം)**

ഭൂപ്രകൃതിയുടെ സംരക്ഷണവും, സുസ്ഥിര ഉപയോഗവും ഏകോപിപ്പിക്കുന്നതിന് ബയോസ്ഫിയറുകൾ സഹായകമാണ്. ഇതുമൂലം വ്യത്യാസങ്ങൾ കുറയ്ക്കുവാനും ഗുണാനുഭവങ്ങൾ മുഴുവനായും ഉപയോഗിക്കുവാനായി സാധിക്കും. നീലഗിരി, അഗസ്ത്യമല എന്നീ രണ്ട് ബയോസ്ഫിയർ റിസർവ്വുകളാണ് കേരളത്തിലുള്ളത്. പവിഴപ്പുറ്റുകളുടേയും കണ്ടൽക്കാടുകളുടേയും സംരക്ഷണവും പരിപാലനവുമാണ് തണ്ണീർത്തട സംരക്ഷണ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ബയോസ്ഫിയർ റിസർവ്വുകൾ, തണ്ണീർത്തട സംരക്ഷണം, വയനാട് വന്യമൃഗസംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റിപാർപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**(a) നീലഗിരി ബയോസ്ഫിയർ റിസർവ്വ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 5520.40 ച.കി.മീ. ആണ്.ഇതിൽ കേരളത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1455.40 ച.കി.മീ ആണ്. വയനാട് വന്യജീവി സങ്കേതം, സൈലന്റ് വാലി ദേശീയ ഉദ്യാനം, നിലമ്പൂർ(തെക്ക്, വടക്ക് പ്രദേശം, മണ്ണാർക്കാട്, പാലക്കാട്, കോഴിപ്പാറ, പുഞ്ചക്കൊല്ലി, കരുളായ് റെയിഞ്ച് (ഒഴികെ), കോഴിക്കോട്, വയനാട്(തെക്ക്) എന്നീ വനമേഖലാ ഡിവിഷനുകളാണ് നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ ഉൾപ്പെടുന്നത്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2021-22-ൽ ഈ പദ്ധതിക്കായി 40 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപവകയിരുത്തിയിരിക്കുന്നു.

**(b) അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 120.00 ലക്ഷം രൂപ)**

അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 3500.00 ച.കി.മീ. ആണ്. ഇതിൽ കേരളത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1828.00 ച.കി.മീ. ആണ്. അഗസ്ത്യമല ബയോസ്ഫിയർ വികസന പരിപാടി നടപ്പിലാക്കുന്നതിന് തുക വകകൊള്ളിച്ചിരിക്കുന്നു. നെയ്യാർ, പേപ്പാറ, ഷെണ്ടുരുണി വന്യജീവി സങ്കേതങ്ങളും, അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളും, അഗസ്ത്യവനം ബയോളജിക്കൽ പാർക്കും ഉൾപ്പെടുന്നതാണ് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2021-22 ൽ ഈ പദ്ധതിയ്ക്കായി 40 ശതമാനം സംസ്ഥാന വിഹിതമായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(c) തണ്ണീർത്തട സംരക്ഷണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം:170.00 ലക്ഷം രൂപ)**

കണ്ടൽക്കാടുകളുടേയും, പവിഴപ്പുറ്റുകളുടേയും സംരക്ഷണമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. കണ്ടൽ വനങ്ങൾ വെച്ചുപിടിപ്പിക്കുക, സംരക്ഷണ പരിപാടിക്കാവശ്യമായ സാധനസാമഗ്രികൾ സംഘടിപ്പിക്കുക, വിപുലീകരണവും ബോധവത്ക്കരണവും നടത്തുക, ചപ്പുചവറുകൾ നീക്കംചെയ്യൽ, ശുചീകരണ പ്രക്രിയകൾ, കുടുംബാരോഗ്യ സംരക്ഷണ പരിപാടികൾ, അഗ്രോ ഫോറസ്ട്രിയുടെ വിപുലീകരണം, മലിനീകരണ നിവാരണം, വാസസ്ഥലങ്ങളുടെ വികസനം തുടങ്ങിയ പരിപാടികൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പവിഴപ്പുറ്റുകളുടെ സർവ്വെ, കൃത്രിമപ്പുറ്റുകളുടെ നിർമ്മാണം, ബോധവത്ക്കരണ പരിപാടികൾ, പശ്ചാത്തല സൗകര്യമൊരുക്കൽ, സാങ്കേതിക സഹായം, എൻടി പോയിന്റ് ആക്ടിവിറ്റി, ഡോക്യുമെന്റേഷൻ പ്രവൃത്തികൾ

മുതലായവയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2021–22–ൽ ഈ പദ്ധതിക്കായി 40 ശതമാനം സംസ്ഥാന വിഹിതമായി 170.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(d) വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി (40ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. വയനാട് വന്യമൃഗ സങ്കേതത്തിലുള്ള 14 ഊരുകളിൽ അധിവസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിനായി 80 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇവരെ വനാതിർത്തിയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നത് വഴി മനുഷ്യമൃഗ സംഘർഷം ലഘൂകരിക്കുവാനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും സാധിക്കും. ഈ പദ്ധതി 2021–22–ൽ നടപ്പാക്കുന്നതിന് 300.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**V. ഇക്കോ ടൂറിസം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേരളത്തിൽ അറുപതിലധികം ഇക്കോടൂറിസം കേന്ദ്രങ്ങൾ നിലവിലുണ്ട്. വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, പരിസ്ഥിതി പഠനം, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് ഇക്കോടൂറിസം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളുടെ വികസനവും സംരക്ഷണവും നടപ്പിലാക്കുന്നതാണ്. ഇക്കോ ടൂറിസം ഉല്പന്നങ്ങൾ വികസിപ്പിക്കുക, നാചറൽ ഹിസ്റ്ററി മ്യൂസിയം സംരക്ഷിക്കുക, വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും, ചെറിയ രീതിയിലുള്ള വൈദ്യുതി ഉല്പാദന പദ്ധതികൾ, വനമേഖലയിലെ പൈതൃക കേന്ദ്രങ്ങൾ സംരക്ഷിക്കൽ മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

സന്ദർശകർ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുക, ഇക്കോടൂറിസം കേന്ദ്രങ്ങളിൽ താമസ സൗകര്യം ഏർപ്പെടുത്തുക, വിശ്രമ കേന്ദ്രങ്ങളും ശൗചാലയങ്ങളും സജ്ജമാക്കുക, ഭക്ഷണ വിതരണ കേന്ദ്രങ്ങൾ ഒരുക്കുക, ഇക്കോടൂറിസം കേന്ദ്രത്തിലെ ജീവനക്കാരുടേയും തദ്ദേശവാസികളുടേയും ടൂറിസം രംഗത്തെ കഴിവ് വികസിപ്പിക്കുക, ഇക്കോടൂറിസം കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ മെച്ചപ്പെടുത്തുക എന്നീ പ്രവൃത്തികളും വിഭാവനം ചെയ്യുന്നു. വെള്ളപ്പൊക്കം മൂലം കേടുപാടുകൾ സംഭവിച്ച ഇക്കോടൂറിസം കേന്ദ്രങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കേണ്ടതുണ്ട്. ഓരോ ഇക്കോടൂറിസം കേന്ദ്രങ്ങളിലും ഉൾക്കൊള്ളിക്കാൻ സാധ്യമാകുന്ന സന്ദർശകരുടെ വിശദാംശങ്ങളുടെ കണക്കെടുക്കുകയും, ആവശ്യമായ പഠനങ്ങളും ഗവേഷണങ്ങളും വർക്ഷോപ്പുകളും നടത്തുവാൻ വിഭാവനം ചെയ്യുന്നു. 2021–22ൽ ഈ പദ്ധതിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇടുക്കി, വയനാട് ജില്ലകളിലായി ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആകെയുള്ള വിഹിതത്തിൽ നിന്നും 150.00 ലക്ഷം രൂപ വീതം വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 16 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**VI. മാനവശേഷി വികസനം**

**(വിഹിതം: 350.00 ലക്ഷം രൂപ)**

വാളയാറിലും, അരിപ്പയിലും, പി.ടി.പി, നഗറിലും ഉള്ള പരിശീലന കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വനം വകുപ്പിലെ വിവിധ കേഡറിലുള്ള ഉദ്യോഗസ്ഥരായ എസ്.എഫ്.ഒ, ബി.എഫ്.ഒ, ട്രൈബൽ വാച്ചർമാർ, ഡ്രൈവർമാർ എന്നിവർക്ക് തുടർച്ചയായുള്ള പരിശീലന പരിപാടികളും, വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സന്നദ്ധ സംഘടനകൾക്കും മറ്റവികസന ഏജൻസികൾക്കും അവബോധം വർദ്ധിപ്പിക്കുന്നതിനും വിഭാവനം ചെയ്യുന്നു.

വനം വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലനങ്ങൾ, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും, കായിക പരിശോധന പരിപാടികൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. പരിശീലന പരിപാടികളുടെ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ചെലവുകളും ഈ വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഭരണപരമായ

ചെലവുകളും, ജീവനക്കാർക്ക് വേണ്ടി വരുന്ന ചെലവുകളും നോൺ പ്ലാൻ ഇനത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഓഡിയോവിഷ്വൽ ഉപകരണങ്ങൾ വാങ്ങുന്നതിനും, വാഹനങ്ങളുടെയും കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, പരിശീലനം നടത്തുന്ന ഫാക്കൽറ്റികൾക്ക് ഓണറേറിയം നൽകുന്നതിനും, വകുപ്പിലെ ഉയർന്ന തസ്തികയിലുള്ള ഓഫീസർമാർക്ക് ഭരണപരമായ വിഷയങ്ങളിലുള്ള പരിശീലനം, ജൈവ വൈവിദ്ധ്യ സംരക്ഷണം, തടിയിതര വനവിഭവ ഉൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള പ്രത്യേക പരിശീലന പരിപാടികൾക്കും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. നഗര വനവൽക്കരണ പരിപാടികൾക്കുള്ള പരിശീലനവും നടത്തേണ്ടതാണ്. വാളയാർ, അരിപ്പ എന്നിവിടങ്ങളിലുള്ള ഫോറസ്റ്റ് സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി തുകയുടെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. 2021-22 ൽ ഈ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**VII. വിഭവ ആസൂത്രണവും ഗവേഷണവും**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ശാസ്ത്രീയമായ വനപരിപാലനത്തിനായി വനം വകുപ്പ് തയ്യാറാക്കുന്ന രേഖകളാണ് പ്രവർത്തന പദ്ധതിയും മാനേജ്മെന്റ് പദ്ധതിയും. പത്തു വർഷക്കാലയളവിലേക്കാണ് ഓരോ ഡിവിഷനും ഇത് തയ്യാറാക്കുന്നത്. പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഫീൽഡ് സർവ്വേ നടത്തേണ്ടതുണ്ട്. വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നു.

സംസ്ഥാനത്ത് രണ്ട് ഗവേഷണ വിഭാഗങ്ങളിലായി 6 സിൽവികൾച്ചറൽ ഗവേഷണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും, പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ വനമേഖലയിൽ, ഏകദേശം 1.5 ലക്ഷം ഹെക്ടർ പ്രദേശത്തുള്ള തോട്ടങ്ങൾ പാകമാകുമ്പോൾ വിളവെടുക്കുകയും, പ്രവർത്തന പദ്ധതികൾക്കനുസൃതമായി വീണ്ടും നട്ടുപിടിപ്പിക്കുകയും ചെയ്യും. തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിക്കുന്നതിനുവേണ്ടി നല്ലയിനം നടീൽ വസ്തുക്കൾ ആവശ്യമാണ്. മെച്ചപ്പെട്ട ഉൽപ്പാദനത്തിനായി നല്ലയിനം വിത്തുകൾ നൽകേണ്ടത് ആവശ്യമാണ്. തേക്ക്, ചന്ദനം മുതലായ ഇനങ്ങളുടെ വിത്തുകൾക്കായി വിത്തുല്പാദന കേന്ദ്രങ്ങൾ സംസ്ഥാനത്ത് വികസിപ്പിച്ചിട്ടുണ്ട്. പ്രവർത്തന പദ്ധതി തയ്യാറാക്കൽ, ഗവേഷണ പദ്ധതികൾ, മുന്തിയ ഇനം വിത്തുല്പാദനം തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി 11 ഡിവിഷനുകളിലേക്ക് പുതുതായി പ്രവർത്തന പദ്ധതികൾ തയ്യാറാക്കുവാൻ 2021-22 ൽ വിഭാവനം ചെയ്യുന്നു. 150.00 ലക്ഷം രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ൽ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 33 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**VIII. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും**

**(വിഹിതം: 150.00 ലക്ഷം രൂപ)**

2021-22 വർഷത്തിൽ വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും നടപ്പിലാക്കുന്നതിന് 150.00 ലക്ഷം രൂപവകയിരുത്തിയിട്ടുണ്ട്.

**ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ:**

- ഫോറസ്റ്റ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവൽക്കരണം
- ഇന്റർനെറ്റ് കണക്ഷനുകൾ ഉള്ള പുതിയ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, സോഫ്റ്റ് വെയർ പ്രോഗ്രാമുകളും ഭൗമ വിവര സാങ്കേതിക സംവിധാനത്തിന്റെ ഡേറ്റാ ബേസുകൾ മെച്ചപ്പെടുത്തൽ
- വകുപ്പിന്റെ എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ് വർക്ക് കണക്റ്റ് വിറ്റി ഏർപ്പെടുത്തൽ
- ഫോറസ്റ്റ് വകുപ്പ് നേരിട്ട് വാങ്ങിയിട്ടുള്ളതും മറ്റു പ്രോജക്ടുകൾ മുഖേന ലഭിച്ചിട്ടുള്ളതുമായ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസ് നടത്തൽ.
- ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി വരുന്ന ചെലവുകൾക്ക്
- വകുപ്പിൽ വയർലസ് സാങ്കേതിക വിദ്യ നടപ്പാക്കൽ
- നിലവിലുള്ള പി.ഡി.എ കളുടെ അറ്റകുറ്റ പണികൾക്കായി
- വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും സംബന്ധിച്ച് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം.

- എഫ്.എം.ഐ.എസ്, എം.എ.എസ് മോഡ്യൂൾ, വെബ്സൈറ്റ്, വെബ് പോർട്ടൽ എന്നിവയുടെ വാർഷിക മെയിന്റനൻസ്
- എല്ലാ ഓഫീസുകൾക്കും വൈഡ് ഏരിയ കണക്ടിവിറ്റി
- വകുപ്പിലെ ഓഫീസർമാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് നൽകൽ.
- ഇലക്ട്രോണിക് ഉപകരണങ്ങളായ പ്രിന്ററുകൾ, എം.എം പ്രോജക്ടർ, ഫോട്ടോ കോപ്പിയറുകൾ , ക്യാമറാ ട്രാപ്സ്, ബയണോക്കുലേഴ്സ്, സോളാർ ചാർജ്ജർ മുതലായ ആധുനിക ഉപകരണങ്ങൾ വാങ്ങൽ.
- ഫോറസ്റ്റ് വകുപ്പിന്റെ ആസ്ഥാനത്തും സർക്കിൾ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തൽ.
- എൻ.ആർ.എസ്.എ യിൽ നിന്നും തീമാറ്റിക് മാപ്പുകൾ വാങ്ങുക

**IX. സാമൂഹിക വനവൽക്കരണവും, കാർഷിക വനവൽക്കരണവും, വിജ്ഞാന വ്യാപന പ്രവൃത്തികളും**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

വനത്തിന് പുറത്തുള്ള വനവത്ക്കരണമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുമൂലം പച്ചപ്പ് വർദ്ധിപ്പിക്കുവാനും, തരിശുഭൂമിയിൽ നിന്നും പുനരുപയോഗസാധ്യമായ ഇന്ധനം ഉത്പാദിപ്പിക്കുവാനും, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഹാനികരമായ പ്രശ്നങ്ങൾ കുറയ്ക്കുവാനും, നഗര/വിദ്യഭ്യാസാധിഷ്ഠിത വനവത്ക്കരണം വികസിപ്പിക്കാനും സാധ്യമാകും.

വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ആവശ്യകതയുടെ പ്രചരണാർത്ഥം തൈകളുടെ ഉത്പാദനവും വിതരണവും, ഗ്രാമപ്രദേശങ്ങളിലും പൊതുസ്ഥലങ്ങളിലും വിവിധ ഇനങ്ങളിൽപ്പെട്ട വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, നക്ഷത്രവനങ്ങൾ നട്ടുപിടിപ്പിക്കൽ, നഗരവനവത്ക്കരണം, വിദ്യാഭ്യാസധിഷ്ഠിത വനവത്ക്കരണം, പരിസ്ഥിതി സംരക്ഷണവും, നദീതട സംരക്ഷണവും, സ്വകാര്യ വനവൽക്കരണ പ്രോത്സാഹനം, ഫോറസ്ട്രി ക്ലബുകളുടെ പുനരുജ്ജീവനം, സഞ്ചീവനി വനങ്ങളുടെ പരിപാലനം, ഔഷധതോട്ടങ്ങളുടെ പരിപാലനം, നല്ല ഇനം തൈകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത് ഉൾപ്പെടെയുള്ള കാർഷിക വനവൽക്കരണ മാതൃകകൾ വികസിപ്പിക്കൽ, തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കൂട്ടായ പദ്ധതികൾ ആവിഷ്കരിക്കൽ, വനമേഖലയ്ക്ക് പുറത്തുള്ള പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യം പ്രചരിപ്പിക്കൽ, ജലാശയങ്ങളുടെ സംരക്ഷണം, ലോകപരിസ്ഥിതിദിനം, അന്താരാഷ്ട്ര വനദിനം, ഭൗമദിനം എന്നിവയുടെ ആഘോഷം മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രധാന പ്രവൃത്തികൾ. എല്ലാ ജില്ലകളിലും വിദ്യാവനവും, നഗരവനവും രൂപീകരിക്കുന്നതിനും, കാവുകൾ, കണ്ടൽക്കാടുകൾ പോലെ വനമേഖലയ്ക്ക് പുറത്തുള്ള വിവിധ ആവാസവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും വിഭാവനം ചെയ്യുന്നു.

ആരണ്യം മാസികയുടെ പ്രസിദ്ധീകരണം, ഫോറസ്ട്രി ക്ലബ്ബുകൾ സംഘടിപ്പിക്കൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചലച്ചിത്രപ്രദർശനം സംഘടിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ മികവിന് പുരസ്കാരങ്ങൾ നൽകൽ, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററികളും ശബ്ദരേഖയും ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്യൽ, പരിസ്ഥിതി പഠനസംബന്ധിയായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ എന്നിവയാണ് വിജ്ഞാന വ്യാപന പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1000.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. വയനാട് ജില്ലയിൽ വനവത്ക്കരണ പരിപാടികൾ (ട്രീ പ്ലാന്റിംഗ് )നടപ്പിലാക്കുന്നതിനായി, ആകെയുള്ള പദ്ധതി വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**X. ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന ഫണ്ട്**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് പ്രോജക്ടുകൾക്ക് 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലെക്സുകൾ സ്ഥാപിക്കുക, ഉൾവനത്തിൽ താവളങ്ങൾ നിർമ്മിക്കുക, താമസ സൗകര്യങ്ങൾ സജ്ജമാക്കുക, മനുഷ്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുക, പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം, സംരക്ഷണ പാർക്കുകൾ നിർമ്മിക്കുക, നിലവിലുള്ള വനപാതകൾ മെച്ചപ്പെടുത്തുക, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക, റോഡുകളും പാലങ്ങളും നിർമ്മിക്കുക, ചെക്ക്പോസ്റ്റ് കോപ്ലെക്സുകളുടെ നിർമ്മാണം, ചെക്ക്പോസ്റ്റ് കോംപ്ലെക്സുകളിൽ വിജ്ഞാനകേന്ദ്രങ്ങൾ/പരിശീലനകേന്ദ്രങ്ങൾ, ഇക്കോഷോപ്പുകൾ ആരംഭിക്കുക

മുതലായ വികസന പ്രവർത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നബാർഡിന്റെ അംഗീകാരത്തോടെ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ശുപാർശയോടെ നബാർഡിന്റെ അംഗീകാരത്തിനായി നൽകേണ്ടതാണ്. ഈ പദ്ധതിയുടെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**XI. മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ**

**(വിഹിതം: 2200.00 ലക്ഷം രൂപ)**

നമ്മുടെ സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ച് വരുന്നു. കൃഷിനാശവും, മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന ആക്രമണവും വനാതിർത്തികളിൽ അനുഭവപ്പെടുന്ന ഒരു പ്രധാന പ്രശ്നമാണ്. മനുഷ്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മനുഷ്യ മൃഗ സംഘർഷങ്ങളുടെ അടിസ്ഥാന കാരണങ്ങളിൽ ഊന്നൽ നൽകികൊണ്ടുള്ള ഒരു ദീർഘകാല പദ്ധതിയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. 2021-22 കാലയളവിൽ താഴെ പറയുന്ന മേഖലകളിലാണ് കൂടുതൽ ഊന്നൽ നൽകുന്നത്.

- വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക
- നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക
- ദ്രുതകർമ്മ സേനകൾ ശക്തിപ്പെടുത്തുക
- പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുക
- പൊതുജന സഹായത്തോടു കൂടിയുള്ള ഇൻഷൂറൻസ് പദ്ധതി
- ഭൂവിനിയോഗത്തെ സംബന്ധിച്ചും, അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക.
- വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നുള്ള രക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുക.
- വനത്തിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.
- വയലുകളുടെ പരിപാലനം
- മേൽനോട്ടവും വിലയിരുത്തലും.

പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2200.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**XII . തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും**

**(വിഹിതം: 500.00 ലക്ഷം രൂപ)**

നിലവിലുള്ള തൃശ്ശൂർ മൃഗശാലയിലെ പക്ഷികളേയും മൃഗങ്ങളേയും ആവശ്യമായ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് ഒരു സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. 2021 മെയ് മാസം അവസാനത്തോടുകൂടി മൃഗങ്ങളെ പൂത്തൂരിലേക്ക് പുനരധിവസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 360.00 കോടി രൂപയാണ്. മൂന്ന് ഘട്ടങ്ങളായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് ഘട്ടം ഒന്ന് നടപ്പിലാക്കുന്നത്. മൃഗങ്ങൾക്കുള്ള 4 കൂടുകൾ, മൃഗശാലയുടെ ഭരണസംവിധാനത്തിനുള്ള ഓഫീസ്, മൃഗങ്ങൾക്കുള്ള ആശുപത്രി, ഭക്ഷണസംസ്കരണ സംവിധാനങ്ങൾ, മാറ്റി പാർപ്പിക്കുന്നതിനും ക്വാറന്റയിനിനുമുള്ള സൗകര്യങ്ങൾ, ഓട്ടോപ്സിക്കുള്ള മുറി എന്നിവയാണ് സംസ്ഥാന വിഹിതത്തിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. 2021-22 ൽ 500.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**XIII. ഇക്കോടൂറിസം (റവന്യൂ)**

**(വിഹിതം 108.00 ലക്ഷം രൂപ)**

വനമേഖലയിലും, അതിർത്തി പ്രദേശങ്ങളിലും ചവറുകൾ നിക്ഷേപിക്കുന്നത് തടയുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വനസംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ/സന്നദ്ധ സംഘടനകൾ ഇവയുടെ സഹായത്തോടെ വനമേഖലയിൽ നിന്നും ഖരമാലിന്യങ്ങൾ നീക്കം ചെയ്യുക, വിനോദ സഞ്ചാരികളിൽ അവബോധം സൃഷ്ടിക്കുക, തൽക്ഷണം പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുക, ചവർ നിക്ഷേപം നിരീക്ഷിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. പ്രോജക്ട് ഗ്രീൻ ഗ്രാസ് എന്ന പദ്ധതിയുടെ കീഴിൽ, 125 പ്രധാന ചവർ നിക്ഷേപ പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തികൾ ഇവയെല്ലാമാണ്.

- പ്രസ്തുത പ്രദേശത്തെ വനസംരക്ഷണ സമിതി /ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ ഇവയെ ശക്തിപ്പെടുത്തിക്കൊണ്ട് ശുചീകരണ പ്രവർത്തികളിൽ പങ്കാളികളാക്കുക.
- ശുചീകരണ പ്രവർത്തികൾക്കുള്ള ഉപകരണങ്ങളും ആയുധങ്ങളും സംഭരിക്കുക.
- ശേഖരണ കേന്ദ്രങ്ങൾ, പുനഃചംക്രമണ യൂണിറ്റുകൾ, ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ സജ്ജീകരിക്കുക.
- സന്ദർശകർക്കും/യാത്രികർക്കും അവബോധം നൽകുക.

2021-22 ൽ ഈ പദ്ധതിയ്ക്കായി 108.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**XIV. കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനുള്ള ധനസഹായം**

**(വിഹിതം : 200.00 ലക്ഷം)**

കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഗവി, മൂന്നാർ, തൃശ്ശൂർ മേഖലയിലുള്ള ഏലത്തോട്ടങ്ങൾക്ക് 2021-22 ൽ സാമ്പത്തിക സഹായം നൽകുന്നു. ഗവി, മൂന്നാർ, തൃശ്ശൂർ ഡിവിഷനുകളിലായി 75 ഹെക്ടർ ഏലത്തോട്ടങ്ങൾ പുനസ്ഥാപിക്കുന്നതിനും, ആദ്യ വർഷം നട്ടുപിടിപ്പിച്ച തോട്ടങ്ങളുടെ പരിപാലനത്തിനും വേണ്ടി 2021-22 ൽ കെ.എഫ്.ഡി.സിക്ക് 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നശിച്ചുപോയ ഏലത്തോട്ടങ്ങൾക്കു പകരമായി, ഘട്ടം ഘട്ടമായി, നല്ലയിനം തൈകൾ നട്ടുപിടിപ്പിക്കുന്നതാണ്.

**XV. കോട്ടൂരിന് സമീപമുള്ള കാപ്പുകാടിൽ ആനകൾക്കുള്ള സംരക്ഷണ കേന്ദ്രം (പുതിയ പദ്ധതി)**

**(വിഹിതം : 100.00 ലക്ഷം)**

കോട്ടൂരിന് സമീപമുള്ള കാപ്പുകാടിൽ ആനകൾക്ക് വിഹരിക്കുന്നതിനുള്ള തുറന്ന പ്രദേശം, തുറസ്സായ വേലിക്കെട്ടുകൾ, മ്യൂസിയം, ആന പാപ്പാന്മാർക്കുള്ള പരിശീലന കേന്ദ്രം, വെറ്റിനറി ഹോസ്പിറ്റൽ, ചാണക പുനരുപയോഗ യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളോടെ തിരുവനന്തപുരത്തെ കോട്ടൂരിൽ ലോകോത്തര നിലവാരത്തിൽ ഉള്ള ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. പേപ്പാറ വന വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ. ഓഫീസ് ആരംഭിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ, പരിശീലന സാമഗ്രികൾ തയ്യാറാക്കൽ, ആന പാപ്പാന്മാർക്കുള്ള പരിശീലനം, ആന പുനരധിവാസ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർക്കും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും പരിശീലനം, പരിശീലകർക്ക് പരിശീലനം, ഡോക്യുമെന്റേഷൻ, ഗവേഷണ-പരിശീലന കേന്ദ്രങ്ങൾക്കുള്ള പഠന സാമഗ്രികൾ തയ്യാറാക്കൽ തുടങ്ങിയവ 2021-22 ൽ വിഭാവനം ചെയ്യുന്നു. 2021-22 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**XVI. മൈനർ വന വിഭവങ്ങൾക്കുള്ള താങ്ങുവില (25 ശതമാനം സംസ്ഥാന വിഹിതം) (പുതിയ പദ്ധതി)**

**(വിഹിതം : 168.00 ലക്ഷം)**

മൈനർ വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്നതിലൂടെ, വിഭവങ്ങൾ ശേഖരിക്കുന്നവർക്കു അവരുടെ പരിശ്രമത്തിനും, വനവിഭവങ്ങളുടെ മൂല്യ വർദ്ധനവിനും ന്യായമായ വില ലഭിക്കുന്നു. തടിയിതര വനവിഭവങ്ങൾ ശേഖരിക്കുന്നതിന് മെച്ചപ്പെട്ട താങ്ങു വിലയിലൂടെ പിന്തുണ നൽകുക, സംഭരണ കേന്ദ്രങ്ങൾ, മൂല്യ വർദ്ധന യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണന സഹായം തുടങ്ങിയ മെച്ചപ്പെട്ട സൗകര്യങ്ങളാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. സംസ്ഥാന വന വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. അംഗീകൃത ഘടകങ്ങൾ ഇനിപ്പറയുന്നവയാണ് (1) കാട്ടു തേൻ സംഭരണം (2) വന വികസന ഏജൻസി തലത്തിൽ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക/നവീകരിക്കുക (3)വന വികസന ഏജൻസി തലത്തിൽ സംഭരണത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക (4)സംസ്ഥാനതലത്തിൽ കേന്ദ്രീകൃത ശേഖരണ യൂണിറ്റും, മൂല്യ വർദ്ധന

യൂണിറ്റും, പ്രോസസ്സിംഗ് യൂണിറ്റും സ്ഥാപിക്കുക. 2021-22 കാലയളവിൽ 25 ശതമാനം സംസ്ഥാന വിഹിതമായി 168.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 1.7 കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ

ഈ മേഖലയിൽ സംസ്ഥാന പദ്ധതികളില്ല.

## 1.8 വിപണനം, സംഭരണം, സൂക്ഷിക്കലും വിതരണവും

2021-22 വാർഷിക പദ്ധതിയിൽ കാർഷിക വിപണനം, സംഭരണം, വെയർഹൌസിംഗ്, മറ്റ് കാർഷിക പരിപാടികൾ എന്നിവയ്ക്കായി 5285 .00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.8.1. കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും

2021-22 ൽ 5040.00 ലക്ഷം രൂപ വിപണനവും ഗുണനിലവാരത്തിനുമായുള്ള പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്നു.

**1. കാർഷിക വിപണി ശക്തിപ്പെടുത്തൽ**

**(വിഹിതം: 3030. 00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ഉൽപ്പാദകരും കച്ചവടക്കാരും തമ്മിൽ ശക്തമായ ബന്ധം നിലവിലില്ല. വിപണിയിലെ അടിസ്ഥാന സൗകര്യത്തിന്റെയും, മാർക്കറ്റ് ഇന്റലിജൻസിന്റേയും സ്ഥാപനവത്ക്കരണ സഹായവും മെച്ചപ്പെടുത്തേണ്ടതുണ്ട്. വിപണനപ്രവർത്തനങ്ങൾ, വിപണന ഇടപെടൽ ഫണ്ട്, ഡബ്ള്യൂ.ടി.ഒയുമുള്ള സഹായം, കേരള സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷനുള്ള സഹായം, ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനം എന്നിവയ്ക്കായി 3030.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വി.എഫ്.പി.സി.കെ മുഖേനയുള്ള വിപണന വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 500.00 ലക്ഷം രൂപയും ഇതിൽ ഉൾപ്പെടുന്നു. വി.എഫ്.പി.സി.കെയുടെ വിപണനപ്രവർത്തനങ്ങൾ കൃഷിവകുപ്പ് പ്രവർത്തനങ്ങളുമായി സംയോജനത്തിലായിരിക്കും. സാങ്കേതികവിദ്യാകൈമാറ്റം, പരിശീലനം, ക്യാംമ്പെയ്നുകൾ എന്നിവ വകുപ്പുമായി യോജിച്ച് നടപ്പിലാക്കേണ്ടതാണ്. പി.ജി.എസ് സർട്ടിഫിക്കേഷൻ, ഉൽപന്നങ്ങളുടെ ഉറവിടം കണ്ടെത്താനുള്ള സംവിധാനം തുടങ്ങിയ പ്രവർത്തനങ്ങൾ വകുപ്പും, വി.എഫ്.പി.സി.കെയും സംയുക്തമായി നടപ്പിലാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമ പഞ്ചായത്ത് തലത്തിൽ പുതിയ ആഴ്ച ചന്തകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ചന്തകൾക്ക് സഹായം നൽകുന്നതിനുമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിലവിലുള്ള തിരഞ്ഞെടുക്കപ്പെട്ട വിപണികളിൽ ഒരു യൂണിറ്റിന് 2.00 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള എ ഗ്രേഡ് മാർക്കറ്റുകൾക്ക് മാത്രമേ സഹായം ലഭിക്കുകയുള്ളൂ. നഗര- ഗ്രാമീണ പ്രദേശങ്ങളിലും മൊത്ത വ്യാപാര വിപണികൾക്കും ജില്ലാ ശേഖരണ കേന്ദ്രങ്ങൾക്കുമുള്ള പ്രവർത്തന സഹായമായി 150.00 ലക്ഷം രൂപയും, അഗ്മാർക്ക് നെറ്റ്, മാർക്കറ്റ് ഇന്റലിജൻസ് എന്നിവയ്ക്കായി 40.00 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. കാർഷിക ഉല്പന്നങ്ങളുടെ വിപണി ഏകീകരണത്തിന് സഹായമായി ഇത്തരം വിപണികളുടെ സ്ഥാപിക്കലും പ്രവർത്തനവും ഇ-നാം (e-Nam) മാർഗ്ഗരേഖ പ്രകാരമായിരിക്കും.

അധികമുള്ള കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കർഷകമിത്രങ്ങൾ, പൊതുമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ഇടപെടുന്നതാണ്. ഓരോ കർഷക മിത്രയും സംഭരിക്കുന്ന അളവനുസരിച്ചായിരിക്കും അവരുടെ ഇൻസെന്റീവ് നിശ്ചയിക്കുക. കർഷക മിത്രങ്ങളെ ഏർപ്പെടുത്തുവാനായി 75.00 ലക്ഷം രൂപ വകയിരുത്തുന്നു. കർഷകർക്കും സംരംഭകർക്കും സംസ്ഥാനത്തും ദേശീയതലത്തിലും കാർഷിക മേളകളിൽ പങ്കെടുക്കുന്നതിന് 20.00 ലക്ഷം രൂപ വകയിരുത്തുന്നു. ഡബ്ല്യൂ.ടി.ഒ സെല്ലിന്റെ പ്രവർത്തന സഹായമായി 5.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിനുപുറമേ 80.00 ലക്ഷം രൂപ അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ പ്രവർത്തനത്തിനും വിപണി പഠനത്തിനുമായി മാറ്റി വെച്ചിട്ടുണ്ട്. ഓൺലൈൻ വിപണി വികസിപ്പിക്കുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടി വിളവെടുപ്പു കാലങ്ങളിൽ നിയുക്ത ഏജൻസികൾ വഴി തിരഞ്ഞെടുത്ത കർഷക ഉല്പന്നങ്ങളുടെ സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനായാണ് വിലസ്ഥിരതാ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റിന്റെ നിബന്ധനകൾക്കനുസൃതമായി സംഭരണം നടത്തുന്നതിനും അതിന്റെ ചെലവുകൾക്കും വേണ്ടി സംഭരണ ഏജൻസികൾക്ക് ഇൻസെന്റീവ് നൽകുന്നതിന് ഈ തുക വിനിയോഗിക്കാവുന്നതാണ്. ഉത്സവ കാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനും പച്ചത്തേങ്ങ

സംഭരണത്തിനും തുടർ സംസ്കരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്. വകയിരുത്തിയിട്ടുള്ള 3030.00 ലക്ഷം രൂപയിൽ 2000.00ലക്ഷം രൂപയാണ് വിപണന ഇടപെടൽ ഫണ്ടായി മാറ്റി വച്ചിരിക്കുന്നത്. ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനമായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ മൂലധനം ഹോർട്ടികോർപ്പിന്റെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കേണ്ടതാണ്.

കർഷകർക്ക് ഉല്പന്നങ്ങൾക്കുള്ള വിപണി കണ്ടെത്തുന്നതിനും അവയ്ക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും എസ്.എഫ്.എ.സി യിലെ കോൾ സെന്ററിലുള്ള ഇ പോർട്ടൽ പ്രവർത്തനം തുടരുന്നതാണ്.

കേരള സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന് കമ്പ്യൂട്ടർവത്ക്കരണത്തിനായി 10.00 ലക്ഷം രൂപയും കാർഷിക സംഭരണത്തിനായുള്ള ഗോഡൗൺ നിർമ്മാണത്തിനായി 30.00 ലക്ഷം രൂപയും സഹായമായി വകയിരുത്തുന്നു.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | കാർഷിക മൊത്ത വ്യാപാര വിപണികൾക്കും ജില്ലാ സംഭരണ കേന്ദ്രങ്ങൾക്കുമുള്ള പ്രവർത്തന സഹായം | 150.00 |
| 2 | അഗ്മാർക്ക് നെറ്റിനും വിപണി വിവര ശേഖരണത്തിനും | 40.00 |
| 3 | ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച്ച വിപണികൾക്കുള്ള അധിക സഹായം | 50.00 |
| 4 | വി.എഫ്.പി.സി.കെ യുടെ വിപണി വികസനത്തിന് | 500.00 |
| 5 | പ്രൈസസ് ബോർഡ് | 80.00 |
| 6 | കർഷക മിത്ര-പരിശീലനവും പോർട്ടൽ അടിസ്ഥാനമാക്കിയുള്ള സേവനവും | 75.00 |
| 7 | കാർഷികമേളകളിൽ പങ്കാളിത്തം | 20.00 |
| 8 | ഡബ്ല്യൂ.ടി.ഒ സെൽ- പ്രവർത്തന സഹായം | 5.00 |
| 9 | ഓൺലൈൻ വിപണി വികസനം (പുതിയത് ) | 50.00 |
| 10 | ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനം | 20.00 |
| 11 | വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിന് | 2000.00 |
| 12 | കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് കമ്പ്യൂട്ടർവൽക്കരണത്തിനുള്ള സഹായം | 10.00 |
| 13 | കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഗോഡൌൺ നിർമ്മാണത്തിനുള്ള സഹായം | 30.00 |
| | **ആകെ** | **3030.00** |

**2. മൂല്യ വർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും**

**(വിഹിതം: 1210.00 ലക്ഷം രൂപ)**

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധനവ്/കാർഷിക സംസ്കരണ/വിളവെടുപ്പിന് ശേഷമുള്ള പരിപാലനം എന്നിവ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി.) ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി 400.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 50.00 ലക്ഷം രൂപ വീതം ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും സംസ്കരണ സഹായത്തിനായി നീക്കി വെച്ചിരിക്കുന്നു. സ്വയംസഹായസംഘങ്ങൾക്കും/വ്യക്തികൾക്കുമായി സൂക്ഷ്മതല യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു. ഒരു യൂണിറ്റിന് നൽകാവുന്ന പരമാവധി സഹായം 50.00 ലക്ഷം രൂപയാണ്.സാമ്പത്തിക സ്ഥാപനത്തിൽ നിന്നുള്ള വായ്പ അനുവദിച്ച ശേഷമാണ് തുക അനുവദിക്കുന്നത്. മൈക്രോലെവൽ സംരംഭങ്ങളിൽ തൊഴിൽ ലഭ്യതയും ഉപജീവന മാർഗ്ഗവും ഉറപ്പ് വരുത്തുന്നതിനു വേണ്ട ഊന്നൽ നൽകേണ്ടതാണ്. കേരഫെഡിനു കീഴിലുള്ള പച്ചത്തേങ്ങ സംഭരിക്കുന്ന സൊസൈറ്റികൾക്ക് കൊപ്ര ഉണക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്

സഹായം നൽകുന്നതാണ്. എസ്.എഫ്.എ.സി യിലൂടെ സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായും ഈ തുക വിനിയോഗിക്കാവുന്നതാണ്.

സർക്കാർ/പൊതുമേഖല/സഹകരണ മേഖല/കുടുംബശ്രീ യൂണിറ്റുകൾ/എഫ്.പി.ഒ കൾ എന്നിവ മുഖേനയുള്ള വിപണനത്തിനും മൂല്യവർദ്ധനവിനും പദ്ധതി അധിഷ്ഠിത സഹായമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും 10.00 ലക്ഷം രൂപ കണ്ണൂർ ജില്ലയിൽ കുറുമത്തൂർ പഞ്ചായത്തിൽ തേൻ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷക ഉൽപ്പാദക സംഘങ്ങൾ സൃഷ്ടിക്കുന്നതിനാണ്.

സംസ്ഥാന നാളികേര വികസന കോർപ്പറേഷന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. എസ്.എഫ്.എ.സി യുടെ പ്രവർത്തന സഹായമായി 75.00 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നു.

തേനീച്ച വളർത്തലും തേൻ ഉല്പാദനവും കേരളത്തിൽ വളരെയധികം സാദ്ധ്യതയുള്ള മേഖലയാണ്. എഫ്.പി.ഒ കൾ വഴി സംസ്ഥാന ഹോർട്ടീക്കൾച്ചർ മിഷൻ മുഖേന തേനീച്ച കർഷകർക്ക് തേൻ ഉത്പാദത്തിനും തേനിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രചാരണത്തിനുമുള്ള സഹായവും തുടരുന്നതാണ്. ഇതിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക മേഖലയിലെ അഗ്രി സ്റ്റാർട്ടപ്പുകളേയും സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷക ഉല്പാദക സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനും 100.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കർഷക ഉല്പാദക സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി എഫ്.പി.ഒ പോർട്ടൽ വികസിപ്പിക്കാനും മുന്നോട്ടുകൊണ്ടുപോകാനും 10.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | എസ്.എഫ്.എ.സി മുഖേന മൂല്യവർദ്ധന യൂണിറ്റുകൾക്കുള്ള സഹായം | |
| (എ) | ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായം | 400.00 |
| (ബി) | വ്യക്തിഗത/സ്വയംസഹായ സംഘങ്ങൾ അടിസ്ഥാനമാക്കി മൈക്രോലെവൽ മൂല്യവർദ്ധന യൂണിറ്റുകൾ | 300.00 |
| 2 | സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ്/എഫ്.പി.ഒ തലത്തിൽ വിപണികൾക്കും മൂല്യവർദ്ധന യൂണിറ്റുകൾക്കുമുള്ള സഹായം | 200.00 |
| 3 | തേൻ ഉല്പാദനത്തിനുള്ള സഹായം | 25.00 |
| 4 | എസ്.എഫ്.എ.സി യ്ക്കുള്ള പ്രവർത്തന സഹായം | 75.00 |
| 5 | സംസ്ഥാന നാളികേര വികസന കോർപ്പറേഷന് മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള സഹായം | 100.00 |
| 6 | അഗ്രി സ്റ്റാർട്ടപ്പിനുള്ള സഹായവും അഗ്രി ബിസിനസ് ഇൻക്യുബേറ്ററും | 100.00 |
| 7 | എഫ്.പി.ഒ പോർട്ടൽ വികസനം (പുതിയത് ) | 10.00 |
| | **ആകെ** | **1210.00** |

**3. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അധികസഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് വികസന പദ്ധതിയിൽ ബയോഗ്യാസ് സ്ഥാപിക്കുന്നതിനായി ജനറൽ വിഭാഗത്തിന് 12000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 13000 രൂപയുമാണ് ഒരു പ്ലാന്റിനുള്ള സഹായമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണ ചെലവ് 30000 രൂപ മുതൽ 100000 രൂപ വരെ ആകാറുണ്ട്. കർഷക സമൂഹത്തിന് ഈ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള തുകക്ക് പുറമെ തത്തുല്യമായ തുക സംസ്ഥാന ഗവൺമെന്റ് അധികസഹായമായി വകയിരുത്തി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സഹായം യഥാക്രമം 8000 രൂപ, 9000 രൂപ ആക്കി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിനായി 2021-22 ൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ് )**

**(വിഹിതം: 750.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ്-ന്റ കീഴിൽ അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് വിഹിതം. 2021-22 ൽ ട്രാൻഷെ XX-XXV വരെയുള്ള പുതിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.ഐ.ഡി.എഫ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കും. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് ആർ.ഐ.ഡി.എഫ്. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സഹായവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1.8.2. മറ്റു പരിപാടികൾ

മറ്റു കാർഷിക പരിപാടികളുടെ കീഴിൽ 2021-22 വർഷത്തിൽ താഴെ പറയുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

**1. കർഷക ക്ഷേമ ഫണ്ട് ബോർഡ്**

**(വിഹിതം: 200.00 ലക്ഷം രൂപ)**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി നിലവിൽ നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികളും ക്ഷേമ പദ്ധതികളും കർഷകക്ഷേമ നിധി ബോർഡ് വഴി ഏറ്റെടുക്കും. ബോർഡിന്റെ പ്രവർത്തനസഹായമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് കുട്ടനാട് (IRTCBF)**

**(വിഹിതം: 20.00 ലക്ഷം രൂപ)**

നൂതന പ്രവർത്തനങ്ങൾ ജനപ്രിയമാക്കുന്നതിനും, കുട്ടനാട് മേഖലയിലെ ഫീൽഡ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തന ചിലവുകൾക്കുമായി തുക വകയിരുത്തിയിരിക്കുന്നു.

### 1.8.3. സംഭരണവും സൂക്ഷിക്കലും

**1. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ഓഹരി മൂലധനം**

**(വിഹിതം: 25.00 ലക്ഷം രൂപ)**

കേന്ദ്ര വെയർ ഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന ഓഹരി മൂലധനത്തിന് തുല്യമായ സംസ്ഥാന സർക്കാരിന്റെ വിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു. 2021-22 ൽ ഇതിലേയ്ക്കായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 2.ഗ്രാമവികസനം

ഗ്രാമവികസന മേഖലയ്ക്കായി 2021-22-ൽ 1607.69 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 494.03 കോടി രൂപ ഗ്രാമവികസന പരിപാടികൾക്കും 1113.66 കോടി രൂപ സാമൂഹ്യവികസനത്തിനും പഞ്ചായത്തുകൾക്കുമുള്ള വിഹിതവുമാണ്.

**2021-22-ൽ വകയിരുത്തുന്ന തുക**

| ക്രമ നമ്പർ | മേഖല/പദ്ധതികൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| **II** | **ഗ്രാമവികസനം** | |
| **2.1** | **ഗ്രാമവികസന പരിപാടികൾ** | |
| 1 | പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം | 300.00 |
| 2 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ. ഇ.ജി.പി.) | 23010.00 |
| 3 | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) (40 ശതമാനം സംസ്ഥാന വിഹിതം) | 10000.00 |
| 4 | പി.എം.ജി.എസ്.വൈ. യ്ക്ക് സംസ്ഥാന സഹായം | 2000.00 |
| 5 | നാഷണൽ റർബൻ മിഷൻ (40 ശതമാനം സംസ്ഥാന വിഹിതം) | 2000.00 |
| 6 | ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ | 20.00 |
| 7 | പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)-നീർത്തട ഘടകം - (40 ശതമാനം സംസ്ഥാന വിഹിതം) | 1000.00 |
| 8 | ഗ്രാമവികസന കമ്മീഷണറേറ്റിലെ അധുനികവത്കരണം | 50.00 |
| 9 | സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ സജ്ജീകരിക്കൽ | 1.00 |
| | **പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ** | |
| 10 | നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. | 3022.00 |
| 11 | ദീൻദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ.-എൻ.ആർ.എൽ.എം.) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | 6500.00 |
| 12 | ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ ഭരണചെലവുകൾ (മുൻപ് ജില്ലാ ഗ്രാമവികസന ഏജൻസികൾ) (40 ശതമ നം സംസ്ഥാന വിഹിതം) | 500.00 |
| 13 | പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ (പി.എം.എ.വൈ.-ജി) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | 1000.00 |
| | **ആകെ (ഗ്രാമവികസന പരിപാടികൾ)** | **49403.00** |
| **2.2** | **സാമൂഹ്യ വികസനവും പഞ്ചായത്തുകളും** | |
| 1 | കുടുംബശ്രീ | 26000.00 |
| 2 | കില – വികേന്ദ്രീകരണത്തിലും പ്രാദേശിക വികസനത്തിലും മികവിന്റെ കേന്ദ്രം | |
| എ | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | 3000.00 |
| ബി | മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) (മുൻപ് സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് – എസ്.ഐ.ആർ.ഡി.) (50 ശതമാനം സംസ്ഥാന വിഹിതം) | 150.00 |
| സി | മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കിലയുടെ കേന്ദ്രങ്ങളുടെ (മുൻപ് വികസന പരിശീലന കേന്ദ്രങ്ങൾ) ശാക്തീകരണം | 150.00 |
| 3 | പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആധുനികവത്കരണം, കാര്യശേഷി വികസന പ്രവർത്തനങ്ങൾ | 100.00 |

| | | |
|---|---|---|
| 4 | ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) | 800.00 |
| 5 | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി – പ്രാദേശിക വികസനം | 14100.00 |
| 6 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (40 ശതമാനം സംസ്ഥാന വിഹിതം) | 3500.00 |
| 7 | ശുചിത്വ കേരളം | 3500.00 |
| 8 | തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകളുടെ ആധുനികവത്ക്കരണം, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾ | 225.00 |
| 9 | രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) (40 ശതമാനം സംസ്ഥാന വിഹിതം) | 800.00 |
| 10 | ജില്ലാ പദ്ധതികൾക്ക് പ്രോത്സാഹനം | 2000.00 |
| 11 | സമ്പൂർണ്ണ ഭവന പദ്ധതി – ഗ്രാമം (ലൈഫ് മിഷൻ) | 41041.00 |
| 12 | കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) പദ്ധതി സഹായം – ഗ്രാമം | 16000.00 |
| | **ആകെ (സാമൂഹ്യ വികസനവും പഞ്ചായത്തുകളും)** | **111366.00** |
| | **ആകെ മൊത്തം** | **160769.00** |

## 2.1 . ഗ്രാമ വികസന പരിപാടികൾ

### 1. പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം

**(വിഹിതം :300.00 ലക്ഷം രൂപ)**

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടനയുടെ ഭാഗമായി 2010–ൽ പുതുതായി രൂപംകൊണ്ട ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ആരംഭിച്ചതാണ് ഈ പദ്ധതി. 2011–12ൽ മലപ്പുറം ജില്ലയിലെ കാളികാവ്, വയനാട് ജില്ലയിലെ പനമരം, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, പാനൂർ, കാസർകോട് ജില്ലയിലെ പരപ്പ, കാറഡുക്ക എന്നിവയാണ് പുതിയ ബ്ലോക്ക് പഞ്ചായത്തുകൾ. പരപ്പ, കാറഡുക്ക, പാനൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കാളികാവ്, പനമരം, കല്ല്യാശ്ശേരി എന്നീ ബാക്കി മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും പണമിടപാടുകൾ തീർപ്പാക്കുന്നതിനുമായി 2021–22 ലെ ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി.)

**(വിഹിതം :23010.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. അവിദഗ്ധ തൊഴിലാളികളുടെ കൂലിയുടെയും ഭരണചെലവിന്റെയും 100 ശതമാനവും മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവും കേന്ദ്ര വിഹിതമാണ്. മെറ്റീരിയൽ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർ അവരുടെ പേര് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പ് നൽകിക്കൊണ്ട് ഉപജീവന മാർഗ്ഗം സുരക്ഷിതമാക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. ആവശ്യാനുസൃതം വിഹിതം അനുവദിക്കുന്ന ഈ പദ്ധതിയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനം ഉറപ്പാക്കുന്നു.

സമീപ വർഷങ്ങളിൽ, തുടർച്ചയായി രണ്ട് വർഷങ്ങളിൽ ഉണ്ടായ പ്രളയം, കോവിഡ് 19 മഹാമാരി എന്നിവ കാരണം പല മേഖലകളിൽ ഉണ്ടായ തൊഴിൽ നഷ്ടം കണക്കിലെടുത്ത് സംസ്ഥാനസർക്കാർ മറ്റ് വകുപ്പുകളുടെ സമാന ലക്ഷ്യമുള്ള പദ്ധതികളുമായി സമന്വയിപ്പിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ സാധ്യതയെയും ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മമായ ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും ശ്രദ്ധ നൽകുന്നതാണ്. 2021–22 ൽ ശരാശരി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകും. 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക വഴി 2910 കോടി രൂപ വേതനമായി ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഈ പദ്ധതിയ്ക്കായി വകയിരുത്തിയ മൊത്തം തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| സാമ്പത്തിക വിഹിതം | | | |
|---|---|---|---|
| | | | രൂപ ലക്ഷത്തിൽ |
| **ഘടകങ്ങൾ** | **കേന്ദ്ര വിഹിതം** | **സംസ്ഥാന വിഹിതം** | **ആകെ** |
| അവിദഗ്ധ തൊഴിൽ വേതനം (100 ശതമാനം കേന്ദ്ര വിഹിതം) | 291000.00 | 0.00 | 291000.00 |
| മെറ്റീരിയൽ ചെലവ് (കേന്ദ്ര വിഹിതം :സംസ്ഥാന വിഹിതം =75:25) | 68805.00 | 22935.00 | 91740.00 |
| ഭരണ ചെലവ് (100 ശതമാനം കേന്ദ്ര വിഹിതം) | 22964.00 | 0.00 | 22964.00 |
| മിഷനിലെ ഉദ്യോഗസ്ഥരുടെ ശമ്പള വിഹിതം (ഭരണ ചെലവിന്റെ കേന്ദ്രവിഹിതത്തിൽ അനുവദനീയമല്ലാത്ത ചെലവുകൾ നിർവ്വഹിക്കുന്നതിന് മാത്രം – 100 ശതമാനം സംസ്ഥാന വിഹിതം) | 0.00 | 75.00 | 75.00 |
| **ആകെ** | **382769.00** | **23010.00** | **405779.00** |

**വനിതാ ഘടകം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതും തൊഴിലിന് അപേക്ഷിച്ചതുമായ ഗുണഭോക്താക്കളിൽ 1/3 പേർ വനിതകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, കേരളത്തിൽ, പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനത്തിൽ അധികം പേരും വനിതകളാണെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 'ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ്.

2021–22ൽ ഈ പദ്ധതിക്കായി 23010.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

### 3. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) (40% സംസ്ഥാന വിഹിതം)

**(വിഹിതം :10000.00 ലക്ഷം രൂപ)**

ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമീണ പ്രദേശങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയേയും പ്രതിരോധിക്കാൻ ശേഷിയും ഉന്നത ഗുണനിലവാരവുമുള്ള റോഡുകൾ നിർമ്മിക്കുക എന്നതാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയുടെ ലക്ഷ്യം. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) ആണ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല നോഡൽ ഏജൻസി. ഈ പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തുന്നു. 2021–22 ൽ ഈ പദ്ധതിയ്ക്കായി 10000.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

### 4. പി.എം.ജി.എസ്.വൈ.യ്ക്ക് സംസ്ഥാന സഹായം

**(വിഹിതം: 2000.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിക്കുള്ള വിഹിതത്തിനു പുറമെ, എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ വരുന്ന ദർഘാസ് പ്രീമിയം, സാധനസാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, ഗുണനിലവാര പരിശോധന, ബാധ്യതാ കാലയളവ് പൂർത്തികരിച്ച പി.എം.ജി.എസ്.വൈ. റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി 2021–22 സാമ്പത്തിക വർഷം 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 5. നാഷണൽ റർബൻ മിഷൻ (40% സംസ്ഥാന വിഹിതം)

**(വിഹിതം :2000.00 ലക്ഷം രൂപ)**

പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൃത്യമായ ആസൂത്രണം വഴി റർബൻ ക്ലസ്റ്ററുകൾ സൃഷ്ടിക്കുക എന്നിവയാണ് 2016 ഫെബ്രുവരി 21 ന് ആരംഭിച്ച നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) ലക്ഷ്യമിടുന്നത്. ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്ന മെച്ചപ്പെട്ട വളർച്ചാ സാധ്യതയുള്ള സ്മാർട്ട് വില്ലേജ് ക്ലസ്റ്ററുകളുടെ വികസനവും മിഷൻ ലക്ഷ്യമിടുന്നു.

ഈ പദ്ധതിയുടെ ഭാഗമായി ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതിനായി കേന്ദ്ര സർക്കാർ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. (1) ഗ്രാമീണ ജനസംഖ്യയുടെ ദശാബ്ദ വളർച്ച (2) ഭൂമിയുടെ മൂല്യത്തിൽ ഉണ്ടായ വർദ്ധനവ് (3) കാർഷികേതര തൊഴിൽസേനാ പങ്കാളിത്തത്തിന്റെ ദശാബ്ദ വളർച്ച (4)

സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികളുടെ പ്രവേശന ശതമാനം (5) പ്രധാനമന്ത്രി ജൻധൻ യോജനയിലൂടെ ബാങ്ക് അക്കൗണ്ട് ഉള്ള കുടുംബങ്ങളുടെ ശതമാനം (6) സ്വച്ഛ് ഭാരത് മിഷനിലെ പ്രകടനം (7) ഗ്രാമപഞ്ചായത്തുകളുടെ സദ്ഭരണ ഉദ്യമങ്ങൾ എന്നിവയാണ് പ്രധാന മാനദണ്ഡങ്ങൾ. റർബൻ ക്ലസ്റ്ററുകൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തെ 14 ജില്ലകളിലായി 21 ഉപജില്ലകളെ കണ്ടെത്തിയിട്ടുണ്ട്. ഈ ഉപജില്ലകളിൽ നിന്നും സംസ്ഥാനത്തിന് 20,000 മുതൽ 50,000 വരെ ജനസംഖ്യയുള്ള വലിയ വില്ലേജ്/ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുക്കുകയും സമീപത്തുള്ള ഒന്നോ രണ്ടോ വില്ലേജോ, ഗ്രാമപഞ്ചായത്തോ കൂട്ടിച്ചേർത്ത് ആ മേഖലയെ അവിടെ ലഭ്യമായ വിഭവങ്ങളുടെ വികസന കേന്ദ്രങ്ങളാക്കുകയും ചെയ്യാവുന്നതാണ്. ഇതിലൂടെ ആ മേഖലയെ സാമ്പത്തിക പരിവർത്തനത്തിലേക്ക് നയിക്കാൻ സാധിക്കും. സാമ്പത്തിക പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, കാര്യശേഷി വികസിപ്പിക്കൽ, പ്രാദേശിക സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, പശ്ചാത്തല സൗകര്യങ്ങൾ നൽകൽ എന്നിവയിലൂടെ ഈ ക്ലസ്റ്ററുകളെ വികസനത്തിലേക്ക് നയിക്കാവുന്നതാണ്. കേരളത്തിൽ 2016-17 മുതൽ ഇതുവരെ 12 ക്ലസ്റ്ററുകളാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് തുക നല്കുന്നത് ഓരോ ക്ലസ്റ്ററിനും പരമാവധി 30.00 കോടി രൂപ അല്ലെങ്കിൽ മൊത്തം നിക്ഷേപത്തിന്റെ 30 ശതമാനം എന്ന നിരക്കിൽ, ഇതിൽ ഏതാണോ കുറവ് അത് ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് എന്ന പേരിൽ മൂന്ന് ഗഡുക്കളായാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് പദ്ധതി വിഹിതം വകയിരുത്തുന്നത്. 2021-22 ൽ 2000.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

## 6. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ

**(വിഹിതം : 20.00 ലക്ഷം രൂപ)**

ഗ്രാമീണ ജനങ്ങൾക്ക് ആവശ്യമായ സേവനം പ്രദാനം ചെയ്യുന്നതിനും വികസന പദ്ധതികളെ സംബന്ധിച്ച് എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുമായി, 'വിവരങ്ങളുടെ ഒരു കിയോസ്ക്' ആയി പ്രവർത്തിക്കുന്ന ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ എല്ലാ ബ്ലോക്കിലും സ്ഥാപിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ജനങ്ങൾക്ക് അവശ്യ അടിസ്ഥാന വിവരങ്ങൾ തൊട്ടടുത്ത് നിന്ന് ലഭ്യമാകുന്ന ഒരു ഏകജാലകമായും ഇത് പ്രവർത്തിക്കും.

അപേക്ഷാഫോമുകൾ, സർട്ടിഫിക്കറ്റുകൾ, വൈദ്യുതി, ടെലിഫോൺ, വെള്ളം ഇവയുടെ ബില്ലുകൾ തുടങ്ങിയ അവശ്യ വസ്തുക്കളുടെ പണമടയ്ക്കൽ, സാമൂഹിക-സാമ്പത്തിക വിവരങ്ങൾ ലഭ്യമാക്കൽ തുടങ്ങി ഗ്രാമീണ മേഖലയിലെ വെബ് അധിഷ്ഠിത ഇ-ഗവേണൻസ് സേവനങ്ങൾ ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ നൽകുന്നു. മറ്റ് സേവനങ്ങളായ ഇ-ലേണിങ്ങ് (കമ്പ്യൂട്ടർ സഹായത്തോടെയുള്ള പഠനപ്രക്രിയ), ഇ-വിദ്യാഭ്യാസം, ഇ-കൺസൾട്ടിംഗ്(ഇ-ഒ.പി.ബുക്കിംഗ്), ഇ-ഗവേർണൻസ് സേവനങ്ങൾ, പൗരസേവനങ്ങൾ എന്നിവയും നൽകുന്നതാണ്. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ ജനങ്ങൾക്കിടയിൽ വിവര സാങ്കേതിക അവബോധം സൃഷ്ടിക്കുകയും, കമ്പ്യൂട്ടർ പരിശീലന പരിപാടികൾ നടത്തുകയും, ടെൻഡർ വിജ്ഞാപനം, ഇ-തൊഴിൽ വിജ്ഞാപനം എന്നിവ ഈ കേന്ദ്രങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുന്നു. 2021-22ൽ 20.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

## 7. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) - നീർത്തട ഘടകം (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം : 1000.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ 2015-16 ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ സംയോജിപ്പിക്കുകയുണ്ടായി. അതിനുശേഷം ഈ പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കിവരുന്നു. മഴവെള്ള സംഭരണം, കൃഷിഭൂമിയിലെ കുളങ്ങളുടെ നിർമ്മാണം, മഴവെള്ളസംഭരണിയുടെ നിർമ്മാണം, ചെറിയതടയണകൾ-കോണ്ടൂർ ബണ്ട് എന്നിവയുടെ നിർമ്മാണം മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണചെലവിന്റെ നിലവിലുള്ള നിരക്ക്, ഉയർന്ന പ്രദേശങ്ങളിൽ ഹെക്ടറിന് 15,000/- രൂപയും സമതലപ്രദേശങ്ങളിൽ 12,000/- രൂപയും ആണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിയിലെ പ്രകൃതി വിഭവ പരിപാലനവുമായി (എൻ.ആർ.എം.) ബന്ധപ്പെട്ട ജോലികളുടെ ഒരു ഭാഗം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം പുതിയ നീർത്തടങ്ങൾ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. 2021-22 ഓടെ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുമ്പോൾ പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള തയ്യാറെടുപ്പ് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, എൻടി പോയിന്റ് പ്രവർത്തനങ്ങളുടെ നടത്തിപ്പ്, കാര്യശേഷി വർദ്ധിപ്പിക്കൽ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് 2021-22 ൽ പ്രതീക്ഷിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. മുൻ വർഷങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ചതും നിലവിൽ തുടർന്നുവരുന്നതുമായ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും ഈ തുക ഉപയോഗപ്പെടുത്താം.

**പി.എം.കെ.എസ്.വൈ.-നീർത്തട ഘടകത്തിന്റെ 2021-22 ലെ വിഭാഗം അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ**

| വിഭാഗത്തിന്റെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|
| പൊതുവിഭാഗം | 890.00 |
| എസ്.സി.എസ്.പി. | 100.00 |
| റ്റി.എസ്.പി. | 10.00 |
| **ആകെ** | **1000.00** |

'ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ് ഈ പദ്ധതി. 2021-22 ൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

### 8. ഗ്രാമവികസന കമ്മീഷണറേറ്റിലെ ആധുനികവത്കരണം

**(വിഹിതം :50.00 ലക്ഷം രൂപ)**

ഗ്രാമ വികസന കമ്മീഷണറേറ്റ്, ജില്ലാതല ഓഫീസുകൾ, ഗ്രാമവികസന കമ്മീഷണറേറ്റിനു കീഴിൽ വരുന്ന മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ ആധുനികവത്കരണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**2021-22ലെ പദ്ധതി ഘടകങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | കാര്യശേഷി വർദ്ധിപ്പിക്കലും/ഇ-ഗവേണൻസ് സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനവും |
| 2 | കമ്പ്യൂട്ടർ/ലാപ് ടോപ്പ്, കണക്ടിവിറ്റിക്കും നെറ്റ് വർക്കിംഗിനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, പ്രിന്റർ, സ്കാനർ, എൽ.സി.ഡി പ്രൊജക്ടർ, വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങലും അറ്റകുറ്റപ്പണികളും |
| 3 | കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് സ്ഥാപിക്കൽ/നിലവാരം മെച്ചപ്പെടുത്തൽ/വാർഷിക പരിപാലന ചെലവ് (എ.എം.സി.) |
| 4 | ഐ.ടി. കണക്ടിവിറ്റി, സോഫ്റ്റ് വെയർ എന്നിവയ്ക്കായുള്ള ആവർത്തന ചെലവുകൾ |
| 5 | ആസൂത്രണ ആവശ്യങ്ങൾക്കുള്ള ഓൺലൈൻ അടിസ്ഥാന വിവരങ്ങൾ (database) |
| 6 | പദ്ധതികളുടെ നിരീക്ഷണത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ |

2021-22-ൽ ഈ പദ്ധതിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 9. സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ സജ്ജീകരിക്കൽ

**(വിഹിതം : 1.00 ലക്ഷം രൂപ)**

സ്വരാജ് ഭവനിലെ കോൺഫറൻസ് ഹാൾ ആധുനിക സൗകര്യങ്ങളോടുകൂടി സജ്ജീകരിക്കുന്നതിന് 2021-22ൽ ടോക്കൺ വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ദിവസ വേതന ജോലിക്കാർക്കുള്ള ശമ്പളം ഉൾപ്പെടെയുള്ള കോൺഫറൻസ് ഹാളിന്റെ പതിവ് പരിപാലനം, ആവർത്തന ചെലവുകൾ തുടങ്ങിയ ചെലവുകൾ ഈ പദ്ധതിയിൽ നിന്നും കണ്ടെത്താൻ പാടുള്ളതല്ല.

**പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കുന്ന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി 11022.00 ലക്ഷം രൂപ വകയിരുത്തുന്നു.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം | | | ആകെ |
|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്തുകൾ | ബ്ലോക്ക് പഞ്ചായത്തുകൾ | ജില്ലാ പഞ്ചായത്തുകൾ | |
| 1. | നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് | 722.00 | 1000.00 | 1300.00 | 3022.00 |
| 2. | ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ.-എൻ.ആർ.എൽ.എം.) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | | 6500.00 | | 6500.00 |
| 3. | ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റുകളുടെ ഭരണചെലവുകൾ (മുൻപ് ജില്ലാ ഗ്രാമവികസന ഏജൻസികൾ) (40 ശതമാനം സംസ്ഥാന വിഹിതം) | | | 500.00 | 500.00 |
| 4. | പ്രധാന മന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.-ജി.) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | | 1000.00 | | 1000.00 |
| **ആകെ** | | **722.00** | **8500.00** | **1800.00** | **11022.00** |

ഈ പദ്ധതികളുടെ വിശദാംശങ്ങൾ 2021-22ലെ ബജറ്റിന്റെ അനുബന്ധം - IV ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

**1. കുടുംബശ്രീ**

**(വിഹിതം : 26000.00 ലക്ഷം രൂപ)**

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, (കുടുംബശ്രീ), ലഭ്യമായ സേവനങ്ങളെയും വിഭവങ്ങളെയും കോർത്തിണക്കിക്കൊണ്ട് ദരിദ്ര സ്ത്രീകളുടെ സ്വയം സഹായ കേന്ദ്രീകൃതമായ സാമൂഹ്യാധിഷ്ഠിത ഇടപെടലുകൾ പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഉപജീവനം, ബാങ്കിംഗ്, സാമൂഹ്യ വികസനം, സ്ത്രീശാക്തീകരണം എന്നീ മേഖലകളിലാണ് കുടുംബശ്രീ പ്രധാനമായും ഇടപെടലുകൾ നടത്തുന്നത്.

എ. നിലവിലുള്ള പരിപാടികൾ

(വിഹിതം :20000.00 ലക്ഷം രൂപ)

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ |
|---|---|
| I | **സംഘടനാ സംവിധാനം ശക്തിപ്പെടുത്തലും കാര്യശേഷി വർദ്ധിപ്പിക്കലും** |
| | എല്ലാ സാമൂഹ്യ വികസന സൊസൈറ്റികൾക്കും (സി.ഡി.എസ്സ്.) ഭരണപരമായ സഹായധനം നൽകൽ, സി.ഡി.എസ്സ് ചെയർപേഴ്സൺമാർക്ക് ഹോണറേറിയം, സി.ഡി.എസ്സുകൾക്ക് അക്കൗണ്ടന്റുകളുടെ പിന്തുണ, ഭരണപരവും, ഓഫീസ് ചെലവുകളും, സാമൂഹ്യ ശൃംഖല ശക്തിപ്പെടുത്തുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ. |
| II | **പ്രാദേശിക സാമ്പത്തിക വികസനം** |
| | **1.ലഘു സമ്പാദ്യ വായ്പാ പദ്ധതി** – പലിശ സബ്സിഡി, മാച്ചിംഗ് ഗ്രാന്റ്, ധനകാര്യ സാക്ഷരതാ പരിപാടി, സി.ബി.ഒ. ഓഡിറ്റ്, മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി, സബ് വെൻഷൻ ഫോർ ലാപ് ടോപ് (കെ.എസ്.എഫ്.ഇ ചിറ്റ് സ്കീം) |
| | **2. സൂക്ഷ്മ സംരംഭങ്ങൾ** – സൂഷ്മ സംരംഭങ്ങളുടെ രൂപീകരണം (നിലവിലുള്ളതും പുതിയതായി രൂപീകരിച്ചതുമായ സൂഷ്മ സംരംഭ യൂണിറ്റുകൾക്ക് പലിശ സബ്സിഡി), സൂക്ഷ്മ സംരംഭ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം, സോഫ്റ്റ് വെയർ വികസനം (നിലവിലുള്ള ആപ്ലിക്കേഷനുകളുടെ വാർഷിക പരിപാലന ചെലവുകളും (എ.എം.സി) സെർവറിന്റെ നവീകരണവും, പരിശീലനം, എക്സ്പോഷർ വിസിറ്റുകൾ, ശില്പശാലകൾ, ഇവന്റുകൾ, നഗര നൈപുണ്യ പരിശീലനം (ദേശീയ നഗര ഉപജീവന മിഷന് (എൻ.യു.എൽ.എം) കീഴിൽ രൂപീകരിച്ച സൂഷ്മ സംരംഭങ്ങൾക്കുള്ള നൈപുണ്യ പരിശീലനം– ദേശീയ നഗര ഉപജീവന മിഷന്റെ മാർഗ്ഗനിർദേശങ്ങൾ പ്രകാരം അതിൽ അനുവദനീയമല്ലാത്ത പരിശീലനങ്ങൾ മാത്രം)– സൂക്ഷ്മ സംരംഭങ്ങൾക്ക് ഇൻഷ്വറൻസ്, ഫെസിലിറ്റി മാനേജ്മെന്റ് സെന്ററുകൾ |
| | **3.കൃഷി**–സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾക്ക് (ജെ.എൽ.ജി) അർഹമായ പ്രോത്സാഹന സഹായം / പലിശ സബ്സിഡി/ടെക്നോളജി ഫണ്ട്, ഇടത്തരം– ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുക, കാർഷിക വാണിജ്യ സംരംഭങ്ങൾ, ഇന്റൻസീവ് ബനാന, ജൈവിക പ്ലാന്റ് നഴ്സറി, അഗ്രി തെറാപ്പി, ഗ്രീൻ കാർപ്പറ്റ്സ്, ഓർഗാനിക് കൃഷി. |
| | **4. മൃഗസംരക്ഷണം**<br>എ) കേരള ചിക്കൻ– ബ്രോയിലർ ഫാം തുടങ്ങുന്നതിന് സബ്സിഡി നൽകൽ<br>ബി) ആട്– ആട്ടുഗ്രാമം (ആട് വളർത്തൽ സംരംഭം)– ആട്ടു ഗ്രാമ യൂണിറ്റുകൾക്ക് സബ്സിഡി നൽകൽ<br>സി) ക്ഷീരവികസനം–ക്ഷീരസാഗര യൂണിറ്റുകൾക്ക് (പശു വളർത്തൽ സംരംഭം) സബ്സിഡി നൽകൽ<br>ഡി) യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും നൂതന യൂണിറ്റുകൾക്കും വേണ്ട സാമ്പത്തിക സഹായം<br>ഇ) കുടുംബശ്രീ ബ്രാൻഡഡ് റെഡി ടു കുക്ക് റെഡി ടു ഈറ്റ് ഭക്ഷ്യ ഉല്പന്നങ്ങൾ – മൂലധന സബ്സിഡി നൽകൽ, പ്രോഡക്ട് ആൻഡ് പ്രോസസ്സ് ഡവലപ്മെന്റ്, ബ്രാൻഡിംഗ്, ഹോം ഡെലിവറി ശൃംഖല വികസിപ്പിക്കുന്നതിനുള്ള പിന്തുണ, മാർക്കറ്റിംഗ് സംയോജനം, പരിശീലനം എന്നിവ നൽകുന്നു.<br>എഫ് ) കുടുംബശ്രീ ഇന്റഗ്രേറ്റഡ് ഫാം ഗ്രൂപ്പും (പാൽ, മാംസം/മത്സ്യം, മുട്ട) മോഡൽ ക്ലസ്റ്റർ വികസനവും – ഗുണനിലവാരവും ആരോഗ്യകരവുമായ ഭക്ഷ്യോല്പാദനം ഉറപ്പുവരുത്തിക്കൊണ്ട് അയൽക്കൂട്ടങ്ങൾക്കിടയിൽ ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കുന്നതിന് 14 ജില്ലകളിലും സാമ്പത്തിക സഹായവും പരിശീലനവും നൽകുക.<br>ജി) കുടുംബശ്രീ ഫാം ഔട്ട് ലെറ്റുകൾ/മാർക്കറ്റിംഗ് കിയോസ്ക് – മൂലധന സബ്സിഡി നൽകൽ<br>എച്ച്) മൃഗ പ്രജനന നിയന്ത്രണ (എ.ബി.സി) പരിപാടി– യൂണിറ്റുകളുടെ കാര്യശേഷി |

| | |
|---|---|
| | വർദ്ധിപ്പിക്കുക, സാമ്പത്തിക സഹായം, മറ്റ് ആവശ്യമായ പരിശീലനവും നൽകുക<br>ഐ) വിവിധ നഗര പരിശീലനങ്ങൾ, നിരീക്ഷണവും വിലയിരുത്തലും, എക്സ്പോഷർ വിസിറ്റുകൾ/ ശില്പശാലകൾ/ ഇവന്റുകൾ/സംസ്ഥാനത്തും ജില്ലാതലത്തിലും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഉപജീവന പ്രവർത്തനങ്ങളിലെ ഡോക്യുമെന്റേഷൻ എന്നിവ നടത്തുക.<br>ജെ) കർഷക ഉല്പാദക കമ്പനികൾക്കുള്ള പുനരുജ്ജീവന പദ്ധതികൾ |
| | **5.വിപണനവും വാണിജ്യ വികസനവും** – മാസവിപണി, സരസ്സ് മേളകൾ, ഉത്സവമേള (ഓണം, ക്രിസ്തുമസ് മേള), ഭക്ഷ്യമേളകൾ, കഫേ കുടുംബശ്രീ ബ്രാൻഡും കാറ്ററിംഗ് യൂണിറ്റുകളും ശക്തിപ്പെടുത്തുക, വ്യാപാര മേളകളും എക്സിബിഷനുകളും നടത്തുകയും പങ്കെടുക്കുകയും ചെയ്യുക, 40 വികസന ബ്ലോക്കുകളിലായി കുടുംബശ്രീ ഉല്പന്നങ്ങൾക്ക് മാത്രമായി മാർക്കറ്റ് ഔട്ട് ലെറ്റുകൾ ആരംഭിക്കുക, വിവിധ പ്രവർത്തനങ്ങളിലൂടെ വില്പനയും വ്യാപാരവും ഉൾപ്പെടെയുള്ള പ്രോത്സാഹന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, ഓൺലൈൻ-ഓഫ് ലൈൻ ക്യാമ്പയിനുകൾ. |
| **III** | **സാമൂഹ്യ വികസനം** |
| | **1.അഗതി രഹിത കേരളം** – അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ചലഞ്ച് ഫണ്ട് II - ാം ഗഡു, അഗതി രഹിത കേരളം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്, ജില്ലാ, ക്ലസ്റ്റർ തലങ്ങളിൽ പ്രോഗ്രാം അവലോകനവും നിരീക്ഷണ സമിതി യോഗങ്ങളും, ഫീൽഡ് സന്ദർശനങ്ങൾ, അഗതി രഹിത കേരളം റിസോഴ്സ് പേഴ്സൺമാർക്ക് ഹോണറേറിയം. |
| | **2. ബഡ്സ് സ്ഥാപനങ്ങൾ** - പുതിയതായി പ്രവർത്തനമാരംഭിച്ച ബഡ്സ് സ്ഥാപനങ്ങൾക്ക് രണ്ടാം ഗഡുവും 2021-22 ൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾക്ക് ആദ്യ ഗഡുവും നൽകുക, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കേന്ദ്ര സർക്കാരിന്റെ നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്കായി രേഖകൾ തയ്യാറാക്കുക, ബഡ്സ് സ്ഥാപനങ്ങൾക്ക് രജിസ്റ്ററുകളും മറ്റ് പുസ്തകങ്ങളും നൽകുക, ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകർക്കും ജീവനക്കാർക്കും കാര്യശേഷി വികസനം, ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങൽ, ബഡ്സ് ഉത്സവം |
| | **3. ബാലസഭ** - കാര്യശേഷി വർദ്ധിപ്പിക്കൽ, ബാല പാർലമെന്റ്, ജില്ലാതല ഉദ്യമങ്ങൾ |
| | **4. ജെൻഡർ** - സ്നേഹിത ജെൻഡർ ഹെൽപ്പ് ഡസ്ക്, 124 നഗര സി.ഡി.എസുകളിൽ ജെൻഡർ വികസന പരിപാടികൾ, അവലോകനവും തുടർനടപടികളും. |
| | **5. പട്ടികവർഗ്ഗ വികസന ഉദ്യമങ്ങൾ**<br>**എ.** സ്വാശ്രയ ഗോത്ര അയൽക്കൂട്ടങ്ങൾ<br>**ബി.** അയൽക്കൂട്ടങ്ങളുടെ കാര്യശേഷി വികസന പരിപാടികൾ<br>**സി.** പുതിയ അയൽക്കൂട്ടങ്ങൾക്കും പുതിയ സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾക്കും കോർപ്പസ് ഫണ്ട്<br>**ഡി.** പരമ്പരാഗതമായ സൂക്ഷ്മ സംരംഭ യൂണിറ്റുകൾ<br>**ഇ.** പരമ്പരാഗത കൃഷിയും മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണവും, ഉല്പാദനത്തിനും വിതരണത്തിനുമുള്ള സഹായം<br>**എഫ്.** പരമ്പരാഗത ഉപജീവനം<br>**ജി.** മൃഗസംരക്ഷണാധിഷ്ഠിതമായ ഉപജീവന പരിപാടികൾ<br>**എച്ച്.** ബ്രിഡ്ജ് കോഴ്സ് (ഗോത്രമുന്നേറ്റം), പി.എസ്.സി /മത്സര പരീക്ഷകൾക്കായുള്ള പ്രത്യേക പരിപാടി (ഗോത്ര ഗുരുകുലം)<br>**ഐ.** മേൽനോട്ടവും മൂല്യനിർണ്ണയവും<br>**ജെ.** ആനിമേറ്റർമാർക്ക് സഹായവും യാദൃശ്ചിക ചെലവും<br>**കെ.** അവലോകന യോഗങ്ങളും പരിശീലനാർത്ഥികളുടെ ചെലവും<br>**എൽ.** ആദിവാസികൾക്കായുള്ള ജില്ലാ ഉദ്യമങ്ങൾ (ജില്ലയിലെ ഒരു മാതൃകാ പദ്ധതി എന്ന നിലയിൽ മേഖലാധിഷ്ഠതവും ക്രിയാത്മകവുമായ ആശയം പിന്തുണയ്ക്കുന്നതിന്)<br>**എം.** തെരഞ്ഞെടുത്ത ജില്ലകളിൽ ഓൺലൈൻ ക്ലാസുകൾക്കുള്ള സഹായം<br>**എൻ.** നൈപുണ്യ നിലവാരം മെച്ചപ്പെടുത്തലും യുവാക്കളെ പ്രാപ്തരാക്കുന്നതിനുമുള്ള ഉദ്യമം |

**ബി.പ്രത്യേക ജീവനോപാധി വികസന പാക്കേജ്**

**(വിഹിതം : 6000.00 ലക്ഷം രൂപ)**

2018 ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളുടെ പുന:സ്ഥാപനത്തിനായി 2019-20- ൽ 'പ്രത്യേക ജീവനോപാധി വികസന പാക്കേജ്' എന്ന പദ്ധതി ആരംഭിച്ചു. 2019-20 ലെ ബജറ്റിൽ 7500.00 ലക്ഷം രൂപ ഒറ്റത്തവണ സഹായമായി ഇതിന് വകയിരുത്തിയിരുന്നു. 2019 ലും കടുത്ത പ്രളയം കേരളം സാക്ഷ്യം വഹിച്ച സാഹചര്യത്തിൽ 2020-21 കാലഘട്ടത്തിലും ഈ പാക്കേജ് ദീർഘിപ്പിക്കുകയും 5000.00 ലക്ഷം രൂപ 2020-21 ലെ ബജറ്റിൽ വകയിരുത്തുകയും ചെയ്യുകയുണ്ടായി. തുടർച്ചയായ രണ്ട് വർഷങ്ങളിലെ പ്രളയവും കോവിഡ് 19 മഹാമാരിയും ദുർബല വിഭാഗങ്ങൾ, ദരിദ്രർ, അസംഘടിത മേഖല, മൈക്രോ, ചെറുകിട, ഇടത്തര സംരംഭകരുടെ ഉപജീവന മാർഗ്ഗത്തെ സാരമായി ബാധിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ അസംഘടിത മേഖലകളെയും പാവപ്പെട്ട കുടുംബങ്ങളുടെ ഉപജീവനത്തെയും പുനരുജ്ജീവിപ്പിക്കുവാനും പുനർ മൂലധനം നൽകാനും 2021-22 ലും 'പ്രത്യേക ജീവനോപാധി വികസന പാക്കേജ്' എന്ന പദ്ധതി അടങ്കൽ തുകയിൽ വർദ്ധനവോടെ, തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി വകയിരുത്തിയ വിഹിതത്തിന്റെ അമ്പത് ശതമാനം പട്ടികജാതി, പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളികൾക്കായി ചെലവഴിക്കേണ്ടതാണ്.

ഈ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കുടുംബശ്രീ മിഷൻ ആണ്. പ്രോജക്റ്റുകൾ, മാനദണ്ഡങ്ങൾ, നിർവ്വഹണരീതി എന്നിവ ഉൾപ്പെടെ പാക്കേജിന്റെ വിശദാംശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡുമായി കൂടിയാലോചിച്ച് കുടുംബശ്രീ മിഷൻ രൂപകല്പന ചെയ്യുന്നതായിരിക്കും. 2021-22 ലെ ബജറ്റിൽ 6000.00 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തുന്നത്.

കുടുംബശ്രീയുടെ നിലവിലുള്ള പരിപാടികൾക്കും പ്രത്യേക ജീവനോപാധി വികസന പാക്കേജിനുമായി 26000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. കില – വികേന്ദ്രീകരണത്തിലും പ്രാദേശിക വികസനത്തിലും മികവിന്റെ കേന്ദ്രം**

സ്ഥാപന വികസനത്തിന്റെയും മികവിന്റെയും കേന്ദ്രമാക്കി കിലയെ മാറ്റുന്നതിന്റെയും ഭാഗമായി സംസ്ഥാനസർക്കാർ 2017 – ൽ അഞ്ച് സ്ഥാപനങ്ങളെ കിലയുമായി ലയിപ്പിക്കുകയുണ്ടായി. നിലവിൽ ഈ സ്ഥാപനങ്ങൾ കിലയുടെ ഉപകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ മൂന്ന് ഉപപദ്ധതികൾ താഴെ വിശദീകരിക്കുന്നു.

**എ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

**(വിഹിതം : 3000.00 ലക്ഷം രൂപ)**

വികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ട പശ്ചാത്തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ, വികേന്ദ്രീകൃത ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ദ്രുതഗതിയിലുള്ള നഗര വല്ക്കരണത്തിന്റെ മറ്റ് പ്രശ്നങ്ങൾ എന്നിവയിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കും. മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും സ്ഥാപനശേഷി വർദ്ധിപ്പിക്കുന്നതിനും ഗ്രാമ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനാൽ ആധുനിക അക്കൗണ്ടിംഗ്, ബജറ്റിംഗ്, ചെലവ് നിയന്ത്രിക്കുന്ന രീതികൾ, ഫലത്തെ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണം, ഇന്റേണൽ നിയന്ത്രണങ്ങൾ, സ്ഥലസംബന്ധമായ ആവാസ വ്യവസ്ഥ കൈകാര്യം ചെയ്യൽ, കെട്ടിടനികുതി പരിഷ്കരണം ഉൾപ്പെടെ മെച്ചപ്പെട്ട വരുമാന സമാഹരണം, അസറ്റ് മാനേജ്മെന്റും അസറ്റ് മൂല്യ നിർണ്ണയവും, ഗുണനിലവാര നിർവ്വഹണം, പങ്കാളിത്ത നിർവ്വഹണം, ഇൻഫർമേഷൻ ടെക്നോളജിയുടെ ഉപയോഗം, ഇ-ഗവേണൻസിലൂടെയുള്ള ശക്തമായ വിവര വിനിമയ സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിൽ ഭരണ നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്കിടയിൽ കഴിവും പ്രൊഫഷണലിസവും വളർത്തിയെടുക്കുന്നതിൽ കില ശ്രദ്ധ കേന്ദ്രീകരിക്കും.

സ്ഥിരത കൈവരിക്കുന്നതിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും പൗരൻമാരുടെ ജിവിത നിലവാരം ഉയർത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ദുർലഭമായ പ്രാദേശിക വിഭവങ്ങൾ സംരക്ഷിക്കുന്നതിനും വിശ്വസനീയമായ പ്രാദേശിക സേവനങ്ങൾ, ഉൾച്ചേർന്ന പ്രാദേശിക നയങ്ങൾ, പ്രാദേശിക ജനവിഭാഗങ്ങളുടെ ഫലപ്രദമായ പങ്കാളിത്തം എന്നിവ നിർണ്ണായകമാണ്. സാമൂഹ്യ ചുറ്റുപാട് മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സർക്കാരുകൾ ഉത്തരവാദിത്തമുള്ള സ്ഥാപനങ്ങളാക്കുന്നതിനും ഉതകുന്ന ആശയങ്ങളും അവർക്ക് വേണ്ട വികസനത്തെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കാനുള്ള കഴിവ് പൗരൻമാർക്ക് ഉണ്ടായിരിക്കണം. താഴെത്തട്ടിലെ

ഗ്രാമസഭകളിൽ നിന്നും ഊരുകൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് അടിസ്ഥാന പരിശീലനം നൽകുക വഴി മാത്രമെ ഈ ശേഷി വർദ്ധിപ്പിക്കാൻ കഴിയു. ഓരോ ജില്ലയിലെയും ജില്ലാ ആസൂത്രണ സമിതികളുമായി കൂടിയാലോചിച്ച് കിലയുടെ പരിശീലന പരിപാടികൾ ജില്ലയിലേക്കും താഴെത്തട്ടിലേക്കും വികേന്ദ്രീകരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

കിലയ്ക്ക് വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ കിലയുടെ പ്രവർത്തനങ്ങളുടെ വിഹിതവും കിലയ്ക്ക് കൈമാറിയ അഞ്ച് കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകളും ഉൾപ്പെടുന്നു. പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള സഹായ സേവനങ്ങൾ നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകരിച്ച സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെ ചെലവുകൾക്ക് വേണ്ട വിഹിതവും ഈ പദ്ധതിയിൽ വകയിരുത്തുന്നു. 2021-22 ൽ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് താഴെ പറയുന്ന പരിപാടികൾ ആരംഭിക്കുന്നതാണ്.

(i) സംസ്ഥാനത്തൊട്ടാകെയുള്ള പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത മാതൃകാ/നൂതന പദ്ധതികൾ കണ്ടെത്തി അവയെ പൊതുമണ്ഡലത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കുന്നതാണ്. ഇത് പ്രകാരം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന മാതൃകാ പ്രോജക്ടുകൾ തിരഞ്ഞെടുത്ത് ബ്ലോക്ക് തലത്തിൽ അവതരിപ്പിക്കുകയും അവയെ ഗ്രേഡ് ചെയ്ത് അതിൽ ഏറ്റവും മികച്ചതിനെ ജില്ലാതലത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നതാണ്. തുടർന്ന് മേഖലാ അടിസ്ഥാനത്തിൽ സെമിനാർ നടത്തുകയും അവിടെ ഓരോ വിഷയമേഖലകളിലെ മികച്ച പ്രോജക്ടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നതാണ്. അതിൽ ഏറ്റവും മികച്ചതിനെ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ സെമിനാർ നടത്തുന്നതാണ്.

(ii) പ്രാദേശിക വികസനത്തെ സംബന്ധിച്ച വാർത്തകൾ പ്രാദേശിക സർക്കാരുകൾക്കും സ്റ്റേക്ക് ഹോൾഡേഴ്സിനും ഇടയിൽ പ്രചരിപ്പിക്കുന്നതിനായി ഒരു 'മാധ്യമ പരിപാടി' ആരംഭിക്കുന്നതാണ്.

**2021-22 ലെ ഘടക അടിസ്ഥാനത്തിലുള്ള പദ്ധതി വിഹിതം**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **കാര്യപ്രാപ്തി വികസനം** | |
| 1.1 | നഗര ആസൂത്രണം, സ്പേഷ്യൽ പ്ലാനിംഗ്, ദുരന്ത നിവാരണ ആസൂത്രണം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് കാര്യപ്രാപ്തിവികസനം - പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും സമഗ്രമായ ഇൻഡക്ഷൻ പരിശീലനം നൽകുന്നതിലൂടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിലായിരിക്കും ഊന്നൽ | 1600.00 |
| 1.2 | സംസ്ഥാന റിസോഴ്സ്ഗ്രൂപ്പിനുള്ള പിന്തുണയും ഹെൽപ്പ്ഡെസ്ക് സംവിധാനം ശക്തിപ്പെടുത്തലും 2020-21 ൽ ആരംഭിച്ച വികേന്ദ്രീകരണ റൗണ്ട് സർവ്വെയുടെ തീർപ്പുകൽപിക്കാത്ത ക്ലയിമുകൾ ഈ ഘടകത്തിൽ നിന്ന് കണ്ടെത്തേണ്ടതാണ്. | 200.00 |
| 1.3 | വെർച്വൽ പഠന സംവിധാനം | 41.00 |
| 1.4 | മേഖലാ വികസന പരിപാടികൾ | 30.00 |
| 1.5 | ദേശീയ, അന്തർദേശീയ പരിപാടികൾ | 50.00 |
| | **ആകെ** | **1921.00** |
| **2** | **ഗവേഷണം, പഠനം, മൂല്യനിർണ്ണയം** | **30.00** |
| **3** | **ഡോക്യുമെന്റേഷൻ, പ്രചാരണം, വിജ്ഞാന പരിപാലനം** | |
| 3.1 | മികച്ച പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, വികേന്ദ്രീകരണത്തെക്കുറിച്ചുള്ള മ്യൂസിയം | 10.00 |
| 3.2 | സെമിനാറുകളും ശില്പശാലകളും | 50.00 |
| 3.3 | കിലയുടെ മാസികയായ 'പ്രാദേശികഭരണത്തിന്റെ' നിലവാരം മെച്ചപ്പെടുത്തൽ | 4.00 |
| | **ആകെ** | **64.00** |
| **4** | **സ്ഥാപനപരമായ ശാക്തീകരണം** | |
| 4.1 | കിലയ്ക്ക് കൈമാറികിട്ടിയ കേന്ദ്രങ്ങളുടെ വികസനം (പരിപാടികൾ) | 75.00 |

| | | |
|---|---|---|
| 4.2 | ലൈബ്രറിയും ഇ-ലൈബ്രറിയും മെച്ചപ്പെടുത്തലും വിവര സംവിധാനത്തിന്റെ വികസനവും | 10.00 |
| 4.3 | ഫാക്കൽറ്റിമാരുടെയും ജീവനക്കാരുടെയും കാര്യശേഷി വികസന പരിപാടികൾ | 5.00 |
| 4.4 | വിവിധ തീമാറ്റിക് കേന്ദ്രങ്ങൾ /ചെയറുകൾ /ഹബ്ബുകൾ ആരംഭിക്കുക | 70.00 |
| 4.5 | മാനവ വിഭവ വികസന കേന്ദ്രത്തിന്റെ (സി.എച്ച്.ആർ.ഡി.) പ്രവർത്തനങ്ങൾക്കുവേണ്ട അധിക തുക | 50.00 |
| | **ആകെ** | **210.00** |
| **5** | **അടിസ്ഥാന സൗകര്യ വികസനം** | |
| 5.1 | കിലയുടെ വിവിധ കേന്ദ്രങ്ങളിലെ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തൽ | 75.00 |
| 5.2 | കിലയിലും ഉപകേന്ദ്രങ്ങളിലും ഓൺലൈൻ (കോ-കില) സംവിധാനം ഏർപ്പെടുത്തൽ - സോഫ്റ്റ് വെയർ/ ഹാർഡ് വെയർ പിന്തുണ – നിലവാരം മെച്ചപ്പെടുത്തൽ, പരിപാലനം, ഇന്റർനെറ്റ് സൗകര്യം – ലീസ് ലൈൻ | 50.00 |
| 5.3 | ഫ്രണ്ട് ഗേറ്റിന്റെയും വാച്ച്മാൻ ഗേറ്റിന്റെയും നിർമ്മാണം, ക്യാമ്പസിൽ സ്ട്രീറ്റ് ലൈറ്റ്, ഡ്രെയിനേജ് സംവിധാനം സ്ഥാപിക്കുക | 50.00 |
| 5.4 | ക്യാമ്പസിന്റെ വിപുലീകരണം-ഓഡിറ്റോറിയം നിർമ്മാണത്തിന്റെ അവസാന ഗഡു ഈ ഘടകത്തിൽ നിന്ന് കണ്ടെത്തണം | 600.00 |
| | **ആകെ** | **775.00** |
| | **ആകെ തുക** | **3000.00** |

ഇതിൽ നിന്നും 60.00 ലക്ഷം രൂപ ജെൻഡർ സ്കൂൾ ആരംഭിക്കുന്നതിനായി വകയിരുത്തുന്നു. ജെൻഡർ സ്കൂളിനു വേണ്ടിവരുന്ന ചെലവ് 1.1, 4.4 എന്നീ ഘടകങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണ്. സാമാന്യ ബോധവൽക്കരണം, ഓറിയന്റേഷൻ, പരിശീലനം, പഠനങ്ങൾ, ആക്ഷൻ റിസർച്ച് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് ജെൻഡർ സ്കൂൾ രൂപകല്പന ചെയ്തിരിക്കുന്നത്.

2021-22 ൽ കിലയ്ക്കായി 3000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ബി. മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) (മുൻപ് എസ്.ഐ.ആർ.ഡി.) (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 150.00 ലക്ഷം രൂപ)**

കൊട്ടാരക്കരയിലെ പഴയ സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി) ആണ് മാനവ വിഭവ വികസന കേന്ദ്രം (കില – സി.എച്ച്.ആർ.ഡി.) ആയി അറിയപ്പെടുന്നത്. ശമ്പളം, പരിശീലനവും ഗവേഷണവും, ഓഫീസ് ചെലവുകളും, മറ്റ് ഭരണപരമായ ചെലവുകളും കണ്ടെത്തുന്നതിനാണ് വിഹിതം വകയിരുത്തുന്നത്. 'ഗ്രാമവികസന പരിപാടികൾക്കുള്ള മാനേജ്മെന്റ് സഹായവും ജില്ലാ ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തലും' എന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ നിന്നാണ് ഈ ഘടകത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നത്. കില-സി.എച്ച്.ആർ.ഡി.യുടെ (മുൻപ്-എസ്.ഐ.ആർ.ഡി.) പ്രവർത്തനങ്ങൾക്കായി 2021-22ൽ 150.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**സി. മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കിലയുടെ കേന്ദ്രങ്ങളുടെ (മുൻപ് വികസന പരിശീലന കേന്ദ്രങ്ങൾ) ശാക്തീകരണം.**

**(വിഹിതം : 150.00 ലക്ഷം രൂപ)**

നിലവിൽ കിലയുടെ ഉപകേന്ദ്രങ്ങളും മുൻപ് വികസന പരിശീലന കേന്ദ്രങ്ങളുമായിരുന്ന മൂന്ന് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉദ്യോഗസ്ഥർ, തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സ്വയം സഹായസംഘങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയ്ക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മൂന്ന് കേന്ദ്രങ്ങളിലെയും ഫാമുകളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഈ പരിപാടിയിൽ ഉദ്ദേശിച്ചിട്ടുണ്ട്.

**2021-22 ലെ ഘടകങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്കുള്ള പരിശീലനം ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ (സേവനത്തിലുള്ളവർക്കുള്ള പരിശീലനം) |
| 2 | നിർമ്മാണവും അറ്റകുറ്റപ്പണികളും- ഓഫീസ് കെട്ടിടവും ഹോസ്റ്റലും നന്നാക്കലും പരിപാലനവും, ചുറ്റമതിൽ നിർമ്മാണം, ഫയർവുഡ് സ്റ്റോറേജ് സ്ഥലത്തിന്റെ നിർമ്മാണവും, ടെറസ്സ് നിർമ്മാണവും, പമ്പ് ഹൗസ് അറ്റകുറ്റപ്പണികൾ, ട്രസ് വർക്ക് വാട്ടർടാങ്ക്, പ്ലംബിംഗ് ജോലികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത് |
| 3 | കമ്പ്യൂട്ടർ ലാബിന്റെ നിർമ്മാണം/ശാക്തീകരണം (കമ്പ്യൂട്ടർ വാങ്ങൽ) – പുതിയ കമ്പ്യൂട്ടർലാബ് സജ്ജീകരണം, കമ്പ്യൂട്ടർ ലാബിനും ഓഫീസിനും കമ്പ്യൂട്ടർ , ഫർണിച്ചർ എന്നിവ വാങ്ങൽ, വെബ് സൈറ്റ് രൂപീകരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. |
| 4 | ഫാമുകളിലെ പ്രവർത്തനങ്ങൾക്ക് സഹായം |

2021-22 ൽ 150.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തുന്നു.

**3. പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആധുനികവത്ക്കരണം, കാര്യശേഷി വികസന പ്രവർത്തനങ്ങൾ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റിനുകീഴിൽ വരുന്ന മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ ആധുനികവത്കരണം, ജീവനക്കാരുടെ കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വിഹിതം വകയിരുത്തുന്നു. പദ്ധതിയുടെ 2021-22ലെ ഘടക അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | കമ്പ്യൂട്ടറുകളും മറ്റ് ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഇ-ഓഫീസ് നടപ്പാക്കൽ |
| 2 | അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും ഫർണിച്ചർ വാങ്ങലും |
| 3 | പദ്ധതികളുടെ നിരീക്ഷണത്തിനായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ |
| 4 | പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആസൂത്രണവും നിരീക്ഷണ സംവിധാനവും -കാര്യശേഷി വികസിപ്പിക്കൽ, എക്സ്പോഷർ വിസിറ്റുകൾ, റഫറൻസിനായി പുസ്തകങ്ങൾ വാങ്ങൽ, ശില്പശാലകൾ, അവലോകന യോഗങ്ങൾ എന്നിവ നടത്തുന്നതിനുള്ള ചെലവുകൾ |
| 5 | പഞ്ചായത്ത് ഡയറക്ടറേറ്റിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലും അപ്രന്റീസിന്റെ (ഐ.ടി. സാങ്കേതിക പിന്തുണ) സേവനം ലഭ്യമാക്കൽ |
| 6 | പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഡാറ്റാ ശേഖരണവും റിപ്പോർട്ട് മാനേജ്മെന്റ് സംവിധാനവും സ്ഥാപിക്കൽ |

2021-22ൽ 100.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുന്നു.

**4. ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം)**

**(വിഹിതം : 800.00 ലക്ഷം രൂപ)**

വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശികഭരണം ശക്തിപ്പെടുത്താൻ വേണ്ടി മിഷൻ രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിയാണ് ഇൻഫർമേഷൻ കേരളാ മിഷൻ. കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം സംസ്ഥാനത്തെ എല്ലാ പ്രാദേശിക സർക്കാർ തലത്തിലും ഏർപ്പെടുത്തുന്നതിന് ഇതിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളുടെ വികസനവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും മെച്ചപ്പെടുത്തലും, പരിശീലനവും ഡോക്യുമെന്റേഷനും, നിർവ്വഹണവും മേൽനോട്ടവും എന്നിവയ്ക്കാണ് വിഹിതം വകയിരുത്തുന്നത്. 2021-22-ൽ 800.00 ലക്ഷം രൂപ ഇൻഫർമേഷൻ കേരളാ മിഷന് പദ്ധതി വിഹിതമായി വകയിരുത്തുന്നു.

### 5. എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി-പ്രാദേശിക വികസനം

**(വിഹിതം : 14100.00 ലക്ഷം രൂപ)**

2001–02 ൽ ആരംഭിച്ച ഈ പദ്ധതി കേരളത്തിലെ നിയമസഭാ പ്രദേശങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എം.പി. മാരുടെ പ്രാദേശിക വികസന പരിപാടിയുടെ അതേ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ എം.എൽ.എ.യ്ക്കും അവരുടെ നിയമസഭാ നിയോജക മണ്ഡലത്തിൽ പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രതിവർഷം 100.00 ലക്ഷം രൂപ വീതം വകയിരുത്തുന്നു. 2021–22ൽ ഈ പദ്ധതിയ്ക്കായി 14100.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 6. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം : 3500.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതി പുനരാവിഷ്ക്കരിക്കുകയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പേരിൽ പുനർനാമകരണം ചെയ്ത് 2014 ഒക്ടോബർ 2 മുതൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് പദ്ധതിവിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

- ഗ്രാമീണ മേഖലയിലെ പൊതു ജീവിതനിലവാരം മെച്ചപ്പെടുത്തൽ
- ശുചിത്വഭാരതം എന്ന ലക്ഷ്യം നേടുന്നതിനായി ശുചിത്വ പ്രവർത്തനങ്ങൾ മുഴുവൻ ഗ്രാമീണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുകയും എല്ലാ ഗ്രാമപഞ്ചായത്തുകളും വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ് ) പദവി നിലനിർത്തുകയും ചെയ്യുക
- ബോധവൽക്കരണ പരിപാടികളിലൂടെയും ആരോഗ്യ വിദ്യാഭ്യാസത്തിലൂടെയും അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജനവും ശുചിത്വവും ഉൾപ്പെടെയുള്ള സ്ഥായിയായ ശുചീകരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുസമൂഹത്തിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും പ്രചോദനം നൽകൽ

2021–22ൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന ഘടകങ്ങളും അവയുടെ ഭൗതിക ലക്ഷ്യങ്ങളും താഴെ പറയുന്നു.

**ഭൗതിക ലക്ഷ്യങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ | ലക്ഷ്യം (യൂണിറ്റ് ) |
|---|---|---|
| 1 | വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ | 18,800 എണ്ണം |
| 2 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം | 750 എണ്ണം |
| 3 | ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം – ഗോബർദ്ധൻ (ഗാൽവാനൈസിംഗ് ഓർഗാനിക് ബയോ അഗ്രോ റിസോഴ്സസ് ധൻ)ചെലവുകൾ ഈ ഘടകത്തിൽനിന്ന് വഹിക്കാവുന്നതാണ് | 941 ഗ്രാമപഞ്ചായത്തുകൾ |
| 4 | ബോധവൽക്കരണ പ്രവർത്തനങ്ങൾ (വിവര വിദ്യാഭ്യാസ വിനിമയ പ്രചരണവും മനുഷ്യവിഭവശേഷി വികസനവും) | 14 ജില്ലകൾ |
| 5 | ഭരണപരമായ ചെലവുകൾ | 14 ജില്ലകൾ |

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവഹണ ഏജൻസികൾ. ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ നടത്തുന്ന ചുമതല സംസ്ഥാന തലത്തിൽ ശുചിത്വമിഷനും ജില്ലാതലത്തിൽ ജില്ലാ ശുചിത്വ മിഷനുകളുമാണ് നടത്തേണ്ടത്.

കേരളം വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ് ) പദവി നേടിയിട്ടുണ്ടെങ്കിലും 2018–ലും 2019–ലും സംസ്ഥാനത്തെ ബാധിച്ച അപ്രതീക്ഷിത പ്രളയവും മണ്ണിടിച്ചിലും കാരണം സംസ്ഥാനത്തെ 14 ജില്ലകളിലെ 635 ഓളം പ്രാദേശിക സർക്കാരുകളിലെ നിരവധി കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ തകരാറിലാക്കിയിട്ടുണ്ട്. പുതിയ നിർമ്മാണം മാത്രമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതെങ്കിലും പ്രളയത്തിൽ നഷ്ടപ്പെട്ട കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ 2021–22 ൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പുനർ നിർമ്മിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 2021-22 ലെ വിഭാഗം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ**

| വിഭാഗത്തിന്റെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|
| പൊതുവിഭാഗം | 2870.00 |
| എസ്.സി.എസ്.പി. | 525.00 |
| റ്റി.എസ്.പി. | 105.00 |
| **ആകെ** | **3500.00** |

ഈ പദ്ധതി 'ഹരിതകേരളം മിഷനിൽ' ഉൾപ്പെടുന്നു. 2021-22 ൽ 3500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**7. ശുചിത്വ കേരളം**

**(വിഹിതം :3500.00 ലക്ഷം രൂപ)**

ശുചിത്വ മേഖലയിൽ ഉണ്ടായ സ്ഥാപനപരമായ പരിഷ്കരണത്തിന്റെ ഫലമായി 2008-ൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവയെ സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചു. ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ പൂർണ്ണനേട്ടം കൈവരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് സഹായം നൽകുകയും ശുചിത്വ മേഖലയിലെ സാങ്കേതിക സഹായ സംഘമായി ശുചിത്വ മിഷൻ മാറുകയും ചെയ്തു. നിലവിൽ സ്വച്ഛ് ഭാരത് മിഷൻ-ഗ്രാമീൺ, നഗരം എന്നിങ്ങനെ ശുചിത്വത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് ശുചിത്വ മിഷൻ. ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

**2021-22ലെ ഘടക അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | ടേക്-എ ബ്രേക്ക് റോഡരികിലെ റിഫ്രഷ്മെന്റ് കേന്ദ്രം ഉൾപ്പെടെ ഗ്രാമ പഞ്ചായത്തുകളിലെ പൊതുസ്ഥലങ്ങളിലും ലൈബ്രറികളിലും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം |
| 2 | ഗ്രാമീണ മേഖലയിലെ പ്രളയത്തിൽ തകർന്ന സ്കൂൾ/ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ /തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലെ ശൗചാലയങ്ങളുടെയും മറ്റ് ഉറവിട സംസ്കരണ സംവിധാനങ്ങളുടെയും പുനർനിർമ്മാണം. |
| 3 | ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്രാമീണ വിപണികളിലും പൊതു മാലിന്യ നിർമ്മാർജ്ജന സ്ഥലങ്ങളിലും മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ. |
| 4 | പുതിയ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ എല്ലാ ഘടകങ്ങളുടെയും നിലവാരം ഉയർത്തുന്നതോടൊപ്പം നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, മെറ്റീരിയൽ ശേഖരണ സൗകര്യങ്ങൾ (എം.സി.എഫ്.), റിസോഴ്സ് റിക്കവറി സൗകര്യങ്ങൾ (ആർ.ആർ.എഫ് ) എന്നിവ സ്ഥാപിക്കുക, മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ഖരമാലിന്യ ശേഖരണത്തിന്റെയും ഗതാഗതത്തിന്റെയും (മോട്ടോർ ത്രീ വീലറുകൾ ഉൾപ്പെടെ) അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതോടൊപ്പം മാലിന്യ നിർമ്മാർജ്ജന ഉപകരണങ്ങൾ വാങ്ങൽ, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, പഴയ മാലിന്യങ്ങൾ നീക്കം ചെയ്യൽ സംവിധാനം എന്നിവ |
| 5 | മാലിന്യങ്ങളുടെ ഉറവിട സംസ്കരണം - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ പ്രവർത്തിക്കുന്നതോ പ്രവർത്തനരഹിതമോ ആയ സ്ഥാപന തലത്തിലെയും സാമൂഹിക തലത്തിലെയും പ്ലാന്റുകളുടെ പരിഷ്കരണം/ നവീകരണം (കമ്പോസ്റ്റിംഗ് / ബയോ മെത്തനേഷൻ), സർക്കാർ എയിഡഡ് സ്കൂളുകളിൽ മിനി മെറ്റീരിയൽ ശേഖരണ സൗകര്യങ്ങൾ സ്ഥാപിക്കൽ |
| 6 | കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് ഉൾപ്പെടെയുള്ള ദ്രവ മാലിന്യ പരിപാലനം, കക്കൂസ് മാലിന്യ സംസ്കരണത്തിനായുള്ള യന്ത്രവല്ക്കരണം, കനാലുകളുടെയും നദികളുടെയും പുനർജീവനത്തിനായി ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ |

| | |
|---|---|
| 7 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ (ആരോഗ്യ ജാഗ്രത) |
| 8 | ശില്പശാലകൾ, കാര്യക്ഷമത വർദ്ധിപ്പിക്കൽ, അവാർഡുകളും അംഗീകാരവും, ഗവേഷണവും വികസനവും എന്നിവ ഉൾപ്പെടെയുള്ള തീവ്ര വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ |
| 9 | മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പ്രവൃത്തികൾ പ്രചരിപ്പിക്കുന്ന സ്വയം സഹായ സംഘങ്ങൾ/ചെറുകിട വ്യവസായങ്ങൾ, ഹരിത കർമ്മ സേന എന്നിവയ്ക്ക് പിന്തുണ നൽകൽ, പഠനം, നിരീക്ഷണവും വിലയിരുത്തലും, ശുചീകരണത്തിലെ മറ്റ് നവീന ഉദ്യമങ്ങൾ |
| 10 | ഗ്രാമീണ പൊതുസേവന സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം (വിദഗ്ധ ഉപദേശത്തിനുള്ള പ്രതിഫലം, പദ്ധതി തയ്യാറാക്കുന്നതിനുള്ള ചെലവ്, ശ്മശാനവും ആധുനിക അറവുശാലയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അത് നടപ്പിലാക്കുന്നതിനുമുള്ള സാങ്കേതിക സഹായം) |
| 11 | ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വവും മാലിന്യ സംസ്കരണവും |
| 12 | ലീച്ച് പിറ്റ് സെപ്റ്റിക് ടാങ്കിലേക്ക് പരിവർത്തനം/വ്യക്തിഗത ടോയിലറ്റിനുള്ള (IHHL) ബയോ ഡൈജസ്റ്റർ |
| 13 | മാലിന്യമുക്ത ഗ്രാമ പഞ്ചായത്തുകൾ - ഒ.ഡി.എഫ് സുസ്ഥിരത, ഖരമാലിന്യ പരിപാലനം |
| 14 | ഭരണപരമായ ചെലവുകൾ |

'ഹരിതകേരളം മിഷന്റെ' ഭാഗമായി വരുന്ന ഈ പദ്ധതിയുടെ മുകളിൽ പറഞ്ഞിരിക്കുന്ന ഘടകങ്ങളുടെ ചെലവുകൾക്കായി 2021-22 -ൽ 3500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**8. തദ്ദേശ സ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകളുടെ ആധുനികവത്ക്കരണം, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾ**

**(വിഹിതം : 225.00 ലക്ഷം രൂപ)**

'തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകളുടെ ആധുനികവത്ക്കരണം, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾ' എന്ന പദ്ധതിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ൽ 225.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2021-22ലെ ഘടക അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | ജില്ലാ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| 2 | പരിശീലനാർത്ഥികളെ നിയോഗിക്കൽ |
| 3 | ഗുണനിലവാര ലാബും അന്വേഷണ സൗകര്യങ്ങളും വർദ്ധിപ്പിക്കുക |
| 4 | ഇ-എം ബുക്കും ജിയോ ടാഗിംഗും നടപ്പിലാക്കൽ |
| 5 | തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, എഞ്ചിനീയർമാർക്ക് ലാപ് ടോപ്പുകൾ എന്നിവ വാങ്ങുക, ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഓഫീസ് ഉപകരണങ്ങൾ പരിപാലിക്കുകയും വാങ്ങുകയും ചെയ്യുക |

**9. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.)(40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 800.00 ലക്ഷം രൂപ)**

മുമ്പുണ്ടായിരുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാന്റെ (ആർ.ജി.പി.എസ്.എ.) പരിഷ്കരിച്ച പതിപ്പാണ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.). സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) നേടി എടുക്കുന്നതിനായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രധാനമായും ഈ പദ്ധതി ലക്ഷ്യമിടുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരങ്ങൾ കാണുന്നതിനായി ലഭ്യമായ ഉറവിട സ്രോതസ്സുകളെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക, പങ്കാളിത്ത പദ്ധതികൾക്ക് പ്രേരണയാകുന്ന സാങ്കേതിക വിദ്യ തയ്യാറാക്കുക, പ്രാദേശിക വികസന ആവശ്യങ്ങൾക്കനുസൃതമായി പ്രാദേശിക ഭരണസ്ഥാപനങ്ങളെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്ന രീതിയിൽ കാര്യശേഷി വികസിപ്പിക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളാണ്.

2021-22ൽ 40 ശതമാനം സംസ്ഥാന വിഹിതമായി 800.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തുന്നു. കാര്യക്ഷമത വർദ്ധിപ്പിക്കലും പരിശീലനവും, സംസ്ഥാന/ജില്ല വിഭവ

കേന്ദ്രങ്ങളിലുൾപ്പെടെ സ്ഥാപനപരമായ അടിസ്ഥാന സൗകര്യങ്ങൾ, ഭരണപരവും സാങ്കേതികവുമായ സഹായപദ്ധതി, പഞ്ചായത്ത് ഭവൻ സഹായം, പഞ്ചായത്തുകളെ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമാക്കൽ, വിദൂര പഠന സൗകര്യം, ഭരണപരവും സാമ്പത്തികവുമായ ഡേറ്റാ വിശകലനം ചെയ്യൽ, ആസൂത്രണസെൽ, നൂതന പ്രവർത്തനങ്ങൾ, സൂക്ഷ്മ പ്രോജക്ട്/സാമ്പത്തിക വികസനത്തിന് ഗ്യാപ് ഫണ്ടിംഗ്, പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്, വിവര-വിദ്യാഭ്യാസ-വിനിമയം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**10. ജില്ലാ പദ്ധതികൾക്ക് പ്രോത്സാഹനം**

**(വിഹിതം : 2000.00 ലക്ഷം രൂപ)**

ജില്ലകളുടെ വികസനത്തിനായി സംയോജിതവും പങ്കാളിത്തപരവുമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനായി വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളുടെ സഹായത്തോടെ 2017-18 ൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസൂത്രണ സമിതികളും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ കൃത്യമായ സംയോജന സാദ്ധ്യത ഉറപ്പാക്കാനും വിവിധ ഏജൻസികൾക്ക് സംയുക്തമായി നടപ്പിലാക്കാൻ കഴിയുന്ന ബൃഹത് പദ്ധതി ആശയങ്ങൾ വികസിപ്പിക്കാനുമുള്ള ഒരു ഫലപ്രദമായ ഉപാധിയാണ് ജില്ലാ പദ്ധതി.

06-08-2018 ലെ സ.ഉ(സാധാ) നമ്പർ.106/2018/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കിയ ജില്ലാ പദ്ധതികൾക്ക് അനുസൃതമായി പ്രാദേശിക സർക്കാരുകൾ, മറ്റ് ഏജൻസികൾ/വകുപ്പുകൾ എന്നിവർ ചേർന്ന് സംയുക്തമായി ഏറ്റെടുക്കുന്ന ബൃഹത് പദ്ധതികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനായി 2021-22 ലെ ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**11. സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം ( ലൈഫ് മിഷൻ)**

**(വിഹിതം :41041.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച നാലു ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ഉപജീവനമാർഗ്ഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം). സംസ്ഥാനത്തെ ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം നൽകുകയെന്ന ലക്ഷ്യത്തിനായി പ്രാദേശിക സർക്കാരുകൾ മുഖേന അവരുടെ വികസന ഫണ്ടും സംസ്ഥാന പദ്ധതിയിൽ നിന്നുള്ള സഹായവും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) ലിമിറ്റഡ് മുഖേന ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നുള്ള വായ്പയും ഉപയോഗിച്ചാണ് ലൈഫ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയ്ക്ക് തുക വകയിരുത്തിയിരിക്കുന്നത് ഗ്രാമീണ മേഖലയിലെ വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണത്തിന് സംസ്ഥാന വിഹിതം നൽകുന്നതിനും ഫ്ലാറ്റുകൾ/ഭവന സമുച്ചയങ്ങൾ/ഭവന ക്ലസ്റ്ററുകൾ എന്നിവയുടെ നിർമ്മാണചെലവ് വഹിക്കുന്നതിനും വേണ്ടിയാണ്. ലൈഫ് മിഷന്റെ ഭരണപരമായ ചെലവും ഈ വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും വനിതകളായിരിക്കും. ഗ്രാമീണ മേഖലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ലെ ബജറ്റിൽ 41041.00 ലക്ഷം രൂപ വകയിരുത്തുന്നു.

**12. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് (കെ.യു.ആർ.ഡി.എഫ്.സി.) പദ്ധതി സഹായം-ഗ്രാമം**

**(വിഹിതം : 16000.00 ലക്ഷം രൂപ)**

സമ്പൂർണ്ണ ഭവന പദ്ധതി ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്നതിന് വേണ്ടി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി.) സർക്കാർ ഗ്യാരണ്ടിയിൽ ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നും വായ്പയെടുത്ത് ധനസഹായം നൽകുന്നു. ഗ്രാമീണ മേഖലയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത വായ്പയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള സഹായമായി (വായ്പാ സബ്സിഡി) കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് 2021-22 വർഷത്തെ ബജറ്റിൽ 16000.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 2.3 ഭൂപരിഷ്കരണം

ഇതിൽ പദ്ധതികളില്ല.

## 2.4 പ്രദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി

### 1. വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം

**(വിഹിതം: 1335.00 ലക്ഷം രൂപ)**

വയനാട് ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥ അപകടകരമായ അവസ്ഥയിലാണ്. വിലയിലുണ്ടാകുന്ന വ്യാപകമായ ഏറ്റക്കുറച്ചിലുകൾ കാർഷിക വരുമാനത്തെ വളരെ വലിയ തോതിൽ അസ്ഥിരപ്പെടുത്തുന്നുണ്ട്. ദുരിത ബാധിതരായ ജനങ്ങളുടെ ഉപജീവനം പുനരുദ്ധീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പാക്കേജുകൾ കൊണ്ടുവരുന്നുണ്ട്. കാലവർഷംമൂലം വിളകൾക്കും ഭൂമിയ്ക്കുമുണ്ടായ ഭീമമായ നഷ്ടങ്ങൾ ജില്ലയെ സാരമായി ബാധിച്ചിട്ടുണ്ട്. ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ്വേകാൻ, സമുചിതമായ മുൻ-പിൻ സംയോജനത്തോട്ടു കൂടിയ നിരവധി കേന്ദ്രീകൃത ഇടപെടലുകൾ നടപ്പിൽ വരുത്തുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുടേയും കാപ്പി കൃഷിയുടേയും സാങ്കേതികാധിഷ്ഠിത സമഗ്രവികസനത്തിനായി 1000.00 ലക്ഷം രൂപ വകയിരുത്തുന്നു. കീടരോഗബാധ, മുരുക്ക് മരങ്ങളുടെ നഷ്ടം എന്നിവ നിമിത്തം ജില്ലയിലെ കുരുമുളക് കൃഷി ശോഷിച്ചുകൊണ്ടിരിക്കുകയാണ്. കുരുമുളകിന്റെ പുനരുജ്ജീവനത്തിനായുള്ള സമഗ്ര പ്രോജക്ടിന് സഹായം നൽകുന്നതാണ്. പ്രാദേശിക സമഗ്ര കീട പരിപാലനം, ഗ്രാഫ്റ്റിംഗ്, ഓർത്തോട്രോപ്പിക് ഷൂട്സിൽ നിന്നുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, നഴ്സറികൾ സ്ഥാപിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, വേരിന്റെ വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ മറ്റ് അത്യാവശ്യ സഹായങ്ങൾ എന്നിവയ്ക്കായി വിഹിതം ഉപയോഗിക്കാവുന്നതാണ്. ഇതിൽ നിന്നും 500.00 ലക്ഷം രൂപ കാപ്പി കൃഷിയുടെ വിസ്തൃതി വർദ്ധനവിനും നിലവിലെ കാപ്പി തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനും തുള്ളിനനയ്ക്കുള്ള സഹായത്തിനായും വകയിരുത്തിയിരിക്കുന്നു.

മുൻ വർഷങ്ങളിൽ സഹായം ലഭിച്ചിട്ടുള്ള നഴ്സറികളുടെ സഹായത്തോടെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി സമഗ്ര തന്ത്രം ആവിഷ്കരിക്കേണ്ടതാണ്. ജില്ലയിലെ ജാതിക്ക വിള പുനരുജ്ജീവിപ്പിക്കാൻ 75.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ കൃഷിയും പുനരുജ്ജീവിപ്പിക്കുന്നതാണ്. ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഈ പദ്ധതിയിൽ ലീഡ്സിലെ ഫീൽഡ് അസിസ്റ്റന്റുമാരുടെ പ്രവർത്തനം സംയോജിപ്പിക്കുന്നതാണ്.

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സമഗ്ര കുരുമുളക് കാപ്പി വികസനം | 1000.00 |
| 2 | ജാതി, ഇഞ്ചി, മഞ്ഞൾ കൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന് | 125.00 |
| 3 | വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും | 210.00 |
| | **ആകെ** | **1335.00** |

മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി 210.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 2. ശബരിമല മാസ്റ്റർപ്ലാൻ

**(വിഹിതം: 2800.00 ലക്ഷം രൂപ)**

ശബരിമല തീർത്ഥാടനത്തിനെത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനം പരിസ്ഥിതി സംരക്ഷണം ഉറപ്പ വരുത്തി പ്രദാനം ചെയ്യുക എന്നതാണ് ശബരിമല മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശ്യം.

ശബരിമല ക്ഷേത്ര സമുച്ചയവും, പെരിയാർ വനസംരക്ഷണമേഖല ഉൾപ്പെടുന്ന ചുറ്റുമുള്ള പ്രദേശങ്ങളും പരിസ്ഥിതിയ്ക്ക് സൗഹൃദ പശ്ചാത്തലത്തിൽ വികസിപ്പിച്ച് ക്ഷേത്രദർശനത്തിനായി എത്തിച്ചേരുന്ന ഭക്തർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിന് ശബരിമല മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. 2007 ൽ ശബരിമലയ്ക്കായി ഒരു മാസ്റ്റർപ്ലാൻ അംഗീകരിച്ചിരുന്നു. തീർത്ഥാടകർക്ക് സൗകര്യം, സുരക്ഷിതത്വം, ശുചിത്വം എന്നീ മൂന്നു കാര്യങ്ങൾക്ക് പരിഗണന നൽകികൊണ്ടുള്ള പദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നത്. പശ്ചാത്തല വികസന ന്യൂനതകൾ (ക്രിട്ടിക്കൽ ഗ്യാപ്പ്) പരിഹരിക്കുന്ന രീതിയിലുള്ള പദ്ധതികൾ മാത്രമേ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താവൂ.

2021-22 ബജറ്റിൽ 2800.00 ലക്ഷം രൂപ താഴെപ്പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

1. പമ്പാഗണപതി ക്ഷേത്രം മുതൽ ഹിൽടോപ്പ് വരെ ഒരു റെസ്ക്യൂ ബ്രിഡ്ജിന്റെ നിർമ്മാണം –1500.00
2. നിലയ്ക്കൽ – പ്രധാനപ്പെട്ട മേഖലകളുടെ വികസനം – 800.00
3. കുന്നാർ മുതൽ ശബരിമല വരെ കുടിവെള്ള പൈപ്പിടൽ –200.00
4. നിർമ്മാണ പ്രവൃത്തികളുടെ പെൻഡിംഗ് ബില്ലുകൾ തീർക്കൽ – 300.00

പദ്ധതി നിർവ്വഹണത്തിനു മുൻപ് വിശദമായ പ്രോജക്ടുകൾ സമർപ്പിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നേടേണ്ടതാണ്.

പ്രസ്തുത പദ്ധതിയ്ക്കായി 2021–22 ബജറ്റിൽ 2800.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 3. കാസർഗോഡ് പാക്കേജ്

**(വിഹിതം: 7832.00 ലക്ഷം രൂപ)**

കാസർഗോഡ് ജില്ലയുടെ വികസന സാദ്ധ്യതകളെപറ്റി പഠനം നടത്തി ജില്ലയ്ക്ക് ഒരു വികസന പരിപ്രേക്ഷ്യ പദ്ധതി രൂപീകരിക്കുന്നതിനായി മുൻ ഗവൺമെന്റ് ചീഫ് സെക്രട്ടറിയായ ഡോ.പി.പ്രഭാകരനെ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ചിരുന്നു. അതിൻ പ്രകാരം ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് കൊണ്ട് 11,123.07 കോടി രൂപയുടെ ഒരു പാക്കേജ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിക്കുകയും ആദ്യഘട്ടം 2013–14 ൽ ആരംഭിക്കുകയും ചെയ്തു.

2021–22 ലെ വാർഷിക പദ്ധതിയിൽ കാസർഗോഡ് പാക്കേജിന് 7832.00 ലക്ഷം രൂപ വകയിരുത്തുന്നു. ജില്ലാ കളക്ടർ അധ്യക്ഷനായും, കാസർഗോഡ് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസറും ഉൾപ്പെട്ട സമിതി ആയിരിക്കണം നടപ്പാക്കേണ്ട പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

## തീരദേശ വികസനം

### 1. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും

**(വിഹിതം: 10100.00 ലക്ഷം രൂപ)**

''മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും'' എന്ന പദ്ധതിക്കായി 10100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിക്കു കീഴിൽ വരുന്ന മൂന്ന് ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| എ | അടിസ്ഥാന സൗകര്യങ്ങൾ | 2900.00 |
| ബി | മത്സ്യത്തൊഴിലാളികളുടെ മാനവശേഷി വികസനം | 3900.00 |
| സി | മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ | 3300.00 |
| | **ആകെ** | **10100.00** |

#### എ. അടിസ്ഥാന സൗകര്യങ്ങൾ

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യത്തിനായി 2900.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു. ഇതിനു കീഴിൽ വരുന്ന 3 ഉപഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| i | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകൽ | 1000.00 |
| ii | തീരദേശ അടിസ്ഥാന സൗകര്യങ്ങൾ | 1000.00 |
| iii | മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ് മണ്ണ് മാന്തലും കാപ്പിറ്റൽ അറ്റകുറ്റപ്പണികളും | 900.00 |
| | **ആകെ** | **2900.00** |

#### i. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകൽ

24851 മത്സ്യത്തൊഴിലാളികളുടെ വീടുകൾ കടൽക്കരയിൽ നിന്നും 50 മീറ്റർ അകലത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 10000 വീടുകൾ കടലെടുപ്പിന് വിധേയരാകാൻ അധിക സാധ്യതയുള്ളവയാണ്. അപകട സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ഇവരെ അകലെയുള്ള

സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് താമസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. സ്വന്തമായി സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്ന ഗുണഭോക്താക്കളുടെ/ഫ്ലാറ്റ് നിർമ്മാണത്തിന്റെ സ്പിൽ ഓവർ കമ്മിറ്റ്മെന്റിനു വേണ്ടിയും, ഫിഷർമെൻ കോളനി നവീകരണം, മോഡൽ ഫിഷിംഗ് വില്ലേജ് എന്നീ പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ii.** തീരദേശ അടിസ്ഥാന സൗകര്യങ്ങൾ

ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ലൈബ്രറി, കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന്, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ/ഫിഷറീസ് സ്കൂളുകൾ എന്നീ തീരദേശ അടിസ്ഥാന സൗകര്യ വികസനത്തിനായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**iii. മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനവും മണ്ണ് മാന്തലും മൂലധന അറ്റകുറ്റപ്പണികളും**

വമ്പിച്ച മുതൽ മുടക്കോടെ നിർമ്മിച്ച പല മത്സ്യബന്ധന തുറമുഖങ്ങളും പലപ്പോഴും സമയബന്ധിതമായി കാപ്പിറ്റൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ടും മണ്ണ് വന്ന് അടിയുന്നത് കൊണ്ടും ഉപയോഗശൂന്യമായി കിടക്കുകയാണ്. വർഷം മുഴുവൻ ഉപയോഗിക്കാൻ സാധിക്കാത്തതു മൂലം ഇത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വരുമാനത്തിനൊരു വലിയ ആഘാതമാണ്. മത്സ്യബന്ധന തുറമുഖങ്ങളെ വർഷം മുഴുവൻ ഉപയോഗ്യമാക്കുന്ന രൂപത്തിൽ ആക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് ഒരു ഉറപ്പായ വരുമാനം ലഭ്യമാക്കുന്നതിന് 2021-22 ൽ അറ്റകുറ്റപ്പണികൾക്കും പരിപാലനവും മണ്ണ് മാന്തലിനുമായി 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. മത്സ്യത്തൊഴിലാളികളുടെ മാനവശേഷി വികസനം**

മത്സ്യത്തൊഴിലാളികളുടെ മാനവശേഷി വകിസനത്തിനായി 3900.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു. ഇതിന്റെ 4 ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| i | വിദ്യാഭ്യാസം/കോച്ചിംഗ് പരിപാടികൾ | 1300.00 |
| ii | സാമൂഹിക ഏകോപന പരിപാടികൾ | 200.00 |
| iii | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇതര ഉപജീവനമാർഗ്ഗങ്ങൾ | 1500.00 |
| iv | മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ<br>1. മത്സ്യത്തൊഴിലാളികളുടെ ലോണിനുള്ള ഇന്ററസ്റ്റ് സബ്സിഡി<br>2. മത്സ്യത്തൊഴിലാളി വനിതകളുടെ ലോണിനുള്ള ഇന്ററസ്റ്റ് സബ്സിഡി<br>3. എൻ.സി.ഡി.സി ലോണിനുള്ള സബ്സിഡിയും ഷെയർ കാപ്പിറ്റലും<br>4. എൻ.ബി.സി.എഫ്.ഡി.സി ലോണിനും എൻ.എം.ഡി.എഫ്.സി ലോണിനുമുള്ള സീഡ് കാപ്പിറ്റൽ | 400.00<br>200.00<br>200.00<br>100.00 |
| | **ആകെ** | **3900.00** |

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥക്ക് കാരണം അവരുടെ സാമ്പത്തിക സാംസ്കാരിക പിന്നോക്കാവസ്ഥയും ലഹരിക്ക് അടിമപ്പെടലും വിട്ടു മാറാത്ത കടബാധ്യതകളുമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ/കോച്ചിംഗ് പരിപാടികൾ, സാമൂഹിക ഏകോപന പരിപാടികൾ, ഇതര ഉപജീവന അവസരങ്ങൾ, വായ്പാ സഹായം എന്നിവ ഉറപ്പാക്കേണ്ടതാണ്.

പത്താം ക്ലാസ്സ് വരെയുള്ള റസിഡൻഷ്യൽ വിദ്യാഭ്യാസം പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള വിദ്യാഭ്യാസ സഹായം, മൽസര പരീക്ഷകൾക്കായുള്ള കോച്ചിംഗ് പരിപാടികൾ എന്നിവയടങ്ങുന്ന വിദ്യാഭ്യാസ/കോച്ചിംഗ് പരിപാടികൾക്കായി 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സാമൂഹിക ഏകോപനത്തിനു കീഴിൽ അവബോധ പരിപാടികൾ, വൈദ്യപരിശോധനാ ക്യാമ്പുകൾ, സാമൂഹിക പ്രചോദകരെ നിയമിക്കുക, മത്സ്യബന്ധന മേഖലയിലെ സഹകരണ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ (സെക്രട്ടറിമാർക്ക് ഓണറേറിയം, കംപ്യൂട്ടർവത്ക്കരണം, സോഫ്റ്റ് വെയർ വികസനം, ഓഫീസിന്റെ വാടക ഉൾപ്പെടെ) എന്നിവയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നൈപുണ്യ പരിശീലനവും ധനസഹായവും നൽകുന്നത് വഴി ഇതര ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കികൊണ്ട് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വേതന നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും പുതിയതായി ഇതര ഉപജീവന പ്രവർത്തനങ്ങളിലേർപ്പെടുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ പിന്തുണക്കുന്നതിനും ഈ മേഖലയിൽ നിലവിലുള്ള മത്സ്യത്തൊഴിലാളി സ്ത്രീകളുടെ നിലനിൽപ്പ് ഉറപ്പ വരുത്തി അവരെ സഹായിക്കുന്നതിനായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിപണനകേന്ദ്രങ്ങളും ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി സംയോജിപ്പിക്കാനും അവർക്ക് പ്രവർത്തനമൂലധന സഹായം നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയുടെ 100 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

നബാർഡ്, നാഷണൽ ബാക് വേർഡ് ക്ലാസ്സസ്സ് ഫിനാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), നാഷണൽ മൈനോറിറ്റി ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), എൻ.സി.ഡി.സി, ഇത്തരത്തിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് മത്സ്യഫെഡ് ക്രെഡിറ്റ് സമാഹരിച്ച് ഫിഷർമെന്റ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി വഴി അവ മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതുണ്ട്. കൃത്യനിഷ്ഠയോടെ തിരിച്ചടവ് നടത്തുന്ന കേരള ഫിഷറീസ് വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ഉറപ്പാക്കുന്നതിനായി 3.00 ലക്ഷം രൂപ വായ്പയിൽ പലിശ സബ്സിഡി നൽകുന്നു. ഇതിലേയ്ക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കേരളാ ഫിഷറീസ് വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യവില്പന നടത്തുന്ന സ്ത്രീകൾക്ക് മത്സ്യവില്പന മൂലധനം ഉയർത്തുന്നതിനായി തൊഴിലാളി ഒന്നിന് 20000.00 രൂപ വായ്പ നൽകുന്നു. ഇതിലേയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയുടെ 100 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

എൻ.സി.ഡി.സി യിൽ നിന്നും എടുക്കുന്ന ലോണുകൾക്ക് സബ്സിഡിയും ഷെയർ കാപ്പിറ്റൽ അസിസ്റ്റൻസും നൽകുന്നതിന് 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. എൻ.എം.ഡി.എഫ്.സി ലോണുകൾക്കും എൻ.ബി.സി.എഫ്.ഡി.സി ലോണുകൾക്കും സീഡ് കാപ്പിറ്റൽ അസിസ്റ്റൻസ് നൽകുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ**

മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷ എന്ന ഘടകത്തിൽ ഉൾപ്പെട്ട മൂന്ന് ഉപഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| i | പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സുരക്ഷാപദ്ധതി | 2000.00 |
| ii | മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 1000.00 |
| iii | മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്കുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 300.00 |
| | **ആകെ** | **3300.00** |

**i. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള സമ്പാദ്യ സുരക്ഷാപദ്ധതി**

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 5 തവണകളായി ഗുണഭോക്താക്കളിൽ നിന്നും 1500 രൂപ പിരിക്കുന്നു. ഇതിന്റെ കൂടെ സംസ്ഥാന സർക്കാർ 3000 രൂപ സഹായവും കൂടിച്ചേർത്ത് മെയ് മുതൽ ജൂലായ് വരെയുള്ള പഞ്ഞമാസങ്ങളിൽ 3 തവണകളായി 4500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഈ പദ്ധതിക്കു കീഴിൽ 2019-20 ലെ ഗുണഭോക്താക്കളുടെ എണ്ണം 1,78,800 ആയിരുന്നു. ഇതിനായി 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ii. മത്സ്യത്തൊലാളികൾക്കായുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ (കെ.എഫ്.ഡബ്ല്യു.എഫ്.ബി) അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്കാണ് അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി സഹായം നൽകുന്നത്. സംസ്ഥാനത്തെ പ്രവർത്തനക്ഷമരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അപകട മരണം,

കാണാതാകൽ, സ്ഥിരമായ വൈകല്യം എന്നിവയ്ക്ക് 10.00ലക്ഷം രൂപയും ഭാഗികമായ വൈകല്യത്തിന് 5.00 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നിർദ്ദേശിച്ചിരിക്കുന്നത്. 2.00 ലക്ഷത്തിൽപ്പരം മത്സ്യത്തൊഴിലാളികളെ ഇതിനു കീഴിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതിനായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**iii. മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കാണ് ഈ പദ്ധതി. അപകട മരണം, കാണാതാകൽ, സ്ഥിരമായ വൈകല്യം എന്നിവയ്ക്ക് 10.00 ലക്ഷം രൂപയും ഭാഗികമായ വൈകല്യത്തിന് 5.00 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നിർദ്ദേശിച്ചിരിക്കുന്നത്. 92,124 ത്തോളം അനുബന്ധ മത്സ്യത്തൊഴിലാളികളെ ഇതിനു കീഴിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതിനായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. ഗ്രാമീണ അടിസ്ഥാന വികസന നിധി (ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

നബാർഡിന്റെ മുൻഗണനാ പട്ടികയിലുള്ള തീരദേശ വികസനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫിനു കീഴിൽ ഏറ്റെടുക്കുന്നതാണ്. ഇതിനായി 2500.00 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## 2.5 സാമൂഹ്യനീതി പരിപാടി

**1. ദേശീയ സാമൂഹ്യ സഹായ പദ്ധതിയ്ക്ക് സംസ്ഥാന സഹായം ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി**

**(വിഹിതം : 3.00 ലക്ഷം രൂപ)**

'ദേശീയ സാമൂഹ്യ സഹായ പദ്ധതിയ്ക്ക് സംസ്ഥാന സഹായം-ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി' എന്ന പദ്ധതിയ്ക്കായി 2021-22ൽ 3.00 ലക്ഷം രൂപ ടോക്കൺ വിഹിതമായി വകയിരുത്തുന്നു. പ്രാദേശിക സർക്കാരുകൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ 2021-22ലെ ബജറ്റിന്റെ അനുബന്ധം IV-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# 3.സഹകരണം

## 3.1 സഹകരണം

2021-22-ൽ സഹകരണ മേഖലയ്ക്ക് മൊത്തം 159.33 കോടി രൂപ വകയിരുത്തിയിരിക്കുന്നു. 2021-22 സാമ്പത്തിക വർഷം പദ്ധതികൾ തിരിച്ചുള്ള വകയിരുത്തലും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

**സഹകരണ മേഖലയിലെ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം**

1. **സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഗവൺമെന്റിന്റെ സഹകരണ നയങ്ങൾക്കനുസൃതമായി സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വകുപ്പുതല ഓഫീസർമാരുടേയും, സഹകരണ മേഖലയിലെ തൊഴിലാളികളുടേയും, സഹകാരികളുടേയും അറിവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന പരിപാടികളുടെ പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിന്റെ ഒരു ഭാഗം
- പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനായി തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിനുള്ള സഹായം
- ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടിയനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 50 ശതമാനം വഹിക്കുന്നതിന് സഹായം.
- വകുപ്പ് ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് കെ.എസ്.സി.എ.ആർ.ഡി.ബി-യുടെ സംസ്ഥാന പരിശീലന കേന്ദ്രത്തിനുള്ള സഹായം.
- വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദഗ്ധ കമ്പ്യൂട്ടർ കോഴ്സുകളിൽ അംഗീകാരമുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്ന് പരിശീലനം നൽകുന്നതിനായുള്ള സഹായം.
- നിയമപരമായ പ്രവർത്തനങ്ങൾ, തിരഞ്ഞെടുപ്പ്, ആധുനിക ഓഡിറ്റ് പ്രവണതകൾ, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ, പഠനങ്ങൾ എന്നിവയുൾപ്പെടെ വകുപ്പുതല ജോലികളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകുന്നതിനായി സഹകരണ വകുപ്പിന്റെ പരിശീലന സ്ഥാപനങ്ങൾക്കുള്ള സഹായം.
- കേരള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി മൊത്ത വിഹിതത്തിൽ നിന്നും 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

2. **സഹകരണ പ്രചരണത്തിനുള്ള സഹായം**

**(വിഹിതം: 40.00 ലക്ഷം രൂപ)**

- സഹകരണ കോൺഗ്രസ്സുകൾ സംഘടിപ്പിക്കുക, സഹകരണ കാർഷിക വ്യവസായിക കമ്പോളത്തെക്കുറിച്ച് ദേശീയ തലത്തിൽ പ്രദർശനങ്ങൾ സംഘടിപ്പിക്കുക, സഹകരണ തത്വങ്ങളുടെ പ്രചരണം, നിക്ഷേപ സമാഹരണം എന്നിങ്ങനെയുള്ള സഹകരണ പ്രസ്ഥാന സംബന്ധിയായ കോൺഫറൻസുകൾക്ക് തുക വകയിരുത്തുന്നു.
- ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾ, പി.എ.സി.എസ് എന്നിവയ്ക്ക് നിക്ഷേപ സമാഹരണ യജ്ഞത്തിലെ ട്രോഫികൾ നൽകുക, വിശിഷ്ട സേവനത്തിനും, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, പി.എ.സി.എസ്, പി.സി.എ.ആർ.ഡി.ബി, പട്ടികജാതി പട്ടിക വർഗ്ഗ സൊസൈറ്റികൾ, വനിതാ സഹകരണ സംഘങ്ങൾ, സമുന്നത സഹകരണ സഹകാരികൾ എന്നിവർക്ക് അവാർഡുകൾ നൽകുന്നതിനുമുള്ള സഹായം.
- സഹകരണ മേഖലയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുക.

- സഹകരണ പ്രചരണത്തിനായി ഒരു ഓൺലൈൻ സംവിധാനം രൂപീകരിക്കുന്നതിനുള്ള ധനസഹായം
- പുതുതായി പേര് ചേർക്കപ്പെട്ട അംഗങ്ങൾക്കായി നടത്തപ്പെടുന്ന മെമ്പർ ഇൻഡക്ഷൻ പ്രോഗ്രാമിനു നൽകുന്ന സഹായം.
- സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനങ്ങൾ, സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള സംഘങ്ങൾ സന്ദർശിക്കുന്നതിനുമായി നടത്തുന്ന മികവ് കൈമാറ്റ സമ്പർക്ക പരിപാടിക്കായുള്ള സഹായം.
- സഹകരണ വീഥി, മാഗസിൻ, ന്യൂസ്, കത്തുകൾ, വകുപ്പുതല പ്രസിദ്ധീകരണങ്ങൾ, സർക്കുലറുകൾ, ഫോമുകൾ, പ്രൊഫോർമ മുതലായവയ്ക്കുള്ള വിഹിതവും ഉൾപ്പെടുന്നു.

2021-22 ൽ മേൽ പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. സഹകരണ വകുപ്പിൽ പരിശീലനത്തിന് സഹായം**

**(വിഹിതം: 30.00 ലക്ഷം രൂപ)**

വിവിധ നികുതി നിരക്കുകളിലുണ്ടാകുന്ന മാറ്റങ്ങൾ, സഹകരണ ചട്ടങ്ങളിലെ മാറ്റങ്ങൾ, കംപ്യൂട്ടർവത്കൃത ആഡിറ്റിംഗ്, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, സ്റ്റാറ്റ്യൂട്ടറി പ്രവർത്തനങ്ങൾ തുടങ്ങിയ വകുപ്പിന്റെ ഭരണപരമായ കാര്യങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് തുടർപരിശീലന പരിപാടികൾ നടത്തുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2021-22 ൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവന-സേവനേതര പരിശീലനങ്ങൾക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**വായ്പാ സഹകരണ സംഘങ്ങൾ**

**4. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന എൻ.സി.ഡി.സി (ഐ.സി.ഡി.പി) പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം**

**(വിഹിതം: 90.00 ലക്ഷം രൂപ)**

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ഒരു പ്രധാന പദ്ധതിയാണ് 1985-86-ൽ ആരംഭിച്ച ദേശീയ സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ മുഴുവൻ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- വിവിധോദ്ദേശ്യ സ്വയം പര്യാപ്ത സംരംഭങ്ങൾ ആയി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വികസിപ്പിക്കൽ.
- സഹകരണ സംഘങ്ങളുടെ പ്രവർത്തനപരമായ ബന്ധം വികസിപ്പിക്കുക

സംസ്ഥാനത്തിന്റെ പിന്തുണയോടുകൂടി ഐ.സി.ഡി.പി നടപ്പിലാക്കുന്നതിനായി പ്രോജക്ട് നിർവ്വഹണ ഏജൻസിയുടെ 50 ശതമാനം ചെലവ് നടത്തുന്നതിനുള്ള സഹായമാണ് ഈ പദ്ധതി. പ്രാദേശിക വികസന സമീപനത്തോടെ പ്രാദേശിക വിഭവങ്ങളും ആവശ്യകതയും കണക്കിലെടുത്തു കൊണ്ട് സഹകരണ സംഘങ്ങൾക്കായി ഒരു സ്ഥൂല പദ്ധതി തയ്യാറാക്കൽ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നു. ഒരു പദ്ധതി നടപ്പിലാക്കൽ ഏജൻസി മുഖേന ജില്ലാ കേന്ദ്ര സഹകരണ ബാങ്ക് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ലോൺ, ഓഹരി, സബ്സിഡി എന്നീ മൂന്ന്ശീർഷകങ്ങളിലായി ദേശീയ സഹകരണ വികസന പദ്ധതിക്ക് സംസ്ഥാന സർക്കാർ മുഖേന എൻ.സി.ഡി.സി ധനസഹായം നൽകുന്നു. ഗോഡൗണുകൾ, ബാങ്കിംഗ് കൗണ്ടറുകൾ, വാഹനങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, ഓഹരി, മൂലധനം, ശക്തിപ്പെടുത്തൽ/സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായം എന്നിവയ്ക്കായി ലോൺ നൽകുന്നു. പദ്ധതി നടപ്പാക്കൽ, മാനവശേഷി വികസനം, പരിശീലനം, നിരീക്ഷണം, പ്രോത്സാഹനം എന്നിവയ്ക്ക് സബ്സിഡിയും നൽകുന്നു. പദ്ധതി തുകയുടെ 30 ശതമാനം ആണ് സബ്സിഡിയുടെ പരിധി. പദ്ധതി നടപ്പിലാക്കൽ, മാനവശേഷി വികസനം, നിരീക്ഷണം, പ്രോത്സാഹനം എന്നിവയ്ക്കുള്ള സബ്സിഡി 50 : 50 എന്ന നിരക്കിൽ ഏറ്റെടുക്കുന്നതാണ്.

2021-22-ൽ പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്ക് പദ്ധതിയുടെ കീഴിൽ സഹായം നൽകുന്നതാണ്. മേൽപ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 5. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള സഹായം

**(വിഹിതം: 4000.00 ലക്ഷം രൂപ)**

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു.

- സ്വാശ്രയ സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾക്ക് (സംഘം ഒന്നിന് 1000.00 രൂപ) പ്രാഥമിക ചെലവുകൾക്കായി പലിശ സബ്സിഡി ഒഴികെയുള്ള സഹായം.
- കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് രേഖാപരമായ ഉറപ്പ് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള നിക്ഷേപ ഉറപ്പ് പദ്ധതിക്കായി നൽകുന്ന വിഹിതം.
- കേരള സഹകരണ ക്ഷേമ-വികസന ബോർഡിന്റെ റിസ്ക് ഫണ്ട് സ്കീമിലേയ്ക്കുള്ള വിഹിതം.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കുമുള്ള ഓഹരി മൂലധന സഹായത്തോടൊപ്പം, ഓഹരി, വായ്പ, സബ്സിഡി എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പദ്ധതികളിലൂടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും, എഫ്.എസ്.സി.ബി, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനുമായുള്ള സഹായം.
- നെൽകൃഷിക്ക് വായ്പ കൊടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോൽസാഹന സഹായം.
- സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പി.എ.സി.എസ്/എഫ്.എസ്.സി.ബി/ എഫ്.എസ്.സി.എസ്-ന് ലഭ്യമാക്കുന്ന പ്രോൽസാഹന സഹായം. ഇത്തരം ലോണുകൾക്ക് ഈടാക്കുന്ന പലിശ ഒരു കാരണവശാലും സഹകരണ രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ കൂടുതലാവാൻ പാടില്ലാത്തതാണ്.
- കഴിഞ്ഞവർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും ഗ്രാന്റായി പരമാവധി 25000.00 രൂപ വീതം എന്ന നിരക്കിൽ നൽകുന്ന പ്രോൽസാഹന സഹായം.
- കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് പ്രോൽസാഹന ഗ്രാന്റ്, അതിന്റെ വിലയുടെ 20 ശതമാനമോ 4.00 ലക്ഷം രൂപയോ ഏതാണോ കുറവ് അത്രയും തുക.
- ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനായുള്ള കോർപ്പസ് ഫണ്ടിലേക്കാവശ്യമായ സഹായം. പലിശ സബ്സിഡി നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്.
- എൻ.എ.ഐ.എസ് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ച് നൽകുന്നതിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കും ഓഹരി, സബ്സിഡി, വായ്പ എന്നീ രൂപത്തിൽ പദ്ധതി തുക വകയിരുത്തിയിരിക്കുന്നു.
- ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, ഹരിതഭവനങ്ങൾ സ്ഥാപിക്കുന്നതിനും മറ്റുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം

നൽകുന്നു. കേരള ഹോർട്ടികൾച്ചർ മിഷന്റെ/കൃഷി വകുപ്പിന്റേയും സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

- ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സൊസൈറ്റികൾ എടുത്ത വായ്പയുടെ പലിശ തിരിച്ചു നൽകുന്നതിനുമുള്ള സഹായം.
- സ്വയം സഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഓഹരികളായോ സബ്സിഡിയായോ പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം.
- കാർഷിക വികസന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി പരമാവധി 50000.00 രൂപ വീതം നൽകുന്നതിനുള്ള സഹായം.
- വായ്പാ സഹകരണ സംഘങ്ങളുടെ ആധുനീകവൽക്കരണത്തിനും/നവീകരണത്തിനും മാത്രമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കോർ ബാങ്കിംഗ് സൊല്യൂഷന്റെ വികസനത്തിനും നിലവിലുള്ള സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തുവാനും ദേശീയ തലത്തിലുള്ള ഐ.റ്റി വിദഗ്ധരെ താൽക്കാലികമായി നിയമിക്കുവാനും ദേശീയ തലത്തിലുള്ള ഐ.റ്റി സ്ഥാപനങ്ങളുടെ സാങ്കേതികസഹായം തേടുന്നതിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയ്ക്കായി പ്രത്യേക അനുമതി നേടേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവ ഈ പ്ലാറ്റ്ഫോമിന്റെ ഭാഗമായിരിക്കും.
  മേൽ പ്രവർത്തനങ്ങൾക്കായി 2021-22 വാർഷിക ബജറ്റിൽ 4000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സംസ്കരണ സഹകരണ സംഘങ്ങൾ**

**6. സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം – എൻ.സി.ഡി.സി. സഹായമുള്ള പദ്ധതി – സംസ്ഥാന വിഹിതം**

**(വിഹിതം: 73.00 ലക്ഷം രൂപ)**

എൻ.സി.ഡി.പി യുടെ സഹായത്തോടെ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ ദുർബല സംസ്കരണ യൂണിറ്റ് പുനരധിവസിപ്പിക്കുന്നതിനോ ഉള്ള സംസ്ഥാന സർക്കാരിന്റെ പിന്തുണയോടുകൂടിയുള്ള പദ്ധതിയാണ് ഇത്. സഹകരണാടിസ്ഥാനത്തിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ദുർബല സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50 ശതമാനം വായ്പയായി എൻ.സി.ഡി.സി നൽകുന്നതാണ്. സംസ്ഥാന സർക്കാർ- ബ്ലോക്ക് കോസ്റ്റിന്റെ 30 ശതമാനം ഓഹരി മൂലധന വിഹിതമായും 10 ശതമാനം സബ്സിഡിയായും സംഭാവന ചെയ്യുന്നതാണ്. ബാക്കി 10 ശതമാനം തുക സംഘങ്ങൾ നേരിട്ട് വഹിക്കേണ്ടതുമാണ്. അനുയോജ്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ധ സമിതി പ്രോജക്ടുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. പദ്ധതിയ്ക്കു കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു. സംസ്ഥാന വിഹിതമായ 40 ശതമാനം നൽകുന്നതിനായി തുക വകയിരുത്തുന്നു.

- പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ മൂലധനാടിസ്ഥാനം ശക്തിപ്പെടുത്തൽ
- നിലവിലുള്ള യൂണിറ്റുകളുടെ വ്യാപനം, നവീകരണം, പുനരുദ്ധാരണം/ വൈവിധ്യവല്ക്കരണം.
- സംസ്ഥാന തല കമ്മോഡിറ്റി ഫെഡറേഷനും ചരക്ക് സഹകരണ സ്ഥാപനങ്ങൾക്കും വ്യാപാരം മെച്ചപ്പെടുത്തുന്നതിനുമായി പ്രവർത്തന മൂലധനം/മാർജിൻമണി നൽകുന്നതിനുള്ള സഹായം.

മേൽപ്രവർത്തനങ്ങൾക്കായി 2021-22 വാർഷിക ബജറ്റിൽ 73.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഉപഭോക്തൃ സഹകരണ സംഘങ്ങൾ**

**7.ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ

സംരക്ഷിക്കുന്നതിലും ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ പ്രത്യേക പദ്ധതികൾക്കു വേണ്ടിയുള്ള സഹായം.
- ഗ്രാമീണ നഗര പ്രദേശങ്ങളിൽ ഉപഭോക്തൃ സംഘങ്ങളുടെ വികസനം.
- സഹകരണ ക്യാന്റീനുകൾക്ക് ഓഹരി മൂലധനം
- ഇന്ത്യൻ കോഫി ഹൗസിന്റെ ആധുനികവത്ക്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി എന്നീ രൂപത്തിലുള്ള സഹായം.
- സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായം (സബ്സിഡി/ഓഹരി).
- സ്കൂൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്ത സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനഃസംഘടനം/പുനരുദ്ധാരണം.
- നീതി സ്റ്റോറുകൾക്കും/നീതി മെഡിക്കൽ സ്റ്റോറുകൾക്കും, നന്മ സ്റ്റോറുകൾക്കും, ഓഹരി, പലിശരഹിത വായ്പാ, സബ്സിഡി എന്നിവ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നൽകുകയും അതോടൊപ്പം കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷനുമുള്ള സഹായം.
- തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ്, സഹകരണ സൊസൈറ്റികളെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുക.

**ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ**

**8. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ മുഖേനയാണ് സഹകരണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വികസിപ്പിക്കുന്നതിനായി എൽ.ഐ.സി., ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ ഉതകുന്ന തരത്തിൽ ആവശ്യമായ ഓഹരി മൂലധനം സ്വരൂപിക്കാൻ സഹായം നൽകുന്നതിനാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. അംഗീകാരം ഇല്ലാത്ത പ്രാഥമിക സംഘങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കുറഞ്ഞ വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും മുൻകൂർ സഹായം നൽകുന്നതിനു വേണ്ടിയുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2021-22 ബജറ്റിൽ ഈ പദ്ധതികൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**മറ്റു സഹകരണ സംഘങ്ങൾ**

**9. മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനാണ് ഈ പദ്ധതി. വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിൽ സഹായം നൽകി വരുന്നു.

താഴെപ്പറയുന്ന തരത്തിൽ സഹകരണ സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതാണ്.

- മോട്ടോർ ട്രാൻസ്പോർട്ട്/ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, തൊഴിലുമായി ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം
- സാഹിത്യ പ്രസാധക സഹകരണ സംഘം ഉൾപ്പെടെയുള്ള സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം
- വിദ്യാഭ്യാസ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സഹായം

- സഹകരണ കോളേജിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാനതല യുവജനോത്സവം നടത്തുന്നതിനുള്ള സഹായം
- സഹകരണ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയും സഹകരണ സംഘ ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയും ധനസഹായം
- ആശുപത്രി സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനുള്ള സഹായം
- പഞ്ചായത്ത്/താലൂക്ക്/ജില്ലാ തലത്തിലുള്ള പുതിയ ആശുപത്രി സഹകരണ സംഘങ്ങൾ ഡിസ്പെൻസറിക്കുള്ള സഹായം
- മികച്ച സജ്ജീകരണമുള്ള മെഡിക്കൽ ലബോറട്ടറികളും, ബ്ലഡ്ബാങ്കുകളും ആരംഭിക്കുന്നതിനുള്ള സഹായം
- കാർഷിക മേഖലയിൽ സുസജ്ജമായ മണ്ണ് പരിശോധനാ ലാബുകളും മറ്റും ആരംഭിക്കുന്നതിനുള്ള സഹായം
- കാര്യക്ഷമതയുള്ള പദ്ധതി വിവരണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ/ എൻ.സി.ഡി.സി/ ആർ.സി.എസ്സ്/ പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങൾക്ക് പട്ടികവർഗ്ഗ ഡയറക്ടറോ, വനിതാ സംഘങ്ങൾക്കും മറ്റ് സഹകരണ സംഘങ്ങൾക്കും സഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ, പദ്ധതി വിവരണങ്ങൾ തയ്യാറാക്കുന്നതിനു ചെലവായ തുകയുടെ പരമാവധി 25 ശതമാനമോ, അല്ലെങ്കിൽ 10000 രൂപയോ ഏതാണോ കുറവ് അത് ഐ.സി.എം.കൾക്ക് തിരിച്ച് നൽകുന്നതാണ്
- ടൂർ ഫെഡിന്റെ പ്രത്യേക പദ്ധതികൾക്കും, മെച്ചമായ രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽക്കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായം നൽകുന്നു
- അച്ചടി സംഘങ്ങളുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കുള്ള സഹായം
- സഹകരണ സംഘങ്ങൾ നടപ്പിലാക്കി വരുന്ന മാലിന്യ നിർമാർജ്ജന പദ്ധതികൾക്കുള്ള സഹായം
- പച്ചക്കറികൾ സംഭരിക്കാൻ സുവർണ്ണം ഷോപ്പുകളിൽ ശീതസംഭരണികൾ സ്ഥാപിക്കുന്നതിനുള്ള സഹായം
- ഭിന്നലിംഗക്കാരുടെ സഹകരണ സംഘങ്ങൾക്കും, അവർ അംഗങ്ങളായ സഹകരണ സംഘങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനായുള്ള ധനസഹായം
- വിവിധ സഹകരണ സ്ഥാപനങ്ങൾക്കുള്ള ഫെഡറേഷന്റെ സഹായം
- സാഹിത്യം അടിസ്ഥാനമാക്കിയുള്ള ടൂറിസത്തെ പ്രോത്സാഹിപ്പിക്കൽ, 'കൃതി സാഹിത്യമേള' (കൃതി ലിറ്ററി ഫെസ്റ്റിവൽ) നടത്തുന്നതിനും, സാഹിത്യ മ്യൂസിയം സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം

**10. പട്ടികജാതി /പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം**

**(വിഹിതം: 1400.00 ലക്ഷം രൂപ)**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം അത്യാവശ്യമാണ്. ഈ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഇത്തരം കുടുംബങ്ങൾക്ക് വരുമാനവും ഉപജീവന മാർഗ്ഗവും പ്രദാനം ചെയ്യുന്ന ധാരാളം വലിയ പദ്ധതികൾ ആരംഭിക്കാൻ സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രയോജനകരവും ലാഭകരവുമായ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ശക്തിപ്പെടുത്തുന്നതിന് 2021-22 കാലയളവിൽ താഴെ പറയുന്ന വിവിധയിനം പരിപാടികൾക്കായി 1400.00 ലക്ഷം രൂപ പദ്ധതിവിഹിതമായി നീക്കി വച്ചിരിക്കുന്നു.

- പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതാണ്.
- കെ.ജി.റ്റി.ഇ/കമ്പ്യൂട്ടർ കോഴ്സുകൾ അല്ലെങ്കിൽ മറ്റ് സർക്കാർ ഏജൻസികൾ അംഗീകരിച്ച വിവിധ കോഴ്സുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സൊസൈറ്റികൾക്ക് സഹായം.
- പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ നടത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ സഹകരണസംഘങ്ങൾക്കുള്ള സഹായം
- പ്രോജക്ട്അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും, യൂണിറ്റുകൾ ലാഭകരവും പ്രയോജനകരവുമാക്കിത്തീർക്കുന്നതിനുമുള്ള സഹായം.
- കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പുനരുദ്ധാരണത്തിനും ഭരണപരവും വികസനോൻമുഖവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും, പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകളുടെ വ്യാപനത്തിനും സഹായം.
- പ്രളയബാധിത പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സഹായം
- പരമാവധി അഞ്ച് ലക്ഷം രൂപയ്ക്ക് വിധേയമായി ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.
- അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പോഷക-ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനായുള്ള 'സമഗ്ര ആരോഗ്യ സംരക്ഷണ' പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായുള്ള പദ്ധതി വിഹിതം.
- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്രവികസനത്തിനുമായി പുനർജനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം

**11. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം**

**(വിഹിതം: 280.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് പാവപ്പെട്ട/പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടത്തിനായി വികസനത്തിന്റെ ഒരു ഇതര മാതൃക സൃഷ്ടിക്കുന്നതിൽ സഹകരണ സംഘങ്ങൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ ഈ വിഭാഗങ്ങളുടെ ഉയർച്ചയ്ക്കായി ധാരാളം പുതിയ സംരംഭങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. 2021-22-ൽ സഹകരണ മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി തുക വകയിരുത്തിയിരിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിൽ തുടർച്ചയായി മെച്ചപ്പെട്ട പ്രവർത്തന നിലവാരം കാഴ്ചവെച്ച സംഘങ്ങൾക്കുള്ള സഹായം നൽകുന്നതിന് പദ്ധതി തുക വിനിയോഗിക്കുന്നതാണ്. നൂതന കണ്ടുപിടിത്തങ്ങളും മാതൃകകളും പിന്നീട് ജനകീയവൽക്കരിക്കപ്പെടുന്നതാണ്. സുതാര്യമായ മാനദണ്ഡങ്ങളും ചട്ടങ്ങളും അടിസ്ഥാനമാക്കി സഹകരണ രജിസ്ട്രാറിന് കീഴിലുള്ള ഒരു വിദഗ്ധ സമിതി സംഘങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. 2021-22 ബജറ്റിൽ 280.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**12. സഹകരണ സംഘങ്ങളുടെ വ്യാപനത്തിനും വൈവിദ്ധ്യവത്ക്കരണത്തിനുമുള്ള ധനസഹായം.**

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ രണ്ട് ഉപപദ്ധതികൾ ഉൾപ്പെടുന്നു.

**(എ)** പ്രായോഗികമായി വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്നതാണ്. 10 ശതമാനം സബ്സിഡി, 20 ശതമാനം ഓഹരി, 20 ശതമാനം വായ്പ എന്നിങ്ങനെ പരമാവധി സഹായം പ്രോജക്ട് ചെലവിന്റെ 50 ശതമാനമാണ്. ബാക്കി തുക സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

**(ബി)** ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവയാണ് സഹായം നൽകുന്നതിന് പ്രധാനമായും പരിഗണിക്കേണ്ടത്. സഹായം പദ്ധതിച്ചെലവിന്റെ 65 ശതമാനത്തിൽ കവിയാൻ പാടില്ല. ബാക്കി തുക സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. സബ്സിഡി 20 ശതമാനം, ഓഹരി 20 ശതമാനം, ലോൺ 25 ശതമാനം എന്നീ നിരക്കിലാണ് സഹായം നൽകുന്നത്.

താഴെപ്പറയുന്ന അടിസ്ഥാന യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി സംഘങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

- സംഘങ്ങളുടെ സഞ്ചിത നഷ്ടം സ്വന്തം ഫണ്ടിനേക്കാൾ കൂടാൻ പാടില്ല.
- സംഘങ്ങൾക്ക് കുറഞ്ഞത് 10 വർഷത്തെ ഫലപ്രദമായ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.

പ്രവർത്തന രഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒറ്റത്തവണ സഹായം നൽകുന്നതാണ്. അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി, ഷെയർ, ലോൺ എന്നിവ യഥാക്രമം 1:1:2 എന്ന അനുപാതത്തിൽ നൽകേണ്ടതാണ്. പ്രവർത്തന രഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒരു പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടതാണ്. മേൽ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം: 90.00 ലക്ഷം രൂപ)**

സഹകരണ വകുപ്പിലെ വിവിധ ഓഫീസുകളിലെ നവീകരണം, കമ്പ്യൂട്ടറുകൾ, ഫോട്ടോകോപ്പി മെഷീനുകൾ, ലാപ് ടോപ്പുകൾ, ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ (ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം) മുതലായവയും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, കംപ്യൂട്ടർവത്ക്കരണത്തിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും, വാഹനങ്ങൾ വാടകയ്ക്കെടുക്കുക, ഉദ്യോഗസ്ഥർക്ക് ഇ-ഓഫീസ് പരിശീലനം നൽകുക തുടങ്ങിയവയുള്ള സഹായം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പുതിയ വാഹനങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല.

2021-22 വർഷത്തിൽ ഈ പദ്ധതിയിലേയ്ക്കായി ബജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14. ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 4800.00 ലക്ഷം രൂപ)**

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യ സഹകരണം മുതലായ പദ്ധതികൾക്കുവേണ്ടി വിഹിതം വകയിരുത്തിയിരിക്കുന്നു. നബാർഡിന്റെ അംഗീകാരത്തിനായി വിശദമായ പദ്ധതി തയ്യാറാക്കണം. 2021-22 ന്റെ പദ്ധതി വിഹിതമായി 4800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമിയ്ക്ക് നൽകുന്ന സഹായം (സി.എ.പി.ഇ)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിഹിതം വകയിരുത്തിയിരിക്കുന്നു. 2021-22 കാലഘട്ടത്തിൽ പുതിയ അക്കാദമിക് കോഴ്സുകൾ ആരംഭിക്കാൻ സഹായിക്കുന്നതാണ് പദ്ധതി. 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. കർഷക സേവന കേന്ദ്രം (എഫ്.എസ്.സി)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി കർഷക സേവനകേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ ശക്തിപ്പെടുത്തുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

ഈ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

- കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി തുടങ്ങിയവയെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക.
- ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിന്റെ ഒരു കേന്ദ്രമായി പ്രവർത്തിക്കുന്നു. ഇവ നിരന്തരമായി സ്വയം സഹായക കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു.

  ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് പഞ്ചായത്തുകളും കൃഷി വകുപ്പും ഒരുമിച്ചുള്ള ഒരു ഏകോപന പ്രക്രിയ വികസിപ്പിച്ചെടുക്കേണ്ടതാണ്.

  2021-22 ലെ പദ്ധതി വിഹിതം താഴെ പറയുന്ന പ്രവൃത്തികൾക്കായി നീക്കി വെച്ചിരിക്കുന്നു.
- മികച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് അവാർഡ്
- നിലവിലുള്ള കർഷക സേവന കേന്ദ്രങ്ങളിലെ സുസ്ഥിര സംഘങ്ങളുടെ നൂതന പ്രവർത്തനങ്ങൾക്ക് പദ്ധതി അടിസ്ഥാനത്തിൽ സഹായം
- കൃഷിക്കാവശ്യമായ യന്ത്രവൽകൃത സേവനങ്ങൾ നൽകുന്നതിനും, ജൈവകൃഷി, ജൈവ വളശാലകൾ, നഴ്സറികൾ, മറ്റ് സേവനങ്ങൾ എന്നിവ നൽകുന്നതിനുള്ള സഹായം
- പുതിയതായി കർഷക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന്

**17. വിപണന സഹകരണ സംഘങ്ങൾക്കായുള്ള സഹായം**

**(വിഹിതം: 250.00 ലക്ഷം രൂപ)**

വിവിധ കാർഷിക ഉല്പന്നങ്ങൾക്കായി വിപണന അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ പറ്റുന്നതും വരുമാനം ഉളവാക്കാൻ പറ്റുന്നതുമായ പദ്ധതികൾ നൽകിക്കൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുവാൻ സഹായം നൽകുന്നു. സംഘങ്ങളുടെ പ്രവർത്തനം, പദ്ധതികളുടെ പ്രായോഗികത എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് സഹായം നൽകുന്നു. പദ്ധതിയിൻ കീഴിൽ സംഘങ്ങൾക്ക് നടപ്പിലാക്കാനാകുന്ന മൂല്യവർദ്ധന പ്രവർത്തനങ്ങളാണ് തരംതിരിക്കലുകൾ, ഗ്രേഡിംഗ്, പാക്കിംഗ്, കാർഷിക സംസ്കരണ യൂണിറ്റുകളുടെ ലേബലിംഗ് തുടങ്ങിയവ. പ്രോജക്ട് റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായവും കേരളസംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന് വിപണനവുമായി ബന്ധപ്പെട്ട് നവീകരണ പ്രവർത്തനങ്ങൾക്കുള്ള സഹായവും നൽകുന്നു. മേൽ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം**

**(വിഹിതം: 140.00 ലക്ഷം രൂപ)**

പ്രാഥമിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ സഹകരണ സംഘങ്ങളുടേയും ആധുനികവത്ക്കരണത്തിനും, കംപ്യൂട്ടർവത്ക്കരണത്തിനുമായി തുക വകയിരുത്തിയിരിക്കുന്നു. ഈ ഉദ്ദേശത്തിനായി രൂപപ്പെടുത്തിയ ചട്ടപ്രകാരം പരാമർശിച്ചിട്ടുള്ള അനുപാതത്തിൽ വായ്പ, ഓഹരി, സബ്സിഡി രൂപത്തിലാണ് സഹായം ലഭ്യമാകുന്നത്. 2021-22 വർഷത്തിൽ ഈ പദ്ധതിയിലേയ്ക്കായി 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19. സഹകരണ സംരഭകത്വം – തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ഓരോ ജില്ലകളിലും ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രിക്കൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉല്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുന്നതിലേയ്ക്കുമായാണ് തുക വകയിരുത്തിയിട്ടുള്ളത്. മൂല്യ വർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. പാലക്കാട് നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സൊസൈറ്റിയ്ക്കുള്ള സഹായവും ഈ പദ്ധതിയ്ക്കു കീഴിൽ വകയിരുത്തിയിട്ടുണ്ട്. 2021-22 വാർഷിക ബജറ്റിലെ പ്രവർത്തനങ്ങൾക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 20. വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം

**(വിഹിതം: 300.00 ലക്ഷം രൂപ)**

വനിത സഹകരണ സംഘങ്ങളുടെ വികസനത്തിനായാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രധാനപ്പെട്ട പദ്ധതികൾ ഇവയാണ്.

- ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം.
- വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിത സൊസൈറ്റികൾക്കും, വനിത ഫെഡറേഷനുകൾക്കും ആധുനിക വത്ക്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമായുള്ള സഹായം.
- ചെറുകിട വ്യവസായം ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി വനിതാ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- പരമാവധി 5 ലക്ഷം രൂപയ്ക്ക് ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിത സഹകരണ സൊസൈറ്റികൾക്ക് പ്രോത്സാഹനം നൽകുന്നു.
- കേരള വനിതാസഹകരണ ഫെഡറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള വികസന/സ്ഥാപന ചിലവുകൾ നിറവേറ്റുന്നതിനും പുതിയ സംരംഭകത്വ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനായി പ്രത്യേക വൈദഗ്ധ്യ പരിശീലനം (ഷീസ്കിൽസ് ) നൽകുന്നതിനുള്ള സഹായം

2021-22 വാർഷിക ബജറ്റിൽ പദ്ധതിയ്ക്ക കീഴിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു. പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും.

## 21. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം

**(വിഹിതം: 100.00 ലക്ഷം രൂപ)**

സഹകരണ വായ്പ ഘടന പുന:സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നിവയെ സംയോജിപ്പിച്ച് സാമ്പത്തികവും സാങ്കേതികവുമായി ശക്തിപ്പെടുത്തി കേരള കോ-ഓപ്പറേറ്റീവ് ബേങ്ക് രൂപീകരിക്കുന്നതിനുള്ള സഹായം. സഹകരണ സംഘങ്ങളേയും സഹകാരികളേയും സേവിക്കുക എന്നതോടൊപ്പംതന്നെ സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തികവളർച്ചയിലും പുരോഗതിയിലും ഭാഗഭാഗാക്കുകയും ചെയ്യുക എന്നതാണ് കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. എല്ലാ ഓവർലാപ്പുകളും ഒഴിവാക്കി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മുഖ്യധാര പങ്കാളിത്തം നൽകി അവയ്ക്കനുകൂലമായ ഒരു വികാസത്തിനുള്ള പിന്തുണ നൽകുക എന്നതായിരിയ്ക്കും കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തന തത്ത്വം.

കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 22. കെയർ കേരള പദ്ധതി സഹായം

**(വിഹിതം. 40.00 ലക്ഷം രൂപ)**

കെയർ കേരളയിൽ മൂന്ന് പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളത്

**കെയർഹോം:-** കെയർഹോം പദ്ധതിയുടെ കീഴിൽ ഒന്നാംഘട്ടമായി 2092 വീട്ടുകൾ നിർമ്മിക്കുകയും അതിൽ 2000 വീട്ടുകൾ കൈമാറുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ സ്ഥലമില്ലാത്ത വീടില്ലാത്ത കുടുംബങ്ങൾക്ക് ഫ്ലാറ്റ്/വാസസ്ഥലങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

**കെയർ ലോൺ:-** ദുരന്തബാധിതർക്ക് പ്രത്യേക ആവശ്യങ്ങൾക്കായുള്ള വായ്പാ പദ്ധതികൾക്ക് രൂപം നൽകുന്നതിനാണ് കെയർ ലോൺ ഉദ്ദേശിക്കുന്നത്.

**കെയർഗ്രേസ്:-** പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണവും, കുടുംബങ്ങൾക്ക് കൗൺസിലിംഗ് പരിപാടികൾ നടത്തിയും സഹായകേന്ദ്രങ്ങൾ വഴി അവരിൽ ജീവിത പുനസൃഷ്ടിക്കായുള്ള ആത്മവിശ്വാസവും പ്രതീക്ഷയും വീണ്ടെടുക്കാനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി 2021-22 ബഡ്ജറ്റിൽ 40.00 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തുന്നു.

**23. സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്കുള്ള ധനസഹായം (മെമ്പർ റിലീഫ് ഫണ്ട്)**

**(വിഹിതം. 400.00 ലക്ഷം രൂപ)**

സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ സൂക്ഷിക്കപ്പെട്ട് കൈകാര്യം ചെയ്തുവരുന്ന സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ധനസഹായം വകയിരുത്തിയിരിക്കുന്നു. ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും സഹകരണവകുപ്പിലെ സർക്കാർ സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

സഹകരണ സംഘങ്ങളിലെ അംഗങ്ങളായവരിൽ മാരകരോഗബാധിതരായവർ (അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി.ബാധിതർ, ഗുരുതരമായ ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ, കരൾ സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ), വാഹനാപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർ/ശയ്യാവലംബരായവർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ, മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട കുട്ടികൾ എന്നിവർക്ക് സാമ്പത്തികസഹായം നൽകുന്നതിനാണ് മെമ്പർ റിലീഫ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. 2021–22 ബജറ്റിൽ 400.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തുന്നു.

**24. അഗ്രിക്കൾച്ചറൽ കോ–ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)യ്ക്കുള്ള സഹായം**

**(വിഹിതം. 50.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിന്റെ നടത്തിപ്പിൽ ആയിരുന്ന അഗ്രിക്കൾച്ചറൽ കോ–ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ) നെ 2018 നവംബറിൽ സ്വയംഭരണ പദവിയിലേയ്ക്ക് ഉയർത്തിയിരുന്നു. ഈ പദവി നേടിയതോടെ സ്ഥാപനത്തിന് സഹകരണമേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടതുണ്ട്. സഹകരണ മേഖലയിൽ വൈദഗ്ദ്ധ്യവികസനവും ജോലി സംബന്ധമായുള്ള പരിശീലന പരിപാടികൾ നടത്തുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വരും വർഷങ്ങളിൽ ഇത് ഒരു സ്വയംഭരണാധികാര സ്ഥാപനമായി വളർത്തുകയെന്ന ലക്ഷ്യത്തോടെ രാജ്യത്തിന് അകത്തും പുറത്തുമുള്ള പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ നടത്തുന്നത് വഴി ഇതിനായുള്ള അധിക തുക കണ്ടെത്താവുന്നതാണ്. 2021–22 ബജറ്റിൽ 50.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തുന്നു .

**25. പി.എ.സി.എസ് വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുൻസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം (പുതിയത് )**

**(വിഹിതം 400.00 ലക്ഷം രൂപ)**

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുൻസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസിന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഉപഭോക്താവ് ഒരു ചില്ലറ വ്യാപാരിയോ അല്ലെങ്കിൽ മൊത്ത വ്യാപാരിയോ ആകാം, വിൽപ്പന നേരിട്ട് ഒരു വിലപേശലിലൂടെ നടക്കുന്നു. ഇതിലൂടെ ഗ്രാമീണ കമ്പോളങ്ങളുടെ സാമിപ്യം, ന്യായവില, പാഴ്ചെലവ് ഇല്ലാതാക്കൽ, ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവ മെച്ചപ്പെടുത്താൻ കഴിയും. 2021–22 ബജറ്റിൽ ഈ പദ്ധതിയുടെ കീഴിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തുന്നു. സുഭിക്ഷകേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**26. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം (പുതിയത് )**

**(വിഹിതം 300.00 ലക്ഷം രൂപ)**

എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും വിളവെടുപ്പ് കാലയളവിൽ കർഷകരിൽ നിന്ന് കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കാനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾക്ക് ഉൽപ്പാദനവുമായി

ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്കുള്ള സഹായം നൽകുന്നു. പ്രമുഖ മാർക്കറ്റിംഗ് സൊസൈറ്റികളിലൂടെയും മാർക്കറ്റ് ഫെഡിന്റേയും ഏകോപനത്തിലൂടെ പദ്ധതി നടപ്പിലാക്കും. 2021-22 കാലയളവിലെ ബജറ്റിൽ 300.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. സുഭിക്ഷകേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

മൊത്തത്തിലുള്ള വിഹിതത്തിൽ നിന്ന് 50.00 ലക്ഷം രൂപ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം സർവ്വീസ് സഹകരണ സൊസൈറ്റിക്കായി വകയിരുത്തിയിരിക്കുന്നു. നൂതന കാർഷിക പ്രവർത്തനങ്ങൾ, സാങ്കേതിക സഹായം, വിജ്ഞാനകേന്ദ്രങ്ങൾ, ജൈവരൂപീകരണം, ജൈവനിയന്ത്രണ സൗകര്യങ്ങൾ, കൃഷിക്കാരിൽ നിന്നും തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പനശാലകൾ തുടങ്ങി കാർഷികമേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള നൂതന പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

മൊത്തത്തിലുള്ള അടങ്കൽ തുകയിൽ 25.00 ലക്ഷം രൂപ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നാളികേര നഴ്സറി തുടങ്ങുന്നതിനായി വകയിരുത്തുന്നു. ഇതുവഴി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് സംസ്ഥാനതല നാളികേര നടീൽ പദ്ധതിക്കുള്ള സഹായം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ബാങ്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കും.

ഇടുക്കി ജില്ലയിലുള്ള തങ്കമണി സർവ്വീസ് സഹകരണ ബാങ്കിനായി 25.00 ലക്ഷം രൂപ സംസ്കരണ സൗകര്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയിരിക്കുന്നു. ബാങ്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കും.

# 4. ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും

ജലസേചനത്തിനും വെള്ളപ്പൊക്കനിയന്ത്രണത്തിനുമായി 2021–22–ലെ ബജറ്റിൽ 469.69 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ കേന്ദ്രാവിഷ്കൃതപദ്ധതികൾക്കായുള്ള സംസ്ഥാനവിഹിതം, സംസ്ഥാനത്തിന് പുറമെനിന്നുള്ള ധനസഹായം (EAP), ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനനിധി (ആർ.ഐ.ഡി.എഫ്) എന്നിവ ഉൾപ്പെടുന്നു. ഈ മേഖലയിൽ 2021–22–ൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ബജറ്റിൽ 2021–22–ന്റെ ഉപമേഖലാ തലത്തിലുള്ള വകയിരുത്തൽ**

**(രൂപ കോടിയിൽ)**

| ക്രമനമ്പർ | ഉപമേഖല | ബജറ്റ് വകയിരുത്തൽ 2021–22 |
|---|---|---|
| 1 | വൻകിട– ഇടത്തരം ജലസേചനം | **220.25** |
| 2 | ചെറുകിടജലസേചനം | **168.04** |
| | I. ഭൂഗർഭജലവികസനം | 25.80 |
| | II. ഉപരിതലജലവികസനം | 142.24 |
| 3 | കമാന്റ് ഏരിയ വികസനം | **1.00** |
| 4 | വെള്ളപ്പൊക്കനിയന്ത്രണവും തീരദേശസംരക്ഷണവും | **80.40** |
| | i. വെള്ളപ്പൊക്കനിയന്ത്രണം | 77.00 |
| | ii. തീരദേശസംരക്ഷണം | 3.40 |
| | **ആകെ** | **469.69** |

വൻകിട–ഇടത്തരം ജലസേചന പദ്ധതികളിൽ നിന്നും ചെറുകിട ജലസേചന പദ്ധതികളിലേയ്ക്കുള്ള ഒരു മാറ്റമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ജലസേചിത പ്രദേശം വർദ്ധിപ്പിക്കുന്നത് വഴി കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും വിഭാവനം ചെയ്യുന്നു.

## 4.1 വൻകിട ഇടത്തരം ജലസേചനം

നിലവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ, അവയുടെ നിർമ്മാണഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികൾ പരിഹരിച്ചുകൊണ്ട്, പദ്ധതികൾ ആരംഭിച്ചപ്പോൾ വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കുവാൻ ഊന്നൽ നൽകിയിരിക്കുന്നു. പദ്ധതി പൂർത്തീകരണത്തിനുള്ള കാലതാമസം, ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ തുടങ്ങിയ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ പദ്ധതികൾ ഘട്ടംഘട്ടമായി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജലസേചന പദ്ധതികളുടെ, പദ്ധതി നിർവ്വഹണവേളയിൽ ഉൾപ്പെടെയുള്ള, നിരീക്ഷണവും വിശകലനവും:-** സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികളിൽ, പ്രത്യേകിച്ച് ജലസേചന പദ്ധതികളുടെ നിർവ്വഹണത്തിൽ, വളരെയധികം കാലതാമസമുണ്ടാകുന്നതായി നിരീക്ഷിച്ചിട്ടുണ്ട്. 2021–22 മുതൽ എല്ലാ ജലസേചന പദ്ധതികളുടെയും (വൻകിട, ഇടത്തരം, സൂക്ഷ്മ ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ) നിരീക്ഷണം തേർഡ് പാർട്ടി രീതി മുഖേന നടപ്പിലാക്കേണ്ടതാണ്.

### 1. ഇടമലയാർ ജലസേചന പദ്ധതി

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ഇടമലയാർ പദ്ധതി മുഖേന 14394 ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 13209 ഹെക്ടർ പ്രദേശം കൃഷിയിടമാണ്. ഇടമലയാർ ജലവൈദ്യുത പദ്ധതിയിൽ നിന്നും പുറത്തേക്ക് വിടുന്ന ജലമാണ് ജലസേചനാവശ്യത്തിന് ഉപയോഗിക്കുന്ന സ്രോതസ്സ്. പെരിയാർ ബാരേജിൽ നിന്നും തുടങ്ങി വലത്തോട്ടുള്ള കനാലിന്റെ നിർമ്മാണമാണ് പദ്ധതിയുടെ പ്രധാന ഘടകം. ഈ പ്രധാന കനാൽ രണ്ടായി തിരിയുന്നു –27.25 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ലോലെവൽ കനാലും, 7.582 കി.മീ. ദൈർഘ്യമുള്ള ഒരു ലിങ്ക് കനാലും. ലിങ്ക് കനാലിനെ ചാലക്കുടി ഇടത് കര പ്രധാന കനാലുമായി പൂതൻകുട്ടി എന്ന സ്ഥലത്ത് ബന്ധിപ്പിക്കുവാൻ വിഭാവനം ചെയ്യുന്നു. 1981 ൽ ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ 17.85 കോടി രൂപയാണ്.

32.278 കി.മീ. നീളത്തിലുള്ള പ്രധാന കനാലിന്റെ പ്രവർത്തികളും, 15 കി.മീ നീളത്തിൽ ലോ ലെവൽ കനാലിന്റെ പ്രവർത്തികളും പൂർത്തീകരിച്ചു. എം.സി റോഡ് ക്രോസിംഗിന്റെ ഭാഗമുള്ള പ്രവൃത്തികൾ 'പുഷ്ത്രൂ' സമ്പ്രദായത്തിൽ കൂടി പൂർത്തീകരിച്ചതിലൂടെ ലോ ലെവൽ കനാലിന്റെ (എൽ.എൽ.സി) ചെ.12540 മീറ്റർ വരെ ജലം ലഭ്യമാക്കുവാൻ സാധിച്ചു. എൽ.എൽ.സിയിലെ റെയിൽവെ ക്രോസിംഗ് പ്രദേശത്തെ പ്രവൃത്തികൾ 2021–22 ൽ പൂർത്തീകരിക്കും. എൽ.എൽ.സി യിലെ ഫ്ലഷ് എസ്കേപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ, എൽ.എൽ.സി യുടെ അറ്റം വരെ ജലലഭ്യത സാധ്യമാകും. ഈ പദ്ധതിക്കായി 2020 മാർച്ച് മാസം വരെ 493.00 കോടി രൂപ ചെലവഴിച്ചു, ഇതിലൂടെ 4429 ഹെക്ടർ പ്രദേശത്ത് ജലസേചനം സാധ്യമായി.

2021–22 ബജറ്റിൽ 2000.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവൃത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

- കാഞ്ഞൂർ തെക്കുംഭാഗം ശാഖാ കനാലിന്റെ ഭൂമി ഏറ്റെടുപ്പും, നിർമ്മാണ പ്രവൃത്തികളും
- ലോ ലെവൽ കനാൽ – ചെ.14623 മീറ്ററിൽ ഫ്ലഷ് എസ്കേപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ.
- ലോ ലെവൽ കനാലിൽ, (ചെ.13818.5 മീറ്റർ മുതൽ 13879 മീറ്റർ വരെ) പ്രഷർ സൈഫണിന്റെ നിർമ്മാണം
- അംഗീകാരം ലഭിച്ച സ്പിൽഓവർ പ്രവൃത്തികൾക്ക്.
- കേടുപാടുകൾ തീർക്കൽ, പരിപാലന പ്രവൃത്തികൾ
- നിർബന്ധിത ചെലവുകൾക്ക്

ഭൂമിയുടെ വിലയിലുണ്ടായ വൻ വർദ്ധനവ് കണക്കിലെടുത്ത്, കാഞ്ഞൂർ തെക്കുംഭാഗം ശാഖാ കനാലിന്റെ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി 'റൈറ്റ് ഓഫ് വേ' സമ്പ്രദായം അവലംബിക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

**2. മൂവാറ്റുപുഴ ജലസേചനപദ്ധതി**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ഇടുക്കി ജല വൈദ്യുത പദ്ധതിയിൽ നിന്നും പുറംതള്ളപ്പെടുന്ന ജലം ഉപയോഗിച്ച് എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലായി ജലസേചനം നടത്തുന്നതിനും, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും, വ്യാവസായികാവശ്യത്തിനും, ജലസേചിതപ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. 1974-ൽ ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ 20.86 കോടി രൂപയായിരുന്നു. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച സാങ്കേതിക സമിതി നിർദ്ദേശിച്ചതിൻപ്രകാരം, മൂവാറ്റുപുഴവാലി ജലസേചനപദ്ധതിയുടെ കമ്മീഷനിംഗ് 10.07.2020 ൽ നടക്കുകയുണ്ടായി. പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്ന അയാക്കട്ട് 35619 ഹെക്ടറും (മൊത്തം), 18173 ഹെക്ടറും (അറ്റ) ആയിരുന്നു. എന്നാൽ പദ്ധതി കമ്മീഷൻ ചെയ്ത തീയതി പ്രകാരം കൈവരിച്ച നേട്ടം 33670 ഹെക്ടറും (മൊത്തം) 17179 ഹെക്ടറും (അറ്റ) ആണ്. 10.07.2020 പ്രകാരം പദ്ധതിക്കായി ചെലവഴിച്ച ആകെ തുക 1083.64 കോടി രൂപയാണ്. 2021–22 ബജറ്റിൽ 2000.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവൃത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

- ഇടയാർ വിതരണശൃംഖലയിൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന്
- കേടുപാടുകൾ തീർക്കൽ, പരിപാലന പ്രവൃത്തികൾ
- അംഗീകരിച്ച സ്പിൽഓവർ ചെലവുകൾക്ക്

2021 –22 ൽ ഈ പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ ഒന്നും ഏറ്റെടുക്കുന്നതല്ല

**3. കാവേരി നദീതടപദ്ധതി**

കാവേരിനദിയിലെ 726 ടി.എം.സി ജലത്തിൽ, 30 ടി.എം.സി ജലം സംസ്ഥാനത്തിന് കാവേരി ട്രിബ്യൂണൽ 2007 ൽ അനുവദിച്ചിരുന്നു. ഇതിൽ 21 ടി.എം.സി. കബനി സബ് ബേസിനിലും 6 ടി.എം.സി. ഭവാനി സബ് ബേസിനിലും, 3 ടി.എം.സി പാമ്പാർ ബേസിനിലും ഉൾപ്പെടുന്നു. ഏകദേശം 81115 ച.കി.മീ. വരുന്ന കാവേരി നദീതടപ്രദേശം കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിലും ആയി വ്യാപിച്ചു കിടക്കുന്നു. ഇതിൽ കേരളത്തിലെ വൃഷ്ടിപ്രദേശം എന്നു പറയുന്നത് 2866 ച.കി.മീ. ആണ്. ജലവിഭവങ്ങളുടെ വിനിയോഗത്തിനായി

ഇടത്തരം ചെറുകിട ജലസേചന പദ്ധതികളുൾപ്പെടുത്തിക്കൊണ്ട് ഒരു നദീതട വികസന പദ്ധതി നടപ്പിലാക്കുന്നതാണ്.

**(എ) കബനി ഉപനദീതടം**

കാരാപ്പുഴപദ്ധതിയും, ബാണാസുരസാഗർ പദ്ധതിയുമാണ് സംസ്ഥാനത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 2 ഇടത്തരം ജലസേചന പദ്ധതികൾ.

**a. കാരാപ്പുഴ ജലസേചനപദ്ധതി**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

അഞ്ചാം പഞ്ചവൽസരപദ്ധതിക്കാലത്ത് വയനാട് ജില്ലയിൽ ആരംഭിച്ച ആദ്യ ജലസേചനപദ്ധതിയാണ് കാരാപ്പുഴ ജലസേചനപദ്ധതി. കാരാപ്പുഴയ്ക്ക് കുറുകെ വഴവറ്റ എന്ന സ്ഥലത്ത് ഒരു അണക്കെട്ട് നിർമ്മിച്ച് വയനാട് ജില്ലയിലെ 5221 (അറ്റ) ഹെക്ടർ സ്ഥലത്ത് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിക്ക് 1978-ൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. മേയ്-ജൂൺ മാസങ്ങളിലും, രണ്ടാംവിള കാലഘട്ടത്തിലും ജലസേചനസൗകര്യം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

1978-ൽ 7.60 കോടി രൂപയ്ക്ക് ആസൂത്രണകമ്മീഷൻ ഭരണാനുമതി നൽകിയ ഈ പദ്ധതിയിലൂടെ ജലസേചനസാധ്യതാ പ്രദേശമായി 8721 ഹെക്ടർ കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നു. 11.02.2005 ൽ അണക്കെട്ട് പ്ലഗ്ഗ് ചെയ്തതിനു ശേഷം ജലം ശേഖരിച്ചു വരുന്നു. പദ്ധതിയുടെ പ്രധാന പണികൾ പൂർത്തീകരിക്കപ്പെടുകയും, 20.06.2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്യപ്പെടുകയും ഉണ്ടായി. 560 കോടി രൂപയാണ് ഭേദഗതി ചെയ്ത അടങ്കൽ തുക. 2020 മാർച്ച് മാസം വരെ ഈ പദ്ധതിക്ക് 334.20 കോടി രൂപ ചെലവഴിച്ചു. 601 ഹെക്ടർ നേട്ടം ഇതുവരെ കൈവരിക്കുവാൻ സാധിച്ചു. സാങ്കേതിക സമിതിയുടെ നിർദ്ദേശം അനുസരിച്ചും, ഇതുമായി ബന്ധപ്പെട്ട തുടർ ചർച്ചകളുടെ അടിസ്ഥാനത്തിലും 2021 ൽ പദ്ധതി കമ്മീഷൻ ചെയ്യുനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതിയുടെ ഹെഡ് വർക്സിന്റെ പണികളും, ഇടതുകര കനാലിന്റെ 16.59 കി.മീ നീളത്തിലും, വലതുകര കനാലിന്റെ 8.805 കി.മീ നീളത്തിലുള്ള പണികളും പൂർത്തീകരിച്ചു. രണ്ട് പ്രധാന തടസ്സങ്ങൾ പരിഹരിച്ചു – 1) വലതുകര പ്രധാന കനാലിൽ ഇടക്കരവയൽ പ്രദേശത്തെ (ചെ.7673 മീ. മുതൽ 7888 മീ. വരെ) തടസ്സം നീക്കം ചെയ്തു. 2) പടിഞ്ഞാറെ വീട് ശാഖാ കനാലിൽ ചെ. 330 മീറ്ററിന് സമീപമുള്ള പാറക്കെട്ട് പ്രദേശത്തെ തടസ്സങ്ങൾ നീക്കം ചെയ്തു. 2017 ഫെബ്രുവരി മാസം മുതൽ ഇടതുകര പ്രധാന കനാലിലൂടെ 15.30 കി.മീ വരെ പരീക്ഷണാടിസ്ഥാനത്തിൽ ജലവിതരണം നടത്തുകയുണ്ടായി. വലതുകര പ്രധാന കനാലിൽ ചെ. 7673 മീറ്റർ മുതൽ 7888 മീറ്റർ വരെയുള്ള പ്രദേശത്തെ തടസ്സം നീക്കം ചെയ്യുന്നതിലൂടെ, വലതുകര കനാലിന്റെ വാലറ്റം വരെ (ചെ. 8805 മീറ്റർ) ജലവിതരണം സാധ്യമാകുകയും, ഇതുമൂലം 44.47 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കുകയും ചെയ്യും. 2020-21 അവസാനത്തോടുകൂടി പ്രധാന കനാൽ (ഇടതും, വലതും) മുഴുവനായും പ്രവർത്തനക്ഷമമാകും. ഇതിലൂടെ 636.48 ഹെക്ടർ പ്രദേശത്ത് ജലസേചനം സാധ്യമാകും (അരിമുണ്ട വിതരണ ശൃംഖലയുടെ 60.31 ഹെക്ടർ അയാക്കട്ട് ഉൾപ്പെടെ) 2021-22 ൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നിർദ്ദേശിച്ചിരിക്കുന്നത്.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കാരാപ്പുഴ റിസർവ്വോയറിന്റെ സംഭരണ ശേഷി പൂർണ്ണതോതിൽ എത്തിക്കുന്നതിനായി 8.12 ഹെക്ടർ സ്ഥലം ഏറ്റെടുക്കൽ |
| 2 | പടിഞ്ഞാറെവീട് ശാഖാ കനാലിന്റെ നിർമ്മാണം – ചെ 710.മീറ്റർ മുതൽ 1410 മീറ്റർ വരെ (ചെ1110. മീറ്റർ മുതൽ 1210 മീറ്റർ വരെയുള്ള ഇടിഞ്ഞ പ്രദേശം ഉൾപ്പെടെ) |
| 3 | വലതുകര കനാലിന്റെ 4 വിതരണ ശൃംഖലകളുടെ നിർമ്മാണ പ്രവർത്തികൾ - അരിമുള വിതരണ ശൃംഖല, പൊങ്കിണിത്തൊടി വിതരണ ശൃംഖല, വള്ളിപ്പേട്ട വിതരണ ശൃംഖല, ചിക്കള്ളൂർ വിതരണ ശൃംഖല |
| 4 | അംഗീകാരം ലഭിച്ച സ്പിൽഓവർ പ്രവൃത്തികൾക്ക് |
| 5 | കേടുപാടുകൾ തീർക്കുന്നതിനും, പരിപാലന പ്രവൃത്തികൾക്കും |
| 6 | അംഗീകാരം ലഭിച്ച സ്പിൽഓവർ ചെലവുകൾക്ക് |

മേൽ പറഞ്ഞ പ്രവൃത്തികൾക്കായി 2021-22 വർഷത്തിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ, 682.00 ലക്ഷം രൂപ റിസർവ്വോയറിന്റെ സ്ഥലം ഏറ്റെടുപ്പുമായി

ബന്ധപ്പെട്ട പ്രവൃത്തികൾക്കും 400.00 ലക്ഷം രൂപ അരിമുള, പൊങ്കിണിത്തൊടി, വള്ളിപ്പേട്ട, ചിക്കള്ളൂർ എന്നീ നാല് വിതരണ ശൃംഖലകളുടെ പ്രവൃത്തികൾക്ക് വേണ്ടിയും വകയിരിത്തിയിരിക്കുന്നു.

**b. ബാണാസുരസാഗർ ജലസേചനപദ്ധതി**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

ബാണാസുരസാഗർ ജലസേചന പദ്ധതിയിലൂടെ 2800 ഹെക്ടർ സ്ഥലത്ത് രണ്ടും മൂന്നും വിളകൾക്ക് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. വയനാട് ജില്ലയിൽ പനമരം നദിയുടെ ശാഖയായ കരമൻ തോടിനു കുറുകെ വൈദ്യുതി ബോർഡ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നു. 8.00 കോടി രൂപ അടങ്കലോടെ ആരംഭിച്ച ഒരു പദ്ധതിയാണിത്. 2016-ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം ഈ പദ്ധതിയുടെ അടങ്കൽ തുക 165.98 കോടി രൂപയാണ്. 2.73 കി.മീ നീളത്തിലുള്ള പ്രധാന കനാലും, 2 ശാഖാ കനാലുകളുമാണുള്ളത് – 9.030 കി.മീ നീളമുള്ള പടിഞ്ഞാറത്തറ ശാഖാ കനാലും, 5.390 കി.മീ നീളമുള്ള വെണ്ണിയോട് ശാഖാ കനാലും. പ്രധാന കനാലിന്റെ 2360 മീ. നീളത്തിലുള്ള കനാലിന്റെ പണികൾ പൂർത്തീകരിച്ചു. വെണ്ണിയോട്, പടിഞ്ഞാറത്തറ ശാഖാകനാലുകളുടെ പ്രവർത്തികൾ പുരോഗതിയിലാണ്. 2020 മാർച്ച് മാസം വരെയുള്ള പദ്ധതിച്ചിലവ് 64.17 കോടി രൂപയാണ്. 1200.00 ലക്ഷം രൂപ 2021-22 ൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | പ്രധാന കനാലിൽ ലാസ്റ്റ് ബാരൽ, അക്വിഡക്റ്റ് എന്നിവയുടെ നിർമ്മാണം (ചെ. 1130 മീറ്റർ മുതൽ1500 മീറ്റർ വരെ), സി ഡി പ്രവൃത്തികൾ ഉൾപ്പെടെ |
| 2 | കാപ്പംകുന്ന് വിതരണ ശ്രൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ |
| 3 | പോരാൽ വിതരണശൃംഖലയുടെ പ്രവൃത്തികൾ |
| 4 | അംഗീകാരം ലഭിച്ച സ്പിൽഓവർ പ്രവൃത്തികൾ |
| 5 | കേടുപാടുകൾ തീർക്കുന്നതിനും, പരിപാലന പ്രവൃത്തികൾക്കും |
| 6 | അംഗീകാരം ലഭിച്ച സ്പിൽഓവർ ചെലവുകൾക്ക് |

**c. കാവേരി നദീതടത്തിലെ ചെറുകിട ജലസേചനപദ്ധതികൾ**

**(വിഹിതം: 300.00 ലക്ഷം രൂപ)**

കാവേരി നദീതടത്തിലെ കുളങ്ങളുടെ നവീകരണമുൾപ്പെടെയുള്ള ക്ലാസ്സ് രണ്ടിൽപ്പെടുന്ന ചെറുകിട ജലസേചന പദ്ധതികൾ ഈ വിഹിതം ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്.

ചെക്ക്ഡാമുകൾ നിർമ്മിച്ചും മറ്റ് മാർഗ്ഗങ്ങളിലൂടെയും നദികൾ പുനരുദ്ധരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഒരു മുൻഗണന. മലയോരപ്രദേശങ്ങളിലെ ചെറിയ അരുവികൾ വികസന പരിപാടികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട ജലസേചനപദ്ധതികൾ നടപ്പിലാക്കാൻ വയനാടിന്റെ ഭൂപ്രകൃതി അനുയോജ്യമാണ്. ജലസേചനത്തിനും, കുടിവെള്ളത്തിനും, ഭൂഗർഭജലം പുനരുജ്ജീവിപ്പിക്കുന്നതിനും ഇത് സഹായകരമാകുന്നു. കബനി, പാമ്പാർ നദീതടത്തിൽ ചെറിയ അരുവികൾ വികസിപ്പിക്കുന്നതിനും, തടയണകൾ നിർമ്മിക്കുന്നതിനും, കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ജലം സംഭരിക്കുന്നതിനുള്ള നിർമ്മിതികളും, കുളങ്ങളുടെ നിർമ്മാണവും, പുനരുദ്ധാരണവും നടപ്പിലാക്കാവുന്നതാണ്. കാവേരിനദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2021 – 22-ൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ മഴ നിഴൽ പ്രദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി ആകെയുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) ഭവാനി നദീതടം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

പാലക്കാട് ജില്ലയിലെ അവികസിത പട്ടികവർഗ്ഗമേഖലയായ അട്ടപ്പാടിയിൽ ചെക്ക്ഡാമുകൾ (തടയണ)നിർമ്മിക്കുന്നതിനു ലക്ഷ്യമിടുന്നു. ചെറുകിട ജലസേചന പദ്ധതികളായ തടയണകളും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കുവാൻ അനുയോജ്യമായ ഭൂപ്രകൃതിയാണ് ഭവാനി ഉപനദീതടത്തിലുള്ളത്. അട്ടപ്പാടിപ്രദേശത്ത് ജലസേചനത്തിനും, കുടിവെള്ളത്തിനും, ഭൂഗർഭജലം പുനരുജ്ജീവിപ്പിക്കുന്നതിനും ഇത് സഹായകരമാകുന്നു. ഭവാനിനദീതടത്തിൽ ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ കുളങ്ങൾ നിർമ്മിക്കുന്നതിനും, തടയണകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുതലായ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്താവുന്നതാണ്. ഭരണാനുമതി നൽകുന്നതിനുവേണ്ടി ഭൗതിക ലക്ഷ്യങ്ങൾ വ്യക്തമായി സമർപ്പിക്കേണ്ടതാണ്.

**(സി) അന്തർസംസ്ഥാന വാട്ടർഹബ്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ജെ.ഡബ്ല്യു.ആർ. ഡിവിഷൻ, അന്തർസംസ്ഥാന ജലസഹായ സംവിധാനം എന്നിവയെ ഉൾപ്പെടുത്തുന്നതിനായി ഐ.എസ്.ഡബ്ല്യൂ.ഹബ് രൂപീകരിക്കുന്നതിനായി അനുമതി നൽകിയിരുന്നു. കേരളവുമായി ബന്ധപ്പെട്ട ജലസംബന്ധമായ എല്ലാ അന്തർസംസ്ഥാന പ്രശ്നങ്ങളും നിയന്ത്രിക്കുന്നതിനും, നിരീക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇവിടെ പ്രദാനം ചെയ്യുന്നതാണ്. അന്തർസംസ്ഥാന വാട്ടർഹബ്ബ് പാലക്കാട് നിർമ്മിക്കുന്നതിനായി 150.00 ലക്ഷം രൂപയ്ക്ക് 26.06.2015–ൽ സർക്കാർ ജി.ഒ(ആർറ്റി)നമ്പർ 532/2015/ ഡബ്ല്യു.ആർ.ഡി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പാലക്കാടുള്ള അന്തർസംസ്ഥാന വാട്ടർ ഹബ്ബിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബിൽ തുക നൽകുന്നതിനായി 2021–22 ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും 2021 ൽ പൂർത്തീകരിക്കുന്നതാണ്.

**(ഡി) പാമ്പാർനദീതടപദ്ധതികൾ**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

**(i) പട്ടിശ്ശേരി പദ്ധതി**

2007–ൽ കാവേരി ട്രിബ്യൂണൽ കേരളത്തിന് 30 ടി.എം.സി. ജലം അനുവദിച്ചതിൽ 3 ടി.എം.സി. ജലം പാമ്പാർ നദീതടത്തിലാണ് ലഭ്യമാകുന്നത്. പട്ടിശ്ശേരി ഡാം നിർമ്മിക്കുന്നതിലൂടെ 0.075 റ്റി.എം.സി ജലം ഉപയോഗിക്കുവാൻ സാധിക്കും. പാമ്പാർ നദീതടത്തിൽ ജലവിഭവ വികസനത്തിനായി ഒരു ബൃഹത്പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ചെങ്കളാർ പദ്ധതിയുടെ ഭാഗമായി പട്ടിശ്ശേരി ഡാമിന്റെയും കനാൽ സംവിധാനത്തിന്റെയും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 2013 മാർച്ചിൽ, 2600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ പ്രവർത്തികകൾക്കായി 46.81 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും, സിവിൽ പ്രവർത്തികൾക്കായി 42.90 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിക്കുകയുണ്ടായി.

സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബ്ലോക്ക് നമ്പർ ഒന്നിലേയും , രണ്ടിലേയും ഡാം കോൺക്രീറ്റിംഗും, ബ്ലോക്ക് നമ്പർ മൂന്നിലെ ലെവലിംഗ് കോഴ്സ് കോൺക്രീറ്റിംഗും പുരോഗമിക്കുന്നു. ബ്ലോക്ക് നമ്പർ ഒന്നിലേയും രണ്ടിലേയും ഫൗണ്ടേഷൻ ലെവലിന്റെ ഇൻസ്ട്രുമെന്റേഷൻ പണികൾ പൂർത്തീകരിച്ചു. നദിയുടെ സ്ലയിസ് ലെവലിൽ ഡാമിന്റെ കോൺക്രീറ്റിംഗ് പൂർത്തീകരിച്ച ശേഷം മെക്കാനിക്കൽ പ്രവൃത്തികൾ നടപ്പിലാക്കും.

ചെങ്ങളാർ പദ്ധതിയുടെ കീഴിലുള്ള പട്ടിശ്ശേരി ഡാമിന്റെയും കനാൽ ശൃംഖലയുടെയും പണികൾ പൂർത്തീകരിക്കാനായി 1500.00 ലക്ഷം രൂപ 2021 –22 ൽ വകയിരുത്തിയിരിക്കുന്നു. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്. ഭരണചെലവുകൾ ഇതിന്റെ ഭാഗമല്ല.

**(ii) ലോവർ ചട്ടമൂന്നാർ ഡാമിന്റെ നിർമ്മാണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

തലയാർ പദ്ധതിയുടെ കീഴിൽ ആണ് ലോവർ ചട്ടമൂന്നാർ ഡാമിന്റെ നിർമ്മാണ പ്രവർത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ മണ്ണ് പരിശോധനയും, വിശദമായ കോണ്ടൂർ സർവ്വേയും പൂർത്തീകരിച്ചു. രൂപരേഖ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത ഡാമിന്റെ നിർമ്മാണത്തിലൂടെ 0.12 റ്റി.എം.സി. ജലം ഉപയോഗപ്രദമാക്കുവാൻ സാധിക്കും. ഈ പദ്ധതിയിലൂടെ 220 ഹെ. കൃഷിയിടങ്ങളിൽ പ്രയോജനം ലഭിക്കും. നിർമ്മാണ പ്രവർത്തികൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്. ഭരണചെലവുകൾ ഇതിന്റെ ഭാഗമല്ല.

**4. ചാമ്രവട്ടത്ത് റെഗുലേറ്റർ കം ബ്രിഡ്ജ്**

**(വിഹിതം: 400.00 ലക്ഷം രൂപ)**

ചാമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജ് ഒരു വിവിധോദ്ദേശ ഇടത്തരം ജലസേചനപദ്ധതിയാണ്. പൊന്നാനി, തിരൂർ താലൂക്കുകളിൽ ജലസേചനത്തിനാവശ്യമായ ജലം ഇതിലൂടെ ലഭിക്കുന്നതാണ്. 9 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽക്കൂടി 4344 ഹെക്ടർ അയാക്കെട്ട് (മൊത്തം) കൈവരിക്കുവാൻ സാധിക്കും. 30.06.2008–ൽ 113.00 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, 31.01.2013 ൽ 134.27 കോടി രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയും ചെയ്തു. ആർ.സി.ബി–യുടെ ഡൗൺസ്ട്രീമിൽ പൈപ്പിംഗ് ഇഫക്ട് ശ്രദ്ധയിൽപ്പെട്ടതു കാരണം റിസർവോയറിൽ ജലം ശേഖരിക്കുന്നത്

തടസ്സപ്പെട്ടിരിക്കുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനായി ഐ.ഐ.റ്റി. ഡൽഹിയുടെ നേതൃത്വത്തിൽ വിവിധ പരിശോധനകൾ നടപ്പിലാക്കിയിരുന്നു.

ചാമ്രവട്ടം ആർ.സി.ബി.ക്ക് 400.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി 2021-22 ൽ വകയിരുത്തിയിരിക്കുന്നു. ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തികൾക്കും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുന്നതിനുള്ള സംരക്ഷണ പ്രവർത്തികൾക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്. രണ്ട് വശങ്ങളിലുമുള്ള സംരക്ഷണ പ്രവൃത്തികളാണ് വിഭാവനം ചെയ്യുന്നത്. ഒഴിക്കിന് എതിരെയുള്ള ഭാഗത്ത് (അപ്പ്സ്ട്രീം) ഒരു കിലോമീറ്റർ നീളത്തിൽ രണ്ടു വശത്തും, ഒഴുക്കിന്റെ ദിശയിൽ (ഡൗൺ സ്ട്രീം) അര കിലോമീറ്റർ നീളത്തിലുമാണ് സംരക്ഷണ പ്രവൃത്തികൾ വിഭാവനം ചെയ്യുന്നത്. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്. ഭരണചെലവുകൾ ഇതിന്റെ ഭാഗമല്ല.

**5. കാഡാ കനാലുകളുടെയും ഫീൽഡ്ചാനലുകളുടെയും ഡ്രെയിനുകളുടേയും നവീകരണം**

**(വിഹിതം: 600.00 ലക്ഷം രൂപ)**

ചിറ്റൂർപ്പുഴ, മലമ്പുഴ. മംഗലം, പോത്തുണ്ടി, ചേരമംഗലം, എന്നിവയുടെ നവീകരണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തിരഞ്ഞെടുത്ത ചാനലുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിലൂടെയും, ചോർച്ചകൾ തടയുന്നതിലൂടെയും, ചാനലുകളിലൂടെ ജലവിതരണം കൃഷിയിടങ്ങളിലേയ്ക്ക് പൂർണ്ണമായി സാധ്യമാകും, വെള്ളക്കെട്ട് മൂലമുള്ള പ്രശ്നങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുവാനും സാധിക്കും.

മംഗലം, മലമ്പുഴ, പോത്തുണ്ടി, ചിറ്റൂർപുഴ, ചേരമംഗലം എന്നീ പദ്ധതികളുടെ നവീകരണ പ്രവൃത്തികളിലൂടെ കൂടുതൽ അയാക്കട്ട് കൈവരിക്കുവാൻ 2021-22 ൽ ലക്ഷ്യമിടുന്നു. അധികമായി പ്രയോജനം ലഭിക്കുന്ന അയാക്കട്ടിന്റെ ഭൗതികലക്ഷ്യങ്ങൾ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതാണ്. നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22ൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**മറ്റുപദ്ധതികൾ**

**6. ജലസേചന പദ്ധതികളുടെ പര്യവേഷണം**

**(വിഹിതം: 250.00 ലക്ഷം രൂപ)**

ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് ആവശ്യമായ പര്യവേഷണം നടത്തുന്നതിനും, വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, പ്രോജക്ട് റിപ്പോർട്ടുകൾ പുതുക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മണ്ണ് പര്യവേഷണ പ്രവൃത്തികൾ, ഡാമുകളിൽ നിന്നും എക്കൽ നീക്കം ചെയ്യുന്നതിനുള്ള പഠനങ്ങൾ, റിസർവോയറുകളിൽ അടിഞ്ഞുകൂടിയ എക്കലിനെ സംബന്ധിച്ചുള്ള പഠനങ്ങൾ മുതലായവയാണ് പ്രധാന പ്രവർത്തനങ്ങൾ.

ജലസേചനപദ്ധതികളുടെ പര്യവേഷണത്തിനായി 250.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു.

**7. മാനവശേഷിവികസനവും ജലസേചനവകുപ്പിന്റെ നവീകരണവും**

**(i)ജലസേചനവകുപ്പിലെ പ്രത്യേക പരിശീലന പരിപാടികളും വകുപ്പിന്റെ നവീകരണവും**

**(വിഹിതം: 130.00 ലക്ഷം രൂപ)**

ജലസേചന വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് രൂപകൽപനകൾ തയ്യാറാക്കുന്നതിലും, പദ്ധതി നടത്തിപ്പിലും മേൽനോട്ടത്തിലും വിദഗ്ധ പരിശീലനം നൽകുന്നതിനുമായി ഐ.ഐ.റ്റി., മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീ സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഈ വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനായി 40.00 ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്.

കേരള സംസ്ഥാന വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെ.എസ്.ഡബ്ല്യൂ.എ.എൻ) സംസ്ഥാനത്ത് പൊതുവായി ഇ-ഗവേണൻസ് ശൃംഖല രൂപകൽപന ചെയ്തിട്ടുണ്ട്. ഈ സംവിധാനം ജലസേചന വകുപ്പിൽ നടപ്പിലാക്കുന്നതിന് 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വകുപ്പിന്റെ നവീകരണത്തിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇലക്ട്രോണിക് രീതികളിൽക്കൂടി വകുപ്പിന്റെ ആസ്തികൾ സൂക്ഷിക്കുന്നതിനും, ഇലക്ട്രോണിക് ആസ്തികൾ പരിപാലിക്കുന്നതിനും, സേവനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതി രൂപീകരണത്തിനും, നടത്തിപ്പിനും, അവലോകനത്തിനുമായി ഒരു വിഭാഗം രൂപീകരിക്കുന്നതാണ് (പി.എഫ്.എം.എം.സി). ജലസേചന വകുപ്പിന്റെ പദ്ധതികൾ

തയ്യാറാക്കുവാനും, മറ്റ് വകുപ്പുകളുമായുള്ള ഏകോപനവും ഇതിലൂടെ വിഭാവനം ചെയ്യുന്നു. വകുപ്പിന്റെ നവീകരണത്തിനായുള്ള വിഹിതത്തിൽ നിന്നും 10.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**8. പോസ്റ്റ്ഫാക്റ്റോ ഇവാല്യുവേഷൻ (ജലസേചന പദ്ധതികളുടെ തേർഡ് പാർട്ടി ഇവാല്യുവേഷൻ)**

**(വിഹിതം: 105.00 ലക്ഷം രൂപ)**

**ജലസേചന പദ്ധതികളുടെ, പദ്ധതി നിർവ്വഹണ വേളയിൽ ഉൾപ്പെടെയുള്ള, നിരീക്ഷണവും വിശകലനവും:-** സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികളിൽ, പ്രത്യേകിച്ച് ജലസേചന പദ്ധതികളുടെ നിർവ്വഹണത്തിൽ, വളരെയധികം കാലതാമസമുണ്ടാകുന്നതായി നിരീക്ഷിച്ചിട്ടുണ്ട്. 2021-22 മുതൽ എല്ലാ ജലസേചന പദ്ധതികളുടെയും (വൻകിട, ഇടത്തരം, സൂക്ഷ്മ ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ ) നിരീക്ഷണം പദ്ധതി നടത്തിപ്പ കാലയളവിലും, പൂർത്തീകരണ ശേഷവും നടപ്പിലാക്കുന്നതാണ്. തേർഡ് പാർട്ടി സമ്പ്രദായം മുഖേന ആയിരിക്കണം പദ്ധതികളുടെ നിരീക്ഷണം നടപ്പിലാക്കേണ്ടതാണ്. മേഖലയിൽ പ്രാവീണ്യമുള്ളതും, സ്വതന്ത്രമായി പ്രവർത്തിക്കുന്നതുമായ ഒരു ഏജൻസി മുഖേനയായിരിക്കണം ഇത് നടപ്പിലാക്കേണ്ടത്. സർക്കാർ മേഖലയിലുള്ള (കേരള സർക്കാർ ഒഴികെ) ഏജൻസിയാണ് അഭികാമ്യം. അല്ലെങ്കിൽ, ഈ മേഖലയിൽ പ്രാവീണ്യമുള്ളതും, സംസ്ഥാനത്തിനു പുറത്തുള്ളതും, കോമ്പറ്റീറ്റീവ് ബിഡ്ഡിംഗിലൂടെ തെരഞ്ഞെടുത്ത ഒരു പൊതുമേഖലാ സ്ഥാപനം മുഖാന്തിരം ആയിരിക്കണം ഇത് നടപ്പിലാക്കേണ്ടത്. നിർമ്മാണത്തിലിരിക്കുന്ന എല്ലാ ജലസേചന പദധതികളുടെയും, കൂടാതെ, പൂർത്തീകരിച്ച പദ്ധതികളുടെയും മേൽനോട്ടവും അവലോകനവും ഈ ഏജൻസി ഏറ്റെടുക്കേണ്ടതാണ്. അംഗീകരിച്ച സമയ പരിധിയും അംഗീകരിച്ച തുകയും പദ്ധതികൾ പാലിക്കുന്നുണ്ടോയെന്നും, വിശദമായ പദ്ധതി റിപ്പോർട്ടിന്റെ നിലവാരവും പദ്ധതി വിശകലനവും, പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും സ്വീകരിക്കുന്ന പ്രക്രിയകൾ, പദ്ധതിയിൽ കൂടി ലഭിക്കുന്ന/ലഭിച്ച പ്രയോജനങ്ങൾ (പദ്ധതി ആരംഭിച്ചപ്പോൾ വിഭാവനം ചെയ്ത ലക്ഷ്യങ്ങളുമായി താരതമ്യം ചെയ്തുകൊണ്ടുള്ളതായിരിക്കണം) മുതലായ കാര്യങ്ങളാണ് നിരീക്ഷണ മേൽനോട്ട പ്രക്രിയകളിൽ ഊന്നൽ നൽകേണ്ട മേഖലകൾ. ഇതിനായി 105.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ 5.00 ലക്ഷം രൂപ അനുബന്ധപ്രവൃത്തികൾക്കും 100.00 ലക്ഷം രൂപ തേർഡ് പർട്ടി ഏജൻസിക്കുള്ള പ്രതിഫല തുകയുമാണ്.

**9. പര്യവേഷണ രൂപകൽപ്പന വിഭാഗത്തിന്റെ ആധുനികവൽക്കരണം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

നദീതട ജലവിഭവ മാനേജ്മെന്റിന്റെ ആവശ്യകത പരിഗണിച്ച് ആധുനിക സാങ്കേതികവിദ്യ അടക്കമുള്ള സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വകുപ്പിന്റെ പര്യവേഷണ രൂപകൽപ്പന വിഭാഗത്തിന്റെ ആധുനീകരണമാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. രൂപകൽപ്പനവിഭാഗം, പീച്ചിയിലെ കെ.ഇ.ആർ.ഐ, ഫീൽഡ്സ്റ്റഡി സർക്കിൾ എന്നിവയുടെ ആധുനീകരണം ലക്ഷ്യമിടുന്നു. അത്യന്താധുനിക സാങ്കേതിക വിദ്യകൾ വിനിയോഗിച്ചുള്ള പൂർണ്ണ സജ്ജമായ ജി.ഐ.എസ്. ലബോറട്ടറിക്കും, രൂപകൽപ്പനയ്ക്ക് സഹായകമായ സോഫ്റ്റ് വെയറിന്റെ രൂപീകരണത്തിനും, ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും തുകവകയിരുത്തിയിരിക്കുന്നു. പദ്ധതിഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**(I)പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം- രണ്ടാംഘട്ടം.**

ജലസേചന രീതികളിലും, പദ്ധതി രൂപകൽപ്പനയിലും ഗവേഷണം നടത്തുന്നതിന് ജലസേചനവകുപ്പിന്റെ കീഴിലുള്ള ഏക ഗവേഷണ സ്ഥാപനമാണ് പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പ്രസ്തുത സ്ഥാപനത്തെ വികസിപ്പിക്കുന്നതിനും സ്ഥാപനത്തിനു കീഴിലുള്ള വിഭാഗങ്ങളെ ആധുനികവത്കരിക്കുന്നതിനും, ആവശ്യമായ സോഫ്റ്റ്വെയർ വാങ്ങുന്നതിനും, സ്ഥാപനത്തിന്റെ നിലവിലുള്ള സാധ്യതകളെ പരമാവധി വിനിയോഗിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. നവീകരണത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ധാരാളം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ലാബുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയെന്നതാണ് മൊത്തത്തിലുള്ള ലക്ഷ്യം. പരിശോധനയിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും വിഭാവനം ചെയ്യുന്നു. കെ.ഇ.ആർ.ഐ യുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ലാബുകളുടെ അടിസ്ഥാനസൗകര്യങ്ങൾ നവീകരിക്കുന്നതിനും 2021-22ൽ വിഭവനം ചെയ്യുന്നു. തൃശ്ശൂർ കെ.ഇ.ആർ.ഐ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 100.00 ലക്ഷം രൂപ തുടർ പദ്ധതികൾക്കും, 50.00 ലക്ഷം രൂപ ലാബുകളുടെ നവീകരണത്തിനുമാണ്.

**(II)രൂപകൽപനവിഭാഗത്തിന്റെ ആധുനികവൽക്കരണം**

ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സോഫ്റ്റ്വെയർ രൂപീകരണം, സാങ്കേതിക ലൈബ്രറിയുടെ വികസനം, ഇലക്ട്രോണിക് ഉപകരണങ്ങളും

ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങളും ലഭ്യമാക്കുക, അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും ഓൺലൈൻ നിരീക്ഷണത്തിനുള്ള യന്ത്രവൽക്കരണം, രൂപകൽപ്പന നിർദ്ദേശം ഓൺലൈൻവഴി സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, ഗുണമേന്മ ഉറപ്പ് വരുത്തുന്ന സമ്പ്രദായങ്ങളുടെ നവീകരണം, നദീതടത്തിലെ നീരൊഴുക്കിന്റെ ഡിജിറ്റലൈസേഷൻ, ഇവയെല്ലാമാണ് വിഭാവനം ചെയ്യുന്നത്. ക്വാളിറ്റി കൺട്രോൾ ഡാറ്റാ മാനുവലിന്റെ രൂപീകരണം, ക്വാളിറ്റി കൺട്രോൾ വിംഗിന്റെ ആധുനികവൽക്കരണം, ലാബുകളുടെ നിർമ്മാണം, മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുക, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സഞ്ചരിക്കുന്ന യൂണിറ്റുകൾ എന്നീ പ്രവർത്തികളാണ് 2021-22-ൽ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ കീഴിൽ പുതിയതായി വാഹനങ്ങൾ വാങ്ങാൻ പാടുള്ളതല്ല. മൊബൈൽ യൂണിറ്റുകൾക്ക് വേണ്ടി നിലവിലുള്ള വാഹനങ്ങൾ പരിഷ്കരിക്കേണ്ടതാണ്. രൂപകല്പന വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിന് വേണ്ടി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iii)ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആധുനികവൽക്കരണം**

സംസ്ഥാനത്തെ ജലസമ്പത്ത് വസ്തുനിഷ്ഠമായി നിർണ്ണയിക്കുന്നതിനു വേണ്ടി ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം ആധുനികവൽക്കരിക്കുന്നതിന്റെ പാതയിലാണ്. റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർ.റ്റി.ഡി.എ.എസ്) ഉപയോഗിച്ചാണ് ഐ.ഡി.ആർ.ബി ആധുനികവൽക്കരണം നടപ്പിലാക്കുന്നത്. ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആധുനീകരണത്തിനായി 2021-22 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു . സംസ്ഥാനത്തെ നദീതടത്തിലുടനീളം സ്ഥാപിച്ചിരിക്കുന്ന ജല/മഴ മാപന സ്റ്റേഷനുകളിൽ നിന്നും ജലശാസ്ത്ര കാലാവസ്ഥാ വ്യതിയാന വിവരശേഖരണവും, നിലവിലെ ജല/മഴ മാപന സ്റ്റേഷനുകളുടെ പരിപാലനം, ആവശ്യമെങ്കിൽ പുതിയ സ്റ്റേഷനുകളുടെ നിർമ്മാണം, വിവരശേഖരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, വിവരമൂല്യ നിർണയത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ പരിപാലനം, വിവരങ്ങളുടെ പ്രസിദ്ധീകരണം, സംയോജിത നദീതട മാനേജ്മെന്റിന് വേണ്ടിയുള്ള പഠനങ്ങൾ, കാര്യശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ എന്നിവാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഭാരതസർക്കാരിന്റെ ജെം മുഖാന്തിരമോ അല്ലെങ്കിൽ അനുയോജ്യമായ കോമ്പറ്റീറ്റീവ് ബിഡ്ഡിംഗിലൂടെ മാത്രമേ വാങ്ങൽ പ്രക്രിയ നടത്തുവാൻ പാടുള്ളൂ.

**പ്രളയം മുൻകൂട്ടി അറിയിക്കുന്നതിനുള്ള സംവിധാനം (എഫ്.ഇ.ഡബ്ല്യു.എസ്)** :- പെരിയാർ നദീതടത്തിലെ സംഭരണികളുടെ തൽസമയ പ്രവർത്തനങ്ങൾ അറിയുന്നതിനുവേണ്ടിയും, പ്രളയ സാധ്യത പ്രവചിക്കാനും, മുന്നറിയിപ്പ് നൽകുവാനുമുള്ള സമ്പ്രദായം ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന നാഷണൽ ഹൈഡ്രോളജി പദ്ധതിയിലൂടെ ഐ.ഡി.ആർ.ബി വികസിപ്പിച്ചുവരുന്നു. തൽസമയം ലഭ്യമായ ജലശാസ്ത്രകാലാവസ്ഥാ വ്യതിയാന വിവരങ്ങളുടെ അടിസ്ഥാനത്തിലും, പ്രദേശത്തെ സവിശേഷതകളെ ആശ്രയിച്ചുമായിരിക്കും പ്രവചനങ്ങളുടെ കൃത്യത. 2021-22 ൽ കൂടുതൽ തൽസമയ ജലശാസ്ത്ര കാലാവസ്ഥാ വ്യതിയാന സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും, ഉയർന്ന റെസല്യൂഷനിലുള്ള ഡിജിറ്റൽ എലിവേഷൻ മോഡലുകൾ (1 മീറ്റർ മുതൽ 5 മീറ്റർ )ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു. പ്രളയസാധ്യത മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി 2021-22 ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10.റിവർബേസിൻ ഓർഗനൈസേഷനുകളുടെ രൂപീകരണം**

**(വിഹിതം: 150.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ എല്ലാ നദികളുടേയും നദീതടം തിരിച്ചുള്ള വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. നദികളുടെ സർവ്വേയും അതിർത്തി തിരിക്കലും, നദീതീരങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, നദികളിലെ മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തികൾ, സംഭരണശേഷി വിലയിരുത്തൽ, നദീതട സംരക്ഷണ പ്രവൃത്തികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഒരു പദ്ധതി പ്രദേശത്തെ ജല ഉപയോഗങ്ങളെ മുൻനിർത്തി ജലവിഭവ ലഭ്യതയും അതിന്റെ പരമാവധി ഉപയോഗവും നദീതടാടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. മണ്ണുസംരക്ഷണം, മലിനീകരണനിയന്ത്രണം, വെള്ളപ്പൊക്കനിവാരണം, ദീർഘകാലത്തേക്കുള്ള നദികളുടെ സംരക്ഷണം, നദീജലത്തിന്റെ പൂർണ്ണ ഉപയോഗം തുടങ്ങിയ വിഷയങ്ങളും കണക്കിലെടുക്കുന്നതാണ്. നദീതടത്തിന്റെ സമഗ്രപുനരുദ്ധാരണത്തിനായി കടൽത്തീരം ഇടിയുന്നതിന്റെ ആഘാതം മനസ്സിലാക്കേണ്ടതുണ്ട്. തീരപ്രദേശങ്ങളുടെ സ്വഭാവം സംബന്ധിച്ചും, നദീതടത്തിൽ അവയുടെ ആഘാതം വിശകലനം ചെയ്യുന്നതിനും, കടൽത്തീരങ്ങളുമായി ബന്ധപ്പെട്ട വിവരശേഖരണവും അനുബന്ധപ്രവർത്തനങ്ങളും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഫീൽഡ് പഠനങ്ങളും, കടൽത്തീരം ഇടിയുന്നതുമായി ബന്ധപ്പെട്ട

വിവരശേഖരണവും 2021-22 ൽ വിഭാവനം ചെയ്യുന്നു. 2021-22 ൽ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. അണക്കെട്ടുകളുടെ സുരക്ഷാ സംവിധാനവും സുരക്ഷാ പ്രവർത്തനങ്ങളും**

**(വിഹിതം: 240.00 ലക്ഷം രൂപ)**

അണക്കെട്ടുകളുടെ പരിശോധന, സാങ്കേതിക സന്ദർശനങ്ങൾ, പരിശീലനപരിപാടികൾ, അടിയന്തിര നവീകരണ പ്രവൃത്തികൾ, ജലസേചനവകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ സുരക്ഷാപ്രവർത്തനങ്ങൾ മുതലായവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം, കേരളത്തിലും അണക്കെട്ടുകൾക്കായി ഒരു സുരക്ഷാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയ അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തികൾക്കും, സംസ്ഥാനതല ശില്പശാലകളും പരിശീലനങ്ങളും നടത്തുന്നതിനും, അണക്കെട്ട് പരിശോധനയ്ക്കും, സംഭരണികളിൽ എക്കൽ അടിയുന്നതിനെ സംബന്ധിച്ച് തുടർപഠനങ്ങൾ നടത്തുന്നതിനും, ഡാംബ്രേക്ക് അനാലിസിസ്സിനും ആവശ്യമായ ചെലവുകളിലേക്ക് പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

ചിമ്മോണി, കുറ്റിയാടി, പഴശ്ശി, പീച്ചി, പെരിയാർവാലിബാരേജ്, കാഞ്ഞിരപ്പുഴ, കല്ലട, മലമ്പുഴ, നെയ്യാർ, പോത്തുണ്ടി, വാഴാനി, പമ്പബാരേജ്, മീൻകര, ചുള്ളിയാർ, വാളയാർ, മംഗലം, കാരാപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾക്കും മറ്റ് അടിയന്തിര പ്രവർത്തനങ്ങൾക്കും വേണ്ടി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. പൂമല, അസുരക്കുണ്ട് എന്നീ ചെറിയ ഡാമുകളുടെ അറ്റകുറ്റപ്പണികൾക്കും തുക വിനിയോഗിക്കാൻ ലക്ഷ്യമിടുന്നു. അണക്കെട്ടുകളുടെ സമയബന്ധിതമായ പുനരുദ്ധാരണ പ്രവർത്തികൾ, വെള്ളപ്പൊക്കം മൂലം സംഭവിച്ച നാശനഷ്ടങ്ങൾ എന്നിവയും പരിഹരിക്കേണ്ടതാണ്. 2021-22 ൽ ഈ പദ്ധതിയ്ക്കായി 240.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. ഫലവത്തായ ജലസേചന പരിപാലനത്തിനു വേണ്ടി കേരളത്തിലെ ജലസേചന സംവിധാനങ്ങളുടെ ബഞ്ച്മാർക്കിംഗ് നടപ്പാക്കൽ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ജലസേചന സംവിധാനങ്ങളുടെ നിലവിലുള്ള സ്ഥിതി വിലയിരുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഒരു സംവിധാനം ആണ് ബഞ്ച്മാർക്കിംഗ്. ഏറ്റവുമധികം പ്രയോജനം ലഭിക്കുന്ന രീതികൾ താരതമ്യം ചെയ്ത് അനുയോജ്യമായവ സ്വീകരിക്കുന്നതിനും ബഞ്ച്മാർക്കിംഗ് സഹായകമാകുന്നു. ഓരോ പദ്ധതിയിലും വരുത്തുന്ന പരിഷ്കാരങ്ങൾ ആ പദ്ധതിയിൽ നിന്നും പരമാവധി പ്രയോജനം ലഭിക്കാൻ ഉതകുന്ന തരത്തിലായിരിക്കണം. തന്മൂലം, ജലസേചന പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലുപരി ജലത്തിന്റെ ഉപയോഗം കുറയ്ക്കാനും സാധിക്കും. അതിനാൽ നിലവിലുള്ള സംവിധാനങ്ങൾ പരിഷ്കരിക്കുന്നത് അനിവാര്യമാണ്. ഇതിനായി ബഞ്ച്മാർക്കിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഏറ്റവും നല്ല പരിപാലന രീതികൾ കണ്ടെത്താനും പദ്ധതികൾ വിലയിരുത്താനും അവയ്ക്ക് മുൻഗണന നൽകി ജലസേചനം കാര്യക്ഷമമാക്കാനും സാധിക്കും. ബഞ്ച്മാർക്കിംഗ് നടത്തുന്നതിലൂടെ കേരളത്തിലെ ജലസേചനസംവിധാനത്തിന്റെ കാര്യക്ഷമത ഗണ്യമായി വർദ്ധിക്കും. അറ്റകുറ്റപ്പണികൾക്കും, പരിഹാര നടപടികൾക്കും, ആധുനിക രീതികൾ നടപ്പിലാക്കുന്നതിനുള്ള മുൻഗണന നിശ്ചയിക്കുന്നതിനും ബഞ്ച്മാർക്കിംഗ് സഹായകമാകുന്നു. അതിനാൽ പൂർത്തിയാക്കപ്പെട്ട എല്ലാ ജലസേചനപദ്ധതികളിലും ഘട്ടംഘട്ടമായി ബഞ്ച്മാർക്കിംഗ് നടത്തേണ്ടതാണ്. ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ ബഞ്ച്മാർക്കിംഗ് ആണ് 2021-22 ൽ വിഭാവനം ചെയ്യുന്നത് ഫലപ്രദമായ ജലസേചനത്തിനായി ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റവും ലക്ഷ്യമിടുന്നു. 2021-22 ൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. ഡാം പുനരുദ്ധാരണവും വികസനവും (ഡ്രിപ്പ്) (ഇ.എ.പി)**

**(വിഹിതം: 6500.00 ലക്ഷം രൂപ)**

ജലസേചനം, കുടിവെള്ളം, വിദ്യുച്ഛക്തി ഉല്പാദനം, മറ്റ് ഉപയോഗങ്ങൾ എന്നിവ ലക്ഷ്യമിട്ടു കൊണ്ട് ധാരാളം ഡാമുകൾ മുൻകാലങ്ങളിൽ പണികഴിപ്പിക്കുകയുണ്ടായി. സുരക്ഷിതത്വവും പ്രവർത്തനശേഷിയും വർദ്ധിപ്പിക്കുന്നതിനും അടിയന്തിരമായുള്ള ഇടപെടലുകൾ പല ഡാമുകൾക്കും അത്യാവശ്യമാണ്. ഛത്തീസ്ഗഡ്, കേരളം, മധ്യപ്രദേശ്, ഒറീസ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റ് ഡാം പുനരുദ്ധാരണവും വികസനവുമെന്ന (ഡ്രിപ്പ്) പദ്ധതി അംഗീകരിക്കുകയുണ്ടായി. ഈ പദ്ധതിയുടെ ഘട്ടം ഒന്ന് കേരളത്തിൽ ആരംഭിച്ചത് 2012 ഏപ്രിൽ മാസത്തിലാണ്. ജലസേചന വകുപ്പിന്റെ കീഴിലുള്ള തെരെഞ്ഞെടുത്ത 16

ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകൾ എന്നിവയുടെ പ്രവർത്തന സംവിധാനങ്ങൾ, സുരക്ഷിതത്വം, സ്ഥാപനപരമായ ശക്തിപ്പെടുത്തലുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് ലക്ഷ്യമിടുന്നത്. ലോകബാങ്കിന്റെ സഹായത്തോടുകൂടിയാണ് ഡാമുകളുടേയും, അനുബന്ധ നിർമ്മാണങ്ങളുടേയും ഇത്തരം സുരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കുന്നത്. ഡാം സുരക്ഷാ വിഭാഗം ശക്തിപ്പെടുത്തുക, ഡാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുക എന്നിവയാണ് പദ്ധതി ഘടകങ്ങൾ. പദ്ധതിയുടെ ആരംഭത്തിൽ അനുമതി ലഭിച്ചപ്പോൾ ധനസഹായം ലഭിച്ചിരുന്നത് 80:20 എന്ന നിരക്കിലായിരുന്നു (80 ശതമാനം ലോകബാങ്ക് ലോണും 20 ശതമാനം സംസ്ഥാന വിഹിതവും) ഇത് പിന്നീട് 70:30 എന്ന നിരക്കിൽ പുതുക്കുകയുണ്ടായി. ഡ്രിപ്പ് ഘട്ടം ഒന്നിലൂടെ 16 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് ഏറ്റെടുത്തത് (മലമ്പുഴ,നെയ്യാർ, പീച്ചി, വാളയാർ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, ചിമ്മോനി, മലങ്കര, കല്ലട, പോത്തുണ്ടി, വാഴാനി, മീൻകര, ചുള്ളിയാർ, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ)

പദ്ധതിയുടെ അടങ്കൽ തുക പ്രാരംഭത്തിൽ 36000.00 ലക്ഷം രൂപ ആയിരുന്നത് പിന്നീട് 32700.00 ലക്ഷം രൂപയായി പുതുക്കുകയുണ്ടായി. 2021 മാർച്ച് വരെയാണ് ഡ്രിപ്പ് ഘട്ടം ഒന്ന് നീട്ടിയിരിക്കുന്നത്. പദ്ധതിയുടെ ആരംഭത്തിൽ അനുമതി ലഭിച്ചപ്പോൾ ധനസഹായം ലഭിച്ചിരുന്നത് 80:20 എന്ന നിരക്കിലായിരുന്നു (80 ശതമാനം ലോകബാങ്ക് ലോണും 20 ശതമാനം സംസ്ഥാനവിഹിതവും) അധിക ധനസഹായത്തിനായി പിന്നീട് 70:30 എന്ന നിരക്കിൽ പുതുക്കുകയുണ്ടായി. ഘട്ടം ഒന്നിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 2500.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു.

**ഡ്രിപ്പ് ഘട്ടം രണ്ട്:-** 2019-20 ൽ ആരംഭിച്ച ഡ്രിപ്പ് ഘട്ടം രണ്ടിന് കേന്ദ്ര ജലകമ്മീഷൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 16 ഡാമുകളാണ് ഘട്ടം രണ്ടിൽ തിരഞ്ഞെടുത്തിരിക്കുന്നത് (മലമ്പുഴ, നെയ്യാർ, വാളയാർ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, ചിമ്മോനി, മലങ്കര, കല്ലട, പോത്തുണ്ടി, മീൻകര, ചുള്ളിയാർ, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മംഗലം, കാരാപ്പുഴ, പമ്പ). 70:30 എന്ന നിരക്കിലാണ് ധനസഹായം ലഭിക്കുന്നത് (70 ശതമാനം ലോകബാങ്ക് ലോണും 30 ശതമാനം സംസ്ഥാനവിഹിതവും) 24000.00 ലക്ഷം രൂപയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കുറ്റിയാടി ഡാമിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ ടെന്റർ ചെയ്തു. കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, പമ്പ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് 2021-22 ൽ വിഭാവനം ചെയ്യുന്നത്. ഡ്രിപ്പ് രണ്ടാംഘട്ടം പ്രവൃത്തികൾക്കായി 4000.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു.

### 14. മുല്ലപ്പെരിയാർ പദ്ധതി

**(വിഹിതം: 100.00 ലക്ഷം രൂപ)**

നൂറ്റാണ്ടിലേറെ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളസർക്കാർ മുല്ലപ്പെരിയാറിൽ പുതിയൊരു ഡാം നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പ്രത്യേകം രൂപീകരിച്ച നിയുക്ത സംഘം പുതിയ ഡാം നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. മോഡൽ പഠനങ്ങൾ, ഡാം ബ്രേക്ക് അനാലിസിസ്, വഴിക്കുള്ള പര്യവേഷണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ള മറ്റു പഠനങ്ങൾ. പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ സാമൂഹിക ആഘാത പഠനത്തിനുവേണ്ടിയുള്ള നിബന്ധനകൾ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 14.11.208 ൽ അംഗീകരിച്ചു. സാമൂഹിക ആഘാതപഠനങ്ങൾ പുരോഗമിക്കുന്നു. നിയമാനുസൃതമായ എല്ലാ അനുമതികളും ലഭിച്ചതിനുശേഷം മാത്രമേ ഡാം നിർമ്മാണം ആരംഭിക്കുകയുള്ളൂ. 2021-22 കാലയളവിൽ 100.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ആവശ്യാനുസരണം തുക വർദ്ധിപ്പിക്കുന്നതാണ്.

### 15. കുറ്റിയാടി ജലസേചന പദ്ധതിയുടെ നവീകരണം

**(വിഹിതം: 200.00 ലക്ഷം രൂപ)**

1993 ൽ പദ്ധതി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതു മുതൽ കുറ്റിയാടി ജലസേചന പദ്ധതി പ്രവർത്തിച്ചു വരുന്നു. ഇടതുകര പ്രധാന കനാലിന് 40.22 കി.മീ നീളവും, വലതുകര പ്രധാന കനാലിന് 34.27 കി.മീ നീളവുമുണ്ട്. 136.325 കി.മീ നീളമാണ് 10 ശാഖാ കനാലുകൾക്കുള്ളത്. 330 കി.മീ നീളത്തിൽ വിതരണ ശൃംഖലകളും, ഉപവിതരണ ശൃംഖലകളുമുണ്ട്. കനാലിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം ലൈനിംഗ് ചെയ്തിട്ടില്ലാത്തതിനാൽ പല പ്രദേശങ്ങളിലും ചോർച്ച അനുഭവപ്പെടുന്നു. കുറ്റിയാടി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെയും, ശാഖാകനാലുകളുടെയും, വിതരണശൃംഖലകളുടെയും നവീകരണ പ്രവൃത്തികൾക്കായി 200.00 ലക്ഷം രൂപ 2021-22ൽ

വകയിരുത്തിയിരിക്കുന്നു. ആവശ്യാനുസരണവും, മുൻഗണനാടിസ്ഥാനത്തിലുമായിരിക്കണം കനാൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

**16. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റേയും, ശാഖാ കനാലിന്റേയും, വിതരണ ശൃംഖലയുടേയും നവീകരണം**

**(വിഹിതം :500.00 ലക്ഷം രൂപ)**

400 കി.മീ നീളമുള്ള പഴശ്ശി ബാരേജിന്റെ കനാൽ ശൃംഖലയിൽ, പ്രധാന കനാലിന്റെ നീളം 46 കി.മീ ആണ്. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റേയും, ശാഖാ കനാലിന്റേയും, വിതരണ ശൃംഖലയുടേയും നവീകരണത്തിനായി 500.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. ആവശ്യാനുസരണവും, മുൻഗണനാടിസ്ഥാനത്തിലുമായിരിക്കണം കനാൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

**17.ചേരമംഗലം പദ്ധതി –ആനിക്കട്ടിന്റേയും, മറ്റ് നിർമ്മാണങ്ങളുടേയും നവീകരണം**

**(വിഹിതം. 250.00 ലക്ഷം രൂപ)**

പാലക്കാട് ജില്ലയിലെ ഗായത്രി നദിയിലുള്ള ഒരു ഡൈവർഷൻ പദ്ധതിയാണ് ചേരമംഗലം പദ്ധതി. 1180 ഹെ. പ്രദേശത്ത് ജലസേചനം എത്തിക്കുവാൻ ഈ പദ്ധതിയിലൂടെ സാധിക്കും. ചേരമംഗലം ആനിക്കട്ടിന്റേയും മറ്റ് നിർമ്മാണങ്ങളുടേയും നവീകരണത്തിനു വേണ്ടിയും, പ്രധാന കനാലിന്റെ നവീകരണത്തിന്(ചെ.0 മുതൽ 15 കിലോമീറ്റർ വരെ) വേണ്ടിയും 250.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു.

**18. മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ – വരട്ടയാർ മുതൽ വേലൻതാവളം വരെ**

**(വിഹിതം. 500.00 ലക്ഷം രൂപ)**

മൂലത്തറ റെഗുലേറ്ററിന്റെ വലതുകര കനാൽ ശൃംഖല കോരയാർവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കനാൽശൃംഖലയുടെ പ്രദേശത്ത് നിലവിൽ ജലസേചനം ലഭ്യമാണ്. പാലക്കാടിന്റെ മഴനിഴൽ മേഖലയിലാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തുള്ള പ്രധാന നദികൾ കോരയാർ, വരട്ടയാർ, വേലൻതാവളം എന്നിവയാണ്. ഇവ പുനരുജ്ജീവിപ്പിക്കുന്നത് വഴി ഈ പ്രദേശത്തുള്ള കാർഷികോല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. മൂലത്തറ വലതുകര കനാൽ വരട്ടയാർ മുതൽ വേലൻതാവളം വരെ ദീർഘിപ്പിക്കുന്നതിന് (22147 മീ. മുതൽ 32625 മീ. വരെ) 500.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**19.അട്ടപ്പാടി വാലി ജലസേചന പദ്ധതി**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഭവാനി നദിയുടെ പോഷകനദിയായ ശിരുവാണി നദിയ്ക്ക് കുറുകെ ഒരു കോൺക്രീറ്റ് അണക്കെട്ട് നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുന്ന ഒരു ഇടത്തരം ജലസേചനപദ്ധതിയാണ് അട്ടപ്പാടി വാലി ജലസേചനപദ്ധതി. ഭവാനി നദീതടത്തിന് കാവേരി ട്രിബ്യൂണൽ അനുവദിച്ചിരിക്കുന്നത് 2.87 റ്റി.എം.സി ജലമാണ്. ഈ അണക്കെട്ട് നിർമ്മിക്കുന്നതോടെ ഭവാനി നദീതടത്തിന് അനുവദിച്ച അളവിൽനിന്നും $65Mm^3$ (2.29 റ്റി. എം.സി) ജലം ഉപയോഗിക്കുവാൻ സാധിക്കും.

അട്ടപ്പാടി മേഖലയിലെ ഷോളയാർ, അഗളി, ഗ്രാമങ്ങളിലായി 4900 ഹെ. പ്രദേശത്ത് ജലസേചനം ലഭ്യമാക്കുവാനാണ് പ്രസ്തുത കനാൽ ശൃംഖലയിലൂടെ വിഭാവനം ചെയ്യുന്നത്. വിശദമായ പര്യവേഷണം, മണ്ണ് പര്യവേഷണം എന്നിവ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾക്കായി 2021-22 ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്. ഭരണചെലവുകൾ ഇതിന്റെ ഭാഗമല്ല.

**20. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ നവീകരണം (പുതിയ പദ്ധതി)(നബാർഡ് ആർ.ഐ.ഡി.എഫ് )**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

പാലക്കാട് ജില്ലയിലുള്ള ഇടത്തരം ജലസേചനപദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയ്ക്ക് ഇടതുകര കനാലും (61.71 കിലോമീറ്റർ),വലതുകര കനാലും(9.35 കിലോമീറ്റർ) ഉൾപ്പെട്ട കനാൽശൃംഖലയുണ്ട്. കനാലുകളിലെ ചോർച്ച മൂലം കനാൽശൃംഖലയുടെ ജലസേചനക്ഷമതയിൽ കുറവ് വന്നിട്ടുണ്ട്. കനാലുകളുടെ ലൈനിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കും, പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി നബാർഡ് ആർ.ഐ.ഡി.എഫ്. വിഹിതമായി 1200.00 ലക്ഷം രൂപ 2021-22ൽ വകയിരുത്തിയിരിക്കുന്നു. മുൻഗണനാടിസ്ഥാനത്തിലും, ആവശ്യാനുസരണവുമാണ് കനാൽ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്.

**21. ചിറ്റൂർപ്പുഴ പദ്ധതിയുടെ കനാലുകളുടെ നവീകരണം (പുതിയ പദ്ധതി)(നബാർഡ് ആർ.ഐ.ഡി.എഫ് )**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

പുരാതന ജലസേചന സമ്പ്രദായങ്ങൾ മെച്ചപ്പെടുത്തിയും വ്യാപിപ്പിച്ചുമുള്ള പദ്ധതിയാണ് ഭാരതപ്പുഴ നദീതടത്തിലെ ചിറ്റൂർപ്പുഴ ജലസേചന പദ്ധതി. ഉചിതമായ അറ്റകുറ്റപ്പണികളും, പരിപാലനവും ഇല്ലാത്തതിനാൽ ജലവിതരണശൃംഖലയെ സാരമായി ബാധിക്കുകയും, തൽഫലമായി ജലം നഷ്ടപ്പെടുകയും ചെയ്യുന്നു. കനാലുകളുടെ ലൈനിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കും, പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി നബാർഡ് ആർ.ഐ.ഡി.എഫ്. വിഹിതമായി 1300.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. മുൻഗണനാടിസ്ഥാനത്തിലും, ആവശ്യാനുസരണവുമാണ് കനാൽ നവീകരണ പ്രവർത്തികൾ നടപ്പിലാക്കേണ്ടത്.

## 4.2 ചെറുകിട ജലസേചനം

### എ. ഭൂഗർഭജലവികസനം

**1. ഭൂഗർഭജലവികസനവും പര്യവേഷണവും**

**(വിഹിതം: 1150.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ ഭൂഗർഭ ലഭ്യത നിർണ്ണയിക്കുന്നതിനും, ഭൂഗർഭജല വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്.

ഭൂഗർഭജലത്തിന്റെ അളവ് നിർണ്ണയിക്കുക, ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, റിമോട്ട്സെൻസിംഗ് എന്നിവയുടെ സഹായത്തോടെ ഭൂഗർഭ പര്യവേഷണം നടത്തുക, കുഴൽകിണർ, ട്യൂബുകൾ, ഫിൽട്ടർ പോയിന്റുകൾ എന്നിവയുടെ നിർമ്മാണം മുതലായവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പമ്പിംഗ് ടെസ്റ്റ് പഠനങ്ങൾ ഉൾപ്പെടെയുള്ള ഹൈഡ്രോജിയോളജിക്കൽ റിപ്പോർട്ട് തയ്യാറാക്കൽ, ഭൂഗർഭജല വിവരശേഖരണം, വിവരങ്ങളുടെ വിശകലനം, ഭൂമിശാസ്ത്രപരമായതും ഭൂഭൗതികവുമായ വിശകലനങ്ങൾ, കുഴൽ കിണറുകൾ വികസിപ്പിക്കുക, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക, ഗുണനിലവാരം സംബന്ധിച്ചുള്ള പഠനങ്ങൾ എന്നിവയും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. കിണർ നിർമ്മാണത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുക, യന്ത്രങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപണികൾ, ഐ.റ്റി. ഹാർഡ് വെയറും സോഫ്റ്റ് വെയറും വാങ്ങുക, ഭൂഗർഭജല പര്യവേഷണത്തിനുള്ള ഉപകരണങ്ങൾ വാങ്ങുക, ഡിജിറ്റൽ ടോപ്പോ ഷീറ്റുകൾ വാങ്ങുക, ജിയോഫിസിക്കൽ ഉപകരണങ്ങളും, ഫീൽഡിൽ ആവശ്യമായി വരുന്ന ഉപകരണങ്ങളും, ലാബുകൾക്ക് ആവശ്യമായ കെമിക്കലുകൾ എന്നിവയുടെ ശേഖരണം മുതലായവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 15,000 ഭൂഗർഭജല പര്യവേഷണം, 1500 ഡ്രില്ലിംഗ് (ഡിപ്പോസിറ്റ്) പ്രവൃത്തികൾ, കിണർ കുഴിക്കുന്ന പ്രവർത്തികൾ (100 എണ്ണം) പമ്പിംഗ് ടെസ്റ്റ് സൂക്ഷ്മപരിശോധന (500 എണ്ണം), കുഴൽക്കിണർ (350എണ്ണം) ജലത്തിന്റെ സാമ്പിൾ പരിശോധന (3500 എണ്ണം) എന്നിവയാണ് 2021-22 ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 1150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഭാരതസർക്കാരിന്റെ ജെം മുഖാന്തിരമായിരിക്കണം ഉപകരണങ്ങൾ വാങ്ങുന്നത്.

**2. ഭൂഗർഭ ജലപരിരക്ഷയും കൃത്രിമ പുനരുജ്ജീവനവും**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കൃത്രിമമാർഗ്ഗങ്ങളിലൂടെ ഭൂഗർഭജല പരിരക്ഷയും പുനരുജ്ജീവനവുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ജലഭൂതങ്ങളിൽ നിന്നും നഷ്ടപ്പെടുന്ന ഭൂഗർഭജലം പുനസ്ഥാപിക്കുന്നതിനും, സ്വാഭാവിക പുനരുജ്ജീവനം കുറവുള്ള ജലഭൂതങ്ങളിൽ നിന്നും കൂടുതൽ ഭൂഗർഭജലം ലഭ്യമാകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അധികമുള്ള ഭൂഗർഭജലം സംഭരിക്കുന്നതിനും, ഭൂഗർഭജലത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകരമാകും. ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് കൃത്രിമ പുനരുജ്ജീവന നിർമ്മിതികൾ സഹായകരമാകും. ഉപരിതല ഡൈക്കുകളുടെ നിർമ്മാണം, വി.സി.ബി-കൾ, ചെറിയ ചെക്ക് ഡാമുകൾ, കിണർ റീചാർജ്, ചെറിയ കുളങ്ങളുടെ നവീകരണം എന്നിവ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തുള്ള തുറന്ന കിണറുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, നോട്ടിഫൈഡ് ബ്ലോക്കുകളിൽ പുനരുജ്ജീവന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും മുൻഗണന നൽകുന്നതാണ്.

സംസ്ഥാനത്തുടനീളം സർക്കാർ അധീനതയിലുള്ള സാധ്യമായ സ്ഥാപനങ്ങളിലും/ പ്രദേശങ്ങളിലും, കൂടാതെ, സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും അനുയോജ്യമായ പുനരുജ്ജീവന നിർമ്മിതികൾ നടപ്പിലാക്കുവാൻ 2021-22 ൽ വിഭാവനം ചെയ്യുന്നു. മഴക്കുഴികളും,

കുഴൽക്കിണറുകളും, തുറന്ന കിണറുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതികളും, തുറന്ന കുളങ്ങളുടെ പുനരുദ്ധാരണവും (0.1 ഹെക്ടർ വിസ്തൃതിയിൽ കുറഞ്ഞത്), ചെറിയ തടയണകളും, ഉപരിതല ഡൈക്കുകളും വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ, അധികചൂഷണത്തിന് വിധേയമായതും, സന്ദിഗ്ദാവസ്ഥയെത്തിയതും, അർത്ഥസന്ദിഗ്ദാവസ്ഥയെത്തിയതും, സുരക്ഷിതവുമായ ബ്ലോക്കുകളിലാണ് ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 1000.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി 2021–22 ൽ വകയിരുത്തിയിരിക്കുന്നത്.

**3. പരിശീലനപദ്ധതി**

**(വിഹിതം: 5.00 ലക്ഷം രൂപ)**

ഭൂഗർഭജലവകുപ്പിലെ സാങ്കേതിക, ശാസ്ത്രീയ, ഭരണകാര്യവിദഗ്ധർക്ക്പരിശീലനം നൽകുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭൂഗർഭജല പര്യവേഷണം, കിണർ നിർമ്മാണം, ഭൂഗർഭജല സംരക്ഷണ പ്രവൃത്തികളും, പരിപാലന സമ്പ്രദായങ്ങളും എന്നീ മേഖലകളിലുള്ള നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നത് വഴി അറിവും പ്രാവീണ്യവും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 5.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി 2021–22 ൽ വകയിരുത്തിയിരിക്കുന്നത്.

**4. ഭൂഗർഭജല ചൂഷണനിയന്ത്രണത്തിനും ക്രമീകരണത്തിനും ഉള്ള പദ്ധതി**

**(വിഹിതം: 25.00 ലക്ഷം രൂപ)**

ഭൂഗർഭജലത്തിന്റെ അധിക വിനിയോഗം നിയന്ത്രിക്കുന്നതിനും, സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭ്യമാക്കുന്നതിനും സഹായമാകുന്ന വിധത്തിൽ നിയമം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 2002 ലെ കേരള ഭൂഗർഭജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അധികചൂഷണത്തിന് വിധേയമായതും, സന്ദിഗ്ദ്ധാവസ്ഥ എത്തിയതും, അർദ്ധസന്ദിഗ്ദ്ധാവസ്ഥ എത്തിയതുമായ പ്രദേശങ്ങളിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തുന്നതാണ്. പെർമിറ്റുകൾ നൽകൽ, ഭൂഗർഭജലം അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്കും, കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾക്കും എൻ.ഒ.സി. നൽകുക, ഭൂഗർഭജലം ചൂഷണം ചെയ്യുന്നത് സംബന്ധിച്ച പരാതികൾ പരിഹരിക്കുക, ഭൂഗർഭജലം ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള വിവിധ പ്രശ്നങ്ങൾ പരിഹരിക്കുക, ഭൂഗർഭജലം ഉപയോഗിക്കുന്ന നിർമ്മിതികളുടെ നിർമ്മാണപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്കും, റിഗ്ഗുകൾ ഡ്രില്ല് ചെയ്യുന്നതിനും രജിസ്ട്രേഷൻ നൽകൽ, ഭൂഗർഭജല സംരക്ഷണവും പരിപാലനവും സംബന്ധിച്ച അവബോധപരിപാടികൾ പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും, ജനപ്രതിനിധികൾക്കും, ഭൂഗർഭജലസംരക്ഷണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 25.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി 2021–22 ൽ വകയിരുത്തിയിരിക്കുന്നത്.

**5. ഭൂഗർഭജലത്തിൽ നിന്നുള്ള കുടിവെള്ള പദ്ധതി**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. ഇതു പ്രകാരം ഒരു കുടിവെള്ള പദ്ധതിയിലൂടെ 25 മുതൽ 100 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. കുഴൽ കിണറുകളിൽ നിന്നും കൂടുതൽ ജലം ലഭിക്കുന്ന പ്രദേശങ്ങളിൽ ചെറിയ കുടിവെള്ള പദ്ധതികളും, കുറവ് ജലം ലഭിക്കുന്ന പ്രദേശങ്ങളിൽ ഹാന്റ് പമ്പുകളും സ്ഥാപിക്കുന്നതാണ്. 38 ചെറിയ കുടിവെള്ള പദ്ധതികൾ, 155 കുഴൽകിണറുകൾ, 15 ട്യൂബ്വെൽ നിർമ്മാണം, 90 ഹാന്റ് പമ്പുകൾ എന്നിവയുടെ നിർമ്മാണവും, കേടുപാടുകൾ ഉണ്ടായ 53 കുടിവെള്ളപദ്ധതികളുടെ പുനരുദ്ധാരണവും, 450 ഹാന്റ്പമ്പുകളുടെ പുനരുദ്ധാരണവും, 2021–22 ൽ വിഭാവനം ചെയ്യുന്നു. 400.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി 2021–22 ൽ വകയിരുത്തിയിരിക്കുന്നത്.

**ബി. ഉപരിതലജലവികസനം**

**1. ലിഫ്റ്റ് ഇറിഗേഷൻ**

**(വിഹിതം: 2573.00 ലക്ഷം രൂപ)**

യന്ത്രവൽകൃത സംവിധാനത്തിലൂടെ ജലം ഉയർന്ന പ്രതലത്തിലെത്തിച്ച്, നാൽപ്പത് ഹെക്ടർ കുറയാതെ വിസ്തൃതിയുള്ള സ്ഥലങ്ങളിൽ, ജലസേചനം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണിത്. 450 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിൽ ഉള്ളത്. ഈ പദ്ധതികളിലൂടെ 43170 ഹെക്ടർ അയാക്കട്ട് കൈവരിക്കുവാൻ സാധിച്ചു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി 2021–22ൽ 2573.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും,

പ്രവർത്തനരഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. ആകെയുള്ള വിഹിതത്തിൽ നിന്നും 763.00 ലക്ഷം രൂപ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കു വേണ്ടിയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിന്നും 200.00 ലക്ഷം രൂപ വയനാട്, ഇടുക്കി ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കു വേണ്ടിയാണ്.

ഉയർന്ന പ്രദേശങ്ങളിൽ ജലസേചനം ലഭ്യമാക്കാൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽക്കൂടി സാധ്യമാകും. നാണ്യവിളകൾക്ക്/തോട്ടവിളകൾക്ക് ജലസേചനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വിളരീതികളിൽ ഉണ്ടായ വ്യതിയാനം സൂചിപ്പിക്കുന്നു. 2021-22 കാലയളവിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1210.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുൻഗണനാടിസ്ഥാനത്തിലും ആവശ്യകതയ്ക്കനുസരിച്ചുമായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്.

പമ്പുകളുടെ അറ്റകുറ്റപ്പണികൾ/പമ്പുകൾ മാറ്റിവയ്ക്കൽ, ഇലക്ട്രിക്കൽ യന്ത്രങ്ങൾ സ്ഥാപിക്കൽ, പമ്പ്ഹൗസുകളുടെ അറ്റകുറ്റപ്പണികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ മുതലായവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2018 ലേയും 2019 ലേയും ആഗസ്റ്റ് മാസത്തിൽ ഉണ്ടായ വെള്ളപ്പൊക്കം വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാക്കിയിരുന്നു. പമ്പ്ഹൗസുകൾക്കും, പമ്പുകൾക്കും, ട്രാൻസ്ഫോർമറുകൾക്കും കേടുപാടുകൾ സംഭവിച്ചു. കൃഷിയിടങ്ങളിലേയ്ക്കുള്ള കനാലുകൾ മണ്ണ്കൊണ്ട് മൂടുകയും ചെയ്തു. മലബാർ ഇറിഗേഷൻ പാക്കേജിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണവും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ആകെയുള്ള പദ്ധതി വിഹിതത്തിൽ നിന്നും 600.00 ലക്ഷം രൂപ മലബാർ പാക്കേജിന്റെ പരിധിയിൽ നടപ്പിലാക്കി വരുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും, പ്രവർത്തനരഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനരുദ്ധാരണത്തിന് വകയിരുത്തിയിരിക്കുന്നു.

**2. ചെറുകിട ജലസേചനം ക്ലാസ്സ് l**

**(വിഹിതം: 7200.00 ലക്ഷം രൂപ)**

ടാങ്കുകൾ പുനരുദ്ധരിക്കുക, ചെക്കുഡാമുകൾ നിർമ്മിക്കുക, സ്ലൂയിസ്സുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, വെന്റഡ്ക്രോസ്ബാറുകൾ, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ നിർമ്മിക്കുക, വെള്ളം വാർന്ന് പോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ 50 ഹെക്ടറിൽ അധികവും 2000 ഹെക്ടറിൽ കുറവും വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനമെത്തിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ചെറുകിട ജലസേചനം ക്ലാസ്സ്- 1 പദ്ധതികൾക്ക് ആകെ 7200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തുടർ പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും, പുതിയ പദ്ധതികളായ തടയണകളുടെ നിർമ്മാണം, സ്ലൂയിസ്സുകൾ, ബണ്ടുകൾ, വെന്റഡ്ക്രോസ്ബാറുകൾ മുതലായവയുടെ നിർമ്മാണത്തിനും വേണ്ടി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽനിന്നും 300.00 ലക്ഷം രൂപ വയനാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

ചെറുകിട ജലസേചനം ക്ലാസ്സ് -I ഹരിതകേരളം പദ്ധതിയുടെ കീഴിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ നിന്നും 1700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയാണ്. മെച്ചപ്പെട്ട ജലസേചനക്ഷമത, വിളകളുടെ ഉത്പാദനക്ഷമതയിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നീ കാരണങ്ങളാൽ സൂക്ഷ്മ ജലസേചനത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്നു. കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ സൂക്ഷ്മജലസേചന ക്ലസ്റ്ററുകൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ 2021-22 ൽ വിഭാവനം ചെയ്യുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ, ഒരു ജില്ലയിൽ കുറഞ്ഞത് ഒരു സൂക്ഷ്മജലസേചന പദ്ധതിയെങ്കിലും ഏറ്റെടുക്കേണ്ടതാണ്. കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലസേചനവകുപ്പ് ഒരു വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതാണ്. ജലസ്രോതസ്സുകളുടെ വികസനം, കൃഷിയിടങ്ങളിലേക്കുള്ള മാർഗ്ഗങ്ങൾ, കൃഷി സ്ഥലത്ത് വേണ്ട ക്രമീകരണങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയായിരിക്കണം വിശദമായ പദ്ധതിരേഖ തയ്യാറാക്കേണ്ടത്. പദ്ധതിയുടെ നിർവ്വഹണരീതി, സൂക്ഷ്മ ജലസേചനത്തിന് അനുയോജ്യമായ വിളകളുടെ വിശദാംശങ്ങൾ എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. നിർവ്വഹണവകുപ്പിന്റെ തീരുമാനത്തിന് അനുസൃതമായും, വിശദമായ പദ്ധതിരേഖയ്ക്ക് അനുസൃതമായും ആവശ്യമായ സ്ഥലത്ത് സ്വകാര്യ പങ്കാളിത്തം ഉപയോഗിക്കാവുന്നതാണ്. വയനാട്, ഇടുക്കി, ജില്ലകളിലായി സൂക്ഷ്മ ജലസേചനപദ്ധതികൾ നടപ്പിലാക്കുന്നതിനായി 100.00 ലക്ഷം രൂപ വീതം വകയിരുത്തിയിരിക്കുന്നു.

ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജലം ശേഖരിക്കുന്നതിനും/സംഭരിക്കുന്നതിനുമുള്ള പുതിയ നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടി 300.00 ലക്ഷം രൂപ ചെറുകിട ജലസേചനം ക്ലാസ്-1 ഹരിത കേരളം പദ്ധതിയുടെ വിഹിതത്തിൽനിന്നും വകയിരുത്തിയിരിക്കുന്നു.

ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് ആർ.ഐ.ഡി.എഫ് ധനസഹായം ലഭിക്കുന്നുണ്ട്. ആർ.സി.ബി, എസ്.ഡബ്ല്യു.ഇ.സി.ബി, കുളങ്ങൾ, വി.സി.ബി, ചെക്ക്ഡാം, ജലം ശേഖരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ, സംരക്ഷണ പ്രവൃത്തികൾ എന്നീ ജലസേചന പദ്ധതികൾക്കാണ് നബാർഡിന്റെ ധനസഹായം ലഭിക്കുന്നത്. നബാർഡ് ധനസഹായം ലഭിക്കുന്ന പദ്ധതികൾക്കായി 3700.00 ലക്ഷം രൂപയാണ് 2021-22 ൽ വകയിരുത്തിയിരിക്കുന്നത്.

**3. ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ്-II**

**(വിഹിതം: 2150.00 ലക്ഷം രൂപ)**

അൻപത് ഹെക്ടറിനു താഴെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും, നിർബന്ധിത ചെലവുകൾ പൂർത്തീകരിച്ച ശേഷം പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുമായി തുക ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെറുകിട ജലസേചനം ക്ലാസ്സ് –II പദ്ധതികൾക്ക് 2150.00 ലക്ഷം രൂപയാണ് 2021-22 ൽ വകയിരുത്തിയിരിക്കുന്നത്.

പുതിയ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനും, നടന്നുകൊണ്ടിരിക്കുന്ന ക്ലാസ്സ് II പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമാണ് 2021-22-ൽ ആകെയുള്ള പദ്ധതി വിഹിതത്തിൽനിന്നും 1550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. തടയണകൾ നിർമ്മിക്കുന്നതിനും/ ജലം ശേഖരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കും, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങളിൽ ഉൾപ്പെടെ എല്ലാ ജില്ലകളിലും കുളങ്ങൾ നവീകരിക്കുന്നതിനും തുക വകയിരുത്തുന്നു.

ഉപരിതല ജലത്തിന്റേയും, ഭൂഗർഭജലത്തിന്റേയും ലഭ്യത വർദ്ധിപ്പിക്കുവാനായി ഒരു ഏകീകൃത നീർത്തട പദ്ധതി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെയും, ജലാശയങ്ങളുടെയും നവീകരണം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആകെയുള്ള പദ്ധതി വിഹിതത്തിൽനിന്ന് 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. ഹെഡ് വർക്കുകളുടേയും കനാൽ നിർമ്മാണങ്ങളുടേയും അറ്റകുറ്റ പണികൾ ആവശ്യമനുസരിച്ച് നടത്താവുന്നതാണ്. പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും, സ്പിൽഓവർ ബാധ്യതകൾ പൂർത്തീകരിച്ചശേഷം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും കൂടി വേണ്ടിയാണ് തുക വകയിരിത്തിയിരിക്കുന്നത്. ചെറുകിടജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും, പരിപാലനത്തിനുമായി 300.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു.

**5. നബാർഡിന്റെ സഹായത്തോടെയുള്ള ചെറുകിട ജലസേചന പദ്ധതികൾക്കു വേണ്ടി പദ്ധതികൾ തയ്യാറാക്കലും ചെറുകിട ജലസേചന പദ്ധതികളുടെ വിശദമായ അന്വേഷണ പര്യവേഷണവും**

**(വിഹിതം: 50.00 ലക്ഷം രൂപ)**

നബാർഡിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കണമെങ്കിൽ ഈ മേഖലയിലെ പദ്ധതി രൂപീകരണത്തിന്റേയും, പദ്ധതികളുടെ ഗുണമേന്മയും മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടരുന്നതിനും വിശദമായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും മറ്റുമാണ് 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

ജലസേചനവകുപ്പ് തിരഞ്ഞെടുത്ത പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിലായിരിക്കണം വിശദമായ പദ്ധതിരേഖ തയ്യാറാക്കേണ്ടത്. പുതിയ പദ്ധതികൾക്കായി വിശദമായ പഠനം നടത്തേണ്ടതാണ്. നബാർഡ് ധനസഹായം സമയബന്ധിതമായി ചെലവഴിക്കേണ്ടതായതിനാൽ 2021-22 ൽ 50.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**6. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

2015-16 കാലയളവിൽ ഭാരതസർക്കാർ പ്രധാൻമന്ത്രി കൃഷിസിഞ്ചായിയോജന എന്ന ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. എ.ഐ.ബി.പി, വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾ, കമാന്റ്ഏരിയ വികസനപരിപാടികൾ, ജലാശയങ്ങളുടെ പുനരുദ്ധാരണവും നവീകരണവും മുതലായവ ഈ പദ്ധതിയുടെ പരിധിയൽ ഉൾപ്പെടുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെ ജലസേചനസാദ്ധ്യതാ പ്രദേശങ്ങളും നിലവിൽ ജലസേചനം നടപ്പിലാക്കുന്ന പ്രദേശങ്ങളും തമ്മിലുള്ള അന്തരം കുറച്ച് ജലസേചന പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2021-22 ൽ 1000.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. 2021-22 ൽ ഈ പദ്ധതിയുടെ പരമാവധി ഉപയോഗം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

**7. ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

ഭക്ഷ്യസുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കാനും, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാനും വേണ്ടി തദ്ദേശ ജലസമ്പത്തുകൾ പുനരുദ്ധരിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, പരമ്പരാഗത ജലവിനിയോഗസമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും, ശ്രദ്ധകൊടുക്കേണ്ടതാണ്. സംസ്ഥാനത്തെ വിവിധഭാഗങ്ങളിൽ ജലസേചനത്തിന്റെ പ്രധാന സ്രോതസ്സ് കുളങ്ങളായിരുന്നു. നിലവിലുള്ള പ്രധാന പൊതുകുളങ്ങൾ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുളങ്ങളുടെ നവീകരണം, കുളങ്ങളെ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കൽ എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ പ്രധാനമായും വിഭാവനം ചെയ്യുന്നത്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 2021-22-ൽ 800.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

**8. നബാർഡ് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന സൂക്ഷ്മ ജലസേചന പദ്ധതികൾ(പുതിയ പദ്ധതി) (നബാർഡ് ആർ.ഐ.ഡി.എഫ് )**

**(വിഹിതം: 151.00 ലക്ഷം രൂപ)**

കമ്മ്യൂണിറ്റി സൂക്ഷ്മ ജലസേചന പദ്ധതിയിൽക്കൂടി ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ജലഉപയോഗം സാധ്യമാക്കി വിളകളിൽ നിന്നും പരമാവധി ഉൽപ്പാദനം ലക്ഷ്യമിടുന്നു. സൂക്ഷ്മ ജലസേചന പദ്ധതികളുടെ സാധ്യതയും പ്രവർത്തനക്ഷമതയും പരിശോധിച്ച ശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. കൃഷി വകുപ്പിന്റെയും, തദ്ദേശഭരണവകുപ്പിന്റെയും, ഹരിതകേരള മിഷന്റെയും ഏകോപനത്തിലൂടെയായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. 2021-22 ൽ സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 151.00 ലക്ഷം രൂപ നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 4.3 കമാന്റ് ഏരിയ വികസനം

**1. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കാഡാ പദ്ധതികൾ (സംസ്ഥാന വിഹിതം 50 ശതമാനം)**

**(വിഹിതം. 100.00 ലക്ഷം രൂപ)**

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കാഡാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22 ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫീൽഡ് ചാനലുകൾ, ഫീൽഡ് ഡ്രെയിനുകൾ എന്നിവയുടെ നിർമ്മാണത്തിനും, സിസ്റ്റം കറക്ഷനുകൾക്കും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

## 4.4 വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും

**എ. വെള്ളപ്പൊക്ക നിയന്ത്രണം**

**1. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണം) (സംസ്ഥാന വിഹിതം 50 ശതമാനം)**

**(വിഹിതം: 550.00 ലക്ഷം രൂപ)**

കുട്ടനാട്ടിലെ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ഒരു പഠന റിപ്പോർട്ട് എം.എസ്സ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച കുട്ടനാട് മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡും 2019 ൽ ഒരു പാക്കേജ്

തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽ പ്രധാനമായും നെല്ലുൽപ്പാദനത്തിന് സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2021-22 ൽ 550.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കെ.ഇ.എൽ II, കെ.ഇ.എൽ III, കെ.ഇ.എൽ IV പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനു വേണ്ടിയും, തണ്ണീർമുക്കം ബാരേജിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ബിൽ തുകയ്ക്ക് വേണ്ടിയുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

2021-22 ൽ പുതിയ പദ്ധതികളൊന്നും ഏറ്റെടുക്കാൻ പാടുള്ളതല്ല. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് പുതിയ ഭരണാനുമതി നൽകുകയോ, പുതിയ ഘടകങ്ങൾക്ക് പുതിയ ടെന്റർ നടപടികൾ സ്വീകരിക്കുവാനോ പാടുള്ളതല്ല.

വെള്ളപ്പൊക്ക നിയന്ത്രണപദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിനു വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കാത്ത ചെലവ് വർദ്ധനവിനും (cost escalation) ബണ്ടിന്റെ വീതി വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള ചെലവ് വർദ്ധനയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2. കുട്ടനാടിനുവേണ്ടിയുള്ള നബാർഡ് ആർ.ഐ.ഡി.എഫ് സഹായം**

**(വിഹിതം. 2900.00 ലക്ഷം രൂപ)**

കുട്ടനാട്ടിൽ നിർമ്മാണപ്രവൃത്തികൾക്കായി നബാർഡ് ആർ.ഐ.ഡി.എഫ് സഹായം ലഭ്യമാകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. 2900.00 ലക്ഷം രൂപയാണ് ആർ.ഐ.ഡി.എഫ് വിഹിതമായി 2021-22 ൽ വകയിരുത്തിയിരിക്കുന്നത്. കുട്ടനാടൻ മേഖലയിലെ കൃഷിനാശം കുറയ്ക്കുന്നതിനും, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്ന പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കുട്ടനാടൻ മേഖലയിലെ ഏറ്റവും ലോലമായ പ്രദേശങ്ങളിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

**3. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതി**

**(വിഹിതം. 3000.00 ലക്ഷം രൂപ)**

ആലപ്പുഴ, കോട്ടയം ജില്ലകളിലെ വിവിധ പാടശേഖരങ്ങളിലെ വെള്ളപ്പൊക്കനിവാരണ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിനായി വിവിധ പ്രവൃത്തികളും ഈ പദ്ധതിയുടെ കീഴിൽ 2021-22 ൽ നടപ്പിലാക്കാവുന്നതാണ്. വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ ഇവയെല്ലാമാണ്.

- ഡ്രെയിനേജ് സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി കനാലുകളിൽ നിന്നും മണ്ണ് മാറ്റുന്നതും, കനാൽ വൃത്തിയാക്കുന്നതുമായ പ്രവർത്തികൾ.
- പാടശേഖരങ്ങളുടെ പുറംബണ്ടു സംരക്ഷണം
- പാടശേഖരങ്ങളുടെ കംപാർട്ട്മെന്റലൈസേഷൻ പ്രവർത്തികൾ.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തികൾക്കായി 3000.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിരിക്കുന്നു. ആകെയുള്ള വിഹിതത്തിൽ നിന്നും 1000.00 ലക്ഷം രൂപ പാടശേഖരങ്ങളുടെ കംപാർട്ട്മെന്റലൈസേഷൻ പ്രവർത്തികൾക്കുവേണ്ടിയാണ്.

**4. വെള്ളപ്പൊക്ക നിവാരണവും ബോർഡർ ഏരിയ പദ്ധതിയും 2020-25 ( 25% സംസ്ഥാന വിഹിതം)**

**(വിഹിതം: 1250.00 ലക്ഷം രൂപ)**

‘‘വെള്ളപ്പൊക്ക നിവാരണവും ബോർഡർ ഏരിയ പദ്ധതിയും 2020-25’’ എന്ന ഒരു പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 75:25 എന്ന അനുപാതത്തിലാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ആദ്യഘട്ട വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 25 ശതമാനം സംസ്ഥാനവിഹിതമായി 1250.00 ലക്ഷം രൂപയാണ് 2021-22ൽ വകയിരുത്തിയിരിക്കുന്നത്.

## B. തീരദേശസംരക്ഷണം

**1. തീരദേശസംരക്ഷണം**

**(വിഹിതം: 240.00. ലക്ഷം രൂപ)**

സംസ്ഥാനത്തെ കടൽത്തീരത്തിന്റെ നീളം 576 കി.മീ ആണ്. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ റിപ്പോർട്ട് പ്രകാരം, കേരള തീരത്തിന്റെ 45% നശിച്ചുകൊണ്ടിരിക്കുകയാണ്. ആകെയുള്ള 576 കി.മീ ൽ, 370 കി.മീ നീളത്തിൽ കടൽഭിത്തികൾ നിർമ്മിച്ചും, പുലിമുട്ടുകൾ നിർമ്മിച്ചും സംരക്ഷിച്ചിട്ടുണ്ട്. സംരക്ഷിത മേഖലയിൽ പോലും, 160 കി.മീ നീളത്തിൽ കടൽഭിത്തികൾക്ക്

വളരെയധികം നാശം സംഭവിച്ചിട്ടുണ്ട്. സംരക്ഷണഭിത്തികളില്ലാത്ത തീരപ്രദേശങ്ങളിൽ വിവിധ സ്ഥലങ്ങൾ ദുർബല പ്രദേശമായി രേഖപ്പെടുത്തിയിട്ടുണ്ട്, ഇവിടെയൊക്കെ തിരമാലയുടെ ആക്രമണം കാരണം നിരന്തരമായി നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

തീരദേശ സംരക്ഷണത്തിനായി 2021–22 ൽ 240.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തീരദേശസംരക്ഷണത്തിനായി ജിയോടെക്സ്റ്റൈലുകൾ, പോളിത്തീൻ ഫാബ്രിക്കുകൾ/ഷീറ്റുകൾ എന്നിങ്ങനെ ആധുനിക സാങ്കേതികവിദ്യയും ബയോമെറ്റീരിയലുകളും ഉപയോഗിക്കുന്നതാണ്. വാർഷിക പദ്ധതിയിലും ധനകാര്യ കമ്മീഷനിലും ഉൾപ്പടുത്തി നടപ്പിലാക്കിയ കടൽഭിത്തികൾക്ക് പുനരുദ്ധാരണം ആവശ്യമാണ്. പ്രസ്തുത പണികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

**2. തീരദേശ സംരക്ഷണത്തിനായുള്ള പഠനങ്ങൾ (പുതിയ പദ്ധതി)**

**(വിഹിതം 100.00 ലക്ഷം രൂപ)**

തീരദേശ സംരക്ഷണ നിർമ്മിതിയുടെ ശരിയായ നിർമ്മാണത്തിനും, പരിപാലനത്തിനും സാങ്കേതിക പഠനങ്ങളും, പ്രദേശത്തിനനുയോജ്യമായ രൂപ രേഖയും ആവശ്യമാണ്. തിരമാലകളുടെ രീതി, തീരപ്രദേശങ്ങളുടെ പ്രത്യേകതകൾ, കടലിന്റെ ആഴം, എക്കലിന്റെ സാന്നിധ്യം ഇവയൊക്കെ അടിസ്ഥാനമാക്കി തീരദേശ സംരക്ഷണ പ്രവർത്തികളിൽ വ്യതിയാനം ഉണ്ടാകാം. തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പഠനങ്ങൾ ഏറ്റെടുക്കുന്നതിനായി 100.00 ലക്ഷം രൂപ 2021–22 ൽ വകയിരുത്തിയിരിക്കുന്നു.

# 5. ഊർജ്ജം

സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. സാമ്പത്തിക വളർച്ചയും മനുഷ്യവികസനവും ത്വരിതപ്പെടുത്തുന്നതിന് കാര്യക്ഷമവും ആശ്രയിക്കത്തക്കതുമായ ഊർജ്ജം മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നത് ഒരു അത്യാവശ്യ ഘടകമാണ്. ആവശ്യമായ ഊർജ്ജം മിതമായ നിരക്കിൽ ഗുണനിലവാരത്തോടെ ലഭ്യമാക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. എല്ലാവർക്കും ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കുക എന്നതാണ് കേരളത്തിലെ ഊർജ്ജ മേഖലയുടെ കാഴ്ചപ്പാട്. സംസ്ഥാനത്തിനകത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് താപം, ഡീസൽ, ജലം, സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുമാണ്. മാലിന്യങ്ങളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾ പരിഗണനയിലുണ്ട്. ഉത്പാദനം, പ്രസരണം, വിതരണം, ഗുണനിലവാരം, സുരക്ഷ, നിയന്ത്രണം, ഊർജ്ജ കാര്യക്ഷമത തുടങ്ങിയവ കേന്ദ്രീകരിച്ചുള്ള വിവിധ ഊർജ്ജ വികസന പ്രവർത്തനങ്ങൾ പ്രധാനമായും കെഎസ്ഇബിഎൽ, അനർട്ട്, ഇഎംസി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ നാല് ഏജൻസികളിലൂടെയാണ് നടപ്പിലാക്കുന്നത്. കേരളത്തിന്റെ ഊർജ്ജ മേഖലയിൽ ന്യായവും, സുതാര്യവും, വസ്തുനിഷ്ഠമായ നിയന്ത്രണ സംവിധാനത്തിനും ഉള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെഎസ്ഇആർസി), എന്ന അർദ്ധ-ജുഡീഷ്യൽ ബോഡി, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്നു.

ഊർജ്ജ മേഖലയ്ക്ക് 2021-22 ബജറ്റിൽ 1,15,011.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ, 1,09,375.00 ലക്ഷം രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിനും (കെ.എസ്.ഇ.ബി.എൽ), 4,313.00 ലക്ഷം രൂപ ഏജൻസി ഫോർ നോൺ - കണവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജിക്കും (അനർട്ട്), 560.00 ലക്ഷം രൂപ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിക്കും (എം.റ്റി.എസ്.എൽ), 763.00 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിനുമായി (ഇ.എം.സി) വകയിരുത്തിയിരിക്കുന്നു. ഈ ഏജൻസികൾ യോജിച്ച് പ്രവർത്തിച്ച് കാലാകാലങ്ങളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പൊതുതന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

ഊർജ്ജ വകുപ്പിന് കീഴിലുള്ള ഏജൻസികൾക്ക് വകയിരുത്തിയിട്ടുള്ള വിഹിതവും സ്കീം/പദ്ധതി വിശദാംശങ്ങളും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കെ.എസ്.ഇ.ബി.എൽ | 109375.00 |
| 2. | അനർട്ട് | 4313.00 |
| 3. | എം.ടി.എസ്.എൽ | 560.00 |
| 4. | ഇ.എം.സി. | 763.00 |
| | **ആകെ** | **115011.00** |

### 5.1 കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനു പിന്നിലുള്ള ശ്രദ്ധേയമായ ഒരു പ്രേരക ശക്തിയും സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി യൂട്ടിലിറ്റിയുമാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിവ കെ.എസ്.ഇ.ബി യിൽ നിർവ്വഹിക്കുന്നു. ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ട വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്.

2021-22 ബജറ്റിൽ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് (കെ.എസ്.ഇ.ബി.എൽ) 1,09,375.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ, 1,03,754.00 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ തനതായ പദ്ധതികൾക്കും, 3,300.00 ലക്ഷം രൂപ ഡ്രിപ്പിനും (വിദേശ സഹായ പദ്ധതി), 2,321.00 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ നടപ്പാക്കുന്ന സംസ്ഥാന പദ്ധതികൾക്കും വകയിരുത്തിയിരിക്കുന്നു. സ്കീം/പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**നടപ്പ് ജലവൈദ്യുത പദ്ധതികൾ**

**1) പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട് (60 മെ.വാ. 153.90 മി.യു)**

**(വിഹിതം 700.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ പെരിയാർ നദീതടത്തിലെ മുതിരപ്പുഴ നദിയിലെ ജല വൈദ്യുത പദ്ധതിയാണ് പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട്. പുതിയ ജലവാഹക സംവിധാനത്തിലൂടെ വെള്ളം തിരിച്ചു വിടുക വഴി മൂന്നാർ രാമസ്വാമി അയ്യർ ഹെഡ് വർക്കിൽ ലഭ്യമാകുന്ന ജലം പൂർണ്ണമായി പ്രയോജനപ്പെടുത്തി

നിലവിലുള്ള പള്ളിവാസൽ നിലയത്തിന് സമീപത്തായി നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ വൈദ്യുത നിലയത്തിലും വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. വിവിധ സൈറ്റുകളിലെ പ്രത്യേകിച്ചും ഇൻടേക്ക്, ടണൽ പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങൾ, കരാറുകാരന്റെ ഉചിതമല്ലാത്ത ആസൂത്രണം, മതിയായ ജോലിക്കാരെ ഏർപ്പാടാക്കാതിരുന്നത്, മെറ്റീരിയലുകൾ, യന്ത്രങ്ങൾ എന്നിവയുടെ അഭാവം തുടങ്ങി നിരവധി കാരണങ്ങളാൽ പദ്ധതിയുടെ ഘടകങ്ങൾ സമയബന്ധിതമായി പൂർത്തിയായില്ല. പ്രവർത്തിയ്ക്ക് മെസ്സേർസ് ബൂമി-സീല്ല്യൺ ജെവി എന്ന കമ്പനിയ്ക്ക് 109.44 കോടി രൂപയ്ക്ക് 15.03.2018 ൽ കരാർ നൽകി. 2018 മാർച്ച് 19 ന് പ്രവർത്തി ആരംഭിക്കുകയും ഷെഡ്യൂൾ അനുസരിച്ച് പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. ബോക്സ് കൾവർട്ടിന്റെയും ഇൻടേക്ക് പൂളിന്റെയും ജോലികൾ ഷെഡ്യൂളിന് മുമ്പായി പൂർത്തിയായി. മൊത്തം 84.65 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്, 2021 ഡിസംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2) സെൻകുളം ഓഗ് മെന്റേഷൻ പ്രോജക്ട് (85 മി. യൂ.)**

**(വിഹിതം 600.00 ലക്ഷം രൂപ)**

സെൻകുളം വൈദ്യുത നിലയത്തിലെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പശ്ചിമ കല്ലാർ നദിയിലുള്ള ജലം, സെൻകുളം ജല സംഭരണിയിലേക്ക് തിരിച്ചു വിടുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ദേവികുളം താലൂക്കിലെ പള്ളിവാസൽ വില്ലേജിലാണ് ഈ പ്രോജക്ട് സ്ഥിതി ചെയ്യുന്നത്. 42 മാസങ്ങൾ പൂർത്തീകരണ കാലാവധി വച്ച് 15.07.2009-ൽ ഈ പദ്ധതി കരാർ ചെയ്തു, 06/07/2009 ൽ പണി ആരംഭിച്ചു. ഇപ്പോൾ പ്രവർത്തി പുരോഗമിച്ചു വരുന്നു. മൊത്തം 70.50 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്, 2022 മാർച്ചിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

**3) തോട്ടിയാർ പദ്ധതി (40 മെ.വാ./99 മി. യൂ.)**

**(വിഹിതം 400.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് 40 മെ.വാ. സ്ഥാപിതശേഷിയും 99 മില്യൺ യൂണിറ്റ് ഉല്പാദന ശേഷിയുമുള്ള പ്രസ്തുത പ്രോജക്ട് സ്ഥിതി ചെയ്യുന്നത്. തോട്ടിയാർ വൃഷ്ടി പ്രദേശത്തു നിന്നുള്ള ജലം ഉപയോഗപ്പെടുത്തി 0.39 ക്യൂബിക് മി.മീ. പോൺഡേജ് ശേഷിയിൽ 7.5 മീറ്റർ ഉയരത്തിൽ ഓവർഫ്ലോ വെയർ നിർമ്മിക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്കായി ആവശ്യമുള്ള ആകെ വനഭൂമി 3.8134 ഹെക്ടറാണ്. മൊത്തം 53.25 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്, 2021 മാർച്ചിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4) മാങ്കുളം ജലവൈദ്യുത പദ്ധതി (40 മെ.വാ. / 82 മി.യൂ.)**

**(വിഹിതം 500.00 ലക്ഷം രൂപ)**

മാങ്കുളം ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്) നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എല്ലും സർക്കാരും ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുകയാണ്. 2004 ഓഗസ്റ്റിൽ (16 വർഷം മുമ്പ്) പരിസ്ഥിതി അനുമതിയും 2009 ജൂണിൽ (11 വർഷം മുമ്പ്) ഫോറസ്റ്റ് ക്ലിയറൻസും ലഭിച്ചു. 2011 മാർച്ചിൽ (9 വർഷം മുമ്പ്) മരങ്ങൾ വെട്ടിമാറ്റിയ ശേഷം വനംവകുപ്പ് കെ.എസ്.ഇ.ബി.എല്ലിന് വനഭൂമി കൈമാറിയിരുന്നു. ഇപ്പോൾ സ്വകാര്യ ഭൂമിയുടെ 90 ശതമാനവും ഏറ്റെടുത്തിട്ടുണ്ട്. ഉദ്ദേശ്യ വിജ്ഞാപന പ്രകാരം നദി പുറമ്പോക്കും സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിന് പണം നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. ബാക്കി ഭൂമി ഏറ്റെടുക്കുകയും അടുത്ത 8 മാസത്തിനുള്ളിൽ ബിഡ്ഡിംഗ് പ്രക്രിയ പൂർത്തിയാക്കുകയും ചെയ്താൽ, 2021 മെയ് മാസത്തോടെ പദ്ധതി നിർമാണം ആരംഭിക്കാം. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

**5) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെ. വാ./25.77 മി.യൂ)**

**(വിഹിതം 10.00 ലക്ഷം രൂപ)**

പത്തനംതിട്ട ജില്ലയിലെ പമ്പാനദിയുടെ തീരത്താണ് പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥിതി ചെയ്യുന്നത്. പമ്പാ, അഴുത നദികളിലെ 442 ച. കി. മീറ്റർ ക്യാച്ച്മെന്റിലെ ജലം ഉപയോഗിച്ച് ഊർജ്ജോല്പാദനം നടത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഡൈവർഷൻ വെയർ, പവർ ചാനൽ, ഫോർബേ ടാങ്ക്, രണ്ട് പെൻസ്റ്റോക്ക് പൈപ്പുകൾ, വൈദ്യുത നിലയം എന്നിവയാണ്. ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 6 മെഗാവാട്ടും (2 x 3 മെ.വാ), ശരാശരി വാർഷിക ഊർജ്ജോല്പാദനം 25.77 മില്ല്യൺ യൂണിറ്റുമാണ്. ഈ

പദ്ധതിക്ക് 10.11.2004–ൽ ഭരണാനുമതി ലഭിച്ചു. പദ്ധതി 23.10.2017 ന് കമ്മീഷൻ ചെയ്തു. ബാക്കി തുക നൽകുന്നതിനായി 2021–22 ബജറ്റിൽ ഈ പദ്ധതിക്ക് 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6) ചാത്തൻകോട്ടുനട –II (6 മെ.വാ./14.76 മി.യൂ)**

**(വിഹിതം 500.00 ലക്ഷം രൂപ)**

കുറ്റ്യാടി നദിയുടെ പോഷക നദികളായ പൂതംപാറ, കരിങ്ങാട് എന്നീ നദികളിലെ ജലം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ചാത്തൻകോട്ടുനട – സ്റ്റേജ് II ജലവൈദ്യുത പദ്ധതിയുടെ ലക്ഷ്യം. കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. കോറമണ്ടൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്, ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ കൺസോർഷ്യമായ കോറമണ്ടൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡുമായുള്ള യഥാർത്ഥ കരാർ 17.05.2017 ൽ ഒഴിവാക്കി. ബാക്കി സിവിൽ വർക്കുകൾ കണ്ണൂർ പേരാവൂരുള്ള മെസേർസ് കെ. കെ. ബിൽഡേഴ്സിനെ ഏൽപ്പിച്ചു. ഇ ആൻഡ് എം വർക്കുകൾ ചെയ്യുന്നതിനായി 24 മാസം കാലാവധി വച്ച് 22.45 കോടി രൂപയ്ക്ക് 30.03.2019 ൽ മെസേർസ് വോയ്ത്ത് ഹൈഡ്രോ പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റ് വച്ചു. മൊത്തം 84.07 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2021–22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

**7) ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി (15 മെ.വാ/36 മി. യൂ)**

**(വിഹിതം 20.00 ലക്ഷം രൂപ)**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ സ്ഥിതി ചെയ്യുന്ന ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി വൈദ്യുതി ഉല്പാദനത്തിനായി വളപട്ടണം നദിയുടെ പോഷക നദിയായ ബാരാപോൾ നദിയുടെ ചുറ്റുമുള്ള 310 ച.കി.മീ. പ്രദേശത്തുനിന്നും ലഭിക്കുന്ന ജലം ഉപയോഗിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി മൊത്തത്തിൽ കേരളത്തിന്റെ അതിർത്തിക്കുള്ളിലാണെങ്കിലും വൃഷ്ടി പ്രദേശം മുഴുവനും കർണ്ണാടകയിലാണ്. ഇതിനായി 20 ഹെക്ടർ ഭൂമി ആവശ്യമായിട്ടുണ്ട്. എന്നാൽ, ഈ പദ്ധതിയിൽ വനഭൂമി ഉൾപ്പെടുന്നില്ല. ഈ പദ്ധതിയുടെ പ്രവർത്തനം 29.09.2010–ൽ ആരംഭിച്ചു. 2016 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്തു. ബാക്കി തുക നൽകുന്നതിനായി 2021–22 ബജറ്റിൽ പദ്ധതിക്ക് 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8) അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി (30 മെ.വാ/75.81 മി.യൂ)**

**(വിഹിതം 1.00 ലക്ഷം രൂപ)**

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ അരുവാപ്പലം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി, അച്ചൻകോവിലാറിന്റെ പ്രധാന പോഷക നദിയായ അച്ചൻകോവിൽ –കല്ലാർ നദിയിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2004–05 പ്രൈസ് ലെവൽ വച്ച് 4.11.2016 ൽ 189.88 കോടി രൂപയുള്ള ഭരണാനുമതി ബോർഡ് നൽകി. 05.07.2008 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അനുമതിയും ലഭിച്ചു. ഒന്നാം ഘട്ട പരിസ്ഥിതി ക്ലിയറൻസ് 16–09–2008ൽ ലഭിച്ചു. ഈ പദ്ധതിയുടെ നിർമ്മാണത്തിനായി 146.3 ഹെക്ടർ വനഭൂമി ഉപയോഗിക്കുന്നതിന് കെ എസ് ഇ ബി എല്ലിന്റെ നിർദ്ദേശത്തിനുള്ള വനാനുമതി കേരള സർക്കാരിന്റെ 22.07.2016 ലെ കത്ത് പ്രകാരം നിരസിച്ചു. ടിൻ കല്ലാർ ബഹുവിധ പദ്ധതി കണക്കിലെടുത്ത്, ഈ പദ്ധതിയുടെ പ്രൊപ്പോസലിന് തീരുമാനമായിട്ടില്ല. ഈ പദ്ധതിക്കായി 2021–22 വാർഷിക ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9) ചിന്നാർ ജലവൈദ്യുത പദ്ധതി (24മെ. വാ./76.45 മി.യൂ)**

**(വിഹിതം 700.00 ലക്ഷം രൂപ)**

പെരിയാറിന്റെ പ്രധാന കൈവഴിയായ പെരിഞ്ചങ്കുട്ടി നദിയുടെ 143.64 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജലം ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചുള്ള റൺ ഓഫ് റിവർ സ്കീമാണ് ചിന്നാർ ജലവൈദ്യുത പദ്ധതി. വെയർ, ഇൻടേക്ക്, തുരങ്കം, സർജ്, എൽ.പി.പി, വാൽവ് ഹൗസ്, പെൻസ്റ്റോക്ക്, വൈദ്യുത നിലയം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നത്. പ്രവർത്തിയ്ക്ക് പി.ജി.സി.സി.എൽ–ആര്യകോൺ – കൺസോർഷ്യത്തിന് അവർ ഉദ്ധരിച്ച തുകയായ 80.61 കോടി രൂപയ്ക്ക് 08/03/2018 ൽ കരാർ നൽകി. കരാറുകാരൻ 19–3–2018 ന് പണി ആരംഭിച്ചു, കരാർ കാലാവധി 4 വർഷമാണ്. പവർ ഹൗസ് നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയ ശേഷം ബാലൻസ് സിവിൽ വർക്കുകൾക്കും ഇ ആൻഡ് എം ജോലികൾക്കുമുള്ള ടെൻഡറുകൾ ക്ഷണിക്കും. ഏകദേശം 53.73 ശതമാനം പുരോഗതി നേടിയിട്ടുണ്ട്, 2022 മെയ് മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി 2021–22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10) ആനക്കയം പദ്ധതി (7.5മെ.വാ/22.83 മി.യൂ)**

**(വിഹിതം 700.00 ലക്ഷം രൂപ)**

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ പരിയാരം വില്ലേജിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. അധിക സംഭരണമോ വെള്ളത്തിൽ ആഴ്ത്തുകയോ ഇല്ലാതെ ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റേസ് വികസനമാണ് ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി. പറമ്പിക്കുളം ടൈഗർ റിസർവ് മേഖലയിലെ ബഫർ സോണിൽ സ്ഥിതി ചെയ്യുന്ന പ്രോജക്റ്റ് പ്രദേശം വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ഷോളയാർ, വാഴച്ചാൽ വനമേഖലകളിലാണ്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11) പെരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 മെ.വാ/ 45.02 മി. യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

നിലവിലുള്ള പെരിങ്ങൽക്കുത്ത് ഇടതുകര വിപുലീകരണ പവർ ഹൗസിനു സമീപത്ത് 24 മെഗാ വാട്ട് സ്ഥാപിതശേഷിയുള്ള ഒരു പവർ ഹൗസും രണ്ട് കിലോമീറ്റർ നീളത്തിലുള്ള വാട്ടർ കണ്ടക്ടർ സിസ്റ്റവും നിർമ്മിച്ച് നിലവിലുള്ള പെരിങ്ങൽക്കുത്ത് റിസർവോയറിൽ നിന്നും പുറന്തള്ളപ്പെടുന്ന ജലം ഉപയോഗിക്കുന്നതിനാണ് പെരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (1x24 മെഗാ വാട്ട്) കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 1 x 24 മെഗാ വാട്ട് സ്ഥാപിതശേഷിയും വാർഷിക ഊർജ്ജോല്പാദനം 45.02 മില്ല്യൺ യൂണിറ്റുമാണ് ഒന്നാം ഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ വീണ്ടും 1 x 24 മെഗാ വാട്ടും കൂട്ടി ചേർത്ത് 48 മെഗാ വാട്ടായി സ്ഥാപിത ശേഷി ഉയർത്തുകയും വാർഷിക ഊർജ്ജോല്പാദനം 78.78 മില്ല്യൺ യൂണിറ്റായി ഉയർത്താനുമാണ് ലക്ഷ്യമിടുന്നത്. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. മൊത്തം 91.01 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്, 2021 മാർച്ചിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12) പഴശ്ശി സാഗർ പ്രോജക്റ്റ് (7.5 മെ. വാ/25.8 മി.യൂ)**

**(വിഹിതം 700.00 ലക്ഷം രൂപ)**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പാടിയൂർ - കല്യാട് പഞ്ചായത്തിൽ നിർദ്ദേശിച്ച പഴശ്ശി സാഗർ പ്രോജക്റ്റ്, ജലസേചന വകുപ്പിന്റെ പഴശ്ശി ഇറിഗേഷൻ ബാരേജിൽ ഡാം-ടോ, റൺ ഓഫ് റിവർ സ്കീം ആയി വിഭാവനം ചെയ്യുന്നു. സിവിൽ ജോലികൾക്കുള്ള കരാർ ഈറോഡുള്ള ആർ എസ് ഡെവലപ്പ്മെന്റ് & കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് 6-10-2017 ൽ 46.41 കോടി രൂപയ്ക്ക് നൽകുകയും അവർ 27-10-2017 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ കാലയളവ് 30 മാസമായിരുന്നു. സമീപകാലത്തെ വെള്ളപ്പൊക്കം പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചു. ഏകദേശം 17.52 ശതമാനം പുരോഗതി നേടി, 2021 മാർച്ചിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13) കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (3 മെ.വാ/10.39 മി.യൂ.)**

**(വിഹിതം 1.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ വില്ലേജിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയിൽ നിന്നും പുറന്തള്ളുന്ന ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 3 മെ.വാട്ടാണ് ഈ പദ്ധതിയുടെ സ്ഥാപിതശേഷി. സമാന്തര കപ്ലൈൻ ടർബൈനോടുകൂടി കവിഞ്ഞൊഴുകുന്ന ഒരു ഡൈവർഷൻ ചിറയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ നിന്നും 18.4 മീറ്റർ വ്യാപ്തിയിൽ വർഷം തോറും 10.39 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. ഈ പദ്ധതി 16.07.2018 ന് കമ്മീഷൻ ചെയ്തു. ബാക്കി തുക നൽകുന്നതിനായി 1.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**14) അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി (2മെ.വാ/5.14 മി.യൂ.)**
**(ആർഐഡിഎഫ് നു കീഴിലുള്ള പദ്ധതി)**

**(വിഹിതം 70.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ആനവിരട്ടി വില്ലേജിലാണ് അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി (2മെ.വാ/5.14 മി.യൂ.) സ്ഥിതി ചെയ്യുന്നത്. പൂയംകുട്ടി ക്യാച്ച്മെന്റിലെ കല്ലാർ നദിയുടെ 28.5 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിന്ന് വഴിതിരിച്ചുവിട്ട ജലം

ഉപയോഗിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. 1964 ൽ കെഎസ്ഇ ബോർഡ് നിർമ്മിച്ച കല്ലാർ ഡൈവേർഷൻ എന്നറിയപ്പെടുന്ന വിരിപാറയിലെ നിലവിലുള്ള ഡൈവേർഷൻ വെയറും ഒരു തുരങ്കവും വഴിയാണ് പൂയംകുട്ടി ക്യാച്ച്മെന്റിൽ നിന്നും ജലം വഴിതിരിച്ചുവിടുന്നത്. കല്ലാർ നദിയിൽ നിന്നുള്ള വെള്ളം ഇപ്പോൾ നേരിയമംഗലം പവർ ഹൗസിലേക്ക് തിരിച്ചുവിടുകയാണ്. 2 മെഗാ വാട്ട് സ്ഥാപിത ശേഷിയിൽ പ്രതിവർഷം 15.14 മില്യൺ യൂണിറ്റ് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മൊത്തം 76.75 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15) പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതി (3 മെ. വാ/7.74 മി. യൂ.)**

**(വിഹിതം 30.00 ലക്ഷം രൂപ)**

പൂയംകുട്ടി ബേസിനിൽ നിന്നുംതിരിച്ചുവിടുന്ന ജലം സ്വീകരിക്കുന്ന അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുതി പദ്ധതിയിൽ നിന്നുള്ള ടെയിൽ റേസ് ജലം ഉപയോഗിക്കാനാണ് പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ പ്രീ കൺസ്ട്രക്ഷൻ സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സ്വകാര്യ ഭൂമി ഏറ്റെടുത്തതിനുശേഷവും പദ്ധതിയുമായി മുന്നോട്ട് പോകാൻ ബോർഡിന്റെ സമ്മതം ലഭിച്ചതിനുശേഷവും പദ്ധതി ടെൻഡർ ചെയ്യാവുന്നതാണ്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16) പശ്ചിമ കല്ലാർ പ്രോജക്റ്റ് (5 മെ.വാ/17.41 മി.യൂ)**

**(വിഹിതം 10.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ പീച്ചാഡ് പ്രോജക്റ്റിന്റെ താഴെയുള്ള പദ്ധതിയാണ് പശ്ചിമ കല്ലാർ പ്രോജക്റ്റ്. കല്ലാർ സ്കീമിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശ്രേണിയിൽ നിർദിഷ്ട പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (3 മെഗാ വാട്ട്) 2 കിലോമീറ്റർ താഴെയായും അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (2 മെഗാ വാട്ട്) 1.5 കിലോമീറ്റർ താഴെയുമാണ് പശ്ചിമ കല്ലാർ പ്രോജക്റ്റ്. ആലുവ-മൂന്നാർ റോഡിലെ കല്ലാർ പാലത്തിന് 400 മീറ്റർ മുകളിലാണ് വെയർ സൈറ്റ് സ്ഥിതിചെയ്യുന്നത്, കല്ലാർ വെള്ളച്ചാട്ടത്തിന് താഴെയായി പവർഹൗസ് നിർദ്ദേശിക്കുന്നു. 2014 ലെ സി.പി.ഡബ്ല്യു.ഡി എസ്.ഒ.ആർ അനുസരിച്ച് 63.05 കോടി രൂപയ്ക്ക് 11.09.2015 ൽ ബോർഡ് ഭരണാനുമതി നൽകി. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നിലവിലുള്ള 50 കിലോ വാട്ട് പദ്ധതിയ്ക്ക് തടസ്സമാകാതെ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകി. പവർഹൗസ് ഇടത് കരയിലേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുകയും ഡിപിആർ പരിഷ്കരിക്കുകയും ചെയ്യുന്നു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17) ചെമ്പുകടവ് മൂന്നാം ഘട്ടം പ്രോജക്റ്റ് (7.5 മെ.വാ/17.715 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

ചെമ്പുകടവ് മൂന്നാം ഘട്ടം പ്രോജക്റ്റ്, ചെമ്പുകടവ് സ്റ്റേജ് II സ്കീമിന്റെ താഴെയായിട്ടാണ് സ്ഥിതിചെയ്യുന്നത്. ചാലിയാർ തടത്തിലെ ഇരുവഞ്ചിപ്പുഴയുടെ കൈവഴിയായ ചാലിപുഴയിലെ 21.79 ചതുരശ്ര കിലോമീറ്റർ നീരൊഴുക്ക് വിസ്തീർണ്ണം ഉപയോഗിച്ചാണ് ഈ പ്രോജക്റ്റിന്റെ ഊർജ്ജ വികസനം വിഭാവനം ചെയ്യുന്നത്. കോഴിക്കോട് താലൂക്കിലെ കോടഞ്ചേരി, നെല്ലിപൊയിൽ വില്ലേജുകളിലാണ് ഈ പദ്ധതി. 23.12.2014 ലെ BO (DB) നമ്പർ 3374/2014 (DGC / AEE-I / CHEMPKDV / 2014) പ്രകാരം, 2014 ലെ സി.പി.ഡബ്ല്യു.ഡി എസ്.ഒ.ആർ അനുസരിച്ച് ഐ.ഡി.സി ഉൾപ്പെടെ 81.75 കോടി രൂപയ്ക്ക് പദ്ധതി നടപ്പാക്കുന്നതിന് ബോർഡ് ഭരണപരമായ അനുമതി നൽകി. പിന്നീട് 09.03.2015 തീയതിയിലെ സർക്കാർ ഉത്തരവ്(ആർ.ടി) 54/2015 / പിഡി നമ്പർ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതിയും ലഭിച്ചു. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതിയും 03.12.2013 ലെ ജി.ഒ പ്രകാരം ലഭിച്ചു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18) ഒലിക്കൽ പ്രോജക്റ്റ് (5 മെ.വാ/10.26 മി.യൂ)**

**(വിഹിതം 300.00 ലക്ഷം രൂപ)**

ഈ പദ്ധതി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. പൂവരംതോട് പദ്ധതിയുടെ ടെയിൽ റേസ് ജലം ഉപയോഗിക്കാനുദ്ദേശിക്കുന്ന ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 5 മെ.വാട്ടാണ്. ഈ പദ്ധതിക്ക് 6.8 ഹെക്ടർ ഭൂമി ആവശ്യമായിട്ടുണ്ട്. പദ്ധതിയിൽ വനഭൂമി ഇല്ല. 2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19) പൂവരംതോട് പ്രോജക്റ്റ് (3 മെ.വാ/5.88 മി.യൂ)**

**(വിഹിതം 300.00 ലക്ഷം രൂപ)**

ചാലിയാർ തടത്തിലെ ഇരുവഞ്ചിപ്പുഴയുടെ പോഷകനദിയായ പോയിലിംഗപ്പുഴ യിലെ ജലം ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് പൂവരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി. പൂവരംതോട് പദ്ധതിയുടെ ടെയിൽ റേസ് ജലം ഉപയോഗിക്കാനുദ്ദേശിക്കുന്ന ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് ഒലീക്കൽ പദ്ധതി. ഈ പദ്ധതി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. പദ്ധതികളിലുൾപ്പെട്ടത് ചെറിയ വെള്ളച്ചാട്ടങ്ങളായതിനാൽ, ഈ പദ്ധതികൾ സംയോജിതമായി നടപ്പാക്കാൻ കെ.എസ്.ഇ.ബി തീരുമാനിച്ചു. 2014 ലെ എസ്ഒആർ അടിസ്ഥാനമാക്കി, ഒലീക്കൽ, പൂവരംതോട് പദ്ധതികൾ നടപ്പാക്കാൻ 84.33 കോടി രൂപയ്ക്ക് ഭരണപരമായ അനുമതി നൽകി. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ മൊത്തം ഭൂമിയുടെ വിസ്തൃതി 9.77 ഹെക്ടർ (4.83 ഹെക്ടർ + 4.94 ഹെക്ടർ) ആണ്. മുഴുവൻ ഭൂമിയും വാങ്ങുകയും കെഎസ്ഇബിഎല്ലിന്റെ കൈവശം ഉള്ളതുമാണ്. 2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**20) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെ.വാ/24.70 മി.യു)**

**(വിഹിതം 700.00 ലക്ഷം രൂപ)**

നിലവിലുള്ള പെരുവണ്ണാമൂഴി ജലസേചന ജലസംഭരണിയിൽ നിന്ന് മൺസൂൺ സമയത്ത് ഒഴുകിപോകുന്ന ജലം പ്രയോജനപ്പെടുത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിലാണ് 6 മെഗാ വാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത്. പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാമിൽ ജലസേചനത്തിനും ജലവിതരണത്തിനും ശേഷം അധികമുള്ള ജലം ഉപയോഗിച്ച് 24.70 മില്യൺ യൂണിറ്റ് ശരാശരി വാർഷിക വൈദ്യുതോൽപ്പാദനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഏകദേശം 28.11 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്, 2021 ഡിസംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**21) ലാഡ്രം പ്രോജക്റ്റ് (3.5മെ.വാ/12.13 മി.യൂ.)**

**(വിഹിതം 100.00 ലക്ഷം രൂപ)**

പെരിയാർ തടത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് ലാഡ്രം സ്മോൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ്. അഴുത ഡൈവേർഷൻ സ്കീമിലെയും (ഇടുക്കി ഓഗമെന്റേഷൻ) 5.56 ചതുരശ്ര കിലോമീറ്റർ നീരൊഴുക്ക് വിസ്തൃതിയുള്ള പെരിയാറിന്റെ പോഷകനദിയായ ലാഡ്രം തോട്ടിലേയും ജലം ഉപയോഗപ്പെടുത്താൻ പദ്ധതി ഉദ്ദേശിക്കുന്നു. പുതുക്കിയ നിർദ്ദേശപ്രകാരം 4.608 ഹെക്ടർ ഭൂമി ആവശ്യമാണ്. എലപ്പാറ വില്ലേജിലെ 4.483 ഹെക്ടർ സ്വകാര്യ ഭൂമി കൊൽക്കത്തയിലുള്ള മെസ്സേർസ് ഗോൾഡ് വ്യാപർ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ടീ എസ്റ്റേറ്റാണ്. കൂടാതെ 0.125 ഹെക്ടർ റവന്യൂ തരിശ്ശ് ഭൂമി പീരുമേട് വില്ലേജിലാണ്. സ്വകാര്യ ഭൂമി ഏറ്റെടുത്തതിനുശേഷവും പദ്ധതിയുമായി മുന്നോട്ട് പോകാൻ ബോർഡിന്റെ സമ്മതം ലഭിച്ചതിനുശേഷവും പദ്ധതി ടെൻഡർ ചെയ്യാവുന്നതാണ്. 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**22) അപ്പർ സെൻകുളം ഒന്നാം ഘട്ടം (24 മെ.വാ/53.22 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

സെൻകുളം ഓഗമെന്റേഷൻ സ്കീമും പിഇഎസും പൂർത്തിയാകുമ്പോൾ നിലവിലുള്ള സെൻകുളം ജലവൈദ്യുത പദ്ധതിയുടെ സെൻകുളം ബാലൻസിംഗ് റിസർവോയറിൽ ലഭ്യമായ മിച്ച ജലം ഉപയോഗിക്കുന്നതിന് അപ്പർ സെൻകുളം ജലവൈദ്യുത പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതി 2 ഘട്ടങ്ങളായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിലെ സ്ഥാപിത ശേഷി 24 മെഗാവാട്ട്, 53.22 മില്യൺ യൂണിറ്റ് ആണ്. 48 മെഗാവാട്ട് ശേഷിക്ക് വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള അപ്പർ സെൻകുളം പദ്ധതിയുടെ ഇൻടേക്ക് ഘടന, തുരങ്കം, സർജ്ജ്, വാൽവ് ഹൗസ്, ലോ പ്രഷർ പൈപ്പ്, പ്രഷർ ഷാഫ്റ്റ് എന്നിവ ഒന്നും രണ്ടും ഘട്ടങ്ങളിൽ ഒരുമിച്ച് ഉപയോഗിക്കും. റവന്യൂ പുറമ്പോക്ക് ഉൾപ്പെടെ 3.6755 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. 0.95 ഹെക്ടർ വനഭൂമി കൈമാറുന്നതിനുള്ള അപേക്ഷ വനം വകുപ്പിന് സമർപ്പിച്ചു. സ്വകാര്യ ഭൂമി ഏറ്റെടുത്ത ശേഷം പദ്ധതി ടെൻഡർ ചെയ്യാം. 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**23) മർമ്മാല ചെറുകിട ജലവൈദ്യുത പദ്ധതി (7മെ.വാ/23.02 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

മീനച്ചിൽ തടത്തിലെ മർമ്മാലത്തോട്ടിലെ നീരൊഴുക്ക് ഉപയോഗപ്പെടുത്തി മർമ്മാല ചെറുകിട ജലവൈദ്യുത പദ്ധതി വികസനം വിഭാവനം ചെയ്യുന്നു. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ തലനാട് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നിർദ്ദേശിക്കുന്നത്. വെയർ, പവർ ടണൽ, സർജ്ജ്, എൽപിപി, പെൻസ്റ്റോക്ക്, പവർ ഹൗസ് എന്നിവയുള്ള സൈറ്റുകൾ സ്വകാര്യ സ്ഥലത്താണ്. മർമ്മാല വെള്ളച്ചാട്ടത്തിന്റെ 330 മീറ്റർ ഉയരത്തിൽ ഒരു വെയർ നിർദ്ദേശിക്കപ്പെടുന്നു. ജലചാലക സംവിധാനത്തിലൂടെ വെള്ളം അരുവിയുടെ വലത് കരയിലുള്ള പിഎച്ചിലേക്ക് തിരിച്ചുവിടുകയും ഉപയോഗശേഷം വെള്ളം അതേ നദിയിലേക്ക് പുറന്തള്ളാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. സ്വകാര്യ ഭൂമി ഏറ്റെടുത്തതിനുശേഷവും, പദ്ധതിയുമായി മുന്നോട്ട് പോകാൻ ബോർഡിന്റെ സമ്മതം ലഭിച്ചതിനുശേഷവും പദ്ധതി ടെൻഡർ ചെയ്യാവുന്നതാണ്. 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തി യിരിക്കുന്നു.

**24) ഭൂതത്താൻകെട്ട് പ്രോജക്ട് (24 മെ.വാ/83.50 മി.യൂ)**

**(വിഹിതം 200.00 ലക്ഷം രൂപ)**

പെരിയാർവാലി ജലസേചന പദ്ധതിയുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ എന്നിവയിൽ നിന്ന് തിരിച്ച് വിടുന്ന ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് 24 മെഗാവാട്ട് ശേഷിയുള്ള ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ 83.50 മി.യൂ. വാർഷിക ഊർജ്ജോൽപ്പാദനമാണ് പ്രതീക്ഷിക്കുന്നത്. 4.14 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിയ്ക്ക് ആവശ്യമായിട്ടുള്ളത്. ഇതിൽ 2.18 ഹെക്ടർ, ലീസിനെടുത്തതും പ്രവർത്തി ആരംഭിക്കുന്ന സമയത്ത് കോൺട്രാക്ടർക്ക് ലഭ്യമാക്കാവുന്നതുമായ ജലസേചന വകുപ്പ് ഭൂമി ആണ്. ബാക്കിയുള്ള 1.96 ഹെക്ടർ ഭൂമി വനഭൂമിയുമാണ്. 2017 ലെ വെള്ളപ്പൊക്കവും 2018 ലെ ചരിത്രപരമെന്നു വിശേഷിപ്പിച്ച വെള്ളപ്പൊക്കവും പദ്ധതി പ്രവർത്തനങ്ങളെ മോശമായി ബാധിച്ചു. മൊത്തം 92.05 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**25) പാമ്പാർ ജലവൈദ്യുത പദ്ധതി (40മെ.വാ/84.79 മി.യൂ.)**

**(വിഹിതം 2.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ സ്ഥിതി ചെയ്യുന്ന പാമ്പാർ ജലവൈദ്യുത പദ്ധതി, പാമ്പാർ നദിക്കു കുറുകെ 600 മീറ്റർ കോവിൽകടവ് പാലത്തിന് താഴെയായി 36.50 മീറ്റർ ഉയരത്തിലുള്ള അണക്കെട്ട് നിർമ്മിച്ച് പാമ്പാർ നദിയുടെ 183 ചതുരശ്ര കി.മീറ്റർ വൃഷ്ടി പ്രദേശത്ത് നിന്ന് ലഭിക്കുന്ന ജലം വൈദ്യുതോൽപ്പാദനത്തിനായി വിനിയോഗിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 20 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് മെഷീൻ ഉപയോഗിച്ച് 84.79 മില്ല്യൺ യൂണിറ്റ് വാർഷിക ഊർജ്ജോൽപ്പാദനമാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 2.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**26) വലംതോട് ജലവൈദ്യുത പദ്ധതി (7.5 മെ.വാ/15.291 മി.യൂ.)**

**(വിഹിതം 100.00 ലക്ഷം രൂപ)**

ചാലിയാർ തടത്തിലെ കുറുമാൻ പുഴയിലെ നീരൊഴുക്ക് ഉപയോഗപ്പെടുത്തി 89.44 മീറ്റർ നെറ്റ് ഡിസൈൻ ഹെഡ്ഡുള്ള ഒരു റൺ ഓഫ് നദീപദ്ധതിയായിട്ടാണ് വലംതോട് ചെറുകിട ജലവൈദ്യുത പദ്ധതി നിർദേശിച്ചിട്ടുള്ളത്. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ ചാലിയാർ പഞ്ചായത്തിലെ അകമ്പടം വില്ലേജിലാണ് പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയ്ക്ക് 4.5 ഹെക്ടർ സ്വകാര്യ ഭൂമിയും 1.4 ഹെക്ടർ വനഭൂമിയുമാണ് ആവശ്യമായിട്ടുള്ളത്. നിർമ്മാണത്തിനു മുൻപുള്ള സർവേ പൂർത്തിയാക്കി ഡ്രോയിംഗുകൾ തയ്യാറാക്കുന്നു. പ്രോപ്പർട്ടി സർവ്വേ പൂർത്തിയാക്കി ഓൺലൈൻ അപേക്ഷ വനം വകുപ്പിന് അയച്ചു. സ്വകാര്യ ഭൂമി ഏറ്റെടുത്തതിനുശേഷവും, പദ്ധതിയുമായി മുന്നോട്ട് പോകാൻ ബോർഡിന്റെ സമ്മതം ലഭിച്ചതിനുശേഷവും പദ്ധതി ടെൻഡർ ചെയ്യാവുന്നതാണ്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**27) മാരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6 മെ.വാ/14.84 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കോടഞ്ചേരി പഞ്ചായത്തിലെ നെല്ലിപൊയിൽ വില്ലേജിലാണ് നിർദ്ദിഷ്ട പദ്ധതി. ഒരു റൺ ഓഫ് നദീപദ്ധതിയായി ആസൂത്രണം ചെയ്തിട്ടുള്ള ഈ പദ്ധതി, ചാലിയാർ തടത്തിലെ ഇരുവഞ്ചിപ്പുഴയുടെ നീരൊഴുക്ക് ഉപയോഗപ്പെടുത്തി

ഊർജ്ജ വികസനം വിഭാവനം ചെയ്യുന്നു. ഒരു ട്രെഞ്ച് ടൈപ്പ് വെയർ വഴി നദിയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തി, പവർ ചാനലിലൂടെ ഒരു ഫോർ ബേ ടാങ്കിലേക്ക് തിരിച്ചുവിട്ട് ഉപരിതല പെൻസ്റ്റോക്കിലൂടെ 6 മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. 6.119 ഹെക്ടർ സ്വകാര്യ ഭൂമിയും, 0.2296 ഹെക്ടർ സർക്കാർ ഭൂമിയും, 3.0337 ഹെക്ടർ വനഭൂമിയും, 0.1477 ഹെക്ടർ ട്രൈബൽ ഭൂമിയും പദ്ധതിക്ക് ആവശ്യമാണ്. സ്വകാര്യ ഭൂമി ഏറ്റെടുത്തതിനുശേഷവും, പദ്ധതിയുമായി മുന്നോട്ട് പോകാൻ ബോർഡിന്റെ സമ്മതം ലഭിച്ചതിനുശേഷവും പദ്ധതി ടെൻഡർ ചെയ്യാവുന്നതാണ്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**28) ഇടമലായർ ജലവൈദ്യുത പദ്ധതി (75 മെ.വാ/ 380 മി.യൂ.)**

**(വിഹിതം 100.00 ലക്ഷം രൂപ)**

കോതമംഗലം താലൂക്കിലെ കുട്ടൻപുഴ പഞ്ചായത്തിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയ്ക്കായുള്ള റിസർവോയർ ഇടമലയാർ ഡാമാണ്. ഇതിന്റെ വൃഷ്ടി പ്രദേശത്തെ ജലം കൂടാതെ "വാച്ച്മരത്തിൽ" നിർമ്മിച്ച് ഒരു തുറന്ന ചാനലിലൂടെ പെരിങ്ങൽക്കുത്ത് അണക്കെട്ടിലെ അധിക ജലവും റിസർവോയറിൽ ലഭ്യമാക്കുന്നു. ഈ പവർഹൗസിൽ നിന്നുള്ള ടെയിൽറേസ് ഡിസ്ചാർജ് ഇടമലയാറിലേക്ക് തുറന്ന് വിട്ട് പെരിയാറിൽ എത്തിച്ചേരുന്നു. ഇത് പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ (പി.വി.ഐ.പി) ഭാഗമായി ജലസേചന ആവശ്യങ്ങൾക്കായി പെരിയാറിലെ ഭൂതത്താൻകെട്ടിൽ ഒരു ബാരേജ് തീർത്ത് അതിൽ ശേഖരിക്കുകയും ചെയ്യുന്നു .ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 380 മെഗാവാട്ടും വാർഷിക ഉത്പാദന ശേഷി 75 മില്യൺ യൂണിറ്റുമാണ്. മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**29) ഇടുക്കി ജലവൈദ്യുത പദ്ധതി (780 മെ.വാ/2398 മി.യൂ.)**

**(വിഹിതം 500.00 ലക്ഷം രൂപ)**

ഈ പദ്ധതി ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ അറകുളം വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. പവർ ഹൗസിന് 130 മെഗാവാട്ട് വീതം ശേഷിയുള്ള ആറ് ജനറേറ്ററുകൾ ഉണ്ട്. ഇതിന്റെ സ്ഥാപിതശേഷി 780 മെഗാവാട്ടും വാർഷിക ഉല്പാദനശേഷി 2398 മില്ല്യൺ യൂണിറ്റുമാണ്. ഈ പദ്ധതിയിൽ മൂന്ന് അണക്കെട്ടുകളുണ്ട്. ഇടുക്കി ആർച്ച് ഡാം, ചെറുതോണി അണക്കെട്ട്, കുളമാവ് അണക്കെട്ട് എന്നിവയാണ്. മൂന്ന് അണക്കെട്ടുകളും ഈ പദ്ധതിയുടെ റിസർവോയറാണ്. റിസർവോയറിലേക്കുള്ള ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനായി നിരന്തര ശ്രമങ്ങൾ നടത്തിയതിന്റെ ഫലമായി അഞ്ചു ഡൈവേർഷൻ പ്രോജക്ടുകളായ കുറ്റിയാർ ഡൈവേർഷൻ, വടക്കേപ്പുഴ ഡൈവേർഷൻ, അഴുത ഡൈവേർഷൻ, നാരകക്കാനം ഡൈവേർഷൻ, കല്ലാർ/ഇരട്ടയാർ ഡൈവേർഷൻ സാധ്യമാവുകയും ചെയ്തു. ഈ പദ്ധതിയുടെ മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**30) കുറ്റ്യാടി ജലവൈദ്യുത പദ്ധതി**

**(വിഹിതം 100.00 ലക്ഷം രൂപ)**

ഈ പദ്ധതി കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന് നാലു പവർ ഹൗസുകളാണുള്ളത്. കുറ്റ്യാടി പഴയ പവർഹൗസ് (75മെ.വാ), കുറ്റ്യാടി വിപുലീകരണ പദ്ധതി (50 മെ.വാ.), കുറ്റ്യാടി അധിക വിപുലീകരണ പദ്ധതി (100 മെ.വാ.), കുറ്റ്യാടി ടെയിൽ റെയ്സ് ചെറുകിട ജലവൈദ്യുത പദ്ധതി (3.75 മെ.വാ) എന്നിവയാണ്. 75 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കുറ്റ്യാടി പഴയ പവർ സ്റ്റേഷന്റെ വാർഷിക ഉൽപ്പാദനശേഷി 268 മില്യൺ യൂണിറ്റാണ്. കനത്ത മഴക്കാലത്ത്, റിസർവോയറിൽ നിന്നുള്ള ചോർച്ചയും ഉൽപ്പാദനത്തിൽ വരുന്ന നഷ്ടവും ഒഴിവാക്കുന്നതിനുവേണ്ടിയാണ് 50 മെ.വാ. സ്ഥാപിതശേഷിയും 75 മില്യൺ യൂണിറ്റ് വാർഷിക ഉൽപ്പാദന ശേഷിയുമുള്ള കുറ്റ്യാടി വിപുലീകരണ പദ്ധതിയുടെ സമീപം ഒരു പുതിയ പവർഹൗസ് കെട്ടിടം നിർമ്മിച്ചാണ് കുറ്റ്യാടി അധിക വിപുലീകരണ പദ്ധതി രൂപീകരിച്ചത്. കുറ്റ്യാടി അധിക വിപുലീകരണ പദ്ധതിയുടെ വാർഷിക ഉൽപ്പാദനശേഷി 223 മില്ല്യൺ യൂണിറ്റും പദ്ധതിയുടെ സ്ഥാപിതശേഷി 225 മെഗാ വാട്ടായി ഉയർത്തുകയും ചെയ്തു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**31) ലോവർ പെരിയാർ (180 മെ.വാ/493 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

ഈ പദ്ധതി ഇടുക്കി ജില്ലയിലെ കരിമണലിലാണ് സ്ഥിതി ചെയ്യുന്നത്. പെരിയാർ നദിക്കു കുറുകെ പമ്പലയിൽ നിർമ്മിച്ച പമ്പല ഡാമാണ് ഈ പദ്ധതിക്കായുള്ള റിസർവോയർ. നേര്യമംഗലം പവർ ഹൗസിൽ നിന്നുള്ള ടെയിൽ റേസ് ഡിസ്ചാർജാണ് ഈ റിസർവോയറിന്റെ പ്രധാന

സ്രോതസ്സ്. ഇതിന്റെ സ്ഥാപിതശേഷി 180 മെഗാവാട്ടും വാർഷിക ഉല്പാദനശേഷി 493 മില്ല്യൺ യൂണിറ്റുമാണ്. ഇടമലയാർ പവർ സ്റ്റേഷനിൽ നിന്നുള്ള ജലവും പവർ ഹൗസിൽ നിന്നും പുറംതള്ളുന്ന ജലവും പെരിയാർ നദിയിലേക്ക് ഒഴുക്കി വിടുന്നു. ഇത് പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ജലസേചന ആവശ്യങ്ങൾക്കായി ഭൂതത്താൻകെട്ടിൽ ഒരു ബാരേജ് തീർത്ത് അതിൽ ശേഖരിച്ചു വെയ്ക്കുന്നു. 2021-22 ബജറ്റിൽ മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**32) പള്ളിവാസൽ ജലവൈദ്യുത പദ്ധതി (37.5 മെ.വാ/284 മി.യൂ.)**

**(വിഹിതം 100.00 ലക്ഷം രൂപ)**

ഈ പദ്ധതി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്. ഈ പദ്ധതി രണ്ടു ഘട്ടമായിട്ടാണ് പൂർത്തിയാക്കിയത്. ആദ്യ ഘട്ടത്തിൽ 4.5 മെഗാവാട്ട് വീതം ശേഷിയുള്ള മൂന്നു യൂണിറ്റുകളായിട്ടാണ് പദ്ധതിക്കു തുടക്കമിട്ടത്. ജലചക്രങ്ങൾ മാറ്റികൊണ്ട്, ആദ്യ ഘട്ടത്തിലെ 4.5 മെഗാവാട്ട് യൂണിറ്റുകൾ 5 മെഗാവാട്ടാക്കി ഉയർത്തി. പദ്ധതിയുടെ ആദ്യഘട്ടം 5 മെഗാവാട്ട് ശേഷിയുള്ള മൂന്നു യൂണിറ്റുകളാണ് പൂർത്തിയാക്കിയത്. രണ്ടാം ഘട്ട വികസനത്തിൽ 7.5 മെഗാവാട്ട് വീതമുള്ള മൂന്നു യൂണിറ്റുകൾ ചേർത്തു സ്റ്റേഷന്റെ മൊത്തം സ്ഥാപിതശേഷി 37.5 മെഗാവാട്ടാക്കി. പദ്ധതിയുടെ വാർഷിക ഉൽപ്പാദനശേഷി 284 മില്ല്യൺ യൂണിറ്റാണ്. 2021-22 ബജറ്റിൽ മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**33) പന്നിയാർ ജലവൈദ്യുത പദ്ധതി (32.4 മെ.വാ./158 മി.യൂ)**

**(വിഹിതം 300.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വെള്ളത്തൂവലിലാണ് പന്നിയാർ പവർഹൗസ് സ്ഥിതിചെയ്യുന്നത്. പുനരുദ്ധാരണത്തിനു ശേഷം പദ്ധതിയുടെ ശേഷി 32.4 മെഗാവാട്ടും വാർഷിക ഉൽപ്പാദനശേഷി 158 മില്ല്യൺ യൂണിറ്റുമാണ്. ഉൽപ്പാദിപ്പിച്ച വൈദ്യുതി രണ്ടു ഫീഡറുകൾ ഉപയോഗിച്ചു 110 കെ.വി അളവിൽ സെൻകുളം വൈദ്യുത നിലയത്തിൽ എത്തിക്കുന്നു. ആനയിറങ്കൽ, പൊൻമുടി എന്നിവയാണ് ഈ പദ്ധതിയുടെ രണ്ടു റിസെർവോയറുകൾ. ടെയിൽറേസ് ഡിസ്ചാർജ് മുതിരപ്പുഴ നദിയിൽ എത്തിച്ചേർന്ന് കല്ലാർകുറ്റി റിസർവോയറിലേക്ക് ഒഴുകിപോകുന്നു. വൻകിട അറ്റകുറ്റപ്പണികൾ, പി.ആർ.വി മാറ്റി പകരം വയ്ക്കുന്നത് തുടങ്ങിയ മൂലധനാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

**34) ശബരിഗിരി ജലവൈദ്യുത പദ്ധതി (340 മെ.വാ./1338 മി.യൂ)**

**(വിഹിതം 600.00 ലക്ഷം രൂപ)**

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമത്തിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിക്കാവശ്യമായ ജലം നൽകുന്നത് രണ്ട് സംഭരണികളായ പമ്പയും കക്കിയുമാണ്. ഊർജ്ജോല്പാദനത്തിനുശേഷം, പവർസ്റ്റേഷനിൽ നിന്നുള്ള ജലം മൂഴിയാർ റിസർവോയറിലേക്ക് ഒഴുക്കിവിടുന്നു. ഈ സ്റ്റേഷന്റെ ആകെ സ്ഥാപിത ശേഷി 340 മെഗാ വാട്ടാണ്. സ്റ്റേഷനിൽ ഉല്പാദിപ്പിക്കുന്ന ഊർജ്ജം അന്തർ സംസ്ഥാന മൂഴിയാർ തേനി ഫീഡർ ഉൾപ്പെടെയുള്ള ആറു 220 കെ.വി. ഫീഡറുകൾ ഉപയോഗിച്ച് വ്യാപിപ്പിക്കുന്നു. പദ്ധതിയുടെ വാർഷിക ഉൽപ്പാദനശേഷി 1338 മില്ല്യൺ യൂണിറ്റാണ്. 2021-22 ബജറ്റിൽ മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**35) സെൻകുളം ജലവൈദ്യുത പദ്ധതി (51.2 മെ.വാ./182 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

സെൻകുളം പദ്ധതി പ്രധാനമായും പള്ളിവാസൽ പദ്ധതിയിൽ നിന്നുള്ള ടെയിൽറേസ് ജലം ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ സ്ഥിതി ചെയ്യുന്നു. സെൻകുളത്ത് ഒരു അണക്കെട്ട് നിർമ്മിച്ചതിലൂടെയാണ് സെൻകുളം ബാലൻസിങ്ങ് റിസർവോയർ രൂപപ്പെട്ടത്. സെൻകുളം ബാലൻസിങ്ങ് റിസർവോയറിലെ ജലനിരപ്പ് പള്ളിവാസൽ പവർഹൗസിന്റെ ടെയിൽറേസ് ജലനിരപ്പിനേക്കാൾ 10 മീറ്റർ ഉയരത്തിലാണ്. അതുകൊണ്ട് ജലം പമ്പ് ചെയ്ത് സെൻകുളം ബാലൻസിങ്ങ് റിസർവോയറിൽ എത്തിക്കാൻ പള്ളിവാസൽ പവർ ഹൗസിൽ പമ്പിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ടെയിൽറേസ് ജലം മുതിരപ്പുഴ നദിയിൽ ചേർന്നതിനുശേഷം കല്ലാർകുറ്റി റിസവോയറിലേക്ക് ഒഴുകി എത്തുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 51.2 മെഗാവാട്ടും (12.8 X 4) വാർഷിക ഉൽപ്പാദന ശേഷി 182 മില്ല്യൺ യൂണിറ്റുമാണ്.

2021-22 ബജറ്റിൽ മൂലധനാധിഷ്ഠിത അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**36) പെരിങ്ങൽക്കുത്ത് ഇടതുകര വിപുലീകരണം (16 മെ.വാ./74 മി.യൂ)**

**(വിഹിതം 100.00 ലക്ഷം രൂപ)**

പെരിങ്ങൽക്കുത്ത് റിസർവോയറിൽ നിന്ന് അധിക പെൻസ്റ്റോക്ക് സ്ഥാപിച്ച്, കനത്ത മഴക്കാലത്ത് ഡാമിൽ നിന്നുള്ള ചോർച്ച ഒഴിവാക്കുവാൻ വേണ്ടിയാണ് പെരിങ്ങൽക്കുത്ത് ഇടതുകര വിപുലീകരണ പദ്ധതി നിർമ്മിച്ചിരിക്കുന്നത്. 16 മെഗാ വാട്ട് ശേഷിയുള്ള ഒരു യൂണിറ്റാണ് പവർ ഹൗസിൽ ഉൾപ്പെട്ടിരിക്കുന്നത്. 20.03.99 ന് പദ്ധതി കമ്മീഷൻ ചെയ്തു. ഊർജ്ജ ഉല്പാദനത്തിനുശേഷം പെരിങ്ങൽക്കുത്ത് പദ്ധതി, പെരിങ്ങൽക്കുത്ത് ഇടതുകര വിപുലീകരണ പദ്ധതി എന്നിവയിൽ നിന്നുമുള്ള ജലം ചാലക്കുടി നദിയിലേക്ക് ഒഴുക്കിവിടുന്നു. വാർഷിക ഉല്പാദനശേഷി 74 മില്ല്യൺ യൂണിറ്റാണ്. വരാൻ പോകുന്ന പെരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയോട് അനുബന്ധിച്ച് യാർഡ് വിപുലീകരണ പ്രവർത്തനങ്ങളും പെരിങ്ങൽക്കുത്ത് ഇടതുകര വിപുലീകരണ പവർ ഹൗസിന്റെ നിയന്ത്രണ സംവിധാനം നവീകരിക്കലുമാണ് ആസൂത്രണം ചെയ്തിരിക്കുന്ന പ്രധാന പരിപാടികൾ. സാമഗ്രികൾ, ലൂബ് ഓയിൽ ഫിൽറ്റർ തുടങ്ങിയവ വാങ്ങൽ, പഴയ നിയന്ത്രണ സംവിധാനം നവീകരിക്കൽ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**37) നേര്യമംഗലം വിപുലീകരണ പദ്ധതി (25 മെ.വാ. /58.27 മി.യൂ)**

**(വിഹിതം 80.00 ലക്ഷം രൂപ)**

27.05.2008 ൽ നേര്യമംഗലം വിപുലീകരണ പദ്ധതി കമ്മീഷൻ ചെയ്തു. കനത്ത മഴക്കാലത്ത് കല്ലാർകുറ്റി റിസർവോയറിൽ നിന്നുള്ള ഒഴുക്ക് തടയുന്നതിന് ഒരു പരിഹാരമായിട്ടാണ് നേര്യമംഗലം വിപുലീകരണ പദ്ധതി രൂപം കൊണ്ടത്. നേര്യമംഗലം പവർഹൗസിന് തൊട്ടടുത്താണ് പവർഹൗസ് നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ വാർഷിക ഉൽപ്പാദനശേഷി 58.27 മില്ല്യൺ യൂണിറ്റാണ്. നേര്യമംഗലം വിപുലീകരണ പദ്ധതിയിൽ സ്കാഡ നടപ്പാക്കുന്നതിന് 2021-22 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**38) പമ്പലാ (10 മെ.വാ./21.14 മി.യൂ)**

**(വിഹിതം 3.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിൽ പെരിയാർ നദിയുടെ കൈവഴിയായ പഴയരിതോട്ടിൽ സ്ഥിതി ചെയ്യുന്ന ഒരു റൺ ഓഫ് നദീപദ്ധതിയാണ് പമ്പലാ. 10 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഈ പദ്ധതിയിലൂടെ 21.14 മെഗാവാട്ട് വാർഷിക ഉല്പ്പാദനം പ്രതീക്ഷിക്കുന്നു. പദ്ധതിയ്ക്കായി ആവശ്യമായ ഭൂമി 11.1 ഹെക്ടർ ആണ്. ഇതിൽ, 3.9 ഹെക്ടർ വനഭൂമിയും 5.6 ഹെക്ടർ സ്വകാര്യ ഭൂമിയും 1.6 ഹെക്ടർ റവന്യൂ ഭൂമിയുമാണ്. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 3.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**39) പശുക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി (4 മെ.വാ./10.34 മി.യൂ)**

**(വിഹിതം 1.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കാവിലുംപാറ പഞ്ചായത്തിലാണ് പശുക്കടവ് പദ്ധതി സ്ഥിതി ചെയ്യുന്നത്. കുറ്റ്യാടി നദിയുടെ ഉപനദിയായ മീമ്പറ്റിപ്പുഴയുടെ ഒഴുക്ക് പ്രയോജനപ്പെടുത്തി ഒരു റൺ ഓഫ് നദീപദ്ധതിയായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്ക് ആവശ്യമായ ഭൂമി 7.3 ഹെക്ടർ ആണ്. പദ്ധതിയിൽ വനഭൂമി ഇല്ല. 4 മെഗാവാട്ട് (2x2 മെഗാവാട്ട്) സ്ഥാപിതശേഷിയുള്ള പദ്ധതിയിൽ നിന്നും 10.34 മില്ല്യൺ യൂണിറ്റ് ശരാശരി വാർഷിക ഊർജ്ജ ഉല്പാദനം പ്രതീക്ഷിക്കുന്നു. ഭൂമിശാസ്ത്ര പര്യവേക്ഷണം പൂർത്തിയായി. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തുന്നു.

**40) ഷോളയാർ (54 മെ.വാ)**

**(വിഹിതം 30.00 ലക്ഷം രൂപ)**

1966-68 ൽ ഷോളയാർ ജലവൈദ്യുത പദ്ധതി (3x18 മെ.വാ) കമ്മീഷൻ ചെയ്തു. ഒരു യൂണിറ്റിന്റെ നവീകരണവും ആധുനികവൽക്കരണവും പുരോഗമിക്കുന്നു. പ്രധാന അറ്റകുറ്റപ്പണികൾക്കായി 2021-22 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**41) ഇടുക്കി വിപുലീകരണ പദ്ധതി (780 മെ.വാ)**

**(വിഹിതം 300.00 ലക്ഷം രൂപ)**

ഉയർന്ന ആവശ്യകത വളരെ ചെലവുകുറച്ച് നിറവേറ്റുന്നതിനായി 2730 കോടി രൂപ എസ്റ്റിമേറ്റ് തുകയിൽ 780 മെഗാ വാട്ട് ശേഷിയിൽ ഒരു പുതിയ ഭൂഗർഭ ഇടുക്കി വിപുലീകരണ പദ്ധതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ പരിഗണിക്കുന്നുണ്ട്. ഇതിനായി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് പ്രീ-സാധ്യതാ പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.നിർദ്ദിഷ്ട ഇടുക്കി വിപുലീകരണ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും വിജയപ്രദമാണെന്ന് സാങ്കേതിക സമിതി റിപ്പോർട്ട് സമർപ്പിച്ചു. സാധ്യതാ പഠന റിപ്പോർട്ട് (എഫ്എസ്ആർ), വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) എന്നിവ തയ്യാറാക്കുന്നതിന് അനുയോജ്യമായ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള ആഗോള ടെൻഡറുകളുടെ ക്ഷണത്തിനും സർക്കാർ അനുമതി ലഭിച്ചു. സാധ്യതാ പഠന റിപ്പോർട്ട് (എഫ്എസ്ആർ), വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) എന്നിവ തയ്യാറാക്കുന്നതിന് അനുയോജ്യമായ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിന് ഗ്ലോബൽ ടെൻഡർ ക്ഷണിക്കുന്ന പ്രക്രിയ കെഎസ്ഇബിഎൽ ആരംഭിച്ചു. സാധ്യതാ പഠന റിപ്പോർട്ടും (എഫ്എസ്ആർ) വിശദമായ പ്രോജക്ട് റിപ്പോർട്ടും (ഡിപിആർ) തയ്യാറാക്കാൻ അനുയോജ്യമായ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ മെസ്സേർസ് വാപ്കോസ് ലിമിറ്റഡിന് 2020 ജൂലൈയിൽ നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി 22 മാസമാണ്. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**42) കീരിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി (12 മെ.വാ) (പുതിയത്)**

**(വിഹിതം 1.00 ലക്ഷം രൂപ)**

12 മെഗാവാട്ട് ശേഷിയുള്ള ഒരു ഊർജ്ജ നിലയം സ്ഥാപിച്ച് നാമമാത്രമായ ജല സംഭരണം ഏർപ്പെടുത്തിക്കൊണ്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നദീതട പദ്ധതിയായാണ് കീരിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്, ഇത് സാധാരണയായി മഴക്കാലത്താണ് പ്രവർത്തിക്കുന്നത്. ഇടുക്കി അണക്കെട്ടിന് താഴെയുള്ള പെരിയാർ നദിയുടെ 116.9 ചതുരശ്ര കിലോമീറ്റർ വൃഷ്ടി പ്രദേശത്തെ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാൻ പദ്ധതി ഉദ്ദേശിക്കുന്നു. ഏകദേശം 12 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായിട്ടുള്ളത്, അതിൽ 7 ഹെക്ടർ സ്വകാര്യ ഭൂമിയും 5 ഹെക്ടർ റവന്യൂ ഭൂമിയുമാണ്. പദ്ധതിക്കായി വനഭൂമി ആവശ്യമില്ല. പദ്ധതിയുടെ ആകെ ചെലവ് 2017 വില അനുസരിച്ച് 148.48 കോടി രൂപയാണ്. പദ്ധതിയുടെ നിർമ്മാണ കാലയളവ് 36 മാസമാണ്. പദ്ധതിക്കായി ഭാരത സർക്കാരിൽ നിന്ന് കേന്ദ്ര ധനസഹായമായി 20 കോടി രൂപ എംഎൻആർഇ ഗ്രാന്റ് ലഭിക്കും. പദ്ധതിയുടെ ഡിപിആർ തത്വത്തിൽ അംഗീകരിക്കപ്പെട്ടു, കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഫണ്ടുകളുടെ ലഭ്യതയും ഭൂമിയുടെ ലഭ്യതയും ഉറപ്പുവരുത്തിയ ശേഷം പദ്ധതിയുടെ നടത്തിപ്പ് പരിഗണിക്കാമെന്ന് തീരുമാനിച്ചു. 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**43) ചെറുകിട ജലവൈദ്യുത പദ്ധതികൾ**

**(വിഹിതം 150.00 ലക്ഷം രൂപ)**

താഴെകൊടുത്തിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ മൂലധനാധിഷ്ഠിത അറ്റകുറ്റപണികൾക്കായി 2021-22 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) കല്ലട ജലവൈദ്യുത പദ്ധതി (15 മെ.വാ./65 മി.യൂ)**

കല്ലട പവർസ്റ്റേഷൻ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കല്ലട ജലസേചന റിസർവോയറിൽ നിന്ന് പുറത്തുവിടുന്ന ജലം വിനിയോഗിക്കുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 15 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 65 മില്ല്യൺ യൂണിറ്റുമാണ്.

**(ബി) പേപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (3 മെ.വാ./11.5 മി.യൂ)**

ഈ പദ്ധതിയ്ക്കായുള്ള റിസർവോയർ കരമന നദിക്കു കുറുകെയുള്ള പേപ്പാറ ഡാമാണ്. വൈദ്യുതി ഉൽപ്പാദനത്തിനു ശേഷം, പവർ സ്റ്റേഷനിൽ നിന്നുള്ള ജലം കരമന നദിയിലേക്ക് തുറന്നുവിടുന്നു. ഇത് തിരുവനന്തപുരം പട്ടണത്തിലേക്ക് ആഭ്യന്തര ജലവിതരണത്തിനു വേണ്ടി അരുവിക്കര അണക്കെട്ടിൽ ശേഖരിക്കപ്പെടും. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 3 മെഗാവാട്ടും വാർഷിക ഉല്പാദനശേഷി 11.5 മില്ല്യൺ യൂണിറ്റുമാണ്.

**(സി) ലോവർ മീൻമുട്ടി ചെറുകിട ജലവൈദ്യുത പദ്ധതി (3.5 മെ.വാ./7.63 മി.യൂ)**

ഈ പദ്ധതിക്കുള്ള റിസർവോയർ കല്ലാർ തടത്തിൽ വാമനപുരം നദിക്ക് കുറുകെയുള്ള ലോവർ മീൻമുട്ടി വെയർ ആകുന്നു. വൈദ്യുതി ഉല്പാദനത്തിനുശേഷം, പവർ സ്റ്റേഷനിൽ നിന്നുള്ള ജലം വാമനപുരം നദിയിലേക്ക് ഒഴുക്കി വിടുന്നു. വാർഷിക ഉൽപ്പാദനശേഷി 7.63 മില്ല്യൺ യൂണിറ്റാണ്.

**(ഡി) റാന്നി പെറുനാട് ചെറുകിട ജല പദ്ധതി (4.00 മെഗാവാട്ട്/16.73 എംയു)**

ഈ പദ്ധതി മണിയാർ പദ്ധതിയുടെ ടെയിൽറേസ് പദ്ധതിയാണ്. വൈദ്യുതി ഉൽപാദനത്തിനുശേഷം ടെയിൽ റേസ് ഡിസ്ചാർജ് വെള്ളം, പവർ സ്റ്റേഷനിൽ നിന്ന് പമ്പാ നദിയിലേക്ക് വിടുന്നു. പത്തനംതിട്ട ജില്ലയിലെ മാമ്പാറയിലാണ് ഈ പദ്ധതി. പദ്ധതിയുടെ മൊത്തം സ്ഥാപിതശേഷി 4 മെഗാവാട്ടും വാർഷിക ഉത്പാദന ശേഷി 16.73 മെഗാവുമാണ്.

**(ഇ) പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി (1.25 മെ.വാ)**

ഈ പദ്ധതിക്കായുള്ള റിസർവോയർ മണലി നദിക്കു കുറുകെ നിർമ്മിച്ച പീച്ചി ഡാമാണ്. ജലസേചന ആവശ്യങ്ങൾക്കായി തുറന്നുവിടുന്ന ജലത്തിൽ നിന്നാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. ഇതിന്റെ സ്ഥാപിതശേഷി 1.25 മെഗാവാട്ടാണ്.

**(എഫ് )പൂഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി (4.8 മെ.വാ./10.97 മി.യൂ)**

ഈ പദ്ധതിക്ക് ഇല്ല്യാനിപ്പുഴയുടെയും കടന്തറപ്പുഴയുടെയും ജലം ഉപയോഗിക്കുന്നു. നദിക്ക് കുറുകെ ഓവർഫ്ലോ രീതിയിലുള്ള ഡൈവേർഷൻ വെയർ നിർമ്മിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 4.8 മെഗാവാട്ടും വാർഷിക ഉൽപ്പാദനശേഷി 10.97 മില്ല്യൺ യൂണിറ്റുമാണ്.

**(ജി) വിലങ്ങാട് ചെറുകിട ജല വൈദ്യുത പദ്ധതി (7.5 മെ.വാ./22.63 മി.യൂ)**

മാഹി നദിയുടെ പോഷകനദികളായ കാവടിപ്പുഴയുടെയും വാണിയംപ്പുഴയുടെയും ജലം ഈ പദ്ധതിക്കായി ഉപയോഗിക്കുന്നു. ഊർജ്ജോല്പാദനത്തിനുശേഷം, പവർ സ്റ്റേഷനിൽ നിന്ന് വാണിയം പുഴയിലേക്ക് പുറംതള്ളുന്ന ജലം ഒടുവിൽ മാഹി നദിയിൽ എത്തി ചേരുന്നു. ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 7.5 മെഗാവാട്ടും വാർഷിക ഉല്പാദനശേഷി 22.63 മില്ല്യൺ യൂണിറ്റുമാണ്.

**(എച്ച്) മലമ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (2.5 മെ.വാ./5.6 മി.യൂ)**

ഈ പദ്ധതിയുടെ റിസർവോയർ മലമ്പുഴ നദിക്കു കുറുകെ നിർമ്മിച്ച മലമ്പുഴ ഡാമാണ്. ജലസേചനത്തിനായി ഇടതുകര കനാലിൽ നിന്ന് പുറംതള്ളുന്ന ജലത്തിനൊപ്പം ഒഴുകിയെത്തുന്ന ജലവും സ്റ്റേഷനിൽ ഉപയോഗിക്കുന്നു. ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 2.5 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 5.6 മില്ല്യൺ യൂണിറ്റുമാണ്.

**(ഐ) ഉറുമി –I ചെറുകിട ജലവൈദ്യുത പദ്ധതി (3.75 മെ.വാ./9.72 മി.യൂ)**

ഉറുമി–I ന്റെ സ്ഥാപിത ശേഷി 3.75 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 9.72 മില്ല്യൺ യൂണിറ്റുമാണ്. ഊർജ്ജോല്പാദനത്തിനുശേഷം, പവർ സ്റ്റേഷനിൽ നിന്നുള്ള ജലം ഉറുമി രണ്ടാം ഘട്ട പദ്ധതിക്കായി ഉപയോഗിക്കുന്നു.

**(ജെ) ഉറുമി –II ചെറുകിട ജലവൈദ്യുത പദ്ധതി (2.4 മെ.വാ./6.28 മി.യൂ)**

ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 2.4 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 6.28 മില്ല്യൺ യൂണിറ്റുമാണ്.

**(കെ) ചെമ്പുകടവ് – I ചെറുകിട ജലവൈദ്യുത പദ്ധതി (2.7 മെ.വാ./6.59 മി.യൂ)**

ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 2.7 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 6.59 മില്ല്യൺ യൂണിറ്റുമാണ്. ഊർജ്ജോല്പാദനത്തിനുശേഷം, പവർ സ്റ്റേഷനിൽ നിന്നുള്ള ജലം ചെമ്പുകടവ് രണ്ടാം ഘട്ടത്തിനായി ഉപയോഗിക്കുന്നു.

**(എൽ) ചെമ്പുകടവ് – II ചെറുകിട ജലവൈദ്യുത പദ്ധതി (3.75 മെ.വാ./9.03 മി.യൂ)**

ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 3.75 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 9.03 മില്ല്യൺ യൂണിറ്റുമാണ്. ഊർജ്ജോല്പാദനത്തിനുശേഷം, പവർ സ്റ്റേഷനിൽ നിന്നുള്ള ജലം ചാലിയാർ നദിയിലേക്ക് ഒഴുക്കിവിടുന്നു.

**(എം) ചിമ്മിണി ചെറുകിട ജലവൈദ്യുത പദ്ധതി (2.5 മെ.വാ./6.70 മി.യൂ)**

കരുവന്നൂർ നദിയുടെ ഒരു പോഷക നദിയായ ചിമ്മിണി ഡാമിൽ നിന്ന് ജലസേചനത്തിനായി തുറന്നു വിടുന്ന ജലമാണ് ഈ പദ്ധതിക്കായി ഉപയോഗിക്കുന്നത്. ഡാം ടോയുടെ സമീപമാണ് പവർ ഹൗസ് നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ സ്ഥാപിത ശേഷി 2.5 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 6.7 മില്ല്യൺ യൂണിറ്റുമാണ്.

**(എൻ) ആഡ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതി (3.5 മെഗാവാട്ട് / 9.01 എംയു)**

മലപ്പുറത്തെ ചാലിയാർ പഞ്ചായത്തിലെ നിലമ്പൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ചാലിയാറിന്റെ കൈവഴിയായ കാഞ്ഞിരപ്പുഴ അരുവിയുടെ സാധ്യതകൾ ഉപയോഗിച്ചാണ് വൈദ്യുതി ഉൽപാദനം പ്രതീക്ഷിക്കുന്നത്. ഇതിന്റെ സ്ഥാപിത ശേഷി 3.5 മെഗാവാട്ട് ആണ്. വാർഷിക ഉത്പാദന ശേഷി 9.01 മില്ല്യൺ യൂണിറ്റുമാണ്.

**മറ്റ് പ്രോജക്റ്റുകൾ**

**44) സൗരോർജ്ജ പദ്ധതികൾ**

**(വിഹിതം 800.00 ലക്ഷം രൂപ)**

ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിലും നിലവിലുള്ള ഉപസ്റ്റേഷനുകൾ, പവർ ഹൗസുകൾ, വൈദ്യുതി ഭവനങ്ങൾ, വിവിധ സർക്കാർ വക കെട്ടിടങ്ങൾ തുടങ്ങിയവയുടെ മേൽക്കൂരകളിലും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നു. അഗളി, കഞ്ചിക്കോട്, ബ്രഹ്മപുരം എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി.എൽ ഭൂമിയിലെ 8 മെഗാവാട്ട് ക്ലബ്ഡ് പദ്ധതി പുരോഗമിക്കുന്നു. 0.60 മെഗാവാട്ട് കൊട്ടിയം സോളാർ പിവി പദ്ധതി 24.01.2020 ന് കമ്മീഷൻ ചെയ്തു. പേയ്മെന്റിന്റെ 70 ശതമാനം 2020-21 കാലഘട്ടത്തിലാണ് നടത്തിയത്. ഐപിഡി എസിന് കീഴിലാണ് പദ്ധതി അനുവദിച്ചത്. കെഎസ്ഇബിഎൽ-ന്റെ മൈലാട്ടി 110 കെവി സബ്സ്റ്റേഷനിൽ കെഎസ്ഇബിഎല്ലിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞ സ്ഥലത്ത്, 5.82 കോടി രൂപയ്ക്ക്, 1 മെഗാവാട്ട് മൈലാട്ടി സോളാർ പിവി പ്രോജക്റ്റിന് വർക്ക് അനുവദിച്ചു. 2021-22ൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്റ്റ് ഏറ്റുമാനൂരിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 14.06.2016 ന് ആരംഭിച്ചുവെങ്കിലും തണ്ണീർത്തടപ്രശ്നം മൂലം പ്രോജക്റ്റ് സൈറ്റിൽ ഒരു കൺട്രോൾ റൂം നിർമ്മിക്കാനുള്ള അനുമതി സർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ പദ്ധതി നിർത്തിവച്ചു. ഇപ്പോൾ കേരള സർക്കാരിൽ നിന്ന് അനുമതി ലഭിക്കുകയും 2021 ജനുവരിയിൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്യും. പ്രതീക്ഷിക്കുന്ന വാർഷിക ഊർജ്ജ ഉൽപാദനം ഏകദേശം 1.4 മില്ല്യൺ യൂണിറ്റാണ്. വിവിധ സൗരോർജ്ജ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**45) കാറ്റാടി പാടം**

**(വിഹിതം 10.00 ലക്ഷം രൂപ)**

കെ.എസ്.ഇ.ബി.എൽ-ന്റെ കാറ്റാടിപ്പാടം പാലക്കാട് ജില്ലയിലെ കഞ്ചിക്കോടാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ സ്ഥാപിത ശേഷി 2.025 മെഗാ വാട്ട് ആണ്. 2021-22 ബജറ്റിൽ നിലവിലുള്ള കാറ്റാടി പദ്ധതിയുടെ മൂലധനാധിഷ്ഠിതമായ അറ്റകുറ്റപ്പണി കൾക്കായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**46) സൗര പ്രോജക്റ്റ്, കെഎസ്ഇബിഎൽ (റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ)**

**(വിഹിതം 1000.00 ലക്ഷം രൂപ)**

ഊർജ്ജ കേരള മിഷനു കീഴിൽ കെഎസ്ഇബി ലിമിറ്റഡിന്റെ ശൃംഖലയിലേക്ക് 1000 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ കൂട്ടിച്ചേർക്കുന്നതിനായി "സൗര" എന്ന പദ്ധതി കേരള സർക്കാർ ആരംഭിച്ചു. സംസ്ഥാനത്തെ ഊർജ്ജ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്താനും 2022 ആകുമ്പോഴേക്കും 100 ജിഗാവാട്ട് സൗരോർജ്ജ ശേഷി കൈവരിക്കുകയെന്ന ദേശീയ ലക്ഷ്യം യാഥാർഥ്യമാക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സൗര പദ്ധതിയുടെ ഭാഗമായി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള ഗാർഹിക, പൊതു, സ്വകാര്യ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ 500 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ കെഎസ്ഇബി ലിമിറ്റഡ് ലക്ഷ്യമിടുന്നു.

**സൗര ആദ്യ ഘട്ടം 200 മെഗാവാട്ട്**

ഇപിസി (50 മെഗാവാട്ട്), റെസ്കോ (150 മെഗാവാട്ട്) രീതിയിൽ 200 മെഗാവാട്ട് റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾക്ക് ആദ്യ ഘട്ട പ്രോജക്റ്റ് ടെൻഡറുകൾ ക്ഷണിച്ചു. ഇപിസി രീതിയിൽ നിന്ന് 46.5 മെഗാവാട്ട് കപ്പാസിറ്റിക്കായി മൂന്ന് കരാറുകാരെ വിന്യസിച്ചിട്ടുണ്ട്. റെസ്കോ മോഡിൽ ടെൻഡറിൽ പങ്കാളിത്തം ഉണ്ടായിരുന്നില്ല, റീ-ടെൻഡെൻഡറിംഗ് (60 മെഗാവാട്ട്) നടപടികൾ ആരംഭിച്ചു.

ഘട്ടം 1 ൽ ചുവടെയുള്ള വിവിധ ബിസിനസ്സ് മോഡലുകൾ ചെയ്യാനുദ്ദേശിക്കുന്നു:

1. കെഎസ്ഇബി 25 വർഷത്തേക്ക് പ്ലാന്റ് സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യും, കൂടാതെ മേൽക്കൂര ഉപയോഗിക്കുന്നതിന് 10 ശതമാനം ഊർജ്ജം ഉപഭോക്താവിന് സൗജന്യമായി നൽകും.
2. കെഎസ്ഇബി 25 വർഷത്തേക്ക് പ്ലാന്റ് സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യും, കെഎസ്ഇബിഎൽ മുഴുവൻ ചെലവും വഹിക്കുകയും ഉൽപാദിപ്പിക്കുന്ന ഊർജ്ജം 25 വർഷത്തേക്ക് ഉപഭോക്താവിന് നിശ്ചിത വിലയ്ക്ക് വിൽക്കുകയും ചെയ്യും
3. പ്ലാന്റിന്റെ വില ഉടമയിൽ നിന്ന് ശേഖരിച്ച ശേഷം ഉപഭോക്താവിനായി കെഎസ്ഇബിഎൽ സോളാർ പ്ലാന്റ് സ്ഥാപിക്കും. ഉപഭോക്തൃ ഉപഭോഗത്തിനുശേഷമുള്ള അധിക ഊർജ്ജം കെഎസ്ഇആർസി അംഗീകരിച്ച എപിപിസി നിരക്കിൽ ധാരണയിലെത്തുകയും ചെയ്യും.

**നിലവിലെ സ്ഥിതി**

സൈറ്റ് സർവേ നടത്തിയ ശേഷം, സൗര ആദ്യ ഘട്ടം പ്രോജക്റ്റിൽ രജിസ്റ്റർ ചെയ്ത 2.78 ലക്ഷം ഉപഭോക്താക്കളിൽ നിന്നും 42,500 മികച്ച മേൽക്കൂരകൾ തിരഞ്ഞെടുത്തു. പദ്ധതി നടപ്പാക്കൽ ആരംഭിച്ച്, 15.10.2020 വരെ സംസ്ഥാനത്തൊട്ടാകെയുള്ള 160 ഓളം സൈറ്റുകളിൽ പ്രവർത്തനം പുരോഗമിക്കുന്നു, 2021 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സൗര ഘട്ടം – II സബ്സിഡി പദ്ധതി**

എം.എൻ.ആർ.ഇ-യുടെ കേന്ദ്ര സാമ്പത്തിക സഹായത്തോടെ പാർപ്പിട മേഖലയിൽ 4000 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിച്ച സോളാർ റൂഫ് ടോപ്പ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി പദ്ധതി കേന്ദ്ര നവീന പുനരാവർത്തക ഊർജ്ജ മന്ത്രാലയം പ്രഖ്യാപിച്ചിരുന്നു. 2022 ഓടെ റൂഫ് ടോപ്പ് സോളാറിൽ (ആർടിഎസ്) നിന്ന് 40,000 മെഗാവാട്ട് ശേഷി കൈവരിക്കാനുള്ള ഇന്ത്യൻ ഗവൺമെന്റിന്റെ ലക്ഷ്യത്തിന്റെ ഭാഗമായാണ് പരിപാടി. 2019-20 വർഷം ആർടിഎസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ റെസിഡൻഷ്യൽ മേഖലയ്ക്ക് സബ്സിഡി പദ്ധതി പ്രകാരം എംഎൻആർഇ 50 മെഗാവാട്ട് കപ്പാസിറ്റി കെഎസ്ഇബിഎല്ലിന് അനുവദിച്ചു. കൂടാതെ, 2020-21 വർഷത്തേക്ക് 200 മെഗാവാട്ട് കപ്പാസിറ്റി എംഎൻആർഇയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കേരള മോഡൽ**

കുറഞ്ഞ മാസ താരിഫിലുള്ള ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി, സബ്സിഡി കിഴിച്ച് മുഴുവൻ തുകയും നിക്ഷേപിക്കാതെ, കേരള സർക്കാർ കേരള മോഡലുകൾക്ക് അനുമതി നൽകി. 2 കിലോവാട്ട്, 3 കിലോവാട്ട് പ്ലാന്റുകൾക്കും 200 യൂണിറ്റ് വരെ പ്രതിമാസ ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കും ഈ പദ്ധതി ലഭ്യമാണ്. റൂഫ് ടോപ്പ് സോളാർ പ്ലാന്റിന്റെ വില; സബ്സിഡി/സിഎഫ്എ തുക, കൺസ്യൂമർ, കെഎസ്ഇബി ലിമിറ്റഡ് എന്നിവ പങ്കിടുന്നു. പ്ലാന്റിൽ നിന്ന് ഉൽപാദിപ്പിക്കുന്ന ഊർജ്ജം ഉപഭോക്താവും കെഎസ്ഇബി ലിമിറ്റഡും തമ്മിൽ പങ്കിടുകയും ഉപഭോക്താവിന് അവരുടെ നിക്ഷേ പത്തിന് ആനുപാതികമായി ഊർജ്ജ വിഹിതം ലഭിക്കുകയും ചെയ്യുന്നു. ഇതു വരെ, ഏകദേശം 6000 ഉപഭോക്താക്കൾക്ക് 25 മെഗാവാട്ട് ശേഷിയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ജിഒ (റിട്ട.) നമ്പർ 87/2020 (പവർ) അനുസരിച്ച്, കെട്ടിടങ്ങളിലെ വൈദ്യുതി ആവശ്യകതകൾ നിറവേറ്റുന്നതിനായി റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ അവരുടെ കെട്ടിടങ്ങളിൽ സ്ഥാപിക്കാനുള്ള സാധ്യതകൾ അന്വേഷിക്കാൻ എല്ലാ സർക്കാർ വകുപ്പുകളോടും നിർദ്ദേശിച്ചിട്ടുണ്ട്. നഗരത്തിന്റെ എല്ലാ ഊർജ്ജ ആവശ്യങ്ങളും പുനരുൽപ്പാദിപ്പിക്കാവുന്ന മാർഗ്ഗങ്ങളിലൂടെ നിറവേറ്റുന്നതിനും പൊതുഗതാഗതം വൈദ്യുതി ഉപയോഗിച്ചാക്കുന്നതിനുമായി ഭാരത സർക്കാർ, കേരളത്തിൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ 'ഗ്രീൻ സിറ്റി' ആയി വികസിപ്പിക്കാൻ തിരഞ്ഞെടുത്തു. 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**47) ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പണികൾ (വിദേശ സഹായ പദ്ധതി)**

**(വിഹിതം 3300.00 ലക്ഷം രൂപ)**

നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഡാമുകളുടെ സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് ഭാരത സർക്കാർ വഴി ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്.

കെ.എസ്.ഇ.ബി.എൽ. – ന്റെ കീഴിലുള്ള 37 ഡാമുകൾ അടങ്ങിയ 12 ജലവൈദ്യുത പദ്ധതികൾ ഡ്രിപ്പിനു കീഴിൽ തിരഞ്ഞെടുത്തു. ഡാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുക, സ്ഥാപനശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. അടിസ്ഥാന സൗകര്യവും പരിഹാര നടപടികളുമായി വിവിധ ഡാമുകളെയും കെട്ടിടങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുക, വാർത്താവിനിമയ ശൃംഖല മെച്ചപ്പെടുത്തുക, ഹൈഡ്രോ മെട്രോളജിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുക, ഭൂകമ്പ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക, സർവേലൈൻസ്

ബോട്ടുകൾ, ജലനിരപ്പ് രേഖപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ, സെക്യൂരിറ്റി ഗാർഡ് റൂമുകൾ, ഡാമുകളുടെ വൈദ്യുതീകരണം, റീവയറിംഗ്, എഫ്.ആർ.എൽ.സ്റ്റോണുകൾ സ്ഥാപിക്കുക, ജനറേറ്ററുകൾ സ്ഥാപിക്കുക, ഡാമുകളുടെ ചോർച്ച മാറ്റൽ, സിമന്റ് വാഷിംഗ്, മർദ്ദമാപിനികൾ സ്ഥാപിക്കുക, ജലനിർഗ്ഗമന കുഴലുകളിലെ തടസ്സങ്ങൾ മാറ്റുക, ജലസംഭരണിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക, ഭൂംശ പഠനങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ വിവിധങ്ങളായ പദ്ധതികളാണ് ഡാം സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വൈദ്യുതി ബോർഡ് നടത്തുന്ന ഡാം സുരക്ഷാ പഠനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 3300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**48) സർവ്വേയും, നിരീക്ഷണവും, പരിസ്ഥിതി പഠനവും**

**(വിഹിതം 120.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികളുടെ ശേഷി നിർണ്ണയിക്കുന്നതിനായി സർവ്വേയും, സൂക്ഷ്മ പരിശോധനയും ബോർഡ് സ്ഥിരമായി നടത്തിക്കൊണ്ടിരിക്കുന്നു. പ്രാരംഭ സർവ്വേയുടെയും വിശദമായ സൂക്ഷ്മ നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നു. സാങ്കേതിക മികവും സാമ്പത്തികമായി പ്രായോഗികവുമായ പ്രോജക്ടുകൾ കണ്ടെത്തി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി വിശദമായ പഠനം നടത്തേണ്ടതുണ്ട്. മാക്കളം രണ്ടാം ഘട്ടം, മേലോരം, പാമ്പല, കീരിത്തോട്, പള്ളിവാസൽ ഓഗമെന്റേഷൻ പദ്ധതി, പീരികപ്പാറ, പെരിമ്പിലാവുപുഴ, ലോവർ പൂഴിത്തോട്, അപ്പർ പൂഴിത്തോട് എന്നീ പദ്ധതികളുടെ സർവ്വെ, നിരീക്ഷണം എന്നിവയ്ക്കായി 2021-22 ബജറ്റിൽ 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**49) അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സുകളും മെക്കാനിക്കൽ ഫാബ്രിക്കേഷൻ വർക്കുകളും**

**(വിഹിതം 3000.00 ലക്ഷം രൂപ)**

കെ.എസ്.ഇ.ബി.എൽ-ന് ആവശ്യമായ വിവിധ ഓഫീസ് കോംപ്ലക്സുകൾ, സെക്ഷൻ ഓഫീസ് കെട്ടിടങ്ങൾ, സ്റ്റോർ ബിൽഡിങ്ങുകൾ, ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ, മറ്റു കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കെ .എസ്. ഇ. ബി എൽ-ന്റെ വിവിധ ഓഫീസിൽ കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല സ്പിൻ (സ്പോർട്സ്, പ്രീ - എഞ്ചിനീയേഡ് ഇൻഫ്രാസ്ട്രക്ചർ, ന്യൂ കൺസ്ട്രക്ഷൻ ടെക്നോളജി യൂണിറ്റ്) എന്ന പ്രത്യേക വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഷൊർണ്ണൂർ വൈദ്യുതി ഭവനം, ഹരിപ്പാട് ഓഫീസിൽ കോംപ്ലക്സ്, മണിമല കൺട്രോൾ റൂമും സെക്ഷൻ ഓഫീസും, വിഴിഞ്ഞം കറിവിലങ്ങാട്, പാരിപ്പള്ളി, ചാരുംമൂട്, ഫോർട്ട് കൊച്ചി, ചെന്തേരി, ചിറക്കൽ, ഗുരുവായൂർ, ആലക്കോട്, കുത്താട്ടുകുളം, തോട്ടംഭാഗം, തോപ്പുംപടി എന്നിവിടങ്ങളിലെ സെക്ഷൻ ഓഫീസ് കെട്ടിടം, മാങ്കുളത്ത് 2 കോട്ടേജുകൾ എന്നിവയുടെ നിർമ്മാണം ഏൽപ്പിച്ചിട്ടുണ്ട്. ഇതിൽ ചിലത് പൂർത്തിയായിട്ടുണ്ട്, മറ്റുള്ളവ പുരോഗമിക്കുന്നു. 2021-22 ൽ കെ.എസ്.ഇ.ബി.എൽ കൂടുതൽ കെട്ടിട നിർമ്മാണം നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ ഓഫീസ് സമുച്ചയങ്ങൾ, സെക്ഷൻ ഓഫീസ് കെട്ടിടങ്ങൾ, സ്റ്റോർ കെട്ടിടങ്ങൾ, പട്ടം വൈദ്യുതഭവൻ സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെ കോർപ്പറേറ്റ് ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിരിക്കുന്നു.

പള്ളം സെൻട്രൽ മെക്കാനിക്കൽ ഫെസിലിറ്റി, അങ്കമാലിയിലും, കോലത്തറയിലുമുള്ള മെക്കാനിക്കൽ സൗകര്യങ്ങൾ, എന്നിങ്ങനെ കെ .എസ്. ഇ. ബി എൽ-ന് മൂന്ന് മെക്കാനിക്കൽ ഫാബ്രിക്കേഷൻ സൗകര്യങ്ങളുണ്ട്. പ്രസരണം, ഉൽപ്പാദനം, വിതരണം എന്നീ വിഭാഗങ്ങൾക്ക് ആവശ്യമുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ പണികളുടെ ചുമതല ഈ യൂണിറ്റുകൾക്കാണ്. യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രധാനമായും സെയിൽ, ആർ.ഐ.എൻ.എൽ എന്നീ പൊതുമേഖല സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതു വഴി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. നൂതന യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, ഫാബ്രിക്കേഷൻ ഷെഡുകളുടെ നിർമ്മാണം, മെക്കാനിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കെ.എസ്.ഇ.ബി.എൽ-ന്റെ സ്റ്റീൽ ഫാബ്രിക്കേഷൻ പണികളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 3000.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

**50) വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിത സേവനങ്ങൾ**

**(വിഹിതം 400.00 ലക്ഷം രൂപ)**

കാര്യശേഷി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ സാധ്യമാക്കുന്ന സോഫ്റ്റ് വെയർ പാക്കേജുകൾ കെ.എസ്.ഇ.ബി. വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

2021-22 കാലയളവിൽ നിർദേശിച്ച പ്രധാന ഐടി സേവനങ്ങൾ:

- ബിഗ് ഡേറ്റാ അനലിറ്റിക്സ് - ഒരു ബിഗ് ഡേറ്റാ അനലിറ്റിക്സ് സിസ്റ്റം രൂപപ്പെടുത്തി ഡേറ്റ വിവരാതിഷ്ഠിതമാക്കുക എന്നതാണിതിന്റെ ലക്ഷ്യം.
- സൈയ്ബർ സെക്യൂരിറ്റി പ്രോജെക്ടസ് -ഡേറ്റാ സെന്റർ / ഡി ആർ സെന്ററുകളുടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, വെബ് ആപ്ലിക്കേഷൻ ഫയർവാൾ, സേവന വ്യവസ്ഥകളുടെ നിരാകരിക്കൽ തുടങ്ങിയ നൂതന സൈയ്ബർ സെക്യൂരിറ്റി മുൻകരുതലുകൾ നടപ്പാക്കുക
- കെഎസ്ഇബി വാൻ/കെ ഫോൺ - ഒപ്റ്റിക്കൽ ഫൈബർ കേബിൾ (ഒഎഫ്സി) ഉപയോഗിച്ച് 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യവും സംസ്ഥാനത്തുടനീളം 30000 ലധികം സർക്കാർ ഓഫീസുകൾക്ക് ഹൈ സ്പീഡ് നെറ്റ്‌വർക്ക് കണക്ടിവിറ്റിയും നൽകുക എന്ന ഉദ്ദേശത്തോടുകൂടി ഒരു വൈഡ് ഏരിയ നെറ്റ്‌വർക്ക് സ്ഥാപിക്കുക എന്നതാണിതിന്റെ ലക്ഷ്യം
- റിയൽ ടൈം ഡേറ്റാ അക്വിസിഷൻ സിസ്റ്റം (ആർ ടി- ഡി എ എസ് ) സ്കാഡാ ഇല്ലാത്ത നഗരങ്ങൾക്ക് വേണ്ടി - വൈദ്യുതിയുടെ വിശ്വാസ്യത കണക്കാക്കുന്നതിനായി സ്കാഡാ ഇല്ലാത്ത നഗരങ്ങളിലെ സബ് സ്റ്റേഷനുകളിൽ ഫീഡർ റിമോട്ട് ടെർമിനൽ യൂണിറ്റ്സ് സ്ഥാപിച്ച വിശ്വാസ്യത സൂചകങ്ങളായ സൈദീ/ സൈഫീ വഴി യാന്ത്രികമായി അളവെടുപ്പ് നടത്തുക എന്നതാണ് ലക്ഷ്യം.

ആർ-എ.പി.ഡി.ആർ.പി ഇതര മേഖലകളിൽ വിവര സാങ്കേതിക വിദ്യനടപ്പാക്കൽ, ഡിസാസ്റ്റർ റിക്കവറി സെന്ററിന് അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, ആർ-എ.പി.ഡി.ആർ.പിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വിവിധ ഐടി പ്രോജക്ടുകൾക്കായി സെർവറുകൾ, ആക്സസറികൾ എന്നിവ ലഭ്യമാക്കൽ, പുതിയ ഇലക്ട്രിക്കൽ സെക്ഷനുകളിൽ കൈകൊണ്ടുള്ള ഉപകരണങ്ങളുടെ നിയന്ത്രണം, സ്പെയേഴ്സ് ഉൾപ്പെടെ ആർ-എ.പി.ഡി.ആർ.പി ഇതര ഇലക്ട്രിക്കൽ സെക്ഷനുകളിൽ മീറ്റർ റീഡിങ്ങിനായി കൈകൊണ്ടുള്ള ഉപകരണങ്ങൾ നിലനിർത്തൽ തുടങ്ങിയവ മറ്റു പ്രധാന വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ്. 2021-22 ബജറ്റിൽ 400.00 ലക്ഷം രൂപ വിവിധ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**51) സ്ഥാപന വികസന പദ്ധതി**

**(വിഹിതം 55.00 ലക്ഷം രൂപ)**

താഴെ കൊടുത്തിരിക്കുന്ന പരിപാടികൾ 2021-22 ബജറ്റിൽ സ്ഥാപന വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- ഇൻ-ഹൗസ് പരിശീലന കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് വേണ്ടിയുള്ള പരിശീലനം
- മറ്റ് പരിശീലന കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് പരിശീലനം.
- പുതിയ പരിശീലന കേന്ദ്രങ്ങളും മറ്റ് സൗകര്യങ്ങളും സ്ഥാപിക്കുക.

2021-22 ബജറ്റിൽ ഇതിനായി 55.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പ്രസരണം**

**52). പ്രസരണം -നോർമൽ വർക്കുകൾ**

**(വിഹിതം 30000.00 ലക്ഷം രൂപ)**

വർദ്ധിച്ചു വരുന്ന ആവശ്യകതയും ഊർജ്ജ ഇവാകുവേഷൻ ആവശ്യകതകളും നേരിടുന്നതിനായി, കെ.എസ്.ഇ.ബി.എൽ. പുതിയ ഉപസ്റ്റേഷനുകൾ, ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണവും നിലവിലുള്ള ഉപസ്റ്റേഷനുകളുടെ ശേഷി ഉയർത്തുവാനും ഉദ്ദേശിക്കുന്നു. അധിക ട്രാൻസ്ഫോർമറുകളിലൂടെ ശേഷി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. 2021-22 വാർഷിക ബജറ്റിൽ സാധാരണയുള്ള പ്രസരണ പണികൾക്കായി 30000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**53) ലോഡ് ഡെസ്പാച്ച് സ്റ്റേഷൻ, കമ്മ്യൂണിക്കേഷൻ സിസ്റ്റം, റിലേ എന്നിവയുടെ ആധുനികവൽക്കരണം (സിസ്റ്റം ഓപ്പറേഷൻ വർക്കുകൾ)**

**(വിഹിതം 900.00 ലക്ഷം രൂപ)**

തിരുവനന്തപുരം, കളമശ്ശേരി, കണ്ണൂർ എന്നീ ലോഡ് ഡെസ്പാച്ച് സ്റ്റേഷനുകളുടെ ആധുനികവൽക്കരണവും, സുരക്ഷിത സിസ്റ്റം, കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവയുടെ ആധുനികവൽക്കരണവും ഇതിൽ ഉൾപ്പെടുന്നു.

പ്രധാനപ്പെട്ട സ്റ്റേഷനുകളിലും ഉപസ്റ്റേഷനുകളിലും നിന്നുള്ള വിവരശേഖരണം, സ്കാഡയിലും, കമ്പ്യൂട്ടർ നെറ്റ് വർക്കിംഗിലും അനുബന്ധ പണികൾ, എസ്.എൽ.ഡി.സിയിലെ മറ്റു പണികൾ, മെച്ചപ്പെട്ട ഊർജ്ജ കണക്കെടുപ്പിനായി മീറ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ വിപുലീകരിക്കൽ എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നത്.

സുസ്ഥിരവും വിശ്വസനീയവുമായ വൈദ്യുത സമ്പ്രദായം നിലനിർത്തുന്നതിന് ഉചിതവും കാര്യക്ഷമവുമായ റിലേ സംരക്ഷണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഇതിനായി റിലേ വിംഗിൽ ആധുനിക പരിശോധാ യന്ത്രങ്ങൾ സജ്ജമാക്കേണ്ടതുണ്ട്. റിലേ പരിശോധന, ഉപകരണങ്ങൾ മെച്ചപ്പെടുത്തൽ, ആധുനിക പരിശോധനാ ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

ഈ പദ്ധതി പ്രധാനമായും പി.എൽ.സി.സി.യുടെ ആധുനികവൽക്കരണത്തിനു വേണ്ടിയുള്ളതാണ്. പുതിയ നിലയങ്ങൾ കമ്മീഷൻ ചെയ്യുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുന്നതിനും പി.എൽ.സി.സി. ഉപകരണങ്ങൾ, സംരക്ഷണ കപ്ലറുകൾ, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവ വാങ്ങേണ്ടത് കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിന്റെ നേരായ പരിപാലനത്തിന് അത്യാവശ്യമാണ്. ഇതിനായി 2021-22 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

**54) ജലവൈദ്യുത പദ്ധതികളുടെ നവീകരണവും പുനരുദ്ധാരണവും**

**(വിഹിതം 1500.00 ലക്ഷം രൂപ)**

35-40 വർഷംപൂർത്തിയാക്കിയ പഴയ ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനികവൽക്കരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തേണ്ടത്, അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗപ്രദമായ ജീവിതകാലം വിപുലമാക്കുന്നതിനും അത്യാവശ്യമാണ്. 2021-22 കാലത്ത് താഴെപ്പറയുന്ന പഴയ ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണ പരിപാടികളും നടത്തുവാൻ ഉദ്ദേശിക്കുന്നു.

(എ) ഷോളയാർ ജലവൈദ്യുത പദ്ധതി (54 മെ.വാ.)

(ബി) കുറ്റ്യാടി ജലവൈദ്യുത പദ്ധതി (75 മെ.വാ.)

(സി) ഇടുക്കി ജലവൈദ്യുത പദ്ധതി ഒന്നാം ഘട്ടം (390 മെ.വാ.)

ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**55) പിഎസ്ഡിഎഫ് വർക്ക്സ്**

**(വിഹിതം 40.00 ലക്ഷം രൂപ)**

വിശ്വസനീയമായ ആശയവിനിമയ പ്രോജക്ടിന് കീഴിലുള്ള ഫണ്ടുകൾ വിനിയോഗിക്കുന്ന എല്ലാ സബ്സ്റ്റേഷനുകളിലേക്കും അവസാന മൈൽ കണക്ടിവിറ്റി നൽകുന്നത് ഈ പദ്ധതിയിൻ കീഴിലാണ്. 24/48 ജോഡി ഫൈബർ ഒപ്റ്റിക് കേബിൾ ഉപയോഗിച്ച് സബ്സ്റ്റേഷനുകളെ പരസ്പരം ബന്ധിപ്പിക്കുന്നതും ടെർമിനൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പിഎസ്ഡിഎഫ് പ്രവൃത്തികൾക്ക് കീഴിൽ വരുന്ന ഷെഡ്യൂളിംഗ്, അക്കൗണ്ടിങ്, മീറ്ററിംഗ്, ട്രാൻസാക്ഷനുകളുടെ സെറ്റിൽമെന്റ് തുടങ്ങിയ സമസ്ത പ്രൊജെക്ടുകളുടെയും നടപ്പാക്കലും വിഭാവനം ചെയ്യുന്നു. ഈപദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**വിതരണം**

**56) വിതരണം - സാധാരണ പദ്ധതികൾ**

**(വിഹിതം 15000.00 ലക്ഷം രൂപ)**

വിതരണം സാധാരണ പദ്ധതികൾ, മറ്റ് ഫണ്ടഡ് പ്രവൃത്തികൾ, വിതരണത്തിൻ കീഴിലുള്ള പ്രവൃത്തികളുടെ ചെലവ് വഹിക്കുന്നതിന് 2021-22 ബജറ്റിൽ 15000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**57) സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ് )**

**(വിഹിതം 50.00 ലക്ഷം രൂപ)**

നഗരപ്രദേശങ്ങളുടെ വിതരണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രവൈദ്യുതി മന്ത്രാലയം ആരംഭിച്ച പദ്ധതിയാണ് സംയോജിത വൈദ്യുതി വികസന പദ്ധതി (ഐപിഡിഎസ് ). നഗര പ്രദേശങ്ങളിലെ ഉപ പ്രസരണ വിതരണ ശൃംഖലകൾ വർധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, ഐടി പ്രാപ്തമാക്കുകയും ശക്തിപ്പെടുത്തുകയും വഴി വിതരണ ട്രാൻസ്ഫോർമറുകൾ /ഫീഡറുകൾ/ഉപഭോക്താക്കൾ മുതലായവരുടെ മീറ്ററിങ് എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഉദയ് പദ്ധതിയിൽ പങ്കെടുക്കുന്ന ഐ പി ഡി എസിനു കീഴിലുള്ള നഗരങ്ങളിലെ 3,21,800 ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി 60 ശതമാനം ഗ്രാന്റോടുകൂടി 64.36 കോടി രൂപയുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് പവർ ഫിനാൻസ് കോർപ്പറേഷൻ അംഗീകരിച്ചു. മെസ്സേർസ് കെപിഎംജിയെ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയായി നിയമിച്ചു. ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് 25.07.2018 ൽ പ്രസിദ്ധീക്കരിച്ചു. പ്രൊപ്പോസലിനായുള്ള അഭ്യർത്ഥന പ്രമാണം 17.06.2019 ന് പ്രസിദ്ധീകരിച്ചു. 27.06.2019 ന് വിളിച്ച പ്രീ-ബിഡ് യോഗത്തിൽ 10 സ്ഥാപനങ്ങൾ പങ്കെടുത്തു. സാങ്കേതിക ബിഡ്ഡുകൾ 30.08.2019 ന് തുറന്നു. മെസ്സേർസ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാത്രമേ ടെൻഡറിൽ പങ്കെടുത്തുള്ളൂ. ആർഎഫ്പി പ്രമാണം പരിഷ്ക്കരിച്ച് റീ-ടെൻഡറിംഗുമായി മുന്നോട്ട് പോകാൻ പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചു. ആർഎഫ്പി രേഖയുടെ പരിഷ്ക്കരണത്തിനായി പ്രോജക്ട് മാനേജ്മെന്റ് ഏജൻസി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ഐപിഡിഎസിന്റെ ശേഷിക്കുന്ന ജോലികളുടെ ചെലവ് വഹിക്കുന്നതിനായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**58) എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്**

**(വിഹിതം 400.00 ലക്ഷം രൂപ)**

ബിസിനസ്സ് മാനേജുചെയ്യുന്നതിനും അക്കൗണ്ടിങ്, മെറ്റീരിയൽ മാനേജുമെന്റ്, മാനവ വിഭവശേഷി എന്നിവയുമായി ബന്ധപ്പെട്ട നിരവധി ബാക്ക് ഓഫീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും സംയോജിത ആപ്ലിക്കേഷനുകളുടെ ഒരു സംവിധാനം ഉപയോഗിക്കാൻ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് കെഎസ്ഇബിയെ സഹായിക്കുന്നു. ഐപിഡിഎസിന് കീഴിലുള്ള കേന്ദ്ര സ്പോൺസേർഡ് പദ്ധതിയായാണ് പദ്ധതി ആവിഷ്കരിച്ചത്. കെഎസ്ഇബി സമർപ്പിച്ച ഡിപിആറിന്റെ അടിസ്ഥാനത്തിൽ 7.2.2018 ന് 42.64 കോടി രൂപ (60 ശതമാനം ഗ്രാന്റ് ) പിഎഫ്സി അനുവദിച്ചു. പദ്ധതി നടപ്പാക്കൽ കാലയളവ് 30 മാസമാണ്. ഈപദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**59) വെള്ളപ്പൊക്ക പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം 700.00 ലക്ഷം രൂപ)**

2018 ൽ കേരളം ലാൻഡ് സ്ലൈഡുകളിലേക്കും വെള്ളപ്പൊക്കത്തിലേക്കും നയിച്ച അഭൂതപൂർവമായ പേമാരിക്ക് സാക്ഷ്യം വഹിച്ചു. 2019 ലും സമാനമായ അവസ്ഥ നിലനിന്നിരുന്നു. കേരളം ഭൂമിശാസ്ത്രപരമായ ആശ്ചര്യങ്ങൾക്ക് ഇരയാകുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. 2018 ലും 2019 ലും സംസ്ഥാനത്ത് വെള്ളപ്പൊക്കം ഏറ്റവും മോശമായി ബാധിച്ച ഒന്നാണ് കെഎസ്ഇബി ലിമിറ്റഡ്. ഉത്പാദനം, പ്രസരണം, വിതരണം എന്നീ എല്ലാ മേഖലകളിലും കെഎസ്ഇബി ലിമിറ്റഡിന് നഷ്ടം നേരിട്ടു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ മധ്യകാല അവലോകന യോഗത്തിൽ, കെഎസ്ഇബി ലിമിറ്റഡ് ഭാവിയിൽ വെള്ളപ്പൊക്ക പ്രതിരോധശേഷിയുള്ള നിർമ്മാണങ്ങൾ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു. ഇതിനായി 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**60) ദ്യുതി**

**(വിഹിതം 40000.00 ലക്ഷം രൂപ)**

കെഎസ്ഇബിഎല്ലിന്റെ വിതരണ ഗ്രിഡ് നവീകരിക്കുന്നതിനായി 2018-19 കാലഘട്ടത്തിൽ ആരംഭിച്ച ഇടക്കാല പ്രോജക്ടാണ് ദ്യുതി. പദ്ധതിയുടെ ആകെ വിഹിതം 4036 കോടി രൂപയാണ്. എല്ലാവർക്കും തടസ്സമില്ലാത്തതും ഗുണനിലവാരമുള്ളതുമായ വൈദ്യുതി നൽകുക, സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം കുറയ്ക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. വിശ്വാസ്യത, നഷ്ടം കുറയ്ക്കൽ, സുരക്ഷ എന്നിവയിൽ ദ്യുതി 2021 കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇൻസുലേറ്റഡ്/ആവരണം ചെയ്യപ്പെട്ട കണ്ടക്ടറുകൾ, പുനർനിർമ്മാണം, സ്റ്റാൻഡേർഡൈസേഷൻ, എച്ച്ടി നെറ്റ് വർക്കിൽ സ്വിച്ചുകളുടെ വിപുലമായ ഉപയോഗം, പഴയതും തേയ്മാനം പറ്റിയതുമായ കണ്ടക്ടറുകളെ മെച്ചപ്പെട്ട എസിഎസ്ആർ കണ്ടക്ടറുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കൽ, ലൈനുകളുടെയും പ്ലാന്റുകളുടെയും സ്റ്റാൻഡേർഡൈസേഷൻ, എൽടി നെറ്റ്വർക്കിലെ കൃത്യമായ ഇടവേളകളിൽ ന്യൂട്രൽ കണ്ടക്ടറുകളുടെ

എർത്തിങ്ങിന് പ്രാധാന്യം നൽകൽ, എച്ച്ടി നെറ്റ്‌വർക്കിലെ പോളുകളുടെ ലോഹ ഭാഗങ്ങൾ എർത്ത് ചെയ്യൽ, ഫോൾട്ട് പാസ് ഡിറ്റക്ടറുകളുടെ (സിഎഫ്‌പിഡി) സഹായത്തോടെ ആശയവിനിമയം, ഉയർന്ന വോൾട്ടേജ് വിതരണ സംവിധാനം (എച്ച് വി ഡിഎസ്) തുടങ്ങിയ പ്രത്യേക ഘടകങ്ങൾ വിതരണത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നു. മീഡിയം ടേം പ്രോജക്റ്റ് പ്ലാനിംഗ്, ജിഐഎസ് മാപ്പ് തയ്യാറാക്കൽ, ഡിപിആർ രൂപവൽക്കരണം എന്നിവ വിതരണ പ്രവർത്തനങ്ങളിൽ പുതിയവയാണ്. ദ്യുതിയുടെ കീഴിലുള്ള പ്രവൃത്തികൾക്കായി 2021-22 ബജറ്റിൽ 40000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**61) ഇവി ചാർജിംഗ് സ്റ്റേഷനുകൾ (പുതിയത്)**

**(വിഹിതം 70.00 ലക്ഷം രൂപ)**

സംസ്ഥാനത്തുടനീളം ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ വിന്യസിക്കുന്നത് ഉറപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ നെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചു. ഇ-വാഹനങ്ങൾക്ക് സംസ്ഥാന വ്യാപകമായി ചാർജിംഗ് സൗകര്യം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 32 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ പദ്ധതിയിട്ടിട്ടുണ്ട്. 6 ചാർജിംഗ് സ്റ്റേഷനുകൾ പൂർത്തിയായി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. വിവിധ ജില്ലകളിൽ 26 ഇവി ചാർജിംഗ് സ്റ്റേഷനുകൾ (കേരള സർക്കാർ) സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ അവസാന ഘട്ടത്തിലാണ്. പണികൾ ഉടനെ അനുവദിക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിലെ 131 സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകി. 30 എണ്ണത്തിന്റെ ജോലി ഉടൻ ആരംഭിക്കും.

ഇവി ചാർജിംഗ് സ്റ്റേഷനുകളുടെ ചെലവ് വഹിക്കുന്നതിന് 2021-22 ബജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സംസ്ഥാന പദ്ധതി**

**62) ഇന്നോവേഷൻ ഫണ്ട് & എസ്കോട്ട് (എനർജി സേവിംഗ് ആന്റ് കോ-ഓഡിനേഷൻ ടീം)**

**(വിഹിതം 2320.00 ലക്ഷം രൂപ)**

ഊർജ്ജമേഖലയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും നൂതന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഊർജ്ജ ഓപ്പൺ ഇന്നൊവേഷൻ സോൺ വഴി സ്റ്റാർട്ടപ്പ് വില്ലേജിൽ വൈദ്യുത മേഖലയിലെ തിരഞ്ഞെടുത്ത നൂതനസംരംഭകർക്ക് കെ.എസ്.ഇ.ബി.എൽ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നുണ്ട്. വിവിധ ഊർജ്ജ സംരക്ഷണ ഡിമാന്റ് സൈഡ് പ്രവർത്തനങ്ങൾ, ഊർജ്ജ ഓഡിറ്റ്, വ്യവസായ സ്ഥാപന പ്രതി പ്രവർത്തന പരിപാടികൾ എന്നിവയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ എനർജി സേവിംഗ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) സജീവമായി പങ്കെടുക്കുന്നു. 2021-22 ബജറ്റിൽ ഇന്നോവേഷൻ ഫണ്ടിനും എസ്കോട്ടിനുമായി 2320.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**ഇന്നോവേഷൻ ഫണ്ട് & എസ്കോട്ട്**

(1)വിവിധ തരത്തിലുള്ള വ്യവസ്ഥിതികളെ സമന്വയിപ്പിക്കുന്നതിന് സംരംഭക വിഭവ ആസൂത്രണം (ഇആർപി) പദ്ധതി നടപ്പിലാക്കുക വഴി ഒന്നിലധികം വ്യവസ്ഥിതി കളായ ബിസിനസ്സ് പ്രവർത്തനങ്ങളിൽ പിഴവുകളില്ലാത്ത ഇടപാടുകൾ എളുപ്പമാക്കുന്നു (മാച്ചിംഗ് ഷെയർ) (2) ടൈഡലും വേവ് എനർജി പ്രോജക്ടും - ടൈഡൽ, വേവ് എനർജി പ്രോജക്ടുകൾക്ക്എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ നിർദ്ദേശിക്കുന്നു (3) കൊച്ചി നഗരത്തിൽ സ്മാർട്ട് ഗ്രിഡ് പൈലറ്റ് പദ്ധതി നടപ്പിലാക്കൽ, (4) വിജിഎഫ് സ്പിൽ ഓവർ പദ്ധതികളുടെ കൊടുത്തുതീർക്കാനുള്ള തുകകൾ (5) മറ്റു നൂതന പുനരാവർത്തക ഊർജ്ജ പദ്ധതികൾ (6) എസ്കോട്ടിന് കീഴിൽ വിതരണ ട്രാൻസ്ഫോർമർ (ഡി.ടി.ആർ) സ്റ്റേഷനുകളും, ഹൈവോൾട്ടേജ് വിതരണ സംവിധാനവും (എച്ച്.വി.ഡി.എസ്) മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് 2021-22 വർഷം ഇന്നോവേഷൻ ഫണ്ട് & എസ്കോട്ടിന്റെ കീഴിലുള്ള നിർദ്ദിഷ്ട പദ്ധതികൾ. 2021-22 ബജറ്റിൽ 2320.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**63) ട്രാൻസ്ഗ്രിഡ് 2.0 (നൂതന ഉൽപ്പാദന പ്രസരണ പശ്ചാത്തല സൗകര്യങ്ങൾ) കേരളത്തിൽ നവീകരിച്ച അത്യാധുനിക ടു ടയർ പ്രസരണ സൗകര്യങ്ങൾ**

**(വിഹിതം 1.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തുള്ള പ്രസരണ രംഗത്തെ പ്രശ്നങ്ങൾ 400 കെ.വി., 200 കെ.വി ലൈനുകൾ ശക്തിപ്പെടുത്തി അധിക പ്രസരണ സംവിധാനമായ ട്രാൻസ്ഗ്രിഡ് 2.0 സ്ഥാപിച്ച് 2023 ആകുമ്പോഴേക്കും പരിഹരിക്കുവാൻ കെ.എസ്.ഇ.ബി.എൽ ലക്ഷ്യമിടുന്നു. ഊർജ്ജ മേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും, അതി നൂതന നിർമ്മാണ ശൈലി സ്വീകരിക്കുന്നതു വഴി ഭൂമിയുടെ അധിക

ഉപയോഗം പരമാവധി കുറച്ചുകൊണ്ട് നിലവിലുള്ള കോറിഡോറുകൾ നവീകരിക്കുന്നതിനും/ ഉയർത്തുന്നതിനും, പുതിയ ഉപസ്റ്റേഷനുകൾ, ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനും, നിലവിലുള്ള കോറിഡോറുകളെ മെച്ചപ്പെട്ട രീതിയിൽ ബന്ധിപ്പിക്കുക വഴി ഉപപ്രസരണ തലത്തിൽ പദ്ധതികൾ ശക്തിപ്പെടുത്തുവാൻ അധിക സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ആകെ പ്രോജക്ട് തുക 9425.37 കോടി രൂപയാണ്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടത്തിന്റെ കീഴിൽ വരുന്ന 6375.00 കോടി രൂപയുടെ പ്രവൃത്തികൾക്ക് 06.10.2016-ന് ഭരണാനുമതി നൽകുകയും, പ്രോജക്ടിനെ കിഫ്ബിയുടെ കീഴിൽ ധനസഹായത്തിനു ഉൾപ്പെടുത്തുകയും ചെയ്തു. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**5.2 പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ**

ഊർജ്ജത്തെ പൊതുവെ പുനരാവർത്തക ഊർജ്ജമെന്നും പുനരാവർത്തിക്കാനാവാത്ത ഊർജ്ജമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ലോകത്ത് ഉപയോഗിക്കുന്ന 85 ശതമാനത്തിലധികം ഊർജ്ജം പുനരാവർത്തിക്കാനാവാത്ത സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്. മിക്ക വികസിത രാജ്യങ്ങളും ഫോസിൽ ഇന്ധനങ്ങളായ (കൽക്കരി, എണ്ണ), ആണവോർജ്ജം തുടങ്ങിയ പുനരാവർത്തിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളെയാണ് ആശ്രയിച്ചിരിക്കുന്നത്. സൗരോർജ്ജം, ജിയോ തെർമൽ, ജലവൈദ്യുതി, ബയോമാസ്, കാറ്റ് തുടങ്ങിയവ പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളിൽ ഉൾപ്പെടുന്നു. മിക്ക വികസ്വര രാജ്യങ്ങളിലും ധാരാളം പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ ഉണ്ട്. വിവിധ പരിപാടികളിലൂടെ പുനരാവർത്തക ഊർജ്ജ വികസനത്തിനും ഊർജ്ജകാര്യക്ഷമതയ്ക്കും ഊന്നൽ നൽകുക എന്നതാണ് ഉപമേഖലയുടെ പ്രധാന ലക്ഷ്യം.

കേരളത്തിൽ പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് (i) ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) (ii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) (iii) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എം.റ്റി.എസ്.എൽ)എന്നീ ഏജൻസികൾ മുഖേനയാണ്. ഇതിന്റെ വിശദമായ പരിപാടികളും ഘടകങ്ങളും ചുവടെ നൽകിയിരിക്കുന്നു.

**5.2.1) ഏജൻസി ഫോർ നോൺ – കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട് )**

**(വിഹിതം. 4313.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനം ആണ് ഏജൻസി ഫോർ നോൺ – കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട് ). പാരമ്പര്യേതര ഊർജ്ജത്തിന്റെയും ഫോസിൽ ഇന്ധനങ്ങളുടെയും ഉപഭോഗം തുല്യമാകാൻ സാധ്യമായ പരമാവധി പുനരാവർത്തക ഊർജ്ജത്തിന്റെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് അനർട്ടിന്റെ കാഴ്ചപ്പാട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെയും പുനരുൽപ്പാദിപ്പിക്കാൻ സാധ്യതയുള്ള സ്രോതസ്സുകളുടെയും കീഴിലുള്ള പദ്ധതി/പ്രോജക്ടുകൾ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും, ഗ്രാമീണ സാങ്കേതികവിദ്യകൾ, പുനരാവർത്തക ഊർജ്ജം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങളിൽ കാർബൺ ന്യൂട്രൽ പരിപാലനം, ഇലക്ട്രിക് മൊബിലിറ്റി തുടങ്ങിയ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്.

ജനകീയ പങ്കാളിത്തത്തോടെ സൗരോർജ്ജത്തിൽ നിന്നും 1000 മെഗാവാട്ട് ലക്ഷ്യം നേടിയെടുക്കുന്നതിനായി അനർട്ട് 2021-212 കാലയളവിൽ പ്രോത്സാഹന പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിയിരിക്കുന്നു. ഇത് കൂടുതലും സോളാർ റൂഫ് ടോപ്, നിലത്തു ഘടിപ്പിച്ച സംവിധാനങ്ങൾ എന്നിവയിലൂടെ ആയിരിക്കും. സൗരോർജ്ജ നിലയങ്ങൾക്കുള്ള നിക്ഷേപം സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സംവിധാനങ്ങളുടെ ഗുണഭോക്താക്കളായ വ്യക്തികൾ, ഭാരത സർക്കാർ എന്നിവയിൽ നിന്ന് സമാഹരിക്കും. ഐപിപി, റെസ്കോ രീതിയിലുള്ള സംവിധാനങ്ങളും മൊത്തം ശേഷിയുടെ ഒരു ഭാഗമാണ്. ഫണ്ടുകൾ സമാഹരിക്കുന്നതിന് പ്രോത്സാഹന, പിന്തുണാ നടപടികൾ ആവശ്യമാണ്.

2021-22 ബജറ്റിൽ 4313.00 ലക്ഷം രൂപ അനർട്ടിന്റെ നിലവിലുള്ള മൂന്ന് പദ്ധതിക്കുമായി വകയിരുത്തിയിരിക്കുന്നു. പ്രോജക്ട് രീതിയിൽ നടപ്പിലാക്കുന്ന ഇതിന്റെ പ്രധാന പരിപാടികൾക്ക്/ഘടകങ്ങൾക്ക് വിഹിതത്തിന്റെ ഒരു ഭാഗം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ചെലവ് വഹിക്കുവാനായി ഉപയോഗിക്കാവുന്നതാണ്. സംഭരണത്തോടുകൂടിയ പുനരാവർത്തക ഊർജ്ജം, തിരമാലയിൽ നിന്നുള്ള ഊർജ്ജം, ഹൈഡ്രജൻ/ഫ്യൂവൽ സെൽ, പുതിയ സംഭരണ

സാങ്കേതികവിദ്യകൾ, ഗ്രാമീണ സാങ്കേതികവിദ്യകൾ തുടങ്ങിയ വരാനിരിക്കുന്ന സാങ്കേതികവിദ്യകൾ, പ്രദർശന പദ്ധതികളിലൂടെ വിലയിരുത്തപ്പെടും.

**(എ) പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ**

**(വിഹിതം. 2026.00 ലക്ഷം രൂപ)**

1)പൊതു കെട്ടിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ 2) ഇ-മൊബിലിറ്റി 3) പുനരാവർത്തക ഊർജ്ജ സംവിധാനങ്ങളുടെ പ്രോത്സാഹനം എന്നിവയാണ് ഈ പദ്ധതിക്ക് കീഴിലുള്ള പ്രത്യേക പരിപാടികൾ.

**എ1. പൊതു കെട്ടിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ**

ഇറക്കുമതി ചെയ്ത ഫോസിൽ ഇന്ധന അധിഷ്ഠിത വൈദ്യുതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ പൊതു കെട്ടിടങ്ങളിൽ ഓൺ-ഗ്രിഡ്/ഹൈബ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കും. ഇത് താഴെപ്പറയുന്ന ഏതെങ്കിലും രീതിയിൽ ആകാം;

**എ. ഇ.പി.സി രീതിയിൽ – ഊർജ്ജം ഉപയോഗിക്കുന്ന പൊതു കെട്ടിടങ്ങളിൽ പങ്കാളിത്തത്തോടെ:–** 2021-22 കാലയളവിൽ 1.5 മെഗാവാട്ട് ലക്ഷ്യമിട്ട്, വിവിധ വകുപ്പുകളുമായും, സ്ഥാപനങ്ങളുമായും ഹരിത ഊർജ്ജ പങ്കാളിത്തം ഉറപ്പാക്കാൻ, പ്രധാന പൊതു കെട്ടിടങ്ങളിൽ സൗരോർജ്ജ റൂഫ് ടോപ്പ് പവർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ അനർട്ട് ഉദ്ദേശിക്കുന്നു. ഫണ്ടുകളുടെ ഒരു ഭാഗം (പരമാവധി 10%) അനർട്ടും ബാക്കിയുള്ളവ ബന്ധപ്പെട്ട സ്ഥാപനങ്ങളും വഹിക്കണം. ഇത് കാർബൺ ന്യൂട്രൽ സംവിധാനത്തിന്റെ പ്രധാന മേഖലകളിൽ ഒന്നാണ്. ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. അനർട്ട് റെസ്കോ രീതിയിൽ** – റിന്യൂവബിൾ എനർജി സർവീസ് കമ്പനിയുടെ കർത്തവ്യം ഏറ്റെടുത്ത്, പൊതു കെട്ടിടങ്ങളിൽ സൗരോർജ്ജ റൂഫ് ടോപ്പ് പ്ലാന്റുകൾ സ്വന്തമാക്കി പ്രവർത്തിപ്പിക്കുന്ന രീതിയിൽ അനർട്ട് സ്ഥാപിക്കും. പ്രോജക്റ്റിന്റെ ജീവചക്രത്തിൽ നിലവിൽ അവർ അടയ്ക്കുന്ന പ്രതിമാസ ഊർജ്ജ ചാർജ്ജുകളുടെ ഒരു ഭാഗം, മൂലധന ചെലവായി വകുപ്പുകൾ/ഏജൻസികളിൽ നിന്നും ഈടാക്കും.ഈടാക്കിയ മൂലധന ചെലവ് പ്രോഗ്രാം വിപുലീകരിക്കുന്നതിന് വരും വർഷങ്ങളിൽ വീണ്ടും പ്രയോജനപ്പെടുത്തും. 5 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ ഈ രീതിയിൽ സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2021-22ൽ 290.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി) ഐപിപി മാതൃകയിൽ (വകുപ്പുകൾ/ഏജൻസികളുമായി വരുമാനം പങ്കിടൽ):–**ഉൽപാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ മത്സരാധിഷ്ഠിത താരിഫുകൾക്ക് അനുസൃതമായി വരുമാനം പങ്കുവെയ്ക്കുന്ന രീതിയിൽ വകുപ്പുകളുടെ/ഏജൻസികളുടെ ഉപയോഗശൂന്യമായ/തരിശായ ഭൂമിയിൽ അനർട്ട് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യും. പ്രോജക്ട് വിപുലീകരിക്കുന്നന്നതിനായി അനർട്ട് ശേഖരിച്ച വരുമാന വിഹിതം വീണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ട് കുറഞ്ഞത് പുനരാവർത്തക ഊർജ്ജ ലക്ഷ്യങ്ങൾ കൈവരിക്കുന്നതുവരെ ഇതിന് മുൻഗണന നൽകേണ്ടതാണ്. 2021-22 ൽ 270.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി) സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റുക**

സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ചിരുന്ന 5 വർഷം സമഗ്ര വാറന്റി ഉണ്ടായിരുന്ന ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകളെ കാലാവധി അവസാനിച്ചതിനു ശേഷം ഗ്രിഡ് കണക്റ്റഡ് സോളാർ പവർ പ്ലാന്റായി മാറ്റുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ, അനർട്ട് പ്രദർശന പദ്ധതി ആയും ഡെപ്പോസിറ്റ് വർക്ക് സ്കീം ആയും സ്ഥാപിച്ചിരുന്ന മൊത്തം 140 മെഗാ വാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഓൺ ഗ്രിഡ് പ്ലാന്റ് ആയി മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. 2021-22 ൽ 255.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ. സർക്കാർ/പൊതു സ്ഥാപനങ്ങളിലെ സി എസ് ടി/ഡ്രയർ/ബയോമാസ് സ്റ്റീം ജനറേഷൻ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സൗരോർജ്ജ താപം – പ്രദർശനം/പൈലറ്റ് – പുതിയ സാങ്കേതികവിദ്യകൾ – പദ്ധതികൾക്കുള്ള പിന്തുണ – പ്രാരംഭ ഘട്ടം**

സർക്കാർ/അർധ സർക്കാർ/പൊതുമേഖലാ/എയ്ഡഡ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമൂഹ പാചകം, വ്യാവസായിക നീരാവി ഉൽപ്പാദനാവശ്യങ്ങൾ അല്ലെങ്കിൽ ഉണക്കുന്ന ആവശ്യങ്ങൾക്കായി സൗരോർജ്ജ കോൺസെൻട്രേറ്റർ/ജൈവ അധിഷ്ഠിത നീരാവി ഉത്പാദന സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തി സാധ്യതകൾ പഠിച്ചുകൊണ്ട്, സംസ്ഥാനത്ത് നൂതന സൗരോർജ്ജ കോൺസെൻട്രേറ്റർ സാങ്കേതിക വിദ്യ സംവിധാനങ്ങളുടെ ഉപയോഗം ജനപ്രിയമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചെയ്യാനുദ്ദേശിച്ച സംവിധാനത്തിന്റെ വലുപ്പത്തെ ആശ്രയിച്ച്, തദ്ദേശമായോ എം.എൻ.ആർ.ഇ അംഗീകൃത ഏജൻസികളിലൂടെയോ ഡിപിആർ തയ്യാറാക്കും. 500 ചതുരശ്ര മീറ്റർ സൗരോർജ്ജ കോൺസെൻട്രേറ്റർ വ്യാപ്തിയാണ് ലക്ഷ്യം. 2021-22 ൽ 230.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ2. സ്വകാര്യ കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ**

**എ) ഐ പി പി മാതൃകയിൽ (സ്വതന്ത്ര ഊർജ്ജ ഉത്പാദകർക്ക് പ്രോത്സാഹനം):–** വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് രീതിയിൽ മൂലധന ഇൻസെന്റീവുകൾ ലഭ്യമാക്കി ഉപയോഗശൂന്യമായ സ്ഥലങ്ങളിൽ/ ഉപേക്ഷിക്കപ്പെട്ട ഖനികളിൽ/ക്വാറികളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് സ്വതന്ത്ര ഊർജ്ജ ഉത്പാദകരെ തിരഞ്ഞെടുക്കാനും, പ്രോത്സാഹിപ്പിക്കാനും, നടപ്പാക്കാനും അനർട്ട് സഹായിക്കും. 5 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ ഈ രീതിയിൽ സജ്ജീകരിക്കും. 2021–22 ൽ 270.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. ഉർജ്ജ കേരള മിഷൻ– പുരപ്പുറ സൗരോർജ്ജ പ്രോഗ്രാം (സൗര)**

കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ, അനർട്ടും കെ.എസ്.ഇ.ബി.എൽ–ഉം സംയുക്തമായി 2021 – ഓടെ 1000 മെഗാവാട്ട് സൗരോർജ്ജം ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ 3 വർഷത്തിനുള്ളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്ന് 500 മെഗാവാട്ട് ലക്ഷ്യമിടുന്നു. 2021–22 കാലയളവിൽ, ഇപിസി, റെസ്കോ രീതിയിൽ 15 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാൻ അനർട്ട് ഉദ്ദേശിക്കുന്നു. പ്രോഗ്രാമിനായി ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ3. ഇ – മൊബിലിറ്റി**

**എ. സോളാർ ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ (100 കിലോവാട്ട്)**

ഇലക്ട്രിക് വാഹനങ്ങൾ ഏതാനും വർഷങ്ങൾക്കുള്ളിൽ പ്രധാന ഗതാഗത മാർഗ്ഗമായി മാറും. ഇ.ഇ.എസ്.എൽ വഴി ഇ–കാറുകൾ വാടകയ്ക്കെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സർക്കാർ അനർട്ടിനെ നിയോഗിച്ചു. പൊതു ഇ.വി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ അഭാവം ഇ–കാർ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രധാന തടസ്സമാണ്. നിലവിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് പാരമ്പര്യേതര വൈദ്യുതി ഉപയോഗിച്ചാണ് നടത്തുന്നത്. അനുയോജ്യമായ ഗ്രീൻ ഇലക്ട്രിക് കാറുകൾക്ക്, പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ചാർജിംഗ് നടത്തേണ്ടതുണ്ട്. 2021–22 കാലയളവിൽ, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് ഇവി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വ്യക്തികൾ, ഏജൻസികൾ, എൻ.ജി.ഒ–കൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് ആനുകൂല്യങ്ങൾ നൽകാൻ അനർട്ട് ഉദ്ദേശിക്കുന്നു. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് സ്റ്റേഷനുകളുടെ ആവശ്യം പരിഹരിക്കുന്നതിനായി സോളറൈസേഷൻ ചെലവ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ/ബിസിനസ്സ് മോഡലുകൾ അടിസ്ഥാനമാക്കി, 5 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെയുള്ള ഓൺ ഗ്രിഡ്/ഓഫ് ഗ്രിഡ്/ഹൈബ്രിഡ് സോളാർ പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾക്ക് സബ്സിഡിക്ക് അർഹതയുണ്ട്. 2021–22 ബജറ്റിൽ 81.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. ഇ–മൊബിലിറ്റി – ഇലക്ട്രിക് കാറുകൾ വാടകക്ക്**

2021–22 കാലയളവിൽ, വിവിധ സർക്കാർ വകുപ്പുകൾക്ക് 500 ഇ–കാറുകൾ വിതരണം ചെയ്യാൻ അനർട്ട് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഇ–കാറുകളുടെ ഡ്രൈവർമാർക്ക് പരിശീലനം, ഇ–കാറുകൾ നടപ്പിലാക്കുന്നതിനുള്ള പ്രചരണം, അവബോധ പരിപാടികൾ എന്നിവ ആവശ്യമാണ്. പബ്ലിക് ഇ.വി.സി.ഐ, ഇ–കാർ പ്രോജക്ടിന്റെ പാട്ടക്കരാർ എന്നിവയ്ക്കായി ഒരു ഓൺലൈൻ പോർട്ടലും പ്രത്യേക സോഫ്റ്റ് വെയറും വികസിപ്പിക്കും.

നിലവിലുള്ള വാടക ഐസിഇ കാറുകൾക്ക് പകരമായി, അനർട്ടിന്റെ ജില്ലാ ഓഫീസുകളിൽ ഡ്രൈവറോടു കൂടി ഇ–കാറുകളും, അനർട്ട് ഹെഡ് ക്വാർട്ടേഴ്സിൽ ഇ–കാറുകളുടെ 3 മോഡലുകളും, വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്യേണ്ട ഇ–കാറുകളുടെ പ്രദർശനവും ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ഇ–കാറുകളുമായി പരിചയപ്പെടാൻ ഇത് ഉപയോക്താക്കളെ സഹായിക്കും. ഇ–കാറുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് പിആർ ക്യാമ്പെയ്നുകൾ, വെബ് പോർട്ടൽ, പരിശീലനം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2021–22 കാലയളവിൽ ഇ മൊബിലിറ്റിക്ക് 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ4. പുനരാവർത്തക ഊർജ്ജ സംവിധാനങ്ങളുടെ പ്രോത്സാഹനം**

**എ. ദുരിതാശ്വാസ ക്യാമ്പുകളിലെ പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ.**

ദുരന്ത നിവാരണ ക്യാമ്പുകളിൽ തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഒരു പ്രധാന ആശങ്കയാണ്. ഈ സാഹചര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട ദുരിതാശ്വാസ ക്യാമ്പുകളിൽ പുനരാവർത്തക ഊർജ്ജ സംവിധാനത്തിൽ സോളാർ പവർ പ്ലാന്റ്, സോളാർ വാട്ടർ ഹീറ്ററുകൾ, ബയോമാസ്സ്/സോളാർ കുക്കറുകൾ, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയോ അതല്ലെങ്കിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സുവഹനീയ മായ സംവിധാനങ്ങൾ നൽകാനോ അനർട്ട് ഉദ്ദേശിക്കുന്നു. ഇതിനായി 35.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു

**ബി. ഊർജ്ജ മിത്ര കേന്ദ്രങ്ങളിലൂടെയും ബൈ മൈ സൺ പോർട്ടലിലൂടെയും സൗര സുവിധ കിറ്റുകളുടെ വിതരണം: –**

പ്രകൃതി ദുരന്തങ്ങളോ മറ്റ് എന്തെങ്കിലും ദുരന്തങ്ങളോ ഉണ്ടാകുന്ന സാഹചര്യത്തിൽ ഒരു കുടുംബത്തിനാവശ്യമായ കുറഞ്ഞ തോതിലുള്ള ആഭ്യന്തര ഊർജ്ജ ആവശ്യകത സൗരോർജ്ജത്തിൽ നിന്നും ലഭ്യമാക്കാൻ "സൗര സുവിധ കിറ്റ്" അനർട്ട് നിർദ്ദേശിക്കുന്നു. സൗര സുവിധ കിറ്റ് എന്നത് സൗരോർജ്ജ ബാറ്ററി ബാക്കപ്പ് സഹിതം ഒരു മൊബൈൽ ചാർജിങ് യൂണിറ്റും എമർജൻസി ലൈറ്റും ചേർന്ന ഉപകരണമാണ്. കൂടാതെ ഗ്രിഡിൽ നിന്ന് വൈദ്യുതി ഇടയ്ക്കിടെ തടസ്സപ്പെടുന്ന എസ്‌സി/ എസ്ടി കോളനികൾ, വനംവകുപ്പ്, പൊതു ഉണഭോക്താക്കൾ എന്നിവർക്കും ഇതു പ്രയോജനപ്പെടും. യൂണിറ്റിന്റെ വില ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കാനും എല്ലാ ജില്ലകളിലും പ്രോഗ്രാം വിപുലീകരിക്കുന്നതിന് റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കാനും ഉദ്ദേശിക്കുന്നു. 2021–22 ബജറ്റിൽ 30.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

**സി കർഷകർക്ക് സോളാർ പമ്പിംഗ് പദ്ധതി**

ഗ്രിഡുമായി ബന്ധിപ്പിച്ച കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേക്കു മാറ്റുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സൗരോർജ്ജത്തിലേക്കു മാറുന്നത് ഈ പമ്പുകളെ പാരമ്പര്യേതര വൈദ്യുതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും കാർഷിക ആവശ്യങ്ങൾക്ക് സബ്സിഡി നിരക്കിൽ ലഭിക്കുന്ന വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുകയും മിച്ച വൈദ്യുതി യൂട്ടിലിറ്റിക്ക് വിൽക്കാൻ കഴിയുകയും കർഷകർക്ക് അധിക വരുമാന മാർഗ്ഗം ലഭ്യമാക്കുകയും ചെയ്യും. ഭാരത സർക്കാർ, എംഎൻആർഇ-യുടെ പി.എം കുസും എന്ന പദ്ധതി പ്രകാരം, കാർഷിക ആവശ്യങ്ങൾക്കായി കർഷകർ സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിന് രണ്ട് പദ്ധതികൾ അനർട്ടിന് അനുവദിച്ചു.

i) **പി.എം കുസുമിന്റെ ഘടകം – ബി**

വൈദ്യുതീകരിക്കപ്പെടാത്ത സ്ഥലങ്ങളിൽ സ്റ്റാൻഡ് എലോൺ സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഡീസൽ പമ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും 30 ശതമാനം സബ്സിഡി എംഎൻആർഇ നൽകും. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഈ പദ്ധതിയുടെ ഉണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്, കാരണം മിക്ക കാർഷിക ഭൂമികളും വൈദ്യുതീകരിക്കപ്പെട്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം അനുയോജ്യമായ സാമ്പത്തിക മോഡലുകൾ വികസിപ്പിച്ച് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് രീതി അടിസ്ഥാനമാക്കി, ഈ പദ്ധതി നടപ്പിലാക്കുന്നതിന് പരമാവധി 30 ശതമാനം വരെ സംസ്ഥാന സബ്സിഡി നിർദ്ദേശിക്കുന്നു. 2021–22 ൽ 100 എണ്ണം ചെയ്യാനുദ്ദേശിക്കുന്നു. 35.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയി രിക്കുന്നു.

ii) **പി.എം കുസുമിന്റെ ഘടകം–സി**

കർഷകരുടെ നിലവിലുള്ള പമ്പ് സെറ്റ് സൗരോർജ്ജത്തിലേക്കു മാറ്റുന്നതിനായി 30 ശതമാനം സബ്സിഡി എംഎൻആർഇ നൽകും. കേരളത്തിലെ കാർഷിക കണക്ഷനുകളിൽ ഭൂരിഭാഗവും സൗജന്യ കണക്ഷനുകളാണ്. അതിനാൽ 40 ശതമാനം ഉണഭോക്താക്കളുടെ വിഹിതമുള്ള ഈ പദ്ധതി നടപ്പാക്കാൻ മിക്ക കർഷകരും താൽപ്പര്യപ്പെടുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം അനുയോജ്യമായ സാമ്പത്തിക മോഡലുകൾ വികസിപ്പിച്ച് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് രീതി അടിസ്ഥാനമാക്കി, ഈ പദ്ധതി നടപ്പിലാക്കുന്നതിന് പരമാവധി 30 ശതമാനം തുല്യ സംസ്ഥാന സബ്സിഡി ഉപയോഗിച്ച് പദ്ധതി ജനപ്രിയമാക്കാം. 2021–22 ൽ 100 എണ്ണം ചെയ്യാനുദ്ദേശിക്കുന്നു. ബജറ്റിൽ 35.00 ലക്ഷം രൂപ വകയിരുത്തിയി രിക്കുന്നു.

iii) **ചെറിയ സ്റ്റാൻഡ്–എലോൺ സോളാർ പമ്പ്**

10 സെൻറ് മുതൽ 100 സെൻറ് വരെ പ്രദേശത്തിന്റെ ജലസേചനത്തിന് 0.5 എച്ച്പി ശേഷിയുള്ള ചെറിയ സോളാർ പമ്പ് മതിയാകും. പമ്പിന്റെ വില ഏകദേശം 60,000/– രൂപയാണ്. 0.5 എച്ച്പി പമ്പിന് 10,000/– രൂപ സബ്സിഡി ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു, അതിനാൽ ജലസേചന ആവശ്യങ്ങൾക്കായി ഈ പമ്പ് സ്ഥാപിക്കാൻ കർഷകരെ വിശ്വാസത്തിലെടുക്കാം. 2021–22 കാലയളവിൽ, ജലസേചന ആവശ്യങ്ങൾക്കായി 300 എണ്ണം അത്തരം പമ്പുകൾ സ്ഥാപിക്കുവാൻ അനർട്ട് ഉദ്ദേശിക്കുന്നു. കൂടാതെ എംഎൻആർഇ സബ്സിഡികളും പരിശോധിക്കുകയും ചെയ്യും. 50.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**ഡി. ബയോഗ്യാസ്, ബയോമാസ് പ്രോജക്ടുകൾ**

നശിപ്പിക്കാവുന്ന ജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കമ്മ്യൂണിറ്റി ബയോഗ്യാസ് പദ്ധതികൾ ഫലപ്രദമാണ്. മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് നശിപ്പിക്കാവുന്ന ജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ അനർട്ട് ഉദ്ദേശിക്കുന്നു.

ബയോമാസിന്റെ ലഭ്യതയെ അടിസ്ഥാനമാക്കി, അത്തരം വസ്തുക്കൾ ഒന്നുകിൽ നേരിട്ട് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനോ അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിൽ കൈകാര്യത്തിനുള്ള സൗകര്യം മാനിച്ച് പെല്ലറ്റൈസേഷൻ വഴി ഉപയോഗിക്കുന്നതിനോ ഉള്ള പ്രോജക്റ്റുകൾ ആരംഭിക്കും. 30.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

മേൽപറഞ്ഞ പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ നടപ്പിലാക്കുന്ന തിനായി 2021-22 ബജറ്റിൽ 2026.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) പുനരാവർത്തക ഊർജ്ജ പൊതു സമ്പർക്കം, ഔട്ട് റീച്ച്, പഠനങ്ങളും വികസനവും**

**(വിഹിതം 468.00 ലക്ഷം രൂപ)**

സുഗമമായ വിവിധ സഹായ പദ്ധതികൾ വഴി സംസ്ഥാനത്തെ പുനരവർത്തക ഊർജ്ജ വികസനങ്ങൾക്ക് അനുയോജ്യമായ അന്തരീക്ഷം അല്ലെങ്കിൽ പരിസ്ഥിതി വ്യവസ്ഥ സൃഷ്ടിക്കുവാൻ അനർട്ട് ലക്ഷ്യമിടുന്നു. താഴെ പറയുന്ന പ്രത്യേക ഘടകങ്ങൾക്കായി 2021-22 ബജറ്റിൽ 468.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. (1) ഔട്ട് റീച്ച് പ്രോഗ്രാമുകൾ (2) അക്രഡിറ്റേഷൻ, ഇലക്ട്രോണിക് വിപണി, ഇൻഷ്വറൻസ് എന്നിവയാണ് ഈ സ്കീമിന് കീഴിലുള്ള നിർദ്ദിഷ്ട പ്രോഗ്രാമുകൾ. പദ്ധതി വിഹിതത്തിന്റെ 15 ശതമാനം സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്കായി ഉപയോഗിക്കാം.

**ബി 1. ഔട്ട് റീച്ച് പ്രോഗ്രാമുകൾ**

**എ. പ്രമോഷണൽ, ഔട്ട് റീച്ച് പരിപാടികൾ**

പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ വില കുറഞ്ഞ്, ഏതാണ്ട് പാരമ്പര്യേതര വൈദ്യുതി വിലയുടെ തുല്യവും അല്ലെങ്കിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ പാരമ്പര്യേതര വൈദ്യുതിയേക്കാൾ കുറവുമാണ്. സംസ്ഥാനത്ത് പുനരാവർത്തക ഊർജ്ജത്തിന്റെ പങ്ക് 10 ശതമാനത്തിൽ താഴെയാണ്. അതിനാൽ, പുനരാവർത്തക ഊർജ്ജ സ്രോതസുകളുടെ പ്രസക്തിയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിലൂടെ, ഊർജ്ജ ഉപയോഗ രീതിയിൽ കാര്യമായ മാറ്റം സാധ്യമാണ്. സുസ്ഥിര വികസനത്തിന്റെ ലക്ഷ്യം പ്രചരിപ്പിക്കണമെങ്കിൽ പുനരാവർത്തക ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ പ്രയോജനത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്. പുനരാവർത്തക ഊർജ്ജത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്, നിരവധി പ്രൊമോഷണൽ, ഔട്ട് റീച്ച് പ്രോഗ്രാമുകൾ അനർട്ട് നടപ്പിലാക്കുന്നു. ബോധവൽക്കരണ ക്ലാസുകൾ, എക്സിബിഷനുകളുടെ നടത്തിപ്പും പങ്കാളിത്തവും, പരസ്യങ്ങൾ, ഹെൽപ്പ് ഡെസ്ക് സൗകര്യം, മീഡിയ സ്കൂളുകളുമായി പങ്കാളിത്തം, മറ്റ് അക്കാദമിക് സ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും നിരവധി പരിശീലന പരിപാടികൾക്ക് ഫാക്കൽറ്റികളായി പങ്കെടുക്കൽ എന്നിവ പ്രോഗ്രാമുകളിൽ ഉൾപ്പെടുന്നു. 2021-22 ബജറ്റിൽ 130.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. കേരള സംസ്ഥാന പുനരാവർത്തക ഊർജ്ജ അവാർഡുകൾ**

പുനരാവർത്തക ഊർജ്ജം (വ്യക്തിഗതം), വ്യാവസായിക യൂണിറ്റുകൾ, വാണിജ്യ ഉപഭോക്താക്കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾ, തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഗവേഷണം, ഇന്നോവേഷൻ, പുനരാവർത്തക ഊർജ്ജ വ്യവസായം, വ്യക്തികൾ എന്നിവയ്ക്ക് അനർട്ട് 2017-18 മുതൽ പുനരാവർത്തക ഊർജ്ജ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാനത്ത് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുനരാവർത്തക ഊർജ്ജ അവാർഡ് 2021. 2021-22 കാലയളവിൽ പുനരാവർത്തക ഊർജ്ജ അവാർഡിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ 55.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി. ജില്ലാ തലത്തിൽ പുനരാവർത്തക ഊർജ്ജ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള സഹായ സംവിധാനം**

ഉചിതമായ പുനരാവർത്തക ഊർജ്ജ പദ്ധതികളും ഉപകരണങ്ങളും തിരഞ്ഞെടുക്കുന്നതും പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ സാങ്കേതിക സഹായം നൽകുന്നതും ഈ മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്. ഇത് കണക്കിലെടുത്ത് നിലവിലുള്ള ജില്ലാതല സജ്ജീകരണം ശക്തിപ്പെടുത്തി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ പിന്തുണ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും പൊതുജനങ്ങളിലും പുനരാവർത്തക ഊർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ ഈ സംവിധാനം സഹായിക്കും. ഉർജ്ജ മിത്ര സെന്ററുകളുടെ സേവനങ്ങളുടെ ഉപയോഗവും, പിന്തുണയും ഉൾപ്പെടെ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്കുള്ള സന്ദർശനങ്ങളും സാധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ബജറ്റിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി 2 അക്രഡിറ്റേഷനും ഇലക്ട്രോണിക് വിപണിയും, ഇൻഷ്വറൻസും.**

**എ. ഇ-വിപണി – നവീകരിക്കലും പരിപാലനവും**

കേരളത്തിലെ ആർക്കും പുനരാവർത്തക ഊർജ്ജ സംവിധാനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ഓൺലൈനിൽ ഒരു പുനരാവർത്തക ഊർജ്ജ സംവിധാനം ഓർഡർ ചെയ്യുന്നതിനും അനർട്ട് ഇ-വിപണി പോർട്ടൽ സ്ഥാപിച്ചിട്ടുണ്ട്. ആധാർ, എം.എൻ.ആർ.ഇ, കെഎസ്ഇബിഎൽ, എൻ.ജി.ഒ ദർപൺ, പേയ്മെന്റ് ഗേറ്റ്‌വേ, എൻ.പി.സി.ഐ (എസ്.ബി.ഐ വഴി ഡി.ബി.ടി.ക്ക് വേണ്ടി) തുടങ്ങിയ പോർട്ടലുകളുമായി വിപുലമായ സംയോജനമുള്ള പോർട്ടൽ, സബ്സിഡി ഉൾപ്പെടെയുള്ള പുനരാവർത്തക ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നത്, മൊബൈൽ ആപ്ലിക്കേഷനുകൾ വളരെയധികം ലളിതമാക്കി. 2021-22 ൽ പോർട്ടലിൽ വരുത്തേണ്ട പരിഷ്കാരങ്ങളും അതിന്റെ വർക്ക്ഫ്ലോ/ഔദ്യോഗിക ബാക്കെൻഡ് പി.എം.എസായ ഇന്റർഫേസ് അപ്ഡേറ്റുകൾ, കെ-സ്വിഫ്റ്റുമായുള്ള സംയോജനം, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സുരക്ഷ പോർട്ടൽ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് 23.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. 'ബയ് മൈ സൺ' വഴി സ്ഥാപിച്ച പുനരാവർത്തക ഊർജ്ജസിസ്റ്റങ്ങൾക്കും അനർട്ടിന്റെ സൗരവീഥി മൊബൈൽ ആപ്ലിക്കേഷൻ വഴി രജിസ്റ്റർ ചെയ്ത സിസ്റ്റങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ.**

അനർട്ടിന്റെ ഇമാർക്കറ്റ് പ്ലേസ് പ്ലാറ്റ്ഫോം 'ബയ് മൈ സൺ' വഴി കരസ്ഥമാക്കിയ എല്ലാ പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ ഉദ്ദേശിക്കുന്നു. സൗരവീഥി മൊബൈൽ ആപ്ലിക്കേഷൻ വഴി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾക്കും ഉപകരണങ്ങൾക്കും പ്രകൃതി ദുരന്ത സമയത്ത് സംവിധാനങ്ങൾക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഒരു വർഷത്തേക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരിക്കും. ഒരു ലക്ഷം രൂപ വിലവരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനു ഉദ്ദേശം 50/- രൂപ പ്രീമിയം പ്രതീക്ഷിക്കുന്നു. ഈ പരിപാടിക്ക് 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി. എംപാനൽമെന്റ്/ വെണ്ടർമാരുടെ അക്രഡിറ്റേഷൻ**

അനർട്ട് നിശ്ചയിച്ചിട്ടുള്ള കർശന വ്യവസ്ഥകൾ പാലിക്കുന്ന പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾക്കുള്ള ഇന്റഗ്രേറ്റർമാരെ/നിർമ്മാതാക്കളെ, നടപ്പിലാക്കുന്നതിനുള്ള എളുപ്പത്തിനായി എംപാനൽ ചെയ്യും. സിസ്റ്റങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനൊപ്പം, ഈ പ്രക്രിയയിലൂടെ വില നിയന്ത്രണവും ഉണ്ടാകും. ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം**

മാറുന്ന സാങ്കേതികവിദ്യയും പ്രോജക്ട് നടപ്പാക്കലിന്റെ പുതിയ ആവശ്യകതകളും നിറവേറ്റുന്നതിനായി സ്മാർട്ട് ബിൽഡിംഗ്, വിവര സാങ്കേതിക വിദ്യ പോലുള്ള അനർട്ടിന്റെ ചില അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കേണ്ടതുണ്ട്. ഹെഡ് ക്വാർട്ടേഴ്സിലും, ജില്ലാ ഓഫീസുകളിലും ബയോമെട്രിക് സംവിധാനങ്ങൾ നടപ്പിലാക്കുക, പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ ഉൾപ്പെടെ ഹെഡ് ക്വാർട്ടേഴ്സ് സ്മാർട്ട് ബിൽഡിംഗ് നവീകരിക്കുക, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ, എന്നിവയുൾപ്പെടെയുള്ള ചെലവുകൾക്കായി 60.00 ലക്ഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

മുകളിൽ ചേർത്തിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ പുനരാവർത്തക ഊർജ്ജ പൊതു സമ്പർക്കം, ഔട്ട് റീച്ച്, പഠനങ്ങളും വികസനവും എന്ന പദ്ധതിയിൽ 468.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി). അനർട്ട് – പുനരാവർത്തകഊർജ്ജത്തിനായുള്ള ഒരു നോളജ് ഹബ്**

**(വിഹിതം 1819.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ കീഴിലുള്ള നിർദ്ദിഷ്ട പരിപാടികൾ ഇവയാണ്; 1) പുതിയ സാങ്കേതിക വികസനം, പ്രദർശനം, പൈലറ്റ്, പഠനങ്ങൾ 2) ലബോറട്ടറിയും മറ്റ് സൗകര്യങ്ങളും 3) പരിശീലനവും ശേഷി വർദ്ധിപ്പിക്കൽ 4) അടിസ്ഥാന സൗകര്യവികസനം .

**സി 1. പുതിയ സാങ്കേതിക വികസനം, പ്രദർശനം, പൈലറ്റ്, പഠനങ്ങൾ**

**a) പുനരാവർത്തക ഊർജ്ജ പാർക്ക്, രാമക്കൽമേട് – ഘട്ടം 2 തുടർച്ച**

ബൃഹത്തായ സംഭരണത്തോടെ വിവിധ ഊർജ്ജ ഉറവിടങ്ങളെ സംയോജിപ്പിച്ച് ഗുണമേന്മയുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിന്റെ പ്രയോജനം പ്രദർശിപ്പിക്കുന്നതിനും പഠിക്കുന്നതിനുമായി 2017-18 ൽ ആരംഭിച്ച പദ്ധതിയാണ് രാമക്കൽമേട് പ്രോജക്ട്. 2020-21 ൽ 1 മെഗാവാട്ട് സൗരോർജ്ജ പവർ പ്ലാന്റിന്റെ സ്ഥാപനം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. അടുത്ത ഘട്ടത്തിൽ, ഊർജ്ജ സംഭരണവും കൂട്ടിച്ചേർത്ത് ഡെസ്പാച്ചിന് സാധ്യമാവുന്ന ഒരു ജനറേറ്റിംഗ്

സ്റ്റേഷനായി പ്രവർത്തിക്കും. പിന്നീട്, മൈക്രോസൈറ്റിംഗ് പ്രക്രിയ പൂർത്തിയാക്കുമ്പോൾ വിൻഡ് ജനറേറ്ററുകൾ സ്ഥാപിക്കും. 2021-22 കാലയളവിൽ 430.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**b) പുനരാവർത്തക ഊർജ്ജത്തിൽ പുതിയ സാങ്കേതികവിദ്യകളുടെ വിലയിരുത്തൽ, ഇൻ- ഹൗസ് ആർ & ഡി പ്രോജക്ടുകൾ**

സൗരോർജ്ജം, ചെറിയ കാറ്റ്, ബയോ എനർജി, വേവ് എനർജി, ബിൽഡിംഗ്, പിവി ഘടിപ്പിച്ച വാഹനങ്ങൾ തുടങ്ങിയ മേഖലകളിലെ പുതിയ/വരാനിരിക്കുന്ന പുനരാവർത്തക ഊർജ്ജ സാങ്കേതിക വിദ്യകളുടെയും സംഭരണ സംവിധാനങ്ങളുടെയും പൈലറ്റ്/പ്രദർശന പ്ലാന്റുകൾ പഠനത്തിനും വിലയിരുത്തലിനുമായി സജ്ജീകരിക്കും. ഇത് ടെക്നോളജി അഡാപ്റ്റേഷനും വാണിജ്യ മോഡലുകൾ വികസിപ്പിക്കുന്നതിനും സഹായകരമാകും. ബാറ്ററി ഉപയോഗിച്ച് വൈദ്യുതി വിതരണ (ബിപ്സ്) പദ്ധതിയുടെ രണ്ടാം ഘട്ടവും ആസൂത്രണം ചെയ്തിട്ടുണ്ട്.

ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾസ് (ബി.ഒ.വി) ഉപയോഗം എണ്ണത്തിൽ വർദ്ധിച്ചു വരുന്നുണ്ടെങ്കിലും, ഗ്രിഡിൽ നിന്ന് പൂർണമായി ചാർജ് ചെയ്യാൻ എടുക്കുന്ന സമയം ദീർഘദൂര യാത്രയിൽ ഒരു പോരായ്മയാണ്. കുറച്ച് നിമിഷങ്ങൾക്കുള്ളിൽ ചാർജ് ചെയ്യാൻ കഴിയുന്ന ഹൈഡ്രജൻ ഉപയോഗിക്കുന്ന ഇന്ധന സെൽ ഇലക്ട്രിക് വാഹനങ്ങൾ (FCEVs) ഒരു ബദലാണ്. പ്രദർശന ഹൈഡ്രജൻ പ്ലാന്റ് ഉൾപ്പെടെയുള്ള ഒരു പൈലറ്റ് പ്രോജക്റ്റിനായുള്ള പ്രീ-സാധ്യതാ പഠനങ്ങൾ, ഡിപിആർ തയ്യാറാക്കൽ എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്. 2021-22 കാലയളവിൽ 280.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**c) ബഹുമുഖ പുനരാവർത്തകഊർജ്ജ സ്രോതസ്സുകളുള്ള മൈക്രോ ഗ്രിഡ്, ചെറിയ കാറ്റ് / ഹൈബ്രിഡ്, ഫ്ലോട്ടിംഗ് സോളാർ**

വൈദ്യുതീകരിക്കപ്പെടാത്ത സ്ഥലങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചില സ്റ്റാൻഡ്-എലോൺ മൈക്രോ ഗ്രിഡുകൾ 15 വർഷത്തിലേറെ മുമ്പ് അനർട്ട് സ്ഥാപിച്ചു. ഇപ്പോൾ അനർട്ടിന്റെ പിന്തുണയോടെ സി-ഡാക് ഒരു ഹൈബ്രിഡ് മൈക്രോ ഗ്രിഡ് സജ്ജീകരിച്ചു. സൗരോർജ്ജം, മൈക്രോ ഹൈഡൽ, കാറ്റ് മുതലായ ഒന്നിലധികം ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി പൈലറ്റ് പ്രദർശനം നടത്താൻ ഉദ്ദേശിക്കുന്നു. ഇത് ഗ്രിഡുമായി ബന്ധിപ്പിച്ച് ഗ്രിഡിനെ പിന്തുണയ്ക്കുന്നു, പ്രത്യേകിച്ച് അകലെയുള്ള പ്രദേശങ്ങളിൽ. 2021-22 ൽ 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**d) റിസോഴ്സ് അസ്സസ്മെന്റ്, മൈക്രോ സൈറ്റിംഗ്, അനുബന്ധ പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ വിവിധ പുനരാവർത്തകഊർജ്ജ സ്രോതസ്സുകളുടെ വിഭവ വിലയിരുത്തൽ അനർട്ട്പതിവായി നടത്തുന്നുണ്ട്. NIWE (MNRE) യുമായി സഹകരിച്ച് കാറ്റിന്റെ ഊർജ്ജ സാധ്യതകൾ പഠിക്കുന്നതിനായി സംസ്ഥാനങ്ങളിലുടനീളം വിവിധ സ്ഥലങ്ങളിൽ കാറ്റാടി മാസ്റ്റുകൾ സ്ഥാപിച്ചു. എൻഐഡബ്ല്യു ഇ-എം എൻ ആർ ഇ-യുടെ ദേശീയ ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ള 4 സ്ഥലങ്ങളിൽ സോളാർ റിസോഴ്സ് അസ്സസ്മെന്റ് സ്റ്റേഷനുകളും സ്ഥാപിച്ചു. പുനരാവർത്തക ഊർജ്ജ നിലയങ്ങളിൽ നിന്നുള്ള കൃത്യമായ ഉത്പാദന പ്രവചനത്തിന് ഇവ അത്യന്താപേക്ഷിതമാണ്, കാരണം വൈദ്യുതി ഉൽപാദനത്തിൽ അവരുടെ പങ്ക് പ്രാധാന്യമർഹിക്കുന്നു. റിസോഴ്സ് അസസ്മെന്റിന്റെ സാധ്യതകളും തിരമാലയിൽ നിന്നുള്ള ഊർജ്ജത്തിന്റെ സാധ്യതയും പര്യവേക്ഷണം ചെയ്യാൻ ഉദ്ദേശിക്കുന്നു, ഇതു സൗരോർജ്ജത്തിന്റെ കുറവ് നികത്തുന്നു. 2021-22 ൽ 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**e) ആർ & ഡി, ഇന്നൊവേഷൻ എന്നിവക്ക് പിന്തുണ**

പുനരാവർത്തക ഊർജ്ജ മേഖലയിൽ ഗവേഷണം-വികസനം, നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ മാതൃകകൾ പൈലറ്റ് ചെയ്യുന്നതിനും, വിദഗ്ദ്ധ സമിതികളുടെ ശുപാർശ പ്രകാരം സാങ്കേതിക പഠനങ്ങൾ, സാങ്കേതിക വിലയിരുത്തൽ, പ്രോട്ടോടൈപ്പ് വികസനം തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം നൽകാൻ അനർട്ട് ഉദ്ദേശിക്കുന്നു. അനർട്ട് തിരെഞ്ഞെടുത്ത മേഖലകളെക്കുറിച്ച് ഗവേഷണം നടത്താനും നൂതനമായ ചില ആശയങ്ങൾ ക്ഷണിക്കാനും, പ്രശസ്ത സ്ഥാപനങ്ങളുമായി ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മറ്റ് സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള പ്രസക്ത മേഖലകളിലെ ആകർഷകമായ നിർദേശങ്ങൾ സാധ്യതകൾ വിലയിരുത്തി തിരിച്ചറിഞ്ഞതിന് ശേഷം ഓരോ കേസും അടിസ്ഥാനമാക്കി പരിഗണിക്കും. ഗവേഷണ-വികസനത്തിനും ഇന്നൊവേഷനും വേണ്ടി 2021-22ൽ 170.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി 2. ലബോറട്ടറി, ഇൻകുബേഷൻ സൗകര്യങ്ങൾ**

**എ. പരീക്ഷണത്തിനും സർട്ടിഫിക്കേഷനുമായുള്ള ലബോറട്ടറി - ഘട്ടം II.**

എസ്.ടി.ഐ.സി-കുസാറ്റിന്റെ സേവനങ്ങൾ ഉപയോഗിച്ച് പുനരാവർത്തക ഊർജ്ജത്തിനായി ഒരു ഇന്നൊവേഷൻ കേന്ദ്രമായി പ്രവർത്തിക്കാൻ ഒരു പുനരാവർത്തക ഊർജ്ജ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു. ഇൻ ഹൗസ് ഗവേഷണ-വികസന പ്രവർത്തനങ്ങൾക്ക്

സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം, പുനരാവർത്തക ഊർജ്ജ ഉൽപ്പന്നങ്ങൾക്കായി അംഗീകൃത ടെസ്റ്റ്, സർട്ടിഫിക്കേഷൻ ലബോറട്ടറിയായി ഇത് വികസിപ്പിക്കും. 2021–22 കാലഘട്ടത്തിൽ, സോളാർ ലാബിലേക്ക് ചേർക്കാൻ നിർദ്ദേശിച്ചിട്ടുള്ള അധിക സൗകര്യങ്ങൾ പിവി മൊഡ്യൂളുകൾ പരിശോധിക്കുന്നതിനാണ്. സൺ സിമുലേറ്റർ, IV ട്രേസർ, ഇലക്ട്രോലുമിനെസെൻസ് ടെസ്റ്റർ എന്നിവയാണ് ആവശ്യമായ ഉപകരണങ്ങൾ. 300.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**ബി. ഇന്റഗ്രേറ്റഡ് റിന്യൂവബിൾ എനർജി നോളജ് ഹബ്, കുഴൽമന്ദം – ഇൻകുബേഷൻ ഹബ്**

അനർട്ടിന്റെ കുഴൽമന്ദത്തുള്ള ഭൂമിയിൽ 2 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം പ്രവർത്തിക്കുന്നു. ഇവിടെ ഒരു ഇൻകുബേഷൻ ഹബ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2021–22 ൽ അടിസ്ഥാന സൗകര്യങ്ങൾക്കായി ഡി.പി.ആർ തയ്യാറാക്കുന്നതിനും, പ്രശസ്ത സ്ഥാപനങ്ങളുമായി പങ്കാളിത്തമുള്ള ഇൻകുബേഷൻ ഹബ് രൂപപെടുത്തിയെടുക്കുന്നതിനും ഒരു കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനും ഉദ്ദേശിക്കുന്നു. 60.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**സി 3. പരിശീലനം, കാര്യശേഷി വർദ്ധിപ്പിക്കൽ**

**എ. പരിശീലന പരിപാടികൾ**

പുനരാവർത്തക ഊർജ്ജ മേഖലയിൽ പുതിയ വികസനങ്ങൾ വെളിപ്പെടുത്തുന്നതിന് പുനരാവർത്തക ഊർജ്ജ മേഖലയിലെ എല്ലാ തൽപ്പര കക്ഷികൾക്കും, അനർട്ടിന്റെ ഉദ്യോഗസ്ഥർക്കും പരിശീലനം ആവശ്യമാണ്. അതുപോലെ വിദ്യാർത്ഥികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, പള്ളികൾ, നിർമ്മാണ സ്ഥാപനങ്ങൾ, ആർക്കിടെക്റ്റ്സ് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് സാങ്കേതിക വിദഗ്ധർ തുടങ്ങിയ വിവിധ ഗ്രൂപ്പുകൾക്കായി സെമിനാറുകൾ, ബിസ്സിനസ്സ് മീറ്റുകൾ, പരിശീലന പരിപാടികൾ എന്നിവയും സംഘടിപ്പിക്കുന്നു.

ഉത്പന്നങ്ങളുടെ ഗുണമേന്മ, അനുയോജ്യമായ സ്ഥാപിക്കൽ പ്രവർത്തികൾ എന്നിവ ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വിദഗ്ധരും പരിചയസമ്പന്നരും ആവശ്യമാണ്. യോഗ്യരായ ഇൻസ്പെക്ടർമാരുടെ അഭാവമുള്ളതിനാൽ, 'സ്കിൽ കൗൺസിൽ ഫോർ ഗ്രീൻ ജോബ്സ്' അംഗീകരിച്ച സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് മുഖേന അനർട്ട് പരിശീലന കാര്യശേഷി വികസന പരിപാടികൾ നടപ്പാക്കുന്നു.

അക്കാദമിക്, പുനരാവർത്തക ഏജൻസികളുടെ മുതിർന്ന ഉദ്യോഗസ്ഥർ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കായി ഉയർന്ന നിലവാരത്തിലുള്ള ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ അനർട്ട് തയ്യാറെടുക്കുന്നു. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള പ്രായോഗികമായ പരിജ്ഞാനവും പരിശീലനവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ബജറ്റിൽ 179.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. പുതിയ ബിസിനസ്സ് മോഡലുകളുടെ വികസനവും പുതിയ സാങ്കേതികവിദ്യയുടെ വാണിജ്യവൽക്കരണവും**

പുനരാവർത്തക ഊർജ്ജത്തിലെ മിക്ക സാങ്കേതികവിദ്യകൾക്കും ഇൻസെന്റീവുകളിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും പ്രോത്സാഹനം നൽകുന്നു. പുതിയ ബിസിനസ് മോഡലുകൾ ആവിഷ്കരിക്കുകയും അവ വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമാക്കുകയും ചെയ്യുന്നത് പ്രചാരണത്തിന്റെ ആക്കം കൂട്ടും. 2021–22 വാണിജ്യ പ്രോജക്ടുകൾ ഏറ്റെടുക്കാനും വിവിധ തൽപര കക്ഷികൾക്ക് സാങ്കേതിക പരിശീലന സൗകര്യം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. നിലവിലുള്ളതിന്റെ വാണിജ്യവത്കരണത്തേയും പുതിയതും, വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായ സാങ്കേതികവിദ്യകളുടെ വികസനത്തേയും ഇത് പിന്തുണയ്ക്കും. ഇവയ്ക്ക് ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2021–22 ബജറ്റിൽ അനർട്ട് – പുനരാവർത്തക ഊർജ്ജത്തിനായുള്ള ഒരു നോളജ് ഹബ് എന്ന പദ്ധതിയിൽ മേൽപ്പറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്നതിനായി 1819.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5.2.2) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)**

**(വിഹിതം 763.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും കാര്യക്ഷമമായ ഊർജ്ജ പരിപാലനം വർദ്ധിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് ഇ.എം.സി. ഊർജ്ജ സംരക്ഷണത്തിലൂടെയും നിർവ്വഹണത്തിലൂടെയും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കലാണ് ഇ.എം.സി യുടെ ദൗത്യം. വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ, വാണിജ്യ സമുച്ചയങ്ങൾ, ഗാർഹിക മേഖല എന്നിവിടങ്ങളിൽ ഊർജ്ജ സംരക്ഷണ നടപടികൾ, ഗവേഷണം, പരിശീലനം, പ്രകടന പരിപാടികൾ, ബോധവൽക്കരണം എന്നിവയിലൂടെ ഊർജ്ജ മാനേജ്മെന്റുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് ഊന്നൽ നല്കുന്നു. സംസ്ഥാനത്ത് പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഊർജ്ജ

സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നിയമങ്ങളും ആവിഷ്കരിക്കേണ്ടത് ഇ.എം.സിയുടെ ചുമതലയാണ്.

2021-22 ബജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പരിപാടികൾക്കായി 763.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ**

**(വിഹിതം 10.00 ലക്ഷം രൂപ)**

ഉപയോക്താക്കളെ ബോധവാന്മാരാക്കുന്നതിനും ഊർജ്ജ കാര്യക്ഷമത, ഊർജ്ജ സംരക്ഷണ മേഖലയിലെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരെ തിരിച്ചറിയുന്നതിനുമായി, ഊർജ്ജ മാനേജ്മെന്റ് സെന്റർ, കേരള സർക്കാർ ആരംഭിച്ച ഊർജ്ജ സംരക്ഷണ അവാർഡ് എന്ന പരിപാടി നടത്തി വരുന്നു. എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഇ.എം.സി) നൽകുന്ന കോഴ്സുകളിൽ പങ്കെടുക്കാൻ അവാർഡ് നേടിയ സംഘടനകളിൽ നിന്നുള്ളവർക്ക് സ്കോളർഷിപ്പ് നൽകും. മികച്ച/മാതൃകാ പങ്കിടൽ പ്രോഗ്രാമുകൾ, അവാർഡ് ജേതാക്കളുടെ ഊർജ്ജ കാര്യക്ഷമത പ്രോജക്ടുകളുടെ അവതരണം, ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കളുടെ സൗകര്യങ്ങൾ സന്ദർശിക്കുക/വെർച്വൽ സന്ദർശനം, മികച്ച പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ, മികച്ച പ്രായോഗിക പരിപാടികളുടെ സുവനീർ പ്രസിദ്ധീകരണം, എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഊർജ്ജ കാര്യക്ഷമതയിലും ഊർജ്ജ സംരക്ഷണത്തിലുമുള്ള ശ്രമങ്ങളും പദ്ധതികളും പ്രചരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2021-22 ബജറ്റിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

**(വിഹിതം 278.00 ലക്ഷം രൂപ)**

i) ശേഷി വർദ്ധിപ്പിക്കലും ബോധവൽക്കരണം സൃഷ്ടിക്കലും ii) സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള എംഎസ്എംഇകളിലെ എനർജി പഠനങ്ങളും ഓഡിറ്റുകളും iii) ചെറുതും അതിലഘുവായ ഊർജ്ജ ഉപഭോക്താക്കളുടെ ഊർജ്ജ ഒപ്റ്റിമൈസേഷനും iv) ഊർജ്ജ കാര്യക്ഷമത പദ്ധതികളുടെ പ്രോത്സാഹനവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

വെബിനാർ മോഡിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി വ്യാവസായിക, ഗാർഹിക, വിദ്യാഭ്യാസ, വാണിജ്യ, ഗതാഗതം, കാർഷിക മേഖല തുടങ്ങിയ വിവിധ മേഖലകളിലെ ഊർജ്ജ കാര്യക്ഷമത, ഊർജ്ജ സംരക്ഷണം എന്നിവയെക്കുറിച്ചുള്ള ശേഷി വർദ്ധിപ്പിക്കൽ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

വനിതാ സംരംഭകരുടെ ഉടമസ്ഥതയിലുള്ള എംഎസ്എംഇകളിലെ ഊർജ്ജ പഠനങ്ങളും ഓഡിറ്റ് സേവനങ്ങളും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. കൂടാതെ ഊർജ്ജ കാര്യക്ഷമത, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളിലെ വനിതാ സംരംഭകർക്ക് സമർപ്പിത ശേഷി വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ഈ പരിപാടിയിലൂടെ വിഭാവനം ചെയ്യുന്നുണ്ട്.

ചെറുതും അതിലഘുവായ വർക്ക്ഷോപ്പുകളിൽ ഊർജ്ജ കാര്യക്ഷമത നടപ്പിലാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളില്ല. രജിസ്റ്റർ ചെയ്ത എനർജി ഓഡിറ്റർമാരുടെ/സിഇഎ/സിഇഎം/ ഇലക്ട്രിക്കൽ സൂപ്പർവൈസർ പെർമിറ്റ് ഹോൾഡർമാരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി ഊർജ്ജം പരമാവധി ഉപയോഗപ്പെടുത്താൻ സാധ്യതയുള്ള മേഖലകൾ തിരിച്ചറിയാൻ സാധിക്കും.

പൊതുമരാമത്ത് വകുപ്പ് പ്രവർത്തിക്കുന്ന പൊതുകെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിലൂടെ ഊർജ്ജ സംരക്ഷണ പദ്ധതികൾ തിരിച്ചറിയാനും പദ്ധതി ലക്ഷ്യമിടുന്നു. പിഡബ്ല്യുഡി മെയിന്റെയിൻ ചെയ്യാത്ത കെട്ടിടങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും, ഇഎംസി നേരിട്ടോ ഇസ്കോകളുമായി സഹകരിച്ചോ ഇസ്കോ മാർഗ്ഗത്തിലൂടെ ഊർജ്ജ പഠനങ്ങൾ നടത്തുന്നതായിരിക്കും.

2021-22 കാലയളവിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ/പരിപാടികൾ നടപ്പിലാക്കുന്നതിന് 278.00 ലക്ഷം രൂപ വകയിരുതിയിട്ടുണ്ട്. ഇതിൽ 50.00 ലക്ഷം രൂപ സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്കായി മാത്രമായി വകയിരുത്തിയിരിക്കുന്നു.

**(സി) പശ്ചാത്തല വികസനവും സ്ഥാപനം ശക്തിപ്പെടുത്തലും**

**(വിഹിതം 100.00 ലക്ഷം രൂപ)**

എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, എനർജി എഫിഷ്യൻസി എന്റർപ്രണർസ് ഫെസിലിറ്റേഷൻ സെന്റർ, ഐടി ഇൻഫ്രാസ്ട്രക്ചറിന്റെ നവീകരണം, ഗോൾഡ് റേറ്റഡ് കെട്ടിടത്തിന്റെ പരിപാലനം, എച്ച്.ആർ.ഡി പ്രോഗ്രാമുകൾ, എൻ.എ.ബി.എൽ അംഗീകൃത ടെസ്റ്റിംഗ് ലാബ് എന്നിവയുടെ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ എനർജി മാനേജ്മെന്റ്, എനർജി ഓഡിറ്റ്, നൈപുണ്യ വികസന പരിപാടികൾ, ഗവേഷണ വികസന പരിപാടികൾ പ്രോത്സാഹിപ്പിക്കുക, എന്നിവയെക്കുറിച്ചുള്ള വിവിധ കോഴ്സുകൾ രൂപകൽപ്പന ചെയ്യുക, ഏകോപിപ്പിക്കുക, വിതരണം ചെയ്യുക എന്നിവ ഉൾപ്പെടുന്നു. സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ/പിജി ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഊർജ്ജ കാര്യക്ഷമതാ, മാനേജ്മെന്റ് മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഇത് വിഭാവനം ചെയ്യുന്നു. ടെസ്റ്റിംഗ്, കാലിബ്രേഷൻ, ബിസിനസ് ഫെസിലിറ്റേഷൻ, കമ്പ്യൂട്ടിംഗ്, ഡാറ്റാ ബാങ്ക്, ലൈബ്രറി, ഡോക്യുമെന്റേഷൻ, കമ്മ്യൂണിക്കേഷൻ, സെമിനാർ ഹാൾ/കോൺഫറൻസ് റൂം, പൊതു സൗകര്യങ്ങൾ, പൊതു യൂട്ടിലിറ്റി സേവനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ നല്കുന്നതിന് വിഭാവനം ചെയ്യുന്നു.

ഐടി ഇൻഫ്രാസ്ട്രക്ചർ, എൻഎബിഎൽ അംഗീകൃത ടെസ്റ്റിംഗ് ലാബ്, സാങ്കേതിക പുരോഗതിക്കായി പുതിയ ഉപകരണങ്ങൾ വാങ്ങൽ, ലൈബ്രറി ശക്തിപ്പെടുത്തൽ, ഹരിത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവ അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ മേഖലയിലെ ജീവനക്കാരുടെ പരിശീലനവും ശേഷിയും വർദ്ധിപ്പിക്കുന്നതും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ 2021-22 കാലയളവിൽ നടപ്പാക്കാൻ 100.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**(ഡി) കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി**

**(വിഹിതം 375.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുതി നടപ്പാക്കുന്നതിനുള്ള നൂതന രീതികളും സാങ്കേതികതകളും വികസിപ്പിക്കുകയെന്നതാണ് പരിപാടിയുടെ ലക്ഷ്യം. പദ്ധതിയിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ/പ്രോഗ്രാമുകൾ ഉൾപ്പെടുന്നു

- ഊർജ്ജ സംരക്ഷണ ഫണ്ട് - സോഫ്റ്റ് ലോണുകൾ വാഗ്ദാനം ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങൾ വഴി സ്കീമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു, അത് ഊർജ്ജ സംരക്ഷണ ഫണ്ട് നിയമങ്ങളിൽ വിഭാവനം ചെയ്യുന്ന ഒരു റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കാവുന്നതാണ്. ഓൺ-ബിൽ ഫിനാൻസിംഗ് (ഒ.ബി.എഫ്), ഓൺ-ബിൽ തിരിച്ചടവ് (ഒ.ബി.ആർ) സ്കീം എന്നിവയായി ഉപയോഗിക്കാനും പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്. ടി ഊർജ്ജ സംരക്ഷണ ഫണ്ട് ഊർജ്ജ കാര്യക്ഷമത പ്രോജക്ടുകൾക്കായി ഉപയോഗിക്കുകയും നിലവിലുള്ള യൂട്ടിലിറ്റി ബില്ലിലോ സമാനമായ സാമ്പത്തിക പദ്ധതികളിലോ പതിവ് പേയ്മെന്റുകൾ വഴി തിരിച്ചടയ്ക്കുകയും ചെയ്യുന്നു. (എ) എം.എസ്.എം.ഇ, എസ്.എം.ഇ മേഖലകളിലെ ഊർജ്ജ കാര്യക്ഷമത പദ്ധതികൾ (ബി) ഊർജ്ജക്ഷമമായ ഉപകരണങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ പ്രചാരണം (സി) കാര്യക്ഷമമല്ലാത്ത പമ്പുകൾക്ക് പകരം ഊർജ്ജ കാര്യക്ഷമമായ പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി എന്നീ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഫണ്ട് ചെലവഴിക്കുന്നു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഊർജ്ജ സംരക്ഷണ പദ്ധതികളെയും പരിപാടികളെയും കുറിച്ച് ഇംപാക്ട് അസ്സസ്സ്മെന്റ് പഠനം നടത്താനും ലക്ഷ്യമിടുന്നുണ്ട്.
- ചെറുകിട ജലവൈദ്യുതി - ഇതിന് കീഴിൽ, മൈക്രോ ഗ്രിഡുകളുടെ പരസ്പര ബന്ധവും ക്ലസ്റ്റേർഡ് മൈക്രോ ഗ്രിഡിനെ യൂട്ടിലിറ്റി ഗ്രിഡുമായി സംയോജിപ്പിക്കുന്നതും വിഭാവനം ചെയ്യുന്നു. വൈദ്യുത സംവിധാനങ്ങളുടെ വിശ്വാസ്യതയും പുനഃസ്ഥാപനവും മെച്ചപ്പെടുത്തുന്നതിനായി ചെറുകിട ജലവൈദ്യുതി, സോളാർ പവർ പ്ലാന്റ് എന്നിവയെ മൈക്രോ ഗ്രിഡുമായി ബന്ധിപ്പിക്കുന്നത് വിഭാവനം ചെയ്യുന്നു. കൂടാതെ, സ്വന്തമായി ലാൻഡ് കാറ്റഗറി പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിൽ നടപ്പാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ നടത്താനും ഉദ്ദേശിക്കുന്നു. ചെറുകിട വൈദ്യുതി ഉൽപാദന പ്രവർത്തനങ്ങൾക്കായി പൈക്കോ ഹൈഡൽ ഉപകരണ നിർമാതാക്കളെയും പൈക്കോ ഹൈഡൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇന്റഗ്രേറ്റർമാരെയും എംപാനൽ ചെയ്യുന്നതും വിഭാവനം ചെയ്യുന്നു.
- നദീതട പഠനം - വ്യക്തിഗത നദീ തടങ്ങളിൽ സാധ്യതയുള്ള എസ് എച്ച് പി സൈറ്റുകൾ കണ്ടെത്തുന്നതിനും മുൻഗണന നൽകുന്നതിനുമുള്ള നദീതട പഠനങ്ങൾ നടത്തുക, ബദൽ വൈദ്യുതി ഉൽപാദനത്തിന്റെ സാധ്യതകളും അവസരങ്ങളും തിരിച്ചറിയുന്നതിനായി

തിരഞ്ഞെടുത്ത സൈറ്റുകളുടെ ഡി.പി.ആർ  തയ്യാറാക്കുക എന്നിവ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

2021-22 ബജറ്റിൽ പരിപാടികൾ നടപ്പാക്കുന്നതിന് 375.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5.2.3) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എം.റ്റി.എസ്.എൽ)**

**(വിഹിതം 560.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിലാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രവർത്തിക്കുന്നത്. സുരക്ഷാ പരിശോധനകൾ നടത്തുകയും സംസ്ഥാനത്തെ എല്ലാ എച്ച്ടി/ഇഎച്ച്ടി, മറ്റ് ഇടത്തരം വോൾട്ടേജ് ഇൻസ്റ്റാലേഷന്റെയും എനർജൈസേഷൻ എന്നിവയ്ക്ക് അനുമതി നൽകുന്നത് ഈ വകുപ്പാണ്. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങൾ അന്വേഷിക്കുന്നതും, അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നതും, അപകടങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി/സ്ഥാപനം എന്നിവർക്കെതിരെ നടപടികൾ എടുക്കുന്നതും ഈ വകുപ്പാണ്.

2021-22 ബജറ്റിൽ 560.00 ലക്ഷം രൂപ, താഴെ പറയുന്ന പരിപാടികൾക്കായി, തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിക്കായി വകയിരുത്തിയിരിക്കുന്നു.

**(എ) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി**

**(വിഹിതം 360.00 ലക്ഷം രൂപ)**

- റീജണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളിലേക്കും തിരുവനന്തപുരത്തെ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറികളിലേക്കും പരിശോധനാ ഉപകരണങ്ങൾ/ഉദ്യോഗസ്ഥർക്കു പരീക്ഷണോപാധികൾ വാങ്ങിക്കൽ
- മലപ്പുറത്ത് ജില്ലാ ഓഫീസിനായി കെട്ടിടത്തിന്റെ നിർമ്മാണം – "സുരക്ഷാ  ടവർ"
- എസ്.ക്യൂ.എം.എസ്സ് അംഗീകരിച്ച എസ്.ക്യൂ.എം.എസ്സ് സർട്ടിഫിക്കേഷൻ (ഐ. എസ് 15700 : 2005) നിലനിർത്തുന്നതിനാവശ്യമായ ചെലവുകളും എല്ലാ ഓഫീസിലും എസ്.ക്യൂ.എം.എസ് മാനദണ്ഡമനുസരിച്ച് നിലനിർത്തൽ.
- ഐടി ഇൻഫ്രാസ്ട്രക്ചറിന്റെ നവീകരണം – സുരക്ഷാ സോഫ്റ്റ് വെയർ നവീകരണം, ഇലക്ട്രിക്കൽ ഡ്രോയിംഗ് പരിശോധിക്കുന്നതിനായി ഓട്ടോകാഡ് സോഫ്റ്റ് വെയർ വാങ്ങിക്കൽ, വാർഷിക പരിപാലന കരാർ.
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിനായി ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കൽ – രണ്ടാം ഘട്ടം
- മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിയിലും റീജണൽ ടെസ്റ്റിംഗ് ലബോറട്ടറിയിലും എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ നിലനിർത്താനാവശ്യമായ ചിലവുകൾ.
- സാങ്കേതിക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പരിപാടികൾ-പരിശീലന പരിപാടികളും ഡിജിറ്റൽ ലൈബ്രറിയും

പ്രസ്തുത പ്രവൃത്തികൾക്ക് 2021-22 ബജറ്റിൽ 360.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

**(ബി) ഗുണനിലവാര നിയന്ത്രണ ഓർഡർ ഫലപ്രദമായി നടപ്പിലാക്കൽ**

**(വിഹിതം 100.00 ലക്ഷം രൂപ)**

- ഗുണനിലവാര നിയന്ത്രണ ഓർഡർ സംബന്ധിച്ച അവബോധ പരിപാടികൾ, ഗുണനിലവാര നിയന്ത്രണ ഓർഡർ മുഖാന്തരം പിടിച്ചെടുത്ത സാമഗ്രികൾ പരിശോധിക്കുന്നതിനാവശ്യമായ ടെസ്റ്റിംഗ് സൗകര്യങ്ങൾ
- ഇ-മൊബിലിറ്റി – സമയാസമയങ്ങളിൽ നിയമാനുസൃതമായ  ഗുണനിലവാര നിയന്ത്രണ പരിശോധന  നടത്തുന്നതിന് എല്ലാ ജില്ലകളിലും വാഹനങ്ങൾ വാടകയ്ക്കെടുക്കുക.
- ഗുണനിലവാരമുള്ള സർട്ടിഫൈഡ് ഉൽപ്പന്നങ്ങൾ/ഉപകരണങ്ങൾക്കായുള്ള ഇ-മാർക്കറ്റ് പദവിക്കായി  വെബ് പോർട്ടൽ വികസിപ്പിക്കൽ.

പ്രസ്തുത പ്രവൃത്തികൾക്ക് 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) ഇ-സേഫ് കേരള**

**(വിഹിതം 100.00 ലക്ഷം രൂപ)**

പൊതുജനങ്ങൾക്കും തൊഴിലാളികൾക്കും സുരക്ഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക,സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ തടയുന്നതിൽ വൈദ്യുത സുരക്ഷ ഉറപ്പാക്കുന്നതിന് നിയമങ്ങളും അംഗീകൃത നടപടികളും നിർബന്ധമാക്കുകഎന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇലക്ട്രിക്കൽ സുരക്ഷ ബോധവൽക്കരണ പരിപാടികളും വിഷ്വൽ, ഓഡിയോ മീഡിയ, അച്ചടി പരസ്യം എന്നിവയിലൂടെയുള്ള അവബോധവുമാണ് ഇ-സേഫ് കേരളയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഇലക്ട്രിക്കൽ സുരക്ഷാവാരാഘോഷം, 14 ജില്ലകളിൽ റെസിഡൻസ് അസോസിയേഷൻ, പഞ്ചായത്ത്, സ്കൂളുകൾ ഇവക്കായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സംവേദനാത്മക ക്ലാസുകൾ, എല്ലാ വീടുകളിലും വൈദ്യുത സുരക്ഷയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിന് എല്ലാ പഞ്ചായത്തിലെയും വാർഡ് തലത്തിലുള്ള ആശാ/കുടുംബശ്രീ തൊഴിലാളികളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ, എക്സിബിഷനുകൾ, ഇലക്ട്രീഷ്യൻമാർ/വയർമാൻ/സൂപ്പർവൈസർമാർ, ഊർജ്ജ മേഖലയിലെ മറ്റ് തൽപ്പര കക്ഷികൾ എന്നിവർക്ക് പരിശീലനം, സുരക്ഷാ ഓഡിറ്റ് എന്നിവയാണ് സുരക്ഷ ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിഷ്വൽ, ഓഡിയോ മീഡിയ, അച്ചടി പരസ്യം എന്നിവയിലൂടെയുള്ള അവബോധവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ പറഞ്ഞ പ്രവൃത്തികൾക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

## 6. വ്യവസായങ്ങളും ധാതുക്കളും

രാജ്യത്തിന്റെ ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദേശീയ പ്രതിശീർഷ വരുമാനത്തിന്റെ ത്വരിത ഗതിയിലുള്ള വളർച്ചയ്ക്ക് ഇത് സഹായിക്കുന്നു. പരിസ്ഥിതി സൗഹൃദവും ഉൽപ്പാദനക്ഷമവും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയുന്നതും അത് വഴി സംസ്ഥാനത്തിന് സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പ് വരുത്തുന്നതുമായ വ്യവസായ നിക്ഷേപത്തിന് അനുകൂലമായ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്.രാജ്യത്ത് വാണിജ്യ മേഖലയിൽ സംസ്ഥാനത്തിന്റെ സ്ഥാനം ആദ്യ പത്തു സ്ഥാനത്തിലാക്കുന്നതിന് മുൻഗണന നൽകുന്നതിനായി നിക്ഷേപകർക്ക് അനുയോജ്യമായ സ്ഥാപനപരവും നിയന്ത്രണപരവുമായ പരിഷ്കാരങ്ങൾ അനുകൂലമായ സാഹചര്യമൊരുക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര), സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സി.എം.ഡി), പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേർണൽ ആഡിറ്റ് ബോർഡ് (റിയാബ് ), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ) എന്നിവയാണ് സംസ്ഥാനത്തെ ഇടത്തരം വലിയ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന ഏജൻസികൾ. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് മെഗാ വ്യവസായ പാർക്കുകളുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

ഹാന്റ് ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയർ ഡയറക്ടറേറ്റ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്,കെ-ബിപ്പ് എന്നിവയുടെ സഹായത്തോടെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയുടെയും പരമ്പരാഗത മേഖലയുടെയും വ്യാവസായിക അഭിവൃദ്ധിക്കും സുസ്ഥിര വികസനത്തിനും സൗകര്യം ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി.), കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി സഹകരണ സൊസൈറ്റി (കാപ്പക്സ് ) എന്നീ രണ്ട് സംരംഭങ്ങൾ കശുവണ്ടി ഉൽപ്പന്ന മേഖലയിൽ പ്രവർത്തിക്കുന്നു.

പ്രളയാനന്തര, കോവിഡ് പ്രതിസന്ധി സാഹചര്യത്തിൽ,വ്യവസായ മേഖലയിൽ പ്രധാനമായും ഊന്നൽ നൽകുന്നത് (1) മൂലധന സഹായത്തിലൂടെയും പ്രോത്സാഹന പദ്ധതികളിലൂടെയും നിർമ്മാണ സേവന മേഖലകളിൽ നാശം സംഭവിച്ച ആസ്തികളുടെ പുനർ നിർമ്മിതി (2)പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ, പ്ലാന്റ്, മെഷീനറി, ഭൂമിയിലെ നിക്ഷേപ സബ്സിഡികൾ തുടങ്ങിയവയിലൂടെ പുതിയ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുക എന്നതാണ്. മൂലധന പിന്തുണ, സബ്സിഡികൾ, ആനുകൂല്യങ്ങൾ എന്നിവയിലൂടെ കോവിഡ് -19 ന്റെ ആഘാതത്തിൽ നിന്ന് എംഎസ്എംഇ കളെ തിരികെ കൊണ്ടുവരുന്നതിനുള്ള ദുരിതാശ്വാസ നടപടികൾ വ്യവസായ ഭദ്രത എന്ന പുതിയ പാക്കേജിലൂടെ ആരംഭിച്ചു.

2021-22 ബജറ്റിൽ ഇടത്തരം, വലിയ വ്യവസായങ്ങൾക്കായി ആകെ 668.06 കോടി രൂപ വകയിരുത്തിയിരിക്കുന്നു. 1.32 കോടി രൂപ ധാതുക്കൾക്കും, 390.92 കോടി രൂപ ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കും വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയിരിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

**(തുക ലക്ഷത്തിൽ)**

| ക്രമ നമ്പർ | മേഖല/ഉപമേഖല | 2021-22 ബജറ്റ് വിഹിതം |
|---|---|---|
| **6.1** | **ഗ്രാമ-ചെറുകിട സംരംഭങ്ങൾ** | |
| i | ചെറുകിട വ്യവസായങ്ങൾ | 13894 |
| ii. | വാണിജ്യം | 1200 |
| iii. | കരകൗശല വ്യവസായങ്ങൾ | 385 |
| iv | കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ | 5139 |
| v | കയർ വ്യവസായം | 11274 |
| vi | ഖാദി ഗ്രാമവ്യവസായം | 1610 |
| vii | കശുവണ്ടി വ്യവസായം | 5530 |
| | **ആകെ** | **39032** |
| **6.2** | **ഇടത്തരം -വലിയ വ്യവസായങ്ങൾ** | **66806** |
| **6.3** | **ധാതുക്കൾ** | **132** |
| | **ആകെ വ്യവസായങ്ങളും ധാതുക്കളും** | **105970** |

## 6.1 ഗ്രാമ ചെറുകിട സംരംഭങ്ങൾ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂന്നി പരിസ്ഥിതി, നിക്ഷേപ സൗഹൃദ പ്രവർത്തനങ്ങൾ വഴി സുസ്ഥിര സാമ്പത്തിക വളർച്ചയിലൂടെ ഒരു നിക്ഷേപക സൗഹൃദ കേന്ദ്രമാക്കി കേരളത്തെ രൂപപ്പെടുത്തി എടുക്കുക എന്നത് വകുപ്പിന്റെ ദർശനവും, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ (2017-2022) ത്വരിത വികസനം ലക്ഷ്യമിട്ടുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ച് വിപണിയെ നയിക്കുന്നതും, കാര്യക്ഷമവും, മത്സരാധിഷ്ഠിതവുമായ വ്യവസായ മേഖലയെ വാർത്തെടുത്ത് ഗണ്യമായ വ്യാവസായിക വളർച്ച കൈവരിക്കുക എന്നത് വകുപ്പിന്റെ ലക്ഷ്യവുമാണ്. സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ വളർന്നു വരുന്ന നിക്ഷേപ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുകയും വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ ഭരണ സംവിധാനം രൂപപ്പെടുത്തി നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതിനാണ് പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത് .

സംസ്ഥാനത്ത് വിവിധ വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ,ധന സഹായം നൽകൽ, ശുപാർശ ചെയ്യൽ, ഉപദേശിക്കൽ എന്നിവയ്ക്കും ചുമതലപ്പെട്ട വകുപ്പാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.സംസ്ഥാനത്ത് സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളുടെ വികസനം ഒരു പൊതു വിഷയമാണ്.എന്തെന്നാൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുകയും,തൊഴിലവസരങ്ങൾ നൽകുകയും പൊതു ഖജനാവിലേയ്ക്ക് നികുതി വരുമാനമെത്തിക്കുകയും ചെയ്യുന്ന ഒരു പ്രധാന മേഖലയാണിത്. സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളുടെയും സൂക്ഷ്മ, ചെറുകിട, ഇടത്തരം,സംരംഭങ്ങളുടെയുംസുസ്ഥിരത ഉറപ്പാക്കുന്നതിനും വ്യവസായ പ്രോത്സാഹനത്തെ സഹായിക്കുന്നതിനുമായി പ്രവർത്തിക്കുന്നത് ഡയറക്ടറേറ്റാണ്.14 ജില്ലാ വ്യവസായ കേന്ദ്രങ്ങളെയും ചങ്ങനാശ്ശേരിയിലെയും മഞ്ചേരിയിലേയും പൊതു സൌകര്യ സേവന കേന്ദ്രങ്ങളെയും,തിരുവനന്തപുരം ഡോക്യുമെന്റേഷൻ കേന്ദ്രത്തെയും നിയന്ത്രിക്കുന്ന ഓഫീസാണ് വാണിജ്യ വ്യവസായ ഡയറക്ടറേറ്റ്.

പദ്ധതികൾ സാധാരണയായി മൂലധനം,വായ്പ, ഗ്രാന്റ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിൽ പ്പെടുന്നു, വിവിധ പദ്ധതികൾ പ്രധാനമായും പട്ടികജാതി (എസ്.സി), പട്ടിക വർഗ്ഗം (എസ്.ടി), സ്ത്രീകൾ, യുവാക്കൾ, അംഗപരിമിതർ എന്നിവർ ഉൾപ്പെടുന്ന സാമൂഹിക വിഭാഗത്തെ ലക്ഷ്യമാക്കിയുള്ളതാണ്. 2021-22 വാർഷിക ബജറ്റിൽ 15479.00 ലക്ഷം രൂപ സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തിയിരിക്കുന്നു.

2021-22-ൽ സംരംഭ സഹായ പദ്ധതി, വൈദഗ്ധ്യ വികസന പരിപാടി തുടങ്ങിയ പദ്ധതികളിലൂടെ വനിതാ സംരംഭകത്വ വികസനത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**2021-22 ലേക്കുള്ള ലക്ഷ്യങ്ങൾ**

ആകെ 1600 കോടി രൂപ മൂലധന നിക്ഷേപമുള്ള 16000 സൂക്ഷ്മ ,ചെറുകിട,ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുവാനും അതു വഴി വനിതാ സംരംഭകർക്കും തൊഴിലാളികൾക്കും പ്രാധാന്യം നൽകി കൊണ്ട് 55000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രതീക്ഷിക്കുന്നു . പുന്നപ്ര,പുഴക്കൽപ്പാടം എന്നിവിടങ്ങളിലെ വിവിധോദ്ദേശ്യ ശാലകളിലൂടെ 183 യൂണിറ്റുകൾ ആരംഭിക്കും . സംരംഭക സഹായ പദ്ധതിയിലൂടെ ആകെ 6735 ലക്ഷം രൂപ മൂലധനത്തോടെ 1650 യൂണിറ്റുകൾക്ക് പ്രയോജനം ലഭ്യമാകും. 39 വികസന പ്രദേശങ്ങൾ / പ്ലോട്ടുകളിൽ അടിസ്ഥാന സൌകര്യ വികസനം നടപ്പാക്കും.

2021-22 ൽ ഉൾപ്പെടുത്തിയ ആകെ പദ്ധതികളുടെ എണ്ണം 20 ആണ്, ഇതിൽ രണ്ട്പുതിയ പദ്ധതികളും ഉൾപ്പെടുന്നു. 1) പി.എം.എഫ്.എം.ഇ പദ്ധതി (പി.എം. സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ)2.കേന്ദ്ര എം.എസ്.എം.ഇ മേഖലാ പദ്ധതികൾ - സംസ്ഥാന സമാന വിഹിതം . 2020-21 ൽ ആരംഭിച്ച മറ്റൊരു പുതിയ പദ്ധതിയാണ്"വ്യവസായ ഭദ്രത". മൂലധന പിന്തുണ, സബ്സിഡികൾ, ആനുകൂല്യങ്ങൾ എന്നിവയിലൂടെ കോവിഡ്-19 ന്റെ ആഘാതത്തിൽ നിന്ന് എംഎസ്എംഇയെ തിരികെ കൊണ്ടുവരുന്നതിനുള്ള ദുരിതാശ്വാസ നടപടികൾ പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

**I.ചെറുകിട വ്യവസായങ്ങൾ**

**A. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

**(വിഹിതം : 3785.00 ലക്ഷം രൂപ )**

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും സംരംഭകർക്ക്ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം എന്നീ സൗകര്യങ്ങളുള്ള പുതിയ വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിനും, ക്ലസ്റ്ററുകൾക്കായി പുതിയതും നവീകരിച്ചതുമായ പൊതു സൗകര്യ കേന്ദ്രങ്ങൾ

സ്ഥാപിക്കുന്നതിനും, നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് (ഡിഎ ഡിപി), വ്യവസായ പ്രവർത്തന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ ങ്ങളുടെ നവീകരണത്തിനും ഊന്നൽ നൽകുന്നു. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബജറ്റിൽ ഇനിപ്പറയുന്ന പ്രോഗ്രാമുകൾ/പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021–22 ബജറ്റിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 3785 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു .

**1. നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ**

**(വിഹിതം :1000.00 ലക്ഷം രൂപ)**

**(ക്യാപിറ്റൽ ശീർഷകം– 800.00 ലക്ഷം രൂപ ,റവന്യൂ ശീർഷകം –200.00 ലക്ഷം രൂപ )**

നിലവിലുള്ള പ്രദേശങ്ങൾ/ഡവലപ്മെന്റ് പ്ലോട്ട് എന്നിവയുടെ ഉന്നമനത്തിനും നവീകരണത്തിനുമുള്ള ഒരു തുടർ പദ്ധതിയാണിത്. സാധാരണ ക്യാപ്റ്റീവ് ഉപയോഗത്തിനായി പാരമ്പര്യേതര ഊർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ ഉറവിടങ്ങൾ ഉൾക്കൊള്ളുന്ന പൊതു അടിസ്ഥാന സൗകര്യ വികസനം, സബ്സ്റ്റേഷനുകൾ, ജലവിതരണ സൗകര്യങ്ങൾ, ഖരദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം, പൊതു അഗ്നി ശമന/സുരക്ഷാ സംവിധാനങ്ങൾ, ആന്തരിക റോഡുകളുടെ നിർമ്മാണവും അറ്റകുറ്റ പണികളും, അഴുക്കുചാൽ സംവിധാനം, ചുറ്റു മതിൽ, മറ്റ് പൊതു സൗകര്യങ്ങളായ ക്യാന്റീൻ, പ്രഥമ ശുശ്രൂഷാ കേന്ദ്രങ്ങൾ, സിംഗിൾ എൻടി സിസ്റ്റം, സൂചനാ ബോർഡുകൾ, തെരുവു വിളക്കുകൾ, പൊതു മാലിന്യ സംസ്കരണ പ്ലാന്റ്, ഖര മാലിന്യ നിയന്ത്രണം, എന്നിവ കൂടാതെ വികസന പ്രദേശങ്ങൾ/വികസന പ്ലോട്ടുകൾ എന്നിവിടങ്ങളിലെ സംരംഭകർക്ക് ആവശ്യമായ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള ഡി.എ/ഡി.പികളിൽ തുടർന്നുപോരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ സ്പിൽ ഓവർ ചിലവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

താഴെ ചേർത്തിരിക്കുന്ന അനുപാതത്തിൽ സർക്കാർ വിഹിതവും ഉപഭോക്തൃ വിഹിതവുമായിട്ടാണ് ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

i) **സർക്കാർ: ഗുണഭോക്തൃ വിഹിതം; 50:50**

പശ്ചാത്തല സൗകര്യങ്ങളായ സ്ത്രീകൾക്കാവശ്യമുള്ള സൗകര്യങ്ങൾ, ക്യാന്റീൻ, ക്ലിനിക്, ബാങ്ക്, പോസ്റ്റ് ഓഫീസ്, ക്ലസ്റ്ററുകൾക്കുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ii) **സർക്കാർ: ഗുണഭോക്തൃ വിഹിതം :70:30**

പൊതു പശ്ചാത്തല സൗകര്യങ്ങളായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ്, ഖരദ്രവ മാലിന്യ നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

iii) **സർക്കാർ: ഗുണഭോക്തൃ വിഹിതം –100:100 (മൊത്തം സർക്കാർ വിഹിതം)**

അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ – മാലിന്യ സംസ്കരണ പ്ലാന്റുകൾ, അഴുക്കുജല പ്ലാന്റുകൾ, ഖര മാലിന്യ പ്ലാന്റുകൾ, പൊതു അഗ്നി ശമന സുരക്ഷാ സൗകര്യങ്ങൾ, ആന്തരിക റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും, വൈദ്യുതി, കുടിവെള്ള വിതരണ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

2021–22 ബജറ്റിൽ, ഈ പദ്ധതി നടത്തിപ്പിനായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം**

**(വിഹിതം : 75.00 ലക്ഷം രൂപ)**

വാർഷിക നവീകരണ ചെലവുകൾ, മെഷീനറി വാങ്ങൽ,സാങ്കേതിക വിദ്യ എന്നിവയ്ക്കുള്ള ചെലവുകൾ ഉൾപ്പെടെ ചങ്ങനാശ്ശേരി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനും നവീകരണത്തിനും വാർഷിക മെയിന്റനൻസിനുമാണ് ഈ തുടർ പദ്ധതി ലക്ഷ്യമിടുന്നത്.

2021–22 ബജറ്റിൽ, നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണത്തിനായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ഭൂദൌർലഭ്യം ഉള്ള സംസ്ഥാനത്ത്, ഒരേ വ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾകൊള്ളിക്കാൻതക്ക അധിക സ്ഥല സൗകര്യം ലഭ്യമാക്കുന്ന ബഹുനില മന്ദിരങ്ങൾ അത്യാവശ്യമാണ്.ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ, വ്യവസായ ആവശ്യത്തിനുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ഊർജ്ജ സംവിധാനം, ജല വിതരണം,മാലിന്യ സംസ്കരണ പ്ലാന്റുകൾ,

അഗ്നി സുരക്ഷാ സംവിധാനം ഉൾപ്പെടെ പ്രദാനം ചെയ്ത് ഫ്ലാറ്റ് രീതിയിൽ നിർമ്മിക്കുന്ന വ്യവസായ കേന്ദ്രങ്ങളാണ് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ/എസ്.ഡി.എഫുകൾ.വ്യവസായ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന ഡി.എ./ഡി.പി.-കളിൽ പുതിയ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും, നടപ്പിലാക്കികൊണ്ടിരിക്കുന്ന വേളി, ഷൊർണൂർ, പുഴക്കൽപ്പാടം, I, II ഘട്ടങ്ങൾ, പുന്നപ്ര, പുതുശ്ശേരി, മഞ്ചേരി, വരവൂർ (ഗാല ) എന്നിവിടങ്ങളിലെ ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ സ്പിൽ ഓവർ ചിലവുകൾക്കും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്. ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർ പ്രോജക്ടുകൾക്കുള്ള ചിലവ് താരതമ്യം ചെയ്തും ഡിമാൻഡ് വിശകലനം ചെയ്തും പുതിയ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഓരോ ബഹുനില എസ്റ്റേറ്റിന്റെയും 20 ശതമാനം വിഹിതം സ്ത്രീ സംരംഭകർക്കായി സംവരണം ചെയ്തിരിക്കുന്നു.

2021-22 ബജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. പി.പി.പി. മോഡിൽ വ്യവസായ പാർക്ക്/പ്രദേശം/എസ്റ്റേറ്റ് വികസനം**

**(വിഹിതം : 500.00 ലക്ഷം രൂപ)**

പൊതുജനങ്ങളുടെ മാറിയ സാമൂഹ്യ-സാമ്പത്തിക സാഹചര്യത്തിൽ,തടസ്സ രഹിതമായ വ്യവസായ ഭൂമിയുടെ ലഭ്യത മെച്ചപ്പെട്ട മൂലധന നിക്ഷേപത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമാണ്

ഭൂമി ഏറ്റെടുക്കൽ, ഭൂസംയോജനം, സ്വകാര്യ വ്യവസായ പാർക്കുകൾ /എസ്റ്റേറ്റുകൾ എന്നിവയിലൂടെ പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനാണ് കേരള വ്യവസായ വാണിജ്യ (കരട്) നയം 2018 ലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സ്വകാര്യ നിക്ഷേപകരെ ആകർഷിച്ച് കൊണ്ട് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടായും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി എം.എസ്.എം.ഇ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ ഉൾപ്പെടെ വ്യവസായ പാർക്കുകൾ /പ്ലോട്ടുകൾ /എസ്റ്റേറ്റുകൾ എന്നിവ വികസിപ്പിക്കുന്നതിനും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്.

കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ/മറ്റ് ഏജൻസികളുടെ കൈവശമുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനായി; പശ്ചാത്തല വികസനത്തിനായി വ്യവസായ തൽപരകക്ഷികളുടെയും സർക്കാരിന്റെയും സമാന്തര സഹായത്തോടെ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ പി.പി.പി. പദ്ധതി മാതൃകയിൽ വികസിപ്പിക്കാവുന്നതാണ്. ഭൂമിയുടെഉടമസ്ഥാവകാശം,കൈമാറ്റം,ഭൂവിനിയോഗം,പദ്ധതിചെലവുകൾപങ്കുവയ്ക്കൽ,അലോട്ട്മെൻറിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രോജക്ട്ഘടന,നിക്ഷേപ മോഡലുകൾ എന്നിവയെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / സ്വകാര്യ നിക്ഷേപകർ എന്നിവരുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

പ്ലാസ്റ്റിക്, എഞ്ചിനീയറിംഗ് ടെക്നോളജി മേഖലയ്ക്കുള്ള പൊതു സൗകര്യ സേവന കേന്ദ്രത്തിനുള്ള പശ്ചാത്തല വികസനത്തിൽ ഊന്നിയുള്ള സിപ്പറ്റിന്റെ (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി) ലംബ വികസനത്തിനുള്ള സഹായവും പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

2021-22 ബജറ്റിൽ പദ്ധതിയ്ക്ക് 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും**
**(രൂപാന്തരപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതി) (ക്ലസ്റ്റർ ഡവലപ്പമെന്റ് പ്രോഗ്രാം) (എംഎസ്എംഇ സിഡിപി)**

**(വിഹിതം : 400.00 ലക്ഷം രൂപ)**

ക്ലസ്റ്ററുകളുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഡെവലപ്മെന്റ് കമ്മീഷണർ (എം.എസ്.എം.ഇ)യുടെ ഒരു പ്രധാന പദ്ധതിയായ എം.എസ്.എം.ഇ ക്ലസ്റ്റർ വികസന പദ്ധതിയിൽ പശ്ചാത്തല വികസന പിന്തുണ ഉൾപ്പെടുത്തിയിരിക്കുന്നു.

അസംസ്കൃത വസ്തു ശേഖരണം, വായ്പകൾ അനുവദിക്കുന്നതിന് മൂച്ചൽ ക്രെഡിറ്റ് ഗാരന്റി, കോമൺ ബ്രാൻഡ് സൃഷ്ടിക്കൽ, വിപണനം, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, പരിശീലന കേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധന,ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചിലവ്, മറ്റ് പിന്തുണ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വുഡ്ഫർണിച്ചർ ക്ലസ്റ്റർ കോഴിക്കോട്, പരമ്പരാഗത ഫർണിച്ചർ ക്ലസ്റ്റർ ചേവൂർ,തൃശ്ശൂർ,വെസ്റ്റ് മലബാർ പ്ലൈവുഡ് മാനുഫാക്ചറേഴ്സ് ക്ലസ്റ്റർ എന്നിവയാണ് തുടർന്ന് പോരുന്ന പദ്ധതികൾ.

നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും, കേന്ദ്ര സർക്കാർ അനുവദിച്ച പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും 2021-22 ബജറ്റിൽ സമാന സംസ്ഥാന വിഹിതമായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ**

**(വിഹിതം: 410.00 ലക്ഷം രൂപ)**

കരകൗശല തൊഴിലാളി സമൂഹത്തിന് അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും, വിപണനം ചെയ്യാനും വേദിയൊരുക്കുന്ന തനതും നൂതനവുമായ ഒരു സംരംഭമാണ് ,വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ. അസംഘടിതരും സാധാരണക്കാരുമായ ഗ്രാമീണ തൊഴിലാളികൾക്കും നഗര കമ്പോളത്തിനുമിടയിൽ ഒരു മധ്യസ്ഥനായി പ്രവർത്തിക്കാനാണ് വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ ഉദ്ദേശിക്കുന്നത്.

കരകൗശല വ്യവസായങ്ങൾ, കൈത്തറി, കയർ, എന്നിങ്ങനെയുള്ള പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സാങ്കേതിക സാമ്പത്തിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പി.പി.പി. മാതൃകയിൽ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിവിധ പരമ്പരാഗത വിപണികളുടെ പരിവർത്തനം കണക്കിലെടുത്തു കൊണ്ട് ബിസിനസ് മാതൃകകൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2021-22 ബജറ്റിൽ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 410.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7.ഡി.ഐ.സി യുടെയും ജില്ലാ/സബ് ഓഫീസുകളുടെയും നവീകരണം**

**(വിഹിതം : 400.00 ലക്ഷം രൂപ)**

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിനും മറ്റു വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പിനെ കഴിവുറ്റതാക്കുന്നതിനും, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ തന്ത്രപരമായി സ്ഥാനപ്പെടുത്തുന്നതിനും ഡയറക്ടറേറ്റിന്റെയും സബ് ഓഫീസുകളുടെയും അടിസ്ഥാന സൌകര്യങ്ങൾ നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. അതിനൂതന സൌകര്യങ്ങൾ,എം.എസ്.എം.ഇ കളുടെ വെബ് പോർട്ടൽ,ഓഫീസ് ഓട്ടോമേഷൻ, ഹാർഡ്‌വെയർ,സോഫ്റ്റ്‌വെയർ ചെലവുകൾ ഉൾപ്പെടെ ഡയറക്ടറേറ്റിന്റെയും സബ് ഓഫീസുകളുടെയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ .

പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**ബി. സംരംഭകത്വ വികസന പരിപാടികൾ**

ഒരു സംരംഭകനാകാൻ ഒരു വ്യക്തിയെ സഹായിക്കുന്നതിന് (എ) ഉത്തേജിപ്പിക്കൽ പങ്ക് (ബി) പിന്തുണയ്ക്കൽ പങ്ക് (സി) നിലനിർത്തൽ പങ്ക് (ഡി) സാമൂഹിക സാമ്പത്തിക പങ്ക് തുടങ്ങിയ ചുമതലകൾ വഹിക്കുന്ന സംരംഭക വികസന പദ്ധതികൾക്ക് സംസ്ഥാനം വീണ്ടും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വ്യവസായ വകുപ്പ്, സംസ്ഥാനത്ത് വ്യവസായ മേഖലയിൽ പുതിയ പദ്ധതികളിലൂടെ സംരംഭക വികസന പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേകമായി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളെ പുനരുദ്ധരിക്കേണ്ടതുണ്ട്. 2021-22 ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിച്ചിരിക്കുന്നു.

**1.(എ) KIED നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റൽ**

**(വിഹിതം: 100.00 ലക്ഷം രൂപ )**

കേരള സർക്കാർ പ്രോത്സാഹിപ്പിക്കുന്ന സ്വയംഭരണാധികാരമുള്ള സംസ്ഥാനതല സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി). മാനവ വിഭവശേഷി വികസനത്തിൽ സേവനങ്ങൾ നൽകികൊണ്ട് പ്രത്യേകിച്ചും സംരംഭകത്വ വികസന മേഖലയിൽ,ജനങ്ങൾക്കിടയിൽ സംരംഭകത്വം വളർത്തിക്കൊണ്ട് അവരെ കൂടുതൽ സ്വയം തൊഴിലിലേക്ക് നയിക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം. ഇൻസ്റ്റിറ്റ്യൂട്ട് സംരംഭകർക്ക് സഹായം നൽകുകയും സംരംഭ രൂപീകരണ പ്രക്രിയ സുഗമമാക്കുകയും ഒപ്പം സംരംഭകർക്കും നിക്ഷേപകർക്കും അനുയോജ്യമായ പ്രോജക്ടുകൾ തിരിച്ചറിയുന്നതിനും സംസ്ഥാനത്ത് വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഒരു വിജ്ഞാന കേന്ദ്രമായി പ്രവർത്തിക്കണം. കഴിഞ്ഞ കുറേക്കാലങ്ങളായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തങ്ങൾ കുറയുകയും വിഭാവനം ചെയ്ത ഫലങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുകയും ചെയ്തിട്ടില്ല. സംരംഭകർ ജനിക്കുന്നവരല്ല, എന്നാൽ മറിച്ച് നന്നായി ആവിഷ്കരിച്ചതും സംവിധാനം ചെയ്തതുമായ പ്രവർത്തനങ്ങളിലൂടെ സംരംഭകരെ വികസിപ്പിച്ചെടുക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ, സംസ്ഥാനത്തെ കേന്ദ്രീകരിച്ചുള്ള സംരംഭകത്വ പ്രസ്ഥാനത്തെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

പുനരുജ്ജീവിപ്പിക്കേണ്ടതിന്റെയും പുനരുദ്ധരിക്കേണ്ടതിന്റെയും അടിയന്തിര ആവശ്യമുണ്ട്. KIED എന്ന സ്ഥാപനത്തെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി പുനരുദ്ധരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും ഇതിന് അത്യാധുനിക സൌകര്യങ്ങൾ, സ്വയം ഭരണാധികാരം ,ആർ &ഡി, വ്യവസായ അക്കാദമിക സ്ഥാപനങ്ങൾ ,മറ്റ പങ്കാളികൾ എന്നിവരുമായുള്ള സഹകരണം,പ്രവർത്തന,മാനേജ്മെന്റ് സഹായം എന്നിവ ആവശ്യമുണ്ട് .

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി, 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി) സംരംഭക വികസന കേന്ദ്രങ്ങൾ (ഇ.ഡി.സികൾ )**

**(വിഹിതം: 200.00 ലക്ഷം രൂപ )**

വിജ്ഞാനം,സാങ്കേതിക വിദ്യകളാൽ നയിക്കപ്പെടുന്ന സംരംഭക വികസനത്തിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്, ഇനി പറയുന്ന ലക്ഷ്യങ്ങളോടെ KIED ന്റെ ആഭിമുഖ്യത്തിൽ എറണാകുളം,പാലക്കാട്,കോഴിക്കോട് എന്നിവിടങ്ങളിൽ സംരംഭക വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഡി.ഐ.സി വിഭാവനം ചെയ്യുന്നു .

- മൂല്യവർദ്ധിത ജോലികളും സേവനങ്ങളും സൃഷ്ടിക്കുക
- സാങ്കേതികവിദ്യ കൈമാറുന്നതിന് സൗകര്യമൊരുക്കുക
- സംരംഭകത്വ മനോഭാവം വളർത്തുക
- ഗവേഷണ &വികസന ഫലങ്ങളുടെ വേഗത്തിലുള്ള വാണിജ്യവൽക്കരണം
- പരിശീലനം / നൈപുണ്യ വികസനം
- പുതിയതും /നിലവിലുള്ളതുമായ സംരംഭകർക്ക് പ്രത്യേക സേവനങ്ങൾ
- ആതിഥേയ സ്ഥാപനങ്ങളും സ്റ്റാർട്ട് അപ്പ് സ്പേസും ബന്ധിപ്പിക്കൽ
- വായ്പ സുഗമമാക്കൽ,കയറ്റുമതി പ്രോത്സാഹനം ,വിതരണക്കാരെ ഉൾപ്പെടുത്തൽ
- താൽപ്പര്യമുള്ള സംരംഭകർക്ക് മെൻഡറിംഗ്,മാർക്കറ്റിംഗ് ലിങ്കേജുകൾ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകൽ .

KIED ന്റെ മാർഗനിർദേശത്തിലും പിന്തുണയിലും എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലെ സംരംഭക വികസന കേന്ദ്രങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയും. സർക്കാർ, വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ-വികസന,നൈപുണ്യ,അക്കാദമിക് ഇൻസ്റ്റിറ്റ്യൂട്ടുകളും ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണ സംരംഭമാണ് ഇ.ഡി.സി . അടിസ്ഥാന സൌകര്യങ്ങൾ വ്യവസായ വകുപ്പും, കേന്ദ്രത്തിന്റെ നടത്തിപ്പും പ്രവർത്തനവും KIEDഉം വ്യവസായ പങ്കാളികളും സംയുക്തമായി വഹിക്കും. പ്രാരംഭ കാലയളവിൽ അത്യാധുനിക ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനും പ്രവർത്തന, മാനേജ്മെൻറ് ചെലവുകൾക്കുമായി 150.00 ലക്ഷം രൂപ നിർദ്ദേശിക്കുന്നു.

യുവതലമുറയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിന് KIED ന്റെ ആഭിമുഖ്യത്തിൽ ഇഡി ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നിലവിലുള്ള ഇഡി ക്ലബ്ബുകളെ പിന്തുണയ്ക്കുന്നതിനും, ഇഡി കോൺക്ലേവ് നടത്തുന്നതിനും മേൽപ്പറഞ്ഞ പ്രോഗ്രാമുകൾക്കായി 50.00 ലക്ഷം രൂപ നൽകുന്നു.

2021-22 ബജറ്റിൽ ഈ ഘടകത്തിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. വൈദഗ്ദ്ധ്യ വികസന പരിപാടി**

**(വിഹിതം : 500.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ശരിയായ നിക്ഷേപ പ്രവർത്തനങ്ങളിലൂടെയും ബോധപൂർവ്വവും കേന്ദ്രീകൃതവും ആസൂത്രിതവുമായ ശ്രമങ്ങളിലൂടെയും പ്രധാനപ്പെട്ട മേഖലകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തീവ്ര വ്യവസായവത്ക്കരണത്തിന് ലക്ഷ്യമിടുന്നു. ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഇന്ററാക്ടീവ് ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, കൂട്ടായ്മകൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ, കേരള എംഎസ്എംഇ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, സാധ്യതാ സർവേകൾ നടത്തൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനെസ്സ്,

പബ്ലിസിറ്റി, പരസ്യം ചെയ്യൽ, ഡിഐഎസി കണ്ടെത്തിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെയും ഐ.ഐ.എം, ഇ.ഡി.ഐ.ഐ, എൻ.ഐ–എം.എസ്.എം.ഇ, എൻ.ഐ.ഇ.എസ്.ബി.യു.ഡി, ഐ.ഐ.ഇ, ഐ.എസ്.ബി പോലെയുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയാകണം ഈ പരിപാടികൾ നടപ്പാക്കേണ്ടത്. സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവരിൽ 20 ശതമാനം ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം. 2021–22 കാലയളവിൽ 40,000 പേർക്ക് ഈ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകാൻ വകുപ്പ് ലക്ഷ്യമിടുന്നു.

ഈ പദ്ധതിയ്ക്കായി, 2021–22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. എൻസിഎച്ച്സിയിലൂടെ ഫുഡ് സേഫ്റ്റി സിസ്റ്റത്തിന്റെ നിർവ്വഹണം**

**(വിഹിതം : 30.00 ലക്ഷം രൂപ)**

വ്യവസായത്തിലും ഉപഭോക്താക്കൾക്കിടയിലും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളുടെ തത്ത്വങ്ങൾ ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് ഓഡിറ്റിംഗും സർട്ടിഫിക്കേഷനും സുഗമമാക്കുന്നതിനും ഇന്റർനാഷണൽ ഫുഡ് സേഫ്റ്റി (എച്ച്എസിസിപി) സംവിധാനത്തിന്റെ ഓഡിറ്റിനും സർട്ടിഫിക്കേഷനുമുള്ള നോഡൽ ഏജൻസിയായ നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) കേരളത്തിൽ സ്ഥാപിച്ചു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനിൽ (കെ–ബിപ് ) കേന്ദ്രം പ്രവർത്തിക്കുന്നു.

എൻസിഎച്ച്സിയുടെ ഓഡിറ്റർമാരായി പ്രവർത്തിക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് എച്ച്എസിസിപി സംവിധാനത്തെക്കുറിച്ച് വിജയകരമായി പരിശീലനം നൽകി. എൻഎച്ച്സിസി നിലവിൽ എച്ച്എസിസിപി സിസ്റ്റത്തിന്റെ ഓഡിറ്റിംഗിനും സർട്ടിഫിക്കേഷനും സൗകര്യമൊരുക്കുന്നു, കൂടാതെ നമ്മുടെ സംസ്ഥാനത്ത് നിന്ന് നിരവധി ഭക്ഷ്യ സംസ്കരണ, അനുബന്ധ യൂണിറ്റുകൾ വിജയകരമായി ഓഡിറ്റ് ചെയ്യുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസംസ്കരണ സംരംഭകർ, വ്യാപാരികൾ, ഉപഭോക്താക്കൾ എന്നിവരെ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്നതും സുരക്ഷിതമായ ഭക്ഷണത്തിനുള്ള അവകാശവും കേന്ദ്രീകരിക്കുന്ന എൻസിഎച്ച്സി അതിന്റെ പ്രത്യേക വിവരവിജ്ഞാന സംവിധാനം വഴി ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു .

വിവിധ വകുപ്പുകളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നുമുള്ള എച്ച്എസിസിപി സർട്ടിഫിക്കേഷനായി ഓഡിറ്റ് ടീം ഉൾപ്പെടുന്ന ബോധവൽക്കരണ പരിപാടികൾ, പൊതു സമ്പർക്ക പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, വർക്ക് ഷോപ്പുകൾ, ഭക്ഷ്യ ഇവന്റുകൾ, ശേഷി വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഭക്ഷ്യ സുരക്ഷാ സംവിധാനം ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് എൻസിഎച്ച്സി വഴി കെ–ബിപ് വിഭാവനം ചെയ്യുന്നു.

ഈ പദ്ധതിയ്ക്കായി 2021–22 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. സംരംഭക സഹായ പദ്ധതി**

**(വിഹിതം: 6735.00 ലക്ഷം രൂപ)**

പുതിയതും നിലവിലുള്ളതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾക്ക് മൂലധന പിന്തുണ വഴി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അങ്ങനെ കൂടുതൽ മൂലധന നിക്ഷേപവും, ബിസിനസ്സും, തൊഴിലും സാദ്ധ്യമാക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

സംരംഭക സഹായ പദ്ധതിയുടെ ലക്ഷ്യങ്ങൾ:

(i) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സഹായം നൽകുക.

(ii) തുകയുടെ മുഴുവൻ ആനുകൂല്യങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്ന വിധത്തിൽ പ്രത്യേക വിഭാഗങ്ങൾക്ക് പരിഗണനയോടെ സംരംഭകർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ സഹായം നൽകുക എന്നിവയാണ്.

അംഗീകൃത മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തിക്കുന്ന, സാമ്പത്തിക യോഗ്യതയുള്ള വ്യവസായ യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭത്തിനും, നിക്ഷേപ പ്രവർത്തനങ്ങൾക്കും, സാങ്കേതിക പിന്തുണയ്ക്കും വേണ്ടി വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്. സംരംഭക സഹായ പദ്ധതിയുടെ 20 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. സഹായ പദ്ധതിയുടെ 30 ശതമാനം സൂക്ഷ്മ സംരംഭങ്ങൾക്ക് സംവരണം ചെയ്തിരിക്കുന്നു. കൂടാതെ എസ്സി/എസ്.ടി, നോർക്ക എന്നിവയിൽ സമാന ലക്ഷ്യങ്ങളുള്ള പദ്ധതിയ്ക്കായി ഒരു വിഹിതം മാച്ചിംഗ് ഷെയറായി നീക്കിവയ്ക്കാവുന്നതാണ്. ഇത്തരം സഹായങ്ങൾ ക്ലസ്റ്ററുകളെ നേട്ടങ്ങൾ കൊയ്തെടുക്കാൻ സഹായിക്കുകയും ശരിയായ അർത്ഥത്തിലുള്ള മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിലൂടെ ഗവൺമെന്റ്

സ്ഥാപനങ്ങൾ/ ഏജൻസികൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവ വഴി സാദ്ധ്യതയുള്ള സംരംഭകരെ കണ്ടെത്തി ഒരുമിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. 2021-22 കാലയളവിൽ 2000 സംരംഭകർക്ക് സഹായം നൽകുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു .

ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 6735.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. എംഎസ്എംഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും**

**(വിഹിതം : 1100.00 ലക്ഷം രൂപ)**

എം.എസ്.എം.ഇ കളുടെ പ്രോത്സാഹനവും വികസനവും സുഗമമാക്കുന്നതിന് വെള്ളപൊക്കം,കൊവിഡ് -19 മഹാമാരി തുടങ്ങിയ പ്രതിസന്ധികൾ കാരണം മൂല്യ ശൃംഖലയിൽ വിവിധ പരിമിതികൾ നേരിടുന്ന യൂണിറ്റുകളുടെ പുരുജ്ജീവനം സാധ്യമാക്കേണ്ടതാണ്. ഈ യൂണീറ്റുകളെ രണ്ടു വിഭാഗങ്ങളായി തിരിക്കാം .(1)തകർച്ച നേരിടുന്ന എം.എസ്.എം.ഇ കൾ(2) പ്രവർത്തനരഹിതമായ എംഎസ്എംഇ യൂണിറ്റുകൾ. തകർച്ച നേരിടുന്ന/പൂട്ടികിടക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെ പരിഷ്കരിച്ച മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു .

**(1)തകർച്ച നേരിടുന്ന എം എസ് എം ഇ കൾ** **(വിഹിതം : 900.00 ലക്ഷം രൂപ)**

ഏതൊരു സംരംഭത്തിന്റെയും ബുദ്ധിമുട്ടുകൾ യഥാസമയം കണ്ടെത്തുന്നത് നിർണായകമാണ്, ഒപ്പം പ്രവർത്തനക്ഷമമായ യൂണിറ്റുകൾ തിരികെ കൊണ്ടുവരുന്നതിന് ഉടനടി നടപടിയെടുക്കേണ്ടതുമാണ്. വകുപ്പുതല ഇടപെടലുകളിലൂടെ തകർച്ച നേരിടുന്ന യൂണിറ്റുകൾ തിരിച്ചറിയേണ്ടതുണ്ട്, ഒപ്പം പുനരുജ്ജീവനത്തിനുള്ള ഒരു ചട്ടക്കൂടിനെ അടിസ്ഥാനമാക്കി ഈ യൂണിറ്റുകളെ തിരികെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുകയും വേണം. വ്യവസായ ഭദ്രതാ പാക്കേജ് ഉൾപ്പെടെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള തകർച്ച നേരിടുന്ന എംഎസ്എംഇ യൂണിറ്റുകളെ പിന്തുണയ്ക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 900.00 ലക്ഷം രൂപ വകയിരുത്തുന്നു, കൂടാതെ 10 % ഗുണഭോക്താക്കൾ വനിതകളാണ് എന്ന് ഉറപ്പ് വരുത്തണം

**(2) പ്രവർത്തനരഹിതമായ എം.എസ്.എം.ഇ യൂണീറ്റുകൾ**

**(വിഹിതം : 200.00 ലക്ഷം രൂപ)**

മൂല്യ ശൃംഖലയിലെ യഥാർത്ഥ പ്രശ്നങ്ങൾ കാരണം പ്രവർത്തനരഹിതമായിത്തീർന്ന എംഎസ്എംഇ യൂണിറ്റുകൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഈ യൂണിറ്റുകൾ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എംഎസ്എംഇ യൂണിറ്റുകളെ പിന്തുണയ്ക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രവർത്തനരഹിതമായ എംഎസ്എംഇ/യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു, കൂടാതെ 10 % ഗുണഭോക്താക്കൾ വനിതകളാണ് എന്ന് ഉറപ്പ് വരുത്തണം.

2021-22 ബജറ്റിൽ 1100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട് .

**6. വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം**

**(വിഹിതം : 200.00 ലക്ഷം രൂപ)**

സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിച്ചു കൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഡി.ഐ.സി /സിഡ്കോ/കെ.എസ്.ഐ.ഡി.സി/കിൻഫ്രാ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വ്യാവസായിക എസ്റ്റേറ്റുകളിൽ /പാർക്കുകളിൽ നിക്ഷേപ ഭാരമായ ഭൂമിയുടെ വിലയുടെ ഒരു വിഹിതം, അതായത് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ പലിശ ഭാരം നിശ്ചിത കാലയളവിൽ ഏറ്റെടുത്തു കൊണ്ട് അതിന്റെ പലിശ വിഹിതം വ്യവസായ ഏജൻസികൾക്ക് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ നിർദ്ദേശിക്കുന്ന (നിക്ഷേപം, തൊഴിലവസരങ്ങൾ മുതലായവ) വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി മുന്നോട്ടു വരുന്ന നിക്ഷേപകന് ഭൂമി നിക്ഷേപ ചെലവിന്റെ ഒരു ഭാഗത്തിന്റെ പലിശ ഭാരം നിശ്ചിത കാലയളവിലേക്ക് മേൽപ്പറഞ്ഞ ഏജൻസികൾക്ക് നൽകി അവരിൽ നിന്നും വ്യാവസായിക ഭൂമി ലഭ്യമാക്കാം. ഭൂമിയുടെ കൈവശാവകാശം ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും. ഭൂമി വിലയുടെ അവശേഷിക്കുന്ന വിഹിതം അടയ്ക്കുന്നതിന് ഗവൺമെന്റ് നിശ്ചയിക്കുന്ന 5

വർഷക്കാലയളവിലേക്ക് പലിശ ഏജൻസികൾക്ക് തിരികെ കൊടുക്കും. നിശ്ചയിച്ച കാലയളവിനു ശേഷം നിക്ഷേപകൻ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം. എപ്പോഴാണോ ഭൂമി വില മുഴുവനായും അടച്ചു തീരുന്നത് അപ്പോൾ ഭൂമിയുടെ കൈവശാവകാശം നിക്ഷേപകന് മാറ്റി നൽകും. ഏജൻസികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഏജൻസികൾക്ക് തുക വിതരണം ചെയ്യാവുന്നതാണ്. വ്യവസായ വകുപ്പിന്റെ പദ്ധതിയുടെ വ്യക്തമായ മാർഗ നിർദേശങ്ങൾക്കനുസരിച്ചാണ് സഹായം വിതരണം ചെയ്യുന്നത് .

2021-22 ബജറ്റിൽ പദ്ധതിയ്ക്ക് 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. ചെറുകിട യൂണീറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാൻറ്**

**(വിഹിതം: 300.00 ലക്ഷം രൂപ)**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹരായ സംരംഭകർക്ക്, സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പുതിയതായി രജിസ്റ്റർ ചെയ്ത (സേവന മേഖല ഒഴികെ) ചെറു സംരംഭങ്ങൾക്ക് സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും .

എ)ഈ പദ്ധതിയിലൂടെ നൽകുന്ന മൂലധന സഹായം യൂണിറ്റിന് 4 ലക്ഷം രൂപ വീതം താഴെ പറയും പ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| 1. | ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ | – | ആകെ പ്രോജക്ട് ചെലവിന്റെ 40% |
| 2. | പ്രൊമോട്ടർമാരുടെ സംഭാവന | – | ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ |
| 3. | വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് | – | ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം |

എസ്.സി/എസ്.ടി/വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സുവരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും. ചെറുകിട യൂണീറ്റുകൾക്കുള്ള മാർജിൻ മണിഗ്രാൻറ് ആയി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ബി) ചെറുകിട യൂണിറ്റുകൾക്ക് വായ്പ പലിശ സബ്സിഡി. മറ്റു സമാന പദ്ധതികളിൽ നിന്നുമുള്ള ധന സഹായത്തിന്റെ ഇരട്ടിപ്പ് ഒഴിവാക്കുമെന്ന് ഉറപ്പാക്കികൊണ്ട് ചെറുകിട ഗാർഹിക യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്പന്ന നിർമ്മാണത്തിലും മറ്റു തൊഴിലുകളിലും വ്യാപൃതരായിട്ടുള്ള ചെറുകിട ഗാർഹിക യൂണിറ്റുകൾക്ക് ടേം ലോണുകൾക്ക് പലിശ സബ്സിഡി മൂന്ന് വർഷക്കാലത്തേയ്ക്ക് കൊടുക്കുന്നു. ചെറുകിട ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡിയായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

2021-22 ബജറ്റിൽ പദ്ധതിയ്ക്ക് 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾക്കുള്ള സഹായം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നൈപുണ്യ സംരംഭക വികസന വ്യാവസായിക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സംഘമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മരാമത്ത് ജോലികൾ, നിർമ്മാണ മേഖലയിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, അറ്റകുറ്റപണികൾ, കൃഷി, വ്യവസായം എന്നീ മേഖലകളിൽ നൈപുണ്യമുള്ളതും ഇല്ലാത്തതുമായ തൊഴിലാളികളുടെ ആവശ്യം വളരെ കൂടുതലാണ്. വിദഗ്ധ,അവിദഗ്ധ,അർദ്ധ വിദഗ്ധ തൊഴിലാളികളെ കണ്ടെത്തി, ഹ്രസ്വ പരിശീലനങ്ങളും ഉപകരണങ്ങളും പണിയായുധങ്ങളും സജ്ജമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് അവരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കി, തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ബ്ലോക്ക് തല സംയോജനത്തിലൂടെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി പദ്ധതി നടപ്പാക്കും. വ്യവസായ പരിശീലന ഡയറക്ടറേറ്റുമായി സഹകരിച്ച് ട്രെയിനിംഗ് നൽകും. ഒരു സംഘത്തിന്

പരമാവധി 2 ലക്ഷം രൂപ, സ്ഥിര മൂലധനം (78 ശതമാനം ) പ്രവർത്തന മൂലധനം (20 ശതമാനം), 2 ശതമാനം പരിശീലന ചെലവ് എന്നിങ്ങനെ ചെലവുകൾ വഹിക്കുന്നതിന് നൽകും.

2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**9. പിഎം എഫ്എംഇ- പി.എം മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പുതിയത് ) (കേന്ദ്രാവിഷ്കൃത പദ്ധതി -60: 40) (സമാന സംസ്ഥാന വിഹിതം)**

**(വിഹിതം: 450.00 ലക്ഷം രൂപ )**

ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങളുടെ നവീകരണത്തിന് സാമ്പത്തിക, സാങ്കേതിക, ബിസിനസ് സഹായം നൽകുന്നതിനായി ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതി പിഎംഎഫ്എംഇ ആരംഭിച്ചു. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. നവീകരണത്തിനും ഔപചാരികവൽക്കരണത്തിനുമുള്ള മൂലധന നിക്ഷേപത്തിനുള്ള പിന്തുണ 2. ശേഷി വർദ്ധിപ്പിക്കൽ, ഗുണനിലവാരം മെച്ചപ്പെടുത്തൽ 3. ബിസിനസ്, സാമ്പത്തിക സഹായ സേവനങ്ങൾക്കുള്ള ഹാൻഡ്ഹോൾഡിംഗ് പിന്തുണ 4. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒകൾ), സ്വയം സഹായ സംഘങ്ങൾ(എസ്.എച്ച്ജി കൾ) സഹകരണസംഘങ്ങൾ എന്നിവയ്ക്കുള്ള മാർക്കറ്റിംഗ്, മൂലധന നിക്ഷേപ പിന്തുണ സഹായം.

a) വിപുലീകരണത്തിനും നവീകരണത്തിനുമായി 10 ലക്ഷം രൂപ പരിധി നിശ്ചയിച്ച് പദ്ധതി ചെലവിന്റെ 35% വരെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങളെ പിന്തുണയ്ക്കുക. പ്രാദേശികമായി പെട്ടെന്ന് നശിച്ചു പോകുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർധവിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യേക കാർഷിക ക്ലസ്റ്ററുകൾ, മത്സ്യബന്ധന ക്ലസ്റ്ററുകൾ, ഡയറി, പൌൾട്രി, മറ്റ് അനുബന്ധ ക്ലസ്റ്ററുകൾ, വിഭാഗങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധനം, ചെറിയ ഉപകരണങ്ങൾ, പിന്നോട്ടും മുന്നോട്ടുമുള്ള മൂല്യശ്രേണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ്, പൊതു ഇൻഫ്രാസ്ട്രക്ചർ, പാക്കേജിംഗ്, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ബി) 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പാക്കും. പിഎംഎഫ്എംഇ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2020-21 ആദ്യ വർഷത്തിലെ 100% ചെലവ് കേന്ദ്രസർക്കാർ വഹിക്കും. സംസ്ഥാനത്തിന്റെ അംഗീകൃത പ്രോജക്റ്റ് നടപ്പാക്കൽ പ്ലാൻ (പിഐപി) അടിസ്ഥാനമാക്കിയാണ് പദ്ധതിക്ക് കീഴിലുള്ള ഫണ്ട് നൽകുന്നത്.

675.00 ലക്ഷം കേന്ദ്ര വിഹിതം പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് 2021-22 ബജറ്റിൽ സമാന സംസ്ഥാന വിഹിതമായി 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .

**10. കേന്ദ്ര എംഎസ്എംഇ മേഖല പദ്ധതികൾ (പുതിയത് ) (സമാന സംസ്ഥാന വിഹിതം)**

**(വിഹിതം: 294.00 ലക്ഷം രൂപ )**

കേന്ദ്ര എംഎസ്എംഇ മേഖല പദ്ധതികളുടെ നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് കേന്ദ്ര ഗവൺമെൻറ് പദ്ധതികൾക്ക് കീഴിൽ അനുവദിച്ച പദ്ധതികൾക്കെതിരെ സംസ്ഥാനം സമാനമായ വിഹിതം വകയിരുത്തേണ്ടതുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് താഴെപ്പറയുന്ന കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിന് കണ്ടെത്തിയിട്ടുണ്ട് .

1. സംരംഭകത്വ നൈപുണ്യ വികസന പദ്ധതി (ഇ.എസ്.ഡി.പി) - (എം.എസ്.എം.ഇ മന്ത്രാലയം)
2. ടെക്നോളജി നവീകരണത്തിനായുള്ള ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം (എംഎസ്എംഇ മന്ത്രാലയം)
3. പരിശീലന സ്ഥാപനങ്ങൾക്കുള്ള സഹായം (എംഎസ്എംഇ മന്ത്രാലയം)
4. വിപണി വികസന സഹായ പദ്ധതി - (വാണിജ്യ വ്യവസായ മന്ത്രാലയം)
5. എംഎസ്എംഇ മേഖലയുമായി ബന്ധിപ്പിക്കാവുന്ന മറ്റ് പദ്ധതികൾ

മേൽപ്പറഞ്ഞ കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാന വിഹിതം/ഗുണഭോക്തൃ വിഹിതമായി 2021-22 ബജറ്റിൽ 294.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**II വാണിജ്യം**

**1. വാണിജ്യ വികസനം**

**(വിഹിതം : 700.00 ലക്ഷം രൂപ)**

വ്യവസായ വാണിജ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും വ്യവസായ മേഖലയിലാണ് നടക്കുന്നത്. എന്നാൽ വാണിജ്യ വികസനത്തിന് അർഹമായ ഒരു സ്ഥാനം ഇതുവരെ ലഭ്യമായിട്ടില്ല. വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് ഒരു ഉൾപ്രേരക ശക്തിയായി പ്രവർത്തിച്ച് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും സർക്കാരിന്റെ നികുതി വരുമാനം മെച്ചപ്പെടുത്താനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ

അവസരങ്ങൾ സ്ത്രീകൾക്കും താരതമേന്യ വിദ്യാഭ്യാസം കുറഞ്ഞവർക്കും ഗുണകരമായിരിക്കുമെന്നതാണ് ഈ മേഖലയുടെ സവിശേഷത. ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

(എ) മേഖലയുടെ വികസനത്തിനായി വിശദമായ പഠനങ്ങൾ നടത്തുക.

(ബി) കേരളത്തിലെ എം.എസ്.എം.ഇ മേഖലയുടെ വിപണി സാധ്യതകളെ കുറിച്ചുള്ള പഠനം

(സി) കേരളത്തിലെ എം.എസ്.എം.ഇ.കളുടെ കയറ്റുമതി മത്സരക്ഷമതയെ കുറിച്ചുള്ള പഠനം

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക.

(ഇ) സുസ്ഥിരമായ വാണിജ്യ വികസനത്തിനാവശ്യമായ ഒരു ദീർഘകാല നയരേഖ രൂപപ്പെടുത്തുക.

(എഫ് ) രാജ്യാന്തര വിപണികളിലേക്ക് കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് പ്രവേശനം സാധ്യമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുക.

(ജി) ദേശീയ-അന്തർ ദേശീയ പരിപാടികളിൽ പങ്കെടുക്കുക (വ്യാപാര മേളകളും പ്രദർശനങ്ങളും )

(എച്ച്) സംസ്ഥാനത്തിനകത്തും പുറത്തും എക്സിബിഷൻ/ മേളകൾ സംഘടിപ്പിക്കുക.

(ഐ) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വ്യവസായ വത്കരണത്തിനുതകുന്ന ഇ-കൊമേഴ്സ് ഉൾപ്പെടെയുള്ള മറ്റു പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(ജെ) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിൽ ബിസിനസ്സ് -റ്റു -ബിസിനസ്സ് മീറ്റ് (ബി&ബി) നടത്തുക.

(കെ) ഇന്ത്യയിലെ പ്രധാന മേളകളിലും/പരിപാടികളിലേക്കും വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം

(എൽ)കേരളത്തിനകത്തും പുറത്തും പ്രദർശനങ്ങളിലും മേളകളിലും പങ്കെടുക്കുന്നതിനും വിവിധ രാജ്യങ്ങളിലേക്കുള്ള വാണിജ്യ പ്രതിനിധി സംഘങ്ങളിലും പങ്കെടുക്കുന്നതിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം .

(എം)സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്, കമ്പനികൾക്ക് നവീകരണങ്ങളും, സർട്ടിഫിക്കേഷനുകളും ലഭിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകാൻ ഉദ്ദേശിക്കുന്നു

(എൻ)സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങൾ,സ്റ്റാർട്ട് അപ്പുകൾ,പരമ്പരാഗത വ്യവസായം എന്നീ മേഖലകളിലുള്ളവർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ബ്രാൻഡിംഗ് എന്നിവ ഒരുക്കുന്നതിനും ദേശീയ/അന്തർ ദേശീയ വിപണിയിൽ നിന്നും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അതിലൂടെ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും അവയെ ഒരുമിപ്പിച്ചു നിർത്തുന്നതിനും ലക്ഷ്യമിട്ട് സർക്കാർ ആരംഭിച്ചതാണ് **വാണിജ്യ മിഷൻ** . ആകെ 700.00 ലക്ഷം രൂപയിൽ 100.00 ലക്ഷം രൂപ വാണിജ്യ മിഷന്റെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾക്കു മാത്രമായി നീക്കി വെച്ചിരിക്കുന്നു.

ഈ മേഖലയുടെ റോഡ് മാപ്പ് ഉറപ്പാക്കുന്നതിനും ഫലപ്രദമായ ഗതി നിർണ്ണയത്തിനും വേണ്ടി മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലം കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതാണ്.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. സ്ഥിരം പ്രദർശന വിപണന സമുച്ചയം (കേരള മാർട്ട് )**

**(വിഹിതം : 500.00 ലക്ഷം രൂപ)**

എം.എസ്.എം.ഇ മേഖലയിൽ ഒരു സ്ഥിരം പ്രദർശന വിപണന സമുച്ചയം സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം നല്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. അന്താരാഷ്ട്ര ശൃംഖലയുമായി ബന്ധിപ്പിച്ചു സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും വിൽപ്പനയ്ക്കായി വേദി ഒരുക്കുന്നതിനും, വാണിജ്യമുദ്ര സൃഷ്ടിക്കുന്നതിനും, വ്യത്യസ്ത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും എം.എസ്.എം.ഇ മാർട്ടിന് കഴിയും. വൻ സംരംഭങ്ങളുടേത് പോലെ, വിപണിയിൽ ശക്തമായ വാണിജ്യമുദ്രയുടെ അഭാവവും അസംഘടിതമായ വിപണി ശൃംഖലയുമാണ് മേഖലയുടെ നിലവിലെ സ്വഭാവം. വിശദമായ സാങ്കേതിക സാമ്പത്തിക ലാഭ പഠനമനുസരിച്ച് ശക്തമായ സാധ്യതാ പ്രദേശത്ത് സ്ഥാപിക്കുന്ന സ്ഥിരം പ്രദർശന വിപണന സമുച്ചയത്തിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട,ഇടത്തര സംരംഭക മേഖലയിലെ ഉൽപ്പന്നങ്ങൾ ദേശീയ അന്തർദേശീയ തലത്തിലുള്ള മേളകളിലും പ്രദർശനങ്ങളിലും പരിചയപ്പെടുത്തുന്നതിന് സാധിക്കും. കിൻഫ്രാ, സിഡ്കോ,കെ-ബിപ്പ്,സുരഭി, എച്ച്.ഡി.സികെ എന്നിവയുമായി സഹകരിച്ച് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ് പദ്ധതി നടപ്പാക്കും .

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു .

**III.കരകൗശല വ്യവസായങ്ങൾ**

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കരകൗശല വ്യവസായം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട പരമ്പരാഗത കരകൗശല വൈദഗ്ധ്യത്തെ മേഖലയുടെ വളർച്ചയ്ക്കായി വിനിയോഗിച്ചുവരുന്നു. കേരളത്തിൽ ലഭ്യമായ 32 വ്യത്യസ്ത ഇനം കരകൗശലവസ്തുക്കളിൽ പ്രധാന വാണിജ്യ വസ്തുക്കൾ, ആനക്കൊമ്പ്, മരക്കൊമ്പ് കൊത്തുപണികൾ , ബെൽ മെറ്റൽ കാസ്റ്റിംഗ് , ഹാൻഡ് എംബ്രോയിഡറി, നാളികേര ഷെൽ രൂപകൽപ്പന എന്നിവയാണ്. 2021-22 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനും, കരകൗശല തൊഴിലാളികളുടെ നൈപുണ്യ വർദ്ധനവ്, ഉൽപ്പാദനക്ഷമത, വിപണി അവസരങ്ങൾ വർധിപ്പിക്കൽ, സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തൽ എന്നിവ ലക്ഷ്യമിടുന്നു.

**1. കരകൗശല മേഖലാ വികസനം**

**(വിഹിതം : 385.00 ലക്ഷം രൂപ)**

**എ. കരകൗശല മേഖല സ്ഥാപനങ്ങൾക്ക് സഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കരകൗശല മേഖലയിലെ സ്ഥാപനങ്ങളായ സുരഭി, കാഡ്കോ, തുടങ്ങിയവയുടെ ആധുനികവൽക്കരണം , സാങ്കേതികത നവീകരണം, പൊതു സൌകര്യ സേവന കേന്ദ്രങ്ങൾ മെച്ചപെടുത്തൽ തുടങ്ങിയവയ്ക്കായി മൂലധന സഹായം വർദ്ധിപ്പിക്കുവാൻ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

തെരഞ്ഞെടുക്കപ്പെട്ട കരകൗശല തൊഴിലിൽ/മേഖലയിൽ പ്രോസസ്,സാങ്കേതികവിദ്യാ എന്നിവയിൽ പിന്തുണ, പരിശീലനം നൽകൽ, ഗുണനിലവാര പരിശോധന, പുതിയ ഡിസൈൻ, മൂല്യവർധനവ്,വിപണി പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ തുക വകയിരുത്തിയിരിക്കുന്നു.

**സി. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)**

**(വിഹിതം :65.00 ലക്ഷം രൂപ)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിത പരിഗണന നൽകിക്കൊണ്ട് ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

**ഡി. മുള വ്യവസായ വികസനം**

**(വിഹിതം: 120.00 ലക്ഷം രൂപ)**

പേപ്പർ, ഫർണിച്ചർ, സമ്മിശ്ര ഉൽപ്പന്നങ്ങൾ, യൂട്ടിലിറ്റി ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വ്യവസായങ്ങളിൽ അസംസ്കൃത വസ്തുക്കളായി മുള, ചൂരൽ, ഈറ്റ എന്നിവ ഉപയോഗിക്കുന്നു.

സ്റ്റേറ്റ് ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും ബാംബൂ കോർപ്പറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി മുള വ്യവസായ വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. മുള വ്യവസായത്തിന്റെയും കൈത്തൊഴിലുകാരുടെയും വികസനത്തിനായി 2021-22 ബജറ്റിൽ 120.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ ചേർത്തിരിക്കുന്നവയാണ്.

- മുള ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ബാംബൂ ഇന്നോവേഷൻ കേന്ദ്രങ്ങളിലൂടെ വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുക.
- ദേശീയ /അന്തർദേശീയ ഇവന്റുകളിൽ പങ്കെടുക്കുന്നത് ഉൾപ്പെടെയുള്ള മുള മേഖലയിലെ പ്രോത്സാഹന പ്രവർത്തനങ്ങൾ .
- ട്രീറ്റ്മെന്റ് പ്ലാന്റുകൾ,വിതരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കൽ
- പരിശീലനം ലഭിച്ച തൊഴിലാളികളെ സംഘടിപ്പിച്ച് പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ നിർമ്മിക്കുക, കൂടാതെ അത്യാവശ്യ ടൂൾസും മറ്റുപകരണങ്ങളും നൽകുക.
- അന്തർദേശീയ പ്രാതിനിധ്യത്തോടുകൂടി കേരള ബാംബൂ ഫെസ്റ്റ്സംഘടിപ്പിക്കൽ.
- ഹാന്റ് ഹോൾഡിംഗ് ഓഫ് ബാംബൂ ഇന്നോവേഷൻ സെന്റർ

### ഇ) മുളയുടെ പ്രചാരവും പ്രോത്സാഹനവും (സമാന സംസ്ഥാന വിഹിതം -ദേശീയ ബാംബൂ മിഷൻ)

**(വിഹിതം: 100.00 ലക്ഷം രൂപ )**

അവികസിതമായ മുള വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനും ഉൽപ്പന്ന വികസനം പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ട് വനമല്ലാത്തതും സ്വകാര്യ വ്യക്തികളുടേതുമായ ഭൂമിയിൽ മുള കൃഷി വ്യാപിപ്പിച്ചു കൊണ്ട് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വ്യവസായ ആവശ്യത്തിനു ലഭ്യമാക്കുന്നതിനും ഈ കേന്ദ്ര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രാദേശികാടിസ്ഥാനത്തിൽ കൈതൊഴിലുകാരുടെ നൈപുണ്യ വിടവ് കണ്ടെത്തുന്നതിനും, ആവശ്യം കണക്കാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുന്നതിനും, എഞ്ചിനീയറിംഗ് ഇൻപുട്ടുകൾ ഉപയോഗിച്ച് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നം മെച്ചപ്പെടുത്തുന്നതിനും, അവശ്യ സഹായ സേവനങ്ങൾ നൽകികൊണ്ട് മുളയുമായി ബന്ധപ്പെട്ട സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, വിപണിയിൽ ചോദനം സൃഷ്ടിക്കുന്നതിനുള്ള ആവശ്യമായ പിന്തുണ നൽകുകയും, മേഖലയിലുള്ള പ്രധാന വിടവുകൾ നികത്തുന്നതിനുള്ള സഹായ സേവനവും, മുളയുടെ പ്രചാരണം പ്രോത്സാഹിപ്പിക്കുന്നതിനും, മുളയെ കുറിച്ചുള്ള വിവര സംവിധാനം നിലനിർത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. അത്തരം ഇടപെടലുകളിൽ അധിഷ്ഠിതമായ സമീപനത്തിലൂടെ വിവിധ തലങ്ങളിൽ പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ വരുമാന വർദ്ധനവിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്യുന്നു. കൂടാതെ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയിലൂടെ കൈതൊഴിലുകാർ/കരകൌശലതൊഴിലാളികളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു .

**പദ്ധതിയുടെ ഘടകങ്ങൾ :**

- പൊതു സ്വകാര്യ മേഖലയിൽ മുള നഴ്സറി (ഹൈ-ടെക് /വലുത്/ചെറുത്)
- വെറും നിലം ഉൾപ്പെടെ സർക്കാർ പഞ്ചായത്ത് /കമ്മ്യൂണിറ്റി ഭൂമിയിലും ,കൃഷിക്കാരുടെ ഭൂമിയിലും ബ്ലോക്ക് /അതിർത്തി എന്നിവിടങ്ങളിലും വൻതോതിൽ മുള കൃഷിയുടെ വ്യാപനം .
- ടിഷ്യൂകൾച്ചർ ലാബ് ,ഉപജീവനോപധികളായ ബിസിനസ്സ് ഇൻകുബേറ്റർ ,ബാംബൂ യൂണിറ്റുകളുടെ മൂല്യ വർധനവിനുള്ള പ്രോസ്സസ്സിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കൽ
- പ്രാഥമിക പ്രോസ്സസിംഗ് യൂണിറ്റുകളിൽ മുളയുടെ മാലിന്യ സംസ്കരണം .
- തദ്ദേശീയ ടൂൾസ് ,ഉപകരണങ്ങൾ ,യന്ത്രങ്ങൾ എന്നിവയുടെ സാങ്കേതികത മെച്ചപ്പെടുത്തൽ
- വിളവെടുപ്പിനു ശേഷമുള്ള സംഭരണവും ട്രീറ്റ്മെന്റ് സൌകര്യങ്ങളും
- വിപണന അടിസ്ഥാന സൌകര്യങ്ങൾ സ്ഥാപിക്കൽ

ദേശീയ ബാംബൂ മിഷൻ എന്ന കേന്ദ്ര പദ്ധതിയുടെ സമാനമായി 40 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### IV. കൈത്തറി യന്ത്രത്തറി വ്യവസായം

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ എറ്റവും പ്രധാനപ്പെട്ടവയിലൊന്നാണ് കൈത്തറി മേഖല. സംസ്ഥാനത്ത് കൈത്തറി തുണി വ്യവസായ മേഖലയെ സംരംക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചുമതലയുള്ളത് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിനാണ്. അടിസ്ഥാന സൗകര്യം, ആധുനികവൽക്കരണം, മാർക്കറ്റിംഗ്, മാനവശേഷി വികസനം, പരമ്പരാഗതമായ കഴിവുകളെ സംരക്ഷിക്കൽ, ഉൽപ്പന്നങ്ങൾ, സാമ്പത്തികം, ക്ഷേമ പരിപാടികൾ താങ്ങുവില എന്നിങ്ങനെയുള്ള മേഖലകളിൽ പിന്തുണനല്കി അന്താരാഷ്ട്രാ മാർക്കറ്റിൽ മത്സരിക്കുന്നതിന്നതിനുള്ള ശേഷി ഈ മേഖലയ്ക്ക് നേടികൊടുക്കുന്നതിനു വേണ്ടിയാണ് ഡയറക്ടറേറ്റ് പ്രവത്തിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന സഹായം, അസംസ്കൃത വസ്തുക്കൾക്കുള്ള സഹായം, മാർക്കറ്റിംഗ് സഹായം, ക്ഷേമ/പരിശീലന പ്രവർത്തനങ്ങൾ, പ്രാഥമിക/അപെക്സ് സൊസൈറ്റികളുടെ റീ ക്യാപിറ്റലൈസേഷൻ, സഹകരണ സൊസൈറ്റികളുടെയും മില്ലുകളുടേയും പുനരുദ്ധാരണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവ മുഖേന ഒരു ശക്തമായ കൈത്തറി മേഖല വികസിപ്പിച്ചെടുക്കുന്നതിന് നിരവധി ഇടപടലുകൾ നടത്തിവരുന്നു. കൂടാതെ, തൊഴിലാളികൾക്ക് ന്യായമായ കൂലിയും തുടർച്ചയായ ജോലിയും ഉറപ്പു വരുത്തി വ്യവസായത്തെ പുനർജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി "സ്കൂൾ യൂണിഫോം പദ്ധതി" യും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

2021-22 വർഷം സംസ്ഥാന സർക്കാർ ഹാൻഡ്ലൂം / കൈത്തറി മിത്ര, എന്ന പുതിയൊരു പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഏതാണ്ട് 10,000 ത്തോളം വരുന്ന നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും വിപണി അടിസ്ഥാനമാക്കിയ പുതിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനും വിപണനം

ചെയ്യാനും സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നെയ്ത്തുകാർക്ക് ഉയർന്ന വേതനവും കൂടുതൽ ദിവസം ജോലിയും ഇതുവഴി ഉറപ്പാക്കാൻ സാധിക്കും. അടുത്തടുത്ത് കഴിയുന്ന 200 നെയ്ത്തുകാരെ ചേർത്ത് ഒരു ക്ലസ്റ്ററും, അങ്ങനെ 50 ക്ലസ്റ്ററും ആണ് വിഭാവനം ചെയ്യുന്നത്. നെയ്ത്തുകാർ സംഘങ്ങളുടെയോ ഹാൻവീവിന്റെയോ അംഗങ്ങൾ ആയിരിക്കണം. അസംസ്കൃത വസ്തുക്കൾ മേടിക്കുന്നതിനുള്ള സഹായം, ഉപകരണങ്ങളും യന്ത്ര ഭാഗങ്ങളും നന്നാക്കാനും മാറ്റാനുമുള്ള സഹായം, വിപണനം , ഗുണനിലവാര പരിശോധന, രൂപകൽപന ചെയ്യുക, മേൽനോട്ടം നടത്തുക, ഏകോപനം എന്നിവയ്ക്കുള്ള സഹായം ഇതിൽ അടങ്ങിയിരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ഹാന്റെക്സ് ഹാൻവീവ്, പ്രാഥമിക നെയ്ത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, വീവേഴ്സ് സർവീസ് സെന്റർ, നാഷണൽ ഹാൻഡ്‌ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷൻ , കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷൻ, സ്പിന്നിംഗ് മില്ലുകൾ എന്നീ സ്ഥാപനങ്ങളുടെയും നബാർഡ്, സഹകരണ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ എന്നി ബാങ്കിംഗ് സ്ഥാപനങ്ങളുടെയും നിലവിലെ പദ്ധതികൾ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്ന ബ്രഹത് പദ്ധതിയാണിത്.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഹാൻഡ്‌ലൂം / കൈത്തറി മിത്ര പദ്ധതിക്കായുള്ള വകയിരുത്തൽ അടങ്ങിയിരിക്കുന്നു.

2021-22 ബജറ്റിൽ, കൈത്തറി/യന്ത്രത്തറി വ്യവസായത്തിനായി 5139.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ ജണ്ടർ ബജറ്റിന് ആവശ്യമായ പ്രാമുഖ്യം നൽകിയിട്ടുണ്ട്.

1. **മൂലധന സഹായ പദ്ധതികൾ**

2021-22 ബജറ്റിൽ പ്രൈമറി കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ, ഹാന്റെക്സ് - ഹാൻവീവ് എന്നിവിടങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തത്തോടെ അവയുടെ മൂലധനാടിത്തറ വർദ്ധിപ്പിക്കുന്നതിനായി 334.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇത് മാർജിൻ മണി ആയാണ് നൽകുന്നത്. ഇത് ഇവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധന സഹായം ലഭ്യമാകാൻ സഹായകരമാകും.

**(എ) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം**

**(വിഹിതം: 84.00 ലക്ഷം രൂപ)**

സഹകരണ സംഘങ്ങൾക്ക് കൂടുതൽ ആസ്തി സൃഷ്ടിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കാനും നെറ്റ് ഡിസ്പോസിബിൾ വിഭവശേഷി ഉയർത്തുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. നിലവിൽ, കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ, ഫാക്ടറി മാതൃക സഹകരണ സംഘങ്ങൾ,പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയിലെ അംഗങ്ങളുടെ ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായ സർക്കാർ ഓഹരി പങ്കാളിത്തം യഥാക്രമം 2, 3, 5 മടങ്ങാണ് നൽകുന്നത്. സംഘത്തിന്റെ വിപുലീകരണം, ആധുനികവത്ക്കരണം, പുനരുദ്ധാരണം എന്നിവയ്ക്കായി കൃത്യമായ പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും പരമാവധി 10.00 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തമാണ് നൽകുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ, ഈ പദ്ധതി മുഖേന, 10 സഹകരണ സംഘങ്ങളെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 10 ശതമാനം തുക വനിതാ നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾക്ക് വിനിയോഗിക്കുന്നതിന് വകയിരിത്തിയിരിക്കുന്നു. 2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 84.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം**

**(വിഹിതം: 250.00 ലക്ഷം രൂപ)**

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നതിന് അർഹമാക്കുന്നതിനുമാണ് ഓരോ വർഷവും ഓഹരി പങ്കാളിത്തം നൽകിവരുന്നത്. ആധുനികവൽക്കരണം, ഉൽപ്പന്നങ്ങളിലെ വൈവിധ്യവൽക്കരണം, ഷോറൂമുകളുടെ നവീകരണം എന്നിവയ്ക്കായി വിഭാവനം ചെയ്തിരിക്കുന്ന ഈ വിഹിതം സാധ്യമായ/പ്രായോഗികമായ പദ്ധതികളുടെ അടിസ്ഥാനത്തിലായിരിക്കണം ഉപയോഗിക്കേണ്ടത്.

'ഹാൻലൂം സുരക്ഷാ സ്കീം' നടപ്പാക്കുന്നതിന്, 2021-22 ബജറ്റിൽ കേരള സ്റ്റേറ്റ് കൈത്തറി വികസന കോർപ്പറേഷൻ (ഹാൻടെക്സ്) ന് 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഹാൻവീവിന്റെ ആധുനികവത്ക്കരണം, ഉല്പ്പന്നങ്ങളുടെ വൈവിധ്യവല്ക്കരണം, ഷോറൂമുകളുടെ നവീകരണം എന്നിവ പ്രായോഗിക/സാധ്യമായ പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായി 2021-22 വർഷത്തെ ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ**

2021-22 ബജറ്റിൽ, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾക്കുള്ള സബ്സിഡി, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങിക്കുന്നതിനുള്ള മാർജ്ജിൻമണി വായ്പ, നെയ്ത്തുകാർ/അനുബന്ധ തൊഴിലാളികൾക്കുള്ള പ്രചോദന പരിപാടികൾ, സ്വയം തൊഴിൽ പദ്ധതി, കൈത്തറി മേഖലയിൽ ബിസിനസ് ഇൻകുബേറ്റർ, കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം എന്നീ ഘടകങ്ങൾക്കായി 751.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി വഴി ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

- നൂൽക്കഴി വാങ്ങുന്നതിനുള്ള സബ്സിഡി ഡി.ബി.റ്റി.എസ് മുഖേന നെയ്ത്തുകാർക്ക് നേരിട്ട് ലഭ്യമാക്കുന്ന തരത്തിൽ ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് വഴി നടപ്പാക്കുന്നതാണ്. നൂൽക്കഴി സബ്സിഡി മിൽഗേറ്റ് പ്രൈസ് സ്കീം പ്രകാരം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കിലായിരിക്കണം നിർണ്ണയിക്കേണ്ടത്.
- ചായങ്ങളുടെയും രാസവസ്തുക്കളുടെയും വില സബ്സിഡി സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് വഴി നെയ്ത്തുകാർക്ക് ഡി.ബി.റ്റി.എസ് മുഖേന നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

ഇതിലേക്കായി 2021-22 ലെ ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ ഹാൻഡ്‌ലൂം / കൈത്തറി മിത്ര പദ്ധതിക്കായുള്ള വകയിരുത്തൽ അടങ്ങിയിരിക്കുന്നു.

**(ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായവിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻമണി വായ്പ നൽകുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം, യാൺ ബാങ്കുകൾക്ക് നൂൽ സംഭരിക്കാനും നെയ്ത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടുള്ള റിവോൾവിംഗ് ഫണ്ടായിട്ടാണ് മാർജിൻമണി വായ്പ നൽകുന്നത്. ഇതിലേക്കായി 2021-22 ലെ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന എ, ബി എന്നീ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അതാത് സ്ഥാപനങ്ങളുടെ/മേഖലയുടെ മൊത്തത്തിലുള്ള ഇൻപുട്ട് - ഔട്ട്പുട്ട് ലിങ്കേജ് താരതമ്യം ചെയ്യുകയും (i) ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് (ii) തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ (iii)നിർദ്ദിഷ്ട സ്ഥാപനങ്ങളുടെയും മൊത്തം വ്യവസായത്തിന്റെയും വിറ്റുവരവ് എന്നിവ ഉറപ്പ് വരുത്തിയും താരതമ്യം ചെയ്തുമാണ് ധനസഹായം നിശ്ചയിക്കേണ്ടത്. മൂല്യ ശൃംഖലയിൽ മറ്റേതെങ്കിലും പദ്ധതിയുടെ കീഴിൽ നിന്നും ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്നും ധനസഹായം/സബ്സിഡി വിതരണം ചെയ്യുമ്പോൾ ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

**(സി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി. യൂണിറ്റുകൾ ആരംഭിക്കൽ/മൂല്യ വർദ്ധിത കൈത്തറി ഉല്പന്നങ്ങൾ/പുതിയതും നൂതനവുമായ ഉല്പന്നങ്ങളുടെ രൂപകല്പന എന്നിവക്കായി ബാങ്ക് സഹായത്തിന് അർഹമായ പ്രോജക്ടുകൾക്ക് മാർജിൻമണി സഹായം (പദ്ധതി ചെലവിന്റെ പരമാവധി 40 ശതമാനം വരെ) നൽകുന്നതാണ്.

കൈത്തറിയിലോ ടെക്സ്റ്റൈൽ ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു. ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കൈത്തറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും, പുതിയ ഡിസൈനിലുള്ള നൂതനമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള സൗകര്യങ്ങളോടെ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. വ്യക്തികളായ സംരംഭകർ, പാർട്ട്ണർഷിപ്പ് കമ്പനികൾ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സ്റ്റാർട്ട് അപ്പ് യൂണിറ്റുകൾ മുതലായവ കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണത്തിനും മൂല്യ വർദ്ധനവിനും പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

കൈത്തറി മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഹാന്റ് ലൂം ബിസിനസ് ഇൻക്യബേറ്ററുകൾ. ഉയർന്നു വരുന്ന സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും 12 മാസം വരെ ബാലരാമപുരത്തും മറ്റിടങ്ങളിലുമുള്ള ഇൻക്യുബേറ്ററുകൾ വഴി ഡിസൈൻ, ഡൈയിംഗ്, വാർപ്പിംഗ്, കൈത്തറി ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി നെയ്ത്ത് സൗകര്യം, കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കായി സ്ഥലവും അനുബന്ധ സൗകര്യങ്ങളും സെന്ററിൽ നൽകുവാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. 2021-22 ബജറ്റിൽ, സ്വയം തൊഴിൽ പദ്ധതിയ്ക്കായും കൈത്തറി ബിസിനസ് ഇൻകുബേറ്ററുകൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയിൽ നൽകിയിട്ടുള്ള 100.00 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ 'യുവ വീവിംഗ് പദ്ധതി'യ്ക്കായി പൂർണ്ണമായും നീക്കി വച്ചിരിക്കുന്നു. ഈ പദ്ധതി പ്രകാരം 18 മുതൽ 40 വരെ പ്രായം വരുന്ന 75 ചെറുപ്പക്കാരെ നെയ്ത്തുകാരാക്കി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. അംഗീകരിച്ച സർക്കാർ മാനദണ്ഡ പ്രകാരമായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്.

**(ഡി) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി**

**(വിഹിതം: 400.00 ലക്ഷം രൂപ)**

അംഗീകൃത മാർഗ്ഗ നിർദ്ദേശ പ്രകാരവും ശാസ്ത്രീയമായി ജോലി മൂല്യനിർണ്ണയം നടത്തിയും വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മൂല്യ ശൃംഖലയിലെ ഇൻപുട്ട് - ഔട്ട്പുട്ട് ലിങ്കേജ് താരതമ്യപ്പെടുത്തിയും i) ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവ്, ii) തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, (iii) സ്ഥാപനങ്ങളുടെ/മേഖലയുടെ മൊത്തത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ആകെ വിറ്റുവരവ് എന്നിവ ഉറപ്പുവരുത്തിയുമായിരിക്കണം എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടത്.

2021-22 വർഷത്തിൽ, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും അധിക തൊഴിലിന് ആകർഷകമായ ആനുകൂല്യങ്ങൾ നൽകി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 17,000ത്തോളം നെയ്ത്തുകാർ/അനുബന്ധ തൊഴിലാളികൾക്കും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഏകദേശം 70 ശതമാനം പേർ (11,900) സ്ത്രീകളാണ്. മൂല്യ ശൃംഖലയിലെ മറ്റേതെങ്കിലും പദ്ധതി വഴി ഇത്തരത്തിൽ ഉള്ള ധനസഹായം ലഭിക്കുന്നില്ലെന്ന് സബ്സിഡി/ധനസഹായം വിതരണം ചെയ്യുമ്പോൾ ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

2021-22 ബജറ്റിൽ മേൽ പരിപാടികൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഇ) കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക**

**(വിഹിതം:1.00 ലക്ഷം രൂപ)**

കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശത്തെ കൈത്തറി വ്യവസായത്തിന്റെ പരിണാമം, നെയ്ത്തുകാരുടെ സമ്പന്നമായ കലാവൈഭവം എന്നിവ പ്രദർശനാത്മകമാക്കുന്നതിനും മുഴുവൻ പ്രക്രിയയുടെ വിശകലനവുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സി.എം.ഡി.ആർ ഫണ്ട്, ഇന്ത്യാ ഗവൺമെന്റിന്റെ സഹായം എന്നിവ ഉപയോഗിച്ച് ചായം മുക്കൽ പോലെയുള്ള പൊതു പ്രവർത്തനങ്ങൾക്കായി കൈത്തറി ഗ്രാമത്തിൽ ഒരു കേന്ദ്രീകൃത സെന്റർ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

2021-22 വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ സംസ്ഥാനത്തിന്റെ തുല്യ വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ**

കൈത്തറി മേഖലയിലെ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി 2021-22 ബജറ്റിൽ 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) അംശദാന സമ്പാദ്യ പദ്ധതി**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഈ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം മുതലായവയ്ക്കുള്ള ചെലവിലേക്കായി ധനസഹായം നൽകുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന 17,000 നെയ്ത്തുകാരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നെയ്ത്ത് തൊഴിലാളിയുടെ കൂലിയുടെ കുറഞ്ഞത് 8 ശതമാനം തുക ഇതിലേക്കായി ഈടാക്കുകയും അത്ര തന്നെ തുക സർക്കാരിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഇതേ സ്വഭാവമുള്ള മറ്റേതെങ്കിലും

പദ്ധതിയിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2021–22 ലെ ബജറ്റിൽ 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(ബി) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാ ഗാന്ധി ബുന്കാർ ബീമാ യോജന)**

**(വിഹിതം: 10.00 ലക്ഷം രൂപ)**

മഹാത്മാഗാന്ധി ബുന്കാർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ ഭാരത സർക്കാരിന്റെ വിഹിതം 150 രൂപയും, എൽ.ഐ.സി. ഓഫ് ഇന്ത്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. നെയ്ത്തുകാരന്റെ വിഹിതം സംസ്ഥാന സർക്കാർ നൽകും. ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ സമാനമായ മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്. ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 10,000 നെയ്ത്തുകാരെയാണ് 2021–22 പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021–22 ബജറ്റിൽ ഇതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ഉത്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ**

2021–22 ബജറ്റിൽ, താഴെപ്പറയുന്ന ഉത്പാദന, വിപണന, പരിശീലന പദ്ധതികൾക്കായി 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) വിപണന – കയറ്റുമതി പ്രോത്സാഹനം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നതിന് പദ്ധതി ഉദ്ദേശിച്ചിരിക്കുന്നു. സ്ഥാപനങ്ങളുടെ/മേഖലയുടെ ഇൻപുട്ട് – ഔട്ട്പുട്ട് ലിങ്കേജ്, മൂല്യ വർദ്ധനവ് ഉറപ്പാക്കിയും, സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ, ആകെ വിറ്റു വരവ്, മിനിമം കൂലി എന്നിവ അടിസ്ഥാനമായിരിക്കണം ധനസഹായം നിശ്ചയിക്കേണ്ടത്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കയറ്റുമതി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി സഹായം, ഹാന്റ്ലൂം പ്രദർശനങ്ങൾ/മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള സഹായം, ബിസിനസ് ടു ബിസിനസ് മീറ്റുകൾ, ഉത്സവകാലങ്ങളിൽ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല/മേഖലാ തല കൈത്തറി പ്രദർശനങ്ങൾ നടത്തുന്നതിനും, ക്രയവിക്രയ സംഗമങ്ങൾക്കും ഭാരത സർക്കാർ സംഘടിപ്പിക്കുന്ന വ്യവസായ മേളകൾക്ക് സംസ്ഥാന സർക്കാരിന്റെ ആനുപാതിക ധനസഹായം, കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാന്റർഡൈസ് ചെയ്യുന്നതിനും 'കേരള ഹാൻഡ് ലൂം ഉൽപ്പന്നങ്ങൾ' എന്ന പേരിൽ പ്രത്യേക നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നതിനുമുള്ള ധനസഹായം, ശ്രേഷ്ഠമായ കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായം, ഷോറൂമുകൾ ബ്രാന്റ് ചെയ്യുന്നതിനുള്ള ധനസഹായം, നിഫ്റ്റ്, ഐ.ഐ.എം. തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളുടെ സഹായത്തോടെ ബ്രാന്റ് ചെയ്യപ്പെടേണ്ട ഷോറൂമുകളും ഉൽപ്പന്നങ്ങളും തിരഞ്ഞെടുക്കാവുന്നതാണ്. ജില്ല/സംസ്ഥാന തലത്തിൽ മികച്ച നെയ്ത്തുകാരനും പ്രാഥമിക സഹകരണ സംഘങ്ങൾക്കുമുള്ള അവാർഡ്, ബെഞ്ച്മാർക്കിംഗിന്റേയും പ്രകടനത്തിന്റേയും അടിസ്ഥാനത്തിൽ നൽകൽ, കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി അച്ചടി, ദൃശ്യ, പ്രക്ഷേപണ ഉപാധികളിലൂടെ രാജ്യത്തിനകത്തും പുറത്തും പ്രചാരണം നടത്തുന്നതിനുള്ള സഹായം, പ്രാഥമിക കൈത്തറി സംഘങ്ങൾക്കും ഹാൻവീവിന് കീഴിലുള്ള വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറിമാർക്ക് സ്കീമിൽ രജിസ്റ്റർ ചെയ്യുന്നതിനായി ഗ്രാന്റ് എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021–22 കാലയളവിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും**

**(വിഹിതം: 550.00 ലക്ഷം രൂപ)**

മൽസരാടിസ്ഥിത വിലയിൽ ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ നൽകുന്നത് വഴി വ്യവസായത്തിന്റെ സുസ്ഥിരതയും തൊഴിലാളികൾക്ക് അടിസ്ഥാന വരുമാനവും നൽകാൻ കഴിയും. ഇതിനായി, കൈത്തറി മേഖലയുടെ നവീകരണമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തറി റിപ്പയർ, ടെക്നോളജി അപ്പ് ഗ്രേഡേഷൻ, പുനരുജ്ജീവിപ്പിക്കൽ, വർക്ക് ഷെഡിന്റെ നവീകരണം എന്നിവ ഉൾപ്പെടുന്നു. കൈത്തറി ഉൽപാദന കേന്ദ്രങ്ങളിലെ നവീകരണം കേന്ദ്രീകരിക്കുന്നത് 1.പ്രീ-ലൂം പ്രോസസ്സിംഗ്, 2. നെയ്ത്ത്, 3. ചായം ചേർക്കലും പ്രിന്റിംഗും, 4. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ 5.അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ 6.വർക്ക്ഷെഡുകളുടെയും പൊതു സൗകര്യ കേന്ദ്രങ്ങളുടെയും നവീകരണം

എന്നീ മേഖലകളിൽ ആകും. പ്രീലൂം പ്രവർത്തനങ്ങളിലെ സാങ്കേതിക നവീകരണം, സ്പിന്നിംഗ്, നെയ്ത്ത്, വൃത്തിയുള്ളതും അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളോട്ടു കൂടിയ വനിതാ സൗഹൃദ ജോലി സ്ഥലങ്ങൾ എന്നിവയാണ് പദ്ധതികൾ. പരമ്പരാഗത സംസ്കാരത്തെയും അടിസ്ഥാന തത്വത്തെയും ബാധിക്കാതെ വ്യവസായത്തെ പൂർണ്ണമായും മാറ്റുക എന്നതാണ് ആത്യന്തിക ഉദ്ദേശ്യം. ഈ പദ്ധതിയിലൂടെ നൽകുന്ന പ്രവർത്തനങ്ങൾ വ്യക്തമായതും നിരീക്ഷിക്കാവുന്നതുമായ ലക്ഷ്യങ്ങളുമുള്ള വിശദവും സമഗ്രവുമായ പ്രോജക്റ്റ് നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. 2021-22 ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പ്രീലൂം സൗകര്യങ്ങൾ, തറി അനുബന്ധ ഉപകരണങ്ങളായ സ്റ്റീൽ റീഡ്, ഷട്ടിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സഹായം ഈ പദ്ധതി മുഖാന്തിരം ഏകദേശം 1000 നെയ്ത്തുകാർക്ക് പ്രയോജനം ലഭിക്കുന്നു. ഇതിൽ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീകളായിരിക്കണം. | 550.00 |
| 2 | തറികളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക നിലവാരം ഉയർത്തുന്നതിനും പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ. | |
| 3 | ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ പുനരുദ്ധാരണവും സ്റ്റാന്റർഡൈസേഷനും. | |
| 4 | പ്രാഥമിക സഹകരണ സംഘങ്ങളുടെ പണിശാലകളുടെ നവീകരണവും പൊതു സൗകര്യങ്ങളായ ഡൈ ഹൗസ് മുതലായവ. | |
| 5 | മുൻ വർഷങ്ങളിലെ ഉൽപ്പാദനം, വിറ്റുവരവ്, ഓഡിറ്റഡ് അക്കൗണ്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഹാൻവീവ്/വെൽഫെയർ ബോർഡ് അംഗത്വമുള്ള നെയ്ത്തുകാരുടെ വർക്ക് ഷെഡുകളുടെ നവീകരണം. | |
| 6 | ഒരു വീട്ടിൽ ഒരു തറി പദ്ധതി- 5 വർഷം പ്രവർത്തി പരിചയമുള്ള അല്ലെങ്കിൽ യോഗ്യതയുള്ള ഏജൻസികളിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള തറി സ്ഥാപിക്കാൻ കഴിവില്ലാത്ത ഒരു കുടുംബത്തിലെ ഒരു അംഗത്തിനെങ്കിലും തറി വാങ്ങുന്നതിന് ചെലവിന്റെ 75 ശതമാനം അല്ലെങ്കിൽ പരമാവധി 40,000 രൂപ സർക്കാർ സഹായമായി നൽകുന്നു. ഈ പദ്ധതി വീടുകളിൽ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഉദ്ദേശിക്കുന്നത്. | |
| 7 | വിശ്രമ മുറികൾ, ടോയിലറ്റുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ വനിത നെയ്ത്തുകാർക്ക് സ്ഥാപിക്കുന്നതിനായി | |
| | **ആകെ** | **550.00** |

**(സി) പരിശീലന, വൈദഗ്ധ്യ ശേഷി വികസന പരിപാടി**

**(വിഹിതം: 150.00 ലക്ഷം രൂപ)**

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും നിലവാരമുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിയാണിത്. ഇതിന്റെ പ്രവർത്തന ഘടകങ്ങൾ താഴെപ്പറയുന്നു.

i) പ്രോജക്റ്റ് പ്രൊപ്പോസലുകൾ, കമ്പ്യൂട്ടറൈസേഷൻ, ഓട്ടോമേഷൻ എന്നിവയിൽ ഡിപ്പാർട്ട്മെന്റൽ സ്റ്റാഫുകൾക്ക് ട്രെയിനിംഗ്, മൂല്യനിർണ്ണയം/ഇംപാക്ട് പഠനങ്ങൾ നടത്തുക, ടെക്സ്റ്റൈൽ കമ്മിറ്റിയുമായും മറ്റുള്ളവരുമായും സഹകരിച്ച് സെമിനാറുകളും വർക്ക് ഷോപ്പുകളും നടത്തുക. ഇതിലേക്കായി 20.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

ii) ഇ.ആർ.പി മുഖേനയുള്ള സമ്പൂർണ്ണ ഇ-ഗവേണൻസ് പരിഹാരം – സാങ്കേതിക വിദ്യ, സേവനങ്ങൾ, മാനവശേഷി എന്നിവയിൽ ബിസിനസ് മാനേജ് ചെയ്യുന്നതിനുള്ള സമഗ്ര ആപ്ലിക്കേഷനുകൾ ഉപയോഗിക്കാൻ കഴിയുംവിധം മൊത്തം കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഒരു പിശക് രഹിത മാനേജ്മെന്റ് സോഫ്റ്റ് വെയർ രൂപപ്പെടുത്തി എടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇ.ആർ.പി സംവിധാനം ഐ.ടി.വകുപ്പിന്റെ ഡിജിറ്റൽ കേരള ആർക്കിടെക്ച്ചറുമായി ബന്ധപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി 32.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

iii) പുതിയ ഡിസൈനുകൾ വികസിപ്പിക്കുന്നതിനും നെയ്ത്തുകാർക്ക് അവബോധം നൽകുന്നതിനായി ഐ.ഐ.എച്ച്.റ്റി, എൻ.ഐ.എഫ്.റ്റി മുതലായവയിലൂടെ പ്രൊഫഷണൽ ഡിസൈനർമാരുമായി ഇടപഴകുക. നെയ്ത്തുകാരെ സഹായിക്കാൻ സാധ്യതയുള്ള ഓരോ സ്ഥലത്തും കുറഞ്ഞത് ഒരു ഡിസൈനറുടെയെങ്കിലും സേവനം നൽകുന്നതിനായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

iv) തീവ്ര പരിശീലനം, പുതിയ നെയ്ത്തുകാർക്ക് പരിശീലനം, അനുബന്ധ മേഖലകളിലും തൊഴിലാളികൾക്കും മൂല്യ വർധനയുടെ സമ്പൂർണ ശൃംഖലയിൽ പരിശീലനം എന്നിവയ്ക്കായി കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിക്ക് ഗ്രാന്റ്. 2021-22 കാലയളവിൽ 400 പേരെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 55.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 75 ശതമാനം ഗുണഭോക്താക്കളും സ്ത്രീകൾ ആയിരിക്കും.

v) ഐ.ഐ.എച്ച്.ടി വെങ്കടഗിരി, ഗാഡ്ഗാഗ്, കണ്ണൂർ എന്നിവിടങ്ങളിലെ 3 വർഷത്തെ ടെക്സ്റ്റൈൽ ടെക്നോളജി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ്. ഇതിനായി 28.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2021-22 കാലയളവിൽ പദ്ധതിക്കായി മൊത്തം 150.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

**5.നാടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുക**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

നിലവിൽ കേരളത്തിൽ നിർമ്മിച്ച വസ്തുങ്ങളുടെ ചായം മുക്കലും ഡിജിറ്റൽ പ്രിന്റിംഗും സംസ്ഥാനത്തിന് പുറത്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിനകത്ത് ഒരു ചായം മുക്കൽ/പ്രിന്റിംഗ് സംവിധാനം ഉണ്ടായാൽ ഈ ആവശ്യങ്ങൾ ഇവിടെത്തന്നെ നിറവേറ്റാൻ സാധിക്കും. അതിനാൽ കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ ഒരു പരിസ്ഥിതി സൗഹൃദ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. 25.56 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയുടെ മൂലധന നിക്ഷേപം ഏറ്റെടുത്ത് നടത്തുകയാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി 1000.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**6. കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാൻഡ് ലൂം വില്ലേജ് (പുതിയത് )**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് ഒരു സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉല്പന്നങ്ങളുടെ ഉത്പാദനവും, പ്രദർശനവും, വില്പനയും നടക്കുന്നതിനാൽ ഈ ഗ്രാമം ഒരു വിനോദ സഞ്ചാര കേന്ദ്രമായി മാറുകയും ചെയ്യും. വ്യത്യസ്തങ്ങളായ കൈത്തറി ഉത്പന്നങ്ങളുടെയും നെയ്ത്തുകാരുടെയും ഇടപെടൽ അറിവിന്റെ കൈമാറ്റത്തിനും ഈ മേഖലയുടെ വളർച്ചയ്ക്കും ഊർജം പകരും. സംസ്ഥാനത്തെ നെയ്ത്തുകാർക്ക് പുതിയ അറിവ് നേടാനും പരിശീലനം ലഭിക്കാനും ഇതൊരു വേദിയാകും. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. യന്ത്രത്തറി വ്യവസായ വികസനം**

2021-22 ബജറ്റിൽ യന്ത്രത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും യന്ത്രത്തറി നെയ്ത്തുകാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കുമായി 101.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) യന്ത്രത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

യന്ത്രത്തറി സഹകരണസംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം , സാങ്കേതിക വിദ്യ നവീകരണം, മൂല്യ വർധിത ഉത്പന്നങ്ങൾ, ഉൽപ്പന്ന വൈവിധ്യവത്കരണം, എന്നിവയോടു കൂടിയ സമഗ്ര ഒറ്റത്തവണ പുനരുദ്ധാരണമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശ്ശിക്കുന്നത്. ഇതിനായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്**

**(വിഹിതം: 1.00 ലക്ഷം രൂപ)**

യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കേന്ദ്ര സഹായമുള്ള പദ്ധതിയാണിത്. ഓരോ നെയ്ത്തുകാരനുമുള്ള ആകെ പ്രീമിയം തുകയായ 470 രൂപയിൽ 100 രൂപ എൽ.ഐ.സിയും 290 രൂപ കേന്ദ്ര സർക്കാരും ബാക്കിയുള്ള നെയ്ത്തുകാരന്റെ വിഹിതമായ 80 രൂപ സംസ്ഥാന സർക്കാരും നൽകും. കേന്ദ്ര സർക്കാർ തുക നേരിട്ട് എൽ.ഐ.സി.ക്ക് ആണ് നൽകുന്നത്. നെയ്ത്തുകാരുടെ വിഹിതം, സംസ്ഥാന സർക്കാരിന്റെ സഹായമായി നൽകുന്നതിന് 2021-22 ബജറ്റിൽ നാമമാത്രമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. യന്ത്രത്തറി വ്യവസായങ്ങളുടെ ആധുനികവൽക്കരണം**

യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണം, ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ സമഗ്രമായ പുനരുദ്ധാരണം എന്നീ ഘടകങ്ങൾക്കായി ഈ പദ്ധതിയുടെ കീഴിൽ 2021-22 ബജറ്റിൽ 1846.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം**

**(വിഹിതം: 16.00 ലക്ഷം രൂപ)**

സമഗ്രമായ പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് സർക്കാർ ഓഹരി പങ്കാളിത്തത്തോടെ യന്ത്രത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം/സാങ്കേതികവിദ്യ മെച്ചപ്പെടുത്തൽ/വൈവിധ്യവത്ക്കരണം/പുനരുദ്ധാരണം/ മൂല്യ വർധിത ഉത്പന്നങ്ങളുടെ ഉത്പാദനം എന്നിവയ്ക്കായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ടെക്സ്ഫെഡിന്റെ കീഴിൽ വരാത്ത 5 യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് സഹായമായി 2021-22 ബജറ്റിൽ 16.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സമഗ്ര യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണം**

**(വിഹിതം: 80.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ടെക്സ്ഫെഡിന്റെ കീഴിലുള്ള 5 സംയോജിത യന്ത്രത്തറി സംഘങ്ങളുടെ (നെയ്യാറ്റിൻകര, കോഴിക്കോട്, കോട്ടയം, കെൽടെക്സ്, വയനാട്) പ്രായോഗികമായ പദ്ധതികളുടെ അടിസ്ഥാനത്തിലുള്ള ആധുനികവൽക്കരണം, വ്യക്തമായ/സാധ്യതയുള്ള പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനായി തറി അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്കായി 2021-22 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതി**

**(വിഹിതം : 1750.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ മില്ലുകളിൽ ആരംഭിച്ച ആധുനികവത്കരണ പ്രക്രിയയുടെ പൂർത്തീകരണം വഴി മില്ലുകളെ ബ്രേക്കീവെൻ അവസ്ഥയിലെത്തിക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അത് വഴി ഈ മില്ലുകൾക്കു വിപണിയുടെ ആവശ്യം അനുസരിച്ച് സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ, കാക്കി, ആശുപത്രികളിൽ ഉപയോഗിക്കുന്ന തുണിത്തരങ്ങൾ എന്നിവ ഉല്പാദിപ്പിച്ച് ലഭ്യമാക്കാൻ സാധിക്കും. പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്ത്, റിയാബിലൂടെ ഭരണ വകുപ്പ് പരിശോധിച്ച് വിശദവും സമഗ്രവുമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി വിശകലനം ചെയ്ത്, അനുമതി നൽകി പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. കഴിഞ്ഞ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിനും 2021-22 ബജറ്റിൽ 1750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ. | മില്ലുകളുടെ പേര് | സ്പില്ലോവേർ പ്രവർത്തനങ്ങളും പുതിയ പ്രവർത്തനങ്ങളും | തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ | ആട്ടോ കോണർ, അറ്റകുറ്റപ്പണികൾ ആധുനികവൽക്കരണം എന്നിവ | 230.00 |
| 2 | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | 2 ആട്ടോ കോണർ ആധുനികവൽക്കരണം, അറ്റകുറ്റപ്പണി എന്നിവ | 230.00 |
| 3 | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | ആട്ടോ കോണർ, ആധുനികവൽക്കരണം | 500.00 |
| 4 | മലബാർ സഹകരണ സ്പിന്നിംഗ് മിൽ (മാൽക്കോടെക്സ്) | ആട്ടോ കോണർ, ആധുനികവൽക്കരണം | 150.00 |
| 5 | മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ | ആട്ടോ കോണർ, ആധുനികവൽക്കരണം | 175.00 |
| 6 | കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ | ആട്ടോ കോണർ, ആധുനികവൽക്കരണം | 250.00 |
| 7 | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ (പ്രൈകോ) | ആധുനികവൽക്കരണം, മറ്റ് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനം എന്നിവ | 115.00 |

| | | | |
|---|---|---|---|
| 8 | കെ.കരുണാകരൻ സ്മാരകസഹകരണ സ്പിന്നിംഗ് മിൽ | ടെസ്റ്റിംഗ് സൗകര്യം | 100.00 |
| | | **ആകെ തുക** | **1750.00** |

**9. സ്ത്രീകളുടെ ഗാർമെന്റ് യൂണിറ്റുകൾ (പുതിയത്)**

**(വിഹിതം 47.00 ലക്ഷം രൂപ)**

സംസ്ഥാനത്തുള്ള സ്പിന്നിംഗ് മില്ലുകളോടനുബന്ധിച്ച് സ്ത്രീകളുടെ ഗാർമെന്റ് യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഓരോ യൂണിറ്റും ശരാശരി 100 വനിതകൾക്ക് തൊഴിൽ നൽകും എന്നാണ് കണക്കാക്കുന്നത്. സാങ്കേതിക സാമ്പത്തിക വിശകലനത്തിനു വിധേയമായ ഒരു യൂണിറ്റ് പൈലറ്റ് അടിസ്ഥാനത്തിൽ 2021-22 ൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 2021-22 ബജറ്റിൽ 47.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തുകയുടെ 100 ശതമാനം ഗുണഭോക്താക്കളും സ്ത്രീകൾ ആയിരിക്കും.

**V. കയർ മേഖല**

സംസ്ഥാനത്തെ ആയിരക്കണക്കിന് വ്യക്തികൾക്ക് തൊഴിൽ നൽകുന്ന കയർ വ്യവസായം കേരളത്തിലെ പരമ്പരാഗതമായ വ്യവസായങ്ങളിൽ ഒന്നാണ്. കയർ വ്യവസായവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവൺമെന്റിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്ന സ്ഥാപനമാണ് കയർ വികസന ഡയറക്ടറേറ്റ്. കൂടാതെ സംസ്ഥാനത്ത് കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുകയും പുതിയ നയങ്ങൾ രൂപവത്കരിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുന്നത് വഴി തുടർച്ചയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് വകുപ്പിന്റെ ലക്ഷ്യം. കയർ മേഖലയുടെ രണ്ടാം പുനഃസംഘടന പദ്ധതി ആധുനികവൽക്കരണവും നൂതന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേന്ദ്രീകരിച്ച കയർ തൊഴിലാളികളുടെ സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നു.

തൊണ്ട് ശേഖരണത്തിനായി കാര്യക്ഷമമായ ഒരു സംവിധാനം വികസിപ്പിക്കുക, അസംസ്കൃതവസ്തുക്കളുടെ അവിരാമമായ വിതരണം ഉറപ്പാക്കുക, പുതിയ ഡിഫൈബറിംഗ് യൂണിറ്റുകൾ ആരംഭിക്കുക, നിലവിലുള്ള യൂണിറ്റുകളുടെ ആധുനികവൽക്കരണം, കൂടുതൽ മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനം, ഗവേഷണ വികസനത്തിനായുള്ള സ്ഥാപന പിന്തുണ എന്നീ മേഖലകൾക്ക് 2021-22 ബജറ്റിൽ മുൻഗണന നൽകിയിരിക്കുന്നു.

2021-22 ബജറ്റിൽ കയർമേഖലയ്ക്കായി ആകെ വകയിരുത്തിയിരിക്കുന്നത് 11,274.00 ലക്ഷം രൂപയാണ്. ഇതിനായി ആകെ പന്ത്രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്ന ഈ ബജറ്റിൽ സ്ത്രീകൾക്ക് പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്കും ആവശ്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്.

**1. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടിയും തൊണ്ടു ശേഖരണ പരിപാടിയും**

**(വിഹിതം. 100.00 ലക്ഷം രൂപ)**

തൊണ്ട് ശേഖരിക്കുന്നതിനും യാൺബാങ്ക് സ്ഥാപിക്കുന്നതിനും പൊതു സൗകര്യ കേന്ദ്രം സ്ഥാപിക്കുന്നതിനും, കോമൺ ഷോറൂം, സെയിൽസ് ഔട്ട്ലെറ്റുകൾക്കുമായി ഒരു കൺസോർഷ്യം രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം, വിൽപ്പനയുടെയും കയറ്റുമതിയുടെയും വർദ്ധനവ് എന്നിവ ഉറപ്പാക്കുന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**(എ) ക്ലസ്റ്റർ വികസന പരിപാടി**

പരമ്പരാഗത വ്യവസായങ്ങളുടെ പുനഃരുജ്ജീവന പദ്ധതി (എസ്.എഫ്.യു.ആർ.റ്റി.ഐ) പ്രകാരം കയർമേഖലയിലെ ക്ലസ്റ്റർ വികസന പരിപാടി കയർബോർഡ് നടപ്പിലാക്കിവരുന്നു. മാനദണ്ഡമനുസരിച്ച് ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതും പദ്ധതികളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായം നേടാവുന്നതുമാണ്. കേന്ദ്രസഹായത്തിന് തുല്യമായ തുക സംസ്ഥാന വിഹിതമായി നൽകിയിരിക്കുന്നു. ഇത് പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.

**(ബി) കയർ കൺസോർഷ്യം**

കയർമേഖലയുടെ രണ്ടാംഘട്ട പുനഃസംഘടന വിജയകരമായി നടപ്പിലാക്കുന്നതിന് തൊണ്ട് ശേഖരണം പ്രഥമ അടിസ്ഥാന പ്രവർത്തിയാണ്. ഡിഫൈബറിംഗ് യൂണിറ്റുകളുടെ യന്ത്ര വൽക്കരണത്തിന് അനുസരിച്ച് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ഇതുമൂലമാണ് ലഭ്യമാകുന്നത്. സംസ്ഥാനത്ത് കയർമേഖലയിൽ സ്വയംപര്യാപ്തതയും ഗുണമേന്മയും നേടുന്നതിന് യന്ത്രവത്ക്കരണത്തെയും സാങ്കേതിക വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു സ്ഥാപന സംവിധാനം അത്യന്താപേക്ഷിതമാണ്.

2021-22 ബജറ്റിൽ ക്ലസ്റ്റർ വികസന പരിപാടിക്കും, കൺസോർഷ്യം രൂപവത്കരിക്കുന്നതിനുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2.കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും/കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവത്കരണവും**

**(വിഹിതം: 4157.00 ലക്ഷം രൂപ)**

മികച്ച നിലവാരമുള്ള വൈവിധ്യമാർന്ന കയർ ഉൽപ്പന്നങ്ങളുടെ ആഗോള ആവശ്യം നിറവേറ്റുന്നതിനും മറ്റ് ഫൈബർ ഉൽപന്നങ്ങളിൽ നിന്നുള്ള വില മാത്സര്യം നേരിടുന്നതിനും ഈ മേഖലയെ പ്രാപ്തമാക്കുന്നതിനായി കയർ വ്യവസായത്തെ ആധുനികവത്കരിക്കുകയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

**എ) പൊതുമേഖലാ സ്ഥാപനങ്ങൾ** : കയർഫെഡ്, കെഎസ്സിസി, ഫോമിൽ, കെഎസ്സി എംഎംസി, തുടങ്ങിയ കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം, നവീകരണം, സാങ്കേതികവിദ്യ നവീകരണം എന്നിവ ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ബി) സഹകരണ മേഖല:** അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ (ഈ.ടി.പി), കോമൺ ഫെസിലിറ്റി സെന്ററുകൾ, പ്ലാന്റ്, മെഷിനറികൾ, ഉപകരണങ്ങൾ എന്നിവക്കും, സാങ്കേതികവിദ്യയുടെ നിലവാരം ഉയർത്തുന്നതിനും, സഹകരണ മേഖലയിലെ നെയ്ത്ത്, ഡി-ഫൈബറിങ് എന്നിവയ്ക്കും സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവന പദ്ധതികൾ, മാർജിൻ മണി, എന്നിവ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ ഈ പ്രവർത്തനങ്ങൾക്കായി 1157.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സി) സംരംഭകർ:** തൊണ്ട് സംഭരണത്തിനായി ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കൽ ഡിഫൈറിംഗ് യൂണിറ്റുകളുടെ വിന്യാസം വർദ്ധിപ്പിക്കൽ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കൽ, സംരംഭക മോഡിൽ പിവിസി ടഫ്റ്റഡ് യൂണിറ്റുകളും, പ്രോസസ് ചെയിനിലെ അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള സഹായം എന്നിവ ഉൾപ്പെടുന്നു. നെയ്ത്ത് – ഇതര കയർ ജിയോ ടെക്സ്റ്റൈൽസ്, ഓട്ടോമൊബൈൽസിനായി കയർ കമ്പോസിറ്റുകൾ/ഇഞ്ചക്ഷൻ മോൾഡ്സ് കയർ, കയർ കോമ്പോസിറ്റ് ബോർഡുകൾ, കയർ പ്ലൈ, കയർ തടി ഉൽപന്നങ്ങൾ, സൂചി പഞ്ച് യൂണിറ്റുകൾ എന്നിവ സംരംഭക മോഡിൽ കയർ നെയ്ത്തിതര മേഖലയിലെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സഹായം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങഅൾക്കായി 2021-22 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2021-22 ബജറ്റിൽ മേൽ വിവരിച്ച പ്രവർത്തനങ്ങൾക്ക് ആകെ 4157.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3.പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും**

**(വിഹിതം:300.00 ലക്ഷം രൂപ)**

കയർ വികസന വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലെ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്കും മറ്റ് തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- എ) കയർ വികസന വകുപ്പ്, കയർഫെഡ്, കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും, കയർ തൊഴിലാളികൾക്കും കയർ മേഖലയിലെ ഏറ്റവും പുതിയ വികസന/ ഗവേഷണ, കണ്ടുപിടുത്തങ്ങൾ എന്നിവയിൽ പരിശീലനം നൽകുക.
- ബി) സൊസൈറ്റികളുടെ മെച്ചപ്പെട്ട നടത്തിപ്പിനായി സൊസൈറ്റി പ്രവർത്തകർക്കും കയർ സഹകരണ സംഘത്തിലെ തൊഴിലാളികൾക്കും പരിശീലനം നൽകൽ, നൈപുണ്യവികസനം, ഉൽപ്പന്നങ്ങളിൽ ഗുണനിലവാരം ഉറപ്പ് നൽകുന്നതിനുള്ള പരിശീലനം, സംരംഭകത്വ വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു .
- സി) ഐടി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കി വകുപ്പിന്റെ ആധുനികവത്കരണം, ഹാർഡ്വെയറും സോഫ്റ്റ് വെയറും വാങ്ങൽ, എഎംസി, വെബ്സൈറ്റിന്റെ പരിപാലനം, നെറ്റ് കണക്ഷനുകൾ തുടങ്ങിയ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ.
- ഡി) കയർ മേഖലയുടെ രണ്ടാം പുനഃസംഘടന നിരീക്ഷിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കൽ

2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം**

**(വിഹിതം: 714.00 ലക്ഷം രൂപ)**

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കയർമേഖലയുടെ മൊത്തത്തിലുള്ള അഭിവൃദ്ധി ലക്ഷ്യമിട്ട് കൊണ്ട് വകുപ്പിനാലും പുറംകരാറുകളാലും ഗവേഷണ വികസന പരിപാടികൾ ഏറ്റെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. യന്ത്രവൽക്കരണത്തിലും സാങ്കേതിക വിദ്യയിലും നൂതന ആശയങ്ങൾ ആവിഷ്കരിക്കുക, മികച്ച മൂല്യവർദ്ധനവോടെ വൈവിധ്യമാർന്ന കയറുല്പന്നങ്ങളുടെ നിർമ്മാണം, ഉത്പന്ന ഡിസൈൻ വികസനം, പ്രൊഫഷണലുകളുടേയും സാങ്കേതിക വിദഗ്ദരുടെയും സേവനം സ്വീകരിക്കുക, ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും ഉള്ള ഗ്രാന്റ്, അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തൽ, എൻ.സി.ആർ.എം.ഐയുടെ പ്രോജക്ടുകളെ അടിസ്ഥാനമാക്കിയ ചെലവുകൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രശ്നാധിഷ്ഠിത ഗവേഷണ വികസന പ്രവർത്തനങ്ങൾ, ചകിരി നാര് വേർതിരിക്കുന്ന പ്രക്രിയ മെച്ചപ്പെടുത്തൽ, മലിനീകരണം കുറഞ്ഞ രീതിയിലുള്ള തൊണ്ട് കുതിർക്കൽ, ഉല്പാദന പശ്ചാത്തല സൗകര്യങ്ങൾ ആധുനികവൽക്കരിക്കൽ പുതിയ ഉല്പന്നങ്ങൾ/നടപടിക്രമങ്ങളുടെ വികസനം, ഉല്പന്ന വൈവിദ്ധ്യവൽക്കരണം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകേണ്ടതാണ്.

2021-22 ബജറ്റിൽ 714.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**5. വിപണനം, പരസ്യപ്രചാരണ വ്യാപാര എക്സിബിഷനുകൾ മുതലായവയും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായവും**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കയർ മേഖലയുടെ സമഗ്ര വികസനത്തിനായി കയർ മേഖലയിലെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും വിപണനം ശക്തിപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാന ദേശീയ, അന്താരാഷ്ട്ര തലത്തിൽ കയർ കേരള ഉൾപ്പെടെ വ്യാപാര മേളകൾ സംഘടിപ്പിക്കുന്നതിനും അവയിൽ പങ്കെടുക്കുന്നതിനും,കയർ സഹകരണ സംഘങ്ങൾക്കും, കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ മേഖലയിലെ മറ്റ് സ്ഥാപനങ്ങൾക്കും, വകുപ്പിനും, മേളകൾ, പ്രദർശനങ്ങൾ, ക്രയ വിക്രയ സംഗമം, നടത്തുന്നതിനും, പദ്ധതികളുടെ/പ്രവർത്തനങ്ങളുടെ പ്രചരണം, പഠനം നടത്തൽ, പദ്ധതി പ്രവർത്തനങ്ങളുടെ രേഖ/പ്രമാണം തയ്യാറാക്കൽ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, സെമിനാർ/ബോധവൽക്കരണ ക്യാമ്പ്/വർക്ക്ഷോപ്പ് തുടങ്ങിയവ നടത്തുന്നതിനും അവാർഡുകളും/സ്കോളർഷിപ്പും വിതരണം ചെയ്യുന്നതിനും, കയർ ദിനാചരണം നടത്തുന്നതിനും വിനിയോഗിക്കുന്നതിനുമാണ് ബജറ്റിൽ വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്.

കയറും മറ്റ് അനുബന്ധ ഉല്പന്നങ്ങളുടേയും കമ്പോളം വിപുലപ്പെടുത്തുന്നതിനായി പുതുതായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി ആകെ വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാം. വിവിധ സംസ്ഥാനങ്ങളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പ്രദർശനശാലകളുടെ ഡിസൈൻ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയും, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷോറും നവീകരണത്തിനുള്ള തുല്യ വിഹിതമായും കൂടാതെ, ആലപ്പുഴയിൽ കയർ മ്യൂസിയം സ്ഥാപ്പിക്കുന്നതിനുമായി ആകെ വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. 2021-22 വാർഷിക ബജറ്റിൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**6.കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാന തുല്യ വിഹിതം)**

**(വിഹിതം:700.00 ലക്ഷം രൂപ)**

സഹകരണ സംഘങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയറുൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, വിപണനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കുക എന്നിവ ഈ പദ്ധതിയുടെ ഉദ്ദേശമാണ്. പ്രചാരണം, വില്പനശാലകളുടെ നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, നൂതന വിപണന തന്ത്രങ്ങൾ, ഇ-കൊമേഴ്സ് സൗകര്യങ്ങൾ തുടങ്ങൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്ക് ഭാരത സർക്കാർ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് ഉപയോഗിക്കാവുന്നതാണ്. കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങളുടേയും കയർമേഖലയുടെയും ആകെ വിറ്റുവരവ്, ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ് തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യ ശൃംഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ ഘടകങ്ങളെ ആധാരമാക്കി ധനസഹായം നൽകണം. വില സ്ഥിരതാ പദ്ധതി, ഇൻകം സപ്പോർട്ട് സ്കീം എന്നിവ പോലെയുള്ള സമാന പദ്ധതികളിലെ ഗുണഭോക്താക്കളെ

ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇന്ത്യാ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ധനസഹായത്തന്റെ തുല്യ സംസ്ഥാന വിഹിതമായും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021–22 ബജറ്റിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ)**

**(വിഹിതം: 400 .00 ലക്ഷം രൂപ)**

കയർ മേഖലയിൽ കയറുല്പന്നങ്ങളുടെ സ്ഥായിയായ ഉല്പാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക സഹകരണ സംഘങ്ങൾ, മാറ്റ് ആൻഡ് മാറ്റിംഗ്സ്, അപ്പക്സ് സൊസൈറ്റികൾ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയറിന്റെയും പി.വി.സി., റബ്ബർ അധിഷ്ഠിത കയർ ഉല്പന്നങ്ങളുടെയും ഉല്പാദനവും കയറ്റുമതിയും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. സൊസൈറ്റികൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയറുൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കുക എന്നിവ ഈ പദ്ധതിയുടെ ഉദ്ദേശമാണ്. പാരമ്പര്യ കയർ ഉല്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം എന്നിവയ്ക്കും ഒരു വിഹിതം ഉപയോഗിക്കാവുന്നതാണ്. സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവ്, ഇൻപുട്ട് -ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയുടെ അടിസ്ഥാനത്തിൽ ധനസഹായം നിശ്ചയിക്കാവുന്നതാണ്. പദ്ധതി ധനസഹായത്തിൽ എം.ഡി.എ, ഇൻകം സപ്പോർട്ട് പദ്ധതി പോലെയുള്ള സർക്കാരിന്റെ മറ്റു സമാന പദ്ധതികളിലൂടെയുള്ള ഗുണഭോക്താക്കളെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2021–22 ബജറ്റിൽ 400.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**8. വിലവ്യതിയാന സ്ഥിരതാ ഫണ്ട്**

**(വിഹിതം : 3800.00 ലക്ഷം രൂപ)**

കയർ ഉൽപ്പന്നങ്ങളുടെയും ചകിരിയുടെയും വില സ്ഥിരതയ്ക്കു വേണ്ടി പദ്ധതി ലക്ഷ്യമിടുന്നു. ഉല്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് കയർഫെഡ്, ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോള വിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ഉദ്ദേശിക്കുന്നു. സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപ്പക്സ് സംഘടനകൾ എന്നിവയ്ക്ക് പ്രത്യക്ഷമായും എല്ലാ കയർ തൊഴിലാളികൾക്കും നിയമാനുസൃതമായി കൂലി ഉറപ്പാക്കിക്കൊണ്ട് പരോക്ഷമായും ഗുണം ലഭിക്കുന്നു. കയർഫെഡ്, കെ.എസ്.സി.സി, ഫോമിൽ എന്നിവ മുഖാന്തിരം വാങ്ങുന്ന സാമഗ്രികൾക്ക് സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവ്, ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം എന്നിവ കണക്കാക്കി ധനസഹായം നിശ്ചയിക്കാവുന്നതാണ്. മൂല്യ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽ മറ്റ് സമാന പദ്ധതികളിൽ നിന്നും ആവർത്തിച്ച് ധനസഹായം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2021–22 ബജറ്റിൽ 3800.00 ലക്ഷം രൂപ മേൽപ്പറഞ്ഞ പ്രവർത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

**9. കയർ ഭൂവസ്ത്ര വികസന പരിപാടി**

**(വിഹിതം 42.00 ലക്ഷം രൂപ)**

മണ്ണൊലിപ്പ് തടയാൻ കഴിയുന്ന പ്രകൃതി സൗഹൃദമായ പരിഹാരമാണ് കയർ ഭൂവസ്ത്രം. മാതൃക പ്രോജക്ടുകൾ നടപ്പാക്കുക, സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി കയർ ഭൂവസ്ത്രം ഉൾപ്പെടുത്തുക, ഭൂവസ്ത്രത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഓറിയന്റേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, എന്നിവ സമഗ്ര ഭൂവസ്ത്ര വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (കെ.എസ്.സി.സി), ഫോംമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, (ഫോംമിൽ) ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്പമെന്റ് സൊസൈറ്റി (എ.സി.സി.ഡി.എസ്), നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് (എൻ.സി.ആർ.എം.ഐ), പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് മേഖലകളിൽ കയർ ഭൂവസ്ത്ര പ്രവർത്തനങ്ങൾക്ക് വ്യക്തമായ നേട്ടങ്ങൾ ലക്ഷ്യമിട്ടു കൊണ്ട് പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വിഹിതം നൽകാവുന്നതാണ്. 2021–22 വാർഷിക ബജറ്റിൽ 42.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം**

**(വിഹിതം: 10.00 ലക്ഷം രൂപ)**

കയർ മേഖലയിലെസഹകരണ സംഘങ്ങളുടെ ഓഹരി മൂലധനാടിത്തറ ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. അർഹമായ തുക മുഴുവനും ലഭിക്കാത്ത, നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് നിർദിഷ്ട ഫലങ്ങളോടെ ആധുനികവത്ക്കരണത്തിന്/വൈവിദ്ധ്യവൽക്കരണത്തിന് സാധ്യതയുള്ള പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നു. 2021-22 ബജറ്റിൽ 10.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**11. കയർ വ്യവസായത്തിന്റെ പുനഃസംഘടന – രണ്ടാം ഘട്ടം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ആധുനികവത്കരണവുമായി ബന്ധപ്പെട്ട് വ്യക്തമായ അജണ്ട രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷിതത്വത്തിനുള്ള ഉറപ്പാണ് ഈ ആധുനികവത്കരണനയത്തിന്റെ സവിശേഷമായ പ്രത്യേകത. സംസ്ഥാന ബജറ്റ് വിഹിതം കൂടാതെ എൻസി.ഡി സി വിഹിതവും ഉൾപ്പടെ മൊത്തം 1,444.44 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക. സംഭരണ സാങ്കേതികവിദ്യ, വികേന്ദ്രീകൃത ഫൈബർ വേർതിരിച്ചെടുക്കൽ, പരമ്പരാഗത സ്പിന്നിംഗ്, നെയ്ത്ത് മേഖലയ്ക്കുള്ള സവിശേഷമായ രീതി, വ്യവാസായിക സ്പിന്നിംഗ്- നെയ്ത്ത് മേഖലയുടെ നവീകരണം, വ്യാവസായിക കയർ ഉൽപ്പന്ന വൈവിധ്യവൽക്കരണം കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അഞ്ച് മേഖലകൾ. എൻസിഡിസി അംഗീകരിച്ച പദ്ധതിക്കായി 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപയുടെ ടോക്കൺ വ്യവസ്ഥ നല്കിയിട്ടുണ്ട്.

**12. കയർ പ്രോജക്ട് ഓഫീസുകളുടെ നവീകരണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

നല്ല തൊഴിൽ അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ട് കയർ മേഖലയുടെ ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനായി അഡ്മിനിസ്ട്രേഷൻ, ഗവേണൻസ് ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. വിവിധ ജില്ലകളിലെ പ്രൊജക്ട് ഓഫീസുകളിൽ നടപ്പാക്കേണ്ട സിവിൽ, എംഇപി, ഐടി, അനുബന്ധ ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ നവീകരണം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ. 2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**VI. ഖാദി ഗ്രാമ വ്യവസായങ്ങൾ**

കേരളത്തിലെ പരമ്പരാഗത വ്യവസായമായ ഖാദി വ്യവസായം 8400 നൂൽ നൂൽക്കൽ തൊഴിലാളികൾക്കും 5200 നെയ്ത്തുകാർക്കും ഖാദി ബോർഡ് നേരിട്ട് നടത്തുന്നതും അംഗീകരിച്ച ഖാദി സ്ഥാപനങ്ങളുടെയും വിവിധ ഉൽപാദന യൂണിറ്റുകളിലുമായി തൊഴിൽ പ്രദാനം ചെയ്യുന്നു. പരുത്തി നൂൽ സംസ്കരണം, നെയ്ത്ത് നൂൽ സംസ്കരണം, മേഖലയുടെ മൂല്യ വർധനവ്, ഗ്രാമ വ്യവസായ മേഖലയ്ക്കുള്ള പ്രോത്സാഹനം എന്നിവ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ യഥാർത്ഥ പ്രവർത്തനങ്ങളിൽപ്പെടുന്നു

മൂല്യശൃംഖലയിലെ വിവിധ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തൊഴിൽ, ന്യായമായ വേതനം, സുസ്ഥിരമായ തൊഴിൽ ഉറപ്പുവരുത്തൽ എന്നിവയാണ് ഖാദി ഗ്രാമ വ്യവസായ മേഖലയിലെ വിവിധ പദ്ധതികളുടെ പ്രധാനലക്ഷ്യങ്ങൾ.

2021-22 ബജറ്റിൽ ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് കീഴിൽ 1610.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ 95 ശതമാനവും വനിതാ തൊഴിലാളികളാണ്, കൂടാതെ പദ്ധതികൾ വനിതാ സംരംഭകത്വ വികസനത്തിന് പ്രാധാന്യം നൽകുന്നു. ഖാദി മേഖലയുടെ പുനരുജ്ജീവനത്തിനും മൂല്യവർദ്ധനവിനും നവീകരണത്തിനും കൂടുതൽ ഊന്നൽ നൽകുന്നു. ഈ മേഖലയിലെ മൊത്തം പദ്ധതികളുടെ എണ്ണം 13 ആണ്.

**എ.അടിസ്ഥാനസൌകര്യ വികസന പദ്ധതികൾ**

**1. കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റ് വിപുലീകരണവും ആധുനികവൽക്കരണവും**

**(വിഹിതം: 110.00 ലക്ഷം രൂപ)**

ആധുനികവൽക്കരണത്തിലൂടെ പരുത്തി സംസ്കരണ പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും അതിലൂടെ എല്ലാ ഉൽപ്പാദന കേന്ദ്രങ്ങളിലേക്കും സമയ ബന്ധിതമായി

യാതൊരു തടസ്സവുമില്ലാതെ സ്ലൈവർ വിതരണം ചെയ്യുന്നതുമാണ് ഈ പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം. കേരളത്തിലുടനീളം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്വന്തമായി വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ (425 കേന്ദ്രങ്ങൾ, ഇതിൽ 252 എണ്ണം നൂൽനൂൽപ്പ കേന്ദ്രങ്ങളും 173 എണ്ണം നെയ്ത്തുകേന്ദ്രങ്ങളുമാണ് )ഉണ്ട്. നൂൽ ഉൽപ്പാദിപ്പിക്കുന്നതിനുപയോഗിക്കുന്ന അസംസ്കൃത വസ്തുവാണ് സ്ലൈവർ. സംസ്ഥാനത്തെ വകുപ്പുതല ഉൽപാദന കേന്ദ്രങ്ങൾക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും മിതമായ നിരക്കിൽ നല്ല നിലവാരമുള്ള സ്ലൈവർ വിതരണം ചെയ്യാൻ എറ്റുക്കുടുക്കയിലെ പരുത്തി സംസ്കരണ യൂണിറ്റ് ലക്ഷ്യമിടുന്നു. ഈ ആവശ്യകത നിറവേറ്റുന്നതിന്, എറ്റുക്കുടുക്കയിലെ കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റ് വിപുലീകരിക്കുകയും നവീകരിക്കുകയും വേണം. കാർഡിംഗ് മെഷീൻ, സിംപ്ലക്സ് മെഷീന്റെ ഡ്രാഫ്റ്റ് സോൺ പരിഷ്കരണം, ഹ്യുമിഡിഫിക്കേഷൻ പ്ലാന്റ്, ബേൽ ഷിഫ്റ്റിംഗിനായി ലിഫ്റ്റിംഗ് ഫോർക്ക്, ആക്സസറികളുള്ള സ്ക്രൂ ടൈപ്പ് കംപ്രസർ, കാർഡിംഗിനായുള്ള പൈപ്പ് ലൈൻ വർക്ക്, ബ്ലോ റൂം എക്സ്ഹോസ്റ്റർ, ച്യൂറ്റ്ഫീഡിംഗ് സൗകര്യമുള്ള ബ്ലോ റൂം, ക്ലസ്റ്റർ വീലുള്ള ക്യാനുകൾ, വൈദ്യുതീകരണം, ഇൻസ്റ്റാളേഷൻ ചെലവ്, മറ്റ് പ്രാരംഭ പ്രവർത്തന ചെലവുകൾ, ഫാക്ടറി പരിസരം നവീകരിക്കൽ എന്നിവയാണ് 2018-19 മുതൽ ബജറ്റിൽ ആസൂത്രണം ചെയ്തതും നിർദ്ദേശിച്ചതുമായ നവീകരണ പ്രവർത്തനങ്ങൾ. ഈ ഘടകങ്ങൾക്കായി 2018, 2019, 2020 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചു.

2021-22ൽ സ്പിൽ ഓവർ ചെലവുകൾക്കും പുതിയ പ്രോജക്ടുകൾ ചേർക്കുന്നതിനുമായി മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു .

**2. ഖാദിബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓഫീസിന്റെയും ജില്ലാ ഓഫീസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ഫയലിംഗ് ,ഇ-ട്രാക്കിംഗ് ,വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള ഓഫീസ് ഓട്ടോമേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.വിൽപ്പന, സംഭരണ ശാലകൾ, ഔട്ട്ലെറ്റുകൾ എന്നിവയുടെ നടത്തിപ്പിനായി ബോർഡ് ഇതിനകം തന്നെ സോഫ്റ്റ വെയറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എച്ച്ആർ മാനേജ്മെന്റിനും അക്കൗണ്ടുകൾക്കുമായുള്ള പുതിയ മൊഡ്യൂളുകൾ സി-ഡാക്കിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തു. 2021-22 ൽ ഐടി വകുപ്പുമായി കൂടിയാലോചിച്ച് ഒരു ഐടി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി അക്കൌണ്ടിംഗ്, എച്ച്ആർ മാനേജ്മെന്റ്, സ്റ്റോക്ക്, വിൽപ്പന, മാർക്കറ്റിംഗ്, മറ്റ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ബിസിനസ് പ്രവർത്തനങ്ങളും ബാക്ക് എൻഡ് ഓഫീസ് പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഖാദി ബോർഡിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഐടി സോഫ്റ്റ് വെയർ, ഹാർഡ്‌വെയർ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന എല്ലാ പ്രവർത്തനങ്ങൾക്കും 2021-22 ബജറ്റിൽ 50.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

**3. ഖാദിബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെയും സംഭരണശാല കളുടെയും ആധുനികവൽക്കരണം**

**(വിഹിതം : 50.00 ലക്ഷം രൂപ)**

ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിൽപ്പന മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നതിനും അതിലൂടെ ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണി ശക്തീകരിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെയും/ഖാദി ഗ്രാമ സൗഭാഗ്യയുടെ സംഭരണ ശാലകളുടെയും നവീകരണവും ആധുനികരണവും, പ്രധാന വിൽപ്പന ശാലകളിൽ സ്റ്റിച്ചിംഗ് മെഷീനുകളും ട്രയൽ റൂമുകളും അവതരിപ്പിക്കുന്നതും പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4. വകുപ്പ് തല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും.**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന 425 ഖാദി ഉത്പാദന കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്.അത്യാധുനിക അടിസ്ഥാനസൌകര്യങ്ങളും നൂതന സാങ്കേതികവിദ്യകളും ഉപയോഗിച്ച് ഈ ഉൽപാദന കേന്ദ്രങ്ങൾ നവീകരിക്കേണ്ടതുണ്ട്. ഖാദി ഉൽപാദന കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചുള്ള നവീകരണ/സാങ്കേതിക നവീകരണ പ്രവർത്തനങ്ങളിലൂടെ ഇത് കൈവരിക്കാനാകും 1.പ്രീ ലൂം പ്രോസസ്സിംഗ്, 2.സ്പിന്നിംഗ്, 3. നെയ്ത്ത്, 4. പൊതു സൌകര്യ സേവന കേന്ദ്രങ്ങൾ 5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ 6. മസ്ലിൻ, സിൽക്ക് തുടങ്ങി പുതിയ ഉൽപ്പന്നങ്ങളുമായി പൊരുത്തപ്പെടുന്നതിന് സാങ്കേതിക നവീകരണം, വർക്ക് ഷെഡുകളുടെ നവീകരണം, പ്രീലൂം പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യ നവീകരിക്കൽ, സ്പിന്നിംഗ്, നെയ്ത്ത്, പൊതു സൌകര്യ സേവന കേന്ദ്രങ്ങൾ, വനിതാ സൗഹൃദ തൊഴിലിടങ്ങൾ,അനുബന്ധ സൗകര്യങ്ങൾ എന്നിവയാണ് ആസൂത്രണം

ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ. ഗുണനിലവാരവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ച് പരമ്പരാഗത സംസ്കാരത്തെയും അടിസ്ഥാന തത്വത്തെയും ബാധിക്കാതെ വ്യവസായത്തെ പൂർണ്ണമായും മാറ്റുക എന്നതാണ് ആത്യന്തിക ഉദ്ദേശ്യം. ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമായ ലക്ഷ്യങ്ങളും നിരീക്ഷിക്കാവുന്ന ടാർജെറ്റുകളുമുള്ള വിശദവും സമഗ്രവുമായ പ്രോജക്ട് നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം .

2021–22 ബജറ്റിൽ 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 15 ലക്ഷം രൂപ ഉൽപ്പാദന കേന്ദ്രങ്ങളിലെ വനിതാ തൊഴിലാളികളുടെ അടിസ്ഥാന സൌകര്യങ്ങൾക്കാണ്.

**5.വകുപ്പ് തല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും**

**(വിഹിതം:50.00 ലക്ഷം രൂപ)**

മൂല്യവർദ്ധന പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് കീഴിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. പത്തനംതിട്ടയിലെ സോപ്പ് യൂണിറ്റിന്റെ നവീകരണവും നിലവിലുള്ള യൂണിറ്റുകളിൽ പുതിയ മൂല്യവർദ്ധന പ്രവർത്തനങ്ങളും ഇതിൽപ്പെടുന്നു. 2021–22 ബജറ്റിൽ 50.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**6. തേനീച്ച വളർത്തൽ വ്യവസായവികസനം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഖാദിഗ്രാമ വ്യവസായ ബോർഡ് തേനീച്ചയോട്കൂടിയ തേനീച്ചക്കൂട്ടുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും തേനീച്ച വളർത്തലിൽ പരിശീലനം നൽകുകയും ചെയ്യുന്നു. പത്തനംതിട്ട എറണാകുളം കോഴിക്കോട് എന്നീ ജില്ലകളിൽ ഖാദി ബോർഡിന്റെ കായികമായി പ്രവർത്തിപ്പിക്കുന്ന തേൻ സംസ്കരണ ശാലകൾ പ്രവർത്തിക്കുന്നു.

2021–22 ബജറ്റിൽ 20.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**ബി.പരിശീലന /നൈപുണ്യ വികസന പദ്ധതി**

**7.വാർത്താ വിതരണവും പ്രചരണവും പരിശീലനവും**

**(വിഹിതം:100.00ലക്ഷംരൂപ.)**

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ ജനപ്രിയമാക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനും വ്യാപിപ്പിക്കുന്നതിനും വിപുലമായ മാർക്കറ്റ് പ്രൊമോഷൻ പ്രവർത്തനങ്ങൾ ആവശ്യമാണ്. സംസ്ഥാനത്തൊട്ടാകെ വിവിധ ആധുനിക, വൈവിധ്യ ഉൽപന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും ഖാദി ബോർഡ് ഏർപ്പെട്ടിരിക്കുന്നു. ഉയർന്ന മത്സരാധിഷ്ഠിതമായ ആധുനിക വിപണനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഈ ഉൽപ്പന്നങ്ങളുടെ പ്രചാരണവും ജനപ്രിയതയും വളരെ പ്രധാനമാണ്.

ഓഡിയോ വിഷ്വൽ, പ്രിന്റ് മീഡിയ വഴിയുള്ള പ്രചാരണ വിപണന പ്രവർത്തനങ്ങളും , ഗാന്ധി ജയന്തി ക്വിസ് മത്സരം, ഖാദി ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കുക, എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും ശേഷിയും വർദ്ധിപ്പിക്കൽ, ഉൽപാദന കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് വാർപ്പിംഗ്, സ്പിന്നിംഗ്, നെയ്ത്ത്, പ്രിന്റിംഗ്, ഖാദിയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയിലുള്ള പരിശീലനവും, ഗ്രാമ വ്യവസായ മേഖലയിലെ സമാനമായ പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2021–22 ബജറ്റിൽ 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു, ഇതിൽ 70 ലക്ഷം രൂപ പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും മാത്രമുള്ളതാണ്,കൂടാതെ ഇതിന്റെ പ്രയോജനം 70% വനിതാ നെയ്ത്തുകാർക്കും തൊഴിലാളികൾക്കും ലഭിക്കും.

**സി.സാമ്പത്തിക ഉത്തേജന/പിന്തുണ പദ്ധതികൾ**

**8. ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന പ്രോത്സാഹനവും ഉത്സവബത്തയും**

**(വിഹിതം 500.00 ലക്ഷം രൂപ)**

ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന പ്രോത്സാഹനവും ഖാദി കൈത്തൊഴിലാളികൾക്ക് ഉത്സവബത്തയും നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.മേഖല/സ്ഥാപനങ്ങളിലെ വാർഷിക ഉൽപാദന, വിൽപന വിറ്റുവരവ്, ഉൽപ്പന്നങ്ങളിലെ മൂല്യവർദ്ധനവ്, മൂല്യ ശൃംഖലയിലെ ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ് കണക്കാക്കി തൊഴിൽ സൃഷ്ടിക്കൽ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇത് കണക്കാക്കുന്നത്. എല്ലാ വർഷവും ഖാദി കരകൌശലത്തൊഴിലാളികൾക്കും ഖാദി നൂൽ നൂൽപ്പുകാർക്കും ഉത്സവ പ്രോത്സാഹനം സർക്കാർ പ്രഖ്യാപിക്കുന്നു, പ്രത്യേകിച്ചും ഓണം സീസണിൽ, ഉൽപാദന ആനുകൂല്യങ്ങളും നൽകുന്നു. മൂല്യ

ശൃംഖലയിലെ മറ്റേതെങ്കിലും പദ്ധതികളിലൂടെ നൽകിവരുന്ന സഹായ വിതരണ ഇരട്ടിപ്പ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**9. ഖാദിസഹകരണ സംഘങ്ങൾക്ക് /സ്ഥാപനങ്ങൾക്ക് ധനസഹായം**

**(വിഹിതം 150.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഖാദി വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഖാദി സഹകരണ സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും നവീകരണ പ്രവർത്തനങ്ങളിലൂടെ ഇത് കൈവരിക്കാനാകും 1. പ്രീ ലൂം പ്രോസസ്സിംഗ്, 2.സ്പിന്നിംഗ് 3.വീവിംഗ് 4.മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ 5. വ്യാവസായിക ഇൻഫ്രാസ്ട്രക്ച്ചർ 6. മസ്ലിൻ ഉത്പാദനം 7. സിൽക്ക് ഉത്പാദനം 8.പൊതു സൌകര്യ സേവന കേന്ദ്രങ്ങൾ എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നത്. സമഗ്രമായ പുനരുജ്ജീവന പാക്കേജുകളെ അടിസ്ഥാനമാക്കി, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക,അടിസ്ഥാന സൗകര്യവികസനം,പ്രീ ലൂം പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യ നവീകരിക്കൽ, സ്പിന്നിംഗ്, നെയ്ത്ത്, സ്ത്രീ സൗഹാർദ്ദ തൊഴിലിടങ്ങൾ, മസ്ലിൻ, സിൽക്ക് എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തുക, തുടങ്ങിയവയിലൂടെ 2020-21 ൽ ഖാദി സഹകരണ സംഘങ്ങളെയും സ്ഥാപനങ്ങളെയും പുനരുജ്ജീവിപ്പിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. മറ്റ് വിവിധ കേന്ദ്ര സർക്കാർ,തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലൂടെയുള്ള സഹായ വിതരണത്തിൽ ഇരട്ടിപ്പ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 150.00.ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**10. ഖാദിഗ്രാമം പരിപാടി**

**(വിഹിതം: 70.00 ലക്ഷം രൂപ)**

മത്സരാധിഷ്ഠിത വിലയ്ക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളിലൂടെ മിനിമം വേതനവും സുസ്ഥിര തൊഴിലും ഉറപ്പാക്കുന്ന പുതിയ തൊഴിൽ സൃഷ്ടിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ത്രീകൾ, ശാരീരിക ബൗദ്ധിക വൈകല്യമുള്ളവർ, തുടങ്ങി ദുർബല വിഭാഗത്തിൽപ്പെട്ട 5000 പേർക്ക് ക്ലസ്റ്റർ മാതൃകയിൽ 3000 ചർക്കകളും 2000 തറികളുംസ്ഥാപിച്ചുകൊണ്ട് പതിമൂന്നാം പഞ്ചവത്സര കാലയളവിൽ പുതിയ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

എ) പുതിയ തറികൾ സ്ഥാപിക്കുകയും 50% വനിതാ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് ഖാദി തൊഴിലാളികൾക്ക് നൈപുണ്യ പരിശീലനവും സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൽകുക.

ബി) നിലവിലുള്ള തറികൾ, അവയുടെ ഘടക ഭാഗങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, പ്രാരംഭ ഉൽപാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ, നൈപുണ്യവികസനം, 50 ശതമാനം വനിതാ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് ഖാദി മേഖലയിലെ ചോദനത്തിന്റെ നേട്ടങ്ങൾ കൊയ്യുന്നതിന് സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുക.

2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11.ഖാദി പട്ടുനൂൽ വീവിംഗ് പദ്ധതി**

**(വിഹിതം: 60.00ലക്ഷം രൂപ)**

ഖാദി പട്ടിന് കേരളത്തിലുടനീളം നല്ല വിപണിയുണ്ട്. കേരളത്തിലെ ഖാദി ഉൽപ്പന്നങ്ങളുടെ മൊത്തം വിൽപ്പനയുടെ 30% ഖാദി സിൽക്കാണ്. എന്നാൽ സംസ്ഥാനത്ത് പട്ടിന്റെ ഉൽപ്പാദനം താരതമ്യേന കുറവാണ്. ഖാദി സിൽക്ക് നെയ്ത്ത് മേഖലയെ ശക്തിപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. അരുവിക്കര, പൂഴിക്കുന്ന്, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിൽ നിലവിലുള്ള ഖാദി സിൽക്ക് നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്താനും തറികൾ, ആക്സസറികൾ, സാങ്കേതിക നവീകരണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഖാദി സിൽക്കിന്റെ ഉത്പാദനം വർദ്ധിപ്പിക്കാനും ബോർഡ് ഉദ്ദേശിക്കുന്നു.

2021-22 ബജറ്റിൽ പദ്ധതിയുടെ വിഹിതമായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. പ്രത്യേക തൊഴിൽദാന പരിപാടി**

**(വിഹിതം: 200.00 ലക്ഷം രൂപ)**

നഗര ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ബാങ്ക് ധന സഹായം ലഭ്യമാക്കുന്ന പദ്ധതികൾക്കായി ചെറുകിട സംരംഭകർക്കും പരമ്പരാഗത തൊഴിലാളികൾക്കും വ്യവസായ വാണിജ്യ വകുപ്പ് അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രൊജക്ട് വിശകലനം ചെയ്ത് മാർജിൻ മണി സബ്സിഡി നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഈവർഷം പദ്ധതി നടപ്പിലാക്കാൻ ഖാദിഗ്രാമ ബോർഡ് മുൻവർഷങ്ങളിലെ പരിപാടികളുടെ പ്രകടനം വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകൾ മാർഗരേഖയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. 2021-22

കാലയളവിൽ 700 പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകളും 3500 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. 50 ശതമാനം വനിതാ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് അർഹരായ സംരംഭകർക്ക് മാർജിൻ മണി (സബ്സിഡി), ഇഡിപി പരിശീലനം, വിപണന സൗകര്യങ്ങൾ എന്നിവ ബോർഡ് നൽകും.

2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .

**13 ഗ്രാമോദയ ഖാദി ക്ലസ്റ്റർ പരിപാടി (പുതിയത് )**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഖാദി ഉൽപാദനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന 29 ഖാദി സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. 7629 നൂൽനൂൽക്കുന്നവരും 5578 നെയ്ത്തുകാരും ഖാദി മേഖലയിൽ ജോലി ചെയ്യുന്നു. ഈ പദ്ധതിയിലൂടെ കേരളത്തിലെ ഖാദി കരകൌശല ത്തൊഴിലാളികളുടെ തൊഴിൽ നില മെച്ചപ്പെടുത്തുന്നതിനായി ക്ലസ്റ്റർ അധിഷ്ഠിത വികസന പദ്ധതി നടപ്പാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. പ്രതിവർഷം 8 ക്ലസ്റ്ററുകളോടുകൂടിയുള്ള ഒരു ബഹുവർഷ പ്രോഗ്രാമായാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓരോ ക്ലസ്റ്ററിന്റെയും പരിധിയിൽ കെകെവിബി, കെവിസി, എൽഎസ്ജിഡി എന്നിവയ്ക്ക് കീഴിൽ നിലവിലുള്ള എല്ലാ ഖാദി യൂണിറ്റുകളുടെയും ഏകോപനം ഈ പദ്ധതി വിഭാവനം ചെയ്യുന്നു, ഒപ്പം ഓരോ ക്ലസ്റ്ററിലും നിലവിലുള്ള യൂണിറ്റുകൾ നവീകരിക്കാനും തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുള്ള ഏകീകൃത വികസന പദ്ധതി നടപ്പിലാക്കും. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഖാദി കരകൌശലത്തൊഴിലാളികളെ ഉൾക്കൊള്ളുന്നതിനും പുതിയ വർക്ക് ഷെഡുകൾ ആവശ്യമാണ്. കേന്ദ്രമേഖലയിലെ സഹായം കെവിഐസി മുഖേന "ഖാദി കരകൌശലത്തൊഴിലാളികൾക്കായുള്ള വർക്ക് ഷെഡ് പദ്ധതി" (കേന്ദ്ര പദ്ധതി -സ്പ്പ്രതി)യിൽ നിന്ന് ലഭിക്കുന്നു. അടിസ്ഥാന സൌകര്യ വികസനം, പരിശീലനം, വിപണന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള ഫണ്ട് സംസ്ഥാന സർക്കാരിൽ നിന്ന് ലഭിക്കും. 2021-22 ൽ സംസ്ഥാന സർക്കാരിൽ നിന്നും പ്രാഥമിക സഹായമായ അസംസ്കൃത വസ്തുക്കളുടെ സഹായവും സാങ്കേതിക സഹായവും, 8 ഗ്രൂപ്പ് വർക്ക് ഷെഡുകൾക്കുള്ള സഹായം കെവിഐസി, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയിൽ നിന്നുള്ള ധനസഹായത്തോടെ നൽകാനും ബോർഡ് ഉദ്ദേശിക്കുന്നു.

2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്

**VII. കശുവണ്ടി മേഖല.**

ഉയർന്ന കയറ്റമതി മൂല്യമുള്ളതിനാൽ വിദേശനാണ്യം നേടുന്നതിൽ കശുവണ്ടി വ്യവസായം ഒരു പ്രധാന പങ്ക് വഹിക്കുന്നു, കൂടാതെ ഇതിന്റെ സംസ്കരണം കൂടുതൽ തൊഴിൽ അധിഷ്ഠിതമാകയാൽ കൂടുതൽ തൊഴിലവസരങ്ങൾ നല്കുന്നു. ഇന്ത്യയിലെ പ്രധാന കശുവണ്ടി ഉൽപാദകരിൽ ഒന്നാണ് കേരളം. കേരളത്തിലെ കശുവണ്ടി സംസ്കരണത്തിന്റെയും കയറ്റമതിയുടെയും കേന്ദ്രമായി കൊല്ലം ജില്ല അറിയപ്പെടുന്നു. കേരളത്തിൽ ഈ വ്യവസായത്തിൽ 3 ലക്ഷത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നു. അതിൽ 90 ശതമാനത്തിലധികം സ്ത്രീകൾ ആണ്. കേരളത്തിലെ കശുവണ്ടി വ്യവസായം ഇപ്പോൾ പ്രതിസന്ധി നേരിടുകയാണ്. നിരവധി കശുവണ്ടി ഫാക്ടറികൾ പൂട്ടികിടക്കുകയും തൽഫലമായി ആയിരകണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരായിരിക്കുകയുമാണ്.

വേണ്ടത്ര അസംസ്കൃത വസ്തുക്കളുടെ അഭാവം, ഉയർന്ന ഉൽപാദനച്ചെലവ്, നവീകരണത്തിന്റെ അഭാവം, വിപണനത്തിന് പ്രശ്നങ്ങൾ എന്നിവയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് കശുവണ്ടി മേഖലയിലെ പദ്ധതികളുടെ ലക്ഷ്യങ്ങൾ.

തൊഴിൽ നഷ്ടപ്പെടാതെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫാക്ടറികളുടെ യന്ത്രവൽക്കരണം, ആധുനികവൽക്കരണം, കശുവണ്ടി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ഉയർന്ന വിളവ് നൽകുന്ന കശുവണ്ടി തൈകൾ നടുക, പുതിയ വിപണന തന്ത്രങ്ങൾ, മറ്റ് രാജ്യങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ കേരള കശുവണ്ടി ബോർഡ് വഴി വാങ്ങൽ എന്നിവയ്ക്കാണ് ഈ മേഖലയിൽ ഊന്നൽ നൽകിയിരിക്കുന്നത്.

2021-22 ബജറ്റിൽ കശുവണ്ടി മേഖലയ്ക്കായി 5,530.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമനമ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ ) |
|---|---|---|
| 1 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 600 |
| 2 | കാപെക്സ് | 550 |

| ക്രമന മ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ ) |
|---|---|---|
| 3 | കേരളം സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടി വേഷൻ | 650 |
| 4 | കേരള ക്യാഷ്യൂ ബോർഡ് ലിമിറ്റഡ് | 3730 |
| | **ആകെ** | **5530** |

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി)**

സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള കമ്പനിയാണ് കെ.എസ്.സി.ഡി.സി. തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിച്ച് കൊണ്ട് അവർക്ക് പരമാവധി തൊഴിലവസരങ്ങളും നിയമപ്രകാരമുള്ള കൂലിയും, മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി കശുവണ്ടിമേഖലയിൽ ഒരു മാതൃകാ തൊഴിൽദാതാവായി കമ്പനി പ്രവർത്തിക്കുന്നു.

**1. കെ.എസ്.സി.ഡി.സിയുടെ ഫാക്ടറികളുടെ ആധുനിക വത്ക്കരണവും ഭാഗിക യന്ത്രവത്ക്കരണവും**

**(വിഹിതം: 550.00 ലക്ഷം രൂപ)**

പ്രോസസ്സിംഗ് പ്ലാന്റുകൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ കെ.എസ്.സി.ഡി.സിയുടെ ഫാക്ടറികളിലുള്ള സൗകര്യങ്ങൾ വർധിപ്പിച്ചും ആധുനികവൽക്കരിച്ചും ഉത്പാദന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ഉൽപ്പാദനക്ഷമത കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മോഡൽ ഫില്ലിംഗ് സ്റ്റേഷനുകളുടെ സ്ഥാപനം, ഷെല്ലിംഗിലും, പീലിംഗിലും, ഗ്രേഡിങ്ങിലും യന്ത്രവത്കരണം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, മറ്റ് സൗകര്യങ്ങൾ എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ 550.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. സ്ത്രീ തൊഴിലാളികളുടെ പൊതു സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം വകയിരുത്തിയിരിക്കുന്നു.

**2. സി.ഡി.സി ബ്രാൻഡ് ബിൽഡിംഗ്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഈ പദ്ധതി മുഖേന 'സി.ഡി.സി' ബ്രാൻഡഡ് കൺസ്യൂമർ പാക്കറ്റുകളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കേരളത്തിനകത്തും ഇന്ത്യയിലും വിദേശത്തും മെച്ചപ്പെട്ട മാർജിൻ ലഭ്യമാകുന്ന മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങളായ ക്യാഷ്യൂ ബിറ്റ്സ്, കാഷ്യൂ സൂപ്പ്, ക്യാഷ്യൂ പൗഡർ, ക്യാഷ്യൂ വിറ്റ, ചോക്ലേറ്റ് കോട്ടഡ് ക്യാഷ്യൂ എന്നിവയുടെ പ്രോത്സാഹനവുമാണ് വിഭാവനം ചെയ്യുന്നത്. സിഡിസി ബ്രാൻഡിനെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ, ബ്രാൻഡ് ലോയൽറ്റി സൃഷ്ടിച്ച് ഉത്പന്നങ്ങൾ മാർക്കറ്റിൽ പരിപൂർണമായും വിൽപന നടത്തുന്നതിനായി വിവിധങ്ങളായ വിൽപന പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തുക, പ്രധാനപ്പെട്ട ഭക്ഷ്യ എക്സിബിഷനുകളിൽ പങ്കെടുക്കുക, അന്താരാഷ്ട്ര മാർക്കറ്റിൽ വ്യക്തമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പിലാക്കുക, എല്ലാ നിലയിലുമുള്ള വിതരണ ശൃംഖലയിലും സിഡിസി ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യം വച്ചുള്ള പ്രോത്സാഹനം നൽകുക, പ്രാരംഭ വിതരണം, ആധുനിക ട്രേഡ് ഔട്ട്ലെറ്റുകളിൽ ലിസ്റ്റിംഗ് ഫീ, അവശ്യ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പവരുത്തുക, ബ്രാന്റ് രൂപീകരണം എന്നിവയാണ് 2021-22 ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. 2021-22 ബജറ്റിൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപ്പെക്സ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ക്യാപക്സ്)**

വ്യവസായ വകുപ്പിലുള്ള സഹകരണ മേഖലയിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ അപ്പെക്സ് കേന്ദ്രമാണ് ക്യാപക്സ്. അസംസ്കൃത കശുവണ്ടി സംഭരണം, അവ പ്രാഥമിക സൊസൈറ്റികൾക്ക് വിതരണം ചെയ്യൽ, സംസ്കരണം നടത്തിയ കശുവണ്ടിപരിപ്പ് വിപണനം നടത്തി, തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും തൊഴിൽ സുരക്ഷയും നൽകി അവരുടെ കൂലി സംരക്ഷിച്ചുകൊണ്ട് പ്രാഥമിക സഹകരണ സൊസൈറ്റികളുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്തി അവയെ സംരക്ഷിക്കുകയാണ് ക്യാപക്സ് ചെയ്യുന്നത്.

**3. ക്യാപക്സിന്റെ ഫാക്ടറികളുടെ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും**

**(വിഹിതം: 500.00 ലക്ഷം രൂപ)**

സംസ്കരണ പ്ലാന്റുകൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ ഫാക്ടറികളിൽ ഉള്ള സൗകര്യങ്ങൾ വർധിപ്പിച്ചും. ആധുനികവൽക്കരിച്ചും ഉല്പ്പാദന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ഉൽപ്പാദനക്ഷമത കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മോഡൽ ഫില്ലിംഗ് സ്റ്റേഷനുകളും വെയർ ഹൗസുകളും സ്ഥാപിക്കുക, ഷെല്ലിങ് യന്ത്രവൽക്കരണം, പീലിംഗ്, ഗ്രേഡിംഗ് യന്ത്രവത്കരണം, നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണം, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ

എന്നിവയാണ് പദ്ധതിയിൽ പരിഗണിച്ചിരിക്കുന്നത്. 2021-22 ബജറ്റിൽ പദ്ധതിക്ക് 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സ്ത്രീ തൊഴിലാളികളുടെ പൊതു സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം വകയിരുത്തിയിരിക്കുന്നു

**4. ഇന്ത്യയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും മാർക്കറ്റ് അവബോധം സൃഷ്ടിക്കലും (ക്യാപെക്സ്)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ക്യാപെക്സ് തങ്ങളുടെ ബ്രാന്റിന്റെ പേര് "ക്യാപെക്സ് കാഷ്യൂ" എന്ന് പ്രഖ്യാപിക്കുകയും ഉപഭോക്താക്കളെ ലക്ഷ്യമിട്ടുകൊണ്ട് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന്, ആരംഭിക്കുകയും ചെയ്തു. വിപണിയെ ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികളായ എക്സിബിഷനുകൾ, പരസ്യങ്ങൾ, മെച്ചപ്പെട്ട പായ്ക്കിംഗ് രീതികൾ അവലംബിച്ച് ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ലാഭം വർധിപ്പിക്കുക, മനുഷ്യന്റെ ആരോഗ്യത്തിനും ഫ്രാഞ്ചൈസി വിൽപ്പനക്കും പ്രത്യേക മുൻതൂക്കം നൽകിക്കൊണ്ട് പ്രചാരണ പരിപാടി നടത്തുക എന്നിവ ലക്ഷ്യമിടുന്നു. പരസ്യം, പ്രചാരണ പ്രവർത്തനങ്ങൾ, വിൽപ്പന പ്രോത്സാഹന പ്രവർത്തനങ്ങൾ എന്നിവയാണ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. ഗവൺമെൻറ് ഔട്ട്ലെറ്റുകൾ, എക്സിബിഷനുകൾ തുടങ്ങിയ വിവിധ റിട്ടെയിൽ മാർക്കറ്റ് ശൃംഖലകളിലൂടെ അഭ്യന്തര അന്തർ ദേശീയ വിപണികളിൽ ക്യാപക്സ് ബ്രാന്റഡ് കശുവണ്ടിയുടെ ഉന്നമനത്തിനായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനാണ് പദ്ധതി ലക്ഷയമിട്ടുന്നത്. 2021-22 ബജറ്റിൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെഎസ്.എ.സി.സി)**

ആഭ്യന്തര ഉത്പാദനത്തിലെ കുറവു മൂലം അസംസ്കൃത കശുവണ്ടിയുടെ അപര്യാപ്തതയാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി, മെച്ചപ്പെട്ട രീതിയിൽ അസംസ്കൃത കശുവണ്ടി ഉത്പാദിപ്പിക്കുന്നതിനായി അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകൾ കൃഷിചെയ്ത് ഉത്പാദനക്ഷമത വർധിപ്പിച്ച് സംസ്ഥാനത്തെ കശുമാവ് കൃഷി ചെയ്യുന്ന പ്രദേശങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായിട്ടാണ് കെഎസ്.എ.സി.സി സ്ഥാപിച്ചിട്ടുള്ളത്.

**5. ജൈവ കശുമാവ് കൃഷിയും അസംസ്കൃത കശുവണ്ടി ബാങ്ക് സ്ഥാപിക്കലും**

**(വിഹിതം: 650.00 ലക്ഷം രൂപ)**

കശുവണ്ടി തോട്ടങ്ങൾ സ്ഥാപിക്കുക കശുവണ്ടി പ്ലാന്റേഷൻ, മുറ്റത്തൊരു കശുമാവ് പദ്ധതി, ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് എന്നീ പ്രവർത്തനങ്ങളിലൂടെ ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ കെ.എസ്.എ.സി.സി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ് എന്നിവയുടെ സഹായത്തോടെ ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം പ്രത്യേകമായ ലക്ഷ്യങ്ങളോടും ഉദ്ദേശങ്ങളോടും കൂടി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

**i) മാതൃകാ കശുമാവ് തോട്ടവും മാതൃകാ കശുമാവ് ഫാമും**

അസംസ്കൃത കശുവണ്ടിയുടെ ആഭ്യന്തര ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മാതൃക കശുവണ്ടിത്തോട്ടവും മാതൃക കശുവണ്ടി ഫാമും വികസിപ്പിക്കുകയാണ് പരിപാടി ലക്ഷ്യമിടുന്നത്.

**എ) മാതൃകാ കശുമാവ് തോട്ടം**

മാതൃകാ തോട്ടം വികസിപ്പിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവരുടെ കൈവശമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കും. കശുവണ്ടി മോഡൽ ഗാർഡന് കീഴിൽ സർക്കാർ വകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും തരിശുനിലങ്ങളിൽ തോട്ടങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഉടമസ്ഥാവകാശം മാറ്റാതെ, പുതിയ സാങ്കേതിക വിദ്യകളും അത്യുല്പാദന ശേഷിയുള്ള പലതരം ഗ്രാഫ്റ്റുകളും ഉപയോഗിച്ച് കശുവണ്ടി മോഡൽ ഗാർഡൻ വികസിപ്പിക്കാൻ കെഎസ്എസിസി ഉദ്ദേശിക്കുന്നു.

ഉയർന്ന സാന്ദ്രത (200 തൈകൾ/ഹെക്ടർ), സാധാരണ സാന്ദ്രത (100 തൈകൾ/ ഹെക്ടർ) ഉള്ള തൈകൾ നടുന്നതിന് 100 രൂപ നിരക്കിൽ സാമ്പത്തിക സഹായം 60:20:20 എന്ന അനുപാതത്തിൽ മൂന്ന് തവണകളായി തൈകളുടെ നിരീക്ഷണത്തിന്റെയും നിലനിൽപ്പിന്റെയും അടിസ്ഥാനത്തിൽ മൂന്ന് വർഷത്തെ കാലയളവിൽ കർഷകർക്ക് നൽകും. ഇത്തരം സഹായങ്ങളിൽ നടീൽ വസ്തുക്കളുടെ ചെലവ്, ഭൂമി തയ്യാറാക്കൽ, തൈകൾ വളർത്തിയെടുക്കുന്നതിനുള്ള ചെലവ് എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി) മാതൃകാ കശുമാവ് ഫാം**

സ്വകാര്യമേഖല, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, എന്നിവരുടെ അധീനതയിലുള്ള ഭൂമിയിൽ മാതൃകാ കശുവണ്ടി കൃഷിയിടങ്ങൾ വികസിപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് ചെടിക്ക് 100 രൂപ എന്ന നിര്ക്കിൽ സഹായം നൽകും. ഇത് ഉയർന്ന സാന്ദ്രതയ്ക്കായി (ഹെക്ടറിന് 200 തൈകൾ) എന്ന നിരക്കിലും സാധാരണ സാന്ദ്രതയ്ക്കായി (ഹെക്ടറിന് 100 സസ്യങ്ങൾ) എന്ന രീതിയിൽ കൃഷി ചെയ്യുന്നവർക്കും നിരക്കുകൾ ബാധകമാണ്. നടീൽ വസ്തുക്കളുടെ ചെലവ്, ഭൂമി കൃഷിക്കായി തയ്യാറാക്കൽ, പരിപാലനച്ചെലവ് എന്നിവ വഹിക്കുന്നതിന് ഒരു തൈയ്ക്ക് 100 രൂപാ നിരക്കിലുള്ള സഹായം 3 വർഷത്തെ കാലയളവിലേക്ക് 60:20:20 എന്ന അനുപാതത്തിൽ നൽകും 3 വർഷക്കാലം ചെടി വേണ്ടരീതിയിൽ വളരുന്നുണ്ടെന്നും, സമയത്തുള്ള മേൽനോട്ടം നടക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. മാതൃകാ കശുവണ്ടിത്തോട്ടത്തിനും മാതൃകാ കശുവണ്ടി ഫാമിനുമുള്ള പ്രവർത്തനങ്ങൾക്കായി 340.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**II) .കശുമാവ് പ്ലാന്റേഷനും മാതൃകാ കശുമാവ് തോട്ടത്തിനുമുള്ള മെയിന്റനൻസ് ചെലവുകൾ**

നടീലിന്റെ 2, 3 വർഷങ്ങളിൽ മാതൃകാ കശുവണ്ടി ഫാമുകൾ പരിപോഷിപ്പിക്കുന്നതിനുള്ള ചെലവ്, ഗ്രാഫ്റ്റുകൾ പരിപാലിക്കുന്നതിനായി സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവയ്ക്ക് വിതരണം ചെയ്യേണ്ടതുണ്ട്. പ്രാരംഭ വർഷങ്ങളിലെ 60 ശതമാനം ഒഴികെ 2, 3 വർഷങ്ങളിൽ 20:20 എന്ന അനുപാതത്തിൽ സസ്യങ്ങളുടെ നിരീക്ഷണവും നിലനിൽപ്പും അടിസ്ഥാനമാക്കിയായിരിക്കണം ധനസഹായം നൽകുന്നത്.

**എ) 2019-20 കാലഘട്ടത്തിൽ സ്ഥാപിച്ച മാതൃകാ കശുവണ്ടി തോട്ടത്തിന്റെ പരിപാലന നിരക്കുകൾ**

2019-20 ൽ നട്ട തൈകൾക്ക് പരിപാലിക്കുന്നതിനായി രണ്ടും മൂന്നും വർഷങ്ങളിൽ കർഷകർക്ക് ഒരു ഗ്രാഫ്റ്റിന് 20 രൂപ വീതം ധനസഹായം ആവശ്യമാണ്. 2019-20 കാലയളവിൽ കൃഷിയിടങ്ങളിൽ നട്ട തൈകൾക്ക് വളർത്തുന്നതിനുള്ള മൂന്നാം വർഷത്തിലെ സബ്സിഡി സസ്യങ്ങളുടെ യഥാർത്ഥ നിലനിൽപ്പിനെ അടിസ്ഥാനമാക്കി വിതരണം ചെയ്യേണ്ടതാണ്. 2021-22 ബജറ്റിൽ ഒരു ഗ്രാഫ്റ്റിന് 20 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി) 2020-21 കാലയളവിൽ സ്ഥാപിച്ച മാതൃകാ കശുവണ്ടി തോട്ടത്തിന്റെ പരിപാലന നിരക്കുകൾ**

2020-21 ൽ നട്ട തൈകൾ പരിപാലിക്കുന്നതിനായി രണ്ടും, മൂന്നും വർഷങ്ങളിൽ കർഷകർക്ക് ഒരു ഗ്രാഫ്റ്റിന് 20 രൂപ, വീതം ധനസഹായം നൽകേണ്ടതുണ്ട്. 2020-21 കാലയളവിൽ കൃഷിയിടങ്ങളിൽ നട്ട തൈകൾക്ക് പരിപാലനത്തിന് രണ്ടാം വർഷത്തെ സബ്സിഡി സസ്യങ്ങളുടെ യഥാർത്ഥ നിലനിൽപ്പിനെ അടിസ്ഥാനമാക്കി വിതരണം ചെയ്യേണ്ടതാണ്. ഒരു ഗ്രഫ്റ്റിന് 20 രൂപ എന്ന നിരക്കിൽ സബ്സിഡി നൽകുന്നതിന് 60.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**iii) മുറ്റത്തൊരു കശുമാവ് പദ്ധതി**

കശുമാവ് കൃഷി പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി, കുടുംബശ്രീ, എം.ജി.എൻ.ആർഇ.ജി.എസ്, സ്കൂളുകൾ/കോളേജ് വിദ്യാർത്ഥികൾ/റസിഡൻസ് അസോസിയേഷൻ, പൊതുജനങ്ങൾ എന്നിവർക്ക് കശുവണ്ടി തൈകൾ സൗജന്യമായി വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ തൈകളുടെ ചെലവുകൾ, ഗതാഗത ചെലവുകൾ എന്നിവ ഉൾപ്പെടെ കശുവണ്ടി ഗ്രാഫ്റ്റുകൾ വിതരണം ചെയ്യുന്നതിന് 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**iv പരിശീലനം, പബ്ലിസിറ്റി, മിഷൻ മാനേജ്മെൻറ്**

നടീൽ രീതികൾ പ്രചരിപ്പിക്കുന്നതിന് പരിശീലനവും, സെമിനാറുകൾ നടത്തുന്നതിനും, കശുമാവ് പ്ലാന്റേഷന്റെ പരിപാലനവും സംരക്ഷണ രീതികളും, ദൃശ്യമാധ്യമങ്ങൾ, ബുക്കുകൾ, ബ്രോഷറുകൾ മുതലായവ മുഖാന്തരം ഉള്ള ബോധവൽക്കരണ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിന് ഏജൻസി ഉദ്ദേശിക്കുന്നു. പരിശീലനം, പ്രചരണം, നടപ്പിലാക്കൽ, മിഷൻ മാനേജ്മെന്റ്, പദ്ധതി നടത്തിപ്പിനായുള്ള മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2021-22 ബജറ്റിൽ ഈ ഘടകത്തിന് 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്**

**(വിഹിതം: 3730.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക ഉദ്ദേശ്യയാനമായി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി കേരള കാഷ്യൂ ബോർഡ് രൂപീകരിക്കപ്പെട്ടത്. ഇതിൽ 49 ശതമാനം ഇക്വിറ്റി വിഹിതം കേരള സർക്കാരിന്റേയും ബാക്കി 51 ശതമാനം കെ.എസ്.സി.ഡി.സി, ക്യാപക്സ് മറ്റു സമാന ഏജൻസികൾ, വ്യക്തികൾ എന്നിവരിൽ നിന്നും ശേഖരിച്ചാണ് രൂപവത്കരിച്ചിരിക്കുന്നത്. ഇന്ത്യയിൽ നിന്നോ വിദേശത്ത് നിന്നോ അസംസ്കൃത

കശുവണ്ടി സംഭരിക്കുകയും ഇറക്കുമതി ചെയ്യുകയും, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ നടത്തി ഇന്ത്യയിലും വിദേശത്തും വിപണനവും നടത്തുക, ന്യായമായ വിലയിൽ അസംസ്കൃത കശുവണ്ടി ആഭ്യന്തരമായി സംസ്കരിക്കുന്നവർക്ക് നൽകുക, ഭൂഉടമകൾ, സംസ്കരണം നടത്തുന്നവർ, മറ്റ് പങ്കാളികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി കശുമാവിന്റെ ശാസ്ത്രീയമായ കൃഷിയെ പ്രോത്സാഹിപ്പിച്ച് ആഭ്യന്തരമായി അസംസ്കൃത കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് കമ്പനിയുടെ പ്രധാനലക്ഷ്യങ്ങൾ.

ഓരോ വർഷവും പരമാവധി 300 ദിവസം തൊഴിൽ നൽകുന്നതിന് 8 ലക്ഷം ടൺ അസംസ്കൃത കശുവണ്ടി ആവശ്യമാണ്, എന്നാൽ ആഭ്യന്തര ഉത്പാദനം 85,000 ടൺ മാത്രമാണ്. വ്യവസായം, കശുവണ്ടി ഉൽപാദിപ്പിക്കുന്ന മറ്റ് രാജ്യങ്ങളിൽ നിന്നുള്ള അസംസ്കൃത കശുവണ്ടി ഇറക്കുമതിയെ വലിയതോതിൽ ആശ്രയിക്കുന്നു. അസംസ്കൃത കശുവണ്ടിയുടെ ദൗർലഭ്യവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും നിരവധി സംസ്കരണ യൂണിറ്റുകളെ ബാധിക്കുകയും അവ ഒന്നുകിൽ പൂട്ടി ഇടുകയോ അല്ലെങ്കിൽ കുറഞ്ഞരീതിയിൽ മാത്രം പ്രവർത്തനം നടത്തുകയോ ചെയ്യുന്നു. ഇറക്കുമതി ചെയ്ത അസംസ്കൃത കശുവണ്ടിയുടെ 80 ശതമാനം തുകയും സ്റ്റോക്ക് എത്തിയ ഉടൻ കേരള ക്യാഷ്യൂ ബോർഡിന് നൽകേണ്ടതുണ്ട്. കേരള ക്യാഷ്യൂ ബോർഡിൽനിന്നും കശുവണ്ടി വാങ്ങുന്നവർക്ക് അഡ്വാൻസ് തുക നൽകുന്നതിനുള്ള ശേഷിയില്ല. അസംസ്കൃത കശുവണ്ടിയുടെ തടസ്സമില്ലാത്ത വാങ്ങൽ ഉറപ്പുവരുത്തുന്നതിന് കേരള ക്യാഷ്യൂ ബോർഡിന് റിവോൾവിംഗ് ഫണ്ട് നൽകി വരുന്നു..

പൊതുമേഖലയിലും സ്വകാര്യമേഖലയിലും കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ ഉപയോഗത്തിനായി 20,000 ടൺ അസംസ്കൃത കശുവണ്ടി സംഭരിക്കുക എന്നതാണ് 2021-22 ൽ നിർദ്ദേശിച്ചിട്ടുള്ള ഭൗതിക ലക്ഷ്യം. ഇതുവഴി കെഎസ്‌സിഡിസി ലിമിറ്റഡിനും കേരള സ്റ്റേറ്റ് കശുവണ്ടി വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനും കീഴിലുള്ള കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും പ്രവർത്തിക്കാൻ കഴിയും. അതുവഴി തൊഴിലാളികൾക്ക് ജോലിയിലും വേതനത്തിലും തുടർച്ച ഉണ്ടാവും.

കശുവണ്ടി സംസ്കരണ വ്യവസായത്തിന് മുടക്കമില്ലാതെ അസംസ്കൃത കശുവണ്ടി ലഭ്യമാക്കുന്നതിന് 2021-22 ബജറ്റിൽ 3730.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് എന്ന രിതിയിൽ ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

## 6.2 ഇടത്തരവും വലുതുമായ വ്യവസായങ്ങൾ

തൊഴിലവസരങ്ങൾ സൃഷ്ടിടിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദവും സ്ഥായിയുമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നുള്ളതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ഏജൻസികൾ, സംസ്ഥാനത്ത് ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻകൈ എടുക്കുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി), കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെൻറ് (സി.എം.ഡി), പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ് ), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബിപിഇ) എന്നീ ഏജൻസികൾ/വകുപ്പുകളാണ് ഇടത്തരവും വലുതുമായ വ്യവസായങ്ങളിൽ ഉൾപ്പെടുന്നത്. 2021-22 വർഷത്തിൽ ഇടത്തരവും വലുതുമായ വ്യവസായങ്ങൾ എന്ന മേഖലയ്ക്കായി 668.06 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഏജൻസി തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**1. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി)**

**(വിഹിതം :10900.00 ലക്ഷം രൂപ**

കേരളത്തിലെ ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കിക്കൊണ്ട് 1961 ൽ സ്ഥാപിച്ച പ്രധാന വ്യവസായ നിക്ഷേപ പ്രോത്സാഹന ഏജൻസിയായ കെഎസ്ഐഡിസിവ്യ ാപാര ആശയങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും പ്രായോഗിക പ്രോജക്ട് കണ്ടെത്തുന്നതിനും സ്വകാര്യ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനും മാർഗ്ഗനിർദ്ദേശം നടപ്പിലാക്കുന്നതിനുമായുള്ള സമഗ്രമായ സേവനങ്ങൾ പ്രദാനംചെയ്യുന്നു . സംസ്ഥാനത്ത് നടത്തുന്ന നിക്ഷേപങ്ങൾക്കായുള്ള സിംഗിൾ പോയിന്റ് കോണ്ടാക്ട് ആയി പ്രവർത്തിച്ചുകൊണ്ട് കേരളത്തിന്റെ വ്യവസായ സാമ്പത്തിക വികസനത്തിന് ആവശ്യമായ തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല പദ്ധതികൾക്കും കെ എസ് ഐ ഡി സി തുടക്കം കുറിച്ചു . സംസ്ഥാനത്ത് വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾക്കായി .ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു 10900.00 ബജറ്റിൽ 22-2021 ഇതിൽ ലക്ഷം 200.00 രൂപ ലൈഫ് സയൻസ് പാർക്ക്, ബിസിനസ് ഇൻകുബേഷൻ സെന്റർ

കാക്കനാട്, റബ്ബർ പാർക്ക് കണ്ണൂർ, സിയാൽ മോഡൽ റബ്ബർ കമ്പനി, കോട്ടയം എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിനായി നീക്കിവച്ചിരിക്കുന്നു.

**1.1 നിക്ഷേപം സുഗമമാക്കലും വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങളും**

സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുകവ്യവസായ വികസന , നടപടിക്രമങ്ങളു് ലഘൂകരിക്കുകകേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിമാറ്റ ,ുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് കെ എസ് ഐ ഡി സി ക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ 130000. ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഉൽപാദനമേഖലയിലും മറ്റ് വളർന്നു വരുന്ന മേഖലകളിലുമുള്ള മൾട്ടി സെക്ടറൽ ദേശീയ ക്കുന്നതിനായിശീയ നിക്ഷേപങ്ങളെ ആകർഷിഅന്തർദേ/2021-22 കാലഘട്ടത്തിൽ പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കെ .ന്നുനൽകു സി ഊന്നൽ.ഡി.ഐ.എസ്.

**എ (ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇനിഷിയേറ്റീവും ഓൺലൈൻ ക്ലിയറൻസ് സംവിധാനവും –**

i. സംസ്ഥാനത്തൊട്ടാകെ കേന്ദ്ര ബി ഇനിഷ്യേറ്റീവും .ഡി.ഒ.സംസ്ഥാന സർക്കാരുകളുടെ ഇ – .പരിഷ്കരണവും നടപ്പാക്കൽ
ii. സംസ്ഥാനത്തിന് മെച്ചപ്പെട്ട റാങ്കിങ്ങിനായി ബിസിനസ് പരിഷ്കരണ കർമ്മ പദ്ധതി 2020 നടപ്പിലാക്കുക.
iii. ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഫലപ്രദമായ യോഗങ്ങൾ നടത്തുക.
iv. ക്ലിയറൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനവും പൊതു അപേക്ഷ ഫോറങ്ങളും .(എഫ്.എ.സി)
v. അവശേഷിക്കുന്ന വകുപ്പുകളെയും ഏജൻസികളെയും കെ സ്വിഫ്റ്റിലേക്ക് സമന്വയിപ്പിക്കുകയും അതുപോലെതന്നെ നിലവിലുള്ള ലൈസൻസുകൾഎന്നിവ അംഗീകാരങ്ങൾ/റ്റുകൾപെർമി/ .ആവിഷ്കരിക്കുകയും ചെയ്യുക പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ
vi. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ഫെസിലിറ്റേഷൻ സെൽ സ്ഥാപിക്കുകയും വിജയകരമായ പ്രവർത്തനവും കെസ്വിഫ്റ്റിന.ായി ശേഷി വർദ്ധിപ്പിക്കലും
vii. ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം

**ബി) പ്രോത്സാഹന സംരംഭങ്ങൾ**

i. വിവിധ മാധ്യമങ്ങളിലൂടെ മെച്ചപ്പെട്ട ബ്രാൻഡ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ മാർക്കറ്റിംഗ്.ഇനിഷ്യേറ്റീവുകൾ പ്രമോഷണൽ/
ii. ബ്രോഷറുകളും ലഘുലേഖകളും അച്ചടിക്കുക, സംസ്ഥാനത്തെ അനുയോജ്യമായ നിക്ഷേപ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനായി വീഡിയോകൾ സൃഷ്ടിക്കുക.
iii. ബിസിനസ് മീറ്റുകളും റോഡ് ഷോകളും.

**സി ) എക്സ്പോകൾ/ കോൺഫറൻസുകൾ/സെമിനാറുകൾ/ ഇന്ററാക്ടീവ് സെഷനുകൾ**

i. കേരളത്തിന്റെ നേട്ടങ്ങളും അവസരങ്ങളും പ്രചരിപ്പിക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തും സെമിനാറുകൾ.സംവേദനാത്മക സെഷനുകൾ തുടങ്ങിയവ സംഘടിപ്പിക്കുക/
ii. അന്താരാഷ്ട്ര റബ്ബർ സമ്മേളനം.

**ഡി) പദ്ധതി രൂപീകരണം, നടപ്പാക്കൽ, വിലയിരുത്തൽ**

സംരംഭകർക്ക്, ഉത്പന്ന നിർമ്മാണം/വ്യാപാരം/സർവ്വീസ് സംരംഭങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കത്ത രീതിയിൽ വ്യവസായ പാർക്കുകൾ വികസിപ്പിക്കാനുള്ള ശ്രമത്തിലാണ് കെഎസ്ഐഡിസി. താഴെ പറയുന്ന വ്യവസായ പാർക്കുകളുടെ പദ്ധതി രൂപീകരണം, ഡിപിആർ, പിഎംസി, പ്രൊക്വയർമെന്റ് ചെലവ്, വിലയിരുത്തൽ ചെലവുകൾ എന്നിവ വഹിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി.

(എ) കെഎസ്ഐഡിസി ഇൻഡസ്ട്രിയൽ സ്പേസ്,കാസർഗോഡ്
(ബി) ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് ,ആമ്പല്ലൂർ
(സി) കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റ്യാടി
(ഡി) മൾട്ടി-പ്രോഡക്ട് ഇൻഡസ്ട്രിയൽ പാർക്ക്, വയനാട്
(ഇ) ഇൻഡസ്ട്രിയൽ മ്യൂസിയം ആൻഡ് പ്രൊഡക്ഷൻ സെന്റർ, കോഴിക്കോട്
(ഫ) കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ (കൊച്ചി-പാലക്കാട് നിംസ്)
(ജി) മറ്റ് പുതിയ പ്രോജക്ടുകൾ.

**ഇ) വിജ്ഞാന പങ്കാളികളുമായുള്ള ഇടപഴകൽ**

നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളും 'അസന്റ് 2020' ൽ ഒപ്പിട്ട ധാരണാപത്രവുമായി ബന്ധപ്പെട്ട തുടർനടപടികളും.

**1.2 ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം**

ഒരു ബിസിനസ്/പ്രോജക്ടിന്റെ ആശയരൂപീകരണ ഘട്ടത്തിൽ നിന്ന് വിപുലീകരണ/ സ്കെയിൽ-അപ്പ് ഘട്ടത്തിലേക്ക് കെഎസ്ഐഡിസിയുടെ സ്റ്റാർട്ട്-അപ്പ് സപ്പോർട്ട് ഉദ്യമങ്ങളെ

എത്തിക്കുന്നതിന്, 2021-22 കാലയളവിൽ കെഎസ്ഐഡിസി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു. അത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 1100.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 120.00 ലക്ഷം രൂപ സ്ത്രീകൾക്കുള്ള പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

**എ. സീഡ് ഫണ്ട് സഹായം**

- 30 നൂതന സ്റ്റാർട്ട് അപ്പുകൾക്ക് സീഡ് ഫണ്ട് സഹായം
- 5 സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽഅപ്പ് സപ്പോർട്ട്-

**ബി .മാർഗ്ഗ ദർശനത്തിലൂടെ സംരംഭക സഹായം**

- സീഡ് ഫണ്ട് സഹായം ലഭിച്ചിട്ടുള്ള യൂണിറ്റുകൾക്ക് സംവേദനാത്മക മീറ്റിംഗ്മെന്ററിംഗ് / .കൾസപ്പോർട്ടു
- മെന്ററിംഗ്, ഒഫീഷ്യൽ ലോഞ്ച് ഇവന്റുകൾ, മീഡിയ പബ്ലിസിറ്റി എന്നിവയ്ക്കായി ഒരു വെബ് പോർട്ടൽ വികസിപ്പിക്കുന്നു

**സി. ബിസിനസ്സ് ഇൻകുബേഷൻ സെന്റർ**

- കാക്കനാട് .ഐ.ബി.സി ടി.ഡി.ഐ.എസ്.കെ ,സ്ഥാപിക്കുക.
- ടിബിഐ സ്ഥാപിക്കുന്നതിന് ഹോസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുള്ള സഹായം.

**1.3 വനിതാ സംരംഭകത്വ ദൗത്യം (പുതിയത് )**

വിപുലീകരണം, നവീകരണം, സർട്ടിഫിക്കേഷൻ, അക്രഡിറ്റേഷൻ, പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണം എന്നിവയിലൂടെ കേരളത്തിലെ വനിതാ സംരംഭകരുടെ ബിസിനസ് സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി. വിപണിയിൽ മെച്ചപ്പെട്ട ദൃശ്യപരതയ്ക്കായി വനിതാ സംരംഭകരെ അവരുടെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ ഇത് സഹായിക്കും. 2021-22 കാലയളവിൽ 200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**1.4 ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം (ആദ്യഘട്ടം)**

തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിനടുത്തുള്ള വെയിലൂർ വില്ലേജിൽ 260ഏക്കർ സ്ഥലത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നുഅടിസ്ഥാന . മേഖലയിലെ വ്യവസായങ്ങളുടെയും ഗവേഷണലൈഫ് സയൻസ്വികസന സ്ഥാപനങ്ങളുടെയും ഭൂമിശാസ്ത്രപരമായ ഒരു ക്ലസ്റ്റർ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിവേഗം വളരുന്ന ലൈഫ് സയൻസ്/ബയോടെക്നോളജി/നാനോടെക്നോളജി മേഖലയുടെ ആവശ്യങ്ങൾ സാധിക്കുന്നതിനും ഈ മേഖലകളിൽ വൻതോതിലുള്ള നിക്ഷേപവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനും പാർക്ക് സ്ഥാപിക്കുന്നതിലൂടെ സാധിക്കുന്നു. പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി വിഭാവനം ചെയ്ത 75 ഏക്കറിൽ 70 ഏക്കർ ഭൂമിയും രണ്ടാം ഘട്ടത്തിൽ 86.07 ഭൂമിയും ഇതിനോടകം തന്നെ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതനുസരിച്ച് കോടി രൂപ ചെലവഴിച്ച് 12 അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി, ജലവിതരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നുനിന്നുള്ള രിൽകേന്ദ്ര സർക്കാ . സിയുടെയും വിഹിതവും ടേം ലോണുമാണ് .ഡി.ഐ.എസ്.സ്റ്റിന്റെയും കെകേരള ഗവൺമെ ,ഗ്രാന്റ് സെന്റർ ബേഷൻബയോടെക് ഇൻകു .പദ്ധതിയുടെ പ്രധാന സാമ്പത്തിക സ്രോതസ്സുകൾ ടെ ധന സഹായത്തിന്കോടി രൂപയു 12 സ്ഥാപിക്കുന്നതിന്കേന്ദ്ര സർക്കാരിന്റെ ബയോടെക്നോളജി വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി കെ)- വാസുലൈഫ് സയൻസസ് ( ഇതുമായി ബന്ധപ്പെട്ട .സ്ഥാപിക്കുന്ന കം ലേണിംഗ് സെന്റർറിസർച്ച് ഷണൽപാർക്കിൽ ഒരു ട്രാൻസ്ലേ കെട്ടിട നിർമ്മാണം പൂർത്തിയായി, റിസർച്ച് കം ലേണിംഗ് സെന്റർ ഏപ്രിൽ മുതൽ പ്രവർത്തനം 2018 പോളിസ്കിൻ ലൈഫ് സയൻസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന .ആരംഭിച്ചുഒരു സ്റ്റാർട്ട് അപ്പ് കമ്പനി അവരുടെ ഗവേഷണ .വികസന വിഭാഗം പാർക്കിൽ സ്ഥാപിച്ചു-

ബയോടെക് ലാബ് & അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ & പ്ലംബിംഗ് ജോലികൾ പൂർത്തീകരിക്കുക (എംഇപി), പിഎംസിയിൽ ഏർപ്പെടുന്നതുൾപ്പെടെയുള്ള, ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണം ,3,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള, 136 കോടി രൂപ നിർമാണ ചെലവ് വരുന്ന ഇന്നൊവേഷൻ ടവറിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയാണ് , 2021-22 ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ. ഇതിനായി 2021-22 വാർഷിക ബജറ്റിൽ ലക്ഷം 2400.00 രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**1.5 മെഡിക്കൽ ഡിവൈസസ് പാർക്ക്**

കെ.എസ്.ഐ.ഡി.സി യും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (എസ്.സി.റ്റി.ഐ.എം.എസ്.റ്റി) യുമായുള്ള സംയുക്ത സംരംഭമായി ലൈഫ് സയൻസ് പാർക്കിൽ മെഡിക്കൽ ഡിവൈസസ് പാർക്ക് സ്ഥാപിക്കുന്നു. മെഡിക്കൽ സാങ്കേതിക വിദ്യ, ടെക്നോളജി ഇൻക്യുബേഷൻ, ബിസിനസ്സ് ഇൻക്യുബേഷൻ, മെഡിക്കൽ ഉപകരണങ്ങളുടെ

നിലവാര പരിശോധന, ഉൽപാദനം എന്നീ മേഖലകളിൽ വികസിപ്പിച്ച അറിവും ശേഷിയും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേന്ദ്രസർക്കാരും കേരള സർക്കാരും സംയുക്തമായി ധനസഹായം നൽകുന്ന ഈ പദ്ധതിയുടെ കണക്കാക്കപ്പെട്ടിട്ടുള്ള ചെലവ് 230 കോടി രൂപയാണ്. സ്ഥാപനം സ്വയം പര്യാപ്തതയിൽ എത്തുന്നത് വരെ ഉപകരണങ്ങൾ വാങ്ങുന്നതിനും, നടത്തിപ്പ പരിപാലന ചെലവുകൾക്കും ഇന്ത്യാ ഗവണ്മെന്റിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് നീതി ആയോഗിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചു. അടിസ്ഥാന സൗകര്യങ്ങൾക്ക വേണ്ടിയാണ് സംസ്ഥാന സർക്കാരിന്റെ ഫണ്ട്. 30.05.2019 ലെ ജി.ഒ (ആർ.ടി) 475/2019/ഐ.ഡി പ്രകാരം പ്രോട്ടോ ടൈപ്പിംഗ് & ഇൻകുബേഷൻ സെന്റർ, വിജ്ഞാന വിഭവ കേന്ദ്രം, ആനിമൽ ഹൗസ് ഉടങ്ങിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2021-22 ബജറ്റിൽ 2400.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**1.6 ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് പാലക്കാട്-രണ്ടാം ഘട്ടം (കെഎസ്ഐഡിസി നിക്ഷേപ മേഖല)**

പാലക്കാട് ജില്ലയിലെ പുതുശ്ശേരി കിഴക്ക് വില്ലേജിൽ 34.45 ഏക്കർ സ്ഥലത്ത് ഒരു ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് കെ.എസ്.ഐ.ഡി.സി വികസിപ്പിച്ചെടുത്തിട്ടുണ്ട്. റോഡ്, ഇലക്ട്രിക്കൽ ഡിസ്ട്രിബ്യൂഷൻ ലൈൻ, കോമൺ ട്രാൻസ്ഫോർമറുകൾ, ഓവർ ഹെഡ് വാട്ടർ ടാങ്ക്, കളക്ഷൻ പോണ്ട് ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഈ സ്ഥലത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. 56,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്.ഡി.എഫ് ) ഒന്നാം ഘട്ടമായി പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായി 61,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള എസ്.ഡി.എഫ് 9,900 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള കാന്റീൻ കം ബാങ്കിംഗ് കെട്ടിടം എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇൻഡസ്ട്രിയൽ പാർക്ക് സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്കും നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണത്തിനും ബിൽറ്റ് അപ്പ് സ്ഥലം നൽകുകയും നിക്ഷേപകർക്ക് ആശ്വാസ ഇടം / പരിസ്ഥിതി നൽകുകയും ചെയ്യും. 2021-22 വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- 61,000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള എസ്.ഡി.എഫ് 2 കെട്ടിടത്തിന്റെയും 9,900 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള കാന്റീൻ കം ബാങ്കിംഗ് കെട്ടിടത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുക.
- മുള്ളുവേലിക്കു പകരം ചുറ്റുമതിൽ സ്ഥാപിക്കുക, ജലവിതരണ ശൃംഖല സ്ഥാപിക്കുക.

**1.7 വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

കെ.എസ്.ഐ.ഡി.സി വ്യാവസായിക വളർച്ചാ കേന്ദ്രം പള്ളിപ്പുറം, ചേർത്തല; പള്ളിപ്പുറം അരുക്കുറ്റി റോഡിന് ഇരുവശത്തുമായി 278.78 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു. വ്യവസായ വളർച്ചാ കേന്ദ്രമായ ചേർത്തലയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടങ്ങൾ, ബാങ്കുകൾ/ ഷോപ്പുകൾ എന്നിവയ്ക്കുള്ള വാണിജ്യ കെട്ടിടങ്ങൾ സ്ഥാപിക്കാൻ കെഎസ്ഐഡിസി നിർദ്ദേശിക്കുന്നു. മൊത്തം 35,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള എസ്ഡിഎഫ് കെട്ടിടവും ബാങ്കുകൾ/ഷോപ്പുകൾക്കായി 30,000 ചതുരശ്ര അടി വാണിജ്യ സ്ഥലവും ആദ്യ ഘട്ടമായി നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട വാണിജ്യ ബിൽറ്റ് അപ്പ് സ്ഥലം പ്രതിമാസ അടിസ്ഥാനത്തിൽ വ്യാവസായിക യൂണിറ്റുകൾക്ക് പാട്ടത്തിന് നൽകാം. 2021-22 ബജറ്റിൽ 800.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**1.8 ബിസിനസ് ഇൻകുബേഷൻ സെന്റർ, കാക്കനാട്**

കിൻഫ്രയിൽ നിന്നും പാട്ടത്തിനെടുത്ത് കാക്കനാട് ഇൻഫോ പാർക്കിനു സമീപത്തായി 1.52 എക്കർ സ്ഥലമാണ് കെഎസ്ഐഡിസിക്ക് ഉള്ളത്. ബിസിനസ് ഇൻകുബേഷൻ/ടെക്: ബിസിനസ് ഇൻകുബേറ്ററുകൾക്കായി 1,54,753 ചതുരശ്ര അടി ബിൽറ്റ് അപ്പ് സ്ഥലം നിർമ്മിക്കാൻ കെഎസ്ഐഡിസി നിർദ്ദേശിച്ചു. ഇൻക്യുബേഷൻ സൗകര്യത്തിന്റെ ഉദ്ദേശ്യം ഇത് വർക്ക്സ്പെയ്സ്, മെന്റർഷിപ്പ്, വിദ്യാഭ്യാസം, സ്റ്റാർട്ട് അപ്പുകൾ / ആക്സിലറേറ്ററുകൾ അല്ലെങ്കിൽ സംരംഭകർക്ക്/ നിക്ഷേപകർക്ക് പ്രവേശനം നൽകുന്നു. മേൽപ്പറഞ്ഞ സൗകര്യങ്ങൾ ബിസിനസിന്റെ പ്രാരംഭ ഘട്ടത്തിൽ കുറഞ്ഞ ചെലവിൽ പ്രവർത്തിക്കുമ്പോൾ; കമ്പനികളെയും ആശയങ്ങളെയും രൂപപ്പെടുത്താൻ അനുവദിക്കുന്നു. നിർദ്ദിഷ്ട കെട്ടിടം ബിസിനസ്സ് സ്ഥാപനങ്ങൾക്ക് പ്രതിമാസ വാടക അടിസ്ഥാനത്തിൽ ജോലി ചെയ്യാനുള്ള ഇടം, ബിസിനസ്സ് സ്ഥാപനത്തിനുള്ള വാണിജ്യ ഇടം, സ്റ്റാർട്ട്-അപ്പ് യൂണിറ്റുകൾക്കുള്ള ബിസിനസ് ഇൻകുബേഷൻ/ആക്സിലറേഷൻ സൗകര്യം എന്നിവ അനുവദിക്കും. കെഎസ്ഐഡിസി കൊച്ചി റീജിയണൽ ഓഫീസും ഈ കെട്ടിടത്തിൽ ഉൾക്കൊള്ളും. 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയുട്ടുള്ളത്.

**1.9 റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കണ്ണൂർ**

റബ്ബർ അധിഷ്ഠിത വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കണ്ണൂരിൽ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്ന നിർമാണ കമ്പനി ആരംഭിക്കാൻ കേരള സർക്കാർ നിർദ്ദേശിക്കുന്നു. കണ്ണൂർ ജില്ലയിലെ മലപ്പട്ടത്ത് നിർദ്ദിഷ്ട നിർമാണ യൂണിറ്റിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ

കെ.എസ്.ഐ.ഡി.സിയെ ചുമതലപ്പെടുത്തി. ഭൂവികസനത്തിനും മറ്റ് വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.10 കേരള റബ്ബർ ലിമിറ്റഡ് (സിയാൽ മോഡൽ റബ്ബർ കമ്പനി) – (പുതിയത് )**

സർക്കാർ ഓഹരി 26 ശതമാനവും ബാക്കി സ്വകാര്യ നിക്ഷേപകരുടെ വിഹിതവും ചേർത്ത് 'സിയാൽ' മോഡലിലുള്ള ഒരു കമ്പനിയാണ് കേരള റബർ ലിമിറ്റഡ്. ഇത് "ലാറ്റക്സ്" അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ ഹബ്ബായും "അമുൽ" മോഡലിൽ സ്വാഭാവിക റബ്ബർ സംഭരണത്തിനുള്ള സഹകരണ സംഘമായും പ്രവർത്തിക്കും. സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപാദനത്തിന് പ്രോത്സാഹനം നൽകിക്കൊണ്ട് റബ്ബർ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകാൻ 1,050 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. 3 ഘട്ടമായി നടപ്പാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സോളിഡ് ഒടിആർ ടയറുകളും (50 മെട്രിക് ടൺ), ഹീറ്റ് റെസിസ്റ്റൻസ് ലാറ്റെക്സ് ത്രെഡും (10 മെട്രിക് ടൺ / പ്രതിദിനം) നിർമ്മിക്കാൻ കമ്പനി വിഭാവനം ചെയ്യുന്നു. ആദ്യ ഘട്ടത്തിനായി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ ചെലവ് 200 കോടി ആണ്. രണ്ടാം ഘട്ടത്തിൽ സോളിഡ് ഒടിആർ ടയറുകളുടെ ശേഷി പ്രതിദിനം 100 മെട്രിക് ടണ്ണായി ഉയർത്തുകയും 50 മെട്രിക് ടൺ ന്യൂമാറ്റിക് ഒടിആർ ടയറുകൾ സ്ഥാപിക്കുകയും ചെയ്യും. രണ്ടാം ഘട്ടത്തിന് 425 കോടി രൂപയാണ് ചെലവ്. മൂന്നാം ഘട്ടത്തിൽ സോളിഡ് ഒടിആർ ടയറുകളുടെയും ന്യൂമാറ്റിക് ഒടിആർ ടയറുകളുടെയും ഇൻസ്റ്റാൾ ചെയ്ത ശേഷി പ്രതിദിനം 50 മെട്രിക് ടണ്ണായി ഉയർത്തും. മൊത്തം പദ്ധതി ചെലവ് 1050 കോടി ആണ്. ആദ്യ ഘട്ടത്തിനായി 2021-22 ബജറ്റിൽ 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.11 കെഎസ്ഐഡിസി ബിസിനസ്സ് പാർക്ക് അങ്കമാലി (പുതിയത് )**

ടെൽക് അംഗമാലിക്ക് സമീപം അപ്രോച്ച് റോഡ് ഉൾപ്പെടെ 11.71 ഏക്കർ സ്ഥലമാണ് കെ.എസ്.ഐ.ഡി.സി ഉള്ളത്. ഈ സ്ഥലത്ത് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടങ്ങൾ സ്ഥാപിക്കാൻ കെഎസ്ഐഡിസി നിർദ്ദേശിക്കുന്നു. 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള എസ്ഡിഎഫ് കെട്ടിടം ആദ്യ ഘട്ടത്തിൽ നിർമിക്കാൻ നിർദ്ദേശിക്കുന്നു. ബിൽറ്റ് അപ്പ് സ്പേസ് ബിസിനസ് എന്റർപ്രൈസസിന് സൗകര്യപ്രദമായ ഇടം/അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു. 2021-22 ബജറ്റിൽ 250.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**2. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (ഡി.എം.സി)**

**(വിഹിതം 129.00 ലക്ഷം രൂപ)**

1979-ൽ കേരള സർക്കാരിന്റെ സ്പോൺസർഷിപ്പോടെ ആരംഭിച്ച ഒരു സ്വയം ഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സി.എം.ഡി). പഠനം, പരിശീലനം, ഗവേഷണം, പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ മാനേജ്മെന്റ് നയങ്ങളും പ്രവർത്തനങ്ങളും സമ്പുഷ്ടമാക്കുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. പരിശീലനപരിപാടിയിൽ 20 ശതമാനമെങ്കിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. 2021-22 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 129.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **വിഹിതം തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1. | കേന്ദ്ര, സംസ്ഥാന, പ്രാദേശിക തലത്തിലുള്ള സർക്കാരുകളെ സിഎംഡി സഹായിക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ വ്യാവസായിക മാനേജ്മെന്റ് പരിസ്ഥിതി വ്യവസ്ഥകൾക്ക് പ്രസക്തമായ വിലയിരുത്തൽ, ആഘാത നിർണ്ണയ പഠനം, വ്യക്തമായ കാഴ്ച്ചപ്പാടോടുകൂടിയ മറ്റ് പൈലറ്റ് പരിപാടികൾ എന്നിവക്കായി തുക വകയിരുത്തിയിരിക്കുന്നു. | 70.00 |
| എ | വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം, വിലയിരുത്തൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കേരള സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഒരു പ്രോജക്ട് മാനേജ്മെന്റ് ഹാൻഡ്ബുക്ക് വികസിപ്പിക്കുക. | |
| ബി | കേരളത്തിലെ വ്യവസായ വികസനം ഇന്നലെ, ഇന്ന്,നാളെ ഇതിനെ ക്കുറിച്ചുള്ള ഒരു പഠനം. | |
| 2 | എച്ച്ആർ വികസനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ | |

| | | |
|---|---|---|
| | കൂട്ടിച്ചേർക്കൽ / പരിപാലനം | 59.00 |
| എ | പുതിയ ഹോസ്റ്റലിന്റെ നിർമ്മാണം | |
| ബി | ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോം സൃഷ്ടിക്കൽ | |
| സി | നിലവിലുള്ള ഓഫീസുകളുടെ ശേഷി വർദ്ധിപ്പിക്കൽ | |
| | **ആകെ** | **129.00** |

**3. കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര)**

**(വിഹിതം: 30253.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും, സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ചും, തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും സംസ്ഥാനത്ത് വ്യാവസായിക വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 1993–ൽ കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ സംരംഭകർക്ക് .രൂപീകൃതമായത് (കിൻഫ്ര) വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ, ടൗൺഷിപ്പുകൾ, സോണുകൾ മുതലായവ രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം സാദ്ധ്യമാക്കുക എന്നതാണ് കിൻഫ്ര പ്രത്യേകമായി ലക്ഷ്യം വയ്ക്കുന്നത്22–2021 .–ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി ലക്ഷം 00..30253 രൂപ വകയിരുത്തിയിരിക്കുന്നു .ഇതിൽ ലക്ഷം 300.00 രൂപ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് കഴക്കൂട്ടം , കൊച്ചിപാർക്ക് പെട്രോകെമിക്കൽകിൻഫ്ര , കളമശ്ശേരി കൊച്ചി ഹൈടെക്ക് പാർക്ക്കിൻഫ്രാ , സ്റ്റീയൽ ഇന്റഗ്രേറ്റഡ് ഇൻഡകിൻഫ്രാ & ടെക്സ്റ്റയിൽസ് പാർക്ക് കഞ്ചിക്കോട് കിൻഫ്രാ , പാലക്കാട് , കണ്ണൂർ മട്ടന്നൂർപാർക്ക് സ്റ്റീയൽഇൻഡഎന്നിവിടങ്ങളിൽ സ്ത്രീകൾക്ക് പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിനായി നീക്കിവച്ചിരിക്കുന്നു.

**3.1 പാലക്കാട് വ്യവസായിക ജലവിതരണപദ്ധതികൾ**

നിലവിലുള്ള ജലവിതരണ പദ്ധതിയെ വിപുലപ്പെടുത്തുന്നതിനും, അതുവഴി പാലക്കാട് ജില്ലയിലെ കിൻഫ്രാ വ്യവസായ പാർക്കുകളായ കിൻഫ്ര ടെക്സ്റ്റൈൽ പാർക്ക്, ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ പാർക്ക്, മെഗാ ഫുഡ് പാർക്ക്, ഉഴലപതി പാർക്ക് എന്നിവിടങ്ങളിലെ വർദ്ധിച്ച ജല ആവശ്യം പരിഹരിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. അടുത്തുള്ള പുഴയിൽ പുതിയ ഒരു ജലസ്രോതസ്സ് വികസിപ്പിക്കുന്നതിനും, ഉറവിടത്തിൽ നിന്നും പാർക്കിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനും പാർക്കിൽ ഒരു വാട്ടർ ട്രീറ്റ്മെന്റ് സംവിധാനം സജ്ജമാക്കുന്നതിനുമായി പദ്ധതി ലക്ഷ്യമിടുന്നു.

കൂടാതെ, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ പാർക്കിൽ മലമ്പുഴ റിസർവോയറിൽ നിന്നും 10 എം.എൽ.ഡി ജലവിതരണ പദ്ധതിയും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. പ്രോജക്റ്റ് ടെൻഡർ ചെയ്യുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2021–22 വർഷത്തെ ബജറ്റിൽ പദ്ധതി നടത്തിപ്പിനായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.2 ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി, കെ.ഇ.പി.ഐ.പി എന്നിവയ്ക്കു വേണ്ടിയുള്ള ജലവിതരണവും റോഡ് നിർമ്മാണ പ്രവർത്തനങ്ങളും**

പാർക്കിനുള്ളിലും സ്മാർട്ട് സിറ്റിയിലുമായി വിവിധ വ്യവസായ യൂണിറ്റുകളുടെ ആവശ്യത്തിനായി കാക്കനാട് വ്യവസായ പ്രദേശത്തേക്കുള്ള വ്യവസായ ജലവിതരണ പദ്ധതി മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ആലുവയിൽ കിണർ നിർമ്മിക്കുന്നതിനായി 0.48 ഏക്കർ സ്ഥലം കിൻഫ്ര കണ്ടെത്തുകയും ചെയ്തു. കിറ്റ്കോ എഞ്ചിനീയറിംഗ് കൺസൾട്ടന്റായി ഏർപ്പെട്ടിരിക്കുകയാണ്, അവർ അന്തിമ റിപ്പോർട്ടുകൾ കിൻഫ്രയ്ക്ക് സമർപ്പിച്ചു. 45 എംഎൽഡി ശേഷിയുള്ള ജലവിതരണ സംവിധാനം വികസിപ്പിക്കാൻ കിൻഫ്ര നിർദ്ദേശിക്കുന്നു, ഇത് 2 വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 6,519 ലക്ഷം രൂപയാണ് പദ്ധതി ചെലവ് കണക്കാക്കുന്നത്. 2021–22 ബജറ്റിൽ 1500.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**3.3 ഫുഡ്& സ്പൈസ് പാർക്ക് മുട്ടം, തൊടുപുഴ (പുതിയത് )**

കേരളത്തിലെ ഇടുക്കി ജില്ലയിലെ തൊടുപുഴയിലെ മുട്ടം എന്ന സ്ഥലത്ത് ഒരു സ്പൈസ് പാർക്ക് സ്ഥാപിക്കാൻ കിൻഫ്ര നിർദ്ദേശിക്കുന്നു. 14.67 ഏക്കർ വിസ്തൃതിയുള്ള സ്പൈസ് പാർക്ക് വികസിപ്പിക്കും, എസ്എംഇ സ്പൈസ് / ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് 11.28 ഏക്കറിലേക്ക് അനുവദിക്കുന്നതിനായി 20 പ്ലോട്ടുകൾ വികസിപ്പിക്കും. നിർദ്ദിഷ്ട സ്പൈസ് പാർക്കിനുള്ളിലെ റോഡുകൾ, വൈദ്യുതി വിതരണ ശൃംഖല, ജലവിതരണം, ഡ്രെയിനേജ്, മലിനീകരണ നിയന്ത്രണ സൗകര്യങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ / സൈബർ സെന്റർ / ഡോക്യുമെന്റേഷൻ സെന്റർ, ബാങ്ക്, റോ മെറ്റീരിയൽ സ്റ്റോറേജ് സൗകര്യം, മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ കഫെറ്റീരിയ, കോൺഫറൻസ് റൂം, മലിനജല സംസ്കരണവും, മാലിന്യ

നിർമാർജന സൗകര്യം എന്നിവ ഉണ്ടാവും. 2021-22 ബജറ്റിൽ 465.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

### 3.4 കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ആനിമേഷൻ/ ഐ.റ്റി./ഐ.റ്റി.ഇ.എസ്. എന്നിവയ്ക്കായി പ്രത്യേക സാമ്പത്തിക മേഖല

കഴക്കൂട്ടത്ത് കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ 4.55 ലക്ഷം ചതുരശ്രയടി കെട്ടിടം നിർമ്മിക്കാനുള്ള ശ്രമത്തിലാണ് കിൻഫ്ര. ഇതിൽ കഴക്കൂട്ടത്ത് കെ.എഫ്.വി.പി യിലെ 25 ഏക്കർ സെസ് ഏരിയയിൽ ഒന്നാം ഘട്ടമായി 2.39 ലക്ഷം ചതുരശ്ര അടി നിർമാണം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ, 2.17 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ഏകദേശം 93,000 ചതുരശ്രയടി ഫങ്ഷണൽ സ്പെയ്സുള്ള പുതിയ കെട്ടിടത്തിന് ഐ.ടി, ഐ.ടി.ഇ.എസ് മേഖലയ്ക്ക് പ്രാധാന്യം നൽകാൻ കഴിയും, അതുവഴി കയറ്റുമതിക്കും നേരിട്ടുള്ള വിദേശ നിക്ഷേപത്തിനും വഴിയൊരുക്കും. 1,500 ലധികം ആളുകൾക്ക് നേരിട്ട് തൊഴിൽ സൃഷ്ടിക്കുന്നതിനും ഇത് കാരണമാകുന്നു. 2021-22 ബജറ്റിൽ 700.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 3.5 പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി (കിഫ്ബി)

പെട്രോ കെമിക്കൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കൊച്ചിയിൽ ബി.പി.സി.എല്ലിനോട് ചേർന്നുള്ള 600 ഏക്കർ സ്ഥലം കണ്ടെത്തി. 481 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് കൈമാറുകയും ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുകയും ചെയ്തു. ഇതിൽ 170 ഏക്കർ സ്ഥലം ഇതിനോടകം തന്നെ ബി.പി.സി.എല്ലിന് അനുവദിച്ചിട്ടുണ്ട്. സ്ഥലമെടുക്കുന്നതിനുള്ള ചെലവ് ഉൾപ്പെടെ ആകെ പദ്ധതിയുടെ ചെലവ് 1,864 കോടി രൂപയാണ്. പദ്ധതി 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതി കിഫ്ബിയുടെ ധനസഹായത്താൽ നടപ്പിലാക്കുന്നതിനാൽ 1000.00 ലക്ഷം രൂപ 2021-22 ബജറ്റിൽ, ഭൂമിയുടെ വികസനം, അനുബന്ധ പ്രവർത്തനങ്ങൾ തുടങ്ങി എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അതിനു വേണ്ടി വകയിരുത്തിയിരിക്കുന്നു

### 3.6 നിലവിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ

കിൻഫ്രയുടെ നിലവിലുള്ള ചില വ്യവസായ പാർക്കുകളിൽ റോഡ്, വൈദ്യുതി വിതരണ സംവിധാനം, ജലവിതരണ സംവിധാനം, മാലിന്യ സംസ്കരണ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. താഴെ പറയുന്ന വ്യാവസായിക പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2021-22 ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

എ) മട്ടന്നൂരിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം- പദ്ധതി ചെലവ് -550 ലക്ഷം

ബി) നാടുകാണി കണ്ണൂരിലെ കിൻഫ്ര പാർക്കിലെ എസ്ഡിഎഫിന്റെ സൗകര്യങ്ങളുടെ നവീകരണം-പദ്ധതി ചെലവ് -650 ലക്ഷം

### 3.7 കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക്, വയനാട്

ബയോ ഡൈവേഴ്സിറ്റിക്ക് കോട്ടം തട്ടാത്തവിധത്തിൽ 'ഫാം ടു കപ്പ്' എന്ന ആശയം പ്രോത്സാഹിപ്പിച്ചുകൊണ്ട് കാർബൺ ന്യൂട്രൽ മലബാർ കോഫിയും മറ്റു സംയോജിത കാർഷിക ഉൽപന്നങ്ങളും പരിപോഷിപ്പിക്കുന്നതിന് ഒരു സംയോജിത കോഫി ആൻഡ് കാർഷിക ഉൽപന്ന സംസ്കരണ പാർക്ക് വികസിപ്പിക്കുന്നതിന് കിൻഫ്ര ഉദ്ദേശിക്കുന്നു. കർഷകർ, പരിസ്ഥിതി, സമൂഹം, സംരംഭകർ എന്നീ വിഭാഗങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ബ്രാന്റിംഗും ഉൽപന്നങ്ങളുടെ വിപണനവും ഉൾപ്പെടെ സമ്പൂർണ്ണ മൂല്യ ശൃംഖലയിൽ സുസ്ഥിര കാർഷിക രീതികളും മൂല്യവർദ്ധിത പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് ഇതുമൂലം സാധ്യമാകുന്നു. പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനുമായി 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3.8 അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ ഐ.ഡി.ഇസഡിന്റെ കീഴിൽ വരുന്ന വൻകിട അടിസ്ഥാന സൗകര്യ പദ്ധതിയ്ക്കായുള്ള സ്ഥലമെടുപ്പ്, ലാൻഡ് ബാങ്ക്( എം.ഐ.ഡി.പി)

സ്ഥലപരിമിതിയുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചു കൊണ്ട്, വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുകയും, വൻതോതിലുള്ള വ്യവസായ ക്ലസ്റ്റർ രൂപവൽക്കരിച്ച് ഏഷ്യയിലെ തന്നെ ഏറ്റവും ആകർഷകമായ ഒരു ബിസിനസ്സ് നിക്ഷേപ സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നുള്ളതാണ് ഐഡിഇസഡ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്ത് മൾട്ടി പർപ്പസ് വ്യവസായ സോണുകൾ വികസിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കൊച്ചിയും മംഗലാപുരവും തമ്മിൽ ബന്ധിപ്പിക്കുന്ന വ്യവസായിക ഇടനാഴി എന്ന പദ്ധതിയുമായി ഈ പദ്ധതി സമന്വയിപ്പിക്കുന്നു. മലബാർ മേഖലയുടെ ആകമാനമുള്ള വളർച്ചയെ ഇത് ത്വരിതപ്പെടുത്തും. സംസ്ഥാനത്ത് വിവിധോദ്ദേശ വ്യവസായ മേഖല വികസിപ്പിക്കുന്നതിന് വിവിധ

പ്രദേശങ്ങളിലായി ആകെ 5,366 ഏക്കറുള്ള ലാന്റ് ബാങ്കുകൾ രൂപീകരിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.

ചെറുകിട വ്യവസായ പാർക്കിന്റെ വിപുലീകരണത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 21.07 ഏക്കർ സ്ഥലവും വയനാടിൽ 200 ഏക്കർ സ്ഥലവും ഏറ്റെടുക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3.9 ബിസിനസ് ഫെസിലിറ്റേഷനും വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങളും**

വ്യാവസായിക പാർക്കുകൾ/ടൗൺ ഷിപ്പുകൾ/സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം കിൻഫ്ര പ്രോത്സാഹിപ്പിക്കുന്നു. ഇത് സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകുന്നു. ഇന്ത്യയ്ക്കകത്തും മറുനാടൻ ഇന്ത്യാക്കാർക്കിടയിലും കിൻഫ്ര എന്ന ബ്രാൻഡ് പ്രചരിപ്പിക്കുന്നതിനായി സമഗ്രമായ മാർക്കറ്റിംഗ് ബ്രാന്റ് ബിൽഡിംഗ് ഉൾപ്പെടെയുള്ള ബിസിനസ് പ്രോത്സാഹന പരിപാടികൾ ഇന്നത്തെ ആവശ്യകതയാണ്.

റോഡ് ഷോകൾ, സെമിനാറുകൾ, വൺ ടു വൺ മീറ്റിങ്ങുകൾ, ബി ടു ബി മീറ്റിങ്ങുകൾ, വിവിധ സെമിനാറുകളിലും കോൺഫറൻസുകളിലും പങ്കെടുക്കുക, കൂടുതൽ വ്യാവസായിക നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി കിൻഫ്രയുടെ സൗകര്യങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് വ്യവസായ കൂടിക്കാഴ്ചകൾ സംഘടിപ്പിക്കുക, സാങ്കേതിക ഇടപെടലുകളിലൂടെ കിൻഫ്രയുടെ ബ്രാൻഡ് വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കിൻഫ്ര ഉദ്ദേശിക്കുന്നു. പദ്ധതി രൂപീകരണം, ഡി.പി.ആർ, പി.എം.സി, പ്രൊക്വയർമെന്റ് ചെലവ്, വിലയിരുത്തൽ ചെലവ് എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുകളിൽ പറഞ്ഞ പരിപാടികൾക്കായി 2021-22 ബജറ്റിൽ 403.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.10 കിൻഫ്ര പാർക്കുകളിലെ സമഗ്ര മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ, ഇറ്റിപി, എസ്റ്റിപി ഇൻസിനേറ്ററുകൾ**

മാലിന്യ സംസ്കരണ പ്ലാന്റ്, മലിനജല ശുദ്ധീകരണ പ്ലാന്റ്, ഇൻസിനറേറ്ററുകൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര മാലിന്യ സംസ്കരണ സംവിധാനങ്ങൾ കിൻഫ്ര പാർക്കുകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട് കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കിൽ എസ്റ്റിപി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കഞ്ചേരിയിൽ ഇറ്റിപി, കിൻഫ്ര ഇന്റർനാഷണൽ & അപ്പാരൽ പാർക്ക് തിരുവനന്തപുരത്ത് ഇ.റ്റി.പി എന്നിവ സ്ഥാപിക്കും. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 285.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.11 സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ**

നെൽകൃഷി, അരി ഉല്പാദനം, മറ്റ് അനുബന്ധ മൂല്യ വർദ്ധിത പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ സുസ്ഥിരത കൈവരിക്കുന്നതിന് 'സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ' പോലുള്ള സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കേണ്ടത് ഇന്നത്തെ ആവ ശ്യകതയാണ്. ഈ പ്രദേശങ്ങളിലെ പ്രാദേശിക കാർഷിക സമൂഹത്തിന് ഗണ്യമായ നേട്ടങ്ങൾ ലഭ്യമാക്കുവാൻ ഇതുമൂലം സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാലക്കാട്, ആലപ്പുഴ സംയോജിത റൈസ് ടെക്നോളജി പാർക്കിന്റെ വികസനം കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നെല്ല്/അരി ഉല്പാദന മൂല്യ ശൃംഖലയിലെ ഏകീകൃത സംവിധാനമായും അതാതു ജില്ലകളിലെ നെല്ല് ഉല്പാദകരെയും ബന്ധപ്പെട്ട വ്യവസായ സംരംഭകരെയും സഹായിക്കുകയും ചെയ്യുന്നു. ആധുനിക അരി മിൽ, വെയർ ഹൗസ്, വൈദ്യുതി, ജലം, ഇ.റ്റി.പി, ഗുണനിലവാര പരിശോധനാ ലാബ്, സാങ്കേതിക സഹായ കേന്ദ്രങ്ങൾ, ഗതാഗത സൗകര്യങ്ങൾ, മാർക്കറ്റിംഗ് സൗകര്യങ്ങൾ, അനുബന്ധപാർക്കുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളോടുകൂടിയ പാർക്കുകളിൽ നെല്ല് സംസ്കരണം, മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവയ്ക്കായി പ്രത്യേക മേഖലകളും ഉണ്ടായിരിക്കും. സംരംഭകരെ മൂല്യ വർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കാൻ അനുബന്ധ പാർക്കുകൾ പ്രോത്സാഹിപ്പിക്കും.

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഈ പാർക്കിൽ ഗവൺമെന്റ് മുഖ്യ ഓഹരി ഉടമയായിരിക്കും. അതോടൊപ്പം വാല്യൂ ചെയിൻ നിക്ഷേപകരുടെയും അതുവഴി, ഇതുമായി ബന്ധപ്പെട്ട വിഭാഗങ്ങളുടെ നിപുണതയെ പ്രയോജനപ്പെടുത്തുന്നതിനും കഴിയുന്നു. പദ്ധതി ചെലവ് 4230 കോടി എന്നാണ് കണക്കാക്കുന്നത്. പാക്കേജിന്റെ പ്രവർത്തനത്തിനായി ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.12 ഹൈടെക് പാർക്ക്– ഇറമുഖ എയർപോർട്ട് റോഡിലേക്കുള്ള കണക്ടിവിറ്റി**

ഇലക്ട്രോണിക്സ്, സെസ് ഫോർ ഐ.ടി, ഐ.ടി.ഇ.എസ്, ജെം ആന്റ് ജ്വവലറി സോൺ, വിദ്യാഭ്യാസ മേഖല, ഇന്നൊവേഷൻ സോൺ, ബയോടെക് സോൺ, പൊതു വ്യവസായം എന്നിവ ഉൾപ്പെടുന്ന ഹൈടെക് പാർക്ക് 240 ഏക്കർ സ്ഥലത്ത് കിൻഫ്ര വികസിപ്പിച്ചെടുത്തിട്ടുണ്ട്. സീ പോർട്ട്, എയർപോർട്ട് റോഡിൽ നിന്നും ഹൈടെക് പാർക്കിന്റെ അതിർത്തിയിലേക്കുള്ള (400 മീറ്റർ) 4 വരി പാതയുടെ നിർമ്മാണവും ഹൈടെക് പാർക്ക് അതിർത്തി മുതൽ സബ് സ്റ്റേഷൻ ജംഗ്ഷൻ (1000 മീറ്റർ) വരെയുള്ള വൈറ്റ് ടോപ്പിംഗ് റോഡ് വികസിപ്പിക്കൽ/വീതി കൂട്ടൽ എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഭരണപരമായ അനുമതി ലഭിച്ചു. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2021–22 ബജറ്റിൽ 200.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**3.13 പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടെക്സ്റ്റൈൽസ് പാർക്കിലെ ജല ശുദ്ധീകരണ പ്ലാന്റ്.**

25 എംഎൽഡി വ്യാവസായിക ജലവിതരണ പദ്ധതികളുമായി ബന്ധപ്പെട്ട്, 25 എംഎൽഡി ശേഷിയുള്ള ജല ശുദ്ധീകരണ പ്ലാന്റ് കിൻഫ്ര സംയോജിത വ്യവസായ ടെക്സ്റ്റൈൽ പാർക്ക്, പാലക്കാട് സ്ഥാപിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിക്കായി 2021–22 ബജറ്റിൽ 300.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**3.14 ഇൻഡസ്ട്രിയൽ പാർക്ക് മാനന്തവാടി, വയനാട് (പുതിയത് )**

വിവിധോദ്ദേശ്യ വ്യവസായങ്ങൾക്കായി വയനാട് ജില്ലയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വയനാട് ജില്ലയിലെ മനന്തവാടി താലൂക്കിലെ തവിഞ്ഞാൽ വില്ലേജിൽ 200 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഒരുക്കത്തിലാണ് കിൻഫ്ര. അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര നൽകും. പദ്ധതിക്കായി 2021–22 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.15 കൊച്ചി–പാലക്കാട് ഹൈടെക് വ്യവസായിക ഇടനാഴി (കൊച്ചി-ബെംഗലൂരു വ്യവസായിക ഇടനാഴിയുടെ ഭാഗം)**

ചെന്നൈ–ബെംഗലൂരു വ്യാവസായിക ഇടനാഴി പദ്ധതിയുടെ ഭാഗമായി കൊച്ചി–പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോറിനായുള്ള സംസ്ഥാനത്തിന്റെ പദ്ധതി ദേശീയ വ്യവസായ ഇടനാഴി വികസന, നിർവ്വഹണ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.ടി) അംഗീകരിച്ചു. ഉൽപന്ന നിർമ്മാണം, കാർഷിക സംസ്കരണം, സേവനം, കയറ്റുമതി അധിഷ്ഠിത യൂണിറ്റുകൾ എന്നീ മേഖലകളിൽ നിക്ഷേപം ത്വരിതപ്പെടുത്തി സാമ്പത്തിക തൊഴിൽ രംഗങ്ങളിൽ പരമാവധി വളർച്ചകൈവരിക്കുന്നതിന് കൊച്ചി–ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ സാക്ഷാത്കാരത്തോടെ സാധ്യമാകും. ഇതുമൂലം സംയോജിത ഉൽപന്ന നിർമ്മാണ ക്ലസ്റ്ററുകൾ ഉണ്ടാവുകയും അതുവഴി ഐ.ടി, ബയോടെക്നോളജി, ലൈഫ് സയൻസ് എന്നിവ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കഴിയുന്നു. പാലക്കാട് ജില്ലയിൽ പ്രൊജക്ടിന്റെ ഒന്നാം ഘട്ടമായി 10,000 കോടി നിക്ഷേപം ആകർഷിക്കാനും അതുവഴി 22,000 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കാനും, പ്രവൃത്തിയുടെ തുടക്കം മുതൽ 5 വർഷത്തിനുള്ളിൽ 80,000 പേർക്ക് പരോക്ഷമായി തൊഴിൽ നൽകാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന് നികുതി വരുമാനം പ്രതിവർഷം 585 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 3,000 കോടി രൂപയുടെ എംഎസ്എംഇ നിക്ഷേപം നടത്തുകയും എംഎസ്എംഇയിൽ നിന്നുള്ള വരുമാനം പ്രതിവർഷം 1,400 കോടി രൂപയായിരിക്കുകയും ചെയ്യും.

കെ.എസ്.ഐ.ഡി.സിയും കിൻഫ്രയും ഉൾപ്പെടുന്ന ഒരു പ്രത്യേക ഉദ്ദേശ്യ യാനം രൂപീകരിക്കും. പദ്ധതി നടപ്പാക്കുന്നതിനായി ഏകദേശം 2,000 ഏക്കർ സ്ഥലം പാലക്കാട് ജില്ലയിൽ കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,000 ഏക്കർ സ്ഥലം പ്ലാൻ ഫണ്ട് ഉപയോഗിച്ചും ബാക്കി 1,000 ഏക്കർ കിഫ്ബി ഫണ്ട് ഉപയോഗിച്ചും ഏറ്റെടുക്കേണ്ടതുണ്ട്. പദ്ധതിക്കായി 2021–22 ബജറ്റിൽ **20000.00 ലക്ഷം** രൂപ വകയിരുത്തിയിരിക്കുന്നു.

**4. പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ് )**

**(വിഹിതം: 550.00 ലക്ഷം രൂപ)**

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബ്, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥാപിച്ചതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടന നിരീക്ഷണം ശക്തിപ്പെടുത്തുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തീകരണം, പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ തലങ്ങളിലും ശേഷി വർദ്ധിപ്പിക്കൽ,

പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസക്തമായ ഐടി സംരംഭങ്ങൾ നടപ്പിലാക്കൽ എന്നിവയുടെ നിരീക്ഷണം തുടരുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | ഘടകങ്ങൾ | 2021-22 വാർഷിക പദ്ധതി വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| **എ** | **പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന വിലയിരുത്തൽ** | |
| 1 | റിയാബിന്റെ ചെയർമാന്റേയും സെക്രട്ടറിയുടേയും പ്രതിവാര അവലോകനയോഗം | 7.00 |
| 2 | വ്യവസായ വകുപ്പ് മന്ത്രിയുടെയും അഡീഷണൽ ചീഫ് സെക്രട്ടറിയുടേയും നേതൃത്വത്തിൽ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളുടെയും അവലോകന യോഗങ്ങൾ | 4.00 |
| 3 | എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളും ഓഡിറ്റ് അവലോകന യോഗങ്ങളും | 3.00 |
| **ബി** | **പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിർദ്ദേശങ്ങളുടെ അവലോകനം** | |
| 1. | **പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവത്കരണ, വിപുലീകരണ പദ്ധതികളുടെ വിലയിരുത്തൽ** പ്രൊപ്പോസലുകളുടെ സാങ്കേതിക വിലയിരുത്തലുകൾക്കും നിർവ്വഹണത്തിനുശേഷമുള്ള മൂല്യ നിർണ്ണയം, ഇന്റലിജൻസ് മാർക്കറ്റ് നെറ്റ് വർക്ക് ഇനിഷ്യേറ്റീവ് ഉൾപ്പെടെയുള്ളവ എന്നിവയ്ക്കായി വിദഗ്ദരുടെ സേവനം സാധ്യമാക്കൽ. | 32.00 |
| **സി** | **മാനവ വിഭവ വികസനം, ഗവേഷണ വികസന പ്രവർത്തനങ്ങൾ നോളജ് മാനേജ്മെൻറ് മുതലായവ (വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ)** | |
| 1 | ചെയർമാൻ/ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ കോർപ്പറേറ്റ് ഗവേണൻസ് പരിശീലന പരിപാടികൾ | 10.00 |
| 2 | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി എല്ലാ ജീവനക്കാർക്കും പരിശീലന ആവശ്യകത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകൽ | 25.00 |
| 3 | ദേശീയ അന്തർദേശീയ വിജ്ഞാന ശേഖരങ്ങളായ ഐ.ഐ.എമ്മുകൾ, ഐ.ഐ.റ്റി.കൾ, ഐ.പി.ഇ, ബി.ആർ.പി.എസ്.ഇ, ഡി.പി.ഇ, നാഷണൽ പ്രോഡക്റ്റിവിറ്റി കൗൺസിൽ, ഏഷ്യൻ പ്രൊഡക്റ്റിവിറ്റി ഓർഗനൈസേഷൻ, ഒ.ഇ.സി.ഡി മുതലായവയുമായുള്ള സഹകരണം | 25.00 |
| 4 | വിദഗ്ധ സ്ഥാപനങ്ങൾ/കൺസൾട്ടന്റ്മാർ തുടങ്ങിയവരുടെ സഹകരണത്തോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര പുനരുദ്ധാരണ പദ്ധതികൾ/ഭാവി ബിസിനസ് പ്ലാനുകൾ തുടങ്ങിയവ തയ്യാറാക്കൽ | 50.00 |
| **ഡി** | **ഗുഡ് ഗവേർണൻസ് /ഐ.ടി/മറ്റ് ഐ.ടി എനേബിൾഡ് സേവനങ്ങൾ** | |
| 1 | **പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി എന്റർ പ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി)** പൊതുമേഖലാസ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി പിഴവില്ലാത്ത ഇടപാടുകളും, ഉൽപാദനവും സാധ്യമാക്കുന്നതിനായി ഒരു ബിസിനസ് മാനേജ്മെന്റ് സോഫ്റ്റ്വെയർ വികസിപ്പിക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ബിസിനസ്, സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട മാനേജ്മെന്റ് പ്രവർത്തനങ്ങൾ, സേവനങ്ങൾ മനുഷ്യ വിഭവങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഒരു ഇന്റഗ്രേറ്റഡ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് ഇത് മൂലം | 75.00 |

| | | |
|---|---|---|
| | സാധ്യമാകും. ഐടി വകുപ്പിന്റെ ഇ-ഗവേണൻസ് പ്രോജക്ടിന്റെ മാതൃകയുമായി യോജിക്കുന്ന തരത്തിലായിരിക്കണം ഇആർപി സൊല്യൂഷൻസ് നടപ്പിലാക്കേണ്ടത്. | |
| 2 | പൊതുമേഖലാ സ്ഥാപനങ്ങളുടെ തൽസമയ നിരീക്ഷണ സംവിധാനത്തിനായി വെബ്സൈറ്റ് മെച്ചപ്പെടുത്തലും പരിപാലനവും മറ്റ് ഓൺലൈൻ ഡേറ്റാബേസ് മാനേജ്മെന്റ് ആവശ്യങ്ങളും | 20.00 |
| 3 | ഓൺലൈൻ വിഭവങ്ങൾ/ഡിജിറ്റൽ ലൈബ്രറികൾ എന്നിവയുടെ സഹായത്തോടെ ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സാങ്കേതിക/മാനേജ്മെന്റ് ജേർണലുകളും റഫറൻസ് മെറ്റീരിയലുകളും | 7.00 |
| 4 | കംപ്യൂട്ടർ, ലൈസൻസുള്ള സോഫ്റ്റ് വെയറുകൾ എന്നിവയുടെ മെയിന്റനൻസും നവീകരണവും മറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചറും. | 10.00 |
| 5 | പബ്ലിക് സെക്ടർ ഗവേണൻസിനെ സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കലും പ്രസിദ്ധീകരണവും | 7.00 |
| ഇ | സഹകരണ ഗവേഷണവും വികസനവും | |
| 1 | ഇന്ത്യയിലും വിദേശത്തുമുള്ള പ്രശസ്ത സർവകലാശാലകളുമായും അക്കാദമിക് സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഗവേഷണ-വികസന പദ്ധതികൾക്കുള്ള സഹകരണങ്ങൾ പ്രോൽസാഹിപ്പിക്കുക | 275.00 |
| | **ആകെ** | **550.00** |

**5. പ്രവർത്തന സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും**

**(വിഹിതം: 24879.00 ലക്ഷം രൂപ)**

തന്ത്രപ്രധാനമായി ഒറ്റ തവണ മൂലധന സഹായത്തിലൂടെ ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി ഒരു പദ്ധതി റിയാബ് മുഖേന നടപ്പിലാക്കുന്നതിനായി വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വകാല - ദീർഘകാല ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് രണ്ടുതരത്തിലുള്ള കർമ്മപദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ, പൊതുമേഖലയിലും ടെക്സ്റ്റൈൽ മേഖലയിലും ഉള്ള സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ, ഹ്രസ്വകാലയളവിലേക്കായി സിക്ക് യൂണിറ്റുകൾക്കുള്ള ചെറിയ തിരുത്തൽ നടപടികളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിനായി ഒരു സമഗ്ര സാമ്പത്തിക പുനർ രൂപീകരണ പദ്ധതി ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. ഈ പദ്ധതിയിൽ കുറഞ്ഞ നിരക്കിലുള്ളതും ഒഴിവാക്കാനാവാത്തതുമായ വയബിൾ ഗ്യാപ് ഫണ്ടിംഗ് രീതികൾ ഉൾപ്പെടേണ്ടതും സമഗ്ര പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത ദ്വിമുഖ പുനരുദ്ധാരണ കർമ്മ പദ്ധതി താഴെ പറയുന്ന കാര്യങ്ങൾക്ക് മതിയായ ഊന്നൽ കൊടുക്കേണ്ടതാണ്.

1 ബാലൻസിംഗ് ഉപകരണങ്ങൾ നൽകൽ/ അത്യന്താപേക്ഷിത നവീകരണം.
2 പുനർരൂപീകരണ പദ്ധതി പ്രവർത്തനത്തിൽ അനുയോജ്യമായതും മെച്ചപ്പെട്ടതുമായ സാങ്കേതിക വിദ്യയുടെ ഉപയോഗം.
3 ഉന്നത മൂല്യ വർദ്ധനവ്, ഉൽപ്പന്ന വൈവിധ്യ വൽക്കരണം, പുതിയ ഉൽപ്പന്നങ്ങളുടെ കണ്ടെത്തൽ.
4 മനുഷ്യശേഷി ഉൾപ്പെടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി തന്ത്രങ്ങൾ ആവിഷ്കരിക്കുക.
5 മനുഷ്യ വിഭവം, പരിസ്ഥിതി, വ്യവഹാര വിഷയങ്ങളുടെ പരിഹാരം.
6 ലയനം, കൂട്ടിച്ചേർക്കൽ, സഹജീവിപരമായ തരത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം.
7 വിവിധ മേഖലകളിലെ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം മാർക്കറ്റ് വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുകയും അതിന്മേൽ സംസ്ഥാനത്തിന്റെ തന്ത്ര പ്രധാനമായ താൽപര്യങ്ങൾ തിരിച്ചറിയുകയും ചെയ്യുക.
8 പൊതുമേഖലാ സ്ഥാപനങ്ങളുടെയും ടെക്സ്റ്റൈൽ യൂണിറ്റുകളുടെയും തരം തിരിക്കലിന് സാധ്യമാകുന്ന ബിസിനസ്സ് സാഹചര്യങ്ങളും മറ്റ് പ്രധാന കാര്യങ്ങളും.

2017-18 ലും 2018-19 ലും 2019-20 ലും 2020-21 ലും ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതിയുടെ പൂർത്തീകരണത്തിനും നിലവിലുള്ള പ്രോജക്ടുകളുടെ അനുബന്ധ പ്രോജക്ടുകളായിട്ടുള്ള പുതിയ പദ്ധതികൾക്കുമായി 2021-22 വാർഷിക പദ്ധതിയിൽ 24879.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | 2021-22ൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| **കെമിക്കൽ മേഖല** | | | **സംസ്ഥാന വിഹിതം** |
| 1 | മലബാർ സിമന്റ്സ് ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>സിപിടി യിൽ നിന്ന് പാട്ടത്തിനെടുത്ത ഭൂമി - 1ാം ഘട്ടം ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുക<br>വാളയാർ പ്ലാന്റിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ. | 2500.00 |
| 2 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | പഴയ ഗ്രേ സിമന്റ് പ്ലാന്റിന്റെ പുനരുജ്ജീവിപ്പിക്കൽ (2019-20 ൽ ഭരണാനുമതി നൽകി) 4 കോടി രൂപ<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>കെഎസ്ഇബിയിലേക്ക് വൈദ്യുത തൂണുകളുടെ നിർമ്മാണവും വിതരണവും. 6 കോടി രൂപ | 1000.00 |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | **2017-18 ൽ തുടങ്ങിയ പദ്ധതികൾ**<br>മലിനീകരണ ലഘൂകരണ പദ്ധതികൾ (എഎസ് തുക - 24.00 കോടി)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>മാലിന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള പ്രോജക്റ്റ് | 1000.00 |
| 4 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>ഖനനം/ ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ, പ്ലാന്റുകൾ, യന്ത്രങ്ങൾ. | 200.00 |
| 5 | കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | **2018-19 ൽ തുടങ്ങിയ പദ്ധതികൾ**<br>എൽവിപി, എസ്‌വിപി, പിഎഫ്എസ്, നേത്ര ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാണം (എഎസ് തുക - 50.00 കോടി) | 1300.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | 2021-22ൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| | | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>ഓങ്കോളജി & ഇമ്മ്യൂണോളജി പാർക്കുകൾ- പ്രാഥമിക പ്രവർത്തനങ്ങൾ- 3 കോടി | |
| **ഇലക്ട്രോണിക് മേഖല** | | | |
| 6 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (കെൽട്രോൺ) | **2019-20 ൽ തുടങ്ങിയ പദ്ധതികൾ**<br><br>ഉൽപാദനത്തിന്റെ നവീകരണം, കെഇസി, കെസിസി, കെസിഎ, കെഎൽഡി ഉൽപാദന യൂണിറ്റുകളുടെ സൗകര്യങ്ങൾ (2019-20 ൽ എ എസ് തുക 9.56 കോടി രൂപ നൽകി)<br><br>**2020-21 ൽ തുടങ്ങിയ പദ്ധതികൾ**<br>ഉൽപാദന നവീകരണം, കെഇസി, കെസിസി, കെസിഎ, കെഎൽഡി, ഐടിബിജി ഉൽപാദന യൂണിറ്റുകളുടെ സൗകര്യങ്ങൾ. (7.45 കോടിക്ക് 2019-20 ൽ എ.എസ് നൽകി)<br><br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>മെഡിക്കൽ ഉപകരണങ്ങളുടെ നിർമാണം | 1000.00 |
| 7 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | **2017-18 ൽ ആരംഭിച്ച പദ്ധതികൾ**<br><br>നിലവിലുള്ള കപ്പാസിറ്റർ പ്ലാന്റിന്റെ ആധുനികവൽക്കരണം എം.പി.പി റെക്ടാംഗുലർ കപ്പാസിറ്റർ ഫെസിലിറ്റി സ്ഥാപിക്കലും (ഭരണാനുമതി ലഭിച്ച തുക - 10 കോടി രൂപ)<br><br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>സൂപ്പർ കപ്പാസിറ്ററുകളുടെ നിർമ്മാണം.<br>(42 കോടി രൂപയുടെ പദ്ധതി വിഹിതം) | 1500.00 |
| 8 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>വ്യാവസായിക ആപ്ലിക്കേഷനായി വൈബ്രേഷൻ ഇൻസുലേറ്ററിന്റെ വികസനവും ഉൽപാദനവും. | 50.00 |
| **എഞ്ചിനിയറിംഗ് മേഖല** | | | |
| 9 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | **2018-19 ൽ ആരംഭിച്ച പദ്ധതികൾ**<br>ഷൊർണ്ണൂർ മെഷിൻ യൂണിറ്റിന്റെ വിപുലീകരണം.<br>(ഭരണാനുമതി ലഭിച്ച തുക 5 കോടി രൂപ)<br><br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>നവീകരണം- 6 ടൺ ഓപ്പൺ ഫോർജിംഗ് ഹാമർ ഇൻസ്റ്റാളേഷൻ, ഹെവി ഡ്യൂട്ടി വിഎംസി ഡൈ സിങ്കിംഗ് മെഷീൻ | 1262.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | 2021-22ൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| 10 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>യന്ത്ര യൂണിറ്റുകളുടെ ഇൻസ്റ്റാളേഷനും ഫൗണ്ടറി യൂണിറ്റ്, ഒറ്റപ്പാലത്ത് അധിക യന്ത്രങ്ങൾ സ്ഥാപിക്കുക. | 700.00 |
| 11 | ഓട്ടോകാസ്റ്റ് | **2019-20 ൽ ആരംഭിച്ച പദ്ധതികൾ**<br>നോൺ-ഫെറസ് കോപ്പർ അലോയ്, അലുമിനിയം കാസ്റ്റിംഗ് എന്നിവയുടെ നിർമ്മാണം (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>ഓട്ടോകാസ്റ്റിന്റെ നവീകരണം. | 1000.00 |
| 12 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | ഓപ്പൺ ഡൈ അലുമിനിയം ഫോർജിംഗ് സൗകര്യം (2020-21 ൽ മൂന്ന് കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>ഷോ റൂമുകൾ/പ്രാദേശിക ഡിപ്പോകൾ എന്നിവ സജ്ജീകരിക്കുക | 292.00 |
| 13 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>ഇ-ഓട്ടോകൾ, ഇ റിക്ഷ, ഇ സ്കൂട്ടർ എന്നിവ നിർമ്മിക്കുന്നതിനുള്ള സൗകര്യത്തിന്റെ വിപുലീകരണവും നവീകരണവും. | 1000.00 |
| **സിറാമിക് മേഖല** | | | |
| 14 | കേരള ക്ലേസ് ആൻഡ് സിറാമിക് പ്രോഡക്റ്റ് ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>കോക്കനട്ട് പ്രോസസ്സിംഗ് യൂണിറ്റ് 2-ാം ഘട്ടം | 300.00 |
| 15 | കേരള സിറാമിക്സ് ലിമിറ്റഡ് | **2019-20 ൽ ആരംഭിച്ച പദ്ധതികൾ**<br>മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം 3-ാം ഘട്ടം. (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>1500 ടൺ ശേഷി വിപുലീകരണം. (ബ്ലാഞ്ചിംഗ് ആൻഡ് റിഫൈനിംഗ്, സെറ്റിംഗ് & ബ്ലീച്ചിംഗ് ഫിൽട്രേഷൻ പ്ലാന്റ്.) | 1000.00 |
| **ഇലക്ട്രിക്കൽ മേഖല** | | | |
| 16 | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് | **2017-18 ൽ ആരംഭിച്ച പദ്ധതികൾ**<br>മാമല,കുണ്ടറ യൂണിറ്റുകളുടെ പുനരുദ്ധാരണം. (ഭരണാനുമതി ലഭിച്ച തുക 18 കോടി രൂപ).) | |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | 2021-22ൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| | എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | **2018-19 ൽ ആരംഭിച്ച പദ്ധതികൾ**<br>ഇലക്ട്രിക്കൽ വാഹനങ്ങൾക്കുള്ള മോട്ടോറുകളുടെ ഉൽപാദനം. (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ) | 1100.00 |
| 17 | ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ് | **2018-19 ൽ ആരംഭിച്ച പദ്ധതികൾ**<br>തിരുവല്ല, ഇരുമ്പനം യൂണിറ്റുകളുടെ ആധുനികവൽക്കരണം (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>തിരുവല്ല യൂണിറ്റിൽ വോൾട്ടേജ് ശ്രേണി 11/33/66 ന്റെ യുജി, എബി കേബിളുകൾ നിർമ്മിക്കുന്നതിനുള്ള സിസിവി ലൈൻ (ഡ്രൈ കെയർ ടെക്നോളജി). | 1000.00 |
| 18 | ട്രാൻസ്ഫോർമർ ആൻഡ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ് (ടെൽക് ) | **2017-18 ൽ ആരംഭിച്ച പദ്ധതികൾ**<br>വിപിഡി പ്ലാന്റുകൾ സ്ഥാപിക്കുന്നു (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>നവീകരണ പ്രവർത്തനങ്ങളും ക്രെയിൻ നവീകരണവും | 500.00 |
| 19 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>പോളിമർ ഇൻസുലേറ്റർ നിർമ്മാണം, മോട്ടോർ സ്റ്റാർട്ടർ നിർമാണവും വികസനവും | 250.00 |
| **ടെക്സ്റ്റൈൽസ് മേഖല** | | | |
| 20 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷൻ ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികളും സ്പിൽ ഓവർ പ്രവർത്തികളും**<br>പ്രഭുരാം മിൽസ്, ചെങ്ങന്നൂർ<br>കോട്ടയം ടെക്സ്റ്റൈൽസ്, ഏറ്റുമാനൂർ<br>കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ്, ആലപ്പുഴ<br>എടരികോട് ടെക്സ്റ്റൈൽസ്, മലപ്പുറം<br>മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് കോഴിക്കോട്<br>ഹൈടെക് വീവിംഗ് മിൽസ്, കണ്ണൂർ<br>ഉദുമ ടെക്സ്റ്റൈൽ മിൽസ്, കാസർഗോഡ്<br>സി എ ആർ ഡി റ്റി, തിരുവനന്തപുരം<br>ഇആർപി സംവിധാനങ്ങൾ ഹെഡ് ഓഫീസിലും യൂണിറ്റുകളിലും ഐഎസ്ഒ (പ്ലാന്റ്, മെഷിനറി, കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികളും പരിപാലനവും) | 2300.00 |
| | സീതാറാം | | |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | 2021-22ൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| 21 | ടെക്സ്റ്റൈൽസ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>റിംഗ് ഫ്രെയിം മെഷീനുകൾ -11, സിംപ്ലക്സ് മെഷീനുകൾ -3, ഓട്ടോകോണർ -2, ടിഎഫ്ഒ മെഷീൻ -5, ഇലക്ട്രിക്കൽ വർക്ക്സ്, പൊളിച്ചു നീക്കലും പുതിയ നിർമാണവും കെട്ടിട പരിപാലനവും. | 250.00 |
| 22 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ | **2019-20 ൽ ആരംഭിച്ച പദ്ധതികൾ**<br>പുതിയ ഓപ്പൺ എന്റിനുള്ള പ്രിപ്പറേറ്ററി മെഷീനുകൾ. (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ) | 300.00 |
| **പരമ്പരാഗത മേഖല** | | | |
| 23 | കരകൗശല വികസന കോർപറേഷൻ (കേരള) ലിമിറ്റഡ് | **2020-21 ൽ ആരംഭിച്ച പദ്ധതികൾ**<br>കേരളത്തിൽ കരകൗശല വികസനത്തിനായി "കരകൗശല സൗഹൃദ പദ്ധതി ഹെഡ് ഓഫീസിൽ ഡിസൈൻ സെന്ററും ഓഫീസ് ഓട്ടോമേഷനും<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>കരകൗശല അധിഷ്ഠിത ഇന്റീരിയർ ഫർണിഷിംഗ് | 300.00 |
| 24 | കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>മുള അടിസ്ഥാനമാക്കിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസ് ഉപകരണങ്ങളുടെ ഉത്പാദനം. | 250.00 |
| 25 | കെൽപാം | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>ശർക്കര നിർമാണ യൂണിറ്റ് (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ)<br>**2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>ഈന്തപ്പന ഇല സ്ട്രോ നിർമ്മാണം | 75.00 |
| **വുഡ് ബേസ്ഡ് സെക്ടർ** | | | |
| 26 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് തിരുവിതാംകൂർ ലിമിറ്റഡ് | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നു (ബാക്കിയുള്ള ജോലി)<br>ബാൻഡ് സോയുടെയും ഹൈ എൻഡ് സിഎൻസി മെഷീനിന്റെയും സംഭരണം | 200.00 |
| **വികസന മേഖല** | | | |
| 27 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് | **2019-20 ൽ ആരംഭിച്ച പദ്ധതികൾ**<br>ഉൽപാദന യൂണിറ്റുകളുടെ നവീകരണം.<br>(ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ) | 750.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | 2021-22ൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| | കോർപറേഷൻ (സിഡ്കോ) | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>വ്യാവസായിക എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും നവീകരണം | |
| 28 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | **2019-20 ൽ ആരംഭിച്ച പദ്ധതികൾ**<br>കെഎസ്ഇ-ലിക്വിഡ് സോപ്പും സാമ്പിൾ സോപ്പ് നിർമ്മാണ യൂണിറ്റും. | 500.00 |
| | | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br><br>കൊച്ചി ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ-അധിക ഇൻഫ്രാസ്ട്രക്ചർ. | |
| | **2021-22 ൽ നിർദ്ദേശിച്ച പദ്ധതികൾ**<br>പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധന പിന്തുണ. | | 3000.00 |
| | **ആകെ തുക** | | **24879.00** |

വ്യവസായ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി ഒരു വിദഗ്ധസമിതിയുടെ വിലയിരുത്തലിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ റിയാബിന്റെ ഏകോപനത്തിലൂടെ പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കേണ്ടതാണ്,

**6 ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ)**

**(വിഹിതം: 95.00 ലക്ഷം രൂപ)**

പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ ഒരു സെക്രട്ടേറിയറ്റ് ആയിട്ടാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം നയരൂപീകരണത്തിലും, പൊതുമേഖലാ സ്ഥാപനങ്ങളിലെ പേഴ്സണൽ ആൻഡ് ലേബർ മാനേജ്മെന്റിലും നിക്ഷേപ തീരുമാനങ്ങളിലും സർക്കാരിനെ സഹായിക്കുന്നു. 2021-22 വാർഷിക പദ്ധതിയിൽ 95.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**6.1 മനുഷ്യ വിഭവശേഷി വികസനം**

പൊതുമേഖലാ സ്ഥാപനങ്ങളിലെ സൂപ്പർവൈസറി/മാനേജീരിയൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ തൊഴിലുമായി ബന്ധപ്പെട്ട് കാലാനുസൃതമായ റിഫ്രഷർ പരിശീലന പരിപാടികൾ നടത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ, പൊതുമേഖലാ യൂണിറ്റുകളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള മാനേജ്മെന്റ് വൈദഗ്ദ്ധ്യമുള്ള ഒരു കൂട്ടം ഉദ്യോഗസ്ഥരെ സജ്ജമാക്കുക വഴി പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കോർപ്പറേറ്റ് ഗവേർണൻസ്, കോർപ്പറേറ്റ് ഫിനാൻസ്, ഇമോഷണൽ ഇന്റലിജൻസ്, ആധുനിക പ്രവർത്തനങ്ങൾ, മാനേജ്മെന്റ്, സാങ്കേതിക വിദ്യകൾ എന്നീ മേഖലകളിലെ മികച്ച പ്രവർത്തനങ്ങളെ സംബന്ധിച്ചാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിന്റെ ആവശ്യകത വിശകലനം ചെയ്ത് ലക്ഷ്യമിട്ട പരിപാടികളുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലല്ലാത്ത വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾ നടത്തുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ **25.00 ലക്ഷം** രൂപ വകയിരുത്തിയിരിക്കുന്നു.

**6.2 പ്രവർത്തനം വിലയിരുത്തൽ**

പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കി, അനുയോജ്യമായ പരിഹാരം കാണുന്നതിന് പൊതു മേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മൊത്തത്തിൽ അവലോകനം നടത്തി വാർഷിക അവലോകന റിപ്പോർട്ട് ബി.പി.ഇ തയ്യാറാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ മുൻകാല വാർഷിക അവലോകന റിപ്പോർട്ടുകളിൽ നിന്നുള്ള പാഠമുൾക്കൊണ്ട് അവർക്കായി പുനരുദ്ധാരണ പദ്ധതികൾ, ഭാവി ബിസിനസ്സ് പ്ലാനുകൾ തയ്യാറാക്കുന്നതിനും പ്രവർത്തനം വിലയിരുത്തലിനുമായി 2021-22 വാർഷിക ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6.3 പബ്ലിക്ക് എന്റർപ്രൈസ് സെലക്ഷൻബോർഡ് (കെ.പി.ഇ.എസ്.ബി)

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മികച്ച മാനേജീരിയൽ പേഴ്സണൽ പോളിസി ആവിഷ്കരിക്കുന്നതിനും പ്രത്യേകിച്ചും ഉയർന്ന മാനേജ്മെന്റ് തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് സർക്കാരിനെ ഉപദേശിക്കുന്നതിനും സെലക്ഷൻ പ്രക്രിയയിൽ കൂടുതൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനുമായി കേരള പബ്ലിക്ക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (കെ.പി.ഇ.എസ്.ബി) സർക്കാർ രൂപീകരിച്ചു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരെ തെരെഞ്ഞെടുക്കുക എന്നതാണ് കെ.പി.ഇ.എസ്.ബി യുടെ പ്രധാന ചുമതല. കേരള പബ്ലിക് എന്റർപ്രൈസ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ബി.പി.ഇ ആണ്. കെ.പി.ഇ.എസ്.ബി യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2021-22 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6.3 ധാതുക്കൾ

2021-22 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 132.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. ധാതുപര്യവേഷണം**

**(വിഹിതം: 40.00 ലക്ഷം രൂപ)**

2021-22 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പ്രവർത്തനം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ധാതു പര്യവേഷണത്തിനായി റെക്കണെസൻസ് സർവ്വേ | 40.00 |
| 2 | കണ്ണൂർ ജില്ലയിൽ ബോക്സൈറ്റ് അലൂമിനസ്/ലാറ്ററൈറ്റ്, ചൈനാ ക്ലേ , ചുണ്ണാമ്പ്കല്ല് കണ്ടെത്തുന്നതിനുള്ള പാലക്കാട് ജില്ലയിലെ വാളയാറിൽ വിശദമായ പര്യവേഷണങ്ങൾ | |
| 3 | സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ വിവര ശേഖരണം | |
| 4 | സംസ്ഥാനത്ത് ടൈൽബ്രിക് ക്ലേയുള്ള പ്രദേശങ്ങളെ / കണ്ടെത്തുന്നതിനുള്ള സർവ്വേ | |
| 5 | മറ്റ് ശാസ്ത്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പഠനങ്ങൾ | |
| 6 | ഫീൽഡ് ഉപകരണങ്ങൾ ലൂകൾജേർണ/ലൈബ്രറി പുസ്തകങ്ങൾ , തുടങ്ങിയവ വാങ്ങൽ | |
| 7 | കെമിക്കൽ ലബോറട്ടറി | |
| 8 | മിനറോളജിയും രത്ന പരിശോധന ലബോറട്ടറിയും | |

**2. മാനവശേഷി വികസനവും ജീവനക്കാർക്കുള്ള പരിശീലനവും**

**(വിഹിതം: 5.00 ലക്ഷം രൂപ)**

ജിയോളജി, ഖനനം, പാരിസ്ഥിതിക വിഷയങ്ങൾ, ജി.ഐ എസ്, ഇ-ഗവേർണൻസ് മുതലായ മേഖലകളിൽ സാങ്കേതിക മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ സാങ്കേതിക കഴിവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനായി വകുപ്പ് ഉദ്ദേശിക്കുന്നു. മീറ്റിംഗുകൾ, വർക്ക്ഷോപ്പുകൾ/സെമിനാറുകൾ, പരിശീലനങ്ങൾ, ഡോക്യുമെന്റേഷൻ എന്നിവ സംഘടിപ്പിക്കുന്നതിനും/പങ്കെടുക്കുന്നതിനുമായുള്ള ചെലവുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2021-22 വർഷത്തിൽ ഇതിനായി 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. ഇ.ഗവേർണൻസ് പദ്ധതി നടപ്പിലാക്കൽ**

**(വിഹിതം: 62.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ 14 ജില്ലകളിലും കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് - 'കോംപാസ്' എന്ന ഇ-ഗവേർണൻസ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇതിൽ സോഫ്റ്റ്‌വെയർ വികസനത്തിനും പരിപാലനത്തിനും, ഹാർഡ് വെയറിനും നെറ്റ് വർക്കിങ്ങിനുമായുള്ള എ.എം.സി, ഹാർഡ് വെയർ മെച്ചപ്പെടുത്തൽ, സോഫ്റ്റ് വെയറുകളുടെ സുരക്ഷാ ഓഡിറ്റിംഗ്, പരിശീലനം, ഡോക്കുമെന്റേഷൻ, വെബ്സൈറ്റ് പരിപാലന ചെലവ് എന്നിവ ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇ-ഓഫീസ് നടപ്പിലാക്കലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 62.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ നവീകരണം.**

**(വിഹിതം: 25.00 ലക്ഷം)**

ശാസ്ത്രീയ ഖനന ഉദ്യമങ്ങൾ നിർവ്വഹിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഐടി അധിഷ്ഠിത ഗവേണൻസ് സൊല്യൂഷൻ ഉൾപ്പെടെയുള്ള ഗവേണൻസ് ഇൻഫ്രാക്ചറിന്റെ ആധുനികവൽക്കരണത്തിനായി 2021-22 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6.4 വിവര സാങ്കേതിക വിദ്യ

കേരളത്തെ മുൻ നിരയിലുള്ള ഒരു ഐ.റ്റി കേന്ദ്രമാക്കി മാറ്റുകയും അതുവഴി പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഐ.സി.റ്റി വികസനത്തിന് അനുകൂലമായ ഒരു പരിസ്ഥിതി സൃഷ്ടിക്കുക, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയിലൂടെ നൂതനമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും ആവശ്യാനുസൃത മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുകയും, അതുവഴി കേരളത്തെ ഐ.റ്റി കേന്ദ്രമാക്കി മാറ്റി കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിനകത്തു നിന്നും പുറത്തുനിന്നും ആകർഷിക്കുകയും ചെയ്യുക എന്നുള്ളതാണ് 2017 ലെ ഐ.റ്റി പോളിസിയുടെ പ്രധാന ലക്ഷ്യം. അന്താരാഷ്ട്ര നിലവാരത്തിൽ വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടന, ഇ ഗവേർണൻസിനായുള്ള പശ്ചാത്തല സൗകര്യങ്ങൾ, നൂതന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ മേഖലയിലെ പ്രോഗ്രാമുകളും പദ്ധതികളും നടപ്പിലാക്കുന്നത്. ആസൂത്രണത്തിനും തീരുമാനമെടുക്കുന്നതിനുമുള്ള ഉപാധിയായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു സംയോജിത ഡയമണ്ട് ജൂബിലി സ്പേഷ്യൽ ഡേറ്റാ പോർട്ടലിനെ സജ്ജമാക്കുന്നതിനും പദ്ധതികാലത്ത് ഉദ്ദേശിക്കുന്നു.

കെ.എസ്.ഐ.റ്റി.എം, ഐ.ഐ.ഐ.റ്റി.എം.കെ, ഐ.സി.ഫോസ്, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കെ.എസ്.ഐ.റ്റി.ഐ.എൽ, കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ (കെ.എസ്.യു.എം) സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി.ഡിറ്റ്), ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയാണ് ഇൻഫർമേഷൻ ടെക്നോളജി മേഖലയുടെ കീഴിൽ വരുന്ന പ്രധാന ഏജൻസികൾ. സ്റ്റാർട്ട് അപ്പ് മിഷൻ, ഐ.ഐ.ഐ.റ്റി.എം.കെ, ഐ.സി ഫോസ് എന്നിവയിലൂടെ വനിതാ സംരംഭകത്വ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നു. കെ.എസ്.ഐ.റ്റി.ഐ.എൽ നുള്ള നബാർഡ് സഹായമായ 2590.00 ലക്ഷം രൂപ ഉൾപ്പെടെ വിവര സാങ്കേതിക വിദ്യാ മേഖലയ്ക്കായി 2021-22 ബജറ്റിൽ 52525.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഐടി മേഖലയ്ക്ക് കീഴിലുള്ള ഏജൻസി തിരിച്ചുള്ള ഫണ്ടുകൾ ചുവടെ നൽകിയിരിക്കുന്നു

| ക്രമ നം | ഡിപ്പാർട്ട്മെന്റ്/ ഏജൻസി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കെഎസ്ഐറ്റിഎം | 12513.00 |
| 2 | ഐഐഐറ്റിഎം-കെ | 2000.00 |
| 3 | ഐസിഫോസ്സ് | 750.00 |
| 4 | ടെക്നോപാർക്ക് | 2405.00 |
| 5 | ഇൻഫോപാർക്ക് | 3555.00 |
| 6 | സൈബർപാർക്ക് | 1237.00 |
| 7 | കെഎസ്ഐറ്റിഎൽ | 20190.00 |
| 8 | കേരള സ്റ്റാർട്ട് അപ്പ് മിഷൻ | 6875.00 |
| 9 | സി-ഡിറ്റ് | 600.00 |
| 10 | ഡിജിറ്റൽ യൂണിവേഴ്സിറ്റി(പുതിയത് ) | 2400.00 |
| | **ആകെ** | **52525.00** |

## 1. കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.ടി.എം)

**(വിഹിതം 12133.00 ലക്ഷം രൂപ)**

ഐ.റ്റി വകുപ്പിന്റെ വിവിധ സംരംഭങ്ങളുടെ നിർവഹണ ചുമതലയുള്ള കേരളാ സർക്കാരിന്റെ വിവര സാങ്കേതിക വിദ്യ വകുപ്പിന് കീഴിൽ വരുന്ന ഒരു സ്വയംഭരണ ഏജൻസിയാണ് കെ.എസ്.ഐ.റ്റി.എം. ഇ ഗവേണൻസ്, മനുഷ്യവിഭവശേഷി വികസനം, പൗരൻമാർക്കും സർക്കാരിനും ഇടയിൽ വിവരങ്ങൾ കൈമാറുക, സർക്കാരും വ്യവസായവും തമ്മിലുള്ള സമ്പർക്കമുഖമായി പ്രവർത്തിക്കുക, ഡിജിറ്റൽ വിടവ് നികത്തുക, നിക്ഷേപ ഇടപെടലുകൾ, ഭരണ നിർവ്വഹണത്തിൽ വേഗത, സുതാര്യത എന്നിവ ഉറപ്പാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് കെ.എസ്.ഐ.റ്റി.എം. നടത്തുന്നത്. 2021-22 ബജറ്റിൽ താഴെപറയുന്ന പദ്ധതിക്കായി 12133.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### അടിസ്ഥാന സൗകര്യ പദ്ധതികൾ

### 1.1 അഡ്മിൻ- ഇ ഗവേണൻസിനായുള്ള കേന്ദ്രത്തിന്റെ നിർമ്മാണം.

ഐ.റ്റി മിഷന്റെ എല്ലാ ഇ ഗവേണൻസ് സംരംഭങ്ങൾക്കുമായി (അക്ഷയ, എസ്.ഇ.എം.റ്റി സിറ്റിസൺ കോൾസെന്റർ, കെ.എസ്.ഡി.ഐ, വിവിധ പദ്ധതികൾക്കായുള്ള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (യു.ഐ.ഡി, ഇ പ്രൊക്വർമെന്റ്) 55,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. 08.03.2019 ലെ ജി.ഒ (ആർ.ടി) നം.51/2019/ഐ.റ്റി.ഡി പ്രകാരം മൊത്തം 32.82 കോടി ചെലവിൽ സെന്റർ ഫോർ ഇ-ഗവേണൻസ് നിർമാണത്തിന് സർക്കാർ പുതുക്കിയ ഭരണാനുമതി നൽകി. കൺസ്ട്രക്ഷൻ സെന്റർ ഫോർ ഇ ഗവേണൻസിന്റെ പാക്കേജ് II ജോലികൾ നിർവ്വഹിക്കുന്ന ഏജൻസിയായി കെഎസ്ഐടിഎലിനെ നിയമിച്ചു. ഘട്ടം I സിവിൽ ജോലികൾ, ഹൈ സൈഡ് ഇലക്ട്രിക്കൽ ജോലികൾ, എംഇപി എന്നിവ പൂർത്തിയായി. രണ്ടാം ഘട്ടത്തിലെ ലോ സൈഡ് ഇലക്ട്രിക്കൽ ജോലികളുടെ 60%, ഇന്റീരിയർ ഫർണിഷിംഗ് ജോലികൾ പൂർത്തിയായി. പിഎംസി ചാർജുകൾ, കൺസൾട്ടൻസി ചാർജുകൾ മുതലായ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, ബാലൻസ് ഫേസ് 1, ഘട്ടം II ജോലികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

കെഎസ്ഐടിഎംന്റെ ആസ്ഥാനം ഒരു വർഷത്തിനുള്ളിൽ സെന്റർ ഫോർ ഇ-ഗവേണൻസിലേക്ക് മാറ്റാൻ ഒരുങ്ങുന്നു. സിസ്റ്റം അഡ്മിനിസ്ട്രേഷന്റെ ഭാഗമായി, ഐടി ഹാർഡ്‌വെയർ / സോഫ്റ്റ്‌വെയർ ഇനങ്ങൾ ശേഖരിക്കുക, ഐടി ഇതര ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുക / നവീകരിക്കുക, എഎംസി ചാർജുകൾ, പ്രവർത്തന ചെലവുകൾ എന്നിവയും പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 620.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.2 സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ

സംസ്ഥാന തലസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന രണ്ട് ഡാറ്റാ സെന്ററുകളാണ് എസ്.ഡി.സി 1 (കോ-ബാങ്ക്), എസ്.ഡി.സി 2 (ടെക്നോപാർക്ക്). ജി.ടു.ജി, ജി.ടു.സി, ജി.ടു.ബി സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിന് ഡാറ്റാ സെന്ററുകൾ പൊതുവായ സുരക്ഷിത ഐ.ടി ഇൻഫ്രാസ്ട്രചർ നൽകുന്നു. നിലവിൽ എസ്.ഡി.സി 1ൽ പ്രവർത്തിക്കുന്ന കെട്ടിടം പുതുതായി രൂപീകരിച്ച കേരളാ ബാങ്കിന് കൈമാറേണ്ടതിനാൽ എസ്.ഡി.സി 1 കോ-ബാങ്ക് ടവറുകളിൽ നിന്ന് എസ്.ഡി.സി 2 ന് അടുത്തായി ടെക്നോപാർക്കിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നു. ഇത് കണക്കിലെടുത്ത്, ഐ.ടി, ഐ.ടി ഇതര ഇൻഫ്രാസ്ട്രചറുകൾ സജ്ജമാക്കുന്നതിനായി ടെക്നോപാർക്കിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. എസ്.ഡി.സി 2 വിപുലീകരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഐ.ടി യിൽ, ശരിയായ ഡിസാസ്റ്റർ റിക്കവറി, ബിസിനസ് കണ്ടിന്യുയിറ്റി പ്ലാൻ എന്നിവയ്ക്കായി കെ.എസ്.ഐ.ടി.എം നിലവിലുള്ള കോഴിക്കോട് നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്റർ, കെ.എസ്.ഐ.ടി.എം ന്റെ ഉടമസ്ഥതയിൽ തന്നെയുള്ള ഒരു എന്റർപ്രൈസ് ക്ലാസ്സ് ഡിസാസ്റ്റർ റിക്കവറി സെന്ററാക്കി മാറ്റാൻ ഉദ്ദേശിക്കുന്നു. രണ്ട് എസ്ഡിസികളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ, ബിസിനസ്സ് തുടരാനായി ഒരു സമീപ ലൈൻ ഡിസാസ്റ്റർ റിക്കവറി സെന്ററായി (ഡിആർ) പരിവർത്തനം ചെയ്യുന്നതിനുള്ള ഐടി ഇതര ഇൻഫ്രാസ്ട്രക്ചർ തരംതിരിക്കുക, സംസ്ഥാനത്തിനടുത്തുള്ള ഒരു അന്തരീക്ഷത്തിൽ വിദൂര ഡിആർ സൗകര്യം നടപ്പിലാക്കുക, നവീകരിക്കുക എന്നിവയാണ്. ക്ലൗഡ് സെർവറുകൾ, നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തൽ, സെർവർ ഫാം ഏരിയയുടെ വിപുലീകരണം, എസ്എഎൻ പർച്ചേസ്, ടേപ്പ് ബാക്കപ്പ് പരിഹാരം. ഐടി, ഐടി ഇതര ഘടകങ്ങളുടെ എഎംസി, സംഭരണ പ്രശ്നങ്ങൾക്കുകൾക്കുള്ള പരിഹാരം ക്ലൗഡ്

ഇൻഫ്രാസ്ട്രക്ചർ നവീകരണം, നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ നവീകരണം, സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രിക്കൽ ഇതര വസ്തുക്കളുടെ വാങ്ങൽ, പരിപാലനം, പ്രവർത്തനച്ചെലവ് തുടങ്ങിയവയ്ക്കുള്ള വ്യവസ്ഥകളാണുള്ളത്. 2021-22 ബജറ്റിൽ മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾക്കായി 5300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.3 കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (കെസ്വാൻ)**

ഒരു സുരക്ഷിത ഇൻട്രാനെറ്റിലൂടെ കെസ്വാൻ രണ്ടു ഡാറ്റാസെന്ററുകളെ അനന്തമായി ബന്ധിപ്പിച്ച് വിവിധങ്ങളായ, സർക്കാരും സർക്കാരും തമ്മിലും, സർക്കാരിനും പൗരൻമാർക്കുമിടയിലുള്ള സേവനങ്ങൾ നൽകുന്നതിന് എസ്.ഡി.സി.യിലുള്ള നെറ്റ് വർക്ക് സംവിധാനം സാധ്യമാക്കുന്നു. നിലവിൽ, വിവിധ സർക്കാർ വകുപ്പുകളിലായി 4,000 സർക്കാർ സ്ഥാപനങ്ങൾ കെസ്വാനുമായി ബന്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് കേന്ദ്രവുമായി ബന്ധിപ്പിച്ച് 14 ജില്ലാ പോപ്പുകളിലേക്കും 152 ബ്ലോക്ക് പോപ്പുകളിലേക്കും 63 മിനി പോപ്പുകളിലേക്കും കെസ്വാൻ വ്യാപിപ്പിച്ചിരിക്കുന്നു. റൂട്ടറുകൾ മാറ്റിസ്ഥാപിക്കൽ, സ്വിച്ചുകൾ, യുടിഎം (യൂണിഫൈഡ് ത്രെറ്റ് മാനേജ്മെന്റ്) വാങ്ങൽ, പിഒപി (പോയിൻറ് ഓഫ് പ്രെസെൻസ്) സ്ഥലങ്ങളിലെ സിവിൽ/ ഇലക്ട്രിക്കൽ മെയിന്റനൻസ് പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നെറ്റ്‌വർക്കിന്റെ നവീകരണം പൂർത്തിയായി. ഒപ്റ്റിക്കൽ ഫൈബർ വഴി സിവിൽ സ്റ്റേഷനുകളിലെ സഹസ്ഥാപന ഓഫീസുകളിലേക്ക് കെ.എസ്.ഡബ്ല്യു.എൻ കണക്റ്റിവിറ്റി വ്യാപിപ്പിക്കുന്നതിന് 10 സിവിൽ സ്റ്റേഷനുകളിൽ കാമ്പസ് ലാൻ നടപ്പാക്കൽ പൂർത്തിയായി.

ഐ.റ്റി അടിസ്ഥാന സൗകര്യങ്ങൾ, എ.എം.സി, കൺസൾട്ടൻസി, ഓഡിറ്റിംഗ്, ബാൻഡ് വിഡ്ത്ത് ചെലവുകൾ, ലാൻ / ഒഎഫ്സി കേബിളിംഗ് ജോലികൾ, സൈറ്റ് തയ്യാറാക്കൽ ജോലികൾ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ചെലവുകൾ, ഏറ്റവും പുതിയ നെറ്റ്‌വർക്ക് സാങ്കേതികവിദ്യകളിലെ നൈപുണ്യ നവീകരണം പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.4 സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (സെക്വാൻ)**

വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങളുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി ഭരണ സിരാ കേന്ദ്രമായ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഒ.എഫ്.സി (ഒപ്റ്റിക്കൽ ഫൈബർ കേബിൾ) അടിസ്ഥാനമാക്കിയുള്ള നെറ്റ് വർക്ക് ആർക്കിടെക്ച്ചറാണ് സെക്വാൻ. ഐ.റ്റി അനുബന്ധ ഹാർഡ് വെയറും സോഫ്റ്റ് വെയറും വാങ്ങലും എ.എം.സിയും, കണക്റ്റിവിറ്റി ചാർജ്ജുകൾ, ഇന്റർനെറ്റ് പാട്ടത്തിനെടുത്ത ലൈൻ, പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജുകൾ, പബ്ലിക് വൈഫൈ ചാർജ്ജുകൾ, വിഡിഐ പരിഹാരം, പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.5 പബ്ലിക്ക് വൈ.ഫൈ. (കെ.ഫൈ) പദ്ധതി**

2000 വൈ.ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ച് ഗവൺമെന്റ് സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ, സംസ്ഥാനത്തുടനീളം 2000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചു, പ്രതിദിനം പരമാവധി 44000 അദ്വിതീയ സന്ദർശകരും പ്രതിദിനം 8 ടിബി വരെ ഡാറ്റ ഉപഭോഗവും ഉണ്ട്. കെ-ഫൈ ശൃംഖലയിലൂടെ കൂടുതൽ സേവനങ്ങൾ കൊണ്ടുവരിക, പ്രമുഖ സ്ഥലങ്ങളിൽ വൈഫൈ കവറേജ് വർദ്ധിപ്പിക്കുക, തീരദേശ മത്സ്യബന്ധന ഗ്രാമങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുക, സംസ്ഥാനത്തൊട്ടാകെയുള്ള പിന്നോക്ക ഗോത്രഗ്രാമങ്ങൾ എന്നിവ 2021-22 കാലഘട്ടത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന പ്രവർത്തനങ്ങളാണ്. സർവ്വീസ് പ്രൊവൈഡർമാർക്കുള്ള പ്രവർത്തന പരിപാലന ചെലവുകൾ, പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ, പുതിയ മീറ്റർ കണക്ഷൻ, ഇലക്ട്രിക്കൽ ആക്സസറികൾ, വൈദ്യുതി ചാർജുകൾ, കെഎഫ്ഐ ബ്രാൻഡിംഗ്, പബ്ലിക് വൈ-ഫൈയെക്കുറിച്ചുള്ള പൗരന്മാരുടെ അവബോധം, കെഎഫ്ഐയ്ക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ, തേർഡ് പാർട്ടി ഓഡിറ്റർ(ടിപിഎ) പണമടയ്ക്കൽ, പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 1400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.6 വീഡിയോ കോൺഫറൻസിംഗ്(വി.സി.)

ഒരു സ്വതന്ത്ര പ്ലാറ്റ്ഫോമിലൂടെ ദൂരെയുള്ള ലൊക്കേഷനുകൾ ബന്ധിപ്പിക്കാനായി ഓഡിയോയും വീഡിയോയും സംയോജിപ്പിച്ച്, കോൺഫറൻസ്/ചർച്ച എന്നിവ നടത്തുന്ന ഒരു സാങ്കേതിക വിദ്യയാണ് വീഡിയോ കോൺഫറൻസിഗ്. കെ.എസ്.ഐ.റ്റി.എം ഓരോ വർഷവും 2000 വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. ഇപ്പോൾ വി.സി ശൃംഖല കേരളത്തിലുടനീളം വിവിധ സർക്കാർ വകുപ്പകളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് വിദൂര പങ്കാളികളുമായും ഓഫീസ് സ്ഥലങ്ങളുമായും കൂടിക്കാഴ്ച നടത്താൻ വിസി ഇൻഫ്രാസ്ട്രക്ചർ വളരെ ഉപയോഗപ്രദമാണ്. ഐ.ടി ഹാർഡ് വെയർ/സോഫ്റ്റ് വെയർ എന്നിവ ഉൾപ്പെടെ നിലവിലുള്ള വി.സി സൗകര്യങ്ങളുടെ സംരക്ഷണം, ഐ.ടി ഇതര ഇൻഫ്രാസ്ട്രച്ചറുകൾക്കായുള്ള ചെലവ് നടപ്പിലാക്കൽ, വി.സി ടോട്ടൽ സൊല്യൂഷൻ, പ്രൊവൈഡർക്കുള്ള പെയ്മെന്റ്, പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി 2021-22 ബഡ്ജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.7 സൈബർ സെക്യൂരിറ്റി (സെർട്ട്- കേരള ആന്റ് സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ)

സെർട്ട് ഇന്ത്യയുടെ മാതൃകയിൽ വിവിധങ്ങളായ സൈബർ സെക്യൂരിറ്റി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായുള്ള അടിയന്തിര പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല സേർട്ട് കേരളയ്ക്കാണ്. വിവിധ വകുപ്പകൾ/ഏജൻസികൾ സൈബർ സുരക്ഷാ ഭീഷണി സംഭവങ്ങളിൽ നിന്ന് സംരക്ഷണം, കണ്ടെത്തൽ, പ്രതികരണം എന്നിവയ്ക്കായി ഉത്തരവാദിത്തപ്പെട്ട വിവര സുരക്ഷാ വിദഗ്ധർ പ്രവർത്തിക്കുന്ന കേന്ദ്രമാണ് സെർട്ട്-കെ. ഐ.റ്റി, ഐ.റ്റി ഇതര ഇൻഫ്രാസ്ട്രക്ച്ചർ, എ.എം.സി, കണക്റ്റിവിറ്റി, സോഫ്റ്റ്വെയർ/ഹാർഡ്വെയർ, വിഎ/സെക്യൂരിറ്റി ഓഡിറ്റ് ടൂളുകളുടെ സംഭരണം, പ്രവർത്തനചെലവുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.8 ഗവൺമെന്റ് കോൺടാക്ട് സെന്റർ (നവീകരിച്ച സിറ്റിസൺ സെന്റർ കോൾ)

തെരഞ്ഞെടുക്കപ്പെട്ട വകുപ്പകൾക്ക് വേണ്ടി വിവിധങ്ങളായ വിവരദായകസേവനങ്ങളും, പരാതി പരിഹാര സേവനങ്ങളും ഗവൺമെന്റ് കോൺടാക്ട് സെന്റർ നൽകുന്നു. പൊതുജനങ്ങൾക്ക് പ്രാപ്യമാകുന്നതരത്തിൽ സിറ്റിസൺ കോൾ സെന്റർ ഇപ്പോൾ പുനർനിർമ്മാണഘട്ടത്തിലാണ്. നിലവിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ലഭ്യമാകുന്ന സേവനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു കൊണ്ടും കൂടുതൽ സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുവാനും വേണ്ടി കോൺടാക്ട് സെന്ററിനെ പുനർ വിഭാവനം ചെയ്യേണ്ടതുണ്ട്. ജിസിസി ഇപ്പോൾ 66 ലധികം സർക്കാർ വകുപ്പകൾ, സംഘടനകൾ, പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് സേവനം നൽകുന്നു. ജി.സി.സി പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ, എ.എം.സി ചെലവുകൾ, പുതിയ വകുപ്പ് സേവനങ്ങളുടെ സംയോജനം, പ്രമോഷണൽ പ്രവർത്തനങ്ങൾ, പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.9 ഡിപ്പാർട്ട്മെന്റ് വാൻ

പബ്ലിക്ക് ഓഫീസിലും വികാസ്ഭവൻ കെട്ടിടത്തിൽ ഒപ്റ്റിക്കൽ ഫൈബർ ബാക്ക് ബോണിലൂടെ, ഒരു സ്റ്റേറ്റ്-ഓഫ്-ദ-ആർട്ട് സ്ട്രക്ചേർഡ് നെറ്റ് വർക്ക് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. വകുപ്പുകൾ തമ്മിലുള്ള കണക്റ്റിവിറ്റിയും, കെസ്വാനുമായുള്ള കണക്ടിവിറ്റിയുമാണ് പദ്ധതിയുടെ ലക്ഷ്യം. പബ്ലിക് ഓഫീസ് സമുച്ചയത്തിൽ 8 വകുപ്പുകളും വികാസ് ഭവൻ സമുച്ചയത്തിൽ 17 വകുപ്പുകളും നിലവിലുണ്ട്. ഏകദേശം 1700 അന്തിമ ഉപയോക്തൃ സംവിധാനങ്ങൾക്ക് ഈ പ്രോജക്റ്റ് വഴി സേവനം നൽകുന്നു. ഐ.റ്റി, ഐ.റ്റി ഇതര ഉപകരണങ്ങൾക്കുള്ള എ.എം.സി, പബ്ലിക് ഓഫീസിലെയും വികാസ് ഭവനിലെയും സോഫ്റ്റ് വെയർ ലൈസൻസിന്റെ പുതുക്കൽ, ബോധവൽക്കരണ പരിശീലന പരിപാടി, വർക്ക്ഷോപ്പുകൾ, പ്രവർത്തന പരിപാലന ചാർജ്ജുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.10 ഡിജിറ്റൽ കേരള ആർക്കിടെക്ച്ചർ (പരിഷ്കരിച്ച ഇ ഗവൺമെന്റ് ആർക്കിടെക്ച്ചർ)

"എല്ലാവർക്കും ഒരു ഗവൺമെൻറ് എന്ന അനുഭവം നൽകുന്നതിന്, അനുയോജ്യമായ ഐസിറ്റി . സ്ട്രക്ച്ചറുകൾഇൻഫ്രാ, ആപ്ലിക്കേഷനുകൾ എന്നിവ വഴി മെച്ചപ്പെട്ട ഭരണനിർവഹണ പ്രക്രിയകൾ, പ്രവർത്തന രീതികൾ, എന്നിവ ഏറ്റവും മികച്ചതാക്കുക" എന്നതാണ് ഡിജിറ്റൽ കേരള ആർക്കിടെക്ചറിന്റെ കാഴ്ചപ്പാട്പരസ്പരം ബന്ധപ്പെട്ട ഒരു സമൂഹത്തെ സൃഷ്ടിക്കുക ., എല്ലാ വെർച്ചൽ സേവനങ്ങളും ജനങ്ങളുടെ വാസസ്ഥലത്ത് ലഭ്യമാക്കുന്നതിലൂടെയും അനുയോജ്യമായ പ്ലാറ്റ്ഫോമുകൾ സൃഷ്ടിച്ച് എല്ലാവർക്കും ഡിജിറ്റൽ സൗകര്യങ്ങൾ പ്രാപ്തമാക്കുന്നതിനുമുള്ള ഒരു പ്ലാറ്റ്ഫോം പ്രധാനം

ചെയ്യുന്നതിലൂടെ ലോകനിലവാരത്തിലുള്ള കണക്ടിവിറ്റി സേവനങ്ങൾ പ്രദാനംചെയ്യുന്നുപരിശീലനം ., പിന്തുണാ പ്ലാറ്റ്ഫോമുകളുടെ വികസനം, ക്ലൗസ് ആർക്കിടെക്ചറൽ ഗവേണൻസിലും പ്രയോഗങ്ങളിലും മികച്ചത് സ്ഥാപിക്കൽ എന്നിവക്കായി ലക്ഷം രൂപ വക 400.00 ബജറ്റിൽ 22-2021യിരുത്തിയിരിക്കുന്നു..

**1.11 സ്റ്റേറ്റ് പോർട്ടലും, മിഡിൽവെയർ മാനേജ്മെന്റും (എസ്.എസ്.ഡി.ജി)**

ഒരു പൊതു സേവനകേന്ദ്രം മുഖേന എല്ലാ സർക്കാർ സേവനങ്ങളും സാധാരണക്കാരുടെ അടുത്ത് കാര്യക്ഷമമായും സുതാര്യമായും, വിശ്വസ്തതയോടും കൂടി താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുന്നതിനാണ് ഇന്ത്യാ ഗവൺമെന്റിന്റെ എൻ.ഇ.ജി.പി പദ്ധതിയുടെ കീഴിൽ എസ്.എസ്.ഡി.ജി നടപ്പാക്കിയത്. വെബ്സൈറ്റ് പുതിയ പ്ലാറ്റ്ഫോമിലേക്ക് മാറ്റുകയും നവീകരിക്കുകയും ചെയ്യുക, സെക്യൂരിറ്റി ഓഡിറ്റ് ചാർജ്ജുകൾ, ഹാർഡ്വെയർ അപ്പ് ഗ്രേഡേഷൻ, എഎംസി, ഇ-സാങ്കൻ മൈഗ്രേഷനിലേക്കുള്ള എസ്എസ്ഡിജി, നടപ്പാക്കൽ ചെലവുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡിജിറ്റൽ സേവനങ്ങൾ**

**1.12 ഇ-ഡിസ്ട്രിക്ട്**

ജില്ലാതലത്തിൽ, പൗരസേവനങ്ങളുടെ ഏകീകൃതവും ഓൺലൈനുമായ വിതരണം ലക്ഷ്യമിട്ടുകൊണ്ട് 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒരു മിഷൻ രീതിയിലുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാ,താലൂക്ക് അല്ലെങ്കിൽ വില്ലേജ് തലത്തിൽ ജില്ലാ ഭരണകൂടം നൽകിയിട്ടുള്ള ബാക്ക്എന്റ് കമ്പ്യൂട്ടർ വത്കരണം മുഖാന്തരം ഉയർന്ന സേവന സംവിധാനങ്ങൾ വിതരണം ചെയ്യാനും പൊതുസേവന കേന്ദ്രങ്ങളിലൂടെയും സ്റ്റേറ്റ് പോർട്ടലിലൂടെയും ഈ സേവനത്തിന്റെ ഓൺലൈൻ ലഭ്യത ഉറപ്പാക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഒട്ടാകെ 26 റവന്യൂ സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് വഴി ഇപ്പോൾ ലഭ്യമാണ്. നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ഐ.റ്റി.സി അടിസ്ഥാന സൗകര്യങ്ങൾക്കും എ.എം.സി, അനുബന്ധ ചാർജ്ജുകൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 504.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.13 ഇ -ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ.ജി.പി)**

ഗവൺമെന്റ് പ്രൊക്യയർമെന്റ് പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനും അവ തൽസമയം നിരീക്ഷിക്കുന്നതിനും ഇന്ത്യാഗവൺമെന്റിന്റെ എൻ.ഇ.ജി.പി പദ്ധതിയുടെ കീഴിലുള്ള ഒരു മിഷൻ മോഡ് പദ്ധതിയാണ് ഇ.ജി.പി. 53 സർക്കാർ വകുപ്പുകളും, 216 പൊതുമേഖലാ സ്ഥാപനങ്ങളും/സർക്കാർ ഏജൻസികളും പൊതുവായ ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഉപയോഗിക്കുന്നു. ഇ.ജി.പിയുടെ ശരിയായ നടത്തിപ്പിനും നിരീക്ഷണത്തിനുമായി ഒരു പ്രൊഫഷണൽ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു), സജ്ജമാക്കിയിട്ടുണ്ട്. സിപിആർസിഎസ്സ് പോർട്ടലിന്റെ പശ്ചാത്തല, സാങ്കേതിക നിലവാരം ഉയർത്തുന്നതിനും, ഐ.റ്റിയുമായി ബന്ധപ്പെട്ട ഹാർഡ് വെയറും സോഫ്റ്റ് വെയറുകളും വാങ്ങുന്നതിനും, എ.എം.സി, ഇന്റർനെറ്റ് ലീസ് ലൈൻ, പോയിന്റ് ടു പോയിന്റ് ലീസ് ലൈൻ ചാർജ്ജുകൾ, മറ്റു അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.14 ഇ-ഓഫീസ്**

സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഡിജിറ്റൽ വർക്ക് ഫ്ലോ മാനേജ്മെന്റ് സംവിധാനമാണ് ഇ-ഓഫീസ്. മൊബൈൽ വിർചൽ ഡിജിറ്റൽ ഓഫീസ് സംവിധാനത്തിലൂടെ, കൂടുതൽ ഫലപ്രദവും സുതാര്യവുമായി ഓഫീസ് നടപടികൾ മെച്ചപ്പെടുത്തുന്നതിന് ഇ-ഓഫീസ് ലക്ഷ്യമിടുന്നു. ഇ-ഓഫീസിന്റെ ഏറ്റവും പുതിയ വെർഷനിൽ ഫയലുകളും/രസീതുകളും ഒരു ഓഫീസിൽ നിന്നും മറ്റൊന്നിലേക്ക് കൈമാറാൻ സാധിക്കുകയും അതുവഴി പേപ്പറിന്റെ ഉപയോഗം കുറയ്ക്കുവാനും സുതാര്യമാക്കുവാനും സാധിക്കുന്നു. വരും വർഷങ്ങളിൽ താലൂക്കുകളിലും ഗ്രാമതലങ്ങളിലും ഇ-ഓഫീസ് വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. ഐടി കോർ ഇൻഫ്രാസ്ട്രക്ചർ, സെർവർ വാങ്ങൽ / നവീകരണം / പരിപാലനം, സോഫ്റ്റ് വെയറിന്റെ വികസനം, അനുബന്ധ ചെലവുകൾ എന്നിവയാണ് നിർദ്ദിഷ്ട പ്രവർത്തനങ്ങൾ. ഇതിനായി 2021-22 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.15 കേരള ഇ ഗവേണൻസ് അവാർഡുകൾ**

വകുപ്പുകൾ, പൗരന്മാർക്ക് കൂടുതൽ പൗര കേന്ദ്രീകൃതമായ സേവനങ്ങൾ നൽകുന്നതിന് വകുപ്പുകളെ പ്രോത്സാഹിപ്പിക്കുകയും പ്രാപ്തമാക്കുകയും ചെയ്യുന്നതിനാണ് സംസ്ഥാന സർക്കാർ, ഇ-ഗവേണൻസ് അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. യാത്രാ ചെലവ്, അവാർഡ് നോമിനേഷൻ,

തെരഞ്ഞെടുപ്പ് പ്രക്രിയ, അവാർഡ് ചെലവുകൾ, ഇ-ഗവേണൻസ് നേട്ടങ്ങളെക്കുറിച്ചുള്ള ബുക്ക് പ്രസിദ്ധീകരണം എന്നിവക്കായി 2021-22 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഏറ്റവും മികച്ച അക്ഷയ കേന്ദ്രങ്ങൾക്കും സ്റ്റാഫിനുമുള്ള പുരസ്കാരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**1.16 കേരള സംസ്ഥാന സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ച്ചർ (കെ.എസ്.ഡി.ഐ)**

സംസ്ഥാനത്തെ രാഷ്ട്രീയവും ഭരണപരവുമായ അതിർവരമ്പുകൾ, പ്രകൃതിവിഭവങ്ങൾ, ഗതാഗതം, അടിസ്ഥാന സൗകര്യവികസനം, ജനസംഖ്യ ശാസ്ത്രം, കാർഷിക-സാമൂഹിക സമ്പദ് വ്യവസ്ഥ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനും ഉപയോഗിക്കുന്നതിനും ഉപഭോക്താക്കളെ സഹായിക്കുന്ന ഒരു ഇൻറർനെറ്റ് അടിസ്ഥാന ജിയോ സ്പേഷ്യൽ ഡേറ്റാ ഡയറക്ടറി ആണ് കേരള സംസ്ഥാന സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ച്ചർ (കെ.എസ് ഡി.ഐ). ദേശീയ സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയുടെ മാതൃകയിൽ ഏറ്റെടുക്കൽ, സംസ്കരണം, സംഭരണം, വിതരണം, സ്പേഷ്യൽ ഡേറ്റായുടെ ഉപയോഗം മെച്ചപ്പെടുത്തൽ എന്നിവയ്ക്കും വേണ്ടിയാണ് കെ.എസ് ഡി.ഐ സ്ഥാപിച്ചിട്ടുള്ളത്. എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും തങ്ങൾ കൈകാര്യം ചെയ്യുന്ന ജി.ഐ.എസ് ഡാറ്റാകൾ കെ.എസ്.ഡി.ഐ യുമായി പങ്കു വയ്ക്കുന്നതിന് ഉത്തരവാദിത്വമുണ്ട്. 20 വകുപ്പുകളിൽ നിന്ന് കെ.എസ്.ഡി.ഐ വിവരങ്ങൾ ശേഖരിച്ചു. നിലവിൽ 39 സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഉണഭോക്താക്കൾ ഉൾപ്പെടെ 300 ലധികം ഉണഭോക്താക്കളാണ് കെ.എസ്.ഡി.ഐ യിലുള്ളത്. ലാബ് (സോഫ്റ്റ് വെയർ, ഹാർഡ് വെയർ) നവീകരണം, പോർട്ടൽ നവീകരണം, ജിഐഎസ് ഇന്റഗ്രേഷൻ ടൂളിംഗ് ഡെവലപ്മെൻറ്, മാപ്പ് ജനറേഷനായി റോസ്റ്റർ ഇമേജ് പ്രോസസ്സിംഗ്, ഹാർഡ് വെയർ/സോഫ്റ്റ് വെയർ എന്നിവയുടെ എ.എം.സി എന്നിവയ്ക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.17 മൊബൈൽ ഗവേണൻസ്**

എല്ലാ ഗവൺമെന്റ് സേവനങ്ങളും ഉപഭോക്താക്കളുടെ വിരൽ തുമ്പിൽ പ്രയോജനപ്പെടുത്തുന്ന ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ 'എം-കേരളം' കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം) രൂപകൽപന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'എം-കേരളം'മൊബൈൽ ആപ്ലിക്കേഷനുമായി പുതിയ സേവനങ്ങൽ സമന്വയിപ്പിക്കുക, ബന്ധപ്പെട്ട സുരക്ഷാ ആഡിറ്റുകളും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ചെലവ്, എസ്.എം.എസ് ഗേറ്റ് വേ, ഫ്രയിം വർക്ക് രൂപകൽപന ചെയ്യുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ. ഈ പദ്ധതിയ്ക്കായി 2021-22 ബജറ്റിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1.18 ഡിജിറ്റൽ ഐഡൻററ്റി ആന്റ് ആധാർ എനേബിൾഡ് സർവ്വീസസ്**

ആധാർ, രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളുടെ ഡിജിറ്റൽ ഐഡന്റിറ്റി ആയി മാറുകയും നിലവിൽ നിരവധി സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്. തിരിച്ചറിയുന്നതിനും, വിവിധ ആനുകൂല്യങ്ങളും സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാകുന്നതിനും ഇത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. യുഐഡിഎഐ ഓഫർ ചെയ്യുന്ന ഇ-കെ.വൈ.സി സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നതിനുള്ള ഒരംഗീകൃത ഏജൻസിയാണ് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ.

ആധാർ പദ്ധതിയ്ക്കായി യുഐഡിഎഐ യിൽ നിന്ന് ഐസി.റ്റി,ഐ.ഇ.സി അസിസ്റ്റൻസ് ലഭ്യമായിരുന്നു. ഈ സഹായം കെ.എസ്.ഐ.റ്റി.എമ്മിനും മറ്റ് സമാനമായ പങ്കാളികൾക്കും നൽകുന്നത് യുഐഡിഎഐ അടുത്തിടെ നിർത്തിവെച്ചിരിക്കുകയാണ്. സർക്കാർ പദ്ധതികൾക്ക് ആധാർ ഒരു ഐഡന്റിറ്റി ആയതിനാൽ, യുഐഡിഎഐ സർക്കുലറുകൾ അനുസരിച്ച് ഇത് നടപ്പാക്കേണ്ടതുണ്ട്. ആധാർ ഡാറ്റ വാൾട്ട്, ആധാർ ഹാർഡ്‌വെയർ, സുരക്ഷാ മൊഡ്യൂൾ നടപ്പാക്കൽ ചെലവുകൾ, ആധികാരികത ഉറപ്പാക്കുന്നതിന് ഇ- കെ.വൈ.സി സേവനങ്ങൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 150.00 ലക്ഷം രൂപവകയിരുത്തിയിരിക്കുന്നു.

**1.19 കേരള ഓപ്പൺഗവൺമെന്റ് ഡേറ്റ (ഒ.ജി.ഡി)**

ഇൻഡ്യാ ഗവൺമെന്റിന്റെ ഓപ്പൺ ഡേറ്റാ സംരംഭത്തെ പിന്തുണയ്ക്കുന്നതിനുള്ള ഒരു പ്ലാറ്റ് ഫോം ആണ് ഓപ്പൺ ഗവൺമെന്റ് ഡേറ്റാ പ്ലാറ്റ്ഫോം (ഒ.ജി.ഡി). ഡാറ്റാ, രേഖകൾ, സേവനങ്ങൾ, ഉപകരണങ്ങൾ, പൊതു ഉപയോഗത്തിനായുള്ള ആപ്ലിക്കേഷനുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് മന്ത്രാലയങ്ങൾ/വകുപ്പുകൾ അവരുടെ പോർട്ടൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. പൗരൻമാരുടെയും മറ്റു വകുപ്പുകളുടെയും ഉപയോഗത്തിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള ഡാറ്റാ സെറ്റുകൾ അപ് ലോഡ് ചെയ്യുന്നതിന് കേരള ഒ.ജി.ഡി 'കേരള.ഡേറ്റ.ജിഒവി.ഇൻ' എന്ന ഒരു പ്രത്യേക വെബ് സൈറ്റ് രൂപകൽപന ചെയ്തു. ഐ.ടി അടിസ്ഥാന സൗകര്യങ്ങൾക്കും നടപ്പാക്കൽ ചെലവുകൾക്കുമായി 2021-22 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഡിജിറ്റൽ ഔട്ട് റീച്ച് പദ്ധതികൾ

### 1.20 ഫ്രണ്ട്സ്

ഒരു കുരയ്ക്കു് കീഴിൽ അധിക ചെലവുകൾ കൂടാതെ ഗവൺമെന്റിലേക്ക് ഉള്ള എല്ലാ നികുതികളും മറ്റ് കുടിശ്ശികകളും ഒരു ഏകജാലക സംവിധാനം വഴി ക്യൂ ഇല്ലാതെ അടയ്ക്കുന്നതിന് പൗരന്മാർക്ക് സൗകര്യമൊരുക്കുന്ന കെ.എസ്.ഐ.റ്റി.എം ന്റെ നിലവിലുള്ള ഒരു പദ്ധതിയാണ് ഫ്രണ്ട്സ്. ഫ്രണ്ട്സ് കേന്ദ്രങ്ങൾ പ്രത്യേകമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 'ഫ്രീസ്' എന്ന ആപ്ലിക്കേഷൻ ഇപ്പോൾ ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുമായി സമന്വയിപ്പിക്കുകയും, വിവിധ പേയ്മെന്റ് സേവനങ്ങൾ അക്ഷയ സെന്ററുകൾ വഴിയും ഇ-ഡിസ്ട്രിക്ട് പബ്ലിക്ക് പോർട്ടലിലൂടേയും പൗരന്മാർക്ക് ലഭ്യമാകും. 30-9-2017 ലെ ജിഒ (ആർ.ടി നമ്പർ 230/2017 ഐടിഡി പ്രകാരം സംസ്ഥാനത്ത് ഫ്രണ്ട്സ് സെൻററുകൾ പുതുക്കിപ്പണിയാനും നവീകരിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുമുണ്ട്. എ.എം.സി, പ്രവർത്തന പരിപാലന ചെലവുകൾ, ഫ്രണ്ട്സിനെ സ്വയം പര്യാപ്തതയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്നിവയ്ക്കായി 2021-22 ബജറ്റിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.21 ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ മാനേജ്മെന്റ് സെൽ (ഐ.പി.എം.സി)

യോഗ്യതയുള്ള ഐ.റ്റി യൂണിറ്റുകൾക്ക് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നത് ഐ.ടി മിഷന് കീഴിലുള്ള ഐ.പി.എം.സി യാണ്. കേരളത്തെ നമ്മുടെ രാജ്യത്തെ ഏറ്റവും ആകർഷകമായ ഐ.റ്റി കേന്ദ്രങ്ങളിൽ ഒന്നാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഐ.പി.എം.സി യുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.22 പ്രചാരണ പ്രവർത്തനങ്ങൾ

മെച്ചപ്പെട്ടതും കാര്യക്ഷമവുമായ മാർക്കറ്റിംഗ്/കമ്മ്യൂണിക്കേഷൻ സംവിധാനത്തിലൂടെ സാധാരണജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സംസ്ഥാനത്തെ ഇ-ഗവേണൻസ് പരിപാടികളെക്കുറിച്ചും അതിലൂടെ സാധാരണ പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും അവബോധം നൽകേണ്ടതുണ്ട്. പരസ്യം, സ്പോൺസർഷിപ്പ്, ഇവന്റ് പ്രോത്സാഹന കോളാറ്ററുകൾ, പ്രചാരണ പ്രവർത്തനങ്ങൾ, പൊതുജനസമ്പർക്കം എന്നിവയ്ക്കായി 2021-22 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വകയിരിത്തിയിട്ടുള്ള വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്കായി വിനിയോഗിക്കണം.

## ശേഷി വർദ്ധിപ്പിക്കൽ പദ്ധതികൾ

### 1.23 കപ്പാസിറ്റി ബിൽഡിംഗ്

ഇ-ഗവേർണൻസിനെ സംബന്ധിച്ച് സമൂഹത്തിൽ പൊതു അവബോധവും അംഗീകാരവും സൃഷ്ടിക്കുന്നതിനും, ഉദ്യോഗസ്ഥ വിഭാഗങ്ങളുടെ പ്രാപ്തിയും അറിവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വിവിധ പരിപാടികൾ കെ.എസ്.ഐ.ടി.എം ആസൂത്രണം ചെയ്തിട്ടുണ്ട്. പരിശീലനം, സർട്ടിഫിക്കേഷൻ, ശേഷി വർദ്ധിപ്പിക്കൽ, കേരള-സെർട്ടിന്റെ അവബോധം തുടങ്ങിയവയ്ക്കായി 2021-22 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വകയിരിത്തിയിട്ടുള്ള വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്കായി വിനിയോഗിക്കണം.

### 1.24 ഇ ഗവേർണൻസിൽ പി.ജി ഡിപ്ലോമ

ഇ-ഗവേർണൻസിൽ ഡിപ്ലോമ/ഡിഗ്രി പരിപാടികൾ ആരംഭിച്ച് വ്യക്തിതലത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച്, ഐ.എം.ജി യും ഐ.ഐ.ഐ.റ്റി.എം.കെയും സംയുക്തമായി ഇ ഗവേർണൻസിൽ പി.ജി ഡിപ്ലോമ കോഴ്സ് നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് നടത്തുന്ന വിവിധ ഇ ഗവേർണൻസ് പദ്ധതികൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് പങ്കാളികൾക്ക് അവബോധം നൽകുകയാണ് കോഴ്സിന്റെ ലക്ഷ്യം. ഐഐഐറ്റിഎംകെ യിലൂടെ ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് പി.ജി ഡിപ്ലോമ കോഴ്സിന് ഫീസ് ഇനത്തിൽ 2021-22 ബജറ്റിൽ 14.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.25 വിർച്വൽ ഐ.റ്റി കേഡർ

സംസ്ഥാന സർക്കാർ വകുപ്പുകളിലെ വിവിധ ഇ ഗവേർണൻസ് പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഒരു ശക്തമായ ഇൻ-ഹൗസ് ടീമായി വിർച്വൽ ഐ.റ്റി കേഡർ പ്രവർത്തിക്കും. ഐ.റ്റി, ഇ ഗവേർണൻസ് പരിശീലനം വിപുലമായ രീതിയിൽ ഗവൺമെന്റ് വകുപ്പുകളിൽ നടത്തുന്നതിനും, വിവിധ വകുപ്പുകളിൽ വിർച്വൽ ഐ.റ്റി കേഡർ ടീമുകൾ രൂപീകരിച്ച് വകുപ്പുകളിലെ ഇ ഗവേർണൻസ് പരിപാടികളുമായി മുമ്പോട്ട് പോകുന്നതിനാണ്

ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനായി 2021-22 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2 അക്ഷയ പദ്ധതി**

**(വിഹിതം : 350.00 ലക്ഷം രൂപ)**

കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷനാണ് സംസ്ഥാനത്തുടനീളം അക്ഷയ കേന്ദ്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്. ഐ.സി.റ്റി സേവനങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പ്രാപ്തമാക്കുന്നതിനും ഡിജിറ്റൽ വിടവ് നികത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇപ്പോൾ 14 ജില്ലകളിലായി ഒരു പഞ്ചായത്തിൽ രണ്ട് എന്ന ശരാശരി നിരക്കിൽ 2,906 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ അക്ഷയ കേന്ദ്രങ്ങൾ വിവിധങ്ങളായ പൗര സേവനങ്ങൾ നൽകുന്നുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വകയിരിത്തിയിട്ടുള്ള വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്കായി വിനിയോഗിക്കണം.

- അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്- സ്ഥാപന ചെലവുകൾ.
- ജില്ലാ പ്രോജക്ട് ഓഫീസ്- ജില്ലയിലെ പ്രവർത്തന ചെലവുകൾ.
- സംസ്ഥാന, ജില്ലാതല പ്രചാരണവും വർക്ക് ഷോപ്പും സെമിനാറുകളും ഉൾപ്പെടെയുള്ള പ്രമോഷണൽ പ്രവർത്തനങ്ങൾ
- ജി 2 സി/ബി 2 സി സേവനങ്ങൾ നടപ്പിലാക്കുന്നതിനായി അക്ഷയ സംരംഭകരുടെ പരിശീലനവും ശേഷിയും വർദ്ധിപ്പിക്കുക
- അക്ഷയ സേവന നിരക്ക് ചാർട്ട് ബോർഡ്, എസിഇകൾക്കുള്ള ഐഡി കാർഡുകൾ, അക്ഷയ സംരംഭകത്വ സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുക.
- ഹാർഡ്വെയർ നവീകരണം
- 150 അക്ഷയ കേന്ദ്രങ്ങൾക്കായി ടാബ് പിസികൾ വാങ്ങുന്നു (ഇതിനകം 2,650 ടാബുകൾ ശേഖരിച്ചു)
- എംഐഎസും അക്ഷയ വെബ്സൈറ്റും നവീകരിക്കുന്നു.

**3 ഐ.റ്റി. സെൽ- കാര്യശേഷി വികസനപദ്ധതി**

**(വിഹിതം: 30.00 ലക്ഷം രൂപ)**

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഇ ഗവേർണൻസും കമ്പ്യൂട്ടറൈസേഷനും നടപ്പിലാക്കുന്നതിന് ചുമതലയുള്ള നോഡൽ എജൻസിയാണ് ഐ.റ്റി സെൽ. എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും മലയാളം യൂണീകോഡിലും ഇ ഗവേർണൻസിലും ഐ.റ്റി സെൽ പരിശീലനം നൽകുന്നു. കാര്യശേഷി വികസന പരിപാടികൾക്കും ഇ-ഗവേർണൻസിൽ വർക്ക്ഷോപ്പുകൾ/സെമിനാറുകൾ, പരിശീലന സാമഗ്രികൾ/ ഉപകരണങ്ങൾ എന്നിവ നൽകുന്നതിനുമായി 2021-22 വർഷത്തെ ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള- (ഐ.ഐ.ഐ.ടി.എം-കെ)**

**(വിഹിതം : 2000.00 ലക്ഷം രൂപ)**

ഐ.റ്റി സംബന്ധമായ സയൻസ്, ടെക്നോളജി, മാനേജ്മെന്റ് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് മികവിന്റെ കേന്ദ്രമായ ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് 2000 ൽ സ്ഥാപിച്ച ഐ.ഐ.ഐ.റ്റി.എം-കെ. അപ്ലൈഡ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിൽ മേഖലകളിലെ അധ്യാപനം, പരിശീലനം, ഗവേഷണം എന്നിവയിലൂടെ മികവിന്റെ കേന്ദ്രമായി മാറണമെന്നതാണ് സ്ഥാപനത്തിന്റെ ദൗത്യം. ഐഐഐറ്റിഎംകെ യെ ഡിജിറ്റൽ യൂണിവേഴ്സിറ്റി മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. മനുഷ്യ വിഭവ ശേഷിയും മറ്റ് സ്ഥാവര ജംഗമ സ്വത്തുക്കളും യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ തീരുമാനിക്കേണ്ടതാണ്. 2021-22 ബജറ്റിൽ, താഴെ പറയുന്ന ഘടകങ്ങൾക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | പദ്ധതി പേര്/ഘടകം | വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1 | **ടെക്നോ സിറ്റിയിലെ ഐഐഐടിഎം-കെ യ്ക്കായി പുതിയ കാമ്പസ് സൃഷ്ടിക്കൽ (നിലവിലുള്ള പ്രോജക്റ്റ്)**<br>ടെക്നോസിറ്റിയിലെ ഐഐഐറ്റിഎം-കെ കാമ്പസ് ഡിജിറ്റൽ സർവ്വകലാശാലയായി രൂപാന്തരപ്പെട്ടു. എ.ഐ.സി.ടി.ഇ/യു.ജി.സിയിൽ നിന്ന് അനുമതി നേടുന്നതിനായി പൂർണ്ണവും സ്വതന്ത്രവുമായ റെസിഡൻഷ്യൽ കാമ്പസ് ആണിത്.<br>• അഡ്മിനിസ്ട്രേറ്റീവ്, ലൈബ്രറി ബ്ലോക്ക് സൂപ്പർസ്ട്രക്ചർ ജോലികളുടെ നിർമ്മാണം<br>• ഇന്റേണൽ ഫർണിഷിംഗുമായി ബന്ധപ്പെട്ട കരാറുകാരുടെ തീർപ്പാക്കാത്ത ബില്ലുകളുടെ തീർപ്പാക്കൽ, ലൈബ്രറി, ലബോറട്ടറി എന്നിവയ്ക്കുള്ള ഫർണിച്ചർ, ഡെസ്ക്ടോപ്പുകൾ / ടോപ്പുകൾലാപ്, ലാൻ, നെറ്റ്‌വർക്കിംഗ് എന്നിവ പോലുള്ള ഫർണിച്ചറുകൾ. | 1500.00 |
| 2 | **ലൈബ്രറി, വിവര സേവനങ്ങൾ**<br>കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുമായി (കുസാറ്റ്) അഫിലിയേറ്റ് ചെയ്ത പി.ജി, പിഎച്ച്ഡി പ്രോഗ്രാമുകൾ ഐഐഐറ്റിഎം-കെ നടത്തുന്നു. പഠന പ്രക്രിയയെ സഹായിക്കുന്നതിന് വിദ്യാർത്ഥികൾ, ഗവേഷകർ, ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുടെ വിവര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൗകര്യങ്ങളും സേവനങ്ങളുമുള്ള അത്യാധുനിക ലൈബ്രറി സംവിധാനമാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും സർവകലാശാല മാനദണ്ഡങ്ങൾക്കനുസൃതമായി പ്രതീക്ഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ഓരോ വർഷവും ശേഖരം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇ-റിസോഴ്സുകളുടെ ചെലവും ഈ വ്യവസ്ഥയിൽ ഉൾപ്പെടുന്നു | 50.00 |
| 3 | **ഗവേഷണ പദ്ധതികൾ**<br>സെന്റർ ഫോർ റിസർച്ച് ഇന്നവേഷൻസ് ഇൻസ്റ്റിറ്റ്യൂട്ട് വഴി ആരംഭിച്ച ഗവേഷണ-വികസന പദ്ധതികൾ പൂർത്തിയാക്കുക | 300.00 |
| 4 | ഇലക്ട്രോണിക് ഇൻകുബേറ്റർ പ്രോജക്റ്റ് & മേക്കർ വില്ലേജ് | 150.00 |
| | **ആകെ** | **2000.00** |

### 5. യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി കേരളം (യുഡിസിറ്റി) (പുതിയത്)

**(വിഹിതം: 2400.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ ഐടി നയമനുസരിച്ച്, ഐഐഐടിഎംകെയെ ഐടി മേഖലയിലെ ഗവേഷണ വികസനത്തിന്റെയും പഠനത്തിന്റെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് ലക്ഷ്യങ്ങളിലൊന്ന്, (2018-19) ബജറ്റ് പ്രസംഗത്തിൽ, ഐഐഐടിഎംകെ യെ ഒരു സർവകലാശാലയായി പരിവർത്തനം ചെയ്യാൻ സർക്കാർ പ്രഖ്യാപനം ഇറക്കി. 2018-19 കാലയളവിൽ സർക്കാർ ഒരു സർവകലാശാലയായി പുനർനിർമിക്കുന്നതിലേക്ക് സാമ്പത്തിക സഹായമായി 5000 ലക്ഷം കോർപ്പസ് ഫണ്ട് ഒറ്റത്തവണയായി ബജറ്റിൽ വകയിരുത്തി.

ഐഐഐടിഎം–കെ ഒരു സംസ്ഥാന ഡിജിറ്റൽ സർവ്വകലാശാലയാക്കി പരിവർത്തനം ചെയ്യുക, അടുത്ത 4 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ വിദ്യാർത്ഥികളുടെ എണ്ണം നിലവിലെ 200 ൽ നിന്ന് 1000 ത്തിൽ കൂടുതൽ വർദ്ധിപ്പിക്കുക, പുതിയതും നൂതനവുമായ കോഴ്സുകളും വിഭിന്ന സാങ്കേതികവിദ്യകളിൽ പരിശീലന പരിപാടികളും ആരംഭിക്കുക. നൂതന ഗവേഷണവും സംരംഭകത്വവും വളർത്തിയെടുക്കുക, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വിശാലമായ ഡൊമെയ്‌നുകളിൽ വ്യവസായ-വിദ്യാഭ്യാസ സഹകരണം ശക്തിപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടാണ് സർവകലാശാല സജ്ജീകരിച്ചിരിക്കുന്നത്.

അക്കാദമിക്, മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും പ്രമോഷണൽ ചെലവുകൾക്കും ഗവേഷണത്തിനും വികസനത്തിനും സഹായകമായ സ്ഥാപന കോർപ്പസ് ഫണ്ടിന്റെ ബാലൻസ് തുകയായി 2021–22 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഡിജിറ്റൽ സയൻസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയിൽ ഗവേഷണ–വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് 400 ലക്ഷം രൂപ അധികമായി നൽകിയിട്ടുണ്ട് .

**6.ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐസിഫോസ് )**

**(വിഹിതം: 750.00 ലക്ഷം രൂപ)**

2009 ൽ രജിസ്റ്റർ ചെയ്ത ഐസിഫോസ്, സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിലെ ലോകത്താകമാനമുള്ള കണ്ടുപിടുത്തങ്ങളേയും മുന്നേറ്റങ്ങളേയും ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ, അക്കാദമിക് സ്ഥാപനങ്ങൾ, കേരളത്തിലേയും ഇന്ത്യയിലേയും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ഫോസ് കമ്മ്യൂണിറ്റി അംഗങ്ങൾ, സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, സംരംഭങ്ങൾ എന്നിവ വഴി ഗ്ലോബൽ ഫോസ് മൂവ്മെന്റിന് സംഭാവന നൽകുന്നതിനുമാണ് ലക്ഷ്യമിടുന്നത്. 2021–22 ബജറ്റിൽ 750.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു

| **ക്രമ നം** | **പദ്ധതിയുടെ പേര്/ഘടകം** | **വിഹിതം (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | ഔട്ട്റീച്ച് പരിപാടികൾ<br>• ഇവാഞ്ചലൈസേഷൻ/കമ്മ്യൂണിറ്റി പരിപാടികൾ<br>• പൊതുവായ പരിപാടികൾ | 40.00 |
| 2 | ഐ.സിഫോസ് അടിസ്ഥാന സൗകര്യം– ഓഫീസ് പ്രവർത്തനവും/പരിപാലനവും ഐ.ടി സിസ്റ്റവും ലൈബ്രറിയും | 60.00 |
| 3 | സോഷ്യൽ കംപ്യൂട്ടിംഗ്<br>• അസിസ്റ്റീവ് ടെക്നോളജി<br>• പ്രാദേശിക ഭാഷാ കംപ്യൂട്ടിംഗ്<br>• ജെന്റർ & ടെക്നോളജി– ജെന്റർ & സാങ്കേതികവിദ്യ ഹാക്കത്തോൺ, ജോലിയിലേക്ക് മടങ്ങുക, വനിതാ വിന്റർ സ്കൂൾ/സമ്മർ സ്കൂൾ, വെർച്ചൽ പരിശീലനം/സ്വതന്ത്ര സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള പരിശീലനവും ഫെലോഷിപ്പും.<br>( 50 ലക്ഷം രൂപ ജെൻഡർ ടെക്നോളജിക്ക് മാത്രമായിട്ടാണ് ). | 300.00 |
| 4 | ഓപ്പൺ ഹാർഡ് വെയർ–ഐ.ഒ.റ്റി, എച്ച്.ഡബ്ല്യൂ | 150.00 |
| 5 | ഫോസ് സൊല്യൂഷൻ കേന്ദ്രം (ഫോസ് സൊല്യൂഷൻസ് - ഇ - ഗവേൺസ്/കൺസൾട്ടൻസി, സി.ഒ.ഇ/ലാബ് ) | 200.00 |
| | **ആകെ** | **750.00** |

**7. ടെക്നോപാർക്ക്**

**(വിഹിതം 2405.00 ലക്ഷം രൂപ)**

രാജ്യത്തെ പ്രധാന ഐ.റ്റി ലക്ഷ്യസ്ഥാനം ആയ ടെക്നോപാർക്ക് അഥവാ ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്–കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ്. നിലവിൽ ടെക്നോപാർക്ക് 410 കമ്പനികളിലായി 60,000 യുവ ഐ.ടി, ഐ.റ്റി.ഇ.എസ് പ്രൊഫഷണലുകൾക്ക്

തൊഴിൽ നൽകുന്നു. ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 2405.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | പദ്ധതി/ഘടകം | വിഹിതം തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഐ.ടി പാർക്കുകളിലും എസ്.എം.ഇ മേഖലകളിലും മാർക്കറ്റിംഗ്, പ്രമോഷണൽ പ്രവർത്തനങ്ങൾ. | 100.00 |
| 2 | വീടിനടുത്ത് പ്രവർത്തിക്കുക: ഡിമാൻഡ് വിലയിരുത്തലും അന്തിമ സ്ഥാനങ്ങളും, ഓൺബോർഡിംഗ്, നിക്ഷേപ പങ്കാളികൾക്കും പ്രവർത്തനങ്ങൾക്കും ധനകാര്യങ്ങൾക്കുമുള്ള ഒരു ചട്ടക്കൂടിൽ എത്തിച്ചേരുക, സോഫ്റ്റ്വെയർ പ്ലാറ്റ്ഫോം തിരഞ്ഞെടുക്കൽ, ഡബ്ല്യുഎൻഎച്ച് സഹപ്രവർത്തകർക്കുള്ള മാനദണ്ഡങ്ങൾ ക്രമീകരിക്കുക, സേവന പങ്കാളികളെ തിരിച്ചറിയുകയും അവരെ ഓൺബോർഡ് ചെയ്യുകയും ചെയ്യുക, പൈലറ്റ് ലൊക്കേഷനുകൾ തിരിച്ചറിയുകയും പുറത്തിറക്കുകയും ചെയ്യുക, പ്രവർത്തിപ്പിക്കുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിനും പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കുക | 305.00 |
| 3. | സ്ഥലമേറ്റെടുക്കൽ/എൽ.എ.ആർ കേസുകൾ<br>എ) സ്ഥലമേറ്റെടുക്കൽ/എൽ.എ.ആർ കേസുകൾ-ടെക്നോസിറ്റി<br>ബി) സ്ഥലമേറ്റെടുക്കൽ/എൽ.എ.ആർ കേസുകൾ-ഘട്ടം 2<br>സി) എൽ.എ.ആർ കേസുകൾ-ഘട്ടം 3 | 2000.00 |
| | **ആകെ** | **2405.00** |

**8. ഇൻഫോ പാർക്ക്**

**(വിഹിതം :3555.00 ലക്ഷം രൂപ)**

ഐ.ടി, ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ സ്റ്റേറ്റ്- ഓഫ് - ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. ഇൻഫോപാർക്കുകളുടെ മാർക്കറ്റിംഗ്, ഭൂമി ഏറ്റെടുക്കൽ, ഹോം ഫെസിലിറ്റിക്ക് സമീപമുള്ള വർക്ക് വികസിപ്പിക്കൽ എന്നിവക്കായി 2021-22 ബജറ്റിൽ 3555.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | പദ്ധതി/ഘടകം പേര് | നൽകിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇൻഫോപാർക്കുകളിലെ മാർക്കറ്റിംഗ്, പ്രമോഷണൽ പ്രവർത്തനങ്ങൾ | 100 |
| 2 | ഭൂമി ഏറ്റെടുക്കൽ - ഏറ്റെടുക്കുന്ന സ്ഥലത്തിന് എൽ എ ആർ - ഘട്ടം II | 3355 |
| 3 | വീടിനടുത്ത് പ്രവർത്തിക്കുക | 100 |
| | Total | **3555.00** |

**9. സൈബർ പാർക്ക്**

**(വിഹിതം 1237.00 ലക്ഷം രൂപ)**

മലബാർ മേഖലയിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സോഫ്റ്റ് വെയർ, സോഫ്റ്റ് വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഐ.റ്റി./ഐ.റ്റി.ഇ.എസ്. നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ ചെലവിലും

ഉയർന്ന നിലവാരത്തിലും ലഭ്യമാക്കുകയാണ് സൈബർ പാർക്കിന്റെ ലക്ഷ്യം. 2021-22 ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1237.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | പദ്ധതി/ഘടകം | വിഹിതം തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | നിലവിലുള്ള ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്നു<br>• ടെമ്പിൾ റോഡിന്റെ നിർമ്മാണം<br>• സംയുക്ത മതിലിന്റെ നിർമ്മാണം<br>• സൈബർപാർക്കിൽ പ്രധാന പ്രവേശന കവാടത്തിന്റെ നിർമ്മാണം | 900.00 |
| 2 | ഘട്ടം I, II, III എന്നിവയുടെ സുസ്ഥിരമായ വളർച്ച<br>• സോളാർ മേൽക്കൂര<br>• പ്രവേശന കവാടത്തിൽ ബസ് ബേകൾ<br>• കാമ്പസിലെ മാലിന്യ സംസ്കരണ സംവിധാനം | 37.00 |
| 3 | ഘട്ടം I, II, III ലെ സ്ഥലത്തിന്റെ വർദ്ധനവ്<br>• സെസ് ഇതര പ്രദേശത്ത് പുതിയ ഐടി കെട്ടിടത്തിന്റെ നിർമ്മാണം പ്രാരംഭ പ്രവർത്തനം –<br>• വീടിനടുത്ത് പ്രവർത്തിക്കുക പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് – (പുതിയത്) സജ്ജമാക്കുക | 200.00 |
| 4 | മാർക്കറ്റിംഗ്, ബ്രാൻഡ് ബിൽഡിംഗ്, പ്രൊമോഷൻ പ്രവർത്തനങ്ങൾ | 100 |
| | **ആകെ** | **1237.00** |

**10.കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)**
**(വിഹിതം: 20190.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഐ.റ്റി./ഐ.റ്റി.ഇ.എസിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). ഭൂമി ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡുകൾ എന്നിവ നിർമ്മിച്ച് ഭൂമിയുടെ മൂല്യം വർദ്ധിപ്പിക്കുക, പ്രത്യേക സാമ്പത്തിക മേഖല പദവി നേടിയെടുക്കുക തുടങ്ങിയവയും സർക്കാർ അംഗീകാരം ആവശ്യമായ നടപടികളും നേടിയെടുക്കുന്നതോടൊപ്പം സ്വകാര്യ സംരംഭകർക്ക് ഐ.റ്റി. പാർക്കുകളിലും ഐ.റ്റി. സെസുകളിലും ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വികസിപ്പിച്ച ഭൂമി ലഭ്യമാക്കുക എന്നിവയാണ് കെ.എസ്.ഐ.ടി.ഐ.എൽ-ന്റെ ബിസിനസ് മോഡൽ. താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 20190.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 2590.00 ലക്ഷം രൂപ നബാർഡ് ധനസഹായമാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്/ഘടകം | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1. | **സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള**<br>വ്യവസായത്തിന് ആവശ്യമായ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ വികസന പരിപാടികൾ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ലഭ്യമാക്കുന്ന സ്റ്റേറ്റ്-ഓഫ് -ആർട്ട് ടെക്നോളജി അടിസ്ഥാനമാക്കിയ ഒരു പഠന പ്ലാറ്റ് ഫോം ആണ് സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം. ഈ പ്ലാറ്റ് ഫോം, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ ഐ.റ്റി പാർക്കുകളുമായി ഒരു ടെലി സാന്നിധ്യം വഴി ബന്ധിപ്പിക്കുന്നു. ഒരു വർഷം ഏകദേശം 50,000 വിദ്യാർത്ഥികൾക്ക് ടെലി സാന്നിധ്യ ശൃംഖലവഴി 150 ഹൈടെക്ക് ക്ലാസ്സുകളിലൂടെ നൈപുണ്യ വികസന പരിശീലനം നൽകാൻ ഇതിലൂടെ സാധ്യമാകുന്നു. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി മൈനർ ഡിഗ്രി, വിവിധ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പ്ലാറ്റ്ഫോമിന് അതിന്റെ രൂപകൽപ്പനയിൽ അഞ്ച് പ്രധാന ലെയറുകളുണ്ട്, (1) നെറ്റ്വർക്ക് ബാക്ക്ബോൺ (2) ഹൈടെക് ക്ലാസ് റൂമുകൾ (3) ടെലി സാന്നിധ്യ പരിഹാരം (4) പഠന മാനേജ്മെന്റ് പരിഹാരം, (5) | 1000.00 |

| | | |
|---|---|---|
| | അവബോധജന്യ പഠന മൊഡ്യൂളുകൾ<br>11.01.2017 ൽ 91.16 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 75 കോളേജുകളിൽ ഇന്റീരിയർ ഫർണിഷിംഗ്, ഇൻഫ്രാസ്ട്രച്ചർ എന്നിവ പൂർത്തിയായി. 2021-22 കാലഘട്ടത്തിൽ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. നൽകിയിട്ടുള്ള തുക ബാലൻസ് പ്രോജക്റ്റ് ചെലവ് നിറവേറ്റുന്നതിനാണ്. | |
| 2. | **കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് (കെഫോൺ)**<br>പൊതു ജനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും (30,000) അതിവേഗ കണക്റ്റിവിറ്റി നൽകാനും സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് നൽകാനും ലക്ഷ്യമിട്ടുള്ള ഒരു ഐടി കോർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റ് ആണ് കെഫോൺ. ഒരു സംയുക്ത സംരംഭ കമ്പനിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് (കെ-ഫോൺ ലിമിറ്റഡ്) വഴി കെഎസ്ഇബിഎൽ, കെഎസ്ഐടിഎൽ, കേന്ദ്ര സർക്കാർ എന്നിവയ്ക്ക് 49: 49: 2, ഓഹരി കൈവശമുള്ള പാറ്റേൺ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നു. മൊത്തം പദ്ധതി ചെലവ് 1532 കോടി രൂപയാണ്. ഇതിൽ 823 കോടി രൂപയുടെ കെഐഎഫ്ബി ഷെയറുണ്ട്, ബാക്കി തുക കെഎസ്ഇബി& കേരള സർക്കാർ വഹിക്കും. മാച്ചിംഗ് വിഹിതമായി സംസ്ഥാന പദ്ധതിയിൽ നിന്നും തുക വകയിരുത്തിയിരിക്കുന്നു. | 16600.00 |
| 3. | **സ്പേസ് പാർക്ക് (സ്പേസ് സിസ്റ്റം കോംപ്ലക്സ്) (ആർ.ഐ.ഡി.എഫ് സഹായം)**<br>ബഹിരാകാശ സാങ്കേതിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, ഗവേഷണ ഓർഗനൈസേഷനുകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുമായി സഹകരിച്ച് ബഹിരാകാശ സാങ്കേതിക ആപ്ലിക്കേഷനുകളിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുക. മുഴുവൻ പദ്ധതിയും രണ്ട് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു - ഘട്ടം I, ഘട്ടം II. ഏകദേശം 60,000 ചതുരശ്ര അടി വിസ്തീർണമുള്ള ഓഫീസ്, ആർ & ഡി ബ്ലോക്കിന്റെ നിർമ്മാണമാണ് ഒന്നാം ഘട്ട പദ്ധതി വിഭാവനം ചെയ്യുന്നത്. രണ്ടാം ഘട്ടത്തിൽ 1.41 ലക്ഷം ചതുരശ്രയടി ഉൽപാദന കേന്ദ്രത്തിന്റെ നിർമാണം ഉൾപ്പെടുന്നു. പദ്ധതിയുടെ മൊത്തം ചെലവ് 151 കോടി രൂപയാണ്. നബാർഡ് സഹായത്തിൽ അനുവദിച്ചിട്ടുള്ള തുക ഒന്നാം ഘട്ട പദ്ധതിക്കും സൈറ്റ് വികസന പ്രവർത്തനങ്ങൾക്കുമാണ്. 2021-22 കാലഘട്ടത്തിൽ ആർഐഡിഎഫിന് കീഴിൽ പദ്ധതി സാമ്പത്തിക സഹായം തേടുന്നു. | 2590.00 |
| | **ആകെ** | **20190.00** |

### 11. കേരള സ്റ്റാർട്ട് അപ് മിഷൻ (ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ റ്റി-റ്റി ബി ഐ) (വിഹിതം 6875.00 ലക്ഷം രൂപ)

സംസ്ഥാനത്ത് സംരംഭകത്വ വികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ട് അപ്പ് മിഷൻ. കേരളത്തിലെ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക, കേരളത്തിലെ പരമ്പരാഗത മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ അടിസ്ഥാനത്തിലുള്ള സംരംഭക വികസന ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുക, കേരളത്തിലെ സാമൂഹ്യ-സാമ്പത്തിക സംസ്കാരത്തിന് ഉചിതമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മാർക്കറ്റ് കണ്ടെത്തുക, അക്കാഡമിക്, ഗവേഷണ-വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുകയും അവർക്കിടയിൽ നെറ്റ് വർക്കിംഗ് സ്ഥാപിക്കുകയും ചെയ്യുക, ഈ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളുടെ വേഗത്തിലുള്ള വാണിജ്യ വത്ക്കരണത്തിന് ഒരു പ്ലാറ്റ് ഫോം സ്ഥാപിക്കുക എന്നിവയാണ് മിഷന്റെ പ്രധാനലക്ഷ്യം. 2021-22 വർഷത്തെ ബജറ്റിൽ കൊച്ചിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിനായി (ടി.ഐ.ഇസെഡ്) 1000.00 ലക്ഷം രൂപയും യുവ സംരംഭകത്വ വികസന പരിപാടികൾക്കായി 5875.00 ലക്ഷം രൂപയും ഉൾപ്പെടെ കേരള സ്റ്റാർട്ട് അപ്പ് മിഷന് 6875.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ. ടെക്നോളജി ഇന്നവേഷൻ സോൺ, കൊച്ചി**

**(വിഹിതം 1000.00 ലക്ഷം രൂപ)**

യുവ ബിരുദധാരികളുടെ മനോഭാവത്തിൽ ശക്തമായ മാറ്റം വരുത്തുന്നതിന്, കളമശ്ശേരിയിൽ കിൻഫ്ര ഹൈടെക് പാർക്കിൽ സ്ഥിതി ചെയ്യുന്ന ടെക്നോളജി ഇന്നവേഷൻ സോണിലൂടെ ഇൻകുബേഷൻ പ്രവർത്തനങ്ങൾക്കായി ഒരു പുതിയ പരിസ്ഥിതി സൃഷ്ടിക്കുന്നതിനായി കേരള സർക്കാർ നേതൃപരമായ പങ്കാണ് വഹിക്കുന്നത്. പല മേഖലകളിലെ ഇൻകുബേറ്ററുകൾ ഒരു കുടക്കീഴിലാക്കി പശ്ചാത്തല സൗകര്യവും അറിവും മെച്ചപ്പെട്ട രീതിയിൽ പങ്കു വയ്ക്കുന്നതിൽ ഈ സോൺ ഊന്നൽ നൽകുന്നു. 2021-22 ബജറ്റിൽ പുതുതായി അവതരിപ്പിച്ച 'സ്റ്റാർട്ട് അപ് ഇൻഫ്രാസ്ട്രചർ ഓഗ്മെന്റേഷൻ ഫണ്ടിനായി' 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ ഓഫീസ് പ്ലാസ കെട്ടിടത്തിൽ വീഡിയോ കോൺഫറൻസിങ് സൊല്യൂഷൻസ്, സ്റ്റാർട്ട് അപ്പുകൾക്കും സെന്റർ ഓഫ് എക്സലൻസിനുമായി അധിക ഇൻഫ്രാസ്ട്രചർ എന്നിവയ്ക്കും ഓഫീസ് പ്ലാസ കെട്ടിടത്തിന്റെ ഇന്റീരിയർ ഫർണിഷിംഗുമായി ബന്ധപ്പെട്ട ബില്ല് ക്ലിയർ ചെയ്യുന്നതിനും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

**ബി. യുവജന സംരംഭകത്വ വികസന പരിപാടികൾ**

**(വിഹിതം 5875.00 ലക്ഷം രൂപ)**

യുവ ജനങ്ങളിൽ സംരഭകത്വ സ്വഭാവം ശക്തിപ്പെടുത്തുന്നതിനായി സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം ശക്തിപ്പെടുത്തിക്കൊണ്ട് സാങ്കേതിക സംരഭങ്ങൾ പ്രോൽസാഹിപ്പിക്കുക, സംരഭക അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുക, പരിസ്ഥിതി വികസനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ സംബന്ധിച്ച് ഗവേശണ പഠനവും, മാർക്കെറ്റിംഗ്, വിജ്ഞാനം, ആശയ സംസ്കാരം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2021-22 വർഷത്തിൽ താഴെ പറയുന്ന പരിപാടികൾക്കായി 5875.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി/ഘടകം | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| | **യുവജന സംരംഭകത്വം** | |
| 1. | **ഇവാഞ്ചലൈസേഷൻ സഹായം**<br>• സ്റ്റുഡൻസ് സ്റ്റാർട്ട് അപ് സപ്പോർട്ട് പ്രോഗ്രാം<br>• കമ്മ്യൂണിറ്റി ഗ്രാന്റുകൾ<br>• ഫെലോ ഷിപ്പ്<br>• പുതിയ ഐ.ഇ.ഡി.സി കൾ<br>• നിലവിലുള്ള ഐഇഡിസികൾക്ക് ഗ്രാന്റ്<br>• ഐഇഡിസികൾക്ക് അക്രഡിറ്റേഷൻ അടിസ്ഥാനമാക്കിയുള്ള ഗ്രാന്റ്<br>• കോളേജുകളിലെ വർക്ക്ഷോപ്പുകൾ<br>• ലീഡ് ക്ലസ്റ്റർ ഐഇഡിസിക്ക് ഗ്രാന്റ്<br>• ഐ.ഇ.ഡി.സി ഉച്ചകോടി<br>• മേക്കർ/ഡിസൈൻ ഫെസ്റ്റ്<br>• വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ സഹായം<br>• വിദ്യാർത്ഥികൾക്ക് പിന്തുണ മറ്റ് വർക്ക് ഷോപ്പുകൾ /<br>• സ്റ്റാർട്ടപ്പ് ബോധവൽക്കരണവും നേതൃത്വ പരിശീലനവും (സാൾട്ട്)<br>• സാങ്കേതികവിദ്യ & സ്റ്റാർട്ടപ്പ് ഇവാഞ്ചലൈസേഷൻ റോഡ് ഷോകൾ<br>• ഇന്നൊവേഷൻ, ലേണിംഗ്, എൻട്രെപ്രെനർഷിപ്പ് സ്മ)ൈൽ ( എന്നിവയുള്ള സ്റ്റുഡന്റ് മെന്റർഷിപ്പ്<br>• സമ്മേളനങ്ങൾ ഷോപ്പുകൾവർക്ക് /<br>• സ്റ്റാർട്ടപ്പ് യാത്ര<br>• സ്റ്റാർട്ടപ്പ് ബൂട്ട്ക്യാമ്പുകൾ<br>• പ്രവർത്തന ചെലവുകൾ | 400.00 |

| ക്രമ നമ്പർ | പദ്ധതി/ഘടകം | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 2. | **ഇൻകുബേഷൻ സഹായം**<br>• ബ്രിക്ക്- ഉപകരണങ്ങൾ വാങ്ങലും മറ്റുള്ളവയും<br>• വ്യത്യസ്ത കഴിവുള്ളവർക്കായി മലപ്പുറം, വയനാട് ജില്ലകളിൽ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നു.<br>• അനുയോജ്യമായ ഇൻഫ്രാസ്ട്രക്ചറൽ ഗ്രാന്റുകൾ<br>• ടെക്നോലോഡ്ജുകൾ / ഇൻകുബേറ്ററുകൾക്കുള്ള പ്രവർത്തന ഗ്രാന്റ്<br>• സ്റ്റാർട്ടപ്പുകൾക്ക് (സ്കെയിലപ്പുകൾ) വാടക സബ്സിഡി<br>• വെർച്വൽ ഇൻകുബേഷൻ പ്രോഗ്രാമുകൾ-ഫാസ്റ്റ് ഫെയിൽ/ സക്സീഡ്<br>• ഗവേഷണ-വികസന വകുപ്പുകളിലെ ഇന്നൊവേഷൻ സോണുകളും പ്രശ്ന പ്രസ്താവനകളും- 3 സോണുകൾ | 1000.00 |
| 3 | **വിജ്ഞാനം/നൈപുണ്യ വികസനം**<br>• ഡിസൈൻ മെഷീൻ നിർമ്മാണത്തിലെ മികവിന്റെ കേന്ദ്രം /, എആർ/ വിആർ<br>• സൂപ്പർ ഫാബ് ലാബ്അധിക മെഷീൻ ഉപകരണങ്ങളും : എയുമായുള്ള ഗവേഷണബി സിഐടിഎംസഹകരണവും<br>• ഫാബ് ലാബ്സ് ഓ & എം തിരുവനന്തപുരം –& എറണാകുളം<br>• മിനി ഫാബ് ലാബുകൾ<br>• കോളേജുകളിലെ മിനി ഫ്യൂച്ചർ ലാബുകൾ<br>• സ്റ്റാർട്ടപ്പുകൾക്കുള്ള സോഫ്റ്റ് വെയർ ബാങ്ക്<br>• സ്റ്റാർട്ടപ്പുകൾസ്റ്റുഡന്റ് സ്റ്റാർട്ടപ്പ് സ്ഥാപകർ/, ഫാക്കൽറ്റി എന്നിവർക്കുള്ള എംഡിപി<br>• വിദ്യാർത്ഥികളുടെ സ്റ്റാർട്ടപ്പ് എക്സ്ചേഞ്ച് യാത്രാ പിന്തുണ /<br>• പ്രവർത്തന ചെലവുകൾ<br>• ഐഎസ്സിയിലെ എവി, വിസി സിസ്റ്റം<br>• ഐ.ടി സിസ്റ്റങ്ങൾ | 700.00 |
| 4 | **ആക്സിലറേറ്ററുകൾ**<br>• സ്റ്റാർട്ട് അപ്പ് അക്സിലറേറ്ററുകൾക്കുള്ള സഹായം<br>• ഇലക്ട്രോണിക് ആക്സിലറേറ്റർ സമാരംഭിക്കുന്നു<br>• പ്രവർത്തന ചെലവുകൾ | 400.00 |
| 5 | **ഫണ്ടിംഗും എന്റർപ്രൈസ് ഡവലപ്മെന്റ്**<br>• നൂതന ആശയങ്ങൾക്കുള്ള ഗ്രാന്റ്<br>• സ്റ്റാർട്ട് അപ്പുകൾക്ക് പേറ്റന്റ് സപ്പോർട്ട്<br>• സീഡ് വായ്പ<br>• കെഎഫ്സി സീഡ് വായ്പയ്ക്കുള്ള പലിശ സബ്വെൻഷൻ<br>• സെബി അംഗീകൃത ഫണ്ടുകളിലേക്കുള്ള സംഭാവന<br>• എയ്ഞ്ചൽ ഇൻകുബേറ്ററും എയ്ഞ്ചൽ നെറ്റ്‌വർക്ക് സൃഷ്ടിയും<br>• സ്റ്റാർട്ട് അപ്പ് മാർക്കറ്റ് അക്സസും നെറ്റ് വർക്കിംഗ് പ്രോഗ്രാമുകൾ<br>• ബിസിനസ് 4 സ്റ്റാർട്ടപ്പുകൾ<br>• കെഎസ്യുഎമ്മിൻ കീഴിലെ പി. ആർ പ്രവർത്തനങ്ങൾ<br>• കെ.എസ്.യു.എം ന്റെ സഹകരണവും ബ്രാന്റുകളും | 1900.00 |
| 6 | **പ്രൊഡക്ടൈസേഷനും മാർക്കറ്റിംഗും**<br>• ഉൽപാദനക്ഷമത/സ്കേൽ അപ്പ്/ഗവേഷണവും വികസനവും എന്നിവയ്ക്കുള്ള ഗ്രാന്റ് | |

| ക്രമ നമ്പർ | പദ്ധതി/ഘടകം | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| | • സ്റ്റാർട്ട് അപ്പുകൾക്ക് മാർക്കറ്റിംഗ് സപ്പോർട്ട്<br>• സ്റ്റാർട്ട് അപ്പ് ഉൽപാദന എക്സ്പോകൾ<br>• വ്യവസായ ഫോറങ്ങളിൽ സ്റ്റാർട്ടപ്പ് അംഗത്വം<br>• ദേശീയ അന്തർദ്ദേശീയ ഫോറങ്ങളിൽ അംഗത്വം<br>• സ്റ്റാർട്ടപ്പുകളെ ബിസിനസ്സ് സേവനങ്ങൾ പിന്തുണയ്ക്കുന്നു | 400.00 |
| 7 | **എക്സ്ചേഞ്ചുകളും ഗ്ലോബൽ ഇമ്മേർഷൻ പ്രോഗ്രാമും**<br>സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും യുവസംരംഭകർക്കും അന്താരാഷ്ട്രാ സ്റ്റാർട്ട്അപ്പ് ഇക്കോസിസ്റ്റവുമായി സഹകരിക്കുന്നതിനായി പരമാവധി അവസരം നൽകുകയും ലോകത്താകമാനമുള്ള സ്റ്റാർട്ട്അപ്പ് ഇക്കോസിസ്റ്റങ്ങളുമായുള്ള സഹകരണം വളർത്തുന്നതിന് സഹായിക്കുകയും ചെയ്യുന്നു.<br>• അന്താരാഷ്ട്ര ബിസിനസ് കണക്ട്<br>• എക്സ്പോഷർ പരിപാടികൾ | 350.00 |
| 8 | **റിസർച്ച് ഇന്നൊവേഷൻ പ്രോഗ്രാമുകൾ**<br>• അക്കാദമിക് എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം<br>• റിസർച്ച് ഇന്നൊവേഷൻ പ്രോഗ്രാം<br>• ആർ & ഡി ഗ്രാന്റ്<br>• ടെക്നോളജി വാണിജ്യവൽക്കരണവും കൈമാറ്റ പിന്തുണയും | 150.00 |
| 9 | **വനിതാ സംരംഭകത്വ സ്റ്റാർട്ട് അപ് പ്രോഗ്രാം**<br>• നാനോ സ്റ്റാർട്ടപ്പ് പ്രോഗ്രാം, ഇൻകുബേഷൻ നെറ്റ്വർക്ക്, വാർഷിക ഉച്ചകോടി<br>• വനിതാ സ്റ്റാർട്ടപ്പുകൾക്കുള്ള ഗ്രാന്റ്<br>• സ്റ്റാർട്ടപ്പുകൾക്കായി വിത്ത് വായ്പ<br>• സെക്ടർ നിർദ്ദിഷ്ട വനിതാ സ്റ്റാർട്ടപ്പുകൾ, ക്ലിനിക്കൽ മൂല്യനിർണ്ണയങ്ങൾ, സാങ്കേതിക സർട്ടിഫിക്കേഷനുകൾ, ലൈസൻസിംഗ്, ഹൈഎൻഡ് ശാസ്ത്രീയ ഉപകരണങ്ങൾ – .വികസന ഗ്രാന്റ്–എന്നിവയ്ക്കുള്ള ഗവേഷണ<br>• വുമൺ കോഫൗണ്ടർ കണക്റ്റ് പ്രോഗ്രാം<br>• വനിതാ സ്റ്റാർട്ടപ്പുകൾക്കായി റിസർച്ച് ഇന്നൊവേഷൻ പ്രോഗ്രാം<br>• സ്റ്റുഡന്റ് മാർക്യൂ സ്റ്റാർട്ടപ്പ് സപ്പോർട്ട് പ്രോഗ്രാം ഐഇഡിസി))<br>• ഫെലോഷിപ്പും സ്ത്രീകൾക്ക് എഫ്എസും.എഫ്.<br>• വനിതാ സ്റ്റാർട്ടപ്പുകൾ, ഫാക്കൽറ്റി, സ്റ്റാർട്ടപ്പ് സ്ഥാപകർ ഐഇഡിസി)) | 575.00 |
| | **ആകെ** | **5875.00** |

**12 സെന്റർ ഫോർ ഡവലപ്പമന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**

**(വിഹിതം 600.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ കീഴിൽ ഗവേഷണത്തിനും പരിശീലനത്തിനുമായി രൂപം കൊണ്ട സ്വയം ഭരണ പദവിയുള്ള ഒരു സ്ഥാപനമാണ് സി-ഡിറ്റ്. ഇമേജിംഗ് ടെക്നോളജിയിലും വാർത്താ വിനിമയ വികസനത്തിലുമുള്ള ഗവേഷണവും വികസനവും എന്നതായിരുന്നു തുടക്കത്തിലുള്ള കർത്തവ്യം. 'ഇൻഫർമേഷൻ കേരള മിഷൻ' രൂപീകരണം, ഫ്ളാഗ്ഷിപ്പ് പരിപാടിയായ 'ഫ്രണ്ട്സി'ന്റെ സിറ്റിസൺ സർവ്വീസ് സെന്ററുകളുടെ നടത്തിപ്പ് എന്നിങ്ങനെ സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ ഈ സ്ഥാപനം നടപ്പിലാക്കിയിരുന്നു. ഇൻഫർമേഷൻ ടെക്നോളജി സെക്ടറിൽ സി-ഡിറ്റിന് 2021-22 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/ഘടകം | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | മാനേജ്ഡ് സെക്യൂരിറ്റി സർവ്വീസ് ശക്തിപ്പെടുത്തുക.<br>• സിഡിഐെടികളുടെ ആന്തരിക സുരക്ഷാ ചട്ടക്കൂട് വികസിപ്പിക്കുന്നു<br>• ആപ്ലിക്കേഷൻ പരിശോധനയും സംയോജന സൗകര്യവും<br>• നെറ്റ്‌വർക്ക് പരിശോധന സൗകര്യം<br>• സെർവറുകളുടെ വെർച്വലൈസേഷൻ<br>• വെബ്സൈറ്റുകൾക്കായുള്ള ഉള്ളടക്ക ഡെലിവറി നെറ്റ്‌വർക്കുകൾ | 40.00 |
| 2 | എ.ആർ, വി.ആർ, എം.ആർ എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ. | 50.00 |
| 3 | ഗവേഷണ വികസന പ്രവർത്തനങ്ങളുടെ ഓമെന്റേഷൻ.<br>1. ഓൺ ലേണിംഗ് പ്ലാറ്റ് ഫോം<br>2. മലയാളത്തിനായുള്ള ടെക്സ്റ്റ് മൈനിംഗ് ടൂൾ<br>3. സി-ഡിറ്റിലെ ഇ-സ്പെയ്സ് ഓട്ടോമേഷൻ സോഫ്റ്റ് വെയർ | 20.00 |
| 4 | സെക്യൂരിറ്റി ഡോക്യുമെന്റ് ഫോറൻസിക് ലബോറട്ടറി (എസ്.ഡി.എഫ്.എൽ) മെച്ചപ്പെടുത്തൽ | 80.00 |
| 5 | വെബ് ചാനലിനായി വീഡിയോ പ്രൊഡക്ഷൻ സൗകര്യം വർദ്ധിപ്പിക്കുക<br>1. ഉള്ളടക്ക ഉത്പാദനം<br>2. ഉള്ളടക്ക വ്യാപനം<br>3. ഉള്ളടക്ക ആർക്കൈവിംഗ് | 60.00 |
| 6 | സിഡിഐെടിയിലെ ഡിജിറ്റൽ ആർക്കൈവിംഗ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവ് | 150.00 |
| 7 | സി-ഡിറ്റിനായി ഐ.സി.ടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുക. | 200.00 |
| | **ആകെ** | **600.00** |

## 7. ഗതാഗതവും വാർത്താവിനിമയവും

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് മികച്ച ഗതാഗത, ആശയവിനിമയ സംവിധാനം ആവശ്യമാണ്. സാമ്പത്തിക വളർച്ചയ്ക്ക് നഗര-ഗ്രാമ പ്രദേശങ്ങൾ തമ്മിൽ വേണ്ടത്ര ഭൗതിക ബന്ധം ആവശ്യമാണ്. ഗതാഗത മേഖലയ്ക്ക് കീഴിൽ വികസന പദ്ധതികൾ; തുറമുഖങ്ങൾ, റോഡുകളും പാലങ്ങളും, റോഡ് ഗതാഗതം, ഉൾനാടൻ ജലഗതാഗതം, മറ്റ് ഗതാഗത സേവനങ്ങൾ എന്നീ 5 പ്രധാന തലങ്ങളിലൂടെ നടപ്പിലാക്കുന്നു.

ജനങ്ങളുടെ യാത്രാവശ്യങ്ങൾ, ചരക്കു നീക്കം, വിവര സാങ്കേതിക വിനിമയം എന്നിവ കാര്യക്ഷമമായി നടത്തുന്നതു മുഖേന സാമ്പത്തിക കാര്യക്ഷമത, സാമൂഹ്യ നീതി, പരിസ്ഥിതി സംതുലനം എന്നിവ ഉറപ്പാക്കുന്ന ഒരു സുസ്ഥിര ഗതാഗത സംവിധാനം നിർമ്മിക്കുക എന്നതാണ് ഗതാഗത മേഖലയുടെ പ്രധാന ലക്ഷ്യം. ഗതാഗത മേഖലയ്ക്കുള്ള 2021-22 ബജറ്റിൽ നൽകിയിട്ടുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7.1 | തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ, ഷിപ്പിംഗ് | 8013.00 |
| 7.2 | റോഡുകളും പാലങ്ങളും | 91026.00 |
| 7.3 | റോഡ് ഗതാഗതം | 14768.00 |
| 7.4 | ഉൾനാടൻ ജലഗതാഗതം | 14610.00 |
| 7.5 | മറ്റ് ഗതാഗത സർവ്വീസുകൾ | 16008.00 |
| | **ആകെ** | **144425.00** |

### 7.1 തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ, ഷിപ്പിംഗ്

തുറമുഖം, ലൈറ്റ് ഹൗസ്, ഷിപ്പിംഗ് മേഖല തീരദേശ ജലഗതാഗതവും ലോജിസ്റ്റിക്ക്സുമാണ് കൈകാര്യം ചെയ്യുന്നത്. കേരളത്തിലെ 17 തുറമുഖങ്ങളിൽ നാലു തുറമുഖങ്ങൾ വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾ എന്നിവയാണ് അവ. തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, വി.ഐ.എസ്.എൽ, അഴീക്കൽ പോർട്ട് ലിമിറ്റഡ് (മലബാർ ഇന്റർനാഷണൽ പോർട്ട് ആൻറ് സെസ് ലിമിറ്റഡ്) എന്നിവയാണ് സംസ്ഥാനത്തെ തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ. കേരള മാരിടൈം ബോർഡിന്റെ രൂപീകരണത്തോടെ, തുറമുഖങ്ങളും ഷിപ്പിംഗ് മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിന് കെ.എം.ബി യെ ചുമതലപ്പെടുത്തി. തുറമുഖം, ലൈറ്റ് ഹൗസ്, ഷിപ്പിംഗ് മേഖലയ്ക്ക് 2021-22 ബജറ്റിൽ ഉപമേഖല തിരിച്ചുള്ള വിഹിതം ചുവടെ വിശദീകരിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | തുറമുഖ വകുപ്പ് | 6913.00 |
| 2 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 755.00 |
| 3 | ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം | 345.00 |
| **ആകെ** | | **8013.00** |

#### തുറമുഖ വകുപ്പും കേരള മാരിടൈം ബോർഡും

585 കിലോമീറ്റർ ദൈർഘ്യമുള്ള കേരള തീരപ്രദേശത്തെ 17 ചെറുകിട തുറമുഖങ്ങൾ (ജനുവരി 2018 വരെ) തുറമുഖ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വന്നിരുന്നത്. കേരള മാരിടൈം ബോർഡ് ആക്ട് 2017 അനുസരിച്ച് പുതുതായി രൂപീകരിച്ച കേരള മാരിടൈം ബോർഡിന് കീഴിലാണ് നിലവിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നത്. സംസ്ഥാനത്തെ എല്ലാ നോൺ മേജർ തുറമുഖങ്ങളുടേയും മേൽനോട്ടവും വികസനവും കെഎംബിയുടെ ചുമതലയാണ്.

1. **കേരള മാരിടൈം ബോർഡ്**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കേരള മാരിടൈം ബോർഡ് ആക്ട് അടിസ്ഥാനമാക്കി 02/02/2018 തിയതിയിലെ സ.ഉ (എംഎസ്) നമ്പർ 01/2018 എഫ് ആൻഡ് പി.ഡി പ്രകാരമാണ് കേരള മാരിടൈം ബോർഡ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായാണ് കേരള മാരിടൈം ബോർഡ് രൂപീകരിച്ചിരിക്കുന്നത്. ചെയർമാനും ബോർഡ് അംഗങ്ങളും കേരള മാരിടൈം ബോർഡിന്റെ റീജിയണൽ ഓഫീസിൽ 25/07/2018 ൽ ചുമതല ഏറ്റെടുത്തു. ചെയർമാൻ, വൈസ് ചെയർമാൻ, 3 എക്സ്-ഓഫീഷ്യോ അംഗങ്ങൾ, ഇന്ത്യൻ നേവിയുടെ പ്രതിനിധി, ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പ്രതിനിധി, വിഴിഞ്ഞം തുറമുഖത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തിരഞ്ഞെടുത്ത 4 അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ബോർഡ്. തുറമുഖ പ്രവർത്തനങ്ങളെ ശാസ്ത്രീയമാക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തി തുറമുഖങ്ങളിലെ സമുദ്ര വ്യാപാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് കേരള മാരിടൈം ബോർഡ് പ്രവർത്തിക്കുന്നത്. അഡ്മിനിസ്ട്രേഷൻ ഗവേണൻസ്, ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയിരിക്കുന്നു. പ്രവർത്തനക്ഷമമാകുമ്പോൾ ബോർഡിന് ആവശ്യമായ അധിക തുക തുറമുഖ മേഖലയിലെ വകയിരുത്തലിൽ അധികമായി നേടിയോ മറ്റു പദ്ധതികളിൽ നിന്നും മാറ്റി വിനിയോഗിക്കുന്നതിലൂടെയോ കണ്ടെത്താവുന്നതാണ്.

2. **കെ.എം.ബി യിലെ ഇ-ഗവേണൻസും ശേഷി വർദ്ധിപ്പിക്കലും**

**(വിഹിതം: 225.00 ലക്ഷം രൂപ)**

കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ നടത്തിപ്പിനായി പുതുതായി രൂപീകരിച്ച സ്ഥാപനമാണ് കെ.എം.ബി. ഗവൺമെന്റിന്റെ ഇ-ഗവേണൻസ് നയത്തിന് അനുസൃതമായി ഇത് ബിസിനസ്സ് നടത്തേണ്ടതുണ്ട്. നിലവിലെ സാഹചര്യം, തുറമുഖ ഭരണത്തിലും ഷിപ്പിംഗ് പ്രവർത്തനങ്ങളിലും ഇ-ഭരണം അനിവാര്യമാക്കുന്നു. തുറമുഖ അനുബന്ധ പ്രവർത്തനങ്ങൾക്കായി വെബ് അധിഷ്ഠിത ബിസിനസ്സ് പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ഭാവിയിൽ സംസ്ഥാനത്തിനകത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളും ലോകവും തമ്മിലുള്ള വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു ഉപാധിയായി ഈ വെബ് പോർട്ടൽ പ്രവർത്തിക്കും. ഇനിപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2021-22 ലെ ബജറ്റിൽ 225.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 23.00 ലക്ഷം രൂപ വനിതാ ഉദ്യോഗസ്ഥരുടെ ശാക്തീകരണത്തിനായി വകയിരുത്തിരിക്കുന്നു

| ക്രമ നമ്പർ | ഇനത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡിജിറ്റൽ ഫയൽ സിസ്റ്റം | 225.00 |
| 2 | ഇ-ഓഫീസിനായി അടിസ്ഥാന സൗകര്യങ്ങൾ വാങ്ങൽ | |
| 3 | കമ്പ്യൂട്ടറുകൾ,മറ്റ്അനുബന്ധ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ | |
| **ആകെ** | | **225.00** |

3. **കെ.ഐ.വി നിയമങ്ങൾ നടപ്പിലാക്കുക**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ഉൾനാടൻ ജലപാതകളിലെ ഗതാഗതത്തെയും ജലയാനങ്ങളെയും നിയന്ത്രിക്കുന്നതിനായി ഉള്ളതാണ് കേരള ഉൾനാടൻ വെസ്സൽ നിയമങ്ങൾ-2010. കെ.ഐ.വി നിയമങ്ങൾ 2010 നടപ്പിലാക്കുന്നതിനായി തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. സുരക്ഷ, മലിനീകരണ നിയന്ത്രണം എന്നിവയ്ക്കായുള്ള ഉൾനാടൻ ജലപാതയിലെ ജലയാനങ്ങൾ പാലിക്കേണ്ട പ്രത്യേക മാനദണ്ഡങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. പ്രകൃതി വിഭവങ്ങളുടെ ഉത്തരവാദിത്ത്വവും സുസ്ഥിരവുമായ വിനിയോഗ വികസനം കൈവരിക്കുന്നതിന് നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തുറമുഖ വകുപ്പ് ബാധ്യസ്ഥരാണ്. കെ.ഐ.വി നിയമങ്ങൽ സുഗമമായി നടപ്പിലാക്കുന്നതിലൂടെ, കേരളത്തിന്റെ പരസ്പരബന്ധിതമായ ഉൾനാടൻ ജലപാതകളുടെ ശൃംഖല കൂടുതൽ സുരക്ഷിതവും മാലിന്യരഹിതവും

ആകർഷകവും ടൂറിസം മേഖലയെ സംബന്ധിച്ചിടത്തോളം കൂടുതൽ വരുമാനമുള്ളവയുമായി മാറും. സുരക്ഷിതവും ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായി ചരക്കുകളുടെയും യാത്രക്കാരുടെയും ഗതാഗതത്തിന് ജലപാതകളെ ഉപയോഗപ്പെടുത്താൻ സംസ്ഥാന സർക്കാരും ഐഡബ്ല്യൂഎഐയും പ്രവർത്തിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

എ) കെ.ഐ.വി നിയമങ്ങൾക്ക് കീഴിലുള്ള റെഗുലേറ്ററി പ്രവർത്തനങ്ങൾ

നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സ്ഥാപനപരമായ ക്രമീകരണം ശക്തിപ്പെടുത്തുന്നതിനും നിയമ നിർവ്വഹണത്തിനായി പരിശോധനകൾ നടത്തുന്നതിനും ഒരു സംയുക്ത നിർവ്വഹണ സംഘത്തെ രൂപീകരിക്കൽ, സർവ്വെ ഉപകരണങ്ങളുടെ പരിപാലനം, ഇന്ധനച്ചെലവ്, സർവ്വെ, പരിശോധന, അനുബന്ധ യാത്രാ ചെലവുകൾ, എന്നിവയ്ക്കുള്ള ചെലവുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കെഐവി നിയമങ്ങളുമായി ബന്ധപ്പെട്ട അന്വേഷണങ്ങളും, പഠനങ്ങളും, മികച്ച സമ്പ്രദായങ്ങളും കെഐവി നിയമങ്ങൾക്ക് കീഴിൽ ഉണ്ട്. ഇതിനായി 2021-22ൽ ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ബി) കെഐവി നിയമങ്ങൽ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം

മാർക്കിംഗ് ബോയ്കൾ, സർവ്വേ ഉപകരണങ്ങൾ വാങ്ങൽ, കെഐവി സ്പീഡ് ബോട്ട് പാർക്കിംഗിനായുള്ള ഷെഡിന്റെ നിർമ്മാണം, പരിശോധന യാനങ്ങൾ വാങ്ങൽ, ഡിറ്റെൻഷൻ യാർഡിനായി സ്ഥലം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ, സെക്യൂരിറ്റി റൂം, ഡിറ്റൻഷൻ യാർഡിനുള്ള മറ്റ് സൗകര്യങ്ങൾ, ജെട്ടിയുടെ നിർമ്മാണത്തിനാണ് ഭൂമി ഏറ്റെടുക്കൽ, സുരക്ഷ വർദ്ധിപ്പിക്കൽ, ഉൾനാടൻ ജലപാതകളിലെ സുരക്ഷ സംവിധാനങ്ങളും ഇ-രജിസ്ട്രേഷൻ സൗകര്യവും നടപ്പിലാക്കുക എന്നിവ ഉൾപ്പടെയുള്ള നാവിഗേഷൻ സഹായങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിനായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. വർക്ക്ഷോപ്പിന്റെയും സ്റ്റോർ ഓർഗൈനൈസേഷന്റെയും മെച്ചപ്പെടുത്തൽ**

**(വിഹിതം: 440.00 ലക്ഷം രൂപ)**

വകുപ്പിന്റെ സാങ്കേതിക വിഭാഗമാണ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗ് (എം.ഇ.ഡബ്ല്യൂ), സംഭരണം, നിർവ്വഹണം, തുറമുഖ വകുപ്പിന് കീഴിലുള്ള നോൺ മേജർ തുറമുഖങ്ങളിലെ വാടക ചാർജ്ജുകൾ/ഫ്ലോട്ടിംഗ് ക്രാഫ്റ്റുകൾ, ക്രെയിനുകൾ മറ്റ് എല്ലാ ഉപകരണങ്ങളുടെയും നിരക്കുകൾ എന്നിവ ഈ വിംഗിന്റെ ചുമതലയാണ്. ഈ വിംഗിനു കീഴിൽ രണ്ട് മെക്കാനിക്കൽ എഞ്ചിനിയറിംഗ് വർക്ക് ഷോപ്പുകൾ ഉണ്ട്. ഒന്ന് കൊല്ലം തുറമുഖത്തും മറ്റൊന്നു ബേപ്പൂർ തുറമുഖത്തും ആണ്.

കെ.എം.ബിയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിലുള്ള ഓഫീസുകളുടെയും വർക്ക് ഷോപ്പുകളുടെയും പരിപാലനവും നവീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. തടസ്സമില്ലാത്ത ഷിപ്പിംഗ് പ്രവർത്തനത്തിനായി സ്പെയറുകളും മറ്റ് അവശ്യ ഘടകങ്ങളും സംഭരിക്കുക, പ്രവർത്തനത്തിനുള്ള ഇന്ധനം, ഉപകരണങ്ങൾ, പ്ലാന്റുകൾ എന്നിവയുടെ അറ്റകുറ്റപ്പണി, ടഗ്ഗുകൾ, ഡ്രഡ്ജർ, പോർട്ട് ഉപകരണങ്ങൾ, ഐ.ടി.വി, ഫ്ലോട്ടിംഗ് ക്രാഫ്റ്റുകൾ, സോളാർ സിസ്റ്റം പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ, സ്റ്റാൻഡ്ബൈ എമർജൻസി പവർ സപ്ലൈ നൽകുന്നതിന് യൂണിറ്റുകൾ/ജനറേറ്ററുകൾ, ആവശ്യമായ പിന്തുണ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഈ വർക്ക്ഷോപ്പുകളെ ചുമതലപ്പെടുത്തിയിരിക്കുന്നു. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 440.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | കോഴിക്കോട് വർക്ക്ഷോപ്പിലെ ടഗ്ഗുകൾ, ക്രെയിനുകൾ, ഡ്രെഡ്ജർ, ഫോർക്ക് ലിഫ്റ്റ്, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾ | |
| 2 | കൊല്ലത്തെ വർക്ക്ഷോപ്പിലെ ടഗ്ഗുകൾ, ക്രെയിനുകൾ, ഡ്രെഡ്ജർ, ഫോർക്ക് ലിഫ്റ്റ്, മറ്റ് പ്രവർത്തന ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾ | |
| 3 | 7.50 കോടി രൂപ ചെലവിൽ വർക്ക്ഷോപ്പുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക | |

| | | |
|---|---|---|
| 4 | കൊല്ലത്തെ പുതിയ വർക്ക്ഷോപ്പിലേക്ക് സ്റ്റോറേജ് റാക്കുകൾ, സ്റ്റോറേജ് ബിന്നുകൾ മെറ്റീരിയൽ കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ എന്നിവയുടെ സംഭരണം | 440.00 |
| 5 | ഉപകരണങ്ങൾ, സ്റ്റോർ ഇനങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് | |
| | **ആകെ** | **440.00** |

**5.കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്-സെൻറർ ഫോർ എക്സലൻസ്**

**(വിഹിതം: 600.00 ലക്ഷം രൂപ)**

കേരളത്തെ ഇന്ത്യയുടെ മാരിടൈം പഠനത്തിന്റെ കേന്ദ്രമാക്കുക എന്ന ദീർഘകാല ലക്ഷ്യത്തോടെ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം എന്നിവയിലൂടെ സമുദ്രമേഖലയിൽ തൊഴിൽപരമായി യോഗ്യതയുള്ളതും വൈദഗ്ധ്യമുള്ളതുമായ മാനവ വിഭവശേഷി സൃഷ്ടിക്കുന്നതിനാണ് കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന് നീണ്ടകര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലായി രണ്ട് കാമ്പസുകളുണ്ട്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ലെ ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) പശ്ചാത്തല സൗകര്യ വികസനം:**

ഓഡിറ്റോറിയങ്ങൾ, വർക്ക്ഷോപ്പുകൾ, ഫർണിച്ചറുകൾ, വെബ്സൈറ്റുകളുടെയും പോർട്ടലുകളുടെയും വികസനം, ലാബുകളും ലൈബ്രറികളും സ്ഥാപിക്കുന്നതിനും, കടൽ യാത്രക്കാർക്കായുള്ള പരിശീലന യാനങ്ങൾ തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

**(ബി) മാനവ വിഭവശേഷി വികസനം**

ആവശ്യമായ പരിശീലനം നല്കിക്കൊണ്ട് യോഗ്യരായ റിസോഴ്സ്പേഴ്സണൽസിനെ സൃഷ്ടിക്കുക, ദേശീയ അന്തർദേശീയ അഫിലിയേഷൻ കരസ്ഥമാക്കുക, പ്രമോഷണൽ പ്രവർത്തനങ്ങൾ, പരസ്യങ്ങൾ നല്കുക, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, ഇന്റേൺഷിപ്പുകൾ പ്രോത്സാഹിപ്പിക്കുക, സമുദ്ര ഗവേഷണങ്ങളും പ്രൊജക്ടുകളും ഗവേഷണ ഫലങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. അന്താരാഷ്ട്രതലത്തിൽ ചേർന്ന് നില്ക്കുന്ന തരത്തിലുള്ള മാരിടൈം കോഴ്സുകൾ ആരംഭിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 25.00 ലക്ഷം രൂപ വനിതകൾക്കായി വകയിരുത്തിരിക്കുന്നു

**6. തീരദേശ ഷിപ്പിംഗിന്റെ വികസനവും പ്രോത്സാഹനവും**

**(വിഹിതം: 225.00 ലക്ഷം രൂപ)**

ഷിപ്പിംഗ് മാരിടൈം, അനുബന്ധ മേഖലകളുടെ സമഗ്ര വികസനം വിഭാവനം ചെയ്തുകൊണ്ട് സർക്കാർ നടപ്പാക്കുന്ന ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് കോസ്റ്റൽ ഷിപ്പിംഗ്. 2020ഓടെ റോഡുകളിൽ നിന്ന് 20 ശതമാനം ചരക്കുകൾ തീരദേശ ഷിപ്പിംഗിലേക്ക് വഴിതിരിച്ചുവിടുകയാണ് ലക്ഷ്യം. തീരദേശ ടൂറിസം, ഫിഷറീസ്, സമുദ്ര വിദ്യാഭ്യാസം, പരിശീലനം, വ്യവസായങ്ങൾ, സേവനങ്ങൾ എന്നിവയുമായി പദ്ധതിയെ സംയോജിപ്പിക്കാനുള്ള സാധ്യതയും പരിശോധിക്കുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് തീരദേശ ചരക്ക് നീക്കം ആരംഭിച്ചു. തീരദേശ സംവിധാനം വഴി യാത്രക്കാരെ കൊണ്ടു പോകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോത്സാഹന/സബ്സിഡി പദ്ധതികൾ, ജലയാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം, തീരദേശ ഷിപ്പിംഗ് പ്രോത്സാഹനത്തിനുള്ള കോർപ്പസ് ഫണ്ടിന്റെ രൂപീകരണം, തീരദേശ ജലയാനങ്ങളുടെ ചാർട്ടറിംഗ്, അതിവേഗ കട്ട മരം വാങ്ങൽ, പരിശോധന ബോട്ടുകൾ വാങ്ങൽ, തീരദേശ, ഷിപ്പിംഗ് മാനേജർമാർക്കും, പൈലറ്റുമാർക്കും പ്രതിഫലം നല്കൽ, കൺസൾട്ടന്റുമാർക്ക് ഫീസ് നല്കൽ, കസ്റ്റംസിന് കോസ്റ്റ് റിക്കവറി ചാർജ്ജ് അടയ്ക്കൽ, എമിഗ്രേഷൻ സൗകര്യങ്ങൾ, സിഐഎസ്എഫിന് ആവശ്യമായ ഫണ്ട് നല്കൽ, സാങ്കേതിക, സാമ്പത്തിക, മാനേജ്മെന്റ്, പ്രോജക്ടുകൾ തുടങ്ങിയവ വിവിധ സ്കീമുകൾക്ക് മാനവ വിഭവശേഷി ഉപയോഗിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കൊച്ചി-കോഴിക്കോട്, കൊച്ചി- തിരുവനന്തപുരം, കോവളം-കന്യാകുമാരി എന്നിവയ്ക്കിടയിലുള്ള തീരദേശ പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരള തുറമുഖങ്ങൾക്കും,

ലക്ഷദ്വീപിലെ തുറമുഖങ്ങൾക്കുമിടയിലുള്ള പാസഞ്ചർ യാത്രകൾ, ഗുജറാത്ത്, മംഗലാപുരം, തൂത്തുക്കുടി എന്നിവിടങ്ങളിൽ നിന്നുള്ള തീരദേശ ചരക്ക നീക്കങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തീരദേശ ഷിപ്പിംഗ് ആനുകൂല്യങ്ങൾക്കും തീരദേശ ഷിപ്പിംഗിനുളള പ്രോത്സാഹനത്തിനുമായി 2021-22 ബജറ്റിൽ 225.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7. ഷിപ്പിംഗ് പ്രവർത്തനങ്ങൾക്കുള്ള തുറമുഖ അടിസ്ഥാന സൗകര്യ വികസനം

**(വിഹിതം: 4219.00 ലക്ഷം രൂപ)**

അഴീക്കൽ ബേപ്പൂർ (കോഴിക്കോട്), കൊല്ലം, വിഴിഞ്ഞം, പൊന്നാനി, എന്നീ തുറമുഖങ്ങളിൽ ചരക്കുകളുടേയും യാത്രക്കാരുടെയും ഗതാഗതത്തിന്റെ സുസ്ഥിര മുന്നേറ്റത്തിന് പ്ലാന്റും ഉപകരണങ്ങളും ഉൾപ്പടെ ടൂറിസം മേഖലയിൽ ഊന്നൽ നല്കിക്കൊണ്ട് പൂർണ്ണമായ തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രധാന ശീർഷകത്തിന് കീഴിലുള്ള ആകെ വിഹിതം 4219.00 ലക്ഷം രൂപയാണ്. പദ്ധതിയിൽ തുറമുഖാധിഷ്ഠിത പ്രവർത്തനങ്ങൾ, ഭൂമി ഏറ്റെടുക്കൽ ഭൂമി സംരക്ഷണം, തുറമുഖത്തിന്റെ കണക്ടിവിറ്റി ഉൾപ്പടെയുള്ള അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം, നാവിഗേഷൻ സംവിധാനങ്ങളുടെ സംഭരണം, പരിപാലനം, ഫ്ലോട്ടിംഗ് ക്രാഫ്റ്റ്, സുരക്ഷാ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അനുബന്ധ പ്രവർത്തന സൗകര്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

### എ) അഴീക്കൽ തുറമുഖത്തിന്റെ വികസനം (നദീതീര തുറമുഖം)

**(വിഹിതം 350.00 ലക്ഷം രൂപ)**

കണ്ണൂർ ജില്ലയിലെ വളപട്ടണം നദിയിൽ 4 കിലോമീറ്റർ ഉള്ളിലേക്കായി സ്ഥിതിചെയ്യുന്ന നദീതീര തുറമുഖമാണ് നിലവിലുള്ള അഴീക്കൽ തുറമുഖം. അഴീക്കൽ തുറമുഖത്ത് നിലവിലുള്ള സൗകര്യം വികസിപ്പിക്കാനുള്ള നടപടികൾ തുറമുഖ വകുപ്പ് ആരംഭിച്ചു. ലക്ഷദ്വീപുമായും ബന്ധിപ്പിക്കുന്നതും മുംബൈയിൽ നിന്നും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും മരവും തടി ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന വാണിജ്യ കേന്ദ്രമാണ് അഴീക്കൽ തുറമുഖം. കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് അഴീക്കലിലെ തീരദേശ ഷിപ്പിംഗ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം വകുപ്പ് ആരംഭിച്ചു. 230 മീറ്റർ ബെർത്ത്, വാർഫ്, കണ്ടെയ്നർ, എന്നിവ കൈകാര്യം ചെയ്യാൻ ഈ തുറമുഖം പ്രാപ്തമാണ്. 230 മീറ്റർ ബെർത്ത്, വാർഫ്, കണ്ടെയ്നർ, ബൾക്ക് ഹാൻഡിലിംഗ് ഹാർബർ മൊബൈൽ ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിറ്റ് ബ്രിഡ്ജ് തുടങ്ങി എല്ലാ സൗകര്യങ്ങളും തുറമുഖത്തിനുള്ളതിനാൽ ഡ്രൈ ബൾക്ക്, ബ്രേക്ക് ബൾക്ക്, കണ്ടെയ്നർ, പ്രോജക്റ്റ് കാർഗോ എന്നിവ കൈകാര്യം ചെയ്യാൻ പ്രാപ്തമാണ്.

ചാനലിൽ നിന്നും പാറ നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക ഡ്രെഡ്ജിംഗ്, ഭൂസംരക്ഷണ പ്രവർത്തനങ്ങൾ, ജലവിതരണം, ഐ.എസ്.പി.എസ് കോഡ് നടപ്പാക്കൽ, തുറമുഖ വികസനം, മറ്റ് അനുബന്ധ വികസനങ്ങൾ എന്നിവയാണ് പദ്ധതിയിലെ പ്രവർത്തനങ്ങൾ. 2021-22 ബജറ്റിൽ 350.00 ലക്ഷം രൂപ മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കും സ്പിൽ ഓവർ ബാധ്യതകളും പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

### ബി) വിഴിഞ്ഞം കാർഗോ ഹാർബർ

**(വിഹിതം 1100.00 ലക്ഷം രൂപ)**

അന്താരാഷ്ട്ര ഷിപ്പിംഗ് ചാനലിനോട് വളരെ അടുത്താണ് വിഴിഞ്ഞം കാർഗോ തുറമുഖം സ്ഥിതി ചെയ്യുന്നത്. കൂടാതെ തലസ്ഥാന നഗരമായ തിരുവനന്തപുരത്തിനടുത്തുള്ള തുറമുഖവുമാണിത്. ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ സാമീപ്യം മികച്ച ബിസിനസ്സ് അവസരങ്ങൾ കൊണ്ടുവരാൻ സാധ്യതയുണ്ട്. വിഴിഞ്ഞം തുറമുഖം മാലിദ്വീപിലേക്കുള്ള പതിവ് ഷിപ്പിംഗ് സേവനങ്ങൾ നിറവേറ്റുന്നു. കൂടാതെ വിഴിഞ്ഞത്ത് നിന്നും അന്താരാഷ്ട്ര ക്രൂയിസ് സേവനങ്ങളും നല്കുന്നു. തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവിധ സമുദ്ര-ഭൗമ അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ 1100.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സീവാർഡ് ബ്രേക്ക് വാട്ടറിന്റെ റക്റ്റിഫിക്കേഷൻ | 1100.00 |
| 2 | ലീവാർഡ് വാർഫിന്റെ റക്റ്റിഫിക്കേഷൻ | |
| 3 | വിഴിഞ്ഞത്ത് ക്രൂ ചെയ്ഞ്ചിനുള്ള സൗകര്യവും പാസഞ്ചർ ടെർമിനലും, വാച്ച് ടവറും സ്ഥാപിക്കൽ | |
| 4 | ബൊള്ളാർഡുകൾ സ്ഥാപിക്കുന്നതിനും സി.ഐ.എസ്. എഫ് സെക്യൂരിറ്റി സൗകര്യം ലഭ്യമാക്കുന്നതിനും. | |
| 5 | 25 ബോള്ളാർഡ് പുൾ കപ്പാസിറ്റി ടഗ്ഗ് വാങ്ങൽ | |
| 6 | തുറമുഖത്തിന്റെ അടിത്തട്ട് ആഴം കൂട്ടൽ | |
| | **ആകെ** | **1100.00** |

**സി. തങ്കശ്ശേരി തുറമുഖത്തിന്റെ വികസനം (കൊല്ലം തുറമുഖം)**

**(വിഹിതം 1000.00 ലക്ഷം രൂപ)**

കൊല്ലം തുറമുഖം ഒരു ഇടത്തരം ഡ്രാഫ്റ്റ് തുറമുഖമാണ്. കൊച്ചി, തൂത്തുക്കുടി, വരാനിരിക്കുന്ന വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് തുടങ്ങിയ വലിയ തുറമുഖങ്ങളിലേക്കുള്ള പ്രധാന ഫീഡർ പോയിന്റായി ഇത് തുടരും. നിലവിലുള്ള കൊല്ലം തുറമുഖം 2007 ൽ 178.5 മീറ്റർ ബെർത്തൊടെ കമ്മീഷൻ ചെയ്തു. ഈ തുറമുഖത്തിന് 6 മീറ്റർ ഡ്രോട്ടുണ്ട്. അതിൽ കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ, സ്ററാക്ക് യാർഡ്, ട്രാൻസിട്ടറി ഷെഡുകൾ, കസ്റ്റംസ് ഇ.ഡി.ഐ, പാസഞ്ചർ കം മൾട്ടി പർപ്പസ് ബെർത്ത് സൗകര്യം എന്നിവയുമുണ്ട്. തുറമുഖത്തേക്കുള്ള റെയിൽ, ഉൾനാടൻ ജലപാത കണക്ടിവിറ്റികൾ സ്ഥാപിക്കേണ്ടതുണ്ട്. വലിയ കപ്പലുകൾ ഉൾക്കൊള്ളുന്നതിനും നിലവിലുള്ള സൗകര്യങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിതിന് തുറമുഖ ചാനലിന്റെയും അടിത്തട്ടിന്റെയും ആഴം കുറഞ്ഞത് 10 മീറ്ററായും അതിനുശേഷം 12 മീറ്ററായും ഉയർത്തുകയാണ് ലക്ഷ്യം. 2021-22 ലെ ബജറ്റിൽ 1000.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | 10മീ/12മീറ്റർ ആഴത്തിൽ ഘട്ടം ഘട്ടമായി ചാനലിലും അടിത്തട്ടിലും ഡ്രെഡ്ജിംഗ് നടപ്പാക്കുക | **1000.00** |
| 2 | നാവിഗേഷൻ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ക്വാറന്റൈൻ സൗകര്യത്തിനും, എമിഗ്രേഷൻ കേന്ദ്രങ്ങൾ, സെയിൽസ് ടാക്സിനും, ഇ.ഡി.ഐ, ഐ.എസ്.പി.എസ് സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും | |
| 3 | പുതിയ വാർഫിനെ പഴയ വാർഫുമായി ബന്ധിപ്പിക്കുന്ന ജോലി | |
| 4 | നീണ്ടകരയിലെ ട്രാൻസിറ്റ് ഷെഡിന്റെ നവീകരണം | |
| | **ആകെ** | **1000.00** |

**ഡി) ആലപ്പുഴ തുറമുഖത്തിന്റെ വികസനം**

**(വിഹിതം 275.00 ലക്ഷം രൂപ)**

ഡെലോയ്റ്റ് കമ്പനി തയ്യാറാക്കിയ വിശദമായ സാധ്യത റിപ്പോർട്ട് അനുസരിച്ച് തീരദേശ പാസഞ്ചർ ടെർമിനലിനൊപ്പം ഒരു സമുദ്ര ടൂറിസം കേന്ദ്രമായി ആലപ്പുഴ തുറമുഖത്തെ വികസിപ്പിക്കുന്നതിനാണ് ഈ പദ്ധതി. ബ്രേക്ക് വാട്ടർ, പാസഞ്ചർ ടെർമിനൽ, അനുബന്ധ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കും. ആലപ്പുഴ തുറമുഖത്ത് ബ്രേക്ക് വാട്ടർ, ക്യാപിറ്റൽ ഡ്രെഡ്ജിംഗ്, ബെർത്തിംഗ്, ആധുനിക പാസഞ്ചർ സൗകര്യങ്ങളുടെ വികസനം എന്നിവയ്ക്കായി സാഗർമാലയിൽ ഇനം തിരിച്ചുള്ള ധനസഹായം നേടാനുള്ള സാധ്യതകൾ പരിശോധിക്കും.

നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കൊപ്പം സമുദ്ര, കര അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പുതിയ തുറമുഖ വികസനപ്രവർത്തനങ്ങൾക്കും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. മറീന/പാസഞ്ചർ ടെർമിനൽ, തീരദേശ ടൂറിസം ഇൻഫ്രാസ്ട്രക്ചർ, ഭൂമി ഏറ്റെടുക്കൽ, ഭൂസ്വത്ത് വികസനം, ഉൾനാടൻ ജലകണക്ടിവിറ്റി, വിനോദം, ഹോസ്പിറ്റാലിറ്റി സേവനങ്ങൾ, യാത്രക്കാർക്ക് സൗകര്യങ്ങൾ, മാരിടൈം ഹിസ്റ്ററി മ്യൂസിയം, നാവിഗേഷൻ സഹായകങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ഫ്ളോട്ടിംഗ് ക്രാഫ്റ്റ്, പിയർ നവീകരണ പ്രവർത്തനങ്ങൾ, മലിനജലം ശേഖരിച്ച് ട്രീറ്റ്മെന്റ് ചെയ്യുന്നതിന് ബാർജുകൾ, മറീന, തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സ്പിൽഓവർ തുക നല്കുന്നതിനുമായി 2021-22 ബജറ്റിൽ 275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ) പൊന്നാനി തുറമുഖത്തിന്റെ വികസനം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തുറമുഖമായി പിപിപി മാതൃകയിലാണ് പൊന്നാനി തുറമുഖം വികസിപ്പിക്കുന്നത്. തുറമുഖത്തിന്റെ വികസനത്തിനായി കേരള സർക്കാർ മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർക്കാരും, സ്വകാര്യ പങ്കാളികളും ദീർഘകാല ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നിക്ഷേപങ്ങളും ആനുകൂല്യങ്ങളും അപകടസാധ്യതകളും പങ്കിടുന്ന പരക്കെ അംഗീകരിക്കപ്പെട്ട ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് മോഡലുകളിൽ ഒന്നാണ് പിപിപി. മത്സാരാധിഷ്ഠിത പ്രവർത്തനത്തിലൂടെ മികച്ച സാങ്കേതികവിദ്യ സ്വീകരിച്ചും തുറമുഖ പ്രകടനം മെച്ചപ്പെടുത്തുന്നതിന് പിപിപി മോഡൽ സഹായകമാകുന്നു. വല്ലാർപാടം ടെർമിനലിനും വിഴിഞ്ഞം ടെർമിനലിനും ശേഷമുള്ള പ്രധാന പിപിപി തുറമുഖ വികസന പദ്ധതിയാണ് പൊന്നാനി തുറമുഖം. പിപിപി പദ്ധതി പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത കോംപ്ലിമെന്ററി ജോലികൾ 2021-22 കാലയളവിൽ ഏറ്റെടുക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ പദ്ധതികൾക്കായി 1.00 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയിരിക്കുന്നു.

**എഫ് ) ബേപ്പൂർ-കോഴിക്കോട് തുറമുഖത്തിന്റെ വികസനം.**

**(വിഹിതം: 1493.00 ലക്ഷം രൂപ)**

ബേപ്പൂർ തുറമുഖം ഒരു സീസണൽ തുറമുഖമാണ്. പ്രതിവർഷ ചരക്ക് കൈകാര്യം ചെയ്യുന്ന കാര്യത്തിലും യാത്രക്കാരുടെ എണ്ണത്തിന്റെ കാര്യത്തിലും കൊച്ചി കഴിഞ്ഞാൽ രണ്ടാം സ്ഥാനമാണ് ബേപ്പൂർ തുറമുഖത്തിന് ഉള്ളത്. ഇന്ത്യയും ലക്ഷദ്വീപും തമ്മിലുള്ള ബന്ധത്തിന്റെ ഒരു പ്രധാന നോഡാണ് ഈ തുറമുഖം. അനുയോജ്യമായ ഒരു കൺസൾട്ടന്റിലൂടെ ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനത്തിനായുള്ള ഒരു മാസ്റ്റർ പ്ലാൻ അന്തിമമാക്കാൻ പദ്ധതി ഉദ്ദേശിക്കുന്നു. ഈ വർഷം തുറമുഖത്തേക്ക് കൂടുതൽ ചരക്കുകൾ ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ബേപ്പൂരിലെ പ്രധാന അടിസ്ഥാന സൗകര്യ വികസനം, നിലവിലുള്ള 300 മീറ്റർ ബെർത്തിന്റെ സമീപത്ത് അധികമായി 175 മീറ്റർ ബെർത്ത്, ചാനലിന്റെ ആഴം വർദ്ധിപ്പിക്കൽ, ടേണിംഗ് സർക്കിളും സമുദ്ര തടവും കുറഞ്ഞത് 6 മീറ്റർ ആഴത്തിലേക്ക് എത്തിക്കുക, റോഡ്/റെയിൽ കണക്ടിവിറ്റിയുടെ വികസനം ഭാവിയിലെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനൊപ്പം മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ ഇതിൽപ്പെടുന്നു. ക്യാപിറ്റൽ ഡ്രെഡ്ജിംഗ്, ഭൂസംരക്ഷണം, തുറമുഖ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ കണക്ടിവിറ്റി, സംഭരണ സൗകര്യം, സേവനങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനും, പരിപാലിക്കുന്നതിനും, ഫ്ലോട്ടിംഗ് ക്രാഫ്റ്റ്, സുരക്ഷാ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ, തുറമുഖ പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ എന്നിവ കോഴിക്കോട് തുറമുഖത്ത് നടപ്പാക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ 1493.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പുതിയ 200മീ. വാർഫിന്റെയും ( കിഴക്ക് ഭാഗത്ത് ) വടക്ക് ഭാഗത്ത് 150 മീ ആർ.സി.സി. വാർഫിന്റെയും നിർമ്മാണം | 1493.00 |
| 2 | ചാനലിന്റെയും അടിത്തട്ടിന്റെയും ഡ്രെഡ്ജിംഗ് | |
| 3 | വെയർഹൗസിന്റെ നിർമ്മാണം | |
| 4 | ഭൂമി ഏറ്റെടുക്കലും വികസനവും | |
| **ആകെ** | | **1493.00** |

**8.നോൺ മേജർ തുറമുഖങ്ങളുടെ വികസനം**

**(വിഹിതം 500.00 ലക്ഷം രൂപ)**

നീണ്ടകര, വലിയതുറ, കായംകുളം, മാനാക്കോടം, മുനമ്പം, കൊടുങ്ങല്ലൂർ, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ, നീലേശ്വരം, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ചെറുകിട തുറമുഖങ്ങളുടെ പ്രവർത്തനത്തിനായി വിവിധ സമുദ്ര ഭൗമ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭാവി വികസന പദ്ധതികൾക്കൊപ്പം തുറമുഖങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് കേരള മാരിടൈം ബോർഡിന്റെ പ്രാഥമിക ലക്ഷ്യം. 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമനമ്പർ | ഇനം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഭൂമിസംരക്ഷണത്തിനും ഐ.എസ്.പി.എസ് കോഡ് നടപ്പിലാക്കുന്നതിനും, വികസന പ്രവർത്തനങ്ങൾക്കും | 500.00 |
| 2 | വലിയതുറ, തങ്കശ്ശേരി, പൊന്നാനി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ വിവിധ കെട്ടിടങ്ങളും പഴയ ഗോഡൗണുകളും നവീകരിക്കുന്നതിന് | |
| 3 | ഡ്രെഡ്ജിംഗും, പുനരുപയോഗ പ്രവർത്തനങ്ങളും | |
| **ആകെ** | | **500.00** |

**9.വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡിന്റെ വികസനം**

**(വിഹിതം 1.00 ലക്ഷം രൂപ)**

രാജ്യത്തെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. 18 മീറ്ററിന്റെ സ്വാഭാവിക ആഴം, അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിലേക്ക് 10 നോട്ടിക്കൽ മൈൽ ദൂരം, കുറഞ്ഞ ഡ്രഡ്ജിംഗ് പരിപാലന ചെലവ് എന്നിവയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രധാന ആകർഷണങ്ങൾ. ഭാവിയിൽ 3 മില്യൻ ടി.ഇ.യു/2000 മീറ്റർ നീളമുള്ള ബർത്തായി വികസിപ്പിക്കാനുള്ള സാധ്യതയോടെ 1 മില്യൻ ടി.ഇ.യു (ഇരുപത് അടി തുല്യമായ യൂണിറ്റുകൾ) കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷിയുള്ള 800 മീറ്റർ നീളമുള്ള ബർത്താണ് തുറമുഖത്തിന്റെ ആദ്യ ഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ആകെ ചെലവ് 7700.00 കോടി രൂപയാണ്. ഇതിൽ (i) പിപിപി ഘടകമായി 4089.00 കോടി രൂപയും (ii) ബ്രേക്ക് വാട്ടറിന്റെ ധനസഹായമായി 1463.00 കോടി രൂപയും (iii) ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കും ഭൂമി ഏറ്റെടുക്കലിനുമായി 1808.00 കോടി രൂപയും (iv) പദ്ധതി ബാധിതരുടെ പുനരധിവാസത്തിനും പൊതുഭരണ ചെലവുകൾക്കുമായി 340.00 കോടി രൂപയുമാണ് ഉൾപ്പെടുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ് (വിജിഎഫ്) ഫണ്ടോടെ പബ്ലിക്ക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പിപിപി) മാതൃകയിലുള്ള രാജ്യത്തെ ആദ്യത്തെ തുറമുഖ പദ്ധതിയാണിത്. പിപിപി ഘടകമായ 4,089.00 കോടി രൂപയിൽ 1,635.00 കോടി രൂപ വിജിഎഫ് ഭാഗവും (ഇന്ത്യാ ഗവൺമെന്റ് 817.8 കോടി രൂപ, കേരള സർക്കാർ 817.2 കോടി രൂപ) 2454.00 കോടി രൂപ ഇത് വികസിപ്പിക്കുന്ന കമ്പനിയായ അദാനി പോർട്ട് ലിമിറ്റഡിന്റെ നിക്ഷേപ വിഹിതവും ആണ്.

എ) 600 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ (ലക്ഷ്യം 3100 മീറ്റർ), ബി) 33 ഹെക്ടർ ഭൂമി വീണ്ടെടുക്കൽ (ലക്ഷ്യം 53 ഹെക്ടർ), സി) 800 മീറ്റർ ബർത്തിനായുള്ള പൈലുകൾ 615 എണ്ണം (ലക്ഷ്യം 615 എണ്ണം), ഡി) ബ്രേക്ക് വാട്ടറിനുള്ള 10400 അക്രോപോഡുകൾ II (ലക്ഷ്യം ഏകദേശം 17,000 എണ്ണം), ഇ) ബെർത്തിനു വേണ്ടിയുള്ള സ്ട്രക്ച്ചറൽ ഘടകങ്ങളുടെ പ്രീകാസ്റ്റിംഗ് ജോലികൾ, (11 കെ വി ഇലക്ട്രിക് ലൈൻ പൂർത്തിയായി), 3.3 എംഎൽഡി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (സ്ഥാപിച്ചു.), ചുറ്റു മതിലുകളുടെ നിർമ്മാണം, എൻഎച്ച് 66 ലേക്ക് കണക്ടിവിറ്റിക്കായി ഭൂമി ഏറ്റെടുക്കൽ (95 ശതമാനം പൂർത്തിയായി), റെയിൽവെ കണക്ടിവിറ്റിയുടെ പ്രാഥമിക ജോലികളും അനുബന്ധ ജോലികളും (പുരോഗമിക്കുന്നു) തുടങ്ങിയവയാണ് വിഴിഞ്ഞം തുറമുഖത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി.

2021–22 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയെ മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ സംസ്ഥാന വിഹിതം നിറവേറ്റുന്നതിനുള്ള ഫണ്ടുകൾ യഥാർത്ഥ ആവശ്യമനുസരിച്ച് 'മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രൊജക്ടുകൾ' എന്ന ശീർഷകത്തിൽ നൽകിയിട്ടുള്ള വിഹിതത്തിൽ നിന്നും ലഭിക്കുന്നതാണ്.

**10. ഗ്രീൻ ഫീൽഡ് ഫീഡർ പോർട്ട് (ഔട്ടർ ഹാർബർ)– [(അഴീക്കൽ പോർട്ട് ലിമിറ്റഡ് ) മലബാർ ഇന്റർനാഷണൽ പോർട്ട് ആൻറ് സെസ് ലിമിറ്റഡ് എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്]**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേരളത്തിന്റെ വടക്കൻ ഭാഗത്തും കർണാടകയുടെ തെക്ക് ഭാഗത്തുമുള്ള തുറമുഖ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശത്തോടെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് പോർട്ട് (ഔട്ടർ ഹാർബർ) വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തുറമുഖം സമുദ്രാധിഷ്ഠിത വ്യവസായത്തിന് കാര്യക്ഷമമായ സൗകര്യങ്ങൾ ഒരുക്കുക വഴി ഉൾനാടൻ വ്യാവസായിക വികസനത്തിന് സ്വാധീനം ചെലുത്തുക എന്നതും ഇതിന്റെ ഒരു ലക്ഷ്യമാണ്.

കമ്പനി ആക്ട് 2013 പ്രകാരം രൂപീകരിച്ച കേരള സർക്കാരിലെ തുറമുഖ വകുപ്പിന് കീഴിലുള്ള പ്രത്യേക ഉദ്ദേശ്യ യാനമായ അഴീക്കൽ പോർട്ട് ലിമിറ്റഡ് (അഴീക്കൽ ഔട്ടർ ഹാർബറിന്റെയും) ഫീഡർ തുറമുഖത്തിന്റെ വികസനം 100.00 കോടി രൂപയുടെ അംഗീകൃത മൂലധനത്തോടെ ഏറ്റെടുത്ത് ആരംഭിക്കും. തുറമുഖത്തിന്റെ ആസൂത്രണം, രൂപകൽപ്പന, ആവശ്യമായ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്, വിഭവസമാഹരണം, വികസനവും തുടർന്നുള്ള പ്രവർത്തനങ്ങളും ഉചിതമായ പ്രവർത്തന മാതൃകയുടെ അടിസ്ഥാനത്തിൽ കമ്പനി മേൽനോട്ടം വഹിക്കും. കൂടാതെ, ഈ മേഖലയിലെ അന്താരാഷ്ട്രീയമായി അംഗീകരിക്കപ്പെട്ട മികച്ച രീതികൾ സ്വീകരിക്കുകയും ചെയ്യും. ഘട്ടം 1ഉം 2ഉം 12.6 മീറ്റർ (ഡെപ്ത്), മൂന്നാം ഘട്ടത്തിൽ 14.5 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ കൈകാര്യം ചെയ്യുന്നു. 3 ഘട്ടങ്ങളിലായി 3,698.00 കോടി രൂപ (2,263 കോടി രൂപ+ 688 കോടി രൂപ +747 കോടി ) യാണ് നിലവിൽ കണക്കാക്കിയ പദ്ധതിച്ചെലവ്. മൂന്നു ഘട്ടങ്ങളിലുമായി നാഷണൽ ഹൈവെയുമായി റോഡ് ബന്ധിപ്പിക്കാനുള്ള പദ്ധതി ചെലവ് 103.00 കോടി (48 കോടി രൂപ+ 2 കോടി രൂപ+ 53 കോടി രൂപ) ആണ്. റെയിൽ കണക്ടിവിറ്റി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത് മൂന്നാം ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനും വികസനം, സംരക്ഷണം, പുനരധിവാസം, യൂട്ടിലിറ്റി ഡവലപ്പ്മെന്റ് (വൈദ്യുതി, ജലവിതരണം) ഇഐഎ ക്ലിയറൻസ് (സ്റ്റാട്യൂട്ടറി ഫീസ്), ഔട്ട്സോഴ്സിംഗ്, കൺസൾട്ടൻസി പ്രൊജക്ട് മാനേജ്മെന്റ് എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്. 2021–22 ബജറ്റിൽ മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ് ലിമിറ്റഡിനായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11 എ) സാഗർമാല പദ്ധതി (സംസ്ഥാന വിഹിതം) (വിഹിതം 1.00 ലക്ഷം രൂപ)**

**ബി) സാഗർമാല പദ്ധതി (കേന്ദ്ര വിഹിതം) (വിഹിതം 1.00 ലക്ഷം രൂപ )**

രാജ്യത്തിന്റെ 7,500 കിലോമീറ്റർ നീളമുള്ള കടൽത്തീരത്തെ പരമാവധി പ്രയോജനപ്പെടുത്തി തുറമുഖാധിഷ്ഠിത വികസനം വിഭാവനം ചെയ്യുന്ന കേന്ദ്രമേഖല പദ്ധതിയാണ് സാഗർമാല പദ്ധതി. സാഗർമാല രണ്ട് രീതിയിൽ സഹായം നല്കുന്നു. ഡ്രെഡ്ജിംഗ്, ബ്രേക്ക് വാട്ടർ നിർമ്മാണം, ബെർത്ത് നിർമ്മാണം, നവീകരണം മുതലായ തുറമുഖങ്ങളിലെ വികസനത്തിന് ഘടകം തിരിച്ചുള്ള സാമ്പത്തിക സഹായം നല്കുന്നതാണ് ഒന്നാമത്തേത്. തുറമുഖങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെട്ടിട്ടുള്ള എസ്.പി.വികൾക്ക് ഇക്വിറ്റി പിന്തുണ നല്കുക എന്നതാണ് രണ്ടാമത്തെ രീതി. ഈ സാമ്പത്തിക വർഷത്തിൽ കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ബെർത്ത് നിർമ്മാണത്തിനും, ചാനൽ, ബേസിൻ എന്നിവയുടെ ഡ്രെഡ്ജിംഗും സാമ്പത്തിക സഹായം ലഭിക്കാനുള്ള സാധ്യതകൾ തുറമുഖ വകുപ്പ് പരിശോധിക്കുന്നു. സർക്കാരിന്റെ അംഗീകാരത്തെ അടിസ്ഥാനമാക്കി സാഗർമാലയ്ക്ക് കീഴിലുള്ള കേന്ദ്ര സഹായം പ്രൊജക്ട് മോഡിലായതിനാൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി 2021–22 ബജറ്റിൽ ഈ പദ്ധതിക്കായി സംസ്ഥാന വിഹിതത്തിനായും കേന്ദ്ര വിഹിതത്തിനായും 1.00 ലക്ഷം രൂപ വീതം നാമമാത്രമായി വകയിരുത്തിയിരിക്കുന്നു.

**7.1.2 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

കേരള സർക്കാരിലെ ഫിഷറീസ് വകുപ്പിന് കീഴിലാണ് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ പ്രവർത്തനങ്ങൾ. ഫിഷറീസ്, പോർട്ട്, ടൂറിസം വകുപ്പുകളുടെ ഒരു സേവന ഏജൻസിയായി ഹാർബർ എഞ്ചിനീയറിംഗ് പ്രവർത്തിക്കുന്നു. കൂടാതെ, ഇത് എല്ലാ മത്സ്യബന്ധന തുറമുഖങ്ങളെയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. സമുദ്രമേഖലയിൽ അടിസ്ഥാന സൗകര്യവികസനം സൃഷ്ടിക്കുന്നതിനുള്ള

പുതിയ രീതികളും സാങ്കേതിക വിദ്യയും അന്വേഷിക്കുക, പര്യവേക്ഷണം ചെയ്യുക, വികസിപ്പിക്കുക, നടപ്പിലാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ദൗത്യം. ഫിഷറീസ് വകുപ്പ്, തുറമുഖ വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയുടെ തീരദേശ മേഖലയിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് സാങ്കേതിക സഹായം നല്കുന്നു. 2021-22 ബജറ്റിൽ തുറമുഖ മേഖലയിൽ എച്ച്.ഇ.ഡി വഴി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആധുനികവത്ക്കരണം, ഗവേഷണം, വികസനം.**

**(വിഹിതം : 755.00 ലക്ഷം രൂപ)**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സംസ്ഥാനത്ത് 36 ഓഫീസുകൾ (24 സബ് ഡിവിഷണൽ ഓഫീസുകൾ, 8 ഡിവിഷണൽ ഓഫീസുകൾ, 3 സർക്കിൾ ഓഫീസുകൾ, സിഇ.ഒ ഓഫീസ്) ഉണ്ട്. ഭരണ നിർവ്വഹണം, പ്രൊജക്ട് മാനേജ്മെന്റ് ശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് എച്ച്ഇഡിയെ സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എച്ച്ഇഡിയുടെ ഭരണപരവും അനുബന്ധവുമായ അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, ഇ-ഗവേണൺസ്, എച്ച്ഇഡിയുടെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇത് തുടർന്ന് കൊണ്ടിരിക്കുന്ന പദ്ധതിയാണ്. 3 ശീർഷകങ്ങളിലായാണ് ഈ പദ്ധതിക്ക് തുക വകയിരുത്തുന്നത്. പദ്ധതിയുടെ ഘടകങ്ങൾ താഴെ വിശദമാക്കിയിരിക്കുന്നു.

**എ) മൂലധന പ്രവർത്തനങ്ങൾ**

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ

**തുടർന്നു കൊണ്ടിരിക്കുന്ന പ്രൊജക്ടുകൾ/പ്രവൃത്തികൾ**

- മഞ്ചേശ്വരത്തെ സബ് ഡിവിഷൻ ഓഫീസിന്റെ നിർമ്മാണം, കമലേശ്വരത്തെ ടൈപ്പ് II ക്വാർട്ടേഴ്സ്, കോഴിക്കോട് ബേപ്പൂരിലെ ഗവേഷണത്തിനായുള്ള പുതിയ ഓഫീസ് കെട്ടിടത്തിന്റെയും സബ് ഡിവിഷൻ ഓഫിസിന്റെയും നിർമ്മാണം, ചെല്ലാനത്തെ സബ് ഡിവിഷൻ ഓഫീസിന്റെ നിർമ്മാണം, വിഴിഞ്ഞത്തെ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം, കമലേശ്വരത്തെ ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ.

**പുതിയ പ്രൊജക്ടുകൾ/പ്രവൃത്തികൾ**

- വിവിധ ഓഫീസുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കൽ

മുൻ വർഷങ്ങളിൽ ആരംഭിച്ച പ്രോഗ്രാമുകൾ/പ്രൊജക്ടുകളുടെയും സ്പിൽ ഓവർ പേയ്മെൻറ് നല്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. മേൽ പറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ (എച്ച്ഇഡി)**

അംഗീകൃത സ്ഥാപനങ്ങളിലൂടെ പരിശീലനം നല്കുകയും ഓഫീസ് അഡ്മിനിസ്ട്രേഷൻ അടിസ്ഥാന ഡിജിറ്റൽ പശ്ചാത്തലം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ഘടകം. പരിശീലനം, വർക്കഷോപ്പുകൾ, സെമിനാറുകൾ, പഠന സന്ദർശനങ്ങൾ, ഇ-ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഐടി ഇൻഫ്രാസ്ട്രക്ച്ചർ, എച്ച്.ഇ.ഡി ഓഫീസുകളിൽ ബയോ മെട്രിക് പഞ്ചിംഗ്, ഇൻറർനെറ്റ് ചാർജുകൾ, സോഫ്റ്റ് വെയറുകൾ, ലൈസൻസുകൾ പുതുക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

1. എച്ച്.ഇഡിയുടെ 3 സർക്കിൾ ഓഫീസുകളിലും 8 ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കൽ
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ആധാർ ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുക
3. സ്പാർക്ക്, പ്രൈസ്, ഐപ്രോമിസ്, ബിംസ്, ബാംസ്,സിഎംഒ പോർട്ടൽ, പ്ലാൻ സ്പെയ്സ് തുടങ്ങിയ എല്ലാ ഓൺലൈൻ ആപ്ലിക്കേഷനുകൾക്കുമായി ഇൻറർനെറ്റ് ചാർജ്ജുകൾ
4. എച്ച്ഇഡി ഉദ്യോഗസ്ഥർക്ക് അംഗീകൃത സ്ഥാപനങ്ങളിൽ പരിശീലനം നൽകൽ
5. ശേഷി ഉയർത്തൽ പ്രോഗ്രാമുകൾ, വർക്ക്ഷോപ്പുകൾ, സാങ്കേതിക സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക
6. ഇന്ത്യക്കകത്തും പുറത്തുമുള്ള തുറമുഖങ്ങളിലേക്ക് മറ്റ് ഓഫ് ഷോർ തീരപ്രദേശങ്ങളിലേക്കുമുള്ള ഫീൽഡ് സന്ദർശനം
7. ഐടി ഹാർഡ് ആന്റ് സോഫ്റ്റ് വെയറുകളുടെ സംഭരണം

മേൽപറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) ഗവേഷണവും വികസനവും (എച്ച്ഇഡി)**

2021-22 ബജറ്റിൽ ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു

i) മൂന്നു സർക്കിൾ ഓഫീസുകളിലും ഗുണനിലവാര നിയന്ത്രണ ലാബുകളുടെ നിർമ്മാണം, ii) ഓട്ടോ കാർഡ്, സ്റ്റാഡ് പ്രോ, റിവറ്റ്, ഇറ്റാബ്സ് പോലുള്ള ഡിസൈൻ സോഫ്റ്റ് വെയർ വാങ്ങൽ iii) പദ്ധതികളുടെ ഗവേഷണവും ആസൂത്രണവും രൂപീകരണവും iv) ഗവേഷണ വികസന ചെലവുകൾ സഹിതമുള്ള നൂതന പദ്ധതിയികളിൽ, പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കുക v) പ്രൊജക്ടുകളുടെ ഡോക്യുമെന്റേഷൻ vi) പഠനങ്ങളെയും, സർവ്വെകളെയും സംബന്ധിച്ച പുസ്തകങ്ങൾ വാങ്ങുന്നതിനും, ലൈബ്രറിയുടെ നിലവാരം ഉയർത്തുന്നതിനും, vii) ഗുണനിലവാര നിയന്ത്രണ ലാബിനായുള്ള സർവ്വെ സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും viii) ഗുണനിലവാരത്തിൽ ഗവേഷണത്തിനും, ഡിസൈനിങ്ങിനും ആവശ്യമായ സഹായം ചെയ്യുന്നതിനായി ഇന്റേൺസിനെ നിയമിക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നു. 2021-22 ബജറ്റിൽ മുകളിൽ സൂചിപ്പിച്ച പദ്ധതികൾക്കായി 55.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

**7.1.3 ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം**

ഹൈഡ്രോഗ്രാഫിക്ക് സർവ്വെകളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി കേരള തുറമുഖ വകുപ്പിന്റെ ഒരു ഘടകമായി 1967 ൽ ഹൈഡ്രോഗ്രാഫിക്ക് സർവ്വെ വിംഗ് രൂപീകരിച്ചു. തടസ്സമില്ലാത്ത നാവിഗേഷൻ ഉറപ്പാക്കുന്നതിന് തീരദേശത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നതിനായി വിംഗ് പ്രീ & പോസ്റ്റ് ഡ്രെഡ്ജിംഗ് സർവ്വെകളും, പ്രീ-പോസ്റ്റ് മൺസൂൺ സർവ്വെകളും നടത്തുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, മറ്റ് സർക്കാർ ഓർഗനൈസേഷനുകൾ എന്നിവയുടെ ഹൈഡ്രോഗ്രാഫിക് സർവ്വെ ആവശ്യകതകളും, നാവിഗേഷൻ ചാർട്ട് അപ്ഡേറ്റ് ചെയ്യുന്നതിന് ഡെറാഡൂണിലെ ദേശീയ ഹൈഡ്രോഗ്രാഫിക് ഓഫീസ് (ഇന്ത്യൻ നേവി) ആവശ്യപ്പെടുന്ന ഹൈഡ്രോഗ്രാഫിക് വിവരങ്ങൾ തയ്യാറാക്കലും ഈ വിംഗ് നിർവ്വഹിക്കുന്നു.

**1. ഹൈഡ്രോഗ്രാഫിക് സർവ്വെകൾ- പ്രീ പോസ്റ്റ് മൺസൂൺ, പ്രീ പോസ്റ്റ് ഡ്രെഡ്ജിംഗ്**

**(വിഹിതം 95.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് ഡാറ്റാ ശേഖരിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. തുറമുഖങ്ങൾ, കനാലുകൾ, ജലപാതകൾ എന്നിവയിൽ പലതവണ ഡ്രെഡ്ജിംഗ് നടക്കേണ്ടതായിട്ടുണ്ട്. ഡ്രെഡ്ജിംഗ് ആസൂത്രണം ചെയ്യാനും നടത്താനും കൃത്യമായ ഹൈഡ്രോഗ്രാഫിക് ഡാറ്റാ ആവശ്യമാണ്. കൃത്യമായ ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ തയ്യാറാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൃത്യമായ ഡാറ്റായുടെ സഹായത്തോടെ, വേഗത്തിലും ചിട്ടയായതുമായ ഡ്രെഡ്ജിംഗ് നടത്താനും അതിലൂടെ തടസ്സമില്ലാത്തതും സുഗമവുമായ ജലഗതാഗതം ഉറപ്പു വരുത്താനും കഴിയും.

പ്രൊജക്ട് സർവ്വെകൾ, സർവ്വേയാനങ്ങളുടെ പരിപാലനം, ഇൻഷ്വറൻസ്, കേരളതീരത്തിന്റെ ഡിജിറ്റലൈസേഷൻ, ഉൾനാടൻ നാവിഗേഷൻ സർവ്വേകൾ, ജലാശയങ്ങളുടെ വിവരശേഖരണവും സാധ്യതാ പഠനവും, ഹൈഡ്രോഗ്രാഫിക് ചാർട്ട് തയ്യാറാക്കൽ, ടൈഡൽ വിവരശേഖരണം, ഡ്രെഡ്ജ് വോളിയം കണക്കുകൂട്ടൽ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

ഹൈഡ്രോഗ്രാഫിക് സർവ്വേ (45 എണ്ണം), പ്രൊജക്റ്റ് സർവ്വേ (25 എണ്ണം), മെയിന്റനൻസ് ആൻഡ് ഇൻഷ്വറൻസ് ഓഫ് സർവ്വേ വെസ്സൽസ്(5 എണ്ണം), വാട്ടർ മെട്രോ സർവ്വെ (1എണ്ണം), പരിശീലനവും, വർക്ക്ഷോപ്പും സർവ്വെ സോഫ്റ്റ് വെയർ (2എണ്ണം), ഡാറ്റാ പ്രൊസസിങ്ങും, ചാർട്ട് തയ്യാറാക്കലും (100എണ്ണം) എന്നിവ പദ്ധതിയുടെ ഘടകങ്ങളാണ്. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 95.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. കേരളത്തിലെ ഹൈഡ്രോഗ്രാഫിക് സർവെ ഇന്റസ്റ്റിട്യൂട്ട്**

**(വിഹിതം 15.00 ലക്ഷം രൂപ)**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ് ) 03-2-2014 തീയതിയിലെ സ.ഉ (ആർ.റ്റി) നമ്പർ 97/2014 എഫ് & പിഡി പ്രകാരം രൂപീകരിക്കുകയും കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന്റെ (കുഫോസ്) കാമ്പസിൽ ഒരു സൊസൈറ്റിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ വിഭാഗത്തിലെ ബേസിക് ഹൈഡ്രോഗ്രാഫിക് സർവെ കോഴ്സ്, ടോട്ടൽ സ്റ്റേഷൻ സർവ്വെ കോഴ്സ്, ടെക്നിക്കൽ സ്റ്റാഫിനുള്ള പരിശീലനം എന്നിവ ഹൈഡ്രോഗ്രാഫിക് സർവെ

ഇൻസ്റ്റിട്യൂട്ട് നടത്തുന്നു. ഹൈഡ്രോഗ്രാഫി സംബന്ധമായ മേഖലയിൽ ജോലി ചെയ്യുന്ന മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാടിസ്ഥാനത്തിൽ പരിശീലനം നല്കാനും ഇൻസ്റ്റിട്യൂട്ട് ഉദ്ദേശിക്കുന്നു.

കോഴ്സുകൾ പുനരാവിഷ്കരിക്കുന്നതിനും സ്ഥാപനശാക്തീകരണ പ്രവർത്തനങ്ങളിലൂടെ പ്രശസ്ത യൂണിവേഴ്സിറ്റികളിൽ നിന്ന് അഫിലിയേഷൻ നേടുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ആധുനിക സർവ്വേ (ഉപകരണങ്ങളും സോഫ്റ്റ് വെയറുകളും) വാങ്ങുക | 15.00 |
| 2 | സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുക | |
| **ആകെ** | | **15.00** |

2021-22 ബജറ്റിൽ മുകളിൽ പറയുന്ന പ്രവർത്തനങ്ങൾക്കായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 1.5 ലക്ഷം രൂപ വനിതകൾക്കായി വകയിരുത്തിരിക്കുന്നു

**3. ഹൈഡ്രോഗ്രാഫിക് സർവെ വിഭാഗം- ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സർവ്വെ ഉപകരണങ്ങളും വാങ്ങൽ**

**(വിഹിതം 50.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് പതിവായി ഹൈഡ്രോഗ്രാഫിക് സർവ്വെകൾ നടത്തുകയും നാവിഗേഷൻ ഗവേഷണ വികസന ആവശ്യങ്ങൾക്കായി ഡാറ്റയും ചാർട്ടുകളും തയ്യാറാക്കി നല്കുകയും ചെയ്യുന്നു. കൃത്യമായ ഡാറ്റാ ശേഖരിക്കുന്നതിനായി സർവ്വെകൾ നടത്താൻ ആധുനിക സർവ്വെ ഉപകരണങ്ങളും സോഫ്റ്റ് വെയറും ആവശ്യമാണ്. ഉറമുഖങ്ങൾ മത്സ്യബന്ധന ഉറമുഖങ്ങൾ ജലപാതകൾ എന്നിവയുടെ വികസനത്തിനും ഹൈഡ്രോഗ്രാഫിക് ഡാറ്റ അത്യാവശ്യമാണ്. ഹൈഡ്രോഗ്രാഫിക് സർവ്വെയ്ക്കായി ആധുനിക സർവ്വെ ഉപകരണങ്ങൾ നല്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ആധുനിക സർവ്വെ ഉപകരണങ്ങളായ എക്കോ സൗണ്ടർ, അണ്ടർ വാട്ടർ ഫോട്ടോഗ്രാഫി ഇൻസ്ട്രുമെന്റ്, ഡിജിപിഎസ്, 2 പ്ലോട്ടർസ് തുടങ്ങിയവ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ എറ്റെടുക്കുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമനമ്പർ | ഇനം | തുക ലക്ഷത്തിൽ |
|---|---|---|
| 1 | പ്ലോട്ടറുകൾ വാങ്ങൽ | 50.00 |
| 2 | ബേപ്പൂർ ഓഫീസിലേക്കുള്ള പുതിയ ഡിജിപിഎസ് | |
| 3 | ഒരു എക്കോ സൗണ്ടർ വാങ്ങൽ | |
| **ആകെ** | | **50.00** |

**4. സർവ്വെ വെസ്സലുകളുടെ പുനഃസ്ഥാപനവും നവീകരണവും**

**(വിഹിതം 100.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ 7 സർവ്വെ ജലയാനങ്ങളും ഡിംഗികളും ഉണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വെകളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, നിലവിലുള്ള യാനങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും ആവശ്യമാണ്. സർവ്വെ ജലയാനങ്ങൾ പുതുക്കിപ്പണിയാനും പുനസ്ഥാപിക്കാനും സൗകര്യമൊരുക്കാനും ആധുനിക സർവ്വെ വെസലുകൾ ഉപയോഗിച്ച് ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനെ സജ്ജീകരിക്കാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

എംവി, ജലഗവേഷിണി എന്ന സർവ്വെ വെസ്സലിന്റെ പ്രത്യേക അറ്റകുറ്റപ്പണി, ഡിംഗികളുടെ പരിപാലനം, ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക ലക്ഷത്തിൽ |
|---|---|---|
| 1 | പുതിയ ടിൻ ക്രൂയിസ് വെസ്സലിന്റെ സ്റ്റേജ് പെയ്മെന്റ് (1 എണ്ണം) | 100.00 |
| 2 | വെസ്സലുകളുടെ അറ്റകുറ്റപ്പണികൾ (2 എണ്ണം) | |
| 3 | ഉൾനാടൻ ജലയാനങ്ങളുടെ അറ്റകുറ്റപ്പണികൾ (3 എണ്ണം) | |
| **ആകെ** | | **100.00** |

**5. ഓഫീസ് കെട്ടിടങ്ങൾ, ബോട്ട് ഷെൽട്ടറുകൾ എന്നിവയുടെ നിർമ്മാണം, നവീകരണം**

**(വിഹിതം 25.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന് 7 ഓഫീസുകളുണ്ട്, കൂടാതെ ഇത് നിരവധി ബോട്ട് ഷെൽട്ടറുകളും പരിപാലിക്കുന്നു. മൂന്ന് ഓഫീസുകൾക്ക് (തിരുവനന്തപുരം, കോഴിക്കോട്, കൊടുങ്ങല്ലൂർ) സ്വന്തമായി കെട്ടിടങ്ങളുണ്ട്, മറ്റ് 4 ഓഫീസുകൾ മറ്റ് സർക്കാർ വകുപ്പുകളുടെ/ഏജൻസികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. ഓഫീസ് കെട്ടിടങ്ങൾ നല്ല നിലയിൽ നിലനിർത്തുന്നതിന്, നവീകരണവും സിവിൽ ജോലികളും ആവശ്യമാണ്. ഓഫീസുകളുടെയും ബോട്ട് ഷെൽട്ടറുകളുടെയും ശരിയായ പരിപാലനത്തിനാണ് ഈ പദ്ധതി. കൊല്ലം മറൈൻ സർവ്വെയർ ഓഫീസിലെ പഴയ കെട്ടിടത്തിനുള്ള സിവിൽ ജോലികൾ, സർവ്വെ യാനങ്ങൾ ബെർത്ത് ചെയ്യുന്നതിനുള്ള പുതിയ ബോട്ട് ജെട്ടി എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2021-22 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. എച്ച്എസ്ഡബ്ളിയുവിൽ ഡിജിറ്റൽ ഗവർണൻസ്**

**(വിഹിതം 60.00 ലക്ഷം രൂപ)**

എച്ച്എസ്ഡബ്ലിവിന്റെ പ്രക്രിയകൾക്കും പ്രവർത്തനത്തിനുമുള്ള ഒരു ഡിജിറ്റൽ പരിഹാരമാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം. ഡിജിറ്റൽ മോഡൽ ഡാറ്റയുടെ പ്രോസസ്സിംഗ്, ദാതാക്കൾക്കും അനലിസ്റ്റുകൾക്കും ഗവേഷകർക്കും ഇടയിൽ തടസ്സമില്ലാത്ത ഡാറ്റ കൈമാറ്റവും ആധുനിക മറൈൻ സർവ്വെയിലും ഗവേഷണത്തിനും അനിവാര്യമാണ്. അതിനാൽ ഡാറ്റ പ്രൊസ്സ്സിംഗ്/ചാർട്ടുകൾ തയ്യാറാക്കൽ ഹൈഡ്രോഗ്രാഫി മേഖലയിലെ ഡാറ്റാ കൈമാറ്റം എന്നിവ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റേണ്ടതുണ്ട്. വെബ് അധിഷ്ഠിത സംവിധാനം നിലവിൽ വന്നാൽ സർവ്വെയുടെ വേഗത, ചാർട്ടുകൾ തയ്യാറാക്കൽ, ഡാറ്റ കൈമാറ്റം എന്നിവ മെച്ചപ്പെടും. ഇതിനായി ഐടി മിഷന്റെ മാർഗ്ഗനിർദ്ദേശത്തോടെ ഇ-ഫയലിംഗ് സംവിധാനവും ഇ-ചാർട്ടിംഗിന്റെ വികസനവും നടപ്പാക്കൽ ആവശ്യമാണ്.

ഡാറ്റാ പ്രോസസ് ചെയ്യുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ, ഇ-ചാർട്ടിംഗ്, ഇ-ഫയലിംഗ്, സാങ്കേതിക ജീവനക്കാർക്കുള്ള പരിശീലനം, ഐ റ്റി ഹാർഡ്വെയർ, സോഫ്റ്റ്വെയർ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7.2 റോഡുകളും പാലങ്ങളും**

റോഡ് പശ്ചാത്തല സൗകര്യ ഗുണനിലവാരം മെച്ചപ്പെടുത്തി ഗതാഗത സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം ഗതാഗത ചെലവും, ഗതാഗത സമയവും കുറയ്ക്കുന്നതിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്നത്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, സംസ്ഥാനപാതകളുടെയും പ്രധാന ജില്ലാ റോഡുകളിലെയും പാലങ്ങളുടെ പുനരധിവാസം/ പുനർനിർമ്മാണം, റോഡ് സുരക്ഷ, ഗവേഷണ-വികസനം, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, നൂതന സാങ്കേതികവിദ്യകൾ എന്നിവയാണ് ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ.

ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

(1) ദേശീയ, ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ വികസനം
(2) സംസ്ഥാന പാതകളിലെയും, പ്രധാന ജില്ലാ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും മെച്ചപ്പെടുത്തലും.
(3) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തൽ.

(4) ബൈപാസ്സുകളുടെ നിർമ്മാണം, ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം, വിമാനത്താവള– തുറമുഖ റോഡുകൾ, ശബരിമല റോഡ് പദ്ധതി, റോഡുകൾ, റെയിൽവെ എന്നിവയുടെ സുരക്ഷാ പദ്ധതികൾ

(5) കേരളാ റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ) എന്ന സംയുക്ത സംരംഭം മുഖേന റെയിൽവെ വികസനം.

(6) പരിശീലനവും, കാര്യശേഷി വികസനവും, ഗവേഷണ വികസന പ്രവർത്തനങ്ങൾ

പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ), പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) എന്നീ വകുപ്പുകളാണ് റോഡുകളും പാലങ്ങളും മേഖലയിൽ ഉൾപ്പെടുന്നത്. പ്രസ്തുത മേഖലയ്ക്ക് വകയിരുത്തിയ 91,026.00 ലക്ഷം രൂപയിൽ 9,594.00 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി (എൻ.എച്ച്)നും, 81,432.00 ലക്ഷം രൂപ (20,000.00 ലക്ഷം രൂപ ഇഎപി, 25,941 ലക്ഷം രൂപ നബാർഡ് സഹായം എന്നിവ ഉൾപ്പെടെ) പി.ഡബ്ല്യൂ.ഡി (ആർ&ബി) യ്ക്കുമാണ്.

റോഡുകളും പാലങ്ങളും മേഖലയിൽ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, ദേശീയ പാതകൾ എന്നിവ ഉൾപ്പെടുന്നു.

**പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും)**

**സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും**

**1. വികസനവും മെച്ചപ്പെടുത്തലും (സംസ്ഥാന പാതകൾ)**

**(വിഹിതം : 5420.00 ലക്ഷം രൂപ)**

ഗതാഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന രീതിയിൽ സംസ്ഥാന പാതകളുടെ വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 185 കിലോമീറ്റർ റോഡ് പണി പൂർത്തിയായി, 415 കിലോമീറ്റർ പ്രവൃത്തികൾ പുരോഗമിക്കുന്നു.

360 കി.മീ. റോഡുകൾ സംസ്ഥാന പാതകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും സ്പിൽ ഓവർ കമ്മിറ്റ്മെന്റിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2021–22 ബജറ്റിൽ 5420.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**2. പാലങ്ങളും കലുങ്കുകളും (സംസ്ഥാന പാതകൾ)**

**(വിഹിതം : 4360.00. ലക്ഷം രൂപ)**

സംസ്ഥാന പാതകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം/പുനർനിർമ്മാണമാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. പാലങ്ങളുടെയും/കലുങ്കുകളുടെയും പുനർനിർമ്മാണം/ മൂലധനാടിസ്ഥാന അറ്റകുറ്റപ്പണികൾ, സംസ്ഥാന പാതകളിലെ പുതിയ പാലങ്ങളുടെ നിർമ്മാണം, നിലവിലുള്ള പാലങ്ങളുടെയും/കലുങ്കുകളുടെയും പ്രത്യേക സംരക്ഷണ പദ്ധതികൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 11 പാലങ്ങളുടെ / കലുങ്കുകളുടെ നിർമ്മാണവും സ്പിൽ ഓവർ കമ്മിറ്റ്മെന്റും ഇതിൽ ഉൾപ്പെടുന്നു.

2021–22 ബജറ്റിൽ 4360.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3. വികസനവും മെച്ചപ്പെടുത്തലും (പ്രധാന ജില്ലാ റോഡുകൾ)**

**(വിഹിതം : 5759.00 ലക്ഷം രൂപ)**

വർദ്ധിച്ചുവരുന്ന ഗതാഗതാവശ്യങ്ങൾക്കനുസൃതമായി നിലവിലുള്ള റോഡ് അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാകുന്ന അമിതമായ ആയാസം ലഘൂകരിക്കുന്നതിനായി പ്രധാന ജില്ലാ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ (ബി.എം/ബി.സി & സിമന്റ് കോൺക്രീറ്റ് റോഡ്) നടത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി റോഡുനിർമ്മാണ പ്രവർത്തനങ്ങളിൽ റബ്ബറൈസ്ഡ് ബിറ്റുമെൻ ടെക്നോളജിയും, പ്ലാസ്റ്റിക്കിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. 5.5 മീറ്ററിൽ കുറവ് വീതിയുള്ള 15,711 കി.മീറ്റർ പ്രധാന ജില്ലാ റോഡുകൾ, 5.5 മീറ്ററിലേക്ക് വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. ട്രാഫിക് ബാഹുല്യമനുസരിച്ച് പ്രധാന ജില്ലാ റോഡുകളെ ഐആർസി സ്റ്റാൻഡേർഡുകളിലേക്ക് ഉയർത്താനും ജ്യോമെട്രിക് കറക്ഷൻ നടത്താനും തുക വിഭാവനം ചെയ്യുന്നു. 1261 കിലോമീറ്റർ റോഡ് അറ്റകുറ്റപ്പണി പ്രവർത്തനങ്ങൾ പൂർത്തിയായി, 964 കിലോമീറ്റർ ജോലികൾ പുരോഗമിക്കുന്നു. ഗതാഗത ആവശ്യകത വർദ്ധിച്ചതുമൂലം ബുദ്ധിമുട്ട് കുറയ്ക്കുന്നതിന് നിലവിലുള്ള പ്രധാന ജില്ലാ റോഡുകളിൽ ബിഎം, ബിസി പ്രവർത്തനങ്ങൾ നടത്തുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നത് കൂടാതെ ശിവഗിരി മഠത്തിലേക്കുള്ള 2 റോഡുകൾ മാതൃകാ റോഡുകളായി വികസിപ്പിക്കുന്നതിനുള്ള 10.00 കോടി രൂപയും ഇതിൽ വകയിരുത്തിയിരിക്കുന്നു.

2021–22 ബജറ്റിൽ 5759.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4. പാലങ്ങളും കലുങ്കുകളും (പ്രധാന ജില്ലാ റോഡുകൾ)**

**(വിഹിതം : 5797.00 ലക്ഷം രൂപ)**

പ്രധാന ജില്ലാ റോഡുകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം / പുനർനിമ്മാണമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, നവീകരണം, പുനർനിർമ്മാണം, നിലവിലുള്ള പാലങ്ങളുടെയും കലുങ്കുകളുടെയും പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങളും ജില്ലാ റോഡുകളിലെ പുതിയ പാലങ്ങളും ഇതിൽ ഉൾപ്പെടുന്നു.

2021-22 ബജറ്റിൽ 5797.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ, 3000.00 ലക്ഷം രൂപ ഏനാത്ത് പാലം തകർന്നതിന്റെ അടിസ്ഥാനത്തിൽ 2017-18 ൽ കണ്ടെത്തിയ അടിയന്തിര പുനരധിവാസം ആവശ്യമുള്ള പാലങ്ങളുടെയും, കലങ്കുകളുടെയും നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്നു.

**5. നബാർഡിന്റെ സഹായത്തോടെ റോഡുകളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും**

**(വിഹിതം : 15941.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XX മുതൽ XXVവരെ, നിലവിൽ നടപ്പിലാക്കി വരുന്ന റോഡുകളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ആർ.ഐ.ഡി.എഫ്. XXVIലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും, ഇൻവെസ്റ്റിഗേഷൻ ചെലവുകൾക്കുമായാണ് വിഹിതം വകയിരുത്തുന്നത്.

2021-22 ബജറ്റിൽ 15,941.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**6. നബാർഡിന്റെ സഹായത്തോടെ പാലങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും**

**(വിഹിതം : 10000.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XX മുതൽ XXVവരെ, നിലവിൽ നടപ്പിലാക്കി വരുന്ന പാലങ്ങളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ആർ.ഐ.ഡി.എഫ്. XXVIലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും, ഇൻവെസ്റ്റിഗേഷൻ ചെലവുകൾക്കുമായാണ് വിഹിതം വകയിരുത്തുന്നത്.

2021-22 ബജറ്റിൽ 10000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7. വിമാനത്താവള തുറമുഖ റോഡുകളുടെ നിർമ്മാണം**

**(വിഹിതം : 1500.00 ലക്ഷം രൂപ)**

കൊച്ചി തുറമുഖം മുതൽ കൊച്ചി അന്തർദേശീയ വിമാനത്താവളം വരെയുള്ള ആധുനിക ഹൈവെയുടെ നിർമ്മാണം കേരള സർക്കാർ ആർ.ബി.ഡി.സി.കെ യെ ഏൽപ്പിച്ചിട്ടുണ്ട്. വിമാനത്താവള - തുറമുഖ റോഡിന്റെ ഒന്നാം ഘട്ട നിർമ്മാണം, കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെ 13.5 കി. മീറ്റർ ദൈർഘ്യത്തിൽ രണ്ടുവരി പാതയായി 2003-ൽ ആർ.ബി.ഡി.സി.കെ. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എച്ച്എംടി മുതൽ വിമാനത്താവളം വരെയുള്ള രണ്ടാം ഘട്ട റോഡിനെ 3 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:.

- വിഭാഗം എ - എച്ച്എംടി മുതൽ മഹിളാലയം വരെ
- വിഭാഗം ബി - മഹിളാലയം മുതൽ ചൊവ്വര വരെ (പൂർത്തിയായി)
- വിഭാഗം സി - ചൗവര മുതൽ വിമാനത്താവളം വരെ

പെരിയാറിന് കുറുകെയുള്ള രണ്ട് പാലങ്ങൾ (മഹിളാലയം മുതൽ ചൊവ്വര വരെ) ഉൾപ്പെടെയുള്ള സെക്ഷൻ ബി ഇതിനകം പൂർത്തിയായി. എ വിഭാഗത്തിലെ എച്ച്എംടി മുതൽ നേവൽ ആർമമെന്റ് ഡിപ്പോ (എൻഎഡി) വരെയുള്ള റോഡ് ഭാഗത്തിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. റോഡിന്റെ ഈ ഭാഗത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എച്ച്എംടിയുടെയും എൻഎഡി യുടെയും (NAD) ഉടമസ്ഥതയിലുള്ള ഭൂമി ലഭിക്കും. എൻഎഡി മുതൽ മഹിലാളയം വരെയുള്ള സെക്ഷൻ എ-യിലെ ബാലൻസ് വർക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ, ബി സെക്ഷനുകൾ പൂർത്തിയാക്കിയ ശേഷം സെക്ഷൻ സി ഏറ്റെടുക്കുന്നതാണ്.

സെക്ഷൻ എ പാക്കേജ് I (എച്ച്എംടി മുതൽ എൻഎഡി വരെ) പൂർത്തിയാക്കുന്നതിന് 2021-22 ബജറ്റിൽ 1500.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**8. ശബരിമല റോഡ് പദ്ധതി**

**(വിഹിതം : 1760.00 ലക്ഷം രൂപ)**

വിവിധ ഘട്ടങ്ങളിലായി വികസിപ്പിച്ചുവരുന്ന ശബരിമല റോഡുകളിൽ ബാക്കിയുള്ളവയുടെ വികസന പ്രവർത്തനങ്ങൾ, നിലവാരം ഉയർത്തൽ എന്നിവ ഇന്ത്യൻ റോഡ് കോൺഗ്രസ് നിലവാരത്തിൽ വികസിപ്പിക്കുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ശബരിമല പ്രദേശങ്ങളിലെ വലിയ

അറ്റകുറ്റപ്പണികൾക്ക് 09/09/2020 ലെ ജി.ഒ (ആർറ്റി) നമ്പർ 722/2020/പിഡബ്ല്യൂഡി, പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്, പ്രവൃത്തികൾ ടെൻഡർ നടപടിയിലാണ്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2021-22 ബജറ്റിൽ 1760.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**9. തിരുവനന്തപുരം, കൊച്ചി, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ നഗരങ്ങളിൽ റോഡുകളുടെ വികസനം**

**(വിഹിതം : 250.00 ലക്ഷം രൂപ)**

തിരുവനന്തപുരം, കൊച്ചി, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നീ അഞ്ച് പ്രധാന നഗരങ്ങളിലെ ട്രാഫിക് ഞെരുക്കം പരിഹരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെടുന്ന ലിങ്ക് റോഡുകളുടെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നു. നിലവിലുള്ള റോഡുകളിൽ ബിഎം & ബി സി /സിമന്റ് കോൺക്രീറ്റിംഗ്, പാലങ്ങൾ/കലുങ്കുകളുടെ നിർമ്മാണം, പുതിയ ലിങ്ക് റോഡുകളുടെ നിർമ്മാണം, ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, സാധ്യതാ പഠനം എന്നിവ സമഗ്ര നഗര മൊബിലിറ്റി പദ്ധതിയുടെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്യുന്നു.

ഇതിനായി 2021-22 ബജറ്റിൽ 250.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**10. സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി (എസ്.ആർ.ഐ.പി.)**

**(വിഹിതം :144.00 ലക്ഷം രൂപ)**

തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവ ശാസ്ത്രീയമായി വികസിപ്പിക്കൽ, നടപ്പാതകൾ, ഷോൾഡറുകൾ, ഫുഡ്പാത്തുകൾ, കലുങ്കുകൾ, പാലങ്ങൾ, ഡ്രെയിനുകൾ യൂട്ടിലിറ്റി ഡക്റ്റുകൾ, റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

"റീഹാബിലിറ്റേഷൻ പാക്കേജ്", "അപ്ഗ്രഡേഷൻ പാക്കേജ്" എന്നീ രണ്ടു പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ നിലവിലുള്ള റോഡുകളുടെ വികസനം ഭൂമി ഏറ്റെടുക്കാതെ നടപ്പിലാക്കുന്നതിനും, അപ്ഗ്രഡേഷൻ പാക്കേജിൽ ജ്യോമെട്രിക്കൽ കറക്ഷനും ജംഗക്ഷൻ വികസനത്തിനും മാത്രമായി ഭൂമി ഏറ്റെടുത്ത് വികസനം നടത്തുന്നതിനും വിഭാവനം ചെയ്യുന്നു. റീഹാബിലിറ്റേഷൻ പാക്കേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് ബി. ഒ. ടി അന്വറ്റി പ്രകാരം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.
പുനരധിവാസ പാക്കേജ് സംബന്ധിച്ച റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പാക്കേജ്-എ (പരിഷ്കരിച്ചത് ) (25 കിമി)**

- വിദ്യാനഗർ - മയ്യാടി-സീതാംഗോളി റോഡ്, കാസർഗോഡ്(9.40 കി.മീ)
- ഉപ്പള - കനിയാറ റോഡ് കാസർഗോഡ് (15.60 കി.മീ)

**പാക്കേജ്-ബി**

- കാഞ്ഞിരപ്പള്ളി-കാഞ്ഞിരം കവല റോഡ് (ശബരിമല-കൊടൈക്കനാൽ റോഡ് ) കോട്ടയം (36.10 കി.മീ)
- വെള്ളനാട്-ആര്യനാട്-ചെറ്റച്ചൽ റോഡ് തിരുവനന്തപുരം (21.90 കി.മീ)

സ്പിൽ ഓവർ പേയ്മെന്റിനായി 2021-22 ബജറ്റിൽ 144.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**11. പി പി പി (അന്വറ്റി) റോഡ് പരിപാലന പദ്ധതി**

**(വിഹിതം :5886.00 ലക്ഷം രൂപ)**

തലസ്ഥാന നഗര റോഡ് വികസന പദ്ധതി നടപ്പാക്കിയ പിപിപി (അന്വറ്റി) മാതൃകയിൽ അനുയോജ്യമായ വാറന്റി വ്യവസ്ഥയിൽ പരമാവധി റോഡുകൾ ഗുണനിലവാരം ഉറപ്പുവരുത്തി നഗരങ്ങളിലും നിർമ്മിക്കുന്നതിനായി പൊതുമരാമത്തു വകുപ്പ് ഉദ്ദേശിക്കുന്നു.

പൊതു കൺസെഷൻ കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 180 ദിവസത്തിനു ശേഷം ആദ്യ ആന്വിറ്റി പെയ്മെന്റ് നൽകേണ്ടതുണ്ട്. 2021-22ൽ ആന്വിറ്റി അടയ്ക്കുന്നതിനുള്ള സാമ്പത്തിക പ്രതിബദ്ധത ചുവടെ നൽകിയിരിക്കുന്നു:

| വർഷം | കൺസെഷനർ |
|---|---|
| 2021-22 | പാക്കേജ് -എ (പരിഷ്ക്കരിച്ചത് )<br>• വിദ്യനഗർ – മൈപാഡി – സീതാംഗോളി റോഡ്, കാസർഗോഡ് (9.40 കിലോമീറ്റർ)<br>• ഉപ്പാല – കനിയാന റോഡ്, കാസർഗോഡ് (15.60 കിലോമീറ്റർ) |
| | പാക്കേജ് - ബി<br>• കാഞ്ചിരപ്പള്ളി – കാഞ്ഞിരം – കവല റോഡ് (ശബരിമല – കൊടൈക്കനാൽ റോഡ് ), കോട്ടയം (36.10 കിലോമീറ്റർ)<br>• വെള്ളനാട് –ആര്യനാട് - ചെറ്റച്ചൽ റോഡ്, തിരുവനന്തപുരം (21.90 കിലോമീറ്റർ) |

2021-22 ബജറ്റിൽ ആന്വിറ്റി പേയ്മെന്റുകൾക്കായി 5886.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**12. പുതിയ പദ്ധതികളുടെയും പരിപാടികളുടെയും സാധ്യതാ പഠനങ്ങൾ**

**(വിഹിതം :350.00 ലക്ഷം രൂപ)**

പുതിയ പദ്ധതികളുടെയും, പരിപാടികളുടെയും സാധ്യതാ പഠനങ്ങളും, ഇൻവെസ്റ്റിഗേഷനും, നടത്തുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. കെ.എച്ച്.ആർ.ഐ, നാറ്റ്പാക് എന്നീ സ്ഥാപനങ്ങൾ വഴിയും, മറ്റ് ഏജൻസികൾ എന്നിവ മുഖേനയും നടത്തുന്ന ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ, ഡി.പി.ആർ., രൂപകൽപ്പന ചെലവുകൾ, ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളിൽ ആകസ്മികമായി ഉണ്ടാകുന്ന ചെലവുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

സുരക്ഷിതവും ദീർഘകാലം നീണ്ടുനിൽക്കുന്നതുമായ ഗതാഗത സംവിധാനത്തിനായി സമഗ്ര ഗതാഗത പദ്ധതിയും റോഡ് ശൃംഖല വികസന പദ്ധതിയും എല്ലാ ജില്ലകളിലും, പ്രത്യേകിച്ച് കോർപ്പറേഷൻ പ്രദേശങ്ങളിൽ തയ്യാറാക്കുന്നതിന് ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021-22 ബജറ്റിൽ 350.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**13. മലയോര റോഡുകൾ (മലയോര പാതകൾ)**

**(വിഹിതം :15.00 ലക്ഷം രൂപ)**

തെരഞ്ഞെടുക്കപ്പെട്ട മലയോര പാതകളെ സംസ്ഥാന പാതകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. കേരളത്തിന്റെ കിഴക്ക് ഭാഗത്തുകൂടി തെക്ക് വടക്ക് സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏകീകൃത നിലവാരത്തിലുള്ള റോഡ് നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. മലയോരപാതയുടെ ആകെ ദൈർഘ്യമായ 1251 കി.മീറ്ററിൽ, പ്രധാന പ്രവൃത്തികൾ കിഫ്ബിയുടെ സഹായത്തോടെ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മൂന്ന് ജില്ലകളിൽ, കിഫ്ബി ഏറ്റെടുക്കുന്നതിന് മുമ്പ്, നിലവിൽ നടന്നു വരുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 2021-22 ബജറ്റിൽ 15.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**14. കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി.)രണ്ടാം ഘട്ടം (വിദേശ സഹായം)**

**(ഇഎപി :20000.00 ലക്ഷം രൂപ)**

ലോക ബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തുന്നത്. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 445 മില്യൺ യു.എസ്. ഡോളറാണ് (2403 കോടി രൂപ). അതിൽ വായ്പാ ഘടകം 216 മില്ല്യൺ യു.എസ്. ഡോളറാണ്. ഭൂമി ഏറ്റെടുക്കൽ വിഹിതവും, യൂട്ടിലിറ്റികൾ മാറ്റുന്നതിനൊഴികെയുള്ള സഹായത്തിന്റെ അനുപാതം 56 : 44 എന്ന ക്രമത്തിലാണ്.

363 കി.മീറ്റർ റോഡുകളുടെ നിലവാരം ഉയർത്തൽ, റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നിവയാണ് കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്.

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ:

**എ.റോഡ് മെച്ചപ്പെടുത്തൽ (ഉപ ഘടകം എ 1 + എ 2) 363കി.മീ –413 മില്യൺ യു.എസ് ഡോളർ**

1. പരമ്പരാഗത ഇനം റേറ്റ് കരാർ പ്രകാരം റോഡ് മെച്ചപ്പെടുത്തൽ (281 കി.മീ)– 322 മില്ല്യൻ യു.എസ് ഡോളർ

2. ഇപിസി കൺസ്ട്രക്ഷൻ രീതിയിൽ റോഡ് മെച്ചപ്പെടുത്തൽ (82 കി.മീ) - 91 മില്ല്യൻ യു.എസ് ഡോളർ

**ബി.റോഡ് സേഫ്റ്റി മാനേജ്മെന്റ് – 22 മില്ല്യൻ യു.എസ് ഡോളർ**

1. സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട് വികസനം (80 കി.മീ)
2. ചലഞ്ച് ഫണ്ട് (പ്രാദേശിക പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി)
3. റോഡ് സുരക്ഷാ മാനേജ്മെന്റ്, ശേഷി വികസനം, കേരള റോഡ് സുരക്ഷാ അതോറിറ്റി (കെആർഎസ്എ), മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ശാക്തീകരണം.

**സി. സ്ഥാപനങ്ങളുടെ ശാക്തീകരണം**

1. റോഡ് മേഖലയുടെ നവീകരണം -10 മില്യൺ യുഎസ് ഡോളർ
2. പബ്ലിക്ക് ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനത്തിന്റെ വികസനം
3. ശേഷി വികസനവും പരിശീലനവും
4. മറ്റ് പഠനങ്ങളും സാങ്കേതിക സഹായവും

**പ്രോജക്ട് ഘടകങ്ങളുടെ നിലവിലെ സ്ഥിതി**

**എ1 -പരമ്പരാഗത ഇനം റേറ്റ് കരാർ പ്രകാരം റോഡ് മെച്ചപ്പെടുത്തൽ**

**പദ്ധതിയുടെ 2019-20 ലെ സ്ഥിതി** **(രൂപ കോടിയിൽ)**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പുതുക്കിയ കരാർ തുക | 31.05.2020 വരെയുള്ള സാമ്പത്തിക പുരോഗതി | ഭൗതിക പുരോഗതി (ശതമാനത്തിൽ) | അഭിപ്രായം |
|---|---|---|---|---|---|
| 1 | യു.ജി-1 കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 114.00 | 122.85 | 100 | പൂർത്തീകരിച്ചു |
| 2 | യു.ജി 2- പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ) | 102.00 | 101.62 | 100 | പൂർത്തീകരിച്ചു |
| 3 | യു.ജി 3 എ-തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ) പുനഃക്രമീകരിച്ചത് | 156.00 | 104.81 | 63.74 | പുനഃക്രമീകരിച്ചു. 2020 ഡിസംബർ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| 4 | യു.ജി 3 ബി-കളറോഡ് -വളവുപാറ റോഡ് (25.20 കി.മീ) പുനഃക്രമീകരിച്ചത് | 200.00 | 191.46 | 86.49 | പുനഃക്രമീകരിച്ചു. ഇരിട്ടി പാലത്തിന്റെ പൂർത്തീകരണ തീയതി 31.12.2020 ഉം കൂട്ടുപുഴയ്ക്ക് 30.4.2021 ഉം ആണ്. |
| 5 | യു.ജി ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (47.70 കി.മീ) | 288.00 | 278.35 | 100 | പൂർത്തീകരിച്ചു |
| 6 | യു.ജി 4 എ തിരുവല്ല-ബൈപ്പാസ് (2.3 കി.മീ) | 37.03 | 16.55 | 51.12 | പുനഃക്രമീകരിച്ചു. 2020 ഡിസംബർ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 7 | യു.ജി 4 ബി തിരുവല്ല ടൗൺ (2.00 കി.മീ) | 7.77 | 4.83 | 98 | പൂർത്തീകരിച്ചു |
| 8 | യു.ജി 5- ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 159.00 | 164.71 | 100 | പൂർത്തീകരിച്ചു |
| 9 | യു.ജി 6-പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ) | 270.00 | 223.25 | 100 | പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| 10 | യു.ജി 7-പെരുമ്പിലാവ്- പെരിന്തൽമണ്ണ റോഡ്(39.37 കി.മീ) | 8.11 | 7.58 | 100 | പൂർത്തീകരിച്ചു |
| 11 | കഴക്കൂട്ടം-അടൂർ (സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്) | 146.67 | 122.51 | 100 | പൂർത്തീകരിച്ചു |

**എ2- ഇപിസി കൺസ്ട്രക്ഷൻ രീതിയിൽ റോഡ് മെച്ചപ്പെടുത്തൽ**

പുനലൂർ - പൊൻകുന്നം റോഡ് (82 കി.മീ) (3 കരാർ പാക്കേജുകൾ)- പി.പി.പി. മോഡിഫൈഡ് ആന്വിറ്റി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഇ.പി.സി മോഡിലേക്ക് പരിവർത്തനം ചെയ്തു. നിർമാണ ചെലവ് 765.44.00 കോടിയാണ്. ബാങ്കിന്റെ സഹായം 52 മില്ല്യൻ യു.എസ് ഡോളർ (364 കോടി തത്തുല്യം). ഇപിസി മോഡിൽ നടപ്പാക്കുന്ന പ്രവൃത്തിയിൽ, ബാക്കി തുക നിർമ്മാണ ഘട്ടത്തിലും (24 മാസം) 5 വർഷത്തെ ഡിഎൽപി കാലയളവിലും സംസ്ഥാനം വഹിക്കേണ്ടതാണ്.

| ക്ര. നം. | പാക്കേജും നീളവും | കരാർ തുക (രൂപ കോടിയിൽ) | അവസ്ഥ |
|---|---|---|---|
| 1 | പുനലൂർ- കോന്നി റോഡ് (പാക്കേജ് 8 എ) - നീളം 29.84 കി.മി | 237.94 | അംഗീകാരപത്രം പുറപ്പെടുവിക്കണം |
| 2 | കോന്നി -പ്ലാച്ചേരി റോഡ് (പാക്കേജ് 8 ബി) - നീളം 30.16 കി.മി | 279.00 | ഭൗതിക നേട്ടം 3% |
| 3 | പ്ലാച്ചേരി -പൊൻകുന്നം റോഡ് (പാക്കേജ് 8 സി) - നീളം 22.17 കി | ഭൗതിക നേട്ടം 11.52% | ടെണ്ടർ വിലയിരുത്തൽ ഘട്ടം |

**ബി - റോഡ് സേഫ്റ്റി മാനേജ്മെന്റ്**

ഇതിൽ മൂന്ന് ഉപ ഘടകങ്ങൾ ഉൾക്കൊള്ളുന്നു

- **സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി വികസനം (എസ് സി ഡി പി) - 80 കി** കഴക്കൂട്ടം - വെഞ്ഞാറമൂട് - അടൂർ സെക്ഷനിലെ പ്രധാന ഭാഗം തിരഞ്ഞെടുത്ത്, അതിൽ 80 കിലോമീറ്റർ സേഫ് കോറിഡോർ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര റോഡ് സുരക്ഷാ മാർഗ്ഗങ്ങൾക്ക് അനുസരിച്ച് റോഡ് സുരക്ഷാ ശേഷി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. എസ്സിഡിപി പൂർത്തീകരിച്ചു.
- **ചലഞ്ച് ഫണ്ട് - 4 മില്ല്യൻ യു.എസ് ഡോളർ-** പ്രാദേശിക റോഡ് ഉപയോക്തൃ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുകളും ഡിആർഎസ്സികളും, കെആർഎസ്എ, പിഡബ്ല്യുഡി, കെഎസ്ടിപി എന്നിവ തമ്മിലുള്ള സഹകരണത്തോടെ നൂതന റോഡ് സുരക്ഷാ നിർദേശങ്ങൾ ആവിഷ്കരിക്കാനാണ് ചലഞ്ച് ഫണ്ട് ഉദ്ദേശിക്കുന്നത്. കൂടിയ അപായ സാധ്യതയുള്ള റോഡ് ഉപയോക്താക്കളെ ഉദ്ദേശിച്ച് ഉയർന്ന അപകടസാധ്യതയുള്ള സ്ഥലങ്ങൾ ചലഞ്ച് ഫണ്ട് ലക്ഷ്യമിടുന്നു. മോഡൽ റോഡ് ഇടനാഴിയായി മെച്ചപ്പെടുത്തുന്നതിന് 5 സ്ട്രെച്ചുകൾ ഡിആർഎസ്സികൾ കണ്ടെത്തിയിട്ടുണ്ട്. 5.50 കിലോമീറ്റർ പാവങ്ങാട്- കോരപ്പുഴ റോഡ് പണി പുരോഗമിക്കുന്നു. മറ്റ് നാല് ഇടനാഴികളുടെ (69 കിലോമീറ്റർ) ഡിപിആർ തയ്യാറാക്കൽ അവലോകനത്തിലാണ്.
- **റോഡ് സേഫ്റ്റി മാനേജ്മെന്റ് ശേഷി വികസനം - 2 മില്ല്യൻ യു.എസ് ഡോളർ** - റോഡ് സുരക്ഷ നടപ്പാക്കൽ പ്രവർത്തനങ്ങളിൽ പരിശീലനം നൽകാനായി അന്താരാഷ്ട്ര തലത്തിൽ പരിചയ സമ്പന്നരായ കൺസൾട്ടന്റ് മെസ്സേഴ്സ് വിക് റോഡ്സ്, ആസ്ട്രേലിയയെ കെഎസ്.ടി.പി ഏർപ്പെടുത്തിയിട്ടുണ്ട്. സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതിയുടെ ഡിപിആർ തയ്യാറാക്കൽ (എസ് സി ഡി പി) ഉൾപെടെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ചുമതലകളിൽ പിഡബ്ല്യുഡി-യുടെ റോഡ് സുരക്ഷാ സെല്ലിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**സി–സ്ഥാപനപരമായ ശക്തിപ്പെടുത്തൽ**

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (കെഎച്ച്ആർഐ) റോഡ്, റോഡ് ഗതാഗത മേഖലയിലെ സ്വയം ഭരണാധികാര കേന്ദ്രമായി പുനർനിർമ്മിക്കുന്നതിനും ആർ&ഡി, ക്വാളിറ്റി കൺട്രോൾ, പുതിയ / നൂതന പ്രോജക്റ്റുകൾ പൈലറ്റുചെയ്യൽ, കൺസൾട്ടൻസി, പ്രോജക്റ്റ് മാനേജ്മെന്റ്, ഒ&എം പ്രാക്ടീസുകൾ, റോഡുകൾ, പാലങ്ങൾ, കെട്ടിട നിർമ്മാണ മേഖല എന്നിവയിൽ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. മുൻഗണനാ നൽകി ചിന്താ നേതൃത്വം, തന്ത്രപരമായ ഉപദേശം, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ എന്നിവ നൽകിക്കൊണ്ട് കേരളത്തിലെ റോഡ് മേഖലയെ മാറ്റുന്നതിനുള്ള ഒരു ഉപദേശക സമിതി/ ബൗദ്ധിക കേന്ദ്രമായി പ്രവർത്തിക്കാൻ, കെഎച്ച്ആർഐയെ സെന്റർ ഓഫ് എക്സലൻസ് (സിഇഒ) ആയി ജിഒ (എംഎസ്) നമ്പർ 53/2020/പിഡബ്ല്യുഡി, തീയതി 11.6.2020 ഉത്തരവ് പ്രകാരം ഉയർത്തി. കേരളത്തിലെ റോഡ് മേഖലയെ മാറ്റുന്നതിനുള്ള ഒരു ഉപദേശക സമിതി / ബൗദ്ധിക കേന്ദ്രമായി പ്രവർത്തിക്കാൻ സിഇഒ നിർദ്ദേശിക്കുന്നു.

കൺസട്ടൻസി സേവനങ്ങളിൽ രണ്ട് ഘട്ടങ്ങളുണ്ട്. ഘട്ടം ഒന്നിൽ സ്ഥാപന അവലോകനവും സിഇഒ/ആശയപരമായ ഘട്ടവും. ഘട്ടം രണ്ട് നിർവഹണം. രണ്ടാം ഘട്ടം നടപ്പിലാക്കാൻ 2020 ഡിസംബർ 31 വരെ സമയം നീട്ടിനൽകിയിട്ടുണ്ട്.

**ഡി– വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം/ പുനഃസ്ഥാപനം**

2018 ൽ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മൂലം തകർന്ന 59 റോഡുകളുടെ പുനർനിർമ്മാണം / പുനഃസ്ഥാപനം കെഎസ്ടിപി ഏറ്റെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഏറ്റവും മോശമായ രണ്ട് റോഡുകൾ പുനർനിർമ്മിക്കുന്നതിന് ലോക ബാങ്ക് ധനസഹായം നൽകി. ഇതനുസരിച്ച്, പൈനാവ് –താന്നിക്കണ്ടം – അശോക്കവാല റോഡ് (21 കിലോമീറ്റർ), ചെമ്മന്നാർ ഗ്യാപ് റോഡ് (29.940 കിലോമീറ്റർ), അടൂർ–ചെങ്ങന്നൂർ റോഡ് (23.80 കിലോമീറ്റർ) എന്നിവയ്ക്കായി ഡിപിആർ തയ്യാറാക്കി.കെഎസ്.റ്റി.പി രണ്ടാം ഘട്ടത്തിൽ മിച്ചം വരുന്ന തുകയിൽ നിന്നാണ് ഈ ജോലികൾ ചെയ്യാൻ ആസൂത്രണം ചെയ്യുന്നത്.

2021–22 ബജറ്റിൽ നിലവിലുള്ള പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ മാനേജ്മെന്റ്, സ്ഥാപന ശക്തിപ്പെടുത്തൽ, വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം/പുന :സ്ഥാപിക്കൽ എന്നിവയ്ക്കായി 20000.00 ലക്ഷം രൂപ ഇഎപി ആയി വകയിരുത്തിയിരിക്കുന്നു.

**15. റെയിൽവേ സുരക്ഷാ പ്രവർത്തനങ്ങൾ**

**(വിഹിതം :1100.00 ലക്ഷം രൂപ)**

റോഡ് സുരക്ഷ, റെയിൽ സുരക്ഷ എന്നിവ ലക്ഷ്യമാക്കി റെയിൽവേ മേൽപ്പാലങ്ങളുടെ/ അടിപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 2021–22ൽ പൂർത്തിയാക്കേണ്ട ആർഒബി പ്രവൃത്തികൾക്കുള്ള ചെലവ്, പുതിയ ആർഒബി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ചെലവ്, ഭൂമി ഏറ്റെടുക്കൽ ചെലവ്, അന്വേഷണ ചെലവ് എന്നീ ആവശ്യങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ, കാഞ്ഞങ്ങാടിൽ ആർഒബിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു, കാരിത്താസ് ആർഒബിയുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. മുളന്തുരുത്തി ആർഒബിയ്ക്കായി ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി, പാവങ്ങാട്, ഫറോക്ക്, കരമന ആർഒബികൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. 2021–22 ബജറ്റിൽ 6 ആർഒബികളുടെ നിർമ്മാണ ചെലവും പുതിയ ആർഒബികളുടെ അന്വേഷണച്ചെലവും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2021–22 ബജറ്റിൽ 1100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**16. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ (റോഡുകളും പാലങ്ങളും)**

**(വിഹിതം :950.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ അപകട സാധ്യതയുള്ള സ്ഥലങ്ങളെ സംബന്ധിച്ച വിശകലനത്തിൽ, നാറ്റ്പാക്ക് 116 പ്രധാന അപകട സാധ്യതയുള്ള സ്ഥലങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയിൽ മിക്കവയും ദേശീയ പാതകൾ, സംസ്ഥാന പാതകൾ എന്നിവിടങ്ങളിലും ബാക്കിയുള്ളവ മറ്റ് വിഭാഗത്തിലുള്ള റോഡുകളിലുമാണ്.

അപകട സാധ്യത ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അപകട സാധ്യതാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ, മുൻഗണനാടിസ്ഥാനത്തിൽ ($1^{st}$ $2^{nd}$ $3^{rd}$ $4^{th}$& $5^{th}$ ) ചെയ്യേണ്ടതാണ്. ഇവ ഹ്രസ്വകാല, ദീർഘകാലാടിസ്ഥാനത്തിലും തുടർച്ചയായും, നടപ്പാക്കിയ ശേഷം നിരന്തര അവലോകനം നടത്തേണ്ടവയുമാണ്. 2020–21ൽ 2.78 കോടി രൂപയുടെ 31 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. 21 ബ്ലാക്ക്

സ്പോട്ടുകളിൽ 11 ബ്ലാക്ക് സ്പോട്ടുകൾ നന്നാക്കി. 2 ബ്ലാക്ക് സ്പോട്ടുകളിൽ അപകട നിരക്കുകളുടെ വിലയിരുത്തൽ നടത്തി, 6 മാസത്തെ അപകട വിവരങ്ങൾ ലഭിച്ച ശേഷം മാത്രമെ മറ്റ് ബ്ലാക്ക് സ്പോട്ടുകളിൽ തിരുത്തൽ നടപടികൾ സ്വീകരിക്കു.

കെ.എച്ച്.ആർ.ഐ, നാറ്റ്പാക് മുതലായ അംഗീകൃത സ്ഥാപനങ്ങൾ കണ്ടെത്തിയ 116 ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് മുൻഗണനാ ക്രമത്തിൽ റോഡ് സുരക്ഷാ പ്രവൃത്തികൾ നടപ്പാക്കാൻ ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021-22 ബജറ്റിൽ 950.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**17. കാവലില്ലാത്ത റെയിൽവെ ക്രോസുകളിൽ ആളിനെ ചുമതലപ്പെടുത്തൽ**

**(വിഹിതം :300.00 ലക്ഷം രൂപ)**

കാവലില്ലാത്ത റെയിൽവെ ക്രോസുകളിൽ കാവലിനായി ആളിനെ ചുമതലപ്പെടുത്തുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനാണ് ഈ പദ്ധതി. ഇതിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് റെയിൽവേ അധികൃതർക്ക് നൽകുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു.

2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**18. കെഎച്ച്ആർഐയെ സെന്റർ ഓഫ് എക്സലൻസായി (CoE) നവീകരിക്കൽ**

**(വിഹിതം : 1500.00 ലക്ഷം രൂപ)**

റോഡ് മേഖലയിൽ കെഎച്ച്ആർഐയെ സെന്റർ ഓഫ് എക്സലൻസ് (CoE) ആയി 5 വർഷത്തിനുള്ളിൽ വികസിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ഗവേഷണ നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അക്കാദമിയ, വ്യവസായം, മറ്റ് റോഡ് മേഖലയിലെ വിദഗ്ധർ എന്നിവരുമായി സഹകരിച്ച് പ്രവർത്തിക്കാൻ CoE വിഭാവനം ചെയ്യുന്നു; ഈ മേഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ഒരു വിജ്ഞാനം പങ്കിടൽ വേദിയായും ഇത് പ്രവർത്തിക്കുന്നു. താഴെപ്പറയുന്ന തീമാറ്റിക് ഏരിയകളെ അടിസ്ഥാനമാക്കിയാണ് CoE പ്രവർത്തിന്നത്.

1. ക്വാളിറ്റി അഷ്വറൻസും കരാർ മാനേജ്മെന്റും- പിഡബ്ല്യുഡി എഞ്ചിനീയർമാർക്കും കരാറുകാർക്കും (റോൾ തിരിച്ചുള്ള) പരിശീലന ആവശ്യങ്ങൾ വികസിപ്പിക്കുക, എൻഎബിഎൽ അക്രഡിറ്റേഷനിലൂടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, നിലവിലുള്ള മാനുവലുകൾ അപ്ഡേറ്റുചെയ്യുക, പുതിയ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിന് മാനുവലുകൾ പ്രസിദ്ധീകരിക്കുക.
2. രൂപകൽപ്പന/ നിർമ്മാണ രീതികളിലെ പുതുമ- മോഡൽ ഡിപിആർ വികസിപ്പിക്കുക, വിശാല അടിത്തറ രൂപകൽപ്പന, സൈറ്റ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗ്ധരുടെ ഡാറ്റാ ബേസ് വികസിപ്പിക്കുക, പ്രാദേശികമായി ലഭ്യമായ വസ്തുക്കളുടെ ഉപയോഗം, പിഡബ്ല്യുഡിയിൽ ദ്രുത നിർമ്മാണ സാങ്കേതികവിദ്യകൾ.
3. റോഡ് അസറ്റ് മാനേജ്മെന്റ് - കേരളത്തിലെ ഹൈവേകളിലും മറ്റ് റോഡുകളിലും റോഡ് നെറ്റ്വർക്ക് ഡാറ്റാ ബേസ് തയ്യാറാക്കി പിഡബ്ല്യുഡിയിൽ റോഡ് അസറ്റ് മാനേജ്മന്റ് (ആർഎഎംഎസ്) വികസിപ്പിക്കുക, സെൻസറുകളിലൂടെ പാലങ്ങളുടെയും റോഡുകളുടെയും ആരോഗ്യ നിരീക്ഷണം, കണ്ടിഷൻ അസ്സെസ്സ്മെന്റും, കെട്ടിടങ്ങളുടെ സംരക്ഷണവും.
4. തദ്ദേശീയ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുക- പ്രാരംഭ പഠനങ്ങളുടെ പ്രകടന വിലയിരുത്തൽ, ഗവേഷണ സ്ഥാപനങ്ങളിലും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പ്രായോഗിക ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഗവേഷണ മേഖലകൾ തിരിച്ചറിയുക, വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ CoE ചെയർ/സെൽ സ്ഥാപിക്കുക, ദേശീയ, CoE എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് അന്തർദേശീയ സംഘടനകളുമായി ധാരണാപത്രങ്ങൾ.
5. റോഡ് സുരക്ഷാ മാനേജ്മെന്റ്.

താഴെപറയുന്ന ഘടകങ്ങൾക്കായി ആകെ 1500.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(എ) പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും (150.00 ലക്ഷം രൂപ)** - പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആസൂത്രണം, നിർവഹണം, അവലോകനം, പദ്ധതി നടത്തിപ്പ്, പ്രോജക്റ്റുകൾ / ആസ്തികളുടെ പരിപാലനം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനായി പ്രൊഫഷണൽ മാനേജ്മെന്റ്, സാങ്കേതിക, ഭരണ നിർവ്വഹണ പരിശീലനം, എന്നിവ നൽകുന്നതിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. റോഡ്, ഗതാഗത സംവിധാനങ്ങളുടെ പുനർനിർമ്മാണം, ഗ്രീൻ ടെക്നോളജി,

ആധുനിക നിർമ്മാണം എന്നിവയ്ക്ക് ഊന്നൽ നൽകി എൻജിനീയർ, കോൺട്രാക്ടർ, തൊഴിലാളികൾ എന്നിവർക്ക് പരിശീലനം നൽകാൻ ലക്ഷ്യമിടുന്നു. ഗതാഗത മേഖലയിൽ ശില്പശാലകൾ, സെമിനാറുകൾ, ഉൾപെടെ റോഡ് സുരക്ഷ ബോധവൽകരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഡിസൈൻ വിഭാഗത്തിന് വേണ്ടി വരുന്ന ചെലവ്, സംസ്ഥാനത്തിന് അകത്തും പുറത്തും പരിശീലനത്തിനായുള്ള ചെലവ് എന്നിവയും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

**(ബി) ഗവേഷണ വികസന പ്രവർത്തനങ്ങളും പദ്ധതി നിർവഹണ ചെലവുകളും (800.00 ലക്ഷം രൂപ)** – പ്രോജക്ടുകളുടെ ഭാഗമായി ഗതാഗത മേഖലയിലെ ഗവേഷണ വികസന പഠനങ്ങൾ, പുതിയ സാങ്കേതിക നിർവഹണ പ്രവർത്തനങ്ങൾ, നൂതന രീതികൾ, പ്രോജക്ട് രീതിയിലുള്ള പുതിയ കണ്ടെത്തലുകൾ, കൂടാതെ അന്വേഷണം, ആസൂത്രണം, ഡിസൈൻ, വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയാറാക്കാൻ ആവശ്യമായ ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കെ.എച്ച്.ആർ.ഐ, മേഖല/ജില്ലാ ഗുണനിലവാര നിയന്ത്രണ ലാബുകൾ എന്നിവിടങ്ങളിലെ ഉപകരണങ്ങളുടെയും പ്ലാന്റുകളുടെയും വാർഷിക അറ്റകുറ്റ പണികൾ, കരാർ തൊഴിലാളികളുടെ വേതനം, കൺസ്യൂമബിൾസ്, വാഹനങ്ങളുടെ വാടക എന്നിവ പ്രവർത്തന ചെലവിൽ ഉൾപ്പെടുന്നു. ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും, പ്രവർത്തന ചെലവുകൾക്കുമായി 2021-22 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

റോഡുകൾ, കെട്ടിടങ്ങൾ, ഗതാഗതം എന്നീ മേഖലകളിൽ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സർവകലാശാലകളിലെ പഠന ഗവേഷണ വിഭാഗങ്ങൾ എന്നിവയുമായി ചേർന്ന് നൂതന സാങ്കേതിക വിദ്യകൾ, പദ്ധതികൾ, പരിപാടികൾ തുടങ്ങിയവ പ്രാരംഭാടിസ്ഥാനത്തിൽ നടത്തുന്നതിന് 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതികളുടെ പരിശോധന, ഗുണനിലവാര നിയന്ത്രണം തുടങ്ങിയ ആവശ്യങ്ങൾക്കായി പൊതുമരാമത്തു വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം, സബ്ഡിവിഷൻ ഓഫീസുകൾ, ദേശീയപാത വിഭാഗം, കെട്ടിട വിഭാഗം ആർകിടെക്റ്റ് ഓഫീസുകൾ എന്നിവയ്ക്ക് ആവശ്യ സന്ദർഭങ്ങളിൽ ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ ഇല്ലാത്തപക്ഷം ഒരു താൽക്കാലിക സംവിധാനം എന്ന നിലക്ക് വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിനും 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) കെ.എച്ച്.ആർ.ഐ. റീജിയണൽ, ഡിസ്ട്രിക്ട് ലാബുകളുടെ പശ്ചാത്തല വികസനം (550.00 ലക്ഷം രൂപ)** – ഫീൽഡ് ലെവൽ പരിശോധനകളും സർട്ടിഫിക്കേഷനും സുഗമമാക്കുന്നതിന് റീജിയണൽ, ജില്ലാ ലാബുകളിൽ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിന് 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കെ.എച്ച്.ആർ.ഐ, റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ എന്നിവിടങ്ങളിലെ നിലവിലുള്ള ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, നിർമ്മാണം/അടിസ്ഥാന സൗകര്യ വികസനം, യന്ത്ര സാമഗ്രികൾ വാങ്ങൽ എന്നിവ വളരെ അത്യാവശ്യമാണ്. അതുകൊണ്ട്, കെ.എച്ച്.ആർ.ഐ ലാബുകളിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതിനു 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

2021-22 ബജറ്റിൽ ഈ പദ്ധതിയുടെ 3 ഉപ ഘടകങ്ങൾക്കായി 1500.00 രൂപ ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19. വകുപ്പുതല ഇ-ഗവേണൻസ് പദ്ധതികൾ**

**(വിഹിതം :350.00 ലക്ഷം രൂപ)**

സബ്ഡിവിഷൻ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ചീഫ് എഞ്ചിനിയറുടെ ഓഫീസ്, ചീഫ് ആർക്കിടെക്റ്റിന്റെ ഓഫീസ് എന്നിവിടങ്ങളിൽ ഇന്റർനെറ്റ് സൗകര്യങ്ങളുടെ പരിപാലനവും കെ.എസ്.ടി.പി. ആരംഭിച്ച വിവര സാങ്കേതിക വിദ്യാസംരംഭങ്ങളായ എഫ്.എം.എസ്., ആർ.എം.എം.എസ്. എന്നിവ തുടർന്ന് നടത്തുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു:

- ഇതിനോടകം ആരംഭിച്ചതും പ്രവർത്തന യോഗ്യമായ വർക്ക് എസ്റ്റിമേറ്റ്, ഇ-ടെൻഡറിംഗ്, വർക്ക് ഓർഡർ തുടങ്ങിയവയുടെ ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങൾക്ക് ഇ-ഗവേണൻസ് നടപ്പിലാക്കുക തുടങ്ങിയവയാണ് ആസൂത്രണം ചെയ്തിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ
- പിഡബ്ല്യുഡി ഓഫീസുകളിൽ ഐടി ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

- പുതിയ ഇ-ഗവേണൻസ് മൊഡ്യൂളുകൾ/ പ്രവർത്തനങ്ങളും സോഫ്റ്റ് വെയർ വികസനവും
    I. പ്രൈസ് സോഫ്റ്റ്‌വെയർ -മൂന്നാം ഘട്ടം
    II. ബയോ മെടിക് അറ്റൻഡൻസ് സിസ്റ്റം- (BMAS)
    III. പൊതു മരാമത്ത് വെബ് പോർട്ടൽ അപ്ഗ്രഡേഷൻ- "WINGS"
    IV. ജിഐഎസ് അടിസ്ഥാനമാക്കിയുള്ള റോഡുകളുടെയും പാലങ്ങളുടെയും അസറ്റ് മോണിറ്ററിങ് സംവിധാനം
    V. ഇ ഓഫീസ് സംവിധാനം
    VI. പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം

വെബസൈറ്റ് പ്രോജക്ടിന്റെ ഭാഗമായി ഒരു പ്രോജക്ട് മോണിറ്ററിംഗ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. വെബ് സൈറ്റുകളിൽ നിന്നും പ്രോജക്ടുകളുടെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും ലഭ്യമാകും. പ്രൈസ് സോഫ്റ്റ് വെയർ സിസ്റ്റത്തിന്റെ ഭാഗമായി ഒരു പ്രോജക്ട് മാനേജ്മെന്റ് മൊഡ്യൂൾ വിഭാവനം ചെയ്തിട്ടുണ്ട്. വെബ് പോർട്ടലുമായി പ്രൈസ് സോഫ്റ്റ് വെയറിന്റെ സംയോജനവും ആസൂത്രണം ചെയ്തിട്ടുള്ളത്, വെബ് സൈറ്റിന് സ്വയമേവ പ്രോജക്ട് സ്റ്റാറ്റസ് വിവരങ്ങൾ നൽകുവാൻ സഹായിക്കും.

കോർ റോഡ് നെറ്റ്‌വർക്കിൽ ആർഎംഎംഎസ് നടപ്പിലാക്കൽ, പ്രധാന ജില്ലാ റോഡുകളുടെ റോഡ് രജിസ്റ്റർ ഡിജിറ്റലൈസേഷൻ, കോർ റോഡുകളുടെ അസറ്റ് മാപ്പിംഗ്, കോർ റോഡുകൾക്കും നോൺ കോർ റോഡുകൾക്കുമായി വാർഷിക റോഡ് മെയിന്റനൻസ് ഓപ്പറേഷൻ പ്ലാൻ (എആർഎംഒപി) തയ്യാറാക്കൽ, ഐടി സംവിധാനങ്ങളുടെ വാർഷിക പരിപാലനം, ഇ-ഗവേണൻസും ഉദ്യോഗസ്ഥർക്കുള്ള ഐടി പരിശീലനം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവര സാങ്കേതിക സംരംഭങ്ങൾ, വിവര സാങ്കേതിക വിദ്യാ വകുപ്പുമായി ആലോചിച്ച് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

2021-22 ബജറ്റിൽ 350.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

**20. ഇൻവെസ്റ്റിഗേഷൻ, ആസൂത്രണ പ്രവർത്തനങ്ങൾ (പാലങ്ങൾ)**

**(വിഹിതം : 50.00 ലക്ഷം രൂപ)**

പൊതുമരാമത്ത് പാലങ്ങൾ വിഭാഗം 2716 പാലങ്ങൾ സംരക്ഷിക്കുന്നു. അതിൽ 622 പാലങ്ങൾ സംസ്ഥാനപാതയിലും, 1990 പാലങ്ങൾ മേജർ ജില്ലാ റോഡുകൾ/ മറ്റു ജില്ലാ റോഡുകളിലും, 104 പാലങ്ങൾ ഗ്രാമീണ റോഡുകൾ/റെയിൽ മേൽപ്പാലങ്ങൾ എന്നിവിടങ്ങളിലുമാണ്. ഓരോ വർഷവും സംസ്ഥാന പദ്ധതിയിനത്തിലെ മൂലധന പ്രവർത്തനങ്ങളുടെ ചെലവിനാണ് തുക വകയിരുത്തുന്നത്.

വകുപ്പ്/ഏജൻസികൾ ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികൾ, പ്രോജക്ടുകൾ/പ്രോഗ്രാമുകൾ എന്നിവയ്ക്കായി സാദ്ധ്യതാ പഠനങ്ങൾ, അന്വേഷണ പഠനങ്ങൾ, ഡിപിആർ തയ്യാറാക്കൽ എന്നിവയ്ക്കുള്ള ചെലവുകൾക്കായി, 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**II. ദേശീയപാതകൾ (എൻഎച്ച്)**

**21. സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ (കേന്ദ്ര പദ്ധതി) (ദേശീയ പാത)**

**(വിഹിതം :1.00 ലക്ഷം രൂപ)**

ദേശീയ പാതകളെ സാമ്പത്തിക പ്രാധാന്യമുള്ള മേഖലകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വീതികൂട്ടൽ/ശക്തിപ്പെടുത്തൽ, വളവുകൾ നിവർക്കൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

സംസ്ഥാനത്തിന്റെ തുല്യ ഓഹരി വിഹിതമായി 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**22. കേന്ദ്ര റോഡ് ഫണ്ട് പ്രവൃത്തികൾ (ദേശീയപാത)**

**(വിഹിതം: 6000.00 ലക്ഷം രൂപ)**

കേന്ദ്ര റോഡ് ഫണ്ട് വിഹിതം, 2001-ലെ സി.ആർ.എഫ് നിയമപ്രകാരം സംസ്ഥാന റോഡുകളുടെ വികസനം/മെച്ചപ്പെടുത്തൽ എന്നിവയ്ക്കാണ് വകയിരുത്തുന്നത്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെ വികസനത്തിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ, 789 കി.മി. ദൈർഘ്യമുള്ള 855.75 കോടി രൂപയുടെ 59 റോഡ് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കേന്ദ്ര സർക്കാരിൽ നിന്ന് പണം തിരിച്ചടവ് രീതിയിൽ ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ 2021-22 ബജറ്റിൽ 6000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**23. കൊല്ലം ആലപ്പുഴ ബൈപ്പാസുകൾ (ദേശീയപാത) (എം.ഐ.ഡി.പി) (ദേശീയപാത)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിലവിൽ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ (50:50) സംയുക്തമായി ഈ പദ്ധതിയുടെ ചെലവ് വഹിക്കുന്നതാണ്.

ആലപ്പുഴ ബൈപ്പാസിന്റെ (348.43 കോടി രൂപ) ആകെ ദൈർഘ്യം 6.8 കി. മീറ്ററാണ്. കൊമ്മാടി ജംഗ്ഷനിൽ തുടങ്ങി കളർകോട് അവസാനിക്കുന്നു. 16.03.2015 ന് ഇപിസി മോഡിൽ 274.34 കോടി രൂപ കരാർ തുക പ്രകാരം ആരംഭിച്ച പ്രവൃത്തി പുരോഗമിക്കുകയാണ്. അവശേഷിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട പണികൾക്ക് റെയിൽവേ സുരക്ഷാ കമ്മീഷണറിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ 98.6 ശതമാനം ബൈ പാസ് ജോലികൾ പൂർത്തിയായി, 2020 ഒക്ടോബറിൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

കാവനാട് മുതൽ മേവരം വരെ 13 കി.മീറ്റർ ദൈർഘ്യത്തിൽ കൊല്ലം ബൈപ്പാസ്സിന്റെ ആകെ അടങ്കൽ തുക 352.05 കോടി രൂപയാണ്. ഇതിൽ 3 പാലങ്ങളും 7 കി.മീറ്റർ പുതിയ റോഡുകളും, നിലവിലുള്ള 4 കി.മീ. റോഡിന്റെ വീതികൂട്ടലും ഉൾപ്പെടുന്നു. 27.05.2015 ന് ഇപിസി മോഡിൽ ആരംഭിച്ച പണി 2019 ജനുവരി 15ന് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു.

2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**24. ദേശീയ പാതകളെ (എൻഎച്ച്) നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം**

**(വിഹിതം:251.00 ലക്ഷം രൂപ)**

ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പ്രധാനപ്പെട്ട കോർപ്പറേഷനുകൾ/ മുൻസിപ്പാലിറ്റികൾ, മറ്റു നഗരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ റോഡുകൾ ഉൾപ്പെടെ, ഫ്ലൈ ഓവറുകൾ, എലിവേറ്റഡ് ഹൈവേകൾ, ഡീവിയേഷൻ റോഡുകൾ എന്നിവയുടെ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു.

മുനിസിപ്പാലിറ്റികളിലൂടെയും കോർപ്പറേഷനുകളിലൂടെയും കടന്നുപോകുന്ന ദേശീയപാതകളുടെ നഗര ലിങ്ക് റോഡുകൾ ഈ കാലയളവിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.റോഡുകളിൽ ലഭ്യമായിട്ടുള്ള വീതി (ROW) വർദ്ധിപ്പിച്ച് ഹാർഡ് ഷോൾഡർ ഏർപ്പെടുത്താനും, യൂട്ടിലിറ്റി സേവനങ്ങൾക്കുള്ള സൗകര്യങ്ങൾ, ബസ് ബേകൾ, കാൽനടയാത്രയ്ക്കുള്ള സൗകര്യങ്ങൾ, എന്നിവ ഏർപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2021-22 ബജറ്റിൽ 251.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**25. ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാ പ്രവർത്തനങ്ങളും, ഗതാഗത കുരുക്ക് പരിഹരിക്കലും (ദേശീയ പാത)**

**(വിഹിതം:2500.00 ലക്ഷം രൂപ)**

ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാ പ്രവർത്തനങ്ങളാണ് ഈ പദ്ധതിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ പാതകളിലെ പ്രധാന ജംഗ്ഷനുകൾ, ബസ് സ്റ്റോപ്പുകളിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക്; ടാർ പ്രതലത്തിന്റെ വീതി വർദ്ധിപ്പിക്കൽ, ബസ് ബേകളുടെ നിർമ്മാണം, ഗതാഗത കുരുക്ക് പരിഹരിക്കുന്ന തരത്തിലുള്ള പാർക്കിംഗ് സംവിധാനങ്ങൾ നടപ്പാക്കൽ, നടപ്പാതകൾ, സബ് വേകൾ, മേൽപ്പാലങ്ങൾ, നടപ്പാതകളുടെ അരികിൽ വേലികൾ, കാൽനടക്കാർക്ക് അടിപ്പാതകൾ, ആകാശപ്പാതകൾ, യൂട്ടിലിറ്റി കോറിഡോറുകൾ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ പ്രവൃത്തികൾ എന്നിവയിലൂടെ ഇത് ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

സംസ്ഥാനത്തെ അപകട സാധ്യതയുള്ള സ്ഥലങ്ങളെ സംബന്ധിച്ച വിശകലനത്തിൽ, നാറ്റ്പാക്ക് 159 പ്രധാന അപകട സാധ്യതാ സ്ഥലങ്ങൾ സംസ്ഥാനത്തിന്റെ റോഡ് ശൃംഖലയിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയിൽ മിക്കവയും ദേശീയപാതകൾ, സംസ്ഥാന പാതകൾ എന്നിവിടങ്ങളിലും ബാക്കിയുള്ളവ മറ്റ് വിഭാഗത്തിലുള്ള റോഡുകളിലുമാണ്.

അപകട സാധ്യത ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അപകട സാധ്യതാ ക്രമത്തിന്റെ അടിസ്ഥാനത്തിലും, മുൻഗണനാടിസ്ഥാനത്തിലും ($1^{st}$ $2^{nd}$ $3^{rd}$ $4^{th}$& $5^{th}$ ) ചെയ്യേണ്ടതാണ്. ഇവ

ഹ്രസ്വകാല, ദീർഘകാലാടിസ്ഥാനത്തിൽ തുടർച്ചയായി, നടപ്പാക്കേണ്ടവയും നിരന്തരം അവലോകനത്തിന് വിധേയമാക്കപ്പെടേണ്ടവയുമാണ്.

നാറ്റ്പാക്ക്,കെ.എച്ച്.ആർ.ഐ എന്നീ സ്ഥാപനങ്ങളുടെ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ വികസന പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട സ്ട്രെച്ചുകളെയും, പരിഗണിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021-22 ബജറ്റിൽ 2500.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**26. ദേശീയപാതയിൽ ബൈപാസുകളുടെ നിർമ്മാണം**

**(വിഹിതം 320:00 ലക്ഷം രൂപ)**

ദേശീയപാത കടന്നുപോകുന്ന പ്രധാന നഗരങ്ങളിലെ ഗതാഗത തടസ്സങ്ങൾ ഒഴിവാക്കാൻ, ബൈ പാസ് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ദേശീയ പാത കടന്നുപോകുന്ന പ്രധാന നഗരങ്ങളിൽ ബൈപാസ് റോഡുകൾ നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ട്രാഫിക് പഠനത്തിൻറെയും ദേശീയപാത വികസന അതോറിറ്റിയുടെയും വികസന പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട സ്ട്രെച്ചുകളെയും ബന്ധപ്പെടുത്തി പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കേണ്ടതാണ്.

ഇതിനായി 2021-22 ബജറ്റിൽ 320.00 ലക്ഷം രൂപ വകയിരുത്തുന്നു.

**27. ദേശീയ പാതയിൽ ബൈലൈനുകളുടെ നിർമ്മാണം (ദേശീയപാത)**

**(വിഹിതം : 420.00 ലക്ഷം രൂപ)**

ദേശീയ പാത വീതി കൂട്ടി ചരക്ക് ഗതാഗതത്തിനായി ബൈലൈനുകൾ നിർമ്മിക്കലാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്.നിലവിലുള്ള റോഡുകളിലോ, പുതുതായി നിർമ്മിക്കപ്പെട്ട റോഡുകളിലോ ബൈലൈനുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു.

2021-22 ബജറ്റിൽ 420.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**28. വയനാട്- ബന്ദിപ്പൂർ മേഖലയിൽ ദേശിയ പാത 212ൽ മേൽപ്പാല നിർമ്മാണം**

**(വിഹിതം : 1.00 ലക്ഷം രൂപ)**

സുപ്രീം കോടതിയുടെ പൊതുതാൽപ്പര്യ ഹർജി (സി) നം.13838/2010 തിയ്യതി 10.1.2018ലെ താത്കാലിക വിധിയുടെ അടിസ്ഥാനത്തിൽ വയനാട്- ബന്ദിപ്പൂർ മേഖലയിൽ ദേശിയ പാത 212ൽ രാത്രി യാത്രാ നിരോധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം ചില പരിഹാര നിർദേശങ്ങൾ മുന്നോട്ട് വെച്ചു.

കേരള സർക്കാരും ദേശീയ പാതാ അതോറിറ്റിയും ചേർന്ന് (50:50) അനുപാതത്തിൽ പങ്കാളിത്ത ചെലവ് മാതൃകയിൽ 450-500 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വയനാട്-ബന്ദിപ്പൂർ ദേശിയപാത 212ൽ, മേൽപ്പാല നിർമ്മാണമാണ് ഇതിൽ പ്രധാനം. ഇത്തരത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി ചെലവിന്റെ 50 ശതമാനം വഹിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ താൽപ്പര്യം ബഹു.സുപ്രീംകോടതി മുമ്പാകെ സൂചിപ്പിച്ചിട്ടുണ്ട്.

2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**29. ഇൻവെസ്റ്റിഗേഷൻ, ആസൂത്രണ പ്രവർത്തനങ്ങൾ (എൻഎച്ച്)**

**(വിഹിതം : 100.00 ലക്ഷം രൂപ)**

1781.50 കിലോമീറ്റർ ദൂരം വരുന്ന ദേശീയപാത കൈകാര്യം ചെയ്യുന്നത് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗമാണ്. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂലധന പ്രവർത്തനങ്ങളുടെ ചെലവുകൾക്കാണ് പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്.

വകുപ്പ്/ഏജൻസികൾ ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികൾ, പ്രോജക്ടുകൾ/പ്രോഗ്രാമുകൾ എന്നിവയ്ക്കായി സാദ്ധ്യതാ പഠനങ്ങൾ, അന്വേഷണ പഠനങ്ങൾ, ഡിപിആർ തയ്യാറാക്കൽ എന്നിവയ്ക്കുള്ള ചെലവുകൾക്കായി, 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7.3 റോഡു ഗതാഗതം**

റോഡ് ഗതാഗത മേഖലയിലെ വികസന പദ്ധതികൾ പ്രധാനമായും മോട്ടോർ വാഹന വകുപ്പും കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനുമാണ് നടപ്പിലാക്കുന്നത്. റോഡ് ഗതാഗത മേഖലയ്ക്കായി 2021-22 ബജറ്റിൽ 14,768.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 9991.00 ലക്ഷം രൂപ കേരള സംസ്ഥാന ഗതാഗത കോർപ്പറേഷനും, 3877.00 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിനും 900.00 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി (ശ്രീ ചിത്ര

തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ) വകയിരുത്തിയിരിക്കുന്നു.

**7.3.1 കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ**

കേരളത്തിലെ ഏറ്റവും വലിയ പൊതു ഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.യുടെ വികസനം ഡിജിറ്റൽ ഭരണം, ശാസ്ത്രീയ ഫ്ലീറ്റ് മാനേജ്മെന്റ് എന്നിവയിലൂടെ ജനകീയവും പരിസ്ഥിതി സൗഹൃദവും ആക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. നവീകരണത്തിന്റെ ഭാഗമായി, താഴെ പറഞ്ഞിരിക്കുന്ന പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് ഈ ലക്ഷ്യം കൈവരിക്കാൻ ആസൂത്രണം ചെയ്തിരിക്കുന്നു.

**(1) അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ നവീകരണവും**

**(വിഹിതം :3000.00 ലക്ഷം രൂപ)**

കെഎസ്ആർടിസി ബസ് സ്റ്റേഷനുകൾ/ടെർമിനലുകൾ/ഡിപ്പോകൾ എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബസ് സ്റ്റേഷൻ യാർഡുകൾ, ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ എന്നിവ പുതുക്കിപ്പണിയാനും നിലവിലുള്ള ഗാരേജുകൾ നവീകരിക്കാനും ഉദ്ദേശിക്കുന്നു.നവീകരണത്തിന്റെ ഭാഗമായി, 2021-22ൽ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നു.

**(എ) വർക്ക് ഷോപ്പുകളുടെയും ഗ്യാരേജ്കളുടെയും ആധുനികവൽക്കരണം**

- യാർഡ് വികസന പ്രവർത്തനങ്ങൾ - (തിരുവനന്തപുരം സെൻട്രൽ, കിളിമന്നൂർ, തിരുവനന്തപുരം സിറ്റി, പേരൂർക്കട, നോർത്ത് പറവൂർ, മല്ലപ്പള്ളി, മാവേലിക്കര, കുമിളി, പെരുമ്പാവൂർ, പൊന്നാനി, ഹരിപ്പാട്, കണ്ണൂർ, വെഞ്ഞാറമ്മൂട്, കണിയാപുരം, പാലാ, ചേർത്തല.
- 6 ജില്ലാ വർക്ക്ഷോപ്പുകളുടെ നവീകരണം; ചടയമംഗലം, എടപ്പാൾ, തിരുവല്ല, ചാലക്കുടി, കണ്ണൂർ, സുൽത്താൻ ബത്തേരി.
- 30 പ്രധാന ഡിപ്പോകൾ സ്മാർട്ട് സ്റ്റേഷനുകളായി മോടിപിടിപ്പിക്കൽ.
- വിശ്രമമുറി, ലോക്കർ, ഡോർമിറ്ററി സൗകര്യങ്ങൾ എന്നിവയുൾപ്പെടെ മികച്ച യാത്രാ സൗകര്യങ്ങൾ തയ്യാറാക്കൽ.
- പുതുക്കാടിൽ മൊബിലിറ്റി ഹബിന്റെ നിർമ്മാണം.

(ബി) ഫ്ലോട്ട് യൂണിറ്റുകൾ - ദേശീയ ശരാശരി അടിസ്ഥാനത്തിൽ വാഹന ഉപയോഗം 95 ശതമാനമായി ഉയർത്തുന്നതിനും പരിപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഫ്ലോട്ട് യൂണിറ്റുകൾ അതായത് എഞ്ചിൻ, സ്റ്റിയറിംഗ് ബോക്സ്, ഗിയർ ബോക്സ്, റേഡിയേറ്റർ അസി, സിലിണ്ടർ ഹെഡ്, വാട്ടർ പമ്പ്, ക്ലച്ച് പ്രഷർ എയർ കംപ്രസർ, പിപി ഷാഫ്റ്റ്, സെൽഫ് സ്റ്റാർട്ടർ, എഫ്ഐപി, ക്രൗൺ, പിനി, ഐ ബീം ഫ്രണ്ട് തുടങ്ങിയവ വാങ്ങിക്കൽ.

വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെയും എസ്റ്റിമേറ്റ് ചെലവിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് 2021-22 ബജറ്റിൽ 3000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(2) കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും**

**(വിഹിതം : 1891.00 ലക്ഷം രൂപ)**

കെ.എസ്.ആർ.ടി.സിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഒരു സമഗ്ര വിവര സാങ്കേതിക വിദ്യാ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭരണനിർവഹണ പ്രവർത്തനങ്ങളും ഒരൊറ്റ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ, ഹാർഡ് വെയർ പരിഷ്കരണ പ്രവർത്തനങ്ങൾക്കാണ് 2021-22ൽ തുക വകയിരിത്തിയിരിക്കുന്നത്. താഴെപ്പറയുന്ന ഘടകൾക്കായി തുക വകതിരുത്തിയിരിക്കുന്നു:

- പരിപൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ജിപിആർഎസ് സിസ്റ്റത്തിന്റെ നടപ്പാക്കലും
- ഇൻവെന്ററി, അസറ്റ്, ഫ്ലീറ്റ് മാനേജ്മെന്റ് മൊഡ്യൂളുകൾ നടപ്പിലാക്കൽ
- ജിസ്പാർക്ക് നടപ്പിലാക്കൽ
- പ്രോജക്റ്റ് മാനേജ്മെന്റ് മൊഡ്യൂൾ

2021-22 ബജറ്റിൽ 1891.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(3) ഡ്രൈവർമാർ, സാങ്കേതിക ജീവനക്കാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് പരിശീലനം**

**(വിഹിതം :100.00 ലക്ഷം രൂപ)**

കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരുടെ നൈപുണ്യം, അറിവ്, കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നത് വഴി കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് പ്രസ്തുത പദ്ധതി. കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് വഴി ഇന്ധന ക്ഷമത വർദ്ധിപ്പിക്കൽ, വാഹന ഭാഗങ്ങൾ ഉചിതമായ രീതിയിൽ ഉപയോഗിക്കൽ, വാഹനങ്ങളുടെ അറ്റകുറ്റ പണികൾ മെച്ചപ്പെടുത്തൽ, ഓഫീസ് നിർവ്വഹണം മെച്ചപ്പെടുത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കെ.എസ്.ആർ.ടി.സി യിൽ പുതുതായി ആരംഭിച്ച ആധുനിക രീതിയിലുള്ള ബസ്സുകൾക്ക് വേണ്ടി വരുന്ന അറ്റകുറ്റ പണികൾക്കാവശ്യമായ പരിശീലനവും സുരക്ഷിതവും, ഇന്ധന ക്ഷമവുമായ ഡ്രൈവിംഗിന് ആവശ്യമായ പരിശീലനവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, എല്ലാ ഓഫീസർമാർക്കും അകത്തും പുറത്തും വിവിധ മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തുന്നു. എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥരെയും മേഖലകളെയും ഉൾപ്പെടുത്തി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കി കൈവരിക്കാൻ കഴിയുന്ന ലക്ഷ്യവും ഫലവും നിർണയിച്ച് നടപ്പിലാക്കേണ്ടതാണ്. കെഎസ്ആർടിസിയുടെ പ്രവർത്തന മേഖലകളുമായി ബന്ധപ്പെട്ട് റോഡ് ഗതാഗത മേഖലയിലെ സാധ്യതാ പഠനങ്ങളും പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(4) വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാര മെച്ചപ്പെടുത്തലും**

**(വിഹിതം :5000.00 ലക്ഷം രൂപ)**

പരിസ്ഥിതി സൗഹൃദ സംരംഭങ്ങളുടെയും ഇന്ധനച്ചെലവിന്റെ 25 മുതൽ 40 ശതമാനം വരെ കുറയ്ക്കുന്നതിന്റെയും ഭാഗമായി; നിലവിലുള്ള എച്ച്എസ്ഡി ബസുകളെ എൽഎൻജി/സിഎൻജിയിലേക്ക് വൻതോതിൽ രൂപഭേദം വരുത്താൻ കെഎസ്ആർടിസി വിഭാവനം ചെയ്യുന്നു, അതുവഴി പ്രതിമാസ പ്രവർത്തന നഷ്ടം കുറയ്ക്കാൻ കഴിയും.

2021-22 ബജറ്റിൽ 5000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(5) അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് (ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് )**

**(വിഹിതം : 900.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (എസ്സിടിസിഇ) 1995 മുതൽ ഒരു സമ്പൂർണ്ണ എഞ്ചിനീയറിംഗ് കോളേജായി പ്രവർത്തിക്കാൻ തുടങ്ങി.ബിരുദം,ബിരുദാനന്തര ബിരുദം, ഡോക്ടറൽ എന്നീ മൂന്ന് തലങ്ങളിലും ഉയർന്ന നിലവാരമുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന മികച്ച കുറച്ച് കോളേജുകളിൽ ഒന്നാണ് ഈ കോളേജ്. കോളേജിന്റെ ഇപ്പോഴത്തെ പ്രവേശന ശേഷി 2000 ത്തോളം വിദ്യാർത്ഥികളാണ്.ഇത് സംസ്ഥാനത്ത് പ്ലേസ്മെന്റിൽ മികച്ച സ്ഥിരത പുലർത്തുന്ന മികച്ച മൂന്നോ നാലോ കോളേജുകളിൽ ഒന്നാണ്.പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും, ഫീസ് ഘടന സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന സബ്സിഡി മാനദണ്ഡപ്രകാരവുമാണ്. ലേഡീസ് ഹോസ്റ്റൽ, റിസർച്ച് ബ്ലോക്ക്, ഓഡിറ്റോറിയം, ലൈബ്രറി വിപുലീകരണം തുടങ്ങിയ പ്രധാന ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലെ സാമ്പത്തിക തടസ്സങ്ങൾ കാരണം കോളേജിന്റെ വികസനം ഇപ്പോൾ മന്ദഗതിയിലാണ്.

തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ (എസ്സിടിസിഇ) ഒരു പ്രമുഖ ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിന്, ലേഡീസ് ഹോസ്റ്റൽ, ആർ ആൻഡ് ഡി ബ്ലോക്ക്, ലൈബ്രറി ബ്ലോക്കിലെ രണ്ട് നിലകൾ, നാനോ ഇലക്ട്രോണിക്സ്, മെറ്റീരിയൽസ് ലബോറട്ടറി, ഇന്നൊവേഷൻ സെന്റർ എന്നിവയുടെ വികസനത്തിന് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

ഇതിനായി 2021-22 ബജറ്റിൽ 900.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്.

**7.3.2 മോട്ടോർ വാഹന വകുപ്പ്**

നയ രൂപവത്കരണത്തിലും നടപ്പാക്കലിലും മോട്ടോർ വാഹന വകുപ്പിനെ കേരള സർക്കാർ നിയന്ത്രിക്കുന്നു.വകുപ്പ് മേധാവി ട്രാൻസ്പോർട്ട് കമ്മീഷണറാണ്. മോട്ടോർ വാഹന നിയമവും ചട്ടങ്ങളും നടപ്പിലാക്കുക, വാഹനങ്ങളുടെ രജിസ്ട്രേഷൻ, നികുതിയും ഫീസും ശേഖരിക്കുക, ഡ്രൈവിംഗ് ലൈസൻസുകൾ അനുവദിക്കുക, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുക, വാഹനങ്ങൾക്ക് പെർമിറ്റ് അനുവദിക്കുക തുടങ്ങിയ സേവനങ്ങളാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഇതിനുപുറമെ റോഡ് സുരക്ഷാ നടപടികൾക്കും വാഹന മലിനീകരണ നിയന്ത്രണത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നു.

സംസ്ഥാനത്തിന് വരുമാനം നേടിക്കൊടുക്കുന്നതിൽ മോട്ടോർ വാഹന വകുപ്പിന് പ്രധാന പങ്കാണുള്ളത്. പ്രാദേശിക ഗതാഗത ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജന സൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2021-22ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ താഴെ പറയുന്നു.

**(1) റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങൾ**

**(വിഹിതം: 800.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 800.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

- റഡാർ സർവയിലൻസ് സിസ്റ്റം-600.00 ലക്ഷം രൂപ- റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പ് ചേർത്തല-മണ്ണുത്തി, മണ്ണുത്തി -മഞ്ചേശ്വരം എന്നീ മേഖലകളെയും, കൊല്ലം, എറണാകുളം, കോട്ടയം കണ്ണൂർ, തിരുവനന്തപുരം തുടങ്ങിയ അഞ്ച് ജില്ലകളെയും ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്.എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ട്രാഫിക് ലംഘനങ്ങൾ കണ്ടെത്താൻ ക്യാമറകൾ സ്ഥാപിക്കുന്നതിനും പ്രോജക്ട് നടത്തിപ്പിനായി സി-ഡാക്കിനെ (C-DAC) കൺസൾട്ടന്റായി നിയമിച്ചു. നാറ്റ്പാക്/പിഡബ്ല്യുഡി കണ്ടെത്തിയ ബ്ലാക്ക് സ്പോട്ട് മേഖലകൾക്ക് അനുസൃതമായി 30 റഡാറുകൾ / ക്യാമറകളും അനുബന്ധ കൺട്രോൾ റൂം സൗകര്യങ്ങളും സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.ബിൽറ്റ് ഇൻ എഎംസി വ്യവസ്ഥ പ്രകാരം ആന്വിറ്റി മോഡിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ മോട്ടോർ വാഹന വകുപ്പ് പരിശോധിച്ച് വരുന്നു.
- **ജിപിഎസ് അടിസ്ഥാനമാക്കിയുള്ള വാഹന ട്രാക്കിംഗ് സംവിധാനം – 100.00 ലക്ഷം രൂപ**- 2019 ജനുവരി 1 ന് ശേഷം രജിസ്റ്റർ ചെയ്ത വാഹനങ്ങൾ സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾസ് 1989 ലെ 125 എച്ച് റൂൾസ് വാഹന ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണവും പുതിയ പബ്ലിക് സർവീസ് വാഹനങ്ങൾക്ക് എമർജൻസി ബട്ടണും സ്ഥാപിക്കുന്നത് നിർബന്ധിതമാക്കി.വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണങ്ങൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.പദ്ധതി നടപ്പാക്കുന്നത് പൊതു വാഹനങ്ങളുടെ തത്സമയ നിരീക്ഷണം ഉറപ്പാക്കുകയും അതുവഴി സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യും. മെച്ചപ്പെട്ട സ്ത്രീ സുരക്ഷയ്ക്കായി ട്രാക്കിംഗ് ഉപകരണങ്ങൾ കൂടാതെ പൊതു സേവന വാഹനങ്ങൾക്ക് പാനിക് ബട്ടണുകൾ ആവശ്യമാണ്. ആദ്യ ഘട്ടത്തിൽ, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസുകളിലും പദ്ധതി നടപ്പാക്കുന്നത് പുരോഗമിക്കുന്നു.ഇത് എല്ലാ പൊതു സേവന വാഹനങ്ങളിലും (പിഎസ്‌വികൾ), ഗുഡ്സ് വാഹനങ്ങളിലും നടപ്പാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. പിഎസ്‌വികളിൽ നടപ്പാക്കിയതിനുശേഷം മാത്രമേ അവസാന ഘട്ടം പൂർത്തിയാകൂ.പഴയ വാഹനങ്ങളിൽ ഉപകരണം ഘടിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രതീക്ഷിക്കുന്നു. സോഫ്റ്റ് ആൻഡ് ഹാർഡ് വെയർ നവീകരണത്തിലൂടെ തത്സമയം ഭരണപരമായ ഇടപെടൽ നടത്തുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.
- **തേർഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് (ടിഇപി) – 50.00 ലക്ഷം രൂപ** -പൊതു സഹായത്തോടെ ട്രാഫിക് നിയമലംഘകരെ കണ്ടെത്തി പ്രോസിക്യൂട്ട് ചെയ്യുക.റോഡ് സുരക്ഷാ നിർദ്ദേശങ്ങൾ / ഫീഡ്ബാക്കുകൾ ഉൾക്കൊള്ളുന്ന പ്രത്യേക പബ്ലിക് വെബ് പോർട്ടൽ വഴി തത്സമയം വീഡിയോ ക്ലിപ്പുകൾ, ഇമേജുകൾ എന്നിവ വഴി ട്രാഫിക് നിയമലംഘനങ്ങൾ പിടിച്ചെടുത്ത് എൻഫോഴ്സ്മെന്റ് ടീമിന് അയച്ചുകൊടുത്ത് പൊതുജനങ്ങൾക്ക് വകുപ്പിനെ സഹായിക്കാനാകും.പൊതുജനങ്ങൾക്ക് പരാതി നൽകാൻ ഒരു പ്രത്യേക വാട്ട്സ്ആപ്പ് നമ്പർ നൽകിയിട്ടുണ്ട്. തേർഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്റ്റിന് (ടിഇപി) കീഴിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾക്കായി ഘട്ടം -1 പ്രവർത്തനങ്ങളുടെ സോഫ്റ്റ് വെയർ വികസനം പൂർത്തിയാക്കുക, ഓക്സിലറി ഉപകരണങ്ങളുടെ പരീക്ഷിക്കലും സ്ഥാപിക്കലും, ഉപയോക്തൃ സ്വീകാര്യതയും പുറത്തിറക്കൽ എന്നിവയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തുത്തിയിരിക്കുന്നു.
- **റോഡ് സുരക്ഷാ, ഡാറ്റാ കൺട്രോൾ സെന്ററിന്റെ വികസനം-50.00 ലക്ഷം രൂപ** -റോഡ് ആസ്തികളുടെ കൈകാര്യം ചെയ്യൽ, റോഡപകടങ്ങൾ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ തുടങ്ങിയവ മാനേജ്മെന്റ് ഇൻഫർമേഷൻ സമ്പ്രദായത്തിലൂടെ ബന്ധപ്പെട്ട വകുപ്പുകൾക്കും/ ഏജൻസികൾക്കും ജി.ഐ.എസ് മാപ്പിംഗ് പ്ലാറ്റ്ഫോമിലൂടെ പരിഷ്കരിക്കുന്നതിനും,

ഉപയോഗിക്കുന്നതിനും സാധിക്കും. പ്രസ്തുത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ് ), വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ കേരള ജിയോ പോർട്ടലുമായി ബന്ധിപ്പിക്കുന്ന വിധത്തിലായിരിക്കണം നടപ്പിലാക്കേണ്ടത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, റിപ്പോർട്ട്, പുറത്തിറക്കൽ, പരിഷ്കാരങ്ങൾ, പ്രോജക്ടിന്റെ പതിപ്പ് അപ്ഡേറ്റ് ചെയ്യുന്നതിനും 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(2) ഇ-ഗവേണൻസ് നടപ്പാക്കൽ**

**(വിഹിതം:346.00 ലക്ഷം രൂപ)**

ഗതാഗത മേഖലയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പുതിയ സംരംഭങ്ങൾക്ക് അനുസൃതമായി മോട്ടോർ വാഹന വകുപ്പിൽ ഒരു പൂർണ്ണ പ്രൊഫഷണൽ ടീമിനെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതിക മികവ് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രൊഫഷണൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാമാണിത്. പരിശീലന ആവശ്യം കണ്ടെത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പരിശീലന പരിപാടിയാണ് ഉദ്ദേശിക്കുന്നത്. മോട്ടോർ വാഹന നിയമങ്ങളും, റോഡ് സുരക്ഷാ പ്രവർത്തനങ്ങളും ഫലപ്രദമായ രീതിയിൽ പരിചയപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പരിശീലനം ഐ.എച്ച്.ആർ.ഡി./ഐ.ഡി.ടി.ആർ, ഐ.എം.ജി, സി.ആർ.ആർ.ഐ, നാറ്റ്പാക് എന്നിവ മുഖേന നൽകുന്നതിനും ഉദ്ദേശിക്കുന്നു.

**വയർലെസ് കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക്**

അടുത്തിടെയുണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും വയർലെസ് ഉപകരണങ്ങളുടെ അഭാവം മൂലം മോട്ടോർ വാഹന വകുപ്പിന് ആശയവിനിമയത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വയർലെസ് കമ്മ്യൂണിക്കേഷനും അനുബന്ധ നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ച്ചറും സ്ഥാപിക്കാൻ വകുപ്പ് വിഭാവനം ചെയ്യുന്നു. നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ ഒരു സാങ്കേതിക സമിതി രൂപീകരിച്ച് പൈലറ്റ് ഡിസ്ട്രിക്ട് ആയി എറണാകുളം ജില്ലയെ തെരഞ്ഞെടുത്തു.ടെൻഡർ രേഖകൾ സാങ്കേതിക സമിതി വിലയിരുത്തുകയും, ഈ വർഷം തന്നെ അത് നടപ്പാക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

പദ്ധതിയുടെ ആദ്യ ഘട്ട നടത്തിപ്പിന് 2021-22 ബജറ്റിൽ 346.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(3) വെഹിക്കിൾ കം ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷനുകൾ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

മാതൃകാ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ, ടെസ്റ്റിംഗിലുള്ള ഏകീകരണവും സുതാര്യതയും ഉറപ്പ വരുത്തുന്നു.വാഹനങ്ങളുടെ മെക്കാനിക്കൽ ഫിറ്റ്നസ് ഉറപ്പാക്കൽ, ഡ്രൈവർമാർക്ക് ക്രിയാത്മക തീരുമാനങ്ങൾ എടുക്കാൻ കഴിവുണ്ടാക്കൽ, അപകടങ്ങൾ കുറയ്ക്കൽ, വകുപ്പിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തൽ, ഡ്രൈവർ ടെസ്റ്റിംഗ് ലൈസൻസുകൾ നൽകുന്നതിൽ സുതാര്യത ഉറപ്പ് വരുത്തൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. റോഡ് സുരക്ഷാ സംബന്ധിച്ച സുപ്രീംകോടതി കമ്മറ്റി നിർദ്ദേശങ്ങൾ കേന്ദ്രമോട്ടോർ വാഹന ചട്ടത്തിൽ വന്ന ഭേദഗതികൾ പ്രകാരം, പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടത് ആവശ്യമാണ്. നിലവിലുള്ള ടെസ്റ്റിങ്ങ് സ്റ്റേഷനുകളുടെ നവീകരണത്തിനും പ്രസ്തുത വിഹിതം ഉപയോഗിക്കാവുന്നതാണ്. പിപിപി മോഡിൽ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ കം ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷൻസ് സജ്ജീകരിക്കുന്നതിനും, നിലവിലുള്ള ടെസ്റ്റിംഗ് സ്റ്റേഷൻ നവീകരിക്കുന്നതിനും, ഇതിൽ 250 ലക്ഷം രൂപ അന്താരാഷ്ട്ര ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും ഡ്രൈവർ കോച്ചിംഗ് സെന്ററും സ്ഥാപിക്കുന്നതിനും പ്രത്യേകം വകയിരുത്തിയിരിക്കുന്നു.

2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(4) ചെക്ക് പോസ്റ്റുകളുടെ നവീകരണം**

**(വിഹിതം :800.00 ലക്ഷം രൂപ)**

സംസ്ഥാന അതിർത്തിയിൽ ടാക്സ് വരുമാനം നഷ്ടപ്പെടുന്നത് തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ചരക്ക് വാഹനങ്ങളുടെ അമിതഭാരം റോഡപകടങ്ങൾക്കും റോഡ് ഉപരിതലത്തിന് കേടുപാടുകൾ സംഭവിക്കുവാനും ഇടവരുത്തുന്നു. ബജറ്റ് വിഹിതം മറ്റ് വകുപ്പുകളുമായി സഹകരിച്ച് ഭൂമി വാങ്ങി ചെക്ക് പോസ്റ്റുകളുടെ സംയുക്ത നവീകരണം ലക്ഷ്യമിടുന്നു.ഉപയോക്തൃ ആവശ്യകത, സവിശേഷതകൾ (യുആർഎസ് ), വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ, ഇ-ചെക്ക് പോസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കൽ

നിരീക്ഷിക്കൽ, കണ്ടെയ്നർ മൊഡ്യൂൾ തരം ചെക്ക് പോസ്റ്റുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക ഉപദേഷ്ടാവായി വകുപ്പ് SeMTനെച്ചുമതലപ്പെടുത്തി.പദ്ധതി നിർദ്ദേശത്തിന്റെ വിലയിരുത്തലിനും അന്തിമ രൂപീകരണത്തിനുമായി എസ്‌സിആർബി, എൻഐസി, കെഎസ്ഐടിഎം, SeMT, നാറ്റ്പാക് എന്നിവയിൽ നിന്നുള്ള അംഗങ്ങളുള്ള ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചു.

അടിസ്ഥാന സകര്യ വികസനത്തിനും മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും 2021-22 ബജറ്റിൽ 800.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**(5) മാതൃകാ പരിശോധന സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കൽ**

**(വിഹിതം :1.00 ലക്ഷം രൂപ)**

ഭാരത സർക്കാർ അംഗീകരിച്ച മാതൃക പരിശോധന സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാവുന്ന പദ്ധതിക്കാവശ്യമായ സംസ്ഥാന വിഹിതവും ഇതിൽ നിന്നും കണ്ടെത്താം.

2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**(6) മോട്ടോർ വാഹന വകുപ്പ് പുതിയ സബ് ഓഫീസുകൾ**

**(വിഹിതം :230.00 ലക്ഷം രൂപ)**

മുൻ വർഷം അനുവദിച്ച പുതിയ സബ് ഓഫീസുകൾ സ്ഥാപിക്കുന്നതിനായി ആരംഭിച്ച ജോലികൾ പൂർത്തീകരിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

നിലവിൽ മോട്ടാർ വാഹന വകുപ്പിന് സബ് ഓഫീസുകൾ ഇല്ലാത്ത കൊണ്ടോട്ടി (മലപ്പുറം), രാമനാട്ടുകര (ഫറോക്ക്), പയ്യന്നൂർ (കണ്ണൂർ), ചടയമംഗലം (കൊല്ലം), പത്തനാപുരം (കൊല്ലം), കോന്നി (പത്തനംതിട്ട), വർക്കല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ ഉപ റീജിയണൽ ഓഫീസുകൾ തുറക്കാൻ വകുപ്പ് അനുമതി നൽകി. 7 സ്ഥലങ്ങളിൽ കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വർക്കല (തിരുവനന്തപുരം), കോന്നി (പത്തനംതിട്ട) എന്നിവിടങ്ങളിലെ സബ് ഓഫീസുകൾ കമ്മീഷൻ ചെയ്തു. കൊണ്ടോട്ടി, രാമനാട്ടുകര (ഫറോക്ക്), പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം എന്നിവിടങ്ങളിലെ സബ് ഓഫീസുകളുടെ ഇന്റീരിയർ ഫർണിഷിംഗ് ജോലികൾ നടക്കുന്നു. 7 സ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിനും അനുബന്ധ ചെലവുകൾ നിറവേറ്റുന്നതിനുമാണ് തുക അനുവദിച്ചിരിക്കുന്നത്.

2021-22 ബജറ്റിൽ 230.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**(7) വൈദ്യുത ഗതാഗത പ്രചാരണ ഫണ്ട്**

**(വിഹിതം :1200.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഗതാഗത സംവിധാനം ഫോസിൽ ഇന്ധനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഫോസിൽ ഇന്ധനങ്ങളുടെ വ്യാപക ഉപയോഗം പരിസ്ഥിതി മലിനീകരണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കുന്നത് ഊർജ്ജത്തിന്റെ ബദൽ മാർഗങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചു. സംസ്ഥാനത്തിന്റെ വികസന ലക്ഷ്യം കണക്കാക്കുമ്പോൾ വൈദ്യുത വാഹനങ്ങളിലേക്കുള്ള ചുവടുമാറ്റം സ്വാഭാവികമാണ്. പല പരിഷ്ക്കാര നടപടികളിലൂടെയും കണ്ടുപിടുത്തങ്ങളിലൂടെയും മുൻപന്തിയിൽ എത്തിയ കേരളം, സംസ്ഥാനത്തിന്റെ വൈദ്യുത ഗതാഗത നയത്തിനും തുടക്കമിട്ടുകയുണ്ടായി.വൈദ്യുത വാഹനങ്ങൾ അഥവാ വൈദ്യുത ഗതാഗതം ഇതിന്റെ അടുത്ത ചുവടുവയ്പ്പാണ്.സംസ്ഥാനത്തിന്റെകരട് വൈദ്യുത ഗതാഗത നയം സർക്കാർ അംഗീകരിച്ചു (സർക്കാർഉത്തരവ് (എംഎസ്) 58/2018/ഗതാഗതം തിയ്യതി 29.9.2018).

ആകർഷകമായ ഇൻസെന്റീവുകൾ,ഫോസിൽ ഇന്ധന വാഹനങ്ങൾക്ക് പകരം സംവിധാനത്തിനായി സബ്സിഡികൾ, വൈദ്യുത വാഹനങ്ങൾ കരസ്ഥമാക്കൽ, ചാർജ്ജിങ്ങിന് അടിസ്ഥാന സൗകര്യങ്ങൾ, റിട്രോ ഫിറ്റ്മെന്റ്, പ്രോത്സാഹന നടപടികളായ ഷെയേർഡ് മൊബിലിറ്റി, അനുബന്ധ ഗതാഗത സംവിധാനം എന്നിവയ്ക്ക് പുറമെ മറ്റ് നവീന പരിപാടികളും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

തുടക്കത്തിൽ പ്രധാന ജില്ലകളിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ 10000 വൈദ്യുത ഓട്ടോറിക്ഷകൾ ഓരോ ഓട്ടോയ്ക്കും പരമാവധി 25,000/-രൂപ മുതൽ 30,000/- രൂപ വരെ ഇൻസെന്റിവോടുകൂടി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ സംസ്ഥാനത്തെ എസ്എൽബിസി/വായ്പ്പാ പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുറത്തിറക്കാൻ ആലോചിക്കുന്നു.ഇതിന്റെ 50% ഗുണഭോക്താക്കൾ സ്ത്രീകളാണ് എന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ 150.00 ലക്ഷം രൂപ മുടക്കി 2021-22 ൽ സംസ്ഥാനത്ത് ഹൈഡ്രജൻ ഇന്ധന വാഹനങ്ങൾ പൈലറ്റ് ചെയ്യാൻ ഗതാഗത വകുപ്പ് വിഭാവനം ചെയ്യുന്നു.പൊതുജനങ്ങൾക്കിടയിൽ ഇലക്ട്രിക് വാഹനങ്ങളെ ജനപ്രിയമാക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും 2021-22 ബജറ്റിൽ 1200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7.4 ഉൾനാടൻ ജലഗതാഗത വകുപ്പ്**

സംസ്ഥാന ജലഗതാഗത വകുപ്പ്, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികളാണ് സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട വികസനവും ഗതാഗത പ്രവർത്തനങ്ങളും നടത്തുന്നത്. 2021-22 ബജറ്റിൽ ഉൾനാടൻ ജല ഗതാഗത വികസനത്തിനായി വകയിരിക്കുന്ന വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സംസ്ഥാന ജലഗതാഗത വകുപ്പ് | 2,761.00 |
| 2. | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 867.00 |
| 3. | കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ്നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് | 10,982.00 |
| | **ആകെ** | **14,610.00** |

**7.4.1 സംസ്ഥാന ജല ഗതാഗത വകുപ്പ്**

സംസ്ഥാന ജലഗതാഗത വകുപ്പിന് താഴെ പറയുന്ന പദ്ധതികൾക്കായി 2021-22 ബജറ്റിൽ 2761.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. ഭൂമിയും കെട്ടിടവും ടെർമിനൽ സൗകര്യങ്ങളും**

**(വിഹിതം: 180.00 ലക്ഷം രൂപ)**

എസ്ഡബ്ല്യുടിഡിയുടെ ഭരണം, ഗവേണൻസ്, പ്രവർത്തന ശേഷി എന്നിവ വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം വിവിധ വിഭാഗങ്ങളിലായി ടെർമിനൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് പ്രസ്തുത വിഹിതം വകയിരുത്തുന്നത്. താഴെപ്പറയുന്ന ഘടകങ്ങൾ കൂടാതെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ സ്പിൽ ഓവർ തുക (2020-21) നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

- 2 സ്റ്റേഷൻ ഓഫീസുകൾ / ഡിപ്പാർട്ട്മെന്റ് ബോട്ട് ജെട്ടികൾ നവീകരണം/ നന്നാക്കൽ
- എറണാകുളത്തും ആലപ്പുഴയിലും സ്ത്രീകൾക്കായി വിശ്രമ മുറി
- ബോട്ട്, യാത്രക്കാർക്കുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങിക്കൽ

2021-22 ബജറ്റിൽ 180.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**2.ബോട്ടുകൾ വാങ്ങലും കടത്തു സർവ്വീസുകൾ വിപുലീകരിക്കലും**

**(വിഹിതം: 2200.00 ലക്ഷം രൂപ)**

ജലഗതാഗത മേഖലയിൽ പുതുക്കിയ സുരക്ഷാ നിലവാരം, ഇന്ധനക്ഷമത എന്നിവയുമായി ബന്ധപ്പെട്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. രണ്ട് സോളാർ ബോട്ടുകൾ, ഒരു ഇലക്ട്രിക് റോ റോ, വായു നിറച്ച അഞ്ച് ഡിംഗി ബോട്ട്, അഞ്ച് പുതിയ 30 പാക്സ് ഹൈ സ്പീഡ് ബോട്ട്, ചരക്ക് ഗതാഗതത്തിന് ഒരു ബാർജ്ജ് എന്നിവ ആദ്യ സംരംഭമായും ഉൾപ്പെടുന്നു. ബേപ്പൂർ-ചാലിയം റൂട്ടിലെ കടത്തുവള്ള സേവനത്തെക്കുറിച്ചുള്ള സാധ്യതാ പഠനം, ആലപ്പുഴ മേഖലയിലെ ഇലക്ട്രിക് ബോട്ട് സേവനങ്ങൾ സ്പിൽ ഓവർ പദ്ധതികൾ എന്നിവയ്ക്കും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021-22 ബജറ്റിൽ 2200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3.വർക്ക്ഷോപ്പ് സൗകര്യങ്ങൾ**

**(വിഹിതം: 165.00 ലക്ഷം രൂപ)**

പണിശാലാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ആലപ്പുഴ, അയിട്ടി, തേവര എന്നിവിടങ്ങളിൽ നിലവിലുള്ള മൂന്ന് ഡോക്ക് യാർഡുകളുടെ നവീകരണവും പുനരുദ്ധാരണവും, നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ സ്പിൽ ഓവർ തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021-22 ബജറ്റിൽ 165.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4.പുതിയ എഞ്ചിൻ വാങ്ങലും പഴയ ബോട്ടുകൾ പുതുക്കിപ്പണിയലും**

**(വിഹിതം: 216.00 ലക്ഷം രൂപ)**

തടിവാങ്ങൽ, മറൈൻ എൻജിനുകൾ, സ്റ്റിയറിംഗ് ഗിയർ ബോക്സുകൾ, യന്ത്രങ്ങൾവാങ്ങൽ, സി.എൻ.ജി./എൽ.എൻ.ജി., ഇലക്ട്രിക്കൽ ഫ്യൂവൽ രീതിയിലേക്ക് വകുപ്പുതല ബോട്ടുകൾ മാറ്റാൻ ആവശ്യമായ സാങ്കേതിക ഘടകങ്ങൾ, തടി ബോട്ടുകൾ, എഫ്ആർപി, സ്റ്റീൽ ബോട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ മറ്റ് മെഷിനുകൾ എന്നിവയാണ് പദ്ധതി ഉദ്ദേശിക്കുന്നത്. പതിമൂന്നാം പദ്ധതിക്കാലത്ത് നിലവിലുള്ള ഡീസൽ ബോട്ടുകൾ ഘട്ടംഘട്ടമായി സി.എൻ.ജി/എൽ.എൻ.ജി./ ഇലക്ട്രിക്കൽ രീതിയിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നു. ഓരോ വർഷവും 10 തടി ബോട്ടുകൾ വീതം പുതുക്കി പണിയുന്നതിന്റെ ഭാഗമായി $30M^3$ തടി വാങ്ങുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്. 3 എൻജിനുകൾ, 6 ഗിയർ ബോക്സുകളും സ്പെയറുകളും, വകുപ്പുതല ബോട്ടുകളിൽ 3 ഹൈഡ്രോളിക് പവർ സ്റ്റിയറിംങ്, 5 വെൽഡിംഗ് മെഷീനുകൾ, 2 ഷിയറിംഗ് മെഷീനുകൾ, 3 പെയിന്റിംഗ് മെഷീനുകൾ വാങ്ങുന്നതിനും, സ്പിൽ ഓവർ തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2021-22 ബജറ്റിൽ 216.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7.4.2 കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐഎൻസി)**

ഉൾനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം, ജലാധിഷ്ഠിത ടൂറിസം, വിനോദ പ്രവർത്തനങ്ങൾ എന്നിവയുടെ നടപ്പാക്കലിൽ കേരളത്തിലെ മുൻ നിരയിലുള്ള ഒരു സ്ഥാപനമാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഎൻസി). ഇത് ഉൾനാടൻ ജലപാതകളിൽ യന്ത്രവത്കൃത ചരക്ക് ഗതാഗത പ്രവർത്തനങ്ങൾ നടത്തുന്നു. കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 867.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളായ 300 മെടിക് ടൺ പി ഒ എൽ ബാർജിന്റെ നിർമ്മാണവും, 300 മെടിക് ടൺ ആസിഡ് കാരിയർ ബാർജിന്റെ നിർമ്മാണവും 2020-21ലെ പദ്ധതി വിഹിതം ഉപയോഗിച്ച് പൂർത്തിയാക്കും. ഇതിനായി 2021-22 ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**1. കാർഗോ ബാർജ്ജുകളുടെ നിർമ്മാണം**

**(വിഹിതം 450.00 ലക്ഷം രൂപ)**

കേരളത്തിലെ ഉൾനാടൻ ജലമാർഗ്ഗത്തിലൂടെ വലിയ തോതിൽ ചരക്ക് നീക്കുന്നതിനുള്ള ബാർജ്ജുകളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ഈ പദ്ധതി. കൊച്ചിയിൽ നിന്നും ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് (കെഎംഎംഎൽ) ഫർണസ് ഓയിലും ഹൈഡ്രോക്ലോറിക് ആസിഡും കൊണ്ടു പോകുന്നതിന് രണ്ട് ബാർജ്ജുകളുടെ നിർമ്മാണ പദ്ധതി 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. റോക്ക് ഫോസ്ഫേറ്റ്, സൾഫർ തുടങ്ങിയ ബൾക്ക് വസ്തുക്കളുടെ ആവശ്യകതയിൽ ഇപ്പോൾ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതിനാൽ 450.00 ലക്ഷം രൂപ ചെലവിൽ ബൾക്ക് ബാർജ് നിർമ്മിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനകം തന്നെ 450.00 ലക്ഷം രൂപയ്ക്ക് പദ്ധതി നടപ്പിലാക്കാനായി കേരള സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി വിഹിതം ലഭ്യമായിട്ടില്ല. 2021-22 ബജറ്റിൽ പദ്ധതി പൂർത്തീകരണത്തിനായി 450.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**2 ഫെറി ടെർമിനൽ ജെട്ടിയുടെ നിർമ്മാണം.**

**(വിഹിതം 272.00 ലക്ഷം രൂപ)**

200 പി.എഎക്സ് ക്രൂയിസ് വെസ്സൽ നെഫെർട്ടിറ്റി കെഎസ്ഐഎൻസി കമ്മീഷൻ ചെയ്തു. കപ്പലിന് സുരക്ഷിതമായ ബെർത്തിങ്ങിനും പ്രവർത്തനത്തിനും ഏകദേശം 3 മീറ്റർ ആഴം ആവശ്യമാണ്. കൊച്ചിയിലെ ഫൈൻ ആർട്സ് ഹാളിന് സമീപമുള്ള സ്ഥലം ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കൈവശത്തിലുള്ള ഈ സ്ഥലം പാട്ടത്തിനെടുത്ത് ഫെറി ടെർമിനൽ നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഷിപ്പിംഗ് ചാനലുകളിലേക്കുള്ള പ്രവേശനത്തിന് കൊച്ചി പോർട്ട് ട്രസ്റ്റിൽ നിന്നും അംഗീകാരം ലഭിച്ചു. 24.9.2019 ലെ സ.ഉ (എംഎസ്) നമ്പർ. 7/2019/സിഎസ്ഐഎൻഡി ഉത്തരവ് പ്രകാരം ഫെറി ടെർമിനൽ നിർമ്മാണത്തിന് 740.00 ലക്ഷം രൂപ ചെലവാക്കുന്നതിന് ഭരണാനുമതി സർക്കാർ നല്കിയിട്ടുണ്ട്. ടെർമിനൽ നിർമ്മാണം ക്രൂയിസ് കപ്പലായ നെഫെർട്ടിറ്റി, 1200 മെടിക്ക് ടൺ പി.ഒഎൽ ബാർജ് എന്നിവയുടെ സുരക്ഷിതമായ

ബെർത്തിംഗും പ്രവർത്തനവും സാധ്യമാക്കും. ടെർമിനൽ കെട്ടിടത്തിന്റെ ജെട്ടി/ബെർത്ത്/പ്ലാറ്റ്ഫോം എന്നിവ നിർമ്മിക്കുന്നതിനും 2020-21 ബജറ്റിൽ 468.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2021-22 ബജറ്റിൽ 272.00 ലക്ഷം രൂപ ടെർമിനൽ കെട്ടിടത്തിന്റെ ജെട്ടി/ബെർത്ത്/പ്ലാറ്റ്ഫോം എന്നിവ നിർമ്മിക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

**3. സ്ലിപ്പ് വേയുടെ ആധുനികവത്ക്കരണം**

**(വിഹിതം 145.00 ലക്ഷം രൂപ)**

തോപ്പുംപടിയിലെ സ്ലിപ് വേ, കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നു ദീർഘകാല പാട്ടത്തിനെടുത്ത് കെഎസ്ഐഎൻസി യുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. സ്ലിപ് വേയുടെ ടിൽട്ടിംഗ് ബ്രിഡ്ജ് പുതുക്കി പണിത് നിലവിലുള്ള സൗകര്യങ്ങൾ നവീകരിക്കുന്നതിനായി 2021-22 സാമ്പത്തികവർഷം 145.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7.4.3 തീരദേശ, ഉൾനാടൻ നാവിഗേഷൻ വകുപ്പ് (സിഎസ്ഐഎൻഡി)**

ഊർജ്ജ കാര്യക്ഷമത, പരിസ്ഥിതി സൗഹാർദ്ദം, സുരക്ഷ എന്നിവ കണക്കിലെടുക്കുമ്പോൾ ഉൾനാടൻ ജലഗതാഗതം കാര്യക്ഷമവും ഫലപ്രദവുമായ ഗതാഗത ഉപാധിയാണ്. ദേശീയ ജലപാത 3 നെ ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിന് കേരളം മുൻഗണന നല്കുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ ഫീഡർ കനാലുകൾ എന്നിവ സംസ്ഥാനത്തെ ജലപാതകളിൽ ഉൾപ്പെടുന്നു. ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1687 കിലോമീറ്ററാണ്. വടക്ക് നീലേശ്വരത്തെ തെക്ക് കോവളവുമായി ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിന് (ഡബ്ല്യൂസിസി) മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ കരഭാഗങ്ങൾ ഒഴികെ 590 കിലോമീറ്റർ ദൂരമുണ്ട്. ബാക്കി ഭാഗങ്ങൾ ഫീഡർ കനാലുകളാണ്. കൊല്ലം മുതൽ കോഴിക്കോട് വരെ ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും (ഐഡബ്ല്യൂഐഐ) ബാക്കിയുള്ളവ സംസ്ഥാന ജലപാതയുടെയും കീഴിലാണ്. സംസ്ഥാനത്തെ ജലപാത സംവിധാനം മൂന്ന് ഘട്ടങ്ങളിലായി വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഘട്ടം 1- ലഭ്യമായ ഭൂമിയിൽ ഡബ്ല്യൂസിസി സാധ്യമായ വീതിയിൽ വികസിപ്പിക്കാൻ കഴിയുന്നവ 2020ൽ പൂർത്തിയാക്കും

ഘട്ടം2- കുടിയേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുത്ത് കനാൽ വീതി കൂട്ടൽ എന്നിവ 2020-22ൽ പൂർത്തിയാക്കും.

ഘട്ടം3- കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാലിനെ നീട്ടുക, ഫീഡർ കനാലുകളുടെ വികസനം, ചരക്ക് ഗതാഗതം, ടൂറിസം സൗകര്യങ്ങൾ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ 2022-25 കാലയളവിൽ സജ്ജീകരിക്കും. മുഴുവൻ സമയ ഗതാഗതം സാധ്യമാക്കുന്നതിന് സ്മാർട്ട് ജലപാതകൾക്കായി നാവിഗേഷൻ സഹായങ്ങളും സിഗ്നലുകളും സ്ഥാപിക്കും.

**1. ഉൾനാടൻ കനാൽ പദ്ധതി (സംസ്ഥാന മേഖല)**

**(വിഹിതം 7281.00 ലക്ഷം രൂപ)**

കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ (നിയുക്ത ദേശീയ ജലപാതകൾ ഒഴികെ) വികസനവും അനുബന്ധ അടിസ്ഥാനസൗകര്യങ്ങളും സംസ്ഥാന പദ്ധതി വിഹിതവും നബാർഡ് സഹായവും ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് സിഎസ്ഐഎൻ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ സംസ്ഥാന ജലപാത ഭാഗങ്ങളായ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയുമുള്ളവയുടെ വികസനത്തിനായി കിഫ്ബി സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ക്വിൽ എന്ന പ്രത്യേക ഉദ്ദേശയാനം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ, പാലങ്ങൾ, നാവിഗേഷൻ ലോക്കുകൾ, കാൽനട മേൽപാലങ്ങൾ തുടങ്ങിയവയുടെ പുനർനിർമ്മാണം, ബോട്ട് ജെട്ടികളുടെയും ടെർമിനലുകളുടെയും നിർമ്മാണം, ഫീഡർ ലിങ്ക് കനാലുകൾ എന്നിവയുടെ വികസനം, നാവിഗേഷൻ സംവിധാനങ്ങൾ ഒരുക്കൽ തുടങ്ങിയവയും അവയുടെ അറ്റകുറ്റപ്പണികളും സിഐഐഎൻഡി ഏറ്റെടുക്കുകയും അവ നടപ്പിലാക്കുന്നതിൽ ജലസേചന വകുപ്പിന്റെ ഉൾനാടൻ നാവിഗേഷൻ വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. വികസന പരിപാടി ഘട്ടം ഘട്ടമായി സംഘടിപ്പിക്കുന്നു. 2020 ൽ അവസാനിക്കുന്ന ആദ്യ ഘട്ടത്തിൽ നിലവിലുള്ള വീതിയിൽ കനാലുകൾ സഞ്ചാരയോഗ്യമാക്കണം. ആദ്യ ഘട്ടത്തിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കുന്നതിനായി വികസന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. വലിയ ജലയാനങ്ങൾക്ക് സഞ്ചരിക്കുന്നതിന് തിരശ്ചീനവും ലംബവുമായുള്ള തടസ്സങ്ങളില്ലാത്ത രീതിയിൽ റോഡ് മേൽ പാലങ്ങൾ, കാൽനട മേൽപാലങ്ങൾ, റെയിൽവെ മേൽപാലങ്ങൾ, കനാൽ ക്രോസിംഗുകൾ എന്നിവ പോലുള്ള ക്രോസ് സ്ട്രക്ച്ചറുകൾ മാറ്റിസ്ഥാപിക്കൽ.
2. വികസന പ്രവർത്തനങ്ങൾ പൂർത്തിയായ സ്ഥലങ്ങളിൽ ടെർനിനലുകളുടെയും ജെട്ടികളുടെയും നിർമ്മാണം നടത്തിയും നിലവിൽ പ്രവർത്തനക്ഷമമായ ജെട്ടികൾ/ടെർമിനലുകൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തിയും യാത്രക്കാരുടെയും ചരക്കുകളുടെയും ഗതാഗതം സുഗമമാക്കുക.
3. വെസ്റ്റ് കോസ്റ്റ് കനാലുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ വികസിപ്പിക്കുന്നതിലൂടെ കൂടുതൽ ചരക്ക് ഗതാഗതം ആകർഷിക്കുകയും വാണിജ്യ വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

താഴെപ്പറയുന്ന പ്രവർത്തികൾക്കായി തുക 2021-22 ൽ ബജറ്റിൽ മാറ്റി വച്ചിരിക്കുന്നു

എ) മുൻപ് നടത്തിയ വികസന / നവീകരണ ജോലികളുടെ സ്പിൽ ഓവർ പേയ്മെന്റ് നൽകുന്നതിനും ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളുടെ മൂലധന പരിപാലനം / വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

i) കോവളം-കൊല്ലം സ്ട്രെച്ച് (ചെയ്നേജ് 0.00 കിലോമീറ്റിർ മുതൽ 74.14 കിലോമീറ്റർ വരെ)
ii) കോഴിക്കോട്-വടകര റീച്ച് (ചെയ്നേജ് 402.18 കിലോമീറ്റർ മുതൽ 450.08 കിലോമീറ്റർ വരെ)
iii) വടകര-മാഹി റീച്ച് (ചെയ്നേജ് 450.08 കിലോമീറ്റർ മുതൽ 467.69 കിലോമീറ്റർ വരെ) (കരഭാഗം).

കനാൽ ശക്തിപ്പെടുത്തലും ആഴം കൂട്ടുന്നതിനുമായുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുന്നു

ബി) വടകര-മാഹി റീച്ചിന്റെ മൂന്നാം ഭാഗത്തെ പറമ്പിൽ പ്രദേശത്ത് പാർശ്വ ഭിത്തി ബലപ്പെടുത്തൽ (850 മീറ്റർ) പോലുള്ള പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

സി) ക്രോസ്-സ്ട്രക്ച്ചറുകളുടെ നിർമ്മാണം.

കണ്ടെത്തിയ 240 ഓളം സ്ഥലങ്ങളിൽ റോഡ് മേൽപാലങ്ങലൾ, കാൽനട മേൽപാലങ്ങൾ റെയിൽവെ മേൽപാലങ്ങൾ, കനാൽ ക്രോസിംഗുകൾ എന്നിവ ആവശ്യമായ നീളത്തിലും പൊക്കത്തിലും പുനർനിർമ്മിക്കുക. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായാണ് 2021-22 സാമ്പത്തിക വർഷത്തിൽ തുക നീക്കിവച്ചിരിക്കുന്നത്

- കാസർഗോഡ് ജില്ലയിലെ നമ്പ്യാർക്കൽ ലോക്ക്
- കാസർഗോഡ് ജില്ലയിൽ 45 മീറ്റർ വിസ്തീർണ്ണമുള്ള കൂട്ടക്കടവ് കാൽ നടപാലത്തിന്റെ പുനർനിർമ്മാണം
- തിരിച്ചറിഞ്ഞ സ്ട്രെച്ചുകളിലെ മറ്റ് സ്ട്രക്ചറുകൾ

ഡി) ജെട്ടി, കാർഗോ ടെർമിനലുകൾ എന്നിവയുടെ നിർമ്മാണവും നവീകരണവും

വികസന പ്രവർത്തനങ്ങൾ പൂർത്തിയായ സ്ഥലങ്ങളിൽ ടെർമിനലുകളുടെയും ജെട്ടികളുടെയും നിർമ്മാണവും പ്രവർത്തനക്ഷമമായ ജെട്ടികൾ/ടെർമിനലുകൾ എന്നിവയുടെ നവീകരണം എന്നിവ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. എസ്ഡബ്ലൂടിഡി, കെഎസ്ഐഎൻസി, ടൂറിസം വകുപ്പ് എന്നിവയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തണം. 2021-22 ൽ തിരുവനന്തപുരത്തെ ആക്കുളം, കോവളം, വള്ളക്കടവ് എന്നിവിടങ്ങളിൽ വിനോദ സഞ്ചാര ആവശ്യങ്ങൾക്കായി 3 പാസഞ്ചർ ജെട്ടികൾ നിർമ്മിക്കാനും മുൻഗണനാടിസ്ഥാനത്തിൽ നിലവിലുള്ള ജെട്ടികൾ പുതുക്കിപ്പണിയാനും ഉദ്ദേശിക്കുന്നു.

ഇ) വെസ്റ്റ് കോസ്റ്റ് കനാലിന്റെ മുഴുവൻ ഭാഗത്തും നാവിഗേഷൻ സംവിധാനങ്ങൾ നൽകേണ്ടതുണ്ട്. 2021-22ൽ കണ്ണൂർ-കോട്ടപ്പുറം റീച്ചിലെ കൊറ്റി-വളപട്ടണം ഭാഗത്ത് (കായൽ) നാവിഗേഷൻ സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു.

എഫ് ) വെസ്റ്റ് കോസ്റ്റ് കനാലിന്റെ വിവിധ പ്രദേശങ്ങളിൽ അധിക ഭൂമി ഏറ്റെടുക്കൽ

ഉൾനാടൻ ജലമാർഗ്ഗങ്ങളിൽ നിർദ്ദിഷ്ട വീതി ഉറപ്പാക്കാൻ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമാണ്.

ജി) ഫീഡർ കനാലുകളുടെ/ലിങ്ക് കനാലുകളുടെ വികസനം

ഫീഡർ കനാലുകളുടെ വിവിധ സ്ഥലങ്ങളിൽ കഴിഞ്ഞ വർഷം ഏറ്റെടുത്ത ജോലികൾക്കുള്ള സ്പിൽ ഓവർ പേയ്മെന്റും കനാലിലെ അടിസ്ഥാന സൗകര്യ പരിപാലന പ്രവർത്തനങ്ങൾക്കുമായി 2021-22 ബജറ്റിൽ തുക നീക്കിവച്ചിരിക്കുന്നു.

മേൽപറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി ആകെ 7,281.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**2. ഉൾനാടൻ ഷിപ്പിംഗ് പ്രമോഷൻ ഫണ്ട്**

**(വിഹിതം 1.00 ലക്ഷം രൂപ)**

വലിയ തോതിലുള്ള ചരക്ക് ഗതാഗതത്തിനായി ഉൾനാടൻ ജലപാതകൾ ഉപയോഗിക്കുന്നതിന് ജലയാനങ്ങളെ ആകർഷിക്കാൻ പ്രോത്സാഹനങ്ങൾ നൽകാൻ ഈ പദ്ധതി ഉദ്ദേശിക്കുന്നു. ചരക്ക് നീക്കത്തിനായി ജലപാതകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിലൂടെ റോഡ് മുഖാന്തിരമുള്ള ചരക്കുനീക്കത്തിന്റെ സമ്മർദ്ദം കുറയ്ക്കാൻ സഹായകമാകും. പദ്ധതിയുടെ ഘടകങ്ങൾ 1.ഉൾനാടൻ ജലയാനങ്ങൾ നിർമ്മിക്കുന്നതിനുള്ള മൂലധന സബ്സിഡി/പ്രോത്സാഹനങ്ങൾ, 2. പുതിയ സംരംഭങ്ങൾക്കായി ഉൾനാടൻ ഷിപ്പിംഗ് പ്രമോഷനുള്ള കോർപ്പസ് ഫണ്ടിന്റെ രൂപീകരണം, 3.ഉൾനാടൻ ജലയാനങ്ങളുടെ ചാർട്ടറിംഗ്, അതിവേഗ ജലയാനങ്ങൾ/ പരിശോധനാ ബോട്ടുകൾ കെ.ഐ.വി നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 4. സംസ്ഥാനത്തിന്റെ ഇൾനാടൻ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് പ്രവർത്തനങ്ങൾ. ഈ പദ്ധതിക്കായി 2021-22 വർഷത്തിൽ 1.00 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയിരിക്കുന്നു.

**3. ഐഡബ്ല്യുറ്റി സ്കീമുകൾക്കായുള്ള പര്യവേഷണം**

**(വിഹിതം 200.00 ലക്ഷം രൂപ)**

ഇൻലാൻഡ് വാട്ടർ അതോറിട്ടി ഓഫ് ഇന്ത്യ, സംസ്ഥാന ജല ഗതാഗത വകുപ്പ്, കെഎസ്ഐഎൻസി, ടൂറിസം വകുപ്പ്, മറ്റ് സാധ്യതയുള്ള പങ്കാളികൾ എന്നിവരുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന ജലപാതയ്ക്കായി സമഗ്രമായ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉൾനാടൻ ജലഗതാഗത മേഖലയ്ക്കായി ഒരു സംയോജിത ബിസിനസ്സ് മാതൃക സൃഷ്ടിക്കുന്നതിന് ഹൈഡ്രോഗ്രാഫിക് സർവ്വേകളും ആവശ്യമാണ്. പശ്ചിമ തീര കനാലുമായി ബന്ധിപ്പിക്കുന്ന ഫീഡർ/ലിങ്ക് കനാലുകളുടെ വികസനവും പ്രധാന കേന്ദ്രങ്ങളായ വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയും തിരിച്ചറിയേണ്ടതാണ്. സർവ്വേ സാധ്യതാ പഠനം, ആസൂത്രണം, രൂപകൽപ്പന, ജലപാതകളിൽ ഫലപ്രദവും കാര്യക്ഷമവുമായ ഗതാഗത സംവിധാനം ഒരുക്കുന്നതിന് ഡിപിആർ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ദേശീയ ജലപാതയിലെ ക്രോസ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം. (നബാർഡിന്റെ സഹായം)**

**(വിഹിതം 3500.00 ലക്ഷം രൂപ)**

2021-22 ബജറ്റിൽ 3500.00 ലക്ഷം രൂപ നബാർഡിന്റെ ധനസഹായമായി ചുവടെ ചേർക്കുന്ന പദ്ധതി ഘടകങ്ങൾ നടപ്പാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

എ) തീണ്ടാപ്പടി റോഡുപാലം
ബി) വെട്ടം കാൽനടപ്പാലം
സി) വെട്ടം-ചിറ്റെപ്പുറത്ത കാൽനടപാലം
ഡി) സലഫി നഗർ കാൽനടപാലം
ഇ) മഞ്ഞളാംപ്പടി കാൽനടപ്പാലം
എഫ് ) പുതിയകടപ്പുറം-കാലാട് കാൽനടപ്പാലം
ജി) പുതിയകടപ്പുറം കാൽനടപ്പാലം
എച്ച് ) അഞ്ചുഡി കാൽനടപ്പാലം

**7.5 മറ്റ് ഗതാഗത സർവ്വീസുകൾ**

2021-22 കാലയളവിൽ നടപ്പാക്കുന്നതിന് മറ്റ് ഗതാഗത സേവന മേഖലയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

**1. തിരുവനന്തപുരം അന്തരാഷ്ട്ര വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ**

**(വിഹിതം :1.00 ലക്ഷം രൂപ)**

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ പ്രവർത്തനങ്ങൾ, പുതുതായി രൂപീകരിച്ച ടിയാൽ കമ്പനിക്ക് സർക്കാർ ഇക്വിറ്റി ഉൾപ്പെടെ ദീർഘകാല വികസനവുമായി ബന്ധപ്പെട്ടതാണ് ഈ പദ്ധതി. 15.12.2018 തീയതിയിൽ ജിഒ (എംഎസ്) നമ്പർ 72/2018 / ട്രാൻസ് പ്രകാരം, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (ടിയാൽ) പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്ത് ഒരു എസ്പിവി രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. കെഎസ്ഐഡിസി എംഡി ഒരു എസ്പിവി കമ്പനി എന്ന നിലയിൽ ഇതിനെ രജിസ്റ്റർ ചെയ്യുന്നതിന്, ആവശ്യമായ നടപടികൾ സ്വീകരിക്കും.

നിർദ്ധിഷ്ട പ്രവർത്തങ്ങൾ താഴെ പറയുന്നവയാണ് :

- തിരുവനന്തപുരം വിമാനത്താവളത്തിന്റെ ദീർഘകാല വികസനത്തിനായി പേട്ട വില്ലേജിൽ 18 ഏക്കർ ഭൂമി ഏറ്റെടുക്കൽ.
- ടിയാലിന്റെ ഇക്വിറ്റി വിഹിതം.
  2021-22 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 രൂപ വകയിരുത്തിയിരിക്കുന്നു.

**2. കോഴിക്കോട് വിമാനത്തവളത്തിന് ഭൂമി ഏറ്റെടുക്കൽ**

**(വിഹിതം :1.00 ലക്ഷം രൂപ)**

കോഴിക്കോട് വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട് റൺവെ ദീർഘിപ്പിക്കൽ, ടെർമിനൽ വികസനം എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 24.10.2016 ലെ ജി.ഒ (എം.എസ്) നം.66/10/2016 ട്രാൻസ് പ്രകാരം 137 ഏക്കർ ഭൂമി ടെർമിനൽ വികസനത്തിനും, 248.3 ഏക്കർ ഭൂമി റൺവെ വികസനത്തിനും 100 ഏക്കർ ഭൂമി പുനരധിവാസത്തിനും (ആകെ 485.3 ഏക്കർ) ഏറ്റെടുക്കുന്നതിന് ജില്ല കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2021-22 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം (എം.ഐ.ഡി.പി.)**

**(വിഹിതം : 1.00 ലക്ഷം രൂപ)**

കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയാണിത്. പ്രവർത്തന നഷ്ടം നികത്തൽ പ്രോജക്ടുകളുടെ സ്പിൽ ഓവർ, റൺവേ വികസനം 4000 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ തുക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

2021-22 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് പ്രോജക്ട്"(എം.ഐ.ഡി.പി) എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**4. കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി. പദ്ധതി)**

**(വിഹിതം :1.00 ലക്ഷം രൂപ)**

കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാരിന്റെ ഒരു ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി). ഭാരത സർക്കാരിന്റേയും, കേരള സർക്കാരിന്റേയും സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതി കൊച്ചി മെട്രോ റെയിൽ പദ്ധതി എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളിലൂടെയാണ് നടപ്പിലാക്കുന്നത്. 5181.79 കോടി രൂപ അടങ്കൽ വരുന്ന ഈ പദ്ധതിക്ക് 2012 ജൂലൈയിൽ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി. ഭാരത സർക്കാർ, കേരള സർക്കാർ, കെ.എം.ആർ.എൽ എന്നിവയുമായി ഒപ്പുവച്ച ഒരു ത്രികക്ഷി ഉടമ്പടി പ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡാണ് (ഡിഎംആർസി) ഈ പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഘട്ടം | റീച്ച് | ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ | ദൈർഘ്യം (കി.മീ.) | പദ്ധതി തുക (കോടി രൂപയിൽ) | നിലവിലെ പുരോഗതി |
|---|---|---|---|---|---|
| ഘട്ടം I | ആലുവ -പേട്ട (22 സ്റ്റേഷനുകൾ) | | 25.612 | 5687.79 | |
| | റീച്ച് --I | ആലുവ മുതൽ പാലാരിവട്ടം | 13.4 | (പുതുക്കിയ ചെലവ്) | 19.06.2017ന് കമ്മീഷൻ ചെയ്തു. |

| | | | | | |
|---|---|---|---|---|---|
| | | (11സ്റ്റേഷനുകൾ) | | | |
| | റീച്ച് – II എ | പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് (5 സ്റ്റേഷനുകൾ) | 4.96 | | 3.10.2017 ന് കമ്മീഷൻ ചെയ്തു |
| | റീച്ച് – IIബി | മഹാരാജാസ് മുതൽ തൈക്കൂടം (6 സ്റ്റേഷനുകൾ) | 5.65 | | 03.09.2019 ന് ഉദ്ഘാടനം ചെയ്യുകയും 04.09.2019 ന് വാണിജ്യ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു |
| | റീച്ച് – IIസി | തൈക്കൂടം മുതൽ പേട്ട (1 സ്റ്റേഷനുകൾ) | 1.29 | | പൂർത്തിയാക്കി പ്രവർത്തനത്തിന് തയ്യാറാണ് |
| ഘട്ടം I (എ) | | പേട്ട –എസ്.എൻ ജംഗ്ഷൻ (ദീർഘിപ്പിക്കൽ) | 1.88 | 710.93 (പുതുക്കിയ ചെലവ്) | 2021–22 അവസാനത്തോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു |
| ഘട്ടം I (ബി ) | | എസ്.എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ | 1.2 | 355.70 | 2021–22 അവസാനത്തോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഘട്ടം II | | ജെഎൽഎൻ സ്റ്റേഡിയം മുതൽ കക്കനാട് ഐടി സിറ്റി | 11.0 | 1957.05 | 2021 ഡിസംബറോടെ പ്രാരംഭ ജോലികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |

റൺവെ വികസനത്തിനുള്ള സംസ്ഥാന വിഹിതം, ഭൂമി ഏറ്റെടുക്കൽ, ഇക്വിറ്റി (കെ.എം.ആർ.എൽ.), മറ്റ് പ്രവൃത്തികൾ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. 2021–22 താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. പേട്ട –എസ്എൻ ജംഗ്ഷൻ – സിവിൽ വർക്ക്സ് (ഘട്ടം I എ)
2. എസ്എൻ ജംഗ്ഷൻ – തൃപ്പൂണിത്തുറ – സിവിൽ വർക്ക്സ് (ഘട്ടം I ബി)
3. രണ്ടാം ഘട്ടം – ജെഎൽഎൻ സ്റ്റേഡിയം – കക്കനാട് ഐടി സിറ്റി
4. പ്രവർത്തനപരമായ നഷ്ടം
5. ഒന്നാം ഘട്ടത്തിനായി കെഎസ്സിബിയുടെയും ഹഡ്കോയുടെയും എഎഫ്ഡി വായ്പയും ഡെറ്റ് സർവീസിംഗും തിരിച്ചടവും.
6. ഒന്നാം ഘട്ടത്തിനായി കാനറ ബാങ്കിനും യൂണിയൻ ബാങ്കിനും പലിശ അടയ്ക്കൽ

പേട്ടയിൽ നിന്ന് തൃപ്പൂണിത്തുറ ടെർമിനലിലേക്ക്, കേരള സർക്കാരിന്റെ ഗ്യാരൻറിയോടെ 485.78 കോടി രൂപ ആന്ധ്ര ബാങ്കിൽ നിന്ന് വായ്പാ സൗകര്യം ലഭിക്കുന്നതിന് കെഎംആർഎല്ലിന് പ്രാഥമിക അനുമതി ലഭിച്ചു. യഥാക്രമം ഘട്ടം I എ & I ബി പ്രോജക്ടുകൾക്ക് യൂണിയൻ ബാങ്കും കാനറ ബാങ്കും 730.00 കോടി രൂപയുടെ വായ്പാ സൗകര്യത്തിന് അനുമതി നൽകി.

2021–22 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുതിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**5. കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം (എം.ഐ.ഡി.പി) (ഇഎപി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

**(ഇഎപി: 10000.00 ലക്ഷം രൂപ)**

കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.ആർ.എൽ), ജർമ്മൻ സാമ്പത്തിക സ്ഥാപനമായ കെ.എഫ്.ഡബ്ല്യു.-ന്റെ സഹായത്തോടെ 682.01 കോടി രൂപ ചെലവിൽ കൊച്ചി ജല മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു. ഇതിൽ 102.30 കോടി രൂപ സംസ്ഥാനം വഹിക്കുന്നു. (സ്ഥലം

ഏറ്റെടുക്കൽ ഇതിൽ ഉൾപ്പെടുന്നില്ല). കൊച്ചി നഗരത്തിലെ 16 റൂട്ടുകളിലായി 38 ജെട്ടികൾ ഉൾപ്പെടുന്ന 76 കി.മീ. ഉൾനാടൻ ജല ഗതാഗത വികസനമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കൊച്ചിയിലെ നിലവിലുള്ള ഗതാഗതത്തെ പുനരുജ്ജീവിപ്പിച്ച് പൊതുഗതാഗതം, കൊച്ചി മെട്രോ, ബസ് ഗതാഗതം, എന്നിവയുടെ സംയോജനം താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ജലമാർഗങ്ങളുടെ വികസനം, ടെർമിനലുകളിലേക്കുള്ള റോഡുകൾ, ബോട്ട് യാർഡുകൾ, അടിയന്തിര സമയ വാഹനങ്ങൾ, ഒരു ഓപ്പറേഷൻ നിയന്ത്രണ കേന്ദ്രം, വാട്ടർ മെട്രോ പ്രോജക്റ്റിന് ആവശ്യമായ വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവ പ്രോജക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഒന്നാം ഘട്ടത്തിൽ 19 ടെർമിനലുകൾ, ഘട്ടം II ൽ ബാക്കി ഉള്ളവയും. ഒന്നാം ഘട്ടം 2021 ജനുവരിയിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2021-22 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്റ്റ്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. കൊച്ചിയിലെ സംയോജിത ജല ഗതാഗതത്തിന്റെ ഇഎപി ഘടകമായി 10000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി (കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്)**

**(വിഹിതം : 50.00 ലക്ഷം രൂപ)**

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി 11.09.2015-ലെ ജി.ഒ (എം.എസ്) നമ്പർ 74/2015/പി.ഡബ്ല്യു.ഡി. പ്രകാരം സർക്കാർ അംഗീകാരം നൽകി. ഇതിന്റെ ആകെ പദ്ധതി ചെലവ് (തിരുവനന്തപുരം & കോഴിക്കോട്) 6,728 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 1,619 കോടി രൂപയും, ഭാരത സർക്കാരിന്റെ വിഹിതം 1,278 കോടി രൂപയും, കടം 3,831 കോടി രൂപയുമാണ്. ഇന്ത്യാ ഗവൺമെന്റ് ഓഗസ്റ്റ് മാസം 2017 ൽ പുറത്തിറക്കിയ മെട്രോ റെയിൽ നയപ്രകാരം, പുതിയ മെട്രോ നിർമ്മിക്കാൻ ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തിന് പ്രസ്തുത നയം പിൻതുടരേണ്ടതുണ്ട്. അതിനാൽ ഭേദഗതി വരുത്തിയ പ്രൊപ്പോസൽ സംസ്ഥാന ഗവൺമെന്റിന്റെ അനുമതി കിട്ടിയതിനു ശേഷം ഭാരത സർക്കാരിന്റെ അംഗീകാരത്തിനും സാമ്പത്തിക സഹായത്തിനുമായി അയയ്ക്കുന്നതുമാണ്. നിലവിൽ പദ്ധതി ചെലവ് യഥാക്രമം കോഴിക്കോട് 2,773 കോടി രൂപയും തിരുവനന്തപുരം ലൈറ്റ് മെട്രോ സിസ്റ്റം 4,673 കോടി രൂപയുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ ഡിപിആർ ചെലവ്, പിഎംസി ചെലവ്, പ്രാരംഭ പ്രവൃത്തികൾ തുടങ്ങിയ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്നു.

**7. ഹെലിപോർട്ടുകൾ സ്ഥാപിക്കൽ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

അടിയന്തിര ഘട്ടങ്ങളിൽ ആളുകളെ ഒഴിപ്പിച്ച് മാറ്റുന്നതിനും, വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കുമായി ഹെലിപാഡുകൾ/ ഹെലിപോർട്ടുകളുടെ വികസനം ആവശ്യമാണ്. സാങ്കേതിക സാമ്പത്തിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സാധ്യതയുള്ള സ്ഥലങ്ങളിൽ ഹെലിപാഡുകൾ/ഹെലിപോർട്ടുകൾ വികസിപ്പിക്കുന്നതിന് 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**8. കേരള റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ.) (എം.ഐ.ഡി.പി.) (കേന്ദ്ര കേരള സർക്കാർ സംയുക്ത സംരംഭം)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

` കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവെ പദ്ധതികൾ കേന്ദ്ര ഗവൺമെന്റും, കേരള ഗവൺമെന്റും സംയുക്തമായി ചെലവ് വഹിക്കുന്ന രീതിയിൽ യോജിച്ച് നടപ്പിലാക്കുന്നതിനായി ഒരു സംയുക്ത സംരംഭം "കേരള റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ" (കെ.ആർ.ഡി.സി.എൽ) രൂപീകരിച്ചിട്ടുണ്ട്. 51 ശതമാനം കേരള സർക്കാർ ഇക്വിറ്റി വിഹിതവും 49 ശതമാനം കേന്ദ്ര വിഹിതവുമായി രജിസ്റ്റർ ചെയ്തിട്ടുള്ള സംയുക്ത സംരംഭത്തിൽ കേരളത്തിൽ വരാനിരിക്കുന്ന താഴെ പറയുന്ന റെയിൽവേ പദ്ധതികൾ കൂടി ഉൾപ്പെടുന്നു.

നടപ്പാക്കുന്ന പ്രധാന പദ്ധതികൾ:

- തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 532 കിലോമീറ്റർ "സിൽവർ ലൈൻ" സെമി ഹൈ സ്പീഡ് റെയിൽ പാതയുടെ നിർമ്മാണം. ഇക്വിറ്റി തുക 500.00 കോടി രൂപ. ഏകദേശ പദ്ധതി ചെലവ് 56,443.00 കോടി രൂപ.
- തലശ്ശേരിയും മൈസൂരും തമ്മിൽ മനന്തവാടി വഴി പുതിയ ബ്രോഡ് ഗേജ് (ബിജി) ലൈനിന്റെ നിർമ്മാണം – ഭൂമി ഏറ്റെടുക്കൽ – 10.00 കോടി രൂപ.
- നിലമ്പൂർ മുതൽ നഞ്ചൻഗോഡ് വരെ പുതിയ ബിജി ലൈനിന്റെ നിർമ്മാണം – 10.00 കോടി രൂപ.
- റോഡ്, റെയിൽ സുരക്ഷയ്ക്കായി റെയിൽ മേൽ/ അടിപ്പാലം നിർമ്മാണം.

2021-22 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം "മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് പ്രോജക്ടുകൾ" (എംഐഡിപി) എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**9. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെഎംടിഎ)**

**(വിഹിതം: 250.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ മെട്രോ റെയിൽ നയത്തിൽ, ഒരു ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യുഎംടിഎ) രൂപീകരിക്കുന്നത് മെട്രോ റെയിൽ പദ്ധതികൾക്ക് ആവശ്യമാണ്. കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വിപുലീകരണം കേന്ദ്രത്തിന്റെ പരിഗണനയിലായതിനാൽ, ഒരു മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കേണ്ടത് കേരള സംസ്ഥാനത്തിന് അത്യാവശ്യമാണ്. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെഎംടിഎ) നിയമം 2018 കേരള സംസ്ഥാന നിയമസഭ 2019 നവംബറിൽ പാസാക്കി. നഗര മൊബിലിറ്റി പ്രദേശങ്ങളിലെ നഗര ഗതാഗതത്തിന്റെ വികസനം, പ്രവർത്തനം, പരിപാലനം, നിരീക്ഷണം, മേൽനോട്ടം എന്നിവയ്ക്ക് ഉത്തരവാദപ്പെട്ട ഒരു ഏകോപന അതോറിറ്റിയാണ് ഇത്.

കെഎംടിഎ നിയമപ്രകാരം, ഉയർന്ന ജനസംഖ്യയും വാഹന സാന്ദ്രതയും ഉള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് പ്രധാന നഗരങ്ങളിൽ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിച്ച് നഗര മൊബിലിറ്റി ഏരിയകളായി പ്രഖ്യാപിക്കും. ഗതാഗത ഏകീകരണം, നിരക്ക് പരിഷ്കരണം, ബസ് ഗതാഗത സംവിധാനത്തിന്റെ നവീകരണം, പുതിയ പാർക്കിംഗ് സ്ഥലങ്ങൾ സ്ഥാപിക്കുക, സിംഗിൾ ടിക്കറ്റിംഗ് സംവിധാനം എന്നിവ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റത്തിലൂടെ ആളുകൾക്ക് ഉപയോഗിക്കാൻ കഴിയും.

അതോറിറ്റിക്കായി അഡ്മിനിസ്ട്രേറ്റീവ്, ഗവേണൻസ് എന്നീ സൗകര്യങ്ങൾ ഒരുക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. 2021-22 ബജറ്റിൽ 250.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**10. ഇടുക്കി, വയനാട്, കാസറഗോഡ് എന്നിവിടങ്ങളിലെ എയർസ്ട്രിപ്പുകൾ**

**(വിഹിതം :451.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടുകളായി പ്രവർത്തിക്കാനും ടൂറിസം പ്രോത്സാഹിപ്പിക്കാനും തൊഴിൽ വർദ്ധിപ്പിക്കാനും പ്രാദേശിക വളർച്ചയെ സന്തുലിതമാക്കാനും സംസ്ഥാന സർക്കാർ ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.റൺവേ (നോൺ ഇൻസ്ട്രുമെന്റ് തരം), എയർ ക്രാഫ്റ്റ് പാർക്കിംഗ് ബേ, പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, കാർ പാർക്ക്, സിറ്റി സൈഡ് സൗകര്യങ്ങൾ, ഭൂമി ഏറ്റെടുക്കൽ ചെലവ് എന്നിവ ഘടകങ്ങളിൽ ഉൾപ്പെടുന്നു.

1. ഇടുക്കി ജില്ല – 200.00 ലക്ഷം രൂപ
2. വയനാട് ജില്ല – 125.00 ലക്ഷം രൂപ
3. കാസർഗോഡ് ജില്ല – 126.00 ലക്ഷം രൂപ

പദ്ധതി ആശയപരമായ ഘട്ടത്തിലാണ്, സാങ്കേതിക സാമ്പത്തിക പഠനത്തെ അടിസ്ഥാനമാക്കി ഇത് ഉറപ്പാക്കേണ്ടതുണ്ട്, കൂടാതെ ഉഡാൻ സ്കീമിന് കീഴിൽ കേന്ദ്ര സർക്കാരിൽ നിന്ന് തുല്യ വിഹിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ, ഡിപിആർ ചെലവുകൾ, ഭൂമി ഏറ്റെടുക്കൽ, വികസനം എന്നിവ ആരംഭിക്കുന്നതിന് 2021-22 ബജറ്റിൽ 451.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**11. ഗ്രീൻഫീൽഡ് വിമാനത്താവളം ശബരിമല**

**(വിഹിതം :200.00 ലക്ഷം രൂപ)**

ഈ പദ്ധതി ആശയപരമായ ഘട്ടത്തിൽ മാത്രമാണ്, സാങ്കേതിക സാമ്പത്തിക, പാരിസ്ഥിതിക ആഘാത പഠനങ്ങളെ അടിസ്ഥാനമാക്കി ഇത് തയ്യാറാക്കണം. നിർമ്മാണ പ്രവൃത്തികൾ, മറ്റ് തയ്യാറെടുപ്പ് ജോലികൾ ആരംഭിക്കുന്നതിനും ഡിപിആർ/സാധ്യതാ പഠനം നടത്തുന്നതിനും 2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**12. മോട്ടോർ ഇതര ഗതാഗതം (എൻഎംടി) (ഇഎപി)**

**(വിഹിതം 1.00 ലക്ഷംരൂപ)**

**(ഇഎപി: 5000.00 ലക്ഷം രൂപ)**

കെഎംആർഎല്ലിന്റെ എൻഎംടി, സോഫ്റ്റ് മൊബിലിറ്റി സംരംഭങ്ങൾ എന്നിവയ്ക്ക് കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മെട്രോ സ്റ്റേഷനുകളിലേക്കുള്ള സുരക്ഷിത കാൽനട നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, ഡോക്കിംഗ് സൗകര്യം എന്നിവ നൽകിക്കൊണ്ട് യാത്രക്കാർക്ക് എളുപ്പത്തിൽ മെട്രോ സ്റ്റേഷനുകളിൽ പ്രവേശിക്കാൻ എൻഎംടി പ്രോഗ്രാമുകൾ വിഭാവനം ചെയ്യുന്നു. മെട്രോയുടെ യാത്രാ നിരക്ക് മെച്ചപ്പെടുകയും തന്മൂലം ഫെയർ ബോക്സ് വരുമാനം മെച്ചപ്പെടുകയും ചെയ്യും. കൂടാതെ എൻഎംടി പ്രവൃത്തികൾക്ക് സ്വാധീനമുള്ള സ്ഥലങ്ങളിൽ പരസ്യങ്ങൾ, പാർക്കിംഗ് ഫീസ് എന്നിവയിലൂടെ അധിക ഇതര ഫെയർ ബോക്സ് വരുമാനം സാധ്യമാക്കും.

ജംഗ്ഷൻ, ഡ്രെയിൻ, ഫുട്പാത്ത് മെച്ചപ്പെടുത്തൽ, മീഡിയൻ ലാൻഡ്സ്കേപ്പ്, എലാസ്റ്റോമെറിക് പെയിന്റിംഗ്, റോഡ് സിഗ്നേജ്, മെട്രോ, റെയിൽ കണക്റ്റിവിറ്റി, നഗര ഇടം നിർമ്മാണം, പ്രധാന റോഡുകൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്/വിതരണം, തെരുവ് ലൈറ്റ് തൂണുകൾ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

പദ്ധതിയുടെ ആകെ ചെലവ് 239 കോടി രൂപയാണ്. ഇതിൽ സർക്കാർ വിഹിതം 36.46 കോടി രൂപയാണ്. ബാക്കി 27 ദശലക്ഷം യൂറോ" (202.54 കോടി രൂപ) ഏജൻസ് ഫ്രാൻകൈസ് ഡി ഡവലപ്മെന്റ് (എഎഫ്ഡി)" സ്ഥാപനം നൽകുന്നതാണ്. ഗവൺമെന്റും എ.എഫ്.ഡിയും തമ്മിലുള്ള ക്രെഡിറ്റ് ഫെസിലിറ്റി കരാർ 2019 ഡിസംബർ 27 ന് ഒപ്പുവച്ചു.

2021-22 ബജറ്റിൽ 5000.00 ലക്ഷം രൂപ ഇഎപി ഘടകമായും, 1.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുള്ള മോട്ടോർ ഇതര ഗതാഗത പദ്ധതി, കെഎംആർഎൽ മുഖേന നടപ്പിലാക്കും.

## 7.6 വിനോദസഞ്ചാരം

വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലൂടെ ഏതൊരു പ്രദേശത്തിനും സന്തുലിതവും സുസ്ഥിരവുമായ അഭിവൃദ്ധി വിനോദസഞ്ചാരം സാധ്യമാക്കുന്നു. 2021 ആകുമ്പോഴേക്കും വിദേശ വിനോദ സഞ്ചാരികളുടെ വരവ് ഇരട്ടിയാക്കാനും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനം വർദ്ധനവുമാണ് കേരള വിനോദസഞ്ചാര നയം 2017 ലക്ഷ്യമിടുന്നത്. പുതിയ ലക്ഷ്യങ്ങൾ, ഉൽപന്നങ്ങൾ, വിപണികൾ, പുതിയ വിനോദസഞ്ചാര സംഘങ്ങൾ എന്നിവ കണ്ടെത്തുക, പുതിയ തന്ത്രങ്ങൾ ഏറ്റെടുത്ത് വിപണി നവീകരിക്കുക, പുതിയ ലക്ഷ്യങ്ങൾ ഉറപ്പാക്കുക എന്നിവയിലൂടെ വിനോദസഞ്ചാര മേഖലയിലെ വെല്ലുവിളികൾ നേരിടുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. കോവിഡ് -19 കാരണം സംസ്ഥാനത്തെ വിനോദ സഞ്ചാര വ്യവസായം വളരെ അധികം നഷ്ടം നേരിട്ടു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ വിനോദ സഞ്ചാര യൂണിറ്റുകൾ പ്രവർത്തന രഹിതവും തൊഴിൽ, വരുമാനം എന്നിവയുടെ അഭാവവും നേരിടുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാലു വർഷങ്ങളിൽ വിനോദസഞ്ചാര മേഖലയിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് 141424.00 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. 2021-22 ബജറ്റിൽ വിനോദ സഞ്ചാര സംരംഭകർ, തൊഴിലാളികൾ എന്നിവരെ ലക്ഷ്യം വച്ചുകൊണ്ട് ഈ മേഖലയിലെ നഷ്ടപ്പെട്ട പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ സംരംഭങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. 2021-22 ബജറ്റിൽ വിനോദസഞ്ചാര മേഖലയിലെ 22 പദ്ധതികൾ നടപ്പിലാക്കുന്നതിന് 32014.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2021-22 ൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളും പദ്ധതി തിരിച്ചുള്ള വിഹിതവും താഴെക്കൊടുത്തിരിക്കുന്നു.

### 1. കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ (കെ.റ്റി.ഡി.സി) ലിമിറ്റഡ്

**(വിഹിതം: 900.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനത്തിനായി വിനോദസഞ്ചാര വ്യവസായത്തിലും ആതിഥ്യത്തിലും കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ സജീവ പങ്കാളിത്തം വഹിക്കുന്നു. ചെലവ് പങ്കിടൽ രീതിയിൽ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നിലവിലുള്ള ഹോട്ടലുകളുടെ നിലവാരം ഉയർത്തുന്നതുൾപ്പെടെയുള്ള നവീകരണ പദ്ധതികൾ 2021-22 പദ്ധതിയിൽ ഉൾപ്പെടുന്നു. 2021-22 ബജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്കും സ്പിൽ ഓവർ ചെലവുകൾക്കും വേണ്ടി പദ്ധതിയുടെ സംസ്ഥാന വിഹിതമായി 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ. | ഘടകങ്ങൾ |
|---|---|
| i. | ഹോട്ടൽ സമുദ്രയുടെ നവീകരണം |
| ii. | ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ടിന്റെ നവീകരണം |
| iii. | ബേക്കലിൽ അധികം കോട്ടേജുകളും സ്വിമ്മിംഗ് പൂളും |
| iv. | ചെന്നൈ, റെയിൻ ഡ്രോപ്പ്സ് നവീകരണം |
| v. | പറശ്ശിനികടവ് ടമറിന്റ് പുതിയ ബ്ലോക്കും നിലവിലുള്ള റൂമുകൾ നവീകരണവും |

### 2. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.റ്റി.ഐ.എൽ)

**(വിഹിതം : 153.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സംയുക്തസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിതമായ ഏജൻസിയാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. പങ്കാളിത്ത മാതൃകകൾ വികസിപ്പിച്ചു കൊണ്ട് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഈ ഏജൻസി പ്രധാന പങ്ക് വഹിക്കുന്നു. വിനോദസഞ്ചാര പ്രോജക്ടുകളുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും വിനോദസഞ്ചാര വകുപ്പിന്റെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുന്നതിനും വേണ്ടി 2021-22 ലെ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ / പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

| ക്രമ നമ്പർ. | ഘടകങ്ങൾ |
|---|---|
| i | വേളി വിനോദസഞ്ചാര പദ്ധതിയുടെ നവീകരണവും വിനോദസഞ്ചാര അടിസ്ഥാന സൗകര്യ വികസനവും |
| ii | നൂതന വിനോദസഞ്ചാര പദ്ധതികളുടെ വികസനവും പ്രോത്സാഹനവും |
| iii | വിനോദസഞ്ചാര പദ്ധതികളിൽ ഫെസിലിറ്റേറ്ററി സേവനങ്ങളും നിക്ഷേപ പ്രോത്സാഹനവും |
| iv | കഠിനംകുളം അഞ്ചുതെങ്ങ് - കായൽ വിനോദസഞ്ചാര ഇടനാഴി, വികസനം - പ്രാദേശിക സംരംഭകരെ ബന്ധിപ്പിക്കുന്ന ഒരു സവിശേഷ വിനോദസഞ്ചാര അനുഭവം |
| v | പ്രോജക്റ്റ് രൂപീകരണം, ഡിപിആർ ചെലവ്, പിഎംസി, സംഭരണ ചെലവ്, നടപ്പാക്കലിനു ശേഷമുള്ള വിലയിരുത്തൽ ചെലവുകൾ |

2021-22 ബജറ്റിൽ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 153.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. ബേക്കൽ റിസോർട്ട്സ് വികസന കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.)

**(വിഹിതം: 250.00 ലക്ഷം രൂപ)**

ബേക്കലിന്റെയും വടക്കൻ ജില്ലകളിലെയും വിനോദ സഞ്ചാര പ്രവർത്തനങ്ങളുടെ വികസനം ഏകോപിപ്പിക്കുന്ന ഏജൻസിയാണ് ബേക്കൽ റിസോർട്ട് വികസന കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി). ഈ പ്രദേശത്തെ വിനോദ സഞ്ചാര വികസനത്തിന് പ്രചോദനം നൽകുക, പ്രദേശ വികസനം, വിനോദ സഞ്ചാര ആകർഷണ കേന്ദ്രങ്ങൾ, വിനോദ സഞ്ചാര സൗകര്യങ്ങൾ

വികസിപ്പിക്കൽ/നവീകരണം, പ്രദേശത്തെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രാദേശിക ഉല്പന്നങ്ങളുടെ വികസനം എന്നിവ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിരിക്കുന്നു. 2021-22 ൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

- കഫെ ഡെ ബേക്കൽ പ്രോജക്ട്
- റെയിൻബോ റിക്രീയേഷണൽ സോൺ /ഫോർട്ട് വാൾ പ്രൊജക്ട്
- അനങ്ങൂർ നൈറ്റ് ഫുഡ് സ്ട്രീറ്റ് പ്രൊജക്ട് & കാസർഗോഡ് നൈറ്റ് ലൈഫ് പ്രോജെക്ട്
- ചന്ദ്രഗിരി റിവർ ടൂറിസം
- ബേക്കൽ റിട്രീറ്റ് സെന്റർ
- മാർക്കറ്റിംഗ് / ബോധവൽക്കരണം
- നിലവിലെ വിനോദ സഞ്ചാര സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

2021-22 ബജറ്റിൽ 250.00 ലക്ഷം രൂപ പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**4. ജില്ലാ വിനോദസഞ്ചാര വികസന സമിതികളും (ഡി.റ്റി.പി.സി. കൾ) ജില്ലാ വിനോദസഞ്ചാര കേന്ദ്ര മാനേജ്മെന്റ് സമിതികളും (ഡി.എം.സി. കൾ)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക ഉല്പന്നങ്ങളുടെ വികസനവും വിപണനവും വിനോദസഞ്ചാര സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തി അംഗീകാരം നൽകൽ, വിനോദസഞ്ചാര അവബോധം സൃഷ്ടിക്കുന്നതിനും ആതിഥേയ സമൂഹത്തിനു മാർഗനിർദ്ദേശം നൽകുന്നതിനും വിനോദ സഞ്ചാര ക്ലബ്ബുകൾ ഏകോപിപ്പിക്കൽ, ഹോംസ്റ്റേ പ്രോൽസാഹിപ്പിക്കൽ, ശുചിത്വ വിനോദ സഞ്ചാര പദ്ധതി നടപ്പാക്കൽ, ബോട്ട് ജെട്ടികൾ, വിനോദ സഞ്ചാരികൾക്കായുള്ള സേവന കേന്ദ്രങ്ങൾ, പണം കൊടുത്തുപയോഗിക്കാവുന്ന ശൗചാലയങ്ങൾ, പാർക്കുകൾ, അറിയപ്പെടാത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം തുടങ്ങിയ പ്രാദേശിക അടിസ്ഥാന സൗകര്യ പദ്ധതികൾ ആരംഭിക്കുക എന്നിവയാണ് ജില്ലാ വിനോദ സഞ്ചാര വികസന സമിതികൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിനോദസഞ്ചാര പ്രവർത്തനങ്ങൾ. വിനോദ സഞ്ചാര കേന്ദ്രങ്ങൾ നിയന്ത്രിക്കുകയും പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതും വിനോദസഞ്ചാര ഡിസ്ട്രിക്റ്റ് മാനേജ്മെന്റ് സമിതികളാണ് (ഡി.എം.സികൾ). മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും മുൻ വർഷങ്ങളിലെ പദ്ധതികളുടെ സ്പിൽ ഓവർ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, (കെ.ഐ.റ്റി.റ്റി.എസ്.) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, (എഫ്.സി.ഐ) എന്നീ സ്ഥാപനങ്ങളിലൂടെ ടൂറിസം മേഖലയിൽ മാനവശേഷി വികസനം**

**(വിഹിതം:1000.00 ലക്ഷം രൂപ)**

വിനോദസഞ്ചാര മേഖലയുടെ നിലനിൽപ്പിന് ഗുണനിലവാരമുള്ള മാനവശേഷി വികസനം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കെ.ഐ.റ്റി.റ്റി.എസ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) എന്നിവയാണ് ഈ മേഖലയിലെ മാനവശേഷി വികസനത്തിനുള്ള പ്രധാന സ്ഥാപനങ്ങൾ. അക്കാദമിക്, ഗവേഷണം, വിദ്യാഭ്യാസ ഉപകരണങ്ങൾ വികസിപ്പിക്കുക, വെബ് അധിഷ്ഠിത സംവിധാനങ്ങൾ വികസിപ്പിക്കൽ, മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ബോധവൽക്കരണ /പരിശീലന പരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

2021-22 ൽ വകയിരുത്തിയിരിക്കുന്ന വിഹിതമായ 1000.00 ലക്ഷം രൂപയിൽ, 200.00 ലക്ഷം രൂപ പരിശീലനം തേടുന്നവരിൽ 30 ശതമാനം വരുന്ന വനിതകൾക്കായി നീക്കി വച്ചിരിക്കുന്നു.

### (i) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, (കെ.ഐ.റ്റി.റ്റി.എസ് )

**(300.00 ലക്ഷം രൂപ)**

വിനോദസഞ്ചാര മേഖലയിലെ നിലവിലുള്ളതും ഭാവിയിലുമുള്ള ആവശ്യകതകൾ കണക്കിലെടുത്ത് അത്യന്താപേക്ഷിതവുമായ ഘടകങ്ങൾക്ക് മുൻഗണന നൽകികൊണ്ട് വിനോദസഞ്ചാര വ്യവസായത്തിനാവശ്യമായ ഗുണമേന്മയുള്ള വിദ്യാഭ്യാസവും പരിശീലന പരിപാടികളും പ്രദാനം ചെയ്യുകയും യാത്ര, ടൂറിസം, ഹോസ്പിറ്റാലിറ്റി വ്യവസായം എന്നിവയിൽ കഴിവുറ്റ പ്രതിഭകളെ വാർത്തെടുക്കുകയും ചെയ്യുന്ന സംസ്ഥാനവിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കിറ്റ്സ്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി കിറ്റ്സിന് 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പശ്ചാത്തലസൗകര്യ വികസനം -- പുതിയ അക്കാദമിക് ബ്ലോക്ക്, ഓൺലൈൻ ടെസ്റ്റ് സെന്റർ മൂന്നാം ഘട്ടം, നിലവിലുള്ള റെസിഡൻസി കെട്ടിടത്തിന്റെ നവീകരണം, ലേഡീസ് ഹോസ്റ്റൽ, സെന്റർ ഓഫ് എക്സലൻസ്, എന്നിവയുമായി ബന്ധപ്പെട്ട ബാക്കി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നത് ഉൾപ്പെടെയുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനം

അക്കാദമിക്/പരിശീലന പരിപാടികൾ – ഗവേഷണ-വികസന പ്രവർത്തനങ്ങൾ, എക്കോടൂറിസം കേന്ദ്രവും ഉത്തരവാദിത്ത വിനോദസഞ്ചാരകേന്ദ്രവും സംഘടിപ്പിക്കുന്ന പരിപാടികൾ, ലൈബ്രറിയുടെ ശാക്തീകരണം, പരിശീലന പരിപാടികൾക്കുള്ള പിന്തുണ എന്നിവ ഈ ഘടകത്തിന്റെ കീഴിൽ ഉൾകൊള്ളിച്ചിരിക്കുന്നു.

### (ii) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.)

**(300.00 ലക്ഷം രൂപ)**

ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി എന്നീ മേഖലകളിൽ പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനും പരിശീലനം നൽകുന്നതിനും മാനവ വിഭവശേഷിയുടെ മനോഭാവം മെച്ചപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനു വേണ്ടിയുള്ള സ്ഥാപനമാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.). 2021-22 ൽ പദ്ധതിയുടെ കീഴിൽ എസ് ഐ എച്ച് എമ്മിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

i. കോഴിക്കോട് എസ്.ഐ. എച്ച്.എം & കാറ്ററിംഗ് ടെക്നോളോജി – ഇൻസ്റ്റിറ്റ്യൂട്ടിനായി ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നത് ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം

ii. ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളോജി, കോട്ടയം – അക്കാഡമിക്ക് ബ്ലോക് നിർമ്മാണം ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം

iii. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി & മാനേജ്മെന്റ്, ധർമടം, കണ്ണൂർ – സെന്ററിന് സ്ഥിരമായ ക്യാമ്പസ് നിർമാണം ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം

### (iii) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ)

**(400.00 ലക്ഷം രൂപ)**

കാറ്ററിംഗ് സാങ്കേതികവിദ്യയിലും വിനോദസഞ്ചാര വ്യവസായത്തിലും മെച്ചപ്പെട്ട പ്രാഗത്ഭ്യം അടിസ്ഥാനമായുള്ള തൊഴിൽ വിഭാഗത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഹോട്ടൽ, ടൂറിസം വ്യവസായത്തിന്റെ വിവിധ മേഖലകളിൽ യുവാക്കൾക്കും യുവതികൾക്കും പരിശീലനം നൽകുന്ന സ്ഥാപനമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്.

2021-22 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു;

- കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണം ഉൾപ്പെടെ പശ്ചാത്തല സൗകര്യ വികസനം
- ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിലവാരം മെച്ചപ്പെടുത്തുക, ഉപകരണങ്ങൾ വാങ്ങൽ, കമ്പ്യൂട്ടർ ലാബിന്റെ നവീകരണം, ലൈബ്രറി സ്ഥാപിക്കൽ.

2021-22 ൽ എഫ്സിഐക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6. വിനോദസഞ്ചാര മേഖലയെക്കുറിച്ചുള്ള പഠനവും സ്ഥിതിവിവരക്കണക്കുകൾ ശേഖരണവും

**(വിഹിതം: 95.00 ലക്ഷം രൂപ)**

വിനോദസഞ്ചാര മേഖലയെക്കുറിച്ചും അതിന്റെ സ്വാധീനത്തെക്കുറിച്ചുമുള്ള പഠനങ്ങൾ, വിപണി സംബന്ധിക്കുന്ന പഠനങ്ങൾ, സർവേകൾ, വിനോദസഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന

സ്ഥിതിവിവരക്കണക്കുകളും, വിനോദസഞ്ചാര വ്യവസായത്തെക്കുറിച്ചുള്ള മറ്റ് വിവരങ്ങൾ, നിരീക്ഷകർക്കുള്ള പരിശീലനം, വിനോദസഞ്ചാര സ്ഥിതിവിവരക്കണക്കുകൾ പതിവായി ശേഖരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള ചെലവ് എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 95.00 ലക്ഷം രൂപ വകയിരുത്തുന്നു.

**7. വിപണനം**

**(വിഹിതം: 6500.00 ലക്ഷം രൂപ)**

വിനോദസഞ്ചാര വിപണനത്തിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ മുൻനിരയിലാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ദേശീയ അന്തർദേശീയ വിപണികളിൽ സംസ്ഥാനം വിനിയോഗിക്കുന്നുണ്ട്.

ദേശീയ അന്തർദേശീയ വിനോദസഞ്ചാര പ്രോത്സാഹന ക്യാമ്പയിനുകൾ, ബ്രാൻഡിംഗ്, പങ്കാളിത്ത പരിപാടികളും സമാന്തര പ്രവർത്തനങ്ങളും തുടങ്ങിയ പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ. | ഘടകങ്ങൾ |
|---|---|
| i | വ്യാപാര മേളകളിൽ പങ്കെടുക്കുക, ബി 2 ബി മീറ്റുകൾ സംഘടിപ്പിക്കുക എന്നിവയുൾപ്പെടെയുള്ള അന്താരാഷ്ട്ര, ദേശീയ വിപണന ഇവന്റുകൾ |
| ii | അച്ചടി, ടിവി, സിനിമാ ഹാളുകൾ, ഒഎച്ച് തുടങ്ങിയ അന്താരാഷ്ട്ര, ദേശീയ ക്യാമ്പയിനുകൾ |
| iii | വെബ്സൈറ്റ് വികസനവും വെബ് അധിഷ്ഠിത മാർക്കറ്റിംഗ് പ്രവർത്തനങ്ങളും |
| iv | ദേശീയ, അന്താരാഷ്ട്ര ബ്ലോഗ് എക്സ്പ്രസ് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ, ഡിജിറ്റൽ ക്യാമ്പയിനുകൾ |
| v | ടൂർ ഓപ്പറേറ്റർമാർ, യാത്രാ വിവരണക്കാർ, പത്രപ്രവർത്തകർ എന്നിവർക്കായി പരിചയ ട്രിപ്പുകൾ നടത്തുന്നു |
| vi | പബ്ലിസിറ്റി മെറ്റീരിയലുകളുടെ ഉൽപാദനവും നവീകരണവും |
| vii | സ്പോൺസർഷിപ്പുകൾ, ടൂറിസം സാധ്യതയുള്ള വിവിധ മേളകൾക്ക് സാമ്പത്തിക സഹായം, ബോധവൽക്കരണ പരസ്യങ്ങൾ |
| viii | അന്താരാഷ്ട്ര, ആഭ്യന്തര വിപണികളിലെ വ്യക്തമായ പബ്ലിക് റിലേഷൻ പ്രവർത്തനങ്ങൾ |
| ix | എം ഐ സി ഇ, മൺസൂൺ ടൂറിസം, സാഹസിക ടൂറിസം, ടൂറിസം വിവര കേന്ദ്രങ്ങളുടെ ബ്രാൻഡിംഗ് എന്നിവ പ്രോത്സാഹിപ്പിക്കൽ |

മാർക്കറ്റിംഗ് ആവശ്യകത അടിസ്ഥാനമാക്കി മുകളിലുള്ള മേഖലകളിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ലക്ഷ്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര വ്യവസായത്തിലെ പ്രവർത്തനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടി നൂതന വിപണന തന്ത്രങ്ങൾക്കുമായി 2021-22 ബജറ്റിൽ പദ്ധതി നടത്തിപ്പിനായി 6500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷിപ്പിക്കലും**

**(വിഹിതം 1800.00 ലക്ഷം രൂപ)**

പരമ്പരാഗത മേളകൾ, ഉത്സവങ്ങൾ, കൊച്ചി മുസിരിസ് ബിനാലെ ഉൾപ്പെടെയുള്ള പ്രാദേശിക സാംസ്കാരിക പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. 2021-22 വാർഷിക ബജറ്റില് ഈ പദ്ധതിക്കായി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ. | ഘടകങ്ങൾ |
|---|---|
| i | നിശാഗന്ധി നൃത്തസംഗീത പരിപാടി, സംസ്ഥാനതല/ജില്ലാതല ഓണം |

| | |
|---|---|
| | വാരാഘോഷം, 14 ജില്ലകളിലും 'ഉത്സവം' പരിപാടി (നാടൻ കലോത്സവം), |
| ii | പരമ്പരാഗത മേളകൾ, ഉത്സവങ്ങൾ, പ്രാദേശിക സാംസ്കാരിക പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കൽ |
| iii | ടൂറിസം സാധ്യതയുള്ള പൈതൃക ബംഗ്ലാവ്, അഥിതി മന്ദിരങ്ങൾ, സ്മാരകങ്ങൾ, ചരിത്ര സ്മാരകങ്ങൾ, പൈതൃക പ്രദേശങ്ങൾ എന്നിങ്ങനെയുള്ള പൈതൃക ഘടനകളുടെ സംരക്ഷണവും നിലനിർത്തലും |
| iv | കൊച്ചി മുസിരിസ് ബിനാലെ |
| v | കേരള ട്രാവൽ മാർട്ട് |

**9. ഭാരത സർക്കാർ ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് പശ്ചാത്തല സൗകര്യവും മാച്ചിംഗ് ഗ്രാന്റും**

**(വിഹിതം 200.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃതപദ്ധതികളുടെ/പ്രോജക്ടുകളുടെ പൂർണ്ണമായ ലക്ഷ്യം നിറവേറ്റുന്നതിനായി ആവശ്യമായ ഘടകങ്ങൾക്ക് സഹായം പദ്ധതി വിഭാവനം ചെയ്യുന്നു.

- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ കീഴിൽ അനുവദിച്ചിട്ടില്ലാത്തതും, എന്നാൽ പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമുള്ളതുമായ ഘടകങ്ങൾക്ക് സഹായം.
- നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത/ കേന്ദ്ര പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ബാക്കി ചെലവുകൾ വഹിക്കുന്നതിന്.
- കേന്ദ്രാവിഷ്കൃത/ കേന്ദ്ര പദ്ധതികൾക്ക് പണം മുൻകൂറായി അനുവദിക്കുന്നതിനും കേന്ദ്ര വിഹിതം ലഭിക്കുമ്പോൾ അത് തവണകളായി തിരിച്ചടയ്ക്കുന്നതിനും.

2021-22 ബജറ്റിൽ പദ്ധതിയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനും സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനം**

**(വിഹിതം: 1270.00 ലക്ഷം രൂപ)**

സ്വകാര്യ മേഖലയിലെ പൈതൃക കെട്ടിടങ്ങൾക്ക് (ഗൃഹസ്ഥലി) നൽകിക്കൊണ്ടിരുന്ന പ്രോത്സാഹനം തുടർന്നു കൊണ്ടുപോകുന്നതിന് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. പൊതുവായ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, ബോട്ട് ജെട്ടികൾ, ഡ്രൈഡോക്ക് സൗകര്യങ്ങൾ, സാഹസിക പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പൊതു പശ്ചാത്തല സൗകര്യങ്ങൾക്ക് വയബിലിറ്റി ധനസഹായം നൽകുന്നതും ഈ പദ്ധതിയുടെ കീഴിലുൾപ്പെടുന്ന മറ്റ് പ്രവർത്തനങ്ങളാണ്.

ഇതിനു പുറമെ ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ഹൗസ് ബോട്ട് മെയിന്റനൻസ് സപ്പോർട്ട് സ്കീം, ടൂറിസ്റ്റ് ഗൈഡ്സ് സപ്പോർട്ട് സ്കീം എന്നിവയിലൂടെ വിനോദ സഞ്ചാര വ്യവസായത്തിൽ കോവിഡ്-19 മൂലം ഉണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതും 2021-22 ൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 1270.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കൽ, നിലവാരം മെച്ചപ്പെടുത്തൽ**

**(വിഹിതം: 11700.00 ലക്ഷം രൂപ)**

വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര അനുഭവം നൽകുന്നതിന് വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുകയും, കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അവ മികച്ച രീതിയിൽ നിലനിർത്തുകയും ചെയ്യുന്നതോടൊപ്പം തന്നെ തദ്ദേശീയർക്ക് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പുവരുത്തുകയും പ്രകൃതിയും സാംസ്കാരിക പൈതൃകവും നിലനിർത്തുകയും ചെയ്യുന്നതാണ് കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിടുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും വിനോദസഞ്ചാര ഉൽപ്പന്നങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പ്രധാന ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

ബിസിനസ്സ് പ്ലാനോടുകൂടിയ മാസ്റ്റർ പ്ലാനുകൾ / ഡിപിആർ അടിസ്ഥാനമാക്കി പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, ആതിരപ്പള്ളി, വയനാട്, വർക്കല, പൊന്മുടി, നെയ്യാർ, ആക്കുളം, വേളി, അഷ്ടമുടി, തെന്മല, ശബരിമല, ആലപ്പുഴ, വേമ്പനാട് ജലാശയം, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇറിങ്ങൽ, തുഷാരഗിരി, ധർമ്മടം-മുഴപ്പിലങ്ങാട്, മലബാർ മേഖലയിലെ ജലാശയങ്ങളും നദികളും എന്നിവയുടെ വികസനം

- ഗ്രീൻ കാർപ്പറ്റ് സംരംഭം - സഹവർത്തക പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് സുസ്ഥിരമായ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രോജക്ടാണ് ഗ്രീൻ കാർപ്പറ്റ് സംരംഭം
- റിവർ ക്രൂയിസ് ടൂറിസവും അനുബന്ധ പദ്ധതികളും
- പിപിപി പ്രോജക്ടുകൾക്കായുള്ള വയബിലിറ്റി ധനസഹായം ഉൾപ്പെടെയുള്ള മാസ്റ്റർ പ്ലാൻ അധിഷ്ഠിത പ്രോജക്ടുകൾ / പ്രവർത്തനങ്ങൾ
- പ്രധാനപ്പെട്ട ടൂറിസം പദ്ധതികൾക്കായി ഭൂമി വാങ്ങൽ

**മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനം**

സംസ്ഥാനത്ത് നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളും, പുതിയതും അധികം അറിയപ്പെടാത്തതുമായ കേന്ദ്രങ്ങളും, കേരളത്തിലുടനീളം വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അധിഷ്ഠിതമാക്കി പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ വികസിപ്പിക്കുന്നതിനും താഴെ കൊടുത്തിട്ടുള്ള മറ്റ് വിനോദ സഞ്ചാര സംബന്ധമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ ഘടകം.

- വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പട്ടണങ്ങളിലും ഗതാഗത കേന്ദ്രങ്ങളിലും അത്യാധുനിക വിനോദ സഞ്ചാര വിവര വിനിമയ കേന്ദ്രങ്ങൾ വികസിപ്പിക്കുക
- സാഹസിക വിനോദ സഞ്ചാര പ്രവർത്തനങ്ങൾ
- വിനോദ സഞ്ചാര കേന്ദ്രങ്ങളിലും വഴികളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള ചൂണ്ടുപലകകൾ സ്ഥാപിക്കൽ
- മെച്ചപ്പെട്ട വഴിയോര സൗകര്യങ്ങൾ ഏർപ്പെടുത്തുക
- വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട ഗതാഗത പദ്ധതികൾ
- സുരക്ഷിതമായ അടിസ്ഥാനസൗകര്യങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രദാനം ചെയ്യുക
- മാലിന്യ രഹിത വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യം, തൽപരകക്ഷികളുടെ സജീവ പങ്കാളിത്തത്തോടെ സുസ്ഥിരമായ നൂതന മാലിന്യ നിർമ്മാർജന മോഡലുകൾ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ഊർജ്ജ കാര്യക്ഷമമായ സാങ്കേതിക വിദ്യകൾ എന്നിവ ആരംഭിക്കുക
- പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ കോട്ടയം ഗ്രീൻ ടൂറിസം സർക്യൂട്ട് വികസിപ്പിക്കൽ.
- തീർത്ഥാടന, പൈതൃക വിനോദ സഞ്ചാര സർക്യൂട്ടുകൾ
- കൂടുതൽ പ്രാധാന്യമുള്ള സഞ്ചാര കേന്ദ്രങ്ങളെ വിനോദസഞ്ചാരികൾക്ക് സ്വപ്നസമാനമായ അനുഭവം ഉറപ്പാക്കുന്ന വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേന്ദ്രങ്ങളാക്കാൻ വിനോദസഞ്ചാരത്തിന് ഡ്രീം ഡെസ്റ്റിനേഷൻ പ്രോജക്ടുകൾ
- പ്രകൃതിദുരന്തങ്ങൾ ചെറുത്തുനിൽക്കാൻ പര്യാപ്തമായ വിധത്തിലുള്ള വിനോദസഞ്ചാരകേന്ദ്രങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിർമ്മിക്കുന്നതിനുമായി വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായി കേരള പുനർനിർമാണ സംരംഭം.

സ്പിൽ ഓവർ ബാധ്യതകൾ തീർക്കുന്നതിനും, മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ/പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ, പൊതു സ്വകാര്യ പങ്കാളിത്ത ഘടകത്തിന്റെ വയബിലിറ്റി ധനസഹായം എന്നിവയ്ക്കായി പദ്ധതി വിഹിതം വകയിരുത്തുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 11700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണവും മെച്ചപ്പെടുത്തലും**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

വിനോദ സഞ്ചാര വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തുള്ള പ്രധാന പട്ടണങ്ങളിലും അതിഥി മന്ദിരങ്ങൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തു വരുന്നു. അതിഥി മന്ദിരങ്ങളുടെയും യാത്രിനിവാസുകളുടേയും നവീകരണവും പുനരുദ്ധാരണവുമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

നിലവിലുള്ള പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും ഏതാനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമായി ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ, 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

എ . അതിഥി മന്ദിരങ്ങൾ

I. സർക്കാർ അതിഥി മന്ദിരം, സുൽത്താൻ ബത്തേരി (മൂന്നാം ഘട്ടം) - സുൽത്താൻ ബത്തേരിയിൽ സർക്കാർ അതിഥി മന്ദിരത്തിന്റെ അധിക ബ്ലോക്കിന്റെ മൂന്നാം ഘട്ട നിർമ്മാണത്തിനായുള്ള പ്രോജക്ടിന്റെ ആകെ പദ്ധതി ചെലവ് 11.25 കോടി രൂപയാണ്.

II. സർക്കാർ അതിഥി മന്ദിരം, കോഴിക്കോട് (രണ്ടാം ഘട്ടം) - ഈ പ്രോജക്ടിന്റെ മൊത്തം ചെലവ് 9.50 കോടി രൂപയാണ്

III. മൂന്നാർ അതിഥി മന്ദിരത്തിലെ താമസ സൗകര്യ സമുച്ചയം - മൂന്നാർ അതിഥി മന്ദിരത്തിലെ താമസ സൗകര്യ സമുച്ചയം നിർമ്മിക്കുന്നതിനുള്ള മൊത്തം പദ്ധതി ചെലവ് 4.81 കോടി രൂപയാണ്.

IV. തിരുവനന്തപുരം തൈക്കാട് അതിഥി മന്ദിരത്തിന്റെ പുനരുദ്ധാരണവും നവീകരണവും

V. വയനാട് സുൽത്താൻ ബത്തേരി അതിഥി മന്ദിരത്തിന്റെ പഴയ ബ്ലോക്ക് പുനരുദ്ധാരണം

VI. ആലുവ ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണവും നവീകരണവും

VII. ഗുരുവായൂർ അതിഥി മന്ദിരത്തിന്റെ നിർമാണം

VIII. ഇടുക്കി ജില്ലയിലെ പീരുമേട് അതിഥി മന്ദിരത്തിന്റ പുനരുദ്ധാരണം

IX. കണ്ണൂർ അതിഥി മന്ദിരം പഴയ ബ്ലോക്കിന്റെ പുനരുദ്ധാരണം

X. എറണാംകുളം അതിഥി മന്ദിരത്തിന്റെ പുനരുദ്ധാരണവും സംരക്ഷണവും

ബി. യാത്രി നിവാസുകൾ

I. കന്യാകുമാരി, ഇടുക്കി, തൃശ്ശൂരിലെ അതിരപ്പിള്ളി എന്നീ യാത്രി നിവാസുകളുടെ നിർമ്മാണം

II. കോഴിക്കോട് യാത്രി നിവാസിന്റെ പുനരുദ്ധാരണം

**13. വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും**

**(വിഹിതം: 180.00 ലക്ഷം രൂപ)**

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വം നൽകി നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ആവശ്യമായ സേവനങ്ങൾക്കായി വ്യക്തികൾ/സംഘടനകൾ/ഏജൻസികൾ എന്നിവയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുക, പിഎംസി യെ നിയോഗിക്കുക, ആധുനിക സജ്ജീകരണങ്ങളോടുകൂടി സ്ഥാപനങ്ങൾ നവീകരിക്കുക, പ്രവർത്തലമേഖല മെച്ചപ്പെടുത്തുന്നതിന് ഇ-ഓഫീസ്, സി.സി.ടി.വി. ക്യാമറ, ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയ ഉപകരണങ്ങൾ സജ്ജീകരിക്കുക എന്നീ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു. വിനോദസഞ്ചാര മേഖലയിലെ വിവിധ തലങ്ങളിൽ ജോലിയിൽ ഏർപ്പെടുന്നവരുടെ കാര്യശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക എന്നിവയും ഈ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിരിക്കുന്നു.

ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14. വിനോദസഞ്ചാര താമസ സൗകര്യങ്ങൾ (അതിഥി മന്ദിരങ്ങൾ)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

വിനോദ സഞ്ചാര വകുപ്പിന് 24 അതിഥി മന്ദിരങ്ങളും, 4 യാത്രി നിവാസുകളും, 2 കേരള ഹൗസുകളും ഉണ്ട്. സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, മറ്റു അനുബന്ധ ജോലികളുൾപ്പെടുത്തി കാലാനുസൃതമായ താമസസൗകര്യങ്ങൾ അതിഥി മന്ദിരങ്ങളിലും യാത്രി നിവാസുകളിലും കേരള ഹൗസുകളിലും പ്രദാനം ചെയ്യുന്നതിന് വേണ്ടിയുള്ളതാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള വിഹിതം.

ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. ഇക്കോ ടൂറിസം വികസനം**

**(വിഹിതം: 240.00 ലക്ഷം രൂപ)**

പുതിയ പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുക, വനംവകുപ്പുമായി ചേർന്ന് വനം, വന്യജീവി സങ്കേതങ്ങൾ വികസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇക്കോ ടൂറിസം പ്രോജക്ടുകൾക്കു വേണ്ടിയുള്ളതാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള വിഹിതം. പദ്ധതി നിർവഹണ ചെലവുകൾക്കും സ്പിൽ ഓവർ പ്രവർത്തനങ്ങൾക്കും വേണ്ടി 2021-22 ബജറ്റിൽ 240.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. ഉത്തരവാദിത്ത വിനോദസഞ്ചാരം**

**(വിഹിതം 600.00 ലക്ഷം രൂപ)**

വിനോദസഞ്ചാര വകുപ്പ് 2008-ൽ ആരംഭിച്ച പ്രോ-പുവർ സമീപനമാണ് ഉത്തരവാദിത്വ വിനോദസഞ്ചാരം (ആർ.റ്റി.). ഈ പദ്ധതിയിൽ, സാധാരണ ജനങ്ങളുൾപ്പെടെ എല്ലാ തൽപരകക്ഷികളുടെയും പങ്കാളിത്തത്തോടെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും അവ നടപ്പിലാക്കുകയും അതോടൊപ്പം ഈ മേഖലയിലെ സാമ്പത്തിക സാമൂഹിക പരിസ്ഥിതി സംബന്ധമായ വസ്തുതകൾ കണക്കിലെടുക്കുകയും ചെയ്യുന്നു. ഉത്തരവാദിത്ത വിനോദ സഞ്ചാര സംരംഭങ്ങളുടെ വിജയപ്രദമായ പ്രവർത്തനങ്ങൾ സംസ്ഥാനം മുഴുവനായി വ്യാപിപ്പിക്കുന്നതിനു വേണ്ടി ആർ ടി മിഷൻ രൂപീകരിക്കുന്നതിന് കേരള സർക്കാരിനെ പ്രേരിപ്പിക്കുകയുണ്ടായി. ഉത്തവാദിത്വ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് രണ്ട് തലത്തിലുള്ള പ്രവർത്തനങ്ങളാണുള്ളത്.

(എ) സമൂഹവുമായി ചേർന്ന് പ്രവർത്തിക്കുക- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, സർക്കാരിതര സംഘടനകൾ, വിനോദസഞ്ചാര വ്യാപാരം എന്നിവയുമായി ചേർന്നു ഫീൽഡ് ലെവൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ആർ.റ്റി. മിഷനിലൂടെ നടപ്പിലാക്കൽ.

(ബി) ഗവേഷണ, പഠന പ്രവർത്തനങ്ങൾ- ഫീൽഡ് ലെവൽ പ്രവർത്തനങ്ങൾ തുടർച്ചയായി നടപ്പാക്കുന്നതിനും പഠനങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായ നിർദ്ദേശം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ.

ആർ ടി മിഷനിലൂടെ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

- കമ്മ്യൂണിറ്റി തലത്തിലുള്ള വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുക, വിനോദസഞ്ചാര വ്യാപാരം കമ്മ്യൂണിറ്റി തലവുമായി ബന്ധിപ്പിക്കുക
- ഉത്തരവാദിത്ത വിനോദ സഞ്ചാര തത്വങ്ങളും പ്രവർത്തനങ്ങളും വിനോദസഞ്ചാര വ്യാപാരത്തിലൂടെയും മറ്റു തൽപരകക്ഷികളിലൂടെയും ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കൽ
- വിനോദസഞ്ചാര സേവനദാതാക്കളുടെ ആർ. ടി. തലത്തിലുള്ള തരംതിരിക്കൽ
- വിനോദ സഞ്ചാരത്തിൽ പ്രാദേശിക തൊഴിലവസരങ്ങൾ, സംഭരണം, സംരംഭകത്വം, ശരിയായ രീതിയിലുള്ള വ്യാപാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ വിനോദസഞ്ചാര പ്രവർത്തനങ്ങൾ, ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾ എന്നിങ്ങനെ വിവിധ വിനോദ സഞ്ചാര വ്യവസായവുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ സംബന്ധിക്കുന്ന പരിശീലനവും കാര്യശേഷി വികസിപ്പിക്കൽ പ്രവർത്തനങ്ങളും.
- വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിർമ്മാണത്തിൽ ഹരിത തത്വങ്ങൾ പ്രോത്സാഹിപ്പിക്കൽ , ഹരിത ശിൽപ്പകല, മാലിന്യ നിർമ്മാർജനത്തിൽ ഹരിത പ്രോട്ടോകോൾ, ജൈവ കൃഷി എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ വിനോദസഞ്ചാരികളിലൂടെയും വിനോദ സഞ്ചാര യൂണിറ്റുകളിലൂടെയും സാമൂഹ്യ പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ
- വിനോദസഞ്ചാരത്തിലൂടെ, സ്ത്രീശാക്തീകരണവും, പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തലും

- വിനോദ സഞ്ചാരത്തിലൂടെ പ്രാദേശിക കല, സംസ്കാരം, പരമ്പരാഗത ഉപജീവന പ്രവർത്തനങ്ങൾ എന്നിവയുടെ സംരക്ഷണവും പ്രോത്സാഹനവും, വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക തൊഴിലുകളും പ്രാദേശിക സംഭരണവും പ്രോത്സാഹിപ്പിക്കൽ
- പെപ്പർ–താഴെത്തട്ടിൽ നിന്നും ഉത്തരവാദിത്വ വിനോദ സഞ്ചാരത്തിലൂടെ ജന പങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിനും ശാക്തീകരണത്തിനുമായി ഉത്തരവാദിത്വ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സൃഷ്ടിക്കൽ
- പുതിയ ഗ്രാമീണ ജീവിതാനുഭവങ്ങൾ സൃഷ്ടിക്കുന്ന വിനോദ സഞ്ചാര പാക്കേജുകളിലൂടെ പ്രാപ്യമായ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ
- കേരള ഉത്തരവാദിത്ത വിനോദ സഞ്ചാര ശൃംഖല വികസിപ്പിക്കൽ
- പ്രത്യേക വിനോദ സഞ്ചാര ഗ്രാമ സഭകൾ, താഴെത്തട്ട് മുതൽ കമ്മ്യൂണിറ്റി പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള വിനോദ സഞ്ചാര വിഭവ ചിത്രീകരണം
- ആർ ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, ഫീൽഡ് ലെവൽ പ്രവർത്തനങ്ങളുടെ പരിശീലനവും ഡോക്യുമെന്റേഷനും

  2021–22 ൽ വിവിധ പ്രവർത്തനങ്ങളിലൂടെ 5,000 ഗുണഭോക്താക്കൾക്ക് പരിശീലനവും, 10,000 ആർടി യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും, 50,000 നേരിട്ടുള്ളതും പരോക്ഷമായതുമായ ഗുണഭോക്താക്കളെ സൃഷ്ടിക്കാനും പദ്ധതി ലക്ഷ്യമിടുന്നു .

  ആർടി മിഷനിൽ, മിക്ക പ്രവർത്തനങ്ങളും സ്ത്രീ കേന്ദ്രീകൃതമാണ്, ഗുണഭോക്താക്കളിൽ ഭൂരിഭാഗവും (80 ശതമാനം) വനിതകളാണ്. ഗ്രാമീണജീവിത അനുഭവ പാക്കേജുകളിൽ 80 ശതമാനത്തോളം വനിതാ സ്റ്റേക് ഹോൾഡർമാരിലൂടെയാണ് നടപ്പിലാക്കുന്നത്. 70 ശതമാനത്തിലധികം പരിശീലനങ്ങളും വനിതകൾക്ക് വേണ്ടിയാണ് നടപ്പിലാക്കുന്നത്.

  2021–22 ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയ 600.00 ലക്ഷം രൂപയിൽ, 300.00 ലക്ഷം രൂപ വനിതകൾക്കായി വകയിരുത്തിയിരിക്കുന്നു.

**17. ഹെറിറ്റേജ് & സ്പൈസ് റൂട്ട്പ്രോജക്ട്**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

കലയുടേയും സംസ്കാരത്തിന്റെയും അന്താരാഷ്ട്ര വ്യാപാരത്തിന്റെയും ഒരു നല്ല ചരിത്രം സംസ്ഥാനത്തിനുണ്ട്. മുൻകാല മഹത്വം പ്രദർശിപ്പിക്കുന്നതിനും അവ ഭാവിയിൽ സംരക്ഷിക്കുന്നതിനും സർക്കാർ മുൻകൈയെടുക്കേണ്ടതുണ്ട്. മുസിരിസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, സ്പൈസ് റൂട്ട് സംരംഭം, ആലപ്പുഴ പൈതൃക പദ്ധതി, മറ്റ് പൈതൃക മേഖലകളിൽ തിരിച്ചറിഞ്ഞ പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട പുരാവസ്തു ഗവേഷണം, സംരക്ഷണം, വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ, മ്യൂസിയങ്ങളുടെ വികസനം, വിപണനം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

മുസിരിസ് പൈതൃക പദ്ധതിയിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗ്, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവ ജലപാത വഴി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

യുനസ്കോയും മറ്റ് പങ്കാളി രാജ്യങ്ങളുമായും സഹകരിച്ച് വിനോദ സഞ്ചാര വകുപ്പിന്റെ "സ്പൈസ് റൂട്ട് പ്രോജക്റ്റ്" കേരള സംസ്ഥാനം കേന്ദ്രീകരിച്ച് ഒരു സവിശേഷ ആഗോള വിനോദസഞ്ചാര ഉൽപന്നമായി വികസിച്ചുകൊണ്ടിരിക്കുന്നു.

തലശ്ശേരി പൈതൃക പ്രോജക്ടിൽ ചരിത്ര സ്മാരകങ്ങളായ തലശ്ശേരി കോട്ട, ഗുണ്ടർട്ട് ബംഗ്ലാവ്, കടൽപ്പാലം, കണ്ണൂർ കോട്ട, അറയ്ക്കൽ കെട്ട് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി വികസിപ്പിച്ചിട്ടുള്ള ആലപ്പുഴ പൈതൃക പദ്ധതി നിലവിലുള്ള പൈതൃക സ്മാരകങ്ങൾ, കെട്ടിടങ്ങൾ, ജല സർക്യൂട്ടുകൾ എന്നിവയുടെ സംരക്ഷണം, ആലപ്പുഴയുടെ പുരാതന കയർ ഫാക്ടറികൾ, കരകൗശല വസ്തുക്കൾ എന്നിവ പ്രദർശിപ്പിക്കുന്നതിനു വേണ്ടി കനാൽ ക്രൂയിസുകൾ എന്നിവ ലക്ഷ്യമിടുന്നു.

2021–22 ബജറ്റിൽ ഈ പദ്ധതിയുടെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 18. നൂതന വിനോദസഞ്ചാര ഉല്പന്നങ്ങളുടെ വികസനം

**(വിഹിതം: 50.00 ലക്ഷം രൂപ)**

പ്രഗത്ഭരായ സ്വകാര്യ സംരംഭകരുമായി ചേർന്ന് നൂതന വിനോദസഞ്ചാര ഉല്പന്നങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും അവയെ കാര്യമായി വിപണനം ചെയ്യുന്നതിലും മുൻപന്തിയിലാണ് കേരളത്തിലെ വിനോദസഞ്ചാര മേഖല.

നൂതനമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വികസനം, നൂതന വിപണന മാർഗ്ഗങ്ങൾ, നൂതന മാലിന്യ സംസ്കരണ മാതൃകകൾ, അംഗപരിമിതർക്ക് അനുയോജ്യമായ ഉല്പന്നങ്ങൾ/ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 19. വിനോദസഞ്ചാര മേഖലയിലെ കേന്ദ്ര പദ്ധതികൾ

**(വിഹിതം: 1.00 ലക്ഷം രൂപ)**

"സ്വദേശ് ദർശൻ", "പിൽഗ്രിമേജ് റെജുവിനേഷൻ ആന്റ് സ്പിരിചൽ ഓഗ്മെന്റേഷൻ ഡ്രൈവ്" (പ്രസാദ്) എന്നിങ്ങനെ രണ്ട് പ്രോജക്ടുകൾ വിനോദസഞ്ചാര സർക്യൂട്ടുകളുടേയും തീർത്ഥാടന കേന്ദ്രങ്ങളുടെയും വികസനത്തിനായി ഭാരത സർക്കാരിന്റെ വിനോദ സഞ്ചാര മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതികൾ കണ്ടെത്താനും കേന്ദ്ര പദ്ധതികളുടെ കീഴിൽ ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. 'പ്രസാദ്', 'സ്വദേശ് ദർശൻ' എന്നീ രണ്ട് നിലവിലുള്ള പദ്ധതികളും "വിനോദസഞ്ചാരത്തിലെ കേന്ദ്ര പദ്ധതികൾ" എന്ന പേരിൽ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു.

പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 2021-22 വാർഷിക ബജറ്റിൽ 1.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 20. കേരള വിനോദസഞ്ചാര സംരംഭകത്വ ഫണ്ട് (കെ.റ്റി.ഇ.എഫ്)

**(വിഹിതം 1.00 ലക്ഷം രൂപ)**

വിനോദ സഞ്ചാര സംരംഭകത്വത്തിലൂടെ നൂതന വിനോദ സഞ്ചാര ഉല്പ്പന്നങ്ങൾ സൃഷ്ടിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വെഞ്ചർ ഫണ്ടിന്റെ രൂപത്തിൽ കേരള വിനോദസഞ്ചാര സംരംഭകത്വ ഫണ്ട് (കെ.റ്റി.ഇ.എഫ്) എന്ന പേരിൽ വിനോദസഞ്ചാര വകുപ്പ് തത്തുല്യമായ മൂലധന സഹായം സൃഷ്ടിക്കുന്നതോടൊപ്പം ഉപദേശങ്ങൾ, മാർഗനിർദേശങ്ങൾ, നിയന്ത്രണ സഹായം എന്നിവ നൽകുകയും ചെയ്യുന്നു. മൂലധന നിക്ഷേപത്തിന് പ്രാപ്തരായ യുവതലമുറയിലെ സംരംഭകരെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കുന്നു.

സിഡ്ബി, ഏഞ്ചൽഫണ്ട് തുടങ്ങിയ നിക്ഷേപകരിൽ നിന്നും വെഞ്ചർഫണ്ട് കോർപ്പസ് സമാഹരിക്കാവുന്നതാണ് : പുതിയതും നിലവിലുള്ളതുമായ ചെറുകിട-ഇടത്തരം സംരംഭകർക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ് മൂലധന സഹായം. പ്രോജക്ടുകളുടെ വയബിലിറ്റി സാങ്കേതിക കമ്മിറ്റി വിലയിരുത്തുന്നതും നിക്ഷേപ ശേഖരത്തിലെ വിടവ് കണ്ടെത്തുന്നതും ആണ്. സാങ്കേതിക സർവ്വകലാശാല, വിനോദസഞ്ചാര വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും യോഗ്യത നേടിയ വ്യക്തികൾക്ക് മുൻഗണന നൽകിക്കൊണ്ട് നൂതന ആശയങ്ങൾ, പ്രോജക്ടുകൾ, വിനോദസഞ്ചാര മേഖലയിലെ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള പരിഹാരമാർഗങ്ങൾ എന്നിവയിൽ സമർത്ഥരായ സംരംഭകർക്ക് പദ്ധതിയുടെ കീഴിൽ സഹായത്തിന് യോഗ്യത ഉണ്ടായിരിക്കും. 2021-22 ബജറ്റിൽ പദ്ധതിക്കായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 21. ചാമ്പ്യൻസ് ബോട്ട് ലീഗ് (ലീഗ് അടിസ്ഥാനത്തിലുള്ള വള്ളം കളി മത്സരം)

**(വിഹിതം 1274.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ ഐതിഹാസികവും ചരിത്രപരവുമായി പ്രാധാന്യമുള്ള 'വള്ളംകളി' (ചുണ്ടൻ വള്ളങ്ങളുടെ മത്സരം) ലോകോത്തര കായിക ഇനമാക്കി മാറ്റുന്നതിനായി വിനോദ സഞ്ചാര വകുപ്പ് ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) മാതൃകയിൽ ഒരു പുതിയ സംരംഭമായ "ചാമ്പ്യൻസ് ബോട്ട് ലീഗ്" (സിബിഎൽ) ആവിഷ്കരിച്ചു. കേരളത്തിന്റെ പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും, ടൂറിസം ഒരു ഉൽപന്നമായി വിപണനം ചെയ്യുന്നതിനായി ഒരു വാർഷിക ഇവന്റ് സൃഷ്ടിക്കുക, കേരളത്തിന്റെ കായലുകളെ ലോകത്തിന് കാണിച്ചുകൊടുക്കുക എന്നിവയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ.

കുറഞ്ഞത് 12 കേന്ദ്രങ്ങളിലെങ്കിലും ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരം നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പരസ്യം ചെയ്യൽ, ഇരിപ്പിടത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, ഐടി,

സാങ്കേതിക പിന്തുണാ പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ, സമ്മാനങ്ങൾ, ആനുകൂല്യങ്ങൾ, മത്സരം നടത്തിപ്പ്, ഹോസ്പിറ്റാലിറ്റി, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് നിർദ്ദിഷ്ട പ്രവർത്തനങ്ങൾ.

പദ്ധതിക്കായി 2021–22 ബജറ്റിൽ 1274.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**22. ടൂറിസം കോംപ്ലക്സ് / വിനോദ സഞ്ചാര ഭവൻ**

**(വിഹിതം 200.00 ലക്ഷം രൂപ)**

വിനോദ സഞ്ചാര വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഒരു സവിശേഷ ഘടന രൂപീകരിച്ച്, തിരുവനന്തപുരം സർക്കാർ ഗസ്റ്റ് ഹൗസിന്റെ പരിസരത്ത് ഒരു കേന്ദ്രീകൃത ഓഫീസ് സമുച്ചയം സ്ഥാപിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. മാച്ചിംഗ് ഷെയറായി സ്റ്റേക്ക്ഹോൾഡർ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നേടിയെടുക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്.

2021–22 ബജറ്റിൽ, 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്ന പദ്ധതിയുടെ മൊത്തം പദ്ധതി ചെലവ് 39.00 കോടി രൂപയാണ്.

# 8. ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും

## 8.1 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

സാങ്കേതിക പുരോഗതിയിലൂടെയും ശാസ്ത്രാവബോധം വളർത്തുന്നതിലൂടെയും സംസ്ഥാനത്ത് നൂതനവും വർദ്ധിച്ചതോതിലും ഉള്ള തൊഴിലവസരങ്ങളും വരുമാനവും പൊതുജനക്ഷേമവും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയിലുള്ള പൊതുനിക്ഷേപം. സംസ്ഥാനത്ത് ശാസ്ത്രവും സാങ്കേതികതവിദ്യയും പ്രോത്സാഹിപ്പിക്കുന്നതിൽ കേരള ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്ത് മികവ് കൈവരിക്കുന്നതിനും സമൂഹത്തിന് വലിയ തോതിൽ സേവനം നൽകുന്നതിനുമുള്ള പരിപാടികൾ കണ്ടെത്താനും നടപ്പാക്കാനും വകുപ്പ് സഹായിക്കുന്നു.

സമൂഹത്തിന് ആകമാനം പ്രയോജനകരമാകുന്ന വിവിധ ഗവേഷണ വികസന അനുബന്ധ പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര സാങ്കേതിക മേഖലയിലെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ടുകൊണ്ടു പോകുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങളാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ.എസ്.സി.എസ്.റ്റി.ഇ) റീജിയണൽ ക്യാൻസർ സെന്ററും (ആർ.സി.സി.). ശാസ്ത്ര സാങ്കേതികത മികവുറ്റതാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക സാഹചര്യങ്ങളിൽ സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി നടത്തിപ്പ് പതിമൂന്നാം പദ്ധതി വിഭാവനം ചെയ്യുന്നു.

താഴെ കൊടുത്തിരിക്കും പ്രകാരം, 20264.00 ലക്ഷം രൂപ ഈ രണ്ട് സ്ഥാപനങ്ങൾക്കുമായി 2021-22 വർഷത്തെ ബജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | സ്ഥാപനം/ഏജൻസി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ. | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ.) | 13164.00 |
| ബി | റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.) | 7100.00 |
| | **ആകെ** | **20264.00** |

### എ. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ.)

**(വിഹിതം : 13164.00 ലക്ഷം രൂപ)**

ശാസ്ത്ര സാങ്കേതിക ഗവേഷണവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും സംസ്ഥാനത്തെ ശാസ്ത്രമേഖലയിലെ ഗവേഷണ വികസന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനും വേണ്ടിയുള്ള ഒരു ഏജൻസിയായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ) പ്രവർത്തിക്കുന്നു. ഗവേഷണ വികസന കേന്ദ്രങ്ങളും സർക്കാർ ധനസഹായത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുമാണ് കെ.എസ്.സി.എസ്.റ്റി.ഇ. യുടെ പ്രവർത്തന പരിധിയിലുള്ള യൂണിറ്റുകൾ. ശാസ്ത്ര പ്രചാരണം, പരിസ്ഥിതി അനുബന്ധ പരിപാടികൾ, ശാസ്ത്ര പ്രോത്സാഹനത്തിനായുള്ള പുരസ്കാരങ്ങളും അംഗീകാരങ്ങളും, സാങ്കേതിക വികസനവും കൈമാറ്റവും, ശാസ്ത്രമേഖലയിൽ സ്ത്രീകളെ പിൻതുണയ്ക്കുക, ജൈവ സാങ്കേതികത വികസനം എന്നിവ കൗൺസിലിന്റെ മറ്റ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അടിസ്ഥാന ശാസ്ത്ര മേഖലകളിൽ വിദ്യാഭ്യാസവും ഗവേഷണവും ശക്തിപ്പെടുത്തുക, പ്രധാനപ്പെട്ട മേഖലകളിൽ ശാസ്ത്ര സാങ്കേതിക രംഗത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ എന്നിവ കൗൺസിൽ ലക്ഷ്യമിടുന്നു.

2021-22-ൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 13164.00 ലക്ഷം രൂപ കെ.എസ്.സി.എസ്.റ്റി.ഇ.യ്ക്കായി വകയിരുത്തിയിരിക്കുന്നു. വിവിധ പദ്ധതികളും പരിപാടികളും താഴെ കൊടുത്തിരിക്കുന്നവയാണ്.

## 1. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വികസന കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ

**(വിഹിതം : 5085.00 ലക്ഷം രൂപ)**

ഗവേഷണ-വികസന സ്ഥാപനങ്ങളെ പിന്തുണച്ചുകൊണ്ട് ശാസ്ത്രപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.സി.എസ്.ടി.ഇ വിവിധ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നു. കുടിവെള്ളം, ആരോഗ്യം, ശുചിത്വം, സസ്യജാല സൂക്ഷ്മാണു സമ്പത്തിന്റെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും/വെല്ലുവിളികൾക്കും ശാസ്ത്ര സാങ്കേതിക വൈദഗ്ദ്ധ്യത്തോട്ടുകൂടിയുള്ള പരിഹാര മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിലും ഗതാഗത മേഖലയിൽ ഗവേഷണം നടത്തുന്നതിനും നൂതന രീതികൾ വികസിപ്പിക്കുന്നതിനും ഈ ഗവേഷണ വികസന സ്ഥാപനങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. പ്രത്യേകം തിരഞ്ഞെടുത്ത മേഖലകളിൽ ഗവേഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏഴ് ഗവേഷണ-വികസന സ്ഥാപനങ്ങൾ കെ.എസ്.സി.എസ്.ടി.ഇ യുടെ കീഴിലുണ്ട്. ഈ ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് പ്രത്യേക ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് നിലവിൽ തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതി. ഉയർന്ന നിലവാരമുള്ള ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ യഥാർത്ഥ ഗവേഷണവും നൂതന സാങ്കേതിക വിദ്യയും സംസ്ഥാനത്ത് ഉയർന്ന തലത്തിൽ എത്തിക്കുക, സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശാസ്ത്ര സാങ്കേതിക അടിസ്ഥാനത്തിലുള്ള വൈദഗ്ദ്ധ്യവും മാർഗ്ഗങ്ങളും ഉപയോഗിച്ച് പരിഹരിക്കുക എന്നുള്ളതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ സ്ഥാപനങ്ങൾക്കായി 2021-22 ബജറ്റിൽ 5085.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രത്യേകമായ ഗവേഷണ വികസന പ്രോജക്ടുകൾക്കും, പശ്ചാത്തല സൗകര്യ വികസനത്തിനും, ലൈബ്രറിയുടെയും ലബോറട്ടറിയുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, വ്യാപനത്തിനും, പരിശീലനത്തിനും, പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി അനുവദിച്ചിട്ടുള്ള ധനസഹായം വിനിയോഗിക്കേണ്ടതാണ്. ഈ സ്ഥാപനങ്ങളുടെ ഗവേഷണ വികസന പ്രൊപ്പോസലുകൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിശോധനയ്ക്ക് വിധേയമായി അംഗീകരിക്കേണ്ടതാണ്.

പദ്ധതികൾക്കും പരിപാടികൾക്കും സ്ഥാപനാടിസ്ഥാനത്തിൽ നൽകിയിട്ടുള്ള വിഹിതം താഴെക്കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| i. | സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം.) | 1200.00 |
| ii. | കേരള വനഗവേഷണ കേന്ദ്രം (കെ.എഫ്.ആർ.ഐ) | 1000.00 |
| iii. | കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം.) | 660.00 |
| iv. | ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ് പാക്) | 550.00 |
| v. | ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ) | 1250.00 |
| vi. | ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്) | 100.00 |
| vii. | മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്) | 325.00 |
| | **ആകെ** | **5085.00** |

### i. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം.)

**(1200.00 ലക്ഷം രൂപ)**

ജലമേഖലയ്ക്കായി കെ.എസ്.സി.എസ്.റ്റി.ഇ യുടെ കീഴിലുള്ള ഒരു പ്രധാനപ്പെട്ട ഗവേഷണവികസന സ്ഥാപനമാണ് സി.ഡബ്ല്യു.ആർ.ഡി.എം. ജലവിഭവങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും ആവശ്യമായ ഗവേഷണ ഇൻപുട്ടുകൾ/ഔട്ട്പുട്ട് ഈ കേന്ദ്രം പ്രദാനം ചെയ്യുന്നു. പുതിയതും നിലവിലുള്ളതുമായ ഗവേഷണ വികസന പരിപാടികൾ, ഭൗതിക ശാസ്ത്രീയ പശ്ചാത്തല സൗകര്യ

വികസനം, മാനവശേഷി വികസനം, ലൈബ്രറി വികസനം, ഓഫീസ് ആട്ടോമേഷൻ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ii. കേരള വനഗവേഷണ കേന്ദ്രം (കെ.എഫ്.ആർ.ഐ) –

**(1000.00 ലക്ഷം രൂപ)**

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിര വിനിയോഗം, ശാസ്ത്രീയ പരിപാലനം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് വനപരിപാലനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പിൻതുണ നൽകുന്നതിന് വേണ്ടി ഒരു മികവിന്റെ കേന്ദ്രമായി വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനമാണ് കേരള വനഗവേഷണ കേന്ദ്രം. ഈ സ്ഥാപനത്തിന്റെ ഭൗതിക, ശാസ്ത്രീയ പശ്ചാത്തല സൗകര്യ വികസനം, ലൈബ്രറി മെച്ചപ്പെടുത്തൽ, വ്യാപന പ്രവർത്തനവും പരിശീലന പരിപാടികളും വിവിധ ഗവേഷണ വികസന പരിപാടികൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### iii. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം.)

**(660.00 ലക്ഷം രൂപ)**

ഗണിതശാസ്ത്രത്തിൽ ഉന്നതനിലവാരത്തിലുള്ള പഠനത്തിനും ഗവേഷണത്തിനുമായി ഭാരത സർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പും (ഡി.എ.ഇ) കേരള സർക്കാരിന്റെ കെ.എസ്.സി.എസ്.റ്റി.ഇ യും സംയുക്തമായി സ്ഥാപിച്ചതാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്. ഈ കേന്ദ്രത്തിന്റെ താഴെചേർത്തിരിക്കുന്നവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനായി 2021-22 ബജറ്റിൽ, 660.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പരിശീലന ക്യാമ്പുകളും മാത്തമാറ്റിക്സ് ഒളിമ്പ്യാഡ്സിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനവും.
- മാത്തമാറ്റിക്സ് ടാലന്റ് സെർച്ചും തുടർ പരിശീലനവും.
- കോളേജ് അദ്ധ്യാപകർക്കുള്ള സമ്മർ ട്രെയിനിംഗ്.
- ദേശീയ, അന്തർദേശീയ ശിൽപശാലകളും സെമിനാറുകളും.
- കോളേജ് അദ്ധ്യാപകർക്കുള്ള ഓറിയന്റേഷൻ റിഫ്രഷർ ട്രെയിനിംഗ് പരിപാടി.

വകയിരുത്തിയിട്ടുള്ള മൊത്തം തുകയിൽ, 500.00 ലക്ഷം രൂപ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു. (കെട്ടിടത്തിന്റെ മൊത്തം പ്രോജക്ട് കോസ്റ്റ് 800.00 ലക്ഷം രൂപയാണ്)

### iv. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്)

**(550.00 ലക്ഷം രൂപ)**

റോഡ്, റെയിൽ, ജലം, അനുബന്ധ മേഖലകൾ എന്നിങ്ങനെ വിവിധ ഗതാഗത സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നാറ്റ്പാക്ക് പ്രവർത്തിക്കുകയും ഗ്രാമീണ റോഡുകൾ, വിനോദ സഞ്ചാര ആസൂത്രണം, ഉൾനാടൻ ജലഗതാഗത സംവിധാനം, ഹൈവേ എഞ്ചിനീയറിംഗ്, ഗതാഗത ആസൂത്രണം എന്നീ മേഖലകളിൽ ഗവേഷണ വികസന പ്രവർത്തനങ്ങളും കൺസൾട്ടൻസി പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്ന രാജ്യത്തെ ഒരു പ്രധാന ഗവേഷണ വികസനം സ്ഥാപനമാണ് നാറ്റ്പാക് ഗവേഷണ വികസന പ്രവർത്തനങ്ങൾ, വ്യാപന പ്രവർത്തനങ്ങൾ, നാറ്റ് പാക്ക് കാമ്പസിലും പ്രാദേശിക കേന്ദ്രങ്ങളിലും ശാസ്ത്രീയ, ഭൗതിക പശ്ചാത്തല സൗകര്യ വിപുലീകരണം എന്നിവയ്ക്കായി 2021-22 ൽ 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### v. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ)

**(1250.00 ലക്ഷം രൂപ)**

കേരളത്തിലെ സസ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായുള്ള ഗവേഷണ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന സ്ഥാപനമാണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ). അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറിയുടെ നവീകരണം, കാര്യശേഷി വികസന പരിശീലനം, വിവിധ ഗവേഷണ വികസന പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 1250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**vi. ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ് )**

**(100.00 ലക്ഷം രൂപ)**

അടിസ്ഥാന ശാസ്ത്രത്തിൽ ഗവേഷണം, പരിശീലനം, പഠനം എന്നിവയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള ഒരു കാര്യശേഷി വികസന സ്ഥാപനമാണ് ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ് ). അടിസ്ഥാന ശാസ്ത്രത്തിലെ പ്രധാന മേഖലകളിൽ കാര്യമായ സംഭാവന നൽകുന്ന വിധത്തിലുള്ള ഗവേഷണപഠനങ്ങൾ ഏറ്റെടുക്കുക, ആഗോളതലത്തിൽ ശാസ്ത്രജ്ഞർ തമ്മിൽ ബൗദ്ധിക പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക, വെല്ലുവിളി നേരിടുന്ന താത്വിക മേഖലകളിൽ ഗവേഷണം നടത്താൻ പര്യാപ്തമായ ശാസ്ത്രജ്ഞർ തമ്മിൽ ശക്തമായ ഒരു പരസ്പരബന്ധം കെട്ടിപ്പടുക്കുക, അടിസ്ഥാനശാസ്ത്രത്തിൽ യുവശാസ്ത്രജ്ഞർക്ക് പരിശീലനം ലഭ്യമാക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പരമമായ ലക്ഷ്യം. പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ, പരിശീലന പരിപാടികൾ/സെമിനാറുകൾ/ശില്പശാലകൾ നടത്തുക, എന്നീ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ ഈ സ്ഥാപനത്തിന് വകയിരുത്തിയിരിക്കുന്നു.

**vii. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ് )**

**(325.00 ലക്ഷം രൂപ)**

മലബാർ മേഖലയിലെ വൈവിദ്ധ്യമായ ജലസസ്യങ്ങൾ, ചെറിയ ഇനം സസ്യങ്ങൾ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനും സസ്യശാസ്ത്രത്തിന്റെ വിവിധ മേഖലകൾ സംബന്ധിക്കുന്ന വിജ്ഞാനം പകർന്നു നൽകുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ് ). ഈ സ്ഥാപനത്തിന്റെ പശ്ചാത്തല സൗകര്യ വികസനം, പദ്ധതി അനുബന്ധ പരിപാടികൾ, ഗവേഷണ പരിപാടികൾ, എന്നിവയ്ക്കായി 2021-22 ബജറ്റിൽ 325.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരളത്തിലെ ശാസ്ത്ര ഗവേഷണ മേഖല വികസിപ്പിക്കുന്നതിനും ശാസ്ത്രീയ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുമായി സാമ്പത്തിക സഹായം നൽകുന്നതിന്റെ ഉത്തരവാദിത്വം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിനാണ്. ഫർണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക, ഇ-ഓഫീസ് മാനേജ്മെന്റും ഇൻഫർമേഷൻ സിസ്റ്റവും, നിലവിലെ ലൈബ്രറിയും, ഇലക്ട്രോണിക് റഫറൽ ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഉപകരണങ്ങളുടേയും കെട്ടിടത്തിന്റെയും വാർഷിക അറ്റകുറ്റപ്പണികൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 2020-21 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**3. കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികളും പരിപാടികളും**

**(വിഹിതം: 2078.00 ലക്ഷം രൂപ)**

ശാസ്ത്രീയ ഗവേഷണം, മാനവശേഷി, പശ്ചാത്തല സൗകര്യ വികസനം, സാങ്കേതികത, നൂതന കണ്ടുപിടുത്തങ്ങൾ, പരിസ്ഥിതി സംരക്ഷണം, ശാസ്ത്ര പ്രചരണം, ആശയവിനിമയം എന്നിവയ്ക്ക് സഹായം പ്രദാനം ചെയ്തുകൊണ്ട് സംസ്ഥാനത്ത് ശാസ്ത്രസാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിൽ കെ എസ് സി എസ് ടി ഇ ഏർപ്പെട്ടിരിക്കുന്നു. കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ താഴെപ്പറയുന്ന പരിപാടികൾക്കായി 2021-22 വാർഷിക ബജറ്റിൽ 2078.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

എ. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം

ബി. ആവാസവ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ

സി. ശാസ്ത്ര പ്രചരണ പരിപാടികൾ

ഡി. ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം

ഇ. സാങ്കേതിക വികസനവും കൈമാറ്റവും

എഫ്. വനിതകൾക്കായുള്ള ശാസ്ത്ര പരിപാടികൾ

## എ. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം

**(1100.00 ലക്ഷം രൂപ)**

യുവ തലമുറയ്ക്ക് പ്രയോജനമാകുന്ന വിധത്തിൽ ശാസ്ത്രഗവേഷണത്തിൽ തൊഴിൽമേഖല തിരഞ്ഞെടുക്കുന്നതിനായി അവരെ ആകർഷിക്കുന്നതിനുവേണ്ടി പ്രഗത്ഭരായ പണ്ഡിതന്മാർ/ ശാസ്ത്രജ്ഞന്മാരുടെ കഴിവുകൾ വിനിയോഗിക്കൽ, ശാസ്ത്രഗവേഷണ വ്യാപനം, ശാസ്ത്രീയ മേഖലകളുടെ സാങ്കേതിക വൈദഗ്ധ്യം ഉയർത്തുക, നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടിയുടെ കീഴിൽ ഉള്ള പ്രവർത്തനങ്ങൾ. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 1100.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

i. ശാസ്ത്ര ഗവേഷണ പദ്ധതി (എസ്.ആർ.എസ്) സംസ്ഥാനത്ത് അടിസ്ഥാന പ്രായോഗിക ഗവേഷണങ്ങളിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ശാസ്ത്ര ഗവേഷണ പദ്ധതി. സർവകലാശാല വിഭാഗങ്ങൾ, കലാലയങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശാസ്ത്രം, എഞ്ചിനീയറിംഗ് എന്നീ ഉയർന്നു വരുന്ന മേഖലകളിലെ ഗവേഷണ പദ്ധതി നടപ്പാക്കുന്നതിന് ഈ പരിപാടിയുടെ കീഴിൽ സാമ്പത്തിക സഹായം നൽകുന്നു.

ii. എമിരറ്റസ് സയന്റിസ്റ്റ് സ്കീം - ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള മുതിർന്ന ശാസ്ത്രജ്ഞർക്കു വേണ്ടിയുള്ളതാണ് ഈ പരിപാടി. സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ നേരിടുന്നതിൽ പ്രഗത്ഭരായ വിരമിച്ച ശാസ്ത്രജ്ഞന്മാർ/പണ്ഡിതരുടെ പരിജ്ഞാനവും പരിചയസമ്പത്തും പ്രത്യേക മേഖലകളിൽ അവരുടെ ഗവേഷണ പാടവവും ഉപയോഗപ്പെടുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

iii. സ്പൈറ്റിസ്/വിദ്യാർഥി പ്രോജക്ട്/ക്രിസ്റ്റൽ

(എ) സ്പൈറ്റിസ് (യുവശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി)സ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും (സ്പൈറ്റിസ്-I) ശാസ്ത്ര സാങ്കേതികവിദ്യയിൽ നൂതന ആശയങ്ങൾ ഉള്ള പോളിടെക്നിക്/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രോജക്ടുകൾ ചെയ്യുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനു (സ്പൈറ്റിസ്-II) വേണ്ടിയുള്ളതാണ് ഈ പദ്ധതി.

(ബി) വിദ്യാർത്ഥി പ്രോജക്ട് - സംസ്ഥാനത്തെ സർവകലാശാല വകുപ്പുകളിലും കോളേജുകളിലും ബിരുദാനന്തര ബിരുദ കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം പ്രദാനം ചെയ്യുക എന്നതാണ് വിദ്യാർത്ഥി പ്രോജക്റ്റിന്റെ ലക്ഷ്യം.

(സി) ക്രിസ്റ്റൽ (ഭാവി യുവ ശാസ്ത്രജ്ഞരെ കണ്ടെത്തൽ)- ഈ പരിപാടി വിദ്യാർത്ഥികളെ ലക്ഷ്യമിട്ടു കൊണ്ടുള്ള ഒന്നാണ്. ചെറിയ പ്രായത്തിൽ തന്നെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിന് അവസരം ഒരുക്കുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു.

iv. ശാസ്ത്ര, സാങ്കേതിക മാനേജ്മെന്റ് പരിശീലനം - സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവേഷണ പരീക്ഷണശാലകൾ എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർക്കും സാങ്കേതിക വിദഗ്ധർക്കും ശാസ്ത്രീയ ഭരണ നിർവ്വഹണത്തിലും മാനേജ്മെന്റിലും പരിശീലനം നല്കുന്നതിനുള്ള പരിപാടിയാണിത്.

v. ശാസ്ത്ര പഠന കേന്ദ്രം - കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയുമായി (സി-എസ്.ഐ.എസ്) ചേർന്നു കൊണ്ട് സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും ശാസ്ത്രീയ പരീക്ഷണങ്ങൾ നടത്തുന്നതിനും അടിസ്ഥാന ശാസ്ത്രഗവേഷണത്തിൽ പ്രചോദനം നൽകുന്നതിനുവേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ള പരിശീലന കേന്ദ്രമാണ് ശാസ്ത്ര പഠന കേന്ദ്രം.

vi. ഫെലോഷിപ്പ് പ്രോഗ്രാമുകൾ

ശാസ്ത്രഗവേഷണം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ശാസ്ത്രമേഖലയിലെ ബിരുദാനന്തര ബിരുദധാരികൾക്കായുള്ള കെ.എസ്.സി.എസ്.റ്റി.ഇ. ഗവേഷണ ഫെലോഷിപ്പുകൾ.

ശാസ്ത്ര മേഖലയിൽ പി.എച്ച്.ഡി ഉള്ളവർക്ക് ഗവേഷണം തുടരുന്നതിനും ശാസ്ത്രജ്ഞരായി

അവരുടെ തൊഴിൽ മേഖല തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ സാങ്കേതികവും നേതൃത്വപരവുമായ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുമുള്ള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ.

**ബി. ആവാസവ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ**

**(100.00 ലക്ഷം രൂപ)**

ഈ പരിപാടികൾ/പ്രവർത്തനങ്ങൾ ആവർത്തനം ഒഴിവാക്കുന്നതിനായി പരിസ്ഥിതി വകുപ്പുമായി ആലോചിച്ചതിനുശേഷം നടപ്പിലാക്കേണ്ടതാണ്. ഈ പരിപാടിയുടെ കീഴിൽ ഏറ്റെടുക്കേണ്ട ഗവേഷണ, വികസന പ്രവർത്തനങ്ങൾ മുഖ്യമായും വെള്ളപ്പൊക്ക സാധ്യതാപ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള സാങ്കേതിക വിദ്യവികസിപ്പിക്കൽ, ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കൽ, അപകടസാധ്യത മുൻകൂട്ടി കണക്കാക്കൽ എന്നിവ കേന്ദ്രീകരിച്ച് കൊണ്ടുള്ളതാണ്. താഴെ പറഞ്ഞിരിക്കുന്ന പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു.

എ) ആവാസവ്യവസ്ഥ, പരിസ്ഥിതി പരിപാടി- ആവാസവ്യവസ്ഥ, പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച ഗവേഷണ പ്രവർത്തനങ്ങൾക്കായി ശാസ്ത്രജ്ഞന്മാർക്കും പ്രഗൽഭർക്കും ധനസഹായം നൽകുന്നതിനുള്ള പരിപാടി.

ബി) പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയും പരിസ്ഥിതി ക്ലബുകളും - വിദ്യാഭ്യാസസ്ഥാപനങ്ങൾ/ ഗവേഷണ-വികസനകേന്ദ്രങ്ങൾ/സർക്കാരിതരസംഘടനകൾഎന്നിവിടങ്ങളിൽ പരിസ്ഥിതിസംരക്ഷണംസംബന്ധിക്കുന്നഅവബോധവുംപ്രവർത്തനങ്ങളുംപ്രോത്സാഹിപ്പിക്കു ന്നതിന് വേണ്ടിയുള്ള പരിപാടി.

സി) പരിസ്ഥിതി മാനേജ്മെന്റ് ട്രെയിനിംഗ്- പരിസ്ഥിതി മാനേജ്മെൻറിൽ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നതിനായുള്ള പരിപാടി.

**സി. ശാസ്ത്ര പ്രചരണ പരിപാടി**

**(300.00 ലക്ഷം രൂപ)**

ശാസ്ത്ര തത്വങ്ങളും പ്രായോഗിക പരിപാടികളും പ്രചരിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളുടേയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടി.

എ. ശാസ്ത്ര പുരസ്കാരങ്ങൾ

- കേരള ശാസ്ത്ര പുരസ്കാരം - ലോകത്തിലെവിടെയും പ്രവർത്തിക്കുന്ന കേരളീയരായ ശാസ്ത്രജ്ഞർക്ക് ആജീവനാന്ത സംഭാവനക്ക് നൽകുന്ന പുരസ്കാരം.
- കേരള സംസ്ഥാന യുവശാസ്ത്രജ്ഞ പുരസ്കാരം - ശാസ്ത്ര സാങ്കേതിക മേഖലയിൽ കൗൺസിലിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും ഒരു ശാഖയിൽ നൽകിയ ശ്രദ്ധേയ സംഭാവന അംഗീകരിച്ച് പ്രഗല്ഭരായ യുവശാസ്ത്രജ്ഞരെ ആദരിയ്ക്കുന്നതിനായുള്ള പുരസ്കാരം
- ശാസ്ത്ര സാഹിത്യ പുരസ്കാരം - മലയാള ശാസ്ത്ര സാഹിത്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗണ്യമായ സംഭാവനകൾക്ക് നൽകുന്ന പുരസ്കാരം.

ബി. കേരള ശാസ്ത്ര കോൺഗ്രസ്സ് - സംസ്ഥാനത്തിന് യോജിക്കുന്ന തരത്തിലുള്ള സാങ്കേതികത വികസിപ്പിക്കുന്നതിനും അറിവുകൾ കൈമാറ്റം ചെയ്യുന്നതിനും ഗവേഷണ കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നതിനും വേദി ഒരുക്കുന്നതിനുവേണ്ടി യുവ ഗവേഷകർ, പണ്ഡിതർ, വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ധർ, മറ്റുള്ളവർ എന്നിവരെ ലക്ഷ്യം വച്ചുകൊണ്ട് വർഷം തോറും സംസ്ഥാനത്ത് നടക്കുന്ന പരിപാടിയാണ് കേരള ശാസ്ത്ര കോൺഗ്രസ്.

സി) ദേശീയ ശാസ്ത്ര കോൺഗ്രസ് പ്രോജക്ടുകളിലൂടെ ശാസ്ത്രം എന്ന ആശയവും ശാസ്ത്രീയ രീതികളും പ്രചരിപ്പിക്കുന്നതിനായി 7-14 പ്രായപരിധിയിൽ ഉൾപ്പെടുന്ന കുട്ടികൾക്കായി നടത്തുന്ന പരിപാടിയാണ് കുട്ടികൾക്കായുള്ള ദേശീയ ശാസ്ത്ര കോൺഗ്രസ്.

ഡി) ദേശീയ ശാസ്ത്ര ദിനം/ദേശീയ സാങ്കേതിക ദിനാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ

ഇ) ശാസ്ത്ര മാധ്യമങ്ങൾക്കുള്ള സഹായം. ശാസ്ത്ര രചന പ്രോത്സാഹിപ്പിക്കുന്നതിനായി ഡോക്യുമെന്റേഷനും പ്രസിദ്ധീകരണവും

എഫ്)ടെക്നോളജിഫെസ്റ്റിവൽ(ടെക്ഫെസ്റ്റ്)-സംസ്ഥാനത്തിനകത്തുനിന്നുള്ളതും എൻ.ഐ.ടി/ ഐ.ഐ.ടി കളിൽ നിന്നുള്ളതുമായ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് അവരുടെ നൂതന

കണ്ടുപിടുത്തങ്ങളും കണ്ടെത്തലുകളും പ്രകടിപ്പിക്കുന്നതിനും രാജ്യത്തിലെ മുതിർന്ന സാങ്കേതികവിദഗ്‌തരുമായി നൂതന ആശയങ്ങളും ധാരണകളും വികസിപ്പിക്കുന്നത് സംബന്ധിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും അവസരം നൽകുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിപാടിയാണ് ടെക് ഫെസ്റ്റ്.

ജി). റൂറൽ ഇന്നോവേറ്റേഴ്സ് മീറ്റ് (ആർ.ഐ.എം) ഗ്രാമീണ മേഖലകളിലെ കണ്ടുപിടുത്തങ്ങൾ നടത്തുന്നവർക്കായി വർഷം തോറും നടത്തിവരുന്ന പരിപാടിയാണ് ആർ.ഐ.എം.

**ഡി. ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം**

**(200.00 ലക്ഷം രൂപ)**

വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായ പഠന സാഹചര്യം സൃഷ്ടിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടി.

എ) ഗവേഷണ വികസന പരിപാടികൾ വിപുലീകരിക്കൽ (എസ്.എ.ആർ.ഡി) – ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റപണികൾക്കുമായി സഹായം നൽകിക്കൊണ്ട് കലാലയങ്ങളിലും സർവകലാശാലകളിലും ബിരുധാനന്തര ബിരുദ ശാസ്ത്ര വകുപ്പുകളിൽ ഗവേഷണവും വികസനവും വിപുലീകരിക്കുന്നതിനായി സഹായം നൽകുന്നതിനുള്ള പരിപാടിയാണ് എസ്.എ.ആർ.ഡി.

ബി) ശാസ്ത്രപോഷിണിയും ശാസ്ത്ര പഠനം പരിശീലനം പരിപോഷിപ്പിക്കലും (നെസ്റ്റ്)– സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ശാസ്ത്രവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും, ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നതിനും, ശാസ്ത്ര മാതൃകാ ലബോറട്ടറികൾ സ്ഥാപിച്ചുകൊണ്ട് സ്കൂളുകളിലെ ശാസ്ത്രപഠനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന പരിപാടിയാണ് ശാസ്ത്ര പോഷിണി. പശ്ചാത്തല സൗകര്യ പുനർനിർമ്മിതിയുടെ ഭാഗമായി സ്കൂൾ ലാബുകൾ പുനസ്ഥാപിക്കുന്നതും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ശാസ്ത്ര അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് സ്കൂൾ തലത്തിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടിയാണ് നെസ്റ്റ്.

**ഇ .സാങ്കേതിക വികസനവും കൈമാറ്റവും**

**(178.00 ലക്ഷം രൂപ)**

സാങ്കേതിക വികസനം, ഗവേഷണം, നൂതന കണ്ടുപിടുത്തം എന്നിവയ്ക്ക് സഹായം നൽകുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടി. പ്രളയബാധിത മേഖലകൾക്കായുള്ള ഭവനനിർമ്മാണ സാങ്കേതികവിദ്യകൾ, ചെലവ് കുറഞ്ഞ ജലശുദ്ധീകരണ സംവിധാനം, പുനരുപയോഗിക്കാവുന്ന ഊർജ്ജ സംവിധാനം എന്നിവ ഉൾപ്പെടുന്ന സന്തുലിതമായ അടിസ്ഥാന സൗകര്യവികസനം പ്രദാനം ചെയ്തുകൊണ്ട് കേരളത്തിന്റെ പുനർനിർമാണ പ്രക്രിയക്ക് പിന്തുണ നൽകുന്നതും 2020–21 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

i. എഞ്ചിനീയറിംഗ്, ടെക്നോളജി പ്രോഗ്രാമുകൾ (ഇ.റ്റി.പി.) –എഞ്ചിനീയറിംഗ്,സാങ്കേതികത എന്നീ മേഖലകളിൽ ഉന്നത ഗുണനിലവാരമുള്ള ഗവേഷണ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകൾക്കും ഗവേഷണ വികസന സ്ഥാപനങ്ങൾക്കും സഹായം നൽകുന്നതിനുള്ള പരിപാടിയാണ് ഇ.റ്റി.പി

ii. സാങ്കേതിക വിദ്യ വികസനവും അഡാപ്റ്റേഷൻ പ്രോഗ്രാമും (റ്റി.ഡി.എ.പി.)–സാങ്കേതിക വികസനത്തിനും, ആവശ്യാധിഷ്ഠിതമായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയുള്ള പരിപാടിയാണ് റ്റി.ഡി.എ.പി.

iii. ഗ്രാമീണ സാങ്കേതിക വിദ്യ പരിപാടികൾ (ആർ.റ്റി.പി.) – നൂതന കണ്ടുപിടുത്തങ്ങൾ നടത്തുന്ന, അടിസ്ഥാന തലത്തിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടുപിടുത്തങ്ങൾ സംരഭക നിലയിൽ എത്തിക്കുന്നതിനുമുള്ള പരിപാടിയാണ് ആർ.റ്റി.പി.

iv. പേറ്റന്റ് ഇൻഫർമേഷൻ സെന്റർ കേരള (പി ഐ സി )– ഈ കേന്ദ്രം കേരള സംസ്ഥാനത്ത് പേറ്റന്റ് അപേക്ഷ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ജനങ്ങൾക്ക് ഐ.പി.ആർ സംബന്ധിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

### എഫ്. വനിതകൾക്കായുള്ള ശാസ്ത്ര ഗവേഷണ പരിപാടികൾ

**(200.00 ലക്ഷം രൂപ)**

ശാസ്ത്രീയ പഠനത്തിൽ സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ നല്കുന്നതിനു ശാസ്ത്ര സാങ്കേതികതയിൽ വനിതകളുടെ സ്ഥാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും തുല്യമായ പ്രാധാന്യം നൽകുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് വനിതകൾക്കായുള്ള പരിപാടികൾ

എ) ബാക്ക് റ്റു ലാബ് പരിപാടി- ശാസ്ത്ര മേഖലയിലെ പ്രവർത്തങ്ങളിൽ ഇടവേള എടുക്കേണ്ടി വന്നവരും എന്നാൽ, ശാസ്ത്ര ഗവേഷണത്തിന്റെ മുഖ്യധാരയിൽ തിരികെ എത്തി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും, ശാസ്ത്രമേഖലയിൽ യോഗ്യത നേടിയ വനിതകൾക്ക് ശാസ്ത്രജ്ഞരായി പ്രവർത്തിക്കുന്നതിനും, പോസ്റ്റ് ഡോക്ടറൽ/ഗവേഷണ ഫെലോഷിപ്പുകൾ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ടു വിഭാവനം ചെയ്തിട്ടുള്ള പരിപാടിയാണ് ബാക്ക് റ്റു ലാബ് പരിപാടി.

ബി) ശാസ്ത്ര ഗവേഷണ ആഭിമുഖ്യവും നൈപുണ്യവുമുള്ള വിദ്യാർത്ഥിനികൾക്കായുള്ള പരിപാടി (സ്റ്റാർസ്) - അടിസ്ഥാന, പ്രായോഗിക ശാസ്ത്രത്തിൽ ഉന്നത വിദ്യാഭ്യാസം തുടരുന്നതിന് പ്രാഗത്ഭ്യമുള്ള വിദ്യാർത്ഥിനികളെ പ്രതിഭാ സ്കോളർഷിപ്പ്, സ്പീഡ് (സ്റ്റുഡന്റ് പ്രോഗ്രാം ഫോർ എക്സലൻസ് ഇൻ എക്സ്പിരിമെന്റൽ ഡിസൈൻ) എന്നീ പരിപാടികളിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

സി) ശാസ്ത്രം, സാങ്കേതികത, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം എന്നീ മേഖലകളിൽ എസ് സി എസ് ടി വിഭാഗത്തിൽ പെട്ട തൊഴിൽ രഹിതരായ വനിതകളെ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള പരിപാടി- സംസ്ഥാനത്തെ എന്നീ മേഖലകളിൽ എസ് സി എസ് ടി വിഭാഗത്തിൽ പെട്ട തൊഴിൽ രഹിതരായ വനിതകളെ കണ്ടെത്തി ശാസ്ത്രം, സാങ്കേതികത, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം എന്നീ മേഖലകളിൽ സമൂഹത്തിന് ഗുണകരമാകുന്ന തരത്തിൽ ശാസ്ത്ര സാങ്കേതിക തലങ്ങളിൽ ഇടപെടുകൾ നടത്തുന്നതിന് പിന്തുണ നൽകുന്നതിനുള്ള പരിപാടി.

### 4. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് നൽകുന്ന സഹായധനം

**(വിഹിതം : 200.00 ലക്ഷം രൂപ)**

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിലയിരുത്തലിനും അംഗീകാരത്തിനും വിധേയമായി ചില സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് കൗൺസിൽ ഗവൺമെന്റിന്റെ അനുമതിയോടെ സാമ്പത്തിക സഹായം നൽകുന്നു. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

(i) സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.റ്റി.ഐ.സി.)- കെ.എസ്.സി.എസ്.റ്റി.ഇ യും കുസാറ്റും യോജിച്ചു പ്രവർത്തിപ്പിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് എസ്.റ്റി.ഐ.സി.

(ii) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി.)- ഊർജ്ജ സംരംക്ഷണവും പരിപാലനവും, ഹരിതോർജം പ്രോത്സാഹിപ്പിക്കൽ, പ്രകൃതി വിഭവ സംരംക്ഷണ പരിപാടികൾ, തദ്ദേശീയ ഇടപെടലുകൾ, സാങ്കേതിക കൈമാറ്റം എന്നിങ്ങനെ സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ഗവേഷണ വികസന കേന്ദ്രമാണ് ഐ.ആർ.റ്റി.സി.

(iii) എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷൻ (എം.എസ്.എസ്.ആർ.എഫ്) പ്രാദേശിക കേന്ദ്രം (വയനാട്) - ജൈവവൈവിധ്യം, പ്രത്യേകിച്ച് കാർഷിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതും സന്തുലിതവും സുസ്ഥിരവുമായ ജൈവവൈവിധ്യ വിനിയോഗവും സംബന്ധിച്ച് പ്രവർത്തിക്കുന്ന ഒരു കേന്ദ്രം.

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കായി 200.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### 5. ജൈവ സാങ്കേതിക വിദ്യ വികസനം

**(വിഹിതം: 110.00 ലക്ഷം രൂപ)**

ജലജന്യ രോഗങ്ങളും രോഗാണുക്കളുടെ ഉജ്ജീവനവും, പ്രളയവും ഇലക്ട്രോണിക് മാലിന്യങ്ങളും കാരണം ജലാശയങ്ങളിൽ ഉയർന്ന തോതിലുണ്ടാകുന്ന ലോഹ മലിനീകരണം, ബയോ റെമഡിയേഷൻ,

ഫൈറ്റോ റെമഡിയേഷൻ എന്നിവ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾക്ക് സഹായം നൽകുന്നതിനായി ഈ പദ്ധതിയുടെ കീഴിൽ 2021-22 ൽ താഴെ കൊടുത്തിരിക്കുന്ന പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- ജൈവസാങ്കേതിക രംഗത്തെ യുവ നിക്ഷേപകർക്കായുള്ള പരിപാടി (വൈ.ഐ.പി.ബി.) -ജൈവ സാങ്കേതിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന യുവ ശാസ്ത്രജ്ഞർക്ക് അടിയന്തര ഗവേഷണ സഹായം നൽകുന്നതിനും ജൈവസാങ്കേതികവിദ്യയുടെ മേഖലകളിൽ അവരുടെ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പരിപാടി.
- വ്യാവസായിക അനുബന്ധ ജൈവസാങ്കേതിക ഗവേഷണ പദ്ധതി (ഐ.ബി.ആർ.എസ്) സർവ്വകലാശാല പഠന ഗവേഷണ വിഭാഗങ്ങളും വ്യവസായവും സംയോജിച്ചുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി.
- ജൈവ സാങ്കേതിക രംഗത്തെ റീ-എൻടി ഫെല്ലോഷിപ്പ് ജൈവ സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ ഗവേഷണ പരിചയമുള്ള മെച്ചപ്പെട്ട പരിശീലനം ലഭിച്ചവരും ഉയർന്ന യോഗ്യതയുള്ളവരുമായ ഗവേഷകർക്ക് വേണ്ടി ആരംഭിച്ചിട്ടുള്ള പരിപാടി.
- ജൈവ സാങ്കേതിക പരിശീലനവും ശിൽപശാലയും (ബി.റ്റി.ഡബ്ല്യ)/ജൈവ സാങ്കേതിക രംഗത്തെ യുവ സംരംഭകർക്കായുള്ള പുരസ്കാരം (ബി.വൈ.ഇ.എ) - ജൈവ സാങ്കേതിക രംഗത്തെ പുതിയ മേഖലകളെക്കുറിച്ച് അറിവ് പകരുന്നതിന് പരിശീലനവും ശിൽപശാലകളും സംഘടിപ്പിക്കുന്നതിന് സർവകലാശാലകളിലെയും കോളേജുകളിലെയും ജൈവ സാങ്കേതിക വിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് ബി.റ്റി.ഡബ്ല്യ. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഇടയിൽ ജൈവശാസ്ത്ര വ്യാപാരം സംബന്ധിച്ച അവബോധം വർധിപ്പിക്കുന്നതിനും ജൈവസാങ്കേതികവിദ്യ സംരംഭകത്വം വികസിപ്പിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ചിട്ടുള്ളതാണ് ബി.വൈ.ഇ.എ.
- പ്രാദേശിക വികസനത്തിനായുള്ള നൂതന ജൈവ സാങ്കേതിക വിദ്യകൾ (ബി.ഐ.ആർ.ഡി.)- ബി.ഐ.ആർ.ഡി ഗ്രാമീണമേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ജൈവസാങ്കേതികത അടിസ്ഥാനമായുള്ള ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി ഗ്രാമീണ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പരിശീലനത്തിനും പരീക്ഷണ പ്രോജക്ടുകൾക്കും സാമ്പത്തിക സഹായം നൽകുന്നതിനുള്ളപരിപാടിയാണ് .
- ചീഫ് മിനിസ്റ്റേഴ്സ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം - സാങ്കേതിക ജൈവവിദ്യ ഉയർന്നുവരുന്ന മേഖലകളിൽ ദേശീയ/അന്തർദേശീയ സംയോജിത ഗവേഷണ പരിശീലനം നേടുന്നതിന് ജൈവ സാങ്കേതികരംഗത്തെ യുവ ശാസ്ത്രജ്ഞർക്കും പരിശീലകർക്കും അവസരം പ്രദാനം ചെയ്യുന്നതിന് വേണ്ടിയുള്ള പരിപാടി

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2021-22 ബജറ്റിൽ 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികൾ**

**(വിഹിതം : 370.00 ലക്ഷം രൂപ)**

2020-21 ബജറ്റിൽ പദ്ധതിയുടെ കീഴിൽ താഴെ കൊടുത്തിരിക്കുന്ന പരിപാടികൾക്കായി 370.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(i) സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ ഫെസിലിറ്റി (എസ്.എ.ഐ.എഫ്) - ഈ കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത് പീച്ചിയിലെ കേരള വനഗവേഷണ കേന്ദ്രത്തിലാണ്. ഇത് ഒരു സജീവ അനലക്ടിക്കൽ ഡയഗ്നോസ്റ്റിക് കേന്ദ്രമെന്ന നിലയിലും കേരളത്തിന്റെ വടക്കൻ മേഖലകളിലെ സ്ഥാപനങ്ങളുടെ ഗവേഷണ വികസന ആവശ്യങ്ങൾക്കായി അത്യാധുനിക ഉപകരണങ്ങൾ ഔട്ട് സോഴ്സ് ചെയ്യുന്നതിനുള്ള ഒരു ഫെസിലിറ്റേഷൻ സെന്റർ എന്ന നിലയിലും പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനമാണ്. ഒരു ഗവേഷണ ഫെസിലിറ്റേഷൻ സെന്റർ എന്നനിലയിൽ പ്രവർത്തിക്കുന്നതിലുപരി പ്രദേശങ്ങൾക്ക് അനുസൃതമായ ആവശ്യങ്ങൾ കേന്ദ്രീകരിച്ച് ഗവേഷണ വികസന പരിപാടികൾ ഏറ്റെടുക്കുന്നതിലും ഈ കേന്ദ്രം ഏർപ്പെട്ടിരിക്കുന്നു.

(ii) എ.പി.ജെ അബ്ദുൽകലാം യൂത്ത് ചലഞ്ച് പ്രോഗ്രാം- പ്രത്യേക മേഖലകളിൽ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനായി യുവതലമുറയെ ലക്ഷ്യം വച്ചുകൊണ്ടുള്ള പരിപാടി.

(iii) ഫുഡ് ടെക്നോളജി ഡവലപ്മെന്റ് ആൻഡ് ടെസ്റ്റിംഗ് ഫെസിലിറ്റി – ഭക്ഷ്യ മൂല്യവർദ്ധനവിനും ,ഭക്ഷ്യ വസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും പച്ചക്കറികളിലും ഭക്ഷ്യ ഉത്പന്നങ്ങളിലും വർധിച്ച തോതിൽ കീടനാശിനികളുടെ ഉപയോഗം പരിശോധിക്കുന്നതിനും വേണ്ടി, സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷന് സെന്ററിൽ (എസ്.റ്റി.ഐ.സി) ഫുഡ് ടെക്നോളജി ഡവലപ്മെന്റ് ആൻഡ് ടെസ്റ്റിംഗ് ഫെസിലിറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പരിപാടി.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ട്ഉള്ള പുതിയ പരിപാടികൾ ചുവടെ ചേർത്തിരിക്കുന്നു.

(iv) എസ്എച്ച് ആർഇഎസ് റ്റി എ- ജലം,ജൈവസാങ്കേതിക, നാനോ ടെക്നോളജി, കാലാവസ്ഥാ വ്യതിയാനം, റോബോട്ടിക്സ്&ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നിങ്ങനെ അഞ്ച് പ്രത്യേക ഗവേഷണ മേഖലകളിൽ പ്രവർത്തിക്കുന്ന ഉന്നത ഗുണനിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളെ പിന്തുണക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് സ്റ്റേറ്റ് ഹയർ റിസർച്ച് സെന്റേഴ്സ് ഇൻ സയൻസ് ആന്റ് ടെക്നോളജി ആപ്ലിക്കേഷൻസ്(എസ്എച്ച് ആർഇഎസ് റ്റി എ)

(v) എസ് പി ഐഐആർസി- ഗവേഷണ കേന്ദ്രങ്ങളിലെയും ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷകരുടെ ഗവേഷണ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിന് ഈ സ്ഥാപനങ്ങൾ തമ്മിലുള്ള സംയോജിത പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് സ്കീം ഫോർ പ്രമോഷൻ ഓഫ് ഇൻറർ ഇൻസ്റ്റിട്യൂഷണൽ റിസർച്ച് കൊളാബ്രേഷൻ

(vi) ടെന്യൂർ ട്രാക്ക് ഫാക്കൽറ്റി പ്രോഗ്രാം- യൂണിവേഴ്സിറ്റികൾ, ഗവേഷണ വികസന സ്ഥാപങ്ങൾ എന്നിവയിലൂടെ പി എച്ച് ഡി ഹോൾഡർമാരെ പിന്തുണക്കുന്നതിനുള്ള പരിപാടി.

**7. കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി (പൈലറ്റ് പ്രോജക്ട് )**

**(വിഹിതം : 120.00 ലക്ഷം രൂപ)**

കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനായി സമഗ്രമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കി, പരീക്ഷണാടിസ്ഥാനത്തിൽ ഒരു നിശ്ചിത സൂചിൽ നടപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കെ.എസ്.സി.എസ്.റ്റി.ഇ. തിരുവനന്തപുരം വികസന അതോറിറ്റി, ജൈവ വൈവിദ്ധ്യ ബോർഡ്, ജലസേചന വകുപ്പ്, റവന്യൂ വകുപ്പ്, പരിസ്ഥിതി വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, നദി കടന്നുപോകുന്ന പഞ്ചായത്തുകൾ, പരിസ്ഥിതി പ്രഗത്ഭർ, തിരുവനന്തപുരം ജില്ലാ റെസിഡൻസ് അസോസിയേഷനുകളുടെ ഫെഡറേഷൻ, എം.പി.മാർ, എം.എൽ.എ.മാർ, കൗൺസിലർമാർ എന്നിവർ ഉൾപ്പെടുന്ന നദീ പുനസ്ഥാപന ഏകോപന സമിതി രൂപീകരിച്ചുകൊണ്ട് തിരുവനന്തപുരം വികസന അതോറിറ്റി, സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്, ജലസേചന വകുപ്പ് എന്നിവയെ ഏകോപിപ്പിച്ച് ഈ പ്രത്യേക പദ്ധതി നടപ്പാക്കുന്നത് ശാസ്ത്ര സാങ്കേതിക വകുപ്പാണ്.

നിലവിലുള്ള സബ് പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും പദ്ധതി നടത്തിപ്പിന്റെ ചെലവുകൾക്കും വേണ്ടി 2021-22 ബജറ്റിൽ പദ്ധതിക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

**(വിഹിതം : 5000.00 ലക്ഷം രൂപ)**

വൈറൽ സാക്രമിക രോഗങ്ങളുടെ ഗവേണം, നിയന്ത്രണം, ചികിത്സ എന്നിവ ലക്ഷ്യമിട്ടു കൊണ്ട് അത്യാധുനിക ലബോറട്ടറി സൗകര്യങ്ങളോടെ കേരളത്തിന്റെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് അന്താരാഷ്ട്രാ വൈറോളജി സ്ഥാപനങ്ങളുമായുള്ള ശൃംഖലയിൽ കണ്ണിചേർന്ന് പ്രവർത്തിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനമാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. അടിസ്ഥാന ശാസ്ത്രവും ട്രാൻസിലേഷണൽ റിസേർച്ചും ഉൾപ്പെടുന്ന ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നതിനും, വൈറൽ സാക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിനും അവ തടയുന്നതിനു പര്യാപ്തമായ ശാസ്ത്രീയ ഉപാധികൾ പ്രധാനം ചെയ്യുന്നതിനും വേണ്ടി അന്തർ ദേശീയ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന ഒരു മികവിന്റെ സ്ഥാപനമായിരിക്കും ഇത്.

202.00 കോടി രൂപ മൊത്തം പദ്ധതി ചെലവ് വരുന്ന ഈ സ്ഥാപനം വ്യാവസായിക കൈമാറ്റം/സാങ്കേതിക പ്രോത്സാഹനം എന്നിവയ്ക്കായി പ്രവര്ത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്തു കൊണ്ട് കേരള സംസ്ഥാന വ്യവസായ വികസന കോര്പ്പറേഷന്

ഈ സ്ഥാപനത്തിന്റെ പങ്കാളിയായിരിക്കും. തിരുവനന്തപുരത്തെ തോന്നക്കലിൽ 25 ഏക്കർ സ്ഥലത്തു വ്യാപിച്ചു കിടക്കുന്ന ക്യാമ്പസിനു രണ്ടു ഘട്ടങ്ങളാണുള്ളത്.-ഘട്ടം 1ഉം ഘട്ടം 2ഉം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ് , കോമൺ ഇൻസ്ട്രുമെന്റേഷൻ റൂം, ജൈവ സുരക്ഷാ സൗകര്യങ്ങൾ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ, എന്നിവ ഉൾപ്പെടുന്ന ഘട്ടം I എ- പ്രീഫാബ് രണ്ടു നില കെട്ടിടം (25,000 ചതുരശ്ര അടി ), അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, ജൈവ സുരക്ഷാ സൗകര്യങ്ങൾ, പ്രവർത്തന വിഭാഗം എന്നിവ ഉൾപ്പെടുന്ന മൂന്നു നിലകളോട് കൂടിയ ഘട്ടം I ബി-പ്രധാന കെട്ടിടം (78,000 ചതുരശ്ര അടി) എന്നിവ ചേർന്നതാണ് ഇൻസ്റ്റിട്യൂട്ട് ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും രോഗനിർണ്ണയ പ്രവർത്തനങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഘട്ടം 1 എ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിനും 2021 ൽ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഘട്ടം 1 ബി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 2021-22 ബജറ്റിൽ ഇൻസ്റ്റിറ്റ്യൂട്ടിനായി വകയിരുത്തിയിട്ടുള്ള 5000.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ '31-ഗ്രാൻറ് ഇൻ എയ്ഡ് സാലറി' എന്ന ബജറ്റ് ശീർഷകത്തിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്ട് മാതൃകയിൽ ഉള്ള ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്നു.

**9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക് റിസർച്ച്**

**(വിഹിതം: 1.00 ലക്ഷം രൂപ)**

വ്യത്യസ്ത വൈദ്യശാസ്ത്ര മേഖലകളുടെ സഹായത്തോടെ പ്രമേഹ രോഗത്തെ തടയുകയും നിയന്ത്രിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക് റിസർച്ച്. വിവിധ പ്രായക്കാരിൽ പ്രമേഹരോഗം ഉയർന്നതോതിൽ ബാധിക്കുന്നതിന്റെ സാമൂഹിക ശാസ്ത്രീയ കാരണങ്ങൾ ഈ സ്ഥാപനം പരിശോധിക്കും. പാരമ്പര്യ തദ്ദേശീയ ചികിത്സാ രീതികൾക്ക് പ്രാധാന്യം നൽകി വ്യത്യസ്ത ശാസ്ത്ര മേഖലകളെ സംയോജിപ്പിച്ച് പ്രായോഗിക ഗവേഷണത്തിലൂടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും പ്രമേഹരോഗം തടയുന്നതിനും നിയന്ത്രിക്കുന്നതിനുംചികിത്സിക്കുന്നതിനുംസ്ഥാപനംഊന്നൽനൽകും.അക്കാദമികവുംജീവകാരുണ്യപരവുമായ സഹകരണത്തോടുകൂടി അന്താരാഷ്ട്ര തലത്തിലുള്ള പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള ഒരു കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ട് മാറും.

പ്രോജക്ട് മാനേജ്മെന്റിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. ഇൻസ്റ്റിട്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ് )**

**(വിഹിതം 100.00 ലക്ഷം)**

2020-21 ൽ കെഎസ് സി എസ് ഇ യുടെ കീഴിൽ കൊണ്ടുവന്ന കോട്ടയത്തെ ഇൻസ്റ്റിട്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ് ) ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര കൃഷി ശാസ്ത്രം ദുരന്ത സാധ്യതാ ലഘൂകരണം എന്നിവയോട് ഒരു ആവാസവ്യവസ്ഥാ സംവിധാന സമീപനത്തോടെ ആഗോള കാലാവസ്ഥാ വ്യതിയാനം ബയോസ്ഫിയറിലുണ്ടാക്കുന്ന മാറ്റങ്ങൾ സംബന്ധിക്കുന്ന പ്രാദേശിക /സംസ്ഥാന തല പ്രശ്നങ്ങൾ പഠിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു. ഈ ഇൻസ്റ്റിട്യൂട്ട് കേരളത്തിലെ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. 2021-22 ൽ ഇൻസ്റ്റിട്യൂട്ടിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.) തിരുവനന്തപുരം**

ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കും സാന്ത്വന പരിരക്ഷക്കും പുനരധിവാസത്തിനും വേണ്ടി സംസ്ഥാനത്ത് നിലവിലുള്ള അന്തർദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രധാന സ്ഥാപനമായ റീജണൽ ക്യാൻസർ സെന്റർ പ്രധാനപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. 2021-22 ബജറ്റിൽ ആർ സി സി ക്കായി 7100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. റീജിയണൽ ക്യാൻസർ സെന്റർ**

**(വിഹിതം: 6100.00 ലക്ഷം രൂപ)**

റീജിയണൽ ക്യാൻസർ സെന്റർ എന്ന പദ്ധതിയുടെ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 6100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- **പശ്ചാത്തല സൗകര്യ വിപുലീകരണം**

**(3000.00 ലക്ഷം രൂപ)**

രോഗികൾക്ക് മെച്ചപ്പെട്ട സ്ഥല സൗകര്യങ്ങൾ, വിവിധ രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾ എന്നിവ ലക്ഷ്യമിട്ടു കൊണ്ട് 2.75 ലക്ഷം ചതുരശ്ര അടി പ്രദേശത്ത് 18,722.00 ലക്ഷം രൂപ ചെലവ് വരുന്നതും, റേഡിയോ തെറാപ്പി ബ്ലോക്ക്, പുതിയ ബ്ലഡ് ബാങ്ക്, ബോൺമാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റ്, മോഡുലാർ ഓപ്പറേഷൻ തീയറ്ററുകൾ, ന്യൂക്ലിയാർ മെഡിസിൻ വാർഡ്, റോബോർട്ടിക് സർജറി യൂണിറ്റ്, അഡ്വാൻസ്ഡ് മൈക്രോ ബയോളജി ലബോറട്ടറി, തീവ്ര പരിചരണ വിഭാഗം, സർജിക്കൽ, മെഡിക്കൽ വാർഡുകളും, പേ വാർഡും, ഹോസ്റ്റലുകൾ എന്നിവ ഉൾപെടുന്നതുമായ പുതിയ 14 നില കെട്ടിടത്തിന്റെ നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആർസിസി ആരംഭിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായുള്ള എല്ലാ അനുമതികളും ലഭിച്ച് പണികൾ പുരോഗമിക്കുന്നു. 2021-22-ബജറ്റിൽ കെട്ടിട നിർമ്മാണത്തിനായി 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- **ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(2500.00ലക്ഷം രൂപ)**

പുതിയ 14 നില കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിനായി വിവിധ ലാബുകൾ, ബ്ലഡ് ബാങ്ക് എന്നിവിടങ്ങളിലേക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി, 2500.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

- **സ്ത്രീകളിലെയും കുട്ടികളിലെയും ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(500.00 ലക്ഷം രൂപ)**

സ്ത്രീകളുടെയിടയിൽ ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന നിലവിലെ സാഹചര്യത്തിൽ നേരത്തെയുള്ള ക്യാൻസർ രോഗനിർണ്ണയത്തിനും ചികിത്സക്കുമായി സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പാർശ്വഫലങ്ങൾ ലഘൂകരിച്ചു കൊണ്ട് സ്ത്രീകളിലെ ക്യാൻസർ രോഗത്തിന് കൂടുതൽ കൃത്യതയോടു കൂടിയ ശരിയായ ചികിത്സ ലക്ഷ്യമിട്ടുകൊണ്ട് വളരെ നേരത്തെയുള്ള രോഗ നിർണ്ണയത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- **പരിശീലന/ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(100.00 ലക്ഷം രൂപ)**

അടിസ്ഥാന ഗവേഷണം, സാംക്രമിക രോഗ ശാസ്ത്ര പഠനങ്ങൾ, ചികിത്സാലയ ഗവേഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്ന ഒരു പ്രധാന കേന്ദ്രമാണ് ആർ.സി.സി. ഗവേഷണ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. റീജിനൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തൽ (സംസ്ഥാന വിഹിതം)**

**(വിഹിതം 1000.00 ലക്ഷം)**

എൻപിസിഡിസിഎസ് പരിപാടിയുടെ ഭാഗമായി ആർസിസിയെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിട്യൂട്ടായി ഉയർത്തുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ വിഹിതം നല്കിക്കൊണ്ട് 12000.00 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നല്കിയിട്ടുണ്ട്. രോഗങ്ങൾ തടയുക, നേരത്തെയുള്ള രോഗ നിർണയം, ഓപ്പറേണൽ റിസർച്ച് എന്നിവക്കായി ആരോഗ്യസംരക്ഷണത്തിന്റെ വിവിധതലങ്ങളിൽ കാര്യശേഷി വികസനം, ആരോഗ്യസംരക്ഷണത്തിന്റെ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ ചെലവ് കുറഞ്ഞ ചികിത്സയും രോഗനിയന്ത്രണതിനുംപിന്തുണ ഉറപ്പാക്കുക, പകരാൻ ഇടയില്ലാത്ത രോഗങ്ങൾ സംബന്ധിച്ച ഒരു ഡാറ്റാബേസ് മെച്ചപ്പെട്ട നിരീക്ഷണസംവിധാനത്തിലൂടെ വികസിപ്പിക്കുന്നതിനുള്ള സഹായം, പകർച്ചവ്യാധികളിൽ ഉൾപ്പെടാത്ത രോഗങ്ങൾ, മരണനിരക്ക്, രോഗ സാധ്യത ഘടകങ്ങൾ എന്നിവ നിരീക്ഷിക്കൽ എന്നിവ ഈ പദ്ധതിയുടെ പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ആദ്യ തവണയായി 4695.70 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ ശേഷിക്കുന്ന വിഹിതം ലഭ്യമാക്കുന്നതിന് വേണ്ടി ആർ സി സി ക്ക്കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതിനായി, ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2021-22 ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 8.2 ആവാസവ്യവസ്ഥയും പരിസ്ഥിതിയും

പരിസ്ഥിതികാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും ജൈവവൈവിദ്ധ്യങ്ങളുടേയും സംരക്ഷണം, മലിനീകരണ നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട പരിസ്ഥിതി നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുകയും ഏകോപനം നടത്തുകയും ചെയ്യുന്നു. 2021-22 വർഷത്തിൽ 2605.00 ലക്ഷം രൂപ പരിസ്ഥിതി ആവാസ വ്യവസ്ഥാ മേഖലയിലെ വിവിധ പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു. പദ്ധതി അടിസ്ഥാനത്തിൽ ഉള്ള വകയിരുത്തൽ ചുവടെ നൽകിയിരിക്കുന്നു.

### 1. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ശക്തിപ്പെടുത്തൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

വിവിധ വകുപ്പുകൾ, ഏജൻസികൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കി വരുന്ന പരിസ്ഥിതി അനുബന്ധ പരിപാടികളുടെ ഏകോപനം നടപ്പിലാക്കുന്നത് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് മുഖേനയാണ്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട നയങ്ങളും പരിപാടികളും രൂപീകരിക്കുന്നതിന്റെയും നടപ്പിലാക്കുന്നതിന്റെയും നോഡൽ ഏജൻസിയായി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി (എസ്.ഇ.ഐ.എ.എ), വിലയിരുത്തൽ വിദഗ്ദ്ധസമിതി (എസ്.ഇ.എ.സി) എന്നിവയുടെ സംസ്ഥാനതല സെക്രട്ടറിയറ്റ് ആയും ഇപ്പോൾ ഈ വകുപ്പ് പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റിന്റെ പുതിയ കെട്ടിടത്തിനുൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം, വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ ലാബിന്റെ രൂപീകരണം, കാര്യശേഷി വികസന പരിപാടികൾ, ജി.പി.എസ്, ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികളും മറ്റ് ബന്ധപ്പെട്ട സന്ദർശനങ്ങളും ഈ മേഖലയുടെ വികസനത്തിനാവശ്യമായ വിദഗ്ദ്ധോപദേശ റിപ്പോർട്ട് തയ്യാറാക്കൽ, പെർഫോർമൻസ് ഓഡിറ്റിംഗ്, പരിസ്ഥിതി നിരീക്ഷണത്തിനുള്ള സംവിധാനങ്ങൾ, സോഫ്റ്റ്‌വെയറുകൾ, ജിയോ സ്പേഷ്യൽ ഡാറ്റാ എന്നിവയ്ക്കു വേണ്ടിയാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. പരിസ്ഥിതിബോധവത്ക്കരണവും വിദ്യാഭ്യാസവും

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഈ പദ്ധതിക്ക് കീഴിലെ പ്രധാന ഉപഘടകങ്ങൾ-പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന കോൺഫറൻസ്, പരിസ്ഥിതി സംബന്ധിച്ച സുസ്ഥിര വികസന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവയാണ്. 2011-12 ൽ ആരംഭിച്ച ഭൂമിത്രസേനാ പദ്ധതി തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർസെക്കൻഡറി സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. തുണിസഞ്ചികളുടെ ഉല്പാദനം, ഔഷധ സസ്യങ്ങൾ, നേഴ്സറികൾ, ചിത്രശലഭപാർക്ക്, മഴവെള്ള സംഭരണം, റീചാർജ്ജ് കുഴികൾ, നക്ഷത്രവനം, ജൈവകൃഷി തുടങ്ങിയ പ്രവർത്തനങ്ങളിൽ പ്രോത്സാഹനം നൽകി കുട്ടികളിൽ സംരംഭക പ്രവർത്തനത്തിനുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതിന് ഈ ക്ലബ്ബുകൾ പ്രോത്സാഹനം നൽകുന്നു. സർക്കാർ ഇതര സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമുദായിക സംഘടനകൾ എന്നിവയുടെ സഹായത്തോടെ പരിസ്ഥിതി സംരക്ഷണത്തിനും, സംസ്ഥാനത്തെ മികച്ച പരിസ്ഥിതി പ്രവർത്തനങ്ങളെ ലിഖിത രൂപത്തിലാക്കുക, പരിസ്ഥിതി ആചരണങ്ങൾ - പരിസ്ഥിതി ദിനാചരണം, പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾ/മറ്റ് പ്രോത്സാഹനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ, വൈജ്ഞാനിക ഡോക്യുമെന്ററികൾ എന്നിവയ്ക്കും, 'പാരിസ്ഥിതികം', മറ്റ് പരിസ്ഥിതി സംവേദന പരിപാടികൾ തുടർന്നുകൊണ്ട് പോകുന്നതിനുമായി പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു. 2021-22 വാർഷിക ബഡ്ജറ്റിൽ 150.00 ലക്ഷം രൂപ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.

### 3. പരിസ്ഥിതി ഗവേഷണവും വികസനവും

**(വിഹിതം: 200.00 ലക്ഷം രൂപ)**

ചെലവു കുറഞ്ഞ മലിനജല സംസ്കരണ രീതി, നദി/തടാക ജല ഗുണനിലവാര നിരീക്ഷണം, ഖരമാലിന്യ പരിപാലനം, മലിനീകരണ നിയന്ത്രണം, ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ മറ്റ് ആവശ്യാനുഷ്ഠിത പരിസ്ഥിതി ഗവേഷണ പരിപാടികൾ എന്നിവ

പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ പദ്ധതി ആരംഭിച്ചത്. സംസ്ഥാനത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിനു ഫലപ്രദമായ മാർഗങ്ങൾ ആവിഷ്കരിക്കുന്നതിനും പരിസ്ഥിതിയെക്കുറിച്ചുള്ള ജനകീയ അവബോധം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളുടെ ആസൂത്രണവും ഏകോപനവുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി-സാമ്പത്തിക ശാസ്ത്രം, പരിസ്ഥിതി എൻജിനീയറിംഗ്, പരിസ്ഥിതി ശാസ്ത്രം, പരിസ്ഥിതി മാനേജ്മെന്റ് എന്നീ മേഖലകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കായുള്ള ഫെലോഷിപ്പ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുക എന്നതാണ് ഈ ഗവേഷണങ്ങളുടെ മുഖ്യ ലക്ഷ്യം. പരിസ്ഥിതി മേഖലയിലെ നൂതനമായ പദ്ധതികൾ, പരിസ്ഥിതി ആഘാതങ്ങളിൽ നിന്ന് ജീവിവർഗങ്ങളെ സംരക്ഷിക്കുക, കാലാവസ്ഥാ വ്യതിയാനം, തണ്ണീർ തടങ്ങൾ, തീരപ്രദേശങ്ങൾ, പരമ്പരാഗതമായ അറിവുകളുടെ ക്രോഡീകരണം എന്നീ പ്രവർത്തനങ്ങൾക്കും ഈ തുക ചെലവഴിക്കാവുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ മാതൃകകൾ കാലാവസ്ഥാ വ്യതിയാനത്തിനനുയോജ്യമായ പദ്ധതികൾ പ്രാദേശികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഡയറക്ടറേറ്റ് റിസർച്ച് ഫെല്ലോഷിപ്പ് പ്രോഗ്രാമായ പരിസ്ഥിതി പോഷിണി, സ്റ്റുഡന്റ് ഫെല്ലോഷിപ്പ് പ്രോഗ്രാമായ വിദ്യാപോഷിണി എന്നിവ 2021-22 കാലയളവിലും തുടർന്നുകൊണ്ട് പോകാവുന്നതാണ്.

താഴെ പറയുന്ന പരിപാടികൾക്കും വിഹിതം ഉപയോഗിക്കാവുന്നതാണ്.

- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനായുള്ള പരമ്പരാഗത നാട്ടറിവുകളും പ്രയോഗങ്ങളും ശാസ്ത്രീയമായ ഉൾക്കാഴ്ചയോടുകൂടി ശക്തിപ്പെടുത്തുന്നതിനും, സംരക്ഷിയ്ക്കുന്നതിനും, പ്രത്യേക പരിസ്ഥിതി ആവാസകേന്ദ്രങ്ങളുടെ സംരക്ഷണത്തിനും, അവയുടെ രേഖപ്പെടുത്തലിനും.
- കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട പ്രത്യേക പ്രദേശങ്ങളിലെ തദ്ദേശീയ ജനതയുടെ സ്ഥായിയായ അറിവുകളും ആചാരങ്ങളും തിരിച്ചറിഞ്ഞ് അവയെ പരിപോഷിപ്പിക്കുന്നതിനും.
- മെച്ചപ്പെട്ട പരിസ്ഥിതിയ്ക്കായി പുതിയ മാർഗ്ഗങ്ങൾ ആരായുക, പ്രാദേശികമായ പരിസ്ഥിതി പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യ കണ്ടെത്തുന്നതിന് ഗവേഷകരേയും വിദ്യാർത്ഥികളേയും പ്രാപ്തരാക്കുന്നതിനും.
- മികച്ച പരിസ്ഥിതി പരിപാലനത്തിനായുള്ള ജിയോ-സ്പേഷ്യൽ ലബോറട്ടറിയുടെ സൗകര്യങ്ങൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ ഏർപ്പെടുത്തുക.
- സമുദ്രങ്ങളുടെ ആഴം അളക്കുന്നതിനുള്ള വിശദമായ പഠനം, കേരളത്തിലെ തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള വിശകലനം, സംസ്ഥാനത്തെ ജലാശയ സംബന്ധമായ പ്രാരംഭപഠനം.

ഈ പ്രവർത്തനങ്ങൾക്കായി 2021-22 വാർഷിക ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ജൈവ വൈവിദ്ധ്യ സംരക്ഷണം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

പ്രാദേശിക തലത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെ വികേന്ദ്രീകൃത രീതിയിൽ കേരളത്തിന്റെ ജൈവവൈവിദ്ധ്യ മേഖലയുടെ സുസ്ഥിര ഉപയോഗവും സംരക്ഷണവും ഉറപ്പു വരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ജൈവവൈവിദ്ധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക പിന്തുണ നൽകുക, തദ്ദേശീയതലത്തിൽ പദ്ധതി നടപ്പിലാക്കുക വഴി പ്രദേശവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതും പദ്ധതി ലക്ഷ്യമാക്കുന്നു.

തദ്ദേശീയഭരണ സംവിധാനങ്ങളിൽ ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്ററുകൾ (പി.ബി.ആർ) പൂർത്തീകരിക്കുകയും നവീകരിച്ച് രേഖപ്പെടുത്തുകയും ചെയ്യുക, കേരള ബയോഡൈവേഴ്സിറ്റി പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുക, ജൈവവൈവിദ്ധ്യ സംരക്ഷണം, ഗവേഷണം, ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലുൾപ്പെടുന്ന മറ്റ് പ്രവർത്തനങ്ങൾ പി.ബി.ആർ അടിസ്ഥാനത്തിലുള്ള മറ്റ് ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ജില്ല അടിസ്ഥാനത്തിൽ നടപ്പിലാക്കുക, കേരള ബയോഡൈവേഴ്സിറ്റി വിവരശേഖരണം, പ്രത്യേക ആവാസ വ്യവസ്ഥകളെക്കുറിച്ച് രേഖപ്പെടുത്തൽ, ബയോഡൈവേഴ്സിറ്റി സ്റ്റാറ്റസ് മോണിറ്റർ ചെയ്യുക, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ ശക്തിപ്പെടുത്തുക, കേരള

സംസ്ഥാന ബയോഡൈവേഴ്സിറ്റി അവാർഡുകൾ, തിരഞ്ഞെടുക്കപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ എ.ബി.എസ് സെല്ലുകൾ രൂപീകരിക്കുക, പ്രത്യേക ആശയ അടിസ്ഥാനത്തിൽ ജൈവവൈവിദ്ധ്യ സംരക്ഷണ പ്രദേശങ്ങൾ രൂപീകരിക്കുക, കേരള ബയോഡൈവേഴ്സിറ്റി മ്യൂസിയം, ഗവേഷണങ്ങൾ, ഫെലോഷിപ്പുകൾ, അവാർഡുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സംസ്ഥാന ബയോഡൈവേഴ്സിറ്റി ഫണ്ട്, മലബാർ ബയോഡൈവേഴ്സിറ്റി മ്യൂസിയം, സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള ജൈവവൈവിധ്യ സമ്പന്ന പ്രദേശങ്ങളെ തിരിച്ചറിയുകയും അവയുടെ സംരക്ഷണത്തെ ബയോ ഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ട്/പ്രാദേശിക ജൈവവൈവിധ്യ പൈതൃക മേഖലകളായി തിരിച്ചറിയുകയും ചെയ്യുക, കെ.എസ്.ബി.ബി ഹെഡ് ഓഫീസിനു വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന ചിലവും വഹിക്കുക എന്നിവയാണ് പദ്ധതിയ്ക്കു കീഴിലുള്ള മറ്റ് പരിപാടികൾ. 2021-22 വർഷത്തിൽ 800.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുന്നു.

**5. പരിസ്ഥിതി ആഘാതം വിലയിരുത്തൽ**

**(വിഹിതം: 160.00 ലക്ഷം രൂപ)**

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ഏജൻസിയാണ് എസ്.ഇ.ഐ.എ.എ. ജലവിഭവം, വ്യവസായം, പശ്ചാത്തലം തുടങ്ങിയവയിലെ പ്രധാന പ്രോജക്ടുകളുടെ അനിവാര്യമായ ഉപാധിയാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ. ഉദ്യോഗസ്ഥരുടെ കഴിവുകൾ വികസിപ്പിക്കൽ, പരിശീലനം, പരിസ്ഥിതി ആഘാതം വിലയിരുത്തുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ചിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത വിലയിരുത്തൽ സമിതികൾ/ കമ്മറ്റികൾ എന്നിവയുടെ പ്രവർത്തനം, 2011 ൽ തുടങ്ങിയ എസ്.ഇ.ഐ.എ.എ, എസ്.ഇ.എ.സി. എന്നിവയുടെ വ്യവസ്ഥാപികമായ ഭരണ നിർവ്വഹണം, ഭരണചെലവുകൾ (ഹൈക്കോടതിയിലേയും ദേശീയ ഹരിത ട്രിബ്യൂണലിലേയും സ്റ്റാൻഡിംഗ് കൗൺസിലർമാരുടെ ഫീസ് ഉൾപ്പെടെ), വാർഷിക പരിപാലന നിരക്ക് എന്നിവയ്ക്കായി 2021-22 ലെ പദ്ധതി വിഹിതം ഉപയോഗിക്കുന്നതാണ്. പരിസ്ഥിതി ദുർബല പ്രദേശങ്ങളെ സംബന്ധിച്ച പഠനം നടത്തുന്നതിനും പരിസ്ഥിതി ആഘാതം വിലയിരുത്തുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. ജില്ലാ പരിസ്ഥിതി വിലയിരുത്തൽ അധികാരികളുടേയോ ജില്ലാതല മൂല്യ നിർണ്ണയ സമിതിയുടേയോ സാമ്പത്തിക പ്രവർത്തനങ്ങളുടെ ചിലവുകൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 2021-22 വാർഷിക ബജറ്റിൽ 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. കാലാവസ്ഥാവ്യതിയാനം**

**(വിഹിതം: 145.00 ലക്ഷം രൂപ)**

കാലാവസ്ഥാവ്യതിയാനം കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ സുസ്ഥിരതയ്ക്കും, സമൂഹത്തിന്റെ ഉപജീവന മാർഗങ്ങൾക്കും പരിസ്ഥിതി പരിപാലനത്തിനും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. സംസ്ഥാനത്ത്, കാലാവസ്ഥാ വ്യതിയാന സംബന്ധിയായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യാവകാശം, ആരോഗ്യം, തദ്ദേശീയരായ ജനങ്ങൾ, പ്രദേശിക സമൂഹം, കുടിയേറ്റക്കാർ, കുട്ടികൾ, അംഗവൈകല്യമുള്ളവർ, പ്രത്യേക പരിഗണന വേണ്ടവർ, ലിംഗസമത്വം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളിൽ കാലാവസ്ഥാമാറ്റം മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ അനുയോജ്യമായ വിധത്തിൽ പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2021-22 വാർഷിക ബഡ്ജറ്റിൽ താഴെസൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കായി 145.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- അടുത്ത കാലങ്ങളിലുണ്ടായ ഗുരുതര കാലാവസ്ഥാ വ്യതിയാനത്തിന്റെ വെളിച്ചത്തിൽ സാങ്കേതിക തലത്തിലുള്ള ഗവേഷണങ്ങളുടേയും പഠനസ്ഥാപനങ്ങളുടേയും സഹായത്തോടെ എസ്.എ.പി.സി.സി യെ പുനർപരിശോധിക്കുക
- ദുരന്തങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തമാക്കുന്ന പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുകയും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെ നിർണ്ണയത്തിന് പ്രാധാന്യം നൽകി കൊണ്ടുള്ള ആഴത്തിലുള്ള പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സഹായം.
- സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനായുള്ള ഗവേഷണങ്ങൾ

നടത്തുന്നതിനും, ഗവേഷണം, അധ്യാപനം എന്നിവ തുടർന്നുകൊണ്ടുപോവുന്നതിലും തൽപരരായ ഗവേഷണ വിദ്യാർത്ഥികൾക്ക് ഉജ്ജ്വൽ–പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകി പ്രോൽസാഹിപ്പിക്കുക.

- ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും അനുയോജ്യമായ പദ്ധതികൾ വികസിപ്പിച്ച് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് 'ലോക്കൽ ആക്ഷൻ പ്ലാൻ' തയ്യാറാക്കുകയും പ്രാദേശിക തലത്തിൽ കാലാവസ്ഥാ വ്യതിയാന സെൽ രൂപീകരിക്കുകയും ചെയ്യുക.
- സുസ്ഥിര ഉപജീവന പ്രവർത്തനങ്ങൾ, ജലസംരക്ഷണം, കാലാവസ്ഥാവ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന ആഘാതങ്ങളെ ലഘൂകരിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

**7. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

**(വിഹിതം: 700.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള വിപുലമായ ആസൂത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്ക് നിയമപ്രകാരമായ അധികാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനാണ്. ജലം, വായു (മലിനീകരണം തടയലും നിയന്ത്രണവും), പരിസ്ഥിതി (സംരക്ഷണം), അപകടകാരികളായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, നഗരങ്ങളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, ബാറ്ററികൾ (നിയന്ത്രണവും കൈകാര്യം ചെയ്യലും), ശബ്ദമലിനീകരണം (നിയന്ത്രിക്കൽ) എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളും വ്യവസ്ഥകളും നടപ്പിലാക്കുന്നതിനുള്ള അധികാരം മലിനീകരണ നിയന്ത്രണ ബോർഡിനാണ്.

2021–22 പദ്ധതിക്കാലയളവിൽ ഏറ്റെടുക്കുന്ന പ്രധാന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

- ജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട എല്ലാ ജില്ലാ ലബോറട്ടറികളെയും എൻ.എ.ബി.എൽ പദവിയിലേയ്ക്ക് ഉയർത്തി ശക്തിപ്പെടുത്തുന്നതിന്.
- അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതും/വലിച്ചെറിയുന്നതും തടയുന്നതിനായി രാത്രികാല പെട്രോളിംഗ് നടത്തുന്ന നിരീക്ഷണ സ്ക്വാഡ്, മാലിന്യ പരിപാലന സിസ്റ്റം (വായു, ജല, ഖരമാലിന്യം)മോണിറ്റർ ചെയ്യുന്നതിനുള്ള നിരീക്ഷണ ടീം എന്നിവ രൂപീകരിക്കുന്നതിനുമുള്ള സഹായം.
- വിവിധ തലത്തിലുള്ള സ്റ്റേക് ഹോൾഡേഴ്സിന് മാലിന്യപരിപാലനത്തിൽ ബോധവത്ക്കരണ/പരിശീലന പരിപാടി

അടിസ്ഥാന സൗകര്യ നവീകരണം, നിയന്ത്രണ സംവിധാനം, പൊതുജന ബോധവത്ക്കരണം, പരിസ്ഥിതി സംബന്ധമായ നിരീക്ഷണവും നടത്തിപ്പും, കാര്യശേഷി വികസനം എന്നിവ നടപ്പിലാക്കുന്നതിനായി 700.00 ലക്ഷം രൂപ 2021–22 വാർഷിക പദ്ധതിയിൽ നീക്കിവെച്ചിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് താഴെപറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- ബോർഡിന്റെ ലബോറട്ടറികൾ ശക്തിപ്പെടുത്തുക
- ബോർഡിന്റെ ഐ.റ്റി സെല്ലിനെ സ്റ്റേറ്റ് ലൈവ് ഡാറ്റാ സെന്ററായി ഉയർത്തുക
- ഓഫീസ് കെട്ടിടങ്ങളുടേയും കാലിബറേഷൻ സെന്ററിന്റേയും നിർമ്മാണം

നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ സ്റ്റേക് ഹോഴ്ഡേഴ്സിന് പരിസ്ഥിതി നിയമങ്ങൾ/പ്രശ്നങ്ങൾ സംബന്ധിച്ച പൊതുബോധവൽക്കരണം നടപ്പിലാക്കുന്നതാണ്. പരിസ്ഥിതി സംബന്ധമായ പൊതു പരാതികൾ, പ്രതിഷേധങ്ങൾ എന്നിവയിൽ പൊതു ജനാഭിപ്രായം ആരായുന്നതിന് പൊതു പരിപാടികൾ നടത്തുകയും, ആരോഗ്യകരമായ പരിസ്ഥിതി അവബോധം നൽകുന്നതിനായി പൊതു ബോധവൽക്കരണം നടത്താവുന്നതാണ്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, പരിസ്ഥിതി വാർത്തയും ലഘുലേഖകളും പ്രസിദ്ധീകരിക്കൽ എന്നിവ നടത്താവുന്നതാണ്.

പരിസ്ഥിതി നിരീക്ഷണവും പരിപാലനവും എന്ന ഘടകത്തിന്റെ ഉപഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വായുവിന്റേയും ജലത്തിന്റേയും ഗുണപരിശോധന നിരീക്ഷണ പരിപാടി
- ശബരിമലയിലെ പരിസ്ഥിതി നിരീക്ഷണം.
- പെരിയാറിൽ ഓൺലൈൻ ജലഗുണനിലവാര നിരീക്ഷണ കേന്ദ്രം
- ഏലൂർ-ഇടയാർ മേഖലകളിൽ നൈറ്റ് വിഷൻ ക്യാമറകൾ സ്ഥാപിക്കുക
- വാട്ടർ ആന്റ് എയർ ക്വാളിറ്റി ഡയറക്ടറി പ്രസിദ്ധപ്പെടുത്തുക
- എണ്ണച്ചോർച്ച തടയുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക
- ഗവേഷണ വികസന പദ്ധതികൾ
- സി.ബി.എം.ഡബ്ല്യു.റ്റി.ഡി.എഫിനുള്ള ധനസഹായം

ഘടകങ്ങൾ തിരിച്ചുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 200.00 |
| 2 | പൊതുജന ബോധവത്ക്കരണം | 25.00 |
| 3 | പരിസ്ഥിതി സംരക്ഷണവും പരിപാലനവും | 470.00 |
| 4 | കാര്യശേഷി വികസനം | 5.00 |
| | **ആകെ** | **700.00** |

**8. സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള (SWAK)**

**(വിഹിതം: 75.00 ലക്ഷം രൂപ)**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സംസ്ഥാനത്തിനുള്ളിലെ തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപന പ്രവർത്തനത്തിലൂടെ ആവാസ വ്യവസ്ഥയുടെ തനതായ ജൈവവൈവിദ്ധ്യസംരക്ഷണ നയങ്ങൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ പുനരുദ്ധരിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ കണ്ടൽ ആവാസ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനായി വിവിധ കർമ്മ പരിപാടികൾ ശാസ്ത്ര സ്ഥാപനങ്ങളിലെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിനും ഈ തുക ഉപയോഗിക്കാവുന്നതാണ്. അംഗീകരിച്ച കർമ്മ പദ്ധതികളുടെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളിലെ ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും, പ്രത്യേക ആവാസ വ്യവസ്ഥകളുടെ നില മെച്ചപ്പെടുത്തുന്നതിനും അവയെ സംരക്ഷിക്കുന്നതിനും, തണ്ണീർത്തട പ്രദേശങ്ങളുടെ റിപ്പോർട്ടുകൾ, സംയോജിത പ്രവർത്തന പദ്ധതികൾ, തണ്ണീർത്തട ഭൂപടങ്ങൾ എന്നിവ തയ്യാറാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

മൊബൈൽ തണ്ണീർത്തട നിരീക്ഷണ യൂണിറ്റ്, ഐ.ടി ഇൻഫ്രാസ്ട്രക്ചറുകൾ, കമ്പ്യൂട്ടർ, സ്റ്റേഷനറി, ഫീൽഡ് സർവേ, എല്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെയും പ്രവർത്തനം എന്നീ പദ്ധതികൾക്കായി 75.00 ലക്ഷം രൂപ 2021 – 22 ബജറ്റ് വിഹിതത്തിൽ വകയിരുത്തിയിരിക്കുന്നു.

**9. സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള (SWAK) (സംസ്ഥാന വിഹിതം 40 ശതമാനം)**

**(വിഹിതം: 40.00 ലക്ഷം രൂപ)**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സംസ്ഥാനത്തിനുള്ളിലെ തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപന പ്രവർത്തനത്തിലൂടെ ആവാസ വ്യവസ്ഥയുടെ തനതായ ജൈവവൈവിദ്ധ്യസംരക്ഷണ നയങ്ങൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ പുനരുദ്ധരിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ കണ്ടൽ ആവാസ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനായി വിവിധ കർമ്മ പരിപാടികൾ ശാസ്ത്ര സ്ഥാപനങ്ങളിലെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിനും ഈ തുക ഉപയോഗിക്കാവുന്നതാണ്.

അംഗീകരിച്ച കർമ്മ പദ്ധതികളുടെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളിലെ ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും, പ്രത്യേക ആവാസ വ്യവസ്ഥകളായ തീരദേശ ആവാസ വ്യവസ്ഥ, ചതുപ്പുകൾ എന്നിവയുടെ നില മെച്ചപ്പെടുത്തുന്നതിനും, ആവാസ വ്യവസ്ഥകളെ സംരക്ഷിക്കുന്നതിനും, തണ്ണീർത്തട പ്രദേശങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട തുടങ്ങിയ തണ്ണീർത്തടങ്ങളെ സംബന്ധിച്ച പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും പദ്ധതി വഹിതം ഉപയോഗിക്കാവുന്നതാണ്. മൺറോതുരുത്തിന്റെ സുസ്ഥിര വികസനത്തിനും ഈ പദ്ധതിയുടെ കീഴിൽ തുക വകയിരുത്തിയിരിക്കുന്നു. 2021-22 വാർഷിക ബജറ്റിൽ 40 ശതമാനം സംസ്ഥാന വിഹിതമായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. തീരദേശ മേഖലാ പരിപാലന അതോറിറ്റി (കെ.സി.ഇസ്സെഡ്.എം.എ)**

**(വിഹിതം: 110.00 ലക്ഷം രൂപ)**

തീരദേശ പരിസ്ഥിതി സംരക്ഷിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് (സംരക്ഷണം)പരിസ്ഥിതി നിയമം 1986 പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു സ്വതന്ത്ര അതോറിറ്റിയാണ് കേരള തീരദേശ പരിപാലന അതോറിറ്റി. പ്രൊപ്പോസലുകളും ശുപാർശകളും പരിശോധിക്കുക, അതിക്രമങ്ങളും പരാതികളും ആരോപിക്കപ്പെടുന്ന കേസുകളിൽ അന്വേഷണം നടത്തുക, തീരദേശ നിയന്ത്രണ മേഖലകളിലെ പരിസ്ഥിതി ദുർബലമായ പ്രദേശങ്ങൾ കണ്ടെത്തൽ എന്നിവയാണ് ഈ അതോറിറ്റിയുടെ ചുമതലകൾ. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് ആയിരിക്കും കേരള തീരദേശ മേഖല പരിപാലന അതോറിറ്റിയുടെ ബോർഡിംഗ് ആഫീസ്.

2021-22 ൽ തീരദേശ മേഖലാ പരിപാലന അതോറിറ്റിയുടെ ദൈനംദിന നടത്തിപ്പിനായി 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആഫീസ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, സ്റ്റേഷനറി, തുടങ്ങിയവ വാങ്ങുന്നതിലേയ്ക്കും, മീറ്റിംഗുകൾ നടത്തുന്നതിനായുള്ള ചെലവുകൾക്കും, വിദഗ്ദ്ധർക്കുള്ള സിറ്റിംഗ് ഫീസ്, കെ.സി.ഇസ്സെഡ്.എം.എ യുടെ ജില്ലാ തലത്തിലുള്ള കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, കോടതി കേസ്സുകൾക്കുള്ള പ്രൊഫഷണൽ ഫീസ്, മെമ്പേഴ്സിനുള്ള പ്രതിഫലങ്ങൾ ഫീൽഡ് പരിശോധനാ ചാർജ്ജുകൾ എന്നിവയ്ക്കും ഇതിനു പുറമെ സി.ഇസഡ്.ആർ നോട്ടിഫിക്കേഷൻ 2019 പ്രകാരം തീരദേശ സംരക്ഷണ പരിപാടികൾ തയ്യാറാക്കുന്നതിനും പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു.

**11. കേരള സെന്റർ ഫോർ ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് (20 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേന്ദ്ര വനപരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് ഐ.സി.ഇസഡ്.എം.പി യുടെ രണ്ടാം ഘട്ട സർക്കാർ ധനസഹായം വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. 04.02.2016 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 12/2016/എൻവി. പ്രകാരം തിരുവിതാംകൂർ, കൊച്ചി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 അനുസരിച്ച് കെ.സി.ഐ.സി.എം രജിസ്റ്റർ ചെയ്യപ്പെടുകയും പരിസ്ഥിതി വകുപ്പ് ഡയറക്ടറെ കെ.സി.ഐ.സി.എം ന്റെ പ്രോജക്ട് ഡയറക്ടറായി നിയമിക്കുകയും ചെയ്തിരിക്കുന്നു. തീരദേശ വിഭവങ്ങളുടെ സുസ്ഥിര പരിപാലനം ഉറപ്പ് വരുത്തുക, സമുദ്ര മേഖലയിൽ നിന്നുള്ള സാമ്പത്തിക ലാഭത്തെ വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. എം.ഒ.ഇ.എഫ്.സി.സി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 100.00 ലക്ഷം രൂപ 20 ശതമാനം സംസ്ഥാന വിഹിതമായി 2021-22 വർഷത്തിൽ വകയിരുത്തുന്നു. തീരദേശ സമുദ്ര ജൈവ വിഭവങ്ങളുടെ സംരക്ഷണവും അവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കലും, കാര്യശേഷി വികസനം, ഐ.സി.ഇസെഡ്.എം.പി നടപ്പിലാക്കൽ, തീരദേശ മലിനീകരണം കുറയ്ക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, തീരദേശ സമൂഹങ്ങളുടെ ഉപജീവന സുരക്ഷ തുടങ്ങിയവയ്ക്കായാണ് ഈ തുക ചെലവഴിക്കുന്നത്.

**12. കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷി**

**(വിഹിതം: 75.00 ലക്ഷം രൂപ)**

സാങ്കേതിക പ്രവർത്തനങ്ങളിലൂടേയും ഗവേഷണത്തിലൂടേയും കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും കൃഷിയെ പൂർവ്വസ്ഥിതിയിലാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. കാലാവസ്ഥാ വ്യതിയാനത്തോടുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ നയങ്ങളും പരിപാടികളും ആവശ്യമാണ്. മണ്ണിലെ ജൈവ-കാർബൺ നിർമ്മാണം, സ്ഥലത്തെ ഈർപ്പം

സംരക്ഷിക്കൽ, കത്തിക്കുന്നതിന് പകരം അവശിഷ്ടങ്ങൾ സംസ്കരിക്കുക, ജലസംഭരണവും അനുബന്ധ ജലസേചനത്തിനായുള്ള പുനരുപയോഗങ്ങളും, വർദ്ധിച്ച് വരുന്ന വരൾച്ചയും, വെള്ളപ്പൊക്കവും നേരിടുന്നതിനുള്ള രീതികളും, ജലസംരക്ഷണ സാങ്കേതികവിദ്യകൾ, ഭൂപ്രകൃതി അധിഷ്ഠിത കൃഷി രീതികൾ, പോഷക പരിപാലനങ്ങൾ എന്നിവയാണ് കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടാൻ കൃഷിയെ സഹായിക്കുന്ന ഘടകങ്ങൾ.

2021-22 കാലയളവിൽ നിലവിലുള്ള പദ്ധതികൾക്ക് പുറമെ ദുർബലമായ പ്രദേശങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കിക്കൊണ്ട് താഴെ പറയുന്ന പദ്ധതികളിൽ കൂടി കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കും.

- കാലാവസ്ഥക്കനുസൃതമായ വിളരീതി വികസിപ്പിക്കൽ, പ്രത്യേകിച്ചും വയനാട്, ഇടുക്കി ജില്ലകളിൽ
- സുസ്ഥിരമായ മത്സ്യബന്ധന രീതികളും കന്നുകാലി വളർത്തലും
- പ്രദേശിക തലത്തിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ എത്തിക്കുകയും ഉപയോഗിക്കുകയും.
- മഴവെള്ള സംഭരണവും മറ്റ് ജലസംരക്ഷണ നടപടികളും ഉൾപ്പെടുന്ന സംയോജിത ജലവിഭവ മാനേജ്മെന്റ്.
- കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഇനങ്ങളുടെ ജീനുകൾ സംരക്ഷിക്കുന്നതിനുള്ള ധനസഹായം.
- മെച്ചപ്പെട്ട മണ്ണ്പരിപാലന സാങ്കേതിക വിദ്യയിലൂടെ മണ്ണ് കൃഷിക്കനുയോജ്യമാക്കുക.
- പ്രധാനപ്പെട്ട കാർഷിക വിളകൾക്കായി കാലാവസ്ഥാ പുനഃസ്ഥാപന പ്രോട്ടോക്കോൾ വികസിപ്പിക്കുക.
- കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന കേരളത്തിലെ കാർഷിക-പാരിസ്ഥിതിക മേഖലകളുടെ അപകടസാധ്യത വിലയിരുത്തുകയും അതിനുവേണ്ട കാർഷിക പാരിസ്ഥിതിക തത്വങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

ഈ പ്രവർത്തനങ്ങൾക്കായി 2021-22 വാർഷിക ബജറ്റിൽ 75.00 ലക്ഷം രൂപ വകയിരുത്തുന്നു.

# 9. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9.1 വിദ്യാഭ്യാസം

സംസ്ഥാനത്തിന്റെ 13-ാം പഞ്ചവത്സര പദ്ധതിയിൽ വിദ്യാഭ്യാസത്തിന്, കാര്യമായ ഊന്നൽ നൽകുന്നുണ്ട്. 2016-ൽ കേരള ഗവൺമെന്റ് തുടക്കം കുറിച്ച നവകേരള മിഷന്റെ 4 ഘടകങ്ങളിലൊന്നായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസം കാര്യമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം 2016 ൽ കേരള ഗവൺമെന്റ് തുടക്കം കുറിച്ച നവകേരള മിഷനിലെ 4 ഘടകങ്ങളിലൊന്നാണ്. സ്കൂൾവിദ്യാഭ്യാസമേഖലയിലും ഉന്നത വിദ്യാഭ്യാസമേഖലയിലും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾക്കായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് 2021-22 വർഷം 1547.22 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 920.60 കോടി രൂപ സ്കൂൾ വിദ്യാഭ്യാസമേഖലയിലും 410.76 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിലും 215.86 കോടി രൂപ സാങ്കേതിക വിദ്യാഭ്യാസമേഖലയിലുമാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

**വിഹിതം (കോടി രൂപയിൽ)**

| സെക്ടർ | സംസ്ഥാന പദ്ധതി | ആകെ പദ്ധതി (കേന്ദ്രം വിഹിതം ഉൾപ്പെടെ) |
|---|---|---|
| 1. സ്കൂൾ വിദ്യാഭ്യാസം | 920.60 | 1655.82 |
| 2. ഉന്നത വിദ്യാഭ്യാസം | 410.76 | 497.36 |
| **പൊതു വിദ്യാഭ്യാസം** | **1331.36** | **2153.18** |
| **3. സാങ്കേതിക വിദ്യാഭ്യാസം** | **215.86** | **217.88** |
| **ആകെ** | **1547.22** | **2371.06** |

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂൾ-ഉന്നത വിദ്യാഭ്യാസ മേഖലകളിലെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും, ഗവേഷണ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും പോളിടെക്നിക്കുകളുടെ വികസനത്തിനുമായി ഗണ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സ്ഥാപനങ്ങളിൽ സൃഷ്ടിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

### എ. സ്കൂൾ വിദ്യാഭ്യാസം

വകുപ്പിനെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അവയെ താഴെ പറയുന്ന അഞ്ച് പ്രധാന ഉപവിഭാഗങ്ങളായി തിരിച്ച് നൽകിയിരിക്കുന്നു. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി ഈ അഞ്ച് മേഖലകളിലും സമയബന്ധിതമായി ധന, സമയ, പ്രയത്ന നിക്ഷേപങ്ങൾ നടത്തി പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

1. അടിസ്ഥാന സൗകര്യ വികസനം
2. അക്കാദമിക മികവ് ഉറപ്പാക്കൽ
3. വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ
4. ഭരണ അക്കാദമിക മോണിറ്ററിഗ്
5. ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പ്രതിബന്ധമുക്ത സ്കൂൾ, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ സുസ്ഥിരമാക്കുന്നതിനുള്ള അടിയന്തിര സഹായം മുതലായ മറ്റ് പ്രവർത്തനങ്ങൾ

### 1. സ്കൂൾ അടിസ്ഥാന സൗകര്യ വികസനം

**(വിഹിതം: 12000.00 ലക്ഷം രൂപ)**

കേരളത്തിൽ ഏകദേശം 11.69 ലക്ഷം കുട്ടികൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ 31.44 ശതമാനമാണ്. പൊതു വിദ്യാഭ്യാസ

സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ട്.

**എ. സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ**

പ്രൈമറി ക്ലാസ്സുകളിലാണ് കുട്ടികളുടെ പ്രവേശന വർദ്ധനവ് പ്രധാനമായും ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ സ്മാർട്ട് ക്ലാസ് മുറികൾ, സ്ത്രീ - സൗഹൃദ ടോയ്‌ലറ്റുകൾ, മൂത്രപ്പുരകൾ എന്നിവയുൾപ്പെടെ ആധുനിക സൗകര്യങ്ങളുള്ള പുതിയ ബ്ലോക്കുകൾ / മുറികൾ നിർമ്മിക്കുന്നതിന് തുക നീക്കിവച്ചിരിക്കുന്നു.

2021-22 വർഷത്തിൽ ഈ പ്രവർത്തനങ്ങൾക്കായി 8000.00 ലക്ഷം രൂപ നല്കിയിരിക്കുന്നു.

**ബി. അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്ക് വേണ്ടിയുള്ള അടിയന്തിര സഹായം**

സ്കൂൾ കെട്ടിടങ്ങളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും സുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തിര സഹായം നൽകുന്നതിന് ഈ സ്കീമിനു കീഴിൽ തുക നീക്കി വച്ചിരിക്കുന്നു. പി.ടി.എ കളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് പദ്ധതി നടപ്പാക്കേണ്ടതാണ്.

2021-22 വർഷത്തിൽ ഈ പ്രവർത്തനങ്ങൾക്കായി 2000.00 ലക്ഷം രൂപ നല്കിയിരിക്കുന്നു.

**സി. പ്രതിബന്ധ രഹിത സ്കൂളുകൾ**

പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രതിബന്ധരഹിത വിദ്യാലയങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ നൽകുന്നതിനാണ് ഈ ഘടകം. വീൽചെയറിൽ സഞ്ചരിക്കുന്നവർ, കാഴ്ചയില്ലാത്തവർ & ഭാഗീക കാഴ്ചശക്തിയുള്ളവർ, കേൾവി കുറവുള്ളവർ, പഠന വൈകല്യമുള്ളവർ, അസുഖം മൂലമോ, അപകടം വഴിയോ താൽക്കാലിക ശേഷിക്കുറവുകൾ ഉള്ളവർ എന്നിങ്ങനെയുള്ള വിദ്യാർത്ഥികൾക്ക്, തടസ്സങ്ങളില്ലാത്ത, വിദ്യാലയം സജ്ജീകരിക്കാൻ തുക വിനിയോഗിക്കാവുന്നതാണ്.

ഈ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. അക്കാദമിക മികവ്**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് അനുസരിച്ച് ജീവിതനിലവാരം ഉയർത്തുന്നതിലേക്കുവേണ്ടി സ്കൂൾതലം തൊട്ടുതന്നെ ഉയർന്നതലത്തിലുള്ള കഴിവുകളും, അറിവുകളും വികസിപ്പിക്കേണ്ടതായിട്ടുണ്ട്. സ്കൂൾ തലത്തിൽ വിദ്യാഭ്യാസമികവ് ഉറപ്പുവരുത്തുന്നതിനും, അധ്യാപകപരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും (പ്രത്യേകിച്ച് ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക്) ഉതകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. പാർശ്വവത്കരിക്കപ്പെട്ടതും, പിന്നോക്കാവസ്ഥയിലുള്ളതുമായ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ ഗുണനിലവാരവും അക്കാദമിക് മെച്ചപ്പെടുത്തലും ഉറപ്പാക്കാൻ പ്രത്യേക ഊന്നൽ നൽകുന്നു. സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രത്യേക ഫണ്ടുകളും സ്കീമുകളും മാറ്റിവച്ചിട്ടുണ്ട്.

2021-22 വർഷത്തിലേക്ക് പദ്ധതി നടത്തിപ്പിനായി 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50 ശതമാനത്തിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(എ) ഗുണപരമായ വിദ്യാഭ്യാസം സ്വായത്തമാക്കൽ**

ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളെ രണ്ടായി തരംതിരിച്ചിരിക്കുന്നു: 1) വിദ്യാഭ്യാസ ഗുണനിലവാരം പരിശോധിക്കൽ 2) അധ്യാപനത്തിന്റെയും പഠനത്തിൻറെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ. വിദ്യാഭ്യാസ ഗുണനിലവാരം പരിശോധിക്കൽ

പ്രവർത്തനങ്ങളിൽ ക്യു.ഐ.പി മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള 2021-22-ലെ പരിപാടികൾ ഇവയാണ് എ) കലാ - കായിക അധ്യാപകർക്കുള്ള പരിശീലനം, ബി) അറബി, ഉറുദു വിദ്യാഭ്യാസ വികസനം, സി) ഭൗതികശാസ്ത്രം, രസതന്ത്രം, സാമൂഹിക ശാസ്ത്രം, ഗണിതം, മലയാളം, ഹിന്ദി എന്നിവയിലേക്കുള്ള റിഫ്രഷർ കോഴ്സുകൾ. അദ്ധ്യാപനത്തിന്റെയും പഠനത്തിൻറെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പ്രസ്തുത പരിപാടിക്ക് 70.00 ലക്ഷം തുക വകയിരുത്തിയിട്ടുണ്ട്.

2021-22 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി**

ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യുന്ന വിദ്യാഭ്യാസ വീഡിയോ പരിപാടികൾ, ഡിജിറ്റൽ ലേണിംഗ്, മൊബൈൽ അപ്ലിക്കേഷൻ പ്ലാറ്റ്ഫോം, സ്പെഷൽ സ്കൂളുകളിലെ വിദ്യാഭ്യാസ പരിപാടികൾ, എൻട്രൻസ് സോഫ്റ്റ്‌വെയർ, വിദ്യാഭ്യാസ ഫിലിംഫെസ്റ്റിവൽ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഭാഗമായുള്ള പ്രധാന പരിപാടികൾ

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**(സി) സംസ്കൃത വിദ്യാഭ്യാസ വികസനം**

ഉത്കൃഷ്ടമായ പൈതൃകവും സാംസ്കാരികത്തനിമയുമുള്ള ഭാഷയാണ് സംസ്കൃതം. സംസ്ഥാനത്തെ 3000 സ്കൂളുകളിൽ സംസ്കൃതം ഐച്ഛികവിഷയമായി പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്. സംസ്ഥാനത്ത് 2 ലക്ഷത്തോളം വിദ്യാർത്ഥികൾ സംസ്കൃതഭാഷ പഠിക്കുന്നുണ്ട്. സംസ്ഥാന കൗൺസിലുകൾക്കുള്ള ധനസഹായം, സംസ്കൃതഭാഷ സംസാരിക്കുന്നതിന് പരിശീലനം, സംസ്കൃത സ്കോളർഷിപ്പും സർട്ടിഫിക്കറ്റും, സംസ്കൃതദിനാചരണം, ശുദ്ധസംസ്കൃതസ്കോളർഷിപ്പ്, അധിക പഠനസഹായിയുടെ നിർമ്മാണം, ക്യാമ്പിനും അധ്യാപകർക്കുമായുള്ള മോഡ്യൂൾ തയ്യാറാക്കൽ, സ്കോളർഷിപ്പ് പരീക്ഷയ്ക്കായുള്ള ചോദ്യപേപ്പർ തയ്യാറാക്കലും വിതരണം ചെയ്യലും, സംസ്കൃത സുവനീർ, സംസ്കൃതസെമിനാർ, അദ്ധ്യാപകർക്കുള്ള പരിശീലനം, എൽ.പി.കുട്ടികൾക്കുള്ള സഹായങ്ങൾ, തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന പരിപാടികൾ.

2021-22 പദ്ധതി പ്രവർത്തനങ്ങൾക്കായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഡി) സ്കൂളുകളിൽ ഗണിതശാസ്ത്രം, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ**

വിദ്യാർത്ഥികളിൽ ശാസ്ത്രീയാവബോധം സൃഷ്ടിക്കുക, സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, പരിസ്ഥിതി അവബോധം ശക്തിപ്പെടുത്തുക, നൂതനമായ കഴിവുകൾ വളർത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യം കൈവരിക്കാനായി, സ്കൂളുകളിൽ പ്രവർത്തിക്കുന്ന സയൻസ്, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ് ക്ലബ്സ് എന്നിവ യിൽ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

സയൻസ് സെമിനാറുകൾ, മികച്ചരീതിയിൽ പ്രവർത്തിക്കുന്ന സയൻസ്, സോഷ്യൽസയൻസ്, മാത്തമാറ്റിക്സ് ക്ലബുകൾക്ക് ധനസഹായം, ക്വിസ് മത്സരങ്ങൾ , സയൻസ് & മാത്തമാറ്റിക്സ് ഫെയർ, കമ്പ്യൂട്ടർ ഫെയർ, വിദ്യാർത്ഥികൾക്കായുള്ള സയൻസ് & മാത്തമാറ്റിക്സ് നാടക മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, സോഷ്യൽ സയൻസ് പ്രസംഗ മത്സരം, വാർത്ത വായന മത്സരം, അധ്യാപകർക്കായുള്ള ക്വിസ് മത്സരങ്ങൾ, രാമാനുജൻ സ്മാരക പേപ്പർ അവതരണം മത്സരം, ദക്ഷിണേന്ത്യൻ സയൻസ് ഫെയർ, ദക്ഷിണേന്ത്യൻ സയൻസ് ഡ്രാമാ ഫെസ്റ്റിവൽ, എസ്.ഡി.എം.സി.എ., എസ്.ഡി.എസ്.സി.എ, എസ്.ഡി.എസ്.എസ്.സി പ്രവർത്തനങ്ങൾക്കുള്ള ധനസഹായങ്ങൾ, പ്രാഗത്ഭ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള പരീക്ഷ തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്നു. അതിനൂതനമായ അധ്യാപന മാതൃകകൾ

തയ്യാറാക്കുന്നതിനുള്ള മത്സര പരിപാടികളും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. സ്കൂൾ, സബ് ജില്ല, ജില്ല തല പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്.

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 145.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഇ) ഇംഗ്ലീഷ് ഭാഷാ ജില്ലാകേന്ദ്രങ്ങൾ**

ഹൈദരാബാദിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസിന്റെ മാതൃകയിൽ സംസ്ഥാനത്ത് 4 ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇംഗ്ലീഷ് ഭാഷ പ്രായോഗികമായി സ്വായത്തമാക്കുക, ഭാഷയുടെ ശരിയായ ഉപയോഗം, ഭാഷയോടുള്ള നവീനമായ സമീപനം എന്നിവയിലൂടെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന അധ്യാപകരെ വിദഗ്ധരാക്കുവാൻ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അധ്യാപക ശാക്തീകരണ പരിപാടികൾ, അധ്യാപകരുടെ പരിശീലകരുടെ ശാക്തീകരണ പരിപാടി, ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുന്നതിനായുള്ള അധ്യാപക-പരിശീലകർക്കുള്ള പരിശീലനപരിപാടി, വിദ്യാർഥികൾക്കായുള്ള ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ, ഡോക്യുമെന്റേഷൻ, ന്യൂസ് ലെറ്റർ, വെബ്സൈറ്റിനാവശ്യമായ ഫയലുകൾ സെർവറിലേക്ക് ലോഡുചെയ്യുന്നതിനും, ലാംഗ്വേജ് ലാബിന് ആവശ്യമായ സോഫ്റ്റ് വെയറും ഉപകരണവും, ലൈബ്രറി, റിസോഴ്സ് സെന്റർ തുടങ്ങിയവാണ് 2021-22 ൽ നടപ്പിലാക്കുന്ന പദ്ധതികൾ.

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എഫ്) പ്രത്യേക അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ**

മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി സന്നദ്ധ സംഘടനകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും നടത്തുന്ന 320 രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരുടെ സഹായത്തോടെ മാത്രമേ ഇത്തരം വിദ്യാലയങ്ങൾ പ്രവർത്തിക്കാൻ സാധിക്കൂ. നിലവിലുള്ള ഇത്തരം പ്രത്യേക അധ്യാപക പരിശീലന സർക്കാർ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മറ്റു പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കുമാണ് തുക വകയിരുത്തിരിക്കുന്നത്.

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 145.00.ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജി) അന്തർദ്ദേശീയ ദ്രാവിഡ ഭാഷാസ്ഥാപനം**

ഭാരതീയ ദ്രാവിഡ ഭാഷ അസോസിയേഷന്റെ അനുബന്ധമായി ഭാഷാശാസ്ത്ര ഗവേഷണത്തിനായി സ്ഥാപിക്കപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമാണ് അന്തർദ്ദേശീയ ദ്രാവിഡ ഭാഷാ സ്ഥാപനം. ദ്രാവിഡ പഠനങ്ങളുമായി ബന്ധപ്പെട്ട തനതു സൃഷ്ടികൾ ഏറ്റെടുക്കുകയും സംഘടിപ്പിക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതോടൊപ്പം ദ്രാവിഡഭാഷ, കല, വാസ്തുവിദ്യ, ചരിത്രം, ഫിലോസഫി, സംസ്കാരം, മതം പട്ടികവർഗ്ഗ സംസ്കാരം എന്നീ മേഖലകളിൽ നൂതന ഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തുക എന്നിവയാണ് ഈ സ്കൂളിന്റെ പ്രധാന ലക്ഷ്യങ്ങൾ. ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും ജേർണലുകളും പ്രിന്റിംഗ് ആന്റ് സ്റ്റേഷനറികളും ഫർണിച്ചറുകളും വാങ്ങുന്നതിനും കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ, മറ്റു ഉപകരണങ്ങൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, ഗവേഷണ പ്രോജക്ടുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അദ്ധ്യാപക പരിശീലനം തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

2021-22-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എച്ച്) ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടീച്ചർ എജ്യൂക്കേഷന്റെ (ഐ.ടി.ഇ) സംവിധാനങ്ങൾ**

നിലവിൽ സർക്കാർ മേഖലയിൽ 24 അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എൻ.സി.റ്റി.ഇ നിർദേശിക്കുന്ന മാനദണ്ഡങ്ങളുടെയും നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഐ ടി ഇ യിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ലബോറട്ടറികളുടെയും ലൈബ്രറികളുടെയും നിലവാരമുയർത്തുന്നതിനും, അക്കാഡമിക് മാസ്റ്റർ പ്ലാനിലെ ശില്പശാലകൾ,

കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണി, മറ്റ് തുടർ പ്രവർത്തനങ്ങൾക്കുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. എൻ.സി.റ്റി.ഇ നിർദ്ദേശിക്കുന്ന അധിക സൗകര്യങ്ങൾ തയ്യാറാക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

2021-22-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഐ) ശ്രദ്ധ**

പല കാരണങ്ങളാൽ പഠനത്തിൽ മികവു പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ ഉയർത്തുന്നതിന് വികേന്ദ്രീകൃതവും വ്യക്ത്യാധിഷ്ഠിതവുമായ ഇടപെടലുകൾ ആവശ്യമാണ്. തകർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ, അനാഥരായ കുട്ടികൾ, ക്രൂരന്മാരായ മാതാപിതാക്കളാൽ പീഡിപ്പിക്കപ്പെട്ട കുട്ടികൾ എന്നിവർക്ക് പരിഗണന കൊടുക്കേണ്ടതുണ്ട്. ക്ലാസ്സ് ടീച്ചറുടെ ഇടപെടലോടെ ഈ പദ്ധതിയിലേക്കുള്ള കുട്ടികളുടെ തെരഞ്ഞെടുപ്പ് ഒരു കമ്മിറ്റി നടത്തണം. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ലിസ്റ്റിന്റെ അന്തിമതീരുമാനം എടുക്കുന്നത് PTA ആണ്. ക്ലാസ്സുകൾ നടത്തേണ്ടത് ശനിയാഴ്ചകളിലും അധ്യയന ദിവസങ്ങളിൽ രാവിലെയും വൈകീട്ടുമാണ്. സ്വയം തയ്യാറായ അദ്ധ്യാപകരുടെ ഒരു റിസോഴ്സ് ഗ്രൂപ്പ് ഇതിനായി രൂപീകരിക്കണം. റിസോഴ്സ് ഗ്രൂപ്പിലെ അദ്ധ്യാപകർക്ക് കുട്ടികളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിയണം. കുട്ടികളുടെ സാമൂഹ്യസാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടാനുള്ള പ്രത്യേക പരിശീലനം അദ്ധ്യാപകർക്ക് നൽകും. റിസോഴ്സ് ഗ്രൂപ്പിൽ നിന്ന് തെരഞ്ഞെടുക്കുന്ന കോർ റിസോഴ്സ് ഗ്രൂപ്പിലെ അധ്യാപകർക്കും അനൗദ്യോഗിക നൈപുണ്യ പരിശീലനം നൽകും. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനുള്ള ഉത്തരവാദിത്തം കോർ റിസോഴ്സ് ഗ്രൂപ്പിനാണ്. ഈ പരിപാടിയിൽ റിസോർസ് പേർസൺമാർക്കുള്ള സാമ്പത്തിക പ്രോത്സാഹനവും വിദ്യാർത്ഥികൾക്ക് റീഫ്രെഷ്മെന്റും നൽകുന്നു.

ശ്രദ്ധയുടെ ഭാഗമായി ഗണിതശാസ്ത്രത്തിൽ പ്രത്യേകശ്രദ്ധ നൽകുന്നതിനായി ഗണിതശാസ്ത്രത്തിൽ അടിസ്ഥാനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്കായി "പ്രവർത്തന ഗണിതശാസ്ത്ര കഴിവുകൾ"എന്ന പദ്ധതിയ്ക്ക് ഊന്നൽ നൽകുന്നുണ്ട്. പ്രത്യേക പ്രവർത്തന പുസ്തകങ്ങൾ, മൊഡ്യൂളുകൾ, വർക്ക് ഷീറ്റുകൾ, ഐസിടി മെറ്റീരിയൽസ്, സ്വയം പഠന പാക്കേജുകൾ, ഗണിതശാസ്ത്രത്തിലെ അദ്ധ്യാപനത്തിനും പഠനത്തിനുമായി ഗണിത അധ്യാപകർക്ക് പ്രത്യേക കോഴ്സ് തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ. ശ്രദ്ധയ്ക്കായിവകയിരുത്തിയ മൊത്തം തുകയിൽ നിന്നും 10.00 ലക്ഷം രൂപ "പ്രവർത്തന ഗണിതശാസ്ത്ര കഴിവുകൾ" എന്ന പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു. 202-22 കാലഘട്ടത്തിൽ റെമഡിയൽ ടീച്ചിംഗ് പ്രോഗ്രാമിനു വേണ്ടി എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ഒരു തുക മാറ്റി വച്ചിരിക്കുന്നു.

2020-21 കാലഘട്ടത്തിൽ ഈ പദ്ധതിക്കു വേണ്ടി ആകെ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജെ) ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും അധ്യാപക ശാക്തീകരണവും**

നിലവിലുള്ള സർക്കാർ സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ, മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിത്തുടങ്ങിയ 7 സ്പെഷ്യൽ സ്കൂളുകളിലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണവും ആധുനിക വത്ക്കരണവും മറ്റു ജോലികളും ചെയ്യേണ്ടതുണ്ട്. കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം നേടുന്നതിന് അധ്യാപക-പഠന സാമഗ്രികൾ വിതരണം ചെയ്യുന്നതിലൂടെ ക്ലാസ് റൂം അധ്യാപനം ഫലപ്രദമാക്കാൻ കഴിയുന്നതാണ്. വിവിധ തരം വൈകല്യങ്ങളുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങളും സാങ്കേതിക വിദ്യകളും പ്രത്യേക പരിശീലന സ്കൂളുകളിൽ അധ്യാപകരെ പരിചയപ്പെടുത്തുന്നത് അധ്യാപക പരിശീലന പരിപാടിയുടെ ഒരു ഘടകമാണ്. സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രത്യേക സ്കൂൾ കലോത്സവം, തൊഴിൽ പരിചയം, സംസ്ഥാന അത് ലറ്റ് മീറ്റ്, മറ്റ് തുടർപരിപാടികൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. 2021-

22 കാലയളവിൽ ഡിജിറ്റൽ മോഡിലുള്ള ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്കായി ഹൈടെക് ആഡിയോളജിക്കൽ ലാംഗ്വേജ് ലാബ് സ്ഥാപിക്കുന്നതിലും പ്രത്യേക ഊന്നൽ നൽകും.

2021-22 കാലഘട്ടത്തിൽ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ അനുവദിക്കുന്നു.

**(കെ) പാർശ്വവത്കൃത/പിന്നോക്ക മേഖലകളിൽ നിന്നുള്ള (ആദിവാസി, തീരദേശ, പ്ലാന്റേഷൻ പോലെയുള്ള) വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പരിപാടി.**

പാർശ്വവത്കരിക്കപ്പെട്ട കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കികൊണ്ട് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ലക്ഷ്യം വെക്കുന്നു. പാർശ്വവത്കൃത സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന നിലവാരവും സാഹചര്യങ്ങളും നൽകികൊണ്ട്, സ്കൂളിൽ അവരുടെ ഹാജർ ഉറപ്പാക്കുകയും വിദ്യാർത്ഥികളെ പിന്തുണക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമീണ കേന്ദ്രങ്ങൾ, വിദൂര സ്ഥലങ്ങൾ, കുടിയേറ്റ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനും അതുവഴി ദുർബല വിഭാഗങ്ങൾക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പവരുത്താനും കഴിയും. വിദ്യാഭ്യാസ വകുപ്പിന്റെയും പട്ടികവർഗ വകുപ്പിന്റെയും ഫിഷറീസ് വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ആവശ്യമെങ്കിൽ, എൻ.ജി.ഒ പങ്കാളിത്തം വഴി പദ്ധതി നടത്തിപ്പിലാക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റുകൾ, റിസോഴ്സ് വ്യക്തികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതിയുടെ കീഴിൽ വരുന്നു. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ അധ്യാപകർക്ക് താമസ സൗകര്യം ഒരുക്കുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

2021-22 കാലയളവിൽ 200.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(എൽ) ശാസ്ത്രായനവും ശാസ്ത്രരംഗവും.**

സയൻസിൽ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ ശാസ്ത്രീയ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്കും വിദ്യാർത്ഥികൾക്കും കൃത്യമായ പരിഗണന നൽകിക്കൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നും 20 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കും. സ്ക്രീനിംഗ് ടെസ്റ്റ് നടത്തുക, ഓൺലൈൻ ക്ലാസുകൾ ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുക, സയൻസ് സെന്ററുകൾ/സ്ഥാപനങ്ങൾ സന്ദർശിക്കുക, ക്യാമ്പുകൾ സംഘടിപ്പിക്കുക, മികച്ച കുട്ടികൾക്കുള്ള ഗ്രേഡഡ് കരിക്കുലം, വിദഗ്ധരുമായുള്ള ആശയവിനിമയം, മുതലായവയാണ് പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നത്.

ഈ പരിപാടിയുടെ ഭാഗമായി ദേശീയ തലത്തിൽ തിരഞ്ഞെടുത്ത അധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രത്യേക റിഫ്രഷർ കോഴ്സുകളും ശാസ്ത്ര സംബന്ധമായ സന്ദർശനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസമേഖലക്ക് നേതൃത്വം നൽകുന്നവർ/ഭരണകർത്താക്കൾ/ മുതലായവർക്ക് ആധുനിക ശാസ്ത്ര രീതികളേയും സ്ഥാപനപരമായ ക്രമീകരണങ്ങളെയും പരിചയപ്പെടുത്തുകയാണെങ്കിൽ മാത്രമേ ശാസ്ത്രവിദ്യാഭ്യാസത്തിലെ മികവ് ഫലപ്രദമാകുകയുള്ളൂ. അദ്ധ്യാപകരിലും, കുട്ടികളിലും ശാസ്ത്രഅവലോകനം ഉത്ബോധിപ്പിക്കുകയാണ് ശാസ്ത്രരംഗം എന്ന ഘടകത്തിന്റെ ലക്ഷ്യം. ഒരു ശാസ്ത്ര മാഗസിനും ഇതിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്.

2021-22 കാലത്ത് 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിരിക്കുന്നു

**എം) എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് വിജയികൾക്കുള്ള പ്രതിഭാ പരിപോഷണ പദ്ധതി.**

നാലാം ക്ലാസിലേയും ഏഴാം ക്ലാസിലേയും വിദ്യാർത്ഥികളിൽ നിന്ന് സമർത്ഥരായവരെ തെരഞ്ഞെടുക്കുന്ന പരീക്ഷകളാണ് എൽ.എസ്.എസ് ഉം യു.എസ്.എസ്. ഉം. എൽ.എസ്.എസ്, യു.എസ്.എസ്. വിജയികൾക്ക് കൂടുതൽ അക്കാദമിക മികവ് നൽകുന്നതിനും റസിഡൻഷ്യൽ

ക്യാമ്പുകൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

പദ്ധതിക്കായി 2021-22 വർഷം 160.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3. വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ**

**(വിഹിതം : 5740.00 ലക്ഷം രൂപ)**

6 മുതൽ 18 വയസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിലൂടെ അവരുടെ കഴിവുകൾ മുഴുവൻ പുറത്തെടുക്കാന് സാധിക്കും. വ്യത്യസ്തങ്ങളായ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾവഴി സമൂഹവുമായി ചേർന്ന് നിന്ന് കൊണ്ട് ആശയങ്ങളും, പൊതുധാരണകളും രൂപപ്പെടുത്തുന്നതിനും, അഭിരുചിയും സർഗ്ഗാത്മകതയും നിരൂപണവും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി 2021-22ൽ 5740.00 ലക്ഷം വകയിരുത്തിയിരിക്കുന്നു. ഇതിന്റെ 50% ഗുണഭോക്താക്കളും പെൺകുട്ടികളാണ്.

**(എ) സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി**

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പൊതു പാഠ്യപദ്ധതിയുടെ ഭാഗമായി തൊഴിൽ പരിചയ പരിപാടി അവതരിപ്പിക്കുന്നു. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സമൂഹത്തിനാവശ്യമായ സാധനങ്ങളുടെ ഉൽപാദനത്തിൽ പരമ്പരാഗത രീതിയിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള 'സാമൂഹ്യ പ്രയോജനപ്രദമായ പ്രവർത്തനങ്ങൾ (SUPW) ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാമൂഹികോപകാരപ്രദങ്ങളായ ഉൽപാദന പ്രവർത്തന മേഖലകളിൽ പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. അസംസ്കൃത പദാർത്ഥങ്ങളുടേയും ഉപകരണങ്ങളുടെയും സംഘാടനവും വിതരണവും, ഉല്പാദന പ്രവർത്തനങ്ങൾക്കായി പരിശീലനം പരിപാടികൾ സംഘടിപ്പിക്കുക, സ്കൂളുകളിൽ പ്രവൃത്തി പരിചയ ക്ലബ്ബുകൾ തുടങ്ങിയ പരിപാടികൾക്കായി തുക വകയിരുത്തിയിരിക്കുന്നു. ഉപജില്ലാ, വിദ്യാഭ്യാസജില്ല, സംസ്ഥാനതലങ്ങളിൽ സയൻസ് മേളയോടൊപ്പം പ്രവൃത്തി പരിചയ മേള, ഓൺ ദ് സ്പോട്ട് മത്സരം, സെമിനാറുകൾ, വിദ്യാർത്ഥികളുടെ പ്രവൃത്തി പരിചയ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തോടൊപ്പം വിപണനവും, സ്കൂളുകളിലെ ഉത്പാദന സെന്ററുകൾ, ഈ സെന്ററുകളുടെ മോണിറ്ററിംഗ് എന്നിവയാണ് 2021-22- ലെ പ്രവർത്തനങ്ങൾ.

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ**

വ്യത്യസ്ത മേഖലകളിൽ ഉള്ള വിദ്യാർത്ഥികളുടെ അറിവും താല്പര്യങ്ങളും തിരിച്ചറിയുന്നതിനും അവരുടെ മുഴുവൻ കഴിവുകളും വികസിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ നയിക്കുന്നതിനുമാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നുമുള്ള യു. എസ്.എസ് പരിക്ഷയിൽ പാസാവുന്ന 20 വിദ്യാർത്ഥികളെ ഈ പരിപാടിയിലേക്ക് തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സെമിനാറുകൾ, പ്രോജക്ടുകൾ, പര്യടനം തുടങ്ങിയവയിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വിവിധ വിഷയങ്ങളിൽ വിദഗ്ധരുടെ പ്രഭാഷണങ്ങൾ, ഗവേഷണ ലബോറട്ടറികളിൽ നിന്നും നേരിട്ടുള്ള അനുഭവം നേടൽ, ക്വിസ് മത്സരങ്ങൾ ചർച്ചകളും സെമിനാറുകളും, പുസ്തകങ്ങളും, റഫറൻസ് മാനുവലും നൽകുക, ലാബ് സന്ദർശനം, യാത്രകൾ, സംസ്ഥാനതലപ്രതിഭാസംഗമം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ .

2021-22 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം**

കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന ഈ പദ്ധതി 1997-98 മുതൽ നടപ്പിലാക്കി വരുന്നു. സാമ്പത്തിക പരാധീനതമൂലം കലയിൽ പ്രാഗത്ഭ്യമുള്ള

പല വിദ്യാർത്ഥികൾക്കും കലാമത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നില്ല. ഇത്തരത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാപ്രതിഭകളെ ജില്ലാ സംസ്ഥാനതലങ്ങളിൽ നടക്കുന്ന വിവിധ മത്സരങ്ങളിൽ സജീവമായി പങ്കെടുപ്പിക്കേണ്ടതുണ്ട്. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിൽ നിന്നും പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപ വരെ ധനസഹായം നൽകുന്നതാണ്. ഇതിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി വഴിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സബ് ജില്ലാകലോത്സവത്തിലെ വിദ്യാർത്ഥികളുടെ മികവ് കണക്കിലെടുത്താണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

2021-22-ൽ പദ്ധതിപ്രവർത്തനങ്ങൾക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം.**

മാനസികമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ സ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യ വികസനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. അംഗീകാരമുള്ള സ്ഥാപനങ്ങൾക്കുമാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നുള്ളുവെന്നും ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാണ് തുക വിനിയോഗിക്കപ്പെടുന്നതെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിനും, ശുചിമുറി, കുടിവെള്ളസൗകര്യം, ദിവസവും യാത്ര ചെയ്യുന്ന കുട്ടികൾക്കുള്ള യാത്ര ചെലവ്, ഹോസ്റ്റലിൽ താമസിക്കുന്നവരുടെ ചെലവ്, അന്തേവാസികൾക്ക് വൈദ്യശുശ്രൂഷ ചെലവ്, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, വാടക, മറ്റ് ഓഫീസ് ചെലവുകൾ ഫർണിച്ചർ, പിക്നിക്, അടുക്കളപ്പാത്രങ്ങൾ, കളിസ്ഥലം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.

2021-22 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 2200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഇ) പ്രത്യേകശ്രദ്ധഅർഹിക്കുന്നവിദ്യാർത്ഥികൾക്കുള്ള ധനസഹായം**

ഒന്നുമുതൽ എട്ടാം ക്ലാസ്സ് വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. കാഴ്ച വൈകല്യം, കേൾവി വൈകല്യം, അസ്ഥിസംബന്ധമായ വൈകല്യം, ബുദ്ധിപരമായ വെല്ലുവിളികൾ എന്നിവ നേരിടുന്ന വിദ്യാർത്ഥികൾക്കായി പുസ്തകങ്ങൾ, സ്റ്റേഷനറികൾ, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ് എന്നിവയ്ക്കായി ധനസഹായം നൽകുന്നു. ഈ സ്കീമിനു കീഴിൽ അലവൻസും വർദ്ധനവും നൽകുന്നത് ബന്ധപ്പെട്ട സർക്കാർ ഓർഡറുകൾ അനുസരിച്ചായിരിക്കണം.

2021-22 കാലഘട്ടത്തിൽ പ്രവർത്തനങ്ങൾക്ക് 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(എഫ്) ബദൽതരം പഠനകേന്ദ്രങ്ങൾ**

ഉൾപ്രദേശങ്ങളിലേയും വനവാസമേഖലയിലേയും കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ബദൽതരം പഠനകേന്ദ്രങ്ങൾ അഥവാ നൂതന വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ഇതിന്റെ നടത്തിപ്പിനായി 2010 ജൂൺ വരെ കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ട്. ഇതിന്റെ ചെലവുകളെല്ലാം സംസ്ഥാനഫണ്ടിൽനിന്നും വിനിയോഗിച്ചുകൊണ്ട്, വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുന്നതുവരെ ഈ പദ്ധതി തുടർന്നുപോകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. ആർ.റ്റി.ഇ ആക്ട് അനുസരിച്ച് എം. ജി. എൽ. എൽ. സി. പോലുള്ള അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവസാനിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് എല്ലാ കുട്ടികളും ഔപചാരിക വിദ്യാഭ്യാസം നേടണമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനാൽ, ശരിയായ പഠനത്തിനു ശേഷം എം.ജി.എൽ.സി.കൾ

നിർത്തലാക്കുകയും, വിദൂര മേഖലയിലെ വിദ്യാർത്ഥികൾക്ക് ഔപചാരിക വിദ്യാഭ്യാസം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുകയും വേണം.

2021-22 കാലഘട്ടത്തിൽ എംജിഎൽഎൽസികളുടെ പ്രവർത്തനത്തിനായി 545.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ ക്രോഡീകരിക്കുക**

വിദ്യാഭ്യാസ അവകാശനിയമവും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രാധാന്യം നൽകുന്നുണ്ട്. പ്രീ-പ്രൈമറി അധ്യാപക വിദ്യാഭ്യാസം പുനരുജ്ജീവിപ്പിക്കുകയും കുട്ടികളുമായി സൗഹൃദപരമായി ഇടപഴകികൊണ്ട് സ്ഥാപനങ്ങൾ നടത്തുന്നതിന് ഉചിതമായ കളികളും വിനോദ വസ്തുക്കളും നൽകിക്കൊണ്ടും സ്ഥാപനപരമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. പ്രീ-പ്രൈമറി അധ്യാപക പരിശീലനങ്ങൾ നടത്തുന്നതിനും, സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിൽ കളികൾ, വിനോദ സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനും ഉൾപ്പെടെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി 2021-22-ൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എച്ച്) വിദ്യാരംഗം - കുട്ടികളുടെ കലാ-സാംസ്കാരിക പരിപാടി**

കുട്ടികളുടെ കലാ-സാംസ്കാരിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിദ്യാരംഗം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സാംസ്കാരിക വിഭാഗമാണ്. വിദ്യാരംഗം പരിപാടിക്കു രണ്ടു വിഭാഗങ്ങൾ ഉണ്ട്. വിദ്യാരംഗം കലാ സാഹിത്യ വേദിയും വിദ്യാരംഗം മാഗസിനും (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രസിദ്ധീകരണം). കുട്ടികളുടെ കലാ സൃഷ്ടികളുടെ പ്രസിദ്ധീകരണം, ശിൽപശാല, അധ്യാപകർക്കുള്ള പരിശീലനം, സാഹിത്യ മത്സരങ്ങൾ, സാഹിത്യ നായകന്മാരുമായുള്ള കൂടിക്കാഴ്ചകൾ, സാംസ്കാരിക-ചരിത്ര പ്രാധാന്യം ഉള്ള സ്ഥലങ്ങളിലേക്കുള്ള പഠന യാത്രകൾ, കുട്ടികളുടെയും അധ്യാപകരുടെയും 'സാക്ഷരം' പോലുള്ള ശില്പശാലകൾ, കുട്ടികളുടെയും, അധ്യാപകരുടെയും സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുന്ന ആനുകാലികങ്ങളുടെ പ്രദർശനങ്ങൾ തുടങ്ങിയവയാണ് 2021-22-ലെ പ്രവർത്തനങ്ങൾ.

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഐ) കേരള സ്കൂൾ കലോൽസവം**

കേരള സംസ്ഥാന ബാലവകാശനിയമവും ദേശീയ വിദ്യാഭ്യാസാവകാശ നിയമവും അനുസരിച്ച് 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള കുട്ടികളിൽ നിന്ന് സംഭാവന പിരിച്ചെടുക്കാൻ സാധിക്കാത്തത് കൊണ്ട് കേരള സ്കൂൾ കലോൽസവം നടത്തുന്നത് ഡിപാർട്ട്മെന്റിന് വലിയ സാമ്പത്തിക ബാധ്യത വരുത്തുന്നു. കലോത്സവത്തിൽ ആകെ 232 ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്-ജില്ല, ജില്ല, സംസ്ഥാന മത്സരങ്ങൾ നടത്തുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു.

2021-22 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജെ) കൗമാര കുട്ടികൾക്കായുള്ള ബോധവൽക്കരണ പരിപാടി**

കേരള സമൂഹത്തിൽ ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധം വളർത്തുന്നതിനുള്ള ഇടപെടലുകൾ അത്യാവശ്യമാണ്. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് അത്യാവശ്യമാണ്. കൗമാരപ്രായക്കാരായ കുട്ടികൾ ഇരയാക്കപ്പെടുവാൻ സാധ്യതയുള്ളതിനാൽ ബോധവൽക്കരണ രൂപത്തിൽ ഇടപെടലുകൾ വിപുലമായി സ്കൂളിൽ നടത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. അതുകൊണ്ട് ആൺകുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണവും അധ്യാപകർ വഴി ഫലപ്രദമായ കൗൺസലിംഗ് നടപ്പിലാക്കുന്നതുമാണ് ഈ പരിപാടിയുടെ ലക്ഷ്യം. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക അവബോധ ക്ലാസുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2021-22 കാലഘട്ടത്തിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(കെ) സ്പോർട്സിലുള്ള മികവിന് പ്രോത്സാഹനം**

സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിനോദങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കപ്പെടണം എന്നത് വളരെ പ്രധാനമാണ്. സ്പോർട്സ് വഴി ടീം സ്പിരിറ്റ് ഉണ്ടാക്കാനും കുട്ടികളിലെ ഊർജ്ജം ശരിയായ ദിശയിലേക്കു തിരിച്ചു വിടുന്നതിനുള്ള പ്ലാറ്റ്ഫോം നൽകാനും കഴിയുന്നു. ഉത്കണ്ഠയും സമ്മർദ്ദവും കുറയ്ക്കുകയും മാനസികവും ആരോഗ്യപരവുമായ പരിസ്ഥിതിയെ വാർത്തെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. കായിക പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് പ്രോത്സാഹിപ്പിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. കായിക മത്സരങ്ങളിൽ ഉള്ള പങ്കാളിത്തത്തെ അടിസ്ഥാനപ്പെടുത്തി സ്കൂളുകൾ തിരഞ്ഞെടുക്കപ്പെടുന്നതാണ്.

2021-22 കാലഘട്ടത്തിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എൽ) സ്പെഷ്യൽ സ്കൂൾ കലോൽസവം (സി.ഡബ്ല്യു.എസ്.എൻ)**

കഴിവുള്ള സ്പെഷ്യൽ സ്കൂൾ കുട്ടികളെ കലാ-സാംസ്കാരിക പരിപാടികളിൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോൽസവം നടത്തുന്നത്. മൂന്നു വിഭാഗം കുട്ടികൾക്കുവേണ്ടിയാണ് സ്പെഷ്യൽ സ്കൂൾ കലോത്സവം നടത്തുന്നത്. മാനസിക വൈകല്യമുള്ള കുട്ടികൾ, കാഴ്ച പരിമിധി ഉള്ള കുട്ടികൾ, കേൾവി കുറവുള്ള കുട്ടികൾ. സ്കൂൾ തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും മത്സരങ്ങൾ നടത്തും.

2021-22-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.ആധുനികവത്കരണം**

**(വിഹിതം 1600.00 ലക്ഷം രൂപ)**

ആധുനികവത്കരണ പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2021-22-ലെ പദ്ധതി നടത്തിപ്പിനായി 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) ആധുനികവത്കരണം /വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണവും വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണവും**

ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ നൽകികൊണ്ട് ഡയറക്ടറേറ്റിനെയും വിവിധ തലങ്ങളിലുള്ള മറ്റ് ഓഫീസുകളെയും ആധുനികവത്കരിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

2021-22-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) അധ്യാപക രക്ഷകർത്തൃ സമിതികൾക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾ**

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും അധ്യാപക രക്ഷകർത്തൃ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യാപക രക്ഷകർത്തൃ സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അധ്യാപക രക്ഷകർത്തൃ സമിതികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുവാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2011-12 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. ഉപജില്ലാതലത്തിൽ 10,000 രൂപ ക്രമത്തിലും (163 എണ്ണം), ജില്ലാതലത്തിൽ 25,000 രൂപ ക്രമത്തിലും (41 എണ്ണം), റവന്യൂ ജില്ലാ പ്രൈമറിതലത്തിൽ ഒന്നാം സ്ഥാനത്തിന് 60,000 രൂപ ക്രമത്തിലും (14 എണ്ണം), രണ്ടാം സ്ഥാനത്തിന് (14 എണ്ണം) 40,000 രൂപ ക്രമത്തിലും, സെക്കന്ററിതലത്തിൽ ഒന്നാംസ്ഥാനത്തിന് 60,000 രൂപ ക്രമത്തിലും (14 എണ്ണം) രണ്ടാം സ്ഥാനത്തിന് (14 എണ്ണ) 40,000 രൂപ ക്രമത്തിലും, സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനത്തിന് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് 4 ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് 3 ലക്ഷം രൂപയും, നാലാം സ്ഥാനത്തിന് 2 ലക്ഷം രൂപയും അഞ്ചാം സ്ഥാനത്തിന് 1 ലക്ഷം രൂപയും പ്രൈമറി, സെക്കന്ററി തലങ്ങളിൽ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

2021-22-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) ഗ്രീൻ ഓഫീസ് സ്മാർട്ട് ഓഫീസ്**

വിദ്യാഭ്യാസ ഓഫീസുകളിൽ ശാന്തവും ജനസൌഹാർദ്ദപരവുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹരിത കേരള മിഷനുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കും. ഓഫീസുകളെ ഹരിതവൽക്കരിക്കുന്നതിന്റെ ഭാഗമായി, മാലിന്യ നിർമ്മാർജ്ജനം, തൈകൾ നടീൽ, പച്ചക്കറി ഫാമുകൾ സൃഷ്ടിക്കൽ, ആഫീസുകളിൽ ഉദ്യാനങ്ങൾ മനോഹരമാക്കുക തുടങ്ങിയവ നടപ്പിലാക്കുന്നു. സ്ഥലമുള്ള ഡി.ഡി.ഇ, ഡി. ഇ. ഓഫീസുകളിൽ മിനി കോൺഫെറൻസ് ഹാൾ സ്ഥാപിക്കുക, വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, ആവശ്യമുള്ള സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുക, ഫ്രണ്ട് ഓഫീസ് സ്ഥാപിക്കുക, ടോയ്‌ലറ്റുകളുടെ പുനരുദ്ധാരണം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ അവസ്ഥ, സാധ്യതാപഠനം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ ഓഫീസുകളെ പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുന്നതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഡി) വിദ്യാഭ്യാസ ഓഫീസുകളിൽ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ**

സ്ത്രീ സൗഹൃദ ടോയ് ലറ്റുകൾ, വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഓഫീസുകളിൽ വിശ്രമമുറി മുറികൾ തുടങ്ങിയ സ്ത്രീ സൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ ഓഫീസ് കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ഉള്ള ഓഫീസുകൾ കണ്ടെത്തി ഇൻസിനേറ്ററുകളോടെയുള്ള സ്ത്രീ സൗഹൃദ ടോയ് ലറ്റുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഡിപിഐ, ഡിഡിഇ ഓഫീസുകളിൽ സ്ത്രീ സൗഹൃദ വിശ്രമ മുറികളുടെ നിർമ്മാണവും നിലവിലുള്ള ടോയ്‌ലറ്റുകളുടെ നവീകരണവും പദ്ധതി വിഭാവനം ചെയ്യുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഇ) വിദ്യാഭാസം ഇ-ഗവെർണൻസ് വഴി**

ഡി.ഇ.ഓ, എ.ഇ.ഓ, പരീക്ഷ ഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസ് തുടങ്ങി വിദ്യാഭാസ വകുപ്പ് ഡയറക്ടറേറ്റിലും മറ്റു ഓഫീസുകളിലും ഇ-ഗവെർണൻസ് നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇ-ഫയൽ മാനേജ്മെന്റിനായി ഫർണിഷിംഗും നെറ്റ്‌വർക്കിംഗും സ്കീമിന് കീഴിൽ നിർദ്ദേശിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 1210.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എഫ്) കേരള വിദ്യാഭ്യാസ ചരിത്ര മ്യൂസിയം/പരിശീലന കേന്ദ്രം (പുതിയ ഘടകം)**

കയ്യെഴുത്തുപ്രതികൾ, വാർഷിക റിപ്പോർട്ടുകൾ, കമ്മിറ്റികളുടെ മിനിറ്റ്സ്, പഴയ പാഠപുസ്തകങ്ങളിൽ നിന്നുള്ള സാമ്പത്തിക, നിയമപരമായ പ്രബന്ധങ്ങൾ, അധ്യാപക നിയമന കാര്യങ്ങൾ, വ്യവസ്ഥകൾ, ഭരണവുമായി ബന്ധപ്പെട്ട രേഖകൾ തുടങ്ങി ലഭ്യമായ എല്ലാ ചരിത്ര രേഖകളും വസ്തുക്കളും, ശാസ്ത്രം, കല, പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒരു വിദ്യാഭ്യാസ ചരിത്ര മ്യൂസിയം സ്ഥാപിക്കും. ആശയ രൂപീകരണ ശില്പശാല, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, ചരിത്രപരമായ രേഖകളും വസ്തുക്കളും ശേഖരിക്കുക, പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്നിവയാണ് 2021-22 ൽ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ.

2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. ഗവേണൻസ് ആൻഡ് മോണിറ്ററിംഗ്**

**(വിഹിതം 200.00 ലക്ഷം രൂപ)**

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്കൂൾ ഗവേണൻസും അക്കാദമിക്

പ്രവർത്തനങ്ങളും നിരീക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ടി നാലു ഘടകങ്ങളെ ഈ പദ്ധതി പ്രകാരം നിർദേശിച്ചിട്ടുണ്ട്.

**(എ) അക്കാദമിക മോണിറ്ററിംഗ്**

നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരുടെ അക്കാദമിക് മോണിറ്ററിംഗും സന്ദർശനങ്ങളും ആവശ്യമാണ്. അതുപോലെ, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്, അധ്യാപനത്തിന്റെയും പഠനത്തിന്റെയും നൂതന മോഡലുകൾ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ സ്കൂളുകളിലെ മികച്ച ക്ലാസുകൾ റെക്കോർഡ് ചെയ്യാനും നൂതനരീതികൾ/മികവ് സംസ്ഥാനത്തിലാകമാനം പകർത്താനും സാധിക്കും. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സ്കൂൾ സന്ദർശനങ്ങൾക്കും അക്കാദമിക് നിരീക്ഷണത്തിനും നവീന/മികച്ച അധ്യാപന-പഠന മാതൃകകൾ റെക്കോർഡ് ചെയ്യുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തേക്ക് 150.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**(ബി) ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ പരിപാടി**

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും പ്രൊഫഷണൽ ശേഷി മെച്ചപ്പെടുത്തുന്നതിനും തുടർച്ചയായ പരിശീലനവും നിരീക്ഷണവും മുഖേന പ്രവർത്തന കാര്യക്ഷമത ഉയർത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സേവന നയങ്ങളും, നടപടിക്രമങ്ങളും, സേവനാവകാശ നിയമം, സാമ്പത്തിക ചട്ടം മുതലായവയെക്കുറിച്ച് ബോധവൽക്കരിക്കുവാൻ ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. വകുപ്പിലെ ജീവനക്കാർക്ക് പരിശീലനവും ബോധവൽക്കരണ പരിപാടികളും നൽകുന്നതിന് ഈ സ്കീമിൽ തുക നൽകിയിട്ടുണ്ട്.

പദ്ധതിപ്രവർത്തനങ്ങൾക്കായി 2021-22 ൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി) വിദ്യാഭ്യാസ ഓഫീസർമാരെ നേതൃത്വ പാടവമുള്ള വ്യക്തികളാക്കി മാറ്റുക**

നിലവിലെ വിവിധ വെല്ലുവിളികളെ നേരിടാൻ വിദ്യാഭ്യാസ ഓഫീസർമാരെ സജ്ജമാക്കികൊണ്ടും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും വിദ്യാഭ്യാസ ഭരണ തലത്തിലുള്ളവരെ തയ്യാറാക്കുന്നതിനും വിവിധ തലങ്ങളിൽ ഉള്ള വിദ്യാഭ്യാസ ഓഫീസർമാരെ പരിവർത്തനപ്പെടുത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി, ഐഐഎം, എൻയുഇപിഎ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ്, ഹൈദരാബാദ് തുടങ്ങിയ ദേശീയ തലത്തിലുള്ള സ്ഥാപനങ്ങൾ വഴി ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നു. കുട്ടികൾക്കുള്ള അവകാശങ്ങൾ, അതിലെ നിയമപരമായ നടപടിക്രമങ്ങൾ, അനുബന്ധ ഏജൻസികൾ വഴിയുള്ള ബോധവത്കരണവും വർക്ക്ഷോപ്പുകളും വിദ്യാഭ്യാസ ഓഫീസർമാർക്കായി സംഘടിപ്പിക്കാവുന്നതാണ്.

2021-22 സാമ്പത്തിക വർഷത്തേക്ക് 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**മറ്റ് പ്രവർത്തനങ്ങൾ**

**6. സൗജന്യ സ്കൂൾ യൂണിഫോം വിതരണം**

**(വിഹിതം: 10500.00ലക്ഷം രൂപ)**

സർക്കാർ സ്കൂളിലെ ആൺകുട്ടികൾക്കും, എസ്.സി/എസ്.ടി കുട്ടികൾക്കും, പെൺകുട്ടികൾക്കും എസ്.എസ്.എ. വഴി സൗജന്യ യൂണിഫോം കൊടുക്കുന്നതിന് പുറമേ സർക്കാർ സ്കൂളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള എപിഎൽ ആൺകുട്ടികൾക്കും, എയ്ഡഡ് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കേരള സർക്കാർ സൗജന്യ യൂണിഫോം നൽകുന്നു. യൂണിഫോമിന്റെ വില 400-/ രൂപയിൽ നിന്ന് 600/- രൂപയാക്കി എസ്എസ്എ വർദ്ധിപ്പിച്ചിരിക്കുന്നു.

സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനായി 10500.00 ലക്ഷം രൂപ 2021-22 വർഷത്തിലേക്ക് വകയിരുത്തിയിരിക്കുന്നു.

### 7. സ്കൂളുകളിൽ ജൈവ വൈവിധ്യ ക്യാമ്പസ്

**(വിഹിതം: 160.00 ലക്ഷം രൂപ)**

കുട്ടികളിൽ പരിസ്ഥിതിയെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനും അത് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്ക് ഉണ്ടാക്കുന്നതിനുപുറമെ വിലയിരുത്തൽ സെമിനാർ, ശില്പശാല, നന്നായി പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്കുള്ള പ്രോൽസാഹനം മുതലായവയ്ക്കുവേണ്ടി തുക വകയിരുത്തിയിട്ടുണ്ട്.

2021-22-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 160.00 ലക്ഷം തുക വകയിരുത്തിയിരിക്കുന്നു.

### 8. ഓട്ടിസം പാർക്ക്

**(വിഹിതം: 41.00 ലക്ഷം രൂപ)**

സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയവിനിമയം വർദ്ധിപ്പിച്ചുകൊണ്ടും പെരുമാറ്റ വൈകല്യങ്ങൾ കുറച്ചുകൊണ്ട് വരുവാൻ സഹായിച്ചുകൊണ്ട് ഓട്ടിസം കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികളുടെ അസംഖ്യം വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് യോജിച്ചു പോവുന്നതിനു മാതാപിതാക്കൾക്ക് പിന്തുണ സേവനങ്ങൾ നൽകാനും, പഠനപ്രക്രിയയിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ അധ്യാപകരെ സഹായിക്കാനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സ്പെഷ്യൽ വിദ്യാഭ്യാസം, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, പരിഹാര ബോധനം, സ്വഭാവ രൂപീകരണം, ഭിന്നശേഷി പരിശീലനം, ഫിസിയോതെറാപ്പി, കോഗ്നേറ്റീവ് ബിഹേവിയറൽ മാനേജ്മെന്റ്, കുട്ടികൾക്കും മാതാപിതാക്കൾക്കും ഉള്ള കൗൺസലിംഗ്, പരിശീലനം മുതലായവയാണ് ഓട്ടിസം സെന്ററിനുകീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ. സെന്ററിന്റെ പ്രവർത്തനങ്ങൾ, കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, കളിപ്പാട്ടങ്ങൾ/ചികിത്സാ ഉപകരണങ്ങൾ മുതലായവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്.

2021-22-ൽ ഓട്ടിസം സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി 41.00ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 9.കല,സ്പോർട്സ്, ക്രാഫ്റ്റ് പാർക്ക്

**(വിഹിതം : 2.00 ലക്ഷം രൂപ)**

സ്കൂൾ പാഠ്യപദ്ധതിയിൽ കല, സ്പോർട്ട്, തൊഴിലധിഷ്ഠിത വിദ്യാഭാസം എന്നിവയ്ക്ക് വിദ്യാഭ്യാസ അവകാശനിയമം ഒരു പ്രധാന സ്ഥാനം നൽകിയിട്ടുണ്ട്. കുട്ടികൾക്കിടയിൽ നല്ല അഭിരുചിയും സർഗ്ഗാത്മക പ്രവണതകളും വളർത്തുന്നതിൽ സ്കൂളുകൾ ഒരു സുപ്രധാന പങ്ക് വഹിക്കേണ്ടതുണ്ട്. ഓരോ ജില്ലയിൽ നിന്നും ഒരു സ്കൂൾ തിരഞ്ഞെടുക്കുന്നതിലൂടെ 14 ആർട്ട്സ്, സ്പോർട്സ്, ക്രാഫ്റ്റ് പാർക്ക് നിർമിക്കാൻ ലക്ഷ്യമിടുന്നു.

പദ്ധതിപ്രവർത്തനങ്ങൾക്കായി 2021-22 ൽ 2.00ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

### 10.വിദ്യാഭ്യാസ മിഷൻ

**(വിഹിതം : 100.00 ലക്ഷം രൂപ)**

2016 നവംബറിൽ കേരള ഗവൺമെൻറ് ആരംഭിച്ച "നവ കേരള മിഷൻ" ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കുന്നു. സംസ്ഥാനത്തെ 1000 സ്കൂളുകളെ ആധുനികവത്കരിച്ചു നിലവാരമുയർത്തി "മികവിന്റെ കേന്ദ്രങ്ങൾ"ആക്കി മാറ്റുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പൊതു സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് മിഷന്റെ കീഴിൽ നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മിഷന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനായി, 2021-22 സാമ്പത്തിക വർഷത്തിൽ 100.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**11. കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ -കെ.ഐ.റ്റി.ഇ. (ഐറ്റി @ സ്കൂൾ പ്രൊജക്ട്)**

**(വിഹിതം:3000.00ലക്ഷം രൂപ)**

പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഐറ്റി @ സ്കൂൾ പ്രൊജക്ട് നടപ്പിലാക്കി വരുന്നു. 2002-03-ലാണ് പദ്ധതി ആരംഭിച്ചത്. ഐടി @ സ്കൂൾ പ്രോജക്ട് ഇപ്പോൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) എന്ന പേരിലാണ് കമ്പനി രൂപീകരിച്ചിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഐസിടി വിദ്യാഭ്യാസം പ്രാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. കോവിഡ് 19 മഹാമാരികണക്കിലെടുത്ത്, കൈറ്റ് അതിന്റെ പരിമിതമായ വിഭവവും സാങ്കേതികവിദ്യയും ഉപയോഗിച്ച് കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ അവതരിപ്പിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ 5 ഘടകങ്ങളായി തരം തിരിച്ചിരിക്കുന്നു.

**i. ഐസിറ്റി ഹാർഡ് വെയറുകളുടെ വിതരണവും പരിപാലനവും.**

സ്കൂളുകളിൽ ഐസിറ്റി ഹാർഡുവെയറുകൾ വിന്യസിപ്പിക്കുക, ജില്ലാ കാര്യാലയങ്ങളിൽ ഐസിറ്റി അടിസ്ഥാനസൗകര്യങ്ങളും, ഹാർഡുവെയർ ക്ലിനിക്കുകളും നടപ്പിലാക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഐ.സി.റ്റി നവീകരണവും ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റിയുടെ നവീകരണവും നടപ്പിലാക്കുക എന്നിവയാണ് പ്രധാന ഘടകങ്ങൾ.

**ii.ഉള്ളടക്ക വികസനം**

ഐ.സി.റ്റി ഉള്ളടക്കം വികസിപ്പിക്കുക., റിസോഴ്സ് പോർട്ടൽ ഉണ്ടാക്കുക, വിക്ടേഴ്സിനു വേണ്ടിയുള്ള വിദ്യാഭ്യാസ ഉള്ളടക്കം വികസിപ്പിക്കുക, നൂതനമായ പരിപാടികൾ സംഘടിപ്പിക്കുക, വിക്ടേഴ്സിന് വേണ്ടിയുള്ള കലോൽസവങ്ങൾ, വിദ്യാഭ്യാസ റിയാലിറ്റി ഷോകൾ എന്നിവയാണ് പ്രധാന പരിപാടികൾ.

**iii. അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരമുയർത്തുക**

സംസ്ഥാന കാര്യാലയത്തിന്റെയും, 14 ജില്ലാ കാര്യാലയങ്ങളുടെയും നിലവാരമുയർത്തുക, വിക്ടേഴ്സ് സ്റ്റുഡിയോയും സജ്ജീകരണങ്ങളും, ഉയർന്ന നിലവാരത്തിലുള്ള സ്റ്റുഡിയോ നിലനിർത്തുക, ഹബ് ഉപകരണങ്ങളുമായി ബന്ധിപ്പിക്കുക, വീഡിയോ കോൺഫറൻസിംഗ് സൗകര്യം നവീകരിക്കുക. കൈറ്റി-നുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**iv. നിരീക്ഷണവും കാര്യശേഷി വികസനവും**

അദ്ധ്യാപകരുടെയും, കുട്ടികളുടേയും കാര്യശേഷി വികസിപ്പിക്കുക, ലിറ്റിൽ കൈറ്റ് പരിപാടികളുടെ പരിശീലനവും മേൽനോട്ടവും, അധ്യാപകർക്കും ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും ഓൺലൈൻ പരിശീലനം ഫീൽഡ് ലെവൽ ഓഫീസേഴ്സ് (സിഡിഎസ്/എംറ്റിസിഎസ്/എംറ്റിഎസ്)നുള്ള വാർത്താവിനിമയ നിർദ്ദേശങ്ങൾ. എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**v.മികച്ച ഐ.സി.റ്റി സമ്പ്രദായങ്ങൾ - പ്രൊജക്ട് മാനേജ്മെന്റും ഇ ഗവെർണൻസും**

**(എ)** ഐ.റ്റി ഫെസ്റ്റ് , ഐറ്റി അവാർഡ് സംസ്ഥാനത്തെ മികച്ച ലാബിനും, മികച്ച സ്കൂളിനും ഉള്ള വാർഷിക പുരസ്കാരം എന്നിങ്ങനെയുള്ള മികച്ച പ്രവർത്തനങ്ങൾ.

**(ബി)** ഇ-ഗവെർണൻസ് , ഉച്ച-ഭക്ഷണ വിതരണത്തിന്റെ കമ്പ്യൂട്ടർവത്ക്കരണം, പാഠപുസ്തകങ്ങളുടെ കേന്ദ്രീകൃത കാര്യ വ്യവസ്ഥ, കായികക്ഷമത പരിപാടികൾ, സമഗ്ര, സമന്വയ, സമ്പൂർണ്ണ, സമേതം സ്കൂൾ വിവര ശേഖരം മുതലായവ.

**(സി)** ഐ.സി.റ്റി വിദ്യാഭ്യാസത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടിയുള്ള പ്രോജക്റ്റ് മാനേജ്മെന്റ് ഫണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. .

**12.വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം**

**(വിഹിതം: 1400.00 ലക്ഷം രൂപ)**

സെക്കണ്ടറി പഠനത്തിലെ വൊക്കേഷണൽ വിദ്യാഭ്യാസം, വ്യക്തിഗത തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായുള്ള വിദ്യാഭ്യാസ അവസരങ്ങളുടെ വൈവിധ്യവൽക്കരണത്തിന് സഹായിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ പുനരുദ്ധാരണ പ്രക്രിയ ഇതിനകം ആരംഭിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെ വ്യക്തമായ ഒരു മാർഗ്ഗം സൃഷ്ടിക്കുവാൻ എൻ.എസ്.ക്യൂ.എഫ്. മായി ചേർന്ന് കൊണ്ടാണ് പ്രവർത്തിക്കേണ്ടത്. നിലവിൽ 389 വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ 1101 ബാച്ചുകളാണുള്ളത്. ഇതിൽ, 101 സർക്കാർ വി.എച്ച്.എസ്.ഇ. വിദ്യാലയങ്ങൾ ഇതിനകം തന്നെ എൻ,എസ്.ക്യു.എഫ് തുടങ്ങി കഴിഞ്ഞു.

പദ്ധതികളുടെ നടത്തിപ്പിനായി താഴെ പറയുന്ന ഘടകങ്ങൾക്ക് 1400.00 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നു.

**എ.ഓൺ ദി ജോബ് ട്രെയിനിംഗ്**

എല്ലാ വിഎച്ച്എസ്ഇ സ്കൂളുകളിലെയും മുഴുവൻ വിദ്യാർത്ഥികളും തൊഴിൽ പരിശീലനത്തിന്റെ (ഒജെടി) ഭാഗമായി വിവിധ സ്ഥാപനങ്ങൾ, ഫാക്ടറികൾ, കമ്പനികൾ, ഓഫീസുകൾ എന്നിവയിൽ പ്രവർത്തിക്കേണ്ടതുണ്ട്. ഓൺ ദി ജോബ് ട്രെയിനിങ്ങ്, ജോബ് ട്രെയിൻ (കേന്ദ്രീകൃത തൊഴിൽ പരിശീലനം, മോണിറ്ററിംഗ് ആന്റ് പ്ലെയ്സ്മെന്റ് സംവിധാനം) എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള ചെലവുകൾ, ഇന്റസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ(ഐ.ഐ.ഐ.സെൽ) എന്നിവക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ബി. ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ**

തൊഴിലധിഷ്ഠിത വിഷയങ്ങൾക്കായി എൻ.എസ്ക്യു.എഫ് പാഠ്യപദ്ധതി അവതരിപ്പിക്കുന്നതിനാൽ തൊഴിലധിഷ്ഠിത വിഷയങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുതുക്കിയ പാഠ്യപദ്ധതിക്ക് അനുസൃതമായി പരിശീലനം നൽകേണ്ടതുണ്ട്. തൊഴിലധിഷ്ഠിത/വൊക്കേഷണൽ അധ്യാപകർ/മറ്റ അധ്യാപകർ/ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാർ, വകുപ്പിലെ മറ്റ് ഓഫീസർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു.

**സി.വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾ**

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി, ഗുണമേന്മ മെച്ചപ്പെടുത്തുന്ന പരിപാടികൾ, എസ്.എം.എസ്. പാക്കേജ് (എം.ഗവേണൻസ്), ഫെയ്സ് റ്റു ഫെയ്സ് നടത്തിപ്പ് (കരിയർ ഗൈഡൻസിന്റെയും, കൗൺസിലിംഗിന്റെയും ഭാഗം), സ്കൂൾ തലത്തിൽ ഉള്ള സൗഹൃദ ക്ലബും ഹെൽപ്പ് ഡെസ്കും, ഷി ക്യാമ്പ്(പെൺകുട്ടികളുടെ ശാക്തീകരണ പരിപാടി), ഹാപ്പി ലേണിംഗ്(പ്രശ്നങ്ങൾ അറിയുന്നതിനു വേണ്ടിയുള്ള കൗൺസിലിംഗ്), പോസിറ്റീവ് പാരന്റിങ്-സൈബർ ബോധവൽക്കരണ പരിപാടികൾ, ഇൻസൈറ്റ് (വിദ്യാർത്ഥികളുടെ കഴിവുകളും, ബലഹീനതകളും/ദൗർബല്യം കണ്ടുപിടിക്കുക), ഹൗ ആർ യു(പരീക്ഷപേടി മാറ്റുന്നതിനുവേണ്ടി ടെലിഫോൺ വഴി കൗൺസിലിംഗ് നടത്തൽ), കരിയർ സ്ലേറ്റ്(തൊഴിലിനെക്കുറിച്ചും, ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും നിർദ്ദേശം നൽകുന്നു), ജോബ് ഫെയർ, കരിയർ മാസ്റ്റർ അവാർഡ്, റീഡിംഗ് കോർണർ, വിദ്യാർത്ഥിനേതൃത്വ ക്യാമ്പുകൾ, നവനീനം(വിഎച്ച്എസ്ഇ കോഴ്സുകളിലെ അവസരങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ സെമിനാറുകൾ), കരിയർ ഗൈഡൻസും കൗൺസിലിംങ്ങും, ഗുണമേൻമ മെച്ചപ്പെടുത്തുന്ന പരിപാടികൾ, നൈപുണ്യ വികസന പരിപാടികൾ, ഡിജിറ്റൽ അധ്യാപന പഠന ഉപകരണം, വിദ്യാർത്ഥികളുടെ നവീനാശയങ്ങൾ, മറ്റു തുടർ പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്കായാണ് 2021-22-ൽ തുക വകയിരുത്തിയിരിക്കുന്നത്.

**ഡി.ലബോറട്ടറികളുടെ നവീകരണം**

സർക്കാർ സ്കൂളുകളിലെ ലബോറട്ടറികൾ ആധുനികവൽക്കരിക്കാനുള്ള പദ്ധതിയാണിത്. ലബോറട്ടറി ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, രാസവസ്തുക്കൾ, ഫർണിച്ചർ, കംമ്പ്യൂട്ടറുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ വാങ്ങുന്നതിനും ലബോറട്ടറികളുടെ നിലവാരമുയർത്തുന്നതിനും മറ്റ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**ഇ. ഇ-ഓഫീസ് /അടിസ്ഥാന സൗകര്യവികസനം**

വകുപ്പിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ഇ-ഓഫീസ് അടിസ്ഥാന സൗകര്യവികസനവും സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും പിന്തുണയ്ക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**എഫ്) സ്കൂൾ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ**

2021-22-ൽ, ഈ പദ്ധതി പ്രകാരം മതിയായ ആധുനിക ക്ലാസ് മുറികളും ലാബുകളും മറ്റ് സൗകര്യങ്ങളുമുള്ള അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

**ഹയർസെക്കന്ററി വിദ്യാഭ്യാസം**

ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നതിന് 2021-22 വർഷത്തിൽ 8705.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരിപാടികൾ ചുവടെ ചേർക്കുന്നു.

**13. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

**(വിഹിതം: 6300.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യങ്ങളായ ക്ലാസ്സ് മുറികൾ, ലാബോറട്ടറി സൗകര്യങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ, ടോയ് ലറ്റുകൾ, കുടിവെള്ള ലഭ്യത തുടങ്ങിയവ ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുന്നതിന് വളരെ പ്രധാനമാണ്. മിക്ക സ്കൂളുകളിലും കുട്ടികൾക്ക് പഠിക്കാൻ മതിയായ കെട്ടിടങ്ങൾ ഇല്ലാത്തത് ഒരു പോരായ്മയാണ്. സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ബഹു നില കെട്ടിടം നിർമാണം, ലബോറട്ടറികളുടെയും ലൈബ്രറി കെട്ടിടങ്ങളുടെയും നവീകരണം, ഫർണിച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ, ലാബ് ഉപകരണങ്ങൾ, ഉപഭോഗവസ്തുക്കൾ എന്നിവ വാങ്ങുക എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ.

2021-22-ൽ 6300.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**14. അക്കാദമിക പരിപാടികൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 745.00ലക്ഷം രൂപ)**

സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ 2007-ൽ ആരംഭിച്ച പദ്ധതിയാണിത്. വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിൽ അദ്ധ്യാപകരുടെ പരിശീലനം ഒഴിച്ചുകൂടാനാവാത്തതാണ്. ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം (എച്ച്എസ്എസ്ടിടിപി), നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ, ഹയർ സെക്കൻഡറി ടീച്ചർ കോൺഗ്രസ്, ഓൺലൈൻ പരിശീലന മാനേജ്മെന്റ് സംവിധാനത്തിന്റെ വികസനം, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതി പ്രകാരം 2021-22 കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

2021-22 ൽ പ്രസ്തുത പദ്ധതിക്കായി 745.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾ**

**(വിഹിതം: 750.00 ലക്ഷം രൂപ)**

1.കരിയർ ഗൈഡൻസും കൗൺസലിംഗ് പ്രോഗ്രാമും-ഇന്നൊവേറ്റീവ് ലൈഫ് എക്സ്പീരിയൻസിനായുള്ള സ്കിൽ മെന്റർഷിപ്പ് (സ്മൈൽ), ഹ്യൂമാനിറ്റീസ് ബാച്ച് വിദ്യാർത്ഥികൾക്കായി കരിയർ ഓറിയന്റഡ് പ്രോഗ്രാം, കരിയർ ഗൈഡൻസ് യൂണിറ്റുകളുടെ വിപുലീകരണം എന്നിവ 2) കൗമാര കൗൺസിലിംഗ്, ഹെൽത്ത് കെയർ കൗമാരക്കാരായ കുട്ടികളും ശാരീരികവും മാനസികവുമായ ആരോഗ്യം വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ (കരുത്ത്), സൗഹൃദ ക്ലബുകൾ വഴി കൗമാരക്കാർക്ക് കൗൺസിലിംഗും അതുപോലെ ആരോഗ്യ പരിപാലന പദ്ധതികളും 3) സിത്താർ-കലാപരമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ സംരംഭം 4) പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, മറ്റ് തുടർപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു.

2021-22 വർഷത്തിൽ പദ്ധതിക്കായി 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലൂടെ 50 ശതമാനത്തിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനം ലഭ്യമാകുമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**16. വകുപ്പിന്റെ നവീകരണം**

**(വിഹിതം: 120.00ലക്ഷം രൂപ)**

എ) ഉദ്യോഗസ്ഥർക്ക് പരിശീലനം ബി) ഡയറക്ടറേറ്റിന്റെ മാറ്റവും നവീകരണവും സി) ആർഡിഡി ഓഫീസുകളുടെ പരിപാലനം ഡി) ഇ-ഓഫീസുകൾ നടപ്പിലാക്കുക ഇ) രേഖകളുടെ ഡിജിറ്റലൈസേഷൻ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

2021-22 വർഷത്തിൽ പദ്ധതിക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

**(വിഹിതം : 790.00 ലക്ഷം രൂപ)**

ഹയർസെക്കന്ററി തലത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് ഈ പദ്ധതി. പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് 5000 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. നിർദ്ധനരായ വിദ്യാർത്ഥികളിൽ പഠിക്കുവാൻ സാമർത്ഥ്യമുള്ളവർക്ക് ഈ പദ്ധതി പ്രയോജനകരമാണ്. ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരിമിതപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി 2021-22 വർഷത്തിൽ 790.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50 ശതമാനത്തിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**18. നബാർഡ് സഹായത്തോടെ ഗവൺമെന്റ് സ്കൂളുകൾക്ക് വേണ്ടി ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുക.**

**(വിഹിതം: 1036.00 ലക്ഷം രൂപ)**

പത്ത് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകൾക്ക് വേണ്ടി നബാർഡ് ആർ.ഐ.ഡി.എഫ് സഹായത്തോടെ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നബാർഡ് – ആർ.ഐ.ഡി.എഫ് പദ്ധതിയുടെ നടത്തിപ്പിനായി 2021-22 വർഷത്തിൽ 1036.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**മറ്റു പദ്ധതികൾ.**

**19. സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം**

**(വിഹിതം: 900.00 ലക്ഷം രൂപ)**

സ്പെഷ്യൽ വിദ്യാഭ്യാസം, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പരിശീലനവും പുനരധിവാസവും എന്നിവ നല്കുന്ന സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു

ചാരിറ്റബിൾ സൊസൈറ്റിയാണ്. 2021-22 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു:

1. ഭരണപരമായ കാര്യങ്ങൾ
2. സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമ കോഴ്സ്
3. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
4. രക്ഷിതാക്കളെ പരിശീലിപ്പിക്കുന്നതിന് സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള പദ്ധതി.
5. ഡോക്യുമെന്റേഷനും, അനുബന്ധ പ്രവർത്തനങ്ങളും
6. ആദ്യഘട്ടങ്ങളിലെ ഇടപെടലുകൾ- മാതൃകാ പദ്ധതികൾ
7. അപക്സ് സ്ഥാപനത്തിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ
8. സെമിനാറുകൾ പരിശീലനങ്ങൾ
9. ആദ്യഘട്ടങ്ങളിലെ ഇടപെടലുകൾക്കുള്ള മൊബൈൽ യൂണിറ്റ്.
10. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ഹോസ്റ്റലും വിടിസി സെൻററും നിർമ്മിക്കുക
11. സ്പെഷ്യൽ സ്കൂളും ഹോസ്റ്റലും

തുടർ പ്രവർത്തനങ്ങൾ ഉൾപ്പെടെ പദ്ധതി പ്രവർത്തനങ്ങൾക്ക് 2021-22-ൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**20. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനം കൗൺസിൽ (എസ്.സി.ഇ.ആർ.ടി)**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

ദേശീയതലത്തിലുള്ള വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ മാതൃകയിൽ സംസ്ഥാനതലത്തിൽ കേരള സർക്കാർ രൂപംകൊടുത്ത സ്ഥാപനമാണിത്. വിദ്യാഭ്യാസ നയങ്ങൾ, ഗവേഷണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കൽ, അധ്യാപന വികസന പരിപാടികൾ എന്നിവയ്ക്ക് ഈ സ്ഥാപനം നേതൃത്വം നൽകി വരുന്നു.

1. കരിക്കുലത്തിന്റെയും മറ്റ് ബന്ധപ്പെട്ട പഠന വിഭവങ്ങളുടെയും വികസനം ,
2. ഗവേഷണവും വിദ്യാഭ്യാസ സർവ്വേകളും
3. അധ്യാപകർക്കും അധ്യാപക പരിശീലകർക്കുമുള്ള ശാക്തീകരണ പരിപാടികൾ
4. വിദ്യാർത്ഥികൾക്കുള്ള പഠന മികവ് പരിപാടികൾ (ന്യൂ മാത് സ്, സ്റ്റെപ് സ്, എൽ.എസ്.എസ്. & യു.എസ്.എസ്, യോഗ ഒളിപ്യാഡ്, സംരംഭകത്വ ക്യാമ്പ്, എൻ.റ്റി.എസ്.ഇ., എൻ.എം.എം.എസ്.ഇ. മുതലായവ)
5. വിദ്യാഭ്യാസ ടെക്നോളജിയും ഓൺലൈൻ പരിപാടികൾ ഉൾപ്പടെ മറ്റ് അനുബന്ധ പ്രവർത്തനങ്ങളും
6. ജീവിത നൈപുണ്യ വിദ്യാഭ്യാസം (ഉല്ലാസ പറവകൾ)
7. സ്ത്രീകളുടെ ഭരണ ഘടനാപരമായ അവകാശങ്ങളെകുറിച്ചും അദൃശ്യവത്ക്കരണത്തിനെതിരെയുള്ള പോരാട്ടങ്ങളെ കുറിച്ചുള്ള മൊഡ്യൂൾ.
8. ഫീൽഡ് തല പിന്തുണയും എക്സ്റ്റൻഷൻ പരിപാടികളും
9. കമ്മിറ്റികൾ, പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ
10. കാര്യശേഷി വികസന പരിപാടികൾ
11. ലൈബ്രറിയും പാഠപുസ്തക ആർക്കൈവുകളും
12. പ്രിന്റിങ്ങും പ്രസിദ്ധീകരണവും
13. അടിസ്ഥാന സൗകര്യ വികസനം
14. ഉള്ളടക്ക വികസനം/ഡിജിറ്റൽ/ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ

എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ

2021-22 വർഷത്തിൽ പദ്ധതിക്കായി 1800.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു .

## 21. സമഗ്ര ശിക്ഷാ അഭിയാന്റെ പ്രോജക്ട് ഡയറക്ടറേറ്റിനുള്ള സംസ്ഥാന ഭരണ സഹായം

**(വിഹിതം:.1200.00 ലക്ഷം രൂപ)**

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ)യും സർവ്വ ശിക്ഷാ അഭിയാനും (എസ്എസ്എ)യും കൂടി ചേർന്നു കൊണ്ട് 2018-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് സമഗ്ര ശിക്ഷാ അഭിയാൻ. പ്രോജക്ട് ഡയറക്ടറേറ്റ് വഴി സംസ്ഥാനതലത്തിൽ നടത്തുന്ന പ്രത്യേക പരിപാടികൾക്കു വേണ്ടിയാണ് ഇതിലെ തുക ഉപയോഗിക്കുന്നത്. 1) കണക്ക്, ശാസ്ത്ര സമ്പുഷ്ടീകരണ പരിപാടി, 2) മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷാ പ്രാവീണ്യം പ്രോഗ്രാം 3) ഡിജിറ്റലൈസ്ഡ് ക്ലാസ് റൂം, ലൈബ്രറി, റീഡിംഗ് കോർണർ, ഐസിടി അധിഷ്ഠിത ക്ലാസ് റൂം പ്രക്രിയകൾ, ജൈവവൈവിധ്യ ഉദ്യാനങ്ങൾ 4) വിദൂര വാസസ്ഥലങ്ങളിലെ കുട്ടികൾക്കുള്ള ഗതാഗത സൗകര്യം 5) അധ്യാപകർക്ക് പരിശീലനം 6) എസ്‌സി/എസ്ടി വിദ്യാഭ്യാസം 7)ഗവേഷണ പഠനങ്ങളും സർവേകളും നടത്തുക 8) എസ്‌സിആർടിയുടെയും ഡയറ്റിന്റെയും ശേഷി വർദ്ധിപ്പിക്കൽ 9) അക്കാദമിക് ബ്ലോക്കിന്റെയും മറ്റ് തുടർ പ്രവർത്തനങ്ങളുടെയും പൂർത്തീകരണം എന്നിവയാണ് പ്രധാനപ്പെട്ട സംസ്ഥാനതല പദ്ധതികൾ

പദ്ധതി പ്രവർത്തനങ്ങൾക്കായി 1200.00 ലക്ഷം രൂപ 2021-22 വർഷത്തിൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50 ശതമാനത്തിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 22. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ് കേരള മിഷൻ)

**(വിഹിതം: 1800.00 ലക്ഷം രൂപ)**

തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന തുടർവിദ്യാഭ്യാസ പരിപാടികളുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് 1988-ൽ സ്ഥാപിതമായ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. സംസ്ഥാനത്ത് അതോറിറ്റിയുടെ കീഴിലുള്ള 4000-ൽ അധികം കേന്ദ്രങ്ങളിലൂടെയാണ് പ്രധാന പരിപാടികൾ നിർവ്വഹിക്കപ്പെടുന്നത്. തുടർവിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നിരക്ഷരത തുടച്ചുമാറ്റാനുള്ള പ്രത്യേക പരിപാടി, പ്രത്യേക നൈപുണ്യവികസനപദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള പ്രത്യേക സാക്ഷരത/തുല്യതപദ്ധതികൾ (നവചേതന), അട്ടപ്പാടിയിലെയും വയനാട്ടിലെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രത്യേക പരിപാടി, ട്രാൻസ്ജെൻഡേഴ്സിന്റെ തുടർ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പ്രത്യേക പാക്കേജ്, കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടിയുള്ള സാക്ഷരതാപരിപാടി (ചങ്ങാതി), പരിസ്ഥിതി സാക്ഷരതാ പരിപാടി, തീരദേശ സാക്ഷരതാ പരിപാടി, സോഷ്യൽ/ഡിജിറ്റൽ സാക്ഷരതാ പ്രോഗ്രാം, തൊഴിൽ നൈപുണ്യ ഏറ്റെടുക്കൽ പ്രോഗ്രാം എന്നീ പദ്ധതികൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായി 2021-22-ൽ തുക വകയിരുത്തിയിരിക്കുന്നു.

2021-22 വർഷത്തിൽ പരിപാടികൾ നടപ്പിലാക്കുന്നതിനായി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 23. സംസ്ഥാനതല വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനസ്ഥാപനം (സീമാറ്റ്)

**(വിഹിതം: 350.00 ലക്ഷം രൂപ)**

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ കാര്യ നിർവ്വാഹകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്ഥാപിക്കപ്പെട്ട സ്ഥാപനമാണിത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുക, വിദ്യാഭ്യാസമേഖലയിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി സമഗ്രമായി വർദ്ധിപ്പിക്കുക, നൂതന മാതൃകയിലുള്ള മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഭരണപരിഷ്കാരങ്ങൾ ആസൂത്രണം ചെയ്യുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ചുമതലകൾ. 2021-22 വർഷത്തിൽ സീമാറ്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു:

(i) സ്കൂൾ മേധാവികൾ, സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ, അധ്യാപകർ,

അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് നേതൃത്വ വികസന പരിശീലനം നൽകുക

(ii) സ്കൂൾ മേധാവികൾ, വി.എച്ച്.എസ്.ഇ യിലെ കരിയർ മാസ്റ്റേഴ്സ്, ഡയറ്റ് ഫാക്കൽട്ടി, മറ്റ് വിദ്യഭ്യാസ സ്ഥാപന മേധാവികൾ എന്നിവർക്ക് കൗമാരക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആശയ വിനിമയം, ക്രൈസിസ് മാനേജ്മെന്റ്, തീരുമാനമെടുക്കൽ എന്നിങ്ങനെയുള്ള നൈപുണ്യങ്ങൾ വളർത്തുന്നതിനുള്ള കാര്യശേഷി വികസന പരിശീലനങ്ങൾ

(iii) സ്കൂളുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട മാനേജ്മന്റിലും ഭരണത്തിലും വിദ്യാഭ്യാസ നയങ്ങളിലും ഉള്ള ജേർണലുകളുടെ പ്രസിദ്ധീകരണം, പഠനസാമഗ്രികൾ, പുസ്തകങ്ങൾ, എന്നിവ വാങ്ങൽ

(iv) പൊതുവിദ്യാഭ്യാസ പുനരുജ്ജീവന ദൗത്യം - സംസ്ഥാനതല ആസൂത്രണവും വിലയിരുത്തലും

(v) ഡി-സൈറ്റ്- സർക്കാരിനും പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് കീഴിലുള്ള വിവിധ ഏജൻസികൾക്കും ഡാറ്റാ അധിഷ്ഠിത ഇൻപുട്ടുകൾ നൽകുന്നതിനുള്ള ഒരു സംരംഭമാണ് ഡി-സൈറ്റ്.

(vi) വിദ്യാഭ്യാസ മാനേജ്മെന്റിലെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്.

(vii) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും മറ്റിടങ്ങളിലും വിദ്യാഭ്യാസ രംഗത്ത് പരീക്ഷിച്ച നൂതന ആശയങ്ങളെയും കുറിച്ച് അറിയാനുള്ള ദേശീയ ആശയ മേളകൾ.

(viii) ദേശീയ വിദ്യാഭ്യാസ നേതൃത്വ കൈമാറ്റ പരിപാടിയിലൂടെ പങ്കാളിത്ത സംസ്ഥാനങ്ങളിലെ അധ്യാപകർക്ക് ഒരുമിച്ച് നിൽക്കാനും ആശയങ്ങളും അനുഭവങ്ങളും പങ്കിടാനും അവസരമൊരുക്കുന്നു.

(ix) വകുപ്പ് /സർക്കാർ ചുമതലപ്പെടുത്തിയ മറ്റ് പരിശീലന പരിപാടികളും പഠനങ്ങളും.

(x) മറ്റു തുടർപരിപാടികൾ

2021-22 വർഷത്തിൽ ഈ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനവിഹിതം**

**24. സമഗ്ര ശിക്ഷാ അഭിയാൻ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 7126.00 ലക്ഷം രൂപ)**

സർവ്വ ശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക്ശിക്ഷാ അഭിയാനും (ആർഎംഎസ്എ), അദ്ധ്യാപകവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും കൂട്ടിച്ചേർത്തുകൊണ്ട് ഭാരത സർക്കാർ ആരംഭിച്ച പദ്ധതിയാണ് സമഗ്ര ശിക്ഷ അഭിയാൻ. നിലവിലുള്ള വിദ്യാലയങ്ങൾ ശക്തിപ്പെടുത്തുക, താമസിച്ചു പഠിക്കാനുള്ള വിദ്യാലയങ്ങൾ, ഗതാഗത സൗകര്യങ്ങൾ, സൗജന്യ യൂണിഫോമുകൾ, സൗജന്യ പാഠപുസ്തകങ്ങൾ, എസ്.എം.സി/എസ്.ഡി.എം.സി എന്നിവയുടെ പരിശീലനം, പഠന പരിപോഷണ പരിപാടികൾ (എൽഇപി)/പരിഹാര ബോധന പരിപാടികൾ, മീഡിയ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ലൈബ്രറി ഗ്രാന്റ്, നവീകരണം, മറ്റ് ഗുണനിലവാര സംരംഭങ്ങൾ, പ്രീ പ്രൈമറി തലത്തിൽ പിന്തുണ, സിഡബ്ല്യുഎസ്എൻ, കായിക, ശാരീരിക വിദ്യാഭ്യാസം, ബിആർസി/സിആർസി, എംഐഎസ്, അടിസ്ഥാന സാക്ഷരത, സ്കൂൾ ഗ്രാന്റ്, ഐസിടി, ഡിജിറ്റൽ സംരംഭങ്ങൾ, അധ്യാപക പരിശീലനം, ഷാഗുനോത്സവ്, രംഗോത്സവ്, ദേശീയ-സംസ്ഥാന തലത്തിൽ വിലയിരുത്തൽ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, എംഎംഇആർ, ഐഇഡിഎസ്എസ്, പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനം, പ്രോഗ്രാം മാനേജ്മെന്റ്, കലാ ഉത്സവ് പ്രോജക്ട്, വിഎച്ച്എസ്ഇ-എൻഎസ്ക്യുഎഫ്, അധ്യാപക വിദ്യാഭ്യാസം തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2021-22 ലെ പദ്ധതി നടത്തിപ്പിലേക്കായി 7126.00 ലക്ഷം രൂപയാണ് സംസ്ഥാനവിഹിതമായി

സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും നീക്കിവച്ചിരിക്കുന്നത്. ബാക്കിയുള്ള തുക പ്രാദേശിക ഭരണകൂടങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും നീക്കി വെയ്ക്കും. സംസ്ഥാന പ്ലാൻ ഫണ്ടും പ്രാദേശിക ഭരണകൂടങ്ങളുടെ പ്ലാൻ ഫണ്ടും ഉൾപ്പെടെ മൊത്തം സംസ്ഥാന വിഹിതം 33800.00 ലക്ഷം രൂപയാണ്. അധികമായി സംസ്ഥാന വിഹിതം ആവശ്യമായി വരുന്ന പക്ഷം കേന്ദ്ര വിഹിതത്തിന് ആനുപാതികമായി അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്. ഇതിൽ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**25. ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1200 .00 ലക്ഷം രൂപ)**

1986- ലെ ദേശീയ വിദ്യാഭ്യാസ നിയമമനുസരിച്ച് ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം 100 ശതമാനം കേന്ദ്രവിഹിതം ലഭിക്കുന്ന പദ്ധതിയായിരുന്നു. 2015-16 മുതൽ ഡയറ്റിന്റെ ധനസഹായ അനുപാതം 60:40 എന്ന രീതിയിലേക്ക് മാറി. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും, പരിശീലനത്തിനും അറിവ് മെച്ചപ്പെടുത്തുന്നതിനും ഒരു അക്കാദമിക-സാങ്കേതിക റിസോഴ്സ് ഉണ്ടാക്കുന്നതിനും, സ്കൂൾ അധ്യാപകർക്ക് കമ്പ്യൂട്ടർ-അധ്യയന രീതിയിൽ വൈദഗ്ധ്യം ഉണ്ടാക്കിയെടുക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

2021-22 ൽ പദ്ധതിയുടെ നടത്തിപ്പിനായി 1200.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**26. ഉച്ചഭക്ഷണ പരിപാടി (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 31600.00 ലക്ഷം രൂപ)**

കുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുക, പ്രവേശനം നേടിയ കുട്ടികളുടെ സ്കൂളുകളിലെ ഹാജർനില വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1995 ആഗസ്റ്റ് 15-ാം തീയതി പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷകാഹാര സഹായം (എൽ.പി.-എൻ.എസ്.പി.ഇ) എന്ന പദ്ധതി രാജ്യത്തെ 2408 ബ്ലോക്കുകളിൽ ആരംഭിക്കുകയുണ്ടായി. 1997-98 വർഷത്തോടുകൂടി ഈ പദ്ധതി രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുകയുണ്ടായി. 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ്, തദ്ദേശഭരണ സ്ഥാപന സ്കൂളുകളിലെ കുട്ടികളെ കൂടാതെ ഇ.ജി.എസ്., എ.ഐ.ഇ കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികളെ കൂടി ഉൾക്കൊള്ളുന്ന രൂപത്തിൽ ഈ പദ്ധതി 2002-ൽ വിപുലപ്പെടുത്തുകയുണ്ടായി. 2008-09 അക്കാദമിക് വർഷം മുതൽ അപ്പർ പ്രൈമറി സ്കൂൾ കുട്ടികളെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി.

2021-22 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 31600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാനവിഹിതം 14000.00 ലക്ഷം രൂപയും 17600.00 ലക്ഷം രൂപ പാൽ, മുട്ട വിതരണം ഉൾപ്പെടെയുള്ള അധിക ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്നതുമാണ്. ഇതിൽ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. അധികമായി സംസ്ഥാനവിഹിതം ആവശ്യമായി വരുന്നപക്ഷം കേന്ദ്രവിഹിതത്തിന് ആനുപാതികമായി അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്.

## ബി) ഉന്നത വിദ്യാഭ്യാസം

**1. കേരള സർവ്വകലാശാല**

**(വിഹിതം: 2600.00 ലക്ഷം രൂപ)**

തിരുവിതാംകൂർ സർവ്വകലാശാല ആക്ട് പ്രകാരം 1937-ൽ തിരുവിതാംകൂർ സർവ്വകലാശാലയായി സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല 1957-ൽ കേരള സർവ്വകലാശാല ആക്ട് പ്രകാരം കേരള സർവ്വകലാശാലയായി പുന:സംഘടിപ്പിക്കപ്പെട്ടു. നിലവിൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ 18 കേന്ദ്രങ്ങളും 10 യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ

എഡ്യൂക്കേഷനും 7 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിച്ചു വരുന്നു. 2021-22 വർഷത്തിൽ കേരള സർവ്വകലാശാല താഴെ പറയുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്:

1. വിവിധ വകുപ്പുകളുടെ/നിർദ്ദിഷ്ട പ്രോജക്ടുകളുടെ ഗവേഷണ സൗകര്യങ്ങൾ, ഒരു ന്യൂറോബയോളജി ലാബ്, മോഡൽ ബയോഡൈവേഴ്സിറ്റി പാർക്ക്, പ്ലാന്റ് കൾച്ചർ ടെക്നോളജിയിൽ വിവർത്തന ഗവേഷണ സൗകര്യം സ്ഥാപിക്കൽ, ഇന്ത്യാ ചരിത്രത്തിന്റെ ജേണലിന്റെ സർവേ, ശേഖരണം, ഡിജിറ്റലൈസേഷൻ, ശാസ്ത്രീയ സംരക്ഷണം, ഫോട്ടോവോൾട്ടെയ്ക് ഉപകരണങ്ങളുടെ വളർച്ചയും ഫാബ്രിക്കേഷനും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബും ദേശീയ പരീക്ഷണ കേന്ദ്രത്തിലേക്ക് ഇൻസ്ട്രുമെന്റേഷനും സൗകര്യത്തിനും വേണ്ടി സെൻട്രൽ ലബോറട്ടറിയുടെ പരിവർത്തനം എന്നിവ.
2. പശ്ചാത്തലസൗകര്യങ്ങളുടെ വികസനം
3. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നൂതനങ്ങളായ പദ്ധതികളും ഗവേഷണ പ്രോജക്ടുകളും
4. പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വാങ്ങൽ.
5. സെമിനാറുകളും കോൺഫറൻസുകളും, ശില്പ ശാലകളും പ്രഭാഷണങ്ങളും സിംപോസിയങ്ങളും.
6. നിർമ്മാണ പ്രവർത്തനങ്ങൾ/പുതിയ കെട്ടിടങ്ങൾ
7. അന്തർ സർവകലാശാല/ഗവേഷണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക
8. മറ്റു തുടർ പ്രവർത്തനങ്ങൾ

2021-22 വർഷത്തിൽ 2600.00 ലക്ഷം രൂപ കേരള സർവകലാശാലക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 300.00 ലക്ഷം രൂപ സെന്ററുകളുടെ ശാക്തീകരണത്തിനായി നീക്കിവച്ചിരിക്കുന്നു. പുതിയ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കണം. പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുപകരം നിലവിലുള്ള കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഫണ്ട് വിനിയോഗിക്കണം. ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ, സിവിൽ വർക്കുകളേക്കാൾ ഗവേഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽ കേണ്ടതാണ്.

**2. കോഴിക്കോട് സർവകലാശാല**

(**വിഹിതം: 2250.00ലക്ഷം രൂപ**)

ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ വർധിപ്പിക്കാനും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയിലെ ജനങ്ങളെ ഉദ്ധരിക്കാനുമായി 1968-ലാണ് കോഴിക്കോട് സർവകലാശാല സ്ഥാപിതമായത്. നിലവിൽ 35 അധ്യാപന-ഗവേഷണ വകുപ്പുകളും 426 അനുബന്ധ കോളേജുകളും സർവകലാശാലയിലുണ്ട്. 2021-22 വർഷത്തിൽ നിർദ്ദേശിച്ച പദ്ധതികൾ താഴെ കൊടുക്കുന്നു:

1. കോഴിക്കോട്, പാലക്കാട് ജില്ലകളിലെ സർവകലാശാലയുടെ പ്രാദേശിക അക്കാദമിക് കേന്ദ്രങ്ങൾ
2. സെമിനാറുകളും വർക്ക് ഷോപ്പുകളും
3. നവീകരണം (അദ്ധ്യാപന വകുപ്പുകൾ, പരീക്ഷ ഭവൻ, അഡ്മിനിസ്ട്രേഷൻ, മ്യൂസിയം, സിഎസ്ഐഎഫ്, മികവിന് സാധ്യത തുടങ്ങിയവ)
4. ലൈബ്രറി പുസ്തകങ്ങളും ഇ-ജേണലുകളും വാങ്ങുക
5. വൃത്തിയുള്ളതും ഹരിതവുമായ ക്യാമ്പസ് പ്രോഗ്രാം
6. അഗ്നി & സുരക്ഷാ
7. എല്ലാവർക്കും സമഗ്രവും തുല്യവുമായ വിദ്യാഭ്യാസവും ആജീവനാന്ത പഠന അവസരവും

8. സിവിൽ വർക്ക്സ് - കായിക വിദ്യാഭ്യാസത്തിനായുള്ള കെട്ടിടം, ചെതലയത്തിൽ പുരുഷന്മാരുടെ ഹോസ്റ്റൽ നിർമ്മാണം, ശിശുക്കളെയും കൗമാരക്കാരായ പെൺകുട്ടികളെയും പരിപാലിക്കുന്നതിനുള്ള ഡേ കെയർ സെന്റർ, വാർദ്ധക്യസഹജമായ പരിചരണം, ഭിന്നശേഷിയുള്ള കുട്ടികളെ പരിചരിക്കുക, വിദ്യാഭ്യാസ, മന:ശാസ്ത്ര വകുപ്പിനുള്ള വിപുലീകരണ ബ്ലോക്കുകൾ, മഴവെള്ള സംഭരണം, കെമിസ്ട്രി വകുപ്പിന് അധിക സ്ഥലത്തിനുള്ള കെട്ടിടം, ഹോസ്റ്റലുകൾ, മറ്റ് തുടർ പ്രവർത്തനങ്ങൾ.

2021-22 വർഷത്തിൽ 2250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കണം. പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുപകരം നിലവിലുള്ള കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഫണ്ട് വിനിയോഗിക്കണം. ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ, സിവിൽ വർക്കുകളേക്കാൾ ഗവേഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

**3. മഹാത്മാഗാന്ധി സർവ്വകലാശാല**

(**വിഹിതം: 2700.00 ലക്ഷം രൂപ**)

1983-ൽ സ്ഥാപിതമായ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ 200 അൺഎയ്ഡഡ് അഫിലിയേറ്റഡ് കോളേജുകളും, സ്വയം ഭരണാധികാരമുള്ള 10 കോളേജുകൾ ഉൾപ്പെടെ 77 സർക്കാർ/എയ്ഡഡ് കോളേജുകളും, 10 ഇന്റർ-സ്കൂൾ കേന്ദ്രങ്ങളും, 7-ഇന്റർ-യൂണിവേഴ്സിറ്റി കേന്ദ്രങ്ങളും, 1 അന്തർദ്ദേശീയ-അന്തർ സർവ്വകലാശാലാ സെന്ററും, 17 യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളും നിലവിലുണ്ട്.

2021-22 വർഷത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്ന മേഖലകളിലാണ്

1. ഗവേഷണത്തിനു പ്രോത്സാഹനം- ഫെലോഷിപ്പ്, ഉപകരണങ്ങൾ, കെമിക്കൽസ്, വകുപ്പുകൾക്ക് വേണ്ട മറ്റു ഉപഭോക്തൃ വസ്തുക്കൾ, ഗവേഷണ ലാബുകൾക്ക് വേണ്ട അധിക സൗകര്യങ്ങൾ, ഗവേഷണ സ്റ്റഡിയോകളും സഹകരണ ഗവേഷണ പ്രോഗ്രാമും
2. പരീക്ഷാ നടത്തിപ്പിന്റെ അടിസ്ഥാന സൗകര്യ നവീകരണം, ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ
3. അക്കാദമിക പ്രവർത്തനങ്ങളും ഗവേഷണ പദ്ധതികളും.
4. ക്യാമ്പസിന്റെ വികസന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും - അക്കാദമിയ കോംപ്ലക്സ്, ഹോസ്റ്റലുകൾ, ടൂറിസം വകുപ്പിനുള്ള കെട്ടിടം, റിപ്പയർ, പിജി ലാബ്, സാറ്റലൈറ്റ് കാമ്പസ്, ഡാറ്റ സയൻസ് ലാബ്, ഡിജിറ്റൽ ആർക്കൈവുകൾ, സ്പോർട്സ് ഹബ്, ടിഷ്യു കൾച്ചർ ലാബ്, നവീകരണം, പരിപാലനം തുടങ്ങിയവ.
5. കോവിഡ് 19 അനുബന്ധ ഗവേഷണങ്ങളും പ്രവർത്തനങ്ങളും
6. ആട്ടോമേറ്റഡ് ലേണിംഗ് & ഇവാല്യുവേഷൻ സംവിധാനവും, ഡി.എ.എസ്.പി യിൽ വിദ്യാർത്ഥികളുടെ സേവനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളും.
7. എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് വേണ്ട സൗകര്യങ്ങളും, ശാക്തീകരണ പ്രവർത്തനങ്ങളും.
8. വിഭവ വികസനവും ബുക്കുകളും ജേണലുകളും ഉൾപ്പെടെ യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ആധുനിക വത്കരണം.
9. അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ/മറ്റുകേന്ദ്രങ്ങൾ എന്നിവയുടെ ശാക്തീകരണം.
10. മാലിന്യ നിർമ്മാർജ്ജനവും ക്യാമ്പസിന്റെ ഹരിതവത്ക്കരണവും
11. മറ്റു തുടർ പ്രവർത്തനങ്ങൾ.

2021-22 വർഷത്തിൽ 2700.00 ലക്ഷം രൂപ ഈ പ്രവർത്തനങ്ങൾക്കായി നൽകിയിരിക്കുന്നു. ഇതിൽ 400.00 ലക്ഷം രൂപ വിവിധ കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനായി നീക്കി വച്ചിരിക്കുന്നു. പുതിയ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കണം. കേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തിന് വെയിറ്റേജ് നൽകി കേന്ദ്രങ്ങൾക്ക് ഫണ്ട് സർവകലാശാല നൽകേണ്ടതാണ്. ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ, സിവിൽ ജോലികളേക്കാൾ ഗവേഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

4. **ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല**

(**വിഹിതം: 1700.00 ലക്ഷം രൂപ**)

സംസ്കൃത ഭാഷ, ഇൻഡോളജി, ഭാരതീയ തത്ത്വശാസ്ത്രം, ഭാരതീയ ഭാഷകൾ എന്നിവയുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി 1993-ൽ സ്ഥാപിതമായതാണ് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല. സർവ്വകലാശാലയ്ക്ക് കാലടിയിലെ മുഖ്യ കേന്ദ്രത്തിൽ 23 വകുപ്പുകളും, കേരളത്തിലെ പല സ്ഥലങ്ങളിലായി 8 മേഖലാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ബിരുദം/ബിരുദാനന്തര ബിരുദം, എം.ഫിൽ, പി.എച്ച്.ഡി എന്നീ കോഴ്സുകളാണ് സർവ്വകലാശാലയിൽ ഇപ്പോഴുള്ളത്. 2021-22-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

1. അക്കാദമിക വികസനപദ്ധതികൾ- സർവകലാശാല ലൈബ്രറികൾ, പുസ്തകങ്ങൾ, ജേർണലുകൾ, ഫർണിച്ചർ, സെമിനാറുകൾ/ശില്പശാലകൾ, ഗവേഷണവും ഗവേഷണ ഫെല്ലോഷിപ്പുകളും, അന്താരാഷ്ട്ര സെമിനാർ/ശില്പ ശാലകളിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം, ഗവേഷണ പ്രോജക്റ്റുകൾക്ക് സാമ്പത്തിക സഹായം, വിവിധ കേന്ദ്രങ്ങളിലെ അക്കാദമിക പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, സംസ്കൃതം പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്കായുള്ള ഗവേഷണ ഫെല്ലോഷിപ്പുകൾ, ഹ്രസ്വകാല കോഴ്സുകൾ, സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം തുടങ്ങിയവ
2. മറ്റു പ്രവർത്തികൾ- ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, പ്രാദേശിക കേന്ദ്രങ്ങളുടെ ഓൺ ലൈൻ കണക്ടിവിറ്റി, കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും, കേരള മ്യൂസിയം
3. നിർമ്മാണ പ്രവർത്തനങ്ങൾ

    ഫൈൻ ആർട്സ് കോംപ്ലക്സ്, കാലടിയിലും തിരൂരിലും ഗേൾസ് ഹോസ്റ്റൽ നിർമ്മാണം, ലിഫ്റ്റ് നിർമ്മാണം, മിനി ഓഡിറ്റോറിയം, അക്കാദമിക് കെട്ടിടത്തിന്റെ തെക്ക് ഭാഗത്ത് വിപുലീകരണം, എഞ്ചിനീയറിംഗ് ലാബ്, സിൽവർ ജൂബിലി മെമ്മോറിയൽ ഇന്റർനാഷണൽ ട്രെയിനിംഗ് സെന്റർ, അക്കാദമിക് ബിൽഡിംഗ് റീജിയണൽ സെന്ററുകൾ, യൂണിവേഴ്സിറ്റി അക്കാദമിക് ഗസ്റ്റ് ഹൗസ്, അതിർത്തി റോഡുകൾ, ശാരീരിക വൈകല്യമുള്ളവർക്ക് സൗകര്യങ്ങൾ ഒരുക്കുക- പാസഞ്ചർ എലിവേറ്ററുകൾ, കാന്റീൻ, സൗരോർജ്ജ നിലയം, വൈദ്യുതീകരണം, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, സ്റ്റേഡിയം, കായിക വിദ്യാഭ്യാസത്തിനുള്ള അക്കാദമിക് ബ്ലോക്ക്, സ്മാർട്ട് ക്ലാസ് റൂം, നടന്നുകൊണ്ടിരിക്കുന്ന മറ്റ് തുടർ പ്രവർത്തനങ്ങൾ.
4. മാലിന്യ നിർമാർജനം, കാമ്പസ് ഹരിതവൽക്കരണം, ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾ.

    2021-22 വർഷത്തിൽ ഈ പദ്ധതിക്കായി 1700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കണം. ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ, സിവിൽ ജോലികളേക്കാൾ ഗവേഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

5. **കണ്ണൂർ സർവ്വകലാശാല**

**(വിഹിതം: 2250.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വടക്കേ മലബാറിൽ നിലനിന്നിരുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി 1995-ൽ കണ്ണൂർ സർവ്വകലാശാല സ്ഥാപിച്ചു. വിദൂര പഠനകേന്ദ്രം കൂടാതെ 33 അദ്ധ്യയന വകുപ്പുകളാണ് സർവ്വകലാശാലയ്ക്കുള്ളത്. 3 എം.ബി.എ. കേന്ദ്രങ്ങളും 5 കമ്മ്യൂണിറ്റി കോളേജുകളും, 3 ഐ.റ്റി. വിദ്യാഭ്യാസ കേന്ദ്രങ്ങളും ഉൾപ്പടെ 115 അഫിലിയേറ്റഡ് കോളേജുകളും, സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2021-22 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു

1. നിർമ്മാണം/സിവിൽ ജോലികൾ- ഹോസ്റ്റലുകളുടെ വിപുലീകരണം/നിർമ്മാണം, ലൈബ്രറി വിപുലീകരണം-പാലയാട്ടു കാമ്പസ്, ലാബ് ഉപകരണങ്ങൾ വാങ്ങൽ, ബയോ ടെക്നോളജി, മൈക്രോ ബയോളജി വകുപ്പിനുള്ള അക്കാദമിക് ബ്ലോക്ക്, മാനന്തവാടി കാമ്പസിലെ അക്കാദമിക് ബ്ലോക്കിന്റെയും ഗവേഷണ കേന്ദ്രത്തിന്റെയും നിർമ്മാണം, നവീകരണം, കോമ്പൗണ്ട് മതിൽ, ലൈറ്റ് റൂഫിംഗ്, പയ്യന്നൂർ കാമ്പസിലെ എച്ച് ടി സബ്സ്റ്റേഷൻ, പയ്യന്നൂരിലെ കാന്റീൻ കെട്ടിടം, ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാരം, വിദ്യാർത്ഥി സൗകര്യ കേന്ദ്രം, മറ്റ് കാമ്പസ് വികസന പ്രവർത്തനങ്ങൾ.
2. അക്കാദമിക വികസന പ്രവർത്തികൾ - ഗവേഷണം, ഗവേഷണ ഫെലോഷിപ്പുകൾ, അദ്ധ്യാപക ശാക്തീകരണം, അനുബന്ധ/വിസിറ്റിംഗ് ഫാക്കൾട്ടി, സെമിനാർ/ശില്പശാലകൾ പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ജേണലുകൾ, ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഫർണിച്ചർ, ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഉപാധികൾ വികസിപ്പിക്കുക (ഐ.ക്യൂ.എ.സി), വകുപ്പ് തല സെമിനാറുകൾ/ശില്പ ശാലകൾ, പശ്ചിമഘട്ട പഠന കേന്ദ്രവും അദ്ധ്യാപന സഹായ പദ്ധതിയും
3. മറ്റ് പ്രവർത്തനങ്ങൾ-ഇ-ഗവേണൻസ്, വെർച്ചലൈസേഷൻ പ്രോഗ്രാം, ലിംഗ പദവി പിന്തുണ, കൗൺസിലിംഗ്, ആരോഗ്യ പരിരക്ഷ, ഹരിത കേരളം, ഹരിത ഊർജ്ജ മാനേജ്മെന്റ്, മാലിന്യ നിർമാർജ്ജന സംവിധാനം, ഗ്രാമം ദത്തെടുക്കൽ, മഴവെള്ള സംഭരണം, അക്വിഫർ റീചാർജ് തുടങ്ങിയവ.
4. മറ്റ് തുടർ പ്രവർത്തനങ്ങൾ

2021-22 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കണം. ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ, സിവിൽ ജോലികളേക്കാൾ ഗവേഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

**6. ഉന്നത നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല (നുവാൽസ്)**

(**വിഹിതം: 800.00 ലക്ഷം രൂപ**)

2005-ൽ സ്ഥാപിതമായ നുവാൽസ് ആണ് സംസ്ഥാനത്ത് നിലവിലുള്ള ഏക ദേശീയ നിയമ സർവ്വകലാശാല. നിയമ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും നുവാൽസ് ഒരു മികവിന്റെ കേന്ദ്രമായി ഉയർന്ന് വന്ന്കൊണ്ടിരിക്കുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

1. പുസ്തകങ്ങൾ വാങ്ങുന്നതുൾപ്പെടെ ലൈബ്രറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
2. മൂട്ട് കോർട്ട് മത്സരം, നൈപുണ്യ അധിഷ്ഠിത പഠനം, ഐസിടി അധിഷ്ഠിത പഠനം, ഗവേഷണ പ്രോജക്ടുകൾ/ഫെലോഷിപ്പുകൾ/ഗ്രാന്റുകൾ, വിദേശ സർവകലാശാലകളുമായി ഫാക്കൽറ്റി കൈമാറ്റം, സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, മൂട്ട് കോർട്ട് മൽസരങ്ങൾ മുതലായ അക്കാദമിക് പ്രോഗ്രാമുകളും മറ്റ് പ്രവർത്തനങ്ങളും

3. ക്യാമ്പസുകളിലെ സാങ്കേതിക വിവര സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ക്യാമ്പസിലെ അടിസ്ഥാന സൗകര്യ വികസനം, സ്ത്രീകളുടെ ഹോസ്റ്റൽ, കായികത്തിനും, കളികൾക്കും ഉള്ള സൗകര്യങ്ങൾ വികസിപ്പിക്കുക, തുടർ പ്രവർത്തനങ്ങളുടെ പൂർത്തീകരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനം.

ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് സാമ്പത്തിക ബാധ്യത തീർപ്പാക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

2021-22-ൽ 800.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു. ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ, സിവിൽ ജോലികളേക്കാൾ ഗവേഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

**7. മലയാളം സർവ്വകലാശാല**

**(വിഹിതം: 800.00 ലക്ഷം രൂപ)**

2012 നവംബറിൽ സ്ഥാപിതമായ തുഞ്ചത്ത് എഴുത്തച്ചൻ മലയാളം സർവ്വകലാശാല 10 ബിരുദാനന്തര കോഴ്സുകളും അഞ്ച് ഡിപ്ലോമകോഴ്സുകളും എംഫിൽ, പി.എച്ച്.ഡി കോഴ്സുകളും നൽകുന്നുണ്ട്. 2021-22 ൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ തുക വകയിരുത്തിയിരിക്കുന്നു.

- **അടിസ്ഥാന സൗകര്യ വികസനം**

  1) സാഹിത്യ, സാംസ്കാരിക, ചലച്ചിത്ര ആർക്കൈവുകളുടെ സജ്ജീകരണം, 2) ഡിജിറ്റൽ റിസോഴ്സ് സെന്റർ സ്ഥാപിക്കൽ സാഹിത്യ-സാംസ്കാരിക വിഭവങ്ങളുടെ ഡോക്യുമെന്റേഷനും ഡിജിറ്റലൈസേഷനും 3) ലൈബ്രറി വിപുലീകരണം 4) ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനും മറ്റ് ജോലികൾ ചെയ്യുന്നതിനും സ്റ്റുഡിയോ സജ്ജീകരണം, 5) കാമ്പസിലെ മാലിന്യ നിർമാർജനവും ഹരിതവൽക്കരണവും എന്നിവയും ഈ വിഭാഗത്തിൽ വിഭാവനം ചെയ്യുന്നു.

- **അക്കാദമിക വൈവിധ്യ വൽക്കരണം**

  അക്കാദമിക പ്രവർത്തനങ്ങളുടെ വിപുലീകരണം, ഗവേഷണ കോഴ്സുകളും പദ്ധതികളും, സർവ്വേ, ഡോക്യുമെന്റേഷൻ, കോർപസ് ബിൽഡിംഗ് എന്നിവ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. തുടർ പ്രവർത്തനങ്ങൾ ആയ പ്രഭാഷണങ്ങൾ/ശില്പശാലകൾ/സെമിനാറുകൾ, പുതിയ/പ്രത്യേക കേന്ദ്രങ്ങളും മറ്റ് അക്കാദമിക് പ്രവർത്തനങ്ങളും എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്.

- **മാനവ ശേഷി വികസനം**

  അധ്യാപക ശാക്തീകരണ - വിദ്യാർത്ഥിക്ഷേമ പ്രവർത്തനങ്ങൾക്കായി തുക മാറ്റിവെച്ചിരിക്കുന്നു. അധ്യാപക പരിശീലനം, സമ്മർ സ്കൂൾ, ഗവേഷണ പദ്ധതികൾ, ദേശീയ - അന്തർദ്ദേശീയ സെമിനാറുകൾക്ക് അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കുന്നതിനുള്ള ചെലവ്, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പരിപാടികൾ, സ്കോളർഷിപ്പ്, പുസ്തക പ്രസിദ്ധീകരണം, തൊഴിലധിഷ്ഠിത കോഴ്സുകൾ, പരിശീലന പരിപാടികൾ, മറ്റു തുടർ പരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

- **അക്കാദമിക പ്രചാരണവും വിപുലീകരണവും**

  (എ) വാർത്താക്കുറിപ്പ്, ബുക്കുകൾ, സെമിനാർ വോള്യങ്ങളുടേയും ജേണലുകളുടേയും റിപ്പോർട്ടുകൾ, എന്നിവയുടേയും പ്രസിദ്ധീകരണം.

  (ബി) ഇംഗ്ലീഷിലെ പ്രധാനപ്പെട്ട കൃതികളുടെ മലയാളത്തിലേക്കുള്ള വിവർത്തനം/ വിവർത്തനത്തിനു വേണ്ടിയുള്ള ഹ്രസ്വകാല കോഴ്സുകളും പരിശീലനവും

  (സി) പ്രസിദ്ധീകരണ വിഭാഗത്തിന്റെ വിപുലീകരണം

  (ഡി) മലയാള ഭാഷ, വിപുലീകരണം - ഓൺലൈൻ മലയാളം കോഴ്സും കമ്മ്യൂണിറ്റി

റേഡിയോയും ആരംഭിക്കുക.

(ഇ) അറബിക് മലയാളം ഡിക്ഷണറി തയ്യാറാക്കുക, എഴുത്തച്ചൻ പഠനത്തിന് പോർട്ടൽ തയ്യാറാക്കുക, പഠന വൈകല്യമുള്ള കുട്ടികൾക്കു വേണ്ടിയുള്ള പ്രോജക്റ്റ്, സാമൂഹിക വികസനത്തിന്റെ സൂചിക തയ്യാറാക്കുക എന്നിങ്ങനെയുള്ള പ്രോജക്റ്റുകൾ.

- **ഭരണ സമിതിയുടെ ആധുനികവൽക്കരണം**

ഭരണ സമിതിയുടെ പുനർക്രമീകരണം, സജ്ജീകരണങ്ങൾ, ഇ-ഗവേണൻസിനു വേണ്ട സോഫ്റ്റ്വെയറുകൾ, പരിശീലനങ്ങൾ, മറ്റു തുടർ പരിപാടികൾ തുടങ്ങിയവ ഭരണ നവീകരണത്തിന്റെ ഭാഗമായി വരുന്നു.

2021-22-ൽ 800.00 ലക്ഷം രൂപ സർവ്വകലാശാലക്കായി വകയിരുത്തിയിരിക്കുന്നു

**8. പൊതു സർവകലാശാല ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവകലാശാലയ്ക്ക് വേണ്ടി പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും)**

**( വിഹിതം: 1.00ലക്ഷം രൂപ)**

മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ശീർഷകത്തിന് താഴെ "പൊതു സർവകലാശാല നിർമ്മാണ വികസനം" എന്ന പദ്ധതിക്ക് കീഴിലായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി ഈ പദ്ധതി നടപ്പിലാക്കാനായി വകയിരുത്തിയിരിക്കുന്നു. അക്കാദമിക-ഭരണ വിഭാഗം കെട്ടിടങ്ങളുടെ നിർമ്മാണം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ശ്രേഷ്ഠഭാഷ മലയാളം മികവിന്റെ കേന്ദ്രത്തിന് വേണ്ടി കെട്ടിടം, ഓൺ ലൈൻ കോഴ്സുകൾ തുടങ്ങാനാവശ്യമായ സ്റ്റുഡിയോ, പരിസ്ഥിതി ലബോറട്ടറി സജ്ജീകരണം, പുതിയ ക്യാമ്പസ് തുടങ്ങാനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യപ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിക്ക് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ.

**9.നിയമ പഠന കോളേജുകൾ**

**(വിഹിതം: 800.00ലക്ഷം രൂപ)**

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി സംസ്ഥാനത്ത് ആകെ നാല് നിയമ പഠന കോളേജുകളാണുള്ളത്. 2021-22 വർഷക്കാലയളവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്

**1. സർക്കാർ നിയമപഠന കോളേജ്, തിരുവനന്തപുരം**

എ) സെമിനാറുകൾ, ഐക്യുഎസിക്ക് കീഴിലുള്ള വർക്ക്ഷോപ്പുകൾ, എഡിആർ മത്സരം, മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനിഗ് പ്രോഗ്രാം, എഡിആർ ചെയർ പ്രകാരം ട്രയൽ അഡ്വക്കസി, നാഷണൽ മൂട്ട് കോർട്ട് മത്സരം, മൂട്ട് കോർട്ട്, ലീഗൽ അദാലത്ത്, അനുബന്ധ അക്കാദമിക് പ്രവർത്തനങ്ങൾ ബി) ലൈബ്രറിയിലേക്കാവശ്യമായ ഓൺലൈൻ-ഓഫ്‌ലൈൻ ബുക്കുകളുടെ വാങ്ങലും സംഭരണവും സംരക്ഷണവും സി) കോളേജിനും ഹോസ്റ്റലുകൾക്കുമായി ഫർണിച്ചറുകൾ വാങ്ങൽ ഡി) അടുക്കള പാത്രങ്ങളും മറ്റ് ഉപഭോഗവസ്തുക്കളും വാങ്ങൽ ഇ) ഇലക്ട്രോണിക്, ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ എഫ്) കാന്റീൻ കെട്ടിടങ്ങൾക്ക് മുകളിൽ രണ്ടും മൂന്നും നിലകൾ നിർമ്മിക്കൽ ജി) ക്യാമ്പസ് ക്ലീനിംഗ്, വൃത്തിയാക്കൽ, ഹോസ്റ്റലിന്റെ മുറ്റം നിറയ്ക്കൽ, നന്നാക്കൽ, കെട്ടിടങ്ങളുടെ പരിപാലനം മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

**2. സർക്കാർ നിയമപഠന കോളേജ്, എറണാകുളം**

എ) പുസ്തകങ്ങളും, ജേണലുകളും, ഇ-ജേണലുകളും ഓൺലൈൻഡാറ്റാബേസുകളും ആർ.എഫ്.ഐ.ഡി സോഫ്റ്റ് വെയറും വാങ്ങുക ബി) അക്കാദമിക് പ്രവർത്തനങ്ങൾ, അക്കാദമിക് സെന്ററുകൾ, ബിസിഐ അഫിലിയേഷൻ സി) വിദ്യാഭ്യാസ സഹായങ്ങൾ, കോളേജ്, ഹോസ്റ്റൽ എന്നിവയ്ക്കുള്ള ഫർണിച്ചർ, പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക/നന്നാക്കുക d) കോളേജ്, ഹോസ്റ്റലുകൾ എന്നിവയിൽ ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എഎംസി, ഗാഡ്ജെറ്റുകൾ, പഞ്ചിംഗ് മെഷീനുകൾ വാങ്ങുക ഇ)കോളേജ്, ഹോസ്റ്റലുകൾ, ഹെറിറ്റേജ് കെട്ടിടങ്ങൾ എന്നിവയുടെ

അറ്റകുറ്റപ്പണി, കെട്ടിടങ്ങളുടെ നിർമ്മാണം, എഫ്) ബ്രോഡ് ബാൻഡ് കണക്ഷൻ പുതുക്കൽ ജി) കാമ്പസ് ക്ലീനിംഗ്, ഉപഭോഗവസ്തുക്കൾ, വെബ്സൈറ്റ് പരിപാലനം, അപ്രതീക്ഷിത ചെലവുകളുടെ നിർവ്വഹണം, മറ്റ് തുടർ പ്രവർത്തനങ്ങൾ മുതലായവയാണ് 2021-22-ൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതികൾ. ഹരിതവത്ക്കരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്.

**3. സർക്കാർ നിയമപഠന കോളേജ്, തൃശ്ശൂർ**

പുസ്തകങ്ങൾ വാങ്ങൽ, ലൈബ്രറി ആക്സസറികൾ, ഉപകരണങ്ങൾ വാങ്ങൽ, ഫർണിച്ചർ വാങ്ങൽ, അറ്റകുറ്റപ്പണി, വൈദ്യുത/ഇലക്ട്രോണിക് ഉപകരണങ്ങൾ പരിപാലിക്കൽ/വാങ്ങൽ, ഉപഭോഗവസ്തുക്കൾ, മൂട്ട് കോർട്ട് മത്സരങ്ങൾ, അക്കാദമിക് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ, അക്കാദമിക് അഫിലിയേഷൻ, ആഡിറ്റോറിയത്തിന്റെ ഫർണിഷിംഗ്, ആധുനികവൽക്കരണം, മറ്റ് ആവശ്യമായ ഇലക്ട്രിക്കൽ ജോലികൾ, ഗവേഷണ കേന്ദ്രം സ്ഥാപിക്കുക, സോളാർ പാനൽ സ്ഥാപിക്കുക, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവക്കായി 2021-22 കാലഘട്ടത്തിൽ തുക വകയിരുത്തിയിരിക്കുന്നു.

**4. സർക്കാർ നിയമ പഠന കോളേജ്, കോഴിക്കോട്**

ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ, ഇ-ജേണലുകൾ ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെയും ജേണലുകളുടെയും പ്രസിദ്ധീകരണം, ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ (കോളേജിനും ഹോസ്റ്റലിനും), സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, ക്യാമ്പസ് ക്ലീനിംഗ്, ഗോൾഡൻ ജൂബിലി മെമ്മോറിയൽ കോംപ്ലക്സിന്റെ നിർമ്മാണം, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവയാണ് 2021-22 ൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ നാല് നിയമ പഠന കോളേജുകൾക്കായി 2021-22-ൽ 800.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

**10. എൻ.സി.സി**

**(വിഹിതം: 800.00 ലക്ഷം രൂപ)**

എൻ.സി.സി-ക്ക് സംസ്ഥാനത്ത് 5 ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സുകളും, 41 യൂണിറ്റുകളും 1 ഡയറക്ടറേറ്റുമാണുള്ളത്. 2021-22 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ

1)കോഴിക്കോട് സർവകലാശാലാ ക്യാമ്പസിൽ എൻ.സി.സി. ഗ്രൂപ്പ് ആസ്ഥാനത്തിന് പരിശീലന അക്കാദമി 2) തിരുവനന്തപുരത്തെ ആക്കുളത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസവും സ്ഥിരം ക്യാമ്പ് സൈറ്റും 3) കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ നാവിക പരിശീലന കേന്ദ്രം 4) ഇടുക്കിയിലെ മഞ്ഞു മലയിൽ കോട്ടയം എൻ.സി.സി. ഗ്രൂപ്പ് ആസ്ഥാനത്തിന് പരിശീലന കേന്ദ്രവും എയർ സ്ട്രിപ്പും നിർമ്മിക്കുക 5) കോഴിക്കോട് നാവിക പരിശീലന കേന്ദ്രത്തിന്റെ പുനർനിർമ്മാണം (ബോട്ട് ഹൗസ് ഓഫ് 9 (കെ) കേരള നേവൽ യൂണിറ്റ്) 6) മാനന്തവാടിയിൽ പുതുതായി ഉയർത്തിയ എൻ.സി.സി ബറ്റാലിയന് ഓഫീസ് കെട്ടിട നിർമ്മാണം 7) തിരുവനന്തപുരത്ത് മണ്ണന്തലയിൽ രണ്ട് ഓഫീസ് കെട്ടിടവും സ്ഥിരമായ റോക്ക് ക്ലൈമ്പിങ്ങ് പരിശീലന കേന്ദ്രവും 8) തിരുവനന്തപുരത്ത് എൻസിസി ഡയറക്ടറേറ്റിനായി ഓഫീസ് കെട്ടിട നിർമ്മാണം 9) തിരുവനന്തപുരത്ത് കല്ലറ വില്ലേജിൽ എൻസിസി ഗ്രൂപ്പ് ആസ്ഥാനത്തിനായി പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം 10) 28 (കെ) ബിഎൻ എൻസിസിക്ക് പാലക്കാട് , ഒറ്റപ്പാലത്ത് ഓഫീസ് കെട്ടിട നിർമ്മാണം 11) കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലെ എൻസിസി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിനുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം 12) നവീകരണവും മറ്റ് തുടർ പ്രവർത്തനങ്ങളുടെ പൂർത്തീകരണവും

മുകളിൽ പറഞ്ഞിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനകം ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് മുൻഗണന നൽകേണ്ടതാണ്.

**11. തുടർവിദ്യാഭ്യാസ കേന്ദ്രം**

**(വിഹിതം: 550.00ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് തുടർവിദ്യാഭ്യാസ കേന്ദ്രം. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലനം നൽകാനായി ഒരു സിവിൽ സർവീസ് അക്കാദമി തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് സമ്പദ് വ്യവസ്ഥയുടെ പ്രധാന മേഖലകളിൽ അവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ ആവശ്യമായ പരിശീലനം നൽകുന്നു. എ) സിവിൽ സർവീസ് അക്കാദമിയുടേയും ഉപകേന്ദ്രങ്ങളുടെയും വികസന പ്രവർത്തനങ്ങൾ ബി) കൊല്ലത്തുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ വികസനം സി) പൊന്നാനിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസിന്റെ വികസനം ഡി) മൂന്നാർ എഞ്ചിനിയറിംഗ് കോളേജിന്റെ വികസനം ഇ)എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പരിപാടി എന്നിവയ്ക്കായി തുക നൽകിയിരിക്കുന്നു. സിവിൽ സർവ്വീസസ് പ്രിലിമിനറി/ മെയിൻ പരീക്ഷയിലും ഇന്റർവ്യൂവിലും പങ്കെടുക്കുന്നവർക്കായുള്ള കോച്ചിംഗ്, ലൈബ്രറിയിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പുസ്തകങ്ങളും ആവശ്യമായ പാഠ്യപാഠ്യേതര ഉപകരണങ്ങളും വാങ്ങുക, ക്ലാസ് മുറികൾ, കെട്ടിട നിർമ്മാണം, ഫർണിച്ചർ, കമ്പ്യൂട്ടർ, ഓഫിസ്/ലാബ് ഉപകരണങ്ങൾ വാങ്ങുക എന്നിവയുൾപ്പെടെ അക്കാദമിയുടേയും സബ് സെൻററുകളുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു. തുടർ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് മുൻഗണന നൽകേണ്ടതാണ്.

2021-22 വർഷത്തെ പദ്ധതികൾക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

ഗവൺമെന്റ്, സർവ്വകലാശാലകൾ, ഉന്നത വിദ്യാഭ്യാസമേഖലയിലെ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശങ്ങൾ നൽകുന്നതിനും ഇവയുടെ സംയോജിത പ്രവർത്തനങ്ങൾക്കുമായാണ് ഉന്നത വിദ്യാഭ്യാസകൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. 2021-22 കാലഘട്ടത്തിൽ കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എ) ഉന്നത വിദ്യാഭ്യാസ വിദ്യാലയങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ ബി) സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (എസ്.എ.എ.സി) സി) പ്രോജക്ട് ഫിനാൻസിംഗ് ഡി) ലൈബ്രറിയുടെ നവീകരണം ഇ) ദേശീയ അന്തർദേശീയ സെമിനാറുകൾ/കോൺഫറൻസുകൾ എഫ്) അക്കാദമിക് വൊളന്റിയർ ബാങ്കുകളുടെ രൂപീകരണവും പരിപാലനവും (എവിബി) ജി) ഡൈഷണിക് പര്യാവരൻ (പഠന ഇക്കോസിസ്റ്റം) എച്ച്) പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും i) ഇ-ജേണൽ കൺസോർഷ്യം ജെ) കേരള അക്കാദമിക് ലൈബ്രറീസ് നെറ്റ്‌വർക്ക് (കാൽനെറ്റ്) കെ) കമ്മ്യൂണിറ്റി ഉന്നത വിദ്യാഭ്യാസവും (പ്രബുദ്ധത), കെഎഡി സ്കീമും നടപ്പാക്കൽ എൽ) അധ്യാപക-വിദ്യാർത്ഥി എക്സ്ചേഞ്ച് പ്രോഗ്രാം എം) ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എൻ) ക്ലസ്റ്റർ കോളേജ് സ്കീം ഒ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സർവേ തുടങ്ങിയവയും നിലവിലുള്ള മറ്റ് ജോലികളും എന്നിവയാണ്.

2021-22 വർഷത്തിൽ കൗൺസിലിന് ധനസഹായമായി 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13.ഇറുഡൈറ്റ് -സ്കോളോഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം**

**(വിഹിതം: 80.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നോബൽ സമ്മാന ജേതാക്കളുൾപ്പെടെ രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള വിഖ്യാതരായ വിദഗ്ധരുമായി സംവദിക്കാൻ അവസരം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നോബൽ സമ്മാന ജേതാക്കൾക്കും വിദഗ്ധർക്കും സംസ്ഥാനം സന്ദർശിച്ച് പ്രഭാഷണം നടത്താനും സംസ്ഥാനത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി ചേർന്ന് സംയുക്ത ഗവേഷണം നടത്താനും ക്ഷണം നൽകുന്നതാണ്. ഇങ്ങനെ സംസ്ഥാനം സന്ദർശിക്കുന്ന വിദഗ്ധർക്ക് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്. വിദഗ്ധരുമായി സംവദിക്കാൻ മറ്റ് സ്ഥാപനങ്ങളിലെ നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കുകൂടി അവസരം നൽകാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾ സൗകര്യം ഒരുക്കേണ്ടതാണ്.

2021-22 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14.കേരള ചരിത്ര ഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)**

**(വിഹിതം: 900.00ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിൽ വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. ആധുനിക ഗവേഷണവും വിജ്ഞാനവും സാമൂഹ്യവും ചരിത്രപരവുമായ കാഴ്ചപ്പാടുകളുമായി സമന്വയിപ്പിക്കുന്നതിന് ഈ സ്ഥാപനം ശ്രദ്ധചെലുത്തുന്നു. അക്കാദമിക് കോൺഫറൻസുകൾ/വർക്ക് ഷോപ്പുകൾ/പാനൽ ചർച്ചകൾ/പൊതു പ്രഭാഷണങ്ങൾ/അക്കാദമിക് പ്രോഗ്രാമുകൾ, സ്മാരക പ്രഭാഷണങ്ങൾ/ഇൻഡക്ഷൻ പ്രോഗ്രാമുകൾ/സെമിനാറുകൾ/പരിശീലനം, വിവിധ തലങ്ങളിൽ ഗവേഷണ ഫെലോഷിപ്പുകൾ, പട്ടണം ആർക്കിയോളജിക്കൽ റിസർച്ച്, പട്ടണം റിസർച്ച് കാമ്പസ് വികസനം, കേരളത്തിന്റെ ഭൂതകാലത്തെ ഡിജിറ്റൈസ് ചെയ്യുക, കേരളത്തിന്റെ ചരിത്ര പൈതൃകം സംരക്ഷിക്കുക, ലൈബ്രറി വിഭവങ്ങളുടെ സമ്പുഷ്ടീകരണം, പ്രസിദ്ധീകരണങ്ങൾ/ന്യൂസ് ലെറ്റർ/വാർഷിക റിപ്പോർട്ടുകൾ, കെസിഎച്ച്ആർ അനെക്സും വിപുലീകരണ പരിപാടികളും, കേരളത്തിന്റെ ചരിത്രപരമായ അറ്റ്ലസ്, കോസ്മോസ് മലബാറിക്കസ് തുടങ്ങിയ പ്രവർത്തനങ്ങൾ 2021-22 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2021-22 വർഷത്തിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (അസാപ്പ്) (ഇഎപി)**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

ജൂലൈ 2012-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഡവലപ്മെന്റ് പ്രോജക്ടിന്റെ കീഴിലുള്ള ഒരു പ്രോഗ്രാമാണ് അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി. പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിലും തൊഴിൽ ക്ഷേമവും - എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹയർ സെക്കണ്ടറിതലത്തിലും, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദതലം വരെയുമുള്ള 1 ലക്ഷം വിദ്യാർത്ഥികളുടെ കണക്കുവിവര പട്ടിക തയ്യാറാക്കി അവരെ വ്യാവസായികവും തൊഴിൽപരവുമായ കഴിവുകൾ ആർജ്ജിക്കുന്നതിന് പ്രാപ്തമാക്കുകയാണ് പദ്ധതി ലക്ഷ്യം. ഇപ്പോൾ ഈ പദ്ധതി ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, ആർട്സ് ആന്റ് സയൻസ് കോളേജ് , പോളിടെക്നിക് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പാക്കുന്നു. ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും തൊഴിൽ ലഭ്യമാകുന്നതരത്തിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

**നൈപുണ്യ വികസന പദ്ധതി**

തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുക, വ്യവസായിക ശൃംഖലയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് ഈ

പദ്ധതിയുടെ പ്രധാന ലക്ഷ്യം. പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തൊഴിൽ വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് സംയോജിതമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. പരിശീലനം, മാനവ വിഭവശേഷി വികസനം, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ (സിഎസ്‌പി) നിർമ്മാണം, ഐടി പിന്തുണാ സേവനങ്ങൾ എന്നിവയാണ് 2021-22 ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. ഈ പദ്ധതിയുടെ ആദ്യ ഘട്ടം അവസാനിച്ച സാഹചര്യത്തിൽ പുറമേ നിന്നുള്ള ധനസഹായം 2021-22 ലേക്ക് നിർദ്ദേശിച്ചിട്ടില്ല. 06.11.2020 തീയതിയിലെ ജിഒ (എംഎസ്) നമ്പർ 392/2020 / എച്ച്ഇഡിഎൻ പ്രകാരം, അസാപ് ,സെക്ഷൻ 8, കമ്പനീസ് ആക്ട് 2013 പ്രകാരം 'അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി) കേരള' എന്ന പേരിൽ കമ്പനിയായി പരിവർത്തനം ചെയ്തു. സർക്കാർ ഉത്തരവ് അനുസരിച്ച് ഓഹരി മൂലധനം മാത്രം സർക്കാർ നൽകിയാൽ മതിയാകും. ഇതിനകം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കാനായി, 2021-22 കാലയളവിൽ സംസ്ഥാന ഫണ്ടിൽ നിന്ന് 2500.00 ലക്ഷം രൂപ നൽകുന്നു.

**16.ദൃശ്യകലാശാസ്ത്രത്തിനുള്ള കെ.ആർ.നാരായണൻ ദേശീയ സ്ഥാപനം:**

**(വിഹിതം: 200.000 ലക്ഷം രൂപ)**

ദൃശ്യകലാശാസ്ത്ര മേഖലകളിൽ ലോകവ്യാപകമായി ഉണ്ടായിട്ടുള്ള സാങ്കേതിക വളർച്ചയെ കുറിച്ചുള്ള ആഴമേറിയ അറിവും ആഗോള ധാരണകളും നൽകുന്നതിനുള്ള ഗുണപരമായ പരിശീലനം യുവജനങ്ങൾക്ക് നൽകുന്നതിനുവേണ്ടി സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് ഈ സ്ഥാപനം. നടനം, എഡിറ്റിംഗ്, ഓഡിയോഗ്രാഫി, സിനിമാട്ടോഗ്രാഫി, തിരക്കഥ, രചന, സംവിധാനം, അനിമേഷൻ, വിഷ്വൽ ഇഫക്ടുകൾ എന്നീ വിഷയങ്ങളിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ്സുകൾ നടക്കുന്നു. ഡിജിറ്റൽ ആർക്കൈവ്സോടുകൂടി ലൈബ്രറി ശക്തിപ്പെടുത്തുക, അക്കാദമിക്, വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിന് വേണ്ടി വളരെ അത്യാവശ്യമാണ്.

ഈ സ്ഥാപനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായി 2021-22 വർഷത്തിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17.ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കേരളം (പുതിയ പദ്ധതി)**

**(വിഹിതം:500.00 ലക്ഷം രൂപ)**

കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്‌സിറ്റിയായ ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്‌സിറ്റി കൊല്ലം നഗരം ആസ്ഥാനമായി 2020 ൽ സ്ഥാപിതമായി. സംസ്ഥാനത്തുടനീളം പ്രാദേശിക കേന്ദ്രങ്ങളും പഠന കേന്ദ്രങ്ങളും സർവകലാശാലയിലുണ്ടാകും. ഓപ്പൺ യൂണിവേഴ്സിറ്റി എല്ലാ വിദൂര വിദ്യാഭ്യാസ കോഴ്സുകളും വാഗ്ദാനം ചെയ്യുകയും കേരളത്തിലെ പ്രധാന നാല് സർവകലാശാലകളായ കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കോഴിക്കോട് സർവകലാശാല, കണ്ണൂർ സർവകലാശാല എന്നിവ വാഗ്ദാനം ചെയ്യുന്ന എല്ലാ വിദൂര വിദ്യാഭ്യാസ കോഴ്സുകളും പുതിയ സർവകലാശാലയുടെ ഭരണ നിയന്ത്രണത്തിലും പരിധിയിലും വരികയും ചെയ്യും.

സർവ്വകലാശാലയുടെ പ്രവർത്തനത്തിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി 2021-22 വർഷത്തിൽ 500.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

**18. പൊതു സർവകലാശാല ക്യാമ്പസ് നിർമ്മാണവും വികസനവും (ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യ്ക്ക് വേണ്ടി പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും)**

**(വിഹിതം:1.00 ലക്ഷം രൂപ)**

യൂണിവേഴ്സിറ്റിയുടെയും അതിന്റെ പ്രാദേശിക കേന്ദ്രങ്ങളുടെയും സ്ഥാപനവുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം നൽകിയിട്ടുള്ള വിഹിതം. സർവകലാശാലയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്കായി ഈ തുക വിനിയോഗിക്കാം. 2021 -22 ൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി

വകയിരുത്തുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അധിക തുക യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് "പ്രധാന അടിസ്ഥാന സൗകര്യ വികസനം" എന്ന ഹെഡിൽ 'പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും' എന്ന പദ്ധതിയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

ഗുണ നിലവാരമുള്ള ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി വിവിധ ബിരുദ-ബിരുദാനന്തര കോഴ്സുകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ മുഖേന നടത്തുന്നു. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 66 ഗവർണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളും 4 ട്രെയിനിങ്ങ് കോളേജുകളും 1 കായിക-വിദ്യാഭ്യാസ കോളേജും 27 ഗവൺമെന്റ് ഹോസ്റ്റലുകളും 163 എയ്ഡഡ് കോളേജുകളും 5 സോണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും പ്രവർത്തിക്കുന്നു. അക്കാദമിക മികവ്, അടിസ്ഥാന സൗകര്യ വികസനം, ഗുണമേൻമയുള്ള അന്തർ-ശാഖാ ഗവേഷണം, സാമൂഹ്യ പ്രതിബന്ധത, ഉത്തരവാദിത്വമുള്ള പൗരന്മാരെ വാർത്തെടുക്കൽ എന്നീ ലക്ഷ്യങ്ങളോടെയാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. 2021-22-ലെ പദ്ധതി നടത്തിപ്പിലെ സത്വര ലക്ഷ്യങ്ങൾ നാലായി ചുരുക്കാം. എ) പലഘട്ടങ്ങളിലായി എല്ലാ കോളേജുകൾക്കും നാക് അംഗീകാരം ലഭിക്കുക. ബി) പുതുതായി ആരംഭിച്ച കോളേജുകളുടെ അടിസ്ഥാന വികസനം സി) ഇന്റർ ഡിസിപ്ലിനറി ഗവേഷണം, ലൈബ്രറി വികസനം, വിദ്യാർത്ഥി പിന്തുണ, അക്കാദമിക മേൻമ പരിപാടികൾ ഡി) അക്കാദമിക രംഗത്തെ ഗുണമേൻമ ഉറപ്പാക്കൽ.

മികവുറ്റ ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനും വേണ്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളെ 12 ആയി താഴെ വിവരിച്ചിരിക്കുന്ന വിധം തരം തിരിച്ചിരിക്കുന്നു.

**19.സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും ഫർണിച്ചറിന്റേയും വികസനം**

**(വിഹിതം: 950.00 ലക്ഷം രൂപ)**

ഭൂരിഭാഗം സർക്കാർ കോളേജുകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറികളും ലബോറട്ടറികളും ആവശ്യമാണ്. വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭിക്കത്തക്ക രീതിയൽ ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്യേണ്ടതുണ്ട്. അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾ മുൻകൂർ തുക കൊടുത്ത് വാങ്ങേണ്ടതാണ്. പഴയ കോഴ്സുകൾക്ക് പകരം പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിനാൽ ആധുനിക സൗകര്യവും, ലാബുകൾക്കും ലൈബ്രറികൾക്കും ഫർണിച്ചർ മുതലായവയും, ഡിജിറ്റൽ ലൈബ്രറി സംവിധാനവും, ഭാഷ ലാബുകളും, ലൈബ്രറി ഓട്ടോമേഷനും, ലൈബ്രറി പുസ്തകം വാങ്ങലും നടത്തേണ്ടതുണ്ട്. യു.ജി/പി.ജി ലെവലുകളിൽ നിലവാരമുള്ള ലബോറട്ടറികൾ സ്ഥാപിക്കൽ, ആധുനിക ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ, സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ, പുസ്തകങ്ങളുടെയും ജേണലുകളുടെയും വരിസംഖ്യ, കേന്ദ്ര ലൈബ്രറി സംവിധാനത്തിന്റെ മെച്ചപ്പെടുത്തൽ, ഡിജിറ്റലൈസേഷൻ, മാതൃകകളുടെ വാങ്ങൽ, ഐസിടി സൗകര്യങ്ങൾ, ഉപഭോഗവസ്തുക്കൾ, ലാബിനും ലൈബ്രറികൾക്കുമുള്ള ഫർണിച്ചറുകൾ. തുടങ്ങിയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലൂടെ എല്ലാ ഗവണ്മെന്റ് കോളേജുകളുടെയും ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിലേക്കായി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

2021-22 വർഷത്തിൽ 950.00 ലക്ഷം രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നു.

**20.കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള അദ്ധ്യാപക-അനദ്ധ്യാപക സ്റ്റാഫിന്റെ കാര്യശേഷി വർദ്ധിപ്പിക്കൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന മികവിനുമായി നിരന്തരപരിശീലനവും, മോണിറ്ററിംഗും ഏർപ്പെടുത്തേണ്ടതുണ്ട്.

കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും, ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. പുതുതായി ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്കുള്ള പരിശീലനം, പ്രിൻസിപ്പൽമാർക്കുള്ള ഭരണ നിർവഹണ പരിശീലനം, കൂടുതൽ പ്രൊഫഷണൽ മികവിന് അദ്ധ്യാപകർക്കുള്ള പരിശീലനം, ഐ.ക്യൂ.എ.സി. കോ-ഓർഡിനേറ്റർമാർക്കുള്ള പരിശീലനം, തുടങ്ങിയവയാണ് പ്രധാന പരിശീലന പരിപാടികൾ. പുതുതായി ജോലിയിൽ പ്രവേശിച്ച അനദ്ധ്യാപക ജീവനക്കാർക്കുള്ള പരിശീലനവും മറ്റു സ്ഥിര ജീവനക്കാർക്കുള്ള പരിശീലനവും ഇതിൽ പെടുന്നു. എല്ലാ അദ്ധ്യാപക-അനധ്യാപക ജീവനക്കാർക്കുമായി ഇടുക്കി ജില്ലയിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2021-22 വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**21.മാച്ചിംഗ് ഗ്രാന്റ്**

**(വിഹിതം: 50.00.ലക്ഷം രൂപ)**

കോളേജുകളിൽ ജില്ലാ കളക്ടർ ചെയർ പേർസണനായി കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനായി കോളേജ് വികസന സമിതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ സമിതി പൂർവ്വ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പൂർവ്വ വിദ്യാർത്ഥി അസോസിയേഷനുകൾ എന്നിവരിൽ നിന്നും ധനശേഖരണം നടത്തുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇങ്ങനെ ശേഖരിക്കുന്ന തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി നൽകുന്നതാണ് ഈ പദ്ധതി. ശേഖരിക്കുന്ന തുകയും മാച്ചിംഗ് ഗ്രാന്റും കോളേജുകളുടെ സർവ്വതോൻമുഖമായ വികസനത്തിന് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഉപയോഗിക്കുന്നു.

പദ്ധതി നടത്തിപ്പിനായി 2021-212 വർഷത്തിൽ 50.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

**22. ട്രെയിനിംഗ് കോളേജുകൾ**

**(വിഹിതം: 70.00 ലക്ഷം രൂപ)**

വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിന് അദ്ധ്യാപകരാകാൻ പരിശീലിക്കുന്നവർക്ക് മികച്ച പരിശീലനം നൽകുന്നതിനു നാലു ഗവൺമെന്റ് ടീച്ചർ ട്രെയിനിംഗ് കോളേജുകളേയും പ്രാപ്തമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസിലുള്ള അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതാണ്. റിഫ്രഷർ കോഴ്സുകൾ, സെമിനാറുകൾ, ടീച്ചർ ട്രെയിനികൾക്കുള്ള വർക്ക്ഷോപ്പുകൾ, കെട്ടിട നവീകരണം, ലൈബ്രറി പുസ്തകം വാങ്ങൽ, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഫോട്ടോ കോപ്പിയർ, ഫാക്സ് മെഷീൻ, കമ്പ്യൂട്ടർ, തുടങ്ങിയവയുടെ വാങ്ങൽ എന്നിവയ്ക്കായി 2021-22 വർഷം 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23.സ്വയംഭരണ കോളേജുകളും മികച്ച കോളേജുകളെ സംയോജിത വിദ്യാഭ്യാസ ഹബ്ബുകൾ ആക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന പദ്ധതി**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പാഠ്യപദ്ധതി രൂപകല്പനയുമായി ബന്ധപ്പെട്ട പ്രവർത്തികളും, പരീക്ഷ സംവിധാന നവീകരണവും, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ബോധനവിദ്യയിൽ മാറ്റം വരുത്തുന്നതും ഉന്നത വിദ്യാഭ്യാസത്തിലെ അക്കാദമിക സ്വയംഭരണാവകാശത്തിലൂടെ വിഭാവനം ചെയ്യുന്നു. ഗവൺമെന്റ് സ്വയംഭരണ കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്.

പഴയ ചില മികച്ച കോളേജുകളെ തെരഞ്ഞെടുത്ത് നേതൃ കോളേജുകളാക്കുകയും അടുത്തുള്ള അഫിലിയേറ്റഡ് കോളേജുകളെ കൂടി ചേർത്ത് കൊണ്ട് സംയോജിത വിദ്യാഭ്യാസ ഹബ്ബുകൾ രൂപീകരിക്കാനും തുക വിനിയോഗിക്കാവുന്നതാണ്. സെക്കൻഡറി-ഹയർസെക്കൻഡറി സ്കൂളുകളെ അഫിലിയേറ്റഡ് കോളേജുകളോട് ബന്ധിപ്പിക്കാവുന്നതാണ്. പരസ്പരബന്ധിത സ്ഥാപനങ്ങൾ തമ്മിൽ അക്കാദമിക അറിവുകൾ പരസ്പരം വിനിമയം ചെയ്യാനാവും. കോളേജുകളും സ്കൂളുകളും തമ്മിലുള്ള അക്കാദമികവിനിമയം ഉറപ്പുവരുത്തേണ്ടത് നേതൃ കോളേജുകളുടെ ചുമതലയാണ്.

2021-22 വർഷത്തിലെ പ്രവർത്തനങ്ങൾക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**24. പഠന-ബോധന-ഗവേഷണ ത്തിലെ അക്കാദമിക മികവ്**

**(വിഹിതം: 1700.00 ലക്ഷം രൂപ)**

പഠന-ബോധന-ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പുവരുത്തലാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. താഴെ പറയുന്ന ഘടകങ്ങൾക്കു 1700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 60 ശതമാനത്തിലധികം, പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. മുൻവർഷങ്ങളിൽ ഈ ഘടകങ്ങളെല്ലാം പ്രത്യേകപദ്ധതികളായിരുന്നു. എന്നാൽ പൊതുവായി അക്കാദമിക മികവിനുള്ള പരിപാടികൾ ആയതിനാൽ, 2019-20 മുതൽ ഇവയെല്ലാം ഒരു പദ്ധതിയുടെ വിവിധ ഘടകങ്ങളാക്കി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**എ. കോളേജുകളിലെ അക്കാദമിക വികസനം**

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി സെമിനാറുകളും, ശില്പശാലകളും പ്രദർശനങ്ങളും നടത്തുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു. ഈ പരിപാടി മുഖേന രാജ്യത്തെ മറ്റു സ്ഥലങ്ങളിലെ ആധുനിക വികസന മാതൃകകളും രീതികളും അദ്ധ്യാപന -പഠന രീതിശാസ്ത്രങ്ങളും അധ്യാപകർക്കും വിദ്യാർഥികൾക്കും മനസ്സിലാക്കുവാൻ സാധിക്കുന്നു. രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽനിന്നും ഗവേഷണസ്ഥാപനങ്ങളിൽ നിന്നും ഉള്ള ക്ഷണിക്കപ്പെട്ട പ്രഗത്ഭരായ ഫാക്കൽറ്റികളായിരിക്കും ഈ പരിപാടിയുടെ റിസോർസ് പേർസൺമാർ.

**ബി. വിദ്യാർത്ഥി മാർഗ്ഗ-ദർശന പദ്ധതി(എസ്.എം.പി)**

എയ്ഡഡ് കോളേജുകൾ ഉൾപ്പെടെ കേരളത്തിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും നിരന്തരമായ പിന്തുണ നൽകാനാണ് നിർദ്ദിഷ്ട പരിപാടി വിഭാവനം ചെയ്യുന്നത്. എസ്എംപിയുടെ രണ്ട് ഘടകങ്ങളുണ്ട്. ആദ്യ ഘടകം വ്യക്തിഗത മെന്റർഷിപ്പ് പ്രോഗ്രാം ആണ്, അതിൽ വിവിധ തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി ഒരു ആന്തരിക മെന്ററിംഗ് ടീം ഒരു ഫാക്കൽറ്റിയുടെ നേതൃത്വത്തിൽ ഒരു ഗ്രൂപ്പ് രൂപീകരിക്കുന്നു. പിയർ മെന്ററിംഗിലൂടെ ഈ ആന്തരിക ഗ്രൂപ്പ് ഓരോ വിദ്യാർത്ഥിക്കും ഒരു പിന്തുണാ സംവിധാനമായി പ്രവർത്തിക്കും. ഭാഷാ പഠനം, വിഷയ പഠനം, പഠന കഴിവുകൾ, മത്സരപരീക്ഷാ പരിശീലനം തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സാർവത്രികമായി ലഭ്യമാകുന്ന തരത്തിൽ ഓൺലൈൻ റിസോഴ്സ് ബേസ് സൃഷ്ടിക്കുക എന്നതാണ് രണ്ടാമത്തെ ഘടകം.

**സി. പഠിതാവിനൊപ്പം**

ആർട്സ്-സയൻസ്-കോമേഴ്സ് ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പരിപാടികൾ നടപ്പിലാക്കുകയും, അവരെ ഭാവി വാഗ്ദാനങ്ങളാക്കി മാറ്റുകയും, അവർക്ക് ഭാവിയിലേക്ക് വഴികാട്ടുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അദ്ധ്യാപകനെ ഒരു മാർഗ്ഗദർശിയായും സുഹൃത്തായും കാണുന്ന ആശയം കൂടെ നല്കുന്നു.

**ഡി. അക്കാദമിക് നവീകരണത്തിനും ഗവേഷണത്തിനുമായി ലിങ്കേജുകൾ വളർത്തുന്ന പദ്ധതി (ഫ്ളെയർ)**

കോളേജുകളിലെ അധ്യാപകരുടെ ഗവേഷണ-അധ്യാപന വാസനകളെയും കഴിവുകളെയും പരിപോഷിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത് വഴി കഴിവുള്ള ഒരു മികച്ച സംഘത്തെ കണ്ടെത്താനും പ്രസ്തുത പദ്ധതിയിലൂടെ ഗവേഷണ-അക്കാദമിക രംഗത്ത് മികച്ച പ്രധാന കോളേജുകൾ തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നു. അത് പ്രത്യേകിച്ച് സ്ഥാപനങ്ങളുടെയും മൊത്തത്തിൽ സമൂഹത്തിന്റെയും ഉന്നമനത്തിന് പ്രയോജനപ്പെടുത്താനും കഴിയും.

പരിശീലനവും ഇന്റേൺഷിപ്പും:- അധ്യാപകർക്ക് അധ്യാപനത്തിലും, ഗവേഷണത്തിലും പരിശീലനം നൽകുന്നതിനായി മുൻനിര സ്ഥാപനങ്ങളായ ഐ.ഐ.എസ്.ഇ.ആർ., ഐ.ഐ.എസ്.റ്റി., ഐ.ഐ.എസ്.സി, ഐ.ഐ.റ്റികൾ, കേന്ദ്ര സർവ്വകലാശാലകൾ തുടങ്ങിയവയിൽ പ്രവേശനം നൽകി

പരിശീലനം നൽകുന്നു എന്നത് ഫ്ളെയറിൽ ഈ ഘടകത്തിന്റെ പ്രത്യേകതയാണ്. രാജ്യത്തിനകത്തെ പ്രശസ്ത സ്ഥാപനങ്ങളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ, ആവശ്യത്തിനനുസരിച്ച് നൽകാവുന്നതാണ്. നേതൃത്വ പാടവം പ്രോത്സാഹിപ്പിക്കുന്നതിന്, വിദ്യാർത്ഥികൾക്ക് ഗുണകരമാവുന്ന വിധത്തിൽ നടത്താവുന്നതാണ്. വിദ്യാർത്ഥി നേതാക്കൾക്ക് വേണ്ടി ചില പദ്ധതികളെങ്കിലും ഇത്തരത്തിൽ നടത്താവുന്നതാണ്. അക്കാദമികമായി മുന്നിട്ടു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി അന്താരാഷ്ട്ര തലത്തിലുള്ള പരിശീലനം നല്കാവുന്നതാണ്.

പ്രോത്സാഹന പദ്ധതികൾ:-പ്രശംസാർഹമായി ജോലി ചെയ്യുന്നവർക്ക് അവാർഡ് നൽകുന്ന പരിപാടിയും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. രാജ്യത്തിനകത്തും, പുറത്തുമുള്ള കോൺഫറൻസുകളിലും പരിശീലനങ്ങളിലും, സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും പങ്കെടുക്കുന്നതിനുള്ള സഹായങ്ങളും പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു (പ്രത്യേകിച്ച് എടുത്തു പറയത്തക്കതരത്തിൽ പ്രഗത്ഭരായവർക്ക്).

**ഇ. വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകതയും ഗവേഷണ താൽപ്പര്യവും വളർത്തുന്നതിനുള്ള പരിപാടി**

യുവജനങ്ങൾക്കിടയിൽ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് അറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം ഉണ്ടാക്കിയെടുക്കുകയും ഗവേഷണ സംസ്കാരം വിദ്യാർത്ഥികളുടെയിടയിൽ വളർത്തിയെടുക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ i) ഓരോ അറിവും ശേഖരിക്കുന്നത് അതിന്റെ പ്രസക്തിയും സത്യസന്ധതയും പരിശോധിച്ചുറപ്പിച്ചതിന് ശേഷമാണെന്ന് ഉറപ്പാക്കിക്കൊണ്ട് വിദ്യാർത്ഥികളിൽ അന്വേഷണാത്മക പഠനരീതി പ്രോത്സാഹിപ്പിക്കുക ii) ഓരോ മേഖലയിലും നേടുന്ന പരിജ്ഞാനം, വരാനിരിക്കുന്ന ഉൽപാദന വർഷത്തിൽ നേടുന്നത് വെറുതെയാകില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ മനസ്സിൽ ഗവേഷണ ചായ്‌വ് വളർത്തുക iii) ചിന്താ പ്രക്രിയയുടെ ക്രമീകരണം, പ്രകടിപ്പിക്കൽ, അവതരിപ്പിക്കൽ എന്നിവയ്ക്ക് വിദ്യാർത്ഥിയെ പ്രാപ്തമാക്കുക. വിജ്ഞാനോത്സുകത വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി, സ്കോളർഷിപ്പ് നൽകുക എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്.

**എഫ്. യുറീക്ക ലാബ് (പുതിയ ഘടകം)**

ഈ പദ്ധതി എല്ലാ കോളേജിലും ഒരു ലാബ് സൃഷ്ടിക്കാൻ വിഭാവനം ചെയ്യുകയും, അത് വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ ആശയങ്ങളുടെ ഇൻകുബേറ്ററായി ഉപയോഗിക്കുകയും ചെയ്യുന്നു. ഒരു പ്രൊഫസറുടെ നേതൃത്വത്തിലുള്ള സ്റ്റുഡന്റ്സ് ക്ലബ് ആഴ്ചതോറുമുള്ള റൊട്ടേഷൻ അടിസ്ഥാനത്തിൽ യുറീക്ക ലാബിന്റെ ചുമതല വഹിക്കും. ഏതൊരു വിദ്യാർത്ഥിക്കും/പ്രാദേശിക സമൂഹ വ്യക്തിക്കും അവന്റെ/അവളുടെ കണ്ടുപിടുത്തങ്ങൾ ലാബിൽ പ്രദർശിപ്പിക്കുന്നതിനും അത് പൊതുജനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും സാധിക്കും. ചെറിയ തിരുത്തലുകളോ ഇടപെടലുകളോ കോളേജ് നൽകുകയും പൈതൃകം നേടാൻ കഴിയുന്ന കണ്ടുപിടുത്തങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യും. മികച്ച കണ്ടുപിടുത്തങ്ങൾ തിരഞ്ഞെടുക്കുകയും ശരിയായ രീതിയിൽ പേറ്റന്റ് നിർദ്ദേശങ്ങൾക്കായി അയയ്ക്കുകയും ചെയ്യും.

**ജി. കോളേജുകളിലെ അന്തർ-പഠനശാഖ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം(ജി.പി.ഐ.ആർ.എഫ്)**

ഗവേഷണ ബിരുദം നൽകാൻ യോഗ്യമായ വിഷയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്കൽറ്റി അംഗങ്ങളോടും ഗവേഷകന്മാരോടും അവരുടെ നിർദ്ദിഷ്ട ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ സംഗ്രഹം സമർപ്പിക്കാൻ ആവശ്യപ്പെടും. ഡി.സി.ഇ തലത്തിൽ രൂപീകരിക്കപ്പെട്ട, വിവിധ മേഖലകളിൽ നിന്ന് തിരഞ്ഞെടുത്ത വിദഗ്ധരുടെ ഒരു ഇന്റർ ഡിസിപ്ലിനറി പാനൽ നിർദ്ദേശങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ഗവേഷണ പ്രവർത്തനങ്ങളിൽ ഗവേഷണ മൂല്യം, നവീന ആശയ ഉള്ളടക്കം, സാമൂഹിക പ്രസക്തി മുതലായ ഘടകങ്ങളുടെ വ്യാപ്തി 1.൦൦ ലക്ഷം രൂപ മുതൽ 1.50 ലക്ഷം രൂപ വരെയുള്ള സഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

**25. ഗവ:കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിപാടി**

**(വിഹിതം:5550.00 ലക്ഷം രൂപ)**

കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനവും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള മറ്റു സ്ഥാപനങ്ങളുടെയും നിർമ്മാണവും അറ്റകുറ്റപ്പണിയുമാണ് പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ. താഴെ പറയുന്ന ഘടകങ്ങൾക്കായി 5550.00 ലക്ഷം രൂപ 2021-22-ൽ നല്കിയിരിക്കുന്നു.

(എ). കോളേജ് ഡയറക്ടറേറ്റിന് കീഴിലുള്ള കോളേജുകൾക്കും ഹോസ്റ്റലുകൾക്കും മറ്റ് ഓഫീസുകൾക്കും കെട്ടിട നിർമ്മാണവും ചുറ്റുമതിലും.

(ബി). കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികളും കായികരംഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും.

(സി). കോളേജുകളുടെയും ഹോസ്റ്റലുകളുടെയും പൈതൃക സംരക്ഷണം.

(ഡി). കോളേജിലും ഹോസ്റ്റലിലും വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ

(ഇ) സി.സി.ടി.ക്യാമറ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ/അറ്റകുറ്റപ്പണി

(എഫ്) ഫർണിച്ചർ, സ്ഥലം, അടുക്കള സാമഗ്രികൾ വാങ്ങൽ

**26. അവാർഡുകളും സ്കോളർഷിപ്പുകളും.**

**(വിഹിതം: 900.00 ലക്ഷം രൂപ)**

വിവിധ സ്കോളർഷിപ്പുകൾ വഴി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. 900.00 ലക്ഷം രൂപ താഴെ കൊടുത്തിട്ടുള്ള ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 70 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. മുൻവർഷങ്ങളിൽ ഇവ പ്രത്യേകപദ്ധതികളായിരുന്നു. വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പരിപാടികളെല്ലാം 2019-20 മുതൽ ഈ പദ്ധതിയുടെ ഘടകങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**എ. ബിരുദ-ബിരുദാനന്തര കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

പതിനൊന്നാം പദ്ധതി കാലയളവിൽ (2007-08-ൽ) കേരള സംസ്ഥാന സുവർണ്ണജൂബിലി മെറിറ്റ് സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും അല്ലെങ്കിൽ താഴ്ന്ന വരുമാനമുള്ളതും യോഗ്യതാ പരീക്ഷയിൽ 50% മാർക്കെങ്കിലും നേടിയതുമായ ഗവൺമെന്റ്, എയ്ഡഡ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ എവിടെയെങ്കിലും ആർട്സ്, സയൻസ്, ഹ്യൂമാനിറ്റീസ് എന്നീ കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. സ്കോളർഷിപ്പുകൾ പുതുക്കുന്നതിന് വിദ്യാർത്ഥികൾ അടുത്ത പരീക്ഷയിൽ 50% മാർക്ക് വാങ്ങേണ്ടതുണ്ട്. പരീക്ഷ നടത്തിപ്പും ഫല പ്രഖ്യാപനവും വൈകുന്നത് കൊണ്ട് വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് സമയത്തിന് കൊടുക്കാൻ കഴിയാതെ വരുന്നു. ഇത് പരിഹരിക്കാനായി യോഗ്യതാ പരീക്ഷയിൽ 50 % മാർക്കെങ്കിലും നേടിയില്ലെങ്കിൽ തുക തിരിച്ചുനൽകണം എന്ന വ്യവസ്ഥയിൽ അടുത്ത വർഷത്തെ സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്.

**ബി. ആസ്പെയർ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സ്കോളർഷിപ്പ് പദ്ധതി**

രാജ്യത്തെ മികച്ച ഫാക്കൽറ്റികളുടെയും സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും ഹ്രസ്വകാല പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി വഴി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പി.ജി/എം.ഫിൽ/പി.എച്ച്.ഡി വിദ്യാർത്ഥികളുടെ ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

**സി. സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ് നൽകുക**

സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും, അവർക്ക് താല്പര്യമുണ്ടെങ്കിൽ സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരമൊരുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

**ഡി. സംഗീതം, കല, പെർഫോമിംഗ് ആർട്ട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പ്**

വിവിധ കലാമേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുവാനും അവർക്ക് താല്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാനുമുള്ള അവസരമൊരുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇന്ത്യക്ക് അകത്തുള്ള വിവിധ മേളകളിലും ഉത്സവങ്ങളിലും പങ്കെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്. പ്രഗത്ഭരായ വ്യക്തികളുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. വിവിധ കലാരൂപങ്ങൾക്ക് പ്രസിദ്ധമായ സർവ്വകലാശാലകളും, സ്ഥാപനങ്ങളും സന്ദർശിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അംഗീകാരമായി അന്തർദ്ദേശീയ ആഘോഷങ്ങളിലും പരിപാടികളിലും പങ്കെടുക്കാൻ വ്യത്യസ്ത അന്തർദ്ദേശീയ സംഘടനകളായ യുണെസ്കോ തുടങ്ങിയവ മുഖാന്തിരം അവസരങ്ങൾ ഒരുക്കിക്കൊടുക്കുന്നു.

**ഇ. സ്പോർട്സിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക സ്കോളർഷിപ്പ്**

സർക്കാർ സ്ഥാപനങ്ങളിലെ (ഫിസിക്കൽ എജ്യുക്കേഷൻ) വിദ്യാർത്ഥികൾക്ക് സ്പോർട്സിൽ ഉള്ള കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലും ഉള്ള കുട്ടികൾക്ക് മുൻഗണന നൽകണം.

**എഫ്. കൈരളി ഗവേഷണ പുരസ്കാരം**

അക്കാദമിക രംഗത്ത് വൈദഗ്ധ്യം തെളിയിക്കുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷണ അവാർഡ് നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. മൂന്നു തരത്തിലുള്ള അവാർഡുകൾ നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

i) വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷണ പുരസ്കാരം

ii) അദ്ധ്യാപകർക്കും ഗവേഷകർക്കുമുള്ള കൈരളി ഗവേഷണ പുരസ്കാരം

iii) അക്കാദമിക രംഗത്തുള്ള സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് കൊണ്ടുള്ള ആജീവനാന്ത നേട്ടത്തിനുള്ള പുരസ്കാരം (കേരളത്തിനകത്തും പുറത്തുമുള്ള കേരളീയർ)

ഗവേഷണം തുടരുന്നതിനും അന്താരാഷ്ട്ര കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിനും തുക വിനിയോഗിക്കാം. യാത്രാചെലവ്, രജിസ്ട്രേഷൻ ഫീസ്, താമസസൗകര്യം എന്നിവക്കും തുക ചെലവഴിക്കാം.

**ജി. സെറിബ്രൽ പാൾസി -ഓട്ടിസം എന്നിവയും മറ്റ് വൈകല്യങ്ങളും ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

സെറിബ്രൽ പാൾസി, -ഓട്ടിസം എന്നിവയും മറ്റ് വൈകല്യങ്ങളും ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ ഘടകം. കുട്ടികളെ തെരഞ്ഞെടുക്കുമ്പോൾ പിന്നോക്ക-പാർശ്വവൽകൃത കുടുംബങ്ങളിൽ നിന്നുള്ളവർക്ക് മുൻഗണന നൽകണം.

**27. ഗുണനിലവാരം മെച്ചപ്പെടുത്തലും അംഗീകാരവും**

**(വിഹിതം: 2800.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരവികസനമാണ് പദ്ധതിയുടെ ലക്ഷ്യം. 2021-22 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2800.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു. ഈ ഘടകങ്ങൾ മുൻ വർഷങ്ങളിൽ പ്രത്യേകം പദ്ധതികളായിരുന്നു. 2019-20 മുതൽ, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ അംഗീകാരത്തിനും ലക്ഷ്യമിട്ടുള്ള

പദ്ധതികളെയെല്ലാം ഈ പ്രധാന പദ്ധതിയുടെ ഘടകങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**എ.കോളേജുകൾക്ക് നാഷണൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) അംഗീകാരം**

നാക് അംഗീകാരം ലഭിക്കുന്ന കോളേജുകൾക്ക് സ്ഥാപനത്തിന്റെ സമ്പൂർണ്ണ മേന്മ വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ ഗണ്യമായ തുക യു.ജി.സി.യിൽ നിന്ന് ധനസഹായം ലഭിക്കും. ഇത് ഒരു പരിധിവരെ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കും. അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ കോളേജുകൾ നവീകരിക്കേണ്ടതും, പശ്ചാത്തല സൗകര്യ വികസനം, അക്കാദമിക് ഉയർച്ച, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം, നൂതന ലാബ്/ലൈബ്രറി സൗകര്യങ്ങൾ, എല്ലാ സൗകര്യങ്ങളോടും കൂടിയ സെമിനാർഹാൾ, സി.സി.ടി.വി. ക്യാമറ, അഗ്നി സുരക്ഷാ സാമഗ്രികൾ ഉൾപ്പെടുന്ന സുരക്ഷ/സുരക്ഷാ നടപടികൾ, ഇ-ലേണിംഗ് മാർഗങ്ങൾ, കാമ്പസ് മോടിപിടിപ്പിക്കൽ, നാക് അംഗങ്ങളുടെ സന്ദർശന ചെലവ് തുടങ്ങിയവ നാക് (എൻ.എ.എ.സി.)-ന്റെ അംഗീകാരത്തിനായി ഒരുക്കേണ്ടതുമാണ്. ഇതിനായി വലിയൊരു തുക ആവശ്യമാണ്. ഒരിക്കൽ അംഗീകാരം ലഭിച്ച കോളേജുകളും 5 വർഷത്തിനുശേഷം വീണ്ടും അംഗീകാരം ലഭിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. നാക് അംഗീകാരം ലഭിക്കുന്നതിനു വേണ്ടി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്.

**ബി. പുതിയ കോഴ്സുകളുടെ ആരംഭവും നിലവിലുള്ള കോഴ്സുകളുടെ നവീകരണവും**

പുതിയതും പ്രാധാന്യമുള്ളതുമായ കോഴ്സുകൾ അവതരിപ്പിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾ നവീകരിക്കുന്നതിനും ഇത് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലുമുടനീളമുള്ള വിവിധ കോഴ്സുകൾ താരതമ്യപ്പെടുത്തി വിദ്യാഭ്യാസത്തിലെ പ്രവണതകൾ വിശകലനം ചെയ്ത് പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ മാർഗനിർദ്ദേശകമായി പ്രവർത്തിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി ഈ ഫണ്ട് ഉപയോഗപ്പെടുത്തും, കൂടാതെ, പുതിയ കോഴ്സുകളുമായി ബന്ധപ്പെട്ട പരിശോധന ഫീസ്, അഫിലിയേഷൻ ഫീസ്, അടിസ്ഥാനസൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ഫണ്ട് ഉപയോഗിക്കും.

**സി. ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ**

പ്ലേസ്മെൻറ് സാധ്യതകളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസ അവസരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതനമായ കോഴ്സുകൾ സർക്കാർ കോളേജിലും സർവകലാശാലകളിലും ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഓണേഴ്സ് പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

**28. വിദ്യാർത്ഥി പിന്തുണാ-ക്ഷേമ പരിപാടികൾ**

**(വിഹിതം : 500.00 ലക്ഷം രൂപ)**

വിദ്യാർത്ഥികൾക്കുള്ള പിന്തുണാ - ക്ഷേമ പരിപാടികളാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. മുൻ വർഷങ്ങളിൽ ഈ ഘടകങ്ങളെല്ലാം പ്രത്യേക പദ്ധതികളായിരുന്നു. എന്നാൽ ഇവയെല്ലാം വിദ്യാർത്ഥി-പിന്തുണ-ക്ഷേമ പരിപാടികൾ ലക്ഷ്യം വക്കുന്നവയായതുകൊണ്ട്, ഈ പദ്ധതിയുടെ ഘടകങ്ങളായി ചേർത്തിരിക്കുന്നു. താഴെ നല്കിയിരിക്കുന്ന പദ്ധതി ഘടകങ്ങൾക്കായി 2021-22 വർഷത്തിൽ 500.00 ലക്ഷം രൂപ നല്കിയിരിക്കുന്നു. ഇതിൽ ഏകദേശം 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എ.പഠനയാത്രകൾ**

പഠനയാത്രകൾ/ഫീൽഡ് വിസിറ്റ് എന്നിവ പല വിഷയങ്ങളുടേയും ബിരുദ/ബിരുദാനന്തര പാഠ്യ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. പഠന യാത്രകൾക്ക് വേണ്ടി താമസത്തിന്റെയും യാത്രയുടെയും ചെലവ് വിദ്യാർത്ഥികൾ സ്വയം വഹിക്കുകയാണെങ്കിൽ അത് അവർക്ക് വലിയൊരു ബാധ്യതയായിരിക്കും.

സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠന പദ്ധതിയുടെ ഭാഗമായ യാത്രകൾക്കും ഫീൽഡ് വിസിറ്റിനും സാമ്പത്തിക സഹായം നൽകാനുദ്ദേശിച്ചുകൊണ്ടുള്ളതാണീ പദ്ധതി.

**ബി.തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി**

സർക്കാർ കോളേജിലെ ഭൂരിഭാഗം വിദ്യാർത്ഥികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പശ്ചാത്തലത്തിൽ നിന്നുള്ളവരാണ്. അതുകൊണ്ട് ജോലി ലഭിക്കാനും ഉപരിപഠനം നേടാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി ഗുണമേന്മയുള്ള പരിശീലനങ്ങൾ വിദ്യാർത്ഥികൾക്ക് വേണ്ടി കോളേജുകളിൽ നല്കേണ്ടതുണ്ട്. മാർക്കറ്റിലെ പുതിയ തൊഴിലവസരങ്ങളിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിന് കരിയർ മാർഗ്ഗനിർദ്ദേശ പരിപാടികൾ, ക്യാമ്പസ് പ്ലെയ്സ്മെന്റുകൾ, തൊഴിൽ മേളകൾ എന്നിവ നടത്തുന്നതിനും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു.

**സി. ജീവനി- കോളേജുവിദ്യാർത്ഥികൾക്കുള്ള മാനസീക-ബോധവൽക്കരണ പരിപാടി**

കോളേജ് വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യ ആവശ്യങ്ങൾക്ക് വേണ്ടി ഒരു മാനസിക ആരോഗ്യ പരിപാടി എല്ലാ ഗവൺമെന്റ് കോളേജുകളിലും തുടങ്ങുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്. ഈ പരിപാടിയിലൂടെ ജീവനി കൗൺസിലർമാരെ ഉപയോഗിച്ചുകൊണ്ട് കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മന:ശാസ്ത്രപരമായ പിന്തുണ ലഭിക്കുകയും, അതുവഴി വിദ്യാഭാസ സ്ഥാപനങ്ങളിൽ നല്ല അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും. ഈ പദ്ധതി ഇൻട്രാ കോളേജ്, ഇന്റർ കോളേജ് തലങ്ങളിൽ നടത്തും.

**ഡി. പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'പ്രതിബന്ധ രഹിത' ക്യാമ്പസ്**

പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'പ്രതിബന്ധ രഹിത' ക്യാമ്പസിന് വേണ്ടി മാറ്റി വച്ചിരിക്കുന്നു. പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള തടസ്സങ്ങളില്ലാത്ത ക്യാമ്പസ് വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ നൽകുന്നതിനാണ് ഈ ഘടകം. വീൽചെയറിൽ സഞ്ചരിക്കുന്നവർ, കാഴ്ചയില്ലാത്തവർ & ഭാഗീക കാഴ്ചയുള്ളവർ, കേൾവി കുറവുള്ളവർ, പഠന വൈകല്യമുള്ളവർ, അസുഖം മൂലമോ, അപകടം വഴിയോ താൽക്കാലിക ശേഷിക്കുറവുകൾ ഉള്ളവർ എന്നിങ്ങനെയുള്ള വിദ്യാർത്ഥികൾക്ക്, പ്രതിസന്ധി രഹിത, ക്യാമ്പസ് അന്തരീക്ഷം നൽകേണ്ടതുണ്ട്. പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക്, തടസ്സങ്ങളില്ലാത്ത, ക്യാമ്പസ് സജ്ജീകരിക്കാൻ വേണ്ട സൗകര്യങ്ങളൊരുക്കുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

**ഇ.ഹരിത കാമ്പസ്**

ഹരിത കാമ്പസ് സംരംഭത്തിൽ, കാര്യക്ഷമമായ സാങ്കേതിക വിദ്യകൾ സ്വീകരിക്കാനും എല്ലാ കോളേജുകളിലും സംരക്ഷണ ഘടനകൾ നിർമ്മിക്കാനും ലക്ഷ്യമിടുന്നു. എല്ലാ കോളേജുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സോളാർ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾ, മാലിന്യ നിർമാർജനം, ഒഴിഞ്ഞ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി/പുഷ്പകൃഷി എന്നിവ ചെയ്തു കൊണ്ട് ഹരിതവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

**എഫ്. ജീവിത നൈപുണികൾ മെച്ചപ്പെടുത്തൽ**

ഓൺലൈൻ, ഓഫ്‌ലൈൻ മാധ്യമങ്ങളിലൂടെ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും ജീവിത നൈപുണ്യ പരിശീലനം നൽകുക എന്നതാണ് ഈ പ്രോഗ്രാം ലക്ഷ്യമിടുന്നത്.

**ജി. സ്റ്റുഡന്റ് ഫോർ സൊസൈറ്റി**

വിദ്യാർത്ഥി സേനയിലൂടെ തുടർച്ചയായ പിന്തുണ നൽകി എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകുന്ന ഒരു സമൂഹത്തെ ഈ പ്രോഗ്രാം വിഭാവനം ചെയ്യുന്നു. വിദ്യാർത്ഥി സന്നദ്ധപ്രവർത്തകരെ രൂപീകരിക്കാനും അവർ താരതമ്യേന പിന്നാക്കം നിൽക്കുന്ന കമ്മ്യൂണിറ്റികളെ സന്ദർശിച്ച്, അവിടെ താമസിച്ച് കൊണ്ട് അവരെ സഹായിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ക്യാമ്പുകളെയും

സന്ദർശിക്കുന്നു. ഈ പദ്ധതിയിലൂടെ, ഉപജീവനമാർഗം, വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീ ശാക്തീകരണം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് ബാഹ്യ പിന്തുണ ആവശ്യമുള്ള ഒരു സമൂഹത്തെ ഓരോ കോളേജ്/ഡിപ്പാർട്ട്മെന്റും തിരിച്ചറിയേണ്ടതും അവരെ സഹായിക്കുകയും ചെയ്യേണ്ടതുമാണ്.

**എച്ച്. പഠനത്തോടൊപ്പം സമ്പാദ്യവും**

എല്ലാ പ്രായത്തിലുമുള്ള എല്ലാ വിദ്യാർഥികൾക്കും പഠനത്തോടൊപ്പം അനുഭവ സമ്പത്ത് നേടാനുള്ള ഒരു മാർഗ ദർശന പദ്ധതിയാണിത്. വിദ്യാർഥികൾക്ക് നിരൂപണാത്മകമായ വിവരങ്ങൾ ശേഖരിക്കാനും അവയെ ആവശ്യങ്ങൾക്കനുസരിച്ച് നിർമ്മിക്കുവാനും, വിതരണം ചെയ്യാനും, വിപണനം ചെയ്യാനും പഠിപ്പിക്കുകയും ഇതുവഴി കുട്ടികളിൽ ആശയ വിനിമയ ശേഷി, സാമൂഹിക നൈപുണ്യം, നേതൃത്വ ഉത്തരവാദിത്വങ്ങൾ എന്നിവ നേടാൻ പരിശീലനം ലഭ്യമാവുകയും ചെയ്യുന്നു. ഒരു വശത്ത് വിദ്യാഭാസം നേടാനും മറു വശത്ത് ജീവിതോപാധി കണ്ടെത്താനുള്ള നൈപുണ്യം ആർജ്ജിക്കാനും കുട്ടികളെ സഹായിക്കാൻ ഉദ്ദേശ്ശിച്ചുള്ളതാണ് ഈ പദ്ധതി.

**29.വിവര-വിനിമയ സാങ്കേതിക വിദ്യയും ആധുനീകരണവും**

**(വിഹിതം :650.00 ലക്ഷം രൂപ)**

ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസത്തിനും ഭരണ സൗകര്യത്തിനും വിവര-വിനിമയ സാങ്കേതിക വിദ്യ ഒഴിച്ചുകൂടാനാവാത്തതാണ്. താഴെ കൊടുത്തിട്ടുള്ള ഘടകങ്ങൾ മുൻവർഷങ്ങളിൽ പ്രത്യേക പദ്ധതികളായിരുന്നു. വിവര-വിനിമയ സാങ്കേതിക വിദ്യയും ആധുനീകരണവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളെയും 2019-20 മുതൽ ഈ പദ്ധതിക്കു കീഴിലുള്ള ഉപഘടകങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. താഴെ കൊടുത്തിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനു 2021-22 വർഷം 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും, സോണൽ ഓഫീസുകളുടെയും നവീകരണം.**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റേയും, സോണൽ ആഫീസുകളുടെയും സുസജ്ജമായ പ്രവർത്തനത്തിന് മതിയായ കമ്പ്യൂട്ടർ സൗകര്യത്തോടുകൂടിയ ഇന്റർനെറ്റ് സംവിധാനങ്ങൾ ഉൾപ്പെടുത്തി ആധുനീകരിക്കേണ്ടതുണ്ട്. ഐടി ഉപകരണങ്ങൾ, ഐടി ഇതര ഉപകരണങ്ങൾ, പുനർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ, നെറ്റ് വർക്കിംഗ്, റിപ്പയർ, എഎംസി ചാർജുകൾ, ഡയറക്ടറേറ്റ്, സോണൽ ഓഫീസുകളിൽ ആവശ്യമായ മറ്റ് നിർമ്മാണ/പരിപാലന ജോലികൾ എന്നിവയ്ക്കാണ് തുക നൽകിയിരിക്കുന്നത്. ഔദ്യോഗിക വെബ്സൈറ്റിന്റെ തുടർച്ചയായ നവീകരണം, ഡയറക്ടറേറ്റ് ഓഫീസിന് കീഴിലുള്ള ബയോമെട്രിക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പരിപാലനം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

**ബി. കോളേജ് വിദ്യാഭ്യാസത്തിനുള്ള ഓൺ-ലൈൻ വിഭവ കേന്ദ്രങ്ങൾ (ഒ.ആർ.ഐ.സി. ഇ), വൈ-ഫൈ ക്യാമ്പസ്**

രാജ്യവ്യാപകമായി ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ഒ.ആർ.ഐ.സി.ഇ സബ്-സെന്ററുകൾ സർക്കാർ കോളേജുകളിൽ സ്ഥാപിക്കുകയുണ്ടായി. വിസിറ്റിംഗ് സ്കോളർ പരിപാടിയുടെ ഭാഗമായി ഇന്ത്യയ്ക്കകത്തുള്ള സർവ്വകലാശാലകളിൽനിന്നും ഗവേഷണ കേന്ദ്രങ്ങളിൽനിന്നും കോളേജുകളിൽ നിന്നും പ്രഗത്ഭരായ പണ്ഡിതരെ സംസ്ഥാനത്തെ കലാലയങ്ങളിൽ വിസിറ്റിംഗ് ഫാക്കൽറ്റിയായി ക്ഷണിക്കുന്നതാണ്. ഈ വിദഗ്ദരുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും റെക്കോഡ് ചെയ്ത് ഒറൈസ് ടെലികാസ്റ്റിംഗ് സ്റ്റുഡിയോ സംപ്രേക്ഷണം ചെയ്യുന്നതാണ്. വിസിറ്റിംഗ് ഫാക്കൽറ്റികൾക്കുള്ള ചെലവും, അക്കാദമിക് കമ്മറ്റി അംഗങ്ങൾക്കുള്ള ഹോണറേറിയത്തിനും വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പ്രമുഖ വിദഗ്ധരെ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനും കോളേജ് വെർച്ചൽ ക്ലാസ്സ് റൂം നിർമ്മാണത്തിനും ഉപകരണങ്ങൾ തുടങ്ങിയവയ്ക്കുമായി തുക നീക്കി വച്ചിരിക്കുന്നു.

ഓൺലൈൻ റിസോഴ്സുകളും വൈഫൈ കാമ്പസും സ്ഥാപനത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഓൺലൈനിൽ ലഭ്യമായ വൈവിധ്യമാർന്ന പഠന സാമഗ്രികൾ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ പ്രാപ്തമാക്കുന്നു. ക്യാമ്പസിലെവിടെ നിന്നും വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരങ്ങൾ വൈ-ഫൈ നൽകുന്നു, ഒപ്പം എളുപ്പത്തിൽ ആശയവിനിമയം നടത്തുകയും ചെയ്യുന്നു. ഈ പദ്ധതിക്കായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്താം.

**സി.വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി**

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി രംഗത്തെ ഗുണനിലവാരം എത്തിച്ച് കൊടുക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ ഗവണ്മെന്റ് കോളേജുകൾക്കും നിയമ കോളേജുകൾക്കും കണക്ടിവിറ്റി നൽകാൻ കേന്ദ്രഗവൺമെന്റ് വിഭാവനം ചെയ്തിരിക്കുന്നു. നിലവിലുള്ള ദേശീയ വിവര നെറ്റ് വർക്കുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ വഴി ഇതിനായി ബ്രോഡ്ബാൻഡ് കണക്ഷൻ നൽകുന്നു.

**ഡി. ഐ.റ്റി.ഗ്രിഡ്**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള എല്ലാ ഗവ:സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദ്യാഭ്യാസ ഗ്രിഡ് സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വിവരസാങ്കേതിക വിദ്യയിലൂടെ ശാക്തീകരിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ സർക്കാർ ഓഫീസുകളിലേയും ബ്രോഡ് ബാൻഡ് കണക്ഷന്റെ പുതുക്കലിനും കണക്റ്റിവിറ്റി & നെറ്റ് വർക്ക് ചെലവുകൾക്കും തുക നീക്കിവച്ചിരിക്കുന്നു.

**ഇ. ഇ-ഗവേണൻസ് പ്രവർത്തനങ്ങളും സർക്കാർ കോളേജ് ഓഫീസുകളുടെ നവീകരണവും**

കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഡയറക്ടറേറ്റ്, സോണൽ ഓഫീസുകളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ നൽകുന്നതിന് ഈ പ്രോഗ്രാം ഉദ്ദേശിക്കുന്നു. കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, സ്കാനറുകൾ, പ്രിന്ററുകൾ, ഫോട്ടോക്കോപ്പിയറുകൾ എന്നിവ വാങ്ങൽ, പഴയ കമ്പ്യൂട്ടറുകളും അതിന്റെ അനുബന്ധ ഉപകരണങ്ങളും മാറ്റിസ്ഥാപിക്കൽ, എഎംസി തുടങ്ങിയവ ഈ സ്കീമിന് കീഴിലാണ്.

**എഫ്. സർക്കാർ കോളേജുകളിലെ സ്മാർട്ട് ക്ലാസ് മുറികൾ**

പരമ്പരാഗത ക്ലാസ് മുറികളെ സ്മാർട്ടാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ കോളേജുകളിലെ എല്ലാ ക്ലാസ് മുറികളും എൽസിഡി പ്രൊജക്ടറുകൾ, ലാപ്ടോപ്പുകൾ, റൈറ്റിംഗ് പാഡുള്ള ടാബ്‌ലെറ്റുകൾ, വൈറ്റ് ബോർഡ്, മൈക്രോഫോൺ, മൈക്രോഫോൺ ഉപയോഗിച്ചുള്ള വയർലെസ് ഹെഡ് സെറ്റ്, വെബ് ക്യാമറ, wi-fi റൂട്ടർ, മറ്റ് മൾട്ടി മീഡിയ ഉപകരണങ്ങൾ, എന്നിവ നൽകി മൾട്ടിമീഡിയ പ്രാപ്തമാക്കിയ ഓഡിയോ വിഷ്വൽ സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റും.

**30. അന്താരാഷ്ട്ര പങ്കാളിത്തത്തോടെയുള്ള ബിരുദ പരിപാടിക്ക് വിദ്യാർത്ഥികൾക്ക് പിന്തുണ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

അന്താരാഷ്ട്ര പങ്കാളിത്തത്തോടെയുള്ള ബിരുദ പരിപാടിക്ക് വിദ്യാർത്ഥികൾക്ക് പിന്തുണ നല്കുന്നതിനായി 2021-22 വർഷത്തിൽ 200.00 ലക്ഷം രൂപ നല്കിയിരിക്കുന്നു. ഗവൺമെന്റ് തയ്യാറാക്കുന്ന നിർദ്ദേശങ്ങളുടേയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുക.

**31 .നിർവ്വഹണത്തിലൂന്നിയ അടിസ്ഥാന സൗകര്യ വികസനം (ഗവൺമെന്റ് കോളേജുകൾക്ക് വേണ്ടി അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും).**

**(വിഹിതം: 1.00 ലക്ഷം രൂപ)**

'മുഖ്യ അടിസ്ഥാന വികസന പദ്ധതി' എന്ന ശീർഷകത്തിൻ കീഴിൽ നിർവ്വഹണത്തിലൂന്നിയ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിലായി ഒരു ലക്ഷം രൂപ നാമമാത്ര വിഹിതമായി പദ്ധതി നടത്തിപ്പിന് വേണ്ടി വകയിരുത്തിയിരിക്കുന്നു. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ ലബോറട്ടറി സൗകര്യങ്ങൾ സജ്ജീകരിക്കുക, പ്രത്യേക ശേഷിയുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക സൗകര്യങ്ങൾ നല്കുക, മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവയാണ് പദ്ധതിയിലെ പ്രധാന പ്രവർത്തനങ്ങൾ.

**32. അക്കാദമിക് പഠനത്തിനും പരിശ്രമത്തിനുമുള്ള പ്രകടനം അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹനം (PLEASE)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഒരു മാനദണ്ഡം അനുസരിച്ച് പ്രവർത്തിക്കുന്ന ഏതൊരു ഡിപ്പാർട്ട്മെന്റിനോ ഫാക്കൽറ്റിക്കോ (പിയർ റിവ്യൂഡ് ജേണലുകളിൽ പേപ്പറുകൾ പ്രസിദ്ധീകരിക്കൽ, ബാഹ്യ ഫണ്ടിംഗ് മുതലായവ), ഏതെങ്കിലും ഒരു സർവ്വകലാശാലയായിട്ടെങ്കിലും ഇന്റേൺഷിപ്പിനുള്ള ധാരണാപത്രം ഒപ്പ വച്ചിട്ടുള്ള ഒരു പ്രോജക്ടിനായി ഉപകരണങ്ങൾ വാങ്ങുന്നതും ലാബിന്റെ നിർമ്മാണവും ഉൾപ്പെടുന്ന, ധനസഹായം ലഭ്യമാകുന്ന പദ്ധതിയാണിത്. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവയിൽ പദ്ധതി നടപ്പാക്കുന്നതിന് 2021-22 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം**

**33.രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 5773.00 ലക്ഷം രൂപ)**

സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും ധന സഹായം ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട് ഭാരതസർക്കാർ ആവിഷ്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ). പദ്ധതികൾ തയ്യാറാക്കുന്നതിലേക്കുവേണ്ടി സർക്കാരിന്റെ കീഴിൽ ഒരു പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. 18 മുതൽ 23 വയസ്സുവരെ പ്രായമായ പൗരന്മാരുടെ മൊത്ത പ്രവേശനാനുപാതം (ഗ്രോസ് എൻറോൾമെന്റ് റേഷ്യോ) 35 ശതമാനത്തിൽ നിന്നും അടുത്ത 5 വർഷത്തിനുള്ളിൽ 60 ശതമാനമായും ഉയർത്തുക, പ്രവേശനം, സമത്വം, മേന്മ എന്നിവ നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രവർത്തനമികവുള്ള അധ്യാപകർ, പരീക്ഷാ രീതിയിലുള്ള നവീകരണം, കേന്ദ്രസർക്കാർ മാർഗ്ഗരേഖകൾ അംഗീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതി ലക്ഷ്യങ്ങൾ. റൂസയുടെ മാർഗ്ഗരേഖ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഈ പദ്ധതിക്ക് തുക വക കൊള്ളിക്കേണ്ടതാണ്. കോളേജുകൾക്കും സർവ്വകലാശാലകൾക്കുമുള്ള അടിസ്ഥാന സൗകര്യ സഹായങ്ങൾ, റിസർച്ച് ആൻഡ് ഇന്നൊവേഷൻ, ഇക്വിറ്റി ഓർഗനൈസേഷനുകൾ, പ്രിപ്പറേറ്ററി, എംഎംഇആർ (മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യുവേഷൻ ആൻഡ് റിസർച്ച്) ഗ്രാന്റ്, പുതിയ മോഡൽ ഡിഗ്രി കോളേജുകൾ, തിരഞ്ഞെടുത്ത സ്വയംഭരണ കോളേജുകളിൽ ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, നിലവാരം ഉയർത്തൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2021-22-ൽ 5773.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു. അധികമായി വേണ്ടിവരുന്ന തുക കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതാണ്.

### 9.2 കലയും സംസ്കാരവും

നമ്മുടെ സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സമീപഭാവിയിൽ കേരളത്തിന്റെ വികസനത്തിൽ ഒരു സാംസ്കാരിക പരിവർത്തനം വിഭാവനം ചെയ്യുന്നു. തൽഫലമായി സാമ്പത്തിക വളർച്ചയുടെ മുഖ്യ സ്രോതസ്സായി സംസ്കാരം വികസിച്ചുവരും. 2021-22 ബഡ്ജറ്റിൽ കലാ-സാംസ്കാരിക മേഖലയുടെ വികസനത്തിനായി 15723.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2021-22 വർഷത്തിൽ ഓരോ പദ്ധതിക്കും/വകുപ്പിനും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ/പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംഗീത കോളേജുകൾ | 84.00 |
| 2 | പുരാവസ്തു വകുപ്പ് | 1750.00 |
| 3 | സംസ്ഥാന പുരാരേഖാ വകുപ്പ് | 1575.00 |
| 4 | മൃഗശാല കാഴ്ചബംഗ്ലാവ് ഡയറക്ടറേറ്റ്<br>• മ്യൂസിയങ്ങളുടെ നവീകരണവും മ്യൂസിയം ക്യാമ്പസിന്റെ വികസനവും<br>• തിരുവനന്തപുരത്തും തൃശ്ശൂരുമുള്ള മൃഗശാലകളുടെ ആധുനീകരണം | <br>1900.00<br>1000.00 |
| 5 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 1300.00 |
| 6 | സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട് | 100.00 |
| 7 | സാംസ്കാരിക വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ | 5459.00 |
| 8 | സാംസ്കാരിക ഡയറക്ടറേറ്റ് | 2375.00 |
| 9 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം | 80.00 |
| 10 | കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ | 100.00 |
| | **ആകെ** | **15723.00** |

**1.സംഗീത കോളേജുകൾ**

**(വിഹിതം:84.00 ലക്ഷം രൂപ)**

എസ്.എസ്.ടി സംഗീത കോളേജ്, തിരുവനന്തപുരം, ആർ.എൽ.വി. സംഗീത ആൻഡ് ഫൈൻ ആർട്സ് കോളേജ്, തൃപ്പൂണിത്തുറ, ചെമ്പൈ സ്മാരക ഗവൺമെന്റ് സംഗീത കോളേജ്, പാലക്കാട്, എസ്. ആർ.വി.സംഗീത ഫൈൻ ആർട്സ് കോളേജ്, എന്നീ നാല് സംഗീത കോളേജുകളാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ളത്. ഈ കോളേജുകൾ വായ്പാട്ട്, വീണ, വയലിൻ, മൃദംഗം, മദ്ദളം, ചെണ്ട, ഭരതനാട്യം, കഥകളിവേഷം, കഥകളിസംഗീതം, മോഹിനിയാട്ടം, പെയിന്റിംഗ്, പ്രയുക്തകല, ശില്പകല എന്നിവയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നുണ്ട്. 2021-22 ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 84.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സമകാലീന സംഗീതോപകരണങ്ങൾ, കലകൾക്കും ഫൈൻ ആർട്ടുകൾക്കുമുള്ള ഉപകരണങ്ങൾ വാങ്ങുക, സംഗീതോപകരണങ്ങളുടെ അറ്റകുറ്റപ്പണി, സംഗീത പാരമ്പര്യം സംരക്ഷിക്കൽ (നാല് സംഗീത കോളേജുകൾക്ക്) എന്നിവയിലൂടെ സംഗീത കോളേജുകളുടെ നിലവാരം ഉയർത്തുക.
- സാധന:- പണ്ഡിതന്മാരുമായി ഹ്രസ്വകാല അക്കാദമിക് സംരംഭ പരിപാടി

- വിദ്യാർത്ഥികളുടെ ഫൈൻ ആർട്സ് എക്സിബിഷൻ ("ട്രാൻസെന്റ് 2")
- സംസ്കൃതി : ഒരു സാംസ്കാരിക വിനിമയ പരിപാടി, കലാ സമന്വയ-നാല് സംഗീത കോളേജുകളുടെയും സംയോജിത സംഗീത മേള, സംഗീത സംഹിത-ഒരു ഇന്റർ മ്യൂസിക്ക് കോളേജ് യൂത്ത് ഫെസ്റ്റിവൽ

**2. പുരാവസ്തു വകുപ്പ്**

**(വിഹിതം :1750.00 ലക്ഷം രൂപ)**

നമ്മുടെ സാംസ്കാരിക പൈതൃകത്തേയും പാരമ്പര്യത്തേയും ശാസ്ത്രീയമായി സംരക്ഷിക്കുന്ന പുരാവസ്തു വകുപ്പിന് ഒരു ദീർഘകാല ചരിത്രവും പാരമ്പര്യവുമുണ്ട്. ചരിത്രപരവും വാസ്തുതാപരവുമായ പ്രാധാന്യമർഹിക്കുന്ന 183 സംരക്ഷിത സ്മാരകങ്ങളും 12 പുരാവസ്തു മ്യൂസിയങ്ങളും പുരാവസ്തു വകുപ്പിന് കീഴിലായുണ്ട്. 2021-22-ലേക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) പുരാവസ്തു കെട്ടിടങ്ങൾ**

**(വിഹിതം : 400.00 ലക്ഷം രൂപ)**

നമ്മുടെ സംസ്ഥാനത്ത് 182 സംരക്ഷിത സ്മാരകങ്ങളും തമിഴ് നാട്ടിലെ തക്കലയിലെ പത്മനാഭപുരം സമുച്ചയവുമുണ്ട്.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സംരക്ഷിത സ്മാരകങ്ങളുടെ ഘടനാപരമായ സംരക്ഷണം
- പുരാവസ്തു മ്യൂസിയങ്ങളുള്ള സ്മാരകങ്ങളുടെ ഘടനാപരമായ സംരക്ഷണം
- പൈതൃക കെട്ടിടങ്ങൾ/സൈറ്റുകൾ ഏറ്റെടുക്കൽ
- വിവിധ പുരാവസ്തു സ്ഥലങ്ങളിൽ കയ്യേറ്റം തടയലും അതിർത്തി ഫെൻസിംഗ് പ്രവർത്തികളും

**(ബി) പ്രാദേശിക പരിരക്ഷണ ലബോറട്ടറി**

**(വിഹിതം : 60.00 ലക്ഷം രൂപ)**

നിലവിലുള്ളതും ഭാവിയിലുമുള്ള തലമുറകൾക്കായി വിലമതിക്കാനാവാത്ത പുരാവസ്തുക്കളുടെ ശേഖരണത്തിന്റെയും സ്മാരകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, ആയതിനുള്ള ഉത്തരവാദിത്വ ത്തോടെ 1979-ൽ പ്രാദേശിക സംരക്ഷണ ലബോറട്ടറി ആരംഭിച്ചു.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കലാമൂല്യമുള്ള വസ്തുക്കളുടെയും സ്മാരകങ്ങൾ, സൈറ്റുകൾ, അവശിഷ്ടങ്ങൾ എന്നിവയുടെ പരിപാലനവും സംരക്ഷണവും
- പ്രാദേശിക സംരക്ഷണ ലബോറട്ടറിയുടെ നവീകരണം, അത്യാധുനിക വിശകലന ഉപകരണങ്ങളുടെ സംഭരണം
- സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൊബൈൽ യൂണിറ്റ്
- രാസവസ്തുക്കൾ, പണിയായുധങ്ങൾ, ഉപകരണങ്ങൾ, റഫറൻസ് പുസ്തകങ്ങൾ എന്നിവ വാങ്ങൽ ജേണലുകളുടെ സബ്സ്ക്രിപ്ഷൻ

**(സി) പുരാവസ്തു മ്യൂസിയം, എറണാകുളം**

**(വിഹിതം : 130.00 ലക്ഷം രൂപ)**

52 ഏക്കർ സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന തൃപ്പൂണിത്തറ ഹിൽ പാലസിന്റെ സമഗ്ര വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ എറണാകുളം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുമായി ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

ഇനി പറയുന്ന പ്രവർത്തികൾക്കായി 2021-22 കാലയളവിൽ 130.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഹിൽപാലസ് മ്യൂസിയം ഉൾപ്പെടെ എറണാകുളം ജില്ലയിലെ എല്ലാ സ്മാരകങ്ങളുടെയും ഘടനാ പരമായ ശക്തിപ്പെടുത്തൽ.
- ഹിൽപാലസ് മ്യൂസിയം ഉൾപ്പെടെ എറണാകുളം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളുടെ വികസനം.
- ഹിൽപാലസ് മ്യൂസിയം ഉൾപ്പെടെ എറണാകുളം ജില്ലയിലെ എല്ലാ സ്മാരകങ്ങളിലും സുരക്ഷാ നിരീക്ഷണം ശക്തിപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യുക.
- എറണാകുളം ജില്ലയിലെ സ്മാരകങ്ങളിൽ മതിയായ സന്ദർശക സൗഹൃദ സൗകര്യങ്ങൾ ഒരുക്കുക.
- ഹിൽപാലസ് പരിസരത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഏറ്റെടുക്കലും പരിപാലനവും
- ഹിൽപാലസ് മ്യൂസിയത്തിലെ പുരാവസ്തുക്കളുടെ/പുരാതന വസ്തുക്കളുടെ ഡിജിറ്റലൈസേഷൻ.

**(ഡി) മ്യൂസിയവികസനവും പ്രദർശന സംവിധാനങ്ങളും**

**(വിഹിതം : 530.00 ലക്ഷം രൂപ)**

കേരളത്തിലുടനീളമുള്ള മ്യൂസിയങ്ങൾ പുന:സജ്ജമാക്കുന്നതിനും, പുന:ക്രമീകരിക്കുന്നതിനുമുള്ള സമഗ്ര പരിപാടി ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 2021-22 ലേക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 530.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- സംരക്ഷിത സ്മാരകങ്ങളുടെ വികസന പ്രവർത്തനങ്ങൾ
- മ്യൂസിയങ്ങളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ
- മ്യൂസിയങ്ങളുടെ പരിപാലനവും മേൽനോട്ടവും, മ്യൂസിയത്തിന്റെ സുരക്ഷ, ദുരന്തനിവാരണവും സന്ദർശക സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- മ്യൂസിയങ്ങളുടെയും സ്മാരകങ്ങളുടെയും ഡോക്യുമെന്റേഷൻ
- മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള പൗരാണിക വസ്തുക്കൾ/കരകൗശലവസ്തുക്കൾ എന്നിവയുടെ വിവരപ്പട്ടിക തയ്യാറാക്കൽ
- ഗാന്ധി സ്മൃതി മ്യൂസിയവും മറ്റ് പ്രാദേശിക മ്യൂസിയങ്ങളും സ്ഥാപിക്കുക.
- കരകൗശല വസ്തുക്കളുടെ ഡിജിറ്റലൈസേഷൻ
- വെർച്ചൽ മ്യൂസിയങ്ങൾ സൃഷ്ടിക്കുകയും ഓഡിയോ-വോയ്സ് ഗൈഡിംഗ് സംവിധാനം അവതരിപ്പിക്കുകയും ചെയ്യുക.
- ഇ-ഓഫീസ് നടപ്പിലാക്കൽ
- നിലവിലുള്ള ഗാലറികൾ പുന:ക്രമീകരിക്കുകയും മ്യൂസിയങ്ങളിൽ പുതിയ ഗാലറികൾ സ്ഥാപിക്കുകയും ചെയ്യുക.
- പത്മനാഭപുരം കൊട്ടാരവും മറ്റ് സ്മാരകങ്ങളും സൈറ്റുകളും യുനെസ്കോയുടെ ലോക പൈതൃക സൈറ്റിലേക്ക് ചേർക്കൽ.
- പ്രധാന മ്യൂസിയങ്ങളിൽ റഫറൻസ് ലൈബ്രറി സ്ഥാപിക്കുക.
- മ്യൂസിയം ഗൈഡ് സേവന പദ്ധതി.

**(ഇ) ഫീൽഡ് ആർക്കിയോളജി**

**(വിഹിതം:100.00 ലക്ഷം രൂപ)**

പുരാവസ്തു പ്രവർത്തനങ്ങളെയും അതിന്റെ പ്രാധാന്യത്തെയും കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിനായി പുരാവസ്തു വിദഗ്ധരെ ഉപയോഗിച്ച് പര്യവേഷണങ്ങളും ഉത്ഖനനങ്ങളും അനുബന്ധ അക്കാദമിക് പരിപാടികളും നടത്തുക എന്നതാണ് വകുപ്പിന്റെ മുഖ്യപ്രവർത്തനം. ഈ

ലക്ഷ്യത്തിന് ഊന്നൽ നൽകുകയും ബോധവൽക്കരണം ഏറ്റെടുത്ത് നടത്തേണ്ട സ്ഥലങ്ങൾ പിന്നീട് കണ്ടെത്തുന്നതുമാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ശാസ്ത്രീയ പുരാവസ്തു ഉത്ഖനനങ്ങളും /പര്യവേക്ഷണങ്ങളും
- ഗ്രാമങ്ങൾതോറുമുള്ള സർവ്വേ, ഉപേക്ഷിക്കപ്പെട്ട അമൂല്യ ചരിത്ര വസ്തുക്കൾ ഏറ്റെടുക്കൽ
- മ്യൂസിയം ഔട്ട്റീച്ചും വിദ്യാഭ്യാസ പരിപാടിയും

**(എഫ്) ജില്ലാതല പുരാവസ്തു പൈതൃകം മ്യൂസിയം**

**(വിഹിതം:420.00ലക്ഷം രൂപ)**

ആർക്കിയോളജി വകുപ്പും, കേരള സർക്കാരും കൂടി ഒരുമിച്ച് ചേർന്ന് രൂപം കൊടുത്ത ഒരു പദ്ധതിയാണ് ഇത്. സ്പർശ്യവും, അസ്പർശ്യവുമായ വസ്തുക്കൾ, കലാരൂപങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ എന്നിവയെല്ലാം എല്ലാ ജില്ലകളിലും ഒരു കുടക്കീഴിൽ കൊണ്ട് വരുന്ന പദ്ധതിയാണ് ഇത്. പുരാവസ്തു വകുപ്പിന് ജില്ലാ തീം അധിഷ്ഠിത മ്യൂസിയങ്ങളില്ല. ഓരോ ജില്ലയുടെയും പൈതൃക സംസ്കാരം, നാടോടി കഥകൾ തുടങ്ങിയ സവിശേഷതകൾ പര്യവേക്ഷണം ചെയ്യുന്നതിനും ഓരോ ജില്ലയിലെയും മേല്പറഞ്ഞ വിലപിടിപ്പുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനും വകുപ്പ് പ്രാധാന്യം നൽകുന്നു.

വരും തലമുറകൾക്കായി ജില്ലകളുടെ പൈതൃകം കാത്തു സൂക്ഷിക്കലും, നമ്മുടെ സംസ്കാരത്തെകുറിച്ച് അവരെ ബോധവൽക്കരിക്കാനും, മറ്റുമായാണ് എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിൽ വരുത്തിയത്.

11 ജില്ലകളിലും ഇത്തരം മ്യൂസിയം തയ്യാറാക്കുന്നതിലേക്ക് 2021-22 ബജറ്റിൽ 420.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജി) ആർക്കിയോളജിക്കൽ പ്രസിദ്ധീകരണങ്ങൾ**

**(വിഹിതം : 20.00 ലക്ഷം രൂപ)**

മ്യൂസിയങ്ങൾ, സംരക്ഷിത സ്മാരകങ്ങൾ മുതലായ വകുപ്പിനെ സംബന്ധിച്ച വിവരങ്ങളും സാങ്കേതിക വികസനവും ജനങ്ങളിലേക്കെത്തിക്കുന്നത് വിവിധ തരം പ്രസിദ്ധീകരണങ്ങളിലൂടെയാണ്. താഴെപ്പറയുന്ന ഘടകങ്ങൾ ഇതിലുൾപ്പെടുന്നു. ആർക്കിയോളജിക്കൽ വകുപ്പ് പൊതുജന അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി നടത്തിയ സാങ്കേതിക പ്രവർത്തനങ്ങൾ, നടത്തിയ പഠനങ്ങൾ, റിപ്പോർട്ടുകൾ തയ്യാറാക്കിയത്, കാറ്റലോഗുകൾ തയ്യാറാക്കിയത്, വകുപ്പുമായി ബന്ധപ്പെട്ട ഏറ്റെടുക്കലുകൾ, മ്യൂസിയങ്ങളുടെ വികസനം, സ്മാരകങ്ങളുടെ വികസനം എന്നീ വിവരങ്ങളെ കുറിച്ച് ജനങ്ങൾക്ക് അറിയാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- അപൂർവ്വ പുസ്തകങ്ങളുടെ റിപ്പോർട്ടിംഗ്
- വകുപ്പിന് കീഴിൽ ഡോക്യുമെന്റ് ചെയ്ത നാണയങ്ങളുടെ കാറ്റലോഗിന്റെ പ്രസിദ്ധീകരണം.
- ഫീൽഡ് സ്റ്റഡി റിപ്പോർട്ടുകളുടെയും സാങ്കേതിക റിപ്പോർട്ടുകളുടെയും പ്രസിദ്ധീകരണം.
- മ്യൂസിയം ഗൈഡ് ബുക്കുകൾ, ബ്രോഷറുകളും കാറ്റലോഗുകളും
- അക്കാദമിക് ജേണലുകളുടെ പ്രസിദ്ധീകരണം.

**(എച്ച്) കാര്യശേഷി വികസിപ്പിക്കലും പുരാവസ്തു സംരക്ഷണ ബോധവൽക്കരണവും**

**(വിഹിതം :15.00 ലക്ഷം രൂപ)**

പുരാവസ്തു വകുപ്പിലെ ഉദ്യാഗസ്ഥർക്ക് പുരാവസ്തു സംരക്ഷണജോലികൾ, മ്യൂസിയങ്ങൾ എന്നീ മേഖലകളിൽ കാര്യക്ഷമതയും സാങ്കേതിക അറിവും വർദ്ധിപ്പിക്കുന്നതിനായി കാര്യശേഷി വികസന പരിപാടികൾ നടത്തുക

എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ രംഗത്ത് സ്ഥാപിതമായ ദേശീയ അന്തർദേശീയ ഏജൻസികളുടെ വൈദഗ്ധ്യം ഉപയോഗിച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തുകയെന്നതാണ് ലക്ഷ്യം. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തെ ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ദേശീയ അന്തർദേശീയ തലത്തിലുള്ള ഏജൻസികളുമായി സഹകരിച്ച് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി.
- ഇൻ-സർവ്വീസ് പരിശീലന പരിപാടി നടത്തുക

**(ഐ) പുരാവസ്തു വകുപ്പിനുള്ള വികസന പദ്ധതി**

**(വിഹിതം :30.00 ലക്ഷം രൂപ)**

വിദഗ്ധരുടെ സേവനം ഉപയോഗിച്ചുകൊണ്ട് സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവയുടെ സംരക്ഷണം, ഉത്ഖനനം എന്നിവയ്ക്കായുള്ള ഒരു സമഗ്രവികസന പദ്ധതിയാണിത്. ഉത്ഖനന പ്രോജക്ടുകളിൽമേലുള്ള ഗവേഷണപ്രവർത്തനങ്ങളും വിഭാവനം ചെയ്യുന്നു. വകുപ്പിന്റെ സാങ്കേതിക പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി അത്യാധുനിക ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നത് അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുന്നു, വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി ലഭിച്ച വിവരങ്ങൾ വഴി ഗവേഷകർക്ക് ഗവേഷണ പ്രവർത്തനങ്ങൾക്കായി പുതിയ ജാലകങ്ങൾ തുറക്കാൻ കഴിയും. അന്താരാഷ്ട്ര നിലവാരത്തിലേക്ക് മ്യൂസിയം ഉയർത്തുന്നത് വിനോദസഞ്ചാര സന്ദർശനങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കും. 2021-22 വർഷത്തെ ബഡ്ജറ്റിൽ പുരാവസ്തു വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക ഭരണ നിർവ്വഹണത്തിനും താഴെ പറയുന്ന വികസന പദ്ധതികൾക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിക്കുന്നു.

- അത്യാധുനിക ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും സംഭരണം
- വിദഗ്ധരായ മനുഷ്യവിഭവശേഷിയുടെ വിനിയോഗം
- അക്കാദമിക്ക് സഹകരണത്തിലൂടെ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുക

**(ജെ). നാണയ വിജ്ഞാന ശാഖയുടെ സമഗ്ര ഉന്നമനം**

**(വിഹിതം : 20.00 ലക്ഷം രൂപ)**

ഇന്ത്യയിലെ തന്നെ വളരെ വിപുലവും വൈവിധ്യവുമായ നാണയ ശേഖരമാണ് പുരാവസ്തു വകുപ്പിനുള്ളത്. ഇതിൽ പുരാതന, മധ്യകാല, ആധുനിക കാലഘട്ടങ്ങളിലെ തദ്ദേശീയ വിദേശ നാണയങ്ങളും ഉൾപ്പെടുന്നു. പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള ഈ നാണയങ്ങളെല്ലാം ഡോക്യുമെന്റ് ചെയ്ത് സംരക്ഷിച്ച് പട്ടികപ്പെടുത്തേണ്ടതുണ്ട്. നാണയങ്ങളുടെ ഡിജിറ്റൽ ഇൻവെന്ററി തയ്യാറാക്കേണ്ടതുമുണ്ട്. 2021-22 ബഡ്ജറ്റിൽ ഈ പ്രവൃത്തികൾക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

**(കെ) ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള**

**(വിഹിതം : 25.00 ലക്ഷം രൂപ)**

ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (ഐ.എം.സി.കെ) കേരളാ മ്യൂസിയം തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാണ്. 2011 മുതൽ കേരള സർക്കാരിന്റെ ആർക്കിയോളജി, ആർകൈവ്സ് മ്യൂസിയങ്ങൾ മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കുന്നു. പ്രധാന പ്രവർത്തനങ്ങൾ താഴെ പ്പറയുന്നവയാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22 കാലയളവിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- മ്യൂസിയോളജി വിഷയത്തിൽ സെമിനാറുകൾ
- മ്യൂസിയത്തിലെയും അതിന്റെ മാനേജ്മെന്റിലെയും പ്രൊഫഷണലുകളെ കുറിച്ചുള്ള പരിശീലനം
- മ്യൂസിയം ഗൈഡ് പുസ്തകങ്ങളും ലഘുരേഖകളും ഉൾപ്പെടെയുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ
- സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും പിന്നിലുള്ള മൂല്യങ്ങളെക്കുറിച്ചുള്ള പ്രോഗ്രാമുകൾ നടത്തുക.
- അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, നവീകരണം പരിപാലനം
- മ്യൂസിയങ്ങൾക്ക് സ്വീകാര്യമായ പുതിയ സാങ്കേതിക വിദ്യകളെയും സാങ്കേതികതകളെയും കുറിച്ചുള്ള ഗവേഷണവും വികസനവും

**3. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

പുരാവസ്തു ശാസ്ത്രം, പുരാരേഖാ പഠനങ്ങൾ, പുരാവസ്തു സംരക്ഷണം, മ്യൂസിയോളജി എന്നീ വിഷയങ്ങളിൽ ഉപരിപഠനങ്ങൾക്കായുള്ള ഒരു സമ്പൂർണ്ണ ഗവേഷണ കേന്ദ്രം എന്ന ഉദ്ദേശ്യത്തോടെ 2000-മാണ്ടിൽ സ്ഥാപിതമായതാണ് ഈ കേന്ദ്രം. 2021 -22 വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പ്രസിദ്ധീകരിക്കാത്ത കയ്യെഴുത്തു പ്രതികൾ ഉൾപ്പെടെയുള്ളവയുടെ അച്ചടിയും പ്രസിദ്ധീകരണവും
- സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, പരിശീലന പരിപാടികൾ, തദ്ദേശ സ്വയംഭരണ അധികാരികൾക്കും സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർക്കും ബോധവത്കരണ പരിശീലന പരിപാടികൾ നടത്തുക.
- കേരളത്തിന്റെ വൈവിധ്യമാർന്ന സംസ്കാരിക പൈതൃകത്തിന്റെ സർവ്വേയും ഡോക്യുമെന്റേഷനും
- മാനുകൾക്കു വേണ്ടിയുള്ള പാർക്ക് ഉൾപ്പെടെ ഹിൽപാലസ് മ്യൂസിയത്തിന്റെ പരിസരം സംരക്ഷിക്കലും സൗന്ദര്യ വത്കരണവും.
- അക്കാദമിക് കോഴ്സുകൾ, ഹ്രസ്വകാല കോഴ്സുകൾ എന്നിവ നടത്തുന്നതിനും, പൈതൃക ലൈബ്രറിയുടെയും പരിരക്ഷണ ലബോറട്ടറിയുടെയും വികസനത്തിനും.

**4.കേരള സംസ്ഥാന പുരാരേഖാ വകുപ്പ്**

**(വിഹിതം: 1575.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാർ, വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിര മൂല്യമുള്ളതും നിലവിൽ ഉപയോഗത്തിലില്ലാത്തതുമായ പ്രധാന രേഖകളുടെ സൂക്ഷിപ്പിന് ചുമതലപ്പെട്ട വകുപ്പാണ് പുരാരേഖാവകുപ്പ്. സ്ഥായിയായി സംരക്ഷിക്കപ്പെടേണ്ടതായ ചരിത്രപ്രധാന്യമുള്ള രേഖകൾ, താളിയോലകൾ, കൈയെഴുത്തുപ്രതികൾ, സർക്കാർ രേഖകൾ, തുടങ്ങിയവയുടെ സംരക്ഷണം പുരാരേഖാവകുപ്പ് ഏറ്റെടുത്തു നടത്തുന്നു. അത്തരം രേഖകളെ റഫറൻസ് ആവശ്യങ്ങൾക്കായി വകുപ്പ് ശാസ്ത്രീയമായി സംരക്ഷിച്ചു സൂക്ഷിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2021-22-ൽ 1575.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**I . കേരള സംസ്ഥാന പുരാരേഖാ വകുപ്പ്**

**(വിഹിതം: 620.00 ലക്ഷം രൂപ)**

ആർകൈവുകളിൽ ലഭിച്ച രേഖകളുടെ സൂക്ഷിപ്പ്, പരിപാലനം, കൈകാര്യം ചെയ്യൽ, ചരിത്രപരമായ മൂല്യങ്ങളുള്ള രേഖകൾ നേടിയെടുക്കൽ, സാങ്കേതിക ഉപദേശങ്ങൾ നൽകൽ, വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും രേഖകൾ കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും സഹായിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനം. ആർകൈവൽ മൈറ്റീരിയലുകളുടെ പ്രസിദ്ധീകരണം എക്സിബിഷനുകൾ, സെമിനാറുകൾ, ചരിത്ര ഗവേഷണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിലൂടെ പൊതുജനങ്ങൾക്കിടയിൽ ആർകൈവൽ മെറ്റീരിയലുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, കൂടാതെ ഭരണക്കൂടത്തിന്റെ സുഗമമായ

പ്രവർത്തനത്തിനായി അത്തരം സാമഗ്രികൾ സർക്കാരിനു നൽകുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 കാലായളവിൽ 620.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- പുരാരേഖാ ശേഖരത്തിലെ രേഖകളുടെ ഡിജിറ്റലൈസേഷൻ
- രേഖകളുടെ ശാസ്ത്രീയമായ പരിരക്ഷണം.
- റിക്കാർഡുകളുടെ ക്രമീകരണം
- പുരാരേഖാ വകുപ്പിലെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, വകുപ്പുകളുടെ ആർക്കൈവൽ മ്യൂസിയങ്ങളുടെ സൗകര്യ വികസനം.
- തിരഞ്ഞെടുത്ത രേഖകളുടെ പ്രസിദ്ധീകരണം
- പുരാരേഖാ ബോധവത്കരണ പരിപാടികൾ
- ദുരന്ത നിവാരണം.
- കാര്യശേഷി വർദ്ധിപ്പിക്കൽ പദ്ധതി, ഭരണനിർവ്വഹണത്തെ ശക്തിപ്പെടുത്തൽ

2021 - 22 ലെ മൊത്തം വിഹിതത്തിൽ നിന്നും 25.00 ലക്ഷം രൂപ വനിതാ ജീവനക്കാരുടെ പരിശീലനത്തിനും മറ്റു ശാക്തീകരണ പരിപാടികൾക്കുമായി മാറ്റി വച്ചിട്ടുണ്ട്.

**II കേരളത്തിലെ പുരാരേഖ വകുപ്പിന്റെ വികസനവും പങ്കാളിത്ത ഡിജിറ്റലൈസേഷനും**

**(വിഹിതം :30.00 ലക്ഷം രൂപ)**

**ആർക്കൈവൽ മൂല്യങ്ങളുള്ള സ്വകാര്യ രേഖകളുടെ വിലയിരുത്തലും ഏറ്റെടുക്കലും**

പാരമ്പര്യ രീതികൾ പിന്തുടരുകയാണെങ്കിൽ പുരാരേഖ വകുപ്പിലെ അമൂല്യ രേഖകളുടെ ബോധവൽക്കരണത്തിനും ഡിജിറ്റലൈസേഷനും ധാരാളം വർഷങ്ങൾ വേണ്ടിവരും. അതിന് ഒരു പരിഹാരമായി പങ്കാളിത്തരീതി നിർദ്ദേശിച്ചിരിക്കുന്നു. ലഭ്യമായ രേഖകളുടെ ഡിജിറ്റലൈസേഷനും തർജ്ജിമയ്ക്കും ഗവേഷക സമൂഹത്തിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. പുരാരേഖ വകുപ്പിലെ രേഖകളുടെ ശേഖരണം സമ്പന്നമാക്കുന്നതിനും ശാക്തീകരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. വകുപ്പ് സമൂഹത്തിലേക്കിറങ്ങിച്ചെന്ന് അമൂല്യ രേഖകളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനും, സർവ്വേകളിലൂടെ രേഖകൾ കണ്ടെത്തുകയും അതാത് സ്ഥലങ്ങളിൽ അവയെ സംരക്ഷിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതിനും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ അവരുടെ താല്പര്യം അനുസരിച്ച് ഏറ്റെടുക്കുകയും ചെയ്യുന്നതിനായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയിലൂടെ എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോയേക്കാവുന്ന അമൂല്യ ചരിത്രരേഖകൾ കണ്ടെത്തി അവയെ സംരക്ഷിക്കാനാകുമെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നതാണ്. പൊതുജന പങ്കാളിത്തത്തിലൂടെ ആർക്കൈവുകളുടെ ജനാധിപത്യവൽക്കരണം, സംസ്ഥാനത്തെ സമീപകാലത്തെ വെള്ളപ്പൊക്ക സാഹചര്യങ്ങളിൽ നശിച്ച വിലയേറിയ രേഖകൾ വീണ്ടെടുക്കൽ, ഗവേഷണ പണ്ഡിതന്മാർക്ക് ആർക്കൈവൽ രേഖകളിലേക്ക് ഓൺലൈൻ പ്രവേശനം നൽകുക എന്നിവയും വകുപ്പ് വിഭാവനം ചെയ്യുന്നു. പങ്കാളിത്ത രീതിയിലൂടെ ഗവേഷണ കമ്മ്യൂണിറ്റി ഉപയോഗിച്ച് ആർക്കൈവൽ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷനും അവബോധവും നടത്തുന്നതാണ്. 2021 -22 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി 30.00ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**III ഇന്റർനാഷണൽ ആർകൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ, തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിൽ സ്ഥാപിക്കൽ**

**(വിഹിതം : 625.00 ലക്ഷം രൂപ)**

കേരള സർവ്വകലാശാലയുമായി സഹകരിച്ച് കേരള സ്റ്റേറ്റ് ആർകൈവൽ ഡിപ്പാർട്ട്മെന്റ്

തിരുവനന്തപുരത്തെ കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു അന്താരാഷ്ട്ര ആർകൈവൽസ് ആന്റ് ഹെറിറ്റേജ് സെന്റർ, ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കാൻ തീരുമാനിച്ചു. ഗവേഷണ ആവശ്യങ്ങൾക്കായി അന്താരാഷ്ട്ര സൗകര്യങ്ങളുള്ള ഒരു ആധുനിക ആർകൈവൽ സ്ഥാപനമാണിത്. ആർകൈവൽ ഗവേഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുക, ആർകൈവൽ പഠനങ്ങളെയും ഭരണ നിർവഹണത്തേയും കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളും ആശയങ്ങളും കൈമാറൽ എന്നിവയ്ക്ക് ഇത് സഹായിക്കുന്നു. ആർകൈവൽ സയൻസ് മേഖലയിലെ നൂതന മുന്നേറ്റത്തെക്കുറിച്ചുള്ള പ്രോഗ്രാമുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ കേരള സർവകലാശാല സംസ്ഥാന ആർകൈവൽ വകുപ്പിന് ഒരു ഏക്കർ സ്ഥലം ഈ പദ്ധതിയ്ക്കായി അനുവദിച്ചു. ഇക്കാര്യത്തിൽ ആർകൈവ്സ് വകുപ്പ് ഡയറക്ടറും കേരള സർവകലാശാല രജിസ്ട്രാറും തമ്മിൽ ധാരണാപത്രം ഒപ്പിട്ടു. കേരളത്തിൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായ കേരള മ്യൂസിയത്തെ ഇന്റർനാഷണൽ ആർകൈവ്സ് സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തി.

പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിനായി 2021-22 ബജറ്റിൽ ആർകൈവ്സ് വകുപ്പിന് 625.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(IV) താളിയോല രേഖ മ്യൂസിയം സ്ഥാപിക്കൽ**

**(വിഹിതം : 300.00 ലക്ഷം രൂപ)**

2021-22 ൽ സെൻട്രൽ ആർക്കൈവുകളിൽ താളിയോല രേഖ മ്യൂസിയം സ്ഥാപിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. താളിയോല രേഖ കൈയെഴുത്തു പ്രതി മ്യൂസിയം സ്ഥാപിക്കുക, താളിയോല രേഖകളിലൂടെ കേരളത്തിന്റെ സാംസ്കാരിക പൈതൃകം പ്രദർശിപ്പിക്കുക, കേരളത്തിന്റെ സമ്പന്നമായ കൈയെഴുത്ത് പ്രതി പൈതൃകം, പ്രത്യേകിച്ചും സംസ്ഥാന ആർകൈവ്സ് വകുപ്പിന്റെ താളിയോല കൈയെഴുത്തു പ്രതി ലോകത്തിന് പ്രദർശിപ്പിക്കുക ഇത് വിദേശ, ഇന്ത്യൻ സന്ദർശകർക്ക് കേരളത്തിന്റെ സംസ്കാരത്തെയും ചരിത്രത്തെയും കുറിച്ച് സമഗ്രമായ ധാരണ നൽകുന്നു. കേരള മ്യൂസിയം, നോഡൽ ഏജൻസിയായി മ്യൂസിയം സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള മ്യൂസിയവുമായി ധാരണാപത്രം ഒപ്പു വയ്ക്കുകയും, ഇതിനായി ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 215 വർഷം പഴക്കമുള്ള ഒരു പൈതൃക കെട്ടിടത്തിനുള്ളിൽ മ്യൂസിയം ഒരുക്കാനാണ് പദ്ധതി.

താളിയോല കൈയെഴുത്തു പ്രതി മ്യൂസിയം സ്ഥാപിക്കുന്നതിന് 2021-22 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. കാഴ്ചബംഗ്ലാവുകളും മൃഗശാലകളും**

**(വിഹിതം :2900.00 ലക്ഷം രൂപ)**

കാഴ്ചബംഗ്ലാവും മൃഗശാലയും സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസും കാഴ്ചബംഗ്ലാവും ചിത്രശാലയും, മൃഗശാലയും, കോഴിക്കോട്ടുള്ള ചിത്രശാലയും, കൃഷ്ണമേനോൻ കാഴ്ചബംഗ്ലാവും ഈ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്. വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളാണ് ഈ സ്ഥാപനങ്ങൾ. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021 – 22 ബഡ്ജറ്റിൽ 2900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(1)മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണവും മ്യൂസിയം ക്യാമ്പസിന്റെ വികസനവും.**

**(വിഹിതം :1100.00 ലക്ഷം രൂപ)**

മ്യൂസിയങ്ങളുടെ നവീകരണം, ബൊട്ടാണിക്കൽ ഗാർഡൻ, ചിൽഡ്രൻസ് പാർക്ക്, ചിൽഡ്രൻസ്

ആക്ടിവിറ്റി സെന്റർ എന്നിവയുൾപ്പെടെയുള്ള മ്യൂസിയം ക്യാമ്പസിന്റെ വികസനം, 3 ഡി തിയേറ്റർ, പുതിയ മ്യൂസിയത്തിന്റെയും ഗാലറികളുടെയും നിർമ്മാണം, എല്ലാ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം, വിദ്യാഭ്യാസം, ഗവേഷണ പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രചാരണ പ്രവർത്തനങ്ങൾ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെയും കാര്യശേഷി വർദ്ധിപ്പിക്കൽ, സുരക്ഷാ സംവിധാനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021 - 22 ബജറ്റിൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- നേപ്പിയർ (ആർട്ട്) മ്യൂസിയം ഉൾപ്പെടെ ഡിപ്പാർട്ട്മെന്റ് കെട്ടിടങ്ങളുടെയും, മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും അറ്റകുറ്റപ്പണി, നവീകരണം, വിപുലീകരണം മുതലായവ.
- ബൊട്ടാണിക്കൽ ഗാർഡൻസ്, മ്യൂസിയം ക്യാമ്പസ്, 3 ഡി തിയേറ്ററുകൾ, കുട്ടികളുടെ പാർക്കും ബാൻഡ് സ്റ്റാന്റും, വൈദ്യുതി, ജലവിതരണം, സുരക്ഷ നിരീക്ഷണ സംവിധാനം എന്നീ പൊതു സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനവും അറ്റകുറ്റപ്പണിയും.
- പെയിന്റിംഗുകളുടെയും കലാവസ്തുക്കളുടെയും സംരക്ഷണം പുന:സ്ഥാപിക്കുന്നതിനുവേണ്ടി ഒരു സംരക്ഷണ ലബോറട്ടറി സ്ഥാപിക്കുക.
- പ്രാദേശിക മ്യൂസിയങ്ങളുടെ വികസനവും പ്രദർശന ശേഖരണത്തിനുമായി പുതിയ മ്യൂസിയം സ്ഥാപിക്കുക.
- വിദ്യാഭ്യാസം, ഗവേഷണ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ സ്ത്രീ ശാക്തീകരണം, ഇ-ഭരണം സ്ഥാപിക്കൽ/നടപ്പിലാക്കൽ.

**(2) തിരുവനന്തപുരത്തേയും തൃശ്ശൂരിലേയും മൃഗശാലകളുടെ നവീകരണം**

**(വിഹിതം :1000.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

- മൃഗങ്ങളുടെ വാസസ്ഥലം, അക്വേറിയം, മൃഗശാല ആശുപത്രി എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണി, പരിപാലനം, സമ്പുഷ്ടീകരണം, മൃഗശാലകളിലെ ജലം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം, ദുരന്ത നിവാരണം തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളുടേയും മെച്ചപ്പെടുത്തൽ.
- ഗതാഗതം ഉൾപ്പെടെ മൃഗശാലയിലേക്ക് കൂടുതൽ മൃഗങ്ങളെ സ്വായത്തമാക്കൽ.
- വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങളും ജീവനക്കാർക്കുള്ള കാര്യശേഷി വികസനവും.
  മൃഗശാലയിലെ സന്ദർശക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

**(3) നവോത്ഥാന മ്യൂസിയം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരളം കലയുടെയും സംസ്കാരത്തിന്റെയും പൈതൃകത്തിന് പേരു കേട്ട സ്ഥലമാണ്. കേരളത്തിലെ സാമൂഹിക മാറ്റങ്ങളുടെ അടിത്തറ പതിനാറാം നൂറ്റാണ്ടിലേതാണ്. ഈ കാലഘട്ടത്തിലാണ് മലയാള ഭാഷയുടെ ആധുനിക രൂപീകരണം ആരംഭിച്ചത്. തിരുവിതാംകൂറിലും കൊച്ചിയിലും കേന്ദ്രീകൃത രാജവാഴ്ചകൾ സ്ഥാപിച്ചതോടെ കേരളത്തിന്റെ രാഷ്ട്രീയ ക്രമത്തിൽ വന്ന മാറ്റങ്ങൾ പഴയ ഫ്യൂഡൽ ക്രമം കുറയുന്നതിലേക്ക് നയിച്ചു. ഉത്തരേന്ത്യയിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ പ്രബുദ്ധതയെ താഴ്ന്ന ജാതിക്കാർ നയിച്ചു. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ താഴ്ന്നവരായി കണക്കാക്കപ്പെടുന്ന ജാതി വിഭാഗങ്ങളിൽപ്പെട്ടവരാണ്, ശ്രീ. നാരായണ ഗുരു, അയ്യൻകാളി തുടങ്ങിയവർ. നവോത്ഥാനത്തിലൂടെ സംസ്ഥാനം ആധുനികവും മതേതരവും ജനാധിപത്യപരവുമായ ഒരു സമൂഹമായി ഇപ്പോൾ പരിണമിച്ചു. ഒരു ആധുനിക സമൂഹത്തിലേക്കുള്ള കേരളത്തിന്റെ ഈ വികാസം നവോത്ഥാന മ്യൂസിയങ്ങളിലൂടെ പ്രദർശിപ്പിക്കേണ്ടതുണ്ട്.

2021-22 ബജറ്റിൽ  ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(4). എ.കെ.ജി. മ്യൂസിയം**

**(വിഹിതം : 300.00 ലക്ഷം രൂപ)**

എ.കെ ഗോപാലൻ അല്ലെങ്കിൽ എ.കെ.ജി എന്നറിയപ്പെടുന്ന ആയില്ല്യത്ത് കുട്ടിയാരി ഗോപാലൻ (ഒക്ടോബർ 1, 1904 – മാർച്ച് 22, 1977) ഒരു വലിയ വിപ്ലവകാരിയായിരുന്നു. അദ്ദേഹത്തിന്റെ പോരാട്ടം അദ്ദേഹത്തിന്റെ നിലനിൽപ്പിന്റെ ഭാഗമായിരുന്നു. ദുർബല വിഭാഗങ്ങളോടുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത അദ്ദേഹത്തിന്  "ദരിദ്രരുടെ ജനറൽ" എന്ന പേര് നേടാൻ  ഇടയാക്കി. 1952 ലെ ആദ്യലോകസഭയിൽ പ്രതിപക്ഷ നേതാവായി പ്രവർത്തിച്ചു. അതിനാൽ എ.കെ. ഗോപാലന്റെ അല്ലെങ്കിൽ എ.കെ.ജി-യുടെയും ജീവിതവും സമയവും സംബന്ധിച്ച  ഒരു വ്യക്തിഗത മ്യൂസിയം സ്ഥാപിക്കുന്നത് പ്രധാനമാണ്.

എ.കെ.ജി മ്യൂസിയം സ്ഥാപിക്കുന്നതിന് 2021-22 ബജറ്റിൽ  300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(5). ശ്രീ ചിത്രാ ആർട്ട്  ഗ്യാലറിയുടെ നിർമ്മാണം**

**(വിഹിതം : 400.00 ലക്ഷം രൂപ)**

കേരളത്തിലെത്തുന്ന ആയിരക്കണക്കിന് വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ശ്രീ ചിത്രാ ആർട്ട് ഗ്യാലറി.  1935 ൽ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവാണ് ഇത് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തത്. ശ്രീ രാജ രവിവർമ്മ (1848-1906)യുടേതടക്കം വിലപിടിപ്പുള്ളതും ലോക പ്രശസ്തവും മഹത്തരമായതുമായ നിരവധി ചിത്രങ്ങൾ ഉണ്ട്. ഇവ ഗാലറിയുടെ സമൃദ്ധമായ പെയിന്റിംഗുകളുടെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നു.

ഗ്യാലറി ഇപ്പോൾ താഴ്ന്ന മേൽക്കൂരയുള്ളതും ടൈല് ചെയ്തതുമായ ഒരു ഘടനയിലാണ് പ്രവർത്തിക്കുന്നത്. അത് തീപിടുത്തത്തിന് സാധ്യതയുള്ളതും പ്രദർശിപ്പിച്ചിരിക്കുന്നതുമായ അമൂല്യവും വിലയേറിയതുമായ പെയിന്റിംഗുകൾക്ക് സുരക്ഷ പ്രശ്നങ്ങൾ ഉയർത്തുകയും ചെയ്യുന്നു. വാസ്തവത്തിൽ പെയിന്റിംഗുകൾ നിരവധി ചെറിയ മുറികളിൽ പ്രദർശിപ്പിച്ചിരിക്കുന്നു, ശരിയായ പ്രദർശനത്തിനുള്ള സ്ഥലം കുറവാണ്. കൂടാതെ തിങ്ങിനിറഞ്ഞതും അശാസ്ത്രീയവുമായിത്തീർന്നിരിക്കുന്നു. മ്യൂസിയം ലൈബ്രറി, കൺസർവേഷൻ ലബോറട്ടറി, ശരിയായ സ്റ്റോർ, സെക്യൂരിറ്റി കൺട്രോൾ, മോണിറ്ററിംഗ് സൗകര്യങ്ങൾ, ടിക്കറ്റ് കൗണ്ടറുകൾ ക്ലോക്ക്റൂം, പൊതു സൗകര്യങ്ങൾ, ദുരിതാശ്വാസ മേഖലകൾ എന്നിവ പോലുള്ള അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴത്തെ ഗാലറിയിൽ തീരെ കുറവാണ്. ഗാലറി സന്ദർശിക്കുന്ന കലാ പ്രേമികളുടെ മികച്ച വിദ്യാഭ്യാസത്തിനും ആസ്വാദനത്തിനുമായി മാത്രമല്ല, ശരിയായ ലൈറ്റിംഗും ആധുനിക പ്രദർശന പാറ്റേണുകളും ഉള്ള വിശാലമായ ഗാലറികൾ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ശ്രീ രാജ രവിവർമ്മയുടെ പെയിന്റിംഗുകൾ (43 എണ്ണം) രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ ശേഖരമുള്ളത് ശ്രീ ചിത്ര ആർട്ട് ഗാലറിയിലാണ്.

2021-22 ബജറ്റിൽ ഇതിനായി  400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

**(വിഹിതം  :  1300.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് മലയാള സിനിമയുടെ പ്രോത്സാഹനത്തിനും നിർമ്മാണത്തിനുമായി സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 1975-ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്ഥാപിതമായി.  തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സും 17 സിനിമാ പ്രദർശനശാലകളും അടങ്ങിയ ശൃംഖല കോർപ്പറേഷന്റെ അധീനതയിലുണ്ട്.  തിയേറ്ററുകളുടെയും സ്റ്റുഡിയോകളുടേയും

വികസനവും സിനിമാ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കലുമാണ് കോർപ്പറേഷന്റെ മുഖ്യപ്രവർത്തന ങ്ങൾ. 2020-21 ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക വേണ്ടി 1300.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

- കൊച്ചിയിലെ കടവന്ത്രയിൽ 5 നില പോസ്റ്റ് പ്രൊഡക്ഷൻ സെന്ററിന്റെ നിർമ്മാണവും ഓട്ട് ഡോർ ഉപകരണങ്ങൾ വാങ്ങലും
- തൃശ്ശൂരിലെ കൈരളി /ശ്രീ തിയേറ്ററിലെ സംസ്കാരിക സൗകര്യങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ
- കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (കെഎസ്എഫ്ഡിസി) ഉടമസ്ഥതയിൽ ഒ.ടി.ടി (ഓവർ ദ ടോപ്പ്) പ്ലാറ്റ്ഫോം സമാരംഭിക്കുക.

വിനോദ വ്യവസായം വളരെ വേഗത്തിൽ വളരുന്നതിനാൽ സിനിമകളിലേക്ക് കാഴ്ചക്കാരെ ആകർ ഷിക്കുന്നതിനുള്ള പുതിയ രീതികൾ ഒ.ടി.ടി. (ഓവർ ദ ടോപ്പ്) പ്ലാറ്റ് ഫോം നല്കുന്നു. ഫിലിമും മറ്റ് ഉള്ളട ക്കങ്ങളും ഇന്റർനെറ്റിലൂടെ റിലീസ് ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഒ.ടി.ടി. ഒ.ടി.ടി പ്ലാറ്റ് ഫോം വഴി റിലീസ് ചെയ്യുന്ന ചിത്രങ്ങൾ തിയ്യേറ്റർ സന്ദർശികാതെ പ്രേക്ഷകർക്ക് കാണാൻ കഴിയും. ഇതിന്റെ ഉള്ളടക്കം പ്രേക്ഷകർക്ക് സൗകര്യപ്രദമായ സമയത്ത് കാണാൻ സൗകര്യപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യ ത്തിൽ, ഭാവിയിൽ കെ.എസ്.എഫ്.ഡി.സി യുടെ ബിസിനസ്സ് താല്പര്യം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി) ഈ സംവിധാനം നടപ്പിലാക്കുന്നത്.

സ്ത്രീ ശാക്തികരണത്തിനായുള്ള വലിയ കാഴ്ചപ്പാടിന്റെ ഭാഗമായി മൊത്തം 300.00 ലക്ഷം രൂപ വനിത സംവിധായകർക്ക് 2 ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്നതിനും (ഭാഗികമായി ധനസഹായം നൽകുന്നതിനും) വകയിരുത്തുന്നു. മലയാള ചലച്ചിത്ര വ്യവസായത്തിൽ എസ്.സി/എസ്.ടി ഡയറക്ടർമാർക്ക് 2 ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്നതിന് (ഭാഗിക ധനസഹായം) അനുവദിക്കുന്നതിന് 300.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പ്രാരംഭ പ്രോജക്ടുകളിൽ നിന്നുള്ള വരുമാനം ഭാവിയിൽ കൂടുതൽ സിനിമകളുടെ നിർമ്മാണത്തിനായി ഉപയോഗിക്കും.

### 7. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം

**(വിഹിതം : 80.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി. സേവനരംഗത്തെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ധാരാളം പരിപാടികൾ ലൈബ്രറിയിൽ നടപ്പിലാക്കുന്നുണ്ട്. 2021-22-ൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കായും നാഷണൽ മിഷൻ ഓൺ ലൈബ്രറീസ് എന്ന കേന്ദ്ര പദ്ധതിയുടെ ആനുപാതിക വിഹിതത്തിനായും 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പുതിയ പുസ്തകങ്ങൾ, ആനുകാലികങ്ങൾ, വർത്തമാനപത്രങ്ങൾ, ഓഡിയോ പുസ്തകങ്ങൾ, കാഴ്ച പരിമിതർക്കുള്ള പുസ്തകങ്ങൾ എന്നിവ വാങ്ങൽ
- ഗ്രന്ഥശാലക്കാവശ്യമായ ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുക
- ബുക്കുകൾ ബൈന്റ് ചെയ്യുക
- വ്യാപന പ്രവർത്തനങ്ങൾ
- RFID സിസ്റ്റം ഉൾപ്പെടെയുള്ള കമ്പ്യൂട്ടർവത്ക്കരണം
- ഡിജിറ്റലൈസേഷൻ.
- സാങ്കേതിക ജോലികളുടെ നവീകരണം, പഴയ ഹെറിട്ടേജ് കെട്ടിടങ്ങളുടെയും, അതിനോടനുബന്ധിച്ച കെട്ടിടങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ

- അമൂല്യ രേഖകളുടെ സംഭരണവും ക്രോഡീകരണവും വിതരണവും
- വിലയേറിയ /അമൂല്യ രേഖകളുടെ സംരക്ഷണവും, പരിപാലനവും
- ഡിജിറ്റലൈസേഷൻ പരിശീലന പരിപാടികൾ

**8.സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം : 130.00 ലക്ഷം രൂപ)**

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യത്തിനുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അവയുടെ സ്വീകാര്യത വർദ്ധിപ്പിച്ച് ജനപ്രിയമാക്കുകയും ചെയ്യുന്നു. കുട്ടികൾക്കായി "തളിര്" എന്ന മാസിക ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. കുട്ടികളിലെ വായനാശീലവും, സർഗ്ഗാത്മകതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ, അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മത്സരങ്ങൾ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 130.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കുട്ടികളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരണം.
- പുതിയ കെട്ടിടത്തിന്റെ നിർമ്മാണം
- കുട്ടികളുടെ സാഹിത്യത്തിലെ ഏതെങ്കിലും ഒരു മേഖലയിലെ മികച്ച സംഭാവനയ്ക്കുള്ള പാല കെ.എം . മാത്യു അവാർഡ്.
- തിരുവനന്തപുരം അന്താരാഷ്ട്ര പുസ്തകമേള
- തളിര് ബുക്ക് റീഡിംഗ് പ്രമോഷൻ സ്കോളർഷിപ്പ്
- തളിര് ക്ലബ് (പുതിയ പദ്ധതി )
- ബാലസാഹിത്യ അവാർഡ്
- ഓഫീസ് ഡിജിറ്റലൈസേഷൻ
- സാംസ്കാരിക പ്രവർത്തനങ്ങൾ
- തളിര് മാസികയുടെ പ്രസിദ്ധീകരണം
- സ്ഥാപനത്തിന്റെ ഓൺലൈൻ പ്രവർത്തനങ്ങൾ
- വർക്ക്ഷോപ്പും, സെമിനാറുകളും എഴുത്തുകാരുമായുള്ള സമ്പർക്ക പരിപാടിയും.
- പ്രാദേശിക പ്രദർശനങ്ങളും അന്താരാഷ്ട്ര പുസ്തക മേളകളിലും പങ്കാളിത്തം.
- സംവേദാത്മക പുസ്തകങ്ങളുടെ ഉദ്പാദനം, ഇ-ബുക്ക് വായന, പരസ്യം, പദ്ധതി നയപ്പിലാക്കൽ
- എല്ലാ ജില്ലകളിലും അക്ഷര യാത്ര നടത്തുക, ലൈബ്രറി നവീകരിക്കുക, പുസ്തക വിൽപ്പന ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക .
- എല്ലാ ജില്ലകളിലും പുസ്തക വിൽപ്പന ശാലകൾ സ്ഥാപിക്കുക, ഷാർജ പുസ്തക മേള, ഓഫീസ് കെട്ടിടത്തിന്റെ നവീകരണം.
- പുസ്തക നിറവ് നടത്തുക.

**9.സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം :100.00 ലക്ഷം രൂപ)**

പ്രശസ്ത എൻസൈക്ലോപീഡിയകളായ, എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, അമേരിക്കാന എന്നിവയുമായി താരതമ്യപ്പെടുത്താവുന്ന ഉയർന്ന നിലവാരം പുലർത്തുന്ന വിജ്ഞാനകോശങ്ങളും സമാനതരത്തിലുള്ള മറ്റ് റഫറൻസ് പുസ്തകങ്ങളും മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്ഥാപനമാണ് സംസ്ഥാന സർവ്വവിജ്ഞാനകോശപ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്. 2021-22 സാമ്പത്തിക

വർഷത്തിൽ പൊതു വിജ്ഞാനകോശത്തിന്റെ 18 വാല്യം, നിയമ വിജ്ഞാന കോശം, മലയാള സാഹിത്യ വിജ്ഞാന കോശം, സർവ്വവിജ്ഞാന കോശം വാല്യം-19 ന്റെ പ്രധാന രചനകൾ അച്ചടിക്കാനും സർവ്വവിജ്ഞാന കോശം വാല്യം-20 ന്റെ പ്രാഥമിക തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ നടത്താനും ഉദ്ദേശിക്കുന്നു. എൻസൈക്ലോപീഡിയ ഓഫ് വേൾഡ് നേഷൻസ് എൻസൈക്ലോപീഡിയ ഓഫ് എലമെന്റ്സ്, കേരള സർവ്വവിജ്ഞാന കോശം, നവ സാങ്കേതിക വിജ്ഞാനകോശം എന്നി തയ്യാറാക്കുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു. കൂടാതെ ആധുനികവൽക്കരണം അനുബന്ധ പ്രവർത്തികൾ, ലൈബ്രറി പുസ്തകങ്ങളുടെ വാങ്ങൽ, വർക്ക്ഷോപ്പുകൾ/സെമിനാറുകൾ നടത്തുക എന്നിവയും ഉൾപ്പെടുന്നു.

**10. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം : 184.00 ലക്ഷം രൂപ)**

കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു അക്കാദമിക പുസ്തക പ്രസാധക ഏജൻസിയാണ്, 45 വർഷത്തെ സേവന പാരമ്പര്യമുണ്ട്. പ്രാദേശിക ഭാഷാ വികസനത്തിന്റെ ദേശീയ നയത്തിന്റെ ഭാഗമായി 1968-ലാണ് ഇത് സ്ഥാപിതമായത്. സംസ്ഥാനത്തിന്റെ പ്രാദേശിക ഭാഷയുടെ വികസനത്തെ ഇൻസ്റ്റിറ്റ്യൂട്ട് പ്രോത്സാഹിപ്പിക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്ന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പുസ്തക പ്രസിദ്ധീകരണം. ഇതിനോടകം 3500-ഓളം പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട്, നൂറ് പുതിയ ശീർഷകങ്ങളും അമ്പത് പുന: പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെ പ്രതിവർഷം നൂറ്റമ്പതോളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

തഴെപ്പറയുന്ന പ്രവർത്തികൾക്കായി 2021-22 ബഡ്ജറ്റിൽ 184.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

- ഇ-ഭരണം
- കൃതികളുടെ അച്ചടിയും പ്രസിദ്ധീകരണവും
- റിസർച്ച് ഫെലോഷിപ്പ്
- ഗോൾഡൻ ജൂബിലി ഫെലോഷിപ്പ്, ഹിസ്റ്ററി ഓഫ് മാൻകൈൻഡ് സിരീസ്, സമഗ്ര ഗ്ലോസറി ഓഫ് സയൻസ് ആൻഡ് ഹ്യൂമാനിറ്റീസ്
- ഡോ. ബി.ആർ. അംബേദ്കറുടെ പുസ്തക ശേഖരങ്ങളുടെ അച്ചടി, പുന:പ്രസിദ്ധീകരണം, കോഴിക്കോട് പുസ്തക ശാലയുടെ ഡിജിറ്റലൈസേഷൻ നവീകരണം
- മലയാളം കമ്പ്യൂട്ടിംഗ്, പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, വിവർത്തന കോഴ്സ്, ജപ്പാനീസ് ഭാഷ പഠന കോഴ്സ്
- കേരള ജന ചരിത്രം, യൂണിവേഴ്സിറ്റി ലെവൽ ബുക്ക് പ്രൊഡക്ഷൻ, വിജ്ഞാന കൈരളി വിജ്ഞാന മുദ്രണം പ്രസ്സിനുള്ള പുതിയ കെട്ടിടം
- വിജ്ഞാന കൈരളി മാഗസിൻ ഇന്റീരിയൽ ഡിസൈനിംഗ്, പുതിയ കെട്ടിടത്തിനുള്ള ഫർണിഷിംഗ്
- ലഘു വിജ്ഞാനകോശം (ഗോത്ര ഭാഷ)

**11. കേരള സാഹിത്യ അക്കാദമി**

**(വിഹിതം : 300.00 ലക്ഷം രൂപ)**

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ഉന്നമനത്തിനും വികസനത്തിനുമായി സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. 1956-ൽ സ്ഥാപിതമായ അക്കാദമി മലയാള ഭാഷയിൽ അപൂർവ്വവും അമൂല്യവുമായ പുസ്തകങ്ങളും സാഹിത്യ ലോകം, സാഹിത്യ ചക്രവാളം തുടങ്ങിയ മാഗസിനുകളും പ്രസിദ്ധീകരിക്കുന്നുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി ബജറ്റ് 2021-22-ൽ 300.00

ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സാഹിത്യ യോഗങ്ങൾ, സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ, ശതാബ്ദികൾ, എഴുത്തുകാരുടെ ക്യാമ്പ്, പുസ്തകമേള, അക്ഷരപെരുമ സാംസ്കാരികോത്സവം, പ്രവാസികൾക്കിട യിൽ സാഹിത്യ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, മറ്റ് സാംസ്കാരിക കൈമാറ്റ പരിപാടികൾ.
- ഒമ്പത് വാല്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മലയാള സാഹിത്യത്തെക്കുറിച്ചുള്ള ഹിസ്റ്റോറിയോഗ്രാഫി പ്രോജക്ട്
- സാംസ്കാരിക കൈപുസ്തക പ്രസിദ്ധീകരണം
- കൈരളി ഗ്രാമത്തിന്റെ പരിപാലനം
- മലയാളം ഗ്രന്ഥസൂചി
- അപ്പൻ തമ്പുരാൻ മ്യൂസിയത്തിന്റെ പരിപാലനം
- സാഹിത്യ അക്കാദമിയുടെ കീഴിലുള്ള വിവിധ സ്മാരകങ്ങൾ അക്കാദമി കെട്ടിടങ്ങളുടെ പരിപാലനം/നവീകരണം
- പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ആനുകാലികങ്ങൾ, കൈപുസ്തകങ്ങൾ തയ്യാറാക്കൽ
- എഴുത്തച്ഛൻ പുരസ്കാരം ഉൾപ്പെടെ വിവിധ അവാർഡുകൾ
- ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി പ്രോജക്ടുകൾ
- വിവിധ ക്യാമ്പുകൾ എക്സിബിഷനുകൾ, സെമിനാറുകൾ, സാംസ്കാരിക കൈമാറ്റ പരിപാടികൾ എന്നിവ നടത്തുക.
- മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ

**12. കേരള സംഗീത നാടക അക്കാദമി**

**(വിഹിതം : 550.00 ലക്ഷം രൂപ)**

സംഗീതം, നൃത്തം, നാടകം നാടൻകലകൾ എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനുവേണ്ടി കേരള സംഗീതനാടക അക്കാദമി 1958-ൽ സ്ഥാപിക്കപ്പെട്ടു. മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ, കലാ ഉത്സവങ്ങൾ, സ്വാതി സംഗീതോൽസവം, ഷഡ്കാല ഗോവിന്ദമാരാർ സംഗീതോൽസവം എന്നിങ്ങനെയുള്ള പരിപാടികൾ നടത്തുന്നു. അമേച്വർ നാടകം/പ്രൊഫഷണൽ നാടകമേളകൾ അക്കാദമി സംഘടിപ്പിക്കുന്നു. അക്കാദമിക്ക് 2021-22-ബഡ്ജറ്റിൽ 550.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

- വിവിധ അവാർഡുകൾ
- അമചർ/പ്രൊഫഷണൽ നാടക മത്സരം
- ഷഡ്കാല ഗോവിന്ദമാരാർ സംഗീതോൽസവം
- കഥാ പ്രസംഗം
- വിവിധ സംഗീതം, നാടകം, ഡാൻസ്, മാജിക് പരിപാടികൾ.
- പ്രസിദ്ധീകരണങ്ങൾ
- സ്കോളർഷിപ്പ് സ്റ്റൈപ്പന്റ്/അവാർഡ് എന്നിവ നൽകൽ
- അന്താരാഷ്ട്ര നാടകോത്സവം
- കേരളത്തിന്റെ അന്തരാഷ്ട്ര നാടകമേള (ITFOK)
- നാടകത്തിന് സ്ഥിരം വേദി
- കലാകാരന്മാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പോളിസി

- വിവിധ നിർമ്മാണ/സാംസ്കാരിക/പ്രവർത്തനങ്ങൾ
- കലാലയ നാടക മത്സരം

**13. കേരള ലളിതകലാ അക്കാദമി**

**(വിഹിതം : 500 .00 ലക്ഷം രൂപ)**

കലാകാരന്മാരുടെ പ്രത്യേകിച്ചും ചിത്രകാരന്മാരുടേയും ശില്പികളുടേയും കലാവാസനകളെ പരിപോഷിപ്പിക്കുന്ന പരിപാടികളാണ് അക്കാദമി നടപ്പാക്കി വരുന്നത്. പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ കലാകാരന്മാർക്ക് ധനസഹായവും ലളിതകലാവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അക്കാദമി നൽകിവരുന്നു. അക്കാദമിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മൊത്തം തുകയിൽ നിന്നും 30.00 ലക്ഷം രൂപ വനിതാ കലാ കാരികൾക്കായി മാറ്റിവെച്ചിരിക്കുന്നു.

- വിവിധ അവാർഡുകൾ, ഫെല്ലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ നൽകുക.
- ദേശീയ, പ്രാദേശിക, സംസ്ഥാനതല ക്യാമ്പുകൾ (പെയിന്റിംഗ്/ശില്പം/ഫോട്ടോഗ്രാഫി/ കാർട്ടൂൺ/ഗോത്ര, പരമ്പരാഗത)
- ആർട്ടിന്റെയും ആർട്ടിസ്റ്റുകളുടേയും ചലിച്ചിത്രമേള, ആർട്ടിസ്റ്റ് റെസിഡൻസി
- ഏക/സംഘ പ്രദർശനങ്ങൾ
- കലകളുടെയും, കലാകാരന്മാരുടെയും ചലച്ചിത്രോത്സവം, കലാകാരൻമാരുടെ താമസം
- കിളിമാനൂർ ആർട്ട് ഗാലറി വികസനം
- കക്കനൻപാറ കലാഗ്രാമത്തിന്റെ വികസനം
- ചിത്രവാർത്ത, ത്രൈമാസ പബ്ലിക്കേഷനുകൾ
- സംവാദങ്ങളും സെമിനാറുകളും, വാടകയും പരിപാലനവും, രാജാ രവിവർമ്മ സ്മാരക നിലയം സ്കൂളുകളിലെ പൊതു ശില്പം മറ്റുള്ളവ
- ഫോട്ടോഗ്രഫി ക്യാമ്പുകളും, കാർട്ടൂൺ വർക്ക് ഷോപ്പുകളും
- പുസ്തകങ്ങളുടെയും, ജേർണലുകളുടെയും പ്രസിദ്ധീകരണം
- മറ്റു സാംസ്കാരിക പ്രവർത്തനങ്ങൾ

**14.കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

സ്റ്റാറ്റ്യൂട്ടറി ബോഡിയായ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാനത്തെ 8821 –ലധികം ലൈബ്രറികളുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. കേരള സമൂഹത്തിന്റെ പുരോഗതിക്ക് ശക്തമായ അടിത്തറ സൃഷ്ടിച്ച ഒരു മാനസിക കൂട്ടായ്മയാണ് ലൈബ്രറി പ്രസ്ഥാനം.

നിയമത്തിന്റെ പിൻബലവും ജനകീയ അടിത്തറയും ലൈബ്രറി സേവനത്തെ സർവത്രികവും മെച്ചപ്പെടുത്തിയതുമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രവർത്തനങ്ങളിലൂടെ, ഈ സേവനങ്ങളുടെ ഗുണ നിലവാരം ഉയർത്തുകയും സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിലേക്ക് എത്താൻ കഴിയുകയും ചെയ്തു. ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിലൂടെ അനാഥാലയങ്ങൾ, ജുവനൈൽ ഹോമുകൾ, പ്രായമായ ആളുകളുള്ള വീടുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ താമസകാർക്ക് പൊതു ലൈബ്രറി സേവനങ്ങൾ ലഭ്യമാകും. ഇത് വായനയിലൂടെ മാനസിക വളർച്ചയ്ക്ക് കാരണമായിത്തീരുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവര വ്യാപനവും വായനയും സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെ 2021-22 വർഷം പദ്ധതികൾ നടപ്പിലാക്കാൻ കൗൺസിൽ ഉദ്ദേശിക്കുന്നു. 2021-22 വർഷത്തെ ബജറ്റിൽ താഴെപ്പറയുന്ന

പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- മാതൃകാ ഗ്രാമീണ ഗ്രന്ഥശാലകൾ
- അക്കാഡമിക് പഠനകേന്ദ്രങ്ങൾ
- ജയിൽ, ജുവനൈൽഹോം ലൈബ്രറി സർവ്വീസ്
- കുട്ടികളുടെ വീടുകളിലേയ്ക്കുള്ള ഗ്രന്ഥശാല സേവനം
- ആശുപത്രികളിലെ ഗ്രന്ഥശാലാ സേവനം
- അനാഥ മന്ദിരങ്ങളിലെ ഗ്രന്ഥശാലാ സേവനം
- ഹെർമിറ്റേജ് ലൈബ്രറി
- ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം
- ബ്രെയ്‌ലി - ഓഡിറ്ററി ലൈബ്രറി
- ഡിജിറ്റൽ ലൈബ്രറി
- ഗോത്രയാനം (പുതിയ പദ്ധതി) : സംസ്ഥാനത്തൊട്ടാകെ 66 പട്ടികവർഗ്ഗ ലൈബ്രറികൾ കെ.എസ്.എൽ.സി ആരംഭിച്ചു. ഇതിൽ തിരഞ്ഞെടുത്ത പട്ടികവർഗ്ഗ ലൈബ്രറിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിനായി സ്മാർട്ട് ക്ലാസ് റൂം (ഗോത്രയാനം) ആരംഭിക്കാൻ ഒരുങ്ങുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂൾ സമയത്തിനു ശേഷവും അവധി ദിനങ്ങളിലും അവരുടെ ഓൺലൈൻ ക്ലാസുകൾക്കും ഈ കേന്ദ്രങ്ങൾ ഉപയോ ഗിക്കാൻ കഴിയും.

**15.കേരള നാടൻകലാ അക്കാദമി**

**(വിഹിതം : 210.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ നാടൻകലകൾ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1995-ൽ കേരള നാടൻകലാ അക്കാദമി സ്ഥാപിതമായത്. നാടൻകലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ഒട്ടനവധി പ്രവർത്തനങ്ങൾ അക്കാദമി സംഘടിപ്പിക്കുന്നു. നാടൻ കലാമേളകൾ, സെമിനാറുകൾ, നിർധനരായ നാടൻ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകൽ മികച്ച നാടൻ കലാകാരന്മാർക്ക് അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകൽ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. അക്കാദമിയുടെ 2021-22 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 210.00 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നു:

- സെമിനാറുകൾ /അവാർഡുകൾ/മറ്റ് സംസ്കാരിക പ്രവർത്തനങ്ങൾ
- നാടൻകലകളിൽ പരിശീലനത്തിനായി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്.
- രാജ്യാന്തര നാടൻ കലാമേള
- പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.
- മറ്റ് സാംസ്കാരിക പരിപാടികൾ

**16. ഗുരുഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്**

**(വിഹിതം : 35.00 ലക്ഷം രൂപ)**

ഇന്ത്യൻ നൃത്തരൂപങ്ങളുടെ ഒരു പഠന, പരിശീലന ഗവേഷണകേന്ദ്രമായാണ് ഗുരുഗോപിനാഥ് നടനഗ്രാമം സ്ഥാപിതമായിത്. വിവിധ നൃത്ത രൂപങ്ങളുടേയും സംഗീതോപകരണങ്ങളുടേയും പരിശീലനക്ലാസ്സുകൾ നടനഗ്രാമം നടത്തി വരുന്നു. കേരളത്തിലെ നൃത്തരൂപങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ഇവിടെ സ്ഥിരമായി നടത്തിവരുന്നു. 2021-22 വർഷത്തേക്കുള്ള ബഡ്ജറ്റിൽ താഴെപ്പറ യുന്ന പ്രവർത്തനങ്ങൾക്കായി നടന ഗ്രാമത്തിന് 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഡിജിറ്റലൈസേഷനിലൂടെ ഗുരു ഗോപിനാഥ് നാഷണൽ ഡാൻസ് മ്യൂസിയം ലോക മ്യൂസിയം നിലവാരത്തിലേക്ക് ഉയർത്തുക ഘട്ടം II
- ഡാൻസ്, ആർട്ട് അക്കാദമി എന്നിവയ്ക്കുള്ള കെട്ടിടത്തിന്റെ നിർമ്മാണം
- ഗുരുഗോപിനാഥ് നാഷണൽ നാട്യ പുരസ്കാരം
- പൊലി - പ്രതിമാസ നൃത്ത മത്സരം
- പുസ്തകങ്ങളുടെ പ്രസിദ്ധീകരണങ്ങൾ, ബുള്ളറ്റിൻ, ത്രൈമാസ മാസിക
- മ്യൂസിയം പഠനങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര വർക്ക് ഷോപ്പ്
- മ്യൂസിയം പഠന കേന്ദ്രം ചിലമ്പൊലി നൃത്തമണ്ഡപത്തിന് മേൽക്കൂരയുടെ നിർമ്മാണം
- സംയോജിത നൃത്ത അഭിനയ ക്യാമ്പ്
- ഗോത്ര-നാടോടി നൃത്ത യുവാക്കളുടെ റെസിഡൻഷ്യൽ ക്യാമ്പ്, രസിക-വനിതാ കലാ ശാക്തീ കരണം
- കേരള നടനം - ഡിഗ്രികോഴ്സ് സിലബസും വിലയിരുത്തലും തയ്യാറാക്കുന്നതിനുള്ള ഭരണപരമായ ചെലവ്
- നൃത്തം,സംഗീതം, ഉപകരണ സംഗീത പരിശീലനം

**17. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

**(വിഹിതം : 1100.00 ലക്ഷം രൂപ)**

മലയാളത്തിൽ നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1998-ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്ഥാപിച്ചു. സിനിമ വ്യവസായത്തെക്കുറിച്ചും, ടെലിവിഷൻ രംഗത്തെക്കുറിച്ചും നയപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ അക്കാദമി ഗവൺമെന്റിനെ സഹായിക്കുന്നു. ഫിലിം ഫെസ്റ്റിവൽ, സിനിമാ ആസ്വാദന കോഴ്സുകൾ, ഡോക്യുമെന്റേഷൻ എന്നീ പ്രവർത്തനങ്ങളിലൂടെ സിനിമ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളുടെ വികസനത്തിനായി അക്കാദമി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. സിനിമ വ്യവസായവും സർക്കാരും തമ്മിൽ ബന്ധിപ്പിക്കുന്ന മാധ്യസ്ഥമായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രവർത്തിക്കുന്നു. അക്കാദമിയുടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50.00 ലക്ഷം രൂപ വനിതകൾക്ക് ഗുണം ചെയ്യുന്ന വിധത്തിൽ വിനിയോഗിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

- രാജ്യാന്തര ചലച്ചിത്ര മേള
- ദേശീയ ചലച്ചിത്രോത്സവങ്ങൾ.
- അന്തരാഷ്ട്ര ഡോക്യുമെന്ററികളും ഹ്രസ്വചലച്ചിത്രോത്സവങ്ങളും.
- ഫിലിം ലൈബ്രറി.
- പ്രസിദ്ധീകരണം
- ഡിജിറ്റലൈസേഷനും ഡോക്യുമെന്റേഷനും
- ഫിലിം ആസ്വാദന കോഴ്സുകൾ
- വെബ്സൈറ്റ്, പോർട്ടൽ എന്നിവ
- കുട്ടികൾക്കുള്ള ഓഡിയോ വിഷ്വൽ പരിശീലനം
- ഫെല്ലോഷിപ്പുകളും ഗവേഷണവും
- മലയാളം സിനിമകളുടെ പ്രോത്സാഹനം, അടിസ്ഥാന പശ്ചാത്തല വികസനം

- ഫിലിം സൊസൈറ്റികളുടെ പ്രോത്സാഹനം.
- ടെലിവിഷൻ മാധ്യമ സെമിനാറുകൾ, ശില്പശാലകൾ ഡോക്യുമെന്ററി മുതലായവ.
- ടൂറിംഗ് ടാക്കീസ് (പ്രാദേശിക കേന്ദ്രങ്ങൾ)
- കുട്ടികളുടെ ചലചിത്രമേള

**പുതിയ പദ്ധതികൾ**

- സിഫ്ര ഫിലിം ആർക്കൈവ്സ്
- മലയാള സിനിമയുടെ മ്യൂസിയം
- പ്രശസ്ത ചലച്ചിത്ര വ്യക്തികളുടെ ജീവിതവും സംഭാവനകളും രേഖപ്പെടുത്തുക.
- മോണോഗ്രാഫ് പ്രോജക്ട്, ഗവേഷണ പങ്കാളിത്തം അക്കാദമിക സഹകരണം
- ട്രൈബൽ സിനിമാ വീഡിയോ ഓൺഡിമാന്റ് പ്ലാറ്റ്ഫോം 4kറീ-മാസ്റ്ററിംഗും പുന:സ്ഥാപനവും, ഫിലിം ആസ്വാദന/വിലയിരുത്തൽ കോഴ്സ്, നൈപുണ്യ വികസന പരിപാടി
- സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഫിലിം സ്റ്റഡി പ്രോഗ്രാം, ഫിലിം സബ്സിഡികൾ, സിനിമ പ്രമോഷൻ യൂണിറ്റ് എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് പഠന പദ്ധതി.
- ട്രാൻസ്ജെൻഡർ ഫിലിം പ്രോജക്ട്
- മലയാളം ഫിലിം മാർക്കറ്റിംഗ്
- പ്രെജക്ടർ/ഉപകരണങ്ങൾ

പദ്ധതി നിർവ്വഹണം മുൻഗണനാടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടതാണ്.

**18.വൈലോപ്പിള്ളി സംസ്കൃതി ഭവന് (വിവിധോദ്ദേശ സാംസ്കാരിക സമുച്ചയം)**

**(വിഹിതം : 60.00 ലക്ഷം രൂപ)**

വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയമായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരളത്തിലെ സാംസ്കാരിക പാരമ്പര്യങ്ങൾക്കും കലാരൂപങ്ങൾക്കും വേണ്ടിയുള്ള ഗവേഷണം, ഡോക്യുമെന്റേഷൻ, പ്രകടനം, സംരക്ഷണ കേന്ദ്രം എന്നിവയായി പ്രവർത്തിക്കുന്നു. 2001 ലാണ് സൊസൈറ്റി സ്ഥാപിതമായത്. ക്ലാസിക്കൽ ഡാൻസ്, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, പ്രഭാഷണങ്ങൾ, അവതരണങ്ങൾ, മറ്റ് സാംസ്കാരിക പരിപാടികൾ എന്നിവയും നടത്തിവരുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- അവധിക്കാല ക്യാമ്പ്
- കൂത്തമ്പലം നവീകരണം
- സാംസ്കാരിക സ്ഥാപനങ്ങളുടെ സംയുക്ത പരിപാടി
- ലൈബ്രറി, പൂന്തോട്ടങ്ങൾ
- ക്യാമ്പുകളും വർക്ക്ഷോപ്പുകളും:- സാഹിത്യം നാടകം, സംഗീതം, നൃത്തം
- സാംസ്കാരിക പരിപാടികൾ:- നാടകം, നൃത്തം, സംഗീത പരിപാടികൾ
- താലമഹോത്സവം, ഉണർവ്വുപരിപാടി, സ്വരരാഗ മഹോത്സവം, രബീന്ദ്ര സംഗീതം, വേദിക നിർമ്മാണം, ഡൂം സ്റ്റേജി തുടങ്ങിയ മറ്റ് പരിപാടികൾ
- അടിസ്ഥാന പശ്ചാത്തല വികസനവും - മറ്റ് വികസന പ്രവർത്തനങ്ങളും :- ശബ്ദ-ലൈറ്റ് സിസ്റ്റത്തിന്റെ നവീകരണം, അറ്റകുറ്റപണികൾ, റിക്കോർഡിംഗ് സ്റ്റുഡിയോ സജ്ജീകരണം, ലൈബ്രറി വികസനം (ഇ-ലൈബ്രറി), ഇലക്ട്രോണിക്- ഇലക്ട്രിക് ഉപകരണങ്ങളുടെ നിലവാരം ഉയർത്തൽ, ഫർണീച്ചർ, ഫിറ്റിംഗ്സ്, മഴവെള്ള സംവിധാനം

- വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ
- കലാരൂപങ്ങളുടെ പഠനകേന്ദ്രം

**19. മാർഗി**

**(വിഹിതം : 60.00 ലക്ഷം രൂപ)**

കഥകളി എന്ന കലാരൂപത്തിന്റെ പരിപോഷണത്തിനായി 1970-ൽ സ്ഥാപിക്കപ്പെട്ട മഹനീയമായ ഒരു സ്ഥാപനമാണ് മാർഗി. കഥകളി, കൂടിയാട്ടം, നങ്ങ്യാർക്കൂത്ത് തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കുന്ന ഒരു കേന്ദ്രമായി മാർഗി മാറിയിരിക്കുന്നു. കളിയോഗ മാതൃകയിലാണ് സ്ഥാപനം പ്രവർത്തിച്ചു പോരുന്നത് (ട്രെയിനിംഗ് കം പെർഫോർമിംഗ് ഗ്രൂപ്പ്). പ്രധാന പ്രവർത്തനങ്ങൾ കേരളത്തിലെ പരമ്പരാഗത നാടകകലകളായ കഥകളി, കൂടിയാട്ടം എന്നീ കലാരൂപങ്ങൾ പതിവായി അവതരിപ്പിക്കുന്നതാണ്. കഥകളി, കൂടിയാട്ടം എന്നിവ സ്വായത്തമാക്കുന്നതിനുള്ള പരിശീലനം, സംസ്കാരം, ടൂറിസം, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയും ഉൾപ്പെടുന്നു.

2021-22 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- 40 കലാകാരന്മാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും
- ഹെറിറ്റേജ് ടൂറിസത്തിന്റെ താല്പര്യം മാനിച്ച് നടപടികൾ സ്വീകരിക്കുക
- സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് കഥകളി, കൂടിയാട്ടം എന്നിവയ്ക്ക് സൗജന്യ പരിശീലനം
- പതിവ് കഥകളി, കൂടിയാട്ടം പരിപാടികൾ
- നങ്ങ്യാർക്കൂത്ത്, കഥകളി, കൂടിയാട്ടം എന്നിവയിൽ പരിശീലനം
- കൂടിയാട്ടത്തിന്റെ എല്ലാ ശാഖകളിലും പരിശീലനം, നങ്ങ്യാർക്കൂത്ത്, മിഴാവ്, തിമില, ഇടയ്ക്ക എന്നീ വിഭാഗങ്ങളിലും പരിശീലനം നല്കുന്നു.
- സംസ്കാരവും വിനോദ സഞ്ചാരവും പ്രോത്സാഹിപ്പിക്കുക

**20.വാസ്തുവിദ്യാ ഗുരുകലം-ആറന്മുള**

**(വിഹിതം : 55.00 ലക്ഷം രൂപ)**

കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യകളും ചുമർചിത്രങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനമാണ് ആറന്മുളയിലെ വാസ്തുവിദ്യഗുരുകലം. പാരമ്പര്യ വാസ്തുശാസ്ത്രത്തെ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. പരമ്പരാഗത വാസ്തുശാസ്ത്രത്തെക്കുറിച്ചുള്ള സർവ്വേകൾ, ബോധവത്കരണ പരിപാടികൾ, സ്വകാര്യ പരമ്പരാഗത വാസ്തുവിദ്യാ സംബന്ധിയായ പുസ്തകങ്ങളുടെ തർജ്ജമ, കേരളത്തിലെ ചുമർചിത്രങ്ങളുടെ ഡോക്യുമെന്റേഷൻ എന്നിവയാണ് ഗുരുകലത്തിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നത്. 2021-22 വർഷത്തെ ബഡ്ജറ്റിൽ സ്ഥാപനത്തിന്റെ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 55.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- വെള്ളപ്പൊക്ക ദുരിതാശ്വാസ പരിപാടികൾ-സ്വകാര്യ പരമ്പരാഗത ഘടനകളുടെ ശരിയായ പരിപാലനവും, ആറൻമുളയിലെ ചുവർചിത്ര പെയിന്റിംഗ്.
- പരമ്പരാഗത വാസ്തുവിദ്യ ശില്പം മൂറൽ പെയിന്റിംഗുകൾ, കല എന്നിവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ
- സബ് സെന്ററുകൾ, സ്റ്റാളുകൾ, വാസ്തു വിദ്യ മ്യൂസിയം വനിതാ ശാക്തീകരണം
- വിവർത്തന പ്രസിദ്ധീകരണവും ലൈബ്രറിയും
- ഓഫീസ്, വെബ് സൈറ്റ് സോഫ്റ്റ് വെയർ അപ്പ്ഡേഷൻ എന്നിവയുടെ നവീകരണം

- സെമിനാറുകൾ, പഠന ടൂറുകൾ, വർക്ക്ഷോപ്പുകൾ
- വാസ്തുവിദ്യ, മ്യൂറൽ പെയിന്റിംഗിനായുള്ള പ്രമോഷണൽ പ്രവർത്തനങ്ങൾ
- അക്കാദമിക് ക്യാമ്പസ്

**21.ഭാരത് ഭവൻ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരളത്തിൽ വസിക്കുന്ന വ്യത്യസ്ത ഭാഷക്കാരായ ജനങ്ങളുടെ സാംസ്കാരിക സമന്വയത്തിനു വേണ്ടി 1984-ൽ രൂപീകരിച്ച സ്ഥാപനമാണ് ഭാരത് ഭവൻ. കല, സംസ്കാരം, ഭാഷ എന്നിവയുടെ അന്തർസംസ്ഥാന, അന്തർദ്ദേശീയ കൈമാറ്റത്തിനും അനുരൂപീകരണത്തിനുമായി സ്ഥാപനം നിലകൊള്ളുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഭൂമി മലയാളം
- ഗാന്ധർവ്വപുര ഡിജിറ്റൽ ലൈബ്രറി
- സംഗമോൽസവ് മൈം ഫെസ്റ്റ്
- അഗ്നി ചിറകുകൾ
- സംസ്കാരിക ഭൂപടം, പഞ്ചരാത്രം
- കാർഷിക-സംസ്കാരം അല്ലെങ്കിൽ ഓർഗാനിക് തിയേറ്റർ
- മന്നാരംഗ്-ഓർഗനൈസേഷനും ഇക്കോ തിയേറ്ററും
- മൈക്രോ തിയേറ്റർ
- ഇന്ത്യൻ ആർട്ടീരിയ
- ഉൾനാടൻമാസിക, അന്താരാഷ്ട്ര കവിതാ ഉത്സവം
- നമ്മളൊന്ന് (വെള്ളപൊക്ക ദുരിതാശ്വാസം)
- ജേണലുകളുടെ പ്രസിദ്ധീകരണം.
- അന്തർദ്ദേശീയ സാംസ്കാരിക പരിപാടികൾ നടത്തുക.

**22.കേരള പുസ്തകവിപണന സൊസൈറ്റി**

**(വിഹിതം : 75.00 ലക്ഷം രൂപ)**

സർക്കാർ പ്രസിദ്ധീകരണങ്ങളും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പുസ്തകങ്ങളും ആനുകാലി കങ്ങളും വിറ്റഴിക്കുന്നതിനുള്ള സ്ഥാപനമാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങളും സൊസൈറ്റി ഏറ്റെടുത്തു നടത്തുന്നു. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി പുസ്തക പ്രദർശനങ്ങളും സൊസൈറ്റി ഒരുക്കുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ സൊസൈറ്റിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- രണ്ട് സ്റ്റാളുകൾ തുറക്കുക
- വിവിധ പുസ്തക പ്രദർശനങ്ങൾ/പുസ്തക മേളകൾ
- അന്താരാഷ്ട്ര പുസ്തക മേള
- ചലിക്കുന്ന പുസ്തക സ്റ്റാളിന്റെ നവീകരണം
- ഓഫീസ്/ബ്രാഞ്ചുകളുടെ നവീകരണം, ഉന്നത വിദ്യാഭ്യാസ ഉത്സവങ്ങൾ

**23. ജവഹർ ബാലഭവൻ**

**(വിഹിതം : 180.00 ലക്ഷം രൂപ)**

കുട്ടികളുടെ കലാപരവും സാംസ്കാരികപരവും ഭാഷാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചതാണ് ജവഹർ ബാലഭവൻ. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി അഞ്ചു ബാലഭവനുകൾ സ്ഥാപിച്ചിട്ടുണ്ട് . 2021-22 വർഷത്തെ ബഡ്ജറ്റിൽ 180.00 ലക്ഷം രൂപ എല്ലാ ബാലഭവനുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, നിലവിലുള്ള അഞ്ചു ബാലഭവനുകളുടെ താഴെപറയുന്ന പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

- തിരുവനന്തപുരം ബാലഭവന്റെ ഫെൻസിംഗ് മതിൽ നിർമ്മാണം
- തിരുവനന്തപുരം ബാലഭവനിൽ പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുക.
- കുട്ടികളുടെ ഉത്സവം നടത്തുക.
- അഞ്ച് ബാലഭവനുകളിലും മറ്റ് സംസ്കാരിക പരിപാടികൾ നടത്തുക.

**24.കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരം.**

**(വിഹിതം : 50.00 ലക്ഷം രൂപ)**

ദേശീയ സംസ്കാരിക സ്ഥാപനമെന്ന നിലയിൽ ആശാൻ സ്മാരകം സമഗ്ര വികസനം പദ്ധതിയുടെ അടിസ്ഥാനത്തിൽ നിരവധി സംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നു. ദേശീയ സാംസ്കാരിക പൈതൃക മ്യൂസിയം, ലൈബ്രറി ഡിജിറ്റലൈസേഷൻ, അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, ആശാൻ കൃതികളുടെ വിവർത്തനം, പ്രസിദ്ധീകരണം, ആശാൻ ശില്പ നിർമ്മാണം, വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ആശാന് കൃതികളെക്കുറിച്ചുള്ള വിജ്ഞാനകോശം തയ്യാറാക്കൽ ഗ്രന്ഥ സൂചിക തയ്യാറാക്കൽ വിവേകോദയം പ്രസിദ്ധീകരിക്കൽ എന്നിവ ഇതിലുൾപ്പെടുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- മഹാകവി കുമാരനാശാനെ കുറിച്ചുള്ള ഡോക്യുമെന്ററി.
- എൻസൈക്ലോപീഡിയ ഓഫ് മഹാകവി കുമാരനാശാൻ.
- പുസ്തകങ്ങളുടെ സൂചിക തയ്യാറാക്കൽ, ലൈബ്രറിയുടെ നവീകരണം, പൂന്തോട്ടം തുടങ്ങിയവ
- സ്റ്റേജ്/ഓപ്പൺ എയർ ഓഡിറ്റോറിയം, ഓപ്പൺ റീഡിംഗ്, സ്പേസ്, കുമാരനാശന്റെ കുടിലിന്റെ സംരക്ഷണം
- വിവിധ സാംസ്കാരിക പരിപാടികൾ,
- മഹാകവി കുമാരനാശാന്റെ പ്രതിമയുടെ നിർമ്മാണം പൂർത്തിയാക്കുക

**25. കേരള കലാമണ്ഡലം**

**(വിഹിതം : 1600.00 ലക്ഷം രൂപ)**

കേരളത്തിലെ പാരമ്പര്യ കലകളായ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ എന്നിവയുടെയും അവയുടെ സംഗീതവാദ്യ ഉപകരണങ്ങളുടെ സംരക്ഷണത്തിനും ഉന്നതിക്കും വേണ്ടി 1930-ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ചതാണ് കലാമണ്ഡലം. കേരള പാരമ്പര്യ കലകളുടെ ഉന്നതിക്കുള്ള കേന്ദ്രമായ കേരള കലാമണ്ഡലത്തിന് 2007-ൽ കല്പിത സർവ്വകലാശാല പദവി ലഭിച്ചു. മൊത്തം വിഹിതത്തിൽ 20.00 ലക്ഷം രൂപ വനിതാ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി വകയിരുത്തി യിരിക്കുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി കലാമണ്ഡലത്തിന്

1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- നടന കലാ ഗവേഷണ കേന്ദ്രം
- അന്താരാഷ്ട്ര തലത്തിലുള്ള 'രംഗകല' പഠന കേന്ദ്രം
- മാസ്റ്റർ പ്ലാൻ തയ്യാറാക്കലും പുതിയ ക്യാമ്പസ് നിർമ്മാണവും
- നിർമ്മാണം, എക്സിബിഷൻ, സംഗീത ഉപകരണങ്ങൾ, നൃത്ത ആഭരണങ്ങൾ എന്നിവയ്ക്കുള്ള വിൽപ്പന യൂണിറ്റ്
- കേരളത്തിനകത്തും പുറത്തും കലാമണ്ഡലത്തിന്റെ ഉപകേന്ദ്രം
- വള്ളത്തോൾ മ്യൂസിയം നവീകരണം
- മണക്കുളം മുകുന്ദ രാജ സ്മാരകം
- വിദ്യാർത്ഥികൾ, ഫാക്കൽറ്റി അഡ്മിനിസ്ട്രേറ്റീവ് സെന്റർ
- കേരള അവതരണ കലയും സംസ്കാരം എന്നിവയ്ക്കുള്ള കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് സെന്റർ
- കോസ്റ്റ്യൂം ആന്റ് മെയ്ക്കപ്പ് ഗ്യാലറി, ബയോ പച്ചക്കറികൾ, വാർഷിക അറ്റകുറ്റപണികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം
- പോസ്റ്റ് പ്രൊഡക്ഷൻ യൂണിറ്റ് കില്ലിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് സാംസ്കാരിക കേന്ദ്രം.
- നിള ഇന്റർ നാഷണൽ ഡാൻസ്-മ്യൂസിക്കൽ ഫെസ്റ്റിവൽ, വിദ്യാർത്ഥി-സൗകര്യ കേന്ദ്രം, ഫാക്കൽറ്റി സൗകര്യ കേന്ദ്രം, സാംസ്കാരിക പഠന വകുപ്പ്
- വിദേശികൾക്കുള്ള ഹോസ്റ്റൽ, സോളാർ പ്രോജക്ട് ഓഡിറ്റോറിയം, നിള ക്യാമ്പസ് വികസനം, ലൈബ്രറി വികസനം, വനിതാ സൗകര്യ കേന്ദ്രം
- മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ: കളരി സമുച്ചയത്തിന്റെ നിർമ്മാണം

**26. മലയാളം മിഷൻ**

**(വിഹിതം : 175.00 ലക്ഷം രൂപ)**

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് മലയാളം മിഷൻ. മലയാള ഭാഷാ പഠനം സാധ്യമാക്കുന്നതിനും പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളികളുടെ സാംസ്കാരിക പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുമായി സ്ഥാപിക്കപ്പെട്ടതാണ്. 2021-22 വർഷത്തെ ബഡ്ജറ്റിൽ സ്ഥാപനത്തിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 175.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

- അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ
- പഠന കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം
- സെമിനാറുകൾ
- മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ
- ലൈബ്രറി സ്ഥാപിക്കൽ
- വീഡിയോ കോൺഫറൻസിങ്
- അദ്ധ്യാപക പരിശീലകർക്കുള്ള പരിശീലനം
- പാഠ്യപദ്ധതി പുനരവലോകനവും പാഠപുസ്തക അച്ചടിയും
- വെബ്സൈറ്റ്, വെബ് മാഗസിൻ പ്രവർത്തനങ്ങൾ എന്നിവയുടെ നിലവാരം ഉയർത്തൽ
- മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ

- സ്ഥിരമായ അധ്യാപക പരിശീലന കേന്ദ്രം.
- സുവനീർ ഷോപ്പ് (വരുമാനം ഉണ്ടാക്കുന്നു)
- യൂട്യൂബ് ചാനലിനായുള്ള ഉള്ളടക്ക വികസനം (വരുമാനം ഉണ്ടാക്കുന്നതിലേക്ക്)
- റേഡിയോ മലയാളം (വരുമാനമുണ്ടാക്കൽ) മാനവ ശേഷി ചെലവുകൾ, പ്രവാസി സാഹിത്യ സംഗമം.

**27. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി**

**(വിഹിതം : 5.00 ലക്ഷം രൂപ)**

മഹാകവി മോയിൻകുട്ടി വൈദ്യർ, മാപ്പിളപ്പാട്ടിന് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കൊണ്ടോട്ടി ഗ്രാമത്തിൽ 1999-ൽ സ്ഥാപിച്ച സ്മാരകമാണ് മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി. ബദ്ർപദപാട്ടിലുള്ള പഠനങ്ങളും വ്യാഖ്യാനങ്ങളും അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാപ്പിളപ്പാട്ടിലും മാപ്പിള കലയിലുമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ അക്കാദമി നടത്തുന്നുണ്ട്. അക്കാദമിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- അക്കാദമി കോമ്പൗണ്ടിലെ മ്യൂസിയം
- ഗവേഷണ ലൈബ്രറി
- ഓഡിയോ വിഷ്വൽ ആർക്കൈവുകൾ
- പൂന്തോട്ടം മോടിപിടിപ്പിക്കൽ
- പ്രസിദ്ധീകരണങ്ങൾ, ഡോക്യുമെന്ററിയും
- മാപ്പിളകല അക്കാദമിയിൽ വനിതാ പഠനം
- 4 ജില്ലകളിൽ മാപ്പിള കലാ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- അവധിക്കാല പരിശീലന ക്യാമ്പ്

**28. ശ്രീ നാരായണ അന്തർദേശീയ പഠന കേന്ദ്രം**

**(വിഹിതം : 20. 00 ലക്ഷം രൂപ)**

ശ്രീനാരായണ ഗുരുവിന്റെ ദർശനത്തെ പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള ഏക സർക്കാർ സ്ഥാപനമാണ് ചെമ്പഴന്തിയിൽ പ്രവർത്തിക്കുന്ന ശ്രീ നാരായണ അന്തർ ദേശീയ പഠന കേന്ദ്രം. സാംസ്കാരിക വകുപ്പിൻ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം 2004 ആണ് സ്ഥാപിച്ചത്. 2021-22 വർഷത്തെ ബഡ്ജറ്റിൽ 20.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു

- ലൈബ്രറി നവീകരണം
- ശ്രീ നാരായണ ഗുരുവിന്റെ (ഗുരു ദർശനം) പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള ഹ്രസ്വകാല കോഴ്സുകൾ
- പ്രതിവാര പഠന ക്ലാസുകൾ, പ്രതിമാസ ചർച്ചകൾ
- ഡിജിറ്റൽ ആർക്കൈവിംഗ്
- ശ്രീ നാരായണ അന്താരാഷ്ട്ര അവാർഡുകൾ
- പ്രസിദ്ധീകരണങ്ങൾ
- സെമിനാറുകൾ
- ഓൺലൈൻ അധ്യാപനം
- ആവശ്യമുള്ള ക്ലാസ്സുകൾ
- അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം (ഹോസ്റ്റൽ കെട്ടിടം ഉൾപ്പെടെ)

## 29. തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ്, തിരൂർ

**(വിഹിതം : 20.00 ലക്ഷം രൂപ)**

തുഞ്ചത്ത് എഴുത്തച്ഛന്റെ സ്മരണക്കായി 2001 ലാണ് തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് രൂപീകരിച്ചത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഈ സ്ഥാപനത്തെ ഒരു ഗവേഷണ സെന്റർ ആയി അംഗീകരിച്ചിട്ടുണ്ട്. രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികളും, ഗവേഷകരും, ഭാഷാ സ്നേഹികളും നിരന്തരം ഇവിടെ സന്ദർശിക്കുന്നുണ്ട്. തുഞ്ചൻ സാഹിത്യ മ്യൂസിയം 2008 ലാണ് തുടങ്ങിയത്. ഇന്ത്യൻ ഭാഷകളിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ് ഇത്. മലയാള ഭാഷയുടെ വിവിധ വളർച്ചാ ഘട്ടങ്ങൾ ഈ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഈ ട്രസ്റ്റിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 20.00. ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താളിയോല ഗ്രന്ഥങ്ങളുടെ സംരക്ഷണവും ശേഖരണവും, ലൈബ്രറി വിപുലീകരിക്കുക, ഗവേഷണ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക, ഹാൾ നിർമ്മാണം, ഗവേഷണ ഫെല്ലോഷിപ്പുകൾ, പ്രസിദ്ധീകരണങ്ങൾ ശില്പശാലകൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നു.

**സാംസ്കാരിക ഡയറക്ടറേറ്റ്**

## 30. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആവർത്തനേതര ധനസഹായം

**(വിഹിതം : 50.00 ലക്ഷം രൂപ)**

വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ ആവർത്തനേതര ധനസഹായം നൽകി വരുന്നു. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം ലഭിക്കുവാൻ അർഹമായ സ്ഥാപനങ്ങൾക്ക് സാംസ്കാരിക വകുപ്പ് ധനസഹായം നല്കുന്നു. ധനസഹായം നൽകുന്നതിനായി 2021-22 ബഡ്ജറ്റിൽ **50.00**. ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 31. ഉൽകൃഷ്ടരായ കലാ/സാഹിത്യവ്യക്തികളുടെ സ്മാരകങ്ങൾക്കുള്ള സഹായം

**(വിഹിതം : 450.00 ലക്ഷം രൂപ)**

വാർഷിക ഗ്രാന്റിന് പുറമേ തിരഞ്ഞെടുക്കപ്പെടുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഗ്രാന്റ് നൽകിവരുന്നു. പദ്ധതിയിനത്തിൽ പ്രത്യേകമായി തുക വകയിരുത്താത്ത സ്ഥാപനങ്ങൾക്ക് മാത്രം വിഹിതം നൽകുന്നതാണ്. ഈ പദ്ധതിപ്രകാരം അവശ്യ സാഹചര്യങ്ങളിൽ ജീവിക്കുന്ന പ്രഗത്ഭരായ കലാസാഹിത്യ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. കലയിലും എഴുത്ത് /രചനകളിൽ മികവ് പുലർത്തുന്ന വിശിഷ്ട വ്യക്തികൾക്കും ഈ പദ്ധതി സാമ്പത്തിക സഹായം നൽകുന്നുണ്ട്.

2017-18 ബജറ്റ് മുതൽ പ്രമുഖ സാഹിത്യകാരന്മാരുടെയും എഴുത്തുകാരുടേയും സാംസ്കാരിക വ്യക്തികളുടെയും സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതും ഈ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. ധന സഹായം നൽകികൊണ്ട് പ്രമുഖ സാഹിത്യ എഴുത്തുകാരുടെയും കലാസാംസ്കാരിക വ്യക്തികളുടെയും സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തിരഞ്ഞെടുത്ത സാംസ്കാരിക സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഈ പദ്ധതി സഹായം നല്കി വരുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 32. കേരള സംസ്കാരത്തിന്റെ വ്യാപനം

**(വിഹിതം :100.00 ലക്ഷം രൂപ)**

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുന്നതിനും നമ്മുടെ കലാരൂപങ്ങളെ ശാക്തീകരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്കാരത്തിന്റെ വിവിധ മുഖങ്ങളെ പരിചയപ്പെടുത്താൻ തയ്യാറാക്കിയ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനും, കേരളത്തിന്റെ സ്പർശ്യവും അസ്പർശ്യവുമായ പൈതൃകത്തെ ഉയർത്തി കാട്ടുന്നതിനുമായി ഒരു സാംസ്കാരിക ഭൂപടം വികസിപ്പിക്കുന്ന

തിനും കേരള സംസ്കാരത്തെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുന്നതിനും, പൊതുജനങ്ങൾക്കിടയിൽ സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനും, ദേശീയ, അന്തർദേശീയ, സാംസ്കാരിക വിനിമയ പരിപാടികൾ, കലോത്സവങ്ങൾ, ശില്പശാലകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, വിവിധ കലാപരിപാടികൾ തുടങ്ങിയവയ്ക്കും തുക വകയിരുത്തിയിരിക്കുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**33.യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ്**

**(വിഹിതം : 1200.00 ലക്ഷം രൂപ)**

ഒരു തരത്തിൽ യുവകലാകാരൻമാരെ പ്രോത്സാഹിപ്പിക്കുകയും മറ്റൊരു തരത്തിൽ പ്രാദേശിക സാംസ്കാരിക വികസനത്തെ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നീ ഇരട്ട ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുള്ളത്. സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടിയിട്ടുള്ള 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് നല്കും. 14 ജില്ലകളിലെയും ഫെലോഷിപ്പ് പ്രവർത്തന സംവിധാനം 14 കോ-ഓർഡിനേറ്റർമാർ ഉറപ്പ വരുത്തും. ഫെല്ലോഷിപ്പ് ജേതാക്കൾക്ക് 10000/- രൂപ പ്രതിമാസ ഫെല്ലോഷിപ്പ് സംസ്ഥാന സർക്കാർ ഉറപ്പുനൽകുന്നു. കൂടാതെ 5000/- രൂപ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്നുണ്ട്. ഫെല്ലോഷിപ്പ് ജേതാവിന് ആതിഥേയത്വം നൽകുന്ന ഒരു പ്രാദേശിക ആതിഥേയനെ കണ്ടെത്തുമ്പോഴാണ് ഫെല്ലോഷിപ്പ് പ്രവർത്തനക്ഷമമാകുന്നത്. സ്കൂളുകളും പ്രാദേശിക സർക്കാരും ആതിഥേയത്വം നൽകി ഫെല്ലോഷിപ്പുകൾ പ്രോത്സാഹിപ്പിക്കണം. പ്രസ്തുത പദ്ധതി, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമൂഹ്യ കേന്ദ്രങ്ങളെ സജീവ കലാകേന്ദ്രങ്ങളാക്കി മാറ്റും. അതുപോലെ ഫെല്ലോഷിപ്പ് ജേതാക്കൾക്ക് ആതിഥ്യം നൽകുന്ന സ്കൂളുകളും മാറും. 2021-22 വർഷത്തെ പദ്ധതിയിൽ 1200.00 ലക്ഷം രൂപ സാംസ്കാരിക ഡയറക്ടറേറ്റിന് പ്രസ്തുത പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു. ഇതിൽ 400.00 ലക്ഷം രൂപ വനിതകൾക്കായി നീക്കി വച്ചിരിക്കുന്നു.

**34. മ്യൂസിയങ്ങളുടെ ശൃംഖലയും വികസനവും**

**(വിഹിതം : 200.00 ലക്ഷം രൂപ)**

വിനോദസഞ്ചാരം, മ്യൂസിയങ്ങളുടെ ശൃംഖല എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള വികസനമാണ് പ്രസ്തുത പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. കേരളത്തിൽ നിലവിലുള്ള മ്യൂസിയങ്ങൾ കേരള സംസ്കാരത്തിന്റെ ചുരുക്കം സവിശേഷതകൾ മാത്രമേ എടുത്തുകാട്ടുന്നുള്ളു. ഒരു സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുന്നതിന് 10 ഏക്കർ ഭൂമി ആർജ്ജിക്കേണ്ടതുണ്ട്. കേരളത്തിന്റെ ചരിത്രവും സാംസ്കാരിക വൈവിധ്യവും പ്രദർശിപ്പിക്കുന്ന ഒരു പുതിയ കേരള സാംസ്കാരിക മ്യൂസിയം വിഭാവനം ചെയ്യുന്നു. പ്രത്യേക സ്റ്റോറി ബോർഡും ക്യൂറേറ്ററിയൽ കാഴ്ചപ്പാടുമുള്ള മ്യൂസിയത്തിൽ വൈദഗ്ധ്യമുള്ള ഏജൻസിയുടെ സഹായത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം. വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ദേശീയ അന്തർ ദേശീയ ടെണ്ടർ ക്ഷണിച്ച് മ്യൂസിയം ശൃംഖലയുമായി ബന്ധപ്പെട്ട അനുഭവ സമ്പത്തുള്ള കൺസൾട്ടൻസിയെ കണ്ടെത്തേണ്ടതാണ്. സ്റ്റോറി ബോർഡിലെ ഉള്ളടക്കം വിദഗ്ധ സമിതി തയ്യാറാക്കും. അത്യാധുനിക പ്രദർശന-സാങ്കേതികവിദ്യ ഉപയോഗിച്ച് മ്യൂസിയം സജ്ജീകരിക്കും. അതോടൊപ്പം ഒരേ സമയം സംസ്ഥാനത്തിന്റെ വിനോദസഞ്ചാരത്തിന്റെയും മ്യൂസിയ ങ്ങളുടെ ശൃംഖലയുടെ വികസനത്തിന്റെയും ഒരു സമഗ്ര പദ്ധതി വികസിപ്പിക്കും. ഇതോടൊപ്പം സ്കൂൾ, കോളേജ്, ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഒരു പൈതൃക പഠനയാത്രാപദ്ധതിയായി പ്രസ്തുത പദ്ധതി യെ വികസിപ്പിക്കാവുന്നതാണ്. 2021-22 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി സാംസ്കാരിക ഡയറക്ടറേറ്റിന് 200.00 ലക്ഷം രൂപ വകയി രുത്തിയിരിക്കുന്നു.

**35. കലാകാരന്മാർക്കുള്ള ഉപജീവനം/ റൂറൽ ആർട്ട് ഹബ്ബുകൾ**

**(വിഹിതം : 200.00 ലക്ഷം രൂപ)**

നാടൻ കലകളുടെയും കൈത്തൊഴിലുകാരുടെയും സമ്പന്നമായൊരു സാംസ്കാരിക പൈതൃകം കേരളത്തിനുണ്ട്. ഈ കലാകാരൻമാരുടെയും കൈത്തൊഴിലുകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി യുനെസ്കോപോലുള്ള സംഘടനകളുടെ സഹകരണത്തോടെ റൂറൽ ആർട്ട് ഹബ്ബുകൾ രൂപീകരിക്കുന്നതിനും അതിലൂടെ ഇത്തരം നാടൻ കലാകാരൻമാരുടെയും കൈത്തൊഴിലുകാരുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ രാജ്യാന്തര വിപണിയിൽ എത്തിക്കുന്നതിലൂടെ അവരുടെ ഉപജീവന സാദ്ധ്യത ശാക്തീകരിക്കുന്നതിനും വിഭാവനം ചെയ്യുന്നു. കാര്യശേഷി വികസനത്തിനും നേരിട്ട് വിപണിയുമായി ബന്ധിപ്പിക്കുന്നതിനും മുൻഗണന നൽകുന്നു. മറ്റ് സംസ്ഥാനങ്ങളുമായും രാജ്യങ്ങളുമായുള്ള സഹകരണത്തോടെ കലാകാരന്മാർക്ക് പുതിയ വഴിയൊരുക്കാൻ സഹായിക്കുന്നു. പദ്ധതിയുടെ മൂന്നാം ഘട്ടം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ക്ലസ്റ്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനവും ഉണഭോക്താക്കളുടെ ശാക്തീകരണവും, ദേശീയ അന്തർദേശീയ വിപണന സൗകര്യം ആർജ്ജിക്കൽ, മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കും. 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി സാംസ്കാരിക ഡയറക്ടറേറ്റിന് 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അതിൽ 100.00 ലക്ഷം രൂപ വനിത വികസന പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതാണ്.

**36.സാംസ്കാരിക ഉന്നതതല സമിതി**

**(വിഹിതം : 35.00 ലക്ഷം രൂപ)**

വ്യത്യസ്ത സ്വഭാവത്തിലുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന അംഗീകൃത ഗവൺമെന്റ് സംഘടനകൾ, സ്വയം ഭരണാധികാരമുള്ള ഏജൻസികൾ എന്നിവയെ ശാക്തീകരിക്കുന്നതിന് കേരള സർക്കാർ പിന്തുണയ്ക്കുന്നുണ്ട്. അതിലൂടെ കലാകാരൻമാരുടെ ഉന്നമനത്തിനും അവരുടെ കഴിവ് പ്രകടിപ്പിക്കുന്ന വേദിയൊരുക്കൽ എന്നിവയിലൂടെയും സമൂഹത്തിൽ സാംസ്കാരികാവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. സർക്കാരിന്റെ പിന്തുണ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയെ ചെയർമാനായും, സാംസ്കാരിക സെക്രട്ടറിയെ മെമ്പർസെക്രട്ടറിയായും സാംസ്കാരിക മേഖലയിലുള്ള പ്രമുഖ വ്യക്തികൾ അംഗങ്ങളായും ഉൾപ്പെടുത്തി ഒരു ഉന്നത സമിതി രൂപീകരിച്ചുകൊണ്ട് സുതാര്യമാക്കേണ്ടതുണ്ട്. ഉന്നത സമിതിയുടെ സെക്രട്ടേറിയറ്റ് ആയി സാംസ്കാരിക വകുപ്പും കൺവീനറായി ഡയറക്ടറും പ്രവർത്തിക്കുന്നതാണ്. സാംസ്കാരിക സംഘടനകൾക്കുള്ള സാമ്പത്തികസഹായം നൽകുന്നത് തീരുമാനിക്കുന്നത് പ്രസ്തുത സമിതി മുഖേന ആയിരിക്കും. സംസ്ഥാനത്തിന്റെ സാംസ്കാരിക മേഖലയ്ക്കുള്ള നയങ്ങളും പദ്ധതി കളും രൂപീകരിക്കുന്ന ചുമതല പ്രസ്തുത സമിതിയിൽ നിക്ഷിപ്തമായിരിക്കും. 2021-22 വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക ഡയറക്ടറേറ്റിന് പ്രസ്തുത പദ്ധതിക്കായി 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**37. നാട്ടരങ്ങ്**

**(വിഹിതം : 40.00 ലക്ഷം രൂപ)**

ഈ പദ്ധതിയിലൂടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. സ്ഥല ലഭ്യതക്കനുസരിച്ച് ചെറിയ ഒരു സ്റ്റേജ്, ചമയ മുറി, ഗാർഡൻ, ഇരിപ്പിട സൗകര്യങ്ങൾ സോളാർ ലൈറ്റുകൾ, മ്യൂറൽ പെയിൻറിംഗുകൾ, ശില്പങ്ങൾ എന്നിവ നിർമ്മിക്കുന്നതാണ്. പ്രസ്തുത പദ്ധതി സാംസ്കാരിക വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി 3:2 എന്ന അനുപാതത്തിൽ ചെലവ് പങ്കിട്ട്, ഡയറക്ടറേറ്റ് കേരളത്തിലെ ഓരോ ജില്ലകളിലും നാട്ടരങ്ങുകൾ നിർമ്മിക്കുന്നതാണ്. 2021-22 വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക ഡയറക്ടറേറ്റിന് പ്രസ്തുത

പദ്ധതിക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**38. ഗെയിമിംഗ്- ആനിമേഷൻ ഹാബിറ്റാറ്റ്**

**(വിഹിതം : 50.00 ലക്ഷം രൂപ )**

ഗെയിമിംഗ്, ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ് എന്നിവ സാംസ്കാരിക വിനോദ വ്യവസായ രംഗത്ത് സാങ്കേതിക വിദ്യയാൽ മുന്നേറികൊണ്ടിരിക്കുന്ന മേഖലകളിൽ ചിലതാണ്. ആഗോള പരമായി ഈ മേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മേഖലകളിലൊന്നാണ്. പ്രധാനമായും ഇതിന്റെ വളർച്ച മുന്നേറിക്കൊണ്ടിരിക്കുന്നത് അന്തർദ്ദേശീയ പുറംകരാറിലൂടെയാണെങ്കിലും ഇന്ത്യയിൽ ആഭ്യന്തര ചോദനവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മുഴുനീള ചലച്ചിത്രങ്ങൾ ഉൾപ്പെടെ പ്രാദേശിക ആനിമേഷൻ ചലച്ചിത്ര നിർമ്മാണം വികസിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ കൈകൊള്ളുന്നതിലൂടെ പ്രാദേശിക ഉള്ളടക്കത്തിന്റെ ചോദനത്തിലും വർദ്ധനവുണ്ടാകുന്നു. മാധ്യമ സോഫ്റ്റ് വെയർ വ്യവസായ മേഖലയിൽ ഇതിന് ദീർഘകാല ചരിത്രമുള്ളതിനാൽ ഗെയിമിംഗ്, ആനിമേഷൻ മേഖലയിൽ കേരളത്തിന് അനുകൂല സ്ഥാനമാണുള്ളത്. ഗെയിമിംഗ്, ആനിമേഷൻ, വിഷ്വൽ ഇഫകട്സ് എന്നിവ വിവര വിനിമയ സാങ്കേതിക വിദ്യാ വ്യവസായ രംഗത്ത് ശക്തമായ പരസ്പര പൂരകങ്ങളാണ് . കൂടാതെ ഇതിന് വളരെ വൈദഗ്ധ്യം ആവശ്യമാണ്. മത്സര സ്വഭാവമുള്ള ലോകത്ത്, നിലവിലുള്ള കഴിവും സുപ്രധാന വ്യവസായിക വളർച്ചയിലേക്ക് നയിക്കുന്ന ചോദനത്തെയും ഗുണപരമായ മാറ്റത്തിലേക്ക് കൊണ്ട് വരേണ്ടത് അനിവാര്യമാണ്. ഗെയിം വികസന സ്റ്റുഡിയോകളോടൊപ്പം ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ് എന്നിവയിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റുഡിയോകളുടെ സഹകരണം ലോകോത്തര നൈപുണ്യം കൊണ്ട് വരുന്നതിന് ഒരു ഫലപ്രദമായ മാർഗ്ഗമായിരിക്കും. ഈ മേഖലയിൽ ഭാവിയിൽ പുതിയ കഴിവുകൾ വികസിപ്പിക്കുന്നതിനും ലോകത്തിൽ ഈ മേഖലയിലെ മുൻപന്തിയിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ നൈപുണ്യം സ്വായത്തമാക്കുന്നതിന് സംസ്ഥാനത്ത് ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കേണ്ടതുണ്ട്. ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ് വികസിപ്പിക്കുക എന്നതാണ് ആശയം. പ്രസ്തുത മികവിന്റെ കേന്ദ്രം പരിശീലന പരിപാടികളും ഹ്രസ്വകാല കോഴ്സുകളും നടത്തും. കൂടാതെ ഗെയിമിംഗിലും ഹ്രസ്വ ആനിമേഷനിലും കൂടുതൽ നൈപുണ്യങ്ങൾ ഇത് സ്വന്തമായി ആവിഷ്കരിക്കുന്നതിന് ശ്രമിക്കും. ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് സംസ്ഥാനം നീങ്ങുന്ന തിനാൽ സംവേദനാത്മക വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധ നൽകും. ഇതും ആഗോള വിപണിയ്ക്ക് വളരാൻ പറ്റിയ സാഹചര്യമുണ്ടാക്കുന്നു. പ്രസ്തുത മികവിന്റെ കേന്ദ്രം, പരസ്പര പൂരകങ്ങളായ നൈപുണ്യങ്ങളുള്ള കെ.എസ്.ഐ.ഡി, സി-ഡിറ്റ്, ICFOSS, സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിക്കുകയും ചെയ്യും. പ്രസ്തുത ആവശ്യത്തിലേക്ക് 2021-22ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

**39. ഡയറക്ടറേറ്റ് ഓഫ് കൾച്ചറിലെ ഇ-ഫയലിംഗ് സിസ്റ്റം**

**(വിഹിതം : 50.00 ലക്ഷം രൂപ)**

ഇക്കാലത്ത് പരമ്പരാഗത ഓഫീസുകളെക്കാൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ ഇ-ഓഫീസായി മാറ്റേണ്ടതുണ്ട്. രേഖകൾ എളുപ്പത്തിൽ വീണ്ടെടുക്കാൻ കഴിയുന്ന ഒരു ഇ-ഗവേണൻസ് സംരംഭമാണ് ഇലക്ട്രോണിക് ഫയലിംഗ്. ഈ സൗകര്യത്തിനായി ഇ-ഫയലിംഗ് സംവിധാനത്തിനായി (ഉപകരണങ്ങൾ, കമ്പ്യൂട്ടർ, നെറ്റ് വർകിംഗ്, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ) 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.3 സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസത്തിനായി 2021-22 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 215.86 കോടി രൂപ നീക്കിവെച്ചിരിക്കുന്നു. ഗവേഷണങ്ങൾ ആരംഭിക്കുന്നതിനും അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമാണ് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്നത്.

**1.കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

**(വിഹിതം: 2300.00 ലക്ഷം രൂപ)**

ബിരുദാനന്തര കോഴ്സുകൾ, അപ്ലൈഡ് സയൻസ്, സാങ്കേതിക രംഗം, വ്യവസായം വാണിജ്യം എന്നീ മേഖലകളിൽ ഗവേഷണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1971-ലാണ് കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല സ്ഥാപിതമായത്. പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് വികസനത്തിനും പാഠ്യപദ്ധതി വികസനത്തിനുമാണ് പദ്ധതി വിഹിതവിനിയോഗത്തിൽ പ്രാധാന്യം നൽകുവാനുദ്ദേശിക്കുന്നത്. 2021-22 വർഷത്തിൽ സർവ്വകലാശാല താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നത്.

1. പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ നടപടികൾ

- കെട്ടിടങ്ങൾക്കും ലാബിനുമുള്ള ഫയർ ആൻഡ് സേഫ്റ്റി നടപ്പാക്കൽ
- മലിനജല ശുദ്ധീകരണ പ്ലാന്റ് നിർമ്മാണം
- ജലവിതരണം/പുനചംക്രമണം/ മഴ വെള്ള സംഭരണ സംവിധാനം,
- മാലിന്യം നീക്കം ചെയ്യലും കൈവഴികളുടെ പരിചരണവും
- ഗ്രീൻ പ്രോട്ടോക്കോൾ
- സുരക്ഷാ ഓഡിറ്റ്
- എനർജി ഓഡിറ്റ്
- പൊതു കാമ്പസ് വികസനം

2.നിർമ്മാണ പ്രവർത്തനങ്ങൾ

- സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ വിപുലീകരണം
- ഇൻഡോർ സ്റ്റേഡിയം
- ബോയ്സ് ഹോസ്റ്റലിന്റെ വിപുലീകരണം
- ലേക്ക് സൈഡ് ക്യാംമ്പസ് അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം
- ചുറ്റു മതിൽ നിർമ്മിക്കുക
- അക്കാദമിക്, അനക്കാദമിക് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും

3.മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ

- കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങുക
- ഫർണിച്ചർ വാങ്ങൽ
- പുസ്തകങ്ങളും ജേണലുകളും വാങ്ങുക
- കാമ്പസ് ഇന്റർനെറ്റ് /ഇൻട്രാനെറ്റ് പരിപാലനം
- സ്റ്റാഫ് പരിശീലനം
- ഓട്ടോമേഷൻ, സോഫ്റ്റ്വെയർ വികസനം
- സെമിനാറുകൾ /കോൺഫറൻസുകൾ /സയൻസ് ജനപ്രിയമാക്കൽ
- ഉള്ളടക്ക വികസനം
- പുതിയ ഗവേഷണ സംരംഭങ്ങൾക്കായി സാമ്പത്തിക സഹായം

- ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ ഉൾപ്പെടെ നിലവിലുള്ള കേന്ദ്രങ്ങൾക്ക് സഹായം
- പുതിയ കോഴ്സുകൾ
- നിലവിലെ അധ്യയന വർഷത്തിൽ ആരംഭിച്ച കോഴ്സുകളുടെ ചെലവ്
- ഗവേഷകർക്കുള്ള പ്രോത്സാഹനം
- ഡിജിറ്റലൈസേഷനും ഡിജിറ്റൽ സംരക്ഷണവും
- ഡാറ്റ മാനേജ്മെന്റ് സെൽ
- കമ്പ്യൂട്ടറിന്റെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികളും പരിപാലനവും

2021-22 വർഷത്തിൽ സർവ്വകലാശാലയ്ക്കായി 2300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 250.00 ലക്ഷം രൂപ അന്തർ സർവകലാശാല കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനായി നീക്കിവച്ചിരിക്കുന്നു. പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനു പകരം നിലവിലുള്ള കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനായി പണം ചെലവഴിക്കേണ്ടതാണ്.

**2.കേരള സാങ്കേതിക സർവ്വകലാശാല (എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല)**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

ജൂലൈ 2014-ൽ കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുകയുണ്ടായി. താൽക്കാലിക കാമ്പസ്, ഫാക്കൽറ്റി, സ്റ്റാഫ് ഡവലപ്മെന്റ് പ്രോഗ്രാം എന്നിവയുടെ പരിപാലനവും നവീകരണവും, കെ.ടി.യു.വിൽ ലോകോത്തര ഗവേഷണ വിദ്യാലയങ്ങൾ സ്ഥാപിക്കുക, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവൽക്കരണം എന്നിവയാണ് 2021-22 വർഷത്തിൽ ഊന്നൽ നൽകിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. ബിഗ് ഡാറ്റാ അനാലിസിസിനായുള്ള സെന്റർ, സെന്റർ ഫോർ ഡിസൈൻ, ഇന്നൊവേഷൻ ആൻഡ് ഇൻഡസ്ട്രി റിലേഷൻസ്, സ്ഥാപന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐക്യുഎസി) എന്നിവയാണ് മറ്റു പ്രവർത്തനങ്ങൾ. 2021-22-ലെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.എഞ്ചിനീയറിംഗ് ഗവേഷണത്തിനും വികസനത്തിനുമായുള്ള സെന്റർ**

**(വിഹിതം: 300.00 .ലക്ഷം രൂപ)**

കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. നൂതന മേഖലകളിലെ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും, എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു ഏജൻസിയായി സെന്റർ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗ് അടിസ്ഥാന ഗവേഷണത്തിനും, ഉന്നത ഗവേഷണത്തിനും സെന്റർ ശ്രദ്ധ പതിപ്പിക്കും. ഗവേഷണ സാമ്പത്തിക സഹായം, അവാർഡുകൾ, ഫെലോഷിപ്പുകൾ, ഗ്രാന്റുകൾ, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടിയുള്ള ഗവേഷണ പ്രോത്സാഹന പ്രവർത്തനങ്ങൾ, സാറ്റലൈറ്റ് സെന്ററുകൾ, കേരള ടെക്നോളജിക്കൽ കോൺഗ്രസിന്റെ സംഘടന, വിവിധ ഗവേഷണ കേന്ദ്രങ്ങൾ, പേപ്പർ അവതരണത്തിനും പ്രസിദ്ധീകരണത്തിനും പ്രോത്സാഹനം, ഗവേഷണ പ്രോത്സാഹനത്തിനായുള്ള സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കും പദ്ധതി തുക വകയിരുത്തിയിരിക്കുന്നു.

2021-22 വർഷത്തിൽ പദ്ധതി നടത്തിപ്പിലേക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. പബ്ലിക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (സാങ്കേതിക സർവകലാശാലയ്ക്കായി പുതിയ കാമ്പസും അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കുക)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

ഈ പദ്ധതി, സർവകലാശാലയ്ക്കായി ഒരു റെസിഡൻഷ്യൽ കാമ്പസ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നു, അത് വിദ്യാർത്ഥികളെ ഗവേഷണം നടത്താനും മറ്റു അക്കാദമിക് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഉള്ള അന്തരീക്ഷം സൃഷ്ടിക്കും. 2021-22 കാലഘട്ടത്തിൽ ഈ പദ്ധതിക്ക് കീഴിലുള്ള

പ്രധാന പ്രവർത്തനം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് സ്ഥിരം കാമ്പസ് സ്ഥാപിക്കുക എന്നതാണ്. 2021 -22 ൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിട്ടുള്ളതും പദ്ധതി നടത്തിപ്പിനാവശ്യമായ അധിക തുക യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് "പ്രധാന അടിസ്ഥാന സൗകര്യ വികസനം" എന്ന ഹെഡിൽ 'പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും' എന്ന പദ്ധതിയിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്.

**5.എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി**

**(വിഹിതം: 400.00ലക്ഷം രൂപ)**

എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, 1992-93-ൽ കാസർഗോഡ് ഒരു സ്വാശ്രയ കോളേജ് ആരംഭിച്ചു. 2001-02-ൽ വനിതകൾക്കായുള്ള ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരത്ത് ആരംഭിക്കുകയുണ്ടായി. കാസർഗോഡിൽ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം, പൂജപ്പുരയിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, കോഴിക്കോട് പ്രാദേശിക യൂണിറ്റിന് അധിക ബ്ലോക്ക്, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, സോഫ്റ്റ്വെയർ, ലാബ് ഉപകരണങ്ങൾ, യന്ത്രങ്ങൾ, ഫർണിച്ചറുകൾ, മറ്റ് വികസന, തുടർ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

2021-22 വർഷത്തിൽ ഈ സെന്ററിലെ പദ്ധതി നടത്തിപ്പിലേക്ക് 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6.സെന്റർ ഓഫ് എക്സലൻസ് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ്**

**(വിഹിതം : 75.00 ലക്ഷം രൂപ)**

അധ്യാപനം, ഗവേഷണം, പരിശീലനം, വ്യാപനം എന്നിവയ്ക്കുള്ള നോഡൽ ഏജൻസിയായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തന നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി എൽ.ബി.എസ്. തുടരും. വിദ്യാർത്ഥികൾക്കും ഫാക്കൽട്ടികൾക്കുമുള്ള ഗവേഷണ സഹായം, നൈപുണ്യ വികസന പരിശീലന പരിപാടികൾ, സെമിനാറുകൾ/ശില്പശാല, കൗൺസിലിംഗ് സേവനങ്ങൾ, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, നിലവിലുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7.സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി.ആപ്റ്റ്)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

1992-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററാണ് അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) എന്ന് അറിയപ്പെടുന്നത്. സംസ്ഥാനത്തെ സാങ്കേതിക സാങ്കേതികേതര സ്ഥാപനങ്ങളുടെ റിസോഴ്സ് സെന്റർ ആയി ഇത് പ്രവർത്തിക്കുന്നു. പ്രിന്റിംഗിലും, ആധുനിക റിപ്രോഗ്രാഫിക് ഉപകരണങ്ങളുടെ ഉപയോഗത്തിലും നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ സെന്റർ നടത്തുന്നുണ്ട്. 2021-22 വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനാണ് സെന്റർ ഉദ്ദേശിക്കുന്നത്.

- സമഗ്രമായ അഗ്നിരക്ഷാ സംവിധാനം വാങ്ങുകയും ഇൻസ്റ്റാൾ ചെയ്യുകയും ചെയ്യുക.
- ഷീറ്റ് - ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനുകൾ വാങ്ങുക
- പട്ടികജാതി/പട്ടികവർഗ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി മൾട്ടി-മീഡിയ ട്രെയിനിംഗ് യൂണിറ്റ് സ്ഥാപിക്കൽ

2021-22 വർഷത്തിൽ പദ്ധതിക്കായി 400.00.ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയം**

**(വിഹിതം : 1900.00ലക്ഷം രൂപ)**

ശാസ്ത്ര സാങ്കേതിക വിദ്യയുടെ കണ്ടെത്തലുകൾ ജനങ്ങൾക്ക് സുപരിചിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1984-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയം സ്ഥാപിതമായത്. 2021-22-ൽ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

1. റീജിയണൽ സയൻസ് സെന്റർ, ചാലക്കുടി- സയൻസ് എക്സിബിഷൻ ഗാലറിയും മേൽക്കൂരയുടെ മുകളിൽ സോളാർ പാനൽ ഇൻസ്റ്റാളേഷനും പദ്ധതിയുടെ മറ്റ് പൂർത്തീകരണ പ്രവർത്തനങ്ങളും.

2. സയൻസ് സിറ്റി കോട്ടയം - ലാൻഡ്സ്കേപ്പിംഗ് രണ്ടാം ഘട്ടം, ബൊട്ടാണിക്കൽ, ഔഷധ സസ്യ തോട്ടം, ബട്ടർഫ്ലൈ ഗാർഡൻ, ചിൽഡ്രൻസ് പ്ലേ പാർക്ക്, രണ്ട് ടോയ്ലറ്റ് ബ്ലോക്കുകളും ചെറിയ കഫറ്റീരിയകളും ഉൾപ്പെടെയുള്ള സന്ദർശക സൗകര്യ ബ്ലോക്കുകൾ, പ്ലംബിംഗ്, സാനിറ്ററി ജോലികൾ, അഗ്നിശമന സേന, മറ്റ് അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ.

3. ശാസ്ത്രീയ സമീപന മാർഗങ്ങളുടെ രൂപീകരണം, സയൻസ് മോഡലുകൾ, മ്യൂസിക്കൽ ഫൗണ്ടൻ സജ്ജീകരണം, മോഷൻ സിമുലേറ്റർ, സയൻസ് സിറ്റി കോട്ടയത്തിനായി എആർ/വിആർ തിയേറ്റർ

4. റീജിയണൽ സയൻസ് സെന്റർ, പരപ്പനങ്ങാടി - ഡിജിറ്റൽ പ്ലാനറ്റേറിയം പ്രൊജക്ഷൻ സിസ്റ്റം, മറ്റ് പ്ലാനറ്റേറിയം ഉപകരണങ്ങൾ, ഫർണിച്ചർ, സയൻസ് പാർക്ക് സ്ഥാപിക്കൽ, കുട്ടികളുടെ പ്ലേ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ, എക്സിബിഷൻ ഗാലറി, ലൈബ്രറി, ജ്യോതിശാസ്ത്ര നിരീക്ഷണാലയം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ.

5. കെ.എസ്.എസ്.ടി.എം, തിരുവനന്തപുരം - പ്ലാനറ്റേറിയം കെട്ടിടത്തിന്റെ നവീകരണവും സൗകര്യങ്ങളുടെ നവീകരണവും, പഴയ പൈതൃക മ്യൂസിയം കെട്ടിടത്തെ ഒരു പുരാവസ്തു സ്മാരകമായി സംരക്ഷിക്കുക, സന്ദർശക സൗകര്യങ്ങൾ, പുതിയ ഗാലറികൾ, അഗ്നിസുരക്ഷാ സംവിധാനങ്ങൾ, മറ്റ് വികസന, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ

6. മറ്റ് തുടർ പ്രവർത്തനങ്ങൾ

2021-22 വർഷത്തിലേക്ക് 1900.00ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

## 9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി.)

**(വിഹിതം: 2000.00ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണമുള്ളതും 1987-ൽ സ്ഥാപിച്ചതുമായ ഒരു സ്വയം ഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്, 9 എഞ്ചിനീയറിംഗ് കോളേജുകൾ, 8 മോഡൽ പോളിടെക്നിക്കുകൾ, 44 അപ്ലൈഡ് സയൻസ് കോളേജുകൾ, 15 ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ, 2 റീജിയണൽ കേന്ദ്രങ്ങൾ, 6 എക്സ്റ്റൻഷൻ കേന്ദ്രങ്ങൾ, 2 മോഡൽ ഫിനിഷിംഗ് സ്കൂളുകൾ എന്നിവ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. മുൻഗണനാടിസ്ഥാനത്തിലുള്ള കെട്ടിടനിർമ്മാണവും (ഹോസ്റ്റലുകൾ ഉൾപ്പെടെ) പുനരുദ്ധാരണവും (നബാർഡിന്റെ നിർമ്മാണ പ്രവർത്തികൾക്കുള്ള വിഹിതമുൾപ്പെടെ).
2. ഐ.എച്ച്.ആർ.ഡി.ക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് യന്ത്രങ്ങൾ, ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചർ മുതലായവ വാങ്ങുക.

പദ്ധതി നടത്തിപ്പിനായി 2021-22 വർഷത്തിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

## 10. തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് (ടെസ്റ്റ്)പാർക്ക്

**(വിഹിതം: 227.00ലക്ഷം രൂപ)**

വ്യവസായ സ്ഥാപനങ്ങളും ശാസ്ത്രവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുക, പ്രായോഗികവും അടിസ്ഥാനപരവുമായ ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുക മുതലായ കാര്യങ്ങൾക്ക് വേണ്ടിയാണ് തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ടെസ്റ്റ്) സ്ഥാപിച്ചിരിക്കുന്നത്. വിവിധകമ്പനികൾ, നിക്ഷേപകർ, സേവനദായകർ, ഗവൺമെന്റ് സ്ഥാപനങ്ങൾ, വൻകിട കോർപ്പറേഷൻസ്, അതുപോലെതന്നെ സി.ഇ.റ്റി ടാലന്റ് പൂൾ എന്നിവർക്ക് നവീനമായ ആശയങ്ങളും, സംരംഭങ്ങളും തുടങ്ങുന്നതിനുവേണ്ടി

പ്രോൽസാഹനം നൽകുക എന്നതാണ് റിസേർച്ച് പാർക്കിന്റെ പ്രവർത്തനങ്ങൾ. ഇ-മൊബിലിറ്റി സെന്റർ ഓഫ് എക്സലൻസ് പ്രോഗ്രാം (ഇലക്ട്രിക് വാഹനങ്ങൾ), ഇലക്ട്രോണിക്സ് റിസർച്ച്-സെന്റർ ഓഫ് എക്സലൻസ്, സുസ്ഥിര സൗരോർജ്ജത്തിലെ ഗവേഷണ സംരംഭങ്ങൾ, മോഡുലാർ ഹൈ-പ്രഷർ ബയോഗ്യാസ് ജനറേഷൻ, ബയോ സിഎൻജി പരിവർത്തന സംവിധാനം. കെ-ഡിസ്ക് ഇവി കൺസോർഷ്യം, രണ്ട് ആർഐഎസ്സി-വി ന്യൂറൽ ചിപ്പുകളുടെ രൂപകൽപ്പന, ഇലക്ട്രോണിക് ഹാർഡ്‌വെയർ, ഡിസൈൻ, ഫാബ്രിക്കേഷൻ, ടെസ്റ്റിംഗ് ലാബ്, ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ ടെക്നോളജി ഇൻകുബേറ്റർ (ഡിസിടിഐ), സെന്റർ ഓഫ് എക്സലൻസ് ഇൻ ഡിസൈൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുമാണ് 2021-22 ൽ ഊന്നൽ നൽകിയിട്ടുള്ളത്

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 വാർഷിക ബഡ്ജറ്റിൽ 227.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. നിർവ്വഹണത്തിലൂന്നിയ അടിസ്ഥാന സൗകര്യ വികസനം - ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്കിന്റെ (ട്രെസ്റ്റ്) അടിസ്ഥാന സൗകര്യ വികസനം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

2021-22 ൽ ഈ പദ്ധതിക്കായി പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ശീർഷകത്തിൻ കീഴിൽ 'പ്രവർത്തന അധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. ട്രെസ്റ്റ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ തുക വിനിയോഗിക്കാവുന്നതാണ്.

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും 3 ഗവൺമെന്റ്-എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളും 45 ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകളും (7 വനിത പോളിടെക്നിക്ക് കോളേജുകളുമുൾപ്പെടെ) 6 ഗവൺമെന്റ്-എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളും 39 ടെക്നിക്കൽ ഹൈസ്കൂളുകളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് (ഡി.റ്റി.ഇ) കീഴിൽ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലേയും, പോളിടെക്നിക്കുകളിലേയും, ടെക്നിക്കൽ ഹൈസ്കൂളുകളിലേയും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ സംയോജിപ്പിച്ചു കൊണ്ട് പ്രവർത്തിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും പരിപാടികളും വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നു. പരിചയ സമ്പന്നരും വിദഗ്ധരുമായ അക്കാദമിക വ്യക്തിത്വങ്ങളുമായി ഇടപഴകുന്നതിനും ലോകമെമ്പാടുമുള്ള പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അവസരം നൽകുന്നു. മാലിന്യ നിർമ്മാർജനവും, ക്യാമ്പസ് ഹരിതവൽക്കരണവും പദ്ധതിയുടെ ഭാഗമായുണ്ട്.

**12. വകുപ്പിന്റെ ശാക്തീകരണം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്.

എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റും മേഖലാ ആഫീസുകളും പരീക്ഷാ വിഭാഗവും

ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

സി) മാനവ വിഭവശേഷി വികസനം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ, കളമശ്ശേരി

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2021-22 വർഷത്തിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റും മേഖലാ ആഫീസുകളും പരീക്ഷാ വിഭാഗവും**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം, കോഴിക്കോട്ടും കോതമംഗലത്തുമുള്ള റീജിയണൽ ഡയറക്ടറേറ്റുകൾ, പരീക്ഷാ വിഭാഗം കൺട്രോളറുടെ കൈമനം ഓഫിസ് എന്നിവയുടെ വികസനത്തിന് വേണ്ടിയാണ് ഈ ഘടകം.

വകുപ്പിന്റെ പൊതുവായ വികസനത്തിനും ഡിജിറ്റൽ ഡോക്യുമെൻറ് ഫയലിംഗ് സിസ്റ്റത്തിനും മറ്റു ഇ-ഗവേർണൻസ് & ഇ-ട്രെയിനിംഗ് പ്രവർത്തികളുമാണ് ഇതിനു കീഴിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(1)പുനരുദ്ധാനം, ഫർണിഷിംഗ്, ഓഫീസ് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഓഫീസ് ആധുനികവൽക്കരണത്തിനും. 2)നെറ്റ് വർക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനും ഇ-ഗവേണൻസ്, ഇ-ട്രെയിനിങ് തുടങ്ങിയവ നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾക്കും 3) പേപ്പർ റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും 4) സോഫ്റ്റ് വെയർ പരിഷ്കരണത്തിനും പരീക്ഷ ആധുനികവൽക്കരണത്തിനും അക്കൗണ്ടിങ്ങിനുമായി തുക മാറ്റിവെച്ചിരിക്കുന്നു. ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം എല്ലാ ഓഫീസുകളിലും സജ്ജീകരിക്കേണ്ടതുള്ളത് കൊണ്ട് അതിനുള്ള വകയും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഹരിത പ്രോട്ടോക്കോളും പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങളും തുടരുന്നതിനും ഭിന്ന ശേഷിക്കാരുടെ സൗകര്യങ്ങൾക്കായും, ജലവിനിയോഗവും മലിന ജല മാനേജ്മെന്റും നടപ്പിലാക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

**(ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും മേഖലാ ഓഫീസുകളിലേയും പരീക്ഷാ വിഭാഗത്തിലേയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ**

കർത്തവ്യ ബോധവും വ്യക്തിത്വ വികസനവും ഉത്തരവാദിത്ത ബോധവും നല്കികൊണ്ട് ഡയറക്ടറേറ്റിലേയും വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. കാര്യശേഷി വർധിപ്പിക്കാനുള്ള ഈ പരിപാടിക്ക് രണ്ടു ഭാഗങ്ങളുണ്ട്- 1) മാനസിക സംഘർഷം കുറയ്ക്കൽ, സമയ ക്രമീകരണം, സേവന മനോഭാവം ഉണ്ടാക്കൽ എന്നിവ ഉൾപ്പെടെയുള്ള വ്യക്തിത്വ വികസന പരിശീലനം 2) സേവന ചട്ടങ്ങൾ, മലയാളം കമ്പ്യൂട്ടിങ്, ഇ- ടെണ്ടർ, ഇ-ഗവേണൻസ് തുടങ്ങി സ്വന്തം ഔദ്യോഗിക മേഖലയിൽ അവശ്യം വേണ്ട അറിവ് നൽകുന്നതിനുള്ള പരിശീലനം. ഈ പരിശീലനങ്ങൾ സംസ്ഥാനത്തുള്ള പരിശീലന സ്ഥാപനങ്ങൾക്ക് പുറമേ പ്രധാന ദേശീയ സ്ഥാപനങ്ങളിലും വച്ച് നടത്തുവാൻ ലക്ഷ്യമിടുന്നു.

**സി) മാനവ ശേഷി വികസനം (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ, കളമശ്ശേരി**

സാങ്കേതിക വകുപ്പിന്റെ അക്കാദമിക ശാഖയായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിക്കുന്നു. സിലബസ് പരിഷ്കരണം, കരിക്കുലം വികസനം, അക്കാദമിക മോണിറ്ററിംഗ്, ഫാക്കൽറ്റി വികസനം എന്നിവ വഴി പോളിടെക്നിക് വിദ്യാഭ്യാസത്തിന്റെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിൽ ഈ സ്ഥാപനം പ്രധാന പങ്ക് വഹിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴികെ സാങ്കേതിക വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ശാസ്ത്രീയമായി, സാങ്കേതിക പുരോഗതിയും പുതിയ വിപണി ആവശ്യങ്ങളും ഉൾക്കൊണ്ടു കൊണ്ട്, കരിക്കുലം റിവിഷൻ നടത്തുന്നത് ഈ സ്ഥാപനമാണ്. 2021-22 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- സംസ്ഥാനത്തിലെ പോളിടെക്നിക് കോളേജുകളിൽ കരിക്കുലം റിവിഷൻ 2020 ന്റെ വിലയിരുത്തൽ സംഘടിപ്പിക്കുക, സർക്കാർ കൊമേഴ്സ്യൽ സ്ഥാപനങ്ങളിലും സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലും ടെക്നിക്കൽ ഹൈസ്കൂളുകളിലും, മറ്റു കേരള സർക്കാർ സർട്ടിഫിക്കറ്റ് പരീക്ഷകളിലും, സർക്കാർ ടെക്നിക്കൽ പരീക്ഷകളിലും കരിക്കുലം റിവിഷൻ നടപ്പിലാക്കുക.
- സംസ്ഥാന തല ശില്പശാലകളും, മീറ്റിംഗുകളും നടത്തുകയും കൊമേഴ്സ്യൽ സ്ഥാപനങ്ങൾ ,പോളി ടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻഡിസൈനിംഗ് എന്നിവിടങ്ങളിലെ അധ്യാപകർക്കും ടെക്നിക്കൽ സ്റ്റാഫിനും പരിശീലനം നൽകുകയും ചെയ്യുക.

- പോളിടെക്നിക് കോളേജുകൾ, ഗവൺമെന്റ് കൊമേഴ്സ്യൽ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻഡിസൈനിങ്ങ്, ടെക്നിക്കൽ ഹൈസ്കൂളുകൾ മുതലായ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക് പരിശോധനകൾ നടത്തുക.
- ഫലപ്രദമായ പഠന ബോധന സാമഗ്രികൾ പ്രസിദ്ധീകരിക്കുക, പഠന പ്രക്രിയയ്ക്കായി വിഭവങ്ങൾ വികസിപ്പിക്കുക
- ഡിപ്ലോമ പ്രോഗ്രാമുകൾക്ക് (സായാഹ്ന) ഉൾപ്പെടെ ഓൺലൈൻ വെബ്സൈറ്റുകൾ വഴി പോളിടെക്നിക്കുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലേക്കും ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പ്രവേശനം നടത്തുക.
- ശാസ്ത്ര സാങ്കേതിക മേഖലയിൽ ദേശീയ സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കുക
- കുട്ടികളുടെ സെമിനാർ, മത്സരങ്ങൾ, പ്രോജക്ടുകൾ, സർട്ടിഫിക്കറ്റ് സമ്മാനദാനം എന്നിവ സംഘടിപ്പിക്കുക
- സാമഗ്രികൾ വാങ്ങലും ചെറിയ ജോലികളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം
- പ്രത്യേക ഓഫീസ് സ്ഥലം നൽകി സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡ് (എസ് .ബി.ടി.ഇ) സ്ഥാപിക്കുക.

**13. പഠന-ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

പഠന-ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തുന്നതിനും നൈപുണ്യ വിടവ് പരിഹരിക്കാനുമായി മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്. 1300.00 ലക്ഷം രൂപ താഴെപറയുന്ന ഘടകങ്ങൾക്കായി 2021-22വർഷത്തേക്ക് നല്കിയിരിക്കുന്നു. ഇതിൽ ഏകദേശം 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എ. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റി വികസനം

ബി. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ(IIIC)

സി. അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇൻറ്റേണൽ ക്വാളിറ്റി അഷ്യൂറൻസ് സെൽ

ഡി. പ്ലേസ്മെന്റ് ആന്റ് ട്രെയിനിംഗ്

ഇ. ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം

എഫ്. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും അധിക വിദഗ്ധ കഴിവ് വികസന പരിശീലനം (എ.എസ്.ഡി.പി)

ജി. പഠന സഹായ പദ്ധതി

എച്ച്. പുനർജ്ജനി

ഐ. പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

ജെ. സ്റ്റുഡന്റ് അഫയേഴ്സ് ആന്റ് കൗൺസലിംഗ് സെന്റർ (സാക്)

**എ. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനം**

എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും ഫാക്കൽറ്റി വികസനത്തിനായി ഫുൾടൈം/എം.ടെക്, പി.എച്ച്.ഡി കോഴ്സ് സംഘടിപ്പിക്കുക (ഗുണമേന്മ പദ്ധതി), എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക് കോളേജുകളിലേയും അധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക, കോൺഫറൻസുകളിൽ അദ്ധ്യാപകരേയും മറ്റ് സ്റ്റാഫുകളേയും പങ്കെടുപ്പിക്കുക,

അധ്യാപകരുടെ യോഗങ്ങൾ നടത്തുക, എഞ്ചിനീയറിംഗ് കോളേജുകളിൽ സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക തുടങ്ങിയവക്കാണ് തുക നൽകിയിരിക്കുന്നത്.

**ബി . ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ**

എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഫൈൻ ആർട്സ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വികസനം ലഭ്യമാക്കുന്നതിനാണ് ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

- ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലും പ്രഗത്ഭരായ അധ്യാപകരെക്കൊണ്ടും വിവിധ വ്യാവസായ സംരംഭങ്ങളിലെ വിദഗ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുക.
- വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടി അനുസരിച്ച് ഗവേഷണ-അക്കാദമിക പ്രവർത്തനങ്ങളിൽ സീനിയർ അധ്യാപകരുടേയും പ്രൊഫഷണലുകളുടേയും സേവനം പ്രയോജനപ്പെടുത്തുക.
- പുതിയ മേഖലകളിൽ പരിപാടികളും സർട്ടിഫിക്കറ്റ് പരിശീലന പരിപാടികളും സ്ഥാപനങ്ങളിൽ നടത്തുക.
- അത്യാധുനിക വ്യാവസായിക രീതികളും പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഫൈൻ ആർട്സ് കോളേജുകളും പ്രശസ്ത ഗവൺമെന്റ്/പ്രൈവറ്റ് സ്ഥാപനങ്ങളുമായി ധാരണാ പത്രം ഒപ്പുവയ്ക്കുക.
- എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കാനും കരിയർ ഗൈഡൻസിനുമുള്ള പരിശീലനം നൽകുക.
- എല്ലാ സ്ഥാപനങ്ങളിലേയും ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഇൻഡക്ഷൻ പരിപാടി സംഘടിപ്പിക്കുക.

ആത്മവിശ്വാസമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ക്രിയാത്മകമായ കഴിവുകൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുമായി ഒരു മാനവ വികസന സെൽ സ്ഥാപിക്കുക എന്നത് ഐ.ഐ.ഐ.ഡി ക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്നു. അത്യാവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള സാമ്പത്തിക സഹായവും പദ്ധതിയുടെ ഭാഗമാണ്.

**സി. അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇൻറേണൽ ക്വാളിറ്റി അഷ്യൂറൻസ് സെൽ**

അധ്യാപനത്തിൽ ആധുനിക രീതിയിലുള്ള പരിശീലനം അധ്യാപകർക്ക് നൽകാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. നൂതനമായ അധ്യാപന-പഠന പ്രക്രിയയെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. രണ്ടു തരത്തിലുള്ള പരിപാടികളാണ് എ.എസ്.സി. വഴി ഉദ്ദേശിക്കുന്നത് ഓറിയൻറേഷൻ പരിപാടികളും റിഫ്രഷർ കോഴ്സുകളും. താമസിച്ചുള്ള രണ്ടു പരിശീലനങ്ങൾ ഒരേസമയം നടത്തുന്നതിനും ദേശീയ-അന്തർദ്ദേശീയ ശില്പശാലകളും സെമിനാറുകളും നടത്തുന്നതിനുമുള്ള സൗകര്യം നൽകേണ്ടതുണ്ട്. ഇ-ലൈബ്രറിക്കും റെഫറൻസ് സെന്ററിനുമുള്ള സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി സംയോജിപ്പിച്ച പരിശീലനം സംഘടിപ്പിക്കുന്നതിന് അക്കാദമിക് സ്റ്റാഫ് കോളേജ് ആവശ്യമാണ്.

**സംസ്ഥാന ക്വാളിറ്റി അഷ്യൂറൻസ് സെൽ**

സ്ഥാപനങ്ങളിലെ അക്കാദമിക - ഭരണ പ്രവർത്തനങ്ങൾ തുടർച്ചയായി സ്ഥിരതയോടെ ഉയർത്തികൊണ്ട് വരുന്നതിനാണ് സംസ്ഥാന ക്വാളിറ്റി അഷ്യൂറൻസ് സെൽ. വിദ്യാഭ്യാസം എന്ന ലക്ഷ്യം വച്ച് സ്ഥാപനങ്ങൾ എന്തൊക്കെ ചെയ്താലും അവ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. അതിനു വേണ്ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെ പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള നടപടിക്രമങ്ങൾ എസ്.ക്യൂ.എ.സി. തയ്യാറാക്കും.

**ഡി. പ്ലേസ്മെന്റ് ആന്റ് ട്രെയിനിംഗ്**

വിവിധ വ്യവസായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും വഴി എല്ലാ വർഷവും ഡിപ്ലോമക്കാർക്കും ബിരുദതല വിദ്യാർത്ഥികൾക്കും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നതിന് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നതോടൊപ്പം, ഡിപ്പാർട്ട്മെന്റിൽ അപ്രന്റീസ് ട്രെയിനികളായി ജോലിചെയ്യുന്ന ബിരുദതല-ഡിപ്ലോമ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റും നൽകുന്നു. 300 ഉദ്യോഗാർത്ഥികൾക്ക് (210 ഡിപ്ലോമക്കാർക്കും 90 ഡിഗ്രിക്കാർക്കും) പരിശീലനസൗകര്യം നൽകാനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. അപ്രന്റീസ്ഷിപ്പ് ട്രെയിനികൾ തിരഞ്ഞെടുക്കുന്നതിന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ കേന്ദ്രീകൃത വാക്ക് ഇൻ ഇന്റർവ്യൂ സംഘടിപ്പിക്കുക, ഫലപ്രദമായ പ്ലേസ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പോളിടെക്നിക് കോളേജുകളിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അവബോധവും പരിശീലന പരിപാടികളും നടത്തുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. അപ്രന്റീസ്ഷിപ്പ് നിയമം, 1973 & 1986 അനുസരിച്ച് ഡിപ്ലോമക്കാർക്കും ബിരുദതല വിദ്യാർത്ഥികൾക്കും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നതിനുള്ള സംസ്ഥാന തല സ്ഥാപനം കളമശ്ശേരിയിലുള്ള എസ്.ഡി. സെൻറർ ആണ്. എല്ലാ കേന്ദ്ര/സംസ്ഥാന/പ്രൈവറ്റ് സ്ഥാപനങ്ങളും എസ്.ഡി. സെൻറർ വഴിയാണ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിനുള്ളവരെ തെരഞ്ഞെടുക്കുന്നത്. അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിനു പുറമേ ചെറിയ നിയമനങ്ങളും ചില പ്രൈവറ്റ് സ്ഥാപനങ്ങൾ ഇത് വഴി നടത്തുന്നുണ്ട്.

**ഇ. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും അധിക വിദഗ്ധ കഴിവ് വികസന പരിശീലനം (എ.എസ്.ഡി.പി)**

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾക്കായി വിവിധ നൈപുണ്യ പരിശീലന പരിപാടികൾ നടത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സൊസൈറ്റിക്ക് അനുയോജ്യമായ ഓരോ സ്ഥാപനത്തിലും കുറഞ്ഞത് ഒരു നൈപുണ്യ പരിശീലന പരിപാടിയെങ്കിലും ആരംഭിച്ച് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെ കേന്ദ്രീകരിച്ച് എല്ലാ സമുദായങ്ങളിലെയും തൊഴിലില്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ യുവജനങ്ങളുടെ ശാക്തീകരണത്തിന് വേണ്ടിയാണ് ഈ പരിശീലന പരിപാടി. പരിശീലനം നേടുന്നവർക്ക് മാസം തോറും സ്റ്റൈപെന്റ്, ടൂൾ കിറ്റ് മുതലായവ നൽകുകയും കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നു. അധ്യാപകർക്കുള്ള ഹോണറേറിയം, സാധന-സാമഗ്രികളുടെ ചെലവ്, പങ്കെടുക്കുന്നവർക്കുള്ള സ്റ്റൈപെന്റ് എന്നിവക്കായി തുക വകയിരുത്തിയിരിക്കുന്നു.

**എഫ്. പഠന സഹായ പദ്ധതി**

അക്കാദമിക് ലെവൽ മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വിഭാഗത്തിലുമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പരിഹാര ക്ലാസുകൾ നടത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. എൻജിനീയറിങ് കോളേജുകളിലും പോളിടെക്നിക്കുകളിലും അക്കാദമികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങളിലും പെട്ട വിദ്യാർത്ഥികൾക്കായി വിവിധ വിഷയങ്ങൾക്ക് പരിഹാര ക്ലാസുകൾ നടത്തുന്നു. നല്ലൊരു വിജയശതമാനം ഇത് വഴി ഉറപ്പാക്കുന്നു. എല്ലാ എൻജിനീയറിംഗ് കോളേജുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലുമാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കോച്ചിംഗിൽ ഏർപ്പെടുന്ന ഫാക്കൽറ്റികൾക്ക് വേതനം നൽകുന്നതിനും വിദ്യാർത്ഥികൾക്കുള്ള പാഠ്യവസ്തുക്കൾ നൽകുന്നതിനും മറ്റും തുക വകയിരുത്തിയിരിക്കുന്നു.

**ജി. പുനർജ്ജനി**

ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും മറ്റ് വസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ നാഷണൽ സർവീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് പുനർജ്ജനി. സർക്കാർ ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അതുപോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിലുമുള്ള ഇത്തരത്തിലുള്ള ഉപകരണങ്ങളുടെ വീണ്ടെടുക്കലും ഉപയോഗയുക്തമാക്കലുമാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. പ്ലംബിംഗ്, മലിനജല മാനേജ്മെന്റ്, ഇലക്ട്രിക്കൽ റിപ്പയറിംഗുകൾ എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു.

**എച്ച്. പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ**

സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ സ്ഥാപിച്ച് കാമ്പസുകളിലെ വിദ്യാർത്ഥികളുടെ സംരംഭക ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി. ടിബിഐകളിലൂടെ, വളർന്നുവരുന്ന എഞ്ചിനീയർമാർക്കിടയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക, നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളെ വാണിജ്യവത്ക്കരിക്കുക, വിദ്യാർത്ഥികളിൽ നിന്ന് സംരംഭക പ്രതിഭകളെ വളർത്തിയെടുക്കുക, വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമായി സംരംഭകത്വ വികസന പരിപാടികൾ നടത്തുക, എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിലും ടി.ബി.ഐ.സി.കൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ക്യുബിക്കുളുകളുടെ നിർമ്മാണം, പരിശീലന-ബോധവൽക്കരണ പരിപാടികൾ ബയോമെട്രിക് ആക്സസ് കൺട്രോൾ ആന്റ് സെക്യൂരിറ്റി ക്യാമറകൾക്കും കമ്പ്യൂട്ടർ, അധിക ഫർണിച്ചർ തുടങ്ങിയവക്കായും വിഹിതം വകയിരുത്തിയിരിക്കുന്നു.

**ഐ. സ്റ്റുഡന്റ് അഫയേഴ്സ് ആൻഡ് കൗൺസലിംഗ് സെന്റർ (സാക്)**

സങ്കീർണ്ണവും അസ്ഥിരവും അനിശ്ചിതത്വവും നിറഞ്ഞ സമകാലിക സമൂഹത്തിൽ വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ ഉയർച്ച ഉറപ്പ് വരുത്തുന്നതിന് പിന്തുണാ സംവിധാനങ്ങൾ അത്യാവശ്യമാണ്. വിദ്യാർത്ഥികളുടെ ക്രിയാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ സമൂഹ നൻമയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ആത്മവിശ്വാസവും സമചിത്തതയുമായ വ്യക്തികളായി വളർത്തികൊണ്ടു വരുന്നതിനുള്ള സംവിധാനങ്ങൾ ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് എല്ലാ എൻജിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും, ഫൈൻ ആർട്സ് കോളേജുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും സാക് സ്ഥാപിക്കുന്നത്.

**14. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

**(വിഹിതം: 3530.00 ലക്ഷം രൂപ)**

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്. താഴെ പറയുന്ന ഘടകങ്ങൾക്കായി 3530.00 ലക്ഷം രൂപ 2021-22 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു.

എ. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം
ബി. എൻഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ
സി. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ്.
ഡി. എൻജിനിയറിങ് കോളേജുകളിലെ ക്യൂ.ഐ.പി. കേന്ദ്രങ്ങൾ
ഇ. എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്രഡിറ്റേഷൻ
എഫ്. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (TEQIP-രണ്ടാം ഘട്ടം)

**എ. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

എൻജിനീയറിങ് കോളേജുകളുടെ വികസനത്തിനായി പദ്ധതികൾ വ്യത്യസ്ത ശീർഷകങ്ങളിലാണ് മുൻപ് നൽകിയിരുന്നത്. കഴിഞ്ഞ വർഷം എല്ലാ സ്ഥാപനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഗവേഷണ സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക സഹായം നൽകുക, ഡിജിറ്റൽ / ഇ-ലൈബ്രറി സൗകര്യങ്ങൾ നൽകുക, എഞ്ചിനീയറിംഗ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുക, ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുക, ഗ്രീൻ പ്രോട്ടോക്കോൾ തുടരുക, പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങൾ, ജലസ്രോതസ്സുകളുടെ ശരിയായ വിനിയോഗം, മലിനജല പരിപാലനം, ഊർജ്ജസംരക്ഷണം, ഭിന്നശേഷിയുള്ള വ്യക്തികൾക്കുള്ള സൗകര്യങ്ങൾ, ഗവേഷണ സ്കോളർഷിപ്പുകൾ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ പുതിയതും നൂതനവുമായ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസ പരിപാടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും കൺസൽട്ടേഷനും നൽകുക, എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം, ലബോറട്ടറി സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ, ഹോസ്റ്റൽ, ലൈബ്രറി സൗകര്യങ്ങൾ എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

**ബി. എൻഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ**

ഐ.സി.റ്റി യുടെ നേതൃത്വത്തിൽ എല്ലാ എൻജിനീയറിംഗ് കോളേജുകളിലേയും ക്ലാസ്സ് മുറികൾക്കും ഇന്റർനെറ്റ് കണക്ടിവിറ്റിയും എൽ.സി.ഡി. പ്രോജെക്ടറുകളും, ലാപ്ടോപ്പ് കംപ്യൂട്ടറുകളും നൽകി ക്ലാസ്സ് മുറികളെ സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റിയിട്ടുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എളുപ്പം ലഭിക്കാനും ലോകം മുഴുവനുമുള്ള പഠന വിഭവങ്ങൾ ഉപയോഗിക്കാനും കഴിയും. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ ഇ-ലേണിംഗ് വിഭവങ്ങൾ ഏതൊരു സ്ഥാപനത്തിനും വേണ്ട അടിസ്ഥാനസൗകര്യങ്ങളാണ്. 2021-22 ൽ എഞ്ചിനീയറിംഗ് കോളേജുകളിലെ ഈ പ്രവർത്തനങ്ങൾ തുടരുന്നതിന് തുക വകയിരുത്തിയിരിക്കുന്നു. ഡിജിറ്റൽ മീഡിയാ സ്റ്റുഡിയോ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, ഇ-ജേർണൽ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കരിയർ ഗൈഡൻസും സോഫ്റ്റ് സ്കിൽ പരിശീലനവും എഞ്ചിനീയറിംഗ് ഉള്ളടക്കമുള്ള ലേണിംഗ് സോഫ്റ്റ് വെയർ, ഇ-വിഭവങ്ങളുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സെർവറും സൗകര്യങ്ങളും നൽകൽ, ഓൺലൈൻ പഠന സംവിധാന വികസനം എന്നിവയ്ക്കും 2021-22 ൽ തുക വകയിരുത്തിയിരിക്കുന്നു.

**സി.എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ്.**

എഞ്ചിനീയറിംഗ് കോളേജുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണമികവിനെ അടിസ്ഥാനമാക്കി നൽകിവരുന്ന റിസർച്ച് സ്കോളർഷിപ്പുകൾ തുടരുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പി.എച്ച്.ഡി/എം.ടെക് വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമികപരിസ്ഥിതി ഉയർത്തുന്നതിനാണ് സ്കോളർഷിപ്പ് നൽകുന്നത്. ഗേറ്റ് സ്കോളർഷിപ്പ് ഇല്ലാത്ത എം.ടെക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സാങ്കേതിക ഡയറക്ടറേറ്റിനു കീഴിൽ രൂപികരിച്ചിട്ടുള്ള ഒരു സെലക്ഷൻ സമിതിയാണ്.

**ഡി. എൻജിനിയറിങ് കോളേജുകളിലെ ക്യൂ.ഐ.പി. കേന്ദ്രങ്ങൾ**

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലും, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലും, കോട്ടയം ആർ.ഐ.ടി യിലും ഗുണനിലവാര കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും അതുവഴി എഞ്ചിനീയറിംഗ് കോളേജുകളിൽ പി.എച്ച്.ഡിക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 6 എഞ്ചിനീയറിംഗ് കോളേജുകളേയും കെ.റ്റി.യു. ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ക്യൂ.ഐ.പി പദ്ധതികൾ മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ലബോറട്ടറിയുടെ ആധുനീകരണം, വർക്ക്ഷോപ്പുകൾ, ലൈബ്രറി സൗകര്യങ്ങൾ എന്നിവ പദ്ധതി വഴി ലക്ഷ്യമിടുന്നു.

**ഇ. എഞ്ചിനീയറിംഗ് കോളേജുകളുടെ അക്രഡിറ്റേഷൻ**

നമ്മുടെ കോളേജുകളിൽ പഠനത്തിന് മികച്ച അന്തരീക്ഷമാണുള്ളത്. ഈ കോളേജുകൾക്ക് അക്രെഡിറ്റേഷൻ ലഭിക്കാൻ അവസരം നൽകിയാൽ, വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും ആത്മവിശ്വാസം വർദ്ധിക്കുകയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു. അന്താരാഷ്ട്ര ഗുണമേന്മയും ദേശീയതലത്തിലുള്ള അംഗീകാരവും അക്രഡിറ്റേഷനുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്യാമ്പസ് അഭിമുഖങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ നമ്മുടെ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിദ്യാർത്ഥികളുടെ ഉയർന്ന നിലവാരത്തെ കുറിച്ച് എടുത്ത് പറയാറുണ്ട്. അക്രഡിറ്റേഷൻ ഫാക്കൽറ്റിക്കും വിദ്യാർത്ഥികൾക്കും കൂടുതൽ ആത്മവിശ്വാസവും ആത്മാഭിമാനവും നല്കുന്നു. ഇത് കൂടുതൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കൂടാതെ, ഈ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മൂല്യം ദേശീയ അന്തർദേശീയ നിലവാരങ്ങൾക്ക് പ്രാപ്തമാക്കേണ്ടതുമാണ്. അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്കുമാത്രമേ എ ഐ സി റ്റി യുടെ പുതിയ പ്രോഗ്രാമുകൾ അനുവദിക്കപ്പെടുകയുള്ളൂ. എൻ.ബി.എ. അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്.

**എഫ്. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന**

എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി(ടെക്വിപ്). ടെക്വിപിന്റെ ഒന്നാം ഘട്ടത്തിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളെ തിരഞ്ഞെടുക്കുകയും 2003-09 കാലയളവിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ടെക്വിപിന്റെ രണ്ടാം ഘട്ടത്തിൽ ബിരുദധാരികളുടെ തൊഴിൽ ലഭ്യതയും പഠനമേന്മയും ഉയർത്തുന്നതിനുവേണ്ടി, 19 എൻജിനീയറിംഗ് കോളേജുകളെ തെരഞ്ഞെടുക്കുകയുണ്ടായി. ടെക്വിപിന്റെ രണ്ടാം ഘട്ടം അനുസരിച്ച്, 250 ഇൻസ്റ്റിറ്റ്യൂട്ടുകളെ നേരത്തെ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ (സ്ഥാപനങ്ങൾ സമർപ്പിച്ച പ്രൊപ്പോസലിന്റെ ഗുണനിലവാരം) അടിസ്ഥാനമാക്കി മത്സരാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കും. 100% കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിലാണ് പദ്ധതി നടപ്പാക്കുന്നത്. ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നിയുക്ത ഏജൻസിയാണ് സ്റ്റേറ്റ് പ്രോജക്ട് ഫെസിലിറ്റേഷൻ യൂണിറ്റ് (SPFU). സ്കീം നിരീക്ഷിക്കുന്നതിനായി എസ് പി എഫി ന്റെ പ്രവർത്തനത്തിനായി തുക വകയിരുത്തുന്നു.

**15.സർക്കാർ പോളിടെക്നിക്കുകളുടെ വികസനം**

**(വിഹിതം: 4030.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, ഡിപ്ലോമ തലത്തിലുള്ള വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. എ) സർക്കാർ പോളിടെക്നിക്കുകളുടെ വികസനം, ബി) പോളിടെക്നിക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം സ്ഥാപിക്കൽ, സി) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾക്കുള്ള അക്രഡിറ്റേഷൻ, ഡി) പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ എന്നിവയാണ് പ്രധാന ഘടകങ്ങൾ.

ഈ ഘടകങ്ങൾക്കായി 4030.00 ലക്ഷം രൂപ 2021-22 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു.

**എ.സർക്കാർ പോളിടെക്നിക്കുകളുടെ വികസനം**

കേരളത്തിൽ 45 ഗവൺമെന്റ് പോളിടെക്നിക്കുകൾ ഉണ്ട്. ഇവയിൽ 38 പൊതു പോളിടെക്നിക്കുകൾ, 7 വനിതാ പോളിടെക്നിക്കുകൾ എന്നിവയുൾപ്പെടുന്നു. പതിമൂന്നാം പദ്ധതിയുടെ സമീപന രേഖ അനുസരിച്ച് എൻ.എസ്.ക്യു.എഫ്. സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ പോളിടെക്നിക്കുകളിലും (ഒരു സ്പെഷ്യലൈസേഷൻ എങ്കിലും) എൻ.എസ്.ക്യു.എഫ് സംവിധാനം

ഏർപ്പെടുത്താൻ വകുപ്പ് ഉദ്ദേശിക്കുന്നു. ലബോറട്ടറികൾ, ലൈബ്രറികൾ, ക്ലാസ്സ് മുറികൾ എന്നിവ ആധുനികവൽക്കരിച്ചുകൊണ്ട് അക്കാദമിക-അടിസ്ഥാനസൗകര്യങ്ങളിലും വലിയ തോതിലുള്ള മാറ്റങ്ങൾ പോളിടെക്നിക്കുകളിൽ വരുത്താൻ ഉദ്ദേശിക്കുന്നു. 31 പോളിടെക്നിക്കുകളിൽ കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതി നടപ്പിലാക്കുന്നു. എൻ.എസ്.ക്യു.എഫ് മാനദണ്ഡപ്രകാരം എം.എച്ച്.ആർ.ഡി. അംഗീകരിച്ച കമ്മ്യൂണിറ്റി കോളേജുകൾ 5 പോളിടെക്നിക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. എങ്കിലും കുറെ വർഷംമുൻപ് ആരംഭിച്ച ചില പോളിടെക്നിക്കുകളിൽ പുനരുദ്ധാരണ -ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഭരണ, അക്കാദമിക് ബ്ലോക്കുകൾ, വർക്ക് ഷോപ്പുകൾ, ലബോറട്ടറികൾ, ലൈബ്രറി കെട്ടിടങ്ങൾ പുതിയ ക്ലാസ്സ് മുറികൾ, കായിക പരിശീലന കോംപ്ലക്സുകൾ, ചുറ്റുമതിൽ, വൈദ്യുതീകരണം എന്നിവയും ഇപ്പോഴുള്ളതിനു പുറമെ മെഷിനറികളും, ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുക, ലബോറട്ടറി സൗകര്യങ്ങൾ നിർമ്മിക്കുക എന്നിവയും അത്യാവശ്യമാണ്. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട് (പ്രത്യേകിച്ചും സിവിലും മെക്കാനിക്കലും വിഭാഗങ്ങൾക്ക്). പുതിയ ഭരണ, ലാബ്, അക്കാദമിക ബ്ലോക്കുകൾ, ഓഡിറ്റോറിയം, ലൈബ്രറി എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു.

കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ക്ലാസ് റൂമുകൾ, മതിയായ ഹോസ്റ്റൽ താമസം, ലബോറട്ടറി വസ്തുക്കൾ വാങ്ങൽ, മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ, കുടിവെള്ള ആവശ്യങ്ങൾ എന്നിവയിൽ പൊതു മെച്ചപ്പെടുത്തൽ, എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ, ഹരിത പ്രോട്ടോക്കോൾ, പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങളുടെ തുടർച്ച, ജലസ്രോതസ്സുകളുടെ ശരിയായ വിനിയോഗം, മലിനജല പരിപാലനം, ഊർജ്ജ സംരക്ഷണം എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

**ബി. പോളിടെക്നിക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം സ്ഥാപിക്കൽ**

പ്രായോഗിക പരിശീലനങ്ങളും വ്യാവസായിക മേഖലയിലുള്ള അറിവുമാണ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ഘടകങ്ങൾ. ലബോറട്ടറി സൌകര്യങ്ങളുടേയും കോളേജിനടുത്ത് വ്യാവസായിക ഉൽപാദന സ്ഥാപനങ്ങളുടെ അഭാവവും വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ പ്രായോഗിക പരിജ്ഞാനം നൽകുന്നതിന് തടസ്സം നിൽക്കുന്നു. ഈ സ്ഥിതിയെ തരണം ചെയ്യുന്നതിന് പോളിടെക്നിക്കുകളിൽ ഉത്പാദന പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ആധുനിക സാങ്കേതികവിദ്യ, ഗുണമേന്മ പരിശോധന, മാനേജ്മെന്റ്, വിൽപ്പനയും വിപണിയും എന്നീ വിഷയങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നു. ഉൽപ്പന്ന രൂപകൽപന, വിപണി പ്രവചനം, ഉൽപ്പന്ന ആസൂത്രണം, വിപണനം, ഗുണമേന്മ പരിശോധന എന്നിങ്ങനെ യഥാർത്ഥ വ്യവസായത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും പി.എ.ടി-യിൽ ലക്ഷ്യമിടുന്നു.

**സി.സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾക്കുള്ള അക്രഡിറ്റേഷൻ**

കേരളത്തിൽ സർക്കാർ മേഖലയിൽ 45 പോളിടെക്നിക് കോളേജുകളും എയ്ഡഡ് മേഖലയിൽ 6 പോളിടെക്നിക്ക് കോളേജുകളും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പോളിടെക്നിക്കുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുകവഴി വിദ്യാർത്ഥികളുടെയും ഫാക്കൽറ്റികളുടെയും ആത്മാഭിമാനവും ആത്മവിശ്വാസവും കൂട്ടുന്നതിന് കാരണമാകുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കുന്നു. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് ഈ സ്ഥാപനങ്ങളെ ദേശീയ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്താനും സാധിക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിച്ചാൽ മാത്രമെ എ.ഐ.സി.റ്റി.ഇ പുതിയ പദ്ധതികൾക്കായുള്ള അംഗീകാരം നൽകുകയുള്ളൂ.

2022-ഓടെ എല്ലാ കോഴ്സുകളുടേയും അക്രഡിറ്റേഷൻ പ്രക്രിയ എല്ലാ സ്ഥാപനങ്ങളും പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ, ഹോസ്റ്റൽ, ലൈബ്രറി സൗകര്യങ്ങൾ, ക്ലാസ് റൂമുകളുടെ വികസനം, ഹോസ്റ്റലുകൾ തുടങ്ങിയവയ്ക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ഡി. പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ**

സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ നിലനിൽക്കുന്ന പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ ആരംഭിക്കാനുള്ള പദ്ധതിയാണിത്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ അവ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് മുൻപായി ടെസ്റ്റ് ചെയ്യുകയും സർട്ടിഫിക്കേഷൻ നേടുകയും ചെയ്യേണ്ടതുണ്ട്. പോളിടെക്നിക്കുകളിൽ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പരിധിയിൽ ഇഷ്ടികകൾ, സ്റ്റീൽ ബാറുകൾ, സിമന്റ്, കോൺക്രീറ്റ്, റ്റ്യൂബ് മുതലായവയുടെ ടെസ്റ്റിംഗ് ഉൾപ്പെടുന്നു. അതുകൊണ്ട് കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, കളമശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലെ അഞ്ച് നോഡൽ പോളിടെക്നിക്കുകളിൽ ടെസ്റ്റിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സിന്റെ ഭാഗമായി തന്നെ ടെസ്റ്റിന്റെ യഥാർത്ഥ പ്രക്രിയ നേരിട്ട് പഠിക്കുന്നതിനും ടെസ്റ്റിംഗ് ഫീസ് വഴി സ്ഥാപനത്തിന് വരുമാനം ലഭിക്കുന്നതിനും സാധിക്കുന്നു. രജിസ്ട്രേഷൻ, ഭരണ-പരിപാലന ചെലവുകൾക്കൊപ്പം അഞ്ച് കേന്ദ്രങ്ങൾക്കായി അധിക യന്ത്രങ്ങൾ വാങ്ങുന്നതിനാണ് നൽകിയിട്ടുള്ള വിഹിതം.

**16. ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്. എ) ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം. ബി) പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപവത്ക്കരിക്കൽ (എൻ.എസ്.ക്യൂ.എഫ്) എന്നീ ഘടകങ്ങൾക്കായി 1200.00 ലക്ഷം രൂപ 2021-22 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു.

**എ. ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ കുറെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ കെട്ടിടങ്ങൾ വിവിധ സ്ഥലങ്ങളിലായി ചിതറി കിടക്കുന്നവയും യാതൊരുവിധ സൗകര്യങ്ങളും ഇല്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുമാണ്. ക്ലാസ് മുറികളുടെ നിർമ്മാണം, ശുചിത്വമുള്ള ടോയ്‌ലറ്റുകൾ, വർക്ക്ഷോപ്പുകൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കളിസ്ഥലം, കോമ്പൗണ്ട് മതിൽ, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ, ബയോമെടിക് പഞ്ചിംഗ് സംവിധാനം തുടങ്ങിയ സിവിൽ ജോലികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. അഞ്ച് സാങ്കേതിക ഹൈസ്കൂളുകൾക്കായി (കുറിച്ചി, കാവാലം, എലഞ്ഞി, കടപ്ലാമട്ടം, അയ് വന) ഭൂമി ഏറ്റെടുക്കലും പരിപാടിയിൽ വിഭാവനം ചെയ്യുന്നു.

കേരള ഗവർമെന്റിന്റെ വിദ്യാഭ്യാസ നവീകരണ മിഷന്റേയും നീതി ആയോഗിന്റെ അടൽ ഇന്നൊവേഷൻ മിഷന്റേയും ഭാഗമായി ടെക്നിക്കൽ ഹൈസ്കൂളുകളിൽ റോബോട്ടിക് ക്ലബ്ബുകൾ തുടങ്ങാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഹരിത പ്രോട്ടോക്കോൾ തുടരുന്നതിനും ശരിയായ ജലവിനിയോഗവും മലിനജല നിയന്ത്രണവും ഉറപ്പുവരുത്തികൊണ്ടുള്ള പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിഹിതം നീക്കി വെച്ചിട്ടുണ്ട്.

**ബി.പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപവത്ക്കരിക്കൽ (എൻ.എസ്.ക്യൂ.എഫ്)**

മാനവവിഭവശേഷി മന്ത്രാലയത്തിന് കീഴിൽ വരുന്ന ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ 2012-13 അധ്യയനവർഷം മുതൽ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും യൂണിവേഴ്സിറ്റി സംവിധാനത്തിൻകീഴിൽ പ്രവർത്തിച്ചുവരുന്ന എല്ലാ കോളേജുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യതാ ചട്ടക്കൂട് രൂപകല്പന ചെയ്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിലും തെരഞ്ഞെടുക്കപ്പെട്ട ചില പോളിടെക്നിക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ സംവിധാനം, ടെക്നിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലും ആട്ടോമൊബൈൽ, നിർമ്മാണ മേഖല (മാനുഫാക്ചറിംഗ്) കെട്ടിട നിർമ്മാണം (കൺസ്ട്രക്ഷൻ), വൈദ്യുതി തുടങ്ങിയ മേഖലകൾ പ്രത്യേക മേഖലകളായി എൻ.വി.ഇ.ക്യൂ.എഫ്.കണ്ടെത്തിയിട്ടുണ്ട്.

വിഭവങ്ങൾ തയാറാക്കൽ, ഫാക്കൽറ്റി വികസന പരിപാടികൾ ക്രമീകരിക്കുക, യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ, പുസ്തകങ്ങൾ, വർക്ക്ഷോപ്പുകൾ, അക്കാദമിക് നിരീക്ഷണം, സാങ്കേതിക ഹൈസ്കൂളുകൾ, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (ജിഐഎഫ്ഡി), പോളിടെക്നിക് കോളേജുകൾ എന്നിവിടങ്ങളിലെ സെമിനാറുകൾ/വ്യാവസായിക സന്ദർശനങ്ങൾ, എന്നിവയ്ക്കായി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

**17. ഫൈൻ ആർട്സ് കോളേജുകളുടെ വികസനം**

**(വിഹിതം: 310.00 ലക്ഷം രൂപ)**

മാവേലിക്കരയിലും തൃശ്ശൂരിലും തിരുവനന്തപുരത്തുമുള്ള ഫൈൻ ആർട്സ് കോളേജുകളുടെ വികസനത്തിനുള്ളതാണ് ഈ പദ്ധതി. അത്യാധുനിക സൗകര്യത്തോടുകൂടിയ ക്ലാസ്സ്മുറികൾ, അത്യാധുനിക സൗകര്യങ്ങളുള്ള ആർട്ട് ഗ്യാലറികൾ, സ്റ്റുഡിയോ സൗകര്യം മെച്ചപ്പെടുത്തൽ, ലൈബ്രറി, ദൃശ്യ-ശ്രാവ്യ സൗകര്യങ്ങളുടെ ഡിജിറ്റലൈസേഷന്റെ വികസനം, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, വിദ്യാർത്ഥികൾക്കുള്ള മറ്റ് സൗകര്യങ്ങൾ, മൂന്ന് ഫൈൻ ആർട്സ് കോളേജുകൾക്കും ഉപകരണങ്ങൾ വാങ്ങൽ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. കേരളത്തിന് അകത്തും പുറത്തുമുള്ള തിരഞ്ഞെടുക്കപ്പെട്ട ചിത്രകലാസ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കായി ദേശീയ ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾക്കും തുക വകയിരുത്തിയിരിക്കുന്നു. മോഡലുകൾക്ക് വേണ്ട പ്രതിഫലവും ഉൾകൊള്ളിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് 5000 രൂപ നിരക്കിൽ ബി.എഫ്.എ/എം.എഫ്.എ വിദ്യാർത്ഥികൾക്ക് പഠന യാത്ര നടത്തുന്നതിനുമുള്ള വിഹിതവും വകയിരുത്തിയിരിക്കുന്നു. വളർന്നു വരുന്ന കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിലേയും ഓരോ വകുപ്പിലേയും രണ്ടു വിദ്യാർഥികൾക്ക് 10000 രൂപ അവാർഡ് നല്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

എല്ലാ ഗവർണ്മെന്റ് സ്ഥാപനങ്ങളിലും ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ഹരിത പ്രോട്ടോക്കോൾ തുടരുന്നതിനും ശരിയായ ജലവിനിയോഗവും മലിനജല നിയന്ത്രണവും ഉറപ്പുവരുത്തികൊണ്ടുള്ള പാരമ്പര്യേതര ഊർജ്ജസംരംഭങ്ങൾ ആരംഭിക്കുന്നതിനും വിഹിതം നീക്കി വെച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്.

2021-22 വർഷം പദ്ധതി നടത്തിപ്പിനായി 310.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18.അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുക**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അക്കാദമിക അന്തരീക്ഷം

മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്.

എ. ലൈബ്രറികളെ വിജ്ഞാനകേന്ദ്രങ്ങളാക്കി മാറ്റുക

ബി.എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും കായിക വിദ്യാഭ്യാസ വികസനം

സി.എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും വിവര വിനിമയ സാങ്കേതികവിദ്യാവികസനം

ഡി. വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുള്ള കണക്ടിവിറ്റി – എന്നിവയാണ് പ്രധാന ഘടകങ്ങൾ.

പദ്ധതി നടത്തിപ്പിനായി 1000.00 ലക്ഷം രൂപ 2021-22 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു.

**എ. ലൈബ്രറികളെ വിജ്ഞാന കേന്ദ്രങ്ങളാക്കി മാറ്റുക**

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും, ഫൈൻ ആർട്സ് കോളേജുകളിലേയും, ടെക്നിക്കൽ ഹൈസ്കൂളുകളിലേയും ലൈബ്രറികളെ ഡിജിറ്റൽ ലൈബ്രറിയാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ലൈബ്രറി മാനേജ്മെന്റ് സംവിധാനത്തിൽ കാര്യമായ മാറ്റം വരുത്തികൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ലൈബ്രറിയിലെ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും ലൈബ്രറി ഇന്റേണികൾ വഴി അവധി ദിവസങ്ങളിലും മറ്റ് സമയങ്ങളിലും വായനാമുറി സൗകര്യങ്ങൾ വ്യാപിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

1. എല്ലാ സ്ഥാപനങ്ങളിലെയും ലൈബ്രറി പുസ്തകങ്ങളെ ഡിജിറ്റൽ സംവിധാനത്തിൽ ആക്കുക.
2. എല്ലാ മേഖലകളിലും ഓൺലൈൻ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക

**ബി. കായിക വിദ്യാഭ്യാസ വികസനം**

എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നിക്കൽ ഹൈസ്കൂളുകളിലും ഫൈൻ ആർട്സ് കോളെജുകളിലും കായിക വിദ്യാഭ്യാസം ശാക്തീകരിക്കുന്നതിനുള്ള പദ്ധതിയാണിത്. മിക്ക എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഉൾപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ കായിക വികസന സൗകര്യങ്ങളോ കായിക ക്ഷമതാ സെന്ററുകളോ പ്രാപ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഗെയിമുകൾ/ഫിറ്റ്നസ് എന്നിവയ്ക്ക് സൗകര്യങ്ങളുള്ള സ്വയം പര്യാപ്തമായ കാമ്പസ് യൂണിറ്റുകളായി ഡിടിഇയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനും കായികവിദ്യാഭ്യാസത്തിന് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

**സി. സാങ്കേതിക വിദ്യാഭ്യാസത്തിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിവര വിനിമയ സാങ്കേതിക വിദ്യാവികസനം**

എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെട്ടതാക്കാൻ വിവര സാങ്കേതികവിദ്യ ഏറെ പ്രയോജനപ്പെടും. സംസ്ഥാന എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും എല്ലാ ക്ലാസ്സ് മുറികളേയും സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റി കഴിഞ്ഞു. സാങ്കേതിക ഹൈസ്കൂളുകളും ഫൈൻ ആർട്സ് കോളേജുകളും ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സാങ്കേതിക സ്ഥാപനങ്ങളുടെയും വികസനത്തിനായി ഡിജിറ്റൽ ക്ലാസ് റൂമുകൾ, ഡിജിറ്റൽ ഫാക്കൽറ്റി റൂമുകൾ, ഇ-ലേണിംഗ് റിസോഴ്സുകൾ, ഡിജിറ്റൽ ലൈബ്രറി, കാമ്പസ് വൈഡ് നെറ്റ്വർക്കിംഗ്, ഓൺലൈൻ കോഴ്സ് മാനേജുമെന്റ് സിസ്റ്റം എന്നിവ ലഭ്യമാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ഡി. വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മികവിനു വേണ്ടിയുള്ള കണക്ടിവിറ്റി**

വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മികവിനുവേണ്ടിയുള്ള കണക്ടിവിറ്റി (NMEICT) എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയ

പദ്ധതിയാണിത്. എല്ലാ ഉന്നത പഠനകേന്ദ്രങ്ങളുമായും ശക്തമായ വിവര സാങ്കേതിക ശൃംഖല സ്ഥാപിച്ച് രാജ്യത്തെ വിദഗ്ധരുമായി മികച്ച പഠനാനുഭവങ്ങൾ പങ്കുവയ്ക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും വിജ്ഞാന വ്യാപനം നടത്തുന്നതിനും, മികച്ച കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി കണക്ടിവിറ്റി നൽകുന്നുണ്ട്. കണക്ടിവിറ്റി ചാർജ്ജിനുള്ള അധിക തുകയും പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരിക്കുന്നു.

**19. ഗവേഷണ സംരംഭങ്ങൾ**

**(വിഹിതം:350.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, സാങ്കേതിക വിദ്യാഭ്യാസരംഗത്തെ ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്.

എ) ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി.ആർ.സി.)
ബി) സി.ഇ.റ്റി-യിൽ ഉല്പന്നരൂപകല്പനയ്ക്കും വികസനത്തിനുമായുള്ള കേന്ദ്രം
സി) പുനരുപയോഗ കെട്ടിട നിർമ്മാണ സംവിധാനം, ആർ.ഐ.ടി. കോട്ടയം
ഡി) ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം
ഇ) സി.ഇ.റ്റി-യിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് ആരംഭിക്കുക
എഫ്) സെന്റർ ഫോർ ബാംബു ടെക്നോളജി, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം
ജി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തർ പഠനശാഖ ഗവേഷണ കേന്ദ്രങ്ങൾ
എച്ച്) റോബോട്ടിക്സ് & എഐ നോഡൽ സെന്റർ
ഐ) സിസ്റ്റംസ്, എനർജി, എൻവയോൺമെന്റ് മികവിന്റെ കേന്ദ്രങ്ങൾ
ജെ) സി.ഇ.ടി. യിൽ ഉയർന്ന പ്രകടന കമ്പ്യൂട്ടിംഗിനായുള്ള കേന്ദ്രം. എന്നിവയാണ് പ്രധാന ഘടകങ്ങൾ.

2021-22 വർഷത്തെ പ്രവർത്തനങ്ങൾക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**എ. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി.ആർ.സി.)**

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലാണ് ട്രാൻസ്പോർട്ടേഷൻ എൻജിനീയറിംഗ് ഗവേഷണകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. റ്റി.ആർ.സി. ഗവേഷണ പദ്ധതി ഊന്നൽ നൽകുന്നത് സാങ്കേതിക വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും ഗതാഗത മേഖലയിലുള്ള അറിവുകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ട്രാൻസ്പോർട്ടേഷൻ മേഖലയെ ആശ്രയിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ സൗകര്യമുള്ള ലാബുകൾ സജ്ജമാക്കുന്നതിനും പഠനസഹായികൾ ലഭ്യമാക്കുന്നതിനുമാണ്. പ്രത്യേക ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. ഹൈവേ മെറ്റീരിയൽസ് മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണം സംഘടിപ്പിക്കുക.
2. അറ്റകുറ്റപ്പണികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും മോഡൽ വികസനം.
3. നടപ്പാത സജ്ജീകരണ വിലയിരുത്തൽ.
4. അപകട മുന്നറിയിപ്പ് സഹായക മോഡൽ വികസിപ്പിക്കുക.
5. സുസ്ഥിര അടിസ്ഥാന സൗകര്യ വികസനത്തിനായി നിയമങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ, മാനുവൽ എന്നിവയുടെ രൂപീകരണത്തിനായി ഒരു ഡാറ്റ ബേസ് വികസിപ്പിക്കുക.
6. ഗതാഗത സംവിധാനരീതികളും പ്രവർത്തനങ്ങളും നിർദ്ദേശിക്കുക
7. പ്രാദേശിക തലത്തിൽ വിദഗ്ധ അഭിപ്രായം ആരായുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
8. അതാത് മേഖലകളിലെ പുതിയ വികസനങ്ങളെ കുറിച്ച് ദേശീയ-വിദേശ പരിശീലനം നൽകികൊണ്ട് അദ്ധ്യാപകരെ പ്രാപ്തരാക്കുക

9. ഗവേഷണ ഫലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് വേണ്ടി പരിശീലന പരിപാടികൾ എഞ്ചിനീയർമാർക്കുള്ള ഹ്രസ്വകാല കോഴ്സുകൾ എന്നിവ സംഘടിപ്പിക്കുക.
10. റിസർച്ച് ഫെലോഷിപ്പുകൾ നൽകൽ.

**ബി) സി.ഇ.റ്റി-യിൽ ഉല്പന്നരൂപകല്പനയ്ക്കും വികസനത്തിനുമായുള്ള കേന്ദ്രം**

തിരുവനന്തപുരം സി.ഇ.റ്റി.യിൽ ഒരു പൈലറ്റ് പ്രോജക്ടായാണ് ഉല്പന്ന-രൂപകല്പന വികസന കേന്ദ്രം ആരംഭിച്ചത്. ഈ പദ്ധതി മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്കും ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. പുതിയ ഉൽപന്നങ്ങളുടെ രൂപീകരണത്തിനും വികസനത്തിനും മറ്റ് സംരംഭകർക്ക് ഇതിലെ സാങ്കേതികത്വം കൈമാറ്റം ചെയ്യുന്നതിനും പ്രസ്തുത കേന്ദ്രം സഹായിക്കുന്നു. തൊഴിൽരഹിത യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഈ പ്രത്യേക പദ്ധതികൾ വഴി ഉല്പന്ന രൂപീകരണത്തിനുള്ള പരിശീലനവും പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നു.

**സി. പുനരുപയോഗ കെട്ടിട സംവിധാനം (ആർ.ഐ.ടി, കോട്ടയം)**

നഗരത്തിലെ അടിസ്ഥാനസൗകര്യം വിപുലമാക്കുന്നതിനും സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനുമുള്ള പുനരുപയോഗ കെട്ടിട സംവിധാനം നടപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം. ബഹുജന ഭവന പദ്ധതികൾ കാലക്രമേണ ത്വരിതപ്പെടുത്തുന്നതിന് നൂതന വസ്തുക്കൾ/ഘടകങ്ങൾ സംയോജിപ്പിക്കാൻ ഇത് ലക്ഷ്യമിടുന്നു. അത്തരം ഇടപെടലുകൾ സുസ്ഥിര വിഭവ ഉപയോഗവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു ഭൗതിക ഉപയോഗ നയത്തിന്റെ പരിണാമത്തിൽ കലാശിക്കും. ഈ പരിപാടി സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പ്രോഗ്രാമിൽ സജീവമാണ്. ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ഡി. ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം**

ഗ്രാമീണ സാങ്കേതികത്വം മെച്ചപ്പെടുത്തുന്നതിനായി ശരിയായ സാങ്കേതികത്വം കൈമാറ്റം ചെയ്യുന്നതിന് പ്രാദേശിക-അക്കാദമിക സമൂഹങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുക എന്നതാണ് ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രത്തിലൂടെ വിഭാവനം ചെയ്യുന്നത്. പാരമ്പര്യ സാങ്കേതികവിദ്യ അഭിവൃദ്ധിപ്പെടുത്തുന്നതിനായി കാര്യക്ഷമവും ഊർജ്ജിതവുമായ നൂനത പരിഹാര മാർഗ്ഗങ്ങൾ വികസിപ്പിക്കുകയാണ് ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളേയും എഞ്ചിനീയറിംഗ് കോളേജുകളെയും ഉൾപ്പെടുത്തി മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സാങ്കേതിക വിദ്യയിലുള്ള അറിവ് കൈമാറ്റം ചെയ്യുന്നതിന്റെ ഒരു നോഡൽ കേന്ദ്രമായും പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നു. ഈ കേന്ദ്രത്തിന് ഒരു ത്രിമാന ചട്ടക്കൂടിൽ പ്രവർത്തിക്കാൻ കഴിയും, i) ഗ്രാമീണ സാങ്കേതികവിദ്യകളിൽ ഏർപ്പെട്ടിരിക്കുന്ന യന്ത്രസാമഗ്രികളുടെ മെച്ചപ്പെടുത്തൽ ii) പരമ്പരാഗത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങളുടെ വികസനം iii) സാങ്കേതിക, പരിപാലന പ്രശ്നങ്ങൾക്കുള്ള പരിഹാരം. കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി തുക വിനിയോഗിക്കാവുന്നതാണ്.

**ഇ. സി.ഇ.റ്റി-യിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് ആരംഭിക്കുക**

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനുമായി സഹകരിച്ച് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. മൂന്ന് നാല് വർഷം കൊണ്ട് യാഥാർത്ഥ്യമാകുന്ന ഈ പദ്ധതി ദീർഘകാല പ്രോജക്ടാണ്. സി.ഇ.റ്റി-യിലെ എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തിയുള്ള ഈ പ്രോജക്ട് ടീമിൽ ഏകദേശം നൂറോളം പേർ അടങ്ങുന്ന ഫാക്കൽറ്റി അംഗങ്ങളും, ബിരുദാനന്തരബിരുദ വിദ്യാർത്ഥികളും, ബിരുദ വിദ്യാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ട് സി.ഇ.റ്റി-യിൽ പുതുതായി സ്ഥാപിച്ച ഇന്റർ ഡിസിപ്ലിനറി റിസർച്ച് കേന്ദ്രത്തിന്റെ സഹകരണത്തോടുകൂടിയാണ് നടപ്പാക്കുന്നത്.

**എഫ്. സെന്റർ ഫോർ ബാംബൂ ടെക്നോളജി**

ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ ബാംബൂടെക്നോളജി സ്ഥാപിച്ചിട്ടുണ്ട്. മുളയെ ഒരു നിർമ്മാണ വസ്തുവാക്കുക, വാണിജ്യ ഉല്പന്നമാക്കാവുന്ന രീതിയിൽ മൂല്യവർദ്ധനവ് നടത്തുക, ജൈവ ഇന്ധനമായി മുളയെ ഉപയോഗിക്കുക, മുളയുടെ സാങ്കേതിക സാദ്ധ്യതകളെ പറ്റി ഗവേഷണം നടത്തുന്ന സമാന സ്ഥാപനങ്ങളുടെ ശൃംഖല രൂപീകരിക്കുക, മുളയുടെ നിതാന്ത ഉപയോഗസാദ്ധ്യത പ്രചരിപ്പിക്കുക, പരീക്ഷണങ്ങൾ നടത്തുക, ബാംബൂ ടെക്നോളജിയിൽ വാർഷിക കോൺഫറൻസുകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

**ജി. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തർ പഠന ശാഖാ ഗവേഷണ കേന്ദ്രം.**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തർ പഠന ശാഖ-റിസർച്ച് സെന്റർ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സമൂഹത്തിനു ആവശ്യമായ ഗുണനിലവാരമുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും, ഫാക്കൽറ്റി അംഗങ്ങളിൽ ഇന്റർഡിസിപ്ലിനറി റിസർച്ച് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്ലാറ്റ്ഫോമുകളായി പ്രവർത്തിക്കുവാൻ ഈ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്നു. യുജി/പിജി നിലവാരത്തിൽ മൾട്ടി ഡിസിപ്ലിനറി പ്രോജക്ടുകൾ ഏറ്റെടുക്കാൻ ഫാക്കൽറ്റി അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യത്യസ്ത വിഷയങ്ങളിൽ നിന്നും ഫാക്കൽറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ ഡോക്ടറൽ പഠനങ്ങൾ നടത്തുന്നതിനും സഹായിക്കുന്നു. 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെൻററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

**എച്ച്. റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ**

ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെൻററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ സ്ഥാപിച്ചു. എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും ടെക്നിക്കൽ ഹൈ-സ്കൂളുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന സൗകര്യങ്ങൾ ഉണ്ടാക്കുകയും മികവാർന്ന ഒരു റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ ആയി പ്രവർത്തിക്കുകയും ആണ് ഇതിന്റെ ലക്ഷ്യം. റോബോട്ടിക്സ്, ഓട്ടോമേഷൻ, ഹ്യൂമൻ-കമ്പ്യൂട്ടർ വിനിമയം എന്നീ രംഗങ്ങളിൽ വിവിധ സാങ്കേതിക-ശാസ്ത്ര ശാഖകളുമായി ചേർന്ന് കൊണ്ട് ഉന്നത ഗവേഷണം നടത്തുവാൻ കേന്ദ്രം ലക്ഷ്യം വെക്കുന്നു. ഗവേഷണ-വികസന പ്രവർത്തനങ്ങൾ, കൺസൽറ്റൻസി പ്രോജെക്റ്റ്, ബിരുദ-ബിരുദാനന്തര ബിരുദം വിദ്യാർത്ഥികളുടെ പ്രോജെക്റ്റുകൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ഐ. സിസ്റ്റംസ്, എനർജി & എൻവയോർൺമെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രം**

എഞ്ചിനീയറിംഗ് രംഗത്തിന്റെ അടിയന്തിര ശ്രദ്ധ ആവശ്യമായ മാലിന്യ നിയന്ത്രണം, ഊർജ്ജ ദൗർല്ലഭ്യം, ബന്ധപ്പെട്ട മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് സാങ്കേതിക-സാമ്പത്തിക-പാരിസ്ഥിതിക പരിഹാരം നൽകുകയാണ് കണ്ണൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനായി സിസ്റ്റംസ്, എനർജി & എൻവയോർൺമെന്റ് മേഖലയിൽ ഗവേഷണം, പരിശീലനം, പൊതു വിനിമയങ്ങൾ, കൺസൽട്ടൻസി എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഊർജ്ജം പരിസ്ഥിതി ശാസ്ത്രം, സിസ്റ്റം അനാലിസിസ് എന്നിവയിൽ ഗവേഷണം നടത്തുന്നതിനും എനർജി ഓഡിറ്റ് നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ജെ. സി.ഇ.റ്റി. യിൽ ഹൈ-പെർഫോമൻസ് കംപ്യൂട്ടിംഗ് കേന്ദ്രം**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു ഉയർന്നു വരുന്ന ഗവേഷണശാഖയും, തൊഴിൽ മേഖലയുമാണ്. മെഷീൻ ലേണിംഗ്, ഡീപ്പ് ലേണിംഗ്, ഡാറ്റ അനലിടിക്സ് എന്നിങ്ങനെയുള്ള കമ്പ്യൂട്ടേഷണൽ പ്രവർത്തനങ്ങൾക്കു നൂതന കമ്പ്യൂട്ടറുകൾ അത്യാവശ്യമാണ്. പി.എച്ച്.ഡി./ബിരുദ/ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് ഹൈ- കമ്പ്യൂട്ടിംഗ് ആവശ്യമായ പ്രൊജക്റ്റ്/ഗവേഷണ പ്രബന്ധങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനു അവസരം ലഭിക്കുന്നു.

ആരോഗ്യ സംരക്ഷണം, കൃഷി, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ഓട്ടോമേഷൻ, സ്വയം ഓടുന്ന കാർ, നിരീക്ഷണ ഉപകരണങ്ങൾ എന്നിങ്ങനെ വിദ്യാർത്ഥികൾ സ്വയം വികസിപ്പിക്കുന്ന നൂതന ഗവേഷണ പ്രവർത്തനങ്ങൾ ഈ കേന്ദ്രം വഴി നടത്തുവാൻ കഴിയും. ഹാർഡ്‌വെയർ സംഭരണത്തിനും ഇൻസ്റ്റാളേഷനും, 2021-22 വർഷത്തേക്ക് ബഡ്ജറ്റിലെ തുക വിനിയോഗിക്കാവുന്നതാണ്.

**20.പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ (പി.പി.പി) പദ്ധതികൾ**

**(വിഹിതം: 60.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന നാല് പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ദേശീയ, അന്തർദേശീയ സാഹചര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന തരത്തിലുള്ള കൂട്ടായ പദ്ധതിയാണിത്. മുൻ വർഷങ്ങളിലാരംഭിച്ച ഈ പദ്ധതികൾ 2021-22-ലും തുടരുന്നതാണ്. ഈ നാല് പദ്ധതികൾക്കും കൂടി ഒരു ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. അതിൽ നിന്ന് ഓരോ പദ്ധതിയ്ക്കാവശ്യമായ തുക വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിക്കായി 2021-22-ൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) ബാർട്ടൺഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ അഡ്വാൻസ്ഡ് ഡിപ്ലോമയും (എ.ഡി.എ.എം) മെക്കാട്രോണിക്സിൽ മികവിന്റെ കേന്ദ്രവും**

പൂനയിലെ മെഴ്സിഡസ് ബെൻസ് എന്ന സ്വകാര്യ സ്ഥാപനവുമായി സഹകരിച്ച് ഓട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ ഒരു വർഷത്തെ ആധുനിക ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. ബാർട്ടൻ ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജും മെഴ്സിഡസ് ബെൻസുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. എം./എസ് ബോഷ് ആട്ടോ ഇലക്ട്രിക്കലിന്റെ സഹകരണത്തോടുകൂടി നിലവിലുള്ള സൗകര്യങ്ങളിൽ വീൽ അലൈൻമെന്റ് ഘടകവും, ഓട്ടോ ഇലക്ട്രിക്കൽ ഘടകവും കൂട്ടിചേർത്തിട്ടുണ്ട്.

പ്രസ്തുത കേന്ദ്രത്തെ മെക്കട്രോണിക്സിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനും ലക്ഷ്യമിടുന്നു. നിലവിൽ ആട്ടോമോട്ടീവ് മെക്കട്രോണിക്സിലാണ് ഈ കേന്ദ്രം ഊന്നൽ നൽകുന്നത്. എം/.എസ് ബോഷ്, ഇന്ത്യ-യുമായി സഹകരിച്ച് ഒരു സമഗ്രഓട്ടോമോട്ടീവ് പരിശോധനാസൗകര്യം നടപ്പിലാക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇൻഡസ്ട്രിയൽ റോബോട്ടിക്സിൽ വിദഗ്ധ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു. ഇത്തരത്തിൽ പരിശീലനം ലഭിച്ചവർക്ക് വ്യാവസായിക മേഖലയിൽ നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഉയർന്ന ഉൽപാദകക്ഷമത കൈവരിക്കുന്നതിനും സാധിക്കുന്നു.

**(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രം**

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ തീരുമാനിക്കുകയുണ്ടായി. ജർമ്മൻ കമ്പനിയായ എം/എസ്.ബോഷ് റെക്സ്റോത്തുമായി ചേർന്ന് സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കുവാനും, മേഖലാ ജില്ലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഓട്ടോമേഷൻ ടെക്നോളജിയിൽ പി.ജി. പദ്ധതികൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സമീപമുള്ള എഞ്ചിനീയറിംഗ് കോളേജിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകാനുദ്ദേശിക്കുന്നു. ഇരുവരും ചേർന്ന് സർട്ടിഫിക്കറ്റ് നൽകുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു. ലബോറട്ടറികളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലന പരിപാടികൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും തുക വകയിരുത്തിയിരിക്കുന്നു.

**(സി) കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രം ആക്കുന്നതിലേക്കുവേണ്ടിയുള്ള പദ്ധതി**

എറണാകുളത്തെ വ്യാവസായിക കേന്ദ്രത്തിലാണ് കളമശ്ശേരി സർക്കാർ പോളിടെക്നിക്

കോളേജ് സ്ഥാപിച്ചിട്ടുള്ളത്. എം/എസ് ബോഷ് റെക്സ്റോത്തുമായി ചേർന്ന് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് മേഖലയിൽ പര്യാപ്തമായ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ 2013-14-ൽ തീരുമാനിക്കുകയുണ്ടായി. ഇതിനായി എം./എസ് ബോഷ് റെക്സ്റോത്തിന്റെ പരിശീലനകേന്ദ്രമായ മൈസൂരിലെ വിശ്വേശരയ്യ സാങ്കേതിക സർവ്വകലാശാലയിൽ, മെക്കാനിക്കൽ എഞ്ചിനീയറിംഗിലെ 12 ഫാക്കൽറ്റി അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തുകഴിഞ്ഞു.

എം/എസ് ബോഷ് റെക്സ്റോത്തിന്റെ സഹായത്തോടെ സ്ഥാപിക്കുന്ന ഇന്ത്യയിലെ മൂന്നാമത്തെ മികവിന്റെ കേന്ദ്രമാണ് കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്ക് കോളേജിലുള്ളത്. ഇതിനായി ഹൈഡ്രോലിക്സ്, ന്യൂമാറ്റിക്സ്, സെൻസറിക്സ്, പിഎൽസികൾ മെക്കട്രോണിക്സ്, എന്നിവയ്ക്കു വേണ്ടിയുള്ള അത്യാധുനിക ലബോറട്ടറികൾ സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും എം/എസ് ബോഷ് റെക്സ്റോത്ത് ലഭ്യമാക്കും. കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിന്റെയും ബോഷ് റെക്സ്റോത്തിന്റെയും ഈ സംയുക്ത സംരംഭം വ്യവസായ-അക്കാദമിക് പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നിർമ്മാണ മേഖലയിലെ ആഗോള വെല്ലുവിളികൾ നേരിടുന്നതിന് എടുത്തുപറയാവുന്ന തരത്തിൽ രാജ്യത്തിന് സംഭാവന നൽകുകയും ചെയ്യും. സ്റ്റേഷനറി, പഠനവസ്തുക്കൾ തയ്യാറാക്കൽ, ലാബ്കിറ്റുകളുടെ അറ്റകുറ്റപ്പണികളും സ്ഥാപിക്കലും, അടിസ്ഥാന സൗകര്യവികസനവും, പങ്കെടുക്കുന്നവർക്ക് കോഴ്സ് മെറ്റീരിയലുകൾ നൽകുന്നതിനും, ലഘു ഭക്ഷണത്തിനും തുക വകയിരുത്തിയിരിക്കുന്നു.

**(ഡി) തിരുവനന്തപുരത്ത് ബാർട്ടൺഹില്ലിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസലേഷണൽ റിസേർച്ച് ആൻഡ് പ്രൊഫെഷനൽ ലീഡർഷിപ് സെൻറർ.**

ട്രാൻസിലേഷണൽ സയൻസ് ആന്റ് എഞ്ചിനീയറിംഗ് വിഷയത്തിൽ ഏകവർഷ ഡിപ്ലോമോകോഴ്സ് ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കൊടുത്തിരുന്ന അനുവാദം പിന്നീട് ട്രാൻസിലേഷണൽ എഞ്ചിനീയറിംഗിൽ എം.ടെക്. പ്രോഗ്രാം ആരംഭിക്കുന്നതിനായി മാറ്റി നൽകുകയുണ്ടായി. കാനഡയിലെ മോൺട്രിയൽ യൂണിവേഴ്സിറ്റിയുമായും കൊളംബിയ യൂണിവേഴ്സിറ്റിയുമായും ചെന്നൈയിലെ ഐ.ഐ.റ്റി.എം പോലെയുള്ള മികവിന്റെ കേന്ദ്രങ്ങളുമായും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഏഴ് ഘടകങ്ങളുടെ നടത്തിപ്പിനായാണ് തുക വകയിരുത്തിയിരിക്കുന്നത്.

(1) റ്റി.പി.എൽ.സി ട്രാൻസലേഷണൽ എഞ്ചിനീയറിംഗിൽ എം.ടെക്.
(2) റ്റി.പി.എൽ.സി വിദ്യാർത്ഥി/പ്രൊഫഷണലുകൾക്ക് കൂടുതൽ ഊന്നൽ നൽകുക.
(3) റ്റി.പി.എൽ.സി.വിദഗ്ദ്ധരുടെ സന്ദർശന പരിപാടികൾ
(4) റ്റി.പി.എൽ.സി. സാമൂഹ്യ പ്രസക്തമായ പരിപാടികളെ കൂട്ടിയോജിപ്പിക്കുക.
(5) റ്റി.പി.എൽ.സി. ഇൻകോട്ട് (ട്രാൻസ് ലേഷണൽ എഞ്ചിനീയറിംഗിൽ അന്തർദേശിയ കോൺഫറൻസ്).
(6) റ്റി.പി.എൽ.സി മാനവവിഭവശേഷി.
(7) അന്തർ ദേശീയ ഇൻറ്റേൺഷിപ്പ് പ്രോഗ്രാം

ഭാവിയിൽ സമൂഹത്തോട് പ്രതിബദ്ധതയുള്ളതും, ധാർമ്മികമായ ഉത്തരവാദിത്വമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും വേണ്ടി ട്രാൻസ് ലേഷണൽ ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പിൽ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

**21. പോളിടെക്നിക്കുകൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികള് ( 50% സംസ്ഥാന വിഹിതം )**

**(വിഹിതം: 202.00 ലക്ഷം രൂപ)**

നിലവിലുള്ള പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തലും പുതിയ പോളിടെക്നിക്കുകൾ സ്ഥാപിക്കലും (എം.എച്ച്.ആർ.ഡി യുടെ നൈപുണ്യ വികസന പദ്ധതി പ്രകാരം), പോളിടെക്നിക്കുകൾ

വഴിയുള്ള സാമൂഹ്യ വികസനം എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്. 2021-22 വർഷത്തിൽ 202.00 ലക്ഷം രൂപ ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധിക വിഹിതം കേന്ദ്ര വിഹിതത്തിനു ആനുപാതികമായി നൽകാവുന്നതാണ്.

## 9.4 സ്പോർട്സും യുവജന ക്ഷേമവും

കായിക യുവജന കാര്യ വികസനത്തിനു വേണ്ടി 2021-22 വാർഷിക പദ്ധതിയിൽ 120.71 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021-22 കാലയളവിൽ വകുപ്പ് തിരിച്ച് വകയിരുത്തിയ വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | -35മത് ദേശീയ ഗെയിംസിന്റെ വാർഷികാടിസ്ഥാന പദ്ധതി | 1.00 |
| 2 | കായിക യുവജനകാര്യ ഡയറക്ടറേറ്റ് | 6160.00 |
| 3 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ | 3340.00 |
| 4 | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | 1791.00 |
| 5 | കായിക വിദ്യാഭ്യാസ കോളേജ് | 105.00 |
| 6 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | 350.00 |
| 7 | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | 150.00 |
| 8 | കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആൻഡ് ഗൈഡ്സ് | 90.00 |
| 9 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 84.00 |
| | **ആകെ** | **12071.00** |

2021-22 വർഷത്തെ പദ്ധതികളുടെ വകുപ്പ് തല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. 35-ാമത് ദേശീയ കായികമേളയോടനുബന്ധിച്ചുള്ള വാർഷികാടിസ്ഥാന (ആന്യൂറ്റി) പദ്ധതി**

**(വിഹിതം:1.00 ലക്ഷം രൂപ)**

26/09/2011- തീയതിയിലെ സർക്കാർ ഉത്തരവ് G.O (MS)No.20/2011/S&YA പ്രകാരം, ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ വികസനത്തിനും, 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനും വേണ്ടി 4 സ്റ്റേഡിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും വാർഷികാടിസ്ഥാന പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വകുപ്പ്, വാർഷികാടിസ്ഥാന പദ്ധതി പ്രകാരം 35-ാമത് ദേശീയ ഗെയിംസിനായി കാര്യവട്ടത്ത് ഗ്രീൻഫീൽഡ് സ്റ്റേഡിയ നിർമ്മാണത്തിലേക്കായി തുക വകയിരുത്തിയിട്ടുണ്ട്.

1.00 ലക്ഷം രൂപ ടോക്കൺ തുകയായി, ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികാവശ്യമായ അധികതുക, വാർഷികാടിസ്ഥാന പദ്ധതി പ്രകാരം, 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് പ്രോജക്ട്', എന്ന ഹെഡിൽ നിന്നും ആവശ്യ പ്രകാരം വഹിക്കാവുന്നതാണ്.

**കായിക യുവജനകാര്യ ഡയറക്ടറേറ്റ്**

കായിക മത്സരങ്ങൾ, ഗെയിംസ് എന്നിവയുടെ പ്രോത്സാഹനവും വികസനവും പശ്ചാത്തല സൗകര്യങ്ങളുടെ വികസനം, പൊതുജനങ്ങളിൽ കായിക വിനോദങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ബോധവല്ക്കരണം നടത്തുക, കായിക താരങ്ങൾക്ക് ആവശ്യമുള്ള കായിക ഇനങ്ങളിൽ വേണ്ട പരിശീലന സൗകര്യങ്ങൾ ഒരുക്കുക, അന്താരാഷ്ട്ര കായിക മേളകളിൽ പങ്കെടുക്കുന്നതിന് കായിക താരങ്ങൾക്കും അസോസിയേഷനുകൾക്കും സാമ്പത്തിക സഹായം നൽകുക എന്നിവയാണ് കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ പ്രധാന കർത്തവ്യം. ഇതിനുപുറമെ, കായിക മേഖലയിലെ ഏറ്റവും

പുതിയ സാങ്കേതികവിദ്യകളും പുതുമകളും കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. 2021-22 ബജറ്റിൽ മുൻഗണനാടിസ്ഥാനത്തിൽ വികുപ്പിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 6160.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2.മികച്ച പ്രകടനത്തിനായി കായിക ശാസ്ത്രത്തിന്റെയും, സാങ്കേതിക വിദ്യയുടെയും ഉപയോഗം.**

**(വിഹിതം-600.00 ലക്ഷം രൂപ)**

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(a). രാജീവ് ഗാന്ധി കായിക ചികിത്സാ കേന്ദ്രം**

കായിക മത്സരങ്ങളിൽ മികവ് പുലർത്തുന്നതിന് വേണ്ടി ശാസ്ത്രീയവും ഊർജ്ജിതവുമായ ചികിത്സാ സൗകര്യങ്ങളും പുനരധിവാസ ചികിത്സാ സൗകര്യങ്ങളും കായിക താരങ്ങൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ 1992-ൽ ആണ് രാജീവ് ഗാന്ധി കായിക ചികിത്സാകേന്ദ്രം സ്ഥാപിതമായത്. ഇത്തരത്തിലുള്ള ഒരു ഉദ്യമം ആയതിനാൽ അതാത് ചികിത്സാ മേഖലകളിൽ പ്രാഗല്ഭ്യം ഉള്ളവരുടെ അനുഭവ ജ്ഞാനവും, സാന്നിദ്ധ്യവും, സാങ്കേതിക സഹായവും ഈ പദ്ധതിക്ക് ആവശ്യമാണ്. ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- ആധുനിക ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള രാജീവ് ഗാന്ധി കായിക ചികിത്സാകേന്ദ്രത്തിന്റെ ആധുനികവൽക്കരണവും തൃശ്ശൂരിലെയും കണ്ണൂരിലെയും പ്രാദേശിക കേന്ദ്രങ്ങൾ സജ്ജീകരണവും .
- ക്ലീനിക്കൽ മരുന്നുകൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ വാങ്ങുക.
- കായിക മാഗസിനുകൾ, ജേർണലുകൾ, ലേഖനങ്ങൾ തുടങ്ങിയവയുടെ വരിക്കാരാകുന്നതിന്.
- കായിക അനുബന്ധ വിഷയങ്ങളിൽ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, സിംപോസിയങ്ങൾ സംഘടിപ്പിക്കുക.
- കായിക താരങ്ങൾക്ക് ചികിത്സാ മാർഗ നിർദ്ദേശങ്ങളും, ക്യാമ്പുകളും സംഘടിപ്പിക്കുക.
- കായിക ശാസ്ത്രവുമായി ബന്ധപ്പെട്ട കായിക പോഷകാഹാരം, കായിക മനശാസ്ത്രം, കായിക കൗൺസിലിംഗ്, കായിക നേതൃത്വം/ഭരണം കായിക ശരീരശാസ്ത്രം, കായിക പ്രകടന അപഗ്രഥനം, പുനരധിവാസം, വീണ്ടെടുക്കൽ എന്നീ മേഖലകളുടെ വികസനത്തിനായുള്ള പദ്ധതികൾ, പ്രധാനപ്പെട്ട ആശുപത്രികളുമായും കായിക ശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങൾ തുടങ്ങിയവയുമായി കൂടിചേർന്ന് നടപ്പിലാക്കുക.
- ദേശീയ ഉത്തേജക മരുന്ന് പരിശോധനാ ഏജൻസിയുടെയും, അന്തർദേശീയ ഉത്തേജക മരുന്ന് പരിശോധനാ മാനദണ്ഡങ്ങൾക്കനുസൃതമായും ഉത്തേജക മരുന്നിനെതിരായ പ്രചരണം നടത്തുക.

**b. കായിക മേഖലയിൽ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റുമായി കൂടിച്ചേർന്ന് മികച്ച പ്രകടനത്തിനുള്ള സൗകര്യമൊരുക്കുക.**

ശാസ്ത്രീയ അടിത്തറ ഉപയോഗിച്ച സംസ്ഥാനത്തെ മികച്ച കായികതാരങ്ങളുടെ പ്രകടനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഉയർന്ന പ്രകടനം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. സ്പോർട്സ് കരിയർ അടിസ്ഥാനമാക്കിയുള്ള കായിക പരിശീലനം, കോച്ചിംഗ് സ്പോർട്സ് വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ശാസ്ത്രീയ ഗവേഷണം ഈ സംരംഭം വിഭാവനം ചെയ്യുന്നു. സ്പോർട്സ് മെഡിസിൻ, ഫിസിയോളജി, സൈക്കോളജി എന്നിവയാണ്

സ്പോർട്സ് സയൻസ് മേഖലയിലെ പ്രധാന ഘടകങ്ങൾ. ലോകോത്തര വൈദഗ്ധ്യവും ഉപകരണങ്ങളും ഉപയോഗിച്ച് ഫിസിയോളജിക്കൽ അസസ്മെന്റുകൾ, സ്പോർട്സ് അസസ്മെന്റ് പരിശീലനം ശാസ്ത്രീയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യക്തിഗത കായികതാരങ്ങളുടെ ഓറിയന്റേഷൻ, ഉയർന്ന തീവ്രത ശക്തി കണ്ടീഷനിംഗ് ക്ലാസ്സുകൾ (High intensity Strengthening)/സെഷനുകൾ, ഉയർന്ന നിലവാരത്തിലുള്ള ജിം എന്നിവ ഉപയോഗിച്ച് നിലവിലെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും സ്പോർട്സ് നിർദ്ദിഷ്ട ലക്ഷ്യങ്ങളിൽ എത്തുന്നതിനും ഇത് സഹായിക്കും. ഈ ശ്രമത്തിൽ പ്രശസ്ത പ്രൊഫഷണൽ ഏജൻസികളുടെയും ഗവേഷണ വികസന സ്ഥാപനങ്ങളുടെയും പ്രത്യേക സേവനങ്ങൾ പ്രയോജനപ്പെടുത്താം.

**c).** വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി കൂടിച്ചേർന്ന് കാര്യക്ഷമതാ വികസനവും ഗ്രൂപ്പ് വികസന പ്രവർത്തനങ്ങളും

**d).** സ്പോർട്സ് ഡിജിറ്റൽ ഡോക്യുമെന്റേഷൻ അനലിറ്റിക്സ്

കായിക മത്സരങ്ങളിൽ, കായിക താരങ്ങളുടെ പ്രൊഫഷണലിസം വളർത്തുന്നതിനും അവരുടെ പ്രതീക്ഷയ്ക്കൊത്ത പ്രകടനം കാഴ്ച വയ്ക്കുന്നതിനും, വിവര ശേഖരണവും, ഡോക്യുമെന്റേഷനും അപഗ്രഥനവും വലിയ അവസരങ്ങളാണ് തുറന്നിട്ടുള്ളത്. സ്പോർട്സ് ഡാറ്റായുടെയും അനലിറ്റിക്കൽ സെന്ററിന്റെയും വിവിധ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെയും വിവര ശേഖരണം, ഡോക്യുമെന്റേഷൻ പ്രോജക്ട് ഏകോപന ചെലവുകൾ എന്നിവയ്ക്കുള്ള വ്യവസ്ഥ ഇതിൽ ഉൾപ്പെടുന്നു.

**e).** വിദ്യാഭ്യാസ സ്ഥാപനങ്ങളും വകുപ്പുകളുമായി കൂടിച്ചേർന്ന്, കായിക താരങ്ങളുടെ കാര്യക്ഷമതാ വികസനത്തിനും, വിദ്യാഭ്യാസ സുരക്ഷിതത്വത്തിനുമായി ഓപ്പൺ സ്കൂൾ പഠനം/ഓപ്പൺ യൂണിവേഴ്സിറ്റികൾ എന്നിവ ആരംഭിക്കണം.

**f).** കണ്ണൂരിലേയും തൃശ്ശൂരിലേയും പ്രാദേശിക കായിക ശാസ്ത്ര കേന്ദ്രങ്ങളുടെ ശേഷി വർദ്ധിപ്പിക്കലും നവീകരണവും

**g).** ഫലപ്രദമായ കായിക നിർവ്വഹണത്തിനായി, ദേശീയ കായിക കോഡിനോട് അനുബന്ധിച്ച് കേരള കായിക നയം വികസിപ്പിച്ചെടുക്കണം.

**3. കായിക വികസന ഫണ്ട്**

**(വിഹിതം- 800.00 ലക്ഷംരൂപ)**

**a). കായിക വികസന ഫണ്ടിനു കീഴിലുള്ള പദ്ധതികളും പരിപാടികളും**

കേരള സംസ്ഥാന കായിക കമ്മീഷൻ, ശുപാർശ ചെയ്തിട്ടുള്ളതാണ് ഒരു കായിക വികസന ഫണ്ട്. പ്രസ്തുത ഫണ്ടിലേക്കുള്ള വിഭവ സമാഹരണം ഗവൺമെന്റിനു പുറമേ സ്വകാര്യ മേഖലയിൽ നിന്നും നടത്താവുന്നതാണ്. കായിക വികസന പദ്ധതികൾക്കായി സ്വകാര്യ പങ്കാളിത്തത്തോടെ ഫണ്ട് കൈകാര്യം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത ഫണ്ടിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- കായിക മത്സരങ്ങളുടെ പ്രോത്സാഹനത്തിനും, ചില പ്രത്യേക കായിക ഇനങ്ങൾക്കും കായിക താരങ്ങൾക്കും ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ നേട്ടങ്ങൾ സാധ്യമാക്കുന്നതിനും.
- കായിക താരങ്ങൾ, പരിശീലകർ, പ്രത്യേക പരിശീലകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുക.
- ഗുണനിലവാരമുള്ള പരിശീലകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, പ്രത്യേക ടി.ഒ.ടി (ട്രെയിനിങ് ഓഫ് ട്രെയിനേഴ്സ്) പരിശീലന വികസന പരിപാടികൾ നടത്തുക.
- കായിക ഇനങ്ങളിൽ മികവ് പുലർത്തുന്നതിനു വേണ്ടി സംസ്ഥാനത്തെ അംഗീകൃത കായിക സംഘടനകൾ, ക്ലബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവക്കും മികവ് പുലർത്തുന്ന വ്യക്തികൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും കായിക ഉപകരണങ്ങൾ വിതരണം ചെയ്യുക.

- കായിക മേഖലയുടെ മികവിനായി കായികവിനോദ ശാസ്ത്രം നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവയുമായി ബന്ധപ്പെട്ട ഗവേഷണ/വികസന പഠനങ്ങൾ നടത്തുക.
- കായിക ക്ലബ്ബുകൾക്കും, സ്കൂളുകൾക്കും ധനസഹായം.
- മത്സരങ്ങൾക്കായുള്ള പരിശീലനങ്ങൾക്കിടെ പരിക്കേൽക്കുന്ന കായിക താരങ്ങൾക്കുള്ള ധന സഹായം. പരിശീലനത്തിനും മത്സരത്തിലും മുൻകൈയെടുക്കുന്ന കളിക്കാർക്കും കായികയിനങ്ങൾക്കും ഉചിതമായ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുക
- തദ്ദേശീയ കായിക ഇനങ്ങളുടെയും/വ്യക്തി വിഭവങ്ങളുടെയും കായിക താരങ്ങളുടെയും വികസനം ലക്ഷ്യമാക്കി അന്തർദേശീയ സഹകരണം ഉറപ്പ് വരുത്തുക.
- കേരളത്തിലെ മികച്ച കായികതാരങ്ങളുടെ നൂതന കായിക മെന്റർഷിപ്പ് പദ്ധതി
- പ്രൈവറ്റ്/വിദഗ്ധ ഏജൻസികളുടെ പങ്കാളിത്തത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും, സ്പോർട്സ് കേരള മാരത്തോൺ സംഘടിപ്പിക്കുക.
- ക്യാമ്പുകൾ/യാത്ര/സ്പോർട്സ്കിറ്റുകൾ/വീഡിയോ ഗെയിം അനലിസ്റ്റുകൾ/മനശാസ്ത്രജ്ഞരുടെ സേവനം/ന്യൂട്രീഷനിംഗ്/ഫിസിയോതെറാപ്പിസ്റ്റ്/കായിക ചികിത്സാ ഡോക്ടർ/കായിക ശാസ്ത്ര സ്പെഷ്യലിസ്റ്റുകൾ തുടങ്ങിയവരുടെ സേവനങ്ങളിലൂടെ, ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്/ സ്കൂൾ ഗെയിംസ് എന്നിവയിലെ പങ്കാളിത്തം.
- ഖെലോ ഇന്ത്യ ഗെയിംസ് അനുസരിച്ച് നിലവിൽ പ്രായപരിധി നിർണ്ണയിക്കാത്ത കായിക, അസോസിയേഷനുകൾക്ക് സാമ്പത്തിക സഹായം നൽകുകയും, വരും വർഷങ്ങളിൽ ഖെലോ ഇന്ത്യ യൂത്ത് ഗെയിംസിൽ കേരളത്തിന്റെ മെഡൽ നേട്ടം മെച്ചപ്പെടുത്തുകയും ചെയ്യുക.
- ബീച്ച് ഗെയിംസ്
- മറ്റ് ഒഴിച്ചു കൂടാനാവാത്ത പ്രവർത്തനങ്ങൾ.

**b) കേരള ഷൂട്ടിംഗ് അക്കാദമി**

ദേശീയ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് കേരളത്തിൽ നിന്ന് ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി കേരള ഷൂട്ടിംഗ് അക്കാദമി സ്ഥാപിച്ചു. കേരളത്തിൽ നിന്ന് ഉയർന്ന നിലവാരമുള്ള ഷൂട്ടർമാരുടെ ആവിർഭാവത്തെ പരിപോഷിപ്പിക്കാൻ കേരള ഷൂട്ടിംഗ് അക്കാദമി സഹായിക്കും. ഒരു ബാച്ചിൽ 90 വിദ്യാർത്ഥികൾക്ക് അക്കാദമി പരിശീലനം നൽകുന്നു.

**c) 35-ാമത് ദേശീയ ഗെയിംസിന്റെ ലെഗസി ഫണ്ട്**

35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നു. 35-ാമത് ദേശീയ ഗെയിംസിനു കീഴിൽ സൃഷ്ടിച്ച വിവിധ കായിക അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ഈ ആസ്തികളുടെ നടത്തിപ്പിനും പരിപാലനത്തിനും ലെഗസി പ്ലാൻഫണ്ട് വിനിയോഗിക്കാൻ നിർദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**4. കായിക അടിസ്ഥാന സൗകര്യങ്ങൾ**

**(വിഹിതം.1650.00 ലക്ഷം രൂപ)**

**A.സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ**

സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ സ്റ്റേഡിയങ്ങൾ, കളിക്കളങ്ങൾ, നീന്തൽകുളങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ മറ്റ് കായിക സ്ഥലങ്ങൾ എന്നിവയുടെ ആധുനിക വൽക്കരണം നവീകരണം എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2021-22 ബഡ്ജറ്റിൽ 1650 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 825.00 ലക്ഷം രൂപ, 2204-00-104-

45 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, മറ്റൊരു 825.00 ലക്ഷം രൂപ 4202-03-102-94 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും ആയി 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(a)50 ശതമാനം മാച്ചിങ് ഓഹരിയുള്ള കായിക അടിസ്ഥാന സൗകര്യങ്ങൾ.

ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും ഫണ്ടിൽ നിന്നോ, കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി വരുന്ന പദ്ധതി ചെലവിന്റെ 50 ശതമാനം കായിക യുവജനകാര്യ ഡയറക്ടറേറ്റ് വഹിക്കുന്നതാണ്. കായിക അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുമ്പോൾ അതിന്റെ 3 വർഷത്തെ നടത്തിപ്പിനും, അറ്റകുറ്റപണികൾക്കുമുള്ള ഫണ്ട് നീക്കിവയ്ക്കുന്ന രീതി ഉറപ്പ് വരുത്തുക എന്നത് പദ്ധതിയുടെ സമഗ്രമായ രൂപരേഖ തയ്യാറാക്കുമ്പോൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

(ബി) താഴെ പറയുന്ന പ്രവർത്തനങ്ങളാണ് കായിക അടിസ്ഥാന സൗകര്യങ്ങൾക്കായി വികസിപ്പിക്കേണ്ടത്.

- ആധുനിക സൗകര്യങ്ങളോടു കൂടിയ നീന്തൽക്കുളം
- സിന്തറ്റിക് ട്രാക്കോടു കൂടിയ ലോഗ്ജംപ്, ഹൈജംപ് പിറ്റുകൾ
- കായികതാരങ്ങൾക്ക് വേണ്ടിയുള്ള സിന്തറ്റിക് ട്രാക്കുകൾ
- കബഡി ഫ്ലോർ സിന്തറ്റിക്/സാധാരണ ഫുഡ്ബോൾ മൈതാനം, ഷട്ടിൽ ബാഡ്മിന്റൺ കോർട്ടുകൾ
- വോളിബോൾ കോർട്ടുകൾ, ബാസ്കറ്റ് ബോൾ കോർട്ടുകൾ സിന്തറ്റിക്/സാധാരണ ഹോക്കി മൈതാനം, ഫുട്ബാൾ മൈതാനം, മേപ്പിൾ വുഡ് ഫ്ലോറിംഗ് മുതലായവ.
- എല്ലാ കാലാവസ്ഥയിലും കളിക്കാവുന്ന സെമി-ഇൻഡോർ കോർട്ടുകൾക്ക് മുൻഗണന (സെൻട്രൽ സ്റ്റേഡിയം മാതൃകയിൽ).

(സി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കായിക അടിസ്ഥാന സൗകര്യങ്ങളുടെ തടസം നീക്കലും-പൂർത്തീകരണവും

(ഡി) ഡി.എസ്.വൈ.എ-യുടെ കീഴിലുള്ള ഭൂമിയിലും വടകരയിലും, ചടയമംഗലം വനിതാ കോംബാറ്റ് സ്പോർട്സ് അക്കാദമിയും, പൂവാറിലെ കളരി അക്കാദമിയും വികസിപ്പിക്കൽ.

(ഇ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങളുടേയും സ്പിൽ ഓവർ പ്രവർത്തികളുടെ പൂർത്തീകരണവും നവീകരണവും/മെച്ചപ്പെടുത്തലും

(എഫ്) മൾട്ടി സ്പോർട്സ് പ്ലേസ്പേസ് ക്ലസ്റ്റർ

ആവശ്യമെങ്കിൽ മേൽക്കൂരയോടു കൂടിയതും സിന്തറ്റിക് പ്രതലത്തോടു കൂടിയതുമായ വിവിധോദ്ദേശ സ്ഥലങ്ങൾ വോളിവോൾ, ബാസ്കറ്റ് ബോൾ, ടെന്നീസ് മറ്റ് വിവിധ ചെറിയ കായിക മത്സരങ്ങൾ തുടങ്ങിയവയ്ക്കായുള്ള ലഭ്യമായ മൈതാനങ്ങളിൽ വികസിപ്പിച്ചെടുക്കാനുള്ള പദ്ധതിയാണ് ഇത്. ഇപ്പോഴും വിവിധോദ്ദേശ കളിസ്ഥലങ്ങൾ വളരെ ദൂരത്തിൽ സ്ഥിതിചെയ്യുന്നതിനാൽ അവ ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇതിനൊരു പരിഹാര മാർഗ്ഗമായി ഈ പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കൽ

2021-22-ൽ ഒമ്പത് അധിക സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

(എച്ച്) കായിക ആസ്ഥാനം/കായിക സമുച്ചയം നിർമ്മിതി (കായിക ഭവൻ).

സംസ്ഥാനത്തെ കായിക സംസ്കാരത്തിന്റെ വളർച്ചക്കും, വികസനത്തിനും ഫലപ്രദമായ ഭരണ സംവിധാനത്തിനും, സംഘാടനത്തിനും മറ്റുമായി തിരുവനന്തപുരം ജില്ലയിൽ ഒരു കായിക സമുച്ചയം (കായിക ഭവൻ) നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്. ഇതിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റ് , കേരള സംസ്ഥാന കായിക കൗൺസിൽ, കായിക എഞ്ചിനീയറിംഗ് വിഭാഗം , സംസ്ഥാന സ്പോർട്സ്

ആന്റ് ഗെയിംസ് അസോസിയേഷൻ എന്നീ ഓഫീസുകൾ കൂടി ഉൾക്കൊള്ളുന്നതാണ്. പ്രസ്തുത കെട്ടിട സമുച്ചയത്തിൽ വിവിധോദ്ദേശ കായിക സൗകര്യങ്ങളോട് കൂടിയ ജിംനേഷ്യവും നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. ഇത് പൊതു ജനങ്ങൾക്കും കൂടി ഉപയോഗിക്കാവുന്ന തരത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

(ഐ) മൂന്നാറിലെ ഹൈആൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്റർ

2020 - 2024 ലെ ഒളിമ്പിക്സിനുള്ള കായിക താരങ്ങളെയും വിദ്യാർത്ഥികളെയും ആധുനിക സാങ്കേതിക വിദ്യകൾക്കനുസൃതമായി പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു കായിക താരത്തിൽ നിന്നും പരമാവധി പ്രകടനം സാധ്യമാക്കുന്നതിന് ഉയർന്ന പ്രദേശങ്ങളിലെ പരിശീലനം ആവശ്യമാണ്. ഈ ലക്ഷ്യം സാധൂകരിക്കുന്നതിന് മൂന്നാറിലെ ഹൈ ആൾട്ടിട്യൂഡ് ട്രയിനിംഗ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും ആധുനികവൽക്കരിക്കുകയും കായിക ടൂറിസം സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും വേണം.

(ജെ) കോംബാറ്റ് സ്പോർട്സിനായി (ബോക്സിംഗ്, ഗുസ്തി, ജൂഡോ, തായ്ക്വോണ്ടോ, ഭാരദ്വഹനം) എന്നിവയ്ക്കായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

825.00 ലക്ഷം രൂപ 2021-22 ബജറ്റിൽ കായിക അടിസ്ഥാന സൗകര്യങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

**B. കായിക അടിസ്ഥാന സൗകര്യങ്ങൾ (പ്രവർത്തനവും പരിപാലനവും)**

കായിക മേഖലകളുമായി ബന്ധപ്പെട്ട ഉപഭോഗ വസ്തുക്കളുടെ സംഭരണം ഉൾപ്പെടെയുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ പൊതുവായ പരിപാലനമാണ് ഈ പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഇവ കൂടാതെ, സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും, ശാരീരികക്ഷമത പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ, വിവിധ കായിക പ്രതലങ്ങളുടെ വിതരണവും ഇൻസ്റ്റാളേഷനും, 35-ാമത് ദേശീയ ഗെയിംസിൽ നിർമ്മിച്ച വിവിധ സൗകര്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും സ്പോർട്സ് കിറ്റുകൾ വാങ്ങുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ഈ ഹെഡിൽ അനുവദിക്കുന്ന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. KIIFB-യുടെ കീഴിൽ നിർമ്മിച്ച കായിക അടിസ്ഥാന സൗകര്യങ്ങളെ പ്രവർത്തനക്ഷമമാക്കാനും ഈ തലകെട്ടിൽ അനുവദിക്കുന്ന ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

2020-21 കാലയളവിൽ വിനിയോഗിച്ച മൊത്തം ഫണ്ടിന്റെ 50 ശതമാനവും വനിതാ ഗുണഭോക്താക്കളാണെന്ന് മനസ്സിലാക്കാം. 2021-22 ൽ ഇത് അതേ അനുപാതത്തിലായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2021-22 കാലയളവിൽ-825.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**5. പ്രത്യേക പദ്ധതികൾ**

**(വിഹിതം. 600.00 ലക്ഷം രൂപ)**

(എ) ഇ-സ്പോർട്സ് സൗകര്യം

ഇ-സ്പോർട്സ് 2018-ലെ ഏഷ്യൻ ഗയിംസിലെ ഒരു പ്രസിദ്ധ കായിക ഇനമായിരിക്കുകയാണ്. ഇതിന്റെ സാദ്ധ്യത പരിശോധിച്ച് 2020-21-ൽ ഒരു പ്രാരംഭ സംരംഭമായി ഇ-സ്പോർട്സ് ആരംഭിച്ചു. ഇത് രണ്ടാം ഘട്ടത്തിലേക്ക് വ്യാപിപ്പിക്കാൻ 2021-22-ൽ ഉദ്ദേശിക്കുന്നു (യുവാക്കളെ ഇ-സ്പോർട്സ് പിന്തുടരാൻ സജ്ജമാക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ സൃഷ്ടിക്കുക).

(ബി) കളി ആരോഗ്യത്തിനുവേണ്ടി.

കുട്ടികളെ കായികമത്സരങ്ങൾക്കും, കളികൾക്കും പ്രാപ്തരാക്കി അവരുടെ മാനസികവും, ശാരീരികവുമായ കഴിവുകളെ വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ കുട്ടികളിൽ കളികളോടുള്ള അഭിരുചി വളർത്തി പിന്നീട് അതിനായി ക്രമമായും ശാസ്ത്രീയമായും അദ്ധ്വാനിക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ പ്രഥമ ഉദ്ദേശം. സ്കൂളുകളെ കായിക കേന്ദ്രങ്ങളാക്കി കുട്ടികളെ

സ്ഥിരമായി ശാരീരികപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നത് ഉറപ്പ വരുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

(സി) കോംബാറ്റ് സ്പോർട്സിലെ ഗ്രാസ് റൂട്ട് പ്രോഗ്രാം

നമ്മുടെ കുട്ടികളെ സ്വയം പ്രതിരോധത്തിനായി സജ്ജരാക്കുന്നതിനും, ദേശീയ അന്തർദേശീയ ടൂർണമെന്റുകളിൽ മികവ് പുലർത്തുന്നതിനും തായ് ക്വോണ്ടോ, ബോക്സിംഗ്, ജൂഡോ പോലുള്ള കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ഡി) എയ്സ്- താഴെ തട്ടിലുള്ള ടെന്നീസ് കർമ്മപരിപാടി.

സംസ്ഥാനത്തെ സമർത്ഥരായ കളിക്കാരെ വളരെ ചെറിയ പ്രായത്തിൽ കണ്ടെത്തി അവരെ ലോകനിലവാരമുള്ള ടെന്നീസ് കളിക്കാരാക്കി മാറ്റുവാൻ വേണ്ടിയുള്ള പദ്ധതിയാണ് ഇത്.

(ഇ) കിക്ക്-ഓഫ്- താഴെതട്ടിലുള്ള ഫുട്ബോൾ പരിപാടി.

ദേശീയ, അന്തർദേശീയ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഫുട്ബോൾ കേരളത്തിലെ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു കളിയാണ്. കിക്കോഫ്-എന്നത്, ഗ്രാമീണ-അർദ്ധനഗര, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക മേഖലകളിലെ മിടുക്കരായ/കഴിവുള്ള കുട്ടികളെ വളരെ ചെറിയ പ്രായത്തിൽ കണ്ടെത്തി പരിശീലനം നൽകുന്ന പദ്ധതിയാണ്. 2018-19-ൽ 19 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലാണ് നടപ്പിലാക്കിയത്. ഇത് മറ്റ് സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുറമേ 2019-20 ൽ 14 കേന്ദ്രങ്ങളിലേക്ക് കൂടി പ്രോഗ്രാം വിപുലീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള 33 കേന്ദ്രങ്ങളിൽ 15 കേന്ദ്രങ്ങൾ പെൺകുട്ടികളെ പരിശീലിപ്പിക്കുന്നതിന് മാത്രമുള്ളതാണ്. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പ്രോഗ്രാം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

(എഫ്) ഹൂപ്സ് - ഗ്രാസ് റൂട്ട് ബാസ്കറ്റ്ബോൾ പ്രോഗ്രാം

ആരോഗ്യത്തിനായുള്ള, ഊർജ്ജസ്വലവും ഉത്തരവാദിത്തമുള്ളതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയെന്ന ഉദ്ദേശത്തോടെയാണ് പ്ലേ ഫോർ ഹെൽത്ത് എന്ന ആശയം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നത്. രാജ്യത്തിന് ഊർജ്ജസ്വലവും സമൃദ്ധവുമായ ഭാവി സൃഷ്ടിക്കുന്നതിന് ഉറച്ച പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനായി ലക്ഷ്യമിടുന്നു. ഈ പദ്ധതി കേരളത്തിലെ മുഴുവൻ സ്കൂളുകളെയും യുവ വിദ്യാർത്ഥികളെയുമാണ് പദ്ധതി നടത്തിപ്പിനായി ലക്ഷ്യമിടുന്നത്. 5 ജില്ലകളിലെ 10 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഈ പരിപാടി കൂടുതൽ സ്ഥാപനങ്ങളിലേക്കും ജില്ലകളിലേക്കും വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്.

(ജി) സ്പ്രിന്റ് – കായികതാരങ്ങൾക്കുള്ള ഗ്രാസ് റൂട്ട് പരിശീലന പരിപാടി

ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കി കേരളത്തിലെ മുൻഗണനാ കായിക വിഭാഗങ്ങളിലൊന്നാണ് അത്‌ലറ്റിക്സ്. പ്രകടനം വർദ്ധിപ്പിക്കുന്നതിന്, സംസ്ഥാനത്തൊട്ടാകെയുള്ള അന്തർ സ്കൂൾ, ഇന്റർ ഡിസ്ട്രിക്റ്റ് ടൂർണമെന്റുകളുടെ പരിശീലനം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനാൽ 5-12 വയസ്സിനിടയിലുള്ള സംസ്ഥാനത്തെ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ഉപ-നഗര ഗ്രാമീണ, ഗോത്രവർഗ്ഗക്കാരിൽ നിന്നും കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി കായികതാരങ്ങളെ മുൻഗണനയുള്ള കായിക വിഭാഗമായി തിരഞ്ഞെടുക്കേണ്ടതുണ്ട്. നിലവിൽ 6 കേന്ദ്രങ്ങളിലായി 6 ജില്ലകളിൽ കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 8 ജില്ലകളിൽ 8 കേന്ദ്രങ്ങൾ കൂടി ആരംഭിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

(എച്ച്) 15 വർഷ വിഷൻ രേഖ തയ്യാറാക്കൽ.

കേരളത്തിലെ കായികരംഗത്തെ പ്രകടനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നയങ്ങൾ കണ്ടെത്തുകയും അതിന്റെ സമയബന്ധിതമായ കൃത്യമായ നടപടികളും ആവശ്യമാണ്. ഇതെല്ലാം പ്രാവർത്തികമാക്കുന്നതിനാണ് 15 വർഷ നയ രേഖ തയ്യാറാക്കുന്നത്.

(ഐ) പ്രചാരവും പ്രോത്സാഹനവും, ഐടി പ്രോജക്ടുകളും.

താഴെ പറയുന്ന പ്രവർത്തനങ്ങളാണ് സാങ്കേതികവിദ്യയും, പ്രചാരവും സംയോജിപ്പിക്കുന്നവയിൽ വരുന്നത്;-

i. കായികമേഖലയുടെ മികച്ച ഭരണനിർവ്വഹണത്തിനും, നടത്തിപ്പിനും, പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള കായിക വിവരങ്ങളുടെ വികസനം.

ii. കായിക മേഖലയുടെ നടത്തിപ്പിനുള്ള വെല്ലുവിളികളെ ഐ.ടി. ഉപയോഗിച്ച് പരിഹാരം കണ്ടെത്തുന്നതിനായി ഐ.ടി. വിദഗ്ദരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു ഹാക്കത്തൺ സംഘടിപ്പിക്കും.

iii. വകുപ്പുതല വെബ്സൈറ്റുകളുടെ പരിഷ്കരണവും കായിക ഉപകരണങ്ങളുടെയും മറ്റും നവീകരണവും.

iv. കേരളത്തിലെ കായിക മേഖലയുടെ ബ്രാൻഡിംഗ്.

v. കായിക വാണിജ്യം-കായിക കേന്ദ്രങ്ങളിലൂടെയുള്ള വികസനവും വിവിധങ്ങളായ നൂതന പദ്ധതികളിലൂടെയുള്ള കായിക വിപണനവും വാണിജ്യ വൽക്കരണവും.

vi. കായിക മേഖലയുമായി ബന്ധപ്പെട്ട വിപുലീകരണ പദ്ധതികൾ.

vii. കായികവും-ആരോഗ്യവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി ഫിലിംസ്.

viii. വിദ്യാർത്ഥികൾക്കിടയിലും, പൊതുജനങ്ങളിലും കായികവും/ആരോഗ്യവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ, പ്രചാരണ സാമഗ്രികൾ, പ്രോജക്ടുകൾ, ലഘുലേഖകൾ എന്നിവയുടെ പ്രസിദ്ധീകരണവും, വിതരണവും.

ix. കായിക ഡോക്യുമെന്റേഷൻ നിലവിലുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ വിഡീയോ ഡോക്യുമെന്റേഷൻ, ഇമേജ് ഡോക്യുമെന്റേഷൻ, ഡിജിറ്റൽ ലൈബ്രറിയും കായിക ചരിത്രരേഖാ ശേഖരണവും, കായിക വസ്തുവിവര പട്ടികയും, മികച്ച പ്രകടനം കാഴ്ചവെച്ച കായിക താരങ്ങളും, ഇനങ്ങളും തുടങ്ങിയവ.

x. സെമിനാറുകൾ, പൊതുകാര്യപരിപാടികൾ, വർക്ക് ഷോപ്പുകൾ കായിക ദിനങ്ങളുടേയും, മറ്റ് ബന്ധപ്പെട്ട ദിനാചരണം, കായിക പ്രോത്സാഹനത്തിനുള്ള പ്രചാരണം.

xi. സാഹസിക കായിക ഇനങ്ങളും, വ്യാവസായിക വിനോദ സഞ്ചാരത്തിന്റെയും പ്രചരണവും.

xii. ദേശീയ അന്തർദേശീയ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, മീറ്റിംഗുകൾ കായിക ഇനങ്ങൾ, ടൂർണമെന്റുകൾ, ചാമ്പ്യൻഷിപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

xiii. കായിക കേന്ദ്രങ്ങളേയും കായിക വളർച്ചാ കേന്ദ്രങ്ങളെയും സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, പ്രചാരണത്തിലൂടെയും, ലഘുലേഖകളിലൂടെയും പൊതുജനസമ്പർക്ക പരിപാടികളിലൂടെയും കേരളത്തെ ഒരു കായിക വ്യാപന കേന്ദ്രമാക്കി മാറ്റുക.

xiv. ക്ലബ്ബുകൾ, എൻ ജി ഓ കൾ സ്കൂളുകൾ, മറ്റ് സംഘടനകൾ എന്നിവയിലൂടെ സ്പോർട്സ് പ്രോത്സാഹിപ്പിക്കുക.

xv. ഒക്ടോബർ 13 ന് എല്ലാ വർഷവും കേരള കായിക ദിനാഘോഷം.

xvi. ഐ.ടി യുമായി ബന്ധപ്പെട്ട കായിക ആപ്ലിക്കേഷനുകളുടേയും, കായിക സാങ്കേതിക വിദ്യയിലൂടെയുമുള്ള മറ്റ് നടപടികൾ.

xvii. പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ കായിക- വിവരങ്ങളുടെ പ്രചരണം.

പ്രത്യേക പ്രോജക്റ്റുകൾക്ക് കീഴിലുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ സ്പോർട്സ് യുവജനകാര്യ ഡയറക്ടറേറ്റിന് 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
2020-21 കാലയളവിൽ വിനിയോഗിച്ച മൊത്ത ഫണ്ടിന്റെ 55 ശതമാനം വനിതാ ഗുണഭോക്താക്കളാണ്. 2021-22-ൽ ഇത് ഇതേ അനുപാതത്തിലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**6. കായിക എഞ്ചിനീയറിംങ് വിങ്**

**(വിഹിതം.60.00 ലക്ഷം രൂപ)**

കേരള സംസ്ഥാന സ്റ്റേഡിയങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവയും പുതുതായി നിർദ്ദേശിച്ചവയും പൊതുമേഖലാ സംരംഭങ്ങൾ (പി.എസ്.ഇ)-സ്പോർട്സ് കേരള ലിമിറ്റഡ് നിർവ്വഹിക്കും. സ്പോർട്സ് കേരള ലിമിറ്റഡ് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവർത്തിക്കും. ആസ്തി നിർമ്മാണം, മാനേജ്മെന്റ് കമ്പനി എന്നീ ഇരട്ട ലക്ഷ്യങ്ങളോടെ സ്വന്തം ഉണ്ടാക്കിയ വരുമാനം കൊണ്ട് സ്പോർട്സ് ആസ്തി വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ലാഭം കേരളത്തിലെ കായിക വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ നിക്ഷേപിക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്യും. കേരളത്തെ ആഗോള പ്രശസ്തമായ കായിക ശക്തിയാക്കുന്നതായിരിക്കും ലക്ഷ്യം. 35-ാമത് ദേശീയ ഗെയിംസിന്റെ പാരമ്പര്യവും കേരളത്തിലെ കായിക മേഖലയിൽ വിജയത്തിനും മഹത്വത്തിനും അടിത്തറ പാകുന്നതിനുമായി കിഫ്ബി (KIIFB)യുടെ കീഴിൽ നടത്തിയ വൻ നിക്ഷേപങ്ങൾ ഇത് മൂലം സ്ഥാപനവത്കരിക്കും. സ്പോർട്സ് കേരള ലിമിറ്റഡിന്റെ കേരള സംസ്ഥാനത്ത് കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കും. ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സിന്റെ സ്പോർട്സ്, എഞ്ചിനീയറിംഗ് വിഭാഗം, സ്പോർട്സ് കേരള ലിമിറ്റഡിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കായിക ശാസ്ത്രം, കായിക എഞ്ചിനീയറിംഗ്, നിർമ്മാണം, കായിക സാങ്കേതിക വിദ്യയുടെ വളർന്നു വരുന്ന മേഖലകൾ എന്നിവയിലെ സ്പോർട്സ് കേരള ലിമിറ്റഡിന്റെ സ്ഥാപന ആവശ്യങ്ങൾക്കൊപ്പം ശേഷി വർദ്ധിപ്പിക്കൽ, വിദഗ്ദരുടെ വിനിയോഗം എന്നിവ ഈ ശീർഷകത്തിൽ (ഹെഡ് ഓഫ് അക്കൗണ്ട്) നിന്ന് നിറവേറ്റവാൻ ലക്ഷ്യമിടുന്നുണ്ട്.

2021-22 ബജറ്റിൽ ഈ പദ്ധതിക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. ജി.വി.രാജ സ്കൂൾ , തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ**

**(വിഹിതം.2000.00 ലക്ഷം രൂപ)**

തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിലെയും, സ്പോർട്സ് ഡിവിഷൻ കണ്ണൂരിലേയും കായിക അടിസ്ഥാന സൗകര്യ വികസനവും, നിയന്ത്രണവും കായിക യുവജന കാര്യ ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. ജി വി. രാജ സ്പോർട്സ് സ്കൂളിന്റെ മാതൃകയിൽ കണ്ണൂർ സ്പോർട്സ് ഡിവിഷനെ പൂർണ്ണമായും റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളാക്കി മാറ്റണമെന്നും മലബാറിലെയും വടക്കൻ കേരള മേഖലയിലെയും പ്രധാന കായിക പരിശീലന കേന്ദ്രമായി ഇതിനെ മാറ്റിയെടുക്കണമെന്നുമുള്ളതാണ് ലക്ഷ്യം.

2021-22 കാലയളവിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.

- കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമും കായിക നൈപുണ്യത്തിനായി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കലും.
- പരിശീലകർക്കും മറ്റ് സപ്പോർട്ടിംഗ് സ്റ്റാഫുകൾക്കുമുള്ള നൈപുണ്യ വികസന കോഴ്സുകൾ
- പരിശീലകർക്കും കോച്ചുകൾക്കും റിഫ്രഷർ കോഴ്സുകൾ
- വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ
- കായിക ഉപകരണങ്ങളുടെ വാങ്ങൽ

- എക്സ്പോഷർ യാത്രകളും ടൂർണ്ണമെന്റുകളിലെ പങ്കാളിത്തവും
- ഹോസ്റ്റൽ സൗകര്യങ്ങളുടെ നിലവാരം ഉയർത്തുക
- കായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നവീകരണം
- കായിക ശാസ്ത്രത്തിൽ സ്പെഷ്യലിസ്റ്റുകളുടെ വിനിയോഗം
- മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി
- കണ്ണൂരിലെ ജി.വി. രാജ സ്പോർട്സ് സ്കൂളുകളിനും സ്പോർട്സ് ഡിവിഷനുമായി ഒരു പുതിയ പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനും അദ്ധ്യാപന ശാസ്ത്ര രീതി വരുത്തുന്നതിനുമുള്ള പദ്ധതി
- കണ്ണൂരിലെ ജി.വി. രാജ സ്പോർട്സ് സ്കൂളിലേക്കും സ്പോർട്സ് ഡിവിഷനിലേക്കും വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട് പദ്ധതി നടപ്പിലാക്കൽ.

2021-22 കാലയളവിൽ പദ്ധതികൾക്കായി 2000.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### 8. യുവജനകാര്യം

**(വിഹിതം: 100.00 ലക്ഷം രൂപ)**

(എ). കളിത്തട്ട് (പ്രാദേശിക കളി).

പ്രാദേശിക കളികളെ പുതിയ തലമുറകൾക്കിടയിൽ പ്രോത്സാഹിപ്പിക്കുന്നതിനും, ജനകീയവൽക്കരിക്കുന്നതിനും, അവർക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞ് കേരളത്തിലാകമാനം ആരോഗ്യമുള്ള ജനവിഭാഗങ്ങളെ സൃഷ്ടിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ പ്രാദേശിക കായിക സംഘടനകളുടെയും, യൂത്ത് ക്ലബ്ബുകളുടെയും പ്രചരണത്തിനായുള്ള ഉപാധിയായും ഈ പദ്ധതി ഉപയോഗിക്കുന്നു.

(ബി). സ്ത്രീകൾക്ക് സ്വയംരക്ഷാ പരിശീലനം ആയോധന കലകളിലൂടെ.

നമ്മുടെ പെൺകുട്ടികളെ ആക്രമണത്തിൽ നിന്ന് രക്ഷിക്കാൻ സജ്ജരാക്കുന്നതിനും സ്വയരക്ഷക്കായും, അവരെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ജേതാക്കളാക്കുന്നതിന് വേണ്ടിയും കളരിപ്പയറ്റ്, തൈക്കോണ്ടാ, ജൂഡോ, കരാട്ടെ തുടങ്ങിയ അഭ്യാസമുറകളുടെ പ്രചാരണമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി). നല്ല ഭരണത്തിനായുള്ള യൂത്ത് ഫെലോഷിപ്പ് പരിപാടി.

നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും ജില്ലാ ഭരണകൂടത്തിന് യുവ വിദ്യാർത്ഥികളുടെയും, പ്രൊഫഷണകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്താനും യൂത്ത് ഫെലോഷിപ്പ് പ്രോഗ്രാം ലക്ഷ്യമിടുന്നുണ്ട്. യൂത്ത് ഫെലോകളായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ ജില്ലാ കളക്ടറുടെ ഓഫീസുമായി ബന്ധിപ്പിക്കും. ഒരു വർഷത്തേക്ക് ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിന് അവർ ഗവേഷണം നടത്തുകയും അവതരണങ്ങൾ നടത്തുകയും ആവശ്യമായ വിവരങ്ങൾ നൽകുകയും ചെയ്യും. ഭരണകാര്യങ്ങളിൽ പൊതു നയവുമായി ബന്ധപ്പെട്ട എക്സ്പോഷറും അനുഭവവും യംഗ് ഫെലോകൾക്ക് ലഭിക്കും.

യുവജനകാര്യ പരിപാടികൾക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 9. അധിക സ്പോർട്സ് ഡിവിഷൻ സജ്ജീകരിക്കൽ (കണ്ണൂർ സ്പോർട്സ് ഡിവിഷൻ പോലെ)

**(വിഹിതം: 350.00 ലക്ഷം രൂപ )**

മധ്യ കേരള മേഖലയിൽ നിലവിൽ സ്പോർട്സ് ഡിവിഷൻ ഇല്ലാത്തതിനാൽ 2021-22-ൽ തൃശ്ശൂരിലെ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ കുന്നംകുളത്ത് ഒരു അധിക സ്പോർട്സ് ഡിവിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

2021-22 കാലയളവിൽ താഴെ പ്പറയുന്ന പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നു.

- തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ ശേഷി വർദ്ധിപ്പിക്കൽ പരിപാടി
- പരിശീലകർക്കും മറ്റ് സപ്പോർട്ടിംഗ് സ്റ്റാഫുകൾക്കുമായുള്ള നൈപുണ്യ വികസന കോഴ്സുകൾ

- കായിക ഉപകരണങ്ങളുടെ വാങ്ങൽ
- എക്സ്പോഷർ യാത്രകളും ടൂർണമെന്റുകളിലെ പങ്കാളിത്തവും
- ഹോസ്റ്റൽ സൗകര്യങ്ങൾ വികസിപ്പിക്കൽ
- തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ കായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിലവാരം വർദ്ധിപ്പിക്കൽ
- കായിക ശാസ്ത്രത്തിൽ വിദഗ്ധരായ വ്യക്തികളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തൽ
- മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി
- പ്രവർത്തനവും പരിപാലനവും
- തൃശ്ശൂരിലെ സ്പോർട്സ് ഡിവിഷനിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട്
- വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സ്കീമുകൾ.

2021-22 കാലയളവിലെ ബജറ്റിൽ 350.00 ലക്ഷം രൂപ മേൽപ്പറഞ്ഞ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

**10.കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ**

**(വിഹിതം: 3340.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള ഉന്നതതല സ്ഥാപനമാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ. കേരള സർക്കാർ പ്രാബല്യത്തിൽ വരുത്തിയ 'കേരള സ്പോർട്സ് ആക്ട് 2000'-2006-ൽ നിലവിൽ വന്നു. പുതിയ നിയമം സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചു. 2021-22-ൽ സ്പോർട്സ് കൗൺസിലിന്റെ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 3340.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**i)ജില്ല, കോളേജ്, സ്കൂൾ സ്പോർട്സ് അക്കാദമി**

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ ജില്ല, കോളേജ്, സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ അതാത് മാനേജ്മെന്റുകൾക്ക് കീഴിൽ നടത്തപ്പെടുന്നു. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ നടത്തുന്നുണ്ട്. മൊത്തം തുക ചെലവഴിച്ചതിൽ 35% ഗുണഭോക്താക്കൾ വനിതകളായിരുന്നു. 2021-22-ലും അതേ അനുപാതത്തിൽ ഫണ്ട് ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥികൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള തുക സ്ഥാപനങ്ങൾക്ക് പകരം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ സ്കോളർഷിപ്പ് നൽകുന്നുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമി പ്രവർത്തനങ്ങൾ കൂടുതൽ ഫോക്കസ് ചെയ്യുന്നതിനു വേണ്ടി നിർദ്ദിഷ്ട സ്ഥാപനങ്ങളുടെ എണ്ണം കുറയ്ക്കും. വിദഗ്ധരായ പരിശീലകരുടെ കീഴിൽ പരിശീലനത്തിനും ചികിത്സ, പഠനസൗകര്യമൊരുക്കൽ, കണ്ടീഷനിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കായി 2021-22 ൽ 1784.20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ii)സംസ്ഥാന കായിക സംഘടനകൾക്കുള്ള ധനസഹായം**

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ 43 അംഗീകൃത കായിക സംഘടനകളാണുള്ളത്. സംസ്ഥാനതല മത്സരങ്ങൾ നടത്തുക, പരിശീലന ക്യാമ്പ് ദേശീയ/ദക്ഷിണ മേഖല മൽസരങ്ങളിൽ പങ്കെടുക്കുക, ദേശീയ/ദക്ഷിണ മേഖല മത്സരങ്ങൾ സംഘടിപ്പിക്കുക എന്നിവയ്ക്കായി 2021-22-ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**iii) സ്പോർട്സ് യൂണിഫോം, ട്രാക് സ്യൂട്ട്, സ്പോർട്സ് ഉപകരണങ്ങൾ, സ്പോർട്സ് സാമഗ്രികൾ**

300.00 ലക്ഷം രൂപ 2021-22 വർഷത്തെ ബഡ്ജറ്റിൽ കായിക ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും 70 ദിവസത്തെ ബോർഡിംഗ് സെന്റർ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ, ദേശീയ ഫെഡറേഷൻ സംഘടിപ്പിക്കുന്ന കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന സംസ്ഥാന താരങ്ങൾ എന്നിവർക്കും കായിക യൂണിഫോം, ട്രാക്ക് സ്യൂട്ട്, കായിക സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും, വകയിരുത്തിയിട്ടുണ്ട്.

**iv) മികവിന്റെ കേന്ദ്രം (മിടുക്കൻമാർക്കുള്ള പരിശീലനകേന്ദ്രം)**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ, എന്നീ കായിക വിഭാഗങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2020-21-ൽ ഇതിനായി ചെലവഴിക്കപ്പെട്ട മൊത്തം തുകയിൽ 25% ഗുണഭോക്താക്കളും വനിതകളായിരുന്നു. ഈ വർഷവും അതേ അനുപാതത്തിൽ ചെലവഴിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ പദ്ധതി ശക്തിപ്പെടുത്തുന്നതിനായി 2021-22 ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**v) കായികക്ഷമതാ പദ്ധതി**

നഴ്സറിതലം മുതൽ സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിൽ ശാരീരികമായി മികവുറ്റ ജീവിതം സാധ്യമാക്കുന്നതിന് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കായിക യുവജന വകുപ്പ്, ആരോഗ്യം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തിലാണ് നടപ്പിലാക്കുന്നത്. 'എല്ലാവർക്കും യോഗ' യുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെ 2021-22 ൽ 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**vi) മികച്ച കായിക താരങ്ങൾക്ക് സ്കോളർഷിപ്പ്**

മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പിനായി 2021-22-ൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2020-21-ൽ ഇതിനായി ചെലവഴിക്കപ്പെട്ട മൊത്തം തുകയിൽ 67% ഗുണഭോക്താക്കളും വനിതകളായിരുന്നു. ഈ വർഷവും അതേ അനുപാതത്തിൽ ചെലവഴിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്

**vii) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ/ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളുടെ പരിപാലനം/കമ്പ്യൂട്ടറൈസേഷൻ.**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഓഫീസുകളുടെ പരിപാലനം/കമ്പ്യൂട്ടറൈസേഷൻ സജ്ജീകരിക്കുന്നതിനും ആസ്ഥാന മന്ദിരത്തിന്റെ നിലവാരം ഉയർത്തുന്നതിനും 2021-22 ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**viii) ഓപ്പറേഷൻ ഒളിമ്പിയ 2020-2024**

2020-24 ഒളിമ്പിക്സിനായി കേരളത്തിൽ നിന്നുള്ള കായികതാരങ്ങളിൽ നിന്ന് മെഡൽ പ്രതീക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ ഊർജ്ജിതമാക്കിക്കൊണ്ടിരിക്കുകയാണ് കേരള സ്പോർട്സ് കൗൺസിൽ. എന്നാൽ അവയെ 5 (അത്‌ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോയിംഗ്) ഇനങ്ങളിലേക്കായി ചുരുക്കി മുൻഗണന നൽകിയിരിക്കുന്നു. 2020-21-ൽ ഇതിനായി ചെലവഴിക്കപ്പെട്ട മൊത്തം തുകയിൽ 58% ഗുണഭോക്താക്കളും വനിതകളായിരുന്നു. ഈ വർഷവും അതേ അനുപാതത്തിൽ ചെലവഴിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ഓപ്പറേഷൻ ഒളിമ്പിയ 2020-2024-നായി 375.00 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**ix) സ്പോർട്സ് കൗൺസിൽ അവാർഡ്**

സ്പോർട്സ് കൗൺസിൽ അവാർഡിനായി 2021-22-ൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**x) സ്പോർട്സ് ഇൻഫർമേഷൻ സംവിധാനം**

വിവര സാങ്കേതിക വിദ്യ ഉൾപ്പെടെ വിവര ശേഖരണത്തിനും നിയന്ത്രണത്തിനും 2021-22-ൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**xi) മററു പദ്ധതികൾ**

2021-22 ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾക്കായി 59.80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് സ്പോർട്സിന്റെ പ്രോത്സാഹനത്തിനും, പി.ടി.എ., മറ്റ് അനുബന്ധ ചെലവുകൾക്ക് ഗ്രാന്റ്
- മെയ്ദിന സ്പോർട്സ് ആചരണം
- കോച്ചുകൾക്കുള്ള റിഫ്രഷർ കോഴ്സുകൾ, സ്പോർട്സ് ക്ലിനിക് നടത്തിപ്പ്, സെമിനാറുകളും മറ്റ് പരിപാടികളും.

**xii). മറ്റു പരിപാടികൾ**

25.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഭാഷ മലയാളം, സംസ്ഥാനത്തെ വിജയിച്ച ടീമുകൾക്കുള്ള വരവേല്പ്, വി.ഐ.പി. സന്ദർശനം പോലെയുള്ള അടിയന്തിര ചെലവുകൾ എന്നിവക്കായി വകയിരുത്തിയിരിക്കുന്നു.

**XIII). അണ്ടർ-14 സി.എം. ഗോൾഡ് കപ്പ് ഫുട്ബാൾ ചാമ്പ്യൻഷിപ്പ്**

സി.എം. ഗോൾഡ് കപ്പ് ഫുട്ബാൾ ചാമ്പ്യൻഷിപ്പ് എല്ലാവർഷവും നടത്താൻ സംസ്ഥാന സ്പോർട്സ് കൗൺസിൽ ആലോചിക്കുന്നുണ്ട്, ജില്ലാതല മത്സരങ്ങൾ എല്ലാ ജില്ലകളിലും നടത്തി യോഗ്യത നേടിയ ടീം സംസ്ഥാന ചാമ്പ്യൻഷിപ്പിന് പങ്കെടുക്കുന്നതാണ് (ലീഗ് ചാമ്പ്യൻഷിപ്പ്). തുടക്കത്തിൽ ചാമ്പ്യൻഷിപ്പ് ആൺകുട്ടികൾക്ക് മാത്രമാണ് സംഘടിപ്പിക്കുന്നത്. ഭാവിയിൽ പെൺകുട്ടികൾക്ക് കൂടി ചാമ്പ്യൻഷിപ്പ് നടത്തുന്നതാണ്. 25.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**XIV). ഭരണ ഭാഷ:-**

ഈ പദ്ധതി പ്രകാരം എല്ലാ ഉദ്യോഗസ്ഥർക്കും അവരുടെ മലയാളം ഭാഷാ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നു. 1.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്

**XV). കേരള ഗെയിംസ്:-**

വിവിധ കോളേജുകളിൽ നിന്നുള്ള ടീമുകൾക്ക് മാത്രമാണ് കേരള ഗെയിംസ് ചാമ്പ്യൻഷിപ്പ് നടത്തുന്നത്. ഇന്റർ കൊളീജിയറ്റ് ചാമ്പ്യൻഷിപ്പിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കോളേജ് ടീമുകൾ നാല് സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് കേരള സർവ്വകലാശാല, എം.ജി യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ് ഗെയിമുകളിൽ പങ്കെടുക്കാൻ യോഗ്യരാണ്. 50.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**XVI). വുമൺ ഫുഡ്ബോൾ അക്കാദമി:-**

മികച്ച ഫുട്ബോൾ പാരമ്പര്യമുള്ള കേരളത്തിന്, സംസ്ഥാനത്ത് വനിതാ ഫുട്ബോളിന്റെ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമേയുള്ളൂ. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ രണ്ട് കോളേജ് അക്കാദമികളും ഒരു ഡേ ബോർഡിംഗ് സെന്ററും ഉണ്ട്. ദേശീയ തലത്തിൽ കേരളത്തിൽ വനിതാ ഫുട്ബോളിന്റെ നിലവാരം ഉയർത്താൻ ഒരു അക്കാദമി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. താമസത്തിനും പരിശീലനത്തിനും അനുയോജ്യമായ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള സവിശേഷമായ ഒരു അക്കാദമി സ്ഥാപിക്കുകയാണ് ലക്ഷ്യം. എട്ടാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ അഞ്ച് വർഷമായിരിക്കും പരിശീലന കാലയളവ്. ഇത് രണ്ട് ഘട്ടങ്ങളായി തിരിക്കും. ആദ്യ മൂന്ന് വർഷത്തിനുശേഷം (8,9,10) ഉയർന്ന നിലവാരം കാണിക്കുന്നവരെ

അടുത്ത രണ്ട് വർഷത്തേക്ക് (+1, +2 ക്ലാസ്സ്) സ്ഥാനക്കയറ്റം നൽകും. ഇരുപത്തിയഞ്ച് പെൺകുട്ടികളെ പരിശീലനത്തിനായി അക്കാദമിയിലേക്ക് തെരഞ്ഞെടുക്കുന്നതായിരിക്കും. 20.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**XVII). ദേശീയ അന്തർദേശീയ ചാമ്പ്യൻഷിപ്പ് നടത്തുക:-**

കേരളത്തിൽ അന്താരാഷ്ട്ര, ദേശീയ മത്സരങ്ങൾ നടത്താൻ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് കൂടുതൽ മത്സരങ്ങൾ നടത്തുന്നതിനെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എല്ലായ്പ്പോഴും സ്വാഗതം ചെയ്യുന്നു. 100.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**11. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

**(വിഹിതം: 1791.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും ഉള്ള ഉന്നതതല സമിതിയായി കേരള സംസ്ഥാന യുവജനക്ഷേമബോർഡ് 1985-ൽ സ്ഥാപിക്കപ്പെട്ടു. തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള യൂത്ത് ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് ബോർഡ് സഹായം നൽകുന്നു. മുൻഗണന അടിസ്ഥാനത്തിൽ താഴെ പറയുന്ന പരിപാടികൾ 2021-22-ൽ നടപ്പിലാക്കുന്നതിന് 1791.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബോർഡിന്റെ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- **കേരളോത്സവം:-**കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ എല്ലാ വർഷവും നടത്തുന്ന ഒരു പ്രധാന പരിപാടിയാണിത്. യുവജനങ്ങൾക്ക് അവരുടെ കല, കായിക കഴിവുകൾ തിരിച്ചറിയാനും പ്രകടിപ്പിക്കാനും വികസിപ്പിക്കാനും വേദിയൊരുക്കുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രതിഫലം ലഭിക്കുന്നതിനുള്ള വ്യവസ്ഥയും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 770.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

- **യൂത്ത് ക്ലബ്ബുകൾ:-**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ചെറിയ ഗ്രാമീണ വില്ലേജുകൾ, എസ്.സി/എസ്.ടി കോളനികൾ, തീര പ്രദേശങ്ങൾ മുതലായവയിൽ രൂപീകരിക്കുന്ന ക്ലബ്ബുകളുടെ ഉന്നമനത്തിനും, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകൾക്കുമായി ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതാണ്. 2021-22 സാമ്പത്തിക വർഷം 150.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

- **കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്:-**പ്രകൃതി ദുരന്തങ്ങൾ, പ്രകൃതി സംരക്ഷണം, സാമൂഹിക തിന്മകൾക്കെതിരായ പോരാട്ടം തുടങ്ങിയ സാഹചര്യങ്ങളിൽ സമൂഹത്തെ സേവിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ യുവ ജനങ്ങളുടെ ഒരു സന്നദ്ധ സേനയ്ക്ക് രൂപം നൽകുകയും പരിശീലനം നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2021-22 സാമ്പത്തിക വർഷം 171.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

- **പരിശീലന പദ്ധതികൾ:-**വിവിധ മത്സര പരീക്ഷകൾക്കും അഭിമുഖങ്ങൾക്കുമുള്ള തയ്യാറെടുപ്പിനായി യുവാക്കൾക്ക് പരിശീലനം നൽകുന്നതിനും വെബ് ഡിസൈനിംഗ്, ഗ്രാഫിക്, ഡിസൈനിംഗ് മുതലായവയിൽ യുവാക്കൾക്കായി വെർച്വൽ ക്ലാസ്സുകൾ നടത്തുന്നതിനും തത്സമയ പ്രോഗ്രാമുകൾ, ഓൺലൈൻ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ

നടത്തുന്നതിന് വെർച്വൽക്ലാസ്സ് റൂം സജ്ജമാക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 25.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

- **ജെൻഡർ പദ്ധതികൾ:-**കൗമാരക്കാരായ പെൺകുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിംഗ് നൽകുന്നതിനും ട്രാൻസ് ജെൻഡർമാരെ സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് എത്തിച്ചേരുന്നതിന് സഹായിക്കുന്ന തൊഴിൽ പരിശീലനം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. 25.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.
- **കലയും സംസ്കാരവും:-**കലയും സംസ്കാരവും എന്ന പദ്ധതിയിൽ നടത്തുന്ന പ്രവർത്തനങ്ങൾ കേരളത്തിലെ ദേശീയ ഫോൾക്ക് ഫെസ്റ്റിവൽ യുവ സാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ എന്നിവയാണ്. 2021-22 ബഡ്ജറ്റിൽ 65.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
- **മറ്റ് യുവജന വികസന പരിപാടികൾ:-**സമൂഹത്തിലെ വിവിധ മേഖലകളിലെ യുവനേതാക്കളെ സ്വാമി വിവേകാനന്ദ യുവ പ്രതിഭ പുരസ്കാരം നൽകി ആദരിച്ചുകൊണ്ട് ബോർഡ് അംഗീകരിക്കുകയുണ്ടായി. മികച്ച യൂത്ത് ക്ലബ്ബ് അവാർഡിന് ജില്ല തിരിച്ചും അവരിൽ ഒരാളെ സംസ്ഥാന തലത്തിലും അവാർഡിനായി തിരഞ്ഞെടുക്കും. യുവ പത്ര പ്രവർത്തകർക്കും പത്ര പ്രവർത്തന വിദ്യാർത്ഥികൾക്കുമായി മാധ്യമ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ബോർഡ് നിർദ്ദേശിക്കുന്നുണ്ട്. 100.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.
- **അഡ്വെഞ്ചർ അക്കാഡമി (കൺസ്ട്രക്ഷൻ വർക്ക്സ് ആന്റ് അഡ്വെഞ്ചർ ആക്ടിവിറ്റീസ്):-** സാഹസിക അക്കാദമിയുടെ നിർമ്മാണം കെ.ഇ.എല്ലിനെ ചുമതലപ്പെടുത്തി ആദ്യ ഘട്ടത്തിന്റെ ഉദ്ഘാടനം നടത്തി. സാഹസിക പ്രവർത്തനങ്ങളിൽ യുവാക്കൾക്ക് പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് അഡ്വെഞ്ചർ അക്കാദമി സ്ഥാപിതമായത്. അവരുടെ സേവനം പൊതു ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നു. കെട്ടിടത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിനും പരിശീലന പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. 235.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.
- **യുവശക്തി:-**പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാ തലത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് യൂത്ത് കോർഡിനേറ്റർമാരെ നിയമിക്കുന്നു. 250.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**12.കായിക വിദ്യാഭ്യാസ കോളേജ്**

**(വിഹിതം : 105.00 ലക്ഷം രൂപ)**

കേരളത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്. മുൻഗണനാടിസ്ഥാനത്തിൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 105.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തിയിരിക്കുന്നു.

- കോളേജിന്റെ മൊത്തത്തിലുള്ള നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക
- ആധുനിക കായിക വസ്തുക്കൾ, ലാബ് ഉപകരണങ്ങൾ വാങ്ങൽ, നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനം.
- ഗുണ നിലവാരമുള്ള അടിസ്ഥാന പശ്ചാത്തല വികസനം, സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ റൂം, റീഡിംഗ് റൂം, ബി.പി.ഇ കോഴ്സ് ലൈബ്രറി റൂം, കായിക വികസനത്തിനുള്ള പരിശീലനം എന്നിവ നൽകുക.
- പൊതു ജനങ്ങൾക്കിടയിൽ ശാരീരിക ആരോഗ്യത്തിനും കായിക രംഗത്തിനും പ്രാധാന്യം നൽകുക.

## 13. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**(വിഹിതം: 150.00 ലക്ഷം രൂപ)**

കോളേജുകളിൽ വിദ്യാർത്ഥികളുടെ ശാരീരിക-മാനസിക വികാസം രൂപപ്പെടുത്തുന്നതിൽ കളികളും കായിക വിദ്യാഭ്യാസവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. കോളേജുകളിൽ കളിയും കായികവിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് 2021-22-ൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- എല്ലാ വിദ്യാർത്ഥികൾക്കും കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- ഇൻട്രാ കോളേജ് കായിക ടൂർണമെന്റുകൾ നടത്തുന്നതിന്
- കായികരംഗത്തെ മികച്ച വിദ്യാർത്ഥികൾക്ക് മികച്ച ക്ലാസ് പരിശീലനം നൽകുന്നതിന്
- പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനും
- എല്ലാ കോളേജുകളിലും ശാരീരിക വിദ്യാഭ്യാസം നിർബന്ധിത ഘടകമായി ഉൾപ്പെടുത്തുക.

എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികൾക്കിടയിൽ കായിക വിദ്യാഭ്യാസം എന്ന ആശയം പകർന്നു നൽകുന്നതിലൂടെ വിദ്യാർത്ഥികളെ മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള യുവതലമുറയായി വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കായിക വസ്തുക്കളും ഉപകരണങ്ങളും വാങ്ങൽ, ഇൻട്രാ കോളേജ് സ്പോർട്സ് ടൂർണമെന്റുകളും ക്യാമ്പുകളും നടത്തുക, കായിക രംഗത്തെ മികച്ച വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുക തുടങ്ങിയ കോളേജുകളുടെ കായിക ആവിശ്യകതകൾ പൂർത്തീകരിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## 14. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന് ധനസഹായം

**(വിഹിതം: 350.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ആരോഗ്യവാന്മാരായ സ്കൂൾ വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് ഒരു കായിക സംസ്കാരം വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. സംസ്ഥാന, ജില്ല, സബ് ജില്ലാതല കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും മറ്റ് കായിക വിനോദ പ്രവർത്തങ്ങൾക്കുമായി 2021-22-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 15. കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ്

**(വിഹിതം: 90.00 ലക്ഷം രൂപ)**

ലോകത്തിലെ ഏറ്റവും വലിയ യുവജന പ്രസ്ഥാനമാണ് സ്കൗട്സ് ആന്റ് ഗൈഡ്സ്. ഈ പ്രസ്ഥാനത്തിന്റെ സംസ്ഥാന ശാഖയാണ് കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ്. കേരള വിദ്യാഭ്യാസ നിയമ പ്രകാരം പ്രത്യേകിച്ചും സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയാണിത്. ഉത്തരവാദിത്ത്വമുള്ള പൗരന്മാരെന്ന നിലയിലും പ്രാദേശിക, സംസ്ഥാന, ദേശീയ അന്തർദേശീയ കമ്മ്യൂണിറ്റികളിലെ അംഗമെന്ന നിലയിലും യുവാക്കൾക്ക് അവരുടെ ശാരീരിക, ബൗദ്ധിക, സാമൂഹിക, ആത്മീയ സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള ഒരു സന്നദ്ധ വിദ്യാഭ്യാസ പ്രസ്ഥാനമാണ് സ്കൗട്സ് ആന്റ് ഗൈഡ്സ്.

സംസ്ഥാനത്തെ സ്കൗഡ്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തെ അദ്ധ്യാപകർക്കും യുവാക്കൾക്കും നിരന്തരമായ പരിശീലനത്തിലൂടെയും സംഘടനാ പരിപാടികളിലൂടെയും സ്കൗട്സ് ആന്റ് ഗൈഡ്സ് പരിശീലനം ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. യുവാക്കൾക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, സംസ്ഥാനതല പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രധാന ഫണ്ടിന്റെ ഉറവിടമാണ് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി ഗ്രാന്റ്.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

1) സ്കൗട്സ് ആന്റ് ഗൈഡ്സ് പരിശീലനം, സംസ്ഥാനതല പ്രവർത്തനങ്ങൾ, സംഘടനാ പരിപാടികൾ
2) ജില്ലാ ഓഫീസുകൾക്ക് പരിശീലനവും സംഘടനാ ധനസഹായവും
3) വിദ്യാർത്ഥികൾക്ക് സ്കൗട്സ് ആന്റ് ഗൈഡ്സ് യൂണിഫോം ഭാഗങ്ങൾ വിതരണം ചെയ്യുക.
4) സംസ്ഥാന, ജില്ലാ ഓഫീസുകളിൽ ഇ-ഭരണം
5) പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.

**16.കേരള സംസ്ഥാന യുവജനകമ്മീഷൻ**

**(വിഹിതം: 84.00 ലക്ഷം രൂപ)**

2013-ലെ സംസ്ഥാന യൂത്ത് കമ്മീഷൻ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 2013-ൽ കേരള സംസ്ഥാന യൂത്ത് കമ്മീഷൻ നിലവിൽ വന്നു. യുവാക്കളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് ഒരു മാർഗ്ഗദർശിയായും സഹായിയായും യുവജനകാര്യ സംബന്ധിയായ വിഷയങ്ങളിൽ ഉത്തരവാദിത്തത്തോടെ ഇടപെട്ട് നല്ല വിദ്യാഭ്യാസവും തൊഴിലവസരങ്ങളും പ്രദാനം ചെയ്തുകൊണ്ട് തൊഴിലിന്റെ മേൻമയെക്കുറിച്ച് അറിവുനൽകുകയും യുവാക്കൾക്ക് തൊഴിലിലുള്ള മികവിനെ വികസിപ്പിക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ യുവാക്കളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകരിച്ച ഒരു ക്വാസി-ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യൂത്ത് കമ്മീഷൻ. കേരള സർക്കാരിന്റെ സഹായത്തിൻ കീഴിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 84.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

1) കോളേജുകളിലേയും എസ്.സി/എസ്.ടി, കോളനികളിലേയും യുവാക്കൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുക.
2) ദേശീയ സെമിനാർ/ജില്ലാ സെമിനാറുകൾ
3) സാംസ്കാരിക വിനിമയ പരിപാടികൾ (ഇ.എം.എസ് മെമ്മോറിയൽ ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരം).
4) യൂത്തി ലീഗൽ സപ്പോർട്ട് സെന്റർ
5) ഫെസിലിറ്റേഷൻ പ്രോഗ്രാം (ഗ്രീൻ യൂത്ത് ഇനിഷ്യേറ്റീവ് ആന്റ് വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്)
6) അദാലത്ത്/പ്രാദേശിക തലത്തിലുള്ള സിറ്റിംഗുകൾ
7) യൂത്ത് ഐക്കൺ പ്രോഗ്രാം
8) ദേശീയ യുവജന ദിന പരിപാടി
9) പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളുടെ ശാക്തീകരണവും അവരുടെ ആരോഗ്യവും

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും എന്ന മേഖലയ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 152955.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 54980.00 ലക്ഷം രൂപ ആരോഗ്യ മേഖലക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (നാഷണൽ ഹെൽത്ത് മിഷൻ [45480 ലക്ഷം], ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന [8500 ലക്ഷം], നാഷണൽ ആയുഷ് മിഷൻ [1000 ലക്ഷം] എന്നിവയ്ക്ക്) 2021-22 ലെ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രതീക്ഷിത കേന്ദ്രവിഹിതമായി 81159 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2021-22 വർഷത്തെ വകുപ്പ് തിരിച്ചുള്ള വിഹിതം താഴെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിൻറെ പേര് | 2021-22 ലെ വിഹിതം (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|---|
| | | സംസ്ഥാന വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | ആകെ സംസ്ഥാന വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം |
| | ആധുനിക വൈദ്യ ശാസ്ത്രം | | | | |
| 1 | ആരോഗ്യ സേവനങ്ങൾ | 45205 | 53980 | 99185 | 79659 |
| 2 | മെഡിക്കൽ വിദ്യാഭ്യാസം | 42060 | | 42060 | |
| | ആയുഷ് | | | | |
| | ഭാരതീയ ചികിത്സാ വിഭാഗങ്ങൾ | 3695 | 500 | 4195 | 750 |
| 4 | ആയുർവേദ മെഡിക്കൽവിദ്യാഭ്യാസം | 4320 | | 4320 | |
| 5 | ഹോമിയോപ്പതി | 1895 | 500 | 2395 | 750 |
| 6 | ഹോമിയോപ്പതി മെഡിക്കൽവിദ്യാഭ്യാസം | 800 | | 800 | |
| | **ആകെ** | **97975** | **54980** | **152955** | **81159** |

**ആധുനിക വൈദ്യശാസ്ത്രം - ആരോഗ്യ സേവനം**

**ആരോഗ്യ സേവന വകുപ്പ്**

ആരോഗ്യ വകുപ്പിൻ കീഴിൽപ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ 1284 സ്ഥാപനങ്ങൾനിലവിലുണ്ട്. ഇവ കൂടാതെ 5403 സബ് സെന്ററുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആരോഗ്യ സേവന വകുപ്പിൻ 71150.00 ലക്ഷം രൂപയാണ് 2021-22 - ൽ വകയിരുത്തിയിരിക്കുന്നത്.

1. **ആരോഗ്യ സേവനത്തിൽ ഇ-ഗവേണൻസ്**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ഈ പദ്ധതി പ്ലാൻ മോണിറ്ററിംഗ്, മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം, കമ്പ്യൂട്ടർ വൽക്കരണം, ഇ-ഹെൽത്ത് പ്രോഗ്രാം എന്നിവയ്ക്കാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇ-ഓഫീസ്, ഇ-ഹെൽത്ത്

പ്രോഗ്രാം, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്നിവയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്കുള്ള ആനുപാതിക വിഹിതം എടുക്കുന്നതിനും കേന്ദ്രവിഹിതം ലഭ്യമാകാത്ത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിക്കാൻ കഴിയാത്ത ഇ-ഗവേണൻസ് ഘടകങ്ങൾ നടപ്പിലാക്കുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**2. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 600.00 ലക്ഷം രൂപ)**

2021-22 വർഷത്തിൽ 600 ലക്ഷം രൂപ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നീക്കിവെച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക നീക്കിവച്ചിരിക്കുന്നത്. മെഡിക്കൽ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, രോഗ നിർണയ സംവിധാനം ശക്തിപ്പെടുത്തലും രോഗ നിർണയ ഉപകരണങ്ങളും, സർജിക്കൽ സൗകര്യങ്ങൾ, ആശുപത്രികളുടെ ക്രമവൽക്കരണം / നവീകരണം. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെയും ഡയറക്ടറേറ്റിൻ കീഴിലുള്ള ഓഫീസുകളുടെയും നവീകരണവും അടിസ്ഥാനസൗകര്യവികസനവും ഇതിൽ ഉൾപ്പെടുന്നു. ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച ചെലവുകൾക്കായി 50 ലക്ഷം രൂപയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**3. മെഡിക്കൽ റെക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 60.00 ലക്ഷം രൂപ)**

ഒരു വ്യക്തിയുടെ ആരോഗ്യ സംബന്ധമായ ചരിത്രം അടുക്കും ചിട്ടയോടുംകൂടി രേഖപ്പെടുത്തുന്ന സംവിധാനമാണ് മെഡിക്കൽ റെക്കോർഡ്. രോഗികൾക്ക് ശരിയായ പരിചരണവും ശുശ്രൂഷയും നൽകുന്നതിനുള്ള ഒരു റഫറൻസായി ആരോഗ്യപാലകരെ മെഡിക്കൽ റെക്കോർഡുകൾ സഹായിക്കുന്നു. 2021-22-ൽ 60 ലക്ഷം രൂപ ഫർണിച്ചറുകൾ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങൽ, മെഡിക്കൽരേഖകളുടെ ഡിജിറ്റലൈസേഷൻ, മെഡിക്കൽ റെക്കോർഡ് ജീവനക്കാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗ്, കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ അവലോകന യോഗം, മൈനർ ജോലികൾ മെഡിക്കൽ റെക്കോർഡ് വകുപ്പിന്റെ നവീകരണം, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെയും ഡയറക്ടറേറ്റിനു കീഴിലുള്ള ഓഫീസുകളുടെയും ലൈബ്രറികളുടെ നവീകരണം എന്നിവയ്ക്കായി നീക്കിവച്ചിരിക്കുന്നു.

**4. താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേർണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സംസ്ഥാനത്താകമാനമായി 86 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. എന്നാൽഎല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും മെറ്റേണിറ്റി യൂണിറ്റുകൾഇല്ല. 2021-22-ൽ മെറ്റേണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേർണിറ്റി യൂണിറ്റുകൾ മുൻഗണനാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനും നേരത്തെ ആരംഭിച്ചവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. ആശുപത്രികളിൽ കാത്ത് ലാബും ഐ.സി.യു വും സ്ഥാപിക്കൽ**

**(വിഹിതം: 100 ലക്ഷം രൂപ)**

ജനസംഖ്യാപരവും പകർച്ചവ്യാധിപരവുമായ പരിവർത്തനങ്ങൾ മൂലം ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ഹൈപ്പർടെൻഷൻ , ഡയബറ്റിസ്, കിഡ്നി രോഗങ്ങൾ, മാനസിക രോഗങ്ങൾ എന്നീ പകർച്ചേതര രോഗങ്ങൾഅടുത്തകാലത്തായി കൂടുതലായി കണ്ടുവരുന്നു. സംക്രമികേതര രോഗ നിയന്ത്രണ പരിപാടി ഇതിനകം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ ഹൈപ്പർടെൻഷൻ,

പ്രമേഹം തുടങ്ങിയ രോഗങ്ങൾ നേരത്തെ കണ്ടെത്തുകയും ഇതിനുള്ള ചികിൽസാ സബ്സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയിലൂടെ ലഭ്യമാക്കുന്നതുമാണ്. രോഗികൾക്ക് ആവശ്യമായ ത്രിതീയതല ചികിത്സയ്ക്കും പ്രാധാന്യം നൽകേണ്ടതുണ്ട്. പ്രധാന ആശുപത്രികളിൽ കാത്ത് ലാബ് ഘട്ടം ഘട്ടമായി നടപ്പിലാക്കും. 2021-22-ൽകാത്ത് ലാബ് ആരംഭിക്കുന്നതിനും നിലവിലുള്ള കാത്ത് ലാബ് യൂണിറ്റുകളുടെയും ഇന്റൻസീവ് കെയർ യൂണിറ്റുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഡയാലിസിസ് ചികിത്സ ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ച് വരികയാണ്. ഈ സാഹചര്യത്തിൽതാലൂക്ക് ആശുപത്രികൾ വരെയുള്ള എല്ലാ ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. നിലവിൽ60 ഡയാലിസിസ് യൂണിറ്റുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൻ കീഴിലുണ്ട്. 2021-22-ൽപ്രധാന ആശുപത്രികളിൽഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും അടിയന്തിര മരുന്നുകൾ, കൺസ്യൂമബിൾസ്, നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളിൽ അധിക സംവിധാനങ്ങളായ ചികിത്സാ മുറി, മിനി ഓപ്പറേഷൻ തിയേറ്റർ, അധിക ഡയാലിസിസ് യൂണിറ്റ് എന്നിവക്കുമായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. രക്ത ബാങ്കുകൾ**

**(വിഹിതം: 30.00 ലക്ഷം രൂപ)**

ആരോഗ്യ വകുപ്പിൻ കീഴിൽ 32 രക്ത ബാങ്കുകളും 52 രക്ത സംഭരണ കേന്ദ്രങ്ങളും 21 രക്ത ഘടക വേർതിരിക്കൽയൂണിറ്റുകളും ഉണ്ട്. രക്ത ബാങ്കുകളുടെ യന്ത്രവത്കരണവും ആധുനികവൽക്കരണവും, രക്ത സംഭരണ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം, ഉപഭോഗവസ്തുക്കൾ, കിറ്റുകൾ, റീഏജന്റുകൾ, രക്ത സംഭരണ ബാഗുകൾ, വാക്ക്-ഇൻ-യൂണിറ്റുകളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണി, ഉപകരണങ്ങൾ, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, രക്തദാനം പ്രോത്സാഹിപ്പിക്കൽഎന്നിവയ്ക്കും വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 2021-22-ൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. ആരോഗ്യ ഗതാഗതം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

വിവിധ തരത്തിലുള്ള ദേശീയ പരിപാടികൾ, സംസ്ഥാന പരിപാടികൾ, ആംബുലൻസ് സേവനം എന്നിവ നടപ്പിലാക്കുന്ന 1200 ഓളം വിവിധതരം വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും നടത്തുന്നതിനായി സംസ്ഥാന ആരോഗ്യ ഗതാഗത ഓഫീസറുടെ നിയന്ത്രണത്തിൻകീഴിൽആരോഗ്യ ഗതാഗത സംഘടന സ്ഥാപിച്ചിരിക്കുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും റിപ്പയറിനുമായി ഒരു സെൻട്രൽപണിശാല തിരുവനന്തപുരത്തുണ്ട്. രണ്ട് റീജിയണൽ പണിശാലകൾ തൃശ്ശൂരും കോഴിക്കോട്ടുമുണ്ട്. കൂടാതെ വിവിധ ജില്ലകളിലായി 11 വർക്ക് ഷോപ്പുകളുമുണ്ട്. 2021-22 വർഷത്തിൽ 300.00 ലക്ഷം രൂപ വർക്ക് ഷോപ്പുകളുടെ വലുതും ചെറുതുമായ അറ്റകുറ്റപണികൾ, മൈനർ, വർക്സ്, യന്ത്രങ്ങൾ, സ്പെയർ, മറ്റുപ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**9. മാനസികാരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കൽ**

**(വിഹിതം: 700.00 ലക്ഷം രൂപ)**

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി മാനസികാരോഗ്യ കേന്ദ്രങ്ങൾപ്രവർത്തിച്ചു വരുന്നു. 2021-22-ൽ മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 35 ശതമാനം തുക സ്ത്രീകൾക്കായി

ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | മാനസികാരോഗ്യകേന്ദ്രം | തുക |
|---|---|---|
| 1 | മാനസികാരോഗ്യകേന്ദ്രം തിരുവനന്തപുരം | 300 |
| 2 | മാനസികാരോഗ്യകേന്ദ്രം തൃശ്ശൂർ | 220 |
| 3 | മാനസികാരോഗ്യകേന്ദ്രം കോഴിക്കോട് | 180 |

നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- ഇൻ-സർവ്വീസ് പരിശീലനം നടത്തുക
- വാർഷിക അറ്റകുറ്റപ്പണികളുടെ ഉടമ്പടി, ഉപകരണങ്ങളുടെ നിലവാരമുയർത്തലും അറ്റകുറ്റപ്പണിയും പരിപാലനവും
- നിർമ്മാണപ്രവർത്തനങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങളിലെ വിവിധ വാർഡുകളിൽവൈദ്യുതീകരണ പ്ലമ്പിംഗ് ജോലികൾ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണിയും
- ഉപകരണങ്ങൾ, രോഗികൾക്കുള്ള വസ്ത്രങ്ങൾ, ഷീറ്റുകൾ, കിടക്കകൾ, വാർഡുകളിലേക്കും ഒ.പി.ബ്ലോക്കുകളിലേക്കും ഫർണിച്ചർ എന്നിവ വാങ്ങൽ.
- മരുന്നും മെഡിക്കൽഉപകരണങ്ങളും, പുസ്തകങ്ങളും
- മാലിന്യ സംസ്കരണം, അടുക്കള ഉപകരണങ്ങൾ, ഇലക്ട്രിക്കൽഉപകരണങ്ങൽ
- പ്രത്യേക അവസരങ്ങളിൽഅന്തേവാസികൾക്കായി സദ്യനൽകൽ
- ജയിലുകളിൽനിന്നുള്ള മാനസിക രോഗികളുടെ ക്ഷേമം

**10. ജില്ലാ മാനസികാരോഗ്യ പരിപാടി**

**(വിഹിതം: 400.00 ലക്ഷം രൂപ)**

ജില്ലാ മാനസികാരോഗ്യ പരിപാടി സംസ്ഥാനത്ത് 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മാനസികാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനുമായി 400.00 ലക്ഷം രൂപ 2021-22 വർഷത്തേക്ക് നീക്കിവെച്ചിരിക്കുന്നു. വിവരവിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, ജീവനക്കാർക്കുള്ള പരിശീലനം, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിൽ ക്ലിനിക്കുകൾ നടത്തുക, മരുന്നുകൾ, വിവിധ തരത്തിലുള്ള ലഹരി വിമോചന മരുന്നുകൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ ഔഷധങ്ങൾ വാങ്ങൽ, സ്റ്റേഷനറി, പുസ്തകങ്ങൾ, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, ഉപകരണങ്ങൾ നന്നാക്കലും അറ്റകുറ്റപ്പണികളും, വാഹനം വാടകയ്ക്കെടുക്കൽ, ആശ്വാസം പരിപാടി, സമ്പൂർണ മാനസികാരോഗ്യം പരിപാടി മുതലായവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**11. സമഗ്ര മാനസികാരോഗ്യ പദ്ധതി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

മാനസിക രോഗാവസ്ഥയിൽനിന്നും മുക്തി നേടിയവരുടെ പുനരധിവാസം സർക്കാരും സമൂഹവും നേരിടുന്ന വെല്ലുവിളിയാണ്. തുടർന്ന് വരുന്ന പ്രവർത്തനങ്ങളായ മാനസികാരോഗ്യം ഭേദമായവർക്ക് വേണ്ടിയുള്ള പകൽപരിപാലന കേന്ദ്രങ്ങളിൽപകൽപരിചരണം, സൗജന്യ ഭക്ഷണം, മരുന്നുകൾ, കൗൺസിലിംഗ്, ഗതാഗതം, തൊഴിൽപരിശീലനം, റീ ഹാബിലിറ്റേഷൻ തെറാപ്പി, വിനോദ

പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സ്കൂൾ മാനസികാരോഗ്യ വിദ്യാഭ്യാസ പരിപാടിയും പ്രസ്തുത പദ്ധതിയുടെ ഒരു ഘടകമാണ്. പദ്ധതിയുടെ തുടർച്ചയ്ക്കായി 500.00 ലക്ഷം രൂപ 2021-22 വർഷത്തേക്ക് നീക്കിവെച്ചിരിക്കുന്നു. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചിലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**12. ആരോഗ്യ വകുപ്പിലെ ദന്തൽ യൂണിറ്റുകൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പൊതുവായ ആരോഗ്യം നിലനിർത്തുന്നതിൽദന്താരോഗ്യം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദന്ത രോഗങ്ങൾ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്നു. ദന്തൽക്ലിനിക്കുകളുടെ മെച്ചപ്പെടുത്തൽ എന്ന പദ്ധതി ആരോഗ്യ വകുപ്പിൻ കീഴിലുള്ള ദന്താരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആരോഗ്യ വകുപ്പിൻ കീഴിൽ 159 ദന്തൽയൂണിറ്റുകൾഉണ്ട്. തൃപ്തികരമായ ദന്തൽസുരക്ഷ എല്ലാ രോഗികൾക്കും ഉറപ്പാക്കുന്നതിനായി ആശുപത്രികളിലെ എല്ലാ ദന്തൽക്ലിനിക്കുകൾക്കും നൂതനവും അത്യന്താധുനിക ഉപകരണങ്ങളും സാമഗ്രികളും നൽകിക്കൊണ്ട് ശക്തിപ്പെടുത്തേണ്ടതാണ്. 2021-22 വർഷത്തിൽ 100.00 ലക്ഷം രൂപ പ്രധാന ദന്തൽഉപകരണങ്ങൾ, സാധന സാമഗ്രികൾ, സ്പെഷ്യാലിറ്റി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ദന്തൽ ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ദന്തൽ ക്യാമ്പുകൾ നടത്തുന്നതിനും, ഐ.ഇ.സി. പ്രവർത്തനങ്ങൾ, വായ്ക്കുള്ളിലെ കാൻസർ പരിശോധന, മാർച്ച്20-ൻ ഓറൽഹെൽത്ത് ഡേ ആഘോഷം, മൊബൈൽയൂണിറ്റുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**13. പെയിൻ, പാലിയേറ്റീവ് ആന്റ് എൽഡർലി ഹെൽത്ത് കെയർ സെന്റർ**

**(വിഹിതം: 60.00 ലക്ഷം രൂപ)**

ആരോഗ്യ വകുപ്പിൻ കീഴിൽപാലിയേറ്റീവ് സേവനങ്ങൾ മൂന്ന് തലങ്ങളിലായി നൽകി വരുന്നു.

i. പ്രാഥമിക തലം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പി.എച്ച്.സി.കളുടെയും സഹായത്തോടെയുള്ള ഭവനാധിഷ്ഠിതമായ പരിചരണങ്ങൾ.

ii. ദ്വിതീയ തലം പൗരസമൂഹത്തിന്റെയും താലൂക്കുതല ആശുപത്രികളുടെയും സഹായത്തോടെയുള്ള സ്പെഷ്യാലിറ്റി പാലിയേറ്റീവ് പരിചരണങ്ങൾ.

iii. തൃതീയ തലം മെഡിക്കൽകോളേജിന്റെയും പൗരസമൂഹത്തിന്റെയും സഹായത്തോടെയുള്ള മെച്ചപ്പെട്ട ആരോഗ്യ പരിചരണങ്ങൾ.

കഠിനമായ രോഗം ബാധിച്ച രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ശാരീരികവും സാമൂഹികവും മന:ശാസ്ത്രപരവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടും വൈദ്യസഹായം നല്കിക്കൊണ്ടും ഈ സെന്ററുകൾ രോഗികൾക്ക് പരിചരണം നല്കുന്നു. തീവ്രമായ വേദനയിൽനിന്നും ആശ്വാസം പകരുക, മരണം സംഭവിക്കുന്നതുവരെ ഊർജ്ജസ്വലതയോടെ ജീവിക്കുന്നതിന് രോഗികൾക്ക് ശക്തി നല്കി സഹായിക്കുക എന്നിവ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. പ്രസ്തുത സെന്ററുകളിലെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ഈ സെന്ററുകളുടെ ശക്തിപ്പെടുത്തൽകൂടുതൽപ്രാധാന്യമർഹിക്കുന്നു. 2021-22-ൽ 30.00 ലക്ഷം രൂപ പ്രൈമറി, സെക്കന്ററി, സംസ്ഥാനതല പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കും പാലിയേറ്റീവ് കെയർ അവാർഡ് നൽകുന്നതിനും നീക്കിവച്ചിട്ടുണ്ട്.

മിക്കവാറും വൃദ്ധജനങ്ങൾക്ക് പൊതു ഒ.പി. വിഭാഗത്തിൽമറ്റു രോഗികൾക്കൊപ്പം മതിയായ ശ്രദ്ധ ലഭിക്കാറില്ല. അതുകൊണ്ട് പ്രത്യേകം ജറിയാട്രിക് ക്ലിനിക്കുകൾഎല്ലാ തലങ്ങളിലും രൂപീകരിക്കേണ്ടത് ആവശ്യമാണ്. കേരളത്തിൽ 12 ശതമാനം ജനസംഖ്യയും വൃദ്ധജനങ്ങളാണ്. ഇത് 2026 ആകുമ്പോഴേക്കും 18 ശതമാനം ആയിത്തീരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് വൃദ്ധജന പരിപാലനം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. 2021-22 വർഷത്തേക്ക് 30 ലക്ഷം രൂപ വൃദ്ധജന

പരിപാലന കേന്ദ്രത്തിൻ നീക്കിവെച്ചിട്ടുണ്ട്. വയോജന സൗഹൃദ ആശുപത്രി സംരംഭം, വയോജന സൗഹൃദ പ്രൈമറി / കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ ആശുപത്രികളിൽസന്ധി വാത ക്ലിനിക്കുകൾ, മരുന്നുകൾ, വൃദ്ധജനപരിപാലനപരിശീലനം, വൃദ്ധജനപരിപാലന ദിനാചരണം, ഐ.ഇ.സി. എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. ഇതിൽ 52 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

**14. അർബുദ പരിചരണ പദ്ധതി**

**(വിഹിതം : 160.00 ലക്ഷം രൂപ)**

പൊതുജനങ്ങൾക്ക് രോഗനിർണ്ണയവും ചികിത്സാരീതികളും കൂടുതൽ ലഭ്യമാകുന്ന തരത്തിൽ നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ക്യാൻസർ കെയർ പദ്ധതി ഊന്നൽനൽകുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളേയും ക്യാൻസർ ചികിൽസയ്ക്കുള്ള മാതൃകാ കേന്ദ്രങ്ങളാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മെഡിക്കൽകോളേജുകൾക്കു പുറമേ, റീജിയണൽക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽആശുപത്രി, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിലും ക്യാൻസർ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളേയും അർബുദ ചികിത്സയ്ക്കുള്ള മാതൃകാ കേന്ദ്രമാക്കി സജ്ജമാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. 2021-22-ൽ 160.00 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നു. കാൻസർ നിയന്ത്രിക്കുന്നതിൽ ജീവനക്കാർക്ക് പരിശീലനം, ഐ.ഇ.സി., സംസ്ഥാനതല പരിപാടികൾ, മരുന്നുകൾ, ഉപകരണങ്ങൾ, ജില്ലാ ആശുപത്രികളിലെ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ പരിപാലിക്കുന്നതിനും ജില്ലാ കാൻസർ പരിരക്ഷാ യൂണിറ്റുകൾ പരിപാലിക്കുന്നതിനും നിർദ്ദേശിക്കുന്നു. ഇതിൽ 56 ശതമാനം തുക സ്ത്രീകൾക്കായി ചിലവഴിക്കപ്പെട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

**15. ഫിസിക്കൽമെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റും ലിംബ് ഫിറ്റിംഗ് സെന്ററും ശക്തിപ്പെടുത്തൽ**

**(വിഹിതം: 220.00 ലക്ഷം രൂപ)**

ശാരീരിക വൈകല്യമുള്ളവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും പരമാവധി ശ്രദ്ധ നൽകുന്നതിനായിട്ടാണ് ഫിസിക്കൽമെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തുടനീളമായി ആകെ 22 ഫിസിക്കൽമെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റുകളുണ്ട്. എല്ലാ ജില്ലകളിലേയും നിലവിലുള്ള യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി പ്രധാന ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും 100.00 ലക്ഷം രൂപ 2021-22 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

ലിംബ് ഫിറ്റിംഗ് സെന്ററുകളിൽനിന്നും കൃത്രിമ അവയവങ്ങൾ ആവശ്യമുള്ള രോഗികൾക്ക് നൽകുന്നു. ആരോഗ്യ വകുപ്പിൻ കീഴിൽ8 ലിംബ് ഫിറ്റിംഗ് സെന്ററുകൾഉണ്ട്. 2021-22-ൽനിലവിലുള്ള സെന്ററുകളിൽ കൃത്രിമ അവയവങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾ വാങ്ങുന്നതിനും, കാലിപ്പർസ്, ദന്തനിരയൊപ്പിക്കാൻ ഇടുന്ന കമ്പി, എം.സി.ആർ ചെരുപ്പുകൾ, എന്നിവയ്ക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 52 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

**16. നഴ്സിംഗ് വിദ്യാഭ്യാസം-നഴ്സിംഗ് സ്കൂളുകൾ**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ആരോഗ്യ വകുപ്പിന് കീഴിൽ 15 നഴ്സിംഗ് സ്കൂളുകളുണ്ട്. പ്രതിവർഷം 425 വിദ്യാർത്ഥികൾ വീതം ജനറൽനഴ്സിംഗ് കോഴ്സിന് പ്രവേശനം തേടാറുണ്ട്. താഴെ പറയുന്ന സ്കൂളുകൾ നഴ്സിംഗ് വിദ്യാഭ്യാസത്തിനു കീഴിൽ ഉണ്ട്: ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്, എസ്.സി./എസ്.ടി. നഴ്സിംഗ് സ്കൂൾആശ്രാമം കൊല്ലം എന്നിവയാണ് ഈ പദ്ധതിയിൻ

കീഴിലുള്ളത്. 2021-22-ൽലാബുകൾശക്തിപ്പെടുത്തുന്നതിനും സാധനസാമഗ്രികൾ, സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ ജോലികൾ, പുസ്തകങ്ങൾ, ജേർണൽ, ശ്രവ്യ-ദൃശ്യ ഉപകരണങ്ങൾ, പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്യാപകർക്കുള്ള കാര്യക്ഷമതാ പരിപോഷണ പരിശീലനം, തുടർ വിദ്യാഭാസ പരിപാടി, ഫർണിച്ചറുകൾ, ഉപകരണങ്ങൾ, മൈനർ വർക്കുകൾ, മറ്റ് ചെലവുകൾഎന്നിവയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. ഡിപ്ലോമാറ്റ് ഓഫ് നാഷണൽ ബോർഡ് (ഡിപ്.എൻ.ബി) കോഴ്സുകൾ**

**(വിഹിതം : 600.00 ലക്ഷം രൂപ)**

ഡിപ്.എൻ.ബി. കോഴ്സിനുവേണ്ടി ദേശീയ ബോർഡ് നിലവിൽ അക്രഡിറ്റ് ചെയ്തിട്ടുള്ളത് ആരോഗ്യ വകുപ്പിന് കീഴിലുള്ള 5 സ്ഥാപനങ്ങളെയാണ്. ഇവ ജനറൽമെഡിസിൻ, ജനറൽസർജറി, അനസ്തേഷ്യോളജി എന്നിവക്കായി തിരുവനന്തപുരം ജനറൽ ആശുപത്രിയും മാനസികാരോഗ്യത്തിനായി തിരുവനന്തപുരം, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളുമാണ്. ജനറൽമെഡിസിൻ, ജനറൽസർജറി, ഒഫ്താൽമോളജി, ഓർത്തോപീഡിക്സ് എന്നിവയ്ക്കായി പാലക്കാട് ജില്ലാ ആശുപത്രിയും ജനറൽമെഡിസിൻ, ജനറൽസർജറി, കാർഡിയോളജി എന്നിവയ്ക്കായി ഏറണാകുളം ജനറൽആശുപത്രിയും അക്രഡിറ്റ് ചെയ്തിട്ടുള്ളതാണ്. സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും 2021-22-ൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18. പകർച്ചവ്യാധികളുടെ നിയന്ത്രണം**

**(വിഹിതം : 500.00 ലക്ഷം രൂപ)**

പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് നിയന്ത്രിച്ചുകൊണ്ട് മരണനിരക്കും രോഗനിരക്കും കുറയ്ക്കുകയെന്നതാണ് പകർച്ചവ്യാധികളുടെ നിയന്ത്രണം എന്ന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നേരത്തെയുള്ള ചികിത്സയും നിയന്ത്രണ പരിപാടികളും ഇതിനാവശ്യമാണ്. 2021-22-ൽ 500.00 ലക്ഷം രൂപ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

- പകർച്ചവ്യാധി മുന്നൊരുക്കങ്ങൾ, രോഗ നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തൽ, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ
- പകർച്ചവ്യാധികൾ നിയന്ത്രിക്കലും തടയലും
- ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, കീടനാശിനികൾ, ബ്ലീച്ചിംഗ് പൗഡർ, ഒ.ആർ.എസ്. മുതലായവ വാങ്ങൽ
- പരിശീലന പരിപാടികൾനടത്തുക, മെഡിക്കൽക്യാമ്പുകൾ, ഐ.ഇ.സി, ബി.സി.സി. പ്രവർത്തനങ്ങൾ.
- ഒബ്സർവേഷൻ ഓഫ് സി.ഡി.ഡി. - ഒ.ആർറ്റി. വീക്ക്, വയറിളക്ക നിയന്ത്രണ പരിപാടികൾ
- കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി (റീ കൺസ്ട്രക്റ്റീവ് സർജറി), എം.സി.ആർ. ചെരുപ്പുകൾവിതരണം ചെയ്യൽ, കുഷ്ഠരോഗം നേരത്തെ കണ്ടെത്തുന്നതിനും ഇതുമൂലമുള്ള വൈകല്യങ്ങൾ തടയുന്നതിനുമായി പരിശോധന ക്യാമ്പുകൾ
- കൊതുകുജന്യ രോഗങ്ങൾ തടയൽ
- കോവിഡ്, പോസ്റ്റ് കോവിഡ് ഇടപെടലുകൾ

**19. സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി**

**(വിഹിതം : 400.00 ലക്ഷം രൂപ)**

സാംക്രമികേതര രോഗങ്ങളായ കാർഡിയോവാസ്കുലർ രോഗങ്ങൾ, അർബുദം, ശ്വാസകോശ രോഗങ്ങൾ, ടൈപ്പ് 2 ഡയബറ്റിക്സ് മെലിറ്റസ് മുതലായവ സമൂഹത്തിൻ പ്രത്യേകിച്ചും 30-60 വയസ്സിനു ഇടയിലുള്ളവരിൽ ഒരു വലിയ ഭീഷണിയായിരിക്കുന്നു. മദ്യപാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വർദ്ധിച്ച് വരുന്നു. അതുപോലെ അമിതഭാരവും അമിതവണ്ണവും ആകട്ടെ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, സ്തനാർബുദം, പ്രമേഹം, സന്ധി രോഗങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു. അതിനാൽ സാംക്രമികേതര

രോഗങ്ങൾതടയേണ്ടത് അത്യാവശ്യമാണ്. 2021-22-ൽ 400 ലക്ഷം രൂപ സാംക്രമികേതര രോഗങ്ങൾതടയുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

- മരുന്നുകൾ, ഉപകരണങ്ങൾ, കൺസ്യൂമബിൾസ് മുതലായവ
- സാംക്രമികേതര രോഗങ്ങൾക്കുള്ള മൊബൈൽക്ലിനിക്കുകൾ, ദ്വിതീയതല സാംക്രമികേതര രോഗ ക്ലിനിക്കുകളുടെ ശാക്തീകരണം, മാസം തോറും സാമൂഹ്യാധിഷ്ഠിത കർമ്മ പദ്ധതി
- പരിശീലന പരിപാടികൾസംഘടിപ്പിക്കൽ, ഐ.ഇ.സി. / ബി.സി.സി. പ്രവർത്തനങ്ങൾ
- പുകയിലവിരുദ്ധദിനാചരണം, സിഗരറ്റ് ആൻഡ് അദർ ടുബാക്കോ പ്രോഡക്ടസ് ആക്ട് (COTPA) നടപ്പിലാക്കൽ
- ആരോഗ്യദായക പ്രവൃത്തി സ്ഥലങ്ങൾ
- സ്കൂൾ/ കലാലയ ആരോഗ്യ വിദ്യാഭ്യാസ പരിപാടി
- സംസ്ഥാന / ജില്ലാ തല പ്രവർത്തനങ്ങൾ
- ആൽക്കഹോൾനിയന്ത്രണ പ്രവർത്തനങ്ങൾ
- എൻസിഡി കിയോസ്കുകൾ സജ്ജമാക്കുക
- ഓപ്പൺ ജിംനേഷ്യം സജ്ജമാക്കുക

**20. അക്രമങ്ങൾക്കും സാമൂഹ്യ ദുരുപയോഗങ്ങൾക്കും ഇരയാകുന്നവർക്ക് ആരോഗ്യസംരക്ഷണം**

**(വിഹിതം : 40.00 ലക്ഷം രൂപ)**

അക്രമങ്ങൾക്കും സാമൂഹ്യ ദുരുപയോഗങ്ങൾക്കും ഇരയാകുന്നവർക്കും ആരോഗ്യസംരക്ഷണം നൽകുന്ന പദ്ധതിയാണ് 2009-ൽആരംഭിച്ച "ഭൂമിക". ഈ പദ്ധതി എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽആശുപത്രികളിലും, തെരെഞ്ഞെടുത്ത 7 താലൂക്കാശുപത്രികളിലും നടപ്പിലാക്കിവരുന്നു. ശാരീരികാഘാതങ്ങൾക്ക് ചികിത്സ നൽകുന്നതിന് പുറമേ ഈ സെന്ററിലെ കൗൺസിലർമാരിൽനിന്നും സ്ത്രീകൾക്ക് ധാരാളമായി മാനസിക പിന്തുണ ലഭിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾതിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുക, റഫറൽസേവനങ്ങൾനൽകുക, നിയമസഹായം നൽകുക എന്നിവയാണ് ഈ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. 2021-22-ൽ പരിശീലന പരിപാടികൾനടത്തുന്നതിനും, അവലോകന യോഗങ്ങൾ, സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഐ.ഇ.സി. പ്രവർത്തനം, സേഫ് കിറ്റുകൾ, വാഹനസൗകര്യം ഏർപ്പെടുത്തൽ, നിലവിലുള്ള 21 കേന്ദ്രങ്ങളിലെ കണ്ടിജൻസി ചെലവുകൾഎന്നിവയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**21. ലഹരി വിമുക്ത കേന്ദ്രങ്ങൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മദ്യപാനവും ലഹരി വസ്തുക്കളുടെ ഉപയോഗവുമാണ് ഗാർഹിക പീഡനങ്ങളും റോഡപകടങ്ങളും വർധിക്കുന്നതിന് കാരണമാകുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങൾ. ആരോഗ്യ വകുപ്പിനു കീഴിൽ ഇപ്പോൾ 18 ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. 2021-22-ൽപദ്ധതിയുടെ തുടർച്ചയ്ക്കായി മരുന്ന്, ഉപകരണങ്ങൾഎന്നിവ വാങ്ങുന്നതിനും മൈനർ വർക്സ്, രോഗികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**22. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ**

**(വിഹിതം: 515.00 ലക്ഷം രൂപ)**

സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകിച്ച് ഗർഭിണികളായ സ്ത്രീകൾക്ക് പ്രത്യേക പരിചരണം ലഭ്യമാക്കുന്നു. ഈ ആശുപത്രികളിൽ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ നൽകിവരുന്നു. ഇപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. കോട്ടയം, വയനാട്, തൃശൂർ, പത്തനംതിട്ട, ഇടുക്കി,

കാസർഗോഡ് എന്നീ ജില്ലകളിൽ ആശുപത്രികളുടെ പണി പുരോഗമിക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും നിലവിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും, വന്ധ്യത ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും തുക വകയിരുത്തിയിരിക്കുന്നു. എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളിലും ആധുനിക ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ വന്ധ്യത ക്ലിനിക്കുകൾ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു. മേൽപറഞ്ഞ പ്രവർത്തികൾക്കായി 2021-22-ൽ 515.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23. ഡി.എച്ച്.എസ്. ന് കീഴിലുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

2021-22-ൽ '500.00' ലക്ഷം രൂപ ആരോഗ്യ വകുപ്പിൻ കീഴിലുള്ള ജില്ലാ ആശുപത്രികൾക്കും താലൂക്ക് ആശുപത്രികൾക്കും, ജനറൽആശുപത്രികൾക്കും, സ്പെഷ്യലിറ്റി ആശുപത്രികൾക്കും, മറ്റു പ്രധാന ആശുപത്രികൾക്കും ഭരണ-പരിശീലന സ്ഥാപനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഒരു ആസൂത്രിത പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്നു. നേരത്തെ നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

**24. ആരോഗ്യകിരണം**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം മുൻകൈയെടുത്തു നടത്തുന്ന ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ള ദേശീയ ശിശു ആരോഗ്യ പരിപാടി (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം) ലക്ഷ്യമിടുന്നത് കുട്ടികളുടെ രോഗനിർണ്ണയവും പരിശോധനയും നേരത്തെ കണ്ടെത്തി ചികിത്സിക്കുക, കൂടാതെ കുട്ടികളിൽകൂടുതലും കണ്ടുവരുന്ന 4 അപര്യാപ്തതകൾനേരത്തെ കണ്ടെത്തി അവ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ്. ഇത്തരം അപര്യാപ്തതകളാണ് ജനനവൈകല്യങ്ങൾ, കുട്ടികളിലെ രോഗങ്ങൾ, അപര്യാപ്ത അവസ്ഥയും, വൈകല്യങ്ങൾ ഉൾപ്പെടെ വൈകിയുള്ള വികാസവും. കേരള സർക്കാർ ആരംഭിച്ച ആരോഗ്യകിരണം പദ്ധതിയിലൂടെ 18 വയസ്സിൻ താഴെയുള്ള കുട്ടികളുടെ അപകടങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അസുഖങ്ങൾ, ദേശീയ ശിശുജനാരോഗ്യ പദ്ധതിയുടെ കീഴിൽ വരാത്തവയ്ക്കുള്ള ചികിത്സാചെലവ് എന്നിവ സർക്കാർ വഹിക്കും. 18 വയസിൽതാഴെയുള്ള കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെ / മുകളിൽഎന്ന വ്യത്യാസമില്ലാതെ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഐ.ഇ.സി. / ബി.സി.സി. പ്രവർത്തനങ്ങൾ, നിരീക്ഷണവും വിലയിരുത്തലും എന്നിവയും ഈ പദ്ധതിയിലുൾപ്പെടുന്നു. സർക്കാർ ആശുപത്രികളിലൂടെ ഈ പദ്ധതിയിൻ കീഴിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2021-22-ൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**25. അടിയന്തിര വൈദ്യസഹായം ശക്തിപ്പെടുത്തൽ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, ആരോഗ്യപ്രശ്നങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, ആസ്ത്മ, പാമ്പിൻവിഷം, പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം എത്തിക്കേണ്ടതുണ്ട്. അടിയന്തിര വൈദ്യസഹായം എന്നതിൽവലിയ തോതിൽ ജനറൽ മെഡിസിൻ, സർജ്ജിക്കൽ സബ് സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സർജറി എന്നിവ ഉൾപ്പെട്ടിരിക്കുന്നു. അടിയന്തിര വൈദ്യസഹായം ആവശ്യമായ ഘട്ടം നേരിടുന്നതിനായി സുശക്തമായ സംവിധാനവും മെഡിക്കൽസംഘവും ആവശ്യമാണ്. അത് സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നിലവിലെ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഉന്നത നിലവാരമുള്ള അടിയന്തിര വൈദ്യ സഹായ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും അടിയന്തിര സാഹചര്യങ്ങൾ നേരിടുന്ന വകുപ്പിൻ കീഴിലെ മെഡിക്കൽ സംഘങ്ങളുടെ കാര്യശേഷി വികസനവും ഉദ്ദേശിച്ചിരിക്കുന്നു.

പ്രധാന പാതയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ആശുപത്രികളിൽ പദ്ധതി നടപ്പിലാക്കുന്നതിനും അടിയന്തിര വൈദ്യ സഹായ വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും 2021-22-ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**26. ഡ്രഗ്ഗ് സ്റ്റോറുകളുടെ ആധുനികവൽക്കരണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മരുന്നുകൾ കൈകാര്യം ചെയ്യുന്ന ചക്രത്തിലെ ഒരു പ്രധാന ഘടകമാണ് മരുന്നു സൂക്ഷിച്ചുവയ്ക്കൽ. ശരിയായ രീതിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതുമൂലം അവ ചീത്തയാകുന്നതും മലിനമാക്കുന്നതും വികലമായി അണുബാധയേൽക്കുന്നതും തടയുന്നതിനും മോഷണം, നഷ്ടപ്പെടൽ മുതലായവ മൂലമുള്ള നഷ്ടം ഒഴിവാക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും സാധിക്കുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സൂക്ഷിച്ചുവച്ചാൽ മാത്രമേ മരുന്നുകളുടെ യഥാർത്ഥ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയൂ. ശരിയായ രീതിയിൽ സൂക്ഷിക്കാത്ത മരുന്നുകൾക്ക് രോഗം ശമിപ്പിക്കൽശേഷി കുറയും. മരുന്നുകൾ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷിക്കുന്നതിന് ആശുപത്രികൾഘട്ടം ഘട്ടമായി ശക്തിപ്പെടുത്തേണ്ടതുണ്ട്. ആശുപത്രികളിലെ മരുന്നു ശേഖരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**27. തെരഞ്ഞെടുത്ത ജില്ലാ ജനറൽ ആശുപത്രികളിൽസൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കൽ**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കേരളത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാംക്രമിക രോഗങ്ങളുടെയും രോഗാവസ്ഥയുടെയും സാഹചര്യത്തിൽ തിരഞ്ഞെടുത്ത ജില്ല / ജനറൽ ആശുപത്രികളിൽ ഘട്ടംഘട്ടമായി സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണ്. കാർഡിയോളജി, യൂറോളജി, നെഫ്രോളജി, ന്യൂറോളജി, പൽമണോളജി, ഗാസ്ട്രോ മുതലായവയിൽസൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നു. വലിയ അറ്റകുറ്റപ്പണികൾ, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, കൺസ്യൂമബിൾസ്, ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്. എം.ആർ.ഐ സ്കാൻ, സി.റ്റി. സ്കാൻ, അൾട്രാ സൗണ്ട് മെഷീണറികൾ, ഡിജിറ്റൽഎക്സ് റേ സൗകര്യങ്ങൾ, വെന്റിലേറ്ററുകൾ, സർജ്ജിക്കൽ സൗകര്യങ്ങൾ, മറ്റു ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽരോഗ നിർണ്ണയ സേവനങ്ങൾ എന്നിവയ്ക്കും കൂടി തുക വകയിരുത്തിയിട്ടുണ്ട്. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽഉൾപ്പെടുന്നു. പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**28. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കൽ**

**(വിഹിതം: 2800.00 ലക്ഷം രൂപ)**

ഒരു കുടുംബ ചികിത്സകന്റെ തലത്തിൽ എല്ലാ അടിസ്ഥാന സ്പെഷ്യാലിറ്റിയിലും ഏറ്റവും അടിസ്ഥാനമായ ആരോഗ്യ സംരക്ഷണം നൽകുന്നതിനാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാഥമിക ആരോഗ്യ പരിചരണങ്ങളിൽവിദഗ്ധ പരിശീലനത്തിനായി കോഴ്സുകൾ, പ്രത്യേക പരിശീലന പദ്ധതികൾമുതലായവ വകുപ്പ് ഡോക്ടർമാർക്ക് നൽകും. ഇവ കൂടാതെ അടിസ്ഥാന സൗകര്യവികസനം, ഉപകരണങ്ങൾ എന്നിവയും ആവശ്യമാണ്. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്കും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. ഈ തുക 76 സി.എച്ച്.സി.കൾ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെൻററുകളായി പരിവർത്തനം ചെയ്യാനും ഉപയോഗിക്കാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 2800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 59 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## 29. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ

**(വിഹിതം: 650.00 ലക്ഷം രൂപ)**

പകർച്ചവ്യാധികളുടെ ആവിർഭാവവും പുനരാവിർഭാവവും പകർച്ചേതര രോഗങ്ങൾ വ്യാപകമായിട്ടുള്ളതുമായ ഇക്കാലത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങൾ ആവശ്യമാണ്. ചില പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണെങ്കിലും മറ്റിടങ്ങളിൽ നിലവിലുള്ള മുറികളുടെ നവീകരണമോ പുതിയവയുടെ നിർമ്മാണമോ ആവശ്യമാണ്. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്കും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽഉൾപ്പെടുന്നു. ഡിഎച്ച്എസിൻ കീഴിലുള്ള ആശുപത്രികളിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിനോ ശക്തിപ്പെടുത്തുന്നതിനോ ഉള്ള തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2021-22 സാമ്പത്തിക വർഷത്തിൽനിർമ്മാണം, അറ്റകുറ്റപ്പണികൾ, ഉപകരണങ്ങൾ എന്നിവയ്ക്കായി 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 30. രോഗീ സൗഹൃദ ആശുപത്രി സംരംഭം

**(വിഹിതം: 1000.00 ലക്ഷം രൂപ)**

വിവിധ തലത്തിലുള്ള ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ഘട്ടംഘട്ടമായി ക്രമവൽക്കരിക്കുന്നതിനാണ് രോഗീ സൗഹദ ആശുപത്രി സംരംഭം ദൗത്യം. പുറംരോഗികളുടെ വിഭാഗം, കിടത്തി ചികിത്സിക്കപ്പെടുന്ന രോഗികളുടെ വിഭാഗം, പ്രസവമുറി സംവിധാനങ്ങൾ, മരുന്നു വിതരണ സേവനങ്ങൾ, ലബോറട്ടറി സേവനങ്ങൾ മുതലായവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. വ്യത്യസ്ത തരത്തിലുള്ള സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങളും ആശുപത്രികളുടെ സേവന പാതയിൽവരുത്തേണ്ട മാറ്റങ്ങളും വകുപ്പ് നേരത്തെ തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. ഒരു സമർത്ഥമായ ആസൂത്രിത പദ്ധതിയുടെ അടിസ്ഥാനത്തിൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽഉൾപ്പെടുന്നു. 2021-22-ൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 31. നഴ്സിംഗ് സേവനം ശക്തിപ്പെടുത്തൽ

**(വിഹിതം: 100 ലക്ഷം രൂപ)**

ആരോഗ്യ സംരക്ഷണ സംവിധാനത്തിലെ ഏറ്റവും കൂടുതലുള്ള വിഭാഗമാണ് നഴ്സ്. ആരോഗ്യ സേവന മേഖലയിൽ 6014 സ്റ്റാഫ് നഴ്സ്, 4679 നഴ്സിംഗ് അസിസ്റ്റന്റ്, 5013 ഹോസ്പിറ്റൽഅറ്റന്റന്റ്, 1503 ഹെഡ് നഴ്സ്, 229 നഴ്സിംഗ് സൂപ്രണ്ട്, 12 നഴ്സിംഗ് ഓഫീസർ, 14 ജില്ലാ നഴ്സിംഗ് ഓഫീസർ എന്നിങ്ങനെ ജോലി ചെയ്യുന്നു. ഇവർ ഉദ്യോഗക്കയറ്റം മുഖേന മേൽപ്പറഞ്ഞ തസ്തികകളിൽജോലി ചെയ്യുകയും ഉദ്യോഗക്കയറ്റത്തിൻ മുൻപ് ഭരണപരമോ, കൃത്യനിർവ്വഹണപരമായോ ആയ പരിശീലനം ലഭിച്ചിട്ടില്ലാത്തവരുമാണ്. പുതിയ അറിവുകളും നൈപുണ്യവും തുടർവിദ്യാഭ്യാസ പദ്ധതികൾ, ജോലിക്കിടക്കുള്ള പരിശീലനം, സാങ്കേതികവും ഭരണപരവുമായ പരിശീലനങ്ങൾ സവിശേഷ വിഭാഗങ്ങളായ ഗൈനക്കോളജി ആന്റ് ഒബ്സ്റ്റട്രിക്സ്, നവജാത ശിശു പരിചരണം, കാർഡിയാക് കത്തീറ്ററൈസേഷൻ, തീവ്രപരിചരണ യൂണിറ്റിലെ രോഗികളുടെ പരിചരണം, നെഫ്രോളജി എന്നിവയിൽഅറിവും നൈപുണ്യവും വർദ്ധിപ്പിച്ചുകൊണ്ട് നഴ്സിംഗ് സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മനുഷ്യ വിഭവശേഷി വികസന പദ്ധതിയാണിത്. നഴ്സിംഗ് കൗൺസിൽനിയമമനുസരിച്ച് ഓരോ 5 വർഷത്തിലും നഴ്സിംഗ് രജിസ്ട്രേഷൻ പുതുക്കേണ്ടതും ഇക്കാലയളവിൽ 150 മണിക്കൂർ ഇൻ-സർവ്വീസ് പരിശീലനം നേടിയിരിക്കേണ്ടതുമാണ്. 2021-22-ൽതാഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സ്റ്റാഫ് നഴ്സുമാരുടെ പ്രവേശന പരിശീലനം

- ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് സ്കൂളുകളിലെ പ്രിൻസിപ്പൽ എന്നിവർക്ക് ഭരണ നിർവ്വഹണ പരിശീലനം
- നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർമാരുടെ ഇൻ സർവീസ് ട്രെയിനിംഗ്
- ഏറ്റവും നല്ല നഴ്സിനുള്ള അവാർഡ്

**32. എല്ലാ സർക്കാർ ആശുപത്രികളിലും ഖര ജല മാലിന്യ നിയന്ത്രണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സർക്കാർ ആശുപത്രികൾ പരിസ്ഥിതി സൗഹാർദ രീതിയിൽ പരിപാലിക്കുന്നതിന് ചിട്ടയോടുകൂടിയതും ശാസ്ത്രീയവുമായ ഖര / ജല മാലിന്യ നിയന്ത്രണം വളരെ അനിവാര്യമാണ്. മലിനീകരണ നിയന്ത്രണ ബോർഡും ശുചിത്വ മിഷനും ആയി കൂടിയാലോചിച്ച് എല്ലാ ആശുപത്രികളിലും കൃത്യമായും ചിട്ടയോടുംകൂടി ഖര ജല മാലിന്യ നിയന്ത്രണം വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. 2021-22-ൽഎല്ലാ പ്രധാന ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിനും കൃത്യമായി പ്രവർത്തനം ഉറപ്പാക്കുന്നതിനും പ്ലാന്റുകളുടെ വാർഷിക അറ്റകുറ്റപ്പണിയും ഉദ്ദേശിച്ചിരിക്കുന്നു. എല്ലാ ആശുപത്രികളിലും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും. 2021-22-ൽ 100.00 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**33. ഗോത്ര-തീരദേശ-ഒറ്റപ്പെട്ട പ്രദേശങ്ങളിലെ ആരോഗ്യ പരിചരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ വികസിപ്പിക്കൽ**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ആരോഗ്യ മേഖലയിൽ കേരളം സുപ്രധാന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ഈ നേട്ടങ്ങൾ സംസ്ഥാനത്തുടനീളം സമാനമല്ല. ഗോത്ര വിഭാഗത്തിലും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും ആരോഗ്യ സൂചകങ്ങൾ പൊതുവിഭാഗത്തിലെ ജനവിഭാഗങ്ങളെക്കാൾ വളരെ താഴ്ന്ന നിലവാരത്തിലാണ്. കൂടാതെ ഈ പ്രദേശങ്ങളിൽ ലഭ്യമായ ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ താരതമ്യേന കുറവാണ്. അതിനാൽ ഈ പ്രദേശങ്ങളിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. 2021-22-ൽ 1500.00 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**34. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്റ്റ് (108 ആംബുലൻസ്)**

**(വിഹിതം : 6000.00 ലക്ഷം രൂപ)**

റോഡ് അപകടത്തിനിരയായവർക്കും മറ്റ് അത്യാഹിതം സംഭവിച്ചവർക്കും കേരള എമർജൻസി മെഡിക്കൽസർവ്വീസ് സമയോചിതമായി വൈദ്യസഹായം നൽകുന്നു. സമയോചിതമായി ആംബുലൻസ് സേവനം ലഭ്യമാക്കുക വഴി റോഡ് അപകടങ്ങൾ മൂലമുള്ള രോഗനിരക്കും മരണ നിരക്കും കുറയ്ക്കുവാൻ കഴിയും. കനിവ് എന്ന ഈ പദ്ധതി മെഡിക്കൽസർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു ടെൻഡർ മുഖേന നടപ്പിലാക്കുന്നു. 2021-22-ൽ 6000.00 ലക്ഷം രൂപ 315 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുടെ പ്രവർത്തന ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്നു.

**35. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ**

**(വിഹിതം : 135.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ എന്ന ഉന്നതതല പരിശീലന കേന്ദ്രം ആരോഗ്യവകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട്, ഗവേഷണവും കൺസൾട്ടൻസി സേവനങ്ങളും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾനൽകുകയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനം വിവിധ തരത്തിലുള്ള പരിശീലനങ്ങളായ ഇൻസർവീസ് ട്രെയിനിങ്, നൈപുണ്യവികസനം, പരിശീലകർക്കുള്ള പരിശീലനം എന്നിവ നൽകിവരുന്നു. 2021-22-ൽ 135.00 ലക്ഷം രൂപ തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ

ശക്തിപ്പെടുത്തുന്നതിനും ഓൺലൈൻ പരിശീലന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരിശീലനത്തിനുമായി വകയിരുത്തിയിരിക്കുന്നു.

### 36. പബ്ലിക് ഹെൽത്ത് ലബോറട്ടറി ശക്തിപ്പെടുത്തൽ

**(വിഹിതം: 350.00 ലക്ഷം രൂപ)**

പൊതു-സ്വകാര്യ മേഖലയിൽ നിന്നുമുള്ള രോഗികളുടെ രോഗനിർണ്ണയ ആവശ്യങ്ങൾ പബ്ലിക് ഹെൽത്ത് ലബോറട്ടറി നിറവേറ്റുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, ബയോ മെഡിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലെ മാർഗ്ഗദർശിയാണ്. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളത്തും, കോഴിക്കോടും കണ്ണൂരും പത്തനംതിട്ടയും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ കൊല്ലം, മലപ്പുറം, വയനാട്, ആലപ്പുഴ ജില്ലകളിൽജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറിയും പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ പ്രതിദിനം 3500-ഓളം ടെസ്റ്റുകൾ നടത്തിവരുന്നു. അതുപോലെ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും 1500-ഓളം ടെസ്റ്റുകൾ നടത്തിവരുന്നു. ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ സാംക്രമിക രോഗങ്ങളുടെ പരിശോധനക്കും റിപ്പോർട്ടിംഗിനും സഹായിക്കുന്നു. 2021-22-ൽ 350 ലക്ഷം രൂപ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ നിത്യോപയോഗത്തിനുള്ള റീ ഏജന്റുകൾ, മറ്റുപഭോഗ വസ്തുക്കൾ, വിവിധ ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ, റേഡിയോ ഇമ്മ്യൂണൽഅസ്സെ ടെസ്റ്റ് കിറ്റ്, പുസ്തകങ്ങൾഎന്നിവ വാങ്ങുന്നതിനും വാർഷിക അറ്റകുറ്റപ്പണികൾക്കും മൈനർ വർക്കുകൾക്കും മറ്റ ചെലവുകൾക്കുമായും നീക്കിവച്ചിട്ടുണ്ട്.

### 37. ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം

**(വിഹിതം: 150.00 ലക്ഷം രൂപ)**

വൈകല്യങ്ങൾ നേരത്തേ കണ്ടെത്തുന്നതിനായി കേരളത്തിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന സാധാരണ ജന്മനാലുള്ള തകരാറുകളായ കൺജനിറ്റൽ ഹൈപ്പോതൈറോഡിസം, കൺജനിറ്റൽ അഡ്രിനൽ ഹൈപ്പർപ്ലാസിയ, ജി-6 പി.ഡി. ഡഫിഷ്യൻസി, ഫിനൽകെറ്റോന്യൂറിയ എന്നീ രോഗങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്നു. 2021-22-ൽപ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിനും, പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനും 150.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

### 38. പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

**(വിഹിതം : 500.00 ലക്ഷം രൂപ)**

ഓപ്പൺ ഹാർട്ട് സർജറി, ബ്രയിൻ സർജറി, പേസ്മേക്കർ ഇംപ്ലാന്റേഷൻ, ആൻജിയോപ്ലാസ്റ്റി, റീനൽ ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്യൂമർ റിസഷൻ ആന്റ് പ്രോസ്തസിസ്, ഡയാലിസിസ്, ട്യൂമർ ഓഫ് ലുംബാർ തെറാസിക് വെർടിബ്രൽ, ഡയാലിസിസ്, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കാൻസർ എന്നിവയുടെ ചികിത്സയ്ക്കായി വരുന്ന നിർദ്ധനരായ രോഗികൾക്ക് പരമാവധി 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2021-22-ൽ പാവപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനായി 500.00 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 40 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എ.എസ്.പി. / കെ.ബി.എഫ്. പദ്ധതി ഗുണഭോക്താക്കളുടെ ആവർത്തനം ഉണ്ടാകില്ലെന്ന് സൊസൈറ്റി ഉറപ്പാക്കണം.

### 39. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്) / സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡർ (എസ്.ആർ.സി.സി.ഡി)

**(വിഹിതം : 500.00 ലക്ഷം രൂപ)**

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽരജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിള് സൊസൈറ്റിയാണ് സൊസൈറ്റി ഫോർ

റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ.സി.സി.ഡി). ഈ സൊസൈറ്റിക്ക് കീഴിലുള്ള സ്ഥാപനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോ സയൻസ് (ഐകോൺസ്) എന്ന് നാമകരണം ചെയ്തിരിക്കുന്നു. പ്രസ്തുത സ്ഥാപനം ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ള എല്ലാ പ്രായക്കാരെയും ശൈശവം മുതൽവാർദ്ധക്യം വരെ ചികിത്സിക്കുന്നതിനായി പ്രവർത്തിക്കുന്നു. ഇതിന് തിരുവനന്തപുരത്തും ഷൊർണ്ണൂരുമായി രണ്ടു സെന്ററുകളുണ്ട്. 2021-22-ൽ 500 ലക്ഷം രൂപ സൊസൈറ്റിക്ക് ഗ്രാന്റ് ഇൻ എയ്ഡായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ട്.

- തിരുവനന്തപുരം ക്യാമ്പസിൽച്ചുറ്റുമതിൽനിർമ്മാണം
- ഷൊർണ്ണൂർ സെന്ററിൽനിർമ്മാണത്തിലിരിക്കുന്ന അക്കാദമിക് കെട്ടിടത്തിന്റെ പൂർത്തീകരണം
- ഉപകരണങ്ങൾ, കൺസ്യൂമബിൾസ് എന്നിവ വാങ്ങലും അറ്റകുറ്റപ്പണികളും, പുസ്തകങ്ങൾ, അദ്ധ്യാപന സഹായികൾ, മെഡിക്കൽസർജ്ജിക്കൽഉപകരണങ്ങൾവാങ്ങൽ.

**നാഷണൽഹെൽത്ത് മിഷൻ**

**40. നാഷണൽഹെൽത്ത് മിഷൻ (40% സംസ്ഥാന വിഹിതം)**

**(വിഹിതം : 45480.00 ലക്ഷം രൂപ)**

ഭാരത സർക്കാരിലെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പദ്ധതിയായ നാഷണൽഹെൽത്ത് മിഷൻ നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം നടപ്പിലാക്കാൻ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൽക്കായി അഞ്ച് ധനസഹായ ഘടകങ്ങൾഉണ്ട്. ഇവ:

i. എൻ.ആർ.എച്ച്.എം/ആർ.സി.എച്ച്. ഫ്ലക്സിപൂൾ

ii. എൻ.യു.എച്ച്.എം. ഫ്ളക്സിപൂൾ

iii. സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ളക്സിപൂൾ

iv. സാംക്രമിക രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ളക്സിപൂൾ

v. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ്

ഫാമിലി വെൽഫെയർ പ്രോഗ്രാമിന്റെ ഘടകങ്ങൾ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് പദ്ധതിയിൽഉൾപ്പെടുത്തിയിരിക്കുന്നു. നാഷണൽറൂറൽഹെൽത്ത് മിഷനും നാഷണൽഅർബൻ ഹെൽത്ത് മിഷനും നാഷണൽഹെൽത്ത് മിഷന്റെ രണ്ട് ഉപഘടകങ്ങളാണ്. കേന്ദ്ര സർക്കാരും കേരള സർക്കാരും 60:40 എന്ന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽവകയിരുത്തിയിരിക്കുന്ന തുക കേന്ദ്ര സർക്കാരിന്റെ പദ്ധതി നടപ്പിലാക്കൽനിർദ്ദേശങ്ങളനുസരിച്ചും 2021-22 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചിലവഴിക്കാൻ പാടുള്ളൂ. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിൻ ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാ തലങ്ങളിൽകുടുംബക്ഷേമ ബ്യൂറോകൾ), സബ് സെന്ററുകൾ, നഗരകുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റിവാബിംഗ് സ്കീം, എ.എൻ.എം/എൽ.എച്ച്.വി. ട്രെയിനിംഗ് സ്കൂൾ, ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷ തൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 45480 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഇതിൽ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസിൻറെ (കുടുംബക്ഷേമ പരിപാടികൾ) സംസ്ഥാനവിഹിതമായി 13480.00 ലക്ഷം രൂപ ഉൾപ്പെടുന്നു. ആകെ തുകയിൽ 20 ശതമാനം തുക സ്ത്രീകൾക്കായി ചിലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാന ആരോഗ്യ ഏജൻസി**

**41. ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം.-ജെ.എ.വൈ.) (40% സംസ്ഥാന വിഹിതം) / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി.)**

**(വിഹിതം : 26000.00 ലക്ഷം രൂപ)**

ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിൽ കേന്ദ്ര പങ്കാളിത്ത പദ്ധതിയായ ആയുഷ്മാൻ ഭാരത് - ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി കേന്ദ്രസർക്കാർ ആരംഭിച്ചു. പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.), ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ (എച്ച്.ഡബ്ല്യൂ.സി.) എന്നിവ ഈ പദ്ധതിയുടെ പരസ്പര ബന്ധിതമായ രണ്ട് ഘടകങ്ങളാണ്. പി.എം-ജെ.എ.വൈ. പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയാണ് ഒരു വർഷം പ്രയോജനം ലഭിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് അടിസ്ഥാനമാക്കിയുള്ള 18.58 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടെ നേരത്തെ ആർ.എസ്.ബി.വൈ. ഗുണഭോക്താക്കളായിരുന്ന 21.83 ലക്ഷം പാവപ്പെട്ട കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നു. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽപദ്ധതി വിഹിതം വകയിരുത്തും. ഓരോ കുടുംബത്തിനും കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രീമിയം പരിധി 1052 രൂപയാണ്. ഇതിൽ 60% സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. ഇത് എൻറോൾ ചെയ്ത ഓരോ എബി-പി.എം.ജെ.എ.വൈ. കുടുംബത്തിനും 631.2 രൂപയാണ്. 2021-22 കാലയളവിൽ 137.79 കോടി രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. സർക്കാർ സ്പോൺസർ ചെയ്യുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷ്വറൻസ് (എസ്.സി.എച്ച്.ഐ.എസ്) എന്നിവ ലയിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി രൂപീകരിച്ചു. കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു. ആർ.എസ്.ബി.വൈ. കുടുംബങ്ങൾക്ക് (പി.എം-ജെ.എ.വൈ. കുടുംബങ്ങൾ) പുറമേ മുഴുവൻ പ്രീമിയവും സംസ്ഥാനം സ്വന്തമായി അടയ്ക്കുന്ന 19.53 ലക്ഷം ചിസ് കുടുംബങ്ങളുണ്ട്. പരിരക്ഷിക്കപ്പെടേണ്ട മൊത്തം കുടുംബങ്ങളുടെ എണ്ണം ഏകദേശം 41.36 ലക്ഷം ആയിരിക്കും. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 8500.00 ലക്ഷം രൂപ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ 40% സംസ്ഥാന വിഹിതമായും 17500.00 ലക്ഷം രൂപ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടാത്തതും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കുടുംബങ്ങൾക്ക് പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്**

**42. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്**

**(വിഹിതം : 215.00 ലക്ഷം രൂപ)**

ഇ.എസ്.ഐ. പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 12 ലക്ഷം ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനായി ആകെ 145 ഇ.എസ്.ഐ ഡിസ്പെൻസറികളും, 9 ഇ.എസ്.ഐ. സംസ്ഥാനതല ആശുപത്രികളും ഉണ്ട്. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ആധുനികവൽകരണം, ഇ.എസ്.ഐ ആശുപത്രികളിലെ ഫാർമസി സ്റ്റോറുകളുടെ നവീകരണവും നിലവാരമുയർത്തലും, ഖരമാലിന്യ പരിപാലനം, ആശുപത്രി പരിസരം വൃത്തിയായി സൂക്ഷിക്കൽ, ഇ-ഗവേണൻസ്, മരുന്ന് സ്റ്റോർ മാനേജ്മെന്റിനായുള്ള സംയോജിത സോഫ്റ്റ്വെയർ, മെഡിക്കൽ-പാരാ മെഡിക്കൽ ഉദ്യോഗസ്ഥരുടെ പരിശീലനം എന്നിവയാണ് 2021-22-ൽ ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 215.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്**

**43. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ശക്തിപ്പെടുത്തൽ**

**(വിഹിതം : 170.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ജുഡീഷ്യറി, എക്സൈസ്, പോലീസ്, മെഡിക്കോ-ലീഗൽവിദഗ്ധർ എന്നിവർക്ക് നേരിട്ടും അല്ലാതെയും ഗുണകരവും ക്രിമിനൽകേസുകളുടെ വിചാരണക്കും സഹായിക്കുന്നു. ഈ വകുപ്പ് ക്രിമിനൽനീതി ഭരണ സംവിധാനത്തിന് ശാസ്ത്രീയ അടിത്തറ നൽകുന്നു. ഉൽസവ കാലങ്ങളിൽ മദ്യ സാമ്പിളുകളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് സഹായിക്കുകയും, ക്രിമിനൽകേസുകളുടെ വസ്തുത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും വിദഗ്ധാഭിപ്രായം നൽകുകയും ചെയ്യുന്നു. 2021-22 വർഷത്തേക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ, അനലിറ്റിക്കൽ ഉപകരണങ്ങൾ, കെമിക്കൽസ്, ഗ്ലാസ്വെയർ, മറ്റു ലബോറട്ടറി ഇനങ്ങൾ, സ്പെയറുകൾ, ഉപഭോഗ വസ്തുക്കൽ എന്നിവ വാങ്ങൽ, അനലിറ്റിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ഉടമ്പടി, ഇലക്ട്രിക്കൽ/ മരാമത്തു ജോലികൾ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, പുസ്തകങ്ങൾ, ടെക്നിക്കൽ ജീവനക്കാർക്കുള്ള പരിശീലനം എന്നിവയ്ക്കായി 170.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്**

**44. ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറികൾ ശക്തിപ്പെടുത്തൽ**

**(വിഹിതം : 650.00 ലക്ഷം രൂപ)**

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ എറണാകുളത്തും കോഴിക്കോട്ടുമായി രണ്ട് റീജിണൽ അനലിറ്റിക്കൽ ലബോറട്ടറികളും തിരുവനന്തപുരത്ത് ഒരു ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും ഉണ്ട്. ജലം, പാൽ, സാധാരണ മായം ചേർക്കുന്ന വസ്തുക്കളായ നിറം, കൃത്രിമ മധുരം, ബാഹ്യവസ്തുക്കൾ, ഫംഗൽവളർച്ച എന്നിവ ഈ ലബോറട്ടറികളിലൂടെ പരിശോധിക്കുന്നു. പെട്ടെന്ന് ജീർണ്ണിച്ചു പോകുന്ന ഭക്ഷണ ഇനങ്ങൾ ഈ ലബോറട്ടറികളിലൂടെ വിശകലനം നടത്താവുന്നതാണ്. 2021-22-ൽഅനലിസ്റ്റ് ലബോറട്ടറികളുടെ ശക്തിപ്പെടുത്തലിനായി 650.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഫുഡ് ലബോറട്ടറികളുടെ നവീകരണവും പുനരുദ്ധാരണവും
- അനലിറ്റിക്കൽ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ
- കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ, കൺസ്യൂമബിൾസ്, സ്പെയറുകൾ, റെഫറൻസ് മെറ്റീരിയൽസ്, പുസ്തകങ്ങൾ എന്നിവ വാങ്ങൽ
- ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ഉടമ്പടി, ലബോറട്ടറി ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തൽ, അറ്റകുറ്റപ്പണികൾ, മൈനർ വർക്ക്സ്
- അനലിറ്റിക്കൽ ലബോറട്ടറികളുടെ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ.
- കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, സോഫ്റ്റ്വെയർ
- പത്തനംതിട്ടയിലും കണ്ണൂരും ജില്ലാ ഭക്ഷ്യ പരിശോധനാ ലാബിൻറെ നിർമ്മാണം

**45. ഭക്ഷണവസ്തുക്കളിൽ മായം ചേർക്കൽതടയലും ഭരണ സംവിധാനവും**

**(വിഹിതം : 450.00 ലക്ഷം രൂപ)**

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട്, 2006 പ്രകാരം ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായാണ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിതമായിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിനും

ഉൽപ്പാദനം ക്രമീകരിക്കുന്നതിനും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ജനങ്ങളുടെ ഉപയോഗത്തിന് സുരക്ഷിതമായതും കേടുവരാത്തതുമായ ഭക്ഷണ ഇറക്കുമതി ഉറപ്പു വരുത്തുന്നതിനുമാണ് ഈ സ്ഥാപനം ഉദ്ദേശിക്കുന്നത്. ജനങ്ങൾ ഉപയോഗിക്കുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണ് ഈ ഡിപ്പാർട്ടുമെന്റിന്റെ ലക്ഷ്യം. 2021-22-ൽ 450.00 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾഉൾപ്പെടുത്തിയിരിക്കുന്നു.

- ഓഫീസുകളിലേക്ക് ഫർണിച്ചർ, പുസ്തകങ്ങൾ, ജേർണലുകൾ, കംപ്യൂട്ടറും ഉപകരണങ്ങളും വാങ്ങൽ
- ജില്ലകളിൽ പരിശോധനക്കായി ദ്രുത പരിശോധന ടീം, ഗവേഷണവും വികാസവും, ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ സംബന്ധിച്ച സർവ്വേയും പഠനവും.
- ഉപഭോക്താക്കൾക്കിടയിൽ നിലവിലുള്ള ബോധവൽക്കരണ നിലവാരം അവലോകനം ചെയ്യുന്നത് ഉൾപ്പെടെയുള്ള ഐ.ഇ.സി. പ്രവർത്തനങ്ങൾനടത്തുക, ദൃശ്യമാധ്യമങ്ങളിലൂടെയും, എഫ്.എം. ചാനലിലൂടെയും, പ്രിന്റ് മീഡിയയിലൂടെയും തുടർച്ചയായ പരസ്യങ്ങൾ, വിദ്യാലയ ഭക്ഷ്യ സുരക്ഷാ ബോധവൽക്കരണ പരിപാടി, വിവിധ സ്റ്റേക്ക് ഹോൾഡർമാർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടി, പരിശീലനത്തിനുള്ള സാമഗ്രികൾഎന്നിവ.
- എൻഫോഴ്സ്മെന്റ് വിഭാഗത്തിലും ഡിപ്പാർട്ടുമെന്റ് ലബോറട്ടറി വിഭാഗത്തിലേയും ജീവനക്കാർക്ക് പരിശീലനം നൽകൽ
- ഫുഡ് ബിസിനസ് സ്ഥാപനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട സാമ്പിൾപരിശോധനയ്ക്കായി ഭക്ഷണ സാമ്പിളുകൾവാങ്ങൽ, സംസ്ഥാന സാമ്പിൾ ലബോറട്ടറികളിൽ ചെയ്യാൻ കഴിയാത്ത ഭക്ഷ്യ സാമ്പിൾ വിശകലനത്തിനുള്ള ഫീസ്
- അറ്റകുറ്റപ്പണികൾ, വാഹനങ്ങൾവാടകയ്ക്ക് എടുക്കൽ, ആവർത്തനേതര ഓഫീസ് ചെലവുകൾ, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി
- ഫുഡ് സേഫ്റ്റി ഓഫീസുകളുടെ ആധുനീകരണം
- സ്കൂളുകളിൽ സുരക്ഷിതമായ പോഷകാഹാര പരിപാടി, പരാതി പരിഹാര സംവിധാനം, ഭക്ഷ്യ ശുചിത്വ റേറ്റിംഗ്- ബ്രാൻഡിംഗ് നടപ്പിലാക്കൽ
- ക്വിക്ക് ഡിറ്റക്ക്ഷൻ കിറ്റുകൾ, ഇ-ഗവേണൻസ്
- ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിനായി കെട്ടിടത്തിന്റെ നിർമ്മാണം

**ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്**

**ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് ശക്തിപ്പെടുത്തൽ**

**(വിഹിതം : 550.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാരം മരുന്ന് നിയന്ത്രണ വകുപ്പ് നിയന്ത്രിക്കുന്നു. ഉൽപ്പാദന ലൈസൻസ്, മരുന്നുകളുടെ വിതരണവും വിൽപ്പനയും, വിൽപ്പന കേന്ദ്രങ്ങൾ/ ആശുപത്രികൾ/ സ്ഥാപനങ്ങളുടെ പരിശോധന, മരുന്നുകളുടെ സാമ്പിളുകളും അവയുടെ പരിശോധനയും, നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികൾമുതലായവ ഡ്രഗ്സ് കണ്ട്രോൾവകുപ്പിന്റെ നിയന്ത്രണ പരിധിയിൽവരുന്നു. ലഹരിമരുന്നുകളായ മോർഫിൻ, പെത്തഡിൻ മുതലായവ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റ് അനുസരിച്ച് അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് നിയന്ത്രിച്ചിരിക്കുന്നു. ഒരു പ്രത്യേക ആയുർവേദ വിഭാഗവും വകുപ്പിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. 2021-22-ൽ എ.എസ്.യു. വിംഗ് ഉൾപ്പെടെ ഡ്രഗ്സ് കൺട്രോൾഡിപ്പാർട്ട്മെന്റിന് താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- മെഷിനറികളും ഉപകരണങ്ങളും, കെമിക്കൽസ്, ഗ്ലാസ് വെയറുകൾഎന്നിവ എറണാകുളത്തെയും, തൃശ്ശൂരിലെയും, തിരുവനന്തപുരത്തെയും ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിൽവാങ്ങുന്നത്.
- അറ്റകുറ്റപ്പണികളും, മരാമത്ത് പണികളും
- ഇ-ഗവേണൻസ് - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങൽ
- മെഷിനറികളുടെയും ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി
- ഫർണിച്ചർ, റഫറൻസ് പുസ്തകങ്ങൾ എന്നിവ വാങ്ങൽ
- മരുന്ന് സാമ്പിളുകൾവാങ്ങൽ, വകുപ്പിൻ വാഹനങ്ങൾവാടകയ്ക്ക് എടുക്കൽ
- എ.എസ്.യു. വിംഗ് ശക്തിപ്പെടുത്തൽ, പരിശീലന പരിപാടികൾ
- ലബോറട്ടറികളിലേക്കുള്ള എൻ.എ.ബി.എൽ. അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ചെലവുകൾ
- ഉപയോഗിക്കാത്ത മരുന്നുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രോഗ്രാം - ബയോമെഡിക്കൽ മാലിന്യ നിർമാർജന നിയമങ്ങൾ അനുസരിച്ച് ഉപയോഗിക്കാത്തതും കാലഹരണപ്പെട്ടതുമായ മരുന്നുകൾ പ്രത്യേകിച്ച് ആൻറിബയോട്ടിക്കുകൾ ശാസ്ത്രീയമായി നീക്കംചെയ്യൽ.

**ആരോഗ്യ വിദ്യാഭ്യാസം**

**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്**

കേരളത്തിൽ 10 മെഡിക്കൽ കോളേജുകളുണ്ട്. മൂന്ന് എണ്ണം നിർമ്മാണത്തിലിരിക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി (മലപ്പുറം), ഇടുക്കി, എറണാകുളം, കൊല്ലം, കണ്ണൂർ, തൃശ്ശൂർ, കോന്നി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ മെഡിക്കൽ കോളേജുകൾ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൻ കീഴിൽവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ 7 നഴ്സിംഗ് കോളേജുകൾവഴി നഴ്സിംഗ് വിദ്യാഭ്യാസവും നൽകിവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ6 ദന്തൽകോളേജുകളും പ്രവർത്തിക്കുന്നു. ഇതുകൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽഇൻസ്റ്റിറ്റ്യൂട്ടും ഈ വകുപ്പിൻ കീഴിൽപ്രവർത്തിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ വികസനത്തിനായി 2021-22-ൽ 36340.00 ലക്ഷം രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ വകയിരുത്തിയിരിക്കുന്നു.

**47. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ നവീകരണം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിനായി 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി പുതുക്കൽ/ ഉപകരണങ്ങളുടെ സമഗ്ര വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി പുതുക്കൽ, ഡി.എം.ഇ യ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിൽഇ-ഗവേണൻസ്, ലഘു പ്രവർത്തികൾ, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

**48. മെഡിക്കൽവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള മെഡിക്കൽകോളേജുകളുടെ വികസനം**

**(വിഹിതം : 22363.00 ലക്ഷം രൂപ)**

2021-22-ൽ മെഡിക്കൽവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള മെഡിക്കൽ കോളേജുകൾ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, തിരുവനന്തപുരം, കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, തിരുവനന്തപുരം എന്നിവയുടെ വികസനത്തിനായി 22330.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | മെഡിക്കൽകോളേജ്, തിരുവനന്തപുരം | 3000 | 800 | 3800 |
| 2 | മെഡിക്കൽകോളേജ്, കോഴിക്കോട് | 1925 | 500 | 2425 |
| 3 | മെഡിക്കൽകോളേജ്, കോട്ടയം | 1750 | 500 | 2250 |
| 4 | മെഡിക്കൽകോളേജ്, ആലപ്പുഴ | 1000 | 800 | 1800 |
| 5 | മെഡിക്കൽകോളേജ്, തൃശ്ശൂർ | 1850 | 400 | 2250 |
| 6 | മെഡിക്കൽകോളേജ്, മഞ്ചേരി | 1000 | 750 | 1750 |
| 7 | മെഡിക്കൽകോളേജ്, ഇടുക്കി | 40 | 500 | 540 |
| 8 | മെഡിക്കൽകോളേജ്, എറണാകുളം | 1075 | 350 | 1425 |
| 9 | മെഡിക്കൽകോളേജ്,പാരിപ്പള്ളി,കൊല്ലം | 2573 | 0 | 2573 |
| 10 | റീജിയണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം | 150 | 0 | 150 |
| 11 | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസയൻസ്, തിരുവനന്തപുരം | 15 | 0 | 15 |
| 12 | പുതിയ മെഡിക്കൽകോളേജ്, കോന്നി, പത്തനംതിട്ട | 14.99 | 500 | 514.99 |
| 13 | പുതിയ മെഡിക്കൽകോളേജ്, വയനാട് | 0 | 0.01 | 0.01 |
| 14 | പുതിയ മെഡിക്കൽകോളേജ്, കാസർഗോഡ് | 15 | 485 | 500 |
| 15 | മെഡിക്കൽകോളേജ്, കണ്ണൂർ, പരിയാരം | 1870 | 500 | 2370 |
| | **ആകെ** | **16277.99** | **6085.01** | **22363** |

അടിസ്ഥാന സൗകര്യവികസനം, മരുന്നുകൾ, ഉപഭോഗവസ്തുക്കൾ, ഉപകരണങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, മൈനർ വർക്സ്, നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം, നിലവിലുള്ള മെഷീനുകളുടെ അനുബന്ധ ഭാഗങ്ങൾ, ഗ്ലാസ് വെയർ, റീ ഏജന്റ്സ്, കെമിക്കലുകൾ, മറ്റു പലവക വസ്തുക്കൾ, ലൈബ്രറി ബുക്കുകൾ, ആനുകാലികങ്ങൾ, പഠന ഉപകരണങ്ങൾ, ഫർണിച്ചറുകൾ, അടിയന്തിര വൈദ്യസഹായം, മാലിന്യ സംസ്കരണം, രോഗനിർണ്ണയം, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, മറ്റു ചെലവുകൾ മുതലായവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. നിർമമാണപ്രവർത്തനങ്ങൾ ഒരു ആസൂത്രിത പദ്ധതിക്കനുസരിച്ചായിരിക്കണം. നേരത്തെ നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഫെർട്ടിലിറ്റി ആൻഡ് അസിസ്റ്റഡ് റീ പ്രൊഡക്റ്റീവ് ടെക്നോളജി യൂണിറ്റിന്റെ (ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ, തിരുവനന്തപുരം) പ്രവർത്തനത്തിനും നിലവാരം ഉയർത്തുന്നതിനും തുക വകയിരുത്തിയിരിക്കുന്നു (ക്രമ നം.1).

**49. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ദന്തൽ കോളേജുകളുടെ വികസനം**

**(വിഹിതം : 1918.00 ലക്ഷം രൂപ)**

ദന്തൽ കോളേജുകളുടെ വികസനത്തിനായി 2021-22-ൽ '1918.00 ലക്ഷം' രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- മെഷീനറികൾ, ഉപകരണങ്ങൾ, ഉപഭോഗ വസ്തുക്കൾ, റീയേജന്റുകൾഎന്നിവ വാങ്ങൽ
- ലൈബ്രറി ബുക്കുകൾ, പഠന ഉപകരണങ്ങൾ, ആനുകാലികങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾഎന്നിവ വാങ്ങൽ,

- മരാമത്ത് ഇലക്ട്രിക്കൽജോലികൾ, മൈനർപണികളും റിപ്പയറും, അറ്റകുറ്റപ്പണികളും വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, മറ്റു ചെലവുകളും
- നിർമ്മാണ പ്രവർത്തനങ്ങൾ
- മറ്റു തുടർപ്രവർത്തനങ്ങൾ

**(രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ഡെന്റൽകോളേജ്, തിരുവനന്തപുരം | 185 | 0 | 185 |
| 2 | ഡെന്റൽകോളേജ്, കോഴിക്കോട് | 129 | 0 | 129 |
| 3 | ഡെന്റൽകോളേജ്, കോട്ടയം | 134 | 0 | 134 |
| 4 | ഡെന്റൽകോളേജ്, ആലപ്പുഴ | 570 | 300 | 870 |
| 5 | ഡെന്റൽകോളേജ്, തൃശ്ശൂർ | 500 | 0 | 500 |
| 6 | ഡെന്റൽകോളേജ്, കണ്ണൂർ, പരിയാരം | 100 | 0 | 100 |
| | **ആകെ** | **1618** | **300** | **1918** |

## 50. നഴ്സിംഗ് കോളേജുകൾ

**(വിഹിതം : 252.00 ലക്ഷം രൂപ)**

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള നഴ്സിംഗ് കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 252.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | നഴ്സിംഗ് കോളേജ്, തിരുവനന്തപുരം | 17 | 0 | 17 |
| 2 | നഴ്സിംഗ് കോളേജ്, കോഴിക്കോട് | 5 | 0 | 5 |
| 3 | നഴ്സിംഗ് കോളേജ്, കോട്ടയം | 30 | 0 | 30 |
| 4 | നഴ്സിംഗ് കോളേജ്, ആലപ്പുഴ | 5 | 0 | 5 |
| 5 | നഴ്സിംഗ് കോളേജ്, തൃശ്ശൂർ | 15 | 0 | 15 |
| 6 | നഴ്സിംഗ് കോളേജ്, എറണാകുളം | 60 | 0 | 60 |
| 7 | നഴ്സിംഗ് കോളേജ്, കണ്ണൂർ, പരിയാരം | 120 | 0 | 120 |
| | ആകെ | **252** | **0** | **252** |

ഉപകരണങ്ങൾ വാങ്ങൽ, നിർമ്മാണ ജോലികൾ, അറ്റകുറ്റപണികൾ/ നവീകരണ ജോലികൾ, ലാബ്, റീയേജന്റുകൾ, കെമിക്കലുകൾ, സാമഗ്രികൾ, പഠന സഹായികൾ, ലൈബ്രറി പുസ്തകങ്ങൾ, എ.എം.സി. / സി.എ.എം.സി. ചാർജ്ജ്, ഫർണിച്ചറുകൾഎന്നിവ വാങ്ങലുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

## 51. സംസ്ഥാന വൈദ്യഗവേഷണ ബോർഡ്

**(വിഹിതം : 250.00 ലക്ഷം രൂപ)**

വൈദ്യഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും കോർത്തിണക്കുന്നതിനുമായിട്ടാണ് സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2021-22-ൽ 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആനുകാലികങ്ങളുടെ സബ്സ്ക്രിപ്ഷൻ ഇ-ജേർണൽസ്, ഗവേഷണ

പ്രവർത്തനങ്ങൾ, മരുന്ന് ഫോർമുല രൂപീകരിക്കുക, പ്രസിദ്ധീകരിക്കുക, അപ്ഡേറ്റ് ചെയ്യുക എന്നീ പ്രവൃത്തികൾഉൾപ്പെടുന്നു.

**52. മെഡിക്കൽ കോളേജുകളിലും മറ്റാശുപത്രികളിലും മാലിന്യ നിർമ്മാർജ്ജനം**

**(വിഹിതം : 900.00 ലക്ഷം രൂപ)**

ശരിയായ രീതിയിലുള്ള ഖരമാലിന്യ നിർമ്മാർജ്ജനം, ടൈഫോയ്ഡ്, കോളറ, ഹെപ്പറ്റൈറ്റിസ് എന്നിവ പോലുള്ള രോഗങ്ങളുടെ നിയന്ത്രണവും തടയലും ഉറപ്പുവരുത്തുന്നു. ആശുപത്രികളിലെ ആരോഗ്യകരമായ അന്തരീക്ഷം പകർച്ചവ്യാധികളെ തടയുന്നതിന് സഹായിക്കുന്നു. ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും മാലിന്യ നിർമ്മാർജ്ജനത്തിനായി 900.00 ലക്ഷം രൂപ 2021-22-ൽവകയിരുത്തിയിട്ടുണ്ട്. ആശുപത്രി വൃത്തിയായി സൂക്ഷിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ, മാലിന്യം വേർതിരിക്കുന്ന ഉപകരണം, കൺസ്യൂമബിൾസ്, എ.എം.സി., മാലിന്യസംസ്കരണ പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ.

**53. മെഡിക്കൽ കോളേജ് ആശുപത്രികളിൽമാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ**

**(വിഹിതം : 360.00 ലക്ഷം രൂപ)**

മെഡിക്കൽകോളേജിൽപ്രവർത്തിക്കുന്ന മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളുടെ പോരായ്മകൾപരിഹരിച്ചുകൊണ്ട് ശരിയായ രോഗപരിചരണം സാധ്യമാക്കുക എന്ന കാഴ്ചപ്പാടോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഐ.സി.യൂണിറ്റ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് എന്നിവയിലെ പോരായ്മകൾസർജിക്കൽന്യൂബോൺ യൂണിറ്റ്, അക്യൂട്ട് വാർഡ്, ട്രോമാവാർഡ്, ലാൻട്രി സർവ്വീസ് യൂണിറ്റ്, താമസ സൗകര്യമൊരുക്കൽ, ഫർണിച്ചർ, ഉപകരണങ്ങൾഎന്നിവയാണ് ആവശ്യമായിട്ടുള്ളത്. മെഡിക്കൽകോളേജ് ആശുപത്രികളിലെ മാതൃ-ശിശു ആരോഗ്യ കേനദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി 2021-22-ൽ 360.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**54. സംസ്ഥാന പകർച്ചവ്യാധി പ്രതിരോധ സെൽ**

**(വിഹിതം : 125.00 ലക്ഷം രൂപ)**

ഒൻപതു മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ് പീഡ് സെൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളമായി രൂപപ്പെട്ടുവരുന്ന അതിരൂക്ഷമായ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്റ്റേറ്റ് പീഡ് സെല്ലിൽനിക്ഷിപ്തമായിരിക്കുന്നു. സംസ്ഥാനത്ത് പുതുതായി രോഗങ്ങൾരൂപം കൊള്ളുന്നത് ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് രോഗനിയന്ത്രണ പരിപാടികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗൃഹസംരക്ഷണത്തിന്റെയും ശുചിത്വത്തിന്റേയും ഭരണം സെല്ലിനാണുള്ളത്. സാംക്രമിക രോഗങ്ങൾ തടയുന്നതിനായി റീജിയണൽ, സംസ്ഥാന പീഡ് സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**55. ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ (മൃതസഞ്ജീവനി)**

**(വിഹിതം : 170.00 ലക്ഷം രൂപ)**

ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി ഒരു തുടർ പദ്ധതിയാണ്. ഈ പദ്ധതിയുടെ പ്രധാന സവിശേഷത മരിച്ചുപോയവരുടെ നഷ്ടപ്പെട്ടേക്കാമായിരുന്ന അവയവങ്ങളായ വൃക്ക, കരൾ, കണ്ണുകൾ, ഹൃദയം എന്നിവ വീണ്ടെടുത്ത് അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള ചികിൽസാചെലവ് താങ്ങാനാകാത്ത പാവപ്പെട്ട രോഗികൾക്ക് പ്രയോജനം ലഭ്യമാക്കുക എന്നുള്ളതാണ്. അവബോധം വളർത്തൽ, അവയവങ്ങൾ മറ്റ സ്ഥലങ്ങളിൽഎത്തിക്കുന്നതിന് ഗതാഗതം, രോഗികളുടെ ചികിത്സാ ചെലവുകൾ, കേരളത്തിൽ അവയവ ദാനത്തിനുള്ള ശൃംഖല നിലനിർത്തുന്നതിനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. 2021-22-ൽ ഈ

പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് 170.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന കഡാവർ ആന്റ് ലിവർ ട്രാൻസ്പ്ലാന്റേഷൻ സെന്ററിനുള്ള തുകയും ഇതിൽഉൾപ്പെടുന്നു.

**56. എല്ലാ മെഡിക്കൽകോളേജുകളിലും ഓങ്കോളജി ആന്റ് ടെർഷറി കെയർ സെന്റർ**

**(വിഹിതം : 750.00 ലക്ഷം രൂപ)**

മെഡിക്കൽകോളേജ് ആശുപത്രിയിലെ ക്യാൻസർ വിഭാഗം സൗജന്യ ചികിത്സ പ്രദാനം ചെയ്യുന്നു. കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. 2021-22-ൽ 750.00 ലക്ഷം രൂപ കോട്ടയം മെഡിക്കൽകോളേജിൽലിനാക് വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്നു.

**57. സംസ്ഥാനത്തെ എല്ലാ മെഡിക്കൽകോളേജുകളിലും ബയോമെഡിക്കൽവിഭാഗം ആരംഭിക്കൽ**

**(വിഹിതം : 125.00 ലക്ഷം രൂപ)**

ഉപകരണങ്ങളുടെ ശരിയായ രീതിയിലുള്ള പട്ടിക തയ്യാറാക്കൽ, റിപ്പയറും അറ്റകുറ്റപണികളും നടത്തുക, ഉൽപ്പാദക യൂണിറ്റുകളുമായുള്ള അറ്റകുറ്റപ്പണി ഉടമ്പടിയുടെ മേൽനോട്ടവും നിർവ്വഹണവും വഴി ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക, ഗുണമേന്മയില്ലാത്ത ഉപകരണങ്ങളെ കണ്ടെത്തുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും സമയബന്ധിതമായി പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക എന്നിവയാണ് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഉദ്ദേശം. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കും, ആവശ്യ ഉപകരണങ്ങൾ, സ്പെയേർസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി 2021-22-ൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**58. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം**

**(വിഹിതം : 142.00 ലക്ഷം രൂപ)**

മെഡിക്കൽ അധ്യാപകർക്ക് അവരുടെ പ്രാക്ടീസ് രംഗത്ത് പുതിയ കഴിവുകൾ നൽകാനും ട്രാൻസ്പ്ലാന്റ് മെഡിസിൻ, ഓങ്കോളജി എന്നീ ചില നൂതന മേഖലകളിൽ ആവശ്യമുള്ള മൾട്ടിഡിസിപ്ലിനറി ഇൻപുട്ടുകൾ നൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതകളും നിയമന രീതിയും പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് അധ്യാപക സേവനമല്ലാതെ ഭരണപരമായ വൈദഗ്ധ്യം സംബന്ധിച്ച പരിശീലനം ആവശ്യമില്ല. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, സ്ഥാപന മേധാവികൾ എന്നിവരാണ് അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഉൾപ്പെട്ടിട്ടുള്ളത്. മേൽപ്പറഞ്ഞവരെ കൂടാതെ ആശുപത്രി സൂപ്രണ്ടുമാർ, ഡെപ്യൂട്ടി സൂപ്രണ്ടുമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ എന്നിവർക്ക് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിലും ഹോസ്പിറ്റൽ മാനേജ്മെന്റിലും കെയ്സ് സ്റ്റഡികൾ ഉൾപ്പെടെ വിദഗ്ധ പരിശീലനം നൽകേണ്ടതുണ്ട്. പ്രോജക്ട് തയ്യാറാക്കൽ, നടപടിക്രമങ്ങൾ, ഉപകരണങ്ങളുടെ നിയന്ത്രണം, എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള മറ്റു നിയമങ്ങൾ എന്നിവ നടപ്പാക്കുന്നതിനായി അടിസ്ഥാന മാനേജീരിയൽ ഭരണ വൈദഗ്ധ്യം മുതിർന്ന വിദഗ്ധ അംഗങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതുണ്ട്. മെഡിക്കൽവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നഴ്സിംഗ് സ്റ്റാഫിന്റെ പരിശീലനവും ഈ പദ്ധതിയിൽഉൾപ്പെട്ടിരിക്കുന്നു. 2021-22- ൽഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പദ്ധതിക്കും നഴ്സിംഗ് സ്റ്റാഫിന്റെ പരിശീലനത്തിനും മെഡിക്കൽ ഫോർമുലറി തയ്യാറാക്കൽ (ഒരു ആപ്ലിക്കേഷന്റെ പ്രസിദ്ധീകരണവും വികസനവും) എന്നിവയ്ക്കായി 142.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 24 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 25 ലക്ഷം രൂപ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ ശക്തിപ്പെടുത്തുന്നതിനായി ട്രെയിനിംഗിനായി വകയിരുത്തിയിരിക്കുന്നു.

### 59. ഇ-ഹെൽത്ത് പ്രോഗ്രാം

**(വിഹിതം : 1050.00 ലക്ഷം രൂപ)**

ഇ-ഹെൽത്ത് പദ്ധതി എന്നത് വിവര വിനിമയ സാങ്കേതികവിദ്യ ആരോഗ്യ മേഖലയിൽ പ്രയോജനപ്പെടുത്തലാണ്. ഇതിൽ ചികിത്സ, റിസർച്ച്, ആരോഗ്യ പ്രവർത്തകരുടെ ട്രെയിനിംഗ്, രോഗനിർണ്ണയം, പൊതുജനാരോഗ്യം നിരീക്ഷിക്കൽ എന്നിവ ഉൾപ്പെടുത്തുന്നു. കൂടാതെ രോഗിയുടെ രോഗവിവരങ്ങൾ മനസ്സിലാക്കൽ, വിവര വിനിമയം, പ്രാഥമിക-ദ്വിതീയ തൃതീയ മേഖലകൾ തമ്മിലും സ്വകാര്യ പൊതു മേഖലകളും തമ്മിലുമുള്ള യോജിച്ചുള്ള പ്രവർത്തനം, മെഡിക്കൽ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം, ഇലക്ട്രോണിക് റെഫറൽ സംവിധാനത്തിലൂടെ രോഗിയെ കുറിച്ചുള്ള വിവരങ്ങൾ പ്രാഥമിക മേഖലയിൽനിന്നും ദ്വിതീയ മേഖലയിലെ ചികിത്സകന് തടസ്സമില്ലാതെ എത്തിക്കൽ, മെഡിക്കൽ റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ എന്നിവയും ഉൾപ്പെടുന്നു. ഇ-ഹെൽത്ത് വൈജ്ഞാനികവും നിർവ്വഹണാധിഷ്ഠിതവും പരിവർത്തികവുമാണ്. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന തുകയുള്ള മാച്ചിംഗ് ഗ്രാന്റായും കേന്ദ്രവിഹിതം ലഭ്യമാകാത്ത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനും 2021-22-ൽ 1050 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 60. പാരാമെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ശാക്തീകരണം

**(വിഹിതം : 65.00 ലക്ഷം രൂപ)**

ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സുകൾ, ബിരുദാനന്തര ബിരുദ കോഴ്സുകൾ, ബിരുദ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിങ്ങനെ 14 പാരാമെഡിക്കൽ കോഴ്സുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു. ഈ കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ മെഡിക്കൽ കോളേജുകളിൽ അപര്യാപ്തമാണ്. ഇവയ്ക്ക് പ്രത്യേക ക്ലാസ്സ്മുറികൾ, ഹോസ്റ്റലുകൾമറ്റ് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും ഘട്ടം ഘട്ടമായി ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2021-22-വർഷത്തിൽ 65.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ഉപകരണങ്ങളുടെ അറ്റകുറ്റപണി, അധ്യാപന സൗകര്യങ്ങൾ, പുസ്തകങ്ങൾ, ഫർണിച്ചറുകൾ വാങ്ങൽ എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

### 61. ബിരുദ / ബിരുദാനന്തര മെഡിക്കൽ, പാരാമെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമാണവും പുനരുദ്ധാരണവും

**(വിഹിതം : 500.00 ലക്ഷം രൂപ)**

ബിരുദ / ബിരുദാനന്തര മെഡിക്കൽ, പാരാമെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 2021-22 - ൽ 500.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമാണം, ചുറ്റമതിൽനിർമാണം, നിലവിലുള്ള ഹോസ്റ്റലുകളുടെ നവീകരണം എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

### 62. ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനികവൽക്കരണവും

**(വിഹിതം : 350.00 ലക്ഷം രൂപ)**

മരുന്നുകൾ കൈകാര്യം ചെയ്യുന്ന ചക്രത്തിലെ ഒരു പ്രധാന ഘടകമാണ് മരുന്ന് സൂക്ഷിച്ചുവയ്ക്കൽ. ശരിയായ രീതിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതുമൂലം അവ ചീത്തയാകുന്നതും മലിനമാകുന്നതും വികലമായി അണുബാധയേൽക്കുന്നതും മോഷണം, നഷ്ടപ്പെടൽമുതലായവ മൂലമുള്ള നഷ്ടം ഒഴിവാക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും സാധിക്കുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സൂക്ഷിക്കാത്ത മരുന്നുകൾക്ക് രോഗം ശമിപ്പിക്കൽ ശേഷി കുറയും. അവ വിഷമയമാകാനുള്ള സാധ്യതയും ഉണ്ട്. മരുന്നുകൾ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം മിക്കവാറും ആശുപത്രികളിൽ ലഭ്യമല്ല. ആശുപത്രികളിലെ മരുന്നു ശേഖരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. 2021-22-വർഷത്തിൽ തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 63. മെഡിക്കൽകോളേജുകളിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും

**(വിഹിതം : 3000.00 ലക്ഷം രൂപ)**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ അധികവും 50 വർഷത്തിലധികം പഴക്കമുള്ളതും ആശുപത്രികൾ, കോളേജ് കെട്ടിടം, ഹോസ്റ്റലുകൾ എന്നിവ തുടർച്ചയായി അറ്റകുറ്റ പണികൾ ആവശ്യമായിട്ടുള്ളവയുമാണ്. പെയിന്റിംഗ്, തറയിടൽ, റീപ്ലാസ്റ്ററിംഗ്, റീ-റൂഫിംഗ്, ഇലക്ട്രിക് ജോലികൾ, സാനിറ്ററി ഫിറ്റിംഗ്സ് മാറ്റി സ്ഥാപിക്കൽ, പ്ലംബിംഗ് ജോലികൾ എന്നിവ പൊതുജനങ്ങളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സുരക്ഷിതത്വത്തിൻ അത്യാവശ്യമാണ്. മെഡിക്കൽ കോളേജിലെ വിലയേറിയ ഉപകരണങ്ങൾ മിക്കവയും ഇറക്കുമതി ചെയ്യപ്പെട്ടവയും അറ്റകുറ്റപ്പണികൾ അംഗീകൃത വിതരണക്കാർക്കോ നിർമ്മാതാവിനോ മാത്രം ചെയ്യാൻ കഴിയുന്നതുമാണ്. ആയതിനാൽ വിലയേറിയതും സങ്കീർണ്ണവുമായ ഇത്തരം ഉപകരണങ്ങൾ തടസ്സം കൂടാതെ പ്രവർത്തിക്കുന്നതിൻ സി.എ.എം.സി / എ.എം.സി. നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ പദ്ധതിയ്ക്കായി 2021-22-വർഷത്തിൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 64. രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ

**(വിഹിതം : 525.00 ലക്ഷം രൂപ)**

സർക്കാർ മെഡിക്കൽകോളേജുകൾ വിവിധ തരത്തിലുള്ള സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. എന്നാൽ ചുറ്റുപാടുകൾ നല്ല രീതിയിൽ പരിപാലിക്കാൻ കഴിയാത്തതിനാൽ ഇതിനെ ഉദ്ദേശിക്കുന്ന നിലവാരത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല. ആയതിനാൽ ആശുപത്രികളുടെ പരിസ്ഥിതി ആരോഗ്യകരവും ആകർഷകവുമായ രീതിയിൽപരിപാലിച്ച് രോഗീ സൗഹൃദമാക്കേണ്ടതുണ്ട്. ഇതിനായി വൃത്തിയുള്ള കക്കൂസുകൾ, കുളിമുറികൾ, ഒ.പി. വാർഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും കൂടി തുക വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2021-22-വർഷത്തിൽ 525 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 65. മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷനൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾനൽകൽ

**(വിഹിതം : 1000.00 ലക്ഷം രൂപ)**

മെഡിക്കൽ റേഡിയോളജിയിൽ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന സവിശേഷ ശാഖയാണ് ഇന്റെർവെൻഷണൽ റേഡിയോളജി. ഇതിൽ ഇമേജ് മാർഗ നിർദ്ദേശം നൽകുന്ന നടപടിക്രമങ്ങളിലൂടെ റേഡിയോളജിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് വിവിധ രോഗങ്ങളെ പകർച്ചാനിരക്ക് കുറച്ചുകൊണ്ട് ചികിത്സിക്കാവുന്നതാണ്. പല സന്ദർഭങ്ങളിലും ഇത്തരം നടപടിക്രമങ്ങൾ ചെലവു കുറവും പരമ്പരാഗത ശസ്ത്രക്രിയ / ചികിത്സയ്ക്ക് പകരംവെയ്ക്കാൻ അനുയോജ്യവുമാണ്. സി.റ്റി. സ്കാനറുകളും, 4 ഡി യു.എസ്.ജി യോടുകൂടിയ കളർ ഡോപ്ലർ സൗകര്യവും ഡിജിറ്റൽസബ്സ്ട്രാക്ഷൻ ആൻജിയോഗ്രഫി സൗകര്യമുള്ള ആൻജിയോഗ്രഫി മെഷീനുകളുമാണ് ഇമേജ് ഗൈഡൻസിനുപയോഗിക്കുന്ന പ്രധാന ഉപകരണങ്ങൾ. തിരുവനന്തപുരം മെഡിക്കൽകോളേജിൽസ്പെക്റ്റ് സി.ടി. സ്കാനറുകൾ വാങ്ങുന്നതിനും കൊല്ലം മെഡിക്കൽ കോളേജിൽ എം.ആർ.ഐ. സ്കാനർ, ഡിജിറ്റൽ റേഡിയോഗ്രഫി, ഫ്ലൂറോസ്കോപ്പി സിസ്റ്റം എന്നിവ വാങ്ങുന്നതിനും 2021-22 വർഷത്തിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 66. മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ സൗകര്യങ്ങൾശക്തിപ്പെടുത്തൽ

**(വിഹിതം : 355.00 ലക്ഷം രൂപ)**

ദേശീയ പാതയ്ക്ക് സമീപം പൊതു ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ ഭാഗമായി ട്രോമാകെയർ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള കാര്യശേഷി വികസനത്തിനായി പതിനൊന്നാം പദ്ധതിയിൽ100% ധനസഹായത്തോടെയുള്ള പദ്ധതിയ്ക്ക് ഭാരത സർക്കാർ സഹായം നൽകിയിരുന്നു.

കേരളത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽകോളേജുകളിൽയഥാക്രമം ഒന്നാം തലം, രണ്ടാം തലമായി പദ്ധതി അനുവദിച്ചു. പദ്ധതിയ്ക്കു കീഴിൽട്രോമാ കെയർ സൗകര്യങ്ങൾനാല്ല തലങ്ങളായി വർഗ്ഗീകരിച്ചു. നാലാം തലത്തിലെ ട്രോമാ കെയറിൽമനുഷ്യ വിഭവം ഉൾപ്പെടെയുള്ള മൊബൈൽ ആംബുലൻസുകൾ അനുയോജ്യമായ രീതിയിൽ പൂർണമായി സജ്ജീകരിക്കും. മൂന്നാം തലം ട്രോമാ കെയറിൽ100 മുതൽ200 വരെ കിടക്കകളുള്ള ജില്ലാ/താലൂക്ക് ആശുപത്രികളെയാണ് തിരഞ്ഞെടുക്കുന്നത്. അടിയന്തിര വിഭാഗം, തീവ്ര പരിചരണ യൂണിറ്റ്, ബ്ലഡ് ബാങ്ക്, പുനരധിവാസ സേവനം, വിശാലവും സമഗ്രവുമായ രോഗ നിർണ്ണയ സൗകര്യങ്ങളും അനുബന്ധ സേവനങ്ങളും നൽകികൊണ്ട് അതീവ ഗുരുതര രോഗികൾക്ക് വേണ്ടി പരിചരണം നൽകുന്നതിന് സജ്ജീകരിച്ചിട്ടുള്ളതാണ് രണ്ടാം തലം ട്രോമാ കെയർ സൗകര്യം. നിലവിലുള്ള മെഡിക്കൽകോളേജ് ആശുപത്രികൾ അല്ലെങ്കിൽ 300 മുതൽ 500 വരെ കിടക്കകളുള്ള ആശുപത്രികളെയാണ് രണ്ടാം തലം ട്രോമാ കെയറിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഒന്നാം തലം ട്രോമാ കെയർ സൗകര്യം സങ്കീർണ്ണമായ മുറിവ് പറ്റിയിട്ടുള്ള രോഗികൾക്ക് സമഗ്രവും ഉന്നത നിലവാരവുമുള്ള ചികിത്സ നൽകും. ഇവ പ്രത്യേക ആരോഗ്യ പരിചരണം ആവശ്യമുള്ള രോഗികളെ റെഫർ ചെയ്യുന്ന തൃതീയ പരിചരണ കേന്ദ്രങ്ങളുമാണ്. കേന്ദ്ര പദ്ധതിയ്ക്ക് കീഴിൽവരാത്ത മെഡിക്കൽ കോളേജുകളെ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന നിലവാരത്തിലേക്കുയർത്തുവാൻ സംസ്ഥാനം തുക നൽകേണ്ടതുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഒന്നാംതല സെന്റർ ആയും തൃശ്ശൂർ, എറണാകുളം, കോട്ടയം മെഡിക്കൽ കോളേജുകളെ രണ്ടാംതല സെന്റർ ആയും വികസിപ്പിക്കേണ്ടതുണ്ട്. പദ്ധതിയ്ക്ക് 2021-22 വർഷത്തിൽ 355.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 67. ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ സമഗ്ര പക്ഷാഘാത കേന്ദ്രം

**(വിഹിതം : 100.00 ലക്ഷം രൂപ)**

സാംക്രമികേതര രോഗങ്ങളായ ഉയർന്ന രക്താതിസമ്മർദ്ദവും ടൈപ്പ് 2 പ്രമേഹവും കേരളത്തിൽ വളരെ വ്യാപകമാണ്. ഇത്തരം ജീവിത ശൈലീ രോഗങ്ങൾവർദ്ധിച്ചു വരുന്ന കൊറോണറി ഹൃദയ രോഗങ്ങളിലേക്കും പക്ഷാഘാതത്തിലേക്കും നയിക്കുന്നു. ഉയർന്ന മരണ നിരക്കിലേക്ക് മാത്രമല്ല രോഗികളെ ശാരീരിക വൈകല്യത്തിലേക്കും നയിക്കുന്ന ഒരു വിനാശകാരിയായ രോഗമാണ് പക്ഷാഘാതം. യഥാർത്ഥത്തിൽ പക്ഷാഘാതം നാഡിവ്യൂഹത്തെ അടിയന്തിമായി ബാധിക്കുന്നതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ ഈ രോഗത്തെ കൈകാര്യം ചെയ്യേണ്ടതുണ്ട്. കേരളത്തിൽ കൂടുതൽമരണത്തിനും ശാരീരിക അംഗവൈകല്യത്തിനും പ്രധാന കാരണങ്ങളിൽമൂന്നാം സ്ഥാനമാണ് പക്ഷാഘാത രോഗത്തിനുള്ളത്. പക്ഷാഘാതത്തെ അടിയന്തിരമായി നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലൂടെ പക്ഷാഘാതം മുഖേനയുള്ള മരണവും ശാരീരിക വൈകല്യങ്ങളും കുറയ്ക്കാനാകും. അർഹരായ രോഗികൾക്ക് രോഗം ഭേദമാകുന്നതിനുള്ള മരുന്ന് നൽകും. പക്ഷാഘാത രോഗികളെ പരിചരിക്കുന്നതിന് പക്ഷാഘാത തീവ്ര പരിചരണ യൂണിറ്റ് അത്യാവശ്യമാണ്. അതിനാൽപ്രസ്തുത ആവശ്യത്തിലേക്ക് ആലപ്പുഴ മെഡിക്കൽകോളേജിൽ സമഗ്ര പക്ഷാഘാത കേന്ദ്രം ആരംഭിക്കുന്നതിന് 2021-22 വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 68. എല്ലാ മെഡിക്കൽകോളേജുകളിലും ഭിന്നശേഷി-വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ

**(വിഹിതം : 500.00 ലക്ഷം രൂപ)**

മുൻപ് സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാ മെഡിക്കൽ കോളേജുകളും ഭിന്നശേഷി / വയോജന സൗഹൃദ രീതിയിലല്ല നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ എല്ലാ മെഡിക്കൽകോളേജുകളിലും ഭിന്നശേഷി / വയോജന സൗഹൃദ പരിതസ്ഥിതി സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു. എല്ലാ മെഡിക്കൽകോളേജുകളിലും ഭിന്നശേഷി-വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കുന്നതിന് 2021-22 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 69. കേന്ദ്രസഹായം ലഭ്യമാകുന്ന പദ്ധതികൾക്കുള്ള മാച്ചിംഗ് ഗ്രാൻറ്

**(വിഹിതം : 50.00 ലക്ഷം രൂപ)**

2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനകൈമാറ്റ ക്രമത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. കേന്ദ്രസർക്കാർ പ്രത്യേകമായി ധനകൈമാറ്റ ക്രമം നിശ്ചയിച്ചിട്ടില്ലാത്ത പദ്ധതികൾസംസ്ഥാനങ്ങൾനടപ്പിലാക്കണമെന്ന് നിർബന്ധമില്ലാത്തതും അവയുടെ കേന്ദ്രസംസ്ഥാന വിഹിതം യഥാക്രമം 50:50 ആയിരിക്കും. ഇപ്രകാരം മാറ്റം വരുത്തിയ ധനകൈമാറ്റ ഫോർമുല പ്രകാരം ഡി.എം.ഇ.-ക്ക് സംസ്ഥാന വിഹിതം ആവശ്യമാണ്. 2021-22 വർഷത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകാൻ സാധ്യതയുള്ള മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സംസ്ഥാന വിഹിതം വകയിരുത്തുന്നതിനാണ് ഡി.എം.ഇ-ക്ക് ഈ തുക അനുവദിച്ചിരിക്കുന്നത്. അനുവദിച്ചിരിക്കുന്ന തുക മുൻഗണനാടിസ്ഥാനത്തിൽ ചെലവഴിക്കേണ്ടതാണ്. 2021-22 വർഷത്തിൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് ആനുപാതികമായി സംസ്ഥാന വിഹിതം അധികമായി അനുവദിക്കുന്നതാണ്. ഇത്തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

- ഫാർമസി സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും

### 70. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽഎഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (സിമെറ്റ്)

**(വിഹിതം : 65.00 ലക്ഷം രൂപ)**

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള ഒരു സ്വാശ്രയ സ്ഥാപനമാണ് സീമാറ്റ്. വൈദ്യശാസ്ത്ര മേഖലയിലെ 3 വിഭാഗങ്ങളായ ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, ഹോമിയോപ്പതി എന്നിവയിലെ മെഡിക്കൽ പാരാമെഡിക്കൽ മേഖലയിൽ അറിവ് നേടുകയും കൈമാറുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സീമാറ്റ് 4 നഴ്സിംഗ് കോളേജുകൾസ്ഥാപിച്ചിട്ടുണ്ട്. 2021-22-ൽനിലവിലുള്ള നഴ്സിംഗ് കോളേജുകളുടെയും ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി സീമാറ്റിന് 65.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 71. മെഡിക്കൽ കോളേജുകളിൽ രക്ത സുരക്ഷ ഉറപ്പാക്കൽ

**(വിഹിതം: 60.00 ലക്ഷം രൂപ)**

ആധുനികവൽക്കരണത്തിന്റെയും ഗുണനിലവാര നിയന്ത്രണ സംവിധാനത്തിന്റേയും ഭാഗമായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഇതിനകം തന്നെ കേരളത്തിലെ ബ്ലഡ് ബാങ്കുകളുടെ ഓട്ടോമേഷൻ ആരംഭിച്ചു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന മെഡിക്കൽ കോളേജുകളിലെ ബ്ലഡ് ബാങ്കുകളുടെ ആധുനിക വൽക്കരണത്തിന്റെയും ഗുണനിലവാര നിയന്ത്രണ സംവിധാനത്തിന്റെയും യന്ത്രവൽക്കരണത്തിനായി വിഹിതം നീക്കിവച്ചിരിക്കുന്നു. ആയതിനാൽ 60.00 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ കോളേജുകളിൽ രക്ത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വകയിരുത്തിയിരിക്കുന്നു.

### 72. കേരളത്തിൽ ഇൻഫെക്ഷസ് ഡിസീസസ് (സാംക്രമിക രോഗങ്ങൾ) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

**(വിഹിതം : 125.00 ലക്ഷം രൂപ)**

കേരളത്തിന്റെ ആരോഗ്യസംരക്ഷണ സംവിധാനത്തിന് വലിയ ഭീഷണിയാണ് പകർച്ചവ്യാധികളുടെ ആവിർഭാവവും പുനരാവിർഭാവവും. 2018-ൽ കോഴിക്കോട് പൊട്ടിപ്പുറപ്പെട്ട നിപ്പ വൈറസ് ബാധയും 2019 ലെ കൊറോണ വൈറസ് ബാധയും ഡോക്ടർമാരുടെ രോഗനിർണയ ചികിത്സാ പ്രാവീണ്യത്തെയും സംസ്ഥാനത്തെ അണുബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനത്തേയും വെല്ലുവിളിക്കുക മാത്രമല്ല; കേരളത്തിന്റെ ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ കണ്ണ് തുറപ്പിക്കുക കൂടി ആയിരുന്നു. ട്രോപ്പിക്കൽ ഫീവർ സിൻഡ്രോം രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വിധേയമാക്കുന്നതിനുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും

ഗവേഷണ പുരോഗതി കൈവരിക്കുന്നതിനുമുള്ള ലക്ഷ്യത്തോടെ കേരളത്തിൽ ഒരു ഇൻഫെക്ഷസ് ഡിസീസസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കേണ്ടതുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് പകർച്ചവ്യാധികൾ കൈകാര്യം ചെയ്യുന്നതിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ കുറവുണ്ട്. സംസ്ഥാനത്ത് ഒരു ഇൻഫെക്ഷസ് ഡിസീസസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിലൂടെ ഈ വിടവ് നികത്താൻ സാധിക്കുകയും പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട പരിശീലനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കാൻ കഴിയുകയും ചെയ്യും. അതുകൊണ്ട് ആലപ്പുഴയിൽ ഇൻഫെക്ഷസ് ഡിസീസസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ശിൽപ്പശാല, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ഡിപിആർ തയ്യാറാക്കൽ എന്നിവക്കായി 2021-22 ബജറ്റിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**73. എല്ലാ മെഡിക്കൽ കോളേജുകളിലും അഗ്നി സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ ഉറപ്പാക്കുക**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ഫയർ ആന്റ് സേഫ്റ്റി വകുപ്പ് നടത്തിയ സുരക്ഷാ ഓഡിറ്റിൽ തിരുവനന്തപുരം മെഡിക്കൽകോളേജിലെ സുരക്ഷാ നിലവാരത്തിൽ ധാരാളം അപര്യാപ്തതകൾചൂണ്ടികാട്ടിയിട്ടുണ്ട്. മറ്റു മെഡിക്കൽ കോളേജുകളിലും സുരക്ഷാ നിലവാരങ്ങളുടെ അഭാവമുണ്ട്. നിർദേശിക്കപ്പെട്ടിട്ടുള്ള അഗ്നിസുരക്ഷാ നിലവാരം പാലിക്കുന്നതിന് നിലവിലെ കെട്ടിടത്തിൽ പര്യാപ്തമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. പ്രസ്തുത ആവശ്യം നിറവേറ്റുന്നതിന് 2021-22 വർഷത്തിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**74. മെഡിക്കൽ കോളേജുകളിൽ മോളിക്കുലാർ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കൽ**

**(വിഹിതം : 440.00 ലക്ഷം രൂപ)**

പല വൈറൽ, ബാക്റ്റീരിയൽ അണുബാധകളും ജനിതക രോഗങ്ങളും നേരത്തെ കണ്ടുപിടിക്കുന്നതിൽ മോളിക്കുലാർ രോഗ നിർണ്ണയ സങ്കേതങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ജനിതക രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ, കാൻസർ, ഫാർമകൊഗ്നോമിക്സ്, ഹ്യൂമൻ ലൂക്കൊസൈറ്റ് ആന്റിജൻ ടൈപ്പിംഗ് എന്നീ മേഖലകളിൽ ക്ലിനിക്കൽ പ്രായോഗികത കാണാൻ കഴിയും. മോളിക്കുലാർ ലാബ് രോഗാവസ്ഥകളും, ലക്ഷണങ്ങളും പെട്ടെന്ന് തിരിച്ചറിയുന്നതിലൂടെ അടിയന്തിരമായി ശരിയായ ചികിത്സ നൽകുന്നതിനുള്ള വിശ്വസനീയമായ ഉപാധിയാണ്. ഉന്നത നിലവാരത്തിലുള്ള ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2021-22 വർഷത്തിൽ 440.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**75. എല്ലാ മെഡിക്കൽ കോളേജിലും കൃത്യനിർവ്വഹണത്തിനായി വസിക്കുന്നവർക്ക് ക്വാർട്ടേഴ്സ്**

**(വിഹിതം : 200.00 ലക്ഷം രൂപ)**

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും റെസിഡൻഷ്യൽ സംവിധാനം ഇതിനകം നടപ്പാക്കിയിട്ടുണ്ട്. നിലവിലുള്ള താമസ സൗകര്യങ്ങൾ പര്യാപ്തമല്ല. അതിനാൽ താമസക്കാർ, ഡോക്ടർമാർ, പിജി വിദ്യാർത്ഥികൾ എന്നിവരുടെ താമസത്തിനായി ബഹുനില റെസിഡൻഷ്യൽ ഫ്ലാറ്റുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനായി സ്റ്റഡിയോ അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിന് 2021-22 കാലയളവിൽ 200.00 ലക്ഷം' രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

**76. അപെക്സ് ട്രോമ & എമർജൻസി ലേണിംഗ് സെന്റർ**

**(വിഹിതം : 300.00 ലക്ഷം രൂപ)**

കേരളത്തിലുടനീളമുള്ള ട്രോമാ, എമർജൻസി കെയർ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള സർക്കാർ കർമപദ്ധതിയുടെ ഭാഗമായി ടാറ്റ ട്രസ്റ്റുകളുമായി സഹകരിച്ച് ഡി.എം.ഇ. നടപ്പിലാക്കുന്ന പദ്ധതിയാണ് അപെക്സ് എമർജൻസി ആൻഡ് ട്രോമ ലേണിംഗ് സെന്റർ. ദുരന്തം ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങളുടെ പരിചരണത്തിൽ അനുഭവവും സിമുലേഷൻ

അടിസ്ഥാനമാക്കിയുള്ള കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിന് പ്രവർത്തിപരിചയം നൽകുന്ന ഒരു സിമുലേഷൻ അധിഷ്ഠിത പഠന കേന്ദ്രമാണ് ട്രോമാ സെന്റർ. ലോകമെമ്പാടുമുള്ള മരണകാരണങ്ങളിൽ പ്രധാനപ്പെട്ടത് പെട്ടെന്നുണ്ടാകുന്ന ആഘാതമായതിനാൽ ആരോഗ്യ പ്രവർത്തകരും പൊതുജനങ്ങളും അത്തരം വെല്ലുവിളികൾക്ക് തയ്യാറായിരിക്കേണ്ടതാണ്. വിവിധ വിഭാഗത്തിലുള്ള ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിന് ഘടനാപരമായ പാഠ്യപദ്ധതി തയ്യാറാക്കുക, ഈ നൈപുണ്യം നിലനിർത്തുന്നതിന് തുടർപരിശീലന പരിപാടികൾ നൽകുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. സമയബന്ധിതമായ ഇടപെടലുകളും പൊതുജനങ്ങൾക്കും പോലീസിനും ഉചിതമായ ട്രാൻസ്ഫർ പ്രോട്ടോക്കോളുകളും പരിശീലന പരിപാടിയുടെ ദീർഘകാല ദർശനമാണ്. പരിശീലന പരിപാടിയുടെ ആദ്യ രണ്ട് വർഷം സർക്കാർ മേഖലയിലെ ആരോഗ്യ പ്രവർത്തകർക്ക് മാത്രമായിരിക്കും, അതിൽ ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ, ആംബുലൻസ് ഡ്രൈവർമാർ എന്നിവരും ഉൾപ്പെടുന്നു. ആദ്യ രണ്ട് വർഷത്തിനുള്ളിൽ ഒൻപതിനായിരത്തോളം ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അതിനുശേഷം, ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ വിദ്യാർത്ഥികൾക്കും റെസിഡന്റ്മാർക്കും നഴ്സിംഗ് വിദ്യാർത്ഥികൾക്കും മറ്റ് മെഡിക്കൽ സ്ട്രീമുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും പരിശീലനം നൽകും. പ്രോഗ്രാം ഒരു സർട്ടിഫിക്കറ്റ് കോഴ്സായി നടത്തുകയും ഡിഎംഇ സാധൂകരിക്കുകയും ചെയ്യും. ധാരണാപത്രത്തിന്റെ ഭാഗമായി ടാറ്റ ട്രസ്റ്റ് 2 വർഷത്തേക്ക് അടിസ്ഥാന സൗകര്യ വികസനവും പരിപാലനവും ആദ്യ രണ്ട് വർഷത്തേക്കുള്ള പരിശീലനം, പരിശീലകരുടെ പരിശീലനം, പരിശീലനത്തിനുള്ള മനുഷ്യശക്തി, പഠന മൊഡ്യൂളുകൾ, അധ്യാപന സഹായങ്ങൾ, വർക്ക്ബുക്കുകൾ, ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തിലുള്ള റിഫ്രഷർ പ്രോഗ്രാമുകൾ എന്നിവ നൽകുന്നതാണ്. ഡി.എം.ഇ., ഡി.എച്ച്.എസ്. എന്നീ വകുപ്പുകളിൽ നിന്നുള്ള പരിശീലകരുടെ പട്ടിക, ഭക്ഷണം, താമസം, പ്രോഗ്രാം നടത്തിപ്പിനുള്ള സൗകര്യങ്ങൾ എന്നിവ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നൽകും. 2021-22 കാലയളവിൽ 300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**സ്വയംഭരണ സ്ഥാപനങ്ങൾ**

**77. ചൈൽഡ് ഡവലപ്മെന്റ് സെന്റർ**

**(വിഹിതം : 260.00 ലക്ഷം രൂപ)**

ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി) ദേശീയതലത്തിൽ ബാല്യകാല വൈകല്യങ്ങൾതടയുന്നതിനായുള്ള നോഡൽ റഫറൽ കേന്ദ്രമായും പരിശീലന കേന്ദ്രമായും പ്രവർത്തിക്കുന്നു. ചൈൽഡ് ഡവലപ്മെന്റ് സെന്റർ കുഞ്ഞുങ്ങളുടെ സുരക്ഷ, വിദ്യാഭ്യാസം, കൗമാരക്കാരുടെ പരിരക്ഷ, വിവാഹപൂർവ്വ കൗൺസിലിംഗ്, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും അനുബന്ധ വിഷയങ്ങളിലും പിന്തുണ നൽകുക തുടങ്ങിയവ നിർവ്വഹിക്കുന്നു. 2021-22-ൽ അറ്റകുറ്റപണികൾ, നിർമ്മാണ പ്രവർത്തനങ്ങൾ, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, ഉപകരണങ്ങളും ഫർണീച്ചറുകളും വാങ്ങുന്നതിനും, റിസർച്ച്, ട്രെയിനിംഗ്, സ്പെഷ്യാലിറ്റി ക്ലിനിക്, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മറ്റു അനാവർത്തന ഓഫീസ് ചെലവുകൾ എന്നിവക്കായി 260.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**78. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റേയും അഖിലേന്ത്യാ ഡയബറ്റിക് ഫൗണ്ടേഷന്റെയും സംയുക്ത സംരംഭമായി 2001-ൽ തിരുവന്തപുരത്തെ പുലയനാർ കോട്ടയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് സ്ഥാപിതമായി. പ്രമേഹരോഗികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് പ്രമേഹരോഗികൾക്കും ആരോഗ്യപരിചരണം നൽകുന്നവർക്കും വിദ്യാഭ്യാസം നൽകുകയും ഈ മേഖലയിൽ ഗവേഷണം നടത്തുകയും ചെയ്യുന്നു. 2021-22-ൽകേരളത്തിൽ മുതിർന്നവരിലെ പ്രമേഹ രോഗത്തിന്റെ ആരംഭവും കാരണവും ക്ലിനിക്കൽ

പ്രൊഫൈലും സംബന്ധിച്ച ആശുപത്രി അധിഷ്ഠിത പഠനം, പുറംരോഗികളായ ടൈപ്പ് 2 പ്രമേഹ രോഗികളിൽ ഓസ്റ്റിയോപൊറോസിന്റെ വ്യാപ്തി സംബന്ധിച്ച ആശുപത്രി അധിഷ്ഠിത വ്യാപ്തി പഠനം, ലബോറട്ടറി വിപുലീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ആശുപത്രി കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം, കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ മെഡിസിൻ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കും മെഡിക്കൽ പ്രാക്ടീഷണർമാർക്കും ഡയബറ്റോളജി കോഴ്സ്, കേരളത്തിലെ സ്ത്രീകൾക്കിടയിൽ ഗർഭാവസ്ഥയിലുള്ള പ്രമേഹം അതിന്റെ അപകടസാധ്യത പ്രതിരോധ തന്ത്രങ്ങൾ എന്നിവ സംബന്ധിച്ച പഠനം എന്നിവയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**79. മലബാർ ക്യാൻസർ സെന്ററിന് ധനസഹായം**

**(വിഹിതം : 2500.00 ലക്ഷം രൂപ)**

കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ക്യാൻസർ ചികിൽസയും പരിചരണവും നൽകുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ടതാണ് ഈ സ്ഥാപനം. 2021-22-ൽമലബാർ ക്യാൻസർ സെന്ററിൻ ഇനി പറയുന്ന പ്രവർത്തനങ്ങൾക്കായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | 3 ടി എം.ആർ.ഐ., ഡെക്സ സ്കാൻ എന്നിവ വാങ്ങുക |
| 2 | മാമോഗ്രാമിന്റെ അപ്ഗ്രേഡേഷൻ |
| 3 | പുതിയ ഒപി ബ്ലോക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ |
| 4 | ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ വികസനം |
| 5 | മെഡിക്കൽ ലൈബ്രറിയുടെ വികസനം |
| 6 | നഴ്സിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക |
| 7 | ഹോസ്പിറ്റൽ ക്വാളിറ്റി അഷ്വറൻസ് പ്രോഗ്രാം നടപ്പിലാക്കൽ |
| 8 | ആശുപത്രി അണുബാധ നിയന്ത്രണ പരിപാടി |
| 9 | ഓങ്കോ നഴ്സിംഗ് വകുപ്പിനെ ശക്തിപ്പെടുത്തുക |
| 10 | ദന്തചികിത്സയും പുനരധിവാസവും ശക്തിപ്പെടുത്തുക |
| 11 | ട്രസ് & റൂഫിംഗ് ജോലിയും ഐ.പി. ബ്ലോക്കിന്റെയും ചികിത്സാ ബ്ലോക്കിന്റെയും ആന്തരികവും ബാഹ്യവുമായ ഫിനിഷിംഗ് ജോലികൾ |
| 12 | നഴ്സിംഗ് കോളേജിന്റെ നിർമ്മാണം - രണ്ടാം ഘട്ടം |
| 13 | പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണം - അഗ്നിരക്ഷാ സംവിധാനം |
| 14 | കമ്മ്യൂണിറ്റി ഓങ്കോളജി / സബ്സ്റ്റേഷൻ, പുരുഷ-സ്ത്രീ ശസ്ത്രക്രിയ വാർഡുകൾ, ഒ.ടി. ഏരിയ എന്നിവയുടെ വാട്ടർ പ്രൂഫിംഗ് വർക്ക് |
| 15 | ഹോസ്പിറ്റൽ ബ്ലോക്ക് പെയിന്റിംഗ് ജോലികൾ- ട്രീറ്റ്മെന്റ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക്, ഡോർമിറ്ററി, ഡയറക്ടറുടെ വസതിയുടെ അറ്റകുറ്റപണികൾ |

| | |
|---|---|
| 16 | റേഡിയേഷൻ ഓങ്കോളജി വിഭാഗത്തെ ശക്തിപ്പെടുത്തുക |
| 17 | ജനിതകശാസ്ത്ര വിഭാഗത്തെ ശക്തിപ്പെടുത്തൽ |
| 18 | വിവരസാങ്കേതിക വിദ്യ ശക്തിപ്പെടുത്തുക |
| 19 | ശസ്ത്രക്രിയാ ഓങ്കോളജി വികസിപ്പിക്കൽ |
| 20 | വടക്കൻ മലബാർ മേഖലയ്ക്കുള്ള കേന്ദ്രീകൃത ലബോറട്ടറിയുടെ വികസനം |
| 21 | ബ്ലഡ് ബാങ്ക് മെച്ചപ്പെടുത്തൽ |
| 22 | മെഡിക്കൽ റെക്കോർഡ് വിഭാഗം ശക്തിപ്പെടുത്തുക |
| 23 | ഫാർമസി ശക്തിപ്പെടുത്തുക |
| 24 | മൈക്രോബയോളജിക്കുള്ള ഉപകരണങ്ങൾ |
| 25 | എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി & എം.എസ്.സി. മൈക്രോബയോളജി കോഴ്സുകൾക്കുള്ള ഉപകരണങ്ങൾ, ഫർണിച്ചർ, മറ്റ് സൗകര്യങ്ങൾ |

**80. കേരള ആരോഗ്യ സർവ്വകലാശാല**

**(വിഹിതം : 1200.00 ലക്ഷം രൂപ)**

വൈദ്യശാസ്ത്ര അനുബന്ധ വിഷയങ്ങളിലെ വിവിധ അക്കാഡമിക് പരിപാടിയിൽസമാനത കൈവരിക്കുക, ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദം എന്നീ വിഭാഗങ്ങളിൽ ശരിയായതും ശാസ്ത്രീയവുമായ അദ്ധ്യാപനവും പരിശീലനവും ഗവേഷണവും ഉറപ്പുവരുത്തുക എന്നീ ഉദ്ദേശത്തോടെയാണ് കേരള ആരോഗ്യ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് 2021-22 വർഷത്തിൽ 1200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | തൃശ്ശൂരിലെ കെ.യു.എച്ച്.എസ് കാമ്പസിൽ അഡ്വാൻസ്ഡ് സെന്റർ ഫോർ എപ്പിഡെമിയോളജി ആൻഡ് ഡിസീസ് കൺട്രോൾ (എസിഇഡിസി) സ്ഥാപിക്കൽ |
| 2 | തൃശ്ശൂർ കെ.യു.എച്ച്.എസ് കാമ്പസിലെ അടിസ്ഥാന സൗകര്യ വികസനം |
| 3 | തൃശ്ശൂരിലെ കെയുഎച്ച്എസ് കാമ്പസിലെ ഐടി ഇൻഫ്രാസ്ട്രക്ചറിന്റേയും ഓഫീസ് ഓട്ടോമേഷന്റേയും പരിപാലനവും ശക്തിപ്പെടുത്തലും |
| 4 | കെയുഎച്ച്എസ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ക്ലിനിക്കൽ സിമുലേഷൻ ലാബ് സ്ഥാപിക്കൽ - ഘട്ടം -2 |
| 5 | തൃശ്ശൂരിലെ കെ.യു.എച്ച്.എസ് കാമ്പസിലെ ജീവനക്കാർക്കായി ഡോർമിറ്ററി തരത്തിലുള്ള താമസസൗകര്യം |
| 6 | തൃശ്ശൂരിലെ കെ.യു.എച്ച്.എസ് കാമ്പസിലെ സ്റ്റാഫ് ക്വാർട്ടേഴ്സിനായി മലിനജല പരിപാലന പ്ലാന്റ് സ്ഥാപിക്കൽ |
| 7 | തൃശ്ശൂരിലെ കെ.യു.എച്ച്.എസ് കാമ്പസിലെ മഴവെള്ള സംഭരണ കുളത്തിലേക്ക് പൈപ്പ് |

| | |
|---|---|
| | ലൈൻ |
| 8 | തൃശ്ശൂരിലെ കെ.യു.എച്ച്.എസ് കാമ്പസിൽ ചുറ്റുമതിൽനിർമാണം |
| 9 | തിരുവനന്തപുരത്തെ സ്കൂൾ ഓഫ് ഹെൽത്ത് പോളിസി ആന്റ് പ്ലാനിംഗിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണപൂർത്തീകരണം |
| 10 | തൃപ്പൂണിത്തുറയിലെ ആയുർവേദ സ്കൂൾ ഓഫ് റിസർച്ചിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം |
| 11 | സർവകലാശാലയുടെ വിവിധ സ്കൂളുകളുടേയും കേന്ദ്രങ്ങളുടേയും ഗവേഷണ പദ്ധതികൾ |

**81. കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിനുള്ള ധനസഹായം**

**(വിഹിതം : 1300.00 ലക്ഷം രൂപ)**

കാൻസർ മനുഷ്യന് ഒരു വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സർക്കാർ എറണാകുളം മെഡിക്കൽകോളേജിൻ സമീപത്ത് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ആശുപത്രിയുടെ ഒന്നാം ഘട്ടം പൂർത്തിയാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, അറ്റകുറ്റപണികൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫുകളുടെ പരിശീലനം, അനാവർത്തന ആശുപത്രി-ഭരണ ചെലവുകൾ എന്നിവയ്ക്കായി 2021-22-ൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് ‘ 1300.00 ലക്ഷം’ രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനുപുറമെ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്. 1. എറണാകുളം ജില്ലാ കാൻസർ നിയന്ത്രണ പരിപാടിക്കായി ലബോറട്ടറി സേവനങ്ങൾ സ്ഥാപിക്കൽ 2. മധ്യ കേരള ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രിയും ആശുപത്രി അധിഷ്ഠിത കാൻസർ രജിസ്ട്രിയും.

**82. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)**

**(വിഹിതം : 360.00 ലക്ഷം രൂപ)**

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ഇംഹാൻസിനെ ഉൾപ്പെടുത്തി ഭാരതസർക്കാർ അടിസ്ഥാന സൗകര്യ വികസനത്തിനും ഫാക്കൽറ്റി സപ്പോർട്ടിനും 30 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി നാല് നില കെട്ടിടം നിർമ്മിച്ചു. ക്ലിനിക്കൽ സേവനങ്ങൾ, ക്ലാസ് റൂം, സെമിനാർ ഹാളുകൾ, ന്യൂറോസയൻസസ് ലൈബ്രറി, ആധുനിക ന്യൂറോസയൻസസ് ലബോറട്ടറി എന്നിവയുൾപ്പെട്ടതാണ് വിശാലമായ ഈ കെട്ടിടം. സൈക്കാട്രിക് സോഷ്യൽ വർക്ക്, ക്ലിനിക്കൽ സൈക്കോളജി, പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്കാട്രിക് നഴ്സിങ് എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്കാട്രി, ചൈൽഡ് സൈക്കാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വയനാട് ഗോത്ര മാനസികാരോഗ്യ പദ്ധതി, വികസന കുറവുള്ള പ്രീ സ്കൂൾ കുട്ടികൾക്ക് സമഗ്ര പരിചരണം നൽകുന്നതിനുള്ള പദ്ധതി, ചൈൽഡ് സൈക്യാട്രി ഇൻപേഷ്യന്റ് കെയർ യൂണിറ്റ് സ്ഥാപിക്കൽ, ഉപകരണങ്ങൾ, വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, മരുന്നുകൾ, പരിശീലന പരിപാടികൾ, വാഹനം വാടകക്കെടുക്കൽ, മറ്റ് അനാവർത്തന ചെലവുകൾ എന്നിവക്കായി 360.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തിയിരിക്കുന്നു. കോഴിക്കോട് സ്ഥിതിചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസ് -ൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ കെട്ടിടം

നിർമ്മിക്കുന്നതിനുള്ള ഒറ്റതവണ സഹായമായ 3 കോടി രൂപ ഇതിൽ ഉൾപ്പെടുന്നു. ഡയറക്ടർ, ഇംഹാൻസ് ഡി.എം.ഇ. വഴി സ്റ്റേറ്റ് ലെവൽ വർക്കിങ് ഗ്രൂപ്പിലേക്ക് ഡി.പി.ആർ. സമർപ്പിക്കേണ്ടതാണ്.

**ആയുഷ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

ഭാരതീയ ചികിത്സാ വകുപ്പ് ആയുർവ്വേദം, സിദ്ധ, യൂനാനി, യോഗ & പ്രകൃതിചികിത്സ എന്നീ വിഭാഗങ്ങളിലായി 130 ആശുപത്രികൾ, 817 ഡിസ്പെൻസറികൾ 24 സബ്സെന്ററുകൾഎന്നിവയിലൂടെ സംസ്ഥാനത്ത് സേവനം നടത്തിവരുന്നു. ഭാരതീയ ചികിത്സാ വകുപ്പിനായി 2021-22 വർഷത്തിൽ 4195.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**83. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തലും ആധുനികവൽക്കരണവും**

**(വിഹിതം : 2365.00 ലക്ഷം രൂപ)**

ഭാരതീയ ചികിത്സ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് 817 ഡിസ്പെൻസറികളും 130 ആശുപത്രികളും 24 സബ്സെന്ററുകളും പ്രവർത്തിക്കുന്നു. ഈ 130 ആശുപത്രികളിൽ 127 എണ്ണം ആയുർവേദ മേഖലയിലാണ്. സിദ്ധ സിസ്റ്റത്തിന് കീഴിൽ ഒരു സിദ്ധ ആശുപത്രിയും രണ്ട് സിദ്ധ യൂണിറ്റുകളും 6 സിദ്ധ ഡിസ്പെൻസറികളുമാണുള്ളത്. മലപ്പുറം ജില്ലയിലെ കോട്ടക്കലിൽ 50 കിടക്കകളോടുകൂടി മാനസികരോഗാശുപത്രിയാണ് വകുപ്പിനു കീഴിലുള്ള ഒരേയൊരു മാനസിക രോഗാശുപത്രി. പ്രകൃതി ചികിത്സാ വിഭാഗത്തിൽ 50 കിടക്കകളോട്ട കൂടിയ ആശുപത്രി തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും 10 കിടക്കകളോടുകൂടിയ ഒരു യൂണിറ്റ് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയിലും ഒരു ഡിസ്പെൻസറി കൊല്ലം ജില്ലയിലെ പുനലൂരിലും പ്രവർത്തിക്കുന്നു. പഞ്ചകർമ്മ വിഭാഗത്തിൽ20 കിടക്കകളോടുകൂടിയ ആശുപത്രി ആലപ്പുഴയിൽ പ്രവർത്തിക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും നിലവാരമുയർത്തുന്നതിനും ആധുനികവൽക്കരണത്തിനുമായി 2021-22 വർഷത്തിൽ 2365.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | ഘടക വിവരണം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആധുനിക വൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും | ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും വീഡിയോ കോൺഫറൻസ് സംവിധാനം, കമ്പ്യൂട്ടർ വാങ്ങൾ, അറ്റകുറ്റപണി ഉടമ്പടി, ആസൂത്രണ സംവിദാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ | 60 |

| | | | |
|---|---|---|---|
| 2 | ആശുപത്രികളുടെ ക്രമവൽക്കരണവും നിലവാരമുയർത്തലും | ആശുപത്രി ഉപകരണങ്ങൾ-ഘടകഭാഗങ്ങൾഎന്നിവ വാങ്ങൽ, മാലിന്യ സംസ്കരണം, നാപ്കിൻ ഇൻസിനരേറ്റർ, അഗ്നി, സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, കാഷ് നിലവാരം കൈവരിക്കുന്നതിനായി നിലവിലുള്ള സൂപ്പർസ്പെഷ്യാലിറ്റി യൂണിറ്റുകളുടെയും / ആശുപത്രികളുടെയും / ഡിസ്പെൻസറികളുടെയും നവീകരണ അറ്റകുറ്റപ്പണികൾ, ശുചീകരണ സൗകര്യങ്ങൾ, രോഗീസൗഹൃദ ആശുപത്രി സംരംഭം | 595 |
| 3 | മരുന്ന് വാങ്ങൽ | ആശുപത്രികൾ, ഡിസ്പെൻസറികൾഎന്നിവയ്ക്കായി മരുന്ന് വാങ്ങൽ | 400 |
| 4 | താൽക്കാലിക ഡിസ്പെൻസറികൾ | തീർത്ഥാടന കേന്ദ്രങ്ങളിലെ താൽക്കാലിക ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങുന്നതിനും മറ്റു ചെലവുകൾക്കും (ശബരിമല, പമ്പ, എരുമേലി, പന്തളം, അരുവിപ്പുറം, ശിവഗിരി, ആറ്റുകാൽ, കുരിശുമല, വള്ളിയൂർക്കാവ്, മാരാമൺ, ചെറുകോൽപ്പുഴ, കടപ്പുത്തൂർ, കൊട്ടിയൂർ, ഓച്ചിറ, ഏറ്റുമാനൂർ, ചെങ്ങന്നൂർ, പരുമല) | 100 |
| 5 | ഏറ്റവും നല്ല ഡോക്ടർമാർക്കുള്ള അവാർഡ് | ഏറ്റവും നല്ല ഡോക്ടർമാർക്കുള്ള അവാർഡ് | 2 |
| 6 | പരിശീലനം | ഐ.എസ്.എം. വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം | 20 |
| 7 | സ്നേഹധാര | ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ആറു ജില്ലകളിൽസമഗ്ര ആയുർവേദ സാന്ത്വന പരിചരണ പരിപാലനം. | 50 |
| 8 | സ്പെഷ്യാലിറ്റി യൂണിറ്റുകൾ | വയനാട് ജില്ലയിൽ സിക്കിൾസെൽ അനീമിയ യൂണിറ്റ്, ജില്ലകളിലെ വയോജന പരിപാലന കേന്ദ്രങ്ങൾ, ജില്ലകളിൽ മാനസികരോഗ യൂണിറ്റുകൾ, പഞ്ചകർമ്മ യൂണിറ്റ്, കൗമാരഭൃത്യം യൂണിറ്റ്, പ്രസൂതിതന്ത്ര യൂണിറ്റ്, ക്ഷാരസൂത്ര യൂണിറ്റ്, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണ കേന്ദ്രം, പുറക്കാട്ടേരി എന്നിവയുടെ പ്രവർത്തനത്തിന് | 948 |
| 9 | സിദ്ധ ആശുപത്രികളും ഡിസ്പെൻസറികളും | മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ, ഐ.ഇ.സി. | 70 |

| | | | |
|---|---|---|---|
| 10 | ആയുർവേദ മാനസികരോഗാശുപത്രി, കോട്ടക്കൽ | മരുന്നുകൾ, ലഘുപ്രവൃത്തികൾ പുനരധിവാസ കേന്ദ്രം, ഫർണിച്ചർ, ഉപകരണങ്ങൾ | 50 |
| 11 | പ്രകൃതി ചികിത്സാ ആശുപത്രികളും ഡിസ്പെൻസറികളും | വർക്കലയിലെ 50 കിടക്കകളുള്ള ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തൽ, അറ്റകുറ്റപ്പണികൾ, ലഘുപ്രവൃത്തികൾ, ഉപകരണങ്ങൾ, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, യോഗ യൂണിറ്റിന്റെ പ്രവർത്തനം, മാലിന്യ സംസ്കരണം | 50 |
| 12 | നിർവിഷ | എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികളുണ്ടാകുന്നതിനായി മാതാപിതാക്കൾക്കുള്ള ആയുർവേദ ആരോഗ്യ പരിചരണം. ഇതിൽ 85 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. | 20 |
| | **ആകെ** | | **2365** |

**84. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

സ്പോർട്സ് താരങ്ങൾക്ക് ഓജസ്സും കരുത്തും വർദ്ധിപ്പിക്കുന്നതിനായി ഇൻഡ്യൻ സ്പോർട്സ് മെഡിസിൻ പഞ്ചകർമ്മ, മർമ്മ തുടങ്ങിയ ചികിത്സകൾ പ്രദാനം ചെയ്യുന്നു. സ്പോർട്സ് താരങ്ങളുടെ കഴിവും പ്രകടനവും മെച്ചപ്പെടുത്തുന്നതിനായി ആയുർവേദത്തെ വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്തുക എന്നതാണ് സ്പോർട്സ് ആയുവേദം. കിസാർ കൂടാതെ ആയുർവേദ റിസർച്ച് സെല്ലിന്റെ കീഴിൽഎട്ട് യൂണിറ്റുകൾപ്രവർത്തിക്കുന്നുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടുകൂടി ഈ റിസർച്ച്സെൽ ആരോഗ്യ സംരക്ഷണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. ഈ റിസർച്ച് സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

- മരുന്ന് വാങ്ങലും പ്രത്യേക മരുന്നുകൾ തയ്യാറാക്കലും
- നിലവിലുള്ള സ്പോർട്സ് മെഡിസിൻ യൂണിറ്റ് ശക്തിപ്പെടുത്തൽ
- ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ
- യാത്രയ്ക്കുള്ള സഹായവും രോഗനിർണ്ണയ ചെലവുകളും
- പരിശീലനം / ബോധവൽക്കരണം / ഐ.ഇ.സി.
- ദേശീയ/സംസ്ഥാന/ജില്ലാതല സ്പോർട്സ് ഈവന്റ്സിൻ ചികിത്സാ സഹായം
- തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ചിന്റെ (കിസാർ) ശക്തിപ്പെടുത്തൽ

**85. നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം : 600.00 ലക്ഷം രൂപ)**

2021-22-ൽആയുർവേദ വകുപ്പിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ

അടിസ്ഥാനമാക്കിയിരിക്കണം. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | ആയുർവ്വേദ ആശുപത്രി, പാലോട്, തിരുവനന്തപുരം - ജനറൽ വാർഡിന്റെ നിർമ്മാണം - അവസാന ഘട്ടം |
| 2 | ജി.എ.എച്ച്., കിഴവിലം, തിരുവനന്തപുരം - ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം - ഒന്നാം നില |
| 3 | നേച്ചർ ക്യൂർ ഹോസ്പിറ്റൽ, വർക്കല, തിരുവനന്തപുരം - (ഇന്റീരിയർ വർക്കുകൾ |
| 4 | ജി.എ.ഡി. പുല്ലമ്പാറയിൽ (തിരുവനന്തപുരം) കൺസൾട്ടിംഗ്, മൈനർ ട്രീറ്റ്മെന്റ് റൂമുകളുടെ നിർമ്മാണം |
| 5 | ജി.എ.എച്ച്. ചേർത്തലയിൽ (അലപ്പുഴ) കെട്ടിടത്തിന്റെ നിർമ്മാണം |
| 6 | ജി.എ.എച്ച്.. കൽപ്പറ്റയിൽ ഗ്യാസ് റൂം, ബാത്ത് റൂം, സെക്യൂരിറ്റി ക്യാബിൻ, ലിഫ്റ്റ് എന്നിവയുടെ നിർമ്മാണം |
| 7 | കാസർഗോഡിലെ ജി.എ.ഡി. കണ്ണംവയലിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം |
| 8 | മലപ്പുറത്തെ ജി.എ.എച്ച്. തിരുവാലിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം |
| 9 | കണ്ണൂരിലെ ജി.എ.ഡി. മുസാക്കുന്നിൽ കെട്ടിടത്തിന്റെ നിർമ്മാണം - അവസാന ഘട്ടം |
| 10 | കണ്ണൂരിലെ ജി.എ.എച്ച്. പരിയാരം എന്ന സ്ഥലത്ത് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം |

## 86. വിദ്യാലയ ആരോഗ്യ പരിപാടികൾ

**(വിഹിതം : 55.00 ലക്ഷം രൂപ)**

വിദ്യാലയ ആരോഗ്യ പരിപാടിയുടെ ഭാഗമായി വകുപ്പ്, ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികളിലെ നേത്ര ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'ദൃഷ്ടി' പദ്ധതി നടപ്പിലാക്കിവരുന്നു. കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ, മരുന്നുകൾ, വൈദ്യസഹായം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വിദ്യാലയ പദ്ധതിയിൽ 2021-22 വർഷത്തിൽ 55.00 ലക്ഷം രൂപ മരുന്ന് വാങ്ങൽ, ലാബ് ഉപകരണങ്ങൾ, റീഏജന്റുകൾ , ബോധവൽക്കരണ കാമ്പയിൻ, ഐഇസി മെറ്റീരിയലുകൾ, വാഹനങ്ങളുടെ വാടക, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു.

| ഘടകം | ഘടക വിവരണം | ജില്ലകൾ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| ദൃഷ്ടി | സ്കൂൾ കുട്ടികൾക്കിടയിലെ കാഴ്ച്ച വൈകല്യങ്ങൾ നിയന്ത്രിക്കൽ | എറണാകുളം, തൃശ്ശൂർ, ഇടുക്കി, മലപ്പുറം,തിരുവനന്തപുരം | 55 |
| **ആകെ** | | | **55** |

## 87. ജീവനിയും പുനർനവയും

**(വിഹിതം : 90.00 ലക്ഷം രൂപ)**

ഇൻഡ്യയിൽപ്രമേഹം ഒരു പ്രധാന ആരോഗ്യപ്രശ്നമായി ആവിർഭവിച്ചിരിക്കുന്നു. ഉയർന്ന രക്തസമ്മർദ്ദം, ഡിസ്ലിപിഡാമിയ മെലിറ്റസ്, തെറ്റായ ജീവിതചര്യകൾ എന്നിവ മൂലം കാർഡിയോവാസ്കുലർ അപകടങ്ങൾവർദ്ധിച്ചു വരുന്നു. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ജീവനി, പുനർനവ എന്നിവ നിർദേശിച്ചിരിക്കുന്നു. മരുന്നുകൾ, ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾഎന്നിവ വാങ്ങുന്നതിനും ബോധവൽക്കരണ പരിപാടികൾ, ഐ.ഇ.സി. സാമഗ്രികൾ,, വാഹനങ്ങളുടെ വാടക, ഡോക്യുമെന്റേഷൻ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്ന

പ്രവർത്തനങ്ങൾ. 2021-22 വർഷത്തിൽപ്രസ്തുത പദ്ധതിക്കായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ. | ഘടകം | ഘടക വിവരണം | ജില്ലകൾ | തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | ജീവനി | ടൈപ്പ് -2 പ്രമേഹരോഗം കൈകാര്യം ചെയ്യുന്നതിനുദ്ദേശിക്കുന്നു | തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കൊല്ലം | 45 |
| 2. | പുനർനവ | പോസ്റ്റ് സെറിബ്രോ വാസ്കുലാർ അപകടങ്ങൾതരണം ചെയ്യലും പുനരധിവാസവും | കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, കോട്ടയം | 45 |

### 88. പകർച്ചവ്യാധികൾ തടയൽ

**(വിഹിതം : 150.00 ലക്ഷം രൂപ)**

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ആയുർവേദ ഔഷധങ്ങൾ വളരെയധികം ഫലപ്രദമാണ്. രോഗബാധിത പ്രദേശങ്ങളിൽപ്രത്യേകം ആരോഗ്യ ക്യാമ്പുകൾ നടത്തുക, പൊതുജനങ്ങൽക്കിടയിൽബോധവൽക്കരണം നടത്തുക, മരുന്നുകൾ, മെഡിക്കൽകിറ്റുകൾവാങ്ങൽ, പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ആരോഗ്യ ക്യാമ്പിനുള്ള ഗതാഗത സൗകര്യം, ഐ.ഇ.സി. പ്രവർത്തനങ്ങൾ, തുടർച്ചയായുള്ള പകർച്ചവ്യാധികളുടെ വരവ് തടയുക എന്നീ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരിക്കുന്നു. 2021-22 വർഷത്തിൽ 150.00 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 89. എച്ച്.ഐ.എം.എസ്. (ആരോഗ്യ വിവര ശേഖര പരിപാലന സംവിധാനം)

**(വിഹിതം : 60.00 ലക്ഷം രൂപ)**

ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുക, മുൻഗണനാക്രമം നിശ്ചയിക്കുക, നവീനമായ പരിഹാരങ്ങൾ കണ്ടെത്തുക, വിഭവങ്ങൾ പങ്കുവയ്ക്കൽ തുടങ്ങിയവ ആരോഗ്യ പരിപാലന സംവിധാനത്തിൽ ഫലപ്രദമാക്കുന്നതിൻ ശരിയായ രീതിയിലുള്ള വിവര ശേഖരണം പരിപാലനം ഉപയോഗം എന്നിവ ആവശ്യമാണ്. ആശുപത്രി പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ കൃത്യസമയത്ത് വിവരശേഖരണം നടത്തുന്നതിനും ആശുപത്രി സേവനത്തിൽ കാര്യക്ഷമത, ഫലപ്രാപ്തി, സുതാര്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. ഗുണമേന്മയുള്ള രോഗീപരിചരണം ഉറപ്പുവരുത്തുന്നതിനായി പരമ്പരാഗതവും ഡിജിറ്റലുമായ വിവരങ്ങൾശേഖരിച്ച് വിശകലനം നടത്തുന്നതിനും സംരക്ഷിക്കുന്നതിനുമാണ് ഈ വിവര പരിപാലന സംവിധാനം. രേഖകളുടെ വ്യാപകമായ കമ്പ്യൂട്ടറൈസേഷനിലൂടെ പരമ്പരാഗതമായ വിവരങ്ങളും ഇലക്ട്രോണിക് വിവര ശേഖരണത്തിലേക്ക് മാറ്റപ്പെടും. ഭാരതീയ ചികിൽസാ വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആരോഗ്യ വിവരശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. സോഫ്റ്റ് വെയർ തയ്യാറാക്കൽ/ലഭ്യമാക്കൽ, ലാൻ, കമ്പ്യൂട്ടർ, അനുബന്ധ ഭാഗങ്ങൾ, പ്രിന്റർ, കണക്ടിവിറ്റി, ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ, വെബ് സൈറ്റ് നവീകരണം, റിക്കോർഡ് മുറിയുടെ ഡിജിറ്റലൈസേഷൻ, ജി.ഐ.എസ്. മാപ്പിംഗ്, എ.എം.സി. എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. ആരോഗ്യവകുപ്പിന്റേയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റേയും ഇ-ഹെൽത്ത് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. ഈ പദ്ധതി 2021-22- വർഷത്തിൽ നടപ്പിലാക്കുന്നതിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 90. സംസ്ഥാന ഔഷധസസ്യ ബോർഡ്

**(വിഹിതം : 25.00 ലക്ഷം രൂപ)**

ഇൻഡ്യാ ഗവൺമെന്റിന് കീഴിലുള്ള ആയുഷിന്റെ നിർദ്ദേശപ്രകാരം, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭരണ അധികാര പരിധിയിൽ 2002-ലാണ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സ്ഥാപിതമായത്. സംസ്ഥാനത്ത് മരുന്നുചെടികളുടെ ഉൽപ്പാദനം, പരിചരണം, ഗവേഷണം, വികസന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏകോപിപ്പിക്കുക സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ ലക്ഷ്യം. ആവാസവ്യവസ്ഥയ്ക്ക് പുറത്ത് മതിയായ സംരക്ഷണം നൽകി പരിരക്ഷിക്കുക, ഉയർന്ന ഗുണനിലവാരമുള്ള വിളകളുടെ ഉൽപ്പാദനം, ബോധവൽക്കരണ പരിപാടികൾ, സ്കൂളുകളിൽ ഔഷധത്തോട്ടം, സ്റ്റേറ്റ് മെഡിസിനൽപ്ലാന്റ്സ് ബോർഡ് ശക്തിപ്പെടുത്തൽ എന്നീ പരിപാടികൾക്കായി 2021-22 വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 91. ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ്, തൃശ്ശൂർ

**(വിഹിതം : 250.00 ലക്ഷം രൂപ)**

ഇന്ത്യയിൽ ആയുർവേദ മരുന്നു നിർമ്മിക്കുന്ന ഏറ്റവും വലിയ സർക്കാർ കമ്പനിയാണ് ഔഷധി. ആയുഷ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ ആയുർവ്വേദ മരുന്നു കമ്പനിയാണിത്. 2021-22- ൽ 250.00 ലക്ഷം രൂപ ഓഹരി മൂലധന വിഹിതമായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു - ഉപകരണങ്ങൾ / യന്ത്രങ്ങൾ വാങ്ങൽ.

## 92. ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) (40% സംസ്ഥാന വിഹിതം)

**(വിഹിതം : 500.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യൂനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽപദ്ധതി വിഹിതം വകയിരുത്തും. 2021-22 വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനായി 500.00 ലക്ഷം രൂപ സംസ്ഥാനവിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്രവിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്.

### ആയുർവേദ മെഡിക്കൽവിദ്യാഭ്യാസം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ നിബന്ധനകൾക്ക് വിധേയമായി കേരളത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം നടത്തിവരുന്നു. 2021-22 വർഷത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിനായി 4320.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 93. ആയുർവേദ കോളേജുകൾക്കുള്ള ധനസഹായം

**(വിഹിതം : 3626.00 ലക്ഷം രൂപ)**

തുടർന്ന് വരുന്ന അക്കാദമിക് പ്രവർത്തനങ്ങൾ, സെമിനാറുകൾ, എഎംസി, മെഡിസിൻ, അധ്യാപക സഹായികൾ, മെറ്റീരിയൽസ്, സപ്ലൈസ്, മെഡിക്കൽ ക്യാമ്പുകൾ, അക്കാദമിക് റിസർച്ച്, അക്കാദമിക് നോൺ അക്കാദമിക് ഉദ്യോഗസ്ഥരുടെ പരിശീലനം, ബുക്കുകൾ, അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ, ജേണലുകൾ, ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ, ന്യൂസ് ലെറ്റർ, പ്രസിദ്ധീകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ-അനുബന്ധ ഉപകരണങ്ങൾ വാർഷിക അറ്റകുറ്റപ്പണി, നാക് / എൻ.എ.ബി.എച്. അക്രഡിറ്റേഷൻ, സ്പോർട്സ് ഇനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ്

ഉപകരണങ്ങൾ, രാസവസ്തുക്കൾ, റീഏജന്റ്സ്, ലഘു പ്രവർത്തികൾ, സിവിൽ വർക്കുകൾ, അറ്റകുറ്റപ്പണികൾ, കോളേജ്, ആശുപത്രി, ഹോസ്റ്റൽ എന്നിവയുടെ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. 2021-22 വർഷത്തേക്ക് 3626.00 ലക്ഷം രൂപ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. നിർമാണ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയിരിക്കണം. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റല് | ആകെ (രൂപ ലക്ഷത്തില്) |
|---|---|---|---|
| ആയുർവേദ കോളേജ്, തിരുവനന്തപുരം | 1066 | 940 | 2006 |
| ആയുർവേദ കോളേജ്, തൃിപ്പൂണ്ണിത്തുറ | 415 | 300 | 715 |
| ആയുർവേദ കോളേജ്, കണ്ണൂർ | 555 | 350 | 905 |
| **ആകെ** | **2036** | **1590** | **3626** |

**എ. തിരുവനന്തപുരം ആയുർവേദ കോളേജിനുള്ള ധനസഹായം**

2021-22 വർഷത്തേക്ക് 2006.00 ലക്ഷം രൂപ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

- ഒഫ്ത്താൽമിക്-പാരാ സർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം
- അഗധതന്ത്ര വകുപ്പിൽ അനിമൽ ഹൗസ് നിർമാണം
- മെൻസ് ഹോസ്റ്റലിൽ മിനി ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം
- ജെറിയാട്രിക് വാർഡിനായി കെട്ടിടത്തിന്റെ തുടർനിർമ്മാണം
- ആയുർവേദ ഗൈനക്കോളജിക്കും കുട്ടികളിലെ വൈകല്യം നിയന്ത്രിക്കൽ എന്നിവയ്ക്കുമുള്ള കെട്ടിടത്തിന്റെ തുടർനിർമ്മാണം

ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| ക്രമ നമ്പർ | ഘടകം | റവന്യൂ | ക്യാപിറ്റൽ | ആകെ (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ആധുനികവൽക്കരണവും നവീകരണവും | 378 | 0 | 378 |
| 2 | ലൈബ്രറി | 9 | 0 | 9 |
| 3 | സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി | 366 | 0 | 366 |
| 4 | പഞ്ചകർമ്മ ആശുപത്രി | 160 | 0 | 160 |
| 5 | ഫാർമസി | 20 | 0 | 20 |
| 6 | റിഫ്രഷർ കോഴ്സ് | 4 | 0 | 4 |
| 7 | ഫാർമോകോഗ്നോസി / മരുന്ന് ഗുണനിലവാര യൂണിറ്റ് | 40 | 0 | 40 |
| 8 | പ്രസിദ്ധീകരണ വിഭാഗം | 4 | 0 | 4 |
| 9 | നിർമ്മാണ ജോലികൾ | 0 | 260 | 260 |
| 10 | സ്പെഷ്യൽ ജറിയാട്രിക് കെയർ സെന്റർ | 35 | 580 | 615 |
| 11 | ആയുർവേദ ഗൈനക്കോളജിക്കും കുട്ടികളിലെ വൈകല്യം നിയന്ത്രിക്കൽ എന്നിവയ്ക്കുമുള്ള പ്രോജക്ട് | 50 | 100 | 150 |
| | **ആകെ** | **1066** | **940** | **2006** |

**ബി. തൃപ്പൂണിത്തുറ ആയുർവേദ കോളേജിനുള്ള ധനസഹായം**

2021-22 വർഷത്തേക്ക് 715.00 ലക്ഷം രൂപ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

- അക്കാദമിക് ബ്ലോക്കിന്റെ തുടർനിർമ്മാണം
- മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം

**സി. കണ്ണൂർ ആയുർവേദ കോളേജിനുള്ള ധനസഹായം**

2021-22 വർഷത്തേക്ക് ₹905.00 ലക്ഷം രൂപ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| **സ്ഥാപനത്തിന്റെ പേര്** | **റവന്യൂ** | **ക്യാപിറ്റൽ** | **ആകെ (രൂപ ലക്ഷത്തിൽ)** |
|---|---|---|---|
| ആയുർവേദ കോളേജ്, കണ്ണൂർ | 550 | 200 | 750 |
| ആയുർവേദ മാനസികാരോഗ്യ ആശുപത്രി | 5 | 150 | 155 |
| **ആകെ** | **555** | **350** | **905** |

മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

- അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം (തുടർച്ച)
- കണ്ണൂരിലെ ആയുർവേദ കോളേജിൽ ആയുർവേദ മാനസികരോഗ വകുപ്പായി മാനസികാരോഗ്യ ആശുപത്രി ഘട്ടംഘട്ടമായി സ്ഥാപിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റേയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടേയും നിർമ്മാണം ആരംഭിക്കുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

**94. ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും**

**(വിഹിതം : 23.00 ലക്ഷം രൂപ)**

ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനുമായി 2021-22 വർഷത്തിൽ 23.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതി, ഫർണ്ണിച്ചറുകൾ, കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പി മെഷീൻ, സ്കാനർ, വിവിധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ഉടമ്പടി, മൈനർ ജോലികൾ, അറ്റകുറ്റപ്പണികൾ, മെഡിക്കൽ പാരാമെഡിക്കൽ ഓഫീസ് ജീവനക്കാർക്ക് പരിശീലനം നടത്തുക, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ മുതലായവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

**95. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് കീഴിൽതുടർ വിദ്യാഭ്യാസം**

**(വിഹിതം : 56.00 ലക്ഷം രൂപ)**

2021-22-വർഷത്തിൽ പാരാമെഡിക്കൽ കോഴ്സുകൾ, സ്പോട്ട് അഡ്മിഷൻ, പരിശീലന പരിപാടികൾ,സെമിനാറുകൾ എന്നിവ നടത്തുന്നതിനും ഐഇസി, ഗവേഷണ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണം, എന്നിവക്കും പരിശോധനകൾ നടത്തുന്നതിനുമായി 56.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**96. ആധുനിക ബയോ ടെക്നോളജിയിൽ ഗവേഷണാധിഷ്ഠിത ആയുർവേദത്തെ സമന്വയിപ്പിച്ചുകൊണ്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ലബോറട്ടറിയും വിദ്യാഭ്യാസകേന്ദ്രവും**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ആയുർവേദത്തിന്റെ വിവിധ മേഖലകളിൽ ഗവേഷണം, ശാസ്ത്രീയമായ ഡാറ്റയുടെ പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തൽ, സുതാര്യമായ ഔദ്യോഗികരേഖ എന്നിവ ആവശ്യമായുണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി ആയുർവേദത്തെ അനുയോജ്യമായ നിലവാരത്തിലാക്കാൻ തെളിവ് അധിഷ്ഠിത ഗവേഷണം അനിവാര്യമാണ്. അതിലേക്കായി കേരളത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള വ്യത്യസ്ത പഠന മേഖലകൾ ചേർന്ന ഗവേഷണകേന്ദ്രം സ്ഥാപിക്കേണ്ടതുണ്ട്. ആയുർവേദത്തിന്റെ ശാസ്ത്രീയ വികസനത്തിനും മരുന്നിന്റെ ഗുണനിലവാരത്തിനും ആധുനിക ബയോ ടെക്നോളജിയിൽ ഗവേഷണാധിഷ്ഠിത ആയുർവേദത്തെ സമന്വയിപ്പിച്ചുകൊണ്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള ലബോറട്ടറിയും വിദ്യാഭ്യാസ കേന്ദ്രവും സ്ഥാപിക്കുന്നതിന് പദ്ധതി ഉദ്ദേശിക്കുന്നു. ഇതിനായുള്ള ജോലികൾ ഘട്ടംഘട്ടമായി ചെയ്യുന്നതാണ്. സെന്ററിന്റെ കെട്ടിടനിർമ്മാണത്തിനും ചുറ്റമതിലിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2021-22-ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**97. കേരളത്തിലെ പരമ്പരാഗത അറിവുകൾ കണ്ടെത്തൽ**

**(വിഹിതം : 50.00 ലക്ഷം രൂപ)**

ആയുർവേദത്തിലെ പരമ്പരാഗത അറിവ് സംരക്ഷിക്കുകയെന്ന ഉദ്ദേശത്തോടെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 2003-ൽ പേറ്റന്റ് സെൽ രൂപീകൃതമായി. ഡോക്യുമെന്റേഷൻ, ഗവേഷണം, രജിസ്ട്രേഷൻ, നടപ്പിലാക്കൽഎന്നീ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പ്രവർത്തിക്കുന്ന പേറ്റന്റ് സെല്ലിന്റെ ശാക്തീകരണം ലക്ഷ്യമിട്ട് കേരളത്തിൽ ഒരു പരമ്പരാഗത വിജ്ഞാന കേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. 2021-22-ൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- രേഖകളുടെ സർവ്വേ, കണ്ടെത്തൽ, ശേഖരണം, പരിരക്ഷണം മുതലായവ
- പരമ്പരാഗത വിജ്ഞാനം സംരക്ഷിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ
- പേറ്റന്റ് ഓഫീസുമായി ചേർന്നുള്ള ഡേറ്റാബേസ് രൂപീകരണം
- ഗവേഷണം, പുസ്തകങ്ങൾ, പ്രസിദ്ധീകരണവും ശേഖരണവും

**98. കോട്ടയ്ക്കലിലുള്ള കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിക്ക് ധനസഹായം**

**(വിഹിതം : 175.00 ലക്ഷം രൂപ)**

കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്.വാരിയർ ആയുർവേദ കോളേജിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയായ കോട്ടയ്ക്കലിലെ കേരള ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച് സൊസൈറ്റിയാണ്. പ്രസ്തുത സ്ഥാപനത്തെ ആയുർവേദത്തിന്റെ എല്ലാ തലങ്ങളിലും ഒരു മാതൃകാ സ്ഥാപനമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1976-ലാണ് സ്ഥാപിച്ചിരിക്കുന്നത്. കോളേജ് കേരള ആരോഗ്യ സർവ്വകലാശാലയിൽഅഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇവിടെ ബി.എ.എം.എസ്. കോഴ്സും ഏഴ് പി.ജി. കോഴ്സുകളും നടത്തിവരുന്നു. 2021-22-ൽ 175.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി നേരത്തെ അനുവദിച്ച നിർമാണ ജോലികളുടെ തീർപ്പാക്കാത്ത ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനും തുടർന്നുവരുന്ന നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും നീക്കിവച്ചിരിക്കുന്നു.

**99. ഒല്ലൂർ ആയുർവേദ കോളേജിന് ഗ്രാന്റ്-ഇൻ-എയ്ഡ്**

**(വിഹിതം : 90.00 ലക്ഷം രൂപ)**

1955-ലെ ലിറ്റററി സയന്റിഫിക്ക് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം വൈദ്യരത്നം ആയുർവേദ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിന് കീഴിൽ 1976 ഒക്ടോബർ രണ്ടിന്

പരേതനായ ഇ.ടി.നീലകണ്ഠൻ മൂസ് ആണ് വൈദ്യരത്നം ആയുർവേദ കോളേജ് സ്ഥാപിച്ചത്. പ്രസ്തുത കോളേജിന് ആരോഗ്യ സർവ്വകലാശാലയിൽ രജിസ്ട്രേഷൻ ഉള്ളതും ബി.എ.എം.എസ്. ഡിഗ്രി കോഴ്സ് നടത്തിവരുന്നതുമാണ്. 2021-22-വർഷത്തിൽ ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിനായി 90.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി പുതിയ അക്കാദമിക് ബ്ലോക്ക്, അതിർത്തി മതിൽ നിർമ്മാണം, ആന്തരിക കാമ്പസ് റോഡുകളുടെ നവീകരണം (ഘട്ടം II), യൂണിവേഴ്സിറ്റി അഫിലിയേഷൻ ഫീസ്, സിസിഐഎമ്മിന്റെ വാർഷിക പരിശോധന ഫീസ്, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**100. ഗവണ്മെന്റ് ആയുർവേദ കോളേജ്, ഉടുമ്പൻചോല, ഇടുക്കി**

**(വിഹിതം : 100.00 ലക്ഷം രൂപ)**

വളരെ മെച്ചപ്പെട്ട ചികിത്സയാലും മരുന്നു പ്രയോഗിക്കുന്നതിലെ വിശ്വാസ്യതയാലും, തദ്ദേശീയ ചികിത്സാരീതികളാലും കേരളം ആയുർവേദത്തിന്റെ നാടായി പരിഗണിക്കപ്പെടുന്നു. തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ജില്ലകളിലായി മൂന്ന് ആയുർവേദ കോളേജുകൾസ്ഥിതി ചെയ്യുന്നു. ഭൂമിശാസ്ത്രപരമായ പ്രാതിനിധ്യം പരിഗണിച്ചുകൊണ്ട് ഒരു പുതിയ ആയുർവേദ കോളേജ് ഘട്ടം ഘട്ടമായി ആരംഭിക്കണമെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപീകരണവുമായി ബന്ധപെട്ട ആയുഷ് മേഖലയുടെ കർമ്മ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിൽ നിലവിലെ ആയുർവേദ വിദ്യാഭ്യാസത്തിൽ ബിരുദ ബിരുദാനന്തര സീറ്റുകളുടെ എണ്ണവും സൗകര്യങ്ങളും മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ സർക്കാർ ആയുർവേദ കോളേജ് സ്ഥാപിക്കാൻ വകുപ്പ് ശുപാർശ സമർപ്പിച്ചിരിക്കുന്നു. 2021-22 വർഷത്തിൽ പദ്ധതിക്കായി വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും മറ്റു അടിസ്ഥാന സൗകര്യങ്ങൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഹോമിയോപ്പതി**

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 34 ആശുപത്രികളിലായി 1000 കിടക്കകളും 669 ഹോമിയോപ്പതിക് ഡിസ്പെൻസറികളും ഉണ്ട്. ഇതുകൂടാതെ ആലപ്പുഴയിലുള്ള കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റും ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽപ്രവർത്തിക്കുന്നുണ്ട്. 2021-22-ൽഹോമിയോപ്പതി വകുപ്പിന്റെ ശാക്തീകരണത്തിനായി 2395.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**101. ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും**

**(വിഹിതം : 700.00 ലക്ഷം രൂപ)**

ഹോമിയോപ്പതി ആരോഗ്യ പരിരക്ഷാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്രമവൽക്കരിക്കുന്നതിനും നിലവിലുള്ള ഹോമിയോ ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും ക്ലിനിക്കൽ, നോൺ-ക്ലിനിക്കൽ സൗകര്യങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കുന്നതിനും ഉദ്ദേശിച്ചുള്ള ഒരു വിശാല പദ്ധതിയാണിത്. മികച്ചതും ഗുണമേന്മയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനായി ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും ആവശ്യമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 700.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**എ. ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും**

പൊതുജനങ്ങൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനാണ് ഹോമിയോപ്പതി വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും കൊണ്ട് വിഭാവനം ചെയ്യുന്നത്. കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഇ-ഓഫീസ്,

ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും പ്രിന്ററുകളുടേയും അറ്റകുറ്റപ്പണി ഉടമ്പടി, ആശുപത്രി ഉപകരണങ്ങൾ, പൊതുമരാമത്ത് (സിവിൽ& ഇലക്ട്രിക്കൽ) ജോലികളും, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നിവയാണ് 2021-22-ൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

**ബി. ഹോമിയോ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും നിലവാരം മെച്ചപ്പെടുത്തൽ**

ഹോമിയോ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും നിലവാരം ഉയർത്തുന്നതിനായി 2021-22 വർഷത്തിൽതാഴെ പറയുന്ന പ്രവർത്തനങ്ങൾഉൾപ്പെടുത്തുന്നു.

- ഹോമിയോ ആശുപത്രികളേയും ഡിസ്പെൻസറികളേയും കാഷ് നിലവാരത്തിലേക്ക് ഉയർത്തൽ
- ആശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനിംഗിന്റെയും മറ്റ് ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണി ഉടമ്പടി
- ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ, ക്ലിനിക്കൽ ലാബിന്റെ സ്ഥാപനവും ശക്തിപ്പെടുത്തലും, ക്ലിനിക്കൽ ലാബുകളിലേക്ക് റീ ഏജന്റ് വാങ്ങൽ
- ഹോമിയോപ്പതി സ്ഥാപനങ്ങളുടെ അറ്റകുറ്റപണി മരാമത്തു ജോലികൾ
- ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന്
- ബയോമെഡിക്കൽ മാലിന്യ സംസ്കരണം

**സി. മെഡിക്കൽ സ്റ്റോറുകൾ ശക്തിപ്പെടുത്തൽ**

ഹോമിയോപ്പതി ആശുപത്രികളിലേക്കും, ഡിസ്പെൻസറികളിലേക്കും, മരുന്നുകൾ വാങ്ങുന്നതിനും, സൂക്ഷിക്കുന്നതിനും, ശേഖരിക്കുന്നതിനും, വിതരണത്തിനുമായി മെഡിക്കൽ സ്റ്റോറുകൾ ആവശ്യമാണ്. നിലവിൽ 13 ജില്ലാ മെഡിക്കൽ സ്റ്റോറുകളും തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത മെഡിക്കൽ സ്റ്റോറും ഉണ്ട്. മരുന്നുകൾ വാങ്ങുന്നതിനും നിലവിലുള്ള മെഡിക്കൽ സ്റ്റോറുകളുടെ ശക്തിപ്പെടുത്തൽ, മറ്റ് അനാവർത്തന ചെലവുകൾ എന്നിവയ്ക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ഡി. ഹോമിയോ ഡിസ്പെൻസറികൾ**

നിലവിൽസംസ്ഥാനത്ത് 669 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു. നിലവിലുള്ള ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഘടകങ്ങൾ താഴെ പറയുന്നു:

- ഫർണിച്ചർ, ഉപകരണങ്ങൾ, മരുന്നുകൾ
- ഹോമിയോ ഡിസ്പൻസറികളുടെ ക്രമപ്പെടുത്തൽ
- നിലവിലുള്ള മോഡൽ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുക
- മോഡൽ ഡിസ്പെൻസറികൾക്ക് അനുസൃതമായി ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുക

**102. ആരോഗ്യ പരിപാലനവും സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്ററുകളും**

**(വിഹിതം : 645.00 ലക്ഷം രൂപ)**

കുട്ടികൾ, സ്ത്രീകൾ, ട്രാൻസ്ജെൻഡർമാർ, പ്രായമായവർ എന്നിവർക്ക് പ്രത്യേക ശ്രദ്ധയും പരിരക്ഷയും നൽകിക്കൊണ്ട് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിലനിൽക്കുന്ന സാംക്രമിക, സാംക്രമികേതര / ജീവിതശൈലി രോഗങ്ങൾ പോലുള്ള വിവിധ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശിക്കുന്ന ഒരു വിശാല പദ്ധതിയാണിത്. 2021-22 സാമ്പത്തിക വർഷത്തിൽആരോഗ്യ പരിപാലനവും സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്ററുകളും എന്ന പദ്ധതിക്കായി 645.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**എ. സാംക്രമികരോഗ നിയന്ത്രണ പരിപാടി**

സാംക്രമിക രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്ന പദ്ധതിയിലൂടെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനിടയുള്ള പ്രദേശങ്ങളിൽ ആരോഗ്യ ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു. താഴെ പറയുന്ന പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

- പ്രാദേശിക സാംക്രമികരോഗ നിയന്ത്രണ പരിപാടി
- ഉത്സവകാലങ്ങളിൽ തീർത്ഥാടനകേന്ദ്രങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികൾ സ്ഥാപിക്കൽ
- സ്ഥിരമായ സാംക്രമിക രോഗ നിയന്ത്രണ പരിപാടി
- ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ

**ബി. കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി**

കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി (സദ്ഗമയ) കൗമാരക്കാരുടെ പ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും അവരുടെ മാനസികവും ബൗദ്ധികവുമായ വൈകല്യങ്ങൾക്കും സ്വഭാവ വൈകല്യങ്ങൾക്കും ചികിത്സയും നൽകുന്നു. വിദ്യാലയ ആരോഗ്യ പരിപാടി നടത്തുന്നതിനും, കൗമാര പരിചരണ ആരോഗ്യ കേന്ദ്രത്തിന്റെ ശക്തിപ്പെടുത്തലിനുമായി തുക വകയിരുത്തിയിരിക്കുന്നു.

**സി. ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ**

ജില്ലാ ആശുപത്രികളിൽ പ്രത്യേക ദിവസങ്ങളിൽ സമീപ ഡിസ്പെൻസറികളിൽ നിന്നുള്ള മെഡിക്കൽ ഓഫീസർമാരെ നിയോഗിച്ചുകൊണ്ട് പ്രമേഹം, തൈറോയിഡ്, ആസ്ത്മ, അലർജി എന്നീ രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനുള്ള പ്രത്യേക ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. 2021-22-ൽ മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിനും, വൃദ്ധജന പരിപാലനത്തിനും, പ്രമേഹം, ആസ്ത്മ, തൈറോയ്ഡ്, അലർജി, സന്ധിവാതം, മാനസികവൈകല്യങ്ങൾ, സഞ്ചരിക്കുന്ന ഹോമിയോപ്പതി ആരോഗ്യ കേന്ദ്രങ്ങൾ, ഗ്രന്ഥി വ്യവസ്ഥയിലുള്ള തകരാർ തുടങ്ങിയവയ്ക്കും ഭിന്നലിംഗക്കാർക്കുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾക്കും തുക വകയിരുത്തിയിരിക്കുന്നു. ഇതിൽ 5 ലക്ഷം രൂപ ഭിന്നലിംഗക്കാർക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡി. വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ കേന്ദ്രങ്ങൾ (സീതാലയം)**

ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ആദ്യ ലിംഗാധിഷ്ഠിത പദ്ധതിയാണ് വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ കേന്ദ്രങ്ങൾ(സീതാലയം). സീതാലയം സമൂഹത്തിൽ ദുരിതം അനുഭവിക്കുന്ന സ്ത്രീകൾക്ക് സഹായം നൽകുന്നു. ചികിത്സയ്ക്കുപരിയായി സാമൂഹ്യക്ഷേമവകുപ്പ്, സംസ്ഥാന വനിതാ കമ്മീഷൻ, ആഭ്യന്തരവകുപ്പ് മുതലായവയുടെ ബഹുവിധമായ സേവനങ്ങൾ സീതാലയം മുഖാന്തിരം ലഭ്യമാക്കുന്നു. ജില്ലകളിലെ സീതാലയം യൂണിറ്റുകളിൽനിന്നും ഇപ്പോൾവന്ധ്യതാ നിവാരണ ക്ലിനിക്കുകളും ലഹരി വിരുദ്ധ ചികിത്സയും ലഭ്യമാണ്. നിലവിലുള്ള സീതാലയം യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, മരുന്നുകളും, മറ്റു സാധന സാമഗ്രികൾക്കും, പരിശീലനങ്ങൾ നടത്തുന്നതിനും, ഐ.ഇ.സി. പ്രവർത്തനങ്ങൾക്കുമായി 2021-22-ൽതുക വകയിരുത്തിയിരിക്കുന്നു.

**ഇ. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ**

നിലവിൽ മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ ചേതന എന്ന 10 കിടക്കകളോടു കൂടിയ കാൻസർ പാലിയേറ്റീവ് കെയർ സെന്ററും അവശേഷിക്കുന്ന 13 ജില്ലാ ഹോമിയോ ആശുപത്രികളിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. 2021-22

സാമ്പത്തിക വർഷത്തിൽ ജില്ലാ ഹോമിയോ ആശുപത്രികളിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു.

**എഫ്. ജീവിതശൈലീരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ആയുഷ് ഹോളിസ്റ്റിക് സെന്റർ**

വ്യത്യസ്ത ആയുഷ് സമ്പ്രദായങ്ങളായ ഹോമിയോപ്പതി, ആയുർവേദ, നാച്ചുറോപ്പതി, യോഗ എന്നിവയുടെ മേന്മകളെ സംയോജിപ്പിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ തടയുവാനായിട്ടുള്ള പദ്ധതിയാണിത്. ജീവിതശൈലീ രോഗങ്ങൾതടയുകയും നിയന്ത്രിക്കുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടെ ഹോമിയോ വകുപ്പ് എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾനേരത്തെ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് തുക നീക്കിവച്ചിരിക്കുന്നു.

**ജി. തുടർ മെഡിക്കൽവിദ്യാഭ്യാസവും പരിശീലനവും**

2021-22-ൽ മെഡിക്കൽ പാര മെഡിക്കൽ ജീവനക്കാരുടെ പരിശീലനത്തിനും തുടർ മെഡിക്കൽ വിദ്യാഭ്യാസത്തിനും ഗവേഷണം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ, ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവക്കും തുക വകയിരുത്തിയിരിക്കുന്നു.

### 103. ഹോമിയോപ്പതിക് സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം

**(വിഹിതം : 350.00 ലക്ഷം രൂപ)**

2021-22 വർഷത്തിൽ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽസംസ്ഥാനത്തെ ഹോമിയോ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നേരത്തെ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്.

### 104. ജനനി (ഫെർട്ടിലിറ്റി കെയർ സെന്ററുകൾ)

**(വിഹിതം : 100.00 ലക്ഷം രൂപ)**

വന്ധ്യതാ നിവാരണ ചികിത്സയ്ക്ക് വളരെ ഫലപ്രദമാണ് ഹോമിയോപ്പതി സംവിധാനം. നിലവിൽ എല്ലാ ജില്ലകളിലും ഫെർട്ടിലിറ്റി കെയർ സെന്ററുകൾ പ്രവർത്തിക്കുന്നു. നിലവിലെ ലഭ്യമായ വന്ധ്യതാ ചികിത്സ സംവിധാനങ്ങൾ വളരെയേറെ ചെലവേറിയതാണ്. അതിനാൽ ജനനിയെന്ന പേരിൽ പദ്ധതി ആരംഭിച്ചു. 2021-22 വർഷത്തിൽതാഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രിയിലെ ജനനി കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക
- ജില്ലാ ഹോമിയോ ആശുപത്രികളിൽ ഫെർട്ടിലിറ്റി കെയർ കേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിന്
- മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങലും ഐ.ഇ.സി പ്രവർത്തനങ്ങളും
- മറ്റു അനാവർത്തന ചെലവുകൾ

### 105. കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ)

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി, ഹോമിയോപ്പതി ഔഷധങ്ങളുടെ നിർമ്മാണവും വിതരണവും നടത്തിവരുന്നു. പ്രസ്തുത സ്ഥാപനം 1980 മുതൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ഔഷധ വിതരണം നടത്തുന്ന ഏക സ്ഥാപനമാണ്. ഹോംകോ ഇൻഡ്യയിൽ 15-ഓളം സംസ്ഥാനങ്ങൾക്ക് മരുന്നുകൾവിതരണം

ചെയ്യുന്നതോടൊപ്പം മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതിയും നടത്തുന്നു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ ധനസഹായമായി 2021-22 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**106. ദേശീയ ആയുഷ് മിഷൻ-ഹോമിയോ (40% സംസ്ഥാന വിഹിതം)**

**(വിഹിതം : 500.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യൂനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷൻ ലക്ഷ്യം. കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2021-22 വർഷത്തിൽദേശീയ ആയുഷ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ഹോമിയോ വകുപ്പിൻ 500.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്രവിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**

കേരളത്തിൽ സർക്കാർ മേഖലയിൽ ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം രണ്ടു സ്ഥാപനങ്ങളാണ് നൽകുന്നത്. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഹോമിയോ മെഡിക്കൽ കോളേജുകൽക്ക് ധനസഹായം**

**107.ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ധനസഹായം**

**(വിഹിതം : 800.00 ലക്ഷം രൂപ)**

തുടർന്ന് വരുന്ന അക്കാദമിക് പ്രവർത്തനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പ്, മെഡിസിൻ, അധ്യാപക സഹായികൾ, മെറ്റീരിയൽസ് സപ്ലൈസ്, അക്കാദമിക് റിസർച്ച്, അക്കാദമിക് നോൺ അക്കാദമിക് ഉദ്യോഗസ്ഥരുടെ പരിശീലനം, ബുക്കുകൾ, അധ്യാപകർക്കു റിഫ്രഷർ കോഴ്സുകൾ, ജേണലുകൾ, പ്രസിദ്ധീകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ-അനുബന്ധ ഉപകരണങ്ങൾ, വാർഷിക അറ്റകുറ്റപ്പണി, നാക് / എൻ.എ.ബി.എച്. അക്രഡിറ്റേഷൻ, സ്പോർട്സ് ഇനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, റീഏജന്റ്സ്, ലഘു പ്രവർത്തികൾ, സിവിൽ വർക്കുകൾ, അറ്റകുറ്റപ്പണികൾ, കോളേജ്, ആശുപത്രി, ഹോസ്റ്റൽ എന്നിവയുടെ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, രോഗീസൗഹൃദ ആശുപത്രി സംരംഭം, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. 2021-22 വർഷത്തേക്ക് 800.00 ലക്ഷം രൂപ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. നിർമാണ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയിരിക്കണം. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| ഹോമിയോ മെഡിക്കൽകോളേജ്, തിരുവനന്തപുരം | 420 | 50 | 470 |
| ഹോമിയോ മെഡിക്കൽകോളേജ്, കോഴിക്കോട് | 210 | 120 | 330 |
| **ആകെ** | **630** | **170** | **800** |

**എ. തിരുവനന്തപുരം ഹോമിയോ മെഡിക്കൽകോളേജിനുള്ള ധനസഹായം**

2021-22 വർഷത്തേക്ക് തിരുവനന്തപുരം ഹോമിയോ മെഡിക്കൽകോളേജിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 470.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

- ഫാർമസി കോളേജിൻറെ നിർമ്മാണം (തുടർച്ച),
- കാൻസർ പരിചരണം, പാലിയേറ്റീവ് കെയർ, വന്ധ്യതാ നിവാരണ ചികിത്സ
- ഹോമിയോപ്പതിയിലെ ഗവേഷണ പരിപാടികൾ: ശാസ്ത്രത്തിന്റെ തെളിവുകൾ അടിസ്ഥാനമാക്കിയ ഗവേഷണത്തിന്റെ നിലവിലെ സ്ഥിതിയിൽ, മനുഷ്യശരീരത്തിലെ ജീവശാസ്ത്രപരമായ പ്രവർത്തനത്തെ പിന്തുണയ്ക്കുന്ന ശാസ്ത്രീയ തെളിവുകൾ ഇല്ലാത്തതിനാൽ ഹോമിയോപ്പതി നിരന്തരം വിമർശിക്കപ്പെട്ടുകയാണ്. ഹോമിയോപ്പതി മരുന്നുകളിൽ അടങ്ങിയിരിക്കുന്ന ഭൗതിക ഘടകങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ അറിവ് ലഭ്യമാക്കുന്നതിന് വിപുലമായ വിശകലനപരമായ സ്വഭാവ വിശകലനങ്ങൾ നടത്തേണ്ടതുണ്ട്. വിപുലമായ അനലിറ്റിക്കൽ ടെക്നിക്കുകൾ ഉപയോഗിച്ച് ഏകീകൃതവും സംഘടിതവുമായ പഠനം ഹോമിയോപ്പതി മരുന്നുകളുടെ ഏകീകൃത നിലവാരം ഉയർത്താൻ സഹായിക്കും.

ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|
| ഹോമിയോ മെഡിക്കൽകോളേജ്, തിരുവനന്തപുരം | 385 | 50 | 435 |
| ഹോമിയോപ്പതിയിലെ ഗവേഷണ പരിപാടികൾ | 35 | 0 | 35 |
| **ആകെ** | **420** | **50** | **470** |

**ബി. കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജിനുള്ള ധനസഹായം**

2021-22 വർഷത്തേക്ക് കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 330.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതാണ്.

- കളിസ്ഥലം നിർമാണം
- ഫിസിയോതെറാപ്പി യൂണിറ്റ്, കാൻസർ പരിരക്ഷ, സാന്ത്വന ചികിത്സ
- ഹോമിയോപ്പതി ഗവേഷണം, ഇൻഫർട്ടിലിറ്റി മാനേജ്മെന്റ് പ്രോജക്റ്റിന്റെ തുടർച്ച

ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|
| ഹോമിയോ മെഡിക്കൽകോളേജ്, കോഴിക്കോട് | 210 | 120 | 330 |
| **ആകെ** | **210** | **120** | **330** |

## 9.6 ശുദ്ധജല വിതരണവും മലിനജല നിവാരണവും

കേരളത്തിൽ കുടിവെള്ള വിതരണം നടത്തുന്ന രണ്ട് പ്രധാന ഏജൻസികളാണ് കേരള വാട്ടർ അതോറിറ്റി(കെ.ഡബ്ല്യൂ.എ)യും ജലനിധി(കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസി കെ.ആർ.ഡബ്ല്യൂ.എസ്.എ)യും. 2021-22 ബഡ്ജറ്റിൽ കുടിവെള്ള വിതരണത്തിനും മലിന ജല നിവാരണത്തിനുമായി 757.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021-22 ബഡ്ജറ്റിലെ പദ്ധതികളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| I | **കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)** | |
| 1 | സർവ്വേയും അന്വേഷണവും | 100.00 |
| 2 | നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്) | 5180.00 |
| 3 | കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ | 90.00 |
| 4 | കെഡബ്ല്യൂഎ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം | 300.00 |
| 5 | നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും | 100.00 |
| 6 | മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും, ഗുണനിലവാര നിയന്ത്രണം | 100.00 |
| 7 | കേരള വാട്ടർ അതോറിറ്റിയുടെ മലിന ജല നിവാരണ പദ്ധതികൾ | 2460.00 |
| 8 | നഗര ജലവിതരണ പദ്ധതികളുടെ- പുനരധിവാസം/ മെച്ചപ്പെടുത്തൽ- യു.ഡബ്ല്യൂ.എസ്.എസ് | 4500.00 |
| 9 | ഗ്രാമീണ ജലവിതരണ പദ്ധതികൾ | 1000.00 |
| 10 | പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ | 100.00 |
| 11 | ഉൽപ്പാദനവും വിതരണവും പരമാവധിയിൽ എത്തിക്കുക | 5000.00 |
| 12 | കേരള ജലവിതരണ പദ്ധതി (ജൈക്ക) (സംസ്ഥാന പദ്ധതി പ്രകാരം ഒറ്റത്തവണ ധന സഹായം) | 750.00 |
| 13 | കുടിവെള്ളം-വരൾച്ച സമാശ്വാസവും അടിയന്തിര ജോലികളും | 1000.00 |
| 14 | അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം | 100.00 |
| 15 | സംരംഭക വിഭവ ആസൂത്രണം (ഇആർപി), ഇ-ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ് . | 100.00 |
| 16 | ഉറവിടം മെച്ചപ്പെടുത്തലും ജല സംരക്ഷണവും | 200.00 |
| 17 | ജൽ ജീവൻ മിഷൻ (എൻആർഡിഡബ്ല്യൂപി) 50% സംസ്ഥാന വിഹിതം | 40000.00 |
| 18 | എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണം മെച്ചപ്പെടുത്തൽ പദ്ധതി – കെ.യു.ഡബ്ല്യൂ.എസ്.ഐ.പി (ഇഎപി) | 10000.00 |
| | **പുതിയ പദ്ധതി** | |
| 19 | നദി മലീനികരണം തടയുന്നതിനും ദേശീയ ഹരിത ട്രിബ്യൂണൽ നിർദേശമനുസരിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ | 500.00 |
| | **ആകെ ഉപവിഭാഗം**-1 | **71580.00** |

| | | |
|---|---|---|
| **II** | **കെ.ആർ.ഡബ്ല്യൂ. എസ്.എ. (ജലനിധി)** | |
| 20 | കെ.ആർ.ഡബ്ല്യൂ.എസ്.എ മുഖേന നടപ്പിലാക്കുന്ന മഴവെള്ളക്കൊയ്ത്ത് (ആർഡബ്ല്യൂഎച്ച്) പദ്ധതിയുടെ ശേഷി ഉയർത്തലും ഭൂഗർഭജല റീചാർജ്ജും (ജിഡബ്ല്യൂആർ). | 1000.00 |
| 21 | കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്ക് സുസ്ഥിര പിന്തുണ (ജലനിധി). | 3000.00 |
| 22 | ജലനിധി രണ്ടാം ഘട്ടത്തിലെ ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കൽ | 125.00 |
| | **ആകെ (ഉപവിഭാഗം)-II** | **4125.00** |
| | **ആകെ** | **75705.00** |

## കേരള വാട്ടർ അതോറിറ്റി

### 1.സർവ്വേയും അന്വേഷണവും

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരളത്തിലെ ജലവിതരണ, മലിനജല സേവനങ്ങളുടെ പ്രധാന സംഘടനയാണ് കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ). കേരള സംസ്ഥാനത്തെ മുഴുവൻ ജലവിതരണത്തിനും മലിനജല സേവനങ്ങൾ നൽകുന്നതിനും പദ്ധതികളുടെ ഷെൽഫ് തയ്യാറാക്കുന്നതിനുമായി ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്) സർവ്വേ നടത്തണം. ഇരട്ടപ്രിസമുള്ള ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ പോലുള്ള ആധുനിക സർവ്വേ ഉപകരണങ്ങൾ ഇതിനാവശ്യമായി വന്നേക്കാം. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ) തയ്യാറാക്കുന്നതിന്റെ ഭാഗമായി മണ്ണുപരിശോധനയും നടത്തേണ്ടതുണ്ട്. സർക്കാരിന്റെ ജൽ ജീവൻ മിഷൻ (ജെ.ജെ.എം) അനുസരിച്ച് 2024 ഓടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വാസസ്ഥലങ്ങളിലും ആവശ്യമായ കുടിവെള്ളം ലഭ്യമാക്കും. ഇതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും തെരഞ്ഞെടുത്ത പദ്ധതികൾക്കായി ഡി.ഇ.ആർ തയ്യാറാക്കണം. വിവിധ പഞ്ചായത്തുകളിലെ കുടിവെള്ളം ലഭ്യമാകാത്ത പ്രദേശങ്ങളിൽ അത് ലഭ്യമാക്കുന്നതിനായി വിപുലമായി സർവ്വേ പ്രവർത്തനങ്ങൾ നടത്തണം. പഞ്ചായത്തുകളിൽ ഒരു ഡി.പി.ആർ (വിശദമായ പ്രോജക്ട് റിപ്പോർട്ട്)ന് കുറഞ്ഞത് 4 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് ഒരു ഡി.പി.ആർ -ന് കുറഞ്ഞത് 5 ലക്ഷം രൂപയും നിരക്കിൽ 200 ഓളം ഡി.പി.ആർ - കൾ തയ്യാറാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും തുക ആവശ്യമാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 2.നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതികൾ (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്)

**(വിഹിതം : 5180.00 ലക്ഷം രൂപ)**

2003 മുതൽ ഈ ശീർഷകത്തിൽ ട്രാൻചേ IXയും തുടർച്ചയായിട്ടുള്ള ട്രാൻചേകളിലും പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. മുൻപുള്ള ട്രാൻചേകൾ കാലാവധി കഴിഞ്ഞപ്പോൾ ട്രാൻചേ XVIII മുതലുള്ള പദ്ധതികൾ മാത്രം നബാർഡിൽ ഉൾപ്പെടുത്തി. നിലവിലുള്ള അവശേഷിക്കുന്ന തുടർ ട്രാൻചേകൾ പൂർത്തീകരിക്കുന്നതിനായി ആവശ്യമായ ബാക്കി 43,382.13 ലക്ഷം രൂപ വേണ്ടി വരും. 2019-20 സാമ്പത്തിക വർഷം ഏകദേശം 12,36,260 വ്യക്തികൾക്ക് ഗുണപ്രദമാകുംവിധം 18 പദ്ധതികൾ പൂർത്തിയായി. 2020-21 ൽ 15 പദ്ധതികളും 2021-22-ൽ 4 പദ്ധതികളും പൂർത്തിയാക്കിയ ശേഷം 8,39,371 ജനസംഖ്യയ്ക്ക് സംസ്കരിച്ച ജലം വിതരണം ചെയ്യാൻ കഴിയും. ഈ പദ്ധതികൾക്കായി 2021-22 കാലയളവിൽ 5180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3.കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ**

**(വിഹിതം : 90.00 ലക്ഷം രൂപ)**

ഗുണനിലവാരമുള്ള പായ്ക്ക് ചെയ്ത കുടിവെള്ളം പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി കേരള ജലസേചന അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി)-ന്റെ കൈമാറി. അവശേഷിക്കുന്ന തുടർ ജോലികൾ പൂർത്തിയാക്കുന്നതിനും പൂർത്തിയായ ജോലികളുടെ സാമ്പത്തിക ബാധ്യതകൾ തീർക്കുന്നതിനുമായി 2021-22 കാലയളവിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.കെ.ഡബ്ല്യൂ.എ. യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം**

**(വിഹിതം : 300.00 ലക്ഷം രൂപ)**

കെ.ഡബ്ല്യ.എ.യുടെ കെട്ടിടങ്ങളുടെയും പരിസരങ്ങളുടേയും പതിവ് പരിപാലനവും അറ്റകുറ്റപ്പണികളും ആവശ്യമാണ്. കെ.ഡബ്ല്യ.എ.യുടെ പ്രവർത്തനക്ഷമമായ 1087 പദ്ധതികൾക്ക്, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, ഇൻടേക് മുതലായവ പോലുള്ള പഴകിയതും പരിപാലനം ആവശ്യമായതുമായ വിവിധ സിവിൽ ഘടനകൾ ഉണ്ട്. സിവിൽ ഘടനകളുടെ അറ്റകുറ്റപ്പണി ഘട്ടം ഘട്ടമായി നടത്താൻ പദ്ധതി ലക്ഷ്യമിടുന്നു. പുതിയ ഓഫീസ് കെട്ടിടങ്ങളും പമ്പ് ഹൗസുകളിലും ഡബ്ല്യുടിപി (ജല ശുദ്ധീകരണ പ്ലാന്റ്) കളിലും ടോയ്‌ലറ്റുകളും നിർമ്മിക്കേണ്ടതുണ്ട്. കെഡബ്ല്യൂഎയുടെ ഉടമസ്ഥതയിലുള്ള ഭൂമി വ്യക്തമായി നിർണ്ണയിക്കാൻ ഡബ്ല്യുടിപികൾ, കെഡബ്ല്യൂഎ ഓഫീസുകൾ, ഒഴിഞ്ഞ പ്ലോട്ടുകൾ എന്നിവയ്ക്ക് ചുറ്റും കോമ്പൗണ്ട് മതിലുകൾ നിർമ്മിക്കേണ്ടതാണ്. കെ.ഡബ്യൂ.എ.യുടെ സിവിൽ ഘടനകളുടെ നവീകരണത്തിനായി 2021-22 ൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കണക്കാക്കിയിട്ടുള്ള വരുമാന രഹിത ജലം (എൻ.ആർ.ഡബ്ല്യ) 40 ശതമാനത്തോളമായതിനാൽ അത് കുറയ്ക്കുക എന്നത് അടിയന്തിര ശ്രദ്ധ ആവശ്യമുള്ള മേഖലയാണ്. എൻ.ആർ.ഡബ്ല്യ കുറയ്ക്കുക, ജലവിതരണ പദ്ധതികളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, സംസ്കരിച്ച ജലത്തിന്റെ പാഴാക്കൽ കുറയ്ക്കുക, പദ്ധതികളുടെ നവീകരണം, പുതിയ സാങ്കേതിക വിദ്യ സ്വീകരിക്കുക, വരുമാനം വർദ്ധിപ്പിക്കുക, ഡബ്ല്യ.ടി.പികളുടെയും പമ്പ് ഹൗസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, പാഴാക്കുന്ന വൈദ്യുതി ഉപയോഗം കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് കണക്കാക്കുവാനും ജലചോർച്ച കണക്കാക്കുവാനും ബൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ കഴിയുന്നു. എല്ലാ പ്രധാന പദ്ധതികളിലും നശിക്കാത്ത ബൾക്ക് മീറ്ററുകൾ ഉൾപ്പടെ ബൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിനായി ഇവ സ്കാഡ (എസ്.സി.എ.ഡി.എ)യുമായി സംയോജിപ്പിക്കുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. മെറ്റാലിക്- നോൺമെറ്റാലിക് പൈപ്പ് ലൊക്കേറ്ററുകൾ, വാൽവ് ലൊക്കേറ്ററുകൾ, അകൗസ്റ്റിക് ലീക്ക് ഡിറ്റക്റ്റേഴ്സ്, തുടങ്ങിയ ചോർച്ച കണ്ടെത്തൽ ഉപകരണങ്ങൾ കുഴിച്ചിട്ട മാൻഹോളുകളെ കണ്ടെത്തുന്നതിനായി സ്ഥാപിക്കേണ്ടതുണ്ട്. പമ്പ് ഹൗസുകളുടെയും ഡബ്ല്യ.ടി.പി കളുടെയും ഓട്ടോമേഷൻ, ഡബ്ല്യ.ടി.പി കളുടെ വർദ്ധനവിനായി ഇരട്ട മാധ്യമങ്ങൾ, തിരഞ്ഞെടുത്ത ഡബ്ല്യ.ടി.പികളുടെ/പമ്പ് ഹൗസുകളുടെ ഊർജ്ജ കണക്കെടുക്ക് നടത്തുന്നതിലൂടെ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുവേണ്ടി പമ്പുകളുടെ കാര്യക്ഷമതാ പഠനം എന്നിവയും ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 കാലയളവിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുന്നു.

**6.മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും, ഗുണനിലവാര നിയന്ത്രണം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരള വാട്ടർ അതോറിറ്റി ഏകദേശം 10000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്ന 1050 ഓളം ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കൂടാതെ 8000 ൽ

അധികം ജീവനക്കാരുമുണ്ട്. സ്റ്റാഫ് അംഗങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിന് പതിവായ പരിശീലനം ആവശ്യമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക, മാനേജ്മെന്റ് രീതികളിലേക്ക് അവരെ എത്തിക്കേണ്ടതുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നതപഠനത്തിനായി (എം.ടെക്) 10 ഉദ്യോഗസ്ഥരെ കെ.ഡബ്ല്യു.എ സ്പോൺസർ ചെയ്യുന്നു. രാജ്യത്തെ പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമായ പൂനയിലെ എൻ.ഐ.സി.എം.എ.ആർ പ്രോഗ്രാമുകൾക്കുവേണ്ടി എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. ഡബ്ല്യു.ബി.സി, ഡൽഹി, ഐ.സി.ഡബ്ല്യു. ഡൽഹി, എ.എസ്.സി.ഐ ഹൈദരാബാദ്, ഇ.എസ്.സി.ഐ ഹൈദരാബാദ്, എൻ.സി.സി ഹൈദരാബാദ്, ഐ.ബി.സി മുംബൈ കൂടാതെ മറ്റ് പ്രശസ്തമായ പരിശീലന സംഘടനകൾ, ഫ്രീലാൻസ് പരിശീലകർ എന്നിവരുടെയും ചില പരിശീലനങ്ങൾ നിർദ്ദേശിക്കുന്നു. കെ.ഡബ്ല്യു.എ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന റഫറൽ സ്ഥാപനത്തിനു കീഴിൽ ഏകദേശം 14 ജില്ലാ ലാബുകളും 32 ഉപജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നു. നവീകരണം, ലാബുകളുടെ അക്രഡിറ്റേഷൻ, കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡബ്ല്യു.ടി.പി/ എസ്.ടി.പി ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനം, മലിനജല സംവിധാനത്തിന്റെ മാതൃക, ഉപകരണങ്ങൾ, പൈപ്പുകൾ, സ്പെഷ്യൽസ്, ഇലക്ട്രിക്കൽ/ മെക്കാനിക്കൽ ഇനങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള ഇലക്ട്രോ മെക്കാനിക്കൽ വർക്ക്ഷോപ്പ്, ജലവിതരണ മലിനജല സംവിധാനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണ വികസന(ആർ.ഡി) പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി 2021-22-വർഷത്തിൽ 100.00 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

**7.കേരള വാട്ടർ അതോറിറ്റിയുടെ മലിന ജല പദ്ധതികൾ**

**(വിഹിതം 2460.00 ലക്ഷം രൂപ)**

മലിന ജല നിവാരണ സംവിധാനത്തിന്റെ അഭാവം സംസ്ഥാനത്ത് ജല പരിസ്ഥിതിക്ക് ഗുരുതരമായ നാശം വരുത്തികൊണ്ടിരിക്കുകയാണ്. കിണറുകളുടെ വ്യാപകമായ കീടാണു സംക്രമണത്തിന്റെ ഞെട്ടിക്കുന്ന തെളിവുകളുമായി പല പഠനങ്ങളും പുറത്തുവന്നിട്ടുണ്ട്. ഉപരിതല ജലത്തിന്റെയും ഭൂഗർഭജലത്തിന്റെയും ഗുണനിലവാരവും അപകടകരമായ തോതിൽ കുറയുന്നു. സംസ്ഥാനത്തെ മലിന ജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്, പക്ഷെ ഈ മേഖലയിൽ വാട്ടർ അതോറിറ്റിയുടെ സാന്നിദ്ധ്യം വളരെ കുറവാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. തിരുവനന്തപുരത്തെ കവറേജ് ഏകദേശം 30% വും കൊച്ചിയിൽ ഇത് 2% മാത്രവും ആണ്.

2 മുതൽ 3 വരെ വാർഡുകൾ ഒരു ക്ലസ്റ്ററായി എടുക്കുന്ന പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാനും വിവിധ ശേഷിയുള്ള ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ നൽകാനും വിഭാവനം ചെയുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ നിർദേശപ്രകാരം ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം ഉൾക്കൊള്ളുന്ന ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പ്രതിദിനം 20 മില്ല്യൻ ലിറ്റർ (എം എൽ ഡി) വരെ മലിനജലം സംസ്കരിക്കുന്നതിനാണിത്. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ നിലവിലുള്ള മലിനജല സംവിധാനം വിപുലീകരിക്കാനും മറ്റ് പ്രധാന നഗരങ്ങളിലും പട്ടണങ്ങളിലും വികേന്ദ്രീകൃത മലിനജല സംവിധാനങ്ങൾ സ്ഥാപിക്കാനും ഗുരുവായൂർ മലിനജല പദ്ധതി പൂർത്തീകരിക്കാനും നിലവിലുള്ള മലിനജല ലൈനുകളിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്താനും കെ.ഡബ്ല്യു.എ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2021-22-ൽ 2460.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8.നഗര ജലവിതരണ പദ്ധതികളുടെ (യു ഡബ്ല്യൂ എസ് എസ്) പുനരുദ്ധാരണവും മെച്ചപ്പെടുത്തലും**

**(വിഹിതം: 4500.00 ലക്ഷം രൂപ)**

നഗരപ്രദേശങ്ങളിൽ 100% കവറേജ് നേടുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മുൻപുള്ള പദ്ധതികൾ 100 എൽപിസിഡിക്ക് വേണ്ടി രൂപകൽപ്പന ചെയ്തിരുന്നു, ഇപ്പോൾ ഇത് 150 എൽപിസിഡിയായി ഉയർത്തിയിട്ടുണ്ട്. അതിനാൽ പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികളുടെ വർദ്ധനവ് നടപ്പിലാക്കണം. വിതരണ ശൃംഖലകൾ സ്ഥാപിക്കുമ്പോൾ മാത്രമേ ഉല്പാദന ഘടകങ്ങളിൽ കെ.ഡബ്ല്യൂ എ നടത്തിയ വൻ നിക്ഷേപത്തിന്റെ ഫലപ്രദമായ വിനിയോഗം സാധ്യമാകൂ. ശുദ്ധീകരിച്ച ഡബ്ല്യൂ ടി പി കളിൽ നിന്ന് സംസ്കരിച്ച ജലവിതരണമില്ലാത്ത 10 മുനിസിപ്പാലിറ്റികളുണ്ട്, അവയെ ഈ പരിധിയിലെത്തിക്കണം. അതിനാൽ ഉൽപാദന ഘടകങ്ങൾ അടങ്ങിയ പദ്ധതികൾ ഇവിടെ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മുനിസിപ്പാലിറ്റികളിലെ ഉൽപാദന ഘടകങ്ങൾ പൂർത്തിയാക്കിയ/ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾക്കുവേണ്ടി വിതരണ ശൃംഖല സ്ഥാപിക്കുവാനും നിർദ്ദേശിക്കുന്നു. പരിധിയിലില്ലാത്ത നഗരതദ്ദേശ സ്ഥാപനങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഉൽപാദന ഘടകങ്ങൾ പൂർത്തിയാക്കുന്നതിനും പദ്ധതികളിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൊച്ചി ജലവിതരണ പദ്ധതികളുടെ ഇടക്കാല വർദ്ധനവിന്റെ പൂർത്തീകരണവും മുൻഗണനാ ഇനമായി ഈ പദ്ധതി ലക്ഷ്യമിടുന്നു. കാലാവസ്ഥാ പുനരുജ്ജീവന നിർമ്മിതിക്കായി ഡീസലൈനേഷൻ പ്ലാന്റുകൾ പോലുള്ള പുതിയ ബദലുകളുടെ സാധ്യതകളും പരിശോധിക്കേണ്ടതുണ്ട്. നിലവിലുള്ള പദ്ധതികളുടെ നവീകരണം/പുനരുദ്ധാരണം എന്നിവയും ഏറ്റെടുക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിനായി 4500.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തിയിരിക്കുന്നു.

**9. ഗ്രാമീണ ജലവിതരണ പദ്ധതികൾ**

**(വിഹിതം : 1000.00 ലക്ഷം രൂപ)**

മുൻപുള്ള പദ്ധതികൾ 40/70 എൽപിസിഡിയായി രൂപകൽപ്പന ചെയ്തിരുന്നു. ഇപ്പോൾ ഇത് 100 എൽപിസിഡിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജലവിതരണ സേവനമില്ലാത്തതും മതിയായ സേവനം ലഭ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ കവറേജ് വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികളുടെ വർദ്ധനവ് നടത്തേണ്ടതാണ്. 2024 ഓടെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷണുകൾ (എച്ച് എച്ച് ടി സി) നൽകാൻ ജൽജീവൻ മിഷൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട/ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം നടത്താൻ വ്യക്തിഗത പദ്ധതികൾ ആവശ്യമാണ്. കണക്ഷൻ നിരക്ക് കൂടുതലുള്ള പദ്ധതികൾ ഈ പദ്ധതിയിൽ കീഴിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള പദ്ധതികളുടെ നവീകരണം/പുനരുദ്ധാരണം, അത്യാവശ്യമുള്ളിടത്ത് പുതിയ പദ്ധതികൾ ഏറ്റെടുക്കുക എന്നിവയും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 2021-22 കാലയളവിൽ ഈ പദ്ധതികൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

ചില നിർദ്ദിഷ്ട സ്ഥാപനങ്ങളിൽ/പ്രദേശങ്ങളിൽ തടസ്സമില്ലാത്ത ജലവിതരണം നൽകുന്നതിലൂടെ പകർച്ചവ്യാധികളേയും ജലജന്യ രോഗങ്ങളേയും തടയുക എന്നതാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 2021-22 വർഷത്തിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

എ) മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയിലേക്ക് ജലവിതരണ പദ്ധതികൾ.

ബി) ശബരിമലയിലേക്കുള്ള ജലവിതരണ പദ്ധതി

സി) ഗ്രാമീണ സ്കൂളുകൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുള്ള ജലവിതരണം

ഡി) സിവിൽ സ്റ്റേഷൻ പരിസരം, ജയിൽ, തിരുത്തൽ വീടുകൾ, കോടതി മുതലായ മറ്റ് സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ജലവിതരണം

ഇ) വൃദ്ധ സദനം, അനാഥാലയം എന്നിവ പോലുള്ള സർക്കാർ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലേക്കുള്ള ജലവിതരണം

ഈ പ്രവർത്തനങ്ങൾക്കായി 2021-22-കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**11. ഉല്പാദനവും വിതരണവും പരമാവധിയിലെത്തിക്കുക**

**(വിഹിതം : 5000.00 ലക്ഷം രൂപ)**

കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന ആസ്തി പൈപ്പ് ലൈനുകളാണ്, ഈ പൈപ്പ് ലൈനുകൾ 30-50 വർഷത്തിലേറെ പഴക്കമുള്ളവയും, പൊട്ടാനുള്ള സാധ്യത വളരെ കൂടുതലുള്ളവയുമാണ്. കെഡബ്ല്യുഎയുടെ പൈപ്പ് നയം അനുസരിച്ച്, എല്ലാ എസി, പ്രെമോ പൈപ്പുകളും സിഐ പൈപ്പുകളും ഘട്ടം ഘട്ടമായി മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇത് ജലച്ചോർച്ച (എൻആർഡബ്ല്യു) കുറയ്ക്കുകയും പൈപ്പിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്തുകയും ചെയ്യും. വിവിധ സ്ഥലങ്ങളിലെ പൈപ്പ് ലൈനുകൾ ദ്രവിക്കുന്നതും കേടാകുന്നതും പമ്പിംഗ് മെയിനുകളുടെയും വിതരണ സംവിധാനങ്ങളുടെയും പതിവ് ചോർച്ചയ്ക്ക് കാരണമാകുന്നു. നിലവിലുള്ള പദ്ധതികളിൽ ലഭ്യമായ അധിക ജലം ഉപയോഗിച്ചുകൊണ്ട് പൈപ്പുലൈനുകൾ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം. ഐ.എസ് മാനദണ്ഡമനുസരിച്ച് പ്രകടനം മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി നിരവധി പഴയ ജലവിതരണ പദ്ധതികൾ പുനരധിവസിപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്.

- പൈപ്പ് ലൈൻ വിപുലീകരിക്കുന്നതിലൂടെ കൂടുതൽ കവറേജ്.
- സ്ഥാപിത ശേഷിയും ഉൽപാദന ശേഷിയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും, ജലസംസ്കരണ പ്ലാന്റുകൾ (ഡബ്ല്യുടിപി) പുനരുദ്ധീകരിക്കുന്നതിനും.
- സ്റ്റാറ്റിക് കപ്പാസിറ്ററുകൾ സ്ഥാപിക്കുക, പഴയതും കാര്യക്ഷമമല്ലാത്തതുമായ ഇലക്ട്രിക്കൽ, മെക്കാനിക്കൽ യന്ത്രങ്ങൾ മാറ്റുക, ഡീംഡ് കണക്ഷനുകൾ എച്ച് ടി (ഹൈ ടെൻഷൻ) കണക്ഷനുകളാക്കി മാറ്റുക എന്നിവയിലൂടെ കെഡബ്ല്യുഎയുടെ വാർഷിക വൈദ്യുതി ചാർജ്ജുകളും ഊർജ്ജ ഉപഭോഗവും കുറയ്ക്കുക.
- കാലഹരണപ്പെട്ട പമ്പ് സെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ പമ്പ് സെറ്റുകൾ സ്ഥാപിക്കുക.

മേൽപ്പറഞ്ഞ ജോലികൾക്കായി 2021-22-ബഡ്ജറ്റിൽ **5000.00 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്.

**12. കേരള ജലവിതരണ പദ്ധതി, ജൈക്ക (സംസ്ഥാന പദ്ധതി പ്രകാരം ഒറ്റത്തവണ ധന സഹായം)**

**(വിഹിതം : 750.00 ലക്ഷം രൂപ)**

ജെ.ഐ.സി.എ ജൈക്ക (ജപ്പാൻ ഇൻറർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) സഹായ ജലവിതരണ പദ്ധതിയിൽ 5 ജല വിതരണ പദ്ധതികൾ ഉൾപ്പെടുന്നു-തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം. മുകളിൽ പറഞ്ഞവ കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപനപരമായ ശക്തിപ്പെടുത്തലിനായി നിരവധി ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സി.സി.യു കെട്ടിടത്തിന്റെ നിർമ്മാണം, ആസ്തി മാപ്പിംഗ്, ബൾക്ക് ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ ഇതിൽ പെടുന്നു. മീനാട്, കോഴിക്കോട് എന്നിവിടങ്ങളിലെ വിതരണ സംവിധാനത്തിന്റെ ഭാഗമല്ലാതെ എല്ലാ പദ്ധതികളും തിരുവനന്തപുരത്തെ രണ്ട് ഡബ്ല്യുടിപികളുടെ പുനരധിവാസവും പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. പരവൂർ മുൻസിപ്പാലിറ്റിയിലേക്കും 11 ഗ്രാമങ്ങളിലേക്കും (കരവാളൂർ, അഞ്ചൽ, ഇടമുലക്കൽ, അറയ്ക്കൽ, ഉമയന്നൂർ, വാളകം, എളമാട്,

വെളിയം, ഓടനാവട്ടം, നെടുമ്പന-പള്ളിക്കൽ, ആദിച്ചനല്ലൂർ, പൂതക്കുളം, മയ്യനാട്) കുടിവെള്ളം ലഭ്യമാക്കുവാനും അതിലൂടെ 4,85,898 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുവാനും 2021-ഓടെ മീനാട് പദ്ധതി പൂർത്തിയാക്കുന്നതിലൂടെ കഴിയും.

മീനാട് കോഴിക്കോട് പദ്ധതികളിലെ ശേഷിക്കുന്ന ജലവിതരണ സംവിധാനം പൂർത്തിയാക്കലും തിരുവനന്തപുരത്ത് രണ്ട് ഡബ്ല്യുടിപികളുടെ പുന:സ്ഥാപിക്കലും ഇത് ഉദ്ദേശിക്കുന്നു. ജൈക്കയുടെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജിഐഎസ് ഉപയോഗിച്ച് കെഡബ്ല്യുഎ അതിന്റെ ആസ്തി മാപ്പിംഗ് നടത്തുന്നുണ്ട്. ജോലികൾ ഏകദേശം പൂർത്തിയായി, വസ്തുതകളുടെ വിലയിരുത്തൽ നടന്നു വരുന്നു. വിലയിരുത്തലിന് ശേഷം, കെഡബ്ല്യുഎയുടെ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാനമായി, ലഭ്യമായ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

ഈ പദ്ധതി പൂർത്തീകരിക്കുന്നതിലേയ്ക്കായി 2021-22-വർഷത്തിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**13. കുടിവെള്ളം-വരൾച്ച സമാശ്വാസവും അടിയന്തിര ജോലികളും.**

**(വിഹിതം : 1000.00 ലക്ഷം രൂപ)**

വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് എന്നിവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആവർത്തിച്ചുള്ള പ്രതിഭാസമായി മാറിയിരിക്കുന്നു. ഇവയ്ക്ക് പുറമെ, വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾ എന്നിവ പോലുള്ള ദുരന്തോൻമുഖ സാഹചര്യങ്ങളിലും പ്രകൃതിദുരന്തസമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ടതുണ്ട്. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും ജലവിതരണം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ ജലവിതരണം ചെയ്യുന്നതിനും, മറ്റ് അടിയന്തിര സാഹചര്യങ്ങളിലെ ജോലികൾക്കുമായി 2021-22 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

**14. അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

പ്രധാന പമ്പിങ് സ്റ്റേഷനുകളിൽ ഒന്നാണ് അരുവിക്കര. ഇതിന് വലിയ പമ്പ് സെറ്റുകൾ ആവശ്യമാണ്. തിരുവനന്തപുരം നഗരത്തിലേക്ക് ജല വിതരണം നടത്തുന്നതിനായി അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 2021-22-വർഷത്തിൽ അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

**15. സംരംഭക വിഭവ ആസൂത്രണം (ഇആർപി), ഇ-ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ്**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരള വാട്ടർ അതോറിറ്റിയിൽ സുസജ്ജമായ വെബ് അധിഷ്ഠിത മാനേജ് മെന്റ് സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇ-അബാക്കസ്, കെഡബ്ല്യുഎ വൈഡ് ഏരിയ നെറ്റ്‌വർക്ക് എന്നിവയുടെ പരിപാലനത്തിനും പിന്തുണയ്ക്കും യൂട്ടിലിറ്റി സോഫ്റ്റ് വെയറിന്റെ വികസനത്തിനുമായി താല്ക്കാലിക ജീവനക്കാരുമായി ഒരു സപ്പോർട്ട് സെൽ പ്രവർത്തിച്ചുവരുന്നു. കെഡബ്ല്യുഎ-വൈഡ് ഏരിയ നെറ്റ്‌വർക്ക്, ഇ-അബാക്കസ്, മറ്റു ഇൻ ഹൗസ് സോഫ്റ്റ് വെയർ എന്നിവയുടെ പരിപാലനത്തിനു വേണ്ടിയുള്ള താല്ക്കാലിക ജീവനക്കാരുടെ ചെലവ് എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചുവടെ ചേർക്കുന്ന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു

- കെഡബ്ല്യുഎയിലെ വിവിധ വിഭാഗങ്ങൾക്കായി പുതിയ ഇൻ ഹൌസ് സോഫ്റ്റ് വെയർ വികസിപ്പിക്കൽ.
- കെ.ഡബ്ല്യൂ.എയ്ക്കായി സമഗ്രമായ ജി ഐ എസ്, ഐടി, ബാങ്കിംഗ് പരിഹാരം നടപ്പിലാക്കൽ
- കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സെർവറുകൾ, നെറ്റ്‌വർക്ക് ഘടകങ്ങൾ മുതലായവ സംരക്ഷിക്കുന്നതിനുള്ള വാർഷിക പരിപാലന കരാർ.
- നിലവിലുള്ള ഓഫീസുകളിൽ പാട്ടത്തിനെടുത്ത ലൈൻ, ഇൻററർനെറ്റ് കണക്റ്റിവിറ്റി മാനേജ്മെന്റ്, കണക്ഷൻ ഇല്ലാത്ത ഓഫീസുകളിൽ പുതിയവ നടപ്പിലാക്കുക.
- പുതിയ വാട്ടർ കണക്ഷൻ സോഫ്റ്റ് വെയർ 100% നടപ്പിലാക്കൽ
- ഇ-അബാക്കസ് പൂർത്തീകരണ പ്രവർത്തനങ്ങളുടെ നവീകരണം
- ഡി ഡി എഫ് എസ്, എംഎആർഎച്ച്, ഓ&എം സോഫ്റ്റ് വെയർ തുടങ്ങിയവയ്ക്കായുള്ള സഹായം
- ലിംസ് സോഫ്റ്റ് വെയറിന്റെ വാർഷിക പരിപാലനകരാർ (എ എം സി)
- കെഡബ്ല്യുഎയുടെ എല്ലാ വരുമാന ശേഖരണ കേന്ദ്രങ്ങളുടെയും 100 ശതമാനം കമ്പ്യൂട്ടറൈസേഷൻ
- എല്ലാ റവന്യൂ കേന്ദ്രങ്ങളിലും ബാങ്കുകളുടെ സന്നദ്ധത അടിസ്ഥാനമാക്കി പി.ഒ.എസ് മെഷീനുകൾ 100 ശതമാനം സ്ഥാപിക്കുന്നത് നടപ്പാക്കൽ.
- മീറ്റർ റീഡറുകൾക്കായി മൊബൈൽ ആപ്ലിക്കേഷനും ജല നിരക്കുകളുടെ സ്പോട്ട് പെയ്മെന്റും നടപ്പിലാക്കുക.
- കെഡബ്ല്യുഎയിൽ ഇആർപി നടപ്പിലാക്കൽ.

ഈ പ്രവർത്തനങ്ങൾക്കായി 2021-22 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**16.ഉറവിടം മെച്ചപ്പെടുത്തലും ജല സംരക്ഷണവും**

**(വിഹിതം 200.00 ലക്ഷം രൂപ)**

കാലാവസ്ഥാ വ്യതിയാനം കാരണം വരൾച്ച ആവർത്തിച്ചുള്ള പ്രതിഭാസമായി മാറി കഴിഞ്ഞു. ഉറവിടങ്ങളിൽ ആവശ്യത്തിന് വെള്ളം ഉറപ്പുവരുത്തുന്നതിനുള്ള മാർഗങ്ങളാണ്, അരുവികളെ ശക്തിപ്പെടുത്തുക, സംഭരണ ശേഷി വർദ്ധിപ്പിക്കുക എന്നിവ. അതിനാൽ ജലത്തിന്റെ പരമാവധി സംഭരണം ഉറപ്പാക്കുന്നതിന് എല്ലാ പ്രധാന സ്രോതസുകളിലും ചെക്ക് ഡാമുകളും റെഗുലേറ്ററുകളും ആവശ്യമാണ്. ട്യൂബ് കിണറുകൾ, തുറന്ന കിണറുകൾ, വെള്ളം അരിച്ച് എടുക്കുന്ന ഗാലറി, പ്രധാന കനാൽ തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജലസംഭരണികളുടെ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ, ഉറവിടങ്ങളുടെ കൃത്രിമ റീച്ചാർജിംഗ്, അണകളുടെയും ചെക്ക് ഡാമുകളുടേയും പാർശ്വ സംരക്ഷണം എന്നിവ നടത്തുകയും നിലവിലുള്ള ഘടനകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്. വേനൽക്കാലത്ത് പമ്പിംഗ് ഉറപ്പാക്കാൻ വാമനപുരം, ഭാരതപുഴ, ചാലിയാർ, കടലുണ്ടി തുടങ്ങിയ നദികളിലുടനീളം അണ/ബണ്ടുകളുടെ നിർമ്മാണം അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട്. ജെ ജെ എം-ന്റെ ഭാഗമായി എല്ലാ ഗ്രാമീണ കുടുംബങ്ങളിലും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ (എഫ് എച്ച് ടി സി)കൾ നൽകൽ ഉദ്ദേശിക്കുന്നുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിനായി ഉറവിട പര്യാപ്തത ഉറപ്പാക്കേണ്ടതാണ്. അതിനാൽ നിലവിലുള്ള എല്ലാ സ്രോതസ്സുകളിലും മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 കാലയളവിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17.ജൽ ജീവൻ മിഷൻ (എൻആർഡിഡബ്ല്യുപി) ( 50% സംസ്ഥാന വിഹിതം)**

**(വിഹിതം : 40,000.00 ലക്ഷം രൂപ)**

എൻ.ആർ.ഡി.ഡബ്ല്യുപി യുടെ തുടർച്ചയായ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽജീവൻ മിഷൻ. 2020 ഓടെ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളുടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കാൻ ഇത് വിഭാവനം ചെയ്തിരിക്കുന്നു.

ഓരോ ഗ്രാമീണ കുടുംബത്തിനും സ്ഥിരമായി, ദീർകാലാടിസ്ഥാനത്തിൽ, ആവശ്യമായ ഗുണനിലവാരത്തിൽ, മിതമായ സേവന നിരക്കിൽ, കുടിവെള്ള വിതരണം ഉണ്ടെന്ന് മിഷൻ ഉറപ്പാക്കുന്നു. 2024 ഓടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൈപ്പ് വെള്ളം ലഭ്യമാക്കുന്നതിനായി കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 എന്ന അനുപാതത്തിൽ ചെലവ് പങ്കിടലിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2020-21 ൽ 21.42 ലക്ഷവും 2021 – 22- ൽ 12 ലക്ഷവും പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷൻ ( എഫ്.എച്ച്.ടി.സി.) നൽകാൻ ജൽജീവൻ മിഷൻ വിഭാവനം ചെയ്യുന്നു.

മൊത്തം പദ്ധതി ചെലവിൽ , 10 ശതമാനം ഗുണഭോക്താക്കളുടെ സംഭാവനയും ബാക്കി 90 ശതമാനം 50:50 അനുപാതം ആയി കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കിടും. സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും, തദ്ദേശ സ്ഥാപനവിഹിതത്തിൽ നിന്നും, സംസ്ഥാന സർക്കാർ വിഹിതം കണ്ടെത്തും. 2021-22 കാലളവിൽ പദ്ധതി നടപ്പാക്കൽ പരിപാടിക്കായി കേരള ജല അതോറിറ്റി, ജലനിധി എന്നിവയ്ക്ക് 40,000.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. സംസ്ഥാന വിഹിതത്തിന്റെ ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തും. സംസ്ഥാന പദ്ധതി തുകയും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി തുകയും ഉൾപ്പെടെ ആകെ സംസ്ഥാന വിഹിതം 70,000 ലക്ഷം രൂപയാണ്. കേന്ദ്ര വിഹിത റിലീസിന് അനുസൃതമായി അധിക സംസ്ഥാന വിഹിതം പുറത്തിറക്കും.

**18.എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി കെ.യു.ഡബ്ല്യൂ.എസ്.ഐ.പി (ഇഎപി)**

**(വിഹിതം : 10,000.00. ലക്ഷം രൂപ)**

എൻആർഡബ്ല്യൂ (വരുമാന രഹിത ജലം) ഗണ്യമായി കുറക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപാദന ഘടകങ്ങളെയും ശൃംഖലയെയും പുനരധിവസിപ്പിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും, മേൽപ്പറഞ്ഞ മേഖലകളിൽ 24 x 7 വിതരണം നേടുകയുമാണ് എഡിബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യൂ.എസ്.ഐ.പി ലക്ഷ്യമിടുന്നത്.

എൻആർഡബ്ല്യൂ 51 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറയ്ക്കാനും കൊച്ചി കോർപ്പറേഷനിൽ 24 x 7 വിതരണം നടപ്പാക്കാനും തിരുവനന്തപുരം കോർപ്പറേഷനിൽ ഉൽപാദന ഘടകങ്ങൾ മെച്ചപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു. .

2021-22 വർഷത്തിൽ 10,000 ലക്ഷം രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നു.

**<u>പുതിയ പദ്ധതികൾ</u>**

**19. നദി മലിനീകരണം തടയുന്നതിനും ദേശീയ ഹരിത ട്രിബ്യൂണൽ (എൽ.ജി.റ്റി.) അനുസരിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.**

**( വിഹിതം: 500.00 ലക്ഷം രൂപ)**

നദീ തീരങ്ങളുടെയും തീരപ്രദേശങ്ങളുടെയും മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ ഒ എ കൾ പരിഗണിക്കുമ്പോൾ, മുൻഗണനാടിസ്ഥാനത്തിലും നിർദ്ദിഷ്ടമായ സമയപരിധിക്കുള്ളിലും

നദീതീരങ്ങളും തീരപ്രദേശങ്ങളും മലിനമാക്കുന്നത് തടയാൻ വിവിധ നടപടികൾ സ്വീകരിക്കുന്നു എന്ന് സംസ്ഥാനം ഉറപ്പു വരുത്തണമെന്ന് എൻ.ജി.റ്റി. ഉത്തരവിട്ടു. മലിനജല സംസ്കരണം 100 ശതമാനവും കഴിയുന്നത്ര യഥാസ്ഥാന പരിധിക്കുള്ളിൽ തന്നെ ചെയ്യുമെന്ന് ഉറപ്പാക്കുക എന്നതാണ് നിർദ്ദേശങ്ങളിലൊന്ന്. മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.റ്റി.പി.) സാദ്ധ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും മലിനജല സംസ്കരണം ഉറപ്പാക്കുകയും വേണം. 100 % മലിനജല ശൃംഖലയും എസ്സ്.റ്റി.പി. കളും ഘട്ടം ഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയൂ എങ്കിലും വികേന്ദ്രീകൃത എസ്.റ്റി.പി. കളും എഫ്.എസ്.റ്റി.പി.കളും ആദ്യ ഘട്ടമായി സജ്ജമാക്കാൻ കഴിയും. തൃതീയ സംസ്കരണ പ്ലാന്റുകളും റീസൈക്ലിംഗ് പ്ലാന്റുകളും നിർബന്ധമാക്കുന്ന എസ്.റ്റി.പി. കളിൽ നിന്ന് സംസ്കരിച്ച വെള്ളം പുനരുപയോഗിക്കാൻ എൻ.ജി.റ്റി. ഉത്തരവിട്ടു. മലിനജല സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള ഏജൻസി എന്ന നിലയ്ക്കും എൻ.ജി.റ്റി. യുടെ ഉത്തരവനുസരിച്ച് മലിനജല നിയന്ത്രണത്തിന്റെ ആവശ്യകതയെ നേരിടുന്നതിനും സംസ്ഥാന ജല അതോറിറ്റി സംസ്ഥാനത്തൊട്ടാകെയുള്ള പ്രത്യേക മലിനജല ജോലികൾക്ക് മാത്രമായി ഒരു പ്രത്യേക വെർട്ടിക്കൽ വിഭാഗം സൃഷ്ടിക്കുകയും പ്രാഥമിക ജോലികൾ ഇതിനകം ആരംഭിക്കുകയും ചെയ്തു.
എൻ.ജി.റ്റി. യുടെ നിർദ്ദേശ പ്രകാരം സർവ്വേ അന്വേഷണം, വിശദ പദ്ധതി റിപ്പോർട്ടുകൾ ( ഡി.ആർ.എസ്സ്.) ജോലികൾ തയ്യാറാക്കൽ എന്നിവ ഏറ്റെടുക്കണം. മാനദണ്ഡങ്ങൾക്ക് അനുസരിച്ച് നദികളുടെ ജല ഗുണനിലവാരം നില നിർത്തേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ച് പൊതു സമ്മേളനങ്ങൾ, പോസ്റ്ററുകൾ, അച്ചടി-ദൃശ്യമാധ്യമങ്ങളിലെ അവബോധ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പദ്ധതികൾ നടത്താനും ഉദ്ദേശമുണ്ട്.

2021-22 കാലയളവിൽ 500.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**കെആർഡബ്ല്യൂഎസ്എ (ജലനിധി).**

**20. കെ.ആർ.ഡബ്ല്യൂ.എസ്.എ മുഖേന നടപ്പിലാക്കുന്ന മഴവെള്ളക്കൊയ്ത്ത് (ആർഡബ്യൂഎച്ച്) പദ്ധതിയുടെ ശേഷി ഉയർത്തലും ഭൂഗർഭജല റീചാർജ്ജും (ജി.ഡബ്ല്യൂ.ആർ).**

**(വിഹിതം : 1,000.00 ലക്ഷം രൂപ)**

ഇത് സംസ്ഥാനത്തെ ജനങ്ങൾ പ്രത്യേകിച്ച് മലയോര മേഖലകൾ, തീരദേശങ്ങൾ, ഉൾപ്രദേശങ്ങൾ തുടങ്ങിയ കുടിവെള്ള ലഭ്യത തീരെ കുറഞ്ഞ പ്രദേശങ്ങളിലുള്ളവർ നന്നായി സ്വീകരിച്ച ഒരു പരിപാടിയാണ്. വലിയ അളവിൽ വെള്ളം ആവശ്യമായി വരുന്ന പല സ്ഥലങ്ങളിലും മഴവെള്ള സംഭരണ യൂണിറ്റുകൾ അധിക സ്രോതസ്സായി സ്ഥാപിക്കുന്നതിൽ താൽപര്യം പ്രകടിപ്പിച്ചു.
പ്രാദേശിക പ്രത്യേകതയുടെ മാനദണ്ഡത്തിൽ വിവിധ മഴവെള്ളക്കൊയ്ത്ത് രീതികൾ സ്വീകരിച്ചുകൊണ്ട് മാത്രമേ ഈ പ്രദേശങ്ങളിലെ ജല സുരക്ഷ ഉറപ്പാക്കാൻ കഴിയൂ. രൂക്ഷമായ ജലക്ഷാമ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗമായി മഴവെള്ളക്കൊയ്ത്ത് മാറി കഴിഞ്ഞിരിക്കുന്നു. ഇതേ ആശയം പ്രചരിപ്പിക്കുന്നത് കെആർഡബ്ല്യൂഎസ്എയുടെ പ്രധാന മേഖലയാണ്. ഭൂഗർഭജല റീചാർജ് ഘടകമുള്ള മഴവെള്ളക്കൊയ്ത്ത് പദ്ധതി വ്യക്തിഗത വീടുകൾക്ക് കുടിവെള്ളം നൽകുന്നതിനും ഉപരിതല ഭൂഗർഭജല പട്ടിക ക്രമേണ മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു ബദൽ മാർഗ്ഗമായി കാണുന്നതിനും അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി.
2021-22-ൽ ഈ പദ്ധതിയിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

1. 500 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണശേഷിയോടുകൂടിയ മഴവെള്ള സംഭരണികൾ ഭൂഗർഭ ജല റീചാർജ്ജ് സംവിധാനത്തോടെ നിർമ്മിക്കുക.
2. കിണർ ആഴം കൂട്ടൽ, സുരക്ഷാ മതിൽ നിർമ്മിക്കൽ, പ്ലാറ്റ് ഫോം, സബ്മെഴ്സിബിൾ പമ്പ് സെറ്റുകളുടെ വിതരണവും സ്ഥാപിക്കലും എന്നിവ ഉൾപ്പെടെ കിണർ റീചാർജ് ചെയ്യലും 285 ആർ.ഡബ്ല്യൂ.എച്ച്. നിർമ്മിക്കലും.

3. സംരക്ഷണ മതിൽ, പ്ലാറ്റ് ഫോം, ശൗചാലയ കുഴിമാറ്റി സ്ഥാപിക്കൽ, സബ്മെഴ്സിബിൾ പമ്പ് സെറ്റിന്റെ വിതരണവും സ്ഥാപിക്കലും ഉൾപ്പെടെ 500 തുറന്ന കിണറുകൾക്കായി ഓപ്പൺ വെൽ റീചാർജ് സംവിധാനം സ്ഥാപിക്കുക.
4. പരിശീലനവും ഐ ഇ സി പ്രവർത്തനങ്ങളും

ജലനിധിയുടെ മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജല റീചാർജ്ജ് എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ 1,000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**21. കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്ക് സുസ്ഥിര പിന്തുണ (ജലനിധി).**

**(വിഹിതം : 3,000.00 ലക്ഷം രൂപ)**

കെ.ആർ.ഡബ്ല്യൂ.എസ്.എ 2000-2020 കാലയളവിൽ ജലനിധി ഘട്ടം I, II പദ്ധതികൾ നടപ്പിലാക്കി. പദ്ധതികൾ കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി (ഒ ആന്റ് എം) ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് (ബി.ജി.കൾ) കൈമാറുന്നതാണ്. 22.25 ലക്ഷം ജനങ്ങളെ(4.51 കുടുംബങ്ങൾ) ഉൾക്കൊള്ളുന്ന 5,889 ജലവിതരണ പദ്ധതികൾ , ജലനിധി പദ്ധതികൾ പ്രകാരം ഇതുവരെ നിർമ്മിക്കുകയും പ്രവർത്തനവും പരിപാലനവും നടത്തി സുരക്ഷിത കുടിവെള്ളം നൽകുന്നതിനായി കമ്മ്യൂണിറ്റികൾക്ക് കൈമാറുകയും ചെയ്തു. അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ 35% പലവിധ കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായിക്കഴിഞ്ഞു എന്ന് അറിയിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സഹായത്തോടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ പദ്ധതികൾ പുനരധിവസിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തിന്റേയും സമൂഹത്തിന്റേയും അഭ്യർത്ഥനമാനിച്ച് തയ്യാറാക്കി. 2019-20 വർഷം മുതൽ 505 ജലവിതരണ പദ്ധതികളുടെ സുസ്ഥിരതാ പിന്തുണ ജോലികൾ കെ.ആർ.ഡബ്ല്യൂ.എസ്.എ ജോലികൾ ആരംഭിച്ചു. അതിൽ 103 ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായ പദ്ധതികൾ പുനരധിവസിപ്പിക്കുകയും പുനസ്ഥാപിക്കുകയും ചെയ്തു.

2021-22 കാലയളവിൽ ഈ പദ്ധതിക്കായി 3,000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 50% ഗുണഭോക്താക്കൾ വനിതകളാണെന്നും പ്രതീക്ഷിക്കുന്നു.

**പുതിയ പദ്ധതി.**

**22.ജലനിധി രണ്ടാം ഘട്ടത്തിലെ ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുക**

**(വിഹിതം : 125.00 ലക്ഷം രൂപ)**

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി ഘട്ടം II പദ്ധതി 115 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുകയും 2,173 ജലവിതരണ പദ്ധതികൾ പൂർത്തിയാക്കുകയും 2.55 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുകയും ചെയ്തു. ഇഎപി വായ്പാകാലാവധി 31-12-2019-ൽ അവസാനിച്ചു. ഗ്രാമപഞ്ചായത്തുകളിലെ അയ്മനം (കോട്ടയം ജില്ല), മൂന്നിയൂർ (മലപ്പുറം ജില്ല) എന്നീ രണ്ട് വലിയ ജലവിതരണ പദ്ധതികളുടെ പൂർത്തീകരണവും 2020-21 ലേക്ക് നീണ്ടുപോയി. കോവിഡ് -19 മഹാമാരിയുടെ ഫലമായുണ്ടായ അടച്ചുപൂട്ടൽകാരണം അവശേഷിക്കുന്ന ജോലികൾ 2020-21-ൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനാൽ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ വലിയ ജലവിതരണ പദ്ധതിയുടെയും 2 ചെറിയ ജലവിതരണ പദ്ധതികളുടെയും പൂർത്തിയാക്കൽ 2021-22-ലേക്ക് വ്യാപിച്ചു, എന്നാൽ കാസർഗോഡ് ജില്ലയിലെ പൈവലിക ഗ്രാമ പഞ്ചായത്തിലെ ജലവിതരണ പദ്ധതികൾ ജെജെഎം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലനിധി II ലെ ജലവിതരണ പദ്ധതികളുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുവാനായി 2021-22 കാലയളവിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.7 ഭവന നിർമ്മാണം

പാർപ്പിടം ഒരു അടിസ്ഥാനാവകാശവും ഒരു മനുഷ്യാവകാശവുമാണെന്ന് തിരിച്ചറിയപ്പെട്ടിട്ടുള്ളതാണ്. ഭവന ദാരിദ്ര്യം കുറയ്ക്കുന്നതിലും ഗുണനിലവാരം കൂടിയ പാർപ്പിടം നൽകുന്നതിലും കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം നൽകുന്നതിനായി ജീവനോപാധിയും ഉൾച്ചേർക്കലും സാമ്പത്തിക ശാക്തീകരണവും ഉൾപ്പെട്ട (എൽ.ഐ.എഫ്.ഇ) ലൈഫ് പരിപാടി, ഒരു സമഗ്ര ഭവന പദ്ധതി നിലവിലുള്ള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ 6305.00 ലക്ഷം രൂപ ഭവന നിർമ്മാണ മേഖലയ്ക്കായി നീക്കിവച്ചിട്ടുണ്ട്.

ഭവന നിർമ്മാണ മേഖലയ്ക്കായി 2021-22 കാലയളവിൽ വകയിരുത്തിയിട്ടുള്ള വകുപ്പ്/സ്ഥാപനം തിരിച്ചുള്ള വിഹിതം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 4350.00 |
| II | ഭവന വകുപ്പ് സാങ്കേതിക സെൽ | 60.00 |
| III | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | 987.00 |
| IV | പൊതുമരാമത്ത് വകുപ്പ് | 908.00 |
| | **ആകെ** | **6305.00** |

### I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ഭവന നിർമ്മാണത്തിനുള്ള ധനവായ്പാ സഹായത്തിനു പുറമെ, പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്ന ഭവന നിർമ്മാണ മേഖലയിലെ നടത്തിപ്പ് ഏജൻസിയാണ് ഭവന നിർമ്മാണ ബോർഡ്. 2021-22 വർഷത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ നൽകിയിരിക്കുന്നു.

**(1) ഗൃഹശ്രീ ഭവന പദ്ധതി**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

രണ്ടോ മൂന്നോ സെന്റ് ഭൂമി കൈവശമുള്ള താഴ്ന്ന വരുമാനക്കാർക്കും സാമ്പത്തിക ദുർബല വിഭാഗക്കാർക്കും ഭവന നിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി സാമ്പത്തിക സഹായം നൽകിക്കൊണ്ട് സന്നദ്ധ സംഘടനകളുടെയും സർക്കാരിതര സംഘടനകളുടെയും മനുഷ്യസ്നേഹികളുടെയും പങ്കാളിത്തത്തോടെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2013-14 മുതൽ നടപ്പിലാക്കുന്ന ഒരു സബ്സിഡി പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ആകെ ജനസംഖ്യയും ഭവന രഹിത ജനസംഖ്യയും തമ്മിലുള്ള അനുപാതം കുറയ്ക്കുക, എല്ലാവർക്കും മതിയായതും, സുരക്ഷിതമായതും താങ്ങാവുന്നതുമായ പാർപ്പിടങ്ങളും അവശ്യ സേവനങ്ങളും ഉറപ്പു വരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഓരോ വീടിനും 2 ലക്ഷം രൂപ നിരക്കിൽ 1000 വീടുകൾക്ക് സബ്സിഡി തുക വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ 2021-22 കാലയളവിൽ ഈ പദ്ധതി തുടരുവാൻ ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിനും സർക്കാർ സബ്സിഡി നൽകുന്നതിനും, പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി 2021-22-വർഷത്തിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(2) വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (40% സംസ്ഥാന വിഹിതം)**

**(വിഹിതം: 225.00 ലക്ഷം രൂപ)**

വനിതാ ജീവനക്കാർക്ക് കുറഞ്ഞ നിരക്കിൽ മികച്ച താമസ സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ അവരെ വീടിനു പുറത്തേക്ക് ജോലിക്കു പോകാൻ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന

ഭവന നിർമ്മാണ ബോർഡ്, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (ഡബ്ല്യൂഡബ്യൂഎച്ച്) പദ്ധതി നടപ്പാക്കുന്നു. ബജറ്റ് വഴി കേന്ദ്ര സർക്കാർ ഗ്രാന്റും (നിർമ്മാണ ചെലവിന്റെ 60%) സംസ്ഥാന സർക്കാർ വിഹിതവും (നിർമ്മാണ ചെലവിന്റെ 40%) ഉപയോഗപ്പെടുത്തിക്കൊണ്ട് ബോർഡ് വനിതാ ജീവനക്കാർക്ക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നു.

2021-22 കാലയളവിൽ ബോർഡ് രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ഭിന്നശേഷിക്കാർക്കായി ശുചിമുറികൂടെയുള്ള 6 ബെഡ്ഡുകളുള്ള ഒരു ഡോർമെറ്ററി ഉൾപ്പെടെ 169 ബെഡ്ഡുകളുള്ള ഒരു മൂന്നു നില കെട്ടിടം കാഞ്ഞങ്ങാട് (കാസർഗോഡ് ജില്ല) നിർമ്മിക്കുക.
2. രോഗികൾക്കുള്ള രണ്ട്, ശുചിമുറികളുള്ള മുറികളും ഭിന്നശേഷിക്കാർക്കുള്ള രണ്ട് ബെഡ്റൂമുകളും ഉൾപ്പെടെ 80 ബെഡ്ഡുകളുള്ള ഒരു മൂന്നു നില കെട്ടിടം റാന്നിയിൽ (പത്തനംതിട്ട ജില്ല) നിർമ്മിക്കുക.

   കാഞ്ഞങ്ങാട്ടും (കാസർഗോഡ് ജില്ല) റാന്നി (പത്തനംതിട്ട ജില്ല) യിലും വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി 2021-22 കാലയളവിൽ 225.00 ലക്ഷം രൂപ 40% സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

**(3) ഓഫീസ് ആട്ടോമേഷനും പരിശീലനവും**

**(വിഹിതം: 225.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി) ഓഫീസുകളെ ഇ-ഓഫീസുകളായി പരിവർത്തനം ചെയ്യുന്നു. ഇ-ഓഫീസ് മറ്റു വിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ചില അടിയന്തിര അറ്റകുറ്റപ്പണികളും നവീകരണ ജോലികളും ഈ ഓഫീസുകളിൽ ആവശ്യമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു സ്ഥലങ്ങളിൽ വീഡിയോ കോൺഫറൻസ് സൗകര്യം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. എൻജിനീയറിംഗ് വിഭാഗത്തിന്റെ ശാക്തീകരണത്തിന് ആട്ടോകാഡ്, എസ് റ്റി എ എ ഡി, ഇ റ്റി എ ബി എസ്, ആർ സി ഡി സി എന്നിവ പോലുള്ള സോഫ്റ്റ് വെയറുകൾ ആവശ്യമാണ്. ഈ-ഗവേണൻസിനുവേണ്ടി വെബ് അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ആവശ്യമാണ്. ഇവ ഐ റ്റി വകുപ്പ് നിയമങ്ങൾക്കനുസൃതമായി ചെയ്യുന്നതാണ്. 2021 കൈപ്പുസ്തകം പ്രസിദ്ധീകരിക്കുക, ഫർണിഷിംഗ്, നെറ്റ് വർക്കിംഗ്, വൈദ്യുതീകരണവും നെറ്റ് വർക്കിംഗും ഇ-ഗവേർണൻസ് ശാക്തീ കരണം (മൊബൈൽ വെബ് ആപ്ലിക്കേഷനുകൾ വികസിപ്പിക്കുക) എന്നിവയാണ് 2021-22 കാലയള വിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ. 2021-22 വർഷത്തിൽ ഈ പ്രവർത്തന ങ്ങൾക്കായി 225.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(4) ഇഡബ്ല്യൂഎസ്/എൽഐജി ഭവന പദ്ധതി**

**(വിഹിതം : 1300. 00 ലക്ഷം രൂപ)**

ഭവനരഹിതരായ (സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന / താഴ്ന്ന വരുമാനക്കാരായ) ആളുകൾക്ക് മിതമായ നിരക്കിൽ പാർപ്പിടം നൽകുകയെന്ന ലക്ഷ്യത്തോടെ ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതിയാണിത്. കൊല്ലം ജില്ലയിലെ കരിപ്ര വില്ലേജിൽ 50 സെന്റ് ഭൂമിയിലും ഇടുക്കി ജില്ലയിൽ പീരുമേട് വില്ലേജിൽ പീരുമേട് സിവിൽസ്റ്റേഷനു സമീപം 50 സെന്റ് ഭൂമിയിലും ഫ്ലാറ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു.

2021-22-വർഷത്തിൽ ഇ.ഡബ്യ.എസ്/എൽ.ഐ.ജി ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(5) മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി**

**(വിഹിതം 600.00ലക്ഷം രൂപ)**

സ്ഥിരമായി വൈദ്യ സഹായം ആവശ്യമുള്ളവരും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്നവരുമായ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മെഡിക്കൽ കോളേജു കൾക്ക് സമീപം വാടകയ്ക്ക് താമസ സൗകര്യം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2017-ലെ

ഗവർണറുടെ പ്രസംഗത്തിലും ബജറ്റ് പ്രസംഗത്തിലും ആശ്വാസ് ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകൾക്കു സമീപം റവന്യൂ ഭൂമി ലഭ്യമാകുന്നിടത്തെല്ലാം 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഇത് നടപ്പിലാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. കണ്ണൂർ മെഡിക്കൽ കോളേജിലെ സ്ഥല ലഭ്യതയെ അടിസ്ഥാനമാക്കി 106 രോഗികൾ/ കൂട്ടിരിപ്പുകാർക്ക് താമസത്തിനായി ഒരു മൂന്നു നില കെട്ടിടം നിർമ്മിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. അതായത് ഓരോ നിലയിലും ശുചിമുറിയുള്ള 34 മുറികളും 12 ബങ്ക് ബെഡ്ഡുകളുള്ള -(രണ്ട് നില ബെഡുകൾ) ഒരു ഡോർമെറ്ററിയും നിർമ്മിക്കുന്നു.

2021-22 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കാനായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**II. ഭവന വകുപ്പ് സാങ്കേതിക സെൽ**

ഭവന നിർമ്മാണ കമ്മീഷണറുടെ നേരിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിവിധ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1980-ൽ കേരള സർക്കാർ ഭവന നിർമ്മാണ വകുപ്പിനായി ഒരു സാങ്കേതിക സെൽ രൂപീകരിച്ചു.

2021-22 കാലയളവിൽ 60.00 ലക്ഷം രൂപ വകുപ്പിനായി വകയിരുത്തുന്നു.

**(6) പരിശീലന പദ്ധതി- ഭവന നിർമ്മാണ സാങ്കേതിക സെൽ**

**(വിഹിതം 10.00ലക്ഷം രൂപ)**

**(എ) ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിന്റെ കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും**

ഓഫീസിന്റെ ഫലപ്രദവും നിരന്തരവുമായ പ്രവർത്തനത്തിന്, എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു പേപ്പർ രഹിത ഓഫീസ് ആയി മാറ്റുന്നതിന് കമ്പ്യൂട്ടർ വൽക്കരണവും അനുബന്ധ നവീകരണവും ആവശ്യമാണ്. ആധുനിക സൗകര്യങ്ങളും ഉപകരണങ്ങളും ഉപയോഗിച്ച് ഭവന നിർമ്മാണ വകുപ്പിന്റെ നിയുക്ത പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ശരിയായ ഓഫീസ് അന്തരീക്ഷം പ്രദാനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. വേണ്ടത്ര നിലയിൽ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും ഉപയോഗിച്ച് വകുപ്പിന് കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കാൻ കഴിയും.

| **സീരിയൽ നം.** | **ഘടകങ്ങൾ** | **തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | പേപ്പർ രഹിത ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്റ്റാഫുകൾക്കായി 5 കമ്പ്യൂട്ടറുകൾ വാങ്ങുക (പ്രിന്ററുകളും, സ്കാനറുകളും ഉൾപ്പെടെ) | 2.00 |
| 2 | ഇന്റർനെറ്റ്, ബ്രോഡ്ബാന്റ്, ചാർജ്ജുകൾ | 0.50 |
| 3 | പരിപാലന ചാർജ്ജുകൾ, എ.എം.സി ചെലവുകൾ, കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ യും ഓഫീസിന്റെ അനുബന്ധ ആധുനിക വൽക്കരണവും | 1.50 |
| 4 | ഇ-ഓഫീസ് സോഫ്റ്റ് വെയർ, യു.പി.എസ് സംവിധാന ങ്ങൾ, നെറ്റ് വർക്കിംഗ് ഘടകങ്ങൾ, അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ പേപ്പർ രഹിത ഓഫീസ് നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ, ഓഫീസർമാർക്കായി ഡിജിറ്റൽ ഒപ്പ് നടപ്പിലാക്കുക, ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുക, വെബ് സൈറ്റ് മാനേജ്മെന്റ്, മറ്റ് അനുബന്ധ ആധുനികവൽക്കരണവും | 4.00 |
| 5 | ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ | 1.00 |
| **ആകെ** | | **9.00** |

2021-22 കാലയളവിൽ ഈ പദ്ധതിയ്ക്കായി 9.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) വെബിനാറുകൾ നടത്തുക**

സുസ്ഥിരവും ചെലവു കുറഞ്ഞതും നൂതനവുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക, ഇതര കെട്ടിട സാങ്കേതികവിദ്യകൾ, ദുരന്തത്തെ പ്രതിരോധിക്കുന്ന ഭവന നിർമ്മാണ രീതികൾ, പ്രകൃതിയും കാലാവസ്ഥയും അനുസരിച്ച് ഭവന നിർമ്മാണ വികസനം കാര്യക്ഷമമാക്കുക എന്നിവയിൽ ബോധവൽക്കരണം സൃഷ്ടിക്കുന്ന പരിപാടി എന്നിവ ഉൾപ്പെടെ എല്ലാ ഭവന നിർമ്മാണ പ്രവർത്തന ങ്ങളുടെയും നോഡൽ ഏജൻസിയാണ് ഹൗസിംഗ് കമ്മിഷണറേറ്റ്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നൈപുണ്യ വികസനത്തിന് ഊന്നൽ കൊടുത്ത് വിദഗ്ദരുടേയും അഭ്യുദയകാംക്ഷികളുടേയും അഭിപ്രായങ്ങളിൽ നിന്ന് പ്രയോജനമുൾകൊണ്ട് ദുരന്ത പ്രതിരോധ ഭവന നിർമ്മാണത്തിനെക്കുറിച്ച് പൊതു ജനങ്ങൾക്ക് അവബോധമുണ്ടാക്കാനും വെബിനാറുകൾ കൊണ്ട് കഴിയും.

2021-22 കാലയളവിൽ ഈ പദ്ധതിയ്ക്കായി 1.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പുതിയ പദ്ധതി**

**(7) കേരളത്തിനായി ജി.ഐ.എസ് അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം**

**(വിഹിതം 50.00ലക്ഷം രൂപ)**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലൂട നീളം ഭവന നിർമ്മാണ സ്ഥിതിക്കുവേണ്ടിയുള്ള സുതാര്യവും കേന്ദ്രീകൃതവുമായ വിവരശേഖരത്തിന്റെ അഭാവമുണ്ട്. ഇത് കഴിഞ്ഞ ദശാബ്ദങ്ങളിൽ നടത്തിപ്പ് ഏജൻസികളിൽ വിവരങ്ങൾ ചേരായ്കയും ഇരട്ടിപ്പും സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭവന വികസന പ്രവർത്തനങ്ങൾക്കുമുള്ള ഒരു നോഡൽ ഏജൻസി എന്ന നിലയിൽ ഹൗസിംഗ് കമ്മിഷണറേറ്റിന് സ്ഥലപരമായി സംവേദനാത്മകവും കൃത്യമായതും ഏജൻസികൾക്ക് സംസ്ഥാനത്തുടനീളം അവരുടെ പദ്ധതികൾക്ക് മുൻഗണന നൽകുവാൻ പിന്തുണയ്ക്കുന്നതുമായ സമഗ്രമായ ഒരു വിവര സംവിധാനം നൽകാൻ കഴിയും.

തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള പാർപ്പിട കുറവുകളിലും അനുബന്ധ പ്രശ്നങ്ങളിലും ഊന്നൽ കൊടുത്തു കൊണ്ട് എല്ലാ അടിസ്ഥാന വിവരങ്ങളുടേയും പിന്തുണയോടെ കേരള സംസ്ഥാനത്തെ പാർപ്പിട സ്ഥിതി വിവിരങ്ങൾ വാർഡ് തിരിച്ചും തദ്ദേശസ്ഥാപനങ്ങൾ തിരിച്ചും ശേഖരിക്കുന്നതിന് പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു. ഉപഭോക്താവിന് എളുപ്പത്തിൽ, ഗൂഗിൾ പ്ലാറ്റ്ഫോമിൽ ലൊക്കേഷനോട്ടുകൂടി മാപ്പ് കാണുമ്പോൾത്തന്നെ വിവരങ്ങൾ ലഭ്യമാകാനുള്ള ഒരു സംവേദനക്ഷമമായ വെബ് പ്ലാറ്റ്ഫോം ആണിത്. സംസ്ഥാനതല ചേരി വിവരങ്ങൾ, സ്ഥലം, അനുബന്ധ വിവരങ്ങൾ എന്നിവ ഈ സംവിധാനത്തിൽ ലഭ്യമാകും. സമയാസമയങ്ങളിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുവാൻ ഈ സംവിധാനത്തിൽ കഴിയും.

2021-22 കാലയളവിൽ 50.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**III കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്)**

**(8) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**

**(വിഹിതം : 900.00 ലക്ഷം രൂപ)**

സാമ്പത്തികമായി പിന്നോക്കം നിൽകുന്ന ജനതയ്ക്ക് വേണ്ടി നടപ്പിലാക്കുന്ന ഭവന പദ്ധതികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ വിവിധ പ്രശ്നങ്ങളിലും പൊതുജനങ്ങൾക്കും സർക്കാരിനും സഹായം നൽകുവാനായി കേരള സംസ്ഥാന നിർമിതി കേന്ദ്രം (കെസ്നിക്) ഭവന നിർമ്മാണ മേഖലയിൽ വ്യാപൃതരാണ്. നിർമ്മാണ സാങ്കേതിക വിദ്യയുടെ മേഖലയിൽ പരിശീലനവും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള നിർമ്മാണ വസ്തുക്കളും ഈ സംഘടന നൽകുന്നു. പൊതുജനങ്ങൾക്ക് ഇതര നിർമ്മാണ സാങ്കേതിക വിദ്യയുടെ പ്രചാരണവും അവബോധവും നൽകുകയും സുസ്ഥിരവും ദുരന്ത പ്രതിരോധവുമായ നിർമ്മാണ സാങ്കേതിക വിദ്യകളുടെ ആശയം പ്രചരിപ്പിക്കുകയും ചെയ്യുക എന്നിവയാണ് നിർമ്മിതിയുടെ ലക്ഷ്യം. 2021-22 കാലയളവിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കൈത്തൊഴിലാളികളുടെ പരിശീലനം | 160.00 |
| 2 | നിർമ്മിതി ജീവനക്കാരുടെ കാര്യശേഷി വികസനം | 15.00 |
| 3 | നിലവിലുള്ള ഉൽപാദന കേന്ദ്രങ്ങളുടെ നവീകരണം/പരിശോധനാ ലാബ് | 100.00 |
| 4 | സ്വയം സുസ്ഥിര ഗ്രാമങ്ങളുടെ വികസനം | 166.00 |
| 5 | ഓഫീസ് ഓട്ടോമേഷൻ | 75.00 |
| 6 | പുതിയ കലവറ വില്പനശാല സ്ഥാപിക്കൽ (14 ജില്ലകളിലും) | 168.00 |
| 7 | കെട്ടിട നിർമ്മാണ വസ്തുക്കളുടെ പുതിയ ഉത്പാദന യൂണിറ്റ് വനിതാ ഉത്പാദന യൂണിറ്റ് (ഇന്റർ ലോക്ക് ചുവരും പാകുന്ന ബ്ലോക്കുകളും പോലുള്ളവ) | 35.00 |
| 8 | നിലവിലെ ടെറാക്കോട്ടാ ഉത്പാദന യൂണിറ്റിന്റെ നവീകരണം | 6.00 |
| 9 | മേൽക്കൂരയിൽ സൗരോർജ്ജ പാനൽ യൂണിറ്റ് (3 പ്രാദേശിക കേന്ദ്രങ്ങൾ) | 30.00 |
| 10 | കെസ്നിക് ക്യാമ്പസിനെ ടോട്ടൽ ഫസിലിറ്റേഷൻ കേന്ദ്രമാക്കി മാറ്റുക | 125.00 |
| 11 | മരപ്പണിയിൽ നൈപുണ്യവികസന പരിശീലനം | 20.00 |
| | **ആകെ** | **900.00** |

**(9) ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാറി ബേക്കർ നിർമ്മിതി ഗവേഷണ പരിശീലന സ്ഥാപനം)**

**(വിഹിതം : 87.00 ലക്ഷം രൂപ)**

സുസ്ഥിര ആവാസ വികസനത്തെക്കുറിച്ച് പഠനങ്ങൾ ഏറ്റെടുക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനു മായി അന്തരിച്ച പ്രശസ്ത വാസ്തു ശില്പി പത്മശ്രീ ഡോ. ലാറി ബേക്കറിനോടുള്ള ബഹുമാന സൂചകമായി കേരള സർക്കാർ നിർമ്മിതി കേന്ദ്രത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥാപിച്ചതാണ് ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ്. സുസ്ഥിര നിർമ്മാണത്തെക്കുറിച്ചും, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും ജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിനായി ക്ലാസ്സുകൾ നടത്താനും, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും ഈ സ്ഥാപനം ലക്ഷ്യമിടുന്നു.

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22-വർഷത്തിൽ 87.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | സുസ്ഥിര നിർമ്മാണം, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ | 11.00 |
| 2 | സുസ്ഥിരമായ ആവാസ സാങ്കേതികവിദ്യ, കാലാവസ്ഥാ വ്യതിയാനം എന്നിവയെക്കുറിച്ചുള്ള വസ്തുതകളുടെ പ്രസാധനവും വിവര വ്യാപനവും | 11.00 |
| 3 | നൈപുണ്യ വികസനത്തിനുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ | 50.00 |
| 4 | നിലവിലുള്ള ലൈബ്രറിയുടെ നവീകരണം | 15.00 |
| | **ആകെ** | **87.00** |

IV. **പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക ജോലികളും)**

**(വിഹിതം : 908.00 ലക്ഷം രൂപ)**

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ, പുരുഷ/വനിതാ ജീവനക്കാർക്കായുള്ള ഹോസ്റ്റലുകൾ എന്നിവ അടക്കമുള്ള വിവിധ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും പൊതുമരാമത്ത് വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സുകൾ എന്ന പദ്ധതി തുടരുന്നതിനായി 2021-22-വർഷത്തിൽ 908.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.8 നഗര വികസനം

സംസ്ഥാനത്തെ നഗരവികസന പരിപാടികൾക്കായി 2021-22 വർഷം 997.74 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ നഗരകാര്യ വകുപ്പിന് 109.34 കോടി രൂപയും, ലൈഫ് മിഷൻ-നഗരം പദ്ധതിക്ക് 240.00 കോടി രൂപയും, നഗര ഗ്രാമാസൂത്രണ വകുപ്പിന് 3.26 കോടി രൂപയും, നഗരപ്രദേശങ്ങളിൽ കുടുംബശ്രീ മുഖാന്തിരം പരിപാടികൾ നടപ്പാക്കുന്നതിന് 125.00 കോടി രൂപയും, സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റിന് 270.00 കോടി രൂപയും, സ്മാർട്ട് സിറ്റി മിഷന് 200.00 കോടി രൂപയും, ശുചിത്വ മിഷൻ (നഗരം) പരിപാടികൾക്ക് 47.33 കോടി രൂപയും, മറ്റ് നഗര വികസന പരിപാടികൾക്ക് 2.81 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

**2021-22-ൽ വകയിരുത്തിയ വിഹിതം**

| **ക്രമ നമ്പർ** | **പദ്ധതികൾ** | **സംസ്ഥാന പദ്ധതി വിഹിതം (രൂപ ലക്ഷത്തിൽ)** |
|---|---|---|
| I | **നഗരകാര്യ വകുപ്പ്** | |
| 1 | **നഗര കാര്യ വകുപ്പിലെ ആധുനിക വത്ക്കരണവും കാര്യ ശേഷി പരിപോഷണ ഉദ്യമങ്ങളും** | |
| എ | നഗരകാര്യവകുപ്പിലെ കമ്പ്യൂട്ടർ വത്ക്കരണവും ആധുനികവത്ക്കരണ പരിപാടികളും | 8.00 |
| ബി | നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശീലനവും കാര്യശേഷി വികസന പരിപാടികളും | 25.00 |
| | **ആകെ** | **33.00** |
| 2 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 10000.00 |
| 3 | പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം | 700.00 |
| 4 | ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.00 |
| 5 | നിർമ്മാണ പ്രോജക്ടുകളുടെ തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗിന് ഒരു സംവിധാനം **(പുതിയ പദ്ധതി)** | 200.00 |
| | **ആകെ** | **10934.00** |
| II | **ലൈഫ് മിഷൻ നഗരം** | |
| 6 | സമ്പൂർണ്ണ ഭവന പദ്ധതി – നഗരം (ലൈഫ് മിഷൻ) | 18500.00 |
| 7 | കെ.യു.ആർ.ഡി.എഫ്.സി.യ്ക്ക് പദ്ധതി സഹായം – നഗരം | 5500.00 |
| | **ആകെ** | **24000.00** |
| III. | **നഗരഗ്രാമാസൂത്രണ വകുപ്പ്** | |
| 8 | **നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആധുനികവത്ക്കരണം** | |
| എ | ഭൂമിശാസ്ത്രപരമായ വിവര ശേഖരണ സംവിധാനവും (ജി.ഐ.എസ്.) വാനഭൂപട നിർമ്മാണവും | 7.00 |
| ബി | നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണം | 40.00 |
| | **ആകെ** | **47.00** |
| 9 | **ഗവേഷണവും, വികസനവും, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കലും പരിശീലനവും** | |
| എ | മാസ്റ്റർ പ്ലാനുകളും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കൽ | 200.00 |
| ബി | മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽ ഗവേഷണവും വികസനവും | 8.00 |

| | | |
|---|---|---|
| സി | നഗരഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അപ്രന്റിസുകളുടെയും പരിശീലനം | 8.00 |
| ഡി | എല്ലാ ജില്ലകളിലും പ്രാദേശിക വികസന രൂപരേഖകളും (എൽ.ഡി.പി.) സംയോജിത ജില്ലാ വികസന രൂപരേഖകളും (ഐ.ഡി.ഡി.പി.) തയ്യാറാക്കൽ | 8.00 |
| ഇ | സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കൽ | 50.00 |
| | **ആകെ** | **274.00** |
| 10 | ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ | 5.00 |
| | **ആകെ** | **326.00** |
| IV | **കുടുംബശ്രീ-നഗരം (തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ)** | |
| 11. | ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ നഗര ഉപജീവന ദൗത്യം (ഡേ- എൻ.യു.എൽ.എം.) (40 ശതമാനം സംസ്ഥാന വിഹിതം) | |
| | പൊതുവിഭാഗം | 2000.00 |
| | പട്ടികജാതി ഉപപദ്ധതി വിഹിതം | 375.00 |
| | പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം | 125.00 |
| 12. | പ്രധാനമന്ത്രി ആവാസ് യോജന – നഗരം (പി.എം.എ.വൈ. – നഗരം) (20 ശതമാനം സംസ്ഥാന വിഹിതം) | |
| | പൊതുവിഭാഗം | 8850.00 |
| | പട്ടികജാതി ഉപപദ്ധതി വിഹിതം | 1000.00 |
| | പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം | 150.00 |
| | **ആകെ** | **12500.00** |
| V | **സംസ്ഥാന മിഷൻ മാനേജ് മെന്റ് യൂണിറ്റ് (എസ്.എം.എം.യു) (തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ)** | |
| 13 | അടൽ മിഷൻ ഫോർ റിജ്ജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) (30 ശതമാനം സംസ്ഥാന വിഹിതം) | 27000.00 |
| | **ആകെ** | **27000.00** |
| 14 | സ്മാർട്ട് സിറ്റി മിഷൻ (50 ശതമാനം സംസ്ഥാന വിഹിതം) | 20000.00 |
| | **ആകെ** | **20000.00** |
| VI | **ശുചിത്വ മിഷൻ (നഗരം)** | |
| 15. | സ്വച്ഛ് ഭാരത് മിഷൻ (നഗരം) (40 ശതമാനം സംസ്ഥാന വിഹിതം) (തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതി) | 2500.00 |
| 16 | ശുചിത്വ കേരളം – നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതി | 2233.00 |
| | **ആകെ** | **4733.00** |
| **VII മറ്റു പരിപാടികൾ** | | |
| 17. | തലസ്ഥാന മേഖലാ വികസന പ്രോജക്റ്റ് (സി.ആർ.ഡി.പി) | 1.00 |

| | | |
|---|---|---|
| 18 | വികസന അതോറിറ്റികൾ | |
| എ | തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) | 80.00 |
| ബി | വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) | 200.00 |
| | **ആകെ** | **281.00** |
| | **ആകെ തുക (I മുതൽ VII വരെ)** | **99774.00** |

**നഗരകാര്യ വകുപ്പ്**

**1. നഗരകാര്യ വകുപ്പിലെ ആധുനികവത്ക്കരണവും കാര്യശേഷി പരിപോഷണ ഉദ്യമങ്ങളും**

**(വിഹിതം: 33.00 ലക്ഷം രൂപ)**

നഗരകാര്യ വകുപ്പിന്റെ ആധുനികവത്ക്കരണമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയ്ക്ക് താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉണ്ട്.

**എ. നഗരകാര്യവകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണവും ആധുനികവത്ക്കരണ പരിപാടികളും**

നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിലേയും റീജിയണൽ ഓഫീസുകളിലേയും നിലവിലുള്ള കമ്പ്യൂട്ടർവത്ക്കരണ പരിപാടികൾ തുടരുന്നതാണ്. കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുക, കമ്പ്യൂട്ടറിന്റെ വാർഷിക പരിപാലനത്തിന് വേണ്ട ചെലവുകൾ വഹിക്കുക, വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനം നടപ്പിലാക്കുക, സോഫ്റ്റ് വെയർ സ്ഥാപിക്കുക, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുക ഇവയ്ക്കാണ് വിഹിതം വകയിരുത്തുന്നത്. വകുപ്പിലെ ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും വിഹിതം വിനിയോഗിക്കാവുന്നതാണ്. ഈ ഘടകത്തിനായി 2021-22 ൽ 8.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ബി. നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശീലനവും കാര്യശേഷി പരിപോഷണവും.**

നഗരകാര്യ വകുപ്പിന്റെയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പ്രധാന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ഇൻഡക്ഷൻ പരിശീലനങ്ങളും ഓറിയന്റേഷനും ഉദ്യോഗസ്ഥർക്ക് നൽകുന്നതിലൂടെ നഗരകാര്യ വകുപ്പിലേയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് ഈ ഘടകം ലക്ഷ്യമിടുന്നത്. കിലയിൽ വച്ച് 500 ഉദ്യോഗസ്ഥർക്ക് ഇൻഡക്ഷൻ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. നഗരസഭകളുടെ ഭരണകാര്യങ്ങൾ, ലൈസൻസ്, പെർമിറ്റ് എന്നിവ നൽകൽ, നികുതി നിശ്ചയിക്കൽ, അക്കൗണ്ടിംഗും ഓഡിറ്റിംഗും, നഗരാസൂത്രണം, കെട്ടിട നിയമം, പ്ലാസ്റ്റിക്ക് മാലിന്യം, ഖര മാലിന്യം, ഇലക്ട്രോണിക് മാലിന്യം എന്നിവ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിയമങ്ങൾ, കേരള സർവ്വീസ് നിയമങ്ങൾ, കേരള സിവിൽ സർവ്വീസ് നിയമങ്ങൾ, ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ നിയമം, വിവരാവകാശ നിയമം, സേവനാവകാശ നിയമം തുടങ്ങിയ മേഖലകളിൽ പരിശീലനം നല്കുന്നതാണ്. 2021-22 വർഷം പ്രസ്തുത ഘടകത്തിനായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

**(വിഹിതം: 10000.00 ലക്ഷം രൂപ)**

നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ/ഭാഗിക തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. അവിദഗ്ധ തൊഴിലുകൾ ചെയ്യുവാൻ താൽപ്പര്യമുള്ള നഗര പ്രദേശ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ നല്കികൊണ്ട് ജീവിത സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്ഥിരമായി നിലനിൽക്കുന്ന സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക, നഗരങ്ങളിലെ

പാവപ്പെട്ടവരുടെ ജീവനോപാധി മെച്ചപ്പെടുത്തുക എന്നിവയ്ക്ക് ഈ പദ്ധതി ലക്ഷ്യമിടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ കീഴിൽ തൊഴിൽ ചെയ്യുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളിൽ കുറഞ്ഞത് 50 ശതമാനം പേർ സ്ത്രീ തൊഴിലാളികളായിരിക്കേണ്ടതാണ്.

തുടർച്ചയായിട്ട് ഉണ്ടായ രണ്ട് പ്രളയവും നിലവിലെ കോവിഡ്-19 മാഹാമാരിയും നഗര ദരിദ്രരിൽ വലിയൊരു വിഭാഗത്തിന്റെ ജീവനോപാധി നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ദുരിത ബാധിത ജനങ്ങൾക്ക് ശരാശരി തൊഴിൽ ദിനങ്ങൾ കൂടുതൽ ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും സംയോജനം ഉറപ്പ് വരുത്തേണ്ടതാണ്. ക്ഷീരോല്പാദനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് കന്നുകാലികളിൽ കൂടുതലുള്ള ക്ഷീരകർഷകർക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് തൊഴിലും വേതനവും ഈ പദ്ധതിയിലൂടെ നൽകാവുന്നതാണ്. പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുമായി ആവശ്യമായ ഉപകരണങ്ങൾ, ചെറിയ മെഷീനുകൾ എന്നിവ ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നൽകാവുന്നതാണ്. കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സ്ഥിരം ജോലികളായ ഓടകളുടെയും, തെരുവുകളുടെയും വൃത്തിയാക്കൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. 2021-22-ൽ ഈ പദ്ധതിക്കായി 10000.00 ലക്ഷം രൂപ വകയിരുത്തുന്നു. 2021-22 ൽ 40 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.

**3. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

**(വിഹിതം: 700.00 ലക്ഷം രൂപ)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുന:സംഘടനയുടെ ഭാഗമായി 2015-ൽ പുതിയതായി 28 നഗര സഭകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മിക്ക നഗരസഭകൾക്കും ശരിയായ പശ്ചാത്തല സൗകര്യത്തിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും ആവശ്യമുണ്ട്. ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഈ നഗരസഭകൾക്ക് സഹായം നൽകുക എന്നതാണ് 2016-17-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യം. എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം പരമാവധി 3.00 കോടി രൂപ വരെ സംസ്ഥാന പദ്ധതിയിൽ നിന്നും നൽകുന്നതാണ്. ബാക്കി തുക തദ്ദേശഭരണ സ്ഥാപനം അവരുടെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. കെട്ടിടങ്ങളുടെ നിലവാരം നിശ്ചയിച്ചു കൊണ്ടും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കണം ഉറപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ചു കൊണ്ടും സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. 2020-21 ൽ വടക്കാഞ്ചേരി, ഹരിപ്പാട്, പിറവം എന്നീ മൂന്ന് നഗരസഭകളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും പ്രീഫാബ് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൂന്ന് കെട്ടിടങ്ങളുടെയും ബില്ലുകൾ ഒടുക്കുന്നതിനും മറ്റ് മൂന്ന് നഗരസഭകളിൽ കൂടി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുമാണ് 2021-22 ൽ വിഹിതം വകയിരുത്തിയിരിക്കുന്നത്. 2021-22-ൽ ഈ പദ്ധതിക്കായി 700.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക**

**(വിഹിതം: 1.00 ലക്ഷം രൂപ)**

പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ്, ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.ടി) അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് (വേസ്റ്റ് ടു എനർജി പ്ലാന്റുകൾ) വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് (കെ.എസ്.ഐ.ഡി.സി) പ്രോജക്ട്

നടപ്പിലാക്കുന്നത്. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 2021-22 ൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 2021-22 ൽ ഈ പദ്ധതിയ്ക്ക് അധികമായി വേണ്ടി വരുന്ന തുക 'വൻകിട അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ' (എം.ഐ.ഡി.പി) എന്ന ശീർഷകത്തിൽ നിന്നും യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതാണ്.

**5. നിർമ്മാണ പ്രോജക്ടുകളുടെ തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗിന് ഒരു സംവിധാനം (പുതിയ പദ്ധതി) (വിഹിതം: 200.00 ലക്ഷം രൂപ)**

നഗര ഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കീഴിൽ അനുവദിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, കെട്ടിട സമുച്ചയങ്ങൾ, പൊതു കെട്ടിടങ്ങൾ മുതലായ എല്ലാ നിർമ്മാണ പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് ഒരു തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം അത്യാവശ്യമാണ്. നഗരഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർവ്വഹണ ഏജൻസികളും നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ ക്വാളിറ്റി മോണിറ്ററിംഗിന് ഐ.ഐ.ടികൾ, എഞ്ചിനിയറിംഗ് കോളേജുകൾ, പോളി ടെക്നിക്കുകൾ, ഐ.ടി.ഐ കൾ, മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ മുതലായവയുടെ സാങ്കേതിക സഹായം ഉപയോഗിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരിചയത്തിന്റെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് ഏജൻസികളായി തദ്ദേശ സ്വയംഭരണ വകുപ്പ് അക്രെഡിറ്റ് ചെയ്യുന്നതാണ്. ഇത്തരം ഏജൻസികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ നടപടികളിലൂടെ പ്രോജക്ടുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അതിലൂടെ എഞ്ചിനിയർ, കോൺട്രാക്ടർമാർ, നിർവഹണ ഏജൻസികൾ, അക്രെഡിറ്റഡ് ഏജൻസികൾ എന്നിവയുടെ റേറ്റിംഗും ഗ്രേഡിംഗും ഉറപ്പാക്കുന്നതിനും സാധിക്കും.

തദ്ദേശ സ്വയംഭരണ വകുപ്പിന് തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് ഏജൻസികളുടെയും എഞ്ചിനിയറിംഗ് കോളേജുകളുടെയും സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ചുകൊണ്ട് സോഫ്റ്റ് വെയർ അധിഷ്ഠിത സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും അതിലൂടെ സുസംഘടിതവും ഉചിതവുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സാധിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് സംസ്ഥാന ആസൂത്രണ ബോർഡുമായി കടിയാലോചിച്ച് തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം ആവിഷ്കരിക്കുന്നതാണ്. 2021-22 വർഷം ഈ പദ്ധതിക്ക് 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**II. ലൈഫ് മിഷൻ - നഗരം**

**6.സമ്പൂർണ്ണ ഭവന പദ്ധതി – നഗരം (ലൈഫ് മിഷൻ)**

**(വിഹിതം: 18500.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച നാലു ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ഉപജീവനമാർഗ്ഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം). സംസ്ഥാനത്തെ ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം നൽകുകയെന്ന ലക്ഷ്യത്തിനായി പ്രാദേശിക സർക്കാരുകൾ മുഖേന അവരുടെ വികസന ഫണ്ടും സംസ്ഥാന പദ്ധതിയിൽ നിന്നുള്ള സഹായവും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) ലിമിറ്റഡ് മുഖേന ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നുള്ള വായ്പയും ഉപയോഗിച്ചാണ് ലൈഫ് പദ്ധതി നടപ്പിലാക്കുന്നത്.

വ്യക്തിഗത ഭവനം നിർമ്മിക്കുന്നതിനുള്ള സംസ്ഥാന വിഹിതം നൽകുന്നതിനും നഗര പ്രദേശങ്ങളിൽ ഫ്ലാറ്റോ/ഭവനസമുച്ചയങ്ങളോ/ഭവനക്ലസ്റ്ററുകളോ നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന

ചെലവും ഈ പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും വനിതകളായിരിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22-ലെ ബജറ്റിൽ 18500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**7. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് (കെ.യു.ആർ.ഡി.എഫ്.സി.) പദ്ധതി സഹായം-നഗരം**

**(വിഹിതം: 5500.00 ലക്ഷം രൂപ)**

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി.) സർക്കാർ ഗ്യാരന്റിയിൽ ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നും വായ്പയെടുത്ത് സമ്പൂർണ്ണ ഭവന പദ്ധതി ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്നതിന് വേണ്ടി ധനസഹായം നൽകുന്നു. നഗര മേഖലയിൽ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഹഡ്കോയിൽ നിന്നും എടുത്ത വായ്പയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള സഹായമായി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് 2021-22 വർഷത്തെ ബജറ്റിൽ 5500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**III.നഗരഗ്രാമാസൂത്രണ വകുപ്പ്**

**8. നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആധുനികവത്ക്കരണം**

**(വിഹിതം: 47.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ ഭൂമിശാസ്ത്രപരമായ വിവര ശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവും, നഗരഗ്രാമാസൂത്രണ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണം എന്നിങ്ങനെ രണ്ട് ഉപപദ്ധതികളുണ്ട്.

**എ. ഭൂമിശാസ്ത്രപരമായ വിവരശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവും**

സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ നഗര/മേഖലാ ഭൂപട നിർമ്മാണം സാധ്യമാക്കുന്നതിന് വകുപ്പിന്റെ ജി.ഐ.എസ് കാര്യശേഷി ശക്തിപ്പെടുത്തുകയും ജി.ഐ.എസ് ഇന്റർഫേസ്/ഇന്റർനെറ്റ് മാപ്പ് സെർവർ വികസിപ്പിക്കുകയുമാണ് 'ഭൂമിശാസ്ത്രപരമായ വിവരശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവും' എന്ന ഉപപദ്ധതി ലക്ഷ്യമിടുന്നത്. ജി.ഐ.എസ്. സൗകര്യത്തിനായുള്ള പുതിയ ജി.ഐ.എസ്. സോഫ്റ്റ് വെയർ, ഹാർഡ് വെയർ, കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ എന്നിവ വാങ്ങുക, ഹെഡ് ഓഫീസിലെയും, ജില്ലാ ഓഫീസുകളിലെയും നിലവിലുള്ള ജി.ഐ.എസ്. സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയുടെ അറ്റകുറ്റപ്പണിക്ക് വേണ്ടി വരുന്ന ചെലവുകൾ വഹിക്കുക മുതലായവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ജില്ലാ ഓഫീസുകൾക്കും ഹെഡ് ഓഫീസിനും ആവശ്യമായ ക്യാട്രിജ്, പേപ്പർറോൾ, മറ്റ് ആവശ്യ സാധനങ്ങൾ, വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ജി.ഐ.എസ്. മാപ്പിംഗ്/സോഫ്റ്റ് വെയറിൽ പരിശീലനം മുതലായവയും പദ്ധതി ലക്ഷ്യമിടുന്നു. മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും ജി.ഐ.എസ്. ഡാറ്റാ ലഭ്യമാക്കുന്നതിനുള്ള വിഹിതവും ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 2021-22-ൽ ഈ ഉപപദ്ധതിക്കായി 7.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം**

ഹെഡ് ഓഫീസിന്റെയും വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളുടെയും നവീകരണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും സോഫ്റ്റ് വെയറും വാങ്ങുക, ആവശ്യമായ പരിശീലനം നൽകുക, ഇന്റർനെറ്റ് ബ്രോഡ് ബാന്റ് സംവിധാനത്തിന് വേണ്ട ചെലവുകൾ വഹിക്കുക, ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ഫ്രണ്ട് ഓഫീസിന്റേയും ഹെൽപ്പ് ഡസ്കിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കുക, വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സി.സി.റ്റി.വി. സ്ഥാപിക്കുക, വെബ് അധിഷ്ഠിതമായ ഒരു സൂക്ഷ്മ നിരീക്ഷണ സംവിധാനം

വികസിപ്പിക്കുക, ഹെഡ് ഓഫീസിൽ ലൈബ്രറി, റെക്കോർഡ് മുറി എന്നിവയുള്ള സൗകര്യമൊരുക്കുക, വാർഷിക അറ്റകുറ്റപ്പണിക്കുവേണ്ട ചെലവുകളും മറ്റ് പശ്ചാത്തല ഘടകങ്ങൾക്കുള്ള അറ്റകുറ്റപ്പണി ചെലവുകളും വഹിക്കുക എന്നിവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2021-22 വർഷം ഈ ഉപപദ്ധതിക്കായി 40.00 ലക്ഷം രൂപ വകയിരുത്തുന്നു.

**9. ഗവേഷണവും, വികസനവും, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കലും, പരിശീലനവും**

**(വിഹിതം: 274.00 ലക്ഷം രൂപ)**

ഈ കുടക്കീഴിലുള്ള പദ്ധതിയിൽ ചുവടെ ചേർക്കുന്ന അഞ്ച് ഉപപദ്ധതികൾ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | വിഹിതം (ലക്ഷം രൂപയിൽ) |
|---|---|---|
| എ | മാസ്റ്റർ പ്ലാനും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കൽ | 200.00 |
| ബി | മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽ ഗവേഷണവും വികസനവും | 8.00 |
| സി | നഗരഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അപ്രന്റീസുകളുടെയും പരിശീലനം | 8.00 |
| ഡി | എല്ലാ ജില്ലകളിലും പ്രാദേശിക വികസന രൂപരേഖകളും (എൽ.ഡി.പി.) സംയോജിത ജില്ലാ വികസന രൂപരേഖയും (ഐ.ഡി.ഡി.പി.) തയ്യാറാക്കൽ | 8.00 |
| ഇ | സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കൽ | 50.00 |
| **ആകെ** | | **274.00** |

**എ. മാസ്റ്റർ പ്ലാനുകളും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കൽ**

വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ സ്റ്റാറ്റ്യൂട്ടറി മാസ്റ്റർ പ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുക എന്നതാണ് 2009-10-ൽ ആരംഭിച്ച ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഘട്ടമായി 38 പട്ടണങ്ങളുടെയും രണ്ടാം ഘട്ടമായി 31 സ്റ്റാറ്റ്യൂട്ടറി പട്ടണങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2015-ൽ മൂന്നാം ഘട്ടമായി സംസ്ഥാനത്തെ 24 സ്റ്റാറ്റ്യൂട്ടറി പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകളുടെ രൂപീകരണവും ഏറ്റെടുത്തിട്ടുണ്ട്. അതായത്, നാളിതുവരെ ഈ ഉപപദ്ധതിയിലൂടെ സംസ്ഥാനത്തെ 93 സ്റ്റാറ്റ്യൂട്ടറി നഗരപ്രദേശങ്ങളുടെ മാസ്റ്റർ പ്ലാൻ രൂപീകരണം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

2021-22 -ൽ താഴെക്കാണുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിൽ ഏറ്റെടുത്ത മാസ്റ്റർ പ്ലാനുകളുടെയും മറ്റ് തെരഞ്ഞെടുത്ത ആവാസ കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാനുകളുടെയും ശേഷിക്കുന്ന പ്രവർത്തനങ്ങൾ, മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള തെരഞ്ഞെടുത്ത റോഡുകളുടെ വിശദമായ റോഡ് അലൈൻമെന്റ് പ്ലാനുകളുടെ രൂപീകരണം
- ഗ്രാമ പഞ്ചായത്തുകളിൽ മുൻഗണനാ ക്രമത്തിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ
- വിശദമായ നഗരാസൂത്രണ പദ്ധതികളുടെ രൂപീകരണവും പരിഷ്കരണവും – ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ
- പ്രോജക്ട് സെല്ലിന്റെ പ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ
- നിലവിലുള്ള മാസ്റ്റർ പ്ലാനുകളുടെ പരിഷ്കരണം:-2005 ലെ ദുരന്ത നിവാരണ നിയമത്തിന്റെ (കേന്ദ്ര നിയമം 2005 ലെ 53) വകുപ്പ് 23(1) പ്രകാരം 2016-ൽ പ്രസിദ്ധീകരിച്ച കേരള സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ കേരളം വിവിധ തരത്തിലുള്ള ദുരന്ത സാധ്യതയുള്ള പ്രദേശമായും ഏറ്റവും കൂടുതൽ ദുരന്ത പ്രശ്നങ്ങൾ നേരിടേണ്ടിവരുന്ന പ്രദേശമായും കണ്ടെത്തിയിട്ടുണ്ട്. ജില്ലകൾക്കും

പട്ടണങ്ങൾക്കുമായി തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതി വിവിധതരത്തിലുള്ള ദുരന്തങ്ങൾക്ക് സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള ദുരന്തങ്ങൾ തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ നിർദ്ദേശിക്കുകയും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെ മാസ്റ്റർ പ്ലാനുകളും പ്രോജക്ടുകളുമായി സംയോജിപ്പിക്കുന്നതിനുള്ള രീതി നിർദ്ദേശിക്കുകയും പ്രകൃതി ദുരന്തം മൂലവും മനുഷ്യകാരണത്താലും ദുരന്തം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രത്യേകിച്ചും സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ പട്ടണങ്ങളെ ദുരന്തവിമുക്തവും സുരക്ഷിതവുമാക്കുന്നതിന് നിലവിലുള്ള മാസ്റ്റർ പ്ലാനുകളിൽ പരിഷ്കരണം അനിവാര്യമായിട്ടുണ്ട്.

2021-22 വർഷം 200.00 ലക്ഷം രൂപ ഈ ഉപപദ്ധതിക്കായി വകയിരുത്തുന്നു.

**ബി. മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽ ഗവേഷണവും വികസനവും**

ഗവേഷണ വികസന പരിപാടികൾ ശക്തിപ്പെടുത്തുന്നതിലൂടെ വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുകയെന്നതാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. മനുഷ്യാധിവാസ ആസൂത്രണ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ പാർപ്പിടം, പരിസ്ഥിതി, ഗതാഗതം, മൊബിലിറ്റി പ്ലാനുകൾ, ചേരി വികസനം, പശ്ചാത്തല സൗകര്യ വികസനവും പദ്ധതി രൂപീകരണവും, ആസൂത്രണ നിലവാരം നിശ്ചയിക്കലും വ്യാപനവും, മാസ്റ്റർ പ്ലാനിൽ നൽകിയിട്ടുള്ള പദ്ധതി നിർദ്ദേശങ്ങളുടെ വിശദ രൂപരേഖ തയ്യാറാക്കൽ മുതലായ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള പഠനങ്ങൾ ഏറ്റെടുക്കുകയാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. നഗരാസൂത്രണവും നഗരാധിവാസവും, ഗതാഗത സംവിധാനങ്ങൾ, പൈതൃക സംരക്ഷണം തുടങ്ങിയവയെ കുറിച്ചുള്ള പഠനങ്ങളും ഉദ്ദേശിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ ഏറ്റെടുത്ത പഠനങ്ങളുടെ ശേഷിക്കുന്ന ജോലികളും പഠനറിപ്പോർട്ടുകളുടെ പ്രസിദ്ധീകരണത്തിന് വേണ്ടിവരുന്ന ചെലവുകളും ഗവേഷണ വികസന സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകളും ഈ ഉപപദ്ധതിയിൽ നിന്ന് വഹിക്കാവുന്നതാണ്. 2021-22 വർഷം ഗവേഷണവും വികസനവും പദ്ധതിയ്ക്കായി 8.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി.നഗരഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അപ്രന്റീസുകളുടെയും പരിശീലനം**

ഗ്രാജുവേറ്റ് എഞ്ചിനീയർമാർ/ഡിപ്ലോമക്കാർ എന്നിവർക്ക് അപ്രന്റീസ് ട്രെയിനിംഗ് ഉൾപ്പെടെ നഗരാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനാണ് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നത്.ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു.

- സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഗതാഗതം, ഭൂമിശാസ്ത്രപരമായ വിവര സംവിധാനം, റിമോട്ട്സെൻസിംഗ്, പരിസ്ഥിതി, ദുരന്ത നിവാരണം, ആസൂത്രണം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം
- ശില്പശാലകൾ/സെമിനാറുകൾ നടത്തുക
- അപ്രന്റിസ്ഷിപ്പ് ആക്ട് പ്രകാരം അപ്രന്റിസുകൾക്ക് പരിശീലനം നടത്തുക
- ട്രെയിനിംഗ് സെല്ലിന്റെ പ്രവർത്തനത്തിന് വേണ്ടിവരുന്ന സ്റ്റേഷനറി, കമ്പ്യൂട്ടർ അനുബന്ധ സ്ഥാപനങ്ങൾ, പ്രിന്റർ, കാട്രിഡ്ജ്, സ്കാനർ എന്നിവ വാങ്ങുന്നതിനുള്ള ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ
- വിവര ശേഖരണം നടത്തുന്നതിനുള്ള ചെലവുകൾ

2021-22 വർഷം ഈ ഉപപദ്ധതിയ്ക്കായി 8.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി. എല്ലാ ജില്ലകളിലും പ്രാദേശികവികസന രൂപരേഖകളും (എൽ.ഡി.പി.) സംയോജിത ജില്ലാവികസന രൂപരേഖകളും (ഐ.ഡി.ഡി.പി.) തയ്യാറാക്കൽ**

എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും (എൽ.ഡി.പി.) ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും (ഐ.ഡി.ഡി.പി.) തയ്യാറാക്കുക എന്നതാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. സംയോജിത ജില്ലാ വികസന പദ്ധതിക്ക് തുടക്കമിട്ടത് കൊല്ലം ജില്ലയിലാണ്. തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട്, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, എന്നീ ജില്ലകളിൽ എൽ.ഡി.പി. ഐ.ഡി.ഡി.പി. രൂപീകരണം അടുത്ത ഘട്ടത്തിലായി വ്യാപിപ്പിച്ചിട്ടുണ്ട്.

സ്പിൽ ഓവർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും കൂടുതൽ ജില്ലകളിൽ സംയോജിത ജില്ലാ വികസന രൂപരേഖകൾ തയ്യാറാക്കുന്നതിനും കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക വികസന രൂപരേഖകൾ തയ്യാറാക്കുന്നതിനും, സംസ്ഥാന പ്രോജക്ട് സെല്ലിന്റെയും ജില്ലാതല പ്രോജക്ട് സെല്ലിന്റെയും നടത്തിപ്പ് ചെലവുകളും കാര്യശേഷി വികസന പ്രവർത്തനങ്ങളും ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ അതാത് ജില്ലാ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിവരുന്ന ചെലവുകളും ഈ ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്. 2021-22-ൽ 8.00 ലക്ഷം രൂപ ഈ ഉപപദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**ഇ. സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കൽ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഉയർന്ന ജനസാന്ദ്രത, പാരിസ്ഥിതിക ലോല പ്രദേശങ്ങൾ, നഗരവല്ക്കരണം, കുടിയേറ്റം, പശ്ചാത്തല വികസന സൗകര്യങ്ങളുടെ ആവശ്യകത, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വെല്ലുവിളികൾ സംസ്ഥാനം നേരിടുന്ന സാഹചര്യത്തിൽ നൂതനവും സ്ഥായിയായതുമായ ഒരു സ്പേഷ്യൽ പ്ലാനിംഗ് സമീപനം സംസ്ഥാനത്തിന് വളരെ അത്യാവശ്യമാണ്. സംസ്ഥാനം 14-)o പഞ്ചവത്സര പദ്ധതി രൂപീകരണ ഘട്ടത്തിലായതിനാൽ സുസ്ഥിര ഭാവിയും സംസ്ഥാനത്തിന്റെയും അഗ്ലോമെറേഷനുകളുടെയും സന്തുലിത വികസനവും വിലപ്പെട്ട ഭൂപ്രദേശങ്ങളുടെയും ഭൂവിഭാഗങ്ങളുടെയും സംരക്ഷണവും ഉറപ്പാക്കുവാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിന് സ്പേഷ്യൽ പ്ലാനിംഗിന് ഉയർന്ന പരിഗണന നൽകേണ്ടതുണ്ട്. ജില്ലാ പദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനുകൾ, ദുരന്ത നിവാരണ പദ്ധതി എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ സ്പേഷ്യൽ പ്ലാൻ നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കുന്നതാണ്. ഇതിലേക്കാവശ്യമായ വിവരശേഖരണം നടത്തുക, വർക്ക് ഷോപ്പുകൾ/സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, ഐ.ടി സഹായം, റിപ്പോർട്ട് തയ്യാറാക്കൽ, സ്റ്റേഷനറി വാങ്ങുക തുടങ്ങിയവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കുന്നതിന് 2021-22 വർഷം 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**10. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ**

**(വിഹിതം: 5.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത് (i)പൈതൃക സമുച്ചയങ്ങളും സ്മാരകങ്ങളും നിലകൊള്ളുന്ന പ്രദേശങ്ങൾ കണ്ടെത്തി സംരക്ഷിക്കുക, (ii) വാസ്തുവിദ്യ പ്രാധാന്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് സംരക്ഷിക്കുക, (iii) ഒരു പ്രത്യേക വാസ്തു വിദ്യാപ്രകാരമുള്ള കെട്ടിട സമുച്ചയങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലമോ തെരുവോ കണ്ടെത്തുകയും ആ സ്ഥലത്തിനു വേണ്ടി മാതൃകാ പ്ലാനുകൾ, എലിവേഷനുകൾ മുതലായവ തയ്യാറാക്കുക, (iv) ഒരു പ്രത്യേക പ്രദേശത്ത്/തെരുവിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വാസ്തുവിദ്യാ രീതികളെയും അവയുടെ സൗന്ദര്യാത്മകമായ ഘടനയേയും വിശകലനം ചെയ്യുക, (v) മേൽ പരാമർശിച്ചിട്ടുള്ള വിഷയത്തിന്മേൽ സർക്കാരിനും നഗരസഭകൾക്കും ഉപദേശം നൽകുക, (VI) സമയബന്ധിത റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയാണ്.

സ്റ്റേഷനറി, കമ്പ്യൂട്ടർ-അനുബന്ധ ഘടകങ്ങൾ, എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റിനുള്ള ശമ്പളം, കേരളത്തിന്റെ പൈതൃകമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ പുതുക്കലും പ്രസിദ്ധീകരിക്കുകയും ചെയ്യുക, പൈതൃകവുമായി ബന്ധപ്പെട്ട സാഹിത്യ കൃതികളും രേഖകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും (ഹാർഡ് ആന്റ് സോഫ്റ്റ് പകർപ്പുകൾ) വാങ്ങുക, പൊതു അവബോധനത്തിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക, തെരഞ്ഞെടുക്കപ്പെട്ട പൈതൃക പ്രദേശങ്ങളുടെ ദൃശ്യ പരമ്പര പ്രസിദ്ധപ്പെടുത്തുക എന്നിവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2021-22 വർഷം ഈ പദ്ധതിക്കായി 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**IV. ശുചിത്വ മിഷൻ**

**11. ശുചിത്വ കേരളം – നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതി**

**(വിഹിതം: 2233.00 ലക്ഷം രൂപ)**

നഗരപ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | നഗര തദ്ദേശ സ്ഥാപനങ്ങളിലെ റോഡുകളും, പൊതുസ്ഥലങ്ങളും യന്ത്രവൽകൃത സംവിധാനത്തിലൂടെ വൃത്തിയാക്കുക - മാലിന്യം ശേഖരിച്ച് നീക്കം ചെയ്യുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികളും വാഹനവും ഉപയോഗിക്കുന്നതിനുള്ള വിഹിതവും ഉൾപ്പെടെ. |
| 2 | കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴും പഴയവ പൊളിച്ചുമാറ്റുമ്പോഴും ഉണ്ടാകുന്ന പാഴ് വസ്തുക്കൾ സംസ്കരിച്ച് പുനരുപയോഗം നടത്തുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുക - കോൺട്രാക്ടർമാർ/വ്യക്തികൾ/ഏജൻസികൾ എന്നിവർ പ്രോസസിംഗിനായി കൊണ്ടുവരുന്ന മാലിന്യത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഫീസ് ചുമത്തികൊണ്ട് പ്ലാന്റിന്റെ പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| 3 | വ്യക്തിഗത കക്കൂസുകൾക്ക് സെപ്റ്റിക് ടാങ്ക്/ബയോ ഡയജസ്റ്റർ സംവിധാനങ്ങൾ ഉണ്ടാക്കുക |
| 4 | നഗരപ്രദേശങ്ങളിൽ വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലെയും, പ്രളയത്തിൽ നശിച്ച സ്കൂളുകളിലെയും കക്കൂസുകളുടെ പുനർനിർമ്മാണം |
| 5 | നഗര തദ്ദേശ സ്ഥാപനങ്ങളിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പൊതുസ്ഥലങ്ങളിലും പബ്ലിക്ക് ഓഫീസുകളിലും ശുചിത്വ സംവിധാനങ്ങൾ നിർമ്മിക്കൽ (ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ ഉൾപ്പെടെ), സ്വച്ഛ് ഭാരത് മിഷൻ (നഗരം) പ്രവർത്തനങ്ങൾക്ക് സഹായം, ടോയിലറ്റുകൾ മെച്ചപ്പെടുത്തുകയും ഒ.ഡി.എഫ് പ്ലസ് പ്ലസ് നേടുന്നതിനുള്ള മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക |
| 6 | ചന്തകളിൽ മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന നൂതന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക/ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പൊതു മാലിന്യസംസ്കരണ യാഡുകൾ സ്ഥാപിക്കുക |
| 7 | ഖരമാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കലും അതിന്റെ മെച്ചപ്പെടുത്തലും, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളും സ്ഥാപിക്കുക, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകളും ഹയർസെക്കൻഡറി സ്കൂളുകളിൽ നാപ്കിൻ നശീകരണ യൂണിറ്റുകളും സ്ഥാപിക്കുക തുടങ്ങിയവ. |
| 8 | ഉറവിടങ്ങളിൽ തന്നെയുള്ള മാലിന്യ സംസ്കരണം |
| 9 | മൺസൂണിന് മുന്നോടിയായുള്ള ശുചിത്വ പ്രചാരണ പരിപാടികൾ |

| | |
|---|---|
| 10 | ശില്പശാലകൾ, ഗവേഷണ വികസന പ്രവർത്തനങ്ങൾ, കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ |
| 11 | സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണം, കക്കൂസ് മാലിന്യ പരിപാലനത്തിനായുള്ള യന്ത്രവത്ക്കരണം, കനാലുകളും, നദികളും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ. (നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതാണ്. സെപ്റ്റിക് ടാങ്കുകളിൽ നിന്നോ മറ്റിടങ്ങളിൽ നിന്നോ മനുഷ്യ വിസർജ്ജ്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും അവ സംസ്കരിക്കുന്നതിനും ആവശ്യമായ സുരക്ഷിതമായ സംവിധാനങ്ങളും മൊബൈൽ സെപ്റ്റേജ് സംവിധാനവും ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നതാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയ്ക്കായി സാമൂഹ്യമായ പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങളും, സാമൂഹ്യ സുരക്ഷാ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ട ആവശ്യവുമുണ്ട്. ശുചിത്വതൊഴിലാളികളെ കണ്ടെത്തുക, പ്രത്യേക പരിപാടികളും പാക്കേജും വികസിപ്പിച്ചെടുക്കാനായി ആക്ഷൻ റിസർച്ച് നടത്തുക എന്നിവയും ഏറ്റെടുക്കുന്നതാണ്.) |
| 12 | മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും സ്വയംസഹായ സംഘങ്ങൾക്കും സഹായം, ഉല്പാദകരുടെ ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിന് സഹായം, അതുപോലെയുള്ള മറ്റ് പരിപാടികൾ, അവാർഡുകൾ, സർട്ടിഫിക്കേഷൻ സിസ്റ്റം, ഹരിത പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക |
| 13 | നഗര പൊതു സേവന സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം. (നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ശ്മശാനങ്ങളും ആധുനിക അറവുശാലകളും നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, നടപ്പിലാക്കുന്നതിനും ശുചിത്വമിഷൻ സാങ്കേതിക സഹായം നല്കുന്നതാണ്. വിദഗ്ധ ഉപദേശത്തിനുള്ള പ്രതിഫലം, പദ്ധതി തയ്യാറാക്കുന്നതിനുള്ള ചെലവ് എന്നിവ ഈ ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്.) |
| 14 | ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ |
| 15 | മാലിന്യരഹിത നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള കാൽവയ്പുകൾ |
| 16 | വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കലും ലെഗസി വേസ്റ്റിന്റെ നിർമ്മാർജ്ജനവും |

'ഹരിതകേരളം' മിഷന്റെ ഭാഗമയി വരുന്നതാണ് ഈ പദ്ധതി. 2021-22-ൽ ഈ പദ്ധതിക്കായി 2233.00 ലക്ഷം രൂപ വകയിരുത്തുന്നു.

### V. മറ്റ് പരിപാടികൾ

### 12. തലസ്ഥാന മേഖലാ വികസന പ്രോജക്ട് (സി.ആർ.ഡി.പി.)

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിർണ്ണായക അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, കുടിവെള്ള വിതരണം, ഖര-മാലിന്യ സംസ്കരണ സംവിധാനം, ഓടകളുടെ നിർമ്മാണം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ തലസ്ഥാന നഗരിയുടെ ഭംഗി വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് തലസ്ഥാന മേഖലാ വികസന പദ്ധതി. നഗര പ്രാന്ത പ്രദേശങ്ങൾ ഉൾപ്പെടെ തലസ്ഥാന മേഖലയുടെ എല്ലാ പ്രദേശങ്ങളുടെയും സംയോജിത വികസന പ്രക്രിയ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് സി.ആർ.ഡി.പി.യുടെ രണ്ടാംഘട്ടം 2012-ൽ ആരംഭിച്ചത്. നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളായ വാഹന പാർക്കിംഗ്, വിപണികൾ എന്നിവയുടെ നവീകരണം, നഗര റോഡുകൾ, റിംഗ് റോഡുകൾ, ലിങ്ക് റോഡുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ ഗതാഗത സൗകര്യം ശക്തിപ്പെടുത്തൽ, നഗരത്തിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം, പാരിസ്ഥിതിക സംരക്ഷണം എന്നിവയാണ് രണ്ടാം ഘട്ടത്തിൽ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. 2020-21-ൽ വിവിധ പരിപാടികൾ തുടങ്ങുന്നതിനുള്ള ടോക്കൺ വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 13. വികസന അതോറിറ്റികൾ

വികസന അതോറിറ്റികളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ സുസ്ഥിരവും സമഗ്രവുമായ വികസനമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

**എ. തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)**

**(വിഹിതം: 80.00 ലക്ഷം രൂപ)**

തിരുവനന്തപുരം ചാലയിലെ വ്യവസായ സമുച്ചയത്തിന്റെ പൂർത്തീകരണ പ്രവർത്തനങ്ങൾ 2021-22 വർഷം ട്രിഡ ഏറ്റെടുക്കുന്നതാണ്. ചാലയിലെ വാണിജ്യ സമുച്ചയത്തിന് യാഡ് നിർമ്മാണം, ലിഫ്റ്റുകൾ, സോളാർ സംവിധാനം എന്നീ പ്രവർത്തനങ്ങൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ഇതിനായി 2021-22 വർഷം 80.00 ലക്ഷം രൂപ ഗ്രാന്റായി വകയിരുത്തുന്നു.

**ബി. കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

കലൂർ-കടവന്ത്ര റോഡിലെ ഓടയുടെയും നടപ്പാതയുടെയും നവീകരണം, കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ മേൽക്കൂരയുടെ പെയിന്റിംഗ് ഉൾപ്പെടെയുള്ള മേൽക്കൂര നവീകരണ പ്രവർത്തനങ്ങൾ, കടവന്ത്ര മാർക്കറ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ, ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ മഴവെള്ളവും കുഴൽക്കിണർ ജലവും ശുദ്ധീകരിക്കൽ സൗകര്യം ഒരുക്കുന്നത് ഉൾപ്പെടെ വാട്ടർ മാനേജ്മെന്റ് സംവിധാനം പ്രാവർത്തികമാക്കൽ തുടങ്ങിയവ 2021-22-ൽ ജി.സി.ഡി.എ. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 2021-22 ൽ 200.00 ലക്ഷം രൂപ ഗ്രാന്റായി വകയിരുത്തുന്നു.

കൊച്ചി വികസന അതോറിറ്റി ഇതിൻപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വച്ച് ഭരണാനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾക്ക് 2021 - 22 ൽ 62000.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ നഗര ഉപജീവന ദൗത്യം (ഡേ - എൻ.യു.എൽ.എം.) (40 ശതമാനം സംസ്ഥാന വിഹിതം) | |
| | പൊതുവിഭാഗം | 2000.00 |
| | പട്ടികജാതി ഉപപദ്ധതി വിഹിതം | 375.00 |
| | പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം | 125.00 |
| 2 | പ്രധാനമന്ത്രി ആവാസ് യോജന – നഗരം (പി.എം.എ.വൈ. – നഗരം) (20 ശതമാനം സംസ്ഥാന വിഹിതം) | |
| | പൊതുവിഭാഗം | 8850.00 |
| | പട്ടികജാതി ഉപപദ്ധതി വിഹിതം | 1000.00 |
| | പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം | 150.00 |
| 3 | സ്മാർട്ട് സിറ്റി മിഷൻ (50 ശതമാനം സംസ്ഥാന വിഹിതം) | 20000.00 |
| 4 | അടൽ മിഷൻ ഫോർ റിജ്യൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) (30 ശതമാനം സംസ്ഥാന വിഹിതം) | 27000.00 |
| 5 | സ്വച്ഛ് ഭാരത് മിഷൻ (നഗരം) (40 ശതമാനം സംസ്ഥാന വിഹിതം) | 2500.00 |
| **ആകെ** | | **62000.00** |

മുകളിൽ കൊടുത്തിട്ടുള്ള 62000.00 ലക്ഷം രൂപയുടെ പദ്ധതികളുടെ വിശദാംശങ്ങൾ 2021-22 വർഷത്തെ ബഡ്ജറ്റിന്റെ അനുബന്ധം IVൽ ചേർത്തിരിക്കുന്നു.

## 9.9 വാർത്താ വിതരണവും പ്രചരണവും

2021-22 വർഷത്തെ ബഡ്ജറ്റിൽ വാർത്താ വിതരണ പ്രചരണ മേഖലയ്ക്ക് 3846.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രോജക്ടുകൾക്ക്/സ്കീമുകൾക്ക് ഭരണാനുമതി നൽകുമ്പോൾ ഇതിലെ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കേണ്ടതും ഭൗതിക ലക്ഷ്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമായി നിർവ്വചിക്കേണ്ടതുമാണ്. 2021-22 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീം/സ്ഥാപന അടിസ്ഥാനത്തിലുള്ള വിഹിതം താഴെ കാണിച്ചിരിക്കുന്നു.

**1. പ്രസ് ഇൻഫർമേഷൻ സർവ്വീസസ്**

**(1) പ്രസ് ഫെസിലിറ്റീസ്**

**(വിഹിതം : 70 .00 ലക്ഷം രൂപ)**

സർക്കാർ പരിപാടികൾ റിപ്പോർട്ട് ചെയ്യാൻ വേണ്ട അടിസ്ഥാന സൗകര്യം മാധ്യമ പ്രവർത്തകർക്ക് വകുപ്പ് തലത്തിൽ ഏർപ്പെടുത്തി ഇത്തരം പരിപാടികളുടെ വ്യാപനം ഉറപ്പാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനകത്തും പുറത്തുമുള്ള പ്രസ് യാത്രകൾ, യാത്രാ പാസിനും ട്രാൻസ്പോർട്ട് ബസ്സുകൾ വാടകയ്ക്കെടുക്കുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് പണം അടയ്ക്കൽ, അക്രഡിറ്റേഷൻ കമ്മിറ്റി ചെലവുകളും മന്ത്രാലയത്തിന്റെ മറ്റ് പരിപാടികളും അക്രഡിറ്റേഷൻ പോർട്ടലിന്റെ പരിപാലനവും, പത്രസമ്മേളനങ്ങൾ, വാർത്താ ദിനത്തിൽ സെമിനാറുകൾ (സംസ്ഥാന, ജില്ലാതലത്തിൽ) സംഘടിപ്പിക്കുക, മാധ്യമ അവാർഡുകളുടെയും സ്വദേശാഭിമാനി കേസരി അവാർഡിന്റെ വിതരണം, വളരെ പ്രധാനപ്പെട്ട വ്യക്തികളുടെ സന്ദർശനം, പ്രസ്സ്റൂം ദിന ആഘോഷങ്ങൾ, അഭിമാനകരമായ പരിപാടികൾക്കായി താൽക്കാലിക മാധ്യമ കേന്ദ്രങ്ങൾ സ്ഥാപിക്കുക, മാധ്യമ റിലേഷൻസിലെ ആതിഥേയത്വ ചെലവുകൾ, നിയമസഭയുൾപ്പെടെയുള്ള പ്രത്യേക പരിപാടികൾക്കായുള്ളകവറേജ്, മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഉള്ള പ്രത്യേക പത്രസമ്മേളനങ്ങൾ, അക്രഡിറ്റേഷൻ കമ്മിറ്റിയിലെയും മറ്റു കമ്മിറ്റിയിലെയും അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്, ഹിന്ദി, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് പത്രവാർത്തകൾക്കായി ബഹുഭാഷാ ന്യൂസ് ഡെസ്ക് മുതലായ പരിപാടികൾ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. 2021-22-ൽ 70.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**(2) മാധ്യമ അക്കാഡമി**

**(വിഹിതം : 500.00 ലക്ഷം രൂപ)**

മാധ്യമവുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തുന്ന കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കേരള മാധ്യമ അക്കാഡമി. 2021-22 വർഷത്തിൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു .

- മീഡിയ ക്ലബ്ബുകൾ
- അന്താരാഷ്ട്ര ഫോട്ടോ ഫെസ്റ്റിവലും ഓപ്പൺ ഫോറവും
- മാധ്യമ സംബന്ധിയായ വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം
- അനുസ്മരണ പ്രഭാഷണങ്ങൾ
- പരിശീലന പരിപാടി, അടിസ്ഥാന സൗകര്യ വികസനം, പഠന ക്യാമ്പുകൾ, ടൂറുകൾ
- ദേശീയ സെമിനാർ, സംസ്ഥാന-ദേശീയ തല പഠന ക്യാമ്പുകൾ, ഫോട്ടോ എക്സിബിഷൻ, വിദ്യാർത്ഥികൾക്കുള്ള ടൂറുകൾ
- മാധ്യമ ഗവേഷണവും ഫെലോഷിപ്പുകളും
- കാമ്പസിലെ സ്കോളർ
- ലൈബ്രറി പുസ്തകങ്ങളും, ഫർണിച്ചറുകളും, ഉപകരണങ്ങളും വാങ്ങുക
- മാധ്യമ മാഗസിനുകളുടെ പ്രസിദ്ധീകരണം
- ഡിജിറ്റലൈസേഷൻ (പഴയ മാഗസിനുകളുടെയും ന്യൂസ് പേപ്പറുകളുടെയും ശേഖരം)
- ഓൺലൈൻ പത്രവും യു ട്യൂബ് ചാനലും ഔദ്യോഗിക വെബ്സൈറ്റുകളുടെ നവീകരണവും പരിപാലനവും
- കമ്പ്യൂട്ടർ ലാബിന്റെയും ക്ലാസ് റൂമുകളുടെയും നവീകരണം
- ടി വി ജേർണലിസം സ്റ്റഡിയോയുടെയും, എഡിറ്റ് സ്യൂട്ടിന്റെ സാങ്കേതിക നവീകരണവും
- കേരള മീഡിയ അക്കാദമി ഹെഡ് ക്വാർട്ടേഴ്സിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം
- പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ നവീകരണം

- ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ നവീകരണം
- ദൂരദർശനിൽ മാധ്യമ പഠന പരിപാടി 'മാധ്യമ ജാലകം'
- ഡോക്യ-ഫിക്ഷൻ നിർമ്മാണം
- ആധുനിക മാധ്യമ നൈപുണ്യ കേന്ദ്രം
- ഇന്റർനെറ്റ് റേഡിയോ
- ഉപ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി റേഡിയോ, വോയിസ് ലൈബ്രറി
- ഇൻഫർമേഷൻ, എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ, മീഡിയ സ്റ്റഡീസ് എന്നിവയ്ക്കുള്ള അന്താരാഷ്ട്ര ഗവേഷണ സ്ഥാപനം

2. **ദൃശ്യ പ്രചരണം**

(1) **ഫോട്ടോ പ്രചരണം**

**(വിഹിതം : 40.00 ലക്ഷം രൂപ)**

സംസ്ഥാനത്തും ന്യൂ ഡൽഹിയിലുമുള്ള പ്രധാന സർക്കാർ പരിപാടികളുടെ ഫോട്ടോ പരസ്യം തയ്യാറാക്കുന്നത് ഫോട്ടോ ഗ്രാഫി ഡിവിഷനാണ്. ഡയറക്ടറേറ്റ്, റീജിയണൽ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, ന്യൂഡൽഹി ഓഫീസ് എന്നിവയുടെ ഫോട്ടോഗ്രാഫിക് വിംഗ് നവീകരണത്തിനുള്ള ചെലവുകൾ, ക്യാമറയും ലെൻസും ഫോട്ടോഗ്രാഫിക് സാധനങ്ങളും സാമഗ്രികളും വാങ്ങുന്നതിനും മെയിന്റനൻസും, ഫോട്ടോകളുടെ ഡിജിറ്റലൈസേഷനും അവയുടെ ശേഖരണവും, ഫോട്ടോഗ്രാഫിയിൽ സംസ്ഥാന അവാർഡ്, ഫോട്ടോഗ്രാഫർമാർക്കും ഫോട്ടോഗ്രാഫിക് പ്രവർത്തകർക്കുമുള്ള കരാർ തുക, വാഹനം വാടകയ്ക്കെടുക്കൽ തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. **2021-22**-ൽ 40.00 ലക്ഷം രൂപ വകയിരുത്തുന്നു.

(2) **വീഡിയോ പ്രചരണം**

**(വിഹിതം : 150.00 ലക്ഷം രൂപ)**

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഹെഡ്ക്വാർട്ടേഴ്സ്, 14 ജില്ലാ ഓഫീസുകൾ, കേരള ഹൗസ്, ന്യൂഡൽഹി എന്നിവിടങ്ങളിൽ നിന്ന് മന്ത്രിസഭാ തീരുമാന വിശദീകരണങ്ങളും മന്ത്രിമാരുടെ മാധ്യമ കോൺഫറൻസുകളും ഉൾപ്പെടെ ന്യൂസ് ക്ലിപ്പുകൾ പല ടെലിവിഷൻ ചാനലുകൾക്കും വെബ്ചാനലുകൾക്കും വേണ്ടി പുറത്തിറക്കാറുണ്ട്. നിലവിലുള്ള ന്യൂസ് ഗാതറിങ് സിസ്റ്റം പരിപാലനം, എഡിറ്റർമാർ, വീഡിയോ ഗ്രാഫേഴ്സ്, വീഡിയോ എഡിറ്റർമാർ, ഗ്രാഫിക് ഡിസൈനർമാർ, സേവന ദാതാക്കളുടെ സേവനം ലഭ്യമാക്കുക തുടങ്ങിയവയ്ക്കായി പുറം കരാർ സംവിധാനം സാങ്കേതിക വ്യക്തികളുടെ ഔട്ട്സോഴ്സിംഗ്, എഡിറ്റ് & സൗണ്ട് ബൂത്തിന്റെ പരിപാലനം, എഡിറ്റിങ്ങിനായുള്ള ഹാർഡ് വെയറുകളും, സാമഗ്രികളും, വീഡിയോ ക്യാമറകൾ വാങ്ങൽ, ഉപകരണങ്ങൾ വാടകയ്ക്കെടുക്കൽ, സെൻട്രൽ ഡെസ്ക് നവീകരണം, വീഡിയോ കവറേജിനായി വിവിധ ഉപകരണങ്ങളുടെ വാങ്ങൽ, വീഡിയോ ലൈബ്രറി സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ക്ലിപ് മെയിൽ സർവ്വീസ് എന്നിവയ്ക്കായി 2021-22-ൽ 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

**3.വാർത്താ വിതരണ കേന്ദ്രങ്ങൾ**

**(വിഹിതം : 70.00 ലക്ഷം രൂപ)**

സർക്കാർ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ഡയറക്ടറേറ്റിലുള്ള റിസർച്ച് ആന്റ് റഫറൻസ് വിംഗിന്റെ കീഴിൽ ഒരു ഇൻഫർമേഷൻ സെന്ററും ജില്ലാ ഇൻഫർമേഷൻ ആഫീസുകളോട് ചേർന്ന് ഇൻഫർമേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബിന്റെ പ്രവർത്തനങ്ങൾ നിലവിലുള്ള ജില്ലാ ഇൻഫർമേഷൻ ഓഫീസുകളെ ഇൻഫർമേഷൻ ഹബ്ബുകളാക്കിയുള്ള നിലവാരമുയർത്തൽ, സംസ്ഥാന/ജില്ലാ ഇൻഫർമേഷൻ സെന്ററുകളുടെ വികസനം(ഫർണിഷിംഗ്, പുതിയ റാക്കുകൾ, കമ്പ്യൂട്ടറുകളും ആക്സസറികളും ഉപയോഗിച്ച് ലൈബ്രറി സജ്ജീകരിക്കൽ, വിവര കിയോസ്ക്, കണക്ടിവിറ്റി എന്നിവ ഉൾപ്പെടെ), ലൈബ്രറി അസിസ്റ്റന്റുകളുടേയും കമ്പ്യൂട്ടർ അസിസ്റ്റന്റുകളുടെയും പുറം കരാർ സംവിധാനം, വിവരശേഖരണം, ഇ-ജേണൽസിന്റെയും പുസ്തകങ്ങളുടെയും വാങ്ങൽ, സർക്കാരിന്റെ വിവിധ

ക്യാമ്പയിനുകൾക്കായുള്ള ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ ചേർത്തിട്ടുള്ളത്. ഇതിന് 2021-22-ൽ 70 .00 ലക്ഷം രൂപ വകയിരുത്തുന്നു.

**4.ഫിലിമുകൾ**

**(1) വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം**

**(വിഹിതം : 400.00 ലക്ഷം രൂപ)**

ഐ.ആന്റ്.പി.ആർ.ഡി. വകുപ്പിന്റെ കീഴിലുള്ള ഇലക്ട്രോണിക് മീഡിയാ ഡിവിഷനിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് മാധ്യമം മുഖേനയുള്ള വിവിധ വീഡിയോ മാഗസിൻ, പരിപാടികൾ നിർമ്മിച്ച് സംപ്രേഷണം ചെയ്യുന്നു. ഈ പരിപാടി നവകേരളം (ദൂരദർശനിൽ ബഹു. മന്ത്രിമാരുടെ പ്രതിവാര സമ്പർക്ക പരിപാടി ),പ്രിയകേരളം (ദൂരദർശനിലെ പ്രതിവാര വികസന വാർത്താ മാഗസിൻ പരിപാടി),ജനപഥം (ആകാശ വാണിയിലെ പ്രതിവാര വികസന പരിപാടി), , ഡോക്യുമെന്ററികൾ തയ്യാറാക്കൽ, ഷോർട്ട് വീഡിയോകൾ പി.ആർ.ഡി ഡോക്യുമെന്ററികളുടെ ആഘോഷം, എഡിറ്റ് ആന്റ്സൌണ്ട് ബൂത്തിൻറെ പരിപാലനം, ദൂരദർശൻ ഒഴികെയുള്ള ഉപഗ്രഹചാനലുകളിലെ പുതിയ ടൈംസ്ലോട്ടുകൾ വാങ്ങൽ, ആർക്കൈവ്സിന്റെ ഡിജിറ്റൈസേഷൻ, വീഡിയോ കണ്ടൻറ് തയ്യാറാക്കൽ, ടെക്നീഷ്യൻമാരുടെയും വിദഗ്ധ വ്യക്തികളുടെയും പുറം കരാർ, , ഡോക്യുമെന്ററികളും പ്രോഗ്രാമുകളും സംബന്ധിച്ച കമ്മിറ്റികളിലെ വിദഗ്ധ അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്, ഡോക്യുമെന്ററികൾ, ചരിത്ര ദൃശ്യങ്ങൾ എന്നിവ വാങ്ങൽ, പ്രത്യേക അവസരങ്ങളിൽ ഡോക്യുമെന്റേഷൻ, ഇന്റർനെറ്റ് റേഡിയോ, ഓൺലൈൻ വീഡിയെ മത്സരം, കേരളത്തിന്റെ ദൃശ്യ ചരിത്രം, ഹെലികാം വീഡിയോ ഷൂട്ട്, എഡിറ്റ്, സൗണ്ട് ബൂത്ത് ഉപകരണങ്ങൾ വാങ്ങൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2021-22-ൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

2) **ടാഗോർ തീയേറ്ററിന്റെ നവീകരണം**

**(വിഹിതം : 360.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തുള്ള ടാഗോർ തിയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിലേക്ക് എത്തിയിട്ടുണ്ട്. ജനറേറ്റർ, എച്ച് വി എ സി സിസ്റ്റം, ലിഫ്റ്റ്, പ്രൊജക്ടർ, യുപിഎസ് എന്നിവയുടെ വാർഷിക പരിപാലനം, ടാഗോർ തിയേറ്ററിന്റെയും പരിസരത്തിന്റെയും മൊത്തത്തിലുള്ള അറ്റകുറ്റപ്പണി, ക്ലീനിംഗിനായി പുറംകരാർ ഏജൻസികളെ ഏൽപ്പിക്കുക, ഓപ്പൺ എയർ സാംസ്കാരിക പരിപാടികൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ആർട്ട് ഗാലറി, ലാൻഡ്സ്കേപ്പിംഗ്, മാലിന്യ നിർമ്മാർജനം, സുരക്ഷാ സേവനം, അണു നശീകരണം, ഒന്നാം ഘട്ട പ്രവർത്തികൾക്ക് നൽകാനുള്ള കുടിശ്ശിക, കൾച്ചർ ഗാർഡൻ, സോളാർ പാനലുകൾ സ്ഥാപിക്കൽ എന്നീ പരിപാടികളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഇതിനായി 2021-22-ൽ 360.00 ലക്ഷം രൂപ വകയിരുത്തുന്നു.

**5.വെബ്സൈറ്റും പുതിയ മാധ്യമവും**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ഐ.ആന്റ് പി.ആർ.ഡി. വകുപ്പിന്റെ വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷനാണ് സർക്കാർ വെബ് പോർട്ടലിന്റെയും (www.kerala.gov.in) മറ്റ് വകുപ്പുകളുടെ വെബ് സൈറ്റുകളുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ഗവൺമെന്റിന്റെ ഘടന, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ, സർക്കാർ ഉത്തരവുകൾ, വിജ്ഞാപനങ്ങൾ മന്ത്രിമാർ, എം.എൽ.എ.മാർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവരുടെ വിവരങ്ങൾ, മറ്റ് വകുപ്പുകളുടെ വെബ്സൈറ്റുകളിലേക്കുള്ള പ്രവേശനം എന്നിവയുൾപ്പെടെ സംസ്ഥാനത്തെ സംബന്ധിച്ച പൊതു വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ലഭ്യമാണ്. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വെബ്സൈറ്റിന്റെ വാർഷിക പരിപാലനം, ന്യൂസ് പോർട്ടലിന്റെ വാർഷിക പരിപാലനം, പിആർഡി, ശബരിമല, വ്യക്തിഗത ആസ്തി വെളിപ്പെടുത്തൽ എന്നീ വെബ്സൈറ്റുകളുടെ പരിപാലനം, സർക്കാർ

പരിപാടികളുടെ തത്സമയ വീഡിയോ സംപ്രേഷണം, വിദ്യാർത്ഥി ലൈവ് മൊബൈൽ ആപ്പ്, പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കൽ, പി.ആർ.ഡി.ഫാക്ട് ചെക്ക് വെബ് പോർട്ടലിന്റെ വാർഷിക പരിപാലനം, ഇവന്റുകളുടെ തത്സമയ സ്ട്രീമിംഗ്, സോഷ്യൽ മീഡിയ സെൽ- മനുഷ്യ വിഭവ ശേഷി, ഷോർട്ട് വീഡിയോ തയ്യാറാക്കൽ, പ്രത്യേക അവസരങ്ങളിൽ ക്ലൗഡ് സെർവർ വാടകയ്ക്ക് എടുക്കൽ, സോഷ്യൽ മീഡിയ ക്യാമ്പയിൻ, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നീ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22-ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**6. നാം മുന്നോട്ട്(സുതാര്യ കേരളം)**

**(വിഹിതം : 550.00 ലക്ഷം രൂപ)**

ഐ.ആന്റ്.പി.ആർ.ഡി. വകുപ്പ് നടപ്പാക്കുന്ന ബഹു. മുഖ്യമന്ത്രി നടത്തുന്ന നേരിട്ടുള്ള ടെലിവിഷൻ-വീഡിയോ കോൺഫറൻസിംഗ് പ്രോഗ്രാമാണ് 'നാം മുന്നോട്ട്'. ഇതിലൂടെ സർക്കാരിന്റെ നയങ്ങളും സംരംഭങ്ങളും പുതിയ പദ്ധതികളും പൊതുജനങ്ങളെ അറിയിക്കുകയാണ് ലക്ഷ്യം. . ഒരു വർഷത്തേക്കുള്ള പ്രൊഡക്ഷൻ ചെലവ്, തിരഞ്ഞെടുത്ത ചാനലുകളിലും ദൂരദർശനിലും ഇന്ററാക്ടീവ് ഷോയ്ക്കുള്ള ടെലികാസ്റ്റ് ഫീസ്, ഔട്ട്ഡോർ പബ്ലിസിറ്റി, പരസ്യങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ. 2021-22-ൽ 550.00ലക്ഷം രൂപ വകയിരുത്തുന്നു.

**7.അന്തർ സംസ്ഥാന പൊതുജനസമ്പർക്ക പരിപാടി**

**(വിഹിതം : 20.00 ലക്ഷം രൂപ)**

ദേശീയ തലത്തിൽ സംസ്ഥാനത്തിന് മെച്ചപ്പെട്ട പ്രതിച്ഛായ ഉണ്ടാക്കുന്നതിനായി കേരളത്തിന് പുറമെയുള്ള പ്രമുഖ നഗരങ്ങളിൽ സാംസ്കാരിക പരിപാടികൾ നടത്തുക, എക്സിബിഷനും വിതരണ മേളയും, പി.ആർ. ഈവെൻറ്, മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പത്ര സമ്മേളനം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു. മേളകൾ, സാംസ്കാരിക പരിപാടികൾ, പി.ആർ. ഈവെൻറ്, പി ആർ ഡി പ്രസിദ്ധീകരണങ്ങളുടെ സർക്കുലേഷൻ ക്യാമ്പയിൻ, വകുപ്പ് ഉദ്യോഗസ്ഥരുടെ മറ്റ് സംസ്ഥാനങ്ങളിലെ സന്ദർശനം എന്നിവയും നടത്താൻ ഉദ്ദേശിക്കുന്നു. പദ്ധതിക്കായി 2021-22 ൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8.കേരള കലാ സാംസ്കാരിക കേന്ദ്രം, ന്യൂഡൽഹി**

**(വിഹിതം : 10.00 ലക്ഷം രൂപ)**

ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കേരള കലാ സാംസ്കാരിക കേന്ദ്രം കല, സംസ്കാരം, സാഹിത്യം എന്നിവയിലുള്ള കേരളത്തിന്റെ മഹത്തരമായ പൈതൃകം വിളിച്ചറിയിക്കുവാൻ വേണ്ടിയുള്ളതാണ്. കേരളപ്പിറവിദിന ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യ അന്തർദേശീയ വിപണനമേള, ചർച്ചകൾ, സെമിനാറുകൾ, കലാമത്സരങ്ങൾ, കല, സംസ്കാരം, സാഹിത്യം എന്നിവയിലൂന്നിയ പരിപാടികൾ എന്നിവ ന്യൂഡൽഹി ഇൻഫർമേഷൻ ആഫീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന് 2021-22-ൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നു.

**9.പരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണം**

**(വിഹിതം : 30 .00 ലക്ഷം രൂപ)**

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരിശോധനാ വിഭാഗമാണ് അച്ചടി, ദൃശ്യമാധ്യമം എന്നിവ മുഖേന വരുന്ന സർക്കാരിന്റെ വിവിധ നയങ്ങൾ, പരിപാടികൾ, സർക്കാരുമായി ബന്ധമുള്ള മറ്റ് പ്രധാന വിഷയങ്ങൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ഫലപ്രദമായ ഫീഡ്ബാക്ക് സംവിധാനം, അച്ചടി, ഇലക്ട്രോണിക് മീഡിയ ഓൺലൈൻ മീഡിയ ,സോഷ്യൽ മീഡിയ എന്നിവയുടെ മോണിറ്ററിംഗ് എന്നിവയ്ക്കായി പരിശോധനാ വിഭാഗം ശാക്തീകരിക്കേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി പുറംകരാറിലൂടെ പ്രവർത്തന തല അഭിപ്രായ സർവ്വെ, വിഷ്വൽ മീഡിയയുടെ സൂക്ഷ്മപരിശോധന, പത്രങ്ങളുടെ ഡിജിറ്റലൈസേഷൻ, ന്യൂസ്പേപ്പർ കട്ടിംഗ് മാനേജ്മെന്റ് സിസ്റ്റം, ക്ലൌഡ് സ്റ്റോറേജ് സ്പേസ് വാങ്ങൽ, പിആർഡി ഫീഡ് മൊബൈൽ

ആപ്ലിക്കേഷന്റെ പരിപാലനം, സോഷ്യൽ മീഡിയ, ഓൺലൈൻ മീഡിയ നിരീക്ഷണം, ന്യൂസ് പേപ്പറുകളുടെ ഇ-പതിപ്പുകളുടെ സബ്സ്ക്രിപ്ഷൻ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 2021-22-ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

**10. പ്രത്യേക പൊതുജന പ്രചരണ പരിപാടികൾ**

**(വിഹിതം : 450.00 ലക്ഷം രൂപ)**

മറ്റ് വകുപ്പുകൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, സർക്കാർ സംഘടനങ്ങൾ, എൻ.ജി.ഒ. എന്നിവരുടെ സഹായത്തോടെ സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പരിപാടികൾ, സംരംഭങ്ങൾ, പ്രത്യേക പരിപാടികൾ,സർക്കാരിന്റെ വാർഷിക പരിപാടികൾ എന്നിവ പൊതു ജനങ്ങളിൽ എത്തിക്കാൻ പ്രത്യേക പൊതുജന പ്രചരണ പരിപാടികൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. വിഖ്യാതമായ വ്യക്തികളുടെ സ്മരണ നിലനിർത്തുന്ന പരിപാടികൾ, സംഭവങ്ങൾ, ബോധവൽക്കരണ ക്യാമ്പയ്ൻ, ഗവൺമെന്റിന്റെ പരിപാടികളിലും നയങ്ങളിലും പ്രത്യേക പിആർ കാമ്പയിൻ പരിസ്ഥിതി, വിദ്യാഭ്യാസം, സംസ്കാരം എന്നിവയിൽ ജില്ലാതല ക്യാമ്പയിനുകൾ, വാർഷിക പരിപാടികൾ, എന്നിവയാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 2021-22-ൽ 450.00 ലക്ഷം രൂപ വകയിരുത്തുന്നു.

**11.സംയോജിത വികസന വാർത്താ പ്രചരണി**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ഈ പദ്ധതിയുടെ കീഴിലുള്ള പൊതുജന സമ്പർക്ക വാർത്താ വിനിമയ സർവ്വീസ് മാനേജ്മെന്റിന്റെ സക്ഷ്യം താഴെതട്ടിലുള്ളവർക്ക് സർക്കാരുമായി ബന്ധപ്പെട്ട വിവരങ്ങൾ എത്തിച്ചുകൊടുക്കുക എന്നതാണ്. സംസ്ഥാന-പ്രാദേശിക സർക്കാരുകൾ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെയും ക്ഷേമപദ്ധതികളുടെയും വാർത്തകൾ എല്ലാ ജില്ലകളിലും മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും പ്രചരിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. മനുഷ്യ വിഭവശേഷി കരാർ വഴി കണ്ടെത്തുന്നതിനും, യാത്രാചെലവും മറ്റു ചെലവുകളും പരിശീലനത്തിനും വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുമുൾപ്പെടെ പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2021-22-ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**12. ജില്ലാ ഇൻഫർമേഷൻ ആഫീസുകളുടെ ആധുനികവൽകരണവും മീഡിയാ സെന്ററും**

**(വിഹിതം : 55.00 ലക്ഷം രൂപ)**

ഫീൽഡ് തലത്തിൽ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 14 ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ, ന്യൂഡൽഹി കേരള ഹൗസിലെ ഇൻഫർമേഷൻ ഓഫീസ്, ആറ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ എന്നിവ ഉൾക്കൊള്ളുന്നു. 2021-22 ൽ ജില്ല, റീജിയണൽ ഹെഡ്ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ ആഫീസുകളുടെ നവീകരണ ജോലികൾ, മീഡിയ ഇൻഫർമേഷൻ സെന്റർ എന്നിവ സ്ഥാപിക്കുക എന്നിവയാണ് സുപ്രധാന പരിപാടികൾ. ഇതിനായി 2021-22-ൽ 55.00 ലക്ഷം രൂപ വകയിരുത്തുന്നു.

**13.ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തുള്ള കേരള പവലിയന്റെ നവീകരണം**

**(വിഹിതം : 5 .00 ലക്ഷം രൂപ)**

വർഷം തോറും ഇന്ത്യ അന്താരാഷ്ട്ര വിപണനമേള നടത്തിവരുന്ന ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തുള്ള കേരള പവലിയൻ ഐ.റ്റി.എഫ്.അധികൃതർ അന്താരാഷ്ട്ര പവലിയന്റെ നിർമാണത്തിനായി പൊളിക്കുകയുണ്ടായി. കേരള പവലിയന്റെ നിർമ്മാണ, ഇലക്ട്രിക്കൽ പണികൾക്കായി 2021-22-ൽ 5 .00 ലക്ഷം രൂപ വകയിരുത്തുന്നു.

**14.വിവര വിദ്യാഭ്യാസ വിനിമയ (ഐ.ഇ.സി) വിഭാഗം**

**(വിഹിതം : 20.00 ലക്ഷം രൂപ)**

സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും സർക്കാർ സ്ഥാപനങ്ങൾക്ക് വിവരം കൈമാറുന്നതോടൊപ്പം അവബോധം സൃഷ്ടിക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പരിസ്ഥിതി സുസ്ഥിര വികസനത്തെക്കുറിച്ചുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾ,വിദഗ്ദ്ധരുടെസേവനവും

മറ്റ മനുഷ്യവിഭവശേഷിയും പുറം കരാർ വഴി കണ്ടെത്തുക, നൈപുണ്യ വികസന പരിപാടികൾ, മറ്റ ഓഫീസ് ചെലവുകൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി തുടരുന്നതിലേക്ക് **2021-22**-ൽ 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

**15. ഐ.റ്റി. സേവനങ്ങൾ**

**(വിഹിതം : 30.00 ലക്ഷം രൂപ)**

ഐടി സേവന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സോഫ്റ്റ്വെയർ, ഹാർഡ്‌വെയർ, മൾട്ടിമീഡിയ വിവര പ്രചരണ പിന്തുണ, വൈഫൈ ഇന്റർനെറ്റ് കണക്ഷനുകൾ, വകുപ്പിന്റെ വിവിധ വിഭാഗങ്ങളായ ആസ്ഥാന ഓഫീസിലേക്കും , ജില്ലാ ഓഫീസുകൾ, റീജിയണൽ ഓഫീസുകൾ, ന്യൂഡൽഹി ഓഫീസ്, എന്നിവിടങ്ങളിൽ ക്ലൗഡ് സ്റ്റോറേജ് വാങ്ങൽ, വാർഷിക പരിപാലനം സെർവർ വാടകയ്ക്ക് എടുക്കൽ, മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ, ഡേറ്റാ കണക്ടിവിറ്റി എന്നിവ ഈ പദ്ധതിയിലുൾപ്പെടുന്നു. ഇതിനായി 2021-22-ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു

**16. പുറമേയുള്ള പ്രചാരണ ക്യാംപെയ്നുകൾ**

**(വിഹിതം :600.00 ലക്ഷം രൂപ)**

പുറമേയുള്ള പ്രചാരണപരിപാടിയിൽ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയിൽ ബിൽബോർഡുകൾ, ഹോർഡിങ്ങുകൾ. ട്രെയിൻ, ബസ്, ആട്ടോറിക്ഷാ, ബോട്ട് പോലുള്ള വണ്ടികളിൽ(ഉള്ളിലും പുറമെയും) ഉള്ള പരസ്യ ക്യാംപെയ്നുകൾ, ട്രെയിൻ റാപ്പിംങ്, വീഡിയോ വാളുകൾ, മാളിലെ സ്ക്രീനുകൾ, വകുപ്പിന്റെ കീഴിലുള്ള ഇപ്പോഴത്തെ വീഡിയോ വാൾ നെറ്റ്വർക്കിന്റെ പരിപാലനം, മൊബൈൽ എക്സിബിഷൻ യൂണിറ്റുകൾ, എക്സിബിഷൻ വാഹനങ്ങൾ, എന്നിവ ഉൾപ്പെടുന്നു. വകുപ്പിന്റെ സ്വന്തമായുള്ള ഹോർഡിങ്ങ സ്ഥാപിക്കലും വാർഷിക പരിപാലനവും, വീഡിയോ വാളിന്റെ പരിപാലനവും വീഡിയോ വാൾ പരസ്യവും, ഔട്ട്ഡോർ പബ്ലിസിറ്റിയും പരസ്യങ്ങളും, ഡിജിറ്റൽ പോസ്റ്ററുകൾ വാങ്ങൽ, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഹോർഡിംഗുകളുടെ വില, മറ്റ് ഏജൻസികളിൽ നിന്ന് വാടകയ്ക്കെടുക്കുന്ന ഹോർഡിംഗുകൾക്കുള്ള വാടക എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 2021-22-ൽ 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

**17.പി.ആർ.ഡി.സഹായക കേന്ദ്രം**

**(വിഹിതം : 40 .00 ലക്ഷം രൂപ)**

കേരളത്തിലെ സാമൂഹ്യപരമായും സാമ്പത്തിക പരമായും പിന്നോക്കം നിൽകുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പദ്ധതികളെക്കുറിച്ചും നടപടികളെക്കുറിച്ചും ഗുണഭോക്താക്കൾക്കും പ്രാദേശിക നേതാക്കൾക്കും അറിവു നൽകുന്നതിന് വകുപ്പ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും ആദ്യ ഘട്ടത്തിൽ കളക്ടറേറ്റ് ഫ്രണ്ട് ഓഫീസുകളുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു പിആർഡി സഹായക കേന്ദ്രമെങ്കിലും തുടങ്ങാൻ ഉദ്ദേശിക്കുന്നു. സഹായകേന്ദ്രത്തിന് പിന്തുണ നൽകുന്നതിനായി കോ-ഓർഡിനേറ്റർമാരെ നിയോഗിക്കേണ്ടതുണ്ട്. കരാർ അടിസ്ഥാനത്തിൽ കോർഡിനേറ്റർമാർക്കും അസിസ്റ്റന്റ് കോർഡിനേറ്റർമാർക്കും നിയമനം, പരിശീലനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, മറ്റു ചെലവുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി 40.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തിയിരിക്കുന്നു.

**18.പരിശീലനങ്ങൾ/ പൊതു ആശയവിനിമയ വൈദഗ്ധ്യത്തിൽ കഴിവു മെച്ചപ്പെടുത്തൽ.**

**(വിഹിതം :46.00 ലക്ഷം രൂപ)**

വകുപ്പുദ്യോഗസ്ഥർക്കു പരിശീലനം, വിവിധ മാധ്യമ സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയായ വിദ്യാർത്ഥികൾക്ക് പൊതു ആശയവിനിമയത്തിൽ വൈദഗദ്ധ്യം നേടാനുള്ള പരിശീലനം എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സമൂഹമാധ്യമ പ്രവർത്തനങ്ങളിൽ യോഗ്യതയുള്ളവർക്ക് പെയ്ഡ് ഇന്റേൺഷിപ്പ് പരിശീലനം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നു.വകുപ്പിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ശേഷി വർദ്ധിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി പരിശീലനം നൽകുന്നതിന് പെയ്ഡ് അപ്രന്റസ്ഷിപ്പ് പരിശീലനത്തിനും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 46.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തിയിരിക്കുന്നു.

## 9.10 തൊഴിലും തൊഴിലാളി ക്ഷേമവും

തൊഴിലും തൊഴിലാളി ക്ഷേമവും സംരക്ഷിക്കുക എന്നത് കേരളത്തിന്റെ പരമ പ്രധാനമായ കർത്തവ്യമാണ്. സംസ്ഥാന തൊഴിൽ വകുപ്പ് പല തരത്തിലുള്ള തൊഴിൽ നിയമത്തിലൂടേയും, വ്യാവസായികതർക്ക പരിഹാരത്തിലൂടേയും, ക്ഷേമ പ്രവർത്തനങ്ങളിലൂടേയും ഇവ ഉറപ്പു വരുത്തുന്നുണ്ട്. തൊഴിലും തൊഴിലാളി ക്ഷേമ മേഖലയുടെ കീഴിൽ വരുന്ന പ്രധാന വകുപ്പുകൾ/സ്ഥാപനങ്ങൾ ലേബർ കമ്മീഷണറേറ്റ്, , നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം), ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, പ്രവാസി-മലയാളി കാര്യ വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ്, ഓവർസീസ് ഡെവലപ്പ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൽട്ടന്റ്സ് (ODEPEC) ലിമിറ്റഡ് എന്നിവയാണ്.

2021-22 ബജറ്റിൽ 445.60 കോടി രൂപ തൊഴിലും, തൊഴിലാളി ക്ഷേമവും സെക്ടറിന് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതം വകുപ്പുകൾ തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | വകുപ്പിന്റെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലേബർ കമ്മീഷണറേറ്റ് | 9989.00 |
| 2 | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് | 9795.00 |
| 3 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) | 3153.00 |
| 4 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് | 200.00 |
| 5 | ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് | 425.00 |
| 6 | നോർക്ക വകുപ്പ് | 14048.00 |
| 7 | ഫയർ ആൻഡ് റെസ്ക്യു വകുപ്പ് | 6950.00 |
| | **ആകെ** | **44560.00** |

### I. ലേബർ കമ്മീഷണറേറ്റ്

തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം നില നിർത്തുക, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക, തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പു വരുത്തുക, തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ സഹകരണവും ആരോഗ്യപരവുമായ ബന്ധം നിലനിർത്തുക തുടങ്ങിയവയാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ വകുപ്പ് സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ തൊഴിൽ നിയമങ്ങൾ ചിട്ടയായി നടപ്പിലാക്കുകയും മെച്ചപ്പെട്ട നയ-പരിപാടികളിലൂടെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

**1. എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസനിധി**

**(വിഹിതം: 50.00ലക്ഷം രൂപ)**

അപകടത്തിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശിക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 25,000 രൂപ നൽകുന്നതിനുള്ള പദ്ധതിയാണിത്. **2021-22** ബജറ്റിൽ **50.00 ലക്ഷം** രൂപ ഇതിനായി വകയിരുത്തുന്നു.

**2. അതിഥി തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം പ്രദാനം ചെയ്യൽ**

**(വിഹിതം:350.00ലക്ഷം രൂപ)**

ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലന്വേഷിച്ച് കേരളത്തിലേക്ക് എത്തുന്ന തൊഴിലാളികളിൽ ഭൂരിപക്ഷം പേർക്കും അവരുടെ കരാറുകാരനോ തൊഴിൽദാതാവോ യാതൊരുവിധ താമസസൗകര്യവും ഒരുക്കി നൽകാറില്ല. വൃത്തിഹീനമായ ലയങ്ങളിലോ ഷെഡ്ഡുകളിലോ

അധിവസിക്കാൻ നിർബന്ധിതരാകുന്ന ഈ തൊഴിലാളികൾ പകർച്ചവ്യാധികൾ, മറ്റു സാമൂഹ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നു. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്ന നിലയിൽ ഇതരസംസ്ഥാന തൊഴിലാളികൾക്കായി കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഹോസ്റ്റലുകളിൽ പൊതു ഉപയോഗത്തിനുള്ള ശുചി മുറികൾ, തുണി അലക്കാനും ഉണക്കാനുമുള്ള സൗകര്യം, വാഹന പാർക്കിംഗ് സൗകര്യം, തീ അണക്കുന്നതിനുള്ള ഉപകരണങ്ങൾ, മഴവെള്ള സംഭരണി, ബയോ ഗ്യാസ് പ്ലാന്റ്, സി.സി.ടിവി ഇവ ഉണ്ടായിരിക്കണം. ഈ പദ്ധതിയുടെ തുടർച്ചക്കായി 2021-22 ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തുന്നു.

3. **തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കലും, നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും (ഭവനം & ജനനി)**

**(വിഹിതം: 80.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പ്രമുഖ തൊഴിൽ മേഖലകളിലൊന്നാണ് തോട്ടങ്ങൾ. സവിശേഷ വേതന വ്യവസ്ഥയും, പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും തോട്ടം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് വളരെ അകറ്റി നിർത്തുന്നു. ഇവർക്ക് മെച്ചപ്പെട്ട താമസ സൗകാര്യം ഒരുക്കുന്നതിനായി 400 സ്ക്വയർ ഫീറ്റ് യൂണിറ്റിൽ 2 കിടപ്പ് മുറികളും, ഹാളും അടുക്കളയും ഉള്ള G+2 നിലകളോട് കൂടിയ കെട്ടിടങ്ങളാണ് ഭവനം ഫൌണ്ടേഷൻ വിഭാവനം ചെയ്യേണ്ടത്. 2021-22 ബജറ്റിൽ 80.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 40.00 ലക്ഷം രൂപ തോട്ടം തൊഴിലാളികളുടെ താമസ സൗകര്യങ്ങൾക്കും 40.00 ലക്ഷം രൂപ നഗര മേഖലയിലെ അസംഘടിത മേഖലയിൽപ്പെട്ട തൊഴിലാളികൾക്കുമായി മാറ്റി വച്ചിട്ടുണ്ട്.

4. **ആധുനികവത്ക്കരണവും ഇ-പേയ്മെന്റ് സംവിധാനവും**

**(വിഹിതം: 140.00ലക്ഷം രൂപ)**

ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലേബർ കമ്മീഷണറേറ്റിന്റെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ശക്തിപ്പെടുത്തുന്നതിനായി പഴയ കമ്പ്യൂട്ടറുകൾ പുതുതലമുറ കമ്പ്യൂട്ടറുകളുമായി സംയോജിക്കുംവിധം നവീകരിക്കേണ്ടതായിട്ടുണ്ട്.

1948-ലെ മിനിമം വേതന നിയമം ഗവൺമെന്റിന്റെ മിനിമം വേതനം നിശ്ചയിച്ച തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് നടപ്പിലാക്കുന്ന സംവിധാനമാണ് ഇ-പേയ്മെന്റ് സമ്പ്രദായം.

**തൊഴിൽ വകുപ്പിന്റെ ആധുനികവൽക്കരണം -ഘടകങ്ങൾ**

- തൊഴിൽ ഭവൻ കെട്ടിടത്തിന്റെ നവീകരണം
- ലേബർ കമ്മീഷണറേറ്റ് ഉൾപ്പെടെ 141 ഓഫീസുകൾക്ക് (സർക്കാർ അംഗീകൃത ഏജൻസികൾ വഴി) ആധാർ ലിങ്കുചെയ്ത ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം
- കമ്പ്യൂട്ടർ, പ്രിന്റർ ഫോട്ടോകോപ്പി യൂണിറ്റ്, സ്കാനർ എന്നിവ വിലയ്ക്ക് വാങ്ങുക
- ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ്
- ലേബർ കമ്മീഷണറേറ്റിലെ ഓട്ടോമേഷൻ സോഫ്റ്റ് വെയർ കാര്യശേഷി വർദ്ധിപ്പിക്കൽ (കെൽട്രോൺ വഴി)
- ലിഫ്റ്റ് സൗകര്യം, നിരീക്ഷണ ക്യാമറ, വൈഫൈ റൂട്ടർ, ലേബർ കാമ്മീഷണറേറ്റ് ഉൾപെടെ 141 ഓഫീസുകളിൽ ബയോ മെട്രിക് പഞ്ചിംഗ് (ഗവ: അപ്പ്രൂവ്ഡ് ഏജൻസി വഴി)
- ബുക്കുകൾ, സി.യു.ജി &സിം കാർഡ് ചാർജ്ജർ എന്നിവ വിലയ്ക്ക് വാങ്ങൽ
- ഇ-പേയ്മെന്റ് സംവിധാനം വികസിപ്പിക്കൽ

- ഹെൽപ് ഡെസ്ക് സൗകര്യമൊരുക്കൽ

a) തൊഴിൽ വകുപ്പിന്റെ ആധുനികവല്കരണം- (65.00 ലക്ഷം)\

b) ഇ-പെയ്മെന്റ് പദ്ധതി –(50.00 ലക്ഷം)

c) AIIS സോഫ്റ്റ്‌വെയർ നവീകരണം (25.00 ലക്ഷം)

2021-22-ൽ 140.00 ലക്ഷം രൂപ ആധുനികവത്ക്കരണവും ഇ-പേയ്മെന്റ് സംവിധാനവും മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തിയിരിക്കുന്നു.

**5. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി**

**(വിഹിതം: 50.00ലക്ഷം രൂപ)**

കേരള ആർട്ടിസൻസ് ക്ഷേമനിധി സ്കീം 2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള പാചക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻ തൊഴിലാളി നിധി സ്കീം 2004, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം 2011 എന്നിവ ഏകോപിപ്പിച്ച് 2015-ലാണ് കേരള അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നത്. 2021-22-ൽ ഈ പദ്ധതിയിലൂടെ ചികിത്സാ സഹായം, വിവാഹ സഹായധനം, വികലാംഗ പെൻഷൻ, ഫാമിലി പെൻഷൻ, റിട്ടയർമെന്റ് നേട്ടം, മരണാനന്തര ചെലവുകൾ തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**6. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണം**

**(വിഹിതം: 750.00ലക്ഷം രൂപ)**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി താഴെപ്പറയുന്ന മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖല തൊഴിലാളി സംരക്ഷണം എന്ന ഒറ്റ സ്കീമാക്കിയിരിക്കുന്നു. 2021-22 വർഷ ബഡ്ജറ്റിൽ 750.00 ലക്ഷം രൂപ പദ്ധതിയുടെ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

**(എ) അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി**

2007-08 വർഷത്തിൽ നിലവിൽ വരുകയും തൊഴിൽ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ 2000 രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതിയ്ക്കായി 2021-22 ബഡ്ജറ്റിൽ **100.00 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി) അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി**

മരംകയറ്റ തൊഴിലാളി ക്ഷേമസ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി 1-1-2012-ലാണ് നിലവിൽ വന്നത്. ഈ പദ്ധതിയ്ക്കായി 2021-22 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ**

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നതിനുമായി 2011-12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്. ക്ഷേമനിധി ബോർഡുകളിൽ നിന്ന് പ്രസവാനുകൂല്യമായി വിതരണം ചെയ്യുന്ന തുക ബോർഡുകളുടെ അപേക്ഷ പ്രകാരം ഗവൺമെന്റ് തിരിച്ചു നൽകി വരുന്നു. 2021-22 ബഡ്ജററിൽ 450.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

ഈ 3 പദ്ധതികൾക്കുമായി 2021-22 വർഷ ബഡ്ജററിൽ 450.00ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. **പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം**

**(വിഹിതം:7800.00ലക്ഷം രൂപ)**

പരമ്പരാഗത തൊഴിൽമേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കശുവണ്ടി. കയർ, കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ്, കരകൗശല നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. കയർ, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾ, അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡുകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചില പരമ്പരാഗത മേഖലകളിൽ തൊഴിൽ ചെയ്യുന്നവരിൽ 90 ശതമാനത്തോളം സ്ത്രീകളാണ്. 7800.00 ലക്ഷം രൂപ മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടിയും, പദ്ധതിയുടെ വിലയിരുത്തലിന് വേണ്ടിയും 2021-22 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

8. **ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ**

**(വിഹിതം: 44.00ലക്ഷം രൂപ)**

കേരളത്തിലെ തൊഴിൽരംഗത്ത് കണ്ടുവരുന്ന നൂതനമായ പ്രവണതയാണ് പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ പ്രവാഹം, അടിസ്ഥാന ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാതെ വൃത്തിഹീനമായ തൊഴിൽ സാഹചര്യങ്ങളിൽ ജോലി സ്ഥലത്തിനടുത്തു തന്നെ ഇത്തരം തൊഴിലാളികൾ താമസിക്കുന്നതിന് നിർബന്ധിതരാകുന്നു. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ പരിപാടി എന്നിവ ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുണ്ട്. ആരോഗ്യം തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തിലൂടെയും, ഏകോപനത്തിലൂടെയും ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കാൻ കഴിയും. 2021-22-ൽ ഈ പദ്ധതിക്കായി 44.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. **തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹവർത്തികൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ**

**(വിഹിതം: 85.00ലക്ഷം രൂപ)**

തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമത്തിനും, നിക്ഷേപക സൗഹാർദ്ദപരവും അനുകൂലമായ വ്യാവസായിക ബന്ധം നിലനിർത്തുന്നതിനും ഉതകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. അതനുസരിച്ച്, തൊഴിൽ വകുപ്പിന്റെ അന്വേഷണ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തിവരുന്ന വിപുലമായ പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ശക്തമായ പരസ്യപ്രചരണം അനിവാര്യമാണ്. ഇതിനായി തൊഴിൽവകുപ്പ് സിനിമാശാലകൾ വഴിയുള്ള പരസ്യം നൽകൽ, ഡോക്യുമെന്ററി/ഷോർട്ട് ഫിലിം നിർമ്മാണം, സെമിനാർ, എഫ്.എം. റേഡിയോ വഴിയുള്ള പരസ്യ പ്രക്ഷേപണം, റെയിൽവേ, ബസ്സ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള വീഡിയോ പ്രദർശനം എന്നിവ നടത്തിവരുന്നു. തൊഴിൽ ക്ഷേമരംഗം, ഹാൻഡ് ബുക്കുകൾ, ബ്രോഷറുകൾ,എന്നിവയും ഇറക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 85.00 ലക്ഷം രൂപ വകയിരുത്തുന്നു.

10. **മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം**

**(വിഹിതം: 40.00ലക്ഷം രൂപ)**

ആയിരക്കണക്കിന് തൊഴിലാളികൾ അധിവസിക്കുന്ന തോട്ടം മേഖലയാണ് കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) നിലവിൽ ലേബർ ഓഫീസർ, പ്ലാന്റേഷൻ ഇൻസ്പെക്ടർ ആഫീസ് എന്നിവ റ്റാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. തൊഴിൽ നൈപുണ്യ വകുപ്പിന്റെ കൈവശം ദേവികുളം താലൂക്കിലെ

കെ.ഡി.എച്ച്.പി. വില്ലേജിൽ ഭൂമി ഉണ്ട്. തോട്ടം തൊഴിലാളികളുടെ ക്ഷേമവും പരാതി പരിഹാരവും കണക്കിലെടുത്ത് ഒരു ലേബർ ഓഫീസ് കോംപ്ലക്സ് മൂന്നാറിൽ സ്ഥാപിക്കുന്നത് അഭിലഷണീയമാണ്. സോളാർ വെളിച്ചം ഉൾപ്പെടെയുള്ള ഗ്രീൻ ഡിസൈൻ കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. മൂന്നാറിലെ ലേബർ ഓഫീസ് കോംപ്ലക്സ് നിർമ്മാണം 2021-22-ൽ പൂർത്തിയാകും. ആരംഭിച്ചത് 2016-17 ലാണ്. ഈ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

**11. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്)**

**(വിഹിതം :200.00ലക്ഷം രൂപ)**

ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി ഗവൺമെന്റ് ആരോഗ്യ-മരണ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തിക്ക് 25000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും, 2 ലക്ഷം രൂപ വരെയുള്ള അപകട മരണ ഇൻഷ്വറൻസിനും അവകാശമുണ്ടായിരിക്കും. ഇത് ഇത്തരത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവര ശേഖരണത്തിന് കൂടി സഹായകരമാകുന്നു. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് 2021-22 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. ഓഡെപെക് (ODEPC) ശക്തിപ്പെടുത്തൽ**

**(വിഹിതം :90.00ലക്ഷം രൂപ)**

കേരളത്തിലും പുറത്തുമുള്ള ആളുകൾക്ക് വിദേശ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായതാണ് ODEPC. വിദേശ തൊഴിൽദാദാക്കളുടെ ഇടയിൽ ഒ.ഡി.ഇ.പി.സി യുടെ ട്രെയിഡ് നെയിം (വ്യാവസായിക നാമം) പ്രചരപ്പിക്കുന്നതിനായി വിദേശത്ത് റോഡ് ഷോകൾ നടത്തുക, ഉന്നതാധികാരികളുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ചകൾ നടത്തുക, പദ്ധതിയ്ക്കും അതിന്റെ പ്രാരംഭ സംരംഭങ്ങൾക്കും വിപുലമായ പ്രചാരണം നടത്തുക എന്നീ പ്രവർത്തനങ്ങൾ കൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. 2021-22 ലെ പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്.

1. ODEPCയുടെ IELTS/OET പരിശീലന കേന്ദ്രങ്ങളുടെ നവീകരണം (50.00 ലക്ഷം രൂപ )
2. ഇന്ത്യൻ തൊഴിൽ ശക്തിയുടെ പ്രദർശനങ്ങൾ (40.00 ലക്ഷം രൂപ )

ഇതിലേയ്ക്കായി 2021-22 വാർഷിക ബഡ്ജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് (ഗുണ നിലവാരം അനുസരിച്ച് തരം തിരിക്കുന്ന പദ്ധതി)**

**(വിഹിതം:10.00ലക്ഷം രൂപ)**

1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ടിന്റേയും 1948-ലെ ഫാക്ടറീസ് ആക്ടിന്റേയും കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളെ തിരം തിരിക്കുന്നതിനുള്ള ഒരു പുതിയ സംരംഭം തൊഴിൽ വകുപ്പ് ആരംഭിക്കുന്നു. തൊഴിൽ നിയമം അനുസരിക്കുന്ന ക്ഷേമ പരിപാടികൾ, കുറഞ്ഞ വേതന മാനദണ്ഡങ്ങൾ നടപ്പിലാക്കുക, സ്ത്രീ സൗഹൃദ സൗകര്യങ്ങൾ, ശുചിത്വം, ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പു വരുത്തൽ മുതലായ പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ വിലയിരുത്തുവാനാണ് വിഭാവനം ചെയ്യുന്നത്. വ്യവസ്ഥയിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡം/പെരുമാറ്റച്ചട്ടം/(criteria/norms) അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ ആശുപത്രികൾ, വസ്തുവ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, നക്ഷത്ര ഹോട്ടലുകൾ, സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ, സുരക്ഷാ സേവനങ്ങൾ, വിവിര സാങ്കേതിക വിദ്യ, പണമിടപാട് സ്ഥാപനങ്ങൾ, ഫാക്ടറികൾ എന്നീ പ്രത്യേക മേഖലകളിലാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി പ്രാരംഭ സർവ്വേയും കൃത്യമായ തുടർ നടപടികളും ആവശ്യമാണ്. ഇത്തരം മാനദണ്ഡമനുസരിച്ചുള്ള തരംതിരിക്കുന്നതിൽ സോഫ്റ്റ്വെയർ ആവശ്യമാണ്.

വിവിധ തൊഴിൽ മേഖലകളിലുള്ള ഏറ്റവും മികച്ച തൊഴിലാളികൾക്ക് അവരുടെ പ്രവർത്തന മികവിനുള്ള ഒരു അവാർഡ് (തൊഴിൽ ശ്രേഷ്ഠ അവാർഡ്) ഈ പദ്ധതി പ്രകാരം കൊടുക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 10.00ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. മൊത്തം വിഹിതത്തിൽ നിന്നും 4.00 ലക്ഷം രൂപ തൊഴിൽ ശ്രേഷ്ഠ അവാർഡിന് മാത്രമായി നീക്കി വെച്ചിരിക്കുന്നു.

**14. നഗര പ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ്**

**(വിഹിതം: 190.00ലക്ഷം രൂപ)**

വിവര സാങ്കേതികം, ഹോസ്പ്പിറ്റാലിറ്റി, ആതുരസേവനം, ചില്ലറ വ്യാപാരം, ബാങ്കിംഗ്, വസ്ത്ര വ്യാപാരം, മറ്റ് ഉല്പാദന വ്യവസായങ്ങൾ മുതലായ മേഖലകളിൽ ഇന്ത്യയിലെ പല ഭാഗത്തുനിന്നും തൊഴിലിനായി അവിവാഹിതരും, വിവാഹിതരുമായ സ്ത്രീകൾ കേരളത്തിലെത്തുന്നു. തൊഴിൽ വകുപ്പിന്റെ ഈപുതിയ പദ്ധതികൾ കേരളത്തിലാകമാനം നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസ സൗകര്യം ഒരു കിടപ്പുമുറി മാത്രമുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ രൂപത്തിൽ നൽകുന്നതിനായി വിഭാവനം ചെയ്യുന്നു. വിനോദോപാധികൾ, പാർക്കിംഗ്, അഗ്നിശമന സംവിധാനങ്ങൾ, ജനറേറ്ററുകൾ, ഇൻസിനറേറ്റർ, മഴവെള്ള സംഭരണി, 24 മണിക്കൂർ സുരക്ഷ, സിസിടിവി സംവിധാനം എന്നീ സൗകര്യങ്ങൾ കൂടി അപ്പാർട്ട്മെന്റിൽ ഉൾപ്പെടുത്തും. കേരളത്തിലെ പ്രധാന നഗരങ്ങളിലാണ് ഇത്തരം അപ്പാർട്ട്മെന്റുകൾ ഒരുക്കുന്നത്. ഈ സംരംഭത്തിന് 190.00 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**15. പ്ലാന്റേഷൻ ഡയറക്ടറേറ്റ്**

**(വിഹിതം: 50.00ലക്ഷം രൂപ)**

ബ്രിട്ടീഷ് കാലഘട്ടം മുതൽ തലമുറകളായി തോട്ടങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾ ധാരാളമാണ്, അവർ മലയോര മേഖലകളിൽ തോട്ടങ്ങളോട് ചേർന്ന് തന്നെ താമസിക്കുകയും ചെയ്യുന്നു. തേയില, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാന സമ്പദ് വ്യവസ്ഥക്ക് വലിയൊരു സംഭാവന നൽകുന്നുണ്ട്. ഇക്കാരണങ്ങളാൽ ഈ മേഖലക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. വൈവിധ്യ വല്ക്കരണത്തിലൂടെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക അംഗീകാരവും ഈ മേഖലക്ക് വികസനവും സാധ്യമാകേണ്ടതുണ്ട്. അതിനാൽ തൊഴിൽ വകുപ്പ് ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപികരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ ലേബർ ഡിപ്പാർട്ട്മെന്റിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ പുനർ വിന്യസിപ്പിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കേണ്ടതാണ്. ഈ സംരംഭത്തിന് **50.00** ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

**16. അതിഥി തൊഴിലാളി സൗഹൃദ വീടുകൾ**

**(വിഹിതം: 60.00ലക്ഷം രൂപ)**

കേരളത്തിലെത്തുന്ന അതിഥിത്തൊഴിലാളികൾക്ക് സുരക്ഷ, പരിസര ശുചിത്വം, വൃത്തി എന്നിവയോട് കൂടിയുള്ള താമസ സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതിയാണ് ഇത്. അതിഥി തൊഴിലാളികൾക്ക് വാടകയ്ക്ക് താമസ സൗകര്യം നൽകുന്ന വാടക വീടിന്റെ ദാതാവ്/കെട്ടിട ഉടമയാണ് പദ്ധതി നടപ്പാക്കുന്നതിൽ പ്രധാന പങ്കാളി. തൊഴിൽ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, പ്രാദേശിക വീട്ടുടമസ്ഥരുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിഥി തൊഴിലാളികളുടെ ബാഹുല്യം കണക്കിലെടുത്ത് താഴെ പറയുന്ന 3 സ്ഥലങ്ങളിലാണ് പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിക്കുന്നത്.

1. പായിപ്പാട്, കോട്ടയം
2. പെരുമ്പാവൂർ, എറണാകുളം

3. പട്ടാമ്പി, പാലക്കാട്

പദ്ധതി നടപ്പാക്കുന്നതിനുള്ള വെബ്സൈറ്റ് വികസനം, ഡാറ്റാ മാനേജ്മെന്റ്, പരിശീലന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2021-22 ബജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**II. വ്യാവസായിക പരിശീലന വകുപ്പ്**

ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സർക്കാർ/സ്വകാര്യ ഐ.റ്റി.ഐ.കളിലൂടെയും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് പദ്ധതി പ്രാദേശിക വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ വഴിയും വ്യാവസായിക പരിശീലന വകുപ്പ് നടത്തിവരുന്നു. കേരളത്തിൽ 87 ഗവൺമെന്റ് ഐ.റ്റി.ഐ.കൾ, 486 സ്വകാര്യ ഐ.റ്റി.ഐ.കൾ,ഒരു സ്കിൽ അപ്ഗ്രഡേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, ഒരു എ.വി.റ്റി.എസ്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി 44 ഐ.റ്റി.ഐ.കൾ, പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 2 ഐ.റ്റി.ഐ. എന്നിവ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഐ.റ്റി.ഐ.കളിലുമായി ഏകദേശം 97038 സീറ്റുകളാണുള്ളത്. ഇതിൽ ഏകദേശം 26 ശതമാനം പെൺകുട്ടികളാണ്. വെർച്വൽ ക്ലാസ്സ് മുറികൾ, ബയോമെട്രിക് ഹാജർ സംവിധാനം എന്നിവ ഏർപ്പെടുത്തിയതിലൂടെ ഗുണമേന്മയുള്ള പരിശീലനം സാദ്ധ്യമായിട്ടുണ്ട്. വ്യാവസായിക പരിശീലന രംഗത്തുള്ള സ്ത്രീ-പുരുഷ അന്തരം കുറയ്ക്കുന്നതിനായി വനിതാ ഐ.റ്റി.ഐ.കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗവൺമെന്റ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. 2021-22 വാർഷിക പദ്ധതിയിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

**1. ഉദ്യോഗസ്ഥതല പരിശീലന പശ്ചാത്തല വികസനം**

**(വിഹിതം: 88.00ലക്ഷം രൂപ)**

1999-ൽ സ്ഥാപിതമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ് ആന്റ് ടെക്നോളജി 2015-ൽ വ്യാവസായിക പരിശീലനത്തിനുള്ള സമകാലീനശേഷി മെച്ചപ്പെടുത്തൽ ഇൻസ്റ്റിറ്റ്യൂട്ട്, കേരള എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു. അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും ആധുനിക സാങ്കേതിക വിദ്യയിലും പരിഷ്കരിച്ച പാഠ്യപദ്ധതിയിലും പരിശീലനം നൽകുകയും പരിശീലകരെ ഡി.ജി.ഇ.&ടി. അനുസരിച്ച് പരിഷ്കരിച്ച സിലബസിനനുസരിച്ച് പ്രാപ്തരാക്കുകയും, സാങ്കേതിക വിദ്യ മേഖലയിലെ വിദഗ്ധരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതാണ് സ്ഥാപനത്തിന്റെ പ്രഥമ ലക്ഷ്യം.2021-22 വർഷത്തിൽ എസ്.യു.ഐ.ഐ.ടി.- കേരള കഴക്കൂട്ടം കേന്ദ്രത്തിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 88.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- വ്യാവസായിക/ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന ചാർജ്ജുകൾ
- പരിശീലന പരിപാടികൾക്കുള്ള റിഫ്രഷ്മെൻറ് ചാർജ്ജുകൾ
- മികച്ച പരിശീലകനുള്ള അവാർഡ്
- മെറ്റീരിയൽ/ട്രെയിനിംഗ് കിറ്റ് വാങ്ങുക
- കമ്പ്യൂട്ടർ നവീകരണവും, പുതിയവ വാങ്ങലും
- ഓഫ് കാമ്പസ്/എക്സ്റ്റൻഷൻ സെന്ററിനായി ഉപയോഗിക്കുന്ന മെഷിനറികൾ പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും
- പരിശീലനവും, അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതും
- SUIIT, കഴക്കൂട്ടം സെന്ററിന്റെ പെൺ കുട്ടികളുടെ ഡോർമിറ്ററിയുടെ പൂർത്തീകരണം
- മറ്റു അനുബന്ധ ചെലവുകൾ

2021-22 വർഷ ബഡ്ജറ്റിലെ മൊത്തം വിഹിതത്തിൽ നിന്നും 25.00 ലക്ഷം രൂപ വ്യാവസായിക പരിശീലനത്തിനായുള്ള സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വനിതാ ഡോർമിറ്ററിയുടെ രണ്ടാം നിലയുടെ പൂർത്തീകരണത്തിന് മാത്രമായി വകയിരുത്തിയിരിക്കുന്നു.

## 2. വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ (കെ.എ.എസ്.ഇ)

**(വിഹിതം: 3400.00ലക്ഷം രൂപ)**

വ്യാവസായിക പരിശീലന വകുപ്പിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനായി കേരള അക്കാഡമി ഫോർ സ്കിൽസ് ആന്റ് എക്സലൻസ് (KASE) രൂപീകരിച്ചിട്ടുണ്ട്. 'കെയ്സിന്റെ' 2021-22 വർഷത്തിലെ പ്രധാന കർമ്മ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- കെയ്സ് & KSID എന്നിവയുടെ ഭരണ നിർവഹണ ചെലവുകൾ
- iSTEP സംരഭങ്ങൾ, മികവിന്റെ പുതിയ കേന്ദ്രങ്ങൾ
- നിലവിലുള്ള മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തന ചെലവ്, നൈപുണ്യ പരിശീലന കോഴ്സ് കളുടെ അക്രഡിറ്റേഷൻ
- iSTEP സംരഭങ്ങൾ - വിവിധ വകുപ്പുകൾ/ഏജൻസികൾ/എസ്.സി.സി/എം.എൻ.സി എന്നിവയുമായി സഹകരിച്ച് മറ്റ് നൈപുണ്യ പരിശീലന പരിപാടികൾ
- നൈപുണ്യ വികസനത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ
- കൗശൽ കേന്ദ്ര യുടെ പ്രവർത്തനങ്ങൾ
- സ്ത്രീകൾക്കുള്ള നൈപുണ്യ വികസന പദ്ധതികൾ
- IIIC യിൽ രണ്ടാമത്തെ ഹോസ്റ്റലിന്റെ നിർമ്മാണം
- കോൾ സെന്ററിന്റെയും, സ്കിൽ രജിസ്ട്രിയുടെയും നവീകരണം
- ജോബ് പോർട്ടലിന്റെ വികസനവും, മെയിന്റെനൻസും
- കെ.എസ്.ഐ.ഡി. ക്കായി ലൈബ്രറി പുസ്തകങ്ങളുടെ ശേഖരണം
- കെ.എസ്.ഐ.ഡി. യിൽ ദേശീയ വിഭവ കേന്ദ്രം രണ്ടാം ഘട്ടം സ്ഥാപിക്കൽ
- കെ.എസ്.ഐ.ഡി. യിൽ ഹോസ്റ്റൽ, റെസിഡൻഷ്യൽ ബ്ലോക്ക് നിർമ്മാണം
- കെഎസ്ഐഡിയിലെ ആക്സിസ് റോഡിന്റെയും, രണ്ടാം പ്രവേശന കവാട വികസനവും
- ഇന്ത്യ സ്കിൽസ് - കേരളം 2022
- സംസ്ഥാന നൈപുണ്യ സെക്രട്ടേറിയറ്റും സി.ഒ.ഇ സമുച്ചയവും സ്ഥാപിക്കൽ

കെയ്സിന്റെ നൈപുണ്യ വികസനത്തിനായി 2021-22 വർഷ ബഡ്ജറ്റിൽ 3400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 200.00 ലക്ഷം രൂപ സ്ത്രീകൾക്കുവേണ്ടി മാത്രമുള്ള പരിശീലന പരിപാടികൾക്ക് മാറ്റിവച്ചിരിക്കുന്നു.

## 3. ഐ.റ്റി.ഐ. കളുടെ ആധുനികവൽക്കരണം

**(വിഹിതം:2903 ലക്ഷം രൂപ)**

2021-22 വർഷ ബഡ്ജറ്റിലെ മൊത്തം വിഹിതത്തിൽ നിന്നും 1600.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി റവന്യൂ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നു.

- ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തൽ
- ഐ.ടി.ഐകളിലെ നിലവിലുള്ള ട്രേഡ്കളെ നവീകരിക്കുക: യന്ത്രങ്ങൾ വാങ്ങിക്കുക, NCVT & NSDQ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക
- NCVT & NSDQ റീ അഫിലിയേഷൻ ലഭിക്കുന്നതിനുള്ള യന്ത്രോപകരണങ്ങൾ വാങ്ങികുക
- ഇലക്ട്രിഫിക്കേഷനും റീവയറിംഗും
- പുതിയ കെട്ടിട നിർമ്മാണം, ക്ലാസ്സ് റൂമുകൾ,വർക്ക് ഷോപ്പുകൾ നവീകരിക്കുക
- എല്ലാ ഐ.റ്റിഐ കൾക്കുമുള്ളിൽ റോഡുകളും മൈതാനങ്ങളും നിർമ്മിക്കുക
- ട്രെയിനികൾക്ക് ടോയ്ലറ്റ് ബ്ലോക്ക്, സ്ത്രീകൾക്കുള്ള വിശ്രമ/ വിനോദ കേന്ദ്രം നിർമ്മിക്കുക

- ഐ.ടി.ലാബുകൾ സജ്ജീകരിക്കൽ
- ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണം
- കുടിവെള്ള പൈപ്പുകൾ നവീകരിക്കുക
- ഐടിഐകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

2021-22 വർഷത്തെ മൊത്തം വിഹിതത്തിൽ നിന്നും 1303.00 ലക്ഷം രൂപ മൂലധന ശീർഷകത്തിൽ സ്വന്തമായി ഭൂമിയുള്ള ഐടിഐയ്ക്ക് കെട്ടിടങ്ങൾ, വിദൂര സ്ഥലങ്ങളിൽ ഉള്ള ഐടിഐകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമാണം ഡയറക്ടറേറ്റിലെ അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു. മൊത്തം വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ ഐ.റ്റി.ഐ കളിലെ പെൺകുട്ടികൾക്കുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നീക്കി വെച്ചിരിക്കുന്നു.

### 4. വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങൾ

**(വിഹിതം:300.00ലക്ഷം രൂപ)**

വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന കർമ്മ പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നു.

- ഇ-ഓഫീസ് പൂർത്തീകരണവും, അനുബന്ധ ചെലവുകളും
- ജില്ലാ നോഡലുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ ഉൾപ്പെടെയുള്ള വെർച്വൽ ക്ലാസുകളുടെ നവീകരണം
- ഐ.ടി സെൽ ഇൻഫ്രാസ്ട്രക്ചർ - സോഫ്റ്റ് വെയർ വികസനത്തിനുള്ള ഹൈ-എൻഡ് കമ്പ്യൂട്ടറുകൾ
- സോഫ്റ്റ് വെയർ ഡവലപ്പർമാരുടെ സേവനം ഉപയോഗപ്പെടുത്തുക
- ഇ-ലേണിംഗ് പ്ലാറ്റ്ഫോം SMILE നായുള്ള വീഡിയോ ഉള്ളടക്കം വികസിപ്പിക്കുന്നതിനും, പരിശീലനത്തിനും ഉള്ള ചെലവുകൾ
- മൊബൈൽ ആപ്ലിക്കേഷനുകൾ മറ്റ് ഇഗവേണൻസ് സംരംഭങ്ങൾ, ഫയർ വാൾ, സോഫ്റ്റ് വെയറിന്റെ സുരക്ഷാ ഓഡിറ്റ് ചാർജ്ജുകൾ, ഐടിഐ വെബ്സൈറ്റുകളുടെ നവീകരണം തുടങ്ങിയവ

ഇത്തരം ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 2021-22 വർഷ ബഡ്ജറ്റിൽ **300.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 5. ആസൂത്രണ പരിശോധനാ സെൽ -ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും

**(വിഹിതം: 25.00ലക്ഷം രൂപ)**

വകുപ്പുതല പദ്ധതികളുടെ കാര്യക്ഷമമായ മേൽനോട്ടത്തിനും സ്ഥിതിവിവര കണക്കുകളുടെ ശേഖരണത്തിനുമുള്ള സോഫ്റ്റ് വെയർ, അനുബന്ധ സാങ്കേതിക സംവിധാനങ്ങൾ ആർജ്ജിക്കേണ്ടത് അനിവാര്യമാണ്. ആസൂത്രണ മേൽനോട്ട പ്രവർത്തനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് 2021-22 ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

- ആധുനികവൽക്കരണത്തിനായി കമ്പ്യൂട്ടറുകൾ, പ്രിന്റർ, സോഫ്റ്റ് വെയർ, ആന്റിവൈറസ് സോഫ്റ്റ് വെയർ, ഫർണിച്ചർ, സ്റ്റോറേജ് അലമാരകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സംഭരണം/മാറ്റിസ്ഥാപിക്കൽ
- രേഖകളുടെ ഡിജിറ്റലൈസേഷൻ
- സ്റ്റേറ്റ് ഡയറക്ടറേറ്റിന് ഐ.എസ്.ഒ. 9001:2015 സർട്ടിഫിക്കറ്റ് നേടി എടുക്കുന്നതിനാവശ്യമായ അടിയന്തിര ഇനങ്ങൾ വാങ്ങിക്കുന്നതിന്
- തീ നിയന്ത്രണ ഉപകരണങ്ങൾ സ്ഥാപിക്കുക
- ഫ്രണ്ട് ഓഫീസ് സ്ഥാപിക്കുക
- കുടിവെള്ളത്തിനും മാലിന്യ സംസ്കരണത്തിനും ഉപകരണങ്ങൾ സജ്ജീകരിക്കുക

- അറ്റകുറ്റപ്പണികൾക്കും ശുചീകരണത്തിനുമായി ഉപകരണങ്ങൾ വാങ്ങൽ
- സംസ്ഥാന ഡയറക്ടറേറ്റിൽ CCTV സ്ഥാപിക്കുക
- പദ്ധതി/പ്രോജക്ട് അവലോകന മീറ്റിംഗുകൾക്കും മറ്റ് കോൺഫറൻസുകൾക്കുമായുള്ള ചെലവുകൾ
- ലോക്കൽ ഏരിയ നെറ്റ് വർക്ക്, സെർവർ മാനേജ്മെന്റ് ഫയർവാൾ ഹാർഡ്വെയറുകൾ എന്നിവയുടെ സ്ഥാപനം
- സംസ്ഥാന ഡയറക്ടറേറ്റിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുക.

ഈ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ഐ.ടി.ഐ.കളുടെ ശാക്തീകരണം**

**(വിഹിതം: 88.00ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ചിത്തിരപുരം, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ, കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്നീ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ ഐ.ടി.ഐ-കൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മറ്റുമുള്ള പദ്ധതിയാണ് ഇത്. സ്വന്തമായി ഭൂമിയുള്ള ഐടിഐകൾക്കായി അന്താരാഷ്ട്ര നിലവാരമുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സൗരോർജ്ജ നിലയങ്ങൾ നൽകുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായാണ് തുക നീക്കി വെച്ചിട്ടുള്ളത്. ഈ ഐ.ടി.ഐ-കൾ സ്ഥാപിക്കുന്നതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 2021-22 വർഷ ബഡ്ജറ്റിൽ 88.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. ഐ.ടി.ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി**

**(വിഹിതം : 820.00ലക്ഷം രൂപ)**

2013-14 വർഷം മുതൽ മെക്കാനിക്കൽ വിഭാഗത്തിലെ ഐ.ടി.ഐ. ട്രെയിനികൾക്ക് ആഴ്ചയിൽ മൂന്നു ദിവസം പാൽ, മുട്ട എന്നിവ അടങ്ങിയ പോഷകാഹാര പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ഐ.ടി.ഐ. പരിശീലനാർത്ഥികളിൽ ബഹുഭൂരിപക്ഷവും വിദൂര സ്ഥലങ്ങളിൽ നിന്ന് വരുന്നവരും താഴ്ന്ന കുടുംബവരുമാനമുള്ളവരുമാണ്. അതിനാൽ പോഷകാഹാര പദ്ധതി വിപുലീകരിച്ച് എല്ലാ ഐ.ടി.ഐ. ട്രെയിനികൾക്കും എല്ലാ ദിവസവും ഒരു മുട്ടയും ഒരു ഗ്ലാസ് പാലും വീതം എല്ലാ പരിശീലനാർത്ഥികൾക്കും നൽകുന്നതിനാലോചിക്കുന്നു. കൂടാതെ ആര്യനാട്, അട്ടപ്പാടി, ഐ.ടി.ഐ.കളിൽ ഉച്ച ഭക്ഷണ പദ്ധതി നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വകുപ്പ് ഉച്ചഭക്ഷണ പരിപാടി ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ ഐടിഐകളിലേക്കും ഭാഷാ ന്യൂനപക്ഷ ഐടിഐകളായ കൊഴിഞ്ഞാമ്പാറ (പാലക്കാട്), ചിത്തിരപുരം (ഇടുക്കി), കുട്ടിക്കോൽ (കസറഗോഡ്) എന്നിവിടങ്ങളിലേക്കും വ്യാപിപ്പിച്ചു. ഐടിഐ അട്ടപ്പടി, ആര്യനാട്, നിലമ്പൂർ (ആദിവാസി മേഖല) എന്നിവിടങ്ങളിലെ ഹോസ്റ്റലിൽ താമസിച്ച് പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ രാത്രി ഭക്ഷണവും നൽകുന്നു. ഈ പ്രവർത്തനങ്ങളുടെ തുടർ പ്രക്രിയക്കായി 2021-22 വർഷ ബഡ്ജറ്റിൽ 820.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു ഇതിൽ വനിതാ ഐ.ടിഐയിലുള്ള വിദ്യാർത്ഥികൾക്ക് പോഷക സമ്പന്നമായ ഉച്ചഭക്ഷണത്തിന് 350.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു (100 % ജെൻഡർ ബജറ്റ്).

**8. പരസ്യപ്രചാരണം**

**(വിഹിതം: 95.00ലക്ഷം രൂപ)**

ആഗോളവത്ക്കരണം സൃഷ്ടിക്കുന്ന തൊഴിൽ സാധ്യതകൾ ഏറ്റവും കൂടുതൽ ഉപയുക്തമാക്കുന്നതിനും തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി നൈപുണ്യ വികസനം ഒരു പ്രധാന പ്രവർത്തനമായി കേന്ദ്ര ഗവൺമെന്റ് കണക്കാക്കുന്നു. ഇത്തരം സാഹചര്യത്തിൽ തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അതിന്റെ പരമപ്രധാനമായ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

അതിനാൽ മാധ്യമങ്ങളിലൂടെ പൊതുജന ശ്രദ്ധ കിട്ടുന്ന തരത്തിൽ വലിയ തോതിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. തൊഴിൽ മേളകൾ, നൈപുണ്യ വൈദഗ്ദ്ധ്യമേളകൾ, ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ഐ.റ്റി.ഐ കൾക്കുള്ള അവാർഡുകൾ, സംസ്ഥാന തല പെർഫോർമൻസ് സെല്ലുകൾ, വൊക്കേഷണൽ ട്രെയിനികളെ കുറിച്ചുള്ള ബോധവൽക്കരണം, മാലിന്യ നിർമാർജനം, ശുചിത്വം സൂക്ഷിക്കുന്ന ഐ.ടി.ഐ.കൾക്കുള്ള അവാർഡുകൾ, ലോക യൂത്ത് സ്കിൽഡേ ആഘോഷം, മീഡിയ വഴിയുള്ള പരസ്യം, ആഘോഷമേളയിൽ കടകളും കൗണ്ടറുകളും. പൊതു പരിപാടി, മത്സരങ്ങൾ, മികവ് നേടിയ ട്രയിനികളുടെ പ്രശംസാ പത്രം , പ്ലെയിസ്മെന്റ് വാൾ എന്നിവ ആവശ്യമാണ്. 2021-22 വർഷ ബഡ്ജറ്റിൽ മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 95.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. ട്രേഡ് പരിശോധനാവിഭാഗത്തിന്റെ നവീകരണം**

**(വിഹിതം:10.00ലക്ഷം രൂപ)**

മനുഷ്യവിഭവശേഷി ഉപയാഗപ്പെടുത്തുന്നതിനും രാജ്യത്ത് തൊഴിലില്ലായ്മ അമർച്ച ചെയ്യുന്നതിനുമായി നൈപുണ്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ വിവിധ തലങ്ങളിലായി ഓരോ വർഷവും ധാരാളം ട്രേഡ് പരീക്ഷകൾ നടന്നുവരുന്നു. ഈ പരീക്ഷകളുടെ ചോദ്യപേപ്പർ ഉത്തരകടലാസുകൾ എന്നിവ സുരക്ഷിതമായി സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. 2021-22 ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് ഉന്നൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

- എല്ലാ സജ്ജീകരണങ്ങളും ഉള്ള ഒരു ട്രേഡ് ടെസ്റ്റ് വിഭാഗം സജ്ജമാക്കുക
- ആവശ്യമായ ഫർണിച്ചറുകൾ,കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഇന്റർനെറ്റ് സൗകര്യം ഇവക്കെല്ലാമായി 2021-22 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. പുതിയ ഐ.റ്റി.ഐ കൾ സ്ഥാപിക്കൽ**

**(വിഹിതം : 790.00ലക്ഷം രൂപ)**

2020-21 ൽ താഴെ പറയുന്ന ഐ.ടി.ഐ-കൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കപ്പെട്ടിരിക്കുന്നു.

1. ഐ.റ്റി.ഐ വാഴക്കാട്, മലപ്പുറം
2. ഐ.റ്റി.ഐ പൊരുവഴി, കൊല്ലം
3. ഐ.റ്റി.ഐ ആർ.പി.എൽ, കുളത്തുപ്പുഴ, കൊല്ലം
4. ഐ.റ്റി.ഐ കരുണാപുരം
5. ഐ.റ്റി.ഐ ഏലപ്പാറ, ഇടുക്കി

ഈ ഐ.റ്റി.ഐ കളിൽ സ്വന്തമായി സ്ഥലം ഉള്ളവക്ക് പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ഐ.ടി.ഐകളുടെ പശ്ചാത്തല സംവിധാനം, ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, ഏറ്റവും പുതിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ ഒരുക്കുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 790.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. പഠനാനന്തര പരിശീലന പദ്ധതിയുടെ ശാക്തീകരണം (എ.ടി.എസ്)**

**(വിഹിതം:65.00ലക്ഷം രൂപ)**

വകുപ്പിന് ലഭ്യമായിട്ടുള്ള പരിശീലന സൗകര്യങ്ങൾ ഉപയോഗിച്ച് പഠനാനന്തര പരിശീലനം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യാവസായിക മേഖലക്കാവശ്യമായ തരത്തിൽ കഴിവും ശേഷിയുമുള്ള മനുഷ്യശക്തിയെ പ്രദാനം ചെയ്യുന്നതിനുള്ള ഏറ്റവും സമർത്ഥമായ വഴി രാജ്യത്ത് വ്യാവസായിക ആവാസ വ്യവസ്ഥയ്ക്ക് കഴിവുള്ളവരെ പ്രദാനം ചെയ്യുന്ന തരത്തിലുള്ള ഏറ്റവും വാഗ്ദാനപരമായ ഒന്നാണ് പഠനാനന്തര പരിശീലനം. ക്രമബന്ധവും കഠിനവുമായ പരിശീലന പരിപാടികളിലൂടെ അപ്രന്റീസുകളെ കാര്യശേഷിയുള്ളവരാക്കാൻ ഇതിലൂടെ കഴിയുന്നു. അപ്രന്റീസ് ആക്റ്റ് 1961 അനുസരിച്ച് എല്ലാ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളും അപ്രന്റീസ് ട്രെയിനികളെ

സ്ഥാപനത്തിലെ മൊത്തം ജീവനക്കാരുടെ എണ്ണത്തിൽ 2.5 ശതമാനം മുതൽ 10 ശതമാനം വരെ ഉൾപ്പെടുത്തേണ്ടതാണ്. 1961-ലെ അപ്രന്റീസ്ഷിപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പഠനാനന്തര പരിശീലന പദ്ധതി സംസ്ഥാനത്തെ ഓരോ ജില്ലയിലുമുള്ള അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ ഓഫീസ് മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്. പഠനാനന്തര പരിശീലനം, ഓഫീസ് പുനരുദ്ധാരണം, ജില്ലാ ഓഫീസുകൾക്ക് ഓഫീസ് ഐ.എസ്.ഒ. സർട്ടിഫിക്കേഷനായി സജ്ജീകരിക്കുക, നാഷണൽ അപ്രന്റിസ്ഷിപ്പ് പ്രമോഷൻ പദ്ധതി എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായുള്ള പ്ര ധാന കർമ്മ പരിപാടികൾ, ഈ പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 65.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. ഐ.റ്റി.ഐ കളുടെ നിലവാരമുയർത്തൽ**

**(വിഹിതം : 400.00 ലക്ഷം രൂപ)**

വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വൈദഗ്ധ്യമുള്ള തൊഴിലാളികളെ പ്രദാനം ചെയ്യാൻ വകുപ്പിന് കഴിയുന്നില്ല. ഐടിഐകളിൽ പരിശീലനം നേടാൻ തയ്യാറുള്ള അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി അനുവദിച്ച സീറ്റുകൾ പര്യാപ്തമല്ല. ഐടിഐകളിൽ പരിശീലനം നടത്താൻ ആഗ്രഹിക്കുന്ന ഭൂരിഭാഗം ട്രെയിനികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നുള്ളവരാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. മതിയായ സീറ്റുകളുടെ അഭാവം മേൽപ്പറഞ്ഞ ട്രെയിനികളുടെ പ്രവേശനത്തെ തടസ്സപ്പെടുത്തുന്നു. നിലവിൽ 99 ഐടിഐകൾ ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു, അതിൽ 21 എണ്ണം ഒന്നാം ക്ലാസ് ഐടിഐകളും ബാക്കിയുള്ളവ രണ്ടാം ക്ലാസുമാണ്. സർക്കാർ ഐടിഐകളുടെ സീറ്റുകളുടെ എണ്ണം വർഷത്തിൽ 18000 ട്രെയിനികൾ മാത്രമാണ്. രണ്ടാം ക്ലാസ് ഐടിഐയുടെ ശരാശരി ഉൾകൊള്ളാൻ പറ്റുന്ന വിദ്യാർത്ഥികളുടെ എണ്ണം 150 ആണ്. ലഭ്യമായ സ്ഥാപനങ്ങളിൽ അധിക സകര്യങ്ങൾ നൽകുന്നതിലൂടെ, ഐടിഐകളിൽ കൂടുതൽ ട്രെയിനികളെ പ്രവേശിപ്പിക്കാൻ വകുപ്പിന് കഴിയും. അധിക യൂണിറ്റും സീറ്റുകളും നൽകി നിലവിലുള്ള ഐടിഐകളെ നവീകരിക്കുന്നതിനുള്ള ചെലവ് പുതിയ ഐടിഐ സ്ഥാപിക്കുന്നതിനേക്കാൾ വളരെ കുറവാണ്. മതിയായ സ്ഥല സൗകര്യമുള്ള ഐടിഐകളെ നവീകരിക്കാൻ വകുപ്പ് തീരുമാനിച്ചു. മതിയായ സ്ഥലവും കെട്ടിടങ്ങളുമുള്ള 10 രണ്ടാം ക്ലാസ് ഐടിഐകളെയും നവീകരിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. താഴെപ്പറയുന്ന ഐടിഐകളിൽ നവീകരണ പ്രക്രിയ പൂർത്തിയാക്കാൻ വകുപ്പ് തയ്യാറായിട്ടുണ്ട്.

ഐടിഐ ആര്യനാട് (തിരുവനന്തപുരം), ഐടിഐ കൽപ്പറ്റ (വയനാട്), ഐടിഐ കുഴൽമന്ദം (പാലക്കാട്), ഐടിഐ ദേശമംഗലം (തൃശ്ശൂർ), ഐടിഐ ചേളന്നൂർ (കോഴിക്കോട്), ഐടിഐ ചാത്തന്നൂർ (കൊല്ലം), ബി.ടി.സി കൊല്ലം (കൊല്ലം), ഐടിഐ നിലമ്പൂർ (മലപ്പുറം), ഐടിഐ അട്ടപ്പാടി (പാലക്കാട്), ഐടിഐ പേരാമ്പ്ര (കോഴിക്കോട്) എന്നിവയാണവ
ഇതിനായി 2021-22 ബഡ്ജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13.വിദേശ രാജ്യങ്ങളിൽ സാങ്കേതിക വിനിമയ കൈമാറ്റ പരിപാടി**

**(വിഹിതം : 75.00 ലക്ഷം രൂപ )**

വിദേശത്തുള്ള പരിശീലന സ്ഥാപനങ്ങളിലെ ട്രെയിനികൾക്ക് പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2018-19-ൽ വിവിധ ട്രേഡുകളിലെ 46 ട്രെയിനികൾ തെരെഞ്ഞെടുക്കപ്പെടുകയും സിംഗപ്പൂരിൽ അവർക്ക് പരിശീലനം ലഭിക്കുകയും ചെയ്തു. 2021-22-ൽ വിദേശത്തെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വിവിധ ട്രെയിഡുകളിലെ 100 മികച്ച ഐ.റ്റി.ഐ ട്രെയിനികൾക്ക് (50 ആൺകുട്ടികളും 50 പെൺകുട്ടികളും) നാല് ആഴ്ചത്തെ പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 2021-22 ബഡ്ജറ്റിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14. ട്രെയിനികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്**

**(വിഹിതം : 30.00 ലക്ഷം രൂപ )**

ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് പാഠ്യ പദ്ധതിയുടെ പ്രധാന സവിശേഷതയാണ് പ്രായോഗികാടിസ്ഥാനത്തിലുള്ള പരിശീലനം . ഇംപ്ലാന്റ് ട്രെയിനിംഗ് കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വർക്ക് ഷോപ്പിൽ വളരെ ഭാരമുള്ള ആധുനീകരണ യന്ത്രങ്ങളിലാണ് ട്രെയിനികളെ പരിശീലിപ്പിക്കുന്നത്. അതിനാൽ ട്രെയിനിംഗ് കാലഘട്ടത്തിലുടനീളം ട്രെയിനികൾക്ക് അപകടകരമായ മുറിവുകൾ ഉണ്ടാകാനിടയുണ്ട്. അതിനാൽ ട്രെയിനിംഗ് കാലയളവിൽ ട്രെയിനികളെ ഇൻഷ്വർ ചെയ്യേണ്ടത് അനിവാര്യമാണ്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2021-22 ബഡ്ജറ്റിൽ **30.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. ഹരിത ക്യാമ്പസ്**

**(വിഹിതം : 100.00 ലക്ഷം രൂപ )**

വകുപ്പ് പുതുതായി ആരംഭിച്ച പദ്ധതിയാണ് ഹരിത ക്യാപസ്. ഐ.ടി.ഐ.കളുടെ അന്തരീക്ഷം പ്രകൃതി സൗഹൃദമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം, ഇതിന്റെ ഭാഗമായി സൗരോർജ്ജ പ്ലാന്റുകൾ, കാറ്റഗറി യന്ത്രങ്ങൾ, മഴവെള്ള സംഭരണികൾ, ബയോഗ്യാസ്, ബയോ വേസ്റ്റ് പ്ലാന്റുകൾ തുടങ്ങിയവ കേരള സംസ്ഥാന ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ക്യാമ്പസിൽ ഫലവൃക്ഷതൈകൾ നടാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 2021-22 ബജറ്റിൽ **100.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**16. നൈപുണ്യ കർമ്മ സേന**

**(വിഹിതം : 75.00 ലക്ഷം രൂപ )**

ഇലക്ട്രിക്കൽ, പ്ലംബിംഗ്, മറ്റു തടിപ്പണികൾ എന്നിവയുടെ കേടു പാടുകൾ തീർക്കുന്നതിനായി 2018 ലെ വെള്ളപ്പൊക്കത്തിന്റെ സമയത്ത് രൂപീകരിച്ച സേനയാണ് ഇത്. യുവ സാങ്കേതിക വിദഗ്ദരും ഐ ടി ഐ ഉദ്യോഗസ്ഥരും സാങ്കേതിക പരിജ്ഞാനമുള്ള ആളുകളും കൂടി ചേർന്ന ഒരു സേന ആണിത്. ഏത് തരം അടിയന്തിര സാഹചര്യങ്ങളിലും സേവനം ഉപയോഗപ്പെടുത്താവുന്ന രീതിയിൽ ആണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കേരള സർക്കാരിന്റെ 4 മിഷൻ പ്രോഗ്രാമുകളുടെ പിന്തുണയോടെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഇലക്ട്രിക്കൽ, വയറിംഗ്, പ്ലംബിംഗ്, മരപ്പണി, വെൽഡിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ ആവശ്യമായ സാങ്കേതിക സഹായം നൽകാനും ഇത് ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങൾക്കായി നൈപുണ്യ കർമസേനയുടെ ജില്ലാതല സമിതി രൂപീകരിക്കും. ഈ ടീമിനായി യൂണിഫോം, ടൂൾ കിറ്റ്, മിനിമം റിഫ്രെഷ്മെൻറ് ചാർജുകൾ എന്നിവ നൽകാൻ വകുപ്പ് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം**

**തൊഴിലും നൈപുണ്യ വികാസവും (40%സംസ്ഥാന വിഹിതം)**

**(വിഹിതം:431.00 ലക്ഷം രൂപ)**

തൊഴിലും നൈപുണ്യ വികാസനവും കർമ്മപദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് 2021-22 വർഷ ബഡ്ജറ്റിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി 431.00 ലക്ഷം രൂപ 2021-22 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**വ്യാവസായിക മൂല്യവർദ്ധനവിനുവേണ്ടിയുള്ള നൈപുണ്യ ശാക്തീകരണ (എസ്.ടി.ആർ.ഐ.വി.ഇ) പരിപാടി (100 % സി.എസ്.എസ്)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നൈപുണ്യവികസന സംരംഭകത്വ മന്ത്രാലയം (എം.എസ്.ഡി.ഇ) രാജ്യത്താകമാനമുള്ള തെരഞ്ഞെടുക്കപ്പെട്ട വ്യാവസായിക പരിശീലന സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി എസ്.ടി.ആർ.ഐ.വി.ഇ. എന്ന പേരിൽ. ഒരു നൂതനപരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഐടിഐകളെ

മൊത്തത്തിലുള്ള പ്രകടനം മെച്ചപ്പെടുത്തുന്നതിനും എസ്.എം.ഇ.കൾ, ബിസിനസ് അസോസിയേഷനുകൾ, വ്യവസായ ക്ലസ്റ്ററുകൾ എന്നിവ ഉൾപ്പെടുത്തി അപ്രന്റീസ്ഷിപ്പ് പരിശീലനം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടാണ് 'സ്ട്രൈവ്'. സംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെ കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയമാണ് പദ്ധതി നടപ്പാക്കുന്നത്. ദേശീയ നൈപുണ്യ വികസന മിഷന്റെ (എൻ.എസ്.ഡി.എം) രണ്ട് ഉപ ദൗത്യങ്ങളെയും ഇത് പിന്തുണയ്ക്കുന്നു, (i) സ്ഥാപന പരിശീലനം (ii) പരിശീലകർ. സംസ്ഥാന സംഭാവനകളില്ലാത്ത ഒരു കേന്ദ്രമേഖല പദ്ധതിയാണ് (സിഎസ്എസ്) സ്ട്രൈവ്.

ഐടിഐകളിലൂടെയും അപ്രന്റീസ്ഷിപ്പിലൂടെയും നൽകുന്ന നൈപുണ്യ പരിശീലനത്തിന്റെ പ്രസക്തിയും കാര്യക്ഷമതയും മെച്ചപ്പെടുത്തുക, അദ്ധ്യാപനം, പഠനം, ഐടിഐകളെയും അപ്രന്റീസ്ഷിപ്പ് പരിശീലനത്തെയും പിന്തുണയ്ക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. ഐടിഐകളിലൂടെയും അപ്രന്റീസ്ഷിപ്പിലൂടെയും നൽകുന്ന നൈപുണ്യ പരിശീലനത്തിന്റെ പ്രസക്തിയും കാര്യക്ഷമതയും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ലോകബാങ്കിന്റെ സഹായത്തോടെ മുന്നേറുന്ന ഒരു സംരംഭമാണ് സ്ട്രൈവ്. പദ്ധതിയാഥാർത്ഥ്യമാക്കുന്നതിനായി സംസ്ഥാന വിഹിതമായ 1.00ലക്ഷം രൂപ 2021-22 വർഷ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പ്രധാന മന്ത്രി കൗശൽ യോജന 3.0 (PMKY) (100% സിഎസ്എസ്)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നൈപുണ്യ വികസന മന്ത്രാലയത്തിന്റെ പ്രധാന ഫലാധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതിയാണ് PMKVY. പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (പിഎംകെവൈ) 2.0 പദ്ധതിയുടെ കേന്ദ്ര സ്പോൺസേർഡ് സ്റ്റേറ്റ് മാനേജ്ഡ് (സി.എസ്.എസ്.എം) ഘടകം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്). നൈപുണ്യ പരിശീലനം ഏറ്റെടുക്കാനും തൊഴിൽ നേടാനും അവരുടെ ഉപജീവനമാർഗം നേടാനും ധാരാളം ഇന്ത്യൻ യുവാക്കളെ പ്രാപ്തരാക്കുകയും അണിനിരത്തുകയും ചെയ്യുക എന്നതാണ് ഈ നൈപുണ്യ സർട്ടിഫിക്കേഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി 2021-22- ബജറ്റിൽ സംസ്ഥാന വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മാതൃകാ ഐ.ടി.ഐ-കൾ സ്ഥാപിക്കൽ (70% സിഎസ്എസ്)**

**(വിഹിതം: 21.00 ലക്ഷം രൂപ)**

ഐ.ടി.ഐ-കൾ നൽകിവരുന്ന തൊഴിലധിഷ്ഠിത പരിശീലനം മികവുറ്റതാക്കുന്നതിനായി പ്രാദേശിക വ്യവസായങ്ങൾക്കാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ പ്രദാനം ചെയ്യാൻ കഴിയും വിധം പരിശീലനത്തിനുള്ള മികച്ച കേന്ദ്രങ്ങൾ എന്ന നിലയിലും എല്ലാ സംസ്ഥാനങ്ങളിലെയും ഓരോ ഐ.ടി.ഐ മാതൃക ഐ.ടി.ഐ-കളായി മാറ്റി തീർക്കുന്നതിനായി നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം ആവിഷ്കരിച്ച കർമ്മപദ്ധതിയാണിത്. മികച്ച തൊഴിൽ പരിചയം, ഉന്നത നിലവാരത്തിലുള്ളതും നിപുണതയാർന്നതുമായ വ്യാവസായിക ബന്ധം എന്നിവയെ പ്രദർശിപ്പിക്കും വിധം മാതൃക ഐ.ടി.ഐ-കളെ രൂപാന്തരപ്പെടുത്തണം. ഇത്തരം മാതൃക ഐ.ടി.ഐ-കളിൽ നടപ്പാക്കുന്ന നൂതന പദ്ധതികൾ സ്വീകരിക്കുംവിധം സംസ്ഥാനത്തെ മറ്റ് ഐ.ടി.ഐ-കളെ മാറ്റി തീർക്കേണ്ടതായിട്ടുണ്ട്. ഇതനുസരിച്ച് സർക്കാർ ഐടിഐ കളമശ്ശേരിയെ മോഡൽ ഐടിഐ പദ്ധതിക്കായി തിരഞ്ഞെടുത്തു. 2021-22-ൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി **21.00** ലക്ഷം രൂപ ഉപകരണങ്ങളും സാമഗ്രികളും സജ്ജീകരിക്കുന്നതിനും സിവിൽ വർക്കിനും മറ്റു ജോലികൾക്കുമായി വകയിരുത്തിയിരിക്കുന്നു.

**വനിത ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ (60% സിഎസ്എസ്)**

**(വിഹിതം: 210.00ലക്ഷം രൂപ)**

സ്ത്രീ –പുരുഷ സമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപം കൊടുത്ത പദ്ധതി ആണ് ഇത്. ഇതിന്റെ നിർമാണ പ്രവർത്തനങ്ങൾ ഗവർമെന്റ് അംഗീകാരമുള്ള എജൻസികളിലൂടെ മാത്രമേ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സാധനങ്ങൾ വാങ്ങിക്കുനത് എല്ലാ മാനദണ്ഡങ്ങളും പാലിച്ച് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം മാത്രമേ പാടുള്ളൂ. വനിത ഐ.ടി.ഐ.കളുടെ പദവി ഉയർത്തുന്നതിനായുള്ള പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2021-22 വർഷ ബഡ്ജറ്റിൽ 210.00 ലക്ഷം രൂപ കെട്ടിടനിർമ്മാണത്തിനും ഉപകരണങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**കേരള സംസ്ഥാന നൈപുണ്യവികാസ യജ്ഞം (SSDM)**

**സ്കിൽ അക്വിസിഷൻ & നോളെജ് അവയർനെസ്സ് ഫോർ ലൈവ് ലിഹുഡ് (SANKALP)**

**(വിഹിതം:198.00 ലക്ഷം രൂപ)**

ദേശീയ നൈപുണ്യ വികാസ യജ്ഞ ഉത്തരവ് നടപ്പാക്കുന്നതിനും സ്കിൽ ഡവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുമായി സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (എസ്.ഐ.എം.ഒ)-ന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് കെയ്സിനെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി വിവിധ തരത്തിലുള്ള പരിപാടികൾ നടത്തിക്കൊണ്ടിരിക്കുന്നു. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (എസ്.ഐ.എം.ഒ) പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് 60% വും ബാക്കി 40% സംസ്ഥാന ഗവൺമെന്റും ഉറപ്പാക്കേണ്ടതായിട്ടുണ്ട്.

ഉപജീവനത്തിനായി നൈപുണ്യ സമ്പാദനവും അറിവ് ബോധവൽക്കരണവും - സങ്കൽപ്. ലോകബാങ്ക് പിന്തുണയോടെയുള്ള ഒരു ഫലാധിഷ്ഠിത പദ്ധതിയാണ് സങ്കൽപ്. സെൻട്രൽ (എംഎസ്ഡിഇ, എൻഎസ്ഡിഎ, എൻഎസ്ഡിസി) സ്റ്റേറ്റ് ഏജൻസികൾ, എസ്.എസ്.സികൾ എന്നിവ ഉൾക്കൊള്ളുന്ന മൊത്തത്തിലുള്ള സ്കില്ലിംഗ് ഇക്കോസിസ്റ്റത്തിൽ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും.

SANKALP പ്രോജക്റ്റ് ഇനിപ്പറയുന്ന 4 പ്രധാന ഫല മേഖലകളെ വിഭാവനം ചെയ്യുന്നു:

1. ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശക്തിപ്പെടുത്തൽ
2. പരിശീലന ദാതാവിന്റെ തലത്തിൽ നൈപുണ്യ വികസന പരിപാടികളുടെ ഗുണനിലവാരവും വിപണി പ്രസക്തിയും മെച്ചപ്പെടുത്തുക.
3. സ്ത്രീകൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും പ്രവേശനം വർദ്ധിപ്പിക്കുക
4. സ്വകാര്യ പൊതു പങ്കാളിത്തത്തിലൂടെ (പി.പി.പി) നൈപുണ്യ പരിശീലനം വികസിപ്പിക്കുക.

പദ്ധതിക്കായി 2021-22 വർഷ ബജറ്റിൽ സംസ്ഥാന വിഹിതമായി **198.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് തുക വിനിയോഗിക്കേണ്ടതാണ്.

**പുതിയ പദ്ധതി**

**17. ഉൽപ്പാദന കേന്ദ്രങ്ങൾ - പഠനത്തിനിടയിൽ സമ്പാദിക്കുക**

**(വിഹിതം:50.00 ലക്ഷം രൂപ)**

ഐടിഐകളിൽ ലഭ്യമായ ഇൻഫ്രാസ്ട്രക്ചറുകൾ ഉപയോഗിച്ചും ഐടിഐ ട്രെയിനികളുടെ വിദഗ്ധ സേവനം ഉപയോഗിച്ചും ഉൽപാദിപ്പിക്കാൻ കഴിയുന്ന ഇനങ്ങളുടെ ഉൽപാദനത്തിനായി പദ്ധതി വിഭാവനം ചെയ്യുന്നു. ഇലക്ട്രോണിക്-ഇലക്ട്രിക്കൽ ഇനങ്ങൾ, സ്റ്റീൽ, തടി എന്നിവ കൊണ്ടുള്ള ഫർണിച്ചർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഓട്ടോമൊബൈൽ സേവനങ്ങൾ, സിവിൽ വർക്കുകൾക്കുള്ള മെറ്റീരിയൽ ടെസ്റ്റിംഗ്, ഫാബ്രിക്കേഷൻ, ഓട്ടോമൊബൈൽ, സിവിൽ, വാസ്തുവിദ്യ, ഇലക്ട്രിക്കൽ തുടങ്ങിയ വിവിധ മേഖലകളിലെ സേവനങ്ങൾ ഈ ഉൽപാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കാൻ കഴിയും.

പ്രായോഗിക പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. സംരംഭകത്വ ശേഷിയും തൊഴിലവസരങ്ങളും വികസിപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. 2021- 22 സാമ്പത്തിക വർഷത്തിൽ 5 ഐ.ടി.ഐകളിൽ ഉൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. നൂതന യന്ത്രങ്ങളുടെ സംഭരണം, പരിശീലകർക്കുള്ള പരിശീലനം, സോഫ്റ്റ് വെയർ, സിവിൽ മെയിന്റനൻസ്, ഇലക്ട്രിക്കൽ വർക്ക് എന്നിവയുടെ സംഭരണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**18. കേരള സംസ്ഥാന അപ്രന്റീസ്ഷിപ്പ് പ്രമോഷൻ പദ്ധതി (K-SAPS)**

**(വിഹിതം:50.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് പ്രമോഷൻ സ്കീം (K-SAPS) പുതിയ പദ്ധതി ആരംഭിക്കാൻ വകുപ്പ് തീരുമാനിച്ചു. അപ്രന്റീസ് ആക്ട് 1961 അനുസരിച്ച് എല്ലാ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളും സ്ഥാപനത്തിലെ മൊത്തം ജീവനക്കാരുടെ എണ്ണത്തിൽ 2.5% മുതൽ 10% വരെ അപ്രന്റീസ് ട്രെയിനികളെ ഉൾപ്പെടുത്തണം. അപ്രന്റീസ്ഷിപ്പ് കരാറിന് കീഴിലുള്ള ഒരു വ്യവസായത്തിലോ സ്ഥാപനത്തിലോ ഉള്ള പരിശീലന കോഴ്സാണ് അപ്രന്റീസ്ഷിപ്പ് പരിശീലനം, ഇതിൽ ഉൾപ്പെടുന്നത് താഴെ പറയുന്നവയാണ്.

a. അടിസ്ഥാന പരിശീലന ഘടകം

b. ജോലിസ്ഥലത്തെ തൊഴിൽ പരിശീലനം/പ്രായോഗിക പരിശീലനം.

കേരള സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് പ്രമോഷൻ സ്കീം (കെ.എസ്.എ.പി.എസ്) എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ നാമമാത്രമായ സാമ്പത്തിക സഹായത്തിലൂടെ സ്ഥാപനങ്ങൾ അപ്രന്റീസ്ഷിപ്പ് വർദ്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കാം. അതിനാൽ കേരളത്തിൽ 15 വയസ്സ് മുതൽ 29 വയസ്സ് വരെ [പ്രായമുള്ള വിദ്യാർത്ഥികൾ അപ്രന്റീസ് പരിശീലനം നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യവസായങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ ഒരു പുതിയ പദ്ധതി അവതരിപ്പിക്കാൻ വകുപ്പ് തീരുമാനിച്ചു. അപ്രന്റീസ് പരിശീലനത്തിന് ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇത് വഴി വകുപ്പ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**III.ദേശീയ തൊഴിൽ സേവന വകുപ്പ് (കേരള)**

അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തൽ, ഉചിതമായ തൊഴിൽ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നയരൂപീകരണത്തിനും ഗവേഷണങ്ങൾക്കുമായി തൊഴിൽ വിപണന വിവരങ്ങൾ ശേഖരിക്കുക തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിലെ തൊഴിലന്വേഷകരെ എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകൾ സഹായിക്കുന്നു. തൊഴിൽ അന്വേഷകരുടെ നൈപുണ്യ വികാസത്തിലൂടെ തൊഴിൽശക്തിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്ന തരത്തിൽ തൊഴിൽ സംബന്ധിയായ വിവരങ്ങളും സാങ്കേതികവിദ്യയും ലഭ്യമാക്കുന്നതിനുള്ള ഇടങ്ങളായി എംപ്ലോയമെന്റ് എക്സേ്ചഞ്ചുകളെ എംപ്ലോയബിൾ സെന്ററുകളാക്കി മാറ്റുകയാണ് തൊഴിൽവകുപ്പിന്റെ ലക്ഷ്യം. എല്ലാത്തരത്തിലുമുള്ള തൊഴിൽ അന്വേഷകർക്കും എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**1. എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളിലും തൊഴിൽ ഡയറക്ടറേറ്റ് ആസ്ഥാനത്തുമുള്ള കമ്പ്യൂട്ടർവത്ക്കരണം**

**(വിഹിതം:45.00ലക്ഷം രൂപ)**

കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോൺ എന്നിവയിലൂടെ എല്ലാത്തരം സേവനങ്ങളും ലഭ്യമാക്കാൻ ശേഷിയുള്ള ഓൺലൈൻ സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിലൂടെ മാത്രമേ എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമാകുകയുള്ളൂ. ഇപ്പോഴുള്ള ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിനെ എവിടെനിന്നും ഏതു സമയത്തും ഉപയോഗിക്കാവുന്ന തരത്തിൽ തൊഴിൽ വെബ് അടിസ്ഥാനമാക്കിയുള്ള സോഫ്റ്റ് വെയറിലേക്ക് മാറ്റുന്നതിന് വകുപ്പ് നടപടി ആരംഭിച്ചു കഴിഞ്ഞു.

ഓൺലൈൻ സർവ്വീസുകൾ നൽകുന്നതിനായി വകുപ്പുതലത്തിൽ തീരുമാനിക്കപ്പെട്ടിരിക്കുന്നതിനാൽ തുടർച്ചയായ പശ്ചാത്തല സേവനങ്ങൾ നിർവ്വഹിക്കുക അനിവാര്യമാണ്. 2018-19 വാർഷിക പദ്ധതിയിലെ ഇ-ഓഫീസ് ഫെയ്സ് 3-യുടെ ഭാഗമായി 61 ടൗൺ എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകൾ7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ എന്നിവയെക്കൂടി ഈ പദ്ധതിയുടെ ഭാഗമാക്കുന്നു. 2021-22-ലെ പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യ വികസനം, ഹാർഡ് വെയർ ആരംഭിക്കുക, രജിസ്ട്രേഷൻ റെക്കോർഡുകൾക്കുള്ള ഗ്രന്ഥപ്പുര, കെ.എസ്.ഡബ്ല്യൂ.എ. കണക്ഷൻ, സ്വയം-സഹായ ഡെസ്കുകൾ രൂപീകരിക്കുക, സംരക്ഷിക്കുക എന്നിവയാണ്.

2021-22 സാമ്പത്തിക വർഷത്തിൽ സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വകുപ്പ് ഉദ്ദേശിക്കുന്നു.

1. റീജിയണൽ പ്രൊഫെഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സേ്ചഞ്ച്, കോഴിക്കോട്
2. ടൗൺ എംപ്ലോയ്മെൻറ് എക്സേ്ചഞ്ച്, കരുനാഗപ്പള്ളി
3. ടൗൺ എംപ്ലോയ്മെൻറ് എക്സേ്ചഞ്ച്, വടകര
4. ടൗൺ എംപ്ലോയ്മെൻറ് എക്സേ്ചഞ്ച്, കൊടുങ്ങല്ലൂർ
5. ടൗൺ എംപ്ലോയ്മെൻറ് എക്സേ്ചഞ്ച്, തളിപ്പറമ്പ

ഇതിലേക്കായി 2021-22 വർഷ ബജറ്റിൽ 45.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾ**

**(വിഹിതം 88.00ലക്ഷം രൂപ)**

അസംഘടിത മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരും യോഗ്യരുമായ തൊഴിൽ അന്വേഷകർക്കായി വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങൾ/തൊഴിൽ ക്ലബ്ബുകൾ വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളിലെ ലൈവ് രജിസ്റ്ററിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, എംപ്ലോയ്മെന്റ് ഓഫീസറുടെ (എസ്.ഇ) സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. സമാനയോഗ്യതകളും പരിശീലനവും ലഭിച്ചിട്ടുള്ളവരുമായ ഓരോ വിഭാഗം ഗുണഭോക്താക്കൾ ഒന്നിച്ച് ചേർന്ന് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ഓരോ തൊഴിൽ ക്ലബ്ബുകളും ബാങ്കുകളുമായി നേരിട്ട് ബന്ധപ്പെടുന്നത് വഴി സാമ്പത്തിക സഹായം വായ്പ ഇനത്തിൽ വളരെ വേഗത്തിൽ ലഭ്യമാകുന്നു. ഓരോ തൊഴിൽ ക്ലബ്ബിനും അനുവദിച്ചിട്ടുള്ള വായ്പ തുക `10 ലക്ഷമാണ്. ഇതിൽ 10% ഗ്രൂപ്പ് അംഗങ്ങൾ വഹിക്കേണ്ടതാണ്. വായ്പതുകയുടെ 25% അല്ലെങ്കിൽ 2 ലക്ഷം രൂപ ഇതിലേതാണോ കുറഞ്ഞ തുക അത്രയും തുക സബ്സിഡിയായി ലഭിക്കുന്നു. പ്രാദേശികമായ ആവശ്യങ്ങളോ സാധ്യതകളോ പരിഗണിച്ചുകൊണ്ട് ഒരു ജില്ലയിൽ എത്ര തൊഴിൽ ക്ലബ്ബുകൾ വേണമെങ്കിലും തുടങ്ങാവുന്നതാണ്. ഓരോ തൊഴിൽ ക്ലബ്ബുകളും പ്രത്യേകം തൊഴിലിൽ വൈദഗ്ധ്യം ഉള്ളവരായിരിക്കണം. മോട്ടോർ മെക്കാനിക്ക്, ഇലക്ട്രോണിക് മെക്കാനിക്, ഇലക്ട്രീഷ്യൻ, കാർപ്പന്റർ, പ്ലംബർ, പെയിന്റർ, തെങ്ങുകയറ്റ തൊഴിലാളികൾ, വീട്ടുജോലിക്കാർ, ഹോംനഴ്സുമാർ തുടങ്ങിയവരെ ഉൾപ്പെടുത്തിയുള്ള തൊഴിൽക്ലബ്ബുകൾ രൂപീകരിക്കാവുന്നതാണ്. വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾക്കായി 2021-22 വർഷ ബഡ്ജറ്റിൽ 88.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തീകരണം**

**(വിഹിതം:85.00 ലക്ഷം രൂപ)**

ദേശീയ തൊഴിൽ സേവന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 21 വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളേയും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോകളേയും 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എക്സേ്ചഞ്ചുകളേയും ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

- കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക
- കരിയർ സെമിനാർ/എക്സിബിഷൻ നടത്തുക
- റഫറൻസ് ലൈബ്രറി
- തൊഴിൽ പ്രസിദ്ധീകരണങ്ങൾ, തൊഴിൽവാർത്ത ബുള്ളറ്റിനുകൾ, വാരികകൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കരിയർ ലൈബ്രറികളിലേയ്ക്ക് വാങ്ങുക
- സ്റ്റേറ്റ് ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുക.
- 'നിയുക്തി' തൊഴിൽമേളകൾ സംഘടിപ്പിക്കുക
- ഡിജിറ്റൽ ഡിസ്പ്ലേ
- കേരള പബ്ലിക് സർവിസ് കമ്മിഷൻ ഫെസിലിറ്റേഷൻ സെൻറർ

മുകളിൽ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷ ബജറ്റിൽ 85.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചനം നേടിയ/അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (ശരണ്യ)**

**(വിഹിതം: 1800.00ലക്ഷം രൂപ)**

തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, നിയമപരമായി വിവാഹമോചനം നേടിയ വനിതകൾ, അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്ക് ഈ പദ്ധതിയിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകിവരുന്നു. തൊഴിൽവകുപ്പിന്റെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള ചെലവിന്റെ 50% സബ്സിഡിയായും 50% പലിശരഹിത വായ്പയായും നൽകിവരുന്നു. വായ്പതുകയും സബ്സിഡിയും തൊഴിൽവകുപ്പാണ് നൽകുന്നത്. ഓരോ യൂണിറ്റും സംരംഭകർ തന്നെ കൃത്യമായി പരിപാലിക്കണം. 2021-22 വർഷത്തിൽ തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചനം നേടിയ/അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)-യ്ക്കായി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളെ നൈപുണ്യ തൊഴിലാർജ്ജിത വികസന കേന്ദ്രങ്ങളാക്കി മാറ്റൽ**

**(വിഹിതം:450.00ലക്ഷം രൂപ)**

ചുരുങ്ങിയ കാലയളവിനുള്ളിൽ തൊഴിൽരഹിതരായ യുവാക്കളെ ആഗോള തൊഴിൽ ചുറ്റുപാടുകളോട് മത്സരിക്കാനാകുംവിധം ഉയർത്തി വൈദഗ്ദ്യമുള്ളവരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി 2012-13 വർഷത്തിൽ സംസ്ഥാനത്തുടനീളം തൊഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തൊഴിൽ വകുപ്പ് പദ്ധതിയിടുകയും 2017-18 വർഷത്തിൽ വിവിധ ജില്ലകളിലായി പത്ത് തൊഴിൽ ആർജ്ജിത കേന്ദ്രങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തു. 'കെയ്സിന്റെ' സാങ്കേതിക സഹായത്തോടെ കേരളത്തിലുടനീളം പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ഒരു ക്ഷേമ സമൂഹത്തിലേക്കുള്ള വഴികാട്ടിയായി പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട് എന്നിവിടങ്ങളിൽ ഇത് യാഥാർത്ഥ്യമാക്കുന്നതിലേക്കായി 2021-22 വർഷത്തെ ബജറ്റിൽ 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. മോഡൽ കരിയർ സെന്റർ**

**(വിഹിതം : 40.00 ലക്ഷം രൂപ)**

ഒരു മോഡൽ കരിയർ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ദേശീയ തൊഴിൽ സേവന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇത് എംപ്ലോയ്മെൻറ് & ട്രെയിനിംഗ് വകുപ്പിന്റെയും, കേന്ദ്ര തൊഴിൽ

വകുപ്പൻറെയും, ദേശീയ തൊഴിൽ സേവന വകുപ്പിന്റെയും (കേരള) ഒരു സംയുക്ത സംരംഭമാണ്. ഇത് ചെലവുകളൊന്നും കൂടാതെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സംബന്ധമായ വിവരങ്ങൾ ഒരു കുട കീഴിൽ നൽകുന്നുണ്ട്. കോട്ടയം ജില്ലയിൽ ഒരു കരിയർ ഗൈഡൻസ് ബ്യൂറോ തുടങ്ങുന്നതിനായി DGE&Tക്ക് പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത്പ്രാവർത്തികമാക്കാൻ മോഡൽ കരിയർ സെന്ററിന് കൗൺസിലിംഗിനായുള്ള പ്രവർത്തനങ്ങൾ ബന്ധിപ്പിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. ഇതിലേക്കായി 2021-22 ബഡ്ജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിതരുടെ പുനരധിവാസവും ക്ഷേമവും (കൈവല്യ)**

**(വിഹിതം:600.00 ലക്ഷം രൂപ)**

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി സമഗ്രമായ ഒരു പാക്കേജ് തൊഴിൽ വകുപ്പ് വിഭാവനം ചെയ്യുന്നു. ഓരോ വ്യക്തിക്കും പരമാവധി 50,000/- രൂപ വരെ പലിശയില്ലാതെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പയായി നല്കുന്നതാണ്. പദ്ധതിയുടെ പ്രവർത്തനക്ഷമതയ്ക്ക് വിധേയമായി വായ്പ തുക ഒരു ലക്ഷം വരെ അനുവദിക്കും. വായ്പ തുകയുടെ 50% സബ്സിഡിയായി നൽകുന്നു. സ്വയംതൊഴിൽ വായ്പ, തൊഴിൽപരമായ മാർഗ്ഗനിർദ്ദേശങ്ങൾ, മത്സര പരീക്ഷകൾക്കുള്ള പരിശീലനക്ലാസ്സുകൾ, അനൗദ്യോഗിക നൈപുണ്യ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത്. 2021-22 വർഷ ബജറ്റിൽ കൈവല്യ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. നവജീവൻ**

**(വിഹിതം: 20.00 ലക്ഷം രൂപ)**

എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ ഉള്ള 50 നും 59 നും ഇടയ്ക്ക് പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക സ്വാശ്രയത്വം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വിവിധ മേഖലകളിൽ പ്രാഗൽഭ്യവും അനുഭവ സമ്പത്തുമുള്ള വ്യക്തികളുടെ പരിജ്ഞാനം സർക്കാരിന്റെ വിവിധ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനായി ഉപയോഗിക്കുന്നതിനായി ഒരു സമഗ്ര ഡേറ്റാ ബാങ്ക് രൂപീകരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

50-65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ വായ്പ നൽകാനും തൊഴിൽ രജിസ്ട്രേഷൻ നടത്താനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 /- രൂപ വരെ ബാങ്ക് വായ്പ നൽകുന്നു, അതിൽ 25% (പരമാവധി 12500/- രൂപ വരെ) സർക്കാർ സബ്സിഡിയായി വിതരണം ചെയ്യുന്നു. 2021-22 ൽ വായ്പാ തുക, പ്രചരണം, മേൽനോട്ടം, അടിസ്ഥാന സൗകര്യം തുടങ്ങിയവയ്ക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള കരിയർ വികസന പദ്ധതി (സമന്വയ)**

**(വിഹിതം: 25.00 ലക്ഷം രൂപ )**

കേരളം മുഴുവനുമുള്ള പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനായി അവരെ നൈപുണികൾ പരിശീലിപ്പിക്കുനതിനും, മത്സര പരീക്ഷകൾക്കായുള്ള പരിശീലന ക്ലാസുകൾ നൽകുന്നതിനും, അവരെ സ്വയം തൊഴിൽ കണ്ടെത്തി പ്രാപ്തരാക്കുകയും അത് വഴി പ്രസ്തുത വിഭാഗക്കാരുടെ സർവോൻമുഖ ഉന്നമനത്തിനും വേണ്ടി ആരംഭിക്കുന്ന പദ്ധതിയാണ് ഇത്. മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും ഇവിടെ സൗകര്യം ഉണ്ടായിരിക്കും ഈ പദ്ധതി പ്രകാരം ഇന്റർവ്യൂ പരിശീലനവും ഗ്രൂപ്പ് ചർച്ചക്കുള്ള പരിശീലനവും നൽകും. ഗവർണ്മെന്റ് ജോലികൾക്കും, സ്വയം തൊഴിലിനും ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർഥികൾ കൂടുതലുള്ള അട്ടപ്പാടി, പാലോട് മാനന്തവാടി എന്നിവിടങ്ങളിൽ ഈ ലക്ഷ്യത്തോടെ മൊബൈൽ യൂണിറ്റുകൾ വഴി സേവനം നടത്താനും

ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. 2021-22 വർഷ ബഡ്ജറ്റിൽ സമന്വയ പദ്ധതിക്കായി **25.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**IV.കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)**

**(വിഹിതം :200.00ലക്ഷം രൂപ)**

തൊഴിൽ മേഖലയിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപശാലകൾ, പ്രഭാഷണങ്ങൾ, ഗവേഷണങ്ങൾ തുടങ്ങിയ പ്രാഥമിക ലക്ഷ്യങ്ങൾക്കായി തൊഴിലും പുനരധിവാസവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) 2021-22 വർഷത്തിൽ പരിശീലനങ്ങൾ, സെമിനാറുകൾ, ശിൽപശാലകൾ, ഗവേഷണങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്കൊപ്പം അതിന്റെ പ്രവർത്തന സീമകൾ വികസിപ്പിക്കുകയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ചില സവിശേഷ പരിപാടികളും വകുപ്പ് നടത്താനുദ്ദേശിക്കുന്നു. താഴെപ്പറയുന്ന ഘടകപദ്ധതികൾക്കായി 2021-22 വർഷത്തിൽ 200.00ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപശാലകൾ, അനുസ്മരണ പ്രഭാഷണങ്ങൾ
- കുടിയേറ്റ തൊഴിലാളികൾക്കായുള്ള ബോധവത്ക്കരണ പരിപാടികളും ആരോഗ്യ ക്യാമ്പും
- ഗവേഷണങ്ങൾ, പഠനപ്രവർത്തനങ്ങൾ
- കിലെ വാർത്തകളുടെ പ്രസിദ്ധീകരണം.
- കിലെയുടെ ആധുനികവത്കരണം
- കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ
- കിലെയെ ദേശീയ തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റുന്നതിന് (Institutue of labour studies and Management) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**V. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്**

**(വിഹിതം: 425.00ലക്ഷം രൂപ)**

വിവിധ തരത്തിലുള്ള നിയമങ്ങൾ നടപ്പാക്കിക്കൊണ്ട് ഫാക്ടറി തൊഴിലാളികളുടേയും പരിസരവാസികളുടെയും ആരോഗ്യവും ക്ഷേമവും സുരക്ഷയും ഉറപ്പവരുത്തുന്നതിനുള്ള നിയമവിധേയമായ സ്ഥാപനമാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്. ഫാക്ടറികളുടെ രജിസ്ട്രേഷനും ലൈസൻസും അനുവദിക്കുക, ഫാക്ടറി തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യവും സുരക്ഷയും മാനേജ്മെന്റ് നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ, അപകടകരമായ ഫാകടറികളിൽ മുൻകരുതൽ പരിശോധന, അന്തരീക്ഷ മലിനീകരണ നിയന്ത്രണങ്ങളുടെ പരിശോധന നടത്തൽ, ഫാക്ടറികളിലെ തൊഴിലാളികൾക്ക് വൈദ്യ പരിശോധന, രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളെ കണ്ടെത്തുന്നതിനായുള്ള പരിശോധന എന്നിവയാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

- അപകടം തടയുന്നതിനുള്ള സുരക്ഷാ നിരീക്ഷണ പഠനം
- ഫാക്ടറികൾ സുരക്ഷിതമാക്കുക
- വ്യാവസായിക ശുചിത്വ നിരീക്ഷണ പരിപാടി
- കമ്പ്യൂട്ടർ വല്ക്കരണം
- ഗ്രേഡിംഗിന്റെയും സുരക്ഷാ അവാർഡുകളുടെയും വിതരണം
- തൊഴിൽ ആരോഗ്യ സുരക്ഷ പരിശീലന കേന്ദ്രവും ഓഫീസ് കോംപ്ലക്സ് (കാക്കനാട്)
- തൊഴിൽ ആരോഗ്യ മെഡിക്കൽ പരിശോധന
- സുരക്ഷ അവാർഡ് വിതരണം

- വകുപ്പിന്റെ ഓഫീസുകളുടെ ആധുനികവത്കരണം, സബ് ഓഫീസുകളെ മോഡൽ ഓഫീസുകളാക്കി മാറ്റുക
- റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റസ്പോൺസ് സിസ്റ്റം (ROCERS)
- പരിശീലനവും മറ്റു പരിപാടികളും

വകുപ്പിന്റെ ഈ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ 425.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**VI പ്രവാസി മലയാളികാര്യ വകുപ്പ് (നോർക്ക)**

**(വിഹിതം:14048.00ലക്ഷം രൂപ)**

ഒരു ഏകജാലക ഏജൻസി എന്ന നിലയിൽ 1996-ലാണ് പ്രവാസി മലയാളി വകുപ്പ് നിലവിൽ വന്നത്. പ്രവാസി മലയാളികളുടെ സർവ്വോന്മുഖമായ ക്ഷേമമാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. ലോകത്താകമാനമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുക, പരാതി പരിഹാരം, അവകാശ സംരക്ഷണം, നാട്ടിലേക്ക് മടങ്ങിയെത്തുന്നവരുടെ പുനരധിവാസം, പ്രവാസി നിക്ഷേപം സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് നോർക്കയുടെ പ്രധാന ലക്ഷ്യങ്ങൾ. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ടും പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് മുഖാന്തിരവുമാണ് നടപ്പിലാക്കി വരുന്നത്. 14048.00 ലക്ഷം രൂപ 2021-22 വർഷ ബജറ്റിൽ താഴെപ്പറയുന്ന കർമ്മപരിപാടികൾക്കായി വകയിരുത്തിയിരിക്കുന്നു.

**I പ്രവാസികളുടെ പുന-സംയോജനവും ഏകോപനവും**

കോവിഡ്-19 മഹാമാരി കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ഒരു പ്രശ്നം സൃഷ്ടിച്ചു, കാരണം മലയാളികൾ ലോകമെമ്പാടുമുള്ള 140 ലധികം രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുകയാണ്. കോവിഡ്-19 മഹാമാരി മറികടക്കാൻ നിരവധി രാജ്യങ്ങൾ ഏർപ്പെടുത്തിയ ലോകവ്യാപകമായ ലോക്ക്ഡൌൺ കാരണം, നിരവധി പ്രവാസി കേരളീയർക്ക് അവർ നിൽക്കുന്ന രാജ്യങ്ങളിൽ ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങി വരേണ്ടി വന്നിട്ടുണ്ട്. നോർക്ക റൂട്ട്സിൻറെ പ്രാഥമിക കണക്ക് പ്രകാരം മൊത്തം വിദേശത്ത് നിന്നും വന്നവരിൽ ഏകദേശം 4.5 ലക്ഷത്തിലധികം പേർ തൊഴിൽ നഷ്ടപ്പെട്ടു വന്നവരാണ്. ഇത്തരത്തിൽ മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും അവർക്ക് നിലനില്പിനാവശ്യമായ പുതിയ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. ഇത്തരത്തിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ പുരധിവാസത്തിനായി പുതിയൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, 'തിരിച്ചെത്തുന്ന പ്രവാസികളുടെ ഏകോപന പുനസംയോജന പദ്ധതി,' ഈ പദ്ധതിക്കായി മാത്രം 5000.00 ലക്ഷം രൂപയാണ് 2021-22 ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ പാക്കേജിൽ സർക്കാർ വകുപ്പ്, ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ വിവിധ പുനരധിവാസ പദ്ധതികൾ/പരിപാടികൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവയും ഉൾപ്പെടുന്നു. കൂടാതെ പ്രവാസി ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള മറ്റു പദ്ധതികളുടെ ബജറ്റ് വിഹിതവും ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുണ്ട്

വിവിധ രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തിയവരുടെ പുനരധിവാസത്തിനും ഉന്നമനത്തിനും വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച്, ഏകോപിപ്പിച്ചു നടപ്പിലാക്കുന്നു.

**1. തിരിച്ചു വരുന്ന പ്രവാസികളുടെ പുനരധിവാസം**

**(വിഹിതം:2440.00ലക്ഷം രൂപ)**

ഗൾഫ് രാജ്യങ്ങളിലെ ദേശീയവൽക്കരണത്തിന്റെ ഫലമായും കോവിഡ് മഹാമാരി മൂലവും കുടിയേറ്റതൊഴിലാളികൾ തിരികെ കേരളത്തിലെത്താൻ കാരണമായിട്ടുണ്ട്. ഇത്തരത്തിൽ തിരികെ എത്തുന്നവരുടെ പുനരധിവാസവും, ഇവരെ നമ്മുടെ സമൂഹത്തിൽ സംയോജിപ്പിക്കുക എന്നതുമാണ്

നോർക്ക വകുപ്പിന്റെ പ്രഥമ പരിഗണന. ഇത്തരത്തിൽ പുനരധിവാസത്തിനായി തയ്യാറാക്കിയ പദ്ധതിയാണ്, 'പ്രവാസികൾക്കുള്ള നോർക്ക വകുപ്പ് പദ്ധതി' (എൻ.ഡി.പി.ആർ.ഇ.എം.) സ്ഥിരമായ ഒരു ജീവിത വരുമാനം കിട്ടുന്ന സ്വയം തൊഴിൽ പദ്ധതി പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. 2013-14 ലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്, ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയാണ്. 30 ലക്ഷം രൂപ വരെ മുടക്കു മുതലുള്ള പ്രവാസികളുടെ വ്യക്തിഗത പ്രൊജെക്ടുകൾക്ക് 15 % മൂലധന സബ്സിഡി (പരമാവധി 3 ലക്ഷം രൂപ വരെ) പ്രഖ്യാപിച്ചിട്ടുണ്ട്. മടങ്ങി എത്തുന്ന കേരളീയ സംരംഭകർക്ക് പരിശീലനം, പബ്ലിസിറ്റി, ലോണിനുള്ള ഇൻഷുറൻസ്, ഭരണ പരമായ ചെലവുകൾ എന്നിവയും ലോണിൽ അടങ്ങിയിട്ടുണ്ട്. ഈ യൂണിറ്റിന്റെ ആദ്യ 4 വർഷത്തെ പ്രവർത്തനങ്ങൾക്ക് 3% സബ്സിഡി പലിശയും പ്രഖ്യാപിച്ചിട്ടുണ്ട്. 2440.00 ലക്ഷം രൂപ ഈ പദ്ധതിക്കായി 2021-22 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2021-22 ൽ മൊത്തം വിഹിതത്തിൽ നിന്നും 25 ശതമാനം തുക സ്ത്രീ സംരംഭകർക്കായി മാറ്റി വെച്ചിരിക്കുന്നു.

**2. പ്രവാസി മലയാളികൾക്കുള്ള നൈപുണ്യ വികസന-തുടർ സംയോജിത പരിശീലന പരിപാടി.**

**(വിഹിതം:250.00ലക്ഷം രൂപ)**

കേരളത്തിലെ യുവാക്കൾക്ക് വിദേശ തൊഴിൽ മാർക്കറ്റിലെ വെല്ലുവിളികളെ നേരിടുന്നതിനായി നൈപുണ്യ വികസനത്തിനായുള്ള പദ്ധതിയാണ് ഇത്. സാങ്കേതിക പരിജ്ഞാനമുള്ള പ്ലസ് ടു, ഐടിഐ, ഡിപ്ലോമ, ഡിഗ്രി ഇവ ഉള്ളവർക്ക് വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ നൈപുണ്യം വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ യുവാക്കൾക്ക് ഐ.സി.ടി കഴിവുകൾ വികസിപ്പിക്കുന്നതിനും അത് വഴി വിദേശ രാജ്യങ്ങളിൽ അവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

'കെയ്സിന്റെ' അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (നൈസ്) വഴി ഗൾഫ് രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിൽ ജോലി നേടുന്നതിനുള്ള HAAD/PROMETRIC/ MOH/DOH എന്നീ സർക്കാർ ലൈസൻസിംഗ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനു പരിശീലനം നൽകുന്നു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 25 ശതമാനം തുക വിദ്യാർത്ഥികളിൽ നിന്നും നേരിട്ടും, കൂടാതെ 75 ശതമാനം തുക പ്ലാൻ ഫണ്ടിൽ നിന്നും സ്ഥാപനങ്ങൾക്ക് നൽകും. ഈ പദ്ധതിക്കായി 250.00 ലക്ഷം രൂപ 2021-22 ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

**3. തൊഴിൽ പോർട്ടലും, വിദേശ റിക്രൂട്ട്മെന്റ് പദ്ധതി**

**(വിഹിതം:113.00ലക്ഷം രൂപ)**

ഇന്ത്യൻ പ്രവാസകാര്യ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു റിക്രൂട്ട്മെന്റ് സ്ഥാപനമാണ് 'നോർക്ക റൂട്ട്സ്'. 12.03.2015 ഇന്ത്യാ ഗവൺമെന്റ്, ഇന്ത്യൻ നഴ്സുമാരും വിദേശത്തേക്ക് കയറ്റിവിടുന്ന സംസ്ഥാനത്തെ ഏജന്റുകളെ നിയന്ത്രിക്കുന്ന നിയമം പ്രബല്യത്തിൽ വരുത്തിയിട്ടുണ്ട്. നോർക്ക റൂട്ട്സ് ആണ് ഈ കർത്തവ്യം ഏറ്റെടുത്ത് നടത്തുന്ന ഏജൻസി. വിദേശ തൊഴിലുടമകൾക്ക് ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്നതിനാവശ്യമായ തൊഴിലാളി വിവരങ്ങളുടെ (ഡാറ്റ ബേസ്) രേഖയോടുകൂടിയ ഒരു ജോബ് പോർട്ടൽ നോർക്ക-റൂട്ട്സ് ആണ് തയ്യാറാക്കുന്നത്. വിദേശ തൊഴിലുടമകളെ തൊഴിൽ ആവശ്യങ്ങൾക്കായി ആകർഷിക്കുന്നതിലേക്കായി നോർക്ക റൂട്ട്സ് അവരിലേക്ക് എത്തിച്ചേരേണ്ടതുണ്ട്. സുരക്ഷിതമായ തൊഴിൽ കുടിയേറ്റ ജോബ് പേർട്ടൽ, തൊഴിൽ തേടുന്നവരും, തൊഴിലുടമകളും തമ്മിൽ പരസ്പരം സംസാരിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. രാജ്യത്തിനകത്തും, പുറത്തുമുള്ള തൊഴിലുടമകളെ കൂടുതലായി ഇതിലേക്ക്ആകർഷിക്കുന്നതിനായി ജോബ് പോർട്ടലിന് കൂടുതൽ പ്രചാരം നൽകേണ്ടതുണ്ട്. തൊഴിലാളി വിവരങ്ങൾ കുറ്റമറ്റതാണെന്ന് പരിശോധിക്കുന്നതിനായി വൈദഗ്ധ്യമുള്ള ഏജൻസികളുടെ സഹായം തേടേണ്ടതുണ്ട്. റിക്രൂട്ട്മെൻറ് ഡ്രൈവ്, കൺസൽട്ടൻസി, പബ്ലിസിറ്റി, മറ്റ് ഓഫീസ്

ചെലവുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ **113.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**4. നോർക്ക വാണിജ്യ സൗകര്യ കേന്ദ്രം**

**(വിഹിതം:200.00ലക്ഷം രൂപ)**

പ്രവാസി കേരളീയർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനും കേരളത്തിലെ നിക്ഷേപ അവസരങ്ങളെക്കുറിച്ച് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ വിവരങ്ങൾ നൽകുന്നതിനുമുള്ള കേരള ഗവൺമെന്റിന്റെ ഒരു സംരംഭമാണ് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻബിഎഫ്സി). പ്രവാസികളെയും, തിരിച്ചു വന്ന പ്രവാസികളെയും തിരിച്ചറിഞ്ഞ് അവരുടെ ബിസിനസ് സംരംഭങ്ങൾ തുടങ്ങുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും വിദഗ്ദ പരിശീലനവും നൽകി എൻ.എഫ്.ബി.സി സഹായിക്കുന്നു. വിദഗ്ധരായ പ്രൊഫഷണലുകളെയും റിസോഴ്സ് പേഴ്സണുകളെയും ഉപയോഗിച്ച് കേരളത്തിലെ പ്രവാസികളെ നിക്ഷേപങ്ങൾ നടത്തുന്നതിലേക്ക് ആകർഷിക്കുന്നതിന് ഈ വാണിജ്യ സൗകര്യ കേന്ദ്രം അവസരമൊരുക്കുന്നു. 200.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**5. മാർക്കറ്റ് റിസർച്ച്, ഡാറ്റ മാനേജ്മെന്റ്, പ്ലാനിംഗ് എന്നിവയ്ക്കുള്ള പുതിയ സംരംഭം (മാർക്കറ്റ് റിസർച്ച്, നിയമനത്തിന് മുമ്പും, ശേഷവുമുള്ള സഹായവും നൈപുണ്യവും)**

**(വിഹിതം:200.00 ലക്ഷം രൂപ)**

നിയമന പ്രക്രിയ, പരിശീലനവും നൈപുണ്യ വികസനവും, നിയമ വശങ്ങളും ഒന്നും തടസ്സപ്പെടാതിരിക്കാൻ പൊതു-പങ്കാളിത്ത മാതൃകയിൽ നിയമനങ്ങളുടെ എല്ലാ മേഖലയിലും ഒരു പുതിയ സംരംഭം രൂപീകരിക്കുന്നുണ്ട്. വിവേക പരമായി, യുക്തിയോടെ നിയമന പ്രക്രിയ നടത്തുക, പരിശീലനം, നൈപുണ്യ വികസനം, നിയമന ശേഷമുള്ള സഹായം, നിയമ സഹായം തൊഴിൽ മേഖലയിൽ തൊഴിലാളിക്കും, തൊഴിലുടമകൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ എന്നിവയെല്ലാം ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളേയും, പുതിയതും ആകർഷകവുമായ കുടിയേറ്റ സാധ്യതകൾ, അവസരങ്ങൾ, പുതിയ മൈഗ്രേഷൻ ഇടനാഴികൾ, മറ്റ് ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും, എല്ലാ റിക്രൂട്ട്മെന്റ് ഏജൻസികളേയും സംയോജിപ്പിക്കുന്നതിനും ഈ പദ്ധതി തീരുമാനിച്ചിട്ടുണ്ട്.

സുരക്ഷിതവും നിയമപരവും ആയ ഒരു കുടിയേറ്റ പ്രക്രിയയെ പ്രോത്സാഹിപ്പിക്കാനും നയിക്കാനും സഹായിക്കാനുമുള്ള ഒരു സർക്കാർ ഏജൻസിയാണ് നോർക്ക റൂട്ട്സ്. നിർവഹണ ഏജൻസി എന്ന നിലയിൽ നോർക്ക റൂട്ട്സ് പുതിയ സ്കീമുകൾക്കായി ആശയങ്ങൾ രൂപീകരിക്കുകയും ഈ മേഖലയിൽ നയ രൂപീകരണത്തിനുള്ള മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്യും. കുടിയേറ്റത്തിലെ ഏറ്റവും പുതിയ സ്ഥിതി ഗതികൾ, അവസരങ്ങൾ, വെല്ലുവിളികൾ, കുടിയേറ്റക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കാൻ ഏജൻസിക്ക് കഴിയണം. സമയബന്ധിതമായ ഇടപെടൽ, തിരുത്തൽ നടപടിയും ദീർഘവീക്ഷണവും, ആസൂത്രണം, നിലവിലെ പദ്ധതികളുടെ ഫലപ്രാപ്തി തുടങ്ങിയവ കാര്യക്ഷമമായി നിർവഹിക്കുന്നതും ഏജൻസിയുടെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് അനിവാര്യമാണ്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6. പ്രവാസി സംഘത്തിനും, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെൻറ് & ഹോൾഡിംഗ് ലിമിറ്റെഡ് നുമുള്ള സഹായം**

**(വിഹിതം:500.00 ലക്ഷം രൂപ)**

പ്രവാസികളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വികസനമാണ് പ്രവാസി സംഘങ്ങളുടെ ലക്ഷ്യം. നോർക്ക വകുപ്പിന്റെ പദ്ധതികളേയും, പ്രവർത്തനങ്ങളേയും കുറിച്ച് പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിലും, പ്രചരിപ്പിക്കുന്നതിലും പ്രവാസി സംഘം പ്രധാന പങ്ക് വഹിക്കുന്നു. പ്രവാസികളുടേയും വിദേശ രാജ്യങ്ങളെ സേവിച്ച് പ്രവാസം അവസാനിപ്പിച്ച് തിരിച്ച്

വന്നവരുടെയും ക്ഷേമത്തിന് വേണ്ടി സംഘം വേദിയൊരുക്കുന്നു. പ്രവാസികൾക്കും, നോർക്ക വകുപ്പിനും ഇടയിൽ ഒരു പരാതി പരിഹാര മെഷിനറിയായി സംഘം പ്രവർത്തിക്കുന്നു. ഇതിന്റെ ഉന്നമനത്തിനായി 2021-22 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. തിരിച്ചെത്തുന്ന പ്രവാസികളുടെ ഏകോപന പുന:സംയോജന പദ്ധതി**

**(വിഹിതം:5000.00 ലക്ഷം രൂപ)**

തിരിച്ചെത്തുന്ന പ്രവാസികളെ പുതിയതും വിജയകരവുമായ ഒരു ജീവിതത്തിലേക്ക് വീണ്ടും സമന്വയിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു പുതിയ പദ്ധതി ഘടകമാണിത്. നോർക്കയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ഏകദേശം 7 ലക്ഷത്തിൽ പരം മലയാളികൾ വിദേശത്ത് നിന്നും തിരിച്ചെത്തുകയും അതിൽ 4.5 ലക്ഷത്തോളം പേർ തൊഴിൽ നഷ്ടപെട്ട തിരിച്ചു വന്നവരുമാണ്. സർക്കാരിൻറെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് മറ്റ് രാജ്യങ്ങളിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ ജോലികളോ അവസരങ്ങളോ നൽകുക എന്നതാണ്, അതിലൂടെ അവർക്ക് സ്ഥിര വരുമാനം നേടാനാകും. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ അല്ലെങ്കിൽ ഉയർന്ന നൈപുണ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ പിന്തുണയ്ക്കേണ്ടതുണ്ട്. നോർക്ക റൂട്സ്, സർക്കാരിനകത്തും പുറത്തും ഉള്ള മറ്റ് ഏജൻസികൾ എന്നിവരുടെ തിരിച്ചു വരുന്ന പ്രവാസികൾക്കായുള്ള വിവിധ പദ്ധതികളുടെ ഏകോപനത്തിനും, പുനസംയോജന പ്രവർത്തനങ്ങൾക്കുമായി 2021-22 ബജറ്റിൽ 5000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**II മറ്റ് സ്കീമുകൾ**

**8 നോർക്ക റൂട്സ് ആസ്ഥാനവും, മറ്റ് അനുബന്ധ ഓഫീസുകളും ശക്തിപ്പെടുത്തുക**

**(വിഹിതം: 200.00ലക്ഷം രൂപ)**

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം, പ്രത്യേകിച്ചും പ്രവാസികളുടെ യുവതലമുറയിൽ എത്തിക്കുക, ഭാഷയും, സംസ്കാരവും വ്യാപിപ്പിക്കുക, ലെയ്സൺ,വാർത്താ വിനിമയം, മാർഗ്ഗ നിർദ്ദേശം, പരാതി പരിഹാരവും തുടങ്ങിയ സാധ്യമായ ഫെസിലിറ്റേഷൻ സർവ്വീസുകൾ നൽകുക എന്നിവയാണ് പ്രവാസി വികസന ഓഫീസുകൾ/നോർക്ക റൂട്ട്സ് അനുബന്ധ ഓഫീസുകൾ എന്നിവയുടെ ലക്ഷ്യങ്ങൾ. എല്ലാ ജില്ലകളിലും നോർക്ക റൂട്ട് സെല്ലുകൾ/സബ്-ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അവ നോർക്ക റൂട്ട്സിന്റെ എക്സിക്യൂട്ടീവ് ഉത്തരവാദിത്വങ്ങളും, പ്രവാസികളുടെ സൗകര്യപ്രദമായി എത്തിപ്പെടാവുന്ന രീതിയിൽ ആണെന്ന് ഉറപ്പ് വരുത്തുന്നു. ഈ പദ്ധതി ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, നിർമ്മാണ പ്രവർത്തനങ്ങളും അത്യാവശ്യമാണ്. മാനവശേഷി കരസ്ഥമാക്കൽ, ഫർണിച്ചറുകളുടെ നവീകരണം, ഫിക്ചറുകൾ, പ്രിന്റിംഗ്, സ്റ്റേഷനറി, ഐ.ടി. ഉപകരണങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 200.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**9. 24 മണിക്കൂർ ഹെൽപ് ലൈൻ/കാൾ സെന്ററും എൻ.ആർ.കെ. പ്രശ്ന പരിഹാര സെൽ.**

**(വിഹിതം:150.00ലക്ഷം രൂപ)**

കേരളത്തിൽ നിന്നും പുറത്തേക്കുള്ള തൊഴിലാളി പ്രവാഹം വളരെ കൂടുതലായതിനാൽ, അതിനനുസൃതമായി തൊഴിലാളികളെ ചൂഷണം ചെയ്യലും മനസാക്ഷിയില്ലാത്ത മധ്യവർത്തികളുടെ ഇടപെടലിലൂടെ ക്രമ വിരുദ്ധമായ കുടിയേറ്റവും വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിൽ ബോധവത്ക്കരണ പ്രചരണം അത്യാവശ്യമാണ്. കുടിയേറ്റക്കാരെ ബോധവത്ക്കരിക്കുന്നതിനും, പ്രത്യേകിച്ചും ദുർബല വിഭാഗങ്ങൾക്ക് ക്രമ വിരുദ്ധ കുടിയേറ്റത്തെ കുറിച്ചുള്ള മുൻകരുതൽ നടപടിക്രമങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററും പ്രശ്ന പരിഹാര സെല്ലും രൂപീകരിച്ചിട്ടുണ്ട്. ആതിഥേയ രാജ്യങ്ങളിൽ ആഭ്യന്തര കലാപമോ, പ്രകൃതി ദുരന്തങ്ങളോ യുദ്ധങ്ങളോ വരുമ്പോൾ ഈ കാൾ സെന്റർ ഒരു ഏജൻസി കൺട്രോൾ റൂം ആയി പ്രവർത്തിക്കുന്നു. ഈ കാൾ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉന്നൽ

നൽകുന്നുണ്ട്. കുടിയേറ്റക്കാർക്ക് ആവശ്യമായ വിവരങ്ങളും, സഹായവും ഈ ഹെൽപ് ലൈനിലൂടെ നൽകുന്നതാണ്. ഏത് വകുപ്പിന്റെയും ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം എന്നത് മികച്ച രീതിയിലുള്ള പരാതി പരിഹാര പ്രവർത്തനങ്ങളാണ്. പരാതിക്കാർക്ക് നേരിട്ട് വകുപ്പുകളുമായി ബന്ധപ്പെടാൻ സാധിക്കാത്ത ഇത്തരം കേസുകളിൽ നോർക്ക വളരെ നിർണ്ണായകമായ ഇടപെടലുകൾ നടത്തുന്നു. അതിനാൽ എൻ.ആർ.കെ. പരാതി പരിഹാര സെൽ ന്റെ പ്രവർത്തനം വളരെ മികച്ചതാണ്. 150.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**10. പ്രവാസി നിയമ സഹായ സമിതി**

**(വിഹിതം:60.00ലക്ഷം രൂപ)**

പശ്ചിമേഷ്യൻ രാജ്യങ്ങളിലുള്ള, കേരളത്തിലെ തൊഴിലാളികൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കോടതി നടപടികളും, നിയമ പ്രശ്നങ്ങളുമാണ്. നിയമ സഹായമില്ലാത്തതിനാൽ പലപ്പോഴും പാവപ്പെട്ട തൊഴിലാളികൾ ജയിലിലടയ്ക്കപ്പെടുകയും ശിക്ഷകൾ ഏറ്റുവാങ്ങേണ്ടിയും വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട തൊഴിലാളികൾക്ക് നിയമ സഹായം, നിയമോപദേശം, കേസ് ഫയൽ ചെയ്യുക, നിയമ പരമായി അവരെ പ്രതിനിധീകരിക്കുക, അതത് രാജ്യങ്ങളിലെ എമ്പസികളിൽ നിന്ന് അർഹരായ തൊഴിലാളികൾക്ക് ചെലവായ തുക മടക്കി കിട്ടുന്നതിന് വേണ്ട സഹായം ചെയ്യുക തുടങ്ങിയ ഇടപെടലുകളും നടത്തുന്നതിനായി തുടങ്ങിയ പദ്ധതിയാണിത്. **60.00** ലക്ഷം രൂപ പ്രവാസി നിയമ സഹായ സമിതിക്കായി 2021-22 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**11. സാന്ത്വന പദ്ധതി**

**(വിഹിതം:3000.00ലക്ഷം രൂപ)**

വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ താഴെയുള്ള തിരിച്ച് വരുന്ന പ്രവാസി മലയാളികൾക്കും, മരണമടഞ്ഞ പ്രവാസി മലയാളികളുടെ ആശ്രിതർക്കും, മരണാനന്തര സഹായം, വിവാഹം, ചികിത്സ എന്നിവക്കായി ധനസഹായം നൽകുന്നതിനു വേണ്ടി തുടങ്ങിയ പദ്ധതിയാണിത്. സാന്ത്വന പദ്ധതിക്ക് അപേക്ഷിക്കുന്ന പ്രവാസി രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തിരിക്കണം എന്ന് നിബന്ധന ഉണ്ട്. 2021-22 ബജറ്റിൽ 3000.00 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 30 ശതമാനം സ്ത്രീകൾ ആയിരുന്നു ഈ സാമ്പത്തിക വർഷത്തിലും അതേ ശതമാനം തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

**12. പ്രവാസി ക്ഷേമ ഫണ്ട്**

**(വിഹിതം:900.00ലക്ഷം രൂപ)**

പ്രവാസി കേരള ക്ഷേമ ഫണ്ട് ആക്ട് 2008 അനുസരിച്ച്, കേരള നിയമ സഭ 2010-ൽ കേരള പ്രവാസി ഫണ്ട് ബോർഡ് രൂപീകരിച്ചു. പ്രവാസികൾക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2021-22 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**13. പ്രവാസി ഡിവിഡന്റ് സ്കീം-നോർക്ക ക്ഷേമ ബോർഡ് വഴി**

**(വിഹിതം:300.00 ലക്ഷം രൂപ)**

പ്രവാസികളുടെയും, മടങ്ങിയെത്തിയവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനൊപ്പം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ വിഭവങ്ങൾ സ്വായത്തമാക്കുകയുമാണ് പ്രവാസി ഡിവിഡന്റ് സ്കീം കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിനായി നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി പുതുതായി പ്രവാസി ക്ഷേമ ബോർഡിന്റെ ഭാഗമായി തുടങ്ങിയതാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. 300.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**14. നിയമപരമല്ലാത്ത റിക്രൂട്ട്മെന്റ് വിസ കബളിപ്പിക്കൽ തുടങ്ങിയവയെ കുറിച്ചുള്ള ബോധവത്ക്കരണപരിപാടികളും, യാത്ര പുറപ്പെടുന്നതിന് മുമ്പുള്ള തയ്യാറെടുപ്പ് പരിപാടികൾ.**

**(വിഹിതം:110.00ലക്ഷം രൂപ)**

നോർക്ക വകുപ്പിന്റെ വിവിധ പദ്ധതികളെകുറിച്ചും നല്ല തൊഴിൽ ലഭിക്കുന്നതിനായുള്ള സുരക്ഷിതമായ കുടിയേറ്റത്തെ കുറിച്ചുമുള്ള അവബോധം പ്രവാസി സമൂഹത്തിലും, പ്രവാസം മതിയാക്കി തിരിച്ച് വരുന്നവരിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. തൊഴിൽ തേടുന്നവർ, നിയമപരമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പുകൾ, എത്തിച്ചേരുന്ന രാജ്യത്തെ സംസ്കാരം, പാരമ്പര്യം, പൈതൃകം, നിയമങ്ങൾ എന്നിവ നവ മാധ്യമങ്ങളിലൂടേയും അറിഞ്ഞിരിക്കേണ്ടതുണ്ട്. കേരളത്തിലെ ജനങ്ങൾ കൂടുതലുള്ള ഇന്ത്യയിലെ വൻകിട നഗരങ്ങളിൽ വിദേശത്തേക്ക് പോകുന്നതിന് മുൻപുള്ള ഓറിയന്റേഷൻ പരിപാടികൾ നടത്തേണ്ടതുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഫണ്ട് ചെലവഴിച്ചതിൽ 60 ശതമാനം ഗുണഭോക്താക്കളും സ്ത്രീകൾ ആയിരുന്നു. ഈ സാമ്പത്തിക വർഷത്തിലും അതേ ശതമാനം തുടരുമെന്നു പ്രതീക്ഷിക്കുന്നു. 110.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**15. എയർപോർട്ടിൽ അടിയന്തിര ആംബുലൻസ് സഹായം**

**(വിഹിതം:60.00ലക്ഷം രൂപ)**

പല പ്രവാസികളും വിദേശ ജോലിക്കിടെ, അസുഖ ബാധിതരാവുകയും അപകടത്തിൽപെടുകയും ചെയ്യാറുണ്ട്. സാധാരണയായി അവർ അവിടെ ചികിത്സ തേടുകയും, എന്നാൽ പ്രത്യേകമായുള്ളതോ, നീണ്ടുനിൽക്കുന്നതോ ആയ ചികിത്സയ്ക്ക് ആവശ്യമായി വന്നാൽ അവർ ചികിത്സയ്ക്കായി കേരളത്തിലേക്ക് മടങ്ങും. അത്തരത്തിലുള്ള വളരെ ദരിദ്രരായ പ്രവാസികൾക്കും, പ്രവാസത്തിനിടക്ക് മരണപ്പെടുന്നവർക്കുള്ള യാത്രക്കുമായി എയർപോർട്ടിൽ ആംബുലൻസ് സൗകര്യമൊരുക്കേണ്ടതുണ്ട്. നോർക്ക റൂട്ട്സ് ഇതിനെല്ലാമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി കൈകോർത്തിട്ടുണ്ട്. 60.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഈ പദ്ധതികൾക്കായി നീക്കി വച്ചിട്ടുണ്ട്.

**16. ആഗോള കേരള സാംസ്കാരിക ഉത്സവം**

**(വിഹിതം:50.00ലക്ഷം രൂപ)**

നമ്മുടെ പാരമ്പര്യവും, പൈതൃകവും സംസ്കാരവുമെല്ലാം വരും തലമുറയിലേക്ക് പകർന്നു കൊടുക്കേണ്ടത് അത്യാവശ്യമാണ്. കേരളത്തിന് പുറത്ത് താമസിക്കുന്ന ഭൂരിപക്ഷം പ്രവാസികളും നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകവും പരമ്പരാഗതമായ ചടങ്ങുകളും, മറ്റുമായി എപ്പോഴും ബന്ധം സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരാണ്. ആഗോള കേരള സാംസ്കാരികോത്സവം കേരളത്തിന്റെ സംസ്കാരം പ്രകടിപ്പിക്കുന്നതിന് മാത്രമല്ല, പ്രവാസികൾക്ക് അവരുടെ മാതൃസംസ്ഥാനവുമായി അവരെ ബന്ധപ്പെടുത്തുന്നതിനുള്ള അവസരം കൂടിയാണ്. പ്രവാസികളിലെ ഏത് പ്രായക്കാർക്കും അവരുടെ കഴിവ് പ്രകടിപ്പിക്കുന്നതിനുള്ള ഒരു വേദി കൂടിയാണിത്. ശരിയായ ശ്രമങ്ങളിലൂടേയും, പരസ്യങ്ങളിലൂടേയും ആഗോള കേരള സാംസ്കാരികോത്സവത്തെ, സംസ്ഥാനത്തെ എല്ലാ വർഷവും നടക്കുന്ന മികച്ച സാംസ്കാരിക മേളയാക്കി മാറ്റാവുന്നതാണ്. 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**17. നോർക്ക വകുപ്പിന്റെ പൊതു നിക്ഷേപം**

**(വിഹിതം:50.00ലക്ഷം രൂപ)**

മീറ്റിംഗുകളും, സംഗമങ്ങളും, മറ്റ് അപ്രതീക്ഷിത ചെലവുകൾക്കുമായി നോർക്ക വകുപ്പ് 2021-22 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

**18. നോർക്ക സെൽ, ന്യൂഡൽഹി**

**(വിഹിതം:5.00ലക്ഷം രൂപ)**

ന്യൂ ദില്ലിയിലെ നോർക്കസെല്ലിന്റെ ആവശ്യങ്ങളിലേക്കായി 5.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**19. എമർജൻസി റീപ്പാട്രിയേഷൻ ഫണ്ട്**

**(വിഹിതം:100.00 ലക്ഷം രൂപ)**

ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ മന്ത്രാലയവുമായി കൂടിചേർന്ന്, ആഭ്യന്തര കലാപം, പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ അകപ്പെട്ട പ്രവാസികളെ ജോലി സ്ഥലങ്ങളിൽ നിന്നും, താമസ സ്ഥലങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളിൽ എക്കണോമി ക്ലാസ് യാത്രക്കും, കേരള ഹൌസിലെ താമസത്തിനും മറ്റ് അടിയന്തിര ചെലവുകൾക്കും തുക ആവശ്യമായി വരുന്നു. ഇതെല്ലാം ഈ നിധിയിൽ നിന്നാണ് ചെലവഴിക്കപ്പെടുന്നത്. 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**20.ലോകകേരള സഭ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ജനങ്ങൾ ചിതറിപ്പോകുന്നത് തിരിച്ചറിയുക, എന്നത് ഏറ്റവും പ്രാധാന്യമുള്ളതും, അവർക്ക് കൂടിച്ചേരാനും അവരുടെ മാതൃ സംസ്ഥാനവുമായി ബന്ധം സൂക്ഷിക്കുന്നതിനും, അവർക്ക് പ്രാതിനിധ്യത്തിനു വേണ്ടിയുള്ള ഒരു വേദി ഒരുക്കുന്നതിനും സഹായകമാകുവാനും വേണ്ടിയുള്ളതാണ് ലോക കേരള സഭ. മാതൃ സംസ്ഥാനവും പ്രവാസികളും തമ്മിലുള്ള പരസ്പര സമ്പർക്കത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ജന പ്രധിനിധികളും (എം.എൽ.എ.മാർ എം.പി. മാർ), ആതിഥേയ രാഷ്ട്രത്തിലെ പ്രവാസികളുടെ ജനസംഖ്യാനുപാതത്തിനനുസരിച്ചുള്ള സർക്കാർ നാമ നിർദ്ദേശം ചെയ്ത പ്രതിനിധികളും, അടങ്ങിയതാണ് ഈ സഭ. പ്രവാസികളുമായി ബന്ധപ്പെട്ട കാര്യങ്ങളും, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 'കേരള' ത്തിന്റെ കാര്യങ്ങളെ കുറിച്ചും സഭ ചർച്ച ചെയ്യും. ലോക കേരള സഭ സെക്രട്ടേറിയറ്റ്, സഭയുടെ ഭരണ പരമായ സഹായക സംവിധാനമായി പ്രവർത്തിക്കുന്നു, ഇതിൽ തൊഴിൽ പരമായി ആർജ്ജവമുള്ള ഉദ്യോഗസ്ഥരുണ്ട്, അവർ ഈ സഭയെ ഏകോപിപ്പിക്കുകയും, സംഘടിപ്പിക്കുകയും സഭയുടെ പ്രവർത്തനങ്ങൾക്കായി എല്ലാ സൌകര്യങ്ങളും ഒരുക്കുന്നു. ഈ സഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**21. നോർക്ക റൂട്ട്സ് ഡയറക്ടറുടെ സ്കോളർഷിപ്പ് പദ്ധതി**

**(വിഹിതം:20.00 ലക്ഷം രൂപ)**

കേരളത്തിന്റെ സാമ്പത്തിക രംഗത്ത് പ്രവാസികളുടെ പങ്ക് കണക്കിലെടുത്ത് പ്രവാസികളിലെ പാവപ്പെട്ടവരുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ഇത്. ഈ ഫണ്ടിൽ നിന്നു പ്രൊഫഷണൽ വിദ്യാഭ്യാസമടക്കമുള്ളവർക്കും സഹായം നൽകുന്നുണ്ട്. 20.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**22. ലോകകേരള കേന്ദ്രം**

**(വിഹിതം:100.00 ലക്ഷം രൂപ)**

നോർക്ക വകുപ്പിന് മാവേലിക്കരയിൽ ഒരു 5 ഏക്കർ ഭൂമിയുണ്ട്. ലോക കേരള കേന്ദ്രം സ്ഥാപിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രവാസികൾക്ക് കേരള സംസ്കാരവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു സാംസ്കാരിക കേന്ദ്രമായി ഇതിനെ മാറ്റുന്നതാണ്. ഇന്ത്യൻ അന്തർ ദേശീയ കേന്ദ്രത്തിന്റെ സവിശേഷതകൾ ഇതിനുണ്ടാകും. കേരളത്തിലെ വിഭവങ്ങൾ, കല, സംസ്കാരം, കരകൌശല വസ്തുക്കൾ, തുടങ്ങിയവയിലൂടെ പ്രവാസികളെയും, അവരുടെ സുഹൃത്തുക്കളെയും കേരള സന്ദർശനത്തിനായും പ്രോത്സാഹിപ്പിക്കും. ഇതിലെ അംഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. പ്രത്യേകിച്ചും ഇതിന്റെ തയ്യാറെടുപ്പിനായി ഓഹരി നിക്ഷേപം നടത്തുന്നവർക്ക്. കേന്ദ്രം അംഗങ്ങൾക്ക് സവിശേഷമായ താമസ സേവന സൌകര്യം പ്രദാനം ചെയ്യുന്നതാണ്. ഈ സംരംഭം വിജയകരമായാൽ മറ്റ് പ്രധാന കേന്ദ്രങ്ങളിലും ഇതുപോലുള്ള ലോക കേരള കേന്ദ്രത്തിന്റെ ശൃംഖല തുടങ്ങുന്നതാണ്. 100.00 ലക്ഷം രൂപ 2021-22 ബജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**23. നോൺ റെസിഡന്റ് ഇന്ത്യൻ (കേരള) കമ്മിഷൻ**

**(വിഹിതം:40.00 ലക്ഷം രൂപ)**

പ്രവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, നടപ്പിൽ വരുത്തുന്നതിനുമായാണ് ഗവർമെന്റ് NRI കമ്മീഷന് രൂപം നൽകിയത്. അതിനു വേണ്ടിയുള്ള മാർഗ നിർദേശങ്ങൾ നൽകുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾക്കും മറ്റു അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി 2021-22 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

**24 പ്രവാസി ഭവന പദ്ധതി**

**(വിഹിതം:100.00 ലക്ഷം രൂപ)**

കേരള പ്രവാസി വെൽഫയർ ഫണ്ട് ബോർഡ് പ്രവാസി കേരളീയർക്കായി വിവിധ ക്ഷേമ പദ്ധതികൾ നടത്തുന്നുണ്ട്. ബാങ്കുകൾ വഴിയോ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴിയോ പ്രവാസികൾക്ക് 5 ശതമാനം ഗവണ്മെന്റ് സബ്സിഡിയോടെ വീട് വെക്കുന്നതിലേക്കായി 20.00 ലക്ഷം രൂപ വരെയുള്ള ലോൺ നൽകുന്നതിനുള്ള പദ്ധതിയാണ് ഇത്. തരുന്ന അപേക്ഷകളിൽ നിന്നും മെമ്പർഷിപ്പ് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. ഈ പദ്ധതിക്കായി 2021-22 ബജറ്റിൽ 100.00 ലക്ഷം രൂപ വായ്പ സബ്സിഡിയായി വകയിരുത്തിയിട്ടുണ്ട്.

**VII. ഫയർ ആൻഡ് റെസ്ക്യൂ സേവനങ്ങൾ**

**ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ ആധുനിക വൽക്കരണം**

**(വിഹിതം:6900.00 ലക്ഷം രൂപ)**

പോലീസ് വകുപ്പിനെ വിഭജിച്ച് 1962 ലാണ് കേരള ഫയർ ഫോഴ്സ് വകുപ്പ്, കേരള ഫയർ ഫോഴ്സ് നിയമ പ്രകാരം രൂപീകരിക്കപ്പെട്ടത്. തുടക്കത്തിൽ വകുപ്പ് തീ പിടുത്തം അണക്കുന്ന പ്രവർത്തനങ്ങളിൽ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് എല്ലാ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് സജീവമായി ഇടപെടുന്നുണ്ട്. അങ്ങനെ വകുപ്പിന്റെ മുഖഛായ തന്നെ വളരെയധികം മാറിയിട്ടുണ്ട്. അത്കൊണ്ട് ഗവൺമെന്റ് 2002-ൽ വകുപ്പിനെ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് എന്ന് പുനർ നാമകരണം ചെയ്തു. ഉയർന്ന തരത്തിലുള്ള സുരക്ഷയും, വിജയകരമായി തീയണക്കുന്ന പ്രവർത്തനങ്ങളിലും ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് സജീവമായി ഇടപെടുന്നുണ്ട്. വകുപ്പിന്റെ മൊത്തം വിഹിതമായ 6900.00 രൂപയിൽ, താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി 6500.00 ലക്ഷം രൂപ 2021-22-ൽ വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്.

**ഫയർ ആൻഡ് റെസ്ക്യൂ ഉപകരണങ്ങൾ**

- ഫയർ ടെണ്ടർ
- ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ
- ടേൺ ടേബിൾ ലാഡർ (60 മീ. ഉയരവും ലിഫ്റ്റ് സൗകര്യവും)
- വാട്ടർ ലോറി
- വിവിധോദ്ദേശ വാഹനം (4*4)
- വാട്ടർ ടവർ ഫയർ ടെണ്ടർ
- ക്രൈസിസ് റെസ്പോൺസ് വെഹിക്കിൾ
- സ്കൂബ വെഹിക്കിൾ
- ഫ്ലോട്ട് പമ്പ്
- ഹൈ പ്രഷർ പോർട്ടബിൾ പമ്പ്
- ആംഫിബിയൻ ടൈപ്പ് ഫയർ ഫൈറ്റിംഗ് പമ്പ്
- ഏരിയൽ ഫയർ ഡ്രോൺ
- സബ് മെറിസിബിൾ ഡി വാട്ടറിംഗ് പമ്പ്

- റിജിഡ് ഇൻഫ്ലേറ്റബിൾ ബോട്ട്
- എക്സ് ഹോസ്റ്റ് ബ്ലോവർ
- ഫോൾഡിബിൾ എൻടി ടൂൾ
- ഇൻഫ്ലേറ്റബിൾ ടെന്റ്
- ലൈഫ് ഡിറ്റക്ടർ
- വാക്കി ടോക്കി
- ഡെലിവറി ഹോസ്
- കമ്പ്യൂട്ടർ, പ്രിന്റർ, ഓട്ടോമേഷന് വേണ്ടിയുള്ള മറ്റ് അനുബന്ധ ഉപകരണങ്ങൾ
- പോളി പ്രൊപ്പിലീൻ റോപ്പ് (100 മീ.)
- ലൈഫ് ബോയ്
- ലൈഫ് ജാക്കറ്റ്
- സുരക്ഷ ഹെൽമെറ്റ്
- ഷൂസ്
- സുരക്ഷക്കാവശ്യമായ മറ്റ് ജീവൻ രക്ഷാ ഉപകരണങ്ങൾ

വകുപ്പിന്റെ മൊത്തം വിഹിതത്തിൽ നിന്നും 50.00 ലക്ഷം രൂപ സ്ത്രീകൾക്കാവശ്യമായ ഉപകരണങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്.

മുൻഗണനാടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ ജില്ലാ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾക്കും, ഫാമിലി ക്വാർട്ടേഴ്സുകൾക്കുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 400.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**പുതിയ പദ്ധതി**

**സിവിൽ ഡിഫൻസ് ശക്തിപ്പെടുത്തുക**

**(വിഹിതം:50.00 ലക്ഷം രൂപ)**

കേരളത്തിലെ സിവിൽ ഡിഫൻസ് ഫയർ ആന്റ് റെസ്ക്യൂ സർവീസസ് ഡിപ്പാർട്ട്മെന്റിന് കീഴിൽ 6200 വോളന്റിയർമാരുടെ പങ്കാളിത്തത്തോടെ (G.O (Ms) 132/2019 / ഹോം, തീയതി. 30/08/2019) സ്ഥാപിതമായി. ജീവൻ രക്ഷിക്കുക, സ്വത്ത് നഷ്ടം കുറയ്ക്കുക, ജനങ്ങളുടെ മനോവീര്യം നിലനിർത്തുക എന്നിവയാണ് സിവിൽ ഡിഫൻസിന്റെ ലക്ഷ്യങ്ങൾ.

മാറിയ സാഹചര്യം കണക്കിലെടുത്ത്, സിവിൽ ഡിഫൻസിന്റെ ഭാഗമായി ദുരന്തനിവാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ ഒരു സിവിൽ ഡിഫൻസ് വോളന്റിയർമാരുടെ കടമകളും ഉത്തരവാദിത്തങ്ങളും താഴെ പറയും പ്രകാരം വിശദീകരിച്ചിട്ടുണ്ട്.

- അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുക
- അപകടം സംഭവിക്കുമ്പോൾ എങ്ങനെ സേവനങ്ങൾ നൽകാം എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുക
- അടിയന്തിര സേവന വകുപ്പുകളെ സഹായിക്കുക, ജീവൻരക്ഷാ ദൗത്യത്തിൽ പങ്കാളികളാകുക, മറ്റു സേവനങ്ങൾ
- ദുരന്തങ്ങൾ അതിജീവിച്ചവർക്ക് ഉടനടി ആശ്വാസം നൽകുക
- ദുരന്തവശിഷ്ടങ്ങൾ മാറ്റുക, അവശ്യ സേവനങ്ങൾ എത്തിക്കുക, സ്ഥലംമാറ്റ കേന്ദ്രങ്ങൾ കൈകാര്യം ചെയ്യുക

ഈ പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപ 2021-22 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം

### എ) പട്ടികജാതി വികസനം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | ഭൂമി, ഭവനം, മറ്റു വികസന പദ്ധതികൾ | |
| എ | ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി | 18500.00 |
| ബി | ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ദുർബലമായ വീടുകളുടെ പുനരുദ്ധാരണം, പഠനമുറി നിർമ്മാണം | 20000.00 |
| സി | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ | 5000.00 |
| 2 | ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) | 30000.00 |
| 3 | പട്ടികജാതി ഉപപദ്ധതിയിലെ പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട് | 100.00 |
| 4 | മരാമത്തും കെട്ടിട പ്രവർത്തികളും | 600.00 |
| 5 | പട്ടികജാതി വികസന വകുപ്പിന്റെ ആധുനീകരണവും ഇ- ഗവേണൻസ് സംരംഭങ്ങളും | 300.00 |
| 6 | പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി) | 6000.00 |
| 7 | കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ വികസന ഫെഡറേഷൻ ഓഹരി മൂലധന വിഹിതം | 200.00 |
| 8 | പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം | 8339.00 |
| 9 | വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് | 1500.00 |
| 10 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം | 24500.00 |
| 11 | തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം | 5000.00 |
| 12 | പട്ടികജാതിക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | |
| എ | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.എസ്.പി (51 % സംസ്ഥാന വിഹിതം) | 2500.00 |
| ബി | ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം) | 250.00 |
| സി | പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും, ആക്ട് 1989 (50 ശതമാനം സംസ്ഥാന വിഹിതം) | 1250.00 |
| 13 | വാത്സല്യ നിധി | 1200.00 |
| 14 | എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ | 250.00 |
| 15 | ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി | 7000.00 |
| 16 | ആരോഗ്യ സംരക്ഷണ പദ്ധതി | 5000.00 |
| 17 | പോസ്റ്റ് മെട്രിക് പഠനത്തിനുള്ള അധിക സംസ്ഥാന സഹായം | 7500.00 |

| | | |
|---|---|---|
| | **തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതികൾ** | |
| എ | പ്രധാൻമന്ത്രി ആവാസ് യോജന – ഗ്രാമീൺ (പി.എം.എ.വൈ-എസ്.സി.എസ്.പി) (40 ശതമാനം സംസ്ഥാന വിഹിതം) | 500.00 |
| ബി | ദീൻദയാൽ അന്ത്യോദയ യോജന (ഡി.എ.വൈ.-എൻ.ആർ.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) | 3250.00 |
| | **ആകെ** | **148739.00** |

**1. ഭൂമി, ഭവനം മറ്റു വികസന പരിപാടികൾ**

**(വിഹിതം : 43500.00 ലക്ഷം രൂപ)**

പദ്ധതിയുടെ മൂന്ന് ഉപപദ്ധതികൾ ചുവടെ കൊടുക്കുന്നു.

**എ) ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി**

**(വിഹിതം : 18500.00 ലക്ഷം രൂപ)**

അർഹതയുള്ള ദരിദ്രരായ ഭൂരഹിത പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങാൻ സഹായം നൽകുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2021-22 ൽ ഈ പദ്ധതിയിലൂടെ ഏകദേശം 5000 കുടുംബങ്ങളെ സഹായിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓരോ കുടുംബത്തിനും ലഭിക്കുന്ന ധനസഹായ നിരക്ക് സർക്കാർ മാനദണ്ഡമനുസരിച്ചായിരിക്കും. ലൈഫ് മിഷൻ കണ്ടെത്തിയ ഭൂരഹിത-ഭവന രഹിത ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നൽകുകയുള്ളൂ. 2021-22 ൽ 18,500.00 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

**ബി) ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ദുർബലമായ ഭവനങ്ങളുടെ നവീകരണം, പഠനമുറികളുടെ നിർമ്മാണം**

**(വിഹിതം : 20000.00 ലക്ഷം രൂപ)**

പട്ടികജാതി കുടുംബങ്ങളുടെ ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിനും ദുർബലമായ ഭവനങ്ങളുടെ മെച്ചപ്പെടുത്തലിനും പഠനമുറികളുടെ നവീകരണത്തിനും ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2021-22 ൽ ഈ പദ്ധതിക്കായി 20000.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡം അനുസരിച്ചായിരിക്കും ധനസഹായം നൽകുന്നത്.ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്

- 2020-21 വർഷം വരെ അനുവദിച്ച പൂർത്തീകരിക്കാത്ത 8,250 ഭവനങ്ങളുടെ പൂർത്തീകരണം. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് വീടൊന്നിന് 1.50 ലക്ഷം രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്.
- ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള രക്ഷിതാക്കളുടെ സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. പഠനമുറി നിർമ്മാണത്തിനായി ഓരോ കുടുംബത്തിനും 2.00 ലക്ഷം രൂപ വീതം നൽകുന്നതാണ്.
- 5,000 പുതിയ പഠനമുറികളുടെ നിർമ്മാണവും, സ്പിൽ ഓവർ ആയ 8,868 പഠനമുറികളുടെ പൂർത്തീകരണവും.
- കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. യിൽ ഭവനം അനുവദിച്ച ഗുണഭോക്താക്കൾക്ക് വീടൊന്നിന് ഒരു ലക്ഷം രൂപ വീതം അധികമായി നൽകുന്നതാണ്. ഇതിനാവശ്യമായ തുക ഗ്രാമവികസന കമ്മീഷണറേറ്റിന് നൽകുന്നതാണ്.

**സി) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗക്കാരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ദുർബല വിഭാഗക്കാരുടെ ജനസംഖ്യ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനം വരും. (പട്ടികജാതി സർവേ റിപ്പോർട്ട് 2008) അവരിൽ ഭൂരിപക്ഷവും പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 2021-22 വർഷം 5000.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

- സർക്കാർ മാനദണ്ഡമനുസരിച്ച് ഭവന നിർമ്മാണത്തിന് 5 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള സഹായം. ലൈഫ് മിഷന്റെ സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഭവന നിർമ്മാണത്തിന് സഹായം നൽകുന്നതാണ്.
- അടിസ്ഥാന സൗകര്യങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി, വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി, റോഡ് കണക്റ്റിവിറ്റി മുതലായ സൗകര്യങ്ങൾ ദുർബല വിഭാഗങ്ങൾക്ക് നൽകുക.
- സമഗ്ര കോളനി വികസനം, സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം, സാമൂഹിക പഠന മുറി, നൈപുണ്യ വികസനം ഉൾപ്പെടെയുള്ള ജീവനോപാധി പ്രവർത്തനങ്ങളിൽ പരിശീലനം, പ്രത്യേക ട്യൂഷൻ എന്നീ പരിപാടികളടങ്ങിയ പ്രത്യേക പാക്കേജ്.
- കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായം

ഈ വിഭാഗക്കാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രത്യേകിച്ചും ഉയർന്ന ദാരിദ്ര്യ സൂചകമുള്ള വിഭാഗങ്ങൾക്ക് വേണ്ടി കുടുംബാധിഷ്ഠിതമായ സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 41 ശതമാനത്തോളം തുക വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**2. ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ)**

**(വിഹിതം : 30000.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച നാല് ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ജീവനോപാധി, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം). സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതമായ ഭവനം നൽകുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിന്നുള്ള സഹായത്തിന് പുറമെ, ഹൗസിംഗ് ആന്റ് അർബൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KURDFC) മുഖേന ഹഡ്കോയിൽ നിന്നുള്ള വായ്പാ സഹായവും പ്രാദേശിക സർക്കാരുകൾ വകയിരുത്തുന്ന പട്ടികജാതി ഉപപദ്ധതി ഫണ്ടും വിനിയോഗിച്ച് കൊണ്ട് പ്രാദേശിക സർക്കാരുകളാണ് ലൈഫ് പദ്ധതി നടപ്പിലാക്കുന്നത്. 2021-22 ബഡ്ജറ്റിൽ പട്ടികജാതി ഗുണഭോക്താക്കൾക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 30000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക പട്ടികജാതി ഗുണഭോക്താക്കൾക്ക് മാത്രമെ വിനിയോഗിക്കുന്നുള്ളൂ എന്ന് ലൈഫ് മിഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും സ്ത്രീകളായിരിക്കും.

**3. പട്ടികജാതി ഉപപദ്ധതിയിലെ പ്രത്യേക പ്രോജക്ടുകൾക്കായി പൂൾഡ് ഫണ്ട്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പൂൾഡ്

ഫണ്ട്. പൂൾഡ് ഫണ്ടിൽ നിന്നും തുക ആവശ്യമുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ/ഏജൻസികൾ/സന്നദ്ധ സംഘടനകൾ അവരുടെ ധനവിഹിതം കൂടി ഉൾപ്പെടുത്തി പട്ടികജാതിക്കാരുടെ വികസനത്തിന് വേണ്ടിയുള്ള പ്രോജക്ടുകൾ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണയോഗ്യവും അംഗീകാരയോഗ്യവുമാണെങ്കിൽ സംസ്ഥാന ആസൂത്രണ ബോർഡ് അത് പട്ടികജാതി വികസന വകുപ്പിന് നൽകുന്നതാണ്. പ്രസ്തുത പ്രോജക്ടുകൾ സംസ്ഥാനതല/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കും. പ്രോജക്ടുകളുടെ രൂപീകരണം, അംഗീകാരം, നിർവ്വഹണം തുടങ്ങിയവ നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരമായിരിക്കും. കോവിഡ്-19 ന്റെ വ്യാപന പശ്ചാത്തലത്തിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉയർന്ന മുൻഗണന നൽകേണ്ടതാണ്. 2021-22 ൽ പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതിയിൽ ഈ പദ്ധതിയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.മരാമത്തും കെട്ടിട പ്രവർത്തികളും**

**(വിഹിതം: 600.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ പട്ടികജാതി വികസന ഡയറക്ടറേറ്റിന് കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും അറ്റകുറ്റപ്പണികളും ഉൾപ്പെടുന്നു. ഈ ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2021-22 ലെ ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- വ്യവസായ പരിശീലന കേന്ദ്രങ്ങൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, നഴ്സിംഗ് കോളേജുകൾ (കോഴിക്കോട്), പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ, ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണവും വൈദ്യുതീകരണവും മറ്റു സിവിൽ പ്രവൃത്തികളും, അടിസ്ഥാന സൗകര്യ വികസനവും.
- നിലവിലുള്ള പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, ഐ.റ്റി.ഐ കൾ, പ്രീ എക്സാമിനേഷൻ ട്രയിനിംഗ് സെന്ററുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ റിപ്പയറും, നവീകരണവും അറ്റകുറ്റപ്പണിയും.
- ഡോ. അംബേദ്കർ ഭവനത്തിന്റേയും പുതിയ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെയും തുടർപണികൾ.
- ജീർണ്ണാവസ്ഥയിലായ ഐ.ടി.ഐ. കെട്ടിടങ്ങളുടെ പുനർനിർമ്മാണ പണികൾ
- ഐ.ടി.ഐ നവീകരണത്തിന്റെ ഭാഗമായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് കെട്ടിട നിർമ്മാണം.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും പുതിയ എം.ആർ.എസ്സ് കളുടെ കെട്ടിട നിർമ്മാണവും മറ്റ് ഇലക്ട്രിക്കൽ/സിവിൽ പ്രവൃത്തികളും
- പി.ഇ.റ്റി.സി.കൾക്ക് കെട്ടിട നിർമ്മാണം.

2021-22-ൽ പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

**5.പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ- ഗവേണൻസ് സംരംഭങ്ങളും**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും സ്ഥാപനങ്ങളുടേയും നവീകരണത്തിന് വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- പട്ടികജാതി വികസന വകുപ്പിലുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ പരിശീലനം നൽകുക.
- സെമിനാറുകളും കോൺഫറൻസുകളും ശില്പശാലകളും നടത്തുന്നതിനുള്ള ചെലവുകൾ.
- കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ, എന്നിവ വാങ്ങുക, പഴയ കമ്പ്യൂട്ടറുകളുടെ പുനസ്ഥാപനം, വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളെയും, സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്നതിന് നെറ്റ് വർക്കിംഗ് സൗകര്യവും വീഡിയോ കോൺഫറൻസ് സൗകര്യങ്ങളും സജ്ജമാക്കുക.
- വെബ്സൈറ്റിന്റേയും, വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സേവനങ്ങളുടെയും വികസനവും നവീകരണവും, ഇ ഓഫീസ് സ്ഥാപിക്കൽ, വെബ് സൈറ്റ് മെയിന്റനൻസ്, എ. എം.സി ചാർജ്ജുകൾ, ഡയറക്ടറേറ്റിലേയും ജില്ലാ ഓഫീസുകളിലേയും ഇന്റർനെറ്റ് ചാർജ്ജുകൾ, പട്ടികജാതി വികസന വകുപ്പ് നേരിട്ടു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഐ.റ്റി.ഐ കളിലും സ്മാർട്ട് ക്ലാസ്സുമുറികളും ലൈബ്രറിയും സ്ഥാപിക്കൽ.
- ഇ-ഗവേണൻസിലൂടെ എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും നേരിട്ട് പണം നൽകുന്നതിനുള്ള സോഫ്റ്റ് വെയർ വികസനം, ജീവനക്കാർക്കുള്ള തിരിച്ചറിയൽ കാർഡ്, ഇ-പ്രൊക്യൂർമെന്റ് മുതലായവ.
- വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അപേക്ഷാ ഫോറങ്ങളും രജിസ്റ്ററുകളും വിതരണം ചെയ്യുക, വകുപ്പിനു കീഴിലുള്ള പരിപാടികളുടെ പരസ്യ ചെലവുകൾ വഹിക്കുക.
- പോസ്റ്ററുകൾ, ഗൈഡുകൾ, ബുക്ക് ലെറ്റുകൾ, ജേർണലുകൾ, പടവുകൾ പോലെയുള്ള വകുപ്പിലെ പ്രസിദ്ധീകരണങ്ങളുടെ അച്ചടി, വകുപ്പിന്റെ വികസനഗൈഡ്, ലഘുലേഖകൾ എന്നിവയുടെ അച്ചടിയും, പദ്ധതികളുടെയും പ്രധാന സംഭവങ്ങളുടെയും ഡോക്യുമെന്റേഷനും, പട്ടികജാതിക്കാരുടെ തെരഞ്ഞെടുത്ത സാഹിത്യ കൃതികളുടെ പ്രസിദ്ധീകരണവും.
- പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നതിനായി ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ മാനദണ്ഡത്തിന് വിധേയമായി വഹനങ്ങൾ വാടകയ്ക്ക് എടുക്കുക.
- ഡിജിറ്റൽ രീതിയിൽ പട്ടികജാതി സർവ്വേ പുതുക്കുക.
- വിവര, വിദ്യാഭ്യാസ, വിനിമയ പരിപാടികൾ.
- പട്ടികജാതി വികസനത്തിനായി പട്ടികജാതി വികസന വകുപ്പും പ്രാദേശിക സർക്കാരുകളും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ.
- ജില്ലകളിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതികളുടെ കാര്യക്ഷമമായ മോണിറ്ററിംഗിനായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു എം.ഐ.എസ്.യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഡയറക്ടറേറ്റിലെ പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തുക.
- ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ മാനദണ്ഡപ്രകാരം ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് മൊബൈൽ കണക്ഷൻ
- നന്ദാവനത്തുള്ള ഡയറക്ടറേറ്റ് കെട്ടിടത്തിൽ അധിക സൗകര്യങ്ങൾ, ഡയറക്ടറേറ്റിലും, പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവത്ക്കരണവും അടിസ്ഥാന സൗകര്യ വികസനവും.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇൻഡ്യയിലും വിദേശത്തുമുള്ള ഉപരിപഠന സാധ്യതകളെക്കുറിച്ചും, തൊഴിൽ സാധ്യതകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നതിനായുള്ള ഹാൻഡ്ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം.

പ്രസ്തുത പദ്ധതിയ്ക്കായി 2021-22 വർഷത്തിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി) (വിഹിതം 6000.00 ലക്ഷം രൂപ)

മാനവവിഭവശേഷി വികസനം, അടിസ്ഥാനാവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നല്കിക്കൊണ്ട് പട്ടികജാതി ഉപപദ്ധതിയിലുള്ള നിർണ്ണായക വിടവുകൾ നികത്തുന്നതിനുള്ള പ്രോജക്ടധിഷ്ഠിത പദ്ധതികൾക്കാണ് ഈ ഫണ്ട് മാറ്റി വയ്ക്കുന്നത്. മുൻവർഷങ്ങളിൽ അനുമതി ലഭിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള തുകയും ഈ പദ്ധതിയിലൂടെ കണ്ടെത്താവുന്നതാണ്. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഇതിൽ മൂന്നിലൊന്ന് തുക ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു. 25.00 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികജാതി, പട്ടികവർഗത്തിനുള്ള ജില്ലാതല കമ്മിറ്റിയ്ക്ക് അംഗീകാരം നൽകാവുന്നതാണ്.

2021-22 ൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടെയുള്ള നിർണ്ണായക വിടവുനികത്തൽ പ്രോജക്ടുകൾക്കായി 6000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുള്ള ജീവനോപാധി പരിപാടികൾ
- പൈപ്പ്ഡ് വാട്ടർ കണക്ടിവിറ്റിയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വീടുകളുടെ വൈദ്യുതീകരണം, ഇന്റർനെറ്റ് കണക്ടിവിറ്റി ടോയ് ലറ്റും ശുചിത്വവും, ഇതര ഊർജ്ജ സ്രോതസ്സുകൾ, മാലിന്യ സംസ്കരണം, അടിസ്ഥാനസൗകര്യ വികസനം, കണക്ടിവിറ്റി, വാർത്താവിനിമയം എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പട്ടികജാതിക്കാർക്ക് ഏർപ്പെടുത്തുകയും. മറ്റു നിർണ്ണായക വിടവുകൾ നികത്തലും.
- പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വിജ്ഞാൻവാടികളുടെ തുടർ ചെലവുകൾ.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അക്കാദമിക റിപ്പോർട്ടും ഫീസിബിലിറ്റി റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള ചെലവുകൾ.
- പട്ടികജാതിക്കാരുടെ ശ്മശാനങ്ങളുടെ സംരക്ഷണവും നവീകരണവും, കാവുകളുടെയും മറ്റു ആരാധനാലയങ്ങളുടെയും നവീകരണത്തിനുമുള്ള സഹായം.
- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെയും അഗതികളുടെയും മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം.
- പട്ടികജാതി കോളനികളിലെ റോഡുകൾ, പൊതു കിണറുകൾ, കുടിവെള്ള പദ്ധതികൾ, ശ്മശാനങ്ങൾ, ടോയ് ലറ്റുകൾ, കിണറുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളിൽ തകർന്ന അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും.
- കൃഷിയും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള സഹായവും മൂല്യവർദ്ധിത, പ്രോസസ്സിംഗ് യൂണിറ്റുകൾ സജ്ജമാക്കി ക്കൊണ്ട് ജീവനോപാധി പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കലും.
- പ്രകൃതി ദുരന്തങ്ങൾക്കിരയാകുന്നവർക്ക് അടിയന്തിര സഹായം നൽകുക, പ്രകൃതിക്ഷോഭങ്ങളും അത്യാഹിതങ്ങളും സംഭവിക്കുന്ന അവസരത്തിൽ പട്ടികജാതിക്കാരായ എം.ജി.എൻ.ആർ.ജി.എസ് തൊഴിലാളികൾക്ക് അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള അടിയന്തിര ധനസഹായവും നൽകുക.
- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നൽകുന്ന കൃഷി ഭൂമി വായ്പാ പദ്ധതിക്ക് സബ്സീഡി നൽകുക.
- പാലക്കാട് എഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാപണികൾക്കും ഉൾപ്പെടെയുള്ള സഹായം
- പട്ടികജാതിക്കുരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിന് KELPAM ന് സഹായം.

ഡയറക്ടറേറ്റിന്റെ കീഴിലുള്ള പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെല്ലിന്റെ എം.ഐ.എസ്. യൂണിറ്റിന്റെ സഹായത്തോടെ ഡയറക്ടറേറ്റിലും എല്ലാ ജില്ലകളിലും കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ പുരോഗതി ത്രൈമാസത്തിലൊരിക്കൽ പ്രത്യേക അവലോകനം നടത്തേണ്ടതാണ്.

**7. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സാമ്പത്തിക വികസന പരിപാടികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്വയം സഹായക സംഘങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നു. 2021-22 വർഷം 200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുന്നു. ഇതിൽ 185 ലക്ഷം രൂപ 37 വനിതാ സ്വയം സഹായക സംഘങ്ങൾക്ക് 5 ലക്ഷം രൂപ നിരക്കിൽ സഹായം നൽകുന്നതിനും, 15 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനുമുള്ള ചെലവുകൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. കോവിഡിന്റെ-19 ന്റെ വ്യാപന പശ്ചാത്തലത്തിൽ നഷ്ടപ്പെട്ട ജീവനോപാധി പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 100 ശതമാനം തുക വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**8. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം**

**(വിഹിതം: 8339.00 ലക്ഷം രൂപ)**

വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചടങ്ങുകൾക്കായി അവരുടെ മാതാപിതാക്കൾക്ക് 1,25,000 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നു. 2021-22 ൽ 8339.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തുന്നു. ധനസഹായ നിരക്ക് നൽകുന്നത് സർക്കാർ മാനദണ്ഡപ്രകാരമായിരിക്കും.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**9. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പഠനത്തിലും കായിക തലത്തിലും മികവു പുലർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5 മുതൽ 12 ക്ലാസുവരെ താമസ സൗകര്യം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നൽകുന്നതിനാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളത്. 2021-22 വർഷം ഈ പരിപാടിക്കായി 1500.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- എസ്റ്റാബ്ലിഷ്മെന്റ് ചെലവ് (വേതനവും അലവൻസുകളും) ഒഴികെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളുടെയും ദൈനംദിന നടത്തിപ്പിനായുള്ള എല്ലാ ചെലവുകളും.
- അധിക നിർമ്മാണ പ്രവൃത്തികൾ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അറ്റകുറ്റപ്പണികൾ, മാലിന്യ സംസ്കരണം, ലാൻഡ്-സ്കേപ്പിംഗ്, കുടിവെള്ളം, ശുചിത്വം, ഊർജ്ജവും ഇതര ഊർജ്ജ സ്രോതസ്സുകൾ, വൈദ്യുതീകരണം എന്നീ ചെലവുകൾ.

- കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പുതുതായി സ്ഥാപിച്ച രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ.
- വകുപ്പിനു കീഴിലുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും (പുതിയതും അധികവുമായി) പ്ലസ് വൺ, പ്ലസ് ടു ബാച്ചുകൾ ആരംഭിക്കുന്നതിനുള്ള ചെലവുകൾ.
- വിദ്യാർത്ഥികൾക്ക് യൂണിഫോം, നൈറ്റ് ഡ്രസ്സുകൾ, അടി വസ്ത്രം, രണ്ട് ജോടി സ്വെറ്റർ, ബാഗ്, കുട, ഷൂസ്, സോക്സ് എന്നിവയ്ക്കുള്ള ചെലവുകൾ.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ മേട്രൺ കം ട്യൂട്ടറെ (എം.സി.ആർ.റ്റി) നിയമിക്കൽ, ന്യൂട്രീഷ്യൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പോഷകാഹാരം നൽകൽ, ഇടവിട്ടുള്ള മെഡിക്കൽ പരിശോധനകൾ, കൗൺസിലിംഗ്, പത്രമാസികകൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ
- പാഠ്യവിഷയങ്ങളിലെ/കായിക ഇനങ്ങളിലെയും പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും വിവിധ മത്സരങ്ങളിലെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ദുർബല വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനത്തിനാവശ്യമായ പ്രത്യേക പരിശീലനം
- സംസ്ഥാന, ദേശീയ തലങ്ങളിൽ കലാമത്സരങ്ങളും സ്പോർട്സ് മീറ്റുകളും നടത്തുന്നതിനും സെമിനാറുകൾക്കുമുള്ള ചെലവ്
- സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിലെ ജേതാക്കൾക്ക് ക്യാഷ് പ്രൈസുകളും അവാർഡുകളും നൽകുന്നതിനുള്ള ചെലവുകൾ.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിപാടി, അധിക നൈപുണ്യ ആർജ്ജവ പരിപാടി, എൻ.സി.സി., എൻ.എസ്.എസ്, സമാന മാതൃകയിലെ മറ്റു പരിപാടികൾ എന്നിവ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സ്പോർട്ട്സ് സ്കൂളുകളിലും നടത്തുന്നതിനുള്ള ചെലവുകൾ
- പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമുള്ള യാത്രാബത്ത.
- പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലെ താമസക്കാരായ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും, ഫീൽഡ് വിസിറ്റുകൾ നടത്തുന്നതിനും മികവിന്റെ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുമുള്ള ചെലവുകൾ.
- അടിയന്തിര സാഹചര്യങ്ങളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവുകൾ.
- ആധുനിക മേഖലകളിൽ തൊഴിൽക്ഷമത ഉറപ്പുവരുത്തുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താമസ സൗകര്യത്തോടുകൂടിയ നൈപുണ്യ വികസന പരിശീലനം നടത്തുന്നതിനുള്ള ഫിനിഷിംഗ് സ്കൂളുകളും, നൈപുണ്യ കേന്ദ്രങ്ങളും.
- വിവിരസാങ്കേതിക സേവനങ്ങൾ, ഓൺലൈൻ പോലെയുള്ള പ്രവേശനവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടെയുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം.

**10. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം**

**(വിഹിതം: 24500.00 ലക്ഷം രൂപ)**

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. വിദ്യാഭ്യാസ സഹായങ്ങളായ സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ പ്രത്യേക പരിശീലനങ്ങൾ, പരിഹാര പരിശീലനങ്ങൾ, പഠനയാത്രകൾ മുതലായവ ഈ പദ്ധതിയിലൂടെ

നൽകിവരുന്നു. ഈ പദ്ധതിയ്ക്ക് മൂന്നുഘടകങ്ങളാണുള്ളത്. എ) വിദ്യാഭ്യാസ സഹായം ബി) പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി 2021-22 ൽ 24500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**എ) വിദ്യാഭ്യാസ സഹായം**

**(വിഹിതം:15000.00 ലക്ഷം രൂപ)**

- പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള റസിഡൻഷ്യൽ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് തലങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, കോഴ്സ് ഫീസും കോഴ്സുമായി ബന്ധപ്പെട്ട മറ്റെല്ലാ ചെലവുകളും, പോക്കറ്റ് മണി, പ്രീ-മെട്രിക് സ്കോളർഷിപ്പ്, പഠനയാത്ര എന്നിവയ്ക്കുള്ള ചെലവുകൾ.
- ആൾ ഇന്ത്യാ തലത്തിൽ നീറ്റ്/ജെ.ഇ.ഇ എന്നിവ പാസ്സായ അംഗീകൃത യൂണിവേഴ്സിറ്റി/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ വാങ്ങുന്നതിന് ധനസഹായം നൽകുക. എം.ബി.എ, എം,എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ, എം.ബി.ബി.എസ്, ബിഡി.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്സ്.സി & എ.എച്ച്, ബി.ടെക്, ബി.ആർക്ക്, എം.ഫിൽ, പി.എച്ച്.ഡി, എം.ടെക്, ഐ.റ്റി.ഐ, പോളിടെക്നിക്ക് എന്നീ കോഴ്സുകൾക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ്പ് വാങ്ങുന്നതിന് അർഹതയുണ്ട്. രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ മെരിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ ഈ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കാണ് ഇതിനർഹത. ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമെ ലാപ് ടോപ്പ് നൽകുവാൻ പാടുള്ളു.. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലാപ് ടോപ്പ് ഗുണഭോക്താവിന് ലഭ്യമായിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്ഥാപനത്തിന്റെ മേധാവി/പ്രിൻസിപ്പൽ വഴി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
- പഠനത്തിൽ നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനവും പരിഹാര പരിശീലനവും
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പഠനയാത്രയിൽ കുട്ടികൾക്ക് ആകസ്മികമായി ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെയുള്ള യാത്രാചെലവുകൾ സർക്കാർ നിർദ്ദേശിച്ച നിരക്കിൽ നൽകുക.
- പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന/യൂണിവേഴ്സിറ്റി തലങ്ങളിലെ മികവിന് ക്യാഷ് അവാർഡ്
- നഴ്സറി സ്കൂളുകൾ, പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ എം.ആർ.ഐ.റ്റി.ഐ/ഐ.റ്റി.ഐ ഹോസ്റ്റലുകൾ എന്നിവയുടെ ദൈനംദിന നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും, (ശമ്പളവും അലവൻസുകളും ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഒഴികെ) റിപ്പയറും അറ്റകുറ്റപ്പണികളും, മാലിന്യ സംസ്കരണം, ലാന്റ് സ്കേപ്പിംഗ്, കുടിവെള്ളം, ശുചിത്വം, ഊർജ്ജവും ഇതര ഊർജ്ജ സ്രോതസ്സുകളും, ഹോസ്റ്റലുകളിലെ താൽക്കാലിക ജീവനക്കാരുടെ ഓണറേറിയം, നഴ്സറി സ്കൂളുകളിലെ പ്രവേശനോൽസവം, ന്യൂട്രീഷൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പോഷകാഹാരത്തിനുള്ള തുക, ഐ.ടി.ഐ കളിൽ ഉച്ചഭക്ഷണവും പോഷകാഹാര പരിപാടിയും, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ, ഓൺലൈൻ അഡ്മിഷൻ, വെബ് സൈറ്റുകൾ മുതലായ ഇ-ഗവേണൻസും നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ

വകുപ്പ് നടത്തിവരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക വിദ്യാഭ്യാസം സാധ്യമാക്കുന്ന തരത്തിൽ അവയെ ആധുനീകരിക്കുകയാണ് ഉദ്ദേശ്യം.

- ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം:- 44 ഐ.ടി.ഐ-കളിൽ ആവശ്യമായ നിർമ്മാണ പണികൾ നടത്തുക, യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാങ്ങുക, താൽക്കാലിക ജിവനക്കാർക്ക് ഓണറേറിയവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തി ഐ.ടി.ഐ കളുടെ അംഗീകാരം നിലനിർത്തുകയും പുതിയ ട്രേഡുകൾക്കും അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകൾക്കും അംഗീകാരം നേടിയെടുക്കുക, ഡി.ജി.ഇ.&ടി നിർദ്ദേശങ്ങൾക്കനുസരിച്ച് ആധുനികവൽക്കരണ പ്രവർത്തനങ്ങൾ യഥാസമയങ്ങളിൽ ചെയ്യുക, ഐ.ടി.ഐ. കളിലെ നിലവിലുള്ള ട്രേഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പുതിയതും തൊഴിലധിഷ്ഠിതവുമായ ട്രേഡുകൾ ആരംഭിക്കുക, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കുക, ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പടെയുള്ള റിഫ്രഷർ കോഴ്സുകൾക്കുള്ള ചെലവുകൾ, നൈപുണ്യ വികസന പരിപാടികൾ, അധിക നൈപുണ്യ ആർജ്ജവ പരിപാടി (ASAP) പോലെയുള്ള എല്ലാ പദ്ധതികളും നടത്തുന്നതിനുള്ള ചെലവുകളും ടൂൾ കിറ്റുകളുടെ വിതരണവും
- ഒന്നുമുതൽ നാലുവരെയുള്ള പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും അഞ്ചു മുതൽ എട്ടു വരെയുള്ള പ്രീ സെക്കന്ററി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ മാനദണ്ഡങ്ങളനുസരിച്ചുള്ള ധനസഹായം.
- അപ്രന്റീസുകളുടെ പരിശീലന പരിപാടികൾക്കും വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിനത്തിനുമുള്ള ചെലവുകൾ.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, നൈറ്റ് ഡ്രസ്സുകൾ, അടിവസ്ത്രം, ബാഗ്, കുട, ഷൂസ്, സോക്സ്, എന്നിവയ്ക്കുള്ള ചെലവുകൾ.
- എല്ലാ മെഡിക്കൽ വിദ്യാർത്ഥികൾക്കും സ്റ്റെതസ്കോപ്പ് നൽകുന്നതിനുള്ള ധനസഹായം
- ഐ.ടിഐ. കളിലും, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലും വിവധ തലങ്ങളിലായി വാർഷിക കലാ കായികമേളകൾ നടത്തുന്നതിനും, സാംസ്കാരിക മേളകളും, ക്യാമ്പുകളും നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം.
- വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് ധന സഹായം നൽകുക
- വിദേശ വിദ്യാഭ്യാസത്തിനായുള്ള ധനസഹായവും, വിവര വ്യാപന പ്രവർത്തനങ്ങളും (ശില്പശാലകൾ, യോഗങ്ങൾ തുടങ്ങിയവ)
- മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആവശ്യമായ പ്രാരംഭ ചെലവുകൾക്കായി യഥാക്രമം 10,000 രൂപ, 5,000 രൂപ നിരക്കിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുക.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുക.
- സ്വാശ്രയ മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിലെയും പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം വിദ്യാഭ്യാസ സഹായം നൽകുക.

- പഠന സാമഗ്രികൾ, കളിപ്പാട്ടങ്ങൾ, പോഷകാഹാരം വസ്ത്രം, അദ്ധ്യാപകർക്കും സഹായികൾക്കും ഓണറേറിയം എന്നിവ നൽകികൊണ്ട് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീപ്രൈമറി സ്കൂളുകളുടെ നടത്തിപ്പ്.
- സന്നദ്ധ സംഘടനകളുടെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുക.
- പ്രീ-മെട്രിക് ഹോസ്റ്റലുകളിലെയും ഹൈസ്കൂളുകളിലെയും അപ്പർ പ്രൈമറി ക്ലാസ്സുകളിലെയും വിദ്യാർത്ഥികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുക.
- യുവജനോത്സവങ്ങളിലും, സ്പോർട്ട്സ് മീറ്റലും എ ഗ്രേഡും 10,12 ക്ലാസുകളിൽ എ പ്ലസും നേടിയവർ ഉൾപ്പെടെ പാഠ്യ വിഷയങ്ങളിലും പാഠ്യേതരമേഖലകളിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് പ്രൈസും അവാർഡും.
- വിവിധ പരിക്ഷകളിൽ എ പ്ലസ് നേടുന്നവർക്കും യുവജനോൽസവങ്ങളിലും മറ്റു കലാരംഗങ്ങളിലും എ ഗ്രേഡു ലഭിക്കുന്നവർക്കും ക്യാഷ് പ്രൈസ് പോലുള്ള പ്രത്യേക ഇൻസന്റീവ് നൽകുന്നതിനുള്ള സഹായം.
- അയ്യങ്കാളി ടാലന്റ് സർച്ച് സ്കോളർഷിപ്പ് പദ്ധതി.
- അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഹയർ സെക്കഡറി തലത്തിലും എഞ്ചിനിയറിംഗിലും മറ്റു പ്രൊഫഷണൽ കോഴ്സുകളിലും പഠനം ഉപേക്ഷിച്ചുപോയ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് സാമ്പത്തിക സഹായം.
- അണ്ടർ ഗ്രാഡുവേറ്റ് വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം.
- വിദ്യാഭ്യാസത്തോട് നല്ല മനോഭാവം ഉണ്ടാക്കാനും കുട്ടികളെ ലക്ഷ്യബോധം ഉള്ളവരാക്കി മാറ്റുന്നതിനുമായി രക്ഷാകർത്താക്കൾക്ക് പ്രചോദനം നൽകുന്നതിനുള്ള പരിപാടി.
- രാജ്യത്തെ സർക്കാർ, സ്വകാര്യ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന സിവിൽ സർവ്വീസ് പരിശീലനാർത്ഥികൾക്ക് സ്കോളർഷിപ്പ്.
- കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷയിൽ പങ്കെടുക്കുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം
- അക്ഷയകേന്ദ്രം വഴി വിദ്യാഭ്യാസ ധന സഹായങ്ങൾക്കായുള്ള വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള ചെലവ്.
- പ്രകൃതിദുരന്തത്തിന് ഇരയായവർക്ക് ടെക്സ്റ്റ് ബുക്കുകൾ, നോട്ട് ബുക്കുകൾ, ലാപ് ടോപ്പ്, പഠനമേശ എന്നീ പഠന സാമഗ്രികൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം.
- പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് വിവിധ തലങ്ങളിൽ കലാമത്സരങ്ങളിലും യുവജോനോത്സവങ്ങളിലും പങ്കെടുക്കുന്നതിന് ആവശ്യമായ സംഗീതഉപകരണങ്ങളും വസ്ത്രങ്ങളും വാങ്ങുന്നതിന് സർക്കാർ അംഗീകൃത നിരക്കിലുള്ള സഹായം.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടയ്ക്കുന്നതിന് വകുപ്പ് മുഖേനയുള്ള സഹായം.

**ബി) പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 7500.00 ലക്ഷം രൂപ)**

പാലക്കാട് മെഡിക്കൽ കോളേജിലെ മെഡിക്കൽ കോളേജ് ബ്ലോക്ക്, ആശുപത്രി ബ്ലോക്ക് എന്നിവയുടെ കെട്ടിട നിർമ്മാണം, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഹോസ്റ്റൽ കെട്ടിടം, മറ്റ് സിവിൽ, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിങ്ങനെയുള്ള നിർമ്മാണ പ്രവൃത്തികൾക്കും മറ്റ് പ്രവൃത്തികൾക്കുമായി 7500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനു വിധേയമായിട്ടാണ് പ്രസ്തുത തുക വിനിയോഗിക്കേണ്ടത്. ഈ സ്ഥാപനത്തിൽ മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ഈ തുക ഉപയോഗിക്കാവുന്നതാണ്.

**സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ നഴ്സറികൾ ഐ.റ്റി.ഐ/എം.ആർ.ഐ.റ്റി.ഐ ഹോസ്റ്റലുകൾ വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം എന്ന പദ്ധതിയ്ക്കായി അനുവദിച്ച ആകെ തുകയിൽ നിന്നും ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ 27 ശതമാനത്തോളം തുക വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**11. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

പട്ടികജാതിക്കാർക്കിടയിലുള്ള തൊഴിലില്ലായ്മയുടെ കാരണം ആധുനിക തൊഴിലുകളിലുള്ള നൈപുണ്യത്തിന്റെ അഭാവമാണ്. പട്ടികജാതി യുവതിയുവാക്കളിലെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അവർക്ക് നൈപുണ്യവികസന പരിപാടികൾ നൽകിവരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായമായി 5000.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപറയുന്നവയാണ്.

- വ്യവസായം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി കൂടിച്ചേർന്ന് നടപ്പിലാക്കുന്ന പ്രാദേശാധിഷ്ഠിത ജീവനോപാധി പരിപാടികൾ.
- സംഘടിത മേഖലയിൽ തൊഴിൽ ലഭിക്കുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും അവയുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹായത്തോടെ മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ വഴിയുള്ള സംരംഭകത്വ വികസന പരിശീലനവും നൈപുണ്യ വികസന പരിശീലനവും.
- പട്ടികജാതി വിഭാഗക്കാർക്ക് മുൻതൂക്കമുള്ള സ്വയം സഹായ സംഘങ്ങൾക്കും പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും കുടുംബശ്രീയുടെയും കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിലിന് പരിശീലനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുക, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പരിശീലനം നൽകി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്

സാമ്പത്തിക സഹായം നൽകുക, സഹകരണ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.

- സ്വയംതൊഴിൽ പദ്ധതിയ്ക്ക് സബ്സിഡി നൽകുന്നതിന് വേണ്ടിവരുന്ന ചെലവുകൾ.
- കല, കായികം, സിനിമ, ഗോത്ര സംസ്കാരം, എന്നീ മേഖലകളിൽ കഴിവ് തെളിയിച്ച പട്ടികജാതിക്കാർക്ക് പരിശീലനം ഉൾപ്പടെയുള്ള മാനവ വിഭവശേഷി വികസനം.
- വകുപ്പിന് കീഴിലുള്ള അപ്രന്റീസ് ക്ലാർക്ക് കം ടൈപ്പിസ്റ്റിനുള്ള പ്രതിമാസ സ്റ്റൈപ്പന്റ്.
- എസ്. സി പ്രൊമോട്ടർക്കുള്ള ഹോണറേറിയവും പരിശീലനത്തിനുള്ള ചെലവുകളും.
- നാടൻ കലാമേള, ഗദ്ദിക, സാഹിത്യോത്സവം, ടൂറിസം ഫ്ലോട്ട് മുതലായവയ്ക്കുള്ള സഹായം.
- സാംസ്കാരിക പരിപാടികൾ, വാണിജ്യമേളകൾ, തൊഴിൽ മേളകൾ എന്നിവയിൽ പങ്കെടുക്കാനും സംഘടിപ്പിക്കാനുമുള്ള ചെലവുകൾ.
- വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്കായുള്ള സാമ്പത്തിക സഹായം.
- സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (പി.ഇ.റ്റി.സി), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യുക്കേഷൻ ഓഫ് സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.റ്റി), സൈബർശ്രീ, മറ്റ് പ്രശസ്ത സ്ഥാപനങ്ങൾ എന്നിവ അനുയോജ്യമായ പ്രോജക്ടുകൾ സമർപ്പിക്കുന്നത് പരിശോധിച്ച് ധനസഹായം നൽകുക.
- സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും നൽകുക. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50 ശതമാനം സബ്സിഡിയോടെ മുദ്രാ ലോൺ ലഭ്യമാക്കുക.
- സംരംഭങ്ങൾക്ക് സമഗ്രമായ മൂലധന പിന്തുണ നൽകുന്നതിനായി രൂപീകരിച്ച വിദഗദ്ധ കമ്മിറ്റിയുടെ ശുപാർശയോടെ അർഹതയുള്ള പട്ടികജാതി സ്റ്റാർട്ട് അപ് മിഷനുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുക.
- വിവര സാങ്കേതികവിദ്യാ (ഐ.റ്റി) മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും വിദഗ്ധരുടെയും സഹായത്തോടെ സോഫ്റ്റ് സ്കിൽ പരിശീലനവും ഇ-റിസോഴ്സുമായി ബന്ധപ്പെട്ട കരിയർ വികസനവും.
- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം.
- അവസാനവർഷ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭാവിയിൽ അനുയോജ്യമായ ജോലി തെരഞ്ഞെടുക്കുന്നതിനുള്ള കരിയർ ഓറിയന്റേഷൻ പ്രോഗ്രാം.
- എല്ലാ ജില്ലകളിലും പി.ഇ.റ്റി.സി കൾ ആരംഭിക്കലും അവയുടെ നവീകരണവും.
- പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 40 ശതമാനത്തോളം വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## 12. പട്ടികജാതിക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം)

പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു

**എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് എസ്.സി.പി (51 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ കേന്ദ്ര വിഹിതം നേരിട്ട് കോർപ്പറേഷന് നൽകുന്നു. വരുമാനദായക പദ്ധതികൾ, തൊഴിലധിഷ്ഠിത പദ്ധതികൾ, സ്ത്രീകൾക്കായുള്ള പദ്ധതികൾ, വിവിധ മേഖലകളിലെ സാമൂഹിക ക്ഷേമ പരിപാടികൾ എന്നിവയ്ക്ക് കോർപ്പറേഷൻ ധനസഹായം നൽകുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തി അവരെ സാമ്പത്തിക വികസന പദ്ധതിയിൽ പങ്കാളികളാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും കുറഞ്ഞ പലിശ നിരക്കിൽ പണവും സബ്സിഡികളും ലഭ്യമാക്കുന്നത് വഴി അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ദളിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (DICCI) പോലുള്ള ഏജൻസികളുടെ സഹായത്താൽ പട്ടികജാതി സമുദായത്തിലെ ഊർജ്ജസ്വലരായ സംരംഭകരുടെ ഒരു കോർഗ്രൂപ്പ് രൂപീകരിക്കുവാനും ലക്ഷ്യമിടുന്നു. ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്കുള്ള മൈക്രോ വായ്പയ്ക്ക് തടസ്സം വരാതെ പട്ടികജാതി സംരംഭകർക്ക് മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി സഹായം നൽകാനും ഉദ്ദേശിക്കുന്നു. പ്രളയബാധിത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും വായ്പ, കാർഷിക, ക്ഷീര മേഖലകളിലെ പ്രവർത്തനങ്ങൾക്ക് പ്രവർത്തന മൂലധനം, വ്യക്തിഗത വായ്പ എന്നിവ നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

2021-22 ൽ പദ്ധതിയിലൂടെ വിവിധ പരിപാടികൾക്കായി 2500.00 ലക്ഷം രൂപ 51 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ, ഗുണഭോക്തൃ അധിഷ്ഠിത പദ്ധതി, വിവിധോദ്ദേശ്യ യൂണീറ്റ് ലോൺ, വാഹന വായ്പ, ചെറുകിട വായ്പാ പദ്ധതി, ലഘു വ്യവസായ യോജന, സ്ത്രീശാക്തീകരണ പദ്ധതി, മഹിളാ സമൃദ്ധി യോജന, സ്റ്റാർട്ട് അപ് സംരംഭകർക്കും പ്രവാസികളുടെ പുനരധിവാസത്തിനുമുള്ള വായ്പ, വിദേശത്ത് തൊഴിൽ തേടുന്നതിനും, വിദ്യാഭ്യാസം, വിവാഹ സഹായം, വിദേശ വിദ്യാഭ്യാസം, ഭവന നിർമ്മാണവും നവീകരണവും മൃഗസംരക്ഷണം എന്നിവയ്ക്ക് വേണ്ടിയുള്ള വായ്പയും ഉൾപ്പെടുന്നു.

**ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 250.00 ലക്ഷം രൂപ)**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതിയ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം, നിലവിലെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതിയാണിത്. പട്ടികജാതിക്കാർക്കായി എല്ലാ ജില്ലകളിലും 11 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 42 പ്രീ മെട്രിക് ഹോസ്റ്റലുകളും ഉണ്ട്. ആറ് കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള തുകയും ഇതിലുൾപ്പെടുന്നു.

2021-22 ൽ ഈ പദ്ധതിയ്ക്കുള്ള 50 ശതമാനം സംസ്ഥാന വിഹിതമായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി) പൗരവകാശ  സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും, നടപ്പാക്കൽ (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1250.00 ലക്ഷം രൂപ)**

പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനായി 1989 ൽ  പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം നടപ്പിലാക്കി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രങ്ങൾ, തൊട്ടു കൂടായ്മ, എന്നിവയ്ക്ക് ഈ നിയമങ്ങൾ ശിക്ഷ ഉറപ്പാക്കുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതി, പോലീസ് സ്റ്റേഷൻ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്.  ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്

- 1955 ലെ പൗരാവകാശ സംരക്ഷണം നിയമം നടപ്പാക്കലും 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും
- പട്ടികജാതി സംരക്ഷണസെൽ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ ശക്തിപ്പെടുത്തലും നടത്തിപ്പും
- പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും
- അതിക്രമങ്ങൾക്ക് ഇരയായവർക്ക് സഹായവും പുനരധിവാസവും നൽകുക
- മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുക–കേന്ദ്ര പദ്ധതിയായ ഡോ.അംബേദ്കർ സ്കീം പദ്ധതിയിലേത് പോലെ 01.04.2019 മുതൽ മിശ്ര വിവാഹിതരായ ദമ്പതികൾക്ക് 2.50 ലക്ഷം രൂപ വീതം ധനസഹായം
- ബോധവത്കരണം, സാമൂഹിക ഐക്യദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരിശീലനം,  നേതൃത്വ പരിശീലനം, വിജിലൻസ് ആന്റ് മോണിട്ടറിംഗ് എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ

2021-22 ൽ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന 1250.00 ലക്ഷം രൂപയിൽ 250.00 ലക്ഷം രൂപ പ്രത്യേക കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും അതിന്റെ നടത്തിപ്പിനും വേണ്ടിയാണ്.

**13. വാത്സല്യ നിധി**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും, അവരുടെ കഴിവുകളും, സാമൂഹിക നിലവാരവും മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ഇൻഷ്വറൻസ്  ബന്ധിത സാമൂഹിക സുരക്ഷ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.  പെൺകുട്ടി പത്താം ക്ലാസ്സ് പാസ്സാവുകയും 18 വയസ്സ് പൂർത്തിയാക്കുകയും ചെയ്യുമ്പോൾ കാലാവധി പൂർത്തീകരിക്കുന്ന ഒരു ദീർഘകാല നിക്ഷേപ പദ്ധതിയാണിത്. ഈ പദ്ധതി വഴി, പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പൂർണ്ണമായ രോഗ പ്രതിരോധകുത്തിവയ്പ്പുകൾ, സ്കൂൾ പ്രവേശനം, പത്താം ക്ലാസ് വരെയുള്ള പഠനം ഉൾപ്പടെ കുട്ടിയുടെ ജനനം മുതലുള്ള സമഗ്ര വികസനം ഉറപ്പു വരുത്തുകയും ചെയ്യുന്നു. 18 വയസ്സ് പൂർത്തിയാകുമ്പോൾ നിശ്ചിത തുക അനുവദിച്ച് പദ്ധതി പൂർത്തീകരിക്കുന്നു.  രക്ഷിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. ഇൻഷ്വറൻസ് തുക ഉന്നത വിദ്യാഭ്യാസത്തിനോ മെച്ചപ്പെട്ട ജീവിതം കെട്ടിപ്പെടുത്തുന്നതിനോ ഉപയോഗിക്കാവുന്നതാണ്.

ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് പ്രീമിയം അടവ് നിരീക്ഷിക്കുന്നതിനുള്ള മോണിട്ടറിംഗ് സോഫ്റ്റ് വെയറിന്റെ നവീകരണവും പുതുക്കലും ഈ പദ്ധതിയുടെ ഭാഗമാണ് 2021-22-ൽ 1,200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുന്നു.

**14. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്ക് വേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ ജോലിയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ വലിയ പങ്ക് ഭക്ഷണത്തിനും താമസത്തിനുമായി നൽകുന്നത് ഒഴിവാക്കുന്നതിന് സഹായിക്കുന്നു. 2021-22-ൽ 250.00 ലക്ഷം രൂപ ഈ പദ്ധതിയിലൂടെ ഭൂമി വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുന്നു.

**15. ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതി**

**(വിഹിതം: 7000.00 ലക്ഷം രൂപ)**

മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 1000 പട്ടികജാതി കോളനികളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പരമ്പരാഗതമായി പട്ടികജാതിക്കാരുടെ താമസസ്ഥലങ്ങൾ താണ പ്രദേശങ്ങളിലായതിനാൽ മഴക്കാലത്ത് മിക്കവാറും നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. പ്രളയമുണ്ടാകുമ്പോൾ മാത്രമല്ല സാധാരണ മൺസൂൺ കാലത്തും ഇത് ഇവരെ ദുരിതത്തിലാക്കുന്നു. അതുകൊണ്ട് ഇത്തരം പട്ടികജാതി കോളനികളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമം വരും വർഷത്തിൽ ഏറ്റെടുക്കുന്നതാണ്. കോളനികളുടെ ആവശ്യകത നിർണ്ണയിച്ചതിനു ശേഷം പദ്ധതി നടപ്പിലാക്കുകയും ഓരോ കോളനിയ്ക്കും പരമാവധി 1.00 കോടി രൂപ വീതം സഹായം നൽകുന്നതുമാണ്. സംസ്ഥാനത്തെ വെള്ളപ്പൊക്കബാധിത കോളനികൾക്ക് മുൻഗണന നൽകുന്നതാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- കുടിവെള്ളം, ടോയ് ലറ്റും ശുചിത്വ സംവിധാനവും, മാലിന്യ സംസ്കരണം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, ഭൂസംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലം കമ്മ്യൂണിറ്റിഹാൾ, ഭവനം നവീകരണം എന്നിവ.
- കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ജീവനോപാധി പ്രവർത്തനങ്ങളായ കൃഷി, മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ, മൂല്യവർദ്ധിത ഉൽപന്ന സംസ്കരണം, നെയ്ത്ത്, ഈറ്റ കൊണ്ടുള്ള കരകൗശല വസ്തുക്കൾ തുടങ്ങിയ വരുമാന ദായക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.
- കോളനിയ്ക്കകത്തും കോളനിയുടെ സമീപത്തുമുള്ള ശ്മശാനങ്ങളുടെ സംരക്ഷണവും നവീകരണവും.
- മുൻ വർഷങ്ങളിൽ അനുവദിക്കപ്പെട്ട കോളനി വികസന പദ്ധതികളുടെ പൂർത്തീകരണം. മുൻവർഷങ്ങളിൽ ഏറ്റെടുത്ത വികസന പരിപാടികളുടെ പൂർത്തീകരണത്തിന് മുൻതൂക്കം നൽകേണ്ടതാണ്.

പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും ശേഷവും കോളനികളുടെ ഡോക്യുമെന്റേഷൻ നടത്തേണ്ടതാണ്. 2021-22 ൽ പദ്ധതിയ്ക്കായി 7000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**16. ആരോഗ്യ സുരക്ഷാ പരിപാടി**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

ആരോഗ്യ സുരക്ഷാ പരിപാടിയിൽ, അർഹരായ രോഗികൾക്കും വൃദ്ധർക്കും ആരോഗ്യ പരിചരണം നൽകുന്നു. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

- സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ചികിത്സാ സാമ്പത്തിക സഹായം
- മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും പൂർണ്ണ ആരോഗ്യ സംരക്ഷണ പരിപാടി
- പട്ടികജാതി വികസന വകുപ്പ് ധനസഹായം നൽകി വരുന്ന ഹോമിയോ ആശുപത്രികളുടെ ആവർത്തനചെലവുകൾ
- പ്രത്യേക മാനസികാരോഗ്യ പരിപാടി
- വൃദ്ധസദനങ്ങൾ സജ്ജമാക്കി വൃദ്ധജനപരിപാലനവും സാന്ത്വന പരിപാലനവും നൽകുക
- ആരോഗ്യ വകുപ്പിന്റെയും കുടുംബശ്രീ മിഷന്റെയും സഹായത്തോടെ പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും ലഹരി വിരുദ്ധ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കൽ
- ആരോഗ്യ പരിപാലന പരിപാടിയുമായി ബന്ധപ്പെട്ട ഹോണറേറിയവും, അലവൻസുകളും ഉൾപ്പെടെയുള്ള ചെലവുകൾ
- നഴ്സിംഗ്, പാരാമെഡിക്കൽ, ലാബ് അസിസ്റ്റന്റ് എന്നീ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ്
- ഭിന്നലിംഗക്കാർക്കായുള്ള പ്രത്യേക ആരോഗ്യ സംരക്ഷണ പരിപാടി
- പ്രകൃതി ദുരന്തത്തിനിരയായവർക്കും, തീപിടുത്തം, അപകടം കുടുംബത്തിലെ വരുമാനദായകർക്ക് ഉണ്ടാകുന്ന മരണം എന്നിവയ്ക്കും ആശ്വാസ നടപടിയായുള്ള ധനസഹായം

2021-22 വർഷം ഇതിലേക്കായി 5000.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും 4000.00 ലക്ഷം രൂപ ചികിത്സാ സഹായമായും 500.00 ലക്ഷം രൂപ ദുരിതാശ്വാസ നടപടികൾക്കുമായും 500.00 ലക്ഷം രൂപ മറ്റു ഘടകങ്ങൾക്കുമായും വകയിരുത്തിയിട്ടുണ്ട്.

**17. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം**

**(വിഹിതം: 7500.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിൽ നിന്നും യാതൊരുവിധ സ്കോളർഷിപ്പുകളും ലഭിക്കാത്ത പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനാണ് ഈ പദ്ധതി. കേന്ദ്ര സർക്കാരിൽ നിന്നും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് അത് സംസ്ഥാനത്തെ സഹായ നിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു.

2021-22 ൽ പദ്ധതിക്ക് 7500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ - എസ്.സി.എസ്.പി**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി ഉപപദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിന് 2021-22 വർഷം 3750.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **പദ്ധതിയുടെ പേര്** | **വിഹിതം (രൂപ ലക്ഷത്തിൽ)** |
|---|---|---|
| എ | പ്രധാൻ മന്ത്രി ആവാസ് യോജന- ഗ്രാമീൺ (പി.എം.എ.വൈ) പട്ടിക ജാതി ഉപപദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം) | 500.00 |
| ബി | ദീൻദയാൽ അന്ത്യോദയ യോജന (ഡി.എ.വൈ.- എൻ.ആർ.എൽ.എം)(40 ശതമാനം സംസ്ഥാന വിഹിതം) | 3,250.00 |
| | **ആകെ** | **3,750.00** |

2021-22 ലെ ബഡ്ജറ്റിന്റെ അനുബന്ധം IV ൽ 3,750.00 ലക്ഷം രൂപയുടെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

**പട്ടിക ജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ.ടു. എസ്.സി.എസ്.പി.)**

**(വിഹിതം: 1,500.00 ലക്ഷം രൂപ)**

പരിമിതമായ വിഭവങ്ങളിൽ നിന്നും ഉല്പാദന ക്ഷമതയും വരുമാനവും കൂട്ടുന്നതിനും പട്ടികജാതിക്കാരുടെ തൊഴിൽ ഘടനയ്ക്ക് അനുസൃതമായ സാമ്പത്തിക പുരോഗമന പദ്ധതികൾക്ക് ഊന്നൽ നൽകുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു ഭാഗം തുക ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കാൻ കഴിയുന്ന സാധ്യമായ പദ്ധതികൾക്കായി നീക്കിവക്കുന്നു. ജില്ലകളിലെ പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായാണ് ഫണ്ടുകൾ വിതരണം ചെയ്യുന്നത്. പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിൻ കീഴിലുള്ള പദ്ധതികളുടെ തുടർച്ചയായ മോണിറ്ററിംഗും അവലോകനവും നടത്തേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഡയറക്ടറേറ്റിലുള്ള ആസൂത്രണ മോണിറ്ററിംഗ് സെൽ അനുയോജ്യമായ രീതിയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടേയും പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള പദ്ധതികളുടെയും മോണിറ്ററിംഗ് നടത്തുന്നതിനായി, സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിയന്ത്രണത്തിൽ സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സെൽ സ്ഥാപിക്കേണ്ടതാണ്. കമ്പ്യൂട്ടർ/ലാപ് ടോപ്പ് മറ്റ അനുബന്ധ സൗകര്യങ്ങൾ, എം.ഐ,എസ് സൗകര്യങ്ങൽ എന്നിവ സെല്ലിൽ ഏർപ്പെടുത്താവുന്നതാണ്. മോണിറ്ററിംഗ് സെൽ ശ്കതിപ്പെടുത്തുന്നേണ്ടതാണ്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വിവിധ വകുപ്പുകൾ മുഖാന്തിരം ജില്ലാ കളക്ടർമാർ നടപ്പിലാക്കുന്ന പദ്ധതികൾ
- എസ്.സി/എസ്.റ്റി കോർപ്പറേഷനുള്ള ധനസഹായം
- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് മുഖേന സാമ്പത്തിക ഉന്നമന പദ്ധതികളുടെ നടത്തിപ്പ്
- പട്ടികജാതി വികസന ഡയറക്ടേറ്റിലെയും ജില്ലാതല ഓഫീസുകളിലെയും പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തൽ. ഇതിനാവശ്യമായ മനുഷ്യ സേവനവും ഉൾപ്പെടുത്താവുന്നതാണ്.

ഇതിലേക്കായി 2021-22 വർഷം 1,500 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

ബി) പട്ടികവർഗ വികസനം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും | 515.00 |
| 2 | പട്ടികവർഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 150.00 |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 200.00 |
| 4 | ഭവന നിർമ്മാണം – അപൂർണമായ വീടുകളുടെ പൂർത്തീകരണം | 5720.00 |
| 5 | ഭവന രഹിത പട്ടികവർഗക്കാർക്ക് ഭവന നിർമ്മാണം (ലൈഫ് മിഷൻ) | 14000.00 |
| 6 | ആദികലാഗ്രാമം | 45.00 |
| 7 | പട്ടിക വർഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | 2521.00 |
| 8 | ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യ സുരക്ഷാ പരിപാടി | 2500.00 |
| 9 | സമഗ്ര പട്ടിക വർഗ ആരോഗ്യ സംരക്ഷണം | 2500.00 |
| 10 | പട്ടിക വർഗ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവ വിഭവ ശേഷി പിന്തുണ | 2737.00 |
| 11 | പട്ടികവർഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ | |
| എ | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനായുള്ള ചെലവുകൾ | 5000.00 |
| ബി | പട്ടികവർഗക്കാർക്കിടയിൽ വിദ്യാഭ്യാസ പ്രോത്സാഹനം | 2560.00 |
| സി | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | 275.00 |
| ഡി | പ്രീ മെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 850.00 |
| 12 | പട്ടികവർഗ വികസന വകുപ്പിന്റെ നവീകരണം | 225.00 |
| 13 | പട്ടികവർഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) | 4000.00 |
| 14 | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി | 5200.00 |
| 15 | ഭൂരഹിതരായ പട്ടിക വർഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) | 5000.00 |
| 16 | പൂൾഡ് ഫണ്ട്- പട്ടികവർഗക്കാർക്കായി മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട് | 300.00 |
| 17 | പട്ടികവർഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം | 1000.00 |
| 18 | അടിയ, പണിയ, പ്രാക്തന ഗോത്ര വർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 250.00 |
| 19 | 1999 ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകൽ നിയമം നടപ്പാക്കലും | 10.00 |
| 20 | പട്ടികവർഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ/ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം | 800.00 |
| 21 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം | 60.00 |
| 22 | പട്ടികവർഗക്കാർക്കുള്ള വരുമാനദായക കാർഷിക ഉദ്യമം | 1000.00 |
| 23 | കിർത്താഡ്സിന്റെ ഗവേഷണവും പരിശീലനവും (പുതിയ പദ്ധതി) | 50.00 |
| 24 | പട്ടികവർഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | |
| എ | അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) | 90.00 |
| ബി | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം – റ്റി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം) | 26.67 |

| | | |
|---|---|---|
| 25 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം) | 875.00 |
| 26 | മ്യൂസിയം കോംപ്ലക്സ് സ്ഥാപിക്കൽ/കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം (10 ശതമാനം സംസ്ഥാന വിഹിതം) | 83.33 |
| | **പട്ടികവർഗ ഉപപദ്ധതി- തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ** | |
| 27 | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) റ്റി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 200.00 |
| 28 | ദീൻദയാൽ അന്ത്യോദയ യോജന (ഡേ-എൻ.ആർ.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) | 1083.00 |
| | **ആകെ** | **59826.00** |

**1. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും**

**(വിഹിതം : 515.00 ലക്ഷം രൂപ)**

ഒരു കുടക്കീഴിൽ വരുന്ന പദ്ധതിയിൽ അഞ്ച് ഉപപദ്ധതികളാണുള്ളത്

**(i) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

അക്കാദമിക തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പട്ടികവർഗവിഭാത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഉപപദ്ധതിയാണിത്. ഈ ഉപപദ്ധതിയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം എസ്.എസ്.എൽ,സി, പ്ലസ്ടു, ബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് പ്രോത്സാഹനം നൽകുന്നു. കലകളിലും സ്പോർട്സിലും പ്രാഗൽഭ്യം തെളിയിക്കുന്നവർക്ക് ക്യാഷ് അവാർഡോ സ്വർണ്ണ മെഡലോ പാരിതോഷികമായി നൽകുന്നു. 2021-22 ൽ ഏകദേശം 750 കുട്ടികളെ ഈ പദ്ധതി വഴി സഹായിക്കാൻ ഉദ്ദേശിക്കുന്നു.

**(ii) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി**

**(വിഹിതം : 50.00 ലക്ഷം രൂപ)**

5 മുതൽ 10-ാം ക്ലാസ്സ് വരെ പഠിപ്പിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ പഠനത്തിനും പാഠ്യേതര പ്രവർത്തികളിലും മികവ് കാണിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർച്ചയായി സഹായം നൽകി വരുന്നു.ധനസഹായം ലഭിക്കുന്ന കുട്ടികളുടെ പഠനകാലയളവിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി കുട്ടികളെ നിരന്തരം നിരീക്ഷിക്കുകയും, കഴിവുകൾ വിലയിരുത്തേണ്ടതാണ്. ഓരോ വർഷവും അഞ്ചാം ക്ലാസിൽ പഠിക്കുന്ന 200 വിദ്യാർത്ഥികളെ ബൗദ്ധിക പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്ക് അനുസരിച്ച് (5 മുതൽ 10 ക്ലാസുവരെ) തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആറ് വർഷത്തേക്ക് ഫർണിച്ചറുകളും ബുക്കുകളും വാങ്ങാനുള്ള സാമ്പത്തിക സഹായം, പ്രതിമാസ സ്റ്റൈപ്പന്റ്, വൈദ്യ സഹായം ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം, ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് തുടങ്ങിയവ നൽകുന്നു. 2021-22 ൽ ഏകദേശം 1200 വിദ്യാർത്ഥികൾക്ക് ഈ ഉപപദ്ധതി പ്രകാരം സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(iii) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം**

**(വിഹിതം : 60.00 ലക്ഷം രൂപ)**

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും, വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം ഈ ഉപപദ്ധതി വഴി നൽകിവരുന്നു. മുൻകൂറായി പണം നൽകുകയും പിന്നീട് ചെലവനുസരിച്ച് ബാക്കി പണം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഭാരത ദർശനം/ഇന്ത്യയിൽ മുഴുവൻ ഉള്ള

പഠനയാത്ര സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകരാത്തോടെ നടത്തുന്നു. 2021-22 ൽ ഏകദേശം 1200 വിദ്യാർത്ഥികൾക്ക് ഈ ഉപപദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**(iv) അനാഥരായ കുട്ടികൾക്കുള്ള സഹായം**

**(വിഹിതം : 105.00 ലക്ഷം രൂപ)**

അനാഥരായ കുട്ടികൾക്ക് പ്രത്യേക ധനസഹായത്തിലൂടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്ന ഉപപദ്ധതിയാണിത്. ഇവർ പ്രായപൂർത്തിയാവുന്നതുവരെയോ വരുമാനം സമ്പാദിക്കാൻ പ്രാപ്തരാകുന്നതുവരെയോ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും വിവരശേഖരണം നടത്തുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിനും വളർത്തുന്നതിനുള്ള സഹായം നൽകുന്നതിനും ഈ തുക വിനിയോഗിക്കുന്നു. 2021-22ൽ ഏകദേശം 670 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**(v) വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം**

**(വിഹിതം : 200.00 ലക്ഷം രൂപ)**

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗക്കാരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകാൻ ഈ ഉപപദ്ധതി ലക്ഷ്യമിടുന്നു. സർക്കാർ അംഗീകരിച്ച കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്യുന്നത്. അപേക്ഷകൾ സ്ഥാപന മേധാവി/പ്രിൻസിപ്പൾ മുഖേന സമർപ്പിക്കേണ്ടതും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും ലാപ് ടോപ്പ് ലഭിച്ചിട്ടില്ല എന്നത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കോഴ്സ് കാലയളവിൽ ഗുണഭോക്താവിന് ഒരിക്കൽ മാത്രമെ ലാപ് ടോപ്പുകൾ നൽകുകയുള്ളു. 2021-22 ൽ ഏകദേശം 450 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

2021-22 ൽ മുകളിൽ പറഞ്ഞ അഞ്ച് ഉപപദ്ധതികൾക്കായി 515.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. പട്ടികവർഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം**

**(വിഹിതം : 150.00 ലക്ഷം രൂപ)**

പട്ടികവർഗ ക്ഷേമ സ്ഥാപനങ്ങളായ കോ-ഓപ്പറേറ്റീവ് ഫാമുകളുടെയും പട്ടികവർഗ സഹകരണ സംഘങ്ങളുടേയും പുനരുജ്ജീവനത്തിലൂടെ പട്ടികർഗ്ഗക്കാരുടെ ഉപജീവനം ഉറപ്പ് വരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നു.

ഈ വിഹിതത്തിലൂടെ ഗ്രാന്റ്/ധന സഹായം നൽകാനായി ഉദ്ദേശിക്കുന്നത്

(i). മാനന്തവാടിയിലെ പ്രിയദർശിനി തേയിലത്തോട്ടത്തിന്റെ വികസനം, എസ്റ്റേറ്റിന്റെ അധികാര പരിധിയിൽ വരുന്ന തേയില ഫാക്ടറികളുടെ നടത്തിപ്പും നവീകരണവും

(ii). അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ - നിലവിലുള്ള ഫാമുകളുടെ വികസനം, വിസ്തൃതി വർദ്ധിപ്പിക്കൽ

(iii). വയനാട്ടിലെ അംബേദ്കർ സ്മാരക ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിന് സഹായം - പട്ടികവർഗ വികസനത്തിനുവേണ്ടി അത്യധികം വൈവിദ്ധ്യമുള്ള നേതൃത്വ പരിശീലനങ്ങൾ, നൈപുണ്യ വികസന പരിപാടികൾ, മറ്റു തൊഴിൽദായക പ്രവർത്തനങ്ങളായ കരകൗശല വസ്തുക്കളുടെ ഉല്പാദനം, തയ്യൽ, കമ്പ്യൂട്ടർ പരിശീലനം, പ്രിന്റിംഗ്, ബുക്ക് നിർമ്മാണം, പി.എസ്.സി പരീക്ഷകൾക്കായുള്ള പരിശീലനം, ഡ്രൈവിംഗ് എന്നിവ നടപ്പാക്കുന്നതിന്.

(iv). ചിണ്ടക്കിയിലുള്ള പട്ടികവർഗ ഹോസ്റ്റലും അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി നടത്തുന്ന ഹൈസ്കൂളിന്റെ പ്രവർത്തന ചെലവ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പ്രസ്തുത സ്കൂളിലെയും ഹോസ്റ്റലിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

(v). പുതുതായി രൂപീകരിച്ച അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്കിന് ഒറ്റത്തവണ പ്രവർത്തന മൂലധനം അനുവദിക്കുക.

ആദ്യം സൂചിപ്പിച്ച മൂന്ന് സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സാമ്പത്തിക ഭദ്രത സംബന്ധിച്ചുള്ള വിലയിരുത്തൽ പഠനം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ നവീകരിക്കാവുന്നതാണ്. കൃഷി, കയർ, മറ്റ് പരമ്പരാഗത മേഖലകളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ സംഘങ്ങളുടെ പുനരുദ്ധാരണവും നവീകരണവും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

2021-22 ൽ ഈ പദ്ധതിയ്ക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി)**

**(വിഹിതം : 200.00 ലക്ഷം രൂപ)**

പട്ടികവർഗവിഭാഗത്തിന്റെ ക്ഷേമ പദ്ധതികളെയും അവകാശങ്ങളേയുംകുറിച്ച് അവർക്ക് അവബോധം ഉണ്ടാക്കുകയും അതിക്രമങ്ങൾക്കും സാമൂഹികതിന്മകൾക്കും എതിരായ പ്രചരണങ്ങൾ നടത്തുകയുമാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

ഈ പദ്ധതിയ്ക്ക് താഴെ പറയുന്ന മൂന്ന് ഘടകങ്ങളുണ്ട്.

**(എ) പബ്ലിസിറ്റി വിഭാഗം/ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ പ്രോജക്ട് (ഐ.ഇ.സി പ്രോജക്ട്)**

ഇതിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

(i). സാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, പട്ടികവർഗക്കാരുടെ നാടൻ കലോത്സവങ്ങൾ തുടങ്ങിയവ നടത്തുക.

(ii). ദൃശ്യശ്രാവ്യ മാധ്യമം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉള്ള വാഹനങ്ങളിൽ പട്ടികവർഗയുവാക്കളെ ഉപയോഗിച്ച് പട്ടികവർഗ ഊരുകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ട്രൈബൽ അഡ്വവക്കസി യൂണിറ്റ് സ്ഥാപിക്കുക (പുതിയഘടകം)

(iii). പട്ടികവർഗക്കാരുടെ ജീവിത രീതി, സംസ്കാരം, ആചാരം എന്നിവയുടെ വീഡിയോ ഡോക്യുമെന്റേഷൻ അടക്കമുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ ജോലികൾ പൂർത്തിയാക്കുക.

(iv). കലാകായിക മികവു പുലർത്തുന്ന പട്ടികവർഗ വിഭാഗങ്ങളിലെ യുവാക്കൾക്ക് സംസ്ഥാനതല, ജില്ലാതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹനം-സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടികൾ.

(v). പട്ടികവർഗ വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച പരിപാടികളുടെ പ്രചാരണം, പരസ്യം, ഡോക്യുമെന്റേഷൻ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ നടത്തുക.

(vi). പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം, കോഴ്സുമായി ബന്ധപ്പെട്ട മറ്റ് സാമഗ്രികൾ നൽകുക.

(vii). നീറ്റ്/എഞ്ചിനീയറിംഗ് പരീക്ഷകളിലെ റാങ്ക് ജേതാക്കൾക്കും എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കും അവാർഡായി സ്വർണ്ണ മെഡൽ നൽകുക.

(viii). പട്ടികവർഗ വികസന വകുപ്പിലെ ടോൾ ഫ്രീ സംവിധാനത്തിലെ സ്റ്റാഫിന് ഹോണറേറിയം നൽകുക.

(ix). പരമ്പരാഗത പട്ടികവർഗ ഉല്പന്നങ്ങളേയും, പരമ്പരാഗത കലാരൂപങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനായി വിപണന സംവിധാനം ഉണ്ടാക്കുക (പുതിയ ഘടകം)

**(ബി) ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വ്യാപാരമേള ഗദ്വിക**

പട്ടികവർഗക്കാരുടെ കലകളേയും ഉത്സവങ്ങളെയും പരിപോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയ കലാ വ്യാപാര മേള. പട്ടികവർഗക്കാരുടെ കലാ മേളകളകൾക്കും ഉൽപന്നങ്ങൾക്കും പ്രദർശന വില്പന മേളകളും നടത്താൻ ഉദ്ദേശിക്കുന്നു. സ്റ്റാളുകളും വില്പന കൗണ്ടറുകളും നിർമ്മിക്കുവാനും സാംസ്കാരിക പരിപാടികൾ നടത്താനുമുള്ള തുക ഇതിൽനിന്നും വഹിക്കാവുന്നതാണ്.

**(സി) പട്ടികവർഗ വിവിധോദ്ദേശ്യ സാംസ്കാരിക കേന്ദ്രം**

എറണാകുളത്തെ ഫോർഷോറിൽ പട്ടികവർഗ്ഗക്കാരുടെ വിവിധ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ഒരു ട്രൈബൽ മൾട്ടി പർപ്പസ് ഹബ്ബ് സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിൽ 200 ആൾക്കാർക്ക് ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയം, ഡൈനിംഗ് ഹാൾ, അടുക്കള, ഡോർമെട്ടികൾ എന്നീ സൗകര്യങ്ങൾ ഉണ്ട്. കലാപരിപാടികളും പരിശീലന പരിപാടികളും നടത്താനായുള്ള കേന്ദ്രമായും ഈ കെട്ടിടം ഉപയോഗപ്പെടുത്താവുന്നതാണ്. സ്വയം പര്യാപ്തമാവുന്നതുവരെ ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചെലവുകൾ ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്.

2021-22-ൽ 200.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്നു.

**4. ഭവന നിർമ്മാണം അപൂർണമായ വീടുകളുടെ പൂർത്തീകരണം**

**(വിഹിതം : 5720.00 ലക്ഷം രൂപ)**

ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ വികസന വകുപ്പ് ഏറ്റെടുത്ത വീടുകളുടെ പൂർത്തീകരണം, തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**(i) പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം.**

മുൻവർഷങ്ങളിൽ അനുവദിച്ച (സ്പിൽ ഓവർ) വീടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട ധനസഹായത്തിന്റെ ശേഷിക്കുന്ന ഗഡുക്കൾ ഈ പദ്ധതിയിൽ നൽകി വരുന്നു.

**(ii) ഭവനങ്ങളുടെ പുനരുദ്ധാരണം**

സ്ഥലസൗകര്യം കുറഞ്ഞതായ വീടുകളിൽ അധികമുറികൾ നിർമ്മിച്ച് നവീകരിക്കുന്നതിനും ദുർബലമായ ഭവനങ്ങളുടെ പുനരുദ്ധാരണവും ഈ പദ്ധതി വഴി നടപ്പിലാക്കുന്നതാണ്. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ധനസഹായം നൽകുന്നതാണ്. പരമാവധി 1.50 ലക്ഷം രൂപ വരെയാണ് ഭവന നവീകരണത്തിന് നൽകുന്നത്. പ്രതിവർഷം 500 കുടുംബങ്ങൾക്ക് ഇതു വഴി സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു. പ്രളയ ബാധിത കുടുംബങ്ങൾക്ക് മുൻഗണന നൽകും.

ഭവനങ്ങളുടെ അറ്റകുറ്റപണികളും, പുനരുദ്ധാരണം ഏറ്റെടുക്കുന്നതിന് പട്ടികവർഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്വയംസഹായ സംഘമായ ഗോത്രജീവികയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയസ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 17 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കരുതുന്നു. 2021-22-ൽ 5720.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ മൂന്ന് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**5. ഭവന രഹിത പട്ടികവർഗക്കാരുടെ ഭവനനിർമ്മാണം (ലൈഫ് മിഷൻ)**

**(വിഹിതം : 14000.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയിൽ പ്രഖ്യാപിച്ച നാല് ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ജീവനോപാധി, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം). ഭവനരഹിതർക്ക് വീടും അനുബന്ധ സൗകര്യങ്ങളും നൽകിക്കൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും സുരക്ഷിതമായ ഭവനം നൽകുക എന്നതാണ് മിഷന്റെ ലക്ഷ്യം. സംസ്ഥാന പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനു പുറമെ, ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ ഭവനം ലക്ഷ്യം വച്ചുകൊണ്ട് കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KURDFC) മുഖേന ഹഡ്കോയിൽ നിന്നുള്ള വായ്പാ ധനസഹായവും പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ ഉപപദ്ധതിയിൽ നിന്നും വകയിരുത്തുന്ന ഫണ്ടും ഇതിനായി വിനിയോഗിക്കുന്നതാണ്.

ഈ പദ്ധതിയിൽ ഭൂമിയുള്ളവർക്ക് പുതിയ ഭവന നിർമ്മാണത്തിനും ഭൂരഹിതർക്ക് ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളോ നിർമ്മിക്കുന്നതിനുവേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. 2021-22-ൽ പട്ടികവർഗ ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനായി 14000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുക പട്ടികവർഗ ഗുണഭോക്താക്കൾക്ക് മാത്രമാണ് ചെലവഴിക്കുന്നതെന്ന് ലൈഫ് മിഷൻ ഉറപ്പുവരുത്തേണ്ടതാണ്. പട്ടികവർഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്ന ഗോത്രജീവിക സ്വയംസഹായ സംഘങ്ങളെക്കൊണ്ട് പുതിയവീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.

**6. ആദികലാ ഗ്രാമം**

**(വിഹിതം : 45.00 ലക്ഷം രൂപ)**

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങളുടെ വിവിധ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ശിൽപശാലകൾ, നാടോടി കലാരൂപങ്ങൾ പരിപോഷിപ്പിക്കുകയാണ് ആദികലാഗ്രാമത്തിന്റെ ലക്ഷ്യം. കിർത്താഡ്സ് നടപ്പിലാക്കുന്ന ഈ പദ്ധതിയിലെ രണ്ട് ഘടകങ്ങൾ താഴെ പറയുന്നവയാണ്.

**എ) പരിശീലനം/ശില്പശാല**

**(വിഹിതം : 40.00 ലക്ഷം രൂപ)**

ഈ ഘടകത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പഠനറിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം.
- വേട്ടക്കുറുമ സംഗീത നൃത്തകലാരൂപങ്ങളുടെ ക്യാമ്പ് സംഘടിപ്പിക്കുക (ദവ് ലാട്ട, അൽക്കാട്ട, ഒലഗാട്ട, ഉച്ചരാട്ട, പിത്തറാട്ട)
- പട്ടികവർഗ്ഗ കലാകാരൻമാരുടെ ഗ്രൂപ്പുകൾക്ക് സംഗീത ഉപകരണങ്ങൾ വാങ്ങുന്നതിനും വസ്ത്രങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുക.
- പരമ്പരാഗത പട്ടികവർഗ കലാരൂപങ്ങളുടെ ശിൽപശാലകളും, ഗവേഷണ ഉപദേശക സമിതി യോഗങ്ങളും സംഘടിപ്പിക്കുക.
- കുറുമ്പർ സമുദായത്തിന്റെ സമുദായിക നൃത്തത്തെക്കുറിച്ച് ശിൽപശാല സംഘടിപ്പിക്കുക. (15 ദിവസം)
- കാണിക്കാരൻ സമുദയത്തിന്റെ ഭാഷ, പരമ്പരാഗത കലാരൂപങ്ങൾ, വായ്മൊഴി സാഹിത്യം എന്നിവയുടെ ഡോക്യൂമെന്റേഷൻ.

**ബി). വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം**

**(വിഹിതം : 5.00 ലക്ഷം രൂപ)**

വിവരണാത്മകവും അപഗ്രഥനാപരവുമായ രീതിശാസ്ത്രത്തിലൂടെ പട്ടികവർഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷ, കലാരൂപങ്ങൾ, വായ്മൊഴി സാഹിത്യം ഉൾപ്പെടെ). പ്രാഥമിക ദ്വിതീയ തലത്തിലുള്ള അടിസ്ഥാന വിവരങ്ങൾ ഔദ്യോഗിക രേഖകൾ, സർവ്വെ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയിലൂടെ സമാഹരിക്കുന്നതാണ്.

2021-22-ൽ 45.00 ലക്ഷം രൂപ മേൽ പറഞ്ഞ രണ്ടു ഘടകങ്ങൾക്കായി വകയിരുത്തുന്നു.

**7. പട്ടികവർഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം**

**(വിഹിതം :2521.00 ലക്ഷം രൂപ)**

പ്രസ്തുത പദ്ധതിയുടെ അഞ്ച് ഉപപദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

**(i). പട്ടികവർഗ യുവതികളുടെ വിവാഹ ധനസഹായം**

**(വിഹിതം : 413.00 ലക്ഷം രൂപ)**

പട്ടികവർഗക്കാരായ മാതാപിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹ സമയത്തുണ്ടാകുന്ന ചെലവുകളുടെ ഭാരം ലഘൂകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉപപദ്ധതിയാണിത്. പട്ടികവർഗ

വികസന വകുപ്പ് മാതാപിതാക്കൾക്ക് വിവാഹ ധനസഹായം ഗ്രാന്റായാണ് നൽകുന്നത്. ഒരു കുടുംബത്തിന്/പ്രായപൂർത്തിയായ പെൺകുട്ടിക്ക് ഒന്നര ലക്ഷം രൂപ വീതം നിരക്കിൽ സഹായധനമായി നൽകുന്നു. വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും സാമ്പത്തികശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടെയും പെൺമക്കൾക്ക് മുൻഗണന നൽകുന്നതാണ്. അനാഥരായ പട്ടികവർഗ പെൺകുട്ടികൾക്ക് ഈ പദ്ധതി വഴി രണ്ട് ലക്ഷം രൂപ നൽകുന്നു. നിലവിലുള്ള സർക്കാർ മാനദണ്ഡമനുസരിച്ചാണ് പദ്ധതി നടപ്പിലാക്കേണ്ടത്. 2021-22 സാമ്പത്തികവർഷം ഏകദേശം 275 കുടുംബങ്ങൾക്ക്/വിവാഹ പ്രായമെത്തിയ പെൺകുട്ടികൾക്ക് സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

**(ii) സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം**

**(വിഹിതം : 223.50 ലക്ഷം രൂപ)**

വയനാട്, പാലക്കാട്, കോഴിക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ. തുടർച്ചയായ ശരീരവേദന, മാനസിക സമ്മർദ്ദം, കഠിനമായ ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട്, പോഷകാഹാരക്കുറവ് തുടങ്ങിയ പ്രശ്നങ്ങളാണ് ഇത്തരം രോഗികളിൽ കണ്ടുവരുന്നത്. ഇത്തരം രോഗികൾക്ക് പ്രതിമാസം 2500.00 രൂപ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. കൂടാതെ സിക്കിൾസെൽ അനീമിയ രോഗികൾക്ക് സ്വന്തമായൊ, സ്വയം സഹായ സംഘങ്ങൾ മുഖേനയോ അല്ലെങ്കിൽ അമൃത്, കല്പറ്റ പോലെയുള്ള സ്ഥാപനങ്ങൾ മുഖേനെയോ വരുമാന ദായക സ്വയം തൊഴിൽ പരിപാടികൾ ഏറ്റെടുക്കുന്നതിനുള്ള ധന സഹായം നൽകുന്നു.

**(iii) ജനനിജന്മരക്ഷ**

**(വിഹിതം: 1650.00 ലക്ഷം രൂപ)**

പട്ടികവർഗക്കാരുടെ ആരോഗ്യത്തെസംബന്ധിച്ച് ഉയർന്നു വരുന്ന പ്രധാന വിഷയം ഗർഭസ്ഥാവസ്ഥയിലെ അമ്മയുടെയും, കുഞ്ഞിന്റെയും പോഷകാഹാരം സംബന്ധിച്ചുള്ളതാണ്. യഥാസമയത്ത് സാമ്പത്തിക സഹായം ലഭിക്കാത്തത് മൂലം പ്രസവത്തിന് മുൻപും പിൻപും വേണ്ടത്ര പരിചരണം ലഭിക്കാത്തത് അവർക്കിടയിലെ പ്രധാന വിഷയമാണ്. ആകയാൽ ഗർഭിണിയായതിനുശേഷമുള്ള മൂന്ന്മാസം മുതൽ പതിനെട്ട് മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ് തികയുന്നതുവരെ 2000 രൂപ വീതം ഓരോ മാസവും സഹായധനം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം സഹായധനം നൽകേണ്ടത്.

**(iv) പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം**

**(വിഹിതം: 34.50. ലക്ഷം രൂപ)**

പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഗുണഭോക്താവിന്റെ ആധാർ കാർഡ് അക്കൗണ്ട് വഴി ഡി.ബി.റ്റി. രീതിയിൽ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നു. 345 പരമ്പരാഗത പട്ടികവർഗ വൈദ്യൻമാരെ വർഷംതോറും ഈ പദ്ധതിവഴി സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**(v) പട്ടികവർഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി)**

**(വിഹിതം: 200.00. ലക്ഷം രൂപ)**

പെൺകുട്ടിയുടെ വളർച്ചയുടെ ഓരോഘട്ടത്തിലും പ്രത്യേകിച്ച് വിദ്യാഭ്യാസവും ആരോഗ്യപരവുമായ സമഗ്ര വികസനത്തിലൂടെ അവരുടെ സാമൂഹികവും സാമ്പത്തികവുമായ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. പെൺകുട്ടി പത്താംക്ലാസ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാകും. ഇൻഷ്വറൻസ് തുക ഉന്നത വിദ്യാഭ്യാസത്തിനും ജീവിതസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഉപയോഗിക്കുന്നതാണ്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനനരജിസ്ട്രേഷൻ, പ്രതിരോധ കുത്തിവയ്പ്പ്, സ്കൂൾ പ്രവേശനം തുടങ്ങിവയെല്ലാം ഉറപ്പുവരുത്തുന്നു. മാതാപിതാക്കളുടെ മരണവും, സ്ഥിരമായ അംഗവൈകല്യവും ഇൻഷുറൻസ് പരിധിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതൊരു ദീർഘകാല പദ്ധതി ആയതിനാൽ ഒരു മോണിട്ടറിംഗ് സോഫ്റ്റ് വെയർ രൂപീകരിച്ച് ഗുണഭോക്താക്കളുടെ മേൽനോട്ടവും ഇൻഷ്വറൻസ് വരിസംഖ്യയുടെ പ്രീമിയവും നിരീക്ഷിക്കേണ്ടതാണ്. ഏകദേശം 700 പെൺകുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

2021–22 വർഷത്തിൽ മുകളിൽ പറഞ്ഞ അഞ്ച് ഘടകങ്ങൾക്കായി മൊത്തം 2521.00 ലക്ഷം രൂപ വകയിരുത്തുന്നു.

**8. ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷാ പരിപാടി**

**(വിഹിതം : 2500.00 ലക്ഷം രൂപ)**

പട്ടികവർഗക്കാർക്കിടയിലെ ദാരിദ്ര്യം പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടിക വർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതഘട്ടങ്ങൾ, മൺസൂൺ, പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്ക് പോഷകാഹാരവും, ഭക്ഷ്യസുരക്ഷയും ഉറപ്പ് വരുത്തുന്നു. ഭക്ഷ്യധാന്യങ്ങൾ ഓരോ പ്രദേശത്തെയും ഭക്ഷണ രീതിയുടേയും താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പി.ഒ/ടി.ഡി.ഒ തലത്തിൽ തീരുമാനിക്കുന്നതാണ്. വനിതകൾ കുടുംബനാഥയായുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും പ്രത്യേക പ്രാധാന്യം നൽകുന്നതാണ്.

പട്ടികവർഗ കുടുംബങ്ങൾക്ക് ഓണം/പ്രത്യേക ആഘോഷങ്ങളുള്ള അവസരങ്ങളിൽ ഭക്ഷണ പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള വിതരണ ചെലവും ഗതാഗത ചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. മാത്രമല്ല ദേവികുളം ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ഇടുക്കി ജില്ലയിലെ ഇടമലക്കുടി പട്ടികവർഗ അധിവാസ കേന്ദ്രത്തിലുള്ള രണ്ട് റേഷൻ കടകളിലേക്കും കൂടാതെ സംസ്ഥാനത്തെ വിദൂര പട്ടികവർഗ മേഖലയിലേക്ക് ഭക്ഷണസാധനം എത്തിക്കുന്നതിനുള്ള ഗതാഗതചെലവ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കൂടാതെ പ്രകൃതി ദുരന്തമുണ്ടാകുന്ന അവസരങ്ങളിൽ ഭക്ഷണ സാധനങ്ങളുടെ പ്രത്യേക പാക്കറ്റുകൾ നൽകുന്നതിനും കൂടാതെ കുടുംബശ്രീയും മറ്റ് അംഗീകൃത ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി കിച്ചന് വേണ്ട തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾ, അമ്മമാർ, കിടപ്പ് രോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്കുള്ള പോഷകാഹാര വിതരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്.

2021-22-ൽ 2500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

**9. സമഗ്ര പട്ടികവർഗ ആരോഗ്യ സംരക്ഷണം**

**(വിഹിതം : 2500.00 ലക്ഷം രൂപ)**

താഴെ പറയുന്ന ഘടകങ്ങൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

**(i). ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ നടത്തിപ്പ്**

അട്ടപ്പാടി (2 ക്ലിനിക്ക്), മാനന്തവാടി (1 ക്ലിനിക്ക്), ചാലക്കുടി (1 ക്ലിനിക്ക്), ഇടുക്കി (1 ക്ലിനിക്ക്), തുടങ്ങി വിദൂര പട്ടികവർഗ മേഖലകളിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകൾ പട്ടികവർഗ വികസന വകുപ്പ് നടത്തുന്നു. വർഷംതോറും 24,000 ൽ അധികം പട്ടികവർഗത്തിൽപ്പെട്ട രോഗികൾക്ക് ഈ കേന്ദ്രങ്ങൾവഴി സഹായം നൽകുന്നു. ഈ ഒ.പി. ക്ലിനിക്കുകൾ വഴി ആംബുലൻസ് സേവനവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. ഒ.പി. ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിലാണ് പട്ടികവർഗ വികസന വകുപ്പ് നിയമിക്കുന്നത്. മരുന്നുകളുടെ വിലയും ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകാനുള്ള മറ്റ് ചെലവ്, ഒ.പി. ക്ലിനിക്കുകൾ നടത്തുന്ന മെഡിക്കൽ

ക്യാമ്പുകളുടെ ചെലവ് എന്നിവ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും ഈ ഘടകത്തിൽ ഉൾപ്പെടുന്നു.

**(ii) ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം**

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെ പട്ടികവർഗ വിഭാഗത്തിന് വൈദ്യ സഹായം കൊടുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. സംസ്ഥാനത്തെ അംഗീകൃത ആശുപത്രികൾ വഴി വിവിധ രോഗങ്ങളായ സിക്കിൽ സെൽ അനീമിയ, ടി.ബി, ക്യാൻസർ, ഹൃദയം/തലച്ചോർ, കിഡ്നി സംബന്ധിച്ച അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ എന്നിവ ബാധിച്ച പട്ടികവർഗക്കാർക്ക് ധനസഹായം നൽകുന്നതിനാണ് വിഹിതം നീക്കി വയ്ക്കുന്നത്. മരുന്നുകൾ വാങ്ങുക, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാവിധ വൈദ്യപരിശോധനകൾ നടത്തുക, വൈദ്യസഹായം ലഭ്യമാക്കുക, സർക്കാർ ആശുപത്രികളിൽ ആംബുലൻസ് ഇല്ലാത്തപക്ഷം ആംബുലൻസിന്റെ സേവനം ലഭ്യമാക്കുക എന്നിവയ്ക്കായ് ഈ തുക ഉപയോഗിക്കാവുന്നതാണ്. ആവശ്യമുള്ള പക്ഷം രോഗികൾക്ക് കൂട്ട് നിൽക്കുന്നവർക്കുള്ള പോക്കറ്റ് മണിയും രോഗികൾക്കുള്ള ആഹാരത്തിന്റെ ചെലവും ഇതിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലും പട്ടികവർഗ്ഗ ജന വിഭാഗങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലെ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം തുക അനുവദിച്ച് നൽകുന്നതാണ്. കൂടാതെ തെരെഞ്ഞെടുത്ത രണ്ട് സഹകരണ മെഡിക്കൽ കോളേജായ കൊച്ചി മെഡിക്കൽ കോളേജ്, പരിയാരം മെഡിക്കൽ കോളേജിന്റെ സൂപ്രണ്ടിനും ശ്രീ ചിത്തിര തതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെയും റീജിണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ മാർക്കും ഇതിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

**(iii) പട്ടികവർഗ ആശ്വാസ നിധി**

പ്രകൃതി ദുരന്തങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ ഘടകത്തിന്റെ ഉദ്ദേശം. മാരക രോഗങ്ങളായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ കൊണ്ട് കഷ്ടത അനുഭവിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നു. ഇങ്ങനെ കഷ്ടത അനുഭവിക്കുന്നവർക്ക് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സർക്കാർ ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. അവശ്യ സന്ദർഭങ്ങളിൽ പട്ടികവർഗ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശ പ്രകാരം പോഷകമൂല്യങ്ങൾ അടങ്ങിയ ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, രോഗി മരണപ്പെട്ടാൽ വേണ്ടി വരുന്ന ചെലവ്/പോസ്റ്റ് മോർട്ടത്തിനാവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാനുള്ള സഹായനിധി/അപ്രതീക്ഷിത സംഭവങ്ങൾ/അപകടങ്ങൾ, ആവശ്യമുള്ളവർക്ക് പെട്ടെന്ന് സഹായം എത്തിച്ചുകൊടുക്കുക എന്നിവയാണ് ഈ ഘടകത്തിൽ ഉൾപ്പെടുന്നത്.

**(iv) ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും സംഘടിപ്പിക്കുക**

മദ്യപാനം, പുകവലി, പുകയില ഉല്പന്നങ്ങളായ പാൻ പരാഗ് എന്നിവയ്ക്കെതിരായുള്ള ബോധവൽക്കരണവും, ക്ലാസുകളും മെഡിക്കൽ ക്യാമ്പും മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും ആരോഗ്യ, എക്സൈസ് വകുപ്പുകളുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾക്കും ഇതുമായി ബന്ധപ്പെട്ട പ്രത്യേക കൗൺസിലിംഗിനും മുൻതൂക്കം

നൽകുന്ന ദീർഘകാലമായി മദ്യപാനത്തിന് അടിമപ്പെട്ട് ലഹരി വിമോചന കേന്ദ്രങ്ങളിൽ എത്തുന്നവരുടെ ആശുപത്രി ചെലവും ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. നിലവിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സമീപം ലഹരി വിമോചന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ലക്ഷ്യമിടുന്നു. 2021-22- ൽ ഇതുമായി ബന്ധപ്പെട്ട് വയനാട് (മൂന്ന് കേന്ദ്രങ്ങൾ), ഇടുക്കി (രണ്ട് കേന്ദ്രങ്ങൾ), മലപ്പുറം, അട്ടപ്പാടി, തിരുവനന്തപുരം (ഓരോ കേന്ദ്രങ്ങൾ വീതം) എന്നിവിടങ്ങളിൽ എട്ട് ലഹരി വിമോചന പുതിയ കേന്ദ്രങ്ങളുടെ ചെലവും ഇതിൽ ഉൾപ്പെടുന്നു.

**(v) പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്കുകൾ എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി**

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പരിശോധന, പോഷകാഹാര കൗൺസിലിംഗ്, പോഷകാഹാര പൂരകം നൽകൽ, പോഷകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി, ശുചിത്വ ബോധവല്ക്കരണം, പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധനകൾ, റഫറൽ സേവനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. പട്ടികവർഗ്ഗക്കാരുടെ ഭൂമിശാസ്ത്രപരവും പ്രാദേശികവും വംശീയവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് ആഹാര ക്രമത്തിലെ അസന്തുലിതാവസ്ഥകൾ കണ്ടെത്തി ഏത് തരത്തിലുള്ള ആഹാര ക്രമമാണ് പാലിക്കേണ്ടത് എന്നത് സംബന്ധിച്ച വിവരം നൽകുന്നതൊടൊപ്പം പ്രാദേശികമായി ലഭിക്കുന്ന പോഷകഹാരങ്ങളിലൂടെ ഓരോ പ്രദേശത്തിനും ഓരോ വ്യക്തിക്കും ഉറപ്പ് വരുത്താൻ കഴിയും.

**(vi) കോളനികളിൽ ഗോത്രവർഗ പാരാമെഡിക്കലുകൾ**

പ്രാക്തന ഗോത്ര വർഗ്ഗക്കാരുൾപ്പെടെയുള്ള ഗോത്ര സമൂഹങ്ങൾക്ക് രോഗ സാധ്യത കൂടുതലാണ്, ദാരിദ്ര്യം, നിരക്ഷരത, രോഗകാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, സുരക്ഷിതമായ കുടിവെള്ളത്തിന്റെയും ശുചിത്വത്തിന്റെയും അഭാവം, അന്ധവിശ്വാസങ്ങൾ എന്നിവ ഇവരുടെ ദുരിതത്തിന് ആക്കം കൂട്ടുന്നു. ഇവയ്ക്ക് പരിഹാരം കാണുന്നതിനായി മനുഷ്യ വിഭവശേഷി ലഭ്യമാക്കൽ, വിദൂരജന വിഭാഗങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ എത്തിക്കൽ, ആരോഗ്യ ബോധവല്ക്കരണം, കോളനികളിലെ സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തൽ മുതലായവ ശക്തമാക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഗോത്ര ഭാഷ അറിയാവുന്ന പാരാമെഡിക്കൽ കോഴ്സുകൾ, പ്രത്യേകിച്ചും ജനറൽ നഴ്സിംഗ്, മിഡ് വൈഫറി പഠിച്ചവർ ഇത്തരം സ്ഥലങ്ങളിൽ ജോലി ചെയ്യാൻ തയ്യാറാണെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇത്തരം വ്യക്തികളെ ഹോണറേറിയം വ്യവസ്ഥയിൽ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ ആരോഗ്യ സ്ഥാപനങ്ങളിലോ നിയമിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരെ ഇത്തരം കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇവർ ഓരോ പട്ടികവർഗക്കാരുടെയും ആരോഗ്യനിലയെ തുടർച്ചയായി നിരീക്ഷിക്കുകയും, അടുത്തുള്ള സ്ഥാപനവുമായി കടിയാലോചിച്ച് സമയോചിത പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ പദ്ധതി ആർദ്രം മിഷന്റെ പരിധിയിൽ വരുന്നതാണ്. മുകളിൽ പറഞ്ഞ ആറ് ഘടകങ്ങൾമായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. പട്ടികവർഗമേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവ വിഭവശേഷി പിന്തുണ**

**(വിഹിതം: 2737.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന ആറ് ഉപപദ്ധതികളാണുള്ളത്.

**(i). ട്രൈബൽ പ്രമോട്ടർമാർ**

**(വിഹിതം:1913.00 ലക്ഷം രൂപ)**

പട്ടികവർഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ ഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി പട്ടികവർഗ മേഖലകളിൽ തെരഞ്ഞെടുത്തു നിയമിക്കുന്ന ഫെസിലിറ്റേറ്റർമാരാണ് പട്ടികവർഗ പ്രൊമോട്ടർമാർ. ഗുണഭോക്താക്കളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും വികസന

വകുപ്പുകളെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായും ഇവർ പ്രവർത്തിക്കുന്നു. ഇതിനായി പട്ടികവർഗ യുവാക്കളെ തെരഞ്ഞെടുത്ത് നിയമിക്കുകയും അവർക്ക് ഗ്രാമീണ പങ്കാളിത്ത അവലോകനം, പങ്കാളിത്ത മോണിട്ടറിംഗ്, പ്രാഥമിക ആരോഗ്യ പരിപാലനം, പ്രകൃതി വിഭവങ്ങളുടെ മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്യുന്നു. കൂടാതെ യുവതി യുവാക്കളെ ഹെൽത്ത് പ്രൊമോട്ടർമാരായി ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഓരോരുത്തർക്കും പ്രതിമാസം 12,500 രൂപ ഓണറേറിയവും 1,000 രൂപ യാത്രാബത്തയും നൽകുന്നുണ്ട്. ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിനും പരിശീലനം നൽകുന്നതിനും വിവിധ അവബോധന പരിപാടികൾ നടത്തുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ആശുപത്രികളിൽ പട്ടികവർഗ രോഗികളെ പരിപാലിക്കുന്ന ഹെൽത്ത് പ്രമോട്ടർമാർക്കുള്ള ഹോണറേറിയത്തിനും തുക വിനിയോഗിക്കാവുന്നതാണ്.

**(ii). ഊരുകൂട്ടങ്ങളുടെ സംഘാടനം**

**(വിഹിതം: 70.00 ലക്ഷം രൂപ)**

പട്ടികവർഗക്കാരുടെ ശാക്തീകരണത്തിനുവേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ മേഖലയിലും രൂപീകരിക്കുകയാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണം, മോണിട്ടറിംഗ് ഉൾപ്പെടെ പട്ടികവർഗ്ഗ വിഭാഗത്തിനെ ശാക്തീകരിക്കുന്നതിന് ഊരുക്കൂട്ടങ്ങൾ നാലുമാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതുമാണ്. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഏറ്റെടുത്ത പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ഊരു കൂട്ടത്തെ പ്രാപ്തമാക്കേണ്ടതാണ്. ഓരോ ഊരുകൂട്ടത്തിനും വേണ്ടിവരുന്ന ചെലവ് 2,500 രൂപയിൽ കവിയരുത്. ഊരുകൂട്ടത്തിന് വേണ്ടിയുള്ള ചെലവുകൾ നടത്താനും കൂടാതെ ഊരുകൂട്ട അംഗങ്ങളുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനും, ബോധവത്കരണ പരിപാടികൾ നടത്തുന്നതിനും, തദ്ദേശീയരുടെ അന്തർദേശീയ ദിനം ആഘോഷിക്കുന്നതിനായും തുക വിനിയോഗിക്കുന്നു.

**(iii). മാനേജ്മെന്റ് ട്രെയിനികളും ഹെൽത്ത് മാനേജ്മെന്റ് ട്രെയിനികളും**

**(വിഹിതം: 130.00 ലക്ഷം രൂപ)**

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത പട്ടികവർഗ യുവാക്കൾക്ക് സമയാസമയങ്ങളിൽ, മാനേജ്മെന്റ് ട്രെയിനികൾക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത അനുസരിച്ച് അപ്രന്റീസ്ഷിപ്പ് നിയമപ്രകാരം ഒരു വർഷത്തേക്ക് പട്ടികവർഗ വികസന വകുപ്പ് അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നു. ഓരോ വർഷവും ഏകദേശം 140 മാനേജ്മെന്റ് ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനാണ് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 60 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(iv). ഹോസ്റ്റലുകളിലും എം.ആർ.എസ്സിലുമുള്ള കൗൺസിലർമാർ**

**(വിഹിതം: 70.00 ലക്ഷം രൂപ)**

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസുകളിലുമായി 10,000 ത്തിൽ അധികം വിദ്യാർത്ഥികളാണ് താമസിച്ച് പഠിക്കുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് മാറുന്ന സാഹചര്യവുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ, അന്തർമുഖത്വം, വ്യക്തി ബന്ധങ്ങളിലെ പ്രശ്നങ്ങൾ തുടങ്ങിയവ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. അവരുടെ ഇത്തരം മാനസിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടി പട്ടികവർഗ വികസന വകുപ്പ് 2005-06 മുതൽ 49 സ്റ്റുഡൻറ് കൗൺസിലേഴ്സിനെ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാർ അംഗീകരിച്ച എം.എസ്.ഡബ്ല്യൂ/എം.എ സൈക്കോളജി അല്ലെങ്കിൽ തത്തുല്യ യോഗ്യതയാണ് കൗൺസിലർക്ക് വേണ്ട കുറഞ്ഞ യോഗ്യത. നല്ല പ്രവൃത്തി പരിചയമുള്ളവർക്കും പട്ടികവർഗത്തിൽപ്പെട്ട സ്റ്റുഡന്റ് കൗൺസിലർമാർക്കും മുൻഗണന നൽകുന്നതിനും നിലവിലെ സർക്കാർ മാനദണ്ഡ പ്രകാരം ഓണറേറിയം നൽകുന്നതുമാണ്.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(v). പട്ടികവർഗക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ**

**(വിഹിതം: 115.00 ലക്ഷം രൂപ)**

എം.എസ്.ഡബ്ല്യു/എം.എ സോഷ്യോളജി/എം.എ ആന്ത്രപ്പോളജി (അഭിലഷണീയം) എന്നീ യോഗ്യതകളുള്ളവരെ പട്ടികവർഗ വികസന മേഖലയിൽ സോഷ്യൽ വർക്കർമാരായി നിയോഗിച്ചിട്ടുണ്ട്. കൗൺസിലിംഗ് നടത്തുക, കോൺഫറൻസിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക, വിഭവ സമാഹരണം, മദ്യം, ലഹരി, പുകയില തുടങ്ങിയവ ഉപയോഗിക്കുന്നതിനെതിരെ അവബോധന ക്യാമ്പുകൾ നടത്തി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക എന്നീ ചുമതലകൾ ഇവർ നിറവേറ്റുന്നു. സോഷ്യൽ വർക്കർമാർക്കുള്ള ഓണറേറിയം സർക്കാർ മാനദണ്ഡപ്രകാരം നൽകുന്നതിന് വിഹിതം വകയിരുത്തിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50 ശതമാനത്തോളം തുക വനിതാ ഗുണോഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(vi). ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം**

**(വിഹിതം: 439.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പട്ടികവർഗ വിദ്യാർത്ഥികൾകളുടെ ഭാഷാ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുമായി ഗോത്രഭാഷയും മലയാളഭാഷയും അറിയാവുന്ന റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള പട്ടികവർഗ്ഗ യുവജനങ്ങളെ (സ്ത്രീ/പുരുഷൻ) തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും അവരെ പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്യുന്നു. നിലവിൽ 267 മെന്റർ ടീച്ചർമാരെ ഹോണറേറിയം വ്യവസ്ഥയിൽ വയനാട്, അട്ടപ്പാടി മേഖലയിൽ നിയമിച്ചിട്ടുണ്ട്. ഈ മെന്റർ ടീച്ചർമാർക്കുള്ള ഹോണറേറിയത്തിനാവശ്യമായ തുക ഇതിൽ നിന്ന് വഹിക്കാവുന്നതാണ്. 2021-22 സാമ്പത്തിക വർഷം 100 മെന്റർ ടീച്ചർമാരെ സംസ്ഥാനത്തുടനീളം നിയമിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇവർ അധ്യാപനത്തോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുകയും അവരുടെ കൊഴിഞ്ഞുപോക്ക് കുറച്ച് മുഴുവൻ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കാവശ്യമായ തീവ്ര പരിശീലനം നൽകുകയും ചെയ്തുകൊണ്ട് സാമൂഹ്യ പ്രവർത്തകനായും ഫെസിലിറ്റേറ്റർമാരായും ഇവർ പ്രവർത്തിക്കേണ്ടതാണ്. ഇവർ വിദ്യാർത്ഥികളെ പരിപാലിച്ചുകൊണ്ട് പട്ടികവർഗ്ഗ സമുദായങ്ങളേയും വിദ്യാലയങ്ങളേയും തമ്മിൽ ബന്ധിപ്പിച്ച് പ്രവർത്തിക്കാൻ കഴിവുള്ളവരായിരിക്കണം. ഇവരുടെ സേവനം വർഷം തോറും എല്ലാ പ്രവർത്തി ദിനങ്ങളിലും ലഭ്യമാക്കുന്നതാണ്.

2021-22 ൽ 2737.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ 6 ഉപപദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

**11. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ**

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനായുള്ള ചെലവുകൾ**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

17 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, രണ്ട് ഏകലവ്യാ സ്കൂളുകൾ, ഒരു പ്രത്യേക സി.ബി.എസ്.സി മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങിയവയുടെ നടത്തിപ്പിനുള്ള ചെലവുകളാണ് ഇതിൽ വകയിരുത്തിയിരിക്കുന്നത്. സ്കൂളുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| 1 | ഡോ.അംബേദ്ക്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ (പെൺകുട്ടികൾ), കട്ടേല, തിരുവനന്തപുരം |
| 2 | ഡോ.അംബേദ്ക്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ(ആൺകുട്ടികൾ), നല്ലൂർനാട് |
| 3 | രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രാം എച്ച്.എസ്.സ്കൂൾ, നൂൽപ്പുഴ |
| 4 | ഇന്ദിര ഗാന്ധി മെമ്മോറിയൽ ആശ്രാം എച്ച്.എസ്.സ്കൂൾ, നിലമ്പൂർ |
| 5 | സൈലന്റ് വാലി മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുക്കാലി, അട്ടപ്പാടി |
| 6 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, മൂന്നാർ, ഇടുക്കി |
| 7 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, സൗത്ത് വയനാട്, കണിയാമ്പറ്റ, കല്പറ്റ |
| 8 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട |
| 9 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, ചാലക്കുടി, തൃശ്ശൂർ |
| 10 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ |
| 11 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, കാസർഗോഡ് |
| 12 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, കൊറഗ, കാസർഗോഡ് |
| 13 | ആശ്രാം സ്കൂൾ, മലമ്പുഴ, പാലക്കാട് |
| 14 | ആശ്രാം സ്കൂൾ, (അടിയ/പണിയ) തിരുനെല്ലി, വയനാട് |
| 15 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏറ്റുമാനൂർ, കോട്ടയം |
| 16 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുനലൂർ, കുളത്തൂപ്പുഴ |
| 17 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ |
| | **ആർട്ടിക്കിൾ 275 (1) ഗ്രാന്റ് ഇൻ എയ്ഡ് പ്രകാരം തുടങ്ങിയ സ്കൂളുകൾ** |
| 18 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട്, വയനാട് |
| 19 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി, |
| 20 | ഡോ.അംബേദ്ക്കർ മെമ്മോറിയൽ വിദ്യാനികേതൻ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, ഞാറനീലി, തിരുവനന്തപുരം |

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (വേതനവും, അലവൻസുകളും) ഉൾപ്പെടെയുള്ള ചെലവുകളും, അറ്റകുറ്റപ്പണികൾ, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, ഇന്ധന ചെലവുകൾ, പാചക വാതകത്തിനും മറ്റ സാധനങ്ങൾക്കുമുള്ള തുക, മാലിന്യ സംസ്കരണം, ഊർജ്ജ പരിപാടികൾ, ആധുനീകരണത്തിനും, ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പ്രോജക്റ്റുകൾ, അധിക പരിശീലനം,, അധിക നൈപുണ്യ ആർജ്ജവ പരിപാടി (ASAP)ഉൾപ്പെടെയുള്ള നൈപുണ്യ വികസനം, സംരംഭകത്വ വികസനം, ഗ്രൂപ്പ് പ്രവർത്തനങ്ങളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ് മുതലായവ, ഫർണിച്ചർ, കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ് സ്കില്ലുകളുടെ വികസനത്തിനായുള്ള പരിപാടികളും പരിഹാര കോച്ചിംഗുകളും, സെമിനാറും വർക്ക് ഷോപ്പും നടത്തുന്നതിനായുള്ള ചെലവുകൾ, വിവിധ പരിപാടികൾ/ഫീൽഡ് സന്ദർശനം/വർക്ക്ഷോപ്പുകൾ/ഇന്ത്യയിലും വിദേശത്തുമുള്ള മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള കുട്ടികളുടെയും സ്റ്റാഫിന്റെയും യാത്രചെലവും മറ്റ അലവൻസുകളും, വിദ്യാർത്ഥികളുടെ പഠന യാത്രയ്ക്കുള്ള ചെലവുകൾ, സ്റ്റുഡന്റ്സ് ഡോക്ടറെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൗൺസിലിംഗും പ്രത്യേക പരിപാടികളും, സ്റ്റുഡന്റ് പോലീസ്, കുട്ടികളുടെ സമഗ്ര വികസനത്തിനുള്ള പ്രോജക്റ്റുകൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സഹവാസ ക്യാമ്പ്, കൗൺസിലർമാരുടെ ഹോണറേറിയം തുടങ്ങിയവയ്ക്കുള്ള ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയിലൂടെ ഒരു വർഷം 7500 വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ലക്ഷ്യമിടുന്നു.

പട്ടികവർഗക്കാർക്ക്  നവീന മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ കലോത്സവം (സർഗ്ഗോത്സവം) എന്നിവയ്ക്ക് ആവശ്യമയ തുകയും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

2021-22 ൽ 5000.00 ലക്ഷം രൂപ ഈ സ്കൂളുകളുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ (പെൺകുട്ടികൾക്കായുള്ള 6 സ്കൂളുകൾ) ഈ പദ്ധതിയുടെ 30 ശതമാനത്തോളം തുക വനിതാ ഗുണോഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**ബി) പട്ടിക വർഗ വിഭാഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ**

**(വിഹിതം: 2560.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന നാല് ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**i). പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം**

പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട പട്ടിക വർഗക്കാർക്കും അതുപോലെ സമാനമായ മറ്റ പട്ടിക വർഗക്കാർക്കും വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി 2005-06 ൽ 37 പെരിപ്പതറ്റിക് വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് കിർത്താഡ്സ് വഴി  പരിശീലനം നൽകുകയും ചെയ്തുവരുന്നു.  തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് സങ്കേതങ്ങളിൽ വച്ച് വിദ്യാഭ്യാസം നൽകി പഠനത്തിൽ താല്പര്യം ഉണ്ടാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. രണ്ടും മൂന്നും ക്ലാസുകളിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഹോസ്ററൽ സൗകര്യം ഏർപ്പെടുത്തുന്നതാണ്.  പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 30 ഏകാധ്യാപക സ്കൂളുകളും 3 ബാലവിജ്ഞാന കേന്ദ്രങ്ങളും 2006-07 മുതൽ പെരിപ്പതിറ്റിക് വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 ൽ ഈ പരിപാടിയിലൂടെ 500 കുട്ടികളെ ലക്ഷ്യമിടുന്നു.

**ii). വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി**

ഹൈസ്കൂളിലും പതിനൊന്നാം ക്ലാസിലും, പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകി വിജയശതമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.  തൊട്ടടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിനുള്ള പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷാകർത്താക്കൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. മേൽ പറഞ്ഞ വിഭാഗത്തിലുള്ള 1600 പട്ടികവർഗ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള്ളതാണ്. ഈ ഘടകത്തിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഹൈസ്കൂളുകളിലെയും, പതിനൊന്ന്-പന്ത്രണ്ട് ക്ലാസ്സുകളിലെയും പട്ടികവർഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക
- എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നീ കോഴ്സുകളിൽ പരാജയപ്പെട്ട പട്ടികവർഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക
- പാലക്കാട് നെഹ്റു യുവകേന്ദ്ര ഏറ്റെടുത്തിരിക്കുന്ന അട്ടപ്പാടി ഗിരി വികാസ് പദ്ധതിയും അട്ടപ്പാടി കോ ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുലം പരിപാടിയും നടപ്പാക്കുക
- പട്ടികവർഗ വികസന ഉദ്യോഗസ്ഥരുടെ/പ്രോജക്ട് ഓഫീസർമാരുടെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയ്ക്കുമുമ്പായി ഒരു മാസത്തെ തീവ്രപരിശീലനം (ജില്ല തിരിച്ച്) നടത്തുക, ആഹാരം, താമസസൗകര്യം, പഠന സഹായികൾ, പഠന സാമഗ്രികൾ, അദ്ധ്യാപകരുടെ ഓണറേറിയം തുടങ്ങിയവ നൽകുക, ഒരു കുട്ടിക്ക് 3500 രൂപയിൽ കൂടുതൽ ചെലവാക്കാൻ പാടില്ല.
- പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക

**iii). ഗോത്ര സാരഥി**

14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നതിന് വിദ്യാഭ്യാസാവകാശനിയമം വ്യവസ്ഥ ചെയ്യുന്നു. ദുർഘടമായ വനപ്രദേശങ്ങൾ. ഗതാഗതസൗകര്യത്തിന്റെ അഭാവം, ഉൾവനം, വന്യ മൃഗങ്ങളുടെ ഭീഷണി മുതലായവ മൂലം വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്തിച്ചേരാൻ കഴിയുന്നില്ല. പട്ടികവർഗ വികസ വകുപ്പ് നൽകുന്ന ഹോസ്റ്റൽ സൗകര്യവും അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ അധ്യാപക രക്ഷാകർത്തൃ സംഘടനകൾ, പ്രാദേശിക സർക്കാരുകൾ, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം ഒരുക്കികൊടുക്കേണ്ടതായിട്ടുണ്ട്. ഉൾവനങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമെ ഈ സൗകര്യം ഉപയോഗിക്കാവൂ. ഈ ഘടകത്തിനായി 285 ലക്ഷം രൂപ വകയിരുത്തുന്നു.

**iv). സാമൂഹ്യപഠന മുറി (ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി)**

2017-18 ൽ പട്ടികവർഗ ഹാംലെറ്റുകളിൽ ട്യൂഷൻ സംവിധാനത്തോടുകൂടിയ പഠനമുറികൾ ആരംഭിച്ച് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. വിദ്യാഭ്യാസം സിദ്ധിച്ച് വിഭാഗത്തിൽപ്പെട്ട പട്ടികവർഗ വിഭാഗത്തിൽപ്പെട്ട (ആണോ/പെണ്ണോ) ആ പ്രദേശത്തുനിന്നുതന്നെ തെരഞ്ഞെടുത്ത്, ട്യൂട്ടറായി പരിശീലനം നൽകി, ഓണറേറിയം വ്യവസ്ഥയിൽ ഫെസിലിറ്റേറ്ററായും സോഷ്യൽ വർക്കറായും കൂടി പ്രവർത്തിക്കുന്നതിനായി നിയോഗിക്കുന്നതാണ്. ഓരോ കേന്ദ്രങ്ങളിലും കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ, ഫർണിച്ചർ, വായന സാമഗ്രികൾ എന്നിവ നൽകിക്കൊണ്ട് ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണത്തിനുള്ള തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷ കാലയളവിൽ 250 പുതിയ സാമൂഹ്യ പഠനമുറികൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതാണ്. കെട്ടിടം ആവശ്യമായ സ്ഥലത്ത് അവ നൽകുന്നതാണ്. ഓരോ സാമൂഹിക പഠനമുറികളിലെ റിസോഴ്സ് സെന്ററുകളിലും, മെന്ററിംഗ് യൂണിറ്റുകളിലും പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ പ്രാദേശവാസികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ സ്വാശ്രയത്വം ഉറപ്പാക്കാൻ സാധിക്കും.

**V) പട്ടിക വർഗ്ഗക്കാരുടെ കായിക പ്രോൽസാഹനം**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയും കേരള സ്പോർട്സ് കൗൺസിലും ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന പ്രതിഭകളെ ദേശീയ അന്തർദേശീയ തലങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതാണ്.

കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി എം.ആർ.എസ് സ്കൂൾ ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന വാർഷിക കായിക മേള (കളിക്കളം) നടത്തുന്നതിനുള്ള ചെലവ് ഇതിൽ നിന്ന് വഹിക്കാവുന്നതാണ്. സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ/യുവാക്കൾക്ക് പങ്കെടുക്കുന്നതിനുള്ള ധന സഹായവും ആവശ്യമായ വിദഗ്ധ പരിശീലനവും ലഭ്യമാക്കുന്നതിനുള്ള ചെലവും ഈ ഘടകത്തിൽ നിന്നും വഹിക്കുന്നതാണ്. ഇതിന് പുറമെ ഗ്രാന്റ് അല്ലെങ്കിൽ സർട്ടിഫിക്കറ്റ് വിതരണം, സ്പോർട്സ് ആന്റ് ഗെയിംസിൽ നേട്ടങ്ങൾ കൈവരിച്ചവർക്ക് അവാർഡ് നൽകൽ, സ്കൂൾ/ഹോസ്റ്റലുകളിലെ പ്രതിഭകളെ കണ്ടെത്തുന്നതിന് പരിശീലകരേയും കഴിവു തെളിയിച്ച കായിക പ്രതിഭകളെയും ഉൾപ്പെടുത്തി പുതിയ കായിക വികസന പരിപാടി സംസ്ഥാന തലത്തിൽ ആരംഭിക്കുക, പ്രധാന കായിക മത്സരങ്ങൾക്ക് ആതിഥേയത്വം വഹിക്കുക സംസ്ഥാന, ദേശീയ, അന്തർദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ഫെലോഷിപ്പ്, ശാരീരിക ശേഷി നിലനിർത്തുന്നതിനും സ്പോർട്സുമായി ബന്ധപ്പെട്ട മറ്റ്

ചിലവുകളും ഇതിൽ നിന്നും വഹിക്കാവുന്നതാണ് കൂടാതെ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളും വാങ്ങി നൽകാവുന്നതാണ്. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കുന്നു.

2021-22 ൽ 2560.00 ലക്ഷം രൂപ മുകളിൽ സൂചിപ്പിച്ച നാല് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**സി) പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

**(വിഹിതം: 275.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാർക്ക് പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്ത് താമസിച്ച് സൗജന്യവും സുരക്ഷിതവുമായ ഉന്നത വിദ്യഭ്യാസം ഉറപ്പാക്കുക എന്നതണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുള്ള ഒൻപത് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുന്നതിന് വേണ്ടിയാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2018-19 ൽ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പുതിയ മൂന്ന് ഹോസ്റ്റലുകൾക്ക് ആവശ്യമായ തുകയും ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. 2021-22-ൽ ഈ പദ്ധതിക്കായി 275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി) പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 850.00 ലക്ഷം രൂപ)**

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികവർഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എല്ലാ ഹോസ്റ്റലുകളിലും യൂണിസെഫ്(UNICEF) നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ ഹോസ്റ്റലുകളിലെ ചെറിയ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്, ഹോസ്റ്റലുകളുടെ പുനരുദ്ധാരണം, ഹോസ്റ്റലുകളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണം, വനിതാ ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, മേൽക്കൂരകളുടെ നിർമ്മാണവും പുനരുദ്ധാരണവും, പാത്രങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങൽ, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയ്ക്കുള്ള വിഹിതം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഇന്ധനം, പാചക വാതകവും, അവശ്യവസ്തുക്കളും, മാലിന്യസംസ്കരണം, ഊർജ്ജ പ്രോജക്ടുകൾ, നവീകരണത്തിനുള്ള പ്രോജക്ടുകൾ, ഹോസ്റ്റലുകൾക്കായുള്ള ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കാനുള്ള പ്രോജക്ടുകൾ, ഫർണിച്ചറുകൾ/ഉപകരണങ്ങൾ/അത്യാവശ്യ സാമഗ്രികൾ വാങ്ങൽ, കൗൺസിലിംഗ്, ആരോഗ്യ വികസനത്തിനുള്ള ചെലവുകൾ, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കാനുള്ള അധിക കോച്ചിംഗുകൾ, സെമിനാറുകളും ശിൽപശാലകളും നടത്താനുള്ള ചെലവുകൾ, അധിക കോച്ചിംഗ്, പരിഹാര ബോധനം, ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കായി നൈപുണ്യ വികസന ക്ലാസ്സുകൾ എന്നിവയും ഈ പദ്ധതിയിൽപ്പെടുന്നു.

2021-22 ൽ 850.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

**12. പട്ടികവർഗ വികസന വകുപ്പ് നവീകരണം**

**(വിഹിതം: 225.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും നവീകരണത്തിനുള്ള പരിപാടിയാണിത്. 2021-22 ൽ താഴെ പറയുന്ന നവീകരണ പ്രവർത്തനങ്ങൾക്കായി വിഹിതം വിനിയോഗിക്കാവുന്നതാണ്.

- പട്ടികവർഗ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ഓഫീസർമാർ, ജീവനക്കാർ, മെന്റർ ടീച്ചർമാർ, സാമൂഹിക പഠനമുറിയിലെ ട്യൂട്ടർമാർ, പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവർക്ക് പരിശീലനം നൽകുക.
- കമ്പ്യൂട്ടറുകൾ, ടാബ് ലെറ്റ് പി സി, നോട്ട് ബുക്കുകൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, ഫോട്ടോ കോപ്പിയർ, പ്രിന്റർ, ഓഫീസ് ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, ഡയറക്ടറേറ്റിനെയും പ്രാദേശിക/ജില്ലാ ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിനുള്ള ചെലവുകളും
- ഡയറക്ടറേറ്റിലും ഫീൽഡ് ലെവൽ ഓഫീസുകളിലും ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ ലഭ്യമാക്കൽ
- സോഫ്റ്റ് വെയറുകളുടെ വികസനം, നിലവിലെ സോഫ്റ്റ് വെയറുകളുടെ തുടർ ചെലവുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള ഹാർഡ് വെയർ വാങ്ങൽ
- വകുപ്പിന്റെ വെബ് സൈറ്റ് മെയിന്റനൻസ്, ഐ.റ്റിയുമായി ബന്ധപ്പെട്ട സേവനങ്ങളും, ഐ.റ്റി മാനേജർമാർ (ടെക്നിക്കൽ)/പ്രോഗ്രാമർമാർ/ഹാർഡ് വെയർ എഞ്ചിനിയർ എന്നിവരെ നിയോഗിക്കുന്നതിനുള്ള ചെലവ്
- പ്രോജക്ട് ഓഫീസുകൾ, ട്രൈബൽ ഡവലപ്പമെന്റ് ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, എഞ്ചിനിയറിംഗ് വിഭാഗം എന്നിവയുടെ ശക്തിപ്പെടുത്തൽ (കമ്പ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറി, അവലോകന യോഗത്തിന്റെ ചെലവ്, വിവിധ ഓഫീസുകളിലെ ചെറിയ മെയിന്റനൻസ് ജോലികൾ)
- ഫീൽഡ് ഓഫീസുകളിലും/ഡയറക്ടറേറ്റുകളിലും അധികമായി വേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ.
- പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തൽ (സബ് പ്ലാൻ സെൽ)
- ഡി.ബി.ടി/ഇഗ്രാന്റ്സ് തുടങ്ങിയവയിൽ പരിശീലനം
- സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുക.
- പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ട സർവ്വേ പരിഷ്കരിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആസ്തി മാപ്പ് ചെയ്യുന്നതിനും, ട്രൈബൽ അറ്റ് ലസ് പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവ് വഹിക്കുക.
- അവലോകനയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, സ്റ്റേഷനറി ഇനങ്ങൾ വാങ്ങുന്നതിനുമുള്ള ചെലവ്.

2021-22 ൽ 225.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**13. പട്ടികവർഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ പദ്ധതി (കോർപ്പസ് ഫണ്ട്)**

**(വിഹിതം: 4000.00 ലക്ഷം രൂപ)**

വാർഷിക പദ്ധതിയിൽ ട്രൈബൽ സബ് പ്ലാൻ സ്കീമുകളിൽ ഉണ്ടാകാവുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. മാനവ വിഭവ വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം മുതലായവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രോജക്ടാധിഷ്ഠിത സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നതാണ്. കൂടാതെ, ഇന്റർനെറ്റ് കണക്ടിവിറ്റി, ഓൺലൈൻ വിദ്യാഭ്യാസത്തിന് സൗകര്യവും സാമഗ്രികൾ വാങ്ങുകയും ചെയ്യുക, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, ജീവനോപാധി പ്രവർത്തനങ്ങൾ, വീടുകളിൽ കുടിവെള്ള കണക്ഷൻ, ശുചിത്വം, വീടുകളുടെ വൈദ്യുതികരണം, ദാരിദ്ര രേഖയ്ക്ക് താഴെ നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പാചകവാതക കണക്ഷൻ,

എന്നിവയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാക്ഷരതയും അനൗപചാരിക വിദ്യാഭ്യാസവും, സ്വയം തൊഴിലും നൈപുണ്യ വികസന പരിപാടികളും, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി തുടങ്ങിയ കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ മെച്ചപ്പെടുത്തൽ, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ്, കലുങ്കുകൾ എന്നിവ നിർമ്മിക്കുക, ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, വാർത്താ വിനിമയവും വിദ്യാഭ്യാസവും, മെച്ചപ്പെട്ട ആരോഗ്യ-ശുചിത്വം, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവൃത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗക്കാർക്ക് വേണ്ടി ഇന്റർനെറ്റ്, ഡി.റ്റി.പി, ഫോട്ടോ സ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ, പട്ടികവർഗ ഉപപദ്ധതികളിലെ പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവ് നികത്തൽ, അംഗീകൃത സർക്കാരിതര ഏജൻസികളും ഗവേഷണ സ്ഥാപനങ്ങളും മുഖേന പട്ടിക വർഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ വിലയിരുത്തൽ പഠനം തുടങ്ങിയ പ്രോജക്ടുകൾക്ക് പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്.

കൂടാതെ സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ തലത്തിലെ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും, വിദേശത്ത് ജോലി അന്വേഷിക്കുന്ന പട്ടികവർഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുള്ള പ്രോജക്ടുകളും പരിഗണിക്കുന്നതാണ്. സൂക്ഷ്മസംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും പരിഗണിക്കും. ഇതിൽ അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിന് മുൻഗണന നൽകുന്നതാണ്. ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ കൃഷിക്കാർക്ക് കൃഷിക്കായി പാട്ടത്തിന് എടുത്തിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ പാട്ടത്തുക കൊടുക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. പട്ടികവർഗ മേഖലകളിൽ ഓണക്കോടി വിതരണം, കുടുംബശ്രീ യൂണിറ്റ് സംഘടിപ്പിക്കുക, നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണം, പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നതാണ്. പ്രളയബാധിത സങ്കേതങ്ങൾക്കും കുടുംബങ്ങൾക്കും വേണ്ടിയുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്. പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ മൂന്നാമതൊരു സ്ഥാപനത്തെ കൊണ്ട് പഠന വിധേയമാക്കാനും സോഷ്യൽ ഓഡിറ്റിംഗും ഈ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ലോൺ തിരിച്ചടവിനുള്ള സപ്പോർട്ട് സ്കീമിനായി ഈ പദ്ധതിയിൽ നിന്നും തുക കണ്ടെത്താവുന്നതാണ്.

പട്ടികവർഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗം ജില്ലകൾക്കായി നീക്കിവച്ചിരിക്കുന്നു. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികവർഗ വികസനത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിക്ക് ഭരണാനുമതി നൽകാവുന്നതാണ്. ജില്ലകൾക്കനുവദിക്കുന്ന തുക റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും തുക പട്ടിക വർഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നതിന് സബ്പ്ലാൻ സെല്ലിന് കീഴിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സ്പെഷ്യൽ മോണിറ്ററിംഗ് സമ്പ്രദായം (എം.ഐ.എസ് സെൽ) വികസിപ്പിക്കേണ്ടതാണ്.

2021-22 ൽ ഈ പരിപാടിക്കായി 4000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

**(വിഹിതം: 5200.00 ലക്ഷം രൂപ)**

ഈ പദ്ധതിയുടെ അഞ്ച് ഘടകങ്ങൾ താഴെ പറയുന്നു.

**(i). അടിസ്ഥാന സൗകര്യങ്ങൾ**

സംസ്ഥാനത്തെ പട്ടികവർഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗക്കാർക്ക് അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ,

വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ഈ ഘടകത്തിൽ തുക വകയിരുത്തുന്നത്. പട്ടികവർഗ സങ്കേതങ്ങളിലെ ഭവന രഹിതരായ പട്ടികവർഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട ചുറ്റുപാടിൽ വസിക്കുന്ന പട്ടികവർഗക്കാരുടെ പുനരധിവാസം എന്നിവ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മഹാമാരിയുടെ പശ്ചാത്തലത്തിൽ ജീവനോപാധി പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

**(ii). എം.ജി.എൻ.ആർ.ഇ.ജി.എസ് നു കീഴിൽ അധിക തൊഴിലിനുള്ള വേതനം**

പട്ടികവർഗ കുടുംബങ്ങൾക്ക് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ അധിക തൊഴിൽ നൽകുന്നതിന് കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ പട്ടികവർഗ കുടുംബങ്ങൾക്ക് 200 ദിവസത്തെ തൊഴിൽ നൽകുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ഗ്രാമവികസന കമ്മീഷണറേറ്റിന് ലഭ്യമാക്കുന്നതാണ്. വയനാട്, അട്ടപ്പാടി, ആറളം, പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർക്ക് ആഴ്ചയിൽ വേതനം നൽകുന്നതിനായി ഒരു കോർപ്പസ് ഫണ്ട് ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിക്കുന്ന തുക പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിക്കുന്ന മുറയ്ക്ക് അവർക്ക് മുൻകൂറായി അനുവദിച്ച തുക തിരിച്ച് പിടിക്കുന്നതാണ്. മറ്റു ജില്ലകളിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ തുക കൂടി ഇതിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പിന് കീഴിൽ കൂടുതൽ പട്ടികവർഗ്ഗക്കാരെ ചേർക്കുന്നതിനും എല്ലാ പട്ടികവർഗ്ഗക്കാർക്കും 200 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന്, പ്രത്യേകിച്ച് പട്ടികവർഗ ജനസംഖ്യ കൂടുതലുള്ള വയനാട്, പാലക്കാട് ഇടുക്കി, കാസർഗോഡ്, കണ്ണൂർ ജില്ലകളിലുള്ളവർക്ക് പ്രത്യേക ഡ്രൈവ് സംഘടിപ്പിക്കേണ്ടതാണ്. കുടുംബശ്രീയും, ഗ്രാമവികസന കമ്മീഷണറേറ്റുമായി ചേർന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം നടത്തി പ്രതിമാസ പുരോഗതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**(iii) ആരോഗ്യം**

മെച്ചപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യമെങ്കിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും ഈ പദ്ധതിയിലൂടെ നടപ്പിലാക്കാവുന്നതാണ്.

**(iv) എ.റ്റി.എസ്.പി ഹാംലെറ്റ് ഡവലപ്പ്മെന്റ് പദ്ധതികളുടെ സ്പിൽ ഓവർ പ്രവർത്തനങ്ങൾ**

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അഡീഷണൽ ട്രൈബൽ സബ്പ്ലാൻ (എ.റ്റി.എസ്.പി) പ്രവർത്തികളുടെയും സ്പിൽഓവർ പ്രവർത്തികൾക്കുള്ള തുക ഇതിൽ നിന്നും ചെലവഴിക്കാവുന്നതാണ്. എ.റ്റി.എസ്.പിക്കു കീഴിലുള്ള എല്ലാ സ്പിൽഓവർ പ്രവർത്തികളും 2021-22 ൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.

**(V) പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി**

ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ കുടുംബത്തിനും പങ്കാളിത്ത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ രൂപരേഖ തയ്യാറാക്കേണ്ടതാണ്. സാമൂഹിക സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ മൊക്രോപ്ലാൻ തയ്യാറാക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തുകയും ആയത് ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്.

വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാകാൻ സാധ്യതയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ പുനരധിവാസം ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതാണ്. വിവിധ വകുപ്പുകൾ/ഏജൻസികൾ

മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ ഭവന നിർമ്മാണം, തൊഴിൽദാനം (എം.ജി.എൻ.ആർ.ഇ.ജി.എസ്), ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.സി.ഡി.എസ്, എൻ.എസ്.എ.പി എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 75 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു

2021-22 ൽ 5200.00 ലക്ഷം രൂപ ഈ അഞ്ച് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**15. ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി, പരമാവധി അഞ്ചേക്കർ വരെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും ലഭിക്കുന്നതിന് അർഹതയുണ്ട്. പുനരധിവസിപ്പിച്ച പട്ടികവർഗക്കാരുടെ ആവശ്യമായ വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നതാണ്. പ്രോജക്റ്റധിഷ്ഠിത രീതിയിൽ ഊരുക്കൂട്ടങ്ങൾവഴി പദ്ധതികൾ ആസൂത്രണം ചെയ്തുവേണം പുനരധിവാസം നടത്തേണ്ടത്. മിഷന്റെ പ്രവർത്തനത്തിനുള്ള ഭരണപരമായ ചെലവും ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

ഇതിന്റെ പ്രധാന ഘടകങ്ങൾ ഭൂരഹിതരായവർക്ക് ഭൂമി വിതരണം ചെയ്യുക, അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവ ലഭ്യമാക്കുക, പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വനാതിർത്തിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, കൃഷി, മൃഗസംരക്ഷണ ക്ഷീരവികസന പ്രോജക്റ്റുകൾ, സ്വയംതൊഴിൽ പരിപാടികൾ, ആരോഗ്യ പരിപാലനത്തിനുവേണ്ടിയുള്ള വിഹിതം, വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ എന്നിവയാണ്. 2021-22 ൽ സംസ്ഥാന പട്ടികവർഗ പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവാസവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 5000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. പൂൾഡ് ഫണ്ട്-പട്ടികവർഗ ഉപപദ്ധതിയിൽ മറ്റ് വകുപ്പുകൾ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾക്കായുള്ള ഫണ്ട്**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിന് മറ്റു വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ലക്ഷ്യംവയ്ക്കുന്നു. പട്ടികവർഗ സമൂഹത്തിന്റെ ക്ഷേമത്തിന് വേണ്ടി സർക്കാർ വകുപ്പുകളോ/സ്ഥാപനങ്ങളോ/ഏജൻസികളോ/എൻ.ജി.ഒകളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾ നടപ്പാക്കാൻ വകയിരുത്തിയിരിക്കുന്ന തുകയാണിത്. പൂൾഡ് ഫണ്ടിൽ നിന്നുള്ള വിഹിതം ലഭിക്കേണ്ട വകുപ്പുകൾ പട്ടികവർഗ വികസനം ലക്ഷ്യം വെച്ചുള്ള പ്രോജക്റ്റുകൾ തങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കണം. പ്രോജക്റ്റുകൾ പ്രായോഗികവും, സ്വീകാര്യവുമാണെങ്കിൽ ആസൂത്രണ ബോർഡ് അത് പട്ടികവർഗ വികസന വകുപ്പിലേക്ക് കൈമാറുന്നു. ഈ പ്രോജക്റ്റുകൾ പിന്നീട് സംസ്ഥാനതല/ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കും അംഗീകാരത്തിനും സമർപ്പിക്കുന്നു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വേണം പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതും അതിന്റെ അംഗീകാരവും നടത്തിപ്പും നിർവ്വഹിക്കേണ്ടതും.

2021-22 ൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. പട്ടികവർഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പട്ടികവർഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യക്തികൾക്കും, സ്വയം സഹായ സംഘങ്ങൾക്കും സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. 60 ശതമാനത്തോളം

ഉണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥരായുള്ള കുടുംബം എന്നിവർക്ക് പരിഗണന നൽകുന്നതാണ്. പ്രളയബാധിത കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- പരിചയ സമ്പന്നരായ സ്റ്റാർട്ട് അപ്പ് മെന്റർമാരുടെ സഹായത്തോടെ സ്റ്റാർട്ട് അപ്പുകൾക്കും സൂക്ഷ്മ സംരംഭങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും സാങ്കേതിക സഹായം നൽകുകയും ഇത്തരം സംരംഭകത്വത്തിന് ധനസഹായം നൽകുന്നതിലൂടെ പട്ടികവർഗ യുവാക്കളുടെ സംരംഭങ്ങൾക്ക് പിന്തുണ നൽകുക.
- കാർപ്പന്ററി, മേസ്തിരിപ്പണി, ഇലക്ട്രീഷൻ, പ്ലംബിംഗ് എന്നിവയിൽ പരിശീലനം നൽകുകയും പുതിയ ലേബർ കോൺട്രാക്ട് സൊസൈറ്റി ആരംഭിക്കുന്നതിനുള്ള പ്രവർത്തന മൂലധനവും ആവശ്യമായ ഉപകരണങ്ങളും നൽകുക.
- പട്ടികവർഗ്ഗക്കാർക്ക് വിവിധ ട്രേഡുകളിൽ നൈപുണ്യ പരിശീലനം നൽകുകയും പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നതിന് ധനസഹായം നൽകുകയും, ചെയ്യേണ്ടതാണ്. നൈപുണ്യ വികസന പരിശീലന ഏജൻസികളെ സർക്കാർ മാനദണ്ഡപ്രകാരം തെരെഞ്ഞെടുക്കേണ്ടാതാണ്.
- പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി, ആർ.ആർ.ബി ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം.
- പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം തേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം നൽകുക.
- എൻജിനിയറിംഗ് കോഴ്സിന് പഠിക്കുവാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനവും, കോഴ്സിൽ നിന്നും കൊഴിഞ്ഞുപോയവർക്ക് പ്രത്യേക പരിശീലനവും.
- ഐ.ടി.ഐ, ഐ.ടി.സി പാസ്സായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ് ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ് ടു ബിരുദധാരികൾക്ക് കരിയർ വികസനവും ഓറിയന്റേഷൻ ക്ലാസ്സുകളും നൽകുക.
- ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, ബിരുദത്തിൽ താഴെ വിദ്യാഭ്യാസമുള്ളവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.
- ഇന്ത്യയ്ക്കകത്തും വിദേശത്തും തൊഴിൽ തേടുന്ന പട്ടിക വർഗ്ഗക്കാരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് സഹായം നൽകൽ.
- പട്ടികവർഗക്കാരുടെ കരകൗശല സാധനങ്ങളും തനത് ഉല്പന്നങ്ങളുടെയും നിർമ്മാണം പ്രോൽസാഹിപ്പിക്കുകയും അവയുടെ സുഗമമായ ഓൺലൈൻ വിപണനത്തിൽ ജിയോ-ടാഗിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സജ്ജമാക്കുക.

2021-22 ൽ 1000.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

**18. അടിയ, പണിയ, പ്രാക്തന ഗോത്ര വർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി**

**(വിഹിതം: 250.00 ലക്ഷം രൂപ)**

പ്രാക്തന ഗോത്ര വർഗക്കാർക്കും മറ്റു ദുർബലരായ പട്ടികവർഗ വിഭാഗങ്ങൾക്കും, പ്രത്യേകിച്ച് ദുർബലരായ വിഭാഗങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളും, ജീവനോപാധിയും നൽകുന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പദ്ധതിയിൽ നാല് ഘടകങ്ങൾ ഉണ്ട്. ഈ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**(i). മൈക്രോ പ്ലാൻ രൂപീകരണം**

ജില്ലാ പ്ലാനിംഗ് കമ്മിറ്റി സെക്രട്ടറിയേറ്റിന്റെ സഹായത്തോടെ പ്രാക്തന ഗോത്ര വർഗ്ഗത്തിന്റെ വികസനത്തിനായി ഊര് അധിഷ്ഠിതമായ മൈക്രോ പ്ലാൻ രൂപീകരിക്കണം.

**(ii). അടിയ, പണിയ, പ്രാക്തനഗോത്ര വിഭാഗങ്ങൾ എന്നിവർക്കായുള്ള പ്രത്യേക പരിപാടി**

പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിന്റേയും, പ്രാക്തനഗോത്ര വിഭാഗത്തിൽപ്പെട്ടവരുടേയും വികസനത്തിനായി ആവശ്യാധിഷ്ഠിത പ്രാദേശികാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതി രൂപീകരണമാണ് ഈ ഘടകത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളായ അരനാടൻ, കുടിയ, മഹാമലസർ, പള്ളിയൻ, തച്ചനാടൻമൂപ്പൻ, മലപ്പണിക്കർ, മലപണ്ഡാരൻ, അടിയ, ഇരവാളൻ, ഹിൽപുലയ, ഇരുള, മലസർ, മലയൻ, മുടുഗർ, പണിയൻ എന്നീ വിഭാഗങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഊര്/കുടുംബാധിഷ്ഠിത മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഈ പ്രത്യേക വിഭാഗക്കാരുടെ ആരോഗ്യം, ഭക്ഷണം, സാമ്പത്തിക വികസനം മുതലായവയ്ക്ക് പ്രധാന്യം നൽകിക്കൊണ്ടുള്ള പാക്കേജിന് ഊന്നൽ നൽകുന്നതാണ്. ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും മോണിറ്ററിംഗിനും ഉചിതമായ സംവിധാനം ആവിഷ്കരിക്കുന്നതാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിലും വെള്ളപ്പൊക്ക മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിലും താമസിക്കുന്നവരുടെയും പുനരധിവാസം ഘട്ടംഘട്ടമായി നടപ്പിലാക്കും.

**(iii). വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗക്കാരുടെ സമഗ്ര വികസനം**

വനത്തിലോ/പരിസര പ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. വനത്തിനുള്ളിലോ/പരിസര പ്രദേശങ്ങളിലോ താമസിക്കുന്ന പട്ടികവർഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ നൽകുക, മറ്റു വരുമാനമാർഗം ഉണ്ടാക്കിക്കൊടുക്കുക, വന്യ മൃഗങ്ങളിൽനിന്ന് സംരക്ഷണം നൽകുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസവും അവബോധവും കൊടുക്കുക, അടിസ്ഥാന സൗകര്യ വികസനം, കണക്റ്റിവിറ്റിയും മറ്റ് വാർത്താവിനിമയ സൗകര്യങ്ങളും, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ പുനരധിവാസം, ഇവരുടെ പ്രാദേശിക വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക തുടങ്ങിയവയാണ് ഈ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച് വനം വകുപ്പിൽനിന്നും പട്ടിക വർഗത്തിൽപ്പെട്ട ആളുകളെ വനത്തിൽ അധിവസിപ്പിക്കാൻ പറ്റുന്ന പ്രത്യേക പ്രോജക്ടുകൾ/നിർദ്ദേശങ്ങൾ ക്ഷണിക്കാവുന്നതാണ്. മറ്റു വകുപ്പുകളിൽനിന്നും മതിയായ പ്രോജക്ടുകൾ ഇല്ലാത്തപക്ഷം പട്ടികവർഗ വികസന വകുപ്പിന് തന്നെ അനുയോജ്യമായ പ്രജോക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.

**(iv) അഗതിമന്ദിരം**

അട്ടപ്പാടി, മാനന്തവാടി (കുഴിനിലം), സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് അഗതി മന്ദിരങ്ങളുടെ നടത്തിപ്പിനാവശ്യമായ ചെലവ് ഇതിൽനിന്ന് വിനിയോഗിക്കാവുന്നതാണ്. അടിയാ, പണിയ, പ്രാക്തനഗോത്ര വർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പുതിയ അഗതി മന്ദിരങ്ങൾ നിർമ്മിക്കുവാനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

2021-22 ൽ 250.00 ലക്ഷം രൂപ മേൽ സൂചിപ്പിച്ച നാല് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**19. 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കൽ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമപ്രകാരം പട്ടികവർഗക്കാർക്ക് ലഭിക്കേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ നിയമപ്രകാരം സംസ്ഥാനത്തെ പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി കൈമാറ്റം നിയന്ത്രിക്കുകയും അവർക്ക് അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് കൊടുക്കുകയും അതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നു.

അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകുന്നതിനും, ഭൂമിയിലുള്ള വികസന പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കുമായിട്ടാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

2021-22 ൽ ഈ പദ്ധതിക്കായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**20. പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/ആശ്രമം സ്കൂളുകളുടെയും/ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/പ്രീമെട്രിക പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

കേന്ദ്രത്തിൽ നിന്നും പദ്ധതി വിഹിതം ലഭിക്കാത്തതിനാൽ മൂന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളായ പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം (കേന്ദ്ര വിഹിതം 50 ശതമാനം) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 50 ശതമാനം), പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 100 ശതമാനം) എന്നീ പദ്ധതികളെ ഒരു സംസ്ഥാന പദ്ധതിയാക്കിമാറ്റി 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ കാരണം കേന്ദ്ര സഹായം ലഭിക്കാത്തതുമൂലം പൂർത്തീകരിക്കുവൻ കഴിയാത്ത പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്. ഈ പദ്ധതികൾക്ക് കീഴിൽ ആരംഭിച്ച ചില നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. ഈ പദ്ധതിക്ക് 2021-22 ൽ 800.00 ലക്ഷം രൂപ താഴെ പറയുന്ന സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണത്തിനായി വകയിരുത്തുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ (പെൺകുട്ടികൾക്കായുള്ള 6 ഹോസ്റ്റലുകൾ) ഈ പദ്ധതിയുടെ 35 ശതമാനത്തോളം തുക വനിതാ ഗുണോഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമെ നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന പുതിയ ഹോസ്റ്റലും എം.ആർ.എസുകളും മറ്റു നിർമ്മാണ പ്രവർത്തികളും ഹോസ്റ്റൽ ബ്ലോക്കുകൾ, സ്റ്റാഫ് ക്വർട്ടേഴ്സ് അധിക ക്ലാസ്സ് മുറികൾ കൂടാതെ കേന്ദ്ര സർക്കാർ മോഡൽ റെസിഡൻഷ്യൽ സ്കൂളിന് അനുവദിക്കുന്ന പണം തികയാതെ വന്നാൽ ഈ പദ്ധതിയിൽ നിന്ന് തുക കണ്ടെത്താവുന്നതാണ്.

| ക്രമ നം | സ്കൂളിന്റെ പേര് |
|---|---|
| 1 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, അട്ടപ്പാടി |
| 2 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, കുളത്തൂപ്പുഴ |
| 3 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, വടശ്ശേരിക്കര |
| 4 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, നൂൽപ്പുഴ |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ) ഷോളയൂർ പാലക്കാട്- 60 കിടക്കകൾ |
| 6 | പ്രീമെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ) വട്ടവട, ഇടുക്കി ജില്ല |
| 7 | പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ) ഷോളയൂർ പാലക്കാട്- 100 കിടക്കകൾ |
| 8 | പ്രീമെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ) ആറളം, കണ്ണൂർ |
| 9 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ കട്ടേല, തിരുവനന്തപുരം |
| 10 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ അഗളി, പാലക്കാട് |
| 11 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ ചെമ്പുകാവ്, കണ്ണൂർ |
| 12 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ തൊണ്ടർനാട്, |
| 13 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ കോഴിക്കോട് |
| 14 | പ്രീമെട്രിക് ഹോസ്റ്റൽ പാലക്കാട് |
| 15 | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ അട്ടപ്പാടി |
| 16 | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (സ്പോട്സ്) കാസർഗോഡ് |
| 17 | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ തിരുനെല്ലി |

**21. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം**

**(വിഹിതം: 60.00 ലക്ഷം രൂപ)**

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരമുള്ള 5 ട്രേഡുകളിൽ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി തിരുവനന്തപുരത്തും ഇടുക്കിയിലും രണ്ട് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതിയിൽ രണ്ട് തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രത്തിന്റെയും നടത്തിപ്പ് ചെലവ് (യൂണിഫോം, പഠന ഉപകരണങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ) ഇതിൽ നിന്നും വഹിക്കാവുന്നതാണ് 2021-22 ൽ ഈ പദ്ധതിക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**22. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാരുടെയും പട്ടിക വർഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ധാരാളം കൃഷി ഭൂമി ഉണ്ട്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ ഈ പ്രദേശത്ത് കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനത്തിന് വളരെയധികം സാധ്യതയാണുള്ളത്. ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും (ഉദാ:ചെറുകിട ജലസേചനത്തിന്റെ സഹായത്തോടെയുള്ള മൃഗസംരക്ഷണവും ഉൾനാടൻ മത്സ്യ ബന്ധനവും) അവർക്കിടയിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ സുസ്ഥിരമായ പുതിയ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുന്നതിന് ധാരാളം അവസരങ്ങളുണ്ട്.

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിലേക്ക് താഴെ പറയുന്ന പ്രദേശങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ്.

i. കണ്ണൂർ ജില്ലയിലെ ആറളം ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്പ്മെന്റ് മിഷൻ ഏരിയ.
ii. വയനാട് ജില്ലയിലെ സുഗന്ധഗിരിയും സമീപപ്രദേശങ്ങളും.
iii. പാലക്കാട് ജില്ലയിലെ അട്ടപ്പാടി.

പ്രാദേശിക മുൻഗണനയുടെയും ഓരോ സങ്കേതത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ നിർദ്ദിഷ്ട ഘടകങ്ങൾ തീരുമാനിക്കേണ്ടത്. ഓരോ പ്രദേശത്തിന്റെയും കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വിദഗ്ധരുടെ സഹായത്തോടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളായ ഹോംസ്റ്റെഡ് ഫാമിംഗ്, ഗ്രൂപ്പ് ഫാമിംഗ് തുടങ്ങിയവ വകുപ്പ് വികസിപ്പിക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന വിവിധ തരത്തിലുള്ള കരട് വരുമാന വർദ്ധന മാർഗ്ഗങ്ങൾ പദ്ധതി രേഖയാക്കി രൂപപ്പെടുത്തുന്നതാണ്. മധ്യവർത്തികളുടെ ചൂഷണമില്ലാതെ ഗ്രാമീണ ചന്തകൾ ഏറ്റെടുത്ത് നടത്തുന്നതിന് ട്രൈബൽ ഗ്രൂപ്പുകൾക്ക് നൽകേണ്ടതാണ്. വകുപ്പും ജില്ലാ കളക്ടർമാരും വിവിധ വകുപ്പുകളെയും ഏജൻസികളെയും (പട്ടിക വർഗ വികസന വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണം, ക്ഷീരവകുപ്പ്, ഫിഷറീസ്, ചെറുകിട ജലസേചനം, വനം) ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ സർവ്വകലാശാലകളിലെയും റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിലേയും (ആർ.എ.ആർ.എസ്) വിദഗ്ധരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഏജൻസികളുടെ കഴിവും വൈദഗ്ധ്യവും സെമിനാറിൽ പ്രയോജനപ്പെടുത്തണം. ഉല്പാദനത്തിനും വിപണനത്തിനുമുള്ള പദ്ധതികൾ സെമിനാറിൽ പ്രത്യേകം ചർച്ചചെയ്യേണ്ടതാണ്.

പട്ടികവർഗ വിഭാഗങ്ങൾ കൂടുതൽ താമസിക്കുന്ന മേഖലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തികവർഷം 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**23. കിർത്താഡ്സിൽ ഗവേഷണവും പരിശീലനവും (പുതിയ പദ്ധതി)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കിർത്താഡ്സ് മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വയനാട്ടിലെ പട്ടികവർഗ അടിയ സമൂഹത്തിന്റെ ഭാഷ, പരമ്പരാഗത കലാരൂപങ്ങൾ, വായ്മൊഴി സാഹിത്യം എന്നിവയുടെ ഡോക്യുമെന്റേഷൻ.
- ഇന്ത്യയിലെ പട്ടികവർഗക്കാരുടെ ഉപജീവന പ്രശ്നങ്ങളെക്കുറിച്ച് മൂന്ന് ദിവസത്തെ അന്തർദേശീയ സമ്മേളനം.
- കരിമ്പാലൻ, തച്ചനാടൻമൂപ്പൻ സമൂഹത്തിന്റെ എത്തനോഗ്രാഫിക് സവിശേഷതകളുടേയും വികസന സാഹചര്യങ്ങളുടേയും ഡോക്യുമെന്റേഷൻ.
- പി.വി.റ്റി.ജി യുവാക്കൾക്കുള്ള നേതൃത്വ പരിശീലന പരിപാടികൾ.
- കേരളത്തിലെ പട്ടികവർഗ സ്ത്രീകൾക്ക് അടുക്കളത്തോട്ട പരിശീലനം.
- സിക്കിൾ സെൽ അനീമിയ ശിശുരോഗികൾക്കും അവരുടെ മാതാപിതാക്കൾക്കും. കളിക്കോട്ടയിൽ മൂന്ന് ദിവസത്തെ ക്യാമ്പുകൾ.

2021-22 സാമ്പത്തികവർഷം 50 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

**24. പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50% സംസ്ഥാന വിഹിതം)**

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**എ) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ(സംസ്ഥാന വിഹിതം 50 ശതമാനം)**

**(വിഹിതം: 90.00 ലക്ഷം രൂപ)**

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പ് കൽപിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും പ്രത്യേക ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെ പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടിക്ക് രൂപം നൽകുക.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം ലഭ്യമാക്കുക.
- വയനാട് ജില്ലയിൽ പ്രത്യേക മൊബൈൽ പൊലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2021-22 ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 15.00 ലക്ഷം രൂപ സ്പെഷ്യൽ കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റ് ചെലവുകൾക്കും ആയിരിക്കും.

**ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം റ്റി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 26.67 ലക്ഷം രൂപ)**

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഓഹരി മൂലധനം നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ തൊഴിലധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും, ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുന്നത് വഴി കുറഞ്ഞ നിരക്കിൽ വായ്പയും സബ്സിഡികളും ലഭ്യമാക്കുകയും അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കാനും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2021-22 ൽ പട്ടികവർഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിന് പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനമായി 26.67 ലക്ഷം രൂപ 51% സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**25.പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (25 % സംസ്ഥാന വിഹിതം)**

**(വിഹിതം: 875.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് കോഴ്സുകൾ ചെയ്യാനുള്ള സാമ്പത്തിക സഹായങ്ങളായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ് (നെറ്റ് ബാങ്കിംഗ്).

2021-22-ൽ 25% സംസ്ഥാന വിഹിതമായി 875.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലൂടെ 16,500 വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

**26. മ്യൂസിയം കോംപ്ലക്സ് സ്ഥാപിക്കൽ/കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം (10% സംസ്ഥാന വിഹിതം)**

**(വിഹിതം: 83.33 ലക്ഷം രൂപ)**

ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സിന്റെ ഓർമ്മയ്ക്കായി പുതിയ മ്യൂസിയം, നിലവിലുള്ള എത്തനോളജിക്കൽ മ്യൂസിയത്തിന്റെ നവീകരണം, പുനർനിർമ്മാണം, ആദികലാ കേന്ദ്രത്തിന്റെ നവീകരണം എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. കിർത്താഡ്സ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. 2021-22-ൽ 83.33 ലക്ഷം രൂപ 10 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**പട്ടികവർഗ ഉപ പദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ**

**(വിഹിതം: 1283.00 ലക്ഷം രൂപ)**

തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 1283.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) റ്റി.എസ്.പി (സംസ്ഥാന വിഹിതം 40 ശതമാനം) | 200.00 |
| 2 | ദീൻ ദയാൽ അന്ത്യോദയ യോജന (ഡേ-എൻ.ആർ.എൽ.എം) റ്റി.എസ്.പി (സംസ്ഥാന വിഹിതം 40 ശതമാനം) | 1083.00 |
| | **ആകെ** | **1283.00** |

1283.00 ലക്ഷം രൂപയുടെ വിശദാംശങ്ങൾ 2021-22 ലെ ബഡ്ജറ്റിന്റെ അനുബന്ധം IV ൽ ചേർത്തിട്ടുണ്ട്.

**പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

സമയാസമയങ്ങളിൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ ഉപ പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, നൈപുണ്യ വികസനം, ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ശാക്തീകരണം തുടങ്ങിയ മേഖലകൾക്കാണ് 2021-22 ൽ ശ്രദ്ധ കേന്ദ്രീകരിക്കുക. പ്രളയ ബാധിത കുടുംബങ്ങൾക്കും സങ്കേതങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയുടെ തത്സമയ മോണിറ്ററിംഗും മൂല്യ നിർണ്ണയവും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ആസൂത്രണ ബോർഡിലെ ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു.

2021-22 വർഷം പ്രത്യേക കേന്ദ്ര സഹായമായി 1000.00 ലക്ഷം രൂപ ഈ പരിപാടിയിൽ പ്രതീക്ഷിക്കുന്നു.

### സി. മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ | 1350.00 |
| 2 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 500.00 |
| 3 | മറ്റ് അർഹരായ സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 5,320.00 |
| 4 | പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 313.00 |
| 5 | മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ | 110.00 |
| 6 | തൊഴിൽദായക പരിപാടികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 650.00 |
| 7 | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനീകരണം | 25.00 |
| 8 | മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം) | 1800.00 |
| 9 | ഒബിസി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (40 ശതമാനം സംസ്ഥാന വിഹിതം) | 20.00 |
| 10 | കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കേർപ്പറേഷന്റെ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) ഓഹരി മൂലധനം | 50.00 |
| **ആകെ** | | **10138.00** |

**1.കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ**

**(വിഹിതം: 1350.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനു വേണ്ടി ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിരവധി പരിപാടികൾ നടപ്പിലാക്കി വരുന്നു. മറ്റു പിന്നാക്ക വിഭാഗക്കാർക്കിടയിൽ ദാരിദ്ര്യവും പിന്നാക്കാവസ്ഥയും നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള ഓഹരി മൂലധന സഹായമായിട്ടാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, മൈക്രോ ഫിനാൻസ്, സ്വയം-തൊഴിൽ പദ്ധതികൾ, എന്റെ വീട്-ഭവന പദ്ധതി എന്നിവയ്ക്കായി തുക വിനിയോഗിക്കാവുന്നതാണ്. 2021-22-ൽ ഈ പദ്ധതിക്കായി 1,350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2.കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടേയും മറ്റ് ശുപാർശിത മത വിഭാഗക്കാരുടേയും സാമ്പത്തിക പുരോഗതിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ, സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായവും എൻ.ബി.സി.എഫ്.ഡി.സി - യിൽ നിന്നുള്ള വായ്പയും വിനിയോഗിച്ച് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കൃഷി ഭൂമി വാങ്ങൽ, ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരണം പുനരുദ്ധാരണം, വിവാഹത്തിനായുള്ള വായ്പാ പദ്ധതി, ഇൻസന്റീവ് ഗ്രാന്റ്, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന പരിപാടികൾ, സർക്കാർ ജീവനക്കാർ/ഉയർന്ന വരുമാനക്കാർ എന്നിവർക്ക് വ്യക്തിഗത വായ്പ, ഉയർന്ന വരുമാനക്കാർക്കുള്ള വാണിജ്യ വായ്പ, സ്വയം-തൊഴിൽ, ലാപ്ടോപ്പ് വാങ്ങൽ, വിദ്യാഭ്യാസ വായ്പ, സർക്കാർ ജീവനക്കാർക്കുള്ള വാഹന വായ്പ, കരിയർ ഗയിഡൻസും ബോധവൽക്കരണ ക്യാമ്പുകളും, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, സ്പോട്ട് ദ ടാലന്റ്, ഫോട്ടോ ജേർണലിസത്തിൽ ഡിപ്ലോമ, പ്രൊഫഷണലുകൾക്കുള്ള വായ്പ (സ്റ്റാർട്ടപ്പ്), ജനറൽ എഡ്യൂക്കേഷൻ ലോൺ, കാർഷിക വായ്പ, ഭൂമിയും ഭവനവും വാങ്ങുന്നതിനുള്ള വായ്പ എന്നീ പരിപാടികളാണ് കോർപ്പറേഷൻ നടത്തി വരുന്നത്.

2021-22-ൽ ഈ പരിപാടികൾക്കായി 500.00 ലക്ഷം രൂപ കോർപ്പറേഷന് ഓഹരി മൂലധനമായി വകയിരുത്തിയിരിക്കുന്നു.

**3.മറ്റ് അർഹരായ സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ**
**(ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)**

**(വിഹിതം: 5,320.00 ലക്ഷം രൂപ)**

ഈ പദ്ധതിയുടെ രണ്ട് ഉപ പദ്ധതികൾ ചുവടെ കൊടുക്കുന്നു.

**(എ) പ്രീ മെട്രിക് സഹായം - ഒ.ഇ.സി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

മറ്റ് പിന്നാക്ക വിഭാഗത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളെ മറ്റ് അർഹ സമുദായമായി കണക്കാക്കുന്നു. ഈ വിഭാഗത്തിലെ പ്രീ-മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡ പ്രകാരം വിദ്യാഭ്യാസ സഹായം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പുതിയ 30 സമുദായങ്ങൾക്ക് കൂടി ഒ.ഇ.സി. സമുദായത്തിനു തുല്യമായ ധനസഹായത്തിന് അർഹതയുണ്ട്. ഇവരുടെ വാർഷിക വരുമാന പരിധി 6.00 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. 2021-22-ൽ പദ്ധതി വഴി 55,000 വിദ്യാർത്ഥികളെ സഹായിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2021-22-ൽ ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) പോസ്റ്റ് മെട്രിക് സഹായം - ഒ.ഇ.സി**

**(വിഹിതം: 4,820.00 ലക്ഷം രൂപ)**

മറ്റ് അർഹ സമുദായത്തിലെ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡ പ്രകാരം വിദ്യാഭ്യാസ സഹായം കൊടുക്കുന്നതിനുള്ള സംസ്ഥാന പരിപാടിയാണിത്. ഈ പരിപാടി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിക്കുന്നു. പുതിയ 30 സമുദായങ്ങൾക്ക് കൂടി ഒ.ഇ.സി. കമ്മ്യൂണിറ്റിയ്ക്ക് തുല്യമായ ധനസഹായത്തിന് അർഹതയുണ്ട്. ഇവരുടെ വാർഷിക വരുമാന പരിധി 6.00 ലക്ഷത്തിൽ താഴെ ആയിരിക്കണം. പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സമർത്ഥരായ കുട്ടികൾക്ക് സർക്കാർ

മാനദണ്ഡപ്രകാരമുള്ള ധനസഹായം നൽകുന്നു. 2021-22-ൽ ഈ പരിപാടിയ്ക്കായി 4,820.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**4.പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)**

**(വിഹിതം: 313.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന മൂന്ന് ഉപ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**(എ) മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം**

**(വിഹിതം: 28.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗ സമുദായത്തിലെ ചില വിഭാഗങ്ങൾ മൺപാത്ര നിർമ്മാണം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത മൺപാത്ര നിർമ്മാണക്കാർ പ്രാചീനമായ രീതിയാണ് ഉൽപ്പന്ന നിർമ്മാണത്തിൽ പിൻതുടരുന്നത്. ഇവർ കമ്പോളത്തിൽ കടുത്ത മത്സരങ്ങൾ നേരിടുന്നുണ്ട്. ഈ പരമ്പരാഗത വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതികളിലുള്ള ഉല്പന്ന നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകാനും, ആധുനീകരണത്തിനും യന്ത്രവൽക്കരണത്തിനും, വർക്ക് ഷെഡ്ഡുകളുടെയും ചിമ്മിനികളുടേയും നിർമ്മാണത്തിനും നവീകരണത്തിനും ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെയുള്ള ഓരോ ഗുണഭോക്താവിനും രണ്ടു തവണകളിലായി പരമാവധി 50,000/- രൂപ വീതം നൽകാൻ ഉദ്ദേശിക്കുന്നു. 2021-22-ൽ ഈ പരിപാടിക്കായി 28.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങൾ തിങ്ങി താമസിക്കുന്ന കുംഭാര കോളനിയുടെ വികസന പ്രശ്നങ്ങളെ കുറിച്ച് ഒരു പഠനം നടത്തുവാനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 25 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) ബാർബർഷോപ്പുകളുടെ നവീകരണത്തിനു വേണ്ടിയുള്ള സഹായം**

**(വിഹിതം: 35.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗതമായി മുടിവെട്ടുന്ന (ബാർബർമാർ) തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, സാമ്പത്തികവും സാമൂഹികവുമായി പാർശ്വവത്കരിക്കപ്പെട്ട അവസ്ഥയിലാണ്. നവീന ഉപകരണങ്ങളോടു കൂടിയ ബ്യൂട്ടി പാർലറുകളുടെ ആവിർഭാവം ഇവരുടെ നിലനിൽപ്പിന് തന്നെ വെല്ലുവിളിയായിട്ടുണ്ട്. അവരുടെ തൊഴിലിടം ആധുനീകരിക്കുന്നതിന് സാമ്പത്തിക സഹായം (ഷോപ്പുകൾ സജ്ജമാക്കുന്നതിനും ഉപകരണങ്ങളും ടൂളുകളും വാങ്ങുന്നതിനും വേണ്ടി) നൽകുന്നതുവഴി കാലോചിതമായ മാറ്റത്തിനനുസൃതമായി ഇവരുടെ തൊഴിലിനെ നിലനിർത്താൻ സാധിക്കും. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെയുള്ള ഓരോ ഗുണഭോക്താവിനും രണ്ടു തവണകളിലായി പരമാവധി 25,000/- രൂപ വരെ നൽകാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. 2021-22-ൽ ഈ ഉപ പദ്ധതിയ്ക്കായി 35.00 ലക്ഷം രൂപ വകയിരുത്തുന്നു.

**(സി) മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൌശല നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും**

**(വിഹിതം: 250.00 ലക്ഷം രൂപ)**

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ/കൈപ്പണിക്കാർ/പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുക/ശക്തിപ്പെടുത്തുക എന്നതാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകുക, ടൂൾ കിറ്റുകൾ ഉൾപ്പെടെയുള്ള ആധുനിക

യന്ത്രോപകരണങ്ങൾ വാങ്ങുവാനുള്ള സബ്സിഡി തുക അനുവദിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. ഏത് തരത്തിലുള്ള പരമ്പരാഗത കരകൗശലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് ധനസഹായത്തിന് അർഹതയുണ്ട്. രണ്ടു തവണകളിലായി പരമാവധി 20,000/- രൂപ വരെ ഗുണഭോക്താക്കൾക്ക് നൽകുവാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. കാലയളവിൽ ഈ ഉപ പദ്ധതിക്കായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

**5.മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ**

**(വിഹിതം: 110.00 ലക്ഷം രൂപ)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തെരഞ്ഞെടുത്ത പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, സയൻസ്, അഗ്രിക്കൾച്ചർ സയൻസ്, മെഡിസിൻ, സാമൂഹ്യ ശാസ്ത്രം, നിയമം എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദവും പി.എച്ച്.ഡി.യും ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗവൺമെന്റ് മാനദണ്ഡങ്ങൾക്കനുസൃതമായി 3 വർഷമോ അല്ലെങ്കിൽ കോഴ്സ് പൂർത്തീകരണ കാലാവധിയോ ഇതിൽ ഏതാണോ കുറവ് ആ കാലാവധി വരെ മാത്രമേ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.

ഇന്ത്യയിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തിന് അടുത്തുള്ള സ്ഥലത്തേക്കും തിരിച്ചുമുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴിക്കുള്ള ഇക്കോണമി ക്ലാസുകളിലുള്ള വിമാന ചാർജുകൾ, യഥാർത്ഥ കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, അകസ്മിക യാത്രാ അലവൻസുകൾ, സാമഗ്രികൾ വാങ്ങിക്കുവാനുള്ള അലവൻസുകൾ, തലവരി നികുതി (പോൾ ടാക്സ്), വിസ ഫീസ്, മെഡിക്കൽ ഇൻഷ്വറൻസ് പ്രീമിയം എന്നിവയുടെ ആകെ ചെലവിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് അത് വിദ്യാർത്ഥികൾക്ക് ഈ കോഴ്സിന്റെ കാലയളവിൽ ലഭ്യമാക്കുന്നു. 2021-22-ൽ ഈ പരിപാടിക്കായി 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**6.തൊഴിൽദായക പരിപാടികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)**

**(വിഹിതം: 650.00. ലക്ഷം രൂപ)**

ഈ പരിപാടിയിൽ താഴെ പറയുന്ന ഉപ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**(എ) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി/പരിശീലനം**

**(വിഹിതം: 600.00 ലക്ഷം രൂപ)**

മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, സ്വയം തൊഴിൽ എന്നിവയ്ക്ക് പരിശീലനത്തിന് സഹായം നൽകുന്നതിനോടൊപ്പം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരമ്പരാഗത തൊഴിലാളികളുടെ ഉപജീവന സംരക്ഷണ/പുന:സ്ഥാപനത്തിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ്, ബാങ്ക് കോച്ചിംഗ്, സിവിൽ സർവീസ്/കെ.എ.എസ് കോച്ചിംഗ്, യു.ജി.സി/ഗേറ്റ്/മാറ്റ്/ജെ.ആർ.എഫ്/നെറ്റ് കോച്ചിംഗുകൾ, പ്രൊഫഷണൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, സ്വയം തൊഴിൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും പ്രാവീണ്യം പരിഗണിച്ചും വിദഗ്ധരുടെ ഒരു സമിതി ആയിരിക്കും പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. 2021-22-ൽ ഈ പരിപാടിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഓട്ടോമൊബൈൽ, ട്രാവൽ & ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അധികമായി വേണ്ടി വരുന്ന പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപ്പന്റും തൊഴിലന്വേഷകർക്ക് നല്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ എജൻസി നൽകുന്നുവെന്ന് ഉറപ്പാക്കണം. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം 10 മാസത്തേക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. 2021-22-ൽ ഈ പരിപാടിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനീകരണം**

**(വിഹിതം: 25.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനീകരണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പിന്നാക്ക ക്ഷേമ വകുപ്പിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളായ ലാപ് ടോപ്പുകളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക, ഓഫീസുകളിൽ ആവശ്യമായ ഫർണിച്ചറുകളും മറ്റും വാങ്ങുക, ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് ലഭ്യമാക്കുക, നിലവിലുള്ള എല്ലാ പദ്ധതികളേയും ഓൺലൈൻ മുഖേനയാക്കുന്നതിന് പുതിയ സോഫ്റ്റ് വെയറും ഹാർഡ് വെയറും ലഭ്യമാക്കുക, ഓഫീസ് ഉപകരണങ്ങൾക്ക് സംരക്ഷണവും മെയിന്റനൻസും നടത്തുക, പ്രിന്റിംഗ്, പരസ്യങ്ങൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക എന്നിവ പദ്ധതി വഴി നൽകുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന പ്ലാനിംഗ് ബോർഡിലെ വിദഗ്ധരായ ഉയർന്ന ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ആസൂത്രണ മോണിറ്ററിംഗ് സെൽ 2021-22-ൽ രൂപീകരിക്കുന്നതാണ്. 2021-22-ൽ 25.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

**8. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം)**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

സർക്കാർ ഉത്തരവുകൾ പ്രകാരം മാതാപിതാക്കളുടെ വാർഷിക വരുമാനം നിശ്ചിത പരിധിയിൽ താഴെയുള്ള മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഒന്നു മുതൽ പത്താം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. പത്താം ക്ലാസ് പൂർത്തീകരിക്കുമ്പോൾ ഈ സ്കോളർഷിപ്പ് നിർത്തലാക്കുന്നു. മുൻവർഷത്തെ വാർഷിക പരീക്ഷയിൽ, ഉയർന്ന ശതമാനത്തിൽ മാർക്ക് വാങ്ങിയ കുട്ടികൾക്കായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു. 2021-22-ൽ ഈ പരിപാടിക്കായി 1800.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. മറ്റു പിന്നാക്ക വിഭാഗത്തിലെ 2,40,000 വിദ്യാർത്ഥികൾക്ക് 1,500/- രൂപാ നിരക്കിൽ ഈ പദ്ധതിയുടെ സഹായം ലഭിക്കും. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**9. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം:20.00 ലക്ഷം രൂപ)**

ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ള മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുവാൻ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുക എന്നതാണ് ഈ

പദ്ധതിയുടെ ലക്ഷ്യം. സർക്കാർ/യൂണിവേഴ്സിറ്റി സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നു. 2021-22-ൽ ഈ പരിപാടിക്കായി 20.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**10. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കേർപ്പറേഷന്റെ (കെ.എസ്.പി.എം.എംഡബ്ല്യൂ.ഡി.സി) ഓഹരി മൂലധനം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കുകയും അതിലൂടെ ഈ മേഖലയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യൂ.ഡി.സി) രൂപീകരിച്ചത്. കളിമൺ ഉൽപന്ന നിർമ്മാണ യൂണിറ്റുകൾക്ക് വായ്പ് നൽകുന്നതിനും കളിമൺപാത്രങ്ങളുടെ വിപണനത്തിന് സഹായിക്കുന്നതിനും വിപണനത്തിനാവശ്യമായ വാഹനം വാങ്ങുന്നതിനുള്ള വായ്പയ്ക്കും വേണ്ടി 2021-22 ൽ കോർപ്പറേഷനുള്ള ഓഹരി മൂലധന സഹായമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## (ഡി) ന്യൂനപക്ഷ ക്ഷേമം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രധാനമന്ത്രി ജനവികാസ് കാര്യക്രം – (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (40 ശതമാനം സംസ്ഥാനവിഹിതം) | 1,000.00 |
| 2 | സകോളർഷിപ്പ് പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 635.00 |
| 3 | നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 416.00 |
| 4 | അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 700.00 |
| 5 | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആധുനീകരണം. | 25.00 |
| 6 | കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ | 100.00 |
| 7 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം | 1,300.00 |
| 8 | വിവാഹ പൂർവ്വ കൗൺസിലിങ്ങും സോഫ്റ്റ് സ്കിൽ വികസനവും | 90.00 |
| **ആകെ** | | **4,266.00** |

**1. പ്രധാനമന്ത്രി ജനവികാസ് കാര്യക്രം – (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (40 ശതമാനം സംസ്ഥാനവിഹിതം)**

**(വിഹിതം: 1000.00ലക്ഷം രൂപ)**

ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതോടൊപ്പം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം

മെച്ചപ്പെടുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിലുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതി ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുനസംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ സമുദായങ്ങളുടെയും മറ്റ് സമുദായങ്ങളുടെയും സാമൂഹിക സാമ്പത്തിക അവസ്ഥ, ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ നവീന പദ്ധതികൾക്ക്പുറമെ വിദ്യാഭ്യാസം, ആരോഗ്യം, വൈദഗ്ധ്യ വികസനം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് പി.എം.ജെ.വി.കെ. മുഖാന്തിരം നടപ്പിലാക്കുന്നത്. പത്തനംതിട്ട, തൃശ്ശൂർ ഒഴികെയുള്ള എല്ലാ ജില്ലകളിലും പി.എം.ജെ.വി.കെ യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമേഖലാ വികസന പരിപാടിയിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതും നിലവിൽ നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തിനായും തുക വിനിയോഗിക്കാവുന്നതാണ്. 2021-22-ൽ 1000.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി ഈ പരിപാടിക്ക് വകയിരുത്തിയിരിക്കുന്നു.

**2. സ്കോളർഷിപ്പ് പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ)**

**(വിഹിതം: 635.00 ലക്ഷം രൂപ)**

ഈ പരിപാടിയുടെ കീഴിൽ വരുന്ന ഉപ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

**(എ) സി.എ /ഐ.സി.ഡബ്ല്യു.എ/സി.എസ് തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നവർക്കുള്ള സ്കോളർഷിപ്പുകൾ**

**(വിഹിതം: 45.00 ലക്ഷം രൂപ)**

ചാർട്ടേഡ് അക്കൗണ്ടൻസി (ഫൗണ്ടേഷൻ, ഇന്റർമീഡിയറ്റ്, ഫൈനൽ), കോസ്റ്റ് ആന്റ് മാനേജമെന്റ് അക്കൗണ്ടിംഗ്, കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് നല്കുവാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. മുസ്ലീം, മറ്റ് ന്യൂനപക്ഷ സമുദായം എന്നിവ തമ്മിലുള്ള അനുപാതം 80:20 ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത/ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട +2-വിന് കുറഞ്ഞത് 60% മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ ഈ ആനുകൂല്യത്തിന് യോഗ്യരാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള കുടുംബവരുമാന പരിധിയിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ തലവൻ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും സഹായധനം നൽകുന്നത്. 2021-22-ൽ ജി.എസ്.റ്റി യിൽ പി.ജി ഡിപ്ലോമ എടുക്കുന്നവർക്കുള്ള സ്കോളർഷിപ്പും യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ്/എൻ.റ്റി.എസ് എന്നിവയ്ക്ക് പരിശീലനം നേടുന്നതിനുള്ള സഹായവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2021-22-ൽ ഈ പരിപാടിക്കായി 45.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് വിദ്യാർഥികൾക്കും പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**

**(വിഹിതം: 480.00 ലക്ഷം രൂപ)**

എസ്.എസ്.എൽ.എസി, പ്ലസ്ടു, വി.എച്ച്.എസ്.ഇ എന്നീ തലങ്ങളിൽ എ പ്ലസ്സ് ഗ്രേഡ് നേടിയവർ, ബിരുദ തലത്തിൽ 80 ശതമാനമോ അതിലധികമോ, ബിരുദാനന്തര തലത്തിൽ 75 ശതമാനമോ അതിലധികമോ മാർക്ക് നേടിയ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലുള്ള ന്യൂനപക്ഷ

വിദ്യാർഥികൾക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇതിന് അർഹരായിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യർത്ഥികളെയും ഇതിനായി പരിഗണിക്കാവുന്നതാണ്. എസ്.എസ്.എൽ.സി, ഹയർസെക്കന്ററി തലങ്ങളിൽ 10,000/- രൂപയും, കോളേജ് വിദ്യാർത്ഥികൾക്ക് 15,000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. സിവിൽ സർവ്വീസ് പരിശീലനത്തിനായി അംഗീകൃത സിവിൽസർവ്വീസ് പരിശീലന സ്ഥാപനങ്ങളിൽ പഠനത്തിന് ചേർന്നിട്ടുള്ള ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നല്കുന്നതിനുള്ള വിഹിതം കൂടി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വിദേശത്ത് ബിരുദമോ ബിരുദാനന്തര ബിരുദമോ പി എച്ച് ഡി കോഴ്സുകളോ പഠിക്കുവാൻ ആഗ്രഹിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 10,00,000/- രൂപാ വരെ സ്കോളർഷിപ്പ് നൽകുവാനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. 2021-22-ൽ 480.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**(സി) നഴ്സിങ്ങ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഗവൺമെന്റ്/എയ്ഡഡ് മെഡിക്കൽ സ്ഥാപനങ്ങളിൽ നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് വേണ്ടിയുള്ള സ്കോളർഷിപ്പാണിത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർഥികളെയും പരിഗണിക്കാവുന്നതാണ്. ന്യൂനപക്ഷവിഭാഗ വിദ്യാർഥികൾക്ക് 15,000/- രൂപ വീതം സ്കോളർഷിപ്പ് നല്കുവാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മുസ്ലിം, മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ തമ്മിലുള്ള അനുപാതം 80:20 ആണ്. പ്ലസ്ടു തലത്തിൽ കുറഞ്ഞത് 45 ശതമാനം മാർക്ക് നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ അപേക്ഷിക്കുവാൻ അർഹരാണ്. 2021-22-ൽ ഈ പരിപാടിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ഡി) ത്രിവൽസര ഡിപ്ലോമ കോഴ്സുകൾക്കുള്ള എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്**

**(വിഹിതം: 60.00 ലക്ഷം രൂപ)**

ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക് സ്ഥാപനങ്ങളിൽ ത്രിവൽസര ഡിപ്ലോമയ്ക്ക് പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് 6,000/- രൂപ വീതം സ്കോളർഷിപ്പ് നൽകാനാണ് ഈ ഉപപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയിൽ താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളെയും ഇതിനായി പരിഗണിക്കാവുന്നതാണ്. മുസ്ലീം, മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ തമ്മിലുള്ള അനുപാതം 80:20 എന്ന നിരക്കിലാണ്. അപേക്ഷകരായ ന്യൂനപക്ഷ വിദ്യാർഥികൾ എസ്.എസ്.എൽ.സി തലത്തിൽ കുറഞ്ഞത് 60 ശതമാനം മാർക്ക് നേടിയിരിക്കണം. 2021-22-ൽ ഈ പരിപാടിക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## 3. നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ)

**(വിഹിതം: 416.00 ലക്ഷം രൂപ)**

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

### (എ) കരിയർ ഗൈഡൻസും വ്യക്തിത്വ വികസന പരിപാടികളും

**(വിഹിതം: 120.00 ലക്ഷം രൂപ)**

ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ പഠിക്കുന്ന മത/ഭാഷാ ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് സംഘടിപ്പിക്കുന്നു. ഇത് വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനും, പ്രത്യേകിച്ചും അനുയോജ്യമായ ഉന്നത വിദ്യാഭ്യാസ സാധ്യതകൾ തിരിച്ചറിയുന്നതിനും, നേതൃത്വ പാടവം, പ്രചോദനം എന്നിവ ആർജ്ജിക്കുന്നതിനും സഹായിക്കുന്നതാണ്. ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്കായി ഈ പരിപാടി വെവ്വേറെയായി നടത്താവുന്നതാണ്. 100 വിദ്യാർത്ഥികളുള്ള ഓരോ ബാച്ചിലും 30 ശതമാനം സീറ്റ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. പരിപാടിയെ ട്യൂണിംഗ്, ഫ്ലവറിംഗ്, എക്സ്പ്ലോറിംഗ് എന്നിങ്ങനെ 3 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ട്യൂണിംഗിനായി 200 ഏകദിന ക്യാമ്പുകൾ, ഫ്ലവറിംഗിനായി 14 റസിഡൻഷ്യൽ ക്യാമ്പുകൾ, തെരഞ്ഞെടുക്കപ്പെട്ട 100 കുട്ടികൾക്ക് ഇന്ത്യൻ പര്യടനം എന്നിവയാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 2021-22-ൽ ഈ പരിപാടിയ്ക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### (ബി) നൈപുണ്യ പരിശീലനം – വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചു നൽകൽ

**(വിഹിതം: 296.00 ലക്ഷം രൂപ)**

ന്യൂനപക്ഷ വിഭാഗക്കാരുടെ മാനവ വിഭവ ശേഷി വികസനത്തിന് വ്യവസായ വാണിജ്യ രംഗങ്ങളിൽ ഉള്ള നൈപുണ്യ പരിശീലനം അത്യാവശ്യമാണ്. പ്ലംബിംഗ്, വയറിംഗ്, തയ്യൽ, ഫാഷൻ ഡിസൈനിംഗ്, മൊബൈൽ ഫോൺ മെക്കാനിക്ക്, അലൂമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, ഗ്യാസ് വെൽഡിംഗ്, ഇരു ചക്ര/മുച്ചക്ര വാഹന മെക്കാനിക് ട്രെയിനിംഗ്, ചെറിയ മോട്ടോർ വാഹനങ്ങളുടെ പരിശീലന കോഴ്സ് എന്നിവയിൽ നൈപുണ്യ പരിശീലനം നൽകുന്നു. യോഗ്യതാ പരീക്ഷയിൽ കഴിവ് തെളിയിക്കുന്ന അംഗീകൃത സ്വകാര്യ ഐ.ടി.ഐ യിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയിൽപ്പെടുന്ന വിദ്യാർത്ഥികളെയും പരിഗണിക്കുന്നതാണ്. 10 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 3,000 ന്യൂനപക്ഷ ഗുണഭോക്താക്കൾക്ക് ഈ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. 2021-22-ൽ ഈ പദ്ധതിയ്ക്കായി 296.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയിൽ നിന്നും 10 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## 4. അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ള പരിപാടികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ)

**(വിഹിതം: 700.00 ലക്ഷം രൂപ)**

ഈ പരിപാടിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**(എ) വിവാഹ ബന്ധം വേർപെടുത്തിയ/വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പദ്ധതി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ എന്നിവരാണ് ഈ ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ. മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ അനുവദിച്ച വീടുകളുടെ (സ്പില്ലോവർ) പൂർത്തീകരണത്തിന് വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. സർക്കാർ മാനദണ്ഡപ്രകാരമായിരിക്കണം സഹായം നൽകേണ്ടത്. സമ്പൂർണ്ണ ഭവന പദ്ധതി (ലൈഫ്)നടപ്പാക്കുന്ന സാഹചര്യത്തിൽ 2021-22 ൽ പുതിയ വീടുകൾ അനുവദിക്കാൻ പാടില്ല. മുൻവർഷങ്ങളിൽ ഏറ്റെടുത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ലിംഗ നിർണ്ണയ സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 100 ശതമാനം തുകയും സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണ പദ്ധതി**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ പ്രത്യേകിച്ചും കടലോരത്തും മലയോരപ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതിയിലൂടെ സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കടലോര മേഖലകളിൽ ശുദ്ധജലത്തിന്റെ അപര്യാപ്തതയുമുണ്ട്. മലയോരപ്രദേശങ്ങളിൽ വെള്ളം കാലാവസ്ഥയ്ക്കനുസരിച്ച് ചില സമയങ്ങളിൽ മാത്രമേ ലഭ്യമാകാറുള്ളൂ. പ്രത്യേകിച്ച് വേനൽക്കാലത്ത് വെള്ളം ലഭിക്കാറേയില്ല. കടുത്ത ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കേരള ജലവകുപ്പ് ജലത്തിന്റെ ഉറവിടം മുൻകൂട്ടി കണ്ടെത്തിയതിനു ശേഷം ആ പ്രദേശങ്ങളിൽ ഈ ഉപ പദ്ധതി നടപ്പിലാക്കാവുന്നതാണ്. മറ്റ് പ്രദേശങ്ങളിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റിന്റെ സഹായത്തോടെ കുഴൽ കിണറുകൾ കുഴിക്കുന്നതും ഈ പദ്ധതിയിലൂടെ നടപ്പിലാക്കാവുന്നതാണ്. ഭൂഗർഭ ജലവകുപ്പിന് ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയാത്ത സാഹചര്യങ്ങളിൽ, അംഗീകൃത നിരക്കിലോ മത്സരാധിഷ്ഠിത നിരക്കിലോ സ്വകാര്യ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. 2021-22-ൽ ഈ പദ്ധതിയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5.ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ആധുനീകരണം**

**(വിഹിതം:25.00ലക്ഷം രൂപ)**

മികച്ച രീതിയിലുള്ള മേൽനോട്ടം, പൊതുജന പരാതി പരിഹാരം, മെച്ചപ്പെട്ട പൊതു സേവനം എന്നിവ ഉറപ്പാക്കാനും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാനുമുള്ള ഒരു സമഗ്ര സമീപനമാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആധുനീകരണം എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കമ്പ്യൂട്ടർ ലാൻ വയറുകൾ, പ്രിന്റർ കേബിൾ, ടെലിഫോൺ, ഡാറ്റാ പാഡുകൾ, യു.പി.എസ്. ഫർണിച്ചർ, എന്നിവ സ്ഥാപിച്ചുകൊണ്ട് ആധുനിക തൊഴിൽ സ്ഥലങ്ങൾ സൃഷ്ടിക്കുയും പദ്ധതികളുടെ മോണിറ്ററിംഗും വിലയിരുത്തലുമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ. 2021-22-ൽ ഈ പദ്ധതിയ്ക്കായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6.കോഴിക്കോട് സർവകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യത്യസ്ത മത വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും വൈവിധ്യമായ ജനവിഭാഗം കേരളത്തിലേതാണെന്ന് പറയാറുണ്ട്. സംസ്ഥാനത്തിന്റെ സമ്പുഷ്ടമായ സംസ്കാരം രൂപപ്പെടുത്തുന്നതിൽ വ്യത്യസ്ത മത വിഭാഗങ്ങളായ ഹിന്ദു, ഇസ്ലാം, ക്രിസ്ത്യൻ, മറ്റ് മതവിഭാഗക്കാർ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക

വികസനത്തിന് മത ന്യൂനപക്ഷ വിഭാഗങ്ങൾ വലിയ സംഭാവന നല്കിയിട്ടുണ്ട്. ന്യൂനപക്ഷ പഠനവുമായി ബന്ധപ്പെട്ട അക്കാദമിക് വിഷയങ്ങളിൽ ഗവേഷണ പഠനം നടത്തുന്നതിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിവിധ വിഷയ മേഖലകളിൽ ഗവേഷണം നടത്തുന്ന സ്ഥാപനം, മാനവിക വിഷയങ്ങളിലും സാമൂഹ്യ ശാസ്ത്രത്തിലും കേന്ദ്രീകരിച്ച് പഠനം നടത്തുകയും പ്രത്യേകിച്ചും ശാസ്ത്രീയവും, മതേതരവും ജനാധിപത്യപരവുമായ പശ്ചാത്തലത്തിൽ മൈനോരിറ്റി സ്റ്റഡീസിന് ഊന്നൽ നൽകുകയും ചെയ്യും. കോഴിക്കോട് സർവകലാശാലയുടെ കീഴിലായിരിക്കും ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇന്ത്യയിലും വിദേശത്തുമുള്ള ഇത്തരത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന തരത്തിലായിരിക്കും സ്ഥാപനം പ്രവർത്തിക്കുന്നത്.

കോഴിക്കോട് സർവകലാശാലയുടെ കീഴിൽ ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു. സ്ഥാപനത്തിന്റെ ഭരണ നിർവഹണം, വേതനം, ആവർത്തന സ്വഭാവമുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വേണ്ടി വരുന്ന തുക പദ്ധതിയേതര വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഈ പദ്ധതിയുടെ അക്കാദമിക്, പ്രായോഗികതാ റിപ്പോർട്ടുകൾ സർക്കാരിന് മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം നേടിയാൽ മാത്രമേ ഇൻസ്റ്റിറ്റ്യൂട്ടിന് വകയിരുത്തിയ തുക വിതരണം ചെയ്യുകയുള്ളൂ. 2021-22-ൽ ഈ പരിപാടിയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7.കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം**

**(വിഹിതം: 1,300.00 ലക്ഷം രൂപ)**

കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് കമ്പനി ആക്ട് പ്രകാരം രൂപീകൃതമായതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (കെ.എസ്.എം.ഡി.എഫ്.സി). ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തികവും മറ്റു ജീവിത രീതികളും മെച്ചപ്പെടുത്താൻ വേണ്ടിയുള്ള സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരവും പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി പ്രകാരവും അംഗീകരിച്ചതാണിത്. 15 ശതമാനം വിഹിതം സംസ്ഥാന സർക്കാർ നീക്കി വയ്ക്കുകയാണെങ്കിൽ 85 ശതമാനം തുക സാമ്പത്തിക സഹായമായിട്ട് കെ.എസ്.എം.ഡി.എഫ്.സി-ക്ക് നല്കുവാൻ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) സന്നദ്ധമാണ്. മദ്രസാ അദ്ധ്യാപകർക്കുള്ള ഭവന വായ്പ, ഭവന വായ്പ, പ്രവാസി വായ്പ, വാണിജ്യ വികസന വായ്പ, പാരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ, തൊഴിലാളികൾക്കുള്ള വിവിധോദ്ദേശ്യ വായ്പ, സ്വയം തൊഴിൽ വായ്പ, എൻ.എം.ഡി.എഫ്.സി വായ്പാ പദ്ധതികൾ, വ്യക്തിഗത വായ്പ എന്നിവ നടപ്പിലാക്കുവാനാണ് ഓഹരി മൂലധനമായി കോർപ്പറേഷന് തുക വകയിരുത്തിയിരിക്കുന്നത്. 2021-22-ൽ 1300.00 ലക്ഷം രൂപ ഓഹരി മൂലധനമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് വകയിരുത്തിയിരിക്കുന്നു.

**8.വിവാഹ പൂർവ്വ കൗൺസിലിങ്ങും സോഫ്റ്റ് സ്കിൽ വികസനവും**

**(വിഹിതം: 90.00 ലക്ഷം രൂപ)**

കേരളത്തിലെ ന്യൂനപക്ഷങ്ങൾക്കിടയിൽ, പ്രത്യേകിച്ചും മുസ്ലിം സമുദായത്തിൽ വർദ്ധിച്ചുവരുന്ന വിവാഹ മോചനങ്ങൾക്ക് പല കാരണങ്ങളുണ്ട്. നേരത്തെയുള്ള വിവാഹം, ശരിയായ വിദ്യാഭ്യാസത്തിന്റെ അഭാവം, മാനസിക പക്വതക്കുറവ്, സാമ്പത്തിക ബുദ്ധിമുട്ടുകൾ, ദമ്പതികളുടെ സാമ്പത്തിക ചുറ്റുപാടുകൾ തമ്മിലുള്ള അന്തരം മുതലായവ ഇതിൽ ഉൾപ്പെടുന്നു. വിവാഹ മോചന നിരക്ക് കുറക്കാനുദ്ദേശിച്ചുള്ള പദ്ധതിയാണ് വിവാഹ പൂർവ്വ കൗൺസിലിംഗ്. ഈ പദ്ധതി സർക്കാർ മാർഗരേഖകൾക്കനുസരിച്ച് നടപ്പിലാക്കുന്നതാണ്. 2021-22-ൽ വിവാഹ പൂർവ്വ കൗൺസിലിങ്ങിനും സോഫ്റ്റ് സ്കിൽ വികസനത്തിനുമായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## ഇ. മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം

### കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (ക്ലിപ്തം)

**(വിഹിതം: 3624.00 ലക്ഷം രൂപ)**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അംഗങ്ങളുടെ സമഗ്ര വികസനവും ക്ഷേമപ്രവർത്തനവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മെറിറ്റ് സ്കോളർഷിപ്പ്, മത്സര പരീക്ഷകൾക്കായി കോച്ചിംഗ് ക്ലാസുകളിൽ തയ്യാറെടുപ്പ് നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം, പ്രവർത്തന ചെലവുകൾ, സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന പലിശ സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതികൾ, നൈപുണ്യ/സംരംഭകത്വ വികസന പരിപാടികൾ, ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തുടനീളമുള്ള ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളെ കണ്ടെത്തുന്നതിനായി ഒരു പഠനം നടത്തുന്നതാണ്. 2021-22 ൽ പദ്ധതിയ്ക്കായി 3624.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 500.00 ലക്ഷം രൂപ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള മൂലധന സഹായമായി വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **പദ്ധതികൾ/ഘടകങ്ങൾ** | **തുക(രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1. | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (ക്ലിപ്തം) | |
| എ | മെറിറ്റ് സ്കോളർഷിപ്പ് | 1700.00 |
| ബി | കോച്ചിംഗ് ക്ലാസ്സുകളുടെ സംഘാടനവും നടത്തിപ്പും (മത്സര പരീക്ഷകൾക്കായി തയ്യാറെടുപ്പ് നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം) | 150.00 |
| സി | പ്രവർത്തന ചെലവുകൾ | 60.00 |
| ഡി | സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന പലിശ സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതികൾ | 500.00 |
| ഇ | നൈപുണ്യ/സംരംഭകത്വ വികസന പ്രവർത്തനങ്ങൾ, | 300.00 |
| എഫ് | വിശദമായ പഠനത്തെ അടിസ്ഥാനമാക്കിയുള്ള ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം | 414.00 |
| | **ആകെ (1)** | **3124.00** |
| 2 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് മൂലധന സഹായം | 500.00 |
| | **ആകെ** | **3624.00** |

## 9.12 സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2021-22 ബഡ്ജറ്റിൽ പോഷകാഹാര പരിപാടികൾ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷിതത്വ ക്ഷേമ മേഖലയ്ക്ക് ആകെ 69304.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകുപ്പ്/ഏജൻസി തിരിച്ചുള്ള 2021-22ലെ വിഹിതം താഴെ ചേർക്കുന്നു.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | വകുപ്പ്/ഏജൻസി | വകയിരുത്തിയ വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും** | |
| 1 | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് | 5460.00 |
| 2 | വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 18049.54 |
| 3 | കേരള സാമൂഹ്യസുരക്ഷാ മിഷൻ | 16046.46 |
| 4 | ജയിൽ വകുപ്പ് | 1950.00 |
| 5 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 2511.00 |
| 6 | കേരള വനിതാ കമ്മീഷൻ | 540.00 |
| 7 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 1300.00 |
| 8 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് | 1700.00 |
| 9 | വൈകല്യമുള്ളവർക്കായുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് | 220.00 |
| 10 | സൈനികക്ഷേമ വകുപ്പ് | 80.00 |
| 11 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 250.00 |
| 12 | ഹൈക്കോടതി | 665.00 |
| | **സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും ആകെ** | 48772.00 |
| | **പോഷകാഹാരം** | |
| 12 | വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 20432.00 |
| 13 | ആരോഗ്യസേവന ഡയറക്ടറേറ്റ് | 100.00 |
| | **പോഷകാഹാരം ആകെ** | 20532.00 |
| | **ആകെ മൊത്തം** | 69304.00 |

**സാമൂഹ്യ നീതി വകുപ്പ്**

**1. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ**

**(വിഹിതം : 1300.00ലക്ഷം രൂപ)**

ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസവും അവർക്ക് മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കാൻ വേണ്ടി 1979-ൽ സ്ഥാപിതമായതാണ് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ. താഴെ പറയുന്ന പരിപാടികളുടെ മുൻഗണനാ ക്രമത്തിലുള്ള നടത്തിപ്പിനായി 2021-22-ൽ 1300.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകകൊള്ളിക്കുന്നു. പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

**ശുഭയാത്രാ പദ്ധതി**

- ഹൈടെക് ലിംപ്, ഇലക്ട്രോണിക് വീൽ ചെയർ, ശബ്ദാനുസരണ സോഫ്റ്റ് വെയറുള്ള ലാപ്ടോപ്പ്, പവർ ബെഡ് എന്നിവ പോലുള്ള ആധുനിക ഉപകരണങ്ങളുടേയും

പ്രത്യേകാവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടേയും സഹായ ഉപകരണങ്ങളുടേയും സൗജന്യ വിതരണം.

- വൈകല്യമുള്ളവർക്ക് സൈഡ് വീലോടുകൂടിയ മോട്ടോറൈസ്ഡ് സ്കൂട്ടറുകളുടെ വിതരണം സൈഡ് വീലോടു കൂടിയ മോട്ടോറൈസ്ഡ് സ്കൂട്ടറുകൾ സബ്സിഡി
- വൈകല്യസൗഹൃദപരവും പ്രാപ്തരാക്കുന്നതുമായ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും
- ഭിന്നശേഷിക്കാർക്കായുള്ള ബഹുജനാവബോധന പരിപാടി

**ആശ്വാസം പദ്ധതി**

- സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി); സ്വയം സഹായ ഗ്രൂപ്പുകൾക്ക് സഹായം
- വികലാംഗരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)
- സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം
- മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും എഴുതി തള്ളൽ, ഒറ്റത്തവണ തീർപ്പാക്കൽ, NHFDC ലോൺ സബ്സിഡി എന്നിവ പ്രകാരമുള്ള വായ്പാ തുക തിരിച്ചടവിൽ വീഴ്ച വരുത്തിയവരുടെ പലിശയും പിഴ പലിശയും നിർത്തി വയ്ക്കുക
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് എൻ.എച്ച്.എഫ്.ഡി.സി ലോണിനായുള്ള സബ്സിഡി. എൻ.എച്ച്.എഫ്. ഡി. സി. ലോണിന്റെ സംസ്ഥാന വിഹിതം

**ഹസ്തദാനം പദ്ധതി**

- ഭിന്ന ശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്
- ഗുരുതരമായ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി
- സംസ്ഥാന റിസോഴ്സ് സെന്റർ

**ഒപ്പം പദ്ധതി**

- പാറശ്ശാലയിലെ വൃദ്ധസദനം

സഹായ ഉപകരണങ്ങളുടെ ഷോറൂമുകൾ, ഇ-സ്റ്റോർ

വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ

പദ്ധതി നിർവ്വഹണ ചെലവ്

എം.ആർ.എസ്.ടി. യൂണിറ്റ് – നിർമ്മാണം, അറ്റകുറ്റപ്പണി, ഉപകരണങ്ങളെ പ്രവർത്തന സജ്ജമാക്കൽ, പരിശീലനം.

**2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്**

**(വിഹിതം : 1700.00 ലക്ഷം രൂപ)**

മൂകരും ബധിരരുമായവർക്ക് പുനരധിവാസം നൽകുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1997-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം തുടങ്ങിയത്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി വിവിധ കോഴ്സുകൾ, കേഴ്വി ശക്തിയിലെ കുറവ് വിലയിരുത്തലും കണ്ടെത്തലും, പ്രാരംഭ ഇടപെടലും പുനരധിവാസവും എന്നിവയാണ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ. ആശയവിനിമയത്തിനും മറ്റുമുള്ള വൈകല്യങ്ങൾ ബാധിച്ചതുമായ വ്യക്തികളെ കണ്ടെത്തലും പുനരധിവാസവും ഉന്നത വിദ്യാഭ്യാസം നൽകലുമാണ് ലക്ഷ്യങ്ങൾ. നിഷിനെ ഒരു മികച്ച കേന്ദ്രമായി വികസിപ്പിക്കുന്നതിന് അക്കാദമിക കെട്ടിടം, ക്ലിനിക്കൽ കെട്ടിടം ഹോസ്റ്റൽ എന്നിവ നിർമ്മിക്കേണ്ടതുണ്ട്. അധികമായി ആവശ്യമുള്ള തുകയ്ക്കായി കിഫ്ബി/മറ്റു ധനകാര്യ ഏജൻസികളെ സമീപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

- ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസോർഡർ പരിപാടി, ന്യൂറോ ഡവലപ്മെന്റ് സയൻസ് പരിപാടി
- മന:ശ്ശാസ്ത്രം, ആരോഗ്യ അനുബന്ധ സേവനങ്ങൾ
- പ്രാരംഭ ഇടപെടൽ പദ്ധതികൾ.
- വിവര സാങ്കേതിക വിദ്യ
- ഉന്നത വിദ്യാഭ്യാസ അടിസ്ഥാന പദ്ധതികൾ, അക്കാഡമിക് പരിപാടികൾ

തുടർ പരിപാടികൾക്കായി, 2021-22-ൽ 1700.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും അഡീഷണൽ അക്കാദമിക കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള ആശയ രൂപകല്പന, പ്രാഥമിക എസ്റ്റിമേറ്റ് എന്നിവയ്ക്കായി ഒരു വിഹിതം വിനിയോഗിക്കാവുന്നതാണ്.

**3. വൈകല്യമുള്ളവർക്കുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ്**

**(വിഹിതം:220 .00 ലക്ഷം രൂപ)**

വൈകല്യമുള്ളവർക്കു വേണ്ടി നടപ്പിലാക്കുന്ന വിവിധ വികസനക്ഷേമ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി കേന്ദ്രസർക്കാർ അംഗപരിമിതർക്കായുള്ള ദേശീയനയം (പി.ഡബ്ലിയു.ഡി. ആക്ട്) 1995-ൽ പാസ്സാക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും വൈകല്യമുള്ളവരുടെ നേട്ടങ്ങൾക്കായി തുക വിനിയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുമായി 1999-ൽ കേരളത്തിൽ സ്റ്റേറ്റ് കമ്മീഷണറേറ്റ് രൂപീകരിച്ചു. (പി.ഡബ്ല്യൂ.ഡി. ആക്ട്) 1995 നു പകരമായി പുതിയ (പി.ഡബ്ല്യൂ.ഡി.ആക്ട്) 2016 നിലവിൽ വന്നിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ 2021-22-ൽ 220.00 ലക്ഷം രൂപ വകയിരുത്തുന്നു.

- പുനരധിവാസത്തിനായുള്ള ഗവേഷണവും വികസനവും
- കൈപ്പുസ്തകം, ലഘുലേഖകൾ, ചെറുപുസ്തകങ്ങൾ എന്നിവയുടെ അച്ചടിയും പ്രസിദ്ധീകരണവും
- അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള അവബോധന പരിപാടി
- വൈകല്യമുള്ളവർക്കായുള്ള സ്ഥാപനങ്ങളുടെ പരിശോധന നടത്തൽ
- വൈകല്യമുള്ളവർക്കായുള്ള അദാലത്ത്, സിറ്റിങ്ങുകൾ എന്നിവ സംഘടിപ്പിക്കൽ
- വൈകല്യമുള്ളവർക്ക് നിയമസഹായവും ഉപദേശം നൽകലും
- വൈകല്യമുള്ളവർക്കുവേണ്ടിയുള്ള വിനോദങ്ങൾ/സാംസ്കാരിക കായിക പ്രവർത്തനങ്ങൾ
- ബോധവത്ക്കരണ പരിപാടി, സെമിനാറുകൾ
- പ്രദർശനബോർഡ്, സ്ലൈഡ് എന്നിവയുടെ നിർമ്മാണവും പ്രദർശനവും.
- വൈകല്യമുള്ളവരുടെ സാഹിത്യരചനകൾക്കുള്ള അവാർഡ്

**4. പാർശ്വവത്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനത്തിനായി താഴെ പറയുന്ന സാമൂഹ്യ നിയമങ്ങളും അന്താരാഷ്ട്ര സമ്മേളനങ്ങളും നയങ്ങളും നടപ്പിലാക്കേണ്ടത് നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ 2021-22-ൽ 1300.00 ലക്ഷം രൂപ വകയിരുത്തുന്നു.

**I. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുള്ള പ്രധാന സാമൂഹ്യ നിയമ നിർമ്മാണങ്ങൾ**

- ആർ.പി.ഡബ്ല്യു.യു.ഡി ആക്ട് 2016, റൂൾസ്.
- മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്, 2007, റൂൾസ്.
- പ്രൊബോഷൻ ഓഫ് ഓഫന്റേഴ്സ് ആക്ട് 1958, റൂൾസ്.

- ട്രാൻസ്ജെൻഡർ പേഴ്സൺസ് ആക്ട് 2019, റൂൾസ്.
- നാഷണൽ ട്രസ്റ്റ് ആക്ട് 1999
- കേരള ബോസ്റ്റൽ സ്കൂൾ ആക്ട്, 1961
- കേരള സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ രജിസ്ട്രേഷൻ റൂൾ 2012.
- സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട മറ്റു ആക്ടുകൾ

**II. പാർശ്വവത്കൃത വിഭാഗത്തിനായുള്ള പ്രധാന പോളിസികൾ**

- വയോജന നയം, 2013.
- സംസ്ഥാന അംഗ പരിമിത നയം 2015.
- സർക്കാർ-പൊതുജന പങ്കാളിത്തം സംബന്ധിയായ നയം 2013.
- വൈകല്യമുള്ളവരുടെ അവകാശങ്ങളും അതിന്റെ നിർബന്ധമല്ലാത്ത പെരുമാറ്റ ചട്ടങ്ങളുടെ സംരക്ഷണവും 2007.
- ട്രാൻസ്ജെൻഡർ പോളിസി 2015.

**III. 2021-22-ൽ നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ**

**എ. നിയമങ്ങളും നയങ്ങളും നടപ്പാക്കൽ**

- മാതൃകാ ഭിന്നശേഷി സൗഹൃദ പഞ്ചായത്തുകൾ സ്ഥാപിക്കലും എല്ലാ പഞ്ചായത്തിലും ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനായി സന്നദ്ധ പിന്തുണയും.
- ഭിന്നശേഷി കുട്ടികളെ ദത്തെടുക്കുന്നവർ, ഫോസ്റ്റർ കെയറിനെടുക്കുന്നവർ എന്നിവർക്കുള്ള സഹായവും ദത്തെടുക്കൽ ഏജൻസികൾക്കുള്ള പിന്തുണയും
- ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച് ക്യാമ്പയിനുകൾ, ഗുരുതര പാരാപ്ലെജിക് രോഗികൾക്കും ക്വാഡ്രി പ്ലെജിക് രോഗികൾക്കും ഒറ്റതവണ സഹായം.
- മാനസിക രോഗം ഭേദമായവരുടെ പുനരധിവാസത്തിനുള്ള പെരുമാറ്റ ചട്ടം തയ്യാറാക്കുകയും SOP നടപ്പാക്കുകയും SOS മാതൃകാ ഹോമുകൾ സ്ഥാപിക്കലും.
- പ്രകൃതി ക്ഷോഭങ്ങളും മറ്റു ദുരന്തങ്ങളും ബാധിച്ച സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിലുള്ള വിഭാഗങ്ങൾക്ക് ആശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ.
- വകുപ്പിലുള്ള എല്ലാ സാമൂഹ്യ നിയമങ്ങളും നടപ്പാക്കലും മുകളിൽ സൂചിപ്പിച്ച ആക്ടുകളും റൂളുകളും പോളിസികളുമായി ബന്ധപ്പെട്ട പദ്ധതികൾ/പ്രവർത്തനങ്ങൾ
- നാഷണൽ ട്രസ്റ്റ് ആക്ട് ശക്തിപ്പെടുത്തുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും
- RPWD Act 2016 നടപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ
- സംസ്ഥാനത്തിനകത്തും പുറത്തും ഉണ്ടായിട്ടുള്ള വർഗ്ഗീയ ലഹളകളിൽ ഇരയായവർക്കുള്ള സ്ഥാപന സേവനങ്ങൾ ഉൾപ്പെടെയുള്ള പരിചരണ സംരക്ഷണം.
- പാർശ്വവത്കൃത വിഭാഗക്കാരുടെ പരിരക്ഷ, സംരക്ഷണം, പുനരധിവാസം, ശാക്തീകരണം എന്നിവ മുൻനിർത്തിയുള്ള സർക്കാർ നയങ്ങളും. അന്തർ ദേശീയ ഉടമ്പടികളും
- വികലാംഗ സെൻസസ് ഡേറ്റ ശേഖരണവും പുതുക്കലും, ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത സംരക്ഷണ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളും പുനരധിവാസവും.

- 2018-ലെ കേരളത്തിലെ പ്രളയം ബാധിച്ച പാർശ്വവത്ക്കരിക്കപ്പെട്ട കുടുംബങ്ങൾക്ക് സൈകോസോഷ്യൽ ടോമോകെയർ ഉൾപ്പെടെയുള്ള ആശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ.
- സാമൂഹ്യ നീതി വകുപ്പിൽ റിസർച്ച് & ഗൈഡൻസ് സെൽ സ്ഥാപിക്കൽ
- നിഷിൽ ദ്വിഭാഷാ സ്കൂൾ സ്ഥാപിക്കൽ
- പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനായി ശില്പശാലകൾ/ സെമിനാറുകൾ/നൈപുണ്യവികസനം/ബോധവത്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
- കലാകായിക മേഖലകളിൽ ഭിന്നശേഷിക്കാരുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി 'ശ്രേഷ്ഠം' പദ്ധതി
- 'വിജയാമൃതം' പദ്ധതി-ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ അംഗീകരിക്കൽ
- 'സഹചാരി' പദ്ധതി സമാനരായവരുടെ ഗ്രൂപ്പുകളുടെ പിന്തുണയോടെ ഭിന്നശേഷിക്കാരുടെ ഉൾപ്പെടുത്തൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ
- പരിരക്ഷ – ഭിന്നശേഷിക്കാർക്ക് അടിയന്തിര സഹായത്തിനായുള്ള പരിപാടി.

**ബി. സാമൂഹ്യ പുനരധിവാസ പരിപാടികൾ**

- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സമഗ്ര പാക്കേജ് പ്രകാരം എൻ.ജി.ഒ കളുടെ പിന്തുണയോടെ ഒരു മേഖലയിൽ ഒരു പുതിയ ഭവനമെങ്കിലും മാനസിക വെല്ലു വിളിനേരിടുന്നവർക്കായി സ്ഥാപിക്കൽ (ഈ മേഖലയിലെ എൻ.ജി.ഒ കളെ എംപാനൽ ചെയ്യുന്നതിലൂടെ).
- മലപ്പുറത്ത് ഭിന്നശേഷിക്കാർക്കായി ഗ്ലോബൽ എബിലിറ്റി വില്ലേജ്.
- വീടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്ക് സാമൂഹ്യാധിഷ്ഠിത ശാരീരിക-മന:ശാസ്ത്ര ഇടപെടലുകൾ.
- എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള പുനരധിവാസ ഗ്രാമം സ്ഥാപിക്കൽ
- ലഹരി വിമുക്ത പ്രവർത്തനങ്ങൾ.
- സാമൂഹ്യ സഹായത്തോടെയുള്ള ഹോമുകൾ
- ഇന്ത്യാഗവൺമെന്റിന്റെ പദ്ധതിയായ ജില്ലാതല ഭിന്നശേഷി പുനരധിവാസ പദ്ധതിയുടെ സംസ്ഥാന തല പ്രവർത്തനങ്ങൾ നടപ്പാക്കുക. (ഏകോപനം, സാമൂഹ്യ നിയമങ്ങൾ നടപ്പാക്കൽ, മേൽനോട്ടതിനായുള്ള H R)
- എൻ.ജി.ഒ.കൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/കെ.എസ്.എസ്.എം./നിഷ്/നിപ്മെർ/ഇം ഹാൻസ്/നിംഹാൻസ്/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ അംഗപരിമിതരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ
- പ്രത്യാശ പദ്ധതി - എൻ.ജി.ഒ.കളുടെ സഹായത്തോടെ അന്തേവാസികളുടെ പുനരധിവാസവും വീടുകളിലേക്ക് മാറ്റിതാമസിപ്പിക്കലും.
- സുരക്ഷ പ്രൊജക്ട് നടപ്പാക്കൽ- ആരോഗ്യ/ തദ്ദേശഭരണ/എൻ.ജി.ഒ./പോലീസ് വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനം മുഖേന സാമൂഹ്യാധിഷ്ഠിത പുനരധിവാസ പ്രോജക്ട്.

- മാനസിക രോഗികളായിട്ടുള്ളവരെ സമൂഹത്തിൽ പുനസംയോജിപ്പിക്കുന്നതിനായി പ്രൊഫഷണലുകളുടെ പിന്തുണയോടെ ഫലപ്രദമായി പരിശീലിപ്പിക്കുന്നതിനായി റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങുക-ഇംഹാൻസ്.
- സാമൂഹ്യ ഭിന്നശേഷി പരിപാലനവും പുനരധിവാസ പരിപാടിയും സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി 'ഒപ്പം' പദ്ധതി. കോഴിക്കോട് ജില്ലയിൽ പൈലറ്റ് പ്രൊജക്ട് വിജയകരമായി നടപ്പിലാക്കി വരുന്നു.
- മിശ്ര വിവാഹിതർക്ക് സുരക്ഷിത ഹോമുകൾ

**സി. നൈപുണ്യ വികസനവും ശാക്തീകരണവും**

- വിദ്യാഭ്യാസ സഹായം, ട്യൂഷൻ ഫീസ്, യാത്രാബത്ത, പഠന ഉപകരണങ്ങൾ വാങ്ങാനുള്ള സഹായം, വിനോദ പരിപാടികൾ, ലൈബ്രറി സംവിധാനം, ചികിത്സാ ചെലവ് തുടങ്ങിയ സൗകര്യങ്ങൾ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകുക.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ശാക്തീകരണവും സ്പെഷ്യൽ സ്കൂളുകളിൽ ഉൾപ്പെടുത്താനുള്ള പ്രത്യേക സഹായ പാക്കേജും.
- അംഗപരിമിതരുടെ കലോത്സവം സംഘടിപ്പിക്കൽ.
- ഭിന്നശേഷിക്കാർക്കായി എമർജൻസി കോൾ സെന്ററോടുകൂടിയ തൊഴിൽസഹായ പോർട്ടലും തൊഴിൽ വകുപ്പും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സുമായി സഹകരിച്ച് തൊഴിലവസരങ്ങളും.

**ഡി. സ്ഥാപനപര പുനരധിവാസം**

- ഒ.സി.ബി യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, വകുപ്പിന്റെ കീഴിലുള്ള പുനരധിവാസ സ്ഥാപനങ്ങളും ഒ.സി.ബി.യിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മൊബൈൽ ശുശ്രൂഷ സേവനങ്ങളും
- ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ പുനരധിവസിപ്പിക്കാനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരെ വീടുകളിൽ തിരികെ കൊണ്ട് വരുന്നതിനുമുള്ള ധനസഹായം നൽകുക.
- പുനർജനി പദ്ധതി നടപ്പാക്കൽ.
- വയനാട് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ചെലവുകൾ, സ്ട്രീറ്റ് ലൈറ്റ് പ്രൊജക്ട്.
- തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ഒൻപതാം വാർഡിൽ അഡ്മിറ്റ് ചെയ്തിട്ടുള്ള നിരാലംബരുടെ പുനരധിവാസം.

**ഇ. സാമൂഹ്യ സഹായ പരിപാടികൾ**

- തെറാപ്പി സേവനങ്ങൾ ആവശ്യമുള്ള ഭിന്നശേഷി കുട്ടികൾക്ക് (ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക്) അംഗീകൃത തെറാപ്പി സെന്ററുകൾ മുഖേന സേവനം നൽകുന്നതിനുള്ള ധനസഹായം.
- ഓസ്റ്റിയോജെനിസിസ് ഇംപെർഫെക്ട ബാധിച്ചവർ, കുഷ്ഠരോഗം ഭേദമായവർ, ആസിഡ് അക്രമണത്തിനു ഇരയായവർ എന്നിവർക്കായുള്ള പദ്ധതികൾ കണ്ടെത്തുന്നതിനും പഠനം നടത്തുന്നതിനും തുടർ നടപടികളും.

- നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ഭിന്നശേഷികുട്ടികളുടെ മാതാക്കൾക്ക് ഉപജീവന പിന്തുണ പ്രൊജക്ട് മാനസിക വെല്ല വിളി നേരിടുന്നവർക്കായി എബിലിറ്റി ഫെസ്റ്റ്, ജോബ് ഫെയർ
- എച്ച്.ഐ.വി.ബാധിതരുടെ പുനരധിവാസം.
- മറ്റ പദ്ധതികളുടെ പരിധിയിൽ വരാത്ത അർഹതയുള്ളവർക്ക് ധനസഹായം.
- വ്യക്തിഗത ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പദ്ധതികൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലാ ഓഫീസുകൾ/ഡയറക്ടറേറ്റ്-ൽ പ്രത്യേക സെൽ രൂപീകരിക്കുക. സാമൂഹ്യ നീതി വകുപ്പാണ് പദ്ധതി നടപ്പാക്കാനുള്ള നോഡൽ വകുപ്പ്.
- വിദ്യാകിരണം പ്രൊജക്ട്-അംഗപരിമിതരായവരുടെ മക്കൾക്ക് സ്കോളർഷിപ്പ്.
- വിദ്യാജ്യോതി പ്രോജക്ട്- അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് യൂണിഫോമിനും പഠന ഉപകരണങ്ങൾക്കും ധനസഹായം.
- സ്വാശ്രയ പദ്ധതി- ശാരീരിക വൈകല്യം/മാനസിക വെല്ലവിളികൾ ബാധിച്ച കുട്ടികളുടെ (അമ്മ മാത്രമുള്ളവർ) രക്ഷാകർത്താവിന് സ്വയം തൊഴിൽ പദ്ധതി.
- മാതൃജ്യോതി- അന്ധയായ/ഭിന്നശേഷിക്കാരായ അമ്മമാർക്ക് ധനസഹായം.
- ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം
- ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതാനുള്ള സഹായം
- പരിണയം - ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും ഭിന്നശേഷിക്കാരുടെ മക്കൾക്കും വിവാഹ സഹായം.

**എഫ്. അഡ്വക്കസി/ഐഇസി/കഴിവ് വികസനം/ഗവേഷണവും പഠനവും**

- ഓൺലൈൻ നിഷ് ഇന്ററാക്ടീവ് ഡിസബിലിറ്റി അവയർനെസ് സെമിനാർ.
- വൊക്കേഷണൽ തെറാപ്പിസ്റ്റുകൾക്ക് അനുയോജ്യമായ കോഴ്സുകൾ രൂപ കല്പന ചെയ്യുകയും നിപ്മെർ/നിഷ്/എസ്.ഐ.ഡി. തുടങ്ങിയവയിലൂടെ പ്രൊഫഷണലുകളുടെ പുനരധിവാസവും.
- ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം.
- വകുപ്പിൻ കീഴിലുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണം, ഐ.ഇ.സി. പ്രവർത്തനങ്ങൾ ഭരണ ചെലവുകൾ.
- സാമൂഹ്യ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പഠനങ്ങളും ഗവേഷണങ്ങളും

**5. അനന്തര ശുശ്രൂഷ, തുടർ സേവനങ്ങൾ, ഇരകളുടെ പുനരധിവാസം**

**(വിഹിതം : 250.00 ലക്ഷം രൂപ)**

ജയിൽ വിമുക്തരായവർ ഏറെയും ജീവിക്കാനായി ഒരു സംരംഭം ആരംഭിക്കാനുള്ള മൂലധന നിക്ഷേപം കണ്ടെത്താൻ പ്രയാസപ്പെടുന്നുണ്ട്. തത്ഫലമായി സാമൂഹ്യപരമായി സ്വീകരിക്കപ്പെടാത്ത ജീവനോപാധികൾ സ്വീകരിക്കുവാൻ അവർ പലപ്പോഴും നിർബന്ധിക്കപ്പെടുന്നു. തടവുകാരുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും അവരിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനുമായി കാലാവധി പൂർത്തിയാക്കാതെതന്നെ അവരെ മോചിപ്പിക്കുന്നത് സർക്കാർ നയമാണ്. ജയിൽ മോചിതരായ തടവുകാർ കുറച്ചുകാലത്തേക്ക് പ്രൊബേഷൻ ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലായിരിക്കും. ഈ കാലയളവിൽ അവരെ ഗുണകരമായി പുനരധിവസിപ്പിക്കേണ്ടതാണ്. 2021-22 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു. സാമൂഹ്യ നീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്.

മുൻകാല കുറ്റവാളികൾ, മുൻ തടവുകാർ, പ്രൊബേഷണർമാർ, അവരുടെ കുടുംബങ്ങൾ എന്നിവർക്കായി ചുവടെ പറയുന്ന ഗ്രാന്റ് ഇൻ-എയ്ഡ് പദ്ധതികൾ നടപ്പാക്കിവരുന്നു.

**ഗ്രാന്റ്-ഇൻ-എയ്ഡ് പദ്ധതികൾ**

- മുൻകാല കുറ്റവാളികൾ, മുൻ തടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കും സ്വയം തൊഴിലിനു സഹായം
- നിർദ്ദനരായുള്ള കുറ്റവാളികളുടെ ആശ്രിതർക്കുള്ള പുനരധിവാസ പദ്ധതി.

**സാമൂഹ്യ പ്രതിരോധ സമ്പ്രദായത്തിന്റെ ഭാഗമായുള്ള വിദ്യാഭ്യാസ പിന്തുണ പരിപാടികൾ**

- തടവുകാരുടെയും അതിക്രമത്തിനിരയായവരുടെയും കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം
- തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ സഹായം.

**കുറ്റവാളികളുടെ പുനരധിവാസ പരിപാടികൾ**

- കുറ്റവാളികൾക്കും കുറ്റവാളികളുടെ ആശ്രിതർ എന്നിവർക്ക് സ്വയം തൊഴിൽ പരിപാടി

**നൈപുണ്യ വികസന പരിപാടികൾ**

- മുൻ തടവുകാർ, പ്രൊബേഷണർമാർ, ആദ്യ കുറ്റവാളികൾ, അതിക്രമത്തിന്റെ ഇരകൾ എന്നിവർക്ക് നൈപുണ്യം ആർജ്ജിക്കലും പുനരധിവാസ പരിപാടികളും

**സൈക്കോസോഷ്യൽ പരിപാടികൾ**

- രോഗം ഭേദമായ മാനസിക രോഗികളായ തടവുകാർക്ക് എൻ.ജിഒ കൾ മുഖേന സൈക്കോ സോഷ്യൽ പുനരധിവാസം
- മുൻ തടവുകാർ, പ്രൊബേഷണർമാർ, ആദ്യ കുറ്റവാളി, അതിക്രമത്തിനിരയായവർക്ക് സാമൂഹ്യതല സൈക്കോ സോഷ്യൽ പരിപാടി

**സാമൂഹ്യാധിഷ്ഠിത പരിപാടികൾ**

- പ്രൊബേഷൻ സമ്പ്രദായത്തിൻ കീഴിൽ 'നേർവഴി' പ്രൊജക്ട് നടപ്പാക്കൽ
- തടവുകാരുടെ മകൾക്ക് വിവാഹധനസഹായം

**സ്ഥാപനപര പുരധിവാസം**

- മുൻതടവുകാർ, പ്രൊബേഷണർമാർ, കുറ്റവാളികൾ എന്നിവർക്ക് സ്ഥാപനപര പുനരധിവാസം.

**ഗവേഷണവും പഠനവും**

- മുൻ തടവുകാർ, ആശ്രിതർ എന്നിവരെ സംബന്ധിച്ച് സമഗ്ര പഠനം
- നേർവഴി പ്രൊജക്ട്- വിലയിരുത്തൽ പഠനം
- കേരളത്തിലെ പ്രൊബേഷൻ ഓഫീസുകൾ മുഖേന നടപ്പാക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് പരിപാടികളുടെ വിലയിരുത്തൽ

**മറ്റു പ്രവർത്തനങ്ങൾ**

- നേർവഴി വകുപ്പിന്റെ തുടർച്ച
- അതിക്രമത്തിനിരയായവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം
- അതിക്രമത്തിനിരയായവർക്ക് സ്വയം തൊഴിൽ യൂണിറ്റ്
- മുൻതടവുകാർ, പ്രൊബേഷണർമാർ, ജാമ്യത്തിലുള്ള കുറ്റവാളികൾ, പരോളിലുള്ളവർ എന്നിവർക്കായി പ്രൊബേഷൻ ഹോം.
- കേരളത്തിലെ പുറമ്പോക്ക് നിവാസികൾക്കായി പുനരധിവാസത്തിനും പുന:സംയോജനത്തിനുമായി പദ്ധതി രൂപീകരിക്കലും നടപ്പാക്കലും
- സ്ത്രീ/പുരുഷ പ്രൊബേഷണർമാർക്കും, മുൻകാല തടവുകാർക്കും, പരോളിലുള്ളവർക്കും എൻ.ജി.ഒ യുമായി ചേർന്ന് പ്രത്യേക പ്രൊബേഷൻ ഹോമുകൾ സ്ഥാപിക്കൽ
- ജീവ പര്യന്തം ശിക്ഷയനുഭവിക്കുന്ന തടവുകാർക്കായി ജയിൽ വകുപ്പുമായി ചേർന്ന് സാമൂഹ്യ സേവന പരിപാടി നടപ്പാക്കുക.

- മാനസികാരോഗ്യ കേന്ദ്രങ്ങളിൽ താമസിക്കുന്ന മാനസിക രോഗം ഭേദമായ തടവുകാരുടെ പുനരധിവാസം
- മുൻകാല തടവുകാർ, കുറ്റവാളികളുടെ ആശ്രിതർ, കുറ്റകൃത്യത്തിലേർപ്പെട്ടവർ, ആദ്യമായുള്ള പ്രൊബേഷണർമാർ, എന്നിവർക്കായി സാമൂഹ്യാധിഷ്ഠിതമായ മാനസിക സാമൂഹിക ഇടപെടൽ പരിപാടികൾ.
- ജയിൽ മോചിതരായ വനിതതടവുകാർക്ക് പ്രത്യേക പരിപാടികൾ
- സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ പ്രൊബേഷനും സാമൂഹ്യ പ്രതിരോധത്തിനുമായി പ്രത്യേക സെൽ സ്ഥാപിക്കുക
- പ്രതിവാദം ഒത്തു തീർപ്പാക്കൽ, പ്രൊബേഷൻ, ബോർസ്റ്റൽ സ്കൂൾ സമ്പ്രദായം, മാനസിക സാമൂഹിക ഇടപെടലുകൾ, സാമൂഹ്യ പ്രതിരോധത്തിനുള്ള സ്റ്റേറ്റ് ഹോൾഡേഴ്സിനും പൊതു ജനത്തിനും കെൽസയുടെ പിന്തുണയോടെ സഹായം .
- കേരള നിയമ അക്കാദമിയുടെ പിന്തുണയോടെ നിയമ ഉദ്യോഗസ്ഥർക്ക് പരിശീലനം,
- എല്ലാ ജില്ലകളിലും തടവുകാരുടെ ആശ്രിതർക്കും, മുൻകാല തടവുകാർക്കും പ്രൊബേഷണർമാർക്കും മുൻകാല അന്തേവാസികൾക്കുമായി CBO കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- പ്രൊബേഷനിലും സാമൂഹ്യ പ്രതിരോധത്തിലും നാഷണൽ സെമിനാറുകൾ സംഘടിപ്പിക്കുക.
- മുൻകാലകുറ്റവാളികൾ, ജാമ്യത്തിൽ കഴിയുന്നവർ, മുൻ തടവുകാർ, ദരിദ്രരായ കുറ്റവാളികളുടെ ആശ്രിതർ എന്നിവർക്കും സാമ്പത്തിക സഹായവും നഷ്ടപരിഹാരവും നൽകുൽ.
- അതിക്രമത്തിനിരയായവർക്ക് നൈപുണ്യ വികസന പരിശീലനവും അനന്തര ശുശ്രൂ ഷകളും നൽകുക
- സ്വയം തൊഴിൽ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനോ പ്ലെയ്സ്മെന്റ് സൗകര്യത്തിന് വേണ്ടിയോ സഹായം.
- ഗവേഷണ പരിപാടികൾ/പഠനങ്ങൾ, സ്മാർട്ട് പ്രൊബേഷൻ
- സംസ്ഥാന/ജില്ലാതല ശില്പശാലകൾ സംഘടിപ്പിക്കൽ, അംഗീകൃത സ്ഥാപനമായ ' ടിസ്സ്' ന്റെ സഹായത്തോടെ പ്രൊബേഷനുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സ് പരിശീലനം.
- കുറ്റവാളികളുടെ ആശ്രിതർക്കും ദുരന്തത്തെ അതിജീവിച്ചവർക്കും വിക്ടിം സപ്പോർട്ട് ബ്യൂറോ.
- മേൽനോട്ടത്തിലുള്ള കുറ്റവാളികളുടെ ഇലക്ട്രോണിക് മോണിട്ടറിംഗ്, ഷോർട്ട് ഫിലിമുൾപ്പെടെ ഐ.ഇ.സി. പ്രവർത്തനങ്ങൾ വികസിപ്പിക്കുക

**6. ജയിലുകളുടെ നവീകരണം**

**(വിഹിതം : 1200.00 ലക്ഷം രൂപ)**

ജയിൽ ഭരണം നവീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഒരു ദീർഘകാല പ്രൊജക്ട് രൂപകൽപന ചെയ്തിട്ടുണ്ട് . ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- സിക്കയിലെ പരിശീലനാർത്ഥികൾക്ക് ആയുധങ്ങൾ വാങ്ങൽ
- ജയിലുകളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ പ്ലാന്റുകളെ ഓൺഗ്രിഡിലേക്ക് മാറ്റൽ
- കോട്ടയം ജില്ലാ ജയിലിൽ പവ്വർ ഫെൻസിംഗ്
- ഇ-ഫയൽ മാനേജ്മെന്റ് സിസ്റ്റത്തിന് എ.എം.സി.
- കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ
- ഇടുക്കി ജില്ലാ ജയിലിൽ ജനറേറ്റർ സ്ഥാപിക്കൽ
- പാലക്കാട് ജില്ലാ ജയിലിൽ സൂപ്രണ്ടിന് ക്വാട്ടേഴ്സ് നിർമ്മാണം.

- ചീമേനി തുറന്ന ജയിലിൽ റോഡ് ടാറിംഗും അറ്റകുറ്റപ്പണികളും
- വിയ്യൂർ ജില്ലാ ജയിലിൽ ചുറ്റുമതിൽ നിർമ്മാണം.
- ജയിലുകളിൽ ചുറ്റുമതിലുകളുടെ ഉയരം കൂട്ടുക, അറ്റകുറ്റപ്പണികളും മെയിന്റനൻസും
- കണ്ണൂർ വനിതാ ജയിലിൽ നിന്നും ദേശീയ പാതയിലേക്ക് റോഡു നിർമ്മാണം
- തിരുവനനതപുരം സികയിലെ കമ്പ്യൂട്ടർ ലാബിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപണികളും മെയിന്റനൻസും
- മീനച്ചിൽ സബ്ജയിലിൽ വീഡിയോ കോൺഫറൻസിംഗ് റൂമും സ്റ്റോർ റൂമും നിർമ്മാണം
- കണ്ണൂർ സബ്ജയിലിൽ വിൻഡോ സെല്ലുകൾ മാറ്റി വയ്ക്കലും സെല്ലിന്റെ മേൽക്കൂര അറ്റകുറ്റപ്പണികളും മെയിന്റനൻസും
- കോഴിക്കോട് സ്പെഷ്യൽ സബ്ജയിലിൽ സിംഗിൾ സെല്ലും ടോയ്ലറ്റും നിർമ്മാണം.
- മൂവാറ്റുപ്പുഴ പ്രത്യേകജയിലിൽ സ്റ്റോർ റൂമിനായുള്ള വനിതാ ബ്ലോക്കിന്റെ മേൽക്കൂരയിടൽ
- ആലത്തൂർ സബ്ജയിലിൽ കിച്ചൺ ബ്ലോക്കിന്റെ മെയിന്റനൻസ് പ്രവൃത്തികൾ
- വടകര റൂറൽ ജില്ലാ ജയിലിൽ ഒന്നാം ഘട്ട നിർമമാണം
- തിരുവനന്തപുരം സെൻട്രൽ ജയിലിൽ റോഡ് മെയിന്റനൻസ്
- ആലപ്പുഴ ജില്ലാ ജയിലിൽ ചുറ്റുമതിൽ നിർമ്മാണം
- ചെറുകിട അറ്റകുറ്റപ്പണികളും നിർമ്മാണവും മെയിന്റനൻസ് പ്രവൃത്തികളും
- 3 സെൻട്രൽ പ്രിസണുകളിലെയും 2 തുറന്ന ജയിലുകളിലെയും ടോയ്ലറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

മുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 7. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തലും കാര്യക്ഷമത വർധിപ്പിക്കലും (വിഹിതം :600.00ലക്ഷം രൂപ)

വകുപ്പിന്റെ കീഴിൽ 14 ജില്ലാ ഓഫീസുകളും 31 ക്ഷേമ സ്ഥാപനങ്ങളും 17 പ്രൊബേഷൻ ഓഫീസുകളും ഒരു ഡയറക്ടറേറ്റും പ്രവർത്തിച്ചു വരുന്നു മെച്ചപ്പെട്ട സേവനത്തിനായി എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്. ഇതു കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സ്പെഷലൈസ്ഡ് പരിശീലനം നൽകി ഉത്തരവാദിത്വങ്ങളും ചുമതലകളും ഫലപ്രദമായും കാര്യക്ഷമമായും ചെയ്യാൻ കഴിയത്തക്കവിധം പ്രാപ്തമാക്കുകയും ചെയ്യേണ്ടതാണ്. സാമൂഹ്യ നീതി വകുപ്പാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്.

2021-22-ൽ താഴെപ്പറയുന്ന പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

**ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ**

- വിവിധ വകുപ്പുകളിലായി ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള വിവിധ പദ്ധതികൾ(കേന്ദ്ര/സംസ്ഥാന) നിരീക്ഷിക്കുന്നതിന് ഓൺലൈൻ സിസ്റ്റം തയ്യാറാക്കുക.
- ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിൽ ഇ- ഗവേണൻസും ഇ.ക്ഷേമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും.
- ബയോമെടിക് പഞ്ചിംഗ് സിസ്റ്റം വാർഷിക പരിപാലനവും മെച്ചപ്പെടുത്തലും ബ്രോഡ്ബാന്റ് കണക്ഷനുകൾക്കുള്ള യൂസർ ചാർജ്ജുകളും ഡേറ്റാ ചാർജ്ജുകളും
- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങലും അറ്റകുറ്റപ്പണിയും.
- വിവിധ പദ്ധതികളിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ വിവരങ്ങൾ ഒരു പ്ലാറ്റ് ഫോമിൽ കൊണ്ടുവരുന്നതിനായി ഓൺലൈൻ സിസ്റ്റം.

**ഗവേഷണവും വികസനവും**

- സാമൂഹ്യ നീതിവകുപ്പ് നടപ്പാക്കുന്ന വിവിധ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ അവലോകന പഠനങ്ങൾ പുറത്തുള്ള ഏജൻസി മുഖേന നടത്തുക
- സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള വിഭാഗങ്ങൾക്കായി മറ്റു വകുപ്പുകൾ നടപ്പാക്കുന്ന പരിപാടികളുടെ പഠനവും വിശകലനവും.
- സംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ആഡിറ്റ് നടത്തുന്നതിനായി ഗവേഷണ പഠനങ്ങളും സോഷ്യൽ ആഡിറ്റ് മാന്വൽ തയ്യാറാക്കുകയും.
- സാമൂഹ്യ നീതി വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങളിൽ ഗവേഷണവും പഠനവും നടന്നു വരുന്ന പദ്ധതികളുടെ വിലയിരുത്തലും.

**നൈപുണ്യ വികസന കേന്ദ്രങ്ങൾ**

- വി.ടി.സി.കൾ നവീകരിക്കൽ
- വകുപ്പിന്റെ എല്ലാ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെയും എല്ലാ പ്രവർത്തനങ്ങളും (ഹോസ്റ്റൽ സൗകര്യം, ഉല്പാദന യൂണിറ്റ് സ്ഥാപിക്കൽ, യന്ത്ര സാമഗ്രികൾ വാങ്ങൽ).

**ഭരണ പശ്ചാത്തല സൗകര്യങ്ങൾ**

- വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ വ്യത്യസ്ത സഹായികളുടെ സേവനങ്ങൾക്കുള്ള ചെലവുകൾ
- വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക, കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങൽ.
- സാമൂഹ്യ നീതി ഓഫീസുകളുടെയും ക്ഷേമ സ്ഥാപനങ്ങളുടെയും നവീകരണം, ആധുനിക വത്ക്കരണം, അറ്റകുറ്റപ്പണികൾ എന്നിവ നടപ്പാക്കലും തുടർന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പും.
- ഡയറക്ടറേറ്റിൽ ഡിസബിലിറ്റി റിസർച്ച് ആന്റ് ഗൈഡൻസ് സെൽ സ്ഥാപിക്കുക.
- സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതികൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഹെൽപ്പ് ഡെസ്ക്, മെയിന്റനൻസ് ട്രിബ്യൂണൽ, നാഷണൽ ട്രസ്റ്റ് എന്നിവയുടെ പ്രവർത്തനത്തിനും നിർവ്വഹണത്തിനും മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക, സർക്കാർ പദ്ധതികളെ കുറിച്ച് അവബോധം ഉണ്ടാക്കുക, ആവശ്യക്കാർക്ക് അപേക്ഷകൾ നൽകാൻ സഹായിക്കുക, കളക്ടർമാർക്കും ആർ.ഡി.ഒ മാർക്കും സഹായം നൽകുക.
- എൻ.ജി.ഒ. കൾക്ക് അംഗീകാരം നൽകുന്ന പ്രക്രിയ മെച്ചപ്പെടുത്തൽ, അനുബന്ധ ചെലവുകൾ
- ഫയൽ തീർപ്പാക്കൽ അദാലത്തുകൾ, ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും ശുചീകരണ യജ്ഞം എന്നിവ നടത്തുക.
- വ്യക്തിഗത പദ്ധതികൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കുക (പശ്ചാത്തല സൗകര്യവും മനുഷ്യ വിഭവ ശേഷിയും ഉൾപ്പെടെ )
- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള 'പ്രിയാ ഹോം' നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും മാസ്റ്റർ പ്ലാൻ തയ്യാറാക്കലും, HMDC യെ മാതൃക ഹോമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- വകുപ്പിനു പുതിയ കെട്ടിട നിർമ്മാണം.
- ഖര മാലിന്യ സംസ്കരണ സിസ്റ്റം സ്ഥാപിക്കൽ
- തിരുവനന്തപുരം, കോഴിക്കോട്, വയനാട് വൃദ്ധ മന്ദിരങ്ങളിൽ ദമ്പതിമാർക്ക് ഹോമുകൾ നിർമ്മിക്കൽ
- വകുപ്പു ഓഫീസുകളിലെയും സ്ഥാപനങ്ങളുടെയും മെയിന്റനൻസും അറ്റകുറ്റപണികളും
- പി.ഡബ്യു.ഡി അല്ലാതെ മറ്റു ഏജൻസികൾ മുഖേന നടപ്പാക്കിയ പ്രതിബന്ധമുക്ത കേരള പ്രവർത്തനങ്ങളുടെ ചെലവുകൾ.

- ഭിന്നശേഷിക്കാർ, ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഏറ്റവും നല്ല പ്രവർത്തനം നടത്തുന്ന ജില്ല, തദ്ദേശഭരണസ്ഥാപനം എന്നിവർക്കായി അവാർഡ്
- ഓർഫനേജ് കൺട്രോൾ ബോർഡിലെ കൗൺസിലർമാർക്കു ഓണറേറിയം

**സ്ഥാപനപര പുനരധിവാസം**

- പാരാപ്ലെജിക് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- രാമവർമ്മപുരത്തെ മാനസിക രോഗം നിയന്ത്രിതമായവർക്കും ഭേദമായവർക്കും 'വീണ്ടും ഹോം' ഭവനം സ്ഥാപിക്കൽ

**വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനവും കാര്യക്ഷമത മെച്ചപ്പെടുത്തലും**

സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും സ്തുത്യർഹമായി നിർവ്വഹിക്കുന്നതിന് പ്രത്യേക പരിശീലനം ആവശ്യമാണ്. വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. സാമൂഹ്യ നീതി വകുപ്പാണ് ഈ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസി

- പരിശീലനം/സെമിനാർ/വർക്ക്ഷോപ്പ്, എന്നിവ സംസ്ഥാന/ജില്ലാ തലത്തിൽ സംഘടിപ്പിക്കൽ.
- രാജ്യത്തെ മഹത്തായ സ്ഥാപനങ്ങൾ മുഖേന ഉയർന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും സന്ദർശനങ്ങളും.
- പരിശീലന സഹായി തയ്യാറാക്കുക, വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ സംയോജിപ്പിക്കുക
- ട്രെയിനിങ്ങ് റിസോഴ്സ് പൂൾ രൂപീകരിക്കുക
- സാമൂഹ്യ നീതി മാന്വൽ തയ്യാറാക്കലും കാര്യക്ഷമത വർധിപ്പിക്കലും പരിശീലനത്തിന്റെ ആവശ്യകത വിലയിരുത്തലും
- ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, മനുഷ്യ വിഭവശേഷി
- എല്ലാ മന്ദിരത്തിലെയും അന്തേവാസികൾക്ക് നൈപുണ്യ വികസനവും തൊഴിൽ നൽകുന്നതിനുള്ള സെല്ലും നടപ്പാക്കുക.
- പരിശീലന പരിപാടിയുടെ ഭാഗമായുള്ള ഹാൾ വാടക, താമസ സൗകര്യ ചെലവുകൾ, റിസോഴ്സ് പേഴ്സണിനുള്ള ചെലവുകൾ, പങ്കെടുക്കുന്നവർക്ക് യാത്രാചെലവ്, വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ എന്നിവയുടെ ചെലവുകൾ.

മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

**8.വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർ എന്നിവർക്കുള്ള പരിശീലനം**

**(വിഹിതം : 80 .00 ലക്ഷം രൂപ)**

വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതർക്കുമുള്ള ക്ഷേമവും പുനരധിവാസവും സൈനിക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു. വിമുക്ത ഭടന്മാർക്കും, വിധവകൾക്കും പുനർനിയമനത്തിനും, സ്വയം തൊഴിലിനുമായി പ്രാപ്തരാക്കുന്ന മത്സര പരീക്ഷകൾക്കുവേണ്ടി പരിശീലനം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നു. 2021-22 വർഷം ചുവടെ പറയുന്ന പ്രവൃത്തികൾക്കായി 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

- വിമുക്ത ഭടന്മാർക്കും വിധവകൾക്കും ആശ്രിതർക്കും പുനരധിവാസ പരിശീലനം നൽകുക.
- തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ നടത്തുക.
- വിധവകൾക്കും ആശ്രിതർക്കും യൂണിഫോം, വസ്ത്ര നിർമ്മാണ യൂണിറ്റ്.
- സൗരോർജ്ജ പ്രൊജക്ട്.
- കെക്സോൺ നീതി മെഡിക്കൽസ്

### 9. ജയിൽപുള്ളികളുടെ ക്ഷേമം

**(വിഹിതം : 750.00 ലക്ഷം രൂപ)**

സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ്ജയിലുകൾ, സബ് ജയിലുകൾ, വനിതാ ജയിലുകൾ ബോർസ്റ്റൽ സ്കൂൾ എന്നിവയാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. 2020-21-ൽ താഴെ പറയുന്ന പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

- സി.സി.ടി.വി. സംവിധാനത്തിന്റെ വാർഷിക പരിപാലനം.
- അന്തേവാസികൾക്ക് തൊഴിൽ പരിശീലനം
- വാർഷിക ജയിൽ ക്ഷേമ ദിവസം, റിഫ്രഷൻ കോഴ്സ്, സംസ്ഥാന തല സെമിനാർ എന്നിവ സംഘടിപ്പിക്കുക.
- തുടർ വിദ്യാഭ്യാസ പരിപാടി/യോഗാക്ലാസ്.
- 3 സെൻട്രൽ പ്രിസണുകളിൽ ക്വാറന്റൈൻ ബ്ലോക്കു നിർമ്മാണം
- ചീമേനി തുറന്ന ജയിലിൽ ജാക്ക് ഹാമ്മറോടുകൂടിയ JCBഎക്സ്കവേറ്റർ
- ജയിലുകളിൽ പബ്ലിക് അഡ്രസ്സ് സിസ്റ്റം
- വിയ്യൂർ സെൻട്രൽ പ്രിസണിൽ A, B, C, D ബ്ലോക്ക് അടിയന്തിര അറ്റകുറ്റപ്പണികൾ, പുതിയ കിണറും സെപ്റ്റിക് ടാങ്കും, ശുചീകരണ പ്ലാന്റ്
- ജയിലുകളിലെ അടുക്കള നിർമ്മാണവും പുനരുദ്ധാരണവും
- ആലത്തൂർ സബ്ജയിലിൽ സെപ്റ്റിക് ടാങ്കും മലിനജല കുഴി നിർമ്മാണം.
- ഇടുക്കി, പാലക്കാട് ജില്ലാജയിലുകളിൽ ചപ്പാത്തി ഉണ്ടാക്കുന്ന മെഷീൻ വാങ്ങൽ.
- പാലക്കാട് ജില്ലാ ജയിലിൽ മിനിട്രാക്ടർ വാങ്ങൽ
- വിയ്യൂർ സെൻട്രൽ പ്രിസണിൽ നെയ്ത്തു യൂണിറ്റിനായി വാർപിംഗ് മെഷീൻ വാങ്ങൽ
- അന്തേവാസികൾക്ക് ശുചിയായ ടോയ് ലെറ്റ് സൗകര്യങ്ങൾ
- തവനൂർ സെൻട്രൽ പ്രിസണിൽ, മാസ്ക്ക് തയ്യാറാക്കുന്ന മെഷീൻ വാങ്ങൽ, ഷൂമേക്കിംഗ് യൂണിറ്റിന്റെ വിപുലീകരണം.

മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2021-22-ബഡ്ജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 10. ദേശീയ ദിന/വാരാചരണങ്ങളും ഐ.ഇ.സി. പ്രവർത്തനങ്ങളും

**(വിഹിതം : 80.00 ലക്ഷം രൂപ)**

സർക്കാരിന്റെ വിവിധ സാമൂഹ്യനിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന നോഡൽ വകുപ്പാണ് സാമൂഹ്യ നീതി വകുപ്പ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും സാമൂഹ്യനീതി വകുപ്പിലൂടെ നടപ്പാക്കുന്ന സേവനങ്ങളെക്കുറിച്ച് അജ്ഞരാണ്. അതിനാൽ ഈ വകുപ്പിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ, സാമൂഹ്യ മാദ്ധ്യമങ്ങളിലൂടേയും ശില്പശാലകൾ, ചർച്ചായോഗങ്ങൾ, പ്രതിരോധ സംഘടിത പ്രവർത്തനങ്ങൾ എന്നിവയിലൂടെ പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. ഐ. ഇ. സി കാമ്പയിൻ മുഖേന സേവനങ്ങൾക്കുള്ള ആവശ്യകത അറിയുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കഴിയുന്നു. സാമൂഹ്യ നീതി ദിനം, വയോജനദിനം, മുതിർന്നപൗരന്മാരോടുള്ള അധിക്ഷേപ പ്രതിരോധ ദിനം, പ്രൊബേഷൻ ദിനം, ലോക അൾഷിമേഴ്സ് ദിനം, ലോക വികലാംഗ ദിനം, മനുഷ്യാവകാശദിനം, സർക്കാർ തീരുമാനപ്രകാരമുള്ള

പ്രാധാന്യമുള്ള മറ്റു ദിനാചരണങ്ങളും വകുപ്പ് ആചരിക്കുന്നുണ്ട്.

ഐ.ഈ.സി.പ്രവർത്തനങ്ങളുടെ ഭാഗമായി 2021-22-ൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടത്തപ്പെടുന്നു.

- വകുപ്പിന്റെ വിവിധ പദ്ധതികളെ കുറിച്ചും പുതിയ സംരംഭങ്ങളെയും കുറിച്ച് വിവരങ്ങൾ അറിയിക്കുന്നതിന് വിദഗ്ധരുടെ സഹായത്തോടെ ഐ.ഇ.സി പദ്ധതിയും മാധ്യമ പ്ലാനും തയ്യാറാക്കുക.
- മത്സര പ്രക്രിയയിലൂടെ പ്രൊഫഷണൽ മീഡിയ കൺസൾട്ടന്റ്/പബ്ലിസിറ്റി ഏജൻസിയുടെ സേവനം ഉപയോഗിക്കൽ.
- പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ നയങ്ങളും പരിപാടികളും അറിയിക്കുക, ത്രൈമാസിക ഔദ്യോഗിക പ്രസിദ്ധീകരണമായ "സുനീതി" പ്രസിദ്ധീകരണം
- തെരുവു നാടകങ്ങൾ, റോഡ്ഷോ, റിയാലിറ്റിഷോ എന്നിവ സംഘടിപ്പിച്ച് അവകാശാധിഷ്ഠാനത്തിലൂടെ ആക്ടുകൾ, നയങ്ങൾ എന്നിവ സംബന്ധിച്ച് അവബോധം ഉണ്ടാക്കുക.

മുകളിൽ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22-ലെ ബഡ്ജറ്റിൽ **80.00 ലക്ഷം രൂപ** വകയിരുത്തുന്നു.

**11. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സംയോജിത പാക്കേജ്**

**(വിഹിതം : 1900.00ലക്ഷം രൂപ)**

സംസ്ഥാനത്ത് എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ തുടർ പദ്ധതി ലക്ഷ്യമിടുന്നത്. എൻഡോസൾഫാൻ മൂലം ശയ്യാവലംബികളായ രോഗികൾക്ക് 2200 രൂപ നിരക്കിലും, വികലാംഗ പെൻഷൻ വാങ്ങുന്ന രോഗികൾക്ക് 1,700 രൂപ, മറ്റുള്ള രോഗികൾക്ക് 1,200 രൂപ വീതവും ധനസഹായം നൽകിവരുന്നു. ഇതുപോലെ ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ, 8 മുതൽ 10 വരെ 3000 രൂപ, 11-ഉം 12-ഉം ക്ലാസ്സുകളിൽ ഉള്ളവർക്ക് 4000 രൂപ എന്നീ നിരക്കിൽ ധനസഹായം നൽകുന്നത് തുടരേണ്ടതാണ്. എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്ന പൂർണ്ണ ശയ്യാവലംബികളായവർ, മാനസികരോഗികൾ എന്നിവരെ പരിചരിക്കുന്നവർക്ക് 700 രൂപ ധനസഹായമായി നൽകുന്നതാണ് (മുൻകാലത്തെയും പുതിയതായുള്ളവർക്കും). എൻഡോസൾഫാൻ ബാധിത മേഖലയിൽ അംഗ പരിമിതരായ കുട്ടികളുടെ (18 വയസ്സിൽ താഴെ) പുനരധിവാസം മെച്ചപ്പെടുത്തുന്നതിനായി മാതൃകാ ശിശു പുനരധിവാസ കേന്ദ്രം ആരംഭിച്ചു. പകൽ പരിപാലന കേന്ദ്രങ്ങളെയും ബഡ്സ് സ്കൂളുകളെയും നവീകരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഈ കേന്ദ്രങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, ഉപകരണങ്ങൾ, പരിശീലനങ്ങൾ, മനുഷ്യ വിഭവശേഷി എന്നിവയും എൻഡോസൾഫാൻ ബാധിതർക്കുള്ള മറ്റു ആരോഗ്യ സംരക്ഷണം, എൻഡോസൾഫാൻ ദുരിതർക്ക് പുനരധിവാസ സെൽ പുനരധിവാസ സഹായം, മുളിയാർ പഞ്ചായത്തിൽ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ എന്നീ പ്രവർത്തനങ്ങൾക്കായാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ പരിപാടി കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്നതാണ്. 2021-22-ൽ 1900.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 8 0 % സ്ത്രീകൾക്കായി പ്രതീക്ഷിക്കുന്നു.

**12. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി**

**(വിഹിതം : 200.00 ലക്ഷം രൂപ)**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 31 ക്ഷേമ സ്ഥാപനങ്ങളും വനിതാശിശു വകുപ്പിന്റെ കീഴിൽ 44 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം ഈ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ പരിചരണത്തിന് നഴ്സിംഗ് സ്റ്റാഫിനെ/പരിചരണ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. മിക്ക

സ്ഥാപനങ്ങളും അപര്യാപ്തമായ സ്റ്റാഫോടെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ വർദ്ധിച്ച് വരുന്നതിനാൽ ഈ സ്ഥാപനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നില്ല. KSSM ഈ സ്ഥാപനങ്ങളിലെ താമസക്കാരുടെ ആവശ്യത്തിനനുസരിച്ച് അധിക മനുഷ്യ വിഭവ ശേഷി നൽകുന്നു. പ്രൊജക്ട് സ്റ്റാഫിനുള്ള ഹോണറേറിയവും അലവൻസുകളും പ്രത്യേക പരിശീലന പരിപാടിയുടെ ചെലവുകൾ എന്നിവയാണ് പ്രവർത്തനങ്ങൾ. ഈ പദ്ധതി സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാശിശു വികസനവകുപ്പിന്റെയും പിന്തുണയോടെ സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്നു. 2021--22-ൽ 200 .00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 76% വനിതാ ഗുണഭോക്താക്കൾക്കായി പ്രതീക്ഷിക്കുന്നു.

**13. വയോമിത്രം**

**(വിഹിതം : 2400.00 ലക്ഷം രൂപ)**

കേരളത്തിലെ വയോജനങ്ങളുടെ എണ്ണം അടുത്ത കാലത്തായി വർദ്ധിച്ചുവരുന്നതായിക്കാണാം. രാജ്യത്തു പ്രായമായവരുടെ ജനസംഖ്യ കൂടുതൽ കേരളത്തിലാണ്(12.7 ശതമാനം, 2011 സെൻസസ്). മുതിർന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യ സംരക്ഷണം, കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്ക് സൗകര്യം, പാലിയേറ്റീവ് കെയർ, ആംബുലൻസ് സൗകര്യം, സാമൂഹ്യ പിന്തുണ പരിപാടി തുടങ്ങിയ സൗജന്യ സേവനങ്ങൾ ഇതിലൂടെ ലഭ്യമാക്കും. 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും, 3 ബ്ലോക്കുകളിലും ഈ പരിപാടി നടക്കുന്നുണ്ട്. പ്രോജക്ട് സ്റ്റാഫിന്റെ ഹോണറേറിയം, മരുന്ന്, ഉപകരണങ്ങൾ, മൊബൈൽ ക്ലിനിക്കുകൾക്കുള്ള വാഹന വാടക, ഓഫീസ് ചെലവുകൾ, പ്രത്യേക ദിന ആഘോഷങ്ങൾ, വിനോദപരിപാടികൾ പ്രത്യേക പരിശീലന പരിപാടികൾ, വയോജനങ്ങളുടെ പ്രശ്നങ്ങൾക്കായി പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക, പരസ്യം, അവബോധനം, സാമൂഹ്യ ഉൾപ്പെടുത്തൽ പരിപാടി തുടങ്ങിയവയ്ക്കുള്ള ചെലവുകൾ ഈ പദ്ധതിയിൽ നിന്ന് വഹിക്കുന്നതാണ്. ഈ പരിപാടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്നതാണ്.

2021-22-ൽ ബഡ്ജറ്റിൽ 2400.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 65% പേർ സ്ത്രീകളാണെന്ന് പ്രതീക്ഷിക്കുന്നു.

**14. വിശപ്പ് വിമുക്ത നഗരം**

**(വിഹിതം : 50 .00 ലക്ഷം രൂപ)**

പ്രമുഖ ആശുപത്രികളിൽ രോഗികളുടെ കൂടെ നിൽക്കുന്നവർക്കായി ഒരു നേരത്തെ സൗജന്യ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആദ്യമായി ആരംഭിച്ച ഈ പരിപാടി ഇപ്പോൾ ജില്ലാ ഹോമിയോ ആശുപത്രി, മലപ്പുറം, തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം, കൊല്ലം ജില്ലയിലെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, സർക്കാർ ജനറൽ ആശുപത്രി എന്നിവടിങ്ങളിലും നടപ്പാക്കി വരുന്നു. ഭക്ഷണത്തിനുള്ള ചെലവ്(ലേലത്തിലൂടെ), പരസ്യം, അവബോധം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2021-22-ൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്.

**15. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി (ശ്രുതി തരംഗം)**

**(വിഹിതം : 800.00 ലക്ഷം രൂപ)**

ബാല്യത്തിൽത്തന്നെ കുട്ടികളിലെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ളിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. റീജിയണൽ /സ്റ്റേറ്റ്തല സാങ്കേതിക കമ്മിറ്റികൾ തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കോക്ളിയർ ഇംപ്ളാന്റ് ശസ്ത്രക്രിയ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി നടത്താനും സർജറി കഴിഞ്ഞ കുട്ടികൾക്ക് ആഡിയോ വെർബൽ ഹബിലിറ്റേഷന് ധനസഹായം നൽകാനുമാണ് ഈ പദ്ധതി

ലക്ഷ്യമിടുന്നത്. ഈ പരിപാടി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കും. 4 വർഷ വാറന്റി ഉൾപ്പെടെ ഇംപ്ലാന്റിന്റെ വില, പഴയ ഇംപ്ലാന്റുകളുടെ വാറന്റി ദീർഘിപ്പിക്കുക. ആഡിയോ വെർബൽ ഹാബിലിറ്റേഷൻ, സ്പീച്ച് തെറാപ്പിസ്റ്റിന്റെ ഹോണറേറിയം, ഡോക്ടർമാർ, സ്പീച്ച് തെറാപ്പിസ്റ്റുകൾ, തെറാപ്പിസ്റ്റുകൾ എന്നിവർക്കുള്ള പരിശീലനം, സർജറി നടത്തിയ കുട്ടികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ്മ സംഘടിപ്പിക്കൽ, സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റു പ്രമുഖമായ ആശുപത്രികളിലും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുകയും പശ്ചാത്തല സൗകര്യം ഒരുക്കുകയും ചെയ്യുക, തുടർ പരിശോധനയും വിലയിരുത്തലും, ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് നേരത്തെയുള്ള ഇടപെടലുകൾ, സോഷ്യൽ ആഡിറ്റ് നടത്തുക, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കുള്ള ടി.എ./ഡി.എ. പരസ്യം, ബോധവത്ക്കരണം എന്നീ ചെലവുകൾ വഹിക്കാൻ 2021-22-ൽ 800 .00 ലക്ഷം രൂപ വകയിരുത്തുന്നു.

**16. വീ കെയർ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്ക വിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സ്വരൂപിക്കുന്ന തുക ഭരണപരമായ ആവശ്യങ്ങൾക്കോ പദ്ധതി നടപ്പാക്കുന്നതിനുള്ള മതിയായ ചെലവുകൾക്കോ ഒരിക്കലും ഉപയോഗിക്കുന്നതല്ല. ഈ പ്രവേശനമാർഗ്ഗത്തിലൂടെ ദാതാവ് ഒടുക്കുന്ന ഓരോ നയാപൈസയും ഒരു തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന്റെ ആവശ്യത്തിന് മാത്രം ചെലവഴിക്കുന്നതും ദാതാവിന് ചെലവ് സംബന്ധിച്ച എല്ലാ കണക്കുകളും പരിശോധിക്കുന്നതിന് അവസരം ലഭിക്കുന്നതുമാണ്. അതോടൊപ്പംതന്നെ സാമ്പത്തിക സാമൂഹിക ഓഡിറ്റുകൾ ബാധകമാക്കുന്നതുമാണ്. ഈ പരിപാടിയുടെ ഭരണപരമായ ചെലവുകൾ, ഓവർഹെഡ് ചാർജ്ജുകൾ, വെബ്സൈറ്റ് നടത്തിപ്പ്, ധനസമാഹരണ ക്യാമ്പ്, ഫീൽഡ് ഇൻവസ്റ്റിഗേഷൻസ്, പദ്ധതി നിർദ്ദേശങ്ങളുടെ പ്രായോഗിക വിലയിരുത്തൽ, വിവിധ പദ്ധതികളെ കുറിച്ചുള്ള പ്രചാരണ ക്യാമ്പയിനുകൾ, പ്രൊജക്ട് സ്റ്റാഫിന് ഹോണറേറിയം എന്നിവ വഹിക്കാൻ 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷനാണ് പദ്ധതി നടപ്പാക്കുന്നത് .

**17.സംസ്ഥാന സർക്കാർ പ്രത്യേക താൽപ്പര്യം എടുത്ത് നടപ്പാക്കുന്ന വൈകല്യമുള്ളവർക്കുള്ള പദ്ധതി അനുയാത്ര**

**(വിഹിതം : 2166.46 ലക്ഷം രൂപ)**

RPWD ആക്ട് 2016 പ്രകാരം വൈകല്യ മേഖലയിൽ രൂപകല്പന ചെയ്തിട്ടുള്ള ഈ പദ്ധതിയിലൂടെ വൈകല്യം തടയുക, നവജാത ശിശുക്കളിലെ പരിശോധന, പ്രാരംഭ നിർണ്ണയത്തിനും പ്രാരംഭ ഇടപെടലിനുമുള്ള സൗകര്യങ്ങളുടെ ശൃംഖല സ്ഥാപിക്കുകയും പ്രാവർത്തികമാക്കലും, വൈകല്യം നിയന്ത്രിക്കുക, പ്രത്യേക വൈകല്യങ്ങൾക്കുള്ള പ്രതിരോധ പദ്ധതികൾ ജീവിത സഹായികൾ നൽകുക എന്നിവ ആരോഗ്യം, സാമൂഹ്യ നീതി, വിദ്യാഭ്യാസം, പട്ടിക വർഗ്ഗ വികസനം, പോലീസ്, റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനം, മറ്റു സർക്കാർ സർക്കാരിതര ഏജൻസികൾ, സംഘടനകൾ എന്നിവയുടെ സംയോജനത്തിലൂടെ നടപ്പാക്കുന്നു. വൈകല്യം തടയുക, അതിന്റെ മാനേജ്മെന്റ് എന്നിവയിലുണ്ടായിട്ടുള്ള പുതിയ മാറ്റങ്ങളുമായി ചേർന്ന് നിന്നുകൊണ്ട് എസ്സ്.ഐ.ഡി. പരിപാടികൾ നടപ്പാക്കാൻ വേണ്ടി ഡിസബിലിറ്റി മാനേജ്മെന്റിൽ ഒരു റൈറ്റ്സ് ബെയിസ്ഡ് ലൈഫ് സൈക്കിൾ അപ്രോച്ച് അനുയാത്ര (ഒത്തൊരുമിച്ച് പോകുക) എന്ന ഒരു സമീപനം 2017-18 മുതൽ ഒരു ക്യാമ്പയിൻ മോഡിൽ സംഘടിപ്പിച്ചു വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2021-22-ലെ പ്രവർത്തനങ്ങൾ താഴെ നിർദ്ദേശിക്കുന്നു.

## i. ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ

അനുയാത്രയുടെ കീഴിൽ സ്ഥാപിച്ചിട്ടുള്ള പ്രാരംഭ നിർണ്ണയത്തിനുള്ള ചിട്ടപ്പെടുത്തിയിട്ടുള്ള ശൃംഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രാരംഭ നിർണ്ണയത്തിനും പ്രാരംഭ ഇടപെടലിനുമുള്ള സൗകര്യങ്ങളോടെ ഏർലി ഇന്റർ വെൻഷനു വേണ്ടിയുള്ള ഓർഗനൈസ്ഡ് നെറ്റ് വർക്ക് തുടങ്ങുക സ്പെഷ്യൽ അംഗനവാടികൾ, മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങൾ, സാറ്റലൈറ്റ് ഇന്റർവെൻഷൻ സെന്ററുകൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ, റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ അപെക്സ് സ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ 2020-21- ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ REIC കൾ, ഭിന്നശേഷിക്കാർക്കു ഹെൽപ്പ് ലൈൻ സേവനങ്ങൾ, ഭിന്നശേഷി കുട്ടികൾക്ക് സ്പെഷ്യൽ അംഗൻവാടികൾ, ജില്ലാതലത്തിലുള്ള പ്രാരംഭ ഇടപെടൽ പ്രവർത്തനങ്ങളുടെ ഏകോപനം, മൊബൈൽ ഇന്റർവെൻഷൻ സെന്ററുകൾ, IEC പ്രവർത്തനങ്ങൾ, മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ നടപ്പാക്കാനായി 2021-22-ൽ 1316.46 ലക്ഷം വകയിരുത്തിയിരിക്കുന്നു.

## ii. യൂണിവേഴ്സൽ ഹിയറിംഗ് /കൺജനിറ്റൽ അനോമലി സ്ക്രീനിംഗ് പരിപാടി

വൈകല്യ പരിപാടിയുടെ ഭാഗമായി ജനനസമയത്ത് കുട്ടികളിൽ ഹിയറിംഗ് സ്ക്രീനിംഗ് നടത്താൻ ഒട്ടോ അകൗസ്റ്റിക് എവിഷൻ സ്ക്രീനേഴ്സ് 66 അമ്മമാർക്കും കുട്ടികൾക്കുമുള്ള സർക്കാർ ആശുപത്രികളിൽ നൽകിയിരുന്നു. കണ്ടുപിടിച്ച കെയ്സുകൾ മോണിട്ടർ ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ഈ 66 ആശുപത്രികളിൽ ഓരോ ജൂനിയർ പബ്ലിക് നേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. കാതോരം ഉപ പ്രൊജക്ടിൽ എല്ലാ നവജാത ശിശുക്കളുടെയും കേൾവിശക്തി ജനിച്ച് കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ പരിശോധിക്കുകയും 3,6,18 മാസങ്ങളിൽ ഇടപെടലുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. കേൾവി ശക്തി കണ്ടെത്താനുള്ള ഉപകരണങ്ങൾ, കേൾവി ശക്തിയില്ലാത്തവർക്കുള്ള സമഗ്ര ലൈഫ് കോഴ്സ് പദ്ധതി നടപ്പാക്കുക, 'കാതോരം' മുഖേന സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ, OAE കൾ വാങ്ങലും സംരക്ഷണവും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനുള്ള കാര്യശേഷി വികസിപ്പിക്കൽ, ഓണറേറിയം, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ആന്റ് മെയിന്റനൻസ് പരിശീലന പരിപാടികൾ, ആരംഭത്തിലും ശേഷവും ഉള്ള ഇൻപ്ലാന്റ് തെറാപ്പിയും പുനരധിവാസവും, ശ്രവണ സഹായികൾ, കുട്ടികളെ സ്കൂളുകളിൽ പ്രവേശിപ്പിക്കലും തുടർ പ്രവൃത്തികളും എന്നീ പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾക്കായി 2021-22-ൽ 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

## iii. ഓട്ടിസം, സ്പെക്ട്രം ഡിസ്ഓർഡറുള്ള കുട്ടികളുടെ പുനരധിവാസ പരിപാടികൾ

RPWD 2016 ആക്ട് പ്രകാരം ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഒരു സങ്കീർണ്ണ വൈകല്യ വിഭാഗത്തിൽപ്പെട്ട വേഗത്തിൽ വ്യാപിച്ചു വരുന്ന മുഖ്യമായ ഞരമ്പു വൈകല്യമാണ്. നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും അപകടസാധ്യതയുള്ള ഗ്രാമ നഗര, അർദ്ധ നഗര, നഗര ജനസംഖ്യയിൽ എ എസ് ഡിയുള്ള ധാരാളം കുട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംഘടിത തന്ത്രം വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഉചിതമായ ചികിത്സകൾ, രക്ഷാകർതൃ അവബോധം, പരിശീലന പരിപാടികൾ എന്നിവയിലൂടെ പ്രാരംഭ കണ്ടെത്തലിനും ഇടപെടലിനും എ ഡി എസ് ഉള്ള വ്യക്തികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പ്രൊഫഷണൽ ടീമിനെ തയ്യാറാക്കുന്നതിനും ഓട്ടിസം പ്രൊജക്ട് ലക്ഷ്യമിടുന്നു. ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിപ്മറിലെ RARRC യുടെയും നിലവിലുള്ള ആട്ടിസം സെന്ററുകളുടെയും ശക്തിപ്പെടുത്തൽ, ഓട്ടിസം ബാധിച്ച യുവ

ജനതയ്ക്കും അവരുടെ സഹായികൾക്കും നൈപുണ്യ വികസന പരിപാടികൾ, നിലവിലുള്ള ഓട്ടിസം സെന്ററുകൾ, റീജിയണൽ ഓട്ടിസം പുനരധിവാസ കേന്ദ്രം, NIPMR, പരിശീലന പരിപാടികൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി എ.എസ്.ഡി. ഉള്ള കുട്ടികളുടെ വ്യത്യസ്തമായ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി വിദഗ്ദ ടീമിനെ തയ്യാറാക്കുക എന്നിവ വഹിക്കാൻ 2021-22-ൽ **400.00 ലക്ഷം** രൂപ വകയിരുത്തുന്നു.

**iv.പരിശീലനം, ശിൽപശാലകൾ, ഗവേഷണം പുതിയ സംരംഭങ്ങൾ ആരംഭിക്കൽ**

അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പൊതു സമൂഹത്തിന്റെ ഇടപെടലും സഹായവും ആവശ്യമാണ്. പൊതു സ്വകാര്യ പങ്കാളിത്തോടെ വിവിധ കഴിവുകളുള്ള ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി നൂതനമായ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അംഗവൈകല്യം പ്രതിരോധിക്കുന്നതിനുള്ള പുതിയ പദ്ധതികൾ, പരിപാലനവും പുനരധിവാസവും പരിശീലനങ്ങളും ശില്പശാലയും സംഘടിപ്പിക്കൽ, ഭരണചെലവ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കാൻ 2021-22ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**18. വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകൽ**

**(വിഹിതം : 100.00ലക്ഷം രൂപ)**

2015 ലെ അംഗ പരിമിത സെൻസസ് പ്രകാരം കേരളത്തിലെ അംഗ പരിമിതർ 793937 ആണ്. 2016 ലെ ആർ. പി. ഡബ്ല്യൂ.ഡി ആക്ട് പ്രകാരം എല്ലാവർക്കും നിർബന്ധമായും വികലാംഗ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അനുയാത്രാ ക്യാമ്പയിന്റെ ഭാഗമായി യു.ഡിഐ.ഡി കാർഡുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. യു.ഡി. ഐ.ഡി. കാർഡുകൾ നടപ്പാക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 100.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തുന്നു.

**19. മാനസിക രോഗമുള്ള അനാഥർക്കുള്ള സൈക്കോ സോഷ്യൽ പരിപാടി**

**(വിഹിതം :400.00 ലക്ഷം രൂപ)**

പൊതുനിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തിര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുക എന്നതാണ് ഈ തുടർ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിപ്രകാരം ജില്ലാ കേന്ദ്രങ്ങളിൽ കുറഞ്ഞപക്ഷം ഒരു ഭവനമെങ്കിലും ഇവർക്ക് വേണം എന്ന രീതിയിൽ തുടങ്ങാനുള്ള ഗ്രാന്റ് അംഗീകൃത എൻ.ജി.ഒ.കൾക്ക് നൽകുന്നതാണ്. കേരള രജിസ്ട്രേഷൻ ഓഫ് സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ ഫോർ മെന്റലി ഇൽ പേഴ്സൺസ് നിയമം, 2012-ന്റെ റൂൾ-2 (എച്ച്) പ്രകാരമുള്ള അനാഥരായ മാനസികരോഗികളും, കൂടാതെ പ്രൈവറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും രോഗം ഭേദമായിട്ട് വിടുതൽ ചെയ്യപ്പെട്ടവരുമായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഓർഫനേജ് കണ്ട്രോൾ ബോർഡിന്റെ കീഴിലുള്ള 124 രജിസ്റ്റർ ചെയ്ത സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങളിലെ 40 കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി വരുന്നു. സാമൂഹ്യ നീതി വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണ വകുപ്പായി പ്രവർത്തിക്കും. 2021-22-ൽ പദ്ധതി തുടരുന്നതിനായി 400.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

**20.പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിനായി എൻ.ജി.ഒ.കൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയുള്ള സമഗ്ര പദ്ധതികൾ അതിജീവനം**

**(വിഹിതം : 500.00 ലക്ഷം രൂപ)**

സംസ്ഥാന ആസൂത്രണ ബോർഡും സാമൂഹ്യ നീതി വകുപ്പും ചേർന്ന് മാനസിക വൈകല്യമുള്ളവർക്കു വേണ്ടി മനുഷ്യ വിഭവ ശേഷിയുൾപ്പെടെ സഹായ സംവിധാനം തയ്യാറാക്കുന്നതിന് ഒരു പരിപാടി വികസിപ്പിച്ചിരുന്നു. ഈ മേഖലയിൽ മെച്ചമായി പ്രവർത്തിക്കുന്ന അംഗീകൃത എൻ.ജി.ഒ.കൾ/തദ്ദേശഭരണ സ്ഥാപനങ്ങൾ/സി.ബി.ഒ.കൾ എന്നിവയുടെ പങ്കാളിത്തത്തോടെ

പരിപാടി നടപ്പിലാക്കുന്നതാണ്. 2016-ലെ ആർ.പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരമുള്ള ഭിന്ന ശേഷിക്കാരുടെ അവകാശാധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനായി സേവനങ്ങളും പരിപാടികളും നടപ്പാക്കുന്നതിനു പുറമെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ സുരക്ഷ, നൈപുണ്യ വികസനം, റിക്രിയേഷൻ എന്നിവയും നിഷ്കർഷിക്കുന്നു. ഭിന്ന ശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ആക്ടിൽ പ്രതിപാദിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാ പ്രവർത്തനങ്ങളും നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയില്ല. ആക്ടിന്റെ സെക്ഷൻ 55 പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ധന സഹായത്തിനുള്ള ഗ്രാന്റ് നൽകാമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ, നൈപുണ്യ വികസനവും തൊഴിൽ പുനരധിവാസവും മുഖേന സാമ്പത്തിക സുരക്ഷിതത്വം, നഗര /ഗ്രാമ പഞ്ചാത്തലങ്ങളിൽ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പരിപാടികൾ എല്ലാ തലത്തിലും മനുഷ്യ വിഭവശേഷി വികസനത്തിനായുള്ള നൈപുണ്യ പരിശീലന പിന്തുണകൾ എന്നിവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**നൈപുണ്യ വികസനവും ശാക്തീകരണവും**

- തൊഴിൽ പുനരധിവാസത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ
- എല്ലാ തലത്തിലും മനുഷ്യശേഷി വികസന പ്രവർത്തനങ്ങൾക്കായി പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പിന്തുണ നൽകുന്ന പദ്ധതികൾ.
- എല്ലാ വിഭാഗത്തിലുമുള്ള ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം.

**സാമൂഹ്യ പുനരധിവാസ പരിപാടികൾ**

- 1999, നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള മാനസിക വൈകല്യമുള്ളവർക്കായി പിന്തുണയും പുനരധിവാസവും നൽകുന്ന ജീവിത സഹായ പദ്ധതികൾ.
- ഭിന്ന ശേഷിക്കാർക്കായുള്ള വിശ്രമ കേന്ദ്രം, പകൽ പരിപാലന കേന്ദ്രങ്ങൾ/ഷെൽറ്റേഡ് വർക്ക് ഷോപ്പുകൾ
- സർക്കാർ അംഗീകാരത്തിനുശേഷം എൻ.ജി.ഒ.കൾ നിർദ്ദേശിക്കുന്ന മറ്റു നൂതന പദ്ധതികൾ
- നഗര-ഗ്രാമ പ്രദേശങ്ങളിൽ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പരിപാടികൾ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ഐ.ഇ.സി.പ്രവർത്തനങ്ങൾ**

- ഐ.സി.റ്റി. അധിഷ്ഠിത പരിശീലനത്തിലൂടെ ഭിന്ന ശേഷിക്കാരെ ശാക്തീകരിക്കുക.
- ബന്ധപ്പെട്ടവർക്കായി സെമിനാറുകൾ/ശില്പശാലകൾ/ ബോധവത്ക്കരണ പരിപാടികൾ.
- എൻ.ജി.ഒ.കളുടെ അപേക്ഷകൾ ശേഖരിക്കുന്നതിനായുള്ള കേന്ദ്രഗവൺമെന്റിന്റെ ഇ-അനുധാൻ പോർട്ടലിനു സഹായമായി ഓൺലെൻ പോർട്ടൽ തയ്യാറാക്കുക.

**ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സർക്കാർ എൻ.ജി.ഒ. പങ്കാളിത്തം**

സഹായവും സംരക്ഷണവും നൽകുന്ന സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സർക്കാരും പൊതു സമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സ്തുത്യർഹമായ പങ്കാളിത്തത്തിനും രൂപം കൊടുക്കുക എന്നതാണ് എൻ.ജി.ഒ. ചട്ടക്കൂട്കൊണ്ട് ഉദ്ദേശിക്കുന്നത്. സംഘടനകളുടെ മുൻകാല ചരിത്രം, പ്രവർത്തന പരിചയം, ആഡിറ്റ് രേഖകൾ, ഈ രംഗത്തുള്ള പ്രാഗൽഭ്യം തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത എൻ.ജി.ഒ.കൾ അംഗീകൃതമായവ ആയിരിക്കണമെന്ന് ഉറപ്പാക്കിയ ശേഷം മാത്രം തെരഞ്ഞെടുക്കേണ്ടതാണ്. ഈ സംവിധാനം മുഖേന നിലവിലുള്ള ഹോമുകളെ പ്രവർത്തിപ്പിക്കുന്നതിനു മാത്രമല്ല, സർക്കാർ പങ്കാളിത്തത്തോടെ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും

എൻ.ജി.ഒ.കളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി അത്തരം എൻ.ജി.ഒ.കൾക്ക് ഒരു നിശ്ചിത ശതമാനം സർക്കാർ വിഹിതം നൽകാവുന്നതും ബാക്കി അവർ വഹിക്കേണ്ടതുമാണ്. 2021-22-ൽ ഓരോ വിഭാഗങ്ങളിലും ഒരു കേന്ദ്രമെങ്കിലും മാതൃകാഹോം ആകത്തക്ക രീതിയിൽ സേവനങ്ങളും സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തി ലേക്കുയർത്തുന്നതിനുദ്ദേശിക്കുന്നു.

പദ്ധതിയുടെ മേൽ പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു,

**21. നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

**(വിഹിതം : 220.00ലക്ഷം രൂപ)**

നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാർക്കുള്ള ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, മൾട്ടിപ്പിൾ ഡിസബിലിറ്റീസ് എന്നിവ ബാധിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് നൽകുന്നു. ഈ തുക നിലവിൽ എൻറോൾ ചെയ്തിട്ടുള്ളവർക്കും ഇൻഷ്വറൻസ് പുതുക്കുന്നതിനും പുതുതായി വരുന്ന അപേക്ഷകർക്കുമാണ്. സാമൂഹ്യ നീതി വകുപ്പ് ഈ പദ്ധതിയുടെ നിർവഹണ ഏജൻസി ആയിരിക്കും. നാഷണൽ ട്രസ്റ്റ് ആക്ട് 1999 പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശികതല കമ്മിറ്റികളിലൂടെയും സംസ്ഥാന നോഡൽ ഏജൻസി സെന്റർ മുഖേനയുമാണ് പദ്ധതി നടപ്പാക്കുന്നത്. ആരോഗ്യ ഇൻഷ്യുറൻസ് പുതുക്കലും പുതുതായി ചേർക്കലും നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള പ്രാദേശിക തല കമ്മിറ്റികൾ/SNAC ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, വിവിധ ബോധവത്ക്കരണ ക്യാമ്പയിനുകൾ, ദിനാഘോഷങ്ങൾ ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2021-22 ബഡ്ജറ്റിൽ 220.00 ലക്ഷം രൂപ വകയിരുത്തുന്നു.

**22. പ്രതിബന്ധ മുക്ത കേരളാ പദ്ധതി**

**(വിഹിതം : 900.00 ലക്ഷം രൂപ)**

കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധമുക്തവും അംഗപരിമിത സൗഹൃദ അന്തരീക്ഷമുള്ളതുമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാർ സേവനങ്ങൾ സാധ്യമാകുന്നതിൽ നിലവിൽ ഭിന്ന ശേഷിക്കാർ നിരവധി പ്രശ്നങ്ങൾ നേരിടുന്നു. 2015 അംഗപരിമിതരുടെ സെൻസസ് പ്രകാരം സംസ്ഥാനത്തു 2.16% - ൽ അധികം വ്യക്തികളുണ്ട്. ഈ പദ്ധതി പ്രകാരം റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗച മുറികൾ, ബ്രയ്ലിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കണ്ണൂർജില്ലയിൽ പദ്ധതി നടപ്പാക്കുകയും മലപ്പുറം, വയനാട് ജില്ലകൾക്ക് തുക കൈമാറുകയും ചെയ്തു. 2018-19, 2019-20 വർഷങ്ങളിൽ മറ്റു ജില്ലകൾക്ക് ഒന്നാം ഘട്ട പ്രവർത്തികൾ തുടങ്ങാനായി തുക അനുവദിച്ചിട്ടുണ്ട്. ജില്ലകൾ കൂടാതെ സെക്രട്ടറിയേറ്റ്, റോഡുകൾ, ഓഫീസുകൾ, പൊതു പാർക്കുകൾ, വായന ശാലകൾ, വെബ്സൈറ്റുകൾ, ഓഫീസുകൾ എന്നിവയും പ്രതിബന്ധമുക്തമാക്കാൻ ഉദ്ദേശിക്കുന്നു. ആക്സസബിൾ ഇന്ത്യ ക്യാമ്പയിനിൽ ഉൾപ്പെടാത്ത ജില്ലകളിലെയും സംസ്ഥാനത്തിന്റെയും അക്സസബിൾ ആഡിറ്റ് നടത്തുന്നതിനുള്ള ആവശ്യങ്ങൾ കൂടി ഇതിൽ ഉൾപ്പെടുന്നു. 2021-22-ൽ കൂടുതൽ ജില്ലകളെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനും ജില്ലകൾക്കു തുക അനുവദിക്കാനും കോഴിക്കോട് ജില്ലയിലെ ബീച്ചുകളെയും ഉൾപ്പെടുത്തുന്നു. വരും വർഷങ്ങളിൽ ഇന്ത്യയിലെ ആദ്യത്തെ ബാരിയർ ഫ്രീ സംസ്ഥാനമാകാൻ ലക്ഷ്യമിടുന്നു. സാമൂഹ്യനീതി വകുപ്പാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ഏജൻസി. 2021-22 വർഷം ഈ പദ്ധതിയ്ക്കായി 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

**23. സായം പ്രഭ**

**(വിഹിതം : 650.00 ലക്ഷം രൂപ)**

മുതിർന്നവരുടെ ജനസംഖ്യാനുപാതം 2026-ൽ 18-20 ശതമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതുകൊണ്ടുതന്നെ മുതിർന്നവരോടുള്ള അധിക്ഷേപങ്ങൾ നടക്കാൻ സാധ്യതയുള്ള വിവിധ രീതികളേയും വിവിധ തലങ്ങളേയും കുറിച്ച് ബോധവൽക്കരണം സാധ്യമാകുന്ന തരത്തിലുള്ള പദ്ധതികളും പരിപാടികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. 2021-22 വർഷം ഈ പദ്ധതിയ്ക്കായി 650.00 ലക്ഷം രൂപ വകയിരുത്തുന്നു.

2021-22-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

**സ്ഥാപനപര പുനരധിവാസം**

- സ്വയംസഹായ വൃദ്ധ മന്ദിരങ്ങൾ/പൈസ നൽകേണ്ട വൃദ്ധസദനങ്ങൾ/റിട്ടയർമെന്റിനു ശേഷമുള്ളവർക്കായുള്ള ഹോമുകൾ എന്നിവ എൻ.ജി.ഒ.കളുടെ സഹായത്തോടെ നടപ്പാക്കുക.
- വയോ അമൃതം പദ്ധതി നടപ്പാക്കൽ
- വൃദ്ധ സദനങ്ങളിൽ യോഗ, മെഡിക്കൽ ക്യാമ്പ്, മ്യൂസിക് തെറാപ്പി, ഹോർട്ടികൾച്ചർ തെറാപ്പി, കൗൺസിലിംഗ് സേവനങ്ങൾ.
- 80 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്നവർക്ക് പ്രത്യേക ഹോമുകൾ
- മുതിർന്ന ദമ്പതികൾക്ക് വൃദ്ധ മന്ദിരത്തിൽ പ്രത്യേക മുറികൾ
- വയോജനങ്ങൾക്കു വേണ്ടി ഐ.സി.റ്റി. എനേബിൾഡ് സ്വതന്ത്ര ജീവിതം സാധ്യമാക്കുക.
- കണ്ണൂർ ജില്ലയിലെ പിണറായിയിൽ പുതിയ വൃദ്ധ മന്ദിരം.
- സെക്കന്റ് ഇന്നിംഗ്സ് പ്രൊജക്ട് മുഖേന ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെയും മറ്റു ഏജൻസികളുടെയും സഹായത്തോടെ വൃദ്ധമന്ദിരങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുക. കണ്ണൂർ, കൊല്ലം, മലപ്പുറം വൃദ്ധസദനങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**സാമൂഹ്യാധിഷ്ഠിത പരിപാടികൾ**

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയോ (50:50) മറ്റു ഏജൻസികളുടെയോ സഹായത്തോടെ എല്ലാ ജില്ലകളിലും മാതൃകാ സായം പ്രഭ ഹോമുകൾസ്ഥാപിക്കലും ക്രിയാത്മകമായതും ആരോഗ്യപരമായതുമായ പ്രായമാകലിനുള്ള ഒരു ക്ലബ് ആയി പ്രവർത്തിക്കാൻ തക്കവണ്ണം പുറത്തുള്ള സ്ഥലം വയോജനം പാർക്ക് ആയി ഉപയോഗിക്കേണ്ട ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ജില്ലയിൽ ഒരെണ്ണം എങ്കിലും സ്ഥാപിക്കുകയും ചെയ്യുക
- സായംപ്രഭ ഹോമുകൾ/മാതൃക സായംപ്രഭഹോമുകൾ/മൾട്ടി സർവ്വീസ് പകൽ പരിപാലന കേന്ദ്രങ്ങൾ.
- വൃദ്ധ മന്ദിരങ്ങളിലെ മുതിർന്നവരിൽ സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുകയും റിവോൾവിംഗ് ഫണ്ട് നൽകലും.
- ജില്ലാ ഓഫീസുകളിൽ നിയമ സഹായ സെല്ലും ഡയറക്ടറേറ്റിൽ മുതിർന്നവർക്കെതിരെയുള്ള അധിക്ഷേപം തടയാനായി സെല്ലും രൂപീകരിക്കുക
- മുതിർന്നവർക്കായി പോലീസ്, ആമ്പുലൻസും സർവ്വീസ് അലർട്ട് സിസ്റ്റവും.
- വയോഹസ്തം – വൃദ്ധർക്കായി ഭവന സേവനം
- വയോക്ഷേമ കാൾ സെന്റർ : റിവേഴ്സ് ക്വാറന്റൈനിലുള്ള മുതിർന്നവരുടെ സുരക്ഷയും ആരോഗ്യാവസ്ഥയും ഉറപ്പാക്കുന്നതിനായി കാൾ സെന്റർ പ്രവർത്തിക്കുന്നു. എല്ലാ ദിവസവും രാവിലെ 6 മണിമുതൽ രാത്രി 10 മണിവരെ പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ മുതിർന്നവർക്കായി ഒരു ഹെൽപ്പ്ലൈൻ സേവനം സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.
- മുതിർന്ന പൗരന്മാരുടെ സ്വത്ത് പരിപാലനത്തിനായി ഒരു ട്രസ്റ്റ് രൂപവത്ക്കരിക്കുക.

- മുതിർന്ന പൗരന്മാരുടെ ശാരീരിക പ്രവർത്തനങ്ങൾ ആരോഗ്യപരമായ ജീവിത ചര്യ എന്നിവ സംബന്ധിച്ച സാമൂഹ്യാധിഷ്ഠിത പരിപാടികൾ, വയോസംഗമം.
- കുടുംബശ്രീ/അംഗനവാടികൾ മുഖേന ആവശ്യമുള്ള മുതിർന്നവർക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും പോഷകാഹാരം നൽകലും.
- സ്വന്തം വീടുകളിൽ തനിയെ താമസിക്കുന്ന മുതിർന്നവർക്ക് സാങ്കേതിക സഹായത്തോടെ എല്ലാ അത്യാവശ്യ സേവനങ്ങളും നൽകുന്നതിന് സീനിയർ സിറ്റിസൺ സപ്പോർട്ട് സൊസൈറ്റി സ്ഥാപിക്കുക
- പൂർണ്ണമായും ശയ്യാവലംബികളായ മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുവേണ്ടി പാലിയേറ്റീവ് കെയർ നെറ്റ് വർക്ക് ഉൾപ്പെടെയുള്ള വയോജന സൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസ്ഥാപിതമാക്കുക.
- സുധർശനം – മുതിർന്നവർക്കായുള്ള പദ്ധതി, സായന്തനം.
- വയോജന പാർക്ക്.

**വ്യക്തിഗത പിന്തുണ നൽകുന്ന പരിപാടികൾ**

- മന്ദഹാസം പദ്ധതി - മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ല് വെക്കൽ.
- കുട്ടികളോ ബന്ധുക്കളോ ഇല്ലാത്ത നിർദ്ധനരായ മാതാപിതാക്കൾക്കുള്ള പദ്ധതികൾ.
- വയോ മധുരം പദ്ധതി നടപ്പാക്കൽ- മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പ്രമേഹം പരിശോധിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ

**നിയമങ്ങളും നയങ്ങളും നടപ്പാക്കൽ**

- . വൃദ്ധ മന്ദിരങ്ങളുടെ മാന്വൽ പുതുക്കൽ.
- മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007-ന്റെ ഫലപ്രദമായ നിർവ്വഹണം. കേസുകൾ പെട്ടെന്ന് തീർപ്പാക്കാനായി കരാർ അടിസ്ഥാനത്തിലുള്ള ടെക്നിക്കൽ അസിസ്റ്റന്റുകളാൽ 27 മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നു. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരാണ് മെയിന്റനൻസ് ഓഫീസർമാർ.
- സംസ്ഥാന തലത്തിൽ ഒരു കമ്മീഷൻ സ്ഥാപിക്കൽ

**ഐ.ഇ.സി. പ്രവർത്തനങ്ങൾ**

- ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തെകുറിച്ച് അവബോധം നൽകൽ.
- മുതിർന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ബോധവത്ക്കരണം, അഡ്വക്കസി, മാധ്യമ ക്യാമ്പയിൻ.
- മുതിർന്നവരെ സംരക്ഷിക്കുന്നതിനും വയോജനാധിക്ഷേപം തടയുന്നതിനും തലമുറകളുടെ അന്തരം പരിഹരിക്കാനുമായി കുട്ടികൾക്കുള്ള ബോധവത്ക്കരണ ക്യാമ്പയിൻ.
- മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കൽ
- മുതിർന്ന പൗരന്മാരുടെ ക്ഷേമവും പരിപാലനവും സംബന്ധിച്ച നയം ബോധവത്ക്കരണ പരിപാടി.

**ഭരണ പരമായ പശ്ചാത്തല സൗകര്യങ്ങൾ**

- വകുപ്പിനു കീഴിലുള്ള വൃദ്ധ മന്ദിരങ്ങളിലെ പരിചരണ സഹായികൾക്ക് ഹോണറേറിയം
- 2018, 2019 കേരളത്തിലെ പ്രളയത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്കുള്ള ആശ്വാസ പുനരധിവാസ-പരിപാടികൾ.
- വൃദ്ധ മന്ദിരങ്ങളുടെ സാമൂഹ്യ ഓഡിറ്റ് നടത്തലും നിലവാരമുള്ള സംരക്ഷണം ഉറപ്പാക്കലും
- പൊതുസ്ഥാപനങ്ങൾ, ഉപയോഗ വസ്തുക്കൾ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ വയോജന സൗഹൃദപരമാക്കിത്തീർക്കുക.

- മുതിർന്നവരുടെ സഹായികൾക്കുള്ള പരിശീലനങ്ങൾ, ആരോഗ്യ സംരക്ഷണം, കാര്യശേഷി വികസന പരിപാടികൾ.

**ഗവേഷണവും ഡോക്യുമെന്റേഷനും**

- മുതിർന്നവർക്ക് സഹായമായ പദ്ധതികളും പരിപാടികളും രൂപീകരിക്കുന്നതിനായി പ്രമുഖ അക്കാദമിക സ്ഥാപനങ്ങളുടെ പിന്തുണയോടെ ഗവേഷണവും ഡോക്യുമെന്റേഷനും.

**24. ഭിന്നലിംഗക്കാർക്കായുള്ള പദ്ധതി-മഴവില്ല്**

**(വിഹിതം : 500.00 ലക്ഷം രൂപ)**

ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ഭൂരിഭാഗം പേരും വ്യക്തിത്വം വെളിപ്പെടുത്താൻ വിമുഖതയുള്ളവരാണ്. ഇതിൽ കൂടുതൽ പേരും ദൈനംദിന ജീവിത മാർഗ്ഗത്തിനായി മല്ലിടുന്നവരുമാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. കേരളത്തിൽ നടത്തിയ ഭിന്നശേഷി സെൻസസ് പ്രകാരം 1187 ഭിന്നശേഷിക്കാരായ ഭിന്നലിംഗക്കാരാണ്. ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ രൂപീകരിക്കുമ്പോൾ ഇത് ശ്രദ്ധിക്കേണ്ടതാണ്. ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. സാമൂഹ്യ നീതി വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

2021-22-ൽ നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

**സാമ്പത്തിക സഹായ പരിപാടികൾ**

- ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനത്തിന് സാമ്പത്തിക സഹായം
- മെഡിക്കൽ ഉപദേശ പ്രകാരമുള്ള ഏതു ആശുപത്രിയിലും സെക്സ് റി-അസയിന്റ്മെന്റ് സർജറി നടത്തുന്നതിന് 5 ലക്ഷം രൂപ വരെ സഹായം.
- ഭിന്ന ലിംഗക്കാർക്ക് എസ്.ആർ.എസ്. സർജറിക്കു ശേഷം സഹായം നൽകൽ.
- ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ്
- മത്സര പരീക്ഷകൾ എഴുതുന്നതിന് ഭിന്ന ലിംഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം.
- ഭിന്നലിംഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം.

**സാമൂഹ്യതല പരിപാടികൾ**

- വൈദ്യ സഹായവും ഭക്ഷ്യധാന്യക്കിറ്റും ഉൾപ്പെടെയുള്ള കോവിഡാനന്തര പുനരധിവാസ പദ്ധതികൾ
- ഐഡൻഡിറ്റി കാർഡു നൽകലും തുടർ പ്രവർത്തനങ്ങളും.
- ഭിന്നലിംഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ/സി.സി.ഒ.കളുടെ സഹായത്താൽ ഭിന്നലിംഗ ഹെൽപ്പ് ലൈൻ (24x7), ക്രൈസിസ് മാനേജ്മെന്റ് സെന്റർ ആരംഭിക്കൽ
- വിദഗ്ദ മാധ്യമ ഏജൻസിയെ ഉപയോഗിച്ച് അഡ്വൊക്കസി ക്യാമ്പയിൻ.
- ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾ, സിബി.ഒ-കൾ
- ഭിന്ന ലിംഗ വിഭാഗക്കാർക്കു വേണ്ടിയുള്ള സർക്കാർ പദ്ധതികൾ സംബന്ധിച്ച് അവരെ അറിയിക്കാൻ മൊബൈൽ ആപ്പ് വികസിപ്പിക്കൽ.
- ഭിന്നലിംഗ വിഭാഗത്തിന് വിവാഹ ധനസഹായം

**സ്ഥാപനപരമായ ഇടപെടലുകൾ**

- ഭിന്നലിംഗക്കാർക്ക് എച്ച്.ഐ.വി. സീറോ സർവ്വയലൻസ് സെന്റർ ആരംഭിക്കൽ
- ഭിന്നലിംഗക്കാർക്കായി കരിയർ ഡവലപ്പ്മെന്റ് ഹബ്.
- എൻ.ജി.ഒ.കൾ മുഖേന ഭിന്നലിംഗക്കാർക്കായുള്ള ഷോർട്ട് സ്റ്റേ ഹോമുകൾ/സുരക്ഷാ കേന്ദ്രങ്ങൾ/പരിപാലന കേന്ദ്രങ്ങൾ.

**ഗവേഷണവും പഠനവും**

- ഭിന്നലിംഗക്കാരുടെ ജനസംഖ്യയ്ക്കായി ഓൺലൈൻ സർവ്വേ നടത്തുക.
- ഭിന്ന ലിംഗ വിഭാഗത്തിന്റെ സർക്കാർ പദ്ധതികളുടെ പ്രയോജനം സംബന്ധിച്ച് സർവ്വേ നടത്തൽ.
- വിവിധ ഗവേഷണങ്ങളും പഠനങ്ങളും.

**സൂക്ഷ്മബോധന പരിപാടികളും ശില്പശാലകളും.**

- പൊതുജനങ്ങളെ പ്രത്യേകിച്ച് രക്ഷിതാക്കൾ, കുടുംബാംഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ് ആന്റ് നോൺ -ടീച്ചിംഗ് സ്റ്റാഫ്, വിദ്യാർത്ഥി സമൂഹം, തൊഴിൽ, എംപ്ലോയ്മെന്റ്, തദ്ദേശ സ്വയംഭരണം, ആരോഗ്യം, പോലീസ് മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർക്കുള്ള സൂക്ഷ്മ ബോധന പരിപാടികൾ.
- ഭിന്ന ലിംഗക്കാർ സി.ബി.ഒ.കൾ, ജസ്റ്റീസ് ബോർഡ് അംഗങ്ങൾ എന്നിവർക്കായി വിവിധ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കൽ.
- ഭിന്ന ലിംഗ കലോൽസവം.
- ഐ.ഇ.സി. പ്രവർത്തനങ്ങൾക്കായി ആവശ്യമായ മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക.

**പെൻഷൻ, ഇൻഷ്വറൻസ്, വായ്പ**

- 60 വയസ്സിന് മുകളിലുള്ള അഗതികളായ ഭിന്നലിംഗക്കാർക്ക് പെൻഷൻ
- മെഡിക്കൽ ഇൻഷ്വറൻസു പദ്ധതി തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക
- കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പ നൽകൽ.

T G **സെൽ പ്രവർത്തനങ്ങൾ**

- ഭിന്ന ലിംഗക്കാർക്കായി സെൽ രൂപീകരിക്കുക/ഭിന്ന ലിംഗ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും രൂപവത്ക്കരിക്കുന്നതിനുമായി സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ മനുഷ്യ വിഭവ ശേഷി.

**നൈപുണ്യ വികസനം**

- ഭിന്നലിംഗക്കാർക്കായി വിവിധ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കുക.

2021-22-ൽ ഈ പദ്ധതി നടപ്പാക്കാൻ 500.00.ലക്ഷം രൂപ വകയിരുത്തുന്നു.

**25. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻആന്റ് റീഹാബിലിട്ടേഷൻ**

**(വിഹിതം :800.00 ലക്ഷം രൂപ)**

വിവിധതരം വൈകല്യങ്ങളെ മുതിർന്നവരിലും കുട്ടികളിലും മുൻകൂട്ടി കണ്ടെത്തലും ഇടപെടലും പരിപാലനവും പുനരധിവാസവും ഗവേഷണവുമായി ബന്ധപ്പെട്ട സേവനങ്ങൾ നടത്തുന്ന സ്ഥാപനമാണ് നിപ് മർ. ഈ സ്ഥാപനത്തിൽ കൈകാര്യം ചെയ്യുന്ന മുഖ്യ വൈകല്യങ്ങൾ, ഞരമ്പു വികസനവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ കേഴ്വി, സംസാര വൈകല്യങ്ങൾ, നട്ടെല്ലിനുള്ള ക്ഷതങ്ങൾ, ചലന വൈകല്യം, ഗുരുതരമായ ഞരമ്പു സംബന്ധമായ തകരാറുകൾ, മൾട്ടിപ്പിൾ വൈകല്യങ്ങൾ പ്രത്യേകിച്ചും സെറിബ്രൽ പാൾസി എന്നിവയാണ്. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സമഗ്ര പദ്ധതി പ്രവർത്തന രീതിക്കനുസൃതമായ ലക്ഷ്യങ്ങളും നേട്ടങ്ങളുടെ പദ്ധതിയും പുനരധിവാസ ടിം തയ്യാറാക്കിയിട്ടുണ്ട്. കുടുംബ പരിപാലനത്തിനായി നൈപുണ്യ പരിശീലനം, തെറാപ്പി പരിപാടി എന്നിവ നടത്തുന്നതിനായി മാതാപിതാക്കൾക്കുള്ള പരിശീലനത്തിനും പ്രദർശനത്തിനുമായി പ്രോഗ്രാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി 2021-22 ബഡ്ജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തുന്നു.

**26. പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, രോഗനിവാരണം, രക്തസംബന്ധമായതും നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം**

**(വിഹിതം : 200.00ലക്ഷം രൂപ)**

രക്ത സംബന്ധമായ രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലേസ്സേമിയ ഗുരുതരമായ ഞരമ്പ് വൈകല്യ രോഗങ്ങളായ മൾട്ടിപ്പിൾ സ്ലിറോസിസ്, പാർക്കിൻസൺസ് രോഗം എന്നിവ 2016-ലെ അംഗപരിമിതരുടെ അവകാശ നിയമ പ്രകാരം വൈകല്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട 7168 വ്യക്തികളുള്ള ഇവരുടെ പുനരധിവാസത്തിനായി വൈകല്യ നിയന്ത്രണ പദ്ധതി തയ്യാറാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 2021-22 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**27. പ്രളയ ബാധിതരായ അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ**

**(വിഹിതം : 50.00ലക്ഷം രൂപ)**

കേരളത്തിലെ 2018ലും 2019 ലും ഉണ്ടായ പ്രളയത്തിനു ശേഷം ദുരിതബാധിത പ്രദേശങ്ങളിൽ സഹായ ഉപകരണങ്ങളും മറ്റും നഷ്ടപ്പെട്ട അംഗപരിമിതരെ കണ്ടെത്തുന്നതിനായി ഒരു സർവ്വേ നടത്തുകയുണ്ടായി. ഏകദേശം 50000 ഭിന്നശേഷിക്കാർ പ്രളയ ദുരിതത്തിൽപ്പെട്ടവരാണ്. പ്രളയത്തിൽപ്പെട്ട അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനായി 2021-22 വർഷത്തിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്.

**28. ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ** **(വിഹിതം : 30.00ലക്ഷം രൂപ)**

ഭിന്നശേഷിക്കാർക്ക് സാർവത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ. ഭിന്നശേഷിക്കാർക്ക് പ്രതിബന്ധമുക്ത പരിസ്ഥിതി ലഭ്യമാക്കാനായി തിരുവനന്തപുരം ജില്ലയിലെ 28 പൊതു കെട്ടിടങ്ങളുടെ പുന:ക്രമീകരണ പ്രവർത്തികൾക്കായി കേന്ദ്ര സർക്കാർ 859.59 ലക്ഷം രൂപയുടെ അനുമതി നൽകുകയും 50 ശതമാനം തുക ആദ്യഗഡുവായി തുക അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ള 50 ശതമാനം തുക പുന:ക്രമീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി വരും വർഷങ്ങളിൽ അനുവദിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ 23 പൊതു കെട്ടിടങ്ങൾകൂടി കണ്ടെത്തിയിട്ടുള്ളതും അക്സസ് ആഡിറ്റുകൾ നടത്തുകയും ചെയ്തിട്ടുള്ളതുമാണ്. അക്സസ് ആഡിറ്റുകൾ, അക്സസബിലിറ്റി സ്റ്റാന്റേഡുകൾ സംബന്ധിച്ച പരിശീലനവും മാനദണ്ഡങ്ങൾ മോണിട്ടർ ചെയ്യുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന വിഹിതത്തിൽനിന്നും തുക വകയിരുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്കായി 30.00ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തുന്നു.

**29. മയക്ക മരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി**

**(വിഹിതം : 30.00ലക്ഷം രൂപ)**

മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും വിദ്യാഭ്യാസം, കൂട്ടിച്ചേർക്കൽ, പുനരധിവാസം എന്നിവയിലൂടെ മയക്ക മരുന്ന് ഉപയോഗത്തിന്റെ പ്രതികൂല അനന്തരഫലങ്ങൾ കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതിയാണിത്. മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളെ കണ്ടെത്തുന്നതിനും, കൗൺസിലിംഗ്, പ്രചോദനം, അനന്തര സുരക്ഷ, പുനരധിവാസം എന്നിവ സാമൂഹ്യാധിഷ്ഠിതമായി നൽകി മയക്ക മരുന്നു ഉപയോഗത്തിൽ നിന്നു മോചിപ്പിക്കുകയെന്നതാണ് ഉദ്ദേശ്യം. കാര്യശേഷി വർദ്ധിപ്പിക്കൽ, പ്രത്യേക ഇടപെടൽ, ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്കായി 2018-19-ൽ കേന്ദ്ര സർക്കാർ 135 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 2019-20-ൽ 135 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാകുന്നു. പദ്ധതിയുടെ ഭാഗമായി മോണിട്ടറിംഗ്, വിലയിരുത്തൽ,

ഐ.ഇ.സി. പ്രവർത്തനങ്ങൾ, സോഷ്യൽ ആഡിറ്റ് എന്നിവയ്ക്കാവശ്യമായ തുക സംസ്ഥാന വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഇതിനായി 2021-22-ൽ ബഡ്ജറ്റിൽ 30.00ലക്ഷം രൂപ വകയിരുത്തുന്നു.

**30. സമാശ്വാസം**

**(വിഹിതം : 500.00ലക്ഷം രൂപ)**

വൃക്ക തകരാറുകൾ, വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർ, ഹീമോഫീലിയയും ബന്ധപ്പെട്ട രോഗങ്ങളും, സിക്കിൾ സെൽ അനീമിയ എന്നിവ ബാധിച്ച് ചികിത്സയിലിരിക്കുന്ന 4 വിഭാഗം രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ്. ഈ നാലു വിഭാഗത്തിലുമായി ഏകദേശം 10,000 ദുരിതമനുഭവിക്കുന്ന രോഗികളുണ്ട്. ഈ വിഭാഗത്തിൽപെട്ടവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. സമാശ്വാസം I - ബി.പി.എൽ. കുടുംബത്തിൽപ്പെട്ടതും ഒരു മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് പ്രതിമാസം 1100 രൂപ നൽകുന്നു. സമാശ്വാസം II - ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്കും വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർക്കും പ്രതിമാസം 1100 രൂപ നൽകുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. സമാശ്വാസം III ഹീമോഫീലിയയും ബന്ധപ്പെട്ട രോഗങ്ങളും ബാധിച്ചിട്ടുള്ള രോഗികൾക്ക് (8,9,11,13 ബ്ലഡ് ഫാക്ടറിലുള്ള കുറവ്) പ്രതിമാസം 1100 രൂപ നൽകുന്നു. ഇതിന് വരുമാന പരിധി ബാധകമല്ല. സമാശ്വാസം IV- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടിക വർഗ്ഗ വിഭാഗക്കാരല്ലാത്ത സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സഹായം നൽകുന്നു.

പദ്ധതി പ്രവർത്തനങ്ങൾക്കായി 2021-22-ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**വനിതാ ശിശു വകുപ്പ്**

**31. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

**(വിഹിതം :1864.00 ലക്ഷം രൂപ)**

സ്ത്രീകൾക്ക് മെച്ചപ്പെട്ട അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് അവരുടെ ശാക്തീകരണവും എല്ലാതരത്തിലുള്ള വികസനവും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1988-ൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപീകരിച്ചു. കോർപ്പറേഷന്റെ പ്രവർത്തനകാലം മുതലേയുള്ള പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് ദേശീയ ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നത്. 2021-22-ൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 1864.00 ലക്ഷം രൂപ വകയിരുത്തുന്നു.

- വനിതകൾക്ക് സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി (എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി./ എൻ.എസ്.എഫ്.ഡി.സി/എൻ.എസ്.ടി.എഫ്.ഡി.സി.
- സ്വയം തൊഴിൽ വായ്പാ പദ്ധതി (പൊതുവിഭാഗം)
- ഇ.ഡി.പി. /ബോധവത്കരണ ക്യാമ്പുകൾ/ തൊഴിൽ പരിശീലനം/പ്രദർശനങ്ങൾ മുതലായവ.
- വർക്കിംഗ് വുമൻസ് ഹോസ്റ്റൽ/ഓഫീസ് കോംപ്ലക്സിന്റെ പരിപാലനം
- സർവ്വേ, റിപ്പോർട്ട് ആന്റ് ഡോക്കുമെന്റേഷൻ.
- ആർത്തവ ശുചിത്വവും പ്രത്യുൽപ്പാദനാരോഗ്യ ബോധവൽക്കരണവും
- സുരക്ഷിത താമസ പരിപാടി
- ഫ്രഷ് അപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- പട്ടിക വർഗ്ഗ സ്ത്രീകൾക്കായി ഇന്റഗ്രറ്റഡ് നൈപുണ്യ വികസന കേന്ദ്രം
- സ്ത്രീകൾക്കായുള്ള പുതിയ പരിശീലന സംരംഭങ്ങളുൾപ്പെടെയുള്ള ഫിനിഷിംഗ് സ്കൂൾ പരിപാടികൾ (റീച്ച്)
- കോളേജുകളിൽ വനിതാസെൽ

- വനിതാ ഇൻഫർമേഷൻ സഹായ കേന്ദ്രം (24/7)
- ബോധ്യം- പോലീസിനായുള്ള ജൻഡർ സൂഷ്മബോധന പരിശീലന പരിപാടി.
- കരുതൽ - പരിചരണം പ്രഫഷനലാക്കുന്നതിനു വനിതകൾക്ക് നൈപുണ്യ വികസനം.

2021-22 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1864.00 ലക്ഷം രൂപയിൽ 1590.00 ലക്ഷം രൂപ തുടർ പ്രവർത്തികൾക്കും 134.00 ലക്ഷം രൂപ ഫിനിഷിംഗ് സ്കൂൾ പരിപാടിക്കും 140.00 ലക്ഷം രൂപ ജൻഡർ അവബോധന പരിപാടിക്കും വകയിരുത്തുന്നു.

**32. വനിതാ വികസന പരിപാടികൾ**

**(വിഹിതം : 2400.00 ലക്ഷം രൂപ)**

**(1) നിർഭയാ**

സംസ്ഥാന നിർഭയ പോളിസി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾക്കനുസൃതമായി പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു. ലൈംഗികാതിക്രമങ്ങൾ തടയുന്നത് ഉറപ്പാക്കൽ, ഇരകൾക്കു മെച്ചപ്പെട്ട സംരക്ഷണ സേവനങ്ങൾ നൽകൽ, താഴെത്തട്ടിൽ നിന്നുള്ള ഇടപെടീൽ, സാമൂഹ്യ മേൽനോട്ട സംവിധാനം, ഫലപ്രദമായ പുനരധിവാസം, അനന്തര ശുശ്രൂഷ പരിപാടി മുഖേന ഇരകളെ അതിജീവിക്കാൻ പ്രാപ്തരാക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

- നിലവിലുള്ള 15 ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം, പുതിയ 2 ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കൽ
- സ്കൂളുകളിലും കോളേജുകളിലും കാമ്പയിനുകൾ.
- ഐ.ഇ.സി പരിപാടികൾ, പ്രതിരോധ പരിപാടികൾ, സൂക്ഷ്മബോധ പരിപാടികൾ
- ആഫ്റ്റർ കെയർ ഹോമുകളുടെ നടത്തിപ്പ്
- നിർഭയ ഷെൽട്ടർ ഹോമുകളിലെയും ഒൺ സ്റ്റോപ്പ് കേന്ദ്രങ്ങളിലെയും ഉദ്യോഗസ്ഥർക്കും മറ്റു സ്റ്റേക്ക് ഹോൾഡേഴ്സിനുമുള്ള പരിശീലനവും, കഴിവ് വർദ്ധിപ്പിക്കാനുള്ള പരിപാടികളും,
- ജില്ലാതല നിർഭയാ എമർജൻസി റസ്പോൺസ് ടീമുകളുടെ രൂപീകരണവും നടത്തിപ്പും
- ജില്ലാ നിർഭയ കമ്മിറ്റികളെ ശക്തിപ്പെടുത്തൽ.
- മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്കും ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുമായി ഹോമുകൾ
- തേജോമയ അനന്തര പരിരക്ഷ ഹോം (നൈപുണ്യം, തൊഴിൽ പരിശീലനം)
- ഷെൽട്ടർഹോമിലെ അന്തേവാസികൾക്ക് വിവാഹ ധനസഹായം
- ബഹുവിധ കേന്ദ്രീകൃത വർക്ക്ഷോപ്പ്
- സമഗ്ര സുരക്ഷാ കേന്ദ്രം
- POCSO അതിജീവിച്ചവർക്കായി ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ
- POCSO ഇരകൾക്കും അതിജീവിച്ചവർക്കും കാവൽ മാതൃകയിലുള്ള സാമൂഹ്യാധിഷ്ഠിതമായ മാനസിക സാമൂഹ്യ പുനരധിവാസ പരിപാടി
- ലൈംഗികാതിക്രമത്തിനിരയായ കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം
- എസ് ഒ എസ് മാതൃകാഹോമുകൾ
- ലീഗൽ സെൽ, ഭരണ ചെലവ്

സംസ്ഥാനത്ത് നിലവിൽ 15 വനിതകൾക്കും കുട്ടികൾക്കുമായുള്ള ഹോമുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ അഭയ കേന്ദ്രം, ആഹാരം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കു പുറമെ യോഗാ, സംഗീതം, ക്രാഫ്റ്റ്, കലകൾ, സ്പോർട്സ്, ജീവിത നൈപുണ്യ വിദ്യാഭ്യാസം എന്നിവ വനിതകളുടെയും കുട്ടികളുടെയും

ഭവനങ്ങളിലെ പ്രവർത്തനങ്ങളുടെ ഭാഗമാക്കേണ്ടതാണ്. തൃശ്ശൂരിലെ രാമവർമ്മപുരത്ത് 200 അന്തേവാസികൾക്കായി ഒരു മാതൃകാ വനിതാ ശിശുമന്ദിരം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഹോമുകൾ ഇല്ലാത്ത പത്തനംതിട്ട ജില്ലയിൽ ഒരു ഹോമെങ്കിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഒരു SOS ഹോം തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നതും മറ്റൊരെണ്ണത്തിന് 2020-21-ൽ അനുമതി ലഭിച്ചിട്ടുള്ളതുമാകുന്നു. പ്രത്യേക ആവശ്യങ്ങൾ ഉള്ള കുട്ടികളെ ആവശ്യങ്ങൾ സാധ്യമാക്കുന്ന പ്രത്യേക ഹോമിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി തൃശ്ശൂരിൽ 'മാനസികാരോഗ്യത്തിനുള്ള ഹോം' ആരംഭിച്ചു. പഠനം പൂർത്തിയാക്കി വിവിധ തൊഴിലിലേർപ്പെടാൻ താല്പര്യമുള്ള അതിജീവിച്ചവർക്കായി എറണാകുളം എടക്കാട്ടുവയലിൽ തോജോമയ അനന്തര പരിരക്ഷ ഹോം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ പൊതുസ്ഥലങ്ങളിലോ, ജോലിസ്ഥലത്തോ, സമൂഹത്തിലോ, കുടുംബത്തിലോ അതിക്രമം നേരിടേണ്ടിവന്ന സ്ത്രീകൾക്ക് പിന്തുണ നൽകാനായും മറ്റ് പ്രശ്നങ്ങൾക്ക് പരിഹാരവും പിന്തുണ നൽകുകയുമാണ് ഒ.എസ്.സി കളുടെ ഉദ്ദേശ്യം. ലൈംഗീക പീഡനം, ലൈംഗീകാതിക്രമം, കുടുംബത്തിലെ അക്രമം, തട്ടിക്കൊണ്ടു പോകൽ, മാന്യത സംബന്ധിച്ച കുറ്റങ്ങൾ, ആസിഡ് അപകടങ്ങൾ എന്നിവ നേരിടേണ്ടി വന്ന് ഒ.എസ്.സി. യിൽ എത്തുന്ന ദു:ഖിതരായ സ്ത്രീകൾക്ക് 24 മണിക്കൂർ പ്രത്യേക സേവനങ്ങൾ നൽകുന്നതാണ്. നിലവിൽ 14 ജില്ലകളിലായി 14 ഒൺസ്റ്റോപ്പ് കേന്ദ്രങ്ങൾ പ്രവർത്തി്ച്ചുവരുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൽ നേടിയെടുക്കാനായി ലക്ഷ്യമിടുന്ന ഇത്തരം പ്രവർത്തനങ്ങൾ പൊതു സ്ഥലത്തും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും, ദുരുപയോഗവും കടത്തലും ഇല്ലാതാക്കാൻ സഹായകമാകുന്നു.

**(ii) ജെൻഡർ അവബോധന പരിപാടികൾ**

- ജെൻഡർ അഡ്വൈസറുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റു ഭരണ ചെലവുകളും
- വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനു ബോധവത്ക്കരണ പരിപാടി, ജോലിസ്ഥലത്ത് സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമം (തടയൽ, നിരോധനം, പരിഹാരം). ആക്ട്, 2013-ന്റെ നിർവ്വഹണം.
- ജെൻഡർ ബഡ്ജറ്റിംഗ്, ജെൻഡർആഡിറ്റിംഗ്
- പൊതുജനത്തിന് ജെർഡർ സൂഷ്മ ബോധന പരിപാടികൾ

**(iii) സ്ത്രീ ശാക്തീകരണ പരിപാടികളും വനിതാക്ഷേമ സ്ഥാപനങ്ങളും**

**1. സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും പിന്തുണ സമ്പ്രദായം സ്ഥാപിക്കലും.**

ശൈശവ വിവാഹ നിരോധന ആക്ട് 2006, സ്ത്രീധന നിരോധന നിയമം 1961, മാതൃ ആനുകൂല്യ നിയമം 1861, സ്ത്രീകളെ അപമാനിക്കൽ നിയമം(പ്രതിരോധം) 1986, ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം നിയമം 2006 എന്നിവ നടപ്പാക്കൽ. തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം (തടയലും പരിഹാരവും ) നിയമം, 2013

- ശൈശവ വിവാഹ പ്രതിരോധത്തിനുള്ള പ്രവർത്തനങ്ങളും ക്യാമ്പയിനുകളും, സ്ത്രീധന നിരോധനം, പെൺകുട്ടിയുടെ അന്തർദേശീയ ദിനാചരണം, ശൈശവ വിവാഹം പ്രതിരോധിക്കാനായി അറിവു നൽകുന്നവർക്ക് ഇൻസന്റീവ്.
- ഗാർഹിക പീഡനത്തിനിരയായവർക്ക് നിയമ കൗൺസിലിംഗ് നൽകുന്നതിനായുള്ള സഹായ കേന്ദ്രങ്ങൾക്ക് സഹായം നൽകൽ, പ്രൊജക്ട് സ്റ്റാഫിനുള്ള ഹോണറേറിയം
- ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ഷെൽട്ടർ ഹോമുകൾ നടത്തുന്നതിനുള്ള ഫണ്ട്.
- വനിത പ്രൊട്ടക്ഷൻ ഓഫീസർമാരുടെ മെസഞ്ചർക്ക് ഹോണറേറിയം.
- ഗാർഹിക പീഠനത്തിനിരയായവർക്കും/അതിജീവിച്ചവർക്കും പുനരധിവാസ പദ്ധതി.

- പ്രത്യേക സേവനങ്ങൾക്കു വേണ്ടിയുള്ള സൗകര്യങ്ങളും പുതിയ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കലും.
- വനിതകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും, ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നടപ്പിലാക്കുക.
- ഇന്റേണൽ പരാതി കമ്മിറ്റിയും പ്രാദേശിക പരാതി കമ്മിറ്റിയും ശക്തിപ്പെടുത്തൽ, സിറ്റിംഗ് ഫീസ്

2. **സർക്കാർ ഹോമുകൾ പ്രവർത്തിപ്പിക്കൽ, പുനരധിവാസവും സുരക്ഷയും ശക്തിപ്പെടുത്തൽ.**

- വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്ക് ട്യൂഷൻ ഫീസ്, താമസച്ചെലവ്, പഠന ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം, സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ.
- വനിതാക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും ദുരിത ബാധിതരായ സ്ത്രീകൾക്കും തൊഴിൽ പരിശീലനം നൽകലും, സ്വയം തൊഴിലിന് ധനസഹായം നൽകലും; തൊഴിൽ പരിശീലന യൂണിറ്റ് ആരംഭിക്കലും.
  സർക്കാർ/സർക്കാർ എയിഡഡ് ഷെൽട്ടർ ഹോമിലെ വനിതകൾക്ക് സമ്പൂർണ്ണ പുനരധിവാസം.
- വൺഡേ ഹോമുകളുടെ നടത്തിപ്പും സ്ഥാപിക്കലും.
- സ്നേഹ സംഗമം മുൻ അന്തേവാസികളുടെ വാർഷിക കൂടിച്ചേരലും വിജയകരമായ പ്രവർത്തനങ്ങളുടെ പ്രദർശനവും..
- ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം/യോഗ പരിശീലനം.

3. **ജെൻഡർ സെൻസിറ്റിവിറ്റി മെച്ചപ്പെടുത്തൽ**

- ജെൻഡറുമായി ബന്ധപ്പെട്ട ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ, സർവ്വേകൾ.
- വിവിധ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് പദവി പഠനം/സാഹചര്യ വിശകലനം/സർവ്വേകൾ/ പഠനങ്ങളും (വിധവകൾ/അവിവാഹിതർ/വിവാഹ മോചനം നേടിയവർ/ഒറ്റയ്ക്കു താമസിക്കുന്നവർ/ പാർശ്വവത്ക്കരിക്കപ്പെട്ട വനിതകൾ/ദുഷ്ക്കരമായ സാഹചര്യങ്ങളിലെ സ്ത്രീകൾ).

4. **പാർശ്വവത്ക്കരിക്കപ്പെട്ടതും അസൗകര്യമുള്ളതുമായ സ്ത്രീകൾക്ക് സാമൂഹ്യ നീതി**

1. വനിതകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തൊഴിൽ നൽകൽ.
2. വനിതകളേയും കുട്ടികളേയും തട്ടിക്കൊണ്ടു പോകുന്നത് പ്രതിരോധിക്കാനായി വിവരം അറിയിക്കുന്നവർക്ക് ഇൻസെന്റീവ്.
3. വകുപ്പ് ഉദ്യോഗസ്ഥർക്കും സേവന ദായകർക്കും നിയമ ബോധവത്ക്കരണം.-ശ്രദ്ധ
4. ലൈംഗികതൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പ്രൊജക്ട്.
5. വനിത ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾക്ക് ധനസഹായം.
6. പാർശ്വവത്കരിക്കപ്പെട്ട വനിതകൾക്ക് സുരക്ഷയും സംരക്ഷണവും/കൗൺസിലിംഗ്.
7. മഹിളാ മന്ദിരത്തിലെ അന്തേവാസികളുടെ വിവാഹത്തിന് ധനസഹായം.
8. അഭയകിരണം
9. സഹായഹസ്തം പ്രൊജക്ട്.
10. അതിജീവിക.

11. വനിതാ രത്ന പുരസ്കാരം  വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മഹനീയ വനിതകൾക്ക് അസാധാരണമായ നേട്ടം കൈവരിച്ചതിനുള്ള അവാർഡ് & വനിതാദിന ആഘോഷങ്ങൾ
12. സധൈര്യം മുന്നോട്ട് പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ.
13. കൈത്താങ്ങ്- പദ്ധതി.
14. പോസ്റ്റ് പാർട്ടം ഡിപ്രഷൻ-ബോധവത്ക്കരണ പരിപാടി.
15. മംഗല്യ പദ്ധതി.
16. വനിതകൾക്കുള്ള വിവിധ പദ്ധതികൾക്കായി പുതിയ സോഫ്റ്റ്വെയർ, ആപ്ലിക്കേഷൻ, ഡേറ്റാബേസ്.
17. ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ.
18. ദുരിതബാധിതരായ സ്ത്രീകൾക്ക് ചികിത്സാ ഇടപെടലുകൾ.

2021-22-ൽ 2400.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.  ഇതിൽ 900.00 ലക്ഷം രൂപ തേജോമയ ഉൾപ്പെടെയുള്ള നിർഭയാ പരിപാടികൾക്കും 100.00ലക്ഷം രൂപ ജെൻഡർ അവബോധ പരിപാടികൾക്കും 1400.00 ലക്ഷം രൂപ വനിതാ ശാക്തീകരണ പരിപാടികൾക്കുമാണ്.

**33. കേരള വനിതാ കമ്മീഷൻ**

**(വിഹിതം :540.00 ലക്ഷം രൂപ)**

കേരള വനിതാ കമ്മീഷൻ 1996-ൽ നിലവിൽ വന്നു.  കേരളത്തിലെ വനിതകളുടെ നിലവാരം മെച്ചപ്പെടുത്തുകയും, സ്ത്രീകൾക്കെതിരായ അനീതികളെപ്പറ്റി അന്വേഷണം നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമാണ് വനിതാ കമ്മീഷന്റെ ലക്ഷ്യം. കേരള  വനിതാ കമ്മീഷൻ നിയമ 16 (iii) പ്രകാരം കമ്മീഷൻ സ്ത്രീകൾക്ക് സമത്വവും നീതിപൂർവമായ പെരുമാറ്റവും ഉറപ്പാക്കുന്നതിൽ ഭരണഘടനാ അവകാശത്തെ ബാധിക്കുന്ന നിയമങ്ങളിലെ പിഴവുകൾ, അപര്യാപ്തത, കുറവുകൾ എന്നിവയെക്കുറിച്ചും പരിഹരിക്കാനാവശ്യമായ നിയമനിർമ്മാണ നടപടികൾ സംബന്ധിച്ചും ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 2021-22-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

- ജൻഡർ ബോധവത്ക്കരണം-ഫ്ലാഗ്ഷിപ്പ് പരിപാടി
- കമ്മീഷൻ ശക്തിപ്പെടുത്തൽ/നവീകരണം
- ലീഗൽ വർക്ക് ഷോപ്പുകൾ/സെമിനാറുകൾ/ അദാലത്തുകൾ, ഡി.എൻ.എ. ടെസ്റ്റ്.
- സ്ത്രീശക്തി ന്യൂസ് ലെറ്റർ, ലൈബ്രറി വികസനം, ഗവേഷണ പഠനങ്ങൾ, കൗൺസലിംഗ്
- ജാഗ്രതാസമിതി അംഗങ്ങൾക്കുള്ള പരിശീലനം
- പ്രാദേശിക ഓഫീസ് (കോഴിക്കോട്, എറണാകുളം)

കമ്മീഷന്റെ തുടർന്നു വരുന്ന പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനായി 2021-22 വർഷം 540.00 ലക്ഷം രൂപ വകയിരുത്തുന്നു.  ഇതിൽ  213.00 ലക്ഷം രൂപ ജൻഡർ ബോധവത്ക്കരണ പരിപാടിക്കാണ്.

**34. ഭരണ സംവിധാനം മെച്ചപ്പെടുത്തൽ- വനിതാ ശിശു വകുപ്പ്**

**(വിഹിതം :930.00ലക്ഷം രൂപ)**

**എ. വനിതാശിശു വികസന  ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തൽ**

കുട്ടികൾ, വനിതകൾ, തുടങ്ങിയവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വനിതാശിശു വകുപ്പ് ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണികളും കൂടുതലായുള്ള നിർമ്മാണവും ആവശ്യമാണ്. അംഗീകൃത നിർമ്മാണഏജൻസികളെക്കൊണ്ട് ക്ഷേമ സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും പുതുക്കലും അത്യാവശ്യ അറ്റകുറ്റപ്പണികളും ചെയ്യേണ്ടതുണ്ട്.  നടന്നു കൊണ്ടിരിക്കുന്നജോലികൾ പൂർത്തിയാക്കുക, നിർമ്മാണ ജോലികളുടെ അവശേഷിക്കുന്ന തുകകൾ നൽകുക എന്നിവയും വനിതാശിശുവകുപ്പിന്റെയും

ജില്ലാ വനിതാശിശു വികസന ഓഫീസുകളുടെയും പുതിയതും നടന്നു വരുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു. 2021-22-ൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

2021-22-ൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ.

- വനിതാ ശിശു വികസന ഓഫീസുകളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ
- ഓഫീസർമാരുടെ വാഹന വാടക.
- സി.യു.ജി. സിം, വകുപ്പിലുള്ള ഓഫീസർമാരുടെ ടോപ്പ് അപ്പ് ചാർജ്ജുകൾ
- വകുപ്പിന്റെ വെബ്സൈറ്റ് വികസനവും മെയിന്റനൻസും, വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സേവനങ്ങൾ, വാർഷിക പരിപാലന ചെലവുകൾ, ഇന്റർനെറ്റ് ചാർജ്ജുകൾ, പശ്ചാത്തല സൗകര്യങ്ങൾ, IT ഹാർഡ് വെയർ/സോഫ്റ്റ് വെയർ വാങ്ങൽ എന്നിവ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും നടപ്പാക്കുക
- തുടർ പദ്ധതികളുടെ പൂർത്തീകരണവും പുതിയ കെട്ടിട നിർമ്മാണവും
- എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം സ്ഥാപിക്കലും പരിപാലനവും
- ഡയറക്ടറേറ്റിൽ ഐ.ടി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വീഡിയോ കോൺഫറൻസിംഗ് റൂം തയ്യാറാക്കലും
- ജില്ലാ വനിതാ ശിശു വികസന ഓഫീസുകളിൽ ഓഫീസ് വാടകയുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ.
- ഗവേഷണവും അനാലിസിസ് വിംഗും, നിർമ്മാണ വിഭാഗവും
- ഐ.ഇ.സി. പ്രവർത്തനങ്ങൾ, അഡ്വക്കസിയും ബോധവത്ക്കരണ പരിപാടികളും, വകുപ്പ പദ്ധതികളുടെ അവലോകന യോഗങ്ങൾ, അവബോധന പരിപാടികൾ എന്നിവയ്ക്കായുള്ള ഫണ്ട്.
- ദുരിതമനുഭവിക്കുന്ന വനിതകൾക്കും കുട്ടികൾക്കും സഹായത്തിനായി മുൻകൂറായി വായ്പ നൽകുന്നതിനു ജില്ലാ ഉദ്യോഗസ്ഥർക്ക് തുക അനുവദിക്കൽ.
- സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സഹായികൾ -പരിശീലന പരിപാടികൾ, ഓണറേറിയം.
- ജില്ലാതല വനിതാ ശിശു വികസന ഓഫീസുകളിൽ ഹെൽപ്പ്ഡെസ്ക്
- തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കലും പുതിയനിർമ്മാണവും

**ബി . വനിതാ ശിശു ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും നവീകരണം**

ഡയറക്ടറേറ്റിലെയും മറ്റ സ്ഥാപനങ്ങളുടെയും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനും ഡയറക്ടേറ്റിന്റെ വിപുലീകരണവും പുതുക്കൽ പ്രവൃത്തികളും, നിർമ്മാണം എന്നിവയ്ക്കായി 200.00ലക്ഷം രൂപ വകയിരുത്തുന്നു.

**സി . നിലവിലുള്ള വനിതാശിശു സ്ഥാപനങ്ങളുടെ നവീകരണം**

നിലവിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികളും കൂടുതലായി വേണ്ടിവരുന്ന നിർമ്മാണങ്ങളും അത്യാവശ്യമാണ്. ക്ഷേമ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും അറ്റകുറ്റപണികളും നവീകരണ പ്രവൃത്തികളും അംഗീകൃത ഏജൻസികൾ മുഖേന നടപ്പാക്കുന്നതിനും നടന്നു വരുന്ന പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കാനും നിർമ്മാണ പ്രവൃത്തികൾക്ക് നൽകാനുള്ള ബാക്കി തുക നൽകലും. 2021-22-ൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 330.00 ലക്ഷം രൂപ വകയിരുത്തുന്നു.

2021-22-ൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

- വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റിന്റെയും സ്ഥാപനങ്ങളുടെയും നിർമ്മാണം, പുനരുദ്ധാരണം, വിപുലീകരണം.

- തുടർ പദ്ധതികളുടെ പൂർത്തീകരണം.
- ICPS- ന്റെ സംസ്ഥാന ഓഫീസ് പുതിയ കെട്ടിടം.
- JJB, CWC കെട്ടിടങ്ങളുടെ പുനരുദ്ധാരണം/നിർമ്മാണം
- JJ ഹോമുകളും അനന്തര ശുശ്രൂഷാ ഹോമുകളും ശിശു സൗഹൃദ ഹോമുകളാക്കൽ
- തൃശ്ശൂരിൽ മാസ്റ്റർ പ്ലാൻ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ് നടപ്പാക്കൽ

**35. വകുപ്പ് ഉദ്യോഗസ്ഥരുടെ കഴിവ് മെച്ചപ്പെടുത്തൽ- വനിതാ ശിശു വികസന വകുപ്പ്**

**(വിഹിതം : 70.00 ലക്ഷം രൂപ)**

സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവ്വഹിക്കുന്നതിന് പരിശീലനം ആവശ്യമാണ്. അംഗനവാടി ഭാരവാഹികൾ ഉൾപ്പെടെ വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വകുപ്പിൽ പുതുതായി ചേർന്നവർക്കും സ്ഥാനക്കയറ്റം ലഭിച്ചവർക്കും ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ച് ഇൻഡക്ഷൻ/ഓറിയന്റേഷൻ പരിശീലനം നൽകേണ്ടതുണ്ട്. നിലവിലുള്ള സാമൂഹ്യ നിയമനിർമ്മാണവും ചട്ടങ്ങളും നടപ്പിലാക്കേണ്ട ഉത്തരവാദിത്വങ്ങൾ, നടത്തിപ്പ് മാർഗ്ഗരേഖകൾ, വകുപ്പിന്റെ നടത്തിപ്പ് നടപടിക്രമങ്ങൾ തുടങ്ങിയവയും പരിചയപ്പെടുത്തേണ്ടതുണ്ട്. വകുപ്പ് ഉദ്യോഗസ്ഥരല്ലാത്ത പ്രാഥമിക സ്റ്റേക് ഹോൾഡേഴ്സിന്റെ കഴിവുയർത്തേണ്ടതും ആവശ്യമാണ്. ജോലി ചെയ്യുന്നവർക്കും മറ്റ് സ്റ്റേക് ഹോൾഡേഴ്സിനും അവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവ്വഹിക്കുവാൻ കഴിയും വിധം അവരുടെ കഴിവും അറിവും മനോഭാവവും മെച്ചപ്പെടുത്തുന്നതിനായി വിദഗ്ദരുടെയും നൈപുണ്യം നേടിയ വ്യക്തികളുടെയും പിന്തുണ ആവശ്യമാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ **70.00 ലക്ഷം രൂപ** വകയിരുത്തുന്നു.

- രാജ്യത്തെ മഹത്തായ സ്ഥാപനങ്ങൾ മുഖേന എല്ലാ തലത്തിലെയും ആഫീസർമാർക്കുള്ള പരിശീലന പരിപാടികൾ
- പരിശീലന സഹായി തയ്യാറാക്കുക , വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ സംയോജിപ്പിക്കുക
- AWTC/MCTC ഇൻസ്ട്രക്ടർ, ക്രഷ് ജീവനക്കാർ, ഷെൽട്ടർ ഹോം ജീവനക്കാർ, SPC, FCC ജീവനക്കാർ ഉൾപ്പെടെ എല്ലാ ഓഫീസർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്കൂൾ കൗൺസിലർമാർക്കും പരിശീലനം.
- വകുപ്പിലെ ഉദ്യോഗസ്ഥർക്കും അംഗൻവാടി വർക്കർമാർക്കും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സർട്ടിഫിക്കറ്റ് കോഴ്സുകൾ.

**36. അംഗനവാടി സ്ഥാപനങ്ങളെ വനിതകൾക്കും, കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം**

**(വിഹിതം : 1000.00ലക്ഷം രൂപ)**

സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്ക് അനുസൃതമായി സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികസനം, സ്ത്രീകൾ പരിവർത്തനത്തിന്റെ പ്രതിനിധിയാണെന്നുള്ള തിരിച്ചറിവ്, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആവശ്യാധിഷ്ഠിതമായ സേവനങ്ങളുടെ സംയോജനം, വിഭവങ്ങൾ, പശ്ചാത്തലസൗകര്യം, മനുഷ്യവിഭവശേഷി എന്നിവ സമന്വയിപ്പിച്ച് അംഗനവാടികളെ കമ്മ്യൂണിറ്റി റിസോഴ്സ് കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

- കൗമാരപ്രായത്തിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായുള്ള ക്ലബ്.
- അംഗൻവാടി കെട്ടിട നിർമ്മാണവും പുനരുദ്ധാരണവും

- ICDS, അംഗനവാടി സേവനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന അവാർഡ് നൽകുക.
- ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന സ്ഥലത്തെ അംഗനവാടി കേന്ദ്രീകരിച്ചുള്ളതും പ്രാദേശിക ഗോത്ര ഭാഷയിലുള്ളതുമായ പ്രീ-സ്കൂൾ പഠനം.
- ഇ.സി.സി.ഇ പാഠ്യ പദ്ധതി പുതുക്കൽ, കിളികൊഞ്ചൽ പോലെയുള്ള ഇ.സി.സി.ഇ പ്രവർത്തനങ്ങൾ, സോഷ്യൽ ആഡിറ്റ്
- ആവശ്യമുള്ള പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി അടുക്കള
- അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഐഡൻന്റിറ്റി കാർഡ്
- അംഗനവാടി കുട്ടികൾക്ക് യൂണിഫോം നൽകുക
- അംഗന വാടികളിൽ പ്രവേശനോത്സവം നടത്തുക.
- വളർച്ചാ മുരടിപ്പുള്ള കുട്ടികൾക്കും പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കും അംഗനവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുക
- വൈകല്യകത്തിന്റെ പ്രാരംഭ കണ്ടെത്തലുകൾ, വളർച്ച മുരടിപ്പ്, കുട്ടികളിലെ പോഷകാഹാര കുറവുകൾ എന്നിവയ്ക്കായുള്ള പദ്ധതികൾ.
- ICDS സൂപ്പർവൈസർമാർ, അംഗൻവാടി ജീവനക്കാർക്ക് റിഫ്രഷർ പരിശീലനം

  2021-22 ബഡ്ജറ്റിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 1000.00ലക്ഷം രൂപ വകയിരുത്തുന്നു.

**37. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ-സോഷ്യൽ സർവീസസ്**

**(വിഹിതം : 2680.00 ലക്ഷം രൂപ)**

2008-09 വർഷത്തിൽ കിശോരി ശക്തി യോജനാ പദ്ധതിയുടെ കീഴിൽ 163 തെരഞ്ഞെടുത്ത സ്കൂളുകളിലെ ഈ പരിപാടി ആരംഭിച്ചു. 2009-10-ൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുകയും സൈക്കോ സോഷ്യൽ സർവ്വീസസ് എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തു. ഇപ്പോൾ ഈ പദ്ധതി 1012 സ്കൂളുകളിൽ പ്രവർത്തിക്കുന്നു. സ്കൂളുകളിൽ കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്കും മറ്റു വിദ്യാർത്ഥിനികൾക്കും കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനും സ്കൂളുകളിൽ യോഗ്യതയുള്ള ഒരു കൗൺസിലറെ നിയോഗിക്കുന്നു. കൗൺസിലർമാർക്കുള്ള ഓണറേറിയം, റ്റി.എ. വേനൽക്കാല ക്ലാസ്സുകളും രക്ഷിതാക്കൾക്ക് അവബോധന ക്ലാസ്സുകളും സംഘടിപ്പിക്കുക എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. ഈ കൗൺസിലർമാർക്ക് അംഗൻവാടികളിലെ ഗേൾസ് ക്ലബ്ബുകളിൽ അമ്മമാരെയും കൗമാരപ്രായക്കാരായ പെൺകുട്ടികളെയും കൗൺസിലിംഗ് നടത്തുന്ന മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള റ്റി.എ യും നൽകുന്നു. സ്കൂൾ കൗൺസിലർമാർക്കു ഹോണറേറിയം , സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർക്കു നൈപുണ്യ വികസനം, സ്കൂൾ കൗൺസിലർമാരുടെ പ്രതിമാസ അവലോകന യോഗങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഐഡന്റിറ്റി കാർഡു നൽകൽ എന്നിവയാണ് പ്രവർത്തനങ്ങൾ .

ഈ പദ്ധതിക്കായി 2021-22-ബഡ്ജറ്റിൽ 2680.00ലക്ഷം രൂപ വകയിരുത്തുന്നു.

**38. സംയോജിത ശിശു സംരക്ഷണ പദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 1000.00ലക്ഷം രൂപ)**

കുട്ടികളെ ഫലപ്രദമായും കാര്യപ്രാപ്തിയോടെയും സംരക്ഷിക്കുന്നതിനായി 'കുട്ടികളുടെ അവകാശ സംരക്ഷണം' , 'കുട്ടികളുടെ താല്പര്യം' എന്നീ മൌലിക തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു സമ്പ്രദായം യാഥാർത്യമാക്കാനുള്ള സർക്കാരിന്റെ പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. വ്യത്യസ്ത സാഹചര്യങ്ങളിലുള്ള കുട്ടികൾക്കും, ദുരിതകരമായ സാഹചര്യത്തിലുള്ള കുട്ടികൾക്കും സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ സുരക്ഷിത പരിതസ്ഥിതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രവർത്തനങ്ങൾ നടപ്പാക്കാനായി വിവിധ ഘടകങ്ങളും ഐ.സി.പി.എസ്-ൽ ഉൾപ്പെടുന്നു. 1.

സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, 2 .ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് 3. ശിശുക്ഷേമ കമ്മിറ്റികൾ, 4.ജുവനൈൽ ജസ്റ്റിസ് ബോർഡ്, 5. ജെ.ജെ. ആക്ട് 2015 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ, 6. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളായി പ്രവർത്തിക്കുന്നു. അത്യാവശ്യ സേവനങ്ങളെ സ്ഥാപനവൽക്കരിക്കുന്നതിനും എല്ലാതലത്തിലുമുള്ള കഴിവുകളെ വളർത്താനും ഘടനകൾ ശക്തിപ്പെടുത്താനും ശിശു സംരക്ഷണ സേവനങ്ങൾക്കായി ഡേറ്റ ബേസുംഅറിവും ഉണ്ടാക്കാനും, കുടുംബത്തിലും സമൂഹത്തിലും കുട്ടികളുടെ സംരക്ഷണം മെച്ചപ്പെടുത്തൽ, എല്ലാ തലങ്ങളിലും അനുയോജ്യമായ ഇന്റർ സെക്ടറൽ റെസ്പോൺസ് ഉറപ്പു വരുത്തുക എന്നിവ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നു. ഫലപ്രദമായ ഇടപെടലുകൾ രൂപീകരിക്കാനും നടപ്പാക്കാനും അനന്തരഫലങ്ങൾ നിരീക്ഷിക്കുന്നതിനുമായി ശിശു സുരക്ഷ ഡേറ്റ മനെജ്മെന്റ്റ് സിസ്റ്റവും വിഭാവനം ചെയ്യുന്നു. NGO ഹോമുകൾക്കുള്ള സഹായവും ICPSമാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള മറ്റ് എല്ലാ ഘടകങ്ങളും പദ്ധതിയിലെ മറ്റു പ്രവർത്തനങ്ങളാണ് .

ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. 2021-22-ൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**39. ദേശീയ ദിന/വാരാചരണങ്ങൾ ഉൾപ്പെടയുള്ള പ്രചരണവും ഡോക്യുമെന്റേഷനും- വനിതാ ശിശു വകുപ്പ്**

**(വിഹിതം :60.00 ലക്ഷം രൂപ)**

ഭാരത സർക്കാരിന്റെ വനിതാ ശിശു വികസന മന്ത്രാലയത്തിലൂടെയുള്ള വിവിധ സാമൂഹ്യനിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന നോഡൽ വകുപ്പാണ് വനിതാ ശിശു വികസന വകുപ്പ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും വകുപ്പിലൂടെ നടപ്പാക്കുന്ന സേവനങ്ങളെക്കുറിച്ച് അജ്ഞരാണ്. അതിനാൽ ഈ വകുപ്പിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ, സാമൂഹ്യ മാദ്ധ്യമങ്ങളിലൂടേയും ബോധവത്ക്കരണം നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാന,ദേശീയ, അന്ത:ദേശീയ ദിനങ്ങളും പ്രധാനപ്പെട്ട ആഴ്ചകളും വകുപ്പ് ആഘോഷിച്ച് വരുന്നു. ഐ.ഇ.സി. പദ്ധതി വികസിപ്പിക്കുന്നതിനുള്ള ചെലവ് വഹിക്കുവാൻ വേണ്ടി വൈദഗ്ധ്യപിന്തുണ, തെരുവു നാടകങ്ങൾ സംഘടിപ്പിക്കുക, അവകാശങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനായി റോഡ് ഷോകൾ നടത്തുക. പത്ര ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പരിപാടികളും നയങ്ങളും പ്രചരിപ്പിക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിലേക്കുള്ള ചെലവുകൾക്ക് 2021-22-ലെ ബഡ്ജറ്റിൽ **60.00 ലക്ഷം രൂപ** വകയിരുത്തുന്നു.

**40. ജെൻഡർ പാർക്ക്**

**(വിഹിതം : 1550.46 ലക്ഷം രൂപ)**

ലിംഗ ഭേദമന്യേ സംസ്ഥാന, പഠന വിഭാഗങ്ങൾ, സിവിൽ സൊസൈറ്റി എന്നിവർ ഒരുമിച്ചു കൂടി പഠനം, ഗവേഷണം എന്നിവ നടത്തുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം ആയാണ് കേരള സർക്കാരിന്റെ വനിതാശിശു വികസന വകുപ്പിന്റെ കീഴിലുള്ള ജൻഡർ പാർക്ക് പ്രവർത്തിക്കുന്നത്. വനിതാ ശാക്തീകരണത്തിനും ലിംഗ സമത്വത്തിനും നൂതനമായ പുതിയ ഇടപെടലുകളിലൂടെയും വിവിധ തത്പരകക്ഷികളുമായി ചേർന്ന് പിന്തുണ നൽകാൻ കഴിയുന്ന ഭിന്നലിംഗക്കാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാർക്കും സാമൂഹിക സാമ്പത്തിക രാഷ്ട്രീയ അതിരുകളില്ലാതെ രാജ്യത്തിനും സംസ്ഥാനത്തിനും സാമ്പത്തിക, സാംസ്കാരിക സാമൂഹ്യ വിഷയങ്ങളിൽ സംഭാവന ചെയ്യാൻ കഴിയത്തക്കവിധം ഒരു ഒന്നിച്ചു കൂടൽ കേന്ദ്രമായാണ് ജൻഡർ പാർക്ക് പ്രവർത്തിക്കുന്നത്.

യു.എന്നിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജെൻഡർ പാർക്കിന്റെ ക്യാമ്പസിൽ ഒരു അന്താരാഷ്ട്ര വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതാണ് (വനിതാശിശു വികസന വകുപ്പ്). ഇത് സ്ത്രീകൾക്ക് സുരക്ഷിതമായി സംരംഭങ്ങൾ തുടങ്ങാനും

വ്യാപിപ്പിക്കാനും ഉൽപ്പന്നങ്ങൾ ആഗോളമായി വിറ്റഴിക്കുന്നതിനും സഹായകകരമായ ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നു. സൗത്ത് ഏഷ്യൻ മേഖലയിൽ ലിംഗസമത്വം സംബോധനചെയ്യുന്നതിനായി ജൻഡർപാർക്കും യു.എൻ വുമണും തുല്യ പങ്കാളികളാകുന്നതിനായി 2020 ഡിസംബറിൽ ധാരണാപത്രം ഒപ്പു വച്ചു.

ഈപദ്ധതിയുടെ പ്രവർത്തനങ്ങൾ ചുവടെ പറയുന്നു

- ഇന്റീരിയർ പ്രവർത്തികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും തുടർ പ്രവർത്തികൾ.
- ലിംഗ സമത്വം സംബന്ധിച്ച് അന്താരാഷ്ട്ര കോൺഫറൻസ് (ICGE II)
- അന്താരാഷ്ട്ര വനിതാ വിപണന കേന്ദ്രം
- പരിശീലന പരിപാടികൾ, ക്യാമ്പസിനു പുറത്തുള്ള പ്രവർത്തനങ്ങൾ
- പൈതൃക മ്യൂസിയം, ജൻഡർ ലൈബ്രറി, ജൻഡർ ഗവേഷണവും വികസനവും
- വൈസ് ഫെലോഷിപ്പ് പ്രോഗ്രാം .
- ജെൻഡർ പാർക്ക് - യു.എൻ. വുമൺ പ്രവർത്തനങ്ങൾ, ഭരണച്ചെലവുകൾ

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2021-22 ൽ 1550.46 ലക്ഷം രൂപ വകയിരുത്തുന്നു.

**41. കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതി**

**(വിഹിതം : 300.00 ലക്ഷം രൂപ)**

കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരംഭിച്ച ഈ പദ്ധതി പ്രകാരം 18 വയസ്സിന് താഴെ ക്യാൻസർ രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്നു. 12 സർക്കാർ ആശുപത്രികൾ മുഖേന ഈ പദ്ധതി നടപ്പാക്കി വരുന്നു. ധനസഹായത്തിന് അർഹരായ രോഗികളെ കണ്ടെത്തുന്നതിനും രോഗികൾക്ക് മറ്റു കൗൺസിലിങ് സേവനങ്ങൾ നൽകുന്നതിനും 12 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ചികിത്സാ ചെലവ് (സർജറി, മരുന്ന്, ലാബ്ടെസ്റ്റ്), കൗൺസിലർമാർക്കുള്ള ഓണറേറിയം, പരസ്യം,പരിശീലനം,അവബോധനം. എന്നീ പ്രവർത്തനങ്ങൾക്കായി 2021-22 -ൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

**42. ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽത്തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)**

**(വിഹിതം : 4000.00 ലക്ഷം രൂപ)**

ശയ്യാവലംബികളായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരും, ഓട്ടിസം, പ്രായമായവർ, കാൻസർ രോഗികൾ,പൂർണ്ണമായ അന്ധത ബാധിച്ചവർ, എന്നിവരെ പരിപാലിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഒരു പദ്ധതിയാണിത്. ശയ്യാവലംബിയായ ഒരു രോഗി കുടുംബത്തിലുണ്ടെങ്കിൽ അവരെ പരിചരിക്കുന്നതിനു വേണ്ടി പ്രധാനമായും ഒരു സ്ത്രീ, മുഴുവൻ സമയവും വീട്ടിൽ നിൽക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള കുടുംബങ്ങളുടെ വരുമാനത്തിന് അനുബന്ധ സഹായമെന്ന നിലയിൽ ധനസഹായം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പരിചരണ സഹായികൾക്ക് ധനസഹായം നൽകാനായി വകയിരുത്തുന്നു. 2021-22-ൽ സംസ്ഥാന പദ്ധതിയിൽപ്പെടുത്തി 4000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**43. അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)**

**(വിഹിതം : 200.00ലക്ഷം രൂപ)**

അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 2000 രൂപ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ വ്യത്യസ്തവും പല വ്യാപ്തിയിലുള്ളതുമാണ്. അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം ധനസഹായം നൽകാനായി തുക വകയിരുത്തിയിരിക്കുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2021-22-ൽ പദ്ധതി തുടരുന്നതിലേക്ക് 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 44. താലോലം

**(വിഹിതം : 200.00 ലക്ഷം രൂപ)**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 18 വയസ്സിന് താഴെ ജീവന് ഭീഷണിയായ രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു. ചികിത്സാ ചെലവ് താങ്ങാൻ പറ്റാത്ത ദരിദ്ര കുടുംബത്തിൽപ്പെട്ട കുട്ടികൾക്ക് ജീവന് ഭീഷണിയായ രോഗങ്ങൾക്ക് സൗജന്യ ചികിത്സാ നൽകുന്നു -ഹൃദയ സംബന്ധമായ തകരാറുകൾ, വൃക്ക തകരാറുകൾ, ഹീമോഫീലിയ , ഗിലിൻബാരി എന്നിവയും ദീർഘകാല ചികിത്സ ആവശ്യമുള്ള സെറിബ്രൽ പാൾസി, തലീസ്സേമിയ , സിക്കിൾസെൽ അനീമിയ തുടങ്ങിയവയും അപകടം മുഖേന ഉണ്ടായ ശസ്ത്രക്രിയയും ചികിത്സ നൽകുന്നു. ഈ പദ്ധതി സർക്കാർ അംഗീകൃത 20 ആശുപത്രികൾ മുഖാന്തിരം നടപ്പാക്കിവരുന്നു. പദ്ധതി നടപ്പാക്കുന്നതിനായി കൌൺസിലർമാരുടെ സേവനം ഈ ആശുപത്രികളിൽ നടപ്പാക്കുന്നതാണ്. ചികിത്സാ ചെലവ് (സർജറി, മരുന്ന്, വാൽവ്, പ്രോസ്തീസിസ്, ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള അത്യാവശ്യ സാമഗ്രികൾ, ലാബ് ടെസ്റ്റ്), കൗൺസിലർമാരുടെ ഓണറേറിയം എന്നിവയാണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2021-22-ൽ പദ്ധതി തുടരുന്നതിലേക്ക് 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 45. സ്നേഹപൂർവ്വം

**(വിഹിതം :1700 .00 ലക്ഷം രൂപ)**

കുടുംബത്തിലെ അന്നം നല്കുന്നയാൾ മരിക്കുകയോ ജോലി ചെയ്യാൻ പറ്റാതെ വരുകയോ ചെയ്താൽ അനാഥരും ദുർബ്ബലരുമായ കുട്ടികൾ വീണ്ടും ദാരിദ്ര്യത്തിലേക്ക് വഴുതി വീഴുന്ന സ്ഥിതിയാണ്. സമൂഹത്തിന്റെയോ, ബന്ധുക്കളുടെയോ, കൂട്ടുകരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് സഹായം നൽകുന്ന പദ്ധതിയാണിത്. അനാഥരെയും മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള കുട്ടികളെയും കണ്ടെത്തുന്നതിനും കൂടുതൽ ആവശ്യമുള്ളവരുടെ മുൻഗണന നിശ്ചയിക്കുന്നതിനും, അടിസ്ഥാന വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യ സംയോജനവും പോഷകാഹാരവും നൽകി കുട്ടികളോടൊത്തു താമസിക്കാൻ കുടുംബങ്ങൾക്ക് പ്രചോദനം നൽകുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഈ പദ്ധതി നടപ്പാക്കുന്നു.

ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- അഞ്ചു വയസ്സിന് താഴെയും 1 മുതൽ 5 വരെ ക്ലാസ്സിലുള്ളവർക്ക് പ്രതിമാസം 300 രൂപ ക്രമത്തിൽ വർഷത്തിൽ 10 മാസത്തേക്ക്.
- 6 മുതൽ 10 വരെയുള്ള ക്ലാസ്സിലുള്ളവർക്ക് പ്രതിമാസം 500 രൂപ ക്രമത്തിൽ വർഷത്തിൽ 10 മാസത്തേക്ക്.
- 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750 രൂപ ക്രമത്തിൽ വർഷത്തിൽ 10 മാസത്തേക്ക്.
- ഡിഗ്രി/പ്രൊഫഷണൽ കോഴ്സ് 1000 രൂപ ക്രമത്തിൽ വർഷത്തിൽ 10 മാസത്തേക്ക്.

അനാഥ കുട്ടികൾ, HIV/AIDS ബാധിതരായ കുട്ടികൾ, മാതാവോ പിതാവോ ഒരാൾ മാത്രമുള്ള കുട്ടികൾ എന്നിവർക്ക് വിദ്യാഭ്യാസ ധനസഹായം, 10, 12 ക്ലാസ്സുകളിലെ സ്നേഹ പൂർവ്വം ഗുണഭോക്താക്കൾക്കുള്ള അവാർഡുകൾ, ജീവിത നൈപുണ്യ വികസന പരിപാടി, പരാതി പരിഹാര സംവിധാനത്തിന്റെ ഡിജിറ്റലൈസേഷൻ, പരസ്യം, ബോധവത്ക്കരണം എന്നീ പരിപാടികൾക്കായി 2021-22-ൽ **1700.00 ലക്ഷം രൂപ** വകയിരുത്തുന്നു.

### 46. മാതൃക അംഗൻവാടികളുടെയും സ്മാർട്ട് (ശിശു സൗഹൃദപരമായതും നൂതനമായി രൂപകൽപന ചെയ്തതും )അംഗനവാടികളുടെയും കെട്ടിടങ്ങളുടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള നിർമ്മാണം

**(വിഹിതം : 1100.00 ലക്ഷം രൂപ)**

2020-ലെ പുതിയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത് മെച്ചപ്പെട്ട പശ്ചാത്തല

സൗകര്യങ്ങളും ഇ.സി.സി.ഇ പദ്ധതിക്കായുള്ള സൗകര്യങ്ങളും ഉള്ള പുതിയ തലമുറ അംഗൻവാടികൾ നിർമ്മിക്കാനാണ്. ശിശു സൗഹൃദപരമായ ടോയ്ലറ്റ്, ശിശു സൗഹൃദ പെയിന്റിംഗ്, ചുറ്റുമതിൽ, കളിസ്ഥലം എന്നിവ ഉൾപ്പെട്ട പുതിയ അംഗനവാടി കെട്ടിട നിർമ്മാണവും നിലവിലുള്ള അംഗനവാടികളുടെ നവീകരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു. നൂതനമായ അടിസ്ഥാന സൗകര്യങ്ങളോടെ സ്മാർട്ട് അംഗനവാടി കെട്ടിട നിർമ്മാണം വകുപ്പ് ഉദ്ദേശിക്കുന്നു. ഇതിൽ ക്ലാസ്റൂം, അടുക്കള, ക്രിയേറ്റീവ് സോൺ, ഡൈനിംഗ് ഏരിയ, ഔട്ട് ഡോർ ഇൻഡോർ പ്ലേ ഏരിയ, വാഷ്റൂം എന്നിവ ഉൾപ്പെടുന്നു. സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് വിവിധ തരം തരം പ്ലാനുകൾ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിശ്ചിത തുക വകുപ്പ നൽകുകയും ബാക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും കണ്ടെത്തേണ്ടതുമാണ്. അംഗൻവാടി കെട്ടിടത്തിന് വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും 60:40 എന്ന അനുപാതത്തിൽ 14.50 ലക്ഷം രൂപ 2016-17-മുതൽ അനുവദിച്ചു വരുന്നു. ഇതിൽ പ്രകാരം 171 അംഗൻവാടികളുടെ നിർമ്മാണത്തിനുള്ള വകുപ്പ വിഹിതവും 1370 അംഗൻവാടികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കു 60% തുകയും ഈ വർഷം വകയിരുത്തേണ്ടതുണ്ട്. അനുമതി നൽകിയിരുന്നവ 2019-20, 2020-21 വർഷത്തിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ 1541 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തികളുടെ ബില്ലുകൾക്ക് ആവശ്യമായ തുക നൽകാൻ 2021-22-ൽ വകയിരുത്തേണ്ടതുണ്ട്. സ്മാർട്ട് അംഗൻവാടികളുടെ നിർമ്മാണവും മെയിന്റനൻസും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഈ പദ്ധതിക്കായി 2021-22-ൽ 1100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**47. നിർഭയാ പദ്ധതി (അഭയ കേന്ദ്രങ്ങളുടെയും വൺ സ്റ്റോപ്പ് കേന്ദ്രങ്ങളുടെയും നിർമ്മാണം)**

**(വിഹിതം : 100.00 ലക്ഷം രൂപ)**

നിർഭയ സെൽ 14 ജില്ലകളിലായി 15 വനിതാശിശു ഹോമുകളും 14 ഒൺ സ്റ്റോപ് കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കാസർഗോഡ്, കോഴിക്കോട്, വയനാട് , തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ കെട്ടിടങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതും ഉൾപ്പെടുന്നു. പീഡനത്തിന് വിധേയരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയകേന്ദ്രങ്ങൾ തുടങ്ങാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലും വരുമാനദായക മാർഗ്ഗങ്ങളും കണ്ടെത്താൻ വേണ്ടിയുള്ള ജീവിത നൈപുണ്യ വിദ്യാഭ്യാസം ഈ കേന്ദ്രങ്ങളിലൂടെ സ്ത്രീകൾക്ക് നൽകുന്നതാണ്. 2014-15 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ തുടർച്ചയെന്നോണം ഹോമുകളില്ലാത്ത ഒരു ജില്ലയിൽ വനിതാ ശിശു ഭവനം തുടങ്ങാൻ പദ്ധതി ലക്ഷ്യമിടുന്നു. മാതൃകാ വനിതാ ശിശു ഭവനങ്ങളുടെ നിർമ്മാണത്തോടൊപ്പം നടന്നു വരുന്നതും പുതിയതുമായ നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനവും ഒൺ സ്റ്റോപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണവും ഈ പദ്ധതിയുടെ പ്രവർത്തനങ്ങളാണ്.

ഈ പദ്ധതിയ്ക്കായി 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**48. ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സർക്കാർ എൻ.ജി.ഒ. പങ്കാളിത്തം - വനിതാ ശിശു വകുപ്പ്**

**(വിഹിതം : 30.00 ലക്ഷം രൂപ)**

ലൈംഗീകാതിക്രമങ്ങൾ, CNCP, CCL, ഗാർഹിക പീഡനം എന്നിവയ്ക്ക് ഇരയായിട്ടുള്ള കുട്ടികൾ, സ്ത്രീകൾ, പെൺകുട്ടികൾ എന്നിവരുടെ പരിചരണത്തിനായി വനിതാ ശിശു വകുപ്പ് കുറെയധികം ക്ഷേമസ്ഥാപനങ്ങൾ നടത്തുകയും അതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെ അന്തേവാസികളിൽ കുറേയധികം പേർ വിവിധ തരത്തിലുള്ള പ്രശ്നങ്ങളുള്ളവരാണ്. സർക്കാർ സംവിധാനത്തിന് അതിന്റേതായ പരിമിതികൾ ഏറെ ഉണ്ടെങ്കിലും ഈ രംഗത്ത് എടുത്ത് പറയത്തക്ക സേവനങ്ങൾ സർക്കാർ നൽകുന്നുണ്ട്. ക്ഷേമസ്ഥാപനങ്ങളുടെ ആവശ്യം ഇപ്പോൾ കൂടുതലായതിനാൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിചരണ സ്ഥാപനങ്ങൾ ആവശ്യത്തിനില്ലാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യം കണക്കിലെടുത്ത് സർക്കാർ എൻജി.ഒ.

പങ്കാളിത്തത്തിൽ ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള നയരൂപീകരണത്തിന് ലക്ഷ്യമിടുന്നു. സർക്കാരും പൊതുസമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സുതാര്യർഹമായ പങ്കാളിത്തത്തിനും രൂപം കൊടുക്കുക എന്നതാണ് എൻ.ജി.ഒ. ചട്ടക്കൂട് കൊണ്ട് ഉദ്ദേശിക്കുന്നത്. . ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സാമൂഹ്യാധിഷ്ഠിത സേവനങ്ങൾ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഗവേഷണവും ഡോക്യുമെന്റേഷനും, JJ ആക്ട് പ്രകാരമുള്ള എൻ.ജി.ഒ.കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനും, അവിവാഹിതരായ അമ്മമാർക്ക് പുതിയ പദ്ധതി തുടങ്ങുന്നതിനും വിഭാവനം ചെയ്യുന്നു. വിവിധ നിയമങ്ങൾ നടപ്പാക്കുന്നതിനായി സ്ഥാപനങ്ങളുടെ പരിപാലനത്തിൽ പൊതു സ്വകാര്യ പങ്കാളിത്തം വിഭാവനം ചെയ്യുന്നു. വനിതാശിശുവികസന വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണവകുപ്പായി പ്രവർത്തിക്കും. 2021-22-ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

**49. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**

**(വിഹിതം : 250.00 ലക്ഷം രൂപ)**

ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം, 2005 അനുസരിച്ച് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 3-6-2013 മുതൽ പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ അവകാശങ്ങൾ ഇപ്പോഴുള്ള ബാലാവകാശ നിയമത്തിന് കീഴ്പ്പെട്ട് കൊണ്ടാണോ നടക്കുന്നതെന്ന് പരിശോധിക്കുന്നതിനും, പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുമുള്ള അധികാരം ഈ കമ്മീഷനുണ്ട്. കൂടാതെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുക, അവകാശങ്ങൾ നടപ്പാക്കുന്നതിന് തടസ്സമായിട്ടുള്ള കാര്യങ്ങൾ കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കാനും കമ്മീഷന് അധികാരമുണ്ട്. കുട്ടികളുടെ അവകാശം സംബന്ധിച്ച് ഗവേഷണം പ്രോത്സാഹിപ്പിക്കുക, കുട്ടികളുടെ അവകാശത്തെകുറിച്ചും അറിവു നൽകൽ, സ്കൂൾ പാഠ്യ പദ്ധതിയിൽ കുട്ടികളുടെ അവകാശങ്ങൾ ഉൾപ്പെടുത്തൽ എന്നിവയും കുട്ടികളുടെ അവകാശത്തെ പ്രോത്സാഹിപ്പിക്കാനുള്ള മറ്റു പ്രവർത്തനങ്ങളും നടത്തപ്പെടുന്നു. കുട്ടികളുമായി സംവദിക്കൽ, ഓൺലൈൻ സുരക്ഷാ, വളർന്നുവരുന്ന ലഹരി ഉപയോഗം മാനസികാരോഗ്യ പ്രശ്നങ്ങൾ, കുട്ടികൾക്കുള്ള പൊതുസ്ഥലങ്ങളുടെ അപര്യാപ്തത, ശിശു സുരക്ഷാ പ്രശ്നങ്ങൾ, ശൈശവ വിവാഹ നിരോധനം, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കൽ, പ്രത്യേകതയുള്ളകുട്ടികളുടെ ആവശ്യങ്ങൾ നടപ്പാക്കൽ എന്നിവ സംബന്ധിച്ചു സ്കൂൾ കൗൺസിലർമാർ, വിദഗ്ധർ, തൽപരകക്ഷികൾ എന്നിവരുമായി ചർച്ചകൾ നടത്തുന്നു. ആർ.റ്റി.ഇ. ഡിവിഷൻ ആന്റ് ജെ.ജെ. മോണിട്ടറിംഗ് സെല്ലിന്റെ പ്രവർത്തനം, പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്, 2012-ന്റെ നിർവ്വഹണവും മോണിട്ടറിംഗും, കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കമ്മീഷണറേറ്റിന്റെ നിലവിലുള്ള പരിപാടികളുടെ നടത്തിപ്പ് എന്നീ ചെലവുകൾ വഹിക്കാൻ 2021-22-ൽ 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

**50. ഐ.സി.ഡി.എസ്. പരിശീലന പരിപാടി (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 120.00 ലക്ഷം രൂപ)**

സമൂഹ മാറ്റത്തിന്റെ ഏജന്റുമാരായി ICDS ഉദ്യോഗസ്ഥരെ വളർത്തിയെടുക്കുക എന്നതാണ് ICDS പരിശീലന പരിപാടിയുടെ ലക്ഷ്യം. ശൈശവ കാല സംരക്ഷണത്തിലും വികാസത്തിലും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ICDS ഉദ്യോഗസ്ഥർക്ക് നൽകുന്ന പരിശീലന പരിപാടി ഒരു ദേശീയ സംരംഭമാണ്. നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ആയി ഒരു മിഡിൽ ലെവൽ പരിശീലന കേന്ദ്രവും അംഗൻവാടിവർക്കർ/ഹെൽപ്പർമാർക്ക് 12 പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കേന്ദ്രസർക്കാരിന്റെ അനുമതിക്കും കേന്ദ്രവിഹിതം അനുവദിക്കുന്നതിനുമായി എല്ലാ വർഷവും സംസ്ഥാന പരിശീലന ആക്ഷൻ പ്ലാൻ (STRAP) തയ്യാറാക്കി കേന്ദ്രസർക്കാരിന് അയയ്ക്കാറുണ്ട്. ICDS സൂപ്പർ വൈസർമാർക്കും അംഗനവാടി ജീവനക്കാർക്കും ജോലി സംബന്ധമായും റിഫ്രഷർ പരിശീലനത്തിനായും സംസ്ഥാന വിഹിതമായി 120.00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തുന്നു

## 51. പ്രധാനമന്ത്രി മാതൃ വന്ദന യോജന (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം : 3000.00 ലക്ഷം രൂപ)**

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഇവരിൽ മെച്ചപ്പെട്ട ആരോഗ്യവും നല്ല ശീലങ്ങളും വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത കാലയളവിൽ അവർക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന് പരാഹാരമായി ധനസഹായം നൽകുക വഴി പ്രസവത്തിനു മുമ്പും പിൻപും മതിയായ വശ്രമം ലഭിക്കുന്നു. ഗുണഭോക്താക്കളുടെ ആദ്യത്തെകുട്ടിക്ക് മാത്രം 5000/- രൂപ ധനസഹായം ലഭിക്കുന്നതാണ്. ആദ്യമായി ഗർഭം ധരിക്കുന്ന സ്ത്രീകളിൽ മെച്ചപ്പെട്ട ആരോഗ്യവും നല്ല ശീലങ്ങളും പ്രോത്സാഹിപ്പിക്കാനായി ലക്ഷ്യമിടുന്നു. ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പ്രസവ സഹായം നൽകുക, സംസ്ഥാന ജില്ലാ പിഎംഎംവിവൈ സെല്ലിന്റെ പ്രവർത്തന ചെലവുകൾ, ഫ്ലെക്സി ഫണ്ടിന്റെ കീഴിലുള്ള ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കാൻ ലക്ഷ്യമിടുന്നു. കേരളത്തിലുള്ള ഗുണഭോക്താക്കളുടെ ഏകദേശ കണക്കു പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ബഡ്ജറ്റിൽ 3000.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 52. ശിശുക്കൾക്കുള്ള ആദ്യത്തെ ആയിരം ദിവസ പരിപാടി

**(വിഹിതം : 350.00ലക്ഷം രൂപ)**

സ്ത്രീകളുടെ ഗർഭധാരണവും (270 ദിവസം) കുട്ടിയുടെ രണ്ടാം ജന്മദിനവും (730 ദിവസം) ഇടയിലുള്ള ആദ്യ ആയിരം ദിവസങ്ങൾ കുട്ടികളുടെ ജീവിതത്തിലെ വളരെ സങ്കീർണ്ണവും നിർണ്ണായകവുമായ കാലഘട്ടമാണ്. ഗർഭകാലത്തുണ്ടാകുന്ന പോഷകാഹാരക്കുറവ് കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയെയും വികാസത്തെയും സാരമായി ബാധിക്കുന്നു. ഗർഭാവസ്ഥയിൽ പോഷകാഹാരക്കുറവുള്ള കുട്ടിയ്ക്ക് ശൈശവത്തിൽ തന്നെ മരിക്കുന്നതിന് കാരണമാകുകയും ജീവിതകാലം മുഴുവൻ പെരുമാറ്റ വൈകല്യം ഉണ്ടാകാനും മാരകമായ ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുണ്ടാകാനും കാരണമാകുന്നു. കുട്ടികളിലെ പോഷകാഹാരക്കുറവ് ജീവനു തന്നെ ഭീഷണിയാകുന്നു. ഇത് കുട്ടിയുടെ പ്രതിരോധ ശക്തിയെ കുറയ്ക്കാനും സാധാരണ രോഗങ്ങളായ ന്യുമോണിയ, വയറിളക്കം എന്നീ രോഗങ്ങൾ ബാധിച്ച് അപകടത്തിൽപെടാനും ഇടയാകുന്നു. കുട്ടിയുടെ ആദ്യ 1000 ദിവസങ്ങളിൽ അനുയോജ്യമായ വളർച്ചയും വികസനവും ഉറപ്പിക്കുന്നതിനായി അമ്മയുടെ ആരോഗ്യവും സുഖകരമായ ജീവിതത്തിനും പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. ശിശുക്കളുടെ ശരിയായ വികാസത്തിന് ആദ്യത്തെ ആയിരം ദിവസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് വിവാഹത്തിനു മുമ്പായി യുവതീയുവാക്കൾക്കു കൗൺസിലിംഗ് നൽകൽ, പോഷകാഹാരം, ഗർഭാവസ്ഥയിലും മുലയൂട്ടൽ സമയത്തും രോഗ പ്രതിരോധ ആഹാരം, രോഗ പ്രതിരോധ ശക്തി, മുലയൂട്ടലിന്റെ പ്രാധാന്യം, അനുയോജ്യമായ മറ്റു പൂരക പോഷകാഹാരങ്ങൾ കുട്ടികൾക്ക് നൽകൽ എന്നിവ ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള പരിപാടികളാണ്.

കുട്ടികളിലെ പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഒരു തന്ത്രമാണ് ഫുഡ് ഫോർട്ടിഫിക്കേഷൻ. 2018-19-ൽ അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ സംസ്ഥാനമാകെ വ്യാപിപ്പിച്ചു. ഇത് 2021-22 ലും തുടരുന്നതാണ്. ഇതു കൂടാതെ പൈലറ്റടിസ്ഥാനത്തിൽ പ്രീ-സ്കൂൾ കുട്ടികൾക്ക് റൈസ് ഫോർട്ടിഫിക്കേഷൻ ആരംഭിച്ചു. പ്രോജക്ടിന്റെ വിജയകരമായ ഈ പ്രവർത്തനം പരിഗണിച്ച് തിരദേശ മലമ്പ്രദേശങ്ങളിൽ തെരഞ്ഞെടുത്ത 10 ICDS പ്രോജക്ടുകളിൽ കൂടി 2018-19-ൽ വ്യാപിപ്പിച്ചു. 2021-22-ൽ ജില്ലയിൽ 2 ഐ.സി.ഡി.എസ് പ്രൊജക്ട് എന്ന ക്രമത്തിൽ തീരദേശ, പട്ടിക വർഗ്ഗ, മലമ്പ്രദേശങ്ങളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പരിപാടി എല്ലാ ജില്ലയിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ബോധവത്ക്കരണം, അവലോകനം, വിലയിരുത്തൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2021-22 ബഡ്ജറ്റിൽ **350.00 ലക്ഷം** രൂപ വകയിരുത്തുന്നു.

**53. എം.ജി.എൻ.ആർ.ഇ.ജി.എ-യുമായി ചേർന്നുള്ള അംഗൻവാടി നിർമ്മാണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 162.90ലക്ഷം രൂപ)**

എം.ജി.എൻ.ആർ.ഇ.ജി.എ-യുമായി ചേർന്നുള്ള അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള ഒരു ഭാരതസർക്കാർ പദ്ധതിയാണിത്. ഓരോ കെട്ടിട നിർമ്മാണത്തിനും എം.ജി.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ നിന്നും 5 ലക്ഷവും 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി 2 ലക്ഷവും ലഭിക്കുന്നു. നിർമ്മാണ ചെലവിന്റെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കണ്ടെത്തും. ഈ സാമ്പത്തിക വർഷം അംഗൻവാടി കേന്ദ്രങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. 2021-22-ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 162.90 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**54. അംഗൻവാടി കേന്ദ്രങ്ങളും ക്രഷും**

**(വിഹിതം : 116.00 ലക്ഷം രൂപ)**

കേരളത്തിലെ നഗര പ്രദേശങ്ങളിൽ(മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ) അംഗനവാടി സെന്ററുകൾ അടുത്തടുത്തായാണ് കാണപ്പെടുന്നത്. നഗര പ്രദേശങ്ങളിൽ അംഗനവാടി കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന സ്ഥലം വളരെ കുറവും, ഗുണഭോക്താക്കൾ അംഗനവാടി കേന്ദ്രങ്ങളുടെ സമീപത്തുമാണ്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ അംഗനവാടികേന്ദ്രങ്ങളെ സംയോജിപ്പിച്ച് രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ ഷിഫ്റ്റുകളായി പ്രവർത്തിക്കുന്ന അംഗനവാടി കേന്ദ്രമായി മാറ്റാൻ ഉദ്ദേശിക്കുന്നു. ഈ അംഗനവാടി കേന്ദ്രത്തിലെ ജീവനക്കാരെ സംയോജിത അംഗനവാടി കേന്ദ്രത്തിലേക്ക് നിയോഗിക്കുന്നതും അവർക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യാവുന്നതുമാണ്. നാഷണൽ ക്രഷ് സ്കീമിലുൾപ്പെടുന്ന ക്രഷുകളുംഇതേ രീതിയിൽ അംഗനവാടികളുമായി സംയോജിപ്പിക്കാവുന്നതാണ്. ഈ അംഗനവാടി കേന്ദ്രങ്ങൾ 3 വയസ്സുള്ള കുട്ടികൾക്ക് ക്രഷ് ആയും, 3 മുതൽ 6 വയസ്സ വരെയുള്ള കുട്ടികൾക്ക് പ്രീ-സ്കൂൾ ആയും, കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ സമയം കഴിഞ്ഞ് ഒരു സുരക്ഷിത കേന്ദ്രമായും പ്രവർത്തിക്കുന്നതാണ്. ക്രഷിന്റെ പ്രവർത്തനത്തിനായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ക്രഷിലെ കുട്ടികളുടെ പോഷക ആവശ്യങ്ങൾക്കും തുക ഉൾപ്പെടുന്നു. അംഗനവാടി /ക്രഷുമായി സംയോജിപ്പിക്കൽ, നാഷണൽ ക്രഷ് പദ്ധതി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള അലവൻസും ഹോണറേറിയവും എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു .

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2021-22 ൽ 116.00 ലക്ഷം രൂപ വകയിരുത്തുന്നു.

**55. അംഗൻവാടി പ്രവർത്തകർക്കുള്ള ട്രെയിനിംഗ്**

**(വിഹിതം : 150.00 ലക്ഷം രൂപ)**

അംഗൻവാടി വർക്കാർമാരുടെ അഭാവത്തിൽ അംഗൻവാടി ഹെൽപ്പർമാർക്ക് അംഗൻവാടികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി ആവശ്യമാണ് (ഈ സി സി ഇ പാഠ്യ പദ്ധതി അധിഷ്ഠിതമായ വിഷയങ്ങൾ). ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിലുള്ള ആവശ്യകതയിലെ മാറ്റങ്ങൾക്കനുസരിച്ച് അംഗൻവാടി വർക്കർമാർക്ക് കാര്യശേഷി വികസിപ്പിക്കൽ, പരിശീലനത്തിന്റെ ആവശ്യകത വിശകലനം, പഠന സഹായി തയ്യാറാക്കൽ, അംഗൻവാടി ജീവനക്കാർക്ക് പരിശീലനം, പരിശീലകർക്കുള്ള പരിശീലനം എന്നിവയാണ് പ്രവർത്തനങ്ങൾ. വനിതാ ശിശു വികസനവുമായി ബന്ധപ്പെട്ട് അംഗീകൃത യൂണിവേഴ്സിറ്റികളിലും സ്ഥാപനങ്ങളിലും സർട്ടിഫിക്കറ്റ് കോഴ്സ് ചെയ്യുന്നതിന് അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്കുള്ള കോഴ്സ് ഫീസും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. 2021-22-ൽ **150.00 ലക്ഷം രൂപ** വകയിരുത്തുന്നു.

**56. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കുള്ള ജുവനൈൽ ജസ്റ്റീസ് ഫണ്ട്**

**(വിഹിതം : 10.00 ലക്ഷം രൂപ)**

ജുവനൈൽ ജസ്റ്റീസ് മോഡൽ റൂൾസിന്റെ റൂൾ (83) അനുസരിച്ച് ഈ നിയമത്തിന്റെയും റൂൾസിന്റെയും കീഴിൽ വരുന്ന കുട്ടികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഒരു ജുവനൈൽ ജസ്റ്റിസ് ഫണ്ട് സംസ്ഥാന സർക്കാർ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ മതിയായ ബഡ്ജറ്റ് വിഹിതം ജുവനൈൽ ജസ്റ്റിസ് ഫണ്ടിനായി മാറ്റിവെച്ച് കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വിവിധ ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് വൈദ്യസഹായം, പ്രകൃതി ദുരന്തത്തിന്റെ ഇരകൾക്ക് ധനസഹായം, ലൈംഗീക അതിക്രമത്തിനും മാനസിക പീഡനത്തിനും ഇരയായ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ മാതാപിതാക്കൾ/മാനസിക വൈകല്യമുള്ള മാതാപിതാക്കൾ/കിടപ്പിലായ മാതാപിതാക്കൾ/മാരകമായ രോഗം ബാധിച്ച മാതാപിതാക്കളെ ആശ്രയിക്കുന്ന കുട്ടികൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ മക്കൾ, എയ്ഡ്സ്(എച്ച്.ഐ.വി.) ബാധിതരായ കുട്ടികൾ, എ.പിലെപ്സി, സെറിബ്രൽ പാൾസി, ഓട്ടിസം ബാധിച്ച കുട്ടികൾ, മയക്കു മരുന്നിനടിമയായ കുട്ടികൾ, തട്ടികൊണ്ടുപോകലിനിടയായ കുട്ടികൾ, താമസിക്കുന്നതിനായി ഭവനമോ ഷൽട്ടറോ ഇല്ലാത്ത കുട്ടികൾ, തെരുവുകുട്ടികൾ, ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികൾ, എന്നിവർക്കായി വിനിയോഗിക്കാവുന്നതാണ്. ഇതുകൂടാതെ ജുവനൈൽ ജസ്റ്റിസ് ഫണ്ട് തരപ്പെടുത്തുന്നതിന് ജനങ്ങളിൽ നിന്നുള്ള സംഭാവനയും സ്വീകരിക്കാമെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. വനിതാശിശുവികസന വകുപ്പ് ഈ ഫണ്ടിന്റെ നിർവ്വഹണ ഏജൻസി ആയി പ്രവർത്തിക്കും. പദ്ധതി നടത്തിപ്പിനായി 2021-22-ൽ ജുവനൈൽ ജസ്റ്റിസ് ഫണ്ടിനായി 10.00 ലക്ഷം രൂപ വിഹിതമായി വകയിരുത്തുന്നു.

**57. ജുവെനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കായുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി).**

**(വിഹിതം : 380. 00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ഉദ്ദേശം 2500 കുട്ടികൾ ജുവെനൈൽ ഡയബെറ്റീസ് ബാധിച്ചവരുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ ടൈപ്പ് 1 ഡി.എം. രോഗികൾക്കായി ഒരു സമഗ്ര സാമൂഹ്യ പിന്തുണ നൽകുന്ന പ്രൊജക്ട് രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്ക് തുടർച്ചയായി ഇൻസുലീൻ നൽകൽ, മെഡിക്കൽ കോളേജുകളിലും മറ്റു പ്രമുഖ ആശുപത്രികളിലും TIDM യൂണിറ്റുകൾ സജ്ജമാക്കൽ, ജുവനൈൽ ഡയബറ്റീസ് നിയന്ത്രിക്കാനുള്ള പരിശീലനവും ചർച്ചായോഗങ്ങളും സംഘടിപ്പിക്കൽ, മിഠായി- മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ, കുട്ടികളിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനുള്ള ചർച്ചാ ശിൽപശാലകൾ, സംസ്ഥാനതലത്തിലും മിഠായി സെന്ററുകളുടെയും ഭരണച്ചെലവ്, ഡോക്ടർമാർ, സ്കൂൾ അദ്ധ്യാപകർ മാതാപിതാക്കൾ എന്നിവർക്കു കഴിവു വികസനം, നിലവിലുള്ള ജോലിക്കാർക്ക് ഓണറേറിയം, മെഡിക്കൽ ക്യാമ്പ് എന്നിവയുടെ ചെലവുകളും ഈ പദ്ധതിയിലുൾപ്പെടുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷൻ ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയിരിക്കും. 2021-22 ൽ ഈ പദ്ധതി നടപ്പാക്കാൻ 380 .00 ലക്ഷം രൂപ വകയിരുത്തുന്നു

**58. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 25.00 ലക്ഷം രൂപ)**

ഈ പദ്ധതി/(മുൻപുള്ള സബല പദ്ധതി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരവും നൈപുണ്യ വികസനവും ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു. മാനസികമായും വൈകാരികമായും, മനശാസ്ത്രപരമായും പ്രാധാന്യമേറിയ ഘട്ടമാണ് ശൈശവത്തിനും സ്ത്രീത്വത്തിനും

ഇടയിലുള്ള കാലഘട്ടം. മാനവ വിഭവ വികസനത്തെ ലക്ഷ്യം വെച്ചുള്ള വികസന പരിപാടികളിൽ നിന്നു കൌമാരക്കാരായ പെൺകുട്ടികളെ മാറ്റി നിർത്തിയാൽ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള ജീവിത ചക്ര സമീപനം പരിഹരിക്കപ്പെടാതെ നിൽക്കുന്നതാണ്. സാഗ് പദ്ധതിയുടെ പുതിയ മാനദണ്ഡപ്രകാരം സ്കൂളിൽ പോകാത്ത 11 മുതൽ 14 വയസ്സ വരെയുള്ള കൌമാരപ്രായക്കാരായ പെൺകുട്ടികളെ ലക്ഷ്യം വെച്ച് രൂപീകരിച്ച പദ്ധതിയാണിത്.

ചുവടെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2021-22 ൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നു

1. കൗമാരക്കാരായ പെൺകുട്ടികളെ സ്വയം പ്രാപ്തരാക്കുക, അവരുടെ ശാക്തീകരണം

2. പോഷകാഹാര ആരോഗ്യ പരിപാലനം,

3. ആരോഗ്യം, ശുചിത്വം, എന്നിവയെപ്പറ്റിയുള്ള അവബോധനം,

4. ജീവിത നൈപുണ്യം , തൊഴിൽ നൈപുണ്യം, ഭവനാധിഷ്ഠിത നൈപുണ്യം എന്നിവ മെച്ചപ്പെടുത്തുക

5. സ്കൂൾ വിട്ട് പോകുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് ഫോർമൽ/നോൺ-ഫോർമൽ വിദ്യാഭ്യാസം നൽകുക,

6. പി എച്ച്. സി , സി എച്ച്. സി , പോസ്റ്റ് ഓഫീസ് , ബാങ്ക് , പോലീസ് സ്റ്റേഷൻ തുടങ്ങിയ പൊതുസേവനങ്ങളെക്കുറിച്ചുള്ള വിവരവും ഉപദേശവും നൽകുക,

7. പദ്ധതിയിൽ പോഷകാഹാരപരിപാടികൾ, പോഷകാഹാര പരിപാടി കളിൽപെടാത്ത പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

### 59. വനിതാ മിത്ര കേന്ദ്രം സ്ഥാപിക്കൽ-ജോലിക്കാരായ സ്ത്രീകൾക്കുള്ള ഹോസ്റ്റൽ-40 % സംസ്ഥാന വിഹിതം

**(വിഹിതം: 647.00 ലക്ഷം രൂപ)**

ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് സൗകര്യപ്രദമായതും ആശ്വാസകരമായതുമായ ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിൽ വർക്കിംഗ് വുമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുനനതിന് വനിതാ വികസന കോർപ്പറേഷൻ തുടക്കം കുറിച്ചു. ഉദ്യോഗസ്ഥർക്ക് സുരക്ഷിതമായതും വഹിക്കാൻ കഴിയുന്നതുമായ സൗകര്യങ്ങൾ പ്രാപ്യമാക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. പെരിന്തൽ മണ്ണയിലും കാക്കനാടും വർക്കിംഗ് വുമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച വരുന്നു കാക്കനാട് ഹോസ്റ്റലിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പുരോഗതിയിലുമാണ്. ആലപ്പുഴ ഒരു ഹോസ്റ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2021-22 കാലയളവിൽ 647.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 60. അടിയന്തിര ആശ്വാസ ഫണ്ട്.

**(വിഹിതം : 200.00 ലക്ഷം രൂപ)**

ലൈംഗിക കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ഗാർഹിക ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ പീഡിപ്പിക്കപ്പെട്ടവർക്കു പെട്ടെന്ന് തന്നെ സഹായം നൽകേണ്ടത് അത്യാവശ്യമാണ്. നിയമ പ്രകാരമുള്ള വിക്ടിം കോമ്പൻസേഷൻ ഫണ്ടോ മറ്റു ഏതെങ്കിലും കോമ്പൻസേഷനോ പരിഗണിക്കാതെ സഹായം നൽകുന്നതാണ്. മേൽ വിഭാഗത്തിൽപെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി നടപ്പാക്കുന്നതിന് 2021-22 ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 61. സ്വാധാർ ഗ്രഹ് (60:40) (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 45.00 ലക്ഷം)**

സ്വാധാർ ഹോമുകളും ഷോർട്ട് സ്റ്റേ ഹോമുകളും സംയോജിപ്പിച്ച് ഭാരത സർക്കാർ 2016-17-ൽ സ്വാധാർ ഗ്രഹ് എന്ന പുതിയ പദ്ധതി ആരംഭിച്ചു. പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. ഭവനം, ഭക്ഷണം, വസ്ത്രം, രോഗ ചികിത്സ സുരക്ഷ എന്നിവയില്ലാത്തതും സാമൂഹ്യ സാമ്പത്തിക പിന്തുണയില്ലാത്തതുമായ ദുരിത ബാധിതരായ

സ്ത്രീകളുടെയും ഗാർഹിക പീഠനത്തെ അതിജീവിച്ചവർക്കും പ്രാഥമിക ആവശ്യങ്ങൾ നൽകുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗാർഹിക അക്രമണത്തിനിരയായവർക്ക് ഒരു വർഷം വരെ താമസിക്കാവുന്നതാണ്. മറ്റു പീഡനങ്ങൾക്ക് ഇരയായവർക്ക് പരമാവധി 3 വർഷം വരെ താമസിക്കാവുന്നതാണ്. 55 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് 5 വർഷം താമസിക്കാവുന്നതും പിന്നീട് വൃദ്ധസദനങ്ങളിലേക്കോ മറ്റു സ്ഥാപനങ്ങളിലേക്കോ മാറ്റാവുന്നതാണ്. ഈ വിഭാഗത്തിൽപെടുന്നവരോടൊപ്പമുള്ള കുട്ടികളെയും താമസിപ്പിക്കാവുന്നതാണ്. 18 വയസ്സു വരെയുള്ള പെൺകുട്ടികളെയും 8 വയസ്സു വരെയുള്ള ആൺകുട്ടികളെയും താമസിപ്പിക്കാവുന്നതാണ്. കേരളത്തിൽ 7 ഹോമുകൾ സ്വാധാർ ഗ്രഹ് ആയി പ്രവർത്തിച്ചു വരുന്നു. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് 2021-22-ൽ യോഗ്യരായ സംഘടനകളിൽ നിന്നും അപേക്ഷകൾ സ്വികരിക്കുകയും തുടർന്നു വരുന്ന ഹോമുകൾക്ക് തുക അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2021-22 കാലയളവിൽ 45.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**62. ഉജ്ജ്വല -30% സംസ്ഥാന വിഹിതം**

**(വിഹിതം: 30.00 ലക്ഷം രൂപ)**

ലൈംഗിക ദുരുപയോഗത്തിനായി തട്ടിക്കൊണ്ടു പോയവരെ പുനരധിവസിപ്പിക്കുക, മനുഷ്യക്കടത്ത് തടയൽ, രക്ഷപ്പെടുത്തൽ, പുനരധിവാസം കടത്തപ്പെട്ട ഇരകളെ ലൈംഗീക ദുരുപയോഗം ചെയ്യുന്നത് തടയൽ എന്നിവയ്ക്കായുള്ള സമഗ്ര പദ്ധതിയാണ് ഉജ്ജ്വല. വനിതാ ശിശുവികസന മന്ത്രാലയം ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കിയിട്ടുണ്ട്. പുതുക്കിയ നിരക്ക് പ്രകാരം കേന്ദ്ര/സംസ്ഥാന/നിർവ്വഹണ ഏജൻസികളുടെ വിഹിത ഘടന 60:30:10 എന്ന നിരക്കിലാണ്. ഈ പദ്ധതിക്കുള്ള ഗ്രാന്റ് സംസ്ഥാന ഗവൺമെന്റ് മുഖേനയാണ് അനുവദിക്കുന്നത് നിലവിൽ 3 സ്ഥാപനങ്ങൾക്കാണ് ഈ പദ്ധതി മുഖേന സഹായം ലഭിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി 2021-22-ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

**63. നാഷണൽ ക്രഷ് സ്കീം- 30% സംസ്ഥാന വിഹിതം**

**(വിഹിതം: 261.00 ലക്ഷം രൂപ)**

ഉദ്യോഗസ്ഥ മാതാപിതാക്കൾക്ക് ജോലി സമയത്ത് കുട്ടികളെ സുരക്ഷിതമായി ഏൽപ്പിക്കുന്നതിനുള്ള സൌകര്യമാണ് ക്രഷ്. ഇവിടെ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതായിരിക്കും. പകൽ വീട്ടിൽ നിന്ന് മാറി നിൽക്കേണ്ടി വരുന്ന 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണവും, ഉപദേശവും നൽകുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന എൻ.ജി.ഒ. വിഹിത ഘടന യഥാക്രമം 60:30:10 എന്ന അനുപാതത്തിലാണ്. കുട്ടികളുടെ ആരോഗ്യ പോഷകാവസ്ഥ മെച്ചപ്പെടുത്തൽ, ശാരീരിക മാനസിക വൈകാരിക വികാസം പ്രോത്സാഹിപ്പിക്കൽ, മെച്ചപ്പെട്ട ശിശു സംരക്ഷണം നൽകുന്നതിന് മാതാപിതാക്കൾക്കും പരിപാലകർക്കും അറിവു നൽകുക, സമൂഹത്തിലെ ഉദ്യോഗസ്ഥ മാതാപിതാക്കളുടെ കുട്ടികൾക്ക് (6 മാസം മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾക്ക്)പകൽ പരിപാലന സൌകര്യങ്ങൾ എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ. പദ്ധതി നടത്തിപ്പിനായി 2021-22-ൽ **261.00** ലക്ഷം രൂപ വകയിരുത്തുന്നു.

**64. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ ഉൾപ്പെടെ കുട്ടികൾക്കായുള്ള നൂതന സംസ്ഥാന പദ്ധതികൾ**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൻകീഴിൽ ചുവടെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നു.

I. **ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ(ഒ.ആർ.സി.)** :- JJ ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനു കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനാവശ്യമായ നൂതന പരിപാടികൾ നടപ്പാക്കാനുദ്ദേശിച്ചുള്ള

പദ്ധതിയാണിത്. ഐ.സി.പി.എസ്.ന്റെ ഒരു അവിഭാജ്യ ഘടകമാണ് ഒ.ആർ.സി. കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തരവാദിത്വപ്പെട്ട വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ - വിദ്യാഭ്യാസം , ആരോഗ്യം, തദ്ദേശഭരണം വകുപ്പുകളുടെയും, സിവിൽ സമൂഹം എന്നിവരുടെ സ്കൂൾ കേന്ദ്രീകൃതമായ ഒരു പങ്കാളിത്ത പദ്ധതിയാണ് ഒ.ആർ.സി. ജീവിത നൈപുണ്യ വികസനം, നന്നായി വളർത്തൽ, ബലഹീനതകൾ പരിഹരിക്കൽ, മെച്ചപ്പെട്ട ഉപദേശങ്ങൾ നൽകുക, മെച്ചപ്പെട്ട രക്ഷാകർതൃത്വം എന്നിവയിലൂടെ കുട്ടികളുടെ മെച്ചപ്പെട്ട സുരക്ഷിതത്വവും വികാസവും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- സ്വഭാവ രൂപീകരണം, വൈകാരികം, സാമൂഹ്യവും മറ്റുമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ കാര്യശേഷി വികസനവും ഇടപെടലുകളും
- സ്മാർട്ട് 4 0 -ജീവിത നൈപുണ്യ പരിപാടി
- നൂതന പരിപാടി
- ഐ ഇ സി പ്രവർത്തനങ്ങൾ
- മേൽനോട്ടവും വിലയിരുത്തലും , മറ്റു ചെലവുകൾ
- ORC കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കൽ
- ഗവേഷണവും പഠനവും
- DRC-യിൽ കേസുകൾ കൈകാര്യം ചെയ്യുന്ന സൈക്കോളജിസ്റ്റിനും സൈക്യാടിസ്റ്റിനും ഹോണറേറിയം
- ഒ ആർസി , ഡി ആർ സി എന്നിവ എല്ലാ ജില്ലകളിലും സ്ഥാപിക്കൽ

**II. കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി**

**1. കാവൽ:-നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് സൈക്കോ സോഷ്യൽ കെയർ**

നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് കേരള സർക്കാർ ബാംഗ്ലൂരിലെ നിംഹാൻസ് സ്ഥാപനവുമായി ചേർന്ന് ആരംഭിച്ച പരിപാടിയാണിത്. ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കാനും പുന:സംയോജിപ്പിക്കാനുമുള്ള ഒരു സമ്പ്രദായമാണിത്. നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- ഭവന സന്ദർശനം, മാനസികാരോഗ്യം നിർണ്ണയിക്കൽ
- നിയമ പ്രശ്നങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് രക്ഷാകർത്താക്കളുടെ പരിപാലന പരിപാടി മുഖേന ഓറിയന്റെഷൻ
- കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിംഗ്
- നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം.
- ദീർഘകാല സംരക്ഷണം ആവശ്യമായ കുട്ടികൾക്ക് സൈക്കോ സോഷ്യൽ കെയർ തുടരുന്നതിന്.

**2. കാവൽ പ്ലസ്** :- (സുരക്ഷിതത്വവും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് സാമൂഹ്യാധിഷ്ഠിത പുരധിവാസവും വീണ്ടെടുക്കലും) :- സുരക്ഷയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് ജൈവ മാനസിക സാമൂഹ്യ സുരക്ഷയും പിന്തുണയും സംരക്ഷണവും നൽകലും പോക്സോ ഇരകളും ദുരിതാവസ്ഥയിലുള്ള മറ്റ് കുട്ടികളും നിയമ പ്രശ്നങ്ങളിൽപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

**3. ജെ ജെ ആക്ടിന്റെ കീഴിൽ വരുന്ന കുട്ടികളുടെ അനന്തര ശുശ്രൂഷാ പിന്തുണ:-** 18 വയസ്സ് പ്രായമായ നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് സുരക്ഷിതത്വവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ, വിഷമകരമായ സാഹചര്യങ്ങളിൽ ഉള്ള കുട്ടികൾ എന്നിവരെ സമൂഹത്തിലേക്ക് പുനസംയോജിപ്പിക്കുന്നതിനു സാമ്പത്തിക സഹായം നൽകുന്നു.

**4. ശരണബാല്യം**:-ബാലവേല, ബാല ഭിക്ഷാടനം, കടത്തൽ, തെരുവുകുട്ടികൾ എന്നിവ മുക്തമായ സംസ്ഥാനമായി ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്ന പരിപാടി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നു.

**5. ഭദ്രം:-** കേരള സംസ്ഥാന ബാലവാകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പോക്സോ, ജെ.ജെ. ആക്ട് എന്നിവ സംബന്ധിച്ച് സ്കൂൾ കുട്ടികൾക്കുള്ള ബോധവത്ക്കരണ പരിപാടിയാണ് ഭദ്രം. ഈ വർഷം 700 എയഡഡ്/അൺ എയിഡഡ് സ്കൂളുകളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പോക്സോ സംബന്ധിച്ച് കുട്ടികൾക്കും പൊതുജനത്തിനും അറിവുനൽകുന്നതിനും ഐ.ഇ.സി മെറ്റീരിയൽസ് വികസിപ്പിക്കുന്നത്തിനും ലക്ഷ്യമിടുന്നു.

**6. മാർഗ്ഗ ജ്യോതി**:- ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായുള്ള നൂതന പ്രൊജക്ടുകൾ നടപ്പാക്കുക, ഉന്നത വിദ്യാഭ്യാസ സൌകര്യങ്ങൾ ലഭ്യമാക്കുക, ജീവിത നൈപുണ്യ വിദ്യാഭ്യാസം, ഐ.ടിയും കായിക ഉപകരണങ്ങളും, അവാർഡുകളും, സ്റ്റൈപൻഡുകളും, കുട്ടികളുടെ സംസ്ഥാന/ജില്ലാ ഫെസ്റ്റ് നടത്തുക, സംസ്ഥാന സ്പോൺസർഷിപ്പ് പരിപാടികൾ- വിജ്ഞാന ദീപ്തി, JJ ഹോമിലെ അന്തേവാസികൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം, ശൈശവ ഭിക്ഷാടനം, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം എന്നിവ തടയാനുള്ള പരിപാടികൾ, പെൺകുട്ടികൾക്കുള്ള JJ ഹോമുകൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കൽ, സ്പെഷ്യലൈസ്ഡ് ദത്തെടുക്കൽ ഏജൻസികളെ സ്ഥാപിക്കുക, ഓപ്പൺ ഷെൽട്ടറുകൾ, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് ഹോം, ശിശു സൗഹൃദ കോടതികൾ, കുട്ടികൾക്കായി എൻടി ഹോമുകൾ, സെക്കന്റ് ലെവൽ ഹോമുകൾ, ലഹരി വിമോചന കേന്ദ്രം എന്നിവ ആരംഭിക്കലും നടത്തിപ്പും എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**7. കിൻഷിപ്പ് ഫോസ്റ്റൽകെയർ :-** ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിക്കുന്ന കുട്ടികൾക്ക് ബന്ധുക്കളുടെയോ കുട്ടികളില്ലാത്തതും കുട്ടിയുമായി കുടുംബ ബന്ധമുള്ള മാതാപിതാക്കൾക്കോ പൂർണ്ണ സംരംക്ഷണം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള പദ്ധതിയാണിത്. സ്ഥാപനവത്ക്കരണം കുറയ്ക്കുന്നതിനും കുട്ടികൾക്ക് കുടുംബാന്തരീക്ഷം ലഭ്യമാക്കുന്നതിനും ബന്ധുക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

**8. കരുതൽ സ്പർശം :** ഉത്തരവാദിത്വ പരമായി കുട്ടികളെ വളർത്തുന്നതിനു പുതുതായി ആരംഭിച്ച പദ്ധതിയാണിത് . ജില്ലാതലങ്ങളിലെ കൌൺസലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**9. പോക്സോ:-** പ്രസ്തുത നിയമവും ചട്ടവും ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ലൈംഗീകാതിക്രമത്തിനിരയായ കുട്ടികൾക്ക് എല്ലാ തരത്തിലുള്ള പിന്തുണയും പുനരധിവാസവും അത്യാവശ്യമാണ്. ഇവർക്ക് കേസും വിചാരണയും നടക്കുന്ന കാലയളവിൽ വിവിധ തരത്തിലുള്ള സഹായങ്ങൾ നൽകുന്നു. ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- വിവിധ ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി പ്രായത്തിനു അനുയോജ്യമായ പാഠ്യപദ്ധതിയും വിദ്യാഭ്യാസപരമായ ഉപകരണങ്ങളും വികസിപ്പിക്കുക. വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനു ഐ.ഇ.സി. ഉപകരണങ്ങൾ തയ്യാറാക്കുക, പുതുക്കിയ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. ശിശു സംരക്ഷണ നയം വികസിപ്പിക്കുക.
- വിചാരണയുടെ ഘട്ടങ്ങളിൽ പരിഭാഷകരുടെ സഹായം, വിദഗ്ധർ, അദ്ധ്യാപകർ, സ്പെഷ്യൽ അദ്ധ്യാപകർ, തൊഴിൽ പരിശീലനം, പുനരധിവാസ പിന്തുണ എന്നിവ കുട്ടികൾക്കു നൽകുന്നു.
- അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സാ സേവനങ്ങൾ, യാത്രാ ചെലവുകൾ, നിയമ സഹായം തുടങ്ങിയവ നൽകുന്നു.

**മറ്റു പ്രവർത്തനങ്ങൾ**

- കരുതൽ , ദുരിത ബാധിതരായ കുട്ടികളുടെ ഡേറ്റ ബാങ്ക്, സ്ഥാപനേതര വൽക്കരണം
- കലകൾ, കായികം, വിവര സാങ്കേതിക വിദ്യ എന്നിവ ഉൾപ്പെടെ കുട്ടികൾക്കായി നൂതന പരിപാടികൾ, സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ
- അവാർഡുകൾ, സ്റ്റൈപന്റ്, ചിൽഡ്രൺഫെസ്റ്റ്.

- ജെ ജെ ഹോം എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കൽ, പ്രത്യേക ദത്തെടുക്കൽ പുതുതായി ആരംഭിക്കൽ
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കുള്ള ഹോം, എൻടി ഹോമുകൾ സെക്കന്റ് ലെവൽ ഹോമുകൾ, കുട്ടികൾക്ക് ലഹരി വിമോചന കേന്ദ്രം എന്നിവ സ്ഥാപിക്കൽ, ജെ ജെ ഹോം, ഡി സി പി യു ഓഫീസ, സി ഡബ്ലിയു സി, ജെ ജെ ബി എന്നിവയുടെ ചെലവുകൾ, പോക്സോ കോടതികൾ ശിശു സൌഹൃദമാക്കൽ
- ഐ ഇ സി പ്രവർത്തനങ്ങൾ , പരിശീലനം, അഡ്വക്കസിയും ബോധവൽക്കരണ പരിപാടിയും , കുട്ടികളുടെ സംരക്ഷണത്തിനായി പ്രചാരണം, മറ്റ പ്രവർത്തനങ്ങൾ , ബന്ധപ്പെട്ട വിഷയത്തിൽ ഗവേഷണം , ഡോക്യുമെന്റേഷൻ
- കാവൽ -എക്സിറ്റ് പ്ലാൻ, എൻ ജി ഒ കൾ മുഖേന മനുഷ്യ വിഭവ ശേഷി , സൈക്കോ സോഷ്യൽ ഇടപെടലുകൾ
- അമ്മത്തൊട്ടിൽ സ്ഥാപിക്കലും പരിപാലനവും
- കുട്ടികളുടെ വൾനറബിലിറ്റി മാപ്പിംഗ്
- അപകട സാധ്യതയുള്ള കുട്ടികൾക്ക് സുരക്ഷിതത്വത്തിനും പരിപോഷണത്തിനുമുള്ള അന്തരീക്ഷം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ
- കുട്ടികളിലെ മയക്കുമരുന്നുപയോഗവും ലഹരി ഉപയോഗവും തടയുന്നതിനുള്ള ക്യാമ്പയിനുകളും പുനരധിവാസ സൗകര്യങ്ങളും

**ശിശു മന്ദിരങ്ങളിൽ നിന്ന് വിട്ടയയ്ക്കുന്ന കുട്ടികളുടെ പുനരധിവാസത്തിനായുള്ള അനന്തര ഹോമുകൾ:-**
കുടുംബമോ മറ്റ പിന്തുണയോ ഇല്ലാതെ സ്ഥാപനത്തിലൂടെ സംരക്ഷണം ലഭിച്ച കുട്ടികൾക്ക് 18 വയസ് പ്രായമാകുന്ന മുറയ്ക്ക് സ്ഥാപനത്തിൽ നിന്നും സ്വതന്ത്ര ജീവിതം നയിക്കാൻ സാധ്യമാകുന്നതിനായി അനന്തര സംരക്ഷണ ഹോമുകൾ നടപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ കുട്ടികൾക്ക് അവരുടെ കഴിവിനനുസരിച്ച് നൈപുണ്യ വികസനം നൽകി പരിശീലിപ്പിക്കുകയും വകുപ്പിന്റെ കീഴിലുള്ള അനുയോജ്യമായ സ്ഥാപനങ്ങളിലും/കമ്പനികളിലും തൊഴിൽ നൽകാനും ഉദ്ദേശിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 1300 .00 ലക്ഷം രൂപ 2021-22-ൽ വകയിരുത്തുന്നു.

**65. അംഗൻവാടി കേന്ദ്രങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും**

**(വിഹിതം: 300.00 ലക്ഷം രൂപ)**

2016-17 മുതൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിന് വ്യത്യസ്ത യൂണിറ്റ് കോസ്റ്റിൽ 60:40 എന്ന നിരക്കിൽ വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും തുക വകയിരുത്തി അനുമതി നൽകി വരുന്നു. പ്രസ്തുത ശീർഷകം പൊതുമരാമത്ത് വിഭാഗം ചീഫ് എഞ്ചിനിയർ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. അംഗൻവാടി കെട്ടിട നിർമ്മാണങ്ങൾ പുരോഗതിയിലുമാണ്. മുൻവർഷങ്ങളിൽ അനുമതി നൽകിയ ജോലികൾ 2020-21-ൽ പൂർത്തിയാകാത്തത് കൊണ്ട് 2021-22 ലും തുക ആവശ്യമായി വരുന്നു. 2021-22 ബഡ്ജറ്റിൽ ഇതിനായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

**66. അംഗനവാടി കേന്ദ്രങ്ങളുടെ അറ്റകുറ്റപണികൾ (40% സംസ്ഥാന വിഹിതം)**

**(വിഹിതം : 320.00 ലക്ഷം രൂപ)**

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് കെട്ടിടങ്ങൾ തകർന്ന അവസ്ഥയിലായതിനാൽ അതിന് അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും ആവശ്യമാണ്. കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന ക്രമത്തിൽ അംഗൻവാടിക്ക് 2 ലക്ഷം രൂപയും വാർഷിക പരിപാലനത്തിനായി 3000 രൂപയും അറ്റകുറ്റപണികൾക്കും മെയിന്റനൻസിനും അനുവദിക്കുന്നു. അംഗൻവാടി കേന്ദ്രങ്ങളിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നതാണ് ലക്ഷ്യം. ഇതിനായി 2021-22 ബഡ്ജറ്റിൽ 320.00 ലക്ഷം രൂപ വകയിരുത്തുന്നു.

**67. അംഗനവാടികളിൽ ശിശുസൗഹൃദ ടോയ് ലറ്റുകൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 0.04 ലക്ഷം രൂപ)**

കുട്ടികൾക്ക് ലളിതമായി ഉപയോഗിക്കാൻ കഴിയത്തക്കതരത്തിലുള്ള ടോയ് ലറ്റുകൾ അംഗൻവാടികളിൽ നിർമ്മിക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അംഗൻവാടികളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ നൽകുകയും ആരോഗ്യകരമായ രീതികൾ കുട്ടികളിൽ വളർത്താനും ശൈശവത്തിൽ തന്നെ ടോയ് ലറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. സ്വച്ഛ ഭാരത ആക്ഷൻ പ്ലാൻ മാർഗ്ഗ നിർദ്ദേശ പ്രകാരം നിർമ്മിക്കേണ്ട ടോയിലെടിനു ഒരു അംഗനവാടിക്ക് 12000 രൂപ നിരക്കിൽ അനുവദിക്കുന്നു. ഈ പദ്ധതിക്കായി 2021-22-ൽ 0.04 ലക്ഷം രൂപ വകയിരുത്തുന്നു.

**68.അംഗൻവാടികളിൽ കുടിവെള്ള സൗകര്യങ്ങൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 0.04 ലക്ഷം രൂപ)**

അംഗനവാടികളിൽ ആവശ്യമായ പാചകത്തിനും കുടിക്കുന്നതിനുമായി സുരക്ഷിതമായ വെള്ളം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. കേന്ദ്ര ഗവൺമെന്റ് ഒരു അംഗൻവാടിക്ക് 10000 രൂപ നിരക്കിലാണ് അനുവദിക്കുന്നത്. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. 2021-22-ൽ പദ്ധതി തുടരേണ്ടതും കുടിവെള്ള സൗകര്യങ്ങൾ ആവശ്യമായിട്ടുള്ള സംസ്ഥാനത്തിലെ എല്ലാ അംഗനവാടികൾക്കും സഹായം നൽകുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2021-22 ബഡ്ജറ്റിൽ 0.04 ലക്ഷം രൂപ വകയിരുത്തുന്നു.

**69. മഹിളാ ശക്തി കേന്ദ്രം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 80.00 ലക്ഷം രൂപ)**

ഈ പുതിയ പദ്ധതി വിവിധ തലങ്ങളിൽ പ്രവർത്തിക്കാൻ വിഭാവനം ചെയ്യുന്നു. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന് പിന്തുണ നൽകാൻ സംവിധാനങ്ങളുള്ളതുപോല ജില്ല/ബ്ലോക്കുതല കേന്ദ്രങ്ങൾ എം.എസ്.കെ.യ്ക്കു പിന്തുണ നൽകുന്നതിനോടൊപ്പം 640 ജില്ലകളിൽ ഘട്ടംഘട്ടമായി വനിതാ ശാക്തീകരണ പദ്ധതികൾക്കും (BBBP ഉൾപ്പെടെ)പിന്തുണ നൽകുന്നു. എം.എസ്.കെ. ബ്ലോക്കുതല പരിപാടികളുടെ ഭാഗമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന 115 ബ്ലോക്കുകളിൽ വിദ്യാർത്ഥി സന്നദ്ധ പ്രവർത്തകർ മുഖേന സാമൂഹ്യ പങ്കാളിത്തം ഉദ്ദേശിക്കുന്നു. സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ചും പരിപാടികളെകുറിച്ചും സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ചും ബോധവത്ക്കരിക്കുന്നതിന് വിദ്യാർത്ഥി വോളണ്ടിയർമാർ ക്രിയാത്മകമായി പ്രവർത്തിക്കുന്നു. ഇത് ഒരു ബ്ലോക്കിലെ സ്ത്രീകളുടെ ജീവിതത്തിന് മാറ്റമുണ്ടാക്കാൻ സഹായിക്കുന്നു( ബ്ലോക്കുകളില്ലാത്ത സ്ഥലങ്ങളിൽ തത്തുല്യമായ ഭരണ യൂണിറ്റ്). ഈ പദ്ധതിക്ക് തുക അനുവദിക്കുന്നത് 60:40 എന്ന അനുപാതത്തിലാണ്. സംസ്ഥാന തല /ജില്ലാതല/ബ്ലോക്കുതല റിസോഴ്സ് സെന്ററുകളും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 2021-22 ബഡ്ജറ്റിൽ **80.00 ലക്ഷം** രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**70. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അംഗനവാടികളുടെ പുനരുദ്ധാരണം**

**(വിഹിതം : .20.00 ലക്ഷം രൂപ)**

പ്രകൃതി ദുരന്തത്തിൽ നാശം സംഭവിച്ച അംഗൻവാടി കേന്ദ്രങ്ങളുടെ പുനർനിർമ്മാണം നടത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 2021-22-ൽ 20.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

### 71. പിണറായി ഗ്രാമപഞ്ചായത്തിൽ അപെക്സ് പരിശീലന കേന്ദ്രം സ്ഥാപിക്കൽ

**(വിഹിതം : 100.00 ലക്ഷം രൂപ)**

വകുപ്പിലെ ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥർക്കും സൂപ്പർവൈസർമാർക്കും പരിശീലനം നൽകാനായി പിണറായിലുള്ള പരിശീലന കേന്ദ്രം മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. വകുപ്പിന്റെ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ചും ബന്ധപ്പെട്ട മറ്റ് മിഷൻ സംബന്ധിച്ച പരിശീലന പരിപാടികളും ശില്പശാലകളും യോഗങ്ങളും സെമിനാറുകളും ഈ കേന്ദ്രത്തിൽവെച്ച് നടത്താവുന്നതാണ്. സംസ്ഥാനതല അപക്സ് പരിശീലന കേന്ദ്രം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു, ഒരേ സമയം ഒന്നിൽ കൂടുതൽപരിശീലന പരിപാടികൾ നടത്തുക, മെച്ചപ്പെട്ട സേവനങ്ങൾ, കാര്യശേഷി വർദ്ധിപ്പിക്കൽ, പാഠ്യപദ്ധതിക്ക് പുറമെയുള്ള പ്രവർത്തികളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ, ഉയർന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും എല്ലാ വിഭാഗത്തിലുമുള്ള പരിശീലകർക്കുള്ള പരിശീലനവും നൽകൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിക്കായി 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 72. എന്റെ കൂട്

**(വിഹിതം : 50.00 ലക്ഷം രൂപ)**

അഗതികളായ സ്ത്രീകൾക്കും കുട്ടികൾക്കും (12 വയസ്സിൽ താഴെയുള്ള ആൺ കുട്ടികൾ) രാത്രിയിൽ സൗജന്യമായി അഭയം നൽകുന്നതിനായുള്ള പദ്ധതിയാണിത്. തിരുവനന്തപുരത്തും കോഴിക്കോട്ടും ഇത് പ്രവർത്തിച്ചുവരുന്നു. രാത്രി 8 മണിവരെ വരുന്നവർക്ക് സൗജന്യ ഭക്ഷണം നൽകുന്നു. വിവിധ ആവശ്യങ്ങൾക്കായി പട്ടണങ്ങളിലെത്തുന്ന(തിരുവനന്തപുരം, കോഴിക്കോട്) സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഈ സൗകര്യം ഉദ്ദേശിച്ചിട്ടുള്ളത്. 2021-22-ൽ പദ്ധതി നടത്തിപ്പിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 73. കൈത്തിരി നാളം

**(വിഹിതം : 0.10 ലക്ഷം രൂപ)**

പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും പ്രളയദുരിതം ബാധിച്ചവർക്കും പ്രകൃതി ദുരന്തങ്ങൾക്കിരയായവർക്കും തൊഴിൽ പരിശീലനം നൽകി ജീവിത മാർഗ്ഗം കണ്ടെത്താൻ സഹായിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി നടത്തിപ്പിനായി 2021-22-ൽ ടോക്കൻ പ്രൊവിഷനായി 0.10 ലക്ഷം രൂപ വകയിരുത്തുന്നു.

### 74. പോക്സോ കേസുകൾ വിചാരണ നടത്തുന്നതിനായി കോടതികൾ സ്ഥാപിക്കൽ (40 % സംസ്ഥാന വിഹിതം )

**(വിഹിതം : 665.00 ലക്ഷം രൂപ)**

പോസ്കോ കേസുകളും ബലാത്സംഗക്കേസുകളും വേഗത്തിൽ തീർപ്പാക്കുന്നതിനായി 14 ജില്ലകളിൽ 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ 2 വർഷകാലയളവിലേക്ക് താല്ക്കാലികമായി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 17 കോടതികൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ളവ തൻവർഷം പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ശമ്പളവും, വേതനവും, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, അത്യാവശ്യ ചെലവുകൾ, സാമഗ്രികൾ വാങ്ങൽ, വാടക, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി 2021-22-ൽ 665.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പുതിയ പദ്ധതികൾ**

### 75. വനിതകൾക്ക് നൈപുണ്യ വികസന പരിശീലനവും തൊഴിലും

**(വിഹിതം : 25.00 ലക്ഷം രൂപ)**

രാജ്യത്ത് സുസ്ഥിര വികസനം കൈവരിക്കുന്നതിന് നമ്മുടെ സമൂഹത്തിൽ വനിതാ ശാക്തീകരണവും ലിംഗപദവി സമത്വവും അത്യന്താപേക്ഷിതമാണ്. നൈപുണ്യ വികസനത്തിലൂടെയും

ഗുണപരമായ വിദ്യാഭ്യാസത്തിലൂടെയും സ്ത്രീകളെയും കുട്ടികളെയും ശാക്തീകരിക്കേണ്ടതാണ്. നൈപുണ്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- സ്ത്രീകളിലെ നൈപുണ്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും മഹിളാ ശക്തികേന്ദ്രവുമായി സംയോജിപ്പിച്ചുകൊണ്ട് നൈപുണ്യ കേന്ദ്രങ്ങൾ
- സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും മറ്റു നൈപുണ്യ ഏജൻസികളു(കെയ്സ്, കുടുംബശ്രീ) മായി സഹകരിക്കൽ
- വ്യവസായ വകുപ്പും കിൻഫ്രയുമായി സംയോജിച്ച് സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ
- സ്ത്രീകൾക്കായി തൊഴിൽ മേള സംഘടിപ്പിക്കൽ
- മറ്റു സർക്കാർ വകുപ്പുകളും ഏജൻസികളുമായി സഹകരിച്ച് വനിതാ തൊഴിൽ പോർട്ടൽ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യൽ.

പദ്ധതി പ്രവർത്തനങ്ങൾക്കായി 2021-22-ൽ 25 ലക്ഷം രൂപ വകയിരുത്തുന്നു.

**76. ആധാർ എൻറോൾമെന്റ് കിറ്റ് വാങ്ങൽ (40 % സംസ്ഥാന വിഹിതം** )

**(വിഹിതം : 464.00 ലക്ഷം രൂപ)**

ആധാർ എൻറോൾമെന്റ് കിറ്റ് 1.50 ലക്ഷം രൂപ നിരക്കിൽ 258 ICDS ഓഫീസുകളിൽ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ടാബ്ലെറ്റ്, സ്കാനർ, പ്രിന്റർ, യു.പി.എസ്. എന്നിവ കിറ്റിൽ ഉൾപ്പെടുന്നു. കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 അനുപാതത്തിലാണ്. 2021-22-ൽ 464.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 9.13 പോഷകാഹാരം

**1. സംയോജിത ശിശു വികസന സേവനങ്ങൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 18800.00 ലക്ഷം രൂപ)**

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ബൃഹത്തായ നാഷണൽ പരിപാടിയാണ് സംയോജിത ശിശുവികസന സേവനങ്ങൾ. കുട്ടിയുടെ ശൈശവാവസ്ഥയിൽ അവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായപെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. അംഗൻവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവെയ്പ്പ്
- ആരോഗ്യ പരിശോധന
- റഫറൽ സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം

ഐ സി ഡി എസ് പദ്ധതി നടപ്പാക്കുന്നത് 33115 അംഗനവാടികേന്ദ്രങ്ങളുടെ ഒരു ബൃഹത് ശൃംഖലയിലൂടെയാണ്. പദ്ധതി നടപ്പിലാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ

ചെലവ്, ഭാരം അളക്കാനുള്ള ഉപകരണങ്ങൾ, അംഗനവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ ഇ സി പ്രവർത്തനങ്ങൾ, അംഗനവാടി ആകസ്മിക ചെലവുകൾ, യൂണിഫോം ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം ഐ.സി.ഡി.എസ് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും തുടങ്ങിയവ നടപ്പാക്കാനുള്ള ചെലവ് ഈ ശീർഷകത്തിൽപ്പെടും. 2021-22-ൽ പദ്ധതി തുടരാൻ 18800.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**2. സംസ്ഥാനത്തെ പോഷകാഹാര വ്യവസ്ഥ, ആഹാരക്രമം എന്നിവയുമായി ബന്ധപ്പെട്ട ഇടപെടൽ പരിപാടികൾ**

**(വിഹിതം : 100.00 ലക്ഷം രൂപ)**

കേരളത്തിൽ പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾ വേഗത്തിൽ ഉയർന്നു വരുന്നു. അച്യുതമേനോൻ സെന്ററിന്റെ 2017 ലെ ആരോഗ്യ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ 18 വയസ്സിനു മുകളിലുള്ളവരിൽ 3/1 പേർക്ക് ഹൈപ്പർ ടെൻഷനും 5/1 പേർക്ക് പ്രമേഹം ഉണ്ടെന്നാണ് വ്യക്തമാകുന്നത്. ഭൂരിപക്ഷം ജനതയും ആരോഗ്യകരമായ ജീവിത രീതിയും ആഹാരക്രമവും പാലിക്കാത്തതിനാൽ കേരള ജനതയുടെ ആഹാര രീതിയിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. പ്രതിരോധ ഘടകങ്ങളിൽ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. പോഷകാഹാര കൗൺസിലിംഗ്, പോഷകാഹാര ബോധവത്ക്കരണം, പകർച്ച വ്യാധികളല്ലാത്ത രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആരോഗ്യപരമായ പോഷകാഹാരത്തിന്റെ പ്രാധാന്യം എന്നിവ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 14 ജില്ലകളിലും പോഷകാഹാര സെല്ല രൂപീകരിക്കേണ്ടതും, പി.എച്ച്.സി. തലത്തിൽ പോഷകാഹാര പ്രവർത്തനങ്ങളും പരിശീലനവും ശക്തിപ്പെടുത്തേണ്ടതും, പോഷകാഹാരവുമായി ബന്ധപ്പെട്ട വിളർച്ച പരിഹരിക്കുന്നതിനുള്ള ഇടപെടൽ പരിപാടികൾ, പോഷകാഹാര ആഴ്ച ആഘോഷങ്ങൾ, മറ്റു പ്രധാന ദിനങ്ങളുടെ ആഘോഷങ്ങൾ ICC/BCC പ്രവർത്തനങ്ങളുടെ പോഷകാഹാര പ്രദർശനവും ശില്പശാലയും ലബോറട്ടറി ഉപകരണങ്ങളും റീ ഏജന്റുകളും വാങ്ങൽ, സംഘടന ചെലവുകൾ JRF, RA മാർക്കുള്ള സ്റ്റൈപൻഡ് , എൻ. ഡി. ഡി ക്ലിനിക്ക് ഇടപെടലുകൾ, സാമൂഹ്യ ഇടപെടൽ പരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പരിപാടികളുടെ നടത്തിപ്പിനായി 2021-22-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**3. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭിയാൻ ) (20% സംസ്ഥാന വിഹിതം)**

**(വിഹിതം : 1632.00 ലക്ഷം രൂപ)**

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി തൽസമയ മോണിട്ടറിംഗ്, പോഷകാഹാരവുമായി ബന്ധപ്പെട്ട വകുപ്പുകളിലെ വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. കേന്ദ്ര സർക്കാർ 2018 മാർച്ച് 8 ന് ചുവടെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനായി പോഷൺ അഭിയാൻ (നാഷണൽ) ന്യൂട്രീഷൻ മിഷൻ ആരംഭിച്ചു. കുട്ടികളിലെ വളർച്ചാ മുരടിപ്പ് 6 ശതമാനമായി കുറയ്ക്കുക (0-6 വയസ്), ജനന സമയത്തെ തൂക്ക കുറവ് 6 ശതമാനം ആയി കുറയ്ക്കുക, കുട്ടികളിലെ വിളർച്ച 6 ശതമാനമായി കുറയ്ക്കുക (6 മാസം മുതൽ 59 മാസം പ്രായമുള്ള), സ്ത്രീകളിലും കൗമാര പ്രായക്കാരായ പേൺകുട്ടികളിലെയും വിളർച്ച 9 ശതമാനമായി കുറയ്ക്കുക, കുട്ടികളിലെ പോഷകാഹാര കുറവ് 6 ശതമാനമായി കുറയ്ക്കുക (0-6) എന്നിവയാണ് ലക്ഷ്യങ്ങൾ. സാമൂഹ്യാധിഷ്ഠിത സംഭവങ്ങൾ, മനുഷ്യ വിഭവശേഷി, നൂതന പരിപാടികൾ , ഐ.ഇ.സി, ഡാറ്റ പ്ലാൻ, ഐ.എൽ.എ. പരിശീലനം, സി.എ.എസ് പരിശീലനവും ഇൻസെന്റീവും എന്നിവയാണ് പ്രവർത്തനങ്ങൾ. പദ്ധതി നടപ്പാക്കാനായി 2021-22-ൽ 1632.00 ലക്ഷം രൂപ വകയിരുത്തുന്നു.

# 10.സാമ്പത്തിക സർവ്വീസുകൾ

## 10.1 സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

### സംസ്ഥാന ആസൂത്രണ ബോർഡ്

1. **സംസ്ഥാന ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ**

**(വിഹിതം:100.00 ലക്ഷം രൂപ)**

നവീന രീതികൾക്ക് അനുസൃതമായി പ്രത്യേകിച്ച്, വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റേയും മേഖലകളിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ ശക്തിപ്പെടുത്തുന്നതിനും ആധുനികവല്ക്കരിക്കുന്നതിനുമുള്ള പദ്ധതിയാണിത്. സംസ്ഥാന പ്ലാൻസ്കീമുകളെ കൂടുതൽ പങ്കാളിത്തപരമാക്കുന്നതിനായി പരിചയ സമ്പന്നരുടെയും വിദഗ്ദരുടേയും ഉപദേശം ലഭ്യമാക്കിക്കൊണ്ട് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ആസൂത്രണ പ്രക്രിയയെ വീണ്ടും പരിഷ്കരിക്കേണ്ടതുണ്ട്. താഴെപ്പറയുന്ന ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും ലൈബ്രറി ശക്തിപ്പെടുത്തുന്നതിനുമായി 2021 -22 ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **എ** | **ഗവേണൻസ്- പ്രവർത്തനങ്ങൾ** | |
| 1 | കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ബൈബാക്ക് അടിസ്ഥാനത്തിൽ മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ, മോണിറ്ററുകൾ, IMS സോഫ്റ്റ് വെയർ, സി.സി.ടി.വി ക്യാമറ, റൂട്ടേഴ്സ്/സ്വിച്ചുകൾ, പെൻഡ്രൈവ്, ഫോട്ടോകോപ്പിയർ, ടോണർ റീഫില്ലിംഗ്, ആന്റിവൈറസ്, മറ്റ് ഇ-ഗവേണൻസ് ഇനങ്ങൾ, ഐ.റ്റി ഉല്പന്നങ്ങൾ | 85.00 |
| 2 | 1. എയർ കണ്ടീഷണറുകൾ, ഫ്രാങ്കിങ് മെഷീൻ, ജനറേറ്റർ, ഇ.പി.എ.ബി.എക്സ്, ഇൻസിനറേറ്റർ എന്നിവയുടെ പരിപാലനവും എ എം സിയും<br>2. പുതിയ എ.സി യൂണിറ്റ് ടെലിഫോണുകൾ, നെറ്റ് സെറ്റർ, ഫ്രാങ്കിംഗ് യന്ത്രം ടോണർ, മറ്റ് ഇലക്ട്രിക്കൽ ഇനങ്ങൾ, 4 ജി ഡാറ്റാ കാർഡ് എന്നിവയുടെ വാങ്ങലും മാസംതോറുമുള്ള ബിൽ അടക്കലും<br>3. സംസ്ഥാന ആസൂത്രണ ബോർഡ് (പുതിയതും പഴയതുമായ കെട്ടിടം) ലെ ചെറിയ അറ്റകുറ്റപണികൾ | |
| 3 | സോഫ്റ്റ് വെയർ വികസിപ്പിക്കുക/വാങ്ങുക/പുതുക്കുക, വെബ്സൈറ്റ്, വീഡിയോ കോൺഫറൻസിംഗ്, എന്നിവയുടെ മെയിന്റനൻസ് ചെലവുകൾ | |
| 4 | ഇ-ഗവേണൻസ് സൗകര്യങ്ങൾക്കും സാങ്കേതിക സഹായങ്ങൾക്കുമുള്ള ഐ.ടി.കൺസൾട്ടൻസി ചെലവുകൾ (മാനവശേഷി) | |
| 5 | കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, റൂട്ടേഴ്സ്/സ്വിച്ചുകൾ, ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീൻ, യു.പി.എസ്., പ്രൊജക്ടർ, ബ്രോഡ്ബാന്റ് കണക്ഷൻ, ഡാറ്റാകാർഡ് എന്നിവയുടെ വാർഷിക മെയിന്റനൻസ് ചെലവുകൾ. (എ.എം.സി) | |
| **ബി** | **സംസ്ഥാന ആസൂത്രണ ബോർഡിലെ ലൈബ്രറിയുടെ ശാക്തീകരണം** | |
| 1 | ജേർണലുകൾ/ ബുക്കുകൾ/പത്രമാധ്യമങ്ങൾ/ കിന്റിൽ ഇ ബുക്ക്റീഡർ വാങ്ങൽ | 15.00 |
| 2 | ഓൺലൈൻ ഡാറ്റാബേസുകളുടേയും ജേർണലുകളുടേയും വാർഷിക വരിസംഖ്യ പുതുക്കുക. | |

| | | |
|---|---|---|
| 3 | ഡാറ്റ മൈഗ്രേഷനും (കെ.ഒ.എച്ച്.എ) ഡിജിറ്റൈസേഷനുമായി ലൈബ്രറിയിൽ കരാറടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിക്കുന്നതിന് | |
| 4 | ഡോക്യുമെന്റ് സ്കാനർ വാങ്ങൽ | |
| | **ആകെ** | **100.00** |

## 2. ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ

**(വിഹിതം:1427.00 ലക്ഷം രൂപ)**

രണ്ടാം ഘട്ട വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിനായി, വിവര സാങ്കേതിക വിദ്യയും, ഇ-ഗവേണൻസും ലഭ്യമാക്കുന്ന സാധ്യതകൾ സ്വായത്തമാക്കുന്നതിന് ജില്ലാ ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും/ഡി.പി.സി കെട്ടിടങ്ങളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2021-22 വാർഷിക പദ്ധതി കാലയളവിൽ എല്ലാ ജില്ലകളിലെയും ജില്ലാ ആസൂത്രണ സമിതി കെട്ടിടങ്ങൾ പൂർത്തീകരിക്കാനും ലക്ഷ്യമിടുന്നു. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1427.00 ലക്ഷം രൂപ വകുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ജില്ലാ ആസൂത്രണ സമിതി കെട്ടിടങ്ങളുടെ പൂർത്തീകരണവും സജ്ജീകരണവും- ഡിപിസി സെക്രട്ടറിയറ്റ് കെട്ടിടത്തിന്റെയും അനുബന്ധ സംവിധാനങ്ങളുടെയും ഉപകരണങ്ങളുടെയും നവീകരണവും പരിപാലനവും, കെഎസ്ഇബി, ഫയർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവക്കുള്ള ചാർജ്ജുകൾ | 1250.00 |
| 2 | വിവരസാങ്കേതികവിദ്യയുടെ മികച്ച ഉപയോഗം സാധ്യമാക്കുന്നതിനുവേണ്ട കമ്പ്യൂട്ടറുകൾ, യു.പി.എസുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പി മെഷീനുകൾ, ഐ.ടി, സാമഗ്രികൾ, വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവയുടെ വാങ്ങലും അറ്റകുറ്റപ്പണികളും എ.എം.സി ചാർജ്ജുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും | 75.00 |
| 3 | ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ | 3.00 |
| 4 | ജില്ലാ പദ്ധതികൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ. | 14.00 |
| 5 | എംപിലാഡ്സ്, മറ്റ് വികസന പദ്ധതികൾ എന്നിവയുടെ മോണിറ്ററിംഗിനായി ഓരോ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും വാഹനം വാടകയ്ക്കെടുക്കൽ | 25.00 |
| 6 | ഡി.പി.സി മെമ്പർമാരുടെ ടി.എ, ഓണറേറിയം. | 36.00 |
| 7 | ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനം.<br>• ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശിൽപശാലകൾ, പഠനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുക.<br>• മാതൃകാ പദ്ധതികളുടെ പഠനവും ഡോക്യുമെന്റേഷനും നടത്തുക.<br>• വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുക/തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആവശ്യ പ്രകാരം ഡി.പി.സി | 14.00 |

| | | |
|---|---|---|
| | അംഗീകാരത്തോടെ സാധ്യതാ പഠനങ്ങൾ നടത്തുക.<br>• ജില്ലാ ആസൂത്രണ സമിതികൾ സംഘടിപ്പിക്കുന്ന സെമിനാറുകൾക്കും പരിശീലന പരിപാടികൾക്കും സാങ്കേതിക സഹായം നൽകുക.<br>• ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും, ജില്ലാ പദ്ധതിയും സംബന്ധിച്ച റിപ്പോർട്ടുകളും ജില്ലാ റിസോഴ്സ് സെന്റർ അനൗദ്യോഗിക അംഗങ്ങളുടെ സിറ്റിംഗ് ഫീസ്.<br>• മീറ്റിംഗുകളുടെ നടത്തിപ്പിന്റെ ഭരണപരമായ ചെലവുകൾ. | |
| 8 | വികേന്ദ്രീകൃത ആസൂത്രണത്തിനായുള്ള പരിശീലനം/ശില്പശാലകൾ/ പഠനം | 10.00 |
| | **ആകെ** | **1427.00** |

**3. പദ്ധതികൾ തയ്യാറാക്കുക, സർവ്വേകളും പഠനങ്ങളും നടത്തുക**

**(വിഹിതം: 428.00 ലക്ഷം രൂപ)**

സർവ്വേകളും പഠനങ്ങളും നടത്തുക, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക, വിവിധ പദ്ധതികൾ തയ്യാറാക്കുക, പ്ലാൻ സ്പേയിസിന്റെ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യം. 2021-22 ൽ നടപ്പാക്കാനുദ്ദേശിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 428.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | **പ്ലാൻ കോ-ഓഡിനേഷൻ വിഭാഗം** | |
| 1 | ദേശീയ അന്തർദേശീയ തലത്തിൽ വൈദഗ്ധ്യം തെളിയിച്ചവരെ ക്ഷണിച്ചുവരുത്തി പ്രഭാഷണങ്ങൾ, ശില്പശാലകൾ, പഠന ശിബിരങ്ങൾ മുതലായവ നടത്തുക. | 3.00 |
| 2 | **ഇ-ഗവേണൻസും പദ്ധതി നിരീക്ഷണ ഉദ്യമങ്ങളും** | |
| 2.1 | സംസ്ഥാനത്തിലെ വിവിധ വകുപ്പുകൾ നടത്തുന്ന പദ്ധതികളുടെ ആസൂത്രണം, നിരീക്ഷണം, വിലയിരുത്തൽ എന്നിവയ്ക്ക് സർക്കാരിനെ സാധ്യമാക്കിത്തീർക്കുന്ന ഒരു വെബ് അധിഷ്ഠിത സംയോജിത വിവര സംവിധാനമാണ് പ്ലാൻ സ്പേസ് കേരള. പദ്ധതികളുടെയും അവയുടെ ഘടകങ്ങളുടേയും ഭൗതിക സാമ്പത്തിക പുരോഗതി വിലയിരുത്തുന്ന ഒരു ജി ടുജി ഇ-ഗവേണൻസ് സംവിധാനമാണിത്. വിവിധതലത്തിലുള്ള നിരീക്ഷണത്തിനും വിലയിരുത്തലിനും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുമുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ആയി ഈ സംവിധാനം പ്രവർത്തിക്കുന്നു.<br><br>വിവിധ ഭരണതലങ്ങളിൽ എം.ഐ.എസിനായി വിവിധ തരം റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതുമൂലമുള്ള ഡാറ്റാ വലിപ്പവും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. പ്ലാൻ, നോൺ പ്ലാൻ പദ്ധതികളുടെ മേഖല, ഉപമേഖല പദ്ധതി, ചിലപ്പോൾ യുണിക് കമ്പോണന്റ് എന്നിവ ഉൾപ്പെടുത്തി ഭൗതിക ലക്ഷ്യത്തിന്റെ ഫലപ്രദമായ നിരീക്ഷണം പ്രാപ്തമാക്കുന്നതിനായി പ്ലാൻസ്പേസിന്റെ വ്യാപ്തി കൂടുതൽ സവിശേഷതകളോടെ വിപുലീകരിക്കേണ്ടതുണ്ട്. അതിനാൽ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിലെ പൊതു നിക്ഷേപത്തിന്റെ ഉല്പ്പാദനക്ഷമത, കാര്യക്ഷമത ഉൾപ്പെടെയുള്ളവ വിശകലനം ചെയ്യുന്നതിനായി മികച്ച സവിശേഷതകളുള്ള | 120.00 |

| | | |
|---|---|---|
| | പോർട്ടലിന്റെ ഏറ്റവും പുതിയ പതിപ്പ് പ്ലാൻ സ്പേസ്-2 വികസിപ്പിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ഇത് പദ്ധതി നടത്തിപ്പിന് ഒരു പൊതു ഇടം നൽകുകയും സാമൂഹ്യ ഓഡിറ്റിന് വളരെയധികം സൗകര്യപ്രദമാക്കുകയും ചെയ്യും. പൊതുജനാഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി സാമൂഹ്യ മാധ്യമങ്ങളുടെ സഹായത്തോടെ ഒരു പ്ലാറ്റ് ഫോംകൂടി വിഭാവനം ചെയ്യുന്നു. സോഫ്റ്റ് വെയർ നവീകരണം, സോഫ്റ്റ്‌വെയർ ഉപയോഗ്യമാക്കുന്നതിനുള്ള മനുഷ്യ വിഭവം , സാങ്കേതിക വിദ്യ വികസിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ, സംസ്ഥാനത്തെയും ഫീൽഡ് തലത്തിലെയും ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെടുത്തി നിലവിലെ പ്ലാൻസ്പേയ്സ് സോഫ്റ്റ് വെയറിനെ പ്ലാൻസ്പേസ് -2 ലേക്ക് അപ്ഗ്രേഡുചെയ്യാൻ ഉദ്ദേശിക്കുന്നു.<br><br>സാങ്കേതികവിദ്യാ വികസനം - പ്ലാൻ സ്പേയിസ് പ്രോജക്റ്റിന്റെ തുടർച്ചയായ വികസനത്തിനും മെയിന്റനൻസിനുമുള്ള മാനവശേഷിയുമായി ബന്ധപ്പെട്ട ചെലവുകൾ, ജില്ലാതല എം.ഐ.എസ് റിപ്പോർട്ടുകൾ തയ്യാറാക്കൽ, എം.എൽ.എ.എസ്.ഡി.എഫ് MIS, ഡി.ഡി.സി യുമായി ബന്ധപ്പെട്ടുള്ള MIS സിസ്റ്റം, തുടർച്ചയായ സിസ്റ്റം മെയിന്റനൻസ് (IIITM-K).<br>എ) പ്ലാൻ സ്പേയ്സ് അപ്ലിക്കേഷൻ വികസിപ്പിക്കൽ, ഡാറ്റാ പുതുക്കൽ, മെയിന്റനൻസ് എന്നിവക്കായി രണ്ട് സീനിയർ സോഫ്റ്റ് വെയർ എൻജിനിയർമാരുടെ മാനവശേഷി ചെലവ്<br>ബി) തുടർച്ചയായ സിസ്റ്റം സപ്പോർട്ടിനും, വികസനത്തിനും ആവശ്യമായ ഒരു സീനിയർ ടെക്നിക്കൽ അസിസ്റ്റന്റിന്റെ മാനവശേഷി ചെലവ് .<br>സി) പ്ലാൻ സ്പേയിസ് വേർഷൻ (2) എസ്റ്റാബ്ലിഷ് ചെയ്യുക.<br>ഡി) ജില്ലാ തലത്തിൽ ഡാറ്റാ അപ് ലോഡ്ചെയ്യുന്നതിന് 14 ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും സംസ്ഥാന ആസൂത്രണ ബോർഡിലെ പദ്ധതി ഏകോപന വിഭാഗത്തിലും മാനവശേഷി ലഭ്യമാക്കുന്നതിന് കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന പ്രോജക്ട് അസ്സോസിയേറ്റ്മാർക്ക് ഒരു വർഷത്തേക്കുള്ള മാനവശേഷി ചെലവ്<br>(14 ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും എസ്.പി.ബി യിലും) | |
| 2.2 | സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രോജക്ട് ഓഫീസറുടെ മാനവശേഷി ലഭ്യമാക്കുന്നതിനുള്ള ചെലവ്. (ഒരു വർഷത്തേക്കുള്ള ചെലവ്) | 10.00 |
| 2.3 | സംസ്ഥാന തല 'യൂസർ ലെവൽ പരിശീലനം' (വകുപ്പ ഉപയോക്താക്കൾക്കുള്ള) ടെക്നോ പാർക്കിലെ IIITM – K യിൽ വിവിധ ബാച്ചുകൾക്ക് യൂസർ പരിശീലനം' (204 വകുപ്പുകൾ/ഏജൻസികൾ എന്നിവയിൽ നിന്ന് 600 ഓഫീസർമാർ) (പരിശീലന കിറ്റുകൾ, പരിശീലന സാമഗ്രികളുടെ ഒരുക്കൽ, സ്റ്റേഷനറി, ഉച്ച ഭക്ഷണം, ചായ/ലഘു ഭക്ഷണം എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ) | 3.00 |
| 2.4 | ജില്ലാ തല യൂസർ പരിശീലനം (വിവിധ തലങ്ങളിൽ വകുപ്പ ഉപയോക്താക്കൾക്കുള്ള പരിശീലനം). ജില്ലാ തലത്തിൽ എം.എൽ.എ.എസ്.ഡി.എഫ് സംവിധാനം ഉൾപ്പെടെ 60 വകുപ്പുകൾ/ഏജൻസികളിൽ നിന്നും 120 വകുപ്പ തല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം. ഓരോ ജില്ലയിൽ നിന്നും ജില്ലാ പ്ലാനിംഗ് ഓഫീസർമാരാണ് പരിശീലനം സംഘടിപ്പിക്കുന്നത്. (പരിശീലന കിറ്റുകൾ, പരിശീലന സാമഗ്രികളുടെ ഒരുക്കൽ, സ്റ്റേഷനറി, ചായ/ലഘു ഭക്ഷണം വേദി ഒരുക്കൽ, | 3.00 |

| | | |
|---|---|---|
| | യാത്രാ ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ) | |
| 2.5 | ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓവർ ഹെഡ് ചാർജ്ജുകൾ/പ്രവർത്തന ചെലവുകൾ. | 3.00 |
| 3 | വെബ്അധിഷ്ഠിത സാമ്പത്തിക അവലോകനം വികസിപ്പിച്ചെടുക്കുക. പ്രീ-പ്രസ് ജോലികൾ ഉൾപ്പെടെ | 8.00 |
| 4 | സംസ്ഥാന ആസൂത്രണ ബോർഡിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ഉന്നത പഠനം. | 50.00 |
| 5 | മുഖ്യമന്ത്രിയുടെ പോസ്റ്റ് ഡോക്ടറൽ ഫെലോസ് | 50.00 |
| 6 | സംസ്ഥാന ആസൂത്രണ ബോർഡിലെ ഡിവിഷനുകൾക്കും ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും പ്രൊഫഷണൽ അഡ്വൈസറി സപ്പോർട്ട് സിസ്റ്റം- യോഗ്യതയും അനുഭവജ്ഞാനവുമുള്ള പ്രൊഫഷണലുകളുടെ സേവനം ആവശ്യമുള്ളപ്പോൾ സംസ്ഥാന ആസൂത്രണ ബോർഡിലെ ഡിവിഷനുകളിലും, ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ലഭ്യമാക്കുന്നതിന്- പ്രതിഫലം നൽകുന്നതിനുള്ള ചെലവുകൾ. | 15.00 |
| | **സബ് ടോട്ടൽ (1)** | **265.00** |
| II | **വിലയിരുത്തൽ വിഭാഗം** | |
| 1 | സംസ്ഥാന ആസൂത്രണ ബോർഡിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും, ദേശീയ/അന്തർ ദേശീയ സ്ഥാപനങ്ങളിൽ പരിശീലനം നൽകൽ | 49.10 |
| 2 | പ്രസിദ്ധ സർവ്വകലാശാലകളിലേയും, സ്ഥാപനങ്ങളിലേയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുവേണ്ടി/സമ്പദ് വ്യവസ്ഥയുടെ വളർച്ചയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം | 3.90 |
| 3 | സംസ്ഥാന ആസൂത്രണ ബോർഡ് നടത്തുന്ന സർവ്വേകളും പഠനങ്ങളും, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ | 75.00 |
| | **സബ്ടോട്ടൽ (II)** | **128.00** |
| III | **പ്ലാൻ പബ്ലിസിറ്റി** | |
| 1 | പ്രിന്റിംഗ് ജോലികളും മറ്റ് ചെലവുകളും | 25.00 |
| 2 | മലയാളം ഭരണഭാഷയാക്കി മാറ്റുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ. | |
| 3 | സാമ്പത്തിക അവലോകനം, പ്രോഗ്രാം ബുക്കുകൾ, അനുബന്ധം IV എന്നിവയുടെ വിതരണം. | |
| 4 | ബയോ മെട്രിക് പഞ്ചിംഗ് മെഷീനിന്റെ എ.എം.സി, ഐ.ഡി കാർഡ് എന്നിവ | |
| 5 | വർത്തമാന പത്രങ്ങളിലെ പരസ്യ ചെലവ്. | |
| | **സബ്ടോട്ടൽ (III)** | **25.00** |
| IV | **പബ്ലിക്കേഷൻ** | |
| 1 | സംസ്ഥാന ആസൂത്രണ ബോർഡ് നടത്തുന്ന വിവിധ യോഗങ്ങൾ | **10.00** |
| | **സബ്ടോട്ടൽ (IV)** | **10.00** |
| | **ആകെ** | **428.00** |

**4.സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണിച്ചറും വാങ്ങൽ**

**(വിഹിതം: 35.00 ലക്ഷം രൂപ)**

2021-22 ൽ സംസ്ഥാന ആസൂത്രണ ബോർഡിനും ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും വാഹനങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് 35.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വാഹനങ്ങളുടെ മാറ്റി വാങ്ങൽ/ പുനസ്ഥാപിക്കൽ | 20.00 |
| 2 | ഫർണ്ണീച്ചർ വാങ്ങൽ | 15.00 |
| | **ആകെ** | **35.00** |

**5.സംസ്ഥാന ആസൂത്രണ ബോർഡിന് കെട്ടിട നിർമ്മാണം/നവീകരണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സംസ്ഥാന ആസൂത്രണ ബോർഡിന് സ്റ്റാഫ് ക്വാർട്ടേഴ്സ്, കെട്ടിടം എന്നിവയുടെ നിർമ്മാണം/നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യൂണിറ്റ് (സി പി എം യു )**

**6. സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യൂണിറ്റ് ആധുനികവൽക്കരണം**

**(വിഹിതം: 63.00 ലക്ഷം രൂപ)**

സംസ്ഥാന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ, വിദേശ സഹായ പദ്ധതികൾ, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പ്രോജക്ടുകൾ, ഇരുപതിന പരിപാടി നടത്തിപ്പ്, എം.പി. മാരുടെ പ്രാദേശിക വികസന പരിപാടി, എസ് ഡി ജീസ്, നവകേരളം കർമ്മ പദ്ധതി, നീതി ആയോഗ് പ്രവർത്തനങ്ങൾ, പി.പി.പി പ്രോജക്ടുകൾ, പദ്ധതി നിരീക്ഷണത്തിന് മുഖ്യ മന്ത്രിയുടെ വെബ് പോർട്ടൽ പരിഷ്കരിക്കൽ, പദ്ധതി നിരീക്ഷണത്തിന് പ്രധാന മന്ത്രിയുടെ വെബ് പോർട്ടൽ പരിഷ്കരിക്കൽ, കേന്ദ്ര സംസ്ഥാന സർക്കാരിന്റെ മറ്റു മുൻഗണനാ പദ്ധതികൾ എന്നിവക്കായി ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിൽ ഒരു സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. മുകളിൽ പറഞ്ഞ പ്രോജക്ടുകൾ/പദ്ധതികൾ/പ്രോജക്ടുകളുടെ നിർവഹണം എന്നിവ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിന് 2021-22 ൽ 63.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമനം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സി.പി.എം.യു ആധുനിക വൽക്കരണം | 20.00 |
| 2 | സംസ്ഥാനത്തെ എസ്.ഡി.ജി സ്കീമുകളുടെ നിർവ്വഹണം, നിരീക്ഷിക്കൽ | 43.00 |
| | **ആകെ** | **63.00** |

**7. ജില്ലാ ആസൂത്രണ സമിതികൾ/ജില്ലാ വികസന സമിതികൾ**

**(വിഹിതം: 35.00 ലക്ഷം രൂപ)**

എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതികളും ജില്ലാ വികസന സമിതികളും പ്രവർത്തിച്ചു വരുന്നു. ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും ജില്ലാ വികസന സമിതികൾ കൂടാറുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ ഭരണഘടനാസമിതികൾ എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ അംഗീകരിക്കുന്നതിനായും ജില്ലയുടെ മൊത്തമായുള്ള വികസനം നിരീക്ഷിക്കുന്നതിനായും തുടർച്ചയായി യോഗം ചേരുന്നുണ്ട്. ഡി.പി.സി/ഡി.ഡി.സി മീറ്റിംങ്ങുകൾ ചേരുന്നതിനുള്ള അനുബന്ധ ചെലവുകൾക്കായും റീ ബിൽഡ് കേരള

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പ്രത്യേക മീറ്റിംങ്ങുകൾക്കായും, നീതി ആയോഗ് പ്രവർത്തനങ്ങൾക്കായും, ആസ്പിരേഷണൽ ഡിസ്ട്രിക്റ്റ് പ്രോഗ്രാമിനായും 2021-22 ൽ 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡിഡിസി/ഡിപിസി 45-പി.ഒ.എൽ | 7.40 |
| 2 | ഡിഡിസി/ഡിപിസി04 യാത്രാചെലവുകൾ- 1-ടൂർ ടി.എ | 6.90 |
| 3 | ഡിഡിസി/ഡിപിസി 34 മറ്റു ചെലവുകൾ | 10.70 |
| 4 | ഡിഡിസി/ഡിപിസി 05-ഓഫീസ് ചെലവുകൾ-4- മറ്റിനങ്ങൾ | 10.00 |
| | **ആകെ** | **35.00** |

**8.ഹരിത കേരളം മിഷൻ ഏകോപനം**

**(വിഹിതം: 31.00 ലക്ഷം രൂപ)**

ഹരിത കേരളം മിഷന്റെ നോഡൽ വകുപ്പ് ആയ ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിന് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ൽ 31.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നോഡൽ വകുപ്പിന്റെ ഭരണപരമായ ചെലവുകൾ | 17.40 |
| 2 | മിഷൻ മോണിറ്ററിംഗ് ടീമിന്റെ ഭരണ ചെലവുകൾ | 13.00 |
| 3 | എസ്.എൽ.ഇ.സി യുടേയും മിഷൻ യോഗങ്ങളുടേയും ചെലവുകൾ | 0.60 |
| | **ആകെ** | **31.00** |

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

**ഐ.എം.ജി**

**9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്**

**(വിഹിതം: 550.00 ലക്ഷം രൂപ)**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നത് സംസ്ഥാനത്തിന്റെ അപ്പെക്സ് പരിശീലന സ്ഥാപനമാണ്. സംസ്ഥാന ഭരണകൂടത്തിന്റെ പദ്ധതി പദ്ധതിയിതര ബജറ്റ് പിന്തുണയോടെ നിലനിൽക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. സംസ്ഥാന പരിശീലന നയപ്രകാരം (എസ്. ടി. പി) വിവിധ വകുപ്പുകളിലും ഓർഗനൈസേഷൻസിലും വിവിധ തലങ്ങളിൽ വിവിധ പരിശീലക പ്രോഗ്രാമുകൾ നൽകുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ മൂന്ന് കാമ്പസുകളും വർഷം മുഴുവനും തുടർച്ചയായ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. മികവുള്ള പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി സൗകര്യം, താമസം എന്നിവയ്ക്കായി ഐ.എം.ജിക്ക് സഹായം ആവശ്യമുണ്ട്. 2021-22 കാലഘട്ടത്തിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. മികച്ച സേവനം നൽകുന്നതിന് സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2021-22 വർഷം 550.00 ലക്ഷം രൂപ വിഹിതം വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഹോസ്റ്റലുകൾ വീണ്ടെടുക്കൽ, വൃത്തിയാക്കൽ, പ്രവർത്തനക്ഷമമാക്കൽ | 550.00 |
| 2 | ഐടി ഇൻഫ്രാസ്ട്രക്ചർ, വെബ്സൈറ്റ് എന്നിവയുടെ നവീകരണം | |
| 3 | റെക്കോർഡിംഗ്, എഡിറ്റിംഗ്, അനുബന്ധ സൗകര്യങ്ങൾ എന്നിവ സൃഷ്ടിക്കൽ | |
| 4 | കമ്പ്യൂട്ടറുകളും ഓഡിയോ-വിഷ്വൽ ഉപകരണങ്ങളും വാങ്ങൽ | |
| 5 | പൊതു അടിസ്ഥാന സൗകര്യ വികസനം: പരിശീലന ഹാളുകളുടെ നവീകരണം | |
| 6 | മറ്റു ശമ്പള ഇതര ഇനങ്ങൾ | |
| ആകെ | | **550.00** |

**10.പരിശീലന പരിപാടികൾ – എസ്.ടി.പി**

**(വിഹിതം :1800.00 ലക്ഷം രൂപ)**

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഘടകമാണ് എസ്.ടി.പി. സംസ്ഥാന പരിശീലന നയപ്രകാരം 55 ൽ അധികം വകുപ്പുകളുടെ വ്യക്തിഗത പരിശീലനത്തിനായി 1500 ഓളം പരിശീലന പരിപാടികൾ ഐ.എം.ജി നടത്തുന്നുണ്ട്. താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ 1800.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാന സർക്കാർ ഓഫീസർമാർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം | 1800.00 |
| 2 | കെ.എ.എസ്സിനുള്ള പ്രത്യേക പരിശീലനം | |
| 3 | ഫാക്കൽറ്റികൾക്ക് കാര്യശേഷി വികസനം | |
| 4 | സെന്റർ ഫോർ ഗുഡ് ഗവേർണൻസ് | |
| 5 | മറ്റ് ഓൺലൈൻ വെബിനാറുകളും ഇഷ്ടാനുസൃത ഇ-ഗവേണൻസ് പ്രോഗ്രാമുകളും | |
| | ആകെ | **1800.00** |

**സി.ഡി.എസ്**

**11. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ് )**

**(വിഹിതം: 335.00 ലക്ഷം രൂപ)**

വികസന പ്രസക്തമായ വിഷയങ്ങളിൽ അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി 1971 ൽ തിരുവനന്തപുരത്ത് സ്ഥാപിതമായതാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്. കേരള സർക്കാരും, ഇന്ത്യൻ സാമൂഹ്യ ശാസ്ത്ര കൗൺസിലും ഗ്രാന്റ് നൽകുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ ഫലമായി സി.ഡി.എസ്. അക്കാദമിക് ഗവേഷണമികവുള്ള ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി മാറിയിട്ടുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രതിഭകളെ അത് ആകർഷിക്കുന്നുണ്ട്. 2021-22 വർഷത്തേക്ക് 335.00 ലക്ഷം രൂപയാണ് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി സെന്ററിന് വകയിരുത്തുന്നത്. താഴെപറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക വിനിയോഗിക്കേണ്ടത്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ലൈബ്രറിക്ക് ബുക്കുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഡാറ്റാബെയ്സും വാങ്ങൽ | 335.00 |
| 2. | കമ്പ്യൂട്ടർ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | |
| 3. | ക്യാമ്പസിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യൽ | |
| 4. | ഫർണിച്ചറുകൾ വാങ്ങലും ഫർണീഷിങ്ങും | |
| 5. | ഓഫീസ് ഉപകരണങ്ങൾ വാങ്ങുക | |
| 6. | വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് | |
| 7. | ക്യാമ്പസ് കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണവും സംരക്ഷണവും | |
| 8. | പ്രസിദ്ധീകരണവും റിസർച്ച് സപ്പോർട്ടും | |
| | **ആകെ** | **335.00** |

**നിയമസഭ**

**12. നിയമസഭ സെക്രട്ടറിയേറ്റിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിവരവിനിമയ സംവിധാനം/എം.എൽ.എ.മാർക്ക്**

**(വിഹിതം:79.20 ലക്ഷം രൂപ)**

നിയമസഭാ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച പരിപാടിയാണിത്. മുൻവർഷങ്ങളിലായി നിയമസഭ സെക്രട്ടേറിയറ്റിലെ ഏതാണ്ട് എല്ലാ വിഭാഗങ്ങളും കമ്പ്യൂട്ടർവല്ക്കരിച്ചു കഴിഞ്ഞു. ഈ പ്രോജക്റ്റ് തുടരുന്നതിനായി 2021-22 ൽ 79.20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ.നം | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നിയമസഭാ സെക്രട്ടറിയേറ്റിലെ കമ്പ്യൂട്ടർ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 79.20 |
| 2 | നിയമസഭാ സെക്രട്ടേറിയേറ്റിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം | |
| 3 | നിയമസഭാ സെക്രട്ടറിയേറ്റിലെ കമ്പ്യൂട്ടർ സൗകര്യങ്ങളുടെ നവീകരണം | |
| 4 | നിയമസഭാ സാമാജികരുടെ കമ്പ്യൂട്ടർ സൗകര്യങ്ങളുടെ നവീകരണം | |
| 5 | സാമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകൽ | |
| 6 | ഇ-നിയമസഭാ പ്രോജക്ട് നിർവ്വഹണം | |
| 7 | സഭ ടി വി | |
| 8 | ശങ്കര നാരായണൻ തമ്പി ലോഞ്ചിന്റെ അടിസ്ഥാന സൗകര്യ നവീകരണം | |
| | **ആകെ** | **79.20** |

**13. കേരള നിയമസഭാ ലൈബ്രറി ആധുനികവൽക്കരിക്കൽ**

**(വിഹിതം:12.80 ലക്ഷം രൂപ)**

കേരള നിയമസഭ സെക്രട്ടറിയേറ്റ് ലൈബ്രറി ആധുനികവൽക്കരണത്തിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് വിവര സാങ്കേതിക

വിദ്യയിലധിഷ്ഠിതമായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 12.80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | 12.80 |
| 2 | ബുക്ക് ഷെൽഫ് വാങ്ങൽ | |
| 3 | വുഡൻ ന്യൂസ് പേപ്പർ ഷെൽഫ് വാങ്ങൽ | |
| 4 | ഗ്ലാസ് ഡോറുകളുള്ള വുഡൻ അലമാര | |
| 5 | കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, എന്നിവ വാങ്ങൽ | |
| 6 | കുട്ടികളുടെ ലൈബ്രറി | |
| | **ആകെ** | **12.80** |

**ട്രഷറി**

**14. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം**

**(വിഹിതം :740.00 ലക്ഷം രൂപ)**

ട്രഷറി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും വെബ് അധിഷ്ഠിത സെൻട്രൽ സർവർ ആർക്കിടെക്ചറിൽ ട്രഷറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വകുപ്പിന് കാര്യക്ഷമമായ ഐ.സി.റ്റി അടിസ്ഥാന സൗകര്യം ഉണ്ടെങ്കിലും ആയത് പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് വേഗത്തിലും ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പ് വരുത്തുന്നതിന് നിരവധി അധിക സൗകര്യങ്ങൾ ആവശ്യമാണ്. ആയതിനാൽ ഡീസൽ ജനറേറ്റർ സെറ്റിന്റെ സൗകര്യം നൽകുക, ഐസിറ്റി അടിസ്ഥാന സൗകര്യത്തിന്റെ പരിപാലനത്തിനായി ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം നൽകുക, സി.സി.ടി.വി ക്യാമറ നിരീക്ഷണം, അഗ്നിരക്ഷാ സംവിധാനം, ക്യൂ മാനേജ്മെന്റ് സിസ്റ്റം, യു.പി.എസ് ബാറ്ററി മാറ്റൽ എന്നിവ നൽകി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ള സേവനം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷം 740.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | യു.പി.എസ്, ബാറ്ററി എന്നിവ വാങ്ങൽ | 740.00 |
| 2 | ഡീസൽ ജനറേറ്റർ സെറ്റുകൾ വാങ്ങൽ | |
| 3 | കറൻസി കൗണ്ടിംഗ് കം സോർട്ടിംഗ് മെഷീനുകൾ | |
| 4 | ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം | |
| 5 | റെയിൽ ടെൽ ലിമിറ്റഡ് ലീസ് ലൈൻ ഉപയോഗ ചാർജ്ജുകൾ | |
| 6 | ബിഎസ്എൻഎൽ ലീസ് ലൈൻ കണക്ടിവിറ്റി ചാർജ്ജുകൾ | |
| 7 | കമ്പ്യൂട്ടർ / ഐടി / ഐസിടി സാമഗ്രികൾ | |
| 8 | സിസിടിവി നിരീക്ഷണവും വീഡിയോ കോൺഫറൻസിംഗിനുള്ള സൗകര്യവും | |
| 9 | അഗ്നി സുരക്ഷാ സംവിധാനം | |
| 10 | ബയോ മെട്രിക് ലോഗിൻ മാനേജ്മെന്റ് ഉപകരണം | |
| 11 | ഓട്ടോമാറ്റിക് പാസ്ബുക്ക് പ്രിന്ററുകൾ | |
| 12 | ക്യൂ മാനേജ്മെന്റ് സിസ്റ്റം | |
| 13 | ആധുനിക ഫർണിച്ചർ സെറ്റുകളുടെ വിതരണം | |
| | **ആകെ** | **740.00** |

## 15. ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനവും സെൻട്രൽ സെർവ്വർ സിസ്റ്റം സ്ഥാപിക്കലും

**(വിഹിതം: 1124.00 ലക്ഷം രൂപ)**

ട്രഷറികളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പഴയതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ എല്ലാ ട്രഷറി കെട്ടിടങ്ങൾക്കും ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിട നിർമ്മാണം, ആധുനിക സൗകര്യങ്ങളോടുകൂടി നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സെൻട്രൽ സെർവർ സിസ്റ്റത്തിന്റെ നവീകരണം, സോഫ്റ്റ് വെയർ ലൈസൻസ്, ഐ.എഫ്.എം.എസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 2021-22 വർഷം 1124.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ട്രഷറി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രൊജക്റ്റ് (ടി.ഐ.ഡി.പി) - (കെട്ടിട നിർമ്മാണം ) | 1000.00 |
| 2 | സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സെൻട്രൽ സെർവറിന്റെ ഇൻസ്റ്റലേഷനും കമ്മീഷനിംഗും | 1.00 |
| 3 | ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററിനും സിസ്റ്റം അഡ്മിനിസ്ട്രേറ്ററിനുമുള്ള മാനവശേഷി സപ്പോർട്ട് ചാർജുകൾ | 10.00 |
| 4 | ഹാർഡ് വെയർ അപ്ഗ്രഡേഷൻ/ഐ.റ്റി ഉപകരണത്തിന്റെ പുനഃസ്ഥാപനം | 40.00 |
| 5 | ഐ.എസ്.ഒ 27001 സർട്ടിഫിക്കേഷൻ സർവീസ് ചാർജുകൾ | 40.00 |
| 6. | റെയിൽ ടെൽ ലിമിറ്റഡിന് തടസ്സരഹിത നെറ്റ്‌വർക്കിങ്ങിനുള്ള ചാർജുകളും ബിഎസ്എൻഎൽ ലിമിറ്റഡിന് ബാധ്യത ആയുള്ള 10 എം.ബി.പി.എസ് ചാർജുകളും | 15.00 |
| 7. | റെക്കോർഡുകൾ / പെൻഷൻ ബുക്കുകൾ / സേവന പുസ്തകങ്ങളുടെ പ്രിസർവേഷനും ഡിജിറ്റൈസേഷനും | 10.00 |
| 8 | ഐ.ബി.എം.ഡി.ബി 2 സോഫ്റ്റ്‌വെയർ ലൈസൻസിന്റെ സബ്സ്ക്രിപ്ഷനും പിന്തുണയും | 8.00 |
| | **ആകെ** | **1124.00** |

## 16. ട്രഷറി വകുപ്പിലെ കാര്യശേഷി വികസനവും സേവന സംവിധാനം മെച്ചപ്പെടുത്തലും

**(വിഹിതം:60.00 ലക്ഷം രൂപ)**

ട്രഷറി ഓഫീസർമാർക്ക് ട്രഷറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പുതിയ സാങ്കേതിക കാര്യങ്ങളിൽ വിവിധ തലത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഐ.എഫ്.എം.എസ് പരിശീലനം, സാങ്കേതിക പരിശീലനം, സൂപ്പർവൈസറി സ്കിൽ ഡെവലപ്മെന്റ് സ്കീം, ബേസിക് & അഡ്വാൻസ്ഡ് പരിശീലന പരിപാടി തുടങ്ങിയവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. 2021-22 ൽ താഴെപറയുന്ന ഘടകങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഐ.എഫ്.എം.എസ് പരിശീലനങ്ങൾ. | 20.00 |
| 2 | സൂപ്പർവൈസറി സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം | 20.00 |
| 3 | ബേസിക്/അഡ്വാൻസ്ഡ് പരിശീലന പരിപാടികൾ. | 10.00 |
| 4 | വിവിധതരം ഇൻഹൗസ് പരിശീലന പരിപാടികൾ | 10.00 |
| | **ആകെ** | **60.00** |

**രജിസ്ട്രേഷൻ**

**17. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണം**

**(വിഹിതം: 525.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യാമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് കമ്പ്യൂട്ടറൈസേഷൻ. ഈ പ്രോഗ്രാമിന്റെ ലക്ഷ്യം ബലഹീനതയെ മറികടക്കുക എന്നതും കാര്യക്ഷമതയെ ശക്തിപ്പെടുത്തുക എന്നതും അതുവഴി ഫലപ്രദവും സുതാര്യവുമായ സേവനങ്ങൾ നൽകുക എന്നതുമാണ്. താഴെപറയുന്ന ഘടകങ്ങൾ നടപ്പാക്കുന്നതിനായി 2021-22 ൽ 525.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ. നം | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സമഗ്രമായ ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം | 525.00 |
| 2 | രജിസ്ട്രേഷൻ ഓഫീസുകളിലെ നെറ്റ് വർക്ക് പരിപാലനവും ബാൻഡ് വിഡ്ത് ചെലവുകളും | |
| 3 | പേൾ പ്രോജക്ട് | |
| 4 | ഇ - സ്റ്റാമ്പിംഗ് | |
| 5 | പഴയതും കാലഹരണപ്പെട്ടതുമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ | |
| | **ആകെ** | **525.00** |

**18.രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം : 400.00 ലക്ഷം രൂപ)**

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിവിധ ഓഫീസുകളിൽ നിലവിലുള്ള ഡോക്യുമെന്റ് മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ. നം | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സൈറ്റ് തയ്യാറാക്കൽ | 400.00 |
| 2. | റിക്കാർഡ് റൂമുകളുടെ ആധുനികവൽക്കരണം | |
| 3. | രജിസ്റ്റർ വാല്യങ്ങളുടെ ബൈൻഡിംഗ് | |
| | **ആകെ** | **400.00** |

**19.രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും**

**(വിഹിതം:1125.00 ലക്ഷം രൂപ)**

സബ് രജിസ്ട്രി ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ലെഗസി റെക്കോർഡുകൾ ഘട്ടം ഘട്ടമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമാണ് ഈ പദ്ധതി. ഈ ലെഗസി റെക്കോർഡുകൾ ശാശ്വതമായി സംരക്ഷിക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം, കക്ഷികൾക്കിടയിൽ നടക്കുന്ന കൈമാറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ കോടതിയുടെ പ്രഥമ തെളിവാണ് ഇത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഈ പ്രോജക്ട് 2018-19 ൽ ആരംഭിച്ചു. പദ്ധതി തുടരുന്നതിന്, താഴെപ്പറയുന്ന ഘടകത്തിനായി 2021-22 വർഷത്തിൽ 1125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പഴയ രജിസ്റ്റർ ചെയ്ത ഡീഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും | 1125.00 |
| 2 | ലെഗസി രജിസ്ട്രേഷൻ രേഖകളുടെ പരിഷ്ക്കരിക്കൽ | |
| | **ആകെ** | **1125.00** |

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

**20.കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർ വൽക്കരണം**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കമ്പ്യൂട്ടർ വൽക്കരണത്തിനായുള്ള പദ്ധതി 2002-03 വർഷം ആരംഭിച്ചു. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഇടുക്കിയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കൽ | 400.00 |
| 2. | കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും | |
| 3 | പരിശീലനങ്ങൾ | |
| **ആകെ** | | **400.00** |

**21. കെട്ടിട നിർമ്മാണം**

**(വിഹിതം : 450.00 ലക്ഷം രൂപ)**

എല്ലാ ജില്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, 2021-22 വർഷത്തിൽ 450.00 ലക്ഷം രൂപ താഴെപ്പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഗോൾഡൻ ജൂബിലി ബ്ലോക്കിന് അധിക നില നിർമ്മാണം | 450.00 |
| 2. | കാന്റീൻ, ക്രഷ്, പാർക്കിംഗ് ഏരിയ ഇന്റർവ്യൂ ഹാൾ എന്നിവക്കായുള്ള ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം, സി. ഇ യുടെ ആഫീസിന് സമീപം ഹാൾ നിർമ്മാണം | |
| 3. | നവീകരണ പ്രവർത്തികൾ | |
| 4 | അറ്റകുറ്റപ്പണികൾ | |
| **ആകെ** | | **450.00** |

**വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ**

**22.വിജിലൻസ് വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം: 488.00 ലക്ഷം രൂപ)**

സാങ്കേതിക ശേഷി/മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ/പരിശീലനം തുടങ്ങിയവ വർദ്ധിപ്പിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് വേഗത്തിൽ മെച്ചപ്പെട്ട സേവനം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 488.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ആഫീസ് നവീകരണം | 90.00 |
| 2. | വി.എ.സി.ബി യുടെ സാങ്കേതിക ശേഷി ശക്തിപ്പെടുത്തൽ: എ) ഡാറ്റാ സൂക്ഷിക്കുന്നതിനുള്ള ഡിജിറ്റൽ റെപ്പോസിറ്ററിയും നെറ്റ് വർക്ക്/കണക്ടിംഗ് യൂണിറ്റുകളും. | 10.00 |
| 3 | വി.എ.സി. ബി യുടെ സാങ്കേതിക ശേഷി ശക്തിപ്പെടുത്തൽ: ബി) സൈബർ ഫോറൻസിക് സെൽ സ്ഥാപിക്കൽ | 40.00 |
| 4 | വി.എ.സി.ബി യുടെ സാങ്കേതിക ശേഷി ശക്തിപ്പെടുത്തൽ: സി) ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സിസ്റ്റം | 30.00 |
| 5 | വി.എ.സി.ബി യുടെ സാങ്കേതിക ശേഷി ശക്തിപ്പെടുത്തൽ: ഡി) സർവെയ്‌ലൻസ് ഗാഡ്ജറ്റുകൾ | 10.00 |
| 6 | വി.എ.സി.ബി ഓഫീസുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 12.00 |
| 7. | കോൺഫറൻസുകൾ, ശിൽപശാലകൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കലും പങ്കെടുക്കലും. | 25.00 |
| 8. | വി.എ.സി.ബി യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യവും ലോജിസ്റ്റിക്സും | 50.00 |
| 9. | പരിശീലന കേന്ദ്രങ്ങളും, ഫെസിലിറ്റേഷൻ കേന്ദ്രങ്ങളും ഒരുക്കൽ | 100.00 |
| 10 | വീഡിയോ കോൺഫറൻസ് സൗകര്യം | 50.00 |
| 11. | വാഹനങ്ങൾ വാങ്ങൽ | 71.00 |
| | **ആകെ** | **488.00** |

**23. വിജിലൻസ് വകുപ്പിന് കെട്ടിട നിർമ്മാണം**

**(വിഹിതം:437.00 ലക്ഷം രൂപ)**

വിജിലൻസ് വകുപ്പിനായി സ്വന്തമായി കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പാക്കുന്നത്. 2021-22 കാലഘട്ടത്തിൽ മുട്ടത്തറയിലുള്ള വിജിലൻസ് കോംപ്ലക്സിന്റെ മൂന്നാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ, വയനാടിലെ ആഫീസ് കെട്ടിട നിർമ്മാണം എന്നിവ വകുപ്പ് വിഭാവനം ചെയ്യുന്നു. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 437.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | മലപ്പുറം യൂണിറ്റ് ഓഫീസിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നൽകൽ | 437.00 |
| 2. | വി.എ.സി.ബി ഡയറക്ടറേറ്റിൽ ലിഫ്റ്റ് നൽകൽ | |
| 3 | കോഴിക്കോട് സ്പെഷ്യൽ സെൽ ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ | |
| 4 | പുതുതായി നിർമ്മിച്ച കണ്ണൂർ യൂണിറ്റ് ഓഫീസിൽ ഫാൾസ് സീലിംഗ്, ഇന്റീരിയർ ജോലികൾ | |
| 5 | ആലപ്പുഴ യൂണിറ്റ് ഓഫീസിൽ നവീകരണ പ്രവർത്തനങ്ങൾ | |
| 6 | മുട്ടത്തറയിലുള്ള വിജിലൻസ് കോംപ്ലക്സിന്റെ മൂന്നാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ, വയനാടിലെ ആഫീസ് കെട്ടിട നിർമ്മാണം | |
| **ആകെ** | | **437.00** |

**നിയമവകുപ്പ്**

**24.നിയമവകുപ്പിന്റെ ആധുനിക വൽക്കരണം**

**(വിഹിതം: 57.00 ലക്ഷം രൂപ)**

നിയമ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇപ്പോൾ നിയമനിർമ്മാണം, നിയമ ഉപദേശം, വിവർത്തനം തുടങ്ങി നിയമ വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് കഴിഞ്ഞു. ഇതിനായി ലോ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എൽ.ഐ.എം.എസ്) എന്ന ഇ-ഫയൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നു. നിയമങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ ഒരു നിയമ വിജ്ഞാന അടിത്തറ ഡിജിറ്റൽ രൂപത്തിൽ ഉപയോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഗവൺമെന്റ് കക്ഷിയായ കോടതി കേസുകളുടെ നിലവിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി പ്രോജക്ട് ഓഫ് കോർട്ട് കേസുകൾ മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലോ ഓഫീസുകൾ (സിസിഎംഎസ്) വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു. ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ൽ 57.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1. | നിലവാരമുയർത്തിയ എൽ.ഐ.എം.എസ് ആപ്ലിക്കേഷന്റെ എ.എം.സി, നിയമ മൊഡ്യൂളുകൾ, ഓൺ സൈറ്റ് സപ്പോർട്ട് സ്റ്റാഫ്, | 57.00 |
| 2. | എൽ.ഐ.എം.എസ് സെർവർ, എ.എം.സി (മൈഗ്രേഷൻ വരെയുള്ള കാലയളവിൽ) | |
| 3. | നിയമ വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന പഴയ ഫയലുകളുടെ ഡിജിറ്റൈസേഷൻ (സ്കാനിംഗ്, അപ് ലോഡിംഗ്, മെറ്റാ ഡാറ്റാ എൻട്രി) | |
| 4. | നിലവാരമുയർത്തിയ സി.സി.എം.എസ് ആപ്ലിക്കേഷന്റെ എ.എം.സി, ഓൺസൈറ്റ് സപ്പോർട്ട്, ഓൺ കോൾ സപ്പോർട്ട് പരിശീലനം ഉൾപ്പെടെയുള്ള സപ്പോർട്ട് ചാർജുകൾ | |
| 5. | സി.സി.എം.എസ് ഹാർഡ് വെയർ അപ്ഗ്രഡേഷൻ ചാർജ്ജുകളും, സെർവർ എ.എം.സി യും പരിപാലനവും. | |
| **ആകെ** | | **57.00** |

**കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്**

**25.ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം: 209.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഓഡിറ്റ് വകുപ്പിന്റെ കാതലായ പ്രവർത്തന മേഖലകൾ ആധുനിക വൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2008-09 ലാണ് ഈ പദ്ധതി ആരംഭിച്ചത്. ഓഡിറ്റ് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (എ.ഐ.എം.എസ്) എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും അത് 14 ജില്ലാ ഓഫീസുകളിൽ വിന്യസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി 209.00 ലക്ഷം രൂപ വകയിരുത്തുന്നു.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എ.ഐ.എം.എസ്) വിപുലീകരണവും ഭേദപ്പെടുത്തലും, ഓൺസൈറ്റ്/ഓഫ്സൈറ്റ് സാങ്കേതിക സഹായവും. | 60.00 |
| 2 | ചാരിറ്റബിൾ എൻഡോവ്മെന്റ് മാനേജ്മെന്റ് സിസ്റ്റം | 20.00 |
| 3 | തടസ്സമില്ലാത്ത ഇന്റർനെറ്റ് കണക്ടിവിറ്റി | 2.00 |

| | | |
|---|---|---|
| 4 | ഡിപ്പാർട്ട്മെന്റൽ വെബ്സൈറ്റ് | 5.00 |
| 5 | സിറ്റിസൺ ഓഡിറ്റ് മാനേജ്മെന്റ് സിസ്റ്റം | 20.00 |
| 6 | ഇലക്ട്രോണിക് ഹാർഡ്‌വെയർ വാങ്ങൽ | 20.00 |
| 7 | സ്ട്രക്ചേർഡ് സിസ്റ്റം അനാലിസിസും ഡിസൈൻ ഡവലപ്പ്മെന്റും | 20.00 |
| 8 | ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം | 20.00 |
| 9 | പരിശീലന കേന്ദ്രത്തിന്റെ നവീകരണം | 22.00 |
| 10 | ഐ ടി പ്രോജക്ടുകളുടെ സെക്യൂരിറ്റി ഓഡിറ്റ് | 10.00 |
| 11 | എ എം സി | 10.00 |
| | **ആകെ** | **209.00** |

**പോലീസ്**

**26.പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം : 1 4400.00 ലക്ഷം രൂപ)**

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികൾ ഫലപ്രദമായി നേരിടുക എന്ന ലക്ഷ്യത്തോടെയാണ് പോലീസ് വകുപ്പ് ആധുനികവൽക്കരണ പരിപാടികൾക്ക് പ്രത്യേകിച്ച് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തുടക്കം കുറിച്ചത്. ഈ പ്രോജക്ടുകൾ നടപ്പാക്കുന്നതിലൂടെ വകുപ്പിന്റെ കാര്യ ശേഷിയും വിശിഷ്യ ഫീൽഡ് തല സേനാംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശ്യം. ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് 2021-22 ൽ 14400.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പരിപാടികൾ | പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | **നിർമ്മാണം** | പോലീസ് സ്റ്റേഷൻ നിർമ്മാണം : 2018-19 ൽ ആരംഭിച്ചത്. 29 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണം (തുടർ പദ്ധതി) | 23.35 |
| | | ഗുരുവായൂർ ക്ഷേത്ര പോലീസ് സ്റ്റേഷന്റെ നിർമ്മാണം: മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം | 56.82 |
| | | 100 പഴയ പോലീസ് സ്റ്റേഷനുകളുടെ നടത്തിപ്പും പരിപാലനവും: സ്മാർട്ട് നിലവാരത്തിലേക്ക് ഉയർത്തൽ. | 500.00 |
| | | ജില്ലാ പരിശീലന കേന്ദ്രങ്ങളുടെ നിർമ്മാണം: ഇടുക്കി / കോഴിക്കോട് സിറ്റി / കോഴിക്കോട് റൂറൽ എന്നിവിടങ്ങളിൽ നിർമ്മാണ പൂർത്തീകരണം പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങളുടെ നിർമ്മാണം: തിരുവനന്തപുരം റൂറൽ / കൊല്ലം റൂറൽ / എറണാകുളം റൂറൽ / ത്രിശ്ശൂർ റൂറൽ (തുടർ പദ്ധതി) | 208.00 |
| | | ജില്ലാ കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ: തിരുവനന്തപുരം റൂറൽ / കൊല്ലം റൂറൽ / ആലപ്പുഴ / വയനാട് എന്നിവിടങ്ങളിൽ നിർമ്മാണ പൂർത്തീകരണം (തുടർ പദ്ധതി) പുതിയ കൺട്രോൾ റൂമുകളുടെ നിർമ്മാണം: കൊല്ലം സിറ്റി / ഇടുക്കി / പത്തനംതിട്ട / ത്രിശ്ശൂർ സിറ്റി / കോഴിക്കോട് സിറ്റി | 289.00 |

| | | | |
|---|---|---|---|
| | | ആംഡ് പോലീസ് ബറ്റാലിയൻ : എപി ബിഎൻ എച്ച്ക്യൂ കൺട്രോൾ റൂം കം പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണവും നിലവിലുള്ള എപി ബിഎൻ എച്ച്ക്യൂ-പുനസംഘടിപ്പിക്കുന്നതിനും ബിഎൻസിലെ അടുക്കള സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതും (കെ എ പി 1, എസ് ഐ എസ് എഫ് ഒഴികെ) - (തുടർ പദ്ധതി) | 221.62 |
| | | സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് റേഞ്ച് ഓഫീസ്: എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ റേഞ്ച് ഓഫീസുകളുടെ നിർമ്മാണം പൂർത്തിയാക്കൽ (തുടർ പദ്ധതി) | 101.70 |
| | | സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ആസ്ഥാനം: ആസ്ഥാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കൽ. (തുടർ പദ്ധതി) | 173.20 |
| | | സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് : വയനാട്ടും കണ്ണൂരും കൗണ്ടർ ഇന്റലിജൻസ് യൂണിറ്റുകൾ | 192.27 |
| | | ഫോറൻസിക് സയൻസ് ലബോറട്ടറി.<br>സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് അധിക കെട്ടിടത്തിന്റെ നിർമ്മാണം.<br>കൊച്ചിയിലെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് അധിക നില നിർമ്മിക്കൽ.<br>തൃശ്ശൂരിലുള്ള ആർഎഫ്എസ്എൽ - ന്റെ നിലവിലുള്ള കാർ പോർച്ചിന്റെ ഭാഗം കോൺഫറൻസ് ഹാളിലേക്കും അനുബന്ധ ജോലികളിലേക്കുമായി മാറ്റുക.<br>കണ്ണൂരിലെ ആർഎഫ്എസ്എല്ലിനായി അധിക നില നിർമ്മിക്കൽ. | 115.00 |
| | | കേരള പോലീസ് അക്കാദമി: വിവിധ ബ്ലോക്കുകളുടെയും യൂണിറ്റുകളുടെയും പരിപാലനവും അറ്റകുറ്റപ്പണികളും പൂർത്തിയാക്കൽ/ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണി, പരിപാലനം (തുടർ പദ്ധതി)<br>ബാരക്കുകളുടെ നിർമ്മാണം, പി ടി നഴ്സറിയുടെ നിർമ്മാണം, സെൻട്രലൈസ്ഡ് അടുക്കള | 112.43 |
| | | സംയോജിത പരിശീലന കേന്ദ്രം (ഐടിസി): സ്മാർട്ട് ക്ലാസ് റൂമുകളുടെ ബ്ലോക്ക് I, II എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കൽ (തുടർ പദ്ധതി) | 40.98 |
| | | ക്രൈംബ്രാഞ്ച്<br>ക്രൈംബ്രാഞ്ച് ആസ്ഥാനത്തിന്റെ നിർമ്മാണം, ഇടുക്കി ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ഓഫീസ് കെട്ടിടം നിർമ്മാണം, എറണാകുളം: (ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, എറണാകുളം റേഞ്ച് / എസ്.പി.സി.ബി എറണാകുളം / എസ്പി- സി.ബി സെൻട്രൽ യൂണിറ്റ്- II എറണാകുളം)<br>ക്രൈംബ്രാഞ്ചിനായി ക്രൈംബ്രാഞ്ച് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം, മലപ്പുറം എസ്പി-സി.ബി ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, കണ്ണൂരിലെ എസ്പി-സി.ബി ഓഫീസ് കെട്ടിടത്തിന് സമീപം ഒരു അധിക കെട്ടിടത്തിന്റെ നിർമ്മാണം, കാസർഗോഡ് ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ഓഫീസ് കെട്ടിടം നിർമ്മാണം, പത്തനംതിട്ട ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ഓഫീസ് കെട്ടിടം നിർമ്മാണം | 248.41 |

| | | | |
|---|---|---|---|
| | | പോലീസ് ടെക്നോളജി സെന്റർ: 2019–20 ൽ ആരംഭിച്ച നിർമ്മാണത്തിന്റെ തുടർച്ച (തുടർ പദ്ധതി) | 300.00 |
| | | കൊച്ചി സിറ്റി പോലീസ് കോംപ്ലക്സ് | 600.00 |
| | | കണ്ണൂരിലെ ജില്ലാ പോലീസ് ഓഫീസ് നിർമ്മാണം | 90.00 |
| | | ഫോർട്ട് കൊച്ചി: തീരദേശ പോലീസ് സ്റ്റേഷന് സ്ഥലം നൽകൽ / അധിക മുറി | 10.00 |
| | | 12പുതിയ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം. പുളികീഴ് / പെരുനാട് / മൂഴിയാർ (പത്തനംതിട്ട), വിയാപുരം (ആലപ്പുഴ), വാഗമൺ / മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന് / മട്ടന്നൂർ / അലങ്കോഡ് (കണ്ണൂർ)/തങ്കമണി (ഇടുക്കി) / എഴുകോൺ (കൊല്ലം റൂറൽ) | 430.00 |
| | | പോലീസ് പരിശീലന കോളേജിലെ സ്റ്റേറ്റ് പോലീസ് മ്യൂസിയം | 25.00 |
| | | ജില്ലകളിലെ വിജ്ഞാന ശേഖരണ കേന്ദ്രങ്ങൾ | 50.00 |
| | | അലപ്പുഴ ജില്ലാ പോലീസ് ഓഫീസിന്റെ നിർമ്മാണം | 90.00 |
| | | എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസിന്റെ നിർമാണം | 90.00 |
| | | ഓഫീസുകളുടെയും പോലീസ് സ്റ്റേഷനുകളുടെയും ശക്തിപ്പെടുത്തൽ (ഫോർട്ടിഫിക്കേഷൻ): റേഞ്ച് ഓഫീസ്, തൃശ്ശൂർ, ഐ.പി ഓഫീസ് നിലമ്പൂർ എന്നിവയുടെ ശക്തിപ്പെടുത്തൽ (ഫോർട്ടിഫിക്കേഷൻ) | 153.51 |
| | | തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് ഓഫീസ് നിർമാണം | 90.00 |
| | | മലപ്പുറം ജില്ലാ പോലീസ് ഓഫീസ് നിർമാണം | 90.00 |
| | | പാലക്കാട് ജില്ലാ പോലീസ് ഓഫീസ് കോമ്പൗണ്ടിൽ പുതിയ ടെലികമ്മ്യൂണിക്കേഷൻ കെട്ടിടം നിർമ്മിക്കൽ | 66.28 |
| | | പത്തനംതിട്ടയിൽ വനിതാ പോലീസ് സ്റ്റേഷനായി പുതിയ കെട്ടിടം നിർമ്മിക്കൽ | 50.00 |
| | | നിലമ്പൂരിലെ ഐപി ഓഫീസിൽ ഡോർമിറ്ററി നിർമ്മിക്കൽ | 72.00 |
| | | ഡിപിസി കൊല്ലം റൂറലിനായി ക്യാമ്പ് ഓഫീസ് നിർമ്മിക്കൽ | 100.00 |
| | | കോഴിക്കോട് റൂറൽ കാറ്റുള്ളമലയിൽ റിപ്പീറ്റർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കൽ | 102.00 |
| | | പോലീസ് ആസ്ഥാനത്തെ ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന് മേൽക്കൂര പണിയൽ | 78.04 |
| | | ഇടുക്കിയിൽ ഡോഗ് സ്ക്വാഡിനായി കെട്ടിടം നിർമ്മിക്കൽ | 82.00 |
| | | മാവോയിസ്റ്റ് ബാധിത പോലീസ് സ്റ്റേഷനുകളെ ശക്തിപ്പെടുത്തൽ: ഇരിട്ടി / പെരാവൂർ (കണ്ണൂർ), പെരുവണ്ണാമുഴി / താമരശ്ശേരി / കോടഞ്ചേരി (കോഴിക്കോട് റൂറൽ) | 150.00 |
| | | കണ്ണൂർ ജില്ലാ ആസ്ഥാനത്തിൽ വനിതകൾക്കായി ബാരക്കുകൾ നിർമിക്കൽ | 50.00 |
| | | ജില്ലാതലത്തിൽ കേന്ദ്രികൃത തടങ്കൽ കേന്ദ്രങ്ങൾ (തൃശ്ശൂർ സിറ്റി ഒഴികെ 18 പോലീസ് ജില്ലകളിൽ) | 200.00 |
| | | **ആകെ** | **5251.61** |

| | | | |
|---|---|---|---|
| 2 | പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നടപ്പിലാക്കുക (പുതിയ പദ്ധതി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് : ആൾക്കൂട്ട നിയന്ത്രണത്തിനും നിരീക്ഷണത്തിനും, മുഖം തിരിച്ചറിയൽ, അപാകതകൾ ഉണ്ടെങ്കിൽ വീഡിയോ ഫൂട്ടേജ് സ്കാൻ ചെയ്യുക. | 200.00 |
| 3 | വെർച്വൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കൽ (പുതിയ പദ്ധതി) | തിരുവനന്തപുരത്തും എറണാകുളത്തും വെർച്വൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കൽ | 300.00 |
| 4 | പോലീസ് സ്റ്റേഷനുകളുടെ വിഭവങ്ങൾ ശക്തിപ്പെടുത്തൽ | 100 പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ ഫർണിച്ചറുകൾ കസേരകൾ, മേശകൾ, അലമാര, ഫയൽ റാക്കുകൾ, സന്ദർശക കസേരകൾ. | 400.00 |
| | | 50 പോലീസ് സ്റ്റേഷനുകൾക്കുള്ള ഉപകരണങ്ങൾ –. കമ്പ്യൂട്ടറുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ, പ്രിൻറർ, സ്കാനർ, ഇൻവെർട്ടർ, യുപിഎസ്, സിസിടിവി ക്യാമറകൾ, അഗ്നിശമന ഉപകരണങ്ങൾ | |
| | | കേരള പോലീസിന്റെ അടിസ്ഥാന പരിശീലന യൂണിറ്റായി പോലീസ് സ്റ്റേഷനുകളുടെ വികസനം (മൂന്നാം ഘട്ടത്തിലെ 50 പോലീസ് സ്റ്റേഷനുകൾ) | |
| | | സിഡി ഫയലുകൾക്കും തൊണ്ടികൾക്കും വേണ്ടിയുള്ള പോലീസ് സ്റ്റേഷനുകളിൽ സ്മാർട്ട് സംഭരണവും വീണ്ടെടുക്കൽ സംവിധാനവും | |
| 5 | സബ് ഡിവിഷണൽ ഓഫീസുകളെ സ്മാർട്ട് സ്റ്റാൻഡേർഡുകളിലേക്ക് ഉയർത്തുക (പുതിയ പദ്ധതി) | അടിസ്ഥാന സൗകര്യം : ലാപ് ടോപ്പുകൾ, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, വാർഡ്രോബ്സ്, പ്രിന്റർ കം സ്കാനറുകൾ, ഫോട്ടോകോപ്പിയർ, വൈഫൈ, കസേരകൾ, ഓഡിയോ വിഷ്വൽ–ഉപകരണങ്ങൾ എന്നിവ വാങ്ങൽ. | 200.00 |
| 6 | കൺട്രോൾ റൂമുകൾക്കുള്ള ലോജിസ്റ്റിക്കൽ സപ്പോർട്ട് പദ്ധതി | ജിഐഎസ് ക്രൈം മാപ്പിംഗ്, ഡിസ്പ്ലേയോട് കൂടിയ വെഹിക്കിൾ മൗണ്ടഡ് ജി പി എസ്, ജിപിഎസ് ട്രാക്കിംഗ് ഉപകരണങ്ങൾക്കുള്ള എഎംസി, സോഫ്റ്റ്‌വെയർ പാക്കേജുകൾ, കൺട്രോൾ റൂമിലെ സെർവറുകളും അനുബന്ധ ഉപകരണങ്ങളും, ലീസ്ഡ് ലൈൻ കണക്റ്റിവിറ്റി സർക്യൂട്ടിന്റെ വാടക, ബി എസ് എൻ എൽ | 440.00 |
| | | ജില്ലാ കൺട്രോൾ റൂമുകളിൽ നിലവിലുള്ള എൻ ഇ ആർ എസ് സൗകര്യം ശക്തിപ്പെടുത്തുന്നതിനുള്ള വർക്ക് സ്റ്റേഷനുകൾ, വീഡിയോവാളുകൾ, ലോജിസ്റ്റിക്സ് എന്നിവ | |
| | | സ്പെഷ്യൽ ഏരിയ കൺട്രോൾ റൂമുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| | | ജിപിഎസ് ട്രാക്കിംഗ് ഉപകരണങ്ങൾ/പുതിയ കൺട്രോൾ റൂമുകൾ/ ഹൈവെ പട്രോൾ /പോലീസ് സ്റ്റേഷൻ വാഹനങ്ങൾ എന്നിവയിൽ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള മൊബൈൽ ഡാറ്റ ടെർമിനലുകൾ | |
| | | കൺട്രോൾ റൂമുകളിലേക്ക് തത്സമയ സ്ട്രീമിംഗിനു വേണ്ടി എൻ ഇ ആർ എസ് വാഹനങ്ങളിൽ വെഹിക്കിൾ മൗണ്ട് ക്യാമറകൾ | |

| | | | |
|---|---|---|---|
| | | ഗവൺമെന്റ് റയിൽവേ പോലീസിന്റെ (ജി.ആർ.പി) ക്രമ സമാധാന ശേഷി വർദ്ധിപ്പിക്കൽ, വീഡിയോ കാമറകൾ, വയർലസ്/ബ്രീത്ത് അനലൈസറുകൾ/റെയിൻ കോട്ടുകൾ/ ഹെൽമെറ്റുകൾ/ഹാൻഡ് സെറ്റുകൾ എന്നിവ വാങ്ങൽ. | |
| | | സെൻസിറ്റീവ് സ്ഥാപനങ്ങളുടെ സുരക്ഷ, സർക്കാർ സെക്രട്ടേറിയറ്റിലും ശബരിമലയിലും ഉപകരണങ്ങൾ, നിരീക്ഷണം, പാർക്കിംഗ് മാനേജ്മെന്റ് | |
| 7 | പ്രധാന നഗരങ്ങളിലെ സി.സി.ടി.വി നിരീക്ഷണ സംവിധാനം (പുതിയ പദ്ധതി) | പ്രധാന നഗരങ്ങളിൽ സിസിടിവി നിരീക്ഷണ സംവിധാനം – കാസറഗോഡ് / വയനാട് / മലപ്പുറം / ഇടുക്കി / തിരുവനന്തപുരം റൂറൽ / എറണാകുളം റൂറൽ / കൊല്ലം റൂറൽ / പത്തനംതിട്ട /പാലക്കാട് / തൃശ്ശൂർ റൂറൽ | 100.00 |
| 8 | മൊബിലിറ്റി | പോലീസ് സ്റ്റേഷനുകൾക്കായുള്ള ലൈറ്റ് മോട്ടോർ വെഹിക്കിൾസ് (എൽ.എം.വി 2 ഡബ്ല്യുഡി), മലയോര പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ (എൽ.എം.വി 4 ഡബ്ല്യുഡി), ജില്ലകൾക്കുള്ള ഇടത്തരം വാഹനങ്ങൾ (ബസ്സ് ), ബറ്റാലിയനുകൾക്കുള്ള ഹെവി ബസ്സുകൾ, വാട്ടർ ടാങ്കർ, വജ്ര റൈററ് കണ്ട്രോൾ വാഹനം, ആംബുലൻസ്, ഓപ്പൺ ലോറി, വാട്ടർ ലോക്ക്ഡ് പോലീസ് സ്റ്റേഷനുകൾക്കുള്ള ബോട്ടുകൾ, റബ്ബർ ഇൻഫ്ലാറ്റബിൾ ബോട്ട് | 2000.00 |
| 9 | ഇന്റലിജൻസ് സജ്ജീകരണം ശക്തിപ്പെടുത്തൽ | സംസ്ഥാന പ്രത്യേക ബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിലെ സ്റ്റേറ്റ് പോലീസ് മോണിറ്ററിംഗ് റൂം നവീകരണം | 89.65 |
| | | സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ആസ്ഥാന മന്ദിരം, റെഞ്ചസ് (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് ) എന്നിവിടങ്ങളിൽ ഓഫീസ് ഓട്ടോമേഷനും ഡിറ്റാച്ച്മെന്റ്സും | |
| | | ഫർണിച്ചർ ആവശ്യകതകൾ<br>സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ആസ്ഥാനമന്ദിരം, റേഞ്ചസ് (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് ), സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് റേഞ്ചസ് ഡിറ്റാച്ച്മെന്റ്സ്. | |
| | | സുരക്ഷാ ഉപകരണങ്ങളുടെ നവീകരണം (ഉപകരണങ്ങളുടെ വാർഷിക പരിപാലന കരാർ) | |
| 10 | മെച്ചപ്പെട്ട ട്രാഫിക് മാനേജ്മെന്റ് വഴി അപകടങ്ങൾ കുറക്കൽ | ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ | 395.18 |
| | | ട്രാഫിക് സിഗ്നൽ, മെയിന്റനൻസ്, മോണിറ്ററിംഗ് സെന്റർ സ്ഥാപിക്കൽ: 2019–20 ൽ ആരംഭിച്ച (തുടർ പദ്ധതി) | |
| | | കേരള പോലീസ് അക്കാദമി ട്രാഫിക് ട്രെയിനിംഗ് സ്കൂളും ഗവേഷണ കേന്ദ്രവും-രണ്ടാം ഘട്ടം (തുടർ പദ്ധതി) | |
| 11 | ശാസ്ത്രീയ അന്വേഷണം മെച്ചപ്പെടുത്തൽ | ഉപകരണങ്ങൾക്കായി എ.എം.സി/ലൈസൻസ് ഫീസ് | 250.00 |
| | | ഹെഡ് ക്വാർട്ടേഴ്സ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലേക്കും<br>റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേക്കും ഉപകരണങ്ങൾ, കെമിക്കൽസ്, ലാബ്വെയറുകൾ, ഗ്ലാസ് വെയറുകൾ | |

| | | | |
|---|---|---|---|
| | | ആംപിഡ് 5 വാങ്ങൽ – (തൃശ്ശൂരിലെയും കണ്ണൂരിലെയും സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറി/റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറീസ് ) | |
| | | ലൂമാടെക് സൂപ്പർലൈറ്റ് 400: (വേരിയബിൾ ഫ്രീക്വൻസി ഉള്ള ലൈറ്റ് സോഴ്സ് വഴി സീൻ ഓഫ് ക്രൈംസ് മൾട്ടി-കളർ ഉപരിതലത്തിൽ വികസിപ്പിക്കുന്നതിനും പ്രിന്റുകൾ, ഫോട്ടോ എടുക്കുന്നതിനും) | |
| 12 | സൈബർ ക്രൈം ഇൻവെസ്റ്റിഗേഷന്റെ സാങ്കേതികത മെച്ചപ്പെടുത്തൽ | സർക്കാരിന്റെ പ്രഖ്യാപിത നയമനുസരിച്ച് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കുക, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിലെ കഴിവുകൾ/പ്രാഗത്ഭ്യം മെച്ചപ്പെടുത്തുക | 450.00 |
| | | സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ– 15 എണ്ണം (തിരുവനന്തരം / കൊച്ചി / കോഴിക്കോട് / തൃശ്ശൂർ നഗരങ്ങൾ ഒഴികെ), ലോജിസ്റ്റിക്സും, മറ്റ് ഉപകരണങ്ങൾ. | |
| | | സൈബർഡോം, തിരുവനന്തപുരം സിറ്റി : ലോജിസ്റ്റിക്സും മറ്റ് ഉപകരണങ്ങളും എ.എം.സിയും | |
| | | സൈബർഡോം, കൊച്ചി സിറ്റി : ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ആവശ്യകതകൾ, സൈബർഡോം കൊച്ചിയിലെ പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള അടിസ്ഥാന സൈബർ സുരക്ഷാ പരിശീലനം, സൈബർ ക്ലബ്ബുകൾ, നേച്ചർ ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടുകൾ തുടങ്ങി വിവിധ ക്ലബ്ബുകൾക്ക് കീഴിലുള്ള രക്ഷിതാക്കളും, അധ്യാപകരും | |
| | | സൈബർഡോം, കോഴിക്കോട് സിറ്റി : സൈബർഡോമിനുള്ള അവശ്യ ഉപകരണങ്ങൾ | |
| 13 | ഫലപ്രദമായ ക്രൗഡ് മാനേജ്മെന്റിനുള്ള പദ്ധതി | ബോഡി പ്രൊട്ടക്റ്റീവ് ഗിയർ (1600എണ്ണം ) വൈസറോടു കൂടിയ ഹെൽമെറ്റ് (1640 എണ്ണം) ഫൈബർ ഷീൽഡ് (1600 എണ്ണം ) ഫൈബർ ലാത്തി (2000 എണ്ണം) ഹെവി മൂവബിൾ ബാരിക്കേഡ് (64 എണ്ണം ) | 250.00 |
| 14 | ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ | മലപ്പുറം ജില്ലയിൽ ഡിജിറ്റൽ മൊബൈൽ കമ്മ്യൂണിക്കേഷൻ സംവിധാനത്തിന്റെ ആരംഭം – പഠനം, പ്രൊക്യൂയർമെന്റ്, നടപ്പാക്കൽ, പരിശോധന, കമ്മീഷനിംഗ്, പരിശീലനം. | 1288.40 |
| | | ഡിഎംആർ റിപ്പീറ്റർ ടയർ –II നിലവിലെ അനലോഗ് ആശയവിനിമയം ഡിജിറ്റൽ ആശയവിനിമയത്തിലേക്ക് മൈഗ്രേറ്റ് ചെയ്യുന്നത് എളുപ്പമാണ്, സംസ്ഥാനത്തെ ഏത് സ്ഥലത്തും സുരക്ഷിതവും അടിയന്തിരവുമായ സാഹചര്യം കൈകാര്യം ചെയ്യുന്നതിന് ഡിജിറ്റൽ ആശയവിനിമയം ഇൻസ്റ്റാൾ ചെയ്യുന്നത് എളുപ്പമാണ്. വാഹനവും സ്റ്റാറ്റിക് ഉപയോഗവും | |
| | | സോഫ്റ്റ് വെയർ ഡിഫൈൻഡ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (എസ് ഡി – വാൻ ) 2020-21 ൽ ആരംഭിച്ച (തുടർ പദ്ധതി) | |
| | | ടെലികമ്മ്യൂണിക്കേഷൻ : ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും | |

| | | | |
|---|---|---|---|
| 15 | അടിസ്ഥാന സൗകര്യങ്ങൾക്കും ആഭ്യന്തര സുരക്ഷയ്ക്കുമുള്ള പദ്ധതി | നിരീക്ഷണ ഉപകരണങ്ങൾ: സംസ്ഥാന പ്രത്യേക ബ്രാഞ്ചിന്റെ ആഭ്യന്തര സുരക്ഷാ വിഭാഗം നവീകരിക്കുന്നു: സോഷ്യൽ മീഡിയ അനാലിസിസ് യൂണിറ്റിനായുള്ള സോഫ്റ്റ്വെയറും അനുബന്ധ ഉപകരണങ്ങളും | 75.00 |
| 16 | ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം | ഡെസ്ക്ടോപ്പുകൾ വാങ്ങൽ (25 എണ്ണം ), സ്കാനറുകളുടെ വാങ്ങൽ (10 എണ്ണം ), 5 കെവിഎ യുപിഎസുകളുടെ വാങ്ങൽ (10 എണ്ണം), വൈദ്യുതീകരണവും നെറ്റ്വർക്കിംഗും, ഹാർഡ്വെയർ നന്നാക്കലും പരിപാലനവും, സോഫ്റ്റ് വെയർ എഎംസി, സോഫ്റ്റ് വെയർ ടെക്നോളജി നവീകരണം, സേവന എഎംസി, സെർവർ അഡ്മിനിസ്ട്രേഷൻ കോസ്റ്റ്, സെർവർ, സാൻ സ്റ്റോറേജ് നവീകരണം, ഉപയോക്തൃ പരിശീലനം | 210.31 |
| 17 | കേരള ആന്റി ടെറർ സ്ക്വാഡ് (RATS) ഉം ആന്റി ടെററിസ്റ്റ് സ്ക്വാഡ് (ATS) (പുതിയ പദ്ധതി) | കേരള ആന്റി ടെറർ സ്ക്വാഡ് (RATS) : ബാലിസ്റ്റിക് പാനലോട് കൂടിയ ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് (100 എണ്ണം), എൽ.ഇ.ഡി ടോർച്ച് (85 എണ്ണം) തെർമ്മൽ നൈറ്റ് വിഷൻ ഉപകരണം (4 എണ്ണം) കസേരകൾ, പ്രൊജക്ടർ, സ്പീക്കർ കോളർ മൈക്ക് സെറ്റോടു കൂടിയ ആംപ്ളിഫയറുകൾ, വാട്ടർ പ്യൂരിഫയർ, മടക്കാവുന്ന സ്ട്രെച്ചറുകൾ (10 എണ്ണം)<br>ആന്റി ടെററിസ്റ്റ് സ്ക്വാഡ് : (ATS) ഇമേജിംഗ് ഹാർഡ് വെയർ/ലൈവ് ഫോറൻസിക്/ഫോറൻസിക് വർക്ക് സ്റ്റേഷൻ/അന്വേഷണ ഉദ്യോഗസ്ഥർക്കുള്ള ഉപകരണങ്ങൾ/ഇൻവെസ്റ്റിഗേഷൻ ഡിവിഷനു വേണ്ടിയുള്ള ഉപകരണങ്ങൾ/ഡിജിറ്റൽ റെപ്പോസിറ്ററിയും അനാലിസിസും സി.സി.ആർ അനാലിസിസും ടൂളുകളും / ട്രെയിനിംഗ് ഏരിയ : സുരക്ഷിത വീട്/ഇന്റലിജൻസ് ആന്റ് അനാലിസിസ് യൂണിറ്റ് സോഷ്യൽ മീഡിയ അനാലിസിസ് തുടങ്ങിയവയ്ക്കുള്ള ഉപകരണങ്ങൾ | 400.85 |
| 18 | ഭിന്നശേഷി സൗഹൃദ പോലീസ് സ്റ്റേഷനുകൾക്കുള്ള പദ്ധതി | ഭിന്നശേഷി വ്യക്തി (തുല്യ അവസരങ്ങൾ, അവകാശങ്ങളുടെ സംരക്ഷണം, മുഴുവൻ പങ്കാളിത്തം) നിയമം 1995, പിഡബ്ല്യുഡി ആക്റ്റ്, 1995 എന്നിവയിലെ നിർബന്ധിത വ്യവസ്ഥകൾ അനുസരിച്ച് പോലീസ് സ്റ്റേഷനുകളിൽ റാമ്പും ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകളും നിർമ്മിക്കുക | 200.00 |
| 19 | കമ്മ്യൂണിറ്റി പൊലീസിംങ് | നിലവിലുള്ള 766 ജെഎംഎസ്പി എം-ബീറ്റ് ഓഫീസർമാർക്കുള്ള റിഫ്രഷർ പരിശീലനം<br>ഗോത്ര ജനമൈത്രി ബീറ്റ് ഓഫീസർമാർ, മറ്റ് പങ്കാളികൾ ഗോത്ര ജനമൈത്രി ട്രെയിനർമാർ എന്നിവർക്കു പരിശീലനം<br>ജനമൈത്രി കേന്ദ്രം പുതിയ പ്രവർത്തനങ്ങൾ : കെ.എ.പി 4 ൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മെച്ചപ്പെടുത്തൽ, എം.എസ്.പി ഹോസ്പിറ്റലിലെ ജനമൈത്രി ലാബ് മെച്ചപ്പെടുത്തൽ<br>കമ്മ്യൂണിറ്റി പൊലീസിംങ്. വാർത്ത പത്രികയും ജേർണലും.<br>കേരള പോലീസിന്റെ പ്രവർത്തന റിപ്പോർട്ട്<br>കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ : കമ്മ്യൂണിറ്റി മീഡിയേഷൻ സെന്റർ ആയി പരിവർത്തനം ചെയ്ത മൊത്തം കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ | 299.00 |

| | | | |
|---|---|---|---|
| | | ജില്ലകളിൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ലൈൻ (നൈബർ ഹുഡ് വാച്ച്, ബെൽ ഓഫ് ഫെയ്ത്ത്, ഹോട്ട് ലൈൻ , സ്നേഹ സ്പർശം തുടങ്ങിയ) | |
| | | ആദിവാസി ജനമൈത്രി: പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം, 1989 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ അന്വേഷിക്കുന്നതിനായി 8 പ്രത്യേക മൊബൈൽ സ്ക്വാഡുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. (തുടരുന്നു) | |
| | | ജനമൈത്രി നാടക സംഘം ഓർക്കസ്ട്ര | |
| | | കമ്മ്യൂണിറ്റി പൊലീസിംങ് ഡയറക്ടറേറ്റ് പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈൻ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യവും ലോജിസ്റ്റിക്സും | |
| | | ജനമൈത്രി പരിപാടി നടത്തുന്നതിനുള്ള പ്രവർത്തനച്ചെലവ് | |
| | | സ്കൂളിൽ നിന്നും ഡ്രോപ്പ് ഔട്ട് ആയ കുട്ടികൾക്കും വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലെ കുട്ടികൾക്കും ആവശ്യമായ മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി പ്രോജക്ട് ‘ഹോപ്പ്’ നടപ്പാക്കൽ | |
| | | പോലീസും കുട്ടികളും (സി.എ.പി): സ്കൂൾ സംരംക്ഷണ ഗ്രൂപ്പ് പ്രോഗ്രാമുകൾ, ചിരി ഹെൽപ്പ് ഡെസ്ക് | |
| | | കേരള പോലീസ് ബ്ലഡ് ബാങ്ക്: രക്ത ദാനത്തിന് കേന്ദ്രീകൃതവും ഔപചാരികവുമായ ഒരു സ്വഭാവം നൽകുന്നതിന് | |
| | | തീരദേശ സുരക്ഷ (കടലോര ജാഗ്രത സമിതികൾക്കുള്ള സൗകര്യങ്ങൾ, പങ്കാളികൾക്കുള്ള പരിശീലനം, തീരദേശ സുരക്ഷാ പ്രവർത്തനങ്ങൾ, വിവരം തരുന്നവർക്കുള്ള പ്രതിഫലം, തീരപ്രദേശങ്ങളിൽ പുതുതായി റിക്രൂട്ട് ചെയ്യപ്പെട്ട എസ് ഐ മാർക്ക് പരിശീലനം തുടങ്ങിയവ) | |
| 20 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് | എ. സ്കൂൾതലം: സീനിയർ, ജൂനിയർ കേഡറ്റുകൾ (44 +44) ഉള്ള 581 സർക്കാർ സ്കൂളുകൾക്ക് ഫണ്ട് ആവശ്യമാണ് : 2020-21 അധ്യയന വർഷത്തിൽ അനുവദിച്ച 30 പുതിയ സ്കൂളുകൾക്ക് ഫണ്ട് ആവശ്യമാണ്.<br>ബി. ജില്ലാതല ഭരണ സംവിധാനം : ജില്ലാതല ഭരണ സംവിധാനത്തിന് ഫണ്ട് ആവശ്യമാണ്.<br>സി. സംസ്ഥാന തല ഭരണ സംവിധാനം : സംസ്ഥാനതല ഭരണ സംവിധാനത്തിന് ഫണ്ട് ആവശ്യമാണ്<br>പ്രൊജക്റ്റ് ഓഫീസർമാരുടെ സേവനം<br>ഡി. എസ്പിസി ഡയറക്ടറേറ്റിന്റെയും നാഷണൽ ട്രെയിനിങ് സെന്ററിന്റെയും നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് .<br>ഇ. കോളേജുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജെക്ട് നടപ്പാക്കുന്നതിന് | 1600.00 |
| **ആകെ** | | | **14400.00** |

**27. പോലീസ് വകുപ്പിൽ ലിംഗ അവബോധത്തിനും ലിംഗസൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കുമായുള്ള പദ്ധതി.**

**(വിഹിതം: 550.00 ലക്ഷം രൂപ)**

ലിംഗ സംബന്ധമായി ഉണ്ടാകുന്ന സാമൂഹ്യ അസമത്വങ്ങളെ തുടച്ചു നീക്കി പോലീസ് സ്റ്റേഷനുകളെ ഇരകളെ പിന്തുണയ്ക്കുന്നവയാക്കാൻ ലക്ഷ്യം വച്ചുകൊണ്ട് 2010-11 ൽ ആരംഭിച്ച ഒരു പരിപാടിയാണിത്. നിലവിലുള്ള നിയമ വ്യവസ്ഥകൾ സംബന്ധിച്ച് പെൺകുട്ടികളിലും സ്ത്രീകളിലും അവബോധം ഉണ്ടാക്കുവാനും ആവശ്യമായ സന്ദർഭങ്ങളിൽ പരിഹാരമാർഗ്ഗം കണ്ടെത്തുവാനും ഈ പരിപാടി സഹായകമാകുന്നു.

പോലീസ് വകുപ്പിലെ വനിതാ സെല്ലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പിങ്ക് കൺട്രോൾ റൂം വാഹനങ്ങൾ | 43.00 |
| 2 | കുടുംബ, വനിതാ കൗൺസലിംഗ് സെന്ററുകളുടെ നടത്തിപ്പ്, കൗൺസിലർമാർക്കുള്ള പ്രതിഫലം ഉൾപ്പെടെ. | 45.00 |
| 3 | ഇരകളായ വനിതകൾക്ക് സഹായ പദ്ധതി. | 20.00 |
| 4 | എല്ലാ ജില്ലകളിലും സ്വയം പ്രതിരോധ പരിപാടികൾ, പരിശീലനങ്ങൾ, ആസ്തി സൃഷ്ടിക്കൽ | 80.00 |
| 5 | മൂന്ന് ജില്ലകളിലും അഞ്ച് പട്ടണങ്ങളിലും നിർഭയ സന്നദ്ധ പ്രവർത്തകർക്ക് പ്രതിഫലം . | 112.00 |
| 6 | 50 പോലീസ് സ്റ്റേഷനുകൾ വനിതാ ശിശു സൗഹൃദമാക്കുന്നതിന് – ഘടനാപരവും പ്രവർത്തനപരവും, നയപരവുമായ മാറ്റങ്ങൾ സാമൂഹ്യ സമ്പർക്കവും ഏകോപനവും വഴി നടപ്പാക്കുന്നതിന് | 250.00 |
| | **ആകെ** | **550.00** |

**28. പോലീസ് സേനയുടെ നവീകരണത്തിനായുള്ള ദേശീയ പരിപാടി (കോർ സ്കീം - സംസ്ഥാന വിഹിതം 40 ശതമാനം)**

**(വിഹിതം :1200.00 ലക്ഷം രൂപ)**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത കോർ സ്കീം ആണ് പോലീസ് സേനയുടെ ആധുനികവൽക്കരണ പദ്ധതി. തീവ്രവാദ പ്രവർത്തന ബാധിത പ്രദേശങ്ങളിൽ പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനങ്ങളിലെ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ട അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക, പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക, സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ, എസ്.ഐ.എസ് സുരക്ഷയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, കുറ്റ കൃത്യങ്ങളേയും കുറ്റവാളികളെയും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക, കൗണ്ടർ ഇൻ സർജൻസി ആൻഡ് ആന്റി ടെററിസ്റ്റ് സ്കൂളുകൾ സ്ഥാപിക്കുക, മുതലായ പ്രവർത്തനങ്ങൾക്കായി 2021-22 ൽ 1200.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു

## ജുഡീഷ്യറി

**29. ഹൈക്കോടതിയിൽ പ്ലാനിംഗ് & മാനേജ്മെന്റ് യൂണിറ്റ്**

**(വിഹിതം: 15.00 ലക്ഷം രൂപ)**

2009-2010 ൽ ആരംഭിച്ച കേരള ഹൈക്കോടതിയിലെ ആസൂത്രണ, മാനേജ്മെന്റ് യൂണിറ്റ് പിന്നീട് 2014 ൽ ബഹുമാനപ്പെട്ട ജഡ്ജിമാരുടെ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവീകരിച്ചു, സംസ്ഥാനത്തെ നീതി നിർവഹണത്തിനായി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി

(ഐസിടി) മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം കൈവരിക്കാനാണ് ഇതിലെ നിർദേശങ്ങൾ ഉദ്ദേശിക്കുന്നത്. കേന്ദ്രീകൃത ഡാറ്റാ വെയർഹസിന്റെ വികസനവും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന്റെ ഓട്ടോമേഷനും പദ്ധതിയുടെ ലക്ഷ്യത്തിൽ ഉൾപ്പെടുന്നു. ജുഡീഷ്യൽ ഇൻഫ്രാസ്ട്രക്ചറിനായുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്), ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം, ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റങ്ങൾ, കൃത്യമായ ഓൺലൈൻ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം എന്നിവയാണ് പ്രധാന ഉപയോക്തൃ ഡാറ്റാബേസ് ആപ്ലിക്കേഷനുകൾ. 2021-22 ൽ മനുഷ്യവിഭവങ്ങളുടെ ചിലവിലേയ്ക്കായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**30. ജുഡീഷ്യൽ സംവിധാനത്തിന്റെ സാങ്കേതിക ആധുനികവത്കരണം**

**(വിഹിതം : 330.00 ലക്ഷം രൂപ)**

ഹൈക്കോടതിയെയും സബോർഡിനേറ്റ് കോടതികളെയും വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവത്ക്കരിക്കുന്നതിനുള്ള പരിപാടിയാണിത്. ജഡ്ജിമാരെയും, സാങ്കേതിക ഭരണവിഭാഗം ജീവനക്കാരേയും, ജുഡീഷ്യൽ സംവിധാനത്തിന്റെ ഉപയോക്താക്കളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാങ്കേതിക ആധുനികവൽക്കരണം ജുഡീഷ്യൽ സംവിധാനത്തിന്റെ സ്വീകാര്യതയും കാര്യക്ഷമതയും വിശ്വസ്തതയും വർദ്ധിപ്പിക്കും. 2021-22 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 330.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ബഹു.സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം സി സി ടി വി ക്യാമറകൾ സ്ഥാപിക്കൽ | 330.00 |
| 2. | ഹൈക്കോടതിയിൽ ഇ-ഗവേർണൻസ് സംവിധാനത്തിന് സ്ഥാപക സഹായം | |
| 3 | ഔട്ട് സോഴ്സിംഗ് വഴി കേസ് കോഡ് ചെയ്യൽ | |
| 4. | കീഴ് കോടതികൾക്ക് വീഡിയോ കോൺഫറൻസ് സൗകര്യം | |
| 5. | ഹൈക്കോടതിയ്ക്കും കീഴ് കോടതികൾക്കും സ്റ്റോറേജ് അടക്കമുള്ള ഇലക്ട്രോണിക് ഹാർഡ് വെയർ സാമഗ്രികൾ വാങ്ങലും/മാറ്റലും | |
| **ആകെ** | | **330.00** |

**31. സബോർഡിനേറ്റ്കോടതികളുടെ ആധുനികവൽക്കരണം**

**(വിഹിതം : 948.00 ലക്ഷം രൂപ)**

ഹൈക്കോടതിയുടെയും, സബോർഡിനേറ്റ് കോടതിയുടെയും കേരള ജുഡീഷ്യൽ അക്കാദമിയുടെയും ആധുനികവൽക്കരണമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നാല് ഘട്ടങ്ങളായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. റാം മോഹൻ പാലസ് ഉൾപ്പെടുന്ന ഹൈക്കോടതിയുടെയും, സബോർഡിനേറ്റ് കോടതിയുടെയും കേരള ജുഡീഷ്യൽ അക്കാദമിയുടെയും ആധുനികവൽക്കരണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 ൽ 948.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രോജക്റ്റിൽ താഴെ പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ചീഫ് ജസ്റ്റീസിന്റെ കോൺഫറൻസ് ഹാളിൽ ഡിജിറ്റൽ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കൽ | 948.00 |
| 2. | ഓഫീസ് സ്ഥലം ക്യൂബിക്കിളുകളിലേക്കും വർക്ക് സ്റ്റേഷനുകളിലേക്കും പുനർരൂപകൽപ്പന ചെയ്യൽ | |
| 3. | റാം മോഹൻ പാലസിലും പുതിയ ഹൈക്കോടതി കെട്ടിടത്തിലും സെക്യൂരിറ്റി സിസ്റ്റം സ്ഥാപിക്കൽ | |
| 4. | ഹൈക്കോടതിയിൽ ഫർണിച്ചർ വാങ്ങൽ, ഫർണിഷിങ് ജോലികൾ | |

| | | |
|---|---|---|
| 5 | ഹൈക്കോടതിയിൽ ആധുനിക ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും | |
| 6 | അത്താണിയിലെ കേരള ജുഡീഷ്യൽ അക്കാദമി കാമ്പസിൽ അടിസ്ഥാന സൗകര്യം നൽകൽ | |
| 7 | കോടതി സമുച്ചയങ്ങളിൽ സോളാർ പവർ പ്ലാന്റുകളുടെ സ്ഥാപനം | |
| 8 | ജില്ലാ കോടതി സമുച്ചയത്തിൽ ഐ ടി പരിശീലന ഹാൾ സ്ഥാപിക്കൽ | |
| 9 | സബോർഡിനേറ്റ് കോടതികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | |
| 10. | എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ ജില്ലാ കോടതി സമുച്ചയത്തിലെ ജുഡീഷ്യൽ, ഭരണ റെക്കോർഡുകളുടെ സ്കാനിംഗ്, ഡിജിറ്റൈസേഷൻ | |
| **ആകെ** | | **948.00** |

**32. ഹൈക്കോടതിയിലെയും സബോഡിനേറ്റ് കോടതികളിലും ഇ-ഗവേണൻസ്**

**(വിഹിതം : 350.00 ലക്ഷം രൂപ)**

ഹൈക്കോടതിയെ ഒരു കടലാസ് രഹിത ഓഫീസാക്കി മാറ്റുവാൻ ഉള്ളതാണ് ഈ പദ്ധതി. ജുഡീഷ്യൽ ഭരണ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ ഈ നേട്ടത്തിലേക്കുള്ള ഒരു വലിയ ചുവടുവെപ്പാണ്. ഇ-ഓഫീസിന്റെ ഇപ്പോഴത്തെ അവസ്ഥ മാറ്റുന്നതിന് ലാൻ, വൈ ഫൈ എന്നിവയുടെ സ്ഥാപനവും/നവീകരണവും അത്യന്താപേക്ഷിതമാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനായി 2021-22 വർഷത്തിൽ 350.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഹൈക്കോടതിയിലെ കേസ് റെക്കോർഡുകളുടെ സ്കാനിംഗ്, ഡിജിറ്റൈസേഷൻ, ഡിജിറ്റൽ പ്രിസർവേഷൻ എന്നിവ | 350.00 |
| 2 | ഹൈക്കോടതി ലൈബ്രറി ഡിജിറ്റൈസേഷൻ | |
| 3 | മൂന്ന് പ്രോഗ്രാമർമാർക്കുള്ള പ്രതിഫലം | |
| 4 | ഹൈക്കോടതിയിൽ മോഡൽ ഡിജിറ്റൽ കോർട്ട് റൂം ഒരുക്കൽ | |
| 5 | ഹൈക്കോടതി ഭരണ വിഭാഗങ്ങളിൽ ഇ – ആഫീസ് സ്ഥാപിക്കൽ | |
| 6 | ബാർകോഡ് സിസ്റ്റം ഉപയോഗിച്ച് ജുഡീഷ്യൽ ഫയലുകളുടെ ഫയൽ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കൽ | |
| 7 | ഹൈപ്പർ കൺവർജ്ഡ് ഇൻഫ്രാസ്ട്രക്ചർ ഒരുക്കൽ | |
| 8 | ഹൈക്കോടതിയിൽ ഐ റ്റി ട്രെയിനിംഗ് ഹാൾ ഒരുക്കൽ | |
| **ആകെ** | | **350.00** |

**33. ജുഡീഷ്യറിക്ക് അടിസ്ഥാന സൗകര്യം സൃഷ്ടിക്കൽ**

**(വിഹിതം:1.00 ലക്ഷം രൂപ)**

ജുഡീഷ്യറിക്ക് അടിസ്ഥാന സൗകര്യ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ തരത്തിലുള്ള കോടതികൾക്കും പുതിയ കെട്ടിടങ്ങൾ, കോടതി സമുച്ചയങ്ങൾ, പ്രാഥമിക സൗകര്യങ്ങളായ വെയിറ്റിംഗ് റൂമുകൾ, ബേബി ഫീഡിംഗ് റൂമുകൾ, ടോയിലറ്റുകൾ, കേസ് നമ്പറിന്റെ ഡിജിറ്റൽ ഡിസ്പ്ലേ സ്ക്രീനുകൾ, ഹെൽപ് ഡെസ്ക് മുതലായവയാണ് സംവിധാനങ്ങൾ. കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദവും, ഹരിത പ്രോട്ടോകോൾ അനുസൃതവുമായിരിക്കും. 2021-22 ൽ ടോക്കൺ പ്രൊവിഷനായി 1.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള അധിക തുക 'മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ടുകൾ' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

**പ്രോസിക്യൂഷൻ**

**34. പ്രോസിക്യൂഷൻ വകുപ്പിന്റെ ആധുനികവൽക്കരണം.**

**(വിഹിതം : 320.00 ലക്ഷം രൂപ)**

പ്രോസിക്യൂഷൻ വകുപ്പിന്റെ ആധുനിക വൽക്കരണമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 2021-22 വർഷത്തേയ്ക്ക് 320.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. താഴെ പറയുന്ന ഘടകങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഡി.ഡി.പി കളിലും എ.പി.പി കളിലും ഇന്റർനെറ്റ് കണക്ഷനുകളുടെ പുതുക്കൽ. | 320.00 |
| 2. | ലോ ജേർണലുകളുടെ സബ്സ്ക്രിപ്ഷൻ | |
| 3. | ലോ ജേർണലുകൾ ബൈൻഡ് ചെയ്യൽ. | |
| 4. | ഡി.ഡി.പി, എ.പി.പി എന്നിവർക്കുള്ള പരിശീലന പരിപാടികൾ | |
| 5. | ഫർണിച്ചർ, ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ | |
| 6. | ബയോമെട്രിക് പഞ്ചിംഗ് മെഷീന്റെ പരിപാലനം | |
| 7. | ഇലക്ട്രോണിക്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും, വാങ്ങലും, പുനസ്ഥാപിക്കലും | |
| 8. | വെബ്സൈറ്റ് നവീകരണവും പരിപാലനവും | |
| 9. | ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷന് കെട്ടിട നിർമ്മാണവും അതിന്റെ ഫർണിഷിംഗും | |
| 10 | പോക്സോയുടെയും ലോകായുക്തയുടെയും പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് പരിശീലനം | |
| 11. | പോക്സോയുടെയും ലോകായുക്തയുടെയും പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഓഫീസുകളിലേക്ക് ഫർണിച്ചർ വാങ്ങൽ | |
| 12 | പോക്സോയുടെയും ലോകായുക്തയുടേയും പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഓഫീസുകളിലേക്ക് ഇലക്ട്രോണിക് ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങൽ | |
| 13 | ഡി.ഡി.പി മാർക്ക് റെന്റ് കാറുകൾ | |
| | **ആകെ** | **320.00** |

**എക്സൈസ് വകുപ്പ്**

**35.സംസ്ഥാന എക്സൈസ് അക്കാദമിയുടെയും റിസർച്ച് സെന്ററിന്റെയും (എസ്.ഇ.എ. ആർ.സി) സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം : 82.00 ലക്ഷം രൂപ)**

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനവും അടിസ്ഥാന പരിശീലനവും സർവീസ് കോഴ്സുകളും നൽകുന്നതിനായി തൃശ്ശൂരിൽ സംസ്ഥാന എക്സൈസ് അക്കാദമിയും ഗവേഷണ കേന്ദ്രവും പ്രവർത്തിക്കുന്നു. പരിശീലനത്തിനായി കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 82.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ബെൽ ഓഫ് ആമ്സ് വാങ്ങൽ | 82.00 |
| 2. | ഇ-ലൈബ്രറിയും ലൈബ്രറി ബുക്ക് വാങ്ങലും | |

| | | |
|---|---|---|
| 3. | ടോയിലറ്റ് ബ്ലോക്ക് നിർമ്മാണവും , ഇന്റർലോക്കും റൂഫും | |
| 4. | പരേഡ് ഗ്രൗണ്ടിൽ സ്ഥിരമായി ഗാലറി നിർമ്മിക്കൽ | |
| 5. | കൊതുകു വല ഘടിപ്പിക്കൽ | |
| 6. | എലിവേറ്ററുകൾ | |
| 7. | സ്മാർട്ട് ക്ലാസ്സ് റൂമിന് കമ്പ്യൂട്ടറുകൾ | |
| 8 | ഫയർ സേഫ്റ്റി പ്രൊട്ടക്ഷൻ സിസ്റ്റം | |
| | **ആകെ** | **82.00** |

**36.എക്സൈസ് വകുപ്പിന്റെ ആധുനിക വൽകരണം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ഇന്നത്തെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് വകുപ്പിനെ സജ്ജമാക്കുന്നതിന് ഏറ്റവും ആധുനിക സൗകര്യങ്ങൾ നൽകി എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി പദ്ധതി വിഭാവനം ചെയ്യുന്നു. അതായത്, ഡിജിറ്റൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുക, ഫീൽഡ് ഓഫീസുകളും ചെക്ക് പോസ്റ്റുകളും നവീകരിക്കുക, വാഹനങ്ങൾ വാങ്ങുക/മാറ്റിവാങ്ങുക, പിസ്റ്റളുകൾ വാങ്ങുക തുടങ്ങിയവ. 2021–22 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **എ – ആധുനിക സൗകര്യങ്ങൾ** | | |
| 1. | ഡിജിറ്റൽ വയർലെസ് സിസ്റ്റം സ്ഥാപിക്കൽ | 325.00 |
| 2. | ഫീൽഡ് ആഫീസുകളുടെ നവീകരണം | 25.00 |
| 3. | വാഹനം വാങ്ങൽ | 200.00 |
| 4. | കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങൽ | 10.00 |
| 5. | എൻഫോഴ്സ്മെന്റ് സാമഗ്രികൾ വാങ്ങൽ | 10.00 |
| 6. | വാട്ടർ പ്യൂരിഫയർ വാങ്ങൽ | 5.00 |
| 7. | പിസ്റ്റളുകൾ വാങ്ങൽ | 40.00 |
| 8. | കമ്പ്യൂട്ടർ വാങ്ങൽ | 50.00 |
| 9. | ഇ– ലൈബ്രറി | 5.00 |
| 10. | എല്ലാ ജില്ലകളിലും നവീന ചോദ്യം ചെയ്യൽ റൂം ഒരുക്കൽ | 20.00 |
| 11. | ഐ റ്റി സെല്ലിന്റെ നവീകരണം | 5.00 |
| 12. | സൈബർ സെല്ലിന്റെ നവീകരണം | 5.00 |
| | **ആകെ– എ** | **700.00** |
| **ബി – നവീകരണം – നിർമ്മാണം** | | |
| 1. | എക്സൈസ് ടവറുകൾ **,** കോംപ്ലക്സുകൾ**,** റേഞ്ച് ഓഫീസുകൾ**,** സ്റ്റാഫ് ക്വാർട്ടേഴ്സ്, പരിശീലന കേന്ദ്രം എന്നിവയുടെ നിർമ്മാണം | **300.00** |
| | **ആകെ എ + ബി** | **1000.00** |

**37.വിമുക്തി – ഡി അഡിക്ഷൻ സെന്റർ**

**(വിഹിതം: 668.00 ലക്ഷം രൂപ)**

മദ്യം/മയക്കുമരുന്ന്/ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ ഭീഷണിയായി മാറുകയാണ്. സാഹചര്യത്തിന്റെ ഗൗരവം ഉയർത്തിക്കാട്ടുന്നതിനും ജനങ്ങളിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച ലഹരി വിരുദ്ധ പ്രചാരണ പരിപാടിയാണ് വിമുക്തി. കേരളത്തിൽ നിന്ന് എല്ലാത്തരം ലഹരി വസ്തുക്കളെയും

ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയുള്ള കൂട്ടായ പരിശ്രമമാണിത്. ആസക്തി രഹിത കേരളമാണ് ഈ കാമ്പെയ്ൻ ഡ്രൈവിന്റെ ലക്ഷ്യം. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ദൗത്യത്തിന്റെ ഭാഗമായി ലഹരിക്ക് അടിമപ്പെടുന്നതിന്റെയും മദ്യപാനത്തിൻറെയും തിന്മകളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും ബോധവാന്മാരാക്കുന്നതിനായി സംസ്ഥാന വ്യാപകമായി പ്രചാരണം നടത്തുന്നു. ആരോഗ്യവകുപ്പിന്റെ ആശുപത്രികൾക്കൊപ്പം 14 ജില്ലകളിലും വകുപ്പ് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും കൂടാതെ സൈക്കോളജിസ്റ്റിന്റെയും സോഷ്യോളജിസ്റ്റിന്റെയും സേവനം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ കൗൺസിലിംഗ് കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുമുണ്ട്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 668.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | എല്ലാ ജില്ലകളിലും ഡി അഡിക്ഷൻ സെന്ററുകൾ | 668.00 |
| 2. | സ്ത്രീകൾക്കും കുട്ടികൾക്കും സോണൽ ഡി അഡ്ക്ഷൻ സെന്ററുകൾ | |
| 3. | തീരദേശ, പട്ടിക വർഗ്ഗവാസകേന്ദ്രങ്ങളിൽ അവബോധന പരിപാടികൾ | |
| 4. | ഡിജിറ്റൽ സോഷ്യൽ മീഡിയ ക്യാമ്പെയിൻ / പരസ്യം | |
| 5. | എൻ സി സി/ എൻ എസ് എസ്/ എസ്.പി.സി ഗവൺമെന്റ് വകുപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ബോധവൽക്കരണ പരിപാടികൾക്കായുള്ള വിമുക്തി ക്ലാസ്സുകൾ | |
| 6 | കീനാലൂരിൽ സംസ്ഥാനതല, അന്തർ ദേശീയ തല, മാതൃക ഡി അഡിക്ഷൻ സെന്റർ | |
| 7 | വിമുക്തി മാനേജർ, കോ-ഓർഡിനേറ്റർ, റിസർച്ച് ആഫീസർ, എന്നിവരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | |
| 8 | 77 താലൂക്കുകളിൽ ഡി അഡിക്ഷൻ സബ് സെന്ററുകൾ | |
| 9 | അഡ്മിനിസ്ട്രേറ്റീവ് ഓവർ ഹെഡുകൾ | |
| | **ആകെ** | **668.00** |

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്**

**38.വിവര സാങ്കേതികവിദ്യ സൗകര്യങ്ങൾ**

**(വിഹിതം: 300.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചരക്ക് സേവന നികുതി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ ഐ.സി.ടി. സൗകര്യങ്ങളോടുകൂടി ആധുനികവൽക്കരിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഐടി അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കാൻ സർക്കാർ അനുമതി നൽകിയതും പദ്ധതിയുടെ പ്രധാന ഭാഗം നടപ്പാക്കിയിട്ടുമുള്ളതാണ്. ഇത് തുടരുന്നതിനും പൂർത്തിയാക്കുന്നതിനുമായി 2021-22 വർഷത്തെ ബജറ്റിൽ 300.00 ലക്ഷം രൂപ ഇനിപ്പറയുന്ന ഘടകങ്ങൾക്കായി നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഗുഡ്സ് വാഹന സർവെയ്‌ലൻസിന് ഇന്റലിജന്റ് എ എൻ പി ആർ സിസ്റ്റം | 300.00 |
| 2. | ഡാറ്റാ ആനലറ്റിക്സ് | |
| 3. | ഹാർഡ് വെയറും സോഫ്റ്റ് വെയറും | |
| 4. | ജില്ലാ സൈബർ ഫോറൻസിക് ലാബുകൾ | |
| 5. | വെഹിക്കിൾ മൗണ്ടഡ് ക്യാമറയും ജി പി എസ് സിസ്റ്റവും | |
| | **ആകെ** | **300.00** |

**39.പൊതുജന അവബോധനവും ശേഷി വർദ്ധിപ്പിക്കൽ പരിപാടിയും**

**(വിഹിതം : 400.00 ലക്ഷം രൂപ)**

നികുതി വരുമാനം വർദ്ധിപ്പിക്കുക വഴി കേരള വികസനം സാധ്യമാക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് വ്യാപാരികൾ, പൊതുജനങ്ങൾ, വിവിധ പങ്കാളികൾ, നികുതി പരിശീലകർ എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിന് ഫലപ്രദമായ ആശയവിനിമയ തന്ത്രം 2017 ജൂലൈ മുതൽ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്താനും വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. താഴെപ്പറയുന്ന പൊതു അവബോധ പരിപാടികൾക്കും ശേഷി വികസനത്തിനുമായി 2021-22 വർഷത്തിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **പൊതുജന അവബോധം** | | |
| 1. | പത്ര പരസ്യം | 350.00 |
| 2. | റേഡിയോ പ്രചാരണം | |
| 3. | ടെലിവിഷൻ പരസ്യങ്ങൾ | |
| 4. | പ്രിന്റ് കൊളാറ്ററൽസ് | |
| 5. | ഡിപ്പാർട്ട്മെന്റ് ബ്രാൻഡിംഗ് | |
| 6. | സാമൂഹ്യ മാധ്യമ ക്യാമ്പയിൻ | |
| 7. | റെയിൽവേ സ്റ്റേഷൻ, കോച്ചുകൾ എന്നിവയിലെ പരസ്യം, ബസ് ബ്രാൻഡിംഗ് പരസ്യങ്ങൾ, ഹോർഡിംഗുകൾ മുതലായവ. | |
| 8. | പത്ര സമ്മേളനം, ലോഞ്ച് ചെലവുകൾ | |
| 9. | ക്രിയേറ്റീവ് ഏജൻസി ചെലവുകൾ | |
| 10. | അപ്രതീക്ഷിക ക്യാമ്പയിൻ ചെലവുകൾ | |
| **ശേഷി വികസനം** | | |
| 11. | ജി .എസ്.ടി റിഫ്രഷർ ട്രെയിനിംഗ്-ഫങ്ഷണൽ | 50.00 |
| 12. | ജി.എസ്.ടി റിഫ്രഷർ ട്രെയിനിംഗ്- സാങ്കേതികം | |
| 13. | തീ മാറ്റിക് പരിശീലനം- എ.എസ്.ടി.ഒ യും അതിന് മുകളിലും | |
| 14. | ജിഎസ് ടിയെ കുറിച്ച് പ്രവർത്തന, സാങ്കേതിക പരിശീലനവും റിഫ്രഷർ പരിശീലനവും, എസ് ടി ഒ ട്രെയിനികൾക്ക് തീമാറ്റിക് പരിശീലനം | |
| 15. | ട്രെയിനിംഗ് ടൂൾസ്, ഡോക്യുമെന്റേഷൻ | |
| 16. | കമ്പ്യൂട്ടർ ലാബ് പരിപാലിക്കുന്നതിനുള്ള ചെലവുകൾ | |
| 17. | അന്യ സംസ്ഥാനങ്ങളിൽ സ്റ്റഡി ടൂറുകൾ | |
| 18. | അവാർഡും അംഗീകാരവും | |
| | **ആകെ** | **400.00** |

**40. ആലപ്പുഴയിലും കണ്ണൂരിലും ജി എസ് ടി കോംപ്ലക്സുകളുടെ നിർമ്മാണം ( പുതിയ പദ്ധതി)**

**(വിഹിതം : 200.00 ലക്ഷം രൂപ)**

ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ സ്റ്റേറ്റ് ജി.എസ്.ടി ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കിഫ്ബി മുഖേന ആലപ്പുഴയിൽ 18.95 കോടി രൂപയും കണ്ണൂരിൽ 17.11 കോടി രൂപയും ജി.എസ്.ടി കോംപ്ലക്സ് നിർമ്മിക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിൽ എത്തിയിരിക്കുകയാണ്. കിറ്റ്കോ ആണ് ഇതിന്റെ എസ്.പി.വി ആയി

നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ വിവിധ കാരണങ്ങളാൽ ഇ പദ്ധതി കിഫ്ബി ഏറ്റെടുക്കുന്നില്ല. പദ്ധതിക്ക് വേണ്ടിയുള്ള സോയിൽ ടെസ്റ്റ്, ടോപോഗ്രഫിക്കൽ സർവ്വെ, ഡി പി ആർ എന്നിവ സൗജന്യമായി തന്നെ കിറ്റ്കോ തയ്യാറാക്കിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 വർഷം ആലപ്പുഴയിലും കണ്ണൂരിലും ജി എസ് ടി കോംപ്ലക്സ് നിർമ്മിക്കാൻ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ജി.ഐ.എഫ്.ടി**

**41.ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ**

**(വിഹിതം :100.00 ലക്ഷം രൂപ)**

1992-ൽ സർക്കാർ രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്). പബ്ലിക് ഫിനാൻസ്, നിയമം, ടാക്സേഷൻ, അക്കൗണ്ടൻസി എന്നീ മേഖലകളിൽ ഗവേഷണം, കോഴ്സുകൾ, പ്രസിദ്ധീകരണങ്ങൾ, പരിശീലന പരിപാടികൾ,കൺസൾട്ടൻസി, പൊതുജന അവബോധ പരിപാടികൾ എന്നീ മേഖലകളിൽ സ്ഥാപനം ഏർപ്പെട്ടിരിക്കുന്നു. 2021-22 വർഷത്തിൽ പഠനങ്ങൾ, സെമിനാറുകൾ, പരിശീലനം, ശിൽപശാല, ഗവേഷണ പഠിതാക്കൾക്ക് ഫെല്ലോഷിപ്പ് എന്നീ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1. | ഗവേഷണ പഠനങ്ങൾ | 40.00 |
| 2. | പി എച്ച് ഡി പഠിതാക്കൾക്ക് ഫെല്ലോഷിപ്പ് | 15.00 |
| 3. | ഗവേഷക ഇന്റേണുകൾക്ക് ഫെല്ലോഷിപ്പ് | 13.00 |
| 4. | പരിശീലനം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ ( ഓൺലൈനിലും ക്ലാസ്സ് റൂമിലും) | 32.00 |
| **ആകെ** | | **100.00** |

**റവന്യൂ വകുപ്പ്**

**42. കേരള സംസ്ഥാന ലാന്റ് ബാങ്ക് പ്രോജക്റ്റ്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സർക്കാർ ഭൂമി പരിപാലനത്തിനും സർക്കാർ ഭൂമിയിലെ നിയമവിരുദ്ധമായ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനുമാണ് ഈ പദ്ധതി. സർക്കാർ ഭൂമിയുടെ ശാസ്ത്രീയ കണ്ടുപിടിത്തത്തിനും പ്രൊഫഷണൽ മാനേജ്മെൻറിനുമായിട്ടാണ് സർക്കാർ കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി ആരംഭിച്ചത്. സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള എല്ലാ ചെലവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയുടെ വസ്തു വിവര പട്ടിക തയ്യാറാക്കുക, വരുമാനം ഉണ്ടാക്കുക, നിരീക്ഷണം, സംരക്ഷണം, സർക്കാർ ഭൂമി വീണ്ടെടുക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 2021-22 വർഷത്തെ ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | കേരളമൊട്ടാകെ ലാന്റ് ബാങ്ക് പ്രോജക്റ്റ് നടപ്പിലാക്കൽ | 50.00 |
| | **ആകെ** | **50.00** |

**43.കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ**

**(വിഹിതം : 3600.00 ലക്ഷം രൂപ)**

കളക്ടേറ്റ്, ആർ ഡി ഒ ആഫീസുകൾ, സബ്കളക്ടർ ആഫീസുകൾ, താലൂക്ക് ആഫീസുകൾ, വില്ലേജ് ആഫീസുകൾ, സ്പെഷ്യൽ ആഫീസുകൾ എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി സ്മാർട്ട്കെട്ടിടങ്ങൾ

നിർമ്മിച്ച് (ഇ-ഗവേണൻസ് ഉൾക്കൊള്ളുന്നത് ) ജനങ്ങൾക്ക് സേവനങ്ങൾ അതിവേഗത്തിൽ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്മാർട്ട് ആഫീസുകൾ റവന്യൂ സേവനങ്ങൾ സമയബന്ധിതമായി ഓൺലൈനായും നേരിട്ടും നൽകുന്നതാണ്. 120 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ പൊതുജനങ്ങൾക്കുള്ള കാത്തിരിപ്പ് സ്ഥലം, ഫ്രണ്ട് ഓഫീസ്, പാർക്കിംഗ് ഏരിയ, റെക്കോർഡ് റൂം എന്നിവയടങ്ങുന്ന പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും പദ്ധതി ഉദ്ദേശിക്കുന്നു. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 3600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സ്മാർട്ട് വില്ലേജ് ഓഫീസുകൾ | 1400.00 |
| 2. | വില്ലേജ് ആഫീസുകൾക്ക് ബൗണ്ടറി ഭിത്തികൾ നിർമ്മിക്കൽ | 300.00 |
| 3. | വില്ലേജ് ആഫീസുകളുടെ പരിപാലനം | 300.00 |
| 4. | വില്ലേജ് ആഫീസുകളിൽ ഫർണിച്ചർ, അധികറൂം അനുവദിക്കൽ, പരിപാലനം | 700.00 |
| 5. | വില്ലേജ് ആഫീസുകളല്ലാത്ത റവന്യൂ ആഫീസുകളുടെ നവീകരണം | 600.00 |
| 6. | ആസ്തി പുനർനിർമ്മാണവും പരിപാലന ഫണ്ടും | 250.00 |
| 7. | റവന്യൂ ആഫീസുകളിൽ സ്വകാര്യ വാഹനം വാടകയ്ക്ക് എടുക്കൽ | 50.00 |
| | **ആകെ** | **3600.00** |

### 44. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ഗുണനിലവാരമുള്ള സേവനങ്ങൾ വേഗത്തിലും ഫലപ്രദമായും ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ അത്യന്താപേക്ഷിതമാണ്. അതുവഴി റവന്യൂ ഭരണത്തിൽ സുതാര്യത ഉറപ്പാക്കുന്നു. കർശനമായ ലോജിക്കൽ പ്രോട്ടോക്കോളുകൾ സ്വീകരിക്കുന്നതിലൂടെ സെൻസിറ്റീവ് ഡാറ്റയിൽ കൃത്രിമം കാണിക്കുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. എല്ലാ റവന്യൂ സേവനങ്ങളും പേയ്മെന്റുകളും ഒരൊറ്റ കുടക്കീഴിൽ ഉൾപ്പെടുന്ന ഒരൊറ്റ ലോഗിൻ സൗകര്യമുള്ള -റവന്യൂ പോർട്ടൽ- എന്ന ഒരു വെബ് പോർട്ടലിന്റെ വികസനമാണ് പ്രധാനമായും വേണ്ടത്. ബെനിഫിറ്റ് സ്കീമുകളുടെയും പെൻഷൻ സ്കീമുകളുടെയും വേഗത്തിലുള്ള പ്രോസസ്സിംഗിനും വിതരണത്തിനുമായി വെബ് ആപ്ലിക്കേഷനുകൾ വികസിപ്പിക്കുക എന്നതാണ് മറ്റൊരു പ്രധാന ലക്ഷ്യം. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2021-22 വർഷത്തെ ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഭൂരേഖയുടെ ഡിജിറ്റൈസേഷൻ (ഡാറ്റാ ഡിജിറ്റൈസേഷൻ,സ്കാനിംഗ്, ഡോക്യുമെന്റ് മാനേജ്മെന്റ് ) | 273.00 |
| 2 | സോഫ്റ്റ് വെയർ വികസനവും, ആപ്ലിക്കേഷൻ സപ്പോർട്ടും | 218.00 |
| 3 | പ്രോജക്റ്റ് നിർവ്വഹണ സൗകര്യങ്ങൾ ഒരുക്കൽ | 22.00 |
| 4 | അടിസ്ഥാനസൗകര്യം ഒരുക്കൽ/പരിപാലനം/ നിലവാരമുയർത്തൽ | 1480.00 |
| 5 | കണ്ടിജൻസികളും അപ്രതീക്ഷിത ചെലവുകളും | 7.00 |
| | **ആകെ** | **2000.00** |

### 45. കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (കെഎൽആർഎംഎം) (പുതിയ പദ്ധതി)

**(വിഹിതം: 1100.00 ലക്ഷം രൂപ)**

എല്ലാ ഭൂരേഖകളും മാപ്പുകളും ഡിജിറ്റൈസ് ചെയ്യുക, ഭൂരേഖകളും കാഡസ്ട്രൽ മാപ്പുകളും സമന്വയിപ്പിക്കുക, ഏകീകരിക്കുക, പൂർത്തീകരിക്കുക എന്നീ ഉദ്ദേശങ്ങളോടെ കേരള സർക്കാർ സ്ഥാപിച്ചിട്ടുള്ള ഒരു മൾട്ടി ഏജൻസിയാണ് കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ

മിഷൻ (കെഎൽആർഎംഎം). പൗരന്മാരുൾപ്പെടെ എല്ലാ പങ്കാളികൾക്കുമായി ലാൻഡ് റെക്കോർഡ് സേവനങ്ങളുടെയും സിംഗിൾ വിൻഡോ ആക്സസ് വികസിപ്പിക്കുക, ഇ-മാപ്പുകളുടെ കസ്റ്റമൈസ്ഡ് വെബ് മാപ്പിംഗ് സൊല്യൂഷൻസ് വികസിപ്പിക്കുക, മാപ്പിംഗിനായി റെലിസ്, പേർളുമായി സംയോജിപ്പിക്കുക എന്നിവയാണ് കെഎൽആർഎംഎമ്മിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഭൂരേഖകളെ മാപ്പുകളുമായി ബന്ധിപ്പിക്കുന്ന ഐസിടി സിസ്റ്റങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് ഈ പ്രക്രിയയിലെ ഒരു പ്രധാന ഘട്ടമാണ്. ലാൻഡ് റവന്യൂ, സർവ്വേ , രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ നിലവിലുള്ള സർവ്വേ വിപുലീകരിക്കൽ , ഓൺലൈൻ മാപ്പിംഗ് സൊല്യൂഷൻസ്, വകുപ്പുകളുടെ വെബ് സേവനങ്ങളുടെ സംയോജനം എന്നിവ ഈ വർഷത്തെ പദ്ധതി വിഭാവനം ചെയ്യുന്നു.

2020 നവംബറിൽ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, റവന്യൂ സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ആസൂത്രണ ബോർഡിൽ നിന്നുള്ള അംഗങ്ങൾ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് നടത്തുകയുണ്ടായി. ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷനും, റവന്യൂ, സർവേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ പ്രവർത്തനങ്ങളുടെ സംയോജനവും സർക്കാരിന്റെ മുൻഗണനാ പദ്ധതിയാണെന്നും ഇത് സമയബന്ധിതമായി പൂർത്തിയാക്കാനും ഈ യോഗത്തിൽ തീരുമാനിച്ചു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സമയബന്ധിതമായി ചുമതലകൾ പൂർത്തീകരിക്കുന്നതിന് വിശദമായ കർമപദ്ധതി തയ്യാറാക്കാൻ റവന്യൂ വകുപ്പിനും മറ്റ് ബന്ധപ്പെട്ട വകുപ്പുകൾക്കും മുഖ്യമന്ത്രി നിർദ്ദേശം നൽകി. ഈ പ്രവർത്തങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് വേണ്ടുന്ന മുറയ്ക്ക് നൽകണമെന്നും മുഖ്യമന്ത്രി ധനകാര്യ സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇ- മാപ്പ് വെബ് സോഫ്റ്റ്വെയർ പരിപാലനവും അപ്ഡേഷനും | 1100.00 |
| 2 | ഡിജിറ്റൈസേഷൻ പ്രവർത്തികൾ | |
| 3 | ഡിജിറ്റലായി സർവേ ചെയ്ത വില്ലേജുകളുടെ മെച്ചപ്പെടുത്തൽ | |
| 4 | പരമ്പരാഗതമായി സർവേ ചെയ്ത വില്ലേജുകളുടെ മെച്ചപ്പെടുത്തൽ | |
| 5 | റീസർവ്വേ ചെയ്യാത്ത വില്ലേജുകളുടെ റീസർവ്വേ | |
| 6 | പരിശീലനവും ശേഷി വർദ്ധിപ്പിക്കലും | |
| 7 | നിലവിലുള്ള ഇ ടി എസ് , ഡി ജി പി എസ് എന്നിവയ്ക്കായുള്ള വാർഷിക പരിപാലന ചെലവ് | |
| 8 | നിലവിലുള്ള സെർവറുകളുടെ വാർഷിക പരിപാലന ചെലവ് | |
| 9 | കംപ്യൂട്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും വാർഷിക പരിപാലന ചെലവ് | |
| 10 | ആധുനിക റെക്കോർഡ് മുറികളുടെ പരിപാലനം (15 എണ്ണം ) | |
| | **ആകെ** | **1100.00** |

### 46. ജില്ലാ / താലൂക്ക് ഇ.ഒ.സികളുടെ സ്ഥാപനം (പുതിയ പദ്ധതി)

**(വിഹിതം : 250.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ താലൂക്ക് ഓഫീസുകളിലും താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു വർഷത്തിനുള്ളിൽ 25% താലൂക്കുകളിൽ ആരംഭിച്ച് ഘട്ടം ഘട്ടമായി നടപ്പാക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. 2021-22 വർഷത്തെ ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ജില്ലകളിലും താലൂക്ക് ഓഫീസുകളിലും താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കൽ | 250.00 |
| **ആകെ** | | **250.00** |

**ഐ.എൽ.ഡി.എം**

**47. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്**

**(വിഹിതം:134.00 ലക്ഷം രൂപ)**

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനം, സേവന കാലയളവിലെ പരിശീലനം, ദുരന്ത നിവാരണ മാനേജ്മെന്റ് എന്നിവ ഉൾപ്പെടെ ദുരന്ത നിവാരണം പോലുള്ള പ്രത്യേക വിഷയങ്ങളിൽ പരിശീലനം നടത്തുന്നതിനായി 1996 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്. 2005 ലെ ദുരന്ത നിവാരണ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം ദുരന്തനിവാരണ രംഗത്തെ ഉദ്യോഗസ്ഥർക്ക് പുറമേ പൊതുജനങ്ങളുടെയും എൻജിഒകളുടെയും പരിശീലന ആവശ്യങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് നിറവേറ്റുന്നു. ചുവടെപറയുന്ന ഘടകങ്ങൾക്കായി 2021-22 വർഷത്തെ ബജറ്റിൽ 134.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | അടിസ്ഥാന സൗകര്യ നിലവാരമുയർത്തൽ | 134.00 |
| 2. | കേന്ദ്രീകൃത പരിശീലന പരിപാടി | |
| 3. | വികേന്ദ്രീകൃത പരിശീലന പരിപാടി | |
| 4. | ഐ ഇ സി പ്രവർത്തനങ്ങൾ | |
| 5 | ലാൻഡ് ഗവേർണൻസ് സെന്റർ | |
| 6 | സെന്റർ ഫോർ സേഫ്റ്റി ആൻഡ് ക്രൗഡ് റിസ്ക് റിസർച്ച് | |
| 7 | മിന്നൽ ഗവേഷണ കേന്ദ്രവും, ആൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ സംവിധാനവും. | |
| **ആകെ** | | **134.00** |

**ദുരന്ത നിവാരണം**

**48. ദുരന്തം കൈകാര്യം ചെയ്യലും, ലഘൂകരണവും പുനരധിവാസവും**

**(വിഹിതം: 526.00 ലക്ഷം രൂപ)**

ദുരന്ത സാഹചര്യങ്ങളിൽ അതിവേഗം പ്രതികരിക്കുന്നതിനും ആസൂത്രണം നടത്തുന്നതിനും വേണ്ടി ശക്തമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. 2021-22 ൽ താഴെപ്പറയുന്ന പരിപാടികൾക്കായി 526.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണം | 45.00 |
| 2 | ദുരന്തലഘൂകരണത്തിന് ഇൻസ്ട്രുമെന്റഡ് മോണിറ്ററിങ്ങും ശാസ്ത്ര സാങ്കേതിക വിദ്യ ശക്തിപ്പെടുത്തലും . | 15.00 |
| 3 | എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ശക്തിപ്പെടുത്തൽ | 70.00 |
| 4 | ദുരന്തലഘൂകരണത്തെ മുഖ്യധാരയുടെ ഭാഗമാക്കൽ, കെ.എസ്.ഡി.എം.എ, കെ.എസ്.ഇ.ഒ.സി എന്നീ ഓഫീസുകളുടെ പ്രവർത്തനം | 376.00 |
| 5 | സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ പദ്ധതികൾ അപ്ഡേറ്റ് ചെയ്യുകയും വരൾച്ചാ നിവാരണ പദ്ധതി തയ്യാറാക്കലും | 20.00 |
| | **ആകെ** | **526.00** |

**49.ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി (25%)**

**(വിഹിതം : 250.00 ലക്ഷം രൂപ)**

ഇന്ത്യയിലെ 13 തീരദേശ സംസ്ഥാനങ്ങളിലെ തീരദേശ മേഖലകളിലെ ചുഴലിക്കാറ്റിനും മറ്റ് ജല-കാലാവസ്ഥാ അപകടങ്ങൾക്കും സാധ്യത കുറയ്ക്കുന്നതിന് വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എൻസിആർഎംപി. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കേരളത്തെ കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ നാല് ഘടകങ്ങൾ താഴെ പറയുന്നു.

1) മുന്നറിയിപ്പ് സംവിധാനം (100% കേന്ദ്രം)
2) ചുഴലിക്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രം)
3) ദുരന്ത നിവാരണ സംവിധാനത്തിന് സാങ്കേതിക സഹായം (100% കേന്ദ്രം)
4) പ്രോജക്റ്റ് നടപ്പാക്കുന്നതിന് പിന്തുണ (100% കേന്ദ്രം)

രണ്ടാമത്തെ ഘടകമായ ചുഴലിക്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ തന്ത്രപരമായ അടിസ്ഥാന സൗകര്യ നിക്ഷേപങ്ങളിലൂടെ തീരദേശ സമൂഹങ്ങളുടെ അപകടസാധ്യത കുറയ്ക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്, അതായത്, അവരുടെ ശേഷി വർദ്ധിപ്പിക്കൽ/അടിയന്തിര അഭയകേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തൽ, രക്ഷാ മാർഗ്ഗങ്ങൾ , ചുഴലിക്കാറ്റുകൾക്കും ജല കാലാവസ്ഥാ അപകടങ്ങളിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുക, സേവനങ്ങളുടെ തുടർച്ച ഉറപ്പാക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ ഘടകം - ചുഴലിക്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ- നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി 250.00 ലക്ഷം രൂപ 2021-22 ൽ വകയിരുത്തുന്നു.

**സർവ്വേയും ഭൂരേഖയും**

**50.ഭൂരേഖാ സേവന സംവിധാനങ്ങളുടെ സംയോജനം**

**(വിഹിതം : 1200.00 ലക്ഷം രൂപ)**

പുതുക്കിയ ഭൂരേഖകളുടെ പരിപാലനം വിജയകരമായ ഒരു റവന്യൂ ഭരണത്തിന്റെ പ്രധാന അടിത്തറയാണ്. കേരളം ഈ ദിശയിൽ നല്ല രീതിയിൽ മുന്നേറിയിട്ടുണ്ട്. റവന്യൂ, സർവേ, രജിസ്ട്രേഷൻ തുടങ്ങിയ പ്രധാന പങ്കാളി വകുപ്പുകളും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിൽ സുസ്ഥിര ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും പോലെ 2008 മുതൽ കേരളത്തിലും ലാൻഡ് റെക്കോർഡ് നവീകരണ പരിപാടി ആരംഭിച്ചു. ഇപ്പോൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയിൽ റിസർവ്വേ, രേഖകളുടെ ഭൗതിക സംരക്ഷണം, സ്കാനിംഗ്, മാപ്പുകളുടെ വെക്ടറൈസേഷൻ, ഫിസിക്കൽ റെക്കോർഡുകൾ ശാസ്ത്രീയമായി സംഭരിക്കുക, ഡിജിറ്റൽ റെക്കോർഡുകൾ സംഭരിക്കുക, വെബ് മീഡിയ വഴി ഡിജിറ്റൽ ഡാറ്റ പൊതുജനങ്ങൾക്ക് പങ്കിടുക തുടങ്ങിയവ ഉൾപ്പെടുന്നു. ഭൂമിഇടപാടുകളുടെ കാര്യത്തിൽ സുതാര്യത കൈവരിക്കുക, പിശകില്ലാത്ത ഡിജിറ്റൽ മാപ്പിന്റെ ലഭ്യത, ഭൂമി സംബന്ധമായ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർണ്ണായക ഉപകരണമായി പ്രവർത്തിക്കാനും ഭൂസർവേയിലെ കൃത്യത വരുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2020 നവംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലാൻഡ് റെക്കോർഡ് മോഡണൈസേഷൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതിയും റവന്യൂ, സർവേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ പ്രവർത്തനങ്ങളുടെ സംയോജനവും സർക്കാരിന്റെ മുൻ ഗണനാ പദ്ധതിയാണെന്നും ഇത് സമയബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിച്ചു. ഈ പ്രവർത്തങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യത്തിനനുസരിച്ച് ഫണ്ട് നൽകണമെന്നും മുഖ്യമന്ത്രി ധനകാര്യ സെക്രട്ടറിക്ക് നിർദേശം നൽകി.

2021-22 ൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡിജിറ്റൽ സർവ്വേ | 549.00 |
| 2 | സി ഓ ആർ എസ് നെറ്റ്വർക്കും റിയൽ ടൈം കൈനമാറ്റിക്സും | 413.00 |
| 3 | സ്പേഷ്യൽ ഡാറ്റ ഇന്റഗ്രേഷൻ പ്ലാൻ | 143.00 |
| 4 | പരിശീലനവും കാര്യശേഷി വികസനവും | 15.00 |
| 5 | ഐ റ്റി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ | 80.00 |
| | **ആകെ** | **1200.00** |

**51.സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പിശക് രഹിത ഭൂരേഖകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ലോകോത്തര പരിശീലനം നൽകുന്നതിനായി, സർവ്വേ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം. പരിശീലന സ്കൂളിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, സംരക്ഷണ ഭിത്തി നിർമ്മാണം, ഇന്റർലോക്കിംഗ്, കിണറിന്റെ നിർമ്മാണം, എർത്ത് ഫില്ലിംഗ്, വൈദ്യുതീകരണം, അടിസ്ഥാന സൗകര്യങ്ങൾ നൽകൽ തുടങ്ങിയ അധിക പ്രവർത്തനങ്ങൾക്കായി 2021-22ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരത്തെ സർവേ പരിശീലന വിദ്യാലയത്തിലെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ (പ്രവർത്തിയുടെ 25%) | 41.00 |
| 2 | മതിൽ നിർമ്മാണം , ഇന്റർലോക്കിംഗ്, കിണർ നിർമ്മാണം, എർത്ത് ഫില്ലിംഗ്, വൈദ്യുതീകരണം എന്നിങ്ങനെ എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക പ്രവർത്തികൾ | 36.50 |
| 3 | തിരുവനന്തപുരത്തെ സർവേ സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ | 22.50 |
| | **ആകെ** | **100.00** |

**52.മോഡേൺ റെക്കോർഡ് റൂമിന്റെ നിർമ്മാണവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും (പുതിയ പദ്ധതി)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

മൂല്യവത്തായതും പഴയതുമായ ഭൂരേഖകൾ സംരക്ഷിക്കുന്നതിനായി സെൻട്രൽ സർവേ ഓഫീസിലും കോട്ടയത്തെ മാപ്പിംഗ് ഓഫീസിലും ശക്തമായതും മികച്ചതുമായ അടിസ്ഥാനസൗകര്യങ്ങളോട്ടു കൂടിയ കെട്ടിടം നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരം സെൻട്രൽ സർവേ ഓഫീസ് പരിസരത്ത് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | 35.5 |
| 2 | കോട്ടയം മാപ്പിംഗ് ഓഫീസിൽ ആധുനിക റെക്കോർഡ് റൂമും ഡിജിറ്റൈസേഷൻ സെന്ററും | 5.50 |
| 3 | സ്ത്രീകളുടെ വിശ്രമമുറിയും ക്രഷും (ടോയ്‌ലറ്റ് സൗകര്യത്തോടെ) | 9.00 |
| | **ആകെ** | **50.00** |

**ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്**

**53. വർക്കലയുടെ അടിസ്ഥാന സൗകര്യ വികസനം**

**(വിഹിതം: 350.00 ലക്ഷം രൂപ)**

വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനത്തിന് 2012-13-ൽ രൂപീകരിച്ച 'വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ ലിമിറ്റഡ്' എന്ന കമ്പനി, പൊതു-സ്വകാര്യ

പങ്കാളിത്തത്തോടെയോ, വിദേശ ഇന്ത്യാക്കാരുടെയടക്കം സംയുക്ത സംരംഭങ്ങളായോ വിവിധ പ്രൊജക്ടുകൾ, വിവിധ തലങ്ങളിൽ നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ജിയോ പാർക്ക് ഉൾപ്പെടെ വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനം | 350.00 |
| 2 | വർക്കലയിൽ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് സ്ഥാപിക്കൽ, അധിക അടിസ്ഥാന സൗകര്യങ്ങൾ- പഠനം | |
| 3 | വർക്കല തീരത്തിന്റെയും പാപനാശത്തിന്റെയും കടലെടുപ്പ് തടയൽ | |
| 4 | സ്ഥലപര വിവര സംവിധാനം | |
| 5 | വർക്കല ശിവഗിരി റയിൽവേ സ്റ്റേഷൻ പുനർവികസനം, ഡി.പി. ആർ തയ്യാറാക്കൽ | |
| 6 | വർക്കല ജിയോ - ഹെരിറ്റേജ് സൈറ്റ് അന്താരാഷ്ട്ര സെമിനാർ (സംസ്ഥാന വിഹിതം) | |
| 7 | വർക്കലയിൽ ജിയോ പാർക്ക് മ്യൂസിയം സ്ഥാപിക്കൽ- പ്രാഥമിക ചെലവുകൾ | |
| 8 | സ്റ്റാറ്റ്യൂട്ടറി ചെലവുകൾ ഉൾപ്പെടെയുള്ള ഓഫിസ് ചെലവുകൾ, മനുഷ്യ വിഭവ ചെലവ് | |
| 9 | വർക്കലയുടെ ലക്ഷ്യ വികസനത്തിനായി ഡിപിആർ തയ്യാറാക്കൽ | |
| **ആകെ** | | **350.00** |

**54.മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ**

**(വിഹിതം : 79,000.00 ലക്ഷം രൂപ)**

മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് വേണ്ട വിഹിതം ഒരു ബഡ്ജറ്റ് ശീർഷകത്തിലായി വകയിരുത്തിയിട്ടുണ്ട്. പല പദ്ധതികൾക്ക് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വെവ്വേറെ ഫണ്ട് വകയിരുത്തുമ്പോൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പണം പാഴായി പോകുന്ന മുൻകാല സ്ഥിതി അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ രീതി അവലംബിക്കുന്നത്. മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യത്തിൽ, പ്രത്യേകിച്ച് തുടക്കത്തിൽ വകയിരുത്തുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ ധാരാളം പരിമിതികളുണ്ടെന്നാണ് മുൻകാല അനുഭവം വ്യക്തമാക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ അനുവദിച്ച ഫണ്ടുകൾ പലപ്പോഴും ലാപ്സായിപ്പോകുകയോ മറ്റ് പദ്ധതികൾക്ക് വകമാറ്റി ചെലവാക്കുകയോ ചെയ്യുമായിരുന്നു. ഇത് ഒഴിവാക്കുന്നതിന് മൊത്തം തുക ഒരു ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയാൽ അതിൽ നിന്നും നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യാനുസരണം നിർദ്ദിഷ്ട പദ്ധതികൾക്കും വിനിയോഗിക്കുവാൻ കഴിയും.

താഴെ കൊടുത്തിരിക്കുന്ന 11 മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നിർവ്വഹണം സാധ്യമാക്കുന്നതിനായി 2021-22 വാർഷിക പദ്ധതിയിൽ 79000.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മേഖല/ഉപമേഖല |
|---|---|---|
| 1 | വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ(ഐ.സി.റ്റി.റ്റി) | ഗതാഗതവും വാർത്താ വിനിമയവും/പോർട്ടും ലൈറ്റ് ഹൗസും, ഷിപ്പിംഗ് ട്രാൻസ്പോർട്ട് സർവ്വീസുകളും |
| 2 | കൊച്ചി റെയിൽ സിസ്റ്റം | ഗതാഗതവും വാർത്താ വിനിമയവും/ മറ്റ് ഗതാഗത സർവ്വീസുകളും |
| 3 | കണ്ണൂർ എയർപോർട്ട്- അടിസ്ഥാന സൗകര്യ വികസനം | ഗതാഗതവും വാർത്താവിനിമയവും/മറ്റ് ഗതാഗത സർവ്വീസും |
| 4 | 35- ത് ദേശീയ ഗെയിംസ്-വാർഷികവേതന പദ്ധതി | സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ |

| | | |
|---|---|---|
| | | സർവ്വീസുകൾ/കായികവും യുവജന കാര്യങ്ങളും |
| 5 | കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം | മറ്റ് ഗതാഗത സേവനങ്ങൾ |
| 6 | ജുഡീഷ്യറിയുടെ പശ്ചാത്തല വികസനം. | ആഭ്യന്തരം |
| 7 | ഖരമാലിന്യ പരിപാലന ഫണ്ട് | നഗരം |
| 8 | പേർഫോർമൻസ് അടിസ്ഥാനമാക്കിയുള്ള ഇൻഫ്രാസ്ട്രക്ചർ വികസനം | ഉന്നത വിദ്യാഭ്യാസം |
| 9 | പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവകലാശാലയ്ക്ക് പുതിയ കാമ്പസും അടിസ്ഥാന സൗകര്യങ്ങളും, സാങ്കേതിക സർവകലാശാലയ്ക്കും പുതിയ കാമ്പസ് സ്ഥാപിക്കൽ , ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് അടിസ്ഥാന സൗകര്യങ്ങൾ) | ഉന്നത വിദ്യാഭ്യാസം |
| 10 | കേരള റെയിൽ വികസന കോർപ്പറേഷൻ (കേന്ദ്ര ഗവൺമെന്റും കേരള സർക്കാരും തമ്മിലുള്ള സംയുക്ത സംരംഭം) | മറ്റ് ഗതാഗത സർവ്വീസ് |
| 11 | എൻഎച്ച് ബൈ പാസുകൾ- കൊല്ലം, ആലപ്പുഴ (എൻഎച്ച്) | ഗതാഗതവും വാർത്താവിനിമയവും/ റോഡുകളും പാലങ്ങളും |

മുകളിൽ പ്രതിപാദിച്ചിട്ടുള്ള 11 പദ്ധതികൾക്ക് ഒരു ലക്ഷം രൂപ വീതം ബന്ധപ്പെട്ട മേഖലകളിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തി വിശദമായ ഉപയോഗ വ്യവസ്ഥ വിശദമാക്കിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യം വരുന്ന തുക മൊത്തത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ നിന്നും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അനുസരിച്ച് അധികാരപ്പെടുത്തി നൽകുന്നതാണ്. ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമതലയായിരിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും ധനകാര്യ വകുപ്പ് ഫണ്ട് നൽകുക. ഇപ്രകാരം ഫണ്ട് നൽകുന്നതിനനുസരിച്ച് ധനകാര്യ വകുപ്പ് ആവശ്യമായ ഡെബിറ്റ്/ക്രെഡിറ്റ് അഡ്ജസ്റ്റ്മെന്റുകൾ കണക്കിൽ വരുത്തുകയും അതിനുശേഷം ഈ അഡ്ജസ്റ്റ്മെന്റുകളെ ഉപധനാഭ്യർത്ഥനയിലൂടെ ക്രമപ്പെടുത്തുകയും ചെയ്യുന്നതാണ്.

**55.സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (കെ-ഡിഐ എസ് സി)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വിദ്യഭ്യാസം, നൈപുണ്യവികസനം, സംരംഭകത്വം, പങ്കാളിത്തഭരണം, പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഗവേഷണം തുടങ്ങി മനുഷ്യജീവിതത്തിന്റ സമസ്തമേഖലകളിലും നവരീതികൾ സൃഷ്ടിക്കുന്നതിനുള്ള ചുറ്റുപാടുണ്ടാക്കുക എന്നതാണ് കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന്റെ ലക്ഷ്യം. സംസ്ഥാനത്തെ നവീന രീതിയിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നതാണ് വിപുലമായ ലക്ഷ്യം. 2021-22 ൽ 1500.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾ നടപ്പാക്കുന്നതിനായി വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപീറ്റൻസി ഡെവലപ്മെന്റ് പ്രോഗ്രാം | 20.00 |
| 2 | മഞ്ചാടി - ടീച്ച് മാത്സ് കേരള | 225.00 |
| 3 | യുവ ഇന്നവേറ്റർമാരുടെ പരിപാടി | 225.00 |
| 4 | ഭിന്നശേഷി കുട്ടികൾക്കുള്ള നൂതന ആശയങ്ങൾ | 70.00 |
| 5 | ഉയർന്നു വരുന്ന സാങ്കേതിക വിദ്യകളെ സർക്കാരിൽ സ്വീകരിക്കുന്നതിന്റെ വേഗം വർദ്ധിപ്പിക്കുക. | 130.00 |

| | | |
|---|---|---|
| 6 | മഴവില്ല് – ടീച്ച് സയൻസ് കേരള | 125.00 |
| 7 | ജില്ലാ ഇന്നവേഷൻ കൗൺസിലുകൾ | 125.00 |
| 8 | പ്രോഗ്രാം മാനേജ്മെന്റ് ഓഫീസ് | 75.00 |
| 9 | പലവക | 75.00 |
| 10 | ഉയർന്നു വരുന്ന സാങ്കേതിക വിദ്യകൾക്കായി പ്രോഗ്രാം മാനേജ്മന്റ് യൂണിറ്റ് | 150.00 |
| 11 | കേരളത്തെ ഒരു മെഡിക്കൽ ഉപകരണങ്ങളുടേ നിർമ്മാണ ഹബ്ബ് ആക്കി മാറ്റുന്നതിനായി ഒരു കൺസോർഷ്യം സജ്ജമാക്കുക | 75.00 |
| 12 | മൾട്ടി സ്റ്റേക്ക്ഹോൾഡർ പ്ലാറ്റ്ഫോം | 20.00 |
| 13 | സർക്കാർ വീടുകളിൽ നിന്നുള്ള സ്ത്രീകൾക്കായി ഒരു നൂതന ബിസിനസ് ഇൻകുബേറ്റർ | 15.00 |
| 14 | നൂതന ആശയങ്ങൾക്കായി ഇൻസ്റ്റിറ്റ്യൂഷണൽ ഹബ് സ്ഥാപിക്കൽ | 170.00 |
| | **ആകെ** | **1500.00** |

**56.ഹരിത കേരളം മിഷൻ**

**(വിഹിതം : 700.00 ലക്ഷം രൂപ)**

കേരളത്തിൽ മുൻകാലത്തുണ്ടായിരുന്ന ശുചിത്വം, ജലലഭ്യത, ഭക്ഷ്യയോഗ്യമായ കാർഷികോല്പന്നങ്ങൾ എന്നിവ വീണ്ടെടുക്കുന്നതിനായി ഒരു സംവിധാനം സജ്ജീകരിക്കുന്നതിനുള്ള സഹായങ്ങൾ ഒരുക്കുന്നതിനാണ് ഈ പദ്ധതി. കാലാവസ്ഥാവ്യതിയാനംപോലുള്ള ഭീഷണികളെ പ്രതിരോധിക്കുന്നതിന് പ്രാദേശിക ഉദ്യമങ്ങൾ ശക്തിപ്പെടുത്തുകയും ഇതിന്റെ ലക്ഷ്യമാണ്. ജലലഭ്യത വർദ്ധിപ്പിച്ചുകൊണ്ട് കൃഷി, മാലിന്യം, ജലം എന്നിവയുടെ പരസ്പര ബന്ധം ശക്തിപ്പെടുത്തുക, മാലിന്യത്തിൽനിന്നും ജൈവവളം നിർമ്മിക്കുക, ഭക്ഷ്യയോഗ്യമായ കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുക എന്നിവ ഈ മിഷന്റെ തന്ത്രങ്ങളാണ്. (I) ശുചിത്വം, മാലിന്യ സംസ്കരണം, (ii) ജലസംരക്ഷണം, (iii) ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്ന കാർഷിക വികസനം എന്നിവയ്ക്കായി പ്രത്യേകമായി മൂന്ന് ഉപ ദൗത്യങ്ങളിലൂടെ മിഷൻ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 700.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഹരിതകേരളം മിഷൻ സംസ്ഥാന ഓഫീസിന്റെയും ജില്ലാ ഓഫീസുകളുടേയും ഭരണപരമായ ചെലവുകൾ. | 700.00 |
| 2. | ഐ ഇ സി | |
| 3. | അച്ചടിയും പ്രസിദ്ധീകരണവും | |
| 4. | ശിൽപശാലകൾ | |
| 5. | നൂതനവും അനുയോജ്യവുമായ സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക. | |
| 6. | റിസോഴ്സ് പേഴ്സണൽമാരുടെ ഒരു സഞ്ചയം തയ്യാറാക്കി നിർത്തുക | |
| 7. | മാതൃകാ പദ്ധതികളും, ഇന്റേൺഷിപ്പും പ്രോത്സാഹിപ്പിക്കുക. | |
| 8. | പച്ച തുരുത്ത് | |
| 9 | മോഡൽ അക്വിഫർ റീചാർജിംഗ് | |
| 10 | ഗ്രേ വാട്ടർ ട്രീറ്റ്മെന്റ് പഠനം | |
| 11 | ജലനിരപ്പിലും ഗുണനിലവാര നിരീക്ഷണത്തിലും ഐ ഓ ടി ഉപയോഗം | |
| 12 | ഹരിത അവാർഡ്. | |
| 13 | ഇതര ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം | |
| 14 | ഹരിത ലക്ഷ്യസ്ഥാനം | |
| 15 | മാലിന്യ സംസ്കരണ പദ്ധതികളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള കൺകറന്റ് മൂല്യനിർണ്ണയ ടീം | |
| **ആകെ** | | **700.00** |

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ**
**57.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഡിജിറ്റൈസേഷൻ**

**(വിഹിതം: 26.00 ലക്ഷം രൂപ)**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങളുടെ സമഗ്ര ഡിജിറ്റൈസേഷനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ലഭ്യമായ വാർത്താ വിനിമയ സാങ്കേതിക വിദ്യകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്നതാണ് ഡിജിറ്റൈസേഷന്റെ ലക്ഷ്യം. ഇതുമൂലം ട്രിബ്യൂണലിന്റെ പ്രവർത്തനം പൂർണ്ണമായും സുതാര്യമാക്കാൻ സഹായിക്കും. അതോടൊപ്പം സർക്കാർ വകുപ്പുകൾ, സർക്കാർ ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയ ഉപഭോക്താക്കൾക്ക് ട്രിബ്യൂണലിന്റെ മുമ്പാകെ വ്യവഹാരങ്ങൾ പൂർണ്ണമായും ഓൺലൈനായി കൈകാര്യം ചെയ്യാൻ അവസരം ലഭിക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ ബഞ്ച്, എറണാകുളം അഡീഷണൽ ബഞ്ച് എന്നിവിടങ്ങളിലെ ഡിജിറ്റൈസേഷനും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2021-22 വർഷത്തെ ബജറ്റിൽ 26.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | റെക്കോഡുകളുടെ സ്കാനിംഗ് ചാർജ്ജ് | 26.00 |
| 2 | ലാൻ കേബിളിംഗ് ആന്റ് അക്സസറികൾ | |
| 3 | സോഫ്റ്റ് വെയർ കസ്റ്റമൈസേഷനും പരിപാലനവും | |
| 4 | സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള സാങ്കേതിക സഹായത്തിനായുള്ള മനുഷ്യ വിഭവ ശേഷി | |
| 5 | സെക്യൂരിറ്റി ആഡിറ്റ് ചാർജ്ജ് | |
| 6 | കമ്പ്യൂട്ടറുകൾ, ടെലിവിഷൻ മറ്റു ഘടകങ്ങൾ എന്നിവ വാങ്ങൽ | |
| 7 | സി സി ടി വി സംവിധാനം നടപ്പിലാക്കൽ | |
| 8 | ബയോമെട്രിക് ഹാജർ സംവിധാനം നടപ്പിലാക്കൽ | |
| 9 | എസ് എം എസ് ക്രെഡിറ്റ് | |
| 10 | കെസ്വാൻ മെച്ചപ്പെടുത്തൽ | |
| | **ആകെ** | **26.00** |

**58.പുതിയ കെട്ടിട നിർമ്മാണം, നിലവിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണവും രണ്ടാം നിലയുടെ നിർമ്മാണവും (പുതിയ പദ്ധതി)**

**(വിഹിതം:1.00 ലക്ഷം രൂപ)**

നിലവിലുള്ള കെട്ടിടത്തോട് ചേർന്നുള്ള അധിക ഘടനയുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടത്തിനു മുകളിലായി രണ്ടാമത്തെ നിലയുടെ നിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. താഴെപ്പറയുന്ന പരിപാടികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനായി 2021-22 ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

| **ക്രമ നം** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | നിലവിലുള്ള ക്യാന്റീൻ , സുരക്ഷാ ക്യാബിൻ, കാർ പോർച്ച് എന്നിവയുടെ നിർമ്മാണം | |
| 2 | നിലവിലുള്ള കെട്ടിടത്തോടു ചേർന്നുള്ള അധിക നിർമ്മാണം | |

| | | |
|---|---|---|
| 3 | നിലവിലുള്ള കെട്ടിടത്തിനു മുകളിൽ രണ്ടാം നിലയുടെ നിർമ്മാണം | 1.00 |
| 4 | ജലവിതരണം, ശുചിത്വം, വൈദ്യുതീകരണം | |
| 5 | സെപ്റ്റിക് ടാങ്ക് നിർമ്മാണം | |
| 6 | മഴ വെള്ള സംഭരണി | |
| 7 | താൽക്കാലിക ക്യാന്റീൻ നിർമ്മാണം | |
| 8 | നിലവിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണവും മെച്ചപ്പെടുത്തലും | |
| 9 | ഫയർ ഫൈറ്റിംഗ് | |
| 10 | യാദൃശ്ചിക ചെലവ് | |
| 11 | പ്രതീക്ഷിത ചെലവ് | |
| 12 | ജി എസ് ടി പേയ്മെന്റ് | |
| 13 | ഭരണപരമായ ചെലവ് | |
| | **ആകെ** | **1.00** |

**59.കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾ (ആർ കെ ഐ)**

**വിഹിതം: (1,83,000.00 ലക്ഷം രൂപ)**

2018 ആഗസ്റ്റിൽ ഉണ്ടായ അതിശക്തമായ മഴയും പ്രളയവും കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത തരത്തിലുള്ള ദുരന്തമാണുണ്ടാക്കിയത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ഏറ്റവും വേഗത്തിലും ഫലപ്രദവുമായ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുക എന്നതാണ് റിബിൽഡ് കേരള ഇനിഷ്യറ്റീവിന്റെ (ആർ.കെ.ഐ)ലക്ഷ്യം. ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നു. പ്രളയാനന്തര കേരളത്തിന്റെ മൊത്തം പുനർനിർമ്മാണ പ്രവർത്തനങ്ങളും ആർ.കെ.ഐ ചട്ടക്കൂടിന് കീഴിൽ വരുന്നതും പ്രസ്തുത പ്രവർത്തനങ്ങൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിൽ രൂപീകരിച്ച റീ ബിൽഡ് കേരള സെക്രട്ടേറിയേറ്റിന്റെ ഭരണപരമായ സഹായത്തോടെ നടപ്പാക്കുന്നു.

ആർ.കെ.ഐ വിവിധ സർക്കാർ വകുപ്പുകളെയും, ഏജൻസികളെയും ഉൾപ്പെടുത്തിക്കൊണ്ട് 2 മുതൽ 3 വർഷം വരെ നീളുന്ന മൾട്ടി സെക്ടർ പരിപാടിയായിരിക്കും. ആയതിനാൽ ആർ.കെ.ഐ യുടെ വിജയത്തിന് ഉചിതമായ സ്ഥാപനതല സജ്ജീകരണങ്ങൾ നിർണ്ണായകമാണ്. വിവിധ മേഖലയിലുള്ളതും സങ്കീർണ്ണവുമായ പാക്കേജുകളെ കേരള പുനർനിർമ്മാണ ഉദ്യമത്തിന്റേയും സ്റ്റേക്ക് ഹോൾഡർമാരുടെയും കാഴ്ചപ്പാടിലേക്ക് കൂട്ടിയിണക്കുന്നതിനായി എല്ലാ തലങ്ങളിലും സ്ഥാപനപരമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ദുരന്തത്തിന്റെ തോത്, ആവശ്യമായ ആസൂത്രണം , നിർവഹണ സങ്കീർണ്ണതകൾ, സാമ്പത്തിക മാനേജ്മെന്റ്, സേവന ലഭ്യത എന്നിവ ഒരു പ്രത്യേക സ്ഥാപന ചട്ടക്കൂടിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

ധനകാര്യ വകുപ്പ് ആവശ്യമായ ഫണ്ടുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നതിനനുസൃതമായി കേരള പുനർനിർമ്മാണ ഉദ്യമങ്ങൾക്ക് നൽകുന്നതാണ്. നിർവ്വഹണത്തിനായി വിവിധ സ്രോതസ്സുകളിൽ നിന്ന് ഫണ്ടുകൾ സമാഹരിക്കേണ്ടതുണ്ട്. സംസ്ഥാന ബഡ്ജറ്റ് വിഹിതം വിവിധ ഉറവിടങ്ങളിൽ നിന്നുള്ള ഫണ്ടുകൾ (വേൾഡ് ബാങ്ക്, എ ഡി ബി, ജെ.ഐ.സി.എ, കെ.എഫ്.ഡബ്ല്യ മുതലായവ), കേന്ദ്ര സർക്കാർ സ്കീമുകളിൽ നിന്നുള്ള അധിക വിഹിതം, ക്രൗഡ് ഫണ്ടിംഗ്, സി.എം.ഡി.ആർ.എഫിൽ നിന്ന് ലഭ്യമായ തുക, നിഡ വഴിയുള്ള നബാർഡ് ഫണ്ട്, ഹഡ്കോ, മറ്റ് ലോണുകൾ എന്നിവയാണ് വിവിധ സ്രോതസ്സുകൾ.

സുഗമമായും സമയബന്ധിതമായും ആർ.കെ.ഐ യുടെ കീഴിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി 2021-22 വാർഷിക ബഡ്ജറ്റിൽ 1,83,000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ശുപാർശ അനുസരിച്ച് ഫൈനാൻസ് വകുപ്പ് ഫണ്ടുകൾ നൽകുന്നതാണ്.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവര കണക്കുകളും

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

**1. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ**

**(വിഹിതം : 50.00 ലക്ഷം രൂപ)**

കേരള സമ്പദ്ഘടനയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകളുടെ ശേഖരണം, ക്രോഡീകരണം, വിശകലനം, വസ്തുനിഷ്ഠമായ വ്യാഖ്യാനം, പ്രചാരണവും വ്യാപനവും മുതലായ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഉത്തരവാദിത്തപ്പെട്ട നോഡൽ ഏജൻസിയാണ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്. വിവിധ സാമൂഹിക-സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള കാലാനുക്രമവിവരങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. കമ്പ്യൂട്ടർ, പ്രോജക്ടറുകൾ, മറ്റു ഐ സി റ്റി പെരിഫെറലുകൾ എന്നിവ വാങ്ങുന്നതിലൂടെ ഡയറക്ടറേറ്റിലെ ഐ റ്റി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു. താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2021-22 വർഷത്തെ ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടറുടെ മാനവശേഷി ചെലവ് | 50.00 |
| 2 | ആവർത്തന ചെലവുകൾ (എഎംസി, ഇന്റർനെറ്റ് ചാർജ്ജുകൾ ഇ ആഫീസ് , മറ്റ് ചെലവുകൾ) | |
| 3 | ലാപ് ടോപ്പ്, വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങൽ | |
| 4 | മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ | |
| 5 | വെബ് സൈറ്റിന്റെ ആധുനികവല്ക്കരണം | |
| | **ആകെ** | **50.00** |

**2.ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ**

**(വിഹിതം: 60.00 ലക്ഷം രൂപ)**

സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിന് 14 ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും [ഡി.എസ്.ഒ] 61 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും [ടി.എസ്.ഒ] ഉണ്ട്. ഓരോ ഡി.എസ്.ഒ യ്ക്കും ഒരു കമ്പ്യൂട്ടർ യൂണിറ്റ് ഉണ്ട്. ഡാറ്റാ എൻട്രി, ഡാറ്റാ പ്രോസസിംഗ്, ഡി.റ്റി.പി. ജോലികൾ എന്നിവയാണ് ഈ യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. സെൻസസ്/സർവേകളുടെ ഡാറ്റാ എൻട്രി ജോലികളിൽ ഭൂരിഭാഗവും ജില്ലാ, താലൂക്ക് ഓഫീസുകളിലെ കമ്പ്യൂട്ടർ യൂണിറ്റുകൾ ആണ് ചെയ്യുന്നത്. അത് നെറ്റ്‌വർക്ക് സിസ്റ്റം വഴി ഡയറക്ടറേറ്റിലേക്ക് കൈമാറുന്നു. ജില്ലാ / താലൂക്ക് ഓഫീസുകളിലെ കമ്പ്യൂട്ടർ യൂണിറ്റുകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 2021-22 വർഷത്തെ ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കമ്പ്യൂട്ടറുകളും മറ്റ് ഐടി അനുബന്ധ ഉപകരണങ്ങളും ഫോട്ടോകോപ്പിയറുകളും യുപിഎസും വാങ്ങുന്നതുൾപ്പെടെ ഐടി സൗകര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപലക്ഷത്തിൽ) |
|---|---|---|
| 1 | കമ്പ്യൂട്ടറുകൾ, ടാബ് ലെറ്റ്, മറ്റ് ഐടി അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങൽ | 60.00 |
| 2. | ആവർത്തന ചെലവുകൾ (എഎംസി, ഇന്റർനെറ്റ് ചാർജ്ജുകൾ, ഇ ആഫീസ് , മറ്റു ചാർജ്ജുകൾ) | |

| ക്രമ നമ്പർ | ഘടകം | തുക (രൂപലക്ഷത്തിൽ) |
|---|---|---|
| 3 | ആധുനിക വൽക്കരണം | |
| | **ആകെ** | **60.00** |

**3.സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം**

**(വിഹിതം: 16.00 ലക്ഷം രൂപ)**

വിവരശേഖരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. താഴെ പറയുന്ന പരിശീലന പരിപാടികൾക്കായി 2021-22 ൽ 16.00 ലക്ഷം രൂപ വകയിരുത്തുന്നു.

- പ്രൈസ് കളക്ടർമാർ, സാറ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാർ, റിസർച്ച് അസിസ്റ്റന്റ്മാർ, മാർക്കറ്റ് ഇന്റലിജെന്റ് പ്രൈസ് ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ടി.എസ്.ഒ മാർ എന്നിവർക്ക് പ്രാദേശിക തല പരിശീലനം.
- ഡെയിലി പ്രൈസ്, ഡയററി പ്രൈസ്, ഫാം റീട്ടെയിൽ, ഹോൾ സെയിൽ പ്രൈസ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രാദേശിക തല പരിശീലനം.
- 80-ാം റൗണ്ട് നാഷണൽ സാമ്പിൾ സർവ്വേ വാർഷിക സംസ്ഥാനതല പരിശീലനം.
- നാഷണൽ സാമ്പിൾ സർവ്വേയിൽ ഏർപ്പെട്ടിരിക്കുന്ന ഫീൽഡ് സ്റ്റാഫിന് സ്ക്രൂട്ടിനി പരിശീലനം.
- നാഷണൽ സാമ്പിൾ സർവ്വേ എസ്റ്റിമേഷൻ നടപടി ക്രമം,സാമ്പിൾ ഡിസൈൻ എന്നിവയിൽ പരിശീലനം
- EARAS - ൽ ഏർപ്പെട്ടിരിക്കുന്ന ഫീൽഡ് സ്റ്റാഫിന് ഇൻ - സർവ്വീസ് പരിശീലനം.
- 'സ്പോട്ട് ചെക്ക് സർവ്വെ' യിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാഫിന് ഇൻ-സർവ്വീസ് പരിശീലനം.
- സാമ്പിൾ രജിസ്ട്രേഷൻ സംവിധാനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാഫിന് ഇൻ-സർവ്വീസ് പരിശീലനം
- വിലയിരുത്തൽ പഠനങ്ങളെ കുറിച്ച് സംസ്ഥാനതല പരിശീലനം
- കൃഷി ചെലവ് സർവേയെക്കുറിച്ചുള്ള സംസ്ഥാനതല പരിശീലനം
- വേതന ഘടനാ സർവ്വെ, കെട്ടിട സ്ഥിതിവിവരക്കണക്ക് എന്നിവയിൽ പരിശീലനം
- എ.എസ്.ഐ യിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥിതിവിവരക്കണക്ക് ഉദ്യോഗസ്ഥർക്ക് ഇൻ-സർവ്വീസ് പരിശീലനം
- എ.എസ്.ഐ യിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥിതിവിവരക്കണക്ക് ഉദ്യോഗസ്ഥർക്ക് സ്ക്രൂട്ടിനി പരിശീലനം
- സൂപ്പർവൈസർമാർക്കും, ഫീൽഡ് സ്റ്റാഫിനും ശേഷി വർദ്ധനവ് പരിപാടികൾ
- സ്ഥിതിവിവരക്കണക്ക് ദിനാഘോഷവുമായി ബന്ധപ്പെട്ട് ശിൽപശാലകളും സെമിനാറും സംഘടിപ്പിക്കൽ
- ഡാറ്റാ പ്രചാരണ പ്രോഗ്രാമുകൾ, അഭിഭാഷണം, ഡാറ്റാ വിശകലനത്തെക്കുറിച്ചുള്ള വർക്ക് ഷോപ്പുകൾ തുടങ്ങിയവ
- സ്റ്റാറ്റിസ്റ്റിക്കൽ ക്വാളിറ്റി മെച്ചപ്പെടുത്തൽ, വർക്ക്ഷോപ്പും പരിശീലനവും

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | പരിശീലനവും ശില്പശാലയും | 16.00 |
| 2 | യാത്രാബത്ത | |
| | **ആകെ** | **16.00** |

**4.സർവ്വേകളും പഠനങ്ങളും**

**(വിഹിതം: 25.00 ലക്ഷം രൂപ)**

സ്ഥിതി വിവര കണക്ക് സംവിധാനത്തിൽ, വിവരങ്ങളിലെ വിടവുകൾ പരിഹരിക്കുന്നതിന് സർവേകളും പഠനങ്ങളും ആവശ്യമാണ്. കെഎൽഎസ്എസ്പി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച വിദഗ്ധ സമിതികൾ വിവിധ മേഖലകളിലെ ഇത്തരം ചില വിടവുകൾ തിരിച്ചറിയുകയും , മെച്ചപ്പെടുത്തുന്നതിന് സാമ്പിൾ സർവേകൾ നിർദ്ദേശിച്ചിട്ടുമുണ്ട്. ഈ ഡാറ്റാ വിടവുകൾ പരിഹരിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള സർവേകൾ ഈ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | കേരളത്തിലെ മാർക്കറുകളെക്കുറിച്ചുള്ള സർവ്വെ | 25.00 |
| 2 | സുഗന്ധവ്യഞ്ജനകൃഷിയും വിപണനവും സംബന്ധിച്ച സർവ്വെ | |
| 3 | ജൈവകൃഷിയും വിപണനവും സംബന്ധിച്ച സർവ്വെ | |
| 4 | കേരളത്തിലെ പച്ചക്കറികളുടെ ഇറക്കുമതിയും കയറ്റുമതിയും സംബന്ധിച്ച സർവ്വെ | |
| | **ആകെ** | **25.00** |

**5.സ്ഥിതിവിവരകണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)**

**(വിഹിതം: 235.00 ലക്ഷം രൂപ)**

സംസ്ഥാന സ്ഥിതി വിവരകണക്ക്(എസ്എസ്എസ്) സംവിധാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ഒരു കേന്ദ്ര സഹായ പദ്ധതിയാണിത്. സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (എസ്.എ.എസ്.എ) പരിശീലനത്തിനും ഗവേഷണത്തിനുമുള്ള ഒരു പ്രമുഖ സ്ഥാപനമായി വികസിപ്പിക്കുക, സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യാഗസ്ഥർക്ക് പരിശീലനം നൽകുക, കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുക, ഉപഭോക്തൃ വിലസൂചിക (ഗ്രാമം, നഗരം, സംയോജിതം) സമാഹരണ പ്രക്രിയ തുടരുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംഗ്തനിംഗ് പ്രോജക്റ്റ് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സ്ഥിതിവിവരക്കണക്കുകൾ തുടരുന്നതിന് 2021-22 ൽ ഈ പദ്ധതിയ്ക്കായി 235.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിർദ്ദേശിച്ച പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എസ് എ എസ് എ യുടെ പ്രവർത്തനങ്ങൾ: കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, ഫർണിച്ചർ , പരിശീലന പരിപാടികൾ, മറ്റു ആകസ്മിക ചെലവുകൾ | 235.00 |
| 2 | കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ (കെ എസ് എസ് സി) : അംഗങ്ങളുടെ സിറ്റിംഗ് ഫീസും, ഓണറേറിയവും, യാത്രാ അലവൻസുകൾ, കെ.എസ്.എസ്.സി യിലെ സ്റ്റാറ്റിസ്റ്റിക്കൽ സെൽ സ്റ്റാഫിനു നല്കുന്ന അലവൻസുകൾ, പഠനവും പ്രോജക്ടും, വാഹനത്തിനും കെട്ടിടത്തിനുമുള്ള വാടകയും, മറ്റു അനുബന്ധ ചെലവുകളും | |
| 3 | ഉപഭോക്തൃ വിലസൂചിക കണക്കാക്കൽ (ആർ.യു. ആന്റ് സി) : പ്രൈസ് കളക്ടർമാർക്ക് ഹോണറേറിയം നൽകൽ, ഇൻ ഹൗസ് സോഫ്റ്റ് വെയർ വികസനം, വിവിധ ചെലവുകൾ | |

| | | |
|---|---|---|
| 4 | പീരിയോഡിക് ലേബർ ഫോർസ് സർവ്വെ: പരിശീലനം, ടാബ് ലെറ്റ്, ഓണറേറിയം , ഡാറ്റാ ശേഖരണ ചെലവുകൾ, മറ്റു വിവിധ ചെലവുകൾ | |
| | **ആകെ** | **235.00** |

**6.സംസ്ഥാനത്തെ ജനന മരണ സ്ഥിതിവിവരകണക്കുകൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 14.00 ലക്ഷം രൂപ)**

ജനനമരണ രജിസ്ട്രേഷൻ നിയമം 1969 നടപ്പിൽ വന്നതോടെ രാജ്യത്ത് ജനന മരണങ്ങളുടെ റിപ്പോർട്ടിംഗും രജിസ്ട്രേഷനും നിർബന്ധമാക്കിയിരിക്കുകയാണ്. മരണകാരണങ്ങളുടെ മെഡിക്കൽ സർട്ടിഫിക്കേഷന്റെ വിവര ശേഖരണമാണ് ഈ നിയമത്തിന്റെ ഒരു പ്രധാന ഉദ്ദേശ്യം. 2021-22 ൽ 14.00 ലക്ഷം രൂപ 'നോസോളജിസ്റ്റിന്റെ' മാനവശേഷി ചെലവുകൾ നൽകുന്നതിനായി വകയിരുത്തിയിരിക്കുന്നു.

**10.3 പൊതുവായ മറ്റ് സാമ്പത്തിക സർവ്വീസുകൾ**

**അളവുകളും തൂക്കങ്ങളും ക്രമീകരണം (ലീഗൽ മെട്രോളജി)**

**1. പരിശോധനയുടെ ഗുണനിലവാരത്തിലും കാര്യക്ഷമതയിലുമുള്ള മെച്ചപ്പെടുത്തൽ- കമ്പ്യൂട്ടറൈസേഷനും നവീകരണവും**

**(വിഹിതം : 269.80 ലക്ഷം രൂപ)**

കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. 2021-22 വർഷത്തിൽ ഡിപ്പാർട്ട്മെന്റിന്റെ സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ കാലിബ്രേഷനും, അളവെടുക്കൽ ശേഷിയും മെച്ചപ്പെടുത്തുന്നതിനും, മറ്റു ആധുനികവൽക്കരണ പരിപാടികൾക്കുമായി താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പാക്കുന്നതിനായി 269.80 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക ( രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ.ആധുനികവൽക്കരണം** | |
| 1 | പുതിയ വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറികൾ സജ്ജമാക്കൽ | 60.00 |
| 2 | എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി, സ്റ്റാൻഡേഡ് ലബോറട്ടറികളുടെ നിലവാരമുയർത്തൽ. | 4.00 |
| 3 | സ്റ്റാൻഡേർഡ്സുകളുടെയും ലബോറട്ടറികളിലെയും പരിശോധനാ സാമഗ്രികളുടെ അറ്റകുറ്റപ്പണികളും, നിലവാരം മെച്ചപ്പെടുത്തലും | 40.00 |
| 4 | ക്ലിനിക്കൽ തെർമോമീറ്ററുകൾ പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് ഫെസിലിറ്റി | 17.79 |
| 5. | സ്റ്റാമ്പിങ്ങ് പഞ്ചും, സീലിംഗ് സ്റ്റഡും സ്റ്റാമ്പിംഗ് പ്ലെയറും വാങ്ങൽ | 15.00 |
| 6. | കാക്കനാടുള്ള ലീഗൽ മെട്രോളജിഭവനിൽ ബൾക്ക് മീറ്ററുകളുടെ(ഫ്ലോ ലാബ് ) പരിശോധന സൗകര്യം | 62.57 |
| 7. | ഡെഡിക്കേറ്റഡ് ഡിപ്പാർട്ട്മെന്റൽ പോർട്ടലിന്റെയും (എൽ എം ഓ എസ്) ഇ-ഗവേണൻസ് പ്രോജക്റ്റുകളുടെയും വികസനം | 60.00 |
| | **സബ് ടോട്ടൽ** | **259.36** |
| | **ബി. കാപ്പിറ്റൽ ഹെഡ്** | |
| 1 | പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കൽ | 10.00 |
| 2 | ഇടുക്കി ഉടുമ്പൻചോലയിലെ ഇൻസ്പെക്ടർ ആഫീസിൽ വാട്ടർ കണക്ഷൻ | 0.44 |
| | **സബ് ടോട്ടൽ** | **10.44** |
| | **ആകെ തുക** | **269.80** |

**2. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ (പരസ്യവും പ്രചാരണവും)**

**(വിഹിതം : 100.00 ലക്ഷം രൂപ)**

ലീഗൽ മെട്രോളജി വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലും എഫ്.എം റേഡിയോയിലും പരസ്യം നൽകൽ. | 65.00 |
| 2. | ലോക / ഉപഭോക്തൃ ദിനാഘോഷം /പുതിയ ഓഫീസുകളുടെ ഉദ്ഘാടനം | 10.00 |
| 3. | അച്ചടി മാധ്യമങ്ങളിൽ പരസ്യം. | 25.00 |
| **ആകെ** | | **100.00** |

**3.പരിശീലന പരിപാടികൾ**

**(വിഹിതം : 25.00 ലക്ഷം രൂപ)**

ലീഗൽ മെട്രോളജി മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും സംഭവവികാസങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആനുകാലിക റിഫ്രഷർ പരിശീലനം ഓ ഐ എം എൽ ശുപാർശയ്ക്ക് അനസൃതമായി ഓരോ ലീഗൽ മെട്രോളജി ഓഫീസർക്കും ആവശ്യമാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളായ നാഷണൽ ഫിസിക്കൽ ലബോറട്ടറി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ സ്റ്റാൻഡേഡൈസേഷൻ, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേഡ്സ്, ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻഷ്യൽ മാനേജ്മെന്റ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി- കേരള, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിലൂടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പുവരുത്തുവാൻ കഴിയുന്നു. തൊഴിൽ നൈപുണ്യം, മനോഭാവം, നിർവ്വഹണശേഷി എന്നിവ ഉയർത്തുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 2021-22 ൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.കെട്ടിട നിർമ്മാണം**

**(വിഹിതം : 155.20 ലക്ഷം രൂപ)**

വിവിധ സ്ഥലങ്ങളിൽ ആഫീസ് പശ്ചാത്തല സൗകര്യം ഒരുക്കുന്നതോടൊപ്പം ലബോറട്ടറികളും കാലിബറേഷൻ സൗകര്യങ്ങളും സജ്ജമാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. താഴെ പറയുന്ന പ്രവർത്തികൾക്കായി 2021-22 ൽ 155.20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പാലക്കാട്ടും, മറ്റ് ജില്ലകളിലും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കെട്ടിടവും സ്റ്റാന്റേർഡ് ലബോറട്ടറിയും സ്ഥാപിക്കൽ | 150.00 |
| 2. | പാലക്കാട്ടുള്ള സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം | 5.20 |
| **ആകെ** | | **155.20** |

# 11. പൊതു സേവനങ്ങൾ

## 11.1 സ്റ്റേഷനറിയും അച്ചടിയും

### സ്റ്റേഷനറി

1. **സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം : 32.00 ലക്ഷം രൂപ)**

ഇ-ഗവേണൻസ് പ്രവർത്തനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുകയും സോഫ്റ്റ് വെയർ വഴി സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനത്തിൽ സുതാര്യത കൊണ്ടു വരുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി 32.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യു.പി.എസ് മുതലായവ വാങ്ങൽ | 12.00 |
| 2 | 'TERMS' സോഫ്റ്റ് വെയർ വികസനം ഉൾപ്പെടെയുള്ള - ഇ - ഗവേണൻസ് പ്രവർത്തനങ്ങൾ, പരിശീലനം, ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങൽ | 20.00 |
| **ആകെ** | | **32.00** |

2. **യൂണിറ്റ് ആഫീസ് നിർമ്മാണം/സ്ഥലം വാങ്ങൽ**

**(വിഹിതം: 88.00 ലക്ഷം രൂപ)**

സ്റ്റേഷണറി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതി ലക്ഷ്യമിട്ടുന്നത്. വയനാട് ജില്ലാ സ്റ്റേഷണറി ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുക, ഹെഡ് ആഫീസിലേയും, സബ് ആഫീസിലെയും ആഫീസ് കെട്ടിടവും ഗോഡൗണും നവീകരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി 2021-22-ൽ 88.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം സ്റ്റേഷണറി ഹെഡ്ക്വാർട്ടേഴ്സിൽ ആഫീസ് കെട്ടിടം , സ്റ്റോർ, ഗോഡൗൺ തുടങ്ങിയവയുടെ നവീകരണം | 88.00 |
| 2 | വയനാട് ജില്ലാ സ്റ്റേഷണറി ആഫീസിനായി കെട്ടിട നിർമ്മാണം | |
| **ആകെ** | | **88.00** |

### പ്രിന്റിംഗ്

**3.ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം /യന്ത്രസാമഗ്രികൾ വാങ്ങൽ**

**(വിഹിതം: 650.00 ലക്ഷം രൂപ)**

വിവിധ വകുപ്പുകളിൽ നിന്നും ഉയർന്നു വരുന്ന ആവശ്യകതകൾ നിറവേറ്റുന്നതിനും വരുമാനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ പ്രസ്സുകൾ നവീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. താഴെക്കൊടുത്തിരിക്കുന്നതുപോലെ, അച്ചടി സാങ്കേതികവിദ്യയിൽ ദിനംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് അനുസൃതമായി അച്ചടി വകുപ്പ് നവീകരിക്കാൻ 2021-22 വർഷത്തിൽ 650.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | പെർഫെക്ട് ബൈൻഡിംഗ് മെഷീൻ | 650.00 |
| 2. | ഫോർ കളർ ഡിജിറ്റൽ പ്രിന്റർ | |
| 3. | പ്രിന്റിംഗ് ഡൗൺ ഫ്രെയിം (എക്സ്പോസറും പ്രൊസസ്സറും) | |
| 4. | ഹെവിഡ്യൂട്ടി തുന്നൽ മെഷീൻ | |
| 5. | ഓട്ടോമാറ്റിക് തയ്യൽ മെഷീൻ | |
| 6. | സിംഗിൾ കളർ വെബ് ഓഫ് സെറ്റ് മെഷീൻ | |
| 7. | ഐലെറ്റ് മെഷീൻ | |
| 8. | വൈറോ ബൈൻഡിംഗ് മെഷീൻ | |
| 9. | സിംഗിൾ കളർ ഷീറ്റ് ഫെഡ് മെഷീൻ | |
| 10. | കലണ്ടർ റിമ്മിംഗ് മെഷീൻ | |
| 11. | പാഡ് പ്രിന്റിംഗ് മെഷീൻ | |
| | **ആകെ** | **650.00** |

**4.ഗവൺമെന്റ് പ്രസ്സുകൾക്കായി കെട്ടിട നിർമ്മാണം**

**(വിഹിതം :150.00 ലക്ഷം രൂപ)**

അച്ചടി വകുപ്പിലെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് 2021-22 വർഷത്തിൽ 150.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ലിഫ്റ്റ് സൗകര്യങ്ങളോടുകൂടി ഡയറക്ടറേറ്റ് കെട്ടിടം നവീകരിക്കുക. | 60.00 |
| 2. | ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ നവീകരണ പ്രവർത്തനങ്ങൾ | 60.00 |
| 3. | ഡയറക്ടറേറ്റിലും ബ്രാഞ്ച് ആഫീസുകളിലും ഫർണ്ണിച്ചർ വാങ്ങൽ | 30.00 |
| | **ആകെ** | **150.00** |

**11.2 പൊതുമരാമത്ത്**

**1. പൊതു ഓഫീസ് കെട്ടിട നിർമാണ പദ്ധതി (കോമൺ പൂൾ)**

**(വിഹിതം : 4404.00 ലക്ഷം രൂപ)**

കോമൺ പൂളിൽ ഉൾപ്പെടുന്ന വിവിധ സർക്കാർ ഓഫീസുകളായ നിയമനിർമ്മാണ സഭ, ജുഡീഷ്യറി, ഇലക്ഷൻ, ലാന്റ് റവന്യൂ, സ്റ്റാമ്പ്, രജിസ്ട്രേഷൻ, എക്സൈസ് വകുപ്പ്, ചരക്ക് സേവന നികുതി, കേരള പി.എസ്.സി, സെക്രട്ടേറിയേറ്റ്, ട്രഷറികൾ, ജയിലുകൾ, പോലീസ്, സ്റ്റേഷനറിയും പ്രിന്റിംഗും, ഫയർ ഫോഴ്സ്, പൊതുജന ആരോഗ്യ വകുപ്പ്, രാജ് ഭവൻ, വാണിജ്യ നികുതി, ഇലക്ട്രോണിക്സ് പ്രവർത്തികൾ, ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ, എസ്റ്റാബ്ലിഷ്മെന്റ് വിഹിതം, ഉപകരണങ്ങൾ, പ്ലാന്റ് ഷെയർ മറ്റ് പൊതുകെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി. നിലവിലുള്ള പണികൾ പൂർത്തിയാക്കാനും പുതിയവ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കാനുമായി 2021-22-ൽ 4404.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പൊതുകെട്ടിടങ്ങൾക്ക് വേണ്ട ഊർജ്ജ സംരക്ഷണ നടപടികൾ ഉറപ്പാക്കേണ്ടതും അവ കെട്ടിടത്തിന്റെ പ്ലാനിലും ടെണ്ടർ രേഖകളിലും ഉൾപ്പെടുത്തേണ്ടതുമാണ്. മഴവെള്ള സംഭരണിയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനവും നിർബന്ധമായിരിക്കും.

**2.നിയമസഭാ സാമാജികർക്കുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 2021-22 ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | നിയമസഭാ സാമാജികർക്കുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം | 100.00 |
| | **ആകെ** | **100.00** |

**3.ജെൻഡർ ബഡ്ജറ്റിംഗ്**

**(വിഹിതം : 280.00 ലക്ഷം രൂപ)**

പൊതു സ്ഥലങ്ങളിലും ഓഫീസുകളിലും സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങളും അധിക സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണിത്. നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും മുൻഗണനാടിസ്ഥാനത്തിൽ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും 2021-22 കാലയളവിൽ 280.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4.ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (സിഎസ്എസ് കോർ സ്കീം - 40% സംസ്ഥാന വിഹിതം)**

**(വിഹിതം : 2400.00 ലക്ഷം രൂപ)**

ജില്ല, സബോർഡിനേറ്റ് കോടതികളിലെ അടിസ്ഥാന സൗകര്യങ്ങളും ജില്ലാ, സബോർഡിനേറ്റ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഭവന ആവശ്യങ്ങളും മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇത് കേന്ദ്ര സഹായ പദ്ധതിയാണ്. കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാരുടെ റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് 60% കേന്ദ്രസഹായമുണ്ട്. അടൂർ, തിരുവല്ല, കായംകുളം, പുനലൂർ, കട്ടപ്പന, ചാലക്കുടി എന്നിവിടങ്ങളിൽ കോർട്ട് കോംപ്ലക്സ്, വടകരയിലെ മുട്ടുങ്ങൾ ഫാമിലി കോർട്ട്, നെടുങ്കണ്ടം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ ആഫീസർമാർക്കുള്ള റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണം, കടവന്ത്ര, ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് , മഞ്ചേരി ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് തുടങ്ങിയവയാണ് നടന്നു കൊണ്ടിരിക്കുന്ന പ്രധാന പ്രവൃത്തികൾ.

2021-22 കാലയളവിൽ 2400.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പദ്ധതിയിലും ടെണ്ടർ രേഖകളിലും ഊർജ്ജം ലാഭിക്കൽ, ഊർജ്ജ സംരക്ഷണം തുടങ്ങിയ നടപടികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മഴവെള്ള സംഭരണവും മാലിന്യ നിർമാർജ്ജന സംവിധാനവും നിർബന്ധമാക്കേണ്ടതാണ്.

**11.3 സിവിൽ സപ്ലൈസ്**

**1. ദേശീയ ഭക്ഷ്യസുരക്ഷാനിയമത്തിന്റെ നിർവ്വഹണം (എൻ.എഫ്.എസ്.എ)**

**(വിഹിതം:3945.00 ലക്ഷം രൂപ)**

രാജ്യത്തെ 1.2 ബില്ല്യൻ ജനസംഖ്യയിലെ മൂന്നിൽ രണ്ട് ഭാഗത്തോളം വരുന്ന ജനങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നിരക്കിൽ നൽകുവാൻ ഉദ്ദേശിച്ചുകൊണ്ട് 2013-ൽ ഇന്ത്യൻ പാർലമെന്റ് ദേശീയ ഭക്ഷ്യ സുരക്ഷാ ആക്ട് പാസ്സാക്കുകയുണ്ടായി. മിതമായ നിരക്കിൽ മതിയായ അളവിൽ ഭക്ഷണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുക; സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാര ലഭ്യത; സ്ത്രീ ശാക്തീകരണം എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യങ്ങൾ. 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് എൻഎഫ്എസ്എ നടപ്പിലാക്കി വരുന്നു. 2021-22 കാലയളവിൽ എൻഎഫ്എസ്എ സുഗമമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 3945.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | എസ്.എം.എസ് കോസ്റ്റ് | 150.00 |
| 2. | എൻ.എഫ്.എസ്.എ. - പ്രകാരമുള്ള സോഫ്റ്റ് വെയർ ഘടകം-ജി.ആർ സിസ്റ്റം, | 120.00 |

| | | |
|---|---|---|
| | സുതാര്യത, പണരഹിത പി.ഡി.എസ്, ഇടപാട് ചെലവുകൾ, ഇന്റഗ്രേഷൻ ചെലവുകൾ, കമ്പ്യൂട്ടറൈസേഷനു വേണ്ടിയുള്ള പി എം യു, മറ്റ് ചെലവുകൾ | |
| 3. | പട്ടിക വർഗ്ഗ കോളനികളിൽ റേഷൻ സാമഗ്രികൾ വിതരണം ചെയ്യുന്നതിനും ഗതാഗതത്തിനുമുള്ള ചെലവ്. | 40.00 |
| 4. | ബയോമെട്രിക് ഡിവൈസും ഇ-പോസ് മെഷീനുകളും | 290.00 |
| 5. | സപ്ലൈകോയ്ക്ക് സപ്ലൈ ചെയിൻ മാനേജ്മെന്റ് സഹായം - ജിപിഎസ് നടപ്പാക്കൽ, സിസിടിവി സ്ഥാപിക്കൽ | 200.00 |
| 6. | സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് ഉൾപ്പെടെ താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടറൈസേഷനും | 200.00 |
| 7. | ഐ സി ടി ഇൻഫ്രാസ്ട്രക്ചറും കണക്റ്റിവിറ്റിയും - എഫ്സിഐ ഗോഡൗ ണുകൾ , ടിഎസ്ഒ ആഫീസുകൾ, എഫ്പിഎസ്, ഡിഎസ്ഒ ഓഫീസുകൾ, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്, തുടങ്ങിയ ആഫീസുകളിൽ ഐ സി റ്റി ഇൻഫ്രാസ്ട്രക്ചറും കണക്റ്റിവിറ്റിയും, ഇലക്ട്രോണിക് വേയിങ് സ്കെയിലുകൾ, എഎംസി എസ്ഒ തുടങ്ങിയവ. | 1375.00 |
| 8. | ശേഷി വർദ്ധിപ്പിക്കൽ / വർക്ക്ഷോപ്പ് /എൻഎഫ്എസ്എയെക്കുറിച്ചുള്ള പരിശീലനം | 50.00 |
| 9. | സോഷ്യൽ ഓഡിറ്റ് | 20.00 |
| 10. | ഐ.ഇ.സി.ഘടകങ്ങൾ - ബന്ധപ്പെട്ടവരിൽ അവബോധം സൃഷ്ടിക്കൽ | 50.00 |
| 11. | ദുരന്തനിവാരണത്തിനും പകർച്ച വ്യാധി നിയന്ത്രണത്തിനുമുള്ള അടിയന്തിര ദുരിതാശ്വാസഫണ്ട് | 900.00 |
| 12. | സംസ്ഥാനത്തെ എല്ലാ ഫുഡ് കമ്മീഷനുകളിലെയും ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച ദേശീയ സെമിനാർ | 20.00 |
| 13. | ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച കമ്മീഷനുകൾ നടത്തുന്ന വർക്കു ഷോപ്പുകൾ, സെമിനാറുകൾ, സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ അദാലത്തുകൾ എന്നിവ | 20.00 |
| 14. | ഇ ആഫീസ് നടപ്പാക്കൽ | 3.00 |
| 15. | പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ട്രൈബൽ പ്രൊമോട്ടർമാർക്ക് ജില്ലാ തല വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കൽ | 7.00 |
| 16. | ഇടനില ഗോഡൗണിന്റെ നിർമ്മാണം | 500.00 |
| | **ആകെ** | **3945.00** |

**2.ഉപഭോക്തൃ അവബോധവും ക്ഷേമ പ്രവർത്തന പരിപാടികളും**

**(വിഹിതം : 100.00 ലക്ഷം രൂപ)**

ഉപഭോക്താക്കൾക്ക് അവരുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ച് അവബോധം നൽകുക, സിഡിആർസിയുടെയും ഫോറങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട്, ബന്ധപ്പെട്ടവർക്ക് ഏറ്റവും മികച്ചതും വേഗത്തിലുള്ളതുമായ സേവനം എത്തിക്കുന്നതിനുള്ള വേദികൾ ഒരുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. 14 ഫോറങ്ങളുടെയും സിഡിആർസിയുടെയും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. 2021-22 ബഡ്ജറ്റിൽ ഉപഭോക്തൃ സംരക്ഷണസമിതിയും ഉപഭോക്തൃഫോറയും ശക്തിപ്പെടുത്തുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3.വിശപ്പ് രഹിത കേരളം**

**(വിഹിതം : 150.00 ലക്ഷം രൂപ)**

ആവശ്യക്കാർക്ക് ഒരു നേരത്തെ സൗജന്യ ഭക്ഷണം പ്രതിദിനം നൽകുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. 2022 ഓടെ കേരളത്തിൽ പട്ടിണി ഇല്ലാതാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

താഴെ തട്ടിൽ പ്രവർത്തന പരിചയം ഉള്ള കുടുംബശ്രീ യൂണിറ്റുകളുടെയും മറ്റ് സന്നദ്ധ സംഘടന/സർക്കാരിതര സംഘടനകളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തൃശ്ശൂർ, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. മറ്റു ജില്ലകളിലും കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. 2021-22 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിശപ്പ് രഹിത കേരളം- സുഭിക്ഷ കേരളം | 100.00 |
| 2 | അനാഥ മന്ദിരങ്ങളിലും മറ്റ് വെൽഫെയർ സ്ഥാപനങ്ങളിലും | 50.00 |
| | **ആകെ** | **150.00** |

### 4 സപ്ലൈകോ ഔട്ട് ലെറ്റുകളുടെ നവീകരണം

**(വിഹിതം: 1350.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി 1100 ഓളം ഔട്ടലെറ്റുകൾ സപ്ലൈകോക്കുണ്ട്, അവ കേന്ദ്രീകൃത രൂപകൽപ്പനയ്ക്കും റീ ബ്രാൻഡിംഗ് ജോലികൾക്കും പുറമേ നവീകരിക്കേണ്ടതുണ്ട്. ഉപഭോക്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവം നൽകുന്നതോടൊപ്പം, വരുമാനം വർദ്ധിപ്പിക്കാനും, ഇതുമൂലം കഴിയുന്നു. 2021-22 ൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ നവീകരിക്കുന്നതിന് 1350.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്. താഴെപറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനാണു തുക വകയിരുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | സപ്ലൈകോ ഔട്ട് ലെറ്റുകളുടെ നവീകരിക്കൽ | 1000.00 |
| 2. | സോഫ്റ്റ് വെയർ വികസനം സപ്ലൈ-കോ -1 ലെ ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ നവീകരണം, വെബ് അധിഷ്ഠിത കേന്ദ്രീകൃത സോഫ്റ്റ് വെയർ സൊല്യൂഷൻ | 150.00 |
| 3. | സപ്ലൈകോയിൽ ടീ ബ്ലെന്റിംഗ് പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കൽ | 200.00 |
| | **ആകെ** | **1350.00** |

### 5 സിവിൽ സപ്ലൈസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ

**(വിഹിതം: 100.00 ലക്ഷം രൂപ)**

സിവിൽ സപ്ലൈസിന് കീഴിൽ 75 താലൂക്ക് വിതരണ ഓഫീസുകളും 6 സിറ്റി റേഷനിംഗ് ഓഫീസുകളും പ്രവർത്തിക്കുന്നു. ഇ-ഓഫീസ് നടപ്പിലാക്കൽ, വാഹനങ്ങൾ നൽകൽ, ഓഫീസ് കെട്ടിട നിർമ്മാണം എന്നിവയിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2021-22 ൽ താഴെപറയുന്ന ഘടകങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് ഓഫീസുകളിൽ പേപ്പർലെസ് ഓഫീസ്/ഇ-ഓഫീസ് നടപ്പാക്കൽ | 50.00 |
| 2. | വാഹനങ്ങൾ വാങ്ങൽ /പുനഃസ്ഥാപിക്കൽ | 50.00 |
| **ആകെ** | | **100.00** |

**6.ഉപഭോക്തൃകാര്യ വകുപ്പ് രൂപീകരണം.**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി ഉപഭോക്തൃ കാര്യവിഭാഗം രൂപീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 2021-22 ൽ താഴെപറയുന്ന ഘടകങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഉപഭോക്തൃ കാര്യ വിഭാഗത്തിന് ആഫീസ് സ്പേസ് | 50.00 |
| 2 | ഉപഭോക്തൃ കാര്യ വിഭാഗത്തിന് വാഹനം വാങ്ങൽ | 30.00 |
| 3 | പ്രൈസ് റിസർച്ച് യൂണിറ്റും യൂണിറ്റിലെ റിസർച്ച് ഫെലോമാർക്ക് ശമ്പളവും | 20.00 |
| | **ആകെ** | **100.00** |

**7.കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡവലപ്മെന്റ് (സി.എഫ്.ആർ.ഡി)**

**(വിഹിതം: 652.00 ലക്ഷം രൂപ)**

തിരുവിതാംകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് (സി.എഫ്.ആർ.ഡി), പത്തനംതിട്ട ജില്ലയിലെ കോന്നി പട്ടണത്തിൽ നിന്ന് 7 കിലോമീറ്റർ അകലെ പെരിഞ്ഞൊട്ടക്കലിലെ ഐരവൺ ഗ്രാമത്തിലെ 35 ഏക്കർ കാമ്പസിലാണ് സ്ഥിതി ചെയ്യുന്നത്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി (എഫ് ക്യൂ എം എൽ), കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജി (സി എഫ് ടി കെ), ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്റർ (എഫ് പി ടി സി) എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങളാണ് കാമ്പസിൽ ഉള്ളത്. പ്രധാന കാമ്പസിൽ സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റും സ്ഥാപിക്കുന്നു.

കേരളത്തിന്റെ തനതായ ഭക്ഷ്യവസ്തുക്കൾ പരിപോഷിപ്പിക്കുക, അന്താരാഷ്ട്ര വിപണിയിൽ മത്സര നിലവാരം നിലനിർത്തുക, ഭക്ഷ്യ ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, 2006 ലെ ഭക്ഷ്യ സുരക്ഷാ മാനദണ്ഡ നിയമം, അതിന്റെ ചട്ടങ്ങളും നിയന്ത്രണങ്ങളും 2011 എന്നിവ നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

2021-22 ൽ താഴെപറയുന്ന ഘടകങ്ങൾക്കായി 652.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജിക്കായി (സി.എഫ്.ടി-കെ) ലബോറട്ടറികൾ സ്ഥാപിക്കൽ | 55.00 |
| 2 | ജലം, അസംസ്കൃത വസ്തുക്കൾ, സംസ്കരിച്ചതും ഭക്ഷ്യയോഗ്യമായതുമായ ഭക്ഷണം എന്നിവയിലെ രോഗകാരികളായ ബാക്ടീരിയ വൈവിധ്യത്തെക്കുറിച്ചുള്ള അന്വേഷണം | 12.00 |
| 3 | ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം ( എഫ് പി ടി സി)- പരിശീലന പരിപാടികൾ | 45.00 |
| 4 | കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജിയിൽ കോൺഫറൻസ് ഹാൾ, ലൈബ്രറി, റീഡിംഗ് റൂം എന്നിവ സ്ഥാപിക്കൽ | 90.00 |
| 5 | എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ചിൽഡ് സ്റ്റോറേജ് ആൻഡ് വെജിറ്റബിൾസ് ആൻഡ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റ് സ്ഥാപിക്കൽ | 250.00 |
| 6 | സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെൻറ് സ്ഥാപിക്കൽ | 100.00 |
| 7 | കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജിയിൽ (സിഎഫ്.ടി - കെ) പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം | 100.00 |
| | **ആകെ** | **652.00** |

**8.വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതി (സംസ്ഥാന വിഹിതം 20%)**

**(വിഹിതം : 15.00 ലക്ഷം രൂപ)**

ഒരു ദേശീയ സാമൂഹ്യ സഹായ പദ്ധതിയാണ് അന്നപൂർണ പദ്ധതി. 65 വയസ്സ് തികഞ്ഞവരും ദേശീയ വാർദ്ധക്യ പെൻഷന് അർഹരുമായ, എന്നാൽ ചില കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത നിരാലംബർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിന് പ്രതിമാസം 450 മെട്രിക് ടൺ അരി ആവശ്യമാണ്. 2021-22 വർഷത്തിൽ 15.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 12. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം.

(വിഹിതം 728000 ലക്ഷം)

പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതമായി (വികസന ഫണ്ട്) സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ചത് സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ 25% തുകയായ 6903.00 കോടി രൂപയാണ്. ഇതിന് പുറമേ, ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26% പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടായി നൽകുന്നതിനായി 277.00 കോടി രൂപ 2021-22 വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വാർഷിക പദ്ധതിയുടെ ഭാഗമായി വകയിരുത്തിയിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിൽ കേരള സോളിഡ് വേസ്റ്റ് മാനേജ്മന്റ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള വിദേശ സഹായമായ 100.00 കോടി രൂപ കൂടി ചേർത്ത് 7280.00 കോടി രൂപയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം വിഹിതം.

ഇവ വിഭജിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ബഡ്ജറ്റിന്റെ അനുബന്ധം IV-ൽ നൽകിയിട്ടുണ്ട്.

## അനുബന്ധം –ബി

## 100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 1. കൃഷിയും അനുബന്ധമേഖലകളും
### 1.1 കൃഷി

### ബി.വിളപരിപാലനം

**1. ദേശീയ ബയോഗ്യാസ് വികസന പരിപാടി**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഈ പദ്ധതി പ്രകാരം സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിറ്ററി ടോയ്‌ലെറ്റുമായി ബന്ധിപ്പിച്ച് ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും, ഗുണഭോക്താവിനും മറ്റ് ടേൺകീ ഏജന്റുമാർക്കും സാമ്പത്തിക സഹായവും ലക്ഷ്യമിട്ടിരിക്കുന്നു. ഒരു പ്ലാന്റിന്റെ സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 12000.00 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 13000.00 രൂപയുമാണ്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ചെലവ്, പരിശീലന ചെലവ്, മറ്റു പ്രവർത്തന ചെലവുകൾക്കും നടത്തിപ്പിനുമായി വിഹിതം വകകൊള്ളിച്ചിരിക്കുന്നു. 2021–22 ൽ 200.00 ലക്ഷം രൂപ കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റ് പ്രോജക്ട് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്.

**2. സംയോജിത പദ്ധതി – കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ – (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 15497.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:സംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും, അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപ പദ്ധതികൾക്ക് രൂപം നൽകുന്നതിനും, സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്രബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യ മാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൃഷി ഉന്നതി യോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിര പദ്ധതി(എൻ.എം.എസ്.എ),എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം. ഒ.ഒ.പി), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ), പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ), അഗ്രോ ഫോറസ്ട്രിക്കായുള്ള ദേശീയ പദ്ധതി, സസ്യരോഗകീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കായുള്ള സബ്മിഷൻ, വിവര സങ്കേതിക വിദ്യ, കാർഷിക വിപണത്തിനായുള്ള സംയോജിത പദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2021–22 വർഷം ഈ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 15497.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 1500.00 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ) നീക്കിവച്ചിരിക്കുന്നു. ആർ.കെ.വി.വൈ യുടെ കേന്ദ്ര വിഹിതമായ 5328.00 ലക്ഷം രൂപയും, ഹോർട്ടിക്കൾച്ചർ മിഷന്റെ കേന്ദ്ര വിഹിതമായ 1500.00 ലക്ഷം രൂപയും കാർഷിക യന്ത്രവൽക്കരണത്തിനായുള്ള സബ്മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 1287.00 ലക്ഷം രൂപയും മറ്റ് സി.എസ്.എസ് പദ്ധതികളുടെ കേന്ദ്ര വിഹിതമായ 5882.00 ലക്ഷം രൂപയും ഇതിൽ വകയിരുത്തുന്നു. ഇതിനു പുറമെ 2021–22–ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള കേന്ദ്ര വിഹിതവും ഇതിൽനിന്നും

വഹിക്കാവുന്നതാണ്. എൻ.എം.എ.ഇ.റ്റി. ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം ഭരണാനുമതി നൽകാവുന്നതാണ്. ആർ.കെ.വി.വൈ-ൽ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം, പച്ചക്കറി വികസനം, ജൈവ കൃഷി പ്രോത്സാഹനം, മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം, ജില്ലാ സംഭരണ കേന്ദ്രങ്ങൾ, നീര സംസ്കരണ പ്രോജക്ടുകൾക്കുള്ള സഹായം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

## 1.3 മൃഗസംരക്ഷണം

### 1. മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടികളും (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 480.00 ലക്ഷം രൂപ)**

കന്നുകാലികളുടെ ആരോഗ്യ പ്രശ്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനു ലക്ഷ്യമിട്ടു കൊണ്ടാണ് സംസ്ഥാനത്ത് ഈ പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് തുക വകയിരുത്തുന്നത്. കേന്ദ്ര വിഹിതമായ 60 ശതമാനം തുകയ്ക്ക് ആനുപാതികമായി 480.00 ലക്ഷം രൂപ വകയിരുത്തുന്നു.

മൃഗരോഗങ്ങൾ നിയന്ത്രിക്കുക, റിന്റർ പെസ്റ്റ് രോഗം നിരീക്ഷിക്കുന്നതിനുള്ള ദേശീയ പ്രോജക്ട്, കാര്യക്ഷമത വികസനം, കുളമ്പുരോഗ നിയന്ത്രണ പരിപാടി, ദേശീയ മൃഗരോഗ വിവരമറിയിക്കൽ സംവിധാനം, പെസ്റ്റിഡിസ് പെസ്റ്റിസ് റൂമിണൻസ് നിയന്ത്രണ പരിപാടി, മൃഗാശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുകയും നിലവിലുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യുക, ബ്രൂസിലോസിസ് നിയന്ത്രണ പരിപാടി, പന്നിപ്പനി നിയന്ത്രണ പരിപാടി എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഇതിനായി 2021-22 ബജറ്റിൽ 480.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 2. ദേശീയ കന്നുകാലി മിഷൻ (ശതമാനം 60 കേന്ദ്ര വിഹിതം)

**(വിഹിതം: 600.00 ലക്ഷം രൂപ)**

ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആരംഭിച്ചതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ജൈവ സുരക്ഷ, ഉയർന്ന സാങ്കേതികവിദ്യയും യന്ത്രവത്ക്കരണവും, നൈപുണ്യ വികസനവും സാങ്കേതിക വിദ്യയുടെ പ്രയോഗവും, കാലിത്തീറ്റ ഉല്പാദനം പ്രോത്സാഹിപ്പിക്കൽ, പിന്നാമ്പുറം കോഴിവളർത്തൽ ശക്തിപ്പെടുത്തൽ തുടങ്ങിയവയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന ഫണ്ടിംഗ് മാതൃകയിലാണ് പദ്ധതിക്ക് പണം വകയിരുത്തുന്നത്. കേന്ദ്ര വിഹിതമായ 60 ശതമാനത്തിലേക്ക് 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

കന്നുകാലി വളർത്തലിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനീകവത്ക്കരണത്തിനും ഉല്പാദനവർദ്ധനവിനാവശ്യമായ ഇടപെടലിനും ഇൻഷ്വറൻസിനും, നഷ്ടസാദ്ധ്യത പരിഹരിക്കുന്നതിനും, നൈപുണ്യ വികസനവും സാങ്കേതിക വിദ്യയുടെ കൈമാറ്റവും വ്യാപനവും, രോഗം ബാധിച്ച കന്നുകാലികളെ പ്രയോജനപ്പെടുത്തുന്നതിനും ഗ്രാമീണ അറവുശാലകൾ സ്ഥാപിക്കുന്നതിനും കാലിത്തീറ്റ ഉല്പാദനം വികസിപ്പിക്കുന്നതിനുമായി പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 3. കന്നുകാലി സെൻസസ് (കേന്ദ്ര വിഹിതം 100%)

**(വിഹിതം: 1.00 ലക്ഷം രൂപ)**

ഇരുപതാമത് കന്നുകാലി സെൻസസിന്റെ പ്രവർത്തനത്തിനായി 2020-21 ൽ 1.00 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തിയിട്ടുണ്ട്. എന്യൂമറേഷൻ ചാർജ്, പ്രിന്റിംഗ്, കണ്ടിജന്റ് ചെലവ്, ഓണറേറിയം, മേൽനോട്ടചാർജ്, പരിശീലനം, ബ്രീഡ് സർവ്വേ മുതലായവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്. ഇൻഡ്യാ ഗവൺമെന്റ് ഈ പ്രോജക്ട് അംഗീകരിക്കുന്നമുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതാണ്. ഇതിനായി 2021-22 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തുന്നു.

## 1.5 ഫിഷറീസ്

### 1. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ)– മത്സ്യബന്ധനത്തിന്റെ സംയോജിതമായ വികസനവും മാനേജ്മെന്റും

**(വിഹിതം: 840.00 ലക്ഷം രൂപ)**

നിലവിലെ നീലവിപ്ലവം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കു പകരം 2020–21 മുതൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന എന്ന കേന്ദ്രവിഷികൃത പദ്ധതി നിലവിൽ വന്നു. മത്സയ ഉൽപ്പാദനത്തിലെയും ഉൽപ്പാദനരക്ഷമതയിലെയും പ്രധാന പ്രശ്നങ്ങളായ ഗുണനിലവാരം, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യവികസനം, നവീകരണം, മൂല്യവർദ്ധിതശൃംഖല കെട്ടിപ്പടുക്കൽ, ശക്തമായ ഫിഷറീസ് മാനേജ്മെന്റ് നടപ്പിലാക്കുക, മത്സ്യ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി ഗുണഭോക്തൃ അധിഷ്ഠിതവും അല്ലാത്തതും എന്ന രീതിയിൽ താഴെപ്പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു.

- ഉൽപ്പാദനത്തിന്റെയും ഉൽപ്പാദനക്ഷമതയുടെയും വർദ്ധനവ്
- അടിസ്ഥാന സൗകര്യവികസനവും വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനവും
- ഫിഷറീസ് മാനേജ്മെന്റും നിയന്ത്രണങ്ങളും

മത്സ്യബന്ധന മേഖലയുടെ സംയോജിതമായ വികസനവും മാനേജ്മെന്റുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പി.എം.എം.എസ്.വൈ പ്രകാരം വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് 2021–22 വാർഷിക ബഡ്ജറ്റിൽ കേന്ദ്ര വിഹിതമായി 840.00 ലക്ഷം രൂപ വകയിരുത്തുന്നു. സമുദ്രജല മത്സ്യബന്ധം, ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള പ്രോത്സാഹനം, മൂല്യവർദ്ധനവ്, അക്വാകൾച്ചർ, വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മത്സ്യതൊഴിലാളിക്ഷേമം, വിവരശേഖരണം ശക്തമാക്കുക, ജി.ഐ.എസ് പദ്ധതി, ഭരണസംബന്ധമായ ചെലവുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ.

### 2. സമുദ്ര മത്സ്യബന്ധന വികസനം, അടിസ്ഥാന സൗകര്യവികസനം, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ (പി.എം.എം.എസ്. വൈ കേന്ദ്ര വിഹിതം)

**(വിഹിതം: 600.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ നിലവിൽ വന്നതിനാൽ മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണത്തിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഇതിന്റെ സഹായത്തോടെയാണ് നടപ്പിലാക്കുക. അർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി, പൊഴിയൂർ, പൊന്നാനി, ചെല്ലാനം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും മത്സ്യബന്ധന തുറമുഖങ്ങളുടെ മാനേജ്മെന്റ് എന്നിവയും 2021–22 ൽ ഏറ്റെടുക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 600.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞവയല്ലാത്ത മറ്റെല്ലാ തുറമുഖങ്ങളുടേയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പദ്ധതിയേതര വിഭജനത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

### 3. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ)

മത്സ്യ മേഖലയുടെ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വികസനം നേടുന്നതിനുള്ള ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം.എം.എസ്.വൈ. 2020–21 സാമ്പത്തിക വർഷം മുതൽ 2024–25 വരെ അഞ്ച് വർഷത്തേക്കാണ് ഈ പദ്ധതി അംഗീകരിച്ചിട്ടുള്ളത്. സെൻട്രൽ സെക്ടർ സ്കീമെന്നും സെൻട്രലി സ്പോൺസേർഡ് സ്കീമെന്നും ഇതിനെ രണ്ടായി തിരിച്ചിരിക്കുന്നു. ഇതിൽ സെൻട്രലി സ്പോൺസടർഡ് സ്കീമിനെ ഗുണഭേക്തൃ വിഹിതം ഉള്ളതും ഇല്ലാത്തതും എന്ന് രണ്ടായി തരംതിരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെ ഉപയോഗം വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യം, മൂല്യവർദ്ധിത ശൃംഖല ശക്തിപ്പെടുത്തൽ, നവീകരണം, ശക്തമായ മാനേജ്മെന്റ്, നിയന്ത്രണ സംവിധാനം എന്നിവയിലൂടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും തമ്മിലുള്ള സന്തുലിതാവസ്ഥ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2021–22 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന ഉപവിഭാഗങ്ങളും/പ്രവർത്തനങ്ങളും വിഹിതവും നിർദ്ദേശിക്കപ്പെടുന്നു.

**I .ഇന്റഗ്രേറ്റഡ് അക്വാപാർക്ക് (പുതിയത് )**

**(വിഹിതം: 750.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി മത്സ്യ സമ്പദ പദ്ധതി (പി.എം.എം.എസ്.വൈ) യുടെ കീഴിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ മത്സ്യബന്ധന മേഖലയിലെ എല്ലാ പ്രവർത്തനനേട്ടങ്ങളും പ്രദർശിപ്പിക്കുന്നതിനായി ഒരു ഹബ് സ്ഥാപിക്കാൻ കേരള സർക്കാർ വിഭാവനം ചെയ്യുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി ഏറ്റെടുക്കാം. കൊച്ചിയിലെ പുതുവൈപ്പിൽ നിർദ്ദേശിക്കപ്പെടുന്ന ഈ പദ്ധതിയിലൂടെ ഗുണനിലവാരമുള്ള വിത്ത്, തീറ്റ, വിത്ത് വളർത്തൽ, മത്സ്യ കൃഷി, വിളവെടുപ്പിനു മുമ്പും ശേഷവുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാർട്ട്-അപ്പുകൾ ഉൽപ്പെടെയുള്ള ബിസിനസ്സ് മോഡൽ, ലോജിസ്റ്റിക്സ്, മാർക്കറ്റിംഗ്, എക്സ്പോർട്ട് പ്രമോഷൻ, നൂതന പ്രവണതകൾ, സാങ്കേതികവിദ്യ ഇൻകുബേറ്റഷൻ, വിജ്ഞാന വ്യാപനം, വിനോദം തുടങ്ങിയപ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ആദ്യഘട്ടത്തിൽ 750.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി വകയിരുത്തുന്നു.

**II. ഇന്റഗ്രേറ്റഡ് ഫിഷിംഗ് ഹാർബർ- പോസ്റ്റ് ഹാർവെസ്റ്റ് പ്രോസ്സസിംഗ്-മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ (പുതിയത് )**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരളത്തിലെ പ്രധാന മത്സ്യബന്ധന തുറമുഖം ലോകോത്തര ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബായി വികസിപ്പിക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആധുനിക ഫിഷിംഗ്ഹാർബർ സൗകര്യങ്ങൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ ഒരു സംയോജിത പോസ്റ്റ് ഹാർവെസ്റ്റ് പ്രോസ്സസിംഗ്-മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ ഹബ് ആയിരിക്കും. അതിൽ കപ്പൽ നങ്കൂരമിടൽ, ഫിഷ് അൺലോഡിംഗ്, ഫിഷ് ഹാൻഡ്‌ലിംഗ്, ലേലം, സംഭരണം, കോൾഡ് ചെയിൻ മാനേജ്മെന്റ്, വിശ്രമമുറികൾ, ശുചിത്വം, വാഹനപാർക്കിംഗ് സൗകര്യങ്ങൾ, കപ്പലുകൾ നന്നാക്കാനും ഓവർഹോൾ ചെയ്യാനുമുള്ള ഡ്രൈ ഡോക്കുകൾ തുടങ്ങിയവ നിർദ്ദേശിക്കുന്നു. ഡിജിറ്റലൈസസ് ചെയ്ത മത്സ്യലേലം വിളവെടുപ്പിനു ശേഷമുള്ള സംസ്കരണം, മൂല്യവർദ്ധന, ഉൽപ്പന്ന വിപണന സൗകര്യങ്ങൾ, ഫുഡ് പാർക്കുകൾ തുടങ്ങിയവ മറ്റ് പ്രധാന ഘടകങ്ങളാണ്. ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മത്സ്യഫെഡ്, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ സംയുക്തമായി പദ്ധതി രൂപകൽപ്പന ചെയ്യുകയും നടപ്പാക്കുകയും ചെയ്യും.

പി.എം.എം.എസ്.വൈ മാർഗരേഖ പ്രകാരം മൊത്തം പദ്ധതി തുക 10000.00 ലക്ഷം രൂപയും ഇത് ഘട്ടംഘട്ടമായി പൂർത്തീകരിക്കുകയും ചെയ്യും. കേന്ദ്രവിഹിതം നിലവിലുള്ള ഫിഷിംഗ്ഹാർബറിന്റെ നവീകരണത്തിനായി 3000.00 ലക്ഷം രൂപയും സ്റ്റേറ്റ് ഓഫ് ആർട്ട് ഹോൾസെയിൽ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണത്തിനായി 3000.00 ലക്ഷം രൂപയും ഈ പദ്ധതിയുടെ കീഴിൽ ലക്ഷ്യമിടുന്നു. 2021-22 വാർഷിക പദ്ധതിയിൽ പി.എം.എം.എസ്.വൈ മാർഗരേഖ പ്രകാരം ഈ ബൃഹദ് പദ്ധതിക്ക് ആദ്യവർഷം 3000.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി വകയിരുത്തുന്നു.

**III. പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുള്ള എഫ്.ആർ.പി ബോട്ടുകളും എഞ്ചിനുകളും (പുതിയത് )**

**(വിഹിതം: 120.00 ലക്ഷം രൂപ)**

2018 ലെ കെ.എം.എഫ്.ആർ നിയമത്തിലെ ഭേതഗതിക്കുശേഷം അഞ്ച് വർഷത്തിനുള്ളിൽ മറൈൻ പ്ലൈവുഡ് ബോട്ടുകൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്ലൈവുഡിൽ ഉള്ള ബോട്ടുകൾ എഫ്.ആർ.പി ബോട്ടുകൾ ഉപയോഗിട്ട് ഘട്ടംഘട്ടംമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്. പി.എം.എം.എസ്.വൈ പ്രകാരം 100 മത്സ്യ തൊഴിലാളി ഗ്രൂപ്പുകളെ (400 വ്യക്തികളെ) സഹായിക്കുന്നതിനുള്ള മൊത്തം ചെലവ് 500.00 ലക്ഷം രൂപയാണ്. യൂണിറ്റ് ചെലവിനറെ 40ശതമാനം എന്ന നിരക്കിൽ സർക്കാർ സബ്സിഡി 200.00 ലക്ഷം രൂപയാണ്. ഇതിൽ പി.എം.എം.എസ്.വൈ പ്രകാരം മത്സ്യതൊഴിലാളികൾക്ക് ബോട്ടുകളും മറ്റും നൽകുന്നതിനുള്ള ഘടകത്തിൽ നിന്നും 120.00 ലക്ഷം കേന്ദ്രവിഹിതമായി ലഭിക്കും. 2021-22 വാർഷിക ബഡ്ജറ്റിൽ പദ്ധതിക്കായി 120.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 1.6 വനവും വന്യജീവി സംരക്ഷണവും

### 1. വന്യജീവികളുടെ സംയോജിത വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

കേരളത്തിൽ, 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും, 5 ദേശീയ ഉദ്യാനങ്ങളും, ഒരു കമ്മ്യൂണിറ്റി റിസർവും ഉണ്ട്. ഇതിനു പുറമെ രണ്ട് ടൈഗർ റിസർവ്വുകൾക്കും, 4 എലിഫന്റ് റിസർവ്വുകൾക്കും ഇതിൽ ധനസഹായം ലഭിക്കുന്നുണ്ട്. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേഴ്സ്, വിശ്രമകേന്ദ്രങ്ങൾ, ഡോർമെടികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, വൈദ്യുത വേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവ വൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധിയ്ക്കായി മറ്റൊരു മാർഗ്ഗം എന്ന നിലയിൽ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജവിളക്കുകൾ നൽകൽ, മുതലായ പ്രധാന പ്രവർത്തനങ്ങളാണ് പരിപാടികളിൽ വിഭാവനം ചെയ്തിരിക്കുന്നത്.

**(i) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം –16 എണ്ണം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 705.00 ലക്ഷം രൂപ)**

ചുവടെ ചേർത്തിട്ടുള്ള 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിലുള്ള തുക 60 ശതമാനം കേന്ദ്ര വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു. മലപ്പുറം ജില്ലയിലെ കരിമ്പുഴയെ പുതിയ വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു.

| ക്രമ നമ്പർ | വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം | 55.50 |
| 2 | വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം | 117.00 |
| 3 | ഇടുക്കി വന്യജീവി സംരക്ഷണ കേന്ദ്രം | 60.00 |
| 4 | പീച്ചി, വാഴാനി വന്യജീവി സംരക്ഷണ കേന്ദ്രം | 60.00 |
| 5 | പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രം | 48.00 |
| 6 | ഷെന്തുരുണി വന്യജീവി സംരക്ഷണ കേന്ദ്രം | 60.00 |
| 7 | ചിമ്മിണി വന്യജീവി സംരക്ഷണ കേന്ദ്രം | 52.50 |
| 8 | ആറളം വന്യജീവി സംരക്ഷണ കേന്ദ്രം | 52.50 |
| 9 | ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം | 39.00 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം | 34.50 |
| 11 | മംഗളവനം പക്ഷി സങ്കേതം | 7.50 |
| 12 | കുറിഞ്ഞി മല സങ്കേതം | 13.50 |
| 13 | ചൂലന്നൂർ മയിൽ സങ്കേതം | 10.50 |
| 14 | മലബാർ വന്യമൃഗ സംരക്ഷണ കേന്ദ്രം | 25.50 |
| 15 | കൊട്ടിയൂർ വന്യജീവി സംരക്ഷണ കേന്ദ്രം | 28.50 |
| 16 | കരിമ്പുഴ വന്യജീവി സംരക്ഷണ കേന്ദ്രം (പുതിയത് ) | 40.50 |
| | **ആകെ** | **705.00** |

**(ii) ദേശീയ പാർക്കുകളുടെ പരിപാലനം –5 എണ്ണം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 330.00 ലക്ഷംരൂപ)**

ചുവടെ ചേർത്തിട്ടുള്ള 5 ദേശീയ പാർക്കുകളുടെ പരിപാലനത്തിനുള്ള തുക 60 ശതമാനം കേന്ദ്ര വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഇരവികുളം ദേശീയ പാർക്ക് | 120.00 |
| 2 | സൈലന്റ് വാലി ദേശീയ പാർക്ക് | 120.00 |
| 3 | ആനമുടി ദേശീയ പാർക്ക് | 30.00 |
| 4 | മതികെട്ടാൻ മല ദേശീയ പാർക്ക് | 30.00 |
| 5 | പാമ്പാടുംചോല ദേശീയ പാർക്ക് | 30.00 |
| | **ആകെ** | **330.00** |

**(iii) കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 15.00 ലക്ഷം രൂപ)**

കടലുണ്ടി – വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനത്തിനായി 60 ശതമാനം കേന്ദ്ര വിഹിതമായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iv) പ്രോജക്ട് ടൈഗർ – 2 ടൈഗർ റിസർവുകൾ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 967.50 ലക്ഷം രൂപ)**

2 ടൈഗർ റിസർവുകൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാകുന്നു. 60 ശതമാനം കേന്ദ്ര വിഹിതമായി തുക വകയിരുത്തുന്നു.

| ക്രമ നമ്പർ | ടൈഗർ റിസർവ്വുകൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പെരിയാർ ടൈഗർ റിസർവ്വ് | 532.50 |
| 2 | പറമ്പിക്കുളം ടൈഗർ റിസർവ്വ് | 435.00 |
| | **ആകെ** | **967.50** |

**(v) പ്രോജക്ട് എലിഫന്റ് (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 780.00 ലക്ഷം രൂപ)**

പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നീ നാല് ആനസങ്കേതങ്ങളാണ് പശ്ചിമഘട്ടത്തിലുള്ളത്. ആനകളുടെ സങ്കേതം മെച്ചപ്പെടുത്തുന്നതിനും, വനവാസികളേയും, അവരുടെ കൃഷിയിടങ്ങളേയും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹായം ലഭ്യമാക്കൽ, മനുഷ്യ-മൃഗ സംഘർഷം ഒഴിവാക്കൽ, വിളകൾക്കും മനുഷ്യർക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 780.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**2. നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (60 ശതമാനം കേന്ദ്രവിഹിതം)**

**(വിഹിതം: 493.50 ലക്ഷം രൂപ)**

കാലാവസ്ഥാ വ്യതിയാന പ്രതിഭാസങ്ങൾ രാജ്യത്തെ പ്രകൃതി ജൈവ വിഭവങ്ങളുടെ വിതരണത്തെയും ഗുണനിലവാരത്തെയും ഗുരുതരമായി ബാധിക്കുമെന്നും, കൂടാതെ ഇതുമായി ബന്ധപ്പെട്ടുള്ള വിഭാഗങ്ങളുടെ ജീവനോപാധിയേയും ബാധിക്കും എന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ പ്രവർത്തന പദ്ധതി (എൻ.എ.പി.സി.സി) യുടെ കീഴിലുള്ള 8 മിഷനുകളിൽ ഒന്നായ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (ജി.ഐ.എം) മനസിലാക്കുന്നു. പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വനമേഖലയുടെ പങ്ക് ഗ്രീൻ ഇന്ത്യ മിഷൻ അംഗീകരിക്കുന്നുണ്ട്. കാലാവസ്ഥാ ലഘൂകരണം, ഭക്ഷ്യസുരക്ഷ, ജല സുരക്ഷ, ജൈവവൈവിദ്ധ്യ സംരക്ഷണം, വനമേഖലയെ ആശ്രയിച്ചുള്ള വിഭാഗങ്ങളുടെ ഉപജീവന സുരക്ഷ എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്.

ദേശീയ വനവൽക്കരണ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും
2. വനവും മരങ്ങളും സംരക്ഷിക്കുക വഴി വനവിസ്തൃതി വർദ്ധിപ്പിക്കൽ
3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ

**ദേശീയ വനവൽക്കരണ പരിപാടിയുടെ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

- വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ
- ആർട്ടിഫിഷ്യൽ റീജനറേഷൻ (എ.ആർ)
- പുൽമേട്ടുകൾ വികസിപ്പിക്കൽ
- ചൂരൽ കാട്ടുകളുടെയും, മുളങ്കാട്ടുകളുടെയും പുനരുജ്ജീവനം
- പാസ്ച്ചർ ഡവലപ്പ്മെന്റ് (പി.ഡി)
- തടിയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതും ആയ വൃക്ഷങ്ങൾ നട്ടുവളർത്തൽ
- വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും പുനരുജ്ജീവനം.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വനമേഖലയിലെ പ്രധാന ആശങ്കകൾ പരിഹരിക്കാനാണ് ഗ്രീൻ ഇന്ത്യാമിഷൻ ലക്ഷ്യമിടുന്നത്. പ്രകൃതിയോട് ഇണങ്ങിച്ചേരുക(അഡാപ്റ്റേഷൻ), ലഘൂകരണം(മിറ്റിഗേഷൻ), ദുർബലത(വൾണറബിലിറ്റി), പരിസ്ഥിതി സേവനങ്ങൾ എന്നിവയാണ് പ്രധാന ആശങ്കകൾ. ഗ്രീൻ ഇന്ത്യാമിഷന് കീഴിൽ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ (1) മെച്ചപ്പെട്ട വനവിസ്തൃതിയും, പരിസ്ഥിതി സേവനങ്ങളും (2) ആവാസവ്യവസ്ഥ പുനസ്ഥാപിക്കുക, വനവിസ്തൃതി വർദ്ധിപ്പിക്കുക (3) നഗരങ്ങളിലും നഗരങ്ങളോട് ചേർന്ന പ്രദേശങ്ങളിലും വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക (4) കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും (ബയോമാസ് വർദ്ധിപ്പിക്കുക, കാർബൺ സിങ്ക് സൃഷ്ടിക്കുക) (5) തണ്ണീർത്തടങ്ങൾ പുനസ്ഥാപിക്കുക (6) ഇതര ഊർജ്ജ സ്രോതസ്സ് പ്രോത്സാഹിപ്പിക്കുക (7) മറ്റ് സഹായ പ്രവർത്തനങ്ങൾ. 60 ശതമാനം കേന്ദ്ര വിഹിതമായി 493.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3 . സംയോജിത വനസംരക്ഷണ പദ്ധതി – കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി എന്ന് ഭാരതസർക്കാർ പുനർനാമകരണം ചെയ്തിരിക്കുന്നു. (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 240.00 ലക്ഷം രൂപ)**

സംയോജിത വനസംരക്ഷണ പദ്ധതിയെ 2018-19 മുതൽ കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി എന്ന് ഭാരതസർക്കാർ പുനർനാമകരണം ചെയ്തു. കാട്ടുതീ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഇതിൽ പ്രധാനമായും ലക്ഷ്യമിടുന്നത്. കാട്ടുതീ നിയന്ത്രണ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുക, ഫയർലൈനുകൾ സ്ഥാപിക്കുക, കാട്ടുതീനിയന്ത്രണ ഉപകരണങ്ങൾ വാങ്ങുക, കാട്ടുതീ നിയന്ത്രണത്തിന് സഹായകമാകുന്ന അനുബന്ധ പ്രവൃത്തികളായ ജലസ്രോതസ്സുകളുടെ വികസനവും, അടിസ്ഥാന സൗകര്യ വികസനങ്ങളും, ബോധവൽക്കരണ പരിപാടികളും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 60 ശതമാനം കേന്ദ്ര വിഹിതമായി 240.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥയുടേയും സംരക്ഷണം (60 ശതമാനം കേന്ദ്ര വിഹിതം)

ഭൂപ്രകൃതിയുടെ സംരക്ഷണവും, സുസ്ഥിര ഉപയോഗവും ഏകോപിപ്പിക്കുന്നതിന് ബയോസ്പിയറുകൾ സഹായകമാണ്. ഇതുമൂലം വ്യത്യാസങ്ങൾ കുറയ്ക്കുവാനും ഗുണാനുഭവങ്ങൾ മുഴുവനായും ഉപയോഗിക്കുവാനായി സാധിക്കും. നീലഗിരി, അഗസ്ത്യമല എന്നീ രണ്ട് ബയോസ്ഫിയർ റിസർവ്വുകളാണ് കേരളത്തിലുള്ളത്. പവിഴപ്പുറ്റുകളുടേയും കണ്ടൽക്കാട്ടുകളുടേയും സംരക്ഷണവും പരിപാലനവുമാണ് തണ്ണീർത്തട സംരക്ഷണ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ബയോസ്ഫിയർ റിസർവ്വുകൾ, തണ്ണീർത്തട സംരക്ഷണം, വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റിപാർപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**(i) നീലഗിരി ബയോസ്ഫിയർ റിസർവ്വ് (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 5520.40 ച.കി.മീ. ആണ്. ഇതിൽ കേരളത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1455.40 ച.കി.മീ ആണ്. വയനാട് വന്യജീവി സങ്കേതം, സൈലന്റ് വാലി ദേശീയ ഉദ്യാനം, നിലമ്പൂർ (തെക്ക്, വടക്ക് പ്രദേശം, മണ്ണാർക്കാട്, പാലക്കാട്, കോഴിപ്പാറ, പുഞ്ചക്കൊല്ലി, കരുളായ് റെയിഞ്ച് (ഒഴികെ), കോഴിക്കോട്, വയനാട്(തെക്ക്) എന്നീ വനമേഖലാ ഡിവിഷനുകളാണ് നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ ഉൾപ്പെടുന്നത്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന

പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോട്ടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണ നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തികൾ.

2021-22 ൽ ഈ പദ്ധതിക്കായി 60 ശതമാനം കേന്ദ്ര വിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ii) അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 180.00 ലക്ഷം രൂപ)**

അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 3500.00 ച.കി.മീ. ആണ്. ഇതിൽ കേരളത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1828.00 ച.കി.മീ. ആണ്. അഗസ്ത്യമല ബയോസ്ഫിയർ വികസന പരിപാടി നടപ്പിലാക്കുന്നതിന് തുക വകകൊള്ളിച്ചിരിക്കുന്നു. നെയ്യാർ, പേപ്പാറ, ഷെണ്ടുരുണി വന്യജീവി സങ്കേതങ്ങളും, അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളും, അഗസ്ത്യവനം ബയോളജിക്കൽ പാർക്കും ഉൾപ്പെടുന്നതാണ് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോട്ടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2021-22 ൽ ഈ പദ്ധതിയ്ക്കായി 60 ശതമാനം കേന്ദ്ര വിഹിതമായി 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iii) തണ്ണീർത്തട സംരക്ഷണം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 255.00 ലക്ഷം രൂപ)**

കണ്ടൽക്കാടുകളുടേയും, പവിഴപ്പുറ്റുകളുടേയും സംരക്ഷണമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. കണ്ടൽ വനങ്ങൾ വെച്ചുപിടിപ്പിക്കുക, സംരക്ഷണ പരിപാടിക്കാവശ്യമായ സാധനസാമഗ്രികൾ സംഘടിപ്പിക്കുക, വിപുലീകരണവും ബോധവത്ക്കരണവും നടത്തുക, ചപ്പുചവറുകൾ നീക്കംചെയ്യൽ, ശുചീകരണ പ്രക്രിയകൾ, കുടുംബാരോഗ്യ സംരക്ഷണ പരിപാടികൾ, അഗ്രോ ഫോറസ്ട്രിയുടെ വിപുലീകരണം, മലിനീകരണ നിവാരണം, വാസസ്ഥലങ്ങളുടെ വികസനം തുടങ്ങിയ പരിപാടികൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പവിഴപ്പുറ്റുകളുടെ സർവ്വെ, കൃത്രിമപ്പുറ്റുകളുടെ നിർമ്മാണം, ബോധവത്ക്കരണ പരിപാടികൾ, പശ്ചാത്തല സൗകര്യമൊരുക്കൽ, സാങ്കേതിക സഹായം, എൻടി പോയിന്റ് ആക്ടിവിറ്റി, ഡോക്യുമെന്റേഷൻ പ്രവൃത്തികൾ മുതലായവയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2021-22 ൽ ഈ പദ്ധതിക്കായി 60 ശതമാനം കേന്ദ്ര വിഹിതമായി 255.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iv) വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി (60ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 450.00 ലക്ഷം രൂപ)**

വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. വയനാട് വന്യമൃഗസങ്കേതത്തിലുള്ള 14 ഊരുകളിൽ അധിവസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിനായി 80.00 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇവരെ വനാതിർത്തിയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നത് വഴി മനുഷ്യമൃഗ സംഘർഷം ലഘൂകരിക്കുവാനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും സാധിക്കും. ഈ പദ്ധതി 2021-22ൽ നടപ്പാക്കുന്നതിന് 450.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

**5. മൈനർ വനവിഭവങ്ങൾക്കുള്ള താങ്ങുവില (75 ശതമാനം കേന്ദ്രവിഹിതം) (പുതിയ പദ്ധതി)**

**(വിഹിതം : 504.00 ലക്ഷം രൂപ)**

മൈനർ വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്നതിലൂടെ, വിഭവങ്ങൾ ശേഖരിക്കുന്നവർക്കു അവരുടെ പരിശ്രമത്തിനും, വനവിഭവങ്ങളുടെ മൂല്യ വർദ്ധനവിനും ന്യായമായ വില ലഭിക്കുന്നു. തടിയിതര വനവിഭവങ്ങൾ ശേഖരിക്കുന്നതിന് മെച്ചപ്പെട്ട താങ്ങു വിലയിലൂടെ പിന്തുണ നൽകുക, സംഭരണ കേന്ദ്രങ്ങൾ, മൂല്യ വർദ്ധന യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണന സഹായം

തുടങ്ങിയ മെച്ചപ്പെട്ട സൗകര്യങ്ങളാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. സംസ്ഥാന വന വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. അംഗീകൃത ഘടകങ്ങൾ ഇനിപ്പറയുന്നവയാണ് (1) കാട്ടു തേൻ സംഭരണം (2) വന വികസന ഏജൻസി തലത്തിൽ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക/നവീകരിക്കുക (3)വന വികസന ഏജൻസി തലത്തിൽ സംഭരണത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക (4)സംസ്ഥാനതലത്തിൽ കേന്ദ്രീകൃത ശേഖരണ യൂണിറ്റും, മൂല്യ വർദ്ധന യൂണിറ്റും, പ്രോസസ്സിംഗ് യൂണിറ്റും സ്ഥാപിക്കുക. 2021-22 കാലയളവിൽ 75 ശതമാനം കേന്ദ്ര വിഹിതമായി 504.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# 2.ഗ്രാമവികസനം

## 2.1 ഗ്രാമ വികസന പരിപാടികൾ

### 1. ദീൻ ദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (ഡി.എ.വൈ. - എൻ.ആർ.എൽ.എം.) (പൊതുവിഭാഗം) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 9750.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ - എൻ.ആർ.എൽ.എം) ഗ്രാമീണ ദരിദ്രരുടെ സ്വയംതൊഴിൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു. ആവശ്യമനുസരിച്ച് വിഹിതം അനുവദിക്കുന്ന ഈ പരിപാടിയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ വിഹിതം വകയിരുത്തുന്നു. സ്ഥാപനവൽക്കരണവും കാര്യശേഷി വർദ്ധിപ്പിക്കലും, സാമ്പത്തിക ഉൾപ്പെടുത്തൽ, ഉപജീവനമാർഗ്ഗത്തിന്റെ പരിപോഷണവും മെച്ചപ്പെടുത്തലും, സ്വയം തൊഴിലിനാവശ്യമായ വിദഗ്ധ പരിശീലനം, സാമൂഹ്യ അംഗീകാരവും വികസനവും എന്നിവയാണ് ഡി.എ.വൈ-എൻ.ആർ.എൽ.എം പ്രധാനമായും ഊന്നൽ നൽകുന്ന മേഖലകൾ. കുടുംബശ്രീ മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി.
ഡി.എ.വൈ-എൻ.ആർ.എൽ.എം ന്റെ മറ്റ് മൂന്ന് ഉപഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### i. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യയോജന (ഡി.ഡി.യു.ജി.കെ.വൈ.)

ഡി.ഡി.യു.ജി.കെ.വൈ, ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ കീഴിൽ വൈദഗ്ധ്യത്തിനും ജോലി ലഭ്യമാക്കുന്നതിനുമുള്ള സംരംഭമാണ്. നൈപുണ്യ വിടവ് കണ്ടെത്തൽ, വിവര-വിദ്യാഭ്യാസ-വിനിമയ പരിപാടി, എല്ലാ തൽപരകക്ഷികളുടെയും കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലന പങ്കാളികളെ തിരഞ്ഞെടുക്കുക, പദ്ധതിനിർദ്ദേശങ്ങൾ സ്വീകരിച്ച്, പരിശോധന നടത്തി അംഗീകാരം നൽകുക, സമാഹരണം, ഉദ്യോഗാർത്ഥികളുടെ കൗൺസിലിംഗും തെരഞ്ഞെടുപ്പും, വൈദഗ്ധ്യ പരിശീലനം, സാക്ഷ്യപ്പെടുത്തലും തൊഴിൽ ലഭ്യമാക്കലും, മേൽനോട്ടവും വിലയിരുത്തലും, നിയമനം ലഭിച്ചതിനുശേഷമുള്ള സേവന സഹായം എന്നിവയാണ് ഇതിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ.

#### ii. സ്റ്റാർട്ട്-അപ് ഗ്രാമീണ സംരംഭകത്വ പരിപാടി (എസ്.വി.ഇ.പി)

ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിലുള്ള ഒരു ഉപഘടകമാണ് എസ്.വി.ഇ.പി. ഗ്രാമീണ സംരംഭങ്ങൾ തുടങ്ങുകയും അവയെ പിന്തുണയ്ക്കുകയും ചെയ്യുന്നതിലൂടെ ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവ കുറയ്ക്കുകയും സാമ്പത്തിക പുരോഗതി ഉത്തേജിപ്പിക്കുകയുമാണ് എസ്.വി.ഇ.പി.യുടെ ലക്ഷ്യം. സാമൂഹ്യാടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല ഉപയോഗിച്ച് സംരംഭങ്ങൾക്ക് വാണിജ്യ വൈദഗ്ധ്യം, സമ്പർക്ക സാധ്യത, സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ, സംരംഭത്തിന്റെ നിർണ്ണായകമായ ആദ്യത്തെ ആറ് മാസക്കാലത്തേക്ക് വാണിജ്യ സഹായം എന്നിവ നൽകുന്നു. എസ്.വി.ഇ.പി യുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) സംയോജിത ഐ.സി.ടി സങ്കേതങ്ങൾ, പരിശീലനത്തിനും കാര്യശേഷി വർദ്ധനവിനും ആവശ്യമായ സഹായങ്ങൾ, സംരംഭക ഉപദേശക സേവനങ്ങൾ എന്നിവയിലൂടെയും ബാങ്കുകൾ, അയൽക്കൂട്ടങ്ങൾ, അയൽക്കൂട്ട ശൃംഖലകൾ എന്നിവയിൽ നിന്ന് വായ്പ ലഭ്യമാക്കിയും ഗ്രാമീണ സംരംഭകത്വ പ്രോത്സാഹനത്തിന് അനുയോജ്യമായ ഒരു സുസ്ഥിര മാതൃക വികസിപ്പിച്ച് ഗ്രാമങ്ങളിലെ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സഹായങ്ങൾ തുടക്കം മുതൽ നൽകുക
2) ഗ്രാമതല സാമൂഹ്യ ശൃംഖലയ്ക്ക് (MEC) പരിശീലനം നൽകി പ്രാദേശിക തലത്തിൽതന്നെ കാര്യശേഷി വർദ്ധിപ്പിക്കുകയും എം.ഇ.സി കളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് അയൽക്കൂട്ട ശൃംഖലയുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക

3) എൻ.എച്ച്.ജി ഫെഡറേഷനുകൾ, മുദ്ര ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിംഗ് സംവിധാനങ്ങൾ എന്നിവയിൽ നിന്ന് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നേടാൻ ഗ്രാമീണ സംരംഭകരെ സഹായിക്കുക

**iii. മഹിളാ കിസാൻ ശശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.)**

കാർഷിക മേഖലയിൽ സ്ത്രീ പുരുഷ പങ്കാളിത്തത്തിലുള്ള വിടവ് കുറയ്ക്കുക, കാർഷിക വൃത്തികളിൽ നിന്നുള്ള പിൻവാങ്ങൽ പ്രവണത കുറയ്ക്കുക, സ്ത്രീ കർഷകർ സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്ന ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിലുള്ള ഒരു ഉപഘടകമാണ് എം.കെ.എസ്.പി. കേരളത്തിൽ കുടുംബശ്രീയുടെ സംയുക്ത ഉത്തരവാദിത്ത സംഘങ്ങളുടെ (ജെ.എൽ.ജി.) ശൃംഖലയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിക്കായി 2021–22 സാമ്പത്തികവർഷം 9750.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2. ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റുകളുടെ ഭരണചെലവുകൾ (മുൻപ് ജില്ലാ ഗ്രാമവികസന ഏജൻസികൾ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 750.00 ലക്ഷം രൂപ)**

ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ ഭരണ ചെലവിലേക്കായി 750.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ശമ്പളവും മറ്റ് കണ്ടിൻജൻസി ചെലവുകളും ഈ തുകയിൽ നിന്നും കണ്ടെത്താവുന്നതാണ്.

**3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി.)**

**(വിഹിതം : 382769.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയുടെയും ഭരണചെലവിന്റെയും 100 ശതമാനവും, മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവും കേന്ദ്ര വിഹിതമാണ്. മെറ്റീരിയൽ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർ അവരുടെ പേര് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പ് നൽകിക്കൊണ്ട് ഉപജീവന മാർഗ്ഗം സുരക്ഷിതമാക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. ആവശ്യാനുസൃതം വിഹിതം അനുവദിക്കുന്ന ഈ പദ്ധതിയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനം ഉറപ്പാക്കുന്നു.

സമീപ വർഷങ്ങളിൽ, തുടർച്ചയായി രണ്ട് വർഷങ്ങളിൽ ഉണ്ടായ പ്രളയം, കോവിഡ് 19 മഹാമാരി എന്നിവ കാരണം പല മേഖലകളിൽ ഉണ്ടായ തൊഴിൽ നഷ്ടം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ മറ്റ് വകുപ്പുകളുടെ സമാന ലക്ഷ്യമുള്ള പദ്ധതികളുമായി സമന്വയിപ്പിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ സാധ്യതയും ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും ശ്രദ്ധ നൽകുന്നതാണ്. 2021–22 ൽ ശരാശരി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകും. 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക വഴി 2910 കോടി രൂപ വേതനമായി ലഭ്യമാക്കുകയാണ് ലക്ഷ്യം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയുടെയും ഭരണചെലവിന്റെയും 100 ശതമാനം, മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനം എന്നീ ഇനങ്ങൾക്കുള്ള കേന്ദ്ര വിഹിതമായി 382769.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. വകയിരുത്തിയ മൊത്തം തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| സാമ്പത്തിക വിഹിതം | | | |
|---|---|---|---|
| | | രൂപ ലക്ഷത്തിൽ | |
| **ഘടകങ്ങൾ** | **കേന്ദ്ര വിഹിതം** | **സംസ്ഥാന വിഹിതം** | **ആകെ** |
| അവിദഗ്ധ തൊഴിൽ വേതനം 100)ശതമാനം കേന്ദ്ര വിഹിതം( | 291000.00 | 0.00 | 291000.00 |
| മെറ്റീരിയൽ ചെലവ് കേന്ദ്ര വിഹിതം):സംസ്ഥാന വിഹിതം =75:(25 | 68805.00 | 22935.00 | 91740.00 |
| ഭരണ ചെലവ് 100)ശതമാനം കേന്ദ്ര വിഹിതം( | 22964.00 | 0.00 | 22964.00 |
| മിഷനിലെ ഉദ്യോഗസ്ഥരുടെ ശമ്പള വിഹിതം ഭരണ ) ചെലവിന്റെകേന്ദ്രവിഹിതത്തിൽ അനുവദനീയമല്ലാത്ത ചെലവുകൾ നിർവ്വഹിക്കുന്നതിന് മാത്രം 100 -ശതമാനം സംസ്ഥാന വിഹിതം( | 0.00 | 75.00 | 75.00 |
| **ആകെ** | **382769.00** | **23010.00** | **405779.00** |

**വനിതാ ഘടകം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുതും തൊഴിലിന് അപേക്ഷിച്ചതുമായ ഗുണഭോക്താക്കളിൽ 1/3 പേർ വനിതകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, കേരളത്തിൽ, പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനത്തിൽ അധികം പേരും വനിതകളാണെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 'ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ്.

2021-22 ൽ ഈ പദ്ധതിക്കായി 382769.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**4. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) (60 ശതമാനം കേന്ദ്ര വിഹിതം)**
**(വിഹിതം : 15000.00 ലക്ഷം രൂപ)**

ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമീണ പ്രദേശങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയേയും പ്രതിരോധിക്കാൻ ശേഷിയും ഉന്നത ഗുണനിലവാരവുമുള്ള റോഡുകൾ നിർമ്മിക്കുക എന്നതാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയുടെ ലക്ഷ്യം. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) ആണ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല നോഡൽ ഏജൻസി. ഈ പദ്ധതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തുന്നു. 2021-22 ൽ ഈ പദ്ധതിക്കായി 15000.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**5. നാഷണൽ റർബൻ മിഷൻ (60 ശതമാനം കേന്ദ്ര വിഹിതം)**
**(വിഹിതം : 3000.00 ലക്ഷം രൂപ)**

പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൃത്യമായ ആസൂത്രണം വഴി റർബൻ ക്ലസ്റ്ററുകൾ സൃഷ്ടിക്കുക എന്നിവയാണ് 2016 ഫെബ്രുവരി 21 ന് ആരംഭിച്ച നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) ലക്ഷ്യമിടുന്നത്. ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്ന മെച്ചപ്പെട്ട വളർച്ചാ സാധ്യതയുള്ള സ്മാർട്ട് വില്ലേജ് ക്ലസ്റ്ററുകളുടെ വികസനവും മിഷൻ ലക്ഷ്യമിടുന്നു.

ഈ പദ്ധതിയുടെ ഭാഗമായി ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതിനായി കേന്ദ്ര സർക്കാർ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. (1) ഗ്രാമീണ ജനസംഖ്യയുടെ ദശാബ്ദ വളർച്ച (2) ഭൂമിയുടെ മൂല്യത്തിൽ ഉണ്ടായ വർദ്ധനവ് (3) കാർഷികേതര തൊഴിൽസേനാ പങ്കാളിത്തത്തിന്റെ ദശാബ്ദ വളർച്ച

(4)സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികളുടെ പ്രവേശന ശതമാനം (5) പ്രധാനമന്ത്രി ജൻധൻ യോജനയിലൂടെ ബാങ്ക് അക്കൗണ്ട് ഉള്ള കുടുംബങ്ങളുടെ ശതമാനം (6) സ്വച്ഛ് ഭാരത് മിഷനിലെ പ്രകടനം (7) ഗ്രാമപഞ്ചായത്തുകളുടെ സദ്ഭരണ ഉദ്യമങ്ങൾ എന്നിവയാണ് പ്രധാന മാനദണ്ഡങ്ങൾ. റർബൻ ക്ലസ്റ്ററുകൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തെ 14 ജില്ലകളിലായി 21 ഉപജില്ലകളെ കണ്ടെത്തിയിട്ടുണ്ട്. ഈ ഉപജില്ലകളിൽ നിന്നും സംസ്ഥാനത്തിന് 20,000 മുതൽ 50,000 വരെ ജനസംഖ്യയുള്ള വലിയ വില്ലേജ്/ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുക്കുകയും സമീപത്തുള്ള ഒന്നോ രണ്ടോ വില്ലേജോ, ഗ്രാമപഞ്ചായത്തോ കൂട്ടിച്ചേർത്ത് ആ മേഖലയെ അവിടെ ലഭ്യമായ വിഭവങ്ങളുടെ വികസന കേന്ദ്രങ്ങളാക്കുകയും ചെയ്യാവുന്നതാണ്. ഇതിലൂടെ ആ മേഖലയെ സാമ്പത്തിക പരിവർത്തനത്തിലേക്ക് നയിക്കാൻ സാധിക്കും. സാമ്പത്തിക പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, കാര്യശേഷി വികസിപ്പിക്കൽ പ്രാദേശിക സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, പശ്ചാത്തല സൗകര്യങ്ങൾ നൽകൽ എന്നിവയിലൂടെ ഈ ക്ലസ്റ്ററുകളെ വികസനത്തിലേക്ക് നയിക്കാവുന്നതാണ്. കേരളത്തിൽ 2016-17 മുതൽ ഇതുവരെ 12 ക്ലസ്റ്ററുകളാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് തുക നല്കുന്നത് ഓരോ ക്ലസ്റ്ററിനും പരമാവധി 30.00 കോടി രൂപ അല്ലെങ്കിൽ മൊത്തം നിക്ഷേപത്തിന്റെ 30 ശതമാനം എന്ന നിരക്കിൽ, ഇതിൽ ഏതാണോ കുറവ് അത് ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് എന്ന പേരിൽ മൂന്ന് ഗഡുക്കളായാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് പദ്ധതി വിഹിതം വകയിരുത്തുന്നത്. 2021-22ൽ 3000.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 6. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) – നീർത്തട ഘടകം (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 1500.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ 2015-16 ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ സംയോജിപ്പിക്കുകയുണ്ടായി. അതിനുശേഷം ഈ പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കിവരുന്നു. മഴവെള്ള സംഭരണം, കൃഷിഭൂമിയിലെ കുളങ്ങളുടെ നിർമ്മാണം, മഴവെള്ളസംഭരണിയുടെ നിർമ്മാണം, ചെറിയതടയണകൾ-കോണ്ടൂർ ബണ്ട് എന്നിവയുടെ നിർമ്മാണം മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണചെലവിന്റെ നിലവിലുള്ള നിരക്ക്, ഉയർന്ന പ്രദേശങ്ങളിൽ ഹെക്ടറിന് 15,000 രൂപയും സമതലപ്രദേശങ്ങളിൽ 12,000 രൂപയും ആണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിയിലെ പ്രകൃതി വിഭവ പരിപാലനവുമായി (എൻ.ആർ.എം.) ബന്ധപ്പെട്ട ജോലികളുടെ ഒരു ഭാഗം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം പുതിയ നീർത്തടങ്ങൾ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. 2021-22 ഓടെ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുമ്പോൾ പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള തയ്യാറെടുപ്പ് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, എൻട്രി പോയിന്റ് പ്രവർത്തനങ്ങളുടെ നടത്തിപ്പ്, കാര്യശേഷി വർദ്ധിപ്പിക്കൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് 2021-22 ൽ പ്രതീക്ഷിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. മുൻ വർഷങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ചതും നിലവിൽ തുടർന്നുവരുന്നതുമായ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും ഈ തുക ഉപയോഗപ്പെടുത്താം.

**പി.എം.കെ.എസ്.വൈ.നീർത്തട ഘടകത്തിന്റെ 2021-22 ലെ വിഭാഗം അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ**

| വിഭാഗത്തിന്റെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|
| പൊതുവിഭാഗം | 1335.00 |
| എസ്.പി.എസ്.സി. | 150.00 |
| ട്രി.പി.എസ്. | 15.00 |
| **ആകെ** | **1500.00** |

'ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ് ഈ പദ്ധതി. 2021-22ൽ 1500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

### 7. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.-ജി.) (പൊതുവിഭാഗം) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 1500.00 ലക്ഷം രൂപ)**

ജീർണ്ണാവസ്ഥയിലായതും വാസയോഗ്യമല്ലാത്തതുമായ വീടുകളിൽ താമസിക്കുന്നവർക്കും ഭവനരഹിത കുടുംബങ്ങൾക്കും 2022 ഓടുകൂടി അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടിയ ഭവനങ്ങൾ നൽകുന്നതിനായി ഗ്രാമ വികസന മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.-ജി.). ആരോഗ്യപരമായ ചുറ്റുപാടിൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സ്ഥലം ഉൾപ്പെടെ 25 ചതുരശ്രമീറ്ററാണ് ഒരു വീടിന്റെ ഏറ്റവും കുറഞ്ഞ വിസ്തൃതി. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം സമതല പ്രദേശങ്ങളിൽ 1.20 ലക്ഷം രൂപയും എത്തിപ്പെടുവാൻ പ്രയാസമേറിയ/മലയോര പ്രദേശങ്ങളിൽ 1.30 ലക്ഷം രൂപയും ആണ്. ഈ തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകയിരുത്തുന്നു. ഗുണഭോക്താവിന് താല്പര്യമെങ്കിൽ 70,000/- രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാനുള്ള സാധ്യതയുമുണ്ട്. 2011-ലെ സാമൂഹ്യ - സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

പി.എം.എ.വൈ.-ജി. വീടുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുക എന്നത് ഒരു അവിഭാജ്യ ഘടകമാണ്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) അല്ലെങ്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയോ മറ്റ് സാമ്പത്തിക സ്രോതസ്സ് മുഖേനയോ ഈ വീടുകൾക്ക് ശൗചാലയങ്ങൾ നൽകേണ്ടതാണ്. ശൗചാലയം കൂടി നിർമ്മിച്ചാൽ മാത്രമാണ് വീട് നിർമ്മാണം പൂർത്തിയാക്കിയതായി കണക്കാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഭവനനിർമ്മാണത്തിനുള്ള അവിദഗ്ധ തൊഴിലാളികളുടെ കാര്യത്തിൽ നിലവിലെ വേതനനിരക്കനുസരിച്ച് 90 തൊഴിൽ ദിനങ്ങൾ വരെ പ്രധാന മന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയിലൂടെ ഗുണഭോക്താവിന് നിർബന്ധമായും വേതനം നല്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ വ്യവസ്ഥയനുസരിച്ച് വീടൊന്നിന്റെ ചെലവ് 1.20 ലക്ഷം രൂപ മാത്രമാണെങ്കിലും ലൈഫ് മിഷന്റെ നിരക്കിനെന്നപോലെ ഈ പദ്ധതിയിലും 4 ലക്ഷം രൂപ വരെ ധനസഹായം നൽകാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന അധിക തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്. ഈ വിടവ് നികത്തുന്നതിനായി കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തഫണ്ടുകൾ ഉപയോഗപ്പെടുത്താനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. എന്നിരുന്നാലും ലൈഫിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമെ 2021-22-ൽ ധനസഹായം നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിധവകൾ/അവിവാഹിതർ/ഭർത്താവിൽ നിന്നും വേർപിരിഞ്ഞു താമസിക്കുന്നവർ എന്നിവർ ഒഴികെയുള്ളവർക്ക് ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായി വീട് അനുവദിക്കാവുന്നതാണ്. സംസ്ഥാനത്തിന് വേണമെങ്കിൽ സ്ത്രീകൾക്ക് മാത്രമായിട്ടും വീട് അനുവദിച്ചു കൊടുക്കാവുന്നതാണ്. ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്ന വീടുകൾ അതാത് വ്യക്തികളുടെ പേരിൽതന്നെ അനുവദിക്കേണ്ടതാണ്. ആകെ വീടുകളുടെ 3 ശതമാനം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും സ്ത്രീകൾ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

25000 പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി 2021-22ൽ 1500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 2.2സാമൂഹ്യ വികസനവും പഞ്ചായത്തുകളും

### 1.സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 5250.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതി പുനരാവിഷ്കരിക്കുകയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പേരിൽ പുനർനാമകരണം ചെയ്ത് 2014 ഒക്ടോബർ 2 മുതൽ നടപ്പിലാക്കി

വരുകയും ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് പദ്ധതിവിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

- ഗ്രാമീണ മേഖലയിലെ പൊതു ജീവിതനിലവാരം മെച്ചപ്പെടുത്തൽ
- ശുചിത്വഭാരതം എന്ന ലക്ഷ്യം നേടുന്നതിനായി ശുചിത്വ പ്രവർത്തനങ്ങൾ മുഴുവൻ ഗ്രാമീണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുകയും എല്ലാ ഗ്രാമപഞ്ചായത്തുകളും വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്.) പദവി നിലനിർത്തുകയും ചെയ്യുക
- ബോധവൽക്കരണ പരിപാടികളിലൂടെയും, ആരോഗ്യ വിദ്യാഭ്യാസത്തിലൂടെയും അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജനവും ശുചിത്വവും ഉൾപ്പെടെയുള്ള സ്ഥായിയായ ശുചീകരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുസമൂഹത്തിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും പ്രചോദനം നൽകൽ

2021-22ൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന ഘടകങ്ങളും അവയുടെ ഭൗതിക ലക്ഷ്യങ്ങളും താഴെ പറയുന്നു.

**ഭൗതിക ലക്ഷ്യങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ | ലക്ഷ്യം യൂണ):ിറ്റ്( |
|---|---|---|
| 1 | വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ | എണ്ണം 18,800 |
| 2 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം | 750 എണ്ണം |
| 3 | ഖരർജദ്രവ മാലിന്യ നിർമ്മാ–്ജനം –ഗോബർദ്ധൻ നിക് ബയോ അഗ്രോ നൈസിംഗ് ഓർഗാഗാൾവ) നിന്ന് ഈ ഘടകത്തിൽ ചെലവുകൾ (റിസോഴ്സസ് ധൻ വഹിക്കാവുന്നതാണ് | ഗ്രാമപഞ്ചായത്തുകൾ 941 |
| 4 | ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവര വിദ്യാഭ്യാസ ) (വിനിമയ പ്രചരണവും മനുഷ്യവിഭവശേഷി വികസനവും | ജില്ലകൾ 14 |
| 5 | ഭരണപരമായ ചെലവുകൾ | ജില്ലകൾ 14 |

ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ. ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ നടത്തുന്ന ചുമതല സംസ്ഥാന തലത്തിൽ ശുചിത്വമിഷനും ജില്ലാതലത്തിൽ ജില്ലാശുചിത്വ മിഷനുകളുമാണ് നടത്തേണ്ടത്.

കേരളം വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്.) പദവി നേടിയിട്ടുണ്ടെങ്കിലും 2018 ലും 2019 ലും സംസ്ഥാനത്തെ ബാധിച്ച അപ്രതീക്ഷിത പ്രളയവും മണ്ണിടിച്ചിലും കാരണം സംസ്ഥാനത്തെ 14 ജില്ലകളിലെ 635 ഓളം പ്രാദേശിക സർക്കാരുകളിലെ നിരവധി കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ തകരാറിലാക്കിയിട്ടുണ്ട്. പുതിയ നിർമ്മാണം മാത്രമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതെങ്കിലും പ്രളയത്തിൽ നഷ്ടപ്പെട്ട കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ 2021-22-ൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പുനർ നിർമ്മിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 2021-22 ലെ വിഭാഗം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ**

| വിഭാഗത്തിന്റെ പേര് | വിഹിതം രൂപ ) (ലക്ഷത്തിൽ |
|---|---|
| പൊതുവിഭാഗം | 4305.00 |
| എസ്.പി.എസ്.സി. | 788.00 |
| റ്റി.പി.എസ്. | 157.00 |
| **ആകെ** | **5250.00** |

ഈ പദ്ധതി 'ഹരിതകേരളം മിഷനിൽ' ഉൾപ്പെടുന്നു. 2021–22 ൽ 5250.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2.രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 1200.00 ലക്ഷം രൂപ)**

മുമ്പുണ്ടായിരുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാന്റെ (ആർ.ജി.പി.എസ്.എ.) പരിഷ്കരിച്ച പതിപ്പാണ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.). സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) നേടി എടുക്കുന്നതിനായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണശേഷി വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരങ്ങൾ കാണുന്നതിനായി ലഭ്യമായ ഉറവിട സ്രോതസ്സുകളെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക, പങ്കാളിത്ത പദ്ധതികൾക്ക് പ്രേരണയാകുന്ന സാങ്കേതിക വിദ്യ തയ്യാറാക്കുക, പ്രാദേശിക വികസന ആവശ്യങ്ങൾക്കനുസൃതമായി പ്രാദേശിക ഭരണസ്ഥാപനങ്ങളെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്ന രീതിയിൽ കാര്യശേഷി വികസിപ്പിക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളാണ്.

2021–22ൽ 1200.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. കാര്യക്ഷമത വർദ്ധിപ്പിക്കലും പരിശീലനവും, സംസ്ഥാന/ജില്ല വിഭവ കേന്ദ്രങ്ങളിലുൾപ്പെടെ സ്ഥാപനപരമായ അടിസ്ഥാന സൗകര്യങ്ങൾ, ഭരണപരവും സാങ്കേതികവുമായ സഹായപദ്ധതി, പഞ്ചായത്ത് ഭവൻ സഹായം, പഞ്ചായത്തുകളെ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമാക്കൽ, വിദൂര പഠന സൗകര്യം, ഭരണപരവും സാമ്പത്തികവുമായ ഡേറ്റാ വിശകലനം ചെയ്യൽ, ആസൂത്രണസെൽ, നൂതന പ്രവർത്തനങ്ങൾ, സൂക്ഷ്മ പ്രോജക്ട്/സാമ്പത്തിക വികസനത്തിന് ഗ്യാപ് ഫണ്ടിംഗ്, പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്, വിവര– വിദ്യാഭ്യാസ–വിനിമയം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

## 2.5.സാമൂഹ്യനീതി പരിപാടി–ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി.)

1. **ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി.) – ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 15000.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് (സുപ്രധാന പദ്ധതി) ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി.). ഇത് ഗ്രാമ–നഗരപ്രദേശങ്ങളിൽ നടപ്പാക്കിവരുന്നു. ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്ക് വാർദ്ധക്യം, അംഗവൈകല്യം, വൈധവ്യം, കുടുംബനാഥൻ/നാഥയുടെ മരണം തുടങ്ങിയ സാഹചര്യങ്ങളിൽ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലൂടെ സഹായം നൽകുന്നു. ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ അഞ്ച് ഘടകങ്ങൾ താഴെപറയുന്നവയാണ്.

i. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി
ii. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി
iii. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി
iv. ദേശീയ കുടുംബ ആനുകൂല്യ പദ്ധതി
v. അന്നപൂർണ്ണ പദ്ധതി

ആദ്യത്തെ 3 ഘടകങ്ങൾ പ്രാദേശിക സർക്കാരുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അതിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി മാത്രമാണ് പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021–22 ൽ 15000.00 ലക്ഷം രൂപ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ 100 ശതമാനം കേന്ദ്ര വിഹിതമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രതീക്ഷിക്കുന്നു.

**ഗ്രാമപഞ്ചായത്തുകൾ (വിഹിതം : 10200.00 ലക്ഷം രൂപ)**

**മുനിസിപ്പാലിറ്റികൾ (വിഹിതം 2550.00 ലക്ഷം രൂപ)**

**കോർപ്പറേഷനുകൾ (വിഹിതം : 2250.00 ലക്ഷം രൂപ)**

## 5. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

### 4.2. ചെറുകിട ജലസേചനം

**ഉപരിതല ജലവികസനം**

1. **പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

2015-16 കാലയളവിൽ ഭാരത സർക്കാർ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന എന്ന ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. എ.ഐ.ബി.പി, വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾ, കമാന്റ് ഏരിയ വികസന പരിപാടികൾ, ജലാശയങ്ങളുടെ പുനരുദ്ധാരണവും നവീകരണവും മുതലായവ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെ ജലസേചന സാദ്ധ്യതാ പ്രദേശങ്ങളെയും നിലവിൽ ജലസേചനം നടപ്പിലാക്കുന്ന പ്രദേശങ്ങളും തമ്മിലുള്ള അന്തരം കുറച്ച് ജലസേചന പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതമായിട്ടാണ് 1500.00 ലക്ഷം രൂപ 2021-22ൽ വകയിരുത്തിയിരിക്കുന്നത്. 2021-22 ൽ ഈ പദ്ധതിയുടെ പരമാവധി ഉപയോഗം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

### 4.4 വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും

1. **വെള്ളപ്പൊക്ക നിവാരണവും ബോർഡർ ഏരിയ പദ്ധതിയും 2020-25 ( 75% കേന്ദ്ര വിഹിതം)**

**(വിഹിതം: 3750.00 ലക്ഷം രൂപ)**

"വെള്ളപ്പൊക്ക നിവാരണവും ബോർഡർ ഏരിയ പദ്ധതിയും 2020-25" എന്ന ഒരു പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 75:25 എന്ന അനുപാതത്തിലാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ആദ്യഘട്ട വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 75 ശതമാനം കേന്ദ്രവിഹിതമായി 3750.00 ലക്ഷം രൂപയാണ് 2021-22 ൽ വകയിരുത്തിയിരിക്കുന്നത്.

## 6.വ്യവസായവും ധാതുക്കളും

## 6.1. ചെറുകിട വ്യവസായങ്ങൾ

### 1. പിഎം എഫ്എംഇ- പി.എം മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി -60: 40) (60 % കേന്ദ്രവിഹിതം )

**(വിഹിതം: 675.00 ലക്ഷം രൂപ )**

ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങളുടെ നവീകരണത്തിന് സാമ്പത്തിക, സാങ്കേതിക, ബിസിനസ് സഹായം നൽകുന്നതിനായി ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതി പിഎംഎഫ്എംഇ ആരംഭിച്ചു. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. നവീകരണത്തിനും ഔപചാരികവൽക്കരണത്തിനുമുള്ള മൂലധന നിക്ഷേപത്തിനുള്ള പിന്തുണ 2. ശേഷി വർദ്ധിപ്പിക്കൽ, ഗുണനിലവാരം മെച്ചപ്പെടുത്തൽ 3. ബിസിനസ്, സാമ്പത്തിക സഹായ സേവനങ്ങൾക്കുള്ള ഹാൻഡ്ഹോൾഡിംഗ് പിന്തുണ 4. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒകൾ), സ്വയം സഹായ സംഘങ്ങൾ(എസ്.എച്ച്ജി കൾ) സഹകരണസംഘങ്ങൾ എന്നിവയ്ക്കുള്ള മാർക്കറ്റിംഗ്, മൂലധന നിക്ഷേപ പിന്തുണ സഹായം.

a) വിപുലീകരണത്തിനും നവീകരണത്തിനുമായി 10 ലക്ഷം രൂപ പരിധി നിശ്ചയിച്ച് പദ്ധതി ചെലവിന്റെ 35% വരെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങളെ പിന്തുണയ്ക്കുക. പ്രാദേശികമായി പെട്ടെന്ന് നശിച്ചു പോകുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർധവിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യേക കാർഷിക ക്ലസ്റ്ററുകൾ, മത്സ്യബന്ധന ക്ലസ്റ്ററുകൾ, ഡയറി, പൌൾട്രി, മറ്റ് അനുബന്ധ ക്ലസ്റ്ററുകൾ, വിഭാഗങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധനം, ചെറിയ ഉപകരണങ്ങൾ, പിന്നോക്ക, മുന്നോട്ടുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ്, പൊതു ഇൻഫ്രാസ്ട്രക്ചർ, പാക്കേജിംഗ്, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ബി) 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പാക്കും. പിഎംഎഫ്എംഇ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2020-21 ആദ്യ വർഷത്തിലെ 100% ചെലവ് കേന്ദ്രസർക്കാർ വഹിക്കും. സംസ്ഥാനത്തിന്റെ അംഗീകൃത പ്രോജക്ട് നടപ്പാക്കൽ പ്ലാൻ (പിഐപി) അടിസ്ഥാനമാക്കിയാണ് പദ്ധതിക്ക് കീഴിലുള്ള ഫണ്ട് നൽകുന്നത്.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2021-22 ബജറ്റിൽ 675.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു .

## 8.2 ആവാസവ്യവസ്ഥയും പരിസ്ഥിതിയും

### i. സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള (SWAK) (കേന്ദ്ര വിഹിതം 60 ശതമാനം)

**(വിഹിതം: 60.00 ലക്ഷം രൂപ)**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സംസ്ഥാനത്തിനുള്ളിലെ തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപന പ്രവർത്തനത്തിലൂടെ ആവാസ വ്യവസ്ഥയുടെ തനതായ ജൈവവൈവിദ്ധ്യസംരക്ഷണ നയങ്ങൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ പുനരുദ്ധരിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ കണ്ടൽ ആവാസ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനായി വിവിധ കർമ്മ പരിപാടികൾ ശാസ്ത്ര സ്ഥാപനങ്ങളിലെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിനും ഈ തുക ഉപയോഗിക്കാവുന്നതാണ്. അംഗീകരിച്ച കർമ്മ പദ്ധതികളുടെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളിലെ ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും, പ്രത്യേക ആവാസ വ്യവസ്ഥകളായ തീരദേശ ആവാസ വ്യവസ്ഥ, ചതുപ്പുകൾ എന്നിവയുടെ നില മെച്ചപ്പെടുത്തുന്നതിനും, ആവാസ വ്യവസ്ഥകളെ സംരക്ഷിക്കുന്നതിനും, തണ്ണീർത്തട പ്രദേശങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട തുടങ്ങിയ തണ്ണീർത്തടങ്ങളെ സംബന്ധിച്ച പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും പദ്ധതി വഹിതം ഉപയോഗിക്കാവുന്നതാണ്. മൺറോതുരുത്തിന്റെ സുസ്ഥിര വികസനത്തിനും ഈ പദ്ധതിയുടെ കീഴിൽ തുക വകയിരുത്തിയിരിക്കുന്നു.

2021-22 വാർഷിക ബജറ്റിൽ 60 ശതമാനം കേന്ദ്രവിഹിതമായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ii. കേരള സെന്റർ ഫോർ ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് (80.00 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 400.00 ലക്ഷം രൂപ)**

കേന്ദ്ര വനപരിസ്ഥിതി കാലാവസ്ഥാവ്യതിയാനവകുപ്പ് കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് ഐ.സി.ഇസഡ്.എം.പി യുടെ രണ്ടാം ഘട്ട സർക്കാർ ധനസഹായം വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. 04.02.2016 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 12/2016/എൻവി. പ്രകാരം തിരുവിതാംകൂർ, കൊച്ചി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 അനുസരിച്ച് കെ.സി.ഐ.സി.എം രജിസ്റ്റർ ചെയ്യപ്പെടുകയും പരിസ്ഥിതി വകുപ്പ് ഡയറക്ടറെ കെ.സി.ഐ.സി.എം ന്റെ പ്രോജക്ട് ഡയറക്ടറായി നിയമിക്കുകയും ചെയ്തിരിക്കുന്നു. തീരദേശ വിഭവങ്ങളുടെ സുസ്ഥിര പരിപാലനം ഉറപ്പു വരുത്തുക, സമുദ്ര മേഖലയിൽ നിന്നുള്ള സാമ്പത്തിക ലാഭം വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. എം.ഒ.ഇ.എഫ്.സി.സി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. 2021-22 വാർഷിക ബജറ്റിൽ 400.00 ലക്ഷം രൂപ പദ്ധതിയുടെ കേന്ദ്രവിഹിതമായി വകയിരുത്തുന്നു. തീരദേശ സമുദ്ര ജൈവ വിഭവങ്ങളുടെ സംരക്ഷണവും അവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കലും, കാര്യശേഷി വികസനം, ഐ.സി.ഇസെഡ്.എം.പി നടപ്പിലാക്കൽ, തീരദേശ മലിനീകരണം കുറയ്ക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, തീരദേശ സമൂഹങ്ങളുടെ ഉപജീവന സുരക്ഷ തുടങ്ങിയവയ്ക്കായാണ് ഈ തുക ചെലവഴിക്കുന്നത്.

# IX. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9. I. പൊതു വിദ്യാഭ്യാസം

## എ. സ്കൂൾ വിദ്യാഭ്യാസം

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**1. സമഗ്ര ശിക്ഷാ അഭിയാൻ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 50700.00 ലക്ഷം രൂപ)**

സർവ്വ ശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും(ആർഎംഎസ്എ), അദ്ധ്യാപക വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും കൂട്ടിചേർത്തുകൊണ്ട് ഭാരത സർക്കാർ ആരംഭിച്ച പദ്ധതിയാണ് സമഗ്ര ശിക്ഷ അഭിയാൻ. നിലവിലുള്ള വിദ്യാലയങ്ങൾ ശക്തിപ്പെടുത്തുക, താമസിച്ച് പഠിക്കാനുള്ള വിദ്യാലയങ്ങൾ, ഗതാഗത സൗകര്യങ്ങൾ, സൗജന്യ യൂണിഫോമുകൾ, സൗജന്യ പാഠപുസ്തകങ്ങൾ, എസ്.എം.സി/എസ്.ഡി.എം.സി എന്നിവയുടെ പരിശീലനം, പഠന പരിപോഷണ പരിപാടികൾ(എൽഇപി)/പരിഹാര ബോധന പരിപാടികൾ, ദേശീയ തലത്തിലുള്ള വിലയിരുത്തൽ മൂല്യനിർണ്ണയം, ഗ്രന്ഥശാലകൾ, നൂതനമായതും ഗുണമേന്മ വർദ്ധിപ്പിക്കുന്നതുമായ സംരംഭങ്ങൾ, പ്രി-നഴ്സറി തലത്തിലെ പിന്തുണ, തുല്യതയ്ക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ, സി.ഡബ്ല്യൂ.എസ്.എൻ-നുവേണ്ടിയുള്ള പരിപാടികൾ, കായികവും ശാരീരികവുമായ വിദ്യാഭ്യാസം, അദ്ധ്യാപകരുടെ പരിശീലനം, ബി.ആർ.സി/സി.ആർ.സി എന്നിവയ്ക്കുള്ള പാണ്ഡിത്യ അക്കാദമിക പിന്തുണ, നിർമ്മാണ പ്രവർത്തനങ്ങൾ, വിദ്യാലയങ്ങൾക്ക് സഹായധനം നൽകുക, ഐ.സി.റ്റി .യും ഡിജിറ്റൽ സംരംഭങ്ങളും, ഗുണപരമായ ഇടപെടലുകൾ,സാമൂഹ്യ കൂട്ടായ്മകൾ, രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ, എം.എം.ഇ.ആർ, ഐ.ഇ.ഡി.എസ്.എസ്, സ്വയം പ്രതിരോധം, പെൺകുട്ടികൾക്കുള്ള പരിശീലനം, ഗൈഡൻസ് &കൗൺസലിംഗ്, സെക്കന്ററി വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കൽ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2021-22-ലെ പദ്ധതി നടത്തിപ്പിലേക്കായി 7126.00 ലക്ഷം രൂപയാണ് സംസ്ഥാനവിഹിതമായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും നിക്കിവെച്ചിരിക്കുന്നത്. ബാക്കിയുള്ള തുക പ്രാദേശിക ഭരണകൂടങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും നീക്കി വെക്കും. 2021-22 വർഷത്തിൽ 50700.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. .

**2. ഉച്ചഭക്ഷണ പരിപാടി (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 21000.00 ലക്ഷം രൂപ)**

കുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുക, പ്രവേശനം നേടിയ കുട്ടികളുടെ സ്കൂളുകളിലെ ഹാജർനില വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1995 ആഗസ്റ്റ് 15-ാം തീയതി പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷകാഹാര സഹായം (എൽ.പി.-എൻ.എസ്.പി.ഇ) എന്ന പദ്ധതി രാജ്യത്തെ 2408 ബ്ലോക്കുകളിൽ ആരംഭിക്കുകയുണ്ടായി. 1997-98 വർഷത്തോടുകൂടി ഈ പദ്ധതി രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുകയുണ്ടായി. 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ്, തദ്ദേശഭരണ സ്ഥാപന സ്കൂളുകളിലെ കുട്ടികളെ കൂടാതെ ഇ.ജി.എസ്., എ.ഐ.ഇ കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികളെകൂടി ഉൾക്കൊള്ളുന്ന രൂപത്തിൽ ഈ പദ്ധതി 2002-ൽ വിപുലപ്പെടുത്തുകയുണ്ടായി. 2008-09 അക്കാദമിക് വർഷം മുതൽ അപ്പർ പ്രൈമറി സ്കൂൾ കുട്ടികളെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. 2021-22 വർഷത്തിൽ 21000.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**3. മദ്രസ്സകൾക്കും ന്യൂന പക്ഷങ്ങൾക്കും വൈകല്യമുള്ളവർക്കും വിദ്യാഭ്യാസം നൽകാനുള്ള പരിപാടി (100 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 2.00 ലക്ഷം രൂപ)**

ചതുർവേദി കമ്മിറ്റി റിപ്പോർട്ട് പ്രകാരം താഴെയുള്ള രണ്ടു സ്കീമുകൾ മദ്രസ്സകൾക്കും ന്യൂനപക്ഷങ്ങൾക്കും വൈകല്യമുള്ളവർക്കും വിദ്യാഭ്യാസം നൽകാനുള്ള പരിപാടി എന്ന പേരിൽ ഒന്നാക്കിയിട്ടുണ്ട്.

1) മദ്രസ്സകളിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകാനുള്ള പരിപാടി-1.00 ലക്ഷം രൂപ
2) ന്യൂനപക്ഷസ്ഥാപനങ്ങളുടെ അടിസ്ഥാനവികസന പരിപാടി -1.00 ലക്ഷം രൂപ

2021-22 വർഷത്തിൽ 2.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**4. ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ മേഖലകളിലെ വികസന പദ്ധതികൾ(100 ശതമാനം കേന്ദ്ര വിഹിതം)**
**(വിഹിതം: 20.00 ലക്ഷം രൂപ)**

2021-22 വർഷത്തിൽ 20.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**5.ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്) (60 ശതമാനം കേന്ദ്ര വിഹിതം)**
**(വിഹിതം : 1800.00 ലക്ഷം രൂപ)**

1986- ലെ ദേശീയ വിദ്യാഭ്യാസ നിയമമനുസരിച്ച് ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം 100 ശതമാനം കേന്ദ്രവിഹിതം ലഭിക്കുന്ന പദ്ധതിയായിരുന്നു. 2015-16 മുതൽ ഡയറ്റിന്റെ ഫണ്ടിന്റെ രീതി 60:40 എന്ന അനുപാതത്തിലേയ്ക്ക് മാറി. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും, പരിശീലനത്തിനും അറിവ് മെച്ചപ്പെടുത്തുന്നതിനും ഒരു അക്കാദമിക-സാങ്കേതിക റിസോഴ്സ് ഉണ്ടാക്കുന്നതിനും, സ്കൂൾ അധ്യാപകർക്ക് കമ്പ്യൂട്ടർ-അധ്യയന രീതി കഴിവുകൾ ഉണ്ടാക്കിയെടുക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. 2021-22 വർഷത്തിൽ 1800.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**ബി. ഉന്നതവിദ്യാഭ്യാസം**

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) (60 ശതമാനം കേന്ദ്ര വിഹിതം)**
**(വിഹിതം : 8660.00 ലക്ഷം രൂപ)**

സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും നല്ലൊരു തുക ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട് ഭാരതസർക്കാർ ആവിഷ്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ). പദ്ധതികൾ തയ്യാറാക്കുന്നതിലേക്ക് വേണ്ടി സർക്കാരിന്റെ കീഴിൽ ഒരു പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. 18 മുതൽ 23 വയസ്സുവരെ പ്രായമായ പൗരന്മാരുടെ മൊത്ത പ്രവേശനാനുപാതം (ഗ്രോസ്സ് എൻറോൾമെന്റ് റേഷ്യോ) 35 ശതമാനത്തിൽ നിന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 60ശതമാനമായും ഉയർത്തുക, പ്രവേശനം, സമത്വം, മേന്മ എന്നിവ നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രവർത്തനമികവുള്ള അധ്യാപകർ, പരീക്ഷാ രീതിയിലുള്ള നവീകരണം, കേന്ദ്രസർക്കാർ മാർഗ്ഗരേഖകൾ അംഗീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതി ലക്ഷ്യങ്ങൾ. റൂസയുടെ മാർഗ്ഗരേഖ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഈ പദ്ധതിക്ക് തുക വക കൊള്ളിക്കേണ്ടതാണ്. പോളിടെക്നിക്കുകൾക്കുള്ള കേന്ദ്ര വിഹിതവും ഈ പദ്ധതിയിൽ നൽകുന്നു.

2021-22 വർഷത്തിൽ 8660.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**9.4. കായിക വിനോദവും യുവജന ക്ഷേമവും**

**1. സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ (100% കേന്ദ്ര വിഹിതം)**
**(വിഹിതം: 80.00 ലക്ഷം രൂപ)**

കേരളത്തിലെ യൂണിവേഴ്സിറ്റികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ദേശീയ സേവന പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത് 100% കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയാണ്. സംസ്ഥാനതല എൻ.എസ്.എസ് സെല്ലിന്റെ പ്രവർത്തനത്തിന് 2021-22 കാലയളവിൽ കേന്ദ്ര സർക്കാർ 100% സഹായമായി 80.00 ലക്ഷം രൂപ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

**നൂറു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**ആരോഗ്യ സേവനങ്ങൾ**

1. **നാഷണൽ ഹെൽത്ത് മിഷൻ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 68220.00 ലക്ഷം രൂപ)**

ഭാരത സർക്കാരിലെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷൻ നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം നടപ്പിലാക്കൽ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൾക്കായി അഞ്ച് ധനസഹായ ഘടകങ്ങൾ ഉണ്ട്. ഇവ:

(i) എൻ.ആർ.എച്ച്.എം/ആർ.സി.എച്ച്. ഫ്ലക്സിപൂൾ
(ii) എൻ.യു.എച്ച്.എം. ഫ്ലക്സിപൂൾ
(iii) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലക്സിപൂൾ
(iv) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലക്സിപൂൾ
(v) ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ്

കുടുംബക്ഷേമ പരിപാടികൾ എന്ന ഘടകം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷനും നാഷണൽ അർബൻ ഹെൽത്ത് മിഷനും നാഷണൽ ഹെൽത്ത് മിഷന്റെ രണ്ട് ഉപഘടകങ്ങളാണ്. കേന്ദ്ര സർക്കാരും കേരള സർക്കാരും 60:40 എന്ന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്രസർക്കാരിന്റെ പദ്ധതി നടപ്പിലാക്കൽ നിർദ്ദേശങ്ങളനുസരിച്ചും 2021-22 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചിലവഴിക്കാൻ പാടുള്ളൂ. 2021-22 സാമ്പത്തിക വർഷത്തിൽ 68220.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിന് ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാ തലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ), സബ് സെന്ററുകൾ, നഗര കുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റീവാബിംഗ് സ്കീം, എ.എൻ.എം/എൽ.എച്ച്.വി. ട്രെയിനിംഗ് സ്കൂൾ, ആരോഗ്യ കുടുംബ ക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷ തൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 68220.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീഷിക്കുന്നു. ഇതിൽ ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിന് (കുടുംബക്ഷേമ പരിപാടികൽ) കേന്ദ്ര വിഹിതമായ 20220.00 ലക്ഷം രൂപ ഉൾപ്പെടുന്നു.

2. **ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം.-ജെ.എ.വൈ.) (60% കേന്ദ്ര വിഹിതം) / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി.)**

**(വിഹിതം : 11439.00 ലക്ഷം രൂപ)**

ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിൽ കേന്ദ്ര പങ്കാളിത്ത പദ്ധതിയായ ആയുഷ്മാൻ ഭാരത് - ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി കേന്ദ്രസർക്കാർ ആരംഭിച്ചു. പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.) യും ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ (എച്ച്.ഡബ്ല്യൂ.സി.) എന്നിവ ഈ പദ്ധതിയുടെ പരസ്പരബന്ധിതമായ രണ്ട് ഘടകങ്ങളാണ്. പി.എം-ജെ.എ.വൈ. പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയാണ് ഒരു വർഷം പ്രയോജനം ലഭിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് അടിസ്ഥാനമാക്കിയുള്ള പാവപ്പെട്ട കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നു. അതനുസരിച്ച് സർക്കാർ സ്പോൺസർ ചെയ്യുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷുറൻസ് (എസ്.സി.എച്ച്.ഐ.എസ്) എന്നിവ ലയിപ്പിച്ചു കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി രൂപീകരിച്ചു. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ആർ.എസ്.ബി.വൈ. കുടുംബങ്ങൾക്ക് (പി.എം-ജെ.എ.വൈ. കുടുംബങ്ങൾ) പുറമേ മുഴുവൻ പ്രീമിയവും സംസ്ഥാനം സ്വന്തമായി അടയ്ക്കുന്ന ചിസ് കുടുംബങ്ങളുണ്ട്. പരിരക്ഷിക്കപ്പെടേണ്ട മൊത്തം കുടുംബങ്ങളുടെ എണ്ണം ഏകദേശം 41.36 ലക്ഷം ആയിരിക്കും. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 11439.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**ഐ.എസ്.എം. വകുപ്പ്**

3. **ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 750.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ്

(ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യൂനാനി-ഹോമിയോ മരുന്നുകളുടെ ഗുണിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2021-22 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനായി 750.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**ഹോമിയോപതി വകുപ്പ്**

**4. ദേശീയ ആയുഷ് മിഷൻ – ഹോമിയോ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 750.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവ്വേദ-സിദ്ധ-യൂനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2021-22 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഹോമിയോ) പദ്ധതി നടപ്പിലാക്കുന്നതിനായി 750.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.7 ഭവന നിർമ്മാണം

**വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (60 % കേന്ദ്ര വിഹിതം)**

**(വിഹിതം: 338.00 ലക്ഷം രൂപ)**

വനിതാ ജീവനക്കാർക്ക് കുറഞ്ഞ നിരക്കിൽ മികച്ച താമസ സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ അവരെ വീടിനു പുറത്തേക്ക് ജോലിക്കു പോകാൻ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (ഡബ്ല്യൂഡബ്ല്യൂഎച്ച്) പദ്ധതി നടപ്പാക്കുന്നു. ബജറ്റ് വഴി കേന്ദ്ര സർക്കാർ ഗ്രാന്റും (നിർമ്മാണ ചെലവിന്റെ 60%) സംസ്ഥാന സർക്കാർ വിഹിതവും (നിർമ്മാണ ചെലവിന്റെ 40%) ഉപയോഗപ്പെടുത്തിക്കൊണ്ട് ബോർഡ് വനിതാ ജീവനക്കാർക്ക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നു.

2021-22 കാലയളവിൽ ബോർഡ് രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ഭിന്നശേഷിക്കാർക്കായി ശുചിമുറി കൂടെയുള്ള, 6 ബെഡ്ഡുള്ള ഒരു ഡോർമെറ്ററി ഉൾപ്പെടെ 169 ബെഡുകളുള്ള ഒരു മൂന്നു നില കെട്ടിടം കാഞ്ഞങ്ങാട് (കാസർഗോഡ് ജില്ല) നിർമ്മിക്കുക.

2. രോഗികൾക്കുള്ള രണ്ട്, ശുചിമുറിയുള്ള മുറികളും ഭിന്നശേഷിക്കാർക്കുള്ള രണ്ട് ബെഡ്റൂമുകളും ഉൾപ്പെടെ 80 ബെഡുകളുള്ള ഒരു മൂന്നു നില കെട്ടിടം റാന്നിയിൽ (പത്തനംതിട്ട ജില്ല) നിർമ്മിക്കുക.

പുതിയ ഹോസ്റ്റൽ നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുവാൻ വേണ്ടി 2021-22 കാലയളവിൽ 338.00 ലക്ഷം രൂപ 60% പ്രതീക്ഷിത കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.8. നഗരവികസനം

### 1. ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന ദൗത്യം (ഡേ-എൻ.യു.എൽ.എം) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 3750.00 ലക്ഷം രൂപ)**

നഗര ദാരിദ്ര്യം എന്നത് ബഹുമുഖ സ്വഭാവമുള്ളതാണ്. നഗരപ്രദേശങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങൾ ജോലി സംബന്ധമായും, വാസസ്ഥല സംബന്ധമായും സാമൂഹികമായുമുള്ള ആവശ്യങ്ങൾ സംബന്ധിച്ചും നേരിടേണ്ടിവരുന്ന വിവിധ തരത്തിലുള്ള ദുരിതങ്ങൾ സമയബന്ധിതമായും, സമൂലമായും, ഏകോപിതമായും പരിഹരിക്കേണ്ടതുമുണ്ട്. അവശ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രത്യേകം ഊന്നൽ നൽകേണ്ടതുമാണ്.നഗര പ്രദേശങ്ങളിലെ ദരിദ്ര ജന വിഭാഗങ്ങളുടെ ദാരിദ്ര്യവും ദുരിതങ്ങളും കുറയ്ക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ഒരു പരിപാടിയാണ് ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം). താഴെത്തട്ടിൽ ദരിദ്രരായ ജനവിഭാഗങ്ങളെ സംഘടിപ്പിച്ച് അവരുടെ ദാരിദ്ര്യവും മറ്റ് ദുരിതങ്ങളും പരിഹരിക്കുന്നതിനായി അവർക്ക് പ്രയോജനപ്രദമായ സ്വയം തൊഴിലുകളും വേതനം ലഭിക്കുന്ന വിദഗ്ധ തൊഴിലുകളും ലഭ്യമാക്കി ഉപജീവന മാർഗ്ഗത്തിന് സ്ഥായിയായ ഒരു അടിസ്ഥാനം ഉണ്ടാക്കുക എന്നതാണ് മിഷൻ ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായി നഗരത്തിലെ ഭവനരഹിതർക്ക് അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ താമസ സൗകര്യം നൽകുക എന്നതും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതുകൂടാതെ നഗരത്തിലെ തെരുവു കച്ചവടക്കാർക്ക് കച്ചവടത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തൽ, സ്ഥാപനങ്ങളിൽ നിന്നും വായ്പ തരപ്പെടുത്തൽ, സാമൂഹ്യ സുരക്ഷിതത്വം, വർദ്ധിച്ചുവരുന്ന വിപണന സാദ്ധ്യതകൾക്കനുസരിച്ച് സഹായങ്ങൾ നൽകി നൈപുണ്യം പ്രാപ്തമാക്കൽ എന്നീ സഹായങ്ങൾ ലഭ്യമാക്കിക്കൊണ്ട് അവരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

ജനങ്ങളെ സാമൂഹികമായി സംഘടിപ്പിച്ച് ശാക്തീകരിക്കുക, കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനങ്ങളും, വിദഗ്ധ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭ്യമാക്കലും മറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ സൗകര്യം ഉറപ്പാക്കലും, സ്വയം തൊഴിൽ പദ്ധതി, നഗര പ്രദേശത്തെ വീടില്ലാത്ത പാവപ്പെട്ടവർക്ക് സാമൂഹിക അഭയ കേന്ദ്രങ്ങൾ, വഴിയോര കച്ചവടക്കാർക്ക് സഹായം, നൂതന പ്രത്യേക പ്രോജക്ടുകൾ എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. വ്യക്തിഗത സംരംഭങ്ങൾ, ഗ്രൂപ്പ് സംരംഭങ്ങൾ, നഗര ജീവനോപാധി കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒരു വാർഡിൽ ഒരു സൂക്ഷ്മ സംരംഭം എന്നതാണ് 2021-22 ൽ ലക്ഷ്യമിടുന്നത്. നൈപുണ്യ വികസനത്തിനും ജോലി ഉറപ്പാക്കലിനും വ്യവസായങ്ങളുമായി ബന്ധിപ്പിക്കുക, മാതൃകാ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുക, അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുക എന്നിവയും ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. അനുവദിച്ച എല്ലാ അഭയകേന്ദ്രങ്ങളുടെ പൂർത്തീകരണവും പുതിയ അഭയകേന്ദ്രങ്ങളുടെ നിർമ്മാണവും അഭയകേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും തെരുവിൽ താമസിക്കുന്നവരായി കണ്ടെത്തിയവരുടെ പുനരധിവാസവും 'നഗരത്തിലെ വീടില്ലാത്തവർക്ക് അഭയകേന്ദ്രങ്ങൾ' എന്ന ഘടകത്തിലൂടെ ലക്ഷ്യമിടുന്നു.

'നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം' എന്ന ഘടകത്തിലൂടെ തിരിച്ചറിയൽ കാർഡ് വിതരണം പൂർത്തീകരിക്കുന്നതിനും, എല്ലാ വഴിയോര കച്ചവടക്കാർക്കും വിപണനം നടത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനും, വഴിയോര വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസവും ലക്ഷ്യം വയ്ക്കുന്നു. കോവിഡ് -19 മഹാമാരിയും അതിന്റെ ഭാഗമായുണ്ടായ ലോക് ഡൗണും തെരുവ് കച്ചവടക്കാരുടെ ജീവനോപാധിയെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തെരുവ് കച്ചവടക്കാരുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന് പി.എം സ്ട്രീറ്റ് വെൻഡേഴ്സ് ആത്മ നിർഭാർ നിധി (പി.എം.എസ്.വി.എ നിധി) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 7 ശതമാനം പലിശ സബ്സിഡിയായി തെരുവ് കച്ചവടക്കാർക്ക് 10,000 രൂപ പ്രവർത്തന മൂലധനമായി നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ ഉപപദ്ധതി വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22-ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 3750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നം. | വിഭാഗം | കോർപ്പറേഷനുകൾ | മുനിസിപ്പാലിറ്റികൾ | ആകെ |
|---|---|---|---|---|
| 1 | പൊതുവിഭാഗം | 1200.00 | 1800.00 | 3000.00 |
| 2 | പട്ടികജാതി ഉപപദ്ധതി | 225.00 | 337.50 | 562.50 |
| 3 | പട്ടികവർഗ ഉപപദ്ധതി | 75.00 | 112.50 | 187.50 |
| | **ആകെ** | **1500.00** | **2250.00** | **3750.00** |

## 2. പ്രധാന മന്ത്രി ആവാസ് യോജന – നഗരം (പി.എം.എ.വൈ– നഗരം) (60% കേന്ദ്ര വിഹിതം)

**(വിഹിതം: 30000.00 ലക്ഷം രൂപ)**

ചേരിനിവാസികൾ ഉൾപ്പെടെ നഗരത്തിലെ പാവപ്പെട്ടവരിൽ വീടില്ലാത്ത എല്ലാവർക്കും 2022 ഓടെ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരും, നഗര തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന. (i) ഗുണഭോക്തൃ കേന്ദ്രീകൃത വ്യക്തിഗത ഭവന നിർമ്മാണം (ബിഎൽസി) (പുതിയ വീടുകൾ), വീട് മെച്ചപ്പെടുത്തൽ, (ii) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പാവപ്പെട്ടവർക്ക് സാമ്പത്തികമായി താങ്ങാൻ കഴിയുന്ന ഭവന നിർമാണം, (iii)ചേരി പുനരധിവാസം, (iv) വായ്പ ബന്ധിത സബ്സിഡി ഘടകം (സി എൽ എസ് ) എന്നീ ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്.

അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുള്ള 30 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാൻ 'ബിഎൽസി പുതിയ വീടുകൾ' എന്ന ഘടകത്തിലൂടെ സഹായം ലഭിക്കും. കേന്ദ്ര സഹായത്തിൽ മാറ്റം വരുത്താതെ വീടിന്റെ വലുപ്പത്തിലും മറ്റ് സൗകര്യങ്ങളുടെ കാര്യത്തിലും സംസ്ഥാന തലത്തിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. വീടൊന്നിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് രണ്ടര ലക്ഷം രൂപയാണ്. അതിൽ 60 ശതമാനം തുക കേന്ദ്രവും ബാക്കി തുക സംസ്ഥാനവും നഗര തദ്ദേശ സ്ഥാപനങ്ങളും ചേർന്ന് വഹിക്കുന്നതാണ്. ഇത്തരത്തിൽ 40 ശതമാനം വിഹിതം സംസ്ഥാന സർക്കാരും നഗര തദ്ദേശ സ്ഥാപനവും (20 ശതമാനം വീതം) തുല്യമായി വഹിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് 28/02/2018 ലെ ജി.ഒ (എം.എസ് ) നം.29/2018/എൽ.എസ്.ജി.ഡി എന്ന ഉത്തരവിലൂടെ വീട് നിർമ്മാണത്തിനുള്ള യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. അതിൽ കേന്ദ്ര വിഹിതം 1.50 ലക്ഷം രൂപ, സംസ്ഥാന വിഹിതം 0.50 ലക്ഷം രൂപ, നഗര തദ്ദേശ സ്ഥാപനം 2.00 ലക്ഷം രൂപ എന്നിങ്ങനെയാണ്.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പാവപ്പെട്ടവർക്ക് സാമ്പത്തികമായി താങ്ങാൻ കഴിയുന്ന ഭവന നിർമ്മാണം എന്ന ഘടകത്തിലൂടെ ലൈഫ് മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് സ്വന്തമായി ഭൂമിയില്ലാത്തവർക്കുവേണ്ടി അപ്പാർട്ട്മെന്റ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനാണ് ഉദ്ദേശിക്കുന്നത്. ഒരു വാസസ്ഥലത്തിന്റെ / ഫ്ലാറ്റിന്റെ നിർമ്മാണത്തിന് 10.50 ലക്ഷം രൂപയാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിൽ കേന്ദ്ര വിഹിതം 1.50 ലക്ഷം രൂപ, സംസ്ഥാന വിഹിതം 6.50 ലക്ഷം രൂപ, നഗര തദ്ദേശ സ്ഥാപനം 2.50 ലക്ഷം രൂപ എന്നിങ്ങനെയാണ്. പെരിന്തൽമണ്ണ 400, ജി.സി.ഡി.എ 88 ഗുണഭോക്താക്കൾ എന്നിങ്ങനെ 488 ഗുണഭോക്താക്കൾക്കായി 2 അഫോർബിൾ ഹൗസിംഗ് പ്രോജക്റ്റുകൾ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. പെരിന്തൽമണ്ണയിൽ 408 യൂണിറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. അതിൽ 400 യൂണിറ്റുകൾ ഗുണഭോക്താക്കൾക്കുവേണ്ടിയും 8 യൂണിറ്റുകൾ അംഗനവാടി, കമ്മ്യൂണിറ്റി ഹാൾ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ നൽകുന്നതിനും വേണ്ടിയാണ്. ഇതിന്റെ നിർമ്മാണം പുരോഗതിയിലാണ്. ജി.സി.ഡി.എ 88 യൂണിറ്റുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. വായ്പ ബന്ധിത സബ്സിഡി ഘടകത്തിലെ മുഴുവൻ സബ്സിഡി തുകയും 2017 ജനുവരി മുതൽ കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. ഇടത്തര വരുമാനക്കാരെയും ഈ ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ 90% ഗുണഭോക്താക്കളും വനിതകളായിരിക്കും. 'ബിഎൽസി പുതിയ വീടുകൾ, നിലവിലുള്ള വീടുകളുടെ നവീകരണം' എന്ന ഘടകത്തിലെ അംഗീകരിച്ച പ്രോജക്റ്റുകളുടെ ബാക്കി തുക ലഭിക്കുന്നതിനും ഭൂമിയില്ലാത്തവർക്ക് അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനും നൈപുണ്യ വികസന പ്രവർത്തനങ്ങൾക്കുമായാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ ഉപപദ്ധതി വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2021–22–ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 30000.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 20 ശതമാനം തുക അവരുടെ വികസന ഫണ്ടിൽ (പ്ലാൻ ഗ്രാന്റ്) നിന്നും കണ്ടെത്തേണ്ടതാണ്.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നം. | വിഭാഗം | കോർപ്പറേഷനുകൾ | മുനിസിപ്പാലിറ്റികൾ | ആകെ |
|---|---|---|---|---|
| 1 | പൊതുവിഭാഗം | 5310.00 | 21240.00 | 26550.00 |
| 2 | പട്ടികജാതി ഉപപദ്ധതി | 600.00 | 2400.00 | 3000.00 |
| 3 | പട്ടികവർഗ ഉപപദ്ധതി | 90.00 | 360.00 | 450.00 |
| | **ആകെ** | **600000.** | **2400000.** | **3000000.** |

3. സ്വച്ഛ് ഭാരത് മിഷൻ (നഗരം) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 3750.00 ലക്ഷം രൂപ)**

രാജ്യത്താകമാനം ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടുകൂടി 60:40 എന്ന അനുപാതത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നഗര വികസന മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത ശുചിത്വ പദ്ധതിയാണിത്. വെളിയിട വിസർജ്ജനം ഇല്ലാതാക്കൽ, തോട്ടിപ്പണി നിർത്തലാക്കൽ, ആധുനികവും ശാസ്ത്രീയവുമായ നഗര ഖരമാലിന്യ സംസ്കരണം, ആരോഗ്യകരമായ ശുചീകരണ ശീലത്തിലേക്ക് മാറുക, ഈ പ്രവർത്തനങ്ങൾക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കുക, സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. നഗരതലത്തിലുള്ള ശുചിത്വ പദ്ധതികൾ തയ്യാറാക്കുക, ഒരു സംസ്ഥാന ശുചീകരണ ആശയം രൂപീകരിക്കുക, സംസ്ഥാന ശുചീകരണ തന്ത്രം രൂപീകരിക്കുക, ശൈലീമാറ്റത്തിനുള്ള തന്ത്രം രൂപീകരിക്കുക, വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, സ്വകാര്യ മേഖലയ്ക്ക് ഇതിലേക്ക് കടന്നു വരുന്നതിനുള്ള അന്തരീക്ഷം ഒരുക്കുക, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ശുചിത്വ പദ്ധതി തയ്യാറാക്കുകയാണ് മിഷന്റെ തന്ത്രം. എല്ലാ നഗരങ്ങളും ഈ പരിപാടിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ വ്യക്തിഗത ശൗചാലയങ്ങൾ, കമ്മ്യൂണിറ്റി ശൗചാലയങ്ങൾ, പൊതു ശൗചാലയങ്ങൾ, ഖര മാലിന്യ സംസ്കരണം, മൂത്രപ്പുരകൾ, വിവര വിദ്യാഭ്യാസ വിനിമയം, ബോധവൽക്കരണം, കാര്യശേഷി വർദ്ധിപ്പിക്കൽ, ഭരണപരമായതും മറ്റുള്ളതുമായ ചെലവുകൾ എന്നിവയാണ്.

ഖരദ്രവ മാലിന്യ പരിപാലനത്തിനുള്ള ഇടപെടലുകൾ, വ്യാപകമായുള്ള വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയിലൂടെ പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ള ഫലങ്ങൾ കൈവരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 375 വ്യക്തിഗത ശൗചാലയങ്ങൾ, 77 കമ്മ്യൂണിറ്റി ശൗചാലയങ്ങൾ, 115 പൊതു ശൗചാലയങ്ങൾ, മൂത്രപ്പുരകൾ എന്നിവ 2021-22 ൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി ഹരിതകേരളം മിഷന് കീഴിൽ ഉൾപ്പെടുന്നു.

2021-22-ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 3750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു

**കോർപ്പറേഷനുകൾ : 1125.00 ലക്ഷം രൂപ**

**മുനിസിപ്പാലിറ്റികൾ: 2625.00 ലക്ഷം രൂപ**

## 9.10 തൊഴിലും തൊഴിലാളി ക്ഷേമവും

### തൊഴിലും നൈപുണ്യ വികാസവും (60% കേന്ദ്ര വിഹിതം)

**(കേന്ദ്ര വിഹിതം:1966.00 ലക്ഷം രൂപ)**

തൊഴിലും നൈപുണ്യ വികാസനവും കർമ്മപദ്ധതിയുടെ ഭാഗമായി താഴെപറയുന്ന പരിപാടികളാണ് 2021-22 വർഷ ബജറ്റിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ പദ്ധതിക്കുള്ള സംസ്ഥാനവിഹിതമായി 431.00 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി 1966.00 ലക്ഷം രൂപയും 2021-22 വർഷ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നു.

**വ്യാവസായിക മൂല്യവർദ്ധനവിനുവേണ്ടിയുള്ള നൈപുണ്യ ശാക്തീകരണ (എസ്.ടി.ആർ.ഐ.വി.ഇ) പരിപാടി (100% CSS)**

നൈപുണ്യവികസന സംരംഭകത്വ മന്ത്രാലയം (എം.എസ്.ഡി.ഇ) രാജ്യത്താകമാനമുള്ള തെരഞ്ഞെടുക്കപ്പെട്ട വ്യാവസായിക പരിശീലന സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി എസ്.ടി.ആർ.ഐ.വി.ഇ. എന്ന പേരിൽ. ഒരു നൂതനപരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ഈ പരിപാടി അടുത്ത സാമ്പത്തികവർഷത്തിൽ ആരംഭിക്കുന്നതിനാണ് പ്രതീക്ഷിക്കുന്നത്. ഐ.ടി.ഐ-കളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള പ്രോത്സാഹനം ഗവൺമെന്റ് ഐ.ടി.ഐ-കളിൽ അംഗപരിമിത സൗഹാർദ പശ്ചാത്തല വികസനം എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന പരിപാടികൾ. കേന്ദ്രാവിഷ്കൃത പദ്ധതികളെ യുക്തിഭദ്രമാക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട എല്ലാത്തരം പ്രവർത്തനങ്ങളെയും ഒറ്റക്കുടക്കീഴിൽ ആക്കിയിരിക്കുന്നു. ഈ പദ്ധതിയുടെ 100% വും കേന്ദ്ര ഗവൺമെന്റ് വിഹിതമാണ്. പദ്ധതിയാഥാർത്ഥ്യമാക്കുന്നതിനായി കേന്ദ്ര വിഹിതമായി 2.00 ലക്ഷം രൂപ 2021-22 വർഷ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നു.

**പ്രധാന മന്ത്രി കൌശൽ യോജന (PMKY) (100 % CSS)**

വളരെ വേഗത്തിലും, ഉയർന്ന ഗുണനിലവാരത്തിലുമുള്ള നൈപുണ്യ ഇന്ത്യ എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതിനായുള്ള മുഖ്യ പദ്ധതിയാണ് ഇത്. തൊഴിലില്ലാത്തവരും, സ്കൂൾ, കോളേജ് തലങ്ങളിൽ കൊഴിഞ്ഞ് പോകപ്പെട്ടവരുമായ യുവാക്കളെ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതരത്തിൽ നൈപുണ്യ പരിശീലനം നൽകി ഒരു വരുമാന മാർഗ്ഗം കണ്ടെത്താൻ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ 100% വും കേന്ദ്ര ഗവൺമെന്റ് വിഹിതത്തോടെ നടക്കുന്ന ഈ പദ്ധതികായി 2021-22 ബജറ്റിൽ കേന്ദ്ര വിഹിതമായി 2.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**മാതൃകാ ഐ.ടി.ഐ-കൾ സ്ഥാപിക്കൽ (70% CSS)**

ഐ.ടി.ഐ-കൾ നൽകിവരുന്ന തൊഴിലധിഷ്ഠിത പരിശീലനം മികവുറ്റതാക്കുന്നതിനായി പ്രാദേശിക വ്യവസായങ്ങൾക്കാവശ്യമായ വിദഗ്ധ തൊഴിലാളികളെ പ്രദാനം ചെയ്യാൻ കഴിയും വിധം പരിശീലനത്തിനുള്ള മികച്ച കേന്ദ്രങ്ങൾ എന്ന നിലയിലും എല്ലാ സംസ്ഥാനങ്ങളിലെയും ഓരോ ഐ.ടി.ഐ മാതൃക ഐ.ടി.ഐ-കളായി മാറ്റി തീർക്കുന്നതിനായി നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം ആവിഷ്കരിച്ച കർമ്മപദ്ധതിയാണിത്. മികച്ച തൊഴിൽ പരിചയം, ഉന്നത നിലവാരത്തിലുള്ളതും നിപുണതയാർന്നതുമായ വ്യാവസായിക ബന്ധം എന്നിവയെ പ്രദർശിപ്പിക്കും വിധം മാതൃക ഐ.ടി.ഐ-കളെ രൂപാന്തരപ്പെടുത്തണം. ഇത്തരം മാതൃക ഐ.ടി.ഐ-കളിൽ നടപ്പാക്കുന്ന നൂതന പദ്ധതികൾ സ്വീകരിക്കുംവിധം സംസ്ഥാനത്തെ മറ്റ് ഐ.ടി.ഐ-കളെ മാറ്റി തീർക്കേണ്ടതായിട്ടുണ്ട്. 2020-21-ൽ കേന്ദ്രത്തിന്റെ വിഹിതമായി 162.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു (70% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും).

**വനിത ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ (60% CSS)**

സ്ത്രീ -പുരുഷ സമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപം കൊടുത്ത പദ്ധതി ആണ് ഇത്. ഇതിന്റെ നിർമാണ പ്രവർത്തനങ്ങൾ ഗവർമെന്റ് അംഗീകാരമുള്ള എജൻസികളിലൂടെ മാത്രമേ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഐ.ടി.ഐ കൾക്ക് വേണ്ട സാധനങ്ങൾ വാങ്ങിക്കുന്നത് എല്ലാ മാനദണ്ഡങ്ങളും പാലിച്ച് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം മാത്രമേ പാടുള്ളൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. വനിത ഐ.ടി.ഐ.കളുടെ പദവി ഉയർത്തുന്നതിനായുള്ള പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂട്ടതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2021-22 വർഷ ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ കെട്ടിടനിർമ്മാണത്തിനും മറ്റ് ഉപകരണങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**കേരള സംസ്ഥാന നൈപുണ്യവികാസ യജ്ഞം (SSDM)**

**സ്കിൽ അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ്സ് ഫോർ ലൈവ് ലി ഹുഡ് (സങ്കൽപ് ) (60% CSS)**

ദേശീയ നൈപുണ്യ വികാസ യജ്ഞ ഉത്തരവ് നടപ്പാക്കുന്നതിനും സ്കിൽ ഡവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുമായി സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (എസ്.ഐ.എം.ഒ)-ന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് കെയ്സിനെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി വിവിധ തരത്തിലുള്ള പരിപാടികൾ നടത്തിക്കൊണ്ടിരിക്കുന്നു. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (എസ്.ഐ.എം.ഒ) പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് 60% വും ബാക്കി 40% സംസ്ഥാന ഗവൺമെന്റും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര വിഹിതമായി 2021-22 വർഷ ബഡ്ജറ്റിൽ 1500.00 ലക്ഷം പ്രതീക്ഷിക്കുന്നു. നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് തുക വിനിയോഗിക്കേണ്ടതാണ്.

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം

### എ. പട്ടികജാതി വികസനം

**പട്ടികജാതി വികസനത്തിനുള്ള ഒരു കുടക്കീഴിൽ വരുന്നപരിപാടികൾ (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ)**

ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)**

**(വിഹിതം: 27000.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം അൺ എയിഡഡ് സ്ഥാപനങ്ങൾ, സ്വാശ്രയ കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ വഴി പോസ്റ്റ് മെട്രിക്കുലേഷനോ പോസ്റ്റ് സെക്കന്ററി കോഴ്സുകളോ പഠിക്കുവാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. മാതാപിതാക്കളുടെ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് ഇതിനായി സ്കോളർഷിപ്പുകൾ നൽകുന്നതാണ്. ചുവടെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- മെയിന്റനൻസ് അലവൻസുകൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുമത്തുന്ന നിർബന്ധമായും അടക്കേണ്ടതും തിരികെ ലഭിക്കാത്തതുമായ ഫീസ് മടക്കി നൽകൽ
- പ്രത്യേക കോഴ്സുകൾക്ക് ബുക്ക് ബാങ്ക് സൗകര്യം
- പഠനയാത്രാ ചെലവുകൾ
- ഗവേഷകർക്ക് പ്രബന്ധം ടൈപ്പ് ചെയ്യാനും/പ്രിന്റ് ചെയ്യാനുമുള്ള ചെലവുകൾ, സ്ഥാപനത്തിന്/യൂണിവേഴ്സിറ്റികൾക്ക് ഗവേഷകർ നിർബന്ധമായും നൽകേണ്ട ഫീസുകളായ അംഗത്വ/രജിസ്ട്രേഷൻ, ട്യൂഷൻ, ഗെയിം, യൂണിയൻ, ലൈബ്രറി, വൈദ്യപരിശോധന എന്നിവ. തിരിച്ച് നൽകുന്ന ഫീസുകൾ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
- കറസ്പോണ്ടൻസ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബുക്ക് അലവൻസ്
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അധിക അലവൻസുകൾ

100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതി നടപ്പാക്കുന്നു. 2021-22 ൽ 27000.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിയ്ക്ക് പ്രതീക്ഷിക്കുന്നു.

**ബി) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100 ശതമാനം കേന്ദ്ര വിഹതം)**

**(വിഹിതം: 20.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി 100 ശതമാനം കേന്ദ്ര സഹായം ലഭ്യമാകുന്നു. സ്കൂൾ വിഷയങ്ങളിലെ പോരായ്മകൾ മാറ്റാൻ പരിഹാര ബോധനം നടത്തുകയും, പ്രത്യേക പരിശീലനം നൽകുന്നതും വഴി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിലും, പ്രൊഫഷണൽ കോഴ്സുകളിലും പ്രവേശനം നേടാൻ സഹായകരമാകുന്നു.

ഈ പദ്ധതിയിൽ തിരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് (എ) സമഗ്ര വികസനത്തിനുള്ള സൗകര്യം, (ബി) ഹോസ്റ്റൽ സൗകര്യം (സി) തുടർച്ചയായി 3 വർഷങ്ങളിൽ മികച്ച അക്കാദമിക് റിസൽറ്റുള്ള സ്കൂളുകൾ അല്ലെങ്കിൽ ഹോസ്റ്റൽ സൗകര്യമുള്ള കേന്ദ്രീയവിദ്യാലയം ആയിരിക്കണം. തെരഞ്ഞെടുത്ത സ്കൂളിനെക്കുറിച്ച് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തെ സംസ്ഥാന സർക്കാർ അറിയിക്കേണ്ടതാണ്. ഒമ്പതാം ക്ലാസ്സ് മുതൽ പരിശീലനം ആരംഭിച്ച പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള നാലു വർഷത്തേക്കായിരിക്കും പരിശീലനം നൽകുക. ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം 25,000 രൂപ വീതം താഴെപറയുന്ന രീതിയിൽ ഒരു പാക്കേജായി നൽകുന്നു.

1. ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം 15,000 രൂപ എന്ന നിരക്കിൽ
   എ) താമസം, ഭക്ഷണം തുടങ്ങിയ ചിലവുകൾക്കായി 900 രൂപ വീതം 10 മാസത്തേക്ക്
   ബി) 10 മാസത്തേക്ക് പോക്കറ്റ് മണിയായി 300 രൂപ വീതം
   സി) 3,000 രൂപ വീതം പുസ്തകങ്ങൾക്കും സാമഗ്രികൾക്കും.
2. പ്രിൻസിപ്പലിനും, വിദഗ്ധന്മാർക്കുമുള്ള ഓണറേറിയവും മറ്റു ചാർജ്ജുകൾക്കുമായി പ്രതിവർഷം ഓരോകുട്ടിക്കും 10,000 രൂപ നിരക്കിൽ നൽകുന്നു.

2021-22-ൽ 20.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**(സി) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക് ) ബാബുജഗജീവൻ റാം ഛത്രവാസ് യോജന (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

100 ശതമാനം കേന്ദ്ര സഹായത്തോടെ സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി പെൺകുട്ടികൾക്കായുള്ള ഈ പദ്ധതിയിൽ പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണവും ആണ് ലക്ഷ്യമിടുന്നത്. ഹയർ സെക്കന്ററിയിലേയും, മിഡിൽ ക്ലാസ്സുകളിലെയും വിദ്യാർത്ഥിനികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. കൂടാതെ കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിൽ ഹോസ്റ്റലുകൾ നിർമ്മിക്കാവുന്നതാണ്. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ

പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. 2021-22-ൽ 400.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**(ഡി) ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 1800.00 ലക്ഷം രൂപ)**

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പ്രീമെട്രിക് വിദ്യാഭ്യാസ കാലയളവിലെ പ്രാതിനിധ്യം മെച്ചപ്പെടുത്തുന്നതിനുമായി അവരുടെ രക്ഷിതാക്കൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. മാതാപിതാക്കളുടെ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. സ്കോളർഷിപ്പിൽ ഉൾപ്പെടുന്ന കാര്യങ്ങൾ I.സ്കോളർഷിപ്പും മറ്റ് ഗ്രാന്റുകളും II. സ്വകാര്യ/അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ആ കോഴ്സിന്റെ കാലാവധി പൂർത്തീകരിക്കുന്നതുവരെ അധിക അലവൻസുകൾ നൽകുന്നു. വീട്ടിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസം 225 രൂപ നിരക്കിലും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 525 രൂപ നിരക്കിലും 10 മാസം വരെ സ്കോളർഷിപ്പ് നൽകുന്നു. വീട്ടിൽ താമസിച്ച് പഠിക്കുന്നവർക്ക് ബുക്ക് ഗ്രാന്റിനും പ്രത്യേക ഗ്രാന്റുകൾക്കുമായി പ്രതിവർഷം 750 രൂപയും ഹോസ്റ്റലിൽ നിൽക്കുന്നവർക്ക് 1,000 രൂപയും പ്രതിവർഷം നൽകുന്നു. ഒരു ക്ലാസ്സിൽ പഠിക്കാനുള്ള സ്കോളർഷിപ്പ് ഒറ്റ തവണയേ ലഭിക്കുകയുള്ളൂ. 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരാണ്.

2021-22-ൽ 1,800.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**(ഇ) ശുചിത്വഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ശുചിത്വഹീന തൊഴിലുകൾ, തുകൽ നിർമ്മാണം തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടവരുടെ മക്കൾക്ക് പ്രീമെട്രിക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒന്നാം ക്ലാസ്സിലോ അല്ലെങ്കിൽ പ്രീമെട്രിക് ഘട്ടത്തിലുള്ള മറ്റ് ക്ലാസ്സുകളിലോ ചേർന്നിട്ടുള്ള വീട്ടിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. അതുപോലെ മൂന്നാം ക്ലാസ്സിലോ തുടർ ക്ലാസ്സുകളിലോ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന പ്രീ-മെട്രിക് ഘട്ടത്തിലുള്ള കുട്ടികൾക്കും ഈ സ്കോളർഷിപ്പ് നൽകുന്നു. 10-)o ക്ലാസ്സോടുകൂടി ഈ സ്കോളർഷിപ്പ് അവസാനിക്കുന്നു. ഒരു അദ്ധ്യയന വർഷത്തേക്കുള്ള ഈ സ്കോളർഷിപ്പിന്റെ കാലയളവ് 10 മാസമാണ്. ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിലും വീട്ടിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസം 225 രൂപ നിരക്കിലും ഈ സ്കോളർഷിപ്പ് ലഭിക്കുന്നു. വീട്ടിൽ താമസിച്ചുപഠിക്കുന്നവർക്ക് പ്രതിവർഷം 750 രൂപയും, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 1,000 രൂപയും വീതം പ്രത്യേക ഗ്രാന്റായി നൽകാനും പരിഗണിക്കുന്നതാണ്. ഭിന്നശേഷിക്കാരെ ലക്ഷ്യം വച്ചുകൊണ്ട് ചില അധിക വിഹിതവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റ് നിർവ്വഹണം നടത്തുന്ന പദ്ധതയിൽ 100 ശതമാനം തുകയും കേന്ദ്രവിഹിതത്തിൽ നിന്നും സഹായമായി ലഭിക്കുന്നതാണ്. 2021-22 ൽ 50.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**(എഫ് ) പ്രധാൻമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ)**

**(വിഹിതം: 20.00 ലക്ഷം രൂപ)**

50 ശതമാനത്തിലധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന വില്ലേജുകളുടെ സമഗ്ര വികസനമാണ് പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതിയിൽ (പി.എം.എ.ജി.വൈ) പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇത് സാധ്യമാക്കുന്നതിന് (i) പ്രാഥമികമായും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും ഏകോപിപ്പിച്ചുകൊണ്ടുള്ള നിർവ്വഹണം (ii) ഒരു ഗ്രാമത്തിന് നിർണ്ണായക വിടവ് നികത്തൽ ഫണ്ടായി കേന്ദ്രത്തിൽ നിന്നും 20 ലക്ഷം രൂപ നൽകുന്നതാണ്. സംസ്ഥാന സർക്കാർ ആനുപാതിക വിഹിതം നൽകുമെങ്കിൽ 5 ലക്ഷം രൂപ കൂടി അധികമായി കേന്ദ്രം നൽകുന്നതാണ്. (iii) നിലവിലുള്ള കേന്ദ്ര സംസ്ഥാന പരിപാടികളിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾക്ക് വിടവ് നികത്തൽ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. 2021-22- ൽ 20.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് 100 ശതമാനം കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

**ഗ്രാമവികസന പരിപാടികൾ**

**1. പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ – (പി.എം.എ.വൈ) (എസ്.സി.എസ്.പി) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം:750.00 ലക്ഷം രൂപ)**

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകള് നിർമ്മിച്ച് നൽകുകയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം. പുതിയ വീടുകൾ നിർമ്മിക്കുക, നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണവും നവീകരണവുമാണ് ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾ.

2021-22-ൽ 750.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

**2. ദീൻദയാൽ അന്ത്യോദയ യോജന (ഡേ-എൻ.ആർ.എൽ.എം) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം:4875.00 ലക്ഷം രൂപ)**

ഗ്രാമീണമേഖലയിലെ പാവപ്പെട്ടവരുടെ സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് വഴി ദാരിദ്ര്യ നിർമ്മാർജ്ജനമാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതി ലക്ഷ്യമാക്കുന്നത്. 2021-22- ൽ പട്ടിക ജാതി ഉപപദ്ധതി പ്രകാരം 4,875.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്രവിഹിതമായി ഈ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് കുടുംബശ്രീ മിഷനെയാണ് പദ്ധതി നടത്തിപ്പിനായുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്കാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

**(ബി) പട്ടികവർഗ്ഗ വികസനം**

1. **പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (100% കേന്ദ്ര വിഹിതം)**

ഈ പരിപാടിയുടെ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ. പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്രസഹായ പദ്ധതി)**

**(വിഹിതം : 375.00 ലക്ഷം രൂപ)**

പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ആനുകൂല്യം കൈമാറ്റം ചെയ്യുന്നത് (ഡി.ബി.റ്റി) മുഖേന പ്രീമെട്രിക് സ്കോളർഷിപ്പുകൾ നൽകുന്നതിനായി 2012-13 ൽ പട്ടികവർഗ്ഗകാര്യ മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാന ഗവണ്മെന്റുകൾ വഴി നടപ്പാക്കുന്ന ഈ പദ്ധതിയുടെ ചെലവിനായി 100 ശതമാനം സഹായവും കേന്ദ്ര ഗവണ്മെന്റിൽ നിന്ന് ലഭിക്കുന്നു. കേന്ദ്രത്തിൽ നിന്നുള്ള സഹായം പ്രത്യേക ഗ്രാന്റ് ആയിട്ടാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. സംസ്ഥാന ബജറ്റിൽ നിന്ന് ഇതിന്റെ ചെലവുകൾ നടത്തുകയും ചെലവാക്കിയ തുക കേന്ദ്രത്തിൽ നിന്ന് തിരിച്ചുകിട്ടാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള സഹായ നിരക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചതിനെക്കാൾ ഉയർന്നതായതിനാൽ ആവശ്യമായ അധികതുക സംസ്ഥാന സർക്കാർ നോൺ പ്ലാനിൽ നിന്നും വഹിക്കുന്നതാണ്. 2021-22 ൽ 375.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**ബി. പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ**

**(വിഹിതം : 200.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യത്തിനനുസരിച്ച് കൂടുതൽ വനിതകൾ തൊഴിലിനും ഉന്നത പഠനത്തിനും അപ്രന്റീസ് ട്രെയിനിംഗിനും വേണ്ടി നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും എത്താറുണ്ട്. സുരക്ഷിതവും സൗകര്യപ്രദവുമായ താമസ സ്ഥലം കണ്ടെത്തുക എന്നതാണ് ഇവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. നഗരങ്ങളിലും, ചെറുനഗരങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും ജോലി ചെയ്യുന്ന വനിതകൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിന് വേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിനാണ് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നത്. പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവർക്കും അപ്രന്റീസ് ട്രെയിനികൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. വനിതാ ജീവനക്കാരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാരോടൊപ്പം താമസിക്കാം. എറണാകുളം ജില്ലയിലെ മരംപള്ളിയിലാണ് വിവിധ സൗകര്യങ്ങളോടു കൂടിയ ഹോസ്റ്റലുകൾ നിർമിക്കാനുദ്ദേശിക്കുന്നത്.

2021-22-ൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**സി. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ** (75 %കേന്ദ്ര വിഹിതം)

**(വിഹിതം: 2625.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും പുറത്തും പോസ്റ്റ്മെട്രിക് കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കായുള്ള സാമ്പത്തിക സഹായങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചെലവുകൾ, പോക്കറ്റ് മണി എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ് മുഖേനയാണ് (നെറ്റ് ബാങ്കിംഗ് ). പ്രതിവർഷം ഏകദേശം 16,500 വിദ്യാർത്ഥികളെ ഈ പദ്ധതിയിലൂടെ സഹായിക്കുന്നതിന് ലക്ഷ്യമിടുന്നു. 2021-22 ൽ 2625.00 ലക്ഷം രൂപ 75 ശതമാനം കേന്ദ്ര വിഹിതമായി ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്നു.

**ഡി. കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

**(വിഹിതം: 164.21 ലക്ഷം രൂപ)**

പുതുതായി നിർമ്മിച്ച പരിശീലന ഹാൾ, ലൈബ്രറി, ഹോസ്റ്റൽ കെട്ടിടങ്ങൾ തുടങ്ങിയവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി 2005-06 കാലയളവിൽ പട്ടികവർഗ്ഗകാര്യ മന്ത്രാലയം ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ് ) 50.00 ലക്ഷം രൂപ ഒറ്റത്തവണ സഹായമായി അനുവദിക്കുകയുണ്ടായി. ലൈബ്രറിയുടെയും മ്യൂസിയത്തിന്റെയും ആധുനികവൽക്കരണം, പുതുതായി നിർമ്മിച്ച പരിശീലന ഹാളിലേക്കും ഹോസ്റ്റലിലേക്കും ഫർണിച്ചറുകൾ, ആംപ്ലിഫയർ, അടുക്കള സാമഗ്രികൾ, പാത്രങ്ങൾ തുടങ്ങിയവ വാങ്ങൽ

എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. 2021-22 ൽ 100 ശതമാനം കേന്ദ്ര സഹായകമായി 164.21 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

**(വിഹിതം: 0.01 ലക്ഷം രൂപ)**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ലഘുവന ഉൽപ്പന്നങ്ങളുടെ ശേഖരണവുമായി ബന്ധപ്പെട്ട പരിപാടികൾക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകാറുണ്ട്. ഓഹരി മൂലധന നിക്ഷേപം, ലഘുവന ഉൽപ്പന്നങ്ങളുടെ ശേഖരണം, ഗോഡൗൺ/വെയർ ഹൗസ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്.

കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2021-22 ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എഫ്. പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണ വികസന പദ്ധതി (സി.സി.ഡി പദ്ധതി) (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

**(വിഹിതം: 0.01 ലക്ഷം രൂപ)**

പട്ടികവർഗ ഉപപദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ പൊതുവികസനത്തിൽ ഉണ്ടാകുന്ന വിടവ് നികത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിൽ ആരോഗ്യം, വിദ്യാഭ്യാസം, ഭൂമി സംബന്ധമായ കാർഷിക വികസന പരിപാടികൾ തുടങ്ങിയവയ്ക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്രസർക്കാർ തുക അനുവദിക്കാറുണ്ട്. പ്രളയാനന്തര പുനരധിവാസ പരിപാടികൾക്കും നഷ്ടമായ ആസ്തികളുടെയും, ജീവനോപാധികളുടെയും പുനർ നിർമ്മാണത്തിനും മുൻഗണന നൽകേണ്ടതാണ്.

കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2021-22 -ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തിയിരിക്കുന്നു.

**ജി. ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ (100 ശതമാനം കേന്ദ്ര വിഹിതം)**

**(i) ആർട്ടിക്കിൾ 275 (1) ഗ്രാൻഡ് ഇൻ- എയ്ഡ് പ്രകാരമുള്ള വികസന പദ്ധതികൾ ( 100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 725.00 ലക്ഷം രൂപ)**

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവശേഷി വികസനം, കായിക വികസനം, സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പരിപാലനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് ഈ പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന ചെലവും ഇതിൽ നിന്നും കണ്ടെത്താവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതാണ്. പ്രളയാനന്തര പുനരധിവാസ പരിപാടികൾക്കും നഷ്ടമായ ആസ്തികളുടെയും, പുനർ നിർമ്മാണത്തിനും ജീവനോപാധി പ്രവർത്തനങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്.

ജില്ലാതലവർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇനങ്ങളിലെ പ്രത്യേക പ്രോജക്ടുകൾ പട്ടികവർഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകേണ്ടതാണ്.

2021-22 ൽ ഈ പദ്ധതിക്കായി 725.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**(ii) ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം)**

**(വിഹിതം: 750.00 ലക്ഷം രൂപ)**

2015-16 മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും വിദ്യാഭ്യാസപരമായ അടിസ്ഥാന സൗകര്യങ്ങൾക്കായി കേന്ദ്രസർക്കാർ തുക അനുവദിക്കുന്നുണ്ട്. മുൻ കാലങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

- ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി
- ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ (സ്പോർട്ട്സ് സ്കൂൾ), വയനാട്
- പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കട്ടേല, തിരുവനന്തപുരം ജില്ല
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, അട്ടപ്പാടി, പാലക്കാട് ജില്ല
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കോഴിക്കോട് ജില്ല
- ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വയനാട്
- ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കോഴിക്കോട്
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട് ജില്ല

- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണൂർ ജില്ല.

  2021-22 ൽ 100 ശതമാനം കേന്ദ്ര സഹായമായി 750.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

(iii) **ആർട്ടിക്കിൾ 275(1) പ്രകാരം പട്ടിക വർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)**

**(വിഹിതം : 0.01 ലക്ഷം രൂപ)**

29.7.2008 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 14020/10/2008/എസ്.ജി. (1) -)ാ നമ്പർ കത്ത് പ്രകാരം സംസ്ഥാന ഗവൺമെന്റിന് 15.94 ലക്ഷം രൂപ ആർട്ടിക്കിൾ 275(1) ലെ പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കുന്നതിനായുള്ള ചെലവുകൾക്കായി (വനാവകാശം അംഗീകരിക്കൽ) ലഭിച്ചിട്ടുണ്ട്. ഭൂമിയുടെ സർവ്വെ നടത്തുന്നതിനും, ഭൂമിയുടെ അവകാശ രേഖ നൽകുന്നതിനും, നിയമപ്രകാരം ഭൂമി വേലികെട്ടി സംരക്ഷിക്കുന്നതിനും ഈ നിയമപ്രകാരം ഉള്ള ഭൂമിയുടെ വികസന പ്രവർത്തനങ്ങൾക്കും, ഭൂമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി വിഹിതം ഉപയോഗിക്കുന്നു. കാസർഗോഡും ആലപ്പുഴയും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നു. കേന്ദ്ര സർക്കാരിൽനിന്നും 100% ധനസഹായം പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്ക് 2021-22 ൽ നാമമാത്ര വിഹിതമായി 0.01 ലക്ഷം രൂപ വകയിരുത്തുന്നു.

**എച്ച്. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ് ) ധനസഹായം (കേന്ദ്ര വിഹിതം 100 ശതമാനം)**

**(വിഹിതം: 402.64 ലക്ഷം രൂപ)**

പരിശീലനങ്ങൾ, ഗവേഷണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**പരിശീലന പരിപാടിയുടെ ഘടകങ്ങൾ**

- ഊരുകൂട്ടങ്ങളുടെ ശാക്തീകരണം.
- പട്ടികവർഗ യുവ ജനങ്ങളുടെയും പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെയും നേതൃത്വപാടവം വർദ്ധിപ്പിക്കൽ
- പട്ടികവർഗ വിഭാഗങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ശില്പശാല
- അമ്പെയ്ത്തിൽ ആധുനിക പരിശീലനം
- പട്ടികവർഗ വിഭാഗക്കാർ പങ്കെടുക്കുന്ന പി.എസ്.സി/യു.പി.എസ്.സി പരീക്ഷകൾക്ക് പരിശീലനം.
- പട്ടികവർഗ വിഭാഗക്കാരുടെ ശാക്തീകരണത്തിനായുള്ള നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച ബോധവൽക്കരണം.
- പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനുള്ള വിവരസാങ്കേതിക സേവനങ്ങൾ
- അരനാടൻ വിഭാഗത്തിൽപ്പെട്ടവർക്കും വനിതാ സംരംഭകർക്കുമുള്ള സംരംഭകത്വ പരിപാടി
- അംഗൻവാടി പ്രവർത്തകരുടെ ശാക്തീകരണം
- എം.ആർ.എസ്/ആശ്രമം സ്കൂളുകളിലെ അദ്ധ്യാപകർക്കും അനുബന്ധ ജീവനക്കാർക്കും പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാർക്കും കാര്യക്ഷമതാ വർദ്ധന പരിപാടി
- പട്ടികജാതി, പട്ടികവർഗ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പ്രശ്നങ്ങൾക്ക് റവന്യൂ ഉദ്യോഗസ്ഥർക്ക് പരിശീലനം
- പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കൽ, നടപ്പിലാക്കൽ, മോണിറ്ററിംഗ് എന്നീ വിഷയങ്ങളിൽ പട്ടികവർഗ വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം
- തദ്ദേശ സ്ഥാപനങ്ങളിലെ പട്ടികവർഗ ജന പ്രതിനിധികളുടെ ശാക്തീകരണം
- പട്ടികവർഗ യുവജനങ്ങൾക്ക് വീഡിയോ ഡോക്യുമെന്റേഷൻ, തിരക്കഥ തയ്യാറാക്കൽ, ഫോട്ടോഗ്രഫി എന്നിവയിൽ പരിശീലനം
- പട്ടികവർഗ സ്ത്രീകളുടെ ശാക്തീകരണം
- പെരിപ്പതറ്റിക് അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി

**ഗവേഷണ പ്രവർത്തനങ്ങളുടെ ഘടകങ്ങൾ**

- പട്ടിക വർഗ വിഭാഗക്കാരുടെ ആചാരാനുഷ്ഠാനങ്ങളുടെ ഡോക്യുമെന്റേഷൻ, അവരുടെ പാരമ്പര്യ വസ്തുക്കളുടെയും ആഭരണങ്ങളുടെയും ശേഖരണവും പ്രദർശനവും
- പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ
- പട്ടികവർഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള പദ്ധതികളുടെ അവലോകനം
- പട്ടികവർഗ യുവാക്കളുടെ തൊഴിലില്ലായ്മയുടെ അവസ്ഥ സംബന്ധിച്ച പഠനം

- ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് നൽകൽ
- ലൈബ്രറിയിലേക്ക് പുസ്തകങ്ങളും ദൃശ്യ ശ്രാവ്യ ഉപകരണങ്ങളും വാങ്ങൽ
- ജേർണലുകൾ/പഠന റിപ്പോർട്ടുകൾ എന്നിവയുടെ അച്ചടിയും പ്രസിദ്ധീകരണവും
- പട്ടികവർഗ വികസന പ്രശ്നങ്ങളിൽ സെമിനാറുകൾ
- പട്ടികവർഗ യുവാക്കൾക്ക് ക്വിസ് മത്സരങ്ങൾ

2021–22–ൽ 402.64 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

2. **മ്യൂസിയം കോംപ്ലക്സ് സ്ഥാപിക്കൽ/കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം (90% കേന്ദ്ര വിഹിതം)**

**(വിഹിതം : 750.00 ലക്ഷം രൂപ)**

കിർത്താഡ്സ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സിന്റെ ഓർമ്മയ്ക്കായി പുതിയ മ്യൂസിയം, നിലവിലുള്ള എത്തനോളജിക്കൽ മ്യൂസിയത്തിന്റെ നവീകരണം, പുനർനിർമാണം, ആദികലാ കേന്ദ്രത്തിന്റെ നവീകരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. ഈ പദ്ധതിയ്ക്ക് 2021–22 ൽ 90 ശതമാനം കേന്ദ്രവിഹിതമായി 750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**ഗ്രാമവികസന പരിപാടികൾ**

1. **പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) (പട്ടികവർഗ്ഗ ഉപപദ്ധതി) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) യിലൂടെ ലക്ഷ്യമിടുന്നു. പുതിയ വീടുകൾ നിർമ്മിക്കുകയും നിലവിലെ ദുർബലമായ വീടുകളെ വാസയോഗ്യമാക്കി നവീകരിക്കുകയുമാണ് ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾ.

2021–22 –ൽ 300.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കു വേണ്ടി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

2. **ദീൻദയാൽ അന്ത്യോദയ യോജന (ഡേ–എൻ.ആർ.എൽ.എം) (പട്ടികവർഗ്ഗ ഉപപദ്ധതി) (60 ശതമാന കേന്ദ്ര വിഹിതം)**

**(വിഹിതം: 1624.50 ലക്ഷം രൂപ)**

ഗ്രാമീണ മേഖലയിൽ ധാരാളം തൊഴിൽ സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ഈ ദാരിദ്ര്യ നിർമ്മാർജ്ജന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം. 2021–22 ൽ പട്ടികവർഗ്ഗ ഉപ പദ്ധതിപ്രകാരം 1624.50 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ മിഷനെ നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

### സി. മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വികസനം

**1. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം 6000.00 ലക്ഷം രൂപ)**

പോസ്റ്റ് മെട്രിക്കുലേഷൻ അല്ലെങ്കിൽ പോസ്റ്റ് സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പുകൾ നല്കുന്നത്. എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത മാതാപിതാക്കളുടെ തൊഴിൽ രഹിതരായ മക്കൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്. 2021-22-ൽ ഈ പദ്ധതിക്കായി 6,000.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**2. ഒ.ബി.സി വിഭഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം 30.00 ലക്ഷം രൂപ)**

മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുവാൻ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കോളേജിന്റെ സമീപ പ്രദേശങ്ങളിൽ പഠന ആവശ്യത്തിനായി ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ സ്വകാര്യ വാടക മുറികളിൽ താമസ സൗകര്യം ഏർപ്പെടുത്തുവാൻ നിർബന്ധിതരാകുന്നു. ഗ്രാമീണ പശ്ചാത്തലത്തിലുള്ളവരും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നവരുമായ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഒരുക്കുന്നു. 2021-22-ൽ ഈ പദ്ധതിക്കായി 30.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

### ഡി. ന്യൂനപക്ഷങ്ങളുടെ ക്ഷേമം

**1. പ്രധാനമന്ത്രി ജനവികാസ് കാര്യക്രം - (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം 1,500.00 ലക്ഷം രൂപ)**

ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതോടൊപ്പം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിലുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതി ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുനസംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ സമുദായങ്ങളുടെയും മറ്റ് സമുദായങ്ങളുടെയും സാമൂഹിക സാമ്പത്തിക അവസ്ഥ, ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ നവീന പദ്ധതികൾക്ക്പുറമെ വിദ്യാഭ്യാസം, ആരോഗ്യം, വൈദഗ്ധ്യ വികസനം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് പി.എം.ജെ.വി.കെ. മുഖാന്തിരം നടപ്പിലാക്കുന്നത്. പത്തനംതിട്ട, തൃശ്ശൂർ ഒഴികെയുള്ള എല്ലാ ജില്ലകളിലും പി.എം.ജെ.വി.കെ യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമേഖലാ വികസന പരിപാടിയിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതും നിലവിൽ നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തിനായും തുക വിനിയോഗിക്കാവുന്നതാണ്. 2021-22 ൽ 1500.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിയ്ക്ക് പ്രതീക്ഷിക്കുന്നു.

## 9.12 സാമൂഹ്യ ക്ഷേമം

### 1. സംയോജിത ശിശു സംരക്ഷണ പദ്ധതി (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 1500.00ലക്ഷം രൂപ)**

കുട്ടികളെ ഫലപ്രദമായും കാര്യപ്രാപ്തിയോടെയും സംരക്ഷിക്കുന്നതിനായി 'കുട്ടികളുടെ അവകാശ സംരക്ഷണം' , 'കുട്ടികളുടെ താല്പര്യം' എന്നീ മൌലിക തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു സമ്പ്രദായം യാഥാർത്ഥ്യമാക്കാനുള്ള സർക്കാരിന്റെ പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. വ്യത്യസ്ത സാഹചര്യങ്ങളിലുള്ള കുട്ടികൾക്കും, ദുരിതകരമായ സാഹചര്യത്തിലുള്ള കുട്ടികൾക്കും സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ സുരക്ഷിത പരിതസ്ഥിതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രവർത്തനങ്ങൾ നടപ്പാക്കാനായി വിവിധ ഘടകങ്ങളും ഐ.സി.പി.എസ്-ൽ ഉൾപ്പെടുന്നു. 1. സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, 2 .ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് 3. ശിശുക്ഷേമ കമ്മിറ്റികൾ, 4.ജുവനൈൽ ജസ്റ്റിസ് ബോർഡ്, 5. ജെ.ജെ. ആക്ട് 2015 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ, 6. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളായി പ്രവർത്തിക്കുന്നു. അത്യാവശ്യ സേവനങ്ങളെ സ്ഥാപനവൽക്കരിക്കുന്നതിനും എല്ലാതലത്തിലുമുള്ള കഴിവുകളെ വളർത്താനും ഘടനകൾ ശക്തിപ്പെടുത്താനും ശിശു സംരക്ഷണ സേവനങ്ങൾക്കായി ഡേറ്റ ബേസുംഅറിവും ഉണ്ടാക്കാനും, കുടുംബത്തിലും സമൂഹത്തിലും കുട്ടികളുടെ സംരക്ഷണം മെച്ചപ്പെടുത്തൽ, എല്ലാ തലങ്ങളിലും അനുയോജ്യമായ ഇന്റർ സെക്ടറൽ റെസ്പോൺസ് ഉറപ്പ് വരുത്തുക എന്നിവ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നു . ഫലപ്രദമായ ഇടപെടലുകൾ രൂപീകരിക്കാനും നടപ്പാക്കാനും അനന്തരഫലങ്ങൾ നിരീക്ഷിക്കുന്നതിനുമായി ശിശു സുരക്ഷ ഡേറ്റ മനേജ്മെന്റ് സിസ്റ്റവും വിഭാവനം ചെയ്യുന്നു. SCPS, DCPU, JJB,CWC, CCI, SARA ഭരണ പശ്ചാത്തല സൗകര്യങ്ങളും ഇതിലുൾപ്പെടുന്നു. NGO ഹോമുകൾക്കുള്ള സഹായവും ICPS മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ ഘടകങ്ങളും പദ്ധതിയിലെ മറ്റു പ്രവർത്തനങ്ങളാണ് . ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. 2021-22-ൽ 1500.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

### 2. ഐ.സി.ഡി.എസ്. പരിശീലന പരിപാടി (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 180.00 ലക്ഷം രൂപ)**

സമൂഹ മാറ്റത്തിന്റെ ഏജന്റുമാരായി ICDS ഉദ്യോഗസ്ഥരെ വളർത്തിയെടുക്കുക എന്നതാണ് ICDS പരിശീലന പരിപാടിയുടെ ലക്ഷ്യം. ശൈശവ കാല സംരക്ഷണത്തിലും വികാസത്തിലും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ICDS ഉദ്യോഗസ്ഥർക്ക് നൽകുന്ന പരിശീലന പരിപാടി ഒരു ദേശീയ സംരംഭമാണ്. നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ആയി ഒരു മിഡിൽ ലെവൽ പരിശീലന കേന്ദ്രവും അംഗൻവാടിവർക്കർ/ഹെൽപ്പർമാർക്ക് 12 പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കേന്ദ്രസർക്കാരിന്റെ അനുമതിക്കും കേന്ദ്രവിഹിതം അനുവദിക്കുന്നതിനുമായി എല്ലാ വർഷവും സംസ്ഥാന പരിശീലന ആക്ഷൻ പ്ലാൻ (STRAP) തയ്യാറാക്കി കേന്ദ്രസർക്കാരിന് അയയ്ക്കാറുണ്ട്. ICDS സൂപ്പർ വൈസർമാർക്കും അംഗനവാടി ജീവനക്കാർക്കും ജോലി സംബന്ധമായും റിഫ്രഷർ പരിശീലനത്തിനായും സംസ്ഥാന വിഹിതമായി 180.00 ലക്ഷം രൂപ 2021-22-ൽ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

### 3. പ്രധാന മന്ത്രി മാതൃ വന്ദന യോജന (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 4500.00ലക്ഷം രൂപ)**

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഇവരിൽ മെച്ചപ്പെട്ട ആരോഗ്യവും നല്ല ശീലങ്ങളും വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത കാലയളവിൽ അവർക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന് പരാഹാരമായി ധനസഹായം നൽകുക വഴി പ്രസവത്തിനു മുമ്പും പിൻപും മതിയായ വശ്രമം ലഭിക്കുന്നു. ഗുണഭോക്താക്കളുടെ ആദ്യത്തെകുട്ടിക്ക് മാത്രം 5000/- രൂപ ധനസഹായം ലഭിക്കുന്നതാണ്. ആദ്യമായി ഗർഭം ധരിക്കുന്ന സ്ത്രീകളിൽ മെച്ചപ്പെട്ട ആരോഗ്യവും നല്ല ശീലങ്ങളും പ്രോത്സാഹിപ്പിക്കാനായി ലക്ഷ്യമിടുന്നു. ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പ്രസവ സഹായം നൽകുക, സംസ്ഥാന ജില്ലാ പിഎംഎംവിവൈ സെല്ലിന്റെ പ്രവർത്തന ചെലവുകൾ, ഫ്ലെക്സി ഫണ്ടിന്റെ കീഴിലുള്ള ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കാൻ ലക്ഷ്യമിടുന്നു. കേരളത്തിലുള്ള ഗുണഭോക്താക്കളുടെ ഏകദേശ കണക്കു പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 ബഡ്ജറ്റിൽ 4500.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**4. എം.ജി.എൻ.ആർ.ഇ.ജി.എ–യുമായി ചേർന്നുള്ള അംഗൻവാടി നിർമ്മാണം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 243.60 ലക്ഷം രൂപ)**

എം.ജി.എൻ.ആർ.ഇ.ജി.എ–യുമായി ചേർന്നുള്ള അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള ഒരു ഭാരതസർക്കാർ പദ്ധതിയാണിത്. ഓരോ കെട്ടിട നിർമ്മാണത്തിനും എം.ജി.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ നിന്നും 5 ലക്ഷവും 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി 2 ലക്ഷവും ലഭിക്കുന്നു. നിർമ്മാണ ചെലവിന്റെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കണ്ടെത്തും. 2021–22–ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 243.60 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**5. സ്വാധാർ ഗ്രഹ് (60:40) (60 ശദമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 68.00 ലക്ഷം)**

സ്വാധാർ ഹോമുകളും ഷോർട്ട് സ്റ്റേ ഹോമുകളും സംയോജിപ്പിച്ച് ഭാരത സർക്കാർ 2016–17–ൽ സ്വാധാർ ഗ്രഹ് എന്ന പുതിയ പദ്ധതി ആരംഭിച്ചു. പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. ഭവനം, ഭക്ഷണം, വസ്ത്രം, രോഗ ചികിത്സ സുരക്ഷ എന്നിവയില്ലാത്തതും സാമൂഹ്യ സാമ്പത്തിക പിന്തുണയില്ലാത്തതുമായ ദുരിത ബാധിതരായ സ്ത്രീകളുടെയും ഗാർഹിക പീഠനത്തെ അതിജീവിച്ചവർക്കും പ്രാഥമിക ആവശ്യങ്ങൾ നൽകുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗാർഹിക അക്രമണത്തിനിരയായവർക്ക് ഒരു വർഷം വരെ താമസിക്കാവുന്നതാണ്. മറ്റ പീഡനങ്ങൾക്ക് ഇരയായവർക്ക് പരമാവധി 3 വർഷം വരെ താമസിക്കാവുന്നതാണ്. 55 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് 5 വർഷം താമസിക്കാവുന്നതും പിന്നീട് വൃദ്ധസദനങ്ങളിലേക്കോ മറ്റ സ്ഥാപനങ്ങളിലേക്കോ മാറ്റാവുന്നതാണ്. ഈ വിഭാഗത്തിൽപെടുന്നവരോടൊപ്പമുള്ള കുട്ടികളെയും താമസിപ്പിക്കാവുന്നതാണ്. 18 വയസ്സ വരെയുള്ള പെൺകുട്ടികളെയും 8 വയസ്സ വരെയുള്ള ആൺകുട്ടികളെയും താമസിപ്പിക്കാവുന്നതാണ്. കേരളത്തിൽ 7 ഹോമുകൾ സ്വാധാർ ഗ്രഹ് ആയി പ്രവർത്തിച്ചു വരുന്നു. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് 2021–22–ൽ യോഗ്യരായ സംഘടനകളിൽ നിന്നും അപേക്ഷകൾ സ്വികരിക്കുകയും തുടർന്നു വരുന്ന ഹോമുകൾക്ക് തുക അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2021–22 കാലയളവിൽ 68 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**6. ഉജ്ജ്വല –60% കേന്ദ്ര വിഹിതം**

**(വിഹിതം: 48.00 ലക്ഷം രൂപ)**

ലൈംഗിക ദുരുപയോഗത്തിനായി തട്ടിക്കൊണ്ടു പോയവരെ പുനരധിവസിപ്പിക്കുക, മനുഷ്യക്കടത്ത് തടയൽ, രക്ഷപ്പെടുത്തൽ, പുനരധിവാസം കടത്തപ്പെട്ട ഇരകളെ ലൈംഗീക ദുരുപയോഗം ചെയ്യുന്നത് തടയൽ എന്നിവയ്ക്കായുള്ള സമഗ്ര പദ്ധതിയാണ് ഉജ്ജ്വല. വനിതാ ശിശുവികസന മന്ത്രാലയം ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കിയിട്ടുണ്ട്. പുതുക്കിയ നിരക്ക് പ്രകാരം കേന്ദ്ര/സംസ്ഥാന/നിർവ്വഹണ ഏജൻസികളുടെ വിഹിത ഘടന 60:30:10 എന്ന നിരക്കിലാണ്. ഈ പദ്ധതിക്കുള്ള ഗ്രാന്റ് സംസ്ഥാന ഗവൺമെന്റ് മുഖേനയാണ് അനുവദിക്കുന്നത് നിലവിൽ 3 സ്ഥാപനങ്ങൾക്കാണ് ഈ പദ്ധതി മുഖേന സഹായം ലഭിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി 2021–22–ൽ 48.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**7. വനിതാ മിത്ര കേന്ദ്രം സ്ഥാപിക്കൽ–ജോലിക്കാരായ സ്ത്രീകൾക്കുള്ള ഹോസ്റ്റൽ–60 % കേന്ദ്ര വിഹിതം**

**(വിഹിതം: 970.50 ലക്ഷം രൂപ)**

ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് സൗകര്യപ്രദമായതും ആശ്വാസകരമായതുമായ ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിൽ വർക്കിംഗ് വുമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുനനതിന് വനിതാ വികസന കോർപ്പറേഷൻ തുടക്കം കുറിച്ചു. ഉദ്യോഗസ്ഥർക്ക് സുരക്ഷിതമായതും വഹിക്കാൻ കഴിയുന്നതുമായ സൗകര്യങ്ങൾ പ്രാപ്യമാക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. പെരിന്തൽ മണ്ണയിലും കാക്കനാടും വർക്കിംഗ് വുമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു കാക്കനാട് ഹോസ്റ്റലിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പുരോഗതിയിലുമാണ്. ആലപ്പുഴ ഒരു ഹോസ്റ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2021–22 കാലയളവിൽ 970.50 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**8. നാണൽ ക്രഷ് സ്കീം– 60% കേന്ദ്ര വിഹിതം**

**(വിഹിതം: 522.00 ലക്ഷം രൂപ)**

ഉദ്യോഗസ്ഥ മാതാപിതാക്കൾക്ക് ജോലി സമയത്ത് കുട്ടികളെ സുരക്ഷിതവും ഏൽപ്പിക്കുന്നതിനുള്ള സൌകര്യമാണ് ക്രഷ്. ഇവിടെ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള സാഹചര്യങ്ങൽ ഒരുക്കുന്നതായിരിക്കും. പകൽ വീട്ടിൽ നിന്ന് മാറി നിൽക്കേണ്ടി വരുന്ന 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണവും, ഉപദേശവും, മേൽനോട്ടം വഹിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന എൻ.ജി.ഒ. വിഹിത ഘടന യഥാക്രമം 60:30:10 എന്ന അനുപാതത്തിലാണ്. കുട്ടികളുടെ ആരോഗ്യ പോഷകാവസ്ഥ മെച്ചപ്പെടുത്തൽ, ശാരീരിക മാനസിക വൈകാരിക വികാസം പ്രോത്സാഹിപ്പിക്കൽ, മെച്ചപ്പെട്ട ശിശു സംരക്ഷണം നൽകുന്നതിന് മാതാപിതാക്കൾക്കും പരിപാലകർക്കും അറിവു നൽകുക. സമൂഹത്തിലെ ഉദ്യോഗസ്ഥ മാതാപിതാക്കളുടെ കുട്ടികൾക്ക് (6 മാസം മുതൽ 6 വയസ്സ വരെയുള്ള കുട്ടികൾക്ക് )പകൽ പരിപാലന സൌകര്യങ്ങൾ എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ. പദ്ധതി നടത്തിപ്പിനായി 2021–22–ൽ 522.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**.9. അംഗനവാടി കേന്ദ്രങ്ങളുടെ അറ്റകുറ്റപണികൾ (60% കേന്ദ്ര വിഹിതം)**

**(വിഹിതം : 480.00 ലക്ഷം രൂപ)**

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് കെട്ടിടങ്ങൾ തകർന്ന അവസ്ഥയിലായതിനാൽ അതിന് അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും ആവശ്യമാണ്. കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന ക്രമത്തിൽ അംഗൻവാടിക്ക് 2 ലക്ഷം രൂപ നിരക്കിൽ 400 അംഗനവാടികളുടെ അറ്റകുറ്റപണികളും മെയിന്റനൻസും നടത്താൻ ഉദ്ദേശിക്കുന്നു. അംഗൻവാടി കേന്ദ്രങ്ങളിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നതാണ് ലക്ഷ്യം. ഇതിനായി 2021–22 ബഡ്ജറ്റിൽ 480.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**10. അംഗനവാടികളിൽ ശിശുക്ഷേമ ടോയ്ലറ്റുകൾ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 0.06 ലക്ഷം രൂപ)**

കുട്ടികൾക്ക് ലളിതമായി ഉപയോഗിക്കാൻ കഴിയത്തക്കതരത്തിലുള്ള ടോയ് ലറ്റുകൾ അംഗൻവാടികളിൽ നിർമ്മിക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുനനത്. അംഗൻവാടികളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ നൽകുകയും ആരോഗ്യകരമായ രീതികൾ കുട്ടികളിൽ വളർത്താനും ശൈശവത്തിൽ തന്നെ ടോയ് ലറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. സ്വച്ച ഭാരത ആക്ഷൻ പ്ലാൻ മാർഗ്ഗ നിർദ്ദേശ പ്രകാരം നിർമ്മിക്കേണ്ട ടോയിലെടിനു ഒരു അംഗനവാടിക്ക് 12000 രൂപ നിരക്കിൽ അനുവദിക്കുന്നു. ഈ പദ്ധതിക്കായി 2021–22–ൽ 0.06 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**11. അംഗനവാടികളിൽ കുടിവെള്ള സൌകര്യങ്ങൾ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 0.06 ലക്ഷം രൂപ)**

അംഗനവാടികളിൽ ആവശ്യമായ പാചകത്തിനും കുടിക്കുന്നതിനുമായി സുരക്ഷിതമായ വെള്ളം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. കേന്ദ്ര ഗവൺമെന്റ് ഒരു അംഗൻവാടിക്ക് 10000 രൂപ നിരക്കിലാണ് അനുവദിക്കുന്നത്. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. 2021–22–ൽ പദ്ധതി തുടരേണ്ടതും കുടിവെള്ള സൗകര്യങ്ങൾ ആവശ്യമായിട്ടുള്ള സംസ്ഥാനത്തിലെ എല്ലാ അംഗനവാടികൾക്കും സഹായം നൽകുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2021–22 ബഡ്ജറ്റിൽ 0.06 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**12. മഹിളാ ശക്തി കേന്ദ്രം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 120.00 ലക്ഷം രൂപ)**

ഈ പുതിയ പദ്ധതി വിവിധ തലങ്ങളിൽ പ്രവർത്തിക്കാൻ വിഭാവനം ചെയ്യുന്നു. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന് പിന്തുണ നൽകാൻ സംവിധാനങ്ങളുള്ളതുപോല ജില്ല/ബ്ലോക്കുതല കേന്ദ്രങ്ങൾ എം.എസ്.കെ.യ്ക്കു പിന്തുണ നൽകുന്നതിനോടൊപ്പം 640 ജില്ലകളിൽ ഘട്ടംഘട്ടമായി വനിതാ ശാക്തീകരണ പദ്ധതികൾക്കും (BBBP ഉൾപ്പെടെ)പിന്തുണ നൽകുന്നു. എം.എസ്.കെ. ബ്ലോക്കുതല പരിപാടികളുടെ ഭാഗമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന 115 ബ്ലോക്കുകളിൽ വിദ്യാർത്ഥി സന്നദ്ധ പ്രവർത്തകർ മുഖേന സാമൂഹ്യ പങ്കാളിത്തം ഉദ്ദേശിക്കുന്നു. സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ചും പരിപാടികളെകുറിച്ചും സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ചും ബോധവത്ക്കരിക്കുന്നതിന് വിദ്യാർത്ഥി വോളണ്ടിയർമാർ ക്രിയാത്മകമായി പ്രവർത്തിക്കുന്നു. ഇത് ഒരു ബ്ലോക്കിലെ സ്ത്രീകളുടെ ജീവിതത്തിന് മാറ്റമുണ്ടാക്കാൻ സഹായിക്കുന്നു(

ബ്ലോക്കുകളില്ലാത്ത സ്ഥലങ്ങളിൽ തത്തുല്യമായ ഭരണ യൂണിറ്റ്). ഈ പദ്ധതിക്ക് തുക അനുവദിക്കുന്നത് 60:40 എന്ന അനുപാതത്തിലാണ്. സംസ്ഥാന തല /ജില്ലാതല/ബ്ലോക്കുതല റിസോഴ്സ് സെന്ററുകളും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 2021-22 ബഡ്ജറ്റിൽ 120.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**1 3 . പോക്സോ കേസുകൾ വിചാരണ നടത്തുന്നതിനായി കോടതികൾ സ്ഥാപിക്കൽ (6 0 % കേന്ദ്ര വിഹിതം)**

**(വിഹിതം : 997.50 ലക്ഷം രൂപ)**

പോസ്കോ കേസുകളും ബലാത്സംഗക്കേസുകളും വേഗത്തിൽ തീർപ്പാക്കുന്നതിനായി 14 ജില്ലകളിൽ 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ 2 വർഷകാലയളവിലേക്ക് താല്ക്കാലികമായി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 17 കോടതികൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ളവ തൻവർഷം പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ശമ്പളവും, വേതനവും, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, അത്യാവശ്യ ചെലവുകൾ, സാമഗ്രികൾ വാങ്ങൽ, വാടക, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി 2021-22-ൽ 997.50 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**14. മുതിർന്ന പൌരന്മാർക്കായുള്ള ദേശീയ ആക്ഷൻ പ്ലാൻ (100 % കേന്ദ്ര വിഹിതം )**

**(വിഹിതം : 845.00 ലക്ഷം രൂപ)**

എല്ലാ ഇന്ത്യക്കാർക്കും പ്രായമാകുമ്പോൾ അന്തസ്സോടെ ജീവിക്കാൻ കഴിയുന്ന ഒരു ഇക്കോ സിസ്റ്റം സൃഷ്ടിക്കാൻ ആവശ്യമായ എല്ലാ വശങ്ങളും ആക്ഷൻ പ്ലാൻ ഉയർത്തിക്കാട്ടുന്നു. മുതിർന്ന പൗരന്മാരുടെ വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഇനിപ്പറയുന്ന പത്ത് ഘടകങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. പദ്ധതി നടപ്പാക്കുന്നതിന് 2021-22-ൽ 845.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

- സാമ്പത്തിക സുരക്ഷിതത്വം
- ആരോഗ്യ സംരക്ഷണവും പോഷകാഹാരവും
- അഭയ കേന്ദ്രങ്ങളും ക്ഷേമവും
- മുതിർന്ന പൌരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം
- അന്തർ ദ്ദേശീയ ബന്ധങ്ങളും നൈപുണ്യ വികസനവും ഉൾപ്പെട്ട ക്രിയാത്മകമായതും ഉൽപ്പാദനപരമായതുമായ പ്രായമാകൽ
- സാധ്യമാക്കൽ, ഗതാഗതം , വയോജന സൌഹൃദമായ പരിസ്ഥിതി
- ബോധവൽക്കരണവും കഴിവ് വികസിപ്പിക്കലും
- സിൽവർ ഇകോണമി പ്രോത്സാഹിപ്പിക്കൽ : സമൂഹത്തിൽ വയോജന സൗഹൃദ വ്യവസായ സാധനങ്ങളും സേവനങ്ങളും
- ഗവേഷണവും പഠനവും
- പ്രോജക്റ്റ് മനെജ്മെന്റ്

**പുതിയ പദ്ധതികൾ**

**15. ആധാർ എൻറോൾമെന്റ് കിറ്റ് വാങ്ങൽ (6 0 % കേന്ദ്ര വിഹിതം )**

**(വിഹിതം : 696.00 ലക്ഷം രൂപ)**

ആധാർ എൻറോൾമെന്റ് കിറ്റ് 1.50 ലക്ഷം രൂപ നിരക്കിൽ 258 ICDS ഓഫീസുകളിൽ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ടാബ്ലെറ്റ്, സ്കാനർ, പ്രിന്റർ, യു.പി.എസ്. എന്നിവ കിറ്റിൽ ഉൾപ്പെടുന്നു. കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 അനുപാതത്തിലാണ്. 2021-22-ൽ 696.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**16. മയക്കു മരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി (100 % കേന്ദ്ര വിഹിതം )**

**(വിഹിതം : 3169.50ലക്ഷം രൂപ)**

മയക്കു മരുന്നിനടിമപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും വിദ്യാഭ്യാസം, കൂട്ടിച്ചേർക്കൽ, പുനരധിവാസം എന്നിവയിലൂടെ മയക്കു മരുന്ന് ഉപയോഗത്തിന്റെ പ്രതികൂല അനന്തരഫലങ്ങൾ കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതിയാണിത്. മയക്കു മരുന്നിനടിമപ്പെട്ട വ്യക്തികളെ കണ്ടെത്തുന്നതിനും, കൗൺസിലിംഗ്, പ്രചോദനം, അനന്തര സുരക്ഷ, പുനരധിവാസം എന്നിവ സാമൂഹ്യാധിഷ്ഠിതമായി നൽകി മയക്കു മരുന്നു ഉപയോഗത്തിൽ നിന്നു മോചിപ്പിക്കുകയെന്നതാണ് ഉദ്ദേശ്യം. പദ്ധതി നടപ്പാക്കാനായി 2021-22-ൽ ബഡ്ജറ്റിൽ 3169.50 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

### 17. ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ (100 % കേന്ദ്ര വിഹിതം )

**(വിഹിതം : 3429.78 ലക്ഷം രൂപ)**

ഭിന്നശേഷിക്കാർക്ക് സാർവത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ. ഭിന്നശേഷിക്കാർക്ക് പ്രതിബന്ധമുക്ത പരിസ്ഥിതി ലഭ്യമാക്കാനായി തിരുവനന്തപുരം ജില്ലയിലെ 28 പൊതു കെട്ടിടങ്ങൾ റിട്രോഫിറ്റിംഗ് പ്രവർത്തികൾക്കായി കേന്ദ്ര സർക്കാർ അനുമതി നൽകുകയും 50 ശതമാനം തുക ആദ്യഗഡുവായി തുക അനുവദിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾക്കായി 3429.78 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.13 പോഷകാഹാരം

### 1. സംയോജിത ശിശു വികസന സേവനങ്ങൾ (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 28200.00 ലക്ഷം രൂപ)**

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ബൃഹത്തായ നാഷണൽ പരിപാടിയാണ് സംയോജിത ശിശുവികസന സേവനങ്ങൾ. കുട്ടിയുടെ ശൈശവാവസ്ഥയിൽ അരവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായപെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. അംഗനവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവെയ്പ്പ്
- ആരോഗ്യ പരിശോധന
- റഫറൽ സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം

ഐ സി ഡി എസ് പദ്ധതി നടപ്പാക്കുന്നത് 33115 അംഗനവാടികേന്ദ്രങ്ങളുടെ ഒരു ബൃഹത് ശൃംഖലയിലൂടെയാണ്. പദ്ധതി നടപ്പിലാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, ഭാരം അളക്കാനുള്ള ഉപകരണങ്ങൾ, അംഗനവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ ഇ സി പ്രവർത്തനങ്ങൾ, അംഗനവാടി ആകസ്മിക ചെലവുകൾ, യൂണിഫോം ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം ഐ.സി.ഡി.എസ് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും തുടങ്ങിയവ നടപ്പാക്കാനുള്ള ചെലവ് ഈ ശീർഷകത്തിൽപ്പെടും. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60.40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2021-22-ൽ പദ്ധതി തുടരാൻ 28200.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

### 2. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭി യാൻ 80 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം : 6527.00 ലക്ഷം രൂപ)**

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി തൽസമയ മോണിട്ടറിംഗും പോഷകാഹാരവുമായി ബന്ധപ്പെട്ട വകുപ്പുകളിലെ വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. കേന്ദ്ര സർക്കാർ 2018 മാർച്ച് 8 ന് ചുവടെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനായി പോഷൺ അഭിയാൻ (നാഷണൽ) ന്യൂട്രീഷൻ മിഷൻ ആരംഭിച്ചു. കുട്ടികളിലെ വളർച്ചാ മുരടിപ്പ് 6 ശതമാനമായി കുറയ്ക്കുക (0-6 വയസ് ), ജനന സമയത്തെ തൂക്ക കുറവ് 6 ശതമാനം ആയി കുറയ്ക്കുക, കുട്ടികളിലെ വിളർച്ച 6 ശതമാനമായി കുറയ്ക്കുക (6 മാസം മുതൽ 59 മാസം പ്രായമുള്ള), സ്ത്രീകളിലും കൌമാര പ്രായക്കാരായ പേൺകുട്ടികളിലെയും വിളർച്ച 9 ശതമാനമായി കുറയ്ക്കുക, കുട്ടികളിലെ പോഷകാഹാര കുറവ് 6 ശതമാനമായി കുറയ്ക്കുക (0-6) എന്നിവയാണ് ലക്ഷ്യങ്ങൾ. സാമൂഹ്യാധിഷ്ഠിത സംഭവങ്ങൾ, മനുഷ്യ വിഭവശേഷി, നൂതന പരിപാടികൾ, ഐ.ഇ.സി, ഡാറ്റ പ്ലാൻ, ഐ.എൽ.എ. പരിശീലനം, സി.എ.എസ് പരിശീലനവും ഇൻസെന്റീവും എന്നിവയാണ് പ്രവർത്തനങ്ങൾ. പദ്ധതി നടപ്പാക്കാനായി 2021-22-ൽ 6527.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

# 10. സാമ്പത്തിക സേവനങ്ങൾ

## 10.1 സെക്രട്ടേറിയേറ്റ് സാമ്പത്തിക സേവനങ്ങൾ

### 1. പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനുള്ള ദേശീയ പദ്ധതി (കോർ സ്കീം കേന്ദ്ര വിഹിതം 60%)

**(വിഹിതം:1800.00 ലക്ഷം)**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്ര-കോർ സ്കീം ആണ് പോലീസ് സേനയുടെ ആധുനികവൽക്കരണ പദ്ധതി. തീവ്രവാദ പ്രവർത്തന ബാധിത പ്രദേശങ്ങളിൽ പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനങ്ങളിലെ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ട അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക, സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ, എസ്.ഐ.എസ് , സുരക്ഷയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക, കുറ്റ കൃത്യങ്ങളേയും കുറ്റവാളികളെയും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക, കൗണ്ടർ ഇൻ സർജൻസി ആൻഡ് ആന്റി ടെററിസ്റ്റ് സ്കൂളുകൾ സ്ഥാപിക്കുക, മുതലായ പ്രവർത്തനങ്ങൾക്കായി 2021-22 ൽ കേന്ദ്ര വിഹിതമായി 1800.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

### 2. ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതി (കേന്ദ്ര വിഹിതം: 75%)

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഇന്ത്യയിലെ 13 തീരദേശ സംസ്ഥാനങ്ങളിലെ തീരദേശ പ്രദേശങ്ങളിൽ ചുഴലിക്കാറ്റിനും മറ്റ് ജല-കാലാവസ്ഥാ അപകടങ്ങൾക്കുമുള്ള സാധ്യത കുറയ്ക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു കേന്ദ്രാവിഷ്കൃത സഹായ പദ്ധതിയാണ് എൻസിആർഎംപി. ഉണ്ടാകാനുള്ള സാധ്യതയുടെ അടിസ്ഥാനത്തിൽ എൻസിആർഎം പിയുടെ രണ്ടാം ഘട്ടത്തിൽ കേരളത്തെ കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ നാല് ഘടകങ്ങൾ താഴെ പറയുന്നു.

- മുന്നറിയിപ്പ് സംവിധാനം (100% കേന്ദ്രം)
- ചുഴലിക്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രം)
- ദുരന്ത നിവാരണ സംവിധാനത്തിന് സാങ്കേതിക സഹായം (100% കേന്ദ്രം)
- പ്രോജക്റ്റ് നടപ്പാക്കുന്നതിന് പിന്തുണ (100% കേന്ദ്രം)

വർദ്ധിച്ച തയ്യാറെടുപ്പുകളുടെയും തന്ത്രപ്രധാന അടിസ്ഥാന സൗകര്യ നിക്ഷേപങ്ങളിലൂടെയും തീരദേശ സമൂഹങ്ങളുടെ അപകടസാധ്യത കുറയ്ക്കുക എന്നതാണ് രണ്ടാമത്തെ ഘടകമായ സൈക്ലോൺ റിസ്ക് ലഘൂകരണ ഇൻഫ്രാസ്ട്രക്ചർ ലക്ഷ്യമിടുന്നത്. അതായത്, ശേഷി വർദ്ധിപ്പിക്കൽ / അടിയന്തിര അഭയകേന്ദ്ര ലഭ്യത, രക്ഷാ മാർഗ്ഗങ്ങൾ, ചുഴലിക്കാറ്റുകളിൽ നിന്നും ജല കാലാവസ്ഥാ അപകടങ്ങളിൽ നിന്നും സുപ്രധാന അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുക. സേവനങ്ങളുടെ തുടർച്ച ഉറപ്പാക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ ഘടകമായ സൈക്ലോൺ റിസ്ക് ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കുന്നതിന് കേന്ദ്ര വിഹിതമായി 2021-22 ൽ 750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതി വിവരക്കണക്കും.

### 1. കാർഷിക സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു ഏജൻസി (ഇ.എ.ആർ.എ.എസ് )- 100% കേന്ദ്ര വിഹിതം.

**(വിഹിതം: 6500.00 ലക്ഷം രൂപ)**

'കാർഷികസ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഏജൻസിയെ സ്ഥാപിക്കൽ' എന്ന പദ്ധതി 1975 മുതൽ സംസ്ഥാനത്തു നടപ്പാക്കി വരുന്നു. വിള വിസ്തീർണ്ണം, ജലസേചനം, ഭൂവിനിയോഗ സ്ഥിതിവിവരക്കണക്കുകൾ എന്നിവ കണക്കാക്കുന്നതിനായി 25 മുതൽ 30 ലക്ഷം വരെ സർവേ ഉപവിഭാഗങ്ങൾ അടങ്ങിയ 3 ലക്ഷത്തിലധികം ഹെക്ടറുകൾ ആകസ്മികമായി തിരഞ്ഞെടുക്കുകയും കണക്കാക്കുകയും ചെയ്യുന്നു. വിളകളുടെ ഉൽപാദനവും ഉല്പാദനക്ഷമതയും നിർണ്ണയിക്കുന്നതിനായി വകുപ്പ് 19 വിളകളിൽ ക്രോപ്കട്ടിംഗ് പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രധാൻ മന്ത്രി ഫസൽ ഭീമ യോജന പ്രകാരം വിള ഇൻഷുറൻസ് പദ്ധതിക്കായി നെല്ല്, വാഴപ്പഴം, മരച്ചീനി, വാഴ എന്നിവ സംബന്ധിച്ച് സീസൺ തിരിച്ചുള്ള ശരാശരി വിളവ് കണക്കുകൾ വകുപ്പ് തയ്യാറാക്കി നൽകുന്നുണ്ട്.

**ലക്ഷ്യങ്ങൾ**

- വിള വിസ്തൃതി സ്ഥിതിവിവരക്കണക്ക് കണക്കാക്കൽ.
- വിളയുടെ ഉല്പാദനവും ഉത്പാദനക്ഷമതയും കണക്കാക്കൽ.
- വിള തിരിച്ചും ഉറവിടം തിരിച്ചുമുള്ള ജലസേചന സ്ഥിതിവിവരക്കണക്കുകളും തയ്യാറാക്കൽ
- ഭൂവിനിയോഗസ്ഥിതി വിവരക്കണക്ക് തയ്യാറാക്കൽ.
- പിഎംഎഫ്ബിവൈ പദ്ധതിക്കായി വിളകളുടെ വിളവ് നിരക്ക് നിശ്ചയിക്കുക.
- ഇ എ ആർ എ എസ് പദ്ധതിയുടെ ഡിജിറ്റൈസഷൻ

'ഇ എ ആർ എ എസ് പദ്ധതി' പ്രകാരം 3.28 ലക്ഷം ഹെക്ടറിൽ ഒരു കാർഷിക വർഷത്തിൽ വിള വിസ്തീർണ്ണവും ഭൂവിനിയോഗ സ്ഥിതിവിവരക്കണക്കുകളും കണക്കാക്കുന്നു. ഓരോ കാർഷിക വർഷവും 13 രീതിയിലുള്ള ഭൂവിനിയോഗത്തിന്റെ വർഗ്ഗീകരണവും ജലസേചന സ്ഥിതിവിവരക്കണക്കുകളും സഹിതം 87 ഓളം വിളകൾ ഈ സർവേയിൽ ഉൾപ്പെടുന്നു. വിളകളുടെ ഉൽപാദനവും വിളനിരക്കും നിർണ്ണയിക്കുന്നതിനായി വകുപ്പ് 19 വിളകളിൽ (നെല്ല്, നാളികേരം, അടയ്ക്ക, കപ്പ, വാഴപ്പഴം, വാഴ, പൈനാപ്പിൾ, കുരുമുളക്, ജാതിക്ക, കൊക്കോ, പ്ലാവ്, കശുമാവ്, കരിമ്പ്, എള്ള്, വെറ്റില, മഞ്ഞൾ, മാവ്, ഇഞ്ചി, പുളി) ക്രോപ്കട്ടിംഗ് പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. നെല്ലിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും മൂന്ന് സീസണിലും മറ്റുള്ളവ വർഷം തോറും കണക്കാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രധാൻ മന്ത്രി ഫസൽ ഭീമ യോജന പ്രകാരം വിള ഇൻഷുറൻസ് പദ്ധതിക്കായി നാല് വിളകളുടെ സീസൺ തിരിച്ചുള്ള ശരാശരി വിളവ് കണക്കുകൾ വകുപ്പ് നൽകുന്നുണ്ട്. വിള സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനായി രണ്ട് നോൺ ഓവർ ലാപ്പിംഗ് സാമ്പിളുകളിൽ സാമ്പിൾ ചെക്കുകൾ എൻഎസ്എസ്ഒ (എഫ്ഒഡി) യുടെയും സംസ്ഥാന സർക്കാരിന്റെയും സൂപ്പർവൈസറി സ്റ്റാഫുകൾ ചെയ്യുന്നുണ്ട്. ഈ പരിശോധനകളിലൂടെ ശേഖരിക്കുന്ന അടിസ്ഥാന ഡാറ്റ രണ്ട് ഏജൻസികൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.

2019-20 മുതൽ ഇ എ ആർ എ എസ് പദ്ധതിയുടെ ഡിജിറ്റൈസേഷൻ ഡി ഇ എസ് ൽ നടപ്പിലാക്കുന്നു. ഫീൽഡ് സർവേയിൽ അവരുടെ അറിവ് അപ്ഡേറ്റ് ചെയ്യുന്നതിനും സർവേ പിശക് രഹിതമായി നടത്തുന്നതിനും ഫീൽഡ് ഇൻവെസ്റ്റിഗേറ്റർമാർക്കും സൂപ്പർവൈസറി ഓഫീസർമാർക്കും സംസ്ഥാന, ജില്ലാതല പരിശീലനം വർഷം തോറും നൽകുന്നു. സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിലെ സ്ഥിരം ജീവനക്കാരാണ് ഇ എ ആർ എ എസ് പദ്ധതിയിൽ വ്യാപൃതരായിട്ടുള്ളത്. 2021-22 ൽ കേന്ദ്ര വിഹിതമായി 6500.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക( രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | മാനവവിഭവശേഷി ചെലവും ഭരണച്ചെലവും | |
| 2. | ഇ എ ആർ എ എസ് പദ്ധതിയുടെ ഡിജിറ്റൈസഷൻ | 6500.00 |
| | **ആകെ** | **6500.00** |

**2.കാർഷിക സെൻസസ് (100% കേന്ദ്ര വിഹിതം)**

**(വിഹിതം: 206.00 ലക്ഷം രൂപ)**

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടനയുടെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് കേന്ദ്ര സർക്കാർ കൃത്യമായി ഓരോ അഞ്ചു വർഷം കൂടുമ്പോഴും കാർഷിക സെൻസസ് 1970-71 മുതൽ നടത്തുന്നുണ്ട്. സർവ്വെയുടെ മൊത്തം പദ്ധതിയും സ്ഥിതി വിവരക്കണക്കു പ്രകാരം ഒന്നിച്ചു ചേർത്തിട്ടുള്ള മൂന്ന് വ്യത്യസ്ത ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. പതിനൊന്നാം കാർഷിക സെൻസസ് നടത്തുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് സെൻസസ് നടത്തുന്നതിനുള്ള നോഡൽ ഏജൻസി.

**ലക്ഷ്യങ്ങൾ**

- ഭൂവിനിയോഗം, കന്നുകാലികൾ, കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ, രാസവളങ്ങളുടെ ഉപയോഗം എന്നിവയെക്കുറിച്ചുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കിക്കൊണ്ട് കാർഷിക ഘടനയെയും സവിശേഷതകളെയും കുറിച്ച് വിവരിക്കുക.

- പുതിയ കാർഷിക വികസന പരിപാടികൾ രൂപീകരിക്കുന്നതിനും അവയുടെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ ബെഞ്ച് മാർക്ക് ഡാറ്റ നൽകുക.
- ഭാവിയിലെ കാർഷിക സർവേകൾ നടത്തുന്നതിന് കുടുംബങ്ങൾക്ക് അടിസ്ഥാന ഫ്രെയിമുകളും ഓപ്പറേഷണൽ ഹോൾഡിംഗ്സും നൽകുക
- നിലവിലെ കാർഷിക സ്ഥിതിവിവരക്കണക്കുകൾക്കായി ഒരു സംയോജിത പ്രോഗ്രാം വികസിപ്പിക്കുന്നതിന് അടിസ്ഥാനം നൽകൽ

2021-22 ൽ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര വിഹിതമായി 206.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1. | മാനവശേഷി ചെലവും ഭരണച്ചെലവും | 206.00 |

**3.ചെറുകിട ജലസേചന പദ്ധതിയെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതിവിവരകണക്കുകൾ (100% കേന്ദ്ര വിഹിതം)**

**(വിഹിതം:122.00 ലക്ഷം രൂപ)**

ഭാവി ആസൂത്രണത്തിനായി മൈനർ ഇറിഗേഷൻ മേഖലയിൽ സമഗ്രവും വിശ്വസനീയവുമായ ഡാറ്റ വികസിപ്പിക്കുക എന്നതാണ് ആർഎംഐഎസ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ ചെറുകിട ജലസേചന സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുന്നതിനും റിപ്പോർട്ടുചെയ്യുന്നതിനുമുള്ള നോഡൽ ഓഫീസറായി ചീഫ് എഞ്ചിനീയറിനെ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) കേന്ദ്ര ജലവിഭവ മന്ത്രാലയം നിയമിച്ചിട്ടുണ്ട്. പ്രവർത്തനം സുഗമമാക്കുന്നതിന്, മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്കൽ സെൽ (ആർഎംഐഎസ്) 1987 മുതൽ ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ഓഫീസിൽ പ്രവർത്തിക്കുന്നു.

**ലക്ഷ്യങ്ങൾ-**

1. ചെറുകിട ജലസേചന മേഖലയിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിക്കുകയും സമാഹരിക്കുകയും ചെയ്യുക
2. ജലാശയ സെൻസസ് നടത്തി ഡാറ്റാ ബേസ് തയ്യാറാക്കുക
3. സംസ്ഥാനത്ത് 5 വർഷത്തിലൊരിക്കൽ നടപ്പാക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെ സെൻസസ്സ് നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുക.

മൈനർ ഇറിഗേഷൻ സെൻസസും സംസ്ഥാനത്തെ എംഐ സ്കീമുകളെക്കുറിച്ചുള്ള സാമ്പിൾ സർവേകളും പതിവായി നടത്തേണ്ടത് സെല്ലിന്റെ കടമയാണ്. ചെറുകിട ജലസേചന പദ്ധതികളുടെ സെൻസസ് അഞ്ച് വർഷത്തിലൊരിക്കൽ സംസ്ഥാനത്ത് നടത്തുന്നു. ആർ.എം.ഐ.എസ് സെൽ ആണ് സംസ്ഥാനത്ത് സെൻസസ് നടത്തേണ്ടതിന്റെ നോഡൽ ഏജൻസി.

2021-22 ൽ പദ്ധതിയുടെ താഴെപറയുന്ന ഘടകങ്ങൾക്കായി കേന്ദ്ര സഹായമായി 122.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | മാനവശേഷി ചെലവ്, ഭരണച്ചെലവ്, ഓണറേറിയം, മറ്റു ചെലവുകൾ എന്നിവ | 122.00 |
| | **ആകെ** | **122.00** |

# 11. പൊതു സേവനങ്ങൾ

**11.2 പൊതുമരാമത്ത്**

**1. ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം) (കോർ സെക്ടർ 60% കേന്ദ്ര വിഹിതം)**

**(വിഹിതം : 3600.00 ലക്ഷം രൂപ)**

ജില്ല, സബോർഡിനേറ്റ് കോടതികളുടെ അടിസ്ഥാന സൗകര്യങ്ങളും ജില്ലാ, സബോർഡിനേറ്റ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഭവന ആവശ്യങ്ങളും മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇത് കേന്ദ്ര സഹായ പദ്ധതിയാണ്. കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാരുടെ റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് 60% കേന്ദ്രസഹായമുണ്ട്.

അടൂർ, തിരുവല്ല, കായംകുളം, പുനലൂർ, കട്ടപ്പന, ചാലക്കുടി എന്നിവിടങ്ങളിൽ കോടതി സമുച്ചയങ്ങൾ, വടകര, മുട്ടം കുടുംബ കോടതി എന്നിവയും നെടുങ്കണ്ടം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ ഓഫീസർമാർക്കുള്ള റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണം, കടവന്ത്ര, ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് , മഞ്ചേരി ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നീ പ്രധാന പ്രവർത്തികൾ തുടങ്ങിയവയാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവർത്തികൾ.

2021-22 ൽ കേന്ദ്ര വിഹിതമായി 3600.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**11.3 സിവിൽ സപ്ലൈസ്**

**1. അന്നപൂർണ്ണ പദ്ധതി (80% കേന്ദ്ര വിഹിതം)**

**(വിഹിതം: 60.00 ലക്ഷം രൂപ)**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കോർ ഓഫ് ദ കോർ സ്കീം ആയ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. 65 വയസ്സ് തികഞ്ഞവരും ദേശീയ വാർദ്ധക്യ പെൻഷന് അർഹരുമായ, എന്നാൽ ചില കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത നിരാലംബർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്ന പദ്ധതി ആണിത്. 2021-22 ൽ 'അന്നപൂർണ്ണ' പദ്ധതിയ്ക്കായി കേന്ദ്ര വിഹിതമായി 60.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## എൻ.സി.ഡി.സി സഹായത്തോടെയുള്ള പദ്ധതി

### 2.4 തീരദേശ വികസനം

1. **എൻ.സി.ഡി.സി സഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

മത്സ്യഫെഡിൽ അംഗങ്ങളായ പ്രഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് മത്സ്യബന്ധനോപാധികൾ പുതുതായി വാങ്ങുന്നതിന് ബാങ്ക് വായ്പ സ്വരൂപിക്കാറുണ്ട്. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽ നിന്നും കടബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഒരളവ് വരെ ഇത്തരം ബാങ്ക് വായ്പ സഹായകരമാണ്. നിലവിലുള്ള മത്സ്യബന്ധനോപാധികൾക്ക് പകരം പുതിയവ നൽകൽ, ഉല്പാദനോപാധികൾ നൽകൽ, മത്സ്യക്കച്ചവടത്തിനാവശ്യമായ പ്രവർത്തനമൂലധനം/മാർജിൻ മണി, വിപണനത്തിനും മത്സ്യബന്ധന ഉല്പന്ന ങ്ങളുടെ മാനേജ്മെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യ വികസനം, പരിശീലനം, വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതാണ്.

പ്രോജക്ടിന് അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ എൻ.സി.ഡി.സി വിഹിതമായി 1200.00 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### 3. സഹകരണം

1. **പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം.**

**(വിഹിതം: 2810.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന പരിപാടികൾക്കായി ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്.

- ഉപഭോക്തൃ ഫെഡറേഷൻ മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.
- നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.
- സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം
- ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.
- സംസ്ഥാന ജില്ലാ പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി.
- സഹകരണമേഖലയിലെ ദുർബ്ബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള സഹായം.
- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം.
- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും സഹായം.
- സഹകരണ ആശുപത്രികൾ, വനിതാസഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവനമേഖലയിലെ സഹകരണസ്ഥാപനങ്ങൾക്ക് സഹായം.
- ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായം.
- എൻ.സി.ഡി.സി യുടെ പുതിയ പദ്ധതി പ്രകാരമുള്ള ഗ്രാമീണപാർപ്പിടപദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം.
- കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണസംഘങ്ങൾക്ക് സഹായം.

- 2021–22 ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി പദ്ധതികൾക്ക് സഹായം.

എൻ.സി.ഡി.സി യുടെ വായ്പയ്ക്ക് ഉയർന്ന പലിശനിരക്കുള്ളതിനാൽ, എൻ.സി.ഡി.സിക്ക് സമർപ്പിക്കുന്നതിന് മുൻപ് മുൻഗണനാ പ്രകാരം തീരുമാനമെടുക്കേണ്ടതാണ്. സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള സഹായം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2. പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.**

**(വിഹിതം: 610.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന പരിപാടികൾക്കായി വിഹിതം വകയിരുത്തിയിരിക്കുന്നു.

- സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമികകാർഷികസഹകരണ സംഘങ്ങൾക്ക് സഹായം.
- സംസ്ഥാന ജില്ലാ പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻ മണി സഹായം.
- വിപണന സംഘങ്ങൾക്ക് പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം.
- പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം.
- സഹകരണസംഘങ്ങൾക്ക് കീഴിൽ കർഷകസേവനകേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം.
- പുഷ്പ കൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം.
- കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം എന്നിവയ്ക്കായി സഹായം.
- 2021–22 ൽ എൻ.സി.ഡി.സി. നടപ്പാക്കുന്ന പുതിയ പദ്ധതികൾക്ക് സഹായം.

**3. സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി)**

**(വിഹിതം: 3080.00 ലക്ഷം രൂപ)**

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ രണ്ടാംഘട്ട സംയോജിത സഹകരണ വികസന പരിപാടി നടപ്പാക്കി വരുന്നു. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഐ.സി.ഡി.പി പദ്ധതി നടപ്പിലാക്കുന്നതിനായി 2021–22 ബജറ്റിൽ 3080.00 ലക്ഷം രൂപ വകയിരുത്തുന്നു.

# അനുബന്ധം – സി

## 50 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

## 1. കൃഷിയും അനുബന്ധ മേഖലകളും

### 1.3 മൃഗസംരക്ഷണം

**1. മൃഗസംരക്ഷണ സ്ഥിതി വിവരകണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

വിവിധ തരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കണക്കാക്കുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടരുന്നതിനും, പുതിയ പഠനങ്ങൾ ആരംഭിക്കുന്നതിനും, വിവര ശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുമായി വിഹിതം വകയിരുത്തുന്നു. സർവ്വേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ സംസ്ഥാന വിഹിതം വഹിക്കുന്നതിനായി തുക വകയിരുത്തുന്നു. ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുന്നതാണ്.

ഇതിനായി 2021-22 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

## II. ഗ്രാമവികസനം

### 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

**1. മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) – (മുൻപ് എസ്.ഐ.ആർ.ഡി.) (50% കേന്ദ്ര വിഹിതം)**

**(വിഹിതം : 150.00 ലക്ഷം രൂപ)**

കൊട്ടാരക്കരയിലെ പഴയ സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി) ആണ് മാനവ വിഭവ വികസന കേന്ദ്രം (കില – സി.എച്ച്.ആർ.ഡി.) ആയി അറിയപ്പെടുന്നത്. ശമ്പളം, പരിശീലനവും ഗവേഷണവും, ഓഫീസ് ചെലവുകളും, മറ്റ് ഭരണപരമായ ചെലവുകളും കണ്ടെത്തുന്നതിനാണ് വിഹിതം പ്രതീക്ഷിക്കുന്നത്. 'ഗ്രാമവികസന പരിപാടികൾക്കുള്ള മാനേജ്മെന്റ് സഹായവും ജില്ലാ ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തലും' എന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ നിന്നാണ് ഈ ഘടകത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നത്. കില-സി.എച്ച്.ആർ.ഡി.യുടെ (മുൻപ് എസ്.ഐ.ആർ.ഡി.) പ്രവർത്തനങ്ങൾക്കായി 2021-22-ൽ 150.00 ലക്ഷം രൂപ 50 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

### 4.3 കമാന്റ് ഏരിയ വികസനം

**1. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കാഡാ പദ്ധതികൾ (കേന്ദ്ര വിഹിതം 50 ശതമാനം)**

**(വിഹിതം. 100.00 ലക്ഷം രൂപ)**

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കാഡാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22 ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫീൽഡ് ചാനലുകൾ, ഫീൽഡ് ഡ്രെയിനുകൾ എന്നിവയുടെ നിർമ്മാണത്തിനും സിസ്റ്റം കറക്ഷനുകൾക്കും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

### 4.4. വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും.

**എ. വെള്ളപ്പൊക്ക നിയന്ത്രണം**

**1. പ്രധാനമന്ത്രി കൃഷിസിഞ്ചായി യോജന (കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണം) (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 550.00 ലക്ഷം രൂപ)**

കുട്ടനാട്ടിലെ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ഒരു പഠന റിപ്പോർട്ട് എം.എസ്സ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച കുട്ടനാട് മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡും 2019-ൽ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽ പ്രധാനമായും നെല്ലുൽപ്പാദനത്തിന് സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2021-22 ൽ 550.00 ലക്ഷം രൂപ 50 ശതമാനം കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. കെ.ഇ.എൽ II, കെ.ഇ.എൽ III, കെ.ഇ.എൽ IV പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനു വേണ്ടിയും, തണ്ണീർമുക്കം ബാരേജിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ബിൽ തുകയ്ക്ക് വേണ്ടിയുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

2021-22 ൽ പുതിയ പദ്ധതികളൊന്നും ഏറ്റെടുക്കാൻ പാടുള്ളതല്ല. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് പുതിയ ഭരണാനുമതി നൽകുകയോ, പുതിയ ഘടകങ്ങൾക്ക് പുതിയ ടെന്റർ നടപടികൾ സ്വീകരിക്കുവാനോ പാടുള്ളതല്ല.

വെള്ളപ്പൊക്കനിയന്ത്രണപദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിനു വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കാത്ത ചെലവ് വർദ്ധനവിനും (കോസ്റ്റ് എസ്കലേഷൻ) ബണ്ടിന്റെ വീതി വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള ചെലവ് വർദ്ധനയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## IX. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

### 9.3 സാങ്കേതിക വിദ്യാഭാസം

**പോളിടെക്നിക്കുകൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ( 50% കേന്ദ്ര വിഹിതം )**

**(വിഹിതം: 202.00 ലക്ഷം രൂപ)**

1)നിലവിലുള്ള പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തലും പുതിയ പോളിടെക്നിക്കുകൾ സ്ഥാപിക്കലും (എം.എച്ച്.ആർ.ഡി യുടെ നൈപുണ്യ വികസന പദ്ധതി പ്രകാരം) 2) പോളിടെക്നിക്കുകൾ വഴിയുള്ള സാമൂഹ്യ വികസനം എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്. 2021-22 വർഷത്തിൽ 202.00 ലക്ഷം രൂപ ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. .

### 9.6 ശുദ്ധജല വിതരണവും മലിനജല നിവാരണവും

**ജൽ ജീവൻ മിഷൻ (എൻആർഡിഡബ്ല്യൂപി) ( 50% കേന്ദ്ര വിഹിതം)**

**(വിഹിതം : 40,000.00 ലക്ഷം രൂപ)**

എൻ.ആർ.ഡി.ഡബ്ലിയു.പി. യുടെ തുടർച്ചയായ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽജീവൻ മിഷൻ. 2020 ഓടെ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളിലും സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കാൻ ഇത് വിഭാവനം ചെയ്യുന്നു.

ഓരോ ഗ്രാമീണ കുടുംബത്തിനും സ്ഥിരമായി, ദീർകാലാടിസ്ഥാനത്തിൽ, ആവശ്യമായ ഗുണനിലവാരത്തിൽ, മിതമായ സേവന നിരക്കിൽ, കുടിവെള്ള വിതരണം ലഭ്യമാണെന്ന് മിഷൻ ഉറപ്പാക്കുന്നു. 2024 ഓടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൈപ്പ് വെള്ളം ലഭ്യമാക്കുന്നതിനായി കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 എന്ന അനുപാതത്തിൽ ചെലവ് പങ്കിടലിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2020-21 ൽ 21.42 ലക്ഷവും 2021 – 22-ൽ 12 ലക്ഷവും പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷൻ (എഫ്.എച്ച്.ടി.സി.) നൽകാൻ ജൽജീവൻ മിഷൻ വിഭാവനം ചെയ്യുന്നു.

മൊത്തം പദ്ധതി ചെലവിൽ, 10 ശതമാനം ഗുണഭോക്താക്കളുടെ സംഭാവനയും ബാക്കി 90 ശതമാനം 50:50 അനുപാതമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കിടും. സംസ്ഥാന പദ്ധതി തുകയിൽ നിന്നും, തദ്ദേശ സ്ഥാപന തുകയിൽ നിന്നുമായി, സംസ്ഥാന സർക്കാർ വിഹിതം കണ്ടെത്തും.

2021-22 കാലയളവിൽ കേരള ജല അതോറിറ്റി, ജലനിധി എന്നിവയ്ക്കായി 40,000.00 ലക്ഷം രൂപ 50% പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതത്തിനുള്ള ആനുപാതികമായ അധിക കേന്ദ്ര വിഹിതമായി 30,000.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

### 9.8 നഗരവികസനം (50 % കേന്ദ്ര വിഹിതം)

1. **സ്മാർട്ട് സിറ്റി മിഷൻ (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 20000 .00 ലക്ഷം രൂപ)**

പ്രാദേശിക വികസനത്തിനു സഹായകരമായി, പ്രത്യേകിച്ച് സാങ്കേതികവിദ്യയുടെ മുന്നേറ്റത്തിലൂടെ ജനങ്ങളുടെ സാമ്പത്തിക വളർച്ചയും ജീവിത നിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയുള്ള കേന്ദ്രഗവൺമെന്റിന്റെ ഒരു മുൻനിര പദ്ധതിയാണിത്. ഈ പദ്ധതിയുടെ ധനാനുപാതം 50:50 എന്നതാണ്. ആദ്യഘട്ടത്തിൽ കൊച്ചി നഗരത്തേയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തേയും സ്മാർട്ട് സിറ്റി മിഷനിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

സ്മാർട്ട് സിറ്റി പ്രോജക്ട് പ്രദേശത്തെ മേഖലാ അടിസ്ഥാന വികസന ഘടകമെന്നും (Area Based Development) പാൻസിറ്റി ഉദ്യമമെന്നും (Pan City Initiative) രണ്ട് മേഖലകളായി തിരിച്ചിട്ടുണ്ട്. കൊച്ചി സ്മാർട്ട് സിറ്റിയുടെ മേഖലാടിസ്ഥാന വികസന ഘടകത്തിൽ പടിഞ്ഞാറൻ കൊച്ചിയുടെ

അഞ്ച് വാർഡുകളെയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ മൂന്ന് വാർഡുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്. കോർപ്പറേഷന്റെ ബാക്കി പ്രദേശം പി.സി.ഐ. യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ മേഖലാവികസന ഘടകത്തിൽ നഗരത്തിലെ ഒമ്പത് വാർഡുകൾ ഉൾപ്പെടുന്നു. കോർപ്പറേഷന്റെ ബാക്കി പ്രദേശം പി.സിഐ യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് കൊച്ചിയിൽ സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്നത്. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് തിരുവനന്തപുരത്ത് പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചിയിൽ മൊത്തം പ്രോജക്ട് തുകയായി കണക്കാക്കിയിരിക്കുന്നത് 2076 കോടി രൂപയാണ്. അതിൽ കേന്ദ്ര ഗവൺമെന്റ് വിഹിതം 500 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് വിഹിതം 577 കോടി രൂപയുമാണ്. കൊച്ചി സ്മാർട്ട് സിറ്റിയിൽ വിഭാവനം ചെയ്ത മൊത്തം 47 പ്രോജക്ടുകളിൽ 29 പ്രോജക്ടുകൾ പുരോഗതിയിലാണ്. തിരുവനന്തപുരം നഗരത്തിന്റെ മൊത്തം പ്രോജക്ട് തുക 1538.20 കോടി രൂപയാണ്. അതിൽ കേന്ദ്ര ഗവൺമെന്റ് വിഹിതവും സംസ്ഥാന ഗവൺമെന്റ് വിഹിതവും 500 കോടി രൂപ വീതമാണ്. ബാക്കി തുക പുറമെനിന്നുള്ള സഹായം, പൊതു സ്വകാര്യ പങ്കാളിത്തം, മറ്റുള്ള പദ്ധതികളുമായുള്ള സംയോജനം എന്നിവയിലൂടെയാണ് കണ്ടെത്തുന്നത്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയിൽ വിഭാവനം ചെയ്തിട്ടുള്ള ആകെ 43 പ്രോജക്ടുകളിൽ 27 പ്രോജക്ടുകൾ പുരോഗതിയിലാണ്.

കുടിവെള്ള വിതരണം, വൈദ്യുതി, ഖരമാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ശുചിത്വം, കാര്യക്ഷമമായ നഗര ഗതാഗത സംവിധാനവും പൊതു ഗതാഗതവും, ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രത്യേകിച്ചും ദരിദ്രർക്കുവേണ്ടിയുള്ളത്, കാര്യക്ഷമമായ വിവര സാങ്കേതിക വിദ്യാ വിനിമയവും ഡിജിറ്റൈസേഷനും, സദ്ഭരണം പ്രത്യേകിച്ചും ഇ-ഗവേണൻസ്, വർദ്ധിച്ച ജന പങ്കാളിത്തം ഉറപ്പുവരുത്തൽ, സുസ്ഥിര പരിസ്ഥിതി വികസനം, ആരോഗ്യം, വിദ്യാഭ്യാസം, പൗരൻമാരുടെ സുരക്ഷിതത്വം പ്രത്യേകിച്ചും വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ എന്നിവരുടെ സുരക്ഷിതത്വം തുടങ്ങിയ അടിസ്ഥാന സൗകര്യ ഘടകങ്ങളാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021-22-ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 20000.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**2. അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 45000.00 ലക്ഷം രൂപ)**

നഗരത്തിലെ ഭൗതീകവും സ്ഥാപനപരവുമായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ അടിസ്ഥാന വെല്ലുവിളികളെ പ്രോജക്ട് അധിഷ്ഠിത സമീപനത്തിലൂടെ നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നഗര വികസന മന്ത്രാലയം രൂപീകരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത്. എല്ലാ കുടുംബങ്ങളിലും കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമ്മാണം എന്നിവ ഉറപ്പാക്കുക, ഹരിതയിടങ്ങളും തുറസായ സ്ഥലങ്ങളും രൂപപ്പെടുത്തുന്നതിലൂടെ നഗരത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുക, പൊതുഗതാഗതവും യന്ത്രവത്കൃതമല്ലാത്ത ഗതാഗത സംവിധാനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ മലിനീകരണം കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. കുടിവെള്ള വിതരണവും അഴുക്കുചാൽ നിർമ്മാണവും, കക്കൂസ് മാലിന്യ നിർമ്മാർജ്ജനം, ഓവുചാൽ നിർമ്മാണം, നഗര ഗതാഗതം, ഹരിത ഇടങ്ങളും പാർക്കുകളും നിർമ്മിക്കൽ, കാര്യശേഷി വർദ്ധിപ്പിക്കൽ, കുടുംബങ്ങൾക്ക് അടിസ്ഥാന സേവനങ്ങളും നഗരത്തിൽ വേണ്ട സൗകര്യങ്ങളും സൃഷ്ടിക്കുന്നതിലൂടെ എല്ലാവരുടെയും പ്രത്യേകിച്ച് പാവപ്പെട്ടവരുടെയും പിന്തള്ളപ്പെട്ടവരുടെയും ജീവിത നിലവാരത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. ഈ പദ്ധതിയുടെ പ്രോജക്ട് കാലാവധി 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള അഞ്ച് വർഷക്കാലമായിരുന്നെങ്കിലും പ്രോജക്ട് കാലാവധി മാർച്ച് 2022 വരെ നീട്ടിയിട്ടുണ്ട്.

ഒമ്പത് നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 6 മുനിസിപ്പൽ കോർപ്പറേഷനുകളും, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ ധനാനുപാതം 50:30:20 എന്ന ക്രമത്തിൽ കേന്ദ്രവും സംസ്ഥാനവും നഗരതദ്ദേശ ഭരണ സ്ഥാപനവും ചേർന്ന് വഹിക്കുന്നു. മൊത്തം പ്രോജക്ട്

തുകയുടെ 20:40:40 എന്ന അനുപാതത്തിൽ മൂന്ന് തവണകളായിട്ടാണ് ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നത്. ഓരോ സംസ്ഥാനവും വാർഷിക കർമ്മ പദ്ധതി (എസ്.എ.എ.പി) സമർപ്പിച്ച് നഗര വികസന മന്ത്രാലയത്തിന്റെ ഉന്നത തല കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതാണ്. 2015–16, 2016–17, 2017–18 എന്നീ വർഷങ്ങളിൽ സംസ്ഥാനം മൂന്ന് എസ്.എ.എ.പി കൾ സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം നേടുകയും ചെയ്തു. ഒമ്പത് നഗരങ്ങളിലേയും 2357.66 കോടി രൂപയുടെ 387 മുഖ്യപ്രോജക്ടുകൾ (1008 ഉപപ്രോജക്ടുകൾ) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. 1008 പ്രോജക്ടുകളിൽ 575 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രോജക്ടുകളുടെ ഗുണനിലവാര പരിശോധന നടത്തേണ്ടതും സാങ്കേതിക വൈദഗ്ധ്യം നൽകുന്നതിന് അമൃത് റിഫോം ഇൻസെന്റീവിന്റെ ഭാഗമായി റിസോഴ്സ് ബാങ്ക് രൂപീകരിക്കേണ്ടതുമാണ്.

2021–22–ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 45000.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

കോർപ്പറേഷനുകൾ: 30150.00 ലക്ഷം രൂപ

മുനിസിപ്പാലിറ്റികൾ: 14850.00 ലക്ഷം രൂപ

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം

### എ) പട്ടികജാതി വികസനം

**എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് എസ്.സി.പി (49 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 2402.00 ലക്ഷം രൂപ)**

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ കേന്ദ്ര വിഹിതം നേരിട്ട് കോർപ്പറേഷന് നൽകുന്നു. വരുമാനദായക പദ്ധതികൾ, തൊഴിലധിഷ്ഠിത പദ്ധതികൾ, സ്ത്രീകൾക്കായുള്ള പദ്ധതികൾ, വിവിധ മേഖലകളിലെ സാമൂഹിക ക്ഷേമ പരിപാടികൾ എന്നിവയ്ക്ക് കോർപ്പറേഷൻ ധനസഹായം നൽകുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തി അവരെ സാമ്പത്തിക വികസന പദ്ധതിയിൽ പങ്കാളികളാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും കുറഞ്ഞ പലിശ നിരക്കിൽ പണവും സബ്സിഡികളും ലഭ്യമാക്കുന്നത് വഴി അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ദളിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (DICCI) പോലുള്ള ഏജൻസികളുടെ സഹായത്താൽ പട്ടികജാതി സമുദായത്തിലെ ഊർജ്ജസ്വലരായ സംരംഭകരുടെ ഒരു കോർഗ്രൂപ്പ് രൂപീകരിക്കുവാനും ലക്ഷ്യമിടുന്നു. ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്കുള്ള മൈക്രോ വായ്പയ്ക്ക് തടസ്സം വരാതെ പട്ടികജാതി സംരംഭകർക്ക് മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി സഹായം നൽകാനും ഉദ്ദേശിക്കുന്നു. പ്രളയബാധിത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും വായ്പ, കാർഷിക, ക്ഷീര മേഖലകളിലെ പ്രവർത്തനങ്ങൾക്ക് പ്രവർത്തന മൂലധനം, വ്യക്തിഗത വായ്പ എന്നിവ നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

2021–22 ൽ പദ്ധതിയിലൂടെ വിവിധ പരിപാടികൾക്കായി 2402.00 ലക്ഷം രൂപ 49 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ, ഗുണഭോക്ത അധിഷ്ഠിത പദ്ധതി, വിവിധോദ്ദേശ്യ യൂണീറ്റ് ലോൺ, വാഹന വായ്പ, ചെറുകിട വായ്പാ പദ്ധതി ലഘു വ്യവസായ യോജന, സ്ത്രീശാക്തീകരണ പദ്ധതി, മഹിളാ സമൃദ്ധി യോജന, സ്റ്റാർട്ട് അപ് സംരംഭകർക്കും പ്രവാസികളുടെ പുനരധിവാസത്തിനുമുള്ള വായ്പ, വിദേശത്ത് തൊഴിൽ തേടുന്നതിനും, വിദ്യാഭ്യാസം, വിവാഹ സഹായം, വിദേശ വിദ്യാഭ്യാസം, ഭവന നിർമ്മാണവും നവീകരണവും മൃഗസംരക്ഷണം എന്നിവയ്ക്ക് വേണ്ടിയുള്ള വായ്പയും ഉൾപ്പെടുന്നു.

**ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 250.00 ലക്ഷം രൂപ)**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതിയ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം, നിലവിലെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതിയാണിത്. പട്ടികജാതിക്കാർക്കായി എല്ലാ ജില്ലകളിലും 11 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 42 പ്രീ മെട്രിക് ഹോസ്റ്റലുകളും ഉണ്ട്. ആറ് കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള തുകയും ഇതിലുൾപ്പെടുന്നു.

2021–22 ൽ ഈ പദ്ധതിയ്ക്കുള്ള 50 ശതമാനം കേന്ദ്ര വിഹിതമായി 250.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**സി) പൗരവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും, നടപ്പാക്കൽ (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1250.00 ലക്ഷം രൂപ)**

പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനായി 1989 ൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ശക്തമായി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രങ്ങൾ, തൊട്ടു കൂടായ്മ, എന്നിവയ്ക്ക് ഈ നിയമങ്ങൾ ശിക്ഷ ഉറപ്പാക്കുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതി, പോലീസ് സ്റ്റേഷൻ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- 1955 ലെ പൗരാവകാശ സംരക്ഷണം നിയമം നടപ്പാക്കലും 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും
- പട്ടികജാതി സംരക്ഷണസെൽ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ ശക്തിപ്പെടുത്തലും നടത്തിപ്പും
- പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും
- അതിക്രമങ്ങൾക്ക് ഇരയായവർക്ക് സഹായവും പുനരധിവാസവും നൽകുക
- മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുക-കേന്ദ്ര പദ്ധതിയായ ഡോ.അംബേദ്കർ സ്കീം പദ്ധതിയിലേത് പോലെ 01.04.2019 മുതൽ മിശ്ര വിവാഹിതരായ ദമ്പതികൾക്ക് 2.50 ലക്ഷം രൂപ വീതം ധനസഹായം
- ബോധവത്കരണം, സാമൂഹിക ഐക്യദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരിശീലനം, നേതൃത്വ പരിശീലനം, വിജിലൻസ് ആന്റ് മോണിട്ടറിംഗ് എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ.

2021 –22 ൽ 50 ശതമാനം കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്ന 1250.00 ലക്ഷം രൂപയിൽ 250.00 ലക്ഷം രൂപ പ്രത്യേക കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും അതിന്റെ നടത്തിപ്പിനും വേണ്ടിയാണ്.

**ബി) പട്ടികവർഗ്ഗ വികസനം**

**1 പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50% കേന്ദ്ര വിഹിതം)**

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**എ) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (കേന്ദ്ര വിഹിതം 50 ശതമാനം)**

**(വിഹിതം : 90.00 ലക്ഷം രൂപ)**

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനഃരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടികൾക്ക് രൂപം നൽകുക.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം ലഭ്യമാക്കുക
- വയനാട് ജില്ലയിൽ പ്രത്യേക മൊബൈൽ പോലിസ് സ്ക്വാഡിന്റെ പ്രവർത്തനം.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2021–22–ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 90.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ 15.00 ലക്ഷം രൂപ സ്പെഷ്യൽ കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റിനും ചെലവുകൾക്കുള്ളതായിരിക്കും.

**ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം - റ്റി.സി.പി (49 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 25.62 ലക്ഷം രൂപ)**

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51 : 49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഓഹരി മൂലധനം നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ തൊഴിലധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങൾക്കും കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും, ഈ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുന്നതു വഴി കുറഞ്ഞ നിരക്കിൽ വായ്പയും സബ്സിഡികളും ലഭ്യമാക്കുകയും അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കാനും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2021-22 ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനമായി 49% കേന്ദ്ര വിഹിതമായി 25.62 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**സി. മറ്റു പിന്നാക്ക വിഭാഗ വികസനം.**

**1. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര വിഹിതം 50 ശതമാനം)**
**(വിഹിതം: 1800 ലക്ഷം രൂപ)**

സർക്കാർ ഉത്തരവുകൾ പ്രകാരം മാതാപിതാക്കളുടെ വാർഷിക വരുമാനം നിശ്ചിത പരിധിയിൽ താഴെയുള്ള മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഒന്നു മുതൽ പത്താം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. പത്താം ക്ലാസ് പൂർത്തീകരിക്കുമ്പോൾ ഈ സ്കോളർഷിപ്പ് നിർത്തലാക്കുന്നു. മുൻവർഷത്തെ വാർഷിക പരീക്ഷയിൽ, ഉയർന്ന ശതമാനത്തിൽ മാർക്ക് വാങ്ങിയ കുട്ടികൾക്കായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു. 2021-22 ൽ ഈ പദ്ധതിയ്ക്കായി 1800.00 ലക്ഷം രൂപ 50 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. മറ്റു പിന്നാക്ക വിഭാഗത്തിലെ 2,40,000 വിദ്യാർത്ഥികൾക്ക് 1,500/- രൂപാ നിരക്കിൽ ഈ പദ്ധതിയുടെ സഹായം ലഭിക്കും. ലിംഗാധിഷ്ഠിത സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## 9.12 സാമൂഹ്യ ക്ഷേമം

**1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 25 .00 ലക്ഷം രൂപ)**

ഈ പദ്ധതി/(മുൻപുള്ള സബല പദ്ധതി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരവും നൈപുണ്യ വികസനവും ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു. മാനസികമായും വൈകാരികമായും, മനശാസ്ത്രപരമായും പ്രാധാന്യമേറിയ ഘട്ടമാണ് ശൈശവത്തിനും സ്ത്രീത്വത്തിനും ഇടയിലുള്ള കാലഘട്ടം. മനുഷ്യ വിഭവ വകസനത്തെ ലക്ഷ്യം വെച്ചുള്ള വികസന പരിപാടികളിൽ നിന്നു കൌമാരക്കാരായ പെൺകുട്ടികളെ മാറ്റി നിർത്തിയാൽ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള ജീവിതചക്ര സമീപനം പരിഹരിക്കപ്പെടാതെ നിൽക്കുന്നതാണ്. സാഗ് പദ്ധതിയുടെ പുതിയ മാനദണ്ഡപ്രകാരം സ്കൂളിൽ പോകാത്ത 11 മുതൽ 14 വയസ്സു വരെയുള്ള കൌമാരപ്രായക്കാരായ പെൺകുട്ടികളെ ലക്ഷ്യം വെച്ച് രൂപീകരിച്ച പദ്ധതിയാണിത്. ഈ പ്രായത്തിലെ പെൺകുട്ടികൾ കുറവായതിനാൽ കേരളത്തിനു കൂടുതൽ സഹായം ലഭ്യമാകുന്നതല്ല .

ചുവടെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2021-22 ൽ 25.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

1. കൗമാരക്കാരായ പെൺകുട്ടികളെ സ്വയം പ്രാപ്തരാക്കുക, അവരുടെ ശാക്തീകരണം
2. പോഷകാഹാര ആരോഗ്യ പരിപാലനം,
3. ആരോഗ്യം, ശുചിത്വം, എന്നിവയെപ്പറ്റിയുള്ള അവബോധനം,
4. ജീവിത നൈപുണ്യം , തൊഴിൽ നൈപുണ്യം, ഭാവനാധിഷ്ഠിത നൈപുണ്യം എന്നിവ മെച്ചപ്പെടുത്തുക
5. സ്കൂൾ വിട്ട് പോകുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് ഫോർമൽ/നോൺ-ഫോർമൽ വിദ്യാഭ്യാസം നൽകുക.
6. പി എച്ച്. സി , സി എച്ച്. സി , പോസ്റ്റ് ഓഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ തുടങ്ങിയ പൊതുസേവനങ്ങളെക്കുറിച്ചുള്ള വിവരവും ഉപദേശവും നൽകുക
7. പദ്ധതിയിൽ പോഷകാഹാരപരിപാടികൾ, പോഷകാഹാര പരിപാടി കളിൽപെടാത്ത പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

## 9.13 പോഷകാഹാരം

**1. പൂരക പോഷകാഹാര പരിപാടി (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം : 35213.00 ലക്ഷം രൂപ)**

ഐ സി ഡി എസ് ന്റെ ഒരു പ്രധാന ഘടകമാണ് പൂരക പോഷകാഹാര പരിപാടി . ഐ സി ഡി എസ് പദ്ധതിയുടെ ഘടന പ്രകാരം, ചുവടെ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡപ്രകാരമുള്ള പൂരക പോഷകാഹാരം നൽകേണ്ടത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമാണ് .

| ഗുണഭോക്താക്കൾ | കലോറി | പ്രോട്ടീൻ(ഗ്രാം) |
|---|---|---|
| കുട്ടികൾ (6–72 മാസം) | 500 | 12–15 |
| ഗുരുതരമായി ഭാരക്കുറവുള്ള കുട്ടികൾ (6–72 മാസം) | 800 | 20–25 |
| ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും | 600 | 18–20 |

പൂരക പോഷകാഹാരം നൽകേണ്ട ചുമതല സംസ്ഥാനങ്ങൾക്കു ആണെങ്കിലും, 2005–06മുതൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. വിവിധ വിഭാഗം ഗുണഭോക്താക്കൾക്കുള്ള ധനപരമായ മാനദണ്ഡപ്രകാരം അനുവദനീയമായ തുകയുടെ 50% തുകയോ, അല്ലെങ്കിൽ യഥാർത്ഥ ചെലവിന്റെ 50% ശതമാനമോ ഏതാണോ കുറവായ തുക അത് അനുവദിക്കുന്നു

സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണം എന്നീ പരിപാടികളിലൂടെ അംഗനവാടികളുടെ മേൽനോട്ടവും നിയന്ത്രണവും പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ സി ഡി എസ് മാനദണ്ഡ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിക്കുന്ന തരത്തിലുള്ള ആഹാരസാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ട്. പോഷകാഹാരത്തിനുള്ള തദ്ദേശഭരണസ്ഥാപനത്തിൻറെ ചെലവുകൾ നിർബന്ധിതമായ ചെലവുകളിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം , സംസ്ഥാനത്തു 258 ഐ സി ഡി എസ് പ്രോജക്ടുകളുടെ കീഴിൽ 33115 അങ്കണവാടികൾ മുഖേന പൂരക പോഷകാഹാര പരിപാടി തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കി വരുന്നു.തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കി വരുന്നതിനാൽ, ചെലവിന്റെ 50% തുക , അതായതു സംസ്ഥാന വിഹിതം വഹിക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളാണ്. ശേഷിക്കുന്ന 50% തുക കേന്ദ്രാവിഷ്കൃത വിഹിതമായി ലഭിക്കുന്ന മുറക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്കു മടക്കി കൊടുക്കുന്നതാണ്.

2021–22 ൽ പദ്ധതി നടപ്പാക്കാൻ 35213.00ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.